98 „ K. C. Mayankutty Methar
99 „ M. K. Menon
100 „ Mohammed Mustafa
101 „ T. A. Moideen Kunju
102 „ K. A. Mohammed
103 „ P. S. Muhammed
104 „ K. W. Muralidhara Marar
105 „ P. Nanoo
106 „ C. Narayanan
107 „ C. Narayana Pillai
108 The Hon'ble Sri. Parur T. K. Narayana Pillai
109 Sri. K. Natarajan Chettiar
110 „ P. S. Nataraja Pillai
111 Rao Bahadur T. K. Nayar
112 Sri. A. Nesamony
113 „ S. Nilakanta Ayyar
114 „ G. P. Nilakanta Pillai
115 „ K. N. Pachayyappa Kounden
116 „ Mannathu Padmanabha Pillai
117 „ M. Pappu
118 „ C. C. Prasad
119 „ A. K. Patchu Pillai
120 „ M. I. Paul
121 „ P. K Paul
122 „ Paul Thaliat
123 „ Paulose Pylee
124 „ Philipose Muthalaly
125 „ D. Ponniah
126 „ L. M. Pylee
127 „ K. Ramachandran
128 „ K. Ramakrishna Achari
129 „ K. Ramakrishna Pillai
130 „ P. K. Raman
131 „ R. K. Ram
132 „ M. Raman Pillai
133 „ A. Ramasubramonia Karayalar
134 „ Raphael J. Rodriguez
135 „ Sadasivan
136 „ R. Sankar
137 „ Sankaran Nadar
138 „ Pandavathu Sankara Pillai
139 „ A. K. Sankunni
140 „ K. N. Sankunni Pillai
141 „ T. M. Sannelan
142 „ K Sarangadharan
143 „ Sebastian Thoppil
144 „ T. P. Seetharaman
145 „ K. Sekhara Panicker
146 „ S. Sivaraman Asari
147 „ K. Sivarama Pillai
148 „ Ponnara G. Sreedhar
149 „ K. H. Sulaiman
150 „ A. Thanu Pillai
151 „ P. Thanulingom Nadar
152 „ A. M. Thomas
153 „ R. V. Thomas
154 „ A. P. Udayabhanu
155 „ P. V. Urumese Tharakan
156 „ Varghese Augustin
157 „ P. M. Varghese
158 „ N. P. Varghese
159 „ T. M. Varghese
160 „ V. K. Varghese
161 „ M. Varkey
162 „ U. K. Vasudevan Asari
163 „ K. K. Vasu Panicker
164 „ M. R. Velappan
165 „ K. I. Velayudhan
166 „ Kalathil Velayudhan Nayar
167 „ K. K. Viswanathan

**Mr. President:** Under Clause 5, Ordinance III of 1124, nominations for election of the Speaker will be received up to 3 p.m. today. Printed nomination papers are available with the Secretary and I authorise the Secretary to receive the nominations. The election of the Speaker will take place at 4 p.m. The House will now adjourn and meet again at 4-0 p.m.

The House adjourned at 12-15 p.m.

The House re-assembled at 4-0 p.m. with Rajyasevapravina U. Padmanabha Kukillaya in the Chair.

## Election of the Speaker

**Mr. President:** Nomination papers have been received for election as Speaker of the House in respect of two honourable members. First, Mr. P. Thanulingam Nadar, proposed by Mr. Gnanasigamani and seconded by Mr. K. Sivarama Pillai. This is found to be valid. Four other nomination papers have been received, all in favour of Mr. T. M. Varghese. The first one is proposed by Mr. Varghese Augustin and seconded by Mr. K. Kochukuttan. The nomination is valid. The three remaining nominations are also valid and I take it that it is unnecessary to read the names of the proposers and seconders unless any honourable member wants it. In view of the fact that more than one member has been proposed, the voting has necessarily to be done by ballot. The ballot box is here and the Secretary will read the names of the honourable members in alphabetical order and as each name is read out, the ballot paper will be handed over. It may be brought over here, marked against the name desired, folded and put into the box.

Dr. E. K. Madhavan has come late and I went into the rules to see whether he is eligible to vote. I find that all that is required is, that he has to be sworn in, before he takes his seat. There is no objection to his being sworn in.

**Sri A. Nesamoni:** May I point out that there is not sufficient secrecy for voting, as it is before the Treasury Benches. I would rather have the voting in some separate chamber where the member can go and mark the ballot paper.

**Mr. President:** I think the purpose of secrecy will be served, as the marking is to be done here, just near the ballot box. There is a possibility of something not being kept quite confidential if the marking is done elsewhere. So long as a member is able to come up to this place, there is no chance of anybody seeing the marking. So, there is no force in the objection.

**Sri A. Nesamoni:** May I suggest that as this ballot is a secret ballot, the location of the ballot box in front of the Treasury Benches does not guarantee that independence to the members who should vote freely. That is why I requested the Chair to see whether secrecy would not be maintained by having the ballot box placed in a room where it would be safe and where the members can exercise the right of vote fearlessly.

**Mr. President:** I would like to know whether any other member has got anything to say on this matter.

**Sahib Bahadur A. Abdul Razaak:** May I know, as this box is near the Ministers, whether it will not be possible for the Ministers to remove it? (Laughter).

**Sri A. Thanu Pillai:** Sir, the ballot box may be shifted to the dais, behind the Chair.

**Sri C. V. Iyyu:** I have to submit that if more than one ballot box will be available at present, it will facilitate voting and save much time. Since there is a large number of members to vote, I would suggest that there can be one more ballot box.

Dr. E. K. Madhavan was next sworn in.

**Sri. A. Nesamani:** On a point of order. I want to know whether after the swearing has been over in the morning, and when the nomination papers have been received, this Honourable Member can be allowed to take his oath.

**Sri. P. Nanoo:** Is it proper for the point of order to be raised after the oath has been taken by the member?

**Sri. A. Nesamani:** The Honourable Member did not see my point. My point of order is whether this Honourable Member can be sworn in after the nomination of the candidates has been announced before the House.

**Mr. President:** I have spoken on the subject already. There is no objection. I hold it is perfectly in order. So long as he had not taken his oath, he had not taken his seat as a Member. All that the Ordinance says is that before he takes his seat as a Member, he must be sworn in. My ruling is that it is in order and that Dr. Madhavan has been properly sworn in, and that he could be sworn in.

Now, the ballot box has been shifted to the dais, beside me. Please make a cross-mark, and let there be uniformity in the marking; there should be dashes and no names of the voting members.

*(Balloting proceeded)*

**Mr. President:** I have just been informed that the names of the candidates are printed only in English and not in Malayalam or Tamil. If any Member feels any difficulty in the matter when he comes here I will just show him the names.

ശ്രീ. ടി. വി. ദേവൻ: മലയാളത്തിൽകൂടി പറഞ്ഞാൽകൊള്ളാം.

മിസ്റ്റർ പ്രസിഡണ്ട്: അതായതു്, ബാലററ് പേപ്പറിൽ പേരു് ഇംഗ്ലീഷിലാണ് അച്ചടിച്ചിരിക്കുന്നതു്. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തവർ പേരു് ഏതാണെന്ന് എന്നോടു ചോദിച്ചാൽ ഞാൻ പറഞ്ഞുതരാം.

ஸ்ரீ. ஸ்ரீ. வி. தாஸ்: தமிழிலும் கூட சொன்னால் தேவலை.

மிஸ்டர் பிரசிடெண்ட்: இங்கிலீஷில் மாத்திரந்தான் அச்சடிக்கப்பட்டிருக்கிறது. மலையாளத்திலும் தமிழிலும் அச்சடிக்கப்படவில்லை. அதனால் மெம்பர்களுக்கு ஏதாவது கஷ்டமிருக்குமானால் அதை நான் சொல்லிக்கொடுக்கிறேன்.

**Sahib Bahadur A. Abdul Razaak:** Does that offer any scope for the recording of open votes?

**Mr. President:** No, Certainly not.

ശ്രീ. മന്നത്തു പത്മനാഭപിള്ള: ഇംഗ്ലീഷിൽമാത്രം അച്ചടിക്കുന്ന സമ്പ്രദായം മേലാലെങ്കിലും മാററാൻ ഏർപ്പാടു ചെയ്യുമോ?

*(Balloting again proceeded)*

**Mr. President:** The result of the ballot is as follows.—

Mr Thanulinga Nadar gets 43 votes and Mr. T. M. Varghese gets 115 votes. Two votes are found to be invalid. In as much as Mr. Varghese has got the larger number of votes he is duly elected as the Speaker of this Assembly. I invite him to come and take the Chair.

Sri. T. M. Verghese was then led to the Dais by the Honourable Sri. Parur T. K. Narayana Pillai and Sri. Urumese Tharakan. The President vacated the Chair and shook hands with the Speaker who then occupied the Chair.

## FELICITATING THE SPEAKER

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഈ നിയമസഭയുടെ അദ്ധ്യക്ഷനായി അങ്ങയെ തിരഞ്ഞെടുത്തതിൽ ഞാൻ അഭിനന്ദിക്കുന്നു. ഒരു പ്രശസ്തനായ അഭിഭാഷകനെന്ന നിലയിലും, ഊർജ്ജസ്വലനായ ഒരു രാഷ്ട്രീയനേതാവെന്ന നിലയിലും എല്ലാററിലും ഉപരിയായി പഴക്കവും കാര്യശേഷിയും സിദ്ധിച്ചിട്ടുള്ള ഒരു നിയമസഭാംഗമെന്നനിലയിലും ഈ യൂണിയനിലെ പൗരന്മാർക്കു് അങ്ങു സുപരിചിതനാണ്. ഈ സംയുക്ത നിയമസഭയുടെ അന്തസ്സും അവകാശവും വീര്യവും പാരമ്പര്യവും സംരക്ഷിക്കുന്നതിനും പുലർത്തുന്നതിനും അങ്ങയുടെ സാന്നിദ്ധ്യം സഹായകമായിരിക്കുമെന്നു ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. അങ്ങേക്കു് ഞങ്ങളുടെ സകലവിധമായ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തുകൊള്ളുന്നു.

ശ്രീ. ആർ. ശങ്കർ: സർ, ഈ സംയുക്ത നിയമസഭയുടെ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങയെ ഞാൻ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു. കുറെ വർഷങ്ങൾക്കുമുമ്പ് തിരുവിതാംകൂറിലെ ജനകീയപ്രസ്ഥാനം ഉടലെടുത്തതു് നിയമസഭയിലെ ഡെപ്യൂട്ടിപ്രസിഡണ്ട് സ്ഥാനത്തുനിന്നു അങ്ങു വിരമിച്ചതോടുകൂടിയാണെന്നു ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു. അതിന്റെ ന്യായയുക്തമായ പരിണത

ഫലം എന്ന നിലയിൽ, ഇന്നു വീണ്ടും അങ്ങ്, അതിലുപരിയായി ഈ സംയുക്തനിയമസഭയുടെ സ്പീക്കറായി ഉയർത്തപ്പെട്ടിരിക്കുന്നത് ചരിത്രത്തിൽ വളരെ പ്രധാനമായി കരുതേണ്ട ഒരു സംഭവമാണെന്നു ഞാൻ വിചാരിക്കുന്നു. ജനകീയപ്രസ്ഥാനത്തിന്റെയും ജനകീയ ഭരണത്തിന്റെയും പ്രാരംഭദശയായ ഈ കാലഘട്ടം, മറ്റെല്ലാ കാര്യങ്ങളിലുമെന്നപോലെ നിയമസഭയുടെ നടപടികളിലും മഹനീയമായ പാരമ്പര്യങ്ങൾ സൃഷ്ടിക്കേണ്ട ഒരു സന്ദർഭമാണ്. ഏററവും കാര്യശേഷിയോടുകൂടിയും, നിഷ്പക്ഷമായും, ബുദ്ധിപൂർവ്വമായും ആവിധ പാരമ്പര്യങ്ങൾ സൃഷ്ടിക്കാൻ അങ്ങേക്കു സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ ആവിധ പ്രവർത്തനങ്ങൾക്കു ഈ സഭയുടെ പൂർണ്ണമായ സഹകരണം ലഭിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. അങ്ങയെ ഒരിക്കൽക്കൂടി അനുമോദിച്ചുകൊള്ളുന്നു.

സാഹിബ് ബഹദൂർ വി.എ. അബ്ദുൾഅസ്സീസ്: ബഹുമാന്യരായ സാമാജികന്മാരേ, തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാന നിയമസഭയുടെ ഏററവും പ്രഗത്ഭമായ, ഏററവും മഹനീയമായ ചരിത്രസൃഷ്ടിയുടെ നാന്ദിയാണ് ഇന്നിവിടെ കഴിഞ്ഞത്. ഈ നാട്ടിലെ ഉത്തരവാദഭരണപ്രക്ഷോഭണ ചരിത്രത്തിൽ ഏററവും മഹനീയവും നിസ്വാർത്ഥവുമായ സേവനം അനുഷ്ഠിച്ച് ഈ നാട്ടിലെ ജനങ്ങൾക്കു ആകമാനം മാർഗ്ഗദർശിയായിരുന്ന്, പല വ്യാപാരമുഖങ്ങളിലും ഏററവും പ്രഗത്ഭനായ ഒരു നേതാവെന്നുള്ള നാമം ആർജ്ജിച്ചു നിയമപാരാവാരപാരംഗതനും പ്രഗത്ഭനുമായ ഒരു നിയമജ്ഞനെന്ന പേരു് സമ്പാദിച്ച് എല്ലാവരുടേയും—ശത്രുക്കളുൾപ്പെടെ—കണ്ണിലുണ്ണിയായിത്തീർന്നിട്ടുള്ള ഒരു നേതാവിനെയാണ് മഹത്തായ ഈ യൂണിയൻ നിയമസഭയുടെ അധിപനായി നമുക്കു ലഭിച്ചിരിക്കുന്നതു്. ഈ വിധത്തിലുള്ള ഒരു സ്ഥാനലബ്ധി അദ്ദേഹത്തെ സംബന്ധിടത്തോളം ഒരു വലിയ സ്ഥാനമായി പരിഗണിക്കാനില്ലെങ്കിലും ഈ സഭാനടപടികളുടെ ഭംഗിയായ നടത്തിപ്പിനു് ഏററവും പ്രശസ്തമായ ഒരു പാരമ്പര്യം സൃഷ്ടിക്കുന്നതിനുള്ള കെല്പിലും അദ്ദേഹം മററാരുടേയും പിന്നിലല്ലെന്നുള്ളതു് നമുക്കേവർക്കും അറിയാവുന്ന ഒരു പരമാർത്ഥം മാത്രമാണ്. സർ, ഈ മഹത്തായ സ്ഥാനത്തേക്കു ഉയർത്തപ്പെട്ടിരിക്കുന്ന അങ്ങേക്കു് സകല ഭാവുകങ്ങളും ആശംസിക്കുന്നതിനും അങ്ങയെ അനുമോദിക്കുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. ഡീവർ : മിസ്റ്റർ സ്പീക്കർ, സർ, ഈ സംയുക്തരാഷ്ട്രത്തിലെ ഒന്നാമത്തെ പൌരനെന്ന നിലയിലേക്കു ജനങ്ങളുടെ പ്രാതിനിദ്ധ്യം വഹിക്കുന്ന ഈസ്ഥാപനത്താൽ ഉയർത്തപ്പെട്ടിരിക്കുന്ന അങ്ങയെ ഈസഭയുടെ പേരിലും ഈ നാട്ടിലെ ജനങ്ങളുടെ പേരിലും ഞാൻ ഹൃദയപൂർവ്വം അനുമോദിച്ചുകൊള്ളുന്നു. മഹത്തായ പാരമ്പര്യങ്ങളോടുകൂടിയ ഈമഹൽസമിതിക്കു് അങ്ങയുടെ നേതൃത്വവും അങ്ങയുടെ മഹനീയസേവനവും വളരെ സഹായകമായിരിക്കുമെന്നു്ഞാൻ പ്രതീക്ഷിക്കുന്നു. ഈ സഭയിലെ അംഗങ്ങളിൽനിന്നും അങ്ങേക്കു് എല്ലാവിധസഹകരണങ്ങളും ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ അങ്ങയെ ഒരിക്കൽക്കൂടി അനുമോദിച്ചുകൊള്ളുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, അങ്ങയുടെ സമുന്നതമായ ഈ സ്ഥാനലബ്ധിയിൽ ഞാൻ അങ്ങയെ ഹൃദയംഗമമായി അനുമോദിക്കുന്നു. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തെ ത്യാഗപൂർണ്ണമായ അങ്ങയുടെ പ്രവർത്തനങ്ങളെ സൂസൂക്ഷ്മമായി പരിശോധിക്കുന്ന ഒരുവനു്, അങ്ങു് അർഹമായ ഒരു സ്ഥാനത്തേക്കാണു് ഉയർത്തപ്പെട്ടിരിക്കുന്നതെന്നു് തികച്ചും വിശ്വസിക്കാവുന്നതാണു്. അങ്ങയുടെ സമുന്നതമായ എന്നാൽ ഏററവും ചുമതലയേറിയ ഈ സ്ഥാനത്തു് അങ്ങു് സർവ്വഥാ വിജയിക്കുവാൻ ഞാൻ അങ്ങയ്ക്കു് ഭാവുകം നേരുന്നു.

ശ്രീ. കെ. ടി. അച്ചുതൻ: സർ, ഈ സ്ഥാനം അങ്ങു് സർവ്വഥാ അർഹിക്കുന്ന ഒന്നാണു്. അങ്ങയെപ്പററി ഞങ്ങൾക്കു വളരെക്കാലമായി കേട്ടുകേൾവി മാത്രമെയുള്ളുവെങ്കിലും ഇപ്പോൾ അങ്ങയ്ക്കു് ഈ രാജ്യത്തും മററു ഭാഗങ്ങളിലുമുള്ള പ്രശസ്തികൊണ്ടു് അങ്ങു് സർവ്വഥാ അർഹിക്കുന്ന ഒരു സ്ഥാനമാണിതെന്നു് മനസ്സിലാക്കാവുന്നതാണു്. ഔദ്യോഗികമായി നിയമസഭയുടെ ഡെപ്യൂട്ടി പ്രസിഡണ്ടു്, മന്ത്രി എന്നീ നിലകളിലും, അനൌദ്യോഗികമായി ജനാധിപത്യസമരത്തിൽ സജീവമായി പങ്കെടുത്ത ഒരു നേതാവെന്ന നിലയിലും തെക്കെ ഇൻഡ്യയിൽ മാത്രമല്ല, ഇൻഡ്യൻ യൂണിയനിൽ മുഴുവൻതന്നെയും അറിയപ്പെടുന്ന ഒരു മാന്യദേഹമാണു അങ്ങു്. ജനാധിപത്യഭരണം, അതായതു്, നിയ

[Sri. K. T. Achyutan]

മസഭമൂലം ഭരണം നടത്തുന്ന ഏതു രാജ്യത്തും നിയമസഭയുടെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിലാണ് ഭരണത്തിന്റെ വിജയം സ്ഥിതിചെയ്യുന്നത്. ഈ നിയമസഭയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നത് സഭയുടെ പ്രസിഡണ്ടിന്റെ ചുമതലയാണ്. നിയമസഭാനടപടികളിൽ തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ള അങ്ങ് ഈ സ്ഥാപനത്തെ യൂണിയനിലേയും മറ്റെല്ലാ പ്രാവിൻസുകളിലേയും നിയമസഭകളേക്കാൾ ഉന്നതമായ ഒരു നിലയിൽ എത്തിക്കുവാൻ സകല പരിശ്രമങ്ങളും ചെയ്യണമെന്നു അഭ്യർത്ഥിച്ചുകൊണ്ടും, അതിനു എല്ലാവരുടേയും സകലവിധ സഹായസഹകരണങ്ങളും ഉണ്ടാകുമെന്നു വിശ്വസിച്ചുകൊണ്ടും അങ്ങയെ അനുമോദിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ബഹുമാനപ്പെട്ട സാമാജികന്മാരെ, ഇന്ന് ഈ അവസരത്തിൽ നമ്മുടെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ടി. എം. വറുഗീസ് അവർകളെ അനുമോദിക്കുന്നതിനാണ് ഞാനും ഇവിടെ വന്നുനിൽക്കുന്നത്. ഈ സ്ഥാനം ഏററവും അഭികാമ്യമായ ഒന്നാണെന്ന് എല്ലാവർക്കും അറിയാം. അത് ഏതു രാജ്യത്തിലെയും ലോർഡ് ചീഫ് ജസ്റ്റീസിന്റെ സ്ഥാനത്തെക്കാളും ഉയർന്നതല്ലേ എന്ന് പറയേണ്ടിയിരിക്കുന്നു. അങ്ങിനെയിരിക്കുന്ന ഈ സ്ഥാനം അദ്ദേഹത്തിനു ലഭിച്ചതിൽ എനിക്കുള്ള ഹാർദ്ദമായ അഭിനന്ദനം ആദ്യമായി രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ അവസരത്തിൽ ഒരു കാര്യം ചിന്തിക്കേണ്ടതുണ്ട്. ചരിത്രപ്രധാനമായ ഈ ഘട്ടത്തിൽ ഈ രാജ്യത്തെ ഭരണാധികാരം വഹിക്കുന്ന പാർട്ടി ഏതുതരത്തിലാണ് പ്രവർത്തിച്ചുവരുന്നത്, പ്രവർത്തിക്കുന്നത് എന്ന സംഗതിയെക്കുറിച്ചു നാമെല്ലാവരും ഹൃദയത്തിലേക്കു കടന്നു നോക്കേണ്ടതാണെന്നു പറയേണ്ടിയിരിക്കുന്നു. സ്വാർത്ഥതാല്പര്യങ്ങളാലും അധികാരതന്ത്രനിബിഡതയാലും ഇന്ന് ഈ കക്ഷി രാജ്യത്തെ ജനസാമാന്യത്തോടുള്ള അതിന്റെ കടമ ശരിയായി നിർവ്വഹിക്കുവാൻ ഏതാണ്ട് അപ്രാപ്തമായിത്തീർന്നിരിക്കുന്നു എന്നു ജനങ്ങൾ കരുതുന്നുണ്ട്. അതിനുള്ള കാരണങ്ങൾ എന്താണെന്നറിഞ്ഞ് അതിനുള്ള പ്രതിവിധി ചെയ്യേണ്ടിയിരിക്കുന്ന ഈ അവസരത്തിൽ പ്രസിഡണ്ടിന്റെ സ്ഥാനലബ്ധികൊണ്ട് കൂടുതൽ ചുമതല ആർജ്ജിച്ചിരിക്കുന്ന അദ്ദേഹത്തിന് ഏറെക്കുറെ അതു നിർവ്വഹിക്കാമെന്നാണ് എനിക്കു തോന്നുന്നത്. അതിൽ ഏററവും പ്രാധാന്യമുള്ളത് അദ്ദേഹം കക്ഷിരാഹിത്യം, നിഷ്കൃഷ്ടമായി പാലിക്കുക എന്നുള്ളതാണ്. ഈ നിയമസഭാമന്ദിരത്തിനകത്ത് അദ്ദേഹം നിഷ്പക്ഷത പാലിക്കുമെന്നുള്ളതിൽ എനിക്കു സംശയമില്ല. എതെല്ലാം ഗ്രൂപ്പുകളും കക്ഷികളും ഉണ്ടായിരുന്നാലും അദ്ദേഹം നിഷ്പക്ഷമായി പ്രവർത്തിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്. വേറൊരു നല്ല പാരമ്പര്യംകൂടി നമുക്കു സൃഷ്ടിക്കേണ്ടിയിരിക്കുന്നു. സർ, അങ്ങ് നിയമസഭയ്ക്കു പുറത്തും സകല കാര്യങ്ങളിലും സന്ദർഭങ്ങളിലും അധികാരതന്ത്രങ്ങളെ ചെറുത്തും സ്വാർത്ഥതാല്പര്യങ്ങളെ അകററിനിറുത്തിയും പരിതഃസ്ഥിതിക്കനുയോജ്യമായി മഹാത്മാഗാന്ധിയുടെ ആദർശങ്ങളെ മുൻനിറുത്തിയും ഒരു ലോർഡ് ചീഫ് ജസ്റ്റീസിന്റെ നിലയിൽ തർക്കങ്ങളെ ഒതുക്കുകയോ, അതിനു പ്രാപ്തനല്ലാത്തപക്ഷം അവയിൽനിന്നു നിശ്ശേഷം ഒഴിഞ്ഞുമാറി നിൽക്കയോ ചെയ്യണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അങ്ങയെ വീണ്ടും അനുമോദിച്ചുകൊള്ളുന്നു.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: മിസ്റ്റർ പ്രസിഡൻറ്, യൂണിയൻ നിയമസഭയുടെ പ്രസിഡൻറായി അങ്ങ് തെരഞ്ഞെടുക്കപ്പെട്ടതിൽ അങ്ങയെ ഞാൻ ഹാർദ്ദമായി അനുമോദിക്കുന്നു. മിസ്റ്റർ ആർ. ശങ്കർ, അങ്ങ് ഏതാനും കൊല്ലങ്ങൾക്ക് മുൻപ് തിരുവിതാംകൂർ നിയമസഭയുടെ ഡെപ്യൂട്ടി പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട സംഗതി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങ് ഡെപ്യൂട്ടി പ്രസിഡൻറായിരുന്നകാലത്ത് രാഷ്ട്രീയകുററത്തിന് ശിക്ഷിക്കപ്പെട്ട് വിമോചിതനായ മിസ്റ്റർ സി. കേശവനെ സ്വാഗതം ചെയ്യുന്നതിന് കൂടിയ ഒരു സദസ്സിൽവച്ച് തിരുവിതാംകൂറിലെ അന്നത്തെ ജനസംഖ്യയനുസരിച്ചുള്ള ഒരു ലക്ഷത്തിന്റെ പ്രാതിനിധ്യം വഹിച്ച് മിസ്റ്റർ കേശവനെ സ്വാഗതം ചെയ്തു. തിരുവിതാംകൂറിലെ ചില പ്രബലശക്തികൾക്ക് അത് ഇഷ്ടമായില്ല. ആ നീരസം അങ്ങയുടെ സ്ഥാനഭ്രംശത്തിനുതന്നെ ഇടയാക്കി. അത് എങ്ങിനെയാണ് സാധിച്ചതെന്ന് എല്ലാവർക്കും അറിയാം. അങ്ങ് തിരുവിതാംകൂറിൽ മാത്രം ഉയരേണ്ടതോ ഡെപ്യൂട്ടി പ്രസിഡൻറ് സ്ഥാനത്ത് മാത്രം എത്തേണ്ടതോ ആയ ആളല്ല.

ഒരു മഹാകവി പറയുന്നുണ്ട്. "എത്തിടേണ്ടവ എത്തിടേണ്ട ദിശി ചെന്നെത്തും തടുത്തിന്നൊരാൾ നിർത്തിടാൻ തുനിയേണ്ട നിയതിതന്നുദ്ദേശമുദ്രാമമാം." എന്ന്. അങ്ങയെ സംബന്ധിച്ചിടത്തോളം അത് യഥാർത്ഥീകരിച്ചു.

വേറൊരു സംഗതികൂടി പറയാനുണ്ട്. ഈ സഭയും അദ്ധ്യക്ഷപീഠത്തിലുള്ള അങ്ങയുടെ ആരോഹണവും ഇരിപ്പും കാഴ്ചയ്ക്ക് തന്നെ വളരെ ഇണക്കമായിരിക്കും. ഈ സഭയ്ക്ക് അതും ഒരു നേട്ടമായിട്ടുണ്ട്.

ഈ രാജ്യത്ത് പതിനഞ്ചുകൊല്ലത്തിന് മുൻപ് ആരംഭിച്ച രാഷ്ട്രീയ പ്രക്ഷോഭണങ്ങളിൽ അങ്ങ് സജീവമായ പങ്ക് എടുക്കുകയും അതിന്റെ നേതൃസ്ഥാനത്ത് നിൽക്കുകയും ചെയ്തു. ഈ പ്രക്ഷോഭണങ്ങളിൽ അങ്ങയോളം ത്യാഗം അനുഭവിച്ചിട്ടുള്ളവർ വേറെയുണ്ടെന്നുതോന്നുന്നില്ല.

ഒരു പ്രസിഡന്റിന് വേണ്ട നിയമജ്ഞാനം, പാർലമെന്ററി നടപടിജ്ഞാനം, നിയന്ത്രണശക്തി ഇവയെല്ലാം അങ്ങേയ്ക്കുണ്ട്. ഇവിടെ പ്രസംഗിച്ച മററമാന്യന്മാരോട് ചേർന്ന് അങ്ങേയ്ക്ക് ഈ സഭയുടെ സഹകരണവാഗ്ദത്തം ചെയ്യുകയും കൃത്യനിർവഹണത്തിൽ സകല ഭാവുകങ്ങളും ആശംസിച്ചുകൊള്ളുകയും ചെയ്യുന്നു.

**Sri. L. M. Pylee**: In the history of the newborn United State of Travancore and Cochin this is an occasion of unique importance. We have reached the culmination of that great process, namely, the integration of the two States of Travancore and Cochin. Today marks the great culmination of that great historic process when we have had the happiness and privilege to elect as the speaker of the Assembly a very distinguished person, who is wellknown throughout India for his spirit of sacrifice and his high political acumen. We have had the privilege of electing him as the first Speaker of this august body. Sir, I felicitate you on this happy occasion, we are aware that in you is vested the dignity of this august Assembly. The Speaker's position, as we all know, is a position of great dignity, and we are sure in your hands, Sir, the rights and privileges of this House will be safe and secure and healthy conventions will be established under your guidance.

On this occasion, I must especially emphasize the fact that generally the dignity of this august Office is not properly appreciated by the public, perhaps because we are only at the beginning of the democratic form of Government. Well, we have started this form of Government and we are going to run it on parliamentary model; and I hope that the public will appreciate the position, and will understand the importance and dignity, of this office, will respect it and co-operate with it.

Sir, I felicitate you on this occasion. This office is entrusted in the hands of yours. We do trust that you will successfully administer the duties of this office and in that respect be will co-operate with you wholeheartedly. Sir, I wish you all success and I felicitate you once again.

ശ്രീ. സി. വി. ഇയ്യു: സർ, അങ്ങയുടെ വിജയത്തിൽ ഈ അവസരത്തിൽ ഞാൻ അങ്ങയെ അനുമോദിച്ചുകൊള്ളുന്നു. അങ്ങയുടെ സേവനങ്ങളെക്കുറിച്ച് പത്രങ്ങൾവഴി അറിയുന്നതല്ലാതെ തിരുവിതാംകൂറിലെ രാഷ്ട്രീയസ്ഥിതിയെക്കുറിച്ച് എനിക്ക് യാതൊരറിവും ഇല്ല. ഇന്നു ഭരണത്തിൽ ഇരിക്കുന്ന പാർട്ടിയുടെ എതിർപക്ഷത്തുള്ള ഒരാളെന്നനിലയിൽ അങ്ങയുടെ വിജയത്തിൽ അനുമോദിക്കുന്നതിന് ഞാൻ ഈ അവസരം എടുക്കുന്നു എന്നുമാത്രമേയുള്ളു. സ്വല്പംമുമ്പ് ഇംഗ്ലീഷ് ഭാഷയിൽ സ്പീക്കറുടെ ചുമതലകളെപ്പററി ഞങ്ങളുടെ മുൻപ്രസിഡൻറ് പ്രഫസർ പൈലി അവർകൾ സംസാരിക്കുകയുണ്ടായി. ആ കാര്യങ്ങൾ ഇംഗ്ലീഷ് നിശ്ചയമില്ലാത്ത വല്ലവർക്കും മനസ്സിലായില്ലെങ്കിൽ എന്റെ സംസാരം പ്രയോജനകരമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ സഭയുടെ മഹനീയമായ പാരമ്പര്യങ്ങളെ പാലിച്ചും ഈ സഭയുടെ സ്വാതന്ത്ര്യത്തെയും പ്രത്യേകിച്ച് എതിർപക്ഷത്തിന്റെ സ്വാതന്ത്ര്യത്തെയും സംരക്ഷിച്ച് അങ്ങ് കക്ഷിരഹിതനായി ഈ സഭയുടെ അദ്ധ്യക്ഷൻ എന്നനിലയിൽ വർത്തിക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അങ്ങയെ ഒന്നുകൂടി ഞാൻ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.

ശ്രീ. യു. കെ. വാസുദേവനാചാരി: സർ, കൊച്ചി തിരുവിതാംകൂർ സംയുക്ത സംസ്ഥാനനിയമസഭയുടെ ആദ്യത്തെ സ്പീക്കറായി അവിടുത്തെ തെരഞ്ഞെടുത്തതിൽ ഞാൻ ഹാർദ്ദമായി അങ്ങയെ അനുമോദിക്കുന്നു. അവിടുന്ന് രാഷ്ട്രീയരംഗത്തിൽ പ്രവർത്തിച്ചിട്ടുള്ള സകല ഘട്ടങ്ങളെക്കുറിച്ചും ഞങ്ങൾ എപ്പോഴും സ്മരിക്കുന്നുണ്ട്. അവി

[Sri. U. K. Vasudevan Achari]

ട്ടുന്ന് ജാതിമതചിന്തകൾക്കതീതമായ ഒരു നില അവലംബിച്ച് ഈ സദസ്സിന്റെ പാരമ്പര്യത്തിനും അന്തസ്സിനും അഭിമാനത്തിനും തക്ക ഒരു പരിപാടി സ്വീകരിച്ച് നിലകൊള്ളുമെന്ന് ഞങ്ങൾ സര്‍വ്വാത്മനാ വിശ്വസിക്കുന്നു. തിരുവിതാംകൂറിലെ ഇന്നത്തെ പരിതഃസ്ഥിതികളെപ്പററി നോക്കുകയാണെങ്കിൽ ഈ സ്ഥാനത്തിരുന്നുകൊണ്ടു തന്നെ അവിടുത്തേക്ക് വലിയ വൈഷമ്യമേറിയ ചില പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമെന്ന് ഞങ്ങൾ കരുതുന്നു. ഇങ്ങനെയുള്ള വൈഷമ്യങ്ങൾ എന്തെല്ലാമാണെന്ന് ഈ അവസരത്തിൽ പറയുന്നതു് അത്ര ബുദ്ധിപൂര്‍വ്വമായ ഒന്നല്ല. എങ്കിലും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ അവകാശങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന ഒരു നില അവിടുന്ന് അവലംബിച്ച് രാജ്യത്തെ സുരക്ഷിതമാക്കിത്തീർക്കുമെന്ന് ഞങ്ങൾ സര്‍വ്വാത്മനാ വിശ്വസിക്കുകയും അവിടുത്തെ ഈ സ്ഥാനലബ്ധിയിൽ പിന്നോക്കസമുദായങ്ങളുടേയും അവശസമുദായങ്ങളുടേയും പ്രതിനിധി എന്നഭിമാനിച്ചുകൊണ്ടു്, ഞാൻ എല്ലാ പിന്നോക്കസമുദായക്കാർക്കുംവേണ്ടി അങ്ങയെ അനുമോദിക്കയും സമത്വസുന്ദരമായ ഒരന്തരീക്ഷം ഈ യൂണിയനിൽ സൃഷ്ടിക്കുന്നതിന്ന് അവിടത്തെ സകല കഴിവുകളെയും വിനിയോഗിക്കണമെന്ന അപേക്ഷയോടുകൂടി അവിടുത്തേക്ക് സകല ഭാവുകങ്ങളും പ്രശംസിക്കുകയും ചെയ്തുകൊള്ളുന്നു.

ஸ்ரீ. பி. தாணுலிங்க நாடார்: தலைவர் அவர்களே,

திருவிதாங்கூர்—கொச்சி ஐக்கிய நாடுகளின் சட்டசபைக்குத் தங்களைத் தலைவராக தேர்ந்தெடுக்கப்பட்டதற்கு தங்களை வாழ்த்துகிறேன். சிறுபான்மையோர்களாகிய எங்களைப்போலுள்ளவர்களுக்குத் தகுந்த வசதிகள் உங்கள் தலைமையில் கிடைக்கக்கூடும் என்ற நம்பிக்கையிலிருக்கிறோம். எங்களது அனுபவத்தில் இந்த சட்டசபையில் சிறுபான்மையோருக்கு தகுந்த வாய்ப்புக்கள் கொடுக்கப்படவில்லை என்றுதான் சொல்லவேண்டும். திருவிதாங்கூர் தமிழ்நாடு காங்கிரசைப் பொறுத்த வரையில் எங்களுக்குச் சரியான வாய்ப்புகளோ, அல்லது எங்கள் கக்ஷியை எடுத்து வைப்பதற்குத் தகுந்த சந்தர்ப்பங்களோ அளிக்கப்படவில்லை என்றும் சொல்லிக்கொள்கிறேன். தங்கள் தலைமையில் அது கிடைக்குமென்று நினைக்கிறேன். இச்சபைக்குத் தாங்கள் ஒரு தகுதியான தலைவரென்றும், தங்களைத் தேர்ந்தெடுத்தது ரொம்ப விசேஷமென்றும் ஒரு மெம்பர் கூறினார். நான் சொல்லிக்கொள்வது உங்களுக்கு இதைவிட பெரிய சட்டசபையிலிருக்கமுடியும். திருவிதாங்கூர்—கொச்சி ஐக்கிய சட்டசபை மாத்திரமல்ல, இனி வரப்போகிற ஐக்கிய கேரள சட்ட சபைத் தலைவராய் தாங்கள் இருக்கவேண்டுமென்று நான் சொல்லிக்கொள்கிறேன். அந்த சட்டசபையில் நாங்கள் பங்குகொள்ள மாட்டோம். ஆனால் நீங்கள் பங்கு கொள்வதை நாங்கள் பார்க்கவேண்டும்.

எனது சிறுபான்மை கக்ஷியின் சார்பாக தங்களுக்கு பேரும் புகழும் கிடைக்க வேண்டுமென்று சொல்லிக்கொண்டு, தங்களுக்கு எனது ஆசியைக் கூறிக்கொள்கிறேன்.

ശ്രീ. ആനി ജോസഫ്: കൊച്ചി—തിരുവിതാംകൂർ സംയുക്തരാഷ്ട്രത്തിന്റെ നിയമസഭാപ്രസിഡണ്ടായി മി. വർഗ്ഗീസ്സിനെ തിരഞ്ഞെടുത്തിരിക്കുന്നതിൽ അദ്ദേഹത്തെക്കാൾ പരമാർത്ഥത്തിൽ അനുമോദനം അർഹിക്കുന്നവർ അദ്ദേഹത്തെ തിരഞ്ഞെടുത്ത ഈ നിയമസഭയിലെ സാമാജികന്മാരാണെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. കാരണം, സംസ്കാരത്തിലും വിദ്യാഭ്യാസത്തിലും മററു പലതിലും ഒന്നാംകിടയിൽ നിൽക്കുന്ന ഈ രണ്ടു രാജ്യങ്ങളെ കൂട്ടിയോജിപ്പിച്ച്, വിഷമകരങ്ങളായ അനേകം പ്രശ്നങ്ങളെപ്പററി ചിന്തിക്കാനും അവയ്ക്കു പരിഹാരങ്ങൾ കണ്ടുപിടിക്കാനും ചുമതലപ്പെട്ടിരിക്കുന്ന ഒരു നിയമസഭയാണിതു്. ഈ അവസരത്തിൽ ഏററവും സുധീരമായ ഒരു നേതൃത്വം സഭയ്ക്കു നൽകുന്നതിന്നു ഇത്തരത്തിലുള്ള ഒരു കക്ഷിയാണെങ്കിലേ പററുകയുള്ളൂവെന്നു അറിഞ്ഞു്, അതിന്ന് അങ്ങയെത്തന്നെ തിരഞ്ഞെടുത്ത ഈ സഭയിലെ സാമാജികന്മാരായ ഞങ്ങളാണു കൂടുതൽ അനുമോദനാർഹർ. അവരുടെ ഒരു പ്രതിനിധികൂടിയായിട്ടാണ് ഞാൻ ഇവിടെ വന്നിരിക്കുന്നതു്. അതോടുകൂടി അങ്ങയെയും ഞാൻ അനുമോദിക്കുന്നു. അങ്ങയെ ദൈവം അനുഗ്രഹിക്കട്ടെ!!

ശ്രീ. വി. ഗംഗാധരൻ നായർ : എനിക്ക് മുൻപു ഇവിടെ അനുമോദനപ്രസംഗം ചെയ്ത സഹോദരിയോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിലെ സാമുദായികവും രാഷ്ട്രീയവുമായ മാത്സര്യങ്ങൾക്കു മുഴുവൻ സജീവമായ ഉത്തരവാദിത്വം വഹിച്ചുകൊണ്ടിരുന്ന ഒരു ബഹുമാന്യനേതാവിനെയാണു നാം ഇന്ന്, നമ്മുടെ നിയമസഭയുടെ പ്രസിഡൻറായി തിരഞ്ഞെടുത്തിട്ടുള്ളത്. അങ്ങനെ രാഷ്ട്രീയമായി കക്ഷിരഹിതമായ ഒരവസ്ഥയിലേക്ക് നാം അദ്ദേഹത്തെ ഉയർത്തിയിരിക്കുകയാണ്. കക്ഷിമത്സരത്തിൽനിന്നു ഒഴിഞ്ഞുനിന്നുകൊണ്ട് ഏററവും നിഷ്പക്ഷമായ ഒരു വീക്ഷണഗതിയോടുകൂടി നമ്മുടെ ഐക്യസംസ്ഥാനത്തെ വിജയത്തിൽനിന്നു വിജയത്തിലേക്കും, പുരോഗതിയിൽനിന്നു പുരോഗതിയിലേക്കും നയിക്കുന്നതിനു അദ്ദേഹത്തിൻെറ ഈ സ്ഥാനം ഉപയോഗിക്കണമെന്നുള്ള അഭ്യർത്ഥനയോടും, അതിനു അദ്ദേഹത്തിനു കഴിവുണ്ടാകട്ടെ എന്ന ആശംസയോടുംകൂടി ഞാൻ അദ്ദേഹത്തെ പരിപൂർണ്ണമായി അനുമോദിച്ചുകൊള്ളുന്നു.

മി. സ്പീക്കർ: (ബഹു. ശ്രീ. ടി. എം. വർഗ്ഗീസ്) ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്കു നമസ്കാരം.

ഐക്യസംസ്ഥാന നിയമസഭയുടെ അദ്ധ്യക്ഷനായി എന്നെ തെരഞ്ഞെടുത്തതിനും ഈ സ്ഥാനലബ്ധിയിൽ പ്രോത്സാഹജനകങ്ങളായ ആശംസകൾകൊണ്ടു എന്നെ അനുഗ്രഹിച്ചതിനും ഈ സഭയിലെ എല്ലാ സുഹൃത്തുക്കളോടും എൻെറ വിനീതമായ കൃതജ്ഞത ഞാൻ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

പുതിയതായി സംവിധാനംചെയ്യപ്പെട്ട ഒരു സംസ്ഥാനത്തിലെ പൗരന്മാരാണു നാം ഈ സംസ്ഥാനം സ്വതന്ത്രഭാരതത്തിലെ ഒരു അവിഭാജ്യഘടകവുമാണ്. ഈ പശ്ചാത്തലം നമ്മുടെ കർത്തവ്യങ്ങളുടെ ഭാരത്തേയും മഹനീയതയെയും നമ്മെ സദാ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുമെന്നു എനിക്കു വിശ്വാസമുണ്ട്.

ഈ സംസ്ഥാനത്തിലെ ബഹുജനങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി സേവനം അനുഷ്ഠിക്കുവാൻ ദൃഢപ്രതിജ്ഞചെയ്തിട്ടുള്ള അംഗങ്ങൾ ഉൾക്കൊള്ളുന്ന ഈ സഭയുടെ അവകാശങ്ങളേയും അന്തസ്സിനേയും സംരക്ഷിക്കുന്നതിനു ഞാൻ എപ്പോഴും ജാഗരൂകനായിരിക്കുന്നതാണ്. സർവ്വപ്രകാരേണയും അനുകരണീയമായ ഒരു പാർലമെൻററി പാരമ്പര്യം സൃഷ്ടിക്കുന്നതിനു നാം ഒത്തൊരുമിച്ചു ശ്രമിച്ചാൽ അതു നിഷ്പ്രയാസം സാദ്ധ്യമാകുമെന്നു എനിക്കു ബോദ്ധ്യമുണ്ട്. അതിലേക്കുള്ള എൻെറ സേവനം ഫലവത്താക്കുന്നതിന് നിങ്ങളുടെ എവരുടേയും അനുഭാവപൂർണ്ണമായ സഹകരണം ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഐക്യസംസ്ഥാനത്തിൻെറ സർവ്വതോമുഖങ്ങളായ പുരോഗതിക്കുവേണ്ടി വർണ്ണവർഗ്ഗകക്ഷിഭേദംകൂടാതെ നമുക്ക് പരിശ്രമിക്കാം. ഇന്നത്തെ തലമുറയുടെ സംതൃപ്തിക്കും ഭാവിതലമുറകളുടെ അഭിമാനത്തിനും പര്യാപ്തമാകുംവിധം നമുക്കു സിദ്ധിച്ചിട്ടുള്ള ഈ അവസരം പരസ്പരസഹിഷ്ണുതയോടും ദീർഘദൃഷ്ടിയോടുംകൂടി ഉപയോഗിക്കാം.

നിങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ കഴിഞ്ഞ ൨൨ വത്സരക്കാലമായി ഞാൻ കോൺഗ്രസ്സിലെ ഒരു പ്രവർത്തകനായിരുന്നു. ഈ ഐക്യസംസ്ഥാനത്തിൽ അധികാരത്തിൽ ഇരിക്കുന്നതു കോൺഗ്രസ്സ് മന്ത്രിസഭയുമാണ്. എന്നാൽ ഈ ബന്ധവും പരിഗണനയും എൻെറ കൃത്യനിർവ്വഹണത്തിനു ഞാൻ അംഗീകരിക്കേണ്ടതായ നിഷ്പക്ഷതയിൽനിന്നും നീതിനിഷ്ഠയിൽനിന്നും എന്നെ വ്യതിചലിപ്പിക്കുന്നതല്ലെന്നു ഉറപ്പു പറയുന്നതിനുകൂടി ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. നമസ്കാരം.

അജൻഡയിലെ എല്ലാ വിഷയങ്ങളും നാം തീർത്തിരിക്കുന്നു. ഇനി ഒന്നും നടത്തേണ്ടതായില്ല. അതിനാൽ ഈ സമ്മേളനം അനിശ്ചിതകാലത്തേക്ക് മാററിവെച്ചിരിക്കുന്നു.

*The House rose at 6-10 p.m.*

V. RAMANUJA IYENGAR,

*Secretary to the Legislative Assembly.*

# APPENDIX

## A

### Taking of oath by Members and Signing of Register

The following arrangement has been made for the convenience of the members and for saving time.

The Secretary will read the names of the members in the order in which they are to be sworn in. As soon as the name of a member is read out, the member will kindly stand up, take the oath or affirmation in the language the member chooses, sign the Register and resume seat after bowing to the Chair.

### അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുകയും റജിസ്റ്ററിൽ ഒപ്പുവയ്ക്കുകയും ചെയ്യുന്നതു്.

അംഗങ്ങളുടെ സൌകര്യത്തെയും സമയലാഭത്തേയും പുരസ്കരിച്ചു താഴെ പറയുന്ന ഏർപ്പാടു് ചെയ്തിരിക്കുന്നു.

അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യേണ്ട ക്രമം അനുസരിച്ചു് സെക്രട്ടറി അംഗങ്ങളുടെ പേരുകൾ വായിക്കുന്നതാണു്. ഒരു അംഗത്തിന്റെ പേർ വായിച്ചാലുടനെ ആ അംഗം ദയവുചെയ്തു് എഴുന്നേററു നില്ക്കുകയും അംഗത്തിനു സ്വീകാര്യമെന്നു തോന്നുന്ന ഭാഷയിൽ സത്യപ്രതിജ്ഞ ചെയ്യുകയോ ഉറപ്പുനൽകുകയോ ചെയ്യുകയും, റജിസ്റ്ററിൽ ഒപ്പുവെയ്ക്കുകയും അതിനുശേഷം തലകുനിച്ചു് അദ്ധ്യക്ഷനെ അഭിവാദനം ചെയ്തിട്ടു് സ്വസ്ഥാനത്തിരിക്കുകയും ചെയ്യണം.

### அங்கத்தினர்கள் பிரமாணம் செய்வதும், ரெஜிஸ்டரில் கையொப்பமிடுவதும்.

*அங்கத்தினர்களின் சௌகரியத்தையும் சமயத்தை லாபப்படுத்துவதையும் கருதி அடியிற்காணும் ஏற்பாடு செய்யப்பட்டிருக்கிறது.*

*அங்கத்தினர்கள் பிரமாணம் செய்யவேண்டிய கிரமப்படி ஸெக்ரெட்டரி அங்கத்தினர்களின் பெயர்களை வாசிப்பார். ஒரு அங்கத்தினரின் பெயர் வாசிக்கப்பட்டதும் அந்த அங்கத்தினர் தயவுசெய்து எழுந்திருந்து நின்று அந்த அங்கத்தினர் விரும்புகிற பாஷையில் பிரமாணம் செய்ய அல்லது உறுதிமொழி கூறவும் ரெஜிஸ்டரில் கையொப்பமிடவும் அதன் பின் தலைகுனிந்து தலைவரை வணங்கவும் ஸ்தானத்தில் அமரவும் செய்யவேண்டும்.*

## B

### FORM OF OATH OR AFFIRMATION

"I..........................................................a member of the Legislative Assembly of the United State of Travancore and Cochin do solemnly swear (or affirm) that I will bear true faith and allegiance to the Constitution of India and to the Constitution of the United State of Travancore and Cochin as by law established and that I will faithfully discharge the duties upon which I am about to enter."

# സത്യം (അഥവാ പ്രതിജ്ഞ) ചെയ്യേണ്ട രീതി

......................................യും തിരുവിതാംകൂർ-കൊച്ചി ഐക്യ സംസ്ഥാനനിയമസഭയിലെ ഒരു അംഗവും, ആയ ഞാൻ നിയമപ്രകാരം ഏർപ്പെടുത്തിയി

ട്ടുള്ള ഇൻഡ്യാഭരണഘടനയോടും, തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനഭരണഘടനയോടും യഥാർത്ഥമായ ഭക്തിവിശ്വാസങ്ങൾ വഹിക്കുമെന്നും, ഞാൻ ഏൽക്കുവാൻ പോകുന്ന കർത്തവ്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുമെന്നും ഭക്തിപുരസ്സരം സത്യപ്രതിജ്ഞ ചെയ്യുന്നു. (അല്ലെങ്കിൽ ദൃഢപ്രതിജ്ഞ ചെയ്യുന്നു.)

*பிரமாணம் செய்வதின் அல்லது உறுதிமொழி கூறுவதின் விதம்.*

*“திருவிதாங்கூர் கொச்சி ஐக்கிய சமஸ்தானத்தின் சட்டநிரூபண அசெம்பிளி அங்கத்தினராகிய ........................................................................ என்ற நான், இந்திய அரசியலமைப்பினிடமும் சட்டப்படி ஏற்படுத்தப்பட்டவாறுள்ள திருவிதாங்கூர் கொச்சி ஐக்கிய சமஸ்தானத்தின் அரசியலமைப்பினிடமும் உத்தம நம்பிக்கையும் விசுவாசமும் கொண்டு, நான் தலைப்பட போகும் கடமைகளை நேர்மையுடன் நிறைவேற்றுவேன் என்று பயபக்தியோடு சத்தியம் (அல்லது உறுதிமொழி) செய்கிறேன்.”*

# PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

**First Assembly**

**FIRST SESSION, 1949/1124**

**Saturday,** *the* $\frac{\textit{6th August 1949}}{\textit{22nd Karkadagam 1124}}$

**Vol. I]** **OFFICIAL REPORT** **[No. 2**

The Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the Clock on Saturday, the 6th August, 1949, with Mr. Speaker (The Hon'ble Sri. T. M. Varghese) in the Chair.

## Oath of Office

The following members took the oath and signed the rolls:—

1. Sri. T. S. Bandu;
2. Sri. K. P. Nilakanta Pillai;
3. Sri. C. A. Ouseph; and
4. Sri. A. P. Sivaramakrishnan.

## Reference regarding authority for convening the Assembly

**Sri. A. Thanu Pillai:** Before the questions begin, I rise to a point of information. The rules relating to the procedure of this Assembly were published in a Gazette Extraordinary dated 12th Karkadagam. For my part I received a copy of it on the 13th Karkadagam.

**Sahib Bahadur A. Abdul Razaak:** So also, we people.

**Sri. A. Thanu Pillai:** The rules state that there should be ten days' notice for any question. When the meeting had been notified to be held on the 22nd Karkadagam under the rules issued on the 13th, how ten days' notice can be given is a matter which only those that are responsible for managing business here can understand. As an ordinary human being, I am at a loss to understand how that can be done.

Then again, as for resolutions, 15 clear days' notice should be given. How that also can be done, I am at a loss to see. Today, I got a letter that the balloting will be on the 10th August. Now, two courses are possible. Either the notice should be with reference to the date on which this meeting commences or the date on which the resolutions are to be discussed. I am at a loss to see how this physical impossibility can be got over, if it is the date on which this meeting commences.

Now, if it is the date on which the resolutions should be discussed, how the balloting can be done on the 10th, that also I am at a loss to understand. So, Sir, what I say is—no doubt I know the Speaker has been given the power to waive the rules—the Speaker in fairness should have informed the Members of the procedure he was going to follow in the face of this highly arbitrary, unfair and discourteous treatment accorded to the Members of this House. Is this the way in which this House is going to function—as a Member, I have a right to know. Now at least, I seek for information as to what procedure the Speaker proposes to follow in regard to these matters. It is the duty of the Speaker of this House at least to desist from showing this kind of discourtesy to the members of this House.

**Sri. A. Nesamoni:** Is it the intention of the Hon'ble Member to move for an adjournment of the House because it has not been convened after proper notice?

**Sri. A. Thanu Pillai :** I do not propose to do that, because I am not here to obstruct the business. I want things to be done fairly. I request all my friends to understand that that is the stand that I am going to take. Only, democracy and democratic methods should not suffer. People who are in power, simply because they have got a large backing behind them, should not abuse their powers. That is my position.

മി. സ്പീക്കർ: ആർഡിനൻസു ൧൨-ാംതിയ്യതിയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്, അതു നിയമപ്രകാരം അന്നുതന്നെ ഉജ്ജ്വിതത്തിൽ വരുന്നതാണെന്ന്. ൨൨-ാംനു ആരംഭിക്കുന്ന ഈ സഭയിൽ ചോദിക്കാനുള്ള ചോദ്യങ്ങൾ ൧൨-ാംനു-ക്കൊ അതിനു മുമ്പൊ അയച്ചുകൂടുന്നതല്ലെ എന്നുള്ളതാണ് പ്രശ്നം. പ്രായോഗികമായ അസൌകര്യം നിമിത്തം ചോദ്യങ്ങൾ തക്കസമയത്തു് അയയ്ക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളവരുടെ കാര്യത്തിൽ അങ്ങനെയുള്ള അസൌകര്യങ്ങൾക്കുള്ള പ്രതിവിധി കൂടി സ്പീക്കർ ചെയ്യുന്നതാണ്.

പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനു ൧൫ ദിവസങ്ങൾക്കു മുമ്പ് അയച്ചിരിക്കണമെന്നാണ് നിയമം. അതിന് ഇനിയും ധാരാളം സമയമുണ്ട്. ബാലറ്റു മാററിവയ്ക്കണമെന്നു അംഗങ്ങൾക്കു അഭിപ്രായമുള്ള പക്ഷം അതിനു വിരോധമില്ല. പക്ഷെ അതിന്റെ ആവശ്യമില്ല. ഇക്കാര്യത്തിൽ അംഗങ്ങളോടു ആരെങ്കിലും 'discourtesy' കാണിച്ചിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചാൽ അതിനും പ്രതിവിധി ചെയ്യുന്നതാണ്.

**Sri. K. P. Nilakanta Pillai :** After the explanation, I am at a loss to understand whether an Honourable Member can even now send interpellations, and if so, for how many days, and also whether it is open to me to send a resolution today, and if so, for how many days. Because the rules provide that before ten days, questions must be sent, and before 15 days resolutions must be sent. So, we thought that under those rules, our action after that would be ultra vires and we kept quiet. Now, the question is whether today I am entitled to send questions and resolutions. That is the point. If not, what is the advantage of the explanation from the Speaker?

മി. സ്പീക്കർ: ഞാൻ മനസ്സിലാക്കുന്നതു് ഇന്നു ചോദ്യങ്ങൾ അയക്കുന്നതിൽ തെററില്ലെന്നാണ്. ആഗസ്റ്റ് ൨൯-ാംനു-ആണ് സഭ അവസാനിക്കുന്നതു്. ഇന്നു് ആഗസ്റ്റ് ൬-ാംതീയതിയാണ്. അതുകൊണ്ടു് പത്തു ദിവസത്തിനു മുമ്പു് ചോദ്യങ്ങൾ അയക്കുന്നതിനും അഞ്ചു ദിവസത്തിനുമുമ്പു് മിനിസ്റ്റർമാർക്കു നോട്ടീസ്സ് കൊടുക്കുന്നതിനും യാതൊരു പ്രയാസവുമില്ല. പ്രമേയം ൬-ാംതീയതിയായ ഇന്നു് അയക്കുന്നതിൽ തെററില്ല. അടുത്ത ബുധനാഴ്ച വരെ അയക്കുന്ന പ്രമേയങ്ങളും സാധുവായിരിക്കുന്നതാണ്.

ശ്രീ. പോൾ തളിയത്തു് : സർ, സത്യപ്രതിജ്ഞ ചെയ്യുന്നതിനുമുമ്പു് ഒരു മെമ്പർ ചോദ്യമയക്കുന്നതു ശരിയാണോ?

മി. സ്പീക്കർ: ചോദ്യങ്ങൾ സ്വീകരിക്കുന്നതു് സ്പീക്കറുടെ discretion അനുസരിച്ചാണ്. ചോദ്യങ്ങൾ അയക്കുന്നതിൽ തെററില്ല. ചോദ്യങ്ങൾ സഭയിൽ ചോദിക്കയോ മററു സഭാനടപടികളിൽ പങ്കെടുക്കയൊ ചെയ്യുന്നതിനു മുമ്പു സത്യപ്രതിജ്ഞ ചെയ്തിരിക്കണം.

**Sri A. Nesamoni:** May I know whether any question was admitted before the 12th of Karkadagam 1124 and if so, under what rule was that done? Evidently, the Hon'ble Member who put the question just a little while ago wanted information on this point.

മി. സ്പീക്കർ: ഈ സഭയുടെ സമ്മേളനം സംബന്ധിച്ചു ഞാൻ സ്പീക്കർ എന്ന നിലയിൽ ചെയ്തതെല്ലാം നിയമാനുസൃതമാണ്. അതുകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

**Sri. A. Nesamoni:** May I know then, who summoned this Assembly or under whose direction was this Assembly summoned?

**Mr. Speaker:** The question raised by the Hon'ble Member is covered by the answer that was already given. However, I shall further explain the position. The Speaker is the authority competent to direct the Secretary of the Assembly. Accordingly the Speaker directed him. That is why he summoned the Hon'ble Members.

**Sri. A. Nesamoni:** Sir, my question was necessitated chiefly on account of the difference in language used in the various correspondence that takes place between the Secretary

to the Assembly and the Hon'ble Members. I will just now bring to your notice one such letter. The latest notice is ROC. 146/49/Assembly. The Secretary has stated "I am directed by the Hon'ble Speaker to..........". In a previous intimation the correspondence opened in the simple form "I am directed to........". Just before the Secretary's signature one does not find the expression 'By Order' as is generally found in Government correspondence if there had been a direction given. It is usual to see some such usage. But in our intimations, nothing like that has been found. Hence my question, under what authority this Assembly has been summoned.

**Mr. Speaker:** Whenever a letter is sent by the Assembly Secretary under the direction of the Speaker, it will be worded "I am directed to say.............". That will show that the authority competent to direct has given the necessary direction. By whom the direction was given need not be expressed. If a letter begins with the expression "I am directed to say" the subscription 'By Order' is wrong and incongruous.

We will now proceed to questions and answers.

## Oath of Office

**Sri. C. V. Iyyu:** Sir, on a point of information. One of our members, Mr. Narayanan Nambudiripad, a room-mate of mine has just now come. May I know whether he can take the oath of allegiance now, for otherwise he cannot participate in the discussions of the day?

**Mr. Speaker:** He can take the oath now.

Sri. Kodanat Narayanan Nambudiripad then took the oath and signed the rolls.

## Questions and Answers

### ORAL ANSWERS

കുത്തകപ്പാട്ടം

*1. ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നൽകുമോ?

(എ) ൧൧൨൧-ാമാണ്ടിനു മുമ്പ് ഒരേക്കർ സ്ഥലത്തിന് എന്തു തുകയായിരുന്നു കുത്തകപ്പാട്ടമായി തിരുവിതാംകൂർ ഗവൺമെണ്ട് ഈടാക്കിവന്നതു്;

(ബി) ൧൧൨൪-ാമാണ്ട് ഒരേക്കറിന് എന്തു തുക കുത്തകപ്പാട്ടമാണ് ടി സ്ഥലത്തു തന്നെ ഈടാക്കുന്നതു്;

(സി) എ-യിലും, ബി-യിലും പറയുന്ന തുണ്ടുകളിൽ വൃക്ഷങ്ങൾക്ക കരം ചുമത്തുന്നതിൽ വല്ല വ്യത്യാസങ്ങളും ചെയ്തിട്ടുണ്ടോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) ഏക്കറിന് പുരയിടത്തിന് ൧ മുതൽ ൧൫ പണം വരെ.

ടി നിലത്തിന് ൧ രൂപാ ൧൧ ചക്രം ൫ കാശു മുതൽ ൨൪ രൂപാ ൧൨ ചക്രം വരെ.

(ബി) ഏക്കറിന് പുരയിടത്തിന് ൨൫ പണം, നിലത്തിന് ൩൯ പണം.

(സി) ഉണ്ട്.

ശ്രീ. പി. സി. ആദിച്ചൻ: ഏതെല്ലാം വൃക്ഷങ്ങൾക്കാണ് കുത്തകപ്പാട്ടം നിശ്ചയിച്ചിട്ടുള്ളതു്?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ആദായവൃക്ഷങ്ങൾക്ക് എന്നു പറയാം. അതായതു് തെങ്ങ്, കവുങ്ങ്, പ്ലാവ്, പുളി, പുന്ന, മാവ്, പന ഈവക വൃക്ഷങ്ങൾക്കാണ്.

ശ്രീ. പി. സി. ആദിച്ചൻ: ൧൧൨൧-ാമാണ്ടത്തേക്കാൾ ൧൧൨൪-ൽ കുത്തകപ്പാട്ടനിരക്ക് കൂട്ടിയതുകൊണ്ട് തിരുവിതാംകൂറിലെ പാവപ്പെട്ടയാളുകൾക്ക് വളരെ വിഷമം നേരിട്ടിട്ടുള്ളതായി ഗവൺമെണ്ടിന്നറിയാമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: നികുതി കൂട്ടുന്നതു് എല്ലാവർക്കും ഭാരംതന്നെയാണ്. അതിൽ കവിഞ്ഞ് ഈ സംഗതിയിൽ മറ്റൊന്നുമുണ്ടെന്നുതോന്നുന്നില്ല.

ശ്രീ. പി. സി. ആദിച്ചൻ : ഇപ്പോൾ എത്ര കുത്തകപാട്ടമാണോ ഒരേക്കറിനു നിശ്ചയിച്ചിരിക്കുന്നതു് അതിനേക്കാൾ കുറവായിട്ടാണ് കരം നിശ്ചയിച്ചിരിക്കുന്നതെന്നു് ഗവണ്മെണ്ടിന്നറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ : കരം എപ്പോഴും കുറവുതന്നെയാണ്.

ശ്രീ. പി. സി. ആദിച്ചൻ : ആ സ്ഥിതിക്കു് പിന്നോക്കസമുദായക്കാർക്കു് വസ്തുക്കൾ കുത്തകപ്പാട്ടത്തിനു കൊടുക്കുന്നതിനു പകരം പതിച്ചുകൊടുക്കുകയല്ലേ നല്ലതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ : സംഖ്യ കുറയുന്നതു് എല്ലായ്പോഴും സഹായകരമായിരിക്കും.

ശ്രീ. പി. സി. ആദിച്ചൻ: അതുകൊണ്ടു് വസ്തു പതിച്ചുകൊടുക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ആ കാര്യത്തെക്കുറിച്ചു് ഗവണ്മെണ്ടു തീരുമാനിച്ചിട്ടില്ല. ആലോചിക്കുന്നതാണ്.

ശ്രീ. റ്റി. വി. ദേവൻ : ഏക്കറിനു് ഇരുന്നൂറും മുന്നൂറും രൂപയ്ക്കു് പതിച്ചു കൊടുത്തുകൊണ്ടിരുന്ന കാലങ്ങളിൽ പിന്നോക്കസമുദായക്കാർക്കു് ധാരാളംവസ്തുക്കൾ സൗജന്യമായി പതിച്ചു തന്നിട്ടുണ്ടു്. ആ വ്യവസ്ഥയനുസരിച്ചു ഈ ജനകീയ ഗവണ്മെണ്ടു് അതിൽ കൂടുതൽ സൗജന്യങ്ങൾ ചെയ്യേണ്ടതാണെന്നാണ് എനിക്കു പറയുവാനുള്ളതു്.

ശ്രീ. സി. വി. ഇയ്യു : കുത്തകപ്പാട്ടം എന്നു പറയുന്നതു് എന്താണ്?

**Mr. Speaker:** I disallow that question. That is a terminology current here and if necessary books of refeience dealing with that subject are available for perusal.

ശ്രീ. സി. വി. ഇയ്യു : ഈ സഭയിൽ അനവധി മനസ്സിലാകാത്ത പദങ്ങൾ ഉപയോഗിക്കുമ്പോൾ, ആ അവസരങ്ങളിലെല്ലാം പുസ്തകം റഫർചെയ്യുന്നതു് പ്രയാസമായിരിക്കുമെന്നു് അറിയാമോ?

മി. സ്പീക്കർ: പ്രയാസമുണ്ടായിരിക്കും. എന്നാൽ പ്രയാസമുള്ള പല കാര്യങ്ങളും നടക്കുന്നുണ്ടു്. ബഹുമാനപ്പെട്ട മെമ്പർമാർ പരസ്പരം വാക്കുകളുടെ അർത്ഥം ചോദിച്ചു സമയം വ്യയം ചെയ്യരുതെന്നു് അപേക്ഷയുണ്ടു്.

**Sri. C. V. Iyyu** Sir, on a point of information. There are certain terms in this question.

(Several members stood up.)

An Hon'ble Member: Sir, if you Mr. Speaker were to allow Members to interrupt like this, that will be exhibiting your weakness.

**Mr Speaker:** Only one member at a time can be in possession of the House.

**Sri. V. Gangadharan Nair:** When the Speaker is on his legs, Members must sit down and that will be a wholesome practice for adoption.

**Sri. C. V. Iyyu:** Sir, I am speaking on the question regarding Kuthakapattam. I am only explaining my difficulty. There are certain words in this question which we who come from the area known as Cochin before integration cannot understand. For instance the word "Kuthakapattam"—what is it please?

**Mr. Speaker:** When questions are put they will be answered by the respective Ministers. If more elucidation is needed that will be afforded by further questions and answers. I am not disposed to allow the present discussion among the Members about the meaning of a word. For the information of the Hon'ble Member who just spoke about the exhibition of weakness I may say that such apparent weakness often better fits in with the scheme of things than assumed courage and strength and does not stand in need of extraneous support.

We will now go to the next question.

### താലൂക്ക് അതിർത്തിമാററം

*2. ശ്രീ. പി. സി. ആദിച്ചൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സംയോജനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം രൂപമെടുത്തതോടുകൂടി ഇന്നു നിലവിലിരിക്കുന്ന താലൂക്കുകൾക്കു എന്തെങ്കിലും മാററം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ബി) അങ്ങനെ മാററം വരുത്തുവാൻ ഉദ്ദേശിക്കുന്നെങ്കിൽ അതു ഏതു അടിസ്ഥാനത്തിലാണ്?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) കുന്നത്തുനാട്, പറവൂർ താലൂക്കുകളും കൊച്ചി ഭൂവിഭാഗവും ചേർത്തു ഒരു ഡിവിഷനാക്കണമെന്ന് സംയോജനക്കമ്മററി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ബി) ഭരണസൌകര്യത്തെ അടിസ്ഥാനപ്പെടുത്തി.

ശ്രീ. ടി. എം. സന്നലൻ: അങ്ങിനെയുള്ള താലൂക്കിന്റെ തലസ്ഥാനം ഏതായിരിക്കണം എന്ന് തീരുമാനിച്ചിട്ടുണ്ടോ?

**Sri. K. P. Nilakanta Pillai:** May I know whether the Hon'ble Minister can give an answer with reference to the Integration Report which has not been placed on the Table of the House?

**Mr. Speaker:** The Hon'ble Minister can answer with reference to the Report, although the Report is not placed before the House.

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുന്നത്തുനാട്, പറവൂർ താലൂക്കുകളും കൊച്ചി ഭൂവിഭാഗവും ചേർത്ത് ഒരു ഡിവിഷനാക്കണമെന്ന് ആലോചിക്കുന്നുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഭരണസൌകര്യംമാത്രം അടിസ്ഥാനമാക്കിയാണോ അതോ ജനങ്ങളുടെ സൌകര്യം അടിസ്ഥാനമാക്കിയാണോ താലൂക്കുകൾ രൂപീകരിക്കുന്നതു്?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഭരണസൌകര്യത്തെ അടിസ്ഥാനമാക്കിയുള്ള സകല പരിഗണനകളും ഉൾപ്പെടും.

ശ്രീ. പി. കെ. പോററി: ഭാവിയിൽ ഉണ്ടാകാൻ പോകുന്ന കൊച്ചിഡിവിഷന്റെ തലസ്ഥാനത്തെ സംബന്ധിച്ച് എന്തെങ്കിലും ഒരു തീരുമാനം ഉണ്ടായിട്ടുണ്ടോ?

**Mr. Speaker:** The question does not arise from this.

ശ്രീ. എൻ. പി. വർഗ്ഗീസ്: മൂവാററുപുഴ താലൂക്കുകൂടി ചേർത്തു ഒരു ഡിവിഷൻ ഉണ്ടാക്കണമെന്ന് ആലോചിച്ചിട്ടുണ്ടോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ്: അങ്ങിനെ ചെയ്യുവാൻ ഭയവുണ്ടാകുമോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ആലോചിക്കുന്നതാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: മററു താലൂക്കുകളെ സംബന്ധിച്ച് എന്തെങ്കിലും വ്യത്യാസമുണ്ടോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേക്കുറിച്ച് ആലോചിക്കാവുന്നതാണ്.

**Sri D. Gnanasigamoni:** May I know whether the House will be consulted before any final decision is taken on this matter?

ശ്രീ. വി. കെ. വർഗ്ഗീസ്: സംയോജനകമ്മിററി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുവാൻ ഭയവുണ്ടാകുമോ?

**Mr. Speaker:** That does not come within the legitimate limits of the original question or the answers thereto.

## Misuse of Government Funds

*3. **Sri. Muralidhara Marar:** Will the Government be pleased to state:—

(*a*) whether the attention of the Government has been drawn to the statement issued by Sri. C. P. Mathen, regarding the misuse of Government funds by Sir C. P. Ramaswami Aiyar when he was the Dewan of Travancore, and

(*b*) if so what action this Government propose to take in this matter?

**The Hon'ble Sri. A. J. John:** (*a*) No.

(*b*) Does not arise.

ശ്രീ. മാന്നാർ ഗോപാലൻ നായർ: തിരുവനന്തപുരത്തുനിന്നും എറണാകുളത്തു പോയ ഉദ്യോഗസ്ഥന്മാരുടെ വിഷമതകളെക്കുറിച്ച് എന്തെങ്കിലും പരാതികൾ കിട്ടിയിട്ടുണ്ടോ?

ബഹു: ശ്രീ. എ. ജെ. ജോൺ: അതല്ലാ ചോദ്യം. സർ. സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ ദിവാൻ ആയിരുന്ന കാലത്ത് പണം ദുർവിനിയോഗം ചെയ്തിട്ടുണ്ട് എന്നുള്ള മിസ്റ്റർ സി. പി. മാത്തന്റെ സ്റ്റേറ്റ്മെന്റ് ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ എന്നുള്ളതാണ് ചോദ്യം. അതിന്റെ മറുപടിയായി (എ)ക്ക് ഇല്ലാ എന്നും, (ബി)ക്ക് തൽകാരണത്താൽ ഉത്തരമില്ലെന്നും ഞാൻ പറഞ്ഞുകഴിഞ്ഞു.

**Sri. N. V. Chacko :** May I know whether Government are aware that similar allegations were made against Sir C. P. Ramaswami Aiyar on behalf of the Travancore State Congress in 1930?

**The Hon'ble Sri. A. J. John :** That question dose not arise.

**Sri. D. Gnanasigamoni :** May I know whether Sri. C. P. Mathen had any opportunity to audit Travancore accounts?

**The Hon'ble Sri. A. J. John :** No.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഗവമ്മെണ്ട് പത്രങ്ങൾ വായിക്കാറുണ്ടോ?

**Mr. Speaker :** That question does not arise.

ശ്രീ. കെ. ഡബ്ലിയു. മുരളീധര മാരാർ: ബഹുമാനപ്പെട്ട മന്ത്രി പത്രങ്ങൾ വായിക്കാറുണ്ടോ?

ബഹു: ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ മാതിരിയുള്ള പ്രധാന വിവരങ്ങൾ അടങ്ങിയ പ്രസ്താവനകൾ ഗവമ്മെണ്ട് ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ചുമതലപ്പെട്ടവരില്ലേ?

ബഹു: ശ്രീ. എ. ജെ. ജോൺ: പ്രധാനപ്പെട്ട സംഗതികൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്.

**Sri. D. Gnanasigamony :** Has it ever come to the notice of the Government of Travancore that Sir C. P. Ramaswami Aiyar has misappropriated Travancore Government Funds?

**Mr. Speaker :** That matter does not arise as a supplementary question. It is an independent question.

ശ്രീ. കെ. എം. കോര: മിസ്റ്റർ സി. പി. മാത്തന്റെ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മന്ത്രി വായിച്ചില്ലെന്നാണോ മനസ്സിലാക്കേണ്ടത്?

ബഹു: ശ്രീ. എ. ജെ. ജോൺ: ഞാൻ അതെപ്പറ്റി പറഞ്ഞുകഴിഞ്ഞു. ആ സ്റ്റേറ്റ്മെന്റ് ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടില്ലാ എന്നു പറഞ്ഞുകഴിഞ്ഞു. ആ സ്ഥിതിക്ക് ഇതിൽ കൂടുതലായി ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. എസ്സ്. കുട്ടൻ: ആ പ്രസ്താവന ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ ഇതുവരെ പെട്ടിട്ടില്ലെങ്കിൽ ആ പഴയ പത്രങ്ങളുടെ പംക്തികൾ ഒന്നു മറിച്ചു നോക്കുവാൻ ദയവുണ്ടാകുമോ?

**Mr. Speaker:** The question is "whether the attention of the Government has been drawn to the statement issued by Sri. C. P. Mathen........."There is no reference to the publication of the statement in any paper. The statement may be in a paper or may not be.

ഉദ്യോഗസ്ഥന്മാരുടെ വിഷമത

***4.** ശ്രീ. കെ. ഡബ്ലിയു. മുരളീധരമാരാർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു മറുപടി നൽകുമോ?

'കൊച്ചിയിൽനിന്നു് തിരുവനന്തപുരത്തു എത്തിയ ഉദ്യോഗസ്ഥന്മാരുടെ വിഷമത' എന്ന "ഗോമതി"യിലെ ഒരു ലേഖനം ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. എസ്സ്. കുട്ടൻ: തിരുവനന്തപുരത്തുനിന്നും എറണാകുളത്തു പോയ ഉദ്യോഗസ്ഥന്മാരുടെ വിഷമതകളെപ്പററി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ആ ചോദ്യത്തിൽനിന്നു "ഇതു" ഉത്ഭവിക്കുന്നില്ല. മിസ്റ്റർ സ്പീക്കർ അങ്ങിനെ അഭിപ്രായപ്പെടുന്നപക്ഷം മറുപടിപറയാവുന്നതാണു്.

മി. സ്പീക്കർ: പ്രധാന ചോദ്യത്തോടു് വളരെ അടുത്ത ബന്ധമുള്ള ഒരു ചോദ്യമാണിതു്. അതുകൊണ്ടു് അതിനു മറുപടി പറയുന്നതിൽ തെററില്ല.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: പരാതികളൊന്നും കിട്ടിയിട്ടില്ല.

ശ്രീ. കെ. ഡബ്ലിയു. മുരളീധരമാരാർ: "ഗോമതി"യിലെ പരാതിയെപ്പററി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: പരാതിയെപ്പററിയല്ല ചോദ്യം. "ഗോമതി"യിലെ ഒരു ലേഖനം ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ എന്നാണു് ചോദ്യം. ആ പത്രത്തിലെ പ്രസ്താവന എന്തായാലും അടിസ്ഥാനരഹിതമാണു്.

മി. സ്പീക്കർ: ഗോമതിയിലെ പ്രസ്താവനകൾ ശരിയാണൊ തെററാണൊ എന്നു് ഈ ചോദ്യത്തിനുത്തരമായി പറയേണ്ട ആവശ്യമില്ല. അങ്ങിനെ ഒരു ചോദ്യം ചോദിക്കത്തക്കതുമല്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: കൊച്ചിക്കു മാത്രമായി ഒരു പുതിയ ഓർഡിനൻസ് രാജപ്രമുഖൻ പുറപ്പെടുവിച്ചിട്ടുണ്ടോ? അതുമാതിരി ഒരു ഓർഡിനൻസ് തിരുവിതാംകൂറിനെ സംബന്ധിച്ചും ഉണ്ടാക്കാൻ വിഷമമുണ്ടോ?

**Mr. Speaker:** That question does not arise.

**Constitutional set up of States**

*** 5. Sri. D. Gnanasigamony:** Will the Hon'ble Minister for Political and General be pleased to state:

(*a*) whether the Government are in possession of the report of the Rau Committee on the constitutional set up of the States; and

(*b*) whether a copy of the said report can be placed on the table?

**The Hon'ble Sri. T. K. Narayana Pillai** : (*a*) No.

(*b*) Does not arise.

**Sri. D. Gnanasigamony:** May I know whether the Government is aware that the Rau Committee has favoured the Indian Constituent Assembly framing a constitution for Native States?

**The Hon'ble Sri. T. K. Narayana Pillai:** The Government are not in possession of the Rau Committee Report.

**Sri. D. Gnanasigamony:** May I know whether Government have been consulted in this matter?

**The Hon'ble Sri. T. K. Narayana Pillai:** Government have not been consulted regarding Rau Committee Report.

**Sri. A. Thanu Pillai:** May I know whether Government have any information as to whether the constitutions for States like the Union will be settled by the Indian Constituent Assembly ?

**The Hon'ble Sri. T. K. Narayana Pillai:** Government have no official information.

**Sri. K. Sivarama Pillai:** Was it not one of the decisions taken by the Conference of Prime Ministers in Delhi ?

**The Hon'ble Sri. T. K. Narayana Pillai:** Government have no official information on the decisions arrived at the Conference. The Prime Minister of the Union was not present at the Conference and no minutes of the proceedings were given to the Union Government.

**Sri. A. Nesamoni:** May I know whether this Government was not represented at the Conference ?

**The Hon'ble Sri. T. K. Narayana Pillai:** It was not possible to send a representative to the Conference ?

**Sri. A. Nesamony:** Was this Government invited to send a representative ?

**Sri. Mannar Gopalan Nair:** Has the Government any unofficial information ?

**Mr. Speaker:** That question does not arise and is disallowed.

### Acquisition of land in Eraniel pakuthy

*6. **Sri. D. Gnanasigamony:** Will the Hon'ble Minister for Land be pleased to state—

(*a*) whether Government has passed orders for the acquisition of a portion of Survey No. 5130 of the Eraniel pakuthy for a pathway, and if so, the date of such order;

(*b*) whether the proposed acquisition is for a private or public pathway;

(*c*) if it is for a public pathway, will the Government be pleased to make a thorough enquiry and satisfy themselves that it is not so;

(*d*) the documents that led them to conclude that it is for a public pathway; and

(*e*) what action the Government propose to take if it is found that the acquisition is not for a public pathway ?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Yes. 11—12—1947.

(*b*) For a public pathway.

(*c*) Government are satisfied that the acquisition is for a public pathway.

(*d*) Reports of the Departments concerned.

(*e*) The question does not arise.

**Sri. D. Gnanasigamony:** Will the Government be pleased to institute an enquiry as to whether this is a private pathway?

**The Hon'ble Sri. E. Ikkanda Warrier:** Government does not think that further enquiry is necessary in the matter.

### Developing of Industries

*7. **Sri. M. I. Paul:** Will the Government be pleased to state.—

(*a*) whether the Government have any schemes before them for the development of industries in the States; and

(*b*) if so, what are those schemes?

**The Hon'ble Sri. N. Kunjuraman:**

(*a*) Yes.

(*b*) Nationalisation of Salt, Minerals, State Transport and Electricity, extension of cottage Industries under the aegis of the Co-operative Department, setting up new textile, plate-glass, paints and forest industries are contemplated. Negotiations are in various stages of development.

ശ്രീ. എം. ഐ. പോൾ: ആ ഡവലപ്പ്മെന്റ് എന്തെല്ലാമാണെന്നു വിവരിക്കാമോ?

**Mr. Speaker :** I don't allow that question. It may not be possible within the short space of time available to us to describe to the satisfaction of this House the various points of the schemes.

**Sri. M. I. Paul:** May I know whether Government will be in a position to explain all these schemes for the information of the public one of these days?

**Mr. Speaker :** Certainly it is incumbent upon the Government to give such explanations as are possible. All that I want is to draw the attention of the members to the fact that it is not possible to describe the various items in this Hall at one time. I am sure that if the Hon'ble Members want it, Government may be prepared to look into the matter.

### Special allowance of officers

* 8. **Sri. M. I. Paul:** Will the Government be pleased to state:—

(*a*) whether the Government are aware that the Government officers have been put to great financial difficulties by the change of the places of their offices due to the integration of the two States; and

(*b*) if so, why not given special allowance to such officers?

**The Hon'ble Sri. A. J. John:**

(*a*) Yes.

(*b*) Attention is invited to G.O. ROC No. 558/Pol., dated 27th June 1949 sanctioning to such officers, bonus equivalent to one month's salary, in addition to the travelling allowance for themselves and their families at the rates prescribed in Chapter XXVII of the Travancore Service Regulations.

**Sri. M. I. Paul :** May I know, Sir, whether Government have given any special allowance to all such officers?

**The Hon'ble Sri. A. J. John :** Yes. That is what I have already stated.

### Contribution from Indian Union

* 9. **Sri. M. I. Paul:** Will the Government be pleased to state.—

(*a*) whether the Government expect to have any contribution from the Indian Union Government for the Development of Agriculture and Industry in the State and

(*b*) if so, how much and how it is going to be spent?

**The Hon'ble Sri. A. J. John :**

(*a*) This Government have taken steps to move the Government of India in the matter.

(*b*) The exact amount of contribution and the details of the manner in which the contribution, if received, is expected to be spent have not yet been decided.

### പാലിയം എസ്റ്റേററ്

***10.** സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പാലിയം എസ്റ്റേററ് സംബന്ധിച്ചു ഗവമ്മെണ്ടു രൂപീകരിച്ച കമ്മിററിയുടെ എത്ര യോഗങ്ങൾ കൂടിയെന്നും കമ്മിററി റിപ്പോർട്ട് സമപ്പിച്ചോ എന്നും പറയാമോ;

(ബി) പ്രസ്തുത കാര്യാത്ഥം വേണ്ട നടപടികൾ ഊർജ്ജിതമായി നടത്താമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ : (എ) കാര്യാലോചനായോഗങ്ങൾ (preliminary meetings) മാത്രമെ ഉണ്ടായിട്ടുള്ളു. കമ്മിററി റിപ്പോർട്ട് സമപ്പിച്ചിട്ടില്ല.

(ബി) നടത്താം.

സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : ഏതു മാസത്തിലാണ് കമ്മിററി കൂടിയതു്?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ : അതിനു നോട്ടീസു വേണം.

ശ്രീ. ഇട്ടീരാ അമ്പൂക്കൻ : പാലിയം എസ്റ്റേററ് ഗവമ്മെണ്ടിന്റെ ഭരണത്തിൽനിന്നു വിട്ടു കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ : അവരുടെ സ്വത്തുക്കൾ ഭാഗിച്ചുകിട്ടാൻ അവർ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുവേണ്ടി ഗവമ്മെൻറ് ഒരു കമ്മിററിയെ നിയമിച്ചിരിക്കുകയാണ്. ഭാഗിച്ചുകൊടുക്കുന്നതുവരെ പാലിയം ഭരണം ഗവമ്മെണ്ട് തുടരാനാണ് നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ: പാലിയം ഭരണം ഗവമ്മെണ്ട് ഏറെറടുത്തതിനുശേഷം കുടിയാന്മാരിൽനിന്നും ധാരാളം പണം അനിതിപരമായി പിരിച്ചിട്ടുണ്ടെന്നു ഗവമ്മെണ്ടിന്നറിയാമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: അറിയാൻ പാടില്ല.

ശ്രീ. എം. ഐ. പോൾ: അപ്രകാരം പിരിച്ചിട്ടുള്ളപക്ഷം വേണ്ടുന്നടപടികൾ നടത്താൻ ദയവുണ്ടാകുമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ : അതു് ഗവമ്മെണ്ടിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ ആവശ്യമായ നടപടി എടുക്കാം. അതു് ഒരു ഹൈപ്പൊത്തററിക്കൽ കച്ചസ്റ്റ്യനാണ്.

ശ്രീ. എം. ഐ. പോൾ : ഈ ചോദ്യം മൂലം ആ വിവരം ഗവമ്മെണ്ടുദൃഷ്ടിയിൽപ്പെട്ടതായി കരുതുമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: കരുതാം.

## പറവാശി സമ്പ്രദായം

*11. സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്നചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പാലിയം എസ്റ്റേററിൽനിന്നും വസൂലാക്കിവരുന്ന 'പറവാശി' സമ്പ്രദായം നിറുത്തൽ ചെയ്യുവാൻ ഗവമ്മെണ്ടിന്നു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) അക്കാര്യത്തിൽ എന്തു ചെയ്തു?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) ഉണ്ട്.

(ബി) പാലിയം പറയും സ്റ്റാൻഡേർഡ് പറയും തമ്മിലുള്ള വ്യത്യാസംകൊണ്ടു മാത്രമാണ് അളവിൽ വ്യത്യാസം ഉണ്ടാകുന്നതു്. പാലിയം പറയ്ക്കു നെല്ല് അളന്നുകൊള്ളാമെന്നു കുടിയാന്മാർ സമ്മതിച്ചിരിക്കെ അതിൽനിന്നു വ്യത്യാസം വരുത്തുന്നതു ന്യായമല്ലെന്നു ഗവമ്മെണ്ടിന്നു ബോദ്ധ്യമാകയാൽ പാലിയം പറയും സക്കാർ പറയും തമ്മിലുള്ള ബന്ധത്തെ നിശ്ചയിക്കുകയും കുടിയാന്മാൎക്ക് അവൎക്ക് ഇഷ്ടമുള്ള പറയ്ക്കു അളവു് കൊടുക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു. ഗവമ്മെണ്ട് പറയ്ക്കു നെല്ലളക്കുമ്പോൾ പറവാശി എടുക്കുന്നുണ്ടെങ്കിലും അതുകൊണ്ടു കുടിയാന് യാതൊരു നഷ്ടവും ഇല്ല.

ശ്രീ. എൻ. വി. ചാക്കോ: പാലിയം പറയുടെ അളവു് എത്രക്യൂബിക്ക് ഇഞ്ചാണ്?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. സി. സി. പ്രസാദ്: ഈ പറവാശി സമ്പ്രദായം കുടിയാന്മാരോടുള്ള ഒരു ചാൎത്തി തീൎക്കൽ എന്നല്ലാതെ അതിന്ന് എന്തെങ്കിലും സ്റ്റാൻഡേർഡ് ഉണ്ടോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: പറവാശി എടുക്കുന്ന സമ്പ്രദായം മുൻപു മുതലെ നടപ്പുള്ളതാണ്.

സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : പാലിയത്തേയ്ക്കു മാത്രം ഒരു മുദ്രപ്പറ ഗവമ്മെണ്ടിൽനിന്നും കൊടുത്തിട്ടുണ്ടോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: പാലിയത്തേക്കുള്ള പാട്ടം പാലിയം പറയ്ക്കുതന്നെകൊടുക്കാമെന്നു വ്യവസ്ഥയുണ്ട്. അതു ജന്മിയും കുടിയാനും തമ്മിലുള്ള ഒരു കരാ

റാണ്. അതിൽ ഒരു വ്യത്യാസം വരുത്തുവാൻ ഗവമെന്റ് ഇടപെടുന്നതു ശരിയല്ല. ഗവമെന്റിലേയ്ക്കുള്ള പാട്ടം അളക്കുന്നതു സ്റ്റാൻഡേർഡ് പറയ്ക്കാണ്. സ്റ്റാൻഡേർഡ് പറയും പാലിയം പറയും തമ്മിലുള്ള ബന്ധം നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. എസ്സ്. കട്ടൻ: പാലിയം പറ അളവിൽ കൂടുതലാണെങ്കിൽ Weights and Measures Act അനുസരിച്ച് അവരുടെ പേരിൽ കേസ്സെടുത്തുകൂടേ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതിനു നിവൃത്തിയില്ല. ജന്മിയും കുടിയാനുമായിട്ടുള്ള കരാർ പാലിയം പറയ്ക്കു പാട്ടം അളക്കണമെന്നാണ്. അതനുസരിച്ച് കോടതി വിധികൾപോലും ഉണ്ടായിട്ടുണ്ട്. അങ്ങനെ കോടതി മുഖാന്തിരം അവക്കു ലഭിച്ചിരിക്കുന്ന ഒരു അവകാശത്തെ ഗവമെന്റ് ഇല്ലായ്മചെയ്യുന്നതു ശരിയല്ല. അതുകൊണ്ട് ഗവമെന്റ് അതിൽ പ്രവേശിക്കുന്നില്ല.

ശ്രീ. മാന്നാർ ഗോപാലൻ നായർ: സ്റ്റാൻഡേർഡ് പറയും പാലിയം പറയും തമ്മിലുള്ള വ്യത്യാസം എന്താണ്?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഇപ്പോൾ അതു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: പറവാശി, അറവാശി എന്നിങ്ങനെ എത്രതരം വാശി ആണ് ജന്മി, കുടിയാന്മാരോട് എടുക്കുന്നതു്?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: വാശിയെ എങ്ങനെ വ്യാഖ്യാനിച്ചാലും പറവാശി എടുക്കുന്നുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇവയിൽ എത്രതരം വാശി എടുക്കുന്നുണ്ട്?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: വാശി എടുക്കുന്നില്ല.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ഈ വാശികൾക്ക് തമ്മിൽ എന്തു് വ്യത്യാസം ആണുള്ളതു്?

ബഹു: ശ്രീ. ഈ. ഇക്കണ്ടവാര്യർ: കൃത്യമായി അറിയാൻ പാടില്ല.

ശ്രീ. എ. താണുപിള്ള: ഈ അളവുകളിൽ ഏതാണ് വലുതു്?

ബഹു: ശ്രീ. ഈ. ഇക്കണ്ടവാര്യർ: പാലിയമാണ്.

*ஸ்ரீ. ஸ்ரீ. வி. தாஸ்: பாலியம் பறை தவிர, எர்ணாகுளம் பறை என்றும் இன்னும் இதுபோல் பலவித பறைகள் உண்டா?*

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഓരോ ജന്മിമാക്കും ഓരോ അളവിലുള്ള പറയാണുള്ളതു്. പാലിയത്തു് ജന്മിമാക്ക് ഒരു അളവിൽ പറയുണ്ട്. അതുപോലെ മററ് ജന്മിമാക്കും പ്രത്യേകം പ്രത്യേകം അളവുകളിലുള്ള പറയാണുള്ളതു്. ഫീ ഇടങ്ങഴി കൊള്ളുന്ന പറയും ചില ജന്മികളുടെ കൈവശമുണ്ട്. ആ അളവിൽ അളക്കാൻ കോടതി അവക്ക് അനുവാദം കൊടുത്തിട്ടുമുണ്ട്.

ശ്രീ. ഇട്ടീര അമ്യൂക്കൻ: അങ്ങനെയാണെങ്കിൽ കച്ചവടക്കാക്കും അവർക്കിഷ്ടമുള്ള അളവുകളും തൂക്കങ്ങളും ഉപയോഗിക്കാമല്ലോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതു് അഭിപ്രായം ചോദിക്കുകയാണ്. Hypothetical question ആണ്.

ശ്രീ. കെ. എം. കോര: ഓരോരുത്തരും ഓരോ പറയാണ് ഉപയോഗിക്കുന്നതു് എന്നു പറഞ്ഞു. പാലിയത്തേക്ക് കിട്ടാനുള്ളതെല്ലാം അവർ അതനുസരിച്ചാണോ വാങ്ങിക്കുന്നതു്?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: അവിടെനിന്നും എടുക്കുന്നതു് അതനുസരിച്ചാണ്.

### ഉദ്യോഗസ്ഥന്മാരുടെ സ്ഥലസൌകര്യം

*12. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

കൊച്ചിയിൽനിന്നും സംയോജനം സംബന്ധിച്ചു തിരുവനന്തപുരത്തു വന്നിരുന്ന സെക്രട്ടറിയേററ് ഉദ്യോഗസ്ഥന്മാർക്ക് ആപ്പീസുജോലിക്കു സ്ഥലസൗകര്യം യാതൊന്നും ചെയ്തുകൊടുത്തില്ലെന്ന് ആക്ഷേപം ഉള്ളതായി ഗവമെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഒരു പരാതി ചില പത്രങ്ങളിൽ കാണാനിടയായിട്ടുണ്ട്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഏതു് പത്രത്തിലാണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് നിശ്ചയമില്ല. ചില പത്രങ്ങളിൽ അങ്ങനെ വായിക്കാനിടയായിട്ടുണ്ട്.

ശ്രീ. മാന്നാർ ഗോപാലൻനായർ: തിരുവിതാംകൂറിൽ നിന്നും എറണാകുളത്തേക്കു പോയ ഉദ്യോഗസ്ഥന്മാർക്കും ഇതുപോലെ ആക്ഷേപം ഉണ്ടെന്ന് അറിയാമോ?

ബഹു ശ്രീ. ടി. കെ. നാരായണപിള്ള: അതും ഉണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: പത്രങ്ങളിൽ കാണുന്നതെല്ലാം വാസ്തവമാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാം വാസ്തവമാണെന്നു തോന്നുന്നില്ല.

മി. സ്പീക്കർ: അങ്ങനെ ചോദിക്കാൻ പാടില്ല. പത്രങ്ങളിൽ കണ്ട വിവരം മെമ്പറുടെ സ്വന്ത അറിവിനെ അടിസ്ഥാനമാക്കി വാസ്തവമാണോ എന്നു് ചോദിക്കാമെന്നല്ലാതെ, പൊതുവേ പത്രപ്രസ്താവനയെപ്പററി ചോദിക്കാൻ പാടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: പത്രങ്ങളിൽ വല്ല ആരോപണങ്ങളും ഉണ്ടായിരുന്നാൽ അതു് ശരിയാണോ തെററാണോ എന്നു് ചോദിക്കുവാനുള്ള അവകാശം മെമ്പറന്മാർക്കുണ്ടോ?

മി. സ്പീക്കർ: ഉണ്ടു് അതായതു്, ആ സംഗതി മെമ്പറുടെ അറിവിനെ ആസ്പദമാക്കി വാസ്തവമാണോ എന്നു ചോദിക്കാമെന്നല്ലാതെ, പത്രപ്രസ്താവനയെക്കുറിച്ചു് പൊതുവായി ചോദിക്കാൻ പാടില്ല.

### എം. എൽ. എ. മാരുടെ ബത്ത

*13. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

ഇവിടെയുള്ള എം. എൽ. എ. മാരുടെ ബത്ത മദ്രാസിലേതിനോടു തുല്യപ്പെടുത്തുവാൻ ആലോചനയുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് Ordinance VIII of 1124-ൽ രണ്ടാമത്തെ ഷെഡ്യൂളിൽ ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. അതിനെ ഭേദപ്പെടുത്തുന്നതിനു് ഈ സഭയ്ക്കു് അധികാരവുമുണ്ട്.

ശ്രീ. എ. എം. തോമസ്സു്: മദ്രാസിലെ ബത്ത എത്രയാണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അറിയാൻ പാടില്ല.

**Sri. R. K. Ram**: Sir, I was not able to understand the word "ബത്ത".

**The Hon'ble Sri. T. K. Narayana Pillai**: It means 'Batta' in English.

ശ്രീ. മാന്നാർ ഗോപാലൻ നായർ: മദ്രാസിലെ ബത്ത എന്താണെന്നറിയാൻ ഗവമെൻറിനു് കടമയുണ്ടെന്നു വിചാരിക്കുന്നില്ലേ?

**Mr. Speaker**: The opinion of Government on their responsibility in the matter is a different question.

## New Industries

***14. Sri. K. W. Muralidhara Marar:** Will the Government be pleased to state.—

(*a*) whether they have any idea of starting any new industries;
(*b*) if so, what are the new industries that they are proposing to start ?

**The Hon'ble Sri. N. Kunjuraman:** (*a*) No.
(*b*) Does not arise in view of the answer to part (a).

ഇതിനെ സംബന്ധിച്ച് നേരത്തെതന്നെ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞുകഴിഞ്ഞു. അതിൽ കവിഞ്ഞ് ഒന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ഡബ്ലിയു. മുരളീധരമാരാർ: ഇൻഡസ്ട്രീസിന് ഒരു അഡ്വൈസറിക്കമ്മററി വേണമെന്ന് വിചാരിക്കുന്നുണ്ടോ?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. ഡബ്ലിയു. മുരളീധരമാരാർ: ചൊവ്വരയിൽ ഒരു ഫാക്ടറിഉള്ളതായി അറിയാമോ?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: അറിയാം.

## Dearness Allowance to Pensioners

***15. Sri. K. P. Nilakanta Pillai:** Will the Hon'ble Premier be pleased to state.—

(*a*) whether he has received in last Kumbham a representation signed by 428 pensioners requesting the Government to grant them dearness allowance;

(*b*) if the answer to part (a) is in the affirmative what action has been taken in the matter; and

(*c*) whether Government are aware of the fact that dearness allowance is given to the pensioners of the Cochin Service and if so what is the rate of dearness allowance the pensioners of Cochin are getting today ?

**The Hon'ble Sri. A. J. John:** (*a*) No.

(*b*) Does not arise.

(*c*) Yes. The rates are as follows:

(1) Pensioners drawing a pension of Rs. 5 and above, but below Rs. 20 per mensem—Rs. 10 per mensem.

(2) Pensioners drawing a pension of Rs. 20 and above but not above Rs. 50 per mensem—Rs. 11—4—0 per mensem.

(3) Pensioners drawing a pension of above Rs. 50 but below Rs. 300 per mensem—Rs. 11—4—0 or 5 % of the pension whichever is higher.

No pensioner drawing a pension of below Rs. 300 per mensem will be eligible for a sum exceeding Rs. 300 per mensem including Dearness Allowance.

**Sri. K. P. Nilakanta Pillai :** May I know the date on which this Government Order was passed in Cochin in regard to part (c) of the question ?

**The Hon'ble Sri. A. J. John :** Date is not available.

**Sri. K. P. Nilakanta Pillai :** Are the Government aware that there is difference in the rates of Dearness Allowance in Travancore and Cochin, and may I know whether the Union Government will be pleased to consider the question of equalising the difference ?

**Mr. Speaker:** In view of the answer that there is difference in rates, the rest is only a proposal for action.

**Sri. A. Thanu Pillai :** May I know whether it is the duty of the Government to equalise the difference that exists in the different parts of the Union ?

**The Hon'ble Sri. A. J. John :** Government will consider that question.

സെക്രട്ടറിയേററ് ഉദ്യോഗസ്ഥന്മാർ

***16.** ഡാക്ടർ മിസ്സിസ്സ് ടി. ഫ്രാൻസിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊച്ചിയിൽനിന്നു തിരുവനന്തപുരത്തേക്കു മാറിയിട്ടുള്ള സെക്രട്ടറിയേററു ഉദ്യോഗസ്ഥന്മാർക്ക് താമസസൌകര്യം ഇതേവരെ ലഭിച്ചിട്ടില്ലെന്നു കേൾക്കുന്ന വാർത്ത ശരിയാണോ?

(ബി) എല്ലാ ഉദ്യോഗസ്ഥന്മാർക്കും താമസസൌകര്യം കിട്ടിയിട്ടുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള (എ) ആ വിവരം ശരിയല്ല.:

(ബി) ഉണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഒരു ചോദ്യത്തിനു് ഉത്തരം പറഞ്ഞുകഴിഞ്ഞു്, പിന്നെയും അതേ ചോദ്യങ്ങൾ ആവർത്തിക്കുകയാണെങ്കിൽ അതു് സമയനഷ്ടത്തിനു് കാരണമാകും. അതു് അനുവദനീയമാണോ?

മി. സ്പീക്കർ: അതു് അനുവദിക്കത്തക്കതല്ല. അങ്ങനെ വരികയാണെങ്കിൽ ആ ചോദ്യങ്ങൾക്ക് മറുപടി പറയാതിരിക്കാൻ അവകാശമുണ്ട്. മറുപടി പറയുന്നതായാൽ തന്നെയും ഇതേ രൂപത്തിലുള്ള മുൻ ചോദ്യത്തിനു പറഞ്ഞ ഉത്തരംതന്നെയാണു് ഇതിനും എന്നു പറഞ്ഞാൽ മതിയാകും.

**Sri. M. Bhaskara Menon:** May I know whether there is the practice of starring and unstarring questions ?

സ്റ്റാർഡും അൺസ്റ്റാർഡും ക്വസ്റ്റ്യൻ ഉണ്ടെങ്കിൽ, സ്റ്റാർഡ് ക്വസ്റ്റ്യൻസിനു് മാത്രമേ ഉത്തരം കൊടുക്കുക പതിവുള്ളു എന്നാൽ ഇന്ന......

മി. സ്പീക്കർ: സഭ വിളിച്ചുകൂട്ടുന്നതിനുമുമ്പു ഇതേസംബന്ധിച്ചും മററും നോട്ടീസു കൊടുക്കുന്നതിനു ആർഡിനൻസു പാസ്സായതിനുശേഷം സമയമുണ്ടായിരുന്നില്ല. ? രുന്ന ചോദ്യങ്ങൾ സ്റ്റാർഡും, അൺസ്റ്റാർഡും ആയി തരം തിരിച്ചു്, ഉൾപ്പെടുത്തുകയാണു് പതിവായി ചെയ്യുന്നതു്. എന്നാൽ ഇത്തവണ അതിനു് സൌകര്യം ലഭിച്ചില്ലാത്തതുകൊണ്ടു സ്റ്റാർഡൊ, അൺസ്റ്റാർഡൊ എന്നുള്ള വ്യത്യാസം കൂടാതെ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ചോദ്യങ്ങളും സ്റ്റാർഡ് എന്നു ഗണിച്ചു അവയെല്ലാം വാങ്മൂലം മറുപടി തരുന്നതാണു്.

ശ്രീ. ഇട്ടീരഅയ്യൂക്കൻ: ഇവിടെ പറയുന്ന മിക്കവയും മെമ്പർമാർക്കു കേൾക്കാൻ വയ്യാതെയാണിരിക്കുന്നതു്. അതിനാൽ അതിനു് ഒരു പ്രതിവിധി ഉണ്ടാക്കിയാൽ കൊള്ളാം.

മി. സ്പീക്കർ: അതിനു് ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. അടുത്ത പ്രാവശ്യത്തേക്കെ ഏർപ്പാടുകൾ പൂർത്തിയാകയുള്ളു.

തലസ്ഥാനപട്ടണം

***17.** ഡാക്ടർ മിസിസ്സ്. ടി. ഫ്രാൻസിസ്സ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൾകുമോ.—

കൊച്ചി—തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിന്റെ തലസ്ഥാനപട്ടണം സംസ്ഥാനത്തിന്റെ തെക്കെ അററത്തിൽ സ്ഥാപിതമായതിനാൽ സംസ്ഥാനത്തിന്റെ വടക്കുഭാഗങ്ങളിലും മററും അധിവസിക്കുന്ന ജനങ്ങൾക്ക് തലസ്ഥാനത്തു എത്തി കാര്യം നിർവ്വഹിക്കുന്നതിനുള്ള യാത്രാപ്രയാസങ്ങളും പണച്ചെലവും മററും അധികമാണെന്നുള്ള വിവരം ഗവമെണ്ടിനു് മനസ്സിലാകുമോ ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: തലസ്ഥാനനഗരി എവിടെ ആയിരുന്നാലും കാര്യനിർവ്വഹണത്തിനു് യാത്രാക്ലേശവും പണച്ചെലവും ഉണ്ടാകുന്നതു് സ്വാഭാവികമാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു : മദ്രാസ് പ്രാവിൻസ് മുതലായ മററ് സംസ്ഥാനങ്ങളുടേയും തലസ്ഥാനനഗരി മദ്ധ്യത്തല്ല സ്ഥിതി ചെയ്യുന്നതെന്നറിയാമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള : അതു മെമ്പർക്ക് അറിവുള്ളതുപോലെ എനിക്കും അറിയാം.

ശ്രീ. സി. സി. പ്രസാദ് : ചില സംസ്ഥാനങ്ങളിൽ തലസ്ഥാനം മദ്ധ്യഭാഗത്താണ് സ്ഥിതി ചെയ്യുന്നതെന്നറിയാമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെയുമുണ്ട്. തലസ്ഥാനം നിർമ്മിക്കുന്നതു എല്ലാവർക്കും സൌകര്യമുള്ള ഒരു സ്ഥാനത്തായിരിക്കണമെന്ന് തോന്നുന്നില്ല.

**Sahib Bahadur A. Abdul Razaak:** Does the Hon'ble Member have any motion of a floating capital ?

മി. സ്പീക്കർ : തലസ്ഥാനം വേറൊരു സ്ഥലത്തേക്ക് മാററണമോ വേണ്ടയോ എന്നുള്ളതിനെപ്പററി നിർദ്ദേശം നൽകേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

*ஸ்ரீ. ஏ. சிதம்பரநாத நாடார்:* திருவிதாங்கூர்-கொச்சி இணைப்பாய்விட்டது. ஹைக்கோர்ட்டையும் எர்ணாகுளத்திற்கு மாற்றியாய்விட்டது. திருவிதாங்கூர் மக்களும் அந்தக் காரியங்களைப் பார்க்க இங்குள்ள ஸ்தலங்களையும் அங்கே மாற்றித்தரக் கேட்கப்படுகிறதா என்று கேட்கிறேன்.

മി. സ്പീക്കർ: വാദപ്രതിവാദത്തിനുള്ള സമയം ഇതല്ല.

*ஸ்ரீ. ஏ. சிதம்பரநாத நாடார்:* நான் சொல்வது வாதப் பிரதிவாதத்திற்கல்ல. ஹைக்கோர்ட்டு அங்கேயிருக்கிற நிலைமையில இங்கிருக்கிற மக்களையும் அங்கே கொண்டுபோகலாமென்று சர்க்கார் கருதுகிறதா என்று கேட்கிறேன்.

(No reply)

## Written Answers

### കുത്തകപ്പാട്ടവ്യവസ്ഥ

*18. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നിലവിലിരിക്കുന്ന കുത്തകപ്പാട്ടവ്യവസ്ഥമൂലം അടുത്തകാലത്തു അവശസമുദായങ്ങൾക്ക് നേരിട്ടുകൊണ്ടിരിക്കുന്ന വൈഷമ്യങ്ങൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നു ദയവായി പറയുമോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി അംഗീകരിച്ചു എന്നു ദയവായി പറയുമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ : (എ) ചില കേസുകളിൽ ആനുകൂല്യങ്ങൾ കിട്ടണമെന്നു കാണിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അപേക്ഷകൾ ഗവമ്മെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

### ഭൂമിപതിവ്

*19. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

പിന്നോക്കസമുദായങ്ങൾക്കായി തിരിച്ചിടപ്പെട്ടിട്ടുള്ള ഭൂമികൾ അവർക്കായി പതിച്ചുകൊടുക്കുവാനുള്ള നടപടികൾ അംഗീകരിക്കുവാൻ ദയവുണ്ടാകുമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ : ഭൂമിപതിവു നിറുത്തലാക്കിയിരിക്കുന്നതിനാൽ മേൽപറഞ്ഞ ഭൂമികൾ പിന്നോക്കസമുദായങ്ങൾക്ക് പതിച്ചുകൊടുക്കാൻ നിവൃത്തിയില്ല.

എന്നാൽ ഇത്തരം ഭൂമികൾ അപേക്ഷപ്രകാരം കുത്തകപ്പാട്ടം കൊടുക്കുന്നതാണ്.

## Puramboke Lands—Colonisation

***20. Sri. K. A. Achuthan :** Will the Hon'ble Minister for Land and Agriculture be pleased to state,—

(*a*) the extent of puramboke lands in Travancore in each taluk; and

(*b*) have the Government any scheme for giving these puramboke lands to Kudikidappukars (കുടികിടപ്പുകാർ)?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) A statement showing the extent of puramboke lands in each taluk is given below:

(*b*) The matter is engaging the attention of the Government.

**Taluk-war statement showing the extent of puramboke lands**

| | | *Acres* | *Cents* | | | *Acres* | *Cents* |
|---|---|---|---|---|---|---|---|
| 1. | Thovala | 62,317 | 10 | 16. | Thiruvella | 8,163 | 58 |
| 2. | Agastiswaram | 14,441 | 93 | 17. | Pathanamthitta | 28,534 | 64 |
| 3. | Kalkulam | 37,480 | 9 | 18. | Pathanapuram | 3,459 | 3 |
| 4. | Vilavancode | 5,108 | 80 | 19. | Shencotta | 49,099 | 54 |
| 5. | Neyyattinkara | 13,208 | 42 | 20. | Shertallai | 19,756 | 99 |
| 6. | Trivandrum | 7,591 | 77 | 21. | Changanacherry | 28,851 | 18 |
| 7. | Nedumangad | 2,671 | 99 | 22. | Kottayam | 13,891 | 27 |
| 8. | Chirayinkil | 7,724 | 95 | 23. | Vaikom | 12,888 | 39 |
| 9. | Quilon | 17,519 | 60 | 24. | Meenachil | 6,290 | 27 |
| 10. | Karunagapally | 9,942 | 67 | 25. | Moovattupuzha | 10,325 | 39 |
| 11. | Karthigapally | 5,815 | 51 | 26. | Thodupuzha | 2,632 | 29 |
| 12. | Kunnathur | 14,416 | 72 | 27. | Kunnathunad | 27,020 | 35 |
| 13. | Kottarakara | 11,449 | 35 | 28. | Parur | 7,621 | 27 |
| 14. | Ambalapuzha | 15,456 | 14 | 29. | Devicolam | 1,67,187 | 48 |
| 15. | Mavelikara | 4,294 | 81 | 30. | Peermade | 1,71,378 | 31 |

## ഏററവും താണതരം ജീവനക്കാരുടെ ശമ്പളം

***21.** ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെപ്പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ —

(എ) തിരുവിതാംകൂറിലെ പ്യൂൺ മുതലായ താണതരം സർക്കാർ ജീവനക്കാർക്ക് ശമ്പളവും അലവൻസും ഉൾപ്പെടെ ഇപ്പോൾ പ്രതിമാസം എത്ര രൂപാവീതം ലഭിക്കുന്നു?

(ബി) കൊച്ചിയിലെ പ്യൂൺ മുതലായ താണതരം സർക്കാർ ജീവനക്കാർക്ക് ശമ്പളവും അലവൻസും ഉൾപ്പെടെ ഇപ്പോൾ പ്രതിമാസം എത്ര രൂപാ വീതം ലഭിക്കുന്നു?

**The Hon'ble Sri. A. J. John:**

(*a*) Rs. 40 per mensem (peons and contingencies).

(*b*) I. Rs. 40 plus 15 per cent of salary to those residing at Ernakulam and 10 per cent of salary to those residing at Trichur.

## Laws

***22. Sri. Eapen Arakal:** Will the Hon'ble Minister for Judicial be pleased to state.—

(*a*) are all laws and statutes in Cochin and Travancore identical; and

(*b*) if answer to part (*a*) is in the negative, what laws will be made applicable for the disposal of cases in the new Union High Court?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) No.

(*b*) Under the United State of Travancore and Cochin Administration and Application of Laws Ordinance the laws in force before the 1st of July 1949 shall continue to be in force in the respective areas, and cases will be disposed of by the Union High Court according to the laws in force in the respective areas.

## ഭൂമിദേഹണ്ഡവും കരംപിരിവും

***23.** ശ്രീ. പി. എം. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ?

(എ) സ്വന്തമായി സ്ഥലമില്ലാത്ത പാവപ്പെട്ടവർ കൃഷിക്ക് ഉപയുക്തമല്ലാത്ത പാറക്കെട്ടുകളായി കിടക്കുന്ന തരിശുഭൂമികളിൽ പ്രവേശിച്ചു പുരവയ്ക്കുകയും വളരെ കഷ്ടപ്പെട്ടു

നിസ്സാരമായ തോതിൽ കൃഷിചെയ്തുതുടങ്ങുകയും ചെയ്യുമ്പോൾ അവരിൽനിന്നും കഠിനമായ രീതിയിൽ ഭാരിച്ച തുകകൾ കുത്തകപ്പാട്ട ഇനത്തിൽ ഈടാക്കിവരുന്ന സംഗതി ഗവൺമെണ്ടിന്നറിയാമോ? അറിയാമെങ്കിൽ—

(ബി) അങ്ങനെയുള്ളവർക്ക് എന്തെങ്കിലും സാവകാശം നൽകുവാൻ ഗവൺമെണ്ട് ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏവ?

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

(ഡി) പണ്ടാരപ്പാട്ടവസ്തു ഉടമസ്ഥന്മാരേക്കാൾ ഇല്ലെങ്കിൽ അവരെപ്പോലെ എങ്കിലും ഗവൺമെണ്ടിൽനിന്നുമുള്ള ആനുകൂല്യങ്ങൾക്ക് എന്തുകൊണ്ട് മേൽപറഞ്ഞ ഈ പാവങ്ങൾ അർഹരല്ല?

(ഇ) പണ്ടാരപ്പാട്ടവസ്തുക്കൾക്ക് ഏക്കറിന് ഇരുപത്തിഅഞ്ചു ചക്രം മാത്രം കരമുള്ളപ്പോൾ കുത്തകപ്പാട്ടവസ്തുക്കൾക്ക് പത്തുമുതൽ മുപ്പതുവരെ ഏക്കറിന് പാട്ടമുള്ളതായി അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) കുത്തകപ്പാട്ടമനുസരിച്ചുള്ള പാട്ടസംഖ്യ ഈടാക്കിവരുന്നുണ്ട്.

(ബി) ഗവൺമെണ്ട് ഭൂമിയിൽ ചട്ടപ്രകാരമല്ലാതെ പ്രവേശിക്കുന്നവർക്ക് യാതൊരു സൌജന്യവും ചെയ്യത്തക്കതല്ല. ചട്ടപ്രകാരം പ്രവേശിക്കുന്നവർക്ക് വല്ല സൌജന്യവും ചെയ്യാമോ എന്നു ആലോചിക്കുന്നതാണ്.

(സി) ബി-ക്കുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) പണ്ടാരപ്പാട്ടമായി ഇപ്പോൾ ഭൂമി ആർക്കും പതിച്ചുകൊടുക്കുന്നില്ല. കുത്തകപ്പാട്ടച്ചട്ടം എല്ലാവരേയും ഒരുപോലെ ബാധിക്കുന്നതാണ്.

(ഇ) കുത്തകപ്പാട്ടവസ്തുക്കൾക്ക് ഏക്കറിന് ൨൫ പണംവരെ പാട്ടം ഈടാക്കുന്നുണ്ട്. ഇതിൽ കൂടുതലായി ഈടാക്കുന്നില്ല.

### Constitution for the Travancore-Cochin Union

**24. Sri. K. P. Nilakanta Pillai:** Will the Hon'ble Premier be pleased to state:

(*a*) whether there is a constitution for the Travancore-Cochin Union; and

(*b*) if so what is it?

**The Hon'ble Sri T. K. Narayana Pillai:**

(*a*) Yes.

(*b*) The Covenant entered into by the Rulers of Travancore and Cochin with the concurrence and guarantee of the Government of India and the Ordinances issued thereunder.

### Union Legislative Assembly

**25. Sri K. P. Nilakanta Pillai:** Will the Hon'blé Premier be pleased to state whether the Union Legislative Assembly is an elected democratic Body?

**The Hon'ble Sri T. K. Narayana Pillai:** Yes.

### Reference regarding the death of Sri. C. P. Lonappan

മി. സ്പീക്കർ: സഭയുടെ അടുത്ത പരിപാടിയിലേക്കു പ്രവേശിക്കുന്നതിനു മുമ്പായി കൊച്ചിൻ നിയമസഭയിലെ ഒരംഗമായിരുന്ന ഗ്രാൻറ ഷെവലിയർ ശ്രീ. സി. പി. ലോനപ്പൻ അവർകളുടെ നിര്യാണത്തെസംബന്ധിച്ച് ഒരു റഫറൻസ് നടത്തണമെന്നു വിചാരിക്കുന്നു. അദ്ദേഹം നിയമസഭയിലെ ഒരു പ്രശസ്ത അംഗമായും പല അഡൈ്വസറി ബോർഡുകളിലും കമ്മിററികളിലും അംഗമായുമിരുന്നു ആത്മാർത്ഥമായി രാജ്യസേവനം അനുഷ്ഠിച്ചിട്ടുണ്ട്. വ്യവസായലോകത്തിൽ അദ്ദേഹം നമ്മുടെയിടയിൽ ഒരു അദ്വിതീയമായ സ്ഥാനം ആർജ്ജിച്ചിട്ടുണ്ട്. ഇതിലൊക്കെ ഉപരിയായി അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യം ജാതിമതചിന്തകൾക്കതീതമായ പരോപകാരതല്പരത എന്നീ മഹനീയ ഗുണങ്ങളാൽ അദ്ദേഹത്തിന്റെ പേരു് എന്നും നിലനിൽക്കുന്നതാണ്. അദ്ദേഹത്തോടുള്ള ബഹുമാനത്തിന്റേയും, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടു നമുക്കുള്ള സഹതാപത്തിന്റേയും ലക്ഷ്യമായി അല്പനേരം എല്ലാവരും മൌനമായി എഴുന്നേററുനില്ക്കുകയും പിന്നീടു അവരവരുടെ സ്ഥാനങ്ങളിൽ ഇരിക്കുകയും ചെയ്യാം.

(എല്ലാവരും അല്പസമയം എഴുന്നേററു മൌനമായി നിൽക്കുകയും അതിനുശേഷം സ്വസ്ഥാനങ്ങളിൽ ഇരിക്കുകയും ചെയ്തു)

## Adjournment Motions

മി. സ്പീക്കർ: ചില അടിയന്തിരപ്രമേയങ്ങൾ കിട്ടിയിട്ടുണ്ടു്. ആദ്യത്തേതു ശ്രീ. കളത്തിൽ വേലായുധൻ നായരുടേതാണ്. അതിപ്രകാരമാണ്:—

"തിരുവിതാംകൂർ-കൊച്ചി യൂണിയൻ ഹൈക്കോടതി, ലാകോളേജ് തുടങ്ങിയ സ്ഥാപനങ്ങൾ എറണാകുളത്തു സ്ഥാപിച്ചതോടുകൂടി, തിരുവനന്തപുരത്തുനിന്നും എറണാകുളത്തേക്കു മാററപ്പെട്ടവരും, മാറേണ്ടിവന്നവരുമായ ശിപായിമാർ, ക്ലാർക്കന്മാർ, വിദ്യാർത്ഥികൾ, അഡ്വൊക്കേററന്മാർ തുടങ്ങിയവൎക്കു എറണാകുളത്തു താമസത്തിനും ആഹാരത്തിനും പറയത്തക്ക യാതൊരു സൌകര്യവും ലഭിക്കാത്തതിനാൽ അവധിയെടുത്തും ജോലി ഉപേക്ഷിച്ചുപോലും സ്ഥലം വിടുന്നതിനു വളരെപേർ നിർബ്ബന്ധിതരായിരിക്കുന്നതുമൂലം ഉളവായിരിക്കുന്ന അടിയന്തിരവും പൊതുപ്രാധാന്യവുമുള്ളതായ സംഗതിയെ സംബന്ധിച്ചു് പര്യാലോചിക്കുന്നതിനു സഭാനടപടികൾ മാററിവെയ്ക്കണം."

വേറെയും ചില അടിയന്തിരപ്രമേയങ്ങൾ ഉണ്ടു്. ഈ എല്ലാ അടിയന്തിരപ്രമേയങ്ങളേയും സംബന്ധിച്ചു് പൊതുവെ ഒരു പ്രസ്താവന ചെയ്താൽകൊള്ളാമെന്നു വിചാരിക്കുന്നു. ഈ അടിയന്തിരപ്രമേയങ്ങൾ ചർച്ചചെയ്യുന്നതുകൊണ്ടു് ഉദ്ദേശിക്കുന്ന പരിഹാരം, അല്ലെങ്കിൽ ഈ പ്രമേയങ്ങൾ ഇവിടെ അവതരിപ്പിച്ചു് പ്രസംഗങ്ങൾ നടത്തുന്നതുകൊണ്ടുണ്ടാകാവുന്ന പ്രയോജനം ബഡ്ജററിന്റെ പൊതുവിമർശനവേളയിലും, ധനാഭ്യർത്ഥനകളുടെ വോട്ടിംഗ് സമയത്തും പ്രതിപാദിക്കുന്നതുകൊണ്ടു് സിദ്ധിക്കുമെന്നു തോന്നുന്നു. അതുകൊണ്ടു് അടിയന്തിരപ്രമേയങ്ങൾ ഹാജരാക്കിയിട്ടുള്ള മെമ്പറന്മാർക്കു് ബഡ്ജററു വിമർശനവേളയിൽ പ്രസ്താവനകൾചെയ്തു പരിഹാരം നേടാമെന്നു് അഭിപ്രായമുള്ളപക്ഷം അടിയന്തിരപ്രമേയങ്ങൾ അവതരിപ്പിക്കാതിരിക്കാവുന്നതാണെന്നു് ഞാൻ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. ഞാൻ ഇപ്പോൾ ഇവിടെ വായിച്ച അടിയന്തിരപ്രമേയത്തിനു് നിയമതടസ്സമൊന്നുമില്ലാത്തതുകൊണ്ടു് സ്വീകാര്യമാണ്. അതു അവതരിപ്പിക്കുന്നതിനു സഭയുടെയുടെ അനുവാദം ഉണ്ടോ എന്നാണ് അറിയേണ്ടതു്.

ശ്രീ. എ. താണുപിള്ള : സഭയുടെ അനുവാദം ചോദിക്കേണ്ട ആവശ്യമില്ല.

**Sri. A. K. Gorge :** I oppose.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : സർ, ഒരു പായിന്റ് ആഫ് ആർഡർ. സെക്ഷൻ ൧൯ ഇങ്ങനെയാണ് പറയുന്നതു്: "If the Speaker is of opinion that the matter proposed to be discussed is in order, he shall read the statement to the Assembly and '*ask whether the member has leave of the Assembly*' to move the adjournment."

ഈ റൂളനുസരിച്ചു് സഭയുടെ അനുവാദം ഉണ്ടോ എന്നു ചോദിക്കേണ്ടതാണ്.

മി. സ്പീക്കർ: അതാണല്ലോ ചോദിച്ചതു്. റൂളനുസരിച്ചു ചോദിക്കേണ്ടതാണ്.

**Sri. G. Chandrasekhara Pillai :** You have to ask the House specifically whether the adjournment motion could be allowed.

ശ്രീ. പൊന്നറ ജി. ശ്രീധർ : അതല്ലെ ഇപ്പോൾ ചോദിച്ചതു്?

മി. സ്പീക്കർ: ഇതുവരെ നടന്നിട്ടുള്ള നടപടികളെല്ലാം ശരിയാണ്. ആക്ഷേപം എതിരുണ്ടെങ്കിൽ പ്രസ്താവിക്കാം.

**Sri. A. K. George :** I oppose.

മി. സ്പീക്കർ: ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനു് അനുവദിക്കണമെന്നുള്ളവർ എഴുന്നേററുനിന്നാൽകൊള്ളാം.

(൨൫-ൽ കൂടുതൽ അംഗങ്ങൾ എഴുന്നേററുനിന്നു)

മി. സ്പീക്കർ: എഴുന്നേററുനിന്നവർ ൨൫-ൽ കൂടുതലാകയാൽ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനു അനുവാദം നൽകിയിരിക്കുന്നു. പ്രമേയം ആഗസ്റ്റ് ൧൦-ാംനു വൈ

കിട്ടു ൪ മണിക്കു് ചർച്ചക്കു് എടുക്കുന്നതാണു്. അടുത്ത അടിയന്തിരപ്രമേയം ശ്രീ. മൈതീൻകുഞ്ഞിന്റേതാണു്.

**Sri. K. P. Nilaknta Pillai** : On a Point of Order, Sir. Under Sub-clause (1) of Rule 18, it is stated that not more than one adjournment motion shall be made at the same time. As one motion has already been made and accepted, is it in order to consider any ather motion today?

മി. സ്പീക്കർ : ഈ സംഗതിയെസംബന്ധിച്ചു് പല അവസരങ്ങളിലും ഇവിടെ വാദം ഉണ്ടായിട്ടുള്ളതാണു്. സ്പീക്കറുടെ ശ്രദ്ധയിൽ അതു കൊണ്ടുവരുന്നതു്..........

**Sri. K. P. Nilakanta Pillai**: Without violating the privileges of the Speaker may I just remind him that what took place on a previous occasion is not relevant for ruling this point of order.

മി. സ്പീക്കർ: Relevant ആണൊ irrelevant ആണോ എന്നുള്ളതു് സ്പീക്കർ തീരുമാനിക്കുന്നതിനു വിട്ടേക്കണം. ഇവിടെ മാത്രമല്ല, സെൻട്രൽ അസംബ്ലിയിലും ഈ സംഗതി വാദത്തിനു വിഷയമായിട്ടുള്ളതാണു്. മററു സഭകളിൽ തീരുമാനിച്ചിട്ടുള്ളതു് ഇവിടെയും സ്വീകരിക്കണമെന്നു നിർബ്ബന്ധമില്ലെങ്കിലും ന്യായമേതു്, ന്യായമല്ലാത്തതു ഏതു്, സ്വീകാര്യമേതു്, അസ്വീകാര്യമേതു് എന്നു് നോക്കുന്നതിനു മററു സഭകളിലെ നടപടികൾ ഉപകരിക്കുന്നതായിരിക്കും. ഒരു സിററിംഗിൽ ഒരു അടിയന്തരപ്രമേയമെ വാദപ്രതിവാദത്തിനു എടുക്കാവു എന്നല്ലാതെ ഒന്നിലധികം അടിയന്തിരപ്രമേയങ്ങൾ സ്വീകരിക്കാൻ പാടില്ലെന്നില്ല.

**Sahib Bahadur Abdul Razaak**: Are we to understand that sub-rule (1) of Rule 18 has to be neutralised?

മി. സ്പീക്കർ: ആ റൂളിൽ "not more than one such motion shall be made" എന്നാണു് പറഞ്ഞിരിക്കുന്നതു്; "accepted" എന്നല്ല. അതുകൊണ്ടു് ഒന്നിൽക്കൂടുതൽ സ്വീകരിക്കാൻ പാടില്ലെന്നില്ല. പക്ഷെ ഒരുദിവസം ഒരു അടിയന്തിരപ്രമേയമേ ചർച്ചക്കെടുക്കാവു എന്നാണു് അതിന്റെ അർത്ഥം. ഒന്നിലധികം ഉണ്ടെങ്കിൽ അതു അടുത്ത ദിവസങ്ങളിലേക്കു് മാററിവെയ്ക്കാവുന്നതാണു്.

**Sri. P. K. Dewer:** May I point out that the words are that "the motion *shall not be made* at the same sitting". It will be *made* only when it is introduced and not when it is merely accepted.

മി. സ്പീക്കർ: അതുതന്നെ ഞാൻ വേറെ ഒരു ഭാഷയിൽ പറഞ്ഞു എന്നേയുള്ളു.

**Sri. C. A. Ouseph:** With reference to the motion that has been accepted may I point out that under Rule 19, the motion should be taken up for discussion today itself? It is compulsory. It cannot be had for discussion on any other day.

**Mr. Speaker:** That is the corrcct position and we will have it for discussion to-day. ആദ്യം പ്രസ്താവിച്ച സമയം മാററി ഈ അടിയന്തിരപ്രമേയം ഇന്നു വൈകിട്ടുതന്നെ ൪ മണിക്കു് വാദപ്രതിവാദത്തിനു എടുക്കുന്നതായിരിക്കും.

ഒരു ബഹു. മെമ്പർ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. സ്പീക്കർ ഒരിക്കൽചെയ്ത തീരുമാനത്തെ ഭഞ്ജിച്ചു് രണ്ടാമതു തീരുമാനിക്കുന്നതു ശരിയാണോ എന്നറിയുന്നില്ല.

മി. സ്പീക്കർ: ഇപ്പോൾ പറഞ്ഞതു് ആദ്യതീരുമാനത്തെ ഭേദപ്പെടുത്തി ചെയ്ത തീരുമാനമാണു്. അങ്ങിനെ ചെയ്യാവുന്നതാണു്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപിള്ള: ഇതിനുമുമ്പു് പറഞ്ഞ തീരുമാനമോ?

മി. സ്പീക്കർ: അതിനെ റദ്ദാക്കിയാൽ പിന്നെ അതല്ല തീരുമാനം. പുനരായി ആ വിഷയത്തെപ്പററി ആലോചിച്ചു ചെയ്ത തീരുമാനത്തെ അവസാനതീരുമാനമായി കരുതാം.

അടുത്ത അടിയന്തിരപ്രമേയം ശ്രീ. മൈതീൻകുഞ്ഞിന്റേതാണു്. അതു ഞാൻ വായിക്കാം.

[Mr. Speaker]

"ഇപ്പോൾ കൊല്ലം—ആലപ്പുഴ ബസ്സ് ലൈനിലും, കോട്ടയം—ആലുവാ ബസ്സ് ലൈനിലും സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന ബസ്സുകളിലെ ജോലിക്കാരുടെ ഭാവിയെപ്പററി യാതൊരു തീരുമാനവും ചെയ്യാതെ ആ ലൈനുകളിൽ ഗവമ്മെണ്ട് സ്റ്റേററ് ട്രാൻസ്പോർട്ട് ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നതുമൂലം ആവിർഭവിച്ചിരിക്കുന്ന ഗുരുതരവും, പൊതുപ്രാധാന്യമുള്ളതും വ്യക്തവുമായ സ്ഥിതിഗതികളെപ്പററി വാദപ്രതിവാദം നടത്തുന്നതിനായി സഭാനടപടികൾ മാററിവെക്കണമെന്നാവശ്യപ്പെടുന്നു."

നിയമപ്രകാരം ഈ അടിയന്തിരപ്രമേയവും സ്വീകാര്യമാണ്. ഇതിൽ പറയുന്ന സംഗതിയെക്കുറിച്ച് ബന്ധപ്പെട്ട ബഹു. മന്ത്രിക്ക് എന്തെങ്കിലും പ്രസ്താവിക്കുവാനുണ്ടെങ്കിൽ പ്രസ്താവിക്കാം.

**The Hon'ble Sri E. John Philipose:** Sir, it has been decided by the Government to take over the nationalisation............

ശ്രീ. മന്നത്തു പത്മനാഭപിള്ള: ബഹുമാനപ്പെട്ട മന്ത്രിക്കെങ്കിലും മാതൃഭാഷയിൽ സംസാരിക്കാൻ ദയവുണ്ടാകുമോ?

മി. സ്പീക്കർ: മലയാളത്തിലോ തമിഴിലോ ഇംഗ്ലീഷിലോ സംസാരിക്കുന്നതിനുള്ള ഒരംഗത്തിന്റെ അവകാശത്തെ തടയുന്നതിനു സ്പീക്കർക്കു അധികാരമില്ല, എങ്കിലും അംഗങ്ങളുടെ സൌകര്യത്തെ ഉദ്ദേശിച്ച് മലയാളത്തിൽ തന്നെ പറയുന്നതായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം.

**The Hon'ble Sri. E. John Philipose:** When I was a Member of the Legislature, even before I have been accustomed to speak in English. I feel that in fairness to the business I have to deal with, I had better speak in English on the subject. I am sorry if my friend, Mr. Mannath Padmanabha Pillai, will not be able to understand it.

**Sri. K. K. Chellappan Pillai:** On a point of order. There is absolutely no provision in the rules authorising the Speaker to call upon the Minister to speak. Therefore, I want a ruling from the Chair whether it is in order that the Minister speaks.

**Mr. Speaker:** A reference can be made to the Minister on questions of fact.

**The Hon'ble Sri. E. John Philipose:** Sir, it has been decided by the Government to nationalize the main arterial lines running from Cape Comorin to Parur, from Cape Comorin to Arur and from Cape Comorin to Ernakulam *via* Muvattupuzha. Pursuant to this, several buses which are run by private operators will naturally be dislocated. But the Government are considering the problem, and it is quite possible that even before the Government buses go into those roads, most of those buses may be given alternative routes and thereby most of the employees of private operators also may continue to be employed. In addition to that, the Government are also considering the problem of finding alternative employment to the labour that might be dislocated as a result of the nationalization of the bus routes. Those are matters which are at present under negotiation and I am hopeful that a satisfactory arrangement can be arrived at. I hope that with this explanation, the honourable member may not find it necessary to move this adjournment motion. I can assure the Member that as far as Government are concerend, as far as the Minister for Transport is concerned, and as far as the Ministers for Labour and Resettlement are concerned, we will definitely use our best endeavour to the exten that it is possible for Government to do in this matter to see that these inconveniences and dislocations do not injure the labour.

**Sri. C. V. Iyyu:** On a point of order. Will the Honourable Minister be pleased to inform the House whether the Government have any idea to extend the arterial lines further north to Trichur or Chittur or Kunnamkulam?

**The Hon'ble Sri. E. John Philipose:** I should most willingly answer the question if it were question time. But even as it is, all those further extensions are under consideration. It may not come all at once.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിനുശേഷം ബഹുമാനപ്പെട്ട മെമ്പർ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

സാഹിബ് ബഹദൂർ ററി. എ. മൈയ്തീൻകുഞ്ഞ്: ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭാഷണങ്ങൾ തൊഴിലാളികൾക്ക് അനുകൂലമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുമെന്നു വിശ്വസിക്കത്തക്ക നിലയിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയിരിക്കുന്ന ഉറപ്പ് സ്വീകരിച്ചുകൊണ്ടു് ഞാൻ പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അടുത്ത അടിയന്തിരപ്രമേയം ശ്രീ. മാന്നാർ ഗോപാലൻ നായരുടേതാണ്. അതു ഐക്യസംസ്ഥാനത്തിൽ ഇക്കൊല്ലം നടപ്പാക്കിയ പുകയില ലേലസമ്പ്രദായം ഐക്യസംസ്ഥാനത്തിലെ സാമാന്യജനങ്ങൾക്ക് സാമ്പത്തികമായി ഒരു ഭാരമായിരിക്കുന്നതു കൂടാതെ പൊതുജനങ്ങൾക്ക് വളരെ അസൌകര്യങ്ങൾ നേരിടുവിക്കുന്നതുമാണ് എന്നുള്ള വിഷയത്തെപ്പററിയാണ്.

പുകയില ലേലം എന്ന വിഷയത്തെ അടിസ്ഥാനമാക്കി കോടതിയിൽ ഒരു വ്യവഹാരം നിലവിലിരിക്കുകയും നടപടികൾ നടന്നുകൊണ്ടിരിക്കയും ചെയ്യുകയാണെന്നറിയുന്നു. അതുകൊണ്ടു് സബ്ജ്ജുഡിസ് എന്ന കാരണത്താൽ..............

**Sri. K. Sivarama Pillai:** Before it is ruled out, I wish to say that I have also sent a notice of an adjournment motion. I may say it is not *sub judice*; because the question that is before the court is whether the notification of the Government for auctioning the licences is illegal and whether the Government are competent to do so. But here, we do not question the illegality of the Government in auctioning the licences. So far as the people are concerned, how it affects them is the question. So, the matter in the court and this matter have nothing to do between them.

മി. സ്പീക്കർ: ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കു എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതുപോലെ വേറെയും രണ്ടു അടിയന്തിരപ്രമേയങ്ങൾ കൂടി കിട്ടിയിട്ടുണ്ടു്. പുകയില ലേലത്തെ സംബന്ധിക്കുന്നവയാണ് ഇവ. അസംബ്ലി റൂൾ ൫൧-ം, ൫൭-ം ചട്ടങ്ങളാണ് അടിയന്തിരപ്രമേയത്തെ സംബന്ധിച്ചു നടപടികളെ നിയന്ത്രിക്കുന്നതു്. അതിൽ സെക്ഷൻ ൫൭ (൨) ഇങ്ങനെയാണ്:

"The motion must not deal with any matter relating to or affecting the subjects referred to in Rule 12." Underline the words, "relating to or affecting."

Rule 12 says: "No question shall be asked on any matter relating to or affecting the Covenant the Instrument of Accession executed by the Raj Pramukh under Article 9 of the Covenant, and on any matter which is under adjudication by a court of law having jurisdiction in the United State."

അതുകൊണ്ടു് ഇതു് ഓർഡറിലല്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ഇട്ടിയര അമ്പൂക്കൻ: ഇതു ചോദ്യമല്ല, ഒരു പ്രമേയമാണ്.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതു റൂള് വായിച്ചാൽ വ്യക്തമായിട്ടു മനസ്സിലാകുന്നതാണ്.

മി. സ്പീക്കർ: ഇതു പുകയില ലേലം എന്ന വിഷയത്തെ സംബന്ധിക്കുന്ന ഒരു അടിയന്തിരപ്രമേയമാണെന്നുള്ളതിനു സംശയമില്ല. ഈ അടിയന്തിരപ്രമേയം ഇവിടെ വാദപ്രതിവാദത്തിനെടുക്കുകയും അതിന്റെ ഫലമായി ആ നടപടി നിയമവിരുദ്ധമാണ്, അല്ലെങ്കിൽ ന്യായവിരുദ്ധമാണ് എന്നു പ്രത്യക്ഷമായോ, പരോക്ഷമായോ അർത്ഥം വരത്തക്കവണ്ണം ഒരു തീരുമാനം എടുക്കുകയും ചെയ്യുകയാണെങ്കിൽ അതു തീർച്ചയായും ഇപ്പോൾ കോടതിയിൽ നടന്നുകൊണ്ടിരിക്കുന്ന നടപടികളെ സ്പർശിക്കുന്നതാണ്. അതിനെപ്പററി സംശയത്തിനവകാശമില്ല. ആ നിലയിൽ ഒരു ബന്ധം ഇതിനുണ്ടെന്നുള്ളതും നിശ്ചയമാണ്. അതുകൊണ്ടു് ഒരുപക്ഷേ കൃത്യമായി സബ്ജ്ജുഡിസ് എന്നതിന്റെ പരിധിയിൽ പെട്ടില്ലെങ്കിലും കോടതിയിൽ നടക്കുന്ന നടപടികളെ ഇതു് അഫക്റ്റ് ചെയ്യുമെന്നുള്ളതുകൊണ്ടു്......

ശ്രീ. പി. നാണു: സർ, റൂളിംഗ് കൊടുക്കുന്നതിനുമുമ്പ് റൂൾ ൫൧ ഒന്നു വായിച്ചു കേൾപ്പിക്കാം.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: റൂളിംഗ് കൊടുത്തുകൊണ്ടിരിക്കുമ്പോൾ പായിന്റ് ഓഫ് ഓർഡർ ഉന്നയിക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: വളരെ അത്യാവശ്യമാണെങ്കിൽ ഉന്നയിക്കാം.

**Sri. K. Sivarama Pillai:** Rule 12 says: "On any matter which is under adjudication by a court of law having jurisdiction in the United State." The only matter that is before the High Court is whether the present Government is competent to issue rules for auctioning the licences. We are not in this resolution questioning the competency of the Government. We want to know only how the poor people are affected by the enhanced rate and how it causes discontent,—not by the illegality of the Government but by the passing of the rules by which the auction has been conducted. So there is no prohibition under Rule 12.

**Sri. A. Nesamoni:** What are the reliefs claimed in that suit, so that the Speaker may be in a position to adjudicate whether the matter is directly involved in the suit now pending before the High Court?

**The Hon'ble Sri. N. Kunjuraman:** "Proceedings of the High Court of the United States of Travancore and Cochin: Petitioner: Hajee Mohamed Abubacker, Partner of Messrs. M. Saithu Muhamed Kannu & Sons, Chalai, Trivandrum......

**Sri. A. Nesamoni:** We want only the relief sought.

**The Hon'ble Sri. N. Kunjuraman:** I am coming to that.

"15. The petitioner therefore moves this court for orders or writ in the nature of prohibition, *certiorari* and *madamus* to be issued by virtue of the inherent powers of this court as a court of Record for the whole of the United State of Travancore and Cochin.

16. If the auctions are allowed to take place as per notification of 12th July 1949, the right of trading in tobacco will vest in the highest bidders from 1st Chingam 1125 and thereby the petitioner will be put to irreparable injury and loss."

**Sri. A. Nesamoni:** It is not a suit for damages.

**Sri. P. Nanu:** Sir, on a point of order. I wish to read Rule 19 which says,

> "If the Speaker is of opinion that the matter proposed to be discussed is in order, he shall read the Statement to the Assembly, and ask whether the member has the leave of the Assembly to move the adjournment. If objection is taken................"

My point is, you, Mr. Speaker, have already admitted the motion by reading it out. Once having done that, you cannot retrace from it. It is for the Assembly to reject the motion.

**Mr. Speaker:** I shall make the point clear.

മോഷൻ വായിക്കുകയോ അതിന്റെ ചുരുക്കം സഭയെ മനസ്സിലാക്കുകയോ ചെയ്യുന്നതുകൊണ്ടു മോഷൻ ഓർഡറിലാണെന്നു തീരുമാനിച്ചതായി ഗണിക്കാവുന്നതല്ല. മോഷന്റെ വിവരം സഭയെ മനസ്സിലാക്കിയതിനുശേഷവും മോഷൻ ഓർഡറിൽ അല്ലെന്നുള്ള കാരണത്തിന്മേൽ തള്ളാവുന്നതാണ്. മോഷൻ വായിക്കുന്ന വിഷയത്തിൽ സ്പീക്കറുടെ അധികാരപരിധി നിർണ്ണയിക്കുന്നതിനുള്ളതല്ല ൧൯-ാം റൂൾ. അടിയന്തരപ്രമേയത്തിന്റെ വിഷയം ഓർഡറിലാണെന്നുകണ്ടാൽ സഭയുടെ അനുവാദം ഉണ്ടോ എന്നു ആരായുന്നതിനുമുമ്പായി സ്റ്റേറ്റുമെന്റ സഭയിൽ വായിക്കണമെന്നാണ് റൂളിലെ വ്യവസ്ഥ. ഈ വിഷയത്തെ ബന്ധിക്കുന്ന സ്റ്റാന്റിംഗ് ഓർഡർ ൧൨ കൂടി നോക്കുന്നതു കൊള്ളാം.

ഇപ്രകാരം ചെയ്തതുപോലെ മോഷന്റെ ചുരുക്കം സഭയെ ഗ്രഹിപ്പിക്കുകയോ മോഷൻ വായിക്കുകയോ ചെയ്യുന്നതിൽ തെറ്റില്ല.

**Sri. Mannar Gopalan Nair:** Have I a right to be heard before the decision is made?

**Sri. P. K. Dewer:** It has been formally ruled by you, Sir, that a motion is to be made to-day at 4 p.m. Already one motion stands admitted. According to Rule 19, not more than one can be discussed on the same day. Then how are you going to admit this motion? Is there any need for it? Why then we waste the time like this?

മി. സ്പീക്കർ: ഇവിടെ കിട്ടിയിട്ടുള്ള അടിയന്തിരപ്രമേയങ്ങൾ അനുവദിക്കത്തക്കതോ അല്ലാത്തതോ എന്നുള്ളതിനെപ്പറ്റിയുള്ള തീരുമാനം സ്പീക്കർ പുറപ്പെടുവിക്കുന്നതാണ്.

**Sri. P. T. Chacko:** Sir, I want to raise a point for your decision. According to the previous ruling of the Speaker, if only one motion can be taken up today there is no scope for discussing another motion. If Rule 19 is imperative, another adjournment motion cannot be made on a subsequent day.

**The Hon'ble Sri. Panampilli Govinda Menon:** May I suggest a point?

**Sri. P. K. Dewer:** I want to make an explanation. I am on my legs.

**The Hon'ble Sri. Panampilli Govinda Menon:** If the hon'ble member wants, he may proceed.

**Sri. P. K. Dewer:** Sir, you, Mr. Speaker ruled once that the motion shall be taken up on a subsequent day. Then you revised it and said that it shall be taken to-day itself. So that ruling stands and I submit that you cannot admit another motion with any purpose whatsoever. When there is no purpose served, what is the use of going on further with the list of motions. There is also the fact that you cannot postpone discussions to a subsequent day.

**The Hon'ble Sri Panampilli Govinda Menon:** Sir, on this point my submission is this. Regarding motions for adjournment, provisions are contained in rules 17, 18 and 19. Rule 18 says "....not more than one such motion shall be made at the same sitting", and the word 'sitting' means 'the sitting on a given day'. Rule 19 says that when a motion is found to be in order by the Speaker and leave for making the motion is given by the House, the speaker shall, unless the Leader of the House agrees that the motion can be taken up earlier—fix up 4 p.m. for discussion. The result of rules 18 and 19 put together is, that in a legislature, if an adjournment motion or a series of adjournment motions is presented at the opening day, it will be impossible to discuss more than one adjournment motion that day. Thereby it does not follow what Mr. Dewer said is right. The Speaker may be giving leave for discussing half a dozen adjournment motions. But when 4 p.m. is reached, one motion and one alone will be discussed and thereafter, other motions will lapse by the operation of the rule. There is absolutely no absurdity in this result because, the Act, Rules and Standing Orders of every Parliament and therefore of this legislature have been framed with this purpose, namely that the legislature must go on; the legislature must be able to transact its business. An adjournment motion is an interruption for the transaction of business by a legislature. Therefore every rule and every standing order has made attempts to see that adjournment motions, which stop the regular progress of legislative work are not allowed too liberally. Under Standing Order 19, it is stated that when an adjournment motion is put, the motion that will be put by the Speaker is "that the Assembly do now adjourn." The Assembly had been called not for the purpose of adjourning. The Assembly has been called for the purpose of transacting business. But there may be events of so important a character when it will be the privilege of a member to say that the Assembly do now adjourn in order to enable that member and his colleagues and his supporters to discuss that matter. But the rules never allow an adjournment motion to be discussed on every day. If these adjournment motions, of which I understand there are half a dozen, are all found to be in order by the Speaker, then it follows that one and only one of them will be eligible for discussion at 4 p.m. today. But by that it does not follow the Speaker will not consider the merits of the other motions. The mover and the other members will have to decide on the matter, by agreement or otherwise, and see which motion will be taken up. Rules and Standing Orders seek to restrict the privileges and the rights of members who aim to disturb and to arrest the progress of work in a legislature. Therefore, I do very humbly but very strongly submit, Sir, that the point of view urged before the House by the hon'ble members Mr. Dewer and Mr. P. T. Chacko must be upheld by you and even if you find that all the other motions are in proper form and get the leave of the House only one of them can be taken up at 4 p.m. today.

**Sri. A. Chidambaranatha Nadar:** May I know whether by so doing, the Hon'ble Minister is coaching up the Speaker?

**The Hon'ble Sri Panampilli Govinda Menon:** In spite of being a Minister, I have the privileges of a member and I am only exercising my privilege as a member of this House to press my point of view on the point of order raised.

**Sri. R. K. Ram:** Is it the Hon'ble Minister's view that this opinion of his will aid the progress of further discussion?

**The Hon'ble Sri. Panampilli Govinda Menon:** This is simply to give my views on the question before the House.

മി. സ്പീക്കർ: ഇന്നു വാദപ്രതിവാദത്തിനായി ഒരടിയന്തിരപ്രമേയം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് ഈ അടിയന്തരപ്രമേയം സ്വീകാര്യമെന്നു കണ്ടാൽ അടുത്ത ദിവസം നാലുമണിക്കു വാദപ്രതിവാദത്തിനായി വയ്ക്കുന്നതാണു്. അപ്രകാരമാണു് തിരുവിതാംകൂർ നിയമസഭയിൽ നടന്നുവന്ന പതിവു്.

**Sri. P. K. Dewer:** Then what to do with it? സാധാരണയായി അടിയന്തിരപ്രമേയങ്ങൾ അവതരിപ്പിക്കുന്നതു് ഏററവും അത്യാവശ്യമായ കാര്യങ്ങളെ സംബന്ധിച്ചും, അതിലേക്കു് സഭാനടപടികൾ നിറുത്തിവെച്ചു് പെട്ടെന്നു ചെയ്യേണ്ടതായ കാര്യങ്ങൾ ചെയ്യുന്നതിനും വേണ്ടി മാത്രമാണു്. എന്നാൽ ഇന്നിവിടെ ഹാജരാക്കിയ അടിന്തിരപ്രമേയങ്ങൾ അത്രക്കു അടിയന്തിരമായ കാര്യങ്ങളെപ്പററി ഉള്ളവയല്ല എന്നുള്ള സംഗതി ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ മാതിരി കാര്യങ്ങൾ കട്ട്മോഷൻസ് വഴിയായോ പ്രമേയങ്ങൾ മുഖേനയോ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ കഴിയുമായിരുന്നു.

**Sri. K. P. Nilakanta Pillai:** Sir, on a point of order. Are we not going over the same ground?

ശ്രീ. പി. കെ. ഡീവർ: കൂടാതെ അടിയന്തിരപ്രമേയം ഒരു അടിയന്തിര വിഷയത്തെപ്പററി ആയിരിക്കണമെന്നും പറയുന്നുണ്ടു്. എന്നാൽ ഈ അടിയന്തിരപ്രമേയത്തിനു് വിഷയമായിരിക്കുന്ന സംഗതി ഒരു പ്രമേയരൂപത്തിൽ പതിനഞ്ചുദിവസത്തെ നോട്ടീസുവെച്ചു് കൊടുക്കാൻ കഴിയുമായിരുന്നു എന്നു കാണാവുന്നതാണു്. ഇതു് ബഡ്ജററ് സെഷനാണു്. ഈയവസരത്തിൽ ഇപ്രകാരമുള്ള അടിയന്തിരപ്രമേയങ്ങളും മററു വാദപ്രതിവാദങ്ങളുംകൊണ്ടു് ഏററവും അത്യാവശ്യവും അതിപ്രധാനങ്ങളുമായ കാര്യങ്ങൾ ചർച്ച ചെയ്യേണ്ട സമയം നഷ്ടപ്പെടുത്തുന്നതു ശരിയല്ല. ഏററവും പ്രധാനമായ സംഗതികളെപ്പററി മാത്രമേ വാദപ്രതിവാദങ്ങൾ നടത്തുന്നതിനു് അനുവദിക്കാൻ പാടുള്ളൂ.

**Sahib Bahadur A. Abdul Razaak:** Sir, May I know whether it is a point of order that the hon'ble member has raised?

**Mr. Speaker:** It does not make much difference.

**Sahib Bahadur A. Abdul Razaak:** Sir, the privileges of this House have been abused in indulging in unwarranted and vituperative comments.

**Sri. P. K. Dewer** : Sir, I am afraid that the hon'ble member has not understood even a syllable of what I said.

മി. സ്പീക്കർ: ഈ സഭയുടെ അവകാശങ്ങളിലും അധികാരങ്ങളിലും കൈകടത്തിയെന്നും കൈകടത്തിയില്ലാ എന്നും മററും ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ അംഗീകരിക്കുന്നതായി കാണുന്ന വാദപ്രതിവാദഗതി തുടരാൻ അനുവദിക്കണമെന്നു വിചാരിക്കുന്നില്ല. സാധാരണയായി അടിന്തിരപ്രമേയങ്ങൾ അവതരിപ്പിക്കപ്പെടുമ്പോൾ സഭയുടെ അനുവാദത്തോടുകൂടി അവയിൽ സ്വീകരിക്കാവുന്നതു് സ്വീകരിച്ചു് അതിൽ ഒന്നു് അന്നു 4 മണിക്കു വാദപ്രതിവാദത്തിനു വെയ്ക്കുന്നതാണു്. ഒന്നിൽ കൂടുതൽ അടിയന്തിരപ്രമേയങ്ങൾ സഭ അനുവദിക്കുന്നതായിരുന്നാൽ അന്നെടുക്കുന്നതു് കഴിച്ചുള്ളവ ഓരോന്നും ഓരോ ക്ലിപ്തദിവസങ്ങളിൽ വാദപ്രതിവാദത്തിനു കൊണ്ടുവരിക എന്നതാണു് തിരുവിതാംകൂർ നിയമസഭയിൽ നടന്നുവന്ന പതിവു്. ഒരു അടിന്തിരപ്രമേയം മാത്രമേ ഒരു ദിവസം വാദപ്രതിവാദത്തിനു എടുക്കുവാൻ പാടുള്ളൂ എന്നാണു് റൂൾ. അങ്ങിനെ ഒരെണ്ണം അന്നു് എടുക്കുന്നതിനു തീരുമാനിച്ചു കഴിഞ്ഞാൽ ബാക്കിയുള്ളവ എല്ലാം എത്ര പ്രാധാന്യവും അടിയന്തിരാവശ്യവുമുള്ളതായിരുന്നാലും തള്ളിക്കളയാതെ തരമില്ലെന്നും വേറൊരു ദിവസത്തേക്കു മാററിവെച്ചു മൂവ്ചെയ്യാൻ അനുവദിക്കുന്നതിനു് സ്പീക്കർക്കു് നിയമപ്രകാരം അധികാരമില്ലെന്നും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും മററും അഭിപ്രായപ്പെട്ടതായി കേട്ടു. അതു ശരിയാണെന്നോ പ്രായോഗികമാണെന്നോ തോന്നുന്നില്ല. കുറെക്കൂടി സാവകാശമായി ആലോചിച്ചു ഇതു് തീരുമാനിക്കേണ്ടതാണു്. ഈ സംഗതികളെ അടിസ്ഥാനമാക്കി അടിന്തിരപ്രമേയങ്ങളെ പൊതുവെ ബാധിക്കുന്ന ഒരു റൂളിംങ് അടുത്ത അസംബ്ളി ദിവസം അതായതു് ആഗസ്റ്റ് 8-ാം തീയതി തരു

ന്നതായിരിക്കും. പുകയിലയെ സംബന്ധിച്ചു കൊണ്ടുവന്ന അടിയന്തിരപ്രമേയത്തെപ്പററി റൂളിംഗ് പൂർത്തിയാക്കാം. ഇവിടെനടന്ന വാദപ്രതിവാദം കൊണ്ടു് മിക്കവാറും ഇതിനെ സംബന്ധിച്ചുള്ള അഭിപ്രായഗതി വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്. ആ പ്രമേയം സ്വീകരിക്കുന്നതല്ല.

**Sri. Mannar Gopalan Nair:** Is that decision final?

**Mr. Speaker:** Yes.

**Sri C. V. Iyyu:** What about the other adjournment motions?

മി. സ്പീക്കർ: ഞാൻ പറഞ്ഞ റൂളിംഗ് എല്ലാ അടിയന്തിരപ്രമേയങ്ങളേയും സംബന്ധിക്കുന്നതായിരിക്കും. ഇനി വന്നിട്ടുള്ള എല്ലാ അടിയന്തിരപ്രമേയങ്ങളെയുംപററി അതനുസരിച്ചു തീരുമാനിക്കുന്നതാണു്.

**Sri. C. V. Iyyu :** May I request the Hon'ble Speaker to let the House know the nature of the adjournment motions that have already been tabled? And may I know whether the decision of the Chair will not probably be restricting the rights of this House?

മി. സ്പീക്കർ: അടുത്തദിവസം ഇതുസംബന്ധിച്ചുള്ള റൂളിംഗ് നൽകുമ്പോൾ ഇവിടെ വന്നിട്ടുള്ള എല്ലാ അടിയന്തിരപ്രമേയങ്ങളുടേയും വിവരങ്ങൾ സഭയെ അറിയിക്കുന്നതാണു്. അടുത്തതു്, ബഡ്ജററ അവതരണമാണു്. ബഡ്ജററിന്റെ പ്രതികൾ എല്ലാമെമ്പർമാർക്കും കിട്ടിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

### PRESENTATION OF THE BUDGET

**Sri. K. Sivarama Pillai :** Before the budget is presented, I rise to a point of order. To fall in line with the provinces and the Indian Dominion, our Government have decided to present the budget for only 7½ months *i. e.*, up to 31st March. It is on this reason.....

**The Honble Sri. A. J. John** *:* The budget is not yet presented. The hon'ble member is now discussing the budget. This is out of order.

**Sri. K. Sivarama Pillai:** Sir, I am raising only a point of order. So far as Part I budget goes it is budgeted only up to February and not up to March.

**Mr. Speaker:** Is the point of order relating to the budget? The budget is not under consideration here and so the hon'ble member cannot raise any point of order relating to it now. I have only given permission to introduce the budget. The Hon'ble Finance Minister may or may not introduce it.

ஸ்ரீ. ஆர். கே. ராம். பட்ஜெற்று இப்போது உண்டா, இல்லையா?

May I know whether the Hon'ble Minister intends to present the budget or not?

**Mr. Speaker:** That you will know presently.

ബഹു. ശ്രീ. എ. ജെ. ജോൺ: സർ, എന്റെ ബഡ്ജററ് പ്രസംഗം ഞാൻ ഇംഗ്ലീഷിലാണു് തയ്യാറാക്കിട്ടുള്ളതു്. ഈ ഇംഗ്ലീഷ് പ്രസംഗം തന്നെ അടുത്ത ദിവസമാണു് തയ്യാറാക്കാൻ സാധിച്ചിട്ടുള്ളതു്. സമയദൗർല്ലഭ്യംകൊണ്ടു് അതിന്റെ മലയാളത്തിലും തമിഴിലുമുള്ള പരിഭാഷ തയ്യാറാക്കാൻ സാധിച്ചിട്ടില്ല. അതു് തയ്യാറാക്കി കഴിയുന്നതും വേഗത്തിൽ മെമ്പർമാരുടെ ഇടയിൽ വിതരണം ചെയ്യുന്നതാണെന്നു ഞാൻ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു.

## FINANCE MINISTER'S STATEMENT

Sir,

may land us in a dangerous predicament, I mean our food problem. Food, the primary necessity of man is the basic problem of the day not only of India but of the world. It is estimated that India has a food deficit this year of 10 per cent. The policy announced by the Government of India is to make up the deficit and attain self-sufficiency by 1951 by stepping up food production by 15 per cent of the present level. The Prime Minister of India has appealed to all, especially the Congressmen, to join the crusade. "They have to set the example by going to the villages and to the farmers and explain to them the gravity of the situation and the steps they must take to overcome it." May it well be remembered that it was an appeal for co-operation in a mighty drive for food production which is ultimately a war against poverty and ignorance, against mal-nutrition and high prices. The Governor-General in endorsing this appeal said, "we have to produce all we require or we invite famine and chaos, which will reduce our population forcing us to remember that nature is a relentless accountant and works automatically." His Excellency also stressed the need to cut down food imports for payments 'of which India has been spending her 'war-time exports,' "This cannot go on for ever" he said and added, "We must stop importing to the extent we cannot export; if we do not ourselves stop, it will stop of itself."

Travancore and Cochin are wellknown as heavy deficit areas in food, above 50 per cent as compared to India's 10 per cent deficit. If the Government of India scheme of self-sufficiency by 1951 is to be implemented in the United State, 55 per cent more at least of the present level has to be produced in the State as against the 15 per cent in other parts of India. The United State will be the worst sufferer if the imports are completely stopped by 1951.

Intensive and extensive cultivation in the United State is beset with difficulties. A third of our area is mountainous and half the balance is under water. Reclamation of back-water areas and clearance of the forest belt are under way. With our slender resources, the speedy fulfilment of the programme is possible only if the Government of India come to our aid. Strong representations have been made to the Central Government for their sympathetic consideration.

To achieve self-sufficiency and in consonance with the policy of the Union Government, we have appointed a Special Officer for Food Production whose duty it will be to co-ordinate the Grow-More-Food Schemes now attended to by different departments of Government. It will be his responsibility to increase production by extensive and intensive cultivation of primary and secondary food products. We hope in the course of the next two years to put under the plough at least 50,000 acres of land now left uncultivated. These lands will be cultivated wherever possible by the landless. Part of the land will be in the uplands and part of it reclaimed swamps. It is also proposed to appeal to all citizens of the United State to cultivate as much area as they have and to produce as much as they can. Directions will be issued to all Government Officers, Schools, Public Gardens and such other institutions to grow more food. Those who own big estates such as Tea, Coffee, Rubber, Cardamom, etc., will also be asked to contribute to food production instead of depending on Government for their needs. If there is no response from big landowners and absentee land lords, the Government will not hesitate to take necessary legislative powers to take over such lands. Procurement of food grains will be intensified. Efforts will be made to secure and distribute more chemical fertilisers. A drive for making more compost will be undertaken. The Forest and Agricultural departments have been asked to supply all necessary facilities for the supply of green manure. To supplement vegetable food, active steps are being taken to make available more fish with necessary cold storage and transport facilities and fish-curing yards. Government confidently hope that these steps will meet with general approval and support from all quarters.

## CAPITAL BUDGET

Sufficient provision has also been made in the budget for important capital works. Some of them are works now in progress, the most important being the Sengulam Hydro-Electric Scheme in Travancore, the Peringalkuthu Hydro-Electric Scheme and the Chalakkudi Diversion Scheme in Cochin. There are also other productive irrigation schemes which are necessary to aid the food programme. I do not propose to tax the patience of the House by going into details of the various schemes in hand. It has been the policy of Government to find money for the capital works from the balances and surplus investments and o borrow from open market only when absolutely necessary. There is no proposal at present to raise money in the open market. But I may mention here that Government are expecting a long-term loan from the Government of India to finance some of the very important schemes, for which this amount will

[Sri. A. J. John]

be earmarked. To finance the remaining works Government propose to draw the amount required from their surplus investments to the extent necessary, after utilising the expected instalments towards repayments of loans made by the Government to the various industries.

## DEBT POSITION

The details of assets and liabilities are given in the summary of the financial position furnished to the hon'ble member. It may be seen therefrom that the liabilities of the United State at the close of the present budget period aggregate to Rs. 3,693·97 lakhs. This includes the balances to the credit of the General Reserve Fund, Revenue Reserve Fund, etc., which are not repayable but are built up from the revenue surpluses of previous years to be drawn upon to adjust the excess expenditure in subsequent years. Against this liability the total assets of the United State are estimated to stand at Rs. 4,006·60 lakhs. This includes a sum of Rs. 1,673·74 lakhs invested by the Government of the United State on reproductive schemes most of which are yielding revenue to Government in one form or other and which are real assets of Government. The total assests thus exceed the liabilities by Rs. 312·63 lakhs. It will be seen from the above that the Debt position of Government is satisfactory. The Travancore 3 per cent loan is due for payment in the year 1952. Government have therefore decided to set apart a sum of Rs. 31 lakhs towards Sinking Fund to augment the existing balance on this account, out of the current year's revenue. It is proposed to invest this Fund.

## WAYS AND MEANS

The monetary transactions of the Government under Revenue Account, Capital Expenditure outside Revenue Account and under Debt Heads are expected to bring in a net addition of Rs. 109·20 lakhs to the closing balance of 1123 and thus the year 1124 is expected to close with a cash balance of Rs. 71·55 lakhs. The transactions of 7½ months in 1125, *i.e.*, the present budget period, are estimated to result in a net outgoing of Rs. 19·87 lakhs. The cash balance at the close of March 1950 *i.e.*, at the end of the first 7½ months of 1125, is expected to stand at Rs. 51·68 lakhs, which is considered sufficient to meet the ordinary day-to-day transactions of Government.

## CONCLUSION

I have finished my statement, Mr. Speaker. I have attempted to place before this House as faithful and accurate a picture of the finances of the United State as I can. Our budget is balanced, our revenues are elastic, and I am optimistic about the future. The budget being for a short period of 7½ months, it would have been idle to provide for more ambitious programmes for this short duration. I now resume my seat, but before doing so let me thank the Chief Minister and my colleagues in the Cabinet but for whose valuable help and advice the task of preparing the budget estimates would have been extremely difficult of performance.

### ൧൧൨൫-ാമാണ്ട് (7½ മാസത്തെ) ബഡ്ജററിന്മേലുള്ള പൊതുവാദപ്രതിവാദത്തിനും ധനാഭ്യർത്ഥനകൾ വോട്ടു ചെയ്യുന്നതിനുമുള്ള നടപടി സംബന്ധമായ പ്രസ്താവന

മി. സ്പീക്കർ: ൯൯-ാം ചട്ടമനുസരിച്ച് ബഡ്ജററിന്മേലുള്ള വാദപ്രതിവാദം സാമാന്യമായ ഒരു ചർച്ചയോടുകൂടി ആഗസ്റ്റ് ൧൧-ാംനു സമാരംഭിക്കുന്നതും അതിനെ തുടർന്നു ധനാഭ്യർത്ഥനകൾ വോട്ടു ചെയ്യുന്നതുമാണ്. സാമാന്യ ചർച്ചയ്ക്കു മൂന്നു ദിവസം അനുവദിക്കുകയും അഭ്യർത്ഥനകൾ വോട്ടുചെയ്യുന്നതിന് എട്ടു ദിവസം നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. സഭ മറവുവിധം താല്പര്യപ്പെടുന്നില്ലെങ്കിൽ, ബഹുമാനപ്പെട്ട മെമ്പർമാർക്ക് നൽകിക്കഴിഞ്ഞ അഭ്യർത്ഥനകളുടെ ലിസ്റ്റിൽ അച്ചടിച്ചിട്ടുള്ള ക്രമത്തിന് അഭ്യർത്ഥനകൾ പര്യാലോചനയ്ക്ക് എടുക്കുന്നതാണ്. ൧൫-ാമത്തെ അഭ്യർത്ഥനയായ വിദ്യാഭ്യാസവും, ൩൦-ാമത്തെ അഭ്യർത്ഥനയായ വാട്ടർവർക്ക്സ്, ഡ്രെയിനേജ് ഉൾപ്പെടെയുള്ള പൊതുമരാമത്തു ഡിപ്പാർട്ടുമെൻറും ഓരോ ദിവസം വീതം ചർച്ചചെയ്യാവുന്നതും ശേഷമുള്ള അഭ്യർത്ഥനകൾക്ക് ഓരോന്നിനും അരദിവസത്തിൽ കൂടുതൽ അനുവദിക്കാൻ സാധിക്കുന്നതല്ലാത്തതും ആണ്.

സാമാന്യചർച്ചയുടെ ഘട്ടത്തിൽ ധനകാര്യമന്ത്രിയൊഴിച്ചുള്ള യാതൊരു മെമ്പറിനും ൧൫ മിനിട്ടിൽ കൂടുതൽ സമയം അനുവദിക്കുന്നതല്ല. ബഹുമാനപ്പെട്ട മെമ്പർമാർ ആവശ്യത്തിലധികമായ സ്വയം നിയന്ത്രണങ്ങൾ കൂടാതെതന്നെ കഴിയുന്നിടത്തോളം കൂടുതൽ മെമ്പർമാരെ ചർച്ചയിൽ പങ്കുകൊള്ളാൻ അനുവദിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ധനാഭ്യർത്ഥനകൾ വോട്ടുചെയ്യുമ്പോൾ ഉപക്ഷേപങ്ങൾ അവതരിപ്പിക്കുന്ന ഏതൊരംഗത്തിനും അതിനു മറുപടി പറയാൻ അർഹതയുള്ള ബഹുമാനപ്പെട്ട മന്ത്രിക്കും ൧൦ മിനിട്ടു വീതവും മററു മെമ്പർമാർക്ക് ൫ മിനിട്ടു വീതവും സമയം നൾകുന്നതാണ്. സൂചനോപക്ഷേപങ്ങൾക്ക് നോട്ടീസു നൾകുന്ന ബഹുമാനപ്പെട്ട മെമ്പർമാർ ഉദ്ദേശിച്ചിരിക്കുന്ന ഖണ്ഡനത്തിനു് ആസ്പദമായ കാര്യം കൂടി വിശദപ്പെടുത്തുമെങ്കിൽ ജോലിനിർവഹണം സുഗമമാകുന്നതാണ്.

അഭ്യർത്ഥനകൾ വോട്ടുചെയ്യുന്നതിനു വീതിക്കേണ്ടതായ മണിക്കൂറുകളുടെ എണ്ണം കണക്കാക്കുന്നതിൽ രാവിലെ ൧൧ മണിമുതൽ വൈകുന്നേരം ൫ മണിവരെയുള്ള ഒരു ദിവസത്തിൽ ചോദ്യങ്ങൾക്കുള്ള സമയമായ ഒരു മണിക്കൂറും, ലഘുഭക്ഷണസമയമായ മറെറാരു മണിക്കൂറും കഴിച്ചു ബാക്കിവരുന്ന നാലുമണിക്കൂർ ഒരു പൂർണ്ണദിവസമായി ഗണിക്കപ്പെടുന്നതും രണ്ടു മണിക്കൂർ ഒരു പകുതി ദിവസമായിരിക്കുന്നതുമാണ്. ഒന്നാമത്തെ മണിക്കൂർ മുഴുവനും ചോദ്യോത്തരങ്ങൾക്ക് ചെലവാകാത്തപക്ഷം ബാക്കിവരുന്ന സമയം ധനാഭ്യർത്ഥനകൾക്ക് വോട്ടുചെയ്യാൻ ലഭ്യമായിത്തീരും. അങ്ങിനെ ലഭ്യമാകുന്ന സമയം ഏതെങ്കിലും പ്രത്യേക അഭ്യർത്ഥനയ്ക്കുള്ള സമയം വർദ്ധിപ്പിക്കുന്നതിനുപയോഗപ്പെടുന്നതല്ല. അതു സഭയ്ക്കു ലഭ്യമാകുന്നതും കൂടുതൽ അഭ്യർത്ഥനകൾ ചർച്ചചെയ്യുന്നതിനു അംഗങ്ങൾക്കു പ്രയോജനപ്പെടുന്നതുമാണ്.

വെള്ളിയാഴ്ച ദിവസങ്ങളിൽ ഉച്ചതിരിഞ്ഞു് ൧൨—൩൦—നും, ൨—൩൦—നും മദ്ധ്യേ രണ്ടു മണിക്കൂർ ഇടനേരം ഉണ്ടായിരിക്കുന്നതാണ്.

അസംബ്ലി ചട്ടങ്ങൾ ൪൧-ാം ചട്ടം (൨)-ാം ഉപചട്ടപ്രകാരം അഭ്യർത്ഥനകളുടെ വോട്ടിംഗ് അവസാനിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള അവസാനദിവസം വൈകിട്ടു് അഞ്ചുമണിക്ക് തീർന്നിരിക്കണം. അതിനാൽ ബഡ്ജററ് വോട്ടുചെയ്യാൻ നീക്കിവച്ചിട്ടുള്ള അവസാനദിവസമായ ആഗസ്റ്റ് ൨൩-ാംനു വൈകീട്ടു് അഞ്ചുമണിക്ക് ശേഷിക്കുന്ന അഭ്യർത്ഥനകളെല്ലാം ഞാൻ വോട്ടിനിടുന്നതാണ്.

സൂചനോപക്ഷേപങ്ങളുടേയും മററുപക്ഷേപങ്ങളുടെയും സ്വീകാര്യതയും അവയനുസരിച്ചു് അനുവദിക്കാവുന്ന ചർച്ചയുടെ വ്യാപ്തിയും നിർണ്ണയിക്കേണ്ടതായ സാമാന്യതത്വങ്ങൾ വിവരിക്കുന്നതു് ആവശ്യമാണെന്നുകൂടി ഞാൻ വിചാരിക്കുന്നു. ഒരു സൂചനോപക്ഷേപത്തിന്റെ ഉദ്ദേശവും, അതിന്മേലുള്ള വാദപ്രതിവാദവും കുറയ്ക്കാനാവശ്യപ്പെടുന്ന തുക അഭ്യർത്ഥിക്കുന്നതു് ഏതുകാര്യത്തിനുവേണ്ടിയാണോ, ആ കാര്യത്തോടു ഖണ്ഡിതമായും സംഗതമായിരിക്കണം. ഉപക്ഷേപം ഒരു ഡിപ്പാർട്ടുമെൻറിനു ആവശ്യപ്പെടുന്ന ആകെത്തുക സംബന്ധിച്ചാണെങ്കിൽ വാദപ്രതിവാദം ആ ഡിപ്പാർട്ടുമെണ്ടിന്റെ മുഴുവൻ നയത്തിലും വ്യാപിക്കാൻ അനുവദിക്കും. കുറയ്ക്കാൻ ആവശ്യപ്പെടുന്ന തുക ഒരു ഉപതുകയാണെന്നുവരികിൽ വാദപ്രതിവാദം ആ ഡിപ്പാർട്ടുമെണ്ടിന്റെ നയത്തിൽ സംഗതവിധിപ്രകാരം ആ ഉപതുകയ്ക്കു വീതിക്കാവുന്നിടത്തോളം ഭാഗത്തുമാത്രമെ വ്യാപിക്കാൻ അനുവദിക്കയുള്ളു. ഉദാഹരണമായി കുറയ്ക്കാനാവശ്യപ്പെടുന്ന തുക സഞ്ചാരപ്പടിയായ ഒരൊററ ഇനം മാത്രമാണെങ്കിൽ ഏതുദ്യോഗസ്ഥന്റെ സഞ്ചാരത്തിനായി ആ തുക അഭ്യർത്ഥിക്കപ്പെട്ടിരിക്കുന്നോ ആ ഉദ്യോഗസ്ഥന്റെ സഞ്ചാരങ്ങളെ സംബന്ധിച്ചു മാത്രമെ വാദപ്രതിവാദം ചെയ്യാവു. കുറയ്ക്കാനാവശ്യപ്പെടുന്ന തുക ക്ലാർക്കുകളുടെ ശമ്പളമാണെങ്കിൽ ആ ക്ലാർക്കുകളുടെ ജോലിയെപ്പററി മാത്രമായിരിക്കണം വാദപ്രതിവാദം. കുറയ്ക്കാനാവശ്യപ്പെടുന്ന തുക വിദ്യാഭ്യാസത്തിനുള്ള തുകയിൽ ഭരണ (ഡയറക്ഷൻ) ത്തിനുള്ള ഉപതുകയാണെന്നു വിചാരിച്ചാൽ വാദപ്രതിവാദം ഭരണത്തിൽ ഉൾപ്പെടുന്നതായ നയത്തെപ്പററിമാത്രമായിരിക്കേണ്ടതും ആ പരിധി കവിഞ്ഞുപോകാൻ പാടില്ലാത്തതുമാണ്. എന്നാൽ കുറയ്ക്കാനവശ്യപ്പെടുന്ന തുക വിദ്യാഭ്യാസത്തിനുള്ള തുകയുടെ ആകെ മൊത്തം സംഖ്യയാണെന്ന് വിചാരിക്കുന്നപക്ഷം, വിദ്യാഭ്യാസനയം മുഴുവനും, ഗവമ്മെണ്ടു ചുമതല വഹിക്കുന്നതായ നയം കൂടി ഉൾപ്പെടെ, വാദപ്രതിവാദത്തിന്റെ പരിധിയിൽ വരുന്നതാണ്.

ഈ സന്ദർഭത്തിൽ ഒരു നിർദ്ദേശം നൾകാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ധനാഭ്യർത്ഥന തള്ളിക്കളയുവാനോ അല്ലെങ്കിൽ കുറയ്ക്കാനോ ഉള്ള ഉപക്ഷേപങ്ങൾ സംബന്ധിച്ചു ഇപ്പോഴത്തെ സ്റ്റാൻറിംഗ് ആർഡർ പ്രകാരം രണ്ടു പൂർണ്ണദിവസത്തെ നോട്ടീസ് ആവശ്യമാണെന്നുവരികിലും ഈ നിബന്ധനയനുസരിച്ചു് പ്രവർത്തിക്കാൻ പല മെമ്പറന്മാർക്കും പ്രാ

(Mr. Speaker]

യോഗികമായി സാധ്യമല്ലാതെ വന്നേയ്ക്കാം. എന്തെന്നാൽ ഒരു പ്രത്യേക ധനാഭ്യർത്ഥന സംബന്ധിച്ച വോട്ടെടുപ്പ് ആ ധനാഭ്യർത്ഥനയ്ക്ക് അനുവദിച്ചിട്ടുള്ള സമയത്തിനു മുൻപ് തീരുമ്പോൾ പല ധനാഭ്യർത്ഥനകളും തീർക്കുന്നതിൽ പൊതുവെ ഒരു ശീഘ്രത സംഭവിക്കുന്നതും തൻമൂലം ഒരു പ്രത്യേക ധനാഭ്യർത്ഥന ചർച്ചയ്ക്കു വരാമെന്നുള്ള കൃത്യമായ ദിവസം നിശ്ചിതമായി മുൻകൂട്ടി നിർണ്ണയിക്കാൻ മെമ്പർമാർക്കു സാധ്യമല്ലാതെ വരുന്നതുമാണ്. അങ്ങിനെയുള്ള കാര്യങ്ങളിൽ രണ്ടു പൂർണ്ണദിവസത്തെ നോട്ടീസ് പ്രായോഗികമായിരിക്കയില്ല. അതേ സമയംതന്നെ, ആവശ്യപ്പെടുന്ന നോട്ടീസുകൂടാതെ വിവിധഖണ്ഡനോപക്ഷേപങ്ങൾ അനുയോജ്യമായ രീതിയിലും മുറയ്ക്കും ചെയ്തു അച്ചടിപ്പിക്കുവാൻ സിക്രട്ടറിക്കു സാധ്യമല്ലെന്നും വരും. വൈഷമ്യരഹിതമായ പ്രവർത്തനം സുസാധ്യമാക്കുന്നതിനും ഏതെങ്കിലും പ്രത്യേക ധനാഭ്യർത്ഥന ചർച്ചയ്ക്കു വരുന്നദിവസം സംബന്ധിച്ച അനിശ്ചിതത്വം മൂലം കുഴപ്പത്തിനിടവരാതെ തങ്ങളുടെ നോട്ടീസുകൾ അയയ്ക്കുന്നതിന് മെമ്പറന്മാരെ പ്രാപ്തരാക്കുന്നതിനും വേണ്ടി ഞാൻ നിർദ്ദേശിക്കാനാഗ്രഹിക്കുന്നതു്, മെമ്പറന്മാർ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഖണ്ഡനോപക്ഷേപങ്ങളെല്ലാം ൧൯൪൯ ആഗസ്റ്റ് ൧൯-ാം തീയതി വൈകുന്നേരത്തിനുമുമ്പേ സിക്രട്ടറിക്കു കിട്ടത്തക്കവണ്ണം അയച്ചുകൊടുക്കണമെന്നാണ്. ബഡ്ജറ്റിന്റെ പ്രതികൾ മെമ്പറന്മാർക്കു നൽകിക്കഴിഞ്ഞിട്ടുള്ളതുകൊണ്ടു് ബഡ്ജറ്റിലെ സംഗതമായ ഭാഗങ്ങൾ നോക്കി ആവശ്യമുള്ള കുറിപ്പുകൾ ഖണ്ഡനോപക്ഷേപത്തിനുള്ള ഫാറങ്ങളിൽ എഴുതാൻ വേണ്ടുവോളം സമയമുണ്ടു്. ഈ സംഗതിയിൽ എന്തെങ്കിലും വൈഷമ്യം ബഹുമാനപ്പെട്ട മെമ്പർമാർക്കുണ്ടാകയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു.

**Sri. K. Sivarama Pillai:** I wish to bring to your notice, Sir, that the days fixed for the general discusssion and voting of demands contravene the provisions of Rule 43 of the Assembly Rules. The Rule says—

"Nothing hereinbefore contained shall be deemed to prevent the presentation of the Budget to the Assembly in two or more parts and when such presentation takes place, each part, shall be dealt with in accordance with the foregoing Rule as if it were the Budget".

So here the Budget is presented in two parts and according to this Rule you have to fix separate dates for the general discussion of part I, for voting of demands of Part I, for general discussion of Part II and for voting of demands of Part II. That is imperative.

**Mr. Speaker:** The Budget may be dealt with in part or as a whole. I do not think it can be crrectly said that this Budget has been presented in parts. Anyway, I do not propose to give a ruling now. I shall give my ruling on the subject before the general discussion commences.

ശ്രീ. പി. എം. വർഗീസ് : സർ, ഒരു പായിന്റ് ആഫ് ആർഡർ, മുമ്പ് ഈ അസംബ്ലിയിൽ ൭൫ അംഗങ്ങൾ മാത്രമുണ്ടായിരുന്നപ്പോൾ ബഡ്ജറ്റ് പൊതുവിമർശനത്തിന് നിശ്ചയിച്ചിരുന്നതു് രണ്ടു ദിവസമായിരുന്നു. അംഗങ്ങൾ ൧൨൦ ആയിരുന്നപ്പോൾ അതു മൂന്നു ദിവസം ആക്കി. ഇപ്പോൾ തിരുവിതാംകൂറും കൊച്ചിയും ചേർന്ന ഐക്യസംസ്ഥാന നിയമസഭയിൽ ൧൮൦-ഓളം അംഗങ്ങൾ ഉണ്ടായിരുന്നിട്ടും അതേ സമയംതന്നെയാണ് നിശ്ചയിച്ചിരിക്കുന്നതു്. പൊതുവിമർശനത്തിനു മൂന്നു ദിവസവും ധനാഭ്യർത്ഥനകൾക്ക് എട്ടു ദിവസവും എന്നുള്ളതു് തീരെ പോരാത്ത സമയമാണ്. അതു് ആർഡറിലല്ല, അതുകൊണ്ടു് അതു് ആർഡറിലാകണമെങ്കിൽ ചുരുക്കത്തിൽ ബഡ്ജറ്റിന്റെ പൊതുവിമർശനത്തിനു് അഞ്ചുദിവസവും ധനാഭ്യർത്ഥനകൾക്ക് പന്ത്രണ്ടു ദിവസവുമെങ്കിലും വെയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ ഒന്നുംതന്നെ ശരിയായി പറയുന്നതിനു് സാധിക്കുകയില്ല. ആകയാൽ ഇതു് ആർഡറിലാക്കുന്നതിന്നായി പൊതുവിമർശനത്തിന്നു് അഞ്ചും ധനാഭ്യർത്ഥനകൾക്ക് പന്ത്രണ്ടും അങ്ങനെ ആകെ പതിനേഴുദിവസം വയ്ക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

മി. സ്പീക്കർ: ബഡ്ജറ്റിന്റെ പൊതു വിമർശനത്തിനു് സെൻട്രൽ അസംബ്ലിയിൽ ആദ്യം രണ്ടു ദിവസമാണ് ഉണ്ടായിരുന്നതു്. പിന്നീടു് അതു് മൂന്നാക്കി. ഇവിടെ സമയം ക്ലിപ്തപ്പെടുത്തിയപ്പോൾ ആ കാര്യവും പരിഗണിച്ചിട്ടുണ്ടു്. പിന്നെ ധനാഭ്യർത്ഥനകൾക്ക് മുമ്പ് ഏഴ ദിവസമുണ്ടായിരുന്നതു് മതിയാകയില്ലെന്നു കണ്ടു് ഇപ്പോൾ എട്ടാക്കിയിട്ടുണ്ടു്. സെൻട്രൽ അസംബ്ലിയിലും അതിനു് എട്ടു ദിവസമെന്നു് ക്ലിപ്തപ്പെടുത്തിയതായികാണുന്നുണ്ട്. ഈ സംഗതികൾകൂടി പരിഗണിച്ചിട്ടാണ് ഇവിടേയും പൊതു വിമർ

നത്തിന് മൂന്നു ദിവസമെന്നും ധനാഭ്യർത്ഥനകൾക്ക് എട്ടു ദിവസമെന്നും നിശ്ചയിച്ചിട്ടുള്ളതു്. അതു് അസൌകര്യമായിരിക്കുകയില്ലെന്നുള്ള വിചാരത്തിലാണ് അങ്ങിനെ ചെയ്തിട്ടുള്ളതു്. അതുപോരെന്നു സഭയ്ക്കു അഭിപ്രായമുണ്ടെങ്കിൽ അതിനെക്കുറിച്ചു ആലോചിക്കാവുന്നതാണു്.

വേറെ ഒരു പ്രസ്താവന ചെയ്യുവാനുണ്ടു്.

## Announcement regarding the election of members to the Standing Advisory Committee for Works and Communications

പൊതു മരാമത്തും ഗതാഗതവും വകുപ്പുകൾക്ക് ഒരു സ്റ്റാൻഡിംഗ് അഡ്വൈസറി കമ്മററി രൂപീകരിക്കുന്നതിനു് ഗവർമ്മെൻറ് നിശ്ചയിച്ചിരിക്കുന്നതായി അറിയിച്ചിരിക്കുന്നു. ആ കമ്മററിയുടെ അദ്ധ്യക്ഷനായി ആ വകുപ്പിൻെറ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയും മററംഗങ്ങളായി ഈ അസംബ്ലിയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ആറംഗങ്ങളും ഉണ്ടായിരിക്കും. ആ ആറ് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് ആനുപാതികപ്രാതിനിധ്യതത്വമനുസരിച്ച് കൈമാററം ചെയ്യാവുന്ന ഒററവോട്ടു സമ്പ്രദായത്തിൽ നടത്തുന്നതാണ്. ഇതിലേയ്ക്കുള്ള നാമനിർദ്ദേശങ്ങൾ ൧൧൨൫ ചിങ്ങം ൩-ാംനു പകൽ ൫ മണിക്ക് മുമ്പ് നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. അവയുടെ പരിശോധന ചിങ്ങം നാലാം തീയ്യതി വൈകുന്നേരം സഭ പിരിഞ്ഞ ശേഷം എൻെറ ചേമ്പറിൽ വച്ചു നടത്തുന്നതും തിരഞ്ഞെടുപ്പ് ആവശ്യമെന്നു കാണുന്നപക്ഷം ചിങ്ങം ൯-ാംനു സഭാനടപടികൾക്ക് ശേഷം ഇവിടെവച്ചു നടത്തുന്നതുമായിരിക്കും.

ശ്രീ. സി. വി. ഇയ്യു: സർ, സെൻട്രൽ അസംബ്ലിയിലാണെങ്കിൽ യാതൊരു എതിർപക്ഷവുമില്ല. എന്നാൽ ഈ അസംബ്ലിയിൽ അംഗങ്ങൾ കുറവാണെങ്കിലും എതിർപക്ഷം വളരെ കൂടുതൽ ഉണ്ടു്. അതുകൊണ്ടു് അധികാരത്തിലിരിക്കുന്ന കക്ഷിയിലെ അംഗങ്ങൾക്ക് അനുവദിക്കുന്നതിനെക്കാൾ കൂടുതൽ സമയം എതിർപക്ഷത്തുള്ള അംഗങ്ങൾക്ക് അനുവദിക്കേണ്ടതാണെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

മി. സ്പീക്കർ: വാദപ്രതിവാദം നിയന്ത്രിക്കുന്നതിൽ ബഹു. മെമ്പറുടെ ആ അഭിപ്രായവും പരിഗണിക്കുന്നതാണ്.

ശ്രീ. കെ. എ. മാത്യു: മുമ്പൊക്കെ സാധാരണയായി ഓരോ ഡിപ്പാർട്ടുമെൻറിൻേറയും ഭരണറിപ്പോർട്ടുകൾ നേരത്തെ ഈ സഭയിലെ അംഗങ്ങൾക്ക് കൊടുക്കുക പതിവുണ്ടായിരുന്നു. എന്നാൽ ഇത്തവണ അതു് ഇതുവരെ കിട്ടിയിട്ടില്ല. അതിനുപകരം എല്ലാത്തിനുംകൂടി ചേർത്തു ഒരു പൊതുവായ റിപ്പോർട്ടു മാത്രമേ ഇപ്പോൾ കിട്ടീട്ടുള്ളു. ആ വിവരം ഈ അവസരത്തിൽ അങ്ങയുടെ ദൃഷ്ടിയിൽ പെടുത്തിക്കൊള്ളുന്നു.

മി. സ്പീക്കർ: അതേപ്പററി ഗവർമ്മെണ്ടുമായി ആലോചിച്ച് വേണ്ടതു ചെയ്യാം.

ശ്രീ. വി. ഗംഗാധരൻ നായർ: കാലത്തു മാററിവച്ച ചില അടിയന്തിരപ്രമേയങ്ങളെ സംബന്ധിച്ച റൂളിങ്ങ് ഇനിയും കിട്ടീട്ടില്ല. അതു് എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം:

മി. സ്പീക്കർ: അതു സംബന്ധിച്ച് തിരുവിതാംകൂർ നിയമസഭയിൽ മുമ്പു സ്വീകരിച്ചിരുന്ന പതിവനുസരിച്ചു ഞാൻ അഭിപ്രായപ്പെട്ട നടപടിക്രമം ശരിയല്ലെന്നു സഭയിൽ ഏതാനും ബഹു. മെമ്പറന്മാർ പുറപ്പെടുവിച്ച അഭിപ്രായഗതി അത്ര സ്വീകാര്യമെന്നു തല്ക്കാലം തോന്നുന്നില്ലെങ്കിലും അതിനെ അടിസ്ഥാനമാക്കി കൂടി ആലോചിച്ചു ഒരു റൂളിംഗ് അടുത്ത അസംബ്ലിദിവസം തരുന്നതാണെന്നു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. ശേഷിക്കുന്ന അടിയന്തിരപ്രമേയങ്ങളും ആ റൂളിംഗിൻെറ പരിധിയിൽപെടുന്നതാണ്.

ശ്രീ. സി. എ. ഔസേപ്പ്: അതു സംബന്ധിച്ച് റൂൾ ൧൭ (൨) ഒന്നു നോക്കിയാൽ കൊള്ളാം. അതു ഇന്നുതന്നെ തീരുമാനിക്കേണ്ട കാര്യമാണു്.

"17 (2) Notice of a motion under sub-rule (1) shall be given before the commencement of the sitting on the day on which the motion is proposed to be made both to the Speaker and to the Minister concerned."

ഇന്നെടുക്കുന്നതു് ഇന്നത്തേക്കുള്ളതാണു്. അതു വേറൊരു ദിവസത്തേക്കു് മാററുവാൻ പാടുള്ളതല്ല.

മി. സ്പീക്കർ: പ്രമേയം മൂവു ചെയ്യുവാൻ മെമ്പർ ഉദ്ദേശിക്കുന്ന ദിവസം സഭ കൂടുന്നതിനു മുമ്പു സ്പീക്കർക്കും മിനിസ്റ്റർക്കും പ്രമേയത്തെപ്പറ്റി നോട്ടീസ്സു കൊടുത്തിരിക്കണമെന്നാണു ആ റൂളിലെ വ്യവസ്ഥ. അതുകൊണ്ടു പ്രമേയം മൂവു ചെയ്യാൻ വേറൊരു ദിവസം അനുവദിക്കരുതെന്നു ആ വകുപ്പു നിഷ്കർഷിക്കുന്നില്ലെന്നു വ്യക്തമാണു്.

ശ്രീ. സി വി. ഇയ്യു: ഒരടിയന്തിരപ്രമേയം മാത്രമേ എടുക്കാവൂ എന്നു തന്നെ റൂളിങ്ങ് ഉണ്ടാവുകയാണെങ്കിൽ തള്ളപ്പെട്ട അടിയന്തിരപ്രമേയങ്ങൾ കൂടി എടുക്കുന്ന കാര്യം ആലോചിക്കേണ്ടതാണു്.

മി. സ്പീക്കർ: ഞാൻ റൂളിങ്ങ് നൽകുന്നതിനു മുമ്പ് എല്ലാ കാര്യവും ആലോചിക്കുന്നതായിരിക്കും.

## Election of Deputy Speaker

അജണ്ടയായിലെ അടുത്ത പരിപാടി ഡെപ്യൂട്ടി സ്പീക്കർ എലക്ഷൻ ആണു്. നേരത്തെ പ്രഖ്യാപിച്ചിരുന്നതു് അനുസരിച്ചു ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്കു് രണ്ടുപേരുടെ നാമനിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടു്, ആ രണ്ടു നാമനിർദ്ദേശപത്രികകളും പരിശോധിച്ചതിൽ നിയമപ്രകാരം സാധുവാണെന്നു കണ്ടിരിക്കുന്നു. അവരുടെ പേരുകൾ വായിക്കാം.

൧) ശ്രീ. കെ. കൊച്ചുകുട്ടൻ

൨) ശ്രീ. ഡി. പൊന്നയ്യാ.

ശ്രീ. സി. വി. ഇയ്യു: ശ്രീ പൊന്നയ്യാ തമിഴ് ബ്രാഹ്മണനാണോ?

മി. സ്പീക്കർ: ശ്രീ കൊച്ചുകുട്ടന്റെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ. വി. എ. അബ്ദുൽഅസീസും സെക്കണ്ടു ചെയ്തിട്ടുള്ളതു് ശ്രീ. കെ. രാമകൃഷ്ണപിള്ളയുമാണു്. ശ്രീ. പൊന്നയ്യായുടെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു്. ശ്രീ. അബ്ദുൽറസ്സാക്കും സെക്കണ്ടു് ചെയ്തിട്ടുള്ളതു് ശ്രീ. ജ്ഞാനശിഖാമണിയുമാണു്. ഒന്നിൽകൂടുതൽ നാമനിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളതിനാൽ ഇപ്പോൾ അതു സംബന്ധമായ വോട്ടിങ്ങ് നടക്കുന്നതാണു്. ബാലട്ട് പേപ്പർ അച്ചടിച്ചു് തയ്യാറായിട്ടുണ്ടു്. ആൽഫബെററിക്കൽ ഓർഡർ അനുസരിച്ചു് ആദ്യം ശ്രീ. കൊച്ചുകുട്ടന്റേയും രണ്ടാമതു് ശ്രീ. പൊന്നയ്യായുടേയും പേരുകളാണു് ബാലററ് പേപ്പറിൽ അച്ചടിച്ചിട്ടുള്ളതു്. ഓരോ മെമ്പറും ആർക്കുവേണ്ടി വോട്ടുചെയ്യുന്നുവോ അവരുടെ പേരിനു് എതിരെ ഒരു ഗുണനചിഹ്നം രേഖപ്പെടുത്തേണ്ടതാണു്.

ശ്രീ. ഇട്ടീര അംബുക്കൻ: രണ്ടു സ്ഥാനാർത്ഥികളേയും ഒന്നു കാണാൻ സാധിക്കുമോ?

മി. സ്പീക്കർ: അവർ രണ്ടുപേരും ഇവിടെയുണ്ടു്. അവരുടെ നാമനിർദ്ദേശം ശരിയാണോ എന്നു നോക്കണമെന്നല്ലാതെ ആളിനെ കാണിക്കേണ്ട ചുമതല എനിക്കില്ല.

*(Balloting then proceeded)*

**Sri. Kalathil Velayudhan Nair**: On a point of order. Now it is 4 p.m. and the motion for adjournment has to be taken up.

മി. സ്പീക്കർ: ഇപ്പോൾ വോട്ടിങ്ങ് നടന്നുകൊണ്ടിരിക്കുന്നു. അല്പസമയംകൂടെ മതിയാകും. വോട്ടിങ്ങ് കഴിഞ്ഞിട്ട് അഞ്ചോ പത്തോ മിനിട്ടുകൂടി വേണ്ടിവന്നാൽ അഡ്ജോൺമെൻറ മോഷനുവേണ്ടി എടുക്കാവുന്നതാണു്. അടിയന്തിരപ്രമേയം ൪ മണിക്കുതന്നെ എടുക്കേണ്ടതാണെങ്കിലും നടന്നുകൊണ്ടിരിക്കുന്ന വോട്ടിങ്ങ് അവസാനിപ്പിക്കുന്നതിനു ഒഴിച്ചുകൂടാൻപാടില്ലാത്ത അല്പതാമസം അനുവദിക്കാമെന്നു വിചാരിക്കുന്നു.

**Sri. A. Thanu Pillai**: The rule is obligatory.

**Sri. Sree V. Das**: A chance may be given to the new comers for voting.

മി. സ്പീക്കർ: ഇവിടെ വോട്ടിങ്ങ് സമയത്തു പേരുവിളിച്ചപ്പോൾ ഹാജരുണ്ടായിരുന്നവരെല്ലാം വോട്ടുചെയ്തിരിക്കുമെന്നു വിശ്വസിക്കുന്നു. പേരു വിളിച്ചപ്പോൾ ഇവിടെ ഹാജരില്ലാതിരുന്നവർ വോട്ടുചെയ്യാൻ ഉദ്ദേശിച്ചിരുന്നില്ലെന്നാണു് ന്യായമായി അനു

മാനിക്കേണ്ടതു്. അവക്കു വോട്ടു ചെയ്യാനുള്ള അവകാശം നഷ്ടപ്പെട്ടിരിക്കുകയാണു്. അവർ വോട്ടുചെയ്യുവാൻ അനുവദിക്കുന്നതു ന്യായമൊ പ്രായോഗികമൊ ആണെന്നു തോന്നുന്നില്ല.

**Sri. Sree V. Das**: But there is precedent for that.

മിസ്റ്റർ സ്പീക്കർ: ഈ സംഗതിയിൽ സഭയുടെ അഭിപ്രായം എങ്ങനെയാണെന്നറിഞ്ഞാൽ കൊള്ളാം.

**Sri. A. Chidambaranatha Nadar.** May I know the persons who were not present here at the time of reading out the list.

*இங்கு நியமப்பிரகாரம் ஒன்றும் நடப்பதாகத் தெரியவில்லை. ஸர், நாலுமணிக்கு அவசரப் பிரேரணை துடங்கவேண்டுமென்று சொல்லி தற்போது எந்த நியமப்பிரகாரம் துடங்கப்பட்டது என்று தெரியவில்லை. அப்படி சட்டசபையின் விதிகளின்படி தான் இங்கு நடவடிக்கைகள் நடக்கின்றன என்றால், குறிப்பிட்ட அந்த நாலுமணிக்கு இந்த அவசரப் பிரேரணை துடங்கப்படவில்லை. ஸ்ரீமான் ஸ்ரீ வி. தாஸ் அவர்களின் பேர் கூப்பிட்டபோது அவர் இங்குயில்லை. அவர் வந்தவுடன் தமக்கு வோட்டளிக்க உரிமைவேண்டுமென்று சொன்னவுடன், அவருக்கு அந்த உரிமை கிடையாது என்று சொல்லப்படுகிறது.*

മി. സ്പീക്കർ: വോട്ടുചെയ്യാത്തവർ അധികം ഉണ്ടായിരിക്കയില്ല. അവരുടെ പേരു് സഭയുടെ അറിവിനായി ഇവിടെ വായിക്കുന്നതാണു്.

**(The following names were then read by the Secretary)**

Sri. A. Atchuthan
,, K. T. Atchuthan
,, V. K. Atchutha Menon
,, Albert Lopez
,, Alexander Parambithara
Sry. Annie Joseph
The Hon'ble Sry. Annie Mascarene
Sri. K. Balakrishna Menon
,, P. Balakrishnan Thampi
,, P. Chacko
,, G. Chandrasekhara Pillai
,, K. K. Chellappan Pillai
,, Sree V. Das
,, T. V. Devan
,, A. Easwara Pillai
Dr. (Mrs.) T. Francis
Sri. K. A. Gangadhara Menon
,, V. Gangadharan Nayar
,, P. C. George
,, P. Gopalakrishna Menon
,, Kannara Gopala Panicker
,, O. T. Inasu
,, Joseph Mundasseri
Sri. K. K. Kannan
,, P. K. Krishnan Sastri
,, P. K. Kumaran Asari
,, Thariathu Kunjithommen
,, P. S. Madhava Vaidyan
Dr. E. K. Madhavan
Sahib Bahadur Majeed Marikar
,, T. A. Moideen Kunju
,, K. A. Mohammed
Sri. C. Narayanan
,, Kodanat Narayanan Nambudiripad
,, P. S. Nataraja Pillai
Rao Bahadur T. K. Nayar
Sri. S. Nilakanta Aiyar
,, A. Ramasubramonia Karayalar
,, R. Sankar
,, Sankaran Nadar
,, K. N. Sankunni Pillai
,, Sebastian Thoppil
,, T. P. Seetharaman
,, K. Sekhara Panicker
,, R. V. Thomas
,, M. Varkey

മി. സ്പീക്കർ: ആദ്യം പേരു വിളിച്ച അവസരത്തിൽ ഇപ്പോൾ പേരുപറഞ്ഞ ബഹുമാനപ്പെട്ട മെമ്പറന്മാർ ആരും ഹാളിനകത്തു ഇല്ലായിരുന്നു എന്നു വിശ്വസിക്കുന്നു.

പേരു വിളിച്ച അവസരത്തിൽ ഇവിടെ ഇല്ലാതിരുന്നവരെ ഇനി വോട്ടുചെയ്യാൻ അനുവദിക്കണമെന്നാണോ വേണ്ടെന്നാണോ സഭയുടെ പൊതു അഭിപ്രായം എന്നു ഞാൻ ചോദിച്ചിരുന്നു.

ശ്രീ. കെ. രാമകൃഷ്ണപിള്ള: അനുവദിച്ചുകൂടെന്നാണു് എന്റെ അഭിപ്രായം. അതാണു് ക്രമം.

മി. സ്പീക്കർ: വോട്ടു ചെയ്യാൻ അനുവദിക്കുന്നില്ല. വോട്ടിംഗു് ഇതോടുകൂടി അവസാനിച്ചിരിക്കുന്നു. വോട്ടുകളെല്ലാം ബാലട്ടുബാക്സിലായി. ഇപ്പോൾ അടിയന്തിരപ്രമേയത്തിന്മേലുള്ള വാദപ്രതിവാദം നടത്തുകയും വോട്ടുകൾ നാളെ എണ്ണിത്തിട്ടപ്പെടുത്തുക

[Mr. Speaker]

യും ചെയ്യാവുന്നതാണ്. അതുവരെ പെട്ടികൾ സ്ഥാനാർത്ഥികളുടേയും സ്പീക്കറുടേയും സീലുകൾവെച്ചു ഭദ്രമായി സൂക്ഷിക്കാവുന്നതാണ്. അല്ല, വോട്ടുകൾ ഇന്നു എണ്ണണമെന്നാണ് സഭയുടെ അഭിപ്രായമെങ്കിൽ അടിയന്തിരപ്രമേയത്തിന്മേലുള്ള വാദപ്രതിവാദത്തിനുശേഷം അങ്ങനെ ചെയ്യാം.

__ശ്രീ. കെ. രാമകൃഷ്ണപിള്ള:__ അഡ്ജോൺമെൻറ മോഷൻെറ വാദപ്രതിവാദം കഴിഞ്ഞതിനുശേഷം ഇന്നുതന്നെ വോട്ടു എണ്ണി ഡെപ്യൂട്ടി സ്പീക്കർ ആരാണെന്നുപ്രഖ്യാപനം ചെയ്യണമെന്നാണ് എൻെറ അഭിപ്രായം.

__ശ്രീ. സി. വി. ഇയ്യു:__ അതുതന്നെയാണ് നല്ലതെന്നാണ് എൻേറയും അഭിപ്രായം.

__മി. സ്പീക്കർ:__ എന്നാൽ അങ്ങനെയാവാം.

## ADJOURNMENT MOTION

**Mr. Speaker:** Sri. Kalathil Velayudhan Nayar will now move his Adjournment Motion.

__ശ്രീ. കളത്തിൽ വേലായുധൻനായർ:__ സർ, ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണ്: "തിരുവിതാംകൂർ-കൊച്ചി യൂണിയൻ ഹൈക്കോടതി, ലാകോളേജു തുടങ്ങിയ സ്ഥാപനങ്ങൾ എറണാകുളത്തു സ്ഥാപിച്ചതോടുകൂടി, തിരുവനന്തപുരത്തുനിന്നും എറണാകുളത്തേക്കു മാററപ്പെട്ടവരും, മാറേണ്ടിവന്നവരുമായ ശിപായിമാർ, ക്ലാർക്കന്മാർ, വിദ്യാർത്ഥികൾ, അദ്ധ്യാപകന്മാർ തുടങ്ങിയവർക്ക് എറണാകുളത്തു താമസത്തിനും, ആഹാരത്തിനും പറയത്തക്ക യാതൊരു സൌകര്യവും ലഭിക്കാത്തതിനാൽ അവധിയെടുത്തും ജോലി ഉപേക്ഷിച്ചുപോലും സ്ഥലം വിടുന്നതിന് വളരെ പേർ നിർബന്ധിതരായിരിക്കുന്നതുമൂലം ഉളവായിരിക്കുന്ന അടിയന്തിരവും പൊതുപ്രാധാന്യമുള്ളതുമായ സംഗതിയെ സംബന്ധിച്ച് പര്യാലോചിക്കുന്നതിന് സഭാനടപടികൾ മാററി വയ്ക്കണം."

സർ, ഈ പ്രമേയം പ്രധാനമായി ഞാൻ അവതരിപ്പിക്കുന്നത് തിരുവിതാംകൂറിൽനിന്നും യൂണിയൻ ഹൈക്കോടതി എറണാകുളത്തേക്ക് മാററിയിരിക്കുന്നതുകൊണ്ടു ഹൈക്കോടതിയിലെ ജോലിക്കാരായ ശിപായിമാർക്കും, ക്ലാർക്കന്മാർക്കും, അവിടേക്കു പോകേണ്ടിവന്നിട്ടുള്ള അദ്ധ്യാപകന്മാർക്കും ഉണ്ടായിട്ടുള്ള അസൌകര്യങ്ങളെ കുറിച്ചു പ്രതിപാദിക്കാനാണ്. ഹൈക്കോടതി മാറിയതോടുകൂടി നൂറിൽപരം ശിപായിമാർ അവിടേക്കു പോകുവാൻ നിർബന്ധിതരായിട്ടുണ്ടു്. ഏകദേശം നൂററിഇരുപതിൽപരം ക്ലാർക്കന്മാർക്കും അവിടെ പോകേണ്ടതായി വന്നിട്ടുണ്ടു്. സർ, ഈ ശിപായിമാർ എന്നു പറഞ്ഞാൽ അവർക്കു വേണ്ടത്ര എന്തെങ്കിലും ജീവിതസൌകര്യങ്ങൾ ഉണ്ടോ എന്നു അറിയാൻ പാടില്ലാത്തവരല്ല ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർമാർ. ഹൈക്കോടതിയിലെ ശിപായിമാരെ സംബന്ധിച്ചിടത്തോളം അവരുടെ ശമ്പളവും മററാദായമാർഗ്ഗവും എന്താണെന്ന് നമുക്ക് എല്ലാവർക്കും അറിവുള്ളതാണ്.

__ശ്രീ. സി. വി. ഇയ്യു:__ സർ, ശമ്പളവും മററാദായവും എന്നു പറഞ്ഞാൽ എന്താണ്?

__ശ്രീ. കളത്തിൽ വേലായുധൻനായർ:__ സർ, ഒരു സംഗതി നമുക്ക് പ്രത്യക്ഷമായി കാണാവുന്നതാണ്. ഈ ശിപായിമാരും താഴ്ന്ന ശമ്പളക്കാരായ ക്ലാർക്കന്മാരിൽ ഭൂരിപക്ഷവും ഇവിടെ സ്വന്തം വീടുള്ളവരൊ വിവാഹംചെയ്തു കുടുംബമായി താമസിക്കുന്നവരൊ ആണ്. അങ്ങനെയുള്ളവർ അവരുടെ തുച്ഛമായ ശമ്പളംകൊണ്ടു ഇവിടെ അതായതു് അവർക്കു മററു സൌകര്യങ്ങളെല്ലാം ഉള്ള സ്വന്തസ്ഥലത്തു ഒരു മാതിരി കഴിച്ചുകൂട്ടുന്നുണ്ടായിരിക്കാം. എന്നാൽ ഹൈക്കോടതി മാറുന്ന അവസരത്തിൽ അവർക്കു പ്രത്യേകമായിട്ടുള്ള വീടുകൾ എറണാകുളത്തു സൌകര്യപ്പെടുത്തിക്കൊടുക്കുകയൊ മററൊ ചെയ്തിട്ടില്ല. അവിടത്തെ സ്ഥിതി എന്താണെന്നുവെച്ചാൽ, കുറച്ചു വീടുകൾ അവിടെ ഉണ്ടെന്നു സമ്മതിക്കാമെങ്കിലും ഉള്ള വീടുകൾക്കു് വാടക വളരെ കൂടുതലാണെന്നാണ് പറയുന്നതു്. തിരുവനന്തപുരത്തു എഴുപതൊ എൺപതോ രൂപക്ക് വാടകക്കു കിട്ടുന്ന കെട്ടിടങ്ങൾ എറണാകുളത്താണെങ്കിൽ നൂററിഅമ്പതും ഇരുനൂറും രൂപായ്ക്കാണ് കിട്ടുന്നതു്. ഇത്ര വലിയ വാടക കൊടുത്തു പാവപ്പെട്ട ശിപായിമാർ എങ്ങിനെയാണ് താമസിക്കുക? അവർ പറയുന്ന കാര്യങ്ങൾ കേട്ടാൽ ഒരു നിമിഷംപോലും അവരെ അവിടെ താമസിക്കാൻ

അനുവദിക്കാൻ പാടില്ലാത്തതാണ്. ശമ്പളം മാസാവസാനത്തുമാത്രമേ കിട്ടുകയുള്ളൂ. ഹോട്ടലുകളിൽ കടം കൊടുക്കുകയുമില്ല. അവിടെ പോയിരിക്കുന്ന ശിപായിമാരിൽ മിക്കവാറും പേർ നാല്പത്തഞ്ചും അമ്പതും വയസ്സു പ്രായമുള്ളവരാണ്. പട്ടിണി കിടന്നുകൊണ്ട് ജോലി ചെയ്യാൻ വയസ്സുകാലത്തു് അവരുടെ ശരീരസ്ഥിതി അനുവദിക്കുന്നുമില്ല. മാത്രമല്ല ഈ തണുപ്പുകാലത്തു രാത്രിയിൽ കേറിക്കിടക്കുന്നതിന് കെട്ടിടങ്ങളില്ലാതെ ആഫീസു വരാന്തകളിൽ കിടക്കുന്നതുമൂലം അവരിൽ എഴുപത്തഞ്ചു ശതമാനം ആളുകൾക്ക് സുഖക്കേടു പിടിപെട്ടിട്ടുണ്ട്. ചുമ്മാതെ വഴിയേപോയ ഒരു ശിപായിയോടു അബദ്ധത്തിനു ഞാൻ ഒന്നു കേറിച്ചോദിച്ചുപോയി "അവിടെ (എറണാകുളത്തു) ജോലി എങ്ങിനെ ഇരിക്കുന്നു; സുഖമാണല്ലൊ" എന്ന്. അതിന് ആ ശിപായി പറഞ്ഞ മറുപടി സർ, "ഇത്രയും വരുത്തിവെച്ച നിങ്ങൾ ഉൾപ്പെടെയുള്ള ആളുകളുടെതലയിൽ ഇടിവീഴ"മെന്നാണ്.

ശ്രീ. പി. എം. വർഗ്ഗീസ്: ആ ശിപായിയുടെ പേരെന്താണ് ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ആ ശപായിയുടെ പേരു പറയാമെന്നുണ്ടായിരുന്നു എങ്കിൽ ഞാൻ പറയുമായിരുന്നു. സർ, ഇതാണ് പാവപ്പെട്ട ശിപായിമാരുടെ സ്ഥിതി. ഇനി ക്ലാക്കന്മാരുടെ കാര്യം.

സർ, ഹൈക്കോടതി ക്ലാക്കന്മാർ സാമാന്യം മാനമായ ജീവിതം നയിക്കുന്നവരാണ്.

*ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த அசம்பளியைக் கேட்டுத்தானு யூனியன் ஹைக்கோர்ட்டை எர்ணுகுளத்திற்கு மாற்றினது?*

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ അസംബ്ലിയോട് ചോദിക്കാതെയാണ് ഹൈക്കോടതി എറണാകുളത്തേക്ക് മാററിയതു് എന്നുള്ള കാര്യം മെമ്പർക്ക് അറിയാവുന്നതുപോലെതന്നെ എനിക്കും അറിയാം. ഹൈക്കോടതി ക്ലാക്കന്മാർ നാല്പതു രൂപാമുതൽ നൂററിഇരുപതു രൂപാ വരെ ശമ്പളം വാങ്ങിക്കുന്നവർ ആണ്. അവക്ക് ഒന്നോ രണ്ടോ കുടുംബങ്ങളെ സംരക്ഷിക്കേണ്ടതായിട്ടും ഉണ്ട്. എറണാകുളത്തു ചെന്ന് ഇത്ര വലിയ വാടകക്കു കെട്ടിടങ്ങൾ എടുത്തു താമസിക്കുവാൻ ശേഷിയുള്ളവർ അല്ല അവർ. ഇവിടെയാണെങ്കിൽ അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന കാലം മുതൽ ഹൈക്കോടതിയിലാണല്ലൊ ഉദ്യോഗം; അതുകൊണ്ട് സ്ഥലം മാറിപോകേണ്ടിവരികയില്ല എന്ന് വിചാരിച്ചു വീടുകൾ സ്വന്തമായി പണിയിച്ചും മററു ആദായമാർഗ്ഗങ്ങൾ ലഭിക്കുന്നതിന് തക്ക പരിതസ്ഥിതി ഉണ്ടാക്കിയും ജീവിച്ചുപോരുന്നവരാണ്. എന്നാൽ ഇപ്പോൾ അവർ എറണാകുളത്തു കഴിഞ്ഞുകൂടുന്നതു് പഞ്ചാബിൽ കുറെ നാളുകൾക്കു മുമ്പ് റെഫ്യൂജികൾ കഴിഞ്ഞുകൂടിയതുപോലെയാണ്. രാവിലെ പതിനൊന്ന് മണിമുതൽ വൈകുന്നേരം അഞ്ചു മണിവരെ റിക്കാർഡുകൾക്കിടയിലും രാത്രി അതിന്റെ പുറത്തു കേറിക്കിടന്നും ആണ് അവർ ദിവസങ്ങൾ കഴിച്ചുകൂട്ടുന്നതു്. ഇങ്ങനെ കുറെ നാളുകൾകൂടെ അവർ അവിടെ കഴിക്കുകയാണെങ്കിൽ മിക്കവാറും പേർ മരിച്ചുപോകുവാൻപോലും ഇടയുണ്ടെന്നാണ് അവിടെ പോയിട്ടു വന്ന ചിലർ പറയുന്നതു്. കുറെ പേർ തീരെ നിവൃത്തിയില്ലാതെ അവധിക്കു അപേക്ഷിച്ചെങ്കിലും അവക്ക് അവധി അനുവദിക്കുകയാണെങ്കിൽ കോടതിയുടെ പ്രവൎത്തനം നിലച്ചു പോകുമെന്നു പറഞ്ഞു അവധി അനുവദിക്കാൻ ചീഫ് ജസ്റ്റീസ് വൈമുഖ്യം പ്രദർശിപ്പിക്കുന്നുവെന്നാണ് എന്റെ അറിവ്. ഇതു അവിടെനിന്നും വന്ന എന്റെ ഒരു സ്നേഹിതൻ പറഞ്ഞതാണ്. തിരുവനന്തപുരത്തുനിന്നും ക്ലാക്കന്മാരിൽ ചിലർ അവിടെ ചെന്നപ്പോൾ സന്ധ്യകഴിഞ്ഞിരുന്നു. രാത്രി ആയതുകൊണ്ടു കെട്ടിടം അന്വേഷിക്കുന്നതിനും മററും സൌകര്യം ഇല്ലായിരുന്നു. പോയ ക്ലാക്കന്മാരുടെ കൂട്ടത്തിൽ ഒന്നു രണ്ടു സ്ത്രീകളും ഉണ്ടായിരുന്നു, അവരുടെസഹോദരന്മാർകൂടി സ്ത്രീകൾക്ക് തുണയായിട്ടു ഉണ്ടായിരുന്നു. അന്നു രാത്രി മുഴുവനും കോടതിയുടെ മുറികളിൽനിന്നും പുറത്തിറങ്ങാതെ അവക്കു കഴിച്ചുകൂട്ടേണ്ടിവന്നു. മലമൂത്രവിസർജ്ജനം ചെയ്യുന്നതിന് വെളിയിൽ ഇറങ്ങാൻ പോലും നിവൃത്തിയില്ലാതെ കൂടെപ്പോയ സഹോദരന്മാരുടെ അകമ്പടിയോടുകൂടി രാത്രി മുഴുവനും അവക്കു കഴിച്ചുകൂട്ടേണ്ടിവന്നു.

ശ്രീ. എം. ഭാസ്കരമേനോൻ: സർ, ഇതു പരമാൎത്ഥമല്ല. ഇവിടെനിന്നും പോയ ക്ലാക്കന്മാരെ അഡ്വക്കേറ്റ് ജനറൽ സ്റ്റേറ്റുകാറുകളിൽ കയററി ഹോസ്റ്റലുകളിൽ കൊണ്ടു

[Sri. M. Bhaskara Menon]

പോയി അവക്ക് വേണ്ടത്ര സൌകര്യങ്ങൾ നൽകുകയുണ്ടായി. ആരും കെട്ടിടം ഇല്ലാതെയോ മററ അസൌകര്യങ്ങൾകൊണ്ടോ വിഷമിക്കേണ്ടിവന്നില്ല.

This is not the fact. I was present there. Three State cars were placed at their disposal and the ladies were taken in these cars to the Ladies' Hostels.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഞാൻ പറഞ്ഞത് ഇതുമാത്രമാണ്. അതായത് ഇവിടെനിന്ന് പോയ ക്ലാക്കന്മാക്ക് കോടതിയുടെ മുറികളിൽ ഒരു ദിവസം രാത്രി മുഴുവനും കഴിച്ചുകൂട്ടേണ്ടിവന്നു. അല്ലാതെ അവക്ക് സ്റ്റേററുകാറുകൾ കൊടുത്തില്ലെന്നോ ഹോസ്റ്റലിൽ കൊണ്ടുചെന്ന് വിട്ടില്ലെന്നോ ഞാൻ പറഞ്ഞില്ല. അവർ ഒരു ദിവസം ഇങ്ങനെ താമസിക്കുന്നതിന് നിർബ്ബന്ധിതരായി, പോലീസ്സ് ബന്തവസ്സോടുകൂടി കഴിയേണ്ടതായി വന്നു. ഇത് എനിയ്ക്ക് കിട്ടിയ സൂക്ഷ്മമായ അറിവാണ്. ഇപ്പോൾ ചിലക്ക് കിട്ടീട്ടുള്ള ചില കെട്ടിടങ്ങൾ താമസിക്കാൻ തീരെ യോഗ്യമായവ അല്ലെന്നാണ് അറിയുന്നത്. ഇത് ആരുടേയും കുററമല്ല. എന്നാൽ കാര്യം വാസ്തവമാണ്. അതിനാൽ അതിന് ചില പരിഹാരമാർഗ്ഗങ്ങളും ഞാൻ നിർദ്ദേശിക്കുന്നുണ്ട്. ഇപ്പോൾതന്നെ അവിടെ പോയിട്ടുള്ള അഡ്വൊക്കേററന്മാരിൽ മൂന്നുനാലുപേർവീതം ചേർന്ന് ഒരു കെട്ടിടം എടുത്ത് അത് ഗുമസ്തന്മാരുടെ വാസസ്ഥലവും വക്കീലാഫീസ്സുകളും എല്ലാംകൂടി ആയിട്ട് കഴിച്ചുകൂട്ടുകയാണ്. ഗുമസ്തന്മാരെ ഇവിടെ നിന്നുകൊണ്ടുപോകേണ്ട ആവശ്യമില്ലെന്ന് ചിലക്ക് പെട്ടെന്ന് തോന്നിയേക്കാം. എന്നാൽ ഇവിടെനിന്നുപോയ അഡ്വൊക്കേററന്മാക്ക് എറണാകുളത്തെ സ്ഥിതി നല്ലവണ്ണം അറിയാൻ പാടില്ലാത്തതുകൊണ്ടും അവിടെച്ചെന്ന് ഗുമസ്തന്മാരെ തിരഞ്ഞുപിടിച്ച് ജോലി പഠിപ്പിച്ചുകൊണ്ട് പോകുന്നത് കാര്യസാദ്ധ്യത്തിന് അത്ര എളുപ്പമല്ലാത്തതുകൊണ്ടും ഗുമസ്തന്മാരെക്കൂടി കൊണ്ടുപോകേണ്ടിവന്നു. ഈ ഗുമസ്തന്മാർ ഒരു നിശ്ചിതമായ ആദായമുള്ളവരല്ല. മാസം കൂടിയാൽ നാല്പതു രൂപയോളം കിട്ടും. അവർ ഇങ്ങനെ എറണാകുളത്ത് ചെന്ന് വീടും ആഹാരസൌകര്യങ്ങളും ഇല്ലാതെ കഴിയുമ്പോൾ അവരെ പുലത്തിക്കൊണ്ടുപോകേണ്ടത് അഡ്വൊക്കേററന്മാരുടെ കത്തവ്യമായിട്ടും തീന്നിട്ടുണ്ട്. എന്നാൽ അഡ്വൊക്കേററന്മാർതന്നെ വിഷമിക്കുമ്പോൾ അവർ എങ്ങിനെയാണ് ഗുമസ്ഥന്മാരെക്കൂടി പുലത്തിക്കൊണ്ടുപോകുന്നത്?

ഇന്നു രാവിലെ ഇവിടെ ചോദിച്ച ചില ചോദ്യങ്ങളിൽനിന്നും തിരുവനന്തപുരത്തുനിന്നും എറണാകുളത്തുപോയ ഉദ്യോഗസ്ഥന്മാക്കും മററുള്ളവക്കും വേണ്ട താമസസൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തു എന്നും എന്നാൽ എറണാകുളത്തുനിന്നും തിരുവനന്തപുരത്തേക്ക് വന്നവക്ക് യാതൊരു സൌകര്യങ്ങളും ചെയ്തുകൊടുത്തില്ലെന്നുമുള്ള ഒരു ധാരണ ഉണ്ടായിട്ടുണ്ടെന്ന് പ്രത്യക്ഷമാണ്. എറണാകുളത്തുനിന്നും ഇവിടെ വന്നിട്ടുള്ളവക്കെല്ലാം വേണ്ടവോളം താമസസൌകര്യമുണ്ടാക്കിക്കൊടുക്കാൻ കഴിയാതെ പോയിട്ടുണ്ടെന്നു വരാം. കുറച്ചൊക്കെ അങ്ങിനെ സംഭവിച്ചിട്ടുണ്ടെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഇവിടെനിന്നും എറണാകുളത്തേക്കു പോയ അഡ്വൊക്കേററന്മാർ ഗുമസ്തന്മാർ തുടങ്ങി വളരെ പേക്ക് താമസസൌകര്യം ഒട്ടുംതന്നെ കിട്ടീട്ടില്ലെന്നുള്ളതാണ് പരമാത്ഥം. ഇനി താമസസൌകര്യം കിട്ടീട്ടുള്ളവർതന്നേയും അവരുടെ വീടുകൾ കഴിയുന്നതും വേഗം വിട്ടുമാറാൻ ശ്രമിക്കുകയാണ്. റെൻറ് കൺട്രോളർ അവക്കായി ചില വീടുകൾ കണ്ടുപിടിച്ച് കൊടുത്തിട്ടുണ്ട്. എന്നാൽ ആ വീടുകളിൽ താമസിക്കണമെന്നു പറയുന്നത് അവക്ക് നൽകുന്ന ഒരു ശിക്ഷയാണെന്നാണ് ചിലർ എന്നോടു പറഞ്ഞത്. അവ അത്രമാത്രം അസൌകര്യങ്ങൾ ഉള്ളതും മോശമായതുമാണ്. അതുകൊണ്ട് വീടുകൾ കിട്ടിയ അഡ്വൊക്കേററന്മാർതന്നെ അവ ഉടനെ ഉപേക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഭാഗ്യദോഷികളായ അഡ്വൊക്കേററന്മാരാണു അവിടെ ചെല്ലുവാൻ ഇടയാകുന്നതെന്നാണ് അവിടെയുള്ളവർ പറയുന്നത്. ഞാൻ ഈയ്യിടെ അവിടെ പോയിരുന്നപ്പോൾ, "അങ്ങേക്ക് അവിടെ എന്തോ കുറച്ചു ജോലിയും മററും ഉണ്ടെന്നാണല്ലോ ഞങ്ങൾ കേട്ടിട്ടുള്ളത്, പിന്നെന്താണ് ഇങ്ങോട്ടു പോന്നത്?" എന്നാണ് പലരും എന്നോട് ചോദിച്ചത്. ഇവിടെനിന്നും അങ്ങോട്ടുപോയിട്ടുള്ള അഡ്വൊക്കേററന്മാരിൽ അധികംപേരും വളരെ കുറഞ്ഞ ആദായം മാത്രമുള്ളവരാണ്. അവക്ക് നൂറു രൂപാവരെ വീട്ടുവാടകതന്നെയാകുമെന്നു വന്നാൽ അവർ എന്തു ചെയ്യും? കൂടാതെ വക്കീലാപ്പീസ്സിന് വാടക കൊടുക്കണം, ഗുമസ്ഥന്മാക്ക് ശമ്പളം കൊടുക്കണം, മററ എല്ലാ ആവശ്യങ്ങളും നിവ്വഹിക്കണം. ഇങ്ങനെ നോക്കുമ്പോൾ ഒരു

ആയിരം രൂപായെങ്കിലും ആദായമുണ്ടെങ്കിലെ ഒരു അഡ്വൊക്കേറ്റിന് സാമാന്യ നിലയിൽ അവിടെക്കഴിഞ്ഞുകൂടാൻ സാധിക്കയുള്ളു. അവരവരുടെ വരവിനനുസരിച്ച് സൌകര്യമായ വീട് വളരെപ്പേർക്കും കിട്ടീട്ടില്ലെന്നുള്ളത് വെറും പരമാർത്ഥംമാത്രമാണ്. കുറച്ചുപേർക്ക് കിട്ടീട്ടുണ്ടെന്നുള്ള കാര്യവും ഞാൻ വിസ്മരിക്കുന്നില്ല.

അധികംപേർക്കും വീടുകൾ കിട്ടീട്ടില്ലെന്നു ഞാൻ പറയുമ്പോൾ വീടുണ്ടാക്കി കൊടുപ്പാൻ ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മേൽ ഒരാരോപണം കൊണ്ടുവരികയാണെന്നു ധരിക്കേണ്ട ആവശ്യമില്ല. അവരും വളരെ ശ്രമിക്കുന്നുണ്ട്. റെൻറ് കൺട്രോളരും, ഈ സംഗതിയിൽ ബന്ധപ്പെട്ട മററു ഉദ്യോഗസ്ഥന്മാരും വളരെയൊക്കെ പരിശ്രമിക്കുന്നുണ്ടെന്നുള്ളത് പരമാർത്ഥമാണ്. എന്നാൽ അതുകൊണ്ടുമാത്രം കാര്യമായില്ല. അവരുടെ നല്ല വാക്കുകൾ കേട്ടു വീടില്ലാതെ ആളുകൾ ഇപ്പോൾ അവിടെക്കഴിച്ചുകൂട്ടുകയാണ്. നാളെത്തരാം, മറ്റെന്നാൾത്തരാം, ഒരാഴ്ചക്കകംതരാം എന്നൊക്കെ അവരെ പറഞ്ഞ് സമാധാനിപ്പിച്ചു വച്ചിരിക്കയാണ്. അവരെക്കൊണ്ട് അത്രയേ സാധിക്കയുള്ളു. പരമാർത്ഥം പറഞ്ഞാൽ ഞാൻ മനസ്സിലാക്കിയേടത്തോളം വീടില്ലാത്തവർക്ക് വീടുണ്ടാക്കിക്കൊടുക്കാൻ അധികാരമുള്ള ഒരു ഉദ്യോഗസ്ഥൻ എറണാകുളത്തില്ല. അവിടെ ഒരു സ്പെഷ്യൽ ആഫീസ്സറും ഒരു റെൻറ് കൺട്രോളറും ഉണ്ട്. കൂടാതെ അഡ്വൊക്കേറ്റ് ജനറൽ ശ്രീ. ശിവരാമമേനോനും ഇക്കാര്യത്തിൽ പ്രധാനമായ ഒരു പങ്കു വഹിക്കുന്നുണ്ടെന്നാണ് എന്റെ അറിവ്. കോടതിവളപ്പിന് അകത്തുതന്നെ അനേകം വക്കീലാഫീസ്സുകൾ ഇരുന്നതിന്നും ക്ലാർക്കന്മാർക്കും ഗുമസ്ഥന്മാർക്കും താമസസൌകര്യം നൽകുന്നതിന്നും സാധിക്കുമായിരുന്നു. കോടതി മാററുന്നു എന്ന് അറിഞ്ഞിട്ട് ഇപ്പോൾ ഒരു മാസത്തോളമായി. ഇതിനകംതന്നെ ശ്രമിച്ചിരുന്നെങ്കിൽ വക്കീലന്മാർക്ക് ചെയിമ്പറുകൾ കൊടുക്കാനും ക്ലാർക്കന്മാർക്കും ഗുമസ്ഥന്മാർക്കും താമസസൌകര്യം ഉണ്ടാക്കിക്കൊടുക്കാനും സാധിക്കുമായിരുന്നു. അതു തീരെ ചെയ്തിട്ടില്ലെന്ന് പറയാതെ തരമില്ല. ഇതിന് കാരണവുമുണ്ട്. എന്തെന്നാൽ ആരാണ് ഇതിന് ചുമതലയും അധികാരവുമുള്ള ഉദ്യോഗസ്ഥനെന്നു അവർക്കുതന്നെ അറിയാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നത്. ഒരു കെട്ടിടത്തിന്ന് മതിൽകെട്ടണമെന്നോ, ഒരു ഗേററിടണമെന്നോ അല്ലെങ്കിൽ മററു വല്ല ജോലികളും ചെയ്യണമെന്നോ ഉണ്ടെങ്കിൽ അതിനധികാരമുള്ള ഒരു ഉദ്യോഗസ്ഥനും അവിടെയില്ല. പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിന്ന് എഴുതി അയച്ചാൽ അവർ അതു ചെയ്യുന്നില്ല. ഈ കാരണങ്ങളാൽ ഇവിടെനിന്നും എറണാകുളത്തേക്ക് പോയിട്ടുള്ളവരുടെ കാര്യം ഒരു റെഫ്യൂജിപ്രോബ്ലംപോലെ ആയിത്തീർന്നിരിക്കുകയാണ്. റെഫ്യൂജിപ്രോബ്ലം ഡെൽഹിയിൽ ഒരു വലിയതോതിലാണെങ്കിൽ എറണാകുളത്ത് ഒരു ചെറിയതോതിലാണെന്ന വ്യത്യാസം മാത്രമേയുള്ളു. ഇവിടെനിന്നും പോയ ഒരു ആയിരം പേരെങ്കിലും റെഫ്യൂജികളായിട്ട് അവിടെ കഴിയുന്നുണ്ട്.

ഇവർക്ക് കേറിക്കിടക്കാനുള്ള സൌകര്യംമാത്രം ഉണ്ടാക്കിയതുകൊണ്ടും കാര്യമായില്ലാ. ആഹാരം കിട്ടുന്നതിന്നും അവിടെ യാതൊരു സൌകര്യങ്ങളും ഇപ്പോൾ ഉണ്ടാക്കിയിട്ടില്ല. അടുത്തൊരു ദിവസം ഞാൻ അവിടെ പോയിരുന്നപ്പോൾ ഉണ്ണുന്നതിന്നായി ഹോട്ടലിൽ പോയി. മൂന്നരമണി ആയിപ്പോയതുകൊണ്ട് ഒരു ഹോട്ടലിലും ചോറില്ല. "ഇപ്പോൾ ധാരാളം ആളുകൾ വരുന്നുണ്ടല്ലോ, പിന്നെ എന്താണ് നിങ്ങൾ കൂടുതൽ ചോറു കരുതാത്തതു്?" എന്നു ഞാൻ അവരോട് ചോദിച്ചു. കൂടുതൽ റേഷൻ അവർ വാങ്ങിച്ചിട്ടില്ലെന്നു മറുപടി പറഞ്ഞു. ശരിയായിരിക്കാം. കൂടുതൽ റേഷനു് അവർ അപേക്ഷിച്ചിട്ടില്ലെന്നും അവർ വാങ്ങീട്ടില്ലെന്നുമുള്ളതു് പരമാർത്ഥമായിരിക്കാം.

മി. സ്പീക്കർ: മെമ്പർക്ക് അനുവദിച്ചിട്ടുള്ള സമയം തീർന്നിരിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, അല്പസമയംകൂടി തന്നാൽ ഞാൻ ഈ പറഞ്ഞതിന് പരിഹാരമുണ്ടാക്കുന്നതിനെപ്പററി എനിക്കുള്ള അഭിപ്രായങ്ങൾകൂടി പറഞ്ഞിട്ട് അവസാനിപ്പിച്ചുകൊള്ളാം.

തിരുവനന്തപുരത്തുനിന്നും പോയിട്ടുള്ള നൂററിയിരുപതോളം ശിപായിമാരെ ഉടനെതന്നെ തിരുവനന്തപുരത്തേക്ക് മാററുന്നതിന്നു യാതൊരു വിഷമവുമില്ല. കൊച്ചിയിൽനിന്നും ശിപായിമാരായി വളരെപ്പേർ ഇവിടെ വന്നിട്ടുണ്ട്. അവരെ അങ്ങോട്ടു മാററി ഹൈക്കോടതിയിലും ലാക്കോളേജിലും നിയമിച്ചിട്ട് ഇപ്പോൾ അവിടെയുള്ളവരും ഇവിടന്നു പോയിട്ടുള്ളവരുമായ ശിപായിമാരെ മുഴുവൻ ഉടനെ ഇങ്ങോട്ടുമാററുന്നതിന്ന് യാതൊരു തടസ്സവുമില്ല. പിന്നെ ക്ലാർക്കന്മാരെ സംബന്ധിച്ചാണെങ്കിൽ, കോട

Sri. Kalathil Velayudhan Nayar]

തിക്കാര്യങ്ങൾ ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനു പരിചയം സിദ്ധിച്ചിട്ടുള്ള അഞ്ചോ പത്തോ ക്ലാർക്കന്മാർ കുറച്ചു കാലത്തേക്കു് അവിടെ വേണ്ടിവരുന്നതാണു്. അതു കൊണ്ടു് എല്ലാവരേയും ഉടനെ മാററാൻ സാദ്ധ്യമല്ല. എങ്കിലും ക്രമേണ അവരേയും മാററാവുന്നതാണു്. ഗവമ്മെണ്ടു് വിചാരിച്ചാൽ ഇതെല്ലാം ചെയ്യാവുന്നതേയുള്ളു. എന്നാൽ ഇപ്പോൾ ഒരു മാസമായിട്ടും ഇതിനു യാതൊരു പരിഹാരവും ഉണ്ടാക്കിട്ടില്ല. ഈ കാര്യം ഗവമ്മെണ്ടു് ശ്രദ്ധിച്ചു് ഉടനടി പരിഹാരം ഉണ്ടാക്കേണ്ടതാണു്.

ഇനി കെട്ടിടങ്ങൾ വാടകക്കു് കൊടുക്കുന്നതിനെപ്പററി ഒരു കാര്യം പറയാനുണ്ടു്. കോടതിവളപ്പിനകത്തുള്ള കെട്ടിടങ്ങൾ ക്ലാർക്കന്മാർക്കു് താമസത്തിന്നായും അഡ്വക്കേററന്മാരുടെ ചേമ്പറുകളായും കൊടുക്കുന്നു എന്നു കേട്ടു. എന്നാൽ അതിനും ന്യായമായവരെ വാടക നിശ്ചയിച്ചേക്കാൻ ഇടയുണ്ടെന്നറിയുന്നു. അങ്ങിനെയാണെങ്കിൽ ഈ കെട്ടിടങ്ങൾ ആരും എടുക്കാതിരിക്കാനാണു് എളുപ്പം. ഇരുപതൊ മുപ്പതൊ അമ്പതൊ രൂപാ ശമ്പളം വാങ്ങിക്കൊണ്ടു് എറണാകുളത്തുപോയി താമസിക്കുന്ന ആളുകൾക്കു് ഒരു വമ്പിച്ച തുക വീട്ടുവാടകയായി കൊടുക്കുവാൻ സാദ്ധ്യമല്ലാ. അതുകൊണ്ടു് അങ്ങിനെയുള്ള കെട്ടിടങ്ങൾ സൌജന്യമായിട്ടു് കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. അഡ്വക്കേററന്മാർക്കു് ചേമ്പറുകൾ കൊടുക്കുന്നതും അതുപോലെതന്നെയാണു്. അഡ്വക്കേററന്മാർ എമർജൻസി സർവ്വീസുകാരാണെന്നാണല്ലോ പറയുന്നതു്. എമർജൻസി സർവ്വീസിലുള്ളവർക്കു് ഫ്രീ ക്വാർട്ടേഴ്സു് കൊടുക്കേണ്ടതാണു്. ഇവ ഗവമ്മെണ്ടുവക കെട്ടിടങ്ങളായതുകൊണ്ടു് മററാരോടും ഉത്തരം പറയേണ്ട കാര്യവുമില്ല. അതുകൊണ്ടു് ഗവമ്മെണ്ടുവക കെട്ടിടങ്ങൾ ക്ലാർക്കന്മാർക്കു് ക്വാർട്ടേഴ്സ് ആയിട്ടും, അഡ്വക്കേററന്മാർക്കു് ചേമ്പേഴ്സ് ആയിട്ടും സൌജന്യമായി കൊടുക്കേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. അതു ഗവമ്മെണ്ടു് ഉടനെതന്നെ ചെയ്യേണ്ടതുമാണു്. അല്ലെങ്കിൽ വളരെ ഗൌരവാവഹമായ ഒരു പരിതഃസ്ഥിതിയിൽ ഗവമ്മെണ്ടു് എത്തിച്ചേരുകയില്ലെ എന്നു് ഞാൻ സംശയിക്കുന്നു. ഗുരുതരവും അടിയന്തിരവുമായ ഈ കാര്യങ്ങൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തുവാനാണു് ഞാൻ ഈ പ്രമേയംകൊണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. പി. എം. വർഗ്ഗീസു്: സർ, ഞാൻ ഈ അടിയന്തിരപ്രമേയത്തെ എതിർക്കുന്നു. ഇതിൽ "ശിപായിമാർ, ക്ലാർക്കന്മാർ, വിദ്യാത്ഥികൾ, അഡ്വക്കേററന്മാർ തുടങ്ങിയവർക്കു് എറണാകുളത്തു് താമസത്തിന്നും ആഹാരത്തിന്നും, യാതൊരു സൌകര്യവും ലഭിക്കാത്തതിനാൽ" എന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: "പറയത്തക്ക യാതൊരു സൌകര്യവും" എന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. പി. എം. വർഗ്ഗീസു്: എന്നാൽ ഇവിടെനിന്നും പോയവരിൽ വളരെപ്പേർക്കു് അവിടെ ധാരാളം സൌകര്യം കിട്ടിയിട്ടുള്ളതായി എനിക്കറിയാം. അങ്ങിനെയിരിക്കുമ്പോൾ ഈ വിദ്യാത്ഥികളേയും, ക്ലാർക്കന്മാരേയും, അഡ്വക്കേററമാരേയും എല്ലാം ഉൾപ്പെടുത്തി ഒരു ആരോപണം എന്ന നിലയിൽ ഇങ്ങനെ ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നിരിക്കുന്നതിനെ ഞാൻ ശക്തിയായി എതിർക്കുന്നു. തന്നെയുമല്ലാ ഒരു ശിപായിയുടെ ഉദാഹരണം അദ്ദേഹം ഇവിടെ പറഞ്ഞു. അനേകം ആളുകൾ ഉള്ളപ്പോൾ ഒരു ശിപായിക്കൊ, രണ്ടു ശിപായികൾക്കൊ ഉപദ്രവം ഉണ്ടായി എന്നുവരാം. എറണാകുളത്തുനിന്നും ആദ്യമായി തിരുവനന്തപുരത്തുവന്ന ഒരു ഉദ്യോഗസ്ഥൻ ഹൃദയസ്തംഭനം കൊണ്ടോ മറേറാ മരിച്ചുപോയി എന്നു ഞാൻ കേട്ടു. തിരുവനന്തപുരത്തിന്റെ ദൂഷ്യമാണോ, അതോ ആ ഉദ്യോഗസ്ഥന്റെ ആരോഗ്യസ്ഥിതിയാണോ അതിനു് കാരണം എന്നാലോചിച്ചിട്ടുവേണം അതേപ്പററി ഒരഭിപ്രായം പുറപ്പെടുവിക്കാൻ. അതുപോലെ ഇവിടെനിന്നും പോയ ചിലർക്കു് വിഷമമുണ്ടാകുന്നെങ്കിൽ അതിനുള്ള കാരണം എന്താണെന്നു ശരിയായി മനസ്സിലാക്കിയിട്ടുവേണം പൊതുവായി ഒരഭിപ്രായം പുറപ്പെടുവിക്കാൻ. എറണാകുളത്തു് താമസിക്കുന്നവർക്കു് ശമ്പളം പോരാ എന്നു പറയുന്നതു് കടകവിരുദ്ധമാണെന്നു് പറയാൻ എനിക്കു് സാധിക്കും. കാരണം, എറണാകുളത്തു് ഹോട്ടലുകളിൽ അഞ്ചണക്കു് നല്ല ഊണു് കിട്ടുമ്പോൾ ഇവിടെ പത്തണ കൊടുത്താലേ സാമാന്യമായ ഒരൂണു് കിട്ടുകയുള്ളു. ഇവിടെ അങ്ങനെയുള്ള ഹോട്ടലുകൾ ഇന്നുവരെ നടപ്പാക്കിയിട്ടില്ല. ആ സ്ഥിതിക്കു് ഇവിടെനിന്നുംപോയ ക്ലാർക്കന്മാർക്കും, ശിപായിമാർക്കും, ഇവിടെ കിട്ടിക്കൊണ്ടിരുന്ന ശമ്പളംകൊണ്ടു് അവിടെ കൂടുതൽ സുഖമായും, സൌകര്യമായും ജീവി

ക്കാൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ വളരെ ഉന്നതനിലയിൽ ജീവിച്ചുപോന്ന അഡ്വക്കേററന്മാരിൽ അപൂർവ്വം ചിലക്ക് സൗകര്യം കിട്ടിയില്ലെന്നു വെച്ച് പൊതുവെ ഒന്നടങ്കമായി ഇങ്ങനെ ഒരു ആരോപണം പുറപ്പെടുവിച്ചുകൊണ്ട് ഈ അടിയന്തിരപ്രമേയം കൊണ്ടുവന്നതുതന്നെ തെററായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു ഈ അടിയന്തിരപ്രമേയത്തെ എല്ലാവരും എതിക്കുകയാണെങ്കിൽ അദ്ദേഹംതന്നെ ഇതു പിൻവലിക്കുമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ പ്രമേയത്തെ എതിക്കുന്നു.

ശ്രീ. സി. സി. പ്രസാദ്: ഒരു കൊച്ചിക്കാരനാണെന്നകാര്യം വിസ്മരിക്കാതെതന്നെ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഇവിടെനിന്നും എറണാകുളത്തേക്ക് പോയ ഉദ്യോഗസ്ഥന്മാർക്ക് ഇപ്രകാരമുള്ള അസൌകര്യങ്ങൾ ഉണ്ടെന്നറിയുന്നതിൽ എനിക്ക് വളരെ ഖേദമുണ്ട്. കാരണം ആ ഉദ്യോഗസ്ഥന്മാരുടെ സുഖസൌകര്യങ്ങൾ നോക്കുന്നതിൽ നമുക്കും ഒരു ചുമതലയുണ്ട്. അവരുടെക്ഷേമത്തേയും നാം കാര്യമായി ഗണിക്കേണ്ടതുണ്ട്. പക്ഷെ ഈ അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ കൊച്ചിക്കാരുടെ മാനത്തെ ക്ഷതപ്പെടുത്തുകയല്ലേ ചെയ്യുന്നത് എന്നുകൂടി ഞാൻ സംശയിക്കുന്നു. ഇന്ന് കൊച്ചിയും തിരുവിതാംകൂറും ഒന്നായിത്തീർന്നിരിക്കുന്നു. അവയ്ക്കുതമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്നാൽ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു രണ്ടുഭാഗത്തും ഒന്നുപോലെ ഇരിക്കത്തക്കവണ്ണമുള്ള ഒരു പൊതുവീക്ഷണം വച്ചുകൊണ്ടല്ലെന്നുള്ളതിനു ധാരാളം തെളിവുകളുണ്ട്. ഇവിടെ ഈ ഹസൂർസെക്രട്ടറിയേററിൽ അവിടെനിന്നും വന്ന ഉദ്യോഗസ്ഥന്മാർ വരാന്തകളിലുംമററും എത്ര ദിവസം കിടക്കേണ്ടിവന്നിട്ടുണ്ടെന്നും, യാതൊരു സൗകര്യവും കിട്ടാതെ അവർ എത്ര ദിവസം അലഞ്ഞുനടക്കേണ്ടിവന്നിട്ടുണ്ടെന്നും, ഫയലുകൾ വല്ല മൂലകളിലും എത്ര ദിവസം കൂട്ടിയിടേണ്ടിവന്നിട്ടുണ്ടെന്നുമുള്ള വസ്തുത അദ്ദേഹത്തിന്റെ ദൃഷ്ടിക്കു തൊട്ടടുത്താണെങ്കിലും അദ്ദേഹം മനസിലാക്കാതെ ഇവിടെനിന്നും എറണാകുളത്തു പോയവരുടെ അസൗകര്യങ്ങൾമാത്രം കണ്ടുപിടിച്ചതു എല്ലാവരോടും മൊത്തത്തിലുള്ള എന്തെങ്കിലും താല്പര്യം വച്ചുകൊണ്ടാണോ എന്നാണ് ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നത്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇവിടെയും അസൗകര്യങ്ങൾ ഉണ്ടായിട്ടുണ്ടെന്നു ഞാൻ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഉറങ്ങുകയായിരുന്നോ?

ശ്രീ. സി. സി. പ്രസാദ്: പ്രമേയത്തെ സംബന്ധിച്ചു മാത്രമാണ് ഞാൻ സംസാരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തെപ്പററിയല്ല.

കൊച്ചിയിൽ നിന്നും വന്ന അസിസ്റ്റന്റ് സെക്രട്ടറിമാർ ഇവിടെ സൂപ്രണ്ടന്മാരായും മററും ജോലി നോക്കേണ്ടിവന്ന ഒരു പരിതഃസ്ഥിതിയും താങ്കളുടെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ലെ എന്നു ഞാൻ ചോദിക്കുന്നു. അവിടെ നിന്നും വന്ന ഉദ്യോഗസ്ഥന്മാക്കു അവിടത്തെ അഞ്ചര അണക്കു പകരം പത്തോ പന്ത്രണ്ടോ അണ കൊടുത്തു ചോറു വാങ്ങിക്കഴിക്കേണ്ട ഒരു പരിതസ്ഥിതിയും ഇവിടെ ഉള്ളപ്പോൾ അതൊന്നും കാണാതെ ഇവിടെനിന്നും പോയ ഉദ്യോഗസ്ഥന്മാക്കു ഇത്രവളരെ അസൗകര്യങ്ങളുണ്ടെന്നു പറയുന്നതിൽ വളരെ യഥാർത്ഥ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. പിന്നെ ചില വ്യക്തികൾക്കു അസൗകര്യങ്ങളുണ്ടാകുന്നെങ്കിൽ അതിനു മന്ത്രിമാരെ തന്നെയാണ് കുററപ്പെടുത്തേണ്ടത്. എല്ലാവക്കും സൗകര്യമുണ്ടാകത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതു അത്യാവശ്യമാണ്. ഇവിടെനിന്നും അങ്ങോട്ടു പോയവരെപ്പററി മാത്രം പറഞ്ഞതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ കുററപ്പെടുത്തുന്നുമില്ല. ഇന്നു രാവിലെ ചോദ്യോത്തരസമയത്തു ബഹുമാനപ്പെട്ട പ്രധാനമന്ത്രി പറഞ്ഞു ഗോമതിപത്രത്തിലെ ആരോപണങ്ങൾ അത്ര ശരിയല്ലെന്ന്. അപ്പോൾ നാവില്ലാത്തതുകൊണ്ടല്ല, സമയച്ചുരുക്കംകൊണ്ടാണ്, ഒന്നും മിണ്ടാതിരുന്നത്. ഇവിടെവന്ന കൊച്ചിക്കാരായ ഉദ്യോഗസ്ഥന്മാരെസംബന്ധിച്ച കാര്യങ്ങളെപ്പററി ഒരുദിവസം രാത്രി ഞാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ ഇക്കണ്ടവാര്യരെ സമീപിച്ച് കുറെ അധികം സംസാരിക്കുകയുണ്ടായി. അവക്കു കുറച്ചൊക്കെ അസൗകര്യങ്ങളുണ്ടെന്നും അവയെല്ലാം ഉടനെതന്നെ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. പക്ഷേ ഗോമതിപത്രത്തിലെ ആരോപണങ്ങൾ മുഴുവനും ശരിയാണെന്നു ഞാനും സമ്മതിക്കുന്നില്ല. കുറെയൊക്കെ അസൗകര്യങ്ങൾ രണ്ടുകൂട്ടക്കും ഉണ്ട്. എന്നാൽ ഇങ്ങനെ ഒരു പ്രമേയം അവതരിപ്പിച്ച് കൊച്ചിക്കാരെ ക്ഷതപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് വീണ്ടും ഞാൻ പറയുന്നു. യഥാർത്ഥത്തിൽ കൊച്ചി

[Sri. C. C. Prasad]

ക്കാരെന്നും തിരുവിതാംകൂറുകാരെന്നും ഉള്ള വ്യത്യാസം എനിക്കില്ല. എന്നാൽ ഇങ്ങനെയുള്ള പ്രമേയങ്ങൾ കൊണ്ടുവരുന്നതു പക്ഷപാതിത്വബുദ്ധിയുണ്ടാക്കുന്നതിനു കാരണമാകുമെന്നും, അതു ശരിയല്ലെന്നും ഞാൻ ബഹുമാനപ്പെട്ട മെമ്പറെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. അതേസമയം നമ്മുടെ ഉദ്യോഗസ്ഥന്മാർ കഷ്ടപ്പെടുന്നതിനെ നോക്കി അലസരായി കഴിഞ്ഞുകൂടെന്നു പ്രസ്താവിച്ചു കൊണ്ടും, പ്രമേയത്തിൽ പറയുന്നതുപോലെ അവക്ക എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ അവയ്ക്കു ഉടനെ നിവാരണം ഉണ്ടാക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോടു അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

*ஸ்ரீ. ஏ. சிதம்பரநாத நாடார்:* தலைவர் அவர்களே, ஸ்ரீமான் களத்தில் வேலாயுதன் நாயர் அவர்கள் கொண்டுவந்த அவசரப் பிரேரணையைப் பின்தாங்குகின்றேன். அதற்கு முன் ஒரு விஷயம்.

ശ്രീ. ഇട്ടിര അമ്പുക്കൻ: മലയാളത്തിൽ പ്രസംഗിക്കണം.

*ஸ்ரீ ஏ. சிதம்பரநாத நாடார்:* எனக்கு மலையாளத்திலும் பேசத்தெரியும், ஆங்கிலத்திலும் பேசத் தெரியும். தெலுங்கிலும் பேசத்தெரியும். ஸ்ரீ களத்தில் வேலாயுதன் நாயர் அவர்களுக்கு, களத்தில் ஆனாலும் சரி, குளத்தில் ஆனாலும் சரி, (சிரிப்பு) திருவனந்தபுரத்திலிருந்து ஹைக்கோர்ட்டை கொச்சிக்குக் கொண்டுபோய் விட்டார்கள் என்று ஒரு வருத்தம் இருக்கலாம். அதன் காரணமாக இங்கிருந்து போன கிளார்க்குகளுக்கும், சிப்பாய்களுக்கும், வக்கீல்களுக்கும், வக்கீல் குமஸ்தாக்களுக்கும் போதிய வசதிகள்—தங்கஇடமும், உண்ண வசதிகளுமில்லாமல் கஷ்டப்படுகிறார்கள் என்று ரொம்ப அழகாக ஸ்ரீமான் வேலாயுதன் நாயர் அவர்கள் கூறினார்கள். தலைவர் அவர்களே, இச்சிப்பந்திகளும், கிளார்க்குகளும் உங்களையும், என்னையும்போல் மனிதர்களாக பிறந்தவர்கள் என்பதை மறக்கவோ, மறுக்கவோ முடியாது. கொச்சியும் திருவிதாங்கூரும் இணைந்துவிட்டது. நாம் ஒன்றுசேர்ந்து வாழ்கிறோம். கொச்சி திருவிதாங்கூர் ஐக்கிய அசம்பளி நடந்துகொண்டிருக்கிறது என்றும் சொல்கிறோம். இது உண்மையானால் இந்த யிடத்தில் திருவிதாங்கூர்காரர் என்றும் கொச்சிக்காரர் என்றும் சொல்வதற்கு இடமில்லை. இங்கிருந்துபோன அநேக வக்கீல்கள், கிளார்க்குகள், சிப்பாய்கள், வசதியில்லாமல் கஷ்டப்படுகிறார்கள் என்று ஸ்ரீமான் வேலாயுதம் நாயரவர்கள் சொன்னார்கள். உடனே அப்படியல்ல. ஏதோ ஒன்றிரண்டு வக்கீல் கிளார்க்குகள் வசதியில்லாமல் கஷ்டப்பட்டிருக்கலாம். அது ஒரு பெரிய குற்றச்சாட்டாக சொல்லமுடியாது என்று ஸ்ரீமான் வர்க்கீஸ் அவர்கள் சொன்னார்கள். ஸ்ரீ வர்க்கீஸ் அவர்கள் சொல்வதை நான் ஏற்சமுடியாது. ஏனென்றால் மனிதனாகப் பிறந்தவன் ஒருவன் கஷ்டப்படுகிறான் என்றிருந்தால், அது ஒருவனானாலும் சரி, பத்துபேர் ஆனாலும் சரி, அல்லது ஆயிரம் ஆனாலும் சரி, அவர்களைக் காப்பாற்ற வேண்டியது சர்க்காரின் கடமை. இது சர்க்காரின் தவிர்க்க முடியாத கடமை. அந்தக் கடமையை மனதில் வைத்துக் கொண்டு இங்கே வீற்றிருக்கும் மந்திரிகள் அதை மறந்திருக்கவில்லை என்றிருந்தாலும், அதை மறந்துதானிருக்கிறார்கள் என்று சொல்ல முடியும். இன்று காலை 7 மணிக்கு கொச்சியிலிருந்து இங்குவருபவர்களுக்கு சரியான ஜாகை வசதிகள் ஏற்படாயிற்று என்ற கேள்வி சிக்கராட்டேறியற்றில் வந்தது. அதேபோல் இங்கிருந்து போனவர்களுக்கு சௌகரியங்கள் கொடுக்காமலிருக்கலாமா? சட்டக் கல்லூரி மாணவர்களின் வசதிகளையெடுத்துக் கொண்டால், சென்னைச்சட்டக் கல்லூரி மற்றுக்கல்லூரி மாணவர்களுக்கு சகல சௌகரியங்களும் செய்து கொடுக்கப்பட்டிருக்கின்றன. பம்பாயில் கல்வி நேரம் கழிந்து சாயங்காலம் மரினாவில் உலாவி, பின்பு உறங்குவதற்கு சட்டக்கல்லூரி மாணவர்களுக்கு சகல சௌகரியங்களும் உண்டு. ஆனால் இங்கே எப்படி? நல்ல ஆடைகள் அணிந்து சட்டக் கல்லூரி, ஆபீசுகளுக்குப் போய் திரும்பிவரும்போது அவர்களுக்கு உண்ண உணவு கிடையாது, இராத்திரி படுக்க யிடமும்கிடையாது. இந்த சர்க்காருக்கு ஒரு கடமையுண்டு என்று நான் சொன்னேன். மாணவனானாலும் சரி, சிப்பாய் ஆனாலும் சரி, கிளார்க்கு ஆனாலும் சரி, உத்தியோகஸ்தன் ஆனாலும் சரி, வசதியில்

லாமல் எவனாவது ஒருவன் இருக்கிறான் என்றால் அவனுக்கு சௌகரியங்கள் செய்து கொடுக்கவேண்டியது இந்த சர்க்காரின் கடமை. ஏதோ ஒன்றிரண்டு சிப்பாய்களைப் பற்றிச் சொன்னார். ஏனென்றால் அந்த இடி யார்மேல் விழவேண்டுமென்று ஒரு கேள்வியுண்டு. அந்த யிடி எம். எல். ஏ. மார்கள் மேலல்ல. அது விழ வேண்டியவர்கள் மேல் தான் விழவேண்டும்.

ശ്രീ. മാന്നാർ ഗോപാലൻ നായർ : പ്രത്യേകമായി ആരുടെ തലയിൽ വീഴണം?

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்:</u> யார்தலையில் விழவேண்டுமென்பதைப் பற்றி நான் சொல்லத் தயாராயில்லை. 17 ரூபா சம்பளமும் 11 ரூபா அலவன்சும், ஆக 28 ரூபாய் வாங்குகிற ஒரு சிப்பாயை இங்கிருந்து கொச்சிக்கு அனுப்பினால், இந்த சொல்ப சம்பளத்தில் அவனுக்கு அயலூரில் இருக்க முடியுமா என்று முதலில் ஆலோசிக்க வேண்டும். ஆயிரம், இரண்டாயிரம், மூவாயிரம் வாங்கும் உத்தியோகஸ்தர்களுக்கு ஒரு கவலையுமில்லை. 28 ரூபா குறைந்த சம்பளம் வாங்குகிற சிப்பாய்களின் சம்பளத்தைக் குறைந்தது 40 ரூபாயாக உயர்த்திக் கொடுக்காமல், அதுபோல கிளார்க்குகளுக்கும் தகுந்தபடி சம்பளம் உயர்த்திக் கொடுக்கப்படாமலும் உத்தியோகத்திற்கு அயல் நாட்டிற்கு அனுப்பப்பட்டது என்ற முறையில் இந்த மந்திரிகளைத் தான் குற்றப்படுத்த வேண்டும். இந்த சர்க்காரையும் குற்றப்படுத்தவேண்டும். இந்தக் குழப்பங்களுக்குக் காரணம் இவர்கள் தான். இந்த மாதிரி காரியங்களை நன்றாக ஆலோசித்துச் செய்திருக்கவேண்டும். நாமில்லாமல் சர்க்காருண்டா? மந்திரிகள் உண்டா? இல்லை. அதனால், கொச்சியிலிருந்து இங்கு வருகிறவர்களுக்கும், இங்கிருந்து அங்கேபோனவர்களுக்கும் சரியானபடி வசதிகள் அளிக்க நடவடிக்கை எடுக்கவேண்டுமென்று சொல்லிக்கொள்கிறேன்.

**Sri. C.V. Iyyu** *:* I do not oppose or support this motion. Because the discussion deals only about the evil on the surface ; the root cause of which is the integration of our two States. This evil can be solved only by disintegration of the two States. In fact there may have been greater difficulties for those Cochinites who came to Trivandrum from the Ernakulam Secretariat. I don't think that all Mr. Velayudhan Nayar said is untrue nor wholly true. There might be exaggerations. But this House should seriously ponder over about the real cause of all these troubles, which undoubtedly is the integration of these two States without consulting the people—and against their wishes. There the whole fault lies. Even now it is not too late to mend it. This hon'ble House should decide to consult the people of both the States on the advantages or otherwise of the problem of integration. The Hon'ble the Prime Minister while in Madras recently seems to have stated that the opposition to the integration was dwindling down. But in fact it is gaining ground every day, and such inconveniences will make it more vociferous. The speech of Mr. Velayudhan Nayar has made me to hate many of the Travancore people. I was thinking that even the menials in Travancore will enjoy a better and freer atmosphere, an atmosphere in which they need not say "ഉത്തരവ്, ഉത്തരവ്" for every second. When I was interviewing the then Travancore Dewan at Trichur some years back, I saw even a big Official from Travancore using the cringing terminology of "ഉത്തരവ്" before him without feeling any sort of independence and self-respect. Such an atmosphere is not obtainable in Cochin.

**Sri. A. K. George** *:* May I know how far such observations are relevant to the present discussion?

**Mr. Speaker :** The Hon'ble Member is detailing the hardships of the peons and clerks in Travancore.

**Sri. A. K. George** *:* Will the Hon'ble Speaker kindly direct him not to mention such things?

**Mr. Speaker :** I shall direct him whenever I think a direction is necessary.

**Sri C. V. Iyyu** *:* The House should seriously consider about the real reason for all these troubles and try to disintegrate the States as early as possible.

**Mr. Speaker :** In your speech you have to take the fact of integration as granted and argue the point from there. It is not right or permissible that you should question the desirability or soundness of integration.

**Sri. C. V. Iyyu** : I am not pursuing that matter. I said the root cause is that. That should be set right if all these difficulties are to disappear. However the so called integration is now a fact some other remedy for such evils should be found out. But the remedies Mr. Velayudhan Nayar suggested are not quite sound. An experienced clerk or Superintendent of the Secretariat may be found quite unfit for court work. Similarly an experienced clerk in court work who will be indispensable for court work will be useless in Secretariat or other administrative work. The peons alone may be interchanged without much affecting efficiency. Another solution would be to raise the pay of peons who were in Travancore service to the Cochin level. I think the Cochin peons get better pay and allowances. In the case of Advocates, however, it will not be possible to give them free chambers as suggested by Mr. Velayudhan Nayar. The Advocates should somehow or other find their way out without patronage and propping up. This will only make them idle. They should stand on their own legs. With these few remarks, I resume.

**Sri. A. Thanu Pillai** : The integration of the two States has come about and as the Speaker stated, it may not serve any useful purpose if at this stage, the question of disintegration is reagitated. But there are certain matters connected with this integration and the way in which the integration was brouaht about, the defects of which may be cured.

**Sri. L. M. Pylee** : On a point of order, Rule 22 sub-section (c) excludes all matters relating to integration, etc., from discussion and I raise a point whether the Hon'ble Member is in order in referring to the details of integration ?

**Mr. Speaker** : I thought the Hon'ble Member Mr. Thanu Pillai was definitely and purposely avoiding that subject, so that there is no necessity for a point of order. The Hon'ble Member was not questioning the integration or going into its merits.

**Sri. L. M. Pylee** : The Rule is.—"Discuss or deal with the matter or affect the subjects referred to thereunder". It is a matter that relates to or affects the matter of the Covenant.

**Mr. Speaker** : I was not able to note from what statement made by the hon'ble member Mr. Thanu Pillai he gathered that there were remarks in the speech affecting or relating to the Covenant or Instrument of Accession referred to in Rule 12.

**Sri. A. Thanu Pillai** : All that I can say in regard to that point of order is that prejudice is no distinction even on the part of the Ex-President of a Legislature. I do not want to discuss integration on its merits, but I wanted to say something about the question that is now engaging the attention of this House. The Ex-President ought to have known enough to realise the validity of what I was going to say.

Sir, one thing that I noticed in regard to the way in which the things are done to bring about this integration is the failure on the part of those responsible to act in this behalf, to realise that after integration, all parts of the Union form one territory. It is wrong—I distinctly affirm it is wrong—to consider Cochin as Cochin and Travancore as Travancore. Even in the debate here from what has already taken place, I was really surprised that this dictinction was still being continued. Whatever I am going to say will be based on this clear conception that a United State is a unit, that is to say, from the northern limit of what was once Cochin to the Southern limit of what was once Travancore, is now Union Territory and we must deal with these matters as though affecting the Union territory as an integral Unit of the Indian Federal State, and not as Cochin and Travancore. I mention this because everything that has been done was based more or less on this conception. If Trivandrum is to have the Secretartat, Ernakulam must have the High Court. If Trivandrum is to have a University College, Ernakulam must have the Law College. If Trivandrum should have a number of offices, Ernakulam must also have another set of offices. Sir, this basic conception must go and we must begin to approach this problem from a different angle altogether. Now, why I say this is because we are now confronted here with the question of the High Court and the Law College. I am definitely of the opinion that it was wrong to have shifted the High Court to Ernakulam.

What was the necessity for it ? What was the justification for it ? That was done because those that were responsible for it thought, "No, the Cochin people must be satisfied someway. If the Secretariat should be here, at least the High Court should be there." That is a wrong approach to the problem. I repeat it, because that fact must be realised.

**Sri. M. Bhaskara Menon:** You are saying one thing and meaning the other.

**Sri. A. Thanu Pillai:** This kind of interruption, except when a point of order is to be raised, should be given up. I am not one who is inclined to yield to anybody who wants unjustly or unreasonably to interrupt me.

That was the reason why the High Court was shifted. So also the Law College. Now, I may tell the House, Sir, the problems relating to this integration should not be approached in that spirit of what is usually called compromise. No question of compromise arises. If the High Court of Travancore should be situated in a Central place, I can understand. But simply because it is a Union of Cochin and Travancore the High Court should have been shifted to Ernakulam, was wrong. But that was the approach that the people made and that kind of approach we find in other matters as well. Why, the two Legislatures with a total strength of about 180 were united. It was wrong and undemocratic. That again was something like a concession. If the Union was thought absolutely necessary, then the Union should have been effected on a principle that should effect a distinct single state.

That is another matter, and I do not want to deal with that at this stage. There will be other occasions, I hope, to deal with it. Why was the High Court shifted? The facts are—even though I do not know the exact numbers, and I doubt even those who were responsible have taken the exact numbers—whether the Government are now in a position to tell me how many Advocates would have come from Ernakulam to Trivandrum if the High Court were retained here? How many Advocates are going from Trivandrum to Ernakulam because of this shifting? How many cases, how many members of the staff, clients, vakils, clerks, have had to shift? Was a study of this problem made? Of course, Ministers may say that is a small matter. To big men small men's problems may look small, but we must view them properly. Was a consideration given to this problem? Are the Government even now in a position to tell us the number of people that had to migrate, the number of people that had to be given accommodation here? Have they studied this problem and decided that everything necessary would be done, or has been done? I am sure nothing of the kind has been done. Now the number of Advocates in Ernakulam cannot, in the nature of things be more than a quarter of the number of Advocates in Trivandrum. Similarly also with regard to the clerks. Very largely so with the staff. So, why was the shifting made? If we wanted a United State, if, as is asserted again and again that the United State is required in the interests of both the areas, then we must take it subject to all its necessary implications. What is the meaning of arguing against it? So, no data were sought to be collected and no arrangements were made. There were people who were against the integration. Anyway, it was the prime duty of the Government to see that the people were not put to trouble. Have they discharged that duty? We heard complaints from one side and the other as if Ernakulam and Trivandrum were responsible for these troubles. It is the Ministers that are responsible. Why should people say, "Velayudhan Nayar", we have complaints against Ernakulam. "It is not a complaint inter se between Cochin people and Trivandrum people, or Travancore people and Cochin people. It is a matter affecting the people of both the States. Those that were responsible for bringing about the situation, have they discharged their duties properly? If not, how are they going to discharge them? Have they any idea of discharging them? That is the real question. When I raised this issue in regard to the integration of two Legislatures, some friends here asked me, "Would you not be alienating the Cochinites?" I said I would not be. I would raise the same objection if my own Taluk had double the number of members in the Legislature. We want democracy. We do not want advantages. I want my friends from that part of the Union which was till now called Cochin to fully realise that I am not one who is against them in any matter. I am not one who would plead for unfair advantage for people who were against them. That is a mistake. But I want justice. I want democracy to prevail. That is all that I say. But in regard to these matters the Ministers made a mistake. Again, where was the urgency about this? Without providing for necessary accommodation, other necessary facilities, where was the hurry about it? Everything as of old is continuing here. I find even in the Budget that there is a Cochin Budget and a separate Travancore Budget. If they wanted to combine the two Courts they ought to have allowed the courts to continue here because every where we find that the capital city has the High Court also. That has distinct advantages, Of course, there may be a plea that the High Court should not be placed in the Capital City, because Ministers might influence the courts. I am not one who believes that. But then the High Court would be in the place where the capital is situated, because there may be many matters in which frequent consultations will be required. I may

[Sri. A. Thanu Pillai]

mention one particular fact. We want a legal adviser,—a Chief Legal Adviser, one who must be every-where. That is the practice. He has to attend cases in the High Court and also to advise Government in important legal matters. What is this Government going to do? Where is their Chief Legal Adviser to be? Where was the necessity for all these difficulties? If ultimately they found that Ernakulam should have been selected, they could have allowed the Court to continue there for some time, one of their Judges sitting their until they made arrangements for all the other necessities. They never thought of them. They simply said that the peons should go there. I know Trivandrum is a better place and that Ernakulam is difficult for many. Arrangements that are now made are absolutely unreasonable and intolerable. I should like to get more facts about these matters from the Treasury Bench.

Next, in regard to the Law College. Even suppose there was some kind of compromise in regard to the High Court which was wrong, what about the Law College? All the collegiate institutions that were in Ernakulam are continuing to-day also. Have they got accommodation for the College? Even if they had accommodation for fhe College, have they got accommodation for the students, who, all at once went to Ernakulam without previous notice and previous arrangements? Did not the Government consult the Travancore University? I wonder. Even if they had consulted them and the University acceded to the proposal, I condemn them. The Executive Government may not think of the benefits of the students or of their advantages or of their future, but the University has a right, has a duty to the students. I would like to know from the Treasury Benches why the Government decided on shifting straightaway the students from here to a place where there was no arrangement or accommodation? Is it the way to deal with the students? All this deserves the severest condemnation.

Now that it has been done, I should urge upon the Government to take the next step. If accommodation is not available let some big men who occupy palaces, occupy parts of the places, at Ernakulam and reserve the other parts for the lawyers and students. In this case the Government have made the grossest blunder. I do not know what the students did. Anyway, it is a very bad arrangement. Even if they wanted the High Court to satisfy some friends in Cochin, the College ought to have been here. Even if they wanted to shift the College they could have done it next year. It has been done in an absolutely irresponsible way. There lies the scope for condemnation. With these words I very strongly support Mr. K. Velayudhan Nair's motion.

**Sri. K. K. Vasu Panickar:** Sir, I rise to oppose the adjournment motion. It is futile to make mountain out of a molehill. As a result of integration two institutions have come into the picture, the High Court and the Secretariat offices of the United State. There are no doubt certain difficulties and they are mainly confined to subordinate officers of these two institutions. The Secretariat of Ernakulam is shifted to this place and we all know that some officers and staff had to come down here. Naturally when they come to a new place, it is likely they feel some little difficulty just like a fish out of water. But the power of adaptability in man enables him to live more comfortably in course of time. In the same way, when the High Court of this place was shifted to Ernakulam some officers and subordinates attached to it had to go over to Ernakulam. But the difficulties encountered are not so very immense as my hon'ble friend, Mr. Velayudhan Nayar has been trying to picture to the House in greater magnitude. What the Government have to do at this juncture is, if there is any lack of finance, they must provide that to the staff of these institutions. Salaries of subordinate staff should be increased to compensate the loss sustained by them. As far as I know, an Ordinance has been promulgated by Government to the effect that houses should be made available to the houseless. A Special Officer has been posted to look to that work and he is at it. In the same way the Special Officer here is making preparations to procure houses to those coming down from Cochin. So that then, when all kinds of preparations are on their way, it is not advisable on the part of any hon'ble member to picture the difficulties in greater magnitude. The hon'ble mover of the motion has been preaching with a certain amount of gusto which reasonable men may not agree with. It is not open to any one to blow hot and cold in one breath. He has been picturing all difficulties experienced by persons who have gone from this side to Ernakulam. He has to concede the fact that Cochinites who have come down here had to suffer similar if not more hardships. Especially when the Government are making all sorts of preparations for allaying the difficulties of people who have to migrate to other parts and when the men have adaptability enough to solve the situation, I will say that it is not advisable for

any one to bring forth an adjournment motion of this kind. With these words I oppose the motion.

**Mr. Speaker:** At this stage I think it would be better for the Treasury Bench to acquaint the House of the things done by them in this matter. After that the Hon'ble Members will have their say.

**Sri. C. V. Iyyu:** On a point of information, Sir. Is it a fact that one of the important Government houses in Ernakulam which belonged to the hostel students has been rented out to a lawyer to be used as his residence ? It is a Government building and as such it should revert to Government only. This may be investigated.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, എറണാകുളത്തു ചില ശിപായിമാക്കും, അവരുടെ കുടുംബങ്ങൾക്കും അഡ്വക്കേററന്മാക്കും, ഉണ്ടായിട്ടുള്ള കഷ്ടപ്പാടുകൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തുന്നതിനുവേണ്ടി ശ്രീ. വേലായുധൻനായർ കൊണ്ടുവന്നിട്ടുള്ള ഈ അടിയന്തിരപ്രമേയത്തെപ്പററി വളരെ സഹതാപത്തോടുകൂടിയാണു് ഞാൻ മറുപടി പറയാൻ ഉദ്ദേശിക്കുന്നതു്. ഇങ്ങനെ ഒരു സംഗതിതന്നെയില്ല, എറണാകുളത്തുള്ളവക്കു യാതൊരു കുഴപ്പവുമില്ല, അതുകൊണ്ടു വളരെ അനാവശ്യമായി കൊണ്ടുവന്നിട്ടുള്ള ഒരു കാര്യമാണിതു് എന്നൊന്നുമല്ല ഞാൻ പറയുന്നതു്. എറണാകുളത്തായാലും തിരുവനന്തപുരത്തായാലും സക്കാരിന്റെ ഉദ്യോഗസ്ഥന്മാക്കു വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഈ ഗവമ്മെണ്ടിനു സാധിച്ചിട്ടില്ലെങ്കിൽ അതു് ഈ ഗവമ്മെണ്ടിന്റെ ഒരു ന്യൂനതയാണെന്നും സമ്മതിക്കാതെ തരമില്ല. എന്തെങ്കിലും ന്യൂനത ആ വിഷയത്തിൽ ഗവമ്മെണ്ടു ഭാഗത്തുണ്ടെങ്കിൽതന്നെയും അതു് എറണാകുളത്തായതുകൊണ്ടാണു്, അല്ലെങ്കിൽ തിരുവനന്തപുരത്തായതുകൊണ്ടാണു് എന്നിങ്ങനെ ഒരു ഭേദബുദ്ധിയോടുകൂടി വീക്ഷിക്കുന്നതു് ഒരിക്കലും ശരിയല്ല. തിരുവിതാംകൂറും കൊച്ചിയും കൂടി സംയോജിച്ചു് ഒററരാജ്യമായതിനുശേഷം തിരുവിതാംകൂറുകാർ എന്നും കൊച്ചിക്കാർ എന്നുമുള്ള പ്രാദേശികബുദ്ധിയെ ധ്വനിപ്പിക്കുന്ന വാദപ്രതിവാദഗതി കൊണ്ടുവരുന്നതുതന്നെ അനാവശ്യമാണെന്നുള്ള ശ്രീ. താണുപിള്ളയുടെ അഭിപ്രായത്തോടു ഞാൻപരിപൂണ്ണമായ യോജിക്കുന്നു.

ഇത്രയും പറഞ്ഞശേഷം രണ്ടുവാക്കു് ഈ പ്രമേയത്തെപ്പററി ഞാൻ പറയാൻ ഒരുങ്ങുന്നുണ്ടെങ്കിൽ അതു ബഹുമാനപ്പെട്ട അംഗങ്ങളുടെ കൈവശത്തിൽ ഇല്ലാത്തതും ഗവമ്മെണ്ടിന്റെയും മററു അപൂവ്വം ചിലരുടെയും കൈവശത്തിൽ മാത്രം ഉള്ളതുമായ ചില വിവരങ്ങൾ ഈ സഭയെ അറിയിക്കാമെന്നു മാത്രം ഉദ്ദേശിച്ചാണു്. ശ്രീ. വേലായുധൻനായരുടെ പ്രമേയത്തിൽ പറയുന്നതു തിരുവിതാംകൂറിൽനിന്നും എറണാകുളത്തു ചെന്നിട്ടുള്ള ക്ലാക്കന്മാർ, ശിപായിമാർ, അഡ്വക്കേററന്മാർ, വിദ്യാത്ഥികൾ തുടങ്ങിയവക്കു് എറണാകുളത്തു താമസിക്കുന്നതിനും ആഹാരം കഴിക്കുന്നതിനും യാതൊരു സൌകര്യവും ചെയ്തുകൊടുത്തിട്ടില്ലെന്നാണു്. അവിടെ ഈ വിഷയത്തിൽ ഇനിയും പലതും ചെയ്യാനുണ്ടെന്നാണു് ശ്രീ. വേലായുധൻനായർ പറഞ്ഞതിന്റെ അത്ഥമെന്നു ഞാൻ വിശ്വസിക്കുന്നു. എങ്കിലും 'പറയത്തക്ക യാതൊരു സൌകര്യവും ചെയ്തിട്ടില്ല' എന്നു പറഞ്ഞിരിക്കുന്നതു് അത്ര ശരിയല്ല. ഇതുസംബന്ധിച്ചു് എന്തൊക്കെയാണു് ഗവമ്മെണ്ടു ചെയ്തിട്ടുള്ളതെന്നു് ഈ സഭയെ അറിയിക്കേണ്ടതു് ഗവമ്മെണ്ടിന്റെ ചുമതലയാണെന്നു ഞാൻ വിചാരിക്കുന്നു.

ജൂലായ് ഒന്നാംതിയ്യതി ഐക്യസംസ്ഥാനം സ്ഥാപിച്ചതിനുശേഷം ഈ ഗവമ്മെണ്ടു് ആദ്യമായി ചെയ്തതു് എറണാകുളത്തുള്ള കെട്ടിടങ്ങൾ—ഗവമ്മെണ്ടു കെട്ടിടങ്ങൾ മാത്രമല്ല, ആഫീസർമാരും മററും താമസിച്ചിരുന്ന കെട്ടിടങ്ങൾ അടക്കം—ഗവമ്മെണ്ടു് ഏറെറടുത്തു് ഇങ്ങനെയുള്ളവരുടെ ആവശ്യത്തിനായി വിട്ടുകൊടുക്കുന്നതിനുള്ള ഒരു ആർഡിനൻസു ഉണ്ടാക്കുകയായിരുന്നു. ബഹുമാനപ്പെട്ട മെമ്പറന്മാർ ഈ വസ്തുത പത്രങ്ങൾ മുഖേനയെങ്കിലും ധരിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ അടിയന്തിരമായും നിബ്ബന്ധിതമായും കൈവശപ്പെടുത്തുവാൻ അധികാരപ്പെടുത്തുന്നതായ ഒരു ആർഡിനൻസു് ഉടനെ പുറപ്പെടുവിച്ചു. അതിൻപ്രകാരം ഈ ഗവമ്മെണ്ടു്, വേണ്ടിടത്തോളമെന്നു പറയുന്നില്ലെങ്കിലും, കുറെയൊക്കെ പ്രവത്തിച്ചിട്ടുണ്ടെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

തിരുവനന്തപുരത്തുനിന്നും പ്രാക്ടീസിനുവേണ്ടി പോയിട്ടുള്ള വക്കീലന്മാരിൽ എഴുപതു പേക്കു കെട്ടിടങ്ങൾ കൊടുത്തിട്ടുണ്ടു്. ഇക്കാര്യത്തിൽ, രണ്ടുദിവസത്തിനുമുമ്പു നടത്തിയ അന്വേഷണത്തിന്റെ ഫലമായി, കെട്ടിടത്തിനു് അപേക്ഷകരായി അത്രവളരെപേർ

[Sri. Panampilli Govinda Menon]

ഉണ്ടെന്നു് അറിയുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. ശ്രീ. വേലായുധൻനായർ പറയുന്നതുപോലെ, ഇനിയും ആവശ്യക്കാർ ആരെങ്കിലും ഉണ്ടെങ്കിൽ അവക്കു തക്കതായ കെട്ടിടങ്ങളും മററു സൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുവാൻ ഗവമ്മെണ്ടിനു സാധിക്കും. ഈ സഭയിൽ മെമ്പറന്മാരായിട്ടുള്ള വക്കീലന്മാർ മാത്രമാണു് ഇവിടെ ഇതിനെപ്പററി സംസാരിച്ചതു്. എന്നാൽ ഇവിടെനിന്നും പോയ മററു ചില വക്കീലന്മാർ എന്നോടു പറഞ്ഞതു് അവിടെ ഇക്കാൎയ്യത്തിൽ ചുമതലപ്പെട്ടവർ വളരെ ശുഷ്കാന്തിയോടും ശ്രദ്ധയോടുംകൂടി പ്രവൎത്തിച്ചുവെന്നും, അതുകൊണ്ടു് അവക്കു കെട്ടിടങ്ങൾ കിട്ടുന്നതിനാകട്ടെ, താമസത്തിനാകട്ടെ യാതൊരു അസൌകര്യവും കഴപ്പവും ഉണ്ടായിട്ടില്ലെന്നും ആണു്. അവർ ഇവിടെ സാക്ഷ്യം വഹിക്കാൻ ഇല്ലാതെവന്നതിൽ എനിക്കു ഖേദമുണ്ടു്.

പിന്നെ, ക്ലാക്കന്മാരുടെ കാൎയ്യമാണു്. അവിടെ ഹൈക്കോടതി നടത്തുന്നതു രാം മോഹൻ പാലസിലാണു്. പാലസ് വളപ്പിനകത്തു മുമ്പു് പല ആഫീസുകളും നടത്തിയിരുന്ന കെട്ടിടങ്ങളെല്ലാം ഒഴിപ്പിച്ചു ക്ലാക്കന്മാക്കും ആഫീസർമാക്കും മററും താമസത്തിനായി സൌകര്യപ്പെടുത്തിക്കൊടുത്തിട്ടുണ്ടു്. അവിടെ താമസിക്കുന്നവക്കു്, വിശേഷിച്ചും ക്ലാക്കന്മാക്കു് വാടക കൂടാതെ കെട്ടിടങ്ങൾ കൊടുക്കണമെന്നാണു് പ്രമേയം അവതരിപ്പിച്ച ബഹുമാപ്പെട്ട മെമ്പറിൻെറ ഉദ്ദേശമെങ്കിൽ അതേപ്പററി കൂടുതൽ ആലോചിക്കാതെ, അതിൻെറ ഭവിഷ്യത്തുകളും വരുംവരായ്കകളും ചിന്തിക്കാതെ ഗവമ്മെണ്ടിനു് എന്തെങ്കിലും ചെയ്യാൻ നിവൃത്തിയില്ല.

**Sahib Bahadur A. Abdul Razaak:** Am I to understand that the clerks have now been given quarters in the Ram Mohan Palace?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രാം മോഹൻ പാലസ്സിലല്ല; പാലസ്സ് ഇരിക്കുന്ന പറമ്പിൽ വളരെ അധികം മററു കെട്ടിടങ്ങൾ ഉണ്ടു്. അവിടെയെല്ലാം ഇവക്കു സൌകര്യമുണ്ടാക്കിക്കൊടുത്തിട്ടുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അവിടെ ക്ലാക്കന്മാർ താമസിക്കുന്നുണ്ടോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

അടുത്തതു്, ശിപായിമാരുടെ കാൎയ്യമാണു്. ഹൈക്കോടതിയിലുള്ള ശിപായിമാരെ സെക്രട്ടറിയേററിലേക്കും സെക്രട്ടറിയേററിലെ ശിപായിമാരെ ഹൈക്കോടതിയിലേക്കും മാററണമെന്നു ഗവമ്മെണ്ടു് തീരുമാനിച്ചിട്ടുണ്ടു്. എന്നാൽ ഒരു ചീഫ്ജസ്റ്റീസിൻെറ കീഴിൽ പ്രവൃത്തിയെടുക്കുന്ന ഹൈക്കോടതിയിലെ ശിപായിമാരെ ഒരു ഗവമ്മെണ്ടു് ഉത്തരവുമൂലം എതെങ്കിലും ഡിപ്പാൎട്ടുമെണ്ടിലേക്കോ, ദിക്കുകളിലേക്കോ മാററുന്നപക്ഷം അതു ഗവമ്മെണ്ടിൻെറ പേരിൽ ഒരു വലിയ അപരാധമാകുമെന്നുള്ള ഭയംകൊണ്ടു അങ്ങനെ മാറണമെന്നാഗ്രഹിക്കുന്ന ശിപായിമാർ ചീഫ്ജസ്റ്റീസുമുഖേന അപേക്ഷിക്കുവാൻ അവസരം കാത്തിരിക്കുകയാണു്. ഹൈക്കോടതിയിലേക്കുള്ള ശിപായിമാരെ നിയമിക്കുകയും മാററുകയും ചെയ്യേണ്ടതു ചീഫ്ജസ്റ്റീസാണു്. അതുകൊണ്ടു് അങ്ങനെ ആഗ്രഹമുള്ളവർ ചീഫ്ജസ്റ്റീസിൻെറ അടുക്കൽ നിവേദനം ചെയ്യേണ്ടതാണു്. അങ്ങനെ നിവേദനം ചെയ്യുന്നപക്ഷം തൃപ്തികരമല്ലാത്ത ഒരു തീരുമാനമായിരിക്കും ചീഫ്ജസ്റ്റീസു ചെയ്യുന്നതെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല.

ലാക്കാളേജിനെപ്പററിയും ചില പരാമൎശനങ്ങൾ ഉണ്ടായി. ശ്രീമാൻ വേലായുധൻ നായർ ലാക്കാളേജിനെപ്പററി പറഞ്ഞില്ലെങ്കിലും ശ്രീ. താണുപിള്ള പറയുകയുണ്ടായി. അങ്ങനെ പറയുവാനുള്ള കാരണംതന്നെ എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇന്നു കാലത്തു് എനിക്കു കിട്ടിയ വിവരത്തിൽനിന്നു മനസ്സിലാക്കാൻ സാധിച്ചതു് ൧൦൨ വിദ്യാൎത്ഥികളാണു് അവിടെ എഫ്. എൽ-നും ബി. എൽ-നും കൂടി പണമടച്ചപേക്ഷിച്ചിട്ടുള്ളതെന്നാണു്. അതിൽ, ൯൩ വിദ്യാൎത്ഥികൾക്കു ഹോസ്റ്റലിൽ വേണ്ട ഏൎപ്പാടുചെയ്തു കഴിഞ്ഞിരിക്കുന്നു. ഇനി ൧൦ വിദ്യാർത്ഥികൾ മാത്രമാണുള്ളതു്. അവക്കും ഇനിവരുന്ന മററു വിദ്യാൎത്ഥികൾക്കും വേണ്ട സൗകര്യംചെയ്തു കൊടുക്കുവാൻ തക്കവണ്ണം ആവശ്യമുള്ള കെട്ടിടങ്ങൾ ഗവമ്മെണ്ടു് കൈവശംവെച്ചിട്ടുണ്ടു്. അതുകൊണ്ടു്, ലാക്കാളേജു വിദ്യാൎത്ഥികളുടെ കാൎയ്യത്തിൽ യാതൊരു ഉപേക്ഷയും ഉണ്ടായിട്ടില്ലെന്നു കാണാം. ലാക്കാളേജിൽ എഫ്. എൽ-നു ചേരുവാൻ അഞ്ഞൂറ—അറനൂറു പേർ അപേക്ഷകൾ അയച്ചിരുന്നതായി

കാണുന്നു. ഇത്രയധികം അപേക്ഷകളുണ്ടെങ്കിലും ചേരുന്ന സമയം വളരെ കുറച്ചു വിദ്യാൎത്ഥികൾമാത്രമെ ഉണ്ടായിരിക്കുകയുള്ളുവെന്നും, അതുകൊണ്ടു ചേൎന്നു കഴിയുന്നതിനുമുൻപ് അവൎക്കുവേണ്ട പാൎപ്പിടങ്ങൾ ഉണ്ടാക്കുന്നതു ശരിയല്ലെന്നും പ്രിൻസിപ്പാൾ എന്നെ അറിയിക്കുകയുണ്ടായി. എങ്കിലും മൂന്നു കെട്ടിടങ്ങൾ കാളേജുതുറക്കുന്നതിനു എത്രയോ ദിവസം മുൻപുതന്നെ ഇതിലേക്കായി ഒഴിച്ചു എടുത്തിട്ടുണ്ട്. ഇന്നു കാലത്തു് കിട്ടിയ റിപ്പോൎട്ടനുസരിച്ചു ആറു പേർ ഒഴികെ എല്ലാവൎക്കും സൗകൎയ്യം ലഭിച്ചിട്ടുണ്ടെന്നു എനിക്കു ധൈൎയ്യമായി പറയാൻ കഴിയും.

**Sri. A. Thanu Pillai:** May I know the strength of the Law College this year and that of last year ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മൂന്നു കെട്ടിടങ്ങൾ ഇപ്പോൾ എടുത്തിട്ടുള്ളതിൽ രണ്ടെണ്ണം ലാക്കാളേജിനു നിശ്ചയിച്ചിട്ടുള്ള കെട്ടിടത്തിന്റെ തൊട്ടടുത്തുതന്നെയാണ്. ലാക്കാളേജിനുവേണ്ടി എറണാകുളത്തു് സജ്ജമാക്കപ്പെട്ട കെട്ടിടത്തെപ്പറ്റി ലാക്കാളേജ് പ്രിൻസിപ്പാൾ തിരുവിതാംകൂർ യൂണിവേഴ്സിററിക്കു് അയച്ചിട്ടുള്ള റിപ്പോൎട്ടു നോക്കുന്നതായാൽ ആ കെട്ടിടം ലാക്കാളേജിനു മതിയാകാത്തതല്ലെന്നും നേരെമറിച്ച് സകല സൌകൎയ്യങ്ങളും ഉള്ളതാണെന്നും കാണാവുന്നതാണ്. ഇതിനോടുതൊട്ടടുത്താണ് രണ്ടു കെട്ടിടങ്ങൾ ഹോസ്റ്റലിനായി എടുത്തിട്ടുള്ളതു്. ഹോസ്റ്റലിനുവേണ്ടിഎടുത്തിട്ടുള്ള മൂന്നാമത്തെ കെട്ടിടം ഒരു നാഴിക ദൂരെയാണ്. അവിടെനിന്നു വിദ്യാൎത്ഥികളെ ലാക്കാളേജിലേയ്ക്കു കൊണ്ടുവരുന്നതിനുവേണ്ടി ട്രാൻസ്പോൎട്ടു സൌകൎയ്യങ്ങളും ഗവമ്മെണ്ടു എൎപ്പെടുത്തിയിട്ടുണ്ട്.

ഇനിയും കൂടുതൽ ലാക്കാളേജുവിദ്യാൎത്ഥികൾ വന്നാൽ അവൎക്കും ആവശ്യമുള്ള ഹോസ്റ്റൽ സൌകൎയ്യങ്ങൾ ഉണ്ട്. എന്നാൽ ഇതെല്ലാം ഒരു ഹോട്ടലിൽ ചെന്നാൽ മുൻകൂട്ടി റിസൎവ്വ് ചെയ്താൽ കിട്ടുന്ന വിധത്തിൽ—നിഷ്പ്രയാസം ചെന്ന അന്നുതന്നെ ഒരു വിഷമവും വരാത്തവിധത്തിൽ—ചെയ്തിട്ടുണ്ടെന്ന് ഗവമ്മെണ്ട് അഭിമാനിക്കുന്നില്ല. ഇത്രവലിയ ഒരു കാൎയ്യം—ഇതിനുമുമ്പ് എങ്ങിനെയാണ് നടത്തേണ്ടതു് എന്നു ഒരു മാതൃകയില്ലാത്തതരത്തിലുള്ള ഒരു കാൎയ്യം—അങ്ങനെയുള്ള ഈ സംയോജനക്കാൎയ്യം—അതു് തെററായിരിക്കാം; അല്ലെങ്കിൽ ശരിയായിരിക്കാം. ഏതായാലും അക്കാൎയ്യത്തിൽ ഇപ്പോൾ പ്രവേശിക്കേണ്ടതില്ല. സംയോജനം ഉണ്ടായി. തൽഫലമായി ഉണ്ടാക്കേണ്ട ഏൎപ്പാടുകൾ കഴിയുന്നത്ര വീണ്ടുവിചാരത്തോടുകൂടിത്തന്നെ ഗവമ്മെണ്ട് ചെയ്തിട്ടുണ്ട്. കുറെ കാലതാമസവും ബുദ്ധിമുട്ടുകളും ഉണ്ടായെന്നുവരാം. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ചിദംബരനാഥനാടാർ പറഞ്ഞതുപോലെ അവനവന്റെ നഗരവും അവനന്റെ ഗ്രാമവും വിട്ട് മറെറാരു ദിക്കിൽ പഠിക്കാൻ ചെന്നാൽ ചെന്നു കയറുന്നതു് ഒരുപക്ഷെ വളരെ ഉല്ലാസമുള്ള ഒരു മുറിയിൽ ആയിരിക്കുമെന്നുവരികയില്ല. നാമെല്ലാം പഠിച്ചിട്ടുള്ളവരാണ്. കാളേജിൽ പഠിക്കുന്നതിനു അന്യനാട്ടിൽ പോയിട്ടുള്ളവരാണ്. കുറെ ബുദ്ധിമുട്ടുകളെല്ലാം ഇക്കാൎയ്യത്തിൽ ഉണ്ടാവുകയെന്നുള്ളതു് സൎവ്വസാധാരണമാണ്. എന്നാൽ ഒരു അടിയന്തിരപ്രമേയത്തിനു വിഷയീഭവിക്കത്തക്കവിധത്തിലുള്ള ഗൗരവം ഇതിനു കൊടുക്കുന്നതു് ശരിയല്ലെന്നു് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വേലായുധൻനായരെ അറിയിക്കുവാനും ഈവക കാൎയ്യങ്ങളിൽ എന്തെല്ലാം പ്രതിവിധിചെയ്യാനുണ്ടെങ്കിലും അവയ്ക്കു കുറെയൊക്കെയെങ്കിലും പരിഹാരം ഉണ്ടാക്കുവാൻ ഗവമ്മെണ്ടിനും ഉദ്യോഗസ്ഥന്മാൎക്കും സന്നദ്ധതയുണ്ടെന്നു ഉറപ്പുപറയുവാനും ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. ഇത്രമാത്രമേ ഈ വിഷയത്തെക്കുറിച്ച് എനിക്കു പറയുവാനുള്ളു.

എന്നാൽ ഈ പ്രസംഗങ്ങൾക്കിടയ്ക്കു മററു ചില മൌലിക കാൎയ്യങ്ങളെപ്പററിയും ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രസ്താവിക്കുകയുണ്ടായി. ആ മൌലികകാൎയ്യങ്ങളെക്കുറിച്ച് ഈ അവസരത്തിൽ ഒരു വാദപ്രതിവാദം ചെയ്യുന്നതിനു ഞാൻ ഒരുങ്ങുന്നില്ല. എങ്കിലും ഒരു സംഗതി എനിക്ക് ഇവിടെ പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പട്ടം താണുപിള്ള അവർകൾ, സംയോജനം കഴിഞ്ഞതിനുശേഷം കൊച്ചിയും തിരുവിതാംകൂറും തമ്മിൽ വ്യത്യാസം ഉണ്ടാകരുതെന്നും കൊച്ചിക്കാരെന്നും തിരുവിതാംകൂർകാരെന്നുമുള്ള ബോധം ഉണ്ടാകരുതെന്നും ഒരു രാജ്യമെന്ന ബോധത്തോടുകൂടി പ്രവൎത്തിക്കണമെന്നും പറഞ്ഞപ്പോൾ എനിക്കു ഉണ്ടായ സന്തോഷം, ആ വാദഗതിയോട് അനുസരണമല്ലാത്ത മറെറാരു പ്രസ്താവന ചെയ്തപ്പോൾ എന്റെ ഉള്ളിൽ മങ്ങുകയുംചെയ്തു. അതെന്താണ്?

[Sri. Panampilli Govinda Menon]

ഹൈക്കോടതി തിരുവനന്തപുരത്തുനിന്ന് എന്തിന മാററി എന്ന് അദ്ദേഹം ചോദിച്ചു. സംയോജനത്തിന്റെ അർത്ഥം ശരിയായി മനസ്സിലാക്കിയാൽ, സംയോജനത്തിനശേഷം തിരുവനന്തപുരത്തും എറണാകുളത്തും ഉണ്ടായിരുന്ന ഹൈക്കോടതികൾ അവസാനിപ്പിച്ച് സംയുക്തസംസ്ഥാനത്തിന്റെ ഒരു പുതിയ ഹൈക്കോടതി സ്ഥാപിക്കുകയാണുണ്ടായതു് എന്ന ബോദ്ധ്യമാകും. ഈ വസ്തുത നാം ശരിക്കു മനസ്സിലാക്കണം. അങ്ങിനെ ഒരു പുതിയ സെക്രട്ടറിയററും ഒരു പുതിയ നിയമസഭയും ഒരു പുതിയ ഹൈക്കോടതിയും ഉണ്ടായപ്പോൾ ആ കാലത്തെ ഭരണഭാരം വഹിച്ചിരുന്ന മന്ത്രിമാർക്ക് ചില പരിഗണനകൾ ഉണ്ടായി. അത് കൊച്ചിക്കാരെന്നും തിരുവിതാംകൂർകാരെന്നുമുള്ള പരിഗണനയല്ല. നേരേമറിച്ച് ഇത്ര വലിയ പുതിയ സ്ഥാപനങ്ങൾ നടത്താൻ കൂടുതൽ ചെലവുകൂടാതെ രണ്ടു രാജ്യങ്ങളിലും സംയോജനത്തിന മുൻപുണ്ടായിരുന്ന രണ്ടു ഗവമ്മെണ്ടുകളുടെയും എല്ലാവിധത്തിലുമുള്ള വിഭവങ്ങളെയും, എല്ലാ വിധത്തിലുമുള്ള സൌകര്യങ്ങളേയും ഉപയോഗപ്പെടുത്തി പുതിയ ചെലവുകൾക്കു ഇടയാകാത്തതരത്തിൽ കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകേണ്ട ചുമതല ഇന്നത്തെ ഗവമ്മെണ്ടിനുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. തലസ്ഥാനം തിരുവനന്തപുരത്താക്കിയതോടുകൂടി എറണാകുളത്തും മററു പ്രദേശങ്ങളിലും ഒഴിവായി വന്ന വലിയ കെട്ടിടങ്ങൾ ഗവമ്മെണ്ടിന്റെ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തില്ലെന്നുണ്ടെങ്കിൽ ഈ ഗവമ്മെണ്ടിന്റെ പേരിൽ അനാവശ്യച്ചെലവു മുതലായ ആക്ഷേപങ്ങൾ ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല. തിരുവനന്തപുരത്തുനിന്നും ഹൈക്കോടതിയും ലാക്കാളേജും എറണാകുളത്തേക്കു മാററി സ്ഥാപിച്ചതിനുശേഷവും ഇന്നു തിരുവനന്തപുരത്ത് സർക്കാർ കാര്യങ്ങൾ നടത്താൻ കെട്ടിടങ്ങൾ മതിയാകാതെ വന്നിട്ടുണ്ടെന്നും പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കാൻ ഒരുങ്ങുന്നുണ്ടെന്നും നിങ്ങൾ അറിയേണ്ടതാണ്. അതുകൊണ്ടു് എറണാകുളത്ത് ഹൈക്കോടതി സ്ഥാപിച്ചപ്പോൾ തിരുവനന്തപുരത്തെ ഹൈക്കോടതി മാററുകയല്ലാ ഉണ്ടായത്. ഈ സംയുക്തസംസ്ഥാനത്തിന്റെ ഹൈക്കോടതി എറണാകുളത്തു സ്ഥാപിക്കുകയായിരുന്നു ഗവമ്മെണ്ട് ചെയ്തതു്. ഈ മാററംമൂലം എറണാകുളത്തു ചില കെട്ടിടങ്ങളും തിരുവനന്തപുരത്ത് ധാരാളം കെട്ടിടങ്ങളും ഒഴിഞ്ഞിട്ടുണ്ടു്. അതുപോലെതന്നെ തൃശ്ശിവപേരൂരും മററു പല സ്ഥാനങ്ങളിലും കെട്ടിടങ്ങൾ ഒഴിഞ്ഞിട്ടുണ്ടു്. ഈ കെട്ടിടങ്ങളെല്ലാം ഒരുപോലെ ശരിയായി ചൂഷണം ചെയ്യുകയും ഉപയോഗിക്കുകയും ചെയ്താൽ പുതിയ കെട്ടിടങ്ങൾ കെട്ടുന്നതിനുള്ള വർദ്ധിച്ച ചെലവിൽനിന്നും ഗവമ്മെണ്ടിന് ഒഴിഞ്ഞുനില്ക്കാമെന്നുള്ള ഒരു തീരുമാനമാണ് ഗവമ്മെണ്ടു് എടുത്തതു്. അല്ലാതെ തിരുവനന്തപുരത്തുനിന്നും ഹൈക്കോടതി എറണാകുളത്തേക്കു മാററിയിട്ടില്ല. തിരുവനന്തപുരത്തുണ്ടായിരുന്ന ഹൈക്കോടതിയും എറണാകുളത്തുണ്ടായിരുന്ന ഹൈക്കോടതിയും തിരോധാനം ചെയ്തു് പുതിയ ഹൈക്കോടതി എറണാകുളത്ത് സ്ഥാപിക്കുകയാണുണ്ടായതു്. തന്മൂലം മററു പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് അൽപസ്വല്പമായ വിഷമതകളും ബുദ്ധിമുട്ടുകളും ഉണ്ടാകുമെന്നു സമ്മതിക്കുന്നു. എന്നാൽ ആ ബുദ്ധിമുട്ടുകളേയും വിഷമതകളേയും ഇത്ര വലുതാക്കിക്കാണിക്കുന്നതു് സാഹസമാണെന്നു പറയാതെ തരമില്ല. ഈ മാതിരി ബുദ്ധിമുട്ടുകൾ ഈ മാതിരി സാഹചര്യങ്ങളിൽ സാധാരണ സംഭവിക്കാറുള്ളതാണ്. ഒരു വലിയ കാളേജ് കെട്ടിടം ഉണ്ടാക്കുവാൻ നാം സ്ഥലം എടുക്കുമ്പോൾ ചിലരുടെ കെട്ടിടങ്ങൾ പൊളിച്ചു മാറേണ്ടിവരും. അങ്ങനെ ആവലാതി പറയുന്നവരോടു് ഗവമ്മെണ്ടു് അതു ചെയ്യാതിരിക്കാൻ നിവൃത്തിയില്ലെന്നു പറയേണ്ടിവരും. പക്ഷെ ഗവമ്മെണ്ടു് അവധാനപൂർവ്വം ആലോചിച്ചതിനുശേഷമേ അങ്ങിനെയുള്ള കാര്യങ്ങൾ തീരുമാനിക്കാറുള്ളു. ഈ ഒരു പരമാർത്ഥം വെച്ചുകൊണ്ടു നോക്കുമ്പോൾ, തിരുവിതാംകൂറും കൊച്ചിയും ചേർന്ന് ഒരു സംയുക്തരാജ്യം ഉണ്ടാക്കേണ്ടതു് ആവശ്യമാണെങ്കിൽ അതിനുവേണ്ടി പ്രവർത്തിക്കുമ്പോൾ ചിലർക്കെല്ലാം ചില ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാകും. അതെല്ലാം കാലാന്തരത്തിൽ ഇല്ലാതെയാവുകയും ചെയ്യും. ഇപ്പോഴുള്ള ഈ ബുദ്ധിമുട്ടുകൾ ഒന്നുരണ്ടു മാസത്തേക്കു തുടരാം. അതിന്മേൽ പരാതിയുണ്ടാക്കി ഗവമ്മെണ്ടിനെ ആക്ഷേപിക്കുന്നതു് ശരിയല്ലെന്നാണ് എനിക്കു വിനീതമായി സഭയെ അറിയിക്കുവാനുള്ളതു്. ന്യായമായ എല്ലാ ആക്ഷേപങ്ങൾക്കും മറുപടി പറയുവാൻ ഞങ്ങൾ തയ്യാറാണ്. ശ്രീ വേലായുധൻ നായർ ഈ മാതിരി കാര്യങ്ങൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ അവയ്ക്കു പരിഹാരം ഉണ്ടാക്കുമെന്നുള്ളതിൽ സംശയമില്ല. മൂന്നോ നാലോ മാസം കഴിയുമ്പോൾ ഈ പരാതികളെല്ലാം എല്ലാവരും വിസ്മരി

ക്കുകയില്ലേ എന്നു ഞാൻ ചോദിക്കുന്നു. ശിപായിമാക്കും ക്ലാക്കന്മാക്കും വക്കീലന്മാക്കും അവരുടെ ഗുമസ്തന്മാക്കും താമസത്തിനു നേരിട്ടിട്ടുള്ള ഈ അസൌകര്യങ്ങൾ മൂന്നു നാലു മാസങ്ങൾകൊണ്ടു പരിഹൃതങ്ങളാകും. അവ നാം മറക്കുകയും ചെയ്യും. അതിനാവശ്യമായ സകല ഏർപ്പാടുകളും ഗവമെന്റ് ചെയ്തുകൊണ്ടാണിരിക്കുന്നതു്. ഇങ്ങനെയുള്ള ചെറിയ ചെറിയ കാര്യങ്ങളെ ഇത്ര പ്രമാദമാക്കി കൊണ്ടുവന്നു് അസുഖങ്ങളും അസംതൃപ്തിയും ഉണ്ടാക്കേണ്ടതു് ആവശ്യമാണോ എന്നും ഈ അവസരത്തിൽ ആലോചിക്കേണ്ടതാണു്. ഈ അവസരത്തിൽ അതു് തീർച്ചയായും നിർഭാഗ്യകരമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം.

അവസാനമായി ശ്രീ. വേലായുധൻ നായരോടു് എനിക്കു പറയുവാനുള്ളതു് ഞാൻ പറഞ്ഞിട്ടുള്ള വിവരങ്ങൾ എനിക്കു കിട്ടിയ റിപ്പോർട്ടനുസരിച്ചുള്ളവയാണെന്നാണു്. അവിടെയുള്ള കുഴപ്പങ്ങൾക്കു് ഇനിയും ഉശിരോടുകൂടി പരിഹാരം കണ്ടെത്തേണ്ടതുണ്ടു്. ഉദ്യോഗസ്ഥന്മാർ ഇവയ്ക്കുവേണ്ട പരിഹാരം ഉടൻ ചെയ്യുന്നില്ലെങ്കിൽ അതിൻവേണ്ടി എന്തു ചെയ്യണമോ അതു ഗവമെന്റ നിശ്ചയമായും ചെയ്യുന്നതാണു്. ബഹുമാനപ്പെട്ട മെമ്പർതന്നെ ഈ മാതിരി ഒരു പ്രമേയം കൊണ്ടുവരാതെ ഇന്നു കാലത്തു് ഇതേ സംബന്ധിച്ചു പറഞ്ഞിരുന്നെങ്കിൽ, ഫോൺ വഴിയോ കമ്പിവഴിയോ അന്വേഷിച്ചു് ഉടൻ വേണ്ടതു ചെയ്യുവാൻ ശുഷ്കാന്തിയുള്ളവരാണു് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും മററു മന്ത്രിമാരും. ഈ സംയുക്തസംസ്ഥാനം ഈ മന്ത്രിമാരുണ്ടാക്കിയ കുഴപ്പമാണെന്നു് ശ്രീ. ചിദംബരനാഥ നാടാരും, ശ്രീ പട്ടം താണുപിള്ളയും സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ തീർച്ചയായും അതുമൂലമുണ്ടായിട്ടുള്ള കുഴപ്പത്തിനും ബുദ്ധിമുട്ടുകൾക്കും പരിഹാരമുണ്ടാക്കുവാൻ ഞങ്ങളെക്കാൾ ശുഷ്കാന്തിയുള്ളവർ വേറെ ആരുമുണ്ടായിരിക്കുകയില്ലെന്നാണു് എന്റെ അഭിപ്രായം.

അതുകൊണ്ടു്, ഗവമെന്റിനെ ആക്ഷേപിക്കാൻ ഇതൊരവസരമാക്കാതെ ഇ്വവക കാര്യങ്ങൾ യഥാവസരം ഗവമെന്റിനെ അറിയിച്ചുകഴിഞ്ഞാൽ തീർച്ചയായും അവയ്ക്കു് പരിഹാരം ഉണ്ടാക്കുവാൻ ഗവമെന്റ് ഒരുങ്ങുന്നതാണെന്നു മാത്രമേ എനിക്കു് ഈ വിഷയത്തെക്കുറിച്ചു് പറയുവാനുള്ളു. ഈ പ്രമേയത്തെ ഞാൻ എതിർക്കുകയല്ലാ ചെയ്യുന്നതു്. ഗവമെന്റിനു് വേണ്ട അറിവു് നൽകാനായിട്ടാണു് ഈ പ്രമേയം അവതരിപ്പിച്ചതെന്നു് ഞങ്ങൾ കണക്കാക്കുന്നു. അങ്ങനെയുള്ള സ്ഥിതിക്കു് ഈ പ്രമേയം ബഹുമാനപ്പെട്ട മെമ്പർ പ്രസ്സു് ചെയ്യുകയില്ലെന്നു് വിശ്വസിക്കുകയും കുഴപ്പം ചൂണ്ടിക്കാണിക്കുവാനുള്ള ഒരവസരമായി അതിനെ വിനിയോഗിക്കണമെന്നു് വിനീതമായി അപേക്ഷിക്കുകയും മാത്രമാണു് ഗവമെന്റിനുവേണ്ടി എനിക്കു് ചെയ്യുവാനുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ക്ലാർക്കന്മാർക്കു് താമസിക്കാൻ കൊടുത്തിരിക്കുന്നതു് ഇടയ്ക്കു് ഭിത്തികളില്ലാത്ത വെറും നടപ്പുര മാത്രമാണെന്നും അല്ലാതെ മററൊന്നും ചെയ്തിട്ടില്ലെന്നും ആണു് ഇന്നലെ ഉച്ചയ്ക്കു് രണ്ടരമണിവരെയുള്ള എന്റെ അറിവു്.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല എന്റെ ധാരണ. അങ്ങനെയാണെങ്കിൽ അതേപ്പററി അന്വേഷിക്കുന്നതാണു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇന്നലെ ഉച്ചയ്ക്കു് രണ്ടര മണിവരെ അങ്ങനെയായിരുന്നു. കൂടാതെ, ചീഫ്ജസ്റ്റിസ്സിനു് ശിപായിമാരെയും ക്ലാർക്കന്മാരെയും മാററുവാൻ അധികാരമില്ല. ചീഫ് ജസ്റ്റിസ് മുഖാന്തിരം അവർ സ്ഥലം മാററത്തിനു് അപേക്ഷിച്ചാൽ അതനുവദിക്കാൻ ഗവമെന്റ് തയാറാണോ എന്നറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവമെന്റും ചീഫ് ജസ്റ്റിസും കൂടി ആലോചിച്ചു് ചെയ്യേണ്ട കാര്യമാണു് അതു്. ചീഫ് ജസ്റ്റിസും ഗവമെന്റ് ചീഫ് സെക്രട്ടറിയും കൂടിയാലോചിച്ചു് ഇക്കാര്യത്തിൽ വേണ്ടതു് ചെയ്യുന്നതാണു്.

മി. സ്പീക്കർ: ഗവമെന്റ് ഭാഗത്തുനിന്നും നൽകിയിട്ടുള്ള വിശദീകരണത്തെയും പ്രസ്താവനയെയും അടിസ്ഥാനമാക്കി ഈ പ്രമേയം ബഹുമാനപ്പെട്ട മെംബർ പ്രസ്സ് ചെയ്യുന്നുവോ ഇല്ലയോ എന്നറിഞ്ഞതിനു് ശേഷം വാദപ്രതിവാദം തുടരാം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അപ്പോൾ ഇതേക്കുറിച്ചു് കൂടുതൽ വാദപ്രതിവാദത്തിനവകാശമില്ല.

**Sri. C. V. Iyyu :** May I know whether the permission of the house is not necessary to withdraw the motion.

മി. സ്പീക്കർ: പ്രസ്സ് ചെയ്യുന്നില്ലെന്നാണ് പറയുന്നത്.

ശ്രീ. എ. താണുപിള്ള: അതു രണ്ടും തമ്മിൽ വ്യത്യാസം ഇല്ല.

മി. സ്പീക്കർ: അതിന് സഭയുടെ അനുവാദം വേണമെന്ന് തോന്നുന്നില്ല.

**Sir. Mannar Gopalan Nair :** May I know the ruling of the Chair?

മി. സ്പീക്കർ: സഭയുടെ അനുവാദമില്ലാതെ തന്നെ പിൻവലിച്ചതിൽ തെററില്ല. പ്രസ്സുചെയ്യുന്നില്ലെന്നു പറയുന്നതും പിൻവലിക്കുന്നതും ഒന്നുതന്നെയാണ്.

**Counting of votes regarding the election of the Deputy Speaker**

ഇനി വോട്ടുകൾ ബാലട്ടുപെട്ടിയിൽ നിന്നെടുത്ത് എണ്ണുന്നതാണ്. സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം ചെയ്തവർക്ക് വോട്ട് എണ്ണുന്നത് പരിശോധിക്കാം.

(Counting of votes then proceeded.)

മി. സ്പീക്കർ: വോട്ടുകൾ എണ്ണിക്കഴിഞ്ഞു. അതിന്റെ ഫലം ഇതാണ്. ശ്രീ. കൊച്ചുകുട്ടന് ൫൫ വോട്ടും ശ്രീ. പൊന്നയ്യയ്ക്ക് ൪൦ വോട്ടും ലഭിച്ചിരിക്കുന്നു. ഒരു വോട്ട് അസാധുവായിപ്പോയി. അതുകൊണ്ട് ശ്രീ. കൊച്ചുകുട്ടനെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും ആഗസ്റ്റ് പത്താം തീയതി പതിനൊന്നുമണിക്ക് വീണ്ടും കൂടുന്നതുമാണ്.

The House adjourned at 5-45 p. m. to meet again at 11 a. m. on Wednesday, the 10th August 1949.

V. KRISHNAMOORTHI AYYAR,
*Secretary to the Legislative Assembly.*

# PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

**First Session—1949/1124**

**Wednesday,** *the* *10th August 1949 / 26th Karkadagam 1124*

**Vol. I]** **OFFICIAL REPORT** **[No. 3**

The Assembly met in the Legislative Chamber, Public Offices, Trivandrum, at Eleven of the Clock on Wednesday the 10th August 1949/26th Karkadagam 1124 with the Speaker (the Hon'ble Sri. T. M. Varghese) in the Chair.

## OATH OF OFFICE

Sri. O. T. Inasu took the oath and signed the rolls.

## QUESTIONS & ANSWERS

### Oral Answers

#### RAILWAY LINE FROM QUILON TO ERNAKULAM

*26. **Sri. K. W. Muralidhara Marar:** Will the Government be pleased to state.—

(*a*) whether any representation have been made to the Central Government for the extension of the railway line from Quilon to Ernakulam; and

(*b*) if not will the Government be pleased to move in this matter?

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

**Mr. Speakar:** I called the member to put his question and answer is being given.

**The Hon'ble Sri. E. John Philipose:** (*a*) No formal representation has yet been made by this new Union Government.

(*b*) Yes, certainly.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: സർ, പോയിന്റ് ഓഫ് ഓർഡർ എതുസമയത്തും ചോദിക്കാൻ പാടില്ലേ?

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഏതവസരത്തിലും ചോദിക്കാവുന്നതാണ്. എന്നാൽ ചോദ്യം ഒരാൾ ചോദിച്ചുകഴിഞ്ഞ് ഉത്തരം പറയാനായി എഴുന്നേൽക്കുമ്പോൾ ഉത്തരം പൂർത്തിയാക്കുന്നതിനു സൌകര്യം കിട്ടുന്നതിനു മുമ്പായി ചോദിക്കാതിരിക്കുന്നതാണ് ഉത്തമം. ചോദിച്ച ചോദ്യത്തെ ബന്ധിക്കുന്നതല്ല പോയിന്റ് ഓഫ് ഓർഡർ എങ്കിൽ തുടങ്ങിയ ഉത്തരം പൂർത്തിയാക്കുന്നതിനു അനുവദിക്കുന്നതു നന്നായിരിക്കുമെന്നേ ഉള്ളൂ.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, Hypothetical ആയി ചോദിക്കാമോ?

മി. സ്പീക്കർ: പാടില്ല.

#### EXPRESS BUS SERVICE

*2 . **Sri. K. W. Muralidhara Marar:** Will the Government be pleased to state why the Express bus services run between Quilon and Alleppey by State Transport Department were given up?

**The Hon'ble Sri. E. John Philipose:** The express bus service was not stopped. There was only a reduction of services.

**Sahib Bahadur A. Abdul Razak:** Are there such express buses now plying between Quilon and Alleppey?

**The Hon'ble Sri. E. John Philipose:** There are express services from Trivandrum to Alleppey.

ശ്രീ. പി. ടി. ചാക്കൊ: മുൻപ് കൊല്ലത്തുനിന്നും ആലപ്പുഴക്ക് എക്സ്പ്രസ്സ് ബസ്സ് സർവ്വീസ് ഉണ്ടായിരുന്നോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഉണ്ടായിരുന്നു.

ശ്രീ. പി. ടി ചാക്കൊ: അതു് നിറുത്തിയതു് എന്തുകൊണ്ടാണു്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: കായംകുളത്തുനിന്നും പുനലൂരിലേക്ക് എക്സ്പ്രസ് സർവ്വീസ് തുടങ്ങിയതുകൊണ്ടു് കൊല്ലം ആലപ്പുഴ സർവ്വീസ് നിറുത്തേണ്ടിവന്നു.

ശ്രീ. പി. ടി. ചാക്കൊ: കായംകുളം പുനലൂർ ലൈനിൽ വേറെയും ബസ്സുകൾ ഓടുന്നുണ്ടായിരുന്നോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഉണ്ടായിരുന്നു.

ശ്രീ. പി. ടി. ചാക്കൊ: കൊല്ലം ആലപ്പുഴ ലൈൻ Monopolise ചെയ്യണമെന്നു തീർച്ചപ്പെടുത്തിക്കഴിഞ്ഞിട്ടാണോ ആലപ്പുഴ കൊല്ലം എക്സ്പ്രസ്സ് സർവ്വീസ് പിൻവലിച്ചതു്?

**The Hon'ble Sri. E. John Philipose:** Yes.

**Sahib Bahadur A. Abdul Razak:** Was it not on account of the pressure exerted by the M. S. M. Service.

**The Hon'ble Sri. E. John Philipose:** No. It is an absurd insinuation.

ശ്രീ. പി. സി. ആദിച്ചൻ: കായംകുളം പുനലൂർ എക്സ്പ്രസ്സിൽ നാലൊ അഞ്ചോ പേർമാത്രമേ സഞ്ചരിക്കാറുള്ളു എന്നു് അറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു ശരിയല്ല.

ശ്രീ. മാന്നാർ ഗോപാലൻ നായർ: Absurd എന്ന പദം പാർലിമെൻററിപ്രയോഗമാണോ?

മി. സ്പീക്കർ: ആ പദപ്രയോഗം പാടില്ല.

ശ്രീ മന്നാർ ഗോപാലൻ നായർ: കൊല്ലം ആലപ്പുഴ ലൈനിൽ എക്സ്പ്രസ്സ് സർവ്വീസ് ആവശ്യമാണെന്നു് തോന്നുന്നോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു് ഇപ്പോഴും ഉണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൊല്ലം ആലപ്പുഴ ലൈനിൽ എക്സ്പ്രസ്സ് സർവ്വീസ മുൻപു് ഉണ്ടായിരുന്നോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഉണ്ടായിരുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: എത്ര എണ്ണം?

ബഹു. ശ്രീ. ഇ: ജോൺ ഫിലിപ്പോസ്: രണ്ടു്. തിരുവനന്തപുരം-ആലപ്പുഴ ഉൾപ്പെടെ ആറു്.

**Sri. A. Thanu Pillai:** How many express buses were running and how many were withdrawn?

**The Hon'ble Sri. E. John Philipose:** I think two Express buses were running from Quilon to Alleppey, and four Express buses from Trivandrum to Alleppey. The two Express buses running from Quilon to Alleppey have been withdrawn and put in the Kayamcolam-Punalur service.

### INCOME-TAX OFFICER

***23. Sri. D. Gnanasigamony:** Will the Hon'ble Minister for Income-tax be pleased to state.—

(*a*) whether Mr. J. Samuel is the seniormost first grade Income-tax Officer in the Income-tax Department;

(*b*) whether he has acted as Inspecting Assistant Commissioner of Income-tax in the year 1123?

(*c*) the period for which he acted as such officer ;
(*d*) whether his claims were overlooked ; and
(*e*) if so, the reasons that led to the temporary supersession of his claims in favour of his junior Mr. A. J. Thomas ?

**The Hon'ble Sri. A. J. John :**
(*a*) Yes.
(*b*) Yes.
(*c*) About three months.
(*d*) & (*e*) Pending enquiry into the allegations regarding his work and conduct, he was temporarily superseded.

**Sri. D. Gnanasigamony :** Have the Government received any complaint that Mr. A. J. Thomas is unfit ?

**The Hon'ble Sri. A. J. John:** No. Not to my knowledge.

**Sri. A. Nesamony :** Is there any file relating to the matter and what is the action taken by the Government ?

**The Hon'ble Sri. A. J. John :** At present no such file is with me.

**Sri. K. Sivarama Pillai :** So far as the report regarding Mr. J. Samuel, has it been sent to the Income-tax Commissioner.

**The Hon'ble Sri. A. J. John :** Certain anonymous petitions have been received regarding his work. There it is said that there were certain irregularities on the part of Mr. Samuel. These petitions were sent to the Income-tax Commissioner for enquiry. The report of the Inspecting Assistant Commissioner about the work of this officer was also forwarded to the Income-tax Commissioner to get the explanation of Mr. Samuel.

***Sri. D. Gnanasigamony :** Are the Government aware that supersession is an act of corruption on the part of the Government?

**The Hon'ble Sri. A. J. John :** No.

**Sri. Chellaswamy Nadar :** Was it bacause he was a Tamilian that his claims were superseded ?

**The Hon'ble Sri. A. J. John :** No. Only after getting his explanation his case will be considered.

**Sri. A. Chidambaranatha Nadar :** Is Mr. A. J. Thomas a close relative of the Hon'ble Minister ?

സാഹിബ്ബ് ബഹദൂർ അബ്ദുൽ അസീസ്: മിസ്റ്റർ ജെ. സാമുവൽ എന്ന ഉദ്യോഗസ്ഥന്റെ പേരിൽ മാത്രമെ ഇങ്ങനെയുള്ള നടപടികൾ എടുത്തിട്ടുള്ളൊ?

ബഹു. ശ്രീ. എ. ജെ. ജോൺ: വേറെയും ഉദ്യോഗസ്ഥന്മാരുടെ പേരിൽ എടുത്തിട്ടുണ്ട്.

സാഹിബ്ബ് ബഹദൂർ അബ്ദുൽ അസീസ്: അതിൽ തമിഴ് കോൺഗ്രസ്സുകാർ എന്നോ മലയാളികൾ എന്നോ ഉള്ള വ്യത്യാസം നോക്കാറുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഇല്ല.

സാഹിബ്ബ് ബഹദൂർ അബ്ദുൽ അസീസ്: തമിഴനാണെന്നുള്ള കാരണംകൊണ്ടുമാത്രം ഒരാളിന്റെ പേരിൽ നടപടി എടുക്കാറുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഇല്ല.

**Sri. A. Thanu Pillai :** May I know whether the Government will place the matter before the Public Service Commission ?

**The Hon'ble Sri. A. J. John :** No. Government will pass final orders after getting explanation from the officer concerned.

**Sri. A. Thanu Pillai:** Is there any condemnation about the step taken by the Government ?

**The Hon'ble Sri. A. J. John :** There is no condemnation at all.

**Sri. A. Thanu Pillai :** I understand it from here.

**Sri D. Gnanasigamony :** Am I to understand that no explanation has been received upto this moment ?

**The Hon'ble Sri. A. J. John:** No explanation has been received till now.

സാഹിബ്ബ് ബഹദൂർ അബ്ദുൽ അസീസ്: തുടരെ ഒരു പത്തു ചോദ്യം ചോദിച്ചാൽ അതു് Condemnation ആകുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഇല്ല.

## NATIONAL BALANCED DIET

*29. **Sri. M. I. Paul:** Will the Government be pleased to state.—

(*a*) whether the Government have any idea to work out a table of national balanced diet keeping in view the availability of food stuffs in the State ; and

(*b*) if so, how ?

**The Hon'ble Sri. T. K. Narayana Pillai :**

(*a*) Model schedules of balanced diet for both vegetarians and non-vegetarians of the middle and labour classes making use of available foodstuffs in the State were worked out by the Public Health Laboratory.

(*b*) Details of the quantities of each item of the foodstuffs consisting the balanced diet are given below.

### BALANCED DIET FOR A MIDDLE CLASSES ADULT MALE

| *Foodstuffs* | *Vegetarian* | *Non-vegetarian* |
|---|---|---|
| Cereals .. .. | 10 | 10 |
| Millets .. .. | 5 | 5 |
| Pulses including black-gram, green-gram, Dhall, etc. .. | 5 | 3 |
| Green leafy vegetables .. .. | 2 | 4 |
| Non-leafy vegetables .. .. | 6 | 6 |
| Fats and oils .. .. | 2 | 2 |
| Fruits including plantains, mangoes, etc. .. | 2 | 2 |
| Fish, etc. .. .. .. | Nil | 6 |

### BALANCED DIET FOR AN ADULT MALE LABOURER

| | | |
|---|---|---|
| Cereals .. .. .. | 10 | 10 |
| Pulses .. .. .. | 5 | 2 |
| Green-leafy vegetables .. .. | 3 | 3 |
| Fruit vegetables .. .. | 16 | 16 |
| Other vegetables .. .. | 4 | 4 |
| Cocoanut .. .. .. | 2 | 2 |
| Fats .. .. .. | 1 | 1 |
| Wheat .. .. .. | 2 | 2 |
| Fish, etc. .. .. .. | 0 | 4 |

**Sri. P. K. Dewer :** May I know the cost of the diet per day ?

**The Hon'ble Sri. T. K. Narayana Pillai :** I am sorry, I do not know.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഈ പട്ടിക മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

ബഹു ശ്രീ ടി. കെ. നാരായണപിള്ള: പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. വർഗ്ഗീസ്സ് അഗസ്റ്റിൻ: ഇതനുസരിച്ചുള്ള ആഹാരം ആവശ്യമാണെന്ന് കാണുന്നുണ്ടോ?

ബഹു. ശ്രീ ടി. കെ. നാരായണപിള്ള: അങ്ങനെ കണ്ടതുകൊണ്ടാണ് ഇങ്ങനെ ഒരു പട്ടിക തയ്യാറാക്കിയിട്ടുള്ളതെന്നു ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതു.

ശ്രീ വർഗ്ഗീസ്സ് അഗസ്റ്റിൻ: മന്ത്രിമാർ ഇതനുസരിച്ച് ആഹാരം കഴിക്കുന്നുണ്ടോ?

ബഹു. ശ്രീ ടി. കെ. നാരായണപിള്ള: ഈ പട്ടിക ഒരു ഡോക്ടർ തയ്യാറാക്കിയതാണ്. അദ്ദേഹം ഇതനുസരിച്ച് കഴിക്കുന്നുണ്ടോ എന്ന് അറിഞ്ഞുകൂടാ.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ക്വസ്റ്റ്യൻ ചോദിക്കുമ്പോഴും മററും പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻ പാടില്ലെന്ന് മുമ്പ് പറഞ്ഞു. എന്നാൽ ഏതു സമയത്തും പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാമെന്നാണ് റൂളിൽ ഉള്ളത്.

മി. സ്പീക്കർ: ഒന്നാമത്തു മെമ്പർ ഉദ്ദേശിക്കുന്ന അർത്ഥമല്ല മുമ്പ് കൊടുത്ത റൂളിംഗിനുള്ളത്. കൊടുത്ത റൂളിംഗിനെ ചോദ്യം ചെയ്യത്തക്കതുമല്ല.

ശ്രീ. എം. ഐ. പോൾ: മരച്ചീനി നല്ല ഭക്ഷണസാധനമാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയാണെന്ന് തോന്നുന്നില്ല.

ശ്രീ. എം. ഐ. പോൾ: മരച്ചീനി എക്സ്പോർട്ട് ചെയ്യാനുള്ള ആലോചനയുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇത് ഈ ചോദ്യത്തിൽനിന്നും വരുന്ന ഉപചോദ്യമാണെങ്കിൽ പറയാം. ചോദ്യം Balanced diet-നെക്കുറിച്ചാണ്. ഏതായാലും അങ്ങനെ ആലോചിച്ചിട്ടില്ല.

**Sri D. Gnanasigamony:** Have the Government any idea of putting this into effect?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ: ഇതനുസരിച്ച് ആളുകൾ ഭക്ഷണം കഴിക്കണമെന്ന് വല്ല പ്രസിദ്ധീകരണങ്ങളും ഗവൺമെണ്ടിൽനിന്നും ഉണ്ടായിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

## RAILWAY FROM QUILON TO CALICUT

***30. Sri. M. I. Paul:** Will the Government be pleased to state.—

(*a*) whether the Government have any idea to open a railway line from Quilon to Calicut; and

(*b*) if so, when?

**The Hon'ble Sri. E. John Philipose:**

(*a*) Action is being taken with regard to the opening of a Railway line between Quilon and Ernakulam; and there is already a Railway line from Ernakulam to Calicut.

(*b*) Does not arise in view of the answer to the sub-Division (*a*).

**Sri. P. K. Dewer:** May I know whether a survey has not been conducted some years ago regarding this line?

**The Hon'ble Sri. E. John Philipose:** A survey has been conducted some years ago in Travancore but at present the whole matter is before the Railway Ministry of the Government of India.

**Sri. P. K. Dewer:** What happened to the former proposal of connecting Quilon and Alwaye?

**The Hon'ble Sri. E. John Philipose:** That proposal is also in the file, copies of which have been sent to the Government of India.

**Sri. P. K. Dewer:** May I know whether it is not now a Central subject?

**The Hon'ble Sri. E. John Philipose:** Yes.

**Sri. P. K. Dewer:** Has it not been decided that Quilon is the point where it should be linked?

**The Hon'ble Sri. E. John Philipose:** That depends upon the survey by the Government of India.

**Sri. K. K. Chellappan Pillai:** Has any decision as regards the route been arrived at by this Government?

**The Hon'ble Sri. E. John Philipose:** It is not for this Government to decide, but for the Government of India. I think that Government of India will take up this matter as early as possible.

**Sri. A. Thanu Pillai:** May I know whether this Government has arrived at any decision in regard to the line required by us?

**The Hon'ble Sri. E. John Philipose:** Whichever line is more acceptable to the Government of India will also be accepted by this Government.

**Sri. A. Thanu Pillai:** I wish to know whether this Government will not use their discretion and influence the Government of India as to the particular line to be adopted.

**The Hon'ble Sri. E. John Philipose:** This Government will place all the facts before the Government of India and leave the choice to them.

**Sri. A. Thanu Pillai:** If the Government have no decision on this matter, will it be placed before this House for their views?

**The Hon'ble Sri. E. John Philipose:** I think it is not possible.

ആശുപത്രി നഴ്സുമാർ

*31. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ആശുപത്രി നഴ്സുമാർക്ക് വിവാഹംചെയ്യാൻ പാടില്ല എന്ന നിയമം ഭേദപ്പെടുത്തുവാൻ ആലോചനയുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. കാര്യക്ഷമതയെ പരിഗണിച്ചു നിലവിലുള്ള നിയമം ഭേദഗതിചെയ്യുന്നതു് ആശാസ്യമല്ലെന്നാണ് ഗവമ്മെണ്ടു വിചാരിക്കുന്നതു്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: കാര്യക്ഷമതക്കു വിവാഹംകൊണ്ടുള്ള തടസ്സമെന്താണു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കാര്യക്ഷമതയെ പരിഗണിച്ചു നിലവിലുള്ള നിയമം ഭേദഗതിചെയ്യുന്നതു് ആശാസ്യമല്ലെന്നാണ് ഉത്തരം.

ശ്രീ. മാന്നാർ ഗോപാലൻ നായർ: വിവാഹം കഴിച്ചിട്ടുള്ളവർക്കു കാര്യക്ഷമത കുറയുമെന്നാണോ ഗവമ്മെണ്ടിന്റെ അഭിപ്രായം?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: നഴ്സുകളെ സംബന്ധിച്ചിടത്തോളം അങ്ങിനെയാണെന്നാണ് ഗവമ്മെണ്ടിന്റെയും അതുസംബന്ധിച്ചു് അന്വേഷണം നടത്തിയ വിദഗ്ദ്ധകമ്മിററിയുടെയും അഭിപ്രായം.

ശ്രീ. പി. നാണു: വിവാഹംചെയ്യാൻ അനുവദിക്കുകയും പ്രസവിക്കരുതെന്നു് ഏർപ്പാടുചെയ്യുകയും ചെയ്താൽ പോരേ?

മി. സ്പീക്കർ: അതിന്നു് ഉത്തരം പറയേണ്ടതില്ല.

**Sri. A.Thanu Pillai:** I wish to know whether it is not the policy of Government to allow women to take part in national activities consistent with their normal life?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ ചോദ്യം നഴ്സുകളെ സംബന്ധിച്ചു മാത്രമായിട്ടുള്ളതല്ല. സ്ത്രീകളെ നാഷണൽ ആക്റ്റിവിററീസിൽ പങ്കെടുക്കാൻ അനുവദിക്കുന്നതിനു ഗവമ്മെണ്ടു യാതൊരു പ്രതിബന്ധങ്ങളും ഉണ്ടാക്കിയിട്ടില്ല.

**Sri. A. Thanu Pillai:** My question is, consistently with the policy of Government will they allow nurses to have their normal ways of living?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അവരുടെ normal ways എന്താണെന്നു് എനിക്കു നല്ലവണ്ണം അറിഞ്ഞുകൂടാ.

ശ്രീ. എ. താണുപിള്ള: അതു പഠിക്കേണ്ടതാണു്.

ബഹു ശ്രീ. ടി. കെ. നാരായണപിള്ള: പഠിക്കണമെന്നു് എനിക്കും ആഗ്രഹമുണ്ട്. അതിന്നൊരു ഗുരുവിനെ അന്വേഷിച്ചുകൊണ്ടിരിക്കുകയുമാണു്.

**Mr. Speaker:** This kind of altercation between the Hon'ble Members will not be permitted. I have already informed the House that questions have to be put through the Speaker.

**Sri. D. Gnanasigamony:** Are there not nurses in service who are married?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല.

സാഹിബ്ബഹദൂർ അബ്ദുൽ അസീസ്: ആശുപത്രികളിൽ നഴ്സുകളായി പുരുഷന്മാരും ഇല്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്: അവർക്ക് വിവാഹം ചെയ്യാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ചെയ്യാമെന്നാണ് ഇപ്പോഴത്തെ റൂൾ.

ശ്രീ. പി. ടി. ചാക്കോ: വിവാഹം ചെയ്യാൻ പാടില്ലെന്നു നിയമമുണ്ടെന്നു പറഞ്ഞു. പ്രസവിക്കാനും പാടില്ലെന്നു നിയമമുണ്ടോ? (ചിരി)

ശ്രീ. പി. കെ. ഡീവർ: നഴ്സുകൾ കല്യാണം കഴിക്കാൻ പാടില്ലെന്നുള്ള നിയമം ഈ ഗവൺമെണ്ടിൽ മാത്രമുള്ളതാണോ വേറെ ഗവൺമെന്റുകളിലും ഉണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മററു ഗവൺമെന്റുകളിൽ ഉണ്ടോ എന്നു നിശ്ചയമില്ല. ഏതായാലും ഇവിടെ ൧൯൪൬-ൽ നിയമിക്കപ്പെട്ട ഒരു വിദഗ്ദ്ധകമ്മിററിയുടെ ശുപാർശയനുസരിച്ചാണ് ഈ നിയമം ഏർപ്പെടുത്തിയിട്ടുള്ളതു്.

ശ്രീ. പി. കെ. ഡീവർ: ഇൻഡ്യയിലെ മററു പ്രോവിൻസുകളെ സംബന്ധിച്ചിടത്തോളം ഈ നിയമം എങ്ങിനെ നടപ്പിലിരിക്കുന്നുവെന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ. അതിനെപ്പററി അന്വേഷിക്കാം.

**Sri. A. Nesamony**; Will Government make their rule in consonance with the rule obtaining in the Indian Dominion?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി പര്യാലോചിക്കാവുന്നതാണ്.

***32***

## RENT CONTROL

***33. Sri. V. K. Varughese**: Will the Hon'ble Minister in charge of Rent Control be pleased to say.—

(*a*) whether the Government intend to include the town of Pathanamthitta within the operation of the Rent Control Act, and

(*b*) if not, will the Government be pleased to consider this question?

**The Hon'ble Sri. E. John Philipose**:

(*a*) The Government have no such intention at present.

(*b*) Yes.

**Sri. V. K. Varughese**: May I know whether any complaint has been received?

**The Hon'ble Sri. E. John Philipose**: No complaint has been received here regarding the demand for high rent in Pathanamthitta. When such complaints are received Government will be prepared to consider the question of extending the Act.

## LIFT IRRIGATION IN PATHANAMTHITTA

***34. Sri. V. K. Varughese**: Will the Hon'ble Minister for Agriculture be pleased to state whether any scheme of Lift Irrigation is sanctioned for Central Travancore, especially for Pathanamthitta Taluk and if not, will the Government consider of starting Lift Irrigation schemes in Pathanamthitta Taluk?

**Hon'ble Sri. E. Ikkanda Warrier**: Lift Irrigation schemes for the Pamba river sides between Aranmula and Parumala, Paral punja in Central Travancore and Eraviperur and Muzhavangad punja in Thiruvella have been sanctioned in Central Travancore. No scheme of Lift Irrigation specially for Pathanamthitta Taluk has been sanctioned. This will be considered.

ശ്രീ. വി. കെ. വറുഗീസ്സ്: ആരുടെ ശുപാർശ അനുസരിച്ചാണ് ഇങ്ങനെയുള്ള സ്കീമുകൾ അനുവദിക്കുന്നതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: സ്കീമുകൾ വിദഗ്ദ്ധന്മാരെക്കൊണ്ട് പരിശോധിപ്പിച്ച് പ്രായോഗികമാണെന്നു ഗവൺമെൻറിനു ബോദ്ധ്യപ്പെടുന്നവയാണ് സ്വീകരിക്കുന്നതു്.

ശ്രീ. വി. കെ. വറുഗീസ്സ്: വൈദഗ്ദ്ധ്യമുള്ള ആളുകൾ എന്നു പറഞ്ഞതു് ആരാണെന്നു പറയാമോ?

* This question was not put by the member.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ലിഫ്റ്റ ഇറിഗേഷൻ ഇഞ്ചിനീയർ, ഇലക്ട്രിക്കൽ ഇഞ്ചിനീയർ, അഗ്രിക്കൾച്ചറൽ ഡയറക്ടർ എന്നീ ഉദ്യോഗസ്ഥന്മാരുടെ ശുപാർശ അനുസരിച്ചാണ് സ്കീമുകൾ സ്വീകരിക്കുന്നതു്.

ശ്രീ. കെ. എ. മാത്യു: പത്തനംതിട്ട താലൂക്കിലേക്കുള്ള പദ്ധതി അനുവദിച്ചതെന്നാണെന്നു പറയാമൊ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതിനു നോട്ടീസില്ലാതെ ഉത്തരം പറയാൻ സാദ്ധ്യമല്ല.

ശ്രീ. കെ. എ. മാത്യു: ഉദ്ദേശമായിട്ടെങ്കിലും പറയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അടുത്തുതന്നെയാണ് അനുവദിച്ചിട്ടുള്ളതെന്നറിയാം. ഉടനെതന്നെ ജോലികൾ ആരംഭിക്കുന്നതിനുള്ള നടപടികളും നടത്തുന്നുണ്ടു്.

ശ്രീ. എസ്സ്. കുട്ടൻ: മേൽപറഞ്ഞ മൂന്നു ഉദ്യോഗസ്ഥന്മാരും പരിശോധിച്ചു് ശുപാർശ ചെയ്യണമെന്നുണ്ടോ? അതോ ഇതിലേതെങ്കിലും ഒരാളൊ രണ്ടാളോ ശുപാർശചെയ്താലും മതിയോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: പ്രായോഗികമായ പദ്ധതിയാണെങ്കിൽ ഇതിൽ ആരെങ്കിലും ഒരാൾ ശുപാർശചെയ്താലും സ്വീകരിക്കുന്നതാണ്. പ്രായോഗികമാണോ എന്നു നോക്കിയാണ് ഗവമ്മെൻറ് എപ്പോഴും പദ്ധതികൾ അനുവദിക്കുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ലിഫ്റ്റ ഇറിഗേഷൻ പദ്ധതികളെക്കുറിച്ചു് അന്വേഷണം നടത്തുന്നതിനു തിരുവിതാംകൂറിൽ ഒരു കമ്മിററിയുണ്ടോ? ആ കമ്മിററിയുടെ അന്വേഷണത്തിനുശേഷം ആണോ ഈ പദ്ധതികൾ ഗവമ്മെൻറ സ്വീകരിച്ചിട്ടുള്ളതു്. അതോ ജനങ്ങളുടെ അപേക്ഷകൾ അനുസരിച്ചാണോ പദ്ധതികൾ സ്വീകരിക്കുന്നതു്.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: പലവിധത്തിലും ചെയ്യാറുണ്ടു്. ആളുകളുടെ അഭിപ്രായം അനുസരിച്ചും പരിശോധനയിൽ ഗവമ്മെൻറിനു പ്രായോഗികമാണെന്നു ബോദ്ധ്യപ്പെടുന്നതനുസരിച്ചും സ്വീകരിക്കാറുണ്ടു്. വേറെയും ചില പദ്ധതികൾ ഗവമ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ൩൦൦൦ ഏക്കറോളം ഭൂമിയിൽ ലിഫ്റ്റ ഇറിഗേഷൻ പ്രായോഗികമാണെന്നു കണ്ടിട്ടുണ്ടു്. അന്വേഷണങ്ങൾ നടത്തി നടപ്പിൽ വരുത്തുന്നുമുണ്ടു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: മാവേലിക്കര താലൂക്കിൽനിന്നും ഏതെങ്കിലും അപേക്ഷ കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ആ ചോദ്യത്തിനു നോട്ടീസ്സില്ലാതെ ഉത്തരം പറയാൻ സാദ്ധ്യമല്ല.

ശ്രീ. ഈ. പി. പൗലോസ്സ്: സംയോജനത്തിനുമുമ്പ് തിരുവിതാംകൂർ ഗവമ്മെൻറിൽനിന്നും ലിഫ്റ്റ ഇറിഗേഷനു് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടായിരുന്നു. അതു മാററിവച്ചിരിക്കയാണോ നടപ്പിൽ വരുത്തുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: മാററിവച്ചിട്ടില്ല. നടപ്പിൽ വരുത്താൻ തന്നെയാണ് നിശ്ചയിച്ചിരിക്കുന്നതു്.

### TRAVANCOREANS IN SOUTH AFRICA

*35. **Sri. V. K. Varghese:** Will the Hon'ble Minister for Political and General be pleased to state.

(a) whether the Government have the necessary information as to the number of Travancoreans in South Africa by the end of 1948;

(b) whether any of them have suffered at the disturbances there; and

(c) whether the Government have taken any steps for helping the Travancoreans in South Africa, and if so, what?

**The Hon'ble Sri. T. K. Narayana Pillai:**

(a) No.

(b) & (c) Do not arise in view to answer to part (a)

ശ്രീ. വി. കെ. വറുഗ്ഗീസ്സ്: ഒരു സ്റ്റേററിൽനിന്നും ഇൻഡ്യക്കു വെളിയിൽ പോകുന്ന ആളുകളെപ്പററി ഗവമ്മെണ്ടിനു് എന്തെങ്കിലും അറിവു കിട്ടുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയുള്ള ആളുകളെ പററി അറിവു ലഭിക്കുന്നതിനു ഗവമ്മെണ്ടിനു ബുദ്ധിമുട്ടുകളുണ്ടാകാൻ ന്യായമില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: സിലോണിലെ ഇൻഡ്യാക്കാരെപ്പററി ഗവമെണ്ടു അന്വേഷിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: തെക്കെ ആഫ്രിക്കയിലെ ഇൻഡ്യാക്കാരെ പററിയാണല്ലോ ചോദ്യം.

## LAND ACQUISITION PETITIONS

***36. Sri. V. K. Varghese:** Will the Hon'ble Minister for Land be pleased to say.—

(*a*) how many Land Acquisition Reference petitions are pending in the office of the Division Peishkar, Quilon which are more than six months old; and

(*b*) will the Government consider into the unusual delay in sending reference petitions to the District Courts and take necessary steps for their prompt disposal?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Eleven (11)

(*b*) Urgent action is being taken to send the reference petitions to the District Court.

## കൊച്ചി—കൊല്ലം റെയിൽവെ

* ന ൧. സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊച്ചിയിൽനിന്നും കൊല്ലത്തേക്ക് റെയിൽവെ ലയിൻ നീട്ടുവാൻ ഗവമെണ്ടു ആലോചിക്കുന്നുണ്ടോ?

(ബി) ആവുന്നത്ര വേഗത്തിൽ അതു നടപ്പിൽ വരുത്തുവാൻ വേണ്ടതൊക്കെ ചെയ്യുന്നതിനു ഗവമെണ്ടിനു ദയവുണ്ടാകുമോ?

**Mr. Speaker:** The same question has been put twice and answers given **

## കൊല്ലം—എറണാകുളം റെയിൽവെ

* ന ൨ ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബഹുമാനപ്പെട്ട പ്രധാനമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്കു സദയം മറുപടി നൽകുമോ?

(എ) കൊല്ലം—എറണാകുളം റെയിൽവെ, കോട്ടയം കൊട്ടാരക്കരവഴി ആയിരിക്കണമെന്നു കാണിച്ചു് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(ബി) റെയിൽവേ വിദഗ്ദ്ധനായ മി. മെറിണി ഇതേപ്പററി എന്തു ശുപാർശയാണു് ചെയ്തിട്ടുള്ളതു്?

(സി) മിസ്റ്റർ മെറിണിയുടെ ശുപാർശ ചിലവു കുറവുള്ളതും സമയം ലാഭപ്പെടുത്തുന്നതും കൂടുതൽ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ കൂടി പോകത്തക്കവണ്ണമുള്ളതും, ആണെന്നു ഗവമെണ്ടിനു ബോദ്ധ്യം വന്നിട്ടുണ്ടോ?

(ഡി) ഇൻഡ്യാഗവമെണ്ടിലേക്കു നമ്മുടെ സംസ്ഥാനഗവമെണ്ടിന്റെ ശുപാർശ അയയ്ക്കുമ്പോൾ മി. മെറിണിയുടെ ശുപാർശയെ പിൻതാങ്ങുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: എ. ഇല്ല, പക്ഷെ കൊട്ടാരക്കരയിൽനിന്നു ആലുവായിലേക്കു് ഒരു റെയിൽവേലയിൻ പണിയണമെന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്.

(ബി) മി. മെറിണിയുടെ ശുപാർശപ്രകാരം കൊല്ലം—എറണാകുളം റെയിൽവേ മാവേലിക്കര, ചെങ്ങന്നൂർ, കോട്ടയം, ഏററുമാനൂർ, തലയോലപ്പറമ്പു്, തൃപ്പൂണിത്തുറ വഴിയാകുന്നു.

(സി) അദ്ദേഹത്തിന്റെ റിപ്പോർട്ടിൽനിന്നും അങ്ങിനെയാണു് കാണുന്നതു്.

(ഡി) മി. മെറിണിയുടെ ശുപാർശയെ അടിസ്ഥാനമാക്കി ഇൻഡ്യാഗവമെണ്ടിനു നിവേദനം അയച്ചിട്ടുണ്ടു്.

സാഹിബ് ബഹദൂർ മുഹമ്മദു മുസ്തഫാ: ഈ കാര്യം കഴിയുന്നതും വേഗം നടപ്പിൽ വരുത്താൻ ഇൻഡ്യാഗവമെണ്ടിൽ നിവേദനം നടത്തുമോ?

ബഹു. ഇ. ജോൺഫിലിപ്പോസ്: അതിനു സംശയമില്ല.

---

** See questions 26 & 30.

## RECRUITMENT OF INSPECTORS OF POLICE

*39. **Sri. K. P. Nilakanta Pillai:** Will the Hon'ble Chief Minister be pleased to state:—

(*a*) the names of Police Inspectors recruited ;
(*b*) what was the original announcement regarding the recruitment of Police Inspectors;
(*c*) why more persons than originally intended were recruited ;
(*d*) who was the final authority in selecting the candidates;
(*e*) whether anyone was recruited from outside the list recommended by the Inspector General of Police ;
(*f*) whether anyone medically found unfit was recruited ; and
(*g*) whether the Ministry had anything to do with the selection and recruitment, if so what ?

**The Hon'ble Sri. T. K. Narayana Pillai:**

*Inspectors*

(*a*) Messrs
1. G. Karunakara Kurup
2. P. D. George
3. R. Velayudhan Nayar
4. K. A. George
5. P. B. Chellappan
6. N. Ramachandran
7. A. M. Abdul Khadir
8. K. Sarangadharan
9. A. Wilson and
10. K. P. Chellappan Pillai

*Prosecuting Inspectors*

1. M. Somasundharan Pillai
2. Chandrasekharan Nayar and
3. M. T. Thomas

(*b*) That 6 Inspectors and 6 Prosecuting Inspectors were to be recruited.

(*c*) There were more vacancies and suitable candidates were available for direct recruitment as Inspectors in the regular cadre. There were only three persons qualified for recruitment as Prosecuting Inspectors.

(*d*) Government.
(*e*) No.
(*f*) No.
(*g*) No.

**Mr. K. P. Neelakanta Pillai:** What was the particular qualification insisted on for selecting candidates as Prosecuting Inspectors ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ബി. എ., ബി. എൽ. ബിരുദവും മൂന്നു കൊല്ലത്തെ പ്രാക്ടീസും ഉണ്ടായിരിക്കണമെന്നാണ്.

**Sri. K. P. Neelakanta Pillai:** May I know whether anyone who has been found unfit in the Medical examination has been recruited ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയല്ലെന്നു എന്റെ ഉത്തരത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്.

**Sri. K. P. Neelakanta Pillai:** May I know whether any one who has been physically found unfit by the Inspector General of Police has been selected ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ യാതൊരു കേസും ഉണ്ടായിട്ടില്ല.

**Sri. A. Nesamony:** Was there any direction that the Travancore Tamilnad Congress volunteers should not be recruited as Inspectors of Police ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തമിഴ്‌നാട് കോൺഗ്രസ് വാളന്റിയർമാരെ ഉദ്യോഗത്തിൽ നിയമിക്കരുതെന്നു ഗവമ്മെണ്ടിൽനിന്നും യാതൊരു നിർദ്ദേശവും ഒരിക്കലും നൽകിയിട്ടില്ല.

**Sri. A. Nesamony:** Are the Government aware that the Inspector General of Police questioned the candidates, asking them whether they had been serving as volunteers to the Travancore Tamilnad Congress ?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള</u>: അതും ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

<u>ശ്രീ എസ്സ്. കുട്ടൻ</u>: ഗവമ്മെണ്ടിൽനിന്നും നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഉള്ളവരെത്തന്നെയാണോ നിയമിച്ചിട്ടുള്ളതു്?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള</u>: അതെ.

<u>ശ്രീ. എസ്. കുട്ടൻ</u>: ഇതിനുമുമ്പും പബ്ലിക്കസവ്വീസ് കമ്മീഷണരും ഐ. ജി.യും ചേൎന്നതന്നെയാണോ തെരഞ്ഞെടുപ്പുകൾ നടത്തിയിട്ടുള്ളതു്?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള</u>: മുമ്പ് എങ്ങിനെയായിരുന്നു എന്നു നല്ല നിശ്ചയമില്ല. ഇത്തവണ അങ്ങിനെയായിരുന്നു എന്നറിയാം.

<u>*ஸ்ரீ. ஏ. சிதம்பரநாத நாடார்*</u>: *இன்ஸ்பெக்டராய் நியமனம் செய்யப்பட்ட ஆள்களில் யாராவது ஐ. ஜி. யினுடையவோ அல்லது இங்குள்ளவர்களின் பந்துக்களாகவோ இருக்கப்பட்டவர்கள் உண்டா?*

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള</u>: അങ്ങിനെ യാതൊരുത്തരേയും നിയമിച്ചിട്ടുള്ളതായി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല; ആരും ദൃഷ്ടിയിൽപ്പെടുത്തിയിട്ടുമില്ല.

**Sri. Mannar Gopalan Nayar:** How many applicants were there for the Prosecuting Inspector's post.

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള</u>: ൩ അപേക്ഷകന്മാർ ഉണ്ടായിരുന്നു എന്നാണ് എന്റെ ഓൎമ്മ.

<u>*ஸ்ரீ. ஏ. சிதம்பரநாத நாடார்*</u>: *இன்ஸ்பெக்டர் ஜெனரல் தமிழ்நாடு காங்கிரசில் வாலண்டியர்களாக இருந்தீர்களா, என்று கேட்ட கேள்விக்குத் தகுந்த ருஜு கொடுத்தால் தகுந்த நடவடிக்கை எடுக்கத் தயார் தானா?*

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള</u>: നടപടി എടുക്കത്തക്കവണ്ണം ഗൗരവാവഹമായ ഒരു കാര്യമാണ് അതെന്നു തോന്നുന്നില്ല.

<u>ശ്രീ. പി. സി. ആദിച്ചൻ</u>: പിന്നോക്കസമുദായത്തിൽനിന്നും അപേക്ഷകരായി ആരെങ്കിലും ഉണ്ടായിരുന്നോ?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള</u>: ഉണ്ടായിരുന്നതായി ഓൎമ്മയില്ല.

<u>കുടിയിരുപ്പു രജിസ്ട്രേഷൻ</u>

*൪൦. <u>ശ്രീ. വി. മാധവൻ</u>: താഴെപറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

കുടിയിറക്ക നിരോധന ആക്ടിലെ താല്പൎയ്യപ്രകാരം ൧൧൨൩ മിഥുനം അവസാനം വരെ എത്ര കുടിയിരുപ്പുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്?

<u>ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ</u>: കുടിയിരുപ്പുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ഇതിലേക്കുള്ള ചട്ടങ്ങൾ പാസാക്കിയിട്ടുണ്ടു്. അവ ഉടനെ പ്രസിദ്ധംചെയ്ത വേണ്ട നടപടികൾ നടത്തുന്നതാണ്.

<u>ശ്രീ. വി. മാധവൻ</u>: ഈ നിയമം പാസായിട്ട് എത്ര മാസമായി എന്നു പറയാമോ?

<u>ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ</u>: നിയമം പാസായതു മീനമാസം ൩൦-ാംനു-യാണ്.

<u>ശ്രീ. വി. മാധവൻ</u>: ഇതുവരെ കുടിയിരുപ്പുകൾ ഒന്നും രജിസ്റ്റർ ചെയ്യാതിരിക്കാൻ വല്ല കാരണവും ഉണ്ടോ?

<u>ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ</u>: ചട്ടങ്ങൾ ഉണ്ടാക്കാൻ വേണ്ടിവന്ന താമസം കൊണ്ടാണ് അങ്ങിനെ സംഭവിച്ചിട്ടുള്ളതു്.

<u>ശ്രീ. വി. മാധവൻ</u>: ആറുമാസത്തിനകം രജിസ്റ്റർചെയ്തു തീൎന്നിരിക്കണമെന്നല്ലേ നിയമം?

<u>ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ</u>: അതിനു ൩ മാസംകൂടി സമയം നീട്ടിയിട്ടുണ്ടു്.

ശ്രീ. ടി. വി. തേവൻ: ചട്ടംവരാൻ താമസിക്കുന്നതുകൊണ്ടു് അനേകായിരം കുടികൾ പൊളിച്ചുമാറേറണ്ടതായി വരുന്നു എന്നറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതിനാണു് ൬ മാസംകൂടി നീട്ടിയിട്ടുള്ളതു്.

ശ്രീ. ടി. വി. തേവൻ: അതുകൊണ്ടു് കുടികൾ പൊളിച്ചുമാറുന്നതിനെ തടയണമെന്നു നിർദ്ദേശം കൊടുക്കുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്, അടുത്ത ഗസററിൽതന്നെ അവ പ്രസിദ്ധപ്പെടുത്തുന്നതും ഉടൻതന്നെ നടപടികൾ നടത്തുന്നതുമാണു്.

**Sri. A. Thanu Pillai :** I wish to know whether a time limit has not been prescribed in the Act for registering Kudiyirippu ?

**The Hon'ble Sri. E. Ikkanda Warrier :** There is provision for extension also, Sir.

**Sri. A. Thanu Pillai :** Who is the authority to extend ?

**The Hon'ble Sri. E. Ikkanda Warrier :** The Government. The Government have extended it by six months.

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു അടിയന്തിരനിയമമായിട്ടാണു് ഈ നിയമം പാസാക്കിയിട്ടുള്ളതെന്നറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: എന്നിട്ടു് അതിനെസംബന്ധിച്ചു് ഇത്ര താമസം വരാനുള്ള പ്രത്യേക കാരണങ്ങൾ എന്താണെന്നു പറയുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: കുറച്ചു താമസം വന്നുപോയിട്ടുണ്ടു്. അതു ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു വന്ന താമസമാണു്. അല്ലാതെ പ്രത്യേക കാരണങ്ങളൊന്നുമില്ല. ഉടൻതന്നെ നടപടികൾ നടത്തുന്നതുമാണു്.

## EXPRESS BUS SERVICES

*41. **Sabib Bahadur P. S. Mohamed :** Will the Hon'ble Minister for Transport be pleased to state.—the names of the routes through which express bus service was begun in 1124 till now ?

**The Hon'ble Sri. E. John Philipose :**

(1) Chengannur—Pathanamthitta
(2) Kayamculam—Punalur
(3) Quilon—Mavelikkara
(4) Alleppey—Mavelikkara.

സാഹിബ്ബഹദൂർ പി. എസ്സ്. മുഹമ്മദ്: ഈ സർവ്വീസുകളെല്ലാം തുടർന്നു നടത്തുന്നുണ്ടോ? അതോ നിറുത്താൻ പോകയാണോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഗവമ്മെണ്ടു മൊണോപ്പൊലൈസ് ചെയ്യുന്ന റൂട്ടുകളൊഴിച്ചു് ബാക്കിയുള്ള റൂട്ടുകളിൽനിന്നെല്ലാം എക്സ്പ്രസ്സ് ബസ്സുകൾ പിൻവലിക്കയാണു് ചെയ്യുന്നതു്.

ശ്രീ. കെ. കെ ചെല്ലപ്പൻപിള്ള: മാവേലിക്കരെക്കുള്ള എക്സ്പ്രസ് ഇനിയും തുടർന്നു നടത്താൻ നിശ്ചയിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അഞ്ചലും പോസ്ററും കൊണ്ടുപോകുന്നതിനുള്ള ബസ്സ് മാവേലിക്കരവഴി പോകുന്നതായിരിക്കും.

ശ്രീ. വി. മാധവൻ: ട്രാൻസ്പോർട്ട് കമ്മിററിയുടെ ശുപാർശ അനുസരിച്ചാണോ ഈ റൂട്ടുകളിൽ എക്സ്പ്രസ്സ് സർവ്വീസ്സ് ആരംഭിച്ചിട്ടുള്ളതു്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു് നല്ല നിശ്ചയമില്ല.

ശ്രീ. വി. മാധവൻ: ട്രാൻസ്പോർട്ട് കമ്മിററി ശുപാർശചെയ്യുന്നതനുസരിച്ചു് എക്സ്പ്രസ്സ് ബസ്സുകൾ നടത്തുന്നതിനു ഗവമ്മെണ്ടു തീരുമാനിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഗവമ്മെണ്ടു് അതേപ്പററി ഖണ്ഡിതമായ ഒരു തീരുമാനം എടുത്തിരിക്കുകയാണു്. മോണോപ്പൊലൈസ് ചെയ്യുന്നതല്ലാത്ത റൂട്ടുകളിൽനിന്നും എക്സ്പ്രസ്സ് ബസ്സുകൾ പിൻവലിക്കുവാൻ ഗവമ്മെണ്ടു ഖണ്ഡിതമായി തീരുമാനിച്ചിരിക്കുകയാണു്.

ശ്രീ. വി. മാധവൻ: ഖണ്ഡിതമായ തീരുമാനം എടുക്കുന്നതിനു മുമ്പ് അതേപ്പററിയുള്ള ജനാഭിപ്രായം എന്താണെന്നറിഞ്ഞിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഗവമ്മെണ്ടിന്റെ അഭിപ്രായം ജനങ്ങഠംക്ക പൊതുവെ സ്വീകാൎയ്യമാണെന്നാണ് ഗവമ്മെണ്ടു വിശ്വസിക്കുന്നതു്.

ശ്രീ. വി. മാധവൻ: ജനങ്ങളോടാലോചിക്കാതെ ഗവമ്മെണ്ടു ചെയ്യുന്നതെല്ലാം ജനങ്ങഠംക്ക സ്വീകാൎയ്യമാണെന്നാണോ പറയുന്നതു്?

ബഹു. ശ്രീ ഇ. ജോൺ ഫിലിപ്പോസ്: പൊതുവെ ആലോചിച്ചിട്ടാണ് ഈ തീരുമാനം എടുത്തിട്ടുള്ളതു്.

ശ്രീ. വി. മാധവൻ: ജനങ്ങളോട് ആലോചിക്കാതെ ഗവമ്മെണ്ട് ഈ മാതിരി തീരുമാനങ്ങഠം എടുക്കുന്നതിൽ ജനങ്ങഠംക്ക് പ്രതിഷേധം ഉണ്ടെന്നു ബഹു. മന്ത്രി ധരിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ചിലൎക്കുണ്ടെന്നറിയാം.

ശ്രീ. എസ്. കുട്ടൻ: ഗവമ്മെണ്ടിന്റെ അഭിപ്രായംതന്നെയായിരിക്കണം ജനങ്ങളുടേയും അഭിപ്രായം എന്നാണോ ബഹു. മന്ത്രി പറയുന്നതു്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇക്കാൎയ്യത്തിൽ അങ്ങിനെയാണ് ഗവമ്മെണ്ടിന്റെ വിശ്വാസം എന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: കൊല്ലത്തുനിന്നും ആലപ്പുഴക്കു പോകുന്ന വണ്ടി മാവേലിക്കരകൂടി പോകുമെന്നാണോ അതോ മാവേലിക്കരക്ക് പ്രത്യേകമായുള്ള സർവ്വീസ് ഉണ്ടായിരിക്കുമെന്നാണോ മനസ്സിലാക്കേണ്ടതു്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അഞ്ചലും പോസ്റ്ററും എടുക്കുന്നതിനുള്ള വണ്ടികഠംമാത്രം മാവേലിക്കരവഴി പോകുന്നതായിരിക്കും.

## SALARIES OF MIDWIVES AND NURSES

* 42. **Sri. P. S. Mohammed:** Will the Hon'ble Minister for Medicine be pleased to state the monthly salaries of Midwives and nurses in the different grades?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തിരുവിതാംകൂറിൽ മിഡ്‌വൈഫ്സിനു ശമ്പളം ൨൫—൧—൩൦ + ഡി. എ. ൧-ാം ഗ്രേഡിന് ൩൦—൩—൪൫ + ഡി. എ. രൂപാ ആകുന്നു. നഴ്സിനു ൨൦ + ഡി. എ.

൨൦—൧—൨൫ + ഡി. എ.
൨൦—൧—൨൫ + ഡി. എ.
൨൫—൧—൩൦ + ഡി. എ.
൩൦—൩—൪൫ + ഡി. എ.

കൊച്ചിയിൽ മിഡ്‌വൈഫ്സിനു ൩൦—൨—൬൦ + ഡി. എ. + ടി. എ.
നഴ്സ്സിനു ൭൦—൪—൯൦ + ഡി. എ. + ടി. എ. ഇങ്ങനെയാണ്.

**Sri. K. Ramachandran:** Do the Government propose to make the pay uniform?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തിരുവിതാംകൂറിലെയും കൊച്ചിയിലെയും ശമ്പളത്തിനു ഒരു യൂണിഫോമിററി വരുത്തണമെന്നു ഗവമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടു്. അതിനു പ്രത്യേക കാലഘട്ടമൊന്നും നിശ്ചയിച്ചിട്ടില്ല.

ശ്രീ. വി. കെ. വറുഗീസ്: കൊച്ചിയിലെ രീതി അനുസരിച്ചു് ഒരു യൂണിഫോമിററി വരുത്തണമെന്നാണോ ഉദ്ദേശിക്കുന്നതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോഠം യൂണിഫോമിററി വരുത്തണമെന്നുമാത്രമെ ആലോചിച്ചിട്ടുള്ളു.

## കമ്പനികഠം ഗവമ്മെണ്ടിലേക്ക് എടുക്കുന്ന നയം

*43. ശ്രീ ഇ. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹു. തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

ചവറ മിനറൽസുകമ്പനികഠം എല്ലാം ഗവമ്മെണ്ടു് ഏറെറടുത്തു നടത്താൻ ആലോചനയുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: മിനറൽസ് കമ്പനികൾ ദേശീയം ആക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്.

ശ്രീ. ഇ. ഭാസ്കരൻ: എത്ര മിനറൽ കമ്പനികൾ ഇതുവരെ ഗവർമ്മെണ്ടിലേക്ക് എടുത്തിട്ടുണ്ട്.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഒന്നെടുത്തു. രണ്ടെണ്ണം ഗവർമ്മെണ്ട് എടുക്കുന്നതിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആകെ നാലു കമ്പനികളാണുള്ളത്.

**Sri. A. Nesamony:** May I know what happens to the staff employed in that company when Government takes it over?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അവിടത്തെ സ്റ്റാഫും എടുക്കുന്നതാണ്.

ശ്രീ. വി. ഗംഗാധരൻനായർ: ഈ അസോഷ്യേറ്റഡ് മിനറൽസും ഗവർമ്മെണ്ട് എടുക്കുന്നതിനു വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതു മാത്രമല്ല, വേറെ കമ്പനികളും ഗവർമ്മെണ്ട് എടുക്കുന്നതിനു ആലോചന നടത്തിവരുന്നുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ കമ്പനികൾ ഒന്നെങ്കിലും ഇതുവരെ എന്തുകൊണ്ട് എടുത്തില്ല?

ബഹു. ശ്രീ കെ. അയ്യപ്പൻ: ഒന്നെങ്കിലും എന്തുകൊണ്ടെടുത്തില്ല എന്ന ചോദ്യം വരുമെന്നു വിചാരിച്ച് ഒന്നെങ്കിലും എടുത്തതായിരിക്കണം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ കമ്പനി ഗവർമ്മെണ്ടിലേക്ക് വിലയ്ക്കെടുക്കുകയാണോ ചെയ്തു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: വിലയ്ക്കെടുക്കുകയായിരുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇപ്പോൾ ഗവർമ്മെണ്ടിലേക്ക് എടുത്ത കമ്പനിക്ക് എന്തു വിലയാണ് കൊടുത്തതു്.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഒമ്പതേകാൽ ലക്ഷം രൂപാ ഇപ്പോൾ വിലകൊടുത്തു.

ചവറത്തോട്

*44. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചവറത്തോട്ടിൽ ചിലയിടങ്ങളിൽ ആഴമില്ലാത്തതുമൂലം ചിലപ്പോൾ ഗതാഗതതടസ്സം നേരിടാറുണ്ടെന്നുള്ള വസ്തുത ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഡ്രഡ്ജർ ഉപയോഗിച്ച് ആഴമില്ലാത്ത ഭാഗങ്ങളിലെ മണ്ണു നീക്കി ചവറത്തോട്ടിലെ ഗതാഗതവിഘ്നം നീക്കാൻ ഗവർമ്മെണ്ട് സത്വരം നടപടി എടുക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉവ്വ്.

(ബി) ഈ പണി ഉടനെ നടത്തുന്ന കാര്യം ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

## APPOINTMENTS IN THE TRANSPORT SERVICE

*45. **Sri. K. A. Achuthan:** Will the Hon'ble Chief Minister be pleased to state.—

(a) whether there is any special reason for giving power to make appointments in the State Transport Service to the Public Service Commission;

(b) if so, will the Government be pleased to state that reason;

(c) will the Government be pleased to place this Department too under the Public Service Commission in future?

**The Hon'ble Sri. E. John Philipose:**

(a) No such power has yet been given.

(b) the question does not arise.

(c) the matter is under consideration.

**Sri. K. A. Achuthan:** I would request the Minister to note a correction in the question. Part (a) of the question should read:

"Whether there is any special reason for not giving power to make appointments in the State Transport Service to the Public Service Commissioner?"

**Mr. Speaker:** The rule is that the question should be put in the form in which it is given.

**The Hon'ble Sri. E. John Philipose:** In any case the answer is the same.

**Sri. P. K. Dewer:** May I know who makes the appointments now?

**The Hon'ble Sri. E. John Philipose:** As far as imminent appointments are concerned, Government will be soon appointing a recruitment board. Before a final decision is arrived at as to who should be the recruiting authority, Government will consider all the aspects involved in it.

**Sri. K. K. Chellappan Pillai:** May I know what about the appointments made by the previous recruitment board?

**Sri. P. K. Dewer:** Am I to understand from the Minister that all appointments are to be made only by them?

**The Hon'ble Sri. E. John Philipose:** Yes, at present.

**Sri. A. Thanu Pillai:** Is there not a Public Service Commission to look into the appointments of the Transport Department?

**The Hon'ble Sri. E. John Philipose:** The Public Service Commission has not yet submitted the rules relating to recruitment though a reference was made to them urgently. It is still a matter of doubt whether they will be able to do it immediately. As the recruitment has to be made immediately in view of the exigencies of services in the Alleppy-Quilon and Kottayam North lines, a recruitment board is to be set up temporarily.

**Sri. A. Thanu Pillai:** May I know whether there is anything preventing the Public Service Commission to function in that line pending the passing of the rules and that body being made the recruiting board in order to meet an emergent situation?

**The Hon'ble Sri. E. John Philipose:** Government consider it expedient to proceed in this manner so that it may be a workable proposition forthwith.

**Sri. A. Thanu Pillai:** Is it the view of Government that way lies expediency ?

**The Hon'ble Sri. E. John Philipose:** It is a matter of opinion.

**Sri. K. P. Neelakanta Pillai:** May I know whether the Public Service Commission is functioning to-day?

**Mr. Speaker:** The information asked for in that question has been already given.

**Sri. A. Nesamoni:** Was there not a gradation list prepared in the Transport Department recently ?

**The Hon'ble Sri. E. John Philipose:** Yes, there was.

**Sri. A. Nesamoni:** What has become of it?

**The Hon'ble Sri. E. John Philipose:** I am personally looking into it.

**Sri. A. Nesamoni:** Will the Government hold up that list for scrutiny by the recruitment board that is under contemplation of Government ?

**The Hon'ble Sri. E. John Philipose:** I shall be happy to consider that suggestion.

**Sri. K. K. Chellappan Pillai:** May I know what is to happen to the recruitment already made by the Minister and the learned Transport Director?

**The Hon'ble Sri. E. John Philipose:** I am not quite sure at present as to which appointments the Hon'ble Member is referring to. As far as I know there are no such appointments.

**Sri. A. Thanu Pillai:** I wish to know from Government whether the Minister himself proposes to be a member of such recruiting board?

**The Hon'ble Sri. E. John Philipose:** Definitely not.

**Sri. P. K. Dewer:** May I know whether service under the Transport Department is considered as Government Service?

**The Hon'ble Sri. E. John Philipose:** Certain appintments are like that and the T. S. R. applies to them. But I do not think all the employees of the Transport Department come under the category of Government Servants.

### NATIONAL HIGHWAY FROM CAPE TO BOMBAY

*46. **Sri. Eapen Arakkal:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government have decided to construct a road from Cape Comorin as part of the Central Government's scheme for the construction of a national highway from Cape to Bombay;

(*b*) if answer to part (*a*) is in the affirmative has an estimate been prepared for the same;

(*c*) will the bridge between Aroor and Edacochin be constructed; and

(*d*) is it not now highly necessary that this bridge should be constructed especially now that Travancore and Cochin have been united?

**The Hon'ble Sri. E. John Philipose:**

(*a*) The matter is under consideration of the Government.

(*b*) and (*c*) Do not arise in view to answer to part (*a*).

(*d*) This bridge will facilitate communication between Travancore and Cochin.

ശ്രീ. ഇ. പി. പൌലോസ്: അരൂർ–ഇടക്കൊച്ചി റൂട്ടുതന്നെയാണോ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: രണ്ടുമൂന്നു റൂട്ടുകൾ ഗവൺമെന്റ് സജസ്റ്റ് ചെയ്തിട്ടുണ്ട്. ഏതാണ് കൂടുതൽ സൗകര്യപ്രദമെന്നു നോക്കി തീരുമാനം ചെയ്യുന്നതാണ്.

### ALLEPPEY BUS STATION

*47. **Sri. Eapen Arakkal:** Will the Hon'ble Minister for Transport be pleased to state.—

(*a*) whether Government are aware that there are no latrines attached to the Alleppey Bus station; and

(*b*) whether Government will be pleased to construct proper waiting rooms and latrines for the convenience of the passengers in the Alleppey Bus station?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b*) Yes.

**Sri. Eapen Arakkal:** May I bring to the attention of Government that great difficulties are encountered by the people of the locality for lack of latrine facilities at Alleppey?

**The Hon'ble Sri. E. John Philipose:** This matter has been considered and I am glad to say that suitable provision will be provided there shortly.

**Sri. Eapen Arakkal:** Am I to understand from this that arrangements are now being made for that purpose?

**The Hon'ble Sri. E. John Philipose:** Definitely yes.

### POLICE SUB-INSPECTORS

*48. **Sri. Eapen Arakkal:** Will the Hon'ble Minister for Police be pleased to state.—

(*a*) how many Police Sub-Inspectors are there working in Police stations in Travancore;

(*b*) what is the scale of their salary;

(*c*) were there such Sub-Inspectors within the last 10-15 years before attached to Police stations in Travancore; and

(*d*) if answer to (*c*) is in the negative why were Sub-Inspectors appointed in recent years?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) 3 (one each at Alwaye, Alleppey North and Alleppey South Police Station).

(*b*) At Alwaye station one 2nd grade Sub-Inspector on Rs. 30-3-45 scale at Alleppey North and Alleppey South Police Stations two 1st grade Sub-Inspectors on Rs. 45-5-75 scale.

(*c*) No; and

(*d*) In view of the increase of work in these stations it was necessary to give Assistants to the Inspectors of Police.

**Sri. Eapen Arakkal:** May I know what is the qualification insisted on for the appointment of Sub-Inspectors?

**The Hon'ble Sri. T. K. Narayana Pillai:** A pass in the E.S.L.C.

### LANDING CRAFT

***49. Sri. Eapen Arakkal:** Will the Hon'ble Minister for Transport be pleased to state.—

(*a*) were landing crafts used for conveying through transport buses from Aroor to Eda-Cochin;

(*b*) are these landing crafts still being used, if not why;

(*c*) do this Government know that much time will be lost if the buses are to be conveyed by barges (ചങ്ങാടം); and

(*d*) will the Government be pleased to put in landing craft for ferrying purposes without delay?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b*) Still being used.

(*c*) Yes.

(*d*) In view of answer to question (*b*) the question does not arise.

**Sri. Eapen Arakkal:** May I know whether private landing crafts could be made available for the purpose?

**The Hon'ble Sri. E. John Philipose:** Yes. But under present conditions I understand there are certain difficulties. It has already been put in auction for the current year and as such it is difficult to provide an alternative service.

ശ്രീ. കെ. രാമകൃഷ്ണപിള്ള: അടുത്ത ചിങ്ങം ഒന്നാംതീയതിമുതൽ ആ സൌകര്യം ഉണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ആ കാര്യത്തെപ്പററിയാണ് ഞാൻ പറഞ്ഞതു്.

ശ്രീ. ഈപ്പൻ അറക്കൽ: എത്ര കൊല്ലത്തേക്കാണ് ഈ കടത്തു് ലേലംചെയ്തു കൊടുത്തതു് എന്നു പറയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: കഴിഞ്ഞ കൊല്ലത്തിൽ ആ കടത്തു് ലേലം ചെയ്തുകൊടുത്തു.

ശ്രീ. പി. കെ. ഡീവർ: ആ കടത്തു് ഗവണ്മെണ്ടിൽനിന്നും എടുത്തു് ലേലം വിളിച്ചുകേട്ട ആളിന് ചെല്ലേണ്ടതായുള്ള തുക വല്ലതുമുണ്ടെങ്കിൽ കൊടുത്തു് ഗവണ്മെണ്ടിൽനിന്നും നടത്തുകയാണെങ്കിൽ കൂടുതൽ ലാഭകരവും സൌകര്യവുമായിരിക്കയില്ലേ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പററി ഗവണ്മെണ്ട് ആലോചിച്ചിട്ടില്ല.

**Sri K. K. Chellappan Pillai:** When was the auction held?

**The Hon'ble Sri. E. John Philippose:** The files of the date are not here.

### LIGHT—RAILWAY FROM COCHIN TO ALLEPPEY OR QUILON

***50. Sri. Eapen Arakkal:** Will the Hon'ble Minister for Railways be pleased to answer the following questions.—

(*a*) has an estimate been prepared for the construction of a railway along the coast from Cochin Harbour to Quilon or to Alleppey;

(*b*) if answer to part (*a*) is in the affirmative, what is that estimate; and

(*c*) in view of the commercial importance of Cochin and Alleppey will the Government be pleased to consider the question of connecting Alleppey and Cochin by a light railway?

**The Hon'ble Sri. E. John Philipose:**

(*a*) An estimate was got prepared for the construction of a railway line along the coast from Cochin to Mavelikkara via Alleppey in the year 1933.

(*b*) About Rs. 75 lakhs (as estimated in the year 1933).

(*c*) This question will be examined by Government.

**Sri. Eapen Arakkal:** In view of the growing importance of Alleppey may I know whether it will not be desirable to connect these two towns?

**The Hon'ble Sri. E. John Philipose:** That is also a relevant consideration.

## റയിൽവേ സർവ്വീസുകൾ

* ൭൧. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും റയിൽവേ സർവ്വീസുകൾ യൂണൈറ്റഡ് സ്റ്റേറ്റ് നേരിട്ടേറ്റെടുത്തു സ്വന്തമായി നടത്താൻ ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആലോചനകൾ എന്നത്തേക്കു പൂർത്തിയാകുമെന്നും; നടപ്പിൽവരുമെന്നും പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: (എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ കൊച്ചി ഗവമ്മെണ്ടിനു കിട്ടിക്കൊണ്ടിരിക്കുന്ന ആദായം എന്താണെന്നു പറയാൻ നിവൃത്തി ഉണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: ആ ഇൻഫർമേഷൻ ഇപ്പോൾ എന്റെ കൈവശമില്ല.

## കയർ വ്യവസായം

* ൭൨. ശ്രീ. മങ്കുഴി എം. മാധവൻ: താഴെ കാണിച്ചിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വാണിജ്യവും വ്യവസായവും വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) ഉദ്ദേശം പത്തുലക്ഷം പേരുടെ ഉപജീവനമാർഗ്ഗമായ കയർവ്യവസായം ദയനീയമാംവണ്ണം അധഃപതിച്ചിരിക്കുന്ന വിവരം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കയർവ്യവസായത്തിന്റെ അധഃപതനത്തിനുള്ള കാരണങ്ങൾ എന്തെല്ലാം ആണ്;

(സി) ഈ വ്യവസായത്തെ അതിന്റെ ഇപ്പോഴത്തെ ശോചനീയാവസ്ഥയിൽനിന്നും ഉദ്ധരിക്കുവാൻ ഗവമ്മെണ്ട് എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു ദയവായി പ്രസ്താവിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) കയറുവ്യവസായത്തിനു കുറെ അധഃപതനം പററിയിട്ടുണ്ടെന്നു ഗവമ്മെണ്ട് അറിഞ്ഞിട്ടുണ്ട്.

(ബി) അർജൻറയിൻ, ചില്ലി, ആസ്ത്രേലിയാ മുതലായ വിദേശരാജ്യങ്ങളിൽ നിലവിലിരിക്കുന്ന കച്ചവടനിയന്ത്രണങ്ങളും ഇപ്പോൾ നിലവിലിരിക്കുന്ന കൂടിയ വിലകളും, വിദേശത്തേക്കു കയറുമതി ചെയ്തിട്ടുള്ള കയർ സാമാനങ്ങളുടെ മോശമായ സ്ഥിതിയും ആണ് ഈ വ്യാപാരത്തിൽ വന്നിട്ടുള്ള താഴ്ചക്കു കാരണമായിട്ടുള്ളതു്.

(സി) ഇതിന്റെ പരിഹാരത്തിനു പല പദ്ധതികളും പര്യാലോചനയിലിരിക്കുന്നു. വിദേശരാജ്യങ്ങളെക്കൊണ്ട് ഈ കച്ചവടനിയന്ത്രണങ്ങളെ നീക്കുന്നതിനു വേണ്ട നടപടി എടുക്കുന്നതിനു ഈ ഗവമ്മെണ്ട് കേന്ദ്രഗവമ്മെണ്ടിനോട് അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. ഇ. ഭാസ്കരൻ: കയർവ്യവസായികൾ മരിച്ചുപോകുന്നതിനുമുമ്പേ അതിനു പരിഹാരം ഉണ്ടാക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: തീർച്ചയായും കഴിവുള്ളതു് ചെയ്യുന്നതാണ്.

## കയർവ്യവസായത്തിന്റെ വില്പനനികുതി

*൭൩. ശ്രീ. മങ്കുഴി എം. മാധവൻ: താഴെ കാണിച്ചിരിക്കുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വില്പനനികുതിമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) ഇപ്പോൾതന്നെ വളരെ അധഃപതിച്ചിരിക്കുന്ന കയറുവ്യവസായത്തെ വില്പനനികുതിയിൽനിന്നും ദയവായി ഒഴിവാക്കണമെന്നു കയർവ്യവസായികൾ നിവേദനം നടത്തിയിട്ടുണ്ടോ?

(ബി) ഈ വ്യവസായത്തെ വില്പനനികുതിയിൽനിന്നും ഒഴിവാക്കാതിരുന്ന കാരണം എന്താണ്;

(സി) കയറിനു രണ്ടു പോയിൻറിൽ മാത്രം വില്പനനികുതി കൊടുത്താൽ മതിയെന്നു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും ഉത്തരവായിട്ടുണ്ടല്ലോ; ആ പോയിൻറുകൾ ഏതെല്ലാമാണ്?

(ഡി) കയർവ്യവസായംകൊണ്ടുമാത്രം ഉപജീവനം കഴിക്കുന്ന പത്തു ലക്ഷത്തിൽപരം ജനങ്ങൾ വ്യവസായമാന്ദ്യംമൂലം കഷ്ടതയനുഭവിക്കുകയാണെന്നും ഈ വില്പനനികുതി അവരുടെ സ്ഥിതി കുറേക്കൂടി വഷളാക്കിയിട്ടുണ്ടെന്നും ഗവമ്മെണ്ടിനറിയാമോ?

(ഇ) ഇനിയെങ്കിലും കയർവ്യവസായത്തെ വില്പനനികുതിയിൽനിന്നും ഒഴിവാക്കിക്കൊടുക്കാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: (എ) ഉണ്ട്.

(ബി) ഈ വ്യവസായത്തെ വില്പനനികുതിയിൽനിന്നും ഒഴിവാക്കുന്നതിന് പ്രത്യേകകാരണങ്ങൾ കാണാത്തതുകൊണ്ട് ഒഴിവാക്കിയിട്ടില്ല.

(സി) ഉണ്ട്. കരം ചുമത്തപ്പെടാവുന്ന ആദ്യത്തെ വില്പനക്കാരനും അവസാനത്തെ വില്പനക്കാരനും.

(ഡി) അറിവില്ല.

(ഇ) (ബി) എന്നതിനുള്ള ഉത്തരം നോക്കുക.

## Written Answers

### വിദ്യുച്ഛക്തി വിതരണം

***54.** സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂരിൽ നടപ്പിലാക്കിയിരിക്കുന്ന വിദ്യുച്ഛക്തി (ഇലക്ട്രിസിറ്റി) അഴീക്കോട്—എറിയാട്ട വില്ലേജുകളിലേക്കു നീട്ടുവാൻ ദയവുണ്ടാകുമോ?

(ബി) അതു് എപ്പോൾ നടപ്പിൽ വരുമെന്നു പറയുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) & (ബി) കൂടുതൽ വിദ്യുച്ഛക്തി ലഭിച്ചാലുടനെ അഴീക്കോട്—എറിയാട്ട് വില്ലേജുകളിലേക്കു വിദ്യുച്ഛക്തി നീട്ടുവാൻ വേണ്ട നടപടികൾ എടുക്കുന്നതാണു്.

### ട്രാൻസ്പോർട്ട് സർവ്വീസ്

***55.** സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി-തിരുവിതാംകൂർ സംയോജനത്തിനുമുമ്പ് തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകൾ കൊച്ചി സംസ്ഥാനത്തു് ഓടിത്തുടങ്ങിയോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ ഓടുമെന്നുള്ള വിവരം കൊച്ചി ട്രാൻസ്പോർട്ട് അതോറിട്ടിയെ മുൻകൂട്ടി അറിയിക്കുകയുണ്ടായോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉവ്വ്.

(ബി) ഉവ്വ്.

### സ്വന്തം ഭൂമി ഇല്ലാത്തവർക്കു ഭൂമി

***56.** ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യത്തിനു ലാൻഡ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

സ്വന്തം ഭൂമിയില്ലാത്ത നിരവധി സാധുകുടുംബക്കാർ നമ്മുടെ നാട്ടിൽ താമസമുള്ളതുകൊണ്ട് അവർക്കു താമസസൌകര്യം ഉണ്ടാക്കിക്കൊടുത്തു് അവരെ സഹായിക്കുന്നതിനു വല്ല പരിപാടിയും ഗവമ്മെണ്ടു കൈക്കൊണ്ടിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഉണ്ട്. ദീർഘകാലാവധിവ്യവസ്ഥയിൽ സൌകര്യപ്പെടുന്ന ഭൂമി കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുക്കുന്നുണ്ട്. കൂടാതെ കുടിയിറക്കു നിരോധനചട്ടവും ഗവമ്മെണ്ടു പാസ്സാക്കിയിട്ടുണ്ട്.

### മദ്യനിരോധനം

***57.** ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മദ്യനിരോധനവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) സാമ്പത്തികമായ എന്തെല്ലാം വിഷമതകൾ ഉണ്ടെങ്കിൽതന്നെയും തിരുവിതാംകൂർ—കൊച്ചി ഐക്യസംസ്ഥാനത്തു മദ്യനിരോധനം എത്രയും വേഗം നടപ്പിലാക്കണമെന്നു ഗവമ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്ര വർഷംകൊണ്ടു് സംസ്ഥാനത്തു് ഒട്ടുക്കു് മദ്യനിരോധനം നടപ്പിൽ വരുത്താമെന്നും ഗവൺമെണ്ടു തീരുമാനിച്ചിരിക്കുന്നു?

(സി) ൧൧൨൫-ൽ എത്ര താലൂക്കുകളിൽക്കൂടി മദ്യനിരോധനം നടപ്പിൽവരും?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഐക്യസംസ്ഥാനത്തു കഴിയുന്നതും വേഗത്തിൽ മദ്യനിരോധനം നടപ്പിലാക്കുന്നതിനു ഗവൺമെണ്ടു ശ്രമിക്കുന്നതാണു്.

(ബി) ഇതേപ്പററി അവസാനമായ തീരുമാനം ചെയ്തിട്ടില്ല.

(സി) ൪ താലൂക്കുകളിൽ.

### മെഡിക്കൽ കോളേജ്

*58. ശ്രീ. മങ്കഴി എം. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവൺമെണ്ടുവകയ്ക്കു് ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ബി) മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതു് എതു സ്ഥലത്തായിരിക്കും?

**The Hon'ble Miss Annie Mascarene:**

(*a*) Yes.

(*b*) The Medical College is proposed to be located near the Sri. Avittam Thirunal Hospital for Children at Olloor, Trivandrum.

### TREASURY WORK

***59. Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) whether the Government intend to entrust the entire treasury work to any Joint Stock Companies doing banking business in the Union State;

(*b*) if the answer to (*a*) is in the affirmative the name of that Bank; and

(*c*) the date on which the work will be entrusted?

**The Hon'ble Sri. A. J. John:**

(*a*) No.

(*b*) and (*c*) Do not arise in view of (*a*).

### APPOINTMENTS MADE BY THE DIRECTOR OF TRANSPORT

***60. Sri. Paul Thaliath:** Will the Hon'ble Minister for Transport be pleased to state.—

(*a*) whether the Government have received any complaint with regard to the bus drivers and conductors appointed by the Director of Transport in the course of the last eight months;

(*b*) whether it is a fact that due to such complaints the Hon'ble Minister himself had to interview and select candidates for such posts;

(*c*) whether it is a fact that a committee has been constituted to enquire and report on the irregularities in the appointments made by the Director; and

(*d*) if the anwer to part (*c*) is in the affirmative, whether a report has been submitted by this Committee?

**The Hon'ble Sri. E. John Philipose:**

(*a*) No

(*b*) Does not arise in view of answer to part (*a*).

(*c*) No.

(*d*) The question does not arise in view of the answer to part (*c*).

### DIRECTOR OF TRANSPORT

***61. Sri. Paul Thaliath:** Will the Hon'ble Minister for Transport be pleased to state.—

(*a*) the qualification of the present Director of Transport;

(*b*) the department in which he was working, before he was transferred to the Transport Department and the pay he was drawing then; and

(*c*) the pay he is drawing now as the Director of Transport?

**The Hon'ble Sri. E. John Philipose:**

(*a*) B.A.

(*b*) The Huzur Secretariat; Rs. 305+75 allowance per mensem.

(*c*) Rs. 550 per mensem.

### MANNANKANDAM ANCHAL OFFICE

***62. Sri. N. P. Varghese :** Will the Hon'ble Minister for Anchal be pleased to state.—

(*a*) whether Government are in receipt of a representation from the people of Mannankandam, Muvattupuzha taluk for opening an Anchal Office there; and

(*b*) what action have Government taken in the matter?

**The Hon'ble Sri. E. John Philipose :**

(*a*) Yes.

(*b*) On enquiry it is reported that there is no scope for an Anchal Office at Mannankandam. If a letter box is placed there and an additional Anchalman is appointed in the Vattayar Anchal Office (from where this locality is served at present) the difficulties of the people can be avoided. The question of posting an additional Anchalman in the Vattayar Anchal Office is under the consideration of the Government.

### INDUSTRIAL FACILITIES IN SOUTH TRAVANCORE

***63. Sri. A. Gabriel Nadar :** Will the Hon'ble Minister for Industries be pleased to state whether they are contemplating any scheme to afford industrial facilities in Vilavancode taluk or anywhere to the south of Neyyattinkara; and if so, what industry it is?

**The Hon'ble Sri. N. Kunjuraman:** On the basis of a Memorandum forwarded to Government by the Vilavancode Taluk Karshaka Samajam, Government are investigating into the possibility of starting an industry in South Travancore, making use of the raw materials availalable there.

### പെൻഷ്യൻ പററുന്ന താഴ്ന്ന ജീവനക്കാർ

***64.** ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവമ്മെണ്ടു ഡിപ്പാർട്ടുമെണ്ടുകളിലെ (വിശേഷിച്ചു് എക്സൈസ്, വിദ്യാഭ്യാസം അഞ്ചൽ തുടങ്ങിയുള്ളവ) പെൻഷ്യൻപററുന്ന താഴ്ന്ന ജീവനക്കാരുടെ പെൻഷ്യൻ തുക തീരുമാനിക്കുന്നതിന് ഒന്നും രണ്ടും വഷങ്ങൾ ഗവമ്മെണ്ടു് എടുക്കുന്നതുമൂലം പ്രസ്തുത പെൻഷ്യൻകാർ വളരെ ദുരിതം അനുഭവിക്കുന്നു എന്നുള്ളകാര്യം ബഹുമാനപ്പെട്ട ഗവമ്മെണ്ടിനറിയാമോ;

(ബി) ഈ കാലതാമസത്തിനുള്ള കാരണം എന്താണ്?

ബഹു. ശ്രീ. എ. ജെ. ജോൺ:

(എ) അറിഞ്ഞുകൂടാ.

(ബി) പെൻഷ്യൻതുക തീരുമാനിക്കുന്നതിൽ സാധാരണയായി യാതൊരു കാലതാമസവും ഉണ്ടാകുന്നതല്ല. എന്തെങ്കിലും ഉണ്ടാകുന്നുവെങ്കിൽ ആയതു് ആ പേപ്പറുകളുടെ പരിശോധന നടത്തുമ്പോൾ ഓഡിററു ഡിപ്പാർട്ടുമെണ്ടു കണ്ടുപിടിക്കുന്ന തെററുകൾ തിരുത്തുന്നതിനു ഡിപ്പാർട്ടുമെണ്ടുകളിൽ ഉണ്ടാകുന്ന കാലതാമസംമൂലമാണ്. അപ്രകാരമുള്ള എല്ലാ താമസങ്ങളും പരിഹരിക്കുന്നതിനു വേണ്ട കർശനമായ നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെണ്ടുകൾക്കു് അയച്ചുകൊടുത്തിട്ടുണ്ടു്

### പെൻഷ്യൻകാർ

***65.** ശ്രീ. മാന്നാർ ഗോപാലൻനായർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമൊ.—

(എ) ൧൧൨൪ ചിങ്ങം മുതൽ ഗവമ്മെണ്ടു സവ്വീസിൽനിന്നും പെൻഷ്യൻപററി പിരിഞ്ഞവക്കാക്കും പെൻഷ്യൻ തുക കിട്ടിയിട്ടില്ലെന്നുള്ള വിവരം ഗവമ്മെണ്ടിനു് അറിവുണ്ടോ;

(ബി) അങ്ങിനെ പെൻഷ്യൻ സംഖ്യ കൊടുക്കാൻ ഇത്ര കാലതാമസം നേരിട്ടിരിക്കുന്ന കാരണം പറയാൻ ദയവുണ്ടാകുമോ;

(സി) പെൻഷ്യൻ കിട്ടാത്തതുമൂലം പലക്കും വലിയ ബുദ്ധിമുട്ടുകൾ നേരിട്ടിരിക്കുന്നു എന്ന വിവരം ഗവമ്മെണ്ടിനറിയാമോ?

**The Hon'ble Sri. A. J. John:**

(*a*) The presumption is not correct. The probable number of retirements on and after 1st Chingam 1124 is 3,000. Pension applications in respect of 2,332 persons were received in

[Sri. A. J. John]

the Audit Department till the end of Mithunam 1124. Of these, pensions, in respect of 1,750 persons have already been sanctioned. The remaining pension papers are under various stages of correspondence with the Heads of Departments.

(b) The delay in certain cases is due to the incompleteness of service records which results in delay in the preparation and the verification of pension papers.

(c) Yes. Strict instructions have been issued to the Heads of Departments to expedite all pending cases and to explain the reasons for undue delays. In cases where the explanation is not satisfactory, disciplinary action will be taken against the officers concerned.

### അഞ്ചൽ ഉരുപ്പടികൾ

*66. ശ്രീ. മാന്നാർ ഗോപാലൻ നായർ: ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പു മന്ത്രി താഴെ പറയുന്ന ചോദ്യത്തിനു സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ-കൊച്ചി സംയോജനശേഷം അഞ്ചൽ ഉരുപ്പടികൾ ലഭിക്കുവാൻ വളരെ കാലതാമസം നേരിടുന്നു എന്നുള്ള കാര്യം ഗവമ്മെണ്ടു ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇല്ല.

### ലിഫ്ററ് ഇറിഗേഷൻ

*67. ശ്രീ. മാന്നാർ ഗോപാലൻ നായർ: ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ താലൂക്കിൽ ഒരു ലിഫ്ററ് ഇറിഗേഷൻ സ്കീം നടപ്പാക്കുന്നതിനെപ്പററി എന്തെങ്കിലും നിവേദനങ്ങൾ ഗവമ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: തിരുവല്ല താലൂക്കിലേക്കു് ചില ലിഫ്ററ് ഇറിഗേഷൻ പദ്ധതികൾ അനുവദിച്ചിട്ടുണ്ടു്. ചിലതു് ആലോചനയിൽ ഇരിക്കുന്നുമുണ്ടു്. ഏതു പദ്ധതിയാണു് ചോദ്യത്തിൽ ഉദ്ദേശിച്ചിട്ടുള്ളതെന്നു് മനസ്സിലാകുന്നില്ല.

### ഇലക്ട്രിക് ലൈററുകൾ

*68. ശ്രീ. മാന്നാർ ഗോപാലൻ നായർ: ബഹുമാനപ്പെട്ട ഇലക്ട്രിക്കു് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

മാന്നാററു് ഇലക്ട്രിക്കു് ലൈററുകൾ ഇടുന്നതിനുള്ള പ്രാരംഭജോലികൾ ഇപ്പോൾ നിറുത്തിവെയ്ക്കാനുള്ള കാരണമെന്തു്?

ബഹു. മിസ് ആനിമസ്ക്രീൻ: മാന്നാററു് ഇലക്ട്രിക്കു് ലൈൻ നീട്ടുവാനുള്ള ജോലികളെല്ലാം പൂർത്തിയായി; ഈ പ്രദേശത്തേക്കു വേഗംതന്നെ വിദ്യുച്ഛക്തി വിതരണംചെയ്തു തുടങ്ങുന്നതാണു്.

### INSPECTOR OF SALES-TAX

*69. **Sri. K. P. Neelakanta Pillai:** Will the Hon'ble Minister for Finance be pleased to state.—

(a) whether an Inspector of Co-operative Societies has been recently appointed Inspector of Sales-tax;

(b) whether there was a complaint against him by the Secretary of the Travancore State Congress for bribery or attempted bribery;

(c) whether on the basis of this complaint he was suspended and sent back as Co-operative Inspector;

(d) whether he has again been appointed as Sales-tax Inspector; and

(e) if so, why?

**The Hon'ble Sri. A. J. John:**

(a) Yes.

(b) Yes.

(c) Yes.

(d) No.

(e) Does not arise in view of answer to part (d).

### BRIBE BY A GOVERNMENT EMPLOYEE TO GET PROMOTION

*70. **Sri. Paul Thaliath:** Will the Hon'ble Minister for Public Services be pleased to state.—

(*a*) whether the Government have received any complaint from a member of the Legislature stating that he was given a bribe by a Government employee to get promotion in service;

(*b*) if the answer to part (*a*) is in the affirmative, the name of the member and the officer respectively; and

(*c*) whether the officer is still in service and if so, the present post he holds?

**The Hon'ble Sri. A. J. John:**

(*a*) Yes.

(*b*) Member—Mr. K. Ramakrishna Pillai,
Officer—Mr. K. K. Mathew, Co-operative Inspector.

(*c*) Yes, his substantive post as Co-operative Inspector.

**Sri. M. I. Paul:** Sir, I rise to a point of order. Rule 3 of the Legislative Assembly Rules state that "At the commencement of every session of the Assembly the Speaker shall nominate from amongst the members of the Assembly a panel of not more than two Chairmen any one of whom may preside over the Assembly in the absense of the Speaker and the Deputy Speaker or whenever necessary, and in such circumstances as may be directed by the Speaker or, in his absence by the Deputy Speaker".

There was a meeting of the Assembly on last Saturday and no announcement was made by the Speaker of the Panel of Chairmen according to this Rule. May I know whether the Speaker has power to announce that on any other date ?

**Mr. Speaker:** Commencement of the Session need not necessarily be the first day of the Session. മററു നിയമസഭകളിൽ യോഗം തുടങ്ങി ഒന്നോ, രണ്ടോ ദിവസം കഴിഞ്ഞാലും പാനൽ ഓഫ് ചെയർമാനെ എടുക്കാറുണ്ടു്. കൂടാതെ ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ തിരഞ്ഞെടുപ്പു കഴിഞ്ഞിരുന്നില്ല. അതു കഴിഞ്ഞതിനുശേഷം പാനൽ ഓഫ് ചെയർമാന്റെ തിരഞ്ഞെടുപ്പു നടത്തുന്നതാണ് ഉത്തമം. നിയമപ്രകാരം ആ നടപടി സ്വീകരിക്കുന്നതിൽ തെററുള്ളതായി തോന്നുന്നുമില്ല.

### Adjournment motions—Ruling regarding the moving of

<u>മി. സ്പീക്കർ</u>: കഴിഞ്ഞ ദിവസം ഒന്നിലധികം Adjournment motions (അടിയന്തിരപ്രമേയങ്ങൾ) വന്നിരുന്നു. നിയമപ്രകാരം അവയിൽ ഒന്നുമാത്രമേ അന്നു ചർച്ചയ്ക്കു വിഷയമാക്കാൻ പാടുള്ളു എന്നുള്ളതുകൊണ്ടു ഒരു പ്രമേയം അന്നു അനുവദിക്കുകയും അതേപ്പററി വാദപ്രതിവാദം നടക്കുകയുംചെയ്തു. ബാക്കിയുള്ള പ്രമേയങ്ങളെപ്പററി പൊതുവെ സ്വീകരിക്കേണ്ട നടപടി തിരുവിതാംകൂർ അസംബ്ളിയിൽ നടന്നിരുന്ന മുൻപതിവു സ്വീകരിച്ചു പ്രമേയാവതരണം ഓരോന്നായി ഇന്നും അടുത്തദിവസങ്ങളിലും വരത്തക്കവണ്ണം മാററിവയ്ക്കാമോ, അതോ അനുവദിച്ചു ഒരു പ്രമേയം കഴിച്ച് ബാക്കിയുള്ളവയെല്ലാം തള്ളപ്പെട്ടവയായി ഗണിക്കണമൊ എന്നുള്ളതിനെപ്പററിയാണ് റൂളിങ്ങ് വേണ്ടിയിരുന്നതു്. നിയമപ്രകാരം ഒരു പ്രമേയം ഒഴിച്ചുള്ളതെല്ലാം തള്ളേണ്ടതാണെന്നു പ്രബലമായികണ്ടു വാദഗതി പതിവിനു യോജിച്ചതല്ലെന്നു കണ്ടതുകൊണ്ട് അതേപ്പററി ആലോചിച്ച് ഇന്നു റൂളിങ്ങ് നൽകാമെന്നു പറഞ്ഞിട്ടുണ്ടു്.

അടിയന്തിരപ്രമേയത്തേയുംമററും സ്പർശിക്കുന്നതായി ഇന്നു സഭയിൽ ഉന്നയിച്ചിട്ടുള്ള ചില വാദമുഖങ്ങളെ സംബന്ധിച്ചുള്ള റൂളിംഗുകൾ ഇപ്രകാരമാണ്.

(൧) ഒന്നിലധികം അടിയന്തിരപ്രമേയങ്ങൾ ഒരേദിവസം ഹാജരാക്കാം. എന്നാൽ അവയിൽ ഒന്നു മാത്രമേ ഒരുദിവസം ചർച്ചയ്ക്കു എടുക്കുവാൻ പാടുള്ളു. റൂൾ, ൧൨(൧)-ാം ഉപവകുപ്പിന്റെ വ്യാഖ്യാനം ഇതാണ്.

(൨) ഇങ്ങനെ ഹാജരാക്കുന്നവയിൽ ഒന്നിലധികം പ്രമേയങ്ങൾ അനുവദിക്കത്തക്കവയെന്നുകണ്ടാൽ, അവയിൽ ഒന്നുമാത്രം അന്നേദിവസം വൈകീട്ടു് നാലു മണിക്കു് ചർച്ചയ്ക്കു് എടുത്തിട്ടു്, അനുവദിക്കാവുന്നതായിക്കണ്ട ബാക്കി പ്രമേയങ്ങളെപ്പററി എന്താണു് ചെയ്യേണ്ടതു്? അവയെല്ലാം തള്ളപ്പെട്ടതായി ഗണിക്കേണ്ടതാണോ? അതോ സൗകര്യംപോലെ അവയെ പിന്നീടുള്ള ദിവസങ്ങൾക്കു ചർച്ചയ്ക്കായി മാററാവുന്നതാണോ?

[Mr. Speaker]

(൩) തിരുവിതാംകൂർ അസംബ്ളിയിൽ ഉണ്ടായിട്ടുള്ള റൂളിംഗ്സും ഇതേവരെയുള്ള പതിവും അനുസരിച്ച് അന്നു ചർച്ചയ്ക്കു എടുത്തതു കഴിച്ച് അനുവദിക്കത്തക്കതെന്നു കണ്ട ബാക്കി പ്രമേയങ്ങളെ പിന്നീടുള്ള അസംബ്ളി ദിവസങ്ങളിലേക്കു ചർച്ചക്കായി മാററി വെയ്ക്കുന്നതായിട്ടാണ് കാണുന്നതു്.

(Rulings from the Chair—Travancore Legislature, Page 37, paragraph 48. Travancore Legislative Assembly Proceedings Vol. I No. 1 Page 38 and Vol. III No. 1 Page 85.)

(൪) "മൂവ്" ചെയ്യുവാൻ അനുവാദം കിട്ടുന്ന അടിയന്തിരപ്രമേയങ്ങൾ തീയതി മാററിവെച്ച് ചർച്ചയ്ക്കു എടുക്കുന്നതിനു വിരോധമില്ലെന്നുള്ള തത്വം സെൻട്രൽ അസംബ്ലിയിലും സ്വീകരിച്ചുകാണുന്നു.

Decision of the Chair—Indian Ruling Page 6.)

(൫) ഈ തത്വംതന്നെ House of Commons-ലും സ്വീകരിച്ചിട്ടുണ്ടെന്ന് May's Parliamentary Parctice, Page 345-ൽ നിന്നും കാണാവുന്നതാണ്.

(൬) അസംബ്ളി ഹാൻഡ്ബുക്കിൽ, ൨൬൫-ം, ൨൬൪-ം വശങ്ങളിൽ ഈ വിഷയത്തെപ്പററി വിശദമായി വിവരിച്ചിരിക്കുന്നതുകാണാം.

It reads as follows:—

"Procedure when notices of more than one adjournment motion are received in one day: On the 11th November 1940 notices of more than one adjournment motion were received. After the House had given leave to move one adjournment motion on that day, Babu Rabindra Nath Aditya next rose for leave to move his adjournment motion. A point of order was then raised by the Hon'ble Maulavi Abdul Matin Chaudhury whether more than one adjournment motion could be taken up on the same day.

The Speaker ruled: "This point was raised in this House in 1938, when after an adjournment motion was allowed to be moved leave for another adjournment motion was asked for. I did not decide the point then. Having regard to the urgency of the second motion that was intended to be moved I asked the Hon'ble Member to table that motion on the next day waiving urgency. Since then the matter has received my earnest consideration, and I may tell the Hon'ble Member without divulging any secret that I took up this matter in the Presidents, and Speakers' conference held in Simla in 1939. The matter was discussed there and in the light of that discussion I have decided to follow the procedure that is followed in the Central Assembly. Now, that procedure exactly like the procedure that we find in our rules. In the Central Assembly they allow leave to be asked for more than one adjournment motion to be moved on the same day in order to have the President's decision as to whether the motions are in order or not. Where notice of more than one adjournment motion is given for the same day, the adjournment motions are dealt with in the House in the order of their receipt. If leave to move is granted in respect of any of these motions the out-standing motions are left over for inclusion in the agenda of the following day. This process is continued from day to day until all the motions are disposed of".

(൭) അതിനാൽ ഒരേദിവസം ഒന്നിലധികം അടിയന്തിരപ്രമേയങ്ങൾ കൊണ്ടുവരാമെന്നും, അവയിൽ അനുവദിക്കത്തക്കതു് ഏതെല്ലാമാണെന്നു പരിശോധിച്ചു തീരുമാനിക്കാമെന്നും, അവയിൽ അന്നു ചർച്ചയ്ക്കു എടുക്കുവാൻ അനുവദിച്ചതു കഴിച്ച്, ബാക്കി അനുവദിക്കാമെന്നു കാണുന്ന പ്രമേയങ്ങളെ അടുത്ത ദിവസത്തേക്കോ ദിവസങ്ങളിലേക്കോ ചർച്ചയ്ക്കായി മാററിവയ്ക്കാവുന്നതാണെന്നും ആണ് ഇതു സംബന്ധിച്ചുള്ള റൂളിംഗ്.

അടിയന്തിരപ്രമേയം അവതരിപ്പിക്കേണ്ട സമയം.—അടിയന്തിരപ്രമേയം ചർച്ചയ്ക്കു് അനുവദിക്കുന്ന ദിവസം കൃത്യം ൪ മണിക്കുതന്നെയോ അതിനു മുൻപോ എടുക്കേണ്ടതാണെന്ന് ൨൯-ാം റൂളിൽ വ്യക്തമായി വ്യവസ്ഥചെയ്തിട്ടുണ്ട്. റൂൾ ഇങ്ങിനെ ആയതുകൊണ്ട് വളരെ അത്യാവശ്യം നേരിടുമ്പോൾ, ആ അത്യാവശ്യത്തിന് ഒഴിച്ചുവയ്ക്കുവാൻ പാടില്ലാത്തിടത്തോളംമാത്രം താമസമെ, അടിയന്തിരപ്രമേയം ചർച്ചയ്ക്കു് എടുക്കുവാൻ നേരിടുവിക്കാവൂ. മറെറാരു വിഷയത്തെ സംബന്ധിച്ചു എടുക്കുവാൻ തുടങ്ങിയതും നടന്നുകൊണ്ടിരിക്കുന്നതുമായ വോട്ടിങ്ങ് Adjournment motion ക്ലിപ്തസമയത്തു് എടുക്കുന്നതിന് ഉണ്ടാകുന്ന താമസത്തെ നീതീകരിക്കുന്ന ഒരു സംഗതിയാണ്. ഈ വിഷയത്തെ സംബന്ധിച്ചു സെൻട്രൽ അസംബ്ളിയിലും ഇങ്ങനെയാണ് റൂളിങ്ങ് ഉണ്ടായിട്ടുള്ളതു്.

(Pages 5 and 6 of the Decisions of the Chair—Indian Rulings.)

## BUDGET—RULING REGARDING THE CONSIDERATION OF

മി. സ്പീക്കർ: ബഡ്ജററ് ഒന്ന്, രണ്ട് എന്ന രണ്ടുഭാഗമായി അവതരിപ്പിച്ചിരിക്കുന്നതായി കാണുന്നതുകൊണ്ട് ൪൮-ാംറൂൾ അനുസരിച്ച് രണ്ടു പ്രത്യേക ബഡ്ജററുകളായി ഗണിച്ച് ഓരോന്നിനെ സംബന്ധിച്ചും പ്രത്യേകമായി ചർച്ചനടത്തണമെന്ന് പുറപ്പെടുവിച്ച വാദമുഖത്തിന് രണ്ടുഭാഗങ്ങളും ചേർത്ത് ഒരേ ബഡ്ജററായി മാത്രം ഗണിക്കേണ്ടതാണെന്നും ആ അടിസ്ഥാനത്തിൽ ബഡ്ജററിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടത്തിയാൽ മതിയാകുമെന്നുമാണ് റൂളിംഗ്. ബഡ്ജററിൻെറകൂടെ തന്നിട്ടുള്ള കൺസോളിഡേററഡ് സ്റ്റേററമെണ്ടിൽനിന്നും ഇതു വ്യക്തമാകുന്നതാണ്.

## RULING REGARDING ADJOURNMENT MOTIONS— *(cont.)*

അടിയന്തിരപ്രമേയത്തെ സംബന്ധിച്ചുള്ള റൂളിംഗ് അനുസരിച്ച് ഏതെങ്കിലും അടിയന്തിരപ്രമേയം എടുക്കത്തക്കതാണെന്നു കാണുന്നപക്ഷം അടിയന്തിരവ്യവസ്ഥ (urgency) സ്പീക്കറുടെ യുക്തമനുസരിച്ച് ഇളവുചെയ്ത് അതേപ്പററിയുള്ള വാദപ്രതിവാദം ആവശ്യമെന്നു കണ്ടാൽ അടുത്ത ഒരു ദിവസത്തേക്കു മാററിവയ്ക്കാവുന്നതാണ്. അതിന് നിയമതടസ്സം ഒന്നും ഉണ്ടാകുന്നതല്ല.

### അടിയന്തിരപ്രമേയങ്ങൾ

ശ്രീ. മാന്നാർ ഗോപാലൻനായർ അയച്ചിട്ടുള്ള പുകയില ലേലം സംബന്ധിച്ച അടിയന്തിരപ്രമേയത്തെപ്പററി ഞാൻ കഴിഞ്ഞദിവസംതന്നെ പ്രസ്താവിച്ചു. ഇതു് സബ്ജുഡീസാകയാൽ അനുവദിക്കത്തക്കതല്ല.

**Mr. Speaker:** The next motion stands in the name of Mr. A. Nesamony which is said to relate to "the wide-spread feeling of contempt and ridicule generated among the public against the Government consequent on the contemptuous reference to the cabinet as composed with a view to enlist the support of communal groups, and the admitted interference with the administration by Sri. Kumbalathu Sanku Pillai, a member of the District Congress Committee as evidenced by his statement in 'the Kerala Kaumudi' dated 20th July 1949".

This does not refer to any one definite fact, no does it relate to a specific matter of recent occurrence.

**Sri. A. Nesamony:** Sir, may I point out that the motion does not stand against my name.

**Mr. Speaker:** I am sorry. I could not read the signature below, but the letter head has Mr. Nesamony's name. Hence I mistook the motion as Mr. Nesamony's. I now find that the motion stands in the name of Sri. D. Gnanasigamony. My ruling that the motion is out of order stands.

The next motion which stands in the name of Mr. Sivarama Pillai is said to relate to "the public discontent at the harm caused to the manufacture of tobacco products as a cottage industry and the dislocation of the normal channel of trade by the auctioning of tobacco sale rights and the consequent unemployment, scarcity of tobacco products and the abnormal rise in prices."

This is inadmissionable for the reasons I mentioned in respect of a similar motion already disposed of.

The next motion is from Sri. R. K. Ram which is said to relate to "the grave situation caused to the agriculturists and petty land holders by the proposed method of procurement of paddy resulting in serious hardship to them and affecting the food production".

I would like to hear what the Hon'ble Minister concerned has to say about the subject matter of this motion.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മുമ്പ് തിരുവിതാംകൂർ എന്നറിയപ്പെടുന്ന രാജ്യത്ത് നിലവിലിരുന്ന..........

**Sri. D. Gnanasigamony:** May I know Sir, which Minister should supply the information on this matter?

**Mr. Speaker:** As it is a matter of information and verification of facts any Government Member who is in possession of relevant facts bearing on the subject is entitled to supply the information.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനുമുമ്പ് നിലവിലിരുന്ന ചട്ടങ്ങളിൽ യാതൊരു വ്യത്യാസങ്ങളും വരുത്തി യാതൊരു ഉത്തരവുകളും ഇതിനകം ഉണ്ടായിട്ടില്ല.

**Sri. A. Nesamony:** Are not statements called upon to be submitted by the ryots, lessees and others in forms which were not in vogue up to the present move?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്റ്റേററുമെന്റുകൾ അയച്ചിട്ടുണ്ടു്. ഞാൻ പറയുന്നതു് പോളിസിയെ അഫക്ട് ചെയ്യുന്ന ഉത്തരവുകൾ ഉണ്ടായിട്ടില്ല എന്നാണു്.

**Sri. A. Nesamony:** Were not 2 acres of land exempted from the payment of excess paddy?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് ശരിയല്ല. ഇതിനുമുൻപ് നിലവിലിരുന്ന റൂൾ രണ്ടേക്കർ എന്നാണെങ്കിലും എക്സസ് ഉള്ളവരിൽനിന്നും അതു എടുക്കുന്നതിനു ഗവമെണ്ടിനു സ്വാതന്ത്ര്യമുണ്ടായിരുന്നു.

**Sri. K. Sivarama Pillai:** Was not the practice of procuring excess on the basis of settlement pattom abolished?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സെററിൽമെൻറ് പാട്ടം നിർത്തി എന്നുള്ളതു ശരിയാണു്.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: അസംബ്ലിയിൽ വളരെ പൊതു പ്രാധാന്യമുള്ള കാര്യങ്ങൾക്കുവേണ്ടി മാത്രമല്ലെ അടിയന്തിരപ്രമേയം അയക്കാൻ പാടുള്ളു?

മി. സ്പീക്കർ: ഞാൻ പായിൻറ് ഓഫ് ആർഡറിനു് റൂളിങ്ങ് കൊടുത്തതിൽ അതു വ്യക്തമാക്കീട്ടുണ്ടു്. കഴിഞ്ഞ ദിവസം വാദപ്രതിവാദത്തിനു് എടുത്ത പ്രമേയം കഴിച്ചു് ബാക്കിയുള്ളവ അനുവദിക്കത്തക്കതാണെങ്കിൽ അടുത്തദിവസം ചർച്ചക്കു് എടുക്കാവുന്നതാണെന്നു് ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. ആ സംഗതിയെപ്പററി കൂടുതൽ ചോദ്യത്തിനു ആവശ്യമില്ല.

**Sri. A. Nesamony:** Sir, I am eliciting information. May I know from the Hon'ble Minister whether there is not a change in policy in the matter of procurement?

**Hon'ble Sri. T. K. Narayana Pillai:** My reply is what exactly was obtained before will be obtained hereafter also.

**Sri. A. Nesamony:** Can the Hon'ble Member assure the House that there is no change in policy?

**The Hon'ble Sri. T. K. Narayana Pillai:** I can assure that no new order has been passed.

**Sri. A. Nesamony:** We are not concerned with orders. May I take it that there was no change in policy?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പുതിയ ഉത്തരവുകൾ ഒന്നും പാസ്സാക്കിയിട്ടില്ലെന്നു മാത്രമേ എനിക്കതിനു സമാധാനം പറയുവാനുള്ളു

**Sri. K. P. Nilakanta Pillai:** May we also be enabled to understand the intelectual exercise between the Hon'ble Member and the Hon'ble Minister? (Laughter)

**Sri. A. Nesamony:** Sir, may I bring to your notice that there was a resolution passed on the floor of this House that owners of two acres will be exempted from procurement. Contrary to that the then Minister for Food interpreted that rule in such a way as to set at nought the spirit of the rule and excess procurements were resorted to in Southern Taluks. Now we are given to understand that the settlement pattom is abolished and procurement will be had wholly on the basis of excess. Is there not a deviation in the policy which is now adopted by the present procurement on the excess by abolishing settlement pattom?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പ്രധാനമായിട്ട് ഇതു് ഒരു റീസൻറായിട്ടുള്ള സംഗതിയല്ല. അതിനും പുറമെ മി. നേശമണിയുടെ പ്രസ്താവനയിൽ വളരെ തെററുകളും ഉണ്ടു്. അതായതു് അസംബ്ലിയിൽ ഇതേസംബന്ധിച്ചു് ഒരു പ്രമേയം ഉണ്ടാകയൊ വാദപ്രതിവാദത്തിനു വരികയൊ വോട്ടിനിട്ടു് പ്രമേയരൂപത്തിൽ സഭ അംഗീകരിക്കുകയൊ ചെയ്തിട്ടില്ല. സെററിൽമെൻറ് പാട്ടം നിർത്തിയതു് ഇന്നു ആദ്യമായിട്ടല്ല. ആറു മാസം കഴിഞ്ഞിരിക്കുന്നു. അതിനുശേഷം ഗവമെൻറിൽനിന്നു് ഒരു പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ടു്. അതിൽ രണ്ടേക്കർ ഉടമസ്ഥന്മാരിൽനിന്നും എക്സ്സസ് ഉണ്ടെങ്കിൽ ഗവമെൻറിലേക്കു് എടുക്കുന്നതാണെന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. അന്നത്തെ നിലതന്നെയാണു് ഇന്നത്തെ ഗവമെൻറിന്റേയും നില എന്നാണു് എനിക്കു പറയാനുള്ളതു്.

മി. സ്പീക്കർ: ഈ മോഷനിൽ അന്തർഭവിച്ചിരിക്കുന്ന വസ്തുത ശരിയായി മനസ്സിലാക്കാൻ നിവൃത്തിയില്ലാത്ത ഈ അവസരത്തിൽ ഇതേസംബന്ധിച്ചു് വാദപ്രതിവാദം നടത്തുന്നതു് ശരിയല്ല. വസ്തുതകൾ ഇന്നതാണെന്നു ഒന്നുകിൽ പ്രമേയ കർത്താവു് വിശദീകരിക്കണം, അല്ലെങ്കിൽ ഗവമ്മെന്റ് ഭാഗത്തുനിന്നും വിശദീകരണം നൽകണം. അതു രണ്ടും പ്രയാസമായിരിക്കുന്നതായി കാണുന്നതുകൊണ്ടു് ഈ അഡ്ജേൺമെന്റ് മോഷൻ അനുവദിക്കാൻ നിവൃത്തിയില്ല. ഇതു് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയംതന്നെ. എന്നാൽ അടുത്തുവരാൻപോകുന്ന ബഡ്ജറ്റ് വാദപ്രതിവാദങ്ങളിൽ ഇതു് എടുക്കാവുന്നതാണെന്നുള്ളതുകൊണ്ടും ഇതിന്റെ യഥാർത്ഥവസ്തുത മനസ്സിലാക്കാൻ സഭയ്ക്കു് സാധിക്കാത്തതുകൊണ്ടും ഇതു് അനുവദിക്കത്തക്കതല്ലെന്നു് ഞാൻ റൂൾ ചെയ്യുന്നു.

The next motion states that insecurity of life, liberty, property and employment was caused by the illegal activities of the Commissioner, Deviculom by coercing the manager of the Kannan Devan Hills Produce Company to issue notice on thirteen employees of the Company on the 9th July 1949 on the ground that they are engaged in 'subversive and disloyal activities' and his ungentlemanly behaviour towards the Travancore Tamil Nad Congress Candidate in the last election and his order to him to leave Munnar within fifteen days from 1st July 1949 and the ominous silence of the Minister for Law and Order since it has been brought to his notice.

This motion deals with four different subjects none of which relate to matters of recent occurrence whereas under the rules a motion can be allowed only if it states a single specific matter of recent occurrence. On this ground the motion is disallowed.

ശ്രീ. മന്നത്തു പത്മനാഭപിള്ള: ബഹുമാനപ്പെട്ട സ്പീക്കർ എന്താണു് തീരുമാനം ചെയ്തതു് എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അഡ്ജേൺമെന്റ് മോഷനുകൊണ്ടുവരുന്ന പ്രമേയങ്ങളിൽ ഒരു സംഗതി വ്യക്തമായിരിക്കണം, വിശദമായിരിക്കണം, അടുത്തകാലത്തെ സംഭവത്തെ കുറിക്കണം, ഒരു സംഗതിയെക്കുറിച്ചു് മാത്രമെ പ്രതിപാദിക്കാവൂ, എന്നു് വ്യവസ്ഥയുണ്ടു്. എന്നാൽ ഇതിൽ നാലു് പ്രത്യേകസംഗതികളെക്കുറിച്ചു് പ്രതിപാദിച്ചിരിക്കുന്നു. അവയിൽ ഒന്നും അടുത്തു നടന്നതായി ഗണിക്കാവുന്നതുമല്ല. ഈ സഭയുടെ സമയം ഈ വാദപ്രതിവാദത്തിനുവേണ്ടി വ്യയം ചെയ്യുന്നതു് അനുവദിക്കത്തക്കതല്ല. ഈ കാരണങ്ങളാൽ ഇതു തള്ളിയിരിക്കുന്നു.

The next motion is to discuss the situation that has arisen due to the alleged recent order of the Government prohibiting the Reverend Carmelite monks from giving moral and religious instruction to the Catholic juvenile convicts in the Reformatory. I am informed that there has been no such recent order. If the alleged action is under any existing rule it cannot be said to be a matter of recent occurrence. Therefore, the motion is not admissible.

അടുത്ത അഡ്ജേൺമെന്റ് മോഷനെപ്പററിയും ഇതുതന്നെയാണു് പറയാനുള്ളതു്. ഇതിന്റെ സ്റ്റാററ്യൂട്ട് എന്താണെന്നോ ഇതൊരു റീസന്റ് ഒക്കറൻസു് ആയിരുന്നു എന്നോ ഗവമ്മെണ്ടിൽനിന്നോ ഗവമ്മെണ്ടധികാരികളിൽനിന്നോ ഏതെങ്കിലും ഒരാളുടെ സ്വാതന്ത്ര്യത്തെ തടഞ്ഞു എന്നോ തടയാൻപോകുന്നു എന്നോ ഒന്നുംതന്നെ ഇതിൽനിന്നും വ്യക്തമാകുന്നില്ല. ഇതു് ഒരു റീസന്റ് ഒക്കറൻസ് ആയിരിക്കണമെന്നു് നിർബന്ധമുണ്ടു്. ഇപ്രകാരം ഒട്ടും വ്യക്തമല്ലാത്ത ഒരു സംഗതിയെക്കുറിച്ചു് വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ല.

The next is Mr. Iyyu's motion. That is, to discuss about the situation that has arisen in the northern area in the United State of Travancore and Cochin formerly konwn as Cochin State by the recent introduction of Chowkays on the borders of the State and near the Railway line in Cochin State.

This is a matter covered by Ordinance No. V.

അടുത്തതും അതുതന്നെയാണു്. ൫-ാംനമ്പർ ഓർഡിനൻസ് അനുസരിച്ചാണു് ചൗക്കകൾ മുൻസ്ഥലത്തുനിന്നും മാററി കൊച്ചി-തിരുവിതാംകൂർ യൂണിന്റെ ബൗണ്ടറികളിൽ സ്ഥാപിച്ചിരിക്കുന്നതു്. ഇപ്രകാരം ലജിസ്ലേഷൻകൊണ്ടു് മാറേറണ്ട ഒരു കാര്യം ഒരു അഡ്ജേൺമെന്റ് മോഷനു് വിഷയമാക്കാവുന്നതല്ല. ആവശ്യമുള്ളപക്ഷം അതു് ലജിസ്ലേഷൻകൊണ്ടാണു് മാറേറണ്ടതു്.

Mr. Gangadharan Nayar has sent up a motion which relates to "the seriousness of the unemployment created in Quilon and Chavara as a result of the hostile attitude of the A. D. Cotton Mill Management and the Managements of the Chavara Mineral Companies."

[Mr. Speaker]

വ്യക്തവും, നിശ്ചിതവും അടുത്തുനടന്ന ഒററ സംഭവത്തെ കുറിക്കുന്നതുമായിരിക്കണം അടിയന്തിരപ്രമേയം എന്ന റൂളിന് വിരുദ്ധമാണ് ഈ പ്രമേയത്തിൽ കൊള്ളിച്ചിരിക്കുന്ന പ്രതിപാദ്യവിഷയങ്ങൾ. അടുത്തകാലത്ത് നടന്ന ഒരു സംഗതിയെക്കുറിച്ചും പ്രതിപാദിക്കേണ്ടതായി കാണുന്നില്ല. കൂടാതെ "as a result of the hostile attitude of the A. D. Cotton Mill Management and the Management of the Chavara Mineral Companies" എന്നു പറഞ്ഞാൽ അതു് വളരെ അവ്യക്തവും അനിശ്ചിതവുമാണ്. പ്രമേയം അനുവദിക്കത്തക്കതല്ല.

മി. നാണുവിൻെറ പ്രമേയവും ഒരു റീസൻറ് ഒക്കറൻസിനെക്കുറിച്ചല്ല. അതിൽ പ്രതിപാദിച്ചിരിക്കുന്ന സംഗതി ബഡ്ജററിൽ വിദപ്രതിവാദത്തിന് വിഷയമാക്കാവുന്നതാണ്. അതിനാൽ അതു് അനുവദിക്കത്തക്കതല്ല.

മി. നാണുവിൻെറ അടുത്ത പ്രമേയവും ഇതുപോലെയുള്ളതാണ്. അതിനെ സംബന്ധിച്ചുള്ള എൻെറ റൂളിംഗ് മുമ്പ് തന്നതുതന്നെയാണ്. അതിൽ പ്രതിപാദിച്ചിരിക്കുന്ന സംഗതിയെപ്പററി ബഡ്ജററ് വിമർശനത്തിൽ വാദപ്രതിവാദം നടത്താവുന്നതാണ്.

ശ്രീ. പി. നാണു: ഇതിൽ പറഞ്ഞിരിക്കുന്ന സംഭവം എപ്പോൾ നടന്നുവെന്നാണ് അങ്ങ് മനസ്സിലാക്കിയിരിക്കുന്നതു്.

മി. സ്പീക്കർ: അതന്വേഷിക്കേണ്ടതു് എൻെറ ചുമതലയല്ല. അതു് വ്യക്തമാക്കേണ്ടതു് മെമ്പറുടെ ചുമതലയായിരുന്നു. കൂടാതെ അഡ്ജേൺമെൻറ് മോഷനോടുകൂടി ഒരു സ്റ്റേററമെൻറും ഹാജരാക്കണമെന്നുണ്ട്. എന്നു നടന്ന സംഭവമെന്നു അതിലും വ്യക്തമാക്കാം.

ശ്രീ. പി. നാണു: സ്റ്റാൻഡിംഗ് ഓർഡർ പതിനെട്ടാംവകുപ്പനുസരിച്ച് ഞാൻ ഒരു സ്റ്റേററുമെണ്ട് കൊടുത്തിട്ടുണ്ട്. അതു് അങ്ങ് കണ്ടില്ലേ?

മി സ്പീക്കർ: ഞാൻ അതു കണ്ടു. പക്ഷെ ഈ അടുത്തകാലത്ത് നടന്ന ഒരു സംഭവമല്ലെന്നാണ് അതുകൊണ്ടും കാണുന്നതു്. പ്രമേയം അനുവദിക്കാത്തതു് അതുകൊണ്ടാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയവും ഈ അടുത്ത കാലത്ത് നടന്ന സംഭവത്തെപ്പററിയുള്ളതല്ല.

**Sri. K. P. Nilakanta Pillai:** May I know at what stage can I say when an industry is decaying hour after hour and day after day? What is the particular point at which I can say that an industry has decayed.

മി. സ്പീക്കർ: അധികകാലമായി തുടച്ചയായി നടന്നുവരുന്നതായതുകൊണ്ട് എന്നു നടന്ന സംഭവമെന്നു പറയുന്നതു വളരെ പ്രയാസമായതുകൊണ്ടുതന്നെയാണ് ഒരു അഡ്ജേൺമെൻറ് മോഷനായി കൊണ്ടുവരേണ്ടതല്ലെന്നു പറയുന്നതു്. പ്രമേയം അനുവദിക്കത്തക്കതല്ല.

**Sahib Bahadur Abdul Razak:** I have sent in notice for an adjournment motion on the 6th of August on the abolition of the 'Maniamkaram'. I wish to know what happened to that.

**Mr. Speaker:** Yes. A resolution has been received on the matter and I have found it not in order.

That does not in any manner relate to a matter of recent occurrence.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇവിടെ ഒരു റീസൻറ് ഒക്കറൻസ് ആയിരിക്കണമെന്ന് റൂളിംഗ് ഉണ്ടായി. എന്നാൽ റീസൻറ് ഒക്കറൻസ് എന്നുള്ളതിന് ഒരു ഡെഫനിഷൻ പറഞ്ഞാൽ ഞങ്ങൾ അതനുസരിച്ച് മേലാൽ പ്രമേയങ്ങൾ അയക്കാം.

മി. സ്പീക്കർ: റീസൻറായിരിക്കണം എന്നു പറഞ്ഞാൽ അതിൻെറ സാധാരണ അർത്ഥത്തിൽ ഓരോ സിററിങ്ങിനോടും ബന്ധപ്പെടുത്തി സമയക്ലിപ്തം ചെയ്ത് മനസ്സിലാക്കിയാൽ മതി. ആ വാക്കിന് വേറെ ഒരു ഡെഫനിഷൻ വേണമെന്നില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഒരു സെഷൻ കഴിഞ്ഞു് അടുത്ത സെഷൻ തുടങ്ങുന്നതിന് മുൻപ് ഉണ്ടായ ഒരു സംഭവം ഒരു റീസൻറ് ഒക്കറൻസായി ഗണിക്കാമോ?

മി. സ്പീക്കർ: അങ്ങനെ ഗണിക്കാവുന്നതാണ്, സെഷൻ തുടങ്ങുന്ന ദിവസത്തേക്ക്.

**Sri. Eapen Arakkal:** It was stated the other day by an Hon'ble Minister that the policy of the House is to discourage and retard the acceptance of adjournment motions.

**Mr. Speaker:** I don't remember.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഒരു സംഗതിയെക്കുറിച്ചു് സ്പീക്കർ നൽകിയ റൂളിംഗി നെ ക്രാസ്സ്യൻ ചെയ്യുന്നതു് ശരിയാണോ?

മി. സ്പീക്കർ: റൂളിംഗിനെ ചോദ്യം ചെയ്തതായിട്ടു തോന്നുന്നില്ല, അങ്ങിനെ ചെയ്യാൻ പാടില്ലാത്തതുമാണു്. എന്നാൽ മെമ്പറന്മാക്കു് ഏതെങ്കിലും പ്രാധാന്യമർഹി ക്കുന്ന വിവരങ്ങൾ സന്ദർഭോചിതവും ഹൌസിന്റെ ചർച്ചയിൽ ഇരിക്കുന്ന വിഷയത്തിനു അനുയോജ്യവുമായവ യുക്തംപോലെ ഞാൻ നല്കുവാൻ ശ്രമിക്കുന്നതാണു്. എന്നാൽ റൂ ളിംഗിന്റെ ഗുണദോഷനിരൂപണം ചെയ്യുകയൊ റൂളിംഗിനെ ചോദ്യം ചെയ്യുകയൊ പാ ടില്ലാത്തതാണു്.

**Sri. Eapen Arakkal:** It was stated the other day by an Honourable Minister that the policy of the House is to discourage the acceptance of adjournment motions.

**The Hon'ble Sri. T. K. Narayana Pillai:** There was no such statement.

**Sri. Eapen Arakkal:** Yes, it was stated. Hon'ble Mr. Panampilly Govinda Menon said that the policy is to retard and discourage adjournment motions as far as possible.

**Mr. Speaker:** Does not the Hon'ble Member ask for information on that point?

**Sri. Eapen Arakkal:** Yes.

മി. സ്പീക്കർ: അങ്ങനെയാണൊ പറഞ്ഞതെന്നു നിശ്ചയമില്ല. എന്നാൽ ഹൌ സ്സു് ഓഫു് കോമൺസിലും മററു നിയമസഭകളിലും മററു പരിഹാരമാർഗ്ഗം ആരായേണ്ട സംഗതികളിൽ അഡ്ജോൺമെൻറു് മോഷൻകൊണ്ടു് പരിഹാരം നേടാൻ മെമ്പറന്മാർ ആഗ്രഹിക്കാറില്ലെന്നും അങ്ങിനെ ആഗ്രഹിക്കുന്നതു് പൊതു താല്പര്യത്തിന്നു് ഹാനികരമാ ണെന്നുള്ള ചിന്താഗതിയാണുള്ളതെന്നും പറഞ്ഞതായി ഓക്കുന്നുണ്ടു്. പ്രത്യേകിച്ചും ബഡ്ജററു് സെഷ്യനിൽ അങ്ങനെയുള്ള മോഷൻ ധാരാളമായി കൊണ്ടുവരാറൊ അനുവദിക്കാറൊ ഇല്ല. അഡ്ജോൺമെൻറു് മോഷനെ ഡിസ്ക്കറേജു് ചെയ്യുന്നു എന്നല്ല അതുകൊണ്ടു് മനസ്സിലാക്കേണ്ടതു്. നിയമപ്രകാരം അനുവദിക്കേണ്ടതും അനുവദിക്കാവുന്നതുമായ അ ഡ്ജോൺമെൻറു് മോഷൻ എല്ലാം അനുവദിക്കുന്നതായിരിക്കും.

**Sri. K. P. Neelakanta Pillai:** May I know whether the Speaker could be called upon by the Hon'ble Members to give informations on various matters?

മി. സ്പീക്കർ: അതിനു അവകാശമില്ല. പ്രൈവററു് നോട്ടീസ്സു് കൊടുത്തൊ നേ രിട്ടു ചോദിച്ചോ സ്പീക്കക്കു് അറിയാവുന്നതും പറയാവുന്നതുമായ വിവരങ്ങൾ സ്പീക്കറിൽ നിന്നും അറിയുവാൻ ശ്രമിക്കുന്നതിൽ തെററില്ല.

## REFERENCE REGARDING THE DISTRIBUTION OF ADMINISTRATION REPORTS

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: പൊതുവിമർശനം തുടങ്ങുന്നതിനു മുൻപു് ഇതി നു മുമ്പുള്ള കാലങ്ങളിൽ പൊതുഭരണറിപ്പോർട്ടും ഡിപ്പാർട്ടുമെണ്ടുകളെ സംബന്ധിച്ചുള്ള ഭരണറിപ്പോർട്ടുകളും തന്നുകൊണ്ടിരുന്നു. അതു് പഠിച്ചുകൊണ്ടും അതിൽനിന്നുള്ള അറിവു വെച്ചുകൊണ്ടും ആണു് പൊതു വിമർശനം നടത്തിയിരുന്നതു്. എന്നാൽ രണ്ടു വർഷമായി ജനകീയഭരണം തുടങ്ങിയതിൽപിന്നെ ആ ജനായത്തഭരണസമ്പ്രദായം ഇവിടെ നടപ്പിൽ വരുത്തിയിട്ടില്ല. അതു് വേണ്ടെന്നുവെച്ചോ അതോ അങ്ങിനെ തുടരുവാൻ നിശ്ചയിച്ചി ട്ടുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം. ഏതായാലും വിമർശനത്തിനു് അതു് അത്യാവശ്യ മാണു്. അതു് ചെയ്യാത്തപക്ഷം ഗവമ്മെണ്ടിന്റെ ഒരു കൃത്യവിലോപമായിരിക്കുമെന്നു് ഞാൻ ചൂണ്ടികാണിച്ചുകൊള്ളുന്നു.

മി. സ്പീക്കർ: ഇപ്പോൾ വിതരണം ചെയ്തിട്ടുള്ള റിപ്പോർട്ടുകൾ കൂടാതെ വേ റെയും ഉണ്ടെങ്കിൽ അതേ സംബന്ധിച്ചു് അന്വേഷിച്ചു വേണ്ടതു ചെയ്യാം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഞാൻ പറഞ്ഞതു് ശരിയാണു്.

മി. സ്പീക്കർ: അതേപ്പററി വേണ്ട അന്വേഷണങ്ങൾ ഉടനടി നടത്തി പരിഹാരം ഉണ്ടാക്കാൻ സാദ്ധ്യമല്ല.

## ELECTION OF A MEMBER TO THE CONSTITUENT ASSEMBLY OF INDIA— FIXING THE PROGRAMME OF

ഇന്ത്യൻ കോൺസ്റ്റിററ്വെൻറ് അസംബ്ലിയിലെ ഇവിടത്തെ ഒരു അംഗമായ ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ് തൽസ്ഥാനം രാജിവെച്ച് ഒഴിഞ്ഞിരിക്കുന്നതിനാൽ ഈ സംയുക്ത നിയമസഭയിൽനിന്ന് ഒരാളെ തിരഞ്ഞെടുക്കണമെന്ന് ഗവൺമെണ്ടിൽനിന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കൈമാററം ചെയ്യാവുന്ന ഒററ വോട്ടുമൂലം ഇലക്ഷൻ നടത്തുന്നതാണ്. തിരഞ്ഞെടുക്കപ്പെടേണ്ടവരുടെ നാമനിർദ്ദേശം ഇന്നു ഉച്ചക്ക് ഒന്നരമണിക്കകം നിയമസഭാ സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്. ഫാറം ആവശ്യമുള്ളവർക്ക് ഇവിടെനിന്നും ലഭിക്കുന്നതാണ്. തിരഞ്ഞെടുപ്പ് ആവശ്യമെന്നു കാണുന്നപക്ഷം ഇന്നു നാലു മണിക്ക് എന്റെ അദ്ധ്യക്ഷതയിൽ നടത്തുന്നതാണ്.

**Sri. A. Nesamony:** I have heard the statement and I wish to raise a point of order. Are there not other Ministers of this Cabinet who are members of the Constituent Assembly who are bound to vacate their seats as soon as they became Ministers ? What prevents them from relinquishing their place from the Constituent Assembly ? Is he competent to make a discrimination between Ministers and other members? Why not the minorities in the House have a representation in the method of election which has been allotted by this House ? I want a ruling whether any member of the Cabinet can relinquish his place at his sweet will and pleasure, or the Government can take any further step on the matter ?

**The Honble Sri. E. John Philipose :** May I make a statement, Sir ?

**Sri. A. Nesamony :** I ask the Speaker.

മി. സ്പീക്കർ: ഇന്ത്യൻ കോൺസ്റ്റിററുവൻറ് അസംബ്ലിയിൽ അംഗങ്ങളായിരുന്നവർ മന്ത്രിമാരാകുമ്പോൾ അസംബ്ലിസ്ഥാനം ഒഴിയുന്നതു എപ്പോൾ വേണ്ടതാണെന്നോ എന്തു വ്യവസ്ഥയിൽ ഒഴിയേണ്ടതാണെന്നോ ഉപദേശിക്കാനോ നിർദ്ദേശിക്കാനോ ആജ്ഞാപിക്കാനോ സ്പീക്കറിനു അവകാശമില്ല. അതുകൊണ്ട് ആ കാര്യത്തിൽ ഇടപെടണമെന്ന് സ്പീക്കർ വിചാരിക്കുന്നില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇന്ത്യൻ കോൺസ്റ്റിററുവൻറ് അസംബ്ലിയിൽനിന്ന് ഏതെങ്കിലും ഒരു അംഗം രാജിവെച്ചതുമൂലം ഒരു ഒഴിവ് ഉണ്ടായിട്ടുണ്ടെന്നോ ആ സ്ഥാനത്തേക്ക് ഒരാളെ തിരഞ്ഞെടുത്ത് അയക്കണമെന്നോ ഇന്ത്യൻ കോൺസ്റ്റിററുവൻറ് അസംബ്ളി പ്രസിഡണ്ട് ആവശ്യപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ഇവിടത്തെ ഗവൺമെണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ കൂടുതൽ അതേപ്പററി അന്വേഷിക്കേണ്ട ചുമതല സ്പീക്കർക്ക് ഉണ്ടെന്നു തോന്നുന്നില്ല. ഇന്ത്യൻ കോൺസ്റ്റിററുവൻറ് അസംബ്ളി പ്രസിഡണ്ട് ഈ ഹൌസിനോടൊ സ്പീക്കറോടൊ നേരിട്ടു ആവശ്യപ്പെടുന്നതുമല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇന്ത്യൻ കോൺസ്റ്റിററുവൻറ് അസംബ്ളിയിലേക്ക് ഒരംഗത്തെ തിരഞ്ഞെടുത്ത് അയക്കാൻ ആവശ്യപ്പെടാനുള്ള ചുമതല നിയമനുസരിച്ച് ഇന്ത്യൻ കോൺസ്റ്റിററുവൻറ് അസംബ്ളിക്കാണെന്ന് ഞാൻ അങ്ങയെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

മി. സ്പീക്കർ: കോൺസ്റ്റിററുവൻറ് അസംബ്ളി പ്രസിഡണ്ടും ഈ ഹൌസുമായി ആ കാര്യത്തിൽ നേരിട്ടു ബന്ധമൊന്നുമില്ലാത്തസ്ഥിതിക്ക് അതിനെപ്പററി ഇവിടെ ഗൌനിക്കേണ്ടതില്ലെന്നു തോന്നുന്നു.

**Sri. A. Thanu Pillai :** I wish to make a suggestion on the matter. I think there is great force in what Mr. Nesamony says. I do not know how many Ministers are resigning their places in the Constituent Assembly. One Minister proposes to resgin now. It will be an election of two members to be held simultaneously because the system you propose to adopt is proportional representation. So I would make the suggestion that the matter may be referred to the Government of India. If there is more than one vacancy then what I suggest would be a more useful plan.

**Sri. A. Nesamony :** I wish to bring certain circumstances for consideration. It is not a matter for the Government to call upon the Speaker to carry out the election. There are other possibilities also. It is up to the Speaker to make a reference to Government at the same time. The subject is brought to the notice by an Hon'ble Member, Sri. Kalathil Velayudhan Nayar whether there has been actual resignation accepted by the Government of India and whether

there is any direction to have the selection here. No Cabinet Minister can force the Government or the Speaker to conduct a fresh election. These are the matters which ought to be considered. The Speaker is to put it before the House. The Speaker must have intimation from the Government. It is only in the question of fairness because the method of election adopted is proportional representation and the interest of the minorities ought to be safeguarded by the Speaker when the Government are out to trample it under foot. I appeal to the Speaker to reconsider the position and to request the Government to refer the matter to the Government of India. Now one member has tendered his resignation. More than one vacancy is likely to arise.

മി. സ്പീക്കർ: ഒരു സംഗതി പ്രത്യേകം പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. ഇവിടത്തെ മിനിസ്റ്റർമാരിൽ ഒന്നിൽ കൂടുതൽ ആളുകൾ ഇന്ത്യൻകോൺസ്റ്റിററുവൻറ് അസംബ്ളിയിൽ മെമ്പർമാരാണെന്ന് എല്ലാവർക്കും അറിയാം. അവർ ഇവിടത്തെ മിനിസ്റ്റർമാർ ആയതോടുകൂടി അവിടത്തെ മെമ്പർസ്ഥാനം രാജിവയ്ക്കണമോ വേണ്ടയോ എന്ന് നിർദ്ദേശിക്കാൻ സ്പീക്കർക്ക് അവകാശമില്ല. എന്നാൽ ഇപ്പോൾ കോൺസ്റ്റിററുവൻറ് അസംബ്ളിയിൽ മെമ്പറായിരിക്കുന്ന ഒരു മിനിസ്റ്റർ അദ്ദേഹത്തിൻെറ കോൺസ്റ്റിററുവൻറ് അസംബ്ളിസ്ഥാനം രാജിവെച്ചിരിക്കുന്നതിനാൽ ആ സ്ഥാനത്തേക്ക് ഒരു തിരഞ്ഞെടുപ്പ് നടത്തണമെന്ന് ഗവമ്മെണ്ട് രേഖാമൂലം ഈ ഹൌസിനെ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് തിരഞ്ഞെടുപ്പ് നടത്തേണ്ട ചുമതല സ്പീക്കറുടേതാണ്. എന്നാൽ ഈ ഹൌസിൽ ഉണ്ടായ വാദഗതികളെ അടിസ്ഥാനമാക്കി ഗവമ്മെണ്ടിൻെറ നിലയെ ഒന്ന് പുന:പരിശോധന ചെയ്യുന്നതിന് ഗവമ്മെണ്ടിന് വേണമെങ്കിൽ ചെയ്യാവുന്നതാണ്, അല്ലാതെ തൽസംബന്ധമായി ഇന്ന വിധത്തിൽ ചെയ്യണമെന്ന് പറയാൻ സ്പീക്കർക്ക് അധികാരമില്ല.

**Sri. K. P. Neelakanta Pillai:** I hope the Premier will give a reasonable explanation if he has courage enough to do so.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളക്ക് ഉള്ളതുപോലെയുള്ള ധൈര്യം എനിക്കും ഉണ്ട്. എങ്കിലും തെററിദ്ധാരണക്ക് ഇട കൊടുക്കാതെ ഗവമ്മെണ്ടിൻെറ നില വിശദീകരിക്കേണ്ടത് എൻെറ ഡ്യൂട്ടിയാണ്. എൻെറ കൈവശം കിട്ടീട്ടുള്ള രാജിക്കത്ത് മിസ്റ്റർ ജോൺ ഫിലിപ്പോസിൻെറ മാത്രമാണ്. പക്ഷേ മന്ത്രിമാർ ആകുന്നതോടുകൂടി അവർ കോൺസ്റ്റിററുവൻറ് അസംബ്ളി അംഗത്വം രാജിവെക്കണമെന്ന് നിർബന്ധിച്ചുകൊണ്ട് ഏതെങ്കിലും ഒരു സ്ഥലത്ത് ഇപ്പോൾ റൂൾ ഉള്ളതായി എനിക്ക് അറിവില്ല. മന്ത്രിപദം ലഭിച്ചതോടുകൂടി അംഗത്വം രാജിവെക്കണമോ വേണ്ടയോ എന്ന് നിശ്ചയിക്കേണ്ടത് അവരാണ്. ഇതുവരെ ഗവമ്മെണ്ടിൻെറ മുമ്പാകെ കിട്ടീട്ടുള്ളത് മിസ്റ്റർ ഫിലിപ്പോസിൻെറ രാജിമാത്രമാണ്. ബാക്കിയുള്ളവർ രാജിവയ്ക്കുന്നുണ്ടോ എന്നുള്ളത് അറിവില്ല. അതിനെ അടിസ്ഥാനമാക്കിയാണ്, വന്നിട്ടുള്ള ഒരു വേക്കൻസിയിൽ തിരഞ്ഞെടുപ്പ് നടത്തണമെന്ന് ഗവമ്മെണ്ട് ആവശ്യപ്പെട്ടത്.

**Sri. A. Nesamony:** May I remind the Hon'ble Member to refresh his memory relating to the Constituent Assembly rules which say that except the Chief Minister no other Cabinent Minister can be a member of the Constituent Assembly?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അത് പഴയ റൂൾ ആയിരുന്നു. ഇപ്പോൾ അതിനെ വ്യത്യസ്തപ്പെടുത്തിയിട്ടുണ്ട്.

**Sri. K. Sivarama Pillai:** Is there any objection to postpone the election to the last day of the Assembly so that we may see whether any other member also resigns?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : മേലാൽ എന്തെങ്കിലും, സംഭവിക്കാം എന്ന് ഊഹിച്ചുകൊണ്ട് ഒരു കാര്യപരിപാടി തയ്യാറാക്കുക ഗവമ്മെണ്ടിന് സാധ്യമല്ല.

ശ്രീ. മന്നാർ ഗോപാലൻനായർ : ഇന്ത്യ ഗവമ്മെണ്ടിൽനിന്നും ഈ രാജി സ്വീകരിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇങ്ങനെയുള്ള കാര്യങ്ങളിൽ രാജി സ്വീകരിക്കും. ഇതു് സാധാരണ സംഭവങ്ങളിൽ ഒന്നാണു്. അങ്ങിനെ രാജി സ്വീകരിക്കുമെന്നു് വിശ്വസിച്ചുകൊണ്ടാണു് തെരഞ്ഞെടുപ്പു് നടത്താൻ ആവശ്യപ്പെട്ടതു്.

**Sri. A. Nesamony**: Does not the Government think that there is a negation of fairness to the minority communinities in the State.

ശ്രീ. പി. നാണു: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സഭയുടെ മുമ്പാകെ ഇത്തരത്തിലുള്ള ഒരു മോഷൻ കൊണ്ടുവരാതെ അതിനെക്കുറിച്ചു ചർച്ചചെയ്യാമോ?

മി. സ്പീക്കർ: പ്രത്യേകമായി ഒരു മോഷനില്ലെങ്കിലും ഈ കാര്യത്തിൽ എന്റെ പ്രസ്താവനയെ അടിസ്ഥാനമാക്കി അഭിപ്രായവിനിമയത്തിനു സന്ദർഭം ഞാൻ അനുവദിച്ചിട്ടുള്ളതാണു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. നേശമണി പറഞ്ഞതുപോലെ ന്യൂനപക്ഷസമുദായങ്ങളുടെ താല്പര്യങ്ങളെ ചവിട്ടിത്തേയ്ക്കണമെന്നു് ഈ ഗവമ്മെണ്ടിനു് ആഗ്രഹമില്ലെന്നാണു് എനിക്കു് അറിയിക്കുവാനുള്ളതു്. രണ്ടോ മൂന്നോ ഒഴിവുകൾ വന്നിട്ടു്, ന്യൂനപക്ഷസമുദായങ്ങളുടെ താല്പര്യങ്ങളെ ഒന്നും ഗൌനിക്കാതെ രണ്ടെണ്ണം നോമിനേറ്റുചെയ്തു കഴിഞ്ഞിട്ടു്, ഒന്നുമാത്രം തെരഞ്ഞെടുപ്പിനു വക്കുകയാണെങ്കിൽ ഒരുപക്ഷേ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ വിചാരിക്കാൻ അവകാശമുണ്ടു്. എന്നാൽ ഇതു് അങ്ങനെ അല്ല. ഒരു വേക്കൻസിയേ വന്നിട്ടുള്ളു. അതിൽ തിരഞ്ഞെടുപ്പു നടത്തുകയാണു്. അങ്ങനെയിരിക്കെ ശ്രീ. നേശമണിയുടെ "ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങളെ അവഗണിച്ചു പ്രവത്തിക്കുന്നു" എന്നുള്ള ആരോപണത്തെ, ഒരു പ്രക്ഷോഭണം എന്ന നിലയിൽ സ്വാഗതംചെയ്യുന്നു എന്നല്ലാതെ അതിനു യാതൊരു അടിസ്ഥാനവും ഇല്ല.

**Sri. A. Nesamony:** Is that not a matter of opinion, Sir?

**Sahib Bahadur A. Abdul Razaak:** Will it not be prudent, Sir, to defer this matter until such time as this House is called upon to elect a member by the President of the Constituent Assembly?

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്: സർ, ഈ സഭയിൽനിന്നും സെൻട്രൽ അസംബ്ലിയിലേക്കു തിരഞ്ഞെടുക്കപ്പെട്ട ഒരംഗം ആ സഭയിലെ കൃത്യങ്ങൾ ചെയ്യുവാൻ ഹാജരാകാതെയിരിക്കുമ്പോൾ അവിടെ ഹാജരാകണമെന്നോ മറ്റോ നിർബ്ബന്ധിക്കുവാൻ ഗവമ്മെണ്ടിനു് അവകാശമുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിനു് അധികാരമില്ല.

**Sri. K. Sivarama Pillai:** On a point of information. Should not there be a requisition from the Constituent Assembly before this question is proceeded with?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: റിക്വിസിഷൻ വേണമെന്നു പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട അംഗങ്ങൾക്കുതന്നെ പറയാം.

**Sri. K. P. Neelakanta Pillai:** May I know whether I am justified in thinking that there is a lot of manipulation behind this proposal?

**Mr. Speaker:** That question does not call for an answer.

**Sri. A. Nesamony:** On a point of order. The Speaker announced that this member should be elected by the members of this House. I wish to bring to the notice of the Speaker that Mr. E. John Philippose was elected not by the members of this House but by the old Travancore Legislative Assembly alone. Then, who are the members who are competent to elect a representative in the place of Mr. John Philippose now?

**Sri. Kalathil Velayudhan Nayar:** May I know whether there is a vacancy now so that we may proceed with the election?

മി. സ്പീക്കർ: സ്പീക്കറെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു ഒഴിവു വന്നിട്ടുണ്ടു് എന്നുള്ള വിവരം ഗവമ്മെണ്ടു് ഈ ഹൌസിനെ അറിയിക്കുകയും അതനുസരിച്ചു് ഒരു തിരഞ്ഞെടുപ്പു നടത്തണമെന്നു ഞാൻ പ്രഖ്യാപിക്കുകയും ചെയ്തു. ഇതനുസരിച്ചു് ഇന്നേദിവസം ഒന്നരമണിക്കു നോമിനേഷൻ പേപ്പർ സമർപ്പിക്കേണ്ടതും ഒന്നേമുക്കാലിനു് അതു പരിശോധിക്കുന്നതും നാലുമണിക്കു തിരഞ്ഞെടുപ്പു നടത്തുന്നതുമാണു്. അതാണു് നിലവിലി

രിക്കുന്ന തീരുമാനം. തിരഞ്ഞെടുപ്പു നടത്തേണ്ടതു് ഈ സഭതന്നെ എന്നുള്ളതിനെപ്പററി സന്ദേഹത്തിനു് അവകാശമേ ഇല്ല.

**Sri. A. Thanu Pillai :** What I wanted to say was this; that is, in reference to the aspect of the matter which was for the first time referred to by Mr. Nesamony. That I think is a serious thing which you, Sir, and more than you the Government, should seriously consider. The member now resigning was elected by the members of the Travancore Representative Body or the Legislature. Now, how that vacancy has to be filled up is a matter which is really for the Constituent Assembly to decide. Now, after the Union whether a function that related to one of the Covenanting States devolves in every case on the Union or whether a function that was discharged by an institution in one of the covenanting states necessarily devolves upon the corresponding institution of the Union—that is not a matter which can be lightly decided. For instance, I may refer to this fact. Suppose a member here now resigns. Now, that vacancy has to be filled up according to the rules of the Representative Body of Travancore, if the member belonged to that body; and according to the rules of the Cochin Legislature if the member resigning was elected by the Cochin Legislature. So, why I refer to this is this: A distinction has to be kept in view in matters of this kind. Here a vacancy arises due to Mr. E. John Philipose's resignation. He was a member who was elected to this body. But then we are asked to elect members to represent Travancore by the Representative Body and similarly from Cochin. I think Mr. Panampilli Govinda Menon was elected by the Legislature there. So this question is a very important one. It arises now. I am glad Mr. Nesamony raised it. I regret that it escaped my notice and the notice of all of you here. It is not a matter to be presumed. I believe that what I say cannot be a waste of time. I have had some experience of these things. I feel it is an important matter.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും രണ്ടുമണിക്കു വീണ്ടും കൂടുന്നതുമാണു്.

*The House adjourned for lunch at 1 p.m. and reassembled at 2 p.m. with the Speaker (the Hon'ble Sri. T. M. Verghese) in the Chair.*

മി. സ്പീക്കർ : ഇന്ത്യൻ കോൺസ്റ്റിററ്യുവൻറു് അസംബ്ലിയിലേക്കു് ഒരു മെമ്പറെ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ച് ഇൻഫാർമലായിട്ടു് ചില ഡിസ്കഷൻസു് ഇവിടെ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അതു് അവസാനിച്ചതായി വിചാരിച്ചു് നമുക്കു ബഡ്ജററിൻെറ പൊതു വിമർശനത്തിലേക്കു് കടക്കാം.

ശ്രീ. കെ. എ. മാത്യു. ഇൻഫാർമൽ ഡിസ്ക്കഷൻ സഭയിൽ അനുവദിക്കാവുന്നതാണോ ?

മി. സ്പീക്കർ : പ്രാധാന്യമർഹിക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ചു സ്പീക്കറുടെ പ്രസ്ഥാവനയെ ആധാരമാക്കി ഉണ്ടായതായതുകൊണ്ടു് ആ ഡിസ്ക്കഷൻ അനുവദിച്ചതാണു്. അജൻഡായിൽ. കൊള്ളിച്ചിട്ടില്ലാത്ത കാര്യത്തെപ്പററി ആയതുകൊണ്ടു് ഇൻഫാർമൽ എന്നു പറഞ്ഞതാണു്. അതു അനുവദിച്ചതിൽ തെററൊന്നുമില്ല.

ശ്രീ. കെ. എ. മാത്യു : നിയമസഭയിൽ നടക്കേണ്ടതു് ഫാർമൽ ഡിസ്ക്കഷനാണൊ ഇൻഫാർമൽ ഡിസ്ക്കഷനാണൊ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : രണ്ടുമാകാം. അനുവാദപ്രകാരം സഭയിൽ നടന്നുകഴിഞ്ഞ ഡിസ്ക്കഷൻ ഫാർമലാണൊ ഇൻഫാർമലാണൊ എന്ന വാദംതന്നെ നിരത്ഥകമാണു്.

ശ്രീ. കെ. എ. മാത്യു : നിയമസഭയിൽ നടക്കേണ്ടതു് ഫാർമൽ ഡിസ്ക്കഷനാണു്. അല്ലാതെ ഇൻഫാർമൽ ഡിസ്ക്കഷനല്ലാ. അതുകൊണ്ടു് ഇൻഫാർമൽ ഡിസ്ക്കഷൻ എങ്ങനെ അനുവദിച്ചുവെന്നാണു് അറിയേണ്ടതു്.

മി. സ്പീക്കർ : ആവശ്യമെന്നും അനുവദിക്കത്തക്കതെന്നും തോന്നിയതുകൊണ്ടു ഡിസ്ക്കഷൻ അനുവദിച്ചു. അതു മെമ്പറുടെ യുക്തംപോലെ ഇൻഫാർമൽ എന്നൊ ഫാർമൽ എന്നൊ നാമകരണം ചെയ്തുകൊള്ളുന്നതിനു വിരോധമില്ല. അതു എങ്ങിനെ അനുവദിച്ചു എന്ന ചോദ്യം അസ്ഥാനത്താണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: കാലത്തെ അരമണിക്കൂർനേരം വെറുതെ വ്യയംചെയ്യു എന്നാണൊ മനസ്സിലാക്കേണ്ടതു്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ അതിനെ മനസ്സിലാക്കിയതനുസരിച്ചു വെറുതെ വ്യയംചെയ്തോ ഇല്ലയൊ എന്നു തീരുമാനിച്ചുകൊള്ളാം.

## General discussion of the Budget

**Mr. K. Sivarama Pillai:** On a point of order, Sir. The Travancore budget that is presented to us covers a period of 7½ months commencing from Karkadagam 1124 while it ought to be for 8½ months. It is seen that both the budgets purport to show expenditure up to 31st March 1950. In the words of the Finance Minister the sentence reads:

"..It is for this reason that the present budget is prepared up to 31st March, a period roughly of 7½ months".

So far as Travancore is concerned the financial year begins from Karkadagam and ends with Mithunam and it does not run from Chingam to the end of Karkadagam. That fact could be seen from the provisions made for 124 Karkadagam on a reference to page 109 of the budget. But for arriving at 7½ months period, calculation has to be made from 1st Chingam only. That means no provision ought to have been made for Karkadagam 1124. So then, my point is, if our budget is for a period of 7½ months commencing from Karkadagam 1124, the 7½ months will be over by the end of February and not March as is stated by the Finance Minister. In these circumstances, my question is whether the consideration of such a budget is in order.

I may add that during the last session of the Assembly, when this aspect of the question was brought to the notice of the House the then Finance Minister stated that the financial year was from Karkadagam to Karkadagam and not from Chingam to Chingam and that was a statement made on the floor of this House. Viewed in this light, the Finance Minister's statement that the budget is prepared till the 31st of March 1950 is not a correct statement. So the question is whether such a budget could be considered now?

**Mr. Speaker:** The Finance Minister will explain the position.

ബഹു. ശ്രീ. എ. ജെ. ജോൺ: ഒരു വർഷത്തിന്റെ ഭാഗത്തേക്കു മാത്രമായി ബഡ്ജററ് പ്രസന്റ് ചെയ്യാമെന്നു ആർഡിനൻസ് ൭ സെക്ഷൻ ൧൯-ൽ പ്രത്യേകം പറഞ്ഞിട്ടുണ്ടു്.

"Notwithstanding anything contained in this Ordinance the Government may lay before the Assembly a statement of the estimated receipts and expenditure of the United State in respect of a part of a financial year and then the provisions of the preceding sections shall have effect in relation to that statement."

അതുകൊണ്ടു് part of a year അതായതു് ഒരു വർഷത്തിന്റെ ഭാഗത്തേക്കു് ബഡ്ജററ് കൊണ്ടുവരാമെന്നു് ഈ സെക്ഷനിൽ വ്യവസ്ഥയുണ്ടു്. പിന്നെ പറഞ്ഞതു് ഈ ബഡ്ജററ് ഫെബ്രുവരി അവസാനംവരെ മാത്രമെ നില്ക്കുകയുള്ളു എന്നാണു്. സാധാരണ പതിവു് കർക്കടകത്തിലെ ശമ്പളം ചിങ്ങം ൧-ാംനു-യൊ അതുകഴിഞ്ഞൊ കൊടുക്കുകയാണു്. അതുകൊണ്ടു് കർക്കടകത്തിലെ ശമ്പളം ചിങ്ങത്തിലെന്നാണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. എട്ടര മാസത്തേയ്ക്കും ആവശ്യമായ തുകകൾ ഇതിൽ കൊള്ളിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇതിൽ യാതൊരു കുഴപ്പവുമില്ല.

**Sri. A. Nesamony:** So am I to take it that there is no provision for Karkadagam 1124 in this budget of ours.

ബഹു. ശ്രീ. എ. ജെ. ജോൺ: ൧൧൨൪ കർക്കടകത്തിലെ ശമ്പളമാണു് ൧൧൨൫ ചിങ്ങം ൧-ാം തിയ്യതി കൊടുക്കുന്നതു്. അതുകൊണ്ടു് ആ തുകകൾ ചിങ്ങത്തിലേക്കാണു് സാധാരണ ചേർക്കുന്നതു്.

**Sri. A. Nasamony:** So then does the period commence from Chingam 1125 so as to cover a period of 7½ months?

ബഹു. ശ്രീ. എ. ജെ. ജോൺ: ൧൧൨൪ കർക്കടകത്തിലേയ്ക്കുംകൂടി ചേർത്താണു് എട്ടര മാസത്തേയ്ക്കു് തുകകൾ കൊള്ളിച്ചിട്ടുള്ളതു്. മാർച്ചിലെ ശമ്പളം ഏപ്രിൽ ൧-ാം തിയ്യതിയല്ലെ കൊടുക്കുകയുള്ളു.

**Sri. K. Sivarama Pillai:** May I now ask, why then that difference made between Travancore and Cochin, the Travancore budget providing for 7½ months and the Cochin budget for 8½ months?

ബഹു. ശ്രീ. എ. ജെ. ജോൺ: ഒരു വ്യത്യാസവുമില്ല. രണ്ടും ഏഴരമാസത്തേയ്ക്കുതന്നെയാണ്. കർക്കടകത്തിലെ ശമ്പളം ചിങ്ങത്തിലാണ് കൊടുക്കുന്നതു്. അല്ലാതെ കർക്കടകത്തിൽതന്നെ കൊടുക്കുവാൻ സാദ്ധ്യമല്ല. കർക്കടകം ൧൫-ാം തിയ്യതികഴിഞ്ഞേ ശമ്പളം കൊടുക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടു് തുക കൊള്ളിച്ചിരിക്കുന്നതു് ചിങ്ങത്തിലാണെന്നല്ലാതെ വേറെ യാതൊരു വ്യത്യാസവുമില്ല.

**Mr. Speaker:** In the light of the statement made by the Finance Minister I find that the budget is in order and I would therefore request the members to begin the general discussion. I would first call upon the Deputy Speaker to speak.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിലെ ആദ്യത്തെ ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്ന ഈ അവസരത്തിൽ അതിനെ നിരൂപണം ചെയ്തുകൊണ്ടു ആദ്യമായി സംസാരിക്കാനുള്ള അവസരം എനിക്കു ലഭിച്ചതിൽ ഞാൻ അഭിമാനംകൊള്ളുന്നു. ഏതാണ്ടു് നൂററാണ്ടുകളായി സഹ്യപർവ്വതത്തിനിപ്പുറത്തു തെക്കു കന്യാകുമാരിമുതൽ വടക്കു കാസർകോടുവരെയുള്ള മലയാളക്കരയിൽ അധിവസിക്കുന്ന ആളുകൾ, ഏതാണ്ടു് ഒരു ഭാഷയിലും, ഒരേ സംസ്കാരത്തിലും, ഒരേ ആചാരത്തിലും നിലകൊള്ളുന്നതായ.............

**Sri. Chidambaranatha Nadar:** I question it and say that the Hon'ble Member is mistaken on that point.

ശ്രീ. കെ. കൊച്ചുകുട്ടൻ: 'ഏതാണ്ടു്' എന്നു ഞാൻ ആലോചിച്ചുതന്നെയാണ് പറഞ്ഞതു്.

**Sri. Chidambaranatha Nadar:** He must be aware that he is subject to correction as well.

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ ജനവിഭാഗം കൃത്രിമമായ അതിരുകൾ വെടിഞ്ഞു് ഒന്നായി ചേരണമെന്നു ആത്മാർത്ഥമായി ആഗ്രഹിക്കാൻ തുടങ്ങിയിട്ടു..........

*ஸ்ரீ. சிதம்பரநாத நாடார்: 'ஆத்மார்த்தமாக' என்று சொன்னால் அதற்கு அர்த்தம் சொல்ல முடியுமா?*

**Mr. Speaker:** The Hon'ble Member should address his remarks to the Chair. This kind of interruption cannot be allowed. If a point of order is raised it is a different matter.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ ജനവിഭാഗം ഒരു ഗവമ്മെണ്ടിന്റെ കീഴിലായിത്തീരാൻ ആഗ്രഹിക്കാൻ തുടങ്ങിയിട്ടു് ഞാൻ മുമ്പു പറഞ്ഞമാതിരി നൂററാണ്ടുകൾ ആയിട്ടുണ്ടു്. അതിനു ഏററവും വലിയ തടസ്സമായി നിന്നിരുന്നതു കൊച്ചിയിലേയും തിരുവിതാംകൂറിലേയും രാജവാഴ്ചയായിരുന്നു എന്നുള്ള വസ്തുത ഈ നിയമസഭയിൽ സന്നിഹിതരായിട്ടുള്ള എല്ലാ മെമ്പർമാർക്കുമെന്നല്ല ഈ കേരളക്കരയിലെ ജനങ്ങൾ മുഴുവൻതന്നേയും സ്മരിക്കുന്ന ഒരു കാര്യമാണെന്നു് ഞാൻ കരുതുന്നു. അങ്ങിനെ തടസമായി നിന്ന ആ ഒരു കാര്യം—പരമമായ രാജാധികാരം എന്നന്നേക്കുമായി അവസാനിപ്പിച്ചു് ഒരു കേരളസംസ്ഥാനം രൂപീകരിക്കുന്നതിന്റെ ആദ്യപടിയായി കൊച്ചിയും തിരുവിതാംകൂറും സംയോജിക്കപ്പെട്ടിരിക്കുന്നു. ഇനി ആസന്നമായ ഒരു ഭാവിയിൽ മലയാളികൾ ആഗ്രഹിക്കുന്ന ഐക്യകേരളം തികച്ചും സംജാതമാകുമെന്നു നമുക്കു് പ്രതീക്ഷിക്കാം.

സർ, വിഭിന്നങ്ങളായ നിയമങ്ങളും നികുതികളും നിലവിലുണ്ടായിരുന്ന രണ്ടുഭാഗങ്ങളാണ് കൊച്ചിയും തിരുവിതാംകൂറും. അങ്ങിനെയിരിക്കുന്ന രണ്ടുഭാഗങ്ങളേയും കൂട്ടിച്ചേർത്തപ്പോൾ പലകാര്യങ്ങളിലും അല്പാല്പം ബുദ്ധിമുട്ടുകൾ ഇല്ലാതില്ല എന്നു് നമുക്കൊക്കെ അറിയാം. അങ്ങിനെയുള്ള ബുദ്ധിമുട്ടുകളെ നേരിടുന്നതിനു് ഇന്നത്തെ ഗവമ്മെണ്ടു് കഴിയുന്നത്ര ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത നമുക്കു് ഈ ബഡ്ജററ് നോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. ആ ബുദ്ധിമുട്ടുകളിൽനിന്നുകൊണ്ടാണ് ഈ ഏഴരമാസക്കാലത്തെ ബഡ്ജററ് ബഹു. ധനകാര്യമന്ത്രി നമ്മുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതു്. ഈ ബഡ്ജററ് രാഷ്ട്രനിർമ്മാണത്തിനു പര്യാപ്തമായ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ള ഒന്നാണെന്നും വളരെ ദീർഘദൃഷ്ടിയോടുകൂടി ഉണ്ടാക്കിയിട്ടുള്ള ഒന്നാണെന്നും പറഞ്ഞു ഗവമ്മെണ്ടിനെ അങ്ങേഅററം അഭിനന്ദിക്കുന്നതിനൊ, അതേമാതിരി യാതൊന്നും ഇല്ലാത്ത ഒരു ബഡ്ജററാണ് ഇതെന്നുപറഞ്ഞു ഗവമ്മെണ്ടിനെ അപലപിക്കുന്നതിനൊ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല.

[Sri. K. Kochukuttan]

ഈ ചുരുങ്ങിയ കാലഘട്ടത്തിനകത്തു് എന്തെല്ലാം ചെയ്യാൻ സാധിക്കുമൊ അതെല്ലാം ചെയ്യാൻ ഗവൺമെണ്ടു് സന്നദ്ധമായിട്ടുണ്ടെന്നുമാത്രം ഞാൻ പറയും. സംയോജനംകൊണ്ടു് ഇരുരാജ്യങ്ങളിലേയും ധനസ്ഥിതിക്കു് വേണ്ടുവോളം സുസ്ഥിതിയുണ്ടൊ, അല്ലെങ്കിൽ ധനസ്ഥിതി വേണ്ടുവോളം മെച്ചമാണൊ എന്നുള്ളകാര്യം നാം ആലോചിക്കുമ്പോൾ പല ബുദ്ധിമുട്ടുകളും ആ നിലയിൽ ഗവൺമെണ്ടിനു് നേരിടേണ്ടിവന്നിട്ടുണ്ടെന്നു നമുക്കു് കരുതാം. പണ്ടുകാലത്തു്, പ്രധാനമായി ഒരു രാജ്യത്തിന്റെ വരവു്, നികുതിയിൽനിന്നുള്ളതായിരുന്നു. അക്കാലത്തു് നീതിന്യായം പാലിക്കുന്നതിനും രാജ്യത്തിൽ റോഡുകളും പാലങ്ങളും മററും ഉണ്ടാക്കുന്നതിനുമല്ലാതെ അതിൽ കൂടുതലായി ഒന്നിലും ഗവൺമെണ്ടു് ശ്രദ്ധ പതിപ്പിച്ചിരുന്നില്ല. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. ഇന്നു രാജ്യത്തിലെ ജനങ്ങളുടെ ക്ഷേമം ലാക്കാക്കി, രാജ്യത്തിലെ ജനങ്ങളെ—പ്രത്യേകിച്ചും ഇല്ലാത്തവർക്കു്—ജീവിക്കുന്നതിനും വികസിക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കേണ്ട കടമ ഇന്നത്തെ ഗവൺമെണ്ടിനുണ്ടു്. അങ്ങിനെ ആലോചിക്കുമ്പോൾ ഗവൺമെണ്ടിനു് പുതിയ പുതിയ ചില നികുതികൾ നടപ്പിൽ വരുത്താതെ ഗത്യന്തരമില്ല. ഉള്ളവനിൽനിന്നും എടുത്തു ഇല്ലാത്തുള്ളവന്റെ കാര്യങ്ങൾ നടത്താൻ പുതിയ പുതിയ പദ്ധതികൾകൊണ്ടു് ബഡ്ജററിൽ ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാക്കാതെ സാദ്ധ്യമല്ല. ആ നിലയിൽ ഇന്നത്തെ ബഡ്ജററ് ശരിപ്പെടുത്തുന്നതിനും വരവുചിലവുകൾ ഏകദേശം ക്രമപ്പെടുത്തിക്കൊണ്ടുപോകുന്നതിനുംവേണ്ടി ചില പുതിയ നികുതികൾ നടപ്പിൽ വരുത്താൻ ഗവൺമെണ്ടു് സന്നദ്ധമായിട്ടുണ്ടു്. ആ നികുതിയാണു് അഞ്ചൽക്കവറിന്റെ വില, രജിസ്ട്രേഷൻ ഫീസു എന്നിവ ചിലയിടങ്ങളിൽ കൂട്ടി ഏർപ്പെടുത്തിയിട്ടുള്ളതു്. ആ നിലയിലാണു് മുദ്രക്കടലാസിന്റെ വില കൊച്ചി-തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിൽ ഒന്നുപോലെയാക്കിയിട്ടുള്ളതു്. ഇന്നിവിടെയുള്ള, തിരുവിതാംകൂർ—കൊച്ചി ഐക്യസംസ്ഥാനത്തിലുള്ള അഞ്ചൽകവറിന്റെ വിലയും രജിസ്ട്രേഷൻ ഫീസും മുദ്രക്കടലാസിന്റെ വിലയും എല്ലാം ഏതാനും ആഴ്ചകൾക്കുമുമ്പു് കൊച്ചിയിൽ ഉള്ളതായിരുന്നു. കൊച്ചിയും തിരുവിതാംകൂറും ചേർന്നു ഈ ഐക്യസംസ്ഥാനത്തിൽ അതു് ഒന്നുപോലെ ആക്കിട്ടുള്ളതിൽ കവിഞ്ഞു മറെറാന്നും ഉണ്ടായിട്ടില്ല. ഇപ്പോഴും ആ നികുതിതന്നെ ഐക്യസംസ്ഥാനത്തിന്റെ പുറത്തുള്ള മദിരാശി സംസ്ഥാനത്തിലുള്ളതിനേക്കാൾ കുറവാണെന്ന സംഗതി, അന്വേഷിച്ചു് അറിയുന്ന ബഹു: മെമ്പർമാക്കു് മനസ്സിലാകുന്നതാണു്. ഒരു പക്ഷെ ഈ അഞ്ചൽകവറിന്റെ വിലയും മററും സാധാരണക്കാരനെ ബാധിക്കുന്നതാണെന്നു് ഈ ബഡ്ജററിനെ വിമർശിച്ചുകൊണ്ടു് ആരെങ്കിലും പറയുമായിരിക്കാം. അതു് അത്രതന്നെ ശരിയല്ലെന്നു് ആമുഖമായി ഇവിടെ പ്രസ്താവിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. അഞ്ചൽകവർ കൊച്ചിയിൽ മുക്കാലണയായിരുന്നതു് ഒരണയായി വർദ്ധിപ്പിച്ചു. അന്നും അതു് സാധാരണക്കാരനെ ബാധിക്കുന്നതാണെന്നു പറഞ്ഞു് വിമർശിച്ചിരുന്നു. സാധാരണക്കാരിൽ അഞ്ചൽകവർ വാങ്ങിക്കുന്നവർ എത്രത്തോളമുണ്ടെന്നു നാം നോക്കേണ്ടതാണു്. പ്രതിമാസം നാലൊ അഞ്ചോ അഞ്ചൽകവറിൽ കൂടുതൽ വാങ്ങുന്നവരല്ലാ സാധാരണക്കാർ. ഗ്രാമങ്ങളിലുള്ളവർ അഞ്ചൽകവർ അധികവും വാങ്ങാത്തവരാണു്. പട്ടണങ്ങളിൽ താമസിക്കുന്നവർ, കോളേജിൽ പഠിക്കുന്നവർ, ഉദ്യോഗത്തിനു് പോയിട്ടുള്ളവർ, ഇവർക്കെല്ലാമാണു് കൂടുതൽ അഞ്ചൽകവർ ആവശ്യമായി വരുന്നതു്. അവർക്കെല്ലാം ചിലവു് ചെയ്യാനുള്ള കഴിവും ഉണ്ടു്. അതുപോലെതന്നെ രജിസ്ട്രേഷൻ ഫീസു് അധികം ആയി ഈടാക്കുന്നതും മുദ്രക്കടലാസിനു് കൂടുതൽ വില ഈടാക്കുന്നതും ഇല്ലാത്തവനിൽനിന്നാണെന്നു പറയാൻ സാദ്ധ്യമല്ലാ. ആ നിലയിൽ അതിനെ ആരും എതിർക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. കൂടാതെ ഇൻകം ടാക്സു്, അഗ്രിക്കൾച്ചറൽ ടാക്സു് ഇതെല്ലാം കൊച്ചിയിൽ ഉണ്ടായിരുന്ന മാതിരിയിൽ കൊച്ചി—തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിലും നടപ്പിൽ വരുത്തിയിട്ടുണ്ടു്. അതും മദിരാശിയിലുള്ളതിൽനിന്നും വളരെ ഒന്നും വ്യത്യസ്തമല്ല. അങ്ങിനെ നോക്കുമ്പോൾ ഈ രണ്ടു് രാജ്യങ്ങളിലും ഇതിനുമുമ്പുണ്ടായിരുന്ന ചില ധനാഗമമാർഗ്ഗങ്ങളിൽ ഐകരൂപ്യം വരുത്തുക എന്നുള്ളതിൽ കവിഞ്ഞു് മറെറാന്നും ചെയ്തിട്ടില്ല. സെയിൽസ് ടാക്സ് മുമ്പു് രണ്ടു പൈ വീതം ആയിരുന്നതു് ൩ പൈ ആയി വർദ്ധിപ്പിച്ചിട്ടുണ്ടു്. അതു് പാവപ്പെട്ടവനെ ബാധിക്കുന്നതല്ലെ എന്നു് ചോദിച്ചേക്കാം. പാവപ്പെട്ടവനെ അതു് ഒട്ടും ബാധിക്കയില്ലെന്നു് പറയാൻ ഞാൻ ധൈര്യപ്പെടുന്നില്ല. കുറെയൊക്കെ പാവപ്പെട്ടവരേയും ബാധിക്കുന്നതാണു്. പാവപ്പെട്ട ആളുകളെ കാര്യമായി ബാധിക്കുന്നതല്ല. അങ്ങിനെ പറയുന്നതിനു പ്രത്യേകകാരണമുണ്ടു്. അവർക്കു് നിത്യ ആവശ്യത്തിനുള്ള ഏററവും ആവശ്യമായ സാധനങ്ങളെ സെയിൽസു് ടാക്സിൽനിന്നും ഒഴിവാക്കാവുന്നതാണു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: സെയിൽസ് ടാക്സ് മുക്കാലണയായിരുന്നത് ഒരണയാക്കി എന്ന് പറഞ്ഞതു് ശരിയല്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതെ അതു് ശരിയല്ല. എനിക്ക് തെററിപ്പോയി. സെയിൽസ് ടാക്സ് ഏർപ്പെടുത്തുന്നതുകൊണ്ട് സാധാരണക്കാർക്കും ബുദ്ധിമുട്ടുണ്ടാകുമെന്നു ഞാൻ പറഞ്ഞു. എന്നാൽ അതിന്റെ തത്വം എങ്ങിനെയിരുന്നാലും അതുകൊണ്ടുള്ള മെച്ചം പാവപ്പെട്ടവനിൽനിന്നും ഒന്നോ, രണ്ടോ അണ പിടിച്ചെടുക്കാൻ കഴിയുമ്പോൾ കാർ വാങ്ങുന്നവനിൽനിന്നും റേഡിയൊ വാങ്ങുന്നവനിൽനിന്നും മററു സുഖഭോഗങ്ങൾക്കുവേണ്ടി അധികം പണം വിനിയോഗം ചെയ്യുന്ന വരിൽനിന്നും നല്ല തുകകൾ ഗവർമ്മെണ്ടിന് പിടിച്ചെടുക്കുവാൻ സാധിക്കും. ആ ഒരു തത്വം മനസ്സിൽ വെച്ചുകൊണ്ടു നോക്കുമ്പോൾ ഗവർമ്മെണ്ടിന് അതിൽ ശ്രദ്ധപതിപ്പിക്കാതിരിക്കാൻ നിവൃത്തിയില്ല.

ചില നിർദ്ദേശങ്ങൾകൂടി ഈ അവസരത്തിൽ ഗവർമ്മെണ്ടിന്റെ മുമ്പാകെ വയ്ക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഈ ഐക്യസംസ്ഥാനത്തിന്റെ ഒരു ഭാഗത്തു് അതായതു് ഇതിന്റെ വടക്കെ ഭാഗമായ കൊച്ചിയിൽ നികുതി ഏക്കറിന് പതിമൂന്നുരൂപാവരെ വരുമ്പോൾ തെക്കെഭാഗമായ ഇവിടെ അടിസ്ഥാന നികുതി ഏക്കറിന് പതിനാലണമാത്രമാണ്. അതിന് ഒരൈകരൂപ്യം വരുത്താൻ ഗവർമ്മെണ്ടു സന്നദ്ധമാകണമെന്ന് ഗവർമ്മെണ്ടിനോടപേക്ഷിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

കൂടാതെ കൊച്ചിയിലെ നെല്ലെടുപ്പിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവിടെ ഏതാണ്ട് അറുപതു ലക്ഷംപറ നെല്ല് കഴിഞ്ഞകൊല്ലം എടുത്തു എന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. കൊച്ചിയുടെ അഞ്ചിരട്ടിയുള്ള തിരുവിതാംകൂറിൽ അതേ അവസരത്തിൽ ഏതാണ്ട് അതിന്റെ ഒന്നര ഇരട്ടി മാത്രമേ സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളു എന്നറിയുന്നു. കൊച്ചിയുടെ അഞ്ചിരട്ടി വലുപ്പമുള്ള തിരുവിതാംകൂറിൽ കൊച്ചിയിൽ എടുത്തിട്ടുള്ളതിന്റെ ഒന്നര ഇരട്ടി മാത്രമാണ് എടുത്തിട്ടുള്ളതെങ്കിൽ തീർച്ചയായും അക്കാര്യത്തിൽ ഗവർമ്മെണ്ടു കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഭക്ഷണക്ഷാമം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഗവർമ്മെണ്ട് അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. ജോസഫ് മാളിയക്കൽ: തിരുവിതാംകൂറിലെയും കൊച്ചിയിലെയും വിളവിനു വ്യത്യാസമുണ്ടെന്നു അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഞാൻ വിളവിനെ സംബന്ധിച്ചല്ല പറയുന്നതു്. നെല്ലെടുപ്പിനെ സംബന്ധിച്ചു മാത്രമാണ്. ധാരാളം ഭക്ഷണസാധനങ്ങൾ ഉല്പാദിപ്പിക്കണമെങ്കിൽ അതിന് ഗവർമ്മെണ്ടിന് ചില പദ്ധതികൾ ഉണ്ടായിരിക്കണം. അങ്ങിനെ ചില പദ്ധതികൾ ഗവർമ്മെണ്ടിന്റെ മുമ്പിൽ ഉണ്ടെന്നും ഞാൻ മനസ്സിലാക്കുന്നുണ്ട്. ചില കാര്യങ്ങൾ ഗവർമ്മെണ്ട് അടിയന്തിരമായി ചെയ്തേ മതിയാവൂ. ചില പദ്ധതികൾ ഗവർമ്മെണ്ട് അസൂത്രണം ചെയ്ത് ഉടനടി നടപ്പിൽ വരുത്തുകതന്നെ വേണം. രാജ്യത്തെ കൃഷിക്കാരുടെ ക്ഷേമത്തെ ലാക്കാക്കി പല കാര്യങ്ങളും ഗവർമ്മെണ്ട് ചെയ്യുന്നതോടൊപ്പം നാട്ടിൻപുറത്തുള്ള സാധനങ്ങൾ മാർക്കററു ചെയ്യുന്നതിനുള്ള സൌകര്യങ്ങൾക്കായി റോഡുകൾ മുതലായ ഗതാഗത സൌകര്യങ്ങൾകൂടി ഉണ്ടാക്കേണ്ടതു് ആവശ്യമാണ്. തിരുവിതാംകൂറിനെ സംബന്ധിച്ചു നോക്കുമ്പോൾ പല വില്ലേജുകളിലും ആവക സൌകര്യങ്ങൾ ഇല്ലെന്നു കാണാവുന്നതാണ്. ഗവർമ്മെണ്ട് ഒരു പദ്ധതി തയ്യാറാക്കി ഈ കുറവു പരിഹരിക്കുന്നതിന് സന്നദ്ധമാകണം. അതുപോലെതന്നെ ജലസേചനപദ്ധതിയുടെ കാര്യവും. ചില പ്രധാന പദ്ധതികൾക്കായി ഗവർമ്മെണ്ട് ഈ ബഡ്ജററിൽ തുകകൾ നീക്കിവെച്ചിട്ടുണ്ട്. പക്ഷെ അതുകൊണ്ട് വില്ലേജുകളിലുള്ള കൃഷിക്കാർക്ക് വേണ്ടുവോളം രക്ഷകിട്ടുമോ എന്നുള്ളതു് സംശയഗ്രസ്തമാണ്. വില്ലേജുകളിലുള്ള ആളുകൾക്കു രക്ഷ കിട്ടണമെങ്കിൽ വില്ലേജുകളിലുള്ള തോടുകളും കുളങ്ങളും നന്നാക്കാൻ ഗവർമ്മെണ്ടിന് ഒരു പദ്ധതി വേണം. അതിലേക്കായി ഒരു കമ്മററിയെ നിയമിച്ചോ, ഒരു സർവ്വേ നടത്തിയോ ഏതേതു പദ്ധതികൾ സ്വീകരിച്ചാൽ കൂടുതൽ കൂടുതൽ പ്രയോജനം കിട്ടുമെന്നു പരിശോധിച്ചു മനസ്സിലാക്കി അവയെല്ലാം ആദ്യമാദ്യം എടുത്തു് ഒരു ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ നടപ്പിൽവരുത്തി കൃഷിക്കാരുടെ ജലക്ഷാമം പരിഹരിക്കണമെന്ന് എനിക്കപേക്ഷയുണ്ട്. അതിനുള്ള പദ്ധതികൾ ഇന്നുതന്നെ ആരംഭിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ഈ രാജ്യത്തെ കൃഷിക്കാരുടെ കാര്യം പറയുമ്പോൾ കർഷകതൊ

[Sri K. Kochukuttan]

ഴിലാളികളുടെ കാര്യവും വിസ്മരിക്കാവുന്നതല്ല. ഈ രാജ്യത്തു് ഇന്നു പ്രഭാതംമുതൽ അന്തിയാകുന്നതുവരെ പണിയെടുത്തിട്ടും പട്ടിണികിടക്കുന്ന ഒരു ജനവിഭാഗമാണു് കൃഷക തൊഴിലാളികൾ. ഈ കൃഷക തൊഴിലാളികൾക്കു് നീതി ലഭിക്കണമെന്നുണ്ടെങ്കിൽ അവക്കു് ഈ രാജ്യത്തു ജീവിക്കുന്നതിന്നും വികസിക്കുന്നതിനും ഉള്ള കഴിവുണ്ടാക്കണമെന്നും അതിനു വേണ്ടിയുള്ള നിയമനിർമ്മാണം ആവശ്യമാണെന്നും നാം ഓർമ്മിക്കണം. ഫാക്ടറി തൊഴിലാളികളുടെ കാര്യത്തിൽ ചില നിയമനിർമ്മാണങ്ങൾ ഉണ്ടാകാറുണ്ടു്. എന്നാൽ അതേമാതിരി കൃഷകതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്നില്ലെന്നു് വ്യസനസമേതം ഇവിടെ പറയുന്നതിന്നു് എനിക്കു മടിയില്ല. ഫാക്ടറി തൊഴിലാളികൾക്കും കൃഷക തൊഴിലാളികൾക്കും എല്ലാം വൻമുതലാളിമാരുടെ ചൂഷണത്തിൽനിന്നും രക്ഷനേടാൻ—അവക്കു് ജീവിക്കാൻ സൌകര്യം നൽകുന്നതിന്നു—ആവശ്യമായ നിയമനിർമ്മാണം അടുത്ത നിയമസഭയിൽ തന്നെ ചെയ്യണമെന്നാണു് എനിക്കു ഗവമ്മേണ്ടിനോടു് അപേക്ഷിക്കാനുള്ളതു്. അതേമാതിരിതന്നെ കഴിഞ്ഞദിവസം ഇവിടെ നടന്ന ചോദ്യോത്തരങ്ങളിൽ നിന്നും ഒരു സംഗതി മനസ്സിലാക്കാൻ എനിക്കു സാധിച്ചു. അതായതു് ഈ രാജ്യത്തു് കുത്തക പാട്ടം എന്നൊരേർപ്പാടുണ്ടു്. കുത്തക പാട്ടക്കാരിൽ പലരും പിന്നോക്ക സമുദായത്തിൽ പെട്ടവരുമാണു്. ഭൂമിയില്ലാത്ത പലരും മലംപ്രദേശങ്ങളിലെ പുറമ്പോക്കുഭൂമികളിൽ കുത്തകപാട്ടത്തിനു പാർക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. നിലവിലുള്ള വ്യവസ്ഥ ഒന്നു വിശാലമാക്കി ആ ഭൂമികൾ അവക്കു പതിച്ചു കൊടുക്കുകയാണെങ്കിൽ പാവപ്പെട്ട ഈ കുത്തക പാട്ടക്കാർക്കു് വലിയ ഒരു രക്ഷയായിരിക്കും. ഈ കാര്യവും ഗവമ്മേണ്ടിൻെറ സത്വരശ്രദ്ധയിൽ പതിയേണ്ട ഒന്നാണു്. പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കു് പഠിപ്പിന്നുവേണ്ടി ഒരു നല്ല തുക ഗവമ്മേണ്ടു നീക്കിവെച്ചിട്ടുണ്ടു്. അതു ചിലപ്പോൾ ശരിയായ അവസരത്തിലും കിട്ടേണ്ടുന്ന സമയത്തും കിട്ടാതെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു്. അതു് പരിഹരിക്കുന്നതിന്നും ഇനി മേലാലെങ്കിലും ഗവമ്മേണ്ടു് വേണ്ടനടപടികൾ എടുക്കണം. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടോ മററു തരത്തിലൊ അത്തരം വൈഷമ്യങ്ങൾ ഉണ്ടാകാതിരിപ്പാൻ ഗവമ്മേണ്ടു പ്രത്യേകം ശ്രദ്ധിക്കണം. ഒരു കാര്യംകൂടി മാത്രമേ എനിക്കു ഗവമ്മേണ്ടിനെ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുവാനുള്ളു. ഈ യൂണിയൻെറ വടക്കുഭാഗത്തും തെക്കുഭാഗത്തും ഉള്ള അദ്ധ്യാപകന്മാരുടെ നില വ്യത്യസ്തമാണു്. അതുപോലെതന്നെ പോലീസ് കോൺസ്റ്റബിൾമാരുടെ നിലയും വളരെ വ്യത്യസ്തമാണു്. പ്രൈമറി അദ്ധ്യാപകന്മാരുടേയും കോൺസ്റ്റബിൾമാരുടേയും ശമ്പളം ഈ യൂണിയനിൽ എല്ലായിടത്തും ഒരുപോലെയാക്കുന്നതിന്നും ശ്രമിക്കണം. ഇന്നു് കൊച്ചിയിലുള്ളതു് കൂടുതലാണെങ്കിൽ തിരുവിതാംകൂറിലെപ്പോലെ കുറക്കണമെന്നല്ലാ ഞാൻ പറയുന്നതു്. വടക്കുഭാഗത്തു കിട്ടുന്നപോലെ ഉയർത്തണമെന്നാണു് ഞാൻ ഗവമ്മേണ്ടിനോടു് അഭ്യർത്ഥിക്കുന്നതു്. ഇങ്ങിനെ ജീവിക്കാൻ ബദ്ധപ്പെടുന്ന ഈ രണ്ടു വർഗ്ഗക്കാരുടേയും ശമ്പളം ഉയർത്തി അവക്കു രക്ഷ നൽകണമെന്നു് എനിക്കു ഗവമ്മേണ്ടിനോടു ഒരു നിവേദനം ചെയ്യുവാനുണ്ടു്. ഈ വക കാര്യങ്ങളിൽ ഗവമ്മേണ്ടിൻെറ സത്വരശ്രദ്ധയെ വേണ്ടുവോളം ചെലുത്തി ജനങ്ങൾ ക്ഷേമത്തോടുകൂടി ജീവിക്കുന്നതിന്നു സൌകര്യം ഉണ്ടാക്കുന്നതിനിടവരട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഞാൻ എൻെറ പ്രസംഗം ഉപസംഹരിക്കുന്നു.

ஸ்ரீ. எ. சிதம்பரநாத நாடார்: திருவிதாங்கூர்—கொச்சி இணைப்பு வந்ததற்குப் பிறகு, இந்த இரண்டு பூமிபாகத்திற்குமிடையே இருக்கும் சௌக்கையை மாற்றுவதற்கு சர்க்கார் நடவடிக்கை செய்துகொண்டிருக்கிறதா?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: അത് ഇപ്പോൾ ഇല്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: இன்று "பின்னூர்குளம்" என்ற சௌக்கையிருக்கிறது. அதற்கு அந்தப் பக்கமும், இந்தப் பக்கமும் திருவிதாங்கூர் பூமி பாகந்தான் இருக்கிறதென்று சர்க்காருக்குத் தெரியுமா?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: അതേപ്പററി അന്വേഷിക്കാം. ചവുക്കകൾ സംസ്ഥാനത്തിന്റെ അതൃത്തിയിൽ സ്ഥാപിക്കുമ്പോൾ അതിനു അപ്പുറത്തും ഇപ്പുറത്തും ഓരോ കരുതൽ സ്റ്റേഷൻ കാണും.

ஸ்ரீ. எ. சிதம்பரநாத நாடார்: அப்படியாக நான்கு சௌக்கைகள் இருந்துகொண்டிருக்கின்றன. பெயர்போன அஞ்சுகிராமம், ஒத்தப்பனைக்கோட்டைவாசல், ஒட்டக்குளம், பினூர்குளம், ஆகிய நான்கு சௌக்கைகள் அனுவசியமான முறையில ஸ்தாபிக்கப்பட்டிருக்கின்றன.

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: അതേപ്പററി അന്വേഷിക്കാം.

കൊച്ചി പബ്ലിക്ക് സർവ്വീസ്സ് കമ്മീഷന്റെ സ്റ്റാഫ്

*വൃ൭. സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചി ഗവൺമെണ്ടിന്റെ പബ്ലിക്ക് സർവ്വീസ്സ് കമ്മീഷനിലും സ്റ്റാഫിലും ഉണ്ടായിരുന്നവരിൽ ആരെയൊക്കെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) അവരുടെ ഇപ്പോഴത്തെ ഉദ്യോഗവും ജോലിയുമെന്തു്?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: (എ) പബ്ളിക്ക് സർവ്വീസ്സ് കമ്മീഷൻ സെക്രട്ടറിയേയും സ്റ്റാഫിനേയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കമ്മീഷനിലെ അംഗങ്ങളെ സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) കമ്മീഷനിലെ ചെയർമാൻ ഒഴികെ ബാക്കി രണ്ടു അംഗങ്ങളും, സിക്രട്ടറിയും സ്റ്റാഫും ഐക്യനാട്ടിലെ പബ്ളിക്ക് സർവ്വീസ്സ് കമ്മീഷൻ സംബന്ധിച്ചുള്ള ജോലികളിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുകയാകുന്നു.

ശ്രീ. പി. ടി. ചാക്കോ: പബ്ളിക്ക് സർവ്വീസ്സ് കമ്മീഷനിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ ഏതെങ്കിലും പൊളിററിക്കൽ പ്രഷർ വകവച്ചിട്ടുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഒരു പ്രഷറും ഉണ്ടായിട്ടില്ല. ഉണ്ടായിരുന്നാൽ വകവെക്കുകയുമില്ല.

**Mr. Speaker:** That question does not arise.

ശ്രീ. പി. ടി. ചാക്കോ: ഇക്കാര്യത്തിൽ ഏതെങ്കിലും പൊളിററിക്കൽ പ്രഷർ ഉണ്ടായിട്ടുള്ളതായി പരാതിയുണ്ടായിരുന്നോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ലായിരുന്നു.

ശ്രീ. പി. കെ. ഡീവർ: പബ്ളിക്ക് സർവ്വീസ്സ് കമ്മീഷനിലെ അംഗങ്ങൾക്കു ൫ കൊല്ലത്തേക്കു ഉദ്യോഗം കൊടുക്കുവാൻ പാടില്ലെന്നു ഒരു വ്യവസ്ഥയുണ്ടായിരുന്നതായി അറിയാമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ അതിനു മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. ഡീവർ: അവർക്കു ഉദ്യോഗം കൊടുത്തപ്പോൾ ആ സംഗതിയെക്കുറിച്ചു ആലോചിക്കാൻ ഗവൺമെണ്ടിനു സൌകര്യമില്ലായിരുന്നോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടിനു സൌകര്യമില്ലായിരുന്നു എന്നു മനസ്സിലാക്കേണ്ട ആവശ്യമില്ല. ഇതിൽ ഒരാൾ സർക്കാർ സർവ്വീസ്സിലെ ഒരു അംഗമായിരുന്നു വെന്നാണ് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചതു്.

ശ്രീ. പി. കെ. ഡീവർ: സർ, അതു തെററാണ്. രണ്ടുപേരും അനുദ്യോഗസ്ഥന്മാരായിരുന്നു. അവരിൽ ആരെയെങ്കിലും ഗവൺമെണ്ടുദ്യോഗത്തിൽ എടുത്തിട്ടുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അതിനെക്കുറിച്ചു ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

**Sri. A. Thanu Pillai:** I wish to know why provision is made in the Budget for 1125 for the Chairman, members and Secretary of the staff of the Cochin Public Service Commission. I refer to page 85 of the Cochin Budget.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ബഡ്ജററ് തയ്യാറാക്കിയ സമയത്തു് തിരുവിതാംകൂറിലേയും കൊച്ചിയിലേയും എല്ലാ ഡിപ്പാർട്ടുമെണ്ടുകളേയും പ്രത്യേകം പ്രത്യേകമായി രണ്ടു ബഡ്ജററുകളിലും ചേർത്താണ് ബഡ്ജററ് തയ്യാറാക്കിയതു്. അക്കൂട്ടത്തിൽ പബ്ളിക്ക് സർവ്വീസ്സ് കമ്മീഷനും ഉൾപ്പെട്ടിട്ടുണ്ട്. സംയോജനത്തിനുശേഷം തീർച്ചയായും ഒരു സർവ്വീസ്സ് കമ്മീഷൻ മാത്രമെ പ്രവർത്തനം നടത്തുകയുള്ളു.

**Sri. A. Thanu Pillai:** May I know whether the Government realise now that it is really absured that we are called upon to vote and pass a Budget for an Office which does not exist?

**Mr. Speaker:** The Government's opinion past or present on the matter cannot be made the subject matter of a question.

## HIGH COURT JUDGES

*88. **Sri. Eapen Arakkal:** Will the Hon'ble Minister for Judicial be pleased to state.—
(*a*) the number of Judges in the Cochin High Court just before the Union;
(*b*) has any of them been excluded from the Union High Court; and
(*c*) if answer to part (b) is in the affirmative why was such exclusion made?

**The Hon'ble Sri. T. K. Narayana Pillai:**
(*a*) Three.
(*b & c*) Sri. Paul P. Mampilly, who was an officiating Judge, Cochin High Court, reverted for want of a vacancy.

## BUSES IN ALLEPPEY—QUILON ROUTE

*89. **Sri. Eapen Arakal:** Will the Hon'ble Minister for Transport be pleased to state.

(*a*) whether any bus or buses have been taken away from the Alleppey—Quilon route recently;

(*b*) if answer to part (a) is in the affirmative why was this reduction made;

(*c*) what was the daily average income from the buses thus removed;

(*d*) where are they now; if they are in service what is the daily average income from these buses;

(*e*) how many buses have been thus removed;

(*f*) has the Director of Transport submitted a letter to the Government stating that these buses should not be taken away from Alleppey—Quilon route; and

(*g*) how many Alleppy—Quilon and *vice versa* services (Express) were there per day before these buses were taken away? Now how many express services are there to and fro?

**The Hon'ble Sri E. John Philipose:** As far as that question is concerned, practically all the information was given yesterday.

**Sri. Eapen Arakal:** I want answer to sub-division (f).

**The Hon'ble Sri. E. John Philipose:** The answer to (f) is no.

## POLICE INSPECTORS

*90. **Sri. Eapen Arakal:** Will the Hon'ble Minister for Police be pleased to state.—
(*a*) how many law graduate Police Inspectors are there in Travancore;
(*b*) what is the total number of Police Prosecuting Inspectors in Travancore alone; and
(*c*) are non-law graduates posted as Prosecuting Inspectors; if so why?

**The Hon'ble Sri. T. K. Narayana Pillai.**
(*a*) 14.
(*b*) 12.
(*c*) Yes. Exigencies of service and ability to conduct prosecutions are the criteria in selecting men without law degrees.

**Sri. Eapen Arakal:** Is it not advisable to appoint Law Graduates as Police Prosecuting Inspectors?

**The Hon'ble Sri. T. K. Narayana Pillai:** That is the principle adopted by the Government.

**Sri. Eapen Arakal:** May I know whether senior persons were promoted as Prosecuting Inspectors?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് എന്റെ ഉത്തരത്തിൽതന്നെ പറഞ്ഞിട്ടുണ്ടു്. അങ്ങിനെയുള്ള കേസുകൾ ഉണ്ടെന്നു് ഞാൻ പറഞ്ഞുകഴിഞ്ഞു.

**Sri. Eapen Arakal:** May I know whether the Government have received any complaint regarding men who have been promoted and who are at the same time not Law Graduates?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ ചോദ്യത്തിൽനിന്നു ഒരു ഉപചോദ്യം ഉൽഭവിക്കുന്നുവോ എന്നു എനിക്കു സംശയമാണു്.

ശ്രീ. പി. കെ. ഡീവർ: ലാ ഗ്രാഡ്വേറ്റുകളെ അല്ലേ പ്രോസിക്യൂട്ടിങ്ങ് ഇൻസ്പെക്ടർമാരായി നിയമിക്കേണ്ടതു് ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഡയറക്ട് റിക്രൂട്ടുമെൻറു് നടത്തുമ്പോൾ ലാ ഗ്രാഡ്വേറ്റ്സിനെയാണു് നിയമിക്കുന്നതു്. എന്നാൽ പ്രമോഷൻ കൊടുക്കുമ്പോൾ പ്രോസിക്യൂഷൻ നടത്താൻ പ്രാപ്തിയുണ്ടെങ്കിൽ അവരേയും നിയമിക്കുന്നതാണു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇനിമേലെങ്കിലും ബി. എൽ. ബിരുദധാരികളെ നിയമിക്കുവാൻ ശ്രദ്ധിക്കുമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: പുതിയ നിയമനങ്ങൾ എല്ലാംതന്നെ അങ്ങിനെയാണ് നടത്തുന്നത്.

## വിമാനസർവ്വീസ്

*ൻ ൧. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്മന്ത്രി സദയം മറുപടി പറയുമോ,—

(എ) തിരുവനന്തപുരത്തുനിന്നും കൊച്ചിയിലേക്കു പ്രതിദിനസർവ്വീസ് ആരംഭിക്കുവാൻ യുണൈറ്റഡ് സ്റ്റേറ്റ് സ്വന്തമായി വിമാനം വാങ്ങാൻ ആലോചിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി എന്നത്തേക്കു നടപ്പിലാകും?

ബഹു: ശ്രീ. ഇ. ജോൺഫിലിപ്പോസ്:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ സംസ്ഥാനത്തിനു സ്വന്തമായി ഒരു വിമാനമുണ്ടോ?

ബഹു: ശ്രീ. ഇ. ജോൺഫിലിപ്പോസ്: ഇല്ല.

സാഹിബ് ബഹദൂർ കെ. സി. മായൻകുട്ടിമേത്തർ: വിമാനത്തിന്റെ കൂലിനിരക്കു കുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു: ശ്രീ. ഇ. ജോൺഫിലിപ്പോസ്: ഈ ഗവമ്മെണ്ടിനു അതിൽ കാര്യമില്ല.

ശ്രീ. പി. ടി. ചാക്കൊ: മുൻപു തിരുവിതാംകൂർ ഗവമ്മെണ്ടിനു ഒരു വിമാനം ഉണ്ടായിരുന്നോ?

ബഹു: ശ്രീ. ഇ. ജോൺഫിലിപ്പോസ്: ഫ്ളയിങ്ങ് ക്ലബ്ബ് വകയായി ചെറിയ വിമാനങ്ങൾ ഉണ്ടായിരുന്നു.

ശ്രീ. കെ. എ. മാത്യു: മുൻപ് ഡെക്കോട്ട എന്ന പേരിൽ ഒരു വിമാനം ഉണ്ടായിരുന്നോ?

ബഹു: ശ്രീ. ഇ. ജോൺഫിലിപ്പോസ്: മുൻപു ഗവമ്മെണ്ടിന്റെ വകയായി ഒരു ഡെക്കോട്ട വിമാനവും ഉണ്ടായിരുന്നില്ല.

ശ്രീ. കെ. എ. മാത്യു: ആരുടേയെങ്കിലും വകയായി അങ്ങിനെ ഒരു വിമാനം ഉണ്ടായിരുന്നോ?

മി. സ്പീക്കർ: ചോദ്യം കേവലം അനിശ്ചിതമാണ്. അങ്ങിനെ ഒരു ചോദ്യം ഉത്ഭവിക്കുന്നില്ല.

## സാമ്പത്തിക പുരോഗതി

*ൻവ. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ,—

(എ) തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിന്റെ സാമ്പത്തികപുരോഗതിക്കുതകുന്ന എതെങ്കിലും പുതിയ പദ്ധതികളെപ്പറ്റി മന്ത്രിസഭ ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ എന്തെല്ലാമെന്നും, എങ്ങനെയെല്ലാമെന്നുംകൂടെ സദയം പറയാമോ?

ബഹു: ശ്രീ. എ. ജെ. ജോൺ:

(എ) ഉണ്ട്.

(ബി) കാര്യക്ഷമതക്ക് അനുരൂപമായിതന്നെ സ്റ്റാഫിനെ കുറവുചെയ്യുകയും കണ്ടിജൻസി ചിലവുകൾ കുറക്കുകയും ഉദ്യോഗസ്ഥന്മാർക്കുള്ള വിവിധ അലവൻസുകൾ നിത്തലാക്കുകയും ചെയ്തു വ്യയന്യൂനീകരണം സാധിക്കുന്നതിനു ഗവമ്മെണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇറക്കുമതി ചെയ്യപ്പെടുന്ന ഭക്ഷ്യത്തിന്റെ അളവിൽ കുറവുവരത്തക്കവണ്ണം ഭക്ഷ്യോൽപാദനം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളും ഗവമ്മെണ്ട് സ്വീകരിച്ചിട്ടുണ്ട്. മേൽപറഞ്ഞ നിർദ്ദേശങ്ങൾമൂലം ലാഭപ്പെടുത്താവുന്ന തുക ഇത്രയെന്നു പൂർണ്ണമായി ഇപ്പോൾ തിട്ടപ്പെടുത്താൻ സാദ്ധ്യമല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഐക്യസംസ്ഥാനത്തിനു ഒരു പുതിയ സാമ്പത്തികോപദേഷ്ടാവിനെ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ബഹു: ശ്രീ. എ. ജെ. ജോൺ : തല്ക്കാലം വരുത്തുന്നില്ല.

ஸ்ரீ. ஸ்ரீ. வி. தாஸ்: மந்திரிமார்களின எண்ணிக்கையைக் குறைப்பதற்கு உத்தேசமுண்டா ?

ബഹു: ശ്രീ. എ. ജെ. ജോൺ : അതു് ഈ ചോദ്യത്തിൽനിന്നു ഉദിക്കുന്ന ഒരു സംഗതിയല്ല.

ശ്രീ. കെ. രാമചന്ദ്രൻ : ഒരു സാമ്പത്തിക കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ബഹു: ശ്രീ. എ. ജെ. ജോൺ : ഇപ്പോൾ അതേപററി ആലോചിച്ചിട്ടില്ല.

ശ്രീ. ടി. കൊച്ചുകൃഷ്ണപിള്ള : മന്ത്രിമാരുടെ എണ്ണംകുറച്ചു് സാമ്പത്തികമായ ചിലവു കുറക്കാൻ ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ ?

**Mr. Speaker :** That question is disallowed.

ആധാരമെഴുത്തു് പരീക്ഷ

*൯൨. സാഹിബു് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:—

(എ) ആധാരമെഴുത്തുകാർക്കു് (ഡോക്യുമെൻറ്സ് റൈറേറഴ്സ്) ഏർപ്പെടുത്തിയിട്ടുള്ള പരീക്ഷയ്ക്കു് ഏതെങ്കിലും പാഠപുസ്തകം ഗവമ്മെണ്ടു് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെങ്കിലും പുസ്തകം അംഗീകരിക്കാൻ വിചാരിക്കുന്നുണ്ടോ;

ബഹു: ശ്രീ. കെ അയ്യപ്പൻ: (എ) ഇല്ല.

(ബി) ഇപ്പോൾ വിചാരിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: പരീക്ഷ പാസാകാത്തവർ ആധാരമെഴുതുന്നതുകൊണ്ടു് വലിയ കഴപ്പങ്ങൾ ഉണ്ടാകുന്നതായി അറിയാമൊ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: ആ ചോദ്യം ഇതിൽനിന്നും ഉത്ഭവിക്കുന്നില്ല.

ஸ்ரீ. எ. சிதம்பரநாத நாடார் :—ஆதாரம் எழுதப்பட்டவர்கள் முக்கியவாறும், இரண்டாவது கிளாஸ் வரையில் தான் படித்தவர்கள் என்று மந்திரி அவர்களுக்குத் தெரியுமா ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: രണ്ടാംക്ലാസുപോലും പഠിക്കാത്തവർ കാണും.

ஸ்ரீ. எ. சிதம்பரநாத நாடார் :—அதே ஆதாரத்தைத்தான், office ஷிலுள்ள, M. A., B. L., B. A. Hons., மற்றபரீட்சைகள் படித்தவர்களும், copy அடித்துக்கொண்டிருக்கிறார்களென்று, மந்திரி அவர்களுக்குத் தெரியுமா ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: അവരും ആധാരം എഴുതണമെന്നു് ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

ஸ்ரீ. எ. சிதம்பரநாத நாடார் :—அப்படியானால், இரண்டாம் கிளாஸ் படித்தவர்கள் எழுதும் ஆதாரத்தை office லிருந்து எழுதுவதற்கும் இரண்டாம் கிளாஸ் படித்தவர்களை நியமிக்கக்கூடாதா ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: ആധാരമെഴുത്തിനെ സംബന്ധിച്ചിടത്തോളം ക്ലാസു് പഠിക്കണമെന്നു് നിർബന്ധമില്ല. ചിരപരിചയംകൊണ്ടു് ആധാരമെഴുത്തിൽ സാമർത്ഥ്യം സിദ്ധിച്ചിട്ടുള്ളവർ വളരെയുണ്ടു്.

സാഹിബു് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: ആധാരമെഴുത്തു പരീക്ഷയ്ക്കു് ഉപയോഗിക്കാനായി ഒരു പുസ്തകം സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന്നറിയാമോ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: അതിനു നോട്ടീസു വേണം.

ஸ்ரீ. ஆர். கெ. ராம் :—ஆதாரமெழுதுவதற்கு, கொச்சி—திருவிதாங்கூர் யூணியனில், ஒரு பொது பாஷையுண்டா? அந்த பாஷையில்தான் எழுதவேண்டுமென்று நிபந்தனையுண்டா ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: അതാതുസ്ഥലത്തെ ഭാഷയിൽ എഴുതണമെന്നായിരിക്കണം വയ്പു്.

ஆர். கெ. ராம்:—திருவிதாங்கூர் தமிழ் நாட்டில் ஆதாரங்கள் மலையாளத்தில் எழுதுவது, மந்திரிஅவர்களுக்குத் தெரியுமா?

ബഹു: ശ്രീ. കെ. അയ്യപ്പൻ: നല്ല വിവരം ഇല്ല. ഉള്ള പരമാർത്ഥം പറയാം. (ചിരി)

ஸ்ரீ. ஆர். கெ. ராம்:—இதுவரை விவரம் இல்லையானுல் இனிமேலாவது, விவரம் வந்து, தமிழ் நாட்டில் தமிழில்தான் எழுதவேண்டுமென்று நிபந்தனை உண்டாக்க முடியுமா?

ബഹു: ശ്രീ. കെ. അയ്യപ്പൻ: തമിഴിൽതന്നെ എഴുതണമോ എന്നാലോചിച്ചതിന്റെ ശേഷം അങ്ങിനെ വേണമെന്നു് തോന്നിയാൽ അതു ചെയ്യാം.

സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞ്: നിയമപരമായ പരിജ്ഞാനമില്ലാത്തവർ ആധാരമെഴുതുന്നതുകൊണ്ടാണ് ധാരാളം സിവിൽ കേസ്സുകൾ ഉണ്ടാകുന്നതെന്നു് മദ്രാസ് ഹൈക്കോടതിയിലെ ഒരു ജഡ്ജി ജഡ്ജിമെന്റ് എഴുതിയിട്ടുള്ളതായി ഗവമ്മെണ്ടിന്നറിയാമൊ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: ഇല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ടെസ്റ്റ് ഏർപ്പെടുത്തിയിട്ട് അതിനു പുസ്തകം വെക്കാത്തതു ശരിയാണൊ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: പുസ്തകം വെയ്ക്കാതെതന്നെ ടെസ്റ്റ് നടത്താം. എങ്ങിനെയെങ്കിലും വേണ്ട വിവരങ്ങൾ സമ്പാദിച്ച് ടെസ്റ്റ് പാസായാൽ മതി. ഒരു ടെസ്റ്റ് ബുക്ക ആവശ്യമെന്നു കാണുന്നപക്ഷം ഗവമ്മെണ്ട് അക്കാര്യത്തിൽ വേണ്ടതു ചെയ്യുന്നതാണ്.

## OFFICE HELD IN THE HOUSE OF THE OFFICER

* 94 **Sri A. Gabriel Nadar:** Will the Hon'ble Minister for General Administration be pleased to state the designation of officers wao are permitted to hold office in their houses during office hours?

**The Hon'ble Sri. T. K. Narayana Pillai:** No officer is permitted to hold office in his house during office hours.

**Sri. Gabriel Nadar:** May I know whether any officer is now holding office in his house during office hours?

**The Hon'ble Sri. T. K. Narayaea Pillai:** No.

ശ്രീ. കെ. ഏ. മാത്യു: പല ഉദ്യോഗസ്ഥന്മാരും അവരുടെ വീടുകളിൽ ഇപ്പോഴും ആപ്പീസ്സ് നടത്തുന്നില്ലെ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: മുമ്പ് അങ്ങിനെ നടത്തിയിരുന്നു. അതിനെ തടഞ്ഞുകൊണ്ട് ഇപ്പോൾ സക്കുലർ അയച്ചിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: അവർ സക്കുലർ പാലിക്കുന്നില്ലെന്നു് ഗവമ്മെണ്ടിനു് അറിയാമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് സമയമായിട്ടില്ല. സർക്കുലർ അയച്ചിട്ട് ൧൦ ദിവസമെ ആയിട്ടുള്ളു.

**Sri. Gabriel Nadar:** May I know whether office papers are now being sent to the Officers' house?

**The Hon'ble Sri. T. K. Narayana Pillai:** No officer is entitled to hold office in his house during office hours.

ശ്രീ. എസ്സ്. കുട്ടൻ: ഇങ്ങിനെ സക്കുലർ അയച്ചിട്ടുണ്ടെങ്കിൽ മജിസ്ട്രേട്ടുമാക്ക് മൊഴിവാങ്ങിക്കാൻ അവകാശമുണ്ടോ എന്നു് അറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മജിസ്ട്രേട്ടിന്റെ ആപ്പീസ്സ് എന്നു പറഞ്ഞാൽ മജിസ്ട്രേട്ട്കോട്ട് എന്നാണു് അത്ഥം. വീട്ടിൽവെച്ച് അടിയന്തിരഘട്ടങ്ങളിൽ മൊഴിവാങ്ങാൻ അദ്ദേഹത്തിനു അധികാരമുണ്ട് മജിസ്ട്രേട്ട്കോടതി വീട്ടിൽവെച്ചു നടത്താൻ അധികാരമില്ല.

ശ്രീ. ഈപ്പൻ അറക്കൽ: വീട്ടിൽവെച്ചു ജാമ്യം കൊടുക്കാൻ സാധിക്കുമോ എന്നു അറിഞ്ഞാൽ കൊള്ളാം.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: വീട്ടിൽവെച്ച് എന്തെല്ലാം ജോലികൾ നടത്താം എന്നു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

## കെട്ടിടങ്ങളുടെ മെയിൻറനൻസ്

***൯൫. ശ്രീ. കെ. എ. മാത്യു:** താഴെ കാണിച്ചിരിക്കുന്ന ചോദ്യങ്ങൾക്കു് പി. ഡബ്ളിയു. ഡി. വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ടമന്ത്രി സദയം മറുപടി പറയുമോ.—

(എ) വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കീഴിൽ തിരുവിതാംകൂറിലുള്ള ആഫീസ്സു് കെട്ടിടങ്ങൾ തുടങ്ങിയ കെട്ടിടങ്ങളുടെ മെയിൻറിനൻസ്' പണി നടത്തുന്നതു് ഏതു ഡിപ്പാർട്ടുമെന്റാണു്?

(ബി) ഇപ്പോൾ നിലവിലിരിക്കുന്ന നടപടി മൂലം പല സർക്കാർ കെട്ടിടങ്ങൾക്കും ശരിയായ മെയിൻറനൻസ് പണികൾ നടത്താതിരിക്കുന്നുവെന്നറിയാമോ;

(സി) പി. ഡബ്ളിയു. ഡി. യെ വീണ്ടും പ്രസ്തുത ചുമതല ഏല്പിക്കുന്നതിനു് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ?

**ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:**

(എ) അടുത്തകാലംവരെ അതാതു ഡിപ്പാർട്ടുമെണ്ടുകളാണു് ഈ ജോലി നടത്തിക്കൊണ്ടിരുന്നതു്.

(ബി) അറിയാം.

(സി) വേണ്ട ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടു്. അതനുസരിച്ചു് കാര്യങ്ങൾ നടത്താൻ ഏർപ്പാടു് ചെയ്തിട്ടും ഉണ്ടു്.

**ശ്രീ. കെ. എ. മാത്യു:** പല സ്കൂളുകളിലും ഡിസ്പെൻസറികളിലും മെയിൻറനൻസു് നടക്കാതെ കിടക്കുന്നുണ്ടെന്നു് അറിയാമോ?

**ബഹു: ശ്രീ. ഈ. ജോൺ ഫിലിപ്പോസ്:** അതേപ്പററി കാര്യമായി ശ്രദ്ധിക്കുന്നതാണു്.

## CONCESSION TO WAR SERVICE CANDIDATES

***96. Sri. K A. Mathew:** Will the Hon'ble Minister for Rehabilitation of Ex-service men be pleased to state.—

(*a*) whether the Government is aware that in Cochin the following concession is in force in respect of war service candidates—"Ex-Havildar clerks and Ex-Havildar Store Keepers who previcus to joining the Army had failed school final examination but whose discharge certificate shows satisfactory service in their respective ranks will, as a general rule be treated as having passed the S.S.L.C. Examination;" and

(*b*) whether the Government of the United State of Travancore and Cochin be pleased to extend this concession to war service candidates in other areas of the United States as well?

**The Hon'ble Sahib Bahadur T. A. Abdulla:**

(*a*) Yes, but only for appointment as clerks.

(*b*) The question will be considered.

## COIR YARN INDUSTRY

***97. Sri. P. Kunjukrishnan:** Will the Government be pleased to state.—

(*a*) whether they are aware of the deplorable condition of the coir yarn industry in the State;

(*b*) what steps they propose to take in combating the situation; and

(*c*, what is the approximate number of persons who are directly affected by the said deplorable condition of coir yarn industry?

**The Hon'ble Sri. N. Kunjuraman:**

(*a*) Yes.

(*b*) Several remedial measures are under consideration.

(*c*) Accurate information as to the exact number is not readily available. ഇന്നലെ ഇതു സംബന്ധിച്ചു് കൂടുതൽ വിവരം നൾകിയിട്ടുണ്ടു്.

**ശ്രീ. പി. കുഞ്ഞുകൃഷ്ണൻ:** ഇതുകൊണ്ടു് തൊഴിൽ ഇല്ലാതെ ആയിട്ടുള്ള താലൂക്കുകൾ എത്രയാണു്?

**ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ:** തിരുവിതാംകൂറിൽ ഒമ്പതു്, കൊച്ചിയിൽ രണ്ടു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഈ താലൂക്കുകളിലെ പട്ടിണിയെ പരിഹരിക്കുന്നതിനു് എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതു് ഈ ചോദ്യത്തിൽനിന്നും വരുന്നതല്ല. എങ്കിലും പറയാം. ഗവൺമെണ്ടിനാൽ കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ടു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അതിലേക്കു് ഇപ്പോൾ ഗവൺമെണ്ടിന്റെ കയ്യിൽ എന്തെങ്കിലും സ്കീം ഉണ്ടോ?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇങ്ങിനെ തൊഴിലില്ലായ്മയും പട്ടിണിയും വർദ്ധിച്ചിരിക്കുന്ന താലൂക്കുകളിൽ മരച്ചീനി ന്യായവില ഷാപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: അത്യാവശ്യമുള്ള സന്ദർഭങ്ങളിൽ ന്യായവിലഷാപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇങ്ങിനെ തൊഴിലില്ലായ്മകൊണ്ടു് ദുരിതം അനുഭവിക്കുന്ന ആളുകൾ ഉദ്ദേശം എത്രയാണെന്നു അറിയാമോ?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: ഉദ്ദേശം അഞ്ചുലക്ഷത്തിനു മേലായിരിക്കും.

ശ്രീ. പി. ററി. ചാക്കോ: മാർക്കററുകൾ കണ്ടുപിടിക്കുന്നതിനു് ശ്രമിച്ചിട്ടുണ്ടോ?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവൺമെണ്ടിൽനിന്നും ഇൻഡ്യാ ഗവൺമെണ്ടിലേക്കു് നിവേദനം ചെയ്തിട്ടുണ്ടു്. ഇതിന്റെ വിപണികൾ അന്യരാജ്യങ്ങളിലാണു്. ഈ കയർ വ്യവസായത്തിന്റെ മാന്ദ്യത്തെ സംബന്ധിച്ചു ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും നിയമിച്ചു ട്രെയിഡു് കമ്മീഷണറന്മാരുടെ റിപ്പോർട്ടു് വരുത്തിയിട്ടുണ്ടു്. തിരുവിതാംകൂറിലെ കച്ചവടക്കാർക്കു് അത്യാവശ്യമുള്ള ബിസിനസ്സ് മൊറാലിററി പാലിക്കുന്നില്ല. അതിനാൽ അന്യരാജ്യങ്ങളിൽ ഉള്ളവർക്കു് ഈ കച്ചവടക്കാരോടു് വിശ്വാസം കുറഞ്ഞിട്ടുണ്ടു്. ഇതിനെ പരിഹരിക്കുന്നതിനും തീരുവയെ സംബന്ധിച്ചിടത്തോളം ഉള്ള വൈഷമ്യങ്ങൾ കുറയ്ക്കുന്നതിനും ഇൻഡ്യാ ഗവൺമെണ്ടിനോടു് നിവേദനം നടത്തിയിട്ടുണ്ടു്. മാത്രമല്ല മററു രാജ്യങ്ങളുമായി നടത്തുന്ന കച്ചവട ഉടമ്പടികളിൽ കയർ സാമാനങ്ങൾക്കു് പ്രത്യേക പരിഗണന കൊടുക്കണമെന്നു ഇൻഡ്യാ ഗവൺമെണ്ടിനോടു് ആവശ്യപ്പെട്ടിട്ടും ഉണ്ടു്.

## UNION HIGH COURT

*98. **Sri. K. P. Neelakanta Pillai:** Will the Hon'ble Premier be pleased to state why the Union High Court was shifted to Ernakulam ?

**The Hon'ble Sri. T. K. Narayana Pillai:** The Government of the United State found it expedient to locate the Union High Court at Ernakulam.

**Sri. K. P. Neelakanta Pillai :** I request that the word 'located' be substituted for the word 'shifted' in my question and it may be answered.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടായാലും മറുപടി ഇതുതന്നെയാണു്.

**Sri. K. P. Neelakanta Pillai :** May I know Sir, whether it is the decision of the Union Government to locate the High Court at Ernakulam ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: യൂണിയൻ ഗവൺമെൻറിന്റെ തീരുമാനം അനുസരിച്ചു് തന്നെയാണു്.

**Sri. K. P. Neelakanta Pillai :** May I know whether the Integration Committee appointed by the Government made any decision about this ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനെ സംബന്ധിച്ചു് മറുപടി പറയുന്നതിനു് സ്പീക്കർ അനുവദിക്കുമെങ്കിൽ പറയാം. ഏതായാലും ഇങ്ങനെയുള്ള ഒരു റിപ്പോർട്ടു് ഈ സഭയുടെ മുൻപിൽ ഇല്ല.

**Sri. K. P. Neelakanta Pillai :** May I know whether there was any recommendation by the Buch Committee to locate the High Court at Ernakulam ?

**Mr. Speaker :** I disallow that question. Any report or recommendation made by the Buch Committee is part of the contents of a Report, which is not before the House.

**Sri. K. P. Neelakanta Pillai :** May I know whether the existence of a building at Ernakulam weighed with the Union Government in making this decision ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

**Sri. A. Thanu Pillai:** May I know whether the location of the High Court was one of the matters dealt with by the Buch Committee ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പല പല കാര്യങ്ങളിൽ ഒന്ന് ഇതായിരിക്കാം.

**Mr. Speaker:** Does the Hon'ble Member want to know whether that formed the subject matter of the Report of the Buch Committee ?

**Sri. A. Thanu Pillai:** I desire to know whether it was one of the matters dealt with by the Buch Committee ?

ബഹു് ശ്രീ. ടി. കെ. നാരായണപിള്ള: ബുച്ച് കമ്മററി ഇതേപ്പററി പ്രസ്താവിച്ചിട്ടുണ്ട്.

**Sri. A. Thanu Pillai:** May I also know whether the recommendations of the Buch Committee are approved or disapproved, accepted or rejected, by the Indian Government of the Union Government ?

**Mr. Speaker:** The documents containing those recommendations are not before the House and those recommendations cannot be made the subject matter of a question here.

**Sri. A. Thanu Pillai:** I submit that it is a very important matter affecting the State. We, the representatives of the State, have a right to know whether the particular recommendation was approved or rejected by the India Government or the Union Government ?

**Mr. Speaker:** I would like the Hon'ble member to realise that the question as to whether the recommendations of the Buch Committee had been rejected or approved by either the Government of India or the Union Government hardly arises out of the present question.

**Sri. A. Thanu Pillai:** May I know whether the decision of the India Government in this matter was rejected or approved by this Government ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: തീരുമാനം അൾട്ടിമേററായിട്ട് തിരസ്കരിക്കുന്നതിനുള്ള അവകാശം യൂണിയൻ ഗവമ്മെണ്ടിനാണുള്ളത്. ബുച്ച് കമ്മററിയുടെ റിപ്പോട്ട് അനുസരിച്ച് ചില കാര്യങ്ങളിൽ ഇൻഡ്യാ ഗവമ്മെണ്ട് അവസാന തീരുമാനം പാസ്സാക്കി കഴിഞ്ഞിട്ടുണ്ട്. ചില കാര്യങ്ങളിൽ ഇതുവരെയും അവസാന തീരുമാനം പാസ്സാക്കിയിട്ടില്ല. എന്നാൽ ഇതുമാതിരിയുള്ള കാര്യങ്ങളിൽ അവസാന തീരുമാനം പാസ്സാക്കുന്നതിന് മുമ്പ് ഈ ഗവമ്മെണ്ടിനോട് ചോദിക്കും.

ശ്രീ. എ. താണുപിള്ള: എൻെറ ചോദ്യം അതല്ല. ഇൻഡ്യാ ഗവമ്മെണ്ട് ഒരു അവസാന തീരുമാനം പാസ്സാക്കിക്കഴിഞ്ഞാൽ അതിനെ ലംഘിക്കാൻ ഈ ഗവമ്മെണ്ടിനു അധികാരമുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ക്വസ്റ്റ്യൻ ഹൈപ്പോതററിക്കൽ ആണ്.

**Sri. A. Thanu Pillai:** May I understand that the Union Government has a right to overrule the decision by the Government of India in this matter ?

**The Hon'ble Sri. T. K. Narayana Pillai:** Yes.

**Sri. P. T. Chacko:** May I know whether the Committee was appointed by this Government ?

**The Hon'ble Sri. T. K. Narayana Pillai:** By the India Government in consultation with the Travancore and Cochin Governments.

**Sri. A. Thanu Pillai:** I wish to know whether the recommendations of the Committee appointed by the Government of India are finally disposed of by the Union Government.

**Mr. Speaker:** The Hon'ble Members' question resolves itself into an argument.

**Sri. A. P. Udayabhanu:** On a point of order. You have prohibited all questions connected with the recommendations of the Buch Committee. But the only matter that is prohibitted under Rule 12. is "any matter relating to or affecting the Covenant, the Instrument of Accession or any matter which is under adjudication by a court of law." So far as the Buch Committee Report is not covered by these restrictive provisions, it is a matter specifically coming under Rule 11 and we have a right to question the concerned Minister.

**Mr. Speaker:** The Member is labouring under a misconception. Rule 12 is not invoked in support of this objection. It is based on the general principle that the contents of a document, which is not before the House, should not be made the subject of a question.

### BUCH COMMITTEE REPORT

***99. Sri. Paul Taliat:** Will the Hon'ble Minister for Politics be pleased to state.—

(*a*) whether the Buch Committee Report has been accepted by the Government of India;

(*b*) whether a copy of this report has been received by this Government; and

(*c*) if so, will the same be placed on the table?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ചില കാൎയ്യങ്ങളിൽ അവസാനതീരുമാനം എടുത്തു കഴിഞ്ഞിട്ടുണ്ടു്. ചില കാൎയ്യങ്ങളിൽ അവസാനതീരുമാനം ഇതുവരെയും പാസ്സാക്കിയിട്ടില്ല.

(ബി) ഉണ്ടു്.

(സി) ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. പോൾ തളിയത്തു്: റിപ്പോൎട്ട് അനുസരിച്ചുള്ള കംപ്ലീറ്റ് ഇന്റഗ്രേഷൻ എന്നത്തേക്കു പൂൎത്തിയാകും?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

### കയർവ്യവസായം

*൧൦൦. ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദിനംപ്രതി കുറഞ്ഞുകൊണ്ടിരിക്കുന്ന കയറിന്റെ വില അഭിവൃദ്ധിപ്പെടുത്തുന്നതിനും വിദേശവിപണികൾ കണ്ടുപിടിച്ചു കയർ വ്യവസായത്തെ പോഷിപ്പിക്കുന്നതിനും ഗവൺമെണ്ടു എന്തെങ്കിലും പരിപാടി അംഗീകരിച്ചിട്ടുണ്ടോ?

(ബി) കയർ ഉല്പാദിപ്പിക്കുന്ന തൊഴിലാളികൾ കയറിന്റെ വിലക്കുറവു നിമിത്തം പട്ടിണിയാണെന്നുള്ള വിവരം ഗവൺമെണ്ടിനു അറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഉണ്ടു്.

(ബി) ഇല്ല.

ഇതേ സംബന്ധിച്ചു് നേരത്തെ ഉത്തരം കൊടുത്തിട്ടുണ്ടു്.

മി. സ്പീക്കർ: ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചു.

## WRITTEN ANSWERS

### മന്ത്രിമാരുടെ ശമ്പളവും അലവൻസും

*൧൦൧. ശ്രീ. കെ. കുട്ടപ്പൻ: താഴെകാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാൎയ്യമന്ത്രി സദയം മറുപടി പറയുമോ?

തിരുവിതാംകൂറിലെ മന്ത്രിമാൎക്കു ൧൧൨൪ എടവമാസംവരെ പ്രതിമാസം അലവൻസുൾപ്പെടെ ശരാശരി എത്ര രൂപാ ശമ്പളമായി എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ:

| | | രൂ. | ച. | കാ. |
|---|---|---|---|---|
| മീനം | ൧൧൨൩ .. | ൧,൩൫൦ | ൦ | ൦ |
| മേടം | ,, .. | ൨,൪൭൫ | ൦ | ൦ |
| ഇടവം | ,, .. | ൨,൪൭൫ | ൦ | ൦ |
| മിഥുനം | ,, .. | ൨,൯൨൩ | ൧൫ | ൧൨ |
| കൎക്കടകം | ,, .. | ൫,൨൫൪ | ൧൮ | ൪ |
| ചിങ്ങം | ൧൧൨൪ .. | ൫,൧൦൦ | ൦ | ൦ |
| കന്നി | ,, .. | ൫,൧൦൦ | ൦ | ൦ |
| തുലാം | ,, .. | ൪,൪൦൨ | ൧൪ | ൦ |
| വൃശ്ചികം | ,, .. | ൪,൮൫൦ | ൦ | ൦ |
| ധനു | ,, .. | ൪,൮൫൦ | ൦ | ൦ |
| മകരം | ,, .. | ൪,൮൫൦ | ൦ | ൦ |
| കുംഭം | ,, .. | ൪,൮൫൦ | ൦ | ൦ |
| മീനം | ,, .. | ൪,൮൫൦ | ൦ | ൦ |
| മേടം | ,, .. | ൪,൮൫൦ | ൦ | ൦ |
| ഇടവം | ,, .. | ൫,൭൭൫ | ൦ | ൦ |

## SALT INDUSTRY

***102. Sri. P. Gopalan:** Will the Hon'ble Minister for Excise be pleased to state.—

(*a*) whether there is any progress in the scheme of nationalising the salt industry in the State: and

(*b*) if the answer to part (*a*) is in the affirmative state how far the scheme has progressed?

**The Hon'ble Sri. N. Kunjuraman:**

(*a*) Yes. There is progress in the scheme of Nationalisation of the Salt Industry in the State.

(*b*) Government have decided to nationalise this Industry from early 1125, the first stage of the scheme being the acquisition of pans owned by single individuals or families.

## MINERAL INDUSTRY AT CHAVARA

***103. Sri. P. Gopalan:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether there is a proposal for nationalising the Mineral Industry at Chavara;

(*b*) if the answer to part (*a*) is in the affirmative, state how far has it progressed;

(*c*) is there any special reason for nationalising the mineral industry alone immediately; and

(*d*) if the answer to part (*c*) is in the affirmative, what are the reasons?

**The Hon'ble Sri. K. Ayyappan:**

(*a*) Yes.

(*b*) Government have already taken over one of the companies, *viz.*, the Travancore Minerals Co., Limited.

(*c*) Yes.

(*d*) Private companies have been permitted to exploit the minerals under the mining agency agreements entered into with them by Government. They are working on a cost plus profit basis. In view of the important strategic position the minerals of the State have recently occupied, Government consider it desirable to nationalise the industry.

## COIR GOODS

***104. Sri. P. Gopalan:** Will the Hon'ble Minister for Industry be pleased to state.—

(*a*) whether there is a fall in the export of coir goods in the years 1123 and 1124 than in the previous years;

(*b*) if the answer to part (*a*) is in the affirmative what are the causes for the fall;

(*c*) whether the Government have taken any steps to find out better markets for coir goods; and

(*d*) if the answer to (*c*) is in the affirmative what are the steps taken?

**The Hon'ble Sri. N. Kunjuraman:**

(*a*) Yes.

(*b*) The fall in prices of coir goods is due to trade restrictions in foreign countries such as Argentina, Chile, Australia, etc. The high prices of coir as well as the poor quality exported abroad also appear to have contributed to the fall in trade.

(*c*) Yes.

(*d*) Government have moved the Government of India in the matter.

## കയററു വ്യവസായ മാന്ദ്യം

*൧൦൫. ശ്രീ. എം. മാധവൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) രണ്ടരലക്ഷത്തോളം ആളുകൾക്കു തൊഴിൽ നൽകിക്കൊണ്ടിരുന്ന കയററു വ്യവസായത്തിനുണ്ടായിട്ടുള്ള അധഃപതനം മൂലം വളരെ അധികം തൊഴിലാളികൾ തൊഴിൽ ശൂന്യരായിട്ടുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) തൊഴിൽ ശൂന്യരായ തൊഴിലാളികളേയും അവരെ ആശ്രയിച്ചു കഴിയുന്ന സാധുകുഡുംബങ്ങളേയും കൊടുംപട്ടിണിയിൽ നിന്നും രക്ഷപ്പെടുത്തുന്നതിനു എന്തെങ്കിലും ദുരിതാശ്വാസനടപടികൾ സ്വീകരിക്കുവാൻ ഗവമ്മെണ്ടു സന്നദ്ധമാവുമോ?

(സി) കയററു വ്യവസായം അധഃപതിച്ചതുമൂലം തൊഴിലില്ലാതെ കഷ്ടപ്പെടുന്ന ചിറയിൻകീഴ് താലൂക്കു കയററു തൊഴിലാളികൾക്കു ജോലികൊടുക്കുന്നതിനു് ജനോപകാരപ്രദമായ റിലീഫ് പ്രവൎത്തനങ്ങൾ ഉടനെ ആരംഭിക്കുവാൻ ഗവമ്മെണ്ടു ശ്രദ്ധിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഉണ്ട്.

(ബി) ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(സി) അതിനെപ്പററിയും ഗവൺമെണ്ട് ആലോചിക്കുന്നതാണ്.

ലോഹമണൽ വ്യവസായം

*൧൦൬. സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂറിലെ ലോഹമണൽ വ്യവസായം സംബന്ധിച്ചു ഈ ഗവൺമെണ്ട് ഇന്ത്യാഗവൺമെണ്ടുമായി എന്തെങ്കിലും വ്യവസ്ഥകൾ ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ വ്യവസ്ഥകൾ എന്തെല്ലാമെന്നു പ്രസ്താവിക്കുമോ?

(സി) ഏതെല്ലാം ലോഹമണൽ കമ്പനികൾ ഇതിനകം ഗവൺമെണ്ട് വില കൊടുത്തിട്ടുണ്ട്.

ബഹു. ശ്രീ. കെ. അയ്യപ്പൻ: (എ) ചില ആലോചനകൾ നടക്കുന്നുണ്ട്.

(ബി) ഈ സംഗതിയെപ്പററി കൂടുതൽ വിവരങ്ങൾ ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(സി) ട്രാവൻകൂർ മിനറൽസ് കമ്പനി (ചവറ) എന്ന പേരിൽ പ്രവർത്തനം നടത്തിയിരുന്ന ഫാക്ടറി ഗവൺമെണ്ട് വിലക്കെടുത്തിട്ടുണ്ട്.

REPORT OF THE INTEGRATION COMMITTEE

***107. Sri. K. P. Nilakanta Pillai:** Will the Premier be pleased to state:

(*a*) whether the Government has received a copy of the report of the Integration Committee; and

(*b*) if so, whether it would be made available to the members of this Assembly?

**The Hon'ble Sri. T. K. Narayana Pillai.**

(*a*) Government has received a copy of the report.

(*b*) The matter is under consideration.

FINANCIAL AND ECONOMIC POSITION OF THE UNITED STATE

***108. Sri. N. V. Chacko:** Will the Hon'ble Minister for Finance be pleased to state whether the Government would be pleased to appoint an expert committee to report on the financial and economic position and resources of the United State and its Government, of the various Industries in the State, of the paddy agriculturists and of other allied matters?

**The Hon'ble Sri. A. J. John:** Government are anxiously considering the question of the financial as well as other problems of the new born State. The appointment of a Committee will be taken up if necessary.

TRAVANCORE (MALAYALAM) CONGRESS COMMITTEES

***109. Sri. R. K. Ram:** Will the Hon'ble Premier be pleased to state how much money the Government spends yearly by way of organising Travancore (Malayalam) Congress Committees in the Travancore Tamil Nad area?

**The Hon'ble Sri. T. K. Narayana Pillai:** No money is spent by Government in this behalf.

APPOINTMENT OF STATE CONGRESS WORKERS

***110. Sri. R. K. Ram:** Will the Hon'ble Premier be pleased to state how many State Congress Workers have been awarded Government appointments?

**The Hon'ble Sri. T. K. Narayana Pillai:** It is not possible to furnish the information as the period for which it is required is not indicated.

കയർവ്യവസായവും ചേർത്തല തൊഴിലാളികളും

* ൧൧൧. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?—

(എ) ചേർത്തല താലൂക്കിലെ ബഹുഭൂരിപക്ഷം ജനങ്ങളും കയർപിരി തൊഴിലിൽ ഏർപ്പെട്ട് അതുകൊണ്ട് ഉപജീവനം കഴിച്ചുവരുന്നവരാണെന്നുള്ള വിവരം ഗവൺമെണ്ടിന് അറിയാമോ;

[Sri. Krishnan Ayyappan]

(ബി) കയറുവ്യവസായത്തിന് നേരിട്ടിട്ടുള്ള അധഃപതനംമൂലം ആ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ജീവിതാവശ്യങ്ങൾ കഴിയുവാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ആ താലൂക്കിലെ കയർ വ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും കയർ നല്ല തരത്തിൽ ഉണ്ടാക്കിക്കുന്നതിനും ശരിയായ വിലക്കു വിററഴിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുവാൻ ദയവുണ്ടാകുമോ?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) അറിയാം.

(ബി) അവർക്ക് കുറെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടതായി വന്നിട്ടുണ്ടെന്നു അറിയാം.

(സി) ആലോചനയിൽ ഇരിക്കുകയാണ്.

## ELECTION OF MEMBERS TO THE STANDING ADVISORY COMMiTTEE FOR THE TRANSPORT DEPARTMENT— FIXING PROGRAMME FOR

മി. സ്പീക്കർ: സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിനു ഒരു Standing Advisory Committee രൂപീകരിക്കുന്നതിനു ഗവമ്മെൻറ് നിശ്ചയിച്ചിരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ആ കമ്മിററിയുടെ അദ്ധ്യക്ഷനായി ആ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയും അംഗങ്ങളായി ഈ അസംബ്ലിയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഏഴുപേരും ഉണ്ടായിരിക്കും. ആ ഏഴംഗങ്ങളുടെ തിരഞ്ഞെടുപ്പ് ആനുപാതിക പ്രാതിനിദ്ധ്യതത്വമനുസരിച്ച് കൈമാററം ചെയ്യാവുന്ന ഒററ വോട്ടുമൂലം നടത്തുന്നതാണ്. ഇതിലേക്കുള്ള നാമനിർദ്ദേശങ്ങൾ ൧൧൨൫ ചിങ്ങം ൩-ാം തിയ്യതി പകൽ അഞ്ചുമണിക്കു മുമ്പ് നിയമസഭാ സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്. അവയുടെ പരിശോധന ചിങ്ങം ൪-ാംനു വൈകുന്നേരം സഭ പിരിഞ്ഞശേഷം എന്റെ ചേമ്പറിൽവച്ച് നടത്തുന്നതും തിരഞ്ഞെടുപ്പ് ആവശ്യമെന്നു കണ്ടാൽ ചിങ്ങം ൭-ാംനു- സഭാനടപടികൾക്കുശേഷം ഇവിടെവച്ച് നടത്തുന്നതും ആയിരിക്കും.

## ORDER OF DEMANDS FOR GRANTS-WHETHER ANY CHANGE IS NECESSARY

മി. സ്പീക്കർ: മറെറാരു കാര്യവും പ്രസ്താവിക്കേണ്ടതായുണ്ട്. അത് Voting of Demands for Grants-നെ സംബന്ധിച്ചാണ്. Demands for Grants-ന്റെ ലിസ്ററ് അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളത് മെമ്പർമാർക്ക് കിട്ടിയിരിക്കുമെന്ന് വിശ്വസിക്കുന്നു. ആകെ മൊത്തം ൪൨ ഡിമാൻ്റുകളാണ് ഈ ലിസ്ററ് അനുസരിച്ചുള്ളത്. വോട്ടിങ്ങ് ആഫ് ഡിമാൻസിന് ആകെ എട്ടു ദിവസമാണ് നിശ്ചയിച്ചിട്ടുള്ളത്. ഡിമാൻ്റുകളുടെ പ്രാധാന്യമനുസരിച്ച് ഈ ലിസ്റ്റിലെ ഓർഡറിൽ എന്തെങ്കിലും മാററം വരുത്തണമെന്ന് മെമ്പർമാർക്ക് അഭിപ്രായമുള്ളപക്ഷം അപ്രകാരം ചെയ്യാവുന്നതാണ്. ഇന്നു വൈകുന്നേരം നാലരമണിക്ക് ഇതിനെപ്പററി ആലോചിച്ച് ഭേദഗതികൾ ആവശ്യമാണെങ്കിൽ ചെയ്യുന്നതായിരിക്കും.

അടുത്ത പരിപാടി ബഡ്ജററിന്റെ പൊതുവിമർശനമാണ്. ശ്രീ. ചിദംബരനാടാരുടെ പ്രസംഗം തുടരാം.

## GENERAL DISCUSSION OF THE BUDGET—(cont.)

ஸ்ரீ. சிதம்பரநாத நாடார்:— ஸர், நேற்று இந்த Budgetல், தென் திருவிதாங்கூர் தமிழர்களுக்கு, மாற்றான் தாயின் நடவடிக்கைகள் காண்பிக்கப்பட்டிருக்கிறது என்பதற்கு எடுத்துக்காட்டாக, பெருஞ்சாணி ஸ்கீமைப் பற்றி மாத்திரம் சொன்னேன். இரண்டாவதாக, இந்த சர்க்கார், தமிழர்களுக்கு, குடி தண்ணீர் கொடுக்கக்கூடாதென்ற மனப்பான்மையோடு இருந்தால் இந்த சர்க்காரின் கீழ், நாங்கள் எப்படி அமைதியோடு இருக்க முடியும் என்பதைப் பற்றி சந்தேகமாயிருக்கிறது. முட்டம், என்ற இடத்தில் 12 வருடங்களுக்கு முன்பு, குடி தண்ணீருக்காக ஒரு திட்டம் தயாரிக்கப்பட்டது. கழிந்த பட்ஜெட்டிலும், இதற்காக ஒரு சிறுதொகை ஒதுக்கப்பட்டதாகக் காணப்படுகிறது. இந்திய அரசாங்கத்தின், உணவு இலாகா மந்திரி, ஸ்ரீ. ஜெயராம்தாஸ் தௌலத்ராம், அவர்கள் இங்கு விஜயம் செய்திருந்தபோது, கன்னியாகுமரியிலும், முட்டத்திலும் இந்த

சர்க்கார், குடி தண்ணீருக்கு ஏன் சௌகரியம் செய்துகொடுக்கவில்லையென்று கேட்டார். 12 வருஷத்திற்கு முன்பு குடிதண்ணீர்க்கென்றுள்ள திட்டத்திற்காக ஒதுக்கப்பட்டுள்ள தொகையிலிருந்து, வருடா வருடம், அந்தத் தொகையை குறைத்துக்கொண்டே இருக்கிறார்கள், என்பதை இந்த சர்க்காருக்கு நான், எடுத்து சொல்ல ஆசைப்படுகிறேன். அடுத்தபடியாக, உணவு பெருக்குத்திட்டம் என்று சொல்கிறார்கள். அதாவது Grow More Food Campaign. இந்த சர்க்காரிடம் நான் கேட்கிறேன், நாங்கள் கரம் தரவில்லையா? அல்லது, நாங்கள், வேறொரு ராஜ்ஜியத்தின் கீழ் இருக்கிறோமா? F. A. C. T. யிலிருந்து Ammonium sulphate, Super Phosphate முதலியவைகள் செய்கிறார்களென்று, அறிகிறோம். இவைகள், வட திருவிதாங்கூரில், குறைந்த விலைக்குக் கொடுக்கப்படுகிறது. தமிழர்களாகிய, எங்களுக்கு ஒரு cwt. க்கு Rs. 19 as. 14, கொடுத்து வாங்கவேண்டியிருக்கிறது. இந்த நிலையில் பிரதான மந்திரியவர்களிடமும், கனம் பொருளாதார மந்திரி அவர்களிடமும் நான் கேட்கிறேன். இந்தியா, பிரதான மந்திரி, தமது Budget speech ல் "They have to set the example by going to the villages and explain to them the gravity of situation and the steps they must take to overcome it." என்று சொல்லியிருக்கிறார். உங்களுக்கு, இந்த நிலையில் கிராமங்களுக்குச் சென்று, எப்படி சீர்திருத்தம் செய்ய முடியும். கொச்சி திருவிதாங்கூர் இணைப்பு என்று சொல்கிறார்கள். ஒரு சர்க்காரின் கீழுள்ள மக்களென்றும் சொல்கிறார்கள், ஆனால், வட திருவிதாங்கூர் மக்களுக்கு மாத்திரம் Ammonium sulphate யை குறைந்த விலைக்குக் கொடுத்துவிட்டு தென் திருவிதாங்கூர் மக்களுக்கு cwt. க்கு, Rs. 19 as. 14 வீதம் கொடுக்கிறதென்றால், நீங்கள் எந்த முறையில் நெல் எடுக்கப்போகிறீர்களென்று கேட்கிறேன்? அது மாத்திரமல்ல, நெல் அளவைப்பற்றி சொல்லும்போது, ஒரு கிருஷிக்காரன் மாதம் ஒன்றுக்கு, 2 1|4 பறைதான் சாப்பிடவேண்டுமென்று, ஒரு அறிக்கை வெளியிடப்பட்டிருக்கிறது. மந்திரிகளிடம் நான் கேட்கிறேன், நீங்கள் யாராவது வயலில் இறங்கி உழுததுண்டா? நீங்கள் யாராவது கலப்பை பிடித்ததுண்டா? நீங்கள் யாராவது மாடுகளின் பின் நடந்ததுண்டாவென்று கேட்கிறேன். நீங்கள் கிருஷிகாரனை, எந்த முறையில் நடத்தவேண்டுமென்பதைப் பற்றி படித்ததில்லை. படித்தாகவேண்டும். கிருஷிக்காரன், 2 1|4 பறைதான் சாப்பிடவேண்டுமென்று சொன்னால், நீங்கள், சர்க்கார் என்ற தேரை எப்படி ஓட்டிக்கொண்டுபோக முடியும். நீங்கள், சர்க்கார் என்ற தேரை ஓட்டும், தேரோட்டிகளின் வயிற்றில் அடிக்கிறீர்கள். இந்த இடத்தில், கனம் பொருளாதார மந்திரி அவர்களை ஒன்று ஞாபகப் படுத்துகிறேன். ராஜஸ்ரீ என்ற பத்திரிகையில் 28th July 1949 அன்று வெளிவந்த Issue வை, பிரதான மந்திரி அவர்களும், தனகாரியமந்திரி அவர்களும் படித்தாகவேண்டும். அப்பொழுது,நான் தென் திருவிதாங்கூரின் கிருஷிநிலை அவர்களுக்கு தெரியும். உங்களின் அறிக்கைப்படி, எப்படி நெல் அளக்கப் போகிறீர்கள், நீங்கள் அங்கே சென்றால் என்ன நடக்கும், என்பதைப்பற்றி எல்லாம் தெளிவாக எழுதியிருக்கிறது. அதைப்பற்றி கூடுதலாக ஒன்றும் சொல்ல, நான் ஆசைப்படவில்லை. அடுத்தபடியாக தாழ்த்தப்பட்ட மக்களுக்காக, 24·84 லக்ஷம் ரூ. பெருமான ஒரு தொகை ஒதுக்கப்பட்டிருக்கிறது. தாழ்த்தப்பட்ட மக்களுக்காக இந்த சர்க்கார், திருவிதாங்கூர் சர்க்காரோ, அல்லது கொச்சி—திருவிதாங்கூர் இணைப்பிற்குப்பின் வந்த சர்க்காரோ, ஏதாவது, ஒரு மயிரிடையாவது செய்ததுண்டா என்று கேட்கிறேன். ஏனென்றால் ஸ்ரீ கேசவன் சாஸ்திரி,

**Sri. R. K. Ram:** Is not the word 'மயர்' unparliamentary?

**Mr. Speaker:** That may be verified from the Honourable member who has used the word because both of you know Tamil.

**Sri. A Chidambranatha Nadar :** It is most parliamentary according to Tamil.

இந்த நிலையில் நான் இந்த சர்க்காரிடம் கேட்கிறேன். 24·84—லக்ஷம் ரூ. இந்த மக்களுக்கு ஒதுக்கி வைக்கப்பட்டிருக்கிறது. அவர்களில் யாரையாவது

[Sri. A. Chidambaranatha Nadar]

உத்தியோகத்தில் வைத்திருக்கிறார்களா? பின்பு இங்கு ஹரிஜன Hostel ஒன்று இருக்கிறது. நான் Law College ல் படித்துக்கொண்டிருந்தபோது அந்த Hostel எப்படி நடத்தப்பட்டதென்று எனக்கு தெரியும். புஸ்தகம் வாங்க ஒரு பில், பாத்திரம் வாங்க ஒரு பில் மீன் வாங்க ஒரு பில். தாழ்த்தப்பட்ட மக்களை நீங்கள் எப்படி நடத்திக்கொண்டிருக்கிறீர்கள்? நீங்கள் அவர்களை அநியாயமாய் நடத்திக்கொண்டிருக்கிறீர்களென்று, நான் தைரியமாய் சொல்கிறேன். அடுத்தபடியாக, ரெயில்வே, கழிந்த இரண்டு மூன்று நாட்களாக இங்கே நடந்த கேள்வி பதில்களைப் பார்த்தால், வட திருவிதாங்கூருக்கு கொட்டாரக்கரை முதல், கோட்டயம் வரை இரணுகுளம் முதல் திருசூர் வரை ஏன் ரெயில்வே கொண்டு வரவில்லை. சர்க்கார் கேட்கப்போகிறதா? இல்லையா? என்று சொன்ன கேள்விகளைத் தான் கேட்டேன்.

Bell.

ஸ்ரீ. சிதம்பரநாத நாடார்:— எனக்கு கூட இரண்டு நிமிடங்கள் கட்டாயம் தந்தேயாகவேண்டும்.

**Mr. Speaker:** I would request the honourable members to try to close their speeches at least within 15 minutes. If there is any possibility of finishing them earlier it is good. But 15 minutes is the utmost limit. You wil not kindly ask me to evtend the 15 minutes.

ஸ்ரீ. சிதம்பரநாத நாடார்:— தென் திருவிதாங்கூரை பொறுத்த அளவில் இங்கே மலையாளிகளாக, இருக்கக் கூடிய சகோதரர்கள், ஏன் திருவனந்தபுரத்திற்கு தெற்கே, ரெயில்வேயை நீட்டவில்லையென்று கேட்டார்களா? அதற்காக மனமார வருத்தப்படுகிறேன். அடுத்தபடியாக, இந்த Budget ல் நாகர்கோவிலிலுள்ள Tuberclosis ஆஸ்பத்திரிக்கு ஏதோ ஒரு கிச்சன் கெட்டுவதற்கும், ஆஸ்பத்திரிக்காக இன்னும் சில கட்டிடங்கள் கெட்டவும் ஒதுக்கப்பட்டிருக்கிறது. இந்த T. B. ஆஸ்பத்திரி வந்த பிறகு, அந்த ஆஸ்பத்திரியில் க்ஷயரோகியாக சென்ற ஒருவனாவது, ரோகம் மாறி திரும்பியதுண்டா? என்று கேட்கிறேன். அது மாத்திரமல்ல. இங்குள்ள Public Health Director க்கு நான் 13 தடவைகள் எழுதியிருக்கிறேன். Ananthanar east main என்று ஒன்று இருக்கிறது. அங்கே காலையில் இருந்து, மாலை 6 மணி வரையிலும் இந்த T. B. Patients குளிப்பதை நான் கண்டிருக்கிறேன். ஆகையால், அனந்தனார், தர்மபுரம் பகுதி, நீண்டகரை ஏ. பகுதி, வடசேரி பகுதி, தெங்கம்புதூர் பகுதி, நாகர்கோவில் பகுதி, முதலிய இடங்களிலுள்ள மக்கள் க்ஷயரோகத்தால் வாடவேண்டிவரும் என்று எழுதினேன். ஆனால் ஒரு பதிலும் இல்லை. நாகர்கோவிலில் உள்ள ஒரு மருத்துவ வித்துவானிடம், நான் கேட்டபோது, (Dr. Mathias) அவர் சொலகிறார்; ஒரு வருடத்தில் நூறு நோயாளிகளை பார்த்தால் அதில் 80 பேர்களும், க்ஷயரோகிகளாக இருக்கிறார்கள். இதற்கு காரணம் இந்த நாகர்கோவிலில், இந்த T. B. Hospital இருப்பதுதான் என்று சொன்னார். ஆதலால், தமிழர்களின் சார்பில், இந்த மந்திரி சபையிடம் நான் தாழ்மையாக வேண்டிக்கொள்வது என்னவென்றால், இன்றே வேண்டிய நடவடிக்கைகள் எடுத்து அந்த T. B. Hospital லை நாகர்கோவிலிலிருந்து மாற்றும்படி கேட்டுக்கொள்கிறேன். அடுத்தபடியாக Transport மந்திரியவர்கள், 250 பஸ்களும் 666 லாறிகளும் வேறு Express களும் இருப்பதாக சொன்னார்கள். எத்தனையோ வாகனங்கள் சில Garrage களில் பிரயோசனமில்லாமல் கிடக்கின்றன, என்பதை அவர் அறியவில்லை. மக்களுக்கு ஒரு பிரயோசனமும் இல்லாமல் அவைகள் கிடந்துகொண்டிருக்கின்றன. இரும்புக்காக வாவது, அவைகளை லேலம் போடகூடாதா? பின்பு, Petrol சௌகரியமாய் கிடைக்கிறதென்று சொல்கிறார்கள். ஆனால் ஒரு பிரயோசனமும் காணப்படவில்லை. கடைசியாக ஒரு விஷயத்தை மட்டும் சொல்லிவிட்டு நிறுத்தி விடுகிறேன். மதுவிலக்கை நீங்கள், தென் தாலுகாக்களில் புகுத்தினீர்கள். வெகு, வெகு சந்தோஷம். வெற்றிகரமாக நடக்கிறது. அது ஏன் வெற்றிகரமாக நடக்கிறது? இந்த சர்க்காரின் தைரியத்தால் என்று நினைத்துவிடக்கூடாது. தமிழ் மக்களின் ஆதரவினாலும், ஒற்றுமையாலும் தான், அது வெற்றிகரமாக நடந்துகொண்டிருக்கின்றது என்பதை நீங்கள்

நல்ல முறையில், ஆலோசித்து அலசிப் பார்க்கவேண்டும். நான், ஏன் இதை சொல்கிறேன் என்றால் இந்த பட்ஜெட்டில் மதுவிலக்கு அதிகாரிகளுக்கென்று ஒரு தொகை ஒதுக்கி வைத்ததாக தெரியவில்லை. மது விலக்குக்கு என்று இருக்கும் அதிகாரிகளின் எண்ணிக்கையை, வெட்டிக் குறைக்கப் போகிறீர்கள் என்று அறிந்தேன். அப்படிச் செய்தால், இந்த மதுவிலக்கு திட்டம் வெற்றிகரமாக நடக்காது, என்று நான் சொல்ல ஆசைப்படுகிறேன். அடுத்தபடியாக, நேற்று கேள்வியும்—விடையும் என்ற இடத்தில் நமது பிரதான மந்திரி அவர்கள் ஒரு வார்த்தை சொன்னார்கள். என்னவென்று கேட்டால், நான் ஒரு கேள்வி கேட்டதற்கு அது அவ்வளவு கௌரவமான விஷயமல்ல, ஆதலால் அதற்கு பதில் சொல்ல முடியாது என்று சொன்னார்கள். அது மிகவும் சங்கடம். இன்று கொச்சி—திருவிதாங்கூர் யூனியன் சர்க்காரின் தலைமை பீடத்தில் அவர் இருக்கும்போது, எங்களைப் போன்ற பிரதிநிதிகள் கேள்விகள் போடும்போது, நிசாரமான இந்த மாதிரிப்பட்ட விடைகளை நாங்கள் எதிர்பார்க்கக்கூடாது. மேலும் அப்படி வரக்கூடாது என்று கேட்டுக்கொள்கிறேன். அடுத்தபடியாக பிரதான பீடத்தில் இருக்கும் திரு. டி. கெ. நாராயணபிள்ளை அவர்கள், போலீஸ் அதிகாரிகளை தடுத்து ஆட்கொண்டு வருவதை, நேற்று நான் கண்டேன். இன்றைய ஐ. ஜி. திருவிதாங்கூர் தமிழ்நாடு காங்கிரஸில் வாலண்டியராய் இருந்த ஒருவனைக் கண்டு தமிழ்நாடு காங்கிரஸில் வாலண்டியராய் இருந்திருக்கிறாயா? என்று கேட்டாராம், போலீஸ் இன்ஸ்பெக்டர் செலக்ஷனுக்கு போய்இருந்தபொழுது. அதே சமயத்தில், ஸ்டேட் காங்கிரஸ்காரனை, நீ ஸ்டேட் காங்கிரஸில் இருந்திருக்கிறாயா? என்று கேட்கவில்லை. இதை பிரதான மந்திரியவர்கள், தமது கவனத்தில் எடுத்துக்கொள்ளவேண்டுமென்று கேட்டுக்கொண்டு, என் பேச்சை முடித்துக்கொள்கிறேன்.

ശ്രീ. ആനി ജോസഫ്: സർ, കൊച്ചി—തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിന്റെ ആദ്യത്തെ ബഡ്ജററിനെപ്പററി ചിന്തിക്കുന്ന ഈ സന്ദർഭത്തിൽ അതിഗൗരവാവഹങ്ങളായ അനേകം കാര്യങ്ങളാണ് ഓർമ്മയിൽ വരുന്നതു്. സംയോജനംകൊണ്ട് പിടിച്ചാൽ പിടിപററാത്ത ഒരു എമണ്ടൻ സംസ്ഥാനമായിപ്പോയി കൊച്ചി—തിരുവിതാംകൂർ ഐക്യസംസ്ഥാനം എന്ന് നമുക്ക് തോന്നി. അതുകൊണ്ട് കീഴ്നടപടികൾക്കു വിരുദ്ധമായവിധത്തിൽ ഈ ബഡ്ജററിൽ ജനക്ഷേമകരങ്ങളായ പ്രത്യേക പദ്ധതികൾക്ക് സ്ഥാനം ഉണ്ടായിരിക്കുമെന്നു ജനങ്ങൾ ആശിച്ചിരുന്നു. പരമാർത്ഥം പറയുകയാണെങ്കിൽ അതിന്റെ യാതൊരു ലക്ഷണങ്ങളും ആദ്യവസാനം നോക്കിയാലും ഈ ബഡ്ജററിൽ കാണാനില്ല. ഒരു എസ്റ്റേററ് ഉടമസ്ഥന്റെ ലാഘവത്തോടുകൂടി ഒരു കോളത്തിൽ വരവും, മറെറാരു കോളത്തിൽ ചെലവും എഴുതുക മാത്രമെ നമ്മുടെ ധനകാര്യമന്ത്രി ഈ ബഡ്ജററിൽ ചെയ്തിട്ടുള്ളു. വളരെ അധികമാളുകൾ കുഡുംബക്കണക്കുകളും, എസ്റ്റേററുടമസ്ഥന്മാർ എസ്റ്റേററു ചെലവുകളുംമററു കണക്കുകളും ഇങ്ങനെ എഴുതി തള്ളാറുണ്ട്. അതിന് വാസ്തവത്തിൽ ഒരു ധനകാര്യമന്ത്രിയുടെ ആവശ്യമില്ല, (ഹിയർ, ഹിയർ) ഫിനാൻസ് സെക്രട്ടറിയേററിലെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ മതിയാകും. എന്നാൽ അക്കാര്യം നമ്മുടെ ധനകാര്യമന്ത്രി സമർത്ഥമായി ചെയ്തിട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ചെലവ് വളരെ അധികം കുറച്ച് ചില ചെപ്പടിവിദ്യകൾകൊണ്ട് ഒരു മിച്ചം ഉണ്ടാക്കി കാണിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ള കാര്യം ഞാൻ മറക്കുന്നില്ല. പക്ഷെ സപ്ലിമെൻററി ഗ്രാൻറുകൾ കൊണ്ടുവന്നു ലക്ഷക്കണക്കിന് രൂപ വാങ്ങാൻ സാധിക്കുമ്പോൾ ഒരു മിച്ചബഡ്ജററ് ഉണ്ടാക്കി കാണിക്കാൻ ആർക്കാണ് സാധിക്കാത്തതു്? ബ്രിട്ടീഷ് ധനകാര്യമന്ത്രിമാരുടെ എസ്റ്റിമേററും ആക്ച്വൽസും തമ്മിൽ അഞ്ചെഅററം ആറവപ്ലികയുടെ വ്യത്യാസംപോലും ഉണ്ടാകാറില്ലെന്നാണ് എന്റെ അറിവ്. എന്നാൽ ഇവിടത്തെ ധനകാര്യമന്ത്രിയുടേതോ? നൂറല്ല, ആയിരമല്ല, ലക്ഷക്കണക്കിനാണ് ഇവിടത്തെ ധനകാര്യമന്ത്രിയുടെ എസ്റ്റിമേററിനും ആക്ച്വൽസിനും തമ്മിൽ വ്യത്യാസം വരുന്നതു്. അങ്ങിനെ സൂത്രത്തിൽ ഒരു കണക്കുണ്ടാക്കി മിച്ചത്തിൽ അവസാനിപ്പിച്ചിട്ടുണ്ട്. പക്ഷെ അതു് ബഡ്ജററാണോ, ഒരു കുഡുംബക്കണക്കാണോ എന്നുമാത്രമെ എനിക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ചോദിക്കാനുള്ളു.

സർ, കൊച്ചിയുടെ വരവുചെലവു കണക്കുകൾ നോക്കുമ്പോൾ തിരുവിതാംകൂറിലെ വരവ് താരതമ്യേന കുറവും ചെലവ് അധികവുമാണെന്നു കാണാവുന്നതാണ്. ആ ചെലവ് നികത്താൻവേണ്ടി പല സൂത്രങ്ങളും ബഡ്ജററിൽ ഉപയോഗിച്ചിട്ടുണ്ട്. സ്റ്റാമ്പുവില, രജ

[Sry. Annie Joseph]

സ്ട്രേഷൻ ഫീസ് ഇവയിൽനിന്ന ൨൦ ലക്ഷം ഉറപ്പിക വരുമാനം ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ കൊച്ചിയിലേതിനോട് തുല്യമായി ഉയരത്തക്കവണ്ണം തിരുവിതാംകൂറിലെ ഭൂനികുതി വർദ്ധിപ്പിച്ചിരുന്നെങ്കിൽ ചെലവ് വളരെ അധികം നികത്താമായിരുന്നു. പക്ഷെ അതിനും സമാധാനം പറയുമായിരിക്കാം, തിരുവിതാംകൂറിൽ കാർഷികാദായനികുതി ചുമത്തിയും തീരുവചുമത്തിയും ധാരാളം നികുതി ഈടാക്കുന്നുണ്ടെന്ന്. തിരുവിതാംകൂറിന്റെ ചരിത്രം ഞങ്ങൾക്ക് നല്ലപോലെ അറിവില്ലെങ്കിലും കേട്ടറിവുള്ള ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട് ഇവിടത്തെ പല മിടുമിടുക്കന്മാരും ആയിരക്കണക്കിന് ഏക്കർ ഭൂമി ചുളുവിലയ്ക്ക് പതിപ്പിച്ചെടുത്തു കൃഷിചെയ്തു കണക്കമാനം കാശടിക്കുന്നുണ്ടെന്ന്. അങ്ങിനെയുള്ളവർക്ക് വാസ്തവത്തിൽ ഇതൊരു നികുതിയായിരിക്കുമോ എന്നാണ് എനിക്ക് ഗവമ്മെണ്ടിനോട് ചോദിക്കാനുള്ളത്. കൊച്ചിയുടെ (കൊച്ചി എന്നു പറയുന്നതു മനസ്സിലാക്കാൻവേണ്ടി മാത്രമാണ്, കൊച്ചിയെന്നും തിരുവിതാംകൂറെന്നുമുള്ള വ്യത്യാസം ഇല്ലെന്ന എനിക്ക് പൂർണ്ണബോദ്ധ്യമുണ്ട്, എങ്കിലും മനസ്സിലാക്കാൻവേണ്ടിമാത്രം പറയുകയാണ്) മുതലെടുപ്പിൽനിന്ന് ഒരു നല്ല ഭാഗം മാന്തിയെടുത്തു. അതിനുംപുറമെ കൊച്ചിയുടെ അതിർത്തികളിൽ ഇപ്പോൾ ചൗക്കകൾ കൂടി സ്ഥാപിച്ചതു തികച്ചും പ്രതിഷേധാർഹമാണ്. ചൗക്കകൾകൊണ്ട് അവിടെ ഉണ്ടായിട്ടുള്ള ശൽമാലുകളും കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും പറഞ്ഞാൽ ഒടുങ്ങുകയില്ല. അതിനു പറയുമായിരിക്കാം യൂണിയന്റെ മദ്ധ്യഭാഗത്തും മററും ചൗക്കകൾ പാടില്ലെന്ന ഇൻഡ്യാഗവമ്മെണ്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന്. അങ്ങിനെ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന പരമാത്ഥത്തിൽ ഞങ്ങൾക്ക് ബോദ്ധ്യമില്ല. ഇനി അങ്ങിനെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽത്തന്നെ അത് കൊച്ചിയുടെ അതിർത്തികളിലേക്ക് കെട്ടിയെടുക്കണമൊ എന്നാണ് ഞാൻ ചോദിക്കുന്നത്. ചൗക്കകളിൽനിന്ന കിട്ടുന്ന വരുമാനം കൈവിടാൻ തയ്യാറില്ലെന്നുള്ളതാണ് പരമാത്ഥം അങ്ങിനെയാണെങ്കിൽതന്നെ അവ ഇരുന്നിടത്തുതന്നെ വച്ചേക്കാമായിരുന്നില്ലെ എന്ന ഞാൻ ചോദിക്കുന്നു. സംയോജനംകൊണ്ട് പരമാത്ഥം പറഞ്ഞാൽ ഭൂരിപക്ഷവും അതൃപ്തരായിരിക്കുന്ന കൊച്ചിയിലെ ജനങ്ങളെ കൂടുതൽ കഷ്ടപ്പെടുത്തുകയും ബുദ്ധിമുട്ടിക്കുകയും മാത്രമാണ് ഈ ചൗക്കപ്രയോഗംകൊണ്ട് നടത്തിയിട്ടുള്ളതെന്ന സമ്മതിക്കാതെ തരമില്ല. അവിടത്തെ കഷ്ടപ്പാടുകളെപ്പററിയും ബുദ്ധിമുട്ടുകളെപ്പററിയും പറഞ്ഞാൽ ട്രഷറി ബെഞ്ചിലിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ പറയും "നിസ്സാരങ്ങളായ ഇക്കാര്യങ്ങളെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാർ ഇങ്ങനെ ആവലാതിപ്പെടരുത്, നാം വലിയവലിയ കാര്യങ്ങളെപ്പററി ചിന്തിക്കുകയാണ്, ഇതെല്ലാം മൂന്നുനാലുമാസംകൊണ്ട് വിസ്മരിക്കപ്പെടുവാനേ ഉള്ളു" എന്ന്. ശരിയാണ്, സർ എന്നാൽ ഇതിനേക്കാൾ വളരെ വളരെ വിസ്തരിച്ച് ഊന്നിപറയുന്ന വാചകങ്ങൾ ഇതിനുമുമ്പും ഞങ്ങൾ ധാരാളം കേട്ടിട്ടുണ്ട്. വിസ്മരിക്കുക എന്നുള്ളത് മനുഷ്യർക്ക സഹജമാണ്. ഏക അരുമസന്താനം നഷ്ടപ്പെടുന്ന മാതാവും മാസങ്ങൾ അല്ലെങ്കിൽ വർഷങ്ങൾ കഴിയുമ്പോഴെങ്കിലും വിസ്മരിക്കുന്നുണ്ട്. എന്നാൽ അത് ഇവിടെ ഈ കാര്യത്തിൽ തക്കതായ ഒരു സമാധാനം ആയിരിക്കുമൊ? പിന്നെ ഈ വിസ്മരണന്യായം ഉത്തരവാദിത്വമില്ലാത്ത പ്രവൃത്തികൾക്ക് ഉത്തരമായി പറഞ്ഞു എന്നേ ഉള്ളു. ഗവമ്മെണ്ടിന്റെ അലവലാതിത്വംകണ്ട് ചോദ്യങ്ങൾ ചോദിച്ചാൽ നിരുത്തരവാദിത്വമായി ഇത്തരം സമാധാനങ്ങൾ പറയുന്നതു ശരിയല്ല. യാതൊരു പ്ലാനും ചിട്ടയുമില്ലാതെ ഈ സംയോജനത്തിനുള്ള വെപ്രാളം കാണിക്കാതെ, പ്ലാനുകളോടും ചിട്ടയോടുംകൂടി ഈ വലിയ കാര്യത്തിന് പുറപ്പെട്ടിരുന്നെങ്കിൽ സാധാരണക്കാരായ ആളുകൾ ആക്ഷേപിക്കയില്ലായിരുന്നു. യാതൊരു പ്ലാനമില്ലാതെ, യാതൊരു ചിട്ടയും തിട്ടപ്പെടുത്തലുമില്ലാതെ ഉത്തരവാദികളായ ആളുകളുടെ നിരുത്തരവാദിത്വപരമായ പ്രവൃത്തികൊണ്ടുതന്നെയാണ് ഇങ്ങനെ ഉണ്ടായിട്ടുള്ളതെന്നു പറയുന്നതിൽ എനിക്ക് ലവലേശം സംശയമില്ല. ഞാൻ പറയുന്ന ഓരോ വാക്കും സന്തോഷകരമല്ലെന്ന എനിക്കറിയാം പക്ഷെ എനിക്ക് അഭിമാനത്തോടുകൂടി പറയാം, ഞാൻ പറയുന്നതു കൊച്ചിയിലെ ജനങ്ങളുടെ അഭിപ്രായമാണെന്ന്.

സർ, നമ്മുടെ ബഡ്ജററിൽ വളരെ അധികം സംഖ്യ തിന്നൊതുക്കുന്ന ഒരു ഭാഗം ഉണ്ട്. അത് ജനറൽ അഡ്മിനിസ്ട്രേഷനുവേണ്ടിയുള്ള ചെലവാണ്. ഇരുപത്തിനാലു ലക്ഷത്തോളം രൂപയാണ് ആ ഇനത്തിൽ ഏഴര മാസത്തേക്ക് ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളത്. നീതിയുടെ കോടാലിവെച്ച് അതിൽ അനാവശ്യമായ ചെലവുകളെ കൊത്തിക്കളയുകയാണെങ്കിൽ ഞാൻ ധൈര്യമായി പറയുന്നു, ഏതാനും ചില മന്ത്രിമാരും, ജോലിയില്ലാതെ ശമ്പളംപററുന്ന ഡപ്യൂട്ടിപ്രസിഡൻറും, ജോലിയില്ലാതെ സെക്രട്ടറിയേററിന്റെ വ

രാന്തകളിൽ റോന്തുചുററുന്ന ക്ലാക്കന്മാരും മററപലരും തുണ്ടു തുണ്ടായി താഴെ വീഴുന്നതു കാണാം എന്നു്. ആ കോടാലിവെച്ചു് ഈ പാഴ്മരത്തുണ്ടുകൾ വെട്ടിക്കളയാൻ ഇന്നത്തെ ഗവമ്മെണ്ടിനു് ധൈര്യമുണ്ടോ? അതാണു് ചോദ്യം. അതിനു് ധൈര്യപ്പെടുകയാണെങ്കിൽ അതു് ഇവിടത്തെ രാഷ്ട്രീയരംഗത്തെ ചിരട്ടക്കാക്കു് വേദനാജനകമായിരിക്കും. പക്ഷെ ലക്ഷക്കണക്കിനുള്ള പട്ടിണിപാവങ്ങളുടെ ചിരട്ടയിൽ ഒരുതുള്ളി കഞ്ഞിവെള്ളം വീഴ്ത്തിക്കൊടുക്കാൻ ആ തുകകൊണ്ടു് സക്കാരിനു് സാധിക്കുമെന്നുമാത്രമെ ഞാൻ പറയുന്നുള്ളു.

സർ, വേറൊരുകാര്യവും വളരെ ആശങ്കയോടുകൂടിയാണെങ്കിലും പറയാതെ തരമില്ല. ൧൯൪൮-ലെ തിരുവിതാംകൂർ ബഡ്ജററു് വച്ചുനോക്കുമ്പോൾ വളരെ അധികം ആദായം തിന്നുതീക്കുന്ന മറെറാരിനം ഉണ്ടെന്നു കാണാം. മദ്യനിരോധനമാണതു്. മദ്യനിരോധനം വളരെ വിശിഷ്ടമാണെന്നു ഒന്നല്ല പത്തുപ്രാവശ്യം പറയാൻ ഞാൻ തയ്യാറാണു്. പക്ഷെ നമ്മുടെ പുരോഗതിയെ വളരെ അധികം തടയുന്ന ആ വൃക്ഷത്തിൻെറ വിത്തു തിരുവിതാംകൂറിൽ മുളച്ചുവരുന്നുണ്ടു്. അഥവാ മുളപ്പിച്ചു വളത്തികൊണ്ടുവരുന്നുണ്ടു്. മദ്യനിരോധനം നടപ്പിലാക്കേണ്ടെന്നും, കള്ളു കുടിക്കണമെന്നുമാണു് ഞാൻ പറയുന്നതെന്നു് ബഹുമാനപ്പെട്ട മെമ്പറന്മാർ ധരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഈ ആദശം വളരെ വിശിഷ്ടമാണെന്നു ഞാൻ വീണ്ടും ആവത്തിക്കുന്നു. പക്ഷെ ഒരുകോടി രൂപയോളം അതുകൊണ്ടു് രാജ്യത്തിനു് നഷ്ടംവരുന്നുണ്ടു്, ഇത്രവലിയ ഒരു തുക ഒരാദശത്തിൻെറ പേരിൽ നഷ്ടപ്പെടുത്താൻ സാദ്ധ്യമാണോ എന്നു് നാം ചിന്തിക്കേണ്ടതാണു്. നമ്മുടെ കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന അദ്ധ്യാപകന്മാക്കും അതുപോലെയുള്ള മററനേകം വിഭാഗക്കാക്കും ഒരുനേരംപോലും വയറുനിറയെ ഭക്ഷണം കൊടുക്കാൻ ഇല്ലാത്ത ഈ നാട്ടിൽ, ലക്ഷക്കണക്കിനു് ഇലനക്കിത്തെണ്ടികൾ ഉള്ള ഈ നാട്ടിൽ, വ്യവസായവൽക്കരണത്തിനൊ കൃഷിവിപുലീകരണത്തിനൊ കടംകിട്ടാൻപോലും കാശില്ലാത്ത നാട്ടിൽ ആദശത്തിൻെറ പേരിൽ ഇത്രവലിയ ഒരു സംഖ്യ ചെലവാക്കുന്നതു അക്രമമല്ലയോ എന്നു് ഞാൻ ചോദിക്കുന്നു. കള്ളുകുടി ഒരിക്കലും തടയരുതു്. ചാരായം വാററുന്നതിനേയും വില്ക്കുന്നതിനേയും തടയേണ്ടതാണു്, തടയുകയുംവേണം. വിദേശമദ്യങ്ങളിന്മേൽ വലിയ ഡ്യൂട്ടി ചുമത്തി ആ നഷ്ടം നികത്താം. എന്തെന്നാൽ അതു കാശുള്ളവർ മാത്രമെ ഉപയോഗിക്കുന്നുള്ളു. എന്നാൽ കള്ളു് അങ്ങിനെയല്ല. പാവപ്പെട്ടവനു് ഒരുകുപ്പി കള്ളും കപ്പയുംകൊണ്ടു് വയറുനിറയും. വയറുനിറയെ ആഹാരം കഴിക്കത്തക്കവണ്ണം, അരി റേഷൻ നല്കാൻ നമുക്കു സാദ്ധ്യമല്ലാതിരിക്കുമ്പോൾ കള്ളു് കുടിക്കുന്നതിൽ എന്താണു് തെറെറന്നു് എനിക്കു മനസ്സിലാകുന്നില്ല. വെറുതെ ആദശങ്ങളുടെ പേരിൽ വല്ലതും പറയുന്നതുകൊണ്ടു് പ്രയോജനമില്ല. ആദശങ്ങൾ പറഞ്ഞതുകൊണ്ടു് വയറുനിറയുകയില്ല. വയറുനിറയെ അരി കൊടുക്കാൻ നമുക്കു കഴിയുന്നില്ല; സാധാരണക്കാക്കു ജോലി ഉണ്ടാക്കികൊടുക്കാൻ നമുക്കു കഴിയുന്നില്ല. എന്തെല്ലാം കൊള്ളരുതായ്മകൾ നമ്മുടെ നാട്ടിൽ നടക്കുന്നു. അങ്ങനെയിരിക്കെ യാതൊരു അപകടവുമില്ലാത്തതെന്നു ഡാക്ടർമാർപോലും സട്ടിഫൈചെയ്തിട്ടുള്ളതായ ഒരു കാര്യമാണു് നല്ല കള്ളു് ഭക്ഷണമായി ഉപയോഗിക്കുക എന്നുള്ളതു്. ഇത്ര നിസ്സാരമായ ഇക്കാര്യത്തിൽ എന്തപരാധമാണു് കള്ളു് കുടിക്കുന്നവർ ചെയ്യുന്നതെന്നു ഞാൻ ചോദിക്കുന്നു. എൻെറ അഭിപ്രായത്തിൽ കൂട്ടുചേരാത്ത നല്ല കള്ളു് കൂടുതൽ കൂടുതൽ ഭക്ഷണമായി ഉപയോഗിക്കാൻ ആളുകൾക്കു് കൊടുക്കുകയാണു് വേണ്ടതു്. പിന്നെ ധാരാളം കള്ളുകുടിച്ചു് നാം സാധാരണ പറയാറുള്ളതുപോലെ കുറെ ഓവറായിപ്പോയി എന്നു വന്നേക്കാം. റേഷൻ അനുസരിച്ചു് വിതരണം ചെയ്യുന്നതിനു് ഏപ്പാടുചെയ്തു് അതു് നിയന്ത്രിക്കാവുന്നതാണു്. വിദേശരാജ്യങ്ങളിൽ പലയിടത്തും റേഷൻ അനുസരിച്ചാണു് മദ്യം നല്കുന്നതെന്നു് നാം പത്രങ്ങളിൽ വായിച്ചു് മനസ്സിലാക്കുന്നു. ഇവിടേയും അങ്ങിനെ ചെയ്യുന്നതിനു് യാതൊരു വിരോധവുമില്ല. ൬൦ ലക്ഷം ജനങ്ങൾക്കും ഒരുപോലെ ആവശ്യമായ അരി റേഷൻ അനുസരിച്ചു് കൊടുക്കാനുള്ള സന്നദ്ധത നമ്മുടെ ഗവമ്മെണ്ടിനുണ്ടെങ്കിൽ അതിൽ വളരെ കുറച്ചുപേക്കുമാത്രം ആവശ്യമുള്ള കള്ളു റേഷൻ അനുസരിച്ചു് കൊടുത്തുകൂടെ? ആദശത്തിൻെറപേരിൽ പ്രസംഗിച്ചതുകൊണ്ടു് പ്രയോജനം ഒന്നുമില്ല. മഹാത്മാഗാന്ധി എത്രയോ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടു്. സത്യവും, നീതിയും മററനേകം കാര്യങ്ങളും അദ്ദേഹത്തിൻെറ ആദശങ്ങളാണു്. അതെല്ലാം "ഭംഗിയായി" നടത്തിക്കൊണ്ടു് ഈ മദ്യനിരോധനത്തിൻെറ കാര്യംമാത്രം, പട്ടിണിപാവങ്ങളായ ലക്ഷോപലക്ഷം ജനങ്ങൾ ജീവിക്കുന്ന ഈ സംസ്ഥാനത്തു് ഇത്രവളരെ പ്രാധാന്യംകൊടുത്തു എടുക്കുന്നതു അക്രമമാണു്, അനീതിയാണു്, മൌഢ്യമാണു് എന്നുപറയുവാൻ ഞാൻ മടിക്കുന്നില്ല. ഇതെ

[Sry. Annie Joseph]

പ്പററി നാം ഗാഢമായി ചിന്തിക്കേണ്ടതാണ്. ആദർശം പറഞ്ഞാൽ പാവങ്ങളുടെ വയററ് നിറയുകയില്ല എന്ന് ഞാൻ വീണ്ടും ആവർത്തിക്കുന്നു.

ദിവാൻഭരണം കൊച്ചിയിലും തിരുവിതാംകൂറിലും അവസാനിച്ചു. പക്ഷെ സാധാരണക്കാർക്ക് അതുമൂലം യാതൊരു വ്യത്യാസവും വന്നിട്ടില്ലെന്ന് എനിക്കു ധൈര്യമായി പറയാൻ കഴിയും. ദിവാൻഭരണം എന്ന പേരുമാററി ജനകീയഭരണം എന്നാക്കാൻ ഇത്ര വലിയ സംഖ്യ ചെലവിടേണ്ടിവരുമെന്നു സാധാരണക്കാർ മനസ്സിലാക്കിയിരുന്നു എന്നു എനിക്കു തോന്നുന്നില്ല. ഭരണത്തിൻെറ പേരു മാററിയതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. ൧൯൪൭ ആഗസ്റ്റ് ൧൫-ന് തിരുവിതാംകൂറിലും കൊച്ചിയിലും എത്ര പട്ടിണിക്കാരുണ്ടായിരുന്നോ അവരത്രയും ഇന്നും പട്ടിണിക്കാരാണ്. ഒരു ജനകീയഗവമെൺമെണ്ടാണുള്ളതെന്ന സംഗതികൊണ്ടുമാത്രം സാധുക്കളുടെ വയററു നിറയുകയില്ല. മണ്ണെണ്ണ ലഭിക്കാത്തതുകൊണ്ട് വിളക്കു കത്തിക്കുന്നില്ല. അന്നു വിളക്കുകത്തിക്കാത്തവർ ഇന്നും വിളക്കുകത്തിക്കാത്തവരാണ്. അന്നു ചെററക്കുടിലിലായിരുന്നവർ ഇന്നും ആ ചെററക്കുടിലിൽ തന്നെയാണ്. ജനകീയഗവമെൺമെണ്ടിൻെറ മേധാവിത്വം ഉണ്ടെന്നു പറഞ്ഞതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരു ജനകീയ ഗവമെൺമെണ്ടാണ് ഭരണം നടത്തുന്നതെന്നു ജനങ്ങൾ മനസ്സിലാക്കാത്തിടത്തോളംകാലം എന്തെല്ലാം കുഴപ്പങ്ങളാണ് ഭാവിയിൽ നാട്ടിൽ ഉണ്ടാകാൻ പോകുന്നതെന്നു നാം മനസ്സിലാക്കണം. ജനകീയഗവമെൺമെണ്ടെന്നു പറഞ്ഞാൽ ജനങ്ങൾ ഭരണകാര്യങ്ങളിൽ കൂടുതൽ കൂടുതൽ പങ്കെടുക്കുക എന്നാണ് അർത്ഥം. ആളുകളുടെ സംതൃപ്തിക്കും ഭാവി ശ്രേയസ്സിനും വേണ്ടി ഭരണം നടത്തുക എന്നാണ് ജനകീയ ഭരണം എന്നു പറയുമ്പോൾ നാം മനസ്സിലാക്കുന്നതു്. അല്ലാതെ ദിവാൻഭരണം മാറി ജനകീയ ഭരണം വന്നു എന്നു പറഞ്ഞാൽമാത്രം പോരാ. ഇന്നത്തെ ഏററവും വലിയ പ്രശ്നം വയററിൻേറതാണ്. അതു പരിഹരിക്കുന്നതിനു് ഇന്നത്തെ ഗവമെൺമെണ്ടു തയ്യാറുണ്ടോ എന്നാണ് ചോദ്യം; പാവപ്പെട്ടവൻെറ ആവശ്യമെന്തെന്നു മനസ്സിലാക്കി വ്യക്തമായ പ്ലാനുകൾ അനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറുള്ള ഒരു ഗവമെൺമെണ്ടുണ്ടോ എന്നാണ് ചോദ്യം; പാവപ്പെട്ടവൻെറ, സാധാരണക്കാരൻെറ ഉന്നമനത്തിനു അല്ലെങ്കിൽ പുരോഗതിക്ക് ആവശ്യമായ പദ്ധതികൾ ഉണ്ടാക്കി പ്രവർത്തിക്കാൻ തയ്യാറുള്ള ഒരു ഗവമെൺമെണ്ടുണ്ടോ എന്നാണ് ചോദ്യം. ഇരുരാജ്യങ്ങളിലെയും ജനങ്ങളുടെ ആവശ്യം ഇതൊന്നുമാത്രമാണ്. തിരുവിതാംകൂറിലായാലും കൊച്ചിയിലായാലും അതിനു യാതൊരു വ്യത്യാസവുമില്ല. എല്ലാ മന്ത്രിമാരും നായന്മാരായാലും, ക്രിസ്ത്യാനികളായാലും, ജാതിയുള്ളവരോ, ജാതി ഇല്ലാത്തവരോ ആയാലും യാതൊരു തരക്കേടുമില്ല. ആരെല്ലാം ഇരുന്നാലും കിടന്നാലും അവർക്കൊന്നുമില്ല. കാര്യങ്ങൾ ശരിയായി നടക്കണം. അതാണ് ജനങ്ങളുടെ ആവശ്യം. അധികാരസ്ഥാനങ്ങളിൽ ഉള്ളതുപോലെയുള്ള യാതൊരു വടംവലികളും താഴ്ന്നപടിയിലുള്ള ആളുകളുടെ ഇടയിലില്ല. അവർക്ക് നാട്ടിൽ സമാധാനവും ക്ഷേമവും ഉണ്ടാകണമെന്നുമാത്രമേ ആഗ്രഹമുള്ളു. സാധാരണന്മാർ തമ്മിലുള്ള വടംവലി ഈ രാജ്യത്തില്ല. വടംവലി മുഴുവൻ ഗവമെൺമെണ്ടിൽ തന്നെയാണ്. ഈ വടംവലികൾക്കിടയിൽ സാധാരണക്കാരുടെ കാര്യം ജനകീയഗവമെൺമെണ്ട് പരിഗണിക്കാത്തപക്ഷം ഈ ജനകീയത്വത്തെ വകവെച്ചുകൊടുക്കുവാൻ അധികം പേരുണ്ടാകുമോ എന്നു സംശയമാണ്.

ഒരുവാക്കുകൂടി പറഞ്ഞുകൊണ്ട് എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ഞാൻ മുമ്പു പറഞ്ഞപോലെ മദ്യനിരോധനം ഏർപ്പെടുത്തേണ്ടതു ഇപ്പോഴത്തെ സ്ഥിതിക്കു ആവശ്യമാണോ എന്നു ഗവമെൺമെണ്ടും മദ്യനിരോധനമന്ത്രിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അക്കാര്യം ഏതായാലും വളരെ സൂക്ഷിച്ചും ആലോചിച്ചും നടപ്പിൽ വരുത്തേണ്ടതാണെന്നാണു പണ്ഡിററ് നെഹറുപോലും പറയുന്നതു്. ദയവായി ഈ കാര്യത്തെപ്പററി ചിന്തിക്കണമെന്നും പാവപ്പെട്ടവൻെറ പുരോഗതിക്കുവേണ്ടി ഉടനടി അത്യാവശ്യമായ മററു പദ്ധതികൾ രൂപീകരിച്ച് നടപ്പിൽവരുത്തുന്ന കാര്യത്തെപ്പററി ഗവമെൺമെണ്ടും ബഹുമാനപ്പെട്ട മന്ത്രിമാരും നല്ലവണ്ണം ചിന്തിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. സി. നാരായണപിള്ള</u>: സർ, ധനകാര്യമന്ത്രിയുടെ ബഡ്ജററുപ്രസംഗം ഒന്നിലധികം പ്രാവശ്യം വായിച്ചുനോക്കിയിട്ടും ഭരണപരമായ കാര്യങ്ങളിൽ വരുന്ന ഏഴുമാസങ്ങളിലെ ഗവമെൺമെണ്ടിൻെറ നയവും പരിപാടികളും എന്തായിരിക്കുമെന്നുള്ളതിനെപ്പററി ഒരു സൂചനപോലും ലഭിക്കുന്നില്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു.

**Sri. R. K. Ram:** Sir, on a point of order. Is it in order for a Minister to sit in the visitors' gallery while the Assembly is in session?

**Mr. Speaker:** He will not be entitled to function as a Member of this House while sitting in the visitors' gallery.

ശ്രീ. സി. നാരായണപിള്ള: പരിഷ്കൃതരാജ്യങ്ങളിൽ ബഡ്ജററ് കേവലം അക്കങ്ങളുടേയും അക്ഷരങ്ങളുടേയും ഒരു സമാഹാരം മാത്രമല്ല; പിന്നെയോ അതു ഗവമ്മെണ്ടിന്റെ കാര്യപരിപാടികൂടിയാണ്. തിരുവിതാംകൂറിൽ നിയമസഭക്ക് ബഡ്ജററ് വിമശിക്കുവാൻ അവകാശം ലഭിച്ച നാൾമുതൽ ആകൃതിയിലും ഉള്ളടക്കത്തിലും ഭേദമില്ലാതെ പുറവും വരിയും മാറാതെ അക്ഷരങ്ങളും അക്കങ്ങളും വ്യത്യാസമില്ലാതെ പ്രതിവർഷം അച്ചടിക്കുന്ന ഈ ബഡ്ജററപ്രമാണത്തിലേക്ക് ചുഴിഞ്ഞിറങ്ങി അതിലെ അക്കങ്ങളും സംഖ്യകളും എടുത്തു വിമർശിക്കുന്നതു് നിഷ്പ്രയോജനമാണെന്നു ഞാൻ വിചാരിക്കുന്നു. പ്രതിവർഷം ഈ വിലപിടിച്ച പ്രമാണത്തിൽ ഉള്ളടക്കം ചെയ്യാറുള്ള ഭാരിച്ച സംഖ്യകളിൽ ശമ്പളവും അലവൻസും സഞ്ചാരപ്പടിയും കണ്ടിജൻസിയും കഴിച്ച് എത്ര പണം ജനക്ഷേമകരമായ ആവശ്യങ്ങൾക്ക് നീക്കിവക്കാറുണ്ട്, അവയിൽ എത്രപണം ചിലവഴിക്കാറുണ്ട്, എന്നാലോചിച്ചുനോക്കിയാൽ അതു് തുലോം രസകരമായ ഒരു ഗവേഷണമായിരിക്കും എന്നു് തീത്തുപറയാം. അടുത്തവർഷത്തിൽ എഴരമാസത്തേക്കായി ഇപ്പോൾ ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് ഒരു ദേശീയ പുനരുദ്ധാരണ ബഡ്ജററാണെന്നു് ഇതിന്റെ കത്താക്കൾ അഭിമാനിക്കുന്നതുപോലെ തോന്നുന്നു. അതങ്ങിനെയായിരുന്നെങ്കിൽ ഞാൻ ബഹു. ധനകാര്യമന്ത്രിയെ അഭിനന്ദിക്കുമായിരുന്നു. സർ, ഈ ബഡ്ജററിൽ ദേശീയപുനരുദ്ധാരണത്തിനുവേണ്ടിയുള്ള ഇനങ്ങളും വകുപ്പുകളും ഇനിയും ഉണ്ടാക്കേണ്ടതായിട്ടാണിരിപ്പു്. വിദ്യാഭ്യാസം, ഗ്രാമോദ്ധാരണം മുതലായ ഇനങ്ങളിൽ കൊള്ളിച്ചിട്ടുള്ള ചെലവ് ഒന്നു് അപഗ്രഥിക്കുകയാണെങ്കിൽ ഈ ദേശീയ പുനരുദ്ധാരണവാദത്തിന്റെ പൊള്ള തെളിഞ്ഞുകാണാം.

സർ, ധനകാര്യമന്ത്രിയുടെ പ്രസംഗം ഞാൻ പല ആവർത്തി വായിച്ചു നോക്കിയിട്ടും വിദ്യാഭ്യാസം എന്ന പദംപോലും അതിൽ ഒരിടത്തും കണ്ടെത്തുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. കൊച്ചി-തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിലെ അഭ്യസ്തവിദ്യരായ മന്ത്രിമാക്ക് വിദ്യാഭ്യാസം എന്ന പദം ഇത്ര വളരെ അരോചകമായിരിക്കുന്നതിൽ ഞാൻ ആശ്ചയ്യപ്പെടുന്നു. വിദ്യാഭ്യാസ പുനഃസംഘടനയെപ്പററി പ്രസ്താവിക്കുമ്പോൾ എല്ലാം അതൊരഖിലഭാരത അടിസ്ഥാനത്തിൽ മാത്രമെ സംഘടിപ്പിക്കാൻ കഴിയുകയുള്ളു എന്നു ചിലർ വാശിപൂവ്വം വാദിക്കുന്നതു കേട്ടിട്ടുണ്ട്. ആ വാദം അംഗീകരിച്ചാലും ഇന്നു് അഖിലഭാരത അടിസ്ഥാനത്തിൽ തന്നെ ഒരു വിദ്യാഭ്യാസ പുനഃസംഘടനാശ്രമം ഭാരതം ഒട്ടുക്കു് നടന്നുപോരുന്നുണ്ട്. മഹാത്മാഗാന്ധിയുടെ അനുഗ്രഹവും ഒരു പാശ്ചാത്യവിദ്യാഭ്യാസവിദഗ്ദ്ധനായ സാർജന്റിന്റെ അംഗീകാരവും സിദ്ധിച്ചിട്ടുള്ള ബേസിക്ക് വിദ്യാഭ്യാസ പദ്ധതിയെപ്പററിയാണു് ഞാൻ പ്രസ്താവിക്കുന്നതു്. അടിസ്ഥാന വിദ്യാഭ്യാസം പ്രചരിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ അതിലേക്ക് വരുന്ന ചിലവിൽ ൩൦ ശതമാനം കേന്ദ്രഗവമ്മെണ്ട് വഹിച്ചുകൊള്ളാമെന്നു് വാഗ്ദാനം ചെയ്തിട്ടുണ്ട്. കൊച്ചി-തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിലെ ഈ പുനരുദ്ധാരണ ബഡ്ജററിൽ ബേസിക്ക് വിദ്യാഭ്യാസം പ്രചരിപ്പിക്കുവാൻ ഒരു രൂപായെങ്കിലും ചേത്തിട്ടുള്ളതു് ചൂണ്ടിക്കാണിക്കുവാൻ ഞാൻ മന്ത്രിമാരെ വെല്ലുവിളിക്കുന്നു. ബേസിക്ക് വിദ്യാഭ്യാസം സംബന്ധിച്ച് ഒരു പരിശീലനകേന്ദ്രം ഏപ്പെടുത്തുവാനെങ്കിലും ഒരു പൈസാപോലും ഗവമ്മെണ്ട് ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടോ? എത്ര അക്ഷന്തവ്യമായ—ഗർഹണീയമായ ഒരു വിഗണനയാണിതെന്നു് ഞാൻ പ്രത്യേകം എടുത്തു പറയേണ്ടതില്ല. കഴിഞ്ഞ വഷത്തിൽ ബഡ്ജററ് വിമർശിക്കുമ്പോഴും ഈ വിഷയത്തെപ്പററി തന്നെ എനിക്ക് എടുത്തു പറയേണ്ടതായി വന്നിട്ടുണ്ട്. അതിനു പരിഹാരം ഈ വഷത്തിലെങ്കിലും ഉണ്ടാകുമെന്നുള്ള പ്രതീക്ഷയും ഇപ്പോൾ വിഫലമായി.

സർ, വിദ്യാഭ്യാസ പുനഃസംഘടനയ്ക്കു് നാം ആരേയും അനുകരിക്കേണ്ട ആവശ്യമില്ല. ഇവിടത്തേയും ഇൻഡ്യൻ യൂണിയനിലേയും വിദ്യാഭ്യാസ പ്രശ്നം ഒന്നല്ല. കേവലം പത്തു ശതമാനം മാത്രം സാക്ഷരതയുള്ള ഇൻഡ്യയിലെ ഇതരപ്രദേശങ്ങൾ സാക്ഷരത പ്രചരിപ്പിക്കുവാൻ തിടുക്കം കൂട്ടുമ്പോൾ ൫൦ ശതമാനം സാക്ഷരതയുള്ള നാം നമ്മുടെ വിവിധ വിദ്യാഭ്യാസ പ്രചരണശ്രമങ്ങൾ സംഘടിപ്പിക്കുകയും സംയോജിപ്പിക്കുകയുമാണ് വേണ്ടതു്. വിദ്യാഭ്യാസ വിഷയത്തിലേക്ക് അനുവദിച്ചിട്ടുള്ള പണത്തിൽ മിച്ചം വരുത്തുന്ന

[Sri. C. Narayana Pillai]

ലോകത്തിലെ ഏക രാഷ്ട്രം നമ്മുടേതാണ്. അനുവദിക്കുന്ന പണം ചിലവാക്കുകപോലും ചെയ്യാത്ത ഈ ബഡ്ജററ് വിമർശിച്ചതുകൊണ്ട് പ്രയോജനമില്ലെന്നാണ് ഞാൻ ആദ്യം പ്രസ്താവിച്ചതു്. വയോജന വിദ്യാഭ്യാസത്തിനുവേണ്ടി ഈ ഗവമ്മെണ്ട് കഴിഞ്ഞ വർഷം അനുവദിച്ചിരുന്ന ഒരു ലക്ഷം രൂപായിൽ കഷ്ടിച്ച് ൨൦൦ രൂപയാകുന്ന ഒരമൂല്യനിധി ചിലവഴിച്ചിട്ടുണ്ടെന്നുപറഞ്ഞാൽ ലോകർ ചിരിക്കും. സ്വകാര്യ വിദ്യാലയങ്ങൾക്ക് വാരിക്കോരി പണം ചിലവഴിക്കുന്ന ഗവമ്മെണ്ട് വായനശാലകൾക്ക് ഗ്രാൻറ് കൊടുക്കുവാൻ പണമില്ലെന്ന് പറയുന്നതു കേട്ടിട്ടുണ്ട്. എന്നാൽ ഈ വർഷത്തിൽ വായനശാലകൾക്ക് അനുവദിച്ചിട്ടുള്ള ഒരുലക്ഷത്തിപതിനേഴായിരം രൂപായിൽ കഷ്ടിച്ച് എഴുപത്താറായിരം രൂപാ മാത്രമാണ് ഗവമ്മെണ്ട് ചെലവഴിച്ചതായി കണക്കുകൾകൊണ്ട് കാണുന്നതു്. എന്താണ് ബാക്കി പണം ചിലവഴിക്കുവാൻ ഗവമ്മെണ്ട് വൈമനസ്യം കാണിക്കുന്നതു്?

ഗവമ്മെണ്ടിൻെറ ദേശീയ പുനഃരുദ്ധാരണ ശ്രമങ്ങളുടെ മറെറാരു മാനദണ്ഡം ഗ്രാമോദ്ധാരണസംബന്ധമായ കാര്യങ്ങൾക്കായി അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്യുന്ന സംഖ്യകളാണ്. ൧൧൨൪-ൽ ഈ ഗവമ്മെണ്ട് ഗ്രാമോദ്ധാരണ പരിപാടികൾക്കായി ബഡ്ജററിൽ വക കൊള്ളിച്ചിരുന്ന ൨൭ ലക്ഷം രൂപായിൽ അല്പമായ ഒരു ഏഴര ലക്ഷം രൂപായാണ് ഈ ഇനത്തിൽ ചിലവഴിച്ചിട്ടുള്ളതു്. തിരുവിതാംകൂറിലെ ഗ്രാമങ്ങൾ പാലും തേനും ഒഴുകുന്ന വിഭവസമൃദ്ധങ്ങളായ പ്രദേശങ്ങളായതുകൊണ്ടാണോ ലക്ഷക്കണക്കിന് സംഖ്യ അനുവദിച്ചിട്ടും അതു ചെലവഴിക്കാൻ ഗവമ്മെണ്ട് വിഷമിക്കുന്നതെന്നു് ഞാൻ ചോദിക്കുന്നു. വാസ്തവം അതല്ല. ശേഷയ്യാശാസ്ത്രിയുടെ കാലം മുതൽക്കുള്ള ബഡ്ജററെഴുത്താണ് ഇന്നും നിലവിലുള്ളതു്. അന്നത്തെ കിണറു കുഴിക്കലും റോഡു നന്നാക്കലുമാണ് ഇന്നും ഗ്രാമോദ്ധാരണം എന്ന പദംകൊണ്ട് ഈ ഗവമ്മെണ്ട് അർത്ഥമാക്കുന്നതു്. കിണർ കുഴിക്കലും കുളം വെട്ടലുമല്ല ഗ്രാമോദ്ധാരണപദ്ധതികൊണ്ട് നിർവ്വഹിക്കാനുള്ളതു്. സർ, ഗ്രാമങ്ങളിൽ എല്ലും തോലുമായി കുഴിഞ്ഞ കണ്ണുകളും ഒട്ടിയ കവിൾത്തടങ്ങളും അസ്ഥിക്കൂട്ടമായ നെഞ്ചും പ്രദർശിപ്പിച്ചുകൊണ്ട് ചോററുകടകളുടെ മുമ്പിലും സദ്യസ്ഥലങ്ങളിലും എച്ചിൽ ഇല യാചിച്ചുകൊണ്ടു നടക്കുന്ന ദരിദ്രപുരുഷകൾക്ക് ഒരു നേരമെങ്കിലും ആഹാരം നൽകുവാൻ ഉപകരിക്കുന്ന വിപുലമായ വല്ല സാമ്പത്തിക പദ്ധതികളും ഈ ഗവമ്മെണ്ടിനുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അതില്ലെങ്കിൽ ഈ ഗ്രാമപരിപോഷണവകുപ്പ് അടച്ചിടുകയാണ് ഭേദമെന്ന് ഞാൻ ഗവമ്മെണ്ടിനെ അറിയിക്കുന്നു. അതൊരു മഹാവഞ്ചനയാണെന്നു് പ്രസ്താവിക്കാൻ ഞാൻ മടിക്കുകയില്ല.

സർ, ഒരു ഗവമ്മെണ്ടിൻെറ സ്വഭാവം ഇന്നവസാനമായി തീരുമാനിക്കുന്നതു് ആ ഗവമ്മെണ്ടിൻെറ സാമ്പത്തികനയത്തെ അടിസ്ഥാനമാക്കി മാത്രമാണ്. ഇന്നു തിരുവിതാംകൂറിൽ മാത്രമല്ല ഇൻഡ്യയിലുള്ള എല്ലാ കോൺഗ്രസ്സ് ഗവമ്മെണ്ടുകളും മുതലാളിമാരോടും ഭൂസ്വത്തുടമസ്ഥന്മാരോടും ചേന്നു നില്ക്കുന്ന യാഥാസ്ഥിതിക ഗവമ്മെണ്ടാണെന്നു പരക്കെ വിശ്വസിക്കപ്പെട്ടുപോരുന്നു. ഇതു ശരിയായിരിക്കാം; തെററായിരിക്കാം. ഏതായാലും അങ്ങിനെ ഒരു അപവാദത്തിനും അസംതൃപ്തിക്കും വഴിവെക്കുന്ന വിശ്വാസം ജനങ്ങളിൽ അങ്കുരിപ്പിക്കുവാൻ ഉള്ള പരിതഃസ്ഥിതികൾ കോൺഗ്രസ്സ് ഗവമ്മെണ്ടുകൾ അനുദിനമെന്നവണ്ണം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ ധാരണ ഇല്ലാതാക്കുവാൻ ഗവമ്മെണ്ടുകൾ ശ്രമിച്ചില്ലെങ്കിൽ കോൺഗ്രസ്സ് ഗവമ്മെണ്ടുകളുടെ ആയുഷ്കാലദിനങ്ങൾ അംഗുലീപരിമിതമാണെന്നു് ഞാൻ പ്രവചിക്കാം. രാജ്യത്തെ ജനക്ഷേമകാംക്ഷികളും സേവനതല്പരന്മാരും ബുദ്ധിസമ്പന്നരുമായ യുവജനങ്ങളുടെ ഭാവനയെ ചലിപ്പിക്കുവാൻ പര്യാപ്തമായ വിപ്ലവാത്മകമായ ഒരു പരിപാടി സ്വീകരിക്കാതെ നിലനില്ക്കുവാൻ ഒരു ഗവമ്മെണ്ടിനും സാദ്ധ്യമല്ല.

സർ, ഒരുദാഹരണം ഞാൻ പറയാം. രാജ്യത്തെ മുതലെടുപ്പ് വർദ്ധിപ്പിക്കുവാൻ സാധുജനങ്ങളുടെ വയററിലടിക്കുന്ന പരോക്ഷമായ നികുതി ചുമത്തൽ ആണ് ഇന്ന് ഗവർമ്മെണ്ട് സ്വീകരിക്കുന്ന നയം. അഞ്ചൽ കവറുകൾക്കും സ്റ്റാമ്പുകൾക്കും വില വർദ്ധിപ്പിച്ചും കോർട്ടു ഫീസും രജിസ്ട്രേഷൻ ഫീസും അധികപ്പെടുത്തിയും രണ്ടു ലക്ഷവും നാലു ലക്ഷവും അഞ്ചു ലക്ഷവും രൂപാ ആദായമുണ്ടാക്കി ധനകാര്യമന്ത്രി തിരുവിതാംകൂർ—കൊച്ചി സംസ്ഥാനങ്ങളിൽ മുതലെടുപ്പ് ഒൻപതു

കോടി രൂപായായി വർദ്ധിപ്പിച്ചിരിക്കുന്നു എന്നു് ബഡ്ജററു് പ്രസംഗത്തിൽ അഭിമാനിച്ചിരിക്കുന്നതു കാണുമ്പോൾ ഭിക്ഷ തെണ്ടി ദിനാന്ത്യത്തിൽ ചില്ലിക്കാശുകൾ എണ്ണി നോക്കുന്ന യാചകന്റെ കണ്ണീർ പുരണ്ട സംതൃപ്തി മാത്രമാണു് ഞാൻ അതിൽ കാണുന്നതു്. ആ നിലയിൽ ഇതൊരു യാചകന്റെ ബഡ്ജററു് ആണെന്നു് ഞാൻ പറയും. ഇന്നത്തെ രാഷ്ട്രീയവും സാമ്പത്തികവുമായ ദുർഘടപ്രതിസന്ധിയെ തരണം ചെയ്യുവാൻ പട്ടിണി കിടന്നു് അദ്ധ്വാനിക്കണമെന്നു് ഇല്ലാത്തവരോടു പറയുന്ന ഗവമ്മെണ്ടു് ഉള്ളവന്റെ തടിച്ചുകൂടുന്ന മടിശ്ശീലയിൽ കൈകടത്തി പ്രത്യക്ഷമായ നികുതി ചുമത്തൽമൂലം ലക്ഷക്കണക്കിനു് ഭണ്ഡാരത്തിലേക്കു് മുതൽ കൂട്ടാത്തതെന്താണെന്നു് സാമാന്യജനങ്ങൾ ചോദിക്കുന്നു. ഈ ചോദ്യത്തിനു് മറുപടി പറയുവാൻ ഏതൊരു ഗവമ്മെണ്ടിനും സാദ്ധ്യതയുണ്ടു്.

സർ, ഈ സംസ്ഥാനത്തു് ഉത്തരവാദഭരണം സംസ്ഥാപിതമായതിനുശേഷം അവതരിപ്പിക്കപ്പെടുന്ന രണ്ടാമത്തെ ജനകീയ ബഡ്ജററാണിതു്. കഴിഞ്ഞ പതിനെട്ടു മാസങ്ങളായി ജനപ്രതിനിധികളാണു് ഇവിടെ ഭരണം നടത്തുന്നതു്. ഈ പതിനെട്ടു മാസങ്ങളിൽ നമ്മുടെ സംസ്ഥാനത്തിനുണ്ടായിട്ടുള്ള പുരോഗതിയിലേക്കും ജനക്ഷേമകരമായ മററു നേട്ടങ്ങളിലേക്കും ഒന്നു തിരിഞ്ഞു് കണ്ണോടിച്ചു നോക്കിയാൽ അന്ധകാരനിബിഡമായ നിരാശയല്ലാതെ മറെറാന്നും കാണുവാൻ കഴിയുന്നില്ലെന്നു സാമാന്യജനങ്ങൾ പറയുന്നു. സായുധശക്തമായ ഒരു സാമ്രാജ്യത്തോടും ഏകശാസനാധികാരത്തോടും സമരംചെയ്തു് ഉത്തരവാദഭരണം പിടിച്ചുപററുവാൻ ജീവനും വസ്തുവകകളും ത്യജിക്കുവാൻ സന്നദ്ധരായിരുന്ന നാം ഇന്നു് ധാർമ്മികമായും സദാചാരപരമായും വളരെയൊക്കെ അധഃപ്പതിച്ചുപോയിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ അനുഭവിക്കേണ്ടിവന്നിട്ടുള്ള കഷ്ടനഷ്ടങ്ങൾക്കും ക്ലേശങ്ങൾക്കും വിലപേശുവാനും പ്രതിഫലം പററുവാനുമുള്ള ആവേശത്തിനും അധികാരമത്സരത്തിനുമായി നാമിന്നു് രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങളും പോയ കാലങ്ങളിൽ നമ്മെ മുന്നോട്ടു തള്ളിക്കൊണ്ടിരുന്ന ഉൽകൃഷ്ടമായ ലക്ഷ്യങ്ങളും നിശ്ശേഷം വിസ്മരിച്ചുപോയിരിക്കുന്നു. സ്വാർത്ഥതാല്പര്യങ്ങൾക്കും വ്യക്തിപരമായ ഉന്നമനകാംക്ഷകൾക്കുംവേണ്ടി പൊതുതാല്പര്യങ്ങളെ ബലികഴിക്കുവാൻപോലും നാമിന്നു മടിക്കുന്നില്ല. സർ, ഏകശാസനാധികാരികളും സാമ്രാജ്യദുഷ്പ്രഭുക്കളും നിശിതമായ പൊതുജനാഭിപ്രായത്തെ അവഗണിച്ചുകൊണ്ടു് ചെയ്തുപോന്നിരുന്ന തെററുകൾ നാമിന്നു് ഒന്നൊന്നായി ആവർത്തിച്ചുകൊണ്ടിരിക്കുകയാണു്. പൊതുക്ഷേമത്തിനും ജനകീയതാല്പര്യങ്ങൾക്കുംവേണ്ടി നിലകൊള്ളുന്ന ഒരു ഗവമ്മെണ്ടു് വ്യക്തിതാല്പര്യങ്ങളെ സംരക്ഷിക്കുവാൻ വെമ്പുന്ന കാഴ്ച അസുഖകരമാണു്. വ്യക്തികൾക്കും താല്പര്യങ്ങൾക്കും ഉദ്യോഗമുണ്ടാക്കിക്കൊടുക്കുന്ന പാരമ്പര്യം ഏകശാസനാധികാരത്തോളംതന്നെ പഴക്കമുള്ളതാണു്. സർ, ഒരുദാഹരണം ഞാൻ പറയാം. ഈ സഭയിലെ ഒരംഗത്തിനു് അദ്ദേഹം നിയമസഭാംഗമായി ഇരിക്കുന്നിടത്തോളം കാലം ഉദ്യോഗം കൊടുക്കുവാൻ പാടില്ലെന്നു് ഇന്നു് അധികാരത്തിലിരിക്കുന്ന മന്ത്രിമാർ ഉൾപ്പെടെ ഈ രാജ്യത്തുള്ള പൊതുജനങ്ങൾ മുറവിളി കൂട്ടിയിട്ടുണ്ടു്. സർ, ഈ നിയമസഭയിലെ ഒരംഗം അദ്ദേഹം എത്ര കാര്യശേഷിയുള്ള ആളാണെങ്കിലും നിയമസഭാംഗമായിരിക്കുന്നിടത്തോളം കാലം ആ വ്യക്തിക്കു് ഉദ്യോഗം നൽകുന്നതു് ദുഷിച്ച പാരമ്പര്യങ്ങൾ സൃഷ്ടിക്കുകയാണു്. നിയമസഭാംഗങ്ങളെ അവരുടെ സാമാജികത്വം നിലവിലുള്ളിടത്തോളം കാലം സർവ്വീസിൽ നിയമിക്കുന്ന ദുഷിച്ച പാരമ്പര്യം അവസാനിപ്പിക്കണമെന്നു ഞാൻ ഗവമ്മെണ്ടിനോടപേക്ഷിക്കുന്നു. അതുപോലെതന്നെ ദേവസ്വം ബോർഡിലായാലും ഗവമ്മെണ്ടു് കാലാകാലങ്ങളിൽ സൃഷ്ടിക്കുന്ന മററു കമ്മീഷനുകളിലായാലും ഭാരിച്ച ശമ്പളങ്ങളും അലവൻസും യാത്രപ്പടിയും നൽകി ഈ സഭയിൽ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടെ ഒരു ബ്ലോക്കു് സൃഷ്ടിക്കുന്ന കീഴ്നടപ്പു് സർവ്വശക്തികളും പ്രയോഗിച്ചു് പ്രതിഷേധിക്കേണ്ടതാണെന്നു് ഞാൻ വിചാരിക്കുന്നു. സർ, ഈ സഭയിലെ അംഗത്വത്തിനു് ഒരു പരിപാവനത്വമുണ്ടു്. പരിശുദ്ധതയുണ്ടു്. നിയമസഭാംഗങ്ങൾ എല്ലാ പ്രലോഭനങ്ങൾക്കും വ്യക്തിതാല്പര്യങ്ങൾക്കും അതീതരായിരിക്കണം. അവർ സീസറുടെ പത്നിയെപ്പോലെ സംശയാതീതരായിരിക്കണം. ഭരണം നടത്തുന്ന ഗവമ്മെണ്ടും ഈ സഭ തന്നെയും പ്രലോഭനങ്ങൾകൊണ്ടു് അവരെ ദുഷിപ്പിക്കുന്നതിനും കർത്തവ്യങ്ങളിൽനിന്നു് അവരെ വ്യതിചലിപ്പിക്കുവാനും ഒരുങ്ങരുതെന്നു ഞാൻ അപേക്ഷിക്കുന്നു. മറെറാരു സംഗതികൂടി എനിക്കു പറയുവാനുണ്ടു്. സർ, സമുദായസൗഹാർദ്ദത്തിനും വർഗ്ഗരഹിതമായ ഒരു രാഷ്ട്രസംസ്ഥാപനത്തിനുംവേണ്ടി നിലകൊള്ളുന്ന ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിലെ അംഗങ്ങളായ നാം ഇന്നു് വർഗ്ഗീയത നിശ്ശേഷം പരിത്യജിച്ചുകഴിഞ്ഞിട്ടുണ്ടോ എന്നു മന്ത്രിമാർ ഉൾപ്പെടെയുള്ള നിയമസഭാംഗങ്ങൾ ഒരു ആത്മപരിശോധന ചെ

[Sri. C. Narayana Pillai]

യ്യേണ്ട കാലം അതീതമായിരിക്കുന്നു. സർ, ഈ രാജ്യത്തു് ജനങ്ങളുടെ ഇടയിൽ മാത്രമല്ല നിയമസഭാംഗങ്ങളുടെയിടയിൽ മാത്രമല്ല ഗവണ്മെണ്ടുദ്യോഗസ്ഥാംഗങ്ങളുടെയിടയിൽ മാത്രമല്ലാ മന്ത്രിമാരുടെയിടയിൽപോലും വർഗ്ഗീയതയുണ്ടെന്നുള്ള ഭയങ്കരമായ ആരോപണങ്ങൾ ഇന്നു നാലുപാടും മുഴങ്ങിക്കൊണ്ടിരിക്കുകയാണു്. ഇതു ശരിയല്ലെങ്കിൽ എന്നിലധികം സന്തോഷിക്കുന്നവരുണ്ടായിരിക്കുകയില്ല. മന്ത്രിസഭയിൽ വർഗ്ഗീയതയുണ്ടെന്നുള്ള ആരോപണം വിശ്വസിക്കുവാൻ എനിക്കു വളരെ വിഷമമുണ്ടു്. എങ്കിലും അതു വിഗണിക്കുവാൻ എനിക്കു സാദ്ധ്യമല്ല. മറ്റേതൊന്നിലുമധികമായി നമ്മുടെ രാഷ്ട്രശരീരത്തെ കടിച്ചു വ്രണപ്പെടുത്തി അകാലചരമത്തിലേക്കു നയിക്കുന്ന ഏററവും വലിയ നികൃഷ്ടതയാണിതു്. എന്റെ സമുദായത്തിലുള്ളവർ മന്ത്രിസഭയിൽ ഉണ്ടെങ്കിൽ മാത്രമേ എനിക്കു നീതി ലഭിക്കുകയുള്ളുവെന്നു് ഓരോ ജനവിഭാഗങ്ങളും വിശ്വസിക്കുന്നു. അതുപോലെതന്നെ എന്റെ സമുദായാംഗങ്ങൾ മന്ത്രിസഭയിലുണ്ടെങ്കിൽ അനർഹമായ ഏതൊരാനുകൂല്യങ്ങളും കരഗതമാക്കുവാൻ കഴിയുമെന്നും ഒരുകൂട്ടർ വിശ്വസിക്കുന്നു. ഈ രാജ്യത്തെ വർഗ്ഗീയതയുടെ കോൺക്രീററു് ഇട്ടുറപ്പിച്ച അടിസ്ഥാനം ഇതുമാത്രമാണു്. ഈ വിശ്വാസം ഇല്ലാതാക്കുവാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അതു മന്ത്രിമാർക്കു് മാത്രമാണു്.

സർ, നാം യാഥാർത്ഥ്യങ്ങൾ തുറന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഈ രാജ്യത്തു് വർഗ്ഗീയതയുണ്ടു്. ഉദ്യോഗസ്ഥന്മാരുടെയിടയിൽ വർഗ്ഗീയതയുണ്ടു്. മന്ത്രിസഭാംഗങ്ങളുടെയിടയിൽ വർഗ്ഗീയതയുണ്ടു്. ഞാൻ കൊണ്ടുവരുന്ന ആരോപണത്തിന്റെ ഗുരുതരമായ സ്വഭാവം അറിഞ്ഞുകൊണ്ടുതന്നെയാണു് ഞാൻ സംസാരിക്കുന്നതു്. മന്ത്രിമാരുടെയിടയിൽ വർഗ്ഗീയതയുണ്ടെന്നു ഞാൻ ആവർത്തിച്ചു പറയുന്നു. വേണമെങ്കിൽ ഞാൻ അദ്ധ്യായവും വരിയും ഉദ്ധരിച്ചു് തെളിയിക്കാം. ഉദാഹരണങ്ങൾ ഒന്നൊന്നായി എന്റെ വിരൽത്തുമ്പിലുണ്ടു്. അതൊക്കെ ഞാൻ ഇവിടെ വിളമ്പാം. പക്ഷെ അതാർക്കും ഒരു ഗുണവും ചെയ്യുന്നതല്ല. രജകന്റെ മുഷിഞ്ഞ വസ്ത്രങ്ങൾ അലക്കുന്ന ജോലി ഈ മഹാസദസ്സിൽ ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഈ സഭയിലെ ശബ്ദങ്ങൾ പുറത്തു് പ്രതിധ്വനിക്കുന്നവയാണു്. മാറെറാലിക്കൊള്ളുന്നവയാണു്. അധികാരത്തിലിരിക്കുന്ന ഗവണ്മെണ്ടു് കക്ഷിയിലെ അംഗമെന്ന നിലയിൽ ഇതിലധികം കാര്യങ്ങൾ തുറന്നു പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ പറയുന്നതു് കേട്ടുകേഴ്‌വിയല്ല. നേരിട്ടനുഭവങ്ങൾ ഉള്ള കാര്യങ്ങൾ മാത്രമാണു് ഞാൻ ഇവിടെ പറയുന്നതു്. ഈ നില മാററുവാൻ ശ്രമിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഞാൻ ഈ ഗവണ്മെണ്ടിന്റെ മിത്രമാണു്. എന്റെ വിമർശനം വിനാശത്തിനു വേണ്ടിയല്ല. ഇതു ശുദ്ധീകരിക്കണമെന്നു മാത്രമേ എനിക്കാഗ്രഹമുള്ളു.

ശ്രീ. കെ. കെ. കണ്ണൻ: സർ, ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിശദാംശങ്ങളെ ഓരോന്നോരോന്നായി എടുത്തു നിരൂപണംചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിന്റെ ആവശ്യവുമില്ല. സാമ്പത്തികമായ ചില അടിസ്ഥാനതത്വങ്ങൾ മുൻനിറുത്തി ഈ ബഡ്ജററു് എത്രത്തോളം പൊതുജനങ്ങൾക്കു് ഉപകാരപ്രദമാണെന്നു് പരിശോധിക്കുന്നതിനുമാത്രമാണു് ഞാൻ ഉദ്ദേശിക്കുന്നതു്.

ബഹു ധനകാര്യമന്ത്രി ബഡ്ജററു് അവതരിപ്പിച്ചു ചെയ്ത പ്രസംഗത്തിൽ നാട്ടുരാജ്യങ്ങളിലും പ്രോവിൻസുകളിലും യൂണിയനുകളിലും ഒരേ രീതിയിലുള്ള സാമ്പത്തികമായ ഏകീകരണം നടപ്പിൽ വരുത്തുകയെന്നുള്ളതാണു് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഉദ്ദേശമെന്നു പറയുകയുണ്ടായി. അതനുസരിച്ചു കേന്ദ്രവും യൂണിയനുമായുള്ള സാമ്പത്തികബന്ധം നിർണ്ണയിക്കപ്പെടുകയാണു് ചെയ്യുന്നതു്. എന്നാൽ ഈ സാമ്പത്തികസംയോജനപരിപാടി നമ്മുടെ ഐക്യസംസ്ഥാനത്തിൽ നടപ്പിൽവരുത്തുന്നതുകൊണ്ടു് ഐക്യസംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രതക്കു സാരമായ കോട്ടംതട്ടുകയാണു് ചെയ്യുന്നതെന്ന പരമാർത്ഥം ധനകാര്യമന്ത്രി തുറന്നു സമ്മതിക്കുകയും ചെയ്തിരിക്കുന്നു. വരവും ചെലവും കുറയുമെന്നുള്ളതുകൊണ്ടും വരവിനേക്കാൾ ചെലവു വളരെ കൂടുതലാകുമെന്നുള്ളതുകൊണ്ടുമാണു് ആ കുഴപ്പം ആവിർഭവിക്കുന്നതു്. എന്നാൽ ഈ നിലയിൽ സ്റ്റേററിനു് നേരിടുന്ന സാമ്പത്തികമായ നഷ്ടം പരിഹരിപ്പാൻ ഇൻഡ്യാഗവണ്മെണ്ടു് തയ്യാറായിരിക്കുമെന്ന ഒരുറപ്പു മാത്രമാണു് നമ്മുടെ ഗവണ്മെണ്ടിനുള്ളതു്. ഈ ഉറപ്പിന്മേൽ ഞങ്ങൾക്കു വിശ്വാസമില്ല. യൂണിയന്റെ സാമ്പത്തികഭദ്രതയെ നിലനിറുത്താൻ പര്യാപ്തമായ യാതൊരുറപ്പും സാമ്പത്തികമായ ഈ ഏകീകരണപദ്ധതിക്കു് നമ്മുടെ ഗവണ്മെണ്ടു് സമ്മതിച്ച ഘട്ടത്തിൽ ഇൻഡ്യാഗവ

മെൻറ് നൽകിയിട്ടില്ല. ഫെഡറൽ ഫിനാൻഷ്യൽ ഇൻറിഗ്രേഷന് സമ്മതിച്ചതുതന്നെ തെററായിപ്പോയി എന്നാണ് എനിക്കു പറയുവാനുള്ളത്. കസ്റ്റംസ്, ഇൻകംടാക്സ്, എക്സൈസ് മുതലായ ഇനങ്ങളിലുള്ള ഐക്യസംസ്ഥാനത്തിന്റെ വരുമാനത്തിൽ ൫൦ ശതമാനം ഇൻഡ്യാഗവമ്മെണ്ടിന് ഈ പദ്ധതിമൂലം കൊടുക്കേണ്ടിവരുന്നു. ഒരിക്കൽ, സംയോജനത്തിനുമുമ്പ്, എറണാകുളത്ത് ഒരു പൊതുയോഗത്തിൽവെച്ച് പ്രധാനമന്ത്രി ബഹു. ശ്രീ. ടി. കെ. നാരായണപിള്ള കസ്റ്റംസ്, ഇൻകംടാക്സ്, എക്സൈസ് മുതലായ ഇനങ്ങളിൽനിന്നുള്ള വരവിൽനിന്ന് ൫൦ ശതമാനം ഇൻഡ്യാഗവമ്മെണ്ടിന് കൊടുക്കാനുള്ള നിർദ്ദേശത്തെക്കുറിച്ച് ആലോചനയുണ്ടെന്നും അതിന്നെതിരായി പൊതുജനപ്രക്ഷോഭണം സംഘടിപ്പിച്ച് ഇൻഡ്യാഗവമ്മെണ്ടിന്റെ അടുത്ത നിവേദനം ചെയ്യണമെന്നും ഊന്നിപ്പറയുകയുണ്ടായി. ആ പ്രക്ഷോഭണമനസ്ഥിതിയെല്ലാം ഇന്ന് എവിടെപ്പോയി എന്ന് ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നു. എന്തുറപ്പാണ് ഇൻഡ്യാഗവമ്മെണ്ട് സ്റ്റേററിന്റെ സാമ്പത്തികമായ നഷ്ടപരിഹാരത്തിനുവേണ്ടി ഈ ഗവമ്മെണ്ടിന്ന് തന്നിട്ടുള്ളതെന്ന് ഞാൻ ചോദിക്കുന്നു. നിയമപരമായൊ മറെറാ ഇൻഡ്യാഗവമ്മെണ്ടിൽനിന്ന് യാതൊരുറപ്പുമില്ലാതെ വെറും സാമ്പത്തികമായ ഏകീകരണത്തിന്റെ പേരിൽ സ്റ്റേററിന്ന് വമ്പിച്ച നഷ്ടം സഹിക്കുവാൻ ഇടയാക്കുന്ന ഫിനാൻഷ്യൽ ഇൻറിഗ്രേഷന്ന് സമ്മതിച്ചത് സാധാരണക്കാരെ കഷ്ടപ്പെടുത്തുന്നതിനല്ലാതെ മറെറന്തിനാണ്?

ഭക്ഷണകാര്യത്തിൽ ഐക്യസംസ്ഥാന ഗവമ്മെണ്ടിന്ന് പ്രതിവർഷം ൩൧൫ ലക്ഷം ഉറുപ്പികയുടെ നഷ്ടം സഹിക്കേണ്ടിവരുമെന്ന് ധനകാര്യമന്ത്രി പറയുന്നു. ൧൯൪൮-ൽ കേന്ദ്രഗവമ്മെണ്ട് കുറേക്കാലത്തേക്കു ഈ ഇനത്തിൽ വരുന്ന നഷ്ടത്തിൽ ൫൦ ശതമാനം ഐക്യസംസ്ഥാനത്തിന്ന് സബ്സിഡി കൊടുക്കുന്നതാണെന്ന് സമ്മതിച്ചിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു. ഏകീകൃതമായ സാമ്പത്തികപദ്ധതിയോടു ദൃഢമായി ബന്ധപ്പെട്ട ഒരു വ്യവസ്ഥയിന്മേൽ ആണത്രെ ഇൻഡ്യാഗവമ്മെണ്ട് ഐക്യസംസ്ഥാനത്തിനും ഭക്ഷണകാര്യത്തിൽ വരുന്ന നഷ്ടത്തിൽ ൫൦ ശതമാനം ഫ്ളാറ്റ് സബ്സിഡി തരാമെന്നു വെച്ചിട്ടുള്ളത്. സബ്സിഡി തരാമെന്നു വെച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. പക്ഷെ രാജ്യത്തിന്റെ വമ്പിച്ച വരവിനങ്ങളായ കസ്റ്റംസ്, ഇൻകംടാക്സ്, എക്സൈസ് മുതലായവയിൽ പകുതി ഇൻഡ്യാഗവമ്മെണ്ടിന് അടിയറവെച്ചുകൊണ്ടു, ഭക്ഷണപ്രശ്നത്തെ നേരിടുവാൻ നമ്മുടെ ഗവമ്മെണ്ട് കൈക്കൊണ്ടിരിക്കുന്ന ഈ നടപടി സാധാരണക്കാരനെ വീർപ്പുമുട്ടിക്കുവാൻമാത്രമേ പര്യാപ്തമാകുന്നുള്ളു. ഭക്ഷണകാര്യത്തിൽ നേരിടുന്ന നഷ്ടത്തിൽ പ്രോവിൻസുകൾക്കു കൊടുക്കുന്ന ൭൫ ശതമാനം സബ്സിഡി എങ്കിലും ഐക്യസംസ്ഥാനത്തിന്നു കിട്ടുവാനുള്ള ശ്രമം ഗവമ്മെണ്ടു നടത്തേണ്ടതാണ്. മാത്രമല്ല ഭക്ഷണക്ഷാമത്തെ പരിഹരിക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ നടപ്പിൽവരുത്തേണ്ടതാണ്. അങ്ങിനെയുള്ള ഒരു പദ്ധതി നമ്മുടെ ഗവമ്മെണ്ടിന്ന് ഇല്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

൧൯൫൧-ൽ ഭക്ഷ്യപദാത്ഥങ്ങളുടെ പുറമെനിന്നുമുള്ള ഇറക്കുമതി നിറുത്തിൽചെയ്യുമെന്നു പറയപ്പെടുന്നു. ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹറു ൧൯൫൧-ാടുകൂടി ഭക്ഷണപ്രശ്നത്തിൽ ഇൻഡ്യയെ സ്വയംപര്യാപ്തമാക്കുന്നതിന്നുള്ള "കുരിശുയുദ്ധ"ത്തിൽ എല്ലാവരോടും പ്രത്യേകിച്ച് കോൺഗ്രസ്സുകാരോട് ഹൃദയപൂർവ്വം സഹകരിക്കുവാൻ അഭ്യത്ഥിച്ചിട്ടുണ്ടു. അതുതന്നെ നമ്മുടെ ഗവമ്മെണ്ടും ഏററുപാടുന്നു. ഭക്ഷ്യോല്പാദനത്തിനു വേണ്ടി പുറമ്പോക്കു ഭൂമികളിൽ സിംഹഭാഗവും സാധുകൃഷിക്കാരെയല്ലാ നേരെമറിച്ച് അനേകം ഏക്കർ ഭൂമി കൈവശമുള്ള വലിയ വലിയ കൃഷിക്കാരേയും ജന്മികളേയും എസ്റ്റേററുകാരേയുമാണ് ഗവമ്മെണ്ടു ഏല്പിച്ചുകൊടുക്കുന്നത്. അങ്ങിനെ സാധുകർഷകന്റേയും കർഷകത്തൊഴിലാളികളുടേയും പ്രയത്നഫലത്തെ തട്ടിയെടുക്കുന്ന സ്ഥാപിതതാല്പര്യക്കാരായ ജന്മികളുടേയും വൻകിട കൃഷകരുടേയും മററും കൂട്ടുപിടിച്ച് നടത്തുന്ന ഭക്ഷ്യോല്പാദനപദ്ധതിയാണ് ഇൻഡ്യയിൽ എവിടെയും കോൺഗ്രസ്ഗവമ്മെണ്ടുകൾ നടപ്പിൽവരുത്തുന്നത്. അതുതന്നെയാണ് ഇവിടെയും. ഈമാതിരി പദ്ധതിയോടു സഹകരിക്കുവാൻ നാട്ടുകാർ തയ്യാറുണ്ടായിരിക്കുകയില്ല. കൃഷിഭൂമി യഥാത്ഥ കൃഷിക്കാരനുതന്നെ കൊടുക്കണം. പണിയെടുക്കുന്നവന്റെ പ്രയത്നശക്തിയെ നിലനിറുത്തുവാൻ പര്യാപ്തമല്ലാത്ത യാതൊരു പദ്ധതിയും ഇവിടെ വിലപ്പോവുകയില്ല. ൧൯൫൧-ൽ ഇൻഡ്യാഗവമ്മെണ്ടു കരുതുന്നതുപോലെ ഭക്ഷണപദാത്ഥങ്ങളുടെ പുറമെനിന്നുള്ള ഇറക്കുമതി നിറുത്തുകയാണെങ്കിൽ അതുമൂലം ഏററവും അധികം കഷ്ടത അനുഭവിക്കുവാൻപോകുന്നത് ഐക്യസംസ്ഥാനത്തിലെ ജനങ്ങളാണ്

[Sri K. K. Kannan]

എന്നു് നമ്മുടെ ധനകാര്യമന്ത്രി തുറന്നു സമ്മതിക്കുന്നു. നാട്ടുകാരെ പട്ടിണിക്കിട്ടു കൊല്ലല്ലേ എന്നാണു് ഗവന്മെണ്ടിനെ ഉൽബോധിപ്പിക്കുവാനുള്ളതു്.

തൊഴിലില്ലായ്മ ഇന്നു നാട്ടിനെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന ഏററവും പ്രധാനപ്പെട്ട ജീവൽപ്രശ്നമാണു്. അതിനെ പരിഹരിക്കുവാൻ ഇനിയും നമ്മുടെ ഗവന്മെണ്ടു് മുന്നോട്ടു വന്നിട്ടില്ല. ഉല്പാദനം വൎദ്ധിപ്പിക്കണമെന്നു പറയുന്ന ഗവന്മെണ്ടും അവരുടെ വക്താക്കളും ഇന്നു തൊഴിലാളികളെ കൂട്ടത്തോടെ വ്യവസായശാലകളിൽനിന്നും പിരിച്ചുവിടുന്നതിൽ മുതലാളിമാൎക്കു കൂട്ടുനില്ക്കുകയാണു ചെയ്യുന്നതു്. തൊഴിലാളികൾ അവരുടെ ന്യായമായ കൂലി, ബോണസ്സ് മുതലായവയ്ക്കുവേണ്ടി വാദിക്കുമ്പോൾ അതിനുവേണ്ടി അവർ സമാധാനപരമായി പ്രക്ഷോഭണം നടത്തുമ്പോൾ അവരെ പോലീസിനെക്കൊണ്ടു് മൃഗീയമായി ലാത്തിചാൎജ്ജു് ചെയ്യിക്കുക, വെടിവെയ്പിക്കുക മുതലായ ഭയങ്കരമായ മൎദ്ദനങ്ങൾ അഴിച്ചുവിടുകയാണു് ഇൻഡ്യയിൽ എവിടെയും കാണുന്നതു്. ആ നയംതന്നെയാണു് ഐക്യസംസ്ഥാനഗവന്മെണ്ടും കൈക്കൊണ്ടിരിക്കുന്നതു്. ഗവന്മെണ്ടു മൂലധനം നൽകി സഹായിച്ചു് നടത്തപ്പെടുന്ന ആലുവാ ഫെർട്ടിലൈസേഴ്സ് ആൻഡു് കെമിക്കൽസ് തുടങ്ങിയ പത്തിരുപതു വ്യവസായശാലകളിൽപോലും തൊഴിലാളികളുടെ സ്ഥിതി വളരെ ദയനീയമാണു്. മുതലാളിമാരെ താലോലിച്ചുകൊണ്ടുള്ള ഒരു നയം മാത്രമാണു് ഗവന്മെണ്ടു സ്വീകരിച്ചിട്ടുള്ളതു്. പൊതുമുതലിൽനിന്നു് അനേകം ലക്ഷം ഉറുപ്പിക ഗവന്മെണ്ടു സഹായധനം നൽകി നടത്തപ്പെടുന്ന വ്യവസായശാലകളിൽ തൊഴിലാളികൾക്കു വേണ്ടുവോളം ജോലി കൊടുക്കാതിരിക്കുക, പലയിടത്തും കമ്പനികൾ പൂട്ടിയിടുകയൊ പൂട്ടുമെന്നു ഭീഷണിപ്പെടുത്തുകയൊ ചെയ്യുക, തൊഴിലാളികളെ പിരിച്ചുവിടുക, അറസ്ററുചെയ്യുക, മൎദ്ദിക്കുക ഈ മാതിരിയുള്ള ഒരു നയപരിപാടി അംഗീകരിക്കുന്നതുകൊണ്ടു് ഉൽപ്പാദനം വൎദ്ധിപ്പിക്കുവാൻ കഴിയുന്നതു് എങ്ങനെയെന്നു മനസ്സിലാകുന്നില്ല. അതുകൊണ്ടു് തൊഴിലാളിയുടെ ന്യായമായ അവകാശങ്ങൾ വകവെച്ചുകൊടുക്കുവാൻ ഗവന്മെണ്ടു് തയ്യാറാകണം. പട്ടിണി കിടന്നുപോലും പണിയെടുക്കുന്ന തൊഴിലാളിയുടെ പ്രയത്നശക്തി നിലനിറുത്താതെ ഉൽപ്പാദനം സാദ്ധ്യമല്ല. എന്നാൽ തൊഴിലാളികളുടെ പ്രയത്നശക്തി നിലനിറുത്തിക്കൊണ്ടുള്ള ഒരു ഉൽപ്പാദനപദ്ധതി നടപ്പിൽ വരുത്തുവാൻ ഗവന്മെണ്ടു് തയ്യാറില്ലെന്നു് ഈ ബഡ്ജററു് വ്യക്തമാക്കിയിരിക്കുന്നു.

കടൽത്തീരപ്രദേശങ്ങളിൽ നിവസിക്കുന്ന ബഹുഭൂരിപക്ഷംവരുന്ന പാവങ്ങൾ കയർവ്യവസായംകൊണ്ടു് ജീവിക്കുന്നവരാണു്. പക്ഷെ ഇന്നു് കയർവ്യവസായം വളരെ മന്ദീഭവിച്ചിരിക്കുന്നു. അതിനെ പുനരുദ്ധരിക്കുന്നതിനുള്ള നടപടി ഉടനെ എടുക്കാത്തപക്ഷം ആയിരക്കണക്കിൽ കയർവ്യവസായത്തിൽ ഏൎപ്പെട്ടിട്ടുള്ള തൊഴിലാളികൾ പട്ടിണിക്കിരയാകുമെന്നു നിസ്സംശയം പറയാവുന്നതാണു്. കയർവ്യവസായം സഹകരണസംഘങ്ങൾവഴി പുനരുദ്ധരിക്കേണ്ടതാണു്. പക്ഷെ അക്കാൎയ്യത്തിൽ ഗവന്മെണ്ടു് ശ്രദ്ധിക്കുന്നില്ല. നേരെ മറിച്ചു് പ്രസ്തുത വ്യവസായം മിക്കസ്ഥലങ്ങളിലും മുതലാളിത്വം അതിന്റെ കുത്തകയാക്കി മാററുകയാണു് ചെയ്യുന്നതു്. തൻമൂലമാണു് ആ വ്യവസായം ഇന്നു് അധഃപതിച്ചുവരുന്നതു്. കയർവ്യവസായം പുനരുദ്ധരിക്കുവാൻ സാധിക്കണമെങ്കിൽ സഹകരണസംഘങ്ങൾ വഴി അവ നടത്തുകയും അവയ്ക്കു വിദേശങ്ങളിൽ നല്ല മാൎക്കററുകൾ ഉണ്ടാവുകയും വേണം. അതിനു ഗവന്മെണ്ടു് തയ്യാറാകണമെന്നുള്ളതു് ജനങ്ങളുടെ ഒരടിയന്തിരാവശ്യം മാത്രമാണു്.

നിലവിലുള്ള പ്രൈവററു് ബസ്സ്സൎവ്വീസുകൾ ദേശീയമാക്കണമെന്ന പരിപാടി ഇനിയും ഗവന്മെണ്ടു് നടപ്പിൽ വരുത്തിയിട്ടില്ല. പ്രൈവററു് ബസ്സുസൎവ്വീസുകൾ എല്ലാം തന്നെ ദേശീയമാക്കുകയാണെങ്കിൽ അനേകലക്ഷം ഉറുപ്പിക സ്റ്റേററിനു് വരുമാനമുണ്ടാകുമെന്നുള്ളതിനു സംശയമില്ല. പക്ഷെ അതു് അവർ ചെയ്യുന്നില്ലെന്നു മാത്രമല്ല ചില ലൈനുകളിലുള്ള എക്സ്പ്രസ്സ് ട്രാൻസ്പോർട്ടു ബസ്സു് സൎവ്വീസ്സുകൾ നിറുത്തൽചെയ്തു് അവിടെയെല്ലാം ബസ്സ്സൎവ്വീസുകൾ മുതലാളിമാൎക്കു് മൊണോപ്പളി കൊടുക്കുവാൻ ശ്രമിക്കുകയാണു്. ബഹുജനങ്ങളോടു് കാണിക്കുന്ന വലിയൊരനീതിയും മുതലാളിപക്ഷപാതിത്വവുമാണെന്നു മാത്രമെ ഈ നയത്തിന്നൎത്ഥമുള്ളു.

പ്രൊഹിബിഷൻ പൂൎണ്ണമായി നടപ്പിൽ വരുത്താതിരിക്കുന്നതും വലിയൊരനീതിയാണെന്നു പറയേണ്ടിയിരിക്കുന്നു. ജനങ്ങളെ കള്ളുകുടിപ്പിച്ചു് പണമുണ്ടാക്കുന്ന സമ്പ്രദായം

നമുക്കുവേണ്ട. മദ്യവർജ്ജനം നടപ്പിൽ വരുത്തുന്നതിന്ന് ഇനി ഒട്ടും വൈകിച്ചുകൂടാത്തതാണ്. മനുഷ്യന്റെ സംസ്കാരത്തെ അധഃപതിപ്പിക്കുന്ന യാതൊരു പദ്ധതിയും സ്വാഗതാർഹമല്ല. അതുകൊണ്ടാണ് മദ്യവർജ്ജനം വേഗം സർവ്വത്ര നടപ്പിൽ വരുത്തണമെന്നു സജ്ജനങ്ങൾ ആഗ്രഹിക്കുന്നത്. എന്നാൽ അതോടൊപ്പംതന്നെ മദ്യവർജ്ജനം നടപ്പാക്കുന്നതോടുകൂടി ആ തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്കു മററു തൊഴിലുകൾ ഉണ്ടാക്കി കൊടുക്കുന്നതിനുള്ള പദ്ധതികളുംകൂടി നടപ്പിൽ വരുത്തേണ്ടതാണ്.

*The House adjourned for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker (The Hon'ble Sri. T. M. Varghese) in the Chair.*

ശ്രീ. കെ. കെ. കണ്ണൻ: സാധാരണക്കാരുടെ തലയിൽ വല്ലാത്ത നികുതിഭാരമാണ് ഗവമ്മെണ്ട് ഏററിവെച്ചിരിക്കുന്നത്. സെയിൽസ് ടാക്സ് പാവങ്ങളെ വീർപ്പുമുട്ടിച്ചുകൊണ്ടിരിക്കുന്നു. നിത്യോപയോഗസാധനങ്ങളായ പലതിന്നും ഇന്ന് സെയിൽസ് ടാക്സ് വസൂൽചെയ്യുന്നുണ്ട്. പഞ്ചസാര, ശക്കര, ഉപ്പ്, മുളക്, കോതമ്പ്, തുണി മുതലായ നിരവധി സാധനങ്ങൾക്ക് സെയിൽസ് ടാക്സ് കൊടുത്തു് സാധുക്കൾ വിഷമിക്കുകയാണ്. സെയിൽസ് ടാക്സ് എടുത്തുകളയാതെ തരമില്ല. അഞ്ചൽ സ്റ്റാമ്പ്, കവർ മുതലായവയ്ക്ക് വില കൂടിയിരിക്കുന്നു. സാധാരണക്കാരനൊന്നും എഴുതെഴുതേണ്ടന്നായിരിക്കും ഗവമ്മെണ്ട് വിചാരിക്കുന്നതു്. ഭൂനികുതി അക്രമവും ഭയങ്കരവുമാണ്. ചെറിയ കൃഷിക്കാരാണ് അതുകൊണ്ടുള്ള കഷ്ടപ്പാട് അനുഭവിക്കേണ്ടിവരുന്നത്. ഭൂനികുതിയിൽ സാരമായ വെട്ടിക്കുറവ് വരുത്തേണ്ടതു് സാധാരണക്കാരായ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം താല്ക്കാലികമായി ചെയ്തുകൊടുക്കേണ്ടതായിട്ടുള്ള അത്യാവശ്യമായിത്തീർന്നിരിക്കയാണ്.

പൊതുജനങ്ങളെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന മറെറാരു സംഗതി ചൗക്കപ്രശ്നമാണ്. മുൻപ് തിരുവിതാംകൂറിന്റെയും കൊച്ചിയുടേയും അതൃത്തികളിൽ സ്ഥിതിചെയ്തിരുന്ന ചൗക്കകൾ എടുത്തുകളയുകയും പുതിയ ചൗക്കകൾ ഐക്യസംസ്ഥാനത്തിന്റെ വടക്കോട്ടു മാറിയിട്ടുള്ള അതൃത്തികളിലും റെയിൽവെ സമീപങ്ങളിലും സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. ഒരു പുതിയ സാമ്പത്തിക പ്രശ്നം (അഥവാ സാമ്പത്തിക കുഴപ്പം) ഇതിൽനിന്ന് ആവിർഭവിച്ചിട്ടുണ്ടെന്ന് ധനകാര്യമന്ത്രിതന്നെ പറയുന്നുണ്ട്. ഈ ചൗക്കകൾ എടുത്തുകളയണമെന്നാണ് പൊതുജനങ്ങൾ ആവശ്യപ്പെടുന്നത്. അനാവശ്യമായും അനധികൃതമായും ചൗക്കകളിൽവെച്ചു് ആളുകളെ ബുദ്ധിമുട്ടിക്കുകയും പണം പിരിപ്പിക്കുകയും ചെയ്യുന്നുവെന്ന പരാതികൾ നിരവധിയാണ്. പ്രസ്തുത ചൗക്കകൾ എടുത്തുകളയേണ്ടതു് ഒരാവശ്യംമാത്രമാണ്. പൊതുജനങ്ങളോടു് കാണിക്കുന്ന ഒരു നീതി മാത്രമായിരിക്കും അതു്.

പിന്നോക്കസമുദായോദ്ധാരണത്തെ സംബന്ധിച്ചും രണ്ടു വാക്കു സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കൊല്ലംതോറും കുറെ സംഖ്യ അതിനുവേണ്ടി ഗവമ്മെണ്ട് നീക്കിവയ്ക്കുന്നുണ്ടെങ്കിലും പിന്നോക്കസമുദായോദ്ധാരണവകുപ്പിന്റെ പ്രവത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന്ന് ഗവമ്മെണ്ട് ഉത്സാഹിക്കുന്നില്ല. സാംസ്കാരികമായി അവരെ മുന്നോട്ടു കൊണ്ടുവരിക എന്നുള്ളതാണ് പിന്നോക്കസമുദായോദ്ധാരണപദ്ധതിയുടെ പരമലക്ഷ്യം. അതിനുവേണ്ടി ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംഖ്യ തീരെ മതിയാവാത്തതാണ്. കൂടുതൽ സംഖ്യ അതിനുവേണ്ടി ഗവമ്മെണ്ട് നീക്കിവയ്ക്കേണ്ടതാണ്.

അവസാനമായി എനിക്ക് പറയുവാനുള്ളതു്, ഒരു നിസ്സാരമായിട്ടുള്ള മിച്ചം ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു ബഡ്ജററാണെന്നുള്ളതിൽ യാതൊന്നും അഭിമാനിക്കുവാനില്ലെന്നാണ്. ഈ ബഡ്ജററ് പാവങ്ങളുടെ ബഡ്ജററല്ല; അവക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള സാമ്പത്തിക പദ്ധതി ഈ ബഡ്ജററ് തയ്യാറാക്കിയപ്പോൾ ആവിഷ്കരിക്കാതെപോയതു് ഗവമ്മെണ്ടിന്റെ മനഃപൂർവ്വമായ ഉപേക്ഷമാത്രമാണെന്നേ എനിക്കഭിപ്രായമുള്ളൂ. കഷ്ടപ്പെടുന്ന കർഷക തൊഴിലാളി വിഭാഗത്തെ പ്രതിനിധീകരിക്കാത്ത ഒരു ബഡ്ജററിന്റെ മേന്മയെക്കുറിച്ചു് ചിലർ പാടിപ്പുകഴ്ത്തുന്നതിൽ എനിക്ക് അത്ഭുതമില്ല. അവരുടെ നില എനിക്ക് മനസ്സിലാക്കുവാൻ കഴിയുന്നുണ്ട്. ജനങ്ങളുടെ കാര്യം നോക്കുവാൻ കഴിയാത്ത ഒരു ഗവമ്മെണ്ടിന്ന് ജനകീയ ഗവമ്മെണ്ടെന്നു അഭിമാനിക്കുവാൻ അവകാശമില്ല. ജനങ്ങൾക്ക് ഗുണം ചെയ്യുവാൻ കഴിയുന്ന ഒരു പരിപാടിയുമായി അവർ മുന്നോട്ടുവരണമെന്നാഗ്രഹിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

**Mr. Speaker:** In view of the large number of Hon'ble Members who would like to speak, I propose to limit the time to ten minutes for each member. I hope this arrangement is agreeable to the hon'ble members..

**Sri. K. P. Neelakanta Pillai:** Sir, the first thing that struck me when I casually read the speech of the learned Finance Minister is that he could not see beyond his nose in the preparation of the budget. That does not mean that I am going to be very relentless in my remarks on the budget estimate presented to us because I have more regard for the Hon'ble Finance Member than for anybody else occupying the Treasury Bench from this part of the Union. He must know that there are certain things which are apparent on the pages of the Budget presented to the House which cannot be excused. He must excuse my bluntness in emphasising them and in fact he must consider it as the kindest gesture which I can show to him consistent with the friendliest relations that exist between myself and the Hon'ble Member. Sir, I am afraid, that when he presented the budget, he opened it with the remarks that he is presenting the budget in two parts, one belonging to Cochin and the other to Travancore. In analysing the budget I propose to deal with the budget in three parts, the first belonging to the expenditure portion relating to Travancore, the second the budget receipts forecast for the coming year for Travancore and the third part the budget relating to Cochin. I read several times the budget speech of the Hon'ble Finance Minister and the irresistible impression that I formed about the expenditure portion of the budget of the current year is that it is the budget of a profligate and bankrupt, if I may be permitted to use those words. I am not using strong words without any foundation. I will be able to show this House how spendthrift has been developed by this Ministry during the current financial year. I am even afraid that the Hon'ble Finance Minister does not know the administrative detail of the budget and that he has not understood the basic principles of fiscal policy. He has unconsciously or consciously expressed in presenting the budget estimate for the present year "that the first thing in preparing the budget for a year is to forecast the anticipated revenue and expenditure for the year". If these are the canons of finance on which this budget is based, I am not amazed that the budget happened to be that of a profligate and spendthrift. It is accepted according to expert financiers, that the first thing required in a budget, is to tell the House what the fiscal policy the Government are going to pursue for the year, what exactly would be the expenditure to carry out such a policy and the ways and means by which the necessary funds are sought to be raised to meet this expenditure. When that is the accepted canon throughout the world, to-day our Hon'ble Member for Finance says that in preparing the budget he wanted to find out the revenue and how he could spend it. Sir, in Travancore we estimated for an expenditure of 853 lakhs during the current year and a revenue of 855 lakhs, and thereby we proposed to leave a surplus of 1½ lakhs. The revised estimate for the year shows that we incurred an expenditure of 1,010·74 lakhs while the revenue went to 903·70 lakhs, that is to say, the revenue improved during the current year and this Government was able to collect nearly a crore of rupees more. But they overspent nearly 2½ crores of rupees on the expenditure side. This has been done over the Head of the Legislative Assembly and without consulting this House. I ask the question how nearly 2½ crores of rupees has been spent without reference to the representatives of the people. Have we heard of such a thing in the history of any other country. I challenge the Government and the Finance Minister to explain how they spent 2½ crores of rupees more than the estimated expenditure. That amount was diverted and re-appropriated, without reference to the legislature and without any knowledge of us. The Hon'ble Finance Minister coolly now tells this House that unfortunately the previous Finance Minister has not included in his budget 166 and odd lakhs of rupees due on account of subsidy of food and he was sorry to tell us that the revised estimate for the current year ended in a deficit of 56 lakhs. Sir, when the revenue improved by two crores, I ask the question what is the meaning of the statement that but for the amount of 166 lakhs which has not been provided in the budget, the year would have ended in a surplus. Even allowing for 166 lakhs, the present Ministry has spent nearly one crore more than the budget estimate. It is a serious matter. It must open the eyes of all members. Just now an hon'ble member from Cochin told us that in all civilised countries there will not be any variation more than 2 per cent between the revised and budget estimates. Now it is more than 2½ crores and the Hon'ble Finance Minister is trying to lay the blame on the previous Finance Minister that he made an omission. That is nothing but mud-slinging and meaningless insinuation. The second point is to see how this amount has been found for expenditure. When they were faced with the demand for money almost all the nation-building services of the State were butchered to make the 2½ crores of rupees

available for expenditure elsewhere. When this Ministry came into existence they ordered all kinds of works to be suspended in the Public Works Department, including the restoration and repairs to minor irrigation works. When the whole of India is confronted with the problem of grow more food and they are exerting their utmost to improve all irrigation facilities, this Ministry relentlessly asked the Public Works Department to cut down all expenditure under 'minor irrigation' and not to spend any more money for the improvement of tanks and channels. In this way a sum of 2½ crores of rupees was found and spent elsewhere. I ask the question, what is left over of the irrigation fund and Public Works Fund? If I may be permitted to say so, it is nothing short of highway robbery to misappropriate these funds for other purposes. It is equivalent to robbing the poor people for the benefit of the rich.

This is not the whole picture. When the notice for the present session came to us we understood that a supplementary demand is coming. That is for about 11½ lakhs probably over and above the 2½ crores of rupees referred to above. They are bringing forward this supplementary demand for appropriating 11½ lakhs of rupees from the current revenue of the State.

Where is the demand? Why did the Government not bring this demand to the House? Has it been withdrawn subsequently? Or, as the Minister intends, does he propose to release it by means of notification? Probably, this also will be notified. Is it the proper way of consulting the House? Have they announced it as a supplementary grant? Where then can you find the money? The whole finances are in a muddled, suspicious and nebulous state (Laughter). There is no doubt about it.

Then let us see how they propose to raise money for the coming year. I am not going to waste the time of this House by narrating the new taxation proposals of the present Finance Minister. What I will tell you, Sir, is that he proposes to realise some 12 lakhs from stamps, 6 lakhs from Judicial stamps, 4 lakhs from registration, 5 lakhs from Anchal, 95 lakhs from Sales Tax, 40 lakhs from tobacco, 4 lakhs from salt and another 7 lakhs from Sales Tax from Abkari. That is to say, he proposes to impose additional taxation to the extent of Rs. 1,73,00,000, I am asking the question whether any member has realised the implication of the taxation. In Travancore, excluding the Cochin Part of the Union, and the Cochin population, every child is asked to bear Rs. 3 as additional taxation. If I want to smoke a cigarette, say, Players, I must pay 3 chuckrams. Has this Ministry realised these difficulties of the common man? They will say it is luxury. Rs. 40 lakhs from tobacco......

ശ്രീ. കെ. എം. ചാണ്ടി: സാധാരണക്കാരൻെറ ഒരു അത്യാവശ്യമാണോ സിഗററ് ?

**Sri. K. P. Nilakanta Pillai:** Yes; there are some schools of old financiers (Laughter) who say that taxing a luxury is a commendable thing and is a popular measure but the use of tobacco for men of the Malabar coast especially is considered a necessary luxury, just like chewing betel. It is part and parcel of the daily habit of our men. Therefore, that theory stands exploded. It may be justifiable to tax luxuries, but I assure the Finance Minister that he is not going to realise this Rs. 40 lakhs. But my point is really not that. Have you heard of such a taxation? In normal times, in any part of the world except in war conditions when you are compelled to preserve the nation, the tax of Rs. 3 per head is exorbitant. We never expected this result from the so-called integration.

The Finance Minister threatens at the latter portion of his speech that he proposes to impose these additional taxation by notification. Every day the Anchal peon comes with a Gazette Extraordinary which contains some notification or Proclamation. We are losing our nerves. What may happen tomorrow, we do not know. At the same time, has the learned Finance Minister apprised himself of the rates of the usual commodities in the market? For one *iddaly* we have to pay 2 chuckrams. For one chuckrum we get two fruits, *Palayamthodan*. The Congress Ministry has promissed to improve the lot of the common man and to raise his standard of life, but is this the way to improve our lot and to raise our standard of life? My God! let us be saved from these measures. That is my prayer.

When we come to the income-tax, the learned Member reduced the amount of the rate of assessment and raised the minimum assessable amount, thereby favouring of course, as he said the middle classes. It is all bunkum. There is no middle class for that matter. Deliberately it is going to help the rich and not the poor. That is the reason why, I ask, is it a poor man's budget. Therefore, all these taxations fall upon the poor consumer. The income tax, which

[Sri K. P. Nilakanta Pillai]

is a tax on profit, is not going to affect the price level. It is the other taxes such as stamp, tobacco, etc., that are going to affect the poor consumer and the ordinary man in the street adversely. That fact, this Hon'ble Finance Minister has forgotten.

Then about the forecast for the coming year. I remember what Voltaire said. He said, "In this miserable world, three-fourths of the events are shaped by King Hazard". Therefore, the Hon'ble Member leaves the future to King Hazard to shape in whatever fashion he would like to shape it. I want to substantiate everyone of his statements with reference to his speech. What has he said in the latter portion about the fiscal policy to be pursued hereafter ? Not a word. About public health, he says we have launched any new scheme. About the industry, he says that the future policy is one of discriminative protection and support. About agriculture he says is a big problem. About food, he says by 1951 no more rice will come to Travancore. It is a deficit State to the extent of 55 per cent. Therefore, you are going to starve and die, but what have you done ? "We have made a representation to the Central Government for sympathetic consideration." I will leave that point because King Hazard may take care of it !

**Mr. Speaker:** You have exceeded 15 minutes.

**Sri K. P. Nilakanta Pillai:** One minute more, Sir. It is a very important matter that I am going to refer to. My Cochin friends should not misunderstand me. I want them to understand me in the spirit in which I am telling them. We are one now. We are all brothers. The service in the United State's service not Cochin service and Travancore service. But what the late Cochin Ministry did just before integration, was this. A perusal of the budget will tell you a very woeful tale. At page 77 of the budget for 1124, they had temporary teachers to the extent of 319. This year they have got only 7. In other words about 319 teachers were all confirmed just before the integration. Almost in every department that is the case. (Laughter). One hundred and thirty-one Police Sub-Inspectors were confirmed on in 1125 while they had only 97 in 1124. All the temporary clerks in the Secretariat were confirmed, so much so that every man who had a footing in the service of the Cochin State became a confirmed man, while in our Secretariat, young men who had entered it more than 8 years ago still remain without confirmation. For a generation, if this Budget is accepted by this House, there is no hope for these young men of this country who entered service long ago. This is a most unfair act and I insist upon the appointment of a committee to go into this question of confirmation. I am not telling these points in any spirit of enmity towards the Cochin people. We are here to do justice. You have to do justice. If the Travancore Government also had done similar acts, that also must be scrutinized.

**Sri. P. K. Dewer:** Does the hon'ble member suggest that there is foul play ?

**Sri. K. P. Nilakanta Pillai:** Certainly, foul play. What do you mean ? *(Laughter).*

Of the 137 Sub-Inspectors 131 are confirmed and only 6 remain temporary at the beginning of 1125. As already stated, 300 teachers were confirmed all at once. In fact, everyone who had something to do with Cochin was confirmed and revision of pay also has been effected. On the other hand, here, men who had put in more than 8 or 10 years' service still remain temporary. Is it justice ? Something unfair has been done. A responsible Committee must be appointed to enquire into these affairs both in Cochin and Travancore so that justice may be done to all alike. The pity is, some of the servicemen say that there was not one patriotic man in the Ministry. What a sorrowful state of affairs ?

**Sri. C. L. Joseph:** I wish to speak a few words on this historic occasion. I do not, however propose to refer to the budget figures or the details of policy as enumerated by the Hon'ble Finance Minister. After all, finance is only a tool in the hands of the administrative authority and what is far more important, is the hand that weilds the tool. I am not a skilled politician, nor have I any party affiliations at present, and so I voice the feelings of those large numbers of politically mute fellow-citizens whose knowledge is scanty, but needs are great. I wish and pray, not for the success of this party or the other, but for a benevolent and efficient administration which would contribute to a better living in this part of the world.

I am a firm believer, Sir, in the democratic form of Government, but at present I see certain elements vital for the success of democracy absolutely lacking amongst us. This Assembly is the creature of a Statute, the Convenant, creating the United State of Travancore and Cochin—a State document which many hon'ble members of this House saw for the first time when published in the daily papers. That is not my conception of

the demoratic way of doing things; not that I have any quarrel with anything achieved. The consolidation and liquidation, wherever needed, of the 500 and odd Indian States, is a policy vital to the growth of the Indian Nation. That is undoubted. The congress party was in power in both the States, and so today we have a consolidated Congress Cabinet in power. Nobody has any quarrel with that.

But the success of democracy depends on the tolerance of the majority towards the monority, and the minority's willing submission to the decision of the composite body. The majority decision should prevail but the opinions of others should not be necessarily brushed aside for the only reason it comes from the opposite side whereas here the integration of the two States was achieved without even summoning the Legislative Assemblies of the two States. I concede the net result would have been the same. But how much more graceful would it have been if the two Legislatures had been summoned and opinions freely ventilated before such an important decision was taken. The two Governments themselves would have, or at least may have, benefitted by suggestions as to details and *modus operanda*. The reluctance and shyness to listen to the possible opposite view is the greatest danger to the growth of democracy. It is said marriages are made in heaven. But that integrations are made in the Cabinet.

Recently, Sir, there was a controversy in the press about this matter and it was extremely amusing to read how some people thought it worth while to quote English precedents to justify the above action. It was claimed that in all democratic countries, the party in power is privileged to take such vital decisions without consulting the Representative Assembly-a most curious proposition. It was claimed that the British Government declared war on Germany in 1939 without a resolution being passed by the House of Commons. If there is any constitution in the world which deserves the title of ideal democracy, it is the British Constitution, and to quote ts example to justify an undemocratic action is almost like the Devil quoting the Scripture. The first elementary mistake is, the House of Commons has no power to declare war or peace, only the Crown can do it. And their way is to vote an address of Congratulation to His Majesty on the success of his arms after war is won. But invariably the opinion of the House is consulted by initiating debates on the foreign policy, and before the last war many debates took place before and after the Munich pact. And further what did they do when the National Emergency arose. The Conservative Party which had a huge majority did not entrust the prosecution of the war to its Parlimentary Board or its working committee. What they did was to forget party politics and array themselves under the slogan, "For God, Crown and Country". That is what I call, Sir, true and genuine democracy. Recently we read that Prime Minister Attlee had long consultations with Mr. Churchill as to defence policy. Can we imagine our Prime Minister being allowed to consult opposition leaders when a vital issue arises.

And as far as we are concerned this evil of intolerance does not seem to stop even at this limit. Even within the party in power, are things quite happy ? Without the least disrespect to any body may I say that when a Minister has to resign within 24 hours after taking the oath of office things do not appear to be a bed of roses. In England and other places the difficulty of the Leader of the Party is to get sufficient number of competent hands to form his Cabinet. Here the process is just the reverse, i.e., how to keep out claimants. This is nobody's fault in particular; only we seem to be helpless victims in the vicious coils of a bad system of power politics. What is needed is a conscientious and determined effort on our part towards a different orientation in our mental outlook.

As yet we have not done badly. The congress is undoubtedly the only party today which can take up responsibility and it is a party with a noble party record of service and sacrifice. Only no party can afford to exist on its past record alone. The present Government have a comfortable majority and if I may say so, in the present Prime Minister they have a comptent leader. The creation of the Public Service Commission, Revenue Board, the new High Court, form excellent measures and we hear we have a very competent Chief Secretary. So that I presume, Sir, that hereafter our Ministry will not have to trouble themselves with appointments and administrative details an extremely healthy innovation, As the speech of the Finance Minister has revealed we are really facing a crisis. The food problem is still there in all its acuteness. We cannot help contributing towards the expenses of the Centre. The cost of living is not coming down and a huge population with no birth control, and only food control.

[Sri C. L. Joseph]

With regard to food production, if we go on with our present Grow MoreFood campaign we will be nowhere even in 1951. I have not cultivated an inch of ground during my life time and I am incompetent to suggest a plan. But I will say what we can do. There is no use of creating departments and making appointments according to seniority and satisfying communal claims. I would suggest to the Prime Minister to put a young and energetic Minister solely in charge of the portfolio and tell him as you Congress men said in 1942 "Do or Die"!! Mere amateurist work as is now going on and publicity in the press does not take us far.

The fad of ruinous prohibition had gone to the heads of our amateur politicians, perhaps for political reasons. I have not taken a drop of liquor in any form in all my life, and so this is not a special pleading. But as a medical man, I do know the great food and vitamin value of toddy. In fact I am prescribing toddy freely to many of my patients and with beneficent results. It is criminal folly to deny toddy to people in general and to labourers in particular. The rice that we eat is by no means a complete food and toddy is one of the complementary foods available to the workmen and the poor. And yet our politicians preach the shibboleth of prohibition, though many of them desire an occasional sip of liquor themselves. Madras has thrown away seventeen crores on the alter of prohibtion, and substitued illicit drinking and excise crime for good honest moderate drinking. Why not try to control drinking and preach temperance, rather than blindly jump into the quagmire of prohibition, which was a disastrous failure everywhere it was started. We are trying to convert every coconut tree into an illicit factory.

In all sincerity I appeal to the party in power to turn over a new leaf. We do not want such a large Cabinet. It is not that anybody grudges a ministership to another and considering that our ministers are poorly paid, it is not the cost that actually matters. But what is wrong and what particularly causes inefficiency is the idea of a Ministership being a reward to past party services or compensation to communal claims. I appeal to you to trust, not us, but your own leader, the Prime Minister. Let him have a small cabinet of his own choice and let competence be the only test. And for that he should be allowed to travel even beyond his own party if that is for the good. If the Prime Minister of India could have a non-congress Travancorean as a colleague, should I carry the argument further ? And if your Leader wants colleagues who are not members of this House at present, the patriotism of the membership of this House should rise to the occasion.

I appeal to my friends on this side of the House, in times like these, let us not oppose for the sake of opposition. It is our duty to criticise and we may sometimes use strong language but let it all be in a constructive spirit. And for the sake of all of us, let us unanimously stop this controversy about the site of the capital and the High Court and Law College. If we can have an efficient administration let its seat be even at Cape Comorin. The amount of crocodile tears shed in this House about the so-called hardship of advocates and clerks who had to migrate to Ernakulam had made my feet wet. Sir, I belong to a profession which daily comes in contact with all strata of society and differing opinions. And if my stethoscope has not completely deceived me, I hear serious rumbling sounds from the lungs of the body politic. A deep feeling of disappointment and even frustration is rampant. The cry from the cross "How long, Oh Lord, how-long" is what may grow into the funeral wail of a system of Government which is quite new to us. May God forbid such a catastrophe and I say the responsibility for making democracy a success in these parts rests squarely and fairly on the shoulders of the congress party. On behalf of myself and all those who happen to agree with me, I wish them and their first budget all success.

<u>ശ്രീ. എസ്സ്. കുട്ടൻ:</u> സർ, തിരുവിതാംകൂറിലെ ഐക്യരാജ്യങ്ങളുടെ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററ് അതു് അർഹിക്കുന്ന ഗൌരവത്തോടുകൂടി ഞാൻ സ്വാഗതം ചെയ്യുന്നു. സാമ്പത്തികശാസ്ത്രമീമാംസകനായ ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ കഴിവിന്റെ പരമാവധി ഈ ബഡ്ജററ് തയ്യാറാക്കുന്നതിനു് വേണ്ടി പ്രദർശിപ്പിച്ചിട്ടുണ്ടു്. ഈ ബഡ്ജററ് ഒരു ഡെഫിസിററ് ബഡ്ജററാണോ സർപ്ലസ് ബഡ്ജററാണോ എന്നല്ല ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നതു്. രാഷ്ട്രപിതാവിന്റെ നാമധേയസ്മാരകമായി അല്ലെങ്കിൽ അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ടു അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററ് സാധാരണക്കാരന്റെ ജീവിതത്തെ എത്രകണ്ടു് പുരോഗമിപ്പിക്കുവാൻ പ്രാപ്തമായിട്ടുണ്ടു് എന്നാണു് നാം നോക്കേണ്ടതു്. സർ, ഫിനാൻസ് മിനിസ്റ്റർ ഈ ബഡ്ജററ് അവതരിപ്പിച്ച സമയത്തു് അദ്ദേഹത്തിന്റെ ശ്രദ്ധേയമായ പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു :

"It has been a matter of anxious concern to the Government to finance the development and other nation building schemes, so as to improve the condition of the common man whose welfare is and should be the greatest concern of the Congress Government" എന്നു്. അധികാരത്തിൽ ഇരിക്കുന്ന കോൺഗ്രസ് ഗവമ്മെണ്ടിന്റെ ഏക ഉദ്ദേശം സാധാരണക്കാരന്റെ ജീവിതത്തോതു് ഉയർത്തിക്കൊണ്ടു് അവന്റെ നിലയെ പുരോഗമിപ്പിക്കുന്നതാണെന്നു് അദ്ദേഹം വിചാരിക്കുന്നുണ്ടോ? അവന്റെ വൈഷമ്യസ്ഥിതി തരണം ചെയ്യാത്തക്ക ഒരു നിലയിൽ അവനു് എത്തിച്ചേരുവാൻ സാധിച്ചിട്ടില്ലെങ്കിൽ അതിൽ ഗവമ്മെണ്ടിനു് കാര്യം ഒന്നും ഇല്ലെന്നും അദ്ദേഹം വിചാരിച്ചിട്ടുണ്ടോ? ഇങ്ങനെയും ഒരു പ്രസ്താവന കാണുന്നു.

"But it has not been possible to achieve this to the extent the Government desired, as the times are abnormal."

സർ, ധനകാര്യമന്ത്രി ഈ സഭയിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററു് അദ്ദേഹത്തിന്റെ ഉദ്ദേശമനുസരിച്ചു് സാധാരണക്കാരന്റെ ജീവിതത്തെ സാരമായി സ്പർശിക്കുന്ന എന്തെങ്കിലും കാര്യങ്ങൾക്കായി വിനിയോഗിക്കാമോ എന്നു് ചിന്തിക്കേണ്ടതാണു്. സാംസ്കാരികവും വിദ്യാഭ്യാസപരവും സാമ്പത്തികവും സാമൂഹ്യവും ആയ നിലയിൽ അവന്റെ ജീവിതത്തോതു് പുരോഗമിപ്പിച്ചും അതിനുള്ള ഉപാധികൾ കണ്ടു പിടിക്കുന്നതിനു് സൃഷ്ടിപരമായ നിർദ്ദേശങ്ങൾ വല്ലതും നൽകുവാൻ അദ്ദേഹത്തിനു് ഈ ബഡ്ജററു് മുഖേന സാധിച്ചിട്ടുണ്ടോ എന്നുള്ള കാര്യത്തെപ്പററി നാം ചിന്തിക്കണം. അദ്ദേഹത്തിന്റെ ബഡ്ജററു് പ്രമാണത്തിൽ നിന്നും പല സംഗതികളും അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നതായി നമുക്കു കാണാൻ കഴിയും. അതായതു് യൂണിയൻ ഗവമ്മെണ്ടുമായി ഉള്ള യോജിപ്പു് അഥവാ കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ഉള്ള സംയോജനംകൊണ്ടു് സംജാതമായിട്ടുള്ള വൈഷമ്യങ്ങൾ. ഈ അടുത്ത കാലത്തു് ഉണ്ടായിട്ടുള്ള ആഹാരദൌർല്ലഭ്യംമൂലം ഗവമ്മെണ്ടിൽ നിന്നും വലിയ തുക മുടക്കി വിദേശങ്ങളിൽനിന്നും അരി ഇറക്കുമതി ചെയ്തു് അതു് ന്യായമായ നിലയിൽ ഇവിടെ വിതരണം ചെയ്തതു് നിമിത്തം ഉണ്ടായിട്ടുള്ള നഷ്ടം അതായതു് ഉദ്ദേശം നൂറു ലക്ഷംരൂപാ ഒരാണ്ടിൽ. ഈ കാര്യങ്ങൾക്കു് ഒക്കെ പരിഹാരം നേടുന്നതിനു വേണ്ടി അദ്ദേഹം ശ്രമിച്ചിട്ടുണ്ടെന്നു് കാണാവുന്നതാണു്.

സർ, സാധാരണയായി ഒരു കൊല്ലത്തേക്കുള്ള ബഡ്ജററാണു് നിയമസഭകളിൽ അവതരിപ്പിക്കുന്ന പതിവു്. എന്നാൽ യാതൊരു കാരണവശാലും ഒരു കൊല്ലത്തിൽ കുറഞ്ഞ ഒരു കാലത്തേക്കു് ബഡ്ജററ അവതരിപ്പിക്കാൻ പാടില്ലെന്നില്ല. ഇപ്പോൾ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നതു എഴരമാസത്തേക്കുള്ള ഒരു ബഡ്ജററാണു്. തൊള്ളായിരത്തി നാല്പത്തിമൂന്നേകാൽ ലക്ഷം രൂപാ വരവും, തൊള്ളായിരത്തി മുപ്പത്തി ഒമ്പതേമുക്കാൽ ലക്ഷം രൂപാ ചെലവും മൂന്നര ലക്ഷത്തോളം രൂപാ നീക്കിയിരിപ്പുമുള്ള ഒരു മിച്ച ബഡ്ജററാണു് ഇതു്. ഒരു മിച്ചമുണ്ടാക്കി കാണിക്കുന്നതിനു മററു ചില ബഹുമാനപ്പെട്ട മെമ്പർമാർ പ്രസ്താവിച്ചതുപോലെ കണക്കുകൾ കൊണ്ടുള്ള ചെപ്പടി വിദ്യകൾ കാണിച്ചിട്ടുണ്ടെന്നു് ഞാൻ പറയുന്നില്ല. സുഗമമായ നമ്മുടെ ധനാഗമമാർഗ്ഗങ്ങളെ വിലങ്ങു വെച്ചിരിക്കുകയാണു്. അങ്ങിനെയുള്ള ഇന്നത്തെ പരിതസ്ഥിതികളിൽ ഒരു മിച്ച ബഡ്ജററ അവതരിപ്പിക്കുന്നതു് നിശ്ചയമായും അത്ര എളുപ്പമുള്ള ഒരു കാര്യമല്ല.

ധനാഗമമാർഗ്ഗങ്ങളിൽ ഒന്നു സ്റ്റാമ്പു ഡ്യൂട്ടിയാണു്. കാലത്ത ഇവിടെ പ്രസംഗിച്ച ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി ഈ ബഡ്ജററിൽ കൊച്ചിക്കാർക്കു ന്യായമായി ലഭിക്കേണ്ട സമ്പത്തിനെ കവന്നെടുത്തു തിരുവിതാംകൂറുകാർക്കുവേണ്ടി വിനിയോഗിച്ചിരിക്കുന്നു എന്നു്. കൊച്ചിയും തിരുവിതാംകൂറും യോജിച്ചു് ഈ ഐക്യസംസ്ഥാനം രൂപവൽകൃതമായതിനുശേഷവും കൊച്ചിക്കാരെന്നും തിരുവിതാംകൂറുകാരെന്നുമുള്ള ഭേദബുദ്ധിയോടു കൂടി ചിന്തിച്ചിട്ടു ആവശ്യമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അഥവാ ഉണ്ടെന്നു പറയുകയാണെങ്കിൽ തന്നെ എനിക്കൊരു സംഗതി പറയാനുണ്ടു്. കൊച്ചിക്കാരുടെ സമ്പത്തു തിരുവിതാംകൂറിനുവേണ്ടി കവന്നെടുത്തു എന്നു പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. സ്റ്റാമ്പു ഡ്യൂട്ടിയെ സംബന്ധിച്ചാണെങ്കിൽ അതു മദ്രാസ് പ്രവിശ്യയിലും മററും നിലവിലിരിക്കുന്നതിൽ നിന്നും കൂടുതലല്ല. ഈ ഐക്യസംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും സ്റ്റാമ്പു ഡ്യൂട്ടിക്കു് ഒരു ഐകരൂപ്യം വരുത്തിയിട്ടുണ്ടെന്നു മാത്രമേ ഉള്ളു. കൊച്ചിക്കാരുടെ സമ്പത്തു് തിരുവിതാംകൂറിനുവേണ്ടി കവന്നെടുക്കുകയാണോ അതോ തിരുവിതാംകൂറുകാരുടെ നികുതിഭാരം വർദ്ധിപ്പിക്കുകയാണോ ചെയ്തിട്ടുള്ളതെന്നു്........

ശ്രീ. എ. കെ. ജോർജ്ജ്: കാലത്തു പ്രസംഗിച്ച മെമ്പർ സ്റ്റാമ്പു ഡ്യൂട്ടിയെപ്പററിയല്ല, കസ്റ്റംസിനെപ്പററിയാണ് പറഞ്ഞതെന്നു ഓർമ്മയുണ്ടോ?

ശ്രീ. എസ്സ്. കുട്ടൻ: എൻെറ ഓർമ്മശരിയാണെങ്കിൽ, ആ ബഹു: മെമ്പർ പറയുകയുണ്ടായി തിരുവിതാംകൂറുകാർക്കുവേണ്ടി കൊച്ചിയുടെ വരുമാനത്തെ കവർന്നെടുത്തു ബഡ്ജററു നിർമ്മിച്ചിരിക്കുന്നു എന്നു്. സ്റ്റാമ്പുഡ്യൂട്ടിയിൽനിന്നും ൧൨ ലക്ഷം രൂപാ വരവു് പ്രതീക്ഷിക്കുന്നുണ്ടു്. അതുപോലെതന്നെ കോർട്ട്ഫീസ് സ്റ്റാമ്പിനത്തിൽ ൱ ലക്ഷം രൂപാ വരവുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. ഇപ്പോൾതന്നെ ആവശ്യാനുസരണം കോർട്ട്ഫീസ് സ്റ്റാമ്പുകളും മുദ്രപത്രങ്ങളും ലഭിക്കുന്നില്ല. ഇനിയും ജനങ്ങളുടെമേൽ വമ്പിച്ച ഒരു നികുതി വച്ചുകെട്ടുകയല്ലേ എന്നു ഞാൻ സംശയിക്കുന്നു. രജിസ്ട്രേഷൻ ഇനത്തിൽ ൪ ലക്ഷം രൂപയാണ് വരവു പ്രതീക്ഷിച്ചിരിക്കുന്നതു്. സെയിൽസ് ടാക്സിനെ സംബന്ധിച്ചാണെങ്കിൽ പല ബഹു: മെമ്പറന്മാരും അതിനെക്കുറിച്ചു് ഇവിടെ പറഞ്ഞുകഴിഞ്ഞു. ആയിനത്തിൽ ഏഴരലക്ഷം രൂപാ വരവു പ്രതീക്ഷിക്കുന്നുണ്ടു്. ൧൧൨൪-ലെ ഇൻകംടാക്സ് ആക്ടിലെ വ്യവസ്ഥകൾക്കു് വിധേയമായി കാർഷികാദായനികുതി ഈടാക്കുന്നതിനുള്ള ഏർപ്പാടുകളും ഇതിലുണ്ടു്.

ഈ സന്ദർഭത്തിൽ ഒരുവാക്കുകൂടി പറയണമെന്നു എനിക്കാഗ്രഹമുണ്ടു്. ഈ രാജ്യത്തെ സാധാരണക്കാരായ കൃഷിക്കാർ, കർഷകതൊഴിലാളികൾ മുതലായവരുടെ സ്ഥിതി നന്നാക്കുന്നതിനുള്ള ഒരു ബഡ്ജററാണോ ഈ സഭയുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നതെന്നു് ഞാൻ ബഹു: ധനകാര്യമന്ത്രിയോടു ചോദിക്കുന്നു. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ 'to improve the condition of the Common man" എന്നു പറഞ്ഞിരിക്കുന്നു. ഈ ഐക്യസംസ്ഥാനത്തിലെ സാധാരണക്കാർ ആരാണ്, കൃഷിക്കാർ, കർഷകതൊഴിലാളികൾ, കയററു വ്യവസായതൊഴിലാളികൾ, നെയ്ത്തുതൊഴിലാളികൾ എന്നിങ്ങനെയുള്ളവരാണ് ഇവിടത്തെ സാധാരണക്കാർ. അവരെ ഉന്നമിപ്പിക്കുന്നതിനു് അല്ലെങ്കിൽ അവരുടെ അവശതകൾ പരിഹരിക്കുന്നതിനു് ഉള്ള ജനകീയഭരണമാണ് ഇപ്പോൾ നടക്കുന്നതു്. അതിനനുയോജ്യമായ വിധത്തിലാണോ ഈ ബഡ്ജററു സംവിധാനംചെയ്തിട്ടുള്ളതെന്നു ഞാൻ ചോദിക്കുന്നു; അങ്ങിനെയല്ല ഈ ബഡ്ജററു സംവിധാനം ചെയ്തിരിക്കുന്നതു് എന്നു മാത്രമേ ഈ സന്ദർഭത്തിൽ പറയണമെന്നു ഞാൻ വിചാരിക്കുന്നുള്ളു.

സർ, അഞ്ചൽ ചാർജ്ജ് വർദ്ധിപ്പിച്ചിരിക്കുന്നതിൽനിന്നും അഞ്ചുലക്ഷം രൂപാ ഗവമ്മെൻറു് വരവു പ്രതീക്ഷിക്കുന്നുണ്ടു്. അതിനും പുറമെ പുതിയ പുകയില ലേലസമ്പ്രദായത്തിൽനിന്നും ഭീമമായ ഒരു സംഖ്യ ഗവമ്മെൻറു പ്രതീക്ഷിക്കുന്നുണ്ടു്. അതായതു ൪൦ ലക്ഷം രൂപാ.

ട്രാൻസ്പോർട്ടു വ്യവസായം ദേശീയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു കാണുന്ന ഈ സന്ദർഭത്തിൽ ട്രാൻസ്പോർട്ടിനെ സംബന്ധിച്ചു് ഒന്നുരണ്ടു വാക്കുകൾ പറയാതിരിക്കാൻ നിവൃത്തിയില്ല. ൨൫൦ ബസ്സുകളും ൱൫ ലോറികളും സർവ്വീസ്സ് നടത്തുന്നുണ്ടെന്നു പറയുന്നു. ഗവമ്മെൻറിൽനിന്നും ഒരു പദ്ധതി ആസൂത്രണം ചെയ്തു ട്രാൻസ്പോർട്ട് ദേശവൽക്കരിക്കേണ്ടതുതന്നെയാണ്. ബസ്സിൽ യാത്രചെയ്യുന്നതിനെ സംബന്ധിച്ചും എനിക്കു് ഒന്നു പറയുവാനുണ്ടു്. ചക്രംകൊടുത്തു സഞ്ചരിക്കുന്ന ആളുകൾ ഇരിക്കുവാൻ സ്ഥലമില്ലാതെ നിന്നു കഷ്ടപ്പെടുകയും വിഷമിക്കുകയും ചെയ്യുമ്പോൾ ഡിപ്പാർട്ടുമെൻറിലെ സ്റ്റാഫ് അംഗങ്ങൾ—കുറഞ്ഞ പ്യൂൺമാർ മുതൽ ഡയറക്ടർ സ്ഥാനംവരെ അലങ്കരിക്കുന്ന മാന്യന്മാർ—സുഖമായി ഫ്രീയായിട്ടു് സിററിംഗ് കപ്പാസിററിയിൽ യാത്രചെയ്യുന്നതു എത്രമാത്രം ദയനീയവും ദുസ്സഹവുമാണെന്നുള്ള വസ്തുത ഈ സന്ദർഭത്തിൽ ബഹു: ട്രാൻസ്പോർട്ടു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

ബഡ്ജററു ആദ്യവസാനം പരിശോധിച്ചാലും രാജ്യത്തെ സാധാരണക്കാരുടെ നില നന്നാക്കുന്നതിനു് ഈ ബഡ്ജററിൽനിന്നും വളരെയൊന്നും പ്രതീക്ഷിക്കാമെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂറിലെ സാധാരണക്കാരുടെ കൂട്ടത്തിൽ സാധുക്കളായ പോലീസ് കാൺസ്റ്റബിൾമാർ, എക്സൈസ്സ് ശിപായിമാർ, അഞ്ചൽ ശിപായിമാർ, പ്രൈമറി അദ്ധ്യാപകന്മാർ എന്നിങ്ങനെ ഉള്ളവരും ഉൾപ്പെടുന്നുണ്ടു്. അവരുടെ ഉദരപൂരണത്തിനു വേണ്ടിയുള്ള ശമ്പളം നൽകാനുള്ള ഒരു പദ്ധതിയും ഇതിൽ കാണുന്നില്ല. ഡിസ്ട്രസ് റിലീഫിനു് ഒരു ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്. അതുപോലെതന്നെ അധഃകൃതസംരക്ഷകൻെറ മേൽനോട്ടത്തിൽ നടക്കുന്ന പിന്നോക്കസമുദായോദ്ധാരണ പ്രവൃത്തികൾക്കും ഒരു

തുക നീക്കിവച്ചിട്ടുണ്ട്. മുൻകൊല്ലങ്ങളിലെ ബഡ്ജററുമായി താരതമ്യപ്പെടുത്തി നോക്കിയാൽ ഇതു അത്ര വലിയ ഒരു തുകയാണെന്നും അവരുടെ അവശതകൾ പരിഹരിക്കുന്നതിന് മതിയായ ഒരു തുകയാണെന്നും ഞാൻ കരുതുന്നില്ല.

സർ, ഇതിനെ സംബന്ധിച്ച് അധികാരത്തിലിരിക്കുന്ന കാൺഗ്രസ് ഗവമ്മെൻറു ഒന്നുകൂടി അവഗാഢമായി ചിന്തിച്ച് കഴിയുന്നതും സാധാരണക്കാരന്റെ നില ഉയർത്താൻ അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു പ്രവർത്തനം ചെയ്യുന്നതു് നന്നായിയിരിക്കുമെന്നു അഭിപ്രായപ്പെട്ടുകൊണ്ടും അപ്രകാരം ചെയ്യുന്നതിനു ഗവമ്മെൻറിനോടു അപേക്ഷിച്ചുകൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

സാഹിബ് ബഹദൂർ മുഹമ്മദു മുസ്തഫാ: സർ, ഐക്യ സംസ്ഥാനത്തിന്റെ ആദ്യത്തെ ബഡ്ജററ്. നമ്മുടെ ഫൈനാൻസ് മന്ത്രി അവതരിപ്പിച്ചിരിക്കുകയാണ്. ഏററവും സ്പഷ്ടവും കാര്യമാത്രപ്രസക്തവുമായ ഒരു ബഡ്ജററാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നതെന്നു് ഈ ബഡ്ജററ് ഒന്നു പരിശോധിക്കുന്ന പക്ഷം മനസ്സിലാക്കുവാൻ വലിയ പ്രയാസമുണ്ടായിരിക്കുന്നതല്ല. ഈ ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നതു് സാധാരണയിൽനിന്നും വളരെ വ്യത്യസ്തമായ ഒരു പരിതഃസ്ഥിതിയിലാണെന്ന് ഈ ബഡ്ജററു് പഠിക്കുന്നതിനു മുമ്പ് അതിന്റെ പശ്ചാത്തലമായി ഗണിക്കേണ്ട ആവശ്യമുണ്ട്. സാധാരണ ഓരോ കൊല്ലത്തേക്കും ബഡ്ജററുകൾ ഉണ്ടാക്കുകയാണ് പതിവ്. എന്നാൽ ഏഴരമാസങ്ങൾക്കുവേണ്ടിയുള്ള ബഡ്ജററാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു്. രണ്ടു രാജ്യങ്ങളെ തമ്മിൽ സംയോജിപ്പിച്ച് ഒരു സ്റ്റേററ് യൂണിയൻ സംഘടിപ്പിച്ച് ആ യൂണിയനുവേണ്ടിയുള്ള ബഡ്ജററ് എന്ന നിലയിലാണ് അവതരിപ്പിച്ചിരിക്കുന്നതു്. അതുപോലെതന്നെ ഇവിടത്തെ സക്കാർ നാണയങ്ങൾ ഇന്ത്യൻ നാണയങ്ങളോടു് തുല്യമാക്കുന്നതിനുള്ള അഡ്ജസ്റ്റ്മെൻറും വേണ്ടിവന്നിട്ടുണ്ട്. ഇങ്ങിനെയുള്ള പരിതഃസ്ഥിതികളിൽ ഒരു ചുരുങ്ങിയ കാലത്തേക്കുവേണ്ടി മാത്രം, അതായതു് ഏഴരമാസങ്ങൾക്കു മാത്രമായി അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിനെ ഒരു പ്രത്യേക പശ്ചാത്തലത്തിൽകൂടിവേണം വീക്ഷിക്കേണ്ടതു്. ആ നിലയിൽ ഈ ബഡ്ജററ് ഏററവും കാര്യമാത്രപ്രസക്തമാണെന്ന് വിശ്വസിക്കുന്നതോടുകൂടി ബഡ്ജററു് അവതരിപ്പിച്ച ഫൈനാൻസുമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ അശേഷം മടിക്കുന്നില്ല. നമ്മുടെ ആസ്തികളും ബാദ്ധ്യതകളും ശരിയായി പരിശോധിക്കുകയും ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന വരവുകളും ചിലവുകളും ശരിയായി പഠിക്കുകയും ചെയ്യുന്ന പക്ഷം ഈ സ്റ്റേററിലെ സാമ്പത്തികനില ഏററവും ഭദ്രമാണെന്ന് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതിനോടു് പരിപൂർണ്ണമായി യോജിക്കാൻ സാധിക്കുന്നതാണ്. ഒരു രാജ്യത്തിലെ ബഡ്ജററിനെക്കുറിച്ച് ചിന്തിക്കുന്ന അവസരത്തിൽ പ്രധാനമായി ഫൈനാൻസിനെപ്പററി മാത്രമല്ലാ ആലോചിക്കേണ്ടതെന്നും, നേരെമറിച്ച് രാജ്യത്തിന്റെ ഭാവി സാമ്പത്തികസ്ഥിതി എന്തായിരിക്കും, എങ്ങിനെയാണ് പുരോഗമിക്കാൻ പോകുന്നതെന്നുള്ള വീക്ഷണഗതിയിൽകൂടി വേണം ബഡ്ജററിനെ സമീപിക്കേണ്ടതെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. അങ്ങനെ നോക്കുമ്പോൾ ആ വീക്ഷണഗതിയിൽ ചില കാര്യങ്ങൾ പ്രത്യേകമായി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അടുത്ത ഒരു കൊല്ലം ലോകത്താകമാനം തന്നെ സാമ്പത്തികമായി വലിയ വിഷമകരമായ ഒരു ഘട്ടം സംജാതമാകാൻ പോകുന്നുവെന്നു സാമ്പത്തികവിദഗ്ദ്ധന്മാർ എല്ലാംതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. അങ്ങിനെയുള്ള ഒരു സാമ്പത്തികാധഃപതനഘട്ടത്തെ അഭിമുഖീകരിക്കാനുള്ള പദ്ധതികൾ അല്ലെങ്കിൽ കണക്കുകൾ ആസൂത്രണം ചെയ്യുന്ന ഒരു സമ്പ്രദായമാണ് ഇത്തരം ഒരു ബഡ്ജററിൽ ആവശ്യമായിരിക്കുന്നതു്. വരവിനങ്ങളിൽ വളരെക്കൂടുതൽ സ്പെക്കുലേററു് ചെയ്യുന്നതു് ഈ മാതിരി അടിയന്തിര ഘട്ടങ്ങളിൽ ആപൽക്കരമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. വ്യവസായിയുടേയും, വ്യാപാരിയുടേയും വീക്ഷണഗതിയിൽകൂടി നോക്കുമ്പോൾ അടുത്ത കൊല്ലം സാമ്പത്തിക വിഷമംകൊണ്ടു് വലിയ ആദായങ്ങൾ എടുക്കാൻ സാധിക്കുകയില്ലെന്നുള്ള ഒരു പരിതഃസ്ഥിതി ഉണ്ടാകുകതന്നെ ചെയ്യും. അതുപോലെതന്നെ സാധാരണക്കാരന്റെ ജീവിതത്തോതു് ഇന്നത്തേതിൽനിന്നും വളരെ വിഷമകരമായ ഒരു പരിതഃസ്ഥിതിയിൽകൂടിയാണ് മുന്നോട്ട് പോകേണ്ടിവരുന്നതു്. ആ പരിതഃസ്ഥിതിയിൽകൂടിവേണം ബഡ്ജററിനെപ്പററി ചിന്തിക്കുകയും വീക്ഷിക്കുകയും ചെയ്യേണ്ടതു്. വളരെ ആവേശത്തോടുകൂടി പ്രസംഗിക്കുവാനുള്ള കാര്യമല്ല ബഡ്ജററ് എന്ന് എനിക്കറിയാം. ബഡ്ജററിന്നു് ചിലകുറവുകളുണ്ടെന്ന് ചൂണ്ടിക്കാണിച്ച എന്റെസ്നേഹിതന്മാർ ഗവമ്മെണ്ടിന്റെ പാളിസിയെ സംബന്ധിച്ചോ ഭാവി സാമ്പത്തികനയത്തെ സംബന്ധിച്ചോ വളരെ കൂടുതലായി

[Sahib Bahadur Mohamed Mustaffa]

ഒന്നും പ്രതിപാദിച്ചിട്ടില്ല. അതായതു വലിയ വലിയ പുളുകൾ അടിച്ചിട്ടില്ലെന്നാണ്. എനിക്ക് പറയാനുള്ളത് ഇതിനു മുമ്പുള്ള ബഡ്ജററുകളിൽ അത്തരം പ്രസ്താവനകൾ ഉണ്ടായിരുന്നു എന്നും എന്നാൽ അവയുടെ പര്യവസാനം എങ്ങിനെയായിരുന്നു എന്നു പരിശോധിക്കുന്ന പക്ഷം ജനക്ഷേമകരങ്ങളായ കാര്യങ്ങൾക്കുവേണ്ടി കോടിക്കണക്കിനു രൂപാ ഉൾപ്പെടുത്തിയിരുന്ന പല ഇനങ്ങളിലും മൂന്നു ലക്ഷവും ഒന്നരലക്ഷവും ഒക്കെ ചെലവാക്കുകയാണ് ചെയ്തിട്ടുള്ളതെന്നും കാണാം. ഗവമ്മെണ്ട് ഏററവും കാര്യമാത്രപ്രസക്തമായ ഒരു ബഡ്ജററാണ് അവതരിപ്പിച്ചിരിക്കുന്നതെങ്കിലും, ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന ചെലവിനങ്ങളെല്ലാം വരവിനങ്ങളെപ്പോലെതന്നെ ചെലവു ചെയ്യുന്നതിനും ജനങ്ങൾക്ക് എത്രമാത്രം ഗുണകരമായി പ്രവൃത്തിക്കാൻ സാധിക്കുമോ അത്രത്തോളം ഊർജ്ജസ്വലമായി പ്രവൃത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ബഡ്ജററിൽ വലിയ പദ്ധതികളൊന്നും ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് പൊതുവെ പറഞ്ഞതായി ഞാൻ മനസ്സിലാക്കുന്നത്. സ്റ്റേററിന്റെ സാമ്പത്തികനില അതിനു പററിയതല്ലെന്നുള്ളത് പരമാർത്ഥമായ ഒരു വസ്തുതയാണ്. പരമാർത്ഥമായ വസ്തുതകളെ മറയ്ക്കാൻ ശ്രമിച്ചിട്ടില്ലെന്നുള്ളതുകൊണ്ടുതന്നെ ഫൈനാൻസ് മന്ത്രി അഭിനന്ദനാർഹനാണെന്ന് ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ അവസരത്തിൽ പ്രധാനമായി എനിക്ക് പറയുവാനുള്ളത് ഇൻകംടാക്സ്, സെയിൽസ് ടാക്സ് ഈ മാതിരിയുള്ള സാമ്പത്തിക മണ്ഡലങ്ങളിൽനിന്നും പ്രതീക്ഷിക്കുന്ന വരവുകൾ അടുത്ത സംവത്സരത്തെ സംബന്ധിച്ചിടത്തോളം പ്രതീക്ഷിക്കുന്നതുപോലെ ഉണ്ടാകുമോ എന്നുള്ള കാര്യത്തിൽ ഗവമ്മെണ്ട് പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടതാണെന്നാണ്. മറെറാരു പ്രധാനകാര്യം ഭക്ഷണകാര്യങ്ങളിൽ നാം പിന്നോക്കം നില്ക്കുന്നതുകൊണ്ട് ഏററവും വിഷമകരമായ ഒരു നിലയെ അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നു എന്നുള്ളതാണ്. ആ വിഷയത്തിൽ ൩ ൨ ൫ ലക്ഷത്തിലധികം രൂപാ നഷ്ടപ്പെട്ടിരിക്കുന്ന ഒരു സ്റ്റേററ് ആണെന്ന് നാം മനസ്സിൽ വെച്ചുകൊണ്ടുവേണം നാം നമ്മുടെ സാമ്പത്തിക സ്ഥിതിയെപ്പററി ആലോചിക്കാൻ. ഇതിനൊരു പരിഹാരമായി ഇന്ത്യാ ഗവമ്മെണ്ടിൽനിന്നും സബ്സിഡി ലഭിക്കുമെന്ന് വിചാരിക്കാമെങ്കിലും, ആ നഷ്ടകാരണങ്ങൾ അറിഞ്ഞു പ്രവൃത്തിച്ചാൽ നമ്മുടെ സാമ്പത്തിക സ്ഥിതിയെ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. കാർഷികമായി അല്ലെങ്കിൽ ഭക്ഷ്യോല്പാദനകരമായി ശരിയായ പ്ലാനിങ്ങോടുകൂടി രണ്ടുമൂന്നു കൊല്ലങ്ങൾക്കുള്ളിൽ ഭക്ഷണകാര്യങ്ങളിൽ ഏററവും സുപര്യാപ്തമായ ഒരു നില ഈ സ്റ്റേററിൽ വരുത്തുന്നതിന് നമ്മുടെ ഗവമ്മെണ്ട് ഊർജ്ജസ്വലമായി പ്രവൃത്തിക്കേണ്ടതാണ്. ഒരു ലക്ഷ്യവുമില്ലാതെ പുതിയ പുതിയ പദ്ധതികൾ നടപ്പിൽ വരുത്തുകയും അതു ഓരോന്നും പരിശോധിച്ചു പുറംതള്ളുകയും ആണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. കാർഷികമായി നമ്മുടെ ശക്തി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഈ രണ്ടു മൂന്നു കൊല്ലത്തിനകം ഇത്ര ഏക്കർ സ്ഥലം കൃഷിചെയ്യണമെന്നും ആ സ്ഥലത്തുനിന്നും ഇത്ര പറ നെല്ല് ലഭിക്കുമെന്നും ശരിയായ ഒരു എസ്റ്റിമേററ് തയ്യാറാക്കുന്നതിനും അതിന് ആവശ്യമുള്ള സ്ഥലം കൃഷിക്ക് വിധേയമാക്കുന്നതിനും അതിൽനിന്നുള്ള ഉല്പാദനംകൊണ്ട് നമ്മുടെ ഭക്ഷ്യനിലക്ക് ആശാസ്യമായ ഒരു അഭിവൃദ്ധി വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതു ആവശ്യമാണ്. അതു കൈവന്നു കഴിഞ്ഞാൽ സാമ്പത്തികമായിവലിയ ആശങ്കകൾ കൂടാതെതന്നെ കഴിയാവുന്നതാണ്. അതുപോലെതന്നെ വ്യവസായികമായും, വാണിജ്യപരമായും ശരിയായ പ്ലാനിങ്ങോടുകൂടി പ്രവൃത്തിക്കേണ്ടിയിരിക്കുന്നു. ഗവമ്മെണ്ട് അനേകകോടി പണം ഇവിടത്തെ വ്യവസായങ്ങളിൽ മുതൽ മുടക്കിയിരിക്കുന്നതായി കണക്കുകൾകൊണ്ടു കാണുന്നു. ആ പണത്തിനെ ശരിയായി വിനിയോഗിക്കുന്നതിനും അതിൽനിന്നും തക്കവിധത്തിലുള്ള ആദായം ലഭിക്കുന്നതിനും ഗവമ്മെണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ കാര്യം ഇതിൻമുമ്പും തിരുവിതാംകൂർ അസംബ്ളിയിൽ പല പ്രാവശ്യവും ഉന്നയിച്ചിട്ടുള്ളതാണ്. നാം വ്യവസായങ്ങളിൽ വളരെ വമ്പിച്ച ഒരു തുകയാണ് മുതൽ മുടക്കിയിട്ടുള്ളത്. അതിന്റെ ശരിയായ പലിശയും ന്യായമായ ആദായവും ലഭിക്കുന്നപക്ഷം യാതൊരു തരത്തിലും നമ്മുടെ സാമ്പത്തികസ്ഥിതിക്ക് കുറവു വരുന്നതല്ല. അതുകൊണ്ട് ഏററവും ഫലപ്രദമായ നിലയിൽ നമ്മുടെ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഗവമ്മെണ്ട് വളരെ ശക്തമായും തീഷ്ണമായും ശ്രമിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഫിനാൻസ് മന്ത്രിയെ അനുമോദിച്ചുകൊള്ളുന്നു.

**Sri. D. Gnanasigamoni:** Sir, the first budget presented to this United Assembly appears to me in many ways slip shod and disappointing. In the peculiar circumstances in

which the integration of the two States were brought about and the consequent fusion of the finances of the two States, one would have expected a vivid portrayal of the finances of the two States at the time when the budget is presented. Sir, one looks in vain into the budget to find any indication of this kind. All that is done is what is repeated from year to year, and no attempt is made to enquire into the financial soundness of the integrated States, or otherwise convince the people that nothing is wrong. Now it is common knowledge that we have not funds even to purchase the quota of food materials allotted to us by the Indian Union. If that be the state of affairs immediately prior to the presentation of this budget, what could be said of this budget which puts on just a different appearance altogether. The first thought that strikes one therefore is whether any reliance could be placed on the figures contained in it. In the peculiar circumstances in which we came into being the first thing that the Government ought to have done is the creation of a Public Accounts Committee followed by an independent audit of accounts as in all well regulated administrations. None of these things was done and to that extent the Budget is unworthy of credit and unacceptable. In this budget itself practically nothing has been set apart to improve the lot of the common man. Sir, one would like to know the principle underlining this budget. Budget should be so framed as to produce the greatest happiness to the greatest number. Sir we have in this country which is mainly agricultural 75% of its population as agriculturists. What has the Government done to improve their lot? The Grow More Food Compaign is an advertised non-sense. Instead of helping and encouraging the agriculturists Government have often been a stumbling block with the consequent ever increasing import of rice. All the schemes under this head have failed in the past and will fail hereafter due to the paucity of funds advanced under this head. I ask why grudge spending more money for the benefit of 75% of the population of the State. We have it from the Royal Commission on Indian agriculture that one of the main needs of the agriculturists is to improve them by sanitary and educational methods. Inspite of all the advantages we have in this country for the development of agriculture we do not take full advantage by providing the necessary funds for the same. We are merely content with buying from abroad. If only one fourth of that amount were to be spent in the development of agriculture, it will not be long before we become self-sufficient. In this connection it will not be out of place if I mention that while nearly 18,000 acres of forest lands have been leased in North Travancore for cultivation, not one inch of such forest lands has been leased in South Travancore? which betrays a policy of discrimination and hatred towards the Tamils. I find a sentence in the speech of the Hon'ble Finance Minister "if there is no response from big land owners and absentee land lords, the Government will not hesitate to take necessary legislative powers to take over such lands". I am surprised to find the Hon'ble Finance Minister all on a sudden turning a Hitler. A common man is bound to ask "what have the Government done for him.". In every field there is an increase of taxation with no corresponding benefit. But here is a threat by the Hon'ble Finance Minister. I am surprised to find that such a statement could proceed from the Finance Minister as I know him.

I would like to say a word about the Railway. One sentence in the budget speech is noteworthy. It is said that the Government of India have also been approached for connecting Quilon and Alwaye by rail. What is this kind of approach? What has he to say about South Travancore? The extension of the railway to the South is equally important. It is so debated last time during the budget session. But our Government have only approached the Government of India this way. I do not know whether it is an approach by the back door. This is a matter primarily resting with Government of India. But does he think that South Travancore is no man's land. After all what has to be done is a mere request. But this Goverument have not at least endeavoured to make a request regarding South Travancore. It is in our own interest to prevent the growth of this destructive and anti-social out look on the part of the Government.

**The Hon'ble Sri. E. John Philipose:** May I inform the member that no formal request has been made by this Government and that the matter will be considered.

**Sri. D. Gnanasigamoni:** But the Finance Minister has stated that the Government of India have already been approached so far as North Travancore is concerned and what does the sentence I read out mean?

**The Hon'ble Sri. E. John Philipose:** That is the intension of the Government which then existed.

**Sri. D. Gnanasigamoni:** The creation of a Public Service Commission is welcome so far as it goes. But that has come too late. In the recent past Government have run rough-shod over the claims of others, created unwanted and fantastic posts and appointed persons indiscriminately over the rightful claims of others. Corruption, favouritism, nepotism and linguistic bias were rampant. Minorities, particularly the Tamilian minorities suffered most. Personal considerations were put above public considerations in the matter of appointment to Government posts and the result is there was discontent everywhere. And there was such a volume of protest in the press and elsewhere that in the interest of Government itself, the Government should have appointed an Enquiry Commission to go into these allegations of corruption and that is what the people want and that is what the people demand instead of a post-haste creation of a Public Service Commission. That is necessary Sir, to instil confidence in the minds of the public and in all ranks of all public services. Otherwise this creation of a Public Service Commission is a waste. It is time that when we are marching past towards real democratic Government that such an anti-national and reactionary mentality is given up and purity of public service maintained for the good of all concerned.

Now I say a few words about the prohibition policy of this Government. The party now in power have been now for a considerable time speaking and pleading for the introduction of prohibition and when real power came, a sort of temerity is shown and instead of introducing prohibition throughout, the southern taluks were pitched upon for the trial of this experiment. This was then thought to be most mischievous part of Government programme. The southern taluks welcomed it and made it a success and continue to make it a success. But the prohibition enforcement staff is more intent on reviving the old smashed State Congress organisation than in the enforcement of the prohibition itself.

The Finance Minister's speech is something like a lamentation and he blames integration for this sorry state of affairs. He admits he is unable to provide for a more ambitious programme but has not hesitated to resort to additional taxation. All that remains is a pious hope that the Government of India will consider with sympathy their representation to fully compensate the loss brought about by this financial integration, and he wants us to live in that hope. Viewed in such a setting this Government is on its backward march and the budget itself is a mere show and may ultimately end in smoke.

One word in reply to The Hon'ble Deputy Speaker. He seems to be glorifying in the fact that this integration is the first step towards Aikkya Kerala. If the Three Man Committee Report means anything, it means that Aikkya Kerala has been torpedoed once for all. While we wish well by our own Malayali brotheren, we will resist with all the force at our command any insidious attempt to include the unwilling Tamils into the Aikkya Kerala of their dream. We wish to make it perfectly clear that under no circumstances will we be in the proposed Aikkya Kerala, and have fought and won the election on this issue unlike the State Congress which has yet to ascertain the views of the electorate on this issue.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: സർ, ആദർശത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ അലതല്ലിയ ചില നെടുനെടുങ്കൻ പ്രസംഗങ്ങളും ഞാൻ കേൾക്കുകയുണ്ടായി. ആ പ്രസംഗങ്ങളുടെ പ്രവാഹത്തിൽപ്പെട്ടു മന്ത്രിസഭയുടെ കാൽ വഴുതിപ്പോകരുത് എന്നു മാത്രമേ എനിക്കു പറയാനുള്ളു. ഇന്നു നമ്മുടെ ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജററ വീഴ്ചകളോ തിഴ്ചകളോ ഇല്ലാത്ത ആദർശപരമായ ഒരു ബഡ്ജററാണെന്നു അദ്ദേഹം തന്നെയും അഭിമാനിക്കുമെന്ന് എനിക്കു തോന്നുന്നില്ല. എന്നാൽ ഈ ബഡ്ജററ നിർമ്മിക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന പരിത:സ്ഥിതികളെപ്പററി ആലോചിക്കുമ്പോൾ ഭംഗിയായ ഒരു ബഡ്ജററ് അദ്ദേഹം രൂപവൽക്കരിച്ചിട്ടുണ്ടോ എന്നാണു നാം ചിന്തിക്കേണ്ടതു്. മുമ്പ് തിരുവിതാംകൂറിലെ ധനകാര്യമന്ത്രിയും പ്രധാന മന്ത്രിയുമായിരുന്ന, അന്ന് ഒരു പ്രധാന പാർട്ടിയുടെ നേതാവായിരുന്ന, ഇന്ന് സോഷ്യൽ ഡമോക്രാററിക്ക് ബ്ലോക്ക് എന്നു പറയപ്പെടുന്ന പാർട്ടിയുടെ ഹെഡായി ഇവിടെ ഇരിക്കുന്ന ശ്രീ. പട്ടം താണുപിള്ളയുടെ പ്രസംഗം ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടു. അദ്ദേഹം ഉന്നയിച്ച വാദങ്ങളും, ആക്ഷേപങ്ങളും വാസ്തവത്തിൽ പ്രത്യേകം പരിഗണനയെ അർഹിക്കുന്നവയാണ്. അദ്ദേഹം പറയുകയുണ്ടായി ഈ ബഡ്ജററിൽ സാധാരണക്കാരനുവേണ്ടിയാതൊരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ലെന്ന്. അദ്ദേഹം നിർമ്മിച്ച ബഡ്ജററിൽ സാധാരണക്കാരനു വേണ്ടിയുള്ള പല പദ്ധതികളും രൂപവൽക്കരിച്ചിരുന്നു എന്നും അദ്ദേഹം പറയുകണ്ടായി. ധനകാര്യമന്ത്രിയുടെ ബഡ്ജററ പ്രസംഗത്തിൽ കഴിഞ്ഞയാണ്ടത്തെ അരിക്കച്ചവടത്തിൽ വന്നിട്ടുള്ള നഷ്ടം ഉൾപ്പെടുത്തിയിട്ടില്ലെന്നു അദ്ദേ

ഹം പറയുകയുണ്ടായി. അദ്ദേഹം ഇവിടെ ധനകാര്യമന്ത്രിയായിരുന്നപ്പോൾ സാധാരണക്കാരുടെ നന്മക്കുവേണ്ടി പലതും ബഡ്ജററിൽ ഉൾപ്പെടുത്തിരുന്നുവെന്നും എന്നാൽ ഇപ്പോൾ അങ്ങിനെ ഒന്നും ചെയ്യുകാണുന്നില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. ശരിയാണ്. സാധുക്കളുടെ നന്മക്കുവേണ്ടി അദ്ദേഹം അരിവില കൂട്ടി, ഇന്നത്തെ മന്ത്രിസഭ അരിവില കുറച്ചു സാധാരക്കാരന്റെ വയററത്തടിച്ചു എന്നു്. അദ്ദേഹം ഒരു സെയിൽസ്ടാക്സ്ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ച് സാധാരണക്കാരെ സംരക്ഷിക്കാൻ ശ്രമിച്ചു എങ്കിൽ സെയിൽസ്ടാക്സ്ബിൽ പാസാക്കി നടപ്പിൽവരുത്താൻ കാലതാമസം വരുത്തി ഇപ്പോഴത്തെ മന്ത്രിസഭ സാധാരണക്കാരെ കഷ്ടപ്പെടുത്തി എന്നു്. ഈ വാദങ്ങൾക്കൊക്കെ സമാധാനം പറയാൻ എനിക്കു സാദ്ധ്യമല്ലെന്നുമാത്രമേ ഇപ്പോൾ പറയാനുള്ളു. അദ്ദേഹം ചില പുതിയ കണ്ടുപിടിത്തങ്ങൾ നടത്തിയതായും ഞാൻ കണ്ടു. ഈ രാജ്യത്തു കടലാസുകൾ മാത്രമല്ല വർത്തമാനപത്രങ്ങളും ഉണ്ടെന്നു അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നതു പോലെ തോന്നുന്നു. വർത്തമാനപത്രങ്ങൾ അദ്ദേഹം വായിക്കുകയില്ലെന്നും ഈ രാജ്യത്തെ വർത്തമാനപത്രങ്ങൾ കള്ളംമാത്രമാണു് പറയുന്നതു് എന്നും മററും മദിരാശിയിലും മററും പ്രസംഗിച്ച അദ്ദേഹം ഇന്നു വർത്തമാനപത്രങ്ങളെ തന്നെ പ്രമാണങ്ങളായി സ്വീകരിച്ചിരിക്കുന്നതു കണ്ടപ്പോൾ എനിക്കു അത്ഭുതമാണുണ്ടായതു്. പബ്ളിക്ക് സർവ്വീസ് കമ്മീഷനെപ്പററി അദ്ദേഹം പറയുകണ്ടായി, ഏതാണ്ടോ രാഷ്ട്രീയമർദ്ദനത്തിന്റെ ഫലമായാണു് ശ്രീ. ആർ. വി. തോമസിനെ പബ്ളിക്ക് സർവ്വീസ് കമ്മീഷനിലെ അംഗമായി നിയമിച്ചതെന്നു്. അതിൽ പരമാണുത്തിന്റെ കണികപോലും ഇല്ലെന്നുള്ളതാണു് വാസ്തവം.

ശ്രീ. പി. എം. വർഗ്ഗീസ്: സർ, ഒരു പായിൻറ ഓഫ് ആർഡർ. റൂൾ ---- ഇങ്ങനെയാണ്. "A member while speaking must not make a personal charge against a member" ഒരു മെമ്പറെപ്പററി പേഴ്സനൽ ചാർജ്ജ് എന്ന നിലയിൽ ചർച്ച് ചെയ്യാമോ?

മി. സ്പീക്കർ: പേർസണലായുള്ള വിമർശനങ്ങൾ പാടില്ല. ഒരു മെമ്പർ ചെയ്ത പ്രസ്താവനയെ വിമർശനത്തിനു വിഷയമാക്കാവുന്നതാണ്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു കഴിഞ്ഞ മന്ത്രിസഭയിൽ നിന്നും രാജിവയ്ക്കാനിടയായ ശ്രീ. പി. എസ്. നടരാജപിള്ളയെ ഡൽഹിയിലെ ലയിസാൻ ആഫീസറായി നിയമിച്ചതു് ആരുടെ സമ്മതം കൊണ്ടാണു് എന്നു് വീണ്ടും ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു പത്രങ്ങളിൽ കണ്ടതു ശരിയാണെങ്കിൽ മിസ്സ് സാമുവേലിന്റെ നിയമനത്തിനു് തൊട്ടടുത്തു അവർ ഒരു വലിയ തുക ബാങ്കിൽനിന്നും പിൻവലിച്ചതായും മററും സൂചനകൾ ഉണ്ടായിരുന്നതു് ശരിയായിരുന്നു എന്നു വിശ്വസിക്കാമോ എന്നു്?

**Sri. D. Gnanasigamoni:** Will the Hon'ble Member ask that the matter be placed for Judicial enquiry?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞാൻ പത്രങ്ങളിൽ കണ്ട കാര്യങ്ങളെ സംബന്ധിച്ചാണു് പറയുന്നതു്. പത്രങ്ങളെ ആശ്രയിച്ചാണു് ഞാൻ സംസാരിക്കുന്നതു്.

**Sri K. P. Nilakanta Pillai:** Sir what are the provisions in this budget for all these things.

(No Answer.)

**Mr. Speaker:** If the member is prepared to yield he may do so and later answer the questions. Otherwise he may continue his speech.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: പിന്നെയും അദ്ദേഹം പറഞ്ഞു, സാധാരണക്കാരനെ സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ബഡ്ജററിൽ പലതും കൊള്ളിച്ചിരുന്നപ്പോൾ ഇപ്പോഴത്തെ ബഡ്ജററിൽ രജിസ്ട്രേഷൻഫീസും സ്റ്റാമ്പു വിലയും മററും വർദ്ധിപ്പിച്ച് സാധാരണക്കാരെ കഷ്ടപ്പെടുത്തുകയാണു് ചെയ്തിരിക്കുന്നതെന്നു്.

സർ, ഇങ്ങനെ അനേകം വിവരങ്ങളെപ്പററി പറയുവാനുണ്ടെങ്കിലും ഞാൻ അവയെപ്പററി ഒന്നും ഇപ്പോൾ ചർച്ച ചെയ്യണമെന്നു വിചാരിക്കുന്നില്ല. മറെറാരു സംഗതി എനിക്കു ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്. ശ്രീ. പട്ടം താണുപിള്ള പറയുകണ്ടായി ഈ രാജ്യത്തുള്ള ഭൂമി മുഴുവനും നാഷനലൈസ് ചെയ്യണമെന്നു്. ഞാനും അദ്ദേഹത്തിന്റെ അഭിപ്രായത്തോടു വേണമെങ്കിൽ യോജിക്കാം. ഭൂമി മുഴുവനും ദേശീയമാക്കിക്കൊള്ളണം. ഈ സംഗതി ധനകാര്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിൽതന്നെ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു.

[Sri. Cherian J. Kappan]

എന്നാൽ ഒരു കാര്യം എനിക്കു പറയുവാനുള്ളതു് കൃഷിക്കാരുടെ കൈവശത്തിൽനിന്നും ഭൂമി പിടിച്ചെടുക്കാൻ ഉദ്ദേശിക്കുന്നു എന്നു് നിങ്ങൾ പ്രസംഗിക്കാതെയിരുന്നാൽ മതി. ഇപ്രകാരം ഭൂമിയുടെ കൈവശാവകാശം പരിമിതപ്പെടുത്തുവാനോ ദേശീയമാക്കുവാനോ പോകുന്നു എന്നു് ജനങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ കർഷകരുടെ ഇടയിൽ ഭയവും സംശയവും വർദ്ധിക്കുകയും തൽഫലമായി കർഷകർക്കു് കൃഷി ചെയ്യുന്നതിനുള്ള താല്പര്യം കുറയുമെന്നുമാണു എനിക്കു പറയുവാനുള്ളതു്. അടുത്ത വർഷത്തിൽ അമ്പതിനായിരം ഏക്കർ സ്ഥലം കലപ്പയുടെ അടിയിൽ കൊണ്ടുവരാൻ പോകുന്നു എന്നു് ധനകാര്യമന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ എങ്ങിനെയാണു് ഇവർ ഭൂമി കലപ്പയുടെ അടിയിൽ കൊണ്ടുവരുവാൻ പോകുന്നതു്. ഭൂമി തന്നത്താനെ കലപ്പയുടെ അടിയിൽ വരാറില്ല. അതിനു തയ്യാറായി കർഷകൻ ഇറങ്ങണം. അവനെ നിരുത്സാഹപ്പെടുത്തുന്ന പ്രസ്താവനകൾ കൊണ്ടു് വിപരീതഫലമായിരിക്കും ഉണ്ടാകുന്നതു്. ഇവിടത്തെ സാധാരണക്കാരായ കൃഷിക്കാരുടെ നന്മക്കുവേണ്ടി എന്തു പരിപാടിയാണു് ഗവമ്മെണ്ടു ജനങ്ങളുടെ മുമ്പിൽ വെച്ചിട്ടുള്ളതു് എന്നു ഞാൻ ചോദിക്കുന്നു. ഈ രാജ്യത്തിലെ കർഷകരായ ജനങ്ങളുടെ സ്ഥിതി എന്താണെന്നു് നമുക്കറിയാം. അവർ മുട്ടോളമുള്ള വസ്ത്രങ്ങളും ധരിച്ചു് തലയിൽ തൊപ്പിപ്പാളയുമായി മഴയും വെയിലും വകവെക്കാതെ വെള്ളത്തിലും ചെളിയിലും പ്രഭാതംമുതൽ പ്രദോഷംവരെ ജോലിചെയ്തുകൊണ്ടു കഴിഞ്ഞുകൂടുന്നതു് നമുക്കെല്ലാവർക്കും അറിയാവുന്നതാണു. വിലക്കൂടുതൽകൊണ്ടു് ആഹാരസാധനങ്ങൾ വാങ്ങിക്കാൻ നിവൃത്തിയില്ലാതെ അനേകായിരം സാധുക്കൾ കഷ്ടപ്പെടുന്നതായി നാം കാണുന്നു. ഇങ്ങനെയുള്ള സാധാരണക്കാരിൽ ഗവമ്മെണ്ടിനു് കൃപ തോന്നുന്നതിനു പകരം ഗവമ്മെണ്ടു പറയുന്നതു് കൃഷിക്കാരന്റെ ഭൂമി പിടിച്ചെടുത്തുകളയുമെന്നാണു്. ഇതിനു് എനിക്കു ചോദിക്കുവാനുള്ളതു് ഇപ്രകാരം ഗവമ്മെണ്ടു് ഭൂമി പിടിച്ചെടുക്കുന്നതിനു മുമ്പേ കർഷകരായ ജനങ്ങൾക്കു ഗവമ്മെണ്ടു് ഇന്നയിന്ന ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാൻ തയ്യാറുണ്ടോ എന്നാണു്. ഏതായാലും ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്കു കഴിയുന്നത്ര ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു അവരുടെ ജീവിതത്തോതു് ഉയർത്തണമെന്നാണു് എനിക്കു ഗവമ്മെണ്ടിനെ അറിയിക്കുവാനുള്ളതു്.

ശ്രീ. കെ. എം. അച്ചുതൻ: സർ, രണ്ടുമൂന്നു ജലസേചനപദ്ധതികൾ, മദ്യവർജ്ജനം മുതലായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുപോലും ഏഴരമാസത്തേയ്ക്കു ഒരു മിച്ചബഡ്ജററ് ധനകാര്യമന്ത്രിയ്ക്കു അവതരിപ്പിക്കുവാൻ സാധിച്ചതിൽ അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യത്തെ ഞാൻ അഭിനന്ദിക്കുന്നു. ഐക്യസംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രത തികച്ചും തെളിയിക്കുന്നതായിരുന്നു ധനകാര്യമന്ത്രിയുടെ കാര്യമാത്രമായ പ്രസംഗം. സാധാരണക്കാരായിട്ടുള്ളവരുടെ കേരളം—അല്ല ഒരു ഐക്യകേരളത്തിനുവേണ്ടിയുള്ള ചിരപ്രതീക്ഷിതമായ മുറവിളിയുടെ ഫലമെന്നോണം കൊച്ചി-തിരുവിതാംകൂർ സംയോജനമുണ്ടായി. എന്നാൽ ഈ സംയോജനത്തിനെതിരായി ചില സ്ഥാപിതതാല്പര്യക്കാർ എതിർശബ്ദങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഈ സംയോജനം അവരുടെ സ്ഥാപിതതാല്പര്യങ്ങൾക്കു് വിഘാതമുണ്ടാക്കുമെന്നു ഭയന്നു അവർ ഈ എതിർശബ്ദങ്ങൾ പുറപ്പെടുവിച്ചു എന്നു മാത്രമേ അതിനെപ്പററി പരിഗണിക്കാവൂ. എന്നാൽ ഇനിയും അങ്ങിനെയുള്ളവർ കാര്യങ്ങളുടെ യാഥാർത്ഥ്യങ്ങൾ മനസിലാക്കി പ്രവർത്തിക്കുവാൻ തയ്യാറായില്ലെങ്കിൽ അപഹസിക്കുന്നവർ തന്നെ അപഹാസ്യരായിത്തീരും എന്നാണു് എനിക്കു പറയുവാനുള്ളതു്.

എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ എനിക്കു പറയേണ്ടതായിട്ടുണ്ടു്. ഇവിടെ നടന്ന ബഡ്ജററ് പ്രസംഗത്തിൽനിന്നും എനിക്കു് ചില പ്രത്യേകസംഗതികൾ—ആരും സ്പർശിക്കാത്ത കാര്യങ്ങൾ—ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ടു്. അതായതു് സാധുക്കളായ ബഹുഭൂരിപക്ഷം ജനങ്ങൾ ഉൾക്കൊള്ളുന്ന—നിത്യച്ചെലവിനുപോലും കിട്ടാൻ വഴിയില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കാര്യത്തെപ്പററിയാണു്. ആ കാര്യത്തെപ്പററി എനിക്കിവിടെ എടുത്തുപറയാതെ നിവൃത്തിയില്ല. ഭക്ഷണപ്രശ്നം ഒരു വലിയ കാര്യമായി ഇവിടത്തെ ഭക്ഷ്യകാര്യമന്ത്രിയും ധനകാര്യമന്ത്രിയും പറയുകയുണ്ടായി. 'Grow more food' നെപ്പററിയും മററും കാര്യമായി പ്രസംഗിക്കുന്നതു കേട്ടു. ഇങ്ങനെയുള്ള അവസരത്തിൽ മത്സ്യം വളരെ അത്യാവശ്യമായിട്ടുള്ള ആഹാരസാധനമാണെന്നും ബഡ്ജററ് പ്രസംഗത്തിൽ പറയുകയുണ്ടായി. "To supplement vegetable food, active steps are taken to make available more fish with necessary cold storage and transport facilities and fish curing yards." ഇങ്ങനെ ഒന്നുരണ്ടു കാര്യങ്ങൾ മാത്രമെ ഇവിടെ പറയേണ്ടതായിട്ടുള്ളൂ. മത്സ്യവ്യവസായ

ത്തെപ്പററിയാണ് എനിക്ക് ആദ്യമായി പറയുവാനുള്ളതു്. ഞാനും ആ വർഗ്ഗത്തിൽപ്പെട്ട ഒരുവനായതുകൊണ്ടു എനിക്ക് അതേപ്പററി ശരിയായും സൂക്ഷ്മമായുമുള്ള അറിവു ലഭിക്കാൻ കഴിഞ്ഞിട്ടുള്ളതുകൊണ്ടും ഇതേപ്പററി ഗവമ്മെണ്ടിനെ അറിയിക്കുന്നതിനും വേണ്ട പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനും ഞാൻ ബാദ്ധ്യസ്ഥനാണെന്നു് വിശ്വസിക്കുന്നു. ആ തൊഴിലാളി വർഗ്ഗത്തിൻെറ കഷ്ടതയെ പരിഹരിക്കുന്നതിനും മത്സ്യവ്യവസായത്തെ പോഷിപ്പിക്കുന്നതിനും വേണ്ടതു ചെയ്യാത്തതിൽ ഞങ്ങൾക്ക് പ്രതിഷേധമുണ്ടു്. പരിഷ്കൃതമായ ഈ രാജ്യത്തു് മത്സ്യവ്യവസായം വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല, അതിനുള്ള ശ്രമവും ചെയ്യുന്നില്ലാ എന്നതു് പരമാർത്ഥം മാത്രമാണു്. മത്സ്യവ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ ശ്രമിക്കുന്നതിനുവേണ്ടി ഇൻഡ്യാഗവമ്മെണ്ടും ആഹ്വാനംചെയ്യുന്നു. ഈ അവസരം വിഫലമാക്കാതെ വേണ്ടതു് ചെയ്യുന്നതിനു് നമ്മുടെ ഗവമ്മെണ്ടും സന്നദ്ധമാകുമൊ എന്നാണു് എൻെറ ചോദ്യം. എന്നാൽ കൊച്ചിയും തിരുവിതാംകൂറും യോജിച്ചുകൊണ്ടു് ഈ ആഹ്വാനത്തെ അവഗണിച്ചിരിക്കുന്നു എന്നു് ഞാൻ സംശയിക്കുന്നു. വർഗ്ഗീയമായ കാര്യങ്ങൾ വെച്ചുകൊണ്ടല്ല ഞാൻ ഈ കാര്യങ്ങൾ പറയുന്നതു്. നിത്യദാരിദ്ര്യം അനുഭവത്തിൽ വന്നിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വാസ്തവസ്ഥിതിയാണു് ഞാൻ ഇവിടെ പ്രസ്താവിക്കുന്നതു്. ഭക്ഷണത്തിനു് മരച്ചീനിയും മത്സ്യവും വളരെ നല്ലതാണെന്നു് ഭക്ഷ്യമന്ത്രി പറയുന്നു. സസ്യഭുക്കുകൾക്കുകൂടി മത്സ്യം വളരെ നല്ലതാണെന്നു് പറയുന്ന കാലമാണു്. എന്നാൽ യഥാർത്ഥത്തിൽ ഈ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സ്ഥിതി എല്ലാത്തിലും കഷ്ടതരമാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ഇങ്ങനെ കാണുന്നു. "The most vigilance, caution and circumspection, preparedness to suffer and to tighten our belts, readiness to contribute for the common cause, the cause of the less fortunate without murmur or protest have become necessary." ഈ സന്മനോഭാവം സ്തുത്യർഹമാണു്. പക്ഷെ ഇങ്ങനെയുള്ള സന്മനോഭാവം ഇവിടെ പ്രവൃത്തിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ലെന്നുള്ള പരമാർത്ഥം ഇവിടെയുള്ള നമുക്കെല്ലാവക്കും അറിയാം. പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ സാധിക്കാതിരിക്കുന്നിടത്തോളം കാലം ഇങ്ങിനെയുള്ള മനോഭാവംകൊണ്ടു യാതൊരു പ്രയോജനവും ഇല്ല. നല്ല വാക്കുകൊണ്ടു് വയർ നിറയുകയില്ലല്ലൊ. കൊല്ലം മുതൽ കൊച്ചി വരേയും വക്കല മുതൽ കന്യാകുമാരി വരേയുമുള്ള മത്സ്യബന്ധനക്കാരായ ആളുകൾ അനുഭവിക്കുന്ന കഷ്ടതകൾ എല്ലാവക്കും അറിവുള്ളതാണു്. ഈ വസ്തുത പരിഹരിക്കുന്നതിനു് — മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ അഭിവൃദ്ധിക്കുവേണ്ടി യാതൊന്നുംതന്നെ ചെയ്യാൻ ഈ മന്ത്രിസഭക്കു കഴിഞ്ഞിട്ടില്ല. അതിനുള്ള കണ്ണു ഉണ്ടാകാതെപോയതു് വളരെ ശോചനീയമായ ഒരു കാര്യമാണു്. ഇനിയും ആ കാര്യത്തിൽ ഗവമ്മെണ്ടു് വേണ്ടത്ര ദൃഷ്ടി പതിപ്പിച്ചു് നിത്യദാരിദ്ര്യം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ അവരുടെ കഷ്ടതകളിൽനിന്നും രക്ഷിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മറെറാരുകാര്യത്തെപ്പററികൂടി രണ്ടു വാക്കു പറയാനുണ്ടു്. അതു് അദ്ധ്യാപകന്മാരെപ്പററിയാണു്. അവർ എന്നും വളരെ മഹനീയമായ ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണെന്നു് പുരാതനകാലം മുതൽ ഉൽഘോഷിക്കപ്പെട്ടിട്ടുണ്ടു്. അദ്ധ്യാപകൻെറ ജോലിയെ ഒരു Noblest Profession എന്നാണു് പറഞ്ഞുവരുന്നതു്. എന്നാൽ ഇന്നു് അവരുടെ ശമ്പളം അവരുടെ ഉദരപൂരണത്തിനു് ഒട്ടും മതിയാകാതെയാണിരിക്കുന്നതു്. അദ്ധ്യാപകനാണു് എന്നു് പറയുവാൻതന്നെ ആക്ഷേപമായി വന്നിരിക്കുന്നു. അത്രയും മോശമായ സ്ഥിതിയിലാണു് ഇന്നത്തെ അദ്ധ്യാപകൻ ജീവിക്കുന്നതു്. അവനു് കിട്ടുന്ന ശമ്പളം വളരെ തുച്ഛമാണു്. ഈ ജോലി ഉപേക്ഷിച്ചുകൊണ്ടു് പുല്ലു പറിച്ചു് വില്ക്കുവാൻ പോയാൽ ഇതിലും സുഖമായി ജീവിക്കുവാൻ സാധിക്കും. അതിനാൽ അവക്കു് ജീവിക്കുന്നതിനു് ആവശ്യമായ ശമ്പളമെങ്കിലും കൊടുക്കേണ്ടതാണു്.

ഇതിൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നതു് നാട്ടിൽ സമാധാനം പരിപാലിക്കുവാൻ നിയമിതരായിരിക്കുന്ന പോലീസുകാരുടെ കാര്യമാണു്. അവരുടെ ശമ്പളം അവരുടെ നിത്യാവശ്യങ്ങൾക്കുപോലും മതിയാകാതെയാണിരിക്കുന്നതു്. അവക്കും ജീവിക്കുന്നതിനുള്ള ശമ്പളം കൊടുക്കണം. അവർ കൈക്കൂലി വല്ലതും അങ്ങോമിങ്ങോ പുറകിൽ കാണിച്ചു് വാങ്ങിക്കുന്നതിൽതന്നെ എനിക്കു് വലിയ അത്ഭുതമൊന്നും തോന്നുന്നില്ല. അവരുടെയെല്ലാം ജീവിതത്തോതു് ഉയത്തുന്നതിനു് ചെലവു വദ്ധിച്ചിരിക്കുന്ന ഈ കാലത്തു അവരുടെ ശമ്പളവും ഉയത്തിക്കൊടുക്കേണ്ടതാണു്.

[Sri K. A. Achyuthan]

അടുത്തതായി കൃഷിക്കാരുടെ കാര്യമാണ് എന്റെ ദൃഷ്ടിയിൽ പെടുന്നത്. ധനികന്മാരായ പലരും അവരുടെ ധനത്തിന്റെ പേരിൽ സ്ഥലം പതിപ്പിച്ച് യാതൊരു കൃഷിയും ചെയ്യാതെ ഇട്ടിരിക്കുന്ന സ്ഥലങ്ങൾ ഗവർമ്മെണ്ടിൽനിന്നും എടുത്ത് ശരിയായ കൃഷിക്കാരന് കൊടുത്ത് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണമെന്നാണ് എനിക്ക് ഗവർമ്മെണ്ടിനോട് അപേക്ഷിക്കുവാനുള്ളത്. ശരിയായ കൃഷിക്കാരന് ഗവർമ്മെണ്ടിൽനിന്നും ധനസഹായം ചെയ്ത് അവനെ കൃഷിചെയ്യാൻ സഹായിക്കണം. ഈ വക കാര്യങ്ങളിൽ ഗവർമ്മെണ്ടിന്റെ ശ്രദ്ധ കൂടുതൽ പതിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ജോസഫ് മാളിയേക്കൽ: സർ, ഇന്നലെ ശ്രീമാൻ പട്ടംതാണുപിള്ള ചെയ്ത വിമർശനവും ഇന്ന് വേറെ ചില മെമ്പറന്മാർ ചെയ്ത വിമർശനങ്ങളും കേട്ടപ്പോൾ എന്റെ മനസ്സിൽ ഉദിച്ചുയരുന്ന ചില പരുപരുത്ത വസ്തുതകൾ പറയണമോ വേണ്ടയോ എന്നു സംശയിച്ചിരുന്നു. ഏതാനും കാര്യങ്ങൾ പറയേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ വിചാരിക്കുന്നു. ഐക്യസംസ്ഥാനത്തിന്റെ ഒരംശമായിരുന്ന തിരുവിതാംകൂറിലും മറ്റൊരംശമായിരുന്ന കൊച്ചിയിലും സ്വയംഭരണം തുടങ്ങിയിട്ട് ഏതാനും കാലമായെങ്കിലും ഇന്നുവരെ ഈ നാട്ടിലെ ജനങ്ങൾക്ക് സ്വയംഭരണത്തിന്റെ യാതൊരനുഭവങ്ങളും ഉണ്ടായിട്ടില്ലെന്ന് ചിലർ വിലപിക്കുന്നു. തിരുവിതാംകൂറിനെ സംബന്ധിച്ചേടത്തോളം അങ്ങിനെ ഒരു അനുഭവമാണുള്ളതെന്ന് എനിക്ക് നേരിട്ടറിയാം. ഇവിടെ കാൺഗ്രസ്സ് ഭരണം തുടങ്ങിയിട്ട് ഒന്നരക്കൊല്ലത്തോളമായി. ഈ ഒന്നരക്കൊല്ലം നടത്തിയ ഭരണം കേവലം വ്യർത്ഥമായിപ്പോയി എന്നുതന്നെയാണ് എന്റെയും അഭിപ്രായം. എന്നുമാത്രമല്ല, ഒന്നരക്കൊല്ലത്തെ തിരുവിതാംകൂറിന്റെ ചരിത്രം അതിന്റെ പന്ത്രണ്ടുകൊല്ലത്തെ ചരിത്രത്തെതന്നെ പുറകോട്ടു വലിച്ചുകൊണ്ടുപോയില്ലെ എന്നും എനിക്കു സംശയമുണ്ട്. ഇങ്ങിനെ കോൺഗ്രസ്സ് ഭരണത്തെപ്പറ്റി വിമർശിക്കുന്നവരോട് ഈ കാര്യത്തിൽ എനിക്കും യോജിപ്പാണുള്ളതെങ്കിലും മറ്റൊരു കാര്യത്തിൽ എനിക്കും അവർക്കും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. ഇങ്ങിനെ കോൺഗ്രസ്സ് ഭരണം പ്രയോജനശൂന്യമാകുവാനുള്ള കാരണത്തെപ്പറ്റി ഇക്കൂട്ടർ അന്വേഷിച്ചോ എന്നു എനിക്കു നിശ്ചയമില്ല. അതിന് പല കാരണങ്ങളുമുണ്ട്. ഈ ഒന്നരക്കൊല്ലംകൊണ്ട് ഇവിടത്തെ ഭരണകൂടത്തിനും ജനങ്ങൾക്കും ആശയത്തിലും മനോഭാവത്തിലും വന്ന സാരതരമായ പരിവർത്തനവും വികാസവും അവരുടെ പ്രതീക്ഷയ്ക്കൊത്തവണ്ണം പ്രവർത്തിപ്പിച്ചുകൊണ്ടുപോകുവാൻ സാദ്ധ്യമായിട്ടില്ലെന്നു നാം മനസ്സിലാക്കണം. ഇവിടത്തെ കാൺഗ്രസ്സ് ഭരണം ആരംഭിച്ച കാലത്ത് പഴയ സർ. സി. പി. യുടെ ഭരണത്തെ അനുകൂലിച്ചവർപോലും ആ ഭരണം അവസാനിപ്പിച്ചാൽ കൊള്ളാമെന്നു തീവ്രമായി ആഗ്രഹിച്ചിരുന്നു. അതിനാൽ കാൺഗ്രസ്സ് ഭരണാരംഭത്തോടുകൂടി സാമാന്യജനങ്ങൾ എല്ലാവരും കാൺഗ്രസ്സിന്റെ പ്രഖ്യാപിത ആദർശങ്ങളോടും സ്വയംഭരണത്തോടും തദ്വാരാ കാൺഗ്രസ്സിനോടുംതന്നെ വളരെ ആദരവും ബഹുമാനവും പ്രകടിപ്പിക്കുകയും കാൺഗ്രസിനെപ്പറ്റി കീർത്തിക്കുകയും പുകഴ്ത്തുകയും ചെയ്തുകൊണ്ടുമിരുന്നു. ഇങ്ങിനെ ഈ രാജ്യത്തു സകല വിഭാഗക്കാരും ആശിച്ചുകൊണ്ടിരുന്ന അതിന്റെ വരവിനെ. തിരുവിതാംകൂറിൽ അങ്ങിനെ സ്വയംഭരണം വരികയും ചെയ്തു. ഒരു പ്രധാന മന്ത്രിയെയും മറ്റു മന്ത്രിമാരെയും തിരഞ്ഞെടുത്തു ഇവിടെ കോൺഗ്രസ്സ് ഭരണം നടപ്പിൽ വരുത്തുകയും ചെയ്തു. അന്ന് സർ. സി. പി. യുടെ വലംകൈകളായിനിന്ന് ഈ രാജ്യത്ത് പല അക്രമങ്ങളും അഴിമതികളും ചെയ്തുകൊണ്ടിരുന്നവരായ എല്ലാ ഉദ്യോഗസ്ഥന്മാരും, അതുപോലെതന്നെ സി. പി. സേവകൊണ്ട് അനർഹമായ സമ്പത്തും കീർത്തിയും പ്രതാപവും ആവോളം ആർജ്ജിക്കുവാൻ കഴിഞ്ഞ മറ്റു ചില "പൊതുക്കാര്യപ്രസക്തന്മാരും" കാൺഗ്രസ്സിന്റെ അധികാര പ്രാപ്തിയിൽ വളരെ ഭയപ്പെട്ടിരിന്നു. മേലാൽ ഈ കൂട്ടർക്കു പഴയപടി പ്രവർത്തിക്കുവാൻ സാധിക്കുകയില്ല എന്നു മാത്രമല്ല, ഇവർക്ക് ജീവിക്കുവാൻകൂടി സാദ്ധ്യമാകുമോ എന്നുള്ള നിലവരെ അവർ ഭയപ്പെട്ടിരുന്നു. എന്തുവന്നാലും സഹിക്കാനും അവർ തയാറായിരുന്നു. അങ്ങിനെ ഇവിടെ നടമാടിക്കൊണ്ടിരുന്ന ഉദ്യോഗസ്ഥ ഭരണത്തിന് വിരാമം വന്നേക്കുമെന്നു കണ്ടതിൽ അതിലെ പങ്കാളികളായ ചില വലിയ ഉദ്യോഗസ്ഥന്മാരുടെ കഥ വളരെ പരുങ്ങലിലായിരുന്ന ഒരു ഘട്ടത്തിലാണ്......

ശ്രീ. തര്യത്തുകുഞ്ഞിത്തൊമ്മൻ: അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാർ ഇപ്പോഴും ഉയർന്ന സ്ഥാനങ്ങളിൽ ഇരിപ്പില്ലെ?

ശ്രീ. ജോസഫ് മാളിയേക്കൽ: കാൺഗ്രസ്സ് ഭരണം കയ്യേററപ്പോൾ ഞാൻ മുമ്പ് പറഞ്ഞതുപോലെ ഭയപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരും മററു ആളുകളും കുറെക്കഴിഞ്ഞപ്പോൾ പഴയപടിതന്നെ പ്രവർത്തിക്കുവാൻ തുടങ്ങി എന്തെന്നാൽ, ആദ്യമായി ഭരണം ഏററ കാൺഗ്രസ്സ് മന്ത്രിസഭ അതിൻെറ പ്രഖ്യാപിതമായ ആദർശവും നയവുമനുസരിച്ച് ഭരണം നടത്തിക്കൊണ്ടുപോകുവാൻ ഒരുമ്പെട്ടില്ല. എന്നുമാത്രമല്ല, അവർ മുമ്പ് സർ. സി.പി. പുലർത്തിക്കൊണ്ടുപോന്ന ആദർശങ്ങളേയും അദ്ദേഹം അവലംബിച്ചിരുന്ന മാർഗ്ഗങ്ങളേയുംതന്നെ അനുകരിച്ചു പ്രവർത്തിക്കുവാനും തുടങ്ങി. അന്നത്തെ പ്രധാനമന്ത്രി സർ. സി. പി. യുടെ ഒരു ആരാധകനായി രൂപാന്തരപ്പെട്ടു. സർ. സി. പി. അദ്ദേഹത്തിനു ഡൽഹി മുതൽ തിരുവനന്തപുരംവരെ ഏ.പി.ഐ. വഴി നൽകിയിരുന്ന പ്രശംസയ്ക്കു പ്രതിനന്ദിയായിട്ടാണൊ ഇങ്ങിനെ പ്രവർത്തിച്ചതെന്നു പലരും സംശയിച്ചു. ഇതിൻെറ ഫലമോ, ഭയപ്പെട്ടു വിറച്ചിരുന്ന ഉദ്യോഗസ്ഥന്മാരെല്ലാം അവർക്കു ചിരപരിചിതങ്ങളായിരുന്ന ആ പഴയ പാന്ഥാവിൽക്കൂടിത്തന്നെ യഥേഷ്ടം വിഹരിക്കുവാൻ തയ്യാറായി എന്നുള്ളതായിരുന്നു. അഴിമതിയിലും വ്യക്തിവിദ്വേഷത്തിലും വർഗ്ഗീയ വൈരാഗ്യത്തിലുംകൂടി അനീതിയായി പ്രവർത്തിച്ചുകൊണ്ടിരുന്ന ആ ആളുകൾ എല്ലാം അവരുടെ പഴയ നിലതന്നെ തുടർന്നു പോന്നു. അങ്ങിനെ കോൺഗ്രസ്സ് ഭരണം സർ. സി. പി. യുടെ ഭരണത്തിൽ നിന്നും യാതൊരു തരത്തിലും വ്യത്യസ്തമായി ഇന്നാട്ടിലെ ജനങ്ങൾക്ക് അനുഭവപ്പെടുവാൻ കഴിഞ്ഞില്ല. ആ കാര്യംകൊണ്ട് ഇവിടത്തെ നാട്ടുകാർ ആദ്യത്തെ മന്ത്രിസഭയെ കുററപ്പെടുത്തുവാൻ തുടങ്ങി. അതിനാൽ ആദ്യത്തെ കോൺഗ്രസ്സ് മന്ത്രിസഭയെ പുറത്തുകളഞ്ഞു. അങ്ങിനെ പുറത്തുപോയവർ കാൺഗ്രസ്സിൻെറ ശത്രുക്കളായി രൂപാന്തരപ്പെട്ടു. അവരും അവരുടെ ചില അനുയായികളും ഇവിടത്തെ ചില പത്രങ്ങളും കാൺഗ്രസ്സിൻെറമേൽ ചെളിവാരി എറിയുവാൻ തുടങ്ങി. കോൺഗ്രസ്സ് ഭരണം ആരംഭിച്ച കാലത്ത് ഇവിടത്തെ പത്രങ്ങളെല്ലാംതന്നെയും കോൺഗ്രസ്സിൻെറ ആദർശങ്ങളേയും പ്രതീക്ഷകളെയും ആദരിച്ചു പ്രവർത്തിച്ചിരുന്നു. ആദ്യത്തെ മന്ത്രിസഭ തകർന്നു ആ കൂട്ടർ കോൺഗ്രസ്സിൻെറ ശത്രുക്കളായി മത്സരം തുടങ്ങിയതോടുകൂടി ഏതാനും പത്രങ്ങളും അവരുടെ സ്വാധീനത്തിൽപെട്ടു അനുകൂലികളായും കോൺഗ്രസ്സിനെ എതിർക്കുവാൻ തുടങ്ങി.

ശ്രീ. പി. ററി. ചാക്കൊ: പത്രങ്ങളെല്ലാം എന്നും കാൺഗ്രസിനെ സ്തുതിച്ചുകൊണ്ടിരിക്കണം എന്നാണോ പറയുന്നത്?

ശ്രീ. ജോസഫ് മാളിയേക്കൽ: എന്നു ഞാൻ പറഞ്ഞില്ല.

ഈ പത്രങ്ങൾ, മുമ്പ് സർ. സി. പി.യുടെ കാലത്തു കിട്ടാതിരുന്ന സ്വാതന്ത്ര്യത്തെ ദുർവിനിയോഗംചെയ്തു എന്നാണു ഞാൻ പറഞ്ഞതു്. സർ, പത്രങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നുള്ളതിൽ പക്ഷാന്തരമില്ല. എന്നാൽ പത്രങ്ങളുടെ സ്വാതന്ത്ര്യത്തിനും ഒരതിരുണ്ട്. ശ്രീമാൻ പട്ടം താണുപിള്ളയുടെ ആരാധനപാത്രമായിരിക്കുന്ന പണ്ഡിററ ജവഹരിലാൽ നെഹ്രുതന്നെ, ഏതാനും ദിവസങ്ങൾക്കുമുൻപ് പറഞ്ഞതു എന്താണെന്നു ഓർക്കണം. "Liberty of the individual is always subject to the security of the State."

അപ്പോൾ പത്രങ്ങളുടെ തന്നിഷ്ടപ്രകാരമുള്ള പ്രവർത്തനം ചിലപ്പോൾ ഒരു ഗവൺമെൻറിനു അനുവദിക്കുവാൻ പാടില്ലെന്നുവരും. ഒരു ഉദാഹരണം ഞാൻ പറയാം. ചാക്കോ ഉക്കു നൂറു ലക്ഷം രൂപാ ചുമത്തിയുള്ള ആദായനികുതിയുത്തരവ് രണ്ടോ മൂന്നോ ലക്ഷമായി കുറച്ചതു് ശ്രീ. പട്ടം താണുപിള്ള പത്തു ലക്ഷം രൂപാ കൈക്കൂലി വാങ്ങിക്കൊണ്ടാണെന്ന് ഒരു പച്ചക്കള്ളം ഒരു പത്രം പ്രസിദ്ധപ്പെടുത്തിയെന്നു വിചാരിക്കുക. പിറെറ ദിവസം ആ പത്രം ശ്രീമാൻ താണുപിള്ള ആ തുക വാങ്ങുന്നതായും വേറൊരാൾ അതു കൊടുക്കുന്നതായും ഒരു കാർട്ടൂൺ പ്രസിദ്ധപ്പെടുത്തുന്നു. അടുത്തദിവസം അദ്ദേഹം ആ പണം ഭാര്യയുടെ പക്കൽ കൊടുക്കുന്നതായും ഭാര്യ വാങ്ങുന്നതായും വേറൊരു കാർട്ടൂൺ പ്രസിദ്ധപ്പെടുത്തുന്നു.

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇങ്ങനെ ഹൈപോത്തിററിക്കലായിട്ടുള്ള ഉദാഹരണങ്ങൾ പറയുമ്പോൾ, ഏ. എന്നും, ബി. എന്നും മററും പറയുന്നതിനു വിരോധമില്ല. എന്നാൽ വേറൊരു മെമ്പറുടെ പേരു ഉദാഹരണത്തിനായാലും ചൂണ്ടിക്കാണിച്ചുപറയുന്നതു അനുവദിക്കത്തക്കതല്ല.

**Sri. Joseph Maliackal:** I bow to your ruling.

അങ്ങനെ ഒരു പത്രം ചെയ്യുന്നു എന്നു വിചാരിക്കുക. ഭരണാധികാരികൾ ഇങ്ങനെയുള്ള കാര്യങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ ഒരിക്കലും പത്രങ്ങളെ അനുവദിക്കുകയില്ല. ഇവിടെ ചില പത്രങ്ങളുടെ മേൽ നടപടി എടുത്തതിനെപ്പററി വളരെ പരുഷമായ സ്വരത്തിൽ ചിലർ പ്രസ്താവിക്കുന്നതു കേട്ടു. പക്ഷെ, അവർ ഈ പത്രങ്ങൾ അവർക്കു കിട്ടിയ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുകയായിരുന്നു ചെയ്തതു് എന്ന കഥ വിസ്മരിച്ചുകളഞ്ഞു.

ഇൻറഗ്രേഷനോടുകൂടി ഈ പൊതു അസ്വസ്ഥത അല്പംകൂടി വർദ്ധിച്ചു. ഇൻറഗ്രേഷൻ വരുമ്പോൾ അതിനുമുൻപു് സ്ഥാനവും ലാഭവും കിട്ടിക്കൊണ്ടിരുന്ന ഏതാനും ചിലക്കു് മേലാൽ അവരുടെ ആശകളും മോഹങ്ങളും പുലർത്തുവാൻ സാധിക്കുകയില്ലല്ലോ എന്നു ഖേദിച്ചു് ഇൻറഗ്രേഷനെ എതിർക്കുമെന്നുള്ളതു് സ്വാഭാവികമാണു്. അങ്ങനെയുള്ള ചുരുക്കം ചിലരുടെ എതിർപ്പുകളല്ലാതെ ഇൻറഗ്രേഷനു് ഉണ്ടായിട്ടില്ല. അതിനെപ്പററിയ ഒരവസരമായി ഉപയോഗപ്പെടുത്തുവാൻ ഏതാനും പേർ ഇവിടെയും ശ്രമിക്കാതിരുന്നില്ല. ഇത്തരം പ്രതിബന്ധങ്ങളേയും മാർഗ്ഗതടസങ്ങളേയും വകവയ്ക്കാതെ ഇവയെ എല്ലാം എതിർത്തുകൊണ്ടു് ഇൻറഗ്രേഷൻ നടപ്പിലാക്കുവാൻ സാധിച്ചതിൽ നിശ്ചയമായും ഇന്നത്തെ പ്രധാനമന്ത്രിയെ അനുമോദിക്കേണ്ടതുതന്നെയാണു്. കഴുതയെ ചുമന്ന കിഴവനെപ്പോലെ, മററുപല പ്രേരണകളേയും പ്രലോഭനങ്ങളേയും അഭിമുഖീകരിക്കേണ്ടിവന്നിട്ടും നമ്മുടെ പ്രധാനമന്ത്രി അങ്ങനെയുള്ള ഘട്ടങ്ങളെല്ലാം വിജയപൂർവ്വം തരണംചെയ്തുകൊണ്ടു ഇൻറഗ്രേഷൻ നടപ്പിലാക്കുകതന്നെ ചെയ്തു.

ഈ ഘട്ടത്തിൽ ഇവിടുത്തെ ഭരണകൂടത്തെയും നടപടികളേയും സാരമായി ബാധിക്കുന്ന ചില രാഷ്ട്രീയ പ്രശ്നങ്ങളെക്കൂടി ചിന്തിക്കേണ്ടതായുണ്ടു്. ഒന്നാമതായി, ഞാൻ പറയുന്നതു് ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരെപ്പററിയാണു്. ഇവിടത്തെ ഭരണം നന്നാക്കണമെന്നുള്ളതല്ല അവരുടെ ഉദ്ദേശം; നേരെമറിച്ചു്, ഇന്നത്തെ ഗവമ്മെൻറിനെ തകിടം മറിക്കണമെന്നുള്ളതാണു്. കെ. എസ്സ്. പി., ഐ. എസ്സ്. പി., ററി. എസ്സ്. പി. എന്നിങ്ങനെയുള്ള പേരുകളാൽ അറിയപ്പെടുന്ന മററു രാഷ്ട്രീയ പാർട്ടികളുടെയും ഉദ്ദേശം അതാണു്. പേരുകൾ മാറിയിരിക്കുന്നു എങ്കിലും ഈ ഒരു മോട്ടോ വച്ചുകൊണ്ടാണു അവർ പ്രവർത്തിച്ചുപോരുന്നതു്. വളരെ സൂക്ഷിച്ചുവേണം ഇവരെ അടുപ്പിക്കുവാൻ. പാമ്പിനു പാൽ കൊടുത്താലുണ്ടാകുന്ന അനുഭവം നീതിസാരകർത്താവു പറയുന്നതു ഓർമ്മിക്കണം. ഇവരെ അടുപ്പിച്ചുകൊണ്ടു ആശ്ലേഷിക്കുവാൻ പോയാൽ അഫ്സൽഖാനു് ശിവാജിയുടെ ആലിംഗനത്തിൽനിന്നു ലഭിച്ച അനുഭവമായിരിക്കും ഗവമ്മെൻറിനു് ഉണ്ടാകുന്നതു്. ചില ദുഷ്പ്രേരകശക്തികൾ അവരെക്കൂടി പ്രീണിപ്പിക്കേണ്ടതായുണ്ടെന്നു ഗവമ്മെൻറിനെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടായിരിക്കാം. പക്ഷെ, രാജ്യക്ഷേമത്തെ ലാക്കാക്കി, നീതിയെയും സത്യത്തെയും അടിസ്ഥാനപ്പെടുത്തി, ഈ കൂട്ടരോടു് പെരുമാറണമെന്നാണു എനിക്കു പറയുവാനുള്ളതു്. അമർത്തേണ്ടവരെ അമർത്തിയും എതിരിടേണ്ടവരെ എതിരിട്ടും പോകുവാൻ ഗവമ്മെൻറ മടിക്കേണ്ടതില്ല. അതിനു് ആരെയും ഭയപ്പെടേണ്ടതുമില്ല.

മറെറാരുസംഗതി പ്രൊഹിബിഷനാണു്. ഇതു് എല്ലാംകൂടി ഒരുമിച്ചും പെട്ടെന്നും നടപ്പിൽ വരുത്തുവാൻ ശ്രമിക്കരുതെന്നാണു എനിക്കു പറയുവാനുള്ളതു്. കുറച്ചു ശാന്തമായി ചെയ്യേണ്ട ഒരു പദ്ധതിയാണിതെന്നു് എനിക്കു തോന്നുന്നു. ഒരു ഡാക്ടർ ഒരു രോഗിക്കു് രക്തദോഷത്തിനു് പാഷാണം കൊടുക്കുവാൻ വിധിച്ചു എന്നു വിചാരിക്കുക. ആവശ്യമുള്ളത്ര പാഷാണം പത്തോ പന്ത്രണ്ടോ പ്രാവശ്യമായി കുത്തിവച്ചുകൊടുക്കുകയാണു വേണ്ടതു്. അല്ലാതെ, ഒന്നായിട്ടു് കുത്തിവയ്ക്കുന്നതു് ആ രോഗിയുടെതന്നെ മരണകാരണമായിത്തീരും. പ്രൊഹിബിഷൻ എത്ര നല്ലതാണെങ്കിലും കാലക്രമേണമാത്രമെ അതു നടപ്പിൽ വരുത്താവൂ എന്നാണു എൻെറ അഭിപ്രായം.

മറെറാരു കാര്യം നാഷണലൈസേഷനാണു്. നാഷണലൈസേഷൻ എന്ന പദം, വിശേഷിച്ചും ഇക്കാലങ്ങളിൽ, കേൾക്കുമ്പോൾ വളരെ മധുരമുള്ളതായിതോന്നുന്നു. പണ്ഡിററ് ജവഹരിലാൽ നെഹ്റു നാഷണലൈസേഷനുവേണ്ടി മാത്രം നാഷണലൈസേഷൻ വരുത്തുന്നതു ഒരിക്കലും ശരിയല്ല എന്നു് അടുത്തദിവസം പറഞ്ഞിട്ടുള്ളതു് നാം ഈയവസരത്തിൽ സ്മരിക്കേണ്ടതാണു്. അദ്ദേഹം പറയുന്നു, "Production is the basis of nationalisation. If I could produce more by nationalisation, I will certainly do it. If I cannot produce more,

I will not have nationalisation". Sir, that should be the basis. ആ അടിസ്ഥാനത്തിലാണ് നമ്മുടെ നാഷണലൈസേഷനം വേണ്ടതു്. എന്തിനു് നാഷണലൈസു ചെയ്യണം, എന്നു കൂടി നാം ആലോചിക്കണം. ഇവിടെ നാഷണലൈസു ചെയ്യുന്നതിനേക്കാൾ വളരെ അത്യാവശ്യമായ കാര്യം ഉൽപാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. ഇന്നു് ഇൻഡ്യയുടെ ഒരടിയന്തിരകാര്യമാണ് അതു്. ഗവമ്മെൻറിനോ, ഗവമ്മെൻറു ചുമതലപ്പെടുത്തുന്ന ആളുകൾക്കോ ഇന്നത്തെ കർഷകന്മാർ ബുദ്ധിമുട്ടി ഉണ്ടാക്കുന്ന ഉൽപന്നങ്ങളെക്കാൾ കൂടുതൽ ഉൽപന്നങ്ങൾ ഉണ്ടാക്കുവാൻ എത്ര നാഷണലൈസേഷൻ വരുത്തിയാലും സാദ്ധ്യമാകുമോ എന്നു ഞാൻ ചോദിക്കുന്നു. ഞാൻ അതു ചലഞ്ചുചെയ്യുന്നു. അതുകൊണ്ടു് എതിനും നാഷണലൈസേഷൻ ചെയ്യണം എന്നു് ഭ്രമിച്ചു് രാജ്യത്തെ അപകടപ്പെടുത്തരുതെന്നാണ് എൻെറ അഭ്യർത്ഥന.

മറ്റൊന്നു്, സർ. സി. പി.യുടെ പണം ഇടപാടിനെപ്പററിയാണ്. സി. പി.യുടെ ഭരണകാലത്തു് ഇവിടെ നടന്ന പണം ഇടപാടുകളെപ്പററി ഒരു അന്വേഷണം നടത്തണമെന്നു് ജനങ്ങൾ പലതവണ മുറവിളി കൂട്ടിയിട്ടും എന്തുകൊണ്ടു് ഇന്നത്തെ ഗവമ്മെൻറു് അന്വേഷണം നടത്തുന്നില്ല എന്നു ഞാൻ ചോദിക്കുന്നു. ശരിയായാലും തെററായാലും വളരെ അനീതിയായി വളരെ അധികം പണം സർ. സി. പി. ചെലവാക്കിയിട്ടുണ്ടെന്നുള്ള ഒരു ധാരണ ഇവിടുത്തെ ഒരു നല്ലവിഭാഗം ആളുകൾക്കുണ്ടു്. ഒരുപക്ഷെ, മഹാരാജാവിൻെറ ഒപ്പോടുകൂടിത്തന്നെയാണ് അദ്ദേഹം ഈ പണമെല്ലാം ചെലവാക്കിയതു് എന്നതന്നെ ഇരിക്കട്ടെ. എന്നാലും അതിനെ സംബന്ധിച്ചു് ഒരു അന്വേഷണം നടത്തുവാൻ ഗവമ്മെൻറു എന്തിനു മടിക്കുന്നു? ആരെ ഭയപ്പെടുന്നു? ഇരുന്തൂറോ മുന്നൂറോ ലക്ഷം രൂപാ ഭക്ഷ്യധാന്യം സംബന്ധിച്ചുള്ള ഇടപാടുകളിൽ കാണുന്നില്ലെന്നു് രണ്ടുകൊല്ലത്തെ ആഡിററുകൊണ്ടു വെളിപ്പെട്ടു എന്നു കേൾക്കുന്നു. തുക അത്രയേ ഉള്ളോ, കൂടുതൽ വരുമോ, ആ തുകതന്നെ ശരിയാണോ, എന്നീവക കാര്യങ്ങൾ ജനങ്ങളെ അറിയിക്കേണ്ട കടമ ഗവമ്മെൻറിനുണ്ടു്. അതിനാൽ സർ. സി. പി.യുടെ പണം ഇടപാടുകളെപ്പററി അന്വേഷണം നടത്തുവാൻ ഗവമ്മെൻറു് എത്രയും വേഗത്തിൽ തയാറാകേണ്ടതാണ്.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: പുതിയ യൂണിയൻ ഗവമ്മെണ്ടിൻെറ ജനകീയ ബഡ്ജററു് ജനഹിതാനുസരണം നിരൂപണം ചെയ്യാനാണ് ഞാൻ ഉദ്യമിക്കുന്നതു്. എനിക്കു് സമയം പരിമിതമാകയാൽ, സംക്ഷിപ്തമായ നിരൂപണമെ സാദ്ധ്യമാവു. അതിൽ സംഖ്യകളേക്കാൾ കാര്യങ്ങൾക്കു് പരിഗണന നൽകേണ്ടിയിരിക്കുന്നു. എട്ടു മന്ത്രിമാരുടെ കാലങ്ങളിലായി വന്ന ബഡ്ജററുകൾ ഞാൻ വിമർശിച്ചിട്ടുണ്ടു്. അതിനുമുമ്പു്, ശ്രീമൂലം പ്രജാസഭയുടെ പല യോഗങ്ങളിൽ ബഡ്ജററും ഭരണറിപ്പോർട്ടും പരിശോധിച്ചു് നിവേദനങ്ങൾ ചെയ്തിട്ടും ഉണ്ടു്. എന്നാൽ ഇതുപോലെ ഒരപൂർണ്ണവർഷത്തെ അപൂർണ്ണബഡ്ജററു് നിരൂപണം ചെയ്യാൻ ഇടയായിട്ടില്ല. ഇതു് ഒരു വിച്ഛിന്ന ബഡ്ജററമാണ്. കൊച്ചിയേയും തിരുവിതാംകൂറിനേയും വിഛേദിച്ചുള്ള ബഡ്ജററു് കാണുന്നതുകൊണ്ടു് സംയോജനം ശരിയായില്ലെന്നു വിചാരിക്കണം. "സത്യം" ഇൻഡ്യൻ യൂണിയൻെറ "മുദ്രാവാക്യം" ആയിരിക്കുന്നതുപോലെ 'ധർമ്മം' തിരുവിതാംകൂറിൻേറയും, 'മാനം' കൊച്ചിയുടേയും മുദ്രാവാക്യങ്ങളായിരുന്നു. സത്യത്തിൽ അധിഷ്ഠിതമായ ധർമ്മത്തേയും, സത്യധർമ്മങ്ങളിൽ അവലംബിച്ചിരിക്കുന്ന മാനത്തേയും, സത്യത്താൽ വിസ്തൃതമാക്കപ്പെട്ട പ്രകാശമുള്ള പന്ഥാവിൽകൂടി പുരോഗമിപ്പിച്ചു് രാജ്യക്ഷേമം വളർത്തണം

"സത്യമേവ ജയതി നാനൃതം
സത്യേന പന്ഥാവിതതൊ ദേവയാനഃ"

എന്ന ആർഷപദ്യം സ്മരണീയമാണ്. പുതിയ ബഡ്ജററു് തയ്യാറാക്കുന്നതിൽ പ്രയോഗിച്ചു തൂലികാപാടവം, വിചിത്രംതന്നെ.!!

ശ്രീ. എം. ആർ. വേലപ്പൻ: സർ, ഒരു പോയിൻറു് ഓഫ് ഓർഡർ. ഇവിടെ സംസ്കൃതപദ്യം ഉദ്ധരിക്കുന്നതു് അനുവദനീയമാണോ?

മി. സ്പീക്കർ: അനുവദിക്കത്തക്കതുതന്നെ. ഭാഷാന്തരം കൂടെ പറയേണ്ടതാണ്.

ശ്രീ. എം. ആർ. വേലപ്പൻ: അതിൻെറ തർജ്ജിമ കേട്ടാൽ കൊള്ളാം.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: അതിൻെറ ഒരു വിവരണം ആദ്യമേ കൊടുത്തിട്ടുണ്ടു്. എവിടെയെല്ലാം ഏതെല്ലാം പുതിയ ഇനം നികുതികളും, കൂടിയ നിരക്കിലുള്ള

[Sri. Thariath Kunjithomman]

നികുതികളും ഉണ്ടോ അതെല്ലാം തേടിപ്പിടിച്ചു ചേർത്തിരിക്കുന്നു. ചില കൂടിയ നികുതി നിരക്കുകൾ മദ്രാസ്സിൽനിന്നു സ്വീകരിച്ചതാണെന്ന് ധനകാര്യമന്ത്രി പറയുമ്പോൾ, മദ്രാസിൽ ഇല്ലാത്ത കാർഷികാദായ നികുതിയും പുകയില ഡ്യൂട്ടിയും ഉല്പന്നങ്ങളുടെ കയററുമതിത്തീരുവയും എന്തുകൊണ്ട് വച്ചിരിക്കുന്നു എന്ന ചോദ്യം ഉദിക്കുന്നു. ജനസംഖ്യയും ജനവാസസ്ഥലത്തിന്റെ വിസ്തീർണ്ണതയും വച്ചുനോക്കിയാൽ ഭാരതത്തിലെ യാതൊരു പ്രവിശ്യകളിലും, നാട്ടുരാജ്യയൂണിയനുകളിലും ഇത്ര ഭയങ്കരമായ നികുതിഭാരം ജനങ്ങളുടെ മേൽ കയററിവച്ചിട്ടില്ലെന്നു കാണാം. നികുതിഭാരംകൊണ്ട് ഞെരിപൊരികൊള്ളുന്ന ജനങ്ങൾ ഇതാണൊ ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചിരുന്ന ജനകീയ ഭരണത്തിന്റെ ഫലമെന്ന് ചോദിച്ചുതുടങ്ങിയിരിക്കുന്നു. ഒരിടത്തും ഇല്ലാത്തവിധം നികുതിഭാരം ചുമത്തി ജനങ്ങളെ ഞെരുക്കിഭരിക്കുവാനെ സാധിക്കുന്നെങ്കിൽ 'ഈ ഭരണം വച്ചൊഴിയരുതോ?' എന്നാണവർ ചോദിക്കുന്നത്. ജനങ്ങളുടെ ശക്തിക്കപ്പുറമായ നികുതി ചുമത്തി അവരെ കഷ്ടപ്പെടുത്തി ഭരിക്കുന്നത് സത്യധർമ്മങ്ങൾക്കൊ രാജ്യത്തിന്റെ അഭിമാനത്തിന്നൊ അനുയോജ്യമല്ലെന്ന് ധരിക്കേണ്ടിയിരിക്കുന്നു. എന്തെങ്കിലും തൊഴിൽ നടത്തി മാനമായി കാലക്ഷേപം ചെയ്യാമെന്നുള്ള വിശ്വാസം ജനങ്ങളിൽ നശിച്ചുവരുന്നു. ഇതിന്റെ ഫലമായി തൊഴിലാളികളും സ്തംഭനാവസ്ഥയിൽ എത്തിയിരിക്കുകയാണ്. ഇൻഡ്യൻ യൂണിയനെ മാതൃകയായി സ്വീകരിക്കുന്ന നമ്മുടെ യൂണിയന് നികുതികളുടെ വിഷയത്തിൽ അടുത്ത മദ്രാസ്സ് പ്രവിശ്യയെ മാതൃകയാക്കുവാൻ പാടില്ലാത്തത് എന്താണ്? കാർഷികാദായനികുതി ജനങ്ങൾ കൊടുക്കുന്ന കണക്കനുസരിച്ച് ചുമത്തുന്ന സമ്പ്രദായം ഇവിടെ തീരെ ഇല്ല. യാതൊരു തോതും ഇല്ലാതെ ഉദ്യോഗസ്ഥന്മാരുടെ മനോധർമ്മം അനുസരിച്ച് എത്ര വലിയ സംഖ്യയും ചുമത്താമെന്ന നിലയാണ്. കൃഷിഭൂമികളുടെ തരവും ഏക്കറേജും അനുസരിച്ച് ക്രമപ്പെടുത്തുകയെങ്കിലും ചെയ്തില്ലെങ്കിൽ നിരാശരായ കൃഷിക്കാർ, കൃഷിയിൽ വിമുഖരായിത്തീരുകയും തന്നിമിത്തം കാർഷികോൽപ്പന്നങ്ങളുടെ കയററുമതി കുറഞ്ഞ രാജ്യത്ത് സാമ്പത്തികാധഃപ്പതനം വരികയും ചെയ്യും. നമ്മുടെ കയററുമതി ഉൽപ്പന്നങ്ങൾ ദീർഘകാലാധ്വാനത്തിന്റെ ഫലങ്ങളാണ്.

"വിരിഞ്ഞ വിരിഞ്ഞ പൂവിറുത്തുകൊൾകെയാവൂ
വിരിഞ്ഞു മൂലച്ഛേദം ചെയ്യരുതൊരുനാളും"

എന്നു 'വിദുരർ' ധൃതരാഷ്ട്രമഹാരാജാവിന് കൊടുത്ത ഉപദേശസാരം ഇവിടെ ശ്രദ്ധേയമാണ്. പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്ന കഥയാണ് ഓർമ്മ വരുന്നത്. ജനങ്ങളെ പലവിധത്തിൽ പീഡിപ്പിച്ച് സംഭരിക്കുന്ന പണം, ജനസാമാന്യത്തിന്റെ പൊതുസൗകര്യങ്ങൾക്കൊ ദരിദ്രലക്ഷങ്ങളുടെ ജീവിതക്ലേശങ്ങൾ ലഘൂകരിക്കുന്നതിനൊ വേണ്ടപോലെ ഉപയോഗപ്രദമാകുന്നില്ലെന്നാണ് ജനങ്ങളുടെ മറെറാരാക്ഷേപം. ജനങ്ങൾ തിങ്ങി അധിവസിക്കുന്ന പ്രദേശങ്ങളിൽ അവർ തന്നെ വെട്ടിയിട്ടുള്ള റോഡുകൾ നന്നാക്കുന്നതിനൊ പുതിയ റോഡുകൾ വെട്ടുന്നതിനൊ വേണ്ട സംഖ്യ ബഡ്ജററിൽ ഇല്ല. മെയിൻ സെൻട്രൽ റോഡിന്റെ ഉത്തരതിരുവിതാംകൂറിലെ ഭാഗങ്ങളിൽ ചെളിവെള്ളം നിറഞ്ഞ കുഴികളിൽകൂടി മോട്ടോർവാഹനങ്ങൾ, ജലവാഹനങ്ങൾപോലെ നീന്തി ഇഴഞ്ഞാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. 'വെട്ടുവഴിയിൽ ഇറങ്ങിയാൽ അറിയാം, ജനകീയഭരണത്തിന്റെ വൈശിഷ്ട്യം' എന്നു നാട്ടുംപുറത്തുകാർ പറയുന്നു. എന്നാൽ അസ്ഥാനത്തുള്ള അമിതവ്യയങ്ങൾക്കും ദുർവ്യയങ്ങൾക്കും ബഡ്ജററിൽ ധാരാളം തുകകൾ ചേർത്തിട്ടുണ്ട്. ഓരോ താലൂക്കിലെ റോഡുകൾക്കും അവയുടെ ഗതാഗതവിഷയമായ സൗകര്യാസൗകര്യങ്ങളെയൊ വിസ്തീർണ്ണതയൊ ഗണിക്കാതെ ഏകദേശം ൩൦,൦൦൦ രൂപാവീതമാണ് തോതു വച്ചിട്ടുള്ളത്. നമ്മുടെ പർവ്വതനിരകളുടെ കിഴക്കെ ചരിവിൽ ജനവാസമില്ലാത്ത പുൽമേടുകളിൽകൂടി കുമിളിയിലേക്ക് ഒരു റോഡ് വെട്ടുന്നതിനു കഴിഞ്ഞ വർഷം ആറുലക്ഷം രൂപാ ചെലവു ചെയ്തതിനും പുറമെ ഇപ്പോൾ നാലുലക്ഷംകൂടി അനുവദിച്ചിരിക്കുന്നു. ഉഷ്ണഭൂമിയിലെ കൃഷികൾ അവിടെ സാദ്ധ്യമല്ല. നമ്മുടെ ദരിദ്രജനങ്ങൾ ആ വിദൂരപ്രദേശത്ത് ശീതബാധകൾ സഹിച്ചു പോയി താമസിച്ച് കൃഷിചെയ്യുക അത്ര എളുപ്പമല്ല. തോട്ടക്കാർക്കും ധനവാന്മാർക്കും മാത്രമെ ആ റോഡുകൊണ്ടു പറയത്തക്ക പ്രയോജനമുള്ളു. നമ്മുടെ വൻപിച്ച ദുർവ്യയങ്ങളിൽ അധികവും ദേവികുളം താലൂക്കിലാണ്. നെൽകൃഷി വർദ്ധിപ്പിക്കുവാൻ, കുളംപോലും ഉണ്ടാവാത്ത മഴകുറഞ്ഞ തെക്കൻതിരുവിതാംകൂറിലാണ് അധികം സൗകര്യം. ഭൂമി നിരപ്പായി കിടക്കുന്നതുകൊണ്ടു നിലങ്ങൾ തീർക്കുവാൻ അവിടെ

എളുപ്പമാണ്. 'പെരിഞ്ചാണി' ഉടനെ തീർത്തും കോതയാറണയും ചാനലും വേണ്ടപോലെ നവീകരിച്ചും വിളവു വർദ്ധിപ്പിക്കണം. ഒന്നരലക്ഷത്തോളം രൂപാ പെരിയാറണയും ചാനലും സംബന്ധിച്ച് ചെലവാക്കിയിരിക്കുന്നു. ഇക്കൊല്ലവും ഒരു വലിയ സംഖ്യ ചെലവായി. വലിയ തോതിൽ കൃഷിസേചനം നടത്തുന്ന പ്രദേശങ്ങളിൽനിന്നു പ്രായോഗികജ്ഞാനമുള്ള ചില കർഷകരും വലിയ ഇറിഗേഷൻ വേല നടത്തി പ്രായോഗികജ്ഞാനവും ശാസ്ത്രീയജ്ഞാനവുമുള്ള എഞ്ചിനീയർമാരും അടങ്ങിയ ഒരു വിദഗ്ദ്ധസംഘത്തെ വരുത്തി എത്ര ഏക്കർ കരഭൂമി നിലമാക്കാമെന്നും, എത്രലക്ഷം പറ നെല്ലു കൂടുതൽ വിളയിക്കാമെന്നും, ഒരഭിപ്രായം വരുത്തിയല്ലാതെ ഈ പദ്ധതിക്കു ചെലവനുവദിക്കരുതെന്നു പട്ടം മന്ത്രിസഭയുടെ കാലത്തു ഞാൻ പറഞ്ഞതിനു അങ്ങനെ ചെയ്യാം എന്നു ഒരു മറുപടിയും പറഞ്ഞിരുന്നു. അതിനു വിപരീതമായിട്ടാണ് ഇപ്പോൾ തുക ചെലവാക്കിയിരിക്കുന്നത്. ഇരുപത്തേഴരലക്ഷം രൂപാ കോതയാറണക്കും ചാനലിനും എസ്റ്റിമേററുണ്ടായിരുന്നത് ആ ജോലികൾ തീർന്നപ്പോൾ ഒരു കോടിയോളമായി. ആറു ചക്രം കൂലിയിയിരുന്ന കാലത്തെ ചെലവാണത്. ഒന്നരരൂപാ കൂലിയുള്ള ഇന്ന് അതിന് ഏഴ കോടിരൂപാ ചിലവു വരും. ചെറിയ കോതയാററിലെ അണക്കും സമതലത്തുകൂടി പതിനെട്ടടി വീതിയുള്ള ചാനലിനുംകൂടി ഏഴുകോടി രൂപാ വരുമെങ്കിൽ സാക്ഷാൽ പെരിയ പെരിയാററിൽ ൪൦ അടി ഉയരത്തിലുള്ള അണക്കും ൩൯ മൈൽ നീളത്തിൽ കല്ലും പാറയും നിറഞ്ഞ കുന്നുകളിൽകൂടി ൪൦ അടി വീതിയുള്ള ചാനലിനുംകൂടി മേൽ പ്രസ്താവിച്ചതിന്റെ ൨൦ മടങ്ങെങ്കിലും ചെലവു വരാതിരിക്കുകയില്ല. ആറു കോടതിയിലധികം രൂപാ ചിലവുവരുന്ന ഈ പദ്ധതികൊണ്ടു ൨൦ ഏക്കർ കരഭൂമിയെങ്കിലും അവിടെ നിലമാക്കാൻ ഇല്ല. കന്നുകാലിമേച്ചിലിനിട്ടിരിക്കുന്ന ചില ചെറിയ കുന്നുംപുറങ്ങളല്ലാതെ ആററിന്റെ തെക്കേക്കരയിൽ തരിശുഭൂമികളേയില്ല. തെക്കൻ തിരുവിതാംകൂർ ഒഴിച്ചാൽ കപ്പയെങ്കിലും ഉണ്ടാവാത്ത യാതൊരു സ്ഥലവും മഴയുള്ള നമ്മുടെ രാജ്യത്തില്ല. വെള്ളംവററുന്ന കരഭൂമികളിൽകൂടി കൃഷിക്കാർ കപ്പയാണ് കൃഷിചെയ്യുന്നതെന്നു മെയിൻറോഡിൽക്കൂടി പോകുന്നവർക്കു കാണാം. ഒരേക്കർ നിലത്തിൽ ശരാശരിവിളയുന്ന ൧൦ പറ നെല്ലിൽനിന്നു ൩൫ പറ അരി കിട്ടുമ്പോൾ ഒരേക്കർ സ്ഥലത്തു നടുന്ന നാലായിരം ചുവടുകപ്പയിൽനിന്നു ചുവടൊന്നിനു രണ്ടുറാത്തൽവീതം ശരാശരി ൩൦൦ തുലാം കപ്പകിട്ടും. ൩൫ പറ അരിയും ൫൦൦ തുലാം കപ്പയും തമ്മിൽ ഭക്ഷണവിഷയമായി എത്ര അന്തരമുണ്ടെന്നും സ്പഷ്ടമാണല്ലോ. മഴയില്ലാത്തതിനാൽ കപ്പപോലും ഉണ്ടാകാത്തതും അതിവിസ്തൃതമായി നിരന്നുകിടക്കുന്നതുമായ പ്രദേശങ്ങളിലാണ് വമ്പിച്ച കൃഷിസേചനപദ്ധതികൾ ഇൻഡ്യയുടെ മററു ഭാഗങ്ങളിൽ നടത്തുന്നത്. കാലദേശാവസ്ഥകൾ നോക്കാതെ നമുക്ക് അല്പമായുള്ള ഭൂമിയെ അധികം ഗുണകരമായവിധത്തിൽ ഉപയോഗിക്കുവാൻ ശ്രമിക്കാതെ പുറത്തുനിന്നു എന്തെങ്കിലും കണ്ണുമടച്ചു പകർത്തുന്നത് ആപൽകരമായിരിക്കും. ഒരു റാത്തൽ കപ്പക്ക് ഒരു ചക്രമെ വിലയുള്ളു. ആബാലവൃദ്ധം എട്ടംഗങ്ങൾ ഉള്ള ഒരു കുടുംബത്തിനു എട്ടു റാത്തൽ കപ്പകൊണ്ട് ഒരുനേരത്തെ ആഹാരം കഴിക്കാം. ജീവകങ്ങൾ കുറവാണെങ്കിൽ എന്തെങ്കിലും സസ്യങ്ങളൊ ഉണക്ക മത്സ്യമൊ അല്പംകൂടി ഉപയോഗിച്ചാൽ മതി. കുറെ വർഷങ്ങളായിട്ട ഭൂരിപക്ഷം ജനങ്ങളുടേയും പ്രധാനഭക്ഷണം കപ്പയായിരുന്നിട്ടും അവരിൽ വലിയ ആരോഗ്യഹാനി സംഭവിച്ചിട്ടുണ്ടെന്നു പറയുവാൻ പാടില്ല. ചുരുങ്ങിയ ചെലവിൽ കാലക്ഷേപം ചെയ്യാൻ ഉതകുന്ന ഈ കൃഷി വർദ്ധിപ്പിക്കുന്നതിനുപകരം ഇവ നടക്കുന്ന കുന്നുംപുറങ്ങൾ നിലങ്ങളാക്കുവാനുള്ള സാഹസശ്രമങ്ങൾക്കൊരുമ്പെടുന്നത് ആക്ഷേപാർഹമാണ്. നമ്മുടെ കപ്പ പുറത്തയച്ചു പകരം അരി തരുവാൻ ബഹുമാനപ്പെട്ട ശ്രീ അബ്ദുള്ള പരിശ്രമിച്ചുകൊണ്ടിരിക്കുന്നതിൽ അദ്ദേഹത്തെ അഭിനന്ദിക്കണം. ഒരു വ്യാഴവട്ടത്തിനകം പൂർത്തിയാക്കി ഒരുമണി നെല്ലുപോലും കൂടുതൽ വിളയിക്കാൻ സാദ്ധ്യമല്ലാത്തതും രാജ്യത്തിനു താങ്ങുവാൻ വഹിയാത്ത ഭാരമുള്ളതുമായ പെരിയാർ പദ്ധതിയിലേക്കു എടുത്തുചാടരുതെന്നു ഞാൻ ഗവമ്മെണ്ടിനെ അറിയിക്കുന്നു. തല്പരകക്ഷികളായ ചില വമ്പിച്ച സംഘടിതശക്തികളും സ്വാധീനബലമുള്ള പ്രബലവ്യക്തികളും ഈ പദ്ധതിയുടെ പിന്നിലുണ്ടെന്നും പ്രസിദ്ധമാണ്. പെരിയാററിന്റെ വലിയ അണ കെട്ടി തെക്കേക്കരയിൽകൂടി ആറു തീർത്തു വെള്ളം വിടുന്നതുകൊണ്ടു വടക്കേക്കരയിലുള്ള നിലങ്ങളിൽ എക്കൽ അടിയാതെ വരികയും ആലുവാ ആററിൽ ഓരുകയറുകയും അണയുടെ മേൽഭാഗത്തുള്ള ൨൧,൦൦൦ എക്കറോളംവരുന്ന നിലങ്ങളിൽ വെള്ളംകയറി കൃഷി സാദ്ധ്യമല്ലാതെ വരികയും ചെയ്യും. ഫെർട്ടിലൈസേഴ്സ് കമ്പനിക്കു വമ്പിച്ച തോതിൽ പ്രതിദിനം വന്നുചേരേണ്ട വിറകു കൊണ്ടുവരുന്നതിനാണെങ്കിൽ കൊച്ചിയിൽ

[Sri. Thariath Kunjithomman]

ഇട്ടിട്ടുള്ളതുപോലെ ഒരു ഡാംവെ ഇടുകയൊ, ദേവികുളത്തുള്ളതുപോലെ റോപ്പ്‌വെ ഇടുകയൊ ആണു് വേണ്ടതു്. വലിയ ഇറിഗേഷൻ വേലകൾ നടക്കുന്ന ഇൻഡ്യയുടെ മററു ഭാഗത്തെ വിളവു വർദ്ധനവുംകൊണ്ടു ധാന്യവില അടുത്തകാലത്തു കുറയുമോ എന്നുകൂടി ആലോചിച്ചുവേണം ദീർഘകാല പദ്ധതി തുടങ്ങുവാൻ.

ജനവാസസ്ഥലത്തിനു പാരലലായി നൂററിഅമ്പതു മൈലോളം നീണ്ടുകിടക്കുന്ന നമ്മുടെ റിസർവ്വുവനത്തിൽനിന്നും രണ്ടു മൈൽ വിസ്താരത്തിൽ നെടുനീളെ ഭൂമിയെടുത്തു രണ്ടേക്കർ വീതം കൃഷിക്കും കുടിപാർപ്പിനുമായി ദരിദ്രകുടുംബാംഗങ്ങൾക്കു കൊടുത്താൽ ഒരു ലക്ഷം കുടുംബത്തിനു ദാരിദ്ര്യത്തിൽനിന്നും രക്ഷകിട്ടും. നമ്മുടെ റിസർവ്വുവനത്തിനു വലിയ കുറവും വരികയില്ല. ഒരു രൂപായിൽ കൂടുതൽ കരമില്ലാത്ത കുടുംബാംഗങ്ങൾക്കെ കൊടുക്കൂ എന്നും, ൨൫ വർഷത്തിനുള്ളിൽ പണയപ്പെടുത്തുകയൊ, വില്ക്കുകയൊ ചെയ്താൽ ദേഹണ്ഡസഹിതം ഒഴിപ്പിക്കുമെന്നും സ്വന്തം വീടുവയ്ക്കുന്നതിനു സ്ഥലത്തുനിന്നും സൗജന്യമായി തിരിയെ എടുത്തു ഉപയോഗിക്കാമെന്നുമുള്ള വ്യവസ്ഥയോടുകൂടി സ്ഥിരമായി പതിച്ചുകൊടുക്കണം. വനത്തിൽകൂടിയുള്ള പ്രധാനറോഡുകളുടെ വശങ്ങളും ഈവിധം കൊടുക്കണം. വേനൽക്കാലത്തിനുമുമ്പു തടികൾ മാററി സർവ്വെചെയ്യിച്ചു കൊടുക്കുവാൻ ഉടൻ വേണ്ട നടപടികൾ നടത്തണം. രണ്ടു ലക്ഷം ഏക്കർ സ്ഥലം ഈ വിധം കൊടുത്താൽ രണ്ടു കോടിപ്പറ നെല്ലു ഈ രാജ്യത്തു ഉടനെതന്നെ വിളയിക്കാം. ഭക്ഷ്യക്ഷാമം, ഭവനരാഹിത്യം, തൊഴിലില്ലായ്മ എന്നിവയ്ക്കെല്ലാം പ്രായോഗികമായ പരിഹാരമാർഗ്ഗം ഇവിടെ ഇതു ഒന്നേയുള്ളു.

ശ്രീ. എം. കെ. പാച്ചുപിള്ള: സർ, ഒരു ബഡ്ജററിനെ വിഭാവനചെയ്യുമ്പോൾ നമ്മുടെ മനസ്സിൽ ഉണ്ടാകാറുള്ള പ്രതീതി, കഴിഞ്ഞ ഒരു വർഷത്തെ ഈ രാഷ്ട്രത്തിന്റെ ഭരണചക്രം തിരിച്ചുകൊണ്ടിരുന്ന ആ സമിതിയുടെ ചെയ്തികൾ എന്തെല്ലാമാണെന്നും അടുത്ത വരുന്ന ഒരു വർഷത്തേക്കു് നമ്മുടെ രാഷ്ട്രത്തെ ഏതെല്ലാം പാന്ഥാവിൽകൂടിയാണു് അവർ നയിച്ചുകൊണ്ടു് പോവാനുദ്ദേശിക്കുന്നതു് എന്നും ഉള്ളതാണു്. ഈ മാനദണ്ഡംവെച്ചുകൊണ്ടു നോക്കുന്നപക്ഷം കഴിഞ്ഞ ഒരു വർഷത്തെ ചെയ്തികളാകട്ടെ, അടുത്തുവരുന്ന ഒരു വർഷത്തേക്കു് നമ്മെ നയിച്ചുകൊണ്ടു് പോകുന്നതായ അല്ലെങ്കിൽ ആ സമിതി ആസൂത്രണം ചെയ്തിരിക്കുന്നതായ പന്ഥാക്കളാകട്ടെ അവയിൽകൂടി നാം കണ്ണോടിക്കുന്ന പക്ഷം, നമ്മുടെ മുമ്പിൽ ബഡ്ജററു് രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഈ സാക്ഷ്യപത്രം ഏതെല്ലാം സംഗതികളാണു് ഇവിടെ പ്രദാനം ചെയ്തിരിക്കുന്നതെന്നുള്ള വസ്തുതയിലേക്കു് നാം കടന്നു നോക്കണം.

അതിനു മുമ്പായി, രാജ്യത്തെ വരവു ചെലവുകണക്കുകൾ മുമ്പിൽ വെച്ചുകൊണ്ടു് നാം ചർച്ചകൾ നടത്തുന്ന ഈ സമയം, തിരുവിതാംകൂർ—കൊച്ചി ഈ രണ്ടു രാജ്യങ്ങൾ ഉൾപ്പെടുത്തി ഇവിടെ ഉണ്ടായിരിക്കുന്ന ഈ യൂണിയനിലെ എത്ര ആയിരം ജനങ്ങൾ, അല്ല, എത്ര ലക്ഷം ഭവനങ്ങളിലെ ജനങ്ങളാണു് അവരുടെ കൈവശം ഉള്ള കുടുംബ ബഡ്ജററു് സമീകരിക്കുന്നതിനു നിവൃത്തിയില്ലാതെ നിറഞ്ഞ കണ്ണുകളോടും ഹൃദയഭാരത്തോടും ഞെരിയുന്ന കൈ വിരലുകളോടും കൂടി, അവരുടെ അങ്കണങ്ങളിൽ ഇരുന്നു് കണക്കു് കൂട്ടാൻ നിവൃത്തിയില്ലാതിരിക്കുന്നതെന്ന ആ ചിത്രം കൂടി നാം ഒന്നു് നോക്കണം. ഇങ്ങിനെയുള്ള ഈ അവസരത്തിൽ രാഷ്ട്രത്തെ നയിക്കുന്നതിനു് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളെ നാം ഒന്നു പരിശോധിച്ചുനോക്കണം. ആ പരിശോധനയ്ക്കിടയിൽ രാജ്യത്തെ സാമാന്യജനങ്ങളുടെ തൊഴിലില്ലായ്മക്കു് പരിഹാരമായി എന്തു പദ്ധതികളാണു് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതെന്നും അവരുടെ സമ്പാദനമാർഗ്ഗങ്ങളെ അഭിവൃദ്ധിപ്പെടുത്താൻ എന്തു പുതിയ പദ്ധതികളാണു് വ്യവസ്ഥചെയ്തിരിക്കുന്നതെന്നും അവരുടെ ക്ലേശങ്ങളെ ലഘൂകരിക്കാൻ എന്താണു് ചെയ്തിട്ടുള്ളതെന്നും ഉള്ള സംഗതികളെക്കുറിച്ചു് നാം അവഗാഢമായി ചിന്തിക്കുന്ന പക്ഷം, മുൻ ചൊന്ന പ്രകാരം ഉള്ള ഒരു പ്രതീതി നമ്മുടെ മുമ്പിൽ വെച്ചുകൊണ്ടു നോക്കുന്നപക്ഷം ഇതിന്റെ കർത്താക്കളെ അനുമോദിക്കുവാൻ യാതൊരു നിർവ്വാഹവുമില്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. യാതൊരുവിധമായ പക്ഷചിന്തകളുംകൂടാതെ വിശിഷ്യാ ഒരു രാജ്യസ്നേഹി എന്ന നിലയിൽ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിനെ നാം പരിശോധിക്കുന്നപക്ഷം, അതിൽ അന്തർഭവിച്ചിരിക്കുന്ന സംഗതികളെക്കുറിച്ചു് നോക്കുന്നപക്ഷം, രാജ്യത്തിന്റെ ഭാവിഭാഗധേയത്തെ ബാധിക്കുന്ന സംഗതികളിൽ എന്തെല്ലാം ശ്രമങ്ങൾ ആണു് ചെയ്തിരിക്കുന്നതെന്നു് നോക്കുന്നപക്ഷം, ഏററവും വ്യസനകരമാ

യ ഒരു പരാജയത്തെയാണ് നമ്മുടെ ബഡ്ജററ് കുറിക്കുന്നതു് എന്നു കാണാം. വിശദമായി അതിലേക്ക് കടക്കുന്നതിന്നു് മുമ്പു് ഇവിടെ പല ബഹു. മെമ്പറന്മാരും അനുകൂലിക്കുന്ന ആ സംയോജനപദ്ധതികൊണ്ടു് എന്തു സംഗതിയാണു് നാം സാധിച്ചിരിക്കുന്നതെന്നു് പരിശോധിക്കാം. ഇവിടെ വഹിക്കാൻ പാടില്ലാത്ത അനവധി ക്ലേശങ്ങളോടുകൂടി നാം ജീവിതം നയിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അനേകം നികുതിഭാരങ്ങളുടെ അനർഗ്ഗളമായ —അല്ലെങ്കിൽ നമ്മുടെ ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്ററുടെ ഏററവും പ്രിയങ്കരമായ ഭാഷയിൽപറഞ്ഞാൽ അനസ്യൂതമായ—ഒരു ഘോഷയാത്രയാണു് നാം ഇതിൽ കാണുന്നതു്. ഇപ്രകാരമുള്ള ആ ഘോഷയാത്രയുടെ മുമ്പിലേക്ക്—ആ നികുതിഭാരത്തിൻെറ ഘോഷയാത്രയുടെ മുമ്പിലേക്ക്—ഇവിടുത്തെ സാധാരണക്കാരനെ എപ്രകാരം ഈ ബഡ്ജററ് ഒന്നു കൊണ്ടുപോകും? ഏതാനും വർഷങ്ങൾക്കുമുമ്പു് ഈ പട്ടണത്തിൽ തന്നെ, അല്ല തിരുവിതാംകൂറിൻെറ പല ഭാഗങ്ങളിലും "സയാംസിസ്റ്റേഴ്സ്" എന്നറിയപ്പെടുന്ന രണ്ടു സഹോദരികൾ സഞ്ചരിച്ചിരുന്ന കാര്യം എൻെറ ഓർമ്മയിൽ വരുന്നു. അവരുടെ പുറംതൊലി ഒന്നായിരുന്നു എങ്കിലും അവരുടെ ശരീരത്തിലെ അംഗങ്ങൾക്കാകട്ടെ വിശപ്പിനാകട്ടെ യാതൊരു സംയോജനവും ഉണ്ടായിരുന്നില്ല. അവരെ അംഗപ്രത്യംഗം പരിശോധിക്കുന്ന പക്ഷം അവരുടെ അവയവങ്ങൾക്ക് യാതൊരു വ്യത്യാസവും ഇല്ലായിരുന്നു എന്നും വെറും പുറംതൊലിയിൽമാത്രം സംയോജിക്കപ്പെട്ടിരുന്നു എന്നും കാണാവുന്നതാണു്. അതുപോലെയാണു് ഈ ഇരട്ട പ്രസവം. ശിശുവിൻെറ ജാതകം ഏഴരമാസത്തേക്കു മാത്രമെ കുറിച്ചിട്ടുള്ളു എന്നുള്ള ഒരു വ്യത്യാസത്തിൽ കവിഞ്ഞു് എൻെറ മുമ്പിൽ ഒന്നും കാണുന്നില്ല. ഇങ്ങിനെ പഴമയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടു് പുത്തനായി ഒന്നുംതന്നെ ആവിഷ്കരിക്കാതെ തയാറാക്കിയിരിക്കുന്ന ഈ ബഡ്ജററിൻെറ അകത്തേക്കു നോക്കുന്ന പക്ഷം രാഷ്ട്രത്തെ ഉയർത്തുന്നതിനാകട്ടെ നമ്മെ എതെങ്കിലും വിധത്തിൽ ഇന്നത്തെ രീതിയിൽ മുമ്പോട്ടു് കൊണ്ടുപോകുന്നതിനാകട്ടെ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ ഒന്നുംതന്നെ ഇവിടെ കാണപ്പെട്ടിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. നിരത്തിവെച്ചിരിക്കുന്ന പഴയ കുപ്പികളിൽ പുതിയ വീഞ്ഞ് കാണുന്നില്ലാ. അംഗപ്രത്യംഗമായി ഈ ബഡ്ജററിൻെറ ഓരോ ഭാഗങ്ങളേയുംപററി പരിശോധിക്കുവാനുള്ള സമയം ഇതല്ലാത്തതുകൊണ്ടു് സമഷ്ടിയായി ഒന്നുരണ്ടു് അഭിപ്രായങ്ങൾകൂടി പറഞ്ഞിട്ടു് അവസാനിപ്പിക്കാമെന്നു് വിചാരിക്കുന്നു.

ബഹുമാനപ്പെട്ട ഫിനാൻസ് മിനിസ്റ്റർ രണ്ടു ലക്ഷം രൂപയോളം ഭവനനിർമ്മാണത്തിന്നായി സദയം ബഡ്ജററിൽ മാററി വച്ചുന്നുണ്ടു്. ഒരു ഭവനം നിർമ്മിക്കുന്നതിന്നു് സാമാന്യമായി ൧,൦൦൦ അല്ലെങ്കിൽ ൨,൦൦൦ രൂപാ ചിലവാക്കേണ്ടിയിരിക്കുന്നു. ആ കണക്കനുസരിച്ചു നാം നോക്കുന്നപക്ഷം ൧൦൦ അല്ലെങ്കിൽ ൨൦൦ ഭവനങ്ങൾ മാത്രമെ, ഈ തുകകൊണ്ടു് നമുക്ക് നിർമ്മിക്കുവാൻ സാധിക്കുകയുള്ളു. എത്രപേരാണ് ഭവനരഹിതരായിട്ടുള്ളവർ എന്നു് നാം മനസ്സിലാക്കണം. തിരുവിതാംകൂറിലെ അറുപത്തഞ്ചുലക്ഷം ജനങ്ങൾക്കും കൊച്ചിയിലെക്ക് പ്രത്യേകം തുക നീക്കിവെച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അവിടത്തെ ൧൫ ലക്ഷം ജനങ്ങൾക്കും ഇപ്രകാരമുള്ള ഒരു പദ്ധതികൊണ്ടു് ഭവനമുണ്ടാക്കി കൊടുക്കാൻ സാധിക്കുമൊ എന്നു നോക്കേണ്ടതാണു്. ഇവിടെ നികുതിഭാരം, ഒരുവിഭാഗത്തെ സംബന്ധിച്ചിടത്തോളം ലഘുവാക്കിയിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഒരുകോടി തൊണ്ണൂറു ലക്ഷം രൂപയോളം വരവു് ഉണ്ടായിരുന്നതു് കഴിഞ്ഞ വർഷത്തിൽ (പാർട്ടു് ൧ രണ്ടാംപേജ് അതിലെ ആറാം ഐററം ഇൻകംടാക്സിലേക്ക് നിങ്ങൾ ദയവുചെയ്തു് ഒന്നു നോക്കണമെന്നപേക്ഷ) ഒരു കോടി എൺപത്തിമൂന്നു ലക്ഷം രൂപയാണു് ൧൧൨൩-ൽ കൊള്ളിച്ചിരുന്നതു്. ൧൧൨൪-ലെ റവന്യു ൧,൯൦,൦൦,൦൦൦ (ഒരു കോടി തൊണ്ണൂറ് ലക്ഷം) ആണെന്നു കണക്കാക്കിയിരിക്കുമ്പോൾ, ഈ വർഷത്തിലെ റസീററ്സ് റവന്യു ൯൯ ലക്ഷം മാത്രമാണെന്നു കാണാം. ഈ ഇനത്തിൽ ഒരു കോടിയിൽ താഴെ രൂപാ ഇല്ലാതായിട്ടുണ്ടു്. ഈ തുക ആർക്കുവേണ്ടി ലാഭിച്ചിട്ടുള്ളതാണു്. ആണ്ടിൽ രണ്ടായിരവും, മൂവായിരവും രൂപാ വരവുള്ള ആളുകളുടെ ആദായത്തിൽനിന്നു് ശരിയായ ഒരു നികുതി പിരിക്കാനുദ്ദേശിക്കാത്തതുകൊണ്ടാണു് ഈ കുറവു വന്നിട്ടുള്ളതു്.

<u>മി. സ്പീക്കർ:</u> രണ്ടു മിനിട്ടുകൂടിയെ അനുവദിച്ചിട്ടുള്ളു.

<u>ശ്രീ. എ. കെ. പാച്ചുപിള്ള:</u> ഇങ്ങനെ മുതലാളിയെ സഹായിക്കാൻവേണ്ടി മാത്രം തയ്യാറാക്കിയിരിക്കുന്ന ഈ ബഡ്ജററിനെ ആരെങ്കിലും അനുകൂലിക്കുന്ന പക്ഷം അതു് വളരെ വ്യസനകരമായ ഒരു കാഴ്ചയാണു്. ഒരു സംഗതികൂടി പറഞ്ഞുകൊണ്ടു അവസാനിപ്പിക്കാം.

[Sri. A. K. Pachu Pillai]

കൊച്ചിയിലെ പല പുരുഷന്മാരും തിരുവിതാംകൂറിലെ പല ആളുകളും പരസ്യമായി സമ്മതിക്കുന്നതിന് വിസമ്മതിച്ചിരുന്ന ഒരു പരമാർത്ഥം ബഹുമാനപ്പെട്ട ഒരു മഹിള ഇന്നു രാവിലെ ഇവിടെ പരസ്യമായി സമ്മതിക്കയുണ്ടായി. കൊച്ചിയിലെ ബഹുഭൂരിപക്ഷം ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ സംയോജനം ഏററവും വലിയ നിർഭാഗ്യകരമായിരിക്കുന്നു എന്നു പരസ്യമായി ആ മഹിള സമ്മതിക്കുകയുണ്ടായി. ആ തോതുവച്ചു നോക്കിയാൽ ഞാൻ ആ മാന്യ മഹിളയോടു പൂർണ്ണമായി യോജിച്ചുകൊണ്ടു തിരുവിതാംകൂറിലെ ഭൂരിപക്ഷം ജനങ്ങൾക്കും ഇതേ അഭിപ്രായം തന്നെയാണുള്ളതെന്നു പരസ്യമായി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഈ അഭിപ്രായം രഹസ്യമായി പലരും പറയുന്നുണ്ടു്. എന്നാൽ അതു് പരസ്യമായി സമ്മതിക്കുന്നതിനു നേതാക്കന്മാർ ഇനിയും തയ്യാറാകാതെയാണിരിക്കുന്നതു്.

ഇനിയും ഒരു സംഗതി കൂടി പറഞ്ഞുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളട്ടെ. സർവ്വമതഭ്രാന്തനായ ഒരാൾ നമ്മുടെ ഈ മാന്യസഭയിൽ കടന്നു കൂടിയിട്ടു ഒരു സുപ്രഭാതത്തിൽ മന്ത്രിസഭയിൽവന്നു് സ്ഥാനം പിടിക്കുന്നതിന് ആയാൾക്കു് സാധിക്കാതിരുന്നതുകൊണ്ടു്—ആദ്യമന്ത്രിസഭയിൽ ആയാലും രണ്ടാമത്തെ മന്ത്രിസഭയിൽ ആയാലും—കുററപ്പെടുത്തി പലതും പറഞ്ഞുവെന്നു വിചാരിച്ചു് സർ സി. പി.യുടെ ഭരണത്തിൽ മാളത്തിൽ ഇരുന്നും അതിനുശേഷം കോൺഗ്രസ് അധികാരത്തിൽ വന്നപ്പോൾ എന്നെക്കാൾ വലിയ കോൺഗ്രസുകാരൻ ഇല്ലെന്നു് സ്വയം അഹങ്കരിച്ചും ഇവിടെ വന്നു് നമ്മുടെ സഭാനടപടികളെ അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്നതു് വ്യസനകരമായ ഒരു സംഗതിയായിരിക്കും. ഒരു പ്രത്യേക മെമ്പറെക്കുറിച്ചു നിർദ്ദേശിക്കുന്നതു് നടപടി വിരുദ്ധമായതുകൊണ്ടും അതിനെ ഇവിടെ നിരോധിച്ചിരിക്കുന്നതുകൊണ്ടും ഞാൻ അതിലേക്കു് കടക്കുന്നില്ല. ഒരു ഉപമ പറഞ്ഞുകൊണ്ടു് ഈ നിർദ്ദേശം സഭയുടെ മുമ്പിൽ അവതരിക്കണമെന്നു് മാത്രമെ ഞാൻ ഉദ്ദേശിക്കുന്നുള്ളു. സർ, ഞാൻ ഇപ്പോൾ പ്രസംഗം നിറുത്തിക്കൊള്ളാം.

മി. സ്പീക്കർ: സമയം കഴിഞ്ഞു. എങ്കിലും ഒരു മിനിട്ടുകൂടി അനുവദിക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: സമയം ഇല്ലാത്തതുകൊണ്ടു് ഉപമ പറയുന്നില്ല. ഇപ്രകാരം ഉള്ള ഈ നികുതിഭാരം കണക്കാക്കി, എന്റെ മാന്യസ്നേഹിതൻ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതുപോലെ, ഒരാൾക്കു് മുന്നൂറുരൂപാ നികുതിഭാരത്തോടുകൂടി, എങ്ങിനെ മുമ്പോട്ടു പോകാൻ സാധിക്കുമെന്നു് ഞാൻ ചോദിക്കുന്നു. ഒരു കുഞ്ഞു ജനിച്ചാൽ ൩ രൂപാ കൈയിൽ വച്ചുകൊണ്ടുവേണം ഏഴരമാസം ഇവിടെ ജീവിക്കുവാൻ. ഈ ബഡ്ജററിന്റെ പ്ലാനിനുള്ളിൽ ജീവിക്കുവാൻ ഇടവരുന്നതു് നിർഭാഗ്യകരമാണെന്നല്ലാതെ ബഡ്ജററിനെക്കുറിച്ചു ഈ അവസരത്തിൽ എനിക്കു യാതൊന്നും പറയുവാനില്ല.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: സർ, ഈ ബഡ്ജററ് സാധാരണക്കാരന്റെ ഗവമ്മെണ്ടു് എന്നു അഭിമാനിക്കുന്ന നമ്മുടെ ഗവമ്മെണ്ടിനു് യോജിച്ചതല്ല. കാരണം ഇതിൽ സാധാരണക്കാരായ കൃഷിക്കാരന്റേയും തൊഴിലാളിയുടേയും അവകാശം അവഗണിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി നാട്ടിൻപുറങ്ങളിൽ വിദ്യാലയങ്ങളോ, പഞ്ചായത്തു റോഡുകളോ, ഡിസ്പെൻസറികളോ ഇല്ലാതെ കഷ്ടപ്പെടുമ്പോൾ പട്ടണങ്ങളിൽ ൧൦ അടിയോളം കോൺക്രീററ ഇടുവാനും കാളേജുകളും ആശുപത്രികളും പരിഷ്കരിക്കുവാനും മററുമാണു് നമ്മുടെ മന്ത്രിമാർ വെമ്പൽ കൊള്ളുന്നതു്. നാട്ടിന്റെ നട്ടെല്ലു് കൃഷകനാണെന്ന ഭംഗിവാക്കുകൾ പറഞ്ഞു കൃഷിക്കാരന്റെ മേൽ കുതിര കയറുന്ന നയം നിറുത്തുവാനുള്ള കാലം അതിക്രമിച്ചു എന്നു് നമ്മുടെ ഗവമ്മെണ്ടു് മനസ്സിലാക്കണം.

ചിററൂർ താലൂക്കിനെ സംബന്ധിച്ചു് പറയുകയാണെങ്കിൽ നമ്മുടെ ഗവമ്മെണ്ടു മഹാവഞ്ചനയാണു് ഞങ്ങളോടു ചെയ്തിട്ടുള്ളതു്. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം വളരെ പിന്നിലാണു് ഞങ്ങളുടെ താലൂക്കു്. ഇതിനുള്ള പ്രധാന കാരണം പ്രൈമറി വിദ്യാലയങ്ങളുടെ ദൌർല്ലഭ്യമാണു്. പ്രൈമറിസ്കൂളുകൾ പോലും ഇല്ലാത്ത വില്ലേജുകളിൽ ഓരോ പ്രൈമറി സ്കൂളുകൾ സ്ഥാപിച്ചു കിട്ടണമെന്നു് ഞങ്ങൾ ആവശ്യപ്പെട്ടു തുടങ്ങിയിട്ടു ൫ വർഷങ്ങളായി. ഒരെണ്ണം പോലും അനുവദിച്ചുതന്നിട്ടില്ല. ൫൦-൬൦ വർഷങ്ങളായി റിപ്പയർ ചെയ്യാതെയും പണി പൂർത്തിയാക്കാതെയും ഉള്ള റോഡുകളാണു് ഞങ്ങൾക്കുള്ളതു്. ഈ റോഡുകളുടെ സ്ഥിതി നേരിട്ടു കണ്ടാൽ നമ്മുടെ മന്ത്രിമാർ ഈ സ്ഥലങ്ങളിൽ നെൽകൃഷി

ചെയ്യാമോ എന്നു കൂടി അന്വേഷിക്കും. ആശുപത്രികളുടെ കാര്യം ഇതിലും വിചിത്രമാണ്. രോഗികളെ കിടത്തി ചികിത്സിക്കുവാൻ സ്ഥലസൗകര്യമോ മരുന്നുകളോ തീരെ ഇല്ലാതെയാണിരിക്കുന്നതു്. ചിററൂർ ആശുപത്രിയിൽ രോഗികൾ വരാന്തയിൽ കിടക്കുന്നതു് മന്ത്രി കണ്ടിട്ടുമുണ്ട്. പാവപ്പെട്ട രോഗികൾ ഡാക്കുറെ പഴിക്കും; പാവപ്പെട്ട ഡോക്കർ എന്തു ചെയ്യും?

സർ, ഗവമ്മെണ്ടിന്റെ നെല്ലെടുപ്പു പദ്ധതിയെപററി രണ്ടുവാക്കു പറയാതെ നിവൃത്തിയില്ല. നെല്ലെടുപ്പുദ്യോഗസ്ഥനും കൃഷിക്കാരനും തമ്മിൽ നടക്കുന്ന ഗുസ്തിപ്രയോഗങ്ങൾ പൊറുക്കത്തക്കതല്ല. നിയമത്തിന്റെ തണലിൽനിന്നുകൊണ്ടു് പാവപ്പെട്ട കർഷകരെ പല പ്രകാരത്തിലും ദ്രോഹിക്കുക എന്നതാണു് ഇപ്പോൾ ഞങ്ങളുടെ താലൂക്കിൽ നടന്നുവരുന്നതു്. ഉദ്യോഗസ്ഥന്മാർ തയാറാക്കുന്ന സ്റ്റേററുമെൻറിൽ നിരക്ഷരകുക്ഷികളായ കർഷകരെക്കൊണ്ടു് ഒപ്പുവയ്പിച്ചു് കൃഷിച്ചിലവിന്നോ ഭക്ഷണച്ചിലവിന്നോ വേണ്ട നെല്ലുപോലും അനുവദിക്കാതെ മുഴുവനും ബലാൽക്കാരമായി തട്ടിക്കൊണ്ടുപോകുന്നു. എന്നാൽ ഇതൊന്നും നമ്മുടെ ഗവമ്മെണ്ടു് അറിഞ്ഞ മട്ടുതന്നെ ഇല്ല. ഗവമ്മെണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള ഏക്കറിന്നു് ൩൦ പറ നെല്ലു് കൃഷിച്ചെലവും പതിനാറു് ഔൺസു് ഭക്ഷണച്ചെലവും യഥാർത്ഥ കൃഷിക്കാരനു് മതിയാവാതെയിരിക്കെ ഉദ്യോഗസ്ഥന്മാരുടെ മേൽപ്പറഞ്ഞ പ്രകാരത്തിലുള്ള പ്രവൃത്തിയെപ്പററി ആലോചിക്കുവാൻപോലും വയ്യാ. ചുരുക്കത്തിൽ പറയുകയാണെങ്കിൽ സെൻട്രൽ ജയിലിലെ തടവുകാരന്റെയും കൃഷിക്കാരന്റെയും സ്ഥിതിക്കു് വലിയ വ്യത്യാസമില്ല. കടലാസിൽ രണ്ടുപേക്കും പതിനാറു് ഔൺസു് റേഷൻ അനുവദിച്ചിട്ടുണ്ടു്. കിട്ടുന്ന കാര്യം സംശയമാണു്. ഇവരുടെ ഇടയിൽ മാത്രമേ ഉദ്യോഗസ്ഥന്മാരുടെ യജമാനത്തം വിലപ്പോവുകയുള്ളൂ. കൂടാതെ പരമ്പരയായി കൃഷിയിൽ പരിചയിച്ചിട്ടുള്ള കൃഷിക്കാക്കു് വെള്ളവും വളവും വേണ്ടിടത്തോളം കൊടുത്തു് ഉല്പന്നം വർദ്ധിപ്പിക്കുവാൻ ശ്രമിക്കാതെ വിദഗ്ദ്ധാഭിപ്രായം എന്ന സർട്ടിഫിക്കേററോടുകൂടി കടിച്ചാൽ പൊട്ടാത്ത ഭാഷയിൽ അപ്രായോഗികമായ പല പദ്ധതികളുമാണു് നമ്മുടെ ഗവമ്മെണ്ടു് കൃഷിക്കാരുടെ മുമ്പിൽ വയ്ക്കുന്നതു്. ഞങ്ങളുടെ താലൂക്കിലെ കൃഷിക്കാരെ കൃഷി ചെയ്യേണ്ടുന്ന രീതി പഠിപ്പിക്കേണ്ടതില്ലെന്നും ഏതേതുകാലത്തു് ഏതെല്ലാം കൃഷികളാണു് ചെയ്യേണ്ടതു് എന്നും മററും എല്ലാം അവക്കു് നല്ലപോലെ അറിയാമെന്നു് ഞാൻ അഭിമാനത്തോടെ പറഞ്ഞുകൊള്ളുന്നു.

സർ, ചിററൂർ താലൂക്കിൽ ഇറിഗേഷൻ നടപ്പിലാക്കിയിട്ടുണ്ടെന്നു് നമ്മുടെ ഗവമ്മെണ്ടു് അഭിമാനിക്കുന്നുണ്ടെങ്കിൽ ആയതു് തെററാണു്. ഗവമ്മെണ്ടു് മാനേജുമെൻറിലും സ്വകാര്യമാനേജുമെൻറിലുമായി ൧൬ അണക്കെട്ടുകളും ൩ ഏരികളും ഉള്ളതിൽ ഏരികൾ മാത്രമാണു് കൊച്ചി ഗവമ്മെണ്ടിൽനിന്നും നിർമ്മിച്ചതു്. അവതന്നെ വിചാരിച്ചപോലെ ഫലപ്രദമാകണമെങ്കിൽ ഇനിയും അൻപതിനായിരം രൂപാ ചെലവു ചെയ്യണം. മററു അണക്കെട്ടുകൾ മുഴുവനും ഉദാരമതികളായ ഓരോ മാന്യന്മാരാൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണു്. മേൽപ്പറഞ്ഞ അണക്കെട്ടുകൾ കൂടുതൽ ഫലപ്രദമാക്കുവാൻ എൻജനീയർമാരും ഇറിഗേഷൻ ബോർഡും നിർദ്ദേശിച്ചു് ഗവമ്മെണ്ടിലേക്കു് അയച്ച പല പദ്ധതികളും ഇന്നും കെട്ടഴിക്കാതെ സൂക്ഷിച്ചുവച്ചിരിക്കുകയാണു്.

സർ, അവസാനമായി മദ്യനിരോധനത്തെപ്പററി രണ്ടുവാക്കു പറഞ്ഞു് എന്റെ ഈ ചെറു പ്രസംഗത്തെ അവസാനിപ്പിക്കാം.

൧൧൧൭ ആണ്ടത്തിൽ ഞങ്ങളുടെ താലൂക്കിൽ, മദ്യവർജ്ജനം നടപ്പിൽ വന്നു. മററു ജില്ലകളെ അപേക്ഷിച്ചു് ഞങ്ങളുടെ താലൂക്കിൽ ഈ പദ്ധതി ൬൦ ശതമാനം വിജയിച്ചിട്ടുണ്ടു്. എന്നാൽ ചെത്തുജോലി നഷ്ടപ്പെട്ട ഉദ്ദേശം ൩,൫൦൦ തൊഴിലാളികൾക്കു് ഗവമ്മെണ്ടിൽനിന്നും യാതൊരു ദുരിതാശ്വാസങ്ങളും ഇതുവരെ ചെയ്തുതന്നിട്ടില്ല. ചക്കരചെത്തു് അനുവദിക്കാമെന്നു് പറഞ്ഞു് കാലം കഴിക്കുന്നതല്ലാതെ ചെയ്തുകാണുന്നില്ല. ഉറങ്ങിക്കിടക്കുന്നവരെ ഉണത്താം. ഉറങ്ങിയതായി നടിക്കുന്നവരെ ഉണത്താൻ പ്രയാസമാണു്. ഗവമ്മെണ്ടു് ഇത്രയും പക്ഷപാതനയം കൈക്കൊള്ളുവാൻ എന്റെ നാട്ടുകാർ എന്തുകുററമാണു് ചെയ്തതു്? ഒന്നുകിൽ ഞങ്ങളുടെ ആവശ്യങ്ങൾ പത്തുശതമാനം എങ്കിലും അനുവദിച്ചുതരിക, അല്ലാത്തപക്ഷം ഞങ്ങളുടെ താലൂക്കിനെ ഈ യൂണിയനിൽനിന്നും വിട്ടുവിടുക, ഞങ്ങൾ സന്തോഷത്തോടെ പൊയ്ക്കൊള്ളാം.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെപ്പററി വേണ്ടുവോളം ഇവിടെ സംസാരിച്ചുകഴിഞ്ഞ സ്ഥിതിക്കു് അതേക്കുറിച്ചു് വളരെ അധികം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററു് ഒരു പുതിയ ബഡ്ജററല്ല എന്നാണു് പ്രധാനമായി എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഇതു് ഒരു പുതിയ ബഡ്ജററാകുന്നമെങ്കിൽ എന്തെങ്കിലും പുതിയ പദ്ധതികളോ വിഭാവനകളോ ഇതിൽ അടങ്ങിയിരിക്കണം. കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ചു് ഒരു മെച്ചവും ഒരു കാര്യത്തിലും വരുത്തിയിട്ടില്ല. കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽനിന്നു് ഏഴരമാസത്തേക്കുള്ള തുക കണക്കാക്കി മാററി എഴുതി ഒരു ബഡ്ജററു് തയാറാക്കിയെന്നുമാത്രമേ മനസ്സിലാക്കാൻ സാധിക്കയുള്ളു. ക്ലിപ്തമായ ഒരു ഐററം വരവിനത്തിൽ കുറവുവന്നിട്ടുള്ളതു് മദ്യവർജ്ജനം കൊണ്ടാണു്. അതിന്റെ കുറവു പരിഹരിക്കാൻ പുതുതായി സാധനങ്ങളുടെ മേൽ നികുതി ചുമത്തിയിരിക്കുന്നു. ഉദ്യോഗസ്ഥന്മാക്കു് ശമ്പളം കൊടുക്കാൻവേണ്ടി സാമാന്യജനങ്ങളിൽനിന്നു് അവക്കു് വഹിക്കാൻ വയ്യാത്ത നികുതിഭാരം ചുമത്തിയിരിക്കുന്നുവെന്നുമാത്രമേ അതേക്കുറിച്ചു് എനിക്കു് പറയുവാനുള്ളു. ഈ അവസരത്തിൽ ഏഴരമാസത്തേക്കുമാത്രം ബഡ്ജററു് അവതരിപ്പിച്ചിരിക്കുന്നതിൽനിന്നു് നമുക്കു് മനസ്സിലാക്കാൻ സാധിക്കുന്നതു്, ഈ ഏഴരമാസംകൊണ്ടു് ഇവിടത്തെ സാമാന്യജനങ്ങളെല്ലാം ഇവിടെ പട്ടിണികിടന്നു് മൃതിപ്പെട്ടുകൊള്ളുമെന്നും, അതിനു ശേഷം ധനവാന്മാക്കു് സുഖമായി ഇവിടെ ജീവിക്കത്തക്കവണ്ണം ഒരു ബഡ്ജററു് അവതരിപ്പിച്ചുകൊള്ളാമെന്നും ധനകാര്യമന്ത്രി വിഭാവന ചെയ്തിട്ടുണ്ടോ എന്നാണു് ഞാൻ സംശയിക്കുന്നതു്. വാസ്തവത്തിൽ ഒരു ബഡ്ജററ് തയാറാക്കുന്ന അവസരത്തിൽ പല സംഗതികളെക്കുറിച്ചും ചിന്തിക്കേണ്ടതാണു്. അങ്ങനെയുള്ള സംഗതികളെക്കുറിച്ചു് ഈ ബഡ്ജററ് തയാറാക്കിയ ആരും ചിന്തിച്ചിട്ടുണ്ടോ എന്നു സംശയമാണു്.

ഇവിടെ പേരിലെങ്കിലും സ്വേച്ഛാധികാരഭരണമല്ല നടക്കുന്നതു്. ഒരു പാട്ടി ഇവിടെ അധികാരത്തിൽ വന്നിരിക്കുന്നു. ആ പാട്ടിക്കു് ഒരു മാനിഫെസ്റ്റോ ഉണ്ടു്. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിവ്വഹിക്കുന്നതിനു് ആ പാട്ടി ജനങ്ങളോടു് ഉത്തരവാദം വഹിക്കുന്നുണ്ടു്. ഈ ബഡ്ജററ് തയാറാക്കിയ അവസരത്തിൽ ആ മാനിഫെസ്റ്റോ ഒന്നു വായിക്കുകയെങ്കിലും ചെയ്യണമായിരുന്നു. ഈ ബഡ്ജററ് കൊച്ചി–തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിന്റെ പ്രഥമ ബഡ്ജററും സ്റ്റേററുകോൺഗ്രസ്സ് പാട്ടി ഗവമ്മെണ്ടിന്റെ രണ്ടാമത്തെ ബഡ്ജററുമാണു്. വളരെ പ്രതീക്ഷകളോടുകൂടിയാണു് ഈ നാട്ടിലെ ജനങ്ങൾ ഈ ബഡ്ജററിനെ നോക്കുന്നതു്.

ഇതു് എന്തുകൊണ്ടാണെന്നുവെച്ചാൽ ഈ രണ്ടാമത്തെ ബഡ്ജററുകൊണ്ടു വളരെ വലിയ മാററം ഇവിടെ വരുത്തുവാൻ പോകുന്നു എന്നു് ആളുകൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ എന്റെ പരിചയത്തിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു് അങ്ങനെ ഉള്ള ആശ സഫലമാക്കുന്നതിനു് ഗവമ്മെണ്ടിനെക്കൊണ്ടു സാദ്ധ്യമല്ലെന്നാണു്. ഇവിടെ ആളുകൾ പ്രതീക്ഷിക്കുന്നതിനെ അടിസ്ഥാനമാക്കി ഒരു വാക്കുകൂടി പറയണമെന്നു് ആഗ്രഹിക്കുന്നു. ഈ ബഡ്ജററു് അവതരിപ്പിച്ച ധനകാര്യമന്ത്രിയും ഈ സഭയിലെ അദ്ധ്യക്ഷം വഹിക്കുന്ന കക്ഷിരഹിതനായ ശ്രീ. ടി. എം. വർഗീസ് അവർകളും ഈ രാജ്യത്തെ ജനകീയഭരണത്തിനുവേണ്ടി പ്രക്ഷോഭണം നടത്തിവന്നകാലത്തു് അവരുടെകൂടെ ആദ്യം മുതൽ അവസാനംവരെ പല കഷ്ടനഷ്ടങ്ങളും സഹിച്ച എന്റേയും നിങ്ങളുടേയും സ്നേഹിതന്മാർ ഇപ്പോൾ എവിടെയാണെന്നു നാം ഓക്കുന്നുണ്ടോ? അങ്ങനെ നമ്മോടുകൂടി ദുരിതങ്ങൾ അനുഭവിച്ച ആ സ്നേഹിതന്മാർ ഇപ്പോഴും ജയിലിൽ കിടക്കുകയാണു്. അവരെ ഇനിയും ഒരു നിമിഷംപോലും അവിടെ ഇരിക്കാൻ അനുവദിക്കാൻ പാടില്ലാത്തതാണു്. ഈ രണ്ടു കൊല്ലങ്ങൾക്കുള്ളിൽ സാരമായ പല മാററങ്ങളും ഭരണകാര്യങ്ങളിൽ വരുത്തിയിട്ടുള്ള നാം ആ കാര്യം ആലോചിക്കേണ്ടതാണു്. ബഡ്ജററിൽ അടങ്ങിയ സംഗതികളെപ്പററി മനഃപൂവ്വമായി എതിക്കുന്നതുകൊണ്ടോ മനഃപൂവ്വമായി അനുകൂലിക്കുന്നതുകൊണ്ടോ ഏതെങ്കിലും പ്രയോജനം ഉണ്ടെന്നു് എനിക്കു തോന്നുന്നില്ല. സാധാരണ ജനങ്ങൾക്കു് അത്യാവശ്യമുള്ള സൃഷ്ടിപരമായ പ്രവത്തനങ്ങൾ ഈ ബഡ്ജററിൽ അന്തർഭവിച്ചിട്ടുണ്ടോ എന്നാണു് നാം നോക്കേണ്ടതു്. ജനങ്ങൾക്കു് അന്തസ്സും അഭിവൃദ്ധിയും ഉണ്ടാകണമെന്നു് അഭിപ്രായമുണ്ടെങ്കിൽ നാം അതനുസരിച്ചു പ്രവത്തിക്കേണ്ടതാണു്. സർ, ഇന്നു നാട്ടിൽ ഏർപ്പെടുത്തിയിട്ടുള്ള സകല ടാക്സുകളും സാമാന്യജനങ്ങളെ ബാധിക്കുന്ന കാര്യങ്ങളാണു്. അ

ഞ്ചൽ ഡിപ്പാർട്ടുമെണ്ടിൽനിന്നുള്ള വരവായാലും സെയിൽസ് ടാക്സിൽനിന്നുള്ള വരവായാലും രജിസ്ട്രേഷൻ മൂലമുള്ള വരവായാലും എന്റെ അഭിപ്രായത്തിൽ സാമാന്യജനങ്ങളെ മാത്രം ബാധിക്കുന്നവയാണെന്നു് എനിക്കു തെളിയിക്കുവാൻ കഴിയും. സാധാരണക്കാർ മാത്രമല്ല മററുള്ളവരും കാർഡും കവറുമെല്ലാം വാങ്ങിക്കുന്നു എന്നു് ഒരുപക്ഷേ വാദിച്ചേക്കാം. എന്നാൽ വലിയ ആളുകൾ കാർഡും കവറും വാങ്ങിക്കുകയാണെങ്കിൽ അതു് അവരുടെ വ്യവസായങ്ങളേയും കച്ചവടത്തേയും ഉയർത്തിക്കൊണ്ടുപോകുന്നതിനും അതുവഴി പിന്നെയും അമിതമായ ആദായം ഉണ്ടാക്കുന്നതിനും വേണ്ടിയാണു്. അതുപോലെതന്നെ സെയിൽസ്ടാക്സ്, കച്ചവടക്കാർ സാമാന്യജനങ്ങളുടെ പക്കൽനിന്നും ഈടാക്കുന്നു എന്നല്ലാതെ വലിയ കച്ചവടക്കാർക്കു് അതുകൊണ്ടു യാതൊന്നും സംഭവിക്കാൻ പോകുന്നില്ല. എന്നാൽ ഇങ്ങനെ കാർഡിനും കവറിനും വില കൂട്ടിയതുകൊണ്ടു ജനങ്ങൾ പരിഭവിക്കുകയില്ലായിരുന്നു, ആ ജനങ്ങളിൽനിന്നും ഉള്ള വരവു് സാമാന്യജനങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ഇല്ലാതെയാക്കുന്ന നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കുകയാണെങ്കിൽ. ഒരുപക്ഷേ കവറിനു നാലണ ആക്കിയിരുന്നാലും സാധുജനങ്ങൾക്കു് ആവശ്യമുള്ള സൃഷ്ടിപരമായ കാര്യങ്ങൾക്കു വിനിയോഗിക്കുകയാണെങ്കിൽ അവർ അതു സഹിക്കുമായിരുന്നു. എന്നാൽ ഗവമെണ്ടു് അതല്ല ചെയ്തിട്ടുള്ളതു്. ഈ കാര്യങ്ങൾ ഓക്കുമ്പോൾ സാധാരണക്കാർക്കു് എങ്ങനെയാണു് സമാധാനമുണ്ടാകുക? അതിനാൽ ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾക്കു പരിഹാരം നൽകുന്നതിനു് ഇന്നത്തെ ഗവമെണ്ടു ബാദ്ധ്യസ്ഥരാണു്. അതുകൊണ്ടു് ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം അതു് ഈവക കാര്യങ്ങളിൽ തികച്ചും അപ്രാപ്തമാണെന്നും എന്നാൽ അടുത്തു് അവതരിപ്പിക്കാൻ പോകുന്ന ബഡ്ജററിലെങ്കിലും ഈവക കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടുകൊണ്ടു വിരമിക്കുന്നു.

ஸ்ரீ. பி. தாணுலிங்க நாடார்: ஸர், எனக்கு, இந்த பட்ஜெட்டைப் பற்றி, என்னைப் பொருத்த அளவில், நமது நிதி மந்திரி அவர்களை அவ்வளவாகக் குறை கூற எண்ணமில்லை. உண்மையிலே இந்த பட்ஜெற்று எவ்வளவோ பரிதாபகரமான நிலைமையிலிருந்தும்கூட கணக்குகளைக் கூட்டிச் சரிப்படுத்த கொஞ்சம் பிரயாசம் எடுத்திருக்கிறார் நமது நிதி மந்திரி. கனம் சிவராம பிள்ளை அவர்கள் இந்த பட்ஜெட்டில் நுழைந்து நுழைந்து கணக்கை பரிசீலனை செய்து பார்த்து, பட்ஜெட்டைப் பற்றிப் பேசினார்கள். ஆனால் நான் சொல்லிக்கொள்வது இந்நாட்டிலுள்ள பொது கட்டிடங்கள் நிலங்கள் போன்ற சொத்துக்களையும், கடனையும் சமமாக்கி ஒரு பட்ஜெட் தயாரிப்பது என்பது ரொம்ப சிரமம். இதற்கு முன்னிருந்த நிதி மந்திரியவர்கள் பொதுரோடுகள், பொது கக்கூசுகள், இவைகளையும் நாட்டின் சொத்துக்கள் என்றுகணக்காக்கத் தவறிவிட்டார். ஆனால் அடுத்த வருஷம் திருவிதாங்கூர் பட்ஜெட்டில் இவைகளையும் திருவிதாங்கூர் சொத்து என்று வருமானத்தில் கொண்டுவர விட்டிருக்கிறார் என்று நினைக்கிறேன். ஆனால் தற்சமயம் அவைகளையும் கடனோடு சேர்த்து நமக்கு சொத்து மிச்சமாயிருக்கிறது என்று காட்டியிருக்கிறார்கள். செலவு விஷயமாக அநேகர் பல மாதிரியாகச் சொன்னார்கள். அது குறையல்ல. ஸர், பெருஞ்சாணி அணைக்கு மூன்று லக்ஷம் ரூபாய் ஒதுக்கியிருக்கிறார்கள். கன்னியாகுமரி ஜலவசதிக்கு 3 லக்ஷம். இவைகளையெல்லாம் பட்ஜெட்டில் காட்டிவிட்டு கன்னியாகுமரி ஜனங்கள் கடல் ஜலத்தை குடிக்கலாம் என்று சொல்லியிருக்கிறார்கள். அதுபோல் முட்டம். அதேபோல் பூதப்பாண்டி ஜனங்களுக்கும். அனந்தனார் சானல் வழியாக பேச்சுபாரைத் தண்ணீரைக் கொடுக்க ஏற்பாடு செய்திருக்கிறார்கள். இந்த மாதிரி மக்களுக்குப் பல முறையிலும் உதவிசெய்ய ரொம்ப சிரமப்பட்டிருக்கிறார்கள். பெருஞ்சாணி அணைத் திட்டத்திற்காக இந்த பட்ஜெட்டில் சேர்க்கப்பட்டிருக்கும் துகைக்காக தென் திருவிதாங்கூர் ஜனங்கள் அவர்களுக்கு ரொம்பக் கடமைப்படிடிருக்கிறார்கள். இந்த நன்றிக்காக கிருஷிகர்களுக்குக் கொடுக்கப்பட்டிருக்கும் இந்த $2\frac{1}{4}$ பறை நெல்கூட வேண்டியதில்லை. இவ்வளவு பெரிய அணையைக் கட்டிக் கொடுத்த சர்க்காருக்குத் தென் திருவிதாங்கூர் ஜனங்கள் ரொம்ப நன்றி காட்டத்தான் வேண்டும். இன்னும் அநேகம் முறையில், தமிழர்களுக்கு சர்க்கார் செய்துகொண்டிருக்கிறதைப் பார்த்தால் அவர்களுக்கு நன்றிதான் செலுத்தவேண்டும்.

ஸர், திருவிதாங்கூர் கொச்சி இணைப்பைப்பற்றியும் அவ்விணைப்பினால் நமது பொருளாதாரம் எப்படிப் பாதிக்கப்பட்டிருக்கிறதென்றும் பலர் பேசினார்கள். அ

[Sri Thanulingam Nadar]

தைப் பற்றியும் நான் ஒன்றிரண்டு வார்த்தைகள் சொல்ல ஆசைப்படுகிறேன். இந்த இணைப்பை நமது ஞானக்கருத்தால் பார்ப்போம். அறுபது வயது கிழவன் பிரியமில்லாத இருபது வயது குமரியைக் கட்டிக்கொண்டு, அவளைத் திருப்திப்படுத்துவதற்காக கஷ்டப்படுவதுபோல் தானிருக்கிறது திருவிதாங்கூர் கொச்சியிணைப்பு.

முதலாவது கொச்சியிலிருப்பது போல் ஸ்டாம்பு விலையை உயர்த்தியும், அதுபோல் பத்திரங்களின் விலையையும் உயர்த்தி, இன்னும் அந்த ஊரிலிருக்கிறதுபோல் நெல் அளப்பும், முதலியவைகளைப் பார்க்கும்போது ஏதோ அவர்களை சமாதானப்படுத்துவதற்காக இவைகள் செய்யப்படுவதாகக் காணப்படுகிறது. இன்னும் அங்கு ஒரு வோட்டருக்கு சமம் இங்கு இரண்டு வோட்டர்கள். இங்கு ஐம்பதினாயிரம் பேருக்கு ஒருவர், அங்கு இருபதினாயிரத்துக்கு ஒரு வோட்டர். நெல் அளப்பில்கூட அந்தப்பக்கத்தைப்போல் இங்கும் நெல் அளக்க வேண்டுமென்றிருப்பதைப் பார்த்தால் இந்தக் கிழவனுக்கு கொச்சியிடத்தில், அளவு கடந்த ஆசையாய் விட்டது. தனக்கும் கொஞ்சம் சுயமரியாதை உண்டு என்பதைக் கூட உணராமல் இருக்கிறானே என்று இந்தக் கிழவனைப் பார்த்து வருத்தப் படுகிறேன்.

இன்னும் Railway extension ஐப் பற்றி பலர் பேசினார்கள். மந்திரி முதல் சகலரும் வட திருவிதாங்கூருக்கு ரெயில்வேயை நீட்டவேண்டுமென்று பேசினார்கள். தென் திருவிதாங்கூரைப்பற்றிக் கவலைப் படுவதாகவே தோன்றவில்லை. திருவனந்தபுரம்—நாகர்கோவில் ரயில்வே இணைப்பை விட திருநெல்வேலி–நாகர்கோவில் ரயில்வே இணைப்பு பொருத்தமாயிருக்குமென்று விட்டிருக்கிறார்கள் என்பதை உணர்ந்து கொள்ளாமலிருக்கிறார்கள் தென் திருவிதாங்கூர் ஜனங்கள். திருவனந்தபுரம் நாகர்கோவில் இணைப்பைவிட நாகர்கோவில் திருநெல்வேலி இணைப்புதான் ரொம்ப பொருத்தம். சர்க்காரும் இப்படி எண்ணி இருப்பார்களானால், அதற்காக நான் சர்க்காருக்கு நன்றி செலுத்திக்கொள்கிறேன்.

சாதாரண மனிதனுக்கு இந்த பட்ஜெற்றில் ஒன்றும் செய்யவில்லை. போனபட்ஜெற்றில் சாதாரண மக்களுக்கு ரொம்ப செய்யப்பட்டிருந்தது என்று சிலர் சொன்னார்கள். இவைகளில் எனக்கு நம்பிக்கையில்லை. என் அனுபவத்தில் மக்களுக்காக ஒரு பட்ஜெற்றிலும் ஒன்றும் செய்யப்படவில்லை. பின்னவன் கெட்டிக்காரன், முனவன் கெட்டிக்காரன் என்று சொல்வதில் யாதொரு அர்த்தமும் இல்லை. ஸ்ரீமான் சிவராமபிள்ளை சொன்னதுபோல், சர்க்காரை எப்படியாவது ஒரு முறையில் நடத்திக் கொண்டு போகவேண்டுமென்று இருக்கிறதே ஒழிய உண்மையாய் நாட்டிற்கு நன்மைபுரியவேண்டுமென்ற நோக்கம் இல்லை. ஒருவர் ஒரு இலாகாவின் மந்திரியாக மூன்று வருடமாவது இருக்கவேண்டும். இன்று கல்விமந்திரியாய் இருப்பவர் நாளை நிதி மந்திரியாய்தான் இருக்கமுடியும். அப்படியானால்தான் இந்த மாதிரி ஒரு பட்ஜெட் தயார் செய்து எப்படியாவது சர்க்காரை ஓட்டமுடியும் என்ற இந்த நிலைமையில் தான் இந்த பட்ஜெற்றும் இருக்கிறது என்று சொல்லிக்கொண்டு எனதுபேச்சை முடித்துக்கொள்கிறேன்.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ ൧൧ മണിക്ക വീണ്ടും കൂടുന്നതുമാണ്.

*The House adjourned at 4-30 p.m to meet again at 11 a.m. the next day.*

V. KRISHNAMOORTHY AYYAR
*Secretary to the Legislative Assembly*

# PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

**FIRST SESSION 1949/1124**

**Friday the** *12th August 1949* / *28th Karkatagam 1124*

**Vol. I.** **OFFICIAL REPORT** **No.5.**

The Assembly met in the Legislative Chamber, Public offices, Trivandrum at eleven of the clock on Friday, the 12th August 1949 with Mr. Speaker (the Hon'ble Sri. T. M. Varghese) in the chair.

## QUESTIONS AND ANSWERS

### Oral Answers

**POLITICAL PRISONERS**

***112. Sri. K. W. Muralidhara Marar:** Will the Government be pleased to state.—
(*a*) how many political prisoners are there in this State;
(*b*) their classification; and
(*c*) whether any family allowance is paid to them?

**The Hon'ble Sri. T. K. Narayana Pillai:**
(*a*) 29.
(*b*) All detenues are given special treatment and are not classed either as A, B or C
(*c*) In deserving cases family allowances are being paid.

സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: ഏതെല്ലാം തരത്തിലുള്ള പൊളിറ്റിക്കൽ പ്രിസിണേഴ്സിനാണ് ഫാമിലി അലവൻസ് കൊടുക്കുന്നതെന്ന് പറയാമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: തരംതിരിച്ചു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: എത്രപേൎക്ക് ഫാമിലി അലവൻസ് കൊടുക്കുന്നുണ്ടെന്ന് പറയാമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: സൂക്ഷ്മമായി പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഡിറ്റിന്യൂസിനെ ട്രൈ ചെയ്യുന്നതിന് എന്താണ് തടസ്സം?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ട്രൈ ചെയ്യാൻ നിവൃത്തിയില്ലാത്ത പൊളിറ്റിക്കൽ പ്രിസണേഴ്സിനെയാണ് ഡിറ്റിന്യൂസായിട്ട് വച്ചിട്ടുള്ളത്.

ശ്രീ. പി. റ്റി. ചാക്കോ: ഡിറ്റിന്യൂസിന് അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ എ ബി. സി. എന്നീ ക്ലാസ്സുകാൎക്ക് അനുവദിച്ചിട്ടുള്ള സൌകര്യങ്ങളിൽനിന്നും കുറവാണോ കൂടുതലാണോ എന്നു പറയാമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഡിറ്റിന്യൂസിന് എ. ബി. സി. എന്നിങ്ങനെ തരംതിരിപ്പില്ല. മറ്റു പുള്ളികൾക്ക് കൊടുക്കുന്നതിനേക്കാൾ കൂടുതലായ സൌകര്യങ്ങൾ അവൎക്ക് അനുവദിച്ചിട്ടുണ്ട്.

**Sri. A Nesamony:** How much is paid by way of family allowance every month?
**The Hon'ble Sri. T. K. Narayana Pillai:** That varies with individuals.
**Sri. A, Nesamany:** May I know what the total amount is?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ചിലൎക്ക് ൫൦ രൂപായും മറ്റു ചിലൎക്ക് ൩൦ രൂപായും ആണ് റേറ്റ് വച്ചിരിക്കുന്നത്. ആളിന്റെ ധനസ്ഥിതി, കുടുംബ ചുമതലകൾ ഇവയൊക്കെ നോക്കിയാണ് റേറ്റു നിശ്ചയിക്കുന്നത്.

**Sri. A. Nesamony:** What is the amount that is paid every month under that head?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: പ്രതിമാസം എത്ര രൂപ കൊടുക്കുന്നുണ്ടെന്നു സൂക്ഷ്മമായി പറയാൻ ഇപ്പോഠം നിവൃത്തിയില്ല. മൂന്നു നാലു് പേക്കു് കൊടുക്കുന്നുണ്ടു്. ചിലക്കു് ൨൫ രൂപയും മററ ചിലക്കു് ൨൦ രൂപയുമാണു് കൊടുക്കുന്നതു്.

**Sahib Bahadur A. Abdul Razaak:** Are all these 29 prisoners communists?
(No answer)

ശ്രീ. പി. എം. വർഗ്ഗീസ്സു്: അർഹതയുള്ളവർ ആരാണോ അല്ലയോ എന്നറിയുവാൻ എന്തു മാനദണ്ഡമാണു് ഗവമ്മെണ്ടിനുള്ളതു്?

**Mr. Speaker:** That question does not arise again.

ശ്രീ. പി. എം. വർഗ്ഗീസ്സു്: സർ, ഒരു പായിൻറു് ഓഫു് ഓർഡർ. എൻെറ ചോദ്യം ഈ ചോദ്യത്തിൽനിന്നും ഉദിക്കുന്നില്ലെന്നു പറയുന്നതു ശരിയല്ല. പൊളിററിക്കൽ പ്രിസണേഴ്സിനെ ഫാമിലി അലവൻസിനു് ഡിസർവിംഗ് എന്നും അല്ലാത്തതെന്നും ക്ലാസ്സിഫൈ ചെയ്യുന്നുണ്ടെന്നു ബഹു: മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞു. അങ്ങിനെ ആണെങ്കിൽ ഇങ്ങനെ ക്ലാസിഫൈ ചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണെന്നറിയണമെന്നുള്ള ചോദ്യം ഇതിൽനിന്നു ഉൽഭവിക്കുന്നില്ലെന്നു പറയുന്നതു് തെററാണു്. അതാണു് എൻെറ പായിൻറു് ആഫു് ആർഡർ.

മിസ്റ്റർ സ്പീക്കർ: ഫാമിലി അലവൻസു് പൊളിററിക്കൽ തടവുകാക്കു കൊടുക്കുന്നുണ്ടോ എന്നാണു് ചോദ്യം. അതുകൊടുക്കുന്നുണ്ടെന്നും, അതിൻെറ തുകയെന്തെന്നും, എന്തു അടിസ്ഥാനത്തിലാണു് ഠേറ നിശ്ചയിക്കുന്നതെന്നും ഉത്തരം കിട്ടിക്കഴിഞ്ഞു; വീണ്ടും അതിനുള്ള മാനദണ്ഡം എന്താണെന്നുള്ള ചോദ്യം ഉൽഭവിക്കുന്നില്ല.

ശ്രീ പി. ററി. ചാക്കൊ: ഈ ഡററിന്യൂസിനു് ദിവസം ഒന്നിനു് എത്ര രൂപായാണു ചിലവാക്കുന്നതെന്നു് പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ൨ രൂപാ ൭ ചക്രമാണു് ഇപ്പോഠം ചിലവാക്കുന്നതു്. അതു ആഹാരം വസ്ത്രം അതുപോലെയുള്ള മററ സുഖസൌകര്യങ്ങഠം ഇവയ്ക്കു് പുറമെയാണു്.

ശ്രീ. പി. ററി. ചാക്കൊ: അവക്കു നൽകുന്ന സുഖസൌകര്യങ്ങഠം എന്തെല്ലാമാണെന്നു പറയുമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: വോളിബാഠം കളിക്കുന്നതിനും ഫുട്ബാഠം ബാഡ്മിററൻ തുടങ്ങിയവ കളിക്കുന്നതിനും മററും വേണ്ട സൌകര്യങ്ങഠം......

**Sri. K. P. Neelakanta Pillai:** On a point of order. May I know whether the answer given by the Hon'ble Chief Minister arises out of this question?

മിസ്റ്റർ സ്പീക്കർ: അവക്കു് നൽകുന്ന സൗകര്യങ്ങഠം എന്തെല്ലാമാണെന്നുള്ള കാര്യം ഉൽഭവിക്കുന്നുണ്ടു്. (Laughter)

ശ്രീ. പി. ടി. ചാക്കോ: സർ, എൻെറ ചോദ്യത്തിനു് ഉത്തരം കിട്ടിയില്ല.

ബഹു: ശ്രീ ടി. കെ. നാരായണപിള്ള: അതിനു് ഞാൻ ഉത്തരം പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അതിനുത്തരം പറയേണ്ടതു എൻെറ ചുമതലയാണെന്നും ഞാൻ വിചാരിക്കുന്നു. ബാഡ്മിൻറൻ കളിക്കുന്നതിനും, വോളിബാഠം കളിക്കുന്നതിനും മററും ആവശ്യമായ സൗകര്യങ്ങഠം ചെയ്തുകൊടുക്കണമെന്നു അവരുടെ ഒരു നിവേദനം കിട്ടിയിട്ടുണ്ടു്. അതിൽ ഏതാനും സൗകര്യങ്ങഠം ഒക്കെ ചെയ്തുകൊടുത്തിട്ടുമുണ്ടു്.

**Sri. R. K. Ram:** May I know whether a member of this Assembly representing Kodungallur Taluk is a prisoner.

**The Hon'ble Sri. T. K. Narayana Pillai:** Nobody is a prisoner so far as the members of this Assembly are concerned.

**Sri. K. K. Ram:** Is he under a warrent of arrest?

**Mr. Speaker:** That question does not arise.

ശ്രീ. എം. ഐ. പോഠം: സർ, ചോദ്യോത്തരവേളയിൽ ആദ്യമായി എഴുന്നേററു നില്ക്കുന്ന മെമ്പക്കു് ചോദ്യം ചോദിക്കുന്നതിനു ആദ്യത്തെ സ്ഥാനം കൊടുക്കേണ്ടതു് ഒരു

മര്യാദ മാത്രമാണ്. ആരാണ് ആദ്യം എഴുന്നേററുനില്ക്കുന്നതെന്ന് സ്പീക്കർ അവർകൾ കാണുന്നതു നന്നായിരിക്കും. ഞാൻ ആദ്യമായി എഴുന്നേററുനിന്നുവെങ്കിലും സ്പീക്കർ എന്നെ കാണാത്തതിൽ എനിക്കു വളരെ സങ്കടമുണ്ട്. മററുപലരും എഴുന്നേൽക്കുന്നതിനു മുമ്പേ ഞാനാണ് ആദ്യമായി എഴുന്നേററുനിന്നതെന്നുള്ളതു് വെറും പരമാർത്ഥമാണ്. മേലാലെങ്കിലും ആദ്യം എഴുന്നേല്ക്കുന്നവർക്ക് ആദ്യത്തെ സ്ഥാനം നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. അതുപോലെതന്നെ ഇപ്പോൾ ഇവിടെ പലരും ഒരേസമയത്തു എഴുന്നേററുനിന്നു് സംസാരിക്കുകയുണ്ടായി. ആ നടപടി പാർലിമെൻററിയാണോ എന്നും അറിഞ്ഞാൽ കൊള്ളാം?

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ആദ്യമായി എഴുന്നേററുനിന്നതു് ശരിയായിരിക്കും. എന്നാൽ എഴുന്നേററതായി ആദ്യമായി സ്പീക്കറുടെ ദൃഷ്ടിയിൽപ്പെടുന്ന മെമ്പറെയാണ് വിളിക്കുന്നതു്. മെമ്പറുടെ കാര്യത്തിലും അങ്ങിനെ ചെയ്യുന്നതാണ്. ഒന്നിലധികം മെമ്പറന്മാർ ഒരേസമയത്തു സംസാരിക്കാൻ ശ്രമിക്കുന്നതു അനുവദിക്കത്തക്കതല്ലാത്തതും സഭാനടപടികൾക്കു വിഘാതവുമാണ്. അങ്ങിനെ സംഭവിക്കാതിരിക്കാൻ ബഹുമാനപ്പെട്ട മെമ്പറന്മാർ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

**Sri. K. P. Neelakanta Pillai:** May I know how many out of these 27 detenues are in lock-up?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ലാക്കപ്പിലുള്ളതു നാലുപേരാണ്.

## FIRST SESSION OF THE LEGISLATIVE ASSEMBLY

* **113. Sri. D. Gnanasigamony:** Will the Hon'ble Minister for Law be pleased to state,—

(*a*) who directed the convening of the adjourned meeting of the first session of the Legislative Assembly of the United State of Travancore and Cochin;

(*b*) the date of such direction; and

(*c*) the provision under which such direction was given?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) The Hon'ble Speaker,

(*b*) 16th July 1949,

(*c*) The existing provisions covering the Speaker's action in convening the meeting are contained in Sections 7 and 24 of Ordinance No. VIII of 1124.

**Sri. D. Gnanasigamony:** May I know whether on the date of such direction, any power was vested in the Speaker for that purpose?

**Mr. Speaker:** That question does not arise in view of the provisions of the Ordinance referred to by the Hon'ble Minister in giving his answer. Section 24 of the Ordinance precludes all questions touching the validity of the Speaker's action in this matter.

**Sri. A. Thanu Pillai:** May I know from the Hon'ble Chief Minister whether Government will see to it that hereafter at least they do not put the Speaker to the necessity of acting on promises of prospective legislation with retrospective effect?

**Mr. Speaker:** That certainly is a sound principle of general application in all cases and the Government may avail themselves of the suggestion contained in the member's question. But as matters now stand the question is found to have been finally solved leaving little or no room for discussion.

**Sri. A. Thanu Pillai:** Particularly to you, Sir, because you are not expected to listen to the Government except according to the Laws enacted and are in force, not on prospective legislation. Your position is particularly great and high and unassailable. You should not be put to the necessity of being subject to any kind of criticism by the members of this House or by the Government. That is your peculiar position. Other matters, I know. They are also important.

**Mr. Speaker:** In regard to the Speaker's position in relation to the question now raised the Hon'ble member's observations are, no doubt, in order. But regarding the future course of action the Government may pursue in similar matters no kind of assurance is called for. The Hon'ble Minister concerned may, however, speak on the matter if he feels so inclined.

ബഹു: ശ്രീ ടി. കെ. നാരായണപിള്ള: ആ ചോദ്യം ചില പ്രിമൈസസ്സ് ശരിയാണെന്നുള്ള അടിസ്ഥാനത്തിൽ ആണ് ചോദിക്കുന്നതു്. അതുകൊണ്ടു് ആദ്യമായി അതിനു് എനിക്കു പറയാനുള്ള മറുപടി ആ പ്രിമൈസസ്സ് തെററാണെന്നാണ്. യാതൊരു പ്രാമി

സും ഗവൺമെണ്ടിൽനിന്നും ആക്ഷം കൊടുത്തിട്ടില്ല. സ്പീക്കർക്ക് അസംബ്ലി വിളിച്ചുകൂട്ടുന്നതിനുള്ള അധികാരം ഉണ്ട്. അതിന് ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്. ഓർഡിനൻസിലെ വ്യവസ്ഥയനുസരിച്ച് സ്പീക്കർക്കുള്ള അധികാരം ഉപയോഗിച്ചാണ് നിയമസഭ വിളിച്ചുകൂട്ടിയിട്ടുള്ളതു്.

**Sri. A. Thanu Pillai:** Was there any law in force which the Speaker could have quoted and under which he acted when he issued the notice?

**Mr. Speaker:** I disallow further discussions on this matter. The position has been made sufficiently clear.

## ASSIGNMENT OF PORAMBOKE LANDS

*114. **Sri. M. I. Paul:** Will the Government be pleased to state.—

(*a*) whether the Government have any idea to assign poramboke lands in the Elankunnapuzha village Cochin State to the local co-operative societies for paddy cultivation; if so, how; and

(*b*) whether there was any application from any of the local co-operative societies to this effect, if so, what action has been taken ?

**The Hon'ble Sri. E. Ikkanda Warrier :**

(*a*) The matter is under consideration ;

(*b*) Yes; the requests are being considered.

ശ്രീ. എം. ഐ. പോൾ: എത്ര കാലത്തിനുമുമ്പാണ് ഈ അപേക്ഷ കിട്ടിയിട്ടുള്ളതെന്നു പറയാമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: കുറച്ചുമാസങ്ങളായിരിക്കണം. ക്ലിപ്തമായി പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ: ഇതുവരെ അതിനെസംബന്ധിച്ച് ഒരു തീരുമാനം എടുക്കുവാൻ സാധിക്കാത്തവണ്ണം അതിനുള്ള തടസ്സം എന്തായിരുന്നു?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: അപേക്ഷയനുസരിച്ചു സ്ഥലം വിട്ടുകൊടുത്താൽ അതേറെറടുത്തു കൃഷി നടത്തുന്നതിനുള്ള പ്രാപ്തി ആ കോപ്പറേററീവു സൊസൈററിക്കു ഉണ്ടോ എന്നന്വേഷിക്കുന്നതിനു അതു കോവാപ്പറേററീവു റജിസ്ട്രാരുടെ റിപ്പോർട്ടിനായി അയച്ചു. റിപ്പോർട്ടു വരുന്നതിനുള്ള താമസമാണ് ഇതുവരെ തീരുമാനം എടുക്കാതിരിക്കാൻ കാരണമാക്കിയിട്ടുള്ളതു്.

ശ്രീ. എം. ഐ. പോൾ: എന്തു പ്രാപ്തിയെപ്പററി അന്വേഷിക്കുന്നതിനാണ് റജിസ്ട്രാർക്കു അയച്ചിട്ടുള്ളതെന്നു പറയാമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ആ കോവാപ്പറേററീവു സൊസൈററിയിൽ രണ്ടു കക്ഷികൾ തമ്മിൽ വഴക്കുണ്ടായിട്ടുണ്ട്. അതുകൊണ്ടു ഈ സ്ഥലങ്ങൾ ഏറെറടുത്തു കൃഷി നടത്താൻ അവർക്കു വേണ്ട പ്രാപ്തിയുണ്ടോ എന്നതിനെക്കുറിച്ചു റിപ്പോർട്ടു ചെയ്യാനാണ് റജിസ്ട്രാർക്കു അയച്ചിട്ടുള്ളതു്.

ശ്രീ. എം. ഐ. പോൾ: രണ്ടു കക്ഷികൾ തമ്മിൽ വഴക്കുള്ളതു വേറെ ഒരു കോവാപ്പറേററീവു സൊസൈററിയിൽ ആണെന്നും സ്ഥലം പതിച്ചുവേണമെന്നു ആവശ്യപ്പെട്ടിരിക്കുന്ന സൊസൈററിയിൽ യാതൊരു കക്ഷിവഴക്കുകളും ഇല്ലെന്നും ഗവൺമെണ്ടിനു അറിയാമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാര്യർ: അതേതു സൊസൈററിയാണെന്നു പറഞ്ഞാൽ മറുപടി പറയാം.

ശ്രീ. എം. ഐ. പോൾ: ഞാൻ പറയുന്നതു ഓച്ചൻതുരുത്തു കോ-ഓപ്പറേററീവു സൊസൈററിയാണ്.

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ആ സൊസൈററിക്കു ഭൂമി പതിച്ചുകൊടുത്താൽ അതേറെറടുത്തു കൃഷി നടത്തിക്കാനുള്ള പ്രാപ്തിയുണ്ടോ എന്നു അന്വേഷണം നടത്താനാണ് കോവാപ്പറേററീവു റജിസ്ട്രാരെ ചുമതലപ്പെടുത്തിയിട്ടുള്ളതു്. പുറമ്പോക്കു ഭൂമികൾ നിലമാക്കി കൃഷി നടത്തുന്നതിനു വലിയതുക ഗവൺമെണ്ടിൽനിന്നു ധനസഹായം ലഭിക്കണമെന്നു സൊസൈററി ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു ആ സൊസൈററിയുടെ സാമ്പത്തികവും മററുതരത്തിലുള്ളതുമായ പ്രാപ്തിയെപ്പററി അന്വേഷിക്കേണ്ട ആവശ്യം നേരിട്ടു. അതേപ്പററിയാണ് ഇപ്പോൾ ആലോചനകൾ നടന്നുവരുന്നതു്. അതാണ് താമസത്തിനു കാരണം.

ശ്രീ. എം. ഐ. പോൾ: പ്രസ്തുതസ്ഥലങ്ങൾ ഏറെറടുത്തു നടത്തുന്നതിന് എത്രത്തോളം പ്രാപ്തി ആ സൊസൈററിക്കുണ്ടായിരിക്കണമെന്നാണ് ഗവർമ്മെണ്ട് ഉദ്ദേശിക്കുന്നതു്?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ആ സ്ഥലത്തെ സംബന്ധിച്ചു എക്സിക്യൂട്ടീവ് എഞ്ചിനീയരുടെയും അഗ്രിക്കൾച്ചറൽ ഡയറക്ടരുടെയും റിപ്പോർട്ടുകൾ കിട്ടിയിട്ടുള്ളതനുസരിച്ചു ഒരുലക്ഷത്തിൽപരം രൂപാ വേണ്ടിവരുമെന്നാണ് കാണുന്നതു്. അതിനുള്ള പ്രാപ്തി ആ സൊസൈററിക്കു ഉണ്ടോ എന്നു നിശ്ചയമില്ല. അതേപ്പററി ശരിയായി അന്വേഷിച്ചുശേഷം മാത്രമെ ഒരു തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളു.

**Sri. D. Gnanasigamony :** Is there any rule that only Co-operative Societies will be given lands for cultivation ?

**The Hon'ble Sri. E. Ikkanda Warrier :** There is no such rule, Sir.

**Sri. D. Gnanasigamony :** Then, will the Government consider the desirability of giving these Poramboke lands only to bonafide cultivators ?

**The Hon'ble Sri. E. Ikkanda Warrier :** Government will consider that question.

## DEEP SEA FISHING

* **115. Sri. M. I. Paul :** Will the Government be pleased to state.—

(*a*) whether the Government have any scheme before them to develop deep sea fishing in the State; and

(*b*) if so, how?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Yes.

(*b*) By encouraging dony fishing on a co-operative basis and by introducing modern mechanised methods of fishing.

ശ്രീ. എം. ഐ. പോൾ: ഗവർമ്മെണ്ടിൽനിന്നും എന്തെല്ലാം പ്രോത്സാഹനങ്ങളാണു നൽകികൊണ്ടിരിക്കുന്നതെന്നു പറയാമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഗവർമ്മെണ്ട് അതിനു പലതും ചെയ്തുവരുന്നുണ്ട്. മെക്കനൈസ്ഡ് മെത്തേഡ് ഓഫ് ഫിഷിങ്ങ് ആണ് ഏററവും നല്ലതെന്നു തോന്നിയിട്ടുള്ളതുകൊണ്ട് അതിനെയാണ് ഇപ്പോൾ ഗവർമ്മെണ്ട് പ്രോത്സാഹിപ്പിച്ചുവരുന്നതു്.

ശ്രീ. എം. ഐ. പോൾ: അതെങ്ങിനെയാണു നടത്തിവരുന്നതെന്നു ഒന്നു വിശദീകരിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സ്പീക്കർ: അങ്ങിനെ ഒരു വിശദീകരണം ആവശ്യപ്പെടുന്നതു ഒന്നാമത്തുതന്നെ ഈ ചോദ്യവുമായി വളരെ ബന്ധപ്പെട്ടതല്ല. രണ്ടാമതു ഒരുമണിക്കൂർനേരംകൊണ്ട് പറയാവുന്ന വിവരങ്ങൾ മാത്രമെ ചോദ്യോത്തരസമയത്തുപറയാൻ ആവശ്യപ്പെടാവൂ. ഈ മാതിരി വിശദീകരണങ്ങൾ ആവശ്യപ്പെടുന്നതു ചോദ്യോത്തരസമയങ്ങളിൽ അനുവദനീയമല്ല.

ശ്രീ. പി. കെ. ഡീവർ: ഡീപ്പ്സീ ഫിഷിങ്ങിനുവേണ്ടി ഇൻഡ്യാഗവർമ്മെണ്ടിൽനിന്നും ഈ ഗവർമ്മെണ്ടിനു എന്തെങ്കിലും ഗ്രാൻറ കിട്ടുന്നുണ്ടോ ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: കിട്ടുന്നുണ്ട്.

ശ്രീ. പി. കെ. ഡീവർ: എന്തുമാത്രം കിട്ടുന്നുണ്ടെന്നു പറയാമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: തുക എത്രയാണെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ടി. ചാക്കോ: ഗവർമ്മെണ്ട് കുറച്ചു മത്സ്യമെങ്കിലും ഇതുവരെയായി പിടിച്ചിട്ടുണ്ടോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: പിടിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: ഡീപ്പ്സീ ഫിഷിങ്ങിനുവേണ്ടി ഗവർമ്മെണ്ടിൽനിന്നു എന്തെങ്കിലും കമ്പനികൾക്കു ധനസഹായം ചെയ്തിട്ടുണ്ടോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഉണ്ട്.

ശ്രീ. പി. കെ. ഡീവർ: എന്തുമാത്രം തുക കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: നോട്ടീസില്ലാതെ അതിനുത്തരം പറയാൻ നിവൃത്തിയില്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: 'சந்திரிகா' என்ற மீன்பிடிக்கப்பல் உண்டா?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഉണ്ട്.

ஸ்ரீ. எ. சிதம்பரநாத நாடார்: இப்போது அது கடலில் கிடக்கிறதா?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഇപ്പോൾ റിപ്പയറിനുവേണ്ടി ഇട്ടിരിക്കുകയാണ്.

ശ്രീ. എം. ഐ. പോൾ: ഡീപ്പ്സീ ഫിഷിങ്ങിനെ സംബന്ധിച്ചു നല്ല പരിജ്ഞാനമുള്ള വിദഗ്ദ്ധന്മാർ ഗവമ്മെണ്ടിൽ ഉണ്ടോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഫിഷിങ്ങിനെ സംബന്ധിച്ചു പരിജ്ഞാനമുള്ള വിദഗ്ദ്ധന്മാരുണ്ടോ എന്നു ചോദിച്ചാൽ, സമുദ്രത്തിനുള്ളിലേക്കു കപ്പൽ ഓടിച്ചുപോയി മത്സ്യം പിടിക്കുവാൻ വൈദഗ്ദ്ധ്യമുള്ളവരെന്നാണൊ, അതൊ മത്സ്യങ്ങളുടെ സ്വഭാവമറിഞ്ഞു അവയെ വശപ്പെടുത്തി പിടിക്കാൻ വൈദഗ്ദ്ധ്യമുള്ളവരെന്നാണൊ എന്താണുദ്ദേശിക്കുന്നതെന്ന് എനിക്കു മനസ്സിലായില്ല. ഏതായാലും ഡീപ്പ്സീ ഫിഷിങ്ങിനെ സംബന്ധിച്ചു നല്ല അറിവുള്ള അഗ്രിക്കൾച്ചറൽ ഡയറക്ടരുടേയും, റിസർച്ച് ഡയറക്ടരുടേയും ഉപദേശം അനുസരിച്ചാണ് ഇപ്പോൾ ഇവിടെ പ്രവൎത്തനങ്ങൾ നടത്തിവരുന്നത്.

മുകുന്ദപുരം താലൂക്ക

* ഖാൻ സാഹിബ്ബ് ബഹദൂർ: എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

മുകുന്ദപുരം താലൂക്ക കാരുമാത്ര വില്ലേജിലെ "പിരിയൻചിറ" ഭേദപ്പെടുത്തി കൃഷിയുടെ അഭിവൃദ്ധിയെ ലാക്കാക്കി നല്ലൊരു ചിറയും പാലവും ഗതാഗതാൎത്ഥം ആ ചിറയിന്മേൽ ഒരു റോഡും ഉണ്ടാക്കുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ആ പാലം പണിയുന്ന കാൎയ്യം ഗവമ്മെണ്ടിന്റെ ആലോചനയിൽ പെട്ടിട്ടുണ്ട്.

ശ്രീ. കെ. ഐ. വേലായുധൻ: ആ പാലം പണി എന്നു തുടങ്ങുമെന്നു പറയാമോ?

**Mr. Speaker:** No need to answer that question.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: "പിരിയൻചിറ" പണിയുന്നതിന് എന്തെങ്കിലും തുക ഇതിനുമുമ്പ് ഗവമ്മെണ്ടു ചിലവാക്കിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പറ്റി ശരിയായി പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല. ഞാൻ അതേപ്പറ്റി അന്വേഷിക്കാം.

## MUNICIPALITY AT PATHANAMTHITTA

***117. Sri. V. K. Varghese:** Will the Hon'ble Minister for Municipality be pleased to say:

(a) whether the Government intend to establish a Municipality at Pathanamthitta town; and

(b) if not, will the Government be pleased to consider this question?

**The Hon'ble Sri. K. Ayyappan:**

(a) No.

(b) There is no necessity at present for a Municipality there. There are also practical difficulties.

## AEROPLANES BOUGHT BY GOVERNMENT

***118. Sri. V. K. Varghese:** Will the Hon'ble Minister for Political and General be pleased to say:

(a) how many aeroplanes were bought for the Government of Travancore between the years 1118 and 1124;

(b) where are they now;

(c) how many of them are in use now; and

(d) what is the price of the above aeroplanes?

**The Hon'ble Sri. E. John Philipose:**

(a) Five.

(b) Three in the old hangar at Trivandrum, one in Banglore and the fifth sold.

(c) Nil.

(d) Rs. 60,000.

**Dr. M. O. Cherian:** Are there any bombers?

**The Hon'ble Sri. E. John Philipose:** No.

### PROFITS FROM SHARES OF COMPANIES

***119. Sri. V. K. Varghese:** Will the Hon'ble Minister for Industries be pleased to state:

(*a*) the amount that Government got by way of profits in 1123 from shares of companies in which the Government have taken shares; and

(*b*) are there such companies from which no profit is got in 1123 if so, the names of such companies?

**The Hon'ble Sri. N. Kunjuraman:**

(*a*) The amount that Government got by way of profits in 1123 from shares of companies in which the Government have taken shares is I. Rs. 4,57,807—4—11.

(*b*) the companies from which no profit was obtained in 1123 are given below.—

1. Fertilisers and Chemicals, Travancore Ltd.
2. The Travancore Ogale Glass Manufacturing Co. Ltd.
3. The Travancore Electro Chemical Industries Ltd.
4. The Travancore Steam Navigation Co Ltd.
5. Aluminium Industries Ltd.
6. Vijayamohini Mills Ltd.
7. West Coast Fisheries, Travancore Ltd.
8. Travancore Rayons Ltd.
9. Electrical and Allied Industries, Travancore Ltd.
10. Forest Industries, Travancore Ltd.
11. Travancore Cements Ltd.
12. Travancore Enamel Industries Ltd.
13. Travancore Titanium Products Ltd.
14. Balarama Varama Textiles Ltd.
15. Indian Aluminium Co. Ltd
16. Tata Locomotive and Engineering Co. Ltd.
17. Indian General Navigation and Railway Co. Ltd.
18. Lakshmi Mills Ltd.
19. New India Assurance Co. Ltd.
20. Mettur Chemical and Industries Ltd.
21. Periakaramalai Tea Produce Co. Ltd.
22. Bank of India Ltd.
23. Travancore Bank Ltd.

ശ്രീ. വി. കെ. വറഗീസ്: ഈ കമ്പനികളിൽ എല്ലാംകൂടി ഗവമ്മെൻറ് എത്ര രൂപായുടെ ഷെയറുകൾ എടുത്തിട്ടുണ്ടെന്നു പറയാമോ?

**Sahib Bahadur Abdul Razaak:** Does the list include the names of companies which have been recently formed?

**The Hon'ble Sri. N. Kunjuraman:** Whose question am I to answer?

**Mr. Speaker:** That is a general question and cannot be allowed.

ശ്രീ. വി. കെ. വർഗീസ്: ഈ കമ്പനികളിൽ എല്ലാംകൂടി ഗവമ്മെൻറ് എത്ര രൂപായുടെ ഷെയറുകൾ എടുത്തിട്ടുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: എല്ലാംകൂടി നാലുകോടി തൊണ്ണൂറ്റിനാലുലക്ഷത്തിൽപരം രൂപാക്കുള്ള ഷെയറ് എടുത്തിട്ടുണ്ട്.

ശ്രീ. വി. കെ. വർഗീസ്: ഇതിൽ പ്രാഫിററുകാണാത്ത കമ്പനികൾ എത്രയുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: നാലഞ്ചു കമ്പനികൾ ഉണ്ടെന്നാണ് അറിവ്. ചില കമ്പനികൾ പ്രവർത്തനം തുടങ്ങിയിട്ടില്ല.

ശ്രീ. വി. കെ. വർഗീസ്: നഷ്ടം ആണെന്നു പ്രസ്താവിച്ച കമ്പനികളിൽ എത്ര ഷെയർ വീതം ഗവർമ്മെൻറ് എടുത്തിട്ടുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: തൽക്കാലം ക്ലിപ്തമായി പറയുന്നതിനു നിവൃത്തിയില്ല.

ശ്രീ. പി. ടി. ചാക്കോ: ഇനിയും ശരിയായ പ്രവർത്തനം തുടങ്ങാത്ത ഇലക്ട്രോകെമിക്കൽ കമ്പനിയിൽനിന്നും തൊഴിലാളികളെ പിരിച്ചുവിടൽ തുടങ്ങിയിട്ടുണ്ടെന്നുള്ള വസ്തുത ഗവർമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവർമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

## VILLAGE UPLIFT CENTRES

***120. Sri. V. K. Varghese:** Will the Hon'ble Minister for Village Uplift be pleased to state :

(*a*) in how many places in Travancore were Village Uplift centres opened in 1124;
(*b*) when were they opened; and
(*c*) why was the delay for opening new centres this year?

**Honb'le Sri. K. Ayyappan.**

(*a*) Village Uplift Centres were selected in 28 places in 1124.
(*b*)* A statement showing the dates of opening those centres is placed on the table.
(*c*) Sanction for the opening of Village Uplift centres was issued on the 25th March 1949 and every effort was made to open the centres as early as possible.

ശ്രീ. വി. കെ. വർഗീസ്: അനുവദിച്ചിട്ടുള്ള വില്ലേജ് അപ്ലിഫ്റ്റ് സെൻററുകളിൽ എന്തുജോലികൾ ഇതുവരെ ചെയ്തുവെന്നുപറയാമോ.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇപ്പോൾ പറയാൻ പ്രയാസമാണ്. ചില വില്ലേജ് അപ്ലിഫ്റ്റ് സെൻററുകളിൽ തർക്കങ്ങൾമൂലം വലുതായ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചിട്ടില്ല.

ശ്രീ. വി. കെ. വർഗീസ്: ആകെ ൧൧൨൪-ലെ ബഡ്ജററിൽ വില്ലേജ് അപ്ലിഫ്റ്റിലേക്ക് എന്തു തുക കൊള്ളിച്ചിട്ടുണ്ടെന്നും അതിൽ എന്തു ചിലവായിയെന്നും പറയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: നോട്ടീസ് വേണം.

ശ്രീ. പൗലോസ് പൈലി: വില്ലേജ് അപ്ലിഫ്റ്റ് സെൻറേഴ്സ് ഇനിയും തുടങ്ങുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അപേക്ഷകൾ വന്നിട്ടുണ്ട്.

ശ്രീ. വി. കെ. വർഗീസ്: ഇങ്ങനെ അനുവാദം കൊടുത്ത വില്ലേജ് അപ്ലിഫ്റ്റ് സെൻറേഴ്സിൽ ഇനിയും കമ്മററികൾപോലും ഉണ്ടാകാത്ത സെൻറേഴ്സ് എത്രയുണ്ടെന്നു ഗവർമ്മെണ്ടിനറിയാമോ?

ബഹു: ശ്രീ: കെ. അയ്യപ്പൻ: അതിനു നോട്ടീസ് വേണം.

ஸ்ரீ. ஆர். கெ. ராம்: எல்லா Centre களையும் மந்திரி கண்டதுண்டா?

ബഹു: ശ്രീ: കെ. അയ്യപ്പൻ: ചിലതെല്ലാം നോക്കിയിട്ടുണ്ട്.

## CASES DECIDED IN 1123

*** 121. Sri. V. K. Varghese:** Will the Hon'ble Minister for Law and Order be pleased to state.—

(*a*) the number of cases decided in 1123 and 1124 in the First Class Magistrate's Courts of Chengannur and Pathanamthitta; and
(*b*) the number of cases now pending in each of those Courts?

**The Honble Sri. T. K. Narayana Pillai:**

| | *Year* | *Division First Class Magistrate's Court, Chengannur.* | *Stationery First Class Magistrate's Court Pathanamthitta.* |
|---|---|---|---|
| (*a*) | 1123 | 103 | 146 |
| | 1124 | 125 | 165 |
| (*b*) | | 319 | 388 |

## ലാൻറ പോളിസി

* ൧൨൨. ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലാൻറ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

ഇന്നു നിലവിലുള്ള ലാൻറ പോളിസിയിൽ വല്ല മാററവും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

*Vide Appendix A.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഈ സംഗതി ഗവമ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. പി. സി. ആദിച്ചൻ: ഈയൂണിയൻെറ അതായതു് തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള അനവധി സാധുജനങ്ങൾ ഭൂമിഇല്ലാത്തവരായി ഉണ്ടെന്നുള്ളവിവരം ഗവമ്മെൻറിനറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അറിയാം.

**Sahib Bahadur Abdul Razaak:** May I know what particular aspects of the problem is being considered by Government.

ശ്രീ. പി. സി. ആദിച്ചൻ: ഭൂമി ഇല്ലാത്തവക്കു് ഭൂമി ഉണ്ടാകത്തക്കവണ്ണം എന്തെങ്കിലും പരിപാടി ഗവർമ്മെൻറിൻെറ മുൻപാകെ ഉണ്ടോ?

ബഹു ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഗവർമ്മെൻറിൻെറ മേലാലുള്ള ലാൻറ്പോളിസി എന്താണെന്നു ആലോചിച്ചുവരികയാണു്. അതിനു് ഒരു കമ്മിററിയെ ഏപ്പെടുത്തി പുതിയനയം രൂപീകരിക്കാമെന്നാണ ഗവർമ്മെൻറു വിചാരിക്കുന്നതു്.

ശ്രീ. പി. സി. ആദിച്ചൻ: കമ്മററി എന്നത്തേക്കു രൂപീകരിക്കാമെന്നാണു ഗവർമ്മെൻറു വിചാരിക്കുന്നതു്?

ശ്രീ. പി. എം. വറുഗീസ്: ഒരു ചോദ്യം.

**Mr. Speaker:** There is already a question for answer.

ശ്രീ. പി. സി. ആദിച്ചൻ: ഗവമ്മെണ്ടിൽനിന്നും ഒരു കമ്മിററി രൂപീകരിക്കുന്നതാണെന്നു ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ആ കമ്മിററി വെറും മൂന്നംഗ കമ്മിററി ആയിരിക്കുമോ, അതോ കൂടുതൽ അംഗങ്ങളെ ചേർത്തുള്ള ഒരു കമ്മിററി ആയിരിക്കുമോ എന്നു പറഞ്ഞാൽ കൊള്ളാം.

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: കമ്മിററി രൂപീകരിക്കുവാൻ ആലോചന നടക്കുന്നതേയുള്ളു. അതുകൊണ്ടു കമ്മിററിയുടെ കാര്യത്തെപ്പററി കൂടുതലായ വിവരങ്ങളൊന്നും ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

**Sri. P. T. Chacko:** May I know what the existing policy of Government is?

**Mr. Speaker:** On matters of policy necessitating naturally a detailed discussion and a lengthy answer, a supplementary question is not allowable.

**Sri. P. T. Chacko:** Because the previous answer was based on a statement of policy and as there is a change of policy I put that question.

**Mr. Speaker:** The land policy of the Government cannot be made the subject-matter of a supplementary question.

**Sahib Bahadur Abdul Razaak:** May I know what particular aspect of the problem is being considered by Government?

ശ്രീ. പി. ചാക്കൊ: കമ്മിററി അംഗങ്ങൾ എത്രയായിരിക്കും?

**Mr. Speaker:** An answer has already been given that beyond stating that the Government is proposing to constitute a committee they are not now in a position to give any details regarding the committee.

**Sri. A. Thanu Pillai:** May I know what Government propose to do in regard to the Eviction Act recently passed by the Legislature?

**The Hon'ble Sri. E. Ikkanda Warrier:** I do not know how does it arise in this question?

**Sri. A. Thanu Pillai:** It relates to the land policy of Government and it is a specific matter. I wish to know whether the Hon'ble Minister is in a position to tell me as to what Government are going to do in the matter because the period of that Act expires in a few weeks.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ആ നിയമത്തിനു് ആറുമാസത്തെ കാലാവധി മാത്രമേ ഉള്ളു എന്നുള്ളതു് പരമാർത്ഥമാണു്. But it does not expire in a few weeks' time.

**Sri. A. Thanu Pillai:** Does not that Act expire after six months from the date of enactment?

**Sri. P. T. Chacko:** May I point out one fact now?

**Sri. A. Thanu Pillai**: Sir, why not we get information on this point because it is a very important matter.

**The Hon'ble Sri. E. Ikkanda Warrier**: I am sorry my information was not correct.

<u>ബഹു: ശ്രീ. ടി. കെ. നാരായണപിള്ള</u>: അതേപ്പററി ഗവർമ്മെണ്ട് ആലോചിക്കുന്നുണ്ട്.

**Sri. A. Thanu Pillai**: So I wish to know, as the period is coming to a close what Government propose to do in regard to it. I am sorry the Land Minister is not aware of the law. The question is a serious one and the implications of the law affect 60 lakhs of people. Therefore I wish to know whether the Chief Minister has anything to say on the matter.

<u>ബഹു: ശ്രീ. ടി. കെ. നാരായണപിള്ള</u>: നിയമത്തിന്റെ കാലാവധിക്കു മുമ്പുതന്നെ വേണ്ട ഭേദഗതി വരുത്തുന്നതാണ്.

**Sri. A. Thanu Pillai**: May I know, will the matter be placed before the House for discussion? Or will it be a surprise by another ordinance?

<u>ബഹു: ശ്രീ. ടി. കെ നാരായണപിള്ള</u>: സൌകര്യമുള്ളപക്ഷം അന്നു നിയമസഭ കൂടിക്കൊണ്ടിരിക്കുന്ന സന്ദർഭമാണെങ്കിൽ നിശ്ചയമായും ഈ കാര്യം നിയമസഭയുടെ ആലോചനക്കു സമർപ്പിക്കുന്നതാണ്.

<u>ശ്രീ. എ. താണുപിള്ള</u>: സർ, അന്ന്, നിയമസഭ കൂടിക്കൊണ്ടിരിക്കുന്നുണ്ടോ ഇല്ലയോ എന്ന് ആലോചിക്കുകയല്ല വേണ്ടതു്. നിയമസഭ കൂടിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽതന്നെ ഈ വിഷയം ആലോചനക്കു കൊണ്ടുവരേണ്ടതാണെന്നാണ് ഞാൻ പറയുന്നതു്.

**Sri. K. P. Neelakanta Pillai**: May I know whether with reference to the Committee that is constituted, what are the terms of reference for that Committee?

**Mr. Speaker**: That there is only a proposal to constitute a Committee is the answer given.

**Sri. K. P. Neelakanta Pillai**: May I know whether there is a Land Committee functioning to-day or not?

<u>ബഹു: ശ്രീ. ടി. കെ. നാരായണപിള്ള</u>: ഇപ്പോൾ ലാൻഡ് കമ്മിററി ഇല്ല.

**RELEASE OF M. N. GOVINDAN NAYAR**

* 123. **Sri. K. W. Muralidhara Marar:** Will the Government be pleased to State.—

(*a*) Whether Sri. M. N. Govindan Nayar, a detenue, is suffering from T. B.
(*b*) if so, in what class he is kept;
(*c*) whether any family allowance is paid; and
(*d*) whether the Government will be pleased to release him on medical grounds?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) He is under observation in the T. B. Hospital, Nagercoil;
(*b*) Detenue;
(*c*) This is under consideration; and
(*d*) This will be considered after the medical report is received.

<u>ശ്രീ. കെ. ഡബ്ലിയു. മുരളീധരമാരാർ</u>: ശ്രീ: എം. എൻ. ഗോവിന്ദൻ നായർക്കു സ്പെഷ്യൽ ഡയററാണോ കൊടുത്തുവരുന്നതു്?

<u>ബഹു: ശ്രീ. ടി. കെ. നാരായണപിള്ള</u>: അതെ.

*<u>ஸ்ரீ. எ. சிதம்பரநாத நாடார்</u>: இடலாக்குடி ஸ்டேஷனிலிருக்கிற M. N. கோவிந்தன் நாயர் அவர்களை நல்ல முறையில் நடத்தப்படவில்லை என்பது மந்திரி அவர்களுக்குத் தெரியுமா?*

<u>ബഹു: ശ്രീ. ടി. കെ. നാരായണപിള്ള</u>: അതു ശരിയല്ല. പോലീസുകാരെ അവിടെ ഗാട്ടിനു് ഇട്ടിട്ടുണ്ടെന്നല്ലാതെ മററു യാതൊരു അസൌകര്യവുമില്ല. കാലത്തും വൈകിട്ടും നടക്കുന്നതിനുള്ള സ്വാതന്ത്ര്യവും കൊടുത്തുവരികയാണ്. ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനുശേഷം അദ്ദേഹത്തിന്റെ ഡയററുതന്നെ വർദ്ധിപ്പിച്ചിട്ടുണ്ട്.

**Sri. A. Thanu Pillai**: May I know whether Government have obtained any report from the Medical Officer under whom Mr. Govindan Nayar is under observation?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മെഡിക്കലാഫീസറുടെ റിപ്പോർട്ടു കിട്ടിയിട്ടുണ്ട്. ആദ്യം സ്പ്ലീൻ വാഷ്ചെയ്തതിൽ ഒന്നും ഇല്ലായിരുന്നു. പിന്നീട് സ്റ്റൊമക്ക വാഷ്ചെയ്തപ്പോൾ ബാസിലൈ ബാക്ടീരിയാ ഉണ്ടെന്നു കണ്ടുപിടിക്കപ്പെട്ടതായി അദ്ദേഹം റിപ്പോർട്ടുചെയ്തിട്ടുണ്ട്.

**Sri. A. Thanu Pillai:** So then am I to take it that even after two months of observation the Doctor has not been able to find out the disease from which he is suffering ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: എന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. അതിനെപ്പററി പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണെന്നും അവസാനത്തെ റിപ്പോർട്ട് ഇനി വരാൻ ഇരിക്കുന്നതേയുള്ളു എന്നുമാണ്.

*ஸ்ரீ. எ. சிதம்பரநாத நாடார்: பரிசோதனை முடிக்க எத்தனை வருஷங்களாகும்?*

**Mr. Speaker:** That question with the insinuation need not be answered.

ശ്രീ. എ. കെ പാച്ചുപിള്ള: ശ്രീ. എം. എൻ. ഗോവിന്ദൻനായരുടെ ആശങ്കാജനകമായ ആരോഗ്യസ്ഥിതിയെപ്പററി ഇവിടുത്തെ ഒരു വലിയ വിഭാഗം ജനങ്ങൾ വളരെ ഉൽക്കണ്ഠാകുലരായിരിക്കുകയാണെന്നുള്ള വിവരം ഗവമ്മെണ്ടിന് അറിയാമോ?

**Mr. Speaker:** It is a matter of opinion.

## STEPS TO COMBAT COMMUNISM

***124. Dr. (Mrs.) T. Francis:** Will the Government be pleased to state what steps the Government is considering to take to combat communism in the United States of Travancore and Cochin?

**The Hon'ble Sri. T. K. Narayana Pillai:** It is not safe to divulge the information in publc interest.

ഡാക്ടർ (മിസിസ്സ്) ടി ഫ്രാൻസിസ്: ഇന്നു രാജ്യത്തു നിലവിലിരിക്കുന്ന പട്ടിണിയും തൊഴിലില്ലായ്മയുമാണ് കമ്മ്യൂണിസം ഇത്രമേൽ ഇവിടെ പ്രചരിക്കുന്നതു എന്നുള്ള വിവരം ഗവമ്മെണ്ടിനു അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പറഞ്ഞ കാരണങ്ങൾ കൊണ്ടാണ് കമ്മ്യൂണിസം ഇവിടെ പ്രചരിക്കുന്നതെന്നു തോന്നുന്നില്ല.

ഡാക്ടർ (മിസിസ്സ്) ടി. ഫ്രാൻസിസ്: അപ്പോൾ കമ്മ്യൂണിസം പ്രചരിക്കുന്നതിനു ഇവിടെ പറയത്തക്ക പ്രത്യേക കാരണം ഒന്നുംതന്നെ ഇല്ലെന്നാണൊ മനസ്സിലാക്കേണ്ടതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കമ്മ്യൂണിസത്തെ തടയുന്നതിന് ഗവമ്മെണ്ടു് എന്തെല്ലാം നടപടികളാണ് നടത്തിയിട്ടുള്ളതെന്ന് പരസ്യമായി ഈ സഭയിൽ പറയുന്നതു് ആശാസ്യമല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: കമ്മ്യൂണിസം തടയേണ്ട ഒന്നാണെന്നു ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. ആർ. ഇല്ലങ്കത്ത്: സർ, ഒരു പോയിന്റ ഓഫ് ആർഡർ. ഒരിക്കൽ അനുവദിച്ചുകഴിഞ്ഞ ഒരു ചോദ്യത്തിന് പബ്ളിക്ക ഇൻട്രസ്റ്റ്കൊണ്ടു ഉത്തരം പറയുവാൻ നിവൃത്തിയില്ല എന്നു പറയുന്നതു ശരിയാണോ? ഉത്തരം പറയുവാൻ നിവൃത്തിയില്ലാത്ത ചോദ്യങ്ങൾ സ്പീക്കർ അനുവദിക്കാതെ കഴിക്കാമായിരുന്നു. എന്നാൽ അതു അനുവദിച്ചു കഴിഞ്ഞ നിലക്കു ആ ചോദ്യത്തിനുള്ള ശരിയായ ഉത്തരം പറയേണ്ടതല്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ചോദിച്ച ചോദ്യത്തിന് ഉത്തരം പറഞ്ഞിട്ടുണ്ടു്. ഉത്തരം ഇന്നവിധത്തിൽ വേണം പറയുവാൻ എന്ന് നിർബന്ധിക്കുവാൻ ആക്കും അവകാശമില്ല. ആ ചോദ്യത്തെ സംബന്ധിച്ചു ഉപചോദ്യങ്ങൾ ചോദിക്കുവാനും എല്ലാവക്കും അവകാശമുണ്ടു്. എന്നാൽ ഇന്നവിധത്തിലേ ഉത്തരം പറയാവു എന്നു ആക്കും പറയാൻ അവകാശമില്ല.

**Mr. Speaker:** I shall give my ruling to the point of order raised.

പബ്ളിക്ക ഇൻട്രസ്റ്റ് എന്നുള്ള കാരണത്താൽ ചോദ്യത്തിനു ഉത്തരം നൽകാതിരിക്കുന്നതിനു മന്ത്രിമാക്കു അവകാശമുണ്ടു്. ഉത്തരം പറയണമെന്നു നിർബന്ധിക്കുന്നതിന് സ്പീക്കക്ക് അധികാരമില്ല.

സാഹിബ്ബ് ബഹദൂർ അബ്ദുൽ അസീസ്: കമ്മ്യൂണിസം ഈ മണ്ണിൽ വളരുമെന്നു തോന്നുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ മണ്ണിൽ എന്നും വളരുമെന്നാണ് തോന്നുന്നതു്.

ശ്രീ. പി. ടി. ചാക്കോ: ഇതിനു മുമ്പിലത്തെ പ്രധാനമന്ത്രി, കമ്മ്യൂണിസവും സോഷ്യലിസവും ഈ മണ്ണിൽ വളരാൻ അനുവദിക്കുകയില്ല എന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ?

മിസ്റ്റർ സ്പീക്കർ: ഗവൺമെണ്ടിന്റെ ചെയ്തികളും പ്രസ്താവനകളും അടിസ്ഥാനമാക്കി, അതു പഴയ ഗവൺമെണ്ടായാലും നിലവിലിരിക്കുന്ന ഗവൺമെണ്ടായാലും, ചോദിക്കുന്ന ചോദ്യങ്ങൾക്കു പ്രസക്തി ഉണ്ടായിരിക്കാമെങ്കിലും മുമ്പിലത്തെ മന്ത്രിമാർ ഓരോരുത്തരും പറഞ്ഞിട്ടുള്ളതിനെപ്പററി ചോദ്യങ്ങൾ ചോദിക്കുന്നതു് ശരിയായിരിക്കയില്ല.

## ഫുഡ്റേഷൻ സാധനങ്ങൾ

൧൨൫. ശ്രീ. ഈ. ഭാസ്കരൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഫുഡ്റേഷൻ സാധനങ്ങൾക്ക് ഈ സംസ്ഥാനത്തു എല്ലായിടത്തും ഒരേ വിലയാണോ നിലവിലിരിക്കുന്നതു്?

(ബി) തിരുവിതാംകൂറിലെ പട്ടണങ്ങളിലെ ഹോട്ടലുകളിൽ കൊച്ചിയിലെ ഹോട്ടലുകളിലെതിനേക്കാൾ ഊണിന്റെ വില കൂടുതലാണെന്നുള്ള വസ്തുത ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(സി) ഈ വ്യത്യാസം മാററുന്നതിനു വേണ്ട നടപടി ഗവൺമെണ്ട് സ്വീകരിക്കുമോ?

ബഹു ശ്രീ. ററി. എ. അബ്ദുള്ള: (എ) അല്ല;

(ബി) തിരുവിതാംകൂറിൽ റേഷൻ ഊണു ഏർപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടുള്ള വ്യത്യാസമുണ്ട്.

(സി) റേഷൻ ഊണ് ഏർപ്പെടുത്തുന്നതിനു് ഗവൺമെണ്ട് നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ ററി. ററി. കേശവൻശാസ്ത്രി: കൊച്ചിയിൽ ഒരൂണിനു് എന്തു വിലയുണ്ടെന്നും തിരുവനന്തപുരത്തു ഒരൂണിനു് എന്തു വിലയുണ്ടെന്നും പറയാമോ?

ബഹു. ശ്രീ. ററി. എ. അബ്ദുള്ള: കൊച്ചിയിൽ റേഷൻ ഊണിനു് അഞ്ചണയാണു്. ഇവിടെ ഹോട്ടലുകളിൽ വില പലതരത്തിലാണു്.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: തിരുവനന്തപുരത്തു ഊണിനു് എന്തുവിലയുണ്ട്?

ബഹു. ശ്രീ. ററി. എ. അബ്ദുള്ള: തിരുവനന്തപുരത്തു ഒരിടത്തുംതന്നെ വില ക്ലിപ്തപ്പെടുത്തി റേഷൻ ഊണു ഏർപ്പെടുത്തിയിട്ടില്ല.

ശ്രീ. മന്നാർഗോപാലൻനായർ: അതു ആവശ്യമാണെന്നു ഗവൺമെണ്ടിനു തോന്നുന്നുണ്ടോ?

ബഹു. ശ്രീ. ററി. എ. അബ്ദുള്ള; അതു് ഗവൺമെണ്ടിന്റെ ആലോചനാവിഷയമായിരിക്കുകയാണു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഹോട്ടലുകളെ സെയിൽസ് ടാക്സിൽനിന്നും ഒഴിവാക്കാൻ വേണ്ട നടപടികൾ ബഹുമാനപ്പെട്ട മന്ത്രി എടുക്കുമോ?

ബഹു. ശ്രീ. ററി എ. അബ്ദുള്ള: അതിനെപ്പററി കൂലങ്കഷമായി ആലോചിച്ചിട്ടില്ല.

ശ്രീ. പി. കെ. ഡീവർ; റേഷൻ അരിക്കു തിരുവിതാംകൂറിൽ തന്നെ പലസ്ഥലത്തും പല വില വരാനുള്ള കാരണമെന്താണു്.

ബഹു ശ്രീ. ററി. എ. അബ്ദുള്ള: റേഷൻസാധനങ്ങൾ അയക്കാനുള്ള ചെലവു പല സ്ഥലത്തും പല വിധത്തിലാണു്. അതുകൊണ്ടു് വിലകൾ തമ്മിൽ സൂക്ഷ്മമായ വ്യത്യാസം വന്നിട്ടുണ്ട്.

ശ്രീ. പി. എം. വർഗ്ഗീസ്: തിരുവിതാംകൂറിൽ എവിടെ എങ്കിലും റേഷൻ ഊണു ഏർപ്പെടുത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. ററി. എ. അബ്ദുള്ള: ഏർപ്പെടുത്തുവാൻ ആലോചിച്ചുവരുന്നു.

ശ്രീ പൊന്നറ ജി. ശ്രീധർ; ഹോട്ടലുകാർക്കു റേഷൻ മുഴുവനും കൊടുക്കുന്നുണ്ടോ?

ബഹു: ശ്രീ. ററി. എ. അബ്ദുള്ള: ഇല്ല, ൧൦ ശതമാനമേ കൊടുക്കുന്നുള്ളു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സാധാരണ വിലയിൽ കൂടുതലല്ലേ ഹോട്ടൽകാരിൽനിന്നും ഈടാക്കുന്നതു്?

ബഹു: ശ്രീ. ററി. എ. അബ്ദുള്ള: അതെ.

## വൈക്കം—കോട്ടയം എക്സ്പ്രസ്സ്

* **126.** ശ്രീ. വി. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കോട്ടയം—വൈക്കം ലൈനിൽ ഡിപ്പാർട്ടുമെണ്ടിൽനിന്നു എക്സ്പ്രസ്സ് സർവ്വീസ്സു നടത്തുന്നില്ലേ;

(ബി) കോട്ടയത്തുനിന്നും വൈക്കംവരെ പോകുന്നതിനുള്ള ചാർജ്ജ് നിരക്ക് എന്താണ്;

(സി) പ്രസ്തുത ലൈനിൽ പ്രൈവററ കമ്പനിക്കാർ സർവ്വീസ്സു നടത്തുന്നുണ്ടോ;

(ഡി) അവരുടെ ചാർജ്ജ് നിരക്ക് എന്താണ്;

(ഇ) ഡിപ്പാർട്ടുമെണ്ട് എക്സ്പ്രസ്സ് സർവ്വീസ്സ് തുടങ്ങുന്നതിനു മുൻപ് പ്രൈവററ കമ്പനിക്കാർ എന്തു ചാർജ്ജാണ് വസൂൽചെയ്തുവന്നിരുന്നതു്.

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: (എ) ഉണ്ട്.

(ബി) ൧ രൂപാ ൩ ചക്രം.

(സി) ഉണ്ട്.

(ഡി) ൨൧ ചക്രം.

(ഇ) ൧ രൂപാ ൬ ചക്രം.

ശ്രീ. വി. മാധവൻ: എന്നുമുതലാണ് ഡിപ്പാർട്ടുമെണ്ടിൽനിന്നും എക്സ്പ്രസ്സ് സർവ്വീസ് നടത്തിത്തുടങ്ങിയതു്?

ബഹു: ശ്രീ ഇ. ജോൺ ഫിലിപ്പോസ്: ഏകദേശം രണ്ടുമൂന്നു വർഷമായി എന്നു തോന്നുന്നു.

ശ്രീ. വി. മാധവൻ: ഇപ്പോൾ ആ ലൈനിൽനിന്നും എക്സ്പ്രസ്സ് സർവ്വീസ് പിൻവലിക്കാൻ ഗവമ്മെണ്ടാലോചിക്കുന്നുണ്ടോ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഉണ്ട്.

ശ്രീ. വി. മാധവൻ: എന്തുകൊണ്ടാണ്?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: എക്സ്പ്രസ്സ് സർവ്വീസായാലും ഷട്ടിൽ സർവ്വീസായാലും നാഷണലൈസ്ഡ് റൂട്ടിൽക്കൂടി മാത്രമേ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാവു എന്നു ഗവമ്മെണ്ടു നിശ്ചയിച്ചതുകൊണ്ട്.

ശ്രീ. വി. മാധവൻ: ട്രാൻസ്പോർട്ട് അഡ്വൈസറിക്കമ്മിററിയുടെ ശുപാർശപ്രകാരമല്ലേ കോട്ടയം—വൈക്കം ലൈനിൽ എക്സ്പ്രസ്സ് സർവ്വീസുകൾ ഏർപ്പെടുത്തിയതു്?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതെ.

ശ്രീ. വി. മാധവൻ: പിന്നെ എന്തുകൊണ്ടാണ് അതു വേണ്ടെന്നു വച്ചതു്?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനുള്ള കാരണം ഞാൻ മുൻപേ പറഞ്ഞു. അടുത്ത കാലത്താണ് ഗവമ്മെണ്ടു ഇങ്ങിനെ തീരുമാനിച്ചതു്.

ശ്രീ. വി. മാധവൻ: ഏതെങ്കിലും ഒരു റൂട്ടിൽ എക്സ്പ്രസ്സ് സർവ്വീസുകൾ തുടങ്ങുന്നതുതന്നെ ആ റൂട്ട് മൊണൊപ്പൊലൈസു ചെയ്യുന്നതിന്റെ മുന്നോടിയായിട്ടാണെന്നു ഗവമ്മെണ്ടു മുൻപു പ്രഖ്യാപനം ചെയ്തിട്ടുണ്ടോ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ആ ചോദ്യത്തിനു ഇപ്പോൾ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. വി. മാധവൻ: വൈക്കം—കോട്ടയം ലൈൻ മൊണൊപ്പൊലൈസു ചെയ്യുവാൻ ഗവമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഗവമ്മെണ്ടു മൊണൊപ്പൊലൈസു ചെയ്യേണ്ട ലൈനുകൾ ഏതെല്ലാമാണെന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. മാധവൻ: ഇപ്പോൾ ആ ലൈനിൽ എത്ര വണ്ടികളാണ് ഓടിക്കൊണ്ടിരിക്കുന്നതെന്നു പറയാമൊ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു മെമ്പർക്കുതന്നെ അറിയാമല്ലൊ.

**Mr. Speaker:** The Hon'ble Minister may furnish the answer for the information of the other members also.

**The Hon'ble Sri. E. Philipose:** I am not quite sure about it.

ശ്രീ. വി. മാധവൻ: ഏകദേശം ൩൦ ബസ്സുകളോളം അവിടെ നിത്യം ഓടിക്കൊണ്ടിരിക്കുന്നുണ്ടെന്നുള്ള വസ്തുത ഗവന്മെണ്ടിന്നറിയാമോ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ശരിയായിരിക്കാം.

ശ്രീ. വി. മാധവൻ: ഒരു എക്സ്പ്രസ്സ് സർവ്വീസുകൂടി അവിടെ ഇടുന്നതുകൊണ്ടു ഒരു വിഷമവും ഉണ്ടാകുവാനില്ലെന്നു ഗവന്മെണ്ടിന്നറിയാമൊ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതെപ്പററി ആലോചിക്കാം.

## TRANSPORT DEPARTMENT

*** 127. Sahib Bahadur P. S. Mohammed:** Will the Hon'ble Minister for Transport be pleased to state.—

(*a*) the number of District Superintendents in the Transport Department;
(*b*) the number of Inspectors in the Department;
(*c*) the number of Conductors;
(*d*) the number of Drivers;
(*e*) the number of Muslims in (*a*), (*b*), (*c*) and (*d*)?

**The Hon'ble Sri. E. John Philipose:** (*a*) Nil.

(*b*) 77.
(*c*) 263.
(*d*) 327.
(*e*) (*b*) 1, (*c*) 10, and (*d*) 23.

ശ്രീ. കെ. രാമചന്ദ്രൻ: ഡിപ്പാർട്ടുമെണ്ടിലുള്ള ജോലികൾക്കായി ആളുകളെ നിയമിക്കുന്നതു ജാതി തിരിച്ചാണൊ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അല്ല.

സാഹിബ്ബ് ബഹദൂർ മഹമ്മദ മുസ്തഫ: ആരാണ് നിയമനം നടത്തുന്നതു്?

ബഹു: ശ്രീ. ഇ ജോൺ ഫിലിപ്പോസ്: പല ഘട്ടത്തിൽ, പലരീതിയിലാണ് അവിടെ നിയമനം നടത്തിയതു്.

സാഹിബ്ബ് ബഹദൂർ മഹമ്മതു മുസ്തഫ: അവസാനമായി നിയമനം നടത്തിയതാരാണ്?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അവസാനമായി നിയമനം നടത്തിയതു ട്രാൻസ്പോർട്ടുമന്ത്രിതന്നെ ആയിരുന്നു.

## ഇൽമനൈററ വില

* 12[illegible]. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചവറയിലെ മിനറൽസു കമ്പനികളിൽ ഒരു ടൺ ഇൽമനൈററിനു Cost of production എത്ര രൂപയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നതു്;

(ബി) ഏതടിസ്ഥാനത്തിൽ ആരാണ് ഈ തുക നിശ്ചയിച്ചതെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ഇപ്പോൾ അനുവദിച്ചിട്ടുള്ള Cost of production rate കൂടുതലാണൊ എന്നു ദയവായി ഗവന്മെണ്ടു് അന്വേഷിക്കുമോ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: (എ) ൧൪.൭൭ രൂപാ.

(ബി) അഡ്മിനിസ്ട്രേഷൻ, മെയിൻറനൻസ്, ഡിപ്രീസിയേഷൻ പലിശ മുതലായവയ്ക്കുള്ള ചിലവിൻെറ അടിസ്ഥാനത്തിൽ.

(സി) അന്വേഷിക്കാം.

ശ്രീ. ഇ. ഭാസ്കരൻ: അനുവദിച്ചിട്ടുള്ള കാസ്റ്റ് ഓഫ് പ്രൊഡക്ഷൻ കൂടുതലാണെന്നു ബോദ്ധ്യപ്പെടുത്തിയാൽ അതിന്മേൽ ആവശ്യമായ നടപടി എടുക്കുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതേപ്പററി ആലോചിക്കുന്നതാണ്.

ശ്രീ. കെ. രാമചന്ദ്രൻ: ഈ ഫാക്ടറിയിൽ ഒരു Costing system of accountancy maintain ചെയ്യുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഉണ്ടെന്നു പറയുന്നു പ്രധാനമന്ത്രി.

ശ്രീ. എ. താണുപിള്ള: ഈ റേയിററ് എപ്പോഴാണ് അനുവദിച്ചതാണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഈ കൊല്ലത്തിനു മുൻപ് അനുവദിച്ചതാണെന്നു തോന്നുന്നു. ആദ്യം പന്ത്രണ്ടു രൂപായായിരുന്നു അനുവദിച്ചിരുന്നതു്. അതിനുശേഷം ബോണസ് കൊടുക്കേണ്ടിവന്നതുകൊണ്ടു് രണ്ടാമതു കൂടുതൽ അനുവദിച്ചു.

ബോട്ടുജട്ടികളിൽ വിശ്രമസൌകര്യം

*129. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) അധികം ബോട്ടുജട്ടികളിലും വെയിററിംഗ് ഷെഡ്ഡും മൂത്രപ്പുരയും ഇല്ലാത്തതു മൂലം യാത്രക്കാർ വിഷമമനുഭവിക്കുന്നുണ്ടെന്നു ഗവമ്മെണ്ടിനു മനസ്സിലായിട്ടുണ്ടോ?

(ബി) എല്ലാ പ്രധാന ബോട്ടുജെട്ടികളിലും യാത്രക്കാരുടെ സൌകര്യത്തിന്നായി വെയ്ററിംഗ് ഷെഡ്ഡും മൂത്രപ്പുരയും ഉണ്ടാക്കുന്നതിനു ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

**The Hon'ble Sri. E. John Philipose:** (*a*) No.

(*b*) Yes. The question of constructing Waiting Sheds in all the important jetties will be considered.

ബോട്ടു സവ്വീസ്

*130. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ബോട്ടു സവ്വീസ് ദേശീയമാക്കാൻ ആലോചനയുണ്ടോ?

**The Hon'ble Sri. E. John Philipose:** No.

കയർവ്യവസായം

*൧൩൧. സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

(എ) ചകിരിവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ മുമ്പു കൊച്ചി ഗവമ്മെണ്ടു് എന്തൊക്കെ ചെയ്തിട്ടുണ്ടു്;

(ബി) ചകിരിവ്യവസായത്തെ (Coir Industry) അഭിവൃദ്ധിപ്പെടുത്തുവാൻ മുമ്പു തിരുവിതാംകൂർ ഗവമ്മെണ്ടു് എന്തൊക്കെ ചെയ്തിട്ടുണ്ടു്;

(സി) ചകിരിവ്യവസായത്തെ (Coir Industry) അഭിവൃദ്ധിപ്പെടുത്തുവാൻ സംയുക്തഗവമ്മെണ്ടിന്റെ പ്ലാൻ എന്തൊക്കെയാണു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ചകിരിവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ രണ്ടു സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു വരുന്നുണ്ടു്.

(ബി) വിദേശവിപണികളിൽ കയർ സാമാനങ്ങൾ കൂടുതൽ വിലക്കു വില്ക്കുന്നതിനു കേന്ദ്രഗവമ്മെണ്ടുമായി പല ആലോചനകളും നടത്തിയിട്ടുണ്ടു്. കയർബാഗ് മുതലായ സാധനങ്ങൾ നിർമ്മിച്ചു് ഇൻഡ്യയിൽ പ്രചരിപ്പിക്കുന്നതിനും വേണ്ട നടപടി നടത്തുന്നുണ്ടു്.

(സി) പല പദ്ധതികളും ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്. ഇതു സംബന്ധിച്ചു് വിശദമായ ഉത്തരം ഇന്നലെ നൽകിയിട്ടുണ്ടു്.

**Sri D. Gnanasigamoni:** Is there any proposal to nationalise this Industry?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

## BURIAL GROUND

***132. Sri. Eappan Arakkal:** Will the Hon'ble Minister for Political and General be pleased to state.—

(*a*) has any representation been received by the Government for the erection of a burial ground attached to the St. Francis Church at Alleppey;

(*b*) if answer to part (a) is in the affirmative has sanction been given for this burial ground; if not why; and

(*c*) have not the Municipal and Sanitary authorities given sanction for the establishment of this burial ground?

**The Hon'ble Sri. E. Ikkanda Warrier:** (*a*) Yes.

(*b*) Sanction was refused due to (i) the existence of temples and Mutt within objectionable distance from the site proposed and (ii) existence of cemeteries, not far from the site in question, which can be conveniently used by the members of the community, for whose use sanction was requested.

(*c*) It was stated that they had no objections to the opening of the cemetery.

ശ്രീ. ഈപ്പൻ അറയ്ക്കൽ: സിമററി അനുവദിക്കാഞ്ഞതു് ദേവാലയത്തിനു സമീപത്തു് ആണെന്നുള്ള കാരണംകൊണ്ടുകൂടിയാണെന്നു ഇവിടെ പറഞ്ഞു. അതു ശരിയല്ലെന്നു ബഹുമാനപ്പെട്ടമന്ത്രിമനസ്സിലാക്കണം. കൂടാതെ ഈ ദേവാലയത്തിൽപ്പെട്ടവർക്കു് ഉപയോഗിക്കത്തക്ക ശ്മശാനഭൂമി ഉണ്ടെന്നും ഉത്തരത്തിൽ പറഞ്ഞു. അതും ശരിയല്ല.

**Sri. K. P. Neelakanta Pillai:** On a point of order. May I know whether a member is entitled to convey information?

**Mr. Speaker:** No.

ശ്രീ. ഈപ്പൻ അറയ്ക്കൽ: പൊതു ആരാധനാസ്ഥലങ്ങളെ സംബന്ധിച്ചുള്ള നിയന്ത്രണം നിലവിലിരിക്കുന്നതുകൊണ്ടല്ലെ ഈ ശ്മശാനസ്ഥലം അനുവദിക്കാതിരുന്നിട്ടുള്ളതു്

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതും ഒരു കാരണമാണു്.

**Sri. Eappen Arakkal:** Are the Government aware that sanction has been refused in places where there are no such things?

**The Hon'ble Sri. E. Ikkanda Warrier:** No. Sanction was refused due to the existence of temples and Mutt within objectionable distance.

**Sri. Eappen Arakkal:** Who is the judge, whether the local authority or the Municipalities?

**The Honb'le Sri. E. Ikkanda Warrier:** Government is the Judge. ഗവൺമെന്റാണു് അതിൽ അവസാനതീരുമാനം എടുക്കുന്നതു്. തീരുമാനം എടുക്കുന്നതിനു മുൻപ് ഗവൺമെന്റ് അവരുടെ അഭിപ്രായം ചോദിക്കും.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഗവൺമെന്റ് എന്നു പറയുന്നതു് ആരാണു്.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതു് ഗവൺമെന്റുതന്നെയാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: 'ഒബ്ജക്ഷനബിൾ ഡിസ്റ്റൻസ്' എന്നു പറയുന്നതു് എത്ര മൈലാണു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതു സംബന്ധിച്ചു് മുൻപ് ചില റൂളുകൾ ഉണ്ടായിരുന്നു. അതിൽ ചില ഭാഗങ്ങൾ വ്യത്യാസപ്പെടുത്തി. ആദ്യത്തെ റൂളനുസരിച്ചു് ഒരു മൈലിനകത്തു് ഒരു ശ്മശാനം ഉണ്ടെങ്കിൽ അതിനടുത്തു് മറെറാരെണ്ണം അനുവദിക്കരുതെന്നായിരുന്നു നിയമം. ഇപ്പോൾ അതിനു അല്പം ഭേദഗതികൾ വരുത്തിയിട്ടുണ്ടു്.

## ALLEPPEY—AROOR MAIN ROAD

*** 133. Sri. Eapen Arakkal:** Will the Hon'ble Minister for P. W. D. be pleased to answer the following question.—

Will the Government be pleased to lay out a road to Pollathyil beach from the Alleppy—Aroor Main Road at the 6th mile stone or so in continuation of the Mannanchery Road meeting the main road?

**The Honble Sri. E. John Philipose:** The work in question will be considered by Government after proper consultations.

**Sri. Eapen Arakkal:** Has this road been included in the budget?

**The Hon'ble Sri. E. John Philipose:** The member can refer to the budget.

**PRICE OF LEMON GRASS OIL**

* **134. Sri. N. P. Varghese:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) the price of dozen bottels of lemon grass oil in 1122, 1123 and 1124;

(*b*) has Government any scheme for establishing the price of lemon grass oil;

(*c*) are Government aware that lemon grass cultivation is a great source of income to the poor class people in North Travancore; and

(*d*) have Government any scheme for research for the improvement of the present crude method of distillation?

**The Hon'ble Sri. T. A. Abdulla:**

(*a*) Rs. 70—200 in 1122, Rs. 45—70 in 1123 and Rs. 45—90 in 1124.

(*b*) Not at present.

(*c*) Yes.

(*d*) The Research department is carrying on experiments in lemon grass oil.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: ഈ കാരണത്താൽ പല കൃഷിക്കാരും ആ കൃഷി ഉപേക്ഷിച്ചതായി ഗവമ്മെണ്ടിന് അറിയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അറിഞ്ഞുകൂടാ.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: ഇതിനു ശരിയായ മാക്കററ് ഉണ്ടാക്കാൻവേണ്ടി അമേരിക്കയിൽ ഒരു ട്രേഡ് കമ്മിഷണരെ നിയമിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അവിടെ ഒരു കമ്മീഷണരെ നിയമിക്കുവാൻ ഈ ഗവമ്മെണ്ടിനു അധികാരമില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: ഇൻഡ്യാ ഗവമ്മെണ്ടുവക ഒരു ട്രേഡ് കമ്മീഷണർ ഉള്ള സ്ഥിതിക്കു അദ്ദേഹം മുഖാന്തിരം ഇതിനു ഏർപ്പാടു ചെയ്യാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അതേക്കുറിച്ച് ഗവമ്മെണ്ട് ആലോചിക്കുന്നതാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: ഇതിനെക്കുറിച്ച് റിസർച്ച് നടത്താൻ വല്ല പ്രൊവിഷനും ഉണ്ടോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: ഇതു സംബന്ധിച്ച് വേണ്ട നിർദ്ദേശം നൽകാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: മെമ്പർക്കു തൽസംബന്ധമായി വല്ല നിർദ്ദേശങ്ങളും ഉണ്ടെങ്കിൽ അതുകൂടി പരിഗണിച്ച് നിർദ്ദേശം നൽകാം.

ശ്രീ. പി. എം. വർഗ്ഗീസ്സ്: മൂവ്വാററുപുഴ ഒരു ലമൺഗ്രാസ്സ് ഓയിൽ ഇൻസ്റ്റിട്യൂഷൻ ഗവമ്മെണ്ട് അനുവദിച്ചതു് ഇതുവരെ തുടങ്ങാത്തതിൻെറ കാരണം എന്താണ്?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അതേപ്പററി ഇപ്പോൾ മറുപടി പറയത്തക്കവണ്ണം വസ്തുതകൾ എൻെറ കൈവശമില്ല.

**പബ്ലിക്ക് കാൾ ആഫീസ്സുകൾ**

*൧൩൫. ശ്രീ. പി. എം. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടെലഫോൺവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൊടുപുഴ, വാഴക്കുളം ഈ സ്ഥലങ്ങളിലെ പബ്ലിക്ക് കാൾ ആപ്പീസ്സുകളിൽ ബുക്കുചെയ്തിട്ടുള്ള കാളുകളിൽ എത്രയെണ്ണം യഥാക്രമം ക്യാൻസൽ ചെയ്തുപോയിട്ടുണ്ടു്;

(ബി) കാൾ കിട്ടുന്നതിനു സാമാന്യത്തിലധികം താമസം നേരിടുന്നതുകൊണ്ടല്ലേ ക്യാൻസലേഷൻ നടക്കുന്നതു്; ഇതിനു ഉടനടി പരിഹാരം ഉണ്ടാക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: (എ) തൊടുപുഴയും വാഴക്കുളത്തും ഉള്ള പബ്ലിക്ക് കാൾ ആപ്പീസ്സുകളിൽ അവ ആരംഭിച്ചതുമുതൽ ഇന്നേവരെ അതായതു് ൧൦—൯—൧൧൨൪ മുതൽ ൧൫—൧൨—൧൧൨൪ വരെ ആകെ യഥാക്രമം ൧൨൩൩-ം, ൩൮൯-ം കാളുകൾ ബുക്ക് ചെയ്തിട്ടുണ്ടു്. അവയിൽ ക്യാൻസൽ ചെയ്തുപോയതു് യഥാക്രമം ൨൨൧-ം, ൭൩-ം, ആകുന്നു.

(ബി) അതുമാത്രം കൊണ്ടല്ല, കാളുകൾ കിട്ടുന്നതിനുള്ള താമസംമൂലം ക്യാൻസൽ ചെയ്തുപോയവയുടെ എണ്ണം വളരെ കുറവാണ്. തൊടുപുഴ ഒന്നുമില്ല. വാഴക്കുളത്തു് ൧൩ മാത്രമേയുള്ളു. മററു ചില കാരണങ്ങളാലും കാളുകൾ ക്യാൻസൽ ചെയ്തുപോയിട്ടുണ്ടു്.

ശ്രീ. പി. എം. വർഗ്ഗീസ്സ്: ഓപ്പറേററ്റന്മാരുടെ വിളംബരം കൊണ്ടാണ് കാളകൾ ക്യാൻസൽ ചെയ്യാൻ ഇടയായിട്ടുള്ളതെന്നു ഗവൺമെൻറിനു അറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: അങ്ങനെയല്ല. കാറ് കിട്ടാനുള്ള താമസം കൊണ്ടാണ് അധികവും ക്യാൻസൽ ചെയ്തിട്ടുള്ളതു്.

## തൊടുപുഴ അഞ്ചലാഫീസു കെട്ടിടം

൧൩൩. ശ്രീ. പി. എം. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) തൊടുപുഴ ടൌണിലുള്ള അഞ്ചലാഫീസു കെട്ടിടം ഇടിഞ്ഞു വിഴാറായി ജീർണ്ണിച്ച ഒരു ചെറിയ കെട്ടിടമാണെന്നും മഴകാലത്തു അതിൽ നനയാതെ കഴിച്ചുകൂട്ടുവാൻ പ്രയാസമാണെന്നും ഗവൺമെൻറിനറിയാമോ?

(ബി) ഈ പരാതിക്കു വളരെ പഴക്കമുണ്ടെന്നും പഴക്കത്തിനനുസരണമായ പ്രാധാന്യം അതിനു നൽകി ഉടനടി അതു നന്നാക്കുന്നതാണെന്നു ഉറപ്പു നൽകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) തൊടുപുഴ അഞ്ചലാപ്പീസ് ഗവൺമെൻറ വക ഒരു പഴയ കെട്ടിടത്തിലാണ് സ്ഥാപിച്ചിരിക്കുന്നതു്. ഈ കെട്ടിടം പുതുതായി പണിയുന്നകാര്യം ആലോചനയിലിരിക്കുന്നു.

ശ്രീ. പി. എം. വർഗ്ഗീസ്: ഇതു് പുതുക്കിപണിയാനുള്ള ആലോചന ആരംഭിച്ചിട്ട് എത്ര നാളായി?

ശ്രീ. പി. നാണു: സർ ഒരു പായിൻറ ഓഫ് ആഡർ. സ്റ്റാർ മാക്കില്ലാത്ത ഈ ചോദ്യത്തിനു ഉപചോദ്യം അനുവദിക്കാമോ എന്നു അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: ഞാൻ ആദ്യദിവസം ചെയ്ത പ്രസ്താവനയിൽ തന്നെ ഇതേപ്പററി പ്രസ്താപിച്ചിട്ടുണ്ട്.

ശ്രീ. പി. എം. വർഗ്ഗീസ്: എൻെറ ചോദ്യത്തിനു ഉത്തരം കിട്ടിയില്ല.

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു് എനിക്കു അറിഞ്ഞുകൂടാ. ഇത്തവണത്തെ ബഡ്ജററിൽ മൂവായിരം രൂപാ കൊള്ളിച്ചിട്ടുണ്ട്. അതു് മെമ്പർക്കു സന്തോഷകരമാണെന്നു വിശ്വസിക്കുന്നു.

## സുദർശന ഗാർഡ് സൈന്യവിഭാഗം

*൧൩൪. ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാന മന്ത്രി സദയം മറുപടി പറയുമോ?

(എ) ഐക്യസംസ്ഥാനത്തുള്ള സ്റ്റേററ്ഫോഴ്സിൽ സുദർശന ഗാർഡ് എന്നൊരു സൈന്യവിഭാഗം ഉണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിൽ തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തെ എല്ലാ സമുദായങ്ങളിലും പെട്ട ആളുകൾക്കു പ്രവേശനാർഹതയുണ്ടോ?

(സി) ഇപ്പോൾ തിരുവിതാംകൂറിലെ ചില സമുദായങ്ങളിൽ പെട്ടവരെ അതിൽ നിന്നും മാററി നിറുത്തിയിരിക്കുന്നതിൻെറ കാരണം എന്തു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :—

(എ) സുദർശന ഗാർഡ് എന്ന പേരോടുകൂടിയ ഒരു ബററാലിയൻ ഉണ്ടായിരുന്നു. എന്നാൽ അതിനെ ഇപ്പോൾ ഫോർത്തു് ഇൻഫെൻട്രി ആയി മാററിയിരിക്കയാണ്.

(ബി) ഫോർത്തു് ഇൻഫെൻട്രിയിൽ യൂണിയനിലെ എല്ലാ വിഭാഗക്കാർക്കും പ്രവേശനമുണ്ട്.

(സി) ബിക്കുള്ള ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

## തിരുവിതാംകൂറിലെ ഹോട്ടലുകൾക്കുള്ള അരി വിതരണം

*൧൩൫. ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെൻറ സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂറിൽ ഹോട്ടലുകൾ നടത്തുന്നതു ഗവൺമെൻറ് അനുമതിയോടുകൂടിയാണോ?

(ബി) ആണെങ്കിൽ അവയ്ക്ക് അരിവിതരണം റേഷൻപ്രകാരമാണോ കൊടുക്കുന്നത്;

(സി) എന്തുവീതമാണ് ഇടങ്ങഴിക്ക് അവരിൽനിന്നും ചാർജ്ജു ചെയ്യുന്നത്;

(ഡി) ഊണിനു എന്തുവീതം വസൂൽ ചെയ്യാമെന്നു അവർക്കു വല്ല നിബന്ധനയുമുണ്ടോ;

(ഇ) കൊച്ചിയിൽ ഊണു ഒന്നുക്ക് ൫ അണ ചാർജ്ജു ചെയ്യുമ്പോൾ തിരുവനന്തപുരത്തു ൧൨ അണയും, ഒരു രൂപായും വസൂൽ ചെയ്യുന്നതു ശരിയാണോ;

(എഫ്) കൊച്ചിയിലെ ചുരുങ്ങിയ നിരക്ക് ൫ അണ ഊണു ഒന്നുക്ക് വസൂൽ ചെയ്യുന്നതു തിരുവനന്തപുരത്തും പകർത്തുവാൻ വല്ല തടസ്സവും ഉണ്ടോ?

ബഹു: ശ്രീ. ടി. എ. അബ്ദുള്ള :

(എ) അല്ല.

(ബി) ആവശ്യപ്പെട്ടാൽ ഹോട്ടലുകൾക്ക് റേഷൻസാധനങ്ങൾ അനുവദിക്കാറുണ്ട്.

(സി) ചാക്കൊന്നിന് ൪൭ രൂപാ ൧൦ അണ അടിസ്ഥാന നിരക്കിലാണ് കൊടുക്കുന്നതു്.

(ഡി) ഇല്ല.

(ഇ) ഊണിന് വസൂൽചെയ്യുന്ന നിരക്ക് നിയന്ത്രണം ചെയ്തിട്ടില്ല.

(എഫ്) ഇല്ല.

ശ്രീ. കെ. എം. കോര : കൊച്ചിയിലെ അഞ്ച് അണ ഊണിന് വയറു നിറച്ച് ചോറു കിട്ടുമോ?

ബഹു: ശ്രീ. ടി. എ. അബ്ദുള്ള : അഞ്ച് ഔൺസ് അരിക്കുള്ള ഊണു മാത്രമേ കൊടുക്കുവാൻ ബാദ്ധ്യതയുള്ളു. അതനുസരിച്ച് ഒരു പ്രാവശ്യം കൊടുത്താൽ പിന്നെ കൂടുതൽ ചോദിക്കാൻ അവകാശമില്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: இந்த ஒரு அவுண்ஸில் கல்லும் மண்ணும் இருக்குமென்பது தெரியுமா?

ബഹു: ശ്രീ. ടി. എ. അബ്ദുള്ള : അതിനു ഉത്തരം ആവശ്യമില്ല.

ശ്രീ. പി. കെ. ഡീവർ: ഭക്ഷണ സാധനങ്ങൾക്ക് വളരെ ദാരിദ്ര്യമുള്ള ഈ അവസരത്തിൽ മററു ദിക്കുകളിലെപ്പോലെ ഇവിടേയും ഊണു നിയന്ത്രിക്കേണ്ടതു് ആവശ്യമല്ലേ?

ബഹു: ശ്രീ. ടി. എ. അബ്ദുള്ള : അതേപ്പററി ആലോചിച്ചിട്ടില്ല.

## REVENUE BOARD

* 139. **Sri. K. P. Nilakanta Pillai:** Will the Hon'ble Minister for Revenue be pleased to state;

(*a*) whether a Revenue Board has been constituted for Travancore-Cochin Union, if so when and who are the members and when were they appointed;

(*b*) what are the functions of the Revenue Board;

(*c*) whether there is any proceedings of the Government constituting the Revenue Board; if so what is it and when was it passed; and

(*d*) whether the Income-tax Tribunal has been abolished; if so when and for what reasons?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Yes, on 14th July 1949. The members are:—

1. Sri. A. S. Damodaran Asan, 1st Member.
2. Sri. C. J. Mathew, 2nd Member.

They were appointed on 14th July 1949.

(*b*) The Board is for the control and supervision of the Land Revenue Department, and other revenue collecting Departments, such as Excise, Customs, Income-tax, etc.

(*c*) The constitution of the Board of Revenue has been notified in the Government Gazette.

(*d*) Yes, with effect from 15th July 1949. Because the powers of the Tribunal can be better exercised by the Board of Revenue.

**Sri. K. P. Nilakanta Pillai:** May I know the qualifications of Mr. C. J. Mathew?

**The Hon'ble Sri. E. Ikkanda Warrier:** He is a Dewan Peishkar in the Cochin State Before that he was the Cochin Chief Secretary. He is a Graduate in Law.

**Sri. K. P. Nilakanta Pillai:** May I know whether the functions of the Income-tax Tribunal are now being exercised by the Revenue Board.

**The Hon'ble Sri. E. Ikkanda Warrier:** Yes.

**Sri. K. P. Nilakanta Pillai:** Is not a High Court Judge necessary to constitute the Income-tax Tribunal?

**The Honble Sri. E. Ikkanda Warrier:** No.

**Sri. A. Nesamoni:** Was not the Income-tax Tribunal constituted under an Act of the Legislature?

**The Hon'ble Sri. E. Ikkanda Warrier:** Yes.

**Sri. A. Nesamony:** Can that be abolished by an executive order?

**The Hon'ble Sri. T. K. Narayana Pillai:** It can be done by other laws.

**Sri. A. Nesamoni:** May I know under what provision of law that Act has been amended?

**The Hon'ble Sri. E. Ikkanda Warrier:** Government will look into the matter.

**Sri. A. Nesamoni:** May I bring to the notice of the Hon'ble Minister that their action is illegal?

**The Hon'ble Sri. E. Ikkanda Warrier:** I am not prepared to admit that. But any way I will look into the question.

**Sri. A. Nesamoni:** Was the Act amended without taking legal advice?

**Mr. Speaker:** The legality or otherwise of the step taken by Government is a matter of legal opinion which cannot be made the subject matter of a question nor can it be discussed on the floor of this House.

**Sri. K. P. Nilakanta Pillai:** May I know whether it was the decision of the Government to carry on the Revenue Board with these two Members alone?

*(Question hour over)*

## Written Answers

### CHOWKEYS

***140. Sri. Paul Taliath:** Will the Hon'ble Minister for Excise be pleased to state.—

(*a*) whether complaints have been received with regard to the establishment of new chowkeys in many of the railway stations on the Cochin Shornoor railway and also in the Harbour area;

(*b*) if so what action has been taken on the basis of such representation; and

(*c*) whether the Government have any intention to abolish those chowkeys in the near future?

**The Hon'ble Sri. N. Kunjuraman:**

(*a*) Yes.

(*b*) The following steps have been taken to eliminate the hardship.—

(*i*) The rates of duty on timber have been revised as follows,—

| | | *Rs.* | *A.* | *P.* | |
|---|---|---|---|---|---|
| Hardwood | .. | 0 | 2 | 6 | per c. ft. |
| Softwood | .. | 0 | 1 | 0 | per c. ft. |

(Vide Government Notification ROC. No. 7997/49/Development, dated 26th July 1949).

(*ii*) In the case of goods on which duty was levied at the defunct chowkeys that existed on the frontier of Travancore and Cochin exemption from payment of duty was granted.

(*iii*) In the case of transport of controlled and dutiable goods from the other portions of the United State to the enclave portion of the Chittur Taluk, exemption from payment of duty at the chowkeys has been allowed, if the goods are accompanied by permits issued by the Tahsildar, Chittur Taluk, (Vide Government letter ROC. No. 7758/49/Development, dated 19th July 1949 to the Tahsildar, Chittur Taluk).

(*iv*) For the export of goods from Indian Dominion territory through Cochin Port and for the import of goods from Cochin Port to Indian Dominion, provision has been made for the exemption from payment of duty.

(*v*) To facilitate easy transport of dutiable article as personal luggage by passengers from one station to another in the railway in the Union permit system has been introduced.

(*c*) The question will be considered in due course.

പബ്ലിക്ക് സർവ്വീസ് നിയമനത്തിൽനിന്നും ഒഴിവാക്കപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ

*൧൪൧. ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) ഉദ്യോഗനിയമനത്തിൽ പബ്ലിക്ക് സർവ്വീസ് ചട്ടങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഡിപ്പാർട്ടുമെൻറുകൾ എന്തെല്ലാം?

(ബി) അതിനെ ഒഴിവാക്കുന്നതിന് വല്ല പ്രത്യേക കാരണങ്ങളും ഉണ്ടോ? ഉണ്ടെങ്കിൽ എന്താണെന്നു വിശദീകരിക്കുമോ?

ബഹു. ശ്രീ. ടി. കെ നാരായണപിള്ള: (എ) & (ബി) ഒരു പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഘടനസംബന്ധിച്ച് ൧൯൪൯ ജൂലൈ ൧൬-ാംനു-/൧൧൨൪ കർക്കടകം ൧-ാംനു-യിലെ അസാധാരണ ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൧൧൨൪-ലെ ൬-ാംനമ്പ്ര് അടിയന്തിരനിയമത്തിലേക്കു സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

കുറഞ്ഞ ശമ്പളം

*൧൪൨. ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തെ കുറഞ്ഞ ശമ്പളം എത്ര രൂപയായി ക്ലിപ്തപ്പെടുത്തണമെന്ന് ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടോ?

**The Hon'ble Sri. A. J. John**: The question of fixing the basic pay of Government employees will be taken up on receipt of the report of the Pay Commission. The lowest paid employees are now in receipt of a basic pay of Rs. 20 per mensem plus Dearness allowance Rs. 20 per mensem.

PAY OF PAKUTHI ACCOUNTANTS AND THANDALS (PEONS)

*143. **Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Land Revenue be pleased to state.—

(*a*) what are the respective required qulifications prescribed by Government, to enter the revenue department as pakuthi Accountants and thandals;

(*b*) Do they deposit securities; and

(*c*) what are their present salaries and allowances; is there any difference between their salaries; if not why not?

**The Hon'ble Sri. E. Ikkanda Warrier:**

| | *Accountant* | *Thandals* |
|---|---|---|
| (*a*) | General qualification (V. S. L. C.) Lower Survey test and Village Officer's test | Literacy |
| (*b*) | Yes. Rs. 250 | Nil |

(*c*) The pay of the Accountant was 18—and the pay of the thandals Rs. 11-14 (in mofussil areas). But the lowest pay of Government Employees has recently been fixed as Rs. 20. The Accountants and thandals, therefore, now get the same pay and allowances.

DRINKING WATER IN THE MUNICIPAL TOWN OF VAIKOM

*144. **Sri. P. Gopalan:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether they are aware of the scarcity of pure drinking water in the municipal town of Vaikom;

(*b*) whether the Vaikom Municipality have ever brought this to the notice of the Government;

(*c*) whether the Municipality have suggested any scheme for water supply;

(*d*) whether the department have made any investigation to find out the possibilities of pure water supply; and

(*e*) if the answer to part (*d*) is in the affirmative what are the results?

**The Hon'ble Sri. K. Ayyappan:**

(*a*) Yes.

(*b*) Yes.
(*c*) Yes.
(*d*) Yes. It is being investigated.
(*e*) In view of (*d*) it does not arise.

**SHORTEST ROUTE FROM KOTTAYAM TO ERNAKULAM**

***145. Sri. P. Gopalan:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the department has made any attempt to find out the shortest route from Kottayam to Ernakulam; and

(*b*) if the answer to (*a*) is in the affirmative which is the route?

**The Hon'ble Sri. E. John Philipose:**

(*a*) No.
(*b*) Does not arise.

**CONSTRUCTION OF A WAITING SHED AND A GARAGE AT VAIKOM**

***146. Sri. P. Gopalan:** Will the Hon'ble Minister for State Transport be pleased to state.—

(*a*) whether there was a proposal for constructing a waiting shed and a garage at Vaikom; and

(*b*) if the answer to part (*a*) is in the affirmative how far has it progressed?

**The Hon'ble Sri. E. John Philipose:**

(*a*) Yes.
(*b*) The site for the garage has not been fixed. The matter is under correspondence with the Director of Transport and the Anchal Superintendent. Arrangement has already been made to put up a temporary shed.

അഞ്ചൽ നിരക്ക്

*൧൪൭. സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ ഐക്യസംസ്ഥാനത്തിലെ അഞ്ചൽ നിരക്കുകൾ സർക്കാർ നാണയത്തിൽ നിന്നും ഇൻഡ്യൻ നാണയമായി മാററിയപ്പോൾ ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

(ബി) ഇതുമൂലം ഈ രാജ്യത്തു സാധാരണ ജനങ്ങളുടെ ഇടയിൽ കഠിനമായ അസംതൃപ്തിയുണ്ടെന്നു ഗവൺമെണ്ടിനു് അറിയാമോ;

(സി) ഈ നിരക്കുകൾ കുറവുചെയ്തു് പഴയ നിരക്കുകൾക്കു് തുല്യമാക്കുവാൻ ഗവൺമെണ്ടു് വേണ്ടതു ചെയ്യുമോ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) അഞ്ചൽ നിരക്ക വർദ്ധിപ്പിച്ചു് കൊച്ചിയിൽ നിലവിലിരുന്ന നിരക്കുകളോടു് തുല്യമാക്കുകയാണു് ചെയ്തതു്.

(ബി) അറിയാൻപാടില്ല.

(സി) നിലവിലിരിക്കുന്ന അഞ്ചൽ നിരക്കുകൾക്കു് മാററം വരുത്തേണ്ട ആവശ്യമുണ്ടെന്നു് ഗവൺമെണ്ടിനു് തോന്നുന്നില്ല.

ചവറ മണൽക്കമ്പനി

*൧൪൮. ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ചവറയിൽ പ്രവർത്തനം നടത്തുന്ന മണൽക്കമ്പനികളിൽ എത്രയെണ്ണം ഗവൺമെണ്ടു് ഏറെറടുത്തുവെന്നും അവ ആരുടേതെല്ലാമായിരുന്നുവെന്നും എന്തു വ്യവസ്ഥയിലാണെടുത്തതെന്നും പറയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

ചവറയിലുള്ള നാലു ലോഹമണൽക്കമ്പനികളിൽ ട്രാവൻകൂർ മിനറൽസു കമ്പനി മാത്രമേ ഗവൺമെണ്ടു വിലയ്ക്കുവാങ്ങി നേരിട്ടു പ്രവർത്തനം നടത്തുന്നുള്ളു.

**OVERLOADING IN PRIVATE BUSES**

*149. **Sri. P. K. Kumaran Achari:** Will the Hon'ble Minister for Transport be pleased to state.—

(*a*) whether private buses are allowed to take overload and if so, the number of passengers allowed over and above the number permitted by the Government; and

(*b*) whether any time schedule is fixed for private buses?

**The Hon'ble Sri. E. John Philipose:**

(*a*) Overload in private buses is not permitted.

(*b*) Yes. Vehicles adhere to timings.

കയർവ്യവസായമാന്ദ്യം

*൧൫൦. ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിൽ കായൽ കടൽ തീരപ്രദേശങ്ങളിലെ ഏററവും പ്രധാനപ്പെട്ട കയററു വ്യവസായത്തിന് മാന്ദ്യവും അധഃപതനവും നേരിട്ടിട്ടുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന്നു് അറിയാമൊ;

(ബി) അതിന്നു എന്തെങ്കിലും പരിഹാരം ഉണ്ടാക്കുവാൻ ഗവമ്മെണ്ടു് ആലോചിച്ചിട്ടുണ്ടൊ;

(സി) എന്തു പരിഹാരങ്ങളാണ്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) അറിയാം.

(ബി) ഉണ്ടു്.

(സി) വിദേശരാജ്യങ്ങളിൽ കയർ സാധനങ്ങൾ കൂടുതലായി കയററുമതി ചെയ്യുന്നതിനുള്ള സാദ്ധ്യതകളെപ്പററി കേന്ദ്രഗവമ്മെണ്ടുമായി ആലോചിക്കുകയും കയർബാഗ് മുതലായ സാധനങ്ങൾ ഉണ്ടാക്കി ഇന്ത്യയിൽതന്നെ പ്രചരിപ്പിച്ചു കയർ വ്യവസായം പോഷിപ്പിക്കുന്നതിന് വേണ്ട പദ്ധതികൾ ആലോചിക്കുകയും ചെയ്യുന്നുണ്ടു്.

പുതുവലിനേയും കുത്തകപ്പാട്ടത്തേയും സംബന്ധിച്ച പരാതി

*൧൫൧. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുന്നത്തുനാട്ടു താലൂക്ക് തൃക്കാക്കര പകുതി തുതിയൂർകരയിലെ പുതുവലിനെയും, കുത്തകപ്പാട്ടത്തേയും സംബന്ധിച്ച് വല്ല പരാതികളും ലഭിച്ചിട്ടുണ്ടൊ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി;

(ബി) പ്രത്യേകമായി ൧൧൨൮ വൃശ്ചികം ൩൦-ാംനു- കൊടുത്ത ഹർജിയിന്മേൽ എന്തു ഉത്തരവിട്ടു?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) ഉണ്ടു്.

(ബി) ഹർജി സംഗതി നടപടിയിൽ ഇരിക്കുന്നു.

പുകയിലക്ഷാപ്പു ലേലം

*൧൫൨. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട എക്സൈസ്വകുപ്പു മന്ത്രി സദയം ഉത്തരം പറയുമൊ.—

(എ) പുകയിലക്ഷാപ്പു ലേലത്തിൽ സാധാരണ ജനങ്ങൾക്കു പൊതുവെ അതൃപ്തിയാണുള്ളതെന്നു ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു അറിയാമോ;

(ബി) ഈ പദ്ധതി സാധാരണ കച്ചവടക്കാരെ പ്രവൃത്തിരഹിതരാക്കിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) അറിവില്ല.

(ബി) അറിവില്ല.

### ARRACK SHOP AT PULIYILAPARA

***153. Sri. Alexander Vakayil:** Will the Hon'ble Minister for Excise be pleased to order the shifting of the arrack shop at Puliyilapara to Vazhachal since it causes much inconvenience to the staff and other employees of the Hydro Electric Department at Peringalkuth?

**The Hon'ble Sri. N. Kunjuraman:** The matter is engaging the attention of the Government.

### PROHIBITION IN FRESH AREAS

***154. Sri. N. Daniel Jose:** Will the Hon'ble Minister for Prohibition be pleased to state whether the Government proposes to introduce prohibition in other taluks than the one in which the scheme has been introduced, and if so—

(*a*) in what other taluks; and
(*b*) from which months onwards?

**The Hon'ble Sri. N. Kunjuraman:** Yes;

(*a*) in the taluks of Trivandrum, Nedumangad, Chirayinkil and Talappalli.
(*b*) from Chingam 1125.

### DISTRICTS IN THE UNITED STATE

***155. Sri. A. K. George:** Will the Hon'ble Minister for Integration be pleased to state:

(*a*) how many districts will the United State have; and
(*b*) what will be the criterion for fixing up the places for the headquarters of such districts?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Four
(*b*) Administrative convenience will be the main consideration.

### PRICE OF PADDY

***156. Sri. A. K. George:** Will the Hon'ble Minister for Food be pleased to state:

(*a*) is there any difference in prices for paddy in different parts of the United State; and
(*b*) if so, is the Government going to have one price for the whole State?

**The Hon'ble Sri. T. A. Abdulla:**

(*a*) Yes.
(*b*) The question is being considered.

### പബ്ലിക്ക് സർവ്വീസ് ചട്ടങ്ങൾ

*൧൫൭. ശ്രീ. കളത്തിൽ വേലായുധൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പബ്ലിക്ക് സർവ്വീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുതിയതായി നിയമിച്ചിട്ടുള്ള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞോ;

(ബി) ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് പ്രത്യേകം ഏതെങ്കിലും ഉദ്യോഗസ്ഥനെ ഏൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു മുൻപു നിയമനങ്ങൾ നടത്തുന്നതിനോ മററു നിയമപ്രകാരമുള്ള പ്രവൃത്തികൾ എന്തെങ്കിലും ചെയ്യുന്നതിനോ കമ്മീഷനു സാധിക്കുമോ;

(ഡി) ചട്ടങ്ങൾ ഉണ്ടാക്കിത്തീക്കുന്നതിനു എത്ര കാലതാമസം വേണ്ടിവരുമെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ല.
(ബി) ഉണ്ട്.
(സി) നിയമനങ്ങൾ നടത്തുന്നതിന് സാധിക്കയില്ല.
(ഡി) കഴിയുന്ന വേഗത്തിൽ ചട്ടങ്ങൾ ഉണ്ടാക്കിത്തീക്കണമെന്നാണ് ഗവമ്മെണ്ട് ഉദ്ദേശിച്ചിരിക്കുന്നതു്.

### ലോഹമണൽ വ്യവസായം

*൧൫൮. ശ്രീ. കളത്തിൽ വേലായുധൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിലെ ലോഹമണൽ വ്യവസായം സംബന്ധിച്ചു ഇൻഡ്യാ ഗവൺമെണ്ടും തിരുവിതാംകൂർ ഗവൺമെണ്ടുമായി വല്ല ഉടമ്പടികളും ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഒരു പ്രതി മേശമേൽ വയ്ക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി) ഈ പ്രശ്നം ഉദിക്കുന്നില്ല.

### HOUSING SCHEME

***159. Sri. N. Daniel Jose:** Will the Hon'ble Minister for Political and General be pleased to state whether they have any schemes to provide houses for those who do not have dwelling places, and if so, what are the measures proposed to be adopted?

**The Hon'ble Sri. E. John Philipose:** There are no such schemes at present under contemplation.

### NATIONALISATION OF SALT INDUSTRY

***160. Sri N. Daniel Jose:** Will the Hon'ble Minister for Excise be pleased to state whether the Government propose to nationalise the salt industry and if so, when?

**The Hon'ble Sri. N. Kunjuraman:** Yes, but only in stages from 1125 M. E.

## ADJOURNMENT MOTIONS

മിസ്റ്റർ സ്പീക്കർ: രണ്ടു് അഡ്ജോൺമെന്റ് മോഷൻ കിട്ടിട്ടുണ്ടു്. അവയെ സംബന്ധിച്ചു് ആവശ്യമുള്ള നോട്ടീസ് ഗവൺമെണ്ടു് ഭാഗത്തേക്കു കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു.

**The Hon'ble Sri. E. John Philipose:** I have got no formal notice of the adjournment motion relating to sea erosion in the Kumbalanghy village.

**Mr. Speaker:** Presuming that the Hon'ble Minister may have no objection to treat the oral information of the motion supplied to him as a notice I shall say what the motion is about. It relates to the sudden erosion of the sea at Andikadavu and the ruin of over 30 homes and much other valuable property"

There is also an explanation given by the Member which is as follows:—

"I have received by wire information from the distressed people at Andikadavu that the sea has suddenly washed away the groins there and destroyed over 30 houses. This took place only within the last two or three days, since the Assembly began its session. Many people are rendered homeless, much property has been destroyed. The destructive process is still going on. Something very urgent has to be done. Hence the adjournment motion".

**Sri. Alexander Parampithara:** I have given no formal notice of the adjournment motion to the Hon'ble Minister; but I have informed him of my intention to move an adjournment.

**Mr. Speaker:** Under the rules, Government can legitimately claim notice and failure to give such notice is sufficient ground to reject the motion. But if the hon'ble minister concerned says he has information and does not claim further notice, I shall give my ruling in regard to the motion.

**The Hon'ble Sri. E. John Philipose:** I had not formally received notice of this motion for adjournment. But I have been told that the sea erosion is working destructively in certain areas near the Kumbalanghy village. I have myself visited the place and have seen the injury that has been done. I have had consultations with the Engineering Department and had asked them to see whether the quarry can be opened and some of the stones laid there. I had consultation with the local people and I may assure the Hon'ble Member that immediate attention will be given to this matter.

**Sri. A. Nesamony:** Is the Hon'ble Member competent to waive notice under rule 17 (2)?

**Mr. Speaker:** The precedents here and elsewhere go to show that if the Minister concerned does not insist upon the notice required under rule 17 (2), the Speaker may allow the motion.

**The Hon'ble Sri. E. John Philipose:** I do not say that I have waived the claim for notice; but I have merely explained the matter.

**Mr. Speaker:** Before I give a ruling on the matter, in view of the information supplied by the Hon'ble Minister and the assurance given by him that the matter will be urgently looked into, I wish to know whether the Hon'ble Member presses the motion and wants it to be discussed here.

**Sri. Alexander Parambithara:** The seriousness of the situation that I have referred to in the adjournment motion has arisen after the visit of the Hon'ble Minister to the place. But since the Minister has assured that the matter will be looked into and given the serious attention that it deserves, I do not press for the adjournment. I take the assurance of the Hon'ble Minister and withdraw the motion.

**Mr. Speaker:** The next motion is from Sri. K. K. Kannan.

**The Hon'ble Sri. T. K. Narayana Pillai:** I have got notice of that adjournment motion.

**Mr. Speaker:** The adjournment motion relates to.

"ചെങ്ങന്നൂർ റബ്ബർ എസ്റ്റേററിലെ തൊഴിലാളിക്കുഴപ്പത്തെ സംബന്ധിച്ച് ൨൩—൧൨—൧൧൨൪-ൽ കളത്തുപ്പുഴവെച്ച് ഈസ്റ്റേൺ ട്രാവൻകൂർ എസ്റ്റേററ് വർക്കേഴ്സ് യൂണിയൻേറയും പുനലൂർ പ്ലൈ വുഡ് ഫാക്ടറി വർക്കേഴ്സ് യൂണിയൻേറയും ജനറൽ സിക്രട്ടറിയായ മി. പി. കെ. മാധവനേയും നാലു തൊഴിലാളികളേയും അറസ്റ്റ് ചെയ്തതിനെ തുടർന്ന് ആവിർഭവിച്ചിരിക്കുന്ന ഗുരുതരമായ സ്ഥിതിഗതികൾ".

ഇതു അടുത്തു നടന്ന സംഭവമല്ല. അറസ്റ്റ് എന്ന സംഗതിതന്നെയും അഡ്ജോൺമെൻറ് മോഷനു വിഷയമാകത്തക്കതല്ല. ഗുരുതരമായ സ്ഥിതിഗതികൾ എന്തെന്നു സൂചിപ്പിച്ചിട്ടുമില്ല. അവ്യക്തത എന്ന കാരണത്താൽതന്നെ ഇതു നിഷേധിക്കേണ്ടതാണ്. കൂടാതെയും കഴിഞ്ഞ ദിവസം ഇതു കൊണ്ടുവരാമായിരുന്നതുമാണ്. ഈ കാരണങ്ങളാൽ ഇതു തള്ളിയിരിക്കുന്നു.

<u>ശ്രീ. കെ, കെ. കണ്ണൻ:</u> അഡ്ജോൺമെൻറ് മോഷൻ മൂവ് ചെയ്തതിനുശേഷം മാത്രമെ അതേപ്പററി വിവരിച്ച് സഭയെ മനസ്സിലാക്കാൻ സാധിക്കുകയുള്ളു. അതിനുവേണ്ടിയെങ്കിലും ഒരു സൌകര്യം തരേണ്ടതായിരുന്നു. അതു് തരാതെ അതു് മനസ്സിലാക്കാൻ സാദ്ധ്യമല്ല. ഏതായാലും സ്പീക്കർ അതു റൂൾഔട്ട് ചെയ്തതിൽ ഞാൻ ഖേദിക്കുന്നു.

<u>മിസ്റ്റർ സ്പീക്കർ:</u> ബഹു: മെമ്പർ ഇങ്ങിനെ പതിവിനു വിരുദ്ധമായും നിയമത്തെ അവഗണിച്ചും പ്രസ്താവന ചെയ്യുന്നതിനും സ്പീക്കരുടെ റൂളിങ്ങിനെ ചോദ്യംചെയ്യുന്നതിനും ഒരുമ്പെടുന്നതു് തെററായ നടപടിയാണ്. അങ്ങിനെ ചെയ്യരുതെന്നുള്ളതു് സഭയുടെ നടപടിക്രമത്തെ ബാധിക്കുന്ന ഒരു മൌലികമായ പ്രമാണമാണെങ്കിലും മെമ്പറിനു അതിനെപ്പററി നിശ്ചയമില്ലാത്തതുകൊണ്ടായിരിക്കാം അതിൻെറ ലംഘനത്തിനു ശ്രമിക്കുന്നതെന്ന് വിചാരിക്കുന്നു. മേലാൽ അതു തുടരാൻ ഇടയാകരുതെന്നാണ് അപേക്ഷ.

<u>ஸ்ரீ. எ. சிதம்பரநாத நாடார்:</u> 'அபேக்ஷ' என்றால் அர்த்தமென்ன? 'Warning' என்று அர்த்தம்.

<u>മിസ്റ്റർ സ്പീക്കർ:</u> അപേക്ഷയെന്നു പറഞ്ഞാൽ വാർണിങ്ങ് അല്ല.

## EXTENSION OF THE SITTING OF THE ASSEMBLY AFTER 4-30 P. M.

ഇന്നു വൈകിട്ട് സപ്ലിമെൻററി ഗ്രാൻറിനുള്ള ഡിമാൻറ്സ് ഉണ്ടു്. അതിൻെറ നോട്ടീസ്സ് മെമ്പർമാക്ക് ഇന്നലെ ഇവിടെ വിതരണം ചെയ്തിട്ടുണ്ടല്ലൊ. ഡിമാൻറ്സ് ഇന്നു വൈകിട്ട് സഭാനടപടികൾക്കു ശേഷം നാലര മണിക്ക് എടുക്കാമെന്ന് വിചാരിക്കുന്നു. അതിൽ അല്പം അസൌകര്യം മെമ്പർമാക്ക് ഉണ്ടായെന്നുവരാം. എന്നാൽ അടിയന്തിരമായി എടുക്കേണ്ട വിഷയങ്ങളായതുകൊണ്ടു് സഭാംഗങ്ങളുടെ അനുമതിയോടുകൂടി നാലുമണിക്ക് എടുക്കാൻ ശ്രമിക്കുന്നതാണ്. ഇതിനെപ്പററി എന്തെങ്കിലും കൂടുതൽ കാര്യങ്ങൾ സഭയ്ക്കു് അറിയണമെന്നുണ്ടെങ്കിൽ ഇന്നു ഉച്ചയ്ക്കു് ൧-ൽ മണിക്കു് ശേഷം സഭ പിരി

ഞ്ഞ് രണ്ടര മണിക്ക് വീണ്ടും കൂടുന്നതിനും അറിയാവുന്നതാണ്. രണ്ടര മണിക്കു ശേഷമുള്ള സമയം ജനറൽ ഡിസ്കഷന് ഉള്ളതാണ്. ഇന്നലെ എടുത്തതുപോലെയുള്ള പത്തു മിനിട്ടിനു പകരം ഓരോ മെമ്പർമാരും പ്രസംഗത്തിന് അഞ്ചു മിനിട്ട് വീതം മാത്രം എടുക്കണമെന്ന് അപേക്ഷയുണ്ട്.

**Sri. A. Thanu Pillai:** I wish to submit a word in connection with this. You, Sir, now propose to extend the time of sitting after 4—30 p.m. It is against normal procedure and normal rules. If it is an urgent matter, it could be understood. But it is only a supplementary demand. It is some thing which could wait for inclusion in the next budget. Any way, it is a matter which Government could have fully anticipated in time so that there was no need to break the rules. If they thought fit they could have given notice of this earlier. I do not however dispute your decision to extend the sitting of this Assembly, You can ask us to sit for any reasonable time for the transaction of urgent business. I submit that Government could not be allowed to take liberty in this matter and the Legislature be asked to sit extra time. It is a very irregular procedure to adopt.

മിസ്റ്റർ സ്പീക്കർ: ഗവന്മെണ്ടിനുവേണ്ടി ഇതിൽ പ്രാതിനിധ്യം വഹിക്കേണ്ടതായിട്ടൊന്നുമില്ല. ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ സംയോജനം നടന്നിരിക്കുന്ന ഈ അവസരത്തിൽ കുറെ തിടുക്കത്തിൽ ഇതു് ചെയ്യേണ്ടതായി വന്നിരിക്കാം.

ശ്രീ. എ. താണുപിള്ള: ഇതൊന്നും സംയോജനം സംബന്ധിച്ചുള്ളതല്ല.

മിസ്റ്റർ സ്പീക്കർ: അത്യാവശ്യകാര്യങ്ങൾക്കല്ലാതെ നാലര മണിക്കു ശേഷം സഭാനടപടികൾ നീട്ടുന്നതു് ശരിയാണെന്നു് അഭിപ്രായമില്ല. സാധാരണ നിലയിൽ ഇതു് തുടരുമെന്നും കരുതേണ്ടതില്ല. അതുകൊണ്ടു് നാലര മണിക്കു് ഇതേക്കുറിച്ചു് ചർച്ച നടക്കുന്നതാണ്.

## FINANCIAL BUSINESS

### General discussion of the Budget *(contd.)*

**Sri. A. P. Udayabhanu:** In rising to speak on the Budget I am fully conscious of the time limit set before me: To call this the budget of the United State of Travancore and Cochin is a gratuitous insult to this Assembly. So far as the documents placed before us, there are two of them, one document representing the budget of Cochin and the other the budget of Travancore. Therefore, we have before us the budgets of the unintegrated States of Travancore and Cochin and we are calling it the budget estimate of the United State for the year 1125. The budget does not bear any relation to the realities that exist today, let alone the realities that might exist in 1125. The budget envisages 3 Ministers for Cochin and half a dozen Ministers for the State of Travancore. There is a High Court with a Chief Justice drawing a salary of Rs. 2,000, per mensem with two puisne judges for the High Court of Cochin and six judges for the State of Travancore. We are called upon to accept these budgets as the budget of the United State of Travancore and Cochin. It is as good as solemnly serving a heap of straw before us as our dinner. You call this the budget for the integrated States of Travancore and Cochin and call upon us to accept it is a gratuitous insult to this Assembly, Sir.

The other day, Mr. Panampilly Govinda Menon was saying that the High Court of Travancore and the High Court of Cochin have vanished and a third Court has been instituted as the High Court of the United State of Travancore and Cochin. The Chief Minister says that we have got a High Court which is an integration of the former two High Courts. Whatever that may be, the budget before us does not envisage a United High Court.

Then, coming to the budget estimates, I refer to the income from customs. The Krishnamachari report refers to the fact that this Government has agreed to drop the land customs without any compensation. But income from land customs has been credited to the revenue side. So, the budget is faulty.

Next, the United State of Travancore and Cochin came into effect on the 1st of July 1949. But, Sir, the Covenent came into being on the 29th May 1949. Ordinance No. 1 promulgating the laws of Travancore and Cochin came into effect at least a couple of weeks after the integration actually took place. That means, during the intervening period, there was no law which was applicable to the United State of Travancore and Cochin. You examine all the Ordinances. They are all belated. They have come after their time. That shows that all things were

[Sri. A. P. Udayabhanu]

wrong. What was the Act, then, that was binding on us during the period ? That shows there was a period when this United State was going on without any law. What does it mean ? Probably it means that we have advanced to such an extent of civilization, that we can exist without any law. (That is, we are fit for anarchy.) That is what it means. It shows that the Ministry has not been responsible. It has been weighed and found wanting. What arrangements had they done when integration was going to take place ? All arrangements with respect to law and other matters by which integration would work smoothly without any hitch—they have not done that. That shows a high degree of inefficiency. Even before Mr. V. P. Menon descended upom them as Cupid they were making love across the hedge. Why did they not envisage a law that must govern the State during the interim period ? They have not done that. They have been found wanting.

What about the miscellaneous political expenditure ? Rs. 6 lakhs have been set apart for miscellaneous political expenditure. That includes State guests department also. In Travancore and Cochin, it seems that all and sundry are treated as state guests. They are squandering Rs. 6 lakhs. But what is the glorious sum they have set apart for relieving distress ? It is Rs. 1 lakh. Why is it that this 6 lakhs of rupees have been set apart for miscellaneous political expenditure ? Is this the way how distress is to be relieved ? These are all things which are not at all acceptable.

I do not mean to say that no change in this state of affairs is possible. But it requires a certain amount of goodwill; a certain amount of sense of responsibility. When I criticise the Minister I do so with a sense of shame and pain in my heart because the Ministry is supposed to be the cream that has been taken out of the Assembly. If they are going to handle these affairs with inefficiency, with a certain amount of want of responsibility, it is a matter which really creates pain. I only appeal to them to handle these things with a certain amount of efficiency, and in a certain amount of seriousness, and not in a lighthearted way.

Sir, was it not a lighthearted way that some of the bills were rushed through. The prevention of Eviction Bill and the Anti-Corruption Bill. The first is a glorious measure. I accept. But what was the haste for it ? But consistent with that haste, have they acted up to the legislation they have passed and for which they have suspended all the standing orders in the Legislature ? Sir, for one part, there is haste and for the other part, there is no kind of seriousness. It was done without a sense of responsibility, that was what I think. That is a matter on which I have not only very great regret but also pain. I say these things openly, not with a view to discredit the Ministry but to bring to bear on them the gravity of the situation. Unless they handle this situation with fairness and efficiency, they will be jeopardizing the future of responsible Government. The problems they have to face are really great. The post-war problems, economic and political, that the Ministry has to handle are great and I am aware of them, and for all that, the whole-hearted co-operation of the country and the House must be given. But for their part (Ministry), they must do things with a certain amount of responsibility—not with haste—and with a certain amount of seriousness. That is the thing which I have to tell them.

ശ്രീ. കെ. എം. കോര: ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗം ഞാൻ ശ്രദ്ധാപൂർവ്വം കേൾക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ബഡ്ജററ് ഒന്നിൽ കൂടുതൽ പ്രാവശ്യം വായിക്കാനും ഇടയായി. ആഹാരസാധനങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാതെ മുമ്പോട്ടു പോകുവാൻ സാദ്ധ്യമല്ലെന്നും ആഹാര സാധനങ്ങൾക്കുവേണ്ടി കോടിക്കണക്കിന് വിദേശ രാജ്യങ്ങളിലേക്ക് പണം അയക്കത്തക്ക സാമ്പത്തിക കഴിവ് ഇൻഡ്യയ്ക്ക് ഇല്ലെന്നും യാതൊരു കാരണവശാലും ൧൯൫൧-നു ശേഷം ആഹാര സാധനങ്ങൾ വിദേശ രാജ്യങ്ങളിൽനിന്നും വരുത്തുകയില്ലെന്നും ഖണ്ഡിതമായി ഇൻഡ്യൻ പ്രധാനമന്ത്രി പ്രസ്താവിച്ചുകഴിഞ്ഞു. ഇതിന്റെ പ്രാധാന്യവും ഗൌരവവും മനസ്സിലാക്കിയിട്ടായിരിക്കണം നമ്മുടെ ധനകാര്യമന്ത്രിയും മററെല്ലാത്തിനേക്കാളും പ്രാധാന്യം ഗ്രോമോർ Food-നു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൊടുത്തിരിക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഇങ്ങിനെ പ്രസംഗത്തിന്റെ ചില ഭാഗങ്ങൾ ആഹാരോല്പാദനത്തിനുവേണ്ടി കളഞ്ഞതുകൊണ്ടോ ചില തത്വങ്ങൾ പറഞ്ഞതുകൊണ്ടോ രാജ്യത്ത് നെല്ല് വിളയിക്കുവാൻ സാദ്ധ്യമാകുമെന്ന് തോന്നുന്നില്ല. ഇൻഡ്യാ ഗവമെണ്ട് സുനിശ്ചിതമായ ഒരു പ്രോഗ്രാമോടുകൂടി ആഹാര സാധനങ്ങൾ വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്

ഞാൻ ചോദിക്കുന്നു, നമ്മുടെ ഗവൺമെന്റിന് എന്തെങ്കിലും 'ഡെഫനിററ് ക്ലിയർ കട്ട് പ്രോഗ്രാം' ഉണ്ടോ എന്ന്. ഉണ്ടെങ്കിൽ ഇതുവരെ പൊതുജനങ്ങൾ അറിഞ്ഞിട്ടില്ല. ലഘുലേഖകൾകൊണ്ടുള്ള പ്രചരണമല്ല ഈ രാജ്യത്ത് കർഷകർ ആഗ്രഹിക്കുന്നത്. തുറന്നു പറയുകയാണെങ്കിൽ ഇതരഭാഗങ്ങളിലെ കർഷകരെ അപേക്ഷിച്ച് തിരുവിതാംകൂറിലെ കർഷകർ കാർഷികാവശ്യങ്ങളിൽ വളരെ പുരോഗമിച്ചിട്ടുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു പ്രേരണനല്കുന്ന ഒരു സുനിശ്ചിതമായനയം ഈ ഗവൺമെന്റ് എടുക്കാൻ തയ്യാറുണ്ടോ? അതാണ് അവർ അഭിലഷിക്കുന്നത്. അല്ലാതെ തത്വംകൊണ്ട് നെല്ലുണ്ടാകും എന്ന് വിചാരിച്ചാൽ നാം ഒന്നുകൂടി താഴോട്ട് പോകുകയേയുള്ളു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗം ശ്രദ്ധാപൂർവ്വം കേട്ടപ്പോൾ കർഷകനായ എനിക്കുതോന്നി, ഒരുപക്ഷേ കാർഷികാദായനികുതി ഇനി ഇല്ലാതാകുമെന്ന്. അതിനു അദ്ദേഹം പറയുമായിരിക്കാം ഈ കാർഷികാദായനികുതി ബംഗാളിൽ ഉണ്ടു്, ബീഹാറിൽ ഉണ്ടു്, ഒറീസ്സായിൽഉണ്ട്, മറെറല്ലായിടത്തും ഉണ്ട് എന്ന്. ഞാൻഅദ്ദേഹത്തോടു ചോദിക്കുന്നു നമുക്ക് മാതൃകയായിരിക്കുന്ന സെൻട്രൽ ഗവൺമെന്റിൽ ഈ കാർഷികാദായ നികുതി ഉണ്ടോ എന്ന്. ഒരു പക്ഷേ ഈ നികുതി കൊടുക്കണമെന്ന് വന്നാൽ തന്നെയും ബംഗാളിലോ ബീഹാറിലോ അതല്ലാ ഭൂലോകത്തിൽ എവിടെ എങ്കിലും സൂപ്പർ ടാക്സ് വസൂൽ ഒരുക്കുന്ന സംപ്രദായം ഉണ്ടോ എന്ന് ഞാൻ ചോദിക്കുന്നു. തിരുവിതാംകൂറിൽ കാർഷികാദായനികുതി ഈടാക്കുന്ന വിധം നോക്കിയാൽ കർഷകനു ഒരു സമാധാനവും ഉണ്ടാകുന്നത് അല്ല. കോട്ടയത്ത് താമസിക്കുന്ന ഒരു കർഷകൻ അദ്ദേഹത്തിന്റെ വകയായി നാനൂറ് ഏക്കർ സ്ഥലത്ത് ഇരുപത് ഏക്കർസ്ഥലത്തെ കൃഷിചെയ്തിട്ടുള്ളു എങ്കിലും ഈ നാനൂറ് ഏക്കർ സ്ഥലത്തിനും ഉള്ള കാർഷികാദായ നികുതി കൊടുക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. എനിക്ക് ഇതിനെ സംബന്ധിച്ചു ഒന്നു പറയുവാനുള്ളത് കാർഷികാദായനികുതി ഈടാക്കേണ്ടവരിൽനിന്നും ഈടാക്കിക്കൊള്ളുക, വിരോധമില്ല. ഈ കാര്യത്തെക്കുറിച്ചു ഗാഢമായി ചിന്തിക്കേണ്ടതാണ്. ഈ സംഗതിയിൽ അഭിപ്രായം പറയുവാൻ അർഹതയുള്ളവരെ വിളിച്ച് ഒരു കോൺഫ്രൻസ് വിളിച്ചുകൂട്ടി ഈ സംഗതിയെപ്പററി ആലോചിക്കണം. തിരുവിതാംകൂറിലെ വിഭിന്നഭാഗങ്ങളിലെ കൃഷികളെ സംബന്ധിച്ച് പ്രതിപാദിക്കണമെന്നും ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ആഗ്രഹമുണ്ടു്. സമയച്ചുരുക്കം മൂലം തൽക്കാലം പുഞ്ചകൃഷിയെ സംബന്ധിച്ചു മാത്രമെ പ്രതിപാദിക്കുവാൻ നിവൃത്തിയുള്ളു. വേണ്ടിവന്നാൽ മററു Development schemes മാററിവെച്ച് ആഹാരസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നാം ആരായണം. ഈ കാര്യത്തിൽ നമുക്കെന്തെങ്കിലും സുനിശ്ചിതമായ പരിപാടി ഉണ്ടോ. നാം ഗൌരവമായി ചിന്തിക്കേണ്ടതായ ഒരു പ്രശ്നമാണിത്. എനിക്കു ചില പ്രായോഗിക നിർദ്ദേശങ്ങൾ തരുവാനുണ്ടു്. അതിനാൽ സ്വല്പം സമയംകൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കാർത്തികപ്പള്ളി, മാവേലിക്കര, അമ്പലപ്പുഴ, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം ഈപ്രദേശങ്ങളിൽ ആയി കുട്ടനാട്ടിൽ ഒരുലക്ഷത്തിമുപ്പതിനായിരം ഏക്കർ പുഞ്ചനിലങ്ങളുണ്ടു്. ഇതിൽ പതിനെണ്ണായിരം ഏക്കറോളം കായൽ നിലങ്ങളും അയ്യായിരം ഏക്കറോളം കരിനിലങ്ങളും ബാക്കിയുള്ള ഒരുലക്ഷത്തി ഏഴായിരം ഏക്കർ സാധാരണപുഞ്ചനിലങ്ങളും ആണ്. അമ്പതു മുതൽ രണ്ടായിരത്തി നാനൂറ് ഏക്കർ വരെ വിസ്തീർണ്ണമുള്ള പാടശേഖരങ്ങളിലായി ഈ നിലങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. ൫൦ ഏക്കറിൽകുറഞ്ഞ പാടശേഖരങ്ങൾ ഉണ്ടെങ്കിലും അവയുടെ എണ്ണം തുച്ഛമാണ്. മൂന്നടി മുതൽ ഏഴ് അടിവരെയുള്ള ആറുകളും തോടുകളും മൂലം ഈ നിലങ്ങൾ വിഭജിക്കപ്പെട്ടിരിക്കുകയാണ്. കൃഷി ആരംഭിക്കുന്ന കാലത്തു വെള്ളം വററിച്ചുകളയേണ്ടിയിരിക്കുന്നു. വെള്ളം വററിക്കുന്നതിന് മുൻപായി എല്ലാകൊല്ലവും പുറവേലി വരമ്പുകൾ ൧൦-൦, ൨൦-൦ അടി ആഴമുള്ള തോടുകളിൽനിന്നും ആറുകളിൽനിന്നും ചെളി കുത്തിഎടുത്തു കൊമ്പും ചവറും ഉപയോഗിച്ചു കുത്തേണ്ടിയുമിരിക്കുന്നു.

*The House adjourned for lunch at 12-30 p.m. and re-assembled at 2-30 p.m. with Mr. Speaker (The Hon'ble Sri. T. M. Varghese) in the Chair*

ശ്രീ. കെ. എം. കോര: സർ ആണ്ടുതോറും ഭീമമായ തുക ചെലവുചെയ്യേണ്ടിവരുന്ന വരമ്പുകളും മൂന്നടിമുതൽ ൭ അടിവരെയുള്ള വെള്ളം വററിക്കലും പുഞ്ചനിലങ്ങളുടെ ഒരു പ്രത്യേകതയാണെന്നും ഈ രണ്ടു പ്രത്യേകതകളും ഭൂലോകത്തിൽ മറെറാരിടത്തും ഇല്ലെന്നും

[Sri. K. M. Kora]

മനസ്സിലാക്കണം. കൊച്ചിയിലെ കോൾ ഏകദേശം ഈ രൂപത്തിലാണ് എന്ന് ചിലർ പറഞ്ഞേയ്ക്കും. എന്നാൽ ഈ രണ്ടുകൃഷികളും കണ്ടിട്ടുള്ള ആളുകൾ സമ്മതിയ്ക്കും ഇവ തമ്മിൽ സാമ്യമില്ലെന്ന്. കുട്ടനാടൻ പ്രദേശങ്ങളിൽ ഏകദേശം ൫൦,൦൦൦ ഏക്കർ നിലങ്ങൾ എല്ലാ കൊല്ലവും കൃഷിചെയ്യാതെ 'പഴനില'മായി കിടന്നിരുന്നു. ചുരുക്കം ചില സ്ഥലങ്ങളിൽ ആണ്ടുതോറും കൃഷി നടത്തുന്നുമുണ്ടായിരുന്നു. ഈ നിലങ്ങളെ സംബന്ധിച്ചിടത്തോളം പൊതുവെ പറയുകയാണെങ്കിൽ മണ്ണ് മോശമാണെന്നുള്ള വസ്തുത ഗവമെൻ്റ് ദയാപുരസ്സരം മനസ്സിലാക്കണം. ആണ്ടിൽ ൫൦,൦൦൦ ഏക്കർ നിലങ്ങൾ പാഴ്നിലമായി കിടക്കേണ്ടിവന്നതിൻെറ പ്രധാന കാരണം ഇതായിരുന്നു. എന്നാൽ ബർമ്മായിൽനിന്നും മററ വിദേശങ്ങളിൽനിന്നും നമുക്ക് അരി കിട്ടുകയില്ലാ എന്നുള്ള നില വന്നുചേന്നപ്പോൾ കുട്ടനാടൻ കൃഷിക്കാരൻ പുതു നില കൃഷിചെയ്യുവാൻ നിയമംമൂലം നിർബന്ധിതനായി. പുറക്കാടിന് സമീപമുള്ള കരിനിലങ്ങൾ മൂന്നാംകൊല്ലത്തിലാണ് കൃഷിചെയ്യിരുന്നതു്. ഉല്പാദനം വർദ്ധിപ്പിക്കണമെന്നു ധനകാര്യമന്ത്രി ഉപദേശിച്ചു. എന്നാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകന് പ്രേരണനൽകുന്ന നടവടികൾ എന്താണെന്നു ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നു. ഈ നിലങ്ങൾ കൃഷിചെയ്യാതെ 'പാഴ്' നിലങ്ങളായികിടക്കുന്നതിനുള്ള കാരണം ഉപകരണങ്ങളുടെ അഭാവംകൂടി ആയിരുന്നു. ലേബറിൻെറ കുറവും മറെറാരു പ്രധാനകാരണമാണ്. ഈ വസ്തുതകൾ മനസ്സിലാക്കിക്കൊണ്ട് ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ നാട്ടിലെ വിളവുവർദ്ധിപ്പിക്കാൻ ഗവമെൻ്റ് ആഗ്രഹിക്കുന്നുവെങ്കിൽ, ഗവമെൻ്റ് പ്രവർത്തിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഏതാനും ചില പ്രായോഗിക നിർദ്ദേശങ്ങൾ ഗവമെൻ്റിൻെറ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു. പുതുനിലകൃഷി നഷ്ടംകൂടാതെ നടത്തണമെങ്കിൽ കൃഷിക്കാക്ക് വളം കൊടുക്കുകതന്നെവേണം. കുട്ടനാട്ടിലെ മണ്ണ് വളരെ വളം കുറഞ്ഞതാണെന്ന് നേരത്തെ ഞാൻ പറഞ്ഞുവല്ലൊ. തിരുവിതാംകൂറിലെ വളം വിതരണത്തെപ്പററിയൊ സംഭരണത്തെപ്പററിയൊ അറിയാവുന്നവക്കെല്ലാം കർഷകക്ക് അതുകൊണ്ട് വലിയ പ്രയോജനം ഇല്ലെന്ന് അറിയാം. ഒന്നാമതുതന്നെ വളം ആവശ്യമുള്ള സമയത്തു് കിട്ടുന്നില്ല, ഈ ൫൩,൦൦൦ ഏക്കർ നിലത്തിനുള്ള വളം ആലപ്പുഴ ഡിപ്പോവിൽനിന്നും വാങ്ങണമെന്നുവെച്ചാൽ എങ്ങിനെ ആ വളം സമയത്തിനു ലഭിക്കും എന്ന് ഞാൻ ചോദിക്കുന്നു. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻ്റിൽനിന്നും പച്ചിലവളങ്ങൾ കിട്ടുമെന്നു പറയുകയുണ്ടായി. വനങ്ങളിൽനിന്നും പച്ചിലവളം ഈ സ്ഥലങ്ങളിലേക്ക് എങ്ങിനെയാണ് എത്തിച്ചേരുന്നതെന്ന് അദ്ദേഹം പറഞ്ഞുകാണുന്നില്ല. കുട്ടനാട്ടിൽ ൧൦–൧൫ സ്ഥലങ്ങളിലെങ്കിലും വളം ഡിപ്പോ സ്ഥാപിക്കണം. കമ്പോസ്റ്റ് വളം നിർമ്മിച്ച് സപ്ലൈചെയ്യുന്നതിന് ൩,൦൦൦-ൽ ശിഷ്ടം രൂപാ മാത്രമാണ് അദ്ദേഹം ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു്. എന്നാൽ അതേസമയം പത്തുലക്ഷം രൂപയാണ് ഗ്രോമോർഫുഡ്കമ്പയിൻ സ്റ്റാഫിൻെറ ശമ്പളത്തിന് നീക്കിവെച്ചിരിക്കുന്നതു്. ഗ്രോമോർഫുഡ്കമ്പയിൻ അനുസരിച്ചുള്ള ഏതെങ്കിലും പദ്ധതി ഈ ഗവമെൻ്റ് സ്വീകരിക്കുന്നുവെങ്കിൽ അതിൻെറ ചിലവിൽ ൫൦ ശതമാനം ഇന്ത്യാഗവമെൻ്റ് തരാമെന്നു സമ്മതിച്ചിരിക്കുന്ന സ്ഥിതിക്ക് എന്തുകൊണ്ട് ഞാൻ മുമ്പ് സൂചിപ്പിച്ചപോലെ ഒരു ക്ലിയർ കട്ട് പ്രോഗ്രാംവെച്ചുകൊണ്ട് പ്രവർത്തനം ആരംഭിക്കാത്തതു? ഒരു ൧൦–൧൫ സ്ഥലങ്ങളിൽ ഡിപ്പോകൾ ഉടനടി സ്ഥാപിക്കണം. ഇതിന് ആലോചിക്കേണ്ട ആവശ്യമില്ല. മറെറാന്നു ഉടനെ ചെയ്യാവുന്നതാണ്. അതു് വളം വിതരണമാണ്. തിരുവിതാംകൂറിൽ അല്ലെങ്കിൽ നമ്മുടെ ഐക്യസംസ്ഥാനത്തിൽ കിട്ടിവരുന്ന കെമിക്കൽവളം അതായതു് അമോണിയം സൽഫേററ് നിലത്തിന് പല ദൂഷ്യങ്ങളും ചെയ്യുന്നതാണ്. ഒരുകൊല്ലത്തെ കൃഷിക്ക് വളരെ പ്രയോജനം ഉണ്ടാകുമെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ പിന്നീട് ആ മണ്ണ് വളരെ മോശമാകും. ഇതു് സർ ജോൺറസ്സൽ പോലും പറഞ്ഞിട്ടുള്ള ഒരു പരമാർത്ഥമാണ്. ഇതിന് പ്രതിവിധിയായി പറയുന്നതു് മണ്ണിൽ കുമ്മായം ചേക്കലാണ്. കുമ്മായം കഷകക്ക് ലഭിക്കുന്നതിനുള്ള ഒരു പദ്ധതി ഗവമെൻ്റ് സ്വീകരിക്കണം. യുദ്ധകാലത്തിനുമുമ്പ് ഒരു പാട്ട കുമ്മായത്തിന് അര അണ വിലയായിരുന്നതു ഇപ്പോൾ മൂന്നണ വിലയായിട്ടുണ്ട്. മണ്ണിൽ ആവശ്യത്തിന് കുമ്മായം ചേക്കണമെങ്കിൽ എന്തു ഭീമമായ ചെലവാണ് കൃഷിക്കാരൻ ഇതുമൂലം ചെയ്യേണ്ടിവരുന്നതെന്ന് ആലോചിക്കണം. ഇന്നു കക്കാവാരൽ മുഴുവൻതന്നെയും ചില കോ-ഓപ്പറേറീവ് സൊസൈററികൾക്ക് കുത്തകയായി കൊടുത്തിരിക്കയാണ്. അതുസംബന്ധിച്ച് കഷ

കർ നിവേദനം ചെയ്തതിൻെറ ഫലമായി ഒരു കമ്മിററിയെ നിയമിക്കുകയുണ്ടായി. ആ കമ്മിററി ഞാൻ അറിഞ്ഞിടത്തോളം കുമ്മായവില കുറഞ്ഞപക്ഷം നാലു ചക്രം ആക്കണമെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടു്. കൃഷിമന്ത്രിയുടെ ശ്രദ്ധ ഞാൻ ഈ വിഷയത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു. മറെറാന്നു നെൽകൃഷിക്കു് ശുദ്ധജലം വളരെ അത്യാവശ്യമാണു്. കൊയ്ത്തിനു് മുമ്പുവരെ വെള്ളം കിട്ടിയേതീരു. അതിനു് അവിടെ മാർഗ്ഗമൊന്നുമില്ല. പുഞ്ചകൃഷി നിശ്ചിതസമയത്തുതന്നെ നടത്തേണ്ടതാണു്. തുലാവർഷത്തിനുശേഷം ഓരു വരുന്നതിനുമുമ്പു് നടത്തണം. ഓരു തടയുന്നതിനു് എന്തെങ്കിലും ഒരു പ്രതിവിധി ചെയ്യാതെ വിജയകരമായി കൃഷിനടത്താൻ സാദ്ധ്യമല്ല. തോട്ടപ്പള്ളിക്കു സമീപത്തു ഒരു ചിപ്പുണ്ടു്. അതിൻെറ ഇന്നത്തെ ശോചനീയമായ നില നമ്മുടെ ഗവമെണ്ടിനു് ആക്ഷേപാർഹമാണു്. തോട്ടപ്പള്ളി ചിപ്പു് ഓരുവെള്ളം കയറാത്തനിലയിൽ ആക്കണമെന്നു ഞാൻ ഗവമെണ്ടിനോടു് അപേക്ഷിക്കുന്നു. ഒരു സംഗതികൂടി പറയാനുണ്ടു്. തോട്ടപ്പള്ളിക്കു സമീപം കടലിലേയ്ക്കു വെള്ളം പോകത്തക്കവിധത്തിൽ ഒരു പൊഴിയുണ്ടാക്കണം. ഇപ്പോൾ വെള്ളം പൊയ്ക്കൊണ്ടിരിക്കുന്നതു് കൊച്ചിൻ ഹാർബർവഴിയാണു്. ഒരു ഏഴലക്ഷം രൂപ ചെലവുചെയ്താൽ അതിനുള്ള സൗകര്യം ഉണ്ടാക്കാവുന്നതാണു്. അത്രയും ചെയ്യാമെങ്കിൽ ഒരു പറ നിലത്തിൽനിന്നും ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന രണ്ടോ മൂന്നോ പറ നെല്ലിനു് പകരം കുറഞ്ഞതു് ൬൦ പറ നെല്ലുവീതം അവിടെ വിളയിക്കാൻ സാധിക്കും.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ: തോട്ടപ്പള്ളി ചിപ്പുകൊണ്ടു കായംകുളം കായലിനടുത്തുള്ള കൃഷിക്കാർക്കും ഉപയോഗമുണ്ടാകുമെന്നറിയാമോ?

ശ്രീ. കെ. എം. കോര: അതും അറിയാം. വൈക്കം താലൂക്കിൽ കുലശേഖരമംഗലമാണു് വേമ്പനാട്ടുകായലിൽ ഏററവും വീതികുറഞ്ഞ ഭാഗം. ആഴം കുറഞ്ഞ ഭാഗവുമാണു് അതു്. ഒരു ലക്ഷം രൂപാ ചെലവാക്കിയാൽമതി അവിടെ ഒരു ചിറയിടാൻ. അങ്ങിനെ ഒരു ചിറ ഇട്ടാൽ പടിഞ്ഞാറുഭാഗത്തുനിന്നും വരുന്ന ഓരുവെള്ളം തടയാൻ സാധിക്കും. വള്ളങ്ങൾക്കും ബോട്ടുകൾക്കും പോകാൻ shutters and gates സ്ഥാപിച്ചാൽ മതിയാകും. ഈ ഓരുവെള്ളം തടഞ്ഞാൽ ൨൫ ലക്ഷപ്പറ നെല്ലു് കുട്ടനാട്ടിൽനിന്നും ഇപ്പോൾ കിട്ടുന്നതിൽനിന്നും കൂടുതൽ കിട്ടുമെന്നു പ്രതീക്ഷിക്കാം. മറെറാരു സംഗതികൂടി ഗവമെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാഗ്രഹിക്കുന്നു. വൈക്കം താലൂക്കിൽ വടയാർ, കടുത്തുരുത്തി, തലയാഴം എന്നീ പകുതികളിൽ പുഞ്ചനിലങ്ങൾ എന്നു് അറിയപ്പെടുന്ന നിലങ്ങൾ ഉണ്ടു്. അവിടെ പുഞ്ചകൃഷി ചെയ്യാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് മുവ്വായിരം ഏക്കർ നിലങ്ങളിൽ മുണ്ടകകൃഷിയാണു് നടത്തിവരുന്നതു്. അതിനു് കരിയാററിൽ ഒരു ചെറിയ പൊഴിയുണ്ടാക്കണം. മിക്കവാറും ആ കൃഷി പരാജയത്തിലാണു് കലാശിക്കുന്നതു്. വൈക്കത്തിനു് ഇപ്പുറത്തുള്ള വെച്ചൂരു് ഒരു സ്ലൂയിസ് ഉണ്ടാക്കിയാൽ അവിടത്തെ കൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണു്. തുലാമാസത്തിനുശേഷം വെള്ളപ്പൊക്കംമൂലം ഈ കൃഷി പലപ്പോഴും നശിച്ചുപോവുകയാണു് ചെയ്യുന്നതു്. വൈക്കത്തെ തോടാണെങ്കിൽ വീതികുറഞ്ഞതാണു്. ഞാൻ ഈ പറയുന്ന മാർഗ്ഗങ്ങളിൽകൂടി പോവുകയാണെങ്കിൽ അവിടത്തെ വിളവു് വളരെ വർദ്ധിപ്പിക്കാൻ കഴിയുമെന്നാണു് എൻെറ വിശ്വാസം.

ഇനി തെങ്ങുംകൃഷിയെപ്പററികൂടി രണ്ടുവാക്കു് പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്.

മിസ്റ്റർ സ്പീക്കർ: സമയമായി. മെമ്പറന്മാർക്കു്വളരെ പ്രാധാന്യം അർഹിക്കുന്നതെന്നു തോന്നുന്ന വല്ല സംഗതികളും ഈ അവസരത്തിൽ വിട്ടുപോയാൽതന്നേയും ആ വിഷയത്തെ സംബന്ധിച്ച ഡിമാൻഡു് ചർച്ചക്കുവരുമ്പോൾ പറയാവുന്നതാണല്ലൊ.

ശ്രീ. കെ. എം. കോര: സർ, ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. Munro Light-നു വടക്കും പാതിരാമണലിനു തെക്കും ൫,൦൦൦ ഏക്കർ നെൽകൃഷിക്കു പററിയ സ്ഥലമുണ്ടു്. അവിടെ ഒരു ചിറ ഇടേണ്ടതായുണ്ടു്. ആ ചിറക്കു് കുറഞ്ഞപക്ഷം ൪൦ അടി വീതി ഉണ്ടായിരിക്കണം. അതിനു് ൨൦ ലക്ഷം രൂപ ചെലവാക്കിയാൽ മതിയാകും. അങ്ങിനെ ആ സ്ഥലമെടുത്തു ബ്ലോക്കുതിരിച്ചു് നിലമില്ലാത്തതുകൊണ്ടു് കൃഷിചെയ്യാൻ സൗകര്യമില്ലാത്ത ആളുകൾക്കു് ലേലംചെയ്തുകൊടുക്കണം. ഇതിൻെറ റെൻറായിത്തന്നെ രണ്ടുലക്ഷം രൂപാ സക്കാരിലേക്കു് ഈടാക്കാവുന്നതാണെന്നാണു് എനിക്കു് തോന്നുന്നതു്. കുറഞ്ഞതു് അഞ്ചുലക്ഷപറനെല്ലു് ഇതിൽനിന്നു് ആണ്ടുതോറും വിളവുകിട്ടും. നിലങ്ങളുടെ ചുററുമുള്ള ചിറ ൫ സെൻറ് വീതം തിരിച്ചുകൊടുത്താൽ ൬,൫൦൦ കുടുംബങ്ങൾക്കു് താമസിക്കാൻ സാധിക്കുകയും ചെയ്യും. ഈ വിഷയത്തിലേക്കും ഗവമെണ്ടിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

**Dr. M. O. Cheriyan:** Great events and historical changes have taken place within a short period in the two states of our Union since democratic forms of Government have been initiated in them. Both the democracies passed through their first, though bitter experiences of Cabinet crisis. Then came in the integration of two sets of people of the same kith and kin who have hitherto been kept apart with artificial boundaries and limitations. With the inauguration of the Union a new Cabinet has been constituted but this happy event has not evinced any great enthusiasm or a beam of joy in the common man. Rightly or wrongly the apprehensions that Cabinet making has been based on degrees of political sufferings and on the might of the lurking, undercurrent communal poison, have brought about a feeling of frustration and gloom amongst the masses. Under the existing circumstances the realities of which are no secret to the ordinary man in the Union; I would have felt happy if some sort of a political fund was allocated in the budget to remunerate the clamourers for ministry, who put forth a claim under their capital investment of jail life and sufferings. Such a step would not only have helped the leader for limitation of the ministry but will save the succeeding government and the people at large from this pest of clamourers.

I do not think that a note of warning will be superfluous at this juncture to all concerned, that unless and until we begin to think in terms of a common people, as members of one family, uninfluenced by communal, linguistic or geographical considerations, we will not be solving our difficulties. It is not lack of ideals or idealistic talks or plans which are wanting in the leaders of the country but it is their inability to fight against the odds which retard their onward march along the pathways they have been so nicely picturing.

The public are disappointed. They are critical and impatient. They were expecting deliverance from the demons of corruption and bribery the previous regime left behind. The atmosphere in the country is impregnated with talks of bribery corruption and selfishness at all levels of society. The people have begun to think that there is no salvation from these. They have resigned themselves to the inevitable and are indifferent to the present political happenings.

We know they are not concerned with mere plans they insist upon execution and results. Over and above everything it is the unimpeachable character and integrity of each and every one of us they are now watching and if we are unable to maintain these, let us resign ourselves asking them to entrust the responsibilities to better men in the country. Let us make a self examination of ourselves. Let us examine our hearts, let us examine our conscience. Let us reflect upon our deeds in the interest of our constituencies, and in the interest of our country during the past one year. Let such of us who have passed through the past motivated only by selfish political gains if still are unable to rise above those levels, reconcile themselves to their failures. Ours is a small country to accommodate the political diplomacies and political manouverings of self motived political leaders. A constructive and healthy journalism has still to be learned or practiced by many of our Press. The Press has still to realise that the greatest responsibility for a good Government rests on their shoulders in a democratic country, more so in a country which is just on to the alphabets of democracy.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ഈ ബഡ്ജററിനെപ്പററി വിമർശിക്കുന്നതിനു മുമ്പായി ഇതു ഒരു ബഡ്ജററാണോ എന്നു സംശയിക്കേണ്ടതു വളരെ അത്യാവശ്യമായി തീർന്നിരിക്കയാണ്. ഇതു് ഒരു ബഡ്ജററായി വരാൻ പാടില്ലെന്നുള്ളതിനു ന്യായങ്ങൾ മററ പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുകൊണ്ടു് അതിന്റെ വിശദാംശങ്ങളിലേക്കു പ്രവേശിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. സംയോജനത്തിനു മുമ്പ് തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള ഡിപ്പാർട്ടുമെണ്ടു മേധാവികൾ പഴയ സമ്പ്രദായം അനുസരിച്ചു എഴുതി അയച്ചിട്ടുള്ള കണക്കുകൾ അതാതു തലക്കെട്ടിൽ കാണിച്ചു് ഇവിടെ അവതരിപ്പിച്ചതിൽ കവിഞ്ഞു ഇതൊരു ബഡ്ജററാണെന്നു എനിക്കു തോന്നുന്നില്ല. അങ്ങിനെ വന്നതുകൊണ്ടുള്ള വിഷമങ്ങൾ സംയോജനത്തിനു ശേഷവും നാം അനുഭവിക്കുന്നുണ്ടു്, അതായതു് ഇതിൽ കൊള്ളിച്ചിട്ടുള്ള എല്ലാ സംഖ്യകളും, തസ്തികകളും, പരിപാടികളും ഏതാനും മാസങ്ങൾക്കകം തിരുത്തേണ്ടി വരുമെന്നു നമുക്കു് എല്ലാവർക്കും ബോധ്യമുള്ളതാണ്. അങ്ങിനെ തിരുത്തപ്പെടാനുള്ള വരവു ചെലവുകളാണ് ഈ രണ്ടു ബഡ്ജററിലും കൊള്ളിച്ചിട്ടുള്ളതെന്നു ആലോചിക്കുമ്പോൾ ഇതൊരു ബഡ്ജററാണോ എന്നു ചോദിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ എല്ലാവശങ്ങളിലേക്കും ഞാൻ പ്രവേശിക്കുന്നില്ല. എന്നാൽ ഇന്നത്തെ അസററ്സും ലയബിലിററീസും കണക്കാക്കിയിരിക്കുന്നതു നോക്കുമ്പോൾ ഇതു് ഒരു ബഡ്ജററാണെന്നു പറയാൻ പ്രയാസം. തിരുവിതാംകൂറിലെ അസററുകളുടെ പട്ടികയിൽ ചില പാലങ്ങളും കലുങ്കുകളും കൊള്ളിച്ചുകാണുന്നുണ്ടു്. അസററ് എന്നു പറ

ഞാൻ എനിക്കു തോന്നുന്നത്, നിലനിൽക്കുന്നതും ആണ്ടുതോറും ആദായം കിട്ടുന്നതുമായ മുതലെന്നാണ്. ഈ കല്ലുകളും പാലങ്ങളും, നാം എല്ലാവരും കൂടിയിരുന്നു രാജ്യകാര്യങ്ങൾ ചർച്ചചെയ്യാൻ പോകുന്ന ഈ അസംബ്ലിഹോൾ തന്നെയും ഗവമ്മെണ്ടിന്റെ ഏററവും വലിയ സ്വത്തായി ഗണിക്കുകയാണെങ്കിൽ എന്തായിരിക്കും അതിന്റെ ഔചിത്യമെന്ന് ഞാൻ ചോദിക്കുന്നു. അങ്ങിനെയാണെങ്കിൽ പിന്നെ നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ റോഡുകളും നമ്മുടെ അസററുകളാണെന്നു ഗണിക്കുന്നതിൽ വിരോധമില്ല. അതുകൊണ്ട് ഈ സഭയുടെ മുമ്പിൽ അസററുകളുടെ പട്ടിക ഹാജരാക്കുമ്പോൾ അതു യഥാർത്ഥത്തിലുള്ള അസററുകളാണോ, ആണ്ടുതോറും ആദായം ഉണ്ടാക്കുന്ന അസററുകളാണോ എന്നു ഫിനാൻസ് മന്ത്രി സൂക്ഷ്മതയോടും ആത്മാർത്ഥതയോടും വിവരിച്ചു കാണിക്കേണ്ടതായിരുന്നു. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൽ വെയിലുകൊണ്ട് കിടക്കുന്ന ബസ്സുകളേയും ഇപ്പോഴില്ലാത്ത ബസ്സുകളെയും അസററ്സായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇങ്ങനെ പലതും അസററുകളുടെ വകുപ്പിൽനിന്നും എടുത്തുകളയേണ്ടിരിക്കുന്നു. അതുകൊണ്ട് ഇതു വിശ്വസിക്കത്തക്ക ഒരു കണക്കായി എനിക്കു തോന്നുന്നില്ല. ഫിനാൻസ് മന്ത്രിയുടേയൊ, ക്യാബിനററിന്റെയോ ദൃഷ്ടിയിൽ ഈ കാര്യങ്ങൾ പെടാതെ പോയിട്ടുണ്ടെങ്കിൽ അതിൽ തെററില്ല. കാരണം നമ്മുടെ ബഡ്ജററുണ്ടാക്കുന്നത് ഡിപ്പാർട്ടുമെണ്ടു മേധാവികൾ മാത്രമാണെന്നുള്ളതു് സുപ്രസിദ്ധമാണ്. അതിൽ ധനകാര്യമന്ത്രിക്കു യാതൊരു ഉത്തരവാദിത്വവും ഇല്ലായിരിക്കാം. എന്നാൽ നമ്മുടെ മന്ത്രിമാർ ഈ സഭയുടെ മുമ്പാകെ ഹാജരാക്കുന്ന ബഡ്ജററ വളരെ ഉത്തരവാദിത്വത്തോടുകൂടി തയ്യാറാക്കിട്ടുള്ളതായിരിക്കണമെന്ന് ഉദ്ബോധിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവമ്മെണ്ടിനോടുള്ള അനാദരവുകൊണ്ടോ, ഈ ഗവർമ്മെണ്ടു അധഃപതിച്ചു പോകണമെന്നുള്ള ആഗ്രഹംകൊണ്ടോ അല്ല ഞാനിതു പറയുന്നത്. ഒരു ജോയിൻറ സ്റ്റാക്കു കമ്പിനിയുടെ മാനേജിംഗ് കമ്മിററിക്ക് എത്രമാത്രം ഉത്തരവാദിത്വം ഉണ്ടോ അത്രയെങ്കിലും ഉത്തരവാദിത്വത്തോടുകൂടി ഈ കണക്കുകൾ സഭാമുമ്പാകെ ഹാജരാക്കിയാൽ കൊള്ളാം. ലയബിലിററീസിന്റെ പട്ടികയിൽ വിട്ടുവീഴ്ചകൾക്കു വഴിയില്ല. എല്ലാം കൊടുത്തുതീർക്കേണ്ടതാണ്. പിന്നൊരിക്കൽ കൊടുത്തുകൊള്ളാമെന്നു തള്ളാവുന്ന ഒരിനവും ആ വിഭാഗത്തിൽ കാണുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. പട്ടംതാണുപിള്ള മിനിഞ്ഞാന്ന് ബഡ്ജററിനെപ്പററി ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ ഫുഡ്സബ്സിഡിയായി നൂറിൽ ചില്വാനം ലക്ഷം രൂപ സെൻട്രൽ ഗവർമ്മെണ്ടിൽനിന്നും കിട്ടുമെന്ന് കരുതി കണക്കിൽ കാണിക്കാതിരിക്കുന്നത് മര്യാദയല്ല. അങ്ങനെ കണക്കിൽ കാണിക്കാതെ വ്യാമോഹം ഉണ്ടാക്കാൻ പാടില്ല. പിന്നെ ഗവർമ്മെണ്ടിന്റെ ഒരു റിസർവ്ഫണ്ട് എന്നുള്ള നിലയിൽ ആണ്ടുതോറും സംഖ്യ മാററിവയ്ക്കുന്ന ഒരു ചിട്ട ഇക്കൊല്ലം കൊച്ചിയിലോ തിരുവിതാംകൂറിലോ ചെയ്തുകാണുന്നില്ല. അതു് ഏററവും വലിയ ഒരു കുറവാണ്. പോസ്റ്റ്വാർ റീകൺസ്ട്രക്ഷൻ ഫണ്ടിൽനിന്നു ധാരാളം പണം എടുക്കാമെന്നു പറയുന്നു. പക്ഷേ ആ ഫണ്ടിൽ പണം ഉണ്ടോ എന്നുള്ള കാര്യം ചിന്തിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ കണക്കിൽ പല തകരാറും ഉണ്ട്. പക്ഷെ അതെല്ലാം സംയോജനത്തിന്നിടക്കുള്ള അല്ലാല്ലമായ പിശകുകളാണെന്നു പറഞ്ഞേക്കാം. എന്നാൽ നിയമസഭയുടെ മുമ്പിൽ ബഡ്ജററ അവതരിപ്പിക്കുമ്പോൾ വളരെ ഉത്തരവാദിത്വം ആവശ്യമാണ്. കുറെക്കൂടെ കണിശം ഉണ്ടായിരിക്കണം. ആ കാര്യങ്ങൾ മററുള്ളവർ പറഞ്ഞതുപോലെ ഞാനും ശക്തിയായി പ്രസ്താവിച്ചുകൊള്ളുന്നു. കിട്ടേണ്ടുന്നതിന്റേയും കൊടുക്കേണ്ടുന്നതിന്റേയും കണക്കുകളെങ്കിലും വളരെ സൂക്ഷ്മതയോടുകൂടി എഴുതി അറിയിക്കുന്നില്ലെങ്കിൽ ഈ ബഡ്ജററ് ഒരു ബഡ്ജററേ ആവുകയില്ല. (M.C.M. has to give place to C.M.C.) കഴിഞ്ഞ കാലങ്ങളിൽ മണി കമ്മാഡിററി മണി എന്നു പറഞ്ഞിരുന്നത് പ്രായേണ കമ്മാഡിററി, മണി കമ്മാഡിററി എന്ന നിലയിലേക്ക് മാറണം. അങ്ങനെ ഒരു സാമൂഹ്യബുദ്ധി നമ്മുടെ പുതിയ മന്ത്രിസഭ ഉണ്ടാക്കേണ്ടിയിരിക്കുന്നു എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മറെറാന്നു പറയാനുള്ളതു് നമ്മുടെ ഗവമ്മെണ്ടു മിക്കവാറും എസ്റ്റാബ്ലീഷ്മെണ്ടു ചാർജസ്കൊണ്ടു തൃപ്തിപ്പെടുന്നു എന്നുള്ളതാണ്. ആകെയുള്ള വരവിന്റെ നാല്പതു ശതമാനത്തോളം എസ്റ്റാബ്ലീഷ്മെണ്ടു ചാർജായിപ്പോകുന്നു. ഇങ്ങനെ നാല്പതു ശതമാനം വരെ എസ്റ്റാബ്ലീഷ്മെണ്ടിനു ചെലവാക്കുന്ന ഒരു ജോയിൻറ സ്റ്റോക്കു കമ്പനിപോലും നമ്മുടെ രാജ്യത്തു കാണുകയില്ല. അത്രവലിയ ഒരു തുക എസ്റ്റാബ്ലീഷ്മെണ്ടിനു ചെല

[Sri Joseph Mundasseri]

വാക്കുന്ന ഒരു കമ്പനിയും സുശക്തമാണെന്നു നാം പറയുകയില്ല. നേരെമറിച്ച് നമ്മുടെ സ്റ്റേററാകുന്ന ഏററവും വലിയ കമ്പനി എസ്റ്റാബ്ളിഷ്മെണ്ടിനുവേണ്ടി ഒരു വലിയ സംഖ്യ ചെലവാക്കി ഒരു കുപ്രസിദ്ധിയൊ സുപ്രസിദ്ധിയൊ ആർജിച്ചുകൊണ്ടിരിക്കയാണ്. തീർച്ചയായും ഇക്കാര്യത്തിൽ ഉടനടി കർശനമായ നടപടികൾ കൈക്കൊള്ളേണ്ടതാണെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിമാരെ അറിയിച്ചുകൊള്ളുന്നു. ഒരു ജോയിൻറ് സ്റ്റോക്ക കമ്പനിയുടെ എസ്റ്റാബ്ളിഷ്മെണ്ട ചാർജസ് കുറഞ്ഞിരുന്നില്ലെങ്കിൽ അതു സുശക്തമാണെന്നു നാം സമ്മതിക്കാത്തതുപോലെതന്നെ, ഈ സ്റ്റേററാകുന്ന വലിയ കമ്പനിയിലെ ജനറൽ അഡ്മിനിസ്ട്രേഷൻ ചാർജസിൽ ഒട്ടവളരെ തുകകൾ വെട്ടിക്കുറക്കുന്നതിനു സാധിക്കുന്നില്ലെങ്കിൽ ഇതു ഒരു സുശക്തമായ ഗവമ്മെണ്ടു അല്ലെന്നു സമ്മതിക്കേണ്ടിവരും. അങ്ങനെ വെട്ടിക്കുറക്കുന്നതിന്നു പല തടസ്സങ്ങളും കണ്ടേയ്ക്കാം. രാജവാഴ്ചയുടെ കാലത്തു ഓരോ ഉദ്യോഗവും ഓരോ അനുഗ്രഹമായി കണക്കാക്കിയിരുന്നു. ജനകീയഭരണത്തിൽ ഒരു ഉദ്യോഗവും അനുഗ്രഹമല്ല, ഔദാര്യമല്ല. ഇന്നു ഉദ്യോഗം പൊതുജനസേവനം മാത്രമായിട്ടേ ഗണിക്കപ്പെടാവൂ. ഈ തത്വത്തിന്മേൽ ഉദ്യോഗവിതരണം നടത്താൻ സക്കാർ സന്നദ്ധമല്ലെങ്കിൽ ഉദ്യോഗാത്ഥംമാത്രം ആളുകൾ ജനകീയ മന്ത്രിസഭയിൽപോലും കടന്നുകൂടുന്ന പാരമ്പര്യത്തിൽ നിന്നുമാറി ഭരണം നിവ്വഹിക്കാൻ സാധിക്കുന്നില്ലെങ്കിൽ നമ്മുടെ രാജ്യത്തിൻെറ മുതലെടുപ്പു ഗവമ്മെണ്ടു ശരിയായി വിതരണം ചെയ്യുന്നു എന്നു അഭിമാനിക്കാൻ നമുക്കു സാദ്ധ്യമല്ലാ. ഒരു വാക്കുകൂടി ഇവിടെ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എൻെറ സ്നേഹിതൻ ശ്രീ. സി. നാരായണപിള്ള പറഞ്ഞതുപോലെ ദിവാൻ ഭരണസമ്പ്രദായമല്ല ജനകീയഭരണത്തിൻെറ സമ്പ്രദായം. ജനങ്ങളുടെ നിത്യാദായത്തിൽ നിന്നു നികുതിയുടെ രൂപത്തിൽ പണം പിരിക്കുന്ന ഒരു സമ്പ്രദായം ജനകീയംതന്നെ. അങ്ങനെ നിത്യാദായത്തിൽനിന്നു നികുതി പിരിക്കുന്ന ഗവമ്മെണ്ടു ജനക്ഷേമകരമായി കൂടുതൽ കൂടുതൽ സംഖ്യകൾ നീക്കിവയ്ക്കുകയും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്നുള്ളതു സ്വതസ്സിദ്ധമാണു. നേഷണലൈസേഷൻ സ്കീം ഗവമ്മെണ്ടു അംഗീകരിക്കാൻ പോകുന്നു എന്നു പറയുകണ്ടായി. നേഷണലൈസേഷൻ നിസ്സാരമായ ഒരു കാര്യമല്ല. സോവിയററ യൂണിയനിൽ നടക്കുന്നതും ഇവിടെ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതും രണ്ടും രണ്ടുമാതിരിയാണെന്നും പറയുന്നു. എന്നാൽ ഇതിൽ ഏതാണു നല്ലതെന്നും കൂടുതൽ കാര്യക്ഷമമെന്നും ഏതു പദ്ധതിമൂലമാണു നമുക്കു മുഴുവൻ ഫലവും സിദ്ധിക്കുവാൻ പോകുന്നതെന്നും നാം തീച്ചപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു ഗവമ്മെണ്ടിൽനിന്നും അതിലേക്കു വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മററിവച്ചു ആ കമ്മററിയിൽവെച്ചു സാവകാശമായി പരിചിന്തിച്ചു ഒരു തീരുമാനം എടുത്തിട്ടു മതി നേഷനലൈസേഷൻ ആരംഭിക്കുവാൻ എന്നു ഞാൻ മന്ത്രിസഭയെ അറിയിച്ചുകൊള്ളുട്ടെ.

ഇതിനെല്ലാംപുറമെ നമ്മുടെ മന്ത്രിസഭയിലും സക്കാർ സവ്വീസ്സിലും സാമുദായികതത്വത്തിൻെറ അടിസ്ഥാനത്തിലും യാതനയുടെ അടിസ്ഥാനത്തിലും മററം വീതംവയ്പുകൾ നടത്തുന്നതു ഏററവും ഗർഹണീയമാണെന്നും, അവയെല്ലാം ഉപേക്ഷിച്ചു നമ്മുടെ ജനകീയ ഭരണത്തിന്നു ശുഭകരമായ ഒരു ഭാവി ഉണ്ടാക്കുവാൻ ആവശ്യമായ ഒരു അടിസ്ഥാനത്തിൽ ഗവമ്മെണ്ടു പ്രവത്തിക്കണമെന്നും അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. അബ്ദുൽമജീദ്: സർ, തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിൻെറ ആവിർഭാവത്തിനുശേഷം ആദ്യമായി ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്ന ഈ അവസരത്തിൽ ഇത്രപെട്ടെന്നു ഇപ്രകാരം ഒരു ബഡ്ജററ് തയാറാക്കിയതിൽ ഞാൻ ധനകാര്യമന്ത്രിയെ അനുമോദിക്കുന്നു. നൂററാണ്ടുകളായി ഒന്നിച്ചുചേരുവാൻ വേണ്ടി കൊതിച്ചുകൊണ്ടിരുന്ന രണ്ടു രാജ്യങ്ങൾതമ്മിൽ ഒന്നിച്ചുചേരുവാൻ ഇടയായതിൽ ഞാൻ അത്യാനന്ദംകൊള്ളുകയാണു. ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കരഗതമായപ്പോൾ അതിൻെറ അടിസ്ഥാനമായ പ്രമാണം രജിസ്റ്റർചെയ്യുന്നസമയം ഇൻഡ്യയിലെ നാട്ടുരാജ്യപ്രജകളായ പത്തുകോടി ജനങ്ങളെ അവഗണിച്ചുംകൊണ്ടാണു പണ്ഡിത ജവഹർലാൽനെഹറു ആ പ്രമാണത്തിൽ ഒപ്പുവച്ചതു. അന്നു ഈ പത്തുകോടി ജനങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു തീരുമാനവും ചെയ്യപ്പെട്ടിട്ടില്ലായിരുന്നു. എന്നാൽ ഇന്നാകട്ടെ നാട്ടുരാജ്യങ്ങൾ എല്ലാം യൂണിയനുകളായും മററം ഒന്നിച്ചുചേന്നു വരികയാണു. ഈ പരിതഃസ്ഥിതിയിൽ പുതിയ

സംഭവവികാസങ്ങൾക്കിടയിൽ ഇന്നത്തെ ധനകാര്യമന്ത്രിക്ക് പല പ്രതിബന്ധങ്ങളുടെ മദ്ധ്യത്തിൽനിന്നുകൊണ്ട് ഈമാതിരി ഒരു ബഡ്ജററ് അവതരിപ്പിക്കുവാൻ സാധിച്ചതിൽ അദ്ദേഹത്തെ ഞാൻ അകമഴിഞ്ഞു അഭിനന്ദിക്കുന്നു.

എനിക്ക് ഒന്നുരണ്ടുകാര്യങ്ങൾ ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാഗ്രഹമുണ്ട്. ഒന്നാമതായി ഇന്നത്തെ കാൺഗ്രസ്സ്മന്ത്രിസഭ അവർ ചെയ്തിട്ടുള്ളതായ വാഗ്ദാനങ്ങൾ ശരിയായി പരിപാലിക്കുന്നില്ല എന്നുള്ള സംഗതി ഈ അവസരത്തിൽ അവരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂർരാജ്യത്തിന്റെ തീരപ്രദേശങ്ങളിൽ താമസക്കാരായ ആളുകളുടെ കാര്യം പരിപൂർണ്ണമായി അവഗണിച്ചിരിക്കുന്നു എന്നുള്ളതു് ഈ ബഡ്ജററ് നോക്കിയിട്ടുള്ളവർക്ക് ബോദ്ധ്യപ്പെടുന്ന ഒരു കാര്യമാണ്. തിരുവിതാംകൂറിന്റെ തീരപ്രദേശങ്ങളിൽ മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വീടില്ലാതെയും കിടക്കുവാൻ സ്ഥലമില്ലാതെയും കുടിക്കുവാൻ കഞ്ഞിയില്ലാതെയും അലയുമ്പോൾ അവരുടെ ഉന്നമനത്തിനായി നമ്മുടെ ബഹു. ധനകാര്യമന്ത്രി ഒന്നുംതന്നെ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലാ എന്നുള്ളകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ ധനകാര്യമന്ത്രിയും മററു മന്ത്രിസഭാംഗങ്ങളും പൗരമഹായോഗങ്ങളിൽവച്ച് വീടില്ലാത്തവനു വീടും, കിടക്കാൻ സ്ഥലമില്ലാതെ അലയുന്നവനു സ്ഥലവും ഉണ്ടാക്കിക്കൊടുക്കുന്നതാണെന്ന് അലറിയിട്ടുള്ള കാര്യങ്ങൾ ഈ മന്ത്രിമാർ ഇനിയെങ്കിലും ഓർമ്മിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ രാജ്യവാസികളായ ജനങ്ങൾക്ക് ഇന്ന് അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്ന ദുരിതങ്ങൾ വളരെ കൂടുതലാണ്. ഭക്ഷണോല്പാദനപ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതിനായി ജീവിതത്തെ പണയംവച്ചുകൊണ്ട് പ്രയത്നിക്കുന്ന ഈ ആളുകളുടെ നേർക്ക് കാണിച്ചിരിക്കുന്ന ഈ അനീതിക്കു സമാധാനം പറയാതെ ഈ ഗവമ്മെൻറിനു മുമ്പോട്ടുപോകുവാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അടുത്തുതന്നെ കൊല്ലത്തുവച്ച് ഒരു കാൺഫറൻസു വിളിച്ചുകൂട്ടി തീരപ്രദേശത്തുള്ള മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അവശതകൾക്ക് പരിഹാരമാർഗ്ഗം ആരായുന്നതിനുള്ള പരിപാടി നടത്തിവരുന്നതായി അറിയുന്നുണ്ട്. ഞാൻ പ്രതിനിധീകരിക്കുന്ന ചിറയിൻകീഴ് താലൂക്കിൽ മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ധാരാളം ആളുകൾ നിവസിക്കുന്ന വെട്ടൂർ മുതലായ തീരപ്രദേശങ്ങളിൽനിന്ന് കൊട്ടാരക്കര മുതലായ സ്ഥലങ്ങളിലേക്ക് മത്സ്യം കയററി അയക്കുന്നതിനും അതുപോലെതന്നെ മരച്ചീനി മുതലായവ അവിടങ്ങളിൽനിന്നു കൊണ്ടുവരുന്നതിനും ഒരു റോഡുപോലുമില്ല. പാലങ്ങളാണെങ്കിൽ രണ്ടും മൂന്നും പലകകൾ ഇളകിക്കിടക്കുന്നതിനെ കൂട്ടിച്ചേർത്തു് കെട്ടിയാണ് വച്ചിരിക്കുന്നതു്. ഇങ്ങനെയുള്ള പരിതസ്ഥിതിയിൽ എങ്ങിനെ പൊതുജനങ്ങൾക്ക് ഭക്ഷണോല്പാദനപ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്ന് ചിന്തിക്കേണ്ടതാണ്. ഈ കുഴപ്പമേറിയ കാര്യങ്ങൾ ഗവമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ശ്രമിക്കുകയാണ്. അതിനായി ഈ അവസരം ഉപയോഗിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ചിറയിൻകീഴ്താലൂക്കിനെ സംബന്ധിക്കുന്നതായ ചില കാര്യങ്ങൾ ഇതിനുമുമ്പുള്ള മന്ത്രിസഭയിൽ ഒന്നിലധികം പ്രാവശ്യം പറയുവാനുള്ള ഭാഗ്യമോ നിർഭാഗ്യമോ ഉണ്ടായി. പക്ഷെ ഫലമൊന്നും ഉണ്ടായില്ല. ഈ സഭയിൽ ആ കാര്യങ്ങൾ ഒന്നുകൂടി പറയണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അതായതു് ഇടവക ഭൂമികളെ സംബന്ധിച്ചും അതു കൈവശം വച്ചുകൊണ്ടിരിക്കുന്നവരുടെ കഷ്ടനഷ്ടങ്ങളെപ്പററിയുമാണ്. ഈ ഇടവക ഭൂമി എന്നു പറയുന്നതു് നാലു ഇടപ്രഭുക്കന്മാരുടെ കൈവശമിരിപ്പുള്ള (ഒരു ലക്ഷത്തിപന്തിരായിരത്തിചില്വാനം എക്കർ) ഭൂമിയെയാണ്. ഇപ്പോൾ കിളിമാനൂർ തമ്പുരാന്റെ വകയായിത്തന്നെ പതിനായിരം എക്കർ ഭൂമിയുണ്ട്. ആ ഭൂമി ഇപ്പോൾ വീതിച്ച് വിലക്കു കൊടുത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ സ്ഥലം വീതിക്കുവാനൊ വില്ക്കുവാനൊ ഉള്ള അവകാശം അവക്കുള്ളതായി ചരിത്രരേഖകളിൽപോലും കാണുവാൻ സാധിക്കുന്നില്ല. ഈ മാതിരിയുള്ള അനീതികളിൽ ഗവമ്മെൻറിന്റെ ശ്രദ്ധ പതിഞ്ഞുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇനി ശ്രീപാദംവക വസ്തുക്കൾ അനുഭവിക്കുന്ന ജനങ്ങളുടെ കഷ്ടതകളും ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ എനിക്ക് ആഗ്രഹമുണ്ട്. എന്നാൽ എന്റെ സമയം അവസാനിക്കാറായതുകൊണ്ട് ഞാൻ ചുരുക്കുന്നു. ലാൻറ് പാളിസിയെ സംബന്ധിച്ചിടത്തോളം ഗവമ്മെൻറ് കഴിയുന്നത്ര വേഗത്തിൽ സത്വരനടപടികൾ നടത്തി ഭൂമി ഉടമസ്ഥന്മാരായ സാധാരണക്കാരന്റെ കഷ്ടങ്ങൾക്ക് ഒരറുതി ഉണ്ടാക്കണമെന്നുള്ള കാര്യം മന്ത്രിസഭ ഗാഢമായി ചിന്തിക്കുവാൻ ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

[Sri Abdul Majeed]

ഇനി മററു കാര്യങ്ങളിലേക്കു കടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നു് ഈ മന്ത്രിസഭയുടെ നിലനില്പിനു മാത്രമല്ല മറ്റെല്ലാ പ്രശ്നങ്ങൾക്കും ഒരു പോംവഴി കണ്ടുകൊണ്ടിരിക്കുന്നതു് സാമുദായികമായും പ്രാദേശികമായും ഉള്ള ഒരു അടിസ്ഥാനത്തിൽ കൂടിയാണു്. ആ മാതിരിയുള്ള പരിഗണനകൾക്കു വശംവദരാകാതെ ഇന്നത്തെ മന്ത്രിസഭ ഈ പ്രശ്നങ്ങൾക്കെല്ലാം ഒരു പരിഹാരമുണ്ടാക്കുവാൻ സന്നദ്ധമായി ആഗ്രഹിക്കുന്നുണ്ടെന്നു ഞാൻ അഭിലഷിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു.

**Sri. A. Nesamony:** Sir, this budget has been characterised by us as inaccurate and false. At the same time the party in power has characterised it as irresponsible and that this budget has not got any of the elements of a budget. So one wonders, for whose satisfaction this budget has been presented to this House. It pleases neither the Party in power nor us who are said to be in the opposition. The Finance Minister may be well advised as it has been done when the Central Legislative Assembly sat to pass its own finance bills to ask for a lump sum allotment for the two months that commence with the integration and then come in with a budget with all the mistakes that have been pointed out rectified. That will be the proper way if the Government seriously thinks that this House must be taken into its confidence and advised by the Hon'ble Members of this House. Ardent advocates of this United State now know what the cost of this Union means to the average tax payer. The income of this United State is deplited to a large extent by the customs and incometax being subjects of Central finance. This ought to be made up in three ways;—(*i*) as the Finance Minister has put it in his own speech the immediate effect of this constitutional change is however a disturbance in our budgetary position. Both the Revenue and the expenditure will diminish and the disturbance in revenue will be greater than in expenditure. Representatives of the two Governments are considering how to approach the Central Government to make up the loss that has been sustained by the integration of finance. They would advise us to knock at the gates of Delhi with a beggar's bowl in our hands and ask the Central Government to give us alms, anything that might come by. At the same time we will have to remember that the Central Government is also knocking at the World Monetary Fund to carry on its extensive construction schemes. We can more or less understand how one beggar will deal with the other beggar. This Government wants to replenish the exchequer by higher taxation. Anchal rates have been enhanced. Court fee, registration, and stamp fee have also been enhanced. Money is sought to be gathered by auctioning tobacco licensing system and also by increasing the sales tax. The financiers must stop to think how much it is weighing on the poor tax-payer. At this time of economic distress the poor tax-payer is pressed hard. We see unemployment in various quarters. From the figures that have been supplied to us we can see that our country is facing an economic crisis. This higher taxation on everything that a man wants leads the people to poverty. We can expect only rebellion on their part and not a submission to this taxation. The Government must consider whether the taxation scheme which they have in view is justifiable. They must consider whether the masses are prepared to bear this burden. The Government has resorted to various kinds of nationalisation schemes. In the south we have witnessed certain kinds of nationalisation and south Travancore seems to be the nursery of nationalisation schemes. They started with the transport system and we witness the packing up of passengers like sardines in heavily laden buses. Then we had the nationalisation of education which stopped probably on the fringes of this capital city.

We know the difficulties our boys are suffering from for the past five years. We, parents could never boast that they are better because of the training they have for five years at the primary stage. That is the way nationalisation of education is being carried on in the south.

The third thing is prohibition. Though prohibition is introduced, Government have not found alternative employment to those employed in the industry excepting to teach them some folklore and dancing which do not however pay.

Now, Sir, I come to the proposal regarding the nationalisation of salt. Government itself are manufacturing salt in the Thattarippu Oda Allom. 8 acres are used for this purpose and they are incurring a net loss of 5 thousand rupees per year. There are 540 acres of salt pans in South Travancore. If calculated at the rate of their present loss, they will surely incur only a proportionately higher loss by this nationalisation of salt. By picking up this industry, in the south, I wonder whether it is not a veiled attempt at victimisation of the Tamilians who could

however put up with all sorts of inconveniences and insult. I say, that this nationalisation must begin from the north. The bigger estates, like tea, rubber and cardamom estates have to be nationalised first. Then it would be time for putting your hand into the pockets of the poor man in the south. Any attempt at nationalisation of salt will be resisted in the south, if it is to be a nursery of all nationalisation schemes. It has been stated that it is easy to nationalise the salt industry. I understand that because of this nationalisation, when one company ran into liquidation and schemes have been submitted to reconstruct the company, this Government had the audacity or cheekiness to say to a District Judge that the manufacture of salt in those pans need not be given on contract by calling tenders. If there is an independant judiciary the judge would have hauled up the Officer who had addressed him in this way to explain and commit him for contempt of court.

**The Hon'ble Sri. T. K. Narayana Pillai:** It is an absolutely unfounded charge and I deny it. There is no such communication sent from Government.

**Sri. A. Nesamony:** Now, Sir, that I have been challenged, I may tell the Hon'ble the Chiet Minister that the communication was sent by the Excise Commissioner, who is an Officer of this Government to the District Judge not to lease out these pans, I believe that Officer had acting under the instructions from Government when he addressed the letter.

**Sri. A. Thanu Pillai:** May I know whether Government are a party to the case?

**Sri. A. Nesamony:** No.

What I wanted to bring to the attention of the House is that the interference of the Executive in Judiciary in the day to day administration of justice is on the increase and that even the fountain of justice is polluted in this manner to advance their pet schemes. We are going to have worse things in future if this attitude continues and Government interferes with the administration of justice in the name of nationalisation.

One word, Sir, about the results of integration. We have bundles and bundles of representations from various quarters and from the rising generation of students, who are stranded in the streets of Ernakulam. This morning I had a wire on the lot of the 190 students in the Law College at Ernakulam. Accommodation has been found only for 95 students. Others are still in the road. From the facts they supplied to us, we find that the costs are prohibitive and that most of the students are not able to meet their own. The accommodation supplied is so bad that they are living in the most insanitary conditions. 60 students are huddled up in a small house with only 2 bath rooms and 2 latrines. That is the situation. When you expect people to pay, when you ask people to pay for very big schemes which are in the anvil, at least the plight of the students who are stranded in the streets of Ernakulam should be looked after carefully by this Government.

In finishing I will just point out one thing. And that is about food subsidy. We find from the figures supplied to us that in 1123, a sum of 182 lakhs has been paid on account of food subsidy. In 1124, though no amount was budgeted, we are told that a sum of 166 lakhs was paid, and in 1125, 85 lakhs is provided for. How the amount was spent is a matter which the House is entitled to know. On what account is the subsidy paid. When a para of paddy was purchased for 2 rupees and sold for 3 rupees you say that there was a deficit and loss whereas we expect a profit by this transaction. I met with the answer when I asked this question that the main portion of our food is imported from outside. Then we are entitled to know how much was imported for the particular year; how much was the transport cost and for what price it was sold. But instead, it looked as if we are told that Government have a right to provide for a lump amount and that the legislature will have to sanction it without scrutiny. That seems to be the way in which the whole budget is prepared. This budget is therefore defective, in all material particulars and it seems to me an insult to this House to be presented with such a document for being debated upon.

**Sri. P. Balakrishnan Thampi:** By sheer force of habit I rise to speak at the Budget session. I would not have dared to take the precious time of the House but for the provocation I got—and this House also must have got—by the publication of the Krishnamachari Report. Before I refer to that report convention requires that I should speak about the Budget. I have decided that I should not make this an occasion for propagandist attempts nor much for polite repetition of conventional things. Between the two however, I prefer the latter course I have no hesitation therefore in congraluating the Government on the budget that they have presented to us. I do not see any great mistake in the budget. This House will have looked into the Budget of other Provinces and States. It is much the same and so I think I can congratulate

[Sri P. Balakrishnan Thampi]

the Government. And the fact is that they have produced a Budget in the course of the last few weeks when they were faced with unprecedented difficulties and when it was not possible for them to forsee with certainty the exact political set-up of the two States. I really congratulate them therefore for producing a Budget in the manner they have done.

I congratulate them on another ground also. Hereafter this Union will have to raise public loans and any attempt to show that we are financially not sound is fraught with great difficulties for the future. So financial statesmanship also requires that they should proceed in the manner they have done. I have no quarrel with the gentlemen, whose powers of oratory are good and who made an attempt to make poilitical capital out of this. I wish however, that Government has been a little more liberal in certain matters and a little less penny-wise. For example, about the Ceramic factory in Mavelikara or Changanacherry I wish to point out that after all Government should consider the possibility of continuing them for another year. The expenditure is not much and the savings effected are not going to be substantial.

I come back to the Krishnamachari Report. Before I come back to the Krishnamachari Report, I will refer to a passage in the speech of the Hon'ble the Finance Minister which according to me expresses the matter in a rather too polite and courteous way:

"It is hoped that with Federal Financial Integration, the United State will be placed on an equal footing with the Provinces alike in its obligations and rights."

I am here to protest against the implications of the Krishnamachari Report. It is an insult to the Indian States. This House must understand that the Government at Delhi are no longer the suzerain Government. Krishnamachari Report in a lofty and patronising manner details the possibility of the Indian States coming up to the level of the Provinces. What they say may be true of the North Indian States. But it has no application in the case of the Southern States especially Travancore and Cochin and I would even include Mysore. As far as we are concerned, it is a matter of our deliberately going down to the level of the Provinces. The sacrifice involved is greater in the South because we have to go down to the level of the Provinces so that we may be in line with the rest of India. This Government should never allow the Government of India to talk so patronisingly of us. We must make them understand that we are not going to take it lying down. We must never allow ourselves to be financially fitted in the manner they wish. If we look at the *modus operandi* we have much to protest I think there is a code of honour even among thieves. They have appointed three men the first of them being an old Bureaucrat, another a civilian and the third a Congress Propagandist. They formed themselves into a Committee. The Information Department of the Government of India gave them the necessary publicity and their report is now before us. It is based on a Draft Constitution! Where else in the world are things to be settled on the basis of a draft constitution which itself is not final? But the Committee had the courage—I am substituting that milder word for 'impudence'—of looking into the finances of States numbering about 300 and odd and making out a report. In every third sentence we find a reference to the advantages that we are going to have out of this intergation. The whole tone is condescending. In less perfect English they are repeating what Great Britain did in the 18th century or what the Conservatives did talking eloquently about Pax Britanicca the "Peace and goodwill of Britain would be available to Africa, to India and the Far East".

In some such way, the men appointed by the Central Government behave. Therefore, this Government should certainly protest against this. This Government need not fear any body's action. This Government need not fear of any disciplinary action. This Government must be aware that we must deal with them as between two equals. Now, on an occasion like this, I do not want to strike a discordant note. I do not want to express much too strongly my protest against two Cabinet Ministers of this Union who thought it an honour to work under a junior civilian of the Central Government—a gentleman of the name of Buch, or so, (Laughter). I do not want to protest against the manner in which they have done it much too politely, the Cabinet Ministers were receiving advice from those men. But it is all past. We have all made mistakes. We were hustled into them. We may have some justification for behaving in the manner we did in the past, but now when we have understood all the implications, we must not now allow ourselves to be hustled into any sort of action, take any decisions regarding the finances, simply because X-Committee or Y-Committee of the Government of India have recommended something. It is too late in the day to raise the question of the sanctity of treaties or terms of accession. These are all past. But at least we must make

them understand that men in the South should not be treated in the manner in which those men of Aryavartha could be dealt with, because their knowledge was mostly one of indigenous concept. But unfortunately we in the South came into contact with the hated culture of the west much earlier. In the assessment of political values, the southern people are a little shrewd. This Government must make the Central Government understand this. There is nothing unnational, nothing unpatriotic in this Government trying to retain the customs cordon. In the United States of America, there are States with distinct customs cordon. There, this Government would be doing a very great mistake, they would be committing a grave error of judgment, if they commit the State to a course of action which perhaps future generations might not approve, if they give up the customs revenue without an assurance from the Dominion Government that they would be richly compensated.

In this connection, Sir, (Speak er's bell).

**Sri. P. Balakrishnan Thampi:** It is a premonitory bell, I would call it. (Laughter).

**Mr. Speaker:** One more minute.

**Sri. P. Balakrishnan Thampi:** I know of a neighbour in a place who was induced to execute a sale deed in respect of 5 or 6 acres of rich garden land because the purchaser used to treat him with sweet meats and fine feasts for days continuously. In some such way, it is very unfortunate that this Government have agreed to giving up our Customs Revenues to the Central Government. Did this Government consult legal and fiscal experts before they agreed to give up their customs duties if the Central Government gave Rs. 100 lakhs as subsidy this year. That is what the Krishnamachari Committee says. If it is so, I do not want to be strong, it was not very wise to have done it—to have given up our customs duties for Rs. 100 lakhs as subsidy this year. He must be a bold man in this House to praise Sir C. P. Ramaswami Ayyar. Anyway, for years continuously he resisted the offers of the Central Government to give a subsidy to this Government. The implication of getting a subsidy from the Central Government is that we have to surrender all sources of our revenue. So even at the risk of throwing to their face—I would be more polite—of politely rejecting their proferred hand, let us keep all our sources of revenue to ourselves. There is nothing unnational about it. All this clap-rap about nationalism, we have repeated on Independence Days (Laughter). I can get orators enough even from this House who can do as well as any that can be sent from the Central Government, but when it comes to matters of business, to the future policy of the State, to a policy of financial integration, I would urge with all the strength that I can, that the Government should not budge an inch to the Central Government and need not fear police action or any deprivation of their strength. (Speaker's bell) That is the second premonitory bell. (Huge laughter).

I have absolutely no quarrel with the number or composition of the Cabinet. I do not wish to speak about it. The greater the number, the merrier we are in this spacious hall (Laughter). So long as accomodation is available and contentment in the House and peace in the Government could be got, the number need not be restricted. With these words, Sir, I thank the speaker for giving me this privilege of speaking a few words on the budget.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: കൊച്ചി-തിരുവിതാംകൂർ യൂണിയൻ ഗവൺമെൻറിന്റെ ഏഴര മാസക്കാലത്തെ ബഡ്ജററ് ആകപ്പാടെ ഇവിടെ കേട്ടിടത്തോളം വിമർശനങ്ങളും വെച്ചു നോക്കുമ്പോൾ വളരെ തൃപ്തികരമല്ലെങ്കിലും ഞാൻ അതിനെ അഭിനന്ദിക്കുവാനൊ കുററപ്പെടുത്തുവാനൊ തുനിയുന്നില്ല. ഈ ബഡ്ജററിന്റെ രണ്ടാം പാർട്ടിൽ ൧൮ ലക്ഷം രൂപ സമ്പാദിക്കുന്നതായി കാണുന്നു. അത് പഞ്ചായത്ത്, ഫാറസ്റ്റ്, പി. ഡബ്ളിയു. ഡി., പോലീസ് മുതലായ സംഗതികളിൽ വേണ്ടത്ര ചെലവുചെയ്യാൻ സാധിക്കാതെ വന്നതുകൊണ്ടുണ്ടായിട്ടുള്ള ഒരു മിച്ചമാണെന്നാണ് എന്റെ അറിവ്. വിദ്യാഭ്യാസത്തെ സംബന്ധിച്ച് നോക്കുന്നതായാൽ ഗണ്യമായ ഒരു തുക ആ വിഷയത്തിലും സമ്പാദിച്ചിട്ടുണ്ട്. എന്നാൽ കൊച്ചി സംസ്ഥാനത്ത് കഴിഞ്ഞകൊല്ലം ൧൦൦-ൽപരം അദ്ധ്യാപകന്മാർ ശരിയായി ജോലിചെയ്തിട്ട് പ്രതിഫലം കിട്ടാതെയിരിക്കുന്നു എന്ന വസ്തുത ഗവൺമെൻറ് മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. അതുപോലെതന്നെ സെക്കൻററി അദ്ധ്യാപകന്മാരുടെ കാര്യത്തിലും കാര്യമായ കുറവു വരുത്തിയിട്ടുണ്ട്. അതിനും ഒരു പരിഹാരം ഉണ്ടാക്കി കൊടുക്കാതെയിരിക്കുന്ന നിലക്ക് ഇത്ര ഭീമമായ തുക സമ്പാദിച്ചിരിക്കുന്നത് അനാശാസ്യമായ ഒരു സംഗതിയാണ്. ഈ സംയുക്ത സംസ്ഥാനത്തിലെ

[Sri Alexander Parambithara]

വിദ്യാഭ്യാസത്തിനുവേണ്ടി വമ്പിച്ച തുക ചെലവാക്കേണ്ടതാണ്. തിരുവിതാംകൂർ എന്ന് മുൻപ് അറിയപ്പെട്ടിരുന്ന ഭൂവിഭാഗത്തിൽ പ്രൈമറി അദ്ധ്യാപക ജോലിയിൽ ഇരിക്കുന്നവർ കൊച്ചിയിലെ അദ്ധ്യാപകന്മാരേക്കാൾ വളരെ കൂടുതലായി കഷ്ടത അനുഭവിക്കുന്നുണ്ടെന്നു ബോദ്ധ്യം ഉണ്ടെങ്കിൽ അവരെ ഉദ്ധരിക്കുന്നതിനു ആവശ്യമായ തരത്തിൽ അവക്ക് വേതനം കൊടുക്കണം. അതിനുവേണ്ടി ഭീമമായ ഒരു തുക നീക്കിവെക്കേണ്ടതായിരുന്നു. എന്നാൽ ഇന്നത്തെ ബഡ്ജററിൽ അതിനുവേണ്ടി ഒരു തുകയും നീക്കിവെച്ചിട്ടില്ല. പക്ഷെ ധൃതഗതിയിൽ രൂപീകരിച്ചിട്ടുള്ള ഒരു ബഡ്ജററായതുകൊണ്ട് അതിനുള്ള സൌകര്യം കിട്ടിയിട്ടില്ലെന്നു വിചാരിക്കാം. കാലാന്തരത്തിൽ വിദ്യാഭ്യാസത്തിനു ആവശ്യമുള്ള തുകയ്ക്കു് വഴി കണ്ടുപിടിക്കാൻ ഗവമ്മെൻറ് ശ്രദ്ധിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എന്നാൽ ഇതുകൂടാതെ പൊതുരാഷ്ട്ര നിർമ്മാണത്തിനുള്ള ഏപ്പാടുകളും വളരെ കുറവായിട്ടുതന്നെയാണ് ചെയ്തുകാണുന്നതു്. അതിനു ശരിയായ സമാധാനം ഗവമ്മെണ്ടിനു പറയാൻ കാണുമായിരിക്കാം. അതിലും ഗവമ്മെണ്ടിനെ ഞാൻ കുററം പറയുന്നില്ല. എങ്കിലും ഈ ബഡ്ജററിന്റെ ചട്ടക്കൂട്ടിൽ ചില വ്യത്യാസങ്ങൾ വരുത്തിയാൽ ആശാസ്യമായ ഫലമുണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഗ്രോമോർ ഫുഡ് ക്യാംബെയിന്റെ പേരിൽ കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി നാം ധാരാളം സംഖ്യ ചെലവാക്കിയിട്ടുണ്ട്. എന്നാൽ സാരമായ ഒരു ഭക്ഷ്യധാന്യവർദ്ധനവു ഇവിടെ കണ്ടില്ല. വലിയ ചെലവുകൂടാതെതന്നെ ഗവമ്മെണ്ടിന്റെ അധികാരം ഉപയോഗിച്ചു് കൃഷി വർദ്ധിപ്പിക്കാവുന്നതാണ്. അതായതു, ഒരുകാലത്തു് ശരിയായി കൃഷിചെയ്യപ്പെട്ടിരുന്ന പ്രദേശങ്ങൾ എന്തു കാരണത്താലോ ഇന്നു കൃഷിചെയ്യപ്പെടാതെ കിടക്കുന്നു. കൃഷി ചെയ്യാത്ത ഭൂമികൾ കൃഷിക്കു ഉപയോഗിക്കാൻ ഗവമ്മെൻറ് ഒരു ആജ്ഞ കൊടുത്താൽ നമ്മുടെ ഈ രണ്ടു രാജ്യത്തിലുമുള്ള തരിശുഭൂമികൾ കൃഷി ഭൂമികളായിത്തീരും. പ്രത്യേകിച്ചു് കൊച്ചിസംസ്ഥാനത്തു് ഇങ്ങനെയുള്ള സ്ഥലങ്ങൾ ധാരാളമുണ്ടു്. രണ്ടു സ്ഥലങ്ങളേയും ശരിയായി കൃഷിചെയ്യത്തക്കവണ്ണം ഒരു ഏപ്പാടു് കൊണ്ടുവരുന്നതിനു ഒരു പണച്ചെലവും ആവശ്യമില്ല. ഗവമ്മെണ്ടിന്റെ ഒരു ആജ്ഞമാത്രംമതി. ഇങ്ങനെയുള്ള കാര്യങ്ങൾ ഗവമ്മെൻറ അറിഞ്ഞു പ്രവത്തിക്കുമെന്നു വിശ്വസിക്കുന്നു.

ഇതിലും വിഷമകരമായ ഒരു സംഗതിയാണ് ക്ഷാമനിവാരണത്തിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക എന്നുള്ളതു്. നമ്മുടെ ബഹു. തൊഴിൽവകുപ്പുമന്ത്രി ഇന്നലെ ഇവിടെ പ്രസ്താവിക്കുകയുണ്ടായി ഏകദേശം അഞ്ചുലക്ഷത്തോളംവരുന്ന തൊഴിലാളികൾ ചേർത്തല താലൂക്കിൽ കയർ വ്യവസായത്തിന്റെ മാന്ദ്യംമൂലം പട്ടിണി കിടക്കുന്നു എന്നു്. ഇങ്ങനെയുള്ള കഷ്ടപ്പാടുകൾ അനുഭവിക്കുന്ന ആളുകളുടെ ക്ഷാമനിവാരണത്തിനു ഗവമ്മെൻറ് ഉടൻ വേണ്ടതു ചെയ്യേണ്ടതാണ്. ചേർത്തല താലൂക്കിനോടു തൊട്ടുകിടക്കുന്ന ചേലനാടു്, കുമ്പളങ്ങി മുതലായ സ്ഥലങ്ങളിലെ കയർ തൊഴിലാളികളുടെ ഇടയിലുള്ള ക്ഷാമനിവാരണത്തിനും ഗവമ്മെൻറ ശ്രദ്ധിക്കേണ്ടതാണ്.

ഇതിനുംപുറമെ കുടിൽവ്യവസായകാര്യത്തിൽ ഗവമ്മെൻറ കുറെക്കൂടി ശ്രദ്ധ പതിപ്പിക്കണം. പ്രത്യേകിച്ചു് വലിയതോതിൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ സൌകര്യമുള്ള ഈ സമയത്തു് അതു ശരിയായി ഉപയോഗിക്കത്തക്കവണ്ണം കുടിൽവ്യവസായം അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി ഉപയോഗശൂന്യമായിപ്പോകും. അതുകൊണ്ടു്. പൻഉവ-ലോ, പൻ ഉവ-ലോ വലിയതോതിൽ വിദ്യച്ഛക്തി ഉല്പാദിപ്പിക്കുമ്പോൾ അതു ശരിയായി ഉപയോഗിക്കത്തക്കതരത്തിൽ കുടിൽവ്യവസായങ്ങൾക്കു ശരിയായ അടിസ്ഥാനം ഇട്ടു് പ്രവത്തിക്കണം.

ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു് ഉപസംഹരിക്കാമെന്നു വിചാരിക്കുന്നു. അതു നമ്മുടെ ഗവമ്മെൻറ മുനിസിപ്പാലിററികളോടു് അനുവത്തിച്ചുവരുന്ന നയത്തെപ്പററിയാണ്. മുൻകാലംമുതൽതന്നെ നമ്മുടെ മുനിസിപ്പാലിററികളുടെ സാമ്പത്തികനില അശേഷം തൃപ്തികരമല്ല. കഴിഞ്ഞ കൊല്ലത്തെ കൊച്ചി ബഡ്ജററിൽ മുനിസിപ്പൽ ടോൾ റവന്യൂപ്രകാരം വന്നിട്ടുള്ള നഷ്ടം പരിഹരിക്കാൻ ഒന്നും ചെയ്യാഞ്ഞതുകൊണ്ടു് അവയുടെ ഭരണം വളരെ കുഴപ്പത്തിലായിരിക്കയാണ്. മുനിസിപ്പാലിററികൾ രാജ്യത്തിനു കൂടുതൽ സേവനം ചെയ്യണമെന്നു് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവയ്ക്കു കൂടുതൽ ധനസഹായം ആവശ്യമാണ്. പ്രത്യേകിച്ചു എറണാകുളം മുനിസിപ്പാലിററിയെ സംബന്ധിച്ചു യൂണിയൻ ഹൈക്കോടതി ഉൽഘാടനംചെയ്ത അവസരത്തിൽ യൂണിയൻ ചീഫ് ജസ്റ്റീസ് ചെയ്ത പ്രസ്താവനയിലേക്കു ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. മുനിസിപ്പാലിററികൾക്കു് കൂടുതൽ ധന

സഹായം തീച്ചയായും ഗവമ്മെൻറിൽനിന്നു് ഉണ്ടാകേണ്ടതാണു്. ഇപ്രകാരം ജനോപകാരപ്രദങ്ങളായ സംഗതികളിൽ ഗവമ്മെൻറ് കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നു് ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ററി. വി. ദേവൻ: ബഹുമാനപ്പെട്ട പ്രസിഡൻറവർകൾക്കും ബഹുമാനപ്പെട്ട സഭാംഗങ്ങൾക്കും നമസ്കാരം.

തിരുവിതാംകൂർ—കൊച്ചി യൂണിയൻ രാജ്യത്തിൻെറ ആദ്യത്തെ ബഡ്ജററ് സമ്മേളനത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിനെപ്പററി നിരൂപണം ചെയ്യാൻ എന്നെക്കൊണ്ടു് സാദ്ധ്യമല്ല. തന്നെയുമല്ല അതേപ്പററിയും പല ഡിപ്പാർട്ടുമെൻറുകളെപ്പററിയും പല മാന്യന്മാരും നിരൂപണം ചെയ്തു പ്രസംഗിക്കുകയുണ്ടായി. ഇതു കൂടാതെ എല്ലാവരും ഇവിടത്തെ പിന്നോക്കസമുദായക്കാൎക്കു് വലിയ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നു പറഞ്ഞതും ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ടു് ആ വിഷയത്തിലേക്കു കടന്നു് സമയം കളയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. എനിക്കു ഗവമ്മെൻറിനെ അറിയിക്കാനുള്ളതു് ഒരു കാൎയ്യം മാത്രമാണു്. ഏകദേശം ഒന്നരണ്ടു വൎഷമായി ഇവിടെ ജനകീയഭരണം ഏർപ്പെടുത്തിയിട്ടു്. അതിനുശേഷം ഇവിടെയുള്ള പിന്നോക്കസമുദായക്കാൎക്കുവേണ്ടി ഈ ഗവമ്മെൻറു് എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു ഞാൻ ചോദിക്കുന്നു. ഇതിനു് ഉത്തരം തെളിഞ്ഞുനിന്നു പറയാൻ ആൎക്കും സാധിക്കുമെന്നു തോന്നുന്നില്ല. തിരുവിതാംകൂറിലെ ഓരോ താലൂക്കുകളിലും താമസിക്കുവാൻ സ്ഥലമില്ലാത്തവൎക്കു് പത്തുവീടെങ്കിലും കെട്ടിച്ചുകൊടുക്കാൻ ഈ ഗവമ്മെൻറിനു് ഇതുവരെ കഴിഞ്ഞിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഉണ്ണാനും ഉറങ്ങാനും ഉടുക്കാനും നിവൃത്തിയില്ലാത്ത കൎഷകതൊഴിലാളികൾക്കും ഫാക്ടറി തൊഴിലാളികൾക്കും അവരുടെ വയറുപിഴപ്പിനുവേണ്ടി എന്തെങ്കിലും ചെയ്തുകൊടുക്കത്തക്കവണ്ണം ഒരു പരിപാടി ഈ ഗവമ്മെൻറിൻെറ മുമ്പിൽ ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഇതുവരേയും എൻെറ അറിവിൽ ഒന്നുംതന്നെയില്ല. അതുംപോകട്ടെ. ഇവിടെ മൌലികമായ ഒരവകാശത്തിനുവേണ്ടി പാടുപെട്ടു കാലം കഴിക്കുന്നവർ വേലചെയ്തു മ്പോൾ വീട്ടിൽപോയി ആഹാരംകഴിക്കാൻ നിവൃത്തിയില്ലാതെവരുമ്പോൾ ഒരു കാപ്പിക്കടയിൽകേറി കാപ്പികുടിക്കാനോ ഒരു ഹോട്ടലിൽകേറി ചോറുണ്ണാനൊ നിവൃത്തിയില്ലാത്ത രാജ്യമാണിതെന്നു് ഞങ്ങൾ പലപ്പോഴും ഈ ഗവമ്മെൻറിനെ മനസ്സിലാക്കിച്ചിട്ടുണ്ടു്. ഇതിനുപോലും ഒരു പരിഹാരം ഉണ്ടാക്കാൻ സാദ്ധ്യമാകാത്തതു് സങ്കടകരമാണു്. ഇതു കൂടാതെ ഭൂമി പതിച്ചുകൊടുക്കുന്ന കാൎയ്യത്തിൽ ഈ ഗവമ്മെൻറ് എന്താണു ചെയ്തിട്ടുള്ളതു്? സേച്ഛാധിപത്യ ഗവമ്മെൻറ് ഭരിച്ചിരുന്ന കാലത്തു് അസംബ്ളി മെംബറല്ലായിരുന്നുവെങ്കിലും ഇരുപത്തെട്ടുകൊല്ലം മെംബറായിരുന്ന ഒരാളുടെകൂടെ പഴകിയവനാണു് ഞാൻ. (ചിരി) ആദ്യം രാജഗോപാലാചാരി ദിവാൻജി ആയിരുന്നകാലത്തു് ഒരേക്കർ സ്ഥലം തടിവില തറവിലകൂടാതെ കുടിതാമസിക്കാനായി പതിച്ചുതന്നിട്ടുണ്ടു്. അതിനുശേഷം കൃഷ്ണൻനായർ യജമാനൻെറ കാലത്തു് മൂന്നേക്കർ സ്ഥലം വീതം പതിച്ചുതരണമെന്നു് ഉത്തരവുണ്ടായി. അങ്ങിനെ ഞങ്ങൾ പതിച്ചുവാങ്ങിയിട്ടുണ്ടു്. ജനകീയം അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ഞാൻ പറഞ്ഞു മുതലകണ്ണുനീർ പൊഴിച്ചതുകൊണ്ടു് പ്രയോജനമില്ലെന്നു്. പാവപ്പെട്ടവൎക്കു് കുടിക്കാൻ കഞ്ഞിയില്ല, ഉടുക്കാൻമുണ്ടില്ല, കിടക്കാൻ വീടില്ല എന്നു പല മെംബറന്മാരും ഇവിടെ പറഞ്ഞിട്ടുണ്ടു്. ൭൯ ലക്ഷം രൂപ കഴിഞ്ഞ ആണ്ടിൽ മദ്യനിരോധനംമൂലം നഷ്ടം വന്നിട്ടുണ്ടു്. അരിക്കു് ദിവസം ഒരു ലക്ഷം രൂപ വീതം നഷ്ടംവരുന്നു. ഇതെല്ലാമുണ്ടെങ്കിലും പാവങ്ങൾക്കുവേണ്ടി ഒരു തുക ബഡ്ജററിൽ കൊള്ളിക്കണമെന്നു് പലരും പറഞ്ഞിട്ടുണ്ടു്. ഇത്ര കരുണ സാധുക്കളോടുണ്ടെങ്കിൽ അവരുടെ വീട്ടിൽ വേലചെയ്യുന്ന സാധുക്കൾക്കു് അവരുടെവക പത്തുസെൻറു സ്ഥലം കൊടുക്കരുതോ എന്നു ഞാൻ ചോദിക്കുന്നു. മറെറാരു സംഗതി ഇവിടെ പറയത്തക്കതല്ലെങ്കിലും, പറയാതെ തരമില്ല. പഴയ മന്ത്രിസഭയെ അധികാരത്തിൽനിന്നും മാററി പുതിയ മന്ത്രിസഭയെ അധികാരത്തിൽ വരുത്തുന്നതിനു് ഞാൻ ഒപ്പുവച്ചുപോയി എന്ന കാരണത്താൽ ഞാൻ ഇന്നു് വീടു് ഇല്ലാത്തവനായിത്തീൎന്നിരിക്കയാണു്. പട്ടം മന്ത്രിസഭയുടെ അനുകൂലികളായ ചില മാന്യന്മാർചേൎന്നു് എൻെറ വീട്ടിൽ വേറൊരാളെ താമസിപ്പിച്ചു. ഇപ്പോഴും അവനാണു് അവിടെ താമസിക്കുന്നതു്. അവൻ തെങ്ങിൻെറ മണ്ടയെല്ലാം വെട്ടിത്തീൎത്തു. ഇതുകൂടാതെ എൻെറ പേരിൽ മൂന്നു കേസ്സും അവർ ഉണ്ടാക്കി. നൂറുപേർ ചേൎന്നു് എന്നെ ഉപദ്രവിക്കാൻ വന്നപ്പോൾ

[Sri T. V. Devan]

മി. എൻ. എസ്സ്. കൊച്ചുകുഞ്ഞു് അവിടെ വരാതെയിരുന്നുവെങ്കിൽ ഇന്നു എനിക്കിവിടെ പ്രസംഗിക്കാൻ സാധിക്കയില്ലായിരുന്നു. (ചിരി) ഇങ്ങനെയുള്ള കാര്യങ്ങൾ സങ്കടം കൊണ്ടു പറഞ്ഞുപോകുന്നതാണു്.

വിദ്യാഭ്യാസത്തിനുവേണ്ടി എന്താണു് ഈ ഗവമ്മെണ്ടു ഞങ്ങൾക്കു ചെയ്തിട്ടുള്ളതു്. ആറു ഹരിജന ഹോസ്റ്റലുകൾ മാത്രമാണു്. ൨൫൦ വിദ്യാർത്ഥികളെ ഗവമ്മെണ്ടു ചോറു കൊടുത്തു വളർത്തുന്നു. എന്റെ അപേക്ഷ ഇങ്ങനെ ചെയ്യേണ്ട ആവശ്യമില്ലെന്നാണു്. കാരണം അവർ പഠിച്ചാൽ ഞങ്ങളുടെ ജോലി ചെയ്യുകയില്ല. ഗവമ്മെണ്ടു ജോലി അവൎക്കു കൊടുക്കുകയുമില്ല. ഞങ്ങളുടെ കൂട്ടത്തിൽപ്പെട്ട ബി.എ.ബി.എൽ., കാരനു ൫൦ രൂപയാണു് ശമ്പളം കൊടുത്തിരിക്കുന്നതു്. രാജു എന്ന ബി.എ. കാരനു ബസ്സിൽ ഒരു കണ്ടക്ടർ ജോലിയാണു് കൊടുത്തിരിക്കുന്നതു്. ൩ പോലീസു ഇൻസ്പെക്ടർമാരെ തിരഞ്ഞെടുത്ത അവസരത്തിൽ രാജുവിനെയുംകൊണ്ടു ഞാനും മി. ടി. ടി. കേശവൻശാസ്ത്രി മുതലായ പ്രമാണികളെന്നുപറയുന്നവരും കൂടി വേണ്ട ശുപാൎശകളെല്ലാം ചെയ്തു. (ചിരി) പക്ഷെ നിയമിച്ചുവന്നപ്പോൾ ഇൻസ്പെക്ടരുദ്യോഗം രാജുവിനില്ല. അതിന്റെ കാരണം ഞാൻ അന്വേഷിച്ചു. അതു പറയാൻ എനിക്കു മടിയാണു്. ചിലപ്പോൾ ഇംഗ്ലീഷു പറയുന്നതു കേട്ടാൽ എനിക്കു മനസ്സിലാകും. എനിക്കു ഇംഗ്ലീഷു അറിഞ്ഞുകൂടാ എന്നു വിചാരിച്ചു ഇൻസ്പെക്ടർ നിയമനത്തെപ്പററി പറഞ്ഞപ്പോൾ ഒരാൾ മററൊരാളോടു പറഞ്ഞു 'ത്രീ തൌസൻഡ്' 'പ്ലീസ്സ്' എന്നു. അതുകൊണ്ടാണു് അദ്ദേഹത്തിന്റെ ആൾക്കു ഇൻസ്പെക്ടരുദ്യോഗം കിട്ടിയതെന്നു. ഞങ്ങൾക്കു രൂപയുണ്ടായിരുന്നുവെങ്കിൽ ഞങ്ങൾക്കും അതു കിട്ടുമായിരുന്നു. ആ നിലയിലാണു് ഗവമ്മെണ്ടു ഇപ്പോൾ ഞങ്ങളോടു പെരുമാറുന്നതു്. അതുകൊണ്ടു ഒരപേക്ഷയായി ഞങ്ങൾ ഗവമ്മെണ്ടിനോടു പറയുന്നു, ഒരു താലൂക്കിൽ പത്തു വീടെങ്കിലും കെട്ടിത്തരണമെന്നു്. അല്ലെങ്കിൽ ഇതെല്ലാംകൂടി മററൊരു പാർട്ടിയിൽ ചേൎന്നുപോകാൻ തരമുണ്ടു്. ബി.എ. പാസായ ശാരദ എന്ന പുലയസ്ത്രീ ഉദ്യോഗത്തിനപേക്ഷിച്ചു അപേക്ഷിച്ചു കഴങ്ങി. ഞങ്ങൾക്കു ഇതുമാതിരിയുള്ള പ്രോത്സാഹനങ്ങൾ പോരാ. നന്ദികേടു ആരും കാണിക്കരുതെന്നു ഞാൻ അഭ്യൎത്ഥിക്കുന്നു. യൂണിയൻ ഉണ്ടായതു ഞങ്ങൾക്കു സന്തോഷകരമാണു്. ചേരമാൻ പെരുമാൾ ഭരിച്ചിരുന്ന കാലത്തു കേരളം ഒന്നായിരുന്നു. ഇടയ്ക്കു അധികാരം മോഹിച്ചു അതു തുണ്ടാക്കി. ഇപ്പോൾ വീണ്ടും അതൊന്നായിവന്നു. നിങ്ങളെ ഭരിക്കാൻ പഠിപ്പിച്ചതു ഞങ്ങൾ ആണെന്നു നിങ്ങൾ ഓൎക്കണം. അതിനു ചില ഉപകാരങ്ങൾ ചെയ്യണമെന്നു മാത്രം പറഞ്ഞുകൊണ്ടു ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. പി. ചാക്കൊ: ബഹുമാനപ്പെട്ട ധനകാൎയ്യമന്ത്രി ഈ സഭയുടെ അംഗീകാരത്തിനുവേണ്ടി സമൎപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു. രണ്ടുലക്ഷം രൂപാ മിച്ചമുള്ള ഒരു ബഡ്ജററാണു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. കഴിഞ്ഞ ആണ്ടിൽ ഇതേസമയത്തു ഇതിനേക്കാൾ കൂടുതൽ മിച്ചമുള്ള ഒരു ബഡ്ജററു് ഇവിടെ അവതരിപ്പിച്ചു. എന്നാൽ അതു ൩ ലക്ഷം രൂപാ കടമായി ശേഷിച്ചിരിക്കുന്നതായിട്ടാണു് ഈ ബഡ്ജററുമെമ്മോറാണ്ടത്തിൽനിന്നു മനസ്സിലാകുന്നതു്. അതുപോലെ ഈ രണ്ടുലക്ഷം രൂപായും അടുത്തയാണ്ടിൽ കടമായി ശേഷിച്ചാൽ ഈ നിലയിലുള്ള ബഡ്ജററു് ഞങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതുകൊണ്ടു യാതൊരു അൎത്ഥവുമില്ല എന്നു പ്രസ്താവിക്കുന്നതിനു ഞാൻ മടിക്കുന്നില്ല. ഇവിടെ പല ഇനത്തിലായി ഗവമ്മെണ്ടു വരവുണ്ടാക്കിയിട്ടുണ്ടു്. എന്നാൽ തിരുവിതാംകൂറിലെ സാധാരണക്കാരെ ഞെരുക്കിയിട്ടാണു് വരവു് ഇത്രമാത്രം വൎദ്ധിച്ചതു എന്നു ചിന്തിക്കുമ്പോൾ ഇങ്ങനെ വരവുണ്ടാക്കാതെ മിച്ചമില്ലാത്ത ഒരു ബഡ്ജററു് ഉണ്ടാക്കുന്നതായിരുന്നു സാധുജനങ്ങൾക്കു സഹായകരമായിരിക്കുന്നതു എന്നു തോന്നുന്നു. വില്പന നികുതി മൂലവും കുത്തകപ്പാട്ടം റേററു് വൎദ്ധിപ്പിച്ചും പുകയില ലേലം മൂലവും ഇപ്പോൾ ധരവുണ്ടാക്കി ഈ നാട്ടിലെ ജനങ്ങളെ കഷ്ടപ്പെടുത്തുകയാണു് ചെയ്യുന്നതു്. ഈ നാട്ടിലെ സാധുക്കൾക്കു ഒന്നും വില്ക്കാനില്ല. വാങ്ങിക്കുന്നതിനു മാത്രമേ അവൎക്കു കഴിവുള്ളു. എന്നാൽ ധനവാന്മാർ സാധനങ്ങൾ വില്ക്കുന്നു. വില്ക്കുന്ന സാധനങ്ങൾക്കു വില്പന നികുതി കൊടുക്കേണ്ട ആവശ്യവുമില്ല. സാധനം വാങ്ങുന്നവനാണു് വില്പന നികുതി കൊടുക്കേണ്ടതു്. വേലചെയ്തു കിട്ടുന്ന കൂലിയുടെ സിംഹഭാഗവും വില്പന നികുതിയിനത്തിലും പുകയില നികുതി ഇനത്തിലും പോയാൽ ബാക്കി കാൎയ്യങ്ങൾക്കുവേണ്ടി ചെലവാക്കുന്നതിനു അവന്റെ കയ്യിൽ ഒന്നുംതന്നെ ഇല്ല. അതുകൊണ്ടു ആ നിലയിൽ സാധുക്ക

ളെ ഉപദ്രവിച്ചു നികുതി ഈടാക്കാതെ മററുള്ള ഗവമ്മെണ്ടുകൾ ചെയ്യാറുള്ളതുപോലെ ധനവാന്മാരിൽനിന്നും ആദായനികുതിയായിട്ടും മററും ഈടാക്കി സാധുക്കളെ ഉദ്ധരിക്കാൻ വേണ്ട പദ്ധതികൾ ഈ ബഡ്ജററിൽ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ഇതിനെ ഒരു നല്ല ബഡ്ജററായി ഗണിക്കുമായിരുന്നു. ഇതുവരെ ൫,൦൦൦ രൂപായിൽ കുറഞ്ഞ ആദായം ഉള്ളവരെ മാത്രമെ ആദായ നികുതിയിൽനിന്നു ഒഴിവാക്കിയിരുന്നുള്ളു. ഇന്നാണെങ്കിൽ ൬,൦൦൦ രൂപാ വരെ വരവുള്ളവരെ ആദായനികുതിയിൽനിന്നു ഒഴിവാക്കിയിരിക്കുന്നു. ഇപ്രകാരം ഒഴിവാക്കിയിരിക്കുന്നതു തീച്ചയായും ഒരു പരിഷ്കൃത ഗവമ്മെണ്ടിൻെറ ലക്ഷണമല്ല. ആ നിലയ്ക്കു ഇതു സാധാരണക്കാരുടേയും കഷകരുടേയും ഒരു ബഡ്ജററാണെന്നു ഞാൻ വിചാരിക്കുന്നില്ല. അതുപോലെതന്നെ ചെലവിനത്തിൽ തുക കൊള്ളിച്ചിരിക്കുന്നതു വളരെ അനാശാസ്യമായ തരത്തിലാണ്. നേഷൻ ബിൽഡിംഗ് സവ്വീസിനു ദുർഭരണം നടത്തിക്കൊണ്ടിരുന്ന സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്തുപോലും ൧൯൪൦-ൽ ൩൬ ശതമാനവും ൧൯൪൧-ൽ ൩൩ ശതമാനവും ൧൯൪൯-ൽ ൬൩ ശതമാനവും മാററിവെച്ചിരുന്നു. ജനകീയഭരണം നടക്കുന്ന ഇന്നാകട്ടെ, കേവലം ൬൨ ശതമാനം മാത്രമാണ് നേഷൻ ബിൽഡിംഗ് സവ്വീസിനായി ചേത്തിട്ടുള്ളതു്. ഇതൊട്ടും ആശാസ്യമല്ല.

മറെറാരു കാര്യം ഇവിടെ പറയുന്നതു അനുചിതമായിരിക്കുകയില്ലെന്നു വിചാരിക്കുന്നു. തിരുവിതാംകൂറിലെ പിന്നോക്കസമുദായക്കാരുടെ ഉദ്ധാരണത്തിനായി ൯ ലക്ഷം രൂപാ ഈ വഷവും കൊള്ളിച്ചിട്ടുണ്ടു്. തിരുവിതാംകൂറിൽ ഇതിനുമുമ്പു പ്രശസ്തന്മാരായിരുന്ന ആളുകൾ ഭരിച്ചിരുന്ന കാലത്തു തിരുവിതാംകൂറിലെ പിന്നോക്കസമുദായങ്ങളെ സംബന്ധിച്ചിടത്തോളം മതപരമായ കാര്യത്തിൽ യാതൊരു വ്യത്യാസവുമില്ലായിരുന്നു. മതപരമായ പരിഗണനയിൽ അവശസമുദായോദ്ധാരണത്തിൽ വ്യത്യാസം കാണിക്കുന്നതു ശരിയല്ലെന്നു അന്നത്തെ ഗവമ്മെണ്ടു മനസ്സിലാക്കി വിദ്യാഭ്യാസസൌജന്യം ആദിയായ ആനുകൂല്യങ്ങൾ നല്കിയിരുന്നു. ഒരു മതേതരരാഷ്ട്രമായ ഇൻഡ്യയുടെ അവിഭാജ്യഘടകവും തെക്കേ അററത്തു സ്ഥിതി ചെയ്യുന്നതുമായ ഐക്യസംസ്ഥാനത്തിൽ വിദ്യാഭ്യാസത്തിലും ധനത്തിലും പിന്നോക്കം നില്ക്കുന്ന അവശസമുദായ ക്രിസ്ത്യാനികൾക്കു പിന്നോക്കസമുദായ ഡിപ്പാർട്ടുമെണ്ടിൽനിന്നു അവശസമുദായങ്ങൾക്കു നല്കിവരുന്ന ആനുകൂല്യങ്ങൾ നിറുത്തിയിരിക്കുന്നതായി അറിയുന്നു. അവരുടെ കുട്ടികളെ പഠിപ്പിക്കാൻ ഫീസു കൊടുക്കണം. അവശസമുദായോദ്ധാരണത്തിനുവേണ്ടി നടത്തുന്ന യാതൊരു സംഗതിയിലും അവക്കവകാശമില്ല എന്നാണ് ജനകീയഭരണാരംഭത്തോടുകൂടി അനുഭവപ്പെടുന്നതു്. തിരുവിതാംകൂറിൽ അവശസമുദായോദ്ധാരണത്തിനായി ൩ ഹോസ്റ്റലുകൾ ഉണ്ടു്. അവയിൽ ഒന്നിലും അവശക്രിസ്ത്യാനികൾക്കു പ്രവേശനമില്ല. ഈ വിധത്തിൽ മതപരമായ വ്യത്യാസം ഗവമ്മെണ്ടു പാലിച്ചാൽ ഈ രാജ്യത്തിലെ സാധുക്കളായ അവശസമുദായ ക്രിസ്ത്യാനികൾ എന്നേക്കുമായി അധഃപ്പതിച്ചുപോകും. അതുകൊണ്ടു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ഈ വ്യത്യാസം മാററി സാമ്പത്തികവും സാമൂഹ്യവുമായ അടിസ്ഥാനത്തിൽ മാത്രം ഇവരെ വീക്ഷിക്കുകയും മററു പിന്നോക്ക സമുദായങ്ങളെപ്പോലെ ഇവരെ ഗണിക്കയും അങ്ങിനെ അവശസമുദായോദ്ധാരണത്തിനുവേണ്ടി മാററിവെച്ചിരിക്കുന്ന തുകമൂലം നടത്തപ്പെടുന്ന ഉദ്ധാരണപ്രവത്തനങ്ങളുടെ ഫലം അവക്കുകൂടെ കിട്ടത്തക്കവണ്ണം ഒരു പദ്ധതി ആവിഷ്കരിക്കുകയും ചെയ്യണമെന്നു അഭ്യത്ഥിച്ചുകൊണ്ടു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ജനറൽ ഡിസ്കഷനിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്ന ചില മെമ്പർമാരുടെ പേരുകൾകൂടി എൻെറ കൈവശം ഉള്ള ലിസ്റ്റിൽ ഉണ്ടു്. എന്നാൽ അവക്കു പ്രസംഗിക്കുന്നതിനുള്ള സൌകര്യം കൊടുക്കുന്നതിനു ഈ അവസരത്തിൽ നിവൃത്തിയില്ല. ബഡ്ജററിൽ ആവശ്യപ്പെട്ടിരിക്കുന്ന ഗ്രാൻറുകളെപ്പററിയുള്ള വോട്ടിംഗ് സമയത്തു ഓരോ ഡിപ്പാർട്ടുമെണ്ടുകളെപ്പററി വിമശനം നടത്താവുന്നതാണ്. ഇനി അരമണിക്കൂർ മാത്രമെ ഉള്ളു. ബഹുമാനപ്പെട്ട ഫിനാൻസ് മിനിസ്റ്റർക്കു വിമശനങ്ങൾക്കു മറുപടി പറയാനുള്ള സമയമെ ഉള്ളു. മിനിസ്റ്റർക്കു മറുപടി പറയാം.

ശ്രീ. യു. കെ. വാസുദേവനാചാരി: സംസാരിക്കാനാഗ്രഹിക്കുന്നവക്കു സൌകര്യം എപ്പോഴാണ് കിട്ടുന്നതു്?

മി. സ്പീക്കർ: ബഡ്ജററിനെപ്പററി ഇനിയും വിമശനം നടക്കുന്ന അവസരത്തിൽ സന്ദർഭം ഉണ്ടായേക്കാം.

ബഹു: ശ്രീ. എ. ജെ. ജോൺ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ചില അംഗങ്ങൾ ഒഴികെ ബാക്കിയുള്ളവർ സ്വാഗതം ചെയ്തതായി കാണുന്നതിൽ എനിക്കു സന്തോഷമുണ്ടു്. എതിരായി ചെയ്ത വിമർശനങ്ങൾക്കു എല്ലാംതന്നെ സമാധാനം പറയുന്നതിനു ഞാൻ ശ്രമിക്കാം. ഏതെങ്കിലും വിമർശനത്തിനു സമാധാനം പറയാതിരിക്കുന്നുവെങ്കിൽ അതു സമയച്ചുരുക്കംകൊണ്ടു മാത്രമാണെന്നു ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ പ്രാവശ്യത്തെ ബഡ്ജററു് തയ്യാറാക്കിയതു ചില പ്രത്യേക പരിതഃസ്ഥിതികളിലാണെന്നു ബഹുമാനപ്പെട്ട സഭയ്ക്കു അറിയാമല്ലൊ. മതിയായ സമയമില്ലെങ്കിൽ ഒരു സ്റ്റേററിലെ ബഡ്ജററു് തയ്യാറാക്കുക എന്നതുതന്നെ വളരെ പ്രയാസമുള്ള ഒരു ജോലിയാണു്. ആ സ്ഥിതിക്കു വളരെ ചുരുങ്ങിയ സമയംകൊണ്ടു രണ്ടു സ്റ്റേററുകളിലെ ബഡ്ജററു് ഒരുമിച്ചു തയ്യാറാക്കുന്നതു് എത്ര വളരെ പ്രയാസമുള്ള സംഗതിയാണെന്നു ഞാൻ വിശേഷാൽ പറയേണ്ട ആവശ്യമില്ല. തിരുവിതാംകൂറിലേയും കൊച്ചിയിലേയും അക്കൌണ്ടുകൾ ഇതുവരെ യോജിപ്പിച്ചിട്ടില്ലാ. ഇപ്പോഴും പൂർണ്ണമായി യോജിപ്പിച്ചിട്ടില്ല. രണ്ടു സ്ഥലത്തേയും ബഡ്ജററു് ഹെഡുകൾതന്നെ വ്യത്യാസപ്പെട്ടാണിരിക്കുന്നതു്. അവയെ ഏകീകരിക്കേണ്ട ആവശ്യവും ഉണ്ടായിരുന്നു. തിരുവിതാംകൂറിലെ കണക്കുകൾ സക്കാർ രൂപയിലും കൊച്ചിയിലെ കണക്കുകൾ ഇൻഡ്യൻ രൂപയിലും ആണു ഇതുവരെ ബഡ്ജററുകളിൽ ചേർത്തിരുന്നതു്. ഈ പതിവിനു വ്യത്യാസമായി തിരുവിതാംകൂറിലെ ബഡ്ജററു് തുകകൾ എല്ലാംതന്നെ ഇൻഡ്യൻ നാണയത്തിൽ കാണിക്കേണ്ട ആവശ്യവും നേരിട്ടു. ഇതിനും പുറമെ സാധാരണ ഒരു കൊല്ലത്തേക്കു ബഡ്ജററു് തയ്യാറാക്കുന്നതിനു പകരം ഇത്തവണ ഏഴര മാസത്തേക്കു ബഡ്ജററു് തയ്യാറാക്കേണ്ടതായിവന്നു. ഈ കാരണങ്ങൾകൊണ്ടു് ബഡ്ജററു് തയ്യാറാക്കാൻ വളരെ പ്രയാസം നേരിട്ടു. സംയോജനം നടപ്പിൽ വന്നതു കഴിഞ്ഞ ജൂലായി ൧-ാംനു-യാണു്. ബഡ്ജററു് അവതരിപ്പിച്ചതു ആഗസ്റ്റു് ൯-ാംനു-യാണു്. ഈ കാലയളവിൽ ഇപ്രകാരമെങ്കിലും ഒരു ബഡ്ജററു് തയ്യാറാക്കുവാൻ സാധിച്ചതു ഒരു വലിയ കാര്യമാണെന്നു ഞാൻ വിചാരിക്കുന്നു. ബഡ്ജററു് തയ്യാറാക്കുന്നതിൽ വന്ന പ്രയാസങ്ങളെ മനസ്സിലാക്കി അതിനനുകൂലമായ ഒരു പ്രസ്താവന ചെയ്തതിൽ ബഹുമാനപ്പെട്ട ശ്രീ. പട്ടം താണുപിള്ളയോടു ഞാൻ കൃതജ്ഞനാണു്.

ചില ഉദ്യോഗസ്ഥന്മാക്കു തിരുവിതാംകൂറിലെ ബഡ്ജററിലും കൊച്ചിയിലെ ബഡ്ജററിലും പ്രത്യേകം പ്രത്യേകം ശമ്പള വ്യവസ്ഥ ചെയ്തിട്ടുണ്ടു് എന്നു ബഹുമാനപ്പെട്ട ശ്രീ. ശിവരാമപിള്ള പ്രസ്താവിക്കുകയുണ്ടായി. രണ്ടു സ്റ്റേററുകളിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും മററവകാശങ്ങളും അവക്കു ഉണ്ടായിരിക്കുന്നതാണെന്നു കവനൻറിൽതന്നെ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുണ്ടു്. രണ്ടു സ്റ്റേററുകളിലും എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലും അതാതു ഡിപ്പാർട്ടുമെണ്ടുകളിലെ ഉദ്യോഗസ്ഥന്മാർ ഉള്ളതാണു്. എന്നാൽ ഈ ഡിപ്പാർട്ടുമെണ്ടുകൾ രണ്ടും ഇതുവരെ പറയത്തക്കവിധം സംയോജിപ്പിച്ചിട്ടില്ല. ഒരേ സ്ഥാനങ്ങളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരെ വേറെ ഏതെങ്കിലും തുറയിൽ നിയമിക്കുകയൊ പെൻഷൻ കൊടുത്തു പിരിച്ചയക്കുകയൊ ചെയ്യുന്നതുവരെ അവക്കുള്ള ശമ്പളം അതാതു സ്ഥാനങ്ങളിൽതന്നെ വ്യവസ്ഥ ചെയ്യാതെ നിവൃത്തിയില്ല. ഈ കാരണങ്ങൾകൊണ്ടാണു് ഓരോ ചീഫ് ജസ്റ്റീസുമാക്കും ഓരോ ചീഫ് സെക്രട്ടറിമാക്കും കൊടുക്കേണ്ട ശമ്പളം ബഡ്ജററിൽ ചേർത്തിരിക്കുന്നതു്. അതിനാൽ ഈ സംയുക്തസ്റ്റേററിൽ രണ്ടു ചീഫ് ജസ്റ്റീസുമാരുണ്ടെന്നൊ രണ്ടു് ചീഫ് സെക്രട്ടറിമാരുണ്ടെന്നൊ ആരും തെററിദ്ധരിക്കരുതു്. അവരിൽ ആരെങ്കിലും ഒരാളെ മററു് ജോലിക്കു നിയമിക്കുന്നതുവരെ അദ്ദേഹത്തിനുള്ള ശമ്പളം അതേസ്ഥാനത്തുതന്നെ ചേർക്കേണ്ടതായി വന്നതുകൊണ്ടാണു് ഇങ്ങനെ സംഭവിച്ചതു്. ഈ ന്യൂനതകൾ എല്ലാംതന്നെയും രണ്ടു സ്റ്റേററുകളിലേയും അക്കൌണ്ടുകൾ തമ്മിൽ യോജിപ്പിക്കുമ്പോൾ തീരുമെന്നും അതു ഉടൻതന്നെ നടപ്പിൽ വരുമെന്നുമാണു് എനിക്കു ഈ സഭയെ ധരിപ്പിക്കുവാനുള്ളതു്. ഈ സംഗതിയെ സംബന്ധിച്ചു എൻെറ സ്പീച്ചിലെ ൧൯-ാംവശത്തു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. അതു ഇപ്രകാരമാണു്.

"I may also mention in passing that some more time will be necessary to integrate the various departments of the two States and consequently, provision has been made in the budget for the existing staff in both the States and some saving will accrue when the integration of the various departments is completed. Several retrenchments in staff and contingent expenditure have been effected even after the budget proposals were finalised and hence the effect of the retrenchment has also not been specifically shown in the present proposals".

അതിനാൽ അങ്ങനെ വ്യവസ്ഥ ചെയ്തതു തെററായിപ്പോയി എന്നു പറയുവാൻ നിവൃത്തിയില്ല.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഭൂനികുതികൾക്ക തമ്മിൽ വലുതായ അന്തരമുണ്ടെന്നും അതു് മാററണമെന്നും കൊച്ചിയിലെ ഭൂനികുതി കുറയ്ക്കണമെന്നു് പ്രസ്താവിക്കുകയും ഉണ്ടായി. ഒരു സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിലെ ഭൂനികുതി ൮൨ ൯-ലേക്കു് ൨൯ ലക്ഷത്തിൽ ചില്വാനമാണു്. കൊച്ചിയിലെ ഭൂനികുതി ൮൦ ലക്ഷത്തിൽ ശിഷ്ടം രൂപയാണു്. തിരുവിതാംകൂറിലും കൊച്ചിയിലും കാർഷികാദായനികുതികളുണ്ടെങ്കിലും തിരുവിതാംകൂറിലെ കാർഷികാദായനികുതി ൯൧ ലക്ഷത്തിൽ ശിഷ്ടം രൂപായും കൊച്ചിയിലെ കാർഷികാദായ നികുതി ൨൨ ലക്ഷത്തിൽ ശിഷ്ടം രൂപായുമാണു്. ഇതിനും പുറമെ തിരുവിതാംകൂറിലെ കാർഷികോല്പന്നങ്ങൾക്കു് കയററുമതിത്തീരുവയുമുണ്ടു്. ഇതു് ൩൦ ലക്ഷത്തിൽ പരം രൂപാ വരുന്നതാണു്. ഈ തീരുവ കൊച്ചിയിൽ ഇല്ല. ഈ വിവരങ്ങൾവെച്ചു നോക്കിയാൽ ഭൂമിയിന്മേലുള്ള കരം തിരുവിതാംകൂറിൽ കുറവാണെന്നു് പറയാൻ സാധിക്കുമെന്നു തോന്നുന്നില്ല.

അടുത്തതായി അദ്ദേഹം പറഞ്ഞതു് നെല്ലെടുപ്പിനെ സംബന്ധിച്ചാണു്. നെൽകൃഷിക്കുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം അനുസരിച്ചു് കൊച്ചിയിലെപ്പോലെ തിരുവിതാംകൂറിൽ നെല്ലെടുക്കുന്നില്ല എന്നു് ഒരു ആരോപണം ഉണ്ടു്. ഇതേപ്പററി എനിക്കു് ഒരു സംഗതി പ്രസ്താവിക്കാൻ ഉണ്ടു്. തിരുവിതാംകൂറിലെ നെൽകൃഷിസ്ഥലങ്ങളിൽ ഒരു വലിയ വിഭാഗം കുട്ടനാട്ടിലാണു്. നെല്ലെടുപ്പു് പദ്ധതി വളരെ കർശനമായി നടപ്പിൽ വരുത്തുന്നതിനു് മുമ്പു് രണ്ടാണ്ടിൽ ഒരിക്കൽ മാത്രമാണു് ഇവിടെ നെൽകൃഷി നടത്തിക്കൊണ്ടിരുന്നതു്. ഗവണ്മെണ്ടിന്റെ നിർബ്ബന്ധം മൂലം ഈ രീതി മാററി ആണ്ടുതോറും കൃഷിചെയ്യുന്ന പതിവുണ്ടായി. ഇങ്ങിനെ ആണ്ടുതോറും കൃഷിചെയ്യുന്നതുകൊണ്ടു് ഭൂമിയുടെ ഫലഭൂയിഷ്ഠത കുറയുകയും തന്മൂലം വിളവു് വളരെ കുറയുകയും ചെയ്തു. ഇതിനും പുറമെ ഇറിഗേഷൻ സൌകര്യങ്ങളും തിരുവിതാംകൂറിൽ കുറവാണു്. നെല്ലെടുപ്പിൽ കുറവു് വരുന്നതിനു് ഈവക കാരണങ്ങൾകൂടി ഉണ്ടു്. ഏതായാലും നെല്ലെടുപ്പു് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കണമെന്നാണു് ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നതു്.

കുത്തകപ്പാട്ടമായി അനുഭവിക്കുന്ന ഭൂമികളെല്ലാം പതിച്ചു കൊടുക്കേണമെന്നുള്ള വാദം അദ്ദേഹം ഉന്നയിക്കുകയുണ്ടായി. ഭൂമിസംബന്ധിച്ചുള്ള ഗവണ്മെണ്ടിന്റെ നയം എന്താണെന്നു് വ്യക്തമായി തീരുമാനിക്കുന്നതിനു് മുമ്പു് ഇതേപ്പററി ഒരു അഭിപ്രായം പറയുവാൻ സാദ്ധ്യമല്ല. അത്രമാത്രമേ എനിക്കു് ഇതേപ്പററി പറയുവാനുള്ളു.

പിന്നോക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്കു് കൊടുക്കേണ്ടതായ ഫീസ്സു് സൌജന്യങ്ങൾ കിട്ടുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. അതു് കഴിയുന്നതും വേഗത്തിൽ കൊടുക്കുന്നതിനു് വ്യവസ്ഥകൾ ചെയ്യുന്നതാണു്.

അദ്ധ്യാപകന്മാർ, പോലീസ് കാൺസ്റ്റബിൾമാർ, മുതലായി താഴ്ന്ന ശമ്പളക്കാരുടെ ശമ്പളം ഉയർത്തണമെന്നുള്ള അദ്ദേഹത്തിന്റെ വാദവും ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ഇതു് സംബന്ധിച്ചു് എന്റെ സ്പീച്ചിൽ രണ്ടാം പേജിൽ വിവരിക്കുന്നുണ്ടു്. ഈ ശമ്പളവ്യത്യാസങ്ങൾ ക്രമപ്പെടുത്തുന്നതിനു് കഴിയുന്നതും വേഗം ഗവണ്മെണ്ടു് ശ്രദ്ധിക്കുന്നതാണു്.

അടുത്തതായി ബഹുമാനപ്പെട്ട ശ്രീ. ശിവരാമപിള്ളയുടെ വിമർശനമായിരുന്നു. ഈ ബഡ്ജററിൽ ചേർത്തിട്ടുള്ള തുകകളിലെ ചില തെററുകൾ അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ കൊല്ലത്തെ ബഡ്ജററിൽ എക്സൈസ് ഇനത്തിൽനിന്നും ഉള്ള വരവു് രണ്ടുകോടി പത്തുലക്ഷം രൂപായാണു് ചേർത്തിരിക്കുന്നതു്. എന്നാൽ ആ തുകയെ ഇൻഡ്യൻ രൂപയിലാക്കി അടുത്ത കൊല്ലത്തേക്കുള്ള ബഡ്ജററിൽ രണ്ടുകോടി പതിനാറുലക്ഷത്തി പതിനാലായിരത്തി മുന്നൂററിഅഞ്ചുരൂപാ ആയി ചേർത്തിരിക്കുന്നു എന്നാണു് അദ്ദേഹം പറയുന്നതു്. രണ്ടുകോടി പത്തുലക്ഷം സർക്കാർ രൂപായെ ഇൻഡ്യൻ രൂപയാക്കിയപ്പോൾ അതു് രണ്ടുകോടി പതിനാറു് ലക്ഷത്തിൽ കൂടുതൽ രൂപയായി. സർക്കാർ രൂപയെ ഇൻഡ്യൻ രൂപയാക്കുമ്പോൾ തുക കുറയുന്നതിനു് പകരം കൂട്ടിയിട്ടിരിക്കുന്നു. ഈ പ്രസ്താവന ശരിയാണെങ്കിൽ അതു് വലിയ ഒരു തെററുതന്നെയാണു്. ഈ കൊല്ലത്തെ ബഡ്ജററു് പേജ് ൨൦-ലേയും അടുത്ത കൊല്ലത്തെ ബഡ്ജററു് പേജ് ൨൦-ലേയും വിവരങ്ങൾ താരതമ്യപ്പെടുത്തിയിരുന്നുവെ

[Sri A. J. John]

ങ്കിൽ ഇപ്രകാരം ഒരു പ്രസ്താവന അദ്ദേഹം ചെയ്കയില്ലായിരുന്നു. ൧൧൨൪-ലെ ബഡ്ജററിൽ മാച്ച് എക്സൈസ് ഡ്യൂട്ടി ചേർത്തിട്ടില്ലായിരുന്നു. എന്നാൽ മാച്ച് എക്സൈസ് ഡ്യൂട്ടി രണ്ടു് ഗവൺമെണ്ടുകളിലേയും ബഡ്ജററ് ഹെഡ്ഡുകൾ ശരിപ്പെടുത്തുന്നതിലേക്കുവേണ്ടി സെൻട്രൽ എക്സൈസ് എന്ന ഇനത്തിൽ ചേർത്തു് അടുത്ത കൊല്ലത്തെ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇതിൽനിന്നും സർക്കാർരൂപാ ഇൻഡ്യൻ രൂപയാക്കിയപ്പോൾ തെററുവന്നു എന്ന ആരോപണം ശരിയല്ല എന്നു കാണുവാൻ കഴിയും. ഭൂനികുതി സംബന്ധിച്ചു് ൧൨൪-ലേയും ൧൨൫-ലേയും ബഡ്ജററിൽ കാണുന്ന വ്യത്യാസത്തിനു് കാരണമിതാണു്. ചന്തയിൽനിന്നുള്ള ആദായം ൧൨൪-ൽ ലാൻഡ് റവന്യൂവിലാണു് ചേർത്തിരുന്നതു്. അതു് അടുത്ത കൊല്ലത്തിൽ ൨൧ പബ്ലിക് ഹെൽത്ത് എന്ന ഇനത്തിൽ ചേർക്കുന്നതിനുള്ള ഗവൺമെണ്ടു് ഉത്തരവനുസരിച്ചു് അങ്ങനെ ചെയ്തിട്ടുള്ളതാണു്. ൧൧൨൪-ലെ തുകകളെല്ലാം തന്നെ സർക്കാർ രൂപയിലാണു്. എന്നാൽ അടുത്തകൊല്ലത്തെ തുകകൾ എല്ലാം ഇൻഡ്യൻ രൂപയിലാണു്. ഈ കാരണങ്ങൾ കൊണ്ടു് ൧൨൪-ലെ ബഡ്ജററ് തുകകളും ൨൫-ലെ ബഡ്ജററുതുകകളും തമ്മിൽ സ്വല്പം ചില വ്യത്യാസങ്ങൾ കാണുന്നതാണു്.

അടുത്തതായി അദ്ദേഹം പ്രസ്താവിച്ചതു് തിരുവിതാംകൂറിലേയും കൊച്ചിയിലേയും ബഡ്ജററിൽ ഓരോ ചീഫ് ജസ്റ്റീസ്സ്മാർക്കും ഓരോ ചീഫ് സെക്രട്ടറിമാർക്കും ശമ്പളം വ്യവസ്ഥചെയ്തിരിക്കുന്നതു് തെററാണെന്നാണു്. ഇതേ സംബന്ധിച്ചു് ഞാൻ നേരത്തെ പ്രസ്താവിച്ചിട്ടുണ്ടു്.

അടുത്ത പ്രസ്താവന ഈ സംയുക്ത സ്റ്റേററിലെ പോലീസ് വകുപ്പിനും പട്ടാളവകുപ്പിനും വളരെ കൂടുതൽ തുക ബഡ്ജററിൽ ചേർത്തിരിക്കുന്നു എന്നതാണു്. സമാധാന പരിപാലനത്തിനു് ആവശ്യമായ തുകകൾ മാത്രമേ ഈ വകുപ്പുകൾക്കു് ചേർത്തിട്ടുള്ളൂ. രണ്ടു് വകുപ്പുകൾക്കുംകൂടി ആകെയുള്ള ചെലവിൽ ഏകദേശം ഏഴ ശതമാനം മാത്രമാണു് ചേർത്തിട്ടുള്ളതു്. അതേ സമയംതന്നെ പുരോഗമനപരമായ പദ്ധതികൾക്കു് ഏകദേശം ൫൪ ശതമാനം ചേർത്തിട്ടുണ്ടു്.

**Sahib Bahadur Abdul Razaak:** Is it not a similar move to dispose of the Tamil in those places?

ബഹു: ശ്രീ. എ. ജെ. ജാൺ: അതിനു് ഞാൻ മറുപടി പറയണമെന്നു് ഉദ്ദേശിക്കുന്നില്ല.

ഉപ്പ് വ്യവസായം ദേശീയമാക്കുന്നതു് ആപൽക്കരമാണെന്നു് അദ്ദേഹം പ്രസ്താവിക്കയുണ്ടായി. അതു് അശേഷം ശരിയല്ല എന്നാണ് എനിക്കു് പറയുവാനുള്ളതു്. നല്ല ഇനം ഉപ്പ് ജനങ്ങൾക്കു് വിതരണം ചെയ്യുന്നതിനും ഉപ്പ് വ്യവസായത്തെ ശാസ്ത്രീയമായ രീതിയിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണു് ഈ വ്യവസായം ദേശീയമാക്കണമെന്നു് ഗവൺമെൻറ് ഉദ്ദേശിക്കുന്നതു്.

**Sri. A. Nesamony:** May I know whether the Hon'ble Minister even visited those alloms?

ബഹു: ശ്രീ. എ. ജെ. ജോൺ: ഞാൻ പോയി നോക്കിയിട്ടില്ലെന്നു സമ്മതിക്കുന്നു. എന്നാൽ ഗവൺമെണ്ടിൽനിന്നും പല ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരും സ്ഥലത്തുപോയി പരിശോധിക്കുകയും ഇതിന്നനുകൂലമായ റിപ്പോർട്ടുകൾ അയക്കുകയും ചെയ്തിട്ടുണ്ടു്. അതിനെ സംബന്ധിച്ചുള്ള സാങ്കേതികപരിജ്ഞാനം എനിക്കില്ലാത്തതുകൊണ്ടു് ഞാൻ സ്ഥലത്തുപോയി പരിശോധിച്ചാലും വലിയ പ്രയോജനം ഉണ്ടെന്നു തോന്നുന്നില്ല.

**Sri. A. Nesamony:** Have the Government got any definite scheme of nationalisation?

ബഹു: ശ്രീ. എ. ജെ. ജോൺ: ഉണ്ടു്.

**Sri. A. Nesamony:** Will the House be taken into confidence in discussing that scheme?

ബഹു: ശ്രീ. എ. ജെ. ജോൺ: അതിനൊരുത്തരം പറയാൻ തൽക്കാലം സാദ്ധ്യമല്ല. ഗവൺമെണ്ടു് അങ്ങിനെ തീരുമാനിക്കയാണെങ്കിൽ അതു സഭയുടെ പര്യാലോചനക്കു് വിഷയീഭവിപ്പിക്കുന്നതാണു്.

ശ്രീ. എ. താണുപിള്ള: ഉപ്പു വ്യവസായത്തിൽനിന്നും ആദായം ഉണ്ടാക്കണമെന്നു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു: ശ്രീ. എ. ജെ. ജോൺ: ഇല്ല. എന്നാൽ ഇപ്പോൾ മരാദായം കിട്ടുന്നുണ്ട്.

**Sri. A. Nesamony:** Then how is it that an income of 4 lakhs has been budgeted?

ബഹു: ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ ഒരു ചെറിയ ആദായം കിട്ടുന്നുണ്ടെന്നല്ലാതെ അതിൽനിന്നും ലാഭം എടുക്കണമെന്ന് ഗവമെണ്ടിനു ആഗ്രഹം ഇല്ല. സ്വല്പമായ ഒരു ആദായം കിട്ടിക്കൊണ്ടിരിക്കുന്നതു് ഉപേക്ഷിക്കണമെന്ന് ഗവമെണ്ടിനു് നിർബന്ധമില്ലെന്നല്ലാതെ അതിൽനിന്നും ആദായം ഉണ്ടാക്കണമെന്നുള്ള ആഗ്രഹമേ ഗവമെണ്ടിനില്ല.

**Sri. A. Nesamony:** Does the Finance Minister know that the price of salt in Travancore is double the price in any other part of India.

മിസ്റ്റർ സ്പീക്കർ: ബഹു: മന്ത്രിയുടെ സ്റ്റേറ്റുമെണ്ട് അവസാനിപ്പിച്ചതിനുശേഷം മെമ്പറന്മാക്കുള്ള സംശയങ്ങൾ തീക്കുന്നതിന്നായി ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.

ബഹു: ശ്രീ. എ. ജെ. ജോൺ: തിരുവിതാംകൂറിൽ ആരംഭിച്ചിട്ടുള്ളതായ വ്യാവസായികപദ്ധതികളെപ്പററി അദ്ദേഹം പരാമർശിക്കുകയും ആ പദ്ധതികളിൽനിന്നു ശരിയായ ആദായം ഇപ്പോൾ കിട്ടിവരുന്നില്ലെന്നു് പറയുകയുമുണ്ടായി. ആ പദ്ധതികളിൽനിന്നും ശരിയായ ആദായം ഇപ്പോൾ കിട്ടിവരുന്നില്ലെന്നു പറയുന്നതു ശരിയാണ്. എന്നാൽ അവയിൽ പലതും വളരെ നല്ല പദ്ധതികളാണ്. ഗവമെണ്ടിനു ചെയ്യാവുന്നതായ എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു് ആ വ്യാവസായികപദ്ധതികളെ ശരിയായ വിധത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കു് ശ്രമിക്കുന്നതാണെന്നു് ഞാൻ നേരത്തെ പ്രസ്താവിച്ചുവല്ലൊ. അതു തന്നെയാണ് അക്കാര്യത്തെപ്പററി എനിക്കു വീണ്ടും പ്രസ്താവിക്കുവാനുള്ളതു്.

പുതിയ നികുതികൾ ഒന്നുംതന്നെ ഇപ്പോൾ ഏർപ്പെടുത്തിയിട്ടില്ല. ഇപ്പോഴുള്ള ചില നികുതികളുടെ റേററിൽ ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടെന്നു മാത്രമേ ഉള്ളു. കൊച്ചിയിലെ റേററിനോടു് സമമാക്കണമെന്നുള്ളതാണ് അതിന്റെ ഒരു ഉദ്ദേശം. അല്ലാതെ അതിൽ യാതൊരു ദുരുദ്ദേശവുമില്ല. പുരോഗമനപരമായ പദ്ധതികൾക്കു് ആവശ്യമുള്ള പണം നീക്കിവയ്ക്കുക എന്നുള്ളതാണ് ഈ നികുതി വർദ്ധനവിന്റെ ഉദ്ദേശം.

സെയിൽസ്ടാക്സ് ആക്ട് കഴിഞ്ഞ നിയമസഭയിൽ പാസാക്കിയിട്ടുള്ളതാണ്. എന്നാൽ അതിനുശേഷം സാധാരണ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഗവമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നതിന്റെ ഫലമായി വീണ്ടും ഒരു പരിശോധന നടത്തുകയും സാധാരണക്കാക്കു് ഉപദ്രവകരമെന്നു തോന്നിയിട്ടുള്ള പല വ്യവസ്ഥകളും അസ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മദ്രാസിലെ സെയിൽസ്ടാക്സിനെക്കാൾ കൂടുതലാണ് ഇവിടത്തെ സെയിൽസ്ടാക്സെന്നു് ശ്രീ. ശിവരാമപിള്ള പ്രസ്താവിക്കുകയുണ്ടായി. അതു് അശേഷം ശരിയല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. മദ്രാസിൽ സെയിൽസ്ടാക്സിൽ ഉൾപ്പെടുത്തിയിട്ടുള്ള പല സാധനങ്ങളേയും ഇവിടെ സെയിൽസ്ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മദ്രാസിലെ സെയിൽസ്ടാക്സിൽനിന്നും രണ്ടുകോടി രൂപ മാത്രമേ വരവുള്ളുവെന്നും എന്നാൽ ഇവിടെ ഒന്നരക്കോടിയോ രണ്ടുകോടിയോ വരവുണ്ടാകുമെന്നും അതു വളരെ കൂടുതലാണെന്നും അദ്ദേഹം പറഞ്ഞു. അതേപ്പററി എനിക്കു പറയുവാനുള്ളതു് മദ്രാസിൽ എക്സ്പോർട്ടു ചെയ്യത്തക്കതായ കാർഷികസാധനങ്ങൾ അധികമില്ലെന്നും നേരേമറിച്ചു് അങ്ങിനെയുള്ള സാധനങ്ങൾ തിരുവിതാംകൂറിൽ വളരെ ഉണ്ടെന്നും അവ വില്ക്കുന്നതിൽനിന്നുമാണ് ഒരു വലിയ വിഭാഗം ടാക്സും ഈടാകുന്നതെന്നുമുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പറന്മാർ മനസ്സിലാക്കണമെന്നാണ്.

പുകയില ലേലസമ്പ്രദായം വളരെ അപകടകരമാണെന്നു് ഇവിടെ പലരും പ്രസ്താവിക്കുകയുണ്ടായി. കൊച്ചിയിൽ ഈ സമ്പ്രദായം നടപ്പിൽവന്നിട്ടു കുറെ വർഷങ്ങളായിട്ടുണ്ട്. ആ സമ്പ്രദായമാണ് ഇവിടെയും ഇപ്പോൾ നടപ്പിൽ വരുത്തിയിരിക്കുന്നതു്. അതിനു വേറെ ഒരു കാരണവുംകൂടിയുണ്ട്. അയായതു ഫെഡറൽ ഫൈനാൻഷ്യൽ ഇൻറിഗ്രേഷൻ വരുമ്പോൾ ലാൻഡുകസ്റ്റംസ് മുഴവൻ ഈ ഗവമെണ്ടിനു ഉപേക്ഷിക്കേണ്ടതായി വരും. അതുമൂലം ഒരുകോടിയോളം രൂപ നമുക്കു് നഷ്ടപ്പെട്ടേക്കാം. പുകയിലയുടെ ഇറക്കുമതി ഡ്യൂട്ടിയും നമുക്കു നഷ്ടപ്പെട്ടേക്കാം. ആ നഷ്ടം പരിഹരിക്കുന്നതിനുകൂടിയാണ് ഈ ലേലസമ്പ്രദായം ഇവിടേയും സ്വീകരിച്ചിട്ടുള്ളതു്. ഈ ലേലസമ്പ്രദായം സ്വീകരിച്ചതുകൊണ്ടു് പുകയിലയുടെ വില വളരെ കൂടിയിരിക്കുന്നുവെന്നാണ് വേറെ ഒരു ആരോപണം.

[Sri A. J. John]

ഇപ്പോൾ പുകയിലയുടെ വില കൂടുന്നതിനു് യാതൊരു കാരണവും ഇല്ല. ലേലപ്രകാരമുള്ള വില്പന ചിങ്ങമാസം ൧—ാംനു-ക്ക ശേഷമേ ഉണ്ടാവുകയുള്ളൂ. അപ്പോൾ പുകയില ലേലം പിടിച്ചിട്ടുള്ളവർ തമ്മിലുള്ള മത്സരംകൊണ്ടും മററും പുകയിലയുടെ വില ന്യായമായ ഒരു നിലയിൽ എത്തിച്ചേരുമെന്നാണ് ഗവമ്മെണ്ട് പ്രതീക്ഷിക്കുന്നതു്. അതല്ല, വില അമിതമായി കയറിപ്പോവുകയാണെങ്കിൽ ഏതെങ്കിലും വിധത്തിൽ ഗവമ്മെണ്ട് അതിനെ നിയന്ത്രിക്കുന്നതാണെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഇപ്രകാരമുള്ള പദ്ധതികൾ സ്വീകരിച്ചാൽ മാത്രമെ രാജ്യത്തെ നേഷൻബിൽഡിംഗ് ആക്ടിവിററീസിനു് പണം ചെലവാക്കാൻ സാധിക്കുകയുള്ളൂ. ഈ പുതിയ റേററനുസരിച്ചു് പ്രതീക്ഷിക്കുന്ന വരവുകളുംകൂടി ചേർത്താണു് ബഡ്ജററ ചെയ്തിരിക്കുന്നതു്.

ഇതൊരു സാധാരണക്കാരന്റെ ബഡ്ജററല്ലെന്നും നേഷൻബിൽഡിംഗ് ആക്ടിവിററീസിനു് ശരിയായ തുകകൾ കൊള്ളിച്ചിട്ടില്ലെന്നും പലരും പറയുകയുണ്ടായി. അതുസംബന്ധിച്ചു് ചില വിവരങ്ങൾ ഇവിടെ പ്രസ്താവിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിലെ അടുത്ത ഏഴരമാസക്കാലത്തേക്കുള്ള വരവു് പുതിയ നികുതിയിനങ്ങൾകൂടി ചേർത്തു് ൬,൮൫,൮൩,൫൮൭ രൂപയായിരിക്കുമെന്നാണ് എസ്റ്റിമേററ ചെയ്തിരിക്കുന്നതു്. അതിൽ obligatory, അതായതു് നിർബ്ബന്ധപൂർവ്വം കൊടുത്തുതീർക്കേണ്ടതായി ഒരിനമുണ്ടു്. ഗവമ്മെണ്ട് കടമായി വാങ്ങിയിട്ടുള്ളതിന്റെ പലിശ മുതലായവ ഇതിൽ ഉൾപ്പെടുന്നു. അതിനു ൩൦,൪൮,൦൦൦ രൂപ വേണം. കൊട്ടാരം വകക്കു് ചെലവാക്കേണ്ടതു് ൯,൦൦,൦൦൦ രൂപയാണു്. പൊളിററിക്കൽ പെൻഷൻ, ഗ്രാററിവിററി മുതലായവക്കായി ൧൯,൮൧,൦൦൦ രൂപ ചെലവാക്കേണ്ടതുണ്ടു്. ദേവസ്വത്തിലേക്കു കൊടുക്കേണ്ടതു ൩൧ ലക്ഷം രൂപയാണു്. ഈ തുകകൾ യാതൊരു വിധത്തിലും ഒഴിവാക്കാൻ പാടുള്ളതല്ല. അതെല്ലാംകൂടിത്തന്നെ ൯൦,൨൯,൦൦൦ രൂപ ആകുന്നതാണു്.

തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെപ്പററിയാണു് അടുത്തതായി എനിക്കു പറയുവാനുള്ളതു്. ഏഴരമാസത്തേക്കു് ൨൨,൩൪,൦൦൦ രൂപ കൊള്ളിച്ചിട്ടുണ്ടു്. അതിനെപ്പററി പല മെമ്പറന്മാരും പറയുകയുണ്ടായി. എന്നാൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരെ ഒരു ദിവസംകൊണ്ടു് കുറക്കാൻ സാദ്ധ്യമല്ല. അതു് ഒരു ഗവമ്മെണ്ടിനും ചെയ്യാൻ സാധിക്കുന്നതല്ല. പെൻഷൻ പററുന്നവരേയോ അതല്ലെങ്കിൽ പകരക്കാരേയോ പിരിച്ചുയക്കുക മാത്രമേ ഗവമ്മെണ്ടിനു സാധിക്കുകയുള്ളൂ. കുറെ ആണ്ടുകളായി കഴിയുന്നിടത്തോളം ആയിനത്തിലുള്ള ചെലവു കുറക്കുന്നതിനു സർവ്വപ്രകാരേണയുള്ള മാർഗ്ഗങ്ങൾ ഗവമ്മെണ്ട് ആരാഞ്ഞുകൊണ്ടിരിക്കുകയാണു്. പലവിധത്തിലുള്ള അലവൻസുകൾ നിറുത്തുകയും കണ്ടിൻജൻസി ചെലവിൽ സാരമായ കുറവു വരുത്തുകയും ചെയ്തിട്ടുണ്ടു്. കണ്ടിൻജൻസി ഇനത്തിൽ മുമ്പിലത്തേതിൽനിന്നു മുപ്പതു, മുപ്പത്തഞ്ചു ശതമാനം കുറവു ചെയ്തിട്ടുണ്ടു്. മുമ്പു് ൯൧ ലക്ഷം കണ്ടിൻജൻസിചെലവുണ്ടായിരുന്നതു് ഇപ്പോൾ ൬൦ ലക്ഷത്തിൽ കൂടുതൽ ആയിരിക്കുകയില്ല.

നിർബ്ബന്ധപൂർവ്വം ഗവമ്മെണ്ട് കൊടുത്തുതീർക്കേണ്ട തുകകളും ശമ്പളം അലവൻസു മുതലായവകളും അരിയിടപാടിലുള്ള നഷ്ടവും കൂടിച്ചേർത്തു് ൪,൩൦,൯൭,൦൦൦ രൂപ ചെലവു വരുന്നുണ്ടു്. ആകെയുള്ള വരവു് ഞാൻ ആദ്യം പറഞ്ഞതുപോലെ ആറുകോടി എൺപത്തഞ്ചുലക്ഷത്തിൽ ശിഷ്ടമാണു്. ബാക്കിയുള്ളതു് ൨,൫൪,൮൭,൦൦൦ രൂപ മാത്രമാണു്. അതിൽ ൧,൭൯,൧൮,൦൦൦ രൂപ നേഷൻബിൽഡിംഗ് ആക്ടിവിററീസിനു് മാററിവെച്ചിരിക്കുകയാണു്. നേഷൻബിൽഡിംഗ് ആക്ടിവിററീസിനു് പറയത്തക്ക യാതൊരു തുകയും ബഡ്ജററിൽ ചേർത്തിട്ടില്ലെന്നു ഇവിടെ ചിലർ പറയുകയുണ്ടായി. എന്നാൽ അതു ശരിയല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുസംബന്ധിച്ചു സ്റ്റേറമെന്റു ഞാൻ തയ്യാറാക്കിയിട്ടുണ്ടു്. അതു വായിക്കാം.

| Head of Account | Budget 1124<br>I. Rs. | Revised 1124<br>I. Rs. | Budget 1125<br>I. Rs. | Remarks |
|---|---|---|---|---|
| Education—18 Education .. | 1,50,90,032 | 1,41,55,600 | 97,57,813 | |
| 44—Postwar—Compulsory Primary Education .. | 39,29,825 | 22,16.500 | 26,45,952 | |
| 19—Medical .. | 45,46,935 | 35,26,000 | 30,19,172 | |
| 44— Do. Postwar Schemes .. | 1,45,403 | .. | .. | |
| 20—Ayurveda .. | 2,57,754 | 2,18,000 | 1,52,518 | |
| 21—Public Health and Sanitation .. | 9,98,356 | 9,13,600 | 7,10,247 | |
| Do. Postwar Schemes excluding sinking of wells .. | 91,664 | 1,30,000 | 2,05,657 | |
| 27—Co-operation .. | 3,14,779 | 2,97,200 | 2,25,163* | Includes Rs. 25,000 for Housing Scheme |
| 28—Uplift of Backward Communities .. | 1,15,604 | 1,13,000 | 1,14,425 | |
| 30—Village Development .. | 35,12,411 | 7,49,000 | 8,00,593 | |
| 23(B)—Food Production (Grow More Food Campaign) .. | 18,01,488 | 19,95,400 | 14,62,366 | |
| Sinking of wells—Public Health Budget .. | 98,246 | 75,000 | 1,25,000 | |
| Do. Public Works Budget .. | 28,000 | 20,000 | 8,300 | |
| Housing Scheme .. | . | .. | 2,00,000 | |

പോസ്റ്റ്വാർ റീകൺസ്ട്രക്ഷൻ സ്കീമിലേക്ക് പത്തുലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇതെല്ലാം ഏഴരമാസത്തേക്കാണ്. ഇങ്ങനെ ആകെ ഒരുകോടി തൊണ്ണൂറ്റിനാലുലക്ഷം രൂപ നേഷൻബിൽഡിംഗ് ആക്ടിവിറ്റീസിനും മററു സ്കീമുകൾക്കുമായി നീക്കിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ചില മെമ്പറന്മാരുടെ പ്രസംഗത്തിൽനിന്നും കാണുന്നതു നികുതികൾ ഒന്നുംതന്നെ പിരിക്കരുതെന്നും എന്നാൽ അതേസമയം നേഷൻബിൽഡിംഗ് ആക്ടിവിറ്റീസിനു് കഴിയുന്നിടത്തോളം കൂടുതൽ തുക ചെലവാക്കണമെന്നുമാണ്. നികുതി പിരിക്കാതെ ഗവൺമെണ്ടു തുകകൾ ചെലവാക്കുന്നതെങ്ങനെയെന്ന് എത്രയാലോചിച്ചിട്ടും എനിക്കു മനസിലാകുന്നില്ല.

മററു ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രസ്താവിക്കുകയുണ്ടായി ഈ ബഡ്ജററ് ഒരു എസ്റ്റേററു കണക്കുപോലെ ഇരിക്കുന്നു എന്ന്. നിർഭാഗ്യവശാൽ ആണ്ടുതോറുമുള്ള വരവു ചെലവുകൾ നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്നാണ് ഇപ്പോഴത്തെ നിയമം അനുശാസിക്കുന്നതു്. ആ നിയമം മാറാത്തിടത്തോളംകാലം ഇതുപോലെയുള്ള ബഡ്ജററുകൾ അവതരിപ്പിക്കാതെയിരിക്കുവാൻ നിവൃത്തിയില്ലെന്നുമാത്രമേ എനിക്കു പറയുവാനുള്ളു.

പിന്നീട് ൧൧൨൫-ലെ ബഡ്ജററിനെപ്പററി സ്വല്പം പറയാനുണ്ട്. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. പട്ടം താണുപിള്ള കഴിഞ്ഞകൊല്ലത്തെ ഫുഡ്സബ്സിഡിയെപ്പററി സ്വല്പം പ്രസ്താവിക്കുകയുണ്ടായി. ൧൧൨൪-ൽ ഒന്നരലക്ഷംരൂപ മിച്ചംവരുന്ന ഒരു ബഡ്ജററ് തയ്യാറാക്കുകയും ഇപ്പോൾ അതു് ഒരു കമ്മിബഡ്ജററാകുകയും ചെയ്ത സ്ഥിതിക്ക് അതെങ്ങിനെയുണ്ടായി എന്ന് ഈ സഭയെ അറിയിക്കേണ്ടതു് എന്റെ ചുമതലയാണെന്ന് കരുതി ഞാൻ അങ്ങിനെ പ്രസ്താവിച്ചതാണ്. അതിൽ എനിക്ക് മനഃപൂർവ്വമായ യാതൊരുദ്ദേശവുമില്ല. മിച്ചബഡ്ജററ് എങ്ങനെ കമ്മിബഡ്ജററായിയെന്നു കാണിക്കുന്നതിലേയ്ക്കു് ൧൧൨൩-ൽ അരികച്ചവടത്തിൽ ൧൩ ലക്ഷം രൂപ നഷ്ടം ഉണ്ടായിരുന്നതു് ബഡ്ജററിൽ കാണിച്ചിട്ടില്ലെന്ന് ഞാൻ പ്രസ്താവിച്ചതാണ്. അങ്ങിനെ കാണിക്കേണ്ടതു് എന്റെ ചുമതലയാണെന്നുമാണ് ഞാൻ വിചാരിച്ചിരിക്കുന്നതു്.

[Sri A. J. John]

ശ്രീ. ശിവരാമപിള്ളയുടെ പ്രസ്താവനയിൽ കൊച്ചിയുടെ ധനസ്ഥിതി മോശമാണെന്നു പറഞ്ഞതു അത്ര ശരിയല്ല. ൬ കോടിയിൽ ശിഷ്ടം രൂപ കടമുണ്ടെന്നു പറഞ്ഞതു് ഒരു വിധത്തിൽ ശരിയാണ്. എന്നാൽ അതിൽ രണ്ടുകോടി ഇതുവരെ കടം വാങ്ങിയിട്ടുള്ളതല്ല. ഇൻഡ്യാഗവമെൻ്റ് പെരിങ്ങൽകുത്തിനും പീച്ചി സ്കീമിനുമായി രണ്ടുകോടി രൂപ കടം തരാമെന്നു പറഞ്ഞിട്ടുണ്ട്. അതു് ഇതുവരെ വാങ്ങിയിട്ടില്ല. അതുകൂടി കൂട്ടിയാൽ മാത്രമേ ആറുകോടി വരുകയുള്ളു. അതു വാങ്ങിയാൽതന്നെയും ആ സ്കീമിനുവേണ്ടി ഉപയോഗിക്കും. കടം തീർക്കുന്നതിലേക്കു് ശരിയായ സിങ്കിങ്ങ് ഫണ്ടു് ഇല്ലെന്നു പറയുന്നതും ശരിയല്ല. കടം തീർക്കുന്നതിലേക്കു് ൨൬൯ ലക്ഷംരൂപാ ബാങ്കുകളിലും മററു് gilt edged securities ആയിട്ടും കിടപ്പുണ്ടു്. തുറമുഖത്തിനും, മുനിസിപ്പാലിററികൾക്കുമായി ൯൭ ലക്ഷം രൂപായും കടം കൊടുത്തിട്ടുണ്ടു്. അടുത്ത കൊല്ലത്തേക്കുള്ള ബഡ്ജററിൽ സിങ്കിങ്ങ് ഫണ്ടിനു് വ്യവസ്ഥചെയ്തിട്ടില്ലെന്നു പറയുന്നതും ശരിയല്ല. ൨,൧൫,൦൦൦ രൂപാ സിങ്കിങ്ങ് ഫണ്ടു് ഇനത്തിൽ ചേർത്തിട്ടുണ്ടു്. ബഡ്ജററിൻെറ ൨-ാംവശത്തു് ൧൨ (ഡി)-ൽ അതു് കാണിച്ചിട്ടുണ്ടു്.

**Sri. K. Sivarama Pillai:** May I correct the Hon'ble Finance Minister. I never stated that no provision was made for sinking fund. What I stated was that our debt was not reduced by payment.

**ബഹു: ശ്രീ. എ. ജെ. ജോൺ:** എന്നാൽ ഞാൻ അതു് തെററിദ്ധരിച്ചു് പ്രസ്താവിച്ചതാണു്. കൊച്ചിയിലും സിങ്കിങ്ങ് ഫണ്ടിനു് വ്യവസ്ഥയുണ്ടെന്നു് മാത്രമെ എനിക്കു് പറയാനുള്ളു. ശ്രീ. താണുപിള്ള ഇൻകംടാക്സിനെസംബന്ധിച്ചും പ്രസ്താവിച്ചതായി കാണുന്നു. ഇൻകംടാക്സു് ഇപ്പോൾ ഭേദഗതിചെയ്തതു് സാധാരണക്കാരൻെറ ടാക്സു് കൂട്ടുകയും വലിയ ധനവാന്മാരുടെ ടാക്സ്റേററു് കുറയ്ക്കുകയും ചെയ്യുന്നു എന്നു് പറഞ്ഞതിൽ ഞാൻ അതിശയിക്കുന്നു. എൻെറ പ്രസംഗത്തിൽ വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്, ഇൻഡ്യയിലെ റേററു് തന്നെയാണു് ഇവിടെ സ്വീകരിക്കാൻ പോകുന്നതെന്നു്. അതിൻപ്രകാരം മൂവ്വായിരം രൂപാവരെയുള്ളവക്കു് ആദായനികുതി ഉണ്ടായിരിക്കുന്നതല്ലെന്നും, മൂവ്വായിരം മുതൽ അയ്യായിരംവരെ ഉള്ളവക്കു് ഇൻഡ്യയിലെ റേററു് കുറവാണെന്നും (അതായതു്, തിരുവിതാംകൂറിൽ ഇപ്പോൾ നിലവിലിരിക്കുന്ന റേററിനേക്കാൾ കുറവാണെന്നും) ആ റേററുതന്നെയാണു് ഇപ്പോൾ സ്വീകരിക്കാൻ പോകുന്നതെന്നും കൂടുതൽ ആദായമുള്ളവരുടെ റേററു് ഇപ്പോൾ തിരുവിതാംകൂറിൽ ഇരിക്കുന്നതിൽനിന്നും വളരെ കൂടുതലാണെന്നുമാണു് ഞാൻ പറഞ്ഞതു്. അതിൽനിന്നും എങ്ങനെയാണു് അദ്ദേഹം ഇത്തരം ഒരു പ്രസ്താവന ചെയ്തതെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഇൻകംടാക്സു് Federal-financial integration-ഓടുകൂടി സെൻട്രൽ സബ്ജക്ററു് ആകും. ആ സ്ഥിതിക്കു് അതു് നടപ്പിൽ വരുമ്പോൾ ഇൻകംടാക്സു് റേററുകൾ ഇൻഡ്യയിലുള്ളതുപോലെ ഇവിടേയും നടപ്പിൽ വരുന്നതുമാണു്.

അടുത്തതായി, ശ്രീ. ചിദംബരനാഥനാടാരുടെ പ്രസംഗത്തിൽ, ഇറിഗേഷൻ സംബന്ധിച്ചോ പെരുഞ്ചാണിസ്കീം സംബന്ധിച്ചോ യാതൊന്നും ബഡ്ജററിൽ ചേർത്തിട്ടില്ലെന്നു പറഞ്ഞിട്ടുള്ളതു് അടിസ്ഥാനരഹിതമാണു്. ബഡ്ജററിൻെറ ൨൧൪-ാംവശത്തു് ഇതിലേക്കു് വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ൪ ലക്ഷം രൂപാ ഇതിലേക്കു് ബഡ്ജററിൽ ചേർത്തിട്ടുണ്ടു്. അദ്ദേഹത്തിൻെറ ശ്രദ്ധയെ ബഡ്ജററിൻെറ ആ ഭാഗത്തേക്കു് ക്ഷണിച്ചുകൊള്ളുന്നു. പിന്നെ മുട്ടം വാട്ടർസപ്ലൈക്കു് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലെന്നു് അദ്ദേഹം പറയുകയുണ്ടായി. അതു് ശരിയാണു്. കോസ്റ്റൽ വാട്ടർസപ്ലൈയ്ക്കു് ൫൦,൦൦൦ രൂപാ പൊതുവായി ചേർത്തിട്ടുണ്ടു്. അതിൽ ഒരു ഭാഗം അവിടത്തേയ്ക്കും ഉപയോഗപ്പെടുന്നതാണു്.

തിരുവനന്തപുരത്തുനിന്നും നാഗർകോവിലിലേയ്ക്കു് തീവണ്ടി നീട്ടുന്നതിനെപ്പററി ബഡ്ജററിൽ ഒന്നുംതന്നെ പറഞ്ഞിട്ടില്ലെന്നു് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആ സംഗതി ഇൻഡ്യാഗവമെൻ്റിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ശ്രമിക്കുന്നതാണെന്നാണു് എനിക്കു് ഇതിനു് സമാധാനമായി പറയാനുള്ളതു്.

ശ്രീ. നീലകണ്ഠപ്പിള്ളയുടെ പ്രസ്താവനയിൽ ബഡ്ജററിൽ കഴിഞ്ഞകൊല്ലം അനുവദിച്ചിരുന്നതിൽനിന്നും രണ്ടര കോടി രൂപാ ഇക്കൊല്ലം കൂടുതലായി ചെലവാക്കിയെന്നു് പറയുകയുണ്ടായി. അതു് എവിടെനിന്നു് അദ്ദേഹത്തിനു് കിട്ടി എന്നു അറിയുന്നില്ല. തിരുവിതാംകൂറിലുള്ള വരവു് ൭,൨൯,൦൦,൦൦൦ രൂപായും ചെലവു് ൯,൫൯,൦൦,൦൦൦

രൂപായുമാണ്. അതിൽനിന്നും ൧൨൦ ലക്ഷം രൂപാ മാത്രമെ കൂടുതലായി ചെലവാക്കിയിട്ടുള്ളു എന്നു് കാണാൻ സാധിക്കും. എന്റെ ബഡ്ജററു് പ്രസംഗത്തിൽ പറഞ്ഞതുപോലെ ൧൩൩ ലക്ഷം രൂപാ ഫുഡ് സബ്സിഡി ഇനത്തിൽ ചേർത്തിട്ടില്ലായിരുന്നതും പലിശ സംബന്ധിച്ചു ഒരു ൧൮ ലക്ഷം രൂപായും കൂടിച്ചേർന്നാണു് ഇതു് വന്നിട്ടുള്ളതു്. ഇതിൽ പലിശ ഇനം വോട്ടുചെയ്യത്തക്കതല്ലാ. അങ്ങിനെ ൧൫ ലക്ഷം രൂപയാണു് കൂടുതൽ വന്നതു്. അതുകൊണ്ടു് സഭയുടെ അറിവുകൂടാതെ രണ്ടരക്കോടി രൂപാ എങ്ങിനെ ചിലവാക്കിയെന്നു ചോദിക്കുന്നതിന്റെ അത്ഥം എനിക്കു് മനസ്സിലാകുന്നില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: വരവും ചിലവുമായുള്ള വ്യത്യാസം ൨ കോടിയിൽ ചിലപ്പാനം ഉണ്ടെന്നാണു് ഞാൻ പറഞ്ഞതു്.

ബഹു. ശ്രീ. എ. ജെ. ജോൺ: ഒന്നുകൂടി കണക്കുകൂട്ടി നോക്കിയാൽ ശരിയായിരിക്കും.

റവന്യൂബോർഡിനെപ്പററിയും ചില ബഹുമാനപ്പെട്ട മെമ്പർമാർ പ്രസ്താവിക്കുകയുണ്ടായി. റവന്യൂബോർഡു് സ്ഥാപിച്ചിട്ടുള്ളതുകൊണ്ടു് പല ഡിപ്പാർട്ടുമെണ്ടു് മേധാവികളേയും കുറച്ചു് ഗവമ്മെണ്ടിനു് ഒരു വലിയ തുക ലാഭമുണ്ടാക്കാൻ സാധിക്കും. അതുപോലെതന്നെ പബ്ലിക്കു് സർവ്വീസ് കമ്മീഷൻകൊണ്ടും ഗവമ്മെണ്ടിലേക്കും ജനങ്ങൾക്കും സാരമായ ഗുണം ഉണ്ടാകുമെന്നാണു് ഉദ്ദേശിക്കുന്നതു്. അതു് തിരുവിതാംകൂർ നിയമസഭയിൽ തന്നെ പലപ്പോഴും വലിയ വാദപ്രതിവാദത്തിനു് ഇടനൽകിക്കൊണ്ടിരുന്ന ഒരു വിഷയമാണു്. അങ്ങിനെയുള്ള പൊതുജനങ്ങളുടെ അഭിപ്രായപ്രകടനത്തെ ആദരിച്ചു് പ്രവത്തിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ കമ്മീഷൻ ഗവമ്മെണ്ടു് രൂപീകരിച്ചിട്ടുള്ളതു്. ഈ കമ്മീഷനിലുള്ള അംഗങ്ങളെപ്പററി പൊതുവായി ആരുംതന്നെ ഒന്നും പ്രസ്താവിച്ചുകേട്ടില്ല. എന്നാൽ അതിൽപെട്ട ഒരംഗത്തെ പൊളിററിക്കൽ പ്രഷർകൊണ്ടാണു് നിയമിച്ചതെന്നുള്ള ഒരാരോപണം കേൾക്കുകയുണ്ടായി. ആ ആരോപണം അടിസ്ഥാനരഹിതമാണെന്നു് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

**Mr. Speaker:** Do you want more time to finish your speech?

**The Hon'ble Sri. A. J. John:** Sir, I want ten minutes more.

**Mr. Speaker:** The Finance Minister will have ten minutes more and the remaining business, as I announced earlier, will commence thereafter.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: കൊച്ചിയിൽ അടുത്തകാലത്തു് ഉദ്യോഗസ്ഥന്മാരെ സ്ഥിരപ്പെടുത്തിയതായി ഞാൻ പറഞ്ഞു.

ബഹു. ശ്രീ. എ. ജെ. ജോൺ: മിസ്റ്റർ നീലകണ്ഠപ്പിള്ള അങ്ങനെ ഒരു പ്രസ്താവന ചെയ്തതായി ഞാൻ ഓർമ്മിക്കുന്നുണ്ടു്. അതു് സംബന്ധിച്ചു് ഗവമ്മെണ്ടു് അന്വേഷിക്കുന്നതാണെന്നു മാത്രമെ തല്ക്കാലം പറയാൻ നിവൃത്തിയുള്ളു.

ഗവമ്മെണ്ടു് സർവ്വീസിൽ ഇപ്പോഴും കൈക്കൂലിയും അഴിമതിയും മററും നടക്കുന്നുണ്ടെന്നു മിസ്റ്റർ ജോസഫ് മാളിയേയ്ക്കൽ പറയുകയുണ്ടായി. അതിനു് ശരിയായ പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയാണു് ആൻറി കറപ്ഷൻബിൽ ഉണ്ടാക്കിട്ടുള്ളതു്. അതു് നടപ്പിൽ വരുന്നതോടുകൂടി അതെല്ലാം അവസാനിക്കുമെന്നു് ഗവമ്മെണ്ടു് പ്രതീക്ഷിക്കുന്നു

**Sri A. Thanu Pillai:** I have got a very important question affecting the principles. I find that provision has been made under head "XXXVI Miscellaneous" for political expenditure of Rs. 4,36,000 which is made non-votable. I wish to know under what law it is treated as non-votable.

**The Hon'ble Sri. A. J. John:** Section 16 of the Ordinance provides that "if any question arises whether any proposed appropriation of revenues or moneys does or does not relate to the above head of expenditure the decision of the Government shall be final" അതായതു് റൂളിൽ അതു സംബന്ധിച്ചു് വ്യവസ്ഥയൊന്നുമില്ല. കഴിഞ്ഞകൊല്ലംവരെ ഇതു ഐറ്റം നോൺവോട്ടബിൾ ആയിരുന്നു. അതിനെ അടിസ്ഥാനമാക്കി ഇക്കൊല്ലവും അങ്ങിനെ ചെയ്തു എന്നേയുള്ളു. ബഹുമാനപ്പെട്ട മെമ്പർമാർക്കു് ഇതു് വോട്ടബിൾ ആക്കണമെന്നാണു് അഭിപ്രായമെങ്കിൽ അതിനെപ്പററി ഗവമ്മെണ്ടു് കാര്യമായി ആലോചിക്കുന്നതാണു്.

**Sri. A. Thanu Pillai:** Then, Sir, I have to say one word about that.

**Mr. Speaker:** No discussion is allowable on the Minister's Statement. Without creating a precedent I allow the member to say what he has to say on the matter in question by way of explaining his position.

**An Hon'ble Member:** Is this a special consideration?

**Mr. Speaker:** I have allowed the member to speak.

ശ്രീ. കെ. എ. മാത്യു: ആ പ്രിവിലേജ് മററുള്ളവക്കും ഉണ്ടായിരിക്കുമോ?

മി. സ്പീക്കർ: സന്ദർഭം അനുസരിച്ചു ആവശ്യമെന്നു കണ്ടാൽ ഉണ്ടായിരിക്കും.

ശ്രീ. എ. താണുപിള്ള: ഈ ബഡ്ജററ് ഇവിടെ അവതരിപ്പിക്കാതെ ചിലവ് മുഴുവൻ ഗവമ്മെണ്ട് അനുവദിച്ചിരിക്കുന്നതായി തീരുമാനിച്ചു എന്നുപറഞ്ഞാൽ ഞങ്ങൾക്ക് ഈ സമയം ചെലവുചെയ്യാതെ കഴിക്കാമായിരുന്നു. കവനൻറ് അനുസരിച്ച് മഹാരാജാവിൻെറ ചിലവിലേക്കും ദേവസ്വം ചിലവിലേക്കും ഉള്ള തുകകൾ മാത്രം നിയമസഭയിൽ കൊണ്ടുവരണ്ടാ എന്നാണ്. അങ്ങിനേയുള്ള ഒന്നല്ല ഇതു്. വിട്ടുപോയതുകൊണ്ടോ മറോ വല്ല തെററുകളും വന്നുപോയിട്ടുണ്ടെങ്കിൽതന്നെ അവയെ ശരിപ്പെടുത്തുന്നതിനു് ഇതു് ഒരു ഡിമാൻറായി കൊണ്ടുവരുമെന്നായിരുന്നു ഞാൻ വിചാരിച്ചതു്. അതിനുള്ള മനക്കരുത്തില്ലാതെ ഇതിൽനിന്നു് രക്ഷനേടാമെന്നു വിചാരിച്ചു. നമ്മുടെ സമ്മതത്തോടെ ഈ തുക ചിലവിടണമെന്നുണ്ടെങ്കിൽ അതു് ഒരു ഡിമാൻറായിട്ടുതന്നെ കൊണ്ടുവരണം. ഇപ്പോഴത്തെ കവനൻറിലും ഇന്നത്തെ ഗവമ്മെണ്ടിൻെറ നിയമത്തിലും അങ്ങിനെ ഒരു പ്രൊവിഷൻ ഇല്ല. കോൺസ്റ്റിററ്യൂഷനൽ ആയിട്ടു് നോക്കുകയാണെങ്കിൽ ഇതു് ഒരു ഡിമാൻറായി കൊണ്ടുവന്നെങ്കിൽമാത്രമെ ന്യായമായ നടപടിയാകയുള്ളു. ഫൈനാൻഷ്യൽ സെക്രട്ടറി ഒരു തെററുചെയ്തു. അദ്ദേഹം ഈ ഡിമാൻറിനെക്കുറിച്ചു നോക്കിയില്ല. അതിനാൽ എല്ലാവരും തെററുചെയ്തു. ഫൈനാൻസു് മിനിസ്റ്റർ അതു് സാധൂകരിക്കാൻ വരുന്നതിലാണ് എനിക്കു് സങ്കടം തോന്നുന്നതു്.

ശ്രീ. എം. ഐ. പോൾ: കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ വ്യത്യാസമുണ്ടെന്നു പറഞ്ഞു. അതു് ഏകീകരിക്കുന്ന കാലത്തു് റിട്രോസ്പെക്ററീവു് ഇഫെക്ററ് കൊടുക്കുമോ?

മി. സ്പീക്കർ: മേലാൽ ഗവമ്മെണ്ടു് സ്വീകരിച്ചേക്കാവുന്ന നടപടിയുടെ ഡിറെറയിൽസിനെപ്പററിയുള്ള ചോദ്യങ്ങൾക്കു് ഈ അവസരിൽ സ്ഥാനമില്ല.

## DEMANDS FOR SUPPLEMENTARY GRANTS

**Mr. Speaker :** The Hon'ble Sri. N. Kunjuraman will move for a grant of Rs. 17,100.

**Sri. K. Sivarama Pillai :** On a point of order. The Hon'ble Minister is not in order in moving this grant under Rule 44. Rule 44 says "When money has been spent on any service for which the vote of the Assembly is necessary during any financial year in excess of the amount granted for that service and for that year, a demand for the excess shall be presented to the Assembly by the Finance Minister..." And no other Minister is competent to place a demand before the House. It is very imperative.

**Mr. Speaker :** In respect of that, I shall give a ruling covering the main points relevant to the issue.

(ബി) ഇതിൽ ഈ ശമ്പളത്തിനു് പുറമെ കൂടുതൽ അലവൻസു് എത്രപേൎക്കു് കൊടുക്കുന്നു; ആരെക്കെല്ലാം?

ബഹു. ശ്രീ. എ. ജെ. ജോൺ: (എ) ൪൦. (ബി) ൮.

(൧) ശ്രീ. കെ. ജി. മേനോൻ, ചീഫ്സെക്രട്ടറി
(൨) ,, സി. പി. ഗോപാലപണിക്കർ, ഫുഡ്പ്രൊഡക്ഷൻ ആഫീസർ
(൩) ,, എ. എസ്. ദാമോദരനാശാൻ, ഒന്നാംമെമ്പർ, റെവന്യൂബോർഡ്
(൪) ,, എം. ശിവരാമമേനോൻ, സ്പെഷ്യലോഫീസർ, നിയമസംയോജനം
(൫) ,, ടി. കെ. കോശി, വിദ്യാഭ്യാസഡയറക്ടർ
(൬) ,, പി. ജോസഫ്ജോൺ, ഇലക്ട്രിക്കൽ എഞ്ചിനീയർ
(൭) ഡോക്ടർ ഇ. എസ്സ്. ആർ. മേനോൻ, പബ്ലിക്ക്ഹെൽത്തു് ഡയറക്ടർ (കൊച്ചി)
(൮) ലഫ്റ്റനന്റ് കേണൽ സി. എസ്സ്. സുബ്ബയ്യാ, കമാൻഡന്റ്,
സ്റ്റേറ്റുഫോഴ്സസ്, (കൊച്ചി)

ശ്രീ. സി. സി. പ്രസാദ്: ഇതിൽ ഹരിജനങ്ങൾ എത്രയാണെന്നു പറയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഹരിജനങ്ങളുടെ ലിസ്റ്റ് ചോദിച്ചിട്ടില്ലാത്തതുകൊണ്ടു് തയ്യാറാക്കിയിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: ഇപ്പോൾ വായിച്ചതിൽ ഹരിജനങ്ങൾ എത്രയാണെന്നു പറയുന്നതിനു് പ്രത്യേകം ലിസ്റ്റ് വേണമെന്നില്ലല്ലോ?

ബഹു. ശ്രീ. എ. ജെ. ജോൺ: അതിൽ ഹരിജനങ്ങൾ എത്രയുണ്ടെന്നു മെമ്പർതന്നെ ഊഹിച്ചുകൊള്ളുകയാണു് നല്ലതു്.

ശ്രീ. ദേവകീഗോപീദാസ്സ്: ഇങ്ങനെ എഴുന്നൂററമ്പതു രൂപയിൽ കൂടുതൽ ശമ്പളം വാങ്ങുന്ന ആളുകൾക്കു് അലവൻസ് കൊടുക്കുന്നതു് ശരിയല്ലെന്നു ഗവമ്മെണ്ടിനു് തോന്നിയിട്ടില്ലേ?

ബഹു. ശ്രീ. എ. ജെ. ജോൺ: പല അലവൻസുകളും ഇതിനകംതന്നെ നിറുത്തിയിട്ടുണ്ടു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: സംയോജനത്തിനുശേഷം എഴുന്നൂററി അൻപതു രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരെ എത്രപേരെ സൃഷ്ടിച്ചിട്ടുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഗവമ്മെണ്ടു് യാതൊരു ഉദ്യോഗസ്ഥന്മാരേയും സൃഷ്ടിച്ചിട്ടില്ല. (ചിരി)

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: പഴയ ഉദ്യോഗസ്ഥന്മാക്കാക്കെങ്കിലും ൭൫൦ രൂപയിൽ കൂടുതൽ ശമ്പളമാക്കി കൂട്ടിക്കൊടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. എ. താണുപിള്ള: സംയോജനത്തിനുശേഷം ൭൫൦ രൂപയിൽ കൂടുതൽ ശമ്പളമുള്ള യാതൊരു ഉദ്യോഗങ്ങളും സൃഷ്ടിച്ചിട്ടില്ലെന്നാണോ പറയുന്നതു്?

ബഹു. ശ്രീ. എ. ജെ. ജോൺ: പുതുതായി ഉദ്യോഗങ്ങൾ സൃഷ്ടിച്ചിട്ടില്ല. നിയമസംയോജനം സംബന്ധിച്ചു് ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ടു്. പബ്ലിക്ക്സർവ്വീസ് കമ്മീഷൻ അംഗങ്ങളെ നിയമിച്ചിട്ടുണ്ടു്.

ശ്രീ എം. ഭാസ്കരമേനോൻ: ഇങ്ങനെ ചിലക്കു് ൭൫൦ രൂപയിൽ കൂടുതൽ ശമ്പളം കൊടുക്കാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: പ്രത്യേക കാരണം ഉണ്ടു്.

**Sri. A. Nesamony:** May I know, does the list include the Financial Secretary whose appointment has been reported recently?

**The Hon'ble Sri. A. J. John:** No.

**Sri. A. Nesamony:** May I know whether any such appointment has been made?

**The Hon'ble Sri. A. J. John:** It is sought to be made.

**Sri. A. Nesamony:** Am I to take it that he has not yet taken charge?

**The Hon'ble Sri. A. J. John:** No.

**Sri. A. Nesamony:** Was it an appointment by this Government?

**The Hon'ble Sri. A. J. John:** By the Government of the United State of Travancore and Cochin.

**Sri. A. Thanu Pillai:** What is the pay of that new Financial Secretary?

**The Hon'ble Sri. A. J. John:** It will be less than Rs. 750.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഏററവും ഉയന്ന ശമ്പളം എത്രയായിരിക്കണമെന്നു് ക്ലിപ്തപ്പെടുത്താൻ ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: അതേപ്പററി ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടു്.

## ആലുവാപുഴയിൽ പാലം പണിയുന്ന സംഗതി

* ൨൩൫. ശ്രീ. കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലുവാപ്പുഴയിൽ ഒരു പാലം ഉണ്ടാക്കാൻ കൊച്ചി തിരുവിതാംകൂർ ഗവമ്മെണ്ടുകൾ ആലോചിച്ചുവരുന്നതായി അറിയാമോ;

(ബി) യൂണിയൻ ഗവമ്മെണ്ടു് ഇപ്പോൾ അതിനെപ്പററി ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആലോചനയുടെ ഫലം എങ്ങിനെയിരിക്കുന്നു എന്നു് പറയാമോ; ഇല്ലെങ്കിൽ അക്കാര്യം ഗവമ്മെണ്ടു് അടിയന്തിരമായി ആലോചിക്കുമോ;

(സി) ആലുവാ റെയിൽവേപാലം റോഡുപാലവും കൂടിയായി മാററുന്ന കാര്യം ആലോചനയിൽ ഉണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) അറിയാം.

(ബി) ഉണ്ട്. സെൻട്രൽ ഗവമ്മെണ്ടിൻെറ നാഷണൽ ഹൈവേ സ്കീമിൻെറ ഒരു ഭാഗമായി ഈ വർഷത്തിൽ കഴിയുന്നതും വേഗത്തിൽ നടത്താനാണ് ഗവമ്മെണ്ടുദ്ദേശിക്കുന്നതു്.

(സി) ഉണ്ട്.

## കൊച്ചി തിരുവിതാംകൂർ സംസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാരുടെ ആകെ ശമ്പളത്തുക

* ൧൩൩. ശ്രീ. കെ. സി. എം. മേത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി തിരുവിതാംകൂർ സംസ്ഥാനങ്ങളിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ആകെ എത്രയായിരുന്നു;

(ബി) സംയോജനത്തോടുകൂടി ശമ്പളം വകയിൽ എത്ര സംഖ്യ കുറവുവരും എന്നാണ് കണക്കാക്കിയിരിക്കുന്നതു്;

(സി) ഇതുവരെ ശമ്പളം ഇനത്തിൽ എത്ര കുറവ് വരുത്തിയിട്ടുണ്ടെന്നു ദയവായി പറയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ:

(എ) ൩൯൦.൭൯ ലക്ഷം രൂപാ (൧൧൨൪-ലെ എസ്റ്റിമേററ്).

| | | |
|---|---|---|
| തിരുവിതാംകൂറിൽ | — | ൩൧൨.൦൭ ലക്ഷം രൂപാ |
| കൊച്ചി | — | ൭൮.൭൨ ലക്ഷം രൂപാ |

(ബിയും സിയും) വിവിധഡിപ്പാർട്ടുമെൻറുകളുടെ സംയോജനപരിപാടി പൂർത്തിയായതിനുശേഷമെ കുറവുവരുത്താവുന്ന ശമ്പളത്തുക നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ചെല്ലസ്വാമി നാടാർ: സംയോജനത്തിനുശേഷം ശമ്പളച്ചിലവിൽ കുറവു വരുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: തീർച്ചയായും വളരെ സാരമായ സംഖ്യ കുറവുവരുത്തുന്നതാണ്.

## ലോക്കൽ ബോർഡുകൾ

* ൧൩൭. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

ഈ യൂണിയനിൽപ്പെട്ട ഡിസ്ട്രിക്ടുകളിൽ മററ സംസ്ഥാനങ്ങളിലെന്നപോലെ ഓരോ ലോക്കൽ ബോർഡു സ്ഥാപിക്കുവാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ മുതല്ക്കാണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആലോചനയില്ല.

## ട്രാൻസ്പോർട്ട് ദേശീകരണം

* ൧൩൮. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

യൂണിയൻ സ്റ്റേററിലെ എല്ലാ ട്രാൻസ്പോർട്ടുകളും ദേശീയവല്ക്കരിക്കുവാൻ വല്ല പദ്ധതികളും ഗവമ്മെണ്ടു് ആലോചനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ അവ എതെല്ലാം?

**The Hon'ble Sri. E. John Philipose:** There is no scheme at present to nationalise all forms of transport.

ശ്രീ. പി. എം. വർഗ്ഗീസ്: എതെങ്കിലും സ്കീം ഉണ്ടാകുമ്പോൾ പ്രൈവററ് ഏജൻസികൾക്കു് നേരത്തെ നോട്ടീസു കൊടുക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ആവശ്യമാണെന്നു കാണുമ്പോൾ നേരത്തെ നോട്ടീസു കൊടുക്കുന്നതാണ്.

**Sri. R. K. Ram:** Is there any proposal to de-nationalise the Transport Scheme?

(No answer.)

### മില്ലുകാക്ക് അനുവദിച്ചിട്ടുള്ള ഷ്റിങ്കേജ്

*൧൧൯. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

മില്ലുകാക്ക് അനുവദിച്ചുകൊടുത്തിട്ടുള്ള ഷ്റിങ്കേജ് ഏതെല്ലാം കാലത്തെ നെല്ലിനാണ്; അവ എത്ര ശതമാനം ആണ്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: മില്ലുകാക്ക് സാധാരണയായി ഷ്റിങ്കേജ് അനുവദിച്ചുകൊടുക്കാറില്ല. എന്നാൽ നനവുള്ള നെല്ല് കൃഷകരിൽനിന്നും വാങ്ങിക്കുമ്പോൾ നെല്ലിന്റെ തരവും നനവിന്റെ കൂടുതൽ കുറവും അനുസരിച്ച് ഒരു ഷ്റിങ്കേജ് അലവൻസ് വകവച്ച് എടുക്കാറുണ്ട്. ആ നെല്ലുതന്നെ മില്ലുകാരെ ഏൽപ്പിക്കുമ്പോൾ ഗവമ്മെണ്ടിലേക്കു ലഭിച്ച ഷ്റിങ്കേജ് അലവൻസ് മില്ലുകാക്കും വകവെച്ചുകൊടുക്കുന്നു. സാധാരണയായി അതു പത്തുശതമാനംവരെയാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: തിരുവിതാംകൂറിൽ ഇങ്ങനെ മില്ലുകാക്ക് ഷ്റിങ്കേജ് അനുവദിച്ചുകൊടുക്കുന്നുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: തിരുവിതാംകൂറിൽ മില്ലുകാക്കു നെല്ലു കൊടുക്കുന്നില്ല.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഓരോ മില്ലുകാക്കും ഓരോ ജാതി ഷ്റിങ്കേജാണോ കൊടുക്കുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതു ക്ലിപ്തപ്പെടുത്തിയിട്ടില്ല. നെല്ലിന്റെ തരവും നനവിന്റെ കൂടുതൽ കുറവും അനുസരിച്ചാണെന്നു നേരത്തെ പറഞ്ഞു.

ശ്രീ. അയ്യാട്ട് ഈച്ചരമേനോൻ: ചില മില്ലുകാക്ക് ചില പ്രത്യേക നിരക്കനുസരിച്ച് ഷ്റിങ്കേജ് കൊടുക്കുന്നു എന്നു പറയുന്നതു ശരിയാണോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതു ശരിയല്ല.

### ഭക്ഷ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാർ

*൧൨൦. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൧൧൭-നുശേഷം ഭക്ഷ്യവകുപ്പിൽ സേവനം നടത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ധനസ്ഥിതിയെപ്പററി ഒരു സ്ഥിതിവിവരക്കണക്ക് എടുക്കുവാൻ ഗവമ്മെണ്ടിനു സന്നദ്ധതയുണ്ടാകുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഭക്ഷ്യവകുപ്പിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ധനസ്ഥിതിയെപ്പററി പ്രത്യേകമായി സ്ഥിതിവിവരക്കണക്ക് എടുക്കേണ്ടതു് ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടാൽ അപ്രകാരം ചെയ്യാവുന്നതാണ്. ഭക്ഷ്യവകുപ്പിൽ എല്ലാ ഡിപ്പാർട്ടുമെണ്ടിലേയും ഉദ്യോഗസ്ഥന്മാർ അവരുടെ ധനസ്ഥിതിയെ സംബന്ധിച്ച് സ്ഥിതിവിവരക്കണക്കുകൾ അയക്കണമെന്ന് ഗവമ്മെണ്ടു് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഭക്ഷ്യവകുപ്പിൽ സേവനം നടത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ അവരുടെ യഥാത്ഥ ധനസ്ഥിതിയെ സംബന്ധിച്ചുള്ള സ്ഥിതിവിവരം ഗവമ്മെണ്ടിനെ അറിയിച്ചിട്ടില്ലെന്നു ബോദ്ധ്യപ്പെടുത്തിയാൽ തീച്ചയായും ഗവമ്മെണ്ട് നടപടി നടത്തുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: തീച്ചയായും.

### ചിററൂർ ഡെമോൺസ്ട്രേഷൻ ഫാം

*൧൨൧. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചിററൂരിൽ ഡെമോൺസ്ട്രേഷൻ ഫാം സ്ഥാപിക്കുവാൻ കഴിഞ്ഞ ബഡ്ജററിൽ വകയിരുത്തിയ ൧,൦൦൦ രൂപാ എന്തുചെയ്തു;

(ബി) farm സ്ഥാപിക്കാതിരിപ്പാൻ പ്രത്യേക കാരണം എന്തായിരുന്നു?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) പതിനായിരം രൂപായാണ് ൧൧൨൪-ാമാണ്ടത്തെ ബഡ്ജററിൽ ചിററൂർ ഫാറത്തിന് വക കൊള്ളിച്ചിരുന്നത്. ഫാറം ഇപ്പോൾ സ്ഥാപിക്കേണ്ടെന്ന് ഉത്തരവായപ്പോൾ മററടിയന്തിരാവശ്യങ്ങളിലേക്ക് പോരാതെവന്ന സംഖ്യ ഈ പതിനായിരം രൂപായിൽനിന്ന് മാററി ചിലവു ചെയ്കയാണ് ചെയ്തത്.

(ബി) ഫാറത്തിന് ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്യുന്ന കാര്യത്തിൽ സ്ഥലമുടമസ്ഥന്മാരുടെ ആക്ഷേപങ്ങൾ കാരണം അക്വിസിഷൻ പലതവണയും നീട്ടേണ്ടതായി വരികയാലും ഭൂമി അക്വയർ ചെയ്യുന്നതിലുള്ള ഭാരിച്ച വ്യയത്തെ പരിഗണിക്കയാലും തൽക്കാലം ഫാറം വേണ്ടെന്നുവച്ചതാണ്.

ശ്രീ. എം. ഐ. പോൾ: സ്ഥലം ഉടമസ്ഥന്മാരുടെ ആക്ഷേപങ്ങൾകൊണ്ടു മാത്രമാണോ ഫാറം തല്ക്കാലം വേണ്ടെന്നു വച്ചതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: മൂന്നോ നാലോ സ്ഥലങ്ങൾ എടുക്കുന്നതിനായി ഗവമ്മെണ്ട് ആലോചിച്ചു. അവക്കെല്ലാം ആക്ഷേപങ്ങൾ സ്ഥലം ഉടമസ്ഥന്മാരിൽനിന്നും ഉണ്ടായിട്ടുണ്ടു്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: അത്യാവശ്യകാര്യങ്ങൾക്ക വേണ്ടിവന്നാൽ ഭൂമി അക്വയർ ചെയ്യേണ്ടതല്ലേ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അങ്ങിനെ അത്യാവശ്യമാണെന്നു തോന്നിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: വ്യക്തികൾക്ക് ദോഷം വരുമെന്നു കരുതിയാണോ സ്ഥലം അക്വയർ ചെയ്യാതിരുന്നതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: കൂടുതൽ സൗകര്യം നോക്കിയായിരിക്കും അങ്ങനെ തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ: വലിയ ആളുകളുടെ ആക്ഷേപങ്ങൾ വന്നതുകൊണ്ടല്ലേ അവിടെ ചില സ്ഥലങ്ങൾ എടുക്കാതിരുന്നതു്; അതുകൊണ്ടല്ലേ തല്ക്കാലം ഫാറം വേണ്ടെന്നുവച്ചതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതിനു നോട്ടീസുവേണം.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്: മന്ത്രി ആ സ്ഥലങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഒരു സ്ഥലം ഞാൻ കാണുകയുണ്ടായി.

**Sri. K. P. Nilakanta Pillai:** May I know whether it is the policy of Government to start more demonstration farms?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അങ്ങനെ ആവശ്യമെന്നു തോന്നുമ്പോൾ അതേപ്പററി ആലോചിക്കുന്നതാണ്.

## GROW MORE FOOD SYSTEM

*** 172. Sri. V. K. Varghese:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) the total expense incurred by the State of Travancore in 1123 for the 'Grow More Food' system;

(*b*) how many officers are employed for this; and

(c) what is the nature of the work of these officers?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Rs. 12,63,000 approximately.

(*b*) Three Special Assistant Peishkars, one for each division, Thirty Taluk Assistants, one for each Taluk, and Two Hundred Food Production Accountants distributed among the Taluks.

(c) Ascertaining local requirements for (1) extending cultivation (2) avoidance of crop loss and (3) the stepping up of production and facilitating the expeditious completion of the various schemes selected and started by Government in furtherance of the above objectives.

ശ്രീ. വി. കെ. വർഗ്ഗീസ്: ഈ ഗ്രോ മോർ ഫുഡ് സിസ്റ്റം ഒരു നഷ്ടത്തിലാണെന്നു ഗവമ്മെണ്ടിനു വിചാരമുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഗ്രോ മോർ ഫുഡ് സിസ്റ്റം തൃപ്തികരമായിട്ടാണ് ഗവമെന്റിനു ബോദ്ധ്യപ്പെട്ടിട്ടുള്ളതു്.

ശ്രീ. വി. കെ. വർഗ്ഗീസ്സ്: ഈ ഉദ്യോഗസ്ഥന്മാരുടെ ജോലിയുടെ സ്വഭാവം എന്താണു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: കൃഷി വിപുലപ്പെടുത്തുന്നതിനും വിളവിനു നഷ്ടമുണ്ടാകാതിരിക്കുന്നതിനും വേണ്ട ഉപദേശങ്ങൾ കൊടുക്കുന്നതിനും അതിലേക്കാവശ്യമായ പദ്ധതികൾ പൂർത്തിയാക്കുന്നതിനുമാണു്.

ശ്രീ. വി. കെ. വർഗ്ഗീസ്സ്: ഇതുമൂലം എത്രശതമാനം ഭക്ഷണസാധനങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: എത്രശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു ക്ലിപ്തമായി പറയുവാൻ നിവൃത്തിയില്ല. അനുഭവത്തിൽ കൃഷി വർദ്ധിച്ചിട്ടുണ്ടെന്നു ഗവമെണ്ടിനു വിശ്വാസമുണ്ടു്.

ശ്രീ. വി. കെ. വർഗ്ഗീസ്സ്: ഇതേസംബന്ധിച്ചു കണക്കുകൾ വല്ലതും സൂക്ഷിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ക്ലിപ്തമായ കണക്കുകൾ സൂക്ഷിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. പി. എം. വർഗ്ഗീസ്സ്: കൃഷി വർദ്ധിച്ചിട്ടുണ്ടെന്നു് കണക്കില്ലാതെ എങ്ങനെ മനസ്സിലായി?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: കൂടുതൽ ഭൂമി കൃഷിക്കുപയോഗിക്കുന്നതുകൊണ്ടു കൂടുതൽ വിളവുണ്ടെന്നു് ഗവമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടു്.

ശ്രീ. വി. കെ. വർഗ്ഗീസ്സ്: ഇതിലേക്കായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കു കൊടുക്കുന്ന ശമ്പളംകൊണ്ടു് കൃഷിക്കാർക്കു വിത്തും വളവും വാങ്ങിച്ചുകൊടുത്താൽ കൂടുതൽ പ്രയോജനകരമായിരിക്കുകയില്ലേ?

മിസ്റ്റർ സ്പീക്കർ: അതു അഭിപ്രായം ചോദിക്കുകയാണു്.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഇതിൽ മൂന്നു അസിസ്റ്റന്റു് പേഷ്കാർ ഉദ്യോഗം വേണ്ടെന്നുവച്ചിട്ടുണ്ടു്.

ശ്രീ. വി. കെ. വർഗ്ഗീസ്സ്: ഭക്ഷണസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരനുദ്യോഗസ്ഥക്കമ്മിററിയെ നിയമിക്കാൻ ഗവമെണ്ടു് തയ്യാറാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഒരു അഡൈ്വസറിക്കമ്മിററി നിയമിക്കുവാൻ ഗവമെണ്ടു് തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. എൻ. വി. ചാക്കോ: ഈ ഗ്രോ മോർ ഫുഡ് സിസ്റ്റത്തിനു കൂടുതൽ തുക ചിലവായതു അനുസരിച്ചുള്ള അഭിവൃദ്ധി ഉണ്ടായിട്ടുണ്ടോ? അതേപ്പററി ശരിയായ ഒരു സ്റ്റാററിസ്റ്റിക്സ് എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ശരിയായിട്ടുള്ള സ്റ്റാററിസ്റ്റിക്സ് വരുന്നകൊല്ലം മുതൽ ഉണ്ടാക്കുന്നതിനു വേണ്ടി ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

### TRAVANCORE TYRE FACTORY

*173. **Sri. V. K. Varghese:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether there is an institution by name Travancore Tyre Factory;
(*b*) if so, the shares taken by the Government in that concern;
(*c*) the names of the Directors of that concern;
(*d*) the capital of that concern;
(*e*) who is the agent of that Factory; and
(*f*) when was that Factory constituted?

**The Hon'ble Sri. N. Kunjuraman:**

(*a*) No.
(*b*) to (*f*) Do not arise in view of the answer to part (*a*).

## AGRICULTURAL FARM AT VATTAVADA

*174. **Sri. K. P. Neelakanta Pillai:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) whether the Government or the Department was running an agricultural farm at Vattavada;

(*b*) what was the total extent of and expenditure incurred on account of the farm till the end of 1123 M.E.;

(c) what were the crops attempted or raised in the farm;

(*d*) what was the total receipt up to the end of 1123;

(*e*) whether a building has been constructed for the farm; if so, at what expense; and

(*f*) whether the Government or the Department is still running the farm, if not, why?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) The Agricultural Department was running a farm at Vattavada.

(*b*) The extent of the farm is about (150) one hundred and fifty acres. The expenditure incurred till the end of 1123 was Rs. 32,127 (Thirty-two thousand one hundred and twenty-seven only

(*c*) Potato, wheat, garlic, beans, peas and oranges.

(*d*) The total receipts up to the end of 1123 were Rs. 2,089 (Two thousand and eighty-nine) only.

(*e*) A building has been constructed at an estimated cost of Rs. 22,150 (Twenty two thousand and one hundred and fifty) only.

(*f*) The department is not running the farm now. It has been stopped from the 1st of Meenam 1124 as a measure of retrenchment.

**Sri. K. P. Neelakanta Pillai:** Do the Government consider that the working of the Farm has been found successful by the Department?

**The Hon'ble Sri. E. Ikkanda Warrier:** It was not found very successful.

**Sri. K. P. Neelakanta Pillai:** May I know what has happened to that farm now?

**The Hon'ble Sri. E. Ikkanda Warrier:** It is being looked after properly.

**Sri. K. P. Neelakanta Pillai:** May I know whether it is leased out to any individual?

**The Hon'ble Sri. E. Ikkanda Warrier:** No. One officer has been posted to see that things are kept properly. Government are considering as to what should be done with it.

**Sri. K. P. Neelakanta Pillai:** Are the Government aware that when this particular question was mooted last time, the Minister in charge of the farm pronounced to the effect that the farm was working very successfully and that its discontinuance could not be thought of?

**The Hon'ble Sri. E. Ikkanda Warrier:** That is why I said the Farm is being looked after.

**Mr. Speaker:** This is the first session of this Assembly. Questions put to a Minister and information based on the statement and answers given by him in another Legislature and references based thereon cannot strictly be made the subject matter of supplementary questions.

**Sri. K. P. Neelakanta Pillai:** Sir, I am not distinguishing between this Minister or that Minister. I am simply putting a statement of fact. The Minister in charge of the farm once pronounced that the working of the farm was found to be very successful and that announcement was made here. I remember that he even said that the farm need not be abolished.

**Mr. Speaker:** I disallow the question.

**The Hon'ble Sri. E. Ikkanda Warrier:** Government have not finally given up that question.

**Sri. V. O. Markos:** The reply then given was that the working of the Farm was progressing and it was not finally decided as to what should be done with it.

**The Hon'ble Sri. E. Ikkanda Warrier:** The farm is still there and an officer is posted to see that the things are kept properly. However the question has not been finally given up.

**Sri. K. P. Neelakanta Pillai:** Is there any applicant for getting that farm leased out?

**The Hon'ble Sri. E. Ikkanda Warrier:** No.

**Sri. A. Thanu Pillai:** May I know what the Government means by "the matter has not been finally given up"?

**The Hon'ble Sri. E. Ikkanda Warrier:** Government will certainly make use of the farm. The Government are considering about the agency through which it should be worked. They

have not come to the conclusion whether it should be run by the Government or it should be given to somebody else.

**Sri. A. Thanu Pillai:** I wish to know the object with which this farm was started and when it was started?

**The Hon'ble Sri.E. Ikkanda Warrier:** The object was to give demonstrations to the people and to induce them to come and work there. That object has been gained. They have invited people and they have started cultivation. That is why the Government has stopped it. Another important reason is that Government servants are to be employed at great costs. Therefore it was not working economically.

**Sri. A. Thanu Pillai:** What are the crops cultivated there?

**The Hon'ble Sri. E. Ikkanda Warrier:** The answer has been given.

**Sri. A. Thanu Pillai:** Is potato cultivation successful there? How many acres are brought under potato cultivation?

**The Hon'ble Sri. E. Ikkanda Warrier:** It is not exactly known here. I have personally visited the area and I have seen many people working all around the farm.

**Sri. A. Thanu Pillai:** May I know the area brought under potato cultivation?

**The Hon'ble Sri. E. Ikkanda Warrier:** I claim notice.

### ചവുക്കകളിലെ തീരുവ

*൧൭൫. സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

ചവുക്കകളിലെ തീരുവ പിരിവുവഴിയായി തിരുവിതാംകൂർ ഗവമെണ്ടിന് ഇക്കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ ഓരോ ആണ്ടിലും എന്തുവരുമാനം ഉണ്ടായിരുന്നുവെന്നു ദയവായി പറയുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ചവുക്കകളിലെ തീരുവ പിരിവിനത്തിൽ ൧൧൨൧-ൽ, ൩൭,൯൪,൯൩൫ രൂപയും, ൧൧൨൨-ൽ, ൭൩,൪൮,൯൩൦ രൂപയും, ൧൧൨൩-ൽ, ൪൯,൨൦,൪൨൭ രൂപയും വരുമാനമുണ്ടായിട്ടുണ്ട്.

സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: ചവുക്കകളിൽ തീരുവപിരിവിനെ സഹായിക്കുവാൻ ഏജൻറുമാരെ നിയമിക്കാൻ ആലോചനയുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

### TRAVANCORE CEMENT FACTORY

* 176. **Sri. K. W. Muralidhara Marar:** Will the Government be pleased to state.—

(a) how much cement is produced in Travancore cement company;

(b) the quantity of cement for which permit is issued by the Government?

**The Hon'ble Sri. N. Kunjuraman:**

(a) About seven thousand tons of cement have been produced.

(b) Permit is issued for about three thousand tons.

ശ്രീ. കെ. ഡബ്ലിയു. മുരളീധരമാരാർ: പെർമിററ കൊടുക്കുവാൻ ഇത്ര താമസമെന്താണ്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതു പെർമിററിനായി വരുന്ന അപേക്ഷകൾ ഡിസ്പോസു ചെയ്യുന്നതിനുള്ള താമസംകൊണ്ടുമാത്രമാണ്. അതിനുള്ള പ്രതിവിധിയും ഇപ്പോൾ ആലോചിച്ചുവരികയാണ്.

സാഹിബ്ബ് ബഹദൂർ അബ്ദുൽ അസീസ്: ദിനംപ്രതി എത്ര ടൺ സിമൻറ വീതം ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ട്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: മാസം മൂവായിരം ടൺ വീതം ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

സാഹിബ്ബ് ബഹദൂർ അബ്ദുൽ അസീസ്: ഇതുകൊണ്ട് ഈ ഐക്യസംസ്ഥാനത്തിൻെറ ആവശ്യത്തിനു മതിയാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഏതാണ്ടു മതിയാകുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രൊഡക്ഷൻെറ വേഗം അനുസരിച്ചു പെർമിററു കൊടുത്തുകൊണ്ടിരിക്കരുതോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവൺമെണ്ടിന്റെ ഉദ്ദേശവും അതുതന്നെയാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: എത്രമാസംകൊണ്ടാണ് ഏഴായിരം ടൺ സിമെന്റ് ഉണ്ടാക്കിയത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: പ്രതിമാസം മൂവായിരം ടൺ സിമന്റ ഉണ്ടാക്കുമെന്നു ഞാൻ പറഞ്ഞതിൽനിന്നു ഏഴായിരം ടൺ ഉണ്ടാക്കുന്നതിനു് എത്ര കാലം എടുക്കുമെന്നു് ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ ഊഹിക്കുവാൻ കഴിയുന്നതാണ്.

## ഇല്ലിക്കോട്ടകൾ

* ൧൭൭. ശ്രീ. വി. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയേയും തിരുവിതാംകൂറിനേയും വേർതിരിക്കുന്ന അതൃത്തി പ്രദേശങ്ങളിൽ പലയിടത്തും ഇല്ലിവച്ചു പിടിപ്പിച്ചു ഗതാഗതം നിരോധിച്ചിട്ടില്ലേ:

(ബി) ഇനി അങ്ങനെയുള്ള ഇല്ലിക്കോട്ടകൾ സംരക്ഷിക്കേണ്ട ആവശ്യമുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) ഉണ്ട്.

(ബി) ഇല്ല.

ശ്രീ. സി. സി. പ്രസാദ്: കൊച്ചിയേയും തിരുവിതാംകൂറിനേയും വേർതിരിക്കുന്ന കിച്ചേരിയിൽ ഈ ഇല്ലിക്കോട്ടയുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ. ഇല്ലിക്കോട്ടയുള്ള പലപ്രദേശങ്ങൾ ഉണ്ട്. കിച്ചേരിയിലും ഉണ്ടായിരിക്കും.

## അഞ്ചലാഫീസുകൾ

* ൧൭൮. ശ്രീ. വി. മാധവൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൧൨൩-ലും, ൧൧൨൪-ലുമായി എത്ര അഞ്ചലാഫീസുകൾ പുത്തനായി അനുവദിച്ചിട്ടുണ്ട്;

(ബി) വൈക്കത്തു തിരുമണിവെങ്കിടപുരത്തു് ഒരു അഞ്ചലാഫീസുവേണമെന്നു് അവിടത്തെ ഗ്രാമോദ്ധാരണകമ്മിററി ആവശ്യപ്പെട്ടിട്ടില്ല;

(സി) അതനുസരിച്ചു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: (എ) ൧൧൨൨-ൽ അവസാനം അനുവദിച്ചു ഒന്നുകൂടെ ൧൧൨൩-ൽ എട്ടു അഞ്ചലാഫീസുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

൧൧൨൪-ൽ, ഇതേവരെ ഒരു നോൺ ഡിപ്പാർട്ടുമെന്റൽ അഞ്ചലാഫീസും അനുവദിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) ഈ സംഗതി ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. വി. മാധവൻ: തിരുമണിവെങ്കിടപുരത്തു് ഒരു അഞ്ചലാഫീസുവേണമെന്നു് അവിടത്തെ ഗ്രാമോദ്ധാരണക്കമ്മിററി അപേക്ഷിച്ചിട്ട് എത്ര വർഷമായി എന്നു പറയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പററി നിശ്ചിതമായ ഒരു മറുപടി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. മാത്യു: ഒരാണ്ടിൽ എത്ര അഞ്ചലാഫീസ് അനുവദിക്കണമെന്നാണ് ചട്ടം?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഏകദേശം ആറാണ്.

ശ്രീ. കെ. എ. മാത്യു: പിന്നെ എന്തുകൊണ്ടു ൧൧൨൪-ൽ ഒരെണ്ണംമാത്രം അനുവദിച്ചു?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: ൧൧൨൪-ൽ ഒരെണ്ണംപോലും അനുവദിച്ചില്ല. എന്നാൽ ൧൧൨൩-ൽ ഏഴെണ്ണം അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: ൧൯൫൮-ല്‍ ഒന്നും അനുവദിക്കാതിരുന്നതിനുള്ള കാരണമെന്തു്?

ബഹു. ശ്രീ ഇ. ജോണ്‍ ഫിലിപ്പോസു്: അതിനുള്ള കാരണമെന്താണെന്നു അന്വേഷിക്കാം.

ശ്രീ. വര്‍ഗ്ഗീസു അഗസ്റ്റിന്‍: ഇതിനകം പുതിയ അഞ്ചലാഫീസുകള്‍ സ്ഥാപിക്കണമെന്നു കാണിച്ചുകൊണ്ടു് എത്ര അപേക്ഷകള്‍ ഗവണ്മെണ്ടിനു ലഭിച്ചിട്ടുണ്ടു്?

ബഹു ശ്രീ. ഇ. ജോണ്‍ ഫിലിപ്പോസു്: വളരെ അപേക്ഷകള്‍ ലഭിച്ചിട്ടുണ്ടു്?

ശ്രീ. സി. സി. പ്രസാദു്: സംയോജനം വന്നതോടുകൂടി അഞ്ചലാഫീസുകള്‍ എതെങ്കിലും കുറയ്ക്കുവാന്‍ ആലോചനയുണ്ടോ?

ബഹു. ശ്രീ. ഇ. ജോണ്‍ ഫിലിപ്പോസു്: കുറയ്ക്കുവാന്‍ ആലോചനയില്ല. കൂട്ടുവാന്‍ ആലോചിച്ചുവരികയാണു്.

ശ്രീ. ഈ. പി. പൌലോസു്: വരുന്നകൊല്ലം ഈകൊല്ലത്തെ എണ്ണംകൂടി ചേര്‍ത്തു കൂടുതല്‍ അഞ്ചലാഫീസുകള്‍ അനുവദിക്കുവാന്‍ ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോണ്‍ഫിലിപ്പോസു്: അതേപ്പററി ആലോചിക്കാം.

## കുടില്‍ വ്യവസായങ്ങള്‍

*൧൭൯. ശ്രീ. പി. കെ. കൃഷ്ണന്‍ ശാസ്ത്രി: താഴെപറയുന്ന ചോദ്യത്തിനു വ്യവസായ ഡിപ്പാര്‍ട്ടുമെണ്ടിന്റെ ചാര്‍ജ്ജുവഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ.—

(എ) കുടില്‍വ്യവസായങ്ങള്‍ നടത്തുന്നതിനും, അഭിവൃദ്ധിപ്പെടുത്തുന്നതിനും, ഗവണ്മെണ്ടു് എന്തു പദ്ധതി അംഗീകരിച്ചിട്ടുണ്ടെന്നു പറയുവാന്‍ ദയവുണ്ടാകുമോ?

ബഹു. ശ്രീ. എന്‍. കുഞ്ഞുരാമന്‍: (എ) കുടില്‍ വ്യവസായങ്ങള്‍ക്കു യോഗ്യതാനുസരണം വ്യവസായവായ്പകളും ഗ്രാന്‍റുകളും കൊടുക്കുന്നുണ്ടു്. അതിനുപുറമെ കുടില്‍വ്യവസായങ്ങള്‍ അഭിവൃദ്ധിപ്പെടുത്തുന്നതിനു വ്യവസായ ഡിപ്പാര്‍ട്ടുമെണ്ടിന്റെയും സഹകരണഡിപ്പാര്‍ട്ടുമെണ്ടിന്റെയും കീഴിലുള്ള പ്രസ്ഥാനങ്ങള്‍മുഖാന്തിരംവേണ്ട ഉപദേശങ്ങളും പ്രോത്സാഹനങ്ങളും നല്‍കുന്നുണ്ടു്.

(ബി) ഉണ്ടു്. അനവധി കുടില്‍വ്യവസായങ്ങള്‍ക്കു സഹായധനവും വ്യാവസായികവായ്പകളും നല്‍കി പ്രോത്സാഹിപ്പിച്ചുവരുന്നുണ്ടു്. ലിസ്ററു മേശപ്പുറത്തു വയ്ക്കുന്നുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണന്‍ശാസ്ത്രി: കൈത്തറിനെയ്ത്തുശാലകള്‍ക്കു് ഗവണ്മെണ്ടു ധനസഹായം ചെയ്യുന്നുണ്ടോ?

ബഹു. ശ്രീ. എന്‍. കുഞ്ഞുരാമന്‍: അനവധി വീവിംഗ്സ്കൂളുകള്‍ക്കു സഹായധനം കൊടുക്കുന്നുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണന്‍ശാസ്ത്രി: ൧൯൫൮-ല്‍, ഈ വീവിംഗ്സ്കൂളുകള്‍ക്കുവേണ്ടി എത്ര രൂപാ ചെലവാക്കിയിട്ടുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. എന്‍. കുഞ്ഞുരാമന്‍: എതാണ്ടു ൯൦൦—ഓളം വീവിംഗ്സ്കൂളുകള്‍ക്കു സഹായധനം കൊടുത്തിട്ടുണ്ടു്. ഇവ എതെല്ലാമെന്നും കൊടുത്തിട്ടുള്ള തുക എന്താണെന്നും ലിസ്റ്റില്‍ വിവരിച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണന്‍ശാസ്ത്രി: ഒരു വീവിംഗ്സ്കൂളിനു കൊടുക്കുന്ന ഗ്രാന്‍റ എത്ര രൂപായാണു്.

ബഹു. ശ്രീ. എന്‍. കുഞ്ഞുരാമന്‍: പലതിനും പലതരത്തിലാണു് കൊടുക്കുന്നതു്.

ശ്രീ. പി. കെ. കൃഷ്ണന്‍ശാസ്ത്രി: ഏററവും കുറഞ്ഞതുക എന്താണു്?

ബഹു: ശ്രീ. എന്‍. കുഞ്ഞുരാമന്‍: ൧൦൦ രൂപയെന്നാണു ലിസ്ററില്‍നിന്നും കാണുന്നതു്.

ശ്രീ. പി. കെ. കൃഷ്ണന്‍ശാസ്ത്രി: ഈ കുടില്‍വ്യവസായത്തിനു് ഇപ്പോള്‍ കുറെ അധഃപതനംവന്നിട്ടുണ്ടെന്നു ഗവണ്മെണ്ടിനു് അറിയാമോ?

ബഹു: ശ്രീ. എന്‍. കുഞ്ഞുരാമന്‍: അറിയാം.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ഇതിന് ഒരു പരിഹാരം ഉണ്ടാക്കുവാൻ ഗവമ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അക്കാര്യം ഗവമ്മെണ്ടിന്റെ സത്വരമായ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. എ. കെ പാച്ചുപിള്ള: ഖദർ ഉൽപാദനംസംബന്ധിച്ചു ഗവമ്മെണ്ടിൽനിന്നു എന്തെങ്കിലും ധനസഹായം ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഉള്ളതായി ഈ ലിസ്റ്റിൽ കാണുന്നില്ല. എന്നാൽ, ലോൺ അപേക്ഷിച്ചിട്ടുള്ളവർക്കു ലോൺ കൊടുത്തിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ആകെ എത്ര രൂപാ ലോൺ കൊടുത്തു എന്നു പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: തുക കൂട്ടിനോക്കിയിട്ടില്ല.

## അഞ്ചലാഫീസ്

* ൧൱൦. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കരുനാഗപ്പള്ളി താലൂക്കിൽ തെക്കുംഭാഗം പകുതിയിൽ ഒരു അഞ്ചലാഫീസു സ്ഥാപിക്കുന്നതിനു സ്ഥലവാസികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) ഉണ്ട്.

(ബി) അഞ്ചൽസൂപ്രണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

## പബ്ലിക്കു സർവീസ്കമ്മീഷൻ അംഗങ്ങളുടെ ഉദ്യോഗകാലാവധി

* ൧൱൧. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെപറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പബ്ലിക്ക് സർവ്വീസ്കമ്മീഷൻ അംഗങ്ങളുടെ ഉദ്യോഗകാലാവധി നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവവും; പരിധിയും എങ്ങനെ;

(സി) അംഗങ്ങളുടെ ശമ്പളത്തോതു യഥാക്രമം എങ്ങനെ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) പബ്ലിക്കുസർവ്വീസുകമ്മീഷൻ ചെയർമാന്റെ ഉദ്യോഗകാലാവധി ക്ലിപ്തപ്പെടുത്തിയിട്ടില്ല. അംഗങ്ങളുടെ ഉദ്യോഗകാലാവധി അഞ്ചുകൊല്ലമാണ്.

(ബി) ചെയർമാന്റെ ശമ്പളം ൧,൭൫൦ രൂപാ പ്രതിമാസം.

(സി) അംഗങ്ങളുടെ ശമ്പളം ൧,൦൦൦ രൂപാപ്രതിമാസം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പബ്ലിക്കുസർവ്വീസുകമ്മീഷൻ അംഗങ്ങൾക്കു പെൻഷൻവാങ്ങാൻ അവകാശമുണ്ടായിരിക്കുമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

## മദ്യനിരോധനം

* ൧൱൨. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട എക്സൈസ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനം ൧൧൨൫ ചിങ്ങമാസം മുതൽ, കൂടുതൽ സ്ഥലങ്ങളിൽ മദ്യനിരോധനം നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികളാരംഭിക്കുന്നതു് എതെല്ലാം താലൂക്കുകളിൽ ആയിരിക്കും?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഉണ്ട്.

(ബി) തിരുവനന്തപുരം, നെടുമങ്ങാട്, ചിറയിൻകീഴ്, തലപ്പള്ളി.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ നിരോധനം മൂലം ആകെ എത്ര രൂപയുടെ നഷ്ടം വരുമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ൨വ്യ ലക്ഷം രൂപയുടെ നഷ്ടംവരുമെന്നു കണക്കാക്കിയിരിക്കുന്നു.

ശ്രീ. എൻ. വി. ചാക്കോ: മദ്യനിരോധനം ഉള്ളസ്ഥലത്തെ ജനങ്ങൾപോയി, ഇല്ലാത്തസ്ഥലത്തുചെന്നു കുടിക്കുന്നതിനു വല്ല വിരോധവുമുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അവരെ എന്തുചെയ്യാമെന്നുള്ളതിൽ പ്രൊഹിബിഷൻ ആക്ടിൽതന്നെ അതിനു പ്രൊവിഷൻ ഉണ്ട്.

## മദ്യനിരോധനം

* ൧൮൩. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട എക്സൈസ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിൽ മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ;

(സി) നിരോധനം നടപ്പിലാക്കിയതു എന്നു മുതൽ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഉണ്ട്.

(ബി) ചിററൂർ താലൂക്കിൽ.

(സി) ൧൧൨൩ കന്നി ൧൫.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ നിരോധനം മൂലം കൊച്ചിയിൽ ആകെ എത്ര രൂപയുടെ നഷ്ടം വരുമെന്നുപറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഏകദേശം നാലുലക്ഷം രൂപയുടെ നഷ്ടം വരും.

ശ്രീ. എം. ഐ. പോൾ: അവിടെ കൂടുതൽ സ്ഥലങ്ങളിൽ മദ്യനിരോധനം ഏർപ്പെടുത്തുവാൻ വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അവിടെ ഒരു താലൂക്കിൽ മദ്യനിരോധനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എം. ആർ. വേലപ്പൻ: ചക്കരക്കള്ളു ചെത്താൻ പ്രത്യേകം ലൈസൻസുകൾ കൊടുക്കുവാനുള്ള വ്യവസ്ഥകൂടി നിരോധനം ഏർപ്പെടുത്തുന്ന താലൂക്കുകളിൽ ചെയ്യുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

ശ്രീ. എം. ആർ. വേലപ്പൻ: ചിററൂർതാലൂക്കിലും ഇതിലേക്കുള്ള ലൈസൻസുകൾ കൊടുക്കുവാൻ വ്യവസ്ഥചെയ്തിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: മുൻപ് അവിടെ അതിനുള്ള വ്യവസ്ഥ ഉണ്ടായിരുന്നോ, ഇല്ലയോ എന്നെനിക്കു നിശ്ചയമില്ല. മേലാൽ മധുരക്കള്ളു ചെത്തുന്നതിനു പ്രത്യേകം ലൈസൻസുകൾ കൊടുക്കുന്നതായിരിക്കും.

## പബ്ലിക്ക് സർവ്വീസ് കമ്മീഷൻ

* ൧൮൪. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) യൂണൈറഡ് സ്റ്റേററ പബ്ലിക്കസർവ്വീസ് കമ്മീഷൻെറ നിയമനസംബന്ധമായവത്തിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ ഏതെല്ലാം?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) സംസ്ഥാനത്തെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അടിയന്തിരനിയമം അനുസരിച്ചു പുറപ്പെടുവിക്കേണ്ട ചട്ടങ്ങളും പബ്ലിക്ക് സർവ്വീസുകളെ നിയന്ത്രിക്കുവാൻ ആവശ്യമായേക്കാവുന്ന മററു ചട്ടങ്ങളും നിർമ്മിക്കുവാൻ ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുണ്ട്.

**Sri. K. K. Vasu Panicker:** May I know whether the Government are aware that the Public Service Commission has left a large number of vacancies unfilled.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഒരു കണ്ടിജൻസി ഇതുവരെ ഉണ്ടായിട്ടില്ല.

**Sri. K. K. Vasu Panicker :** May I know, Sir, whether some of the appointments already made by the Cochin Government have been cancelled by this Commission?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കൊച്ചി ഗവമെൻടിൽ നിന്നു ജൂലായ് ഫാംന്ക്കമുമ്പ് നടത്തിയിട്ടുള്ള നിയമനങ്ങളിൽ ഒന്നുംതന്നെ യൂണിയൻ ഗവമെൻറ വ്യത്യാസപ്പെടുത്തിയിട്ടില്ല.

ശ്രീ. കെ. രാമചന്ദ്രൻ പബ്ലിക്ക് സവ്വീസുകമ്മീഷൻ ചട്ടങ്ങൾ പൂത്തിയാക്കി പ്രസിദ്ധീകരിക്കുവാൻ എന്തു കാലതാമസം ഉണ്ടാകും?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം രണ്ടാഴ്ച വേണ്ടിവരും.

ശ്രീ. സി. സി. പ്രസാദ്: ഇതുസംബന്ധിച്ചുള്ള നിയമങ്ങൾ പുറത്താകുന്നതുവരെ ഒഴിവുള്ള സ്ഥാനങ്ങളിലേക്ക് നിയമനങ്ങൾ നടത്തുന്നതു് ആരാണു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പബ്ളിക്ക് സവ്വീസുകമ്മീഷൻതന്നെ വേണമെന്നാണു് ഓർഡിനൻസിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. സി. സി. പ്രസാദ്: കവനൻറിൽ ഇതേസംബന്ധിച്ചു വല്ല വ്യവസ്ഥയും ഉണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ലെന്നു കവനൻറു് വായിച്ചിട്ടുള്ളവർക്കെല്ലാം അറിയാം.

## REASONS FOR STOPPING GOVERNMENT FARMS

***185. Sri. N. P. Varghese :** Will the Hon'ble Minister for Agriculture be pleased to state,—

(*a*) why the cocoanut farm at Alleppey was abandoned; and

(*b*) why the pepper farm at Konni was stopped for some time and then again reopened?

**The Hon'ble Sri. E. Ikkanda Warrier :**

(*a*) The cocoanut farm at Alleppey was abolished as it had served the purpose for which it was started.

(*b*) The pepper farm at Konni has been abolished as a measure of retrenchment from the beginning of Meenam 1124.

ശ്രീ. എൻ. പി. വർഗ്ഗീസ്: ആലപ്പുഴ കോക്കനട്ട് ഫാമിനു് എത്ര രൂപ ചിലവായിട്ടുണ്ടു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: നോട്ടീസുവേണം.

ശ്രീ. എൻ. പി. വർഗ്ഗീസ്: കോക്കനട്ട് ഫാം നഷ്ടമായതുകൊണ്ടാണോ നിർത്തിയതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതുകൊണ്ടു മാത്രമല്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: എന്തു ഉദ്ദേശത്തോടുകൂടിയാണു് അതു് ആരംഭിച്ചതു്.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ശാസ്ത്രീയമായി കൃഷിചെയ്യാൻ പഠിപ്പിക്കാൻ വേണ്ടിയാണു് അതു് ആരംഭിച്ചതു്.

ശ്രീ. പി. എം. വർഗ്ഗീസ്: ആ പരിശീലനം അവക്കു് വേണ്ടവിധം നൽകികഴിഞ്ഞോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അവിടെ ഉള്ളവക്കു് ഇനി കൂടുതൽ അറിവുകൊടുക്കണമെന്നു തോന്നുന്നില്ലാത്തതിനാൽ ആണു് അതു നിർത്തിയതു്.

ശ്രീ. എൻ. പി. വർഗ്ഗീസ്: കോന്നി പെപ്പർ ഫാമിൽനിന്നു് ആദായം കിട്ടിക്കൊണ്ടിരുന്നുവോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: തുച്ഛമായ ആദായമേ ഉണ്ടായിരുന്നുള്ളു.

ശ്രീ. എൻ. പി. വർഗ്ഗീസ്: കുരുമുളകിനു് ഇപ്പോൾ ൨, ൦ ൦ ൦-ത്തിൽപരം രൂപാ വരെ വിലയുണ്ടെന്നു് അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: വില കൂടുതലുണ്ടെന്നു് അറിയാം.

### AGRICULTURAL DIVISION OFFICERS

*186. **Sri. N. P. Varghese:** Will the Hon'ble Minister for Agriculture be pleased to state:—

(*a*) whether the Agricultural Division Officers have any power to grant leave, increment, etc. even to their peons; and

(*b*) are they only glorified manure sellers?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) The Divisional Agricultural Officers in Travancore have no powers to grant leave (except casual leave) and increments to their subordinates.

(*b*) They are not conducting any manure sales.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഈ ആപ്പീസർമാരുടെ ജോലി എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അവരവരുടെ അതൃത്തിക്കുള്ളിലുള്ള സ്ഥലങ്ങളിൽ സഞ്ചരിച്ച് കൃഷിസംബന്ധമായ ഉപദേശങ്ങൾ കൊടുക്കുക, വളം വിൽക്കുന്ന കാര്യത്തിൽ വേണ്ട അന്വേഷണം നടത്തുക, ഇതൊക്കെയാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇവർ ശമ്പളം വാങ്ങുന്നതല്ലാതെ കാര്യമായി യാതൊരു ജോലിയും ചെയ്യുന്നില്ലെന്നു ഗവമ്മെണ്ടിന്നു അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഇല്ല.

### പുതിയ ബസ്സ് സർവ്വീസ് ലൈൻ

൧൮൭. ശ്രീ. പി. എം. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി സദയം മറുപടിനൽകുമോ.—

(എ) ഏതെങ്കിലും ഒരു സർവ്വീസുലൈൻ പൂർണ്ണമായി ഗവമ്മെൻറധീനത്തിൽ എടുക്കുമ്പോൾ അവിടെ സർവ്വീസു നടത്തിക്കൊണ്ടിരുന്ന സ്വകാര്യ ബസ്സ് ഉടമസ്ഥർക്കു മുന്നറിയിപ്പോ നഷ്ടപരിഹാരമൊ ചെയ്യേണ്ടതില്ലെന്നുള്ള ഗവമ്മെൻറിൻെറ പ്രഖ്യാപിതനയത്തിനു മാററം വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വ്യത്യാസം എന്തു്;

(സി) ഈ മാററം ഏതെങ്കിലും പ്രത്യേകലൈനുകൾ സംബന്ധിച്ചു മാത്രമാണോ; ആണെങ്കിൽ അവ ഏവ;

(ഡി) ചില ലൈനുകളെമാത്രം സംബന്ധിച്ചു, അങ്ങനെ പ്രത്യേക പരിഗണനകൾ നൽകാൻ കാരണം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണ്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) അപ്രകാരം ഒരു നയം പ്രഖ്യാപനം ചെയ്തിട്ടില്ല.

(ബ), (സി) & (ഡി) എയുടെ ഉത്തരംകൊണ്ടു് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

### കോട്ടയം ആലുവാ ബസ്സ് സർവ്വീസ്

*൧൮൮. ശ്രീ. പി. എം. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കോട്ടയം ആലുവാ ബസ്സ് സർവ്വീസ് ലൈൻ ഗവമ്മെണ്ടു പൂർണ്ണമായി ഏറെറടുക്കുന്നതിനുമുൻപു് ആ ലൈനിൽ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന സ്വകാര്യബസ്സ് ഉടമസ്ഥന്മാർക്കു മുൻകൂട്ടി നോട്ടീസുകൊടുക്കുന്നതാണെന്നും അവക്കു് അനാവശ്യനഷ്ടത്തിനു ഇടയാകാത്തവിധം ചട്ടം കെട്ടുകൾ ചെയ്യുന്നതാണെന്നും ഗവമ്മെൻറു പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രത്യേകതയ്ക്കു കാരണമെന്തു്;

(സി) മററു ലൈനുകളുടെ കാര്യത്തിൽ എന്തുകൊണ്ടു് ഈ നയം സ്വീകരിക്കപ്പെട്ടില്ല?

**The Hon'ble Sri. E. John Philipose:**

(*a*) No.

(*b*) and (*c*) Do not arise.

## പണ്ടാരപ്പാട്ടവും കത്തകപ്പാട്ടവും

*൨൧൯ ശ്രീ. പി. എം. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ദേവസ്വംമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൊടുപുഴ താലൂക്കിൽ പണ്ടാരപ്പാട്ടയിനത്തിൽ തന്നാണ്ടിൽ എത്ര രൂപാ പിരിവുണ്ട്; കത്തകപ്പാട്ട ഇനത്തിൽ എത്ര;

(ബി) രണ്ടിനം ഭൂമികളുടേയും വിസ്തീർണ്ണം യഥാക്രമം എത്ര?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) പണ്ടാരപ്പാട്ടയിനത്തിൽ പിരിവു രൂപാ ൬൫,൩൫൫. കത്തകപ്പാട്ടയിനത്തിൽ പിരിവു രൂപാ ൨൯,൨൨൯.

(ബി) പണ്ടാരപ്പാട്ടം ഭൂമിയുടെ വിസ്തീർണ്ണം ൪൫,൨൯൩.൭൪ ഏക്കർ. കത്തകപ്പാട്ടം ഭൂമിയുടെ വിസ്തീർണ്ണം ൨,൬൪൪.൦൦ ഏക്കർ.

ശ്രീ. പി. എം. വർഗ്ഗീസ്: കത്തകപ്പാട്ടം ഭൂമികളിലും പണ്ടാരവകപാട്ടം ഭൂമിയിലും കൃഷിചെയ്തിട്ടുള്ള ആദായത്തിനല്ലേ കരം പിരിക്കുന്നതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: രണ്ടടിസ്ഥാനത്തിന്മേലാണു് പാട്ടം പിരിക്കുന്നതും കരം പിരിക്കുന്നതും.

ശ്രീ. പി. എം. വർഗ്ഗീസ്: കൃഷിചെയ്തുണ്ടാകുന്ന ആദായത്തിൽ കർഷകരെസ്സംബന്ധിച്ചുള്ള വ്യത്യാസം എന്താണു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: പണ്ടാരപാട്ടത്തിനു തറവില കൊടുക്കണം. കത്തകപാട്ടത്തിനു തറവില കൊടുക്കേണ്ട. കത്തകപ്പാട്ടവസ്തുവിന്റെ ഉടമസ്ഥൻ ഗവമ്മെണ്ടാണു്. ആ നിലക്കു് അതു ലേലംവിളിച്ചാണു് കൊടുക്കുന്നതു്.

ശ്രീ. പി. എം. വർഗ്ഗീസ്: കത്തകപ്പാട്ടവസ്തുവിൽനിന്നു വലിയ തോതിൽ കരം പിരിക്കുന്നതായി ഗവമ്മെന്റിന്നറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അങ്ങനെ ഗവമ്മെന്റു ദൃഷ്ടിയിൽ പെട്ടിട്ടില്ല.

## നെടുംപ്രയാർ ദേശാഭിവർദ്ധിനി സഹകരണസംഘംവക വളം ഡിപ്പോ

*൨൨൦. ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(*a*) നെടുംപ്രയാർ ദേശാഭിവർദ്ധിനി സഹകരണസംഘം (നമ്പർ ൭൯൭) വക വളംഡിപ്പോവിൽനിന്നും വിററ വളത്തിനു ഗവമ്മെൻറനുവദിച്ചിട്ടുള്ള കമ്മീഷൻ പ്രസ്തുത സഹകരണസംഘത്തിനു കൊടുത്തിട്ടുണ്ടോ;

(*b*) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്തു്;

(*c*) ഇതേപ്പററി അവരിൽനിന്നും പരാതികൾ കൃഷിഡയറക്ടർക്കു് കിട്ടിയിട്ടുണ്ടോ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(*a*) ഉണ്ടു്.

(*b*) മേൽ പ്രസ്താവിച്ചതിൽനിന്നു് ഈ ചോദ്യം ഉദിക്കുന്നില്ല.

(*c*) ൨൯—൭—൪൯-ൽ ഒരു റിമൈൻഡർ കിട്ടിയിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: ഈ കാലതാമസം എത്രനാളായിട്ടുണ്ടെന്നു് അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: നോട്ടീസ്സു് വേണം.

ശ്രീ. കെ. എ. മാത്യു: ഒരു സപ്ലിമെൻററി ചോദ്യം ചോദിക്കുമ്പോൾ അതിന്നു് ആവശ്യമുള്ള ഉത്തരങ്ങൾ തരാതെ നോട്ടീസ്സു് വേണമെന്നുപറയുന്നതു് ശരിയാണൊ എന്നും ഞങ്ങൾക്ക ആവശ്യമുള്ള വിവരം തരാൻ മന്ത്രി കടപ്പെട്ടിട്ടില്ലേ എന്നും അറിഞ്ഞാൽ കൊള്ളാം?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: അങ്ങനെയുള്ള തടസ്സം ഒന്നുമല്ല. മെമ്പർക്കു് ആവശ്യമുള്ള വിവരംതരാൻ ഈ മെമ്പർക്കു് സാധിച്ചിട്ടില്ലെന്നുമാത്രം ധരിച്ചാൽമതി.

മിസ്റ്റർ സ്പീക്കർ: ചോദ്യോത്തരങ്ങളിൽനിന്നു ന്യായമായി ഉത്ഭവിക്കാവുന്നതും അവയോടു ബന്ധപ്പെട്ടതുമായ വിവരങ്ങൾ ഉപചോദ്യങ്ങൾക്ക മറുപടിയായി പറയുന്നതിനു ബഹു. മന്ത്രിമാർ തയ്യാറായിരിക്കേണ്ടതാണു്. എന്നാൽ മുന്നറിവുകൂടാതെ ഉത്തരം പറയ

വാൻ നിവൃത്തിയില്ലെന്നുള്ള കാരണത്താൽ ഉപചോദ്യങ്ങളെ സംബന്ധിച്ചു നോട്ടീസ് ആവശ്യപ്പെടുന്നതിനു മന്ത്രിമാർക്കുള്ള അവകാശത്തെ തടയാവുന്നതല്ല.

ശ്രീ. കെ. എ. മാത്യു: ചോദ്യം അയക്കുമ്പോൾ ഉപചോദ്യങ്ങൾക്കും ഉത്തരം നൽകാൻ അവർ തയ്യാറാകേണ്ടതല്ലെ?

മിസ്റ്റർ സ്പീക്കർ: ഞാൻ അതിനു മറുപടി പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. എ. മാത്യു. ഞാൻ അതു് ഒരു പോയിൻറ് ഓഫ് ഓർഡർ ആയിട്ടു ചോദിക്കുകയാണ്. ഒരു ചോദ്യം അയക്കുമ്പോൾ അതിനു ആവശ്യമുള്ള എല്ലാ വിവരങ്ങളും ശേഖരിക്കാൻ സ്പീക്കർ വേണ്ട നിർദ്ദേശം കൊടുക്കേണ്ടതാണ്.

മിസ്റ്റർ സ്പീക്കർ: സ്പീക്കർ ചെയ്യേണ്ട കാര്യങ്ങളെപ്പററി ഒരു പോയിൻറ ഓഫ് ഓർഡർ ഉന്നയിക്കുന്നതു ശരിയല്ല. മന്ത്രിമാർ അങ്ങനെ ചെയ്യേണ്ടതല്ലെ എന്നുള്ളതാണ് പോയിൻറ് ഓഫ് ഓർഡർ എങ്കിൽ കഴിവുള്ള ശ്രമങ്ങൾ എല്ലാംചെയ്തു് ഉത്തരം നിവൃത്തിയുള്ളിടത്തോളം പറയേണ്ടതു് മിനിസ്റ്ററുടെ ചുമതലയാണ്.

ശ്രീ. കെ. എ. മാത്യു: അനുമതി.

## PAMPA RIVER FACTORY (SUGARS) KADAPRA, THIRUVELLA

*191. **Sri. K. A. Mathew**: Will the Hon'ble Minister for Industries be pleased to state.—

(*a*) whether the Government has received memorials from the public of Kadapra:

(*i*) that the people who were deprived of their dwelling places by the acquisition of lands for the factory be rehabilitated without further delay;

and (*ii*) the L. A. R. cases on the file of the Quilon Division Peishkar's Office in regard to the acquisition of lands for the company wherein applications for reference have beeen filed be ordered to be sent up to the District Court of Mavelikara without further delay;

and (*b*) what action the Government propose to take in this matter?

**The Hon'ble Sri. N. Kunjuraman:**

(*a*) (*i*) Yes.

(*ii*) Yes.

(*b*) Lands have been acquired for those who have deposited the cost of acquisition. The reference applications which were not defective have already been sent to the District Court.

ശ്രീ. കെ. എ. മാത്യു: വസ്തുക്കൾ നഷ്ടപ്പെട്ടവർക്കു് സ്ഥലം കൊടുക്കാമെന്നു ഗവൺമെണ്ടോ കമ്പനിയോ കരാറു ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: കരാറു ചെയ്തിട്ടുള്ളതായി അറിവില്ല.

ശ്രീ. കെ. എ. മാത്യു: എത്ര കുടുംബങ്ങളാണ് വസ്തുക്കൾ ഇല്ലാതെയായിത്തീർന്നിട്ടുള്ളതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

## കൊച്ചി ഡിസ്ട്രിക്ടിലെ തീരുവ സ്റ്റേഷൻസ്

*൧൯൨. ശ്രീ. പി. എസ്സ്. മാധവൻവൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെൻറ സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഡിസ്ട്രിക്ടിൽ എത്ര തീരുവ സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളതു്;

(ബി) ഇവിടങ്ങളിലുള്ള പൊതുജനങ്ങൾക്കു യാതൊരു മുന്നറിയിപ്പും ഇല്ലാതെ ഈ തീരുവ സമ്പ്രദായം നടപ്പിലാക്കുമ്പോൾ ഏതേതു സാധനങ്ങൾക്കു് എത്ര വീതമാണ് തീരുവ അടക്കേണ്ടതെന്നു അതു വാങ്ങി രസീതു തരുവാൻ അധികാരപ്പെട്ടവരാരെന്നും വല്ല പരസ്യം മുഖേന പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ ഇനിയെങ്കിലും അറിയിക്കാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ൪൯ ചവുക്കകൾ.

(ബി) ഉണ്ടു്. തീരുവസാധനങ്ങളുടെ ലിസ്റ്റ് പത്രങ്ങളിലും ലഘു ലേഖകളിലും പരസ്യം ചെയ്തിട്ടുണ്ടു്. നിരക്കു ചവുക്കകളിൽനിന്നും അറിയാവുന്നതാണ്.

(സി) ബിയുടെ ഉത്തരംകൊണ്ടു് ഈ ഉപചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. സി. പ്രസാദ്: ചവുക്കകൾ സ്ഥാപിച്ചശേഷമല്ലെ ലിസ്റ്റ് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഒരുപക്ഷെ അല്പം താമസിച്ചിരിക്കാം, ഇപ്പോൾ ആ വിവരങ്ങളെല്ലാം അവിടെ ഉണ്ടു്.

ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: ഈ വിവരം നേരത്തെ നാട്ടുകാരെ അറിയിക്കേണ്ട ചുമതല ഗവമ്മെണ്ടിനില്ലേ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവമ്മെൻറിനു അതേപ്പററി ചില പരാതികൾ കിട്ടിയിട്ടുണ്ടു്. അവയ്ക്കു പരിഹാരവും ചെയ്തിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: തീരുവ തീക്കുന്ന സംഖ്യക്കു് രസീതു കൊടുക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: കൊടുക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

## ആവണംകോടു ലിഫ്ററ ഇറിഗേഷൻ തോടുവെട്ടൽ

* ൧൯൭. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ —

ആവണംകോടു ലിഫ്ററ ഇറിഗേഷൻ തോടുവെട്ടലിനെ സംബന്ധിച്ചു് അവിടത്തെ കൃഷിക്കാരുടെ വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി നടത്തി?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഉണ്ടു്. അന്വേഷണം നടത്തിവരുന്നുണ്ടു്.

## സംഘടനാ റജിസ്ട്രേഷൻ

* ൧൯൮. ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) 'അഖിലതിരുവിതാംകൂർ തണ്ടാർ മഹാജനസഭ' എന്ന പേരിൽ ഒരു സംഘടന രജിസ്റ്റർ ചെയ്തുതരുന്നതിനു ഗവമ്മെൻറിലേക്കു് അപേക്ഷിച്ചിട്ടുണ്ടോ;

(ബി) കമ്പനി ആക്ടു് അനുസരിച്ചു പ്രസ്തുത സംഘടന രജിസ്റ്റർ ചെയ്തു കൊടുക്കുന്നതിനു ഗവമ്മെൻറിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) അപേക്ഷ കിട്ടിയിട്ടുണ്ടു്.

(ബി) ലൈസൻസ്സ് കൊടുത്തുകഴിഞ്ഞു.

## വില്ലേജുയൂണിയൻ

* ൧൯൯. ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രാദേശിക സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കാത്തികപ്പള്ളി താലൂക്കിൽ പത്തിയൂർ പകുതിയിൽ ഒരു വില്ലേജ് യൂണിയൻ സ്ഥാപിച്ചു കിട്ടുന്നതിനു അപേക്ഷിച്ചിട്ടുള്ളതായി ഗവമ്മെൻറിനറിയാമോ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) അപേക്ഷ കിട്ടിയിട്ടുണ്ടു്. അതേപ്പററി അന്വേഷണം നടന്നുകൊണ്ടിരിക്കയാണു്.

ശ്രീ. കെ. രാമചന്ദ്രൻ: വില്ലേജ് യൂണിയൻ സ്ഥാപിക്കുന്നതു സംബന്ധിച്ചു് ഗവമ്മെണ്ടിനു എന്തെങ്കിലും പ്രത്യേക നയമുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: പല കാര്യങ്ങളും ആലോചിച്ചു ശേഷമാണു് ഒരു വില്ലേജ് യൂണിയൻ അനുവദിക്കുന്നതു്. ഇതു സംബന്ധിച്ചു് ഒരു സംഗതി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ കൊള്ളാമെന്നുണ്ടു്. വില്ലേജുയൂണിയനും പഞ്ചായത്തും അപ്പ്ലിഫ്ററ് സെൻററും, പ്രത്യേകം നടത്താതെ അതുകൾ ഇപ്പോൾ നടക്കുന്ന പ്രവത്തനങ്ങളെല്ലാം പഞ്ചായത്തുമുഖാന്തിരം നടത്തത്തക്കവണ്ണം വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണു് ഗവമ്മെൻറിൻെറ ആഗ്രഹം.

ശ്രീ. പി. എം. വർഗ്ഗീസ്: വില്ലേജുയൂണിയനും പഞ്ചായത്തും ഒന്നാക്കണമെന്നാണോ പറയുന്നതു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതേ. അതു് നടപ്പിൽ വരുന്നതുവരെ ഇന്നത്തെമാതിരിയിൽ കാര്യങ്ങൾ നടത്തുന്നതാണു്. അതുവരെ ഒന്നും നിർത്താൻ ഗവമെന്റു് ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി. സി. പ്രസാദ്: ഈ രാജ്യത്തു ആകെ എത്ര വില്ലേജ് പഞ്ചായത്തുകളുണ്ടു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആ ചോദ്യം ഇതിൽനിന്നും ഉൽഭവിക്കുന്നില്ല.

ശ്രീ. ജി. പി. നീലകണ്ഠപിള്ള: ഏതെങ്കിലും ഒരു ചോദ്യത്തിൽനിന്നു ഒരു ഉപചോദ്യം ഉദിക്കുന്നുവോ ഇല്ലയോ എന്നു നിശ്ചയിക്കാനുള്ള അവകാശം മന്ത്രിക്കാണോ സ്പീക്കറിനാണോ എന്നു അറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇതു സംബന്ധിച്ചു് ഏതെങ്കിലും കാര്യം സ്പീക്കറുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ മിനിസ്റ്റർക്കും അവകാശമുണ്ടു്.

മിസ്റ്റർ സ്പീക്കർ: ഉപചോദ്യം ഉദിക്കുന്നോ ഇല്ലയോ എന്നു നിശ്ചയിക്കേണ്ടതു സ്പീക്കറാണു്. എന്നാൽ അതിന്നു് ഉടനെ ഉത്തരം പറയുകയോ പറയാതിരിക്കുകയോ ചെയ്യുവാൻ മന്ത്രിക്കു് അവകാശമുണ്ടു്.

ശ്രീ. സി. സി. പ്രസാദ്: വില്ലേജ് യൂണിയൻ ഒരു സംഘടനയല്ലേ?

മിസ്റ്റർ സ്പീക്കർ: അതു നിയമദൃഷ്ട്യാ ഉള്ള ഒരു വ്യാഖ്യാനം ആവശ്യപ്പെടുന്ന ചോദ്യം ആണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഒരു പോയിന്റു് ഓഫ് ഓർഡർ. സർ, ഹബീബുള്ള ഇവിടെ ദിവാനായിരുന്ന കാലത്തു് ഉപചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വ്യവസ്ഥ ചെയ്തിരുന്നു. ഉപചോദ്യങ്ങൾക്കു് സൌകര്യമുള്ളിടത്തോളം ഉത്തരം പറയണമെന്നായിരുന്നു ആ വ്യവസ്ഥ. ഉപചോദ്യം സ്വാഭാവികമല്ലെങ്കിൽ മാത്രമേ നോട്ടീസ് ആവശ്യപ്പെടാവു എന്നും ഉണ്ടു്. അതു സംബന്ധിച്ചു് ഒരു റൂളിങ്ങ് ഞാൻ ആവശ്യപ്പെടുന്നു.

മിസ്റ്റർ സ്പീക്കർ: ഇതു സംബന്ധിച്ചു് റൂളിങ്ങ് നൽകിക്കഴിഞ്ഞു.

*(Question hour over)*

**(b) Written Answers**

കണ്ണേറ്റിപ്പാലം

*൧൯൩. ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗതാഗത വകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ.—

കണ്ണേറ്റിപ്പാലം ഗതാഗതയോഗ്യമല്ലെന്നുള്ള വിവരം ഗവമെന്റിനറിയാമോ?

**The Hon'ble Sri. E. John Philipose:** No.

ഉപ്പളങ്ങൾ

*൧൯൪. ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂറിൽ ആകെ എത്ര ഉപ്പളങ്ങൾ ഉണ്ടെന്നും ൧൧൨൪-ൽ ആകെ എത്ര മാത്രം ഉപ്പു് ഉപ്പളത്തിൽ നിന്നും കിട്ടിയെന്നും പറയാമോ;

(ബി) ൧൧൨൪-ൽ കിട്ടിയ ഉപ്പിൽ ഇവിടെ നിന്നും എത്രമന്നു് കയററി അയച്ചുവെന്നും അതിൽ എന്തു ആദായം കിട്ടിയെന്നും പറയുമോ;

(സി) ഉപ്പളങ്ങൾ ദേശീയമാക്കുവാൻ ഗവമെന്റു വിചാരിക്കുന്നുവോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) തിരുവിതാംകൂറിൽ ൧൯ ഉപ്പളങ്ങൾ ഉണ്ടു്. ൧൧൨൪-ാമാണ്ടു അവസാനിച്ചാൽ മാത്രമേ ഇതു പറയുവാൻ നിവൃത്തിയുള്ളൂ.

(ബി) ൧൧൨൪-ൽ കൊച്ചിയിലേയ്ക്കു് ൩ ½ (മൂന്നര) ലക്ഷം മൻ ഉപ്പു് കയററുമതി ചെയ്തിട്ടുണ്ടു്. അതു ൧൧൨൪-ലെ തന്നെ വിളവാണെന്നു പറയുവാൻ നിവൃത്തിയില്ല. ഇതിൽനിന്നും I. Rs. ൪൯,൨൧൭—൧൨—൦ ആദായം കിട്ടിയിട്ടുണ്ടു്.

(സി) ഉണ്ടു്.

## കൈയ്ത്തറി നെയ്ത്ത്

*൧൯൮. **ശ്രീ. കെ. കുട്ടപ്പൻ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒരു പ്രധാന കുടിൽ വ്യവസായമായ കൈയ്ത്തറി നെയ്ത്ത് അധഃപതിച്ച് പ്രസ്തുത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ കഷ്ടപ്പെടുകയാണെന്നുള്ള വിവരം ഗവർമ്മെൻറിനറിയാമോ;

(ബി) കൈയ്ത്തറി നെയ്ത്തുകാരെ പ്രോത്സാഹിപ്പിച്ച് പ്രസ്തുത തൊഴിലിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഗവർമ്മെൻറ് വിചാരിക്കുന്നുണ്ടോ?

**ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള**:

(എ) ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിമൂലം കൈയ്ത്തറി നെയ്ത്തു വ്യവസായത്തിൻെറയും പുരോഗതിക്ക് ഹാനി സംഭവിച്ചിട്ടുണ്ടെന്ന് ഗവർമ്മെൻറിന് അറിയാം.

(ബി) ഗവർമ്മെൻറ് ഇപ്പോഴും ഈ വ്യവസായത്തിൻെറ അഭിവൃദ്ധിക്ക് ആവുന്നത്ര സൗജന്യങ്ങൾ ചെയ്തുകൊടുക്കുകയും വേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്.

## അഞ്ചൽ ആഫീസ്സ്

*൧൯൯. **ശ്രീ. പി. ചാക്കൊ**: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കല്ലുപ്പാറ പകുതിയിൽ കീഴ്വായ്പൂരും, ആനിക്കാട്ടും ഓരോ അഞ്ചലാഫീസ്സുകൾ സ്ഥാപിക്കുന്നതിന് സ്ഥലവാസികളിൽ നിന്നും നിവേദനം ബഹുമാനപ്പെട്ട ഗവർമ്മെൻറിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ ഗവർമ്മെൻറു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

**ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്**:

ഇപ്പോൾതന്നെ കീഴ്വായ്പൂര് ഒരു നോൺ ഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസ്സുണ്ട്. ആനിക്കാട്ടു നിവാസികളിൽനിന്നും ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ആ നിവേദനം അഞ്ചൽ സൂപ്രണ്ടിൻെറ റിപ്പോർട്ടിന്നായി അയച്ചിരിക്കുകയാണ്.

## EX-SERVICEMEN IN TRAVANCORE

*200. **Sri. A. Chidambaranatha Nadar**: Will the Hon'ble Minister for Ex-service be pleased to answer.—

(a) what is the total number of ex-servicemen in Travancore and among whom how many are Tamils;

(b) how many ex-servicemen are living within the State and among whom how many are Tamils;

(c) how many applications have been received from Tamil ex-servicemen for forming co-operative societies and how many have been sanctioned;

(d) are the Government aware that serious obstacles have been thrown against for the formation of co-operative societies in favour of Tamil ex-servicemen, owing to the unsympathetic attitude of the Departmental Head Mr. G. R. Pillai.

(e) has any money been doled out for Tamil ex-servicemen for agricultural and other purposes, have they been assigned any land, if so how much and for how many?

• **The Hon'ble Sahib Bahadur T. A. Abdulla**:

(a) No information is available as regards the exact number of total ex-servicemen in Travancore, but from the index card received from the various demobilisation centres, the number can be estimated at about 60,000. Since the registration is not done on linguistic basis the number of Tamil ex-servicemen cannot be ascertained.

(b) No information is available.

(c) Four applications have been received and they have been registered.

(d) No.

(e) Yes.

(1) Rs. 22,500 to the Colachel Ex-servicemen's Co-operative Society Ltd. No. 2784.

(2) Rs. 25,000 (under disbursement) to the Nagarcoil Ex-servicemen's Society No. 2642.

(3) 500 acres of land to the Colachel Ex-servicemen's Society No. 2784.
(4) 754·53 acres of land to the Ex-servicemen's Society No. 2814, Kattathurai.
(5) 191·75 acres of land to the Thuckalai Society No. 6.
(6) 5.11 acres of land to 11 persons at Kadiapattanam.

### Mr. M. C. THOMAS, SECRETARY TO GOVERNMENT

*201. **Sri. A. Chidambaranatha Nadar:** Will the Hon'ble Premier be pleased to answer:
(a) what were the places occupied by him previously.
(b) how many seniors have been overlooked because of his lift as Secretary;
(c) what are the names of the aggrieved Secretaries whose claims have been overlooked because of the undue promotion of Mr. M. C. Thomas?

**The Hon'ble Sri. T. K. Narayana Pillai:**

(a) Assistant Secretary to Government, Private Secretary to the Hon'ble Minister and Secretary to the Legislature.

(b) & (c) He is drawing as Secretary to the Government the same salary as he was drawing as Secretary to the Legislative Assembly. He did not therefore have any lift as suggested in the onterpellation. The allegation that there was undue promotion is categorically denied. Two cfficers, Sri. John Samuel and Sri. S. Aiyappan Pillai have represented their grievances in this ionnection. The appointment of Sri. M. C. Thomas is provisional and this is also a selection appointment.

### TEXTILE GOODS

*202. **Sri. P. Gopalan:** Will the Hon'ble Minister for Textiles be pleased to state.—
(a) whether the Government is aware that the sale of controlled textile goods have considerably gone down and that there are good stocks in all shops; and
(b) whether the Government have considered the question of decontrol?

**The Hon'ble Sahib Bahadur T. A. Abdulla:**

(a) Yes. The Government are aware that there is at present a fall in the sale of textile goods and some congestion of stock in the textile shops.

(b) No.

### REVENUE

*203. **Sri. K. P. Neelakanta Pillai:** Will the Hon'ble Minister for Finance be pleased to state with reference to the Cochin State:
(a) the total revenue for the year 1124 M.E.
(b) ordinary revenue receipts;
(c) expenditure charged to revenue;
(d) capital accounts outside the Revenue Accounts;
(e) debt head transactions;
(f) opening cash balance; and
(g) closing cash balance.

} For 1124 M.E.

**The Hon'ble Sri. A. J. John:**

| | | | |
|---|---|---|---|
| (a) & (b) | Rs. 394·21 | lakhs | Revised Estimate |
| (c) | Rs. 375·31 | ,, | ,, |
| (d) | Rs. 121·93 | ,, | ,, |
| (e) Receipts | Rs. 4038·41 | ,, | ,, |
| Payments | Rs. 3954·93 | ,, | ,, |
| (f) | Rs. 42·47 | ,, | ,, |
| (g) | Rs. 22·93 | ,, | ,, |

### ലെത്തോ പ്ലാൻ

*൨൦൪. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

കുന്നത്തുനാട് താലൂക്കിൽ തൃക്കാക്കര പകുതിക്കച്ചേരിയിൽ ലെത്തോ പ്ലാൻ ഉണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഉണ്ട്.

### ചോദ്യങ്ങൾക്ക ഉത്തരം

*൨൦൫. **ശ്രീ. പി. നാണു:** താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്ലിപ്തതീയതി ഉത്തരം ആവശ്യപ്പെട്ടുകൊണ്ടു മെമ്പറന്മാർ അയയ്ക്കുന്ന ചോദ്യങ്ങൾക്ക് ആ തീയതിതന്നെ മറുപടി പറയുന്നതിന് ആവശ്യമുള്ള വ്യവസ്ഥചെയ്യുവാൻ ദയവുണ്ടാകുമോ;

(ബി) ക്ലിപ്തതീയതി ഉത്തരം പറയുവാൻ സാധിക്കാതെവന്നാൽ അതിനുള്ള കാരണം വിശദപ്പെടുത്തിയും, എപ്പോൾ മറുപടി തരാൻ സാധിക്കുമെന്നും, ഉത്തരം ആവശ്യപ്പെടുന്ന തീയതി ഉത്തരം ആവശ്യപ്പെടുന്ന മെമ്പർക്ക് അറിയിപ്പുകൊടുക്കുന്നതിനു വേണ്ട വ്യവസ്ഥചെയ്യുവാൻ ഗവമ്മെണ്ടിനു സാധിക്കുമോ?

**ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:**

(എ) കഴിയുന്നിടത്തോളം ക്ലിപ്തതീയതിയിൽതന്നെ ഉത്തരം നൽകണമെന്ന് ഇതിനു മുമ്പുതന്നെ വ്യവസ്ഥചെയ്തിട്ടുണ്ട്.

(ബി) ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിൽ നേരിടുന്ന ഒഴിച്ചുകൂടാൻ പാടില്ലാത്ത താമസം കാരണമാണ് ചോദ്യങ്ങൾക്ക നിശ്ചിതതീയതികളിൽ ഉത്തരങ്ങൾ നൽകാൻ സാധിക്കാതെവരുന്നതു്. ഈ കാരണംകൊണ്ടുതന്നെ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നതുപോലെയുള്ള ഒരു വ്യവസ്ഥചെയ്യുന്നതു പ്രായോഗികമല്ല.

### ലിഫ്റ്റ് ഇറിഗേഷൻ

*൨൦൬. **ശ്രീ. പി. കെ. കുമാരൻ ആചാരി:** താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൪ ചിങ്ങം മുതൽ ഇടവം വരെ ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തുന്നതിന് എത്ര അപേക്ഷകൾ എലക്ട്രിസിറ്റി ഡിപ്പാർട്ടുമെണ്ടിൽ ലഭിച്ചിട്ടുണ്ട്;

(ബി) ൧൧൨൩-ൽ കിട്ടിയിട്ടുള്ള അപേക്ഷകളുടെ എണ്ണം എത്ര;

(സി) അവയിൽ എത്ര എണ്ണം അനുവദിച്ചു?

**ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ:**

(എ) ൩൧.

(ബി) ൩൪.

(സി) ൩൧.

### FINANCIAL ADVISER

*207 **Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state:—

(*a*) whether the Government have decided to appoint a Financial Adviser;

(*b*) if the answer to (*a*) is in the affirmative, the name of the individual and the salary and allowances agreed to be paid per month;

and (c) the period for which he will be appointed?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) The matter is engaging the attention of the Government.

(b) & (c) Do not arise.

### INSURANCE DEPARTMENT

*208 **Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state

(*a*) the amount of fire risk insurance premium collected by the Insurance Department of the Government and the total amount for which insurance policies have been accepted as on 10th Karkadakam 1124;

(*b*) whether the Government have reinsured and if so the total amount for which reinsurance has been effected and the premium paid for the same up to 10th Karkadagam 1124;

(c) the names of those companies with which reinsurance have been carried out and the amounts so insured in each;

(*d*) the names of these companies which applied to get the re-insurance business; and

(*e*) if any of those companies were not given this business the reason for their rejection from the approved list?

**The Hon'ble Sri. A. J. John:**

| | Rs. | A. | P. |
|---|---|---|---|
| (*a*) Fire risk insurance Premium collected till 10th Karkadagam 1124 .. | 1,96,780 | 3 | 0 |
| Total amount for which Insurance has been accepted .. | 3,11,58,019 | 11 | 0 |

(*b*) Yes; The further information required is of a confidential nature.

(*c*), (*d*) & (*e*) The information required is of a confidential nature under Article X (3) of of the reinsurance treaty.

**SEPARATION OF JUDICIARY FROM EXECUTIVE**

***209. Sri. N. Daniel Jose:** Will the Hon'ble Minister for Law be pleased to state whether the Government propose to separate the Judiciary from the Executive and if so, when?

**The Honb'le Sri. T. K. Narayana Pillai:** Not at present.

## ADJOURNMENT MOTIONS

**Mr. Speaker:** There ars three adjournment motions that have been received today. I shall refer to them for the information of the House. The first is from Mr. Ponnara G. Sreedhar and relates to "the grave situation that has arisen due to the stoppage of work in the Pit-Saw Section in the New Workshop, Chakkay, Trivandrum, with effect from yesterday and thereby endangering the livelihood of hundreds of families."

ഇതേസംബന്ധിച്ച് ഒരു തീരുമാനം ചെയ്യുന്നതിനു മുമ്പായി മിനിസ്റ്റർക്ക് അതുസംബന്ധിച്ചു വല്ല അറിവും ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പററി എനിക്കു പറയാനുള്ളത് ഇത്രമാത്രമാണ്. ആ വർക്ക്ഷാപ്പിന്റെ പണി നടത്താൻ കൺട്രാക്ട് സിസ്റ്റമാണ് ഗവർമ്മെണ്ടു സ്വീകരിച്ചിട്ടുള്ളത്. അതനുസരിച്ച് ൧൧൨൪-ലേക്കുള്ള ടെണ്ടർ വിളിക്കുകയും ലോവസ്റ്റ് ആയി വിളിച്ചകേട്ട ഒരു കൺട്രാക്ടർക്ക് അതു കൊടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കൺട്രാക്ട് സമയം ൧൧൨൪-ഓടുകൂടി അവസാനിക്കുന്നു. ൧൧൨൫-ലേക്കുള്ള ടെണ്ടർ വിളിക്കുകയും ലോവസ്റ്റായി വിളിച്ചകേട്ട കൺട്രാക്ട് ഗവർമ്മെണ്ടു സ്വീകരിക്കുകയും ചെയ്തു. എന്നാൽ ൧൧൨൫-ലേക്കുള്ള കൺട്രാക്ട് വേറെ ഒരാൾക്കു കൊടുത്തതുകൊണ്ട് ഇപ്പോഴത്തെ കൺട്രാക്ടർ ചില പരാതികൾ പുറപ്പെടുവിക്കുകയുണ്ടായി. അയാളെ സഹായിക്കാൻ ഏതാനും ചില ജോലിക്കാർ ചേർന്നു ചില കുഴപ്പങ്ങൾ അവിടെ ഉണ്ടാക്കിവരുന്നു എന്നാണ് അറിവ്. ജോലി ഇന്നും അവിടെ നടക്കുന്നുണ്ട്. അവിടെ സ്ട്രൈക്കുണ്ടാവുകയോ ജോലിക്കാരെ ഇന്നലെ പിരിച്ചുവിടുകയോ ചെയ്തിട്ടില്ലെന്നാണ് ഇവിടെ വന്നതിന്റെശേഷം എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, പ്രധാനമന്ത്രി പറഞ്ഞതു വലിയ തെററിദ്ധാരണയുടെ അടിസ്ഥാനത്തിലാണ്. ഞാൻ ഇന്നു പി. ഡബ്ലിയു. വകുപ്പു മന്ത്രിയെ സമീപിച്ചു വിവരം ധരിപ്പിച്ചു. അദ്ദേഹം എന്നോട് ൧൧൨൫-ലെ കൺട്രാക്ട് കൊടുത്തില്ലെന്നാണ് പറഞ്ഞത്. ഇന്നലെമുതൽ അവിടെ ജോലിയില്ല. ൧൦൦-ൽപരം ആളുകളെ അവിടെനിന്നും പിരിച്ചുവിട്ടിരിക്കുന്നു. അതുകൊണ്ടു പ്രധാനമന്ത്രി പറഞ്ഞതു കള്ളമാണ്. യഥാർത്ഥത്തിൽ ഇങ്ങനെ ഒരു സംഗതി അവിടെ നടന്നിട്ടുണ്ട്. അവിടത്തെ സ്ഥിതിഗതികൾ അത്യധികം ഗുരുതരമാണ്.

മിസ്റ്റർ സ്പീക്കർ: The member will withdraw the word 'കള്ളം'. അതു തെററാണെന്നോ ശരിയല്ലെന്നോ പറയാം. കള്ളം എന്ന പദം പാർലിമെന്ററിയല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതു ചീത്തയായിട്ടുള്ള അർത്ഥമൊന്നും ഉദ്ദേശിച്ചു പറഞ്ഞതല്ല. I withdraw.

**The Hon'ble Sri. E. John Philipose:** This adjournment motion refers to the Pit-saw section in the new Workshop at Chakkey. Since I had this motion, I called for information and I have just roceived the information that 40 sets of sawers are working today and that during the whole of this week, this was more or less the number. But, as the Hon'ble Chief Minister stated, as far as Pit-saw work in the Public Works Workshop is concerned, it is done by contractors. Tenders are called at the beginning of every year and the lowest tender is generally accepted. That is coming to a close by the 32nd of Karkadagam and fresh tenders have already been invited. So then, actually, my information is that at present there is no diminution in the number of workers, and even if there be so, these workers are not under the Public Works Department of the Government.

ശ്രീ. മന്നത്തു പത്മനാഭപിള്ള: മലയാളത്തിൽ സംസാരിച്ചാൽ കൊള്ളാമായിരുന്നു.

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇംഗ്ലീഷിൽ ആണ് adjournment motion അയച്ചിരിക്കുന്നതു്.

ശ്രീ. മന്നത്തു പത്മനാഭപിള്ള: ഇംഗ്ലീഷിൽ അടിയന്തിരപ്രമേയം അയച്ചാൽ മലയാളത്തിൽ അതിനു ഉത്തരം പറഞ്ഞുകൂടെന്നു വല്ല നിബന്ധനയും ഉണ്ടോ?

മിസ്റ്റർ സ്പീക്കർ: മെമ്പർ ആവശ്യപ്പെട്ടതുപോലെ നിവൃത്തിയുള്ളിടത്തോളം മലയാളത്തിൽ സംസാരിക്കുന്നതു നന്നായിരിക്കും. എല്ലാവരും മനസ്സിലാകത്തക്ക ഭാഷയിൽ സംസാരിക്കുന്നതിനു ശ്രമിക്കാം.

ശ്രീ. കെ. എം. ചാണ്ടി: മലയാളം അറിയാൻ പാടില്ലാത്തവരെ മലയാളത്തിൽ സംസാരിക്കണമെന്നു നിർബ്ബന്ധിച്ചാൽ അവർ എന്തുചെയ്യും?

മിസ്റ്റർ സ്പീക്കർ: മെമ്പർ ഞാൻ പറഞ്ഞതു ശ്രദ്ധിച്ചിരുന്നെങ്കിൽ ഇതു ചോദിക്കുകയില്ലായിരുന്നു. മനസ്സിലാകത്തക്ക ഭാഷയിൽ കഴിയുന്നത്ര സംസാരിക്കുന്നതിനു ശ്രമിക്കാമെന്നാണ് പറഞ്ഞതു്.

ഈ അടിയന്തിരപ്രമേയത്തിൽ അടങ്ങിയിരിക്കുന്ന സംഗതികളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ഈ സഭ മുമ്പാകെ വെയ്ക്കാൻ ഇപ്പോൾ നിവൃത്തിയില്ലാത്തതുകൊണ്ടും നിവൃത്തിയുള്ളപക്ഷം അടിയന്തിരപ്രമേയം കൂടാതെ ഈ സംഗതി ബഡ്ജററ ഡിസ്കഷൻ സമയത്തു ചർച്ചചെയ്യാമെന്നുള്ളതുകൊണ്ടും ഞാൻ ഇതിനു് അനുവാദം നിഷേധിച്ചിരിക്കുന്നു.

അടുത്ത പ്രമേയം മി. എ. കെ. പാച്ചുപിള്ളയുടേതാണ്. അതു് ഇപ്രകാരമാണ്. "൧൯൪൨ ആഗസ്റ്റിലെ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തോടു് അനുബന്ധിച്ചും തിരുവിതാംകൂർ സ്റ്റെയിററ് കോൺഗ്രസ്സിന്റെ ആഹ്വാനത്തെ ആദരിച്ചും ജനാധിപത്യഗവമെന്റു തിരുവിതാംകൂറിൽ സ്ഥാപിക്കപ്പെടുന്നതിനുമുമ്പ് ഇവിടെ അധികാരത്തിലിരുന്ന ഗവമെണ്ടിന്റെ സിവിലാജ്ഞയെ ലംഘിച്ചു സമരം നടത്തിയ ശ്രീ. വരിഞ്ഞം രാഘവൻപിള്ള എന്നയാളിന്റെമേൽ കൊല്ലം മജിസ്ട്രേട്ടുകോടതിയിൽ ൧൧൨൪-ൽ സി. സി. ൧൬-ാം നമ്പരായി കേസ്സെടുത്തു ശിക്ഷിക്കുകയും പിഴയൊടുക്കാതെ ജയിൽവാസം അനുഭവിക്കുകയും ചെയ്തവെങ്കിലും അദ്ദേഹത്തിന്റെവക ജംഗമസാമാനങ്ങൾ ജപ്തിചെയ്തു് ഈമാസം ൨൩-ാം തിയ്യതി ലേലംചെയ്തു പിഴ ഈടാക്കിയിരിക്കുന്നു. മേപ്പടി രാഘവൻപിള്ളയോ അദ്ദേഹത്തെപ്പോലെ കഷ്ടനഷ്ടങ്ങൾക്കു വിധേയരാകുന്ന മററു ആളുകൾക്കോ രക്ഷ നൽകുന്നതിനു യാതൊരു നടപടികളും ഇന്നു് അധികാരത്തിലിരിക്കുന്ന ഗവമെണ്ടു് എടുക്കാത്തതിൽ നിന്നുളവായ അരക്ഷിതനയം ദേശീയബോധത്തെ ഹനിക്കുന്നതും ഗൌരവവും അടിയന്തിരവും പ്രാധാന്യവുമുള്ള ഒരു സംഗതിയാകയാൽ ഇതേപ്പററി വാദപ്രതിവാദം നടത്തുന്നതിനായി ഈ സഭാനടപടികൾ മാററിവെക്കണമെന്നു് അഭ്യർത്ഥിക്കുന്നു."

അടിയന്തിരപ്രമേയത്തിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങൾ എത്ര പ്രാധാന്യവും ഗൌരവവുമുള്ളവയായാലും അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനു ചില പ്രത്യേക വ്യവസ്ഥകൾ ഉണ്ടു്. ഇതു് ആ വ്യവസ്ഥകൾക്കെല്ലാം വിപരീതമായതുകൊണ്ടു് അവതരിപ്പിക്കാൻ പാടില്ലെന്നു റൂൾചെയ്യുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇന്ന വ്യവസ്ഥയാണ് ലംഘിച്ചിരിക്കുന്നതു് എന്നു പറഞ്ഞാൽ അതു മേലിൽ ഉപകാരപ്രദമായിരിക്കും.

മിസ്റ്റർ സ്പീക്കർ: മുമ്പു പല അവസരങ്ങളിലും ഇവിടെ ഉദ്ധരിച്ചിട്ടുള്ള വ്യവസ്ഥകൾ തന്നെയാണ്. കൂടാതെ അവ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതു സംബന്ധിച്ചുള്ള അസംബ്ലി റൂളുകളിൽനിന്നു് ആ വ്യവസ്ഥകൾ മനസ്സിലാക്കാവുന്നതാണ്.

അടുത്ത പ്രമേയം മി. കെ. കെ. കണ്ണന്റേതാണ്. അതു് ഇപ്രകാരമാണ്. "൧൧൨൫ കർക്കടകം ൨-ാംനു കുന്നംകുളം ടൌണിന്റെ ഒരു ഭാഗമായ നടപ്പന്തി എന്നു പറയുന്ന സ്ഥലത്തു നാട്ടിരുന്ന ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ പതാക അവിടത്തെ സാനിറററി ഇൻസ്പെക്ടർ എടുത്തുകൊണ്ടുപോയിരിക്കുന്നു. പ്രസ്തുത പാർട്ടിയുടെ ഒരു പ്രചരണസമ്മേളനം നടത്തുവാനുദ്ദേശിച്ചുകൊണ്ടു കുന്നംകുളത്തുള്ള പാർട്ടിയുടെ ഭാരവാഹികൾ നാട്ടിയിരുന്ന പതാകയായിരുന്നു അതു്. ആ സ്ഥലത്തുതന്നെ കാൺഗ്രസ്സുകാരും മീററിംഗുകൾ നടത്താറ

ണ്ടു്. എന്നാൽ ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ മാത്രം മീററിംഗ് നടത്താൻ സൌകര്യം കൊടുക്കാതെ പാർട്ടിയുടെ പതാക സാനിറററി ഇൻസ്പെക്ടർ എടുത്തുകൊണ്ടുപോയതു പൌരസ്വാതന്ത്ര്യത്തിൻെറമേലുള്ള ഗവമ്മെണ്ടിൻെറ ക്രൂരമായ കയ്യേററവും അവഹേളനവുമാകയാൽ പ്രസ്തുത സംഭവത്തെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതിനു സഭാനടപടികൾ മാററിവെക്കണമെന്നു് ആവശ്യപ്പെടുന്നു."

പ്രമേയത്തിൽ വിവരിക്കുന്ന സംഭവത്തെക്കുറിച്ചു ഗവമ്മെണ്ടിനു് എന്തെങ്കിലും അറിവു ലഭിച്ചിട്ടുണ്ടോ എന്നു് അറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, സംഭവം അങ്ങനെയല്ല. അതു് ഏതാണ്ടു് ഇപ്രകാരമാണു്. കർക്കടകം ൫-ാംനു- നടന്ന ഒരു സംഭവമാണു് അതു്. ഐ. എസ്സ്. പി. ക്കാരുടെ ആഭിമുഖ്യത്തിൽ ഒരു യോഗം അവിടെ നടന്നു. ആ യോഗത്തിൽ പോലീസുകാരോ മററധികാരികളോ ഇടപെടുകയോ മററു പ്രതിബന്ധങ്ങൾ ഉണ്ടാക്കുകയോ ചെയ്തില്ല. എന്നാൽ ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ ഒരു കൊടി ഒരു ഇലക്ട്രിക്കു് പോസ്റ്റിൽ കെട്ടിയിരുന്നതു് അവിടത്തെ സാനിറററി ഇൻസ്പെക്ടർ സാധാരണ ടൌൺ ചുററിസഞ്ചരിക്കാറുള്ളതുപോലെ ചുററിസഞ്ചരിച്ചപ്പോൾ കാണുകയും ഇലക്ട്രിക്കു് പോസ്റ്റിൽനിന്നു് അതു മാററുകയും ചെയ്തിട്ടുണ്ടു്. ഇതാണു് അവിടെ നടന്നിട്ടുള്ളതു് എന്നാണു് എനിക്കു ലഭ്യമായിട്ടുള്ള അറിവു്.

മിസ്റ്റർ സ്പീക്കർ: ഈ അടിയന്തിരപ്രമേയത്തിൽ അടങ്ങിയിരിക്കുന്ന സംഗതിയുടെ വാസ്തവാവാസ്തവങ്ങളെക്കുറിച്ചു് അറിയാൻ നിവൃത്തിയില്ലാത്തതുകൊണ്ടും ഗവമ്മെണ്ടുഭാഗത്തുനിന്നും നൽകിയ വിശദീകരണത്തെ അടിസ്ഥാനമാക്കിയും ഇതു് ഒരു അടിയന്തിരപ്രമേയമായി അവതരിപ്പിക്കാൻ അർഹതയുള്ളതല്ലാത്തതുകൊണ്ടു് അതിനുള്ള അനുവാദം നിഷേധിച്ചിരിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, പോയിൻറു് ഓഫ് ആർഡർ. അടിയന്തിരപ്രമേയത്തിൻെറ വാസ്തവാവാസ്തവങ്ങളെപ്പററി അതിൽ പ്രസ്താവിക്കാൻ വ്യവസ്ഥയില്ല. മററു വല്ലവരും അതു വിശദീകരിക്കുന്നതിനുമുമ്പു് അടിയന്തിരപ്രമേയം സ്വീകരിക്കാതിരിക്കുന്നതു ശരിയാണോ ?

മിസ്റ്റർ സ്പീക്കർ: അടിയന്തരപ്രമേയത്തിനു അനുവാദം നിഷേധിച്ചുണ്ടായ തീരുമാനത്തെ ചോദ്യംചെയ്യാൻ പാടില്ലെന്നുള്ളതിനുപുറമെ മെമ്പർ ഉന്നയിച്ച സംഗതിക്കു് ഒരു വിശദീകരണം ആവശ്യമെന്നു കാണുന്നുമില്ല. കൂടുതലായി ഈ സംഗതി ഒരു ചർച്ചാവിഷയമാക്കണമെന്നു വിചാരിക്കുന്നില്ല.

## FINANCIAL BUSINESS

### Demands for Supplementary Grants—*(contd.)*

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇന്നലെ ഞാൻ സഭ മുമ്പാകെ അവതരിപ്പിച്ച സപ്ലിമെൻററി ഗ്രാൻറു സംബന്ധിച്ചു് ചില വിവരങ്ങൾ സഭ മുമ്പാകെ വയ്ക്കണമെന്നു് ആഗ്രഹിക്കുന്നു. ചവറയിൽ കുറെക്കാലമായിട്ടു പ്രവർത്തനം നടത്തിവരുന്നതു നാലു കമ്പനികളാണു്.

**Sri. K. P. Neelakanta Pillai:** May I know whether the demand for supplementary grant has been moved by the member in charge of the concerned Department ? I think he had his speech, and it is our turn now to pass any remarks on the demand. Therefore, under what rule is the Hon'ble the Chief Minister now explaining the demand over and above the explanation given to this House by the Minister in charge of the Department ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇന്നലെ ചിലസംശയങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാർ ചോദിച്ചതിനെ അടിസ്ഥാനമാക്കി........

**Mr. Speaker:** Does the member suggest that the attempt on the part of the Government to offer some additional explanation in the light of certain observations made in the House on the matter under discussion is not in order ?

**Sri. K. P. Neelakanta Pillai:** No ,Sir, the Demand has been moved by the Minister in charge of the Department.

മിസ്റ്റർ സ്പീക്കർ: ഇവിടെ നടന്ന നടപടികളെ സംബന്ധിച്ച് എന്തെങ്കിലും വ്യാഖ്യാനമോ സമാധാനമോ തരണമെങ്കിൽ അതു് ഗ്രാൻറ മൂവ് ചെയ്ത മെമ്പർതന്നെ പാടുള്ളുഎന്ന് നിർബന്ധമില്ല. ഗവൺമെണ്ടിനെ പ്രതിനിധീകരിച്ചു ഏതു് മിനിസ്റ്റർക്കും ആകാവുന്നതാണ്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ നാലു് കമ്പനികളിൽ ഒന്നു് ട്രാവൻകൂർ മിനറൽസ്, രണ്ടാമത്തേതു് എ. എം. സി. കമ്പനി, മൂന്നാമത്തേതു് എഫ്. എക്സ്. പെരേരാ, നാലാമത്തേതു് ഹാപ്കിൻസ് ആൻഡ് വില്യംസ് കമ്പനി. ഈ കമ്പനികൾ നാലും ചില പ്രത്യേക വ്യവസ്ഥകളിൽ കുറെക്കാലമായി പ്രവർത്തനം നടത്തിവരികയാണ്. ഇതിൽ ആദ്യത്തെ കമ്പനിയായ ട്രാവൻകൂർ മിനറൽസിനെ സംബന്ധിച്ചാണ് ഈ ധനാഭ്യർത്ഥന പുറപ്പെടുവിച്ചിട്ടുള്ളതു്. ഈ കമ്പനി അവരുടെ അവകാശങ്ങളെ വേറൊരു കമ്പനിക്കു് കൈമാററം ചെയ്യുന്നതിന് ഉദ്ദേശിച്ച് ആ വിവരം ഗവൺമെണ്ടിനെ അറിയിച്ചു. അങ്ങിനെ അറിയിച്ച അവസരത്തിൽ തിരുവിതാംകൂറിലെ ഗവൺമെണ്ട് ഇടപെട്ടിട്ടുള്ള കമ്പനികളെ സംബന്ധിച്ചിടത്തോളം—അതു് വിദേശികളുടേതു് ആയാലും കൊള്ളാം ഇൻഡ്യാക്കാരുടേതായാലും കൊള്ളാം, ഇങ്ങനെയുള്ള കമ്പനികളുടെ അവകാശങ്ങളും മററും മറെറാരു കമ്പനിക്കു് കൈമാററം ചെയ്യാൻ അനുവദിക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കുകയില്ല എന്നു് ഗവൺമെണ്ടിനു് ബോദ്ധ്യപ്പെട്ടതിൻെറ ഫലമായി ആ കമ്പനിയെ ഗവൺമെണ്ടു തന്നെ വിലക്കു് വാങ്ങി ഏറെറടുക്കാമെന്നു് നിശ്ചയിച്ചു് വിവരം കമ്പനിയെ അറിയിച്ചു. കൈമാററം ചെയ്യാമെന്നു് അവർ നിശ്ചയിച്ചിരുന്നതു് കൽക്കട്ടായിലെ ഒരു കമ്പനിക്കായിരുന്നു. അങ്ങനെ ഉള്ള ഒരു തീരുമാനത്തിൽ ഗവൺമെണ്ടു് എത്തിച്ചേർന്നതിൻെറ ഫലമായി കമ്പനിയും ഗവൺമെണ്ടുമായി കൈമാററത്തെ സംബന്ധിച്ചു് സംഭാഷണങ്ങൾ നടത്തുകയുണ്ടായി. ഇതിനെ സംബന്ധിച്ചു് പല കോൺഫ്രൻസുകളും നടന്നു. തിരുവിതാംകൂർ ഗവൺമെണ്ടു് വിലയ്ക്കു് വാങ്ങുകയാണെങ്കിൽ അതിനു് അവർ തയ്യാറാണെന്നു് ഗവൺമെണ്ടിനെ അറിയിച്ചു. ആ സംഭാഷണങ്ങളിൽ പ്രധാനമായി ചർച്ചാ വിഷയമായിരുന്നതു് കമ്പനിയുടെ ആസ്തികളെ തിട്ടപ്പെടുത്തുക എന്നതായിരുന്നു. അതിനുവേണ്ടി ഉത്തരവാദിത്വബോധമുള്ളവരും മെഷ്യൻസിനെ സംബന്ധിച്ചു് വിവരം ഉണ്ടെന്നു് ബോധ്യമുള്ളവരുമായ ആളുകളെ ഗവൺമെണ്ടിൽ നിന്നും നിയമിച്ചു. അവരിൽ ഒന്നു് ഈ ഗവൺമെണ്ടിൻെറ ജിയാളജിസ്റ്റ് ആയ മിസ്റ്റർ മഹാദേവനും, മറെറാന്നു് ബായിലർ ഇൻസ്പെക്ടരായ മിസ്റ്റർ കക്കിലിയായും ആയിരുന്നു. ഫൈനാൻസ് ഡിപ്പാർട്ടുമെണ്ടിൽ നിന്നും ഒരാളെ കമ്പനിയുടെ ഫൈനാൻസിനെ സംബന്ധിച്ച കാര്യങ്ങൾ ഗവൺമെണ്ടിനെ അറിയിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതിനുമുമ്പുതന്നെ കമ്പനിയുടെ ആസ്തികളെപ്പററി ഒരു സാമാന്യ തിട്ടപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതും ഈ ഗവൺമെണ്ടിൻെറ ഉപയോഗത്തിനു് സഹായകമായിരുന്നു. മുമ്പു് ഞാൻ പറഞ്ഞ ആളുകൾ ചേർന്ന ഒരു കമ്മററി ഈ കാര്യങ്ങൾ എല്ലാം സൂക്ഷ്മമായി പരിശോധിച്ചശേഷം റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടു്. അതനുസരിച്ചു് പന്ത്രണ്ടര ലക്ഷം രൂപയാണു് കമ്പനിക്കാർക്കു കൊടുക്കേണ്ടതു്. അതായതു് അവിടെ ഉണ്ടായിരുന്ന മെഷ്യനറീസു കമ്പിക്കാർ ഇൻഷുർ ചെയ്തിട്ടുള്ള തുക ഇതൊക്കെ കണക്കാക്കിയാണു് പന്ത്രണ്ടരലക്ഷം രൂപാ എന്നു് നിശ്ചയിച്ചതു്. ഇങ്ങനെ കമ്പനി ഗവൺമെണ്ടിൽനിന്നും ഏറെറടുക്കുന്നപക്ഷം അതു് ഗവൺമെണ്ടിനു ആദായകരമായിരിക്കുമെന്നാണു് റിപ്പോർട്ടു്. റിപ്പോർട്ടു് വന്നശേഷവും കമ്പനിയുടെ അന്നത്തെ പ്രവർത്തകന്മാരെ വരുത്തി വാദപ്രതിവാദങ്ങൾ നടത്തി. ഒടുവിൽ ഈ തുക കൊടുക്കുന്നതു് ഗവൺമെണ്ടിനു് ആദായകരമായിരിക്കുമെന്നു് ബോദ്ധ്യപ്പെട്ടു്, പന്ത്രണ്ടരലക്ഷം രൂപാ നിശ്ചയിച്ചു. എന്നാൽ കമ്പനിയിൽനിന്നും നമുക്കു് തരുവാനുള്ള രണ്ടുലക്ഷത്തി എഴുപത്തി അയ്യായിരം രൂപാ കഴിച്ചു ബാക്കി കമ്പനിക്കു് കൊടുത്താൽ മതി. ഈ കമ്പനി വിലക്കു വാങ്ങുന്ന സമയത്തു് ഏകദേശം ഇരുപത്തിഅയ്യായിരം ടണ്ണോളം ഇൽമിനേററു കമ്പനിയിൽ ഉണ്ടായിരുന്നു. അതുംകൂടെ ചേർത്താണു് ഗവൺമെണ്ടിൽനിന്നും വിലയ്ക്കു് വാങ്ങിച്ചതു്. ഈ സംഖ്യ ഗവൺമെണ്ടു് ഓവർഡ്രാഫ്ററ് അക്കൌണ്ടു് ഡ്രാ ചെയ്തു കൊടുത്തുകഴിഞ്ഞു. ഈ തുക സഭ അനുവദിക്കണമെന്നു് അപേക്ഷിക്കുന്നു. മാത്രമല്ല ൧൧൨൪-ലെ ആയവ്യയകണക്കിൻ പ്രകാരം ൧൧൨൫-ൽ ഇൽമനൈററു് കയററി അയക്കുന്ന ഇനത്തിൽ നാലു ലക്ഷം രൂപാ ഗവൺമെണ്ടിനു് കിട്ടാനുള്ളതിൽ ഒരു ലക്ഷം രൂപായോളം വരുന്ന ചെലവുകഴിച്ചു് ബാക്കി മൂന്നു ലക്ഷം രൂപാ ആദായം കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു്. ഇങ്ങനെ ഏകദേശം നാലു കൊല്ലംകൊണ്ടു് ഗവൺമെണ്ടിൽനിന്നും മുടക്കിയ തുക മുഴുവനും ഗവൺമെണ്ടിനു് ഈടാകും എന്നാണു് വിചാരിക്കുന്നതു്. ഇതു് സഭ അനുവദിക്കേണ്ടതാണു്.

**Sri. A. Thanu Pillai:** Sir, the Chief Minister stated that the amount paid in lieu of this right to acquire was Rs. 12 lakhs and 2 lakhs and odd was set off against the amount due to Government on account of the working of the mines under the contract. I wish to know whether the supplementary demand should not have been for all the 12 lakhs the other amount being credited to Government. He has come forward only for 9 lakhs and odd.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെണ്ടിൽനിന്നും ഇപ്പോൾ ൯,൨൫,൦൦൦ രൂപാ കൊടുത്താൽ മതി. അതായതു പന്ത്രണ്ടു ലക്ഷത്തിൽ നമുക്കു് അവർ തരാനുള്ളതു രണ്ടു ലക്ഷത്തിൽ പരം ഉണ്ടു്. ബാക്കി കൊടുത്താൽ മതി.

**Sri. A. Thanu Pillai:** May I understand that the receipts have not been credited? That is, 2 lakhs due to Government under the prior agreement. Is it the right way of accounting? I wish to know.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് adjust ചെയ്തിട്ടുള്ളതാണു്.

**Sri. K. P. Neelakanta Pillai:** Sir, I move a token motion. My motion is to reduce the amount demanded, that is, Rs. 9,25,000 by Re. 1.

**Mr. Speaker:** I disallow that motion for the reason that in the Demands for Supplementary Grants token motions are not allowed.

**Sri. K. P. Neelakanta Pillai:** Sir, on a point of order. Under the rules, I am entitled to move this motion. Rule 45 states as follows:—

"45. (1) An estimate shall be presented to the Assembly for a supplementary or additional grant when—

(*i*) the amount voted in the Budget of a grant is found to be insufficient for the purpose of the current year, or

(*ii*) a need arises during the current year expenditure for which the vote of the Assembly is necessary upon some new service not contemplated in the Budget for that year:

Provided that, when funds to meet a proposed expenditure on a new service can be made available by re-appropriation, a demand for the grant of a token sum may be submitted to the vote of the Assembly, and if the Assembly assents to the demand, funds may be made available.

(2) An estimate may be presented to the Assembly for an additional or supplementary grant in respect of any demand to which the Assembly has previously refused its assent or the amount of which the Assembly has reduced.

(3) Supplementary or additional estimates shall be dealt with in the same way by the Assembly as if they were demands for grants.

Under sub-rule (3) I am entitled to move all sorts of motions without any distinction whether it is a budgetary demand or a demand for a supplementary grant. I want a ruling on that point, Sir.

**Sri. K. Sivarama Pillai:** For the information of the Chair I may point out that Rule 42 (2) states that "Motions may be moved at this stage to reduce any grant, but not to increase or alter the destination of a grant."

**Mr. Speaker:** Is it a point of order?

**Sri. K Sivarama Pillai:** No, Sir. But only as a further explanation of the point.

മിസ്റ്റർ സ്പീക്കർ: സപ്ലിമെന്ററി ഗ്രാന്റിനെപ്പറ്റിയുള്ള വാദപ്രതിവാദത്തിൽ കൊണ്ടുവരുന്ന token motions നെ സംബന്ധിച്ചു് ചില സംഗതികൾ വ്യക്തമാക്കേണ്ടതുണ്ടു്. സപ്ലിമെന്ററി ഗ്രാന്റു് ബാധിക്കുന്ന ഡിപ്പാർട്ട്മെന്റിന്റെ പൊതുനയത്തെ സപ്ലിമെന്ററി ഗ്രാന്റിനെപ്പറ്റിയുള്ള ചർച്ച സമയത്തു് പ്രതിപാദിക്കാവുന്നതല്ല. എന്നാൽ സപ്ലിമെന്ററി ഗ്രാന്റിന്റെ തുകയേയും അതിനുള്ള ആവശ്യത്തേയും സംബന്ധിച്ചിടത്തോളം മാത്രം ആ ഗ്രാന്റിൽ അന്തർഭവിക്കുന്ന നയത്തെ ചർച്ചക്കു വിഷയമാക്കാവുന്നതാണു്. അതു ചെയ്യേണ്ടതു് ടോക്കൺമോഷൻ മൂലമല്ലാ. സപ്ലിമെന്ററി ഗ്രാന്റിനെപ്പറ്റിയുള്ള വാദപ്രതിവാദവേളയിൽ ഗ്രാന്റിനെ അനുകൂലിച്ചോ എതിർത്തോ വാദം നടത്തുമ്പോൾ ആകാവുന്നതാണു്. (Travancore Rulings Page 293—Para 656—Indian Rulings Page 105—No. 155—also Indian Rulings Page 104). For the Information of the House, I shall just read the relevant portions from these Rulings. On page 292, paragraph 656, we find like this:

[Mr. Speaker]

"The President ruled: "There are a number of token motions on the agenda which relate to the supplementary demands before the House. I considered the question very carefully and I have framed a ruling on that point and I shall read that to the House.

"The motions in the agenda given notice of in respect of the Demands for Supplementary Grants, are motions for token cuts. A token cut, as distinct from an economy cut or specific cut, is intended to raise a debate on a policy of the Department to which the Demand relates. The necessity for such a cut arises for this reason. In the annual Budget Demands placed before the House, there are both votable items and non-votable items. If the House disapproves of the policy underlying a votable item, it can of course throw out the entire item. But policy relates to the votable and non-votable items, it cannot effectuate its vote on a question of policy by throwing out any non-votable item concerned. Therefore, it is the usual convention and practice in parliamentary bodies to move what is called a 'token cut' motion to raise a debate on policy. But such motions, *i. e.*, the token motions can be permitted only if they are relevant to the main question, namely, the Demand for Grant. In the annual Budget Demands as the entire subject is placed before the House and discussed, it is considered that the entire policy of the Department is before the House and therefore it is held that token motions are relevant motions in the annual Budget debates. But the same can scarcely be said when what is placed before the House is only a supplementary or additional estimate under Rule 77. Such an estimate is presented only when

'(*a*) the amount voted in the Budget of a grant for which the vote of the Legislature is necessary is found to be insufficient for the purpose of the current year, or

(*b*) a need arises during the current year, for expenditure for which the vote of the Legislature is necessary upon some new service not contemplated in the Budget for that year.'

Thus the estimate is presented and the Demand is made for some specific purpose. The necessity of that purpose and even the policy underlying that purpose or the policy that has a strict bearing on that purpose, if any, is no doubt open to discussion. But the Legislature cannot go beyond the four corners of that purpose and raise a debate on the general policy of the Department. That will be irrelevant, because the whole Department is not before it. And, therefore, there is no occasion for a token motion. If the Legislature disapproves of the policy underlying or necessarily related to the purpose for which the Demand is made, it can throw out the Demand. For, as the whole Demand is placed before it for its vote, it can reach the whole Demand and it is not thus in the position of being unable (as in the case of the annual Budget estimates) to reach any item in the estimates presented to and therefore there is no occasion for a token motion when supplementary or additional estimates are presented. It is all a question of relevancy. In the annual Budget debates, the token motion is relevant; in the debates on supplementary estimates it is not relevant. The rule is the same for both the annual Budget debate and the debate on supplementary or additional estimates, and that rule is the rule of relevancy" And, finally,

"It does not appear that token motions are allowed in the Indian Legislative Assembly when Demands for Supplementary Grants are moved and the Chair understands that, in Travancore too, it is not allowed, though there were exceptions.

The Chair has considered the whole matter and has decided to rule that token motions are irrelevant and inadmissible on Demands for Supplementary Grants, though, of course, the policy underlying or necessarily related to the purpose for which the Demand is made may be discussed on the main question, while supporting or opposing it."

Incidentally, I may refer to an Indian Ruling, page 105. This is what the Chair has observed.—

"The position is this, and this has been the practice all along. When the Budget is presented and the demand is made, that is the time for discussing any question of policy and to reject the demand or refuse it; but once that has been accepted and Government have incurred expenditure in accordance with the demand that has been passed, including the policy that is involved in the demand then any supplementary sum required will not involve the question of policy at all. This is covered by previous rulings and it is the practice also in Parliament. Otherwise, the whole policy will be discussed over and over again."

There are very many rulings on this point to show that when supplementary grants are considered token motions are not in order. It is a different matter if the motion is for the reduction of the whole allotment.

**Sri. K. P. Neelakanta Pillai:** In view of the ruling I propose to move the next motion which stands in my name to reduce the whole allotment.

**Mr. Speaker:** Yes, the member can move that motion.

**Sri. K. P. Neelakanta Pillai:** Sir, I heard the explanation given by the Chief Minister justifying the acquisition of this factory at this juncture. First of all the demand made by him is irregular. The Treasury Benches were labouring under a misapprehension for the last so many days that nothing like accurate system of accounting is required for the purposes of this Assembly. Now, it has been admitted that a sum of Rs. 12½ lakhs has to be paid for acquiring the ownership of this factory and the present demand is only for a sum of Rs. 9 and odd lakhs. The Chief Minister had the audacity to tell us that the Government had to set off some dues which the Company owed to us and therefore they settled—as people settled kitchen finances—those questions privately. To come forward like this with such a demand, is it not irregular and illegal ? It is clearly illegal, I have no doubt. Therefore, the proper thing should have been for the Government to move for a demand of Rs. 12½ lakhs, justifying the need for such a demand by accurate and convincing accounts. These elementary principles of budgeting and accounting are ignored for the purpose of transacting public business.

Secondly, Sir, I am made to understand that an expert Committee was appointed to go through the question of valuation of the factory. Who are the experts employed ?—a Boiler Inspector and a Geologist. I do not want to say anything about the merits of the individuals concerned. The House can more or less imagine whether a Boil r Inspector, however capable he may be in his line, is competent to value such complicated machines installed in the factory. Therefore, that also is irregular. I wonder what exactly was in the mind of the Government when they stepped in and acquired the Company in the name of nationalisation when the Company was compelled by circumstances to go away liquidated. If it is the intention of the Government to run the factory they must bear in mind that they will have to face keen competition as there are four other similar factories working. And, Sir, we know by experience what the result will be if they are to run the factory in the teeth of competition. We have had bitter experiences in this. Now, Sir, I am not going to discuss about the general policy of the Department. This is a big factory, and as such the consequences of acquiring it is serious and important. The potentialities of this factory in the manufacture of thorium, illeminite and monazite are great. Hon'ble Members may know that even now, as I have observed on a previous occasion, we have no plan or p.ogramme for embarking on similar ventures or, for that matter, we have no plan for anything at all. At random a factory fell vacant and we acquired it. What exactly have the Government of Travancore done towards industrialisation or nationalisation. I want to know whether in the matter of starting a petty salt factory or of acquiring a big mineral factory, they do things only if things come in their way. They have no plan of action. They embark upon ventures involving big amounts without first formulating a definite, regional planning in consultation with this House.

Thirdly, Sir, now, we are part of the Union and the Covenant also says that this Government is subject to the directions which the Central Government will offer from time to time. Moreover, we have yet to see the last word on the Financial Integration. That being the situation, I ask, Sir, whether the Government of India have been referred to before taking the step of acquiring this factory. Have the Government taken into account the fact that this question of mineral sands has assumed a world-wide importance and so the Foreign Department or rather the War Department of the Government of India has an eye over this Industry ? Besides, when we are crumbling with heavy taxations, when we are unable to find the wherewithal to eke out a decent living it is really preposterous for the Government to find funds to run such costly factories. I ask the Government whether this is a provincial subject or a local subject or a central subject. Have the Government thought anything about this ? If our Government want to secure the monopoly in this particular industry I am sure that the Government of India will at once interfere. They will not allow us to have our free hand in the matter. Under these circumstances if we had made a reference to the Government of India they would have come down and acquired this and other allied factories and we would have been left free from the burden of financial stringency which is already crumbling us. Therefore, Sir, without any definite policy this Government are doing this and that. On these grounds, I oppose this demand and move that the whole demand may be refused.

**Sri. A. Nesamony:** Sir, I oppose the demand. We are thankful to the Chief Minister for telling us the circumstances which led to the acquisition of this factory. But I believe that

[Sri. A. Nesamony]

those are not the full circumstances under which the Company had to part with its factory. The Chief Minister did not tell us the number of days the workers struck work or anything about the loss sustained by the Company on that account, and the part played by this Government and the police in solving the problem of strike and how eventually the problem was solved. If the Chief Minister had given us all these details of information we would have been in a position to know how this Company, which is one of the oldest companies in Travancore and which opened our eyes to the possibilities of exploiting mineral sand resources, came to part with its assets.

Yesterday, when I opposed nationalisation of salt industry, the Finance Minister held out a threat to capitalists who opposed the nationalisation of salt. I wonder whether any such threat was held out to this foreign company to surrender their rights to this Government. If nationalisation is to be had under threat and coercion, it ill behoves a popular Government. I wonder still whether this kind of threat that has been held out to the capitalists to enable the Government to go about nationalising the key industries would that meet with response from the public which it ought to. If the Hon'ble Finance Minister would march at the head of an army armed with the 900 new rifles to cow down every capitalist to accept the terms dicated to by this Government he would be in good company. But I doubt the courage of people who would creep into their holes at the sight of the bell, book and candle. So that, Sir, this threat, I am afraid, might have been held out to this Company and as a result of that the Company is now parting with its rights.

The Chief Minister has told us that by acquiring the rights of the Company we will be making over 4 lakhs next year out of the sand stocked by the Company. I wonder whether the Chief Minister, or for that matter, any other Hon'ble Minister has ever exercised his mind on the possibility of selling this sand. If my information is correct, there are only two companies in the world who are engaged in the processing of mineral sands. The Dupont Company of America which has a net work of combines throughout the world and a French Company with which the Government of India has recently entered into a contract for the processing of monazite sand. Now, is that Dupont Company going to buy our sand? You may load the fleet of merchant-men of your Steam Navigation Company with this valuable freight and plough the seven seas but it is doubtful whether you could get a single market for your sand. What is the use of this sand that you gather from the shores of your seas? You may say that you are starting a Titanium Products Company and you would have it processed there. This much—advertised adventure of starting a Titanium Factory has been before the Assembly for the last three years. We have heard that the blackest of black materials, *i. e.*, the illeminite, is converted into the whitest of white materials *i. e.*, titanium oxide. But how is it done? I wonder whether anyone in Travancore knows except perhaps in his laboratory.

Government by purchasing this undertaking is not helping itself. It would be furthering the complaints in the nationalisation scheme. There are men who want to get the salt pans leased out. But the Government refuses by saying that they are going to nationalise it. As Mr. K. P. Neelakanta Pillai said there are four companies. You have purchased one Company. Are the Government prepared to wind up the other companies and thereby get the monopoly? Otherwise they will outbeat us. This Government has not got the necessary business acumen to make this a going concern in the face of the competition of Brazil and Sweden. We have neither the ability to process or export our products. These companies have long before entered upon this scheme. Government are now saying that they are going to nationalise the mineral sands of Travancore. Now, Sir, we are afraid of this nationalisation. Sir, there is a saying "one thing at a time and that done well". I wish that our Government will keep to that. We began with the nationalisation of transport.

**Mr. Speaker:** Nationalisation is a different matter and it does not properly come within the purview of the present discussion. The member cannot in this discussion go into the general question of nationalisation.

**Sri. A. Nesamony:** The subject is....

**Sri. K. P. Neelakanta Pillai:** May I know whether there is any fundamental principle of nationalisation where there is nothing else which justifies this motion?

ശ്രീ. കെ. ആർ. ഇലങ്കത്ത്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ഡിമാണ്ടിനെ സംബന്ധിച്ചിടത്തോളം പ്രസിഡണ്ടിന്റെ റൂളിംഗിനെപ്പറ്റി യാതൊന്നും പറയാതെതന്നെ

എനിക്കു ഒരു സംഗതി സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നു് ആഗ്രഹമുണ്ട്. അതായതു് ഇതു ഒരു സപ്ളിമെൻററി ഗ്രാൻറിനുള്ള ഡിമാൻറല്ല. നേരേമറിച്ചു് ഒരു ന്യൂ ഹെഡായി തുടങ്ങിയിരിക്കുന്ന ഒന്നാണിതു് എന്നുള്ള വസ്തുതയാണു്. നാഷനലൈസേഷൻ എന്ന ഒരു പദ്ധതി നാം ആദ്യമായി ആരംഭിക്കുകയാണു്. അതുകൊണ്ടു് അതിനെ സംബന്ധിച്ചു ഒരു ഡിമാൻറു് കൊണ്ടുവരുമ്പോൾ അതിൻെറ എല്ലാവശങ്ങളെപ്പററിയും വാദപ്രതിവാദം ചെയ്യുന്നതിനുള്ള അവകാശവും സ്വാതന്ത്ര്യവും മെമ്പറന്മാർക്കുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. അതോ ആ സ്വാതന്ത്ര്യവും അവകാശവും സഭക്കില്ലെന്നാണൊ സ്പീക്കറുടെ തീരുമാനമെന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: ഇതു് ഒരു ന്യൂഹെഡാണെന്നുള്ളതുകൊണ്ടു് പോളിസിയെക്കൂടി അടിസ്ഥാനമാക്കി വാദപ്രതിവാദം ചെയ്യുന്നതിനു മെമ്പറന്മാർക്കു കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കാമെന്നല്ലാതെ നാഷനലൈസേഷൻെറ ജനറൽപോളിസിയെപ്പററി സംസാരിക്കുവാൻ അനുവദിക്കാവുന്നതല്ല. ഇൻഡ്യൻ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ഇതു സംബന്ധിച്ചു ഒരു റൂളിംഗ് ഉണ്ടായിട്ടുള്ളതു ഞാൻ വായിക്കാം.

"As regards the ruling which the Chair gave, tha Chair wishes to make it perfectly clear that as regards the demands that refer to schemes which havs already been sanctioned by this House, there can be no question at all of discussing any question of principle or policy. But as regards demands which come up with respect to a new service and for which previously no sanction has been obtained by this House no doubt that rule has to be relaxed to a great extent but the question of policy mut be confined within the item".

അതായതു് ഏതിനെസംബന്ധിച്ചാണോ ഡിമാൻറ കൊണ്ടുവന്നിരിക്കുന്നതു് അതിനെ സംബന്ധിച്ചുമാത്രം വാദപ്രതിവാദം ചെയ്യാമെന്നല്ലാതെ പൊതുവെ അഡ്മിനിസ്ട്രേഷനെപ്പററിയോ, പോളിസിയെപ്പററിയോ ഡിസ്കസ് ചെയ്യുവാൻ അനുവദിക്കാവുന്നതല്ല. മുമ്പുണ്ടായിരുന്ന ഒരു ഹെഡിലാണു് സപ്ലിമെൻററി ഗ്രാൻറ ആവശ്യപ്പെട്ടിരുന്നതെങ്കിൽ ടോട്ടൽകട്ടിനുള്ള മോഷൻ അനുവദിക്കുകയില്ലായിരുന്നു. എന്നാൽ ഇതൊരു ന്യൂഹെഡായതുകൊണ്ടാണു് ആ അനുവാദം നൽകിയതു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: സർ, വേറൊരു പോയിൻറ ഓഫ് ഓർഡർ. ഒരു സപ്ലിമെൻററി ഗ്രാൻറിനെ സംബന്ധിച്ചിടത്തോളം ടോട്ടൽകട്ടിനെ സംബന്ധിച്ചുള്ള മോഷൻ അനുവദിക്കാവുന്നതാണെങ്കിൽ അതിൻെറ ജനറൽ പോളിസിയെപ്പററിയും ഡിസ്കസ്ചെയ്യാൻ അനുവദിക്കേണ്ടതാണു്. ഇവിടെ ഇതിനുമുമ്പു് പലപ്പോഴും അതിനെ നടന്നിട്ടുമുണ്ടു്. അതുകൊണ്ടു് ടോട്ടൽകട്ടിനായുള്ള മോഷൻ വരികയാണെങ്കിൽ.........

മിസ്റ്റർ സ്പീക്കർ: പോയിൻറു് ഓഫ് ഓർഡറിനെപ്പററി ദീർഘമായി പ്രസംഗിക്കുവാൻ അവകാശമില്ല. പോയിൻറു് ഓഫ് ഓർഡർ എന്താണെന്നുമാത്രം വ്യക്തമാക്കിയാൽ മതിയാകും.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ സഭയുടെ അവകാശങ്ങളെ സംബന്ധിച്ചു് വളരെ ജാഗ്രതയോടുകൂടി ചിന്തിക്കേണ്ടതാണെന്നാണു് ഞാൻ പറയുന്നതു്. ഇവിടെ ഇപ്പോൾ....

മിസ്റ്റർ സ്പീക്കർ: എന്തു സംഗതിയെ സംബന്ധിച്ചാണു് റൂളിംഗ് വേണ്ടതെന്നു പറഞ്ഞാൽ മതിയാകും.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഒരു ന്യൂഹെഡിൽ സപ്ലിമെൻററി ഗ്രാൻറ ആവശ്യപ്പെടുമ്പോൾ അതിന്മേൽ ടോട്ടൽകട്ടിനുള്ള മോഷൻ അനുവദിക്കാവുന്നതല്ലേ എന്നാണു് അറിയേണ്ടതു്.

മിസ്റ്റർ സ്പീക്കർ: അതു് അനുവദിക്കാവുന്നതുകൊണ്ടാണല്ലൊ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയുടെ ടോട്ടൽകട്ടിനുള്ള മോഷൻ അവതരിപ്പിക്കുവാൻ അനുവദിച്ചതു്. അതിനുശേഷവും ആ സംഗതിയെപ്പററി പോയിൻറു് ഓഫ് ഓർഡറും അതിന്മേൽ വാദപ്രതിവാദവും വേണ്ടിവന്നതിൽ അത്ഭുതമല്ല, സങ്കടമാണു് കൂടുതൽ ഉള്ളതു്.

**Sri. A. Nesamony:** I am sorry the speaker did not catch me. I am not going to discuss at length the policy of the nationalisation which this Government intends to embark upon. But before you embark upon new schemes take up this principle 'one thing at a time and that done well'. You do well what you have already begun. It is only a piece of advice. All that

[Sri. A. Nesamony]

has been was begun must be first of all done well. Then we can start other schemes. I understand, the nationalisation of transport has been stopped where Mr. Sankunni Pillai is running his buses and at the point where the Malayala Manorema group have their routes.

**The Hon'ble Sri. E. John Philipose:** May I repudiate that?

**Sri. A. Nesamony:** I am thankful because I am accustomed to such kind of things in this Assembly.

**Mr. Speaker**: I think the Honourable Member has already exceeded his time.

**Sri. A. Nesamony:** If the Hon'ble Speaker will fix the time I would finish within that.

**Mr. Speaker:** You can have one or two minutes more.

**Sri. A. Nesamony:** While we began the nationalisation of this industry we have to deal with one company. What about the other companies? That is why I say that in the name of nationalisation you have got certian people to get their concessions and then to leave it there. That is a thing which has been resorted to without much forethought. When a nationalisation scheme is to be adopted, people should be made to believe that they are going rightly. Under these circumstances this House is entitled to know what led to the purchase of this undertaking? Whether the Speaker of this House or anybody else negotiated this sale? What was the prize that was paid for the negotiation on legal advice tendered? What was the price agreed to? How is it payable? When does the Government propose to take possession of the premises? What does the Government intend doing with the sand now lying heaped up and that to be exploited? Does the Government intend to purchase all similar companies and when? I for one feel. Sir, that a certain kind of discrimination is shown by this Government. This Government cannot go on with this kind of policy of nationalisation in Travancore. I therefore oppose this demand and request the House to throw it out.

**Sri. K. Sivarama Pillai:** Sir, I oppose this grant not on the ground that this is not for the benefit of Travancore. For argument's sake I will accept that it is for the benefit of Travancore. But the whole matter is suspicious. Here for 1124 in the revised estimate it is put in as Travancore Minerals—13 lakhs of rupees. If, as a matter of fact as the Hon'ble Chief Minister stated to-day an expert committee has been appointed and they valued it at something like 12 lakhs, how the scheme now comes to 13 lakhs? What the Hon'ble Chief Minister stated is that they have purchased it at about 12 lakhs of rupees with the ilmenite that is therein and that was then separately sold. If that be so a correct form of accounting ought to have been made and an account showing the correct particulars of receipts and payments should have been made. There ought to have been noted the exact quantity purchased and sold. Then it would have cleared all the doubts. As it has not been done it remains a suspicious matter. So on that ground I oppose it.

**Sri. Ponnara G. Sreedhar:** I would like to speak.

**Mr. Speaker**: Yes.

**Sahib Bahadur Abdul Aziz:** I move for a closure.

**Mr. Eapen Arakkal:** Closure motion has been moved only after giving permission to Mr. Sreedhar.

**Mr. Speaker:** Closure motion can always be moved.

**Sri. R. K. Ram:** But the member is on his legs.

**Sri. A. Nesamony:** The Chair has given permission.

**Mr. Speaker:** Closure motion was moved before any member stood up to speak. I shall put the motion to vote.

**Sri. Ponnara G. Sreedhar:** I was permitted to speak before the closure motion was brought in.

**Sri. A. Nesamony:** May I remind the Chair that it is 1-o'clock?

**Mr. Speaker:** We will now rise, and meet again at 2 p.m.

*The House adjourned for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker (the Hon'ble Sri. T. M. Varghese.*

**Sri. Ponnara G. Sreedhar:** May I know whether I will be allowed to speak?

**Mr. Speaker:** As the closure motion has been moved and is before the House, no further speech could be allowed before the closure motion is put to vote.

**Sri. K. K. Chellappan Pillai:** With all humility, Sir, I may be allowed to submit a fee words in this connection. The former rulings in this matter are in favour of the view that when a member is called on to speak, if a closure motion is moved, the member moving it will not be allowed to do so till the member who is on his legs finishes his speach. In support of this

position I may cite here the following passage from page 150 of the book "The rulings from the Chair" of the Travancore Legislature. "When the President asked 'Is there any other member who wishes to speak on the motion?' a member moved that the question be put to vote. The President ruled "You cannot move for a closure when I have asked whether there is any body to speak. Your motion is out of order".

The Hon'ble the Speaker has asked Mr. Sreedhar to speak and when he was on his feet, Mr. Aziz moved for a closure. I submit that in view of the above ruling, Mr. Sreedhar may be allowed to have his speech.

മി. സ്പീക്കർ: ക്ലോഷർമോഷനെ സംബന്ധിച്ചു മെമ്പർ ഉന്നയിച്ച പോയിന്റിനെപ്പറ്റി പറയുവാനുള്ളതു ഇതാണ്. ഏതവസരത്തിലും ക്ലോഷർമോഷൻ അനുവദിക്കാവുന്നതാണ്. അതിനുള്ള മാനദണ്ഡം സഭയിൽ ചർച്ചയ്ക്കു വിഷയമായിരിക്കുന്ന സംഗതിയെ സംബന്ധിച്ചു ശരിയായ വാദപ്രതിവാദത്തിനുവേണ്ട സാവകാശം ഉണ്ടായിട്ടുണ്ടോ അതോ ക്ലോഷർമോഷൻകൊണ്ടു ശരിയായ സന്ദർഭം അനുവദിക്കാതെ വാദപ്രതിവാദങ്ങളെ അകാരണമായി തടസ്സപ്പെടുത്തുകയാണോ എന്നുള്ളതാണ്. ആ തത്വം അടിസ്ഥാനമാക്കി ക്ലോഷർമോഷൻ അനുവദിക്കത്തക്കതെന്നു കണ്ടതുകൊണ്ടു മോഷൻ വോട്ടിനിട്ടതാണ്.

**Sri. Ponnara G. Sreedhar:** I may refer to page 113 of the 'Handbook of the Legislature' by R. R. Saxena wherein it is stated that a motion for closure can be put to the vote of the House only when it is accepted by the Chair. For even if the majority of the House may think in one way, it is a well established parliamentary practice that the minority have freedom of speech and the Chair has a right to protect the rights.

എനിക്കു കൂടുതലായി ചില കാര്യങ്ങൾ പറയാനുണ്ട്. അവർ പറഞ്ഞ അഭിപ്രായങ്ങൾ ഒന്നുമല്ല ഞാൻ പറയാൻപോകുന്നതു്. അവരുടെ വാദഗതി ഒന്നുമല്ല എന്റെ വാദഗതി.

മി. സ്പീക്കർ: ക്ലോഷർമോഷന്റെ തത്വമനുസരിച്ചു് മെമ്പർ പ്രസംഗിക്കാൻ പോകുന്നതു് എന്താണെന്നറിയാതെതന്നെ ക്ലോഷർമോഷൻ അനുവദിക്കാവുന്നതാണ്.

The point of order has been raised whether a closure motion could be moved when a member is in possession of the House. When a closure motion was moved in the middle of a speech it was ruled that it could be moved at any stage of the debate. I shall read the following reported at page 150 of the "Rulings from the Chair".

"It is open to the member to move for closure at any stage of the debate. But I do not think that it is proper to apply that here at this stage in the middle of a speech".

The closure motion was then put to vote and declared carried.

**Mr. Speaker:** Under the rules the Minister in charge of the demand has a right to speak before it is put to vote.

ബഹു. ശ്രീ. കെ. അയ്യപ്പൻ: സർ, ഈ ഡിമാന്റ് വോട്ടിടുന്നതിനുമുമ്പ് ഇതിനെതിരായി പ്രസംഗിച്ചവരിൽനിന്നു് മനസ്സിലാക്കിയ മൂന്നുനാലു സംഗതികളെപ്പറ്റി മാത്രമേ ഞാൻ ഇവിടെ മറുപടി പറയണമെന്നു വിചാരിക്കുന്നുള്ളു. അവരുടെ പ്രസംഗത്തിൽ കൊണ്ടുവന്ന വാദങ്ങൾക്കെല്ലാം തക്കതായ സമാധാനങ്ങൾ ചീഫ് മിനിസ്റ്ററുടെ പ്രസംഗത്തിൽതന്നെ ഉണ്ടായിരുന്നു. വീണ്ടും ഞാൻ ഈ കാര്യങ്ങൾ ആവർത്തിക്കേണ്ട ആവശ്യമില്ല. എന്നാൽ അവരുടെ തെറ്റിദ്ധാരണയെ മാറ്റുവാൻവേണ്ടി മാത്രമാണ് ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നതു്. ഒരു സംഗതി ഇവിടെ പറയുകയുണ്ടായി. ഒരു കമ്പനിക്കു് ഗവമ്മെണ്ടു് പ്രത്യേകം ആനുകൂല്യങ്ങൾ കാണിച്ചു എന്നു്. ആ തെറ്റിദ്ധാരണകൾ നീക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു കമ്പനിയോടും പക്ഷപാതം കാണിക്കണമെന്ന ഉദ്ദേശം ഗവമ്മെണ്ടിനില്ല.

**Sri. A. Nesamony:** May I inform the Hon'ble Minister that we have never stated that any favour was shown to the Travancore Minerals Company. We only pointed out that third degree methods were used.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആ കമ്പനിയോടുമാത്രം ഇത്ര ആനുകൂല്യം കാണിക്കുന്നതെന്താണെന്നു് ചോദിച്ചതായി ഞാൻ ഓർക്കുന്നു. പരമാർത്ഥത്തിൽ ഒരു കമ്പനിയോടും പ്രത്യേകമായി ആനുകൂല്യം ഗവമ്മെണ്ടു് കാണിക്കുന്നില്ല. അപ്രകാരം കാണിച്ചു എന്ന പ്ര

[Sri K. Ayyappan]

സംഗം തെററിദ്ധാരണ ഉണ്ടാക്കുവാൻ കരുതിക്കൂട്ടി ചെയ്തിട്ടുള്ളതാണെന്നാണ് എനിക്കു പറയുവാനുള്ളതു്.

വേറൊരു ഭയം ബഹുമാനപ്പെട്ട മെമ്പറന്മാർക്കുള്ളതുപോലെ തോന്നുന്നു. അതു് ഈ കമ്പനിയുടെ പ്രവർത്തനം ആദായകരമായിരിക്കുമോ ഇല്ലയോ എന്നുള്ളതാണ്. ആ സംഗതിയെപ്പററിയും ചീഫ് മിനിസ്റ്ററുടെ പ്രസംഗത്തിൽ പറയുകയുണ്ടായി. ഈ മണ്ണ് എവിടെ ചിലവാക്കാൻ പോകുന്നു എന്നു ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഈ സഭയിൽ ചോദിക്കുകയുണ്ടായി. ഞാൻ പറയുന്ന ഗവർമ്മെണ്ടിനു് അതിനുവേണ്ടിയുള്ള ആർഡറുകൾ കിട്ടിക്കൊണ്ടിരിക്കുകയാണ്. പല രാജ്യങ്ങളിൽനിന്നും ധാരാളമായി ആർഡറുകൾ ലഭിക്കുന്നുണ്ടു്.

ചിലർ പറയുന്ന മററു കമ്പനികളുമായി മത്സരങ്ങളുമുണ്ടാകുമെന്ന്. എന്നാൽ എല്ലാ സ്ഥലത്തും ഈ മണ്ണ് ഉണ്ടാകുകയില്ലെന്നു് നാം ഓർക്കണം.

പിന്നെ വേറൊരു സംശയം ഈ കമ്പനി ഇൻഡ്യാ ഗവർമ്മെണ്ടു് എടുക്കുവാൻ പോകുന്നു എന്നു്. അങ്ങിനെ ഈ കമ്പനികൾ എടുത്തുകളയുമെന്നു ഭയപ്പെട്ടിട്ടു കാര്യമില്ല. അവരുടെ എല്ലാ നിർദ്ദേശങ്ങൾക്കും നാം വഴിപ്പെടണമെന്നു നിർബ്ബന്ധമില്ല. നമ്മുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി ഇൻഡ്യാഗവർമ്മെണ്ടു പ്രവർത്തിക്കുമെന്നു ഒരിക്കലും നാം സംശയിക്കേണ്ട ആവശ്യമില്ല. നമ്മൾ ഇൻഡ്യാഗവർമ്മെണ്ടുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനെ കീഴ്പെടലായി ആരും തെററിദ്ധരിക്കേണ്ടതില്ല.

**Sri. A. Nesamony:** May I know who are the shippers?

<u>ബഹു. ശ്രീ. കെ. അയ്യപ്പൻ:</u> നാം ഇപ്പോൾ കൊടുക്കുന്നതായ നമ്മുടെ സാധനങ്ങൾ ആവശ്യമുള്ളവർ അതു കയററി അയക്കുന്നതിനുള്ള സൗകര്യങ്ങളും വേണ്ടമാതിരി ഉണ്ടാക്കിക്കൊള്ളും.

ഗവർമ്മെണ്ടു് ഓഫ് ഇൻഡ്യയുടെ നിർദ്ദേശങ്ങൾ പൊതുവേ ഇൻഡ്യക്കാവശ്യമുള്ള കാര്യങ്ങളാണെങ്കിൽ ആ കാര്യങ്ങളിൽ നാം മത്സരിച്ചു നില്ക്കുന്നതു ശരിയായിരിക്കയില്ല. നമ്മുടെ ആവശ്യങ്ങൾക്കുതന്നെ അങ്ങിനെയുള്ള കാര്യങ്ങളിൽ നമ്മൾ സഹകരിക്കുന്നതു കീഴ്പെടലായി തെററിദ്ധരിക്കേണ്ട ആവശ്യമില്ല.

പിന്നെ ഈ വ്യവസായം ഗവർമ്മെണ്ടിനു് ആദായകരമായിരിക്കുമോ എന്ന ഭയം മെമ്പറന്മാരിൽ ചിലർക്കുണ്ടു്. നഷ്ടമെ വരുകയുള്ളു എന്നു ചിലർ ശപഥം ചെയ്യുന്നു. അവരോടു് മറുപടി പറയേണ്ട ആവശ്യമില്ല. ആദായം തീർച്ചയായും ഉണ്ടാകുമെന്നു ബോദ്ധ്യപ്പെട്ടിട്ടാണ് ഗവർമ്മെണ്ടു് ഫാക്ടറി വിലക്കു വാങ്ങിയതു്.

*The Demand was put to vote and carried.*

## Debt Head—Departmental Advances—Agriculture

**The Hon'ble Sri. E. Ikkanda Warrier:** Sir, I move for a supplementary grant of Rs. 5·33 lakhs under D. H. III C (a) 3 Departmental Advances (iii) Agriculture—for purchase of manure.

ഇക്കൊല്ലത്തെ ബഡ്ജററിൽ മുപ്പതുലക്ഷം രൂപാ ഈയിനത്തിൽ, അതായതു് ഡെററ് ഹെഡ്ഡിൽ കൊള്ളിച്ചിരുന്നു. ആ ഇനത്തിൽ വളം മേടിച്ച വകയിൽ, അഞ്ചുലക്ഷത്തി മുപ്പത്തിമൂവായിരം രൂപാ പോരായ്ക വന്നിട്ടുണ്ടു്. ആ സംഖ്യയാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു്. ഇതു അനുവദിക്കുന്നതിൽ ആക്ഷേപം തക്കം ഉണ്ടായിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഈ തുക അനുവദിച്ചുതരുവാൻ ഞാൻ ഈ സഭയോടു അഭ്യർത്ഥിക്കുന്നു.

**The Hon'ble Sri. A. J. John:** I second it.

**Sri. K. Sivarama Pillai:** On a point of information. What is the amount for 1124 under this head?

**The Hon'ble Sri. E. Ikkanda Warrier:** Rs. 30 lakhs under Debt Head.

**Sri. K. Sivarama Pillai:** But the revised estimate shows only Rs. 34,38,600. So the excess is only Rs. 4 lakhs. Here it is said as Rs. 5 lakhs.

**The Hon'ble Sri. E. Ikkanda Warrier :** That is inclusive of other minor items. To some extent, it may also be a small arithmetical mistake. But I can assure the Hon'ble Member that not a pie is wasted and that the whole amount is utilised for the purchase of manure.

**Sri. K. Sivarama Pillai :** I want to know whether this is based on the revised estimate or whether it is put offhand ?

**The Hon'ble Sri. E. Ikkanda Warrier :** As the Hon'ble Member is aware, the revised estimate was prepared in Medom last. Subsequent to that, bills came, manure was purchased, and this is the final amount that has to be paid.

**Sri. A. Nesamony:** May I know whether this is a mistake in calculation ?

**The Hon'ble Sri. E. Ikkanda Warrier :** No. The amount shown there is the amount that was due in Medom 1124. If this is not passed now, the House will have to be troubled later for the grant.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഈ വളം എന്തിനായിട്ടാണ് ഉപയോഗിക്കുന്നത്? (ചിരി)

(No answer.)

**Sri. K. K. Chellappan Pillai :** Sir, It is a pertinent question for which I want an answer, because there is a concession given to the ryots for manure which is now stopped. That is why I want an answer.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഇതു കൺസഷൻ കൊടുക്കുന്നതിനല്ല. വളമായി കൊടുക്കുന്നതിനുതന്നെയാണ്. ഈ സംഖ്യ മനുവർ ഡെറവഹെഡ് എന്ന ഇനത്തിൽ പെട്ടതാണെന്നുകൂടി മെമ്പർ ഓർക്കണം. കൺസഷനായി കൊടുക്കുന്നതിനും സബ്സിഡി കൊടുക്കുന്നതിനും മററുമുള്ള കണക്ക വേറെ കൊടുത്തിട്ടുണ്ട്.

ഡിമാൻറ വോട്ടിനിടുകയും പാസാക്കുകയും ചെയ്തു.

## Voting of Demands for Grants in the budget for 1125 (7½ months)

## Demand I—Land Revenue

മി. സ്പീക്കർ: ലാൻറ റവന്യു ഡിമാൻറിനെ സംബന്ധിച്ച് ൧൫൦ കട്ട്മോഷൻസ് ഇവിടെ കിട്ടിയിട്ടുണ്ട്. അത് അച്ചടിച്ച് മെമ്പറന്മാർക്ക വിതരണം ചെയ്തിട്ടുമുണ്ട്. ഞാൻ മുൻപു പറഞ്ഞതുപോലെ രണ്ടുമണിക്കൂറാണ് ഈ ഡിമാൻറിനെപ്പററി വാദപ്രതിവാദത്തിനുള്ള സമയം. ഈ സമയത്തിനുള്ളിൽ ഈ ൧൫൦ കട്ട്മോഷൻസും അവതരിപ്പിച്ച് വാദപ്രതിവാദം നടത്തുവാൻ സാധ്യമല്ലല്ലൊ. അതുകൊണ്ട് ടോട്ടൽ കട്ടിനെ സംബന്ധിച്ചുള്ള ഉപക്ഷേപങ്ങളാം ആദ്യം എടുത്തു വാദപ്രതിവാദം നടത്തുകയും അങ്ങിനെയുള്ള ഖണ്ഡനോപക്ഷേപങ്ങളുടെ വ്യാപ്തി കൂടുതലുള്ളതുകൊണ്ട് മൂവരെ തുടന്ന് മററ മെമ്പറന്മാരും വാദപ്രതിവാദത്തിൽ പങ്കെടുക്കുകയും ചെയ്യുന്നതു സഭയ്ക്കു സമ്മതമുള്ളപക്ഷം അങ്ങിനെ ചെയ്യാം.

**Sri. K. P. Neelakanta Pillai :** Whatever may be the opinion of the House, there are certain procedures to be followed. According to parliamentary procedure, if a substantial cut motion comes first, that has got to be decided. If on a particular head, called Direction, if the whole amount is cut off and that motion has been discussed and adopted by the House, then a token cut under the particular head is unnecessary. Therefore, according to parliamentary procedure, a substantial cut is taken up first, then whichever amount is greater is taken next, then only comes the token cut whether it is Rs. 100 or Re. 1, in the general order. The reasoning is quite clear. Therefore, when the token cut motion is taken up then it is not possible for us to discuss further. For example, in the Land Revenue Department there is a lump sum provision for Kandukrishi. Again there is a provision for Land Committee. We cannot omit them, though members may ventilate several grievances on each cut. Therefore, on that principle, generally the substantial cuts are given precedence. Then we come to the token cut. There also the Re. 1 cut comes last, giving precedence to Rs. 100 cuts. That is the proceduce which I wish to place before the Speaker.

മി. സ്പീക്കർ: ഏററവും കാര്യക്ഷമമായവിധത്തിൽ വാദപ്രതിവാദം നടത്തുന്നതിനു പ്രയോജകീഭവിക്കുന്ന മാർഗ്ഗം ഏതാണെന്നുള്ള സഭയുടെ അഭിപ്രായം ആദരിച്ചു ചെയ്യാമെന്നു വിചാരിച്ചാണ് ഞാൻ ഇതു പ്രസ്താവിച്ചത്.

[Mr Speaker]

ഈ ഹൗസിന്റെ അഭിപ്രായത്തോടുകൂടി ടോട്ടൽ കട്ട്മോഷൻസിനെപ്പററിമാത്രം വാദപ്രതിവാദം നടത്തുന്നതിന് വിരോധമില്ല എന്നാണ് ഇതിനുമുൻപു നടന്നിട്ടുള്ള പ്രൊസീഡിയർകൊണ്ടു മനസ്സിലാകുന്നതു്. ടോട്ടൽകട്ട് സംബന്ധിച്ചുള്ള മോഷൻ ആദ്യം വാദപ്രതിവാദത്തിന് എടുക്കുന്നപക്ഷം സൗകര്യമുള്ളിടത്തോളം മെമ്പറന്മാർക്ക് ആ വാദപ്രതിവാദത്തിൽപങ്കെടുക്കുവാൻ സാധിക്കും. ടോട്ടൽ കട്ട്മോഷൻ അവതരിപ്പിച്ചുകൊണ്ട് ആ ഡിമാൻറിനു അകത്തുവരുന്ന എല്ലാകാര്യങ്ങളെയുംപററി ബഹുമാനപ്പെട്ട മെംബറന്മാർക്കു വാദപ്രതിവാദം നടത്താൻ സൗകര്യമുണ്ടാകുന്നതാണ്. അതല്ല, പ്രത്യേകമായി ഒരു വിഷയത്തെപ്പററിമാത്രം സംസാരിക്കണമെന്നുദ്ദേശിക്കുന്നവർക്കും സൗകര്യം ലഭിക്കുന്നതാണ്. നേരെമറിച്ച്, ഏതെങ്കിലും ഒരുവിഷയത്തെപ്പററിയുള്ള കട്ട്മോഷൻമാത്രം അവതരിപ്പിച്ചു വാദപ്രതിവാദം നടത്തുന്നതായാൽ ഡിപ്പാർട്ടുമെണ്ടിനെപ്പററി പൊതുവെ വിമർശിച്ചുകൊണ്ടു വാദപ്രതി ാദം നടത്താൻ സമയം കിട്ടാതെവരും. ടോട്ടൽ കട്ടുമോഷനു മുൻഗണന കൊടുക്കുന്നതു തിരുവിതാംകൂർ നിയമസഭയിലും മററു നിയമസഭകളിലും സ്വീകരിച്ചുവന്ന നടപടിക്കു വിരുദ്ധമല്ലെന്നും കാണുന്നു.

**Sri. K. P. Neelakanta Pillai:** That is also anomalous. Suppose a Re. 1 token cut in the total grant is allowed and is discussed for 15 minutes and voted upon, what will happen? There are other substantial cut motions. But we cannot touch any of those items. Therefore, we must follow the parliamentary procedure.

I think I have made myself clear. Suppose there are 13 sub-heads—Direction, Establishment and so on We first come to the total cut. Suppose the total cut motion is discussed and disposed of and then if there is excess time, are we in order to come back to the substantial cut motion which preceded the total cut motion ?

മിസ്റ്റർ സ്പീക്കർ: മെംബർ പുറപ്പെടുവിച്ചിട്ടുള്ള വാദമുഖങ്ങൾക്കു അടിസ്ഥാനമായ സംഗതികൾകൂടി പരിഗണിച്ചാണ് ഞാൻ പറഞ്ഞിട്ടുള്ളതു്.

**Sri. A. Thanu Pillai :** That is a matter covered by the rules. The rule is.—"When several motions relating to the same demand are offered, they shall be discussed in the order in which the Heads to which they relate, appear in the budget." Now, the purpose of this kind of debate is two-fold. One is to reduce the amount actually—the actual cut, and the other is to discuss policies. In regard to actual cuts what you, Sir, suggest will be impossible of practice. For instance, in this Land Revenue budget, suppose a member wants to delete a provision for the Board of Revenue. If the total amount is discussed, there will be no occasion to have the decision of the House on the Board of Revenue. Suppose, the motion is that the amount of Rs. 83,945 for the Board of Revenue be omitted, that is a specific cut. That has to be discussed and voted upon. No doubt there may be some difficulty. Of course what really is to be done in matters of this kind is to allow as many days as would be really required for the whole budget. But our constitution does not provide for it. In England, as Mr. Nesamony said yesterday, if the budget is not ready in proper time a lump sum provision is made to carry on for a month or two. In the meanwhile the whole budget is disposed of. In our constitution, it is not possible. So we have to take these things with all the limitations. You have been pleased to allow two hours for this and that is all that is practically possible and we must try what is possible within the time allotted. Anyway, we must proceed according to rules and in the order in which the various items occur, and eventually discuss the total grant. That is the only course.

മി. സ്പീക്കർ: ടോട്ടൽ കട്ടിനുള്ള മോഷൻ ആദ്യമായിട്ടു എടുക്കേണ്ടതാണെന്നു സഭ അഭിപ്രായപ്പെടുന്നില്ലെങ്കിൽ ശ്രീ. താണുപിള്ള പ്രസ്താവിച്ചതുപോലെ ആർഡർമുറയ്ക്കു തന്നെ കട്ട്മോഷൻസു പര്യാലോചനയ്ക്കു എടുക്കാവുന്നതാണ്.

ശ്രീ. പി. എം. വർഗ്ഗീസ്: സർ, എനിക്കു മറെറാരു നിർദ്ദേശംകൂടി പറയുവാനുണ്ട്. ആർഡർമുറയ്ക്കു കട്ട്മോഷൻ അവതരിപ്പിക്കുമ്പോൾ ഏതെങ്കിലും ഒരുമെംബർ ടോട്ടൽകട്ടിനുള്ള മോഷൻകൂടി അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള മെംബറെ അതാതു വിഷയങ്ങളെ ആസ്പദമാക്കികൂടി സംസാരിക്കുവാൻ അനുവദിക്കുന്നതു നന്നായിരിക്കും. ഒരാൾ തന്നെ ആർഡർ മുറയ്ക്കു ഒരു കട്ട്മോഷൻ അയച്ചിട്ടുണ്ടെന്നു വിചാരിക്കുക. ആ കട്ട്മോഷനെപ്പററി ആ മെംബർ സംസാരിക്കുവാൻ തുടങ്ങുമ്പോൾ അദ്ദേഹം ഏതെങ്കിലും ടോട്ടൽ

കട്മോഷൻകൂടി അയച്ചിട്ടുണ്ടെങ്കിൽ അവയെകുറിച്ചും സംസാരിക്കുവാൻ ആവശ്യമുള്ളത്ര സമയം അനുവദിക്കേണ്ടതാണെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. അപ്പോൾ രണ്ടു തരം കട്മോഷൻസ് അയച്ചിട്ടുള്ള സൗകര്യങ്ങളെല്ലാം ആ മെംബർക്കു ലഭിക്കുന്നതായിരിക്കും.

മി. സ്പീക്കർ: മെംബർ പറയുന്നതു് ടോട്ടൽ കട്മോഷൻസ് ആദ്യം തുടങ്ങണമെന്നാണോ?

ശ്രീ. പി. എം. വർഗ്ഗീസ്: അല്ല. പാർഷ്യൽ കട്മോഷൻതന്നെ ആദ്യം എടുക്കുക. അതേപ്പറ്റി വാദപ്രതിവാദം നടത്തുന്ന അവസരത്തിൽതന്നെ ടോട്ടൽകട്ടിനായി കൊണ്ടു വന്നിട്ടുള്ള ഉപക്ഷേപങ്ങളെക്കൂടി ആസ്പദമാക്കി സംസാരിക്കാൻ അനുവദിക്കുക. ഈ നടപ്പടി സ്വീകരിക്കണമെന്നാണ് ഞാൻ പറഞ്ഞതു്.

സാഹിബ്ബ് ബഹദൂർ അബ്ദുൽ അസീസ്: സർ, ജനകീയഭരണം വന്നതിനുശേഷം ഇവിടെ ഒരു സെഷൻ നടന്നു, ഒരു ബഡ്ജററു സെഷൻതന്നെ നടന്നു. ആ സമയം ആ സഭ സ്വീകരിച്ച നടപടി, ഡിമാൻറു മുഴുവൻ കട്ടുചെയ്യുന്നതിനുള്ള മോഷൻസിനെ സംബന്ധിച്ച വാദപ്രതിവാദം നടത്തുകയും തദവസരത്തിൽ ചെറിയചെറിയ ഹെഡ്ഡിനെസംബന്ധിച്ചു കട്മോഷൻസ് അയച്ചിട്ടുള്ളവർക്കുകൂടി അതേപ്പററി സംസാരിക്കുവാൻ സന്ദർഭം കൊടുക്കുകയും ചെയ്തിരുന്നു. അതുകൊണ്ടു പാർഷ്യൽകട്മോഷൻസ് ആദ്യം എടുത്തില്ലെങ്കിൽ എല്ലാവർക്കും വാദപ്രതിവാദത്തിനുള്ള സൌകര്യം കിട്ടുകയില്ലെന്നു പറയുന്നതു ശരിയല്ല. അതിനാൽ ടോട്ടൽ കട്മോഷൻസുതന്നെ ആദ്യം എടുക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. താണുപിള്ള. That is not a regular procedure.

ബഹു. ശ്രീ. ഈ. ജോൺ ഫിലിപ്പോസ്: ഇതുസംബന്ധിച്ചു സ്പീക്കർതന്നെ എന്തെങ്കിലും റൂളിംഗ്ചെയ്യണം.

മി. സ്പീക്കർ: ഇതിനു റൂളിംഗ് ഒന്നും ആവശ്യമില്ല. കട്മോഷൻസ് എടുക്കേണ്ടവിധത്തെപ്പററി ഒരു നടപടിക്രമം അവലംബിച്ചിട്ടുണ്ടു്. അതു ഭേദഗതിചെയ്യാനുള്ള സ്വാതന്ത്ര്യവും ഈ സഭയ്ക്കുണ്ടു്. ഇപ്പോൾ ഒരു ആർഡർ മുറയ്ക്കു കട്മോഷൻസ് എല്ലാം അച്ചടിച്ചു വിതരണം ചെയ്തിരിക്കുന്നു. ഇന്നത്തേക്കു് ഈ ആർഡർ അനുസരിച്ചുതന്നെ കട്മോഷൻസ് അവതരിപ്പിക്കുന്നതാണു്. അതു അസൌകര്യമെന്നുകണ്ടാൽ മാററാവുന്നതാണു്.

മറെറാരുകാര്യം എനിക്കു ഈയവസരത്തിൽ പറയാനുള്ളതു ഇതാണു്. ആപ്പൊസിഷൻ പാർട്ടിയിൽ ഉള്ളവർക്കു് കട്മോഷൻസ് അവതരിപ്പിക്കുവാൻ മുൻഗണന കൊടുക്കുക എന്നതു ഒരു സാധാരണ പർലമെൻററി മര്യാദയാണു്. തിരുവിതാംകൂർ നിയമസഭയിലും ഹൗസ്ഓഫ് കാമൺസിലും ആ നടപടിയാണു സ്വീകരിച്ചിട്ടുള്ളതു്. അതുകൊണ്ടു് ആപ്പൊസിഷൻപാർട്ടിയിൽനിന്നു് അവതരിപ്പിച്ചിട്ടുള്ള കട്മോഷൻസിനു നിവൃത്തിയുള്ളിടത്തോളം മുൻഗണനകൊടുക്കുന്നതാണു്.

ശ്രീ. കെ. എ. മാത്യു: ഏതു നടപടിയാണു് സ്വീകരിക്കേണ്ടതെന്നുള്ളതിനെപ്പററി ഈ ഹൗസിന്റെ അഭിപ്രായം അറിയണമെന്നു സ്പീക്കർ മുൻപു പറഞ്ഞല്ലോ. ഹൗസിന്റെ അഭിപ്രായം സ്പീക്കർ ആരാഞ്ഞതില്ല എന്നു എനിക്കു തോന്നുന്നു.

മി. സ്പീക്കർ: അച്ചടിച്ചിട്ടുള്ള ആർഡർ മാററി കട്മോഷൻസ് വാദപ്രതിവാദത്തിനു എടുക്കുന്നകാര്യത്തിൽ സഭയുടെ പൊതു അഭിപ്രായം വ്യക്തമാകാത്തതിനാൽ ഇപ്പോൾ അച്ചടിച്ചിട്ടുള്ള ആർഡർ മുറയ്ക്കുതന്നെ കട്മോഷൻസു എടുക്കുന്നതും പ്രായോഗികമായ വൈഷമ്യം ആ നടപടികൊണ്ടുണ്ടാകുന്നു എന്നു കണ്ടാൽ സഭയുടെ അഭിപ്രായാനുസരണം അതു ഭേദപ്പെടുത്താവുന്നതുമാണു്.

ആദ്യത്തെ ഡിമാൻറ് ലാൻറു റവന്യൂവാണു്. ബഹുമാനപ്പെട്ട മന്ത്രി ഡിമാണ്ടു മൂവ ചെയ്യുന്നതായിരിക്കും.

**The Hon'ble Sri. E. Ikkanda Warrier.** Sir, I move for a Grant not exceeding Rs. 21,40,413 under Demand I-Land Revenue Department.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഈ സംഖ്യ രണ്ടു ഭാഗത്തിലും കൂടിയുള്ളതാണ്. കൊച്ചിഡിവിഷനിൽ ൭ ലക്ഷത്തിൽ പരവും തിരുവിതാംകൂറിൽ ൧൬ ലക്ഷത്തിൽ പരവും കൂടിയാണ് ഈ സംഖ്യ. ഈ സംഖ്യ പ്രധാനമായി ഈ ഡിപ്പാർട്ടുമെൻറ് നടത്തുവാനുള്ള ചെലവിനു മാത്രമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഈ ഡിപ്പാർട്ടുമെൻറ് വളരെ പ്രധാനപ്പെട്ട ഒന്നാണെന്ന് ഈ സഭ സമ്മതിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഈ ഡിപ്പാർട്ടുമെണ്ടിൻെറ നയത്തെക്കുറിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ഉള്ളതല്ലാതെ ഇതിൽ ഏതെങ്കിലും സംഖ്യ കാര്യമായിട്ട് ഒമിററ് ചെയ്യണമെന്നുള്ള കട്ട്മോഷൻ ഇല്ലാത്തതുകൊണ്ടു് ഈ ഡിപ്പാർട്ടുമെണ്ടിൻെറ നയത്തെക്കുറിച്ചുള്ള ആലോചനകളായിരിക്കും ഇവിടെ നടക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. ആകെ ൧൭൦ കട്ട്മോഷൻസ് ഇവിടെ വന്നിട്ടുണ്ടു്. അവ പരിശോധിച്ചുനോക്കുന്നപക്ഷം ൮൦ എണ്ണവും മൗലികമായി ഈ ഡിപ്പാർട്ടുമെണ്ടിൻെറ നയത്തെ സ്പർശിക്കുന്ന വിധത്തിലുള്ള കട്ട്മോഷൻസാണ്. ലാൻഡ് പാളിസി വളരെ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുള്ള ഒരു പ്രശ്നമാണ് ഈ കാലത്തെന്നുള്ളതു് ഞാൻ പറയാതെ തന്നെ നിങ്ങൾക്കെല്ലാവർക്കും അറിയാമെന്നു വിശ്വസിക്കുന്നു. നമ്മുടെ രാഷ്ട്രപിതാവുതന്നെ പറഞ്ഞിട്ടുള്ളതു് ഇക്കാലത്തു് ഭൂമി കൃഷിചെയ്യുന്ന ആളിടൻേറതുതന്നെ ആയിരിക്കണമെന്നുള്ളതാണ്. നാം ആ ഉദ്ദേശ സാധ്യത്തിലേക്കു് യാത്ര ചെയ്തുകൊണ്ടിരിക്കുന്ന ഈ പതനത്തിൽ ഇന്ത്യൻനാഷനൽ കാൺഗ്രസ് തന്നെ ഈ നയം എന്തായിരിക്കണമെന്ന് ആലോചിച്ചുവരികയാണ്. ശ്രീ. കുമരപ്പാ കമ്മിററിയുടെ തീരുമാനവും വർക്കിംഗ് കമ്മിററി ആലോചനയിലിരിക്കുകയാണ്. എത്രയും ബുദ്ധിമുട്ടി ഈ പ്രശ്നത്തെപ്പററി ഒരു നയം ഉണ്ടാക്കേണ്ട ഈ അവസരത്തിൽ ഇത്ര വളരെ കട്ട്മോഷൻസ് ഉള്ള സ്ഥിതിക്കു് അതിനെക്കുറിച്ചു് പറയാനുള്ളതു് കേട്ടിട്ടു് ഗവമ്മെണ്ടു് ഒരു നയം രൂപീകരിക്കാമെന്നാണു ഉദ്ദേശിക്കുന്നതു്. ഇന്നത്തെ നയം കൊച്ചിയിലും തിരുവിതാംകൂറിലും ഭിന്നമാണ്. ഇന്ന് ഇവിടെ അവതരിപ്പിക്കാൻപോകുന്ന കട്ട്മോഷൻസിൽ നിന്ന് കാണുന്നതു് ഈ രണ്ടു പ്രദേശങ്ങളിലും ഒരേ നയം തന്നെയായിരിക്കണമെന്നാണ്. ഇന്ന് ഇവിടെയുള്ള നയത്തിൽ പല ഗുണങ്ങൾ ഉണ്ടെങ്കിലും അതിൽ ചില ദോഷങ്ങളും ഉണ്ടു്. ഇതെല്ലാം ഗാഢമായി ഒരു കമ്മിററിയെക്കൊണ്ടു് പരിശോധിപ്പിച്ചാലല്ലാതെ സാധ്യമല്ലെന്നു ഗവമ്മെണ്ടിനും ബോധ്യമുണ്ടു്. ൨൭ ഏക്കറിൽ കൂടുതൽ ഭൂമി ഒരാൾ കൈവശം വച്ചുകൊണ്ടിരിക്കാൻ പാടില്ല എന്നു ഒരു പ്രമേയം ഇതിനുമുമ്പ് തിരുവിതാംകൂർ നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായിട്ടുണ്ടു്. അന്നു ഒരു വ്യക്തിക്കൊ കുഡുംബത്തിനൊ ഉടമസ്ഥാവകാശം ഉണ്ടായിരിക്കാവുന്ന ഭൂമിയുടെ പരമാവധി വിസ്തീർണ്ണം ക്ലിപ്തപ്പെടുത്തുന്നകാര്യം ഗവമ്മെണ്ടു് ഗാഢമായി ആലോചിക്കുന്നതാണെന്നു ഒരു ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ടു്. ഇതു സംബന്ധിച്ചുള്ള പല സംഗതികളെക്കുറിച്ചാലോചിക്കത്തക്കവണ്ണം ഒരു കമ്മിററി രൂപീകരിക്കണമെന്നുതന്നെയാണ് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നതു്. അതിനുള്ള സംഖ്യയും ഈ ബഡ്ജററിൽതന്നെ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മെംബറന്മാർ അവർക്കു് സൃഷ്ടിപരമായി തരാനുള്ള എല്ലാ ഉപദേശങ്ങളും തരാനായി ക്ഷണിച്ചുകൊണ്ടു് ഞാൻ ഈ ഡിമാൻറ് സഭ മുമ്പാകെ മൂവ് ചെയ്യുന്നു.

ശ്രീ. എ. താണുപിള്ള: ആ കമ്മിററി എന്തെല്ലാം കാര്യങ്ങളെപ്പററി റിപ്പോർട്ട് ചെയ്യണമെന്നാണ് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നതു്.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഗവമ്മെണ്ടു് അതിൽ അവസാന തീരുമാനം എടുത്തിട്ടില്ല. എല്ലാ താല്പര്യങ്ങൾക്കും പ്രാതിനിധ്യം കൊടുത്തു് ഒരു കമ്മിററി രൂപീകരിച്ചു് അതിനു കൂടുതൽ റെഫ്റൻസു കൊടുക്കണമെന്നുണ്ടെങ്കിൽ അതും കൂടി കൊടുക്കാൻ ഉദ്ദേശം ഉണ്ടു്.

ശ്രീ. എ. താണുപിള്ള: ഇന്ന കാര്യം ആ കമ്മിററിയെ ഏൽപ്പിക്കണമെന്നുദ്ദേശം ഉണ്ടോ? അതോ ഗവമ്മെണ്ടിന് ഇക്കാര്യത്തിൽ ഒരു നിർദ്ദേശവുമില്ലേ? ഗവമ്മെണ്ടിൻെറ നില ഇക്കാര്യത്തിൽ എന്താണ്?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഇവിടെയുള്ള വാദപ്രതിവാദങ്ങളുടെ ഗതി കണ്ടിട്ടു് അതേപ്പററി തീരുമാനിക്കാമെന്നേ ഗവമ്മെണ്ടു് വിചാരിക്കുന്നുള്ളു.

**The Hon'ble Sri. A. J. John:** I second it.

ശ്രീ. എ. കെ. പാച്ചുപിള്ള: മുൻപ് ഇവിടെ സ്വീകരിച്ചിട്ടുള്ള തത്വമനുസരിച്ച് പ്രതിപക്ഷത്തുള്ളവർക്ക് കട്ട്മോഷൻസ് അവതരിപ്പിക്കാൻ മുൻഗണന നൽകുമെന്നു പറഞ്ഞു. അതനുസരിച്ച് ൯-ാം കട്ട്മോഷൻ ഞാൻ അയച്ചിട്ടുള്ളതാണ്. ൧൦-ാമത്തെ കട്ട് മോഷനാണ് മി. കെ. പി. നീലകണ്ഠപ്പിള്ളയുടേതു്. അതുകൊണ്ട് സംസാരിക്കാൻ എന്നെ അനുവദിക്കണമെന്നാപേക്ഷ.

മി. സ്പീക്കർ: മി. പാച്ചുപിള്ളയുടെ മോഷൻ അവതരിപ്പിക്കാം.

ശ്രീ. പി. കെ. ഡീവർ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഇന്നത്തെ അജണ്ടാ ഞങ്ങളുടെ മുൻപിലുണ്ട്. അതിൽ ചില ആളുകളെ ആദ്യം സംസാരിക്കാനായി അനുവദിച്ചിരിക്കുന്നതായി കാണുന്നു. അങ്ങനെയുള്ളവരെ കൂടാതെ മറ്റാർക്കെങ്കിലും പ്രിഫറൻസ് കൊടുക്കാൻ വിചാരിക്കുന്നുണ്ടോ? I want to know whether any other member can be given preference?

**Mr. Speaker:** The procedure proposed to be followed was made clear at the very start.

**Sri. P. K. Dewer:** Sir, such a procedure affects the rights of other members.

മി. സ്പീക്കർ: ഇതേസംബന്ധിച്ച് ആദ്യംതന്നെ ഞാൻ പറഞ്ഞതാണ്. മുൻനിയമസഭാനടപടിക്രമവും പതിവും അനുസരിച്ച് പ്രതിപക്ഷത്തുള്ളവരിൽ ആരെങ്കിലും കട്ട് മോഷൻ അയച്ചിട്ടുണ്ടെങ്കിൽ അവരെ അതു് മൂവ് ചെയ്യുവാൻ അനുവദിക്കു എന്നതു സാധാരണയാണ്. അങ്ങിനെ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്നു ഞാൻ ആദ്യംതന്നെ പ്രസ്താവിച്ചപ്പോൾ അതിനെപ്പററി മറിച്ചൊരു അഭിപ്രായം ഹൌസ്സിൽ ഒരു ഭാഗത്തുനിന്നും ഉണ്ടായിട്ടുമില്ല.

**Sri. P. K. Dewer:** I got up then but you did not catch my eye and you mere concerned with other matters.

**Mr. Speaker:** Mr. Patchu Pillai may move his motion.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: ഇവിടെ രണ്ടുവിധത്തിലുള്ള ഡയറക്ഷൻസിൽ ഏതാണ് സ്വീകരിക്കേണ്ടതെന്ന് മി. സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ട്. അതനുസരിച്ച് ബഡ്ജററ് ഹെഡ്ഡിൻെറ നമ്പർ അനുസരിച്ച്, ഓരോ സബ്ഹെഡ്ഡും ഡീൽ ചെയ്യും അതിൽ എന്തെങ്കിലും പ്രയാസം തോന്നുന്നപക്ഷം ആ നടപടിക്രമം മാററണമെന്നും റൂളിംഗ് ഉണ്ടായി. അങ്ങനെയാണെങ്കിൽ ആ ഹെഡ്ഡ് അനുസരിച്ചുള്ള ഐററമായ റെവന്യൂ ബോർഡിൻെറ ൧൧,൩൯൦ രൂപായുടെ ഗ്രാൻറിനെ സംബന്ധിച്ച് പ്രതിപക്ഷത്തുള്ള ആരെങ്കിലും ഒരു കട്ട്മോഷൻ അയച്ചിട്ടുണ്ടെങ്കിൽ അവർക്ക് പ്രിഫറൻസ് കൊടുക്കണമെന്നാണ് തോന്നുന്നതു്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. പി. നീലകണ്ഠപിള്ളയൊ ശ്രീ. എ. കെ. പാച്ചുപിള്ളയൊ അങ്ങനെയുള്ള ഒരു കട്ട്മോഷൻ അയച്ചിട്ടില്ല. അവർ അയച്ചിട്ടുള്ളതു്, A direction-ൽ motions for reduction of total grant ആണ്. അതുകൊണ്ട് അച്ചടിച്ചിരിക്കുന്ന ക്രമം അനുസരിച്ച് തുടങ്ങണം. ഒന്നുമുതൽ അഞ്ചുവരെയുള്ള കട്ട്മോഷനിൽ പ്രതിപക്ഷത്തുനിന്ന് ആരെങ്കിലും ഒന്ന് അയച്ചിരുന്നുവെങ്കിൽ അവർക്ക് പ്രിഫറൻസ് കൊടുക്കേണ്ടതായിരുന്നു. ഇതിൽ അങ്ങനെ ചെയ്തിട്ടില്ല.

മി. സ്പീക്കർ: എ. ബി. എന്ന പിരിവുകളാണ് ഞാൻ ഗണിച്ചതു്. എ. ഡയറക്ഷൻ ഒന്നായി എടുത്ത് പ്രതിപക്ഷത്തിന് മുൻഗണന നൽകുന്നതായിരിക്കും.

മോഷൻ മൂവ് ചെയ്യുന്ന മെമ്പറിന് പത്തു മിനിട്ടും അതേപ്പററി പ്രസംഗിക്കുന്നവർക്ക് ൫ മിനിട്ടുവീതവും അനുവദിക്കുന്നതാണ്.

ശ്രീ. ഇട്ടപ്പൻ അറയ്ക്കൽ: ഇപ്പോൾതന്നെ ൫൦ മിനിട്ട് കഴിഞ്ഞിരിക്കുന്നു. ഇത്രയും സമയംകൂടി ഇതിന് അനുവദിക്കുമോ?

മി. സ്പീക്കർ: ഇതിന് അനുവദിച്ചിട്ടുള്ള സമയത്തിൽ കുറവു വരുത്തുന്നതല്ല.

ശ്രീ. പി. എം. വർഗ്ഗീസ്: ജനറൽ ഡിസ്കഷൻ സമയത്ത് സൌകര്യം കിട്ടാതിരുന്നവരിൽ കട്ട്മോഷൻ അയച്ചിട്ടുള്ളവർക്ക് ഇവിടെ പ്രിഫറൻസ് നൽകുമോ?

മി. സ്പീക്കർ: നിവൃത്തിയുള്ളിടത്തോളം അങ്ങിനെ ചെയ്യാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ൩൩,൯൪൫ രൂപായുടെ ഡിമാൻറിൽനിന്നു ഒരു രൂപാ കുറയ്ക്കണമെന്നാണു് എന്റെ കട്ട്‌മോഷന്റെ താല്പര്യം. ഇതുകൊണ്ടു് ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതു് ഗവമ്മെണ്ടു് ഉടമസ്ഥതയിലിരിക്കുന്ന പുതുവൽ പുറംപോക്കു് സ്ഥലങ്ങളെ സംബന്ധിച്ചു് ഗവമ്മെണ്ടു് അനുവർത്തിക്കേണ്ട നിലയെക്കുറിച്ചാണു്. ഈ ഭൂമികളെ സംബന്ധിച്ചും ഇന്നത്തെ ഗവമ്മെണ്ടു് കൈക്കൊണ്ടിരിക്കുന്ന നയത്തെ സംബന്ധിച്ചും ചില കാര്യങ്ങൾ ഈ സഭയുടെ മുമ്പിൽ സമർപ്പിക്കാൻ വേണ്ടിയാണു് ഞാൻ ഈ കട്ട്‌മോഷൻ മൂവ് ചെയ്യുന്നതു്. സുനിശ്ചിതമായ ഒരു നയം തിരുവിതാംകൂർ ഗവമ്മെണ്ടു് ഈ പുതുവൽ പുറംപോക്കു് ഭൂമികളെ സംബന്ധിച്ചു കൈക്കൊണ്ടിട്ടില്ല, അതിനുവേണ്ടി പ്രവർത്തിച്ചിട്ടുമില്ല തന്മൂലം ഇവിടത്തെ പട്ടിണിപ്പാവങ്ങളായ സാമാന്യജനങ്ങൾ വളരെ വിഷമിക്കുന്നുണ്ടു്. ഞാൻ പ്രതിനിധീകരിക്കുന്ന പീരുമേടു താലൂക്കിനെക്കുറിച്ചു പറകയാണെങ്കിൽ പീരുമേടു ദേവികുളം താലൂക്കുകളിൽ തിരുവിതാംകൂറിലെ ഇതര താലൂക്കുകളെ അപേക്ഷിച്ചു വളരെയധികം പുതുവൽപുറംപോക്കു ഭൂമികൾ ഉണ്ടു്. താമസിക്കുന്നതിനു് ഭവനമില്ലാതെ, അനുഭവിക്കുന്നതിനുള്ള വകകളില്ലാതെ കൃഷിചെയ്തു കാലക്ഷേപം കഴിക്കുന്നതിനു് വേണ്ട മാർഗ്ഗമില്ലാതെ ദരിദ്രന്മാരായ അനേകം ആളുകൾ അവിടെ ചെന്നു് അനേകം വർഷങ്ങളായി കുടിപാർത്തു വരുന്നുണ്ടു്. അതോടുകൂടിതന്നെ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട മറ്റൊരു കാര്യം ഉണ്ടു്. അനേകനൂറ്റാണ്ടുകളായി പട്ടിണിപ്പാവങ്ങളായ ജനങ്ങൾ, കൈവശംവച്ചനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ മാതിരി പുതുവൽ പുറംപോക്കു് വസ്തുക്കൾ വലിയ ഭൂസ്വത്തുടമസ്ഥന്മാരായ തോട്ടമുടമസ്ഥന്മാരുടെ തോട്ടങ്ങളോടും ബന്ധപ്പെട്ടു കിടപ്പുണ്ടു്. അങ്ങനെയുള്ള പുതുവൽപുറംപോക്കുസ്ഥലങ്ങളിൽ ധാരാളം ഭവനരഹിതരും വസ്തുരഹിതരുമായ ആളുകൾ താമസിച്ചു കൃഷിചെയ്തുവരുന്നുണ്ടു്. എന്നാൽ ഇന്നു് ഗവമ്മെണ്ടു് സ്വീകരിച്ചിരിക്കുന്ന നയം അനുസരിച്ചു നോക്കിയാൽ ഈ ദരിദ്രലക്ഷങ്ങളെ അവിടെനിന്നും കുടിയിറക്കി അവരുടെ കയ്യിൽ ഇരിക്കുന്ന സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനു കൊടുത്തുവരുന്നു. കുത്തകപ്പാട്ടം കൊടുക്കുന്നതിൽ സ്വീകരിച്ചിരിക്കുന്ന നയത്തെ സംബന്ധിച്ചു പറഞ്ഞാൽ അതേററവും വിചിത്രമാണു്. കുടികിടക്കുന്നവരെ അവരുടെ പാർപ്പിടങ്ങളിൽനിന്നും പുതുവൽ നിയമമനുസരിച്ചു് ഇറക്കുന്നതിനായി അവക്കു് ആദ്യമായി നിരോധനക്കരം ചുമത്തുക, കുടി ഇറങ്ങാൻവേണ്ടി നോട്ടീസ്സു് കൊടുക്കുക, ചിലപ്പോൾ നോട്ടീസ്സു് കൊടുക്കാതെപോലും അവരെ റവന്യൂ സിൽബന്തികൾ ഇറക്കി വിടുക ഇതെല്ലാം ചെയ്തുവരുന്നു. ഇപ്രകാരം അവരെ അവിടെനിന്നും ഇറക്കിയതിന്റെ ശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞിട്ടു് ഈ സ്ഥലങ്ങൾ ലേലത്തിൽ വില്ക്കുന്നു.

ഇപ്രകാരം ലേലത്തിൽ കൊണ്ടുവരുമ്പോൾ സാധാരണയായി പാവപ്പെട്ട ആളുകൾക്കു് കൂടുതൽ സംഖ്യകൊടുത്തു് ലേലം പിടിക്കാൻ സാധിക്കാതെവരുന്നു എന്നുള്ളതു് ഏററവും ദയനീയമാണു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സാധാരണയായി അയൽക്കാരും വസ്തു ഉടമസ്ഥന്മാരുമായ വലിയ മുതലാളിമാർ ആ വസ്തുക്കൾ എട്ടും പത്തും വർഷത്തേക്കു് ലേലത്തിൽ പിടിച്ചു് അവരുടെ സ്വന്തസ്വത്തെന്നപോലെ അനുഭവിക്കുന്നു. അതു് ദരിദ്രന്മാരോടു് ഗവമ്മെണ്ടു് ചെയ്യുന്ന ഏററവും വലിയ സങ്കടകരമായ ഒരു പാപമാണെന്നു പ്രസ്താവിക്കുന്നതിനു് ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. അങ്ങനെയുള്ള അവസരത്തിൽ ഗവമ്മെണ്ടു് ചെയ്യേണ്ടതെന്താണെന്നാണു് ഞാൻ നിർദ്ദേശിക്കുവാൻ പോകുന്നതു്. കുടികിടപ്പുകാരായി താമസിക്കുന്നവക്കു് ഏതെങ്കിലും ഒരു പദ്ധതി സ്വീകരിച്ചു് ഒന്നോ രണ്ടോ ഏക്കർ സ്ഥലം വീതം ദീർഘകാലത്തേക്കു് കുത്തകപ്പാട്ടമായി കൊടുക്കണം. നിവൃത്തിയുള്ളിടത്തോളം ലേലത്തിൽ വയ്ക്കരുതു്. അവർ സ്വത്തുള്ളവരാണോ എന്നു നോക്കീട്ടുമാത്രം ഇപ്രകാരം പാട്ടത്തിനു കൊടുത്താൽ മതി. ഇതു ചെയ്യാതെ വലിയ ഭൂസ്വത്തുടമസ്ഥന്മാരായ മുതലാളിമാക്കു് വസ്തു കുത്തകപ്പാട്ടത്തിനു കൊടുക്കുന്നതു് സങ്കടകരമാണു്. ഈ പ്രശ്നത്തിനു് ഉടൻ ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതാവശ്യമാണു്.

സർ, ഒരു ജനപ്രതിനിധിയെന്ന നിലയിൽ ധാരാളം സാധുക്കൾ ഓരോ വാരവും എന്റെ അടുക്കൽ വന്നു് "ഞങ്ങൾക്കു് നോട്ടീസ്സു് കിട്ടിയിരിക്കുന്നു, ഇറങ്ങാതെ നിവൃത്തിയില്ല, അങ്ങേക്കു്തന്നെ അറിയാമല്ലോ ഞങ്ങൾക്കു് താമസിക്കാൻ ഭൂമിയില്ലെന്നു്" എന്നെല്ലാം പറയാറുണ്ടു്. ഇങ്ങനെ ധാരാളം ആളുകൾ പരാതിപ്പെടുന്നുണ്ടെന്നു് ഉത്തരവാദിത്വബോധത്തോടുകൂടി പറയാൻ എനിക്കു് സാധിക്കും. അവരെ അവിടെനിന്നു് ഇറക്കാതെ

നിരപരാധരായ അവർക്ക് ആ ഭൂമികൾ കുത്തകപ്പാട്ടമായി കൊടുക്കണമെന്നാണ് എന്റെ അപേക്ഷ. ഒരിക്കലും ലേലത്തിൽ കൊണ്ടുവരരുത്. ഭൂനയം സംബന്ധിച്ച് കമ്മിററിയുടെ അഭിപ്രായം അറിഞ്ഞ് സുനിശ്ചിതമായ ഒരു നയം സ്വീകരിക്കുന്നതുവരെ കൈവശം വച്ചുകൊണ്ടിരിക്കുന്നവരായ സാധുക്കളെ അവരുടെ പാർപ്പിടങ്ങളിൽനിന്ന് ഇറക്കാൻ പാടില്ല. ആവശ്യമുള്ളപക്ഷം നാമമാത്രമായ ഒരു സംഖ്യ ക്ലിപ്തപ്പെടുത്തി അവർക്കു കുത്തകപ്പാട്ടത്തിനു കൊടുക്കണം. ഇക്കാര്യത്തിൽ കഴിയുന്നതും വേഗത്തിൽ ഗവൺമെണ്ട് ഒരു തീരുമാനം എടുക്കേണ്ടതാണ്.

ശ്രീ. പി. സി. ആദിച്ചൻ: കുത്തകപ്പാട്ടത്തിനു കൊടുക്കുന്നതിനേക്കാൾ പതിച്ചു കൊടുക്കുന്നതല്ലേ നല്ലത്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഞാൻ വിശ്വസിക്കുന്ന വിശ്വാസപ്രമാണം അനുസരിച്ചു ഭൂമി മുഴവൻ സ്റ്റേററിന്റെ വകയായിരിക്കണം. വസ്തുക്കൾ വ്യക്തികളുടെ സ്വത്താക്കിത്തീർക്കുന്നതിനോടു ഞാൻ അനുകൂലിക്കുന്നില്ല. അതുകൊണ്ടാണ് കുത്തകപ്പാട്ടത്തിന് കൊടുക്കണമെന്നു ഞാൻ പറഞ്ഞത്. ലാൻഡ് കമ്മിററി അവരുടെ ഭൂനയം എന്താണെന്നു തീരുമാനിക്കുന്നതുവരെ വസ്തു പതിച്ചുകൊടുക്കാൻ പാടില്ല എന്ന വാദഗതി ഞാൻ അവലംബിക്കുന്നതിന്റെ കാരണം ഇതാണ്.

അതുകൊണ്ട് ഗവൺമെണ്ടിനോട് എനിക്ക് ഈ സംഗതിയെക്കുറിച്ചു പറയാനുള്ളത് സാധുക്കളെ യാതൊരു വിധത്തിലും ഗവൺമെണ്ട് സ്ഥലത്തുനിന്നിറക്കാതെ അവരെ സംരക്ഷിക്കണമെന്നാണ്. ഈ സംഗതിയിൽ ഒരു വക്കീലെന്ന നിലയിൽ എന്റെ അടുക്കൽ ധാരാളം കേസുകൾ വന്നിട്ടുണ്ട്. ഇതിലെ ആളുകൾ എല്ലാംതന്നെ തോട്ടങ്ങളോടടുത്തുകിടക്കുന്ന പുതുവൽ പുറംപോക്കുസ്ഥലങ്ങളിൽ താമസിക്കുന്നവരാണ്. അവരുടെ പേരിലെല്ലാം 10-ാം വകുപ്പ് അനുസരിച്ചു കേസെടുത്തിരിക്കുകയാണ്. ആ ഭൂമികളെല്ലാം മുതലാളിമാർ അവരുടെ വസ്തുക്കളോടു ചേർത്തിരിക്കുകയാണ്. ഈ സംഗതിയെക്കുറിച്ച് വേണ്ട വിധത്തിൽ കൂലങ്കഷമായ ഒരന്വേഷണം നടത്താൻ ഗവൺമെണ്ടിന്റെ കീഴിലുള്ള ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുകയും ഇപ്രകാരം ഭവനരഹിതരായ ആളുകൾ കൈവശപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ഒരു ലിസ്റ്റെടുത്ത്, ഗവൺമെണ്ട് സുനിശ്ചിതമായ ഒരു ഭൂനയം സ്വീകരിക്കുന്നതുവരെ അവരെ അവിടെനിന്നിറക്കിക്കൂടെന്ന് ഒരു നിരോധന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യണമെന്ന് പ്രസ്താവിച്ചുകൊണ്ട് ഈ മോഷൻ ഞാൻ സഭ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. കട്ട്മോഷനിൽ ആദ്യമുള്ള പേരുകൾ വിട്ടിട്ട് സ്പീക്കറുടെ യുക്തംപോലെ കട്ട്മോഷൻ അവതരിപ്പിക്കാൻ ആളുകളെ ക്ഷണിക്കുന്നതുകൊണ്ട് അപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ളവരുടെ ലിസ്റ്റ് ഒന്നു വായിച്ചാൽ അതു സൌകര്യപ്രദമായിരിക്കും. ഒരുപക്ഷെ സ്പീക്കർ വിളിക്കുമ്പോൾ ആൾ ഇവിടെയില്ലെങ്കിൽ ആ ആളുകളുടെ ചാൻസ് നഷ്ടപ്പെട്ടുപോയേക്കാം. അതുകൊണ്ട് സ്പീക്കർ വിളിക്കാൻ ഉദ്ദേശിക്കുന്നവരുടെ പേരു ആദ്യമായി പ്രസ്താവിച്ചാൽ നന്നായിരിക്കും.

മി. സ്പീക്കർ: പേരു പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നില്ല. സ്പീക്കറുടെ യുക്തംപോലെ ഇവിടെ ഇല്ലാത്തവരെ വിളിക്കാതിരിക്കയോ ഉള്ളവരെ വിളിക്കയോ എന്തെങ്കിലും ചെയ്യുന്നതായിരിക്കും. ഏതായാലും മുൻകൂട്ടി പേരുപറയാൻ സാധ്യമല്ല.

ശ്രീ. എം. ഐ. പോൾ: എന്തെങ്കിലും ചെയ്യാമെന്നു പറയുന്നതു സങ്കടകരമാണ്.

മിസ്റ്റർ സ്പീക്കർ: ആ വാക്കിനു മററ അർത്ഥമൊന്നുമില്ല. അതേസംബന്ധിച്ച് എന്തെങ്കിലും ചെയ്യാമെന്നു പറഞ്ഞാൽ ഇപ്പോൾ ഞാൻ വിളിച്ച മെമ്പർ സംസാരിച്ചതിനുശേഷം ആരു സംസാരിക്കണമെന്നു മുൻകൂട്ടി പറയാൻ സാധ്യമല്ലെന്നെ അർത്ഥമുള്ളു. മി. വി. ഗംഗാധരൻ നായർ പ്രസംഗിക്കുന്നതായിരിക്കും

ശ്രീ. വി. ഗംഗാധരൻ നായർ: സർ, നമ്മുടെ ഭൂനയം പരിഷ്കരിക്കേണ്ടത് ഏററവും അവശ്യമാണെന്നു ഗവൺമെണ്ടിനും ഈ സഭയ്ക്കും ഇപ്പോൾ വ്യക്തമായ അഭിപ്രായമുണ്ടായിട്ടുണ്ട്. അതുസംബന്ധിച്ച് പ്രത്യേകമൊരു പദ്ധതി രൂപീകരിക്കുന്നതിനായിരിക്കണം ഒരു ലാൻഡ് കമ്മിററി ഉണ്ടാക്കാൻ പോകുന്നത്. ഏതായാലും ഈ ലാൻഡ് കമ്മിററിയുടെ ശ്രദ്ധയ്ക്കു വിഷയമാകേണ്ട പല അറിവുകളും ഇന്നു ഇൻഡ്യയിൽ ഉണ്ടായിട്ടുണ്ട്.

[Sri. V. Gangadharan Nair]

ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ കമരപ്പാ കമ്മിററിയുടെ റിപ്പോർട്ടിനെപ്പററി പരാമർശിച്ചു. എന്റെ അഭിപ്രായത്തിൽ ജനസംഖ്യയുടെ വർദ്ധനവും കൃഷിചെയ്യുന്നതിനുള്ള ഭൂമിയുടെ കുറവും ആണു് ഈ സംഗതിയിൽ ഒരു വിജയപ്രദമായ പരിഹാരം ഉണ്ടാക്കുന്നതിനു് തടസ്സമായി തീർന്നിട്ടുള്ളതു്. ഇങ്ങനെയുള്ള സ്ഥിതിഗതികളെ പരിഗണിച്ചാൽ ഈ ലാൻഡു് പാളിസി ഒരു വിപ്ലവോന്മുഖമായ നയത്തിൽകൂടിയല്ലാതെ സാധ്യമാകുകയില്ലെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. സർ, ബഹുമാനപ്പെട്ട മന്ത്രി അവർകൾ പരാമർശിച്ച കമരപ്പാകമ്മിററി റിപ്പോർട്ട് മിക്കവാറും ഇൻഡ്യയിലെ സ്ഥിതിഗതികളെ അടിസ്ഥാനമാക്കി ഉണ്ടാക്കിട്ടുള്ളതാണു്. തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനം ജനസംഖ്യയിൽ ഇൻഡ്യയുടെ മറെറതൊരു ഭാഗത്തേക്കാളും വളരെ വിപുലീകൃതമായ ഒന്നായതുകൊണ്ടു് ഭൂമി ദേശീയമാക്കുന്ന നയംതന്നെ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അംഗീകരിക്കേണ്ടതു് ഏററവും അത്യാവശ്യമാണെന്നു് വളരെ ശക്തിയായി ഗവമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. അങ്ങനെ ഭൂമി ദേശീയമാക്കുന്നതോടുകൂടിത്തന്നെ സഹകരണാടിസ്ഥാനത്തിലുള്ള കൃഷിസമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്താൽ മാത്രമേ ഭക്ഷ്യോല്പാദനം ഫലപ്രദമായി തീരുവാൻ സാധിക്കുകയുള്ളു എന്നു് ഞാൻ വിശ്വസിക്കുന്നു. രണ്ടേക്കറിൽ കുറഞ്ഞ കൃഷിഭൂമിയുള്ള കൃഷിക്കാരന്മാർ ഒററതിരിഞ്ഞു് ഭൂമി കൃഷിചെയ്യാൻ പാടില്ലെന്നു് നിർബന്ധിക്കുന്ന ചില സഹകരണനിയമങ്ങൾ ഇവിടെ കൊണ്ടുവരേണ്ടതു് ആവശ്യമാണെന്നു് ഞാൻ കരുതുന്നു. ചില കൃഷിക്കാർ ഭൂമി വിഭജിച്ചു വിഭജിച്ചു് കൃഷി ചെയ്യുന്നതുകൊണ്ടാണു് നമ്മുടെ ഭക്ഷ്യോല്പാദനം വളരെ കുറഞ്ഞിരിക്കുന്നതു് എന്നാണു് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് കൃഷിഭൂമികൾ ഏകീകരിക്കുന്നതിനും അവിടെ സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനും മററുമുള്ള പരിപാടികളോടുകൂടി വിപ്ലവോന്മുഖമായ ഒരു നയം രൂപീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നാണു് എനിക്കു ഭൂനയം സംബന്ധിച്ചു് ഗവമെന്റിനെ അനുസ്മരിപ്പിക്കേണ്ടതു്.

ശ്രീ. വി. മാധവൻ: സർ, എന്റെ സ്നേഹിതൻ, മി. പാച്ചുപിള്ള കുത്തകപ്പാട്ടത്തിനെപ്പററി പറഞ്ഞിട്ടുള്ള പല കാര്യങ്ങളോടും ഞാൻ യോജിക്കുന്നു. അദ്ദേഹം പറഞ്ഞതിനുപുറമെ കുത്തകപ്പാട്ടം സംബന്ധിച്ചു് ചില കാര്യങ്ങൾകൂടി പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഗവമെന്റു ഭൂമികൾ പതിച്ചുകൊടുക്കുന്ന രീതിയിൽ നിർബന്ധമായി ഇപ്പോൾ വൈമനസ്യം കാണിക്കുകയാണു്. മുൻപു് കൈവശപ്പെടുത്തി ദേഹണ്ഡം ചെയ്കയാണെങ്കിൽ കൈവശപ്പെടുത്തുന്നവക്കു് തറവില ചുമത്തി പതിച്ചുകൊടുക്കുന്ന നയമാണു് തുടർന്നുവന്നിരുന്നതു്. ഇതുമൂലം ഗവമെന്റിനു് ഒരു പ്രയോജനവും ഇപ്പോൾ കാണുന്നില്ല. ഇതു് ചില ഭാഗ്യവാന്മാക്കുമാത്രം സൌകര്യം കൊടുക്കുന്നതായിക്കാണുന്നുണ്ടു്.

സാധുക്കളായ ജനങ്ങളെ അവർ താമസിച്ചിരുന്ന സക്കാർ ഭൂമികളിൽനിന്നും നിർബന്ധനടപടിമൂലം ഒഴിപ്പിച്ചു് വിട്ടതിനുശേഷം ചിലപ്പോൾ അറുപതും എഴുപതും നൂറും ഏക്കർ വിസ്തീർണ്ണമുള്ള ഭൂമി ദേഹണ്ഡങ്ങളോടുകൂടി ലേലംപോലും ചെയ്യാതെ നിസ്സാരപാട്ടം ചുമത്തി ചിലക്കു് പാട്ടം കൊടുത്തിട്ടുള്ള പല ദൃഷ്ടാന്തങ്ങൾ ഉണ്ടു്. വസ്തുക്കൾ മുതൽമുടക്കുകൂടാതെ അനുഭവിക്കുവാൻ ഒരു കുറുക്കുവഴി ഈ ഭാഗ്യവാന്മാക്കു് നൽകുന്ന ഒരു പ്രസ്ഥാനമായിട്ടേ ഈ രീതിയെ കരുതുവാനുള്ളു. ഇങ്ങനെയുള്ള ഭൂമികൾ ഭൂമിയില്ലാത്ത അധഃകൃതവർഗ്ഗക്കാക്കു് കൊടുക്കണമെന്നു് ഒരു നിർബ്ബന്ധവ്രതം ഗവമെന്റു സ്വീകരിക്കേണ്ടതാണു്.

കണ്ടെഴുത്തുകാലത്തുതന്നെ ജനങ്ങൾ ഉപയോഗിച്ചുവന്നിരുന്ന നാട്ടുവഴികൾ ഉണ്ടു്. അങ്ങിനെയുള്ള വഴികൾക്കുള്ള രേഖകൾ കൊടുത്തു് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. കൂടാതെ ജലസേചനത്തിനു് പൂർവ്വികന്മാർ ഉണ്ടാക്കിയിരുന്ന ധാരാളം നാട്ടുതോടുകളും പ്ലാനിൽ ചേർത്തു് മാററി ഇട്ടിട്ടുണ്ടു്. ഇതിൽ പലതും ജനങ്ങൾ പ്രവേശിച്ചു് വീതി കുറച്ചും നികത്തിയും അവരുടെ പതിവുഭൂമികളോടു ചേർത്തു് അനുഭവിച്ചുവരുന്നുണ്ടു്. ഇതെല്ലാം ഒഴിപ്പിക്കേണ്ടതു് വളരെ അത്യാവശ്യമാണു്.

ആററുതീരങ്ങളുടെ അരികിൽ ഉണ്ടാകുന്ന, വീതി കുറഞ്ഞ പുതുവലുകൾ അയൽവസ്തു ഉടമസ്ഥന്മാക്കുതന്നെ കൊടുക്കേണ്ടതാണു്. ഇത്രയുംമാത്രമേ ഇതിനെക്കുറിച്ചു പറയുവാനുള്ളു.

ശ്രീ. പി. എം. വർഗ്ഗീസ്സ്: സർ, ഗവൺമെണ്ടിന്റെ ഭൂമിയെ സംബന്ധിച്ചുള്ള നയം ഏതുപ്രകാരമായിരിക്കണം എന്നുള്ളതിനെപ്പററി വളരെ അഭിപ്രായവ്യത്യാസങ്ങൾ ഉള്ളതായിട്ടാണ് കാണുന്നതു്. ഏതായാലും ഭൂമി തുണ്ടുതുണ്ടായി വിഭജിച്ചു് ആളോഹരി ഭാഗിച്ചു കൊടുക്കുന്ന സമ്പ്രദായത്തെ എതിർക്കാതിരിക്കാൻ തരമില്ല. എന്നാൽ ഏതുപ്രകാരത്തിലാണ് ഫലപ്രദമായ രീതിയിൽ ഈ സംഗതി കൈകാര്യംചെയ്യാമെന്നുള്ളതിനെപ്പററിയാണ് അഭിപ്രായവ്യത്യാസം. ചെറിയ ചെറിയ ഭൂമിയുടമസ്ഥന്മാരിൽനിന്നും ഗവൺമെണ്ടിലേക്കു കിട്ടുന്ന കരവും, വലിയ എക്കറേജ് കൃഷിയുള്ള ഭൂമി ഉടമസ്ഥന്മാരിൽനിന്നും ഗവൺമെണ്ടിലേക്കു കിട്ടുന്ന കരവും നോക്കിയാൽ ആകാശവും ഭൂമിയുംപോലെ വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം.

ഒരു മുതലാളിക്കു് ഒരായിരം ഏക്കർ ഭൂമിയുണ്ടെന്നു വിചാരിക്കുക. ഇപ്പോൾ ഇരിക്കുന്ന ഇങ്കംടാക്സ് കണക്കനുസരിച്ചു് നോക്കുകയാണെങ്കിൽ ആ ആയിരം ഏക്കറിന്, ഏക്കറിനു ൨൫൦ രൂപാ കണക്കിന് ആകെ ൨,൫൦,൦൦൦ രൂപാ ആദായം തിട്ടപ്പെടുത്തി ആ ആദായത്തിൽനിന്ന് ആദായനികുതിയും, സാധാരണ അടിസ്ഥാനനികുതിയും ഗവൺമെൻറിലേക്ക് ഈടാക്കുന്നു. എന്നാൽ അതേസമയം ഈ ആയിരം ഏക്കർ ഭൂമി ആയിരം പേരുടെ കയ്യിലായി വീതിച്ചു കൊടുക്കുകയാണെങ്കിൽ ഇന്നത്തെ രീതിയിൽ ഗവൺമെൻറിന് അതിൽനിന്നും അടിസ്ഥാനനികുതിയിനത്തിൽ തുച്ഛമായ ഒരു തുക മാത്രമേ കിട്ടുന്നുള്ളു എന്നു് മനസ്സിലാക്കണം.

ശ്രീ. കെ. കുട്ടപ്പൻ; ഒരു ചോദ്യം;

ശ്രീ. പി. എം. വർഗ്ഗീസ്സ്: ഒരു ചോദ്യത്തിനും ഇപ്പോൾ മറുപടി പറയുന്നില്ല. ചോദ്യത്തിന്റെ ഉത്തരമെല്ലാം പിന്നെ പറയാം.

ആയിരം ഏക്കർ ഭൂമി ഒരു മുതലാളിയുടെ കയ്യിലിരുന്നാൽ എഴുപതിനായിരമോ എൺപതിനായിരമോ രൂപ ഗവൺമെൻറിലേക്കു കിട്ടുമ്പോൾ അതു ൨,൦൦൦ പേർക്കു വീതിച്ചാൽ ആയിരത്തിനു താഴെയുള്ള ഒരു സംഖ്യ മാത്രമേ ഗവൺമെൻറിലേക്കു കിട്ടുന്നുള്ളു. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു ഭൂമി തുണ്ടുതുണ്ടായി വീതിക്കുന്നതിനേക്കാൾ കുറെ അധികം ഒരുമിച്ചു് കൈവശം വെച്ചുകൊണ്ടിരിക്കുന്നതാണ് ഗവൺമെൻറിന്റെ കോശസ്ഥിതിയെ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതു് എന്നാണ്. അതുകൊണ്ടു് എന്റെ അഭിപ്രായം ഭൂമികൾ തുണ്ടുതുണ്ടായി വീതിക്കാതെ ഇരിക്കുന്നവരുടെ കയ്യിൽത്തന്നെ കൂടുതൽ കൂടുതൽ ഇരിക്കാൻ അനുവദിക്കണമെന്നാണ്. എന്നാൽ ഇതു ദേശീയവിരുദ്ധമായ ഒരു നയമല്ലേ എന്നു ചോദിച്ചു് ചിലർ ആക്ഷേപിക്കാറുണ്ടു്. പക്ഷെ ദേശീയം തന്നെയാണ് ഞാൻ പ്രസംഗിക്കുന്നതു്. (ചിരി)

സർ, ഭൂമിയെ ദേശീയമാക്കണമെന്നു പറഞ്ഞാൽ, ഭൂമി ഒന്നും ദേശീയമാവുകയില്ല. മനുഷ്യൻ ദേശീയമാണോ? ദേശീയമായ മനസ്ഥിതിയോടുകൂടി മനുഷ്യൻ പ്രവർത്തിക്കാത്തിടത്തോളം കാലം നമ്മുടെ രാഷ്ട്രത്തിന് യാതൊരു അഭിവൃദ്ധിയും വരാൻപോകുന്നില്ലെന്നാണ് ഞാൻ പറയുന്നതു്. ഭൂമി തുണ്ടുതുണ്ടായി കൈവശം വച്ചിരിക്കുന്ന ഭൂമിയുടമസ്ഥന്മാർക്ക് ശാസ്ത്രീയമായി കൃഷിചെയ്യാൻ സാദ്ധ്യമല്ല. പിന്നെ എങ്ങിനെയാണ് അതിൽനിന്നും ഗവൺമെൻറിന് ആദായം ലഭിക്കുക. ഇതു ഗവൺമെൻറും ഈ സഭയും പ്രത്യേകം ഗൗനിക്കേണ്ട ഒരു സംഗതിയാണ്. ഒരു വലിയ ഭൂമിയുടമസ്ഥനായ മുതലാളിയിൽനിന്നും താരതമ്യേന വളരെ വലിയ ആദായം ഗവൺമെൻറിനു കിട്ടുന്നതിനും പുറമെ എത്രയോ കൂലിക്കാർക്കും അവരുടെ കുടുംബങ്ങൾക്കും ജീവിക്കുന്നതിനും താമസിക്കുന്നതിനുമുള്ള സൗകര്യവും സിദ്ധിക്കുന്നു. അവർക്കു വേണ്ടുന്ന സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന്നു് മുതലാളിയെ നിർബന്ധിക്കുന്നതിനുള്ള അവകാശവും അധികാരവും ഗവൺമെൻറിൽ സ്ഥാപിതിചെയ്യണം. ജോലിക്കാർക്കു ഭവനങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിന് ഗവൺമെൻറ നിയമംമൂലം മുതലാളിയെ നിർബന്ധിക്കണം. ആ ഭവനങ്ങളുടെ പ്ലാൻതന്നെയും ഗവൺമെൻറ തയ്യാറാക്കണം. അങ്ങിനെ ഉണ്ടാക്കുന്ന ഭവനങ്ങളിൽനിന്നും ജോലിക്കാരെ പുറത്തിറക്കാനുള്ള അവകാശം മുതലാളിക്കുണ്ടായിരിക്കരുതു്. ഇതിനെല്ലാം ഗവൺമെൻറ നിയമങ്ങൾ ഉണ്ടാക്കുകയും അങ്ങിനെ മുതലാളിയുടെ ജോലിക്കാർക്കു അഭിമാനകരമായും സുഖമായും ജീവിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയുമാണ് വേണ്ടതു്. അങ്ങിനെ വരുമ്പോൾ ഇന്നത്തെപ്പോലെ ഭൂമി അധികം കൈവശംവെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടുള്ള ആക്ഷേപം പാടെ നീങ്ങുന്നതാണ് ഞാൻ ദേശീയതത്വത്തിൽനിന്നും പഠിച്ചിട്ടുള്ള തത്വം ഇതാണ്. അല്ലെങ്കിൽ നമുക്ക് ദേശവൽക്കരണത്തിനുള്ള സമയം അത്രക്കേ ആയിട്ടുള്ളു എന്നു കരുതണം. ദേശവൽക്കരണ

[Sri. P. M. Verghese]

ത്തിന് നമുക്ക് പല പദ്ധതികളും ഉണ്ട്. സ്കൂളുകൾ ദേശീയമാക്കുക, ട്രാൻസ്പോർട്ട് വ്യവസായം ദേശീയമാക്കുക, ഉപ്പു വ്യവസായം ദേശീയമാക്കുക, എന്നിങ്ങനെ പല ദേശവൽക്കരണ പദ്ധതികളും ഉണ്ട്. എന്നാൽ ഗവമ്മെൻറ് ഏറെറടുത്തിട്ടുള്ള സകല വ്യവസായങ്ങളും നഷ്ടത്തിലാണ് കലാശിച്ചിട്ടുള്ളത്. ഗവമ്മെൻറിൽനിന്നും എവിടെയെങ്കിലും തോട്ടങ്ങൾ ഉണ്ടാക്കി കൃഷിചെയ്തിട്ടുണ്ടെങ്കിൽ അതു മുഴുവൻ നഷ്ടമാണ്. ഏതെങ്കിലും വ്യവസായം ഏറെറടുത്തു നടത്തിയിട്ടുണ്ടെങ്കിൽ അതും നഷ്ടത്തിലേ കലാശിച്ചിട്ടുള്ളുവെന്ന് നമുക്ക് അനുഭവമുണ്ട്. ഇതാണോ നമ്മുടെ ദേശവൽക്കരണം എന്നു ഞാൻ ചോദിക്കുന്നു. ഇന്നത്തെ രീതിയിൽ നമ്മുടെ രാജ്യത്തു ദേശീയത്വം നടത്തുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. ഗവമ്മെൻറാണ് ഏററവും വലിയ മുതലാളി. അതായത് ഇന്ന് ഈ രാജ്യത്തിലെ ആകെ ഭൂമിയിൽ മൂന്നിൽ ഒരു ഭാഗം ഗവമ്മെൻറിൻെറ കയ്യിൽ ഇരിക്കുകയാണ്. ബാക്കി ജനങ്ങളുടെ കയ്യിലിരിക്കുന്ന മൂന്നിൽ രണ്ടുഭാഗം ഭൂമിയിൽനിന്നും മൂന്നുകോടി രൂപയോളം ഗവമ്മെൻറിന് ആദായം കിട്ടുമ്പോൾ ഗവമ്മെൻറിൻെറ കയ്യിലിരിക്കുന്ന മൂന്നിൽ ഒരു ഭാഗത്തിൽ നിന്നും എന്തു കിട്ടുന്നു എന്നു ഞാൻ ചോദിക്കുന്നു. ഗവമ്മെൻറുവക ഭൂമികളിൽ നിന്നു ഏററവും കൂടുതൽ ആദായം കിട്ടുന്നതിനുള്ള ഉത്തമമാർഗ്ഗങ്ങൾ ഗവമ്മെൻറു കണ്ടുപിടിക്കണം. ആദായം ഉണ്ടാക്കുക എന്നുള്ളതാണ് ഭൂമി കൈവശത്തിൻെറ ഉദ്ദേശം. ഭൂമി തരിശായി ഇടുകയും ജനങ്ങൾ ദരിദ്രരായി പട്ടിണികിടന്നു മരിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്ന ഒരു ഗവമ്മെൻറിന് ലോകത്തു നിലനിൽക്കുന്നതിനു അവകാശമില്ല.

ശ്രീ. മാന്നാർ ഗോപാലൻ നായർ: അതുകൊണ്ട് ഭൂമി മുഴുവൻ പതിച്ചുകൊടുക്കണമെന്നാണോ പറയുന്നതു?

ശ്രീ. പി. എം. വർഗ്ഗീസ്: തെററിധരിക്കരുത്. ഭൂമിയിൽ നിന്നും ഏററവും കൂടുതൽ ആദായം കിട്ടുന്നതിന് എന്തു ചെയ്യണമെന്നു കണ്ടുപിടിച്ച് അതനുസരിച്ച് പ്രവർത്തിക്കണം. സ്വകാര്യവ്യക്തികൾക്ക് പതിച്ചു കൊടുക്കുകയാണ് ഉത്തമമാർഗ്ഗമെങ്കിൽ അങ്ങിനെ ചെയ്യണം. അതല്ലെങ്കിൽ ഗവമ്മെൻറു നേരിട്ടു എന്തെങ്കിലും ചെയ്യണം. അല്ലാതെ ദേശീയം ദേശീയം എന്നു പറഞ്ഞ് അബദ്ധത്തിൽചെന്നു ചാടരുതെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. പി. വറഗീസ്: സർ, ലാൻറ് റവന്യൂ ഡിപ്പാർട്ടുമെണ്ടിലേക്ക് ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന കണക്കുകൾ നോക്കിയാൽ ൨൫ ലക്ഷം രൂപായാണ് തിരുവിതാംകൂറിലെ ബഡ്ജററിൽ വരവായി കാണുന്നതു്. ചെലവിനത്തിൽ ൫൰ ലക്ഷം രൂപായും കാണുന്നുണ്ട്. ൫൰ ലക്ഷം രൂപ ചെലവാക്കി ൨൫ ലക്ഷം രൂപ ഉണ്ടാക്കുന്നതിനു മാത്രമായി ഈ ഡിപ്പാർട്ടുമെൻറ് നിലനിറുത്തേണ്ട ആവശ്യമുണ്ടോ എന്നുതന്നെ ഞാൻ സംശയിക്കുന്നു. ഈ ഡിപ്പാർട്ടുമെണ്ടിലേക്ക് വളരെ അധികം ഉദ്യോഗങ്ങൾ ബഡ്ജററിൽ കൊള്ളിച്ചുകാണുന്നു. ഇതിനുമുമ്പ് വേറെ പല ജോലികളുമുള്ള ആളുകളെക്കൂടി ഉൾപ്പെടുത്തുന്നതിനായിരിക്കാം ഇത്രവളരെ ഉദ്യോഗങ്ങൾ സൃഷ്ടിച്ചിരിക്കുന്നതു്. ഈ ഡിപ്പാർട്ടുമെൻറിൽ ഡിസ്ട്രിക്ട് ആഫീസുകൾ, താലൂക്ക ആഫീസുകൾ, പകുതി ആഫീസുകൾ ഇങ്ങിനെ മൂന്നുതരം ആഫീസുകളാണ് ഇപ്പോഴുള്ളതു്. ഈ ആഫീസുകളുടെ കാര്യക്ഷമതയെപ്പററി നോക്കുകയാണെങ്കിൽ തിരുവിതാംകൂറിലുള്ള മറേറതൊരു ഡിപ്പാർട്ടുമെൻറിനെക്കാളും മോശമായ നിലയിൽ, അതായതു് കുത്തഴിഞ്ഞ ഒരു പുസ്തകത്തിൻെറ നിലയിലാണ് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. മുകളിൽ പറഞ്ഞിട്ടുള്ള ഏതാഫീസിലേയ്ക്കും ഒരു എഴുത്തു അയക്കുകയാണെങ്കിൽ മറുപടി കിട്ടുന്നതിലേയ്ക്ക് കുറഞ്ഞതും അഞ്ചാറുമാസം താമസം നേരിടും. ചിലപ്പോൾ അയച്ചുകൊടുക്കുന്ന കടലാസുതന്നെ നഷ്ടപ്പെട്ടുപോയി എന്നും വന്നേക്കാം. ഈ ആഫീസുകളിൽ ഓരോ സെക്ഷൻതിരിച്ച് കാര്യക്ഷമതയോടെ ജോലിനടത്തിപ്പോരുന്ന പതിവില്ല. ഇതിനെല്ലാം കാരണം നമ്മുടെ ഡിപ്പാർട്ടുമെൻറിൻെറ നടത്തിപ്പു ശരിയായ നിലയിലല്ലെന്നുള്ളതുകൊണ്ടാണ്. തിരുവിതാംകൂറിലെ പകുതികൾ ഏററവും കുറഞ്ഞ ഒരു യൂണിററാണെങ്കിലും, രാജ്യഭരണത്തിൻെറ ഒരു പ്രഥമഘട്ടമാണ് പകുതികച്ചേരി എന്നുള്ളതു് വിസ്മരിക്കാൻ പാടുള്ളതല്ല. അവിടെയുള്ള പ്ലാനുകളും, മററു റിക്കാർഡുകളുമെല്ലാം കീറിപ്പറിഞ്ഞതായിട്ടാണ് കാണുന്നതു്. പിന്നെ അങ്ങിനെ വല്ലതും നോക്കണമെന്നുണ്ടെങ്കിൽ പോകേണ്ടതു് താലൂക്ക കച്ചേരിയിലാണ്. അവിടെയും മിക്കവാറും പകുതികച്ചേരിയിലെ സ്ഥിതിയിൽതന്നെയായിരിക്കും കാര്യങ്ങളുടെ കിടപ്പ്.

അവിടെ റിക്കാർഡുകൾ സൂക്ഷിക്കുന്നതിലേക്കു് അലമാരകളും അല്ലെങ്കിൽ സൂക്ഷിക്കുന്നതിനു ചുമതലയുള്ള ഉദ്യോഗസ്ഥന്മാരൊ ഇല്ല. താലൂക്കു് കച്ചേരികളേയും പകുതികച്ചേരികളേയും ഒരു ആർഡറിൽ ആക്കുന്നതിനു ഗവമ്മെൻറു് ശ്രദ്ധിക്കേണ്ടതു് ആവശ്യമാണു്. ഗവമ്മെൻറു് കാര്യക്ഷമമായി function ചെയ്യണമെങ്കിൽ ഒരു thorough re-organisation തന്നെ ആവശ്യമാണു്.

അടുത്തതായി ഇവിടത്തെ രണ്ടുതരം ഭൂനികുതിയെപ്പററിയാണു് എനിക്കു ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു്. രണ്ടുതരം ഭൂമികളാണു് സാധാരണ ജനങ്ങൾക്കു കൊടുത്തിട്ടുള്ളതു്. ഒന്നു പണ്ടാരപാട്ടമായി ഏക്കറിന്നു് ൧൪ അണ കരംവെച്ചു കൊടുത്തിട്ടുള്ള സ്ഥലങ്ങൾ. പിന്നൊന്നു് കുത്തകപ്പാട്ടമായി കൊടുത്തിട്ടുള്ള സ്ഥലങ്ങൾ. ഈ കുത്തകപ്പാട്ടസ്ഥലങ്ങൾക്കു് ഏക്കറിന്നു് മുപ്പത്തിയഞ്ചും നാല്പതും രൂപാവരെ കരംകൊടുക്കുന്ന സ്ഥലങ്ങൾ ഉണ്ടു്. അങ്ങിനെ ചെയ്യുന്നതിൻെറ ആവശ്യം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇങ്ങിനെ രണ്ടുതരത്തിലുള്ള വ്യവസ്ഥ ഒരേ പ്രകാരത്തിൽ ആക്കേണ്ടതാണു്. ഒന്നുകിൽ എല്ലാവക്കും വസ്തുക്കൾ പതിച്ചുകൊടുക്കുകയൊ അല്ലെങ്കിൽ എല്ലാവക്കും കുത്തകപ്പാട്ടത്തിന്നു കൊടുക്കുകയോ ചെയ്യണം. തൊട്ടടുത്ത വസ്തുവിനു് പതിനാലു് അണ ആയിരിക്കെ കുത്തകപ്പാട്ടക്കാരോടു് മുപ്പത്തിയഞ്ചും, നാല്പതും രൂപാ വാങ്ങുന്നതു വളരെ അനീതിപരമായ ഒരു സംഗതിയാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. മുപ്പതും നാല്പതും വഷം വസ്തുക്കളിൽ ദേഹണ്ഡിച്ചു കഴിയുന്നവക്കു കുത്തകപ്പാട്ടത്തിലിരിക്കുന്ന സ്ഥലങ്ങൾ കൈവശത്തിലിരിക്കുന്ന കാലയളവു് പരിഗണിച്ചു പതിച്ചുകൊടുക്കുന്നതിൽ യാതൊരു തടസ്സവും ഗവമ്മെണ്ടു് കാണിക്കേണ്ടതില്ലെന്നാണു് എനിക്കു പറയാനുള്ളതു്. അതു് ഏതെങ്കിലും ഒരു കാലാവധിക്കകം പതിച്ചുകൊടുക്കുന്നതിന്നു് ഗവമ്മെണ്ടിൻെറ ശ്രദ്ധ പതിയണമെന്നു് പറഞ്ഞുകൊള്ളുന്നു.

ഈ ഡിപ്പാർട്ടുമെണ്ടിലുള്ള സവ്വേ സെക്ഷനെപ്പററിയും രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ഈ സെക്ഷനിൽ ഒരു വസ്തു അളന്നു തിരിക്കുന്നതിന്നുള്ള അപേക്ഷ കൊടുത്താൽ അതു നടപ്പിൽവരുന്നകാര്യം അസാദ്ധ്യമാണെന്നാണു് കാണുന്നതു്. കൈക്കൂലി കൊടുക്കാതെ ഏതെങ്കിലും ഒരു ജോലി ആറുമാസത്തിനകം ചെയ്തതായി അറിവില്ല. സവ്വേ ഡിപ്പാർട്ടുമെണ്ടിൻെറ കാലതാമസത്തെപ്പററി മുൻസിഫ് കോടതികളിൽ വ്യവഹരിക്കുന്ന വക്കീലന്മാക്കും കോടതിയുമായി ഇടപെടേണ്ടിവരുന്ന കക്ഷികൾക്കും അറിയാമെന്നുള്ളതാണു്. സവ്വേ ഡിപ്പാർട്ടുമെണ്ടിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷനായി നിയമിച്ചാൽ ആറും ഏഴും വഷം കഴിഞ്ഞാലും റിപ്പോർട്ടു് തയ്യാറാക്കിക്കൊടുക്കുക എന്നുള്ള പതിവില്ല. അതുപോലെ തന്നെ പ്രൈവററു് ഏജൻസികൾ ആരെങ്കിലും ഒരു വസ്തു അളന്നു തിരിക്കുന്നതിനു് അപേക്ഷ കൊടുത്താൽ ഏതെങ്കിലും കാരണം പറഞ്ഞു തള്ളുകയൊ അല്ലെങ്കിൽ ആ അപേക്ഷ കാണാതെ വരികയൊ ആണു് ചെയ്യുന്നതു്. അതും ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എം. ഐ. പോൾ: ഈ അസംബ്ലിയിൽ ഇരിക്കുന്ന മെമ്പർമാരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെതന്നെ ഈ കാര്യത്തെപ്പററി ആക്കെല്ലാം സംസാരിക്കാമെന്നുള്ള കാര്യം നേരത്തെ അറിഞ്ഞാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്.

മിസ്റ്റർ സ്പീക്കർ: അങ്ങിനെ ഒരു പേരുവിവരം നൾകണമെന്നു് ഞാൻ വിചാരിക്കുന്നില്ലെന്നു് നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ഇ. പി. പൗലോസ്: സർ, കഴിഞ്ഞ ആണ്ടത്തെ ബഡ്ജററു് സമ്മേളനത്തിൽ ലാൻറു് റെവന്യൂ ഡിപ്പാർട്ടുമെണ്ടിൻെറ ഡിമാൻറിനെ സംബന്ധിച്ചു ചർച്ചനടത്തുന്ന അവസരത്തിൽ അന്നു് സംസാരിക്കാൻ സമയം ലഭിച്ച പല ബഹു. മെമ്പറന്മാരും പ്രാധാന്യം അർഹിക്കുന്ന പല കാര്യങ്ങളും ഗവമ്മെണ്ടിൻെറ ദൃഷ്ടിയിൽ പെടുത്തുകയുണ്ടായി. എന്നാൽ അതിൽ ഏതെങ്കിലും ഒരു സംഗതി മന്ത്രിമാരോ അതിനു് ചുമതലപ്പെട്ട മററു ഉദ്യോഗസ്ഥന്മാരോ ശ്രദ്ധിച്ചു് പ്രവത്തിച്ചിട്ടുണ്ടെന്നു പറയാൻ കഴിയുമെന്നു് എനിക്കു് തോന്നുന്നില്ല. കട്ടു്മോഷൻസിൻെറ ചർച്ചകൾ നടത്തുന്ന അവസരത്തിൽ ഈ സഭയിലെ അംഗങ്ങൾ ഗവമ്മെണ്ടിൻെറയൊ മന്ത്രിസഭയുടേയൊ ശ്രദ്ധയിൽകൊണ്ടുവരുന്ന ചച്ചകൾ ആ കാര്യം കഴിയുന്നതോടൊപ്പംതന്നെ വിസ്മരിക്കപ്പെടുന്നതായിട്ടാണു് സാധാരണ കണ്ടുവരുന്നതു്. കഴിഞ്ഞകൊല്ലം ലാൻറു് പാളസിയെസംബന്ധിച്ചു് വ്യക്തമായ ഒരു നില ഗവമ്മെണ്ടു് സ്വീകരിക്കേണ്ടതാണെന്നും, ലാൻറു് റെവന്യൂ ഡിപ്പാർട്ടുമെണ്ടിലെ എല്ലാ ഉപവ

[Sri. E. P. Poulose]

കപ്പുകളും കൂടുതൽ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നും പല ബഹു. മെമ്പറന്മാരും ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ ആ കാര്യങ്ങളിൽ ഒന്നുംതന്നെ ഗവമ്മെണ്ട് ശ്രദ്ധപതിപ്പിച്ചിട്ടില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചിട്ടുണ്ടെന്നു പറയാൻ ഗവമ്മെണ്ടിനും ധൈര്യമുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. താല്ക്കാലികമായ ചില തീരുമാനങ്ങൾ ഗവമ്മെണ്ട് ചെയ്തു എന്നുള്ളതൊഴിച്ചാൽ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം യാതൊരു കാര്യത്തിലും ഗവമ്മെണ്ട ശ്രദ്ധപതിപ്പിക്കുകയുണ്ടായിട്ടില്ല. ഫാർമലായിട്ട് ഒരു കട്ടുമോഷനാണ് അവതരിപ്പിക്കുന്നതെങ്കിലും അതുമൂലം ചില കാര്യങ്ങൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നും അതനുസരിച്ച് ഗവമ്മെണ്ട് പ്രവർത്തിക്കണമെന്നുമുള്ള ആശയിലാണ് അതു സഭയിൽ വാദപ്രതിവാദം നടത്തുന്നത്. അങ്ങനെ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവരുന്ന കാര്യത്തിൽ പഴയ ഏകാധിപത്യ ഗവമ്മെണ്ടിൽനിന്നും ഒട്ടും വ്യത്യസ്ഥമല്ല; പുതിയ ജനാധിപത്യ ഗവമ്മെണ്ട് എന്ന് പറയാതെ തരമില്ല.

ഒരു സ്ഥലത്തെ ആശുപത്രിയും താലൂക്കുകച്ചേരിയും ആണല്ലോ പൊതുജനങ്ങളിൽ എല്ലാ വിഭാഗത്തിനും അധികമായി ഉപയോഗപ്പെടേണ്ടുന്ന സ്ഥാപനങ്ങൾ. എന്നാൽ ഒരു താലൂക്കു കച്ചേരിയിൽ ചെന്ന് ഉദ്യോഗസ്ഥന്മാരെ എന്തെങ്കിലും ഒരു വിവരം അറിയിച്ചു കാര്യം സാധിക്കുന്നത് എത്രമാത്രം വിഷമകരമാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതു കഴിഞ്ഞ നിയമസഭയിൽ പല പല ബഹുമാനപ്പെട്ട മെമ്പറന്മാരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. എന്നാൽ അക്കാര്യത്തിൽ ഗവമ്മെണ്ടിന്റെ താല്പര്യത്തിനും, ശുഷ്കാന്തിക്കും അന്നത്തേതിൽനിന്ന് ഇന്നു യാതൊരു മാററവും വന്നിട്ടില്ലെന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി താലൂക്കു കച്ചേരികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കാതിരുന്നതിന് പല കാരണങ്ങളും ഉണ്ടായിരുന്നുവെന്നു സമ്മതിക്കാം. ഭക്ഷ്യോൽപാദനം, നെല്ലുസംഭരണം, റേഷനിങ്ങ് എന്നീ കാര്യങ്ങളുടെ ചുമതലയും അവർക്കുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആവക കാര്യങ്ങളെല്ലാം പ്രത്യേകം, പ്രത്യേകം വകുപ്പുമുഖേന പ്രവർത്തനം നടത്തുന്നതുകൊണ്ട്, താലൂക്കുകച്ചേരികളുടേയും, പകുതികച്ചേരികളുടേയും പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനു സാധിക്കും. അതിനു വേണ്ട നിർദ്ദേശങ്ങൾ അവർക്ക് നൽകേണ്ടതാണ്.

മറെറാന്ന് എനിക്കു പറയുവാനുള്ളത് ഇന്നിരിക്കുന്ന കുത്തകപ്പാട്ട വ്യവസ്ഥയെപ്പററിയാണ്. അനേകകാലമായി ഒരാൾ അയാളുടെ വസ്തുവിന്റെ സമീപത്തുള്ള കുറച്ചു പുറമ്പോക്കുസ്ഥലം അറിഞ്ഞോ അറിയാതെയൊ കൈവശംവെച്ചു ദേഹണ്ഡങ്ങൾ ചെയ്തു എന്നു വിചാരിക്കുക. ആ കാലത്തെങ്ങും ഈ പകുതി ഉദ്യോഗസ്ഥന്മാരോ അല്ലെങ്കിൽ അതിനു ചുമതലപ്പെട്ട മററു ഉദ്യോഗസ്ഥന്മാരോ അതിൽ യാതൊരു നടപടിയും എടുക്കുകയില്ല. എന്നാൽ അയാൾ ബുദ്ധിമുട്ടി ദേഹണ്ഡിച്ച് ആദായം എടുക്കാറാകുമ്പോൾ കാണാം ഒരു സുപ്രഭാതത്തിൽ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻവന്ന് എന്തെങ്കിലും കാരണം പറഞ്ഞു സ്ഥലം അളന്നുനോക്കി വഹിക്കാൻ വയ്യാത്ത ഒരു തുക കുത്തകപ്പാട്ടം ചുമത്തുന്നത്, ഒരു സാധാരണ പതിവാണ്. ഇതു കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം വളരെ വിഷമകരമായ ഒരേർപ്പാടാണ്. അതുകൊണ്ടു കൃഷിക്കാർക്ക് സൗകര്യമായ രീതിയിൽ ഇന്നത്തെ കുത്തകപ്പാട്ട വ്യവസ്ഥകളിൽ മാററം ചെയ്യേണ്ടത് ആവശ്യമാണെന്നു ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെക്കാലമായി കൈവശംവെച്ചു വളരെ പഴക്കമുള്ള ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള പല വസ്തുക്കളും ഉണ്ട്. അത്തരം കൈവശക്കാർക്കെങ്കിലും ആ വസ്തുക്കളിൽ സ്ഥിരാവകാശം കൊടുക്കത്തക്കവണ്ണം ഇന്നത്തെ കുത്തകപ്പാട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നത് ആശ്വാസകരമായിരിക്കും.

ഇനി കാലതാമസത്തെപ്പററി പറയുകയാണെങ്കിൽ അതു ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെണ്ടിൽ മറേറതു ഡിപ്പാർട്ടുമെണ്ടിനേയും അപേക്ഷിച്ചു വളരെ കൂടുതലാണ്. ഒരു സംഗതിയും ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നും സമയത്തും ന്യായമായും ചെയ്തുകിട്ടാറില്ല. ഈ കാലതാമസത്തിന് എന്തെങ്കിലും ഒരു പോംവഴി ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. സെക്രട്ടേറിയേററിന്റെ പ്രവർത്തനത്തിലുള്ള കാലതാമസം ഇല്ലാതാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയുന്നു. അതു ശരി

യാണെങ്കിൽ അതുപോലുള്ള പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനു നിർദ്ദേശങ്ങൾ നൽകി അവയുടെ പ്രവർത്തനത്തിലുള്ള കാലതാമസവും കാര്യക്ഷമതയില്ലായ്മയും പരിഹരിക്കണമെന്നു ഗവൺമെണ്ടിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഭൂനികുതി അടിസ്ഥാനനികുതിയാക്കിയശേഷം ഗവൺമെണ്ടു സാമാന്യമായി സ്വീകരിച്ചിരിക്കുന്ന നയം വളരെ സ്വീകാര്യമാണെങ്കിലും രാജ്യത്തെ ജനങ്ങളുടെ ഒരു വിഭാഗത്തിന്റെമേൽ അതായതു നെൽകൃഷിക്കാരുടെമേൽ ചുമത്തിയിരിക്കുന്ന ഒരു പ്രത്യേകതരം നികുതിയെക്കുറിച്ചുകൂടി—അങ്ങിനെയൊരു നികുതി ഉണ്ടെന്നു പലരും ശ്രദ്ധിച്ചിട്ടില്ലായിരിക്കാം—രണ്ടുവാക്കു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളാം. നെല്ലു സർക്കാരിൽനിന്നു വിലക്കു വാങ്ങുമ്പോൾ കൃഷിക്കാരിൽനിന്നു പ്രത്യേകമായി ഒരു കരവുംകൂടി ഗവൺമെണ്ട് ഈടാക്കുന്നുണ്ട്. തിരുവിതാംകൂറിൽനിന്ന് എഴുപതുലക്ഷമോ, എൺപതുലക്ഷമോ പറ നെല്ലു ഗവൺമെണ്ടിലേക്കു വിലയ്ക്കെടുക്കുകയാണെങ്കിൽ പറക്ക് ഒരു രൂപാ വീതം എഴുപതുലക്ഷമോ എൺപതുലക്ഷമോ രൂപാ ഗവർമ്മെണ്ടു കൃഷിക്കാരിൽനിന്നു കരമായി ഈടാക്കുന്നുണ്ട്. ഭൂനികുതിതന്നെ ആകെ ൫൦ ലക്ഷം രൂപാ മാത്രമായിരിക്കുമ്പോൾ ജനങ്ങളിൽ ഒരു വിഭാഗത്തിൽനിന്ന് എഴുപതോ എൺപതോ ലക്ഷം രൂപാ സർക്കാരിലേക്കു കരമായി കൊടുക്കേണ്ടിവരുന്നുവെന്നുള്ളതു വിസ്മരിക്കത്തക്കതല്ല. ഈ എഴുപതുലക്ഷം രൂപാ മററുള്ളവർക്കു കിട്ടുന്നുണ്ടെന്നു പറയുമായിരിക്കാം.

ഖാൻ. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഈ എഴുപതുലക്ഷമെന്ന കണക്ക് എങ്ങിനെയാണ് കിട്ടിയതെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ഇ. പി. പൌലോസ്സ്: നെല്ലു വില്ക്കുന്ന വിലയും വാങ്ങുന്ന വിലയും തമ്മിലുള്ള ഒരു രൂപാ വ്യത്യാസംവച്ച്.

ശ്രീ. വി. ഒ. മാർക്കോസ്സ്: ആ കണക്കു ശരിയല്ല. വില്ക്കുന്ന വിലക്കും വാങ്ങുന്ന വിലക്കും തമ്മിൽ ഒരു രൂപാ വ്യത്യാസമില്ല.

ശ്രീ. ഇ. പി. പൌലോസ്സ്: അതിന്റെ കണക്കുകളിലേക്കു ഞാൻ കടക്കുന്നില്ല. ഒരു രൂപാ ഇല്ലെങ്കിൽ എത്രയാണോ ഉള്ളത് അത്രയും എന്നു കണക്കാക്കിയാൽ മതി. ആ തുക എഴുപതുലക്ഷമോ, അൻപതുലക്ഷമോ, മുപ്പതുലക്ഷമോ ആയാലും അതു തിരുവിതാംകൂറിലെ ജനങ്ങളുടെ ഒരു വിഭാഗമായ കൃഷിക്കാരിൽനിന്നും ഈടാക്കി ബ്ലാക്കുമാർക്കററുകാരെയും പണക്കാരെയും സഹായിക്കുന്ന നടപടി ആശാസ്യമല്ല. അതിനും ഒരു നീതിപൂർവ്വകമായ വ്യവസ്ഥ വരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ஸ்ரீ. பி. செல்லசாமி நாடார்: ஸர், நான் இந்த வெட்டுப் பிரேரணையைப் பின்தாங்குகின்றேன். ஸ்ரீ பாச்சு பிள்ளை அவர்கள் சொன்னதுபோல் தென் திருவிதாங்கூரிலும் ஏழைகள் ஹிம்ஸிக்கப் படுகிறார்கள். தென் திருவிதாங்கூர் காடுகளில் கிருஷிக்கு உகந்த யிடங்களிலும், புறம்போக்கு ஸ்தலங்களிலும் அநேகம் ஏழைமக்கள் ரொம்ப காலத்திற்கு முன்னமே குடியேறி, தேகண்ணம் செய்து வசித்துவருகிறார்கள். காடுகளைத் தெளித்து, பூமியைப் பண்படுத்தி கிருஷி செய்துகொண்டிருக்கிற இவ்வேழை மக்களை, இப்புறம்போக்கு ஸ்தலங்களிலிருந்து கவர்மென்று சிப்பந்திகள்—அதாவது வன இலாகா சிப்பந்திகளும், லாண்டு ரவனியூ டிப்பார்ட்மென்று சிப்பந்திகளும் விரட்டிவருகிறார்கள். இப்படியாக இவ்வேழைகள் விரட்டப்பட்டு, அந்த ஸ்தலங்களை தனவந்தர்கள் கைப்பற்றுகிறார்கள். இன்னும் அநேக யிடங்களில் தனவந்தர்கள் இவ்வேழை மக்கள் தாமஸித்து வரும் இடங்களை கைப்பற்றுவதற்காக கவர்மென்று உத்தியோகஸ்தர்கள் உதவியால் இவ்வேழைகளை உபத்திரவித்தும் வருகிறார்கள். தனவந்தர்கள் சர்க்கார் சிப்பந்திகளை கைவசப்படுத்தி, இவ்வேழைமக்கள் தேகண்ணம் செய்த யிடங்களை தங்கள் கைவசமாக்கிக் கொள்ளவும், இன்னும் சில இடங்களில் சர்க்காரே இந்த ஸ்தலங்களை கைப்பற்றியும் வருகிறார்கள். ஸர், எங்கெந்த புறம்போக்கு யிடங்களிலிருந்து ஏழை மக்கள் விரட்டியடிக்கப்பட்டிருக்கிறார்களோ, அந்த ஸ்தலங்களைப் பார்த்தும், தற்போது ஏழைகள் வசித்துவரும் புறம்போக்கு ஸ்தலங்களையும், இந்த ஏழை மக்களுக்கே பதித்துக் கொடுக்கக் கேட்டுக்கொள்கிறேன்.

Land Revenue Board Ordinance பிரகாரம் அதிகாரம் Land Revenue Administrative Board க்கு Control இருக்கிறது. இங்கே இந்த டிபார்ட்மென்று head யும் வைத்தி

[Sri P. Chellaswami Nadar]

ருக்கிறார்கள். அதன் அவசியமில்லை. ஆதலால் இந்த Revenue Board ஐ, abolish செய்யவேண்டும். அல்லது இந்த டிப்பார்ட்மென்று மேல் அதிகாரிகளை நிறுத்தல் செய்யவேண்டும்.

ஸர், தென் திருவிதாங்கூரில் ஒரு வதந்தி பரவி வருகிறது. அதாவது கொச்சியில் கரம் ஏக்கருக்கு 13 ரூபாயாக யிருக்கிறது. அந்த ஏற்பாட்டை இங்கும் கொண்டுவரப் போகிறார்கள் என்பதாக. இவ்வதந்தியை சில ஜனங்கள் நம்புகிறார்கள். இதை நம்புவதற்கு காரணமும் உண்டு. கொச்சியிலுள்ளதுபோல் இங்கும் ஸ்டாம்பு விலையைக்கூட்டிவிட்டார்கள். அதுபோல் கூடுதல் கரம் இங்கும் கொடுக்கவேண்டுமென்ற ஏற்பாட்டையும் இங்கு நடப்பில் கொண்டுவந்து விடுவார்கள் என்று நம்புகிறார்கள். அப்படிக் கொண்டுவர மாட்டார்கள் என்று நம்புகிறேன். இருந்தாலும் Land Revenue மந்திரியவர்கள் இவ்வதந்தியைப்போக்க ஒரு அறிவிக்கை விடுவார்கள் என்று நினைக்கிறேன்.

**Sri. P. Nanoo:** May I know the order in which the names are called? I was above him in the list. I do not know whether my name was particularly omitted or not.

**Mr. Speaker:** There is no particular order prescribed there. Some names duly put in my mind are included in the list before me.

**Sri. P. Nanoo:** I wish my name is also brought to the Speaker's mind.

**Mr. Speaker:** It may have been.

**Sri. P. Nanoo:** It was there on the list but it has been superseded.

**Mr. Speaker:** The member may not know the order, if any, in which the names are called.

**Sri. P. Nanoo:** It seems to me that the names are not called in any order.

ശ്രീ. പി. എസ്സ്. മുഹമ്മദ്: സർ, ഭൂമിയും മനുഷ്യനും തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉണ്ട്. മനുഷ്യൻ ലോകത്തിൽ ജനിക്കുന്നതിനുമുമ്പുതന്നെ അവനു ജീവിക്കുവാനുള്ള ഭൂമിയെ സൃഷ്ടിച്ചു എന്നാണ് മതഗ്രന്ഥങ്ങളിൽ കാണുന്നതു്. അങ്ങിനെയാണെങ്കിൽ ലോകത്തിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും ഭൂമിയിൽ തുല്യാവകാശമാണുള്ളതെന്ന സംഗതി സമ്മതിക്കാതെ തരമില്ല. പ്രകാശം, വായു എന്നിവയെപ്പോലെതന്നെ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന് ഭൂമിയേയും ഉപയോഗപ്പെടുത്തുന്നതിനും അതിൽ താമസിക്കുന്നതിനുമുള്ള അവകാശത്തെ ആരും നിഷേധിക്കുകയില്ലെന്നു ഞാനു വിചാരിക്കുന്നു. പക്ഷെ ചില കാരണങ്ങളാൽ ചില പരിതസ്ഥിതികളിൽ ഭൂമി കുറച്ചുപേരുടെ മാത്രം കയ്യിൽ എത്തിച്ചേരാൻ ഇടയായിട്ടുണ്ട്. അങ്ങിനെ ചിലരുടെ മാത്രം സ്വന്തമായിത്തീൎന്ന ഭൂമി ഇന്നും അവർതന്നെ സ്വന്തമായി തുടൎന്നു കയ്യിൽ വച്ചുകൊണ്ടിരിക്കുകയാണ്. ഭൂമിയില്ലാത്ത ഒരു വലിയവിഭാഗം ആളുകൾ നമ്മുടെ നാട്ടിൽ ഉണ്ട്. അവൎക്കു ജീവിതസൌകൎയ്യങ്ങൾ ചെയ്തുകൊടുക്കാൻ പലതും നാം ചെയ്യണമെന്നും, അതിനുവേണ്ടി നിയമനിൎമ്മാണം നടത്തണമെന്നുമൊക്കെ പറയുന്നുണ്ടെങ്കിലും ഇതുവരെ കാൎയ്യമായി അവൎക്ക് ഒന്നും ചെയ്തുകൊടുക്കാൻ നമുക്കു സാധിച്ചിട്ടില്ല. മുതലാളിമാരുടെ കയ്യിലിരിക്കുന്ന ഭൂമിയെല്ലാം ഉടനെ പിടിച്ചെടുത്തു ഭൂമിയില്ലാത്തവൎക്കു കൊടുക്കണമെന്നാണ് ഞാൻ പറയുന്നതെന്നു ധരിക്കരുതു്. എന്നാൽ അങ്ങിനെ ചെയ്തില്ലെങ്കിൽത്തന്നെയും കാലക്രമേണ ആ ഭൂമികൾ അവർ അറിയാതെതന്നെ മററുള്ളവരുടെ കയ്യിൽ എത്തിച്ചേൎന്നുകൊള്ളും. ഇതിനെ തടയാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഇല്ലാത്തവൎക്ക് എന്തെങ്കിലും സൌകൎയ്യം ചെയ്തുകൊടുക്കാൻ ഗവമ്മെണ്ട് ഉദ്ദേശിക്കുന്നുവെങ്കിൽ ഗവമ്മെണ്ടിനോടു സഹകരിച്ചു ഗവമ്മെണ്ടിനെ സഹായിക്കുന്നതിനുള്ള ചുമതല ഉള്ളവൎക്കും ഉണ്ട്. ബഡ്ജററിനെ നിരൂപണംചെയ്തുകൊണ്ടു പ്രസംഗിച്ച അധികം ആളുകളും സാധാരണക്കാരുടെ രക്ഷയ്ക്കും ഉന്നമനത്തിനുംവേണ്ടി ഒന്നുംതന്നെ ബഡ്ജററിൽ ഇല്ലെന്ന ആക്ഷേപമാണ് പറപ്പെടുവിച്ചുകണ്ടതു്. ഞാൻ പറയുന്നതു സാധാരണക്കാരന്റെ ശ്രേയസ്സിനും രക്ഷയ്ക്കും അത്യന്താപേക്ഷിതമായിരിക്കുന്നതു ഭൂമിയാണെന്നാണ്. അങ്ങിനെയിരിക്കുന്ന ഭൂമിയെ സംബന്ധിച്ചുള്ള എന്തെങ്കിലും ഒരു വ്യവസ്ഥ പൊതുവായി ചെയ്യുന്നതിന് ഗവമ്മെണ്ടിനു സാധിക്കാതിരിക്കുന്നിടത്തോളം കാലം സാധാരണക്കാരനുവേണ്ടിയുള്ള ഒരു ബഡ്ജററുണ്ടാക്കുവാൻ സാധിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. സാധാരണ

ക്കാരന്റെ ഗുണത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നു നാം ആഗ്രഹിക്കുന്നുവെങ്കിൽ, അതിനുവേണ്ടി ഗവമ്മെണ്ടു പ്രവൎത്തിക്കണമെന്നു നാം പറയുന്നതു് ആത്മാൎത്ഥതയോടും മനസ്സാക്ഷിയോടുംകൂടിയാണെങ്കിൽ ഇല്ലാത്തവനു ഗുണകരമായിരിക്കത്തക്കവിധത്തിൽ ഭൂമിയെ സംബന്ധിച്ചു് ഒരു നയം രൂപീകരിക്കുന്നതിനു നാം ഗവമ്മെണ്ടിനെ സഹായിക്കയാണു് വേണ്ടതു്. അതു നാം ആദ്യം ചെയ്യാതെ ഇന്നത്തെപ്പോലെ സാധാരണക്കാരന്റെ പേരിൽ മുറവിളികൂട്ടുന്നതു രാഷ്ട്രീയമണ്ഡലത്തിൽ ആളുകളെ ആകർഷിക്കാൻ കൊള്ളാമെന്നല്ലാതെ അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഭൂമി എല്ലാവൎക്കുമായി വീതിച്ചു കൊടുക്കുകയാണൊ, അതല്ല എല്ലാം ദേശീയമാക്കുകയാണൊ, ഏതാണു് ഗുണപ്രദമെന്നു മനസ്സിലാക്കി അതിനനുസരണമായ ഒരു ഭൂനയം ഗവമ്മെണ്ടു സ്വീകരിക്കേണ്ടതാണു്. അതിലേക്കു വേണ്ടി ഗവമ്മെണ്ടു ഒരു കമ്മിററിയെ നിയമിക്കുവാൻ പോകുന്നു എന്നു പറയുന്നുണ്ടു്. എന്നാൽ അങ്ങിനെ ഒരു കമ്മിററിയെ നിയമിക്കുമ്പോൾ ആ കമ്മിററിയിൽ ഭൂമി ഇല്ലാത്തവരുടെ കാൎയ്യം പറയാൻ ആരെങ്കിലും ഉണ്ടായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. അങ്ങിനെയായാൽ ഇന്നു ഭൂമി ഇരിക്കുന്നവരുടെ കയ്യിൽതന്നെ സുഖമായി തുടൎന്നിരിക്കുന്നതിനുള്ള ഒരു വ്യവസ്ഥ ഉണ്ടാകാനിടയുള്ളൂ. അതു വരാതിരിക്കണമെങ്കിൽ ഭൂനയത്തിന്റെ എല്ലാ വശങ്ങളേയുംപററി പരിചിന്തിച്ചു് ഗവമ്മെണ്ടു സ്വീകരിക്കേണ്ട ഭൂനയം എന്തായിരിക്കണമെന്നു തീർച്ചപ്പെടുത്താൻ ഒരു കമ്മിററിയെ നിയോഗിക്കുകയും ഗവമ്മെണ്ടു ആ കമ്മററിക്കു വേണ്ട മാൎഗ്ഗനിദർനശം നൽകുകയുംവേണം. ഈ യൂണിയൻ സ്റ്റേററിൽമാത്രം ഒരു പ്രത്യേക ഭൂനയം സ്വീകരിച്ചാൽ ശരിപ്പെടുകയില്ല. ഇൻഡ്യ ഒട്ടുക്കു് ഒരു പൊതുനയം സ്വീകരിച്ചാൽ അതു നാമും സ്വീകരിക്കാതെ നിവൃത്തിയില്ല. ഈമാതിരി വലിയ കാൎയ്യങ്ങളിൽ ഗവമ്മെണ്ടു മുന്നിട്ടുനിന്നു പ്രവൎത്തിച്ചില്ലെങ്കിൽ അവ ഒന്നും വിജയിക്കുകയില്ല. അതുകൊണ്ടു ഭൂമിയെ സംബന്ധിച്ച ഒരു ശരിയായ നയം രൂപീകരിക്കുന്നതിനു ഗവമ്മെണ്ടു് എത്രയും വേഗം നടപടികളാരംഭിക്കണമെന്നും എല്ലാവരും അക്കാൎയ്യത്തിൽ ഗവമ്മെണ്ടിനോടു സഹകരിക്കണമെന്നും അഭ്യൎത്ഥിക്കുകമാത്രമേ ഞാൻ ഈ അവസരത്തിൽ ചെയ്യുന്നുള്ളൂ.

<u>ശ്രീ. പി. നാണു:</u> സർ, ലാൻഡു് റവന്യൂവിലേക്കുള്ള ഡിമാൻറിൽ കൊള്ളിച്ചിട്ടുള്ള ൩൩,൬൪൮ റുപായിൽ രണ്ടുരൂപ കുറക്കണമെന്നുള്ള ഒരുപക്ഷേപം ഞാൻ ഹാജരാക്കുന്നു. ഈ ഉപക്ഷേപം ഞാൻ ഹാജരാക്കുന്നതിന്റെ ഉദ്ദേശം ഈ സഭയുടേയും ഗവമ്മെണ്ടിന്റേയും ശ്രദ്ധയിൽ ഏതാനും സംഗതികൾ കൊണ്ടുവരണമെന്നുള്ളതാണു്. ഒന്നാമതായി താലൂക്കധികാരികൾ നടത്തിക്കൊണ്ടിരിക്കുന്ന നീതികേടുകൾ ഈ സഭയുടെ ശ്രദ്ധയിൽ പ്രധാനമായി കൊണ്ടുവരണമെന്നുള്ളതാണു്. സർ, കഴിഞ്ഞ സെററിൽമെൻറു കാലത്തായിരുന്നു ഈ സ്റ്റേററിലുള്ള സൎക്കാർ വസ്തുക്കളെ സംബന്ധിച്ചിടത്തോളം......

<u>മി. സ്പീക്കർ:</u> മെമ്പർ ഹാജരാക്കിയ ഉപക്ഷേപത്തെപ്പററിയും അതിനോടു ബന്ധപ്പെട്ട കാൎയ്യങ്ങളേയുംപററിയല്ലാതെ ബന്ധമില്ലാത്ത സംഗതികൾ ചൎച്ചയ്ക്കു വിഷയമാക്കുന്നതല്ല.

<u>ശ്രീ. പി. നാണു:</u> ഒരു സംഗതിയെപ്പററി മാത്രം സംസാരിക്കുന്നതിനു് ഒരുപക്ഷേപം ഹാജരാക്കണമെന്നാണോ?

<u>മി. സ്പീക്കർ:</u> ഏതു കാൎയ്യത്തെപ്പററി ഉപക്ഷേപം അയച്ചോ ആ കാൎയ്യത്തെപ്പററിയും അതിനോടു ബന്ധപ്പെട്ട കാൎയ്യങ്ങളേപ്പററിയുമാണു് സംസാരിക്കേണ്ടതു്.

<u>ശ്രീ. പി. നാണു:</u> എന്നാൽ ഈ ഉപക്ഷേപത്തെപ്പററിമാത്രം സംസാരിക്കാം. ബാക്കിയുള്ള സംഗതികൾ ഉപേക്ഷിച്ചേക്കാം. സർ, തിരുവിതാംകൂറിൽ ഒരു സെററിൽമെൻറു നടത്തി. അന്നു സൎക്കാർവക വസ്തുക്കൾ എന്നും, ശ്രീപാദംവക വസ്തുക്കൾ എന്നും ഇടവക വസ്തുക്കൾ എന്നും മൂന്നായി തിരിച്ചു സൎക്കാരിൽനിന്നും കരം പിരിച്ചുകൊണ്ടിരുന്നു. അന്നു് ഈ ഇടവക വസ്തുക്കളുടെ ജന്മിമാർ വെറും ഏജൻസികൾ മാത്രമായിരുന്നു. ഈ ഇടവക വസ്തുക്കളും ശ്രീപാദംവസ്തുക്കളും സെററിൽമെൻറു നടത്തിയതു് സൎക്കാർ ചിലവിലായിരുന്നു. തിരുവിതാംകൂർ സൎക്കാരിന്റെ അല്ല ആ ഇടവകകൾ എങ്കിൽ സൎക്കാരിന്റെ പണം ചിലവാക്കി അവിടെ സെററിൽമെൻറു നടത്താൻ ഇടയില്ലല്ലോ? സെററിൽമെൻറുകാലത്തു് അവിടെ വസ്തുക്കൾ ഇനം തിരിച്ചിട്ടുള്ളതു പണ്ടാരവക, പണ്ടാരവക പാട്ടം, ഒററി എന്നൊക്കെയാണു്. ൧൧൨൨-ൽ അടിസ്ഥാനനികുതി വിളംബരം പ്രഖ്യാപിക്കപ്പെട്ടു. ഈ അടിസ്ഥാന നികുതി ആക്ടു് വന്നതിനുശേഷവും ഒരു വരക്കപ്പുറ

[Sri. P. Nanu]

ത്തുകിടക്കുന്ന വസ്തുക്കൾക്ക് ഏക്കർ ഒന്നിന് ൨൫ ചക്രം സർക്കാർ കരം കൊടുത്താൽ മതിയെന്നുവരുമ്പോൾ വരക്കിപ്പുറത്തു കിടക്കുന്ന വസ്തുക്കൾ ൧൦൦ ൨൦൦ രൂപ വരെ കരം കൊടുത്തുകൊണ്ട് ഇരിക്കുന്നു. ഏതുവിധത്തിൽ ഇതിനെ നീതീകരിക്കാം. കഴിഞ്ഞ സെററിൽമെൻറ കാലത്തിനുമുമ്പ് സർക്കാർവക നിലങ്ങൾക്കു കൊടുക്കേണ്ടതായ കരം നെല്ലായി കൊടുക്കുകയായിരുന്നു. അന്ന് ൩ ചക്രം പറക്കു വിലയുള്ളപ്പോൾ ഇടവക നിലങ്ങൾ ൫൦ ചക്രമായിരുന്നു. ഇതുകൂടാതെ ഇടവക ഭൂമി ഉടമസ്ഥന്മാർ അവരുടെ അധീനതയിലുള്ള സ്ഥലങ്ങളിൽനിന്ന് അന്യായമായ കരം പിരിക്കുന്നു. ഇതു സഹിക്കത്തക്കതാണോ? ഈ ഭൂമികളിൽ അനുഭവം എടുത്തുകൊണ്ടുവരുന്ന സാധുക്കളായവരുടെ സ്ഥിതി വളരെ കഷ്ടത്തിലാണ്. ഈ ഭൂമികളിലും തിരുവിതാംകൂർ പ്രജകൾതന്നെ താമസിക്കുന്നു. ഇവരെ മറെറാരുതരത്തിൽ വകതിരിക്കുന്നതിനു യാതൊരു ന്യായവുമില്ല. തിരുവിതാംകൂറിലുള്ള എല്ലാ വസ്തുക്കളേയും ഒരുപോലെ ബാധിക്കത്തക്കവണ്ണം ആവശ്യമായ വ്യവസ്ഥകൾ ചെയ്തു സാധുക്കളായ കൃഷിക്കരുടെ കഷ്ടതകൾക്ക് ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കണം.

ഇനി ശ്രീപാദം വസ്തുക്കളെ സംബന്ധിച്ചു രണ്ടുവാക്കു പറയണമെന്നു വിചാരിക്കുന്നു. ഇതിനുമുമ്പുള്ള നിയമസഭകളിൽ ശ്രീപാദം വസ്തുക്കളെപ്പററി പറയുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ശ്രീപാദം വസ്തുക്കളിൽ താമസിച്ചുവരുന്നവരുടെ കഷ്ടതകൾ കഴിഞ്ഞ അസംബ്ളിയിൽ ചർച്ചചെയ്യണമെന്നു ഞാൻ പറഞ്ഞ അവസരത്തിൽ അന്നത്തെ പാർട്ടി ലീഡറായ ശ്രീ. പട്ടം താണുപിള്ള അവർകൾ ചില സാങ്കേതിക തടസ്സങ്ങൾപറഞ്ഞു് അതു നിഷേധിക്കുകയുണ്ടായി. അന്നത്തെ റൂൾ അതായിരുന്നു. എന്നാൽ ഇന്നാണെങ്കിൽ നാം സ്വതന്ത്രരായി. ഇന്ന് സ്വതന്ത്രനായി നിന്നുകൊണ്ടു് എനിക്ക് ഈ കാര്യങ്ങളെപ്പററി പറയാം. ഇന്നു സർക്കാർവക ഭൂമിക്കു് ഏക്കർ ഒന്നിന് ൨൫ ചക്രം കരംകൊടുക്കുമ്പോൾ ശ്രീപാദംവക ഭൂമികൾക്ക് ൧൦ രൂപാമുതൽ ൨൦ രൂപാവരെ കരം ഈടാക്കിവരുന്നു. ഇന്നു ശ്രീപാദംവക നിലങ്ങൾക്കു കരമായികൊടുക്കുന്ന നെല്ലിനു പറക്കു രണ്ടുരൂപയാണ് വിലവച്ചിരിക്കുന്നതു്. ഈ കാര്യങ്ങളെ സംബന്ധിച്ചു ഞങ്ങൾ മഹാരാജാവുതിരുമനസ്സിലേക്കു മെമ്മോറിയൽ സമർപ്പിച്ചു എങ്കിലും യാതൊരു ഫലവും ഉണ്ടായില്ല.

എസ്റ്റേററ് റിക്കവറി ആക്ടിലെ വ്യവസ്ഥ അനുസരിച്ചും റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥ അനുസരിച്ചും ഈ ഇടവകകളിലെ വസ്തുക്കൾക്കു കരം നിശ്ചയിക്കുന്നതിനുള്ള അവകാശം ഈ ഗവമ്മെണ്ടിനാണെന്നു പറയുന്നു. അതനുസരിച്ചു് എന്തുകൊണ്ടു് ഈ അടിസ്ഥാന നികുതിയായ ൨൫ ചക്രം ഇടവക ഭൂമികൾക്കുകൂടി വെയ്ക്കുന്നില്ല. സാധാരണയായി ഇടവക ഭൂമികളിലും ശ്രീപാദംവക ഭൂമികളിലും തഹസിൽദാരന്മാരാണ് കരം നിശ്ചയിക്കുന്നതു്. ഏതെങ്കിലും ഒരു പകുതി ഉദ്യോഗസ്ഥൻവന്ന് നികുതി നിശ്ചയിക്കുകയും അതനുസരിച്ചു ഡിമാൻറ നോട്ടീസ് അയക്കുകയുമാണ് പതിവു്. ഇതേപ്പററി ഗവമ്മെണ്ടു വല്ലതും അറിയുന്നുണ്ടോ? ഈ മാതിരി അനീതിയെ ഗവമ്മെണ്ടു് നിയന്ത്രിക്കേണ്ടതാണ്. അതുപോലെതന്നെ ദേവസ്വം ഡിപ്പാർട്ടുമെണ്ടുകാരും അവക്കു തോന്നിയതുപോലെയുള്ള നികുതിയാണ് ചുമത്തുന്നതു്. ഇവയെസംബന്ധിച്ചു് ഏതെങ്കിലും ഒരു നിർദ്ദേശം ഇന്നത്തെ ഗവമ്മെണ്ടു കൊടുത്തിട്ടുണ്ടോ? അതു കൊടുക്കുന്നതിന് അവക്ക് അധികാരമില്ലെന്നു വരുമോ? കിളിമാനൂർ ഇടവക ഭൂമികളിലെ അനുഭവക്കാരോടു് അവക്കിഷ്ടമുള്ള തുകകളാണ് ഈടാക്കിവരുന്നതു്. ഈയിടെയായി അവർ വസ്തുക്കൾ വിലക്കു കൊടുക്കുന്നതായും അറിവുണ്ടു്. അവക്കിതിനുള്ള അവകാശം എങ്ങനെ സിദ്ധിച്ചു? എന്തുകൊണ്ടാണ് ഇന്നത്തെ ഗവമ്മെണ്ടു് അവരുടെ ഈ പ്രവൃത്തികളിൽ ഒരു നിയന്ത്രണം ഉണ്ടാക്കാത്തതു്? ഞങ്ങളുടെ കാര്യത്തിൽ എന്തുകൊണ്ടാണ് ഈ വിമുഖത കാണിക്കുന്നതു്. ഈ ഇടവകകളിലും ശ്രീപാദം വസ്തുക്കളിലും താമസിക്കുന്നവരുടെ ദുരിതങ്ങളെപ്പററി ഗവമ്മെണ്ടു വേണ്ടതുപോലെ ചിന്തിച്ചു് അതിനു നിവാരണമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനുകൂടി ഇപ്പോൾ നിയമിക്കപ്പെടുന്നതായ ലാൻഡ് കമ്മിററിയെ അധികാരപ്പെടുത്തേണ്ടതാണ്. ഈവക സംഗതികൾകൂടി ഈ കമ്മിററിയുടെ വ്യാപ്തിയിൽ കൊണ്ടുവരേണ്ടതാണ്. അതുകൊണ്ടാണ് ഈ കാര്യം ഒന്നുകൂടി ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതു്. ബാക്കി കാര്യങ്ങൾ എല്ലാം വേറൊരവസരത്തിലേക്കു മാററിവച്ചുംകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

ശ്രീ. എം. ഐ. പോൾ: സർ, ഇന്ന് നിലവിലിരിക്കുന്ന അസംബ്ളിറൂൾസ് ഞാൻ പരിശോധിച്ചു നോക്കിയതിൽ പ്രസിഡൻറ് അവർകൾക്ക് ഇങ്ങനെ ആളുകളെ ഇ

ഷ്ടപ്രകാരം വിളിക്കാമെന്ന് ഒരു നിയമം ഉള്ളതായി കാണുന്നില്ല. അതുകൊണ്ട് എന്തു അവകാശത്തിന്മേലാണ് സ്പീക്കർ ഈ നടപടി അംഗീകരിച്ചതെന്നറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ: സഭയുടെ കാര്യക്ഷമമായ കൃത്യനിർവ്വഹണത്തിനുവേണ്ടി ആവശ്യമുള്ള എല്ലാ നടപടികളും അംഗീകരിക്കുവാൻ സ്പീക്കർക്ക് അവകാശമുണ്ട്. പോരെങ്കിൽ ഇതുസംബന്ധിച്ച് ഒരു പോയിൻറ് ഓഫ് ആർഡർ ഉന്നയിക്കപ്പെട്ടപ്പോൾ ഒരു റൂളിംഗ് നൽകുകയും ചെയ്തു. അതുകൊണ്ട് ഇങ്ങനെ പേരുവിളിക്കുവാൻ സ്പീക്കർക്ക് അവകാശമുണ്ട്.

ശ്രീ. എം. ഐ. പോൾ: സർ, ഈ സംസ്ഥാനത്തെ റവന്യൂവകുപ്പിനെ സംബന്ധിച്ചുള്ള ഭരണത്തിൽ വൈകല്യങ്ങൾ ധാരാളമുണ്ടെന്ന് എനിക്കു ബോദ്ധ്യപ്പെട്ടതിൻെറ ഫലമായിട്ടാണ് ഏതാനും കട്ട് മോഷൻസ് ഇതുസംബന്ധിച്ചയച്ചിട്ടുള്ളത്.

ആദ്യമായി എനിക്കു പറയുവാനുള്ളത് പാലിയം എസ്റ്റേററ് ഭരണത്തെ സംബന്ധിച്ചാണ്. പാലിയം എസ്റ്റേററ്ഭരണം കൊച്ചി ഗവമ്മെണ്ട് ഏറെറടുത്തു. ഇപ്പോൾ കൊച്ചി ഗവമ്മെൻറുകൂടി ഈ യൂണിയൻ ഗവമ്മെണ്ടിൽ ഉൾപ്പെട്ടിരിക്കുകയാണല്ലൊ. അതിനാൽ ഈ യൂണിയൻ ഗവമ്മെണ്ട് പാലിയം എസ്റ്റേററുവക ഭൂമിയിൽ താമസിക്കുന്ന കുടിയാനവന്മാരോട് പിരിച്ചുവരുന്ന പാട്ടം പഴയനിലയിൽ പല തരത്തിലും യാതൊരു വ്യവസ്ഥയില്ലാതെ ആകരുതെന്നാണ് എനിക്ക് പ്രധാനമായി ഗവമ്മെണ്ടിനെ അറിയിക്കുവാനുള്ളത്. അമിതവും അനർഹവുമായ ക്രമത്തിൽ പാലിയം കുടിയാനവന്മാരുടെ പക്കൽനിന്നും ഗവമ്മെണ്ട് പാട്ടം പിരിച്ചുകൊണ്ടിരിക്കുന്നു. ഇതിനെപ്പററി പല നിവേദനങ്ങളും ഗവമ്മെണ്ടിലേക്ക് ഈ കുടിയാനവന്മാർ സമപ്പിച്ചിട്ടുണ്ട്. ഒരാളിന് പാലിയം എസ്റ്റേററുവക പത്തേക്കറ സ്ഥലം ഉണ്ടെന്നുവയ്ക്കുക. ആ സ്ഥലത്തിൽ ഒരുഭാഗം മറെറാരാളിന് സ്വന്തനിലക്കു കൈമാററം ചെയ്തു എന്നിരിക്കട്ടെ. അങ്ങനെ കൈമാററം ചെയ്യപ്പെട്ട ഭൂമിയുടെ പാട്ടംപോലും മൻജാമ്യക്കാരൻെറ പേരിൽനിന്നുതന്നെ ഇപ്പോൾ ഈടാക്കിവരുന്നു. ഇത് എന്തൊരനീതിയാണെന്നു ഞാൻ ചോദിക്കുന്നു. വസ്തുവിൽനിന്നാദായം എടുക്കുന്നവരാരോ അവർതന്നെ പാട്ടം കൊടുക്കേണ്ടതല്ലെ? ഇതിനെപ്പററി പലതവണ കൊച്ചി ഗവമ്മെണ്ടിൻെറ അടുക്കൽ പരാതിപ്പെട്ടിട്ടുണ്ട്. ഈ പരാതികളുടെയെല്ലാം ഫലമായി ഗവമ്മെണ്ട് ഇതേപ്പററി അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുവാനായി ഒരു കമ്മിററിയെ നിയമിച്ചു. എന്നാൽ ഇന്നുവരെ ആ കമ്മിററി റിപ്പോർട്ട് സമപ്പിച്ചിട്ടില്ല. ഗവമ്മെണ്ട് ഇനിയും പാലിയം എസ്റ്റേററ്ഭരണം ഏറെറടുത്തുകൊണ്ട് 'തീവട്ടിക്കൊള്ളയ്ക്കു പന്തംപിടിക്കുക' എന്ന നയം സ്വീകരിക്കരുതെന്നാണ് എനിക്കു പറയുവാനുള്ളത്. പാലിയം കുടിയാനവന്മാരുടെ പക്കൽനിന്നും ഞാൻ മുൻപറഞ്ഞ രീതിയിൽ വസ്തു കൈമാററം ചെയ്യപ്പെട്ടിട്ടും കൂടുതൽ കരം അക്രമപരമായും അനീതിയായും ഈടാക്കിയിട്ടുണ്ടെന്നുവരികിൽ, ആ തുക മടക്കികൊടുക്കുന്നതിനുകൂടി വ്യവസ്ഥചെയ്യണമെന്നും ഞാൻ ഈയവസരത്തിൽ ഗവമ്മെണ്ടിനെ അറിയിച്ചുകൊള്ളുന്നു.

സർ, ഈ ഐക്യസംസ്ഥാനത്തു ധാരാളം ഭൂമികൾ തരിശായി കിടപ്പുണ്ട്. ആ ഭൂമികൾ പതിച്ചുകിട്ടുവാനായി ധാരാളം അപേക്ഷകരുമുണ്ട്. ഇന്ന് നമ്മുടെ ക്ഷേമനില വളരെ പരിമിതമായിരിക്കുന്നു. - പുറംപോക്കായി കിടക്കുന്ന തരിശുഭൂമികൾ വ്യക്തികൾക്കു സഹകരണാടിസ്ഥാനത്തിന്മേൽ പതിച്ചുകൊടുക്കുവാൻ എന്തെങ്കിലും ഏർപ്പാടുചെയ്യണം. അതിലേക്കു ധാരാളം അപേക്ഷകൾ വന്നിട്ടുണ്ടെന്ന് എനിക്കറിയാം. എൻെറ ഒരു ചോദ്യത്തിനുത്തരമായി പറയുകയുണ്ടായി, ആ സ്ഥലങ്ങളെല്ലാം പതിച്ചുകൊടുക്കണമോ വേണ്ടയോ എന്നുള്ളകാര്യം തീരുമാനിക്കുന്നതു ഗവമ്മെണ്ട് അവലംബിക്കുന്ന നയത്തെ ആസ്പദമാക്കിയായിരിക്കുമെന്ന്. യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവരും ഭൂമിയില്ലാത്തവരുമായ ആളുകൾക്ക് ഇത്തരം ഭൂമികൾ പതിച്ചുകൊടുത്തു കൃഷിയെ അഭിവൃദ്ധിപ്പെടുത്തേണ്ടകാര്യം ഗവമ്മെണ്ട് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാകുന്നു. ഇവിടെ പാക്കുവാൻ സ്ഥലമില്ലാതെ പലരും അലസന്മാരായി, കുടികിടപ്പിനു നിവൃത്തിയില്ലാത്തവരായി വിഷമിക്കുന്നു. ഇങ്ങിനെയിരിക്കുന്ന ഇക്കാലത്ത് എനിക്കു നേരിട്ടറിയാവുന്ന ഒരു സംഗതി ഞാൻ പറഞ്ഞുകൊള്ളട്ടെ. എൻെറ നിയോജകമണ്ഡലത്തിൽ പലരും ഗവമ്മെണ്ടിൽനിന്നും പത്തു സെൻറു സ്ഥലം അവരുടെ കുടികിടപ്പിനുവേണ്ടി പതിച്ചുകൊടുക്കണമെന്നു ഗവമ്മെണ്ടിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ, ഇന്നുവരെ അതിനൊരുഫലവും ഉണ്ടായിട്ടില്ല. ഒരു സെൻറുസ്ഥലംപോലും അവക്ക് ഇതുവരെ പതിച്ചുകിട്ടിയിട്ടില്ല. നേരെമറിച്ച്, മററു

[Sri. M. I. Paul]

പലക്കും അവക്കു പാപ്പിടത്തിനു സ്ഥലമുണ്ടായിട്ടും, ഒരുപക്ഷെ ഗവമ്മെണ്ടിന്റെ കീഴദ്യോഗസ്ഥന്മാരുടെ പ്രേരണകൊണ്ടോ മററൊ ആയിരിക്കാം, പുറംപോക്കിൽ ബലമായി പ്രവേശിച്ചു് ഇരുപത്തഞ്ചു സെൻറവീതം കൈവശപ്പെടുത്തി വളച്ചുകെട്ടി ഉപയോഗപ്പെടുത്തിവരുന്നു. ഏതോ ഭരണാധികാരികളുടെ സ്വാധീനശക്തി ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നു പറയുന്നു. ഇതിൽ യാതൊരു നീതീകരണവും ഞാൻ കാണുന്നില്ല. ഈ വിവരം പ്രൈംമിനിസ്റ്ററെ നേരിട്ടു് അറിയിച്ചിട്ടുണ്ടു്. എന്നാൽ അദ്ദേഹം ഇതുസംബന്ധിച്ചു യാതൊരു നടപടിയും ഇതുവരെ എടുത്തിട്ടില്ല. മര്യാദയായി അപേക്ഷിച്ചവക്കു പത്തു സെൻറുപോലും കൊടുക്കുവാൻ തയ്യാറല്ലാത്ത ഗവമ്മെണ്ടു് ഈ അക്രമത്തെ എങ്ങനെ അനുവദിക്കുന്നുവെന്നാണു് ഞാൻ ചോദിക്കുന്നതു്.

കൊച്ചിയിൽ ഇപ്പോഠം നിലവിൽ നില്ക്കുന്ന ഭൂനികുതി ഏക്കറിനു പതിമൂന്നര രൂപയാണു്. തിരുവിതാംകൂറിൽ ഏക്കറിനു പതിനാലണയാണു് നികുതി എന്നാണു് എന്റെ അറിവു്. ഇവിടത്തെ നികുതിക്കുറവിനെ പരാമർശിച്ചുകൊണ്ടു് ഇന്നലെ ഇവിടെ നടന്ന വാദപ്രതിവാദത്തിൽ, ഫിനാൻസു മിനിസ്റ്റർ പറയുകയുണ്ടായി, ഇവിടെ തീരുവനികുതിയും കാർഷികാദായ നികുതിയും വളരെ വർദ്ധിച്ചിട്ടുള്ളതുകൊണ്ടു ഭൂനികുതി അല്പം കുറവായിരിക്കുന്നതിനെ സാധൂകരിക്കാവുന്നതേയുള്ളു എന്നു്. സർ, കൊച്ചിയിൽ ഒരേക്കർ തെങ്ങും സ്ഥലത്തുനിന്നും കിട്ടുന്ന പരമാവധി ആദായം ആണ്ടിനാൽ ൭൫൦ രൂപയാണു്. ആ സ്ഥലത്തിനു ൭൯ൽ രൂപ നികുതികൊടുക്കണം. തെങ്ങുമാത്രമാണു് ആ സ്ഥലത്തു നട്ടുപിടിപ്പിക്കുന്നതു്. തേങ്ങയിൽനിന്നു കിട്ടുന്ന ആദായം മാത്രമെ അവിടെ ഉണ്ടാകുന്നുള്ളു. എന്നാൽ തിരുവിതാംകൂറിലാകട്ടെ, തേങ്ങയ്ക്കും പുറമെ, ഏലം, കുരുമുളകു്, കവുങ്ങു്, റബ്ബർ തുടങ്ങിയ അനവധി ആദായമാർഗ്ഗങ്ങഠം ഈ ഒരേക്കർ സ്ഥലത്തുനിന്നും കിട്ടുന്നു. ഏതു നിലയിൽ നോക്കിയാലും കൊച്ചിയെ അപേക്ഷിച്ചു് തിരുവിതാംകൂറിലെ ഭൂമിയിൽനിന്നു കൂടുതൽ ആദായം ലഭിക്കുന്നുണ്ടെന്നുള്ളതിനു സംശയമില്ല. ഏതെങ്കിലും വിധത്തിൽ ഈ രണ്ടു സ്ഥലങ്ങളിലുമുള്ള ഭൂനികുതികഠംക്കു് ഒരു ഐക്യരൂപ്യം വരുത്തണമെന്നും കൊച്ചിയിലെ് ഭൂനികുതി ലഘൂകരിക്കണമെന്നാണു് എനിക്കു് ഇതിനെസംബന്ധിച്ചു പറയുവാനുള്ളതു്.

ശ്രീ. വി. കെ. ജോസഫ്: സർ, എന്റെ പേക്കു് നാലു കട്ട്മോഷൻ കൊള്ളിച്ചിട്ടുണ്ടു്. ഞാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളൊന്നും ഇപ്പോഠം അവതരിപ്പിക്കപ്പെട്ടിരിക്കുന്ന കട്ട്മോഷനിൽ പറയാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ഈ കട്ട്മോഷനെപ്പററി ഒന്നും തന്നെ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ അയച്ചിട്ടുള്ള കട്ട്മോഷൻ അവതരിപ്പിക്കാൻ എനിക്കു സമയം തരുമെങ്കിൽ എനിക്കു പറയുവാനുള്ളതു ഞാൻ അപ്പോഠം പറഞ്ഞുകൊള്ളാം.

മി. സ്പീക്കർ: ഈ സംഗതിയെപ്പററി പ്രസ്താവിച്ചിട്ടുള്ളതാണു്. കട്ട്മോഷൻസ്സ് എല്ലാം ചർച്ചയ്ക്കു എടുക്കാൻ സാദ്ധ്യമല്ല. ഇവിടെ ഇപ്പോഠം ഒരു കട്ട്മോഷൻ അവതരിപ്പിച്ചിട്ടുണ്ടു്. അതിനെപ്പററി വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുകയുമാണു്. ഈ കട്ട്മോഷനെപ്പററി സംസാരിക്കുമ്പോഠം വേണമെങ്കിൽ മെംബർ അയച്ചിട്ടുള്ള കട്ട്മോഷനെ സംബന്ധിക്കുന്ന കാര്യങ്ങഠംകൂടി ഉഠംപ്പെടുത്തി സംസാരിക്കാവുന്നതാണു്.

ശ്രീ. കുഞ്ഞിരാമമേനോൻ: സർ, ഉവിടെ ഒരു വിഷമം വരുന്നു. ഈ കട്ട്മോഷനിൽ നിന്നുകൊണ്ടു ഞങ്ങഠം ജനറലായുള്ള കാര്യങ്ങഠംകൂടി പറയുമ്പോഠം ഞങ്ങഠം പറയുന്ന ഓരോ കാര്യത്തിനും ഗവമ്മെണ്ടുഭാഗത്തുനിന്നും മറുപടി പറയുന്നതിനുള്ള സൌകര്യം ഉണ്ടായിരിക്കുമോ?

മി. സ്പീക്കർ: ഓരോ കട്ട്മോഷനും മറുപടി പറയുവാൻ സാദ്ധ്യമല്ലാതെ വന്നേക്കാം. എന്നാൽ മെംബർമാക്കു് അവരുടെ പ്രസംഗം വിപുലപ്പെടുത്തുവാൻ അനുവദിച്ചതുപോലെതന്നെ മന്ത്രിക്കും മറുപടിയിൽ അങ്ങിനെ ആകാം.

ശ്രീ. സി. സി. പ്രസാദ്: സർ, ഇവിടെ വ്യക്തിപരിഗണന വെച്ചുകൊണ്ടോ, അതൊ ആർഡർ അനുസരിച്ചോ, ഏതു മുറയിലാണു് പ്രസംഗിക്കുവാൻ മെമ്പറന്മാരെ വിളിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: നടക്കുന്ന നടപടി കണ്ടിട്ടു മെമ്പരുടെ ഔചിത്യബോധം ഉപയോഗപ്പെടുത്തി അതു തീരുമാനിച്ചുകൊള്ളുകയെ സാധിക്കു.

ശ്രീ: വി. കെ. ജോസഫ്: സർ, ഈ ഘട്ടത്തിൽ ഒന്നുരണ്ടു കാര്യങ്ങൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഒന്നാമതായി ഭൂമിയിൽനിന്നും എടുക്കുന്ന കല്ല്, മണ്ണ് മുതലായ സാധനങ്ങൾക്കു ഗവമെന്റ് വസൂൽചെയ്യുന്ന നികുതിയെപ്പറ്റിയാണ്. ഈ നികുതി ജനങ്ങൾക്കു വളരെ സങ്കടകരമായ ഒരു സമ്പ്രദായമാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. നിലവിലിരിക്കുന്ന നിയമപ്രകാരം ഏതെങ്കിലും ഒരു സ്ഥലത്തുനിന്നു കല്ലോ, മണ്ണോ വെട്ടി എടുക്കണമെങ്കിൽ അതിലേക്കു ഗവമെന്റിലേക്ക് അപേക്ഷ ബോധിപ്പിക്കേണ്ടതും ഗവമെന്റിന്റെ അനുവാദം കിട്ടേണ്ടതുമായിട്ടാണിരിക്കുന്നത്. ഇക്കാര്യത്തിൽ പല അഴിമതികളും നടക്കുന്നുണ്ട്. കൊച്ചിയിൽ, സ്വന്തസ്ഥലത്തുനിന്നു സ്വന്ത ആവശ്യത്തിനുവേണ്ടിത്തന്നെ കല്ലു വെട്ടി എടുക്കുകയൊ, മണ്ണെടുക്കുകയൊ ചെയ്യണമെങ്കിൽപോലും ഇപ്രകാരം ഗവമെന്റിലേക്ക് അപേക്ഷ ബോധിപ്പിക്കേണ്ടതും അനുവാദം വാങ്ങേണ്ടതുമാണ്. തഹശീൽദാരാണ് അപ്രകാരം അനുവാദം കൊടുക്കുന്നത്. അനുവാദം കിട്ടാത്തപക്ഷം കല്ലോ, മണ്ണോ എടുക്കുന്നതിനു നിവൃത്തിയില്ല. സ്വന്തയാവശ്യത്തിനല്ല, കച്ചവടത്തിനുവേണ്ടിയാണ് അപേക്ഷ ബോധിപ്പിക്കുന്നതെങ്കിൽ അതിലേക്ക് അനുവാദം വാങ്ങിക്കുക മാത്രമല്ല ഒരു സീനിയറേജ് റേയിററു കൊടുക്കേണ്ടതായിട്ടുക്കൂടിയുണ്ട്. ഒരു വണ്ടി കല്ലിനു നാലണയാണ് നിരക്കു വെച്ചിരിക്കുന്നത്. ഒരു വണ്ടി മണ്ണിനും നിരക്കു നാലണയാണ്. ഈ തുക കൊടുക്കുന്നതിലല്ല വിഷമം. ഇവ കൊടുത്തു കഴിഞ്ഞാൽ പിന്നെ ഉദ്യോഗസ്ഥന്മാരെ സമീപിച്ച് അപേക്ഷ അനുവദിപ്പിച്ചു എടുക്കുവാൻ ചിലപ്പോൾ നാലും അഞ്ചും മാസം എടുക്കും. ചില ഘട്ടങ്ങളിൽ ഈ അനുവാദത്തിനുവേണ്ടി നാലണയ്ക്കും പുറമെ നൂറും അഞ്ഞൂറും രൂപാവീതം ചിലവാക്കേണ്ടതായി വരുന്നുണ്ടെന്നുള്ള വിവരംക്കൂടി ഗവമെന്റു ധരിക്കേണ്ടതാണ്. പൊതുജനങ്ങൾക്കു വളരെ ഉപദ്രവും കഷ്ടപ്പാടും ഉണ്ടാക്കുന്ന ഇത്തരം ഒരു നിയമം ഇപ്പോഴും വെച്ചുപുലർത്തിപ്പോരുന്നതു് അനാവശ്യമല്ലയൊ എന്നു ഞാൻ ചോദിക്കുന്നു. ഒരുപക്ഷെ ഗവമെന്റു പറയും, ജനങ്ങൾക്കു ഭൂമിയുടെ ഉടമസ്ഥാവകാശം ഇല്ലെന്ന്. ഭൂമിയുടെ ഉടമസ്ഥാവകാശം ഗവമെണ്ടിൽ ഇരിക്കുന്നിടത്തോളംകാലം അവയുടെ ഉപരിതലത്തിൽനിന്നു ലഭിക്കുന്ന ആദായം എടുക്കുവാനുള്ള അവകാശം മാത്രമെ ജനങ്ങൾക്കുള്ളു എന്ന്. ശരി; ഞാൻ ചോദിക്കുന്നു തുച്ഛമായ ആദായം നഷ്ടപ്പെട്ടാൽപോലും ഈ അഴിമതിയെ തടയുവാൻ ഗവമെണ്ടിന് എന്താണ് വിരോധം? തിരുവിതാംകൂറിൽ ഇങ്ങനെ ഒരു നിയമമില്ല. ആ നിലയ്ക്കു കൊച്ചിയിൽ ഇങ്ങനെ ഒരു നിയമത്തിന്റെ ആവശ്യമെന്ത്? എത്രയും വേഗത്തിൽ ഈ നിയമം പിൻവലിക്കേണ്ടതാണെന്നു മാത്രം ഞാൻ ഗവമെണ്ടിനെ ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു വില്ലേജു ആഫീസുകൾ, അല്ലെങ്കിൽ പകുതിക്കച്ചേരികളെ സംബന്ധിച്ചാണ്. ഗവമെണ്ടിനു തോന്നുന്ന സ്ഥലത്താണ് ഇപ്പോൾ പകുതിക്കച്ചേരികൾ സ്ഥാപിച്ചിരിക്കുന്നത്. എവിടെ സൌകര്യമായ കെട്ടിടം കിട്ടുമോ അവിടെ പകുതിക്കച്ചേരികൾ സ്ഥാപിക്കുന്ന പതിവാണ് കണ്ടിട്ടുള്ളതു്. ഇക്കാര്യത്തിൽ പ്രധാനമായി ഗവമെണ്ടു ദീക്ഷിക്കേണ്ട തത്വം ജനങ്ങളുടെ സൌകര്യം നോക്കിവേണം വില്ലേജു ആഫീസുകൾ, അല്ലെങ്കിൽ പകുതിക്കച്ചേരികൾ സ്ഥാപിക്കുവാൻ. അതുകൊണ്ടു ജനങ്ങളുടെ സൌകര്യം നോക്കി കഴിവുള്ളിടത്തോളം ഓരോ വില്ലേജിലെയും പകുതിക്കച്ചേരികൾ അതാതു വില്ലേജിൽതന്നെ സ്ഥാപിക്കുവാൻ ഗവമെണ്ടു ശ്രമിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മൂന്നാമതായി എനിക്കു പറയാനുള്ളതു ഭൂമിയുടെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ചാണ്. ഇന്നു് ഭൂമിയുടെ അവകാശം രണ്ടുവിധത്തിലാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതു്. ഒന്നു് പണ്ടാരവക, രണ്ടു് ജന്മിവക. പണ്ടാരവക ഭൂമിയുടെ ഉടമസ്ഥാവകാശം ഗവമെണ്ടിൽ സ്ഥിതിചെയ്യുന്നു. ആ ഭൂമിക്കു അതനുസരിച്ചു നികുതി കൂടുതലുണ്ടു്. രണ്ടാമത്തെ തരത്തിൽപെട്ട ജന്മി ഭൂമിക്കു നികുതി കുറവുണ്ടു്. പക്ഷെ ഉടമസ്ഥാവകാശം ജന്മിയിലാണ് സ്ഥിതിചെയ്യുന്നതു്. ഇപ്രകാരം രണ്ടു ഉടമസ്ഥാവകാശം നിലവിലിരിക്കുന്നതിനാൽ നികുതി വ്യത്യാസം ഉണ്ടാകയും ജനങ്ങൾക്കു തന്മൂലം പ്രയാസങ്ങൾ നേരിടുകയും ചെയ്യുന്നു. അതുകൊണ്ടു് ഈ നികുതിസമ്പ്രദായത്തെ ഏകീകരിക്കുവാൻവേണ്ടി ആവശ്യമുള്ള നടപടികൾ സ്വീകരിക്കണമെന്നു ഗവമെണ്ടിനോടു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. എനിക്കു ഇത്രമാത്രമെ സംസാരിക്കാനുള്ളു.

**Sri. A. K. George:** Sir, though the subject is Revenue I would like to say a few words about the evils of giving judicial powers to revenue officers, and about the making of Trichur the capital of Cochin. A series of representations have been made that Trichur should be

[Sri. A. K. George]

made the capital of Cochin. I want to make the following facts clear. Trichur is in the centre of Cochin. But Ernakulam is not so. Its central position is an important matter which should be taken into consideration in making Trichur the District Headquarters of the Cochin State. Hon'able Members coming from Chittur can realise the real difficulty of travelling all the distance to come to Ernakulam, Ernakulam being in the southern corner of Cochin. Besides its being situated in the centre it is a place of much more importance for industry. Thus I must say that Trichur is the most deserving place to be the District capital of Cochin, viewed from any stand point.

Before I conclude, I want to talk something about the Revenue Department. I am surprised that none of the members, especially who came from Cochin, made any reference about the combined system of revenue and judiciary. For the time being this system affects the Revenue Department to a very great extent. I think I am within the limits to talk about the combined system of judiciary and the executive. The system of independent judiciary began in Cochin from more than a century ago and we are having an independent judiciary even now. It seems to be the first of its kind in India. After the integration of Cochin and Travancore this has become the subject of talk in Cochin. Now what we hear is that Cochin should also be brought to the level of Travancore and that we will have to go back to the old system of combined judiciary.

**Dr. M. O. Cherian:** But the question of judiciary and executive does not come within the purview.

**Sri. A. K. George:** Yes. In Travancore many executive officers are vested with judiciary powers. For example, there is the Divisional Peishkar who has judicial powers also. And I think I am perfectly within my rights to talk about this. Now we are an independent nation and this double policy of the Government is not justifiable. By integration we can follow the systems which are more advantageous whether it be from Cochin or from Travancore. In my opinion a separate judiciary is more acceptable. The other day the Chief Justice of Madras Mr. Rajamannar, inaugurating the Union High Court suggested that what we want is an independent judiciary. Travancoreans say that the judiciary in Travancore is most efficient. But I cannot concede that. As long as the executive is vested with judiciary powers there can never be an independent judiciary. We have got sufficient proof. In the matter of judiciary, to some extent that it is dependent on the executive. There is nothing wrong in bringing up Travancore to the level of Cochin. The Honourable Minister for Revenue has been holding the same portfolio in Cochin and I am surprised to know that he is going to bring into Cochin the same old policy which has been given up even more than a century ago. What I have to say is that an independent judiciary of the British model is more advantageous to the people and it is the best policy that the Union Government can welcome.

**Sri. A. Thanu Pillai:** Sir, we have only two hours and there are very important matters that the Minister in charge is expected to say in reply.

**Mr. Speaker:** No. We have started at 2-45. Some time was taken for other discussions. Making allowance for that there is more time for the Demand.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: സർ, ജനകീയഭരണം ഈ നാട്ടിൽ നിലവിൽവന്നപ്പോൾ ഏററവും കൂടുതൽ പ്രതീക്ഷകളുണ്ടായിരുന്നതു് ഇവിടത്തെ പട്ടിണിപ്പാവങ്ങൾക്കായിരുന്നു. എന്നാൽ ഏററവും കൂടുതൽ നിരാശപ്പെട്ടവരും അവശത അനുഭവിക്കുന്നവരും അവരാണു്. ജനകീയഗവമെന്റു നിലവിൽ വന്നതോടുകൂടി രാജ്യത്തിന്റെ പൊതുവായ അഭിവൃദ്ധിക്കുവേണ്ടി വേണ്ടതു ചെയ്യേണ്ടതു ഗവമെന്റിന്റെ കത്തവ്യമാണു്. ജനങ്ങളെ സംബന്ധിച്ചിടത്തോളം പൊതുവിൽ രണ്ടായി തിരിക്കാം; ഉള്ളവരും ഇല്ലാത്തവരും, ഉള്ളവർ കൂടുതൽ ഉണ്ടാക്കുന്നതിനുവേണ്ടി ബദ്ധപ്പെടുന്നു. അതേ അവസരത്തിൽ ഒട്ടുമില്ലാത്തവർ പട്ടിണിയിലേക്കു് ആണ്ടുപോകുന്നു. തിരുവിതാംകൂറും കൊച്ചിയും കൂട്ടിച്ചേത്തു് ഒരു ഐക്യസംസ്ഥാനം രൂപീകരിച്ചിരിക്കുന്ന ഈ അവസരത്തിൽ കൊച്ചിക്കാരെന്നും തിരുവിതാംകൂർകാരെന്നുമുള്ള ഭേദബുദ്ധി ഇവിടെ ആവശ്യമില്ലെന്നു പല ബഹുമാനപ്പെട്ട മെമ്പർമാരും പ്രസ്താവിക്കുകയുണ്ടായി. തിരുവിതാംകൂറിൽ കൊച്ചിയെ അപേക്ഷിച്ചു കൂടുതൽ പുരോഗമനപരമായ അഭിവൃദ്ധി ജനങ്ങൾക്കുണ്ടായിട്ടുണ്ടെന്നും എന്നാൽ അത്രകണ്ടു പിന്നോക്കസമുദായക്കാർ പുറംതള്ളപ്പെട്ടിട്ടുണ്ടെന്നും അവിടത്തെ ചില നേതാക്കന്മാരുടെ സംസാരത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചു. അതിന്റെ പരമാത്ഥത ബഹുമാനപ്പെട്ട മെമ്പർമാക്കുതന്നെ അറി

യാവുന്നതാണ്. സർ, തിരുവിതാംകൂറിൽ ജനകീയഗവമ്മെണ്ട് നിലവിൽ വരുന്നതിനുമുമ്പ് അഥവാ ഈ കാണുന്ന നിയമസഭാസമാജികന്മാർ അധികാരത്തിൽ പ്രവേശിക്കുന്നതിനുമുമ്പ്, അവർ ജനങ്ങളോട് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ നിറവേററാൻ തയ്യാറാകേണ്ട ഒരു കടമ അവക്കുണ്ട്. ജനകീയ ഗവമ്മെണ്ടിന്റെ രണ്ടാമത്തെ ബഡ്ജററ് സമ്മേളനമാണ് ഇന്നു നടക്കുന്നത്. അന്നു നാം ഭൂമിയില്ലാത്തവക്കു ഭൂമി കൊടുക്കാമെന്നുള്ള വാഗ്ദാനം ജനങ്ങളോടു ചെയ്തിട്ടുണ്ട്. അതിനുവേണ്ടി ഇതിനകം ഈ ഗവമ്മെണ്ട് എന്തുചെയ്തിട്ടുണ്ട് എന്നു ഞാൻ ചോദിക്കുന്നു. അതിനുവേണ്ടി ഭൂമി ദേശീകരിക്കണമെന്ന് ഒരഭിപ്രായം ചില ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. അങ്ങനെ ദേശീകരിക്കുന്നതിനുള്ള ഒരു പരിപാടി അംഗീകരിക്കുന്നപക്ഷം ഇന്നത്തെ ഗവമ്മെണ്ടിന് ഈ വിധത്തിൽപോലും തുടർന്നുകൊണ്ടുപോകാൻ സാദ്ധ്യമല്ലാത്ത ഒരു നിലയുണ്ടാകുമെന്നുള്ള ഒരു ഭീതിയും ഇവിടെ പ്രകടിതമായി കഴിഞ്ഞു. അതുകൊണ്ടു ഭൂമി ദേശീകരിക്കണമെന്നുള്ള അഭിപ്രായത്തിനു ഇവിടെ വലിയ പ്രസക്തിയുണ്ടെന്നു തോന്നുന്നില്ല. ഗവമ്മെണ്ടിനു പ്രയാസം കൂടാതെചെയ്യാവുന്ന ചില പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ മാത്രമാണ് ഞാനിപ്പോൾ ചെയ്യുന്നത്. ഇവിടെ സ്വേച്ഛാധിപത്യഭരണം നടത്തിയെന്നു പറയുന്ന സർ. സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലത്തും അതിനു മുൻപും പാവപ്പെട്ടവക്ക് അതായത് അവശസമുദായക്കാക്കു സൌജന്യനിരക്കിൽ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്. അങ്ങനെ പാവപ്പെട്ട പലയാളുകൾക്കും ഭൂമി കിട്ടാനും അവർ ഭൂസ്വത്തുടമസ്ഥന്മാരായിതീരാനും ഇടയായിട്ടുണ്ട്. കാലക്രമേണ ഭൂമി പതിച്ചുകൊടുക്കുന്ന പതിവ് നിർത്തലാക്കിയിട്ട് തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും അവശസമുദായത്തിൽപെട്ടവക്കു ഭൂമി കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തുവരുന്നുണ്ട്. ഈ കുത്തകപ്പാട്ട വ്യവസ്ഥ പല വിഷമങ്ങൾക്കും കാരണമാകുന്നുണ്ട്. നിരോധനക്കരം അവരുടെമേൽ ചുമത്തി അവക്കു കിടക്കപ്പൊറുതിയില്ലാത്ത തരത്തിൽ ഇറങ്ങിപ്പോകേണ്ടിവരുന്നു. നിയമമനുസരിച്ച് തഹസീൽദാരന്മാക്ക് അവരെ ആ വസ്തുവിൽനിന്ന് ഇറക്കി വസ്തു ലേലത്തിൽ കൊടുക്കാനുള്ള അവകാശമുണ്ട്. തത്സംബന്ധമായ ഗവമ്മെണ്ടാജ്ഞയെ നിറവേററാൻ അധികാരികൾ തയ്യാറാകയും ചെയ്യും. ഈ അവസരത്തിൽ ആ വസ്തുക്കൾ സാധുക്കൾക്കു ലേലത്തിൽ പിടിക്കുവാൻ നിവൃത്തിയില്ലാതെ വരികയും അതു പണക്കാർ വാങ്ങാൻ തയ്യാറാകയും ചെയ്യുന്നു. ഇങ്ങനെ വസ്തു ഉള്ളവക്കു വസ്തു കൂടുകയും പാവപ്പെട്ടവർ വഴിയാധാരമായിത്തീരുകയും ചെയ്യും. എനിക്ക് ഇതേസംബന്ധിച്ച് ഗവമ്മെണ്ടിനോട് അപേക്ഷിക്കുവാനുള്ളത് അവശസമുദായക്കാരെ സംബന്ധിച്ചിടത്തോളം ഭൂമി സൌജന്യ നിരക്കിൽ പതിച്ചുകൊടുക്കണമെന്നാണ്. ജനകീയ ഗവമ്മെണ്ട് അതു ചെയ്യണമെന്നുമാത്രമേ എനിക്ക് ഈ അവസരത്തിൽ പ്രസ്താവിക്കാനുള്ളു. ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി ഉണ്ടാക്കിക്കൊടുക്കണം. ഭൂമി ദേശീയമാക്കുന്നില്ലെങ്കിൽ ഓരോ താലൂക്കിലും ൧൦ ഏക്കർ സ്ഥലംവീതമെങ്കിലും ഗവമ്മെണ്ട് വിലക്ക് എടുത്ത് അവിടെ ജാതിയോ മതമോ നോക്കാതെ ഭൂമിയില്ലാതെ കഷ്ടപ്പെടുന്നവക്ക് ൨൦ സെൻറ് ഭൂമിവീതം കൊടുക്കണം. അങ്ങനെയുള്ള ഒരു പരിപാടി സ്വീകരിച്ചാൽ ൧൦ കൊല്ലംകൊണ്ട് സകലക്കും ഭൂമിയുണ്ടാക്കിക്കൊടുക്കാൻ ഗവമ്മെണ്ടിനു സാധിക്കും. ഈ മാതിരി ഭൂമി അവക്കു സൌജന്യമായി കൊടുക്കണമെന്ന് ഞാൻ പറയുന്നില്ല. ഭൂമിയുടെ വില തവണകളിലായി ഈടാക്കാനുള്ള ഒരു വ്യവസ്ഥകൂടി ചെയ്യണം. ജനകീയ ഗവമ്മെണ്ട് ഇതിനു തയ്യാറാകണം. പാവപ്പെട്ടവരെ കഷ്ടതയിൽനിന്നും വിമുക്തമാക്കുന്ന വിഷയത്തിൽ ഇന്നു കാണുന്ന ഈ മനോഭാവം കോൺഗ്രസ്സ് ഗവമ്മെണ്ട് അവസാനിപ്പിക്കയും എല്ലാവക്കും നീതിലഭിക്കത്തക്കവണ്ണമുള്ള ഒരു പരിപാടി അംഗീകരിക്കയും ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

(Sri. A. Thanu Pillai was then called upou by Mr. Speaker to speak.)

**Sahib Bahadur Abdul Aziz:** May I know whether a member who has not sent a cut motion has a right to speak?

**Mr Speaker:** Yes, He can speak for or against the motion.

**Sri. A. Thanu Pillai:** Mr. Speaker, within the five minutes allotted to me I don't think I can say much in regard to this very important matter. However, I shall just make one or two observations.

Now, the question relating to land is one of the most important issues facing the country. This issue is facing not only this Government, but the entire country. There are

[Sri. A. Thanu Pillai]

very many aspects of this question to be dealt with and to me it appears that all these aspects require immediate attention and solution. There is for instance the aspect of the relations of Government with the land and then the question of taxation. Mr. Nanoo referred to Edavakais and Sree Pandaravaka lands. There are lands of various kinds here belonging to Government, lands having double ownership; belonging to Jenmies and tenants and lands belonging to ordinary land owners, the ownership of which is held by land-lords, but cultivated and enjoyed by tenants. Over and above all these, there are lands belonging to Governments which have been allotted for cultivation to private individuals. Then there is the question of taxation. Now an additional problem has arisen consesquent on the Union of Travancore and Cochin. I think that the laws in Travancore have necessarily to be made applicable to the lands in Cochin olso. I find in the budget that provision has been made for a sum of ten thousand rupees for the constitution of a Land Committee. I make a suggestion, though I find that my suggestions are not received in the spirit in which they are offered.

**The Hon'ble Sri. E. Ikkanda Warrier:** The Hon'ble Member does scant justice to me and to other Members of the Treasury Bench when he says that his suggestions will not be received with due consideration. I may assure him that they will be welcomed in the spirit in which they are offered.

**Sri. A. Thanu Pillai:** What I wanted to say need not in any way affect the prestige of the Members of the Treasury Bench. From my knowledge of the question I wish to place this before the House. After all what attention could have been bestowed on the question of the formation of the Land Committee, if a mere reference is made to it in the budget? The Minister has to say in the first place the scope of the enquiry, terms of reference, and other aspects of this question which they want the Committee to consider. On the other hand nothing is stated here. I do not think it caught the attention of any Member because no one here gave practically any suggestion relating to the matter. I would suggest the whole question should be placed before the House giving them ample notice and time to study the subject in all its aspects and make their important suggestions. The matter should be discussed here and even if a final decision could not be taken, the basic principles should be settled before the matter is referred to a Committee. Mere mention of the subject in the budget will serve no such purpose. We know further how the Committee will be constituted. Though monetary considerations do not come in, various other considerations are bound to play an important part in such matters. After all, when so constituted, it will not be a very competent committee. This is not a matter to be entrusted to a Committee constituted in a haphazard way. I would therefore suggest that the matter be brought for discussion in this House giving ample time and notice and after a full debate it may be entrusted to a Committee capable of dealing with it. I want to emphasise that the men wh o should be entrusted with the problem should be really very competent. They need not be Travancoreans, if you like. In regard to the Committee's work I may say that it is a very complex one. How should we tackle this problem? This problem is more accute here. Travancore and Cochin are the most densely populated areas in the world and the land is very very limited. The land should be so used as to enable us to produce more food. Its ownership and its enjoyment should be such as to benefit the people of the State as a whole. These two principles should be accepted as the basis. As for private ownership, whether the State should own the entire land or not should be considered with equal attention. If private ownership is to be allowed what are the limits within which it should be allowed will also be a point to be very seriously considered. As regards the Government lands, I would make one or two suggestions. Hereafter until the above issue is fully tackled and a solution arrived at, no Government land should be given on a permanent basis for enjoyment. It can only be for the specific purpose of cultivation. I find and I have got very reliable information that forest areas have been largely occupied and Government are not in a position to oust the unlawful occupiers. All such attempts should be sternly put down. In regard to Kandukrishy lands, the land is not now held permanently and should not be given on a permanent basis until the question is solved. How are Government going to deal with these problems I do not know. Any way I would urge them not to create permanent rights in such lands. Lands now held permanently offer a difficult problem because of the question of compensation if, the ownership is acquired. That is a matter which is causing serious trouble to the Constituent Assembly. So the creation of any further permanent rights would add to the difficulties.

In the interest of the tenants, I would suggest that taxation of all lands should be equal If it is basic tax of 25 chuckrams, it should be levied uniformly on all lands irrespective of the nature of the crop cultivated. There is no point in saying that a man who cultivates a particular kind of land should pay 25 chs. and a man who cultivates another land to pay 3 rupees or ten rupees. The liabilities consequent on this equalisation should be some how or other met by the State. With these suggestions I resume my seat because my Hon'ble friend Mr. Warrier has to make his reply. I hope that my suggestions regarding the Committee will receive his due attention. Anyway it should not be a slip-shod one.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: സർ, ഇവിടെ സുനിശ്ചിതമായ ഒരു ഭൂനയം ഉണ്ടാക്കണമെന്നു ബഹുമാനപ്പെട്ട പല മെമ്പറന്മാരും ലാൻഡ് മിനിസ്റ്ററോട് ആവശ്യപ്പെടുകയും അക്കാര്യത്തിൽ മെമ്പറന്മാരുടെ അഭിപ്രായം അദ്ദേഹം ആരായുകയും ചെയ്തു. ചില മെമ്പറന്മാരുടെ നിർദ്ദേശങ്ങൾ അദ്ദേഹം നോട്ടുചെയ്തുവെന്നും എനിക്കു തോന്നുന്നു. ബഡ്ജററിനെ സംബന്ധിച്ചുള്ള പൊതു വിമർശനത്തിലൊ, ലാൻഡ് റവന്യൂ സംബന്ധിച്ച ഇപ്പോഴത്തെ ഉപക്ഷേപ അവസരത്തിലൊ ചേർത്തല താലൂക്കിൽനിന്നു വന്നിട്ടുള്ള നാലു മെമ്പറന്മാർക്കും സംസാരിക്കാൻ സന്ദർഭം ലഭിച്ചില്ല. ആ താലൂക്കിൽ, ൧൦ സെൻറ് സ്ഥലം സ്വന്തമായി കിട്ടണമെന്നുള്ള ആശയോടുകൂടിയാണ് ധാരാളം തൊഴിലാളികൾ മെഷീൻഗണ്ണിന്റെ മുൻപിൽ വിരിമാറു കാട്ടിയതെന്ന് പത്രങ്ങളിൽ നാം വായിച്ചു. അതുവച്ചു നോക്കുമ്പോൾ സ്വന്തമായി സ്വല്പം സ്ഥലമെങ്കിലും ഓരോരുത്തർക്കും ലഭിക്കത്തക്ക ഒരു ഭൂവ്യവസ്ഥയാണ് ഉണ്ടായിരിക്കേണ്ടത് എന്നാണ് ചേർത്തലയിലെ ഭൂരിപക്ഷം ജനങ്ങളുടെയും അഭിപ്രായമെന്നു വ്യക്തമാണ്. ഭൂനയത്തെകുറിച്ച് ഒരു നടപടി സ്വീകരിക്കാൻപോകുന്ന ഈയവസരത്തിൽ അവിടെയുള്ളവരുടെ അഭിപ്രായം അറിയിക്കുന്നതിന് എന്താണ് മാർഗ്ഗമെന്ന് അറിഞ്ഞാൽ കൊള്ളാം. പ്രസിഡൻറ് അവർകളോടുള്ള എന്റെ ഈ ചോദ്യത്തിൽനിന്നും ചേർത്തലക്കാരുടെ അഭിപ്രായം ബഹുമാനപ്പെട്ട ലാൻഡ് മിനിസ്റ്റർ മനസ്സിലാക്കിക്കൊള്ളുമോ ?

മി. സ്പീക്കർ: അതിനെക്കൂടി അടിസ്ഥാനമാക്കി ബഹുമാനപ്പെട്ട ലാൻഡ് മിനിസ്റ്റർ സംസാരിക്കുന്നതായിരിക്കും.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: സർ, ഈ വൈകിയ സമയത്ത് ദീർഘമായ ഒരു പ്രസംഗം ചെയ്യുന്നതിന് എനിക്കു സാദ്ധ്യമല്ല എന്നറിഞ്ഞുകൊണ്ടുതന്നെയാണ് ഞാനിവിടെ എഴുന്നേററുനിൽക്കുന്നത്. ഇവിടെ വാദപ്രതിവാദം നടത്തിയ സംഗതികളെക്കുറിച്ചു ചുരുക്കമായി ഓരോ വാചകത്തിൽ പറയാമെന്നാണ് കരുതുന്നത്. ഒടുവിൽ പറഞ്ഞ സംഗതിയെപ്പററിയാണ് ഞാൻ ആദ്യം സംസാരിക്കാൻപോകുന്നത്. അതായത് ശ്രീ. താണുപിള്ള അവർകൾ ഉന്നയിച്ച സംഗതിയെപ്പററി ആദ്യം പറയാം. അദ്ദേഹം പറകയുണ്ടായി ഈ സംഗതി ഏററവും പ്രാധാന്യമുള്ള ഒരു കോംപ്ലക്സ് സംഗതിയാണെന്ന്. അത് ഗവൺമെണ്ടിനും ബോദ്ധ്യമുണ്ട്. അതിന് ഒരു immediate solution വേണമെന്നും ബോദ്ധ്യമുണ്ട്. അതുകൊണ്ടാണ് ഗവൺമെണ്ട് ഉടൻതന്നെ ഈ കാര്യങ്ങളെല്ലാം പരിശോധിക്കുന്നതിനും ആലോചിക്കുന്നതിനുമായി ഒരു കമ്മിററിയെ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആ കമ്മിററിയുടെ റിപ്പോർട്ടുവരുത്തി—അതായത് ഇന്നു ഇവിടെ ഉന്നയിച്ച വാദഗതികളുടെ വെളിച്ചത്തിൽ ആലോചന നടത്തി ഒരു റിപ്പോർട്ടുവരുത്തി അതേസംബന്ധിച്ചുള്ള ലജിസ്ലേഷൻ ഈ സഭയിൽതന്നെ കൊണ്ടുവന്നാൽ അത് എല്ലാ മെമ്പർമാർക്കും അദ്ദേഹത്തിനും സ്വീകാര്യമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇന്നത്തെ നിലയിൽ ഇത്രവലിയ ഈ സഭയിൽവെച്ച് ഏററവും പ്രധാനമായ ഈ വിഷയത്തെക്കുറിച്ച് എത്രതന്നെ പ്രസംഗിച്ചാലും ഒരു അവസാനതീരുമാനമുണ്ടാകാൻ സാദ്ധ്യമല്ല. ഇന്നു ഇവിടെ കേട്ട പ്രസംഗങ്ങളിൽനിന്ന് ഒരു സംഗതി വ്യക്തമാണ്. ഒരു ഒററ സംഗതിയിലേ നമുക്ക് അഭിപ്രായവ്യത്യാസമുള്ളു. അതായത് വസ്തു കുത്തകപ്പാട്ടംകൊടുക്കുന്ന ഇവിടത്തെ നയത്തിൽ. ഇത് വസ്തു സ്ഥിരമായി പതിച്ചുകൊടുക്കയില്ലെന്നു തീരുമാനിച്ചതുകൊണ്ട് ഉണ്ടായിട്ടുള്ളതാണ്. കൃഷിക്കുമാത്രം കൊടുക്കുകയെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശമെന്നു ഞാൻ പറയാതെതന്നെ അറിയാമല്ലൊ. ൧൧൨൯-നു മുമ്പ് വസ്തു കൈവശംവച്ചിരുന്ന ആളുകൾക്കുമാത്രമേ ദീർഘകാലത്തേക്കു സ്ഥിരമായി കുത്തകപ്പാട്ടത്തിനു കൊടുക്കയുള്ളു എന്നുള്ളതും എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. അതിനുശേഷമുള്ള കൈവശക്കാർക്കു കുത്തകപ്പാട്ടം ടെമ്പററിയായിമാത്രമേ കൊടുക്കുകയുള്ളുവെന്നും ഭൂനയംസംബന്ധിച്ച് അവസാനംതീരുമാനം എടു അതിനുശേഷം മാത്രമേ വസ്തുവിൽ സ്ഥിരാവകാശം കൊടുക്കയുള്ളുവെന്നു ഈ സഭയിൽ ഉറപ്പുപറയുവാനും എനിക്കു സാധിക്കും.

[Sri. E. Ikkanda Warrier]

അവശസമുദായത്തിൽപ്പെട്ട ഭൂമിയില്ലാത്തവർക്കു ഭൂമി ഉണ്ടാക്കിക്കൊടുക്കാൻ എന്തെങ്കിലും ഒരു വഴി കണ്ടുപിടിക്കണമെന്നുള്ള കാര്യത്തെപ്പറ്റി അശേഷം തർക്കമില്ല. വളരെ വേഗത്തിൽ ലാൻഡ് പോളിസി നിശ്ചയിക്കുന്നതോടുകൂടി ഈ പ്രശ്നത്തിനും ഒരു തീരുമാനം ഉണ്ടാകുന്നതാണ്. അതുപോലെതന്നെ ശ്രീപാദംഭൂമിയെക്കുറിച്ചും ഒരു തീരുമാനം ഉണ്ടാക്കാം. അതുവരെ ഇക്കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാക്കത്തക്ക കർശന നടപടികൾ എടുക്കുന്നതല്ലെന്നും എനിക്കു പറയുവാൻകഴിയും. എന്നാൽ ഒരു സംഗതി പറയാതെ തരമില്ല. അതായത് വസ്തുകൈയേറി ഒരു അവകാശം സ്ഥാപിക്കണമെന്നു വിചാരിക്കുന്നവരുടെപേരിൽ എടുത്തിട്ടുള്ള നടപടികൾ നിർത്തിവെക്കണമെന്ന് ആരും പറയുമെന്നു തോന്നുന്നില്ല. അങ്ങനെയുള്ളവർ പാവപ്പെട്ടവരാണെങ്കിലും ഒരു നിയമം പാലിക്കാനുള്ള ശക്തി ഗവമ്മെണ്ടിനില്ലെങ്കിൽ ജനങ്ങൾക്കു നിയമത്തിൽ വിശ്വാസമില്ലാതെവരും. ഭൂനയത്തെസംബന്ധിച്ച് ഇത്രമാത്രമേ എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളൂ. ഡിപ്പാർട്ടുമെണ്ടുഭരണത്തെക്കുറിച്ചാണെങ്കിൽ പ്രാപ്തിപോരെന്നും യഥാസമയം വേണ്ട കാര്യങ്ങൾ നിറവേറുന്നില്ലെന്നും ഇവിടെ പ്രസ്താവിച്ചതിൽ വാസ്തവമില്ലെന്നു ഞാൻ പറയുന്നില്ല. എത്രയുംവേഗത്തിൽ ഈ വകുപ്പ് കാര്യക്ഷമമാക്കാൻ ശ്രമിക്കുന്നതാണ്. ഇതുവരെ നടന്നമാതിരി അല്ലാതുള്ള ഒരു പാരമ്പര്യം സൃഷ്ടിക്കാൻ വേണ്ടതു ചെയ്യുന്നതാണെന്നുകൂടി ഞാൻ ഈ അവസരത്തിൽ ഉറപ്പു പറയുന്നു. നികുതിയുടെ കാര്യത്തിൽ കൊച്ചിയും തിരുവിതാംകൂറും സംയോജിപ്പിച്ചിരിക്കുന്നതിനാൽ രണ്ടു ഭാഗത്തുമുള്ള ഗുണങ്ങൾ എടുക്കാനാണ് ഗവമ്മെണ്ടുദ്ദേശിക്കുന്നത്. ഗുണം എല്ലാവർക്കും ഒരുപോലെ അനുഭവിക്കത്തക്ക രീതിയായിരിക്കും അതു ചെയ്യുന്നത്. നികുതിഭാരം കുറയ്ക്കാൻ ഏതാണ് ശരിയായ മാർഗ്ഗമെന്നു പരിശോധിച്ചതിന്റെശേഷം, ഗുണമുള്ളതു സ്വീകരിക്കുന്നതായിരിക്കും.

ഇന്ന് നാം സംയോജിച്ചതിന്റെ ഉദ്ദേശം തന്നെ ഈ രണ്ടു രാജ്യക്കാരും ഒന്നിച്ച് ഒരുപോലെ യോജിച്ചു പ്രവർത്തിക്കണമെന്നതാണ്. എന്റെ മാന്യ സ്നേഹിതൻ പ്രസ്താവിച്ച മാതിരി ഈ രണ്ടു രാജ്യങ്ങളും ഒരു മുള്ളുവേലികൊണ്ട് തിരിച്ചിട്ടുണ്ടെന്നല്ലാതെ മറ്റു യാതൊരു വ്യത്യാസവും ഇല്ല. അങ്ങനെയുള്ള ഒരു രാജ്യത്തു നാം എല്ലാവരുടേയും ഗുണത്തിനുവേണ്ടി ശ്രമിക്കണം. കുറച്ച് കാലം വരെ കഴിഞ്ഞ സമ്പ്രദായം അനുസരിച്ചു കുറച്ചൊക്കെ വ്യത്യസ്ഥരായി കഴിഞ്ഞ് എന്നു വരാം. രണ്ടു രാജ്യങ്ങളിലുമുള്ള ഗുണഭാഗങ്ങളെ എടുത്തുകൊണ്ടും ദോഷഭാഗത്തെ തള്ളിക്കളഞ്ഞും നാം പ്രവർത്തിക്കേണ്ടതാണ്. ഏറെത്താമസിയാതെ അതിന് സംഗതിയാകുമെന്നുള്ളതിന് സംശയമില്ല. മി. ജോസഫ് ആവശ്യപ്പെട്ടതുമാതിരി കൊച്ചിയിലേയും തിരുവിതാംകൂറിലേയും നിയമങ്ങൾ നോക്കി ഏതാണ് ജനങ്ങൾക്ക് ഉപകാരപ്രദമെന്നു കാണുന്നുവോ അതു സ്വീകരിക്കുമെന്നു ഞാൻ ഉറപ്പുതരുന്നു.

ചില റോഡുകളുടെ ഉടമസ്ഥന്മാർ അവർ റോഡുകളുടെ ഉടമസ്ഥന്മാർ ആണെന്നുള്ള കാരണത്താൽ ഒരു നിയന്ത്രണവും കൂടാതെ എന്തും പ്രവർത്തിക്കാതിരിക്കാൻവേണ്ടി ഗവമ്മെണ്ട് ഒരു നിയന്ത്രണം എടുക്കുന്നു എന്നല്ലാതെ അതു ഒരു ധനാഗമ മാർഗ്ഗമായി ഗവമ്മെണ്ട് കരുതുന്നില്ല എന്ന് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കൊച്ചി ഡിസ്ട്രിക്ടിന്റെ തലസ്ഥാനം എറണാകുളം ആയിരിക്കണമോ തൃശ്ശൂർ ആയിരിക്കണമോ എന്ന് അവസാനമായി തീരുമാനിച്ചിട്ടില്ല. തൃശ്ശൂക്കാരുടെ താൽപ്പര്യങ്ങളെ തീർച്ചയായായിട്ടും ഗൌനിക്കാതിരിക്കുകയില്ല. പാലിയം വക ഭൂമിയെ സംബന്ധിച്ച് ഒരാക്ഷേപം കേൾക്കുകയുണ്ടായി. അവിടെ റവന്യൂറിക്കവറി ആക്ടിൻപ്രകാരം നടപടി എടുക്കുന്നു എന്നാണ് ആ ആക്ഷേപം. പക്ഷേ ഗവമ്മെണ്ട് ഭരണം ഏറെറടുക്കുന്നകാലത്തു് ചില നടപടികൾ എല്ലാം സ്വീകരിക്കാതെ നിവൃത്തിയില്ല. ഇതെല്ലാം ബഹുമാനപ്പെട്ട മെമ്പറന്മാക്ക് അറിയാം. പാലിയം കുടിയാന്മാരുടെ അവശതകളെ പരിഹരിക്കുന്നതിനെപററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിന്നായി ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. കമ്മിററിയുടെ റിപ്പോർട്ടു താമസിയാതെ ഉണ്ടാകും. ആ റിപ്പോർട്ടുവന്നാൽ അതിന്റെ വെളിച്ചത്തിൽ വേണ്ട പരിഹാരങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. പി. നാണു: റവന്യൂ റിക്കവറി ആക്ട് അനുസരിച്ച് നെൽക്കരം പിരിക്കുമ്പോൾ ഡിമാണ്ട് നോട്ടീസ് അയക്കുന്നതിനെപ്പററി എന്തെങ്കിലും പറയാമോ? അതായതു്, ഇപ്പോൾ അതിൽ ന്യൂനതകൾ ഉണ്ട്.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതിനെപ്പററി ആലോചിക്കാവുന്നതാണ്. ഉടനെതന്നെ ആവശ്യമുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഈ ഡിമാൻറിനെ സംബന്ധിച്ചു പറഞ്ഞ കൂട്ടത്തിൽ ഒരു കാര്യം പറയാൻ വിട്ടുപോയി. അതായതു്, മാക്കററിനെ സംബന്ധിച്ചു് ഒരു കാര്യം. തലച്ചുമടായി ആളുകൾ സാധനങ്ങൾ മാക്കററിൽ കൊണ്ടുവരുന്നതു്........

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ആ കാര്യം ഈ ഡിപ്പാർട്ടുമെൻറിൽനിന്നും എടുത്തുകളഞ്ഞു. അതു പബ്ലിക്ക് ഹെൽത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതു്.

മി. സ്പീക്കർ: ഡിമാൻറിനുള്ള സമയം കഴിഞ്ഞിരിക്കുന്നു. മോഷൻ വോട്ടിനു് ഇടുന്നതാണ്.

**Sahib Bahadur Abdul Aziz:** If the member withdraws his motion, there is no necessity to put it to vote.

മി. സ്പീക്കർ: മിസ്റ്റർ പാച്ചുപിള്ള കട്ട്മോഷൻ പ്രസ്സുചെയ്യുന്നുണ്ടോ?

**Sri A. K. Pachu Pillai:** As no specific assurance has been given by the Minister with regard to the point raised by me, I press for a division.

The motion was put and lost.

The demand that a sum of Rs, 21,40,413 be granted under Demand I—Land Revenue was put to vote and carried,

The grant was made.

**Sri. A. Nesamony:** It is now about 5—o'clock and I was told that the Bills would be discussed today.

**Mr. Speaker:** It is to be at 5-o'clock. There are still 10 more minutes and that time can be used for the next demand.

## Demand II—Excise

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഞാൻ എക്സൈസ് ഇനത്തിൽ ൰.൧, ൧൰, ൧൩൯ രൂപയുടെ ഒരു ധനാഭ്യർത്ഥന സഭ മുമ്പാകെ ഹാജരാക്കുന്നു. ഈ ധനാഭ്യർത്ഥന ഹാജരാക്കിക്കൊണ്ടു് അതിനാവശ്യമായ കാരണങ്ങളെപ്പററി പ്രത്യേകമായി എന്തെങ്കിലും പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. പ്രധാനമായി നാലു് ഇനങ്ങളിലാണ് തുക ആവശ്യപ്പെട്ടിട്ടുള്ളതു്. ഇക്കൊല്ലം ഹാജരാക്കുന്ന ധനാഭ്യർത്ഥനയ്ക്കു് ഒരു പ്രത്യേകത ഉണ്ടു്. കഴിഞ്ഞ കൊല്ലത്തെ ആശ്രയിച്ചു് ഇക്കൊല്ലം പുകയിലയെ സംബന്ധിച്ചിടത്തോളം ഒരു വ്യതിയാനം ഗവമ്മെണ്ടിന്റെ നയം സംബന്ധിച്ചു് ഉണ്ടായിട്ടുണ്ടു്. കഴിഞ്ഞ കൊല്ലംവരെ ലേലം സമ്പ്രദായം ഏർപ്പെടുത്തിയിരുന്നതിനെ ചില പ്രത്യേക കാരണങ്ങളെ ആസ്പദമാക്കി (ആ കാരണങ്ങളെ ഞാൻ ഇപ്പോൾ വിശദീകരിക്കുന്നില്ല) ലേലസമ്പ്രദായം ആക്കീട്ടുണ്ടു്. കൂടുതലായി നാലു് താലൂക്കുകളിൽക്കൂടി അതായതു്, തിരുവനന്തപുരം, നെടുമങ്ങാടു്, ചിറയിൻകീഴ്, കൊച്ചിയിലെ തലപ്പള്ളി, ഈ താലൂക്കുകൾക്കൂടി മദ്യനിരോധന മേഖലയ്ക്കകത്തു് ആക്കിയിട്ടുണ്ടു്. ഇതിനും പുറമെ ഉപ്പു് വ്യവസായം ദേശീയമാക്കുന്നതിനുള്ള പരിപാടി ആരംഭിക്കുവാൻ പോകുകയാണ്. അതിനും ഏതാനും തുക കൊള്ളിച്ചിട്ടുണ്ടു്. ഇങ്ങിനെ പറയുന്നപക്ഷം, ഈ വിശേഷവിധികൾ ഒഴിച്ചാൽ മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് മറെറാരു വ്യതിയാനവും പ്രത്യേകമായിട്ടില്ല. ഈ ധനാഭ്യർത്ഥന ഹാജരാക്കുകയും നാഷണലൈസേഷൻ, പുകയില ലേലം, പ്രൊഹിബിഷൻ മുതലായ കാര്യങ്ങളിൽ മെമ്പറന്മാരിൽനിന്നും ഉണ്ടാകുന്ന വിമശനങ്ങൾക്കു്, മറുപടി പറയുമ്പോൾ കൂടുതലായി എന്തെങ്കിലും ഉണ്ടെങ്കിൽ അപ്പോൾ പറയാമെന്നും പ്രസ്താവിച്ചുകൊണ്ടു് തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ഈ ഡിമാൻറിനെ സംബന്ധിച്ചും ലാൻഡ് റവന്യൂ ഡിമാൻറ് സംബന്ധിച്ചു് ഞാൻ സ്വീകരിച്ച നടപടിതന്നെ സ്വീകരിക്കുകയാണ്. അതായതു്, കട്ട് മോഷൻ ഹാജരാക്കിയിട്ടുള്ള മെമ്പറന്മാക്ക് ആദ്യം സംസാരിക്കാൻ അനുവാദം നൽകുന്നതാണ്. മിസ്റ്റർ ഗോപാലൻനായർ കട്ട്മോഷൻ ഹാജരാക്കാം.

ശ്രീ. മാന്നാർ ഗോപാലൻ നായർ: സർ, ഡയറക്ഷനുവേണ്ടി ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ൧,൩൮,൨൩൨ രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപമാണ് ഞാൻ അവതരിപ്പിക്കുന്നതു്. സർ, ഇക്കൊല്ലം എക്സൈസിൽ പുകയിലയിനത്തിൽ വരുത്തിയിട്ടുള്ള വ്യതിയാനം സംബന്ധിച്ചാണ് എനിക്കു രണ്ടു് വാക്കു് പറയുവാനുള്ളതു്. സർ, കഴിഞ്ഞ കൊല്ലത്തെ സമ്പ്രദായത്തേക്കാൾ ഒരു വ്യത്യാസം വന്നിട്ടുള്ളതു് ഇത്തവണ ലൈസൻസ് സമ്പ്രദായം മാററി ലേലസമ്പ്രദായം ആക്കിയിരിക്കുന്നു എന്നാണ്, ബഹുമാനപ്പെട്ട എക്സൈസ് മന്ത്രി അവർകൾ പ്രസ്താവിച്ചതു്. എന്നാൽ ഇക്കൊല്ലം കൊച്ചി തിരുവിതാംകൂർ സംയോജനത്തിന്റെ ഫലമായി സാധാരണ ഉണ്ടായിട്ടുള്ള നികുതിഭാരത്തിന്റെ ഒരു ലക്ഷണം എന്നപോലെതന്നെ ഇക്കൊല്ലത്തിൽ പുകയില ലൈസൻസ് സമ്പ്രദായം മാററി ലേലസമ്പ്രദായം ഏർപ്പെടുത്തിയെന്നു സാധാരണ പൊതുജനങ്ങൾ വിശ്വസിച്ചുവരുന്നു. സർ, ഈ ബഡ്ജററിനെ വിമർശിച്ച അവസരത്തിൽ ബഹുമാന്യ സ്നേഹിതൻ മിസ്റ്റർ എ. കെ. പാച്ചുപിള്ള പറയുകയുണ്ടായി ഈ ബഡ്ജററ് സാമാന്യജനങ്ങളുടെ മുമ്പിൽ നികുതിയുടെ ഒരു ഘോഷയാത്രയാണെന്ന്. അങ്ങനെ ഇതു് ഒരു ഘോഷയാത്രയായി വകവെയ്ക്കാമെന്നുവരികിൽ അതിന്റെ നേതൃത്വം വഹിക്കുന്നതു് പുകയില ലേലസമ്പ്രദായം ആണെന്നു പറയുന്നതിൽ യാതൊരു ആക്ഷേപവും ഉണ്ടെന്നു തോന്നുന്നില്ല. സർ, സാമാന്യജനങ്ങളുടെ സാമ്പത്തികമായ കഴിവിനെ ആശ്രയിച്ചുവേണം നികുതി ചുമത്താൻ എന്നുള്ളതു് സാമ്പത്തികശാസ്ത്രത്തിലെ ഒരു പ്രാഥമിക തത്വമാണ്. ഒരുവന്റെ നികുതിദായകശക്തി എന്തുമാത്രമുണ്ടെന്നറിയാതെ അവന്റെമേൽ അനസ്യൂതമായി കെട്ടിവെയ്ക്കുന്ന നികുതിസമ്പ്രദായം യാതൊരു പരിഷ്കൃത ഗവമ്മെണ്ടും സ്വീകരിക്കാൻ പാടുള്ളതല്ല.

മിസ്റ്റർ സ്പീക്കർ: ആർഡർ, ആർഡർ.

**Sri. Mr. A. Thanu Pillai:** Sir, I should like to make a suggestion. The cut motion papers should be made available to the members at least the previous day to which the debate of the department takes place. This morning we were given the cut motions relating to the Revenue Department. It is giving us great inconvenience to discuss the matter fairly. We want to know what motions have been given notice of and in what order. I do not find there is any reason why such a practice cannot be adapted. There is ample staff and the suggestion of mine can be put into practice.

**Mr. Speaker:** I quite see the point. As a matter of practice it has not been found feasible to do so because some delay is unavoidable in getting the motions arranged typed and printed. However I shall see that such delay is avoided as for as possible and printed lists are circulated to the members on the previous day.

## LEGISLATIVE BUSINESS

### The United State of Travancore and Cochin Stamp Bill

**The Hon'ble Sri. A. J. John:** Sir, I beg to introduce the United State of Travancore and Cochin Stamp Bill and move that it be taken into consideration. This is a very important measure affecting the revenue. The Stamp Act which is now in force in the territory which was formerly the State of Travancore is Act IV of 1080, which was amended only twice during a long period of 44 years or nearly half a century. The first amendment was made in 1087 by Act IV of 1087 by which a few of the articles in the Schedule were amended. They consisted merely in raising the stamp value in regard to certain instruments. The raising of the fee for enrolment as a High Court Vakil to Rs. 350 was also effected by this amendment. The next amendment of 1112 was by the Bar Councils Act, VII of 1112 and consequent on the enactment of the provision contained in Section 8 of that Act. No enhancement of any fees has, however, been effected by this amendment. So practically for nearly half a century there has been no enchancement of the stamp duties fixed under the Act of 1080.

In the territory which formerly was the State of Cochin Act VI of 1083 which is the law relating to Stamp duties has been amended in 1112, 1122 and in 1124 the last amendment being under Act VII of 1124. The rates of stamp duty existing till then were by the Amending Act of 1122 increased by 50 per cent and doubled by the Amending Act of 1124. The rates of duty fixed under the Cochin Stamp Act as amended by the Act of 1124 have been adopted in the Draft Bill before the House. The changes made in the draft are in regard to the rates of duty prescribed in the Schedule; the provisions in the Act itself are retained in tact.

Regarding the other changes introduced in the draft Bill reference has to be made to the following:—

The term "lease" has been defined in the draft Bill to include "Marayapattam" "Kanapattom" etc., in accordance with the existing Travancore Act and also to include "Patta" in accordance with the Cochin Act.

In Article 5 the maximum of Rs. 10 proposed in respect of the sale of Government securities or share in a Company or other body corporate is on the lines of the provision contained in Article 5 of the Schedule to the Travancore Act.

There is a provision for duty on cheques in Article 20 of the Schedule to the Travancore Act though there is no such provision in the Cochin Act. Article 20 of the Schedule to the draft Bill makes it clear that there is no duty on cheques.

The provisions for a fee of Rs. 350 for enrolment of Advocates and of Rs. 100 for enrolment as District Court Vakils are retained in the Schedule to the draft Bill as in the existing Schedule to the Travancore Act. The Cochin Court Fees Act does not prescribe the rate but there are fixed at Rs. 150 and Rs. 100 respectively under the Bar Councils Act and Vakils Act.

Article 43 of the draft Bill proposes a duty of 2 annas and a maximum of Rs. 10 in the case of a note sent by a broker to his Principal. The maximum is not fixed in the Cochin Act. It is in the Travancore Act and in the Indian Act and has been retained.

In respect of promissory notes the stamp duty payable in Cochin is one anna where the value does not exceed Rs. 250, 2 annas where it is between Rs. 250 and Rs. 1,000 and 4 annas in other cases. This has been adopted in Article 49 of the Schedule of the draft Bill.

**The Hon'ble Sri. E. Ikkanda Warrier:** I second it.

**Sri. A. Thanu Pillai:** Sir, I oppose this bill. The only ground here is that from 1080 onwards there has been no increase of the rates in Travancore and that as time passes by, the rates should go up. I do not think there is any other valid reason so far as Travancore is concerned. The other reason is that rates are already higher in Cochin and that we should bring about uniformity between the two places. For that I would say uniformity can be effected by bringing down the rates in Cochin to the level of Travancore. After all, what is the insurmountable difficulty in reducing the rates of Cochin. Why should the rates in Travancore be increassd to bring about the uniformity ? As for the argument that from 1080 onwards there has been no revision, this is a matter in which no change is necessary because rates relate to the amount of the transaction. If that might add to the wealth of the country the value of the transaction necessarily rises. What was Rs. 100 in 1080, to-day fetches about 2,500 or 3,000. That is the position; and the rates go up in proportion. So, this is not a case in which the rates should be increased.

It is sought to be made that there should be an increase in a uniform manner. In that case smaller transactions are affected. There are also transactions which involve large amounts. I should have supported if the proposals were to affect transactions involving larger amounts. We may ask the rich people to contribute to the Exchequer without much difficulty. In respect of the small transactions the poor people are affected. I ask why this change should be introduced which would affect the poor. Again my submission is that we must view things differently. Because the rates are higher in Cochin, we should reach that level or because the rates are lower in Travancore, such rates should be followed—that should not be the criterion. There are 60 lakhs of people in Travancore and the rates are lower in this area. If the rates prevailing in Travancore are adopted the benefit of it will be spread over a good number of people; that should be the idea. After all we may get a few lakhs by way of this increase and we need not be reluctant to forego this income. For this reason I oppose the principle of the Bill.

**Sri. A. Nesamony:** Sir, I oppose this bill. The income of the budget under this head including the judicial stamps for 1124 is nearly 44 lakhs and the revised estimate seems to be somewhere near 42 lakhs so that I take it that by the introduction of the court fee and stamp bills income on these two heads is sought to be doubled to make up perhaps for the contemptated schemes of nationalisation of salt and other industries which the Government have in view. The increase that is now sought to be made affects more the poor than the rich. As was pointed out, the smaller transactions are taxed very heavily than bigger ones, proportionately. It is true that throughout the Bill the amount has been doubled. The incidence of this falls heavily upon the poor who deal in small transactions than upon the capitalists and industrialists who deal in lakhs. Secondly there are certain sections in the Bill itself

[Sri. A. Nesamony]

which make it unworkable. For example, there is a definition of the word "collector" which seems to be absolutely new. It is put in the place of Division Peishkar which was in the old law; and probably it is a pointer to something that is going to happen. I am aware that the Government can create any number of collectors by virtue of that definition. By the time this Act comes into force, or whenever it may be, collectors will have to be created. That means, by an executive act for the administration of the existing districts of Travancore terms have to be altered which would run contrary to the provisions that govern the powers of the present existing Division Peishkars who are themselves District Magistrates. By so doing, the Act by itself will become unworkable unless similar Acts are amended powers defined and made more specific so that it may become more workable. As is now proposed, mostly on the ground that the incidence of tax is very heavy on the poor, I oppose this Bill.

**The Hon'ble Sri. A. J. John :** I have already stated that the anticipated incomes from the Court Fees Bill and the Stamp Bill are included in the total revenue as is seen from the Budget. Without these incomes it is not possible to present a surplus budget. The Government though it highly necessary to present at least a balanced budget for the coming year. With this object in view these measures have been introduced. My friend Mr. Thanu Pillai was saying that if it is to make uniformity in the rates, the rates prevailing in Cochin could have been reduced, and such a rate being adopted as a uniform one. If we adopt such a course we may lose the income very heavily and whatever we have got will also be very low. Mr. Nesamony was saying that the anticipated revenue for the next year will be about 44 lakhs or so. I may inform him that the Cochin rates are already high and calculated on that basis the amount comes to 44 lakhs. This is the position so far as the Bills are concerned.

With these words I move that the Bill may be referred to a Select Committee consisting of the following members.—

Messrs.
1. A. Atchuthan
2. K. Sivarama Pillai
3. G. P. Neelakanta Pillai
4. Miss Accamma Cheriyan
5. Kunjurama Menon
6. V. Madhavan
7. N. P. Varghese
8. A. M. Thomas
9. G. Chandrasekhasa Pillai
10. A. Mohammad Mustafa
11. K. A. Gangadhara Menon (Attorney General).

**Sri. A. Nesamony :** Sir, on a point of order. Is this motion that the Bill be referred to a Select Committee in order without the leave of the House being granted to introduce the Bill?

**Mr. Speaker :** Under the rules for bills of this kind leave need not be asked for to introduce them. The member in charge of the Bill introduced the Bill and then moved for reference to a Select Committee. That is in order.

**Sri. A. Nesamony :** May I point out that the first motion was for asking leave of the House to introduce the Bill which we objected ?

**Mr. Speaker :** No leave to introduce the Bill was asked for. The member in charge introduced the Bill and moved that it be taken into consideration. Then he moved that the Bill be referred to a Select Committee consisting of members whose names he has already read out.

**The Hon'ble Sri. A. J. John :** The quorum of the Committee will be 4. The Select Committee will submit its report on the 16th August.

**The Honble Sri. E. Ikkanda Warrier :** I second the motion.

*The motion was put and carried*

## The United State of Travancore and Cochin Court Fees Bill

**The Hon'ble Sri. A. J. John :** I beg to introduce the Court Fees Bill. In doing so I wish to make the following observations.—

The subject of court fees is governed in the territory which was formerly the Cochin State by Act II of 1080 which was amended no less than 7 times in 1109, 1112, 1115, 1118, 1120

and twise in 1122, the last amendment being by Act XXIV of 1122. The Act in force in the territory which was formerly the Travancore State is Act VI of 1087 which was only twice amended during all these years. The amendment of 1105 was made in the Probate and Administration Act II of 1105 for the purposes of Probates of Wills and Letters of Administration. The other amendment which was by Act XIV of 1118 was of a minor character and merely required applications for copies of judgments, decrees and orders or other records also chargeable with fees. In the territory of Travancore, therefore, the court fees today continue to be what they were 37 years ago.

In Indian Court Fees Act VII of 1870 has been amended in its application to the various Provinces in India and the rates of *ad valorum* duty prevailing in the various Provinces are as follows.—

| | | | |
|---|---|---|---|
| Bengal | .. | | 8⅛ per cent |
| Behar and Orissa | .. | | 7½ per cent |
| Bombay | .. | | 7½ per cent |
| Central Provinces | .. | | 7½ per cent |
| Madras | .. | about | 11¼ per cent |
| Punjab | .. | | 11¼ per cent |
| United Provinces | .. | | 7½ per cent |
| and Orissa | .. | | 7½ per cent |

(*c*) Yes. That is why the matter has been referred to the Commissioner for necessary action.

ഡാക്ടർ മിസ്സിസ് ഫ്രാൻസിസ്: ഇതു ആളുകൾ കുടിക്കുന്ന വെള്ളമാണോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അതേ.

ഡാക്ടർ മിസ്സിസ് ഫ്രാൻസിസ്. അങ്ങനെയാണെങ്കിൽ ഈ ന്യൂയിസൻസ് തടയേണ്ടതല്ലേ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അതിനെക്കുറിച്ചു കാര്യമായി ചിന്തിക്കുന്നതാണ്.

മി. സ്പീക്കർ: അടുത്ത ചോദ്യം ചോദിക്കേണ്ട ആവശ്യമില്ല. അതുപോലൊരു ചോദ്യത്തിനു നേരത്തെ മറുപടി പറഞ്ഞതാണ്.

### TRAINING IN MIDWIFERY

***233. Sri. P. Gopalan:** Will the Hon'ble Minister for Medical be pleased to state:

(*a*) whether there are private institutions in Travancore to give training in midwifery;

(*b*) whether qualified hands from such institutions are eligible for Government service; and

(*c*) whether any such persons have been appointed in the Public Health Department?

**The Hon'ble Sry. Annie Mascarene:**

(*a*) Yes.

(*b*) No.

(*c*) No.

ശ്രീ. പി. ഗോപാലൻ: ഇങ്ങനെ പ്രൈവററ് ഇൻസ്റ്റിസ്റ്റ്യൂഷനിൽനിന്നും ട്രയിനിംഗ് കഴിഞ്ഞിട്ടുള്ളവരെ പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെണ്ടിൽ നിയമിച്ചിട്ടുണ്ടോ എന്ന് അന്വേഷണം നടത്താമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അന്വേഷണം നടത്താം.

ശ്രീ. കെ. എ. മാത്യു: ആവശ്യമുള്ള മിഡ്വൈഫുകൾ ഡിപ്പാർട്ടുമെണ്ടിൽ ഇല്ലാത്തതുകൊണ്ട് ഇങ്ങനെ Private ഇൻസ്റ്റിസ്റ്റ്യൂഷനിൽനിന്നും ട്രയിനിംഗ് കഴിഞ്ഞുവരുന്ന ആളുകളെ പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെണ്ടിൽ നിയമിക്കുന്ന വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കാമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ശ്രദ്ധ പതിപ്പിക്കാം.

ശ്രീ. പി. ഗോപാലൻ: ഈ ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് അംഗീകാരം കൊടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഇല്ല.

## INSPECTION OF ENGINES OF MOTOR BOATS

*234. **Sri. Eapen Arakkal:** Will the Hon'ble Minister of P. W. D. be pleased to answer the following questions:—

(*a*) do the Government know that passengers in boats are very often put to much inconvenience and delay on account of the engines of motor boats going out of order in many of the lines starting from Alleppey; and

(*b*) will the Government be pleased to have strict periodical examination of the engines of these motor boats and see that boats with unfit engines are thrown out of service until the engines are thoroughly repaired?

**The Hon'ble Sri. N. Kunjuraman:**

(*a*) No.

(*b*) Yes.

**Mr. Speaker:** Question number* 775 is covered by the answer given on 10th August 1949 to question number 220.*

## PROSECUTING INSPECTORS

*235. **Sri. E. P. Poulose:** Will the Hon'ble Premier be pleased to state.—

(*a*) whether applications were invited for appointments as Prosecuting Inspectors in Travancore this year;

(*b*) the number of Prosecuting Inspectors to be appointed as originally advertised;

(*c*) the number of candidates actually recommended by the Public Service Commissioner and

(*d*) the number of appointments made?

ശ്രീ. ഇ. പി. പൌലോസ്: മൂന്നുപേരെ മാത്രം പബ്ലിക്ക് സർവ്വീസ് കമ്മീഷണർ ശുപാർശ ചെയ്യാനുള്ള കാരണം?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടർമാരുടെ യോഗ്യതകൾ എല്ലാം നിറവേററിയിട്ടുണ്ടായിരുന്നതു മൂന്നു പേർ മാത്രമേ ഉള്ളു.

ശ്രീ. ഇ. പി. പൌലോസ്: ഡിപ്പാർട്ടുമെണ്ടിൽനിന്നും മൂന്നു പേർ എടുത്തതിനുശേഷമാണോ ഡിപ്പാർട്ടുമെണ്ടിൽ വേക്കൻസി ഉണ്ടായതു്?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അതിനുമുമ്പും വേക്കൻസികൾ ഉണ്ടായിരുന്നു. പിന്നീടു ഈ വേക്കൻസിയും ഉണ്ടായി.

The next Question No. *793 was not put as a similar question has already been answered'

## TRAVANCORE TAMIL AREA

*236. **Sri. R. K. Ram:** Will the Hon'ble Chief Minister be pleased to state whether the Government has given instructions to the Police to help rowdies in the Travancore Tamil Area in their activities if they join the Travancore Congress?

(Sri. D. Gnanasigamony put the question)

**The Hon'ble Sri T. K. Narayana Pillai:** No.

**Sri. D. Gnansigamony:** Has the Goveanment received any representation alleging such conduct on the part of the Police?

**Hon'ble Sri. T. K. Narayana Pillai:** Government have not received any such representation.

ஸ்ரீ. எ. சிதம்பரநாத நாடார்: விளவங்கோடு தாலூகாவில் நடந்திருக்கும் திருடுகளில் அந்த ஸ்டேஷன் இன்ஸ்பெக்டர் சதாசிவனும் சம்மந்தப்பட்டிருக்கிறாரென்று கவர்மென்டுக்குத் தெரியுமா?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തെക്കൻ തിരുവിതാംകൂറിൽ പല മോഷണങ്ങൾ നടന്നതായിട്ടും അതിൽ പല കേസ്സുകളും ഇൻസ്പെക്ടർ മി. സദാശിവൻ കണ്ടുപിടിച്ചിട്ടുള്ളതായും അറിയാം.

ஸ்ரீ. எ. சிதம்பரநாத நாடார்: அங்கேயுள்ளவர்களிடமிருந்து பங்கு வாங்கிக் கொண்டிருந்தாரென்று கவர்மென்டுக்குத் தெரியுமா?

---

* The number referred to is the number in the list of admitted questions.

**Sri. D. Gnanasigamony:** Are the Government aware of certain proceedings as per Criminal Procedure Code against certain notorious criminals have not been proceeded with?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവർമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

## DEVIKULAM COMMISSIONER

***237. Sri. R. K. Ram:** Will the Hon'ble Chief Minister be pleased to state whether the Government are aware that the Devikulam Commissioner is unnecessarily interfering with the legitimate rights of the Tamilians there? Is it the intention of the Government to repress the Travancore Tamil Nad Congress workers there?

(Sri. Chidambaranatha Nadar put the question)

**The Honble Sri. T. K. Narayana Pillai:** The answer is No.

**Sri. D. Gnansigamony:** Is he invested with the powers of the District Magistrate?

**The Hon'ble Sri. T. K. Narayana Pillai:** There is a proposal to invest him with magisterial powers.

**Sri. A. Nesamony:** What are the powers?

**The Hon'ble Sri. T. K. Narayana Pillai:** The powers are not yet particularly defined. I have said already that he is going to be invested with powers.

**Sri. A. Nesamony:** Has he been appointed there as Commissioner without any powers being invested on him?

**The Hon'ble Sri. T. K. Narayana Pillai:** Not with magisterial powers but he has been invested with other powers.

**Sri. A. Nesamony:** What powers under law has he been invested with?

**The Hon'ble Sri. T. K. Narayana Pillai:** I have already told that the powers are not defined.

**Sri. A. Nesamony:** May I bring to the notice of the Hon'ble Minister that his appointment is illegal?

**The Hon'ble Sri. T. K. Narayana Pillai:** According to Mr. Nesamony that may be so. But Government hold a different view.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്: അഡ്മിനിസ്ട്രേഷൻ പർപ്പസിനുവേണ്ടിയാണോ അദ്ദേഹത്തെ നിയമിച്ചത്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനുവേണ്ടി കൂടിയാണ്.

ஸ்ரீ. எ. சிதம்பரநாத நாடார்: தேவிகுளத்திலிருந்து Mr. சர்மா அவர்களைப் போகச் சொன்னது எந்தச் சட்டப்பிரகாரம் என்று சொல்லலாமா?

**Sri. A. Nesamony:** Has Devikulam been constituted into a separate district or a Commissioner's Province simply to provide appointment for Mr. N. S. Krishna Pillai?

**Mr. Speaker:** That question need not be answered.

## EXPORT OF CHILLIES

***238. Sri. P. Thanulingom Nadar:** Will the Honourable Minister for Customs or Civil Supplies be pleased to answer the following questions:—

(*a*) are Government aware that the Government of Madras have removed the ban on the export of chillies;

(*b*) may I know why the ban on the export of chillies from Travancore has not yet been removed;

(*c*) are Government aware that chillies produced in the neighbouring Nanguneri taluk were largely imported to Kottar in South Travancore and from there further exported to the distant business centres in the Madras Province such as Sivakasi, Virudhunagar, Dindikal, Tuticorin, Madras, etc.,

(*d*) are Government aware that because of the ban the merchants of Kottar are prevented from doing export business in chillies; and

(*e*) are Government aware that the said ban will dislocate the chilly business of Kottar and cause a loss of revenue to Government by way of Sales Tax and Income Tax?

**The Hon'ble Sahib Bahadur T. A. Abdulla:** (*a*) Yes.

(*b*) The ban has been removed.

(*c*, *d* & *e*) In view of the answer to part '*b*' no answer is necessary.

## ചേർത്തല മണൽ

*൨൩൯. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തല താലൂക്കിലെ മണൽകൊണ്ടു് എന്തെങ്കിലും ഒരു വ്യവസായം ചേർത്തലയിൽ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതയുണ്ടോ എന്നു ഗവമെ്മൻ്റു് ആലോചിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആലോചിക്കുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആലോചിച്ചിട്ടുണ്ടു്. പക്ഷെ വിജയപ്രദമെന്നു തോന്നിയിട്ടുള്ള ഒരു പദ്ധതിയും ഗവമെ്മണ്ടിൻെറ ശ്രദ്ധയിൽ വന്നിട്ടില്ല.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ആലുവായിലെ ഗ്ലാസ്സ്ഫാക്ടറിയുടെ ആവശ്യത്തിലേക്കായി ഈ മണൽ കൊടുക്കുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ടണ്ണിനു് ൫ ഉറുപ്പിക വിലക്കു് ഗ്ലാസ്സ് ഫാക്ടറിക്കു് മണൽ കൊടുക്കുന്നുണ്ടു്.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്സ്: ഈ മണ്ണു് ഇഷ്ടികയുണ്ടാക്കുന്നതിനു് കൊള്ളാവുന്നതാണോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതും അന്വേഷിച്ചിട്ടുണ്ടു്. എന്നാൽ അതിൽനിന്നും ഉണ്ടാക്കുന്ന ഇഷ്ടികയുടെ വില വളരെ കൂടിയിരിക്കുമെന്നുള്ളതുകൊണ്ടു് വിററഴിക്കാൻ പ്രയാസമാണെന്നു കണ്ടു. അതുകൊണ്ടു് അതും വിജയപ്രദമല്ലെന്നു തീരുമാനിക്കയാണു് ചെയ്തതു്.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്സ്: വളയുണ്ടാക്കാൻ കൊള്ളാവുന്നതാണോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതെപ്പററി അന്വേഷിക്കാം.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ആലപ്പി അൺഎംപ്ലോയിമെൻറ കമ്മററി ഈ മണൽ ഉപയോഗപ്പെടുത്തുന്നതിനെ സംബന്ധിച്ചു് എന്തെങ്കിലും റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. ഗംഗാധരമേനോൻ: ഗവമെ്മണ്ടിൽനിന്നും എന്തെല്ലാം അന്വേഷണങ്ങൾ ഇതേസംബന്ധിച്ചു നടത്തിയിട്ടുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇഷ്ടികയുണ്ടാക്കാൻ കൊള്ളാമോ എന്നന്വേഷിച്ചു നോക്കി. അതു പ്രായോഗികമല്ലെന്നാണു് കണ്ടതു്.

## COCHIN MOTOR TRANSPORT WORKERS CONGRESS

***240. Sri. P. K. Dewar:** Will the Hon'ble Chief Minister be pleased to state.—

(*a*) whether he or the Inspector-General of Police have received any complaints from the Cochin Motor Transport Workers Congress regarding alleged man-handling of two bus workers by the Sub-Inspector of Police in charge of Thevara Police Station and by a companion of the said Sub-Inspector at the Mattancheri Police Station on the 12th July 1949; and

(*b*) what action has been taken by the Government on the Matter?

**The Hon'ble Sri. T. K. Narayana Pillai:** (*a*) Yes.

(*b*) The District Superintendent of Police, Trichur, is enquiring into the matter.

ശ്രീ. പി. കെ. ഡീവർ: ഈ മാൻഹാൻഡിലിംഗിൻെറ സ്വഭാവം എന്തായിരുന്നു എന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മാൻഹാൻഡിലിംഗ് നടന്നു എന്നു പരാതി കിട്ടിയിട്ടുണ്ടെന്നല്ലാതെ അതിൻെറ സ്വഭാവം എന്താണെന്നു പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: അതിനെപ്പററി അന്വേഷിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചു. Man-handling ഉണ്ടായതായി അറിയാം. എന്നാൽ അതിൻെറ പൂർണ്ണസ്വഭാവം അറിയാൻ നിവൃത്തിയില്ല.

ശ്രീ പി കെ. ഡീവർ: അങ്ങനെ കംപ്ലയിൻറ ചെയ്തവർക്കു മറുപടി കൊടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

## മെഡിക്കൽ കോളേജ്

*൨൮൧. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ഈ ഗവമ്മെണ്ടിൽനിന്നും സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള മെഡിക്കൽ കോളേജ് എപ്പോൾ എവിടെ സ്ഥാപിതമാകുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

**The Hon'ble Sry. Annie Mascarene:** The college is proposed to be located at Oolloor, near the Sri Avittam Thirunal Hospital for children. According to present expectations, the college will be opened not later than 1951.

ശ്രീ. പി. നാണു: മെഡിക്കൽ കോളേജിന്റെ ജോലി ഇതുവരെ എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നടന്നിട്ടുള്ള പണി എന്താണെന്നു നോക്കിയാൽ അവിട്ടം തിരുനാൾ ആശുപത്രിയുടെ പണി ഏതാണ്ടു് പൂർത്തിയായിട്ടുണ്ടു്. കോളേജും അതിനോടനുബന്ധിച്ച ഹോസ്റ്റലുകളും പണിയിക്കുന്നതിന് പ്ലാനുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ബഡ്ജറ്റിനുശേഷം അതിന്റെ പണി ആരംഭിക്കുന്നതാണ്.

ശ്രീ. പി. നാണു: കോളേജു സ്ഥാപിക്കുന്നതിനു പൊന്നുംവിലക്ക് ഏതെങ്കിലും സ്ഥലം എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഉണ്ടു്.

ശ്രീ. പി. നാണു: അതിനെ സംബന്ധിച്ചു വല്ല എതിരഭിപ്രായവും ജനങ്ങളുടെ ഇടയിൽ ഉണ്ടോ എന്നറിയാമോ?

ബഹു ശ്രീ. ആനിമസ്ക്രീൻ: ഗവമ്മെണ്ടിന് അങ്ങിനെ അറിവില്ല.

ശ്രീ. പി. നാണു: ആരുടെ ചുമതലയിലാണ് ഇപ്പോൾ മെഡിക്കൽ കോളേജിന്റെ ജോലികൾ നടന്നുകൊണ്ടിരിക്കുന്നതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഡാക്ടർ കരുണാകരന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിററിയുടെ ചുമതലയിലാണ്.

ശ്രീ. പി. നാണു: ഇപ്പോൾ നടക്കുന്ന ജോലി എന്താണ്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അവിട്ടം തിരുനാൾ ആശുപത്രിയുടെ പൂർത്തീകരണം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: കോളേജിന് എത്ര രൂപ വേണമെന്നാണ് എസ്റ്റിമേററു ചെയ്തിട്ടുള്ളതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. ഡീവർ: കോളേജിന്റെ ഡിസയിൻ തയ്യാറാക്കികഴിഞ്ഞോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: കഴിഞ്ഞു.

ശ്രീ. പി. കെ ഡീവർ: ആരാണ് ഡിസയിൻ തയ്യാറാക്കിയതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഡാക്ടർ കരുണാകരനാണ്.

ശ്രീ. പി. കെ. ഡീവർ: ഈ ഗവമ്മെണ്ടിൽനിന്നും ഡിസയിൻ ഉണ്ടാക്കുന്നതിനായി പ്രത്യേക പരിശീലനത്തിന് ഒരാളെ അമേരിക്കയിൽ അയച്ചു വരുത്തിയിട്ടില്ലേ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: വിദഗ്ദ്ധന്മാരുടെ ഉപദേശം വാങ്ങിയിട്ടാണ് ഡിസയിൻ തയ്യാറാക്കിയിട്ടുള്ളതു്.

ശ്രീ. കെ. എ. മാത്യു: മെഡിക്കൽ കോളേജു ഡിസയിൻ ചെയ്യുന്നതിനു വെളിയിൽനിന്നും ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: പുറമെയുള്ള ചിലരുമായി കൺസൽട്ടു ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: അതിന് എന്തു പ്രതിഫലം കൊടുത്തു എന്നു പറയാമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്: ഈ കാളേജുകാര്യം ആരംഭിച്ചിട്ട് ഇപ്പോൾ എത്ര നാളായി?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഒരുകൊല്ലമായി.

ശ്രീ. എ. താണുപിള്ള: ഈ കോളേജിലെ വിദ്യാർത്ഥികളുടെ പരിശീലനത്തിനു് അവിട്ടം തിരുനാൾ ആശുപത്രിയാണോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അവിട്ടം തിരുനാൾ ആശുപത്രികൂടാതെ ഒരു ജനറൽ ആശുപത്രികൂടി ഉണ്ടായിരിക്കുന്നതാണു്.

ശ്രീ. എ. താണുപിള്ള: ആ ജനറൽ ആശുപത്രി ഇനി ഉണ്ടാക്കാൻ പോകുകയാണോ? അതോ ഈ അവിട്ടംതിരുനാൾ ആശുപത്രിതന്നെയാണോ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: ഒരു ജനറൽ ആശുപത്രി ഉണ്ടാക്കുന്നതാണു്.

ശ്രീ. എ. താണുപിള്ള: അപ്പോൾ പിന്നെ ഈ അവിട്ടംതിരുനാൾ ആശുപത്രിയും മെഡിക്കൽകോളേജും തമ്മിലുള്ള ബന്ധം എന്താണു്.

ബഹു. ശ്രീ. ആനിമസ്ക്രീൻ: സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയാണു് അവിട്ടം തിരുനാൾ ആശുപത്രി.

ശ്രീ. എ. താണുപിള്ള: കോളേജിനുവേണ്ടി ഇതുവരെ ആകെ എന്തു ചിലവായിട്ടുണ്ടു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അതിനു നോട്ടീസ്സുവേണം.

ശ്രീ. എ. താണുപിള്ള: എന്തു് ചിലവാകുമെന്നാണു് എസ്റ്റിമേററു ചെയ്തിരിക്കുന്നതു്?

ബഹു: ശ്രീ. ആനിമസ്ക്രീൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ആദ്യം തീരുമാനിച്ചിരുന്നതു് മാററി രണ്ടാമതു് അവിട്ടം തിരുനാൾ ആശുപത്രിയോടനുബന്ധിച്ചു മെഡിക്കൽകോളേജു തുടങ്ങണമെന്നു തീരുമാനിച്ചതിനുള്ള കാരണം എന്താണു്?

ബഹു: ശ്രീ. ആനിമസ്ക്രീൻ: ആ സ്ഥലം അതിനു നല്ലതാണെന്നു തോന്നിയതുകൊണ്ടാണു്.

ശ്രീ. എ. താണുപിള്ള: എന്തുകൊണ്ടാണു് ആ സ്ഥലം നല്ലതാണെന്നു് തോന്നിയതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: എക്സ്പർട്ട് ഒപ്പീനിയൻ അനുസരിച്ചാണു്.

ശ്രീ. എ. താണുപിള്ള: കോളേജു എവിടെ സ്ഥാപിക്കണമെന്നാണു് ആദ്യം തീരുമാനിച്ചതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഇപ്പോഴിരിക്കുന്ന ജനറലാശുപത്രിയോടു് അനുബന്ധിച്ചു് സ്ഥാപിക്കണമെന്നായിരുന്നു ആദ്യത്തെ നിശ്ചയം. എന്നാൽ അവിടത്തെ ജനബാഹുല്യംകൊണ്ടും, കാളേജു ദീർഘകാലം നിലനില്ക്കേണ്ട ഒരു സ്ഥാപനമാകകൊണ്ടും ആ സ്ഥലം അതിനു പററിയതല്ലെന്നു എക്സ്പർട്ട് ഒപ്പീനിയൻ ഉണ്ടായതനുസരിച്ചാണു് ഉള്ളൂർ അവിട്ടം തിരുനാൾ ആശുപത്രിയോടു് അനുബന്ധിച്ചു സ്ഥാപിക്കണമെന്നു തീരുമാനിച്ചതു്.

ശ്രീ. എ. താണുപിള്ള: കോളേജു് ഉള്ളൂർ സ്ഥാപിക്കണമെന്നു് അഭിപ്രായപ്പെട്ടവർ ആരാണു്.

ബഹു. ശ്രീ. ആനിമസ്ക്രീൻ: അതിനു നോട്ടീസുവേണം.

ശ്രീ. എം. ഐ. പോൾ: സർ, ചോദ്യോത്തരവേളയിൽ ആദ്യമായി എഴുന്നേററു നില്ക്കുന്ന മെമ്പർക്കു് മുൻഗണന നൽകിയാൽ കൊള്ളാം.

മി. സ്പീക്കർ: ഇതിനു മുമ്പും മെമ്പർ ഇതേപ്രശ്നം തന്നെ ഉന്നയിക്കുകയും അപ്പോൾ അതിനു ഞാൻ ഒരു തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ടു്. എഴുന്നേററു നിന്നാൽ മാത്രം പോരാ? അതു സ്പീക്കറുടെ ദൃഷ്ടിയിൽപ്പെട്ടാൽ മാത്രമെ മുൻഗണന നൽകാൻ സാദ്ധ്യമുള്ളൂ?

ശ്രീ. ശങ്കരനാടാർ: ഒരു മെമ്പർക്കു് എത്ര ഉപചോദ്യങ്ങൾ ചോദിക്കാൻ അവകാശമുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: എത്ര എന്നു് റൂളിൽ ക്ലിപ്തപ്പെടുത്തിയിട്ടില്ല

മിസിസ്സ് ഡി. ഫ്രാൻസിസ്സ്: ഈ കോളേജ് സ്ഥാപനത്തിന് ഏതെങ്കിലും സ്പെഷ്യൽ ആഫീസറന്മാരെ അപ്പോയിൻറു ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഒരു കമ്മററിയെയാണ് അപ്പോയിൻറു ചെയ്തിട്ടുള്ളതു്.

മിസിസ്സ് ഡി. ഫ്രാൻസിസ്സ്: ആ കമ്മററി എന്തെല്ലാം ജോലികളാണ് ചെയ്യുന്നതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അവിട്ടംതിരുനാൾ ആശുപത്രിയുടെ ജോലികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ പുതുതായി എടുത്ത സ്ഥലത്തു് കെട്ടിടങ്ങൾ കെട്ടുന്നതിനും മററും പ്ലാനുകൾ തയ്യാറാക്കുന്നുമുണ്ടു്.

മിസിസ്സ് ഡി. ഫ്രാൻസിസ്സ്: ആ കമ്മററിയിൽ മെഡിക്കൽ സംബന്ധമായ പരിജ്ഞാനമുള്ളവർ ആരെങ്കിലുമുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഉണ്ടു്.

ശ്രീ, കെ. കെ. ചെല്ലപ്പൻപിള്ള: എത്രപേർക്കാണ് കോളേജിൽ പ്രവേശനം നൽകാൻ ഉദ്ദേശിക്കുന്നതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: നൂറു പേർക്ക്.

ശ്രീ. പി. കെ. ഡീവർ: ഈ കാളേജിൻെറ ലൊക്കേഷനെ സംബന്ധിച്ചു് റിട്ടയാർഡ് ഡർജൻജനറൽ ശ്രീ. കെ. പി. രാമൻപിള്ള പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്താവന ഗവമ്മെണ്ടിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: പെട്ടിട്ടുണ്ടു്.

ശ്രീ. പി. കെ. ഡീവർ: അതിനെപ്പററി ഗവമ്മെണ്ടു് ആലോചിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഉണ്ടു്.

ശ്രീ. പി. കെ. ഡീവർ: അതിന്മേൽ ഗവമ്മെണ്ടു് എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ആ കാര്യം ഇപ്പോഴത്തെ കമ്മററിയുടെ പ്രസിഡണ്ടിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: ഇവിടത്തെ കോൺഗ്രസ്സ് പാർട്ടിയുടെ ലക്ഷ്യം ഐക്യകേരളമായതുകൊണ്ടു ഐക്യകേരളം വരുമ്പോൾ അതിൻെറ മദ്ധ്യഭാഗത്തായിരിക്കത്തക്കവണ്ണം എവിടെയെങ്കിലും ഒരു സ്ഥലത്തു് കാളേജു സ്ഥാപിക്കുന്നതിന് ആലോചിക്കുമോ?

മി. സ്പീക്കർ:, ആ ചോദ്യം ഉദിക്കുന്നില്ല.

ഡാ. മിസിസ്സ് ഫ്രാൻസിസ്സ്: ആ കമ്മററിയുടെ റിപ്പോർട്ടു് അനുസരിച്ചായിരിക്കുമോ അവസാന തീരുമാനമെടുക്കുന്നതു്?

## SANITARY INSPECTORS IN KUTTANAD AREA

*242. **Sri. Varghese Augustine:** Will the Hon'ble Minister for Public Health be pleased to state—.

(*a*) the number of Sanitary Inspectors in Kuttanad area;

(*b*) the nature of work they are expected to do; and

(c) the facilities of travel sanctionad to them to reach the distant quarters of their juaisdiction?

**The Hon'ble Sry. Annie Mascarene:** (*a*) There are 13 Sanitary Inspectors in Ambalapuzha Taluk, one for each Pakuthy. The Pakuthies of Thalavadi, Kozhimukku, Thakazhi, Nedumudi, Champakkulam, Pulimkunnu and Kainakarai are considered to be falling within the Kuttanad area. There are no Sanitary Inspectors in those portions of Kuttanad which are in other Taluks.

(*b*) Vaccination, prevention of edidemics, Registration of Vital Statistics, and propaganda on Public Health subjects.

(c) They are given P. T. A. at Rs. 5 with a temporary increase of 20 per cent.

ശ്രീ. കെ. എ. മാത്യു: ഈ അഞ്ചുരൂപ അവർക്കു് ആ പ്രദേശം മുഴവനും സഞ്ചരിക്കുന്നതിന് മതിയാകുമെന്നാണോ വിചാരിക്കുന്നതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഇപ്പോൾ ഇരുപതുശതമാനംകൂടി കൂട്ടിക്കൊടുത്തിട്ടുണ്ടു്.

## സംയോജനക്കമ്മററി റിപ്പോർട്ട്

***243.** സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംയോജനക്കമ്മററിയുടെ റിപ്പോർട്ട് ഈ ഗവമ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു പരസ്യപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

(സി) ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം അതേപടി ഈ ഗവമ്മെണ്ട് സ്വീകരിക്കേണ്ടതാണെന്ന് എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ട്.

(ബി) അതിനെപ്പററി ഗവമ്മെണ്ട ചിന്തിച്ചുകൊണ്ടിരിക്കുകയാണ്.

(സി) അങ്ങിനെ ഒരു വ്യവസ്ഥയും ചെയ്തിട്ടില്ല.

ശ്രീ. എ. താണുപിള്ള: അതു പരസ്യപ്പെടുത്തുന്നതിനു ഇത്ര വളരെ ആലോചിക്കുന്നതിന് കാരണമെന്താണ്. ഗവമ്മെണ്ടിനു വല്ല തടസ്സവുമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: യാതൊരു തടസ്സവുമില്ല. പ്രത്യേകിച്ച് കാരണവുമില്ല.

ശ്രീ. എ. താണുപിള്ള: പിന്നെ ഉടൻതന്നെ പരസ്യപ്പെടുത്തരുതോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നത്രവേഗം പരസ്യപ്പെടുത്തണമെന്നാണ് ഗവമ്മെണ്ട് വിചാരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: അങ്ങിനെയാണെങ്കിൽ നാളത്തെ മീററിങ്ങിൽ ഈ സഭയിൽ അതു ഹാജരാക്കാമോ എന്നു ഞാൻ ചോദിക്കുന്നു.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ഉത്തരം ഞാൻ പറഞ്ഞു കഴിഞ്ഞു. കഴിയുന്നത്ര വേഗത്തിൽ ഹാജരാക്കാമെന്നാണ് ഉത്തരം.

ശ്രീ. എ. താണുപിള്ള: എന്റെ ചോദ്യം നാളെ ഹാജരാക്കാമോ എന്നാണ്. ഇല്ലെങ്കിൽ 'ഇല്ല' എന്നു് പറഞ്ഞാൽ മതിയല്ലൊ.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മറുപടി ഏതുവിധത്തിലാണ് പറയേണ്ടതെന്നു് ഞാനാണ് നിശ്ചയിക്കേണ്ടതു്. കഴിയുന്നത്ര വേഗത്തിൽ അതു ഹാജരാക്കാമെന്നാണ് എനിക്കു പറയാനുള്ളതു്.

**Sri. D. Gnanasigamony:** Will it be published before it becomes useless for this Assembly?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: യൂസ്സ്ലസ്സ് ആകുമോ യൂസ്ഫുൾ ആകുമോ എന്നുള്ളതു് അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണ്.

## നഗരസഭകളിലെ നികുതിഭാരം

*൨൪൪. സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പല നഗരസഭകളും ദുർവഹമായ ഭൂനികുതിയും മററും ചുമത്തുന്നതിനെ സംബന്ധിച്ചു പൊതുജനങ്ങളിൽനിന്നും ഗവമ്മെണ്ടിനു പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ടെന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ഉണ്ട്.

(ബി) ആ പരാതികൾ ആവശ്യമായ നടപടികൾക്കു അതാതു മുനിസിപ്പൽ കൌൺസിലുകളിലേക്കു അയച്ചിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: ഇങ്ങിനെയുള്ള നികുതികൾ ചുമത്താൻ ഗവമ്മെണ്ടിന്റെ അനുവാദം കൂടാതെ നഗരസഭക്കു അവകാശമുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഗവമ്മെണ്ടിൽനിന്നും നിശ്ചയിച്ചിട്ടുള്ള മാക്സിമത്തിനുള്ളിലാണ് അവർ നികുതികൾ ചുമത്തിയിട്ടുള്ളതു്.

ശ്രീ. കെ. എ. മാത്യു: നികുതിഭാരം വളരെ ദുസ്സഹമാണെന്നു പരാതി ഉണ്ടായാൽ അതു പുനരാലോചിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കാൻ ഗവമ്മെന്റിനു് അവകാശമില്ലേ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇതുസംബന്ധിച്ചു് ഒരു സംഗതി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. മുനിസിപ്പാലിറ്റികളെല്ലാം സ്വയംഭരണസ്ഥാപനങ്ങളാണു്. ഗവമ്മെണ്ടു കഴിയുന്നതും ആ സഭകളുടെ അധികാരാതൃത്തിയിൽ കൈകടത്താതിരിക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്. അതുകൊണ്ടു് അത്യാവശ്യമുണ്ടെങ്കിൽ അല്ലാതെ ഗവമ്മെണ്ടു ഈ വക കാര്യങ്ങളിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നില്ല.

ഇതുപോലുള്ള ചോദ്യങ്ങൾ മുനിസിപ്പൽ കൌൺസിലുകളിൽ അവിടുത്തെ മെമ്പർമാർ ചോദിക്കാവുന്നതാണു്. അതിന്റെ പരാതികൾക്കുള്ള പരിഹാരവും അവിടെനിന്നും ഉണ്ടാക്കാവുന്നതാണു്. ഗവമ്മെണ്ടു് ഇതെല്ലാം സൂക്ഷിച്ചുകൊണ്ടിരിക്കുകയേയുള്ളു. അത്യാവശ്യം ഉണ്ടെന്നു തോന്നിയാൽ മാത്രമേ ഗവമ്മെണ്ടു സ്വയംഭരണസ്ഥാപനങ്ങളുടെ കാര്യത്തിൽ ഇടപെടുകയുള്ളു.

### പുകയില കുത്തകലേലം

*൨൪൫. സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട എക്സൈസുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുകയില കുത്തക ഏർപ്പെടുത്തുകയും വില്പന അവകാശം ലേലംചെയ്തു കൊടുക്കുകയും ചെയ്യു സ്ഥിതിക്കു് ഇപ്പോൾ നിലവിലിരിക്കുന്ന പുകയില ഇറക്കുമതി തീരുവ നിറുത്തലാക്കുവാൻ ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉടനടി അതിനുവേണ്ട നടപടികൾ ആരംഭിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഇറക്കുമതി ചുങ്കം നിറുത്തേണ്ടതായിവന്നേയ്ക്കുമെന്നു ഗവമ്മെണ്ടു് ൧൯൪൯ ജൂലായി ൧൨-ാം പരസ്യംചെയ്ത പ്രസ്സുനോട്ടിൽ സൂചിപ്പിച്ചിട്ടുള്ളതിൽ കൂടുതലായി ഒന്നും പറയാറായിട്ടില്ല.

(ബി) ഈ സംഗതി ഗവമ്മെണ്ടു് ആലോചിച്ചുവരുന്നുണ്ടു്.

(ചോദ്യോത്തരത്തിനുള്ള സമയം അവസാനിച്ചു)

## Written Answers

### INLAND CUSTOMS

**246. Sri. A. K. George:** Will the Hon'ble Minister for Excise be pleased to state.—

(*a*) are the inland customs now levied at the borders of the United State only a temporary measure; and

(*b*) if so, how long are they going to exist?

**The Hon'ble Sri. N. Kunjuraman:**

*(*a*) It is expected to be a temporary measure.

(*b*) Not posible to say now.

### POLITICAL PRISONERS

**247. *Sri. N. Daniel Jose:** Will the Hon'ble Minister for Law and Order be pleased to state.—

(*a*) the number of prisoners detained on political grounds; and

(*b*) the number of political prisoners among them who did not get a trial?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) 29.

(*b*) 29.

### തിരുവിതാംകൂർ-കൊച്ചി യൂണിയൻ മന്ത്രിസഭാംഗങ്ങളുടെ ഇപ്പോഴത്തെ എണ്ണത്തെപ്പററിയുള്ള നിർദ്ദേശങ്ങൾ

൨൪൮. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി മന്ത്രിസഭാംഗങ്ങളുടെ ഇപ്പോഴത്തെ എണ്ണം കുറവു ചെയ്യുവാൻ പബ്ലിക്കിന്റെ നിർദ്ദേശങ്ങൾ എന്തെങ്കിലും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ സ്വഭാവം എങ്ങനെ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ലാ.

(ബി) ചോദ്യം ഉദിക്കുന്നില്ലാ.

തിരുവിതാംകൂർ-കൊച്ചി മന്ത്രിസഭാംഗങ്ങളുടെ വർദ്ധനവ്

൨൪൯. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി യൂണിയൻ മന്ത്രിസഭാംഗങ്ങളുടെ ഇപ്പോഴത്തെ എണ്ണം വർദ്ധിപ്പിക്കുവാൻ പബ്ലിക്കിന്റെ നിർദ്ദേശങ്ങൾ എന്തെങ്കിലും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ സ്വഭാവം എങ്ങനെ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സാമ്പത്തിക സംയോജനം

൨൫൦. സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കേന്ദ്രഗവമ്മെണ്ടുമായുള്ള സാമ്പത്തിക സംയോജനംമൂലം സാമ്പത്തികമായി ഈ ഗവമ്മെണ്ടിനു ലാഭമൊ നഷ്ടമൊ ഉണ്ടായിട്ടുള്ളതു്;

(ബി) ഈ വർഷത്തിൽ (൧൧൨൪-ൽ) ആകെ ഉണ്ടാകുമെന്നു കണക്കാക്കപ്പെട്ടിട്ടുള്ള ലാഭമൊ നഷ്ടമൊ എത്ര എന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ:

(എ) സാമ്പത്തികസംയോജനം ഇതുവരെ നടപ്പിൽ വന്നിട്ടില്ലാത്തതിനാൽ ഈ ഗവമ്മെണ്ടിനു ലാഭമൊ നഷ്ടമൊ ഉണ്ടായിട്ടുള്ളതു് എന്ന പ്രശ്നം ഉദിക്കുന്നില്ലാ.

(ബി) സാമ്പത്തിക സംയോജനത്തിന്റെ വിശദാംശങ്ങൾ ഇനിയും തീർച്ചപ്പെടുത്തിയിട്ടില്ലാത്തതിനാൽ ലാഭനഷ്ടത്തിന്റെ ശരിയായ തുക കണക്കാക്കപ്പെട്ടിട്ടില്ല.

### COMPANY ACCOUNTS

**251. *Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) whether the Goverment have appointed an auditor to audit the accounts of these companies in which Government have taken shares;

(*b*) if the answer to (*a*) is in the affirmative, the name of the officer with his qualification and the date of appointment;

(*c*) the names of the companies audited by him up to 15th Karkadagam 1124;

(*d*) whether any report has been submitted; and

(*e*) if so, will the Government be pleased to place the same on the table?

**The Hon'ble Sri. A. J. John:**

(*a*) Yes.

(*b*) Sri. M. G. Achyuthan Nayar, B.Com., Training in Commercial and Technical education in United Kingdon—Practical experience in auditing of commercial concerns and regular audit in the Accountant General's Office for about 15 years. 30th Kanni 1124 afternoon.

(*c*) Vijayamohini Mills, Trivandrum.
Balaramavarma Textiles, Trivandrum.
West Coast Fisheries, Trivandrum.
Plywood Factory, Punalur.
Travancore Rubber Works, Trivandrum.
Travancore Steam Navigation Co., Trivandrum.
Travancore Electro Chemical Industries, Chingavanam.
Travancore Cements, Kottayam.
Forest Industries (Travancore), Neeleswaram.

(*d*) Yes.

(*e*) The audit reports are of a confidential nature.

കൊല്ലം എറണാകുളം റെയിൽവെ

൨൫൨. സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലത്തുനിന്നും എറണാകുളത്തേക്കു റെയിൽവെ തുറക്കുന്നതു സംബന്ധിച്ച് ഇൻഡ്യാഗവൺമെണ്ടുമായി എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പണി എപ്പോൾ ആരംഭിക്കുമെന്ന് പ്രസ്താവിക്കുമോ;

(സി) ഈ ലൈൻ സമുദ്രതീരത്തുകൂടിയാണൊ അതോ, ഉൾനാടുകളിൽ കൂടിയാണൊ എന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) ക്ലിപ്തമായി പറയുവാൻ തരമില്ല.

(സി) ഉൾനാടുകളിൽകൂടിയെന്നാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളതു്.

**NATIONALISATION OF WATER TRANSPORT**

**253. *Sri. N. Daniel Jose:** Will the Hon'ble Minister for Transport be pleased to state wheter the Government have any plan to nationalise motor boat transport and if so, when is it to be implemented?

**The Hon'ble Sri. E. John Philipose:**

Not at present.

യൂണിയൻ കമ്മിററി റിപ്പോർട്ടുകൾ

൨൫൪. ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട യൂണിയൻ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) യൂണിയൻ സംബന്ധിച്ച് ഉത്ഭവിച്ചതായ കമ്മിററിയുടെ റിപ്പോർട്ടുകൾ ഇതേവരെയായിട്ടും പരസ്യം ചെയ്തുകാണാത്തതിന്റെ സംഗതിയെന്താണ്;

(ബി) അപ്രകാരമുള്ള റിപ്പോർട്ടു പൊതുജനങ്ങളുടെ അറിവിൽ പെട്ടതിനുശേഷമല്ലേ യൂണിയൻ ഉത്ഭവിക്കേണ്ടതു്;

(സി) യൂണിയൻ ചടങ്ങുകൾ തീർന്നുപോയിട്ടും സ്വകാര്യമായി സൂക്ഷിച്ചിരിക്കുന്ന റിപ്പോർട്ടു ഇനിയെങ്കിലും പരസ്യം ചെയ്യാൻ ഗവൺമെണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അതിനെപററി ആലോചിക്കുന്നു.

(ബി) വേണമെന്നില്ല.

(സി) റിപ്പോർട്ടു പരസ്യം ചെയ്യുന്നകാര്യം ഗവൺമെണ്ടു ചിന്തിച്ചുകൊണ്ടിരിക്കുകയാണ്.

**EXTENSION OF CEMETERY**

**255. *Sri. C. V. Iyyu:** Will the Hon'ble Minister for Revenue be pleased to state,—

(*a*) whether the Government of Cochin have received a stamped petition from the Rev. Father Ipe Mathai Kathanar Vicar Arthat Simhasana Church in Arthat Villags Desom, Kunnamkulam dated 17th July 1949 or on some adjoining dates appealing against one of the orders of the Diwan Peishkar and requesting the Government to order for revaluation by the present Talappalli Tahsildar certain sites ordered to be acquired by the Government for purpose of the extension of an existing cemetery; and

(*b*) if so, what is the stage at which that petition now stands?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Yes.

(*b*) The petition has been rejected.

## ADJOURNMENT MOTIONS

മി. സ്പീക്കർ: ചില അടിയന്തിര പ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്.

"സ്വാതന്ത്ര്യദിനമായ ഇന്നലെ, നമ്മുടെ പ്രധാനമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള അവർകൾ ചെയ്ത പ്രക്ഷേപിണി പ്രസംഗത്തിന്റെ വെളിച്ചത്തിൽ ഭക്ഷ്യസാധനങ്ങൾ സംബന്ധിച്ച് ൫ ശതമാനം കമ്മിയായ കൊച്ചി-തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിലെ

[Mr. Speaker]

ജനങ്ങൾക്ക് ൧൦ ശതമാനം മാത്രം കമ്മിയുള്ള ഇൻഡ്യാ യൂണിയനിലെ ഇതരപ്രദേശങ്ങൾ ൧൯൫൧-ൽ സ്വയം പര്യാപ്തമായി തീരുന്നതിനോടൊപ്പം, സ്വയം പര്യാപ്തതകൈവരുത്താനുള്ള ആസന്നവും ഉൽക്കണ്ഠാകുലവുമായ ഒരു പ്രധാന പൊതുവിഷയത്തെ ചർച്ചചെയ്യാൻ ഈ സഭാനടപടികൾ നിറുത്തിവയ്ക്കണം." ഇതാണ് പ്രമേയങ്ങളിൽ ഒന്ന്.

ചട്ടമനുസരിച്ച് ഇതു ഒരു അടിയന്തിരപ്രമേയമായി അനുവദിക്കത്തക്കതല്ല.

**Sahib Bahadur Abdul Razak:** Sir, who has sent that?

**Mr. Speaker:** Mr. K. H. Sulaiman has sent it. Mr. M. I. Paul has sent in another.

'To discuss about the disabilities caused to the members of the Legislative Assembly regarding the execution of their duties in the Assembly properly'.

ഇതിൽപറയുന്ന അവശതകൾ എവിടെയാണെന്ന് വ്യക്തമാക്കികാണുന്നില്ല. ഈ അസംബ്ലിഹാളിനകത്തുവച്ച് ഉണ്ടാകുന്ന അവശതകളാണെങ്കിൽ അതിന്റെ ചുമതല ഗവമ്മെണ്ടിനല്ല. കൂടാതെ ഇത് അടുത്തുനടന്ന ഒരു സംഭവത്തെകുറിക്കുന്നതുമല്ല. അതുകൊണ്ട് ഈ അടിയന്തിരപ്രമേയം സ്വീകരിക്കാൻ പാടുള്ളതല്ല.

**Mr. Speaker:** There is another adjournment motion from Mr. M. I. Paul.

"To discuss the dire necessity to take the opinion of the Assembly to set up a consolidated programme for the speeches on the cut motions as the time allotted is too short to cover the same and as many of the members have sent in several cut motions".

ഇത് ഒരടിയന്തിരപ്രമേയമായി അസംബ്ലിയിൽ വാദപ്രതിവാദത്തിനു എടുക്കേണ്ട വിഷയമല്ല.

Mr. K. A. Achuthan has sent in an adjournment motion.

"To discuss on the urgent necessity of giving protection to nearly 9,000 paras of paddy fields on the western side of Cherai, Ayyampilly and Kuzhuppilly of the Vypeen Island from the terrible destruction caused to the said paddy fields *for the past two weeks* from sea-erosion in the light of the great shortage of foodgrains in the United State of Travancore and Cochin".

Apart from the question of the admissibility or otherwise of this motion it is desirable to know what information the Government is in a position to supply to the House on this matter.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനെ സംബന്ധിച്ച് ഇപ്പോൾമാത്രമാണ് പകർപ്പ് ഗവമ്മെണ്ടിനു കിട്ടിയിട്ടുള്ളതു. ഇതിനുമുമ്പ് ഇങ്ങനെ ഒരു സീഎറോഷൻ ഉണ്ടാവുകയും അതേസംബന്ധിച്ച് ഒരടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിക്കയും ഉണ്ടായിട്ടുണ്ട്. അന്നുതന്നെ സ്ഥലത്തുപോയി വിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ടുചെയ്യുവാൻ എക്സിക്യൂട്ടീവ് ഇഞ്ചിനിയർക്ക് അടിയന്തിരമായി ഒരു കമ്പിസന്ദേശവും അയക്കുകയുണ്ടായി. അദ്ദേഹം സ്ഥലത്തുപോയി നോക്കി എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതു. അദ്ദേഹത്തോട് എത്രയുംവേഗം റിപ്പോർട്ടയക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആ റിപ്പോർട്ട് ഗവർമ്മെണ്ടു പ്രതീക്ഷിച്ചുകൊണ്ടിരിക്കയുമാണ്. സീഎറോഷൻ അത്ര എളുപ്പത്തിൽ നിറുത്താവുന്നതല്ല. അതിലേക്കു ഗ്രാവൽ ഇറക്കുകയും മററു രക്ഷാവ്യവസ്ഥകൾ ചെയ്യുകയും ചെയ്യേണ്ടതായിട്ടുണ്ട്. അതിലേക്കാവശ്യമായ സത്വര നടപടികൾ ഗവമ്മെണ്ടു കൈക്കൊള്ളുന്നതാണെന്നു ഞാൻ ഉറപ്പുനൽകിക്കൊള്ളുന്നു. കൃഷിക്കു് ഉപദ്രവമുണ്ടാക്കണമെന്നോ അങ്ങിനെ അവരിൽനിന്നും ഗവമ്മെണ്ടിനോ പൊതുജനങ്ങൾക്കോ ലഭിക്കുന്ന കാർഷികവിഭവങ്ങളെ ഇല്ലാതാക്കണമെന്നോ ഗവമ്മെണ്ടിനു ആഗ്രഹമില്ലെന്നു ഞാൻ പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. സീഎറോഷൻ പെട്ടെന്നുണ്ടാകുന്നതും തടുക്കുവാൻ പ്രയാസമായതും ആണ്. അതുകൊണ്ട് അതിനെ തടയുന്നതിനു സ്ഥായിയായ നടപടികൾതന്നെ ഗവമ്മെണ്ടു സ്വീകരിക്കേണ്ടിയിരിക്കുന്നു.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറ ആഫ് ആർഡർ. ബഹു. പ്രധാനമന്ത്രി ഇപ്പോൾചെയ്യുന്ന പ്രസ്താവന ഏതടിയന്തിരപ്രമേയത്തെ സംബന്ധിച്ചാണെന്നു മനസ്സിലാകുന്നില്ല. ഒരടിയന്തിരപ്രമേയം ആർഡറിലാണോ അല്ലയോ എന്നറിയുന്നതിനുമുമ്പ് അതു സംബന്ധിച്ച് പ്രസ്താവനകൾ അനുവദിക്കാവുന്നതാണോ? അതോ ഈ അടിയന്തിരപ്രമേയം ആർഡറിലാണെന്ന് മനസ്സിലാക്കട്ടെയോ?

മി. സ്പീക്കർ: ഒരടിയന്തിരപ്രമേയം ആർഡറിലാണോ അല്ലയോഎന്നു നിശ്ചയിക്കുനാതിന് ആരായുന്ന പലമാർഗ്ഗങ്ങളിൽ ഒന്ന് അതിൽ അടങ്ങിയിരിക്കുന്ന സംഗതികളുടെ നി

സ്ഥിതിയെപ്പററിനോക്കുക എന്നുള്ളതാണ്. അതിലേക്കുള്ള വിവരങ്ങൾ ഗ്രഹിക്കുന്നതിനു വേണ്ടി ബഹു: മന്ത്രിയുടെ പ്രസ്താവന ആവശ്യപ്പെടാവുന്നതാണ്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ സീഎറോഷനെ തടയുന്നതിന് വേണ്ട എല്ലാ നടപടികളും കഴിയുന്നത്ര വേഗത്തിൽ ഗവമ്മെണ്ട് നടത്തുന്നതാണെന്ന് ബഹു. മെമ്പറന്മാക്ക് ഉറപ്പുനൽകുന്നതിനു ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

**Mr. Speaker:** Does the Hon'ble Member propose to ask for leave to move the the motion.

ശ്രീ. കെ. എ. അച്ചുതൻ: ബഹു. പ്രധാനമന്ത്രി നൽകിയ ഉറപ്പിനെ ആസ്പദമാക്കി ഞാൻ എന്റെ അടിയന്തിരപ്രമേയം മൂവ് ചെയ്യണമെന്ന് വിചാരിക്കുന്നില്ല.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറ് ആഫ് ആർഡർ, അടിയന്തിരപ്രമേയം ഇവിടെ കൊണ്ടുവന്നാൽ അതു് അടിയന്തിരപ്രമേയമായി എടുക്കാമോ, അതാർഡറിലാണോ അല്ലയോ എന്ന് അറിയുന്നതിനുവേണ്ടി ഫാക്റ്റ്സ് ഗാതർ ചെയ്യുന്നതിനു ഞങ്ങൾ സമ്മതിച്ചിരിക്കുന്നു. അങ്ങിനെ അതിനാവശ്യമായ ഫാക്റ്റ്സ് കിട്ടിക്കഴിഞ്ഞാൽ അടുത്തതായി അതാർഡറിലാണോ അല്ലയോ എന്ന് സ്പീക്കർ തീരുമാനിക്കുകയല്ലേ വേണ്ടതു്?

ശ്രീ. പി. നാണു: സർ, ഇതു് ഒരു പോയിൻറ് ആഫ് ആർഡർ ആണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതു് ഒരു പോയിൻറ് ആഫ് ആർഡറാണോ അല്ലയോ എന്നുള്ള പ്രശ്നത്തിന്റെ തീരുമാനത്തിൽ പ്രവേശിക്കാതെതന്നെ ഞാൻ അതിനെ ഒരു പോയിൻറ് ആഫ് ആർഡറായിട്ട സ്വീകരിച്ചിരിക്കുന്നു. അടിയന്തിരപ്രമേയം കൊണ്ടുവന്ന ബഹു. മെമ്പർക്കു ഹൗസിന്റെ അനുവാദം കൂടാതെതന്നെ അതു "മൂവുചെയ്യുന്നില്ല" എന്നു പറയുന്നതിനു പൂർണ്ണഅവകാശം ഉണ്ടു്. അതിനുശേഷം ആ പ്രമേയം സ്വീകാര്യമായിരുന്നോ എന്നു നിർണ്ണയിക്കേണ്ട ആവശ്യം ഇല്ല.

അടുത്ത അടിയന്തിരപ്രമേയത്തിന്റെ വിഷയം ഇതാണ്.—

"The grave situation that has arisen due to the infringement of the liberty of a subject violation of the fundamental right of a citizen to hold peaceful and non-violent processions and carry on propaganda by the usual means by the Police by illegally barring the way of a peaceful and non-violent procession of Kisans belonging to the "Kisan Workers' Union" in the public road near the S. M. V. School buildings where the Chief Minister was addressing a meeting on the 31st of Karkadagam".

This evidently refers to an action of the Police. The Police in the discharge of their official duties are entitled to regulate traffic and processions on the road. There is not even an indication in the statement that they really exceeded their powers in doing what they are alleged to have done.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, പോലീസുകാർ ചെയ്യാൻ അധികാരമില്ലാത്ത ഒരു കാര്യമാണ് അവർ ചെയ്തിട്ടുള്ളതു്. സമാധാനപരമായി റോഡെ പോകുന്നവരെ തടയുന്നതിനുള്ള അവകാശം പോലീസുകാർക്ക് ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. സമാധാനപരമായ ഒരു ഘോഷയാത്രയെ പൊലീസുകാർ തടഞ്ഞുനിറുത്തി എന്ന ഏററവും ഗുരുതരമായ പരിതസ്ഥിതിയെ പരിഗണിച്ചാണ് ഈ അടിയന്തിരപ്രമേയം കൊണ്ടുവന്നിട്ടുള്ളതു്.

മി. സ്പീക്കർ: പൊലീസുകാർക്ക് ചെയ്യാൻ അധികാരമുള്ളതാണോ, അധികാരത്തിൽ കവിഞ്ഞുള്ളതാണൊ അവർ ചെയ്തതെന്നുള്ളതിനെപ്പററി ഈ അടിയന്തിരപ്രമേയത്തിൽ വ്യക്തമായിട്ട് ഒന്നും പറഞ്ഞിട്ടില്ല. ഈ അടിയന്തിരപ്രമേയവും സ്വീകരിക്കത്തക്കതല്ല.

"ഫെബ്രുവരിയിൽ ഉണ്ടായ കോൾകൃഷി ഉണക്കത്തെസംബന്ധിച്ചു കൃഷിക്കാർ ചെയ്തിട്ടുള്ള നിവേദനത്തിന്മേൽ ഗവമ്മെണ്ടിന്റെ ഉത്തരവുണ്ടാകുന്നതുവരെ കോടതികളിൽ നിലവിലുള്ള പ്രസ്തുത വ്യവഹാരങ്ങൾ നിറുത്തിവെയ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ സഭാനടപടികൾ മാററിവെയ്ക്കേണ്ടതാണ്." എന്നുള്ളതാണ് അടുത്ത പ്രമേയം.

ഇതു് സ്വീകാര്യമല്ല. ഇതിൽ പറയുന്നതു് "ഇപ്പോൾ കോടതികളിൽ നടക്കുന്നതായ നടപടികൾ നിറുത്തിവെയ്ക്കണമെന്നു് ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ" എന്നാണ്.

[Mr. Speaker]
കോടതികളിൽ നടക്കുന്ന നടപടികളെ നിറുത്തിവെയ്ക്കണമെന്ന് ഒരു തീരുമാനം ഉണ്ടാക്കാൻ ഈ സഭയ്ക്ക് അധികാരമില്ല. അതു ഗവൺമെണ്ടിന്റെ ഭരണച്ചുമതലയുടെ പരിധിയിൽ പെടുന്നതുമല്ല. അതുകൊണ്ട് ഈ അടിയന്തിരപ്രമേയം ഓർഡറിലല്ലെന്നു ഞാൻ റൂളുചെയ്യുന്നു.

ശ്രീ. കെ കെ. കണ്ണൻ: കൊച്ചിസംസ്ഥാനത്തിൽ ഇപ്പോൾ ഒഴിപ്പിക്കുന്നതിനുള്ള കേസുകളെല്ലാം നിറുത്തിവെച്ചിരിക്കുകയല്ലേ?

മി. സ്പീക്കർ: അതേപ്പററി അന്വേഷിക്കുകയൊ ഉത്തരം പറയുകയൊ ചെയ്യുന്നതു സ്പീക്കറുടെ അധികാരത്തിൽ പെട്ടതല്ല.

ശ്രീ. കെ. കെ. കണ്ണൻ: Sir, on a point of information ഈ അടിയന്തിരപ്രമേയത്തിലടങ്ങിയിരിക്കുന്ന കാര്യത്തെക്കുറിച്ചു രണ്ടു വാക്കു പറയുവാൻ അനുവദിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

**Mr. Speaker.** No. Discussion on the matter is not in order.

ശ്രീ. കെ. കെ. കണ്ണൻ: ഇതിന്റെ പ്രാധാന്യത്തെ പരിഗണിച്ച് അതേപ്പററി രണ്ടു വാക്കു പറയുവാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ഇതു പ്രാധാന്യമുള്ളതായതുകൊണ്ട് ഈ വിഷയം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തി മററു മാർഗ്ഗങ്ങളിൽക്കൂടി പരിഹാരം ഉണ്ടാക്കേണ്ടതാണ്.

ശ്രീ. കെ. കെ. കണ്ണൻ: സർ, ഈ അടിയന്തിരപ്രമേയത്തിന്റെ പ്രാധാന്യത്തെ പരിഗണിച്ച്..........

**Mr. Speaker:** The matter is closed and I have disallowed further discussion. The Hon'ble Member cannot question that ruling.

**Sri. K. K. Kannan:** I am not questioning the ruling of the Speaker.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഇതിൽപറയുന്ന സംഗതിക്ക് ബഹു. മിനിസ്റ്റർ എന്തെങ്കിലും പരിഹാരം ഉണ്ടാക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതു മിനിസ്റ്ററെ മററു മാർഗ്ഗത്തിൽ സമീപിച്ച് അറിയാവുന്നതാണ്. സഭാനടപടികൾ വഴിയില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, ഇതു കുടിയിറക്കിനെസംബന്ധിച്ച ഒരു അടിയന്തിരപ്രമേയമാണ്. ഇതു വളരെ പ്രാധാന്യം അർഹിക്കുന്നതല്ല..........

**Mr. Speaker:** Order, order.

ശ്രീ. കെ. കെ. കണ്ണൻ: ഇതൊരു സർവ്വപ്രധാനമായിട്ടുള്ള സംഗതിയായതുകൊണ്ട് അതേസംബന്ധിച്ച് ഗവൺമെണ്ടിന്റെ സമാധാനം എന്താണെന്ന് അറിയുക എന്നുള്ളത് ന്യായമല്ലെ എന്നാണ് എനിക്കറിയേണ്ടതു്?

മി. സ്പീക്കർ: അടിയന്തിരപ്രമേയം ഓർഡറിലാണോ അല്ലയൊ എന്ന് തീർച്ചപ്പെടുത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ ഗവൺമെണ്ടിനോട് ചോദിക്കാമെന്നല്ലാതെ അതിൽ അടങ്ങിയിരിക്കുന്ന കാര്യത്തെപ്പററി ഗവൺമെണ്ടിന്റെ സമാധാനം എന്താണെന്ന് ചോദിക്കുന്നതിന് വ്യവസ്ഥയില്ലെന്നുതന്നെയല്ല, അതു് പ്രായോഗികവുമല്ല. ആ കാര്യം ഒരു ചോദ്യമായച്ചോ അല്ലെങ്കിൽ അതേപ്പററി ഒരു ചോദ്യം വരുന്ന അവസരത്തിൽ സപ്ലിമെൻററി ചോദ്യമായി ചോദിച്ചോ ഉത്തരം വാങ്ങാം. ഇപ്പോൾ ഇതു് ഒരടിയന്തിരപ്രമേയമായി സ്വീകരിക്കത്തക്കതാണോ അല്ലയോ എന്നു മാത്രമേ നോക്കേണ്ടതുള്ളൂ.

**Mr. Speaker:** The next is from Mr. A. Nesamony:

"The grave situation that has been created in the minds of the public by the interference of the Executive with the course of administration of justice contrary to the repudiation of the Chief Minister on the floor of this House on 12th August 1949 by the illegal procedure adopted by the Government in directing Mr. M. N. Parameswaran Pillay, Government Pleader, Nagercoil, in O. P. No. 3 of 1116 of the Nagercoil District Court, in which the Government is not a party, to move a petition on 12th August 1949 stating that the Government intends to nationalise salt industry with a view to scare away intending contractors for the manufacture of salt in the Allom owned by the Cape Comorin General Traffic Company Kottar Ltd., now in liquidation, wherein a petition has been filed by creditors and contributories for the reconstruction of the company". As this contains several allegations, and statements and questions of

act are involved, I would invite the Government member to enlighten the House on the matter.

**ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:** ഈ അടിയന്തിരപ്രമേയത്തിൽ പറയുന്ന കമ്പനി വൈൻഡപ്പ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതാനും ഓഹരി ഉടമസ്ഥന്മാർ ഹർജി കൊടുക്കുകയും കമ്പനി ലിക്വിഡേററ് ചെയ്യുകയും ചെയ്തു. അതനുസരിച്ച് ഹൈക്കോടതിയിൽ ഒരു പരിശോധനാ ഹർജിയും ഉണ്ടായിരുന്നു. ഹൈക്കോടതി അതനുസരിച്ച് ഒരു റിസീവറെ നിയമിക്കുകയുണ്ടായി.

പരിശോധനാഹർജിയാണ് അവസാനമായി ഉത്തരവിട്ടതു്. അതു പരിശോധന ഹർജിയാണോ എ. എസ്. ആണോ വാദം എന്നുള്ളതല്ല ഇവിടുത്തെ വിഷയം. ഹൈക്കോടതി ഉത്തരവനുസരിച്ച് കീഴ്ക്കോടതി ഉപ്പുണ്ടാക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുമെന്നുകാണിച്ച് വേണ്ട നടപടി നടത്തി. ഹൈക്കോടതി ഉത്തരവിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസ് പറഞ്ഞിരിക്കുന്നതു്: "that this company had been a fraud on the State for 42 years. ആ കാര്യം ഒരു ഫ്റാഡായിട്ടാണ് കഴിഞ്ഞ ൪൨ കൊല്ലമായി നടത്തിവന്നിരുന്നതു് എന്നാണു്. അങ്ങിനെ ലേലത്തിൽ വന്ന അവസരത്തിനുമുമ്പേ തന്നെ ഗവമ്മെൻറിനെ സംബന്ധിച്ചിടത്തോളം ഈ ഉപ്പു വ്യവസായം നാഷനലൈസ് ചെയ്യണമെന്നു തീരുമാനിച്ചിരുന്നു. അതു ബഡ്ജററു പ്രസംഗത്തിലും വളരെ സുവ്യക്തമായി പ്രഖ്യാപിച്ചിട്ടുള്ള സംഗതിയാണ്. ലേലം ചെയ്യുന്നതിന്നുമുമ്പേ ഉപ്പുവ്യവസായത്തെപ്പററി ഗവമ്മെൻറ് നയം എന്താണെന്നു് അറിയേണ്ടതു് അവരുടെ ചുമതലയായിരുന്നു. അതുമാത്രമല്ല ഈമാതിരി ഇടപാടുകളിൽ ചില ലീസു് അറേഞ്ച്മെൻറിനെ അടിസ്ഥാനമാക്കിയാണ് നടത്തിവന്നതു്. ആദ്യമുണ്ടായിരുന്ന ഈ ലീസു് അറേഞ്ച്മെൻറുകൾ എല്ലാം അവസാനിച്ചു എന്നു വേണം നിയമപ്രകാരം വിചാരിക്കുവാൻ. എന്നാൽ ലെസ്സിക്കുള്ള അവകാശം കൈമാററം ചെയ്യാനും അവകാശമുണ്ടു്. എന്നാൽ റക്കഗ്നൈസ് ചെയ്യാനുള്ള അധികാരം ഗവമ്മെൻറിനാണു്. ലെസ്സി അങ്ങനെ കൈമാററം ചെയ്യണമെന്നാഗ്രഹിക്കുകയും ആ കൈമാററപ്രകാരം അവിടെ പ്രവേശിക്കണമെങ്കിൽ ഗവമ്മെൻറു് മുമ്പാകെ അറിയിക്കേണ്ടതുമാവശ്യമാണു്. സാൾട്ട് സെക്ഷൻ ഒൻപതാം വകുപ്പനുസരിച്ച് ഗവമ്മെൻറ് അങ്ങനെ അനുവദം കൊടുക്കേണ്ടതുമാണ്. ഈ രണ്ടു കാരണങ്ങളാൽ അതായതു് ഗവമ്മെൻറ് അനുവാദം കൊടുക്കേണ്ടിയിരിക്കുന്നതിനാലും ഗവമ്മെൻറിൻെറ നയം ഉപ്പു വ്യവസായം നാഷനലൈസു ചെയ്യണമെന്നുള്ളതായതുകൊണ്ടും ഈ വ്യവസായം ഒരു കോർട്ടിൽനിന്നേ ലേലം ചെയ്യാൻ പാടുള്ളു എന്നു് ഗവമ്മെൻറ് വിചാരിച്ചു. അതു് ഗവമ്മെൻറിൻെറ ചുമതലയിൽപ്പെട്ടതാണെന്നും വിചാരിച്ചു. ഇപ്പോഴും വിചാരിക്കുന്നു. ഏതെങ്കിലും സിവിൽ കേസിൽ കൂടുതൽ കക്ഷിയെ ചേർക്കുന്നതിനു് സിവിൽ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് അവകാശം ഉള്ളതാണ്. ഈ മാതിരി കാര്യങ്ങളിൽ സംഗതിയുടെ നിജസ്ഥിതി കോടതിയേയും പൊതുജനങ്ങളേയും ധരിപ്പിക്കേണ്ടതു് ഗവമ്മെൻറിൻെറ ധാർമ്മികമായ ചുമതലയാണ്. അതിനെ അടിസ്ഥാനമാക്കി ആ ഹർജിയെ പരിഗണിച്ച് വേണ്ട ഉത്തരവ് ഇതിന്നകം പുറപ്പെടുവിച്ചിട്ടുണ്ടു്. ലേലം നടത്തിയിട്ടും ഉണ്ടു്. ആ സ്ഥിതിക്കു ഈ പ്രമേയത്തിൽ പറയുന്നതുപോലെ ഇതു് ഒരു "unnecessary interference of the Executive in the judiciary" ആകുന്നില്ല.... ഒരു ഹർജി എന്നല്ലാതെ ഇതിൽ യാതൊരടിസ്ഥാനവുമില്ലാ എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. എന്നു മാത്രമല്ല സിവിൽ കോടതിയുടെ നടപടികളെയും ഈ സഭക്കു ചർച്ചാവിഷയമാക്കാമെന്നു വിചാരിക്കുന്നതു് അഭിലഷണീയം അല്ലാതായിരിക്കുമെന്നു മി. സ്പീക്കർ ശ്രദ്ധിക്കേണ്ട സംഗതിയാണ്. ആ സംഗതി ബോദ്ധ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

**Sri. A. Nesamony:** May I make a statement with your permission, Sir, before you are pleased to give a ruling on the matter?

**Mr. Speaker:** If it is a matter of personal explanation.

**Sri A. Nesamony:** I wish to make a statement on the remarks made by the Hon'ble Chief Minister.

**Mr. Speaker:** Is it by way of an explanation of the points raised by the Chief Minister that you want to speak?

**Sri. A. Nesamony:** Yes. The question that has been moved before this Assembly is not a question that comes within the propriety of the decision of the learned Distrtct Judge. In a

[Sri. A. Nesamony]

case in which the Sirkar is not a party, in a case where the Sirkar has not applied to be implicated as a party, is a Government Pleader in order to move a petition to scare away intending..........

**The Hon'ble T. K. Narayana Pillai:** That is for the Court to decide, not for the Assembly or the Speaker to decide.

**Sri. A. Nesamony:** So, the Hon'ble Chief Minister was absolutely wrong when he stated that the Civil Procedure Code provides for any people to intervene, but that should be under law in a case where he is not a party to the suit.

ശ്രീ. എം. ഐ. പോൾ: On a point of order. ഈ അഡ്ജോൺമെന്റ് മോഷൻ സംബന്ധിച്ച് ചീഫ് മിനിസ്റ്റർ പ്രസംഗിച്ചതിനുശേഷം ഏതെങ്കിലും ഒരു മെമ്പർക്ക് എക്സ്പ്ലനേഷൻ കൊടുക്കാൻ അവകാശമുണ്ടോ?

മി. സ്പീക്കർ: പ്രത്യേക സന്ദർഭങ്ങളിൽ അപ്രകാരം ചെയ്യുവാൻ അനുവദിക്കാമെന്നിരുന്നാലും ബഹു: മെമ്പർ മി. നേശമണിയുടെ വാദഗതി കണ്ടിട്ട് സ്റ്റേറ്റ്മെന്റ് ഒരു വാദപ്രതിവാദത്തിന്റെ അടിസ്ഥാനമായി രൂപാന്തരപ്പെടുത്തുന്നതുപോലെ തോന്നുന്നു. അതു് അനുവദിക്കത്തക്കതല്ല.

ശ്രീ. എം. ഐ. പോൾ: Sir, a point of order.

**Mr. Speaker:** I don't thiuk the member is going to enter upon a discussion of the matter. If there is any mistake calling for correction in what the Hon'ble Chief Minister said regarding the member's statement he may do so.

ശ്രീ. എം. ഐ. പോൾ: സർ, ഇനിയൊരു പായിന്റ് ആഫ് ആർഡർ. ഏതെങ്കിലും ഒരു അഡ്ജോൺമെന്റ് മോഷൻ ആർഡറിലല്ലെങ്കിൽ അതേപ്പറ്റി ഒരു വാദപ്രതിവാദവും ചെയ്യുവാൻ അനുവദിക്കാതിരിക്കുകയല്ലേ വേണ്ടതു്?

മി. സ്പീക്കർ: മോഷൻ ആർഡറിലാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിനു മുമ്പെയും ഏറെക്കുറെ അതു തീരുമാനിക്കേണ്ട ആവശ്യത്തിലേക്കുമായിട്ടാണ് മിനിസ്റ്ററോട് വിവരങ്ങൾ ആവശ്യപ്പെട്ടതും മിനിസ്റ്റർ പ്രസ്താവന ചെയ്തതും. അടിയന്തിരപ്രമേയത്തിനു ആധാരമായി മെമ്പർ നൽകിയ സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ച് ഏതെങ്കിലും സാരമായ പിശകുകൾ മിനിസ്റ്ററുടെ പ്രസ്താവനയിൽ വന്നിട്ടുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കുന്നതിന് മെമ്പറെ അനുവദിക്കാവുന്നതാണ്.

ശ്രീ. എം. ഐ. പോൾ: മറ്റൊരു പായിന്റ് ആഫ് ആർഡർ, സർ, സ്പീക്കർ നിയമംവിട്ട് ഏതെങ്കിലും ഒരു തീരുമാനം ചെയ്താൽ അതു് ഒരു ആർഡിനൻസ് എന്നപോലെ പരിഗണിക്കണമെന്നുണ്ടോ?

മി. സ്പീക്കർ: എങ്ങിനെ പരിഗണിച്ചാലും ബഹു. മെമ്പർ സ്വീകരിക്കുന്നതായി കാണുന്ന മാർഗ്ഗത്തിൽക്കൂടി അതിനെ ചോദ്യം ചെയ്യത്തക്കതല്ല.

**Sri. A. Nesamony**: The licence for the manufacture of salt is held by the Official Liquidator who still continues to manufacture salt. It is not in the hands of Government. Again, in sponsoring the resolution, I may assure the Hon'ble Chief Minister that it is not to make a propaganda. It is in the interests of justice and it is in the interest of seeing that justice is done and that the executive does not interefere in this Court that I have to move this adjournment motion. In the face of the repudiation made by the Hon'ble Chief Minister last time that the Government has not interfered in it, even though it was brought to his notice that the Excise Commissioner has addressed a letter to the District Judge, this has occurred.

**Mr. Speaker**: In respect of this adjournment motion the relevant facts have been supplied by the Hon'ble Chief Minister from which it is clear that the matter refers to proceedings pending in a Civil Court and the propriety of certain steps taken there. This adjournment motion being in contravention of the rules on the subject is ruled out.

അടുത്ത അടിയന്തിര പ്രമേയം ആയിരത്തിഒരുനൂറ്റി ഇരുപത്തിനാലു കർക്കടകം ൩൦-ാം തിയ്യതി രാത്രി ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ എട്ടു പ്രവർത്തകന്മാരെ തിരുവനന്തപുരം പോലീസ് അറസ്റ്റ് ചെയ്തു ലാക്കപ്പിൽ വയ്ക്കുകയും അവരിൽ രണ്ടുപേരെ കെട്ടടുത്തു ശിക്ഷിക്കുകയും മറ്റുംചെയ്തു സംബന്ധമായുള്ള പോലീസിന്റെ നീതിവിരുദ്ധമായ നടപടിയെപ്പറ്റി ചർച്ചചെയ്യുന്നതിനാണ്.

ഈ അഡ്ജോൺമെന്റ് മോഷൻ പോലീസിന്റെ പ്രവർത്തനത്തെ സ്പർശിക്കുന്നുണ്ട്. പോലീസ് എന്താണ് ന്യായരഹിതമായി ചെയ്തതെന്നോ, സഭയുടെ സത്വര

ശ്രദ്ധയിൽ പെടുത്തേണ്ടതായി അടുത്തുനടന്ന സംഭവമെന്തെന്നോ വ്യക്തമാക്കിയിട്ടില്ല. പ്രമേയം അനുവദിക്കത്തക്കതല്ല.

**Sahib Bahadur Abdul Aziz:** May I know the name of the person who sent the adjournment motion?

**Mr. Speaker:** Mr. Kannan.

## Fixing time for giving notice of amendment to Bills, and discussion there on

മി. സ്പീക്കർ: ഇന്ന്, ചർച്ചയ്ക്കുവച്ചിട്ടുള്ള നാലു ബില്ലുകളുടെയും സെലക്ട് കമ്മിററി റിപ്പോർട്ട് അച്ചടിച്ച് ബഹുമാനപ്പെട്ട മെംബറന്മാരുടെ ഇടയിൽ വിതരണം ചെയ്തിട്ടുണ്ട്. ബില്ലിനു ഏതെങ്കിലും ഭേദഗതി അവതരിപ്പിക്കണമെന്ന് ഉദ്ദേശിക്കുന്നവർ ഇന്നു രണ്ടുമണിക്കുമുൻപു ഭേദഗതികൾ അയക്കാവുന്നതാണ്.

**Sri. A. Thanu Pillai:** Sir, I wish to say—

**Mr. Speaker:** I am making a statement. The Hon'ble Member will please wait till I finish.

**Sri. A. Thanu Pillai:** But statements from the Chair are expected to b ereasonable.

**Mr. Speaker:** Certainly. The Speaker's statements are not expected to be otherwise. If the whole or any part of the statement is found to be otherwise it is open to the Hon'ble Member to point it out after the statement is over, but not interrupt the Speaker, or for that matter, any other member in the course of his statement.

**Sri. A. Thanu Pillai:** Sir, I again wish to submit.

**Mr. Speaker:** Does the statement I made call for any statement or observations from the Hon'ble Member?

**Sri. A. Thanu Pillai:** Even that is improper I say.

മിസ്റ്റർ സ്പീക്കർ: രണ്ടു ദിവസത്തെ നോട്ടീസുണ്ടായിരുന്നാൽ മാത്രമേ ഭേദഗതി ഹാജരാക്കാവൂ എന്നു റൂളിൽ വ്യവസ്ഥയുള്ളതോടൊപ്പംതന്നെ, കമ്മിററി റിപ്പോർട്ട് ഏഴുദിവസത്തിനുമുൻപു മെംബറന്മാർക്ക് കിട്ടിയിരിക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. റിപ്പോർട്ടിനെപ്പററിയുള്ള ഏഴുദിവസത്തെ അവധി സ്പീക്കറുടെ യുക്തം അനുസരിച്ച് അവഗണിച്ച്, ബിൽ ഇന്നു വൈകിട്ടു ചർച്ചയ്ക്ക് എടുക്കാമെന്നു വിചാരിക്കുന്നതടിസ്ഥാനമാക്കിത്തന്നെ, ഭേദഗതികൾക്കുള്ള രണ്ടുദിവസത്തെ നോട്ടീസും വേണ്ടെന്നുവച്ച് ഇന്നു രണ്ടുമണിക്കകം ഭേദഗതികൾ അയയ്ക്കാവുന്നതാണ്. രണ്ടു മണിക്കകം ഭേദഗതികൾ അയയ്ക്കുന്നതു സൗകര്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

**Sri. A. Thanu Pillai:** In regard to this, Sir, I wish to submit to the House that this is something which means that the impossible is expected to be done by the members of this House. Sir, this is a Legislative Assembly and not a lunatic asylum. I wish to bring one fact to the notice of the House and that is, the Select Committee report of the Bills was put into our hands just now.

**Sahib Bahadur Abdul Aziz:** Sir, on a point of order. Is it parliamentary...........

**Mr. Speaker:** This is not a lunatic asylum as stated by the Hon'ble Member. Even an indirect reference which might go to show that this is made so by some people inadvertently is to be avoided. I shall not permit members to make any indirect references at all. Such references should be avoided in future. I do not now propose to go into the question whether the expression was parliamentary or not.

**Sahib Bahadur Abdul Aziz:** Sir, before proceeding, I suggest that the member concerned must be asked to withdraw that expression.

**Mr. Speaker:** I do not think it necessary.

**Sri. A. Thanu Pillai:** Sir, I am prepared to substantiate my statement if it comes to that.

**Mr. Speaker:** The member may proceed.

**Sri. A. Thanu Pillai:** These Select Committee reports were given to us at 11 of the clock this day. We are expected to be here at 11 and attend to the business of this House. The reports referred to were placed on our table at 11 this morning. Sir, you now say, that amendments should be given notice of by 2 of the clock today. How is it reasonably possible? Is it humanly possible? In the first place, the Bills should have been published sufficiently early. That was not done. The Bills were published a few days ago. They relate to taxation. It is a very important matter affecting the people at large. Let us look at the events. These bills were introduced hastily. They were next referred to a select committee. The select committee reported on them duly and their report is put into our hands at 11 this morning.

[Mr. A. Thanu Pillai]

Sir, in exercise of your powers, you say that notice of amendments should be given by 2 p.m. today. Now, Sir, I ask repeatedly, a thousand times even, whether it is humanly possible to act up to it? Where is the time? Now it is 12-30 p.m. We are expected to attend to the work in hand till 1 p.m. Then we have to go for meal. Do you expect us, Sir, to starve? Do you want us to make use of the interval time in the normal way or otherwise? Where is the time to send in amendments? Even if we forego our meal, is it expected that we should give notice of whatever amendments we have to make on these Bills by 2 of the clock. Normally where business is to be transacted by human beings, this kind of procedure is not contemplated. But here it is otherwise. Nobody can reconcile himself to a situation of this kind. I want you, Sir, to consider whether in the interests of proper legislation, in the interests of the dignity of this House, in the interests of the confidence reposed in you by this House, in the interests of the confidence that is expected by the people to be reposed in this House, such a course could be adopted. I tell you, Sir, with all the force I can command that this procedure is highly irregular. You should not stand on mere words. True, you may have the power to suspend the rules. But all that power is meant to be exercised reasonably. I also know, no doubt, that the Government party has got a large majority. But that majority is not to be utilised in this way. What is the meaning of asking us to send in amendments before 2 p.m.? I have some experience of legislative work; I have some experience of other work. Personally I feel that I am absolutely unable to give notice of amendments to the Bills in the required time *i. e.*, before 2 p.m. today. Can you, Sir, reasonably expect us to do so? If you are of that view, it means we have to leave the House. That would have been more decent. Of course, those that cannot agree to this kind of procedure have two courses open of which one is to protest against it and then leave the House. Is it what you expect of us? Of course there is the majority. Let laws be passed like that. Let taxes be imposed in that manner. What is the justification, I ask, to have this Bill taken up today? That is the plain question. I expect an answer from Government and from you, Sir, if you mean to decide that this should be proceeded with this evening with the amendments given notice of. According to me there is no chance of giving notice of amendments and consequently the Bill being proceeded with.

**Sri. D. Gnanasigamony:** Could not a motion of that nature be tabled to that effect?

**Sri. A. Thanu Pillai:** Yes, a proper motion has to come if the Bill is sought to be considered. I submit this kind of procedure is one which we should never adopt. For my part this is impossible. For us the only course is to leave the hall for this kind of legislation and taxation it is for others to attend to this business. Normally nobody in this House can agree to such a course. I am not expected to do the impossible. There may be very many changes to be made. So, my submission is that this Bill cannot be proceeded with today. Reasonable time should be given as this is a taxation measure. A large number of clauses are in it. The booklet contains nearly 110 pages of printed matter. All these have to be studied, considered, decisions taken and then amendments have to be suggested. There should be at least two days time for this purpose. Nowhere in the world are legislations rushed through. Recently I had to attend a Legislative Assembly session, at Delhi. The Indian Assembly does not rush through bills of this kind. They give sufficient time for circulation. They expect members to adopt a reasonable attitude and they are also reasonable. That is the point.

ബഹു. ശ്രീ. എ. ജെ. ജോൺ: സർ, ശ്രീ. താണുപിള്ള പറഞ്ഞതിനു് വളരെ ശാന്തമായ സ്വരത്തിൽ ഒരു മറുപടി പറയണമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

**Sri. K. P. Nilacanta Pillai:** What does it mean?

**Sri. A. Thanu Pillai:** I ask, why this insolence?

**Mr. Speaker:** When the Hon'ble Member Mr. Thanu Pillai was speaking just a while ago his observations were listened to patiently by the other members without being interrupted. Let the Finance Minister be allowed to finish his statement in the first instance and if there is anything found to be corrected later on it is open to any member to do so. That is to say, just as the Hon'ble Member Mr. Thanu Pillai was not corrected by the other members when he made a statement, I would like the Finance Minister to have his say uninterrupted.

ബഹു. ശ്രീ എ. ജെ. ജോൺ: ടാക്സേഷൻ ബില്ലു് വളരെ നേരത്തെ പരസ്യംചെയ്തില്ല എന്നൊരാക്ഷേപം എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ. താണുപിള്ള ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. തിരുവിതാംകൂർ നിയമസഭയിൽതന്നെ ഇരുപതുകൊല്ലത്തെ പഴക്കവും, ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവന്റു് അസംബ്ലിയിലും, ഇൻഡ്യൻ ലജിസ്ലേറ്റീവ് അസംബ്ലിയിലും ധാരാളം പരിചയവും ഉണ്ടെന്നു് അദ്ദേഹം ഇവിടെ പ്രസ്താവിക്കുകയുണ്ടായി. എന്റെ

അറിവു ടാക്സേഷൻ ബില്ലുകൾ ബഡ്ജററു പ്രസൻറുചെയ്തതിനുശേഷംമാത്രമെ അവതരിപ്പിക്കാവൂ എന്നാണ്. അതുകൊണ്ട് ധൃതഗതിയായി സെലക്ട്കമ്മിററി റിപ്പോർട്ട് ഇവിടെ അവതരിപ്പിച്ചതിൽ ശ്രീ. താണുപിള്ള പറഞ്ഞ അഭിപ്രായത്തോടു എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. ബഡ്ജററു അവതരിപ്പിക്കുന്നതിനു മുമ്പായി ഈ ബില്ലുകൾ പരസ്യം ചെയ്യേണ്ടതായിരുന്നു എന്നു പറയുന്നതുപോലെ പ്രവർത്തിക്കാൻ യാതൊരു നിവൃത്തിയുമില്ല. സെലക്ട്കമ്മിററി റിപ്പോർട്ടിനെ സംബന്ധിച്ചും നിയമപ്രകാരമുള്ള നോട്ടീസ്സു കൊടുക്കുവാൻ സമയമില്ല. ഈ ഒരു രീതിതന്നെയാണ് ഇൻഡ്യൻ അസംബ്ളിയിലുംമററും എടുത്തിട്ടുള്ളതു്. ബഡ്ജററു പ്രസൻറുചെയ്യുന്നതോടുകൂടി ടാക്സേഷൻ ബില്ലും ഉടനെ ആലോചനയ്ക്കു് എടുക്കുന്ന പതിവാണ് അവിടെയുംമററും അംഗീകരിച്ചിട്ടുള്ളതു്. ആ പതിവുതന്നെയാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളതു്. എന്നാൽ നിയമസഭയിലെ അംഗങ്ങൾക്കു് ഇതിൻെറ ആലോചന രണ്ടോ, നാലോ ദിവസത്തേക്കു മാററിവയ്ക്കണമെന്നാഗ്രഹമുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതിനു ഗവമെൻറിനു യാതൊരു വിരോധവുമില്ല. ഈ ബില്ലുകളുടെ ആലോചന ഷെഡ്യൂൾഡു ആയി വച്ചിരിക്കുന്ന ആഗസ്റ്റ് ൨൩-ാംനു-യോ, ൨൪-ാംനു-യോ വയ്ക്കുന്നതിനും ഗവമെൻറിനു വിരോധമില്ല. ഇക്കാര്യം ഏററവും സൌമ്യമായി പറയുവാൻ കഴിയുന്ന ഒരു കാര്യമായിരുന്നു. ഏതായാലും ഇന്നു രണ്ടുമണിക്കു മുൻപു ഭേദഗതികൾ അയയ്ക്കുവാൻ മെമ്പറന്മാക്കു് സൌകര്യപ്പെടുകയില്ല എന്നു പറഞ്ഞാൽ സൌകര്യപ്പെടുന്നത്ര സമയം കൊടുക്കുന്നതിൽ ഗവമെൻറിനു് യാതൊരു വിരോധവുമില്ല എന്നു പ്രസ്താവിച്ചുകൊള്ളുന്നു.

മി. സ്പീക്കർ: ഈ വിഷയം നമ്മുടെ പരിഗണനയ്ക്കു വരുന്നതു് അഞ്ചുമണിക്കു മാത്രമേയുള്ളു. അപ്പോൾ ഇതിനെപ്പററി സംസാരിക്കാവുന്നതാണ്.

ശ്രീ. എ. താണുപിള്ള: ഇതിനുമുമ്പു് ഒരുദിവസം ഇലക്ഷൻ വന്നപ്പോൾ അതുസംബന്ധിച്ചുള്ള ആലോചന ഇൻറർവെൽ കഴിഞ്ഞിട്ടു തുടങ്ങാമെന്നു പറഞ്ഞെങ്കിലും അങ്ങനെ ചെയ്തില്ല. അതുകൊണ്ടു് ൨ മണിക്കു് അമൻറുമെൻറുകൾ കൊടുക്കണമെന്നുള്ള തീരുമാനം ഇപ്പോൾതന്നെ മാററിവെക്കണമെന്നാണ് ഞാൻ പറയുന്നതു്.

മി. സ്പീക്കർ: തീരുമാനം ഉണ്ടായിട്ടില്ല. അമൻറ്മെൻറ് രണ്ടുമണിക്കുമുമ്പ് കൊടുത്താൽ കൊള്ളാമെന്നാണ് പറഞ്ഞതു്. അതു് ഒരു തീരുമാനമല്ല. കൊള്ളാവുന്ന പലതും ഉണ്ടു്. അതൊന്നും തീരുമാനമല്ല.

ശ്രീ. വി. ഗംഗാധരൻ നായർ: രണ്ടുമണി കഴിഞ്ഞാലും ഭേദഗതികൾ കൊടുക്കാമോ?

മിസ്റ്റർ സ്പീക്കർ: അതിനുമുമ്പു് കൊടുത്താൽ കൊള്ളാമെന്നാണ് പറഞ്ഞതു്. അങ്ങനെ ചെയ്യുന്നതു സൌകര്യപ്രദമായിരിക്കും.

## Voting of Demands for Grants—Demand II. Excise—*(cont.)*

ശ്രീ. മാന്നാർ ഗോപാലൻ നായർ: സർ, പുകയില ലേലത്തെ സംബന്ധിച്ചു് ഗവമെൻറു് കൈക്കൊണ്ടിട്ടുള്ള നിലയെപ്പററിയാണല്ലൊ ഇവിടെ കഴിഞ്ഞ ദിവസം വാദപ്രതിവാദം നടന്നുകൊണ്ടിരുന്നതു്. പുകയില ഇന്നു സാമാന്യജനങ്ങൾക്കു് ഒരു നിത്യാവശ്യസാധനമായിത്തീർന്നിരിക്കുകയാണ്. ഇൻഡ്യയിൽ പൊതുവേയും മലബാറിൽ പ്രത്യേകിച്ചും ഉള്ള സാമൂഹ്യജീവിതത്തിലെ ഒരു അവിഭാജ്യഘടകമായിത്തീർന്നിരിക്കുകയാണ് പുകയില എന്നുള്ളതു് സർവ്വവിദിതമാണ്. അങ്ങനെ ഇതു സാമാന്യജനങ്ങളുടെ ഒരത്യാവശ്യസാധനമായിത്തീർന്നിരിക്കുകയാണ്. ആഹാരം, വസ്ത്രം ഇവയൊഴിച്ചു് ഏററവും അത്യാവശ്യമായിത്തീർന്നിട്ടുള്ള ഈ സാധനത്തിൻെറ വില ഗവമെൻറിൻെറ നടപടിയാൽ ക്രമാതീതമായി വർദ്ധിക്കാൻ ഇടയാകയും അതു് സാമാന്യജനങ്ങളെ സാരമായി ബാധിക്കാൻ ഇടയാകയും ചെയ്യും. പുകയില വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മുതലാളിമാരുടെ വീക്ഷണഗതിയനുസരിച്ചല്ല ഈ ഉപക്ഷേപം ഞാൻ ഇവിടെ ഹാജരാക്കിയിരിക്കുന്നതു്. ലേലസമ്പ്രദായം സാരമായി സ്പർശിക്കുന്ന തൊഴിലാളികളുടേയും ചെറിയ കച്ചവടക്കാരുടേയും സാമാന്യജനങ്ങളുടേയും വീക്ഷണസ്ഥാനത്തു നിന്നുകൊണ്ടു് അവരുടെ സാമ്പത്തികസ്ഥിതിയെ അതെങ്ങനെ തകരാറാക്കുമെന്നു കാണിക്കാൻവേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതു്.

സർ, ആയിരത്തിമുപ്പത്തെട്ടുവരെ തിരുവിതാംകൂറിലും കൊച്ചിയിലും ആയിരത്തിമുപ്പത്തിരണ്ടുവരെ കോയമ്പത്തൂർ ക്യാനറാ ഈ ഡിസ്ട്രിക്ടുകളിലും പുകയില കുത്തകസമ്പ്രദായം

[Mr. Mannar Gopalan Nayar]

(monopoly system) നടപ്പിലിരുന്നു. ആയിരത്തിമുപ്പത്തിരണ്ടിൽ കോയമ്പത്തൂർ, ക്യാനറ ഈ ഡിസ്ട്രിക്ടുകളിൽ പുകയിലയുടെ കുത്തകസമ്പ്രദായം നിറുത്തിയതോടുകൂടി കൊച്ചിയിലും തിരുവിതാംകൂറിലും സ്മഗ്ളിംഗ് ധാരാളമായി നടക്കുകയും തൻമൂലം ആയിരത്തിമുപ്പത്തിഎട്ടിൽ ദിവാൻ സർ ടി. മാധവറാവുവിൻെറ കാലത്ത് ഈ കുത്തകസമ്പ്രദായം തിരുവിതാംകൂറിൽ നിറുത്തി ഇംപോർട്ടു ഡ്യൂട്ടി ഏർപ്പെടുത്തുകയും ചെയ്തു. അതോടുകൂടി കൊച്ചിക്ക് ഒരു ലൈറവ് ഡ്യൂട്ടിയും ചുമത്തുകയുണ്ടായി. ആയിരത്തിനാല്പതിൽ കൊച്ചിക്ക് ഇൻറർ പോർട്ടൽ കൺവെൻഷൻ നിബന്ധനയനുസരിച്ച് കസ്റ്റംസ് ഡ്യൂട്ടി പിരിക്കുന്നതിനുള്ള അധികാരം (custom sovereignty) നഷ്ടപ്പെടുകയും ആ അധികാരം തിരുവിതാംകൂറിന് ശേഷിക്കുകയും ചെയ്തു. ആ കാരണത്താൽ കൊച്ചിയിൽ പുകയിലയുടെ വില കുറയുകയും അവിടെനിന്നും സ്മഗ്ളിംഗ്മൂലം ധാരാളം പുകയില തിരുവിതാംകൂറിൽ ഇറങ്ങുകയും ചെയ്തതിനാൽ തിരുവിതാംകൂറിൽ ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുകയുമാണുണ്ടായത്.

അങ്ങനെ തിരുവിതാംകൂറിൽ ലൈസൻസ് സമ്പ്രദായം നടപ്പിൽവരുകയും കൊച്ചിയിൽ ലേലസമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം ൯൦ വർഷമായി ലൈസൻസ് സമ്പ്രദായം തിരുവിതാംകൂറിൽ നിലവിലിരിക്കുകയാണ്. ഈ സംയോജനത്തിൻെറ ഒരു അനുബന്ധമായി മാത്രമാണ് ലൈസൻസ് സമ്പ്രദായം മാററി ലേലസമ്പ്രദായം ഏർപ്പെടുത്താൻ പോകുന്നത്. ഇതുകൊണ്ട് ഉണ്ടാകാൻപോവുന്ന ഫലം എന്താണെന്നു നാം ഈ അവസരത്തിൽ പര്യാലോചിക്കേണ്ടതാണ്. സംയുക്തസംസ്ഥാനത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന പുകയിലയുടെ വില ക്രമാതീതമായി വർദ്ധിക്കുമെന്നുള്ളതിൽ സംശയമില്ല. അതായത് ഇന്നു രണ്ടര രൂപയ്ക്കു കിട്ടുന്ന ഒരു റാത്തൽ പുകയിലയുടെ വില അഞ്ചു രൂപയായി വർദ്ധിക്കും. ലേലത്തിൽ പങ്കെടുക്കുന്ന കച്ചവടക്കാരുടെ കടച്ചാർജ്, ഗോഡൌൺ ചാർജ്, മുടക്കിയിരിക്കുന്ന പണത്തിൻെറ പലിശ അവർ കൊടുക്കേണ്ട ഇൻകം ടാക്സ് സെയിൽസ് ടാക്സ് ഇതെല്ലാം കണക്കാക്കി നോക്കിയാൽ തീർച്ചയായും ഇന്നു നിലവിലിരിക്കുന്നതിൻെറ ഇരട്ടിവില പുകയിലക്ക് അവർ വാങ്ങുമെന്നുള്ളതിൽ പക്ഷാന്തരത്തിനു അവകാശമില്ല. ഈ പരിതഃസ്ഥിതിയിൽ തിരുവിതാംകൂറിലെ സാമാന്യജനങ്ങളുടെ ബഡ്ജററ് അവർ എങ്ങനെ സമീകരിക്കും എന്നു ഞാൻ ചോദിക്കുന്നു. അൻപതു രൂപാ വരവുള്ള ഒരു സാമാന്യക്കാരനു പുകയിലയിനത്തിൽ പ്രതിമാസം പത്തു രൂപയിൽ കൂടുതൽ ചിലവാക്കേണ്ടിവരുന്നുണ്ട്. ഇന്നത്തെ പരിതഃസ്ഥിതിയിൽ അതു് ഇരുപതു രൂപയായി വർദ്ധിക്കും. ഈ വർദ്ധനവ് അവനു വഹിക്കുവാൻ സാധിക്കുമോ എന്നു ഗവമ്മെൻറു പര്യാലോചിക്കേണ്ടതാണ്. ജീവിതാവശ്യസാധനങ്ങളുടെ ക്രമാതീതമായ വില വർദ്ധനവിനെപ്പററി ഗവമ്മെണ്ടു കാര്യമായി പരിചിന്തിച്ചിട്ടുണ്ടോ എന്നുപോലും ഞാൻ സംശയിക്കുന്നു. യുദ്ധപരിതഃസ്ഥിതിയിൽ സാധനങ്ങൾക്കു ക്രമാതീതമായി വില വർദ്ധിച്ചിരുന്നെങ്കിലും അന്ന് ഏഴ് ചക്രത്തിനു കിട്ടിക്കൊണ്ടിരുന്ന ഒരു റാത്തൽ പഞ്ചസാരക്ക് ഇന്നു മാർക്കററിൽ ഇരുപത്തിരണ്ടു ചക്രംവരെ വിലയുണ്ട്. അതുപോലെതന്നെ നിത്യാവശ്യസാധനങ്ങളായ പയറ്, ഉഴുന്ന്, മുളക് മുതലായ സാധനങ്ങൾക്കും ക്രമാതീതമായി വില വർദ്ധിച്ചിരിക്കുന്നു. ഇന്ന് ഒരു സാധാരണക്കാരൻെറ കുടുംബബഡ്ജററ് സമീകരിക്കാൻ അവന് എത്രമാത്രം വിഷമം നേരിടുന്നുണ്ടെന്നു ഗവമ്മെണ്ടു ആലോചിക്കേണ്ടതാണ്. ഈ പരിതഃസ്ഥിതിയിൽ നിത്യോപയോഗപ്രദമായ സാധനങ്ങൾക്ക് വില കൂട്ടിയാൽ ഈ നാട്ടിലെ സാധാരണക്കാരൻെറ സാമ്പത്തികഭദ്രത തകർന്നുപോകുമെന്നുള്ളതിൽ സംശയത്തിന് അവകാശമില്ല.

സർ, ഈ പുതിയ ലേലസമ്പ്രദായം ബീഡിതൊഴിലാളികളെ എങ്ങനെ ബാധിക്കുമെന്നു നാം പരിചിന്തിക്കേണ്ടതാണ്. ഈ സംയുക്തസംസ്ഥാനത്ത് ഏകദേശം ഒരു ലക്ഷത്തിൽപരം ആളുകൾ ചെറിയ മൂലധനം മുടക്കി ബീഡിക്കച്ചവടത്തിൽ ഏർപ്പെട്ടിട്ടുണ്ട്. അവർ അതു് ഒരു തൊഴിലായി സ്വീകരിച്ചിരിക്കയുമാണ്. ലേലസമ്പ്രദായം നടപ്പാകുന്നതോടുകൂടി ബീഡിപുകയിലക്കും ക്രമാതീതമായി വില വർദ്ധിക്കുമെന്നുള്ളതിൽ സംശയമില്ല. തൻമൂലം അനേകം കുടുംബങ്ങൾ തൊഴിലില്ലാതെ കഷ്ടതയനുഭവിക്കേണ്ടിവരും. ഇന്ന് ഒരു ചെറു ചീട്ടുംകൊണ്ട് താലൂക്കിൻെറ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ച് ബീഡിക്കച്ചവടം നടത്തുന്നതിന് അവർക്കു തടസ്സമില്ല. ഈ ലേലസമ്പ്രദായംകൊണ്ടു ഈ മാതിരി കച്ചവടം നിന്നുപോകയും ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തു കൊണ്ടുപോയി ബീഡികച്ചവടം നടത്താൻ സൌകര്യം ലഭിക്കാതെ ഈ വ്യവസായം എന്നേക്കുമായി അധഃപതിച്ചു

പോകയും ചെയ്യും. അതുകൊണ്ട് എനിക്കു പറയാനുള്ളതു് ബീഡിപുകയിലയുടെ വില കൂട്ടുന്നതു തൊഴിലാളികൾക്കും സാധാരണ ജനങ്ങൾക്കും ഏററവും വിഷമകരമാണെന്നാണ്. നമ്മുടെ പല വലിയ ആളുകളും പരസ്യമായി സിഗററ് വലിക്കുമെങ്കിലും അവരിൽ അധികംപേരും രഹസ്യമായി ബീഡിവലിക്കുന്നവരാണ്. ഈ പുതിയ സമ്പ്രദായംമൂലം അങ്ങനെയുള്ളവക്കു നിശ്ചയമായും ബീഡി ലഭിക്കാതെ വരും. സർ, ബഹു. പ്രധാനമന്ത്രി പറയുകയുണ്ടായി നേഴ്സുകൾ വിവാഹബന്ധത്തിൽ ഏർപ്പെട്ടാൽ കാര്യക്ഷമത കുറയുമെന്നു്. കാര്യക്ഷമത നശിക്കുന്ന മററ മാർഗ്ഗങ്ങളും ഉണ്ട്. ഒരുനേരം അല്പം പൊടി കിട്ടാതെ വന്നാൽ നമ്മുടെ പ്രധാനമന്ത്രി അവർകൾ കാശ്മീരബംഗ്ലാവിലെ കടുവാ ഇര കിട്ടാത്തപ്പോൾ കിടന്നു പുളയുന്നതുപോലെ പുളയുന്നതു് ഞാൻതന്നെ കണ്ടിട്ടുണ്ട്. അദ്ദേഹത്തിനു പൊടി കിട്ടാതെ വന്നാൽ അദ്ദേഹത്തിൻെറ കാര്യക്ഷമത നശിക്കാൻ ഇടയാവും. അതു് ഈ സംയുക്തരാഷ്ട്രത്തെ സാരമായി ബാധിക്കുന്ന ഒരു സംഗതിയാണ്. അതുപോലെതന്നെ നമ്മുടെ ഫിനാൻസ് മിനിസ്റ്ററുടേയും കാര്യക്ഷമത പൊടി കിട്ടാതെവന്നാൽ കുറയും. ബീഡിയും സിഗററും ഉപയോഗിക്കുന്ന മന്ത്രിമാക്ക് അവ കിട്ടാതെ വന്നാൽ അവരുടെ കാര്യക്ഷമതയും കുറയും. അതുകൊണ്ട് ഈ കാര്യത്തെപ്പററി ഗവമ്മെണ്ട് അവഗാഢമായി ചിന്തിക്കേണ്ടതാണ്. സാമാന്യജനങ്ങൾക്ക് ഉപദ്രവം ഉണ്ടാകാത്തവണ്ണം ഗവമ്മെണ്ട് വരവുണ്ടാക്കാനുള്ള മററ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. പുകയില വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ അവരുടെ പല സമ്മേളനങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതു് "നിങ്ങൾ തീരുവ എത്ര വേണമെങ്കിലും കൂട്ടികൊള്ളുക ഞങ്ങൾ പുകയില വരുത്തി വില്ക്കുന്നതിനു തയ്യാറാണ്" എന്നു്. അങ്ങനെ ലോക്കൽ എക്സൈസ് ഡ്യൂട്ടിയായോ മററിനത്തിലോ ഡ്യൂട്ടി വർദ്ധിപ്പിച്ചു് ഇപ്പോൾ ഗവമ്മെണ്ട് ഉദ്ദേശിക്കുന്ന വരവു് അവരിൽനിന്നും ഈടാക്കത്തക്കവണ്ണം ഒരു പദ്ധതി സ്വീകരിക്കണമെന്നാണ് ഗവമ്മെണ്ടിനെ എനിക്കു ഉൽബോധിപ്പിക്കാനുള്ളതു്. അല്ലാതെ പൊതുജനങ്ങൾക്ക് ഉപദ്രവകരമായ വിധത്തിൽ നികുതി ചുമത്തികൊണ്ട് മുമ്പോട്ടു പോയാൽ സാമാന്യജനങ്ങളുടെ വിശപ്പിൻെറ ഇരമ്പലിൽ ഇതൊന്നും നിൽക്കാൻ പോകുന്നില്ല എന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. അതുകൊണ്ടു ഗൌരവതരമായി എനിക്കു ഗവമ്മെണ്ടിനോടു് പറയാനുള്ളതു് ഇങ്ങനെയുള്ള കാര്യങ്ങളിൽ സാമാന്യജനങ്ങളുടെ ജീവിതതോതിനെ പരിഗണിച്ചുമാത്രമേ ഒരു വ്യവസ്ഥ ചെയ്യാൻ പാടുള്ളു എന്നാണ്. അങ്ങനെയുള്ള ഒരു പദ്ധതി എത്രയും വേഗത്തിൽ ഗവമ്മെണ്ട് ആസൂത്രണം ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെ ചെയ്യാത്തപക്ഷം നവരത്നഖചിതമായ ഈ ഭരണക്കുടം തകൻ തരിപ്പണമാകും. അതുകൊണ്ട് ഈ ലേലസമ്പ്രദായം നിത്തി മററു മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. കൊച്ചിയുടെ മാതൃക എല്ലാ കാര്യത്തിലും നാം സ്വീകരിക്കണമെന്നില്ല. തിരുവിതാംകൂറിൽ ഇന്നു നിലവിലുള്ള ലൈസൻസ്സ് സമ്പ്രദായം തുടൻകൊണ്ടുപോയാൽ ഗവമ്മെണ്ടിൻെറ വരവിനു കുറവുണ്ടാകയില്ല എന്നു മാത്രമല്ലാ സാമാന്യജനങ്ങൾക്കു വിഷമവും നേരിടുകയില്ല. ഇപ്രകാരമുള്ള ഒരു സിസ്റ്റം തുടരാൻവേണ്ടിയാണ് ൧,൩൨,൨൩൨ രൂപയിൽ ഒരു രൂപ കുറക്കണമെന്നുള്ള ഉപക്ഷേപം ഞാൻ സഭമുമ്പാകെ ഹാജരാക്കുന്നതു്. ഇതിനെല്ലാം എന്തെങ്കിലും മുടന്തൻ ന്യായങ്ങൾ പറഞ്ഞു് സഭാവാസികളെ കബളിപ്പിക്കാൻ ശ്രമിക്കരുതെന്നും പ്രായോഗികമായ ഒരു വീക്ഷണസ്ഥാനത്തുനിന്നു വേണം ഇതിനു സമാധാനം പറയാൻ എന്നും എനിക്കു ബഹു. എക്സൈസ്സു് മന്ത്രിയോടു് അപേക്ഷയുണ്ടു്. പ്രായോഗികമായ ഒരു മാർഗ്ഗം അവലംബിക്കാതെ ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നപക്ഷം കാറിൽ കയറി കൊടിയും വെച്ചു് പോകുമ്പോൾ ആരെങ്കിലും കാർ തടഞ്ഞുനിർത്തും.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കട്ടമോഷനോടു യോജിക്കാൻ നിവൃത്തിയില്ലെങ്കിലും അതേക്കുറിച്ചു സംസാരിക്കുവാൻ കിട്ടിയ ഈ അവസരത്തെ ചില പ്രധാന സംഗതികൾ ഗവമ്മെണ്ടിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനായി ഞാൻ വിനിയോഗിച്ചുകൊള്ളട്ടെ.

ഈ ഇനത്തിൽ ഒന്നുരണ്ടു അപേക്ഷകൾ ഞാനും അയച്ചിരുന്നു. അവയിൽ അടങ്ങിയിരിക്കുന്ന വിഷയത്തെക്കുറിച്ചു സംസാരിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നതു്. കോൺഗ്രസ് ഗവമ്മെണ്ടിൻെറ ലക്ഷ്യത്തിലൊന്നാണ് മദ്യനിരോധനം. കൊച്ചിയിൽ രണ്ടു താലൂക്കിലും തിരുവിതാംകൂറിൽ ഏതാനും താലൂക്കുകളിലും മദ്യനിരോധനം നടപ്പിലാക്കിയിട്ടുണ്ട്. തന്മൂലം വളരെപേക്കു തൊഴിലില്ലാതായിട്ടുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. മദ്യനിരോധനം മൂലം തൊഴിൽ ഇല്ലാതായിത്തീന്നിട്ടുള്ള ആളുകൾക്ക്

[Mr. T. K. Kunhayyappan]
തൊഴിൽ നല്കാൻ യാതൊരു മാർഗ്ഗങ്ങളും ഇതുവരെ ഗവൺമെൻറു കൈക്കൊണ്ടിട്ടില്ലെന്നു വ്യസനപൂർവ്വം അറിയിക്കേണ്ടിയിരിക്കുന്നു. കൊച്ചി ഡിവിഷനിൽതന്നെ അയ്യായിരത്തിൽപ്പരം ചെത്തുതൊഴിലാളികൾ ഉണ്ടു്. അവർ സ്റ്റേററിൻെറ പല ഭാഗങ്ങളിലുമായി ചിന്നിച്ചിതറി കിടക്കുകയാണു്. ഈ അയ്യായിരം പേരിൽ ഏകദേശം ആയിരത്തി അഞ്ഞൂറു തൊഴിലാളികളും അന്തിക്കാടു് എന്നു പുറത്തേക്കു അറിയപ്പെടുന്ന ഏനമ്മാവു പെരിങ്ങോട്ടുകരയിൽ ആണു്.

*The House adjourned for lunch at 1 p.m. and reassembled at 2 p.m. with Mr. Speaker, (The Hon'ble Sri. T. M. Varghese) in the Chair.*

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: സർ, കൊച്ചിഡിവിഷനിൽ മാത്രം അയ്യായിരം ചെത്തുതൊഴിലാളികൾ ഉണ്ടെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ഈ അയ്യായിരം ആളുകൾക്കു് തൊഴിൽ നഷ്ടപ്പെടുക എന്നു പറഞ്ഞാൽ അയ്യായിരം കുടുംബങ്ങൾ, അല്ലെങ്കിൽ ൨൫ ആയിരം ജനങ്ങൾ പട്ടിണിയിൽ ആണ്ടുപോകുക എന്നാണർത്ഥം. പ്രൊഹിബിഷൻ നടപ്പാക്കേണ്ടതു് ആവശ്യംതന്നെ. എന്നാൽ അതുകൊണ്ടു തൊഴിലില്ലാതെവരുന്നവർക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കാൻ മാർഗ്ഗം കണ്ടെത്തേണ്ടതു ഗവൺമെൻറിൻെറ ചുമതലയാണു്.

**Sri. K. Sivarama Pillai:** On a point of order, Sir. When the Demand for Excise is being discussed upon, the Excise Minister is absent from the House.

**The Hon'ble Sri. A. J. John:** I represent the Excise Minister now.

ശ്രീ. കുഞ്ഞയ്യപ്പൻ: പ്രൊഹിബിഷൻ നടപ്പിലാക്കുന്ന സ്ഥലത്തു ചക്കര ചെത്താൻ ലൈസൻസു് കൊടുത്താൽ കുറേപ്പേർക്കെങ്കിലും തൊഴിലുണ്ടാക്കിക്കൊടുക്കാൻ സാധിക്കും. എന്നാൽ ഞാൻ മുമ്പു പ്രസ്താവിച്ച സ്ഥലത്തു് സാദ്ധ്യമാണെന്നു തോന്നുന്നില്ല. കാരണം ചക്കര ചെത്തു തെങ്ങിനെ സംബന്ധിച്ചിടത്തോളം ആദായകരമായ ഒരു തൊഴിൽ അല്ലെന്നുള്ളതാണു്. ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം മറെറന്തെങ്കിലും തൊഴിലുണ്ടാക്കിക്കൊടുക്കാനുള്ള മാർഗ്ഗം കാണുകതന്നെ വേണം. സർ, അതുകൊണ്ടു് ഞാൻ പറയുന്നു പ്രൊഹിബിഷൻ സംബന്ധിച്ചു് ഒരടികൂടി മുമ്പോട്ടു വയ്ക്കുന്നതിനുമുമ്പു്, തൊഴിലില്ലാതെ വരുന്നവർക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കാനുള്ള മാർഗ്ഗം കണ്ടുപിടിക്കണമെന്നു്.

മറെറാരുകാര്യം എനിക്കു പറയാനുള്ളതു പ്രൊഹിബിഷൻ നിശ്ശേഷം നടപ്പിൽ വരുത്തുന്നതുവരെ, മദ്യവിക്രയം നടപ്പിൽ ഇരിക്കുന്നകാലത്തോളം, കള്ളിൻെറ വില നിശ്ചയിക്കണമെന്നുള്ളതാണു്. മദ്യഷാപ്പുകൾ ലേലം ചെയ്യുന്ന അവസരത്തിൽ കള്ളിൻെറ വില ഇന്നതായിരിക്കണമെന്നു നിശ്ചയിക്കണമെന്നാണു്, എൻെറ അഭിപ്രായം. അതു ചെയ്യാത്തതുകൊണ്ടു പല കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ടു്. ഞാൻ മുമ്പു പറഞ്ഞ അന്തിക്കാടു എന്നറിയപ്പെടുന്ന സ്ഥലത്തു ൧,൭൦൦ ചെത്തുതൊഴിലാളികൾ ഉണ്ടെന്നു്. അവിടെ ൧൧൨൨ മുതൽ ആരംഭിച്ചതാണു് ഇതു സംബന്ധിച്ചുള്ള കുഴപ്പങ്ങൾ. ഇന്നു കൊച്ചിരാജ്യത്തു് ഏററവും ശക്തിയായ വിധത്തിൽ കമ്മ്യൂണിസ്ററു പ്രവർത്തനങ്ങളും ആട്ടിമറിപ്പൻ പ്രസ്ഥാനങ്ങളും നിലവിലുള്ള പ്രദേശമാണു് അതു്. അതിനുള്ള കാരണം എന്താണു്? ൧൧൨൩-ലെ ഭയങ്കരമായ കൊടുങ്കാററുമൂലം തെങ്ങിനു നാശമുണ്ടായി തൊഴിൽ മുട്ടിയപ്പോൾ ആരംഭിച്ചതാണു് അവിടെ ആ പ്രസ്ഥാനം. കള്ളിൻെറ വില നിജപ്പെടുത്തുകയാണെങ്കിൽ കുഴപ്പം കുറെയൊക്കെ പരിഹരിക്കാം. ഷാപ്പുഉടമസ്ഥന്മാർ കള്ളിനു ചിലവില്ലാതെ വരുമ്പോൾ ചെത്തുകാരുടെ കള്ളെല്ലാം വെള്ളം ചേർത്തതാണു്, ചീത്തയാണു്, എന്നൊക്കെ പറഞ്ഞു തള്ളിക്കളയും. എക്സൈസു് ഉദ്യോഗസ്ഥന്മാർ എപ്പോഴും ഷാപ്പുകാരെനെ താങ്ങും. ഷാപ്പു ലേലം ചെയ്യുമ്പോൾ അതിലെ ഒരു വ്യവസ്ഥയായി കള്ളിൻെറ വില നിയന്ത്രണം ഏർപ്പെടുത്തണം. അതു ചെയ്യാത്തതുകൊണ്ടു സാമ്പത്തികാധഃപ്പതനം വന്നുകൊണ്ടിരിക്കുന്ന ഈ കാലത്തു വലിയ അപകടമുണ്ടാകുമെന്നും ഓർക്കണം. ഇത്രമാത്രം ആണു് എനിക്കു പ്രസ്താവിക്കുവാനുള്ളതു്.

ശ്രീ. പി. ഗോപാലൻ: എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ മാന്നാർ ഗോപാലൻനായർ അദ്ദേഹത്തിൻെറ കട്ടുമോഷൻ മുഖാന്തിരം ഇവിടുത്തെ എക്സൈസു് ഡിപ്പാർട്ടുമെണ്ടിൻെറ നയത്തിൽ രണ്ടു പ്രധാന കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. ഒന്നാമതായി ഉപ്പു വ്യവസായം ദേശീയമാക്കുന്നതു സംബന്ധിച്ചാണു്. തമിഴ് നാട്ടിലെ എൻെറ ചില സ്നേഹിതന്മാർ സംസാരിക്കയുണ്ടായി. തിരുവിതാംകൂർ ഗവൺമെൻറു് ഉപ്പു വ്യവസായം ദേശീയമാക്കാൻ നിശ്ചയിച്ചതു തിരുവിതാംകൂർ തമിഴ് നാട്ടുകാരോടുള്ള ഗവൺമെണ്ടിൻെറ ചിററമ്മനയംകൊണ്ടാണെന്നു എനിക്കു അവരോടു പറയുവാനുള്ളതു അവരുടെ ആ പ്രസ്താവന തമിഴ

നാട്ടിലെ സാധാരണ ജനങ്ങളെ തൃപ്തിപ്പെടുത്തുകയില്ലെന്നാണ്. ഏ ഉ കൊല്ലമായി നിയമസഭയിൽ ഏററവും വലിയ ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ള ഒരു സംഗതിയാണ് ഉപ്പുവ്യവസായം ദേശീകരിക്കണം എന്നുള്ളതു്. സർ. സി. പി. യുടെ ഗവൺമെണ്ടുപോലും അതിനോടു യോജിക്കുകയും എന്നാൽ അതിൽ ഏർപ്പെട്ടിരുന്ന ചില വ്യക്തികളോടുള്ള മമതകൊണ്ടു മാത്രം അതു നടപ്പിലാക്കാതിരിക്കുകയുമാണ് ചെയ്തിട്ടുള്ളതു്. ഇന്നത്തെ ഗവൺമെണ്ടു അങ്ങിനെയുള്ള ചില സ്ഥാപിത താല്പര്യക്കാരുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ടു ഉപ്പുവ്യവസായം ദേശീകരിക്കാൻ തീരുമാനിച്ചതിൽ ആത്മാർത്ഥമായ സന്തോഷമുണ്ടു്. ഗവൺമെണ്ടിനെ അക്കാര്യത്തിൽ അനുമോദിക്കയും ചെയ്യുന്നു. മറെറാരു ചർച്ചാവിഷയം പുകയില ഷാപ്പു ലേലമാണ്. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ മന്നാർ ഗോപാലൻ നായർ പുകയിലയുടെ ലേലസമ്പ്രദായംമൂലം പുകയിലയുടെ വില അമിതമായി വർദ്ധിക്കുമെന്നും തന്മൂലം ജനങ്ങൾക്കു വലിയ ക്ലേശം ഉണ്ടാകുമെന്നും പറഞ്ഞുകേട്ടു. സർ, തിരുവിതാംകൂറിന്റെ വടക്കൻ താലൂക്കുകളിലാണ് ഏററവും കൂടുതൽ തുകയ്ക്കു് പുകയില ഷാപ്പുകൾ ലേലത്തിൽ പിടിച്ചിരിക്കുന്നതു്. അങ്ങനെ വളരെ അധികം ഷാപ്പുകൾ പിടിച്ചിട്ടുള്ളവർ ഈ യൂണിയൻ സംസ്ഥാനത്തേക്കാവശ്യമുള്ള പുകയിലയും ബീഡിയിലയും അവയുടെ ഉല്പാദനസ്ഥലങ്ങളിൽനിന്നു നേരത്തെ കൊണ്ടുവരുന്നതിനു് ഏജൻസികൾ മുഖാന്തിരം ഏർപ്പാടു ചെയ്തിരിക്കുകയാണ് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു മാന്യനിൽനിന്നും എനിക്കറിയാൻ സാധിച്ചതു്. പുകയിലക്കും മററും യാതൊരു കാരണവശാലും അധികം വില കൂടാൻപോകുന്നില്ലെന്നുണ്ടു്. ഇപ്പോൾ ഒരുരൂപാ രണ്ടണയ്ക്കു് അതിന്റെ ഉൽപ്പാദനസ്ഥലത്തുനിന്നും കിട്ടുന്ന പുകയിലനമ്മുടെ കച്ചവടക്കാർ ഇപ്പോൾ രണ്ടര രൂപയ്ക്കാണ് വില്ക്കുന്നതു്. അങ്ങനെ ഒരു രൂപാ രണ്ടണ വിലയുള്ള സാധനത്തിനു് ഇപ്പോൾ രണ്ടര രൂപാ കൊടുക്കേണ്ടിവരുന്നതു് അനേകം ഏജൻസികൾ അമിതമായി എടുക്കുന്ന ലാഭംകൊണ്ടുമാത്രമാണ്. ഇന്നത്തെ ലേലസമ്പ്രദായംമൂലം ഈ ഇടനിലക്കാർക്ക് ആദായം ലഭിക്കാതെ വരികയും കച്ചവടക്കാർക്ക് ഇന്നത്തെ വിലക്കുതന്നെ പുകയില വില്ക്കാൻ സാധിക്കയും ചെയ്യും. തന്മൂലം യാതൊരു വിഷമവും ഉണ്ടാകാനില്ല എന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. അതുപോലെതന്നെ സിഗരററും മററും ചില കമ്പനിക്കാരുമായി അവരുടെ ഏജൻസികളും മാത്രമേ വില്ക്കാവൂ എന്ന വ്യവസ്ഥ ചെയ്താൽ ഇന്നത്തേതിൽ വില കുറച്ചു് വില്ക്കാൻ സാധിക്കുമെന്നാണ് ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചതു്. ഇതിനു് ഒരു മറുവശം കൂടിയുണ്ടു്. ഈ കുത്തകസമ്പ്രദായത്തെ ദുർവ്വിനിയോഗം ചെയ്തു് അമിതമായ ലാഭം ഉണ്ടാക്കുവാൻ ഇപ്പോഴത്തെ ലൈസൻസികൾ ശ്രമിച്ചാൽ ഗവൺമെണ്ടു് നിർബ്ബന്ധമായി അക്കാര്യത്തിൽ ഇടപെട്ടു് പുകയിലയുടെ വില നിയന്ത്രിക്കാൻ തന്റേടമായി പ്രവർത്തിക്കണമെന്നാണ് എന്റെ അപേക്ഷ. അപ്രകാരം വില വർദ്ധിക്കുമ്പോൾ ഗവൺമെണ്ടു് ഇടപെട്ടു് വില നിയന്ത്രിക്കാൻ തയാറായാൽ എന്റെ മാന്യസ്നേഹിതൻ പറഞ്ഞതുപോലെ ജനങ്ങൾക്കു് ഇക്കാര്യത്തിൽ യാതൊരു ക്ലേശവും ഉണ്ടാകയില്ല. ലേലസമ്പ്രദായംമൂലം മുൻപു് ഏജൻസികൾ എടുത്തുകൊണ്ടിരുന്ന അമിതമായ ലാഭത്തിന്റെ ഒരംശം ഗവൺമെണ്ടിലേക്കു് വരുമെന്നുള്ളതാണ്, ഇതിന്റെ മെച്ചം. അങ്ങിനെ ഗവൺമെണ്ടിനു് നല്ല കാര്യങ്ങൾ ചെയ്യാനുള്ള പണം ഉണ്ടാകയും ചെയ്യും. മറെറാരു സംഗതി പ്രധാനമായി ശ്രീ. മന്നാർ ഗോപാലൻനായർ പറഞ്ഞതു് ബീഡി തൊഴിലാളികളെക്കുറിച്ചാണ്. അദ്ദേഹം പ്രസ്താവിച്ചതുപോലെ ഒരു ശങ്ക ഇക്കാര്യത്തിൽ ബീഡിതൊഴിലാളികളുടെ ഇടയിൽ ഉണ്ടായിട്ടുണ്ടു്. ബീഡിവില വർദ്ധിക്കും, അതുമൂലം ഉപയോഗം കുറയും, ജോലിയില്ലാതെവരും എന്നാണ് ബീഡിത്തൊഴിലാളികളുടെ ആശങ്ക. ഇതിനു് ധാരാളം പരിഹാരമാർഗ്ഗങ്ങൾ ഉണ്ടു്. ബീഡിത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അവസ്ഥയെ സംരക്ഷിക്കാൻ വേണ്ട വ്യവസ്ഥകൾ ഇപ്പോൾതന്നെ ചെയ്യേണ്ടതാണ്. സി. ലൈസൻസുകൾ ബീഡിതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് കൊടുത്താൽ അവർക്കു് അതൊരു കുടിൽവ്യവസായമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കും. എന്നുമാത്രമല്ല കൂടുതൽ ആദായമുണ്ടാക്കാനും സാധിക്കും ഇപ്രകാരം ചെയ്യുന്നതായാൽ ബീഡിത്തൊഴിലാളികളെ സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. അതുപോലെതന്നെ പുകയിലവിലയിൽ അല്പമായ വർദ്ധനവുണ്ടായാൽ ഗവൺമെണ്ടു് അതിൽ ഇടപെട്ടു് അതിന്റെ വില നിയന്ത്രിക്കണം. ഇക്കാരണങ്ങളാൽ ഈ ലേലസമ്പ്രദായംകൊണ്ടു് യാതൊരു ദോഷവും വരാനില്ലെന്നും നേരെമറിച്ചു് ഗവൺമെണ്ടിനും ജനങ്ങൾക്കും വളരെ സൗകര്യപ്രദമായ വിധത്തിൽ ഇതു നടത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. ടി. കേശവശാസ്ത്രി: ഈ ഉപക്ഷേപത്തിന്റെ തത്വത്തെ ഞാൻ അനുകൂലിക്കുന്നു. എന്റെ ഉപക്ഷേപം പുകയിലയുടേയും, ബീഡിയുടേയും വിലക്കൂടുതലിനെപ്പററി വിശദീകരിക്കുവാനാണ്. യുദ്ധകാലപരിതഃസ്ഥിതികളെപ്പോലും അതിലംഘിക്കുന്ന വിലവർദ്ധനവാണ്. ഇതിന് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഈ വിലവർദ്ധനവ് മുൻപ് ഇല്ലാതിരുന്ന ലേലസമ്പ്രദായംകൊണ്ട് ഉണ്ടായിട്ടുള്ളതാണ്. പുകയിലവും, ബീഡിയും സാധാരണക്കാരന്റെ നിത്യോപയോഗസാധനങ്ങളാണ്. ഈ വിലവർദ്ധനവുകൊണ്ട്, സാധാരണ ജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ വളരെ വലുതാണെന്നുള്ള വിവരം ഗവമ്മെണ്ട് സദയം ഓർക്കണം. കഴിയുന്നതും, ഏതാദൃശസാധനങ്ങളുടെ വിലവർദ്ധനവിന്, ഗണ്യമായ കുറവു വരുത്തുകതന്നെവേണം.

സർ, ഈ സന്ദർഭത്തിൽ ഗവമ്മെണ്ടിന്റെ സാക്ഷാൽ കൃത്തവ്യത്തെയും ജനങ്ങളുടെ സമ്പൂർണ്ണ സഹകരണത്തിന്റെ ആവശ്യകതയേയും, പററി ചിലതു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ഗവമ്മെണ്ടുകളും ഇന്നത്തെ ഗവമ്മെണ്ടും തമ്മിലുള്ള മികച്ച അന്തരം അറിയേണ്ടതാണ്. രാജായത്ത ഗവമ്മെണ്ടിനേയും, സചിവായത്ത ഗവമ്മെണ്ടിനേയും പരാമശിച്ച്, പലരും ഇവിടെ പറയുന്നതു് കേൾക്കാൻ ഇടയായി. ഇന്നത്തെ ജനായത്ത ഗവമ്മെണ്ടിനേയും ഒരു തമിഴ്നാട്ടമെമ്പർ പറഞ്ഞതുപോലെ—ജനനായക ഗവമ്മെണ്ടിനേയും ചോദ്യംചെയ്യാൻ ഇടവരാവുന്നതാണല്ലൊ. കക്കശ നിരൂപണങ്ങൾക്കും വളഞ്ഞ ചോദ്യങ്ങൾക്കും ഇവിടെ കേട്ടവിധത്തിൽ ഒരു വഴക്കം അനുവദനീയമല്ലെന്ന് പറയുവാൻ ഈ സമയം ഞാൻ വിനിയോഗിച്ചുകൊള്ളുന്നു.

സർ, ഇൻഡ്യൻ സ്വാതന്ത്ര്യദിനത്തിന്റെ ദ്വിതീയ വാഷികാഘോഷവും സ്മരണീയമായി കഴിഞ്ഞുവല്ലൊ. ഈ മഹനീയ സംഭവത്തെപ്പററി—

സ്വാതന്ത്ര്യം മഹാൽമാംകനകത്താക്കോൽ നൽകീ—
ഭൂതത്തിന്നറപൂട്ടാൻ ഭാവിയെ തുറക്കുവാൻ

എന്ന് ഒരു സഹൃദയകവി പറയുന്നു. ഇതു് എത്രയോ ശ്രദ്ധേയമാണെന്ന് ചിന്തിക്കാവുന്നതാണല്ലൊ. യഥാർത്ഥത്തിൽ ജനായത്തഗവമ്മെണ്ടു് നടപടികൾ പുരോഗമിപ്പിച്ച് ഇങ്ങനെ യായിരുന്നാൽ നന്നായിരുന്നു, എന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. പി. നാണു: ഈ കവി എവിടത്തുകാരനാണെന്നറിയാമോ?

ശ്രീ. ടി. ടി. കേശവശാസ്ത്രി: കൊച്ചീക്കാരനാണെന്നാണ് അറിവു്.

ശ്രീ. കെ. എ. മാത്യു: അദ്ദേഹത്തിന്റെ പേരു് എന്താണെന്നു പറയാമോ?

ശ്രീ. ടി. ടി. കേശവശാസ്ത്രി: വിദ്വാൻ ജി. ശങ്കരക്കുറുപ്പ്. സർ, ഈ ഭൂതകാല വ്യവസ്ഥിതികളെപ്പററിപ്പറഞ്ഞു് പിണങ്ങാതെ ഇന്ന് സ്വാതന്ത്ര്യകനകത്താക്കോൽകൊണ്ട് ഭൂതത്തിന്നറപൂട്ടുകയും, ഒരു ഭാസുരഭാവിയെത്തന്നെ തുറക്കുകയുമാണാവശ്യം. അതിനാൽ ഗവമ്മെണ്ടും, ഈ സഭയും ഇതിൽ ശ്രദ്ധിച്ചു് കാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എ. എം. തോമസ്: ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ ഗോപാലൻനായർ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ എതിക്കുന്നു. എക്സൈസ് ഇനത്തിൽ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപങ്ങളെ പരിശോധിച്ച് നോക്കിയാൽ ഇതിൽ പ്രധാനമായി രണ്ടു് സംഗതികൾ നമ്മുടെ അടിയന്തിരമായ ശ്രദ്ധയ്ക്കു് വിഷയീഭവിക്കുന്നുണ്ടെന്നു കാണാം. ഒന്നാമത്തു് മദ്യനിരോധന സംഗതി. രണ്ടാമത്തു് ഐക്യസംസ്ഥാനങ്ങളുടെ വടക്കൻ പ്രദേശങ്ങളിൽ ഗവമ്മെണ്ടു് സ്ഥാപിച്ചിട്ടുള്ള ചൌക്കസമ്പ്രദായം സംബന്ധിച്ചുള്ളതു്. മദ്യനിരോധനം, രണ്ടു് സംസ്ഥാനങ്ങളേയും തമ്മിൽ യോജിപ്പിക്കുന്നതിന് മുൻപ്, കോൺഗ്രസ്സ് ഗവമ്മെണ്ടു് അധികാരത്തിൽ വരുമ്പോൾ നടപ്പിൽ വരുത്താമെന്നു പ്രതിജ്ഞ ചെയ്തിട്ടുള്ള ഒന്നാണ്. ഇവിടെ ബഹുമാനപ്പെട്ട വനിതാ മെമ്പർ സരസഗംഭീരമായി പ്രസംഗിച്ചു്, ആദർശത്തിന്റെ പേരിൽ മദ്യനിരോധനം നടപ്പായി കുഴപ്പം ഉണ്ടാക്കരുതെന്ന്. രാഷ്ട്രപിതാവിന്റെ നാമധേയം സ്ഥാനത്തും അസ്ഥാനത്തും പ്രസംഗപീഠങ്ങളിൽ നേതാക്കന്മാർ വലിച്ചിഴയ്ക്കുന്നു എന്നുള്ളതു് ഒരു പരമാത്ഥം മാത്രമാണ്. എന്നാൽ അദ്ദേഹത്തിന്റെ ആദർശം നടപ്പിൽ വരുത്തുന്നതിനും സൃഷ്ടിപരമായ പരിപാടികൾ കൈക്കൊള്ളുന്നതിന് നമ്മുടെ കോൺഗ്രസ്സ് ഗവമ്മെണ്ടു് വൈമുഖ്യം പ്രദർശിപ്പിക്കുന്നു എന്നുള്ളതിന് മദ്യനിരോധന കാര്യം മാത്രം പരിശോധിച്ചാൽ മതി. ഐക്യസംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർ ഡിസ്ട്രിക്ടിൽ ഏതാനും ചില താലൂക്കുകളിലും കൊച്ചിയിൽ ഒരു താലൂക്കിലും മദ്യനിരോധനം നടപ്പാക്കാൻ ഐക്യസംസ്ഥാന ഗവമ്മെണ്ടു

തീരുമാനിച്ചിട്ടുള്ളതു് എത്രയും ശ്ലാഘനീയമായ ഒന്നാണെന്നു് പറയാതെ തരമില്ല. സാധാരണക്കാരന്റെ ജീവിതത്തോതു് ഉയർത്തിക്കൊണ്ടുപോകുന്നതിനു് കടമപ്പെട്ടിരിക്കുന്ന ഗവമ്മെണ്ടു് ധനപരമായ മററു് സംഗതികളെ ആലോചിച്ചു് മററു താലൂക്കുകളിൽക്കൂടി മദ്യനിരോധനം നടപ്പിൽ വരുത്തുന്നതിനു് അമാന്തം കാണിക്കേണ്ട ആവശ്യം ഇല്ല. മദ്യനിരോധനം നടപ്പാക്കുന്നതുമൂലം ധനപരമായി ഗവമ്മെണ്ടിനു് വലിയ ഒരു നഷ്ടം സംഭവിക്കുമെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. ൧൧൨൪-ലെ തിരുവിതാംകൂറിലെ റിവൈസ്ഡ് ബഡ്ജററിൻപ്രകാരം ഒരു കോടി മുപ്പത്തിരണ്ടു ലക്ഷം രൂപയാണു് അബ്കാരി ഇനത്തിൽ വരവു് ഉണ്ടാകുമെന്നു് പ്രതീക്ഷിക്കുന്നതു്. അതുപോലെതന്നെ കൊച്ചിയിലെ കണക്കിൻപ്രകാരം അൻപത്തിമൂന്നു ലക്ഷം രൂപാ ആ ഇനത്തിൽ കണക്കാക്കപ്പെട്ടിരിക്കുന്നതായി കാണാം. ഇങ്ങനെ ഭീമമായ ഒരു വരവു് നാം ഉപേക്ഷിക്കേണ്ടിവരുമെന്നുള്ളതാണു് മദ്യനിരോധനം നടപ്പാക്കുന്നതിൽ ഒരു പ്രതിബന്ധമായി ഗവമ്മെണ്ടു് വിചാരിക്കുന്നതു്", എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. തിരുവിതാംകൂർ ഗവമ്മെണ്ടിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള സ്റ്ററിസ്റ്റിക്സ് പരിശോധിച്ചാൽ ൧൧൨൩-ൽ ൪൭൩ ചാരായഷാപ്പുകളിലായി രണ്ടര ലക്ഷം ഗ്യാലൻ ചാരായം ചിലവായിട്ടുണ്ടു് എന്നു് കാണാം. അതുപോലെതന്നെ ൧൦൨൦൨ കള്ളുഷാപ്പുകളും ഈ സംസ്ഥാനത്തു് നിലവിൽ ഇരുന്നതായി കാണാം. ഏതായാലും സാധാരണക്കാരന്റെ സ്വഭാവവും ധനവും ആരോഗ്യസ്ഥിതിയും നശിപ്പിക്കുന്ന ഈ കള്ളുഷാപ്പുകൾ കഴിയുന്നത്ര വേഗം നിറുത്തൽ ചെയ്യുവാൻവേണ്ട നടപടി ഗവമ്മെണ്ടു് സ്വീകരിക്കേണ്ടതാണു്. രണ്ടാമതായി എന്റെ പേരിൽ ഉള്ള ഒരു ഉപക്ഷേപം, ഐക്യസംസ്ഥാനത്തെ ചൌക്കകളെ സംബന്ധിച്ചാണു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജററു് പ്രസംഗം നാലാമത്തെ പേജിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"After integration it was not permissible and it would have been wrong to retain and maintain customs choukeys at the borders of Travancore and Cochin. On the other hand, it would have been suicidal to relinquish a revenue of more than a crore of rupees by abolishing the choukeys before knowing where we stood with federal financial integration. Therefore with the concurrence of the Ministry of States, the Government of the United State have shifted the choukeys northward to the borders of the United State" ഈ പ്രസ്താവന എത്രമാത്രം ശരിയാണെന്നു, ചില സംഗതികൾ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു്, അതു് സഭയെ മനസ്സിലാക്കണമെന്നു് ഞാൻ വിചാരിക്കുന്നു. കൊച്ചി അസാധാരണ ഗസററ് ൧൨൧ കർക്കടകം ൨൨-ാംനു പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "The full and exclusive jurisdiction of every kind occupied by the Shorannur Cochin Railway, the Harbour Railway and Railway extension from Idappilli to link with the Harbour Railway has reverted to the Maharaja of Cochin"

ഇതിൻപ്രകാരം ഷോറണ്ണൂർ മുതൽ ഹാർബർ ടെർമിനസ്‌വരെയുള്ള റെയിൽവെ സ്റ്റേഷനുകളുടേയും റെയിൽവെലൈനിന്റേയും പ്രദേശത്തിന്റെ ഭരണകത്തവ്യം കൊച്ചി ഗവമ്മെണ്ടിന്റെ കൈയ്യിൽ ആയിരുന്നു എന്നു് കാണാവുന്നതാണു്. അങ്ങിനെയാണെങ്കിൽ ഐക്യസംസ്ഥാനം ആവിർഭവിച്ചതോടുകൂടി അതു് ഐക്യസംസ്ഥാനത്തിന്റേതായിത്തീന്നിരിക്കുകയാണു്. ഈ ഭാഗങ്ങൾ അധികവും ഉൾപ്രദേശങ്ങളിലെ ബോർഡേഴ്സ്സിൽ അല്ലെന്നു കാണാൻ കഴിയും. ഫിനാൻഷ്യൽ മന്ത്രിയുടെ പ്രസംഗത്തിൽ പ്രസ്താവിച്ചതനുസരിച്ചു് ചൌക്കകൾ ബോർഡേഴ്സിലാണു് സ്ഥാപിച്ചിരിക്കുന്നതെന്നു പറയുവാൻ നിവൃത്തിയില്ല. ഏതായാലും ഈ ചൌക്കകളുടെ കാര്യത്തിൽ കൊച്ചിക്കാർ വളരെ വിഷമതകൾ അനുഭവിക്കുന്നു എന്നുള്ള സംഗതി ഓത്തുകൊണ്ടു് ഈ ചൌക്കകൾ നീക്കംചെയ്യുന്നതിനു് ഗവമ്മെണ്ടു് ദൃഷ്ടിപതിപ്പിക്കണമെന്നുമാത്രമെ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് എനിക്കു് പ്രസ്താവിക്കുവാനുള്ളു.

സാഹിബ് ബഹദൂർ കെ. എച്ചു്. സുലൈമാൻ : ഒരു നല്ല കാര്യം ഏതു ഭാഗത്തിൽ നിന്നു വന്നാലും അതു് സ്വീകരിക്കണം. എതിർപക്ഷത്തുനിന്നു് വന്നു എന്നുള്ള കാരണംകൊണ്ടു അതു സ്വീകരിക്കുന്നതു് തെററാണെന്നു ഞാൻ കരുതുന്നില്ല, സംയോജനത്തിന്റെ ഫലമായി പല നല്ല സംഗതികളും ഇവിടെ നടപ്പാകുമെന്നു് നാം വിചാരിച്ചു, പുകയിലസംബന്ധമായി ഗവമ്മെണ്ടു് അനുവത്തിച്ച നയം നിരാശയാണു് ഉണ്ടാക്കിയതു്. തിരുവിതാംകൂറും കൊച്ചിയുംകൂടി സംയോജിക്കാൻ പോകുന്നതിന്റെ ഫലമായി തിരുവിതാംകൂറിൽ അനുവത്തിച്ച നയം തന്നെ കൊച്ചിയിലും അനുവത്തിക്കുമെന്നു കൊച്ചിക്കാർ വിചാരിച്ചു. കൊച്ചിയിൽ നടപ്പിൽ ഉണ്ടായിരുന്ന ഖേലസമ്പ്രദായത്തിന്റെ ഫലമായി

[സാഹിബ്ബ്‌ബഹദൂർ കെ. എച്ചു്. സുലൈമാൻ]

സാമ്പത്തികദുരിതം അനുഭവിച്ചുകൊണ്ടിരുന്ന കൊച്ചിക്കാരായ സാമാന്യജനങ്ങൾ ലേലസമ്പ്രദായം നിറുത്തി ലൈസൻസ്‌സമ്പ്രദായം നടപ്പിൽ വരുന്നതുമൂലം ഉണ്ടാകാൻ പോകുന്ന ഗുണഫലങ്ങളെ ഓർത്തു് സന്തോഷിച്ചു. എന്നാൽ അവക്കു നിരാശയാണു് ഉണ്ടായതു്. അവിടുത്തെ ലേലസമ്പ്രദായത്തിനു പകരം എ.ബി.സി. ഇങ്ങിനെയുള്ള ലൈസൻസുസമ്പ്രദായം വരുമെന്നു അവർ വിചാരിച്ചു. എന്നാൽ ഉണ്ടായതു തിരുവിതാംകൂറിലും ലൈസൻസുസമ്പ്രദായം മാററി ലേലസമ്പ്രദായം ആക്കുകയാണു ചെയ്തതു്. തിരുവിതാംകൂറിലുണ്ടായിരുന്ന സി. ക്ലാസ്സ്‌സമ്പ്രദായം കൊച്ചിയിൽ വരുന്നതോടൊപ്പം അവിടത്തെ തൊഴിലില്ലായ്മക്കൊരു പരിഹാരം ഉണ്ടാകുമെന്നു് കൊച്ചിക്കാരാശിച്ചു. എന്നാൽ അവരുടെ ആശ നിരാശയിൽ ഭവിക്കുമാറു് സി. ക്ലാസ്സുസമ്പ്രദായം തിരുവിതാംകൂറിൽ മാത്രം നടപ്പിൽ വരുത്തുകയും കൊച്ചിയിൽ നടപ്പിൽ വരുത്താതിരിക്കുകയുമാണു ചെയ്തിട്ടുള്ളതു്. നിസ്സാരമായ 6 രൂപയുടെ ഒരു ലൈസൻസ്സു് എടുക്കുന്നതുകൊണ്ടു് ഉപജീവനമാർഗ്ഗം സമ്പാദിക്കുവാൻ സാധിക്കുമെന്നു അവർ വിചാരിച്ചിരുന്നു. ഇവിടുള്ള സി. ക്ലാസ്സുകാക്കു അനുഭവിക്കാൻ സാധിക്കുന്നതായ മഹാഭാഗ്യം കൊച്ചിക്കാക്കു അനുഭവിക്കുവാൻ സാധിക്കാതെയാണു വന്നിട്ടുള്ളതു്. അതിന്റെ ഫലമായി കൊച്ചിയിലെ പൊതുജനങ്ങളിൽ ഒരു വലിയ വിഭാഗത്തിനു നിരാശ ഉണ്ടായിട്ടുണ്ടു. അതുകൊണ്ടു് എനിക്കു് ഗവമ്മെണ്ടിനോടു് ഈ അവസരത്തിൽപറയാനുള്ളതു തിരുവിതാംകൂറിലുള്ളതുപോലെയുള്ള സി.ക്ലാസ്സ്‌സമ്പ്രദായം കൊച്ചിയിലും നടപ്പിൻ വരുത്തണമെന്നാണു്. ഈ അവസരത്തിൽ ഒരു ചെറിയ പ്രാദേശികസംഗതിയെക്കുറിച്ചുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ചൌക്കകളുടെ ദോഷഫലങ്ങളെപ്പററി പലരും അവരുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. മട്ടാഞ്ചേരി സന്ദർശനത്തിനു നമ്മുടെ എക്സൈസ്സുമന്ത്രി വന്നിട്ടുണ്ടായിരുന്നു എന്നാണ് എനിക്കു തോന്നുന്നതു. ഫോട്ടുകൊച്ചിക്കും മട്ടാഞ്ചേരിക്കും മദ്ധ്യേ ചൌക്കകൾ ഇരിക്കുന്നതു് ഒരിക്കലും നീതീകരിക്കുവാൻ സാധിക്കുകയില്ലെന്നു നമുക്കു് മനസ്സിലാക്കാൻ കഴിയുന്നതാണു്. ഫോട്ടുകൊച്ചിയിലും മട്ടാഞ്ചേരിയിലും വിവിധസമ്പ്രദായത്തിലാണു ഭരണക്രമം നടക്കുന്നതെങ്കിലും ഒരു രാജ്യത്തു താമസിക്കുന്നവരെപ്പോലെ എല്ലാ കാര്യങ്ങളിലും അന്യോന്യം ആശ്രയിച്ചു കഴിഞ്ഞുകൂടുകയാണു്. ഈ ഫോട്ടുകൊച്ചിയിൽ മുപ്പതിനായിരത്തിൽപരം ആളുകൾ താമസിക്കുന്നുണ്ടു്. ഫോട്ടുകൊച്ചിക്കും മട്ടാഞ്ചേരിക്കും മദ്ധ്യേ ചൌക്കവന്നതോടുകൂടി അവക്കു ജീവിക്കുന്നതിനു വലിയ ക്ലേശങ്ങൾ വന്നുകൂടിയിട്ടുണ്ടു്. അവരുടെയിടയിൽ ഒരു ബലമായ സംസാരംപോലും നടക്കുന്നുണ്ടു്. അതായതു് ഈ ചൌക്ക അവരുടെ മദ്ധ്യത്തിൽ കൊണ്ടുവന്നുവെച്ചതു് അവരെ യൂണിയനിലേക്കു വലിച്ചിറക്കാനായി ഐക്യസംസ്ഥാനഗവമ്മെണ്ടു് ചെലുത്തിയ പ്രേരണയായാണു് അവർ ഗണിക്കുന്നതു. അവിടെ ചെന്നു നോക്കുന്നപക്ഷം ഈ ചൌക്കയുടെ ആവശ്യമില്ലായ്മ തികച്ചും മനസ്സിലാക്കാൻ സാധിക്കുന്നതാണു. ഈ ചൌക്കകൾ അവിടെ സ്ഥാപിക്കുന്നതുകൊണ്ടു ഗവമ്മെണ്ടിനു നഷ്ടമല്ലാതെ ലാഭമുണ്ടാകുവാൻ പോകുന്നില്ല. അതുകൊണ്ടു ഈ ചൌക്കസമ്പ്രദായം ഏററവും വേഗത്തിൽ എടുത്തുകളയണമെന്നാണ് എനിക്കു ഗവമ്മെണ്ടിനോടു പറയാനുള്ളതു്. ഒരു സംഗതികൂടി പറയാനുണ്ടു്. ഫോർട്ടുകൊച്ചിയിൽ മദ്യനിരോധനം നടപ്പിൽ വരുത്തിയിട്ടുണ്ടു്; എന്നാൽ മട്ടാഞ്ചേരിയിൽ അതു നടപ്പിൽ വരുത്തിയിട്ടില്ല. ഏതു സദുദ്ദേശത്തിലാണോ ഫോർട്ടുകൊച്ചിയിൽ മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ളതു് ആ ഉദ്ദേശത്തെത്തന്നെ പരാജയപ്പെടുത്തുന്നതിലേക്കല്ലേ മട്ടാഞ്ചേരിയിൽ മദ്യനിരോധനം നടപ്പിൽ വരുത്താത്തതെന്നു തോന്നിപ്പോകുന്നു. ഫോർട്ടുകൊച്ചിയും മട്ടാഞ്ചേരിയും അടുത്തടുത്തു കിടക്കുന്ന സ്ഥലങ്ങൾ ആയതുകൊണ്ടു് അവിടെയുള്ള ആളുകൾക്കു് ദിവസവും മട്ടാഞ്ചേരിയിൽ വന്നു കുടിച്ചുമദിച്ചു പോകാൻ കഴിയും. ഫോർട്ടുകൊച്ചിയിലുള്ള ജനങ്ങൾക്കു മദ്യം കഴിക്കുവാൻ കഴിയുമാറാണ് മട്ടാഞ്ചേരിയ,ൽ ഷാപ്പുകൾ നടത്തുന്നതു്. മഹത്തായ ആദർശത്തിന്റെ പേരിൽ നടത്തുന്ന മദ്യനിരോധനത്തെ പരാജയപ്പെടുത്തരുതെന്നു് അപേക്ഷിക്കുന്നു. ഈ സംഗതിയിലും ഗവമ്മെണ്ടിന്റെ ശ്രദ്ധ പതിയണമെന്നാഗ്രഹിക്കുന്നു. ഫോർട്ടുകൊച്ചിയുടേയും മട്ടാഞ്ചേരിയുടേയും മദ്ധ്യേയുള്ള ചൌക്ക നീക്കം ചെയ്യണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇദ്ദേഹത്തിന്റെ പ്രസംഗത്തിൽ സി. ക്ലാസ്സു സമ്പ്രദായം തിരുവിതാംകൂറിലും കൊച്ചിയിലും വ്യത്യസ്തമാണെന്നു പറയുകയുണ്ടായി. അതു പരമാർത്ഥമാണൊ എന്നു ട്രഷറിബഞ്ചിൽനിന്നും പറഞ്ഞാൽ കൊള്ളാം.

**Mr. Speaker :** When the Minister concerned gives his reply the matter that has been raised by the Hon'ble Member will also be kept in mind.

ശ്രീ. ടി. എസ്സ്. ബന്ധു: സർ, രണ്ടു കാര്യങ്ങൾ എക്സൈസ് വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനുവേണ്ടിയാണ് ഒന്നു രണ്ടു ഉപക്ഷേപങ്ങൾ ഞാനും അയച്ചിട്ടുള്ളതു്. എക്സൈസ് വകുപ്പിൽ നടക്കുന്ന അഴിമതിയാണ് ആദ്യമായി ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നതു്. ഇന്നു നമ്മുടെ രാജ്യത്തെ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും അഴിമതി (പച്ചയായി പറയുകയാണെങ്കിൽ കൈക്കൂലി) അമിതമായി നടക്കുന്നുണ്ടെന്നുള്ള സംഗതി പരസ്യമായ ഒരു പരമാർത്ഥം മാത്രമാണെന്ന് ഈ സഭയിലെ ബഹു: മെമ്പർമാർ ധരിച്ചിട്ടുണ്ടെന്നാണ് എൻെറ വിശ്വാസം. എന്നാൽ കൈക്കൂലിയുടെ കാര്യത്തിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിന് ഒരു പ്രത്യേകതകൂടിയുണ്ടെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. ബഹു: മന്ത്രിമാർക്കും ഈ വസ്തുത അറിയാമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഏതെങ്കിലും കാര്യങ്ങൾക്കു വേണ്ടി ഉദ്യോഗസ്ഥന്മാരെ സമീപിക്കുമ്പോൾ മാത്രമായിരിക്കും മററു ഡിപ്പാർട്ടുമെണ്ടുകളിൽ കൈക്കൂലികളുടെ കാര്യം ഉത്ഭവിക്കുന്നതു്. എന്നാൽ എക്സൈസ് ഡിപ്പാർട്ടുമെൻറിലാകട്ടെ—എൻെറ അനുഭവംവെച്ചുകൊണ്ടു് പറയുകയാണ്—ശിപായിമാർ മുതൽ സർക്കിൾ ഇൻസ്പെക്ടർമാർവരെയും പരസ്യമായി കൈക്കൂലി വാങ്ങുന്ന ഒരു സമ്പ്രദായം നടപ്പിലുണ്ടു്. കള്ളുഷാപ്പുകാരിൽനിന്നും മററും മാസംപ്രതി ഇത്രതുക കൈക്കൂലി കൊടുക്കണമെന്ന് ഒരു പതിവുതന്നെയുണ്ടു്. കുറച്ചു ദിവസത്തിനു മുമ്പ് കുന്നംകുളത്തു് കള്ളുഷാപ്പുകാർ എക്സൈസ് ഡിപ്പാർട്ടുമെൻറുകാരുടെ കൈക്കൂലിയെപ്പററി തലപ്പിള്ളി താലൂക്ക് കോൺഗ്രസ്സ് സിക്രട്ടറി എന്ന നിലക്കു എന്നോടു പരാതിപ്പെടുകയും ഞാൻ അതിന്മേൽ ഉടനടി പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു് എക്സൈസ് കമ്മീഷണരുടെ മുമ്പാകെ പരാതി ബോധിപ്പിക്കുകയും ഉണ്ടായി. പരാതിക്കാർ അദ്ദേഹത്തിൻെറ അടുക്കൽചെന്ന് തെളിവു കൊടുക്കണമെന്ന് എക്സൈസ് കമ്മീഷണർ എന്നെ അറിയിക്കുകയും ആ വിവരം പരാതിക്കാരെ അറിയിച്ചതിൻെറ ഫലമായി അവർ അദ്ദേഹത്തിൻെറ അടുക്കൽ സ്റ്റേറമെൻറ് കൊടുക്കുകയും ചെയ്തിട്ടുണ്ടു്. ആ സ്റ്റേറമെൻറിൽ അവർ പറഞ്ഞിട്ടുള്ളതു് യഥാർത്ഥമാണോ അല്ലയോ എന്നുള്ള കാര്യത്തെപ്പററി ഗൗരവമായി അന്വേഷണം നടത്താൻ എക്സൈസ് വകുപ്പിൻെറ അദ്ധ്യക്ഷന് തികച്ചും ചുമതലയുണ്ട്. നമ്മുടെ ഐക്യസംസ്ഥാനത്തിലെ ഇന്നത്തെ എക്സൈസ് കമ്മീഷണർ ഡിപ്പാട്ട്മെൻറു ഭരണം കാര്യക്ഷമമായി നടത്തുന്ന കാര്യത്തിൽ സമർത്ഥനും സത്യസന്ധനും ആണെന്ന വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. പക്ഷെ കീഴുദ്യോഗസ്ഥന്മാരെ ഉപദ്രവിക്കുന്നതിനു അദ്ദേഹത്തിനുള്ള വിഷമമാണോ ഇതിന് കാരണമെന്ന് ഞാൻ സംശയിക്കുന്നു. എക്സൈസ് കമ്മീഷണർ അവയ്ക്കു ശരിയായ അന്വേഷണം നടത്തുന്നില്ലെന്നു കണ്ട ആ വിവരം ഞാൻ ബഹു: എക്സൈസ് വകുപ്പു മന്ത്രി അവർകളെയും എഴുതി അറിയിക്കുകയുണ്ടായി. എന്നാൽ നാളതുവരെ അതിന്മേൽ യാതൊരു നടപടിയും നടത്തിയിട്ടില്ലെന്ന പരമാർത്ഥം ഈ അവസരത്തിൽ ഗവമ്മെൻറിനേയും സഭയേയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കാര്യങ്ങളിൽ ശരിയായ ഒരന്വേഷണം നടത്തണമെന്നുള്ളതാണ് എൻെറ പ്രധാനമായ ആവശ്യം.

മറെറാന്ന് എനിക്കു പറയാനുള്ളതു്, എൻെറ സ്നേഹിതൻ ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ പറഞ്ഞതുപോലെ മദ്യവർജ്ജനം നടപ്പിൽ വരുന്നതോടുകൂടി തൊഴിലില്ലാതായിത്തീരുന്ന ചെത്തുതൊഴിലാളികളുടെ കാര്യത്തിൽ എന്തെങ്കിലും ഒരു നിവൃത്തിമാർഗ്ഗം ഗവമ്മെണ്ടു കണ്ടുപിടിക്കണമെന്നാണ്. അദ്ദേഹം അന്തിക്കാടിനെപ്പററി പറയുകയുണ്ടായി. അവിടെയുള്ളവർ തെങ്ങുചെത്തുകാരാണ്. അതുകൊണ്ടു് അവർക്ക് ചക്കരക്കുവേണ്ടി ചെത്താൻ സാദ്ധ്യമല്ല. തലപ്പിള്ളി താലൂക്കിലെ തൊഴിലാളികളിൽ ഏതാണ്ടു് ആയിരത്തിഅഞ്ഞൂറിന്മേൽ രണ്ടായിരത്തിനു താഴെവരുന്ന ചെത്തുകാരൽ മുക്കാലെ അരക്കാലും പനചെത്തുകാരാണ്. മദ്യനിരോധനംമൂലം അവർക്ക് പ്രവൃത്തിയില്ലാതാകുമ്പോൾ രണ്ടുതരത്തിലുള്ള ബുദ്ധിമുട്ടുകളാണ് അവർക്കു നേരിടുന്നതു്. പനകൾ ചെത്തുന്നതിനുമാത്രമേ ഉപയോഗപ്പെടുന്നുള്ളൂ. അതു് തെങ്ങുപോലെയുള്ള ഒരു ഫലവൃക്ഷമല്ല. പനചെത്തുകാർക്ക് ജീവിക്കാൻ മാത്രമുള്ള ആദായമായിരിക്കും അതിൻനിന്നു കിട്ടുന്നതു്. പനചെത്തുന്നതിന് ലൈസൻസു കൊടുക്കാതിരുന്നാൽ അതിൽനിന്നും ജനങ്ങൾക്കു കിട്ടുന്ന ആദായം നഷ്ടപ്പെടുന്നതുകൂടാതെ ചെത്തുകാർക്ക് തൊഴിലില്ലാതെ വരുകയും ചെയ്യുന്നു. ചെത്തു തൊഴിൽകൊണ്ടു ജീവിക്കുന്നവർക്ക് അതു ഇല്ലാതായാൽ മററു പ്രകാരത്തിലുള്ള തൊഴിലുകളിൽ ഏ

]Sri. T, S. Bandhu]

പ്പെട്ട ജീവിക്കുന്നതിനുള്ള പരിതസ്ഥിതിയും ആ താലൂക്കിനെ സംബന്ധിച്ചേടത്തോളം ഇല്ല. അതുകൊണ്ട് പനച്ചെത്തുന്നതിന് ലൈസൻസു അനുവദിക്കേണ്ടതാണെന്നുള്ള വസ്തുതയും കൂടി ഗവമ്മെണ്ടിന്റേയും ഈ സഭയുടേയും മുമ്പാകെ ഉന്നയിക്കുക എന്നുള്ളതാണ് എന്റെ രണ്ടാമത്തെ ആവശ്യം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സർ, എക്സൈസ്സ് വകുപ്പിനെ സംബന്ധിച്ച് ചിലതു സംസാരിക്കുന്നതിനുവേണ്ടി ഞാൻ ൨൭, ൨൯, ൩൦, ൪൧ എന്നീ നമ്പരുകളായി ചേർത്തിട്ടുള്ള നാലു കട്ട്മോഷൻസ് അയച്ചിട്ടുണ്ട്. അതിൽ ൩൦-ാമത്തേയും ൪൧-ാമത്തേയും കട്ട്മോഷനുകളെ സംബന്ധിച്ചുമാത്രം അല്പം സംസാരിക്കണമെന്ന് വിചാരിക്കുന്നു. അതായതു ഉപ്പുവ്യവസായത്തിന്റെ ദേശീയകരണത്തെസംബന്ധിച്ചും മദ്യവർജ്ജനം വ്യാപിക്കുന്നതിനെ സംബന്ധിച്ചുമാണ് എനിക്കു സംസാരിക്കുവാനുള്ളതു്. ഉപ്പുവ്യവസായം ദേശീകരിക്കണമെന്ന നയം ഗവമ്മെണ്ടു അംഗീകരിച്ചിട്ടുള്ളതായും അതിനുവേണ്ടി ബഡ്ജററിൽ പ്രത്യേകം ഒരു തുക കൊള്ളിച്ചിട്ടുള്ളതായും കാണുന്നതുകൊണ്ട് അതിനെ സംബന്ധിച്ച് കൂടുതൽ സംസാരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ആ നയം ഗവമ്മെണ്ടു സ്വീകരിച്ചതിൽ ഞാൻ ഗവമ്മെണ്ടിനെ അഭിനന്ദിക്കുന്നു. ഉപ്പു വ്യവസായം ഏററവും എളുപ്പത്തിൽ ദേശീകരിക്കാവുന്ന ഒന്നാണ്. തിരുവിതാംകൂറിന്റെ ഒരററത്തുമാത്രമേ ഉപ്പുവ്യവസായം നടക്കുന്നുള്ളു. അതായതു തിരുവിതാംകൂറിന്റെ തെക്കെ അററത്തുമാത്രമാണ് ഉപ്പുവ്യവസായം ഉള്ളതു്. ഉപ്പുവ്യവസായ ദേശീകരണത്തെപ്പററി ഇവിടെ പലരും പറയുകയുണ്ടായി. പൊതുവായി എല്ലാ വ്യവസായങ്ങളും ദേശീകരിക്കുന്നതിനു് ഒരു പദ്ധതി തയ്യാറാക്കുകയാണു വേണ്ടതെന്നും വടക്കുള്ള തോട്ടങ്ങൾ എല്ലാം ദേശീകരിച്ചതിനുശേഷം ഉപ്പു വ്യവസായം ദേശീകരിക്കുന്നതിനു ശ്രമിച്ചാൽ മതിയെന്നും തമിഴ്നാട്ടു കോൺഗ്രസ്സുകാർ അഭിപ്രായപ്പെടുകയുണ്ടായി. ദേശീകരണത്തിനു പൊതുവായ ഒരു പദ്ധതി വേണമെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ എല്ലാ വ്യവസായങ്ങളേയും ഉടനെ ദേശീയമാക്കുന്നതിനുള്ള ഒരു വ്യവസ്ഥ സ്വീകരിക്കണമെന്നല്ല ഞാൻ പറയുന്നതു്. ഗവമ്മെണ്ടിനു കഴിയുമെന്നുള്ളിടത്തോളം വ്യവസായങ്ങൾ ദേശീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഉപ്പുവ്യവസായം ഈ യൂണിയനിൽ കുറച്ചു സ്ഥലത്തുമാത്രം ആണുള്ളതു്. ആ നിലക്കു് അതേറെറടുത്തു നടത്തുന്നതിനു ഗവമ്മെണ്ടിനു വളരെ എളുപ്പമുണ്ട്. ഉപ്പു വ്യവസായത്തിലേപ്പെട്ടിരിക്കുന്ന മുതലാളിമാരുടെ ലാഭം നഷ്ടപ്പെട്ടേക്കാമെന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ അതിനു ഒരു പരിഹാരം ഉണ്ടാക്കാൻ ഗവമ്മെണ്ടിനു ഉടനെ സാദ്ധ്യമായില്ലെന്നു വരാവുന്നതുകൊണ്ട് അതുസംബന്ധിച്ചു ഒരു നിർദ്ദേശം നൽകണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. വ്യവസായികൾക്കു് കാമ്പൻസേഷൻ കൊടുക്കുന്നതിനെസംബന്ധിച്ച് സമർത്ഥന്മാരും വിശ്വസ്ഥന്മാരുമായ ആളുകളോടു ആലോചിച്ച് തീരുമാനങ്ങൾ എടുക്കുകയും മുഴവൻതുകയും ഉടനെ കൊടുക്കാൻ സാദ്ധ്യമല്ലെങ്കിൽ ഡിബഞ്ചർപത്രങ്ങൾ എഴുതിക്കൊടുക്കുകയും വേണം. അങ്ങിനെയായാൽ മൂലധനമായി ഗവമ്മെണ്ടിന് ഉടനെ ഒരു വലിയസംഖ്യ ചിലവാക്കാതെ കഴിക്കാൻ സാധിക്കും. പിന്നീടുള്ള ലാഭത്തിൽനിന്നോ മററുവിധത്തിലോ ആ തുകകൾ ക്രമേണ കൊടുത്തുതീർക്കുകയും ചെയ്യാം.

ഗവമ്മെണ്ടിനു ലാഭകരമായി ഏറെറടുത്തു നടത്താവുന്ന മറെറാരു വ്യവസായം ട്രാൻസ്പോർട്ടാണ്. ഗണ്യമായ ഒരു ആദായം അതിൽനിന്നും ഗവമ്മെണ്ടിനു ലഭിക്കുന്നതാണ്. ഉടനെതന്നെ ട്രാൻസ്പോർട്ടു വ്യവസായം മുഴവൻ ദേശീകരിക്കണമെന്നല്ല ഞാൻ പറയുന്നതു്. പലതും ദേശീകരിക്കുന്ന കൂട്ടത്തിൽ അതും ചെയ്യാമെന്നു പറയുകയാണ്.

ഇനി പ്രൊഹിബിഷനെപ്പററിയാണ് എനിക്കു രണ്ടുവാക്കു പറയുവാനുള്ളതു്. അതു വളരെ അഭിപ്രായവ്യത്യാസങ്ങൾ ഉള്ള കാര്യമാണ്. എന്നാൽ ഞാൻ മനസ്സിലാക്കിയിരുന്നതു ഈ അഭിപ്രായ വ്യത്യാസങ്ങൾ പുരുഷന്മാരുടെ ഇടയിൽ മാത്രമേ ഉള്ളു എന്നാണ്. പക്ഷേ സ്ത്രീകളുടെ ഇടയിലും അതു സംബന്ധിച്ച് വലിയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെന്നാണ് ഇവിടെനടന്ന വാദപ്രതിവാദങ്ങളിൽനിന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നതു്. മദ്യനിരോധനം എത്രയും ആവശ്യമാണെന്നും മദ്യപന്മാരുടെ വീട്ടിലുള്ള സ്ത്രീകളെപ്പോലെ മററാരും മനസിലാക്കിയിരിക്കുമെന്നു തോന്നുന്നില്ല. മനുഷ്യന്റെ സന്മാർഗ്ഗബോധത്തേയും സംസ്കാരത്തേയും പുരോഗതിയേയും തടയുന്നതും ഇല്ലാതാക്കുന്നതുമാണ് മദ്യപാനമെന്ന് നല്ലവണ്ണം മനസിലാക്കിയിട്ടുള്ളവരാണ് ഈ സഭയിലെ അധികമാനം അംഗങ്ങളുമെന്ന് ഞാൻ വിചാരിക്കുന്നു. മഹാത്മാഗാന്ധി ഭാരതത്തോടുമാത്രമല്ല, ലോകത്തോടു മുഴവൻതന്നെ മദ്യ

നിരോധനം നടപ്പിൽവരുത്തണമെന്ന് ആവശ്യപ്പെട്ടതു് അതിൽനിന്നും കിട്ടുന്ന ആദായം നഷ്ടപ്പെടുമെന്ന് അറിയാഞ്ഞിട്ടല്ല. കള്ളു് ആവശ്യംപോലെ ഗവൺമെണ്ടു വിലക്കു കൊടുക്കണമെന്ന് പറയുന്നതുകേട്ടാൽ മനുഷ്യനെ അവന്റെ സംസ്കാരത്തേയും സന്മാർഗ്ഗബോധത്തേയും നശിപ്പിച്ച് കൊള്ളക്കാരനാക്കുന്നതിനു് പര്യാപ്തമായ ഒരു പ്രസ്ഥാനം ഗവൺമെണ്ടു ആരംഭിക്കണമെന്നല്ലേ പറയുന്നതു് എന്നു തോന്നിപ്പോകും. "മദ്യം വിഷമാണു്, അതു മനുഷ്യന്റെ ആരോഗ്യത്തേയും സാമ്പത്തികവും, സാംസ്കാരികവും, സാമൂഹ്യവുമായ പുരോഗതിയേയും നശിപ്പിക്കും" എന്നാണു് മഹാന്മാരെല്ലാം പറഞ്ഞിട്ടുള്ളതു്. അതു് മനസ്സിലാക്കിയിരുന്നുവെങ്കിൽ ഇങ്ങനെയുള്ള പ്രസ്ഥാവനകൾ ചെയ്യുമെന്നു തോന്നുന്നില്ല. ഇപ്പോൾ തിരുവിതാംകൂറിന്റെ നാമമാത്രമായ ഒരു ഭാഗത്തുമാത്രമേ മദ്യനിരോധനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുള്ളു. എന്നാൽ സെയിൽസ്ടാക്സ് ഈ യൂനിയനിൽ മുഴുവൻഭാഗത്തുനിന്നും ഈടാക്കുന്ന ഒരു നയമാണു് ഗവൺമെണ്ടു സ്വീകരിച്ചിരിക്കുന്നതു്. ഗവൺമെണ്ടു ഏതെങ്കിലും ഒരു നയം സ്വീകരിക്കുമ്പോൾ അതിനു ചില സാധൂകരണങ്ങൾ ആവശ്യമാണു്. നികുതിഭാരംമൂലം ആളുകളെ വിഷമിപ്പിക്കുന്നതിനു് ഒരു നീതീകരണംവേണം. പ്രൊഹിബിഷൻ കുറെസ്ഥലത്തുമാത്രം നടപ്പാക്കുകയും സെയിൽസ്ടാക്സ് എല്ലായിടത്തും ഏർപ്പെടുത്തുകയും ചെയ്യുന്നതു ശരിയല്ലെന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് നികുതിച്ചുമത്തലിനെ സാധൂകരിക്കത്തക്കവണ്ണം രാജ്യവ്യാപകമായതോതിൽ മദ്യനിരോധനം നടപ്പിൽവരുത്തണമെന്നാണു് എനിക്കു ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുവാനുള്ളതു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: സർ, ഈ ഉപക്ഷേപത്തെ എതിർക്കുന്നതോടുകൂടി പ്രൊഹിബിഷൻ എക്സ്റ്റൻറ് ചെയ്യുന്നതിനെപ്പററി രണ്ടു വാക്കു പറയണമെന്ന് ആഗ്രഹിക്കുന്നു. പുകയില ലേലസംപ്രദായംകൊണ്ടു് ജനങ്ങൾക്കു് ഉണ്ടാകുന്ന കഷ്ടപ്പാടുകളെപ്പററിയാണു് ഉപക്ഷേപത്തിൽ പറയുന്നതു്. ഈ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തു് നിലവിലിരുന്ന ലേലസംപ്രദായം മററുഭാഗങ്ങളിലും നടപ്പിലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ലേലസംപ്രദായം ഇവിടെയും സ്വീകരിച്ചിട്ടുള്ളതു്. ജനങ്ങൾക്കു് കൂടുതൽ കഷ്ടപ്പാടു് ഉണ്ടാക്കുന്നതിന്റെ ഉത്തരവാദിത്വം ലേലം പിടിക്കുന്ന പണക്കാരായ ആളുകൾക്കാണെന്നാണു് ഞാൻ പറയുന്നതു്. ലേലം പിടിക്കുന്നതു് ഇന്നസംഖ്യക്കു് ആയിരിക്കണമെന്നു് ആർക്കും യാതൊരു നിർബ്ബന്ധവുമില്ല. വലിയ കഷ്ടപ്പാടും ദാരിദ്ര്യവും ഉള്ള ഒരു താലൂക്കാണു് ചേർത്തല താലൂക്കു. എന്നിട്ടും പുകയില ലേലത്തിൽ രണ്ടാമത്തെ സ്ഥാനമാണു് ചേർത്തല താലൂക്കു് കരസ്ഥമാക്കിയിട്ടുള്ളതു്. എ. ബി. ലൈസൻസുകൾക്കു് തിരുവനന്തപുരത്തു് മുവ്വായിരവും, നാലായിരവും രൂപായ്ക്കും, കൊല്ലത്തു് പതിമൂന്നായിരവും പതിനെണ്ണായിരവും, രൂപായ്ക്കും ലേലം പോയപ്പോൾ ചേർത്തല വൈക്കം താലൂക്കുകളിൽ മുപ്പതിനായിരം രൂപായ്ക്കു് ലേലം പിടിക്കാൻ ആളുകൾ മുമ്പോട്ടു വന്നിട്ടുള്ളതായി കാണുന്നു. ചേർത്തല താലൂക്കിൽ അമ്പതിനായിരത്തോളം കുടുംബങ്ങളുള്ളതിൽ ഒരു ഇരുനൂററമ്പതോ, മുന്നൂറോ വീട്ടുകാരൊഴിച്ച് ബാക്കിയുള്ളവരെല്ലാം വെറും സാധുക്കളായ സാധാരണക്കാരാണു്. ഈ പണക്കാരായ ആളുകൾ വളരെ വമ്പിച്ച തുകകൾക്കു് പുകയിലയും, കള്ളുഷാപ്പുകളും മററും ലേലംവിളിക്കുന്നതുകൊണ്ടാണു് സാധാരണക്കാരായ ആളുകൾക്കു് കഷ്ടത ഉണ്ടാകുന്നതു്. അവർതമ്മിൽ മത്സരിച്ച്കൂട്ടാതെ ഒരാൾ അയ്യായിരത്തിനോ എണ്ണായിരത്തിനോ ലേലം പിടിക്കാൻ തയ്യാറായിരുന്നെങ്കിൽ അവിടത്തെ ജനങ്ങൾ ഇത്രകൂടുതൽ വില കൊടുത്തു് പുകയില വാങ്ങേണ്ട ആവശ്യം വരുകയില്ലായിരുന്നു. ഏതായാലും പണക്കാരായ ആളുകളുടെ ഈ പ്രവൃത്തികൊണ്ടുണ്ടാകുന്ന വിമ്മിഷ്ടത്തിൽനിന്നും സാധുക്കളായ ആളുകളെ ഒഴിവാക്കുന്നതിന്നു് പുകയിലയ്ക്കു് ഗവൺമെണ്ടിൽനിന്നും ഒരു ന്യായമായ വില ക്ലിപ്തപ്പെടുത്തുമെങ്കിൽ അവരുടെ കഷ്ടതകൾക്കു് കുറെയെങ്കിലും പരിഹാരമുണ്ടാകുന്നതാണു്.

പ്രൊഹിബിഷൻ എക്സ്റ്റെൻറു് ചെയ്യുന്നതിൽ ഗവൺമെണ്ടു് അനുവർത്തിക്കുന്ന നയത്തെ സംബന്ധിച്ചാണു് എനിക്കു് ഇനി അല്പം പറയാനുള്ളതു് മദ്യനിരോധനം തെക്കുഭാഗത്തുനിന്നു് തുടങ്ങി വടക്കോട്ടു് ക്രമേണ വ്യാപിച്ചുകൊണ്ടു വരികയാണു് ഇപ്പോൾ ചെയ്യുന്നതു്. അതിനു് ഗവൺമെണ്ടിനു സുനിശ്ചിതമായ ഒരു നയമുണ്ടായിരിക്കാം. എന്നാൽ ഞാൻ പറയുന്നതു് ജനങ്ങളുടെ സന്മാർഗ്ഗിക ജീവിതത്തിനു് ഉടവുതട്ടത്തക്കവണ്ണം ഏതെങ്കിലും ഒരു സമ്പ്രദായം ഒരു സ്ഥലത്തു് ഉണ്ടെങ്കിൽ അവിടെയുംകൂടി ഉടനെ മദ്യനിരോധനം നടപ്പിൽവരുത്തേണ്ടതാണെന്നാണു്. ചേർത്തല താലൂക്കിൽ പൂരപ്പാട്ടു് നിറുത്തണമെന്നുള്ള വിളംബരം ഉണ്ടായിട്ടുള്ളതിനുശേഷം അവിടെ പൂരപ്പാട്ടില്ലെങ്കിലും പൂരവർത്തമാനങ്ങളും പൂരവിളികളും മറെറാരു രൂപത്തിൽ ഇന്നും നടക്കുന്നുണ്ടു്. ഈ തെറിപ്പാട്ടുകൾ കൊച്ചുകുട്ടികൾ കേൾ

[Sri. Krishnan Ayyappan]

ക്കാൻ ഇടയായാൽ രക്ഷകർത്താക്കൾക്കുണ്ടാകുന്ന വിമ്മിഷ്ടം എത്രയാണെന്നു് പറഞ്ഞറിയിക്കാൻ പ്രയാസമാണു്. ചീത്തവർത്തമാനങ്ങളെന്നും തെറിപ്പാട്ടുകൾ എന്നും പറയുമ്പോൾ ഒരു പരിധിക്കകത്തേ കാണുകയുള്ളു എന്നു് പലരും തെററിദ്ധരിച്ചേക്കാം. ഒരു പരിധിയും ഇല്ലാതെ ആർക്കും സഹിക്കാത്ത വിധത്തിലുള്ള ഒരു സമ്പ്രദായമാണു് ഇന്നു് അവിടെ നടക്കുന്നതു്. എന്നാൽ കള്ളും, ചാരായവും കുടിക്കാതിരിക്കുകയാണെങ്കിൽ അവരിൽനിന്നും അങ്ങിനെയുള്ള തെറിപ്പാട്ടുകളും ചീത്ത വർത്തമാനങ്ങളും ഉണ്ടാവുകയില്ലെന്നു്, കുടിക്കാതിരിക്കുമ്പോൾ ഉള്ള അവരുടെ പെരുമാററത്തിൽനിന്നു് മനസ്സിലാക്കാൻ സാധിക്കും. കുടിക്കാത്തപ്പോൾ അവരെല്ലാം വളരെ നല്ല ആളുകളാണു്. അതുകൊണ്ടു് ഈമാതിരി, മനുഷ്യന്റെ സന്മാർഗ്ഗബോധത്തേയും സമാധാനജീവിതത്തേയും ഇല്ലാതാക്കുന്ന ഒരു സമ്പ്രദായം ഏതെങ്കിലും താലൂക്കുകളിൽ നിലവിലുണ്ടെങ്കിൽ അവിടെയുംകൂടെ മദ്യനിരോധനം വ്യാപിപ്പിക്കാൻ ഗവമെണ്ടു് ശ്രദ്ധിക്കേണ്ടതാണു്. കൂടാതെ ചേർത്തല താലൂക്കു് തൊഴിലാളികൾ അധികമുള്ള ഒരു താലൂക്കാണു്. കള്ളുഷാപ്പുകളും ചാരായഷാപ്പുകളും വളരെ കൂടുതൽ സംഖ്യയ്ക്കു് പണക്കാരായ ആളുകൾ ലേലം പിടിക്കുന്നതുകൊണ്ടു് വലിയ വിലയ്ക്കാണു് കള്ളും, ചാരായവും അവിടെയുള്ള ആളുകൾക്കു് കിട്ടുന്നതു്. രണ്ടോ, രണ്ടരയോ രൂപാ കൂലി കിട്ടുന്ന തൊഴിലാളികൾ കുറച്ചു നല്ല കള്ളോ, ചാരായമോ കുടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഷാപ്പിൽചെന്നാൽ അവർ നല്ല സാധനങ്ങൾ കൊടുക്കാതെ വെള്ളം ചേർത്തു കൊടുക്കുന്നതുകൊണ്ടു് അവർ ഉദ്ദേശിക്കുന്ന ഉന്മേഷമോ ഉന്മാദമോ അവർക്കു കിട്ടുന്നില്ല. അതുകൊണ്ടു് അവർക്കു കിട്ടുന്ന കൂലിയുടെ അധികഭാഗവും കള്ളുഷാപ്പിലോ, ചാരായഷാപ്പിലോ കൊടുക്കുന്നതിനു് അവർ നിർബ്ബന്ധിതരായിത്തീരുന്നു. പണക്കാരായ ആളുകൾ കള്ളുഷാപ്പുകളും ചാരായഷാപ്പുകളും ലേലം പിടിച്ചിട്ടുള്ളതുകൊണ്ടാണു് തൊഴിലാളികൾ അധികമുള്ള താലൂക്കുകളിൽ ഈ കഷ്ടപ്പാടുകളും ദാരിദ്ര്യവും അനുഭവിക്കുന്നതു്. ഞാൻ നേരത്തെ പറഞ്ഞതുപോലെയുള്ളതായ അപകടകരങ്ങളായ ചീത്ത സമ്പ്രദായങ്ങളിൽനിന്നും ആളുകളെ രക്ഷിക്കുന്നതിനും തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും ദാരിദ്ര്യത്തിൽനിന്നും കഷ്ടതകളിൽനിന്നും കരകേററി അവരുടെ സ്ഥിതി നന്നാക്കുന്നതിനുംവേണ്ടി ചേർത്തല മുതലായ താലൂക്കുകളിലുംകൂടി മദ്യനിരോധനം ഉടനെ നടപ്പാക്കേണ്ടതാണെന്നു് ഞാൻ ഗവമെണ്ടിനെ ഉൽബോധിപ്പിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

ശ്രീ. പി. കെ. കുമാരൻ ആശാരി: ഈ സംസ്ഥാനത്തു് പ്രോഹിബിഷൻ അനുവദിച്ചതോടുകൂടി ഗവമെണ്ടിനു ഉണ്ടായിട്ടുള്ള വൻപിച്ച നഷ്ടം പരിഹരിക്കുന്നതിനുള്ള കോൺഗ്രസ്സ് നയത്തെ അനുമോദിക്കുന്നതിനും അതിൽനിന്നും ആദായകരമായതു് എന്താണെന്നു് ചൂണ്ടിക്കാണിക്കുന്നതിനും ഉപ്പു വ്യവസായം ദേശീയമാക്കുന്ന കാര്യത്തെപ്പററി ഈ സഭ മുമ്പാകെ ചിലതെല്ലാം അറിയിക്കുന്നതിനുമാണു് ഞാൻ ഉപക്ഷേപം അയച്ചിട്ടുള്ളതു്. ഈ സംസ്ഥാനത്തിൽ പ്രോഹിബിഷൻ ആരംഭിച്ചിട്ടു് ഏതാണ്ടു് ഒരു കൊല്ലം ഇന്നു് തികയുകയാണു്. പ്രോഹിബിഷൻ ആരംഭിച്ച അവസരത്തിൽ തിരുവിതാംകൂറിലെ എല്ലാ താലൂക്കുകളിലും പ്രചരണം നടത്തുമെന്നും കുടിയന്മാരെന്നു് പ്രഖ്യാപിച്ചിട്ടുള്ള മീനച്ചിൽ താലൂക്കിലും ഞാനുൾപ്പെടെ നിവസിക്കുന്ന കോട്ടയം താലൂക്കിലും ഇതു പെട്ടെന്നു് എത്തിച്ചേരുമെന്നും വിചാരിച്ചിരുന്നു. ഇക്കാര്യത്തിൽ ഇത്രത്തോളം മന്ദത എന്തുകൊണ്ടാണു് ഉണ്ടായതെന്നു് ഞാൻ ചിന്തിക്കുകയാണു്. അടുത്ത കൊല്ലം നാലു താലൂക്കുകളിൽ മാത്രമേ മദ്യനിരോധനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളു. എന്നാൽ ഈ പ്രസ്ഥാനം എത്രയുംവേഗം നടപ്പിലാക്കേണ്ട ആവശ്യങ്ങളെപ്പററി ഞാൻ ചിന്തിച്ചു. ഇൻഡ്യാ ഗവമെണ്ടിനു് ഓരോ പ്രവിശ്യയിലുമായി ൧൭ കോടിയിൽ ചില്വാനം രൂപാ നഷ്ടം വന്നപ്പോഴും ആ നഷ്ടത്തെപ്പററി കാര്യമായി കണക്കാക്കാത്തതിനെപ്പററി ആലോചിക്കുമ്പോൾ നാം ആ പ്രസ്ഥാനം എത്രയും വേഗത്തിൽ പ്രായോഗികമാക്കേണ്ടതു് വളരെ അത്യാവശ്യമാണെന്നാണു് എന്റെ അഭിപ്രായം. ഈ പ്രസ്ഥാനം ഇത്രത്തോളം പ്രാധാന്യമേറിയ ഒന്നാണെന്നുവരുകിൽ ഐക്യസംസ്ഥാനത്തിലെ എല്ലാ താലൂക്കുകളിലും ഒരുപോലെ നടപ്പിൽ വരുത്തുന്നതിനു് നമുക്കു് എന്താണു പ്രതിബന്ധം. ഇതുമൂലമുള്ള നഷ്ടം പരിഹരിക്കുന്നതിനു് സെയിൽ ടാക്സും മററുതരത്തിലുള്ള നികുതികളും സാമാന്യജനങ്ങളുടെ മേൽ ചുമത്തിയിട്ടുമാത്രമേ സാധിക്കുകയുള്ളോ? ഒരു രാജ്യത്തിൽ അത്രമാത്രം വമ്പിച്ച നികുതിഭാരം സാമാന്യജനങ്ങളുടെ മേൽ ചുമത്തുന്നതെന്തിനാണെന്നു ഞാൻ ചോദിക്കുന്നു. യുദ്ധകാലത്തു് അമിതമായി ലാഭം ഉണ്ടാക്കിയിട്ടുള്ള വൻകിട മുതലാളിമാരേയും റേഷൻ കച്ചവടക്കാരേയും, ബസ്സ്

ഉടമസ്ഥന്മാരേയും പ്രവൃത്തിയാരന്മാരേയും ഞെക്കിപ്പിഴിഞ്ഞു് എന്തുകൊണ്ടു പണം ഈടാക്കിക്കൂടാ എന്നു ഞാൻ ചോദിക്കുന്നു. ഒരു ഉറച്ച ജനകീയ ഗവൺമെണ്ടിനു് എന്തുകൊണ്ടു് അത്ര വിപ്ലവാത്മകമായ ഒരു പരിപാടി സ്വീകരിക്കാൻ പാടില്ലാ എന്നു ഞാൻ ചോദിക്കുന്നു. ശ്വാസംമുട്ടിക്കുന്ന തരത്തിൽ ആളുകളെ ബസ്സുകളിൽ കയററി ലക്ഷക്കണക്കിനു സമ്പാദിച്ചിട്ടുള്ള പണം—സാമാന്യജനങ്ങളിൽനിന്നു് സംഭരിച്ചിട്ടുള്ള പണം—എന്തുകൊണ്ടു സാമാന്യജനങ്ങളുടെ ആവശ്യത്തിനുവേണ്ടി ഉപയോഗിച്ചുകൂടാ. ഈ സംസ്ഥാനത്തെ ഗവൺമെണ്ടു് ട്രാൻസ്പോർട്ട് ഒഴിച്ചുള്ള ബസ്സ് സർവീസുകൾ എന്തുകൊണ്ടു ലേലംചെയ്തുകൊടുത്തുകൂടാ എന്നു ഞാൻ ചോദിക്കുന്നു. ഇവിടെയുള്ള സകല വാട്ടർ ട്രാൻസ്പോർട്ടും ലേലംചെയ്തു കൊടുക്കുന്നതിനു് ഈ ഗവൺമെണ്ടു് സമ്മതിക്കുമെന്നു വിചാരിക്കുന്നു. എന്തുകൊണ്ടു് ഇവിടെയുള്ള സകല സർവീസുകളും ലേലംചെയ്തു കൊടുത്തുകൂടാ. ഈ രൂപത്തിൽ നാം സകല ട്രാൻസ്പോർട്ടും ലേലംചെയ്തു കൊടുക്കുന്നു എങ്കിൽ പുകയില ലേലംചെയ്തു കൊടുക്കുന്നതിൽ കൂടുതലായി എത്രയോ മടങ്ങു് രൂപാ നമുക്കു കിട്ടും. എന്റെ കണക്കുപ്രകാരം ൧,൩൦,൦൦,൦൦൦-ൽ ചില്വാനം രൂപാ കിട്ടും. ഇവിടെയുള്ള മുതലാളികളിൽനിന്നു പണം ഞെക്കിപ്പിഴിഞ്ഞു എടുക്കുന്നതിനുപകരം സാമാന്യജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതു ശരിയാണോ എന്നു് ഞാൻ ചോദിക്കുന്നു. ഈവക സംഗതികളിൽ ഗവൺമെണ്ടു വേണ്ട നടപടികൾ കൈക്കൊള്ളണമെന്നു് പറയുന്നതോടൊപ്പം മറെറാരു സംഗതികൂടി ഗവൺമെണ്ടിന്റെ ശ്രദ്ധയ്ക്കു് വിഷയമാക്കിക്കൊള്ളുന്നു.

ഉപ്പു വ്യവസായം ദേശീയമാക്കണമെന്ന ആഗ്രഹം ഗവൺമെണ്ടിനു് ഉണ്ടു്. അതിനുവേണ്ടി മൂന്നുലക്ഷം രൂപാ നീക്കിവെച്ചിട്ടുമുണ്ടു്. ഉപ്പു വ്യവസായം ദേശീയമാക്കുന്നതു നല്ലതാണെന്നും വളരെ ആദായകരമാണെന്നും ഗവൺമെണ്ടിനു് അറിയാം. ഗവൺമെണ്ടു് ഏറ്റെടുത്തിട്ടുള്ള ഒരു വ്യവസായവും കൂടുതൽ പ്രയോജനപ്പെട്ടുകാണുന്നില്ല. ഉപ്പുവ്യവസായം വേണ്ടതരത്തിൽ നടത്തിയാൽ ആദായം ലഭിക്കുമെന്നുള്ളതുകൊണ്ടു് ഈ മൂന്നു ലക്ഷം രൂപാ മാത്രമല്ലാ അതിൽ കൂടുതലും മുടക്കി ഗവൺമെണ്ടിനു വേണ്ട ആദായം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

സർ, ആ കക്ഷിയുടെ ബഹുമാന്യനേതാവു് ശ്രീ. പട്ടംതാണുപിള്ള ഈ ബില്ലിനെ എതിർക്കുന്നതു കണ്ടപ്പോൾ എനിക്കു വളരെ വ്യസനം തോന്നി. അദ്ദേഹം പറയുകയുണ്ടായി; ഈ നിയമം കൊണ്ടുവന്നതു് അദ്ദേഹമാണെങ്കിലും ആറു മാസം കഴിഞ്ഞിട്ടേ ഈ മന്ത്രിസഭ ഇവിടെ ഇതു നടപ്പിൽ വരുത്തിയുള്ളു എന്നു്. ഇതു കൊണ്ടുവന്നതു് പ്രോഹിബിഷൻ ഏർപ്പെടുത്തുന്നതുകൊണ്ടുള്ള നഷ്ടം പരിഹരിക്കുന്നതിനു വേണ്ടിയായിരുന്നു എന്നും അദ്ദേഹം പറയുകയുണ്ടായി. പ്രോഹിബിഷൻ ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ മാത്രമല്ല, ഈ യൂണിയനിൽ മുഴുവനുമാണു് സെയിൽടാക്സ് ഏർപ്പെടുത്തിയിരിക്കുന്നതെന്നു് ശ്രീ. കെ. പി. നീലകണ്ഠപിള്ള ഒരാക്ഷേപം പുറപ്പെടുവിച്ചു. അവർ രണ്ടുപേരും സമർത്ഥന്മാരായ അഭിഭാഷകപ്രവീണന്മാരാണെന്നു് എനിക്കറിയാം. പക്ഷെ ഈ ഗവൺമെണ്ടിനെ തള്ളാനുള്ള വ്യഗ്രതയിൽ അവർ വേണ്ടുവോളം ആലോചിക്കുവാൻ മറന്നുപോയി എന്നു പറയേണ്ടിയിരിക്കുന്നു. നടപ്പിലാക്കാനുള്ള ഒരു ബിൽ ആദ്യം കൊണ്ടുവന്നതു് പ്രധാനമന്ത്രിയായിരുന്ന പട്ടംതാണുപിള്ള ആയിരുന്നുവല്ലോ.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: അതേ അദ്ദേഹംതന്നെയാണു് കൊണ്ടുവന്നതു്.

ശ്രീ. പി. കെ. ഡീവർ: ആ ബില്ലിന്റെ വ്യവസ്ഥകൾ വായിച്ചുനോക്കിയാൽ കാണാം, രണ്ടാമത്തെ സെക്ഷനിൽ "It extends to the whole of Travancore" എന്നാണെന്നു്. അതായതു് തിരുവിതാംകൂർ മുഴുവൻ ഈ നിയമം ബാധകമാണെന്നു മദ്യവർജ്ജനം നടപ്പിലാക്കിയിട്ടില്ലാത്ത സ്ഥലങ്ങളിലെ ജനങ്ങളുടെ മേൽ സെയിൽസ് ടാക്സ് കെട്ടിവെയ്ക്കുന്നതിനെ ശ്രീ. പട്ടം ആക്ഷേപിച്ചപ്പോൾ സെയിൽസ് ടാക്സ് രാജ്യം മുഴുവൻ നടപ്പിലാക്കത്തക്കവിധത്തിൽ അന്നു് അദ്ദേഹം പ്രധാനമന്ത്രിയായിരുന്നകാലത്തു് നിയമം പാസാക്കിയെടുത്തതെന്നുള്ള കാര്യം ഇപ്പോൾ പാവപ്പെട്ടവരുടെ പേരിൽ മുതലക്കണ്ണുനീർ പൊഴിക്കുന്ന അദ്ദേഹം വിസ്മരിച്ചതു വിചിത്രമായിരിക്കുന്നു. ശ്രീ. പട്ടം താണുപിള്ള പ്രധാനമന്ത്രിയായിരിക്കുമ്പോൾ നല്ലതായിരുന്ന നിയമം പാവപ്പെട്ടവർക്കു ദ്രോഹകരമല്ലാതിരുന്നതു് ശ്രീ. പറവൂർ ടി. കെ. നാരായണപിള്ള പ്രധാനമന്ത്രിയായപ്പോൾ കൊള്ളരുതാത്തതായി. പാവപ്പെട്ടവർക്കു ദ്രോഹകരമായിത്തീർന്നിരിക്കുന്നുവെന്ന വാദം വിചിത്രമായിരിക്കുന്നു. സർ, പാവപ്പെട്ടവരെ അങ്ങു വെറുതേ വിട്ടേക്കണേ എന്നു ഈ പാവപ്പെട്ടവരുടെ ബന്ധു ചമയുന്നവരോടു് അപേക്ഷിക്കേണ്ടതായി വന്നതിൽ ഞാൻ വ്യസനിക്കുന്നു. പ്രോഹിബിഷൻ രാജ്യം മുഴുവൻ നടപ്പാക്കിയില്ലെന്നു് ഇന്നത്തെ ഗവൺമെണ്ടിനെ ശ്രീ. പട്ടം ആക്ഷേപിക്കുകയുണ്ടായി. മദ്യപാനംമൂലം സാധുക്കൾ അനുഭവിക്കുന്ന ദുരിതങ്ങളെപ്പററി അദ്ദേഹം കണക്കിലേറെ വ്യസനിക്കുന്നുണ്ടു്. പ്രോഹിബിഷൻ ൬ താലൂക്കുകളിൽമാത്രം ഏർപ്പെടുത്തിയാൽമതിയെന്നു് അദ്ദേഹത്തിന്റെ ഗവൺമെണ്ടു തീരുമാനിച്ചപ്പോൾ മദ്യപാനംമൂലം കഷ്ടത അനുഭവിക്കുന്ന സാധുകുടുംബങ്ങൾ ഈ ൬ താലൂക്കുകളിൽ മാത്രമേ ഉള്ളു എന്നാണോ അദ്ദേഹം കരുതിയതു്? വൈകുന്നേരം ആകുമ്പോൾ മദ്യപിച്ചുകൊണ്ടു വീട്ടിൽവന്നു് തങ്ങളുടെ പെണ്ണുങ്ങളേയും കുഞ്ഞുങ്ങളേയും തല്ലുന്നവർ ആ ആറു താലൂക്കുകളിൽ മാത്രമേ അന്നുണ്ടായിരുന്നുള്ളോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു. മററു താലൂക്കുകളിൽ ഒന്നും മദ്യപാനം ഇല്ലായിരുന്നു എന്നാണോ അദ്ദേഹം വിചാരിച്ചിരുന്നതു്. അവിടത്തെ പട്ടിണിക്കാരോടും കള്ളുകുടിയന്മാരുടെ തല്ലുകിട്ടുന്ന പെണ്ണുങ്ങളോടും അദ്ദേഹത്തിനു് അനുകമ്പ ഉണ്ടായിരുന്നില്ലേ എന്നു ഞാൻ ചോദിക്കുന്നു. അദ്ദേഹം പ്രധാനമന്ത്രി ആയിരുന്നപ്പോൾ ഇല്ലായിരുന്ന ഈ ദീനാനുകമ്പ ഇന്നു ശ്രീ. പറവൂർ ടി. കെ. നാരായണപിള്ള പ്രധാനമന്ത്രി ആയപ്പോൾ എങ്ങിനെ വന്നു എന്നാണു് ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നതു്. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു്, പാവപ്പെട്ടവരെ വെറുതെ വിട്ടേക്കണം എന്നു്. കോടതികളെ ആശ്രയിക്കേണ്ടതായി വരുന്ന ദൌർഭാഗ്യവാന്മാരായ പാവപ്പെട്ട കക്ഷികളെ കൊള്ളയടിക്കുന്നതിനു മടിക്കാത്ത വക്കീലന്മാർ സ്ററാമ്പിനു് വിലകൂട്ടിയതിനെ ആക്ഷേപിച്ചു

[Sri. P. K. Dewar]

പാവപ്പെട്ടവരോടുള്ള അനുകമ്പ പ്രകടിപ്പിക്കുന്നതു കാണുമ്പോൾ എനിക്കു ചിരിയാണു് വരുന്നതു്.

**Sri. A. K. George:** Sir, on a point of order. Is that word "Kollayadikkal" parliamentary?

**Mr. Speeker:** "Kollayadikkal" is not an unparliamentary expression.

ശ്രീ. പി. കെ. ഡീവർ: അന്നു ൩ താലൂക്കുകളിലായി ഒരുകോടിയിൽ ചില്വാനം ഉറപ്പികയാണു് നഷ്ടമുണ്ടായതെന്നും എന്നാൽ ഇന്നു മൂന്നു താലൂക്കുകളിൽ മാത്രമായതുകൊണ്ടു് ൨൭ ലക്ഷം ഉറപ്പികയേ നഷ്ടം വരുന്നുള്ളു എന്നും പിന്നെ എന്തിനാണു് ഇത്രയും സെയിൽ ടാക്സ് ഈടാക്കുന്നതെന്നുമാണു് ശ്രീ. പട്ടത്തിന്റെ മറ്റൊരു ചോദ്യം. അദ്ദേഹം സെയിൽ ടാക്സ് ബിൽ കൊണ്ടുവന്നപ്പോൾ ഈ ആറു താലൂക്കുകളിൽനിന്നുമുള്ള നഷ്ടം പരിഹരിക്കുന്നതിനു മാത്രമുള്ള നികുതി മാത്രമേ ചുമത്താൻ വ്യവസ്ഥചെയ്തിരുന്നുള്ളോ എന്നു ഞാൻ ചോദിക്കുന്നു. പ്രൊഹിബിഷൻ വിജയകരമായി നടത്തണമെങ്കിൽ വേറെയും പല ചെലവുകളും ഉണ്ടെന്നുള്ള കാര്യം അദ്ദേഹം വിസ്മരിച്ചിരിക്കുന്നു. ആവശ്യത്തിനുമാത്രം നികുതി കണക്കാക്കി മേടിക്കണമെന്നും മദ്യനിരോധനം കൂടുതൽ സ്ഥലങ്ങളിലേക്കു് വ്യാപിക്കുമ്പോൾ അതനുസരിച്ചു് എത്രമാത്രം നികുതി കൂടുതൽ ആവശ്യമുണ്ടോ അത്രയും കണക്കാക്കി ചുമത്തണമെന്നുമുള്ള ഒരു വ്യവസ്ഥയായിരുന്നു അന്നു് അദ്ദേഹം അവതരിപ്പിച്ചു പാസ്സാക്കിയ സെയിൽസ് ടാക്സ് ബില്ലിൽ ഉണ്ടായിരുന്നതെങ്കിൽ, അദ്ദേഹം ഇന്നു് ഈ പറയുന്നതിനു ഒരു അർത്ഥം ഉണ്ടായിരുന്നു. ശ്രീ. പട്ടത്തിന്റേയും കക്ഷിയുടേയും നില തങ്ങൾക്കിഷ്ടമില്ലാത്ത ഈ ഗവമ്മെണ്ടിനെ അവർ എന്തുചെയ്താലും കുററം പറയണം ആക്ഷേപിക്കണം എന്നുമാത്രമാണു്. ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശവും അതുമാത്രമാണു്. അതുകൊണ്ടു് അതിനോടു യോജിക്കുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

ശ്രീ. ദേവകീഗോപിദാസ്: ഭക്ഷ്യസാധനങ്ങൾക്കു് സെയിൽസ് ടാക്സ് ഈടാക്കുന്നതിനെപ്പററി രണ്ടു വാക്കു പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. അതിനെപ്പററി പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ സംസാരിച്ചുകഴിഞ്ഞു. എനിക്കു് അറിയിക്കാനുള്ളതു് ചെറിയ കച്ചവടക്കാരെ സംബന്ധിക്കുന്ന വിഷമതകളെക്കുറിച്ചാണു്. ചെറിയ കച്ചവടക്കാർ രണ്ടുമൂന്നുപ്രാവശ്യമുള്ള സെയിൽസ് ടാക്സ് കൊടുക്കേണ്ടിവരുന്നുവെന്നും അങ്ങനെ അവർക്കു് വളരെ വിഷമതകൾ ഉണ്ടാകുന്നുവെന്നും അറിയുന്നു. ഞാൻ മനസ്സിലാക്കിയിട്ടുള്ളതു് ശരിയാണെങ്കിൽ ബങ്കാളിൽ ചെറിയ കച്ചവടക്കാർക്കു് ൫൦ രൂപായോ ൫ രൂപായോ കൊടുത്തു ഒരു ലൈസൻസു് എടുത്തുകഴിഞ്ഞാൽ ഒരു സ്ഥലത്തും പിന്നെ സെയിൽസ് ടാക്സ് കൊടുക്കേണ്ടിവരുന്നില്ലെന്നാണു്. അവർ ഹോൾസെയിൽ ഡീലേഴ്സിനോടൊ റീട്ടെയിൽ ഡീലേഴ്സിനോടൊ സാമാനം വാങ്ങുമ്പോൾ അവരുടെ ലൈസൻസ് നമ്പർ കോട്ടുചെയ്താൽ മതി, ടാക്സ് കൊടുക്കേണ്ടിവരുന്നില്ല. അതുകൊണ്ടു് അവർക്കു് "Consumers"-ന്റെ പക്കൽനിന്നും സെയിൽസ് ടാക്സ് ഈടാക്കേണ്ടതായും വരുന്നില്ല. ആ നിലയിൽ ചെറിയ കച്ചവടക്കാർക്കു് വില്പനക്കാര്യത്തിൽ പ്രത്യേകസൌകര്യം ലഭിക്കുന്നുണ്ടു്. അങ്ങിനെയുള്ള സൌകര്യങ്ങൾ ഇവിടെയുള്ള ചെറിയ കച്ചവടക്കാർക്കും ചെയ്തുകൊടുത്താൽ കൊള്ളാമെന്നാണു് ഞാൻ പറയുന്നതു്. ഈ ഒരു കാര്യം മാത്രമേ ഗവമ്മെണ്ടിനെ അറിയിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നുള്ളു.

**Sri. N. D. Jose:** Sir, I must say that an exact apraisal of this department is not easy because the necessary administration report is not before us. I do not blame any particular ministry for the introduction of this tax which is not held in particular favour by the people. This I know, that this was introduced clearly on the understanding that the revenue obtained from this source would go to make up the deficit that would result from the introduction of the Prohibition Scheme on rapidly widening basis. It is questionable whether this promise has been kept.

The Congress came into power saying that it was going to release the poorer classes from their bondage of misery. Sir, the people ask for bread, they have been given a stone. They have been given a number of taxes of which this one is undoubtedly a very cumbersome one. The Hon'ble Finance Minister in his speech pointed out that if nation building activities are to be carried out, the Government must have the necessary finances. This is an obvious truth. Money certainly must be found but not through imposing additional burdens on the poorer classes. The Government must look to other sources. There is the Income-tax. Let me cite an

instance. In Sweden those who earn more than fifty thousand crores, pay sixty thousand as Income-tax. Thus the richer classes are taxed gradually out of existence.

I have risen at the very fag end of the discussion. The salient points of the discussion have been raised already. I am grateful to you, Mr. Speaker, for the opportunity accorded to me.

ശ്രീ. പി. കെ. രാമൻ: സെയിൽ ടാക്സ് സംബന്ധിച്ച് വളരെയൊന്നും പറയാനില്ലാത്ത സന്ദർഭത്തിലാണ് ഈ വിഷയത്തെപ്പററി എനിക്ക് പറയാനുള്ള സൌകര്യം ലഭിച്ചത്. എനിക്കു പറയാനുള്ളതു് ചുരുക്കത്തിൽ പറഞ്ഞുകൊള്ളാം. ഒരു കാര്യം അത്യാവശ്യമായി ചെയ്യുന്നതിനുവേണ്ടിയാണ് സെയിൽസ്ടാക്സ് കൊണ്ടുവന്നതെന്നു സമ്മതിച്ചേ കഴിയൂ. എന്നാൽ ഇതിൽ ചില പ്രായോഗികമായ ഏർപ്പാടുകൾ വരുത്തണം. എത്ര അധികം പറഞ്ഞാലും സെയിൽസ് ടാക്സിൽ ചില ദൂഷ്യങ്ങൾ ഉണ്ടെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. സെയിൽസ്ടാക്സ് ധനവാന്മാരോടുമാത്രം പ്രത്യേകമായി ഈടാക്കാവുന്ന ഒരു ഇനമല്ല. പലപ്പോഴും ദരിദ്രജനങ്ങൾക്ക് ഉപദ്രവം ഉണ്ടാക്കുന്ന അവസരം ഉണ്ടെന്നുള്ളതു് സുവിദിതമായ ഒരു സംഗതിയാണ്. നമ്മുടെനാട്ടിൽ പ്രൊഹിബിഷൻ നടപ്പിൽ വരുത്തുന്നതിനുവേണ്ടി എന്തെങ്കിലും ഒരു ഇനം കണ്ടുപിടിക്കണമെന്നു വന്നപ്പോൾ പല നികുതികളും ചുമത്തി വിഷമിച്ചിരുന്ന ഒരു ഗവമ്മെണ്ടിന്നു് ഇതു മാത്രമായിരുന്നു കണ്ടുപിടിക്കാൻ കഴിഞ്ഞതു്. വേറെയും ചില സ്ഥലങ്ങളിൽ ഈ നികുതി ഉണ്ടാക്കിയിട്ടുണ്ടെന്നുള്ള കാര്യത്തിന്റെ പേരിൽ ഇവിടെയും ഉണ്ടാക്കാൻ ഇടയായി. എന്നാൽ ഇതിന്റെ ദൂഷ്യവശങ്ങൾ കുറെയൊക്കെ എടുത്തുകളയാൻ ശ്രമിച്ചു എന്നുള്ളതു് പ്രത്യേകം പറയേണ്ട ഒരു കാര്യമാണ്. ഭക്ഷണസാധനങ്ങൾക്കുകൂടി സെയിൽസ്ടാക്സ് ഉണ്ടായിരിക്കേണമെന്നായിരുന്നു ആദ്യം ചെയ്ത വ്യവസ്ഥ. ഈ ബില്ലിന്റെ വാദപ്രതിവാദഘട്ടത്തിൽ അരിയെ സെയിൽസ് ടാക്സിൽനിന്നും ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ അഭിപ്രായപ്പെടുകയും മിനിസ്റ്ററി അന്നു് അതു സമ്മതിക്കുകയും ചെയ്തു. അതുകൊണ്ടു വേണ്ടിടത്തോളം ഉപകാരമുണ്ടു്. ഇപ്പോൾ സെയിൽസ് ടാക്സ് കാര്യത്തിൽ ശരിയായ ഒരു നയമൊ പരിപാടിയൊ ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു. പലപ്പോഴും പലവിധത്തിലുള്ള പ്രസ്സ് നോട്ടുകൾ കാണുന്നുണ്ടു്. ഓരോ ദിവസവും നിയമങ്ങൾ മാറിമാറി വരുന്നതുകൊണ്ടു ജനങ്ങൾക്കു പലവിധ ഉൽകണ്ഠക്ക് കാരണമുള്ളതായി കാണുന്നു. One point taxation, two point taxation, multi point taxation എന്നൊക്കെയാണ് ഇതിന്റെ ടാക്സുകൾ പോകുന്നതു്. ഇപ്പോൾ മദ്രാസ്സ് ഗവമ്മെണ്ടു് എക്സ്പ്പോർട്ടുചെയ്യുന്ന സാധനങ്ങളെ സെയിൽസ് ടാക്സിൽനിന്നും ഇളവു ചെയ്തിട്ടുണ്ടെന്നു കാണുന്നു നമ്മുടെ ഗവമ്മെണ്ടും അങ്ങിനെ ഒരു ഇളവു ചെയ്യുവാൻ സമ്മതിക്കുമെന്ന് എനിക്കു തോന്നുന്നു. അതു വളരെ ആവശ്യമുള്ള ഒരു കാര്യമാണ്. മറെറാന്നു ലക്ഷ്വറി സാമാനങ്ങൾക്കു നികുതി വർദ്ധിപ്പിക്കുന്നതുകൊണ്ടു യാതൊരു ദോഷവുമില്ലെന്നാണ് എനിക്ക് പറയാനുള്ളതു്. അങ്ങിനെ കൂട്ടുന്നതുകൊണ്ടു സാമാന്യജനങ്ങളുടെ നിത്യാവശ്യങ്ങൾക്കുള്ള പല സാധനങ്ങളേയും നികുതിയിൽനിന്നും ഒഴിവാക്കാൻ സാധിക്കും. ഈ സെയിൽസ് ടാക്സ് പിരിക്കുന്നതു് വളരെ ശ്രമകരമായ ഒരു സംഗതിയാണ്. വളരെ സത്യസന്ധതയോടെ പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥനെ ഇതു കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളു. ആ കാര്യം ഗവമ്മെണ്ടു പ്രത്യേകം ശ്രദ്ധിക്കണമെന്ന് എനിക്കൊരപേക്ഷയുണ്ടു്. ഏതായിരുന്നാലും സമ്പന്നന്മാരെമാത്രം ബാധിക്കുന്ന എന്തെങ്കിലും ഒരു നികുതി ചുമത്തിക്കൊണ്ടു കുററാരോപണത്തിന് വക നൽകിക്കൊണ്ടിരിക്കുന്ന ഈ നികുതിയിൽനിന്നും ഗവമ്മെണ്ടു് വിമുക്തമാകണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

**Sri. K. Ramachandran :** I wish to point out certain inconsistencies of sales tax that has been introduced in our State. The tax is levied in various forms and in various stages. A person who goes to the market finds that for certain articles he is taxed at various points. To speak of gold, it is a commodity which is transformed into many things, ornaments and the like and the change occurs often. The introduction of sales tax on such an item will always be telling upon the value of gold. I would support the opinion that has been expressed by Mr. P. K. Raman in the matter of exempting our export commodities from such a tax. We are exporting coir goods and copra in large scales and they have to be exempted from this tax. It will be increasing our market for these things. There are also so many other items like this. Pepper and cashew nuts are now exported in a large scale from our country to foreign places. Salestax is levied on such articles. If such articles are exempted from this tax we would be able to find

[Sri. K. Ramachandran]

more stable markets for our goods and thereby we can solve much of our problems considerably.

Another difficulty is being experienced by the introduction of this tax. A man who has the command of a large amount of money will be in a position to acquire more foreign agencies and therefore this method will be helping the capitalists alone. Most of the middle class people who do brokerage and agencies will be thrown out of employment.

Much has been said about the policy of total prohibition. What I have to point out is that the recommendations of the International Monetary Commission would be very helpful at this juncture. Pandit Nehru has also stresssd the need. To make good the loss of revenue through prohibition slow down the policy. This sales tax is of course a disirable kind of taxation. We want better facilities for our living. We want better medical attention. We want more money to increase the naticn building activities in our State. For all these things we want much money. Of course, there is a complaint that has been levelled against our Government that the poor people are taxed heavily. But this always depends upon the earning capacity of the people. An ordinary man is not so affecte l by this taxation. A person drawing an income of Rs. 100 and more will have to pay an amount higher than that a person getting an income of say, Rs. 50 in as much as sales tax is concerned. There is considerable difference. A corresponding increase or decrease in the rate is felt in consideration of the earning capacity. Big capitalits have to pay big amounts as sales-tax and small wage earners only little. Therefore it is justifiable and I do not find how it affects economy of the ordinary people as was pointed out by certain members.

Another thing I would like to draw the attention of Government is the necessity of exempting all items of food articles, etc., and to compensate this levy of increased taxes on luxury items may be made. Then again, I wish to say that there are bound to be some administrative difficulties. Our staff are new to this business and I would ask Government to send some of them outside, for instance, to Madras, where the tax is in vogue for a long time. They will then get the necessary experience and all difficulties will be avoided.

ശ്രീ. പോൾ തളിയത്ത്: സർ, ഇവിടെ രണ്ടുദിവസമായി നടന്ന വാദപ്രതിവാദങ്ങൾകൊണ്ട് ഈ ഗവർമ്മെണ്ട് യാതൊരു പുതിയ നികുതിയും ചുമത്താതെ എല്ലാ കാര്യങ്ങളും നടത്തിക്കൊണ്ടുപോകണമെന്നുള്ള ഒരർത്ഥമാണ് ഞാൻ മനസ്സിലാക്കിയതു്. അതു് എങ്ങിനെ ഗവർമ്മെണ്ടിനെക്കൊണ്ടു സാധിക്കുമെന്നാണ് ഞാൻ ചോദിക്കുന്നതു്. സാധാരണക്കാരനുവേണ്ടി കൂടുതൽ സംഖ്യകൾ ചെലവാക്കണമെന്നു പറയുകയും അതേ സമയംതന്നെ പുതിയ നികുതികൾ പിരിക്കരുതേ എന്നു വാദിക്കുകയും ചെയ്യുന്നതു വളരെ വിചിത്രമായിരിക്കുന്നു. ഏതുവിധമായാലും സാധാരണക്കാരന്റെ ആവശ്യങ്ങൾ കൂടുതലായി നടത്തിക്കൊടുക്കുന്നതിനുവേണ്ടി കൂടുതൽ നികുതികൾ പിരിക്കുന്നതിൽ ന്യായമായ ആക്ഷേപത്തിനു അവകാശമില്ലെന്നാണ്, എനിക്കു പറയുവാനുള്ളതു്.

സർ, സെയിൽസ്ടാക്സ് സംബന്ധിച്ച് ഒന്നുരണ്ടു സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു വിചാരിക്കുന്നു. ഒന്നാമതു ഗവർമ്മെണ്ട് ആദ്യമായി സെയിൽസ്ടാക്സ് ഏർപ്പെടുത്തിയ അവസരത്തിൽ അതു എക്സൈസ് ഡിപ്പാർട്ടുമെണ്ടിന്റെ കീഴിലാക്കിയിരുന്നു. അന്നുതന്നെ ഞാൻ അതിന്റെ അനൗചിത്യത്തെപ്പററി ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതു് ഒരു പ്രത്യേക ഡിപ്പാർട്ടുമെണ്ടായി ഏർപ്പെടുത്തുന്നതു വളരെ നന്നായിരിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. അതിൽ സത്യസന്ധന്മാരായ ഉദ്യോഗസ്ഥന്മാരെ മാത്രം നിയമിക്കേണ്ടതുമാണ്. ഇപ്പോൾ എങ്കിലും ഗവർമ്മെണ്ട് ഇതേപ്പററി മനസ്സിലാക്കി, ഇതു് ഒരു പ്രത്യേക ഡിപ്പാർട്ടുമെണ്ടാക്കുവാൻ ഉദ്ദേശിക്കുന്നതിൽ ഗവർമ്മെണ്ടിനെ ഞാൻ അഭിനന്ദിക്കുകയാണ്. തീർച്ചയായും സെയിൽസ്ടാക്സ് ഒരു പ്രത്യേക ഡിപ്പാർട്ടുമെണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. ഇന്നത്തെ എക്സൈസ് ഡിപ്പാർട്ടുമെണ്ട് വളരെ അക്രമവും കൈക്കൂലിയും ഉള്ള ഒരു ഡിപ്പാർട്ടുമെണ്ടാണ്. അവരെ വീണ്ടും ഈ ചുമതല ഏല്പിക്കുവാൻ ശ്രമിക്കാതെ ഇതൊരു പുതിയ ഡിപ്പാർട്ടുമെന്റായി പ്രവർത്തനം നടത്തിയെങ്കിൽ മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കയുള്ളൂ. അല്ലെങ്കിൽ പിരിവു നടത്തുന്ന ഉദ്യോഗസ്ഥന്മാരുടെ അടുക്കൽനിന്നു സാധാരണ ജനങ്ങൾക്കു കഷ്ടതകൾ സഹിക്കേണ്ടതായിട്ടുവരും. ആ സ്ഥിതി വരാതെ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

സർ, ഇപ്പോൾ ഗവർമ്മെണ്ടിൽനിന്നു പെട്രോൾ, അരക്ക് മുതലായ സാധനങ്ങൾക്ക് സെയിൽസ്ടാക്സ് ഈടാക്കുന്നതിനു തീരുമാനിച്ചിരിക്കുകയാണ്, എന്നു പറയുകയുണ്ടായി. ഈവക സാധനങ്ങൾക്ക് കുറേക്കൂടി കൂടുതൽ റേററ് വച്ച് കൂടുതൽ സംഖ്യ സെയിൽസ

ടാക്സായി പിരിക്കണം. എല്ലാ ലക്ഷറി ആയിട്ടുള്ള സാധനങ്ങൾക്കും കൂടുതൽ റേററ് വച്ചിരിക്കുകയാണെങ്കിൽ കൂടുതൽ സംഖ്യ നമുക്ക് ഈടാക്കി എടുക്കുവാൻ സാധിക്കും. അതേസമയംതന്നെ ഭക്ഷ്യസാധനങ്ങൾ സകലതും സെയിൽസ്ടാക്സിൽ നിന്നും ഒഴിവാക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അതു സാധുജനങ്ങൾക്കു വളരെ ഉപകാരപ്രദമായിരിക്കും. അതേസമയം ലക്ഷറി സാധനങ്ങൾക്കു സെയിൽസ്ടാക്സ് വർദ്ധിപ്പിച്ചാൽ അതു് ഗവമ്മെണ്ടിനു് ഭക്ഷണസാധനങ്ങൾ ഒഴിവാക്കുന്നപക്ഷം ഉണ്ടാകാവുന്ന നഷ്ടം പരിഹരിക്കുന്നതിനു് ഉപകരിക്കുകയും ചെയ്യും.

ഇനിയൊരു കാര്യം എനിക്കു് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു്, വൺ പായിൻറ്, ടു പായിൻറ്, ത്രീ പായിൻറ് തോതുമാററി എല്ലാ സാധനങ്ങൾക്കും റേററ് വൺ പായിൻറായി നിശ്ചയിക്കുന്നതു വളരെ നന്നായിരിക്കും. എന്നാൽ ഒററ പായിൻറ് എന്നുള്ളനിലയിൽ പിരിക്കുകയാണെങ്കിൽ പലവിധമായി ഇപ്പോഴുള്ള വിഷമതകൾക്കു പരിഹാരമാർഗ്ഗം ഉണ്ടാക്കാൻ കഴിയുന്നതാണ്. അല്ലാതെ രണ്ടുമൂന്നു പായിൻറ് പിരിക്കുകയാണെങ്കിൽ കച്ചവടക്കാർക്കും മററും വളരെ ബുദ്ധിമുട്ടും വിഷമതകളും ഉണ്ടാകുന്നതാണ്. ഇത്രയും സംഗതികൾ ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽപ്പെടുത്തണമെന്നു മാത്രമെ ഞാൻ ആഗ്രഹിക്കുന്നുള്ളു.

ஸ்ரீ. ஆர். கே. ராம்: ஸர், இங்குள்ள தர்க்கங்களைப் பார்க்கும்போது, Sales Tax இங்கிருக்கிற பழைய மந்திரி சபைக்கும், புதிய மந்திரி சபைக்கும் உள்ள ஒரு தகராறாக காண்கிறதே ஒழிய, இந்த Sales tax எதற்காக போடப்பட்டிருக்கிறது என்பதை யாரும் நன்றாக உணரவில்லை. Prohibition ஆல் வந்த நஷ்டத்தைப் பரிகரிப்பதற்காக, என்று பட்டம் தாணுபிள்ளை அவர்கள் சொன்னதை நமது கொச்சி மெம்பர் எதிர்ப்பதோடு அல்லாமல், Abdul Aziz அவர்கள், இது யூனியன் கவர்மென்று போட்ட நிகுதியென்றும், இதை யாரும் எதிர்க்க முடியாதென்றும் சொன்னார்கள்.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: യൂണിയൻ ഗവമ്മെണ്ടാണ് ഈ നികുതി ഏർപ്പെടുത്തിയതു് എന്നു ഞാൻ പറഞ്ഞില്ല.

ஸ்ரீ. ஆர் கெ. ராம்: யூனியன் கவர்மென்று நடப்பில் ஆக்கினது அல்லாமல் பழைய கெவர்மென்று போட்டதை, புதிய மந்திரி சபை நடப்பில் கொண்டுவந்தது என்று சொல்கிறார். பழைய Government ஒரு தப்பிதம் செய்தால் யூனியன் Government-ம் அப்படி செய்யவேண்டுமென்று அர்த்தம் இல்லை. யூனியன் Government ஆனாலும்சரி பழைய கவர்மென்று ஆனாலும்சரி, என்னைப்பொறுத்தமட்டில், திருவிதாங்கூர் தமிழ்நாட்டைப்பொறுத்த மட்டில், இரண்டு அரசாங்கத்திற்கும் Sales tax போட உரிமை கிடையாதுஎன்று சொல்கிறேன். ஏனென்றால் யூனியன் Government, திருவிதாங்கூர்தமிழ்நாட்டை, தமிழ் மக்களின் விருப்பத்தை அறியாமல், இந்த யூனியன் Government உடன் சேர்க்கத் துணிந்து விட்டது. இந்தக்கொள்ளை அடிக்கிற அரசாங்கத்தின்கீழ் நாங்கள் இருக்கின்ற நிலைமையில், எங்களுக்கு சம்மதமில்லாமல் இருக்கிற ஒரு அரசாங்கத்திற்கு எங்கள் பேரில்நிகுதிபோட உரிமை உண்டா என்று கேட்கிறேன். அரசாங்கத்திற்கு வரி பிரிக்கவேண்டுமா, வேண்டாமா, என்பதல்ல கேள்வி. இந்த அரசாங்கம், எங்கள் அரசாங்கமாயிருந்தால், எங்கள் நன்மைக்காகப் பாடுபடுவதாய் இருந்தால் Sales Tax வேண்டுமா, வேண்டாமா என்று அபிப்பிராயம் சொல்லவேண்டியதுண்டு. இப்பொழுது இருக்கிற அரசாங்கம் ஆனாலும் சரி, முன்னிருந்த அரசாங்கமானாலும் சரி, எங்களுக்கு பிரதிநிதித்துவம் வகிக்காத காரணத்தால் எங்களுக்கும், இந்த அரசாங்கத்திற்கும் ஏதொரு தொடர்பும் இல்லை. அப்படி வரிவிதித்தால், அது கொள்ளைக்காரர்கள் தங்களது ஆயுதபலத்தால் விதிக்கும் வரியே அல்லாது, மக்களுக்கு நன்மை பயக்கும் வரி அல்ல என்று நான் சொல்ல ஆசைப்படுகிறேன். ஆங்கில அரசாங்கம், இந்திய மக்களின்மேல் வரி விதிப்பதை, எப்படி சரியல்ல என்று சொன்னார்களோ., அதேபோல்தான் இதுவும். இப்பொழுது தமிழ் மக்களின் பிரதிநிதித்துவம் வகிக்காத கொடுங்கோன்மையான கொள்ளைக்கார இந்த அரசாங்கம் தமிழ் மக்களின்மேல் வரி விதிப்பது சரியல்ல. Prohibition ஐக் கொண்டுவந்து விட்டோம், என்று சொல்லி முதலைக் கண்ணீர் வடிக்கவேண்டியதில்லை. இந்த அரசாங்கம் தமிழ்நாட்டு மக்களுக்கு உகந்தது அல்ல. ஆதலால் திருவிதாங்கூர் தமிழ்நாட்டிலிருந்து

இந்த வரியை உடனே எடுத்துவிடவேண்டுமென்று சொல்கிறேன். மற்ற இடங்களைப் பற்றிச்சொல்ல எங்களுக்கு உரிமை இல்லாததால், அதைப் பற்றி சொல்லவில்லை. அந்த இடத்து மக்களுக்கு அது நல்லதோ கெட்டதோ என்று நான்சொல்ல விரும்பவில்லை. இப்பொழுது இருக்கும் நிலையில், இந்த அரசாங்கத்து மந்திரிகள் எங்களுக்குப் பிரதிநிதித்துவம் வகிக்கவில்லை என்பதை சீப் மினிஸ்டர் அவர்களே நிசாரமாக சொல்லிவிட்ட பதிலிலிருந்தே அறியலாம். தமிழ்நாடு காங்கிரஸைச் சேர்ந்தவர்கள் என்ற காரணத்திற்காக அநேகரைப் போலீஸ் செலக்‌ஷனிலிருந்து தள்ளிவிட்டது உண்மை தானா என்று கேட்டதற்கு "അതു് സാരമായി ഗണിക്കേണ്ട ഒന്നല്ല" என்று சொன்ன பொறுப்பற்ற தன்மையே சான்று பகரும். இந்தக் கொடுங்கோன்மையான கொள்ளைக்கார அரசாங்கத்தின் கீழ் இருக்கும், எங்களுக்கு, இது அடக்கும் வரியே தவிர, மக்களுக்கு நன்மை பயக்கும் வரி யல்ல. ஆகவே, இந்த கொடுங்கோன்மை அரசாங்கம் இருக்கும் வரையில் திருவிதாங்கூர் தமிழ்நாட்டு மக்கள் இந்த அரசாங்கத்தோடு இருக்க விரும்பவில்லை, என்பதை பல முறை எடுத்துக்காட்டியும், இந்த கொடுங்கோன்மையான அரசாங்கம், எங்களுக்கு பிரதிநிதித்துவம் வகிக்காத ஒரு அரசாங்கம், இந்த வரியை தமிழ் மக்களின் மேல் சுமத்துவது சரியல்ல. ஆகவே இந்த அரசாங்கம் எங்களைப் பொருத்தமட்டில், உடனடி அந்த சுமதலையை விட்டுவிடவேண்டுமென்று கேட்டுக்கொள்கிறேன்.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: സർ, ഈ ഡിമാൻറിനെ സംബന്ധിച്ചു ഒരു ഉപക്ഷേപം ഹാജരാക്കിക്കൊണ്ട് എതിർപക്ഷത്തുനിന്നും ഉന്നയിച്ച പൂർവ്വാപരവിരുദ്ധങ്ങളായ ചിലവാദമുഖങ്ങൾക്കു മറുപടി പറയാനാണ് ഞാൻ അല്പസമയം വിനിയോഗിക്കാൻ പോകുന്നതു്. ഈ വില്പന നികുതി സംപ്രദായം ഇവിടെ ഏർപ്പെടുത്തിയ അവസരത്തിൽ അതു എന്തുദ്ദേശത്തോടുകൂടിയായിരുന്നു ഏർപ്പെടുത്തിയതെന്നും അതിൽനിന്നു് ഉണ്ടാകുന്ന വരുമാനം ഏതുപ്രകാരത്തിലാണു് വിനിയോഗിക്കാൻ പോകുന്നതെന്നും വിശദമായ ഒരു വിവരം നിയമസഭയിൽ അന്നു് അധികാരത്തിൽ ഇരുന്ന ഗവമെണ്ടു് നൽകിയിരുന്നു. അതിൻെറ വെളിച്ചത്തിൽ ഇന്നത്തെ വാദമുഖങ്ങൾക്കു് എന്തു സ്ഥാനമാണുള്ളതെന്നു് എനിക്കു മനസ്സിലാകുന്നില്ല. അധികാരത്തിൽ ഇരിക്കുമ്പോൾ ഉന്നയിക്കുന്ന വാദമുഖങ്ങൾ അധികാരഭ്രംശംവരുമ്പോൾ വിപരീതരൂപം കൈക്കൊള്ളുകയും അധികാരത്തിലിരിക്കുമ്പോൾ പറഞ്ഞതും ഇന്നലെ പറഞ്ഞതും ഇന്നു പറയുന്നതും തമ്മിൽ യാതൊരു ബന്ധവും ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ചിലക്കു നിയമസഭ ഭ്രാന്താലയമായി തോന്നുന്നതിൽ അത്ഭുതമില്ല. സെയിൽസ്ടാക്സ് ഇവിടെ ഇൻറർഡ്യൂസ് ചെയ്ത അന്നു് ഒരു മിച്ചബഡ്ജററാണു് നിയമസഭയിൽ അവതരിപ്പിച്ചതു്. അങ്ങനെ ഒരു മിച്ചബഡ്ജററു അവതരിപ്പിച്ചു നില്ക്കു അന്നു് ഒരു പുതിയ നികുതിയുടെ ആവശ്യമെന്തായിരുന്നു എന്നു് ചോദ്യംചെയ്കയും ചെയ്തിരുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, അജൻഡാ അനുസരിച്ചു് ഇനി ബില്ലുകളുടെ പര്യാലോചനയാണു്. അതുകൊണ്ടു സെലക്ട്കമ്മിററി റിവൈസ്ചെയ്ത ബില്ലുകളും സെലക്ട് കമ്മിററി റിപ്പോർട്ടുകളും അവതരിപ്പിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയെ ക്ഷണിച്ചുകൊള്ളുന്നു.

## LEGISLATIVE BUSINESS, PRESENTATION OF THE REPORTS OF SELECT COMMITTEES ON BILLS.

**The Hon'ble Sri. A. J. John:** I beg to present the report of the Select Committee on the United State of Travancore and Cochin Stamp Bill. The Select Committee has not made substantial alterations in the Bill and I move that the consideration of the Bill may be taken up on a convenient date.

മി. സ്പീക്കർ: അഫിഷ്യൽഡേററായി നിശ്ചയിച്ചിരിക്കുന്ന ആഗസ്റ്റ് ൨൫-ാംനു ഈ ബില്ലിനെപ്പററി പര്യാലോചിക്കുന്നതായിരിക്കും. ഈ ബില്ലിനെസംബന്ധിച്ചു ഭേദഗതികൾ അയക്കണമെന്നുദ്ദേശിക്കുന്നവർ ആഗസ്റ്റ് ൨൨-ാംനു-ക്കുമുമ്പു് അയക്കേണ്ടതാണു്.

**The Hon'ble Sri. A. J. John:** I beg to present the Report of the Select Committee on the United State of Travancore and Cochin Court Fees Bill. Here also the Select Committee has not made much alterations and I move that the consideration of the Bill may be taken up on a convenient date, say, on the 25th August.

**The Hon'ble Sri. N. Kunjuraman:** I second it.

മി. സ്പീക്കർ: ഈ ബില്ലും ആഗസ്റ്റ് ൨൫-ാംനു- പര്യാലോചനക്കു് എടുക്കുന്നതാണു്. ഭേദഗതികൾ ൨൨-ാംനു-ക്കുമുമ്പു് അയക്കണം.

**The Hon'ble Sri. A. J. John:** I beg to present the Report of the Select Committee on the United State of Travancore and Cochin Suits Valuation Bill. Here I may say, the Select Committee has not made any amendments at all. It may also be taken up on the 25th August.

മി. സ്പീക്കർ: ഈ ബില്ലും ആഗസ്റ്റ ൨൫-ാംനു- പര്യാലോചനക്കു് എടുക്കുന്നതാണു്. ഭേദഗതികൾ ൨൨-ാംനു-ക്കു് മുമ്പു് അയക്കണം.

**The Hon'ble Sri. A. J. John:** I beg to present the Report of the Select Committee of the United State of Travancore and Cochin Sales Tax (Amendment) Bill. Here also the Committee has not made any amendments. This also may be taken up for consideration on the 25th August.

മി. സ്പീക്കർ: ഈ ബില്ലും ആഗസ്റ്റ് ൨൫-ാംനു- പര്യാലോചനക്കു എടുക്കുന്നതാണു്. ഭേദഗതികൾ ൨൨-ാംനു-ക്കുമുമ്പു് അയക്കണം.

ഈ സഭ ഇപ്പോൾ പിരിയുന്നതും, ആഗസ്റ്റ് ൧൮-ാംനു- രാവിലെ ൧൧ മണിക്കു് കൂടുന്നതുമാണു.

*The House adjourned at 5-5 p.m. to meet again on the 18th August 1949*

V. KRISHNAMOORTHI AIYAR

*Secretary to the Legislative Assembly*

# PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

### FIRST SESSION, 1949/1125

**Thursday** *the* *18th August 1949* / *2nd Chingam 1125*

VOL. I] OFFICIAL REPORT [No. 8

The Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the clock, on Thursday the 18th August 1949, with Mr. Speaker, (the Hon'ble Sri. T. M. Varghese in the Chair.

## QUESTIONS AND ANSWERS

### (a) Oral Answers

മി. സ്പീക്കർ: ഇന്നു് ഉത്തരം നൽകേണ്ടതായ ൩൦ ചോദ്യങ്ങൾ ഉണ്ടു്. വന്നിട്ടുള്ള ചോദ്യങ്ങളോടു പ്രത്യക്ഷമായി ബന്ധപ്പെട്ടതും വിശദവിവരങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാർ ആവശ്യപ്പെടാൻ ഇടയുള്ളതുമായ വിഷയങ്ങളെ സംബന്ധിച്ചു സംക്ഷിപ്തമായി ഉത്തരങ്ങൾ കൊടുക്കാൻ, ഉത്തരങ്ങൾ നൽകുന്ന ബഹുമാനപ്പെട്ട മെമ്പർമാർ തയ്യാറായിരുന്നാൽ നന്നായിരിക്കും. അതോടൊപ്പം തന്നെ ചോദിക്കുന്ന ചോദ്യങ്ങളോടു പ്രത്യക്ഷത്തിൽ ബന്ധപ്പെട്ടതും ഉത്തരം അർഹിക്കുന്നവയെന്നു ചോദ്യം ചോദിക്കുന്ന മെമ്പർമാർ അറിഞ്ഞിരിക്കാൻ ഇടയുള്ളതുമായ വിഷയങ്ങൾ സപ്ലിമെണ്ടറി ചോദ്യങ്ങൾ ആയി വിടാതെ, ആദ്യചോദ്യങ്ങളിൽതന്നെ ഉൾപ്പെടുത്തിയാൽ പല പ്രധാന വിഷയങ്ങളെ സംബന്ധിച്ചും വിശദവിവരങ്ങൾ ഉത്തരങ്ങൾ മുഖാന്തിരം സഭയ്ക്കു ലഭിക്കുന്നതിനു് സംഗതിയാകും. എന്നാൽ സപ്ലിമെണ്ടറി ചോദ്യങ്ങൾ,തന്നിട്ടുള്ള ഉത്തരങ്ങളിൽനിന്നു് ഉത്ഭവിക്കുന്നവയും, ആ ഉത്തരങ്ങളുടെ വിശദീകരണത്തിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയുമാകയാൽ, അതനുസരിച്ചു് സപ്ലിമെണ്ടറി ചോദ്യങ്ങളുടെ എണ്ണത്തിലും വ്യാപ്തിയിലും നിയന്ത്രണം ഉണ്ടായിരിക്കേണ്ടതാണു്

### പിന്നോക്കസമുദായവും കുത്തകപ്പാട്ടവും

*൨൫൩. ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇപ്പോൾ നിലവിലിരിക്കുന്ന കുത്തകപ്പാട്ട റൂളനുസരിച്ചു് ഒടുക്കേണ്ടിവരുന്ന തുക വളരെ കൂടുതൽ ആകയാൽ പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം നിലവിലുള്ള റൂളിനു് ഒരു ഭേദഗതിയുണ്ടാകുന്നതുവരെ ഇപ്പോൾ നടത്തിവരുന്ന കുത്തകപ്പാട്ടം ഈടാക്കാനുള്ള നടപടികൾ നിറുത്തിവയ്ക്കുന്നതിനു പൊതുജനപ്രതിനിധികൾ വല്ല നിവേദനവും ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവർമ്മെണ്ടിൽനിന്നും എന്തുനടപടിയാണു് കൈക്കൊണ്ടിട്ടുള്ളതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: എ., ബി. കുത്തകപ്പാട്ട നടപടി നിറുത്തിവയ്ക്കണമെന്നു നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ പിന്നോക്ക സമുദായക്കാരിൽനിന്നും കുത്തകപ്പാട്ടത്തുക ഈടാക്കാൻ പാടില്ലെന്നുകാണിച്ചു് ഒരു നിവേദനം ലഭിച്ചിട്ടുണ്ടു്. അതു് ഗവർമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: പിന്നോക്കസമുദായക്കാർക്കു് സൗജന്യമായി ഭൂമി പതിച്ചു കൊടുക്കണമെന്നുള്ള നിവേദനം ഗവർമ്മെണ്ടിനു് കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി; സൌജന്യമായി ഭൂമി പതിച്ചു കൊടുക്കുന്ന രീതി ഗവർമ്മെണ്ടു സ്വീകരിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള; അങ്ങനെ ഒരു രീതി ഗവർമ്മെണ്ടു സ്വീകരിച്ചിട്ടില്ല. ഗവർമ്മണ്ടിന്റെ ലാൻഡ പാളസി എന്താണെന്നു നിശ്ചയിക്കുന്നതുവരെ ആക്കും തന്നെ ഭൂമിപതിച്ചു കൊടുക്കാതിരിക്കുക എന്നുള്ളതാണ് ഗവർമ്മെണ്ടിന്റെ ഇപ്പോഴത്തെ നയം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ; കാലാവധി ഇല്ലാതെ പിന്നോക്കസമുദായക്കാക്കു കുത്തകപ്പാട്ടത്തിനു ഭൂമി പതിച്ചു കൊടുക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള; കുത്തകപ്പാട്ടം സംബന്ധിച്ച് ഒരു നിയമം ഉണ്ടെന്നുബഹുമാനപ്പെട്ട മെമ്പക്കും അറിയാമെന്നു വിശ്വസിക്കുന്നു. ആ വ്യവസ്ഥകൾക്കു വിധേയമായി ചെയ്യാവുന്ന സൗജന്യങ്ങൾ ചെയ്യാമെന്നല്ലാതെ നിയമം മാററി എന്തെങ്കിലും ചെയ്യണമെന്നു ഗവമെന്റ് ഇപ്പോൾ വിചാരിക്കുന്നില്ല.

ശ്രീ. പി. സി. ആദിച്ചൻ: നിലവിലിരിക്കുന്ന കുത്തകപ്പാട്ടനടപടികൾ പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും നിറുത്തിവയ്ക്കുവാൻ ഈ ഐക്യസംസ്ഥാനനിയമസഭയിലെ പിന്നോക്കസമുദായ മെമ്പറന്മാരായ ഏഴുപേർ ഒപ്പിട്ട ഒരു നിവേദനം ഗവമെന്റിനു കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരാണയപിള്ള: അതാണ് ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതു്. കുത്തകപ്പാട്ട നടപടികൾ നിറുത്തി വയ്ക്കണമെന്നല്ല, കുത്തകപ്പാട്ടം സംബന്ധിച്ചു ഗവമെന്റ എടുത്തിട്ടുള്ള കൊയേഴ്സിവ് സ്റ്റെപ്സ് നിറുത്തിവയ്ക്കണമെന്നുള്ള നിവേദനം ഗവമെന്റിനു ലഭിച്ചിട്ടുണ്ട്. താമസംകൂടാതെ ഗവമെന്റ് അതുസംബന്ധിച്ചു ഒരു തീരുമാനം ചെയ്യുന്നതാണ്.

**Sri. D. Gnanasigamony:** Without changing the rules, how is it possible to give relief?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതു കൊയേഴ്സിവ് സ്റ്റെപ്സ് എടുക്കുന്നതിനെ സംബന്ധിച്ചുള്ളതാണ്. റൂൾ അതിനു ബാധകമല്ല.

ശ്രീ. സി. സി. പ്രസാദ്: എത്ര കാലത്തിനു മുൻപാണു ഇങ്ങനെ ഒരു നിവേദനം ഗവമെന്റിനു ലഭിച്ചതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീമാൻ ആദിച്ചന്റെ ചോദ്യത്തിനാണ് ഞാൻ മറുപടി പറഞ്ഞതു്. അതുകൊണ്ടു എത്ര കാലത്തിനു മുൻപാണ് നിവേദനം കിട്ടിയതെന്നു പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. സി. സി. പ്രസാദ്: നിവേദനം കിട്ടിയിട്ടു ദീർഘകാലമായോ എന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ദീർഘകാലമായോ ഇല്ലയോ എന്നുള്ള പല സംഗതികളെയും ആശ്രയിച്ചാണ് നിശ്ചയിക്കേണ്ടതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: കുത്തകപ്പാട്ടത്തിന്നു കൊടുത്തിട്ടുള്ള വസ്തുക്കൾ പണ്ടാരപ്പാട്ടമായി വീണ്ടും കൊടുക്കുവാൻ ഉള്ള സാദ്ധ്യതയെപ്പററി ഗവമെന്റ ആലോചിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ ചോദ്യത്തിനു പെട്ടെന്നു ഉത്തരം പറയുവാൻ സാദ്ധ്യമല്ല. അതിനെപ്പററിയും അതിനോടു ബന്ധപ്പെട്ട പലതിനെപ്പററിയും ആലോചിച്ചതിനു ശേഷമെ ഇതു സംബന്ധിച്ചു ഗവമെന്റിനു് എന്തെങ്കിലും ചെയ്യുവാൻ നിവൃത്തിയുള്ളു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സർ, ഒരു പായിന്റ ആഫ് ആർഡർ. ലാൻഡ പാളിസി എന്താണെന്നു നിശ്ചയിച്ചിട്ടില്ല എന്നു ഗവമെന്റ് ഭാഗത്തുനിന്നും ഉത്തരം പറഞ്ഞതുകൊണ്ടു ലാൻഡപാളിസിയെ ബാധിക്കുന്ന ചോദ്യങ്ങൾ ചോദിക്കാൻ അനുവദിക്കത്തക്കതാണോ?

മി. സ്പീക്കർ: അനുവദിക്കത്തക്കതു തന്നെ.

## മന്തുരോഗ നിവാരണം

*൨൫൬. ശ്രീ. ദേവകീഗോപിദാസ്സ്: ബഹുമാനപ്പെട്ട പൊതുജനാരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ?

(എ) മന്തുരോഗ നിവാരണത്തിനായി അതേപ്പററി അന്വേഷിക്കുന്നതിന് ഒരു റിസർച്ച് കമ്മിററിയെ ഗവൺമെൻറിൽനിന്നും നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ ഫലപ്രദമായ എന്തെങ്കിലും നിവാരണമാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: (എ) ഇല്ല.

(ബി) എ.യുടെ ഉത്തരത്തെ ആസ്പദമാക്കി 'ബി' ഉത്ഭവിക്കുന്നില്ല.

ഡാക്ടർ മിസ്സിസ്സ്. ടി. ഫ്രാൻസീസ്: മന്തുരോഗനിവാരണത്തിനായി വല്ല പദ്ധതികളും തിരുവിതാംകൂറിലുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: നമ്മുടെ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചു പദ്ധതികൾ ഒന്നുമില്ല. എന്നാൽ ഇൻഡ്യാഗവൺമെൻറ്, റിസർച്ചു ഫണ്ട് അസോസിയേഷൻ മുഖാന്തിരം ഒരു അന്വേഷണം നടത്തിയിട്ടുണ്ട്. ആ അന്വേഷണത്തിൻെറ ഫലമായി Hetrazan എന്ന പുതിയ ഒരു മരുന്നും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അതു് ഇവിടെ പ്രയോഗിക്കുവാൻ ഇവിടത്തെ ഗവൺമെൻറ് അനുവദിക്കുമോ എന്നു ഇൻഡ്യാ ഗവൺമെൻറ ചോദിച്ചതനുസരിച്ചു തിരുവിതാംകൂറിൽ ചേർത്തലയിൽ അതു പ്രയോഗിച്ചു നോക്കുന്നുണ്ട്. ഇതിൻെറ പകുതിച്ചെലവ് ഇൻഡ്യാഗവൺമെൻറ വഹിക്കാമെന്നു സമ്മതിച്ചിട്ടുമുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: 'മന്തുരോഗ സംഹാരി' എന്ന ഒരു മരുന്നുള്ള വിവരം ഗവൺമെൻറിനു് അറിയാമോ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: ആ വിവരം ഗവൺമെൻറിൻെറ അറിവിൽ പെട്ടിട്ടില്ല.

## പുത്തഞ്ചിറ പകുതി

*൨൫൭. സാഹിബ് ബഹദൂർ. എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പറവൂർ താലൂക്കു പുത്തഞ്ചിറ പകുതിയുടെ വിസ്തീർണ്ണം എത്ര;

(ബി) അതിൽ എത്ര ഏക്കർ നിലമുണ്ടെന്നും എത്ര പുരയിടങ്ങൾ ഉണ്ടെന്നും പറയാമോ;

(സി) നെല്ലെടുപ്പുപദ്ധതിക്കു ശേഷം ആ പകുതിയിൽനിന്നും ഓരോ കൊല്ലവും ഗവൺമെണ്ടിലേക്കു് എടുത്ത നെല്ലെത്ര?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുല്ല:

(എ) ൫,൦൬൪ ഏക്കറാണ്.

(ബി) ൨,൩൮൦ ഏക്കർ നിലവും ൨,൯൭൪ ഏക്കർ പുരയിടങ്ങളുമുണ്ട്.

(സി) ഓരോ കൊല്ലവും ഗവൺമെണ്ടിലേക്കു് എടുത്തിട്ടുള്ള നെല്ലിൻെറ വിവരം താഴെ ചേർക്കുന്നു.

| കൊല്ലം | നെല്ലിൻെറ തുക |
|---|---|
| ൧൧൧൭ | ൭൫൪൬ പറ |
| ൧൧൧൮ | ൩൯,൪൬൭ " |
| ൧൧൨൦ | ൨൩,൪൦൦ " |
| ൧൧൨൧ | ൧൯,൭൭൯ " |
| ൧൧൨൨ | ൨൪,൦൦൦ " |
| ൧൧൨൩ | ൧൭,൪൭൩ " |
| ൧൧൨൪ | ൨൨,൬൫൯ " |

ശ്രീ. എൻ. വി. ചാക്കൊ: ഏകദേശം എത്ര പറ നെല്ല് അവിടെനിന്നും ശരാശരി എടുക്കുന്നുണ്ട്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുല്ല : ചോദ്യത്തിന്റെ അർത്ഥംതന്നെ എനിക്കു മനസ്സിലായില്ല.

## പവർ വിതരണം

*൫൯൩. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പള്ളിവാസലിൽനിന്നും ഇപ്പോൾ എത്ര പവർ കിട്ടുന്നുണ്ട് ;

(ബി) കൂടാതെ പൈക്കാറായിൽനിന്നും നമുക്ക് എത്ര പവർ കിട്ടുന്നുണ്ട് ;

(സി) പവർ വിതരണത്തിൽ കൃഷി ആവശ്യത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ടോ ?

ബഹു. ശ്രീ. ആനിമസ്ക്രീൻ :

(എ) പള്ളിവാസൽ പദ്ധതിയിൽനിന്നും ഇപ്പോൾ ലഭിക്കുന്ന വിദ്യുച്ഛക്തിയുടെ പരിധി ൧൩, ൫ ൦ ൦ K.W. ആകുന്നു.

(ബി) പൈക്കാറയിൽനിന്നും ൫ ൦ ൦ K.W. വിദ്യുച്ഛക്തിയോളം കിട്ടുന്നുണ്ട്. പാപനാശത്തുനിന്നും ൩, ൦ ൦ ൦ K.W. വാങ്ങുന്നുണ്ട്.

(സി) ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : പള്ളിവാസലിൽനിന്നു കിട്ടുന്ന കറന്റ് എത്രശതമാനം കൃഷിക്ക് ഉപയോഗിക്കുന്നുണ്ട്.

ബഹു. ശ്രീ. ആനിമസ്ക്രീൻ : ഒരു നല്ല ശതമാനം കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നു. കൃഷിക്കുള്ള ഉപയോഗത്തിനായി മുൻഗണനയും നൽകുന്നുണ്ട്. കൂടാതെ ഏകദേശം ഇരുപതിനായിരം ഏക്കറോളം നിലങ്ങളിൽ വെള്ളം പമ്പുചെയ്യുന്നതിനാവശ്യമായ വിദ്യുച്ഛക്തി കൊടുക്കുന്നുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : വ്യവസായത്തിനുവേണ്ടി വിദ്യുച്ഛക്തി കൊടുക്കുന്നുണ്ടോ ?

ബഹു. ശ്രീ. ആനിമസ്ക്രീൻ : സാമിൽ, ആയിൽമിൽ മുതലായവയ്ക്കു കൊടുക്കുന്നുണ്ട് .

ശ്രീ. കെ. എ. മാത്യു : ആലുവായിലുള്ള കമ്പനികൾക്കു പള്ളിവാസലിൽനിന്നും കിട്ടുന്ന പവർ എത്രശതമാനം കൊടുക്കുന്നുണ്ട് ?

ബഹു. ശ്രീ. ആനിമസ്ക്രീൻ : ആ ചോദ്യം ഇതിൽനിന്നും ഉദിക്കുന്നില്ല.

## കൃഷിച്ചെലവു നെല്ലു

*൫൯൪. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൃഷിക്കാർക്ക് ഇപ്പോൾ അനുവദിച്ചുവരുന്ന ഏക്കറിന് ൫ ൦ പറ നെല്ലു കൃഷിച്ചെലവിനു മതിയാവുന്നില്ല എന്നു ഗവമെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ആയതു് ഏക്കറിനു ൩ ൦ പറ നെല്ലായി വർദ്ധിപ്പിക്കുവാൻ ഗവമെന്റിനു സന്മനസ്സുണ്ടാകുമോ ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുല്ല :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : ഇപ്പോൾ, തിരുവിതാംകൂറിൽ, എന്തടിസ്ഥാനത്തിലാണ് നെല്ലെടുക്കുന്നതു് ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുല്ല : എക്സസ്സ് ബേസിസിലാണ്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : കൃഷിചെലവിനു് മാത്രമെ നെല്ലുവകവെച്ചുകൊടുക്കുകയുള്ളോ ?

ബഹു: സാഹിബ് ബഹദൂർ ടി. എ. അബ്ദുല്ല: ഒരു നിലത്തിൽ കൃഷി ചെയ്യുന്നതിനാവശ്യമുള്ള വിത്തു്, കൃഷിചെലവു്, ഇവയ്ക്കാവശ്യമുള്ള നെല്ലു കഴിച്ചു ബാക്കിയുള്ള നെല്ലാണ് എക്സസ്സ് ബേസിസിൽ കണക്കാക്കപ്പെടുന്നതു്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: കൊച്ചിയിൽ കൃഷിച്ചെലവിനുവേണ്ടി എത്ര പറ നെല്ലാണു് അനുവദിക്കുന്നതു്?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുല്ല: ഏക്കറിനു ഇരുപതു പറ നെല്ലു്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: അതു മതിയാകുമോ?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുല്ല: മതിയാകുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എൻ. വി. ചാക്കൊ: യഥാർത്ഥത്തിലുള്ള കൃഷിച്ചെലവു കൊടുക്കുവാൻ ഗവമ്മെണ്ടു് ബാദ്ധ്യസ്ഥരല്ലേ?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുല്ല: യഥാർത്ഥത്തിൽ എന്നു പറഞ്ഞതിൽ കൃഷിക്കുള്ള സകലചെലവും ഉൾപ്പെടുന്നില്ല. നേരെമറിച്ചു നെല്ലായിവരുന്ന ചെലവുമാത്രമെ ഗവമ്മെണ്ടു വകവെച്ചുകൊടുക്കുന്നുള്ളു. നെല്ലിനുപുറമെ പണമായിട്ടു കൊടുക്കുന്ന ചെലവു ഇതിൽ പെടുകയില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: കുട്ടനാട്ടിൽ ഇപ്പോൾ കൊടുത്തുവരുന്ന നെല്ലു മതിയാകുന്നില്ല എന്നു ഗവമ്മെണ്ടിനു നിവേദനം ലഭിച്ചിട്ടുണ്ടോ?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: ഉണ്ടു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: അതിന്മേൽ ഗവമ്മെണ്ടു എന്തു നടപടി നടത്തി?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇപ്പോൾ അനുവദിച്ചുകൊടുക്കുന്ന നെല്ലു് കൃഷിച്ചെലവിനു ധാരാളം മതിയാകുമെന്നുള്ളതുകൊണ്ടു് യാതൊരു നടപടിയും നടത്തിയില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: കൃഷിച്ചെലവിനു ഇത്രപറ നെല്ലുവേണം എന്നു നിശ്ചയിക്കുന്നതു ആരാണു്?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: അതാതു താലൂക്കിലെ തഹശീൽദാരന്മാരും അതിലേക്കു പ്രത്യേകം ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരും മററുമാണു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: വളത്തിനു ആവശ്യമായ ചെലവിനെ സംബന്ധിച്ചു ഗവമ്മെണ്ടിന്റെ കണക്കു എങ്ങനെയാണു്?

ബഹു: സാഹിബ്ബ് ബഹദൂർ: ടി. എ. അബ്ദുള്ള: വളത്തിനെ സംബന്ധിച്ചുള്ള ചെലവു പണമായിട്ടുള്ളതാണു്. അതുകൊണ്ടു് ഈ കണക്കിൽ അതു ഉൾപ്പെടുകയില്ല.

(ഈ അവസരത്തിൽ പല മെമ്പറന്മാരും ചോദ്യം ചോദിക്കുവാൻ എഴുന്നേററു.)

**Mr: Speaker:** Before an Hon'ble Member rises to ask a question he will please take care to see whether another member is already on his legs. That is certainly conducive to the maintenance of order in the House.

ശ്രീ. ഈ. പി. പൌലോസ്: വളത്തിനുവേണ്ടി നെല്ലു ചെലവുള്ളവക്കു നെല്ലായിട്ടു തന്നെ വകവെച്ചുകൊടുക്കുമോ?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: വളത്തിനുവേണ്ടി നെല്ലു ചെലവുവരിക സാധാരണയല്ല.

ശ്രീ. കെ. എ. മാത്യു: ഒരേക്കറിനു് ശരാശരി കൃഷിച്ചെലവു എന്തു വരുമെന്നാണു ഗവമ്മെണ്ടു കണക്കാക്കിയിരിക്കുന്നതു്?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: പല സ്ഥലങ്ങളിലേയും കൃഷിച്ചെലവു് പല തരത്തിലാണു്.

ശ്രീ. കെ. എ. മാത്യു: ഗവമ്മെണ്ടിൽനിന്നും എന്തു തുകയാണു അതിലേക്കു അനുവദിച്ചു കൊടുക്കുന്നതു്?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: ഗവമ്മെണ്ടിൽനിന്നും അങ്ങനെ ഒരു ക്ലിപ്തസംഖ്യ അനുവദിച്ചിട്ടില്ല.

ശ്രീ. കെ. എ. മാത്യു: അതാതു താലൂക്കുകളിലുള്ള കൃഷിച്ചെലവു എന്താണെന്നു നിശ്ചയിക്കുവാൻ ഒരു കമ്മിററിയെ നിയമിക്കുന്നതു നന്നായിരിക്കുകയില്ലേ?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: അതേപ്പററി ആലോചിക്കാവുന്നതാണു്.

## നെല്ലെടുപ്പുപദ്ധതി

*൨൬൧. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) നെല്ലെടുപ്പ് പി. സി. സി. സൊസൈററികളെ ഏല്പിച്ചു ഭക്ഷ്യവകുപ്പിലെ ഭാരിച്ച ചെലവു കുറയ്ക്കുന്നതിനു എന്തൊരു വിഷമമാണു് ഗവമ്മെണ്ടിനെ നേരിട്ടിരിക്കുന്നതു്;

(ബി) മദ്രാസ് സംസ്ഥാനത്തിലെ പി. സി. സി. സൊസൈററികളുടെ പ്രവത്തനത്തെപ്പററി നമ്മുടെ ഗവമ്മെണ്ടു അന്വേഷിക്കയുണ്ടായിട്ടുണ്ടോ?

ബഹു. സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: (എ) പി. സി. സി. സൊസൈററികൾ ഇവിടെ ഇല്ല.

(ബി) ഉണ്ട്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: പി. സി. സി. സൊസൈററികൾ സ്ഥാപിച്ചു ചെലവു ചുരുക്കുവാൻ ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: പി. സി. സി. സൊസൈററികൾ സ്ഥാപിച്ചാൽ ചെലവു ചുരുങ്ങുമെന്നു ഗവമ്മെണ്ടിനു ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. എം. ഐ. പോൾ: മദ്രാസു പ്രസിഡൻസിയിൽ അതു വിജയകരമല്ലായിരുന്നു എന്നാണോ ഗവമ്മെണ്ടു പറയുന്നതു്?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുല്ല: വിജയകരമല്ലായിരുന്നു എന്നാണു എന്റെ അറിവ്.

**Sri. D. Gnanasigamony:** Are we to understand that there is no people's co-operative society in Travancore?

**The Hon'ble Sahib Bahadur T. A. Abdulla:** There are people's co-operative societies, but no P. C. C's-that is, producer cum-consumer co-operative societies.

ശ്രീ. എം. ഐ. പോൾ: ഗവമ്മെണ്ടു നെല്ലു എടുക്കുന്ന കായ്യത്തിൽ കുറേക്കൂടി കശനമായ നടപടികൾ നടത്തുവാൻ സാധിക്കുമോ? രണ്ടേക്കറിൽ കൂടുതൽ നിലമുള്ളവരിൽനിന്നും കുറേക്കൂടി കൂടുതൽ നെല്ല് കമാൻഡിയർചെയ്യുവാൻ ഗവമ്മെണ്ടു നടപടികൾ നടത്തുമോ?

ബഹു: സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുല്ല: ആവശ്യമാണെന്നു തോന്നുന്ന എല്ലാ നടപടികളും ഗവമ്മെണ്ടു ഇതുസംബന്ധിച്ചു ചെയ്തിട്ടുണ്ട്. നെല്ലെടുപ്പിനെ സംബന്ധിച്ചു ഗവമ്മെണ്ടു വളരെ ശ്രദ്ധയോടുകൂടി പ്രവത്തിക്കുന്നതാണു്.

## TELEPHONE AND ELECTRIC SUPPLY TO PATHANAMTHITTA

*262. **Sri. V. K. Varghese:** Will the Hon'ble Minister for Electriciry be pleased to say:

(a) whether the Government or the Department has got any representations for extending the Telephone and Electric lines to Pathanamthitta town;

(b) what action has the Government taken on it; and

(c) will the Government be pleased to give the necessary directions to the Department to extend these lines this year itself?

**The Hon'ble Sry. Annie Mascarene:**

(a) Yes.

(b) The proposals have been examined.

(c) The works will be taken up in accordance with the programme of extensions and subject to the availability of materials.

ശ്രീ. വി. കെ. വർഗ്ഗീസ്: [illegible] ഇലക്ട്രിക് ലൈൻ പത്തനംതിട്ടയ്ക്ക് എക്സ്റ്റൻഷ് ചെയ്യാമെന്നു മുമ്പ് പറഞ്ഞിട്ടുള്ളതായി ഗവമ്മെണ്ടിനു അറിയാമോ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: അറിഞ്ഞുകൂടാ.

ശ്രീ. വി. കെ. വർഗ്ഗീസ്: അതേപ്പററി അന്വേഷിക്കുവാൻ ദയവുണ്ടാകുമോ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: അന്വേഷിക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പത്തനംതിട്ടയ്ക്ക് ലൈൻ എക്സ്റ്റൻഷ് ചെയ്യുന്നതു സംബന്ധിച്ചു് എസ്റ്റിമേററ് തയ്യാറാക്കിയിട്ടുണ്ടോ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: നോട്ടീസ്സ് വേണം.

## ILMENITE SAND

*263. **Sri. V. K. Varghese :** Will the Hon'ble Minister for Industries be pleased to state:

(*a*) whether the Government of Travancore has entered into any contract with any body in 1124 about the Ilmenite sand of Travancore ; and

(*b*) if so, what are the terms of that contract ?

**The Hon'ble Sri. K. Ayyappan :**

(*a*) Yes, Sir. Government have entered into a contract with Messrs. British Titan Products. Ltd; England.

(*b*) The terms of the contract provide for the supply of 30,000 to 50,000 tons of ilmenite of 58 per cent T1 O2 (Titanium di oxide) annually to that company at 40 sh. per ton.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എന്നാണ് ഇങ്ങനെ ഒരു കൺട്രാക്ട് ഏർപ്പെടുത്തിയതു് എന്നു പറയുവാൻ ദയവുണ്ടാകുമോ ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: പറയാൻ പ്രയാസമില്ല. നോക്കിപ്പിടിക്കണം.

## TERMS OF CONTRACT WITH FRENCH COMPANY

*264. **Sri. V. K. Varghese :** Will the Hon'ble Minister for Industries be pleased to state:

(*a*) whether the Government of Travancore has entered into any contract with any French Company in 1124; and

(*b*) if so, what are the terms of it?

**The Hon'ble Sri. K. Ayyappan :**

(*a*) No.

(*b*) Does not arise in view of the answer to part (a).

അങ്ങനെ ഒരു ഉടമ്പടി ഒരു ഫ്രഞ്ചുകമ്പനിയുമായി ഈ ഗവമെ്മണ്ടു ഉണ്ടാക്കിയിട്ടില്ല. എന്നാൽ ഇൻഡ്യാഗവമെ്മണ്ടു ഒരു ഫ്രഞ്ചു കമ്പനിയുമായി കൺട്രാക്ടിൽ ഏർപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. കെ. വർഗ്ഗീസ്: അതു് ഏതെങ്കിലും വിധത്തിൽ ഈ സ്റ്റെയിററിനെ ബന്ധിക്കുന്നതാണോ ?

ബഹു: ശ്രീ. കെ. അയ്യപ്പൻ: അതേ സംബന്ധിച്ചു് കൂടുതൽ വിവരങ്ങൾ ഇപ്പോൾ പറയുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർമാർ ഈ സഭയിൽ അതേസംബന്ധിച്ചു് ചോദ്യം ചോദിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

## LOAN FROM THE GOVERNMENT OF INDIA

*265. **Sri. V. K. Varghese :** Will the Hon'ble Minister for Finance be pleased to state.—

(*a*) whether the Government has taken any loan in 1124 from the Government of India ; and

(*b*) If so, the terms and the amount of that loan?

ബഹു: ശ്രീ. എ. ജെ. ജോൺ:

(എ) ൧൧൨൪-ൽ ഗവമെ്മണ്ടു ഇൻഡ്യാ ഗവമെ്മണ്ടിൽനിന്നും യാതൊരു സംഖ്യയും കടമായി വാങ്ങിയിട്ടില്ല.

(ബി) അതനുസരിച്ചു് (ബി) ഉപചോദ്യം ഉദിക്കുന്നില്ല. എന്നാൽ കൊച്ചി ഗവമെ്മണ്ടിൽനിന്നു ൪ കോടി രൂപാ ഇൻഡ്യാ ഗവമെ്മണ്ടിൽനിന്നും കടംവേണമെന്നു അപേക്ഷിച്ചിരുന്നു. അതിൽ ൨ കോടി രൂപാ അനുവദിച്ചിട്ടുണ്ടു്. അതു് പ്രത്യേക വക്കിനു വേണ്ടിയാണ്. പെരിങ്ങൽകുത്തു്, പീച്ചി ഈ പദ്ധതികൾക്കുവേണ്ടിയാണ് കടം അപേക്ഷിച്ചതു്. ഈ തുക ഇതുവരെ വാങ്ങിയിട്ടില്ല. അതേസംബന്ധിച്ചുള്ള സംഗതികൾക്ക ഇൻഡ്യാ ഗവമെ്മണ്ടുമായി എഴുത്തുകുത്തുകൾ നടത്തികൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: അതു് വാങ്ങിയാൽ ആ സംഖ്യ യുണൈററഡ് സ്റ്റേയിററിലെ അക്കൗണ്ടിൽ വരുമോ ?

ബഹു: ശ്രീ. എ. ജെ. ജോൺ: യുണൈററഡ് സ്റ്റേററിലെ അക്കൗണ്ടിൽ വരുമെങ്കിലും ആ സംഖ്യ മററു യാതൊരു കാര്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കാൻ പാടില്ലെന്നു ഇൻഡ്യാ ഗവമെ്മണ്ടു പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

ശ്രീ. വി. കെ. വർഗ്ഗീസ്: എന്തെങ്കിലും വ്യാവസായിക പദ്ധതികൾക്കുവേണ്ടി ഇൻഡ്യാഗവമ്മെണ്ടിൽനിന്നും തിരുവിതാംകൂർ ഗവമ്മെണ്ടിനു ലോണിനു അപേക്ഷിച്ചിട്ടുണ്ടോ?

ബഹു: ശ്രീ. എ. ജെ. ജോൺ: ഈ ഗവമ്മെണ്ടു അപേക്ഷിച്ചിട്ടില്ല. എന്നാൽ മുമ്പ്, ഗവമ്മെണ്ടു വ്യവസായ പദ്ധതികൾക്കുവേണ്ടി കടവായ്പ ആവശ്യപ്പെട്ടിരുന്നു. പിന്നീട് അതേസംബന്ധിച്ച് യാതൊരു നടപടികളും നടത്തിയിട്ടില്ല.

ശ്രീ. വി. കെ. വർഗ്ഗീസ്: ഇൻഡ്യാഗവമ്മെണ്ടിൽനിന്നും തരുന്ന കടവായ്പ മററു ഏതെങ്കിലും വ്യവസായങ്ങൾക്കുവേണ്ടി ചെലവാക്കുവാൻ നമ്മുടെ ഗവമ്മെണ്ടിനു സാധിക്കുമോ?

ബഹു: ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവമ്മെണ്ടു ചെയ്തിരിക്കുന്ന വ്യവസ്ഥയനുസരിച്ച് പ്രവത്തിക്കുവാൻ ഈ ഗവമ്മെണ്ടു ബാദ്ധ്യസ്ഥമാണ്.

ശ്രീ. കെ. രാമചന്ദ്രൻ: എന്തു പലിശയ്ക്കാണ് ഈ കടം എടുത്തിട്ടുള്ളതു്?

ബഹു: ശ്രീ. എ. ജെ. ജോൺ: ആ സംഗതി എഴുത്തുകുത്തിൽ ഇരിക്കുന്നതേയുള്ളു.

## MEMORIAL TO DOCTOR V. J. PATEL

*266. **Sri. V. K. Varghese:** Will the Government be pleased to state.—

(*a*) whether they are aware of a memorial to Doctor V. J. Patel dated 5th March 1949 by a Committee of the Congress Committee of the Trivandrum Revenue Division and signed by Mr. K. P. Neelakanta Pillai and two others, and

(*b*) whether they are aware of an explanation dated 11th March 1949 sent by the above persons?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) and (*b*) The Government have no information.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഡാക്ടർ വി. ജെ. പട്ടേൽ എന്നു പറയുന്നതു് ആരാണ്?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അതു് എന്റെ കൈവശമുള്ള ചോദ്യത്തിൽ കാണുന്നില്ല. ഡാക്ടർ വി. ജെ. പട്ടേൽ ആരാണെന്നു അറിഞ്ഞുകൂടാ.

**Sri A. Thanupilla:** Probably he has been given a doctorate by the University.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അതു് എനിക്കു അറിഞ്ഞുകൂടാ. ഉണ്ടായിരിക്കും.

## കൊക്കപ്പുഴു പ്രതിരോധനം

*൨൬൭. സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊക്കപ്പുഴു പ്രതിരോധനം (Hook Worm Campaign) സംബന്ധിച്ച കൊട്ടങ്ങല്ലൂരിൽ കുറെ കക്കൂസുകൾ ഉണ്ടാക്കുവാൻ പണം അനുവദിക്കുകയും പണിനടത്തുവാൻ കരാർ എല്പിക്കുകയും ചെയ്തിട്ടു കാലം എത്രയായി;

(ബി) സ്ഥലം അക്വയർചെയ്തുകഴിഞ്ഞിട്ടു കാലം എത്രയായി;

(സി) ഗവമ്മെണ്ടിനു പ്രസ്തുത പണികൾ സംബന്ധിച്ചു എന്തു ചെലവുകൾ വന്നിട്ടുണ്ടെന്നു പറയാമോ;

(ഡി) പ്രസ്തുത പണികൾ നടത്താതിരിപ്പാൻ കാരണമെന്തു്?

ബഹു: ശ്രീ. ആനിമസ്ക്രീൻ: (എ) ൧൧൨൦-ൽ പണിനടത്തുവാൻ നടപടികൾ എടുത്തുതുടങ്ങി.

(ബി) ലാൻഡ് അക്വിസിഷൻ മുഴുവൻ കഴിഞ്ഞിട്ടില്ല.

(സി) ൪,൦൬൨ ക. ൭ ണ.

(ഡി) ലാൻഡ് അക്വിസിഷൻ കഴിയാത്തതുകൊണ്ടു്.

സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: സ്ഥലം അക്വയർ ചെയ്യാനുള്ള താമസം എന്താണ്?

ബഹു: ശ്രീ. ആനിമസ്ക്രീൻ: പല സ്ഥലങ്ങളിലായിട്ടാണ് ലാൻഡ് അക്വിസിഷൻ നടത്തേണ്ടതു്. ആ സ്ഥലങ്ങളിലുള്ള കുടുംബങ്ങളുടെ പരാതികൊണ്ടു് ആ ജോലി പൂത്തിയാക്കാൻ സാധിച്ചിട്ടില്ല. അതാണ് താമസത്തിനു കാരണം.

## വിദ്യുച്ഛക്തി വിതരണം

*൨൬൮. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഇലക്ട്രിക്ക് ഡിപ്പാർട്ടുമെണ്ടിൻെറ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) വിദ്യുച്ഛക്തിവിതരണം എന്തു തത്വത്തെ അടിസ്ഥാനമാക്കിയാണെന്ന് ദയവായി പറയുമോ;

(ബി) കൊട്ടാരക്കരയും കുണ്ടറയും ഇടയ്ക്കു എഴുകോണിൽ വിദ്യുച്ഛക്തിവിതരണം ചെയ്യണമെന്നു സ്ഥലവാസികൾ അപേക്ഷിച്ചിട്ടുണ്ടോ;

(സി) ടി സ്ഥലത്തു് എത്രയും വേഗം വിദ്യുച്ഛക്തികൊടുക്കുവാൻ ഗവമ്മെണ്ടു്, നടപടി കൈക്കൊള്ളുമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: (എ) വിദ്യുച്ഛക്തികൊണ്ടുള്ള പ്രയോജനം സംസ്ഥാനത്തു് ഓരോ ഗ്രാമങ്ങളിലേക്കും വ്യാപിപ്പിക്കുക എന്നുള്ളതാണ് ഗവമ്മെണ്ടിൻെറ ഉദ്ദേശം. വിവിധ സ്ഥലങ്ങളിലെ വിതരണജോലിയുടെ യഥാൎത്ഥത്തിലുള്ള നിർവഹണം, മൂലധന ചെലവ് തദ്ദേശത്തു വേണ്ടിവരാവുന്ന വിദ്യുച്ഛക്തിയുടെ പരിമാണം (ലോഡ്) ഏകദേശം മുതലെടുപ്പ് മുതലായവ തുടങ്ങിയ പരിഗണനകളാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു.

(ബി) അതെ.

(സി) അതെ. ആവശ്യമുള്ള സാമഗ്രികൾ കിട്ടുന്നതിനുള്ള സാദ്ധ്യത, തദ്ദേശത്തെ ലോഡിൻെറ സ്ഥിതി മുതലായവയ്ക്കു് അനുരൂപമായി.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: വിദ്യുച്ഛക്തി എത്രകാലത്തിനകം കൊടുക്കുവാൻ സാധിക്കുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഈ പരിതസ്ഥിതിയിൽ സാമഗ്രികൾ വന്നാൽ എത്രയും വേഗത്തിൽ കൊടുക്കുന്നതിനു ഗവമ്മെണ്ടു തയ്യാറാണു്.

ശ്രീ. വി. ഗംഗാധരൻ നായർ: ഇത്തരം കാര്യങ്ങളിൽ കൊട്ടാരക്കര താലൂക്ക് അവഗണിക്കപ്പെട്ടിരിക്കയാണെന്നു ഗവമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അതേക്കുറിച്ചു് അന്വേഷിക്കാം.

### TRANSFER OF DOCTORS

*269. **Sahib Bahadur P. S. Mohammed :** Will the Hon'ble Minister for Medicine be pleased to state,—

(*a*) whether any G. O. regulating the transfer of doctors, midwives, nurses and other staff in the medical Department is in force; and

(*b*) if there is any, will she be pleased to quote the G. O.?

**The Hon'ble Sry. Annie Mascarene :**

(*a*) Yes

(*b*) (*i*) G.O. ROC No. 4473/47/LGB, dated 20th April 1948.

(*ii*) Article 8, Cochin Civil Medical Code.

സാഹിബ്ബഹദൂർ പി. എസ്സ്. മുഹമ്മദ്: മിഡ്വൈഫുകൾ, നെഴ്സുകൾ മുതലായ ചെറിയ ഉദ്യോഗസ്ഥരെ മൂന്നു കൊല്ലത്തിൽ ഒരിക്കൽ സ്ഥലം മാററണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതു് അവൎക്കു ക്ലേശകരമാണെന്നു ഗവമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീ ആനിമസ്ക്രീൻ : ആ ജി. ഒ. നേഴ്സ്, മിഡ്വൈഫ് ഇവരെ അപ്ലൈ ചെയ്തിട്ടില്ല മൂന്നു കൊല്ലത്തിനകം സ്ഥലം മാററാറുമില്ല. സാധാരണ പത്തും പന്ത്രണ്ടും കൊല്ലം കഴിഞ്ഞശേഷമാണു മാററുന്നതു്.

സാഹിബ്ബഹദൂർ പി. എസ്സ്. മുഹമ്മദ് : ഈ ജി. ഒ. യിൽ അവർ ഉൾപ്പെടുകയില്ലെന്നു വിശ്വസിക്കാമോ ?

ബഹു. ശ്രീ. ആനിമസ്ക്രീൻ : വിശ്വസിക്കാം.

### X-RAY SET IN THE ALLEPPEY HOSPITAL

*270. **Sahib Bahadur P. S. Mohammed :** Will the Hon'ble Minister for Medicine be pleased to state.—

(*a*) whether there was any proposal for setting up an X-Ray set in the Alleppey Hospital; and

(*b*) if so, how the proposal stands at present?

**The Hon'ble Sry. Annie Mascarene :**

(*a*) Yes.

(*b*) The proposal has not materialised as yet.

ഡാക്ടർ മിസ്സിസ്സ് ടി. ഫ്രാൻസിസ്സ് : ഐക്യസംസ്ഥാനത്തിൽ ഏതെല്ലാം സെൻററുകളിലാണു് എക്സ്റെ സെററപ്പ് ചെയ്യാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: എല്ലാ മേജർ ആസ്പത്രികളിലും എക്സ്റെ സെററപ്പ് ചെയ്യണമെന്നാണു് ഗവൺമെണ്ടിന്റെ ഉദ്ദേശം. എന്നാൽ എല്ലാ സ്ഥലത്തും സെററപ്പ് ചെയ്യാൻ ഗവൺമെണ്ടിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല.

ശ്രീ. വി. ഗംഗാധരൻനായർ : കൊല്ലം നഗരത്തിൽ എക്സ്റെ സെററപ്പ് ചെയ്യാൻ ആലോചനയുണ്ടോ ?

ബഹു. ശ്രീ. ആനിമസ്ക്രീൻ : തക്കതായ കെട്ടിടം ഇപ്പോഠം ഇല്ലാത്തതുകൊണ്ടാണു് അവിടെ എക്സ്റെ സെററപ്പ് ചെയ്യാത്തതു്. കെട്ടിടം ഉണ്ടായാൽ ഉടൻതന്നെ അക്കാര്യത്തിൽ വേണ്ടതു് ചെയ്യുന്നതാണു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള : ആലപ്പുഴയെസംബന്ധിച്ചു് ഒരു പ്രപ്പോസൽ പെൻറ ചെയ്യാൻ തുടങ്ങിയിട്ടു് എത്ര കാലമായി?

ബഹു. ശ്രീ. ആനിമസ്ക്രീൻ : നാലഞ്ചു കൊല്ലമായി.

### ALLEPPY DISTRICT HOSPITAL

*271. **Sahib Bhadur P. S. Mohammed :** Will the Hon'ble Minister for Medicine be pleased to state.—

(*a*) whether any scheme for the construction of additional buildings in the premises of the Alleppey District Hospital was prepared; and

(*b*) if so, how the scheme stands at present?

**The Hon'ble Sry. Annie Mascarene:**

(*a*) Yes.

(*b*) A plot of land adjoining the hospital is proposed to be acquired for constructing a new Maternity Ward under the scheme for the reorganisation of the Medical Department. The acquisition proceedings have not been completed.

ഡാക്ടർ മിസ്സിസ്സ് ടി. ഫ്രാൻസിസ്സ് : ഇപ്പോഴത്തെ നിലയിൽ ആ ആശുപത്രിയിൽ എത്ര സുഖക്കേടുകാരെ കിടത്താം ?

ബഹു. ശ്രീ. ആനിമസ്ക്രീൻ : നോട്ടീസ്സ് വേണം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ഈ മെറേറർണിററി വാർഡ് എത്രകാലംകൊണ്ടു് പണിയണമെന്നാണു് ഗവൺമെണ്ടു് വിചാരിക്കുന്നതു?

ബഹു. ശ്രീ. ആനിമസ്ക്രീൻ : കഴിയുന്നത്ര വേഗത്തിൽ പണിയണമെന്നുതന്നെ.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ആലപ്പുഴയിൽ ഒരു പ്രൈവററ് ഏജൻസി ഒരു മെറേറർണിററി ഹോസ്പിററൽ പണിയാൻ വേണ്ട ഏർപ്പാടുകഠം ചെയ്തുവരുന്നുണ്ടെന്നു ഗവർമ്മെണ്ടിനു് അറിയാമോ ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അങ്ങനെ ഗവർമ്മെണ്ടിനു് അറിവില്ല.

### ചവറബോട്ടുജെട്ടിയിൽ ലൈററ്

*൨൭൨. ശ്രീ. ഇ. ഭാസ്കരൻ : താഴെ പറയുന്ന ചോദ്യങ്ങഠംക്കു് ബഹുമാനപ്പെട്ട ഇലക്ട്രിസിററിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചവറ ബോട്ടുജട്ടിയിൽ ഒരു ഇലക്ട്രിക്ക് വിളക്ക സ്ഥാപിച്ചുകിട്ടുവാൻ സ്ഥലവാസികളുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : (എ) ഉണ്ടു്.

(ബി) അനുവദിച്ചു് ഉത്തരവയച്ചിട്ടുണ്ടു്.

### പബ്ലിക്ക കാഠം ആഫീസ്സ്

*൨൭൩. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ടെലഫോൺ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

കരുനാഗപ്പള്ളിയിൽ ഒരു പബ്ലിക്ക കാഠം ആഫീസ്സ് സ്ഥാപിക്കുവാൻ ഉടനെ വേണ്ട നടപടി എടുക്കുമോ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: എടുക്കാം.

സബ്സിഡിയും അരിവിലയും

*വ ൧൮. സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഇൻഡ്യൻ പ്രാവിശ്യാഗവമെൻറുകൾക്കു കിട്ടുന്നതുപോലെയുള്ള സബ്സിഡി നമ്മുടെ സംയുക്തഗവമെൻറിനും അരിയുടെ നഷ്ടം വകയിൽ കിട്ടുകയില്ലേ;

(ബി) മലബാർ ഡിസ്ട്രിക്ടിലെ തോതനുസരിച്ചു അരിവില കുറയ്ക്കുവാൻ ഗവമെൻറിനു ദയവുണ്ടാകുമോ?

ബഹു: സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

(എ) തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിൽ ഇറക്കുമതി ചെയ്യുന്ന അരിയുടെ വിൽപനയിൽ ഉള്ള നഷ്ടത്തിൻെറ അൻപതു ശതമാനം ഇൻഡ്യാ ഗവമെൻറ വഹിക്കുന്നുണ്ട്. ൧൦ ശതമാനം കിട്ടുമോ എന്നു ഫിനാൻഷ്യൽ ഇൻറിഗ്രേഷൻ പൂർത്തിയാകുമ്പോൾ മാത്രമേ തീർച്ചയാകയുള്ളു.

(ബി) ഫിനാൻഷ്യൽ ഇൻറിഗ്രേഷൻ കഴിഞ്ഞശേഷം നമ്മുടെ സാമ്പത്തികനില അനുസരിച്ചു ഇതേപ്പററി ആലോചിക്കാവുന്നതാണ്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: എല്ലാ പ്രോവിൻസുകൾക്കും സബ്സിഡി ഒരുപോലെയാണോ കൊടുക്കുന്നതു്?

ബഹു: സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഒരുപോലെയാണ്.

ഒരു ബഹു: മെംബർ: ഫിനാൻഷ്യൽ ഇൻറിഗ്രേഷൻ എപ്പോൾ പൂർത്തിയാകും?

ബഹു: സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അടുത്തുതന്നെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: അരിയുടെ മലബാറിലെ വില എന്താണെന്നു അറിയാമോ?

ബഹു: സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ക്ലിപ്തമായി അറിയാൻ പാടില്ല.

പുതിയ ചന്തകൾ

* വ. ൧൯. ശ്രീ. ഇട്ടിര അംബൃക്കൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചന്ത വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) പുതിയ ചന്തകളെ സംബന്ധിച്ചു് കൊച്ചിയിൽ സർവ്വത്ര ഉണ്ടായിട്ടുള്ള പ്രതിഷേധം ഗവമെൻറ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു പ്രതിവിധിയാണ് ബഹുമാനപ്പെട്ട ഗവമെൻറ് നിർദ്ദേശിക്കുന്നതു്?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഉണ്ട്.

(ബി) പുതിയ ചവുക്കകൾ സ്ഥാപിച്ചതുനിമിത്തം ഉണ്ടായിട്ടുള്ള വിഷമതകളെ ദൂരീകരിക്കുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. വി. ഗംഗാധരൻ നായർ: ചവുക്കകൾ നിർത്താൻ ആലോചനയുണ്ടോ?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ട്.

ലൈററ കണക്ഷൻ

*വ ൨൦. ശ്രീ. പി. എം. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇലക്ട്രിസിററി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഒരേ തെരുവിലുള്ള വീടുകൾക്കു കണക്ഷൻ കൊടുക്കുമ്പോൾ ചിലർ കാലുകൾക്കും കമ്പികൾക്കും പ്രത്യേകം ചാർജ്ജുകൊടുക്കേണ്ടതായും ചിലർക്കു അങ്ങനെ ഒരു ചെലവിൻെറ ആവശ്യം നേരിടാതെയും വരുന്നതിൻെറ കാരണങ്ങൾ എന്താണെന്നു ഗവർമ്മെണ്ടു മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) അതിനുള്ള ന്യായങ്ങൾ നീതീകരിക്കത്തക്കവയല്ലെന്നറിയാമോ;

(സി) ഈ രീതി മാററി പൊതുവെ എല്ലാവരേയും ഒന്നുപോലെ ബാധിക്കുന്ന നിയമങ്ങൾ ഇതു സംബന്ധമായി ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ; (എ) സംസ്ഥാന വിദ്യുച്ഛക്തി പദ്ധതിയിൽ സർവ്വീസ് കണക്ഷൻസിനെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ അടങ്ങിയ "പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതി പ്രകാരം വിദ്യുച്ഛക്തി നൽകുന്നതിനുള്ള നിബന്ധനകളും നിരക്കുകളും" എന്ന ലഘുഗ്രന്ഥത്തിന്റെ വ്യാമത്തെ വശം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയ്ക്കു വിഷയമാക്കിക്കൊള്ളുന്നു. ചട്ടങ്ങളുടെ ഒരു * പ്രതി അസംബ്ലി മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

ബി & സി ഈ പ്രശ്നങ്ങൾ ഉദിക്കുന്നില്ല.

## APPOINTMENTS IN THE UNITED STATE

***277. Sri A. Gabriel Nadar:** Will the Hon'ble Minister for General Administration be pleased to state the number of appointments in each of Cochin and Travancore States that carry a pay exceeding Rs. 500 before and after the end of Thulam 1124 respectively?

**The Hon'ble Sri. A. J. John:**

The number of appointments in Travancore State that carry a pay exceeding Rs. 500:

| | | | |
|---|---|---|---|
| Do. | before Thulam 1124 | .. | 73 |
| Do. | after the end of Thulam 1124 | .. | 73 |

The number of appointments in Cochin State that carry a pay exceeding Rs. 500:

| | | | |
|---|---|---|---|
| Do. | before Thulam 1124 | .. | 27 |
| Do. | after the end of Thulam 1124 | .. | 27 |

## വില്പനനികുതി

*൨൭൮. സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ:—

വില്പനനികുതി ഏർപ്പെടുത്തിയതിനാൽ ഒരാണ്ടിൽ തിരുവിതാംകൂർ അതിർത്തിയിൽ എന്തു വരുമാനം ഉണ്ടാകുമെന്നാണു് ഗവർമ്മെണ്ടിന്റെ പ്രതീക്ഷയെന്നു പറയാമോ;

ബഹു. ശ്രീ. എ. ജെ. ജോൺ: വില്പനനികുതി ഏർപ്പെടുത്തിയതിനാൽ ഒരാണ്ടിൽ തിരുവിതാംകൂർ അതിർത്തിയിൽനിന്നും ഒരു കോടി മുപ്പത്തിനാലു ലക്ഷം ( ൧,൩൪,00,000 രൂപയോളം വരുമാനം പ്രതീക്ഷിക്കുന്നുണ്ടു്.

## CENTRAL CROSS ROAD

***279. Sri. N. P. Varghese:** Will the Hon'ble Minister for Public Works be pleased to state:

(*a*) are Government aware that the Central Cross road is the shortest route connecting Thodupuzha and the Hill areas up to the Eastern frontier with Cochin Harbour, and the completion of it will develop the Hill regions;

(*b*) are Government aware that though the first, second, third and fifth portions of the Central Cross road have been opened not less than six years ago, the work of the fourth portion has not yet been taken up; and

(c) will Government be pleased to take immediate steps to open the fourth portion of the road too?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b*) Yes.

(c) The IV Section is not necessary since there are direct communications from Thodupuzha to Ernakulam along Palakuzha—Thodupuzha road, M. C. Road and the completed first three sections of the central cross road.

ശ്രീ. എൻ. പി. വർഗ്ഗീസ്: ബഹു. മന്ത്രി ആ സ്ഥലം നോക്കിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇല്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്; അതേപ്പററി പേർസനലായി പോയി അന്വേഷിക്കുവാൻ ദയവുണ്ടാകുമോ?

ബഹു ശ്രീ. ഇ. ജോൺ ഫിലിപ്പോസ്; പേർസനലായി അന്വേഷിക്കാൻ പല അസൗകര്യങ്ങൾ വന്നേക്കാം.

* Not printed in the day's Proceedings

### ക്രെഡിററ ബാങ്ക്

*൨൭൦. ശ്രീ. മാന്നാർ ഗോപാലൻ നായർ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ ക്രെഡിററ ബാങ്ക് ഉപകാരപ്രദമായ ഒരു സ്ഥാപനമാണെന്നുള്ള പൊതുജനാഭിപ്രായം ഗവർമ്മെണ്ടു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ടി ബാങ്കിൽ ൧൧൨൯-ൽ എത്ര ആയിരം രൂപായ്ക്കുള്ള കടം വായ്പ അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്;

(സി) അവയ്ക്കു എത്ര ആയിരം രൂപാ വായ്പ കൊടുത്തിട്ടുണ്ടു്;

(ഡി) പൊതുജനാവശ്യം നേരിടത്തക്കപോലെ ബാങ്കിൻെറ ധനസ്ഥിതി അഭിവൃദ്ധിപ്പെടുത്താൻ എന്തെങ്കിലും പദ്ധതി ഗവർമ്മെണ്ടിൻെറ ആലോചനയിൽ ഉണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: (എ) ഉണ്ടു്.

(ബി) ൯൧, ൧൯, ൦൦൦ രൂപയുടെ കടംവായ്പ അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്.

(സി) ൧൦, ൬൫, ൭൦൦ രൂപയുടെ വായ്പ കൊടുത്തിട്ടുണ്ടു്.

(ഡി) ഉണ്ടു്.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ൧൨൯-ൽ വന്നിട്ടുള്ള ഏററവും വലിയ കടവായ്പയുടെ സംഖ്യ എന്താണു്?

ബഹു. ശ്രീ. എ. ജെ. ജോൺ: ൯൦, ൦൦൦ രൂപാ.

ശ്രീ. എ. പി. ഉദയഭാനു: (e) May I know the extent allowed as debenture?

ബഹു. ശ്രീ. എ. ജെ ജോൺ: ക്രെഡിററ് ബാങ്കിൽനിന്നു ഒരു വലിയ സംഖ്യ ഡിബഞ്ചർ ബോണ്ടു ഇഷ്യൂ ചെയ്യാൻ അപേക്ഷിക്കയും ൨൫, ൦൦൦ രൂപായുടെ ഡിബഞ്ചർ പുറപ്പെടുവിക്കുന്നതിനുള്ള താല്ക്കാലിക അനുവാദം കൊടുക്കുകയും ചെയ്തിട്ടുണ്ടു്. അതിൻെറ രൂൾ തയ്യാറാക്കിവരുന്നുണ്ടു്. അതു് കണ്ടതിനു ശേഷമേ അവസാനമായി അനുവാദം കൊടുക്കുവാൻ സാധിക്കുകയുള്ളു.

### ഇലക്ട്രിക്കു് വിളക്കുകൾ

൨൭൧. ശ്രീ. മാന്നാർ ഗോപാലൻനായർ: ബഹുമാനപ്പെട്ട ഇലക്ട്രിക്കു വകുപ്പു മന്ത്രി താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരം-കോട്ടയം റോഡിൽ കാർപ്പറേഷനിൽ ഉൾപ്പെട്ട എത്ര ഫർലാംഗ് ദൂരം ഇലക്ട്രിക്കു ലൈററ് ഇട്ടിട്ടില്ല;

(ബി) അവിടെ ലൈററിടണമെന്നു് എത്ര നിവേദനങ്ങൾ ഗവമ്മെണ്ടിലേക്കു ലഭിച്ചിട്ടുണ്ടു്?

ബഹു: ശ്രീ. ആനിമസ്ക്രീൻ: (എ) ഏകദേശം ൯ ഫർലോങ്ങ് ദൂരം ഇലക്ട്രിക്കു് ലൈററ് ഇട്ടിട്ടില്ല.

(ബി) നിവേദനങ്ങളൊന്നും ലഭിച്ചതായി കാണുന്നില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: എത്ര കാലമായി ഈ റോഡിൽ ലൈററില്ലെന്നു ഗവമ്മെണ്ടിനു അറിയാമോ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: അറിഞ്ഞുകൂടാ.

ശ്രീ. മാന്നാർ ഗോപാലൻ നായർ അതേപ്പററി അന്വേഷിക്കുവാൻ ദയവുണ്ടാകുമോ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: അന്വേഷിക്കാം. ലൈററ് ഇടാൻ ആവശ്യപ്പെടേണ്ടതു് കോർപ്പറേഷനാണു്. അവർ അതു് ആവശ്യപ്പെട്ടിട്ടില്ല.

### ELECTRIC INSTALLATIONS IN CHATHANNOOR AND PARAVOOR

*281. **Sri. P. Kunjukrishnan :** Will the Government be pleased to state the steps they have taken so far in regard to starting of electric installations in Chathannoor and Paravoor in Quilon taluk?

**The Hon'ble Sry. Annie Mascarene :**

The works in connection with the supply of power to Chathanoor and Paravoor are in progress. These will be completed as early as possible.

ശ്രീ. പി. ഗോപാലൻ: ഇതു സംബന്ധിച്ച് പ്രാരംഭജോലികൾ എല്ലാം തീർന്നുവെന്നും ഇനി ലൈററ് ഇട്ടാൽ മാത്രം മതിയെന്നും അറിയാമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ചിങ്ങമാസത്തിൽ അതു സപ്ലൈ ചെയ്യുന്നതായിരിക്കും.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: പറവൂരിലേക്ക് ലൈൻ നീട്ടാനുള്ള താമസം എന്താണ്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: സാമഗ്രികൾ ലഭിക്കാത്തതുകൊണ്ടുതന്നെ. അവയ്ക്കു ഓർഡർ പ്ലേസ് ചെയ്തിട്ടുണ്ട്. അവ വന്നാൽ ഉടൻതന്നെ ലൈൻ നീട്ടുന്നതാണ്.

## TRANSFER OF MEDICAL OFFICERS

*283. **Sahib Bahadur P. S. Muhammed :** Will the Honourable Minister for Medicine be pleased to state:—

(*a*) whether the Medical Department was observing the 3 years rule for transfer of officers in the Department;

(*b*) who are the officers in the Department who are being governed by the 3 years' rule for transfer;

(*c*) whether any exemption was being made in the case of any officer; and

(*d*) if so, state the names and designations of the officers in whose case exemption was made?

**The Hon'ble Sry. Annie ascarene :**

(*a*) Yes—as far as possible;

(*b*) All medical officers below the rank of Civil Surgeons except the specialists in the case of the area which was formerly known as the Cochin State and all medical officers in the case of the area which was formerly known as Travancore State.

(*c*) In Cochin exemption was granted in certain cases. In Travancore all specialists and officers working in the special branches in the Major Hospitals were being exempted.

(*d*) A list is attached.

| | *Name* | *Designation* | *Institution* | *Remarks* |
|---|---|---|---|---|
| 1. | Dr. R. Kesavan Nayar | Superintendent | General Hospital | Specialised in Radium Treatment and the Medical Officer in charge, Surgical Unit II |
| 2. | ,, R. Sankara-raman | Deputy Surgeon | do. | Medical Officer in charge, Medical Unit I and Pathologist |
| 3. | ,, C. A. Achuthan Pillai | do. | do. | do. Unit No. II |
| 4. | ,, A. O. Jacob | I Grade Specialist | do. | Radiologist |
| 5. | ,, V. R. Narayanan Nayar | do. | do. | E.N.T. Specialist |
| 6. | ,, A. M. Clement | II Grade Specialist | do. | Dental Specialist |
| 7. | ,, C. J. Titus | do. | do. | Clinical Assistant |
| 8. | ,, D. Ramanathan | do. | District Hospital, Kottayam | Radiologist |
| 9. | ,, P. A. Velayudhan Pillai | do. | Ophthalmic Hospital | Ophthalmologist |
| 10. | ,, Kurien George | do. | District Hospital, Kottayam | E.N.T. Specialist |
| 11. | ,, K. Raman Pillai | do. | T.B. Hospital, Nagercoil | Medical Superintendent |
| 12. | ,, M. J. Philip | do. | District Hospital, Quilon | Ophthalmologist |
| 13 | ,, P. K. Varghese | do. | Ophthalmic Hospital | do. |
| 4. | ,, S. Neelakanta Ayyar | Deputy Surgeon | Fort Hospital | Palace Medical Officer |

| | | | | |
|---|---|---|---|---|
| 15. | Dr. V. Kumara Pillai | Deputy Surgeon | Hospital for Mental Diseases, Oolampara | Psychiatrist |
| 16. | „ N. Raman Pillai | Asst. Surgeon | General Hospital | Anaesthetist |
| 17. | „ C. M. Thomas | do. III Grade | District Hospital, Alleppey | Ophthalmic Section |
| 18. | „ K. P. Bhaskara Menon | do. II Grade | General Hospital | Veneriologist and Dermetologist |
| 19. | „ P. T. Chacko | do. | do. | Assistant to the Radiologist |
| 20. | „ K. Sivarajan | do. | do. | Assistant in the Radium Ward and Resident Medical Officer |
| 21. | „ C. D. Ramachandran | Asst. Surgeon | Palace Dispensary, Trippunittura | |
| 22. | „ K. Ammukutty Amma | do. | Trippunittura | |
| 23. | „ Imamkhan Sahib | do. | Elinjipra dispensary | |
| 24. | „ M. Achutha Menon | do. | Palayannur dispensary | |

**Sri. A. P. Udayabhanu:** May I know why the Government consider it necessary to transfer doctors once in three years?

**The Hon'ble Sry. Annie Mascarene:** For administrative purposes.

**Sri. A. P. Udayabhanu:** May I know the reason for transfer?

**The Hon'ble Sry. Annie Mascarene:** The rule is to effect transfer once in three years from one place to another and that is being followed.

**Sri. A. P. Udayabhanu:** May I ask why not such officers be attached to that particular hospital for more than that period?

**The Hon'ble Sry. Annie Mascarene:** Transfer is done for meeting out justice between place and place. It would be well for doctors to know place and place.

**Sri. A. P. Udayabhanu:** May I know what is the justice in asking an officer to work from place to place once every three years?

**The Hon'ble Sry. Annie Mascarene:** That shows the doctors, services will be available to other parts also.

**Sri. A. P. Udayabhanu:** I would now point out that specialists are not transferred in that manner and what is the reason for that?

**Mr. Speaker:** No argument leading to a discussion, please. The member can ask for information.

**Sri. A. P. Udayabhanu:** In view of the answer already given I have to point out that the answers to supplementary questions are a contradiction in terms.

**Mr. Speaker:** Necessary and relevant information may be asked for and that will be supplied by the official member.

**Sri. A. P. Udayabhanu:** May I now ask, why not the benefit of specialists in the line be given to the different districts in the Union?

**The Hon'ble Sry. Annie Mascarene:** That will be done whenever needed.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த ஸ்தலமாற்றம் சம்பந்தமாக கொச்சியில் ஒரு exemption இருக்கக் காரணமென்ன?

ബഹു. ശ്രീ. ആനിമസ്ക്രീൻ. അതിന് നോട്ടീസ്സുവേണം.

ശ്രീ. കെ. ആർ. ഇലങ്കത്ത്. ഈ സ്ഥലംമാററക്കാര്യത്തിൽ ഗവമെൻ്റ് പ്രധാനമായി പരിഗണിക്കുന്നത് ഡാക്ടർമാരുടെ സൌകര്യമാണോ അതോ രോഗികളുടെ ആവശ്യമാണോ?

**The Hon'ble Sry. Annie Mascarene:** That depends upon exigencies of public service.

**Sri E. Bhaskaran:** May I know what is meant by that?

ബഹു. ശ്രീ. ആനിമസ്ക്രീൻ. അതു ഇപ്പോൾ ഉദിക്കുന്നില്ല.

FEMALE NURSES

*284. **Sahib Bahadur P. S. Muhammed:** Will the Honourable Minister for Medicine be pleased to state.—

(*a*) whether female nurses were transferred from Alleppey District Hospital during this year; and

(*b*) if so, state their names with reasons for the transfer?

**The Hon'ble Sry. Annie Mascarene:**

(*a*) Yes.

(*b*) (*i*) Sry. M. K. Dakshayani
(*ii*) Sry. Mary Samuel
(*iii*) Sry. P. V. Thankamma.

They were transferred in the exigencies of public service.

സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ്. ഇവരെ അവിടെനിന്നു മാററുന്നതിനുണ്ടായ എക്സിജൻസീസ് ഓഫ് പബ്ലിക്ക് സർവ്വീസ് എന്താണ്?

ബഹു. ശ്രീ. ആനിമസ്ക്രീൻ. അവരുടെ പേരിൽ പരാതികൾ ഉണ്ടായിരുന്നു.

സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ്. അതുകൊണ്ടു മാത്രമാണോ അവരെ മാററിയതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ. ആ ഇൻസ്റ്റിററ്യൂഷന്റെ വർക്കിംഗിൽ അവർ വിഘാതമായി നിന്നതുകൊണ്ടും കൂടിയാണു്.

സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ്. എന്തു വിഘാതമാണു് അവർ ഉണ്ടാക്കിയതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ. അതിപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. എം. ഐ. പോൾ. പരാതി ഉള്ളതുകൊണ്ടാണോ ഇവരെ സ്ഥലം മാററിയതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ. അതും ഒരു കാരണമാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്. സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ നിയമസഭാംഗങ്ങൾ വ്യക്തികളുടെ പരാതികൾ ഈ സഭയിൽ കൊണ്ടുവന്നു് ചോദ്യങ്ങൾ ചോദിക്കുന്നതു് ശരിയല്ല. അവർക്കു് സങ്കടം ഉണ്ടെങ്കിൽ മററു വിധത്തിൽ പരിഹാരം ഉണ്ടാക്കണം. അല്ലാതെ ഈ ഹൌസിന്റെ സമയം അതിനുവേണ്ടി ചെലവാക്കാൻ സാദ്ധ്യമല്ല. അങ്ങനെയുള്ള ചോദ്യങ്ങൾ ചോദിച്ചാൽ അതു് അനുവദിക്കാൻ പാടില്ലാത്തതാണു്.

ஸ்ரீ. எ. சிதம்பரநாத நாடார்: அவர்கள் செய்த குற்றம் என்னவென்று சொல்லமுடியுமா?

**The Hon'ble Sri. Annie Mascarene:** அதை இப்பொழுது சொல்லமுடியாது.

ஸ்ரீ. எ. சிதம்பரநாத நாடார்: பின்னே, எப்பொழுது சொல்ல முடியும்?

(No answer)

**Sri. D. Gnanasigamony:** May I know whether any enquiries were made before the officer was transferred.

**The Hon'ble Sry. Annie Mascarene:** The Surgeon General made enquiries and he was convinced of the need for transfer.

PUBLIC SERVICE COMMISSIONER

*285. **Sri. K. P. Nilakanta Pillai:** Will the Hon'ble Premier be pleased to state:

(*a*) whether Mr. Sebastian has been relieved of the duties of the Public Service Commissioner; and if so when;

(*b*) when did the present Public Service Commissioner assume charge of his duties;

(*c*) whether the other members of the Commission were appointed on the date, if not when were they appointed and who are they;

(*d*) whether Mr. Sebastian was appointed on special duty on the day he ceased to be the Public Service Commissioner; and

(*e*) if the answer to part (*d*) is in the affirmative, what is the special duty on which he was appoi ted?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) Yes. With effect from the forenoon of 3rd Karkadagam 1124.

(*b*) The Chairman of the Public Service Commission assumed charge on 14th July 1949.

(*c*) The members of the Public Service Commission are Sri. Rama Varma Tampuran, M.B.E. and Sri. R. V. Thomas. They took charge on 15th July 1949 and 18th July 1949 espectively.

(d) Yes.

(e) Sri. Sebastian was placed on special duty in connection with the preparation of service rules but was subsequently appointed as the Director of Village Panchayats.

**Sri. K. P. Nilakanta Pillai:** May I know whether the rules have already been prepared.

**The Hon'ble Sri. T. K. Narayana Pillai:** They will be completed within 7 days.

**Sri. K. P. Nilakanta Pillai:** May I know who is the responsible officer that is in charge of that work.

**The Hon'ble Sri. T. K. Narayana Pillai:** There is now another officer specially for this work and Mr. Sebastian was also doing it.

ട്രാൻസ്പോർട്ട് ബസ്സ് കണ്ടക്ടറന്മാർ

*൨൮൬. ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

൧൧൨൪-ൽ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെണ്ടിൽ എത്ര കണ്ടക്ടർമാരെ തിരഞ്ഞെടുത്തുവെന്നും അതിൽ തണ്ടാർസമുദായത്തിൽപെട്ട എത്രപേരുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ൧൧൨൪-ൽ ൩൮൨ കണ്ടക്ടർമാരെ തിരഞ്ഞെടുത്തു. തണ്ടാർ സമുദായത്തിൽപെട്ടവർ മൂന്നുപേരുണ്ട്.

ഡെററിന്യൂ തടവുകാർ

*൨൮൭. ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണിച്ചിരിക്കുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിൽ ഇപ്പോൾ ആകെ എത്ര ഡെററിന്യൂ തടവുകാർ ഉണ്ടെന്നു പറയുമോ?

(ബി) അതിൽ തിരുവിതാംകൂറിലെ തടവുകാരെത്രയെന്നും അവർക്കു പ്രതിമാസം ആഹാരാദികാര്യങ്ങൾക്കും മററുമായി എന്തു ചെലവാകുമെന്നും പറയുന്നതിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരം മുമ്പു പറഞ്ഞതാണെങ്കിലും വീണ്ടും പറയാം.

(എ) ൨൯.

(ബി) എല്ലാം തിരുവിതാംകൂർകാർതന്നെയാണ്. പ്രതിമാസം ഓരോരുത്തർക്കു ഏകദേശം ൧൦൦ രൂപയോളം ചെലവുണ്ട്.

### OPENING A KAL FROM CHEMPATTAI ODAI, NEENDAKARA PAKUTHI

*288. ***Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Land and Agriculture be pleased to answer.—

(a) whether the Government have received a representation from one Mr. R. Sri Ramiah Nadar, Poomathianvilai, Rajakkamangalam A.O., Nagercoil on 21st Mithunam 1124 requesting the Government to accord sanction to them to open a small kal of their own cost for about two feet broad from Chempattai Odai at Survey No. 14064 in Neendakara B pakuthi;

(b) if so, whether sanction has been accorded to them; and

(c) if not, why not?

**The Hon'ble Sri. Ikkanda Warrier:**

(a) Yes.

(b) & (c) No. The matter is engaging the attention of the P.W.D.

### CONTROL OF KODAYAR DAM

*289. ***Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Irrigation be pleased to state:

(a) who is controlling the Kodayar Dam; whether it is controlled by the Executive Engineer, Nagercoil or the Telephone clerk within the Executive Engineer's Office, Nagercoil;

(b) if it is controlled by the Executive Engineer, Nagercoil why is it that the telephone clerk meddle with the dam to supply water to certain channels in which he is interested at his own whims and fancies; and

(*c*) are the Government aware since the Executive Engineer is not strict on the matter, crops repeatedly fail in South Travancore?

**The Hon'ble Sri. Ikkanda Warrier:**

(*a*) The Executive Engineer, Nagercoil is controlling the Kodayar Dam.

(*b*) The telephone clerk does not meddle with the regulation of water from the Dam.

(*c*) No.

### APPOINTMENT OF MR. T. K. JACOB

***290. Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Income-tax be pleased to state:—

(*a*) is there in the Income-tax Department one Mr. T. K. Jacob, as auditor;

(*b*) if so, whether he is in office now;

(*c*) if not where he is now; and

(*d*) has confirmation been granted to him in the auditor's cadre?

**The Hon'ble Sri. A. J. John:**

(*a*) Yes.

(*b*) and (*c*) He is on sick leave.

(*d*) Yes.

ஸ்ரீ. எ. சிதம்பரநாத நாடார்: அவருக்கு என்ன சுகக்கேடாம் இப்பொழுது

ബഹു. ശ്രീ. എ. ജെ. ജോൺ: റൂൾ അനുസരിച്ച് സിക്ക് ലീവിൽ ഇരിക്കുന്നവരെ സ്ഥിരപ്പെടുത്താമെന്നുണ്ട്. അതനുസരിച്ചാണ് ചെയ്തിട്ടുള്ളത്.

ஸ்ரீ. எ. சிதம்பரநாத நாடார்: மந்திரிக்கு இப்பொழுது மேற் சொன்ன T.K. ஜேகப் ஊளம்பாறை ஆஸ்பத்திரியில இருப்பது தெரியுமா?

**The Hon'ble Sri. A. J. John:** தெரியாது.

### ROAD FROM KUMARAKOM TO VETCHOOR

***291. Sri P. Gopalan:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether there is any proposal for the construction of a road from Kumarakom to Vetchoor; and

(*b*) if the answer to part (*a*) is in the affirmative state whether any work has begun and how far has it progressed?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b*) 3/4 mile in the Kottayam Division portion and 3442 ft. in the Alwaye Division portion.

ശ്രീ. പി. ഗോപാലൻ: ഇനി എത്ര മൈൽ അവിടെ തീരാനുണ്ട്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു നോക്കി പറയാം.

ശ്രീ. പി. ഗോപാലൻ: ഈ റോഡിന്റെ പണി ആരംഭിച്ചിട്ട് എത്ര കൊല്ലമായി?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

### MAIN CENTRAL ROAD

***292. Sri. P. Gopalan:** Will the Hon'ble Minister for Public Works be pleased to state.—

(*a*) the distance from Kottayam to Ernakulam through the Main Central Road; and

(*b*) the distance from Kottayam to Ernakulam via Kumarakom—Vetchoor—Vaikom Road?

**The Hon'ble Sri E. John Philipose:**

(*a*) 1. Via Perumbavoor—Alwaye—72 miles.

2. Via Moovattupuzha—Western frontier road and Trippunithura—61 miles.

3. Via Ettumannoor, Vaikom and Thrippunithura—47 miles.

(*b*) There is no through road from Kottayam to Vetchoor but the distance to Ernakulam via Vetchoor will be about 40 miles.

ശ്രീ. പി. ഗോപാലൻ: ഇങ്ങനെ ഒരു റോഡ് പ്രപ്പോസ് ചെയ്തിട്ടുണ്ടെന്നറിയാമൊ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാം. അതു് ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുകയാണു്.

ശ്രീ. എൻ. വി. ചാക്കൊ: നിങ്ങം കറഞ്ഞ ഒരു റോഡു് എറണാകുളത്തേക്കു് ഉണ്ടെന്നറിയാമൊ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു പറഞ്ഞാൽ മനസ്സിലാക്കാം.

## CONSTRUCTION OF BRIDGES

***293. Sri. P. Gopalan:** Will the Hon'ble Minister for Public Works be pleased to state:

(*a*) whether the Government have made investigations as to the possibilities of the construction of bridges one at Poothotta and the other at Kurinjapuzha in Vaikom taluk;

(*b*) if the answer to part (*a*) is in the affirmative what are the results ?

**The Hon'ble Sri. E. John Philipose:**

(*a*) Yes but not completed.

(b) Does not arise in view of the answer to part (*a*).

മി. പി. ഗോപാലൻ: ഇൻവെസ്റ്റിഗേഷൻ തുടങ്ങിയിട്ടു് എത്ര കാലമായി?

ബഹു. ശ്രീ. ജോൺ ഫിലിപ്പോസ്: സൂക്ഷ്മമായ വിവരം ഇല്ല. എങ്കിലും പറയാം. ഇൻവെസ്റ്റിഗേഷൻ മിക്കവാറും നടത്തിക്കഴിഞ്ഞു. പക്ഷെ വക്ക് കംപ്ലീററു ചെയ്യാൻ equipments മുതലായവയുടെ അഭാവം നിമിത്തം ഇപ്പോൾ വേല ആരംഭിക്കുന്നതിനു് നിവൃത്തിയില്ലാതെയാണു് ഇരിക്കുന്നതു്. അതു് വന്നാൽ ഉടൻതന്നെ ജോലി നടത്തുന്നതാണു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഒരു പോയിൻറു് ഓഫ് ഓഡർ. സർ, ആദ്യം ഇൻവെസ്റ്റിഗേഷൻെറ വിവരമൊന്നും അറിയാൻ പാടില്ലെന്നു് പറഞ്ഞു. എന്നാൽ ഇപ്പോൾ അതിനെക്കുറിച്ചു വിശദീകരിക്കുന്നു. ഒരു ചോദ്യം ചോദിക്കുമ്പോൾ അതിൽ നിന്നും വരുന്ന ഉപചോദ്യങ്ങൾക്കു മറുപടി പറയാതെ....

**The Hon'ble Sri. E. John Philipose:** May I submit an explanation about this, Sir?

**Mr. Speaker:** You want to submit a personal explanation?

**The Hon'ble Sri. E. John Philipose:** Yes. When I am asked about a road or bridge, I can answer as to what was done and what is being done. But am I to come prepared with the entire history of the matter? For example if any question is raised about the M. C. Road am I to expect to be asked when it was originally started and when it was completed?

**Mr. Speaker:** You have placed the point for me to answer ?

**The Hon'ble Sri. E. John Philipose:** Yes, Sir.

മി. സ്പീക്കർ: ചോദ്യോത്തരങ്ങൾ സംബന്ധിച്ചു ഞാൻ ചെയ്തിട്ടുള്ള പ്രസ്താവന മെമ്പറന്മാരുടെ ശ്രദ്ധയിൽ പെട്ടു കാണുമെന്നു വിചാരിക്കുന്നു. ന്യായമായി ഒരു ചോദ്യത്തിൻെറ ഉത്തരത്തിൽ നിന്നും ഉദിക്കാവുന്ന ഉപചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹു. മെമ്പറന്മാർ ശ്രദ്ധിക്കുന്നതു നന്നായിരിക്കും. എന്നാൽ, ചോദ്യങ്ങൾ ചോദിക്കുന്ന ബഹു. മെമ്പർമാരും ആ ചോദ്യത്തിൻെറ ഉത്തരങ്ങളിൽ നിന്നുതന്നെ വിശദമായി അറിയുവാൻ സാധിക്കാത്തതും ന്യായമായി ആ ചോദ്യത്തിൽനിന്നും ഉത്ഭവിക്കുന്നതുമായ ചോദ്യങ്ങൾ മാത്രമേ ഉപചോദ്യങ്ങളായി ചോദിക്കാവൂ എന്നു് ഞാൻ ഒരിക്കൽകൂടി ആവശ്യപ്പെട്ടു കൊള്ളുന്നു. അങ്ങനെ അല്ലാത്തവയെ ഉപചോദ്യമായിട്ടല്ലാതെ മുഖ്യചോദ്യമായിട്ടുതന്നെ ചോദിക്കേണ്ടതാണു് എന്നും എനിക്കഭിപ്രായമുണ്ടു്.

ശ്രീ. പി. ഗോപാലൻ: ഇതിലേക്കു വേണ്ട നടപടി സ്വീകരിക്കാൻ ഗവമ്മെണ്ടു തയ്യാറാകുമോ?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: തീച്ചയായും.

## TARCRETING OF ROADS

***294. Sri. P. Gopalan:** Will the Hon'ble Minister for Public Works be pleased to state:—

(*a*) whether there is a proposal for tarcreting all roads in Municipal towns under post-war reconstruction scheme; and

(*b*) if the answer to part (*a*) is in the affirmative in what all Municipalities the roads have been tarcreted ?

**The Hon'ble Sri. E. John Philipose:**

(*a*) No.

(*b*) In view of answer to part (*a*) this question does not arise.

## T. B. HOSPITAL, NAGERCOIL

***295. Sri. Eapen Arakkal:** Will the Hon'ble Minister for Medical be pleased to answer the following questions: -

(*a*) is an amount being given to some of the subordinate staff in the T. B. Hospital, Nagercoil as risk allowance over and above the usual salary and other allowance ;

(*b*) do all doctors in the T. B. Hospital get this risk allowance ;

(*c*) what are the maximum and minimum amounts thus given as risk allowance in the T. B. Hospital; and

(*d*) are the sisters of Charity working among the patients in the T. B. Hospital given any risk allowance; if not why ?

**The Hon'ble Sry. Annie Mascarene:**

(*a*) Yes. All the subordinates are in receipt of risk allowance.

(*b*) Yes.

(*c*) Maximum 50 per cent of pay, minimum Rs. 4 per mensem.

(*d*) The Sisters are also getting risk allowances.

ഇങ്ങനെയാണ് കൊടുക്കുന്നതു്. അതായതു് നാലു രൂപാമുതൽ ൫൦ രൂപാവരെ റിസ്ക് അലവൻസ്സ് കൊടുക്കുന്നുണ്ടു്.

**Sri. Eapen Arakkal:** May I know the amount given to Sisters of Charity as risk allowance ?

**The Hon'ble Sry. Annie Mascarene:** I cannot give that answer just now.

ശ്രീ. പി. കെ. ഡീവർ: ഈ നാലുരൂപാ റിസ്ക് അലവൻസ് ആർക്കാണ് കൊടുക്കുന്നതു്?

**The Hon'ble Sry. Annie Mascarene:** I claim notice.

## PROCUREMENT OF PADDY

***296. Sri. E. P. Paulose:** Will the Hon'ble Minister for Food be pleased to state whether any direction has been given to taluk authorities for procurement of paddy from the Kanni crop ?

**The Hon'ble Sahib Bahadur T. A. Abdulla :** Information is sought about the basis of procurement. The Taluk authorities have been instructed to procure reasonable quantities after leaving what is necessary for cultivation expenses, domestic consumption, etc. They have to follow the intructions given in the Press Notes, dated 12th February 1949, 18th June 1949 and 27th July 1949.

ശ്രീ. ഇ. പി. പൌലോസ്: ഇതു് കന്നിപ്പൂമുതൽ ആണോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ളാ: അതെ, ആ വിവരം ൧൯൪൯ ഫെബ്രുവരി ൧൨, ജൂൺ ൧൮, ജൂലായി ൨൭, ഈ തിയതികളിലെ പ്രസ്സുനോട്ടുകൾ വഴിയും നോട്ടിഫിക്കേഷൻ മൂലവും പരസ്യം ചെയ്തിട്ടുണ്ടു്.

ശ്രീ. എൻ. വി. ചാക്കോ: പ്രസ്സുനോട്ടുകൾ പ്രസിദ്ധം ചെയ്താൽ മെമ്പർമാർക്ക് അതു് എങ്ങിനെയാണ് അറിയുവാൻ സാധിക്കുക?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: മെമ്പറന്മാർക്ക് ഗസറ്റുകൾ വരുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. പൊതുജനങ്ങൾക്ക് അറിയുന്നതിനായി ഈ പ്രസ്സ്നോട്ടുകളും മററം എല്ലാ പത്രങ്ങളിലും പ്രസിദ്ധം ചെയ്യാറും ഉണ്ടു്.

## PROCUREMENT OF PADDY

***297. Sri. E. P. Paulose:** Will the Hon'ble Minister for Food be pleased to state:—

*(a)* whether Government propose to make any alteration in the present scheme of procurement of paddy; and

*(b)* whether the Government will give an opportunity for discussing the question in this House before a final decision is taken?

**The Hon'ble Sahib Bahadur T. A. Abdulla:** The same answer given for the previous question.

ശ്രീ. ഇ. പി. പൌലോസ്: ഈ സഭയിൽ ഈ കാര്യത്തെക്കുറിച്ചു് ഒരു ചർച്ച നടത്താമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതു് അത്ര ഫലപ്രദമാണെന്നു് തോന്നുന്നില്ല.

ശ്രീ. ഇ. പി. പൌലോസ്: മുൻപും ഈ സഭയിൽ ഇതുമാതിരിയുള്ള കാര്യങ്ങളെക്കുറിച്ചു തീരുമാനിച്ചിട്ടുണ്ടെന്നുള്ള കാര്യം അറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഈ സഭയിൽ അങ്ങനെ ഒരു ചർച്ച ഉണ്ടായി എന്നല്ലാതെ അതിനെക്കുറിച്ചു അവസാനതീരുമാനം ഉണ്ടായതായി അറിവില്ല.

ശ്രീ. ഇ. പി. പൌലോസ്: ഈ രണ്ടേക്കർ കാര്യത്തെക്കുറിച്ചു ഗവൺമെണ്ടു് ഒന്നു് പുനരാലോചിക്കുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഗവൺമെണ്ടു് ഒരിക്കൽ ഈ രണ്ടേക്കർ കാരെ ഒഴിവാക്കി നോക്കി. എന്നാൽ അതിൽ നിന്നെല്ലാം വലിയ പരാതികൾ ഗവൺമെണ്ടിനു കിട്ടിയതുകൊണ്ടാണു് ഗവൺമെണ്ടു് ആ ഏർപ്പാടു മാററിയതു്.

ശ്രീ. എം. ഐ. പോൾ: സർ, ഇവിടെ സഭയിൽ തീരുമാനിച്ച ഒരു കാര്യത്തിൽ..

**Sahib Bahadur A. Abdul Razak:** At least will the Minister be pleased to make a statement on the subject ?

**The Hon'ble Sahib Bahadur T. A. Abdulla:** If necessary such a statement will be made at the appropriate time.

ശ്രീ. പി. എം. വർഗ്ഗീസ്: രണ്ടേക്കർകാരിൽ ചിലക്കു എക്സ്സസ് ഉണ്ടെന്നറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതിനെയുംകൂടി അടിസ്ഥാനപ്പെടുത്തിയാണു് ഇങ്ങനെ തീരുമാനിച്ചതു്.

ശ്രീ. കെ. എ. മാത്യു: പരാതികൾ ഉണ്ടെന്നു് പറഞ്ഞുവല്ലോ, എവിടെ നിന്നെല്ലാമാണു് പരാതികൾ ഉണ്ടായതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: പല ഭാഗങ്ങളിൽനിന്നും പരാതികൾ ഉണ്ടായി; പ്രത്യേകിച്ചു കുന്നത്തുനാടു്, പറവൂർ ഈ താലൂക്കുകളിൽ നിന്നു്.

ശ്രീ. കെ. എ. മാത്യു: ജനപ്രതിനിധികളിൽനിന്നും പരാതികൾ ഉണ്ടായിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അങ്ങനെയുണ്ടായതായി അറിവില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: ഈ പദ്ധതി വിജയകരമാക്കുന്നതിനു ജനകീയ കമ്മററികളുടെ സഹകരണം ആവശ്യപ്പെടരുതോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അങ്ങനെ പരീക്ഷിച്ചു് നോക്കി. പക്ഷേ അതു് വിജയകരമാണെന്നു് കണ്ടില്ല.

ശ്രീ. വി. ഗംഗാധരൻനായർ: ജനകീയഭരണം വിജയകരമല്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

(ഉത്തരമില്ല.)

**Sri. M. I. Paul:** I want an answer, Sir.

**Mr. Speaker:** No answer need be given to that question.

കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിയമവിരുദ്ധമാക്കാത്തതെന്തു്?

* ൨൮൮. ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

രാജ്യത്തു പല അസമാധാനങ്ങളും അടിക്കടി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിയമവിരുദ്ധമാക്കാത്തതെന്തുകൊണ്ടാണെന്നു പറയുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇൻഡ്യാഗവൺമെണ്ടിൽനിന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിയമവിരുദ്ധമാക്കി പ്രഖ്യാപനംചെയ്തിട്ടില്ല. ഈ സ്ഥിതിക്കു് നമുക്കു് അങ്ങനെ ചെയ്യണമോ വേണ്ടയോ എന്ന സംഗതി ആലോചിക്കേണ്ട കാര്യമാണു്. അതുകൊണ്ടാണു് അങ്ങനെ ചെയ്യാത്തതു്.

ശ്രീ. കെ. കുട്ടപ്പൻ: അവർ അടിക്കടി ശക്തിപ്പെട്ടുവരികയാണെന്നുള്ള വിവരം അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ അഭിപ്രായവ്യത്യാസം ഉണ്ടു്.

## ചേർത്തല താലൂക്ക്

*൨൯൯. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിൽപ്പെട്ട താലൂക്കുകളിൽ ഏററവും അനാരോഗ്യകരമായ ഒരു താലൂക്കാണ് ചേർത്തല താലൂക്ക് എന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമോ; അറിയാമെങ്കിൽ അതിനുള്ളകാരണങ്ങൾ എന്തൊക്കെയാണെന്നു പ്രസ്താവിക്കുവാൻ ദയവുണ്ടാകുമോ;

(ബി) അവിടെ ജനങ്ങളുടെ ഉപയോഗത്തിനു ശുദ്ധജലം ഇല്ലാതിരിക്കുന്നതും, കൊതുകിന്റെ ഉപദ്രവവും പോഷകാംശം അടങ്ങിയ ഭക്ഷണം കഴിക്കുന്നതിനുള്ള സാമാന്യജനങ്ങളുടെ സാമ്പത്തികശേഷിക്കുറവും ഈ അനാരോഗ്യാവസ്ഥയ്ക്കുള്ള പ്രധാന കാരണങ്ങളല്ലെ; ആണെങ്കിൽ അവയുടെ പരിഹാരാർത്ഥം ഗവമ്മെണ്ടിൽനിന്നും അന്വേഷണം നടത്തി വേണ്ട നിവാരണമാർഗ്ഗങ്ങൾ ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: (എ) ഉണ്ട്. അറിയാം.

(ബി) സുഖക്കേട് ഇല്ലാതാക്കുന്നതിനു വേണ്ട നടപടി ഗവമ്മെണ്ട സ്വീകരിച്ചിട്ടുണ്ട്.

## മന്തുരോഗനിവാരണം

*൩൦൦. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മന്തുരോഗനിവാരണത്തിനു പുതുതായി എന്തെങ്കിലും മരുന്നോ ചികിത്സാസമ്പ്രദായമോ കണ്ടുപിടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ മരുന്നുകൊണ്ടുള്ള പരീക്ഷണങ്ങളും ചികിത്സകളും ഇപ്പോൾ എവിടെയൊക്കെ നടത്തുന്നുണ്ട്; അവിടങ്ങളിൽ അതിന്റെ ഫലം എതുനിലയിൽ ഇരിക്കുന്നു;

(ബി) മന്തുരോഗം കൂടുതലായുള്ള ചേർത്തല താലൂക്കിൽ ഈ മരുന്നുകൊണ്ടുള്ള ചികിത്സാപരീക്ഷണം ഇതേവരെ ആരംഭിക്കാതിരിക്കാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ; ഈ മരുന്നു ആ താലൂക്കിൽ സൌജന്യമായി നൽകുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ ദയവുണ്ടാകുമോ;

(സി) ചേർത്തല താലൂക്കിൽ കൊതുകിന്റെ ഉപദ്രവം വളരെ കലശലാണെന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമോ; ഉണ്ടെങ്കിൽ അതിന്റെ നിവാരണത്തിനു ഗവമ്മെണ്ടിൽ നിന്നും എന്തു ചെയ്യുന്നുണ്ട്;

(ഡി) കൊതുകുനിവാരണത്തിനു പായൽ വാരിക്കളയുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന ആളുകളുടെ സംഖ്യ മൂന്നുനാലു മാസങ്ങളായി കുറവുചെയ്തതു എന്തുകാരണവശാലാണ്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: (എ) ഉണ്ട്. അമേരിക്കയിലും ഇൻഡ്യയിലെ ചെല ഭാഗങ്ങളിലും ഈ ചികിത്സകൊണ്ടു ഗുണം കിട്ടീട്ടുള്ളതായി അറിയാം.

(ബി) ചേർത്തലയിൽ മന്തുരോഗം ചികിത്സിക്കുന്നതിനു Indian Research Fund Association ന്റെ സഹകരണത്തോടുകൂടി ഒരു യൂണിററ് ആരംഭിക്കുന്നതിനു ഗവമ്മെണ്ടു തീരുമാനിച്ചിട്ടുണ്ട്. മരുന്നിന്റെ വിലക്കൂടുതൽനിമിത്തം അതു സൌജന്യമായി വിതരണംചെയ്യുന്ന കാര്യം ആലോചിക്കേണ്ടതാണ്.

(സി) അറിയാം.

(ഡി) ധനപരമായ കാര്യങ്ങളാലാണ്.

ശ്രീ. ഇരപ്പൻ അറയ്ക്കൽ: മന്തുരോഗം പിടിപെട്ടവർ പരിപൂർണ്ണമായി സുഖം പ്രാപിച്ചിട്ടില്ല എന്നുള്ള വിവരം അറിയാമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അതിനുള്ള മരുന്നു് ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: പായൽ വാരിക്കളയുന്ന ജോലിക്ക് എന്തു ചിലവായി എന്നറിയാമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അടുത്ത പ്രാവശ്യം പറയാം.

## കിണറുകൾ

*൩൦൧. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തല, വയലാർ ഗ്രാമോദ്ധാരണകേന്ദ്രപരിധിയിൽ എത്ര കിണറുകൾ കുഴിപ്പിച്ചിട്ടുണ്ട്; അവയ്ക്കു് ഓരോന്നിനും ശരാശരി എന്തു തുക ചെലവായിട്ടുണ്ട്; അവയിൽനിന്നും ജനങ്ങൾക്കു കുടിക്കത്തക്ക ശുദ്ധജലം കിട്ടുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ൧൯ കിണറുകൾ കുഴിപ്പിച്ചിട്ടുണ്ടു്. ഓരോ കിണറിനും ശരാശരി ൪൩൮ തൊട്ടു ൪൯൦ രൂപാവരെ ചെലവായിട്ടുണ്ടു്. അവയിലെ വെള്ളം കുടിക്കുന്നതിനു് ഉപയോഗിക്കുന്നുണ്ടു്. ഉപയോഗിക്കത്തക്കതല്ല എന്നു പരാതികൾ ലഭിച്ചിട്ടില്ല.

## മദ്യനിരോധനവും പൊതുജനക്ഷേമവും

*൩൦൨. ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മദ്യനിരോധനവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

൧൧൨൪ മുതൽ തെക്കൻ തിരുവിതാംകൂറിൽ നടപ്പിൽ വരുത്തിയ മദ്യനിരോധനം മൂലം ആ താലൂക്കുകളിലെ സാധാരണക്കാരുടെ ജീവിതത്തിലും ആരോഗ്യത്തിലും ഏതെങ്കിലും മാററം ഉണ്ടായിട്ടുണ്ടോ എന്നു ഗവൺമെണ്ടിൽനിന്നും അന്വേഷണം നടത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: മദ്യനിരോധനം നടപ്പിലാക്കിയ പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതരീതിയിലും ആരോഗ്യത്തിലും വന്നിട്ടുള്ള മാററങ്ങളെ സംബന്ധിച്ചു സൂക്ഷ്മമായ ഒരു അന്വേഷണം നടത്തുന്നതിനെപ്പററി ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടു്.

## പുതിയ ട്രാൻസ്പോർട്ടു് സർവ്വീസു്

*൩൦൩. സാഹിബ് ബഹദൂർ മഹമ്മദ മുസ്തഫ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൧൨൮ ആരംഭത്തിൽ ഏതെല്ലാം ലൈനുകളിലാണു് പുതുതായി സ്റ്റേയിററു ട്രാൻസ്പോർട്ടു് സർവ്വീസു തുടങ്ങുവാനുദ്ദേശിക്കുന്നതെന്നു പ്രസ്താവിക്കുമോ;

(ബി) ഈ ലൈനുകളിൽ ഇപ്പോൾ പ്രൈവററു ബസ്സുകളിൽ ജോലിനോക്കിക്കൊണ്ടിരിക്കുന്ന ആളുകൾക്കു മുൻഗണന നൽകുവാൻ എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനടി അങ്ങിനെ വ്യവസ്ഥ ചെയ്യുമോ;

(സി) പുതുതായി ഈ ഡിപ്പാർട്ടുമെണ്ടിലേക്കു നിയമനങ്ങൾ നടത്തുമ്പോൾ ഈ ഡിപ്പാർട്ടുമെണ്ടിൽ ശരിയായി പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്കു പ്രത്യേക പരിഗണന നൽകുവാൻ വേണ്ടതു ചെയ്യുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) കോട്ടയം—എറണാകുളം ലൈനിൽ എക്സ്പ്രസ്സും ആർഡിനറിയും സർവ്വീസും, കൊല്ലം—ആലപ്പുഴ, കോട്ടയം—ആലുവാ, ആലുവാ—പറവൂർ ഈ മൂന്നു ലൈനിലും ഇപ്പോഴുള്ള എക്സ്പ്രസ്സു സർവ്വീസിനു പുറമെ ആർഡിനറി സർവ്വീസും തുടങ്ങാൻ അനുവദിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) ആലോചിക്കുന്നതാണു്.

## ഇൻകംടാക്സ് കുടിശ്ശിക

*൩൦൪. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

പങ്കജം മോട്ടോർ സർവ്വീസു് ഉടമസ്ഥൻ ശ്രീ. എച്ചു്. നീലകണ്ഠയ്യർ അദ്ദേഹം കൊടുക്കുവാനുള്ള ഇൻകംടാക്സിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു വസൂൽചെയ്യാതിരിക്കാൻ പ്രത്യേകകാരണം വല്ലതുമുണ്ടോ?

**The Hon'ble Sri. A. J. John:** Under Section 80 (1) of the Income-tax Act, the information cannot be disclosed.

ഇൻകംടാക്സ് കുടിശ്ശിക

*൩൦൫. **ശ്രീ. എ. വി. ജോസഫ്:** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) പറവൂർ താലൂക്കിൽ ഇടപ്പള്ളി വടക്കുംഭാഗം പോണേക്കരയിൽ ചെട്ടിപ്പറമ്പിൽ മാക്കോത അച്ചുതൻകുട്ടി എന്നയാൾ ഇൻകംടാക്സ് ഇനത്തിൽ എത്ര രൂപാ ഗവമ്മെണ്ടിലേക്ക് അടച്ചിട്ടുണ്ട്;

(ബി) അദ്ദേഹത്തിന്റെ കണക്കുകൾ വല്ലതും ഗവമ്മെണ്ടിൽനിന്നും പരിശോധിച്ചിട്ടുണ്ടോ;

(സി) അദ്ദേഹത്തിന്റെ മൂന്നുതരം കണക്കുകൾ ഉള്ള വിവരം ഗവമ്മെണ്ടിന് അറിയാമോ?

**ബഹു. ശ്രീ. എ. ജെ. ജോൺ:**

(എ), (ബി) & (സി) ഇൻകംടാക്സ് ആക്ട് വ്യവസ്ഥകളനുസരിച്ച് മെമ്പറുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ പാടില്ലാത്തതാകുന്നു.

SUPPLY OF DRINKING WATER

*306. **Sri. Alexander Vakayil:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether Government are aware of the sufferings of the people of Chellanam and Pallithode in the coastal regions of the States of Cochin and Travancore for want of the supply of drinking water; and

(*b*) if so will he be pleased to extend the pipe line from Kandakadavu down to Chellanam and Pallithode?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b*) Pipe lines have been extended to Chellanam. Acquisition of site for pumping station is being proceeded with.

VILLAGE UPLIFT CENTRES

*307. **Sri. Paul Thaliath:** Will the Hon'ble Minister for Village Uplift be pleased to state.—

(*a*) the dates on which sanction was accorded to open uplift centres in Parakadavoo and Puthenchira respectively;

(*b*) the amounts sanctioned for the respective centres; and

(*c*) the amounts spent in each centre up to 10th Karkadagam 1124?

**The Hon'ble Sri. N. Kunjuraman:**

(*a*) Parakadavoo and Puthenchira were selected as Village Uplift Centers on 13th October 1947 and 21st January 1948 respectively.

(*b*) An amount of Rs. 25,000 is allotted for each centre towards expenditure in connection with Public Works, Public Health and Sanitation, Education and Agriculture.

(*c*) An amount of Rs. 653 for Parakadavoo and Rs. 1,556 for Puthenchira have been spent so far.

CREDIT BANK

*308. **Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) whether Balance Sheets and Profit and Loss accounts are prepared every year for the Credit Bank;

(*b*) if the answer to (a) is in the affirmative the amount of profits made in 1121, 1122 and 1123 respectively;

(*c*) the number of persons to whom advances have been made in 1121, 1122 and 1123 respectively with the total amount advanced in each year;

(*d*) the number of defaulters with the total amount due from them, as shown by the Balance Sheet of 1123; and

(*e*) the amount of bad and doubtful debts as shown by the Balance Sheet of 1123; and

(*f*) the amount of bad debts if any written off in 1121, 1122, and 1123 respectively?

**The Hon'ble Sri. A. J. John:**

(*a*) Yes, as on 30th June every year.

| | | | | *Rs.* | *A.* | *P.* |
|---|---|---|---|---|---|---|
| (*b*) | 1121 | as at 30th June | 1946 | 53,389 | 8 | 9 |
| | 1122 | do. | 1947 | 60,284 | 12 | 7 |
| | 1123 | do. | 1948 | 75,411 | 12 | 6 |

(c) *No. of persons* — *Amount*

| | | Rs. | A. | P. |
|---|---|---|---|---|
| 1121 | 98 | 4,00,030 | 1 | 2 |
| 1122 | 129 | 13,47,615 | 0 | 0 |
| 1123 | 170 | 9,29,700 | 0 | 0 |

(d) There are no defaulters.
(e) Nil.
(f) Nil.

പൊൻകുന്നത്തു പബ്ലിക്ക് കാൾ ആഫീസ്

*൩൦൯. ശ്രീ. കളത്തിൽ വേലായുധൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ടെലഫോൺ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശേരി താലൂക്കിൽ പൊൻകുന്നത്തു് ഒരു പബ്ലിക്ക് കാൾ ആഫീസു തുറക്കുന്നതിനെപ്പററി ഗവമ്മെണ്ടിലേക്കു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഗവമ്മെണ്ടു് എന്തു നടപടി നടത്തി?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ടു്.

(ബി) പൊൻകുന്നത്തു് ഒരു പബ്ലിക്ക് കാൾ ആഫീസു സ്ഥാപിക്കുന്നകാര്യം ടെലഫോൺ സപ്തവത്സരപദ്ധതി (Seven year plan) യിൽ വിഭാവനംചെയ്തിട്ടുണ്ടായിരുന്നു. എന്നുമാത്രമല്ല, ൧൧൨൨-ൽ അതിൻെറ ജോലി തുടങ്ങുവാൻ തീരുമാനിച്ചിരുന്നതുമായിരുന്നു. പക്ഷേ ടെലഫോൺ സാമഗ്രികളുടെ കുറവുമൂലം അന്നു പണി തുടങ്ങുവാൻ സാധിച്ചില്ല. ഇപ്പോൾ ടെലഫോൺ സാമഗ്രികൾ കിട്ടിത്തുടങ്ങിയിട്ടുള്ളതുകൊണ്ടു്, മുൻപറഞ്ഞ ജോലി ആരംഭിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നു.

## STATE INSURANCE DEPARTMENT

***310. Sry. Devaki Gopidas:** Will the Hon'ble Minister for Finance be pleased to state.—

(*a*) have the Travancore State Insurance Department reinsured a portion of the risk of the policies they have with other insurance companies;

(*b*) if so when and was there any set principles in distributing this among other insurance companies and was there any deviation from these principles; and

(*c*) will the Government be pleased to state the names of the companies among whom this was distributed and the proportion of distribution?

**The Hon'ble Sri. A. J. John:**

(*a*) Yes.

(*b*) & (*c*) The re-insurance was made on 30th March 1949. The further information required is of a confidential nature under Article X (3) of the re-insurance treaty.

വരവു വർദ്ധിപ്പിക്കുവാനുള്ള പദ്ധതി

*൩൧൧. സാഹിബ് ബഹദൂർ മഹമ്മദു മുസ്തഫ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള നികുതി ചുമത്തൽ മൂലമല്ലാതെ ഗവമ്മെണ്ടു വരവു് വർദ്ധിപ്പിക്കുവാൻ ഉതകത്തക്കവിധത്തിൽ എന്തെങ്കിലും സാമ്പത്തികപദ്ധതികൾ ഇതിനകം ഗവമ്മെണ്ടു് ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്താണെന്നു പ്രസ്താവിക്കുമോ :

(സി) പലവിധത്തിലുള്ള നികുതികളും ചുങ്കവും ഏർപ്പെടുത്തിയതുമൂലം പൊതുജനങ്ങളിൽ തീക്ഷ്ണമായ അസംതൃപ്തിയുണ്ടെന്നു ഗവമ്മെണ്ടു് ഗ്രഹിച്ചിട്ടുണ്ടോ?

ബഹു: ശ്രീ. എ. ജെ. ജോൺ : (എ) ഉണ്ടു്.

(ബി) നികുതിവർദ്ധനവുമൂലമല്ലാതെ വരവു വർദ്ധിപ്പിക്കുന്നതിനു് ഗവമ്മെണ്ടു ചില പദ്ധതികൾ സ്വീകരിച്ചിട്ടുണ്ടു്.

(൧) ട്രാൻസ്പോർട്ടു്: ഇപ്പോൾ ഉദ്ദേശം ൪൦൦ മൈൽ ദൂരത്തിൽ മോണോപ്പളി ബേസിസിൽ നടത്തുന്നുണ്ടു്. ഇനിയും ൧൨൪ മൈൽ ദൈർഘ്യത്തിൽകൂടി നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

ഉപ്പുവ്യവസായം കാലക്രമേണ ദേശീയമാക്കണമെന്നുദ്ദേശിക്കുന്നു. ചില വ്യവസായങ്ങൾ ഗവൺമെന്റിൽനിന്നു നടത്തുന്നുണ്ട്. അവയെ കാര്യക്ഷമമായി പരിഷ്കരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(൧) ട്രാവൻകൂർ മിനറൽസ്.
(൨) പ്ലൈവുഡ് ഫാക്ടറി.
(൩) സിറാമിക് ഫാക്ടറി.
(൪) Vanchi clay Mines and Refineries at Chathannur.

## മോട്ടോർ ഇൻഷ്വറൻസ് പ്രീമിയം

*൩൧൨. സാഹിബ് ബഹദൂർ മഹമ്മദ മുസ്തഫ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) മോട്ടോർ ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ ൧൧൨൪-ൽ ഇതുവരെ ഗവൺമെന്റിനു എത്ര തുക ലഭിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുമോ;

(ബി) ടി ഇൻഷ്വറൻസ് വ്യവസ്ഥയനുസരിച്ച് ൧൧൨൪-ൽ എത്ര തുക ആർക്കെല്ലാം കോമ്പൻസേഷൻ നൽകിയിട്ടുണ്ടെന്നു പ്രസ്താവിക്കുമോ;

(സി) ഈ ഇൻഷ്വറൻസ് സമ്പ്രദായം ഇനിയും തുടർന്നുപോകേണ്ടതു് ആവശ്യമാണെന്നു ഗവൺമെന്റ് കരുതുന്നുണ്ടോ?

ബഹു: ശ്രീ. എ. ജെ. ജോൺ: (എ) സർക്കാർ രൂപാ, ൩,൪൭,൫൮൮.

| | രൂ. | ച. | കാ. |
|---|---|---|---|
| (ബി) ശ്രീ. എസ്. അന്റണി | ൩൦ | ൧൫ | ൦ |
| ശ്രീമതി എസ്. റോസമ്മാൾ | ൧,൫൦൦ | ൦ | ൦ |
| ശ്രീ. ആഗസ്തി ദേവസ്യ | ൨൫ | ൦ | ൦ |
| ശ്രീ. പരമേശ്വരൻപിള്ള ശിവരാമപിള്ള | ൭൦൦ | ൦ | ൦ |
| ശ്രീ. ഔസേപ്പ് മറിയം | ൩൦൦ | ൦ | ൦ |
| മാനേജിംഗ് ഡയറക്ടർ മോട്ടേഴ്സ് ലിമിറ്റഡ് | ൧൩൪ | ൬ | ൦ |
| ശ്രീമതി പാർവ്വതിയമ്മാൾ ലക്ഷ്മിയമ്മാൾ | ൫൦൦ | ൦ | ൦ |
| മാനേജിംഗ് ഡയറക്ടർ, സ്വരാജ് മോട്ടോർസ് ലിമിറ്റഡ് | ൨൪൩ | ൨ | ൨ |
| ശ്രീ. കരിയാ പ്രഞ്ചു് (വി. സി. ഫ്രാൻസിസ്) | ൨൦൩ | ൧൬ | ൦ |
| ശ്രീമതി പങ്കജാക്ഷിയമ്മ | ൩൫൬ | ൭ | ൦ |
| മിസ്സിസ്സ് കരിയൻമറിയം | ൧,൫൦൦ | ൦ | ൦ |
| ശ്രീ. എൻ. അപ്പു | ൩,൩൨൦ | ൦ | ൦ |
| ശ്രീ. അന്റണി മാത്യു | ൩൦൦ | ൦ | ൦ |
| ശ്രീ. എൻ. സെയിനുദീൻ | ൧,൮൦൦ | ൦ | ൦ |
| ശ്രീ. കെ. സി. തോമസ് | ൧,൩൦൦ | ൦ | ൦ |
| ശ്രീമതി ഏലിയാമ്മ ദേവസ്യ | ൧,൦൦൦ | ൦ | ൦ |
| ആകെ | ൧൩,൨൧൨ | ൧൮ | ൨ |

(സി) ഉണ്ട്.

## പബ്ലിക് സർവ്വീസ് കമ്മീഷൻ റൂളുകൾ

*൩൧൩. ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ—താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക് സർവ്വീസ് കമ്മീഷൻ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻറൂളുകൾ ഉണ്ടാകുന്നതിനു മുമ്പായി ഉദ്യോഗനിയമനങ്ങൾ വമ്പിച്ച ശമ്പളത്തിന്മേൽ ഉത്തരവിപ്പാൻ കാരണമെന്തു്;

(ബി) ആ കമ്മററിക്കുതന്നെ റൂളുകൾ ഉണ്ടാക്കി പൊതുജനങ്ങളുടെ അറിവിന്നായി പരസ്യം ചെയ്യുവാൻ വിരോധമുണ്ടോ ?

ബഹു: ടി. കെ. നാരായണപിള്ള : (എ) ഏതു നിയമനങ്ങളെപ്പററിയാണു് ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നതെന്നു വ്യക്തമാക്കാതെ ഉത്തരം പറയാൻ നിവൃത്തിയില്ല.

(ബി) "റൂളുകൾ ഉണ്ടാക്കേണ്ടതു് ഗവമ്മെണ്ടിന്റെ ചുമതലയാണു്".

## ROOFING TILES

***314. Sri. C. V. Iyyu :** Will the Hon'ble Minister for Industries be pleased to state.—

(*a*) Whether the Government have noted the news report in Column 4 on page 3 of the Mail (Madras), dated 27th July 1949 under the caption "Roofing Tiles" reported from New Delhi on July 25 ; and

(*b*) If so, will, the Government be pleased to take steps with the Government of India or with their Trade Commissioner in Australia to get samples of the roofing tiles used in Australia to be shown in tile producing centres in the Union such as Quilon, Alwaye, Puducad, Trichur, Kunnamkulam and Olloor and get orders for the indigenous tile producers ?

**The Hon'ble Sri. N. Kunjuraman :**

(*a*) Yes.

(*b*) Yes.

സാമ്പത്തികോപദേഷ്ടാവു്

*൩ ൧ ൫. ശ്രീ. ററി. ററി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തേക്കു് ഒരു സാമ്പത്തികോപദേഷ്ടാവിനെ വരുത്താൻ ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയമനം എന്നത്തേക്കു നടപ്പിൽ വരുന്നതായിരിക്കും;

(സി) ഇതിലേക്കു മൊത്തം എന്തു ചെലവു വരാൻ ഇടയുണ്ടു്?

ബഹു: ശ്രീ. എ. ജെ. ജോൺ : (എ) സാമ്പത്തികോപദേഷ്ടാവിനെ നിയമിക്കണമെന്നു ഇപ്പോൾ ആലോചനയില്ല.

(ബി, (സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

## ADJOURNMENT MOTIONS

മി. സ്പീക്കർ : ഏതാനും അടിയന്തിരപ്രമേയങ്ങൾ കിട്ടിയിട്ടുണ്ടു്. ആദ്യത്തേതു് ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ളയുടേതാണു്. "It relates to the decision of the Government to deviate the present Quilon-Alleppey Bus route now operating *via*. Thattarampalam, Mavelikkara to the Western route, thus causing great inconvenience to the public and consequent widespread discontent".

ഇതിൽ പറയുന്ന സംഗതികൾ എന്നു നടന്നതാണു്, അടുത്തകാലത്തു നടന്നതാണോ, എന്നും മററുമുള്ള വിവരങ്ങൾ ഒന്നും ഈ അടിയന്തിരപ്രമേയത്തിൽ കാണുന്നില്ല. അതുകൊണ്ടു് ഇതിൽപറയുന്ന സംഗതിയെപ്പററിയുള്ള വിവരങ്ങൾ എന്താണെന്നു് ഗവമ്മെണ്ടു മെമ്പർ പറഞ്ഞാൽ കൊള്ളാം.

**The Hon'ble Sri. E. John Philipose :** It is stated here that Government had decided to deviate from the present Quilon-Alleppy bus route. That is wrong. Because as far as the Quilon-Alleppey route is concerned it is never a monopoly route. It was on'y yesterday Government established monopoly over that. Probably the mover implies the withdrawal of certain express buses from the old route and putting them into the new route. I hope the Member will realise that the postal and Anchal Mail services still adopt the Mavelikkara Thattarampalam route and the main route still continues through Mavelikkara. The people have also the advantage of the Express buses plying in that route. Government will definitely see to it that the conveniences of the public are increased and more buses put on the route at least by private operators. The present strength of private buses will certainly be increased.

മി. സ്പീക്കർ : ബഡ്ജററു സെഷനിൽ മറെറതെങ്കിലും വിധത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപെടുത്തി പരിഹാരം നേടാവുന്ന സംഗതികളെ സംബന്ധിച്ചു് നിവൃത്തിയുള്ളിടത്തോളം പ്രത്യേകിച്ചും അവ പെട്ടെന്നുണ്ടായ സംഭവങ്ങളെപ്പററിയല്ലെങ്കിൽ അടിയന്തിരപ്രമേയങ്ങൾ കൊണ്ടുവരാതിരിക്കേണ്ടതാണെന്നു ഞാൻ മുമ്പുതന്നെ പ്രസ്താവിച്ചിട്ടുള്ളതാണു്.

[Mr. Speaker]

ഇതിൽ പറയുന്ന സംഗതി മററവിധത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപെടുത്തി പരിഹാരം നേടേണ്ടതാകയാലും അതിൽ അടങ്ങിയിട്ടുള്ള വിവരങ്ങളെപ്പററി ഗവമ്മെണ്ടു ഭാഗത്തുനിന്നും സിദ്ധിച്ചിട്ടുള്ള അറിവിനെ അടിസ്ഥാനപ്പെടുത്തിയും ഈ അടിയന്തിരപ്രമേയത്തിനു അനുവാദം നിഷേധിച്ചിരിക്കുന്നു.

Another motion, given notice of by Mr. Ponnara Sreedhar is about "the grave situation that has arisen, due to the callous and deliberate violation of law and all canons of justice and humanity and the terrorist acts of the Chalay Police, in the use of inhuman physical violence on one George and one Mohamad, head-load workers, working in the Food grains go-downs at Vallakkadavu and members of the "Port and Head Load workers Union" Trivandrum on the 15th and 16th of August 1949 while kept in the Chalay Police Station Lock-up, Trivandrum".

ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: സർ, അഡ്ജോൺമെൻറ് മോഷൻ അയച്ചിട്ടുള്ളമെമ്പർ സഭയിൽ ഇല്ലാത്തപ്പോൾ അടിയന്തിരപ്രമേയം അനുവദിക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

**Mr. Speaker:** The right of asking for leave to move an adjournment motion or to move it cannot be delegated.

**Sri. A. K. Pachu Pillai:** The right of moving an adjournment motion arises only when it is admitted and Mr. Sreedhar will be here in the evening.

**Mr. Speaker:** No, that is not sufficient. The Hon'ble member has first to ask for leave to move. Anyway as the practice here goes, the question as to whether leave to move the motion may be granted or not having been taken up for consideration without a formal motion for the purpose, the Hon'ble member in charge of the Department may enlighten the House on the question of facts involved in the allegations contained in the motion.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: സർ, വളരെ ഗൌരവമേറിയ ആരോപണങ്ങളാണു് ഈ അടിയന്തിരപ്രമേയത്തിൽ ഉൾക്കൊണ്ടിട്ടുള്ളതു്. ഗവമ്മെണ്ടു് ഈ ആരോപണങ്ങളെപ്പററി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്. അതിൽ ഒന്നോ, രണ്ടോ പേർ ആശുപത്രിയിൽ ആണെന്നും അറിയുന്നുണ്ടു്. ആശുപത്രിയിൽ മെഡിക്കൽ ഒബ്സർവേഷനിൽ ഇരിക്കുകയാണെന്നാണു് അന്വേഷണത്തിൽനിന്നും മനസ്സിലാകുന്നതു്. അവരുടെ ദേഹത്തു് ഏതെങ്കിലും പാടുകൾ ഉള്ളതായി മെഡിക്കൽ ആഫീസർ റിപ്പോർട്ടു ചെയ്തിട്ടില്ല. ഏതായാലും പോലീസുകാർ ലോക്കപ്പിൽവച്ചു് ആരെയെങ്കിലും മർദ്ദിച്ചിട്ടുണ്ടെങ്കിൽ അതേപ്പററി അന്വേഷണം നടത്തണമെന്നുള്ളതു് ഗവമ്മെണ്ടിന്റെ നിശ്ചിതമായ നയമാണു്. ലാക്കപ്പിൽവെച്ചു് ആരേയും മർദ്ദിച്ചുകൂടാ എന്നു് കർശനമായ നിർദ്ദേശങ്ങളാണു് പോലീസ് അധികാരികൾക്കു് കൊടുത്തിട്ടുള്ളതു്. ആ നിർദ്ദേശങ്ങളെ ലംഘിച്ചു് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ഡിപ്പാർട്ടുമെന്റൽ അന്വേഷണത്തിനു ശേഷം അവരുടെ മേൽ തീർച്ചയായും നടപടികൾ എടുക്കുന്നതുമാണു്. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെന്റൽ അന്വേഷണം ആരംഭിക്കണമെന്നും അഡ്ജോൺമെൻറ് മോഷൻ കിട്ടിയതിനുശേഷം ഇൻസ്പെക്ടർ ജനറലിനു് നിർദ്ദേശം നൽകിയിട്ടുണ്ടു്. അന്വേഷണത്തിന്റെ ഫലമായി ഏതെങ്കിലും ആളുകൾ കുററക്കാരാണെന്നു കണ്ടാൽ അവർക്കു് നിർദ്ദാക്ഷിണ്യമായി ശിക്ഷ നൽകുന്നതുമാണു്. അല്ലാതെ ഈ പതനത്തിൽ ഈ അടിയന്തിരപ്രമേയത്തിൽ പറയുന്ന സംഗതികൾ ശരിയാണോ എന്നുള്ളതിനെപ്പററി എനിക്കു് യാതൊരു അഭിപ്രായവും പറയാൻ ശക്തിയില്ല.

ശ്രീ. കെ. കെ. കണ്ണൻ: ഇവിടെ ഈ അടിയന്തിരപ്രമേയം വരുന്നതിനുമുമ്പു് ഈ സംഗതിയെക്കുറിച്ചു് ഏതെങ്കിലും പരാതി ഗവമ്മെണ്ടിനു് സിദ്ധിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അഡ്ജോൺമെൻറ് മോഷൻ വരുന്നതിനു മുമ്പു് ഇങ്ങനെ ചില ആളുകൾക്കു് അടികൊണ്ടതായി മെഡിക്കൽ മന്ത്രി ശ്രീമതി മസ്ക്രീൻ അവർകളുടെ മുമ്പാകെ ആരോ പരാതിപ്പെട്ടതായി അറിഞ്ഞിട്ടുണ്ടു്. എന്നോടു് നേരിട്ടു് ആരും പരാതിപ്പെട്ടിട്ടില്ല. അതൊരു ഒഴികഴിവായിട്ടു് ഞാൻ പറയുകയല്ല.

മി. സ്പീക്കർ: അടിയന്തിരപ്രമേയത്തിൽ അടങ്ങിയിരിക്കുന്ന സംഗതികളുടെ പ്രാധാന്യമനുസരിച്ചു് അതേപ്പററിയുള്ള വിവരങ്ങളും കിട്ടേണ്ടതാണു്. അതിനു് ഉത്തര

വാദിത്വം വഹിക്കുന്ന മന്ത്രി സംഗതികളുടെ ഗൌരവം അനുസരിച്ച് അന്വേഷണം നടത്തുന്നുണ്ടെന്നും, ഇതിൽ പറയുന്ന കാര്യങ്ങൾ ശരിയോ, തെററോ എന്നുള്ളതിനെപ്പററി അറിവു തരാൻ ഇപ്പോൾ നിവൃത്തിയില്ലെന്നുമാണ് പറയുന്നതു്. അതിനാൽ ഇതിൽ അടങ്ങിയിരിക്കുന്ന വിവരങ്ങളുടെ നിജസ്ഥിതിയെപ്പററി അറിവു ലഭിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ഇതു് അനുവദിക്കുന്നതും ചർച്ചയ്ക്കെടുക്കുന്നതും ശരിയല്ലെന്നു തോന്നുന്നു. അതിനാൽ ഈ അടിയന്തിരപ്രമേയത്തിന് അനുവാദം നിഷേധിച്ചിരിക്കുന്നു.

അടുത്ത അടിയന്തിരപ്രമേയം ശ്രീ. കെ. കെ. കണ്ണന്റേതാണ്. അതു് ഇതേസംഗതിയെ സംബന്ധിച്ചുതന്നെ ഉള്ളതാണ്. ഭാഷയ്ക്കു വ്യത്യാസം ഉണ്ടെന്നുമാത്രമേയുള്ളു.

"൧൯൫൮ ആഗസ്റ്റ് ൧൩-ാംനു രാഷ്ട്രീയ തടവുകാരായ ജോർജ്ജ്, മുഹമ്മദ് എന്നീ രണ്ടു തൊഴിലാളി പ്രവർത്തകന്മാർക്ക് തിരുവനന്തപുരം രണ്ടാംക്ലാസ്സ് മജിസ്ട്രേട്ട് രണ്ടു ദിവസത്തെ വെറുംതടവ് ശിക്ഷ നൽകിയതിനുശേഷം അവരെ തിരുവനന്തപുരം ചാല പോലീസ് രണ്ടു ദിവസം ലോക്കപ്പിൽ വെച്ചു കഠിനമായി മർദ്ദിക്കുകയും വിട്ടയയ്ക്കുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ ഈ പ്രവർത്തകന്മാർ പോലീസ് മർദ്ദനഫലമായി അവശനിലയിലായിട്ടു തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്. പോലീസിന്റെ ഈ ദുശ്ശപ്രവൃത്തികൾ രാജ്യത്തു് അസമാധാനവും അസംതൃപ്തിയും വളർത്തുകയാണ് ചെയ്യുന്നതു്. ആയതുകൊണ്ടു് ഈ ദാരുണസംഭവത്തെക്കുറിച്ച് വാദപ്രതിവാദം ചെയ്യുന്നതിന് സഭാ നടപടികൾ മാററിവെയ്ക്കണമെന്ന് ആവശ്യപ്പെടുന്നു."

ഇതാണ് പ്രമേയം. ഗവമെന്റ് മെമ്പർക്ക് ഇതേപ്പററി കൂടുതലായി എന്തെങ്കിലും പറയാനുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ആദ്യം പറഞ്ഞതിൽ കൂടുതലായി ഇതേ സംബന്ധിച്ച് എനിക്കൊന്നും പറയാനില്ല.

**Mr. Speaker:** Further facts are mentioned here. It is alleged that after being released they were treated in the hospital. It is also stated that the injuries for which they were treated in the hospital were caused on account of the action of the Police.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അവരെ മെഡിക്കൽ ഒാബ്സർവേഷനായി അയച്ചിട്ടുണ്ടെന്നേ ഉള്ളു. അവർക്ക് എന്തെങ്കിലും മുറിവുകൾ പററിയിട്ടുള്ളതായി ഗവമെന്റിന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഈവക കാര്യങ്ങളെപ്പററിതന്നെയാണ് ഡിപ്പാർട്ടുമെന്റൽ അന്വേഷണം നടത്താൻ ഗവർമെന്റ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതു്. ഈ സഭയിലെ ഉത്തരവാദിത്വമുള്ള അംഗങ്ങൾ അയച്ചിട്ടുള്ള അടിയന്തിര പ്രമേയങ്ങളെ അടിസ്ഥാനമാക്കിയാണ് ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തണമെന്നു ഗവമെന്റ തീരുമാനിച്ചിട്ടുള്ളതു്. അല്ലാതെ അവരുടെ ദേഹത്തു് പരുക്കുകൾ ഉള്ളതായിട്ടോ അതു് അടിയുടെ ഫലമായിട്ടാണന്നോ ഗവമെന്റിന് അറിവില്ല. മെഡിക്കൽ ഒബ്സർവേഷനിൽ ഇരിക്കുന്നു എന്ന അറിവു മാത്രമേ ഗവമെന്റിന് ലഭിച്ചിട്ടുള്ളു.

ശ്രീ. സി. സി. പ്രസാദ്: മുറിവുകൾ ഇല്ലാതെ മെഡിക്കൽ ഇൻസ്പെക്ഷന് അയയ്ക്കേണ്ട ആവശ്യം എന്താണെന്ന് പറയാമോ?

**Mr. Speaker:** The Hon'ble Member is advancing an arugment which may not be out of place in a regular discussion which, however, cannot be allowed in the consideration of this matter.

മുൻപുപറഞ്ഞ കാരണങ്ങളാൽതന്നെ ഇതിനും അനുവാദം നിഷേധിച്ചിരിക്കുന്നു.

The next motion deals with "the withdrawal of State Transport Express Bus Service from the Kottayam—Vaikom line which had been plying there for the last three years, and the consequent unrest and discontent among the public of the place". ഇതിലടങ്ങിയിരിക്കുന്ന സംഗതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഗവമെന്റ ഭാഗത്തുനിന്നും പ്രസ്താവിച്ചാൽ കൊള്ളാം.

**Sri. Sree V. Das:** May I know, who sent in that adjournment motion?

മി. സ്പീക്കർ: ശ്രീ. പി. ഗോപാലന്റേതാണ്.

**The Hon'ble Sri. E. John Philipose:** These express bus services running in non-monopoly routes have been withdrawn with effect from the end of last year. It has been so done with a view to ease the vehicle position in view of extension of nationalised Transport Service to new lines and also due to the Government Policy that Government Transport Buses shall not as far as possible be permitted to ply on routes which are not monopolised.

[Sri. E. John Philipose—*(cont.)*]

The basis, according to Government, of the Government Transport service is one of nationalization, and therefore, express buses running in non-monopoly routes are regarded by Government as deviation from principle of nationalization. On the basis of this, all express buses running in non-monopoly routes have been withdrawn and with their withdrawal, Government have been able to manage the extension that would take place in the course of this month of the transport routes by about 150 miles without augmenting the present vehicle position and without purchasing a single extra vehicle. I am sorry that as a result of this, localities which have been served by express buses have been put to this inconvenience. But this House can have my assurance that if express buses have been withdrawn, it is not going to remain as a monoply of the existing private operators there. More and more private operators are being put on to this line. If my memory is correct, I think that there are three express buses running on the Vaikom-Kottayam line, and with the withdrawal of these three express buses, members can have my assurance that at least four other privately operated buses will be put on the road so that the existing private operators may not have any advantage as a result of the withdrawal of the express service and so that the people who have been accustomed to have these extra services may not be put to any inconvenience. I can also assure my friends from Vaikom that I fully realise that the Kottayam-Vaikom line is a very important line and that Vaikom people, particularly, are anxious to have this line monopolised at very early date. That is a question which the Government will definitely consider, and I hope it would be possible to do that as early as it is possible.

മി. സ്പീക്കർ: ഗവൺമെന്റ് ഭാഗത്തുനിന്നും തന്നിട്ടുള്ള വിവരങ്ങൾ കൊണ്ട് ഇതു ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ഒരു പൊതു നയത്തിന്റെ ഭാഗമാണെന്നു കാണുന്നു. വിവരം മുൻകൂട്ടി പരസ്യപ്പെടുത്തിട്ടുള്ളതാണ്. ഇതേപ്പറ്റി കൂടുതൽ വിവരങ്ങൾ ഈ സഭയിൽ ചോദ്യങ്ങൾമൂലം ലഭിക്കാമായിരുന്നതുമാണ്. ഇതു് ഒരു അടിയന്തിരപ്രമേയമായി സ്വീകരിക്കത്തക്കതോ ചർച്ചചെയ്യപ്പെടത്തക്കതോ അല്ല.

അടുത്തതു് ശ്രീ. മാധവന്റേതാണ്. അതും ഇതേസംഗതിയെക്കുറിച്ചുതന്നെയാണ്.

"The grave situation of public discontent consequent on the withdrawal of the State Transport Express bus service in the Vaikom-Kottayam line from 1st Chingam 1125."

ഇതേസംബന്ധിച്ചാണ് പ്രമേയം. ഇതിനും മുൻപറഞ്ഞ കാരണങ്ങളാൽതന്നെ അനുവാദം നിഷേധിച്ചിരിക്കുന്നു.

**Sri K. P. Nilakanta Pillai:** I rise to a point of order. There are certain rules which govern adjournment motions. Now, I have been listening to a series of rulings which the Speaker gave in respect of several adjournment motions from which I infer that the facts mentioned in the adjournment motions are true and they were made more true by the replies which the Minister in charge of those motions gave to this House. When it has been proved that it is of recent occurrence, when it has been proved that it is of public importance, when it has been proved that the facts stated in the adjournment motions are true, then, I submit, it is the right of this Assembly to discuss that adjournment motion, because it is in order. My point is this. With reference to the adjournment motion which has just now been rejected by the Speaker, the Hon'ble Member in charge of the motion submitted to this House that that was the Government policy. I want to bring to the notice of this House that it was not the Government policy.

**The Hon'ble Sri. E. John Philipose:** I said it is the Government policy.

**Sri. K. P. Nilakanta Pillai:** Therefore there is now a new policy adopted by the Government from the policy which was in vogue a few days back. On account of this, is it not the right of the Members of this Assembly to discuss that motion? The adjournment motion is in order according to the rule. Should this Assembly not be given an opportunity to discuss it? That is the point for which I want a ruling.

മി. സ്പീക്കർ: മുമ്പുതന്നെ ഇതേപ്രശ്നം ഇവിടെ ഉന്നയിക്കയും അതിന്മേൽ റൂളിംഗ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ അടിയന്തിരപ്രമേയം തള്ളപ്പെട്ടതു പല കാരണങ്ങളാലാണ്. അതു പെട്ടെന്നുണ്ടായ ഒരു സംഭവമല്ല. അതിന്റെ ഫലങ്ങൾ ഒരു പക്ഷെ ഇന്നലെയോ മിനിഞ്ഞാന്നോ ആയിരിക്കാം ജനങ്ങൾക്കു് അനുഭവപ്പെട്ടതു്. ഇതേ സംഗതിതന്നെ മുമ്പു് ഒരു ചോദ്യമായിട്ടു് ഇവിടെ ചോദിക്കുകയും ഗവർമ്മെണ്ട് ഭാഗത്തുനിന്നും അതിനു മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. സഭയിൽ കുറെമുമ്പു ചോദ്യോത്തരങ്ങൾക്കു വിഷയമാക്കിയ അതേ സംഗതിതന്നെ ഒരു അടിയന്തിര പ്രമേയമായി രൂപാന്തരപ്പെടുത്തിയതു പ്രത്യക്ഷത്തിൽതന്നെ അനുവദിക്കത്തക്കതല്ലെന്നു കാണാവുന്നതാണ്. പ്ര

ത്യേകിച്ചും ബഡ്ജററ സെഷനിൽ മറെറന്തെങ്കിലും വിധത്തിൽ ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം നേടാവുന്നതായ യാതൊരു സംഗതിയും ഒരു അടിയന്തിര പ്രമേയമായി കൊണ്ടുവരുന്നതു ശരിയായിരിക്കുകയില്ല എന്നു ഞാൻ മുമ്പുതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്.

ശ്രീ. പി. എം. വർഗ്ഗീസ്: സർ, സ്പീക്കർ ഒരു റൂളിംഗ് നൽകിയാൽ ആ റൂളിംഗിനെ സംബന്ധിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: റൂളിംഗിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്. ചില അവസരങ്ങളിൽ അങ്ങിനെ ചോദ്യം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ പരോക്ഷമായിട്ടും ചിലപ്പോൾ പ്രത്യക്ഷമായിട്ടും കാണുന്നുണ്ട്. അതു് അനുവദിക്കുന്നതല്ല.

അടുത്ത അടിയന്തിരപ്രമേയം ശ്രീ. എം. ഐ പോളിന്റേതാണ്.

"To discuss the immediate necessity to create a more parliamentary way of procedure to be followed in the business of the Assembly during its sitting so as to keep up the dignity and prestige of the Assembly and also the responsibility of the members as it deserves which in the present conditions it is lacking."

പ്രഥമദൃഷ്ടിയിൽതന്നെ ആവശ്യമില്ലാത്തതെന്നു കാണാവുന്നതും അനുവദനീയമല്ലാത്തതുമാണ് ഈ പ്രമേയം.

സഭാനടപടികളുടെ ക്രമീകരണത്തിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതായി പറയുന്ന ഈ പ്രമേയംതന്നെ ആ നടപടികളുടെ എല്ലാതത്വങ്ങൾക്കും വിരുദ്ധമായിട്ടുള്ളതാണ്. നടപടികളിൽ വല്ലമാററങ്ങളും വരുത്തേണ്ടതായുണ്ടെങ്കിൽ ആ വിവരം മററുമാർഗ്ഗത്തിൽ ഹൌസിന്റെയും സ്പീക്കരുടെയും ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്. അടിയന്തിരപ്രമേയം മൂലമല്ല. പ്രമേയംതള്ളിയിരിക്കുന്നു.

അടുത്തതു്.—"To discuss on the urgent necessity to take measures to provide works for the tappers and the allied works who are now left without work by the inroduction of prohibition in the areas of Trivandrum City".

പ്രൊഹിബിഷൻ വന്നതുകൊണ്ടു ചെത്തുതൊഴിലാളികൾക്കു തൊഴിലില്ലാതെ വന്നിരിക്കുന്നതുമൂലം അവർക്കുണ്ടാകുന്ന കഷ്ടപ്പാടുകളേയും അവർക്കു് വേറെ ജോലി ഉണ്ടാക്കി, കൊടുക്കേണ്ടതിന്റെ ആവശ്യകതയും പരിഗണിച്ചാണ് ഈ അടിയന്തിരപ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. മദ്യനിരോധനം ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു എന്നുള്ള വിവരം ഗവർമ്മെണ്ടിൽനിന്നു പരസ്യം ചെയ്തിട്ടു നാളുകൾ കുറെയായി. പെട്ടെന്നുണ്ടായ ഒരു സംഭവഗതിയല്ല ഇതു്. മററുമാർഗ്ഗങ്ങളിലൂടെ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കേണ്ടതാണ്. അടിയന്തിരപ്രമേയമായി ഇവിടെ ചർച്ച ചെയ്യത്തക്കതല്ല.

**Sri. A. P. Udayabhanu:** I want a ruling on this matter. In support of the adjournment motion, the mover of the adjournment motion has been alleging certain facts which Government do not deny but which the Government do not accept. . On the ground that the Government have not accepted the fact as proved, can an adjournment motion be ruled out? This doubt has been cleared by a series of rulings. So I would like to have a clarification of the point; that is, when a Member moves an adjournment motion and a certain fact is alleged as the basis for that adjournment motion and when the Government Member who is called upon to make a sta'ement on that does not contradict the facts alleged but only says 'We are aware of it; we shall enquire about it', is it a circumstance on which an adjournment motion may be ruled out. On that point, I want a ruling.

**Mr. Speaker**: The point of order raised is mostly based on hypothetical data. My decision which appears to have given rise to the question was based as much on the intrinsic indefiniteness and uncertainty in the motion itself in respect of facts alleged therein as on the inability of Government to have those allegations verified. The contingency of a clear and definite assertion of facts on the part of an Hon'ble Member introducing an adjournment motion based probably on the Member's own knowledge as against a mere plea of ignorance of the veracity of the facts in question on the part of the Government has not arisen in this case. Now that the question has, however, been raised, I wish to observe that the absence of a possibility of having the facts correctly verified then and there may justify the postponement of the consideration of the motion to a later date. or in appropriate cases its rejection.

## FINANCIAL BUSINESS

### Voting of Demands for Grants—(*Cont.*)

### ഡിമാൻറനമ്പർ ൩. സെയിൽസ്സ്ടാക്സ്—(തുടർച്ച)

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്സ്: സർ, വില്പനനികുതിയെ സംബന്ധിച്ച് എതിർപക്ഷത്തുനിന്നും ഉന്നയിച്ച പൂർവ്വാപരവിരുദ്ധങ്ങളായ വാദങ്ങൾക്ക മറുപടി പറയുവാൻ ഞാൻ ശ്രമിക്കുകയായിരുന്നു. കഴിഞ്ഞകൊല്ലം ബഡ്ജററുവിമർശനങ്ങൾക്ക മറുപടി പറഞ്ഞുകൊണ്ടു അന്നത്തെ പ്രധാനമന്ത്രി—ഇന്നത്തെ എതിർപക്ഷത്തിൻെറ നേതാവ് അന്നു ഞാൻ ഉൾപ്പെട്ടിരുന്ന മുസ്ലീംലീഗു പാർട്ടിയോടും തമിഴ്നാട്ട് കോൺഗ്രസ്സ് പാർട്ടിയോടും സ്നേഹപൂർവ്വം ഉപദേശിച്ചതു്; "സ്റേറകോൺഗ്രസ്സ് പാർട്ടിയുടെ ആദർശങ്ങളിലും ലക്ഷ്യങ്ങളിലും വിശ്വസിക്കുന്നുവെങ്കിൽ ഉടനെ സ്റേറകോൺഗ്രസിൽ ചേരുക" എന്നായിരുന്നു. അദ്ദേഹത്തിൻെറ ആ വിലയേറിയ ഉപദേശം സ്വീകരിച്ചു ഞങ്ങൾ ഇങ്ങോട്ടു പോന്നു. അപ്പോൾ കാണാം അദ്ദേഹം ഇവിടെനിന്നും മാറി മറുവശത്തിരുന്നുകൊണ്ടു പറയുകയാണ് "കോൺഗ്രസ്സ് നശിക്കണം, കോൺഗ്രസ്സ് ഭരണമേ കൊള്ളുകയില്ല" എന്ന്. ഇതു കേൾക്കുമ്പോൾ ഒരു പുരാണകഥയാണ് എൻെറ ഓർമ്മയിൽ വരുന്നതു്. പണ്ടു വൃകാസുരൻ എന്നൊരു അസുരൻ ഉണ്ടായിരുന്നു. അയാൾ ഘോരമായി തപസ്സ് ചെയ്തതിൻെറ ഫലമായി പരമശിവൻ പ്രത്യക്ഷപ്പെട്ടു. പരമശിവനിൽനിന്നും അദ്ദേഹം ഒരു വരം വാങ്ങി. അതായതു് ആ അസുരൻ ആരുടെ ശിരസ്സിൽ കൈവെയ്ക്കുന്നുവോ അയാൾ മരിക്കണം എന്നായിരുന്നു വരം. വരം ലഭിച്ചു ഉടനെ വരമാഹാത്മ്യം ഒന്നു പരിശോധിക്കുന്നതിന് അയാൾ ശിവൻെറ നേർക്കുതന്നെ തിരിഞ്ഞു. ആ യത്നത്തിൽ ആലോചനാരഹിതനായി ആ അസുരൻ സ്വന്തം ശിരസ്സിൽതന്നെ കൈവെച്ചു മരണം അടയുകയാണ് ചെയ്തതു്. ആ രീതിയിൽ കോൺഗ്രസ്സാകുന്ന ശിവനിൽനിന്നു വരം ലഭിച്ചു വൃകാസുരസംഘം കോൺഗ്രസ്സിൻെറ നേർക്കുതന്നെ ആ പ്രയോഗം നടത്തുന്നതു കാണുമ്പോൾ അവർ അസുരശിരസ്സിൽ കൈവെച്ചു നാശം അടയാൻ ശ്രമിക്കയല്ലേ എന്നു പറയേണ്ടിയിരിക്കുന്നു.

**Mr. Speaker:** Order, order. In discussing a motion, points that are absolutely irrelevant for the purpose of the motion have to be avoided by the Hon'ble Members. Reasons can be advanced for allowing or not allowing the demand. In so doing Hon'ble Members will confine themselves within the four corners of the demand and not go out of the way for the purpose of generalisations and observations that are absolutely irrelevant for the discussion. Non-observance of this principle may necessitate my interference.

**Sahib Bahadur V. A. Abdul Aziz:** I am thankful to you, Sir, for the guidance.

ഈ എതിർകക്ഷികളുടെ രീതി നോക്കിയതിൽ അവർ അവരെത്തന്നെ എതിർക്കുകയായിരുന്നു എന്നു സ്ഥാപിക്കാനാണ് ഞാൻ ഇത്രയും പറയാൻ ഇടയായതു്. മദ്യവർജ്ജനം നടപ്പിലാക്കുന്നതുമൂലം ഉണ്ടാകുന്ന കുറവിനെ പരിഹരിക്കാൻ വേണ്ടിയാണ് സെയിൽടാക്സ് ബിൽ അന്നത്തെ നിയമസഭയിൽ അവതരിപ്പിച്ചതെന്നും അതുമൂലം രണ്ടുകോടി രൂപായോളം വരവുണ്ടാകുമെന്നും കണ്ടിരിക്കുന്ന സ്ഥിതിക്ക് എന്തുകൊണ്ടു മദ്യവർജ്ജനം ഈ ഐക്യസംസ്ഥാനത്തു് ഈ വർഷംതന്നെ നടപ്പിലാക്കുന്നില്ല എന്നാണ് എതിർകക്ഷിയുടെ നേതാവ് ചോദിച്ചതു്. നേരെമറിച്ച് ഭാഗികമായി മാത്രം മദ്യവർജ്ജനം നടപ്പാക്കുന്ന സ്ഥിതിക്ക് ഭാഗികമായി മാത്രം വില്പനനികുതി ചുമത്തിയാൽ പോരേ? എന്ന് ആ കക്ഷിയുടെ ഉപനേതാവു ചോദിക്കയുണ്ടായി. മൗലികമായ അഭിപ്രായവ്യത്യാസങ്ങൾ ഇതിൽ ഉണ്ടെങ്കിൽ അവ നേതാവും ഉപനേതാവും തമ്മിൽ തീരുമാനിച്ചുകൊള്ളട്ടെ. ഏതായാലും ഈ പറഞ്ഞ അഭിപ്രായങ്ങൾ ഒന്നു തിരിഞ്ഞുനോക്കുവാനാണ് ഞാൻ പറയുന്നതു്. കഴിഞ്ഞ കൊല്ലമാണ് മദ്യവർജ്ജനം ഇവിടെ ആദ്യമായി നടപ്പാക്കിയതു്. ഏതാനും വർഷങ്ങൾക്കുള്ളിൽ മദ്യനിരോധനം സംസ്ഥാനമൊട്ടുക്ക വ്യാപിപ്പിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു് എന്ന അസന്ദിഗ്ദ്ധമായ ഭാഷയിൽ പറഞ്ഞ അദ്ദേഹം ഇന്നു ചോദിക്കുകയാണ്; ഇവിടെ എന്തുകൊണ്ടു കൊച്ചികൂടി ഉൾപ്പെടുത്തി ഈ മദ്യവർജ്ജനം നടപ്പിലാക്കുന്നില്ല എന്ന്. ഈ ചോദിക്കുന്നതിൻെറ അർത്ഥം എനിക്ക മനസ്സിലാകുന്നില്ല. ഇതു് സ്വയം നയപ്രഖ്യാപനം തന്നെ അല്ല ഒരു വെല്ലുവിളി അല്ലയോ എന്നു ഞാൻ ചോദിക്കുന്നു. മദ്യവർജ്ജനം മാത്രമാണ് അന്ന് അങ്ങനെ സെയിൽസ് ടാക്സ് ബിൽ അവതരിപ്പിക്കുവാൻ ഉണ്ടായ കാരണം എന്ന് അദ്ദേഹം അപ്പോൾ പറഞ്ഞു.

എന്നാൽ അതുമാത്രമായിരുന്നോ ഈ ബിൽ അവതരിപ്പിക്കാൻ ഗവൺമെണ്ടിനു് ഉണ്ടായിരുന്ന ഉദ്ദേശം എന്നുള്ളതു് അന്നു് അദ്ദേഹം ചെയ്ത പ്രസംഗത്തിൽനിന്നുതന്നെ നമുക്കു മനസ്സിലാക്കുവാൻ കഴിയും. ൧൧൩൩ ചിങ്ങമാസം ൯-ാം൹ ഈ വില്പനനികുതി ബിൽ അവതരിപ്പിച്ചുകൊണ്ടു് അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം.

"സെയിൽസ് ടാക്സ് ഏർപ്പെടുത്തി ഗവൺമെണ്ടിന്റെ വരവു വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ബില്ലാണിതു്. ഇപ്പോൾ ഇവിടെ ൭ താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു് ഇവിടത്തെ അബ്കാരി റവന്യൂവിൽ ൭൦ ലക്ഷം രൂപാ ആണ്ടൊന്നുക്കു കുറവുവരുന്നുണ്ടു്. നാട്ടിന്റെ നന്മയ്ക്കുവേണ്ടി പല സംരംഭങ്ങളും ഗവൺമെണ്ടു തുടങ്ങിയിട്ടുണ്ടു്. പോസ്റ്റ്‌വാർ റീ കൺസ്ട്രക്ഷൻ ഇനത്തിൽതന്നെ പല പദ്ധതികളും ഉൾപ്പെടുത്തി ഗവൺമെണ്ടു പ്രവർത്തിച്ചുവരുന്നു. പ്രൈമറി വിദ്യാഭ്യാസം തന്നെ നാടൊട്ടുക്കു നിർബന്ധിതമാക്കേണ്ടതായിട്ടിരിക്കുന്നു. ഇവയ്ക്കെല്ലാം ധാരാളം പണം ആവശ്യമുണ്ടു്. ഇങ്ങിനെ പല വഴികളിൽക്കൂടിയും ചെലവു് അധികമാകുമ്പോൾ അതിനനുസരണമായി വരവും വർദ്ധിപ്പിക്കേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടിയാണു് ഈ സെയിൽസ് ടാക്സ് ബിൽ അവതരിപ്പിക്കുന്നതു്."

അന്നു് അദ്ദേഹം ചെയ്ത നയപ്രഖ്യാപനത്തിനു വിരുദ്ധമായി സെയിൽസ് ടാക്സ് ചുമത്തുന്നതു് മദ്യവർജ്ജനത്തിന്റെ നഷ്ടം തീർക്കുവാൻമാത്രമാണെന്നു പറയുമ്പോൾ അന്നു് അങ്ങിനെയും ഇന്നു് ഇങ്ങിനേയും പറയുവാനുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിനുണ്ടെന്നുള്ളതുമാത്രമേ ഇതിനർത്ഥമുള്ളു. അന്നു് സെയിൽസ് ടാക്സ് കുറച്ചുകാലത്തേക്കു മാററിവെയ്ക്കണമെന്നു ഞാൻ വാദിച്ചു. അന്നവതരിപ്പിച്ചതു് ഒരു മിച്ചബഡ്ജററായിരുന്നു. എന്നാൽ അന്നത്തെ ബഡ്ജററ് ഒരു ഡെഫിസിററ് ബഡ്ജററാണെന്നാണു് ഇപ്പോൾ മനസ്സിലാകുന്നതു്. ഒരു സർപ്ലസ് ബഡ്ജററ് ആണെന്നകാരണംകൊണ്ടാണു് സെയിൽസ് ടാക്സ് മാററിവെക്കണമെന്നു് ഞാൻ പറഞ്ഞതു്. ഒരു സർപ്ലസ് ബഡ്ജററ് അവതരിപ്പിക്കുന്ന കാലത്തു് ഒരു പുതിയ നികുതി ഏർപ്പെടുത്തുന്നതിനെ ഒരിക്കലും നീതീകരിക്കാവുന്നതല്ല എന്നു ഞാൻ അന്നു വാദിച്ചു. എന്നാൽ അന്നത്തെ ബഡ്ജററ് യഥാർത്ഥത്തിൽ ഒരു സർപ്ലസ് ബഡ്ജററായിരുന്നില്ല. നേരെമറിച്ചു് ഒരു ഡെഫിസിററ് ബഡ്ജററായിരുന്നു. അതു് സി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭാഷയിൽ പറഞ്ഞാൽ ഒരു ഹൈവേറാബറി ആയിരുന്നു. ഒരു ഫുഡ് സബ്സിഡി എന്നുള്ള ഇനത്തിൽ ൧൩൩ ലക്ഷം രൂപാ അരിവിലയിൽ പട്ടാപ്പകൽ കൊള്ളചെയ്ത രീതിയിൽ കുറവുവരുത്തിക്കൊണ്ടുള്ള ഒരു ബഡ്ജററാണു് തയ്യാറാക്കിയിരുന്നതു് എന്നെനിക്കറിയാമായിരുന്നെങ്കിൽ അന്നു ഞാൻ ഇതു മാററിവെയ്ക്കണമെന്നു പറയുകയില്ലായിരുന്നു. ഈ കാര്യം ധനകാര്യമന്ത്രി ഇവിടെ പ്രസ്താവിച്ചപ്പോൾ അദ്ദേഹത്തിന്റെ നേർക്കു് ചന്ദ്രഹാസമിളക്കുകയുണ്ടായി. വില്പനനികുതി ഇവിടെ ൧൧൩൩ മകരം മുതൽക്കാണു് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതു്. അതുപ്രകാരം അതു നടപ്പിലായെങ്കിൽ ഇതുവരെയുള്ള ഡെഫിസിററ് തട്ടിക്കഴിച്ചു് ഒരു മിച്ച ബഡ്ജററുതന്നെ ഉണ്ടാകുമായിരുന്നു എന്നു് അദ്ദേഹം പറഞ്ഞു. ആ നിലയിൽ ൧൧൩൩-ലെ ബഡ്ജററ് ഒരു കമ്മി ബഡ്ജററാണെന്നു പ്രത്യക്ഷത്തിൽ സ്ഥാപിക്കുവാൻവേണ്ടി അദ്ദേഹം സെയിൽസ് ടാക്സിനെ ആശ്രയിക്കുകയും മദ്യവർജ്ജനത്തിന്റെ നഷ്ടം നികത്തുന്നതിനു് മാത്രമല്ലാതെതന്നെ ആ തുക ഉപയോഗപ്പെടുത്തുകയും ചെയ്തു. എന്നാൽ മകരമാസംമുതൽ നടപ്പിലാക്കാതെ ഇന്നത്തെ ഗവൺമെണ്ടു സാമാന്യജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ബില്ലിന്റെ പ്രവർത്തനം ആണ്ടവസാനംവരെ മാററിവെയ്ക്കുകയും ആ കാരണംപറഞ്ഞു് അദ്ദേഹത്തിന്റെ ബഡ്ജററ് ഒരു ഡെസിഫിററ് ബഡ്ജററാണെന്നു മനഃപൂർവ്വം ആക്ഷേപിക്കുകയും ചെയ്തതാണെന്നാണു് അതിനു് അദ്ദേഹം ഇപ്പോൾ പറഞ്ഞ സമാധാനം. ഇങ്ങനെ പട്ടംമന്ത്രിസഭാകാലത്തു് അദ്ദേഹം ഒരു വരവിനമായി കണക്കാക്കപ്പെട്ടിരുന്നതും അദ്ദേഹം സ്വന്തം നില വ്യക്തമാക്കുന്നതിനു് അഭയം തേടിയതുമായ വില്പനനികുതി ഇന്നു് ഒരു നിഷിദ്ധവസ്തുവായി രൂപാന്തരപ്പെട്ടതു് എങ്ങിനെയെന്നു് എനിക്കു മനസ്സിലാകുന്നില്ല. അദ്ദേഹത്തിന്റെ പ്രഖ്യാപിതനയത്തെസംബന്ധിച്ചും ആശയത്തെസംബന്ധിച്ചും ആദർശത്തെ സംബന്ധിച്ചും പൂർവ്വാപരവിരുദ്ധങ്ങളായ വാദങ്ങൾ ഇപ്പോൾ പുറപ്പെടുന്നതു് എന്താണെന്നു നാം ശരിക്കു മനസ്സിലാക്കേണ്ടതാണു്. സെയിൽസ് ടാക്സ് ഇവിടെ ഏർപ്പെടുത്തിയതു് എന്തിനുവേണ്ടിയാണെന്നു് അദ്ദേഹംതന്നെ ഇവിടെ വ്യക്തമാക്കിയിരിക്കുന്നസ്ഥിതിക്കു് ഇന്നു് അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും കൊണ്ടുവരുന്ന എതിർപ്പിനു് ഇതിൽക്കൂടുതൽ മറുപടി പറയേണ്ട ആവശ്യമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ൯-ാം നമ്പരായി ഞാൻ ഒരു കട്ട്മോഷൻ അയച്ചിട്ടുണ്ട്. അതു് ഈ പറഞ്ഞ സംഗതിയെ സംബന്ധിച്ചാണ്. എനിക്കുംകൂടി സംസാരിക്കുവാൻ സമയം കിട്ടിയാൽകൊള്ളാം.

**Mr. Speaker:** The member will have his chance.

ஸ்ரீ. டி. ஞானசிகாமணி: ஸர், இங்கே Sales Tax சம்பந்தமாக நடந்த பல பிரசங்கங்களைக் கேட்டதில், ஒன்றிரண்டு விஷயங்களைப் பற்றி கூடுதலாக சொல்ல நான் ஆசைப்படுகிறேன். முதலாவதாக, இந்த Sales Tax ஏற்படுத்துவதற்கு, காரணமாயிருந்தது, Prohibition அதாவது, மதுவிலக்கால் ஏற்பட்ட நஷ்டத்தை பரிகரிப்பதற்கு, இது ஏற்படுத்தப்பட்டது என்பதில் சந்தேகமில்லை. இது, பல சமயங்களில், போன பட்ஜெட் அசெம்பிளியிலும், இந்த Sales Tax Bill ஐ கொண்டுவந்த காலத்தில், அது திட்டவட்டமாக, இந்த சபைக்கு அறிவிக்கப்பட்டது. ஆனால், இன்றைக்கு இங்கே நடக்கிற பேச்சுவார்த்தைகளை பார்த்தால், இது, அதை அடிஷ்தானப்படுத்தி வந்ததல்ல, இதை ஒரு பெரிய வரவாக, கணக்காக்கப்படவேண்டுமென்று பேசுகிறார்கள். ஆனால் பொது மக்களிடம், இது எப்படி மனதிலாக்கப்பட்டதென்றால், இது மதுவிலக்கால் வந்த நஷ்டத்தை சரிக்கட்டுவதற்காக ஏற்பட்டதேதென்று. மதுவிலக்கு ஒரு நல்ல காரியம் தான். அது திருவிதாங்கூரிலும் கொச்சியிலும் ஏகோபித்து நடத்தவேண்டிய ஒரு பெரிய நல்ல காரியம். நமது மகான்கள் எல்லோரும் ஒத்துழைத்த காரியம், நமது பக்கத்து மாகாணமாகிய Madras மாகாணத்திலும் நடத்தப்பட்டு வருகிறது. இது மிகவும் அவசியமானதால், இதனால் வருகிற நஷ்டத்தைப் பரிகரிப்பதற்கு. இந்த Sales Tax ஏற்படுத்தவேண்டுமென்று பல முறை, இங்கே சொன்னதுண்டு. Mr. Abdul Aziz ஒரு பாகத்தை வாசித்து "இப்படியிருக்கிறது." ஆதலால், முதல் மந்திரி சபை சொன்னது தப்பு என்று சொன்னார். அவரிடம் ஒரு கேள்வி கேட்கிறேன். போன தடவை, தமிழ் நாடு காங்கிரஸ் கூட சேர்ந்து பேசிய பிரசங்கங்களை இவ்வளவு சீக்கிரத்தில் மறந்துவிட்டீரா? என்று இங்கே மதுவிலக்கு சம்பந்தமாக பல பிரசங்கங்கள் செய்யப்பட்டது. அதில், மதுவிலக்கை சம்பந்தித்து, இந்த பார்ட்டியில் உள்ளவர்கள் ஏகோபித்து இருக்கிறார்கள். மற்ற கட்சியில்தான் அபிப்பிராய வித்தியாசங்கள். இந்த ராஜ்யம் பூராவும், இந்த மதுவிலக்கை நடப்பில் வருத்தவேண்டுமென்று சொல்லியும், பின்னர், அது ஒரு ஆகாரம்; அதை நாங்கள் சாதாரணமாக உபயோகிக்கிறோம்; அதை ரேஷன் மூலம் தரவேண்டும், என்றும் பேசுகிற பேச்சைப் பார்த்தால், இது ஒரு நொண்டிக் குதிரையாக மாறிவிட்டதுமன்றி இந்த நொண்டிக் குதிரை கோட்டயத்துக்கப்பால் இருக்கும் காயல்களை தாண்ட முடியாதது என்பதற்கு சந்தேகம் இல்லை. இந்த Sales Tax ஆல் பெரியவருமானம் வருகிறது. ஒவ்வொரு விஷயத்திலும் Tax சுமத்தி பெரிய சுமைகளை வைக்கிறீர்கள். எந்தெந்த Department களைப் பார்த்தாலும் Tax சுமத்தப்பட்டிருக்கிறது. பொது மக்கள் கேட்கிற கேள்வி, இவ்வளவு பணம் பிரிக்கிறீர்களே, நீங்கள் எங்களுக்கு செய்கிற நன்மை என்ன? என்று கேட்கிறபோது, நமது சர்க்காரால் என்ன பதில் சொல்ல முடியும். நீங்கள், இவ்வளவு பணம் பிரிக்கிறீர்களே இப்பணத்தையெல்லாம், எங்கே வாரிக் கொண்டுப் போகிறீர்கள். இந்த 7 1|2 மாத பட்செட்டில், நீங்கள் பொது மக்களுக்காக என்ன செய்கிறீர்கள் என்றால், பதில் ஒன்றும் சொல்லமுடியாது. ஆதலால், நீங்கள், எங்களுக்கு ஒரு உறுதிவாக்கு தரவேண்டும். நாங்கள் இந்த மதுவிலக்கை உடனே எல்லா இடங்களிலும் அமுலுக்குக் கொண்டுவரவேண்டும். பற்பல சமயங்களிலும் வித்தியாசமாகச் சொல்லி ஜனங்களை ஏமாற்றுவது தகுதியல்ல. நீங்கள் இந்த மதுவிலக்கை வடதிருவிதாங்கூரிலும், கொச்சியிலும், உடனடி ஏற்படுத்தாவிட்டால், இந்த Sales Tax ஐ உடனடி நிறுத்த வேண்டும் என்பதே எனது அபிப்பிராயம்.

ശ്രീ. ഈപ്പൻ അറയ്ക്കൽ: സർ, വില്പനനികുതി ഈടാക്കുന്ന സമ്പ്രദായത്തെ സംബന്ധിച്ച് പല കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ടെന്ന് എനിക്കറിയാം. അങ്ങനെയുള്ള ചില കാര്യങ്ങളെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രധാനമായി എനിക്കു ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു് സെയിൽസ് ടാക്സ് ഈടാക്കുന്നതിന്റെ മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ള ടേൺഓവറിന്റെ

കാര്യത്തിലാണ്. ഇപ്പോൾ ടേൺഓവർ എന്തുണ്ടോ അതിന് ൧൦ രൂപയ്ക്ക് രണ്ടരയണ വീതം സെയിൽസ് ടാക്സ്കൂടി ഈടാക്കിവരുന്നുണ്ടല്ലോ. ഇങ്ങനെ സെയിൽസ് ടാക്സ് ഈടാക്കിവരുന്ന തുകയുംകൂടി ഉൾപ്പെടുത്തി ആകെ മൊത്തം ടേൺഓവർ കണക്കാക്കി അതിന് ടാക്സ് ചെയ്യുന്നതായി ചിലർ പരാതിപ്പെട്ടിട്ടുള്ളതായി എനിക്കറിയാം. ഇപ്പോൾ ൧,൦൦൦ രൂപാ ടേൺഓവറുള്ള ഒരു കച്ചവടക്കാരൻ സെയിൽസ് ടാക്സ് കൂടി ഈടാക്കി വരുമ്പോൾ ൧,൨൫൦ രൂപയാകുകയും ഈ മുഴവൻ തുകയും ടേൺഓവറായി കണക്കാക്കി ഗവൺമെണ്ട സെയിൽസ് ടാക്സ് ഈടാക്കിവരികയും ചെയ്യുന്നതായി പല കേസുകളും ഉണ്ടായിട്ടുണ്ട്. ഇതു നിയമത്തിന്റെ ന്യൂനതകൊണ്ടോ, അല്ലെങ്കിൽ ഈ തുക വസൂൽചെയ്യുന്നതിനു നിയുക്തരായ ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധകൊണ്ടോ, എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ജനസാമാന്യത്തിനിടയിൽ വളരെ ഉൽക്കണ്ഠ ഉളവാക്കിയിട്ടുള്ളതും പുതുതായി ചുമത്തപ്പെട്ടിട്ടുള്ളതുമായ ഒരു നികുതിയാണിതു്. ഈ നികുതി ഈടാക്കുന്നതിനെ സംബന്ധിച്ചുള്ള ശരിയായ വിവരങ്ങളോ ഇതുസംബന്ധിച്ചുള്ള ചട്ടങ്ങളെപ്പററി ശരിയായ പരിജ്ഞാനമോ അറിവോ ജനങ്ങൾക്കാകട്ടെ, ഇതിനു നിയുക്തരായ ഉദ്യോഗസ്ഥന്മാർക്കാകട്ടെ ഇല്ല. സെയിൽസ് ടാക്സ് ഇൻസ്പെക്ടർമാർക്കുപോലും ഈ വിഷയത്തിൽ പരിചയക്കുറവു നല്ലപോലെയുണ്ട്. അതു ഡയറക്ഷന്റെ കുറവുകൊണ്ടോ, മററൊ ആയിരിക്കാം. ഏതായാലും ശരിയായി നികുതി ഈടാക്കുന്നതുസംബന്ധിച്ചു വളരെ കുഴപ്പങ്ങളും അനീതികളും ഉണ്ടാകുന്നതായിട്ടാണ് അറിയാൻകഴിഞ്ഞിട്ടുള്ളതു്. മുറപ്രകാരം ടേൺഓവറിന് ഒരു സംഖ്യ വച്ചിട്ടുണ്ട്. അതിനുമുകളിൽ ടേൺഓവർ ഇല്ലാത്ത കച്ചവടക്കാർ സെയിൽസ്ടാക്സ് കൊടുക്കണമെന്നു നിഷ്കർഷിച്ചിട്ടുള്ളതായി അറിവില്ല. എന്നാൽ ഇന്നു് ഉൾനാട്ടുകളിലും മററും കച്ചവടക്കാർ എല്ലാവരും സെയിൽസ്ടാക്സ് ഈടാക്കിവരുന്നുണ്ട്. ഒരുദിവസം ഒരു രൂപയ്ക്കുപോലും കച്ചവടം നടത്തുന്ന കച്ചവടക്കാർ സെയിൽസ് ടാക്സ് കൊടുക്കേണ്ടതായിട്ടാണ് അനുഭവംകൊണ്ടു കാണുന്നതു്. ഈ സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാൻവേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതു്. അതുകൊണ്ടു് സെയിൽസ് ടാക്സ് ഈടാക്കേണ്ട വിധത്തെപ്പററിയും അതിന്റെ വർക്കിംഗിനെപ്പററിയും ഗവൺമെണ്ടിൽനിന്നും ശരിയായ ഡയറക്ഷൻ കൊടുത്തും ടേൺഓവർ എന്ന വാക്കിന്റെ അർത്ഥം അല്ലെങ്കിൽ പരിധി എത്രത്തോളം വരുമെന്നു് ഉദ്യോഗസ്ഥന്മാർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിയും ഇത്തരം കുഴപ്പങ്ങൾ ഉടനടി ഗവൺമെണ്ട പരിഹരിക്കേണ്ടതാകുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, പ്രതിപക്ഷത്തുനിന്നും വസ്തുതകളും കണക്കുകളും ഉദ്ധരിച്ചുകൊണ്ടു് ന്യായമായി യുക്തിവാദങ്ങൾ ചെയ്യുന്നതിനു് മറുപടിയായി ഒരു പക്ഷെ, ഗവൺമെണ്ടുതന്നെ പ്രചോദനം നൽകിയതിന്റെ ഫലമായിട്ടായിരിക്കാം ആവക ന്യായങ്ങളെ നോക്കാതെ കേവലം ശകാരഭാഷയിൽ കുറെ പുലഭ്യങ്ങൾ വർഷിക്കാമെന്നു് ചില മെമ്പറന്മാർ കരുതുന്നതു്.

സാഹിബ്ബഹദൂർ വി. എ. അബ്ദുൾഅസീസ്: സർ, "ഗവൺമെണ്ടു് പ്രചോദനം നൽകിയതിന്റെ ഫലമായി" എന്നു് ബഹുമാനപ്പെട്ട മെമ്പർ പ്രയോഗിച്ചതു് ഒരു ഇൻസിനുവേഷൻ ആകുകയില്ലേ? അതു അനുവദിക്കത്തക്കതാണോ?

**Sri. A. Thanu Pillai:** 'Members belonging to the same party may well be influenced by the Ministerial Bench'. Is this an insinuation?

**Mr. Speaker:** That statement does not involve any insinuation.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങിനെ യുക്തികൊണ്ടു യുക്തിയെ അഭിമുഖീകരിക്കുന്നതിനു പകരം കൊഞ്ഞനംകാട്ടി എതിർപക്ഷത്തെ തോല്പിക്കുന്ന ഒരു നയമാണ് ചില ബഹുമാനപ്പെട്ട മെമ്പറന്മാർ സ്വീകരിച്ചിരിക്കുന്നതെന്നു തോന്നുന്നു.

ശ്രീ. പി. നാണു: സർ, 'കൊഞ്ഞനം കാട്ടുന്ന' എന്ന പദം പാർലമെൻററിയാണോ?

മി. സ്പീക്കർ: 'കൊഞ്ഞനം കാട്ടുക' എന്നതിനേക്കാൾ നല്ലവാക്കു് കിട്ടുമെങ്കിൽ അതു് ഉപയോഗിക്കുകയാണു് വേണ്ടതു്. അങ്ങിനെയുള്ള നല്ല പദങ്ങൾ ഉണ്ടെന്നാണു് തോന്നുന്നതു്. എന്നാൽ ആ പദം ഉപയോഗിക്കുന്നതുനിയമപ്രകാരം തടയേണ്ടതാണെന്നു തോന്നുന്നില്ല. അതുപാർലിമെൻററി അല്ലെന്നു പറയുന്നതിനും കാരണംകാണുന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, പ്രത്യക്ഷത്തിൽ ന്യായവും യുക്തവുമായ ചില കാര്യങ്ങൾ യുക്തിയോടും ധീരതയോടും കൂടി നേരിടുവാൻ തയ്യാറില്ലാത്തവർ ആണ് ഇത്ത

[Sri. A. K. Patchu Pillai]

ഠം പ്രത്യാരോപണങ്ങളോടുകൂടി മറുപടി പറയുന്നതു്. കഴിഞ്ഞ തവണത്തെ ബഡ്ജററ് ഹാജരാക്കിയപ്പോൾ ആ ബഡ്ജററിന്റെ കർത്താവ് ഇവിടെ പ്രതിപാദിച്ച ചില വസ്തുതകളിലേക്ക ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ഈയവസരത്തിൽ കൊച്ചിയിൽനിന്നുവന്ന ബഹുമാനപ്പെട്ട മെമ്പറന്മാരോട് എനിക്ക പ്രത്യേകമായ ഒരപേക്ഷയുള്ളതു് അവർ ഈ ഭാഗം ഒന്നു ശ്രദ്ധിച്ചു പഠിക്കണമെന്നാണ്. ആ പ്രസംഗത്തിലെ, ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു് ചെയ്ത ആ പ്രസ്താവനയിലെ സെയിൽസ് ടാക്സിനെ സ്പർശിക്കുന്ന ഭാഗംതന്നെ പ്രൊഹിബിഷൻ ആൻറ് സെയിൽടാക്സ് എന്നാണ്. ഈ രണ്ടു ഭാഗവും ഒന്നു ചേർത്തുകൊണ്ടു് ആ പ്രസ്താവനയിൽ പറയുന്നതു് ഇങ്ങനെയാണ്.

"The introduction of prohibition in the six taluks of the State adjoining the boundaries of the Madras Province is the major special feature of the Budget this year. An area of more than one thousand square miles will go dry by the first of Chingam 1124 (17th August 1948) and the estimated loss of revenue under this head is Rs. 69 lakhs. But this loss in revenue will I have no doubt, be richly compensated for by the moral regeneration and economic improvement in the lives of those who will come under prohibition".

ഇതിനോട് അനുബന്ധമായിത്തന്നെ സെയിൽസ്ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നതിനെപ്പററി ചെയ്തിരിക്കുന്ന പ്രസ്താവനയും നോക്കുക.

"In order to make good the financial loss due to the introduction of prohibition I propose to introduce a measure of direct taxation, *i.e.*, "The Sales Tax" on the lines obtaining in the Sister State of Cochin and the neighbouring Province of Madras. The total revenue that would come from the proposed Sales Tax will depend on the items of articles on which the tax is to be levied and the rates that will be fixed. Moreover, the necessary legislation has to be passed and the tax can be introduced only by the middle of the year. Only a rough estimate of the yield is therefore possible at this stage and a conservative estimate would place it at Rs. 50 lakhs for the next year."

അപ്പോൾ ഈ സെയിൽസ്ടാക്സ് ഹാജരാക്കപ്പെട്ട ആ സന്ദർഭത്തിൽതന്നെ യാഥാസ്ഥിതികമായ കണക്കുകൾകൊണ്ടു നോക്കിയാലും ൫൦ ലക്ഷം രൂപാ മാത്രമെ ഇതുകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളു എന്നു കാണാം. ഇന്നു സെയിൽസ്ടാക്സ് മൂലം ഉദ്ദേശിച്ചിരിക്കുന്ന സംഖ്യ ഏകദേശം ഒരു കോടി രൂപയാണ്. അതായതു കഴിഞ്ഞ കൊല്ലം ഉദ്ദേശിച്ചിരുന്നതിന്റെ ഇരട്ടിയാണ് ഇക്കൊല്ലം ഉദ്ദേശിച്ചിരിക്കുന്നതു്.

**ശ്രീ. പി. നാണു:** കഴിഞ്ഞ ബഡ്ജററിൽ ആറുമാസത്തേക്കുള്ള സെയിൽസ് ടാക്സ് മാത്രമെ കണക്കാക്കിയിരുന്നുള്ളുവെന്നു ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

**ശ്രീ. എ. കെ. പാച്ചുപിള്ള:** പക്ഷെ, ഇടവംമുതൽക്കാണ് സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതു്. അതിനാൽ മൂന്നുമാസത്തെ ടാക്സ് മാത്രമെ കഴിഞ്ഞ കൊല്ലം കിട്ടിയിരുന്നുള്ളു.

അങ്ങനെ ഇരട്ടിസംഖ്യ ആയിനത്തിൽ വരവുദ്ദേശിച്ചിരിക്കുന്ന ഗവമ്മെണ്ടു കഴിഞ്ഞ കൊല്ലം ആറു താലൂക്കിൽ മദ്യവർജ്ജനം ഏർപ്പെടുത്തിയിരുന്ന നിലയ്ക്കു് ഇക്കൊല്ലം പത്തോ പന്ത്രണ്ടോ താലൂക്കുകളിൽ മദ്യവർജ്ജനം നടപ്പിലാക്കാമായിരുന്നു എന്നാണ് ഇവിടെ പറഞ്ഞതു്. സർ, ഇങ്ങിനെയുള്ള എതിർപ്പുകളും യുക്തിക്കു ചേരാതെ വ്യക്തിയെ പരാമർശിച്ചു ചെയ്യുന്ന പ്രസ്താവനകളും മററും ഉണ്ടാകുന്നതിനു ചില പ്രത്യേക കാരണങ്ങളുണ്ടു്. ആ കാരണങ്ങൾ എന്തെല്ലാമാണെന്നു് തേടി പിടിക്കുവാൻ വളരെ ദൂരം പോകേണ്ടതായില്ല. സമയത്തും അസമയത്തും ആക്ഷേപവർഷം ചൊരിയുവാനും ഖണ്ഡിക്കുവാനും ബദ്ധപ്പെടുന്ന ശ്രീമാൻ അസീസ് ഇതു്സംബന്ധിച്ചു കഴിഞ്ഞ കൊല്ലത്തെ ബഡ്ജററ്സമ്മേളനത്തിൽ പ്രസ്താവിച്ചതെന്താണെന്നുള്ളതുകൂടി പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. അസംബ്ളി പ്രൊസീഡിംഗ്സ് (വാല്യം ൨ നമ്പർ ൧൪.) ൩൯-ാം പേജിൽ അദ്ദേഹം പറഞ്ഞിരിക്കുന്നതു് ഈയവസരത്തിൽ ശ്രദ്ധിച്ചുവായിക്കേണ്ടതാണ്.

**ശ്രീ. വർഗ്ഗീസ്സ് അഗസ്ത്യൻ:** സർ, സെയിൽസ് ടാക്സിനെ സംബന്ധിച്ചു ഒരു കാര്യം എനിക്കു പ്രധാനമായി പറയുവാനുണ്ടു്. സെയിൽസ് ടാക്സ് പിരിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടതിനുശേഷം ഗവമ്മെണ്ടിനു കിട്ടേണ്ടിടത്തോളം ആദായം ഈ കഴിഞ്ഞ കൊല്ലം ലഭിച്ചിട്ടില്ല. കാരണം കച്ചവടക്കാർ വാങ്ങിക്കുന്ന സെയിൽസ് ടാക്സ് മുഴുവൻ

ഗവൺമെന്റിനു കൊടുക്കുന്നില്ല എന്നുള്ളതാണ്. വാങ്ങിക്കുന്ന സാധനങ്ങൾക്കെല്ലാം മുറപ്രകാരം കച്ചവടക്കാർ സെയിൽസ് ടാക്സ് ആളുകളിൽനിന്നും ഈടാക്കിവരുന്നുണ്ടെങ്കിലും മിക്ക കച്ചവടക്കാരും രസീതുകൾ കൊടുക്കുന്നില്ലെന്നുള്ളത് എനിക്കുതന്നെ നേരിട്ടു അനുഭവമുള്ളതാണ്. അതുകൊണ്ടു ഇങ്ങനെയുള്ള വിഴ്ചകൾ പരിഹരിച്ചു മുഴുവൻ സെയിൽസ് ടാക്സും ഗവൺമെന്റിനു ലഭിക്കത്തക്കവണ്ണമുള്ള സത്വരനടപടികൾ ഗവൺമെന്റ് കൈക്കൊള്ളേണ്ടതാണ്. സെയിൽസ് ടാക്സിനത്തിൽ എന്തുതുക ഈ കച്ചവടക്കാരിൽനിന്നും ലഭിക്കണമെന്നുള്ളതിനെ സംബന്ധിച്ചു ഗവൺമെന്റിനും വേണ്ടവിധത്തിലുള്ള നിഷ്കർഷയില്ല. കച്ചവടക്കാരന്റെ കയ്യിൽ വിററഴിക്കുന്നതിനു എന്തുമാത്രം സാധനങ്ങൾ ഉണ്ടെന്നുള്ളതു ഗവൺമെന്റിന് അറിഞ്ഞുകൂടാത്തതുകൊണ്ടാണ് ഗവൺമെന്റിന് അതു സാദ്ധ്യമാകാതിരിക്കുന്നത്. കൂടാതെ സെയിൽസ് ടാക്സു വാങ്ങിക്കേണ്ടത്തതായ പലസാധനങ്ങൾക്കും ഈ കച്ചവടക്കാർ സാധാരണക്കാരിൽനിന്നും സെയിൽസ് ടാക്സു ഈടാക്കുന്നുണ്ട്. രസീതു കൊടുക്കാതിരിക്കുന്നതുകൊണ്ട് അതു എളുപ്പത്തിൽ കണ്ടുപിടിക്കാൻ ഒക്കുകയില്ല. ഏതേതു സാധനങ്ങളാണ് സെയിൽസ് ടാക്സു കൊടുക്കാതെ വാങ്ങിക്കുവാൻ സാധിക്കുന്നത് എന്നുള്ളതിനെപ്പററി ഈ സാധാരണക്കാർക്കു യാതൊരു അറിവുമില്ല. ഈ കുഴപ്പവും ഉടനടി പരിഹരിക്കേണ്ടതാണ്. ഈ തുകയും ഗവൺമെന്റിനു ലഭിക്കുന്നില്ല. കച്ചവടക്കാർ എടുക്കുകയാണ് ചെയ്യുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഇന്നു് സെയിൽസ് ടാക്സു നികുതി വസൂലാക്കുന്നതിൽ ഗവൺമെന്റു ജനങ്ങൾക്കു ഗുണകരമായവിധത്തിൽ ചില നിയന്ത്രണങ്ങൾ ഏപ്പെടുത്തുന്നില്ല എന്നുള്ളതിനെ സംബന്ധിച്ചും സെയിൽസ് ടാക്സിൽനിന്നും ചില സാധനങ്ങളെങ്കിലും ഒഴിവാക്കണം എന്നുള്ളതിനെ സംബന്ധിച്ചും പറയുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്. ൧,൫൦൦ രൂപാ ടേൺ ഓവർ ഉള്ളവർ ലൈസൻസ് എടുത്തിരിക്കണമെന്നും അതു പതിനായിരം രൂപയാകുമ്പോൾ മാത്രമെ നികുതി ചുമത്തുകയുള്ളു എന്നും ആണല്ലൊ ഏർപ്പാട്. അതിന്റെ ഉദ്ദേശംതന്നെ കൂടുതൽ ടേൺഓവർഉള്ള കച്ചവടക്കാർ മാത്രം നികുതി കൊടുത്താൽ മതിയെന്നുള്ളതാണ്. എന്നാൽ അതിൽ കുറഞ്ഞ ടേൺ ഓവറുള്ള കച്ചവടക്കാർക്കും നികുതി പിരിക്കാമെന്നും അങ്ങനെ പിരിക്കുന്ന നികുതികൂടി ഗവൺമെന്റിനു വസൂൽചെയ്യാമെന്നും ഒരു വ്യവസ്ഥകൂടിയുണ്ട്. ആ വ്യവസ്ഥയനുസരിച്ചു സാധാരണ ഗ്രാമപ്രദേശങ്ങളിലുള്ള സകല കച്ചവടക്കാരേയും, ഒരു ദിവസം അഞ്ചോ എട്ടൊ രൂപമാത്രം പിരിവുള്ള കച്ചവടക്കാരെപ്പോലും സെയിൽസ് ടാക്സു പിരിക്കുവാൻ അധികാരപ്പെടുത്തുന്നതിനായുള്ള ലൈസൻസ് എടുപ്പിക്കുന്നതിനു ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ പ്രേരിപ്പിക്കുന്നുണ്ട്. ലൈസൻസ് എടുക്കുവാൻ ഉദ്യോഗസ്ഥന്മാർ അനാവശ്യമായും അത്യാവശ്യമായും നിർബ്ബന്ധിക്കുന്നു എന്നു പല കച്ചവടക്കാർ എന്നോട് ആവലാതി പറഞ്ഞിട്ടുണ്ട്. ഇങ്ങനെ ആവശ്യമില്ലാത്ത കച്ചവടക്കാരെ നിർബ്ബന്ധം ചെലുത്തി ലൈസൻസ് എടുപ്പിക്കത്തക്കവണ്ണം അനുവർത്തിച്ചുപോരുന്ന നടപടി ഏററവും ഗർഹണീയവും എത്രയും വേഗം നിറുത്തലാക്കേണ്ടതുമാണ്. പതിനായിരം രൂപായുടെ ടേൺഓവർ മാത്രമുള്ളവർ പിരിക്കേണ്ട കരം അതിൽ കുറഞ്ഞ എല്ലാ കച്ചവടക്കാരും പിരിക്കുമെങ്കിൽ ധാരാളം ഇടത്തര കച്ചവടക്കാർ ഈ ലൈസൻസ് എടുക്കുവാൻ നിർബ്ബന്ധിതരായിത്തീരുകയും ഗ്രാമീണന്റെ കയ്യിൽ ചെന്നെത്തുന്നതിനുമുമ്പ് ഒരു സാധനം മൂന്നൊ നാലൊ തവണ അനാവശ്യനികുതി വസൂലിലിനു വിധേയമാകുന്നതും അങ്ങിനെ ഒരു രൂപാ വിലയുള്ള സാധനത്തിനു അവൻ ഒരു രൂപാ നാലണവരെ കൊടുക്കേണ്ടതായിവരികയും ചെയ്യുന്നതാണ്. അതിനുംപുറമെ നാട്ടിലുള്ള എല്ലാ കച്ചവടക്കാരും ലൈസൻസ് എടുക്കണമെന്നുള്ള ഒരു വ്യവസ്ഥ ഒരിക്കലും ശരിയല്ല. അതുകൊണ്ട് ആ ഒരവസ്ഥ എത്രയും എളുപ്പം മാററണമെന്നും അതിലേക്കു ഗവൺമെന്റു സത്വരനടപടികൾ കൈക്കൊള്ളണമെന്നുമാണ് എനിക്കു ആദ്യമായി പറയുവാനുള്ളതു്.

കൂടാതെ ഗവൺമെന്റു നോട്ടിഫിക്കേഷൻകൊണ്ടു സെയിൽസ് ടാക്സിൽനിന്നും ചില സാധനങ്ങൾ എല്ലാം ഒഴിവാക്കപ്പെട്ടിട്ടുണ്ടല്ലൊ. ചിലതുകൾക്കു നികുതി പായിൻറുകൾ സൌജന്യമായി കുറച്ചിട്ടുമുണ്ട്. അങ്ങനെയുള്ള സാധനങ്ങൾ മിക്കവാറും സാമാന്യജനങ്ങൾക്കു സഹായമായവയും ഒഴിവാക്കലും സൌജന്യവും നീതിപൂർവ്വകവും അഭികാമ്യവും ആണെന്നും ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇങ്ങനെ സൌജന്യ നിരക്കിൽപെട്ടതും ഒഴിവാക്കപ്പെട്ടതും ആയ സാധനങ്ങളുടെ ലിസ്ററ് ഒന്നുകൂടി പരിഷ്കരിക്കുകയും പച്ചത്തൊണ്ടു മുതലായി മററു ചില സാധനങ്ങൾകൂടി ഇതിൽനിന്നും ഒഴിവാക്കുകയും ഉല്പാദകർക്കും ലേബറേഴ്സിനും ഗുണ

[Sri. K. K. Chellappan Pillai]
കരമാകത്തക്കവിധത്തിൽ ബില്ലിലെ ചില വ്യവസ്ഥകൾക്ക വ്യാഖ്യാനങ്ങൾ നൽകുകയും ചെയ്തു കുറെക്കൂടി ആശ്വാസകരമായ രീതിയിൽ ഈ നികുതി പിരിക്കുവാൻ ഏർപ്പാടുചെയ്യണമെന്നാണ് എനിക്ക പറയുവാനുള്ളത്.

മി. സ്പീക്കർ: മണി ഒന്നാകയാൽ ഇപ്പോൾ സഭ പിരിയുന്നതും രണ്ടുമണിക്ക വീണ്ടും കൂടുന്നതുമാണ്.

*The House rose for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker (The Hon'ble Sri. T. M. Varghese) in the Chair.*

ബഹു. ശ്രീ. എ. ജെ. ജോൺ: സർ, ഈ യുണൈററഡ് സ്റ്റേററിൽ മുഴുവനായി പ്രൊഹിബിഷൻ നടപ്പിൽ വരുത്താത്തതുകൊണ്ടു സെയിൽസ് ടാക്സ് ഈ സ്റ്റേററ മുഴുവൻ നടപ്പിൽ വരുത്തുന്നതു ശരിയല്ലെന്ന് ഒരു വാദമുഖമാണ് ഇവിടെ ഉന്നയിച്ചുകേട്ടതു്. ഇതു കേട്ടാൽ സെയിൽസ് ടാക്സും പ്രൊഹിബിഷനും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടെന്നു തോന്നിപ്പോകുന്നു. പ്രൊഹിബിഷൻ നിലവിലില്ലാത്ത പല സ്ഥലങ്ങളിലും ഇന്നു സെയിൽസ് ടാക്സ് നടപ്പിലുണ്ടു്. യൂറോപ്പിലുള്ള മിക്ക രാജ്യങ്ങളിലും സെയിൽസ് ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ടു്. യുണൈറെറഡ് സ്റ്റേററിലെ മിക്ക സ്റ്റേററുകളിലും ഇന്നു സെയിൽസ് ടാക്സ് നടപ്പാലാക്കിയിട്ടുണ്ടു്. അവിടെ ഒരു സ്ഥലത്തും പ്രൊഹിബിഷൻ ഏർപ്പെടുത്തിയിട്ടില്ല. ഇൻഡ്യയിൽതന്നെ മദ്രാസ്, ബോംബെ, വെസ്ററ ബംഗാൾ, ഈസ്ററ ബംഗാൾ, ബിഹാർ, യു. പി., സി. പി. ഈ സ്ഥലങ്ങളിലും പാകിസ്ഥാനിൽ മുഴുവൻതന്നെയും സെയിൽസ് ടാക്സ് ഇന്നു നടപ്പിലുണ്ടു്. ഈ പ്രദേശങ്ങളിൽ മദ്രാസിലും ബീഹാറിലും മാത്രമെ മദ്യനിരോധനം പൂർണ്ണമായി നടപ്പിലാക്കിയിട്ടുള്ളു. ബോംബെയിൽ അപൂർണ്ണമായ രീതിയിൽ മാത്രമെ മദ്യനിരോധനം നടപ്പിൽ വരുത്തിയിട്ടുള്ളു. ഇതിൽനിന്നു മനസ്സിലാക്കേണ്ടതു മദ്യനിരോധനവും സെയിൽസ് ടാക്സുമായി പറയത്തക്ക യാതൊരു ബന്ധവും ഇല്ലെന്നാണ്. ഇതിനും പുറമെ സെയിൽസ് ടാക്സ് ബില്ല് ൧൧൨൪-ൽ ഇവിടെ അവതരിപ്പിച്ചപ്പോൾ അതിൽനിന്നുള്ള വരവു പ്രൊഹിബിഷൻമൂലം ഉണ്ടാകുന്ന നഷ്ടം നികത്താൻ മാത്രം ഉപയോഗിക്കുമെന്ന് അന്നു ഈ ബിൽ അവതരിപ്പിച്ച മന്ത്രി പ്രസ്താവിച്ചിട്ടില്ല. നേരെ മറിച്ച് ആ ബില്ലിൻെറ ഉദ്ദേശങ്ങളിലും കാരണങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതു് ഇപ്രകാരമാണ്.

"The fall in the Abkari Revenue owing to the introduction of prohibition in certain taluks necessitates an augmentation of the general revenues of the State. Some of the works undertaken under the Post-war schemes require enormous funds and the funds for such expenditure have also to be found from the general revenues. Other reforms undertaken especially in the field of Primary Education also entail increased expenditure. It is therefore necessary to have recourse to a mode of fresh taxation which while it would enhance the revenues of the State will not at the same time be very seriously felt by the Public."

എന്നാണ് അതിൻെറ ഓബ്ജക്ററ് ആൻഡ് റീസൺസിൽ പറഞ്ഞിരിക്കുന്നതു്. അപ്രകാരം അന്നു പ്രസ്താവിച്ചതിനുശേഷം ഇന്നു സെയിൽസ് ടാക്സിൻെറ ഡിമാൻഡ് വന്നപ്പോൾ തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തു മുഴുവൻ പ്രൊഹിബിഷൻ നടപ്പിലാക്കാതെ ഇതു് നടപ്പിൽ വരുത്തുന്നതു ശരിയല്ലെന്നു വളരെ ശക്തിയായ ഭാഷയിൽ ശ്രീ. പട്ടം താണുപിള്ള പ്രസ്താവിച്ചതു് എങ്ങനെയെന്നു എനിക്ക മനസ്സിലാകുന്നില്ല. മന്ത്രിയായി ചാർജ്ജിലിരിക്കുമ്പോൾ ഒരു സംഗതിയെക്കുറിച്ച് ഒരഭിപ്രായവും മന്ത്രിസ്ഥാനം ഇല്ലാതായതിനുശേഷം വേറൊരു അഭിപ്രായവും ഉണ്ടാകുന്നതു് എങ്ങനെയാണ്? ഓബ്ജക്ററ് ആൻഡ് റീസൺസിൽ പറഞ്ഞിട്ടുള്ള സംഗതികൾ ബിൽ അവതരിപ്പിക്കുമ്പോൾ മനസ്സാക്ഷി അനുസരിച്ച് എഴുതിച്ചേർക്കുന്നതാണ്. അങ്ങനെയാണെങ്കിൽ ഈ കാരണത്താൽ ഈ ബില്ലിനെ എതിർക്കാൻ അദ്ദേഹത്തിനു യാതൊരവകാശവും ഇല്ലെന്നാണ് എനിക്ക പറയുവാനുള്ളതു്.

രണ്ടാമതായി, ഈ ബിൽ അവതരിപ്പിച്ചപ്പോൾ പ്രൊഹിബിഷൻ തിരുവിതാംകൂറിൽ ൩ താലൂക്കുകളിൽ മാത്രമേ നടപ്പിൽ വരുത്തിയിരുന്നുള്ളു. അങ്ങനെ ൩ താലൂക്കുകളിൽമാത്രം പ്രൊഹിബിഷൻ നടപ്പിൽ വരുത്തിയതിനുശേഷം തിരുവിതാംകൂർ ഒട്ടുക്ക സെയിൽസ് ടാക്സ് നടപ്പിൽ വരുത്തുന്നതിനുവേണ്ട നടപടി അന്ന് അദ്ദേഹം എങ്ങനെ എടുത്തു എന്ന് എനിക്ക മനസ്സിലാകുന്നില്ല. മിസ്റ്റർ എ. കെ. പാച്ചുപിള്ള, മിസ്റ്റർ താണുപിള്ളയുടെ ബഡ്ജററ പ്രസംഗത്തിലെ ഒരു ഭാഗം ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിൻെറ പ്രസം

ഗം ഞാൻ വായിച്ചു. ആ പ്രസംഗത്തിൽ സെയിൽസ് ടാക്സിൽനിന്നു കിട്ടുന്ന വരവു പ്രൊഹിബിഷൻമൂലം ഉണ്ടാകുന്ന നഷ്ടം നികത്താൻമാത്രമെ ഉള്ളു എന്നു പ്രസ്താവിച്ചിട്ടില്ലായിരുന്നു. ആ വരവു തിരുവിതാംകൂർ ഗവൺമെണ്ടിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കമെന്നും അതിലൊരു ഭാഗം പ്രൊഹിബിഷൻ മൂലം ഉണ്ടായിട്ടുള്ള നഷ്ടം നികത്താൻ ഉപയോഗിക്കും എന്നുമാണ് പ്രസ്താവിച്ചിട്ടുള്ളതു്.

**Sri. A. Thanu Pillai:** Has this sentence come to the notice of the Member? I am reading a sentence from the last year's budget speech. "In order to make good the financial loss due to the introduction of prohibition I propose to introduce a measure of direct taxation, *i.e.*, "The Sales Tax" on the lines obtaining in the sister State of Cochin and the neighbouring Province of Madras."

**ബഹു. ശ്രീ. എ. ജെ. ജോൺ:** അതിനുശേഷമാണ് ഈ സെയിൽസ് ടാക്സ് ബിൽ അവതരിപ്പിച്ചതു്. ബഡ്ജറ്റ പ്രസംഗത്തിൽ എല്ലാ സംഗതികളുടേയും വിവരണം പറയേണ്ടതില്ല. എന്നാൽ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ അതേക്കുറിച്ചുള്ള ഉദ്ദേശങ്ങളും കാരണങ്ങളും പ്രത്യേകം പറഞ്ഞിരിക്കണമെന്നു വ്യവസ്ഥയുണ്ടു്. അതനുസരിച്ച് അദ്ദേഹം പറഞ്ഞിരുന്നു എന്നു ഞാൻ പ്രസ്താവിച്ചു. മിസ്റ്റർ താണുപിള്ളയുടെ ബഡ്ജറ്റ പ്രസംഗം ഞാൻ നല്ലവണ്ണം വായിച്ചു.

**Sri. K. P. Nilakanta Pillai:** May I know whether this House is concerned with what the ex-Minister has stated and what the present Minister is saying?

**The Hon'ble Sri. A. J. John:** I am not yielding, Sir.

പിന്നീട് അദ്ദേഹം ബഡ്ജറ്റിനെപ്പററിയുള്ള പൊതുവിമർശനസമയത്തു പറഞ്ഞു, കഴിഞ്ഞകൊല്ലം ഡെഫിസിററ ഉണ്ടായതു്, നേരത്തെതന്നെ സെയിൽസ് ടാക്സ് തിരുവിതാംകൂറിൽ നടപ്പിൽ വരുത്താത്തതുകൊണ്ടാണെന്നു്. ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്, സെയിൽസ് ടാക്സ് വളരെ സാധൂകരിക്കത്തക്ക ഒരു ടാക്സ് ആണെന്നും അതു നേരത്തെ നടപ്പിലാക്കിയിരുന്നുവെങ്കിൽ ഡെഫിസിററ ഉണ്ടാകയില്ലായിരുന്നു എന്നും ആണ്. അദ്ദേഹം പ്രസ്താവിച്ചതും അതുതന്നെയാണ്. അങ്ങനെ പ്രസ്താവിച്ചതിന്റെശേഷം ഈ ഡിമാൻറ വന്നപ്പോൾ അതിനുനേരെ വിപരീതമായി ഈ ഡിമാൻറിനെ അദ്ദേഹം എങ്ങനെ എതിർക്കുന്നു എന്ന് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒഫീഷ്യൽ റിപ്പോർട്ടു് എന്റെ കൈവശംതന്നെയുണ്ടു്. ആ ഭാഗം സഭയുടെ അറിവിലേക്കായി ഞാൻ ഇവിടെ വായിക്കാം.

"I introduced the Sales Tax Bill in the budget session. I said in my speech that the Sales Tax Bill has been introduced and the sales tax is intended to cover losses that would have accrued to us as a result of the introduction of prohibition. As for this year's prohibition, losses in revenue up to Rs. 60 to 70 lakhs have been fully made good in the adjustment of the budget. That is to say, the budget has been balanced without leaving anything to make up for the loss. In spite of a loss to the tune of 60 to 70 lakhs, this is the position. The budget has been balanced. Now I ask, what is to come of the sales tax. It was meant to go towards what might occur as loss on account of food procurement. Then I expected the sales tax to come into operation from the middle of that year at the latest. If it had come into force then, that is, from Makaram, our revenue would have come to one crore on that score. Now, Mr. John says for the next year it will be one crore and 90 lakhs. For the whole year, according to his calculation, it will be nearly two crores. If the Sales Tax Bill had been introduced from the middle of the current year, it would have brought in a revenue of one crore. I ask, where would have been the loss? According to my view, if at all there is a loss, it would be very little. There we are. But then the Ministers who came after me and who were responsible for the finances, never cared to pass the Sales Tax Bill into law and put it into effect. The effect for that bill was given towards the close of the year and naturally therefore a large sum cannot be expected from that measure of taxation. If that had come into operation, even for a period of three months, the income would have been sufficient and, as I said, if it had worked for six months, the income would have been doubled. The Bill could have been introduced soon after the Ministry was formed and so long as it was not properly done, revenue also was lost to a considerable extent. That is the real position. If the Ministry had done that, there would have been no deficit on that score."

ഇതിൽനിന്നു മനസ്സിലാക്കേണ്ടതു പൊതുവിമർശനസമയത്തു അദ്ദേഹത്തിനുണ്ടായിരുന്നഅഭിപ്രായം അല്ല ഈ ഡിമാണ്ടിനെപ്പററിവാദപ്രതിവാദത്തിനു വന്നപ്പോൾ അദ്ദേഹത്തിനുള്ളതു് എന്നാണ്.

[Sri. A. J. John]

ശ്രീ. കെ. പി. നീലകണ്ഠപിള്ള ഈ മോഷൻ അവതരിപ്പിച്ചപ്പോൾ അദ്ദേഹം ബജറ്റ് വിമർശനത്തിൽ പ്രസ്താവിച്ചതായ ഒരു വാദഗതിതന്നെ ഇവിടെ പുറപ്പെടുവിച്ചു. അതായത്, ഈ ഗവൺമെന്റിന് ബജറ്റ് തയ്യാറാക്കുന്നതിനു യാതൊരു പരിചയവും അറിവും ഇല്ലെന്നും ഗവൺമെന്റിന്റെ ഫിനാൻഷ്യൽ പോളിസി എന്താണെന്നു പ്രഖ്യാപനം ചെയ്തിട്ടില്ലെന്നും ആയിരുന്നു, ആ പ്രസ്താവന. എന്നാൽ ആദ്യസമയത്ത് അതു പ്രസ്താവിച്ചപ്പോൾ അദ്ദേഹത്തിന്റെ സമയക്കുറവുകൊണ്ട് ആ വക കാര്യങ്ങളെക്കുറിച്ചു ഡീറ്റെയിലായി പ്രസ്താവിക്കാൻ അദ്ദേഹത്തിനു തരപ്പെട്ടില്ലെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ ഇപ്പോഴെങ്കിലും ബജറ്റ് തയ്യാറാക്കേണ്ടത് എങ്ങനെയാണെന്നുള്ള അദ്ദേഹത്തിന്റെ വിശദമായ അഭിപ്രായം പറഞ്ഞിരുന്നെങ്കിൽ അത് ഈ സ്റ്റേറ്റിനു മാത്രമല്ല, ഇൻഡ്യയിലുള്ള മററു ക്യാബിനററുകൾക്കും ഉപകാരപ്രദമായ ഒരു പ്രസ്താവനയാകുമായിരുന്നു. അദ്ദേഹത്തിൽനിന്നും അതു കേൾക്കുവാൻ വളരെ ആകാംക്ഷയോടെ ഞാൻ കാത്തിരുന്നു. ഇന്ന നിലയിൽ ബജററ് തയ്യാറാക്കണമെന്ന് അദ്ദേഹം പറഞ്ഞിരുന്നുവെങ്കിൽ അതു ലോകത്തിൽ മുഴുവൻതന്നെയുള്ള സാമ്പത്തികക്ലേശങ്ങൾക്ക് ഒരു പരിഹാരം നേട്ടമായിരുന്നു. എന്തായാലും ഇന്നത്തെ ഗവൺമെന്റിന്റെ ഈ ഇടക്കാല ബജററ് സംബന്ധിച്ചുള്ള സാമ്പത്തികമായ നയങ്ങളെല്ലാം എന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിൽ കൂടുതലായി ഒരു പ്രസ്താവനയും ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല.

**Sri. K. P. Nilakanta Pillai :** May I put a question, Sir ?

**The Hon'ble Sri. A. J. John :** Not now.

ശ്രീ. ജി. പി. നീലകണ്ഠപ്പിള്ള ഇവിടെ ഒരു അഭിപ്രായം ഉന്നയിക്കുകയുണ്ടായി. ആഹാരസാധനങ്ങൾ എല്ലാംതന്നെ സെയിൽസ് ടാക്സിന്റെ പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആദ്യകാലത്തു ഫുഡ് ഗ്രെയിൻ റൂളിൽ ഒരു ഡെഫനിനിഷൻ കൊടുത്തിരുന്നതു അരിയും നെല്ലും മാത്രമായിരുന്നു. പിന്നീടു പൊതുജനങ്ങളുടെ നിവേദനങ്ങളുടെ ഫലമായി വീണ്ടും ആ സംഗതിയെപ്പററി പര്യാലോചിക്കയും ആ ഡെഫിനിഷനെ ഭേദഗതി ചെയ്ത് ആഹാരസാധനങ്ങളിൽ മിക്കവാറും എല്ലാംതന്നെ ഒഴിവാക്കുകയും ചെയ്തിരിക്കുകയാണ്.

**Sri. P. M. Varghese :** A point of order. When a member on the official bench is asked a question by a member on the non-official bench, may I know whether it is not the duty of the official member to answer the question ?

**Mr. Speaker :** There is no such duty enforceable by the House or the Speaker in the manner contemplated by the member.

ബഹു. ശ്രീ. എ. ജെ. ജോൺ : ഫുഡ്ഗ്രെയിൻസ് എന്നുള്ളതിനെ പിന്നീട് ഭേദഗതി ചെയ്തിട്ടുണ്ട്. അതിന്റെ ഡെഫിനിഷൻ ഇപ്പോൾ ഇങ്ങനെയാണ് ചേർത്തിരിക്കുന്നത്. താഴെ പറയുന്ന സാധനങ്ങൾ സെയിൽസ് ടാക്സിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. ജി. പി. നീലകണ്ഠപ്പിള്ള : താൻക്യൂ സർ.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : അരി ചോറാക്കിയാൽ നികുതി കൊടുക്കണമെന്നു പറയുന്നതു ശരിയാണോ?

ബഹു. ശ്രീ. എ. ജെ. ജോൺ : നോട്ടിഫിക്കേഷൻ വായിക്കാത്തതുകൊണ്ടു വന്നിരിക്കുന്ന അബദ്ധമാണത്.

"Cooked food including coffee and tea served at a hotel, restaurant, refreshment rooms, eating house or boarding house or any other place provided the annual turnover of such sales does not exceed Rs. 15,000 and when notices are displayed prominently in such places that no sales tax is payable in respect of the food, coffee or tea served therein. Boarding houses and hotels conducted for the exclusive use of students are completely exempted."

എന്ന് ആ നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുണ്ട്. ൧൫,൦൦൦ രൂപയിൽ കൂടുതൽ ടേൺ ഓവർ ഉള്ള ഹോട്ടലുടമസ്ഥന്മാരെ സഹായിക്കുകയും അതേ അവസരത്തിൽ സാധുക്കളെ കണ്ണുനീരിൽനിന്ന് രക്ഷിക്കാനാണെന്നു പറയുകയും ചെയ്യുന്നതിനോട് എനിക്ക് യോജിക്കാൻ നിവൃത്തിയില്ല എന്നു മാത്രമേ അതേ സംബന്ധിച്ചു പറയുവാനുള്ളു.

സെയിൽസ്ടാക്സിനെ എക്സൈസിൽനിന്നു വേർപെടുത്തി പ്രത്യേകം ഒരു ഡിപ്പാർട്ട്മെണ്ടിന്റെ കിഴിലാക്കണമെന്നും ഇവിടെ പ്രസ്താവിച്ചുകേട്ടു. അതേപ്പററി വളരെ കാര്യമായി ഗവൺമെണ്ട് ആലോചിക്കുന്നതാണ്. സെയിൽസ്ടാക്സ് നിറുത്തിയിട്ടു വേറെ എ

തെങ്കിലും ഒരു പുതിയ ടാക്സ് ഏർപ്പെടുത്തണമെന്നു മിസ്റ്റർ പി. കെ. രാമൻ പ്രസ്താവിക്കയുണ്ടായി. സെയിൽസ് ടാക്സ് ഇന്നു ലോകത്തിൽ മിക്കവാറും എല്ലാ സ്ഥലത്തും പ്രചാരത്തിൽ ഇരിക്കുന്നതുകൊണ്ടും ഗവമ്മെണ്ടിൽനിന്നും ഇതുമൂലം ന്യായമായ വരുമാനം പ്രതീക്ഷിക്കുന്നതുകൊണ്ടും തല്ക്കാലം ഇതു നിറുത്താൻ സാധ്യമല്ലായിരിക്കും. സാധുക്കളുടെ കാര്യത്തിൽ ഇത്ര വളരെ പ്രസ്താവിക്കുന്നതു് അത്ര ശരിയാണോ എന്നുകൂടി ഞാൻ സംശയിക്കുന്നു. ഒരു രൂപായുടെ സാധനം വാങ്ങുന്ന ഒരു സാധുവിനു് ഈ ഇനത്തിൽ കൊടുക്കേണ്ടിവരുന്നതു് കാലണ മാത്രമാണു്. പ്രത്യേകിച്ചു് അവക്കു് ആവശ്യമുള്ള സാധനങ്ങൾ മിക്കവാറും തന്നെ ഒഴിവാക്കിയിട്ടുണ്ടു്. മിസ്റ്റർ കെ. രാമചന്ദ്രൻ പറകയുണ്ടായി, ആഭരണങ്ങൾക്കു് സെയിൽസ് ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നതു് ശരിയല്ലെന്നു്. സ്വർണ്ണത്തിനു് ഒരു പോയിൻറിൽ മാത്രമേ സെയിൽസ് ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളു. പിന്നീടു്, ആഭരണങ്ങൾ കൈകാര്യം ചെയ്യുന്നതു് ധനവാന്മാരാണു്. അവരിൽനിന്നു സെയിൽസ് ടാക്സ് ഈടാക്കുന്നതിൽ ഒരു എതിർപ്പും ഉണ്ടാകാൻ പാടില്ല എന്നാണു് എനിക്കു് തോന്നുന്നതു്.

<u>ശ്രീ. പൊന്നറ ജി. ശ്രീധർ</u>: സെയിൽസ് ടാക്സ് ഈടാക്കാൻ പാടില്ലാത്ത ചില സാധനങ്ങൾക്കു് ഈടാക്കുന്നല്ലോ.

<u>ബഹു. ശ്രീ. എ. ജെ. ജോൺ</u>: ഒഴിവാക്കേണ്ടതെല്ലാം ഒഴിവാക്കിയിട്ടുണ്ടു്. ഈ സംഗതിയെപ്പററി ചിലക്കു് ചില എതിരഭിപ്രായങ്ങൾ ഉണ്ടാകയും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി അതിലെ തീരുമാനം അതേപടി ഗവമ്മെണ്ടു് അനുസരിച്ചു പല സാധനങ്ങളും സെയിൽസ്ടാക്സിൻെറ പരിധിയിൽനിന്നു് ഒഴിവാക്കുകയും ഉണ്ടായി. പ്രധാന സാധനങ്ങൾക്കു് ഒരു പോയിൻറിൽ മാത്രമേ ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളു. അതിനുള്ള കാരണവും ഇതുതന്നെയാണു്. ധാരാളം കയർ യാൺസു് കയററിക്കൊണ്ടുപോകുന്നതുകൊണ്ടു് ഇവിടെ കയറവ്യവസായം വളരെ അധഃപതിക്കയും അതിനെ സംരക്ഷിക്കുവാൻവേണ്ടി കയറിനും അതുപോലെയുള്ള സാധനങ്ങൾക്കും രണ്ടുപോയിൻറിലും കയറുപായ, തടുക്കു് മുതലായ സാധനങ്ങൾക്കു് ഒരു പോയിൻറിലും ആണു് ടാക്സ് വച്ചിരിക്കുന്നതു്.

<u>ശ്രീ. കെ. രാമചന്ദ്രൻ</u>: ആഭരണങ്ങൾക്കു പല പോയിൻറിൽ ടാക്സ് വച്ചിരിക്കുന്നതുകൊണ്ടു ജോലിക്കാക്കു ജോലി കുറയുമെന്നു് അറിയാമോ?

**Mr. Speaker:** Unless the Hon'ble Minister is prepared to yield, there is no use in putting to him any question or pursuing it.

<u>ബഹു. ശ്രീ. എ. ജെ. ജോൺ</u>: മിസ്റ്റർ ഈപ്പൻ അറയ്ക്കൽ, ടേൺ ഓവർ കണക്കുകൂട്ടുന്നതിനെക്കുറിച്ചു പറയുകയുണ്ടായി. ടേൺ ഓവറിനെക്കുറിച്ചു് ഇപ്പോൾ ആക്ടിൽ ഉള്ളതനുസരിച്ചാണു് ഇതു ചെയ്തിരിക്കുന്നതു്. അതു് ഭേദഗതി ചെയ്യണമെങ്കിൽ നിയമസഭമുഖാന്തിരമേ സാധിക്കുകയുള്ളു. ആ നിലയ്ക്കു് അതേസംബന്ധിച്ചു് ഗവമ്മെണ്ടു ആലോചിക്കുന്നതാണു്. ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള ഇവിടെ പ്രസ്താവിക്കയുണ്ടായി തൊണ്ടിനെ സംബന്ധിച്ചുള്ള സെയിൽസ് ടാക്സ് മാററണമെന്നു്. അതേസംബന്ധിച്ചു് എനിക്കു് പറയുവാനുള്ളതു്, സാധാരണയായി വലിയ മുതലാളിമാരാണു് തൊണ്ടു വാങ്ങിക്കൂട്ടുന്നതു്. അതിനുശേഷം അവർ അതേനിലയിൽ സാധാരണക്കാക്കു് വില്ക്കുകയാണു് ചെയ്യുന്നതു്. അതേ സംബന്ധിച്ചു കാൺഫറൻസിൽ ആലോചിച്ചതിനുശേഷം അതു ഒഴിവാക്കേണ്ട ആവശ്യമില്ലെന്നു അന്നു തീരുമാനിച്ചു. ഇനിയും തൊണ്ടിനെ ഒഴിവാക്കണമെന്നു ശക്തിയായ അഭിപ്രായം ഉണ്ടെങ്കിൽ അതേപ്പററിയും ഗവമ്മെണ്ടു് ആലോചിക്കുന്നതാണു്.

**Sri. A. Thanu Pillai:** Is the Hon'ble Member in a position to tell the House in how many years the whole State will be brought under prohibition?

<u>ബഹു. ശ്രീ. എ. ജെ. ജോൺ</u>: അതും ഇതുമായി യാതൊരു ബന്ധവും ഇല്ലെന്നാണു് ഞാൻ എൻെറ പ്രസംഗത്തിൽ പറഞ്ഞതു്. ഏതെല്ലാം താലൂക്കുകളിൽ പ്രൊഹിബിഷൻ എന്നു നടപ്പിൽ വരുമെന്നു ചോദിച്ചാൽ, അതിനുത്തരം പറവാൻ തല്ക്കാലം നിവൃത്തിയില്ല.

<u>ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള</u>: ൧,൦൦൦ രൂപയിൽ കുറഞ്ഞ ടേൺ ഓവർ ഉള്ളവരെ നിർബ്ബന്ധിച്ചു് പേർ രജിസ്റ്റർ ചെയ്യിക്കുന്നതു് ഗവമ്മെണ്ടു് നിർദ്ദേശപ്രകാരമാണോ?

<u>ബഹു. ശ്രീ. എ. ജെ. ജോൺ</u>: നിയമപ്രകാരം മാത്രമേ നടത്താൻ ഗവമ്മെണ്ടു് ആവശ്യപ്പെടുകയുള്ളു. ൧,൦൦൦ രൂപയിൽ കുറഞ്ഞ ടേൺ ഓവർ ഉള്ളവർ സെയിൽസ്

[Sri. A. J. John]:

ടാക്സ് കൊടുക്കേണ്ട ആവശ്യമില്ല. അവക്ക് രജിസ്റ്റർ ഫീസും വേണ്ട. എന്നാൽ അവർ സെയിൽസ് ടാക്സ് പിരിച്ചാൽ അതു ഗവമ്മെണ്ടിനു കൊടുക്കണം. ആരെങ്കിലും റൂളിനു വിപരീതമായി പ്രവർത്തിക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ആർക്കെങ്കിലും അറിവുകിട്ടിയാൽ വിവരം ഗവമ്മെണ്ടിനെ അറിയിച്ചാൽ അതേ സംബന്ധിച്ച് ഉടനടി വേണ്ട നടപടി നടത്തുന്നതാണെന്നു ബഹുമാനപ്പെട്ട മെമ്പറന്മാക്ക് ഈ അവസരത്തിൽ ഞാൻ ഉറപ്പു നൽകുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സെയിൽസ് ടാക്സ് പിരിക്കാൻ നിവൃത്തിയില്ലാത്ത വ്യവസായങ്ങളിൽനിന്നും അതു പിരിക്കുന്നതു് എങ്ങിനെയാണ്?

ബഹു. ശ്രീ. എ. ജെ. ജോൺ: അങ്ങനെ പിരിക്കുകയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: തിരുവനന്തപുരം പട്ടണത്തിന്റെ പല ഭാഗങ്ങളിലു് ഉള്ള കച്ചവടക്കാരിൽ ൨൦൦൦ രൂപയിൽ കുറഞ്ഞ ടേൺ ഓവർ ഉള്ളവർ, സെയിൽസും ടാക്സ് കൊടുക്കുവാൻ നോട്ടീസ് കിട്ടിട്ടുണ്ടെന്നു ഗവമ്മെണ്ടു് അറിഞ്ഞിട്ടുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: അതിന്റെ കാരണം ആ ആക്ടിൽതന്നെ ഉണ്ടു്. കഴിഞ്ഞ ഇടവമാസം ൧൫-ാംതീയതി മുതലാണ് സെയിൽസ് ടാക്സ് നടപ്പിൽ വന്നതു്. അതുകൊണ്ടു് ൨ മാസത്തേക്ക് വീതപ്രകാരം ടേൺ ഓവർ ഉള്ളവരിൽനിന്നും സെയിൽസ് ടാക്സ് ഈടാക്കുന്നതാണ്. ഇതുകഴിഞ്ഞു് പിന്നീടു് ഒരു കൊല്ലത്തേക്കായിരിക്കും ടാക്സ് പിരിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ: നാളികേരം എന്നു പറഞ്ഞാൽ തൊണ്ടു്, ചിരട്ട, കാമ്പ് ഇതിനു ഒന്നിച്ചു നികുതി പിരിച്ചതിനു ശേഷം തൊണ്ടിനു പ്രത്യേകം പിരിക്കുന്നതു് ശരിയാണോ?..

ബഹു. ശ്രീ. എ. ജെ. ജോൺ: അതേ സംബന്ധിച്ചു ഞാൻ പറഞ്ഞു കഴിഞ്ഞു.

*Mr. K. P. Nilakanta Pillai's Cut Motion was put to vote and lost*

*The Demand No. III was put to vote and carried*

## Demand No. IV—Income Tax—Rs. 3,41,431

**The Hon'ble Sri. A. J. John:** I move for a grant of Rs. 3,41,431 under Demand IV—Income Tax.

**The Hon'ble Sri. E. Ikkanda Warrier:** I second it.

**Sri. A. Thanu Pillai:** I move that the allotment of Rs. 20,915 for Investigation Commission be reduced by Rs. 10. I wish to limit my observations specifically to that matter and my main purpose is to ascertain facts as to whether an Investigation Commission is now functioning, or is it going to be constituted in 1125, how that Commission has been functioning and what, if at all, they have turned out so far. So far as I know, I have got some hearsay information about the constitution of a Commission in 1124, but from the budget I find absolutely no provision. Even in the revised estimate, there is no provision for this Commission, and I am not sure whether a Commission is already functioning. What work they have done, there has been absolutely no information given. I wish to get information with regard to these facts. If a Commission is functioning now, why there is absolutely no provision even in the revised budget for 1124 under the head? I wish also to know the members of the Commission and their qualifications, the basis on which they have been directed to work and the extent of work they have done.

മി. സ്പീക്കർ: കട്ട്മോഷനെ സംബന്ധിച്ചു് അനുകൂലിച്ചും പ്രതികൂലിച്ചും നടക്കുന്ന പ്രസംഗങ്ങൾ സംബന്ധമായി കട്ടമോഷനിൽ പറയുന്ന സംഗതികളെക്കുറിച്ചു് ആ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജു വഹിക്കുന്ന ഗവമ്മെൻറ് മെമ്പറന്മാരിൽനിന്നും ഏതെങ്കിലും വിവരങ്ങൾ അറിയുവാനുണ്ടെങ്കിൽ ആ വിവരങ്ങൾ കൊടുക്കുവാൻ ഗവമ്മെൻറ് മെമ്പർമാരെ അനുവദിക്കുന്നതാണ്. ഗവമ്മെൻറ് മെമ്പറന്മാക്ക് അവസാനത്തിൽ മറുപടി പറയുവാനുള്ള അവകാശത്തിന് ഇതു ബാധകമാകുന്നതുമല്ല.

ശ്രീ. വി. ഒ. മാർക്കോസ്: ഇപ്പോൾ പറഞ്ഞതു മനസ്സിലായില്ല.

മി. സ്പീക്കർ: കട്ട്മോഷനെ സംബന്ധിച്ചുള്ള ചർച്ചകൾക്ക സഹായകമായി കട്ട്മോഷനിൽ പറയുന്ന സംഗതികളെക്കുറിച്ചു്, ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് വഹിക്കുന്ന ഗവമ്മെൻറ് മെമ്പറന്മാരിൽനിന്നും ഏതെങ്കിലും വിവരങ്ങൾ അറിയുവാനുണ്ടെ

കിൽ അതിനെക്കുറിച്ചുള്ള വിവരങ്ങൾ കൊടുക്കുവാൻ ഗവൺമെൻറു മെമ്പർമാരെ അനുവദിക്കുന്നതാണ്.

**Sri. A. Thanu Pillai:** That is what I was going to suggest. In a matter of this kind, it is only fair that the mover is allowed some time to say what he has to say.

**Mr. Speaker:** Mr. Thanu Pillai is allowed some time more to speak.

ശ്രീ. വി. ഒ. മാർക്കോസ്: സർ, സഭയിൽ ഒരു കാര്യം പറയുമ്പോൾ, അതായതു് ഒരു മോഷൻ മൂവ് ചെയ്യുമ്പോൾ, വിശദവിവരങ്ങൾ അറിഞ്ഞുകൊണ്ടുവേണം അതു മൂവ് ചെയ്യുവാൻ എന്നാണ് റൂൾ. എന്നാൽ ഇപ്പോൾ അങ്ങനെ മൂവ് ചെയ്തതിനുശേഷം വിവരങ്ങൾ അറിയണമെങ്കിൽ അറിഞ്ഞുകൊള്ളാനും അനുവദിച്ചിരിക്കുന്നു. ഇതു ലജിസ്ലേറ്റീവ് അസംബ്ലിയിൽ നടപ്പില്ലാത്തതാണ്.

മി. സ്പീക്കർ: ഇതു് അനുവദിക്കുന്നതിൽ തെറ്റൊന്നുമില്ല.

ശ്രീ. വി. ഒ. മാർക്കോസ്: ഇതു സാധാരണ അനുവദിക്കാറുണ്ടോ?

**Mr. Speaker:** These questions to the Speaker are not in order and he is not bound to answer them. I have already said that the information required by the member can be supplied.

ശ്രീ. കെ. എ. മാത്യു: സർ, സാധാരണ, ലെജിസ്ലേറ്റീവ് അസംബ്ളിയിൽ പതിവ് ഇങ്ങനെയാണോ?

**Mr. Speaker:** I have already said there is nothing wrong or irregular in asking for the information or in supplying it. I have also said that because a question was put by the mover for some information, he need not be denied his right to continue his speech after that information was obtained. There is neither rule nor practice violated in doing so.

ശ്രീ. കെ. ആർ. ഇലങ്കത്തു്: സർ, ഒരു പായിൻറ് ആഫ് ഓർഡർ. ഒരു മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴല്ലാതെ ചോദ്യങ്ങൾ ചോദിക്കുവാൻ അവകാശമുണ്ടോ?

മി. സ്പീക്കർ: സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ചോദ്യങ്ങൾ ചോദിക്കുന്നതു്. എന്നാൽ ചോദ്യം ചോദിക്കാൻ ഒരാൾ എഴുന്നേൽക്കുമ്പോൾ മറ്റെ മെമ്പർ ഇരിക്കണമെന്നുള്ള റൂൾ അനുസരിച്ചു് ഇരിക്കുന്നു. അപ്പോഴാണല്ലോ ചോദ്യം ചോദിക്കുന്നതു്. അതു റൂളനുസരിച്ചാണ്.

ശ്രീ. വി. ഒ. മാർക്കോസ്: ഈ സൌജന്യം ഞങ്ങൾക്കും അനുവദിക്കുമോ? അതായതു്, ഈ വിവരങ്ങൾ അറിയാനുള്ള സൌജന്യം.

മി. സ്പീക്കർ: അതു് അനുവദിക്കുന്നതും അനുവദിക്കത്തക്കതുമാണ്. സൌജന്യമൊന്നുമല്ല.

ശ്രീ. വി. ഒ. മാർക്കോസ്: സർ, ഇതു റൂളിന് വിപരീതമല്ലേ?

ബഹു. ശ്രീ. എ. ജെ. ജോൺ: ശ്രീ. കെ. ഐ. വേലായുധന്റെ കട്ട്മോഷനെ സംബന്ധിച്ച് മുഖ്യമായി സംസാരിക്കാമെന്നു വിചാരിക്കുന്നു. അഴകപ്പാ ചെട്ടിയാരുടെ ഇൻകംടാക്സ് ഈടാക്കുന്നതിനെ സംബന്ധിച്ചാണ് അദ്ദേഹം പ്രസ്താവിച്ചതു്. കഴിഞ്ഞ കൊല്ലത്തിൽ അദ്ദേഹത്തിന്റെ പക്കൽനിന്നും ഇൻകംടാക്സ് ഈടാക്കിയിട്ടുണ്ട്; അതിനുമുമ്പിലത്തെ കൊല്ലങ്ങളിലെ ടാക്സ് ഏതുനിലയിൽ ഇരിക്കുന്നു എന്നുള്ളതിനെപ്പററി അന്വേഷിക്കാം; എന്നു പറയുകയല്ലാതെ മറെറാന്നും പറയുവാൻ തല്ക്കാലം സാദ്ധ്യമല്ല.

ശ്രീ. കെ. ഐ. വേലായുധൻ: കഴിഞ്ഞകൊല്ലം എന്തു തുകയാണ് ഈടാക്കിയതു് എന്നു പറയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഇതു സാധാരണ പറയാൻ പാടില്ല. ഇൻകംടാക്സ് ആക്ട് തിരുവിതാംകൂർ ൧൯-ം, കൊച്ചി ൧൨-ം വകുപ്പുകൾപ്രകാരം ഇതു പ്രസ്താവിക്കുവാൻ പാടില്ല. ഈടാക്കുവാനുള്ള ഇൻകംടാക്സ് ഈടാക്കിയിട്ടുണ്ട്; രണ്ടാമതു മി. ചിദംബരനാഥനാടാർ പറഞ്ഞതാണ്. അദ്ദേഹം ഇൻകംടാക്സ് ഡിപ്പാർട്ടുമെണ്ടിലെ കൺഫർമേഷനേയും പ്രൊമോഷനേയും സംബന്ധിച്ചു പറഞ്ഞു. ഇതിനെ സംബന്ധിച്ചു ഗവമ്മെണ്ടിലെ ജി. ഒ. അതായതു്, ൧൧൨൪-ലെ ഗവമ്മെണ്ട് ആർഡർ ഇതാണ്.

"In this connection, in the interess of the Income-tax Depart ment, Government also direct that in future, all appointments and promotions to the scale of Rs. 45—75 should be made only from Graduates with technical qualifications, if available, and that in case technically qualified persons are not available, Graduates may be appointed to act in such vacancies on condition that their confirmations and promotions will depend upon their passing the above examinations within a period of one year."

ഇങ്ങനെയുള്ള ഒരു ആർഡർ ഉണ്ടായി നാലുകൊല്ലം കഴിഞ്ഞതിനുശേഷവും, വളരെ കുറച്ചുപേർ മാത്രമേ പരീക്ഷകൾ പാസ്സായിട്ടുള്ളു. എന്നാൽ, ഇൻകംടാക്സ് സെൻട്രൽ ബഡ്ജററു് ആയതുകൊണ്ടു് അതു് സെൻട്രലിലേക്കു് പോകുന്നതാണ്; അതിനാൽ

ആവകുപ്പിലുള്ള വേക്കൻസികളിൽ പ്രമോഷൻ നടത്തണമെന്ന് ഡിപ്പാർട്ടുമെണ്ടിലെ എല്ലാ വിഭാഗങ്ങളിൽനിന്നും നിർബ്ബന്ധിച്ചതനുസരിച്ച് റൂളിൽ സ്വല്പം ഭേദഗതി ചെയ്യേണ്ടതായി വന്നിട്ടുണ്ട്. അതായത്, അൻപതു ശതമാനം, പരീക്ഷ പാസായവരെ പ്രമോട്ട് ചെയ്യുകയും ബാക്കിയുള്ള വേക്കൻസികളിൽ, പരീക്ഷ പാസായിട്ടില്ലാത്തവരിൽ സീനിയോറിട്ടി അനുസരിച്ച് പ്രമോഷൻ നടത്തുകയും ആണ് ചെയ്തിട്ടുള്ളത്. അതായത്, പരീക്ഷ പാസായവരിൽ പത്തുപേർ ഉണ്ടെങ്കിൽ അഞ്ചുപേരെ പ്രമോട്ട് ചെയ്യുകയും അ[illegible] ഗ്രേഡിലെ ആദ്യത്തെ റാങ്കുകൾ നൽകുകയും ചെയ്യുന്നതാണ്. ബാക്കിയുള്ള വേക്കൻസിയിൽ സീനിയോറിട്ടി അനുസരിച്ചു പ്രമോട്ട് ചെയ്യുകയും ചെയ്യും. അങ്ങനെ ഉ[illegible]ളകൾ അനുസരിച്ച് ചെയ്യുമ്പോൾ ഒന്നോ, രണ്ടോ ചെല്ലുമ്പോൾ ഒരോ മറേറാ പ്രമോഷൻ കിട്ടാതെ ഇരിക്കുകയാണെങ്കിൽ അതിനു പ്രത്യേകമായി സമാധാനം ഒന്നും പറയാനില്ല. ഒരു പൊതുതത്വം അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. അങ്ങനെ വരുമ്പോൾ ആർക്കെങ്കിലും പ്രമോഷൻ കിട്ടാതെയോ മറേറാ വരികയാണെങ്കിൽ അവർ ഗവൺമെണ്ടിൽതന്നെയാണ് ആവലാതി പറയേണ്ടത്. അല്ലാതെ അവർക്കു കിട്ടുന്ന ജി. ഒ. യും മററും നിയമസഭാമെമ്പർമാരുടെ കൈയ്യിൽ കൊടുത്തു ശുപാർശയ്ക്കു പോകുന്നതു ചട്ടത്തിനു വിപരീതമാണ്. ഗവൺമെണ്ടിലെ ഉദ്യോഗസ്ഥന്മാർ ഗവൺമെണ്ട് ഓർഡറും മററും മററുള്ളവരെ കാണിക്കരുതെന്നു ചട്ടമുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ ഉദ്യോഗസ്ഥന്മാരിൽനിന്നു അല്ലാതെയും മററു പല വിധത്തിലും ഈ കാര്യങ്ങൾ അറിയാൻ സാധിക്കുനാതാണ് എന്നുള്ള വിവരം അറിയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഈ ഉദ്യോഗസ്ഥന്മാർ പറയാതെ മററുള്ളവർക്ക് ഇതു അറിയാൻ സാധിക്കുമെന്ന് തോന്നുന്നില്ല. അതു ശരിയല്ലെന്നാണ് എനിക്കു പറയുവാനുള്ളത്.

പിന്നീട് മിസ്റ്റർ ചിതംബരനാഥനാടാർ ഒന്നു രണ്ടുപേരുടെ പ്രത്യേകകാര്യങ്ങൾ പറഞ്ഞു.

ഉദ്യോഗസ്ഥന്മാർ അവരുടെ കൃത്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നില്ലെന്ന് പറഞ്ഞു; ഉദാഹരണമായി മിസ്റ്റർ ചെട്ടിയാരുടെ കാര്യംതന്നെ പറഞ്ഞു. ഇതിനെപ്പററി ഞാൻ മുമ്പുതന്നെ പറയുകയുണ്ടായി, ഗവൺമെണ്ട് ഇതിനെപ്പററി അന്വേഷിക്കുന്നതാണെന്ന്. ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ കെ. എസ്സ്. ജോസഫ് പ്രസ്താവിച്ചതു് കാർഷികാദായനികുതിയെക്കുറിച്ചാണ്. അതു അസ്സസ് ചെയ്യുന്നതുതന്നെ ഉദ്യോഗസ്ഥന്മാർ ആപ്പീസ്സിൽ ഇരുന്നുകൊണ്ടാണെന്നാണ്. അതിൽ കുറെയെല്ലാം വാസ്തവം ഉണ്ടെന്ന് ഞാനും സമ്മതിക്കുന്നു. സ്ഥലത്തുചെന്ന് ഉദ്യോഗസ്ഥന്മാർ അന്വേഷിക്കണമെന്ന് ഇപ്പോഴത്തെ നിയമത്തിൽ വ്യവസ്ഥയുമില്ല. അതിനുംപുറമേ ഇൻകംടാക്സ് ഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗസ്ഥന്മാർ വളരെ കുറവാണെന്നും ബഹുമാനപ്പെട്ട മെമ്പർമാർ മനസ്സിലാക്കേണ്ടതാണ്. ഏകദേശം രണ്ടുകോടി രൂപായോളം പിരിക്കുന്ന ഈ ഡിപ്പാർട്ടുമെണ്ടിന്റെ ചെലവ് മൂലക്ഷത്തിൽ ചില്വാനം രൂപയാണ്. അതായതു് ഡിപ്പാർട്ടുമെണ്ട് വരവിന്റെ രണ്ടു ശതമാനമാണ്. ഈ ഇൻകംടാക്സ് ഡിപ്പാർട്ടുമെണ്ട് സെൻട്രൽ ബഡ്ജററായിപ്പോകുമ്പോഴും കാർഷികാദായനികുതി പ്രത്യേകമായിത്തന്നെ ഇരിക്കണം. ഇപ്പോൾതന്നെ ഈ ഇൻകംടാക്സ് ആപ്പീസ്സർമാർക്ക് ആറും ഏഴും താലൂക്കുകളിലെ ചാർജ്ജ് ഉണ്ട്. അതിനാൽ അവരുടെ ജോലിക്ക് over lapping ഉണ്ട് എന്ന് വന്നേക്കാവുന്നതാണ്. കാര്യക്ഷമതയോടെ കാര്യത്തിൽ ഗവൺമെണ്ട് വളരെ ശ്രദ്ധിക്കുന്നതാണ്.

പിന്നീട് മിസ്റ്റർ കെ. എസ്സ്. ജോസഫ് പറഞ്ഞു, ഇൻകംടാക്സ് അസ്സസ്മെൻറ് കഴിഞ്ഞാൽ പണം കെട്ടിവെയ്ക്കാതെ യാതൊരു നിവൃത്തിയുമില്ലെന്നും അപ്പീലിന്നും മററും സ്റ്റേ കൊടുക്കുന്നതിനു അധികാരമില്ലെന്നും മററും. ഇപ്പോഴത്തെ നിയമം അനുസരിച്ച് അങ്ങനെ സ്റ്റേ കൊടുക്കുന്നതിന് അപ്പലേററ് അധികാരിക്ക് അവകാശമില്ല. എന്നാൽ അപ്പീൽ കൊടുത്തു കഴിഞ്ഞാൽ അസസ് ചെയ്ത ഉദ്യോഗസ്ഥനു വേണമെങ്കിൽ ആ തുക കുടിശ്ശിക വന്നുയെന്നു പ്രസ്താവിക്കാവുന്നതാണ്. ഇത്രയും മാത്രമേ ഇപ്പോഴത്തെ നിയമത്തിൽ വ്യവസ്ഥയുള്ളൂ. അപ്പീൽ അതോറിററിസിന് സ്റ്റേ കൊടുക്കാൻ അധികാരമില്ല. അതാണ് ഇപ്പോഴത്തെ ആക്ട്. അതു ഭേദഗതി ചെയ്യണമെങ്കിൽ പ്രത്യേകം ഒരു ബിൽ സഭയിൽ ഹാജരാക്കുമ്പോൾ ആലോചിക്കാവുന്നതാണ്. പിന്നീട് മിസ്റ്റർ വാസുക്കുട്ടിപ്പണിക്കർ ഇവിടെ പറയുകയുണ്ടായി നികുതിദായകന്മാർ രണ്ടുതരത്തിൽ ഉള്ള കണക്കുകൾ സൂക്ഷിക്കുന്നുണ്ടെന്നും മററും. അങ്ങനെ കുഴപ്പങ്ങൾ ചില സ്ഥല

[Sri. A. J. John]
ങ്ങളിൽ കണ്ടേക്കാം. ആ കാര്യത്തിനും ഗവമ്മെണ്ട് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. മിസ്റ്റർ കെ. പി. നീലകണ്ഠപിള്ള ബഡ്ജററിനെപ്പററിയുള്ള ഒരു പൊതുവിമർശനം ഇവിടെ നടത്തുകയുണ്ടായി.

**Sri. K. P. Nilakanta Pillai:** I protest.

ബഹു ശ്രീ. എ. ജെ. ജോൺ: ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ബഡ്ജററിന്റെ ഒരു പൊതു വിമർശനം ഇവിടെ നടത്തുകയുണ്ടായി. അതു് ഇപ്പോഴത്തെ ഇൻകംടാക്സ് ഡിമാൻറിനു് ഒരു വിധത്തിലും ആവശ്യമില്ലാത്ത ഒരു വിഷയമായതുകൊണ്ടു് അതേപ്പററി ഒന്നുംതന്നെ പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ബഡ്ജററിനെ സംബന്ധിച്ചു് എനിക്കു പറയാനുള്ളതു്, ഓർഡിനൻസിലും ലജിസ്ലേററീവ് അസംബ്ലി റൂൾസിലും ഉള്ള വ്യവസ്ഥകൾ അനുസരിച്ചു് ഈ മാതിരി ബഡ്ജററുകളെ ഇനിയും അവതരിപ്പിക്കുകയുള്ളു എന്നാണു്. ഓർഡിനൻസ് സെക്ഷൻ ൧൩-ൽ പറഞ്ഞിരിക്കുന്നതു്

"The estimated annual expenditure and revenues of the United State shall be laid in the form of a statement, in this Ordinance referred to as the annual financial statement before the Assembly in each year and the proposals of the Government for the appropriation of the revenues and other moneys in any year shall be submitted to the vote of the Assembly in the form of demands for grants." എന്നാണു്. അതനുസരിച്ചു് രാജ്യത്തിന്റെ റവന്യൂവും എക്സ്പെൻഡിച്ചറും കാണിക്കുന്നതായ ഒരു സ്റ്റേററമെൻറതന്നെ ഈ നിയമം ഇതുപോലെ ഇരിക്കുന്നിടത്തോളം കാലം ഇവിടെ കൊണ്ടുവരുന്നതാണു്.

**Sri. K. P. Nilakanta Pillai:** If you have nothing to say, you please accept the policies others say.

ബഹു: ശ്രീ. എ. ജെ. ജോൺ: ഇൻകംടാക്സിലെ വരവിനത്തിൽ ൧൧൨൪-ലേക്കു് ഒരു കോടി ൧൩ ലക്ഷം രൂപയാണു് എസ്റ്റിമേററു് ചെയ്തിരുന്നതു്, എന്നാൽ റിവൈസ് എസ്റ്റിമേററനുസരിച്ചു് ഒരു കോടി അമ്പത്തിഅഞ്ചു ലക്ഷത്തിൽ ശിഷ്ടം രൂപാ വരുന്നതു് എങ്ങിനെയെന്നാണു അദ്ദേഹത്തിന്റെ മറെറാരുവാദം. അതിന്റെ കാരണം മൂന്നുനാലു കൊല്ലങ്ങളിലെ കുടിശികകൾ പിരിക്കുന്നതിനു ഗവമ്മെണ്ടു കർശനമായ നടപടികൾ നടത്തിയതുകൊണ്ടു് ഏകദേശം ൫൦—൬൦ ലക്ഷം രൂപ എസ്റ്റിമേററു ചെയ്തിരുന്നതിൽ കൂടുതലായി ഗവമ്മെണ്ടിനു് പിരിക്കാൻ കഴിഞ്ഞിട്ടുണ്ടു് എന്നുള്ളതാണു്.

ശ്രീ. എ. താണുപിള്ള: ൧൧൨൫-ലെ വരവും ഒരുകോടി എഴുപതുലക്ഷമാണു്.

ബഹു: ശ്രീ. എ. ജെ. ജോൺ: അതു് ഗവമ്മെണ്ടു് കുറെ അഡ്വാൻസായി പിരിച്ചതുകൊണ്ടു് വന്നിട്ടുള്ളതാണു്. ൧൧൨൫-ലേക്കുള്ള കുറെ തുകകൾ ൧൧൨൪-ൽതന്നെ ഗവമ്മെണ്ടു് അഡ്വാൻസായി പിരിക്കുകയും കണക്കു് അഡ്ജസ്റ്റു് ചെയ്യുന്നതിനു് അതു ൧൧൨൪-ലെ അക്കൌണ്ട്സിൽ ചേർക്കുകയുമാണു് ചെയ്തിട്ടുള്ളതു്.

ഇൻകംടാക്സ് വ്യവസ്ഥകൾ ഭേദഗതി ചെയ്തതിനെപ്പററി അദ്ദേഹം വിമർശിക്കുകയുണ്ടായി. ഇൻകംടാക്സ് വ്യവസ്ഥകൾ ഭേദഗതി ചെയ്തതുകൊണ്ടു് ഇപ്പോഴത്തെ ഇൻകംടാക്സിൽ വലിയ വ്യത്യാസം വരികയില്ലെന്നു് ഞാൻ പറഞ്ഞതു വലിയ അബദ്ധമായിപ്പോയി എന്നു് അദ്ദേഹം പറയുകയുണ്ടായി.

**Sri. K. P. Neelakanta Pillai:** It was with reference to these figures.

ബഹു: ശ്രീ. എ. ജെ. ജോൺ: അല്പം ക്ഷമയോടെയിരുന്നാൽ അദ്ദേഹം പറഞ്ഞതു് സർവ്വാബദ്ധമാണെന്നു് ഞാൻ കാണിക്കാം. അതിനു് ബഡ്ജററിൽ പേജ് ൨൧ അവസാനത്തെ കോളത്തിൽ നോക്കിയാൽ മതിയാകും. ഇൻകംടാക്സിൽനിന്നുള്ള വരവു് ൪൨,൫൦,൦൦൦ രൂപയും അഗ്രിക്കൾച്ചറൽ ഇൻകംടാക്സിൽ നിന്നുള്ള വരവു് ൩൩,൦൦,൦൦൦ രൂപയും അവിടെ പ്രത്യേകം പ്രത്യേകം ചേർത്തിരിക്കുകയാണു്. എന്റെ പ്രസംഗത്തിലും അതുതന്നെയാണു് വളരെ വ്യക്തമായി ഞാൻ പ്രസ്താവിച്ചിരുന്നതു്. അതു നോക്കുമ്പോൾ ൨൫,൦൦,൦൦൦ രൂപയും ബഡ്ജററിൽ ചേർത്തിട്ടുണ്ടെന്നു കാണാൻ സാധിക്കും.

**Sri. K. P. Nilakanta Pillai:** Then what does this 46 lakhs mean ?

ബഹു: ശ്രീ. എ. ജെ. ജോൺ: ബഡ്ജററുപേജ് ൨൧-ൽ വിവരിച്ചിട്ടുണ്ടു്. ഇൻകംടാക്സ് (എ.) എന്നു വിവരിക്കുന്നതിന്റെ ഡീടെയിൽസ് ആണു് ൨൨൦-ം പേജിൽ കാണുന്നതു്. ഇൻകംടാക്സിന്റെ മിനിമം റെയിസ് ചെയ്തതിനെപ്പററിയും ഇവി

ടെ അദ്ദേഹം പറയുകയുണ്ടായി. ഇൻകംടാക്സ് ഒരു സെൻട്രൽ സബ്ജക്ട് ആണെന്ന് എൻെറ മാന്യസ്നേഹിതനും സമ്മതിക്കുമായിരിക്കും. അങ്ങിനെവരുമ്പോൾ ഇൻഡ്യയിൽ ഏതു റേററ സ്വീകരിക്കുന്നുവോ അതിനു അനുരൂപമായ ഒരു റേറേറ ഇവിടേയും സ്വീകരിക്കുവാൻ നിവൃത്തിയുള്ളു. അതിനു വേണ്ടിയാണ് ആ ഭേദഗതി ചെയ്തിട്ടുള്ളതു്. ഇൻഡ്യയിൽ ഇൻകംടാക്സിൻെറ മിനിമം റേററ് ൩,൦൦൦ രൂപയാണെന്നും, അതുതന്നെയാണ് ഇവിടേയും സ്വീകരിക്കാൻ പോകുന്നതെന്നും ഞാൻ എൻെറ ബഡ്ജററ് പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നതു്, അദ്ദേഹം മറന്നുപോയതിൽ വ്യസനിക്കുന്നു. ഇൻഡ്യയിൽ ഒരു റേററും ഇവിടെ മറെറാരു റേററും സ്വീകരിക്കുകയാണെങ്കിൽ അതു പലതരത്തിൽ കുഴപ്പങ്ങൾക്ക് ഇടയാക്കുമെന്നുള്ളതുകൊണ്ടാണ് മിനിമം രണ്ടും ഒരുപോലെ ആയിരിക്കണമെന്നു ഗവമെൻ്റ് തീരുമാനിച്ചതു്. അതുകൊണ്ട് ഗവമെൻ്റിനു നഷ്ടം ഉണ്ടെന്നു പറയുന്നതു ശരിയല്ല. നഷ്ടം ഇല്ലാത്തവിധത്തിൽ കൂടുതൽ ആദായമുള്ളവരുടെ റേററ കൂട്ടിയിട്ടുണ്ട്. അതുകൊണ്ട് എൻെറ മാന്യസ്നേഹിതൻ അതേപ്പററി പറഞ്ഞതു അടിസ്ഥാനരഹിതമാണെന്നും സംഗതികൾ ശരിയായി ഗ്രഹിക്കാതെ പറഞ്ഞതാണെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

**Sri. K. P. Nilakanta Pillai :** I am referring to page 22.

ശ്രീ. പോൾ തളിയത്ത് : ലാഭം എത്രതന്നെ ആയിരുന്നാലും കൊച്ചിയിൽ ൧ അണയും തിരുവിതാംകൂറിൽ ആറര അണയും കൊടുത്തുതന്നെ തീരണം എന്നാണ് വ്യവസ്ഥ എന്നറിയാമോ ?

ബഹു: ശ്രീ. എ. ജെ. ജോൺ : ഇൻകംടാക്സിനെസംബന്ധിടത്തോളം ഇൻഡ്യയിൽ നിലവിലുള്ള വ്യവസ്ഥകൾ എല്ലാം ഇവിടേയും നടപ്പിൽ വരുത്തണമെന്നാണ് ഗവമെൻ്റ തീരുമാനിച്ചിരിക്കുന്നതു്. ഇൻകംടാക്സിൽ വ്യത്യാസം ഉണ്ടെങ്കിലും അഗ്രികൾച്ചറൽ ടാക്സിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. ഇപ്പോഴുള്ള മിനിമംതന്നെയാണ് ൩൬ ൫–ലക്കം നിശ്ചയിച്ചിരിക്കുന്നതു്. ഇപ്പോൾ അഗ്രികൾച്ചറൽ ടാക്സിൻെറ വ്യവസ്ഥകളിൽ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ല. അതിലും എന്തെങ്കിലും ഭേദഗതികൾ വരുത്തണമെന്നുണ്ടെങ്കിൽ പുതിയ ബിൽ ഹാജരാക്കുമ്പോൾ ഭേദഗതികൾ വരുത്താവുന്നതാണ്.

മി: സ്പീക്കർ : ഇപ്പോൾ രണ്ടു ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ മുമ്പിൽ ഉണ്ട്: ഒന്നു് ശ്രീ കെ. ഐ. വേലായുധൻേറയും, പിന്നൊന്നു് ശ്രീ. കെ. എസ്സ്. ജോസഫിൻേറയുമാണ്. അതുരണ്ടും ഒന്നൊന്നായി സഭയുടെ വോട്ടിനിടാമെന്നു വിചാരിക്കുന്നു.

ശ്രീ. കെ. ഐ. വേലായുധൻ : സർ, എൻെറ ഉപക്ഷേപം ഞാൻ പിൻവലിക്കുന്നു.

ശ്രീ. കെ. എസ്സ് ജോസഫ്: സർ, എൻെറ ഉപക്ഷേപവും ഞാൻ പിൻവലിക്കുന്നു.

(സഭയുടെ അനുവാദത്തോടുകൂടി രണ്ടു ഉപക്ഷേപങ്ങളും പിൻവലിക്കപ്പെട്ടു. അനന്തരം ധനാഭ്യർത്ഥന വോട്ടിനിട്ടു പാസ്സാക്കി).

### DEMAND V—FOREST AND TRAMWAY Rs. 40,93,537

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള. ഫാറസ്റ്റ് ആൻഡ് ട്രാംവേസ് എന്ന ഇനത്തിൽ ൪൦,൯൩,൫൩൭ രൂപയുടെ ഒരു ഗ്രാൻറ് അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ സഭയിൽ അവതരിപ്പിച്ചുകൊള്ളുന്നു.

ബഹു. ശ്രീ. എ. ജെ. ജോൺ. ഞാൻ അതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ. ഇതുവരെ ഇവിടെ നടന്നുവന്നതുപോലെ ടോട്ടൽകട്ടിനുള്ള മോഷൻ ആദ്യമായി എടുക്കാമെന്ന് വിചാരിക്കുന്നു.

**Sri. A. Thanu Pilli.** After passing over motions on the subject we will pass on to other heads.

**Mr. Speaker.** What we followed was either to follow the order in which they are printed or to take up the total grant first.

**Sri. A. Thanu Pillai:** The order in which it is printed should not be followed. Anyway it must be done under the order in which different heads are given in the budget. The rule also is this. Specific motions may be taken first.

**Mr. Speaker:** The order referred to by the Hon'ble member is also the order in which they are printed. Hon'ble members will be allowed to discuss about specific facts also.

ശ്രീ. തരിയതു കുഞ്ഞിത്തൊമ്മൻ. റൂളിങ്ങ് എന്താണെന്നു് മലയാളത്തിൽക്കൂടെ ഒന്നു പറഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ. സൌകര്യത്തെ ഉദ്ദേശിച്ചും മുമ്പു് ഇവിടെ നടന്നുവന്നതനുസരിച്ചും ടോട്ടൽകട്ടിനുള്ള ഉപക്ഷേപം ആദ്യം എടുക്കാമെന്നും എന്നാൽ അതേ സമയംതന്നെ പ്രത്യേക ഇനങ്ങളിൽ കട്ട്മോഷൻസ് അയച്ചിട്ടുള്ളവക്കും സംസാരിക്കാൻ അനുവാദം നല്കുന്നതുമാണെന്നാണു് റൂളിംഗ്.

**Sri. K. P. Nilakanta Pillai:** That motion has been rejected. Then how can a member move a motion on the sub-head. ടോട്ടൽ കട്ട്മോഷനെടുത്തു് ഡിസ്ക്കസ് ചെയ്തു് അതങ്ങ് പാസ്സായാൽപിന്നെ സബ്ബ്ഹെഡിൽ ഇരിക്കുന്ന ഇനങ്ങളെ എങ്ങിനെ കട്ട് ചെയ്യാമെന്നാണു് എനിക്കു് അറിയേണ്ടതു്.

മിസ്റ്റർ സ്പീക്കർ. ഇതിനെ സംബന്ധിച്ചു നേരത്തെതന്നെ ഞാൻ സഭയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടു്. ടോട്ടൽകട്ടിനുള്ള ഉപക്ഷേപം എടുക്കുന്നതായിരിക്കും സൌകര്യമെന്നുള്ള അഭിപ്രായം സഭയ്ക്കു പൊതുവെ സ്വീകാര്യമായിട്ടാണു് കണ്ടതു്. ടോട്ടൽ കട്ട് മോഷൻ വാദപ്രതിവാദത്തിനു എടുക്കുമ്പോഠംതന്നെ സ്പെഷ്യൽ കട്ട്സിനു് മോഷൻ അയച്ചിട്ടുള്ളവക്കും സംസാരിക്കുന്നതിനു് സൌകര്യം കൊടുക്കുന്നതാണു്. മോഷൻ ഒന്നും അയച്ചിട്ടില്ലാത്തവക്കും ചർച്ചയ്ക്കു വരുന്ന മോഷനു് അനുകൂലിച്ചോ പ്രതികൂലിച്ചോ സംസാരിക്കാം. സഭ സ്വീകരിച്ചു നടന്നുവന്ന ഈ രീതിയനുസരിച്ചു് ടോട്ടൽകട്ടിനുള്ള മോഷൻതന്നെ ആദ്യമായി എടുക്കുന്നതായിരിക്കും.

**Sri. K. P Nilakanta Pillai:** I may inform the Speaker that this is the procedure in the Legislative Assembly. All are allowed to move their motions and to speak. Ultimately every motion is put to vote. If that policy is followed all these difficulties will disappear.

**Sri. A. Thanu Pillai:** Even in that we may follow our rule, *i.e.*, in the order of the heads in which they appear in the budget.

**Mr. Speaker:** In conformity with the procedure we have agreed to follow and have been following I would ask Mr. Gnanasigamony to move his cut motion.

**Sri. D. Gnanassigamony:** Sir, by this cut motion I just wish to bring to the notice of Government certain facts. This Forest department has been for the last several years yielding the same revenue without any increase whatsoever. That is more or less made by cutting and selling forest timber and no attempt is made during these years worthy of mention to make use of the other produces of the forest We have been destroying forest wealth without doing anything to regenerate or preserve its wealth. This year's budget also is significant in respect of that matter. I would like to mention the fact that there are a large number of cases that have now arisen in breach of forest lands and that we see from the report for 1122. Last year's report is not yet in our hands and so it is not possible to say anything definitely as to what the actual state of affairs is just at present. This is a matter to be regretted.

Another matter I would like to say is about the granting of lands on lease for agricultural purposes. A Press Note was issued some months back saying that nearly 18,000 acres of forest lands have been granted for agricultural purposes in North Travancore and as a matter of fact most of the lands are left fallow. The Government must make an enquiry as to why theselands have been allowed to lie fallow and find out the reasons therefor. It is now known that the only purpose for which such lands were taken on lease was to cut and remove the trees standing thereon and remove other forest wealth. As a matter of fact lot of allegations have been made recently that the only purpose for which these leases have been taken was to cut and remove timber standing on the forest lands and these acts were allowed to be done without any reference to the purpose for which the lands were thus granted. No agricultural operations have been started and practically all the lands are lying fallow. So far as South Travancore is concerned no attempt has been made by this Government to lease any portion of such lands for agricultural purposes. In fact the attitude of the Government has been just the reverse. I know one instance, where a particular person near Pechipara entered a forest land and began cultivation of paddy. When cultivation was so raised and the paddy was about to be harvested the forest guards entered the property, harvested the field and took away the entire crop. A petition was moved before this Government when the question was considered in all its aspects and it was ordered that paddy should be surrendered to the man who raised the crop. I think that order was passed when Mr. C. Kesavan was the Minister in charge. What happened later was that the forest authorities in order to

take possession of the property leased the land to Kanikkaran. Under the forest rules, a Kanikkaran can cultivate forest land whenever he likes, wherever he likes, without payment of any tax. The whole procedure is illegal. I am referring this to show the policy of discrimination pur ued by this Government. This is a matter which this Government must seriously ook into and do the proper thing by the party concerned.

I must also urge on this Government to see that such lands are granted only to bonafide cultivators of land and to the landless. Otherwise the very purpose for which these lands are granted is defeated and the opportunity is made use of for illegal purposes resulting in the deplation of forest wealth.

ശ്രീ. അക്കാമ്മ ചെറിയാൻ: ഈ വിഷയത്തെപ്പററി രണ്ടു കാര്യമാണു് എനിക്കു് ഗവൺമെണ്ടിൻെറ ശ്രദ്ധയിൽ പെടുത്താനുള്ളതു്. ഒന്നാമതായി നമ്മുടെ വനവിഭവങ്ങൾ സംഭരിക്കുന്നതിനുള്ള അപര്യാപ്തതയെ കുറിച്ചാണു് പറയാനുള്ളതു്. അതായതു് ശരിയായിട്ടുള്ള ഗതാഗതമാർഗ്ഗങ്ങൾ വനത്തിലേക്കു് ഇല്ലാത്തതുമൂലം വനത്തിൽനിന്നും സംഭരിക്കേണ്ട സാമാനങ്ങൾ ശരിയായ വിധത്തിൽ സംഭരിക്കുന്നതിനു് കഴിയുന്നില്ല. അതിലേക്കു് കൊച്ചിയിൽ നടപ്പിലിരിക്കുന്ന രീതികളിൽ ഉള്ള tramways ഇവിടെയും നടപ്പിലാക്കിയാൽ വളരെ ഉപകാരപ്രദമായിരിക്കുമെന്നാണു് എനിക്കു് പറയാനുള്ളതു്. സാധാരണ തടി മുതലായ സാധനങ്ങൾ കൊണ്ടുപോകുന്നതിനു ലോറികൾ ഉപയോഗിക്കുന്ന റോഡുകൾ വളരെ മോശമായ നിലയിലാണു് കാണുന്നതെന്നു് മാത്രമല്ല അതു് എപ്പോഴും നന്നാക്കേണ്ടിവരികയും ചെയ്യുന്നുണ്ടു്. ഉദാഹരണമായി കോട്ടയം കുമിളി റോഡു് ഇതുപോലെയുള്ള തടി കൊണ്ടുപോകുന്നതുമൂലം വളരെ അനാശാസ്യമായ നിലയിലാണു് കിടക്കുന്നതു്. അതിനാൽ ടിമ്പർ ട്രാൻസ്പോർട്ടിനു് വേറെ ഏതെങ്കിലും മാർഗ്ഗം കണ്ടുപിടിക്കയും വനവിഭവങ്ങൾ സംഭരിക്കുന്നതിനുവേണ്ടി ഗതാഗതമാർഗ്ഗങ്ങൾ ഉണ്ടാക്കുകയും ചെയ്യേണ്ടതു വളരെ അത്യാവശ്യമായ കാര്യങ്ങളാണു്.

രണ്ടാമതായി കുട്ടിവനങ്ങൾ എന്നു പറയുന്ന വനങ്ങളെ സംരക്ഷിക്കുന്ന രീതിയെ കുറിച്ചാണു് രണ്ടുവാക്കു് പറയുവാനുള്ളതു്. ഈ കുട്ടിവനങ്ങൾ അതിനു അടുത്തു് താമസിക്കുന്ന ഗ്രാമീണർക്കു് വിറകു്, പച്ചിലവളം, കൃഷി ആയുധങ്ങൾക്കു് ഉപയോഗമുള്ള കമ്പു് മുതലായവ ശേഖരിക്കുന്നതിനുമായി മാററിവച്ചിരിക്കുന്നതായിട്ടാണു് വിശ്വസിക്കുന്നതു്. എന്നാൽ ആ വക ഉപയോഗങ്ങൾ ഗ്രാമീണർക്കു് യഥാർത്ഥമായി ഇപ്പോൾ അനുഭവപ്പെടുന്നില്ല. അതുകൊണ്ടു കുട്ടിവനങ്ങൾ ശരിയായ നിലയിൽ ഗ്രാമീണർക്കു ഉപയോഗപ്പെടത്തക്കനിലയിൽ സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. കുട്ടിവനങ്ങളുടെ അരികിൽ ഗവൺമെണ്ടു ഡയറി ഫാറമോ അല്ലെങ്കിൽ ഗവൺമെണ്ടു് ഗ്രാൻറു് കൊടുത്തു് ഡയറി ഫാറം സ്ഥാപിക്കുന്നതിനു ആളുകളെ പ്രോത്സാഹിപ്പിക്കുകയോ ചെയ്തു് നല്ല പാൽ വിതരണം ചെയ്യുന്നതിനും കമ്പോസ്റ്റു് വളം ഉണ്ടാക്കി കൊടുക്കുന്നതിനുമുള്ള ഏർപ്പാടുകൾ ചെയ്യേണ്ടിയിരിക്കുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

**Sri. K. S. Joseph**: I move that the total allotment of rupees 40,93,537 under Demand V may be reduced by Re. 1 (to discuss the working of general policy).

I wish to bring to the notice of the Government the suggestion that special efforts should be taken to augment the income of the Department. As it is, we are losing a good portion of the possible in·ome from the Department because there is not sufficient access to the interior of the forest areas. There is a method by which we can have access. Very often, when the contractors work out coups they make roads and construct even small bridges for their purpose. If the Department takes care to maintain these roads, it will certainly enable Government to get more facilities for going into the interior and working out the timber. I would go further and say that there must be a scheme by which the forests are opened up by laying out roads so that much of the timber that is now being lost by decay may be used with advantage. Another point that I would urge before the Government is that a portion of the forest area should be disafforested for providing living space to the people of this country. I may not be wrong if I assert that out of the 9,000 sq. miles which form this Union, living space is less than 5,000 sq. miles. Should we not consider at this stage whether we could not disafforest a portion of the present area under Forest for providng living space? I know that there is an arguement often paraded by the Department that if you decrease this area, you will not get sufficient rain. So far as I am aware, 25 per cent of the present total area under forest will suffice for this purpose. What is more important than keeping a larger area is to keep the area we have from denudation

[Sri. K. S. Joseph]

by surface erosion. Thirdly I must say that I was shocked by the amount of waste that has occurred during the last two years as a result of parcelling out lands from the various areas for hill paddy cultivation. If land has to be given for hill paddy cultivation, the tree growth in the area ought to be removed by the end of Vrishigom; and the land parcelled out to the cultivators. But what happened in the last two years, was that the land was parcelled out late in the year and the cultivators entered the forest and cut down the trees indiscriminately. Consequently lakhs and lakhs of rupees have been lost to this Government. I say with all the force at my command, that if you cannot give the land without removing valuable timber from it, we should not give one inch for cultivation. There is no meaning in wasting lakhs and lakhs of ruppees for getting paltry gains. Therefore if the Government have any intention of giving the forest lands for cultivation this year, let me suggest that during the next three or four months, arrangements should be made to cut and remove all the tree growth.

I want next to refer to the uses of green leaf for making compost manure. Every year large areas are being cleared for the purpose of extracting timber. But the green leaves are being lost. I suggest that the Agricultural Department should co-operate with the Forest Department and make use of the green leaves for production of compost manure.

The House adjourned at 5 p.m. to meet again at 11 a.m. the next day.

V. KRISHNA MOORTHI AIYAR

*Secretary to the Legislative Assembly*

# PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

FIRST SESSION—1949/1125

Friday, *the 19th August 1949.* / *3rd Chingam 1125.*

Vol. I] OFFICIAL REPORT [No. 9.

The Assembly met in the Legislative Chamber, Public Offices, at 11 o'clock on Friday the 19th August 1949 with Mr. Speaker (The Hon'ble Sri T. M. Varghese,) in the Chair.

## QUESTIONS AND ANSWERS

ശ്രീ. പാറ്റം തളിയത്ത്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ൧൧൨൫ ചിങ്ങം ൩-ാം൹ ഉത്തരം കിട്ടണമെന്നു കാണിച്ച് അയച്ചിട്ടുള്ള ക്വസ്റ്റ്യൻ ഇതുവരെ അഡ്മിററ ചെയ്തതായിപോലും കാണുന്നില്ല. ഇന്നു ൧൧൨൫ ചിങ്ങം ൩-ാം൹ ആണ്. ഇന്ന് ഉത്തരം പറയുന്നതിനു വച്ചിട്ടുള്ളതായ ചോദ്യങ്ങളുടെ കൂട്ടത്തിൽ അവ ഒന്നുപോലും കാണുന്നില്ല. അവക്കു വല്ല നിയമതടസ്സവുമുണ്ടോ ഉണ്ടെങ്കിൽ എന്താണ് എന്തുകൊണ്ടാണ് അഡ്മിററ ചെയ്യാതിരുന്നതു എന്നറിഞ്ഞാൽ കൊള്ളാം. ഇതിന്റെ പ്രൊസീഡിയർ എന്താണ് എന്നുംകൂടി അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ഏതെല്ലാം ക്വസ്റ്റ്യൻ അഡ്മിററ ചെയ്തു എന്നും ഏതെല്ലാം അവക്കു ഉത്തരം കൊടുക്കേണ്ടതാണ് എന്നും തീരുമാനിച്ചതിനുശേഷം ധാരാളം ചോദ്യങ്ങൾ വരികയും അവയിൽ അഡ്മിററ ചെയ്യാവുന്നവ അഡ്മിററ ചെയ്തു ഉത്തരങ്ങൾ ലഭിച്ചവയെല്ലാം അതാതു ദിവസങ്ങളിൽ ഉത്തരം പറയുന്നതിനായിവെക്കുകയും ചെയ്തിട്ടുണ്ട്. അവ ഏതെല്ലാമാണ് എന്ന് ഇപ്പോൾ പൊതുവെ ഒരു ഉത്തരം പറയാൻ സാദ്ധ്യമല്ല. നോക്കിയിട്ടു അതാതു മെമ്പർമാക്ക് അറിവുതരാൻ ഏർപ്പാടു ചെയ്യാം.

ശ്രീ. പാറ്റം തളിയത്ത്: അഡ്മിററ ചെയ്യാതെയുള്ള ക്വസ്റ്റ്യൻസ് ഏതെങ്കിലും ഉണ്ടെങ്കിൽ അവക്കു നിയമതടസ്സം വല്ലതും ഉള്ളതുകൊണ്ടാണൊ എന്നു അറിഞ്ഞാൽ കൊള്ളാം. ൧൧൨൫ ചിങ്ങം ൩-ാം൹ ഉത്തരം ആവശ്യപ്പെട്ടിരുന്നതായ ഒരു ചോദ്യംപോലും ഇതിൽ ചേർത്തിട്ടുള്ളതായി കാണുന്നില്ല. എട്ടോ പത്തോ ദിവസം മുമ്പ് അയച്ചിട്ടുള്ള ചോദ്യങ്ങൾ ആണ് അവയെല്ലാം. അതു് ഒന്നും തന്നെ കാണുന്നില്ല. അവ അഡ്മിററ ചെയ്തോ ഇല്ലയൊ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ക്വസ്റ്റ്യൻസ് വന്നതിൽ ഇവിടെ കിട്ടിയ തിയ്യതി അനുസരിച്ച് അഡ്മിററ ചെയ്യാവുന്നവ സ്വീകരിക്കയും അവ തിയ്യതി മുറക്ക് ഉത്തരം പറയുന്നതിനു ഏർപ്പാട് ചെയ്യുകയും ചെയ്തു എന്ന നടപടിയാണ് സ്വീകരിച്ചിരുന്നതു്. എന്നാൽ എന്താണ് ൧൧൨൫ ചിങ്ങം ൩-ാം൹ ഉത്തരം പറയേണ്ടതായ ചോദ്യങ്ങൾ സ്വീകാര്യങ്ങളല്ലെന്നുള്ളതുകൊണ്ടാണൊ ഇന്നു വരാത്തതു എന്ന് അന്വേഷിച്ചു വിവരം അറിയിക്കുന്നതിനുവേണ്ടതു ചെയ്യാം.

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ധാരാളം ക്വസ്റ്റ്യൻസ് ഇന്നയിന്ന ദിവസങ്ങളിൽ ഉത്തരം പറയണമെന്നു കാണിച്ചു അയക്കുകയും അതു് അതാതു ദിവസങ്ങളിൽതന്നെ ഉത്തരം പറയുന്നതിനു തക്കവണ്ണം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെങ്കിലും അവയുടെ ഉത്തരങ്ങൾ തയ്യാറാകുന്നതനുസരിച്ച് ഓരോ ദിവസത്തേക്കും ചോദ്യങ്ങൾ തയ്യാറാക്കുകയാണ് ചെയ്തിരിക്കുന്നതെന്നു തോന്നുന്നു. ഏകദേശം രണ്ടായിരത്തോളം ചോദ്യങ്ങൾ ഇതിനകം കിട്ടിയിട്ടുണ്ടെന്നാണ് തോന്നുന്നതു്.

മി. സ്പീക്കർ: അങ്ങിനെ ആയിരിക്കാം. എന്നാൽ അതു ഒരു കാരണമായി വിചാരിക്കണമെന്നില്ല. അതേപ്പററി നോക്കാതെ കൂടുതൽ വിവരങ്ങൾ ഇപ്പോൾ പറയാൻ സാധിക്കാത്ത സ്ഥിതിക്ക് അതിന്മേൽ കൂടുതൽ സമയം ചിലവാക്കണമെന്നില്ല.

ശ്രീ. കെ. എ. മാത്യു: സർ, ഈ ഷോർട്ടു നോട്ടീസ്സു ക്വസ്റ്റ്യൻസിന് എപ്പോഴും ഉത്തരം പറയുമെന്ന് അറിഞ്ഞാൽ കൊള്ളാം. അതു ക്വസ്റ്റ്യൻ ടൈം കഴിഞ്ഞിട്ട് ആൻസർ പറയുമൊ എന്നും അറിഞ്ഞാൽ കൊള്ളാം. ഷോർട്ടുനോട്ടീസ്സു ക്വസ്റ്റ്യൻ അടിയന്തിരമായിട്ടുള്ള സംഗതിയെ സംബന്ധിച്ചുള്ളവയാണ്.

മി. സ്പീക്കർ: ഷോർട്ടു നോട്ടീസ്സു ക്വസ്റ്റ്യൻ അടങ്ങിയ ലിസ്റ്റിന്റെ പ്രതി ഇന്ന് എല്ലാവർക്കും വിതരണം ചെയ്തിട്ടുണ്ട്. എന്നത്തേക്ക് ആൻസർ ചെയ്യണമെന്ന് അതിൽ വിവരിച്ചിട്ടില്ല. അവയുടെ ഉത്തരം കഴിയുന്നതും വേഗത്തിൽ പറയുന്നതാണ്.

## Oral Answers

### പേ കമ്മീഷൻ

*൩൱൬. ശ്രീ. കെ. രാമകൃഷ്ണപിള്ള: ബഹുമാനപ്പെട്ട പൊതുഭരണവകുപ്പു മന്ത്രി സദയം ഉത്തരം പറയുമോ.—

(എ) പേ കമ്മീഷനെ നിയമിച്ചതെന്നാണ്;

(ബി) പ്രസ്തുതകമ്മീഷൻ ഇതിനകം എന്തു ജോലി ചെയ്തു?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: (എ) ൧൧൨൪ ഒക്ടോബർ ൧൨-ാംനു.

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളം ക്രമപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുന്നതിനു കമ്മീഷൻ വിവരങ്ങൾ ശേഖരിക്കുകയായിരുന്നു.

ശ്രീ. കെ. രാമകൃഷ്ണപിള്ള: സംയോജനത്തോടുകൂടി ഈ പേ കമ്മീഷന്റെ പ്രവർത്തനം വിപുലപ്പെടുത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെ ഒരു പേക്കമ്മീഷൻ പ്രവർത്തനം നടത്തുന്നുണ്ടായിരുന്നു. ഒരാൾമാത്രമാണ് അവിടെ ജോലി ചെയ്തുവന്നിരുന്നതു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ പേക്കമ്മീഷൻ എത്രകാലത്തിനകം അവരുടെ നിർദ്ദേശം സമർപ്പിക്കും.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അധികം താമസിയാതെതന്നെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അവർ ഇപ്പോൾ തിരുവിതാംകൂറിൽ മാത്രമാണൊ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതു?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പ്രവർത്തനം നടത്തുന്നതു തിരുവിതാംകൂർ ഡിവിഷനിലേക്കുമാത്രമാണ്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അവരുടെ പ്രവർത്തനം വിപുലപ്പെടുത്താത്തതു സംയോജനത്തിനു വിരുദ്ധമല്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സംയോജനത്തിനു വിരുദ്ധമായിട്ടല്ല അവർ പ്രവർത്തനം നടത്തുന്നതു്. തൽക്കാലം അവർ തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമീകരണത്തെപ്പററി മാത്രം പ്രവർത്തനം നടത്തുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: പേക്കമ്മീഷൻ പ്രവർത്തനം നടത്തുന്നു എന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു വിശദമാക്കിയാൽ കൊള്ളാം. എന്തുദ്ദേശത്തോടുകൂടിയാണ് അവർ പ്രവർത്തനം നടത്തുന്നതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തിരുവിതാംകൂർ ഡിവിഷനിലും കൊച്ചീ ഡിവിഷനിലും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിലും മററും ഉള്ള മൗലികമായ വ്യത്യാസങ്ങളെ പരിഹരിക്കുവാനാണ് ഈ പേക്കമ്മീഷന്റെ പ്രവർത്തനംകൊണ്ടു ഗവമ്മെണ്ടുദ്ദേശിക്കുന്നതു്.

### വിമാനങ്ങൾ

*൩൱൭. ശ്രീ. ദേവകീഗോപീദാസ്: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) സർ. സി. പി. എത്ര വിമാനങ്ങൾ വാങ്ങി;

(ബി) അതിൽ എത്ര ഗവമ്മെണ്ടിന്റെ കൈവശം ഉണ്ട്;

(സി) എത്ര വിററു;

(ഡി) ലാഭമോ നഷ്ടമോ എത്ര?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) (൫) അഞ്ച്.

(ബി) (൪) നാല്.

(സി) (൧) ഒന്ന്.

(ഡി) ൧൧,൦൦൦ക. നഷ്ടം.

ശ്രീ. എം. ഭാസ്കരമേനോൻ: സർ സി. പി. വാങ്ങിച്ചിട്ടുണ്ടെങ്കിൽ അതു് ഈ സഭയുടെ ചർച്ചയ്ക്കു വിഷയമാകുമോ?

മി. സ്പീക്കർ: അതു് അഡ്മിററചെയ്ത ചോദ്യമാണ്.

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: സർ സി. പി. എത്ര വിമാനങ്ങൾ വാങ്ങിയെന്നു നിശ്ചയമില്ല. എന്നാൽ അദ്ദേഹത്തിന്റെ ഭരണകാലത്തു് ൫ വിമാനങ്ങൾ വാങ്ങിയിട്ടുണ്ട്. അവയിൽനിന്നു് ഉള്ള നഷ്ടം പതിനോരായിരം രൂപായാണ്.

ശ്രീ. ദേവകീഗോപിദാസ്: രണ്ടെണ്ണം ബാക്കിയുള്ളതു് ഇപ്പോൾ എവിടെയാണ്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: രണ്ടെണ്ണം കറാച്ചിയിൽ വില്പനക്കിട്ടിരിക്കുകയാണ്.

ശ്രീ. കെ. രാമചന്ദ്രൻ: അതു് ഉപയോഗയോഗ്യമാണോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു് ഉപയോഗ്യയോഗമാണെന്നു തോന്നുന്നില്ല. എങ്കിലും വിററാൽ വല്ലതും വില കിട്ടും.

ശ്രീ. കെ. എ. മാത്യു: കറാച്ചിയിലുള്ള വിമാനങ്ങൾ തിരികെ കിട്ടാൻ വിഷമമാണെന്നു പറയുന്നതു വാസ്തവമാണോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പററി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

**Sahib Bahadur A. Abdul Razaak:** Who is negotiating for the sale of the plane now?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പററി തിരുവിതാംകൂർ ഗവമ്മെണ്ടും ഇൻഡ്യാ ഗവമ്മെണ്ടും ചേർന്നു് നെഗോസ്യേഷൻ നടത്തുകയാണ്.

ശ്രീ. കെ. ഡബ്ലിയു. മുരളീധരമാരാർ: സർ, സി. പി. യുടെ പണാപഹരണത്തെപ്പററി ഗവമ്മെണ്ട് വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

**Mr.Speaker:** The question does not arise.

MR. M. C. THOMAS, SECRETARY TO GOVERNMENT

*318. **Sri. D. Gnanasigamony:** Will the Hon'ble Minister for Services and Appointments be pleased to state.—

(*a*) the date of appointment of Mr. M. C. Thomas as Secretary to Government;

(*b*) the date of his confirmation as such Secretary;

(*c*) the two posts held by him immediately prior to his appointment as such Secretary;

(*d*) the respective duration of the posts held by him referred to in (*e*); and

(*e*) whether the claims of his seniors in service are effected thereby?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) 23-11-1124.

(*b*) He has not been confirmed.

(c) Private Secretary to the Hon'ble Minister Sri. A. J. John and Secretary to the Legislature.

(*d*) Private Secretary from 11-3-1124 to 28- 9-1124.

Secretary to the Legis'ature from 29-9-1124 to 23-11-1124.

(*e*) No, as this is an appointment by selection.

**Sri. D. Gnanasigamony:** If the answer to (*e*) is that the claims of his seniors are not affected, then why was the direct claimant to the post, Mr. John Samuel, not appointed?

**The Hon. Sri. T. K. Narayana Pillai:** Because Mr. Thomas was considered to be more appropriate for that place.

*ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸ்ரீ. எம். ஸி. தாமஸ் திடீரென்று இந்த உத்தியோகத்தில் வரகாரண மென்ன?*

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഒി ഡീർ എന്നു വന്നിട്ടില്ല.

**Sri. N. V. Chacko:** May I know whether he was the Private Secretary to the Dewan, Mr. Austin?

**The Hon'ble Sri. T. K Narayana Pillai:** He was.

**Sri. P. Chacko:** May I know whether he was not the person whose claims were overlooked a large number of times?

**The Hon'ble Sri. T. K. Narayana Pillai:** That is what Government came to understand from the representations made by him from time to time.

**Sri. A. Thanu Pillai:** May I know whether he was considered unfit to be made Secretary?

**The Hon'ble Sri. T. K. Narayana Pillai:** I never said so. I said he was more appropriate to that place.

**Sri. A. Thanu Pillai:** What is the policy of the Government—is it that the senior officer who is not unfit will be promoted or is it that the better fitted person will be appointed in all cases?

**The Hon'ble Sri. T. K. Narayana Pillai:** It will also be a criterion in considering the question of appropriateness of appointment.

**Sri. A. Thanu Pillai:** I wish to know whether Mr. Samuel was considered unfit for promotion?

**The Hon'ble Sri. T. K. Narayana Pillai:** I have already answered the question and I do not propose to add anything more to what I have said.

ஸ்ரீ. ஏ. சிதம்பரநாத நாடார்: கனம் மந்திரி ஏ. ஜெ. ஜான் அவர்களுக்கு, டி. எம். வி. தாமஸ் சொந்தமென்று தெரியுமா?

**Sri. A. Thanu Pillai:** Are there also other seniors to Mr. Thomas whose claims were overlooked in this connection?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആരുടേയും ക്ലെയിം ഓവർലുക്ക് ചെയ്തിട്ടില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ നിയമനം സെലക്ഷൻമൂലം നടത്തിയതാണ്.

**Sri. A. Thanu Pillai:** The answer was that is was a matter of better fitness. I wish to know whether there were other seniors also whose claims were ignored.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഫിററ്നെസ് എന്ന വാക്ക ഞാൻ ഉപയോഗിച്ചിട്ടില്ല.

**Sri. A. Thanu Pilli:** May I know what that term 'appropriate' means?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അത് ഡിക്ഷനറിയിൽ നോക്കിയാൽ അതിന്റെ അർത്ഥം കാണാവുന്നതാണ്.

**Sri. A. Thanu Pillai:** Is it in the greater interests of the Ministers concerned?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതാണ് അപ്രോപ്രിയേററ് എന്നുള്ള വാക്കിന് അർത്ഥമെങ്കിൽ അങ്ങനെ വിചാരിക്കുന്നതും തെററല്ല.

## PLACES OF PUBLIC WORSHIP AND CEMETERIES

***319. Sri. V. K. Varghese:** Will the Honourable Minister for Political and General be pleased to say:

(*a*) the number of applications got in 1123 and 1124 for (1) places of public worship, (2) cemeteries;

(*b*) the number of applications allowed for (1) and (2); and

(*c*) if any applications were rejected, the reasons for the same?

**The Hon'ble Sri. E. Ikkanda Warrier:—**

(*a*) (1) 112.
(2) 78.

(*b*) (1) 39.
(2) 29.

(*c*) Applications were rejected on one or more of the following reasons.

(*i*) Proximity to other places of Public worship, Public institutions, water sources etc.;

(*ii*) Applicant not having full proprietory right over the site.

(*iii*) Want of approach road or pathway;

(*iv*) Technical grounds—applications not being presented in conformity with the prescribed rules;

(*v*) Survey number furnished in the application being incorrect;
(*vi*) Objections received from private parties and Government Departments;
(*vii*) Withdrawal of application;
(*viii*) Smallness of the number of families in the locality for whose benefit the place of Public worship or cemetery was intended.

ശ്രീ. വി. കെ. വർഗ്ഗീസ്: ഈ അപേക്ഷകൾ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത് ഏതു റിപ്പോർട്ടിനെ ആസ്പദമാക്കിയാണ്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഡിവിഷ്യൻ പേഷ്ക്കാരുടെയും ദേവസ്വം കമ്മീഷണരുടേയും റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയാണ് സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത്.

ശ്രീ. വി. കെ. വർഗ്ഗീസ്: ഈ അന്വേഷണങ്ങൾ നടത്തുന്നതിനു വല്ല നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഗവൺമെണ്ടുത്തരവുകളനുസരിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കും.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ഇപ്പോൾ ഗവൺമെണ്ടുത്തരവുകൾ ഇതേസംബന്ധിച്ച് വല്ലതും മാററിയിട്ടുണ്ടോ?

ബഹു: ശ്രീ. ഇക്കണ്ടവാര്യർ: മാററിയിട്ടില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഓരോ വിഭാഗത്തിൽപ്പെട്ടവരുടേയും അപേക്ഷകൾ ഗവൺമെണ്ടിനു കിട്ടിയിരിക്കുന്നത് എത്രവീതമെന്നു പറയാമോ?

**Mr. Speaker:** That does not arise. It is disallowed.

മി. ഈപ്പൻ അറക്കൽ: ഈ അപേക്ഷകൾക്കെല്ലാം അനുകൂലമായ റിപ്പോർട്ടു ലഭിച്ച ശേഷം ഗവർമ്മെണ്ടു എന്തെങ്കിലും ഭേദഗതി ചെയ്യുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഭേദഗതി ചെയ്യേണ്ടതു് ആവശ്യമായിവന്നാൽ അപ്രകാരം ചെയ്യുന്നതാണ്.

ശ്രീ. എ. കെ. ജോർജ്: എത്ര അപേക്ഷകൾ ഗവൺമെണ്ടിൽ പെൻറിംഗായി കിടപ്പുണ്ട്.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: പ്ലേസസ് ആഫ് പബ്ലിക്ക് വർഷിപ്പ് സംബന്ധിച്ചു വന്ന ആപ്ലിക്കേഷൻ സിമട്രിക്ക് പതിമൂന്ന് ആപ്ളിക്കേഷൻ.

ശ്രീ. എ. കെ. ജോർജ്: കൊച്ചിയിൽ ഇപ്പോഴും അരമൈലിനുള്ളിൽ ദേവാലയങ്ങൾ പാടില്ല എന്നുള്ള നിയമം അമൻറു ചെയ്തിട്ടുണ്ടോ?

ബഹു: ശ്രീ. ഇക്കണ്ടവാര്യർ: അമൻറു ചെയ്തിട്ടില്ല.

ശ്രീ. ഈപ്പൻ അറക്കൽ: നിരസിക്കപ്പെട്ട അപേക്ഷകൾ വീണ്ടും അന്വേഷണത്തിനയക്കാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

## LAND POLICY OF THE STATE

*** 320. Sri. V. K. Varghese:** Will the Hon'ble Minister for Land be pleased to state whether the Government has got any scheme on the Land Policy of the State?

**The Hon'ble Sri. E. Ikkanda Warrier:** The question is not clear.

**Sri. V. K. Varghese:** May I know whether the Government have any scheme with reference to this matter?

**The Hon'ble Sri. E. Ikkanda Warrier:** Land policy is a very wide term. There are very many aspects in it. Nationalisation, assignment, land colonization, tenures, assessment, private ownership, transfer of registry, fragmentation, consolidation and variety of others. Hence the question is vague.

ശ്രീ. വി. കെ. വർഗ്ഗീസ്: ഇതിൽ ഏതെങ്കിലും ഒന്നിനെപ്പററി ഏതെങ്കിലും സ്കീം ഉണ്ടോ?

**Mr. Speaker:** No discussion is allowed at this stage. The Minister has said that the question is not clear. A discussion for the purpose of making the question clear cannot be allowed.

**Sri. A. Thanu Pillai:** In view of the fact that a land committee is proposed to be appointed by Government, may I ask the Minister, what are the aspects in land policy that Government are proposing to refer to that committee?

**Mr. Speaker:** No answer was given to the question. Supplementary question can be asked only with respect to the answer that was given to the original question.

**Sri. A. Thanu Pillai:** The Minister pointed out that there are very many aspects to the question. Now I ask what is that land policy which the Government propose to refer to the committee?

**Mr. Speaker:** The Minister's answer is that the question is not clear.

**Sri. A. Thanu Pillai:** Because there are many aspects to the question the Minister was pointing out those aspects. Now that has been made clear, may I ask what is that question which will be referred to the committee?

ശ്രീ. പി. എം. വർഗ്ഗീസ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, ചോദ്യങ്ങൾ clear അല്ലെങ്കിൽ അതു് accept ചെയ്യുന്നു് എന്തിനാണു്?

**Mr. Speaker:** The Minister told the House that the question could not be answered. I cannot compel the Minister to give an answer to the question.

**Sri. P. M. Varghese:** Am I to take it that the question was clear to the Speaker and not to the Minister concerned?

**Mr. Speaker:** The extent of clearness necessary in the question for furnishing an answer can be known only to the Minister.

**Sri. M. Bhaskara Menon:** Then why was the question admitted for being answered?

**Mr. Speaker:** The speaker may admit the question if it satisfies the requirements of the rules. Clearness is a relative term. The Minister, considering the question in all its aspects, may decide whether he can answer it or not.

## CIVIL OR CRIMINAL COURTS

***321. Sri. V. K. Varghese:** Will the Hon'ble Minister for Law and Order be pleased to state whether the Government has got any scheme for abolishing any of the Civil or Criminal Court now existing?

**The Hon'ble Sri. T. K. Narayana Pillai:** None at present.

## AGENCY FOR SELLING RUBBER GOODS

***322. Sri. V. K. Varghese:** Will the Hon'ble Minister for Industries be pleased to state—

(*a*) whether there is any agency for selling the rubber goods of the Travancore Rubber Factory; and

(*b*) if so, the name and terms of that agency?

**The Hon'ble Sri. N. Kunjuraman:**

(*a*) Yes.

(*b*) Messrs. Sun Traders (Bombay) Ltd., are the Agents from 1st October 1948. A copy of the terms of the Agency is also placed on the table.

### TERMS

(*i*) The Travancore Rubber Works appoints Sun Traders (Bombay) Limited as their Sole Agents for selling their products all over the world except the State of Travancore and Cochin.

(*ii*) The Travancore Rubber Works will supply their products at their current prices F. O. R. Trivandrum of C. I. F. Bombay allowing a trade discount mutually agreed from time to time on the invoiced rates.

(*iii*) In consideration of Sun Traders (Bombay) Limited, being Sole Agents, the Travancore Rubber Works will allow an over-riding commission of $7\frac{1}{2}\%$ (seven and a half per cent) on all sales done by the Travancore Rubber Works except in Travancore and Cochin States and orders directly received by the Travancore Rubber Works from Provincial and Central Governments and attended to by them. The Commission will be calculated on the invoiced prices after deducting the trade discount, if any.

(*iv*) To facilitate prompt deliveries in the Bombay markets a small stock of the Travancore Rubber Works products will be stored at Bombay. The ocean freight and insurance charges on these consignment goods will be borne by the Travancore Rubber Works. If goods

are despatched by other means, the difference in expenses should be borne by Sun Traders (Bombay) Limited. To meet with the incidental charges like godown rents, insurance charges, handling, etc., a fixed sum of Rs. 5,000 per annum shall be given as credit by the Travancore Rubber Works to the account of Sun Traders (Bombay) Ltd.

(*v*) The Travancore Rubber Works will despatch goods against orders from Sun Traders (Bombay) Limited and shall forward the R/R through Bank.

(*vi*) Sun Traders (Bombay) Limited shall make cash payments on consignment goods delivered to them from Bombay godowns maintained by them on behalf of the Travancore Rubber Works.

(*vii*) Sun Traders (Bombay) Limited will appoint Agents, Sub Agents and others distributors and maintain an effective sales organisation which will make a proper market. In case the Travancore Rubber Works is not satisfied with the sales organisation on the representation in various other districts, they would from time to time advise Sun Traders (Bombay) Limited, to create such Agencies or distributorship as and where found necessary. The Sun Traders (Bombay) Limited, will make effective advertisement, and shall also arrange for the same through other distributors so that the Travancore Rubber Works products may be popularised. A consideration towards the item of these expenses is dealt with separately by mutual agreement.

(*viii*) The prices shall be fixed by the Travancore Rubber Works taking into consideration the market fluctuations of which Sun Traders (Bombay) Limited will keep the Travancore Rubber Works posted from time to time.

(*ix*) This agreement shall be in force up to 10th December 1950 and shall be renewed for a further period of ten years on the written request of Sun Traders (Bombay) Limited made three calender months before the expiration of the term hereby stated.

**ROADS THAT ARE TAKEN BY VILLAGE UPLIFT CENTRES**

***323. Sri. V. K. Varghese:** Will the Hon'ble Minister for P. W. D. be pleased to state whether the Government intend to take into Departmental maintenance, such roads that are taken by Village Uplift Centres?

**The Hon'ble Sri. K. Ayyappan:** Yes.

<u>കുത്തകപ്പാട്ട ഭൂമി</u>

*൩൨൪. <u>ശ്രീ. ററി. ററി. കേശവൻശാസ്ത്രി:</u> താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുന്നത്തുനാട്ട താലൂക്കിൽ നിന്നും ൧൧൨൪ ചിങ്ങമാസം മുതൽ ൧൧൨൪ മിഥുനമാസംവരെ കുത്തകപ്പാട്ട വ്യവസ്ഥയിൽ പൊതുജനങ്ങൾക്കു കൃഷിക്കു നൽകിയ ഭൂമിയുടെ മൊത്തം ഏക്കർ, സെൻറ് എത്ര;

(ബി) അതിൽ സാധു ജനങ്ങളിൽപെട്ട ഹരിജൻസിന് നൽകിയിട്ടുള്ള ഭൂമിയുടെ മൊത്തം ഏക്കർ, സെൻറ് എത്ര?

<u>ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:</u>

(എ) ൨൩൪ ഏക്കർ ൮൨. ൭൮ സെൻറ്.

(ബി) ൯ ഏക്കർ ൩൭ സെൻറ്.

<u>ശ്രീ. ററി. ററി. കേശവൻശാസ്ത്രി:</u> തിരുവിതാംകൂറിലുള്ള പാട്ടങ്ങളുടെ സ്വഭാവം എങ്ങനെയാണെന്നു പറയാമോ?

<u>ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:</u> ഇവിടെ എത്ര ഏക്കർ കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടെന്നാണു ചോദ്യം. അതിൻെറ ഉത്തരമാണു പറഞ്ഞതു്. പാട്ടത്തിൻെറ സ്വഭാവം എന്നു പറഞ്ഞതു എന്താണെന്നു മനസിലായില്ല.

<u>ഈച്ചശല്യം</u>

*൩൨൫. <u>ശ്രീ. വർഗ്ഗീസ് അഗസ്ത്യൻ:</u> താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇക്കഴിഞ്ഞ പുഞ്ചകൃഷിക്കു ഉപദ്രവകരമായിരുന്ന ഈച്ച, ഇപ്പോഴുള്ള നെൽച്ചെടികളിലും, പുൽപ്രദേശങ്ങളിലും ജീവിച്ചുവരുന്നു എന്നുള്ളവിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ;

(ബി) വരുന്ന ആണ്ടിലെ നെൽകൃഷിക്കും ഈ ജീവികളുടെ ഉപദ്രവം ഉണ്ടാകാതിരിക്കുന്നതിനു് ഡിപ്പാർട്ടുമെണ്ടു മേധാവികൾ എന്തെങ്കിലും പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) നെല്ലീച്ച (റൈസ്ഹിസ്പ) എന്നുവിളിക്കുന്ന ഒരുതരം ഈച്ചയുടെ ശല്യം ഉണ്ടായിരുന്നതായി ഗവമ്മെണ്ടിനറിയാം.

(ബി) കാലാകാലങ്ങളിൽ മഴ പെയ്യാതിരുന്നാൽ മാത്രമേ ഈച്ചയുടെ ശല്യം ഉണ്ടായിരിക്കയുള്ളു. ഡി. ഡി. ററി. യോ ഗാമക്സീനോ പോലെ ശരിയായുള്ള കീടസംഹാരികൾ പൊടിയായി യഥാവസരം ഉപയോഗിച്ചാൽ ഈ ശല്യം നിയന്ത്രിക്കാവുന്നതാണു്.

ശ്രീ. വർഗ്ഗീസു് അഗസ്ത്യൻ: നെൽച്ചെടികളിലും പുൽപ്രദേശങ്ങളിലും ഇപ്പോഴും ധാരാളം ഈച്ചകൾ ഉപദ്രവിക്കുന്നതായി അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: കുറേശ്ശെ ഉള്ളതായി അറിയാം.

ശ്രീ. വർഗ്ഗീസു് അഗസ്ത്യൻ: കൃഷി ഡിപ്പാർട്ടുമെണ്ടു ഇതേപ്പററി അന്വേഷിച്ചു റിപ്പോർട്ടു് ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഇതു സംബന്ധിച്ചു പ്രത്യേകം റിപ്പോർട്ടു് വരുത്തിയിട്ടുണ്ടു്.

ശ്രീ. വർഗ്ഗീസു് അഗസ്ത്യൻ: കുട്ടനാട്ടിൽ പല സ്ഥലങ്ങളിലും ഈച്ചയുടെ ഉപദ്രവംകൊണ്ടു കൃഷി ഇല്ലാതിരിക്കുന്ന വിവരം ഗവമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അങ്ങനെ കൃഷി ഇല്ലാതിരിക്കുന്നുണ്ടെങ്കിൽ ഗവമ്മെണ്ടു് അതേപ്പററി പ്രത്യേകം ശ്രദ്ധിക്കുന്നതാണു്.

ശ്രീ. വർഗ്ഗീസു് അഗസ്ത്യൻ: മുൻപറഞ്ഞ മരുന്നുകൾ ഉപയോഗിക്കുന്നതിനു് ആവശ്യമായ യന്ത്രങ്ങൾ വല്ലതും ഈ കൃഷിക്കാക്കു നൽകിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അതിലേക്കു് ആവശ്യമുള്ള യന്ത്രങ്ങൾ വരുത്തിയിട്ടുണ്ടു്. അതു് ഉപയോഗിക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ ഗവമ്മെണ്ടു് ചെയ്തുവരികയാണു്.

ശ്രീ. വർഗ്ഗീസു് അഗസ്ത്യൻ: കഴിഞ്ഞ ആണ്ടിൽ യന്ത്രങ്ങൾക്കുവേണ്ടിയുള്ള പല അപേക്ഷകൾ ഉണ്ടായിരുന്നിട്ടും ഗവമ്മെണ്ടു് യാതൊന്നും ചെയ്തുകൊടുത്തിട്ടില്ലെന്നുള്ള വിവരം അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഇക്കൊല്ലം അങ്ങനെ വരികയില്ല. യന്ത്രങ്ങൾ യഥാവിധി ഉപയോഗിക്കുന്നതിനു് ആവശ്യമായ എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്. ബഹുമാനപ്പെട്ട മെമ്പറന്മാർ അപ്പോഴപ്പോൾ അറിവു തരുമെങ്കിൽ മരുന്നു യഥാകാലം ആവശ്യംപോലെ ഉപയോഗിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവമ്മെണ്ടു് ചെയ്യുന്നതാണു്.

ശ്രീ. കെ. ശാരംഗധരൻ: ഈ ഡി. ഡി. ററി. യും മററും ഈച്ചകളുടെ ശല്യത്തിനു നല്ലതാണെന്നു കർഷകക്കു് മനസ്സിലാകത്തക്കവിധത്തിൽ വേണ്ട പ്രചരണം നടത്തുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഉണ്ടു്. ചില കർഷകർ അതു് ഉപയോഗിച്ചു പരീക്ഷിച്ചുനോക്കി നല്ലതാണെന്നു ബോദ്ധ്യപ്പെട്ടിട്ടുമുണ്ടു്.

## കൃഷി വികസനപദ്ധതി

* ന. ൧൩. ശ്രീ. വർഗ്ഗീസു് അഗസ്ത്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൃഷിവികസനത്തിനും മററും കൃഷിക്കാരുടെയിടയിൽ സഹകരണസംഘങ്ങൾ ഉണ്ടാക്കുന്നതിനു ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രാദേശികസംഘങ്ങളുടെ പരിധിനിണ്ണയിക്കുന്നതു് എന്തു് അടിസ്ഥാനത്തിന്മേൽ ആയിരിക്കും;

(സി) പ്രാദേശിക സംഘങ്ങളുടെ പ്രാതിനിദ്ധ്യം ഉൾക്കൊള്ളത്തക്കവണ്ണം ഒരു സെൻട്രൽ കോ-ഓപ്പറേററീവു് കമ്മിററി ഉണ്ടായിരിക്കുന്നതിനു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് ശ്രദ്ധിക്കുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ :

(എ) ഇതിനെപ്പററി ആലോചിച്ചുവരികയാണ്.

(ബി & സി) മേൽപറഞ്ഞ ഉത്തരം നോക്കുക.

**ARATHINKAL MARARIKULAM ROAD**

***327. Sri. Eapen Arakkal :** Will the Hon'ble Minister for P. W. D., be pleased to answer the following questions :

(*a*) what was the amount spent for the constructing of Arathinkal Mararikulam coastal road in Shertalai taluk ;

(*b*) have any amounts been allotted for the maintenance of the road in the years 1123 and 1124 ;

(*c*) if answer to part (*b*) is in the affirmative, what are the amounts for these two years; and

(*d*) how much have been spent for maintenance of the road in 1123 and 1124?

**The Hon'ble Sri. E. John Philipose :**

(*a*) Rs. 1,25,960.

(*b*) No grant was allotted during 1123. Rs. 1,275 was granted for the year 1124.

(*c*) 1123—Nil. Rs. 1,275 for the year 1124.

(*d*) 1123—Nil. 1124—Rs. 122-0-4.

ലാൻറ് റവന്യൂ

*൩൨൮. ശ്രീ. ഇട്ടിയര അയ്യക്കൻ : താഴെ പറയുന്ന ചോദ്യത്തിനു ബഹു. ലാൻറ് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചിയും തിരുവിതാംകൂറും തമ്മിൽ അടിസ്ഥാന ഭൂനികുതിയിൽ എത്രകണ്ടു വ്യത്യാസമുണ്ട്;

(ബി) തിരുവിതാംകൂറിലെ ഭൂനികുതി വർദ്ധിപ്പിച്ച് കൊച്ചിയിലേതിനോട് സാമ്യപ്പെടുത്തുവാൻ ആലോചനയുണ്ടോ;

(സി) കൊച്ചിയിലെ ഉയന്ന ഭൂനികുതിയും, വീണ്ടും കാർഷികോല്പന്നങ്ങൾക്കു തീരുവയും പിരിക്കുന്നതു് കൊച്ചിക്കാരോട് ചെയ്യുന്ന ഒരു അനീതിയല്ലേ;

(ഡി) ഭൂനികുതി ഐകരൂപ്യത്തിൽ വരുത്തുന്നതുവരെ കാർഷികോല്പന്നങ്ങളുടെ തീരുവ നിറുത്തലാക്കുവാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ :

(എ) തിരുവിതാംകൂറിൽ മാത്രമെ ഇപ്പോൾ അടിസ്ഥാന ഭൂനികുതി നിലവിലുള്ളു. കൊച്ചിയിൽ അടിസ്ഥാനഭൂനികുതി ഏർപ്പെടുത്തീയിട്ടില്ല.

(ബി) കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള ഭൂനികുതി ഒരേ തോതിൽ ആക്കുന്നതിനെപ്പററി ആലോചനയിൽ ഇരിക്കുന്നുണ്ട്.

(സി) ഭൂനികുതിയും, കാർഷികോല്പന്നങ്ങൾക്കു തീരുവയും പിരിക്കുന്നതു പ്രത്യേക ചട്ടങ്ങൾ പ്രകാരമാകയാൽ അനീതിയാണെന്നു വിചാരിക്കാൻ കാരണമില്ല.

(ഡി) സിയുടെ ഉത്തരംകൊണ്ട് ഇതിനു ഉത്തരം ആവശ്യമില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ ഐകരൂപ്യം വരുത്തുന്നതു തിരുവിതാംകൂറിലെ ഭൂനികുതി കൂട്ടിയോ, അതോ കൊച്ചിയിലെ നികുതി കുറച്ചോ, എങ്ങനെയാണെന്നു പറയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അതെപ്പററി ഒരു തീരുമാനവും ചെയ്തിട്ടില്ല. എന്താണ് വേണ്ടതെന്നു ആലോചിച്ചു വരികയാണ്.

ശ്രീ. എൻ. വി. ചാക്കോ: കൊച്ചിയിലെ ഭൂമിക്കു തിരുവിതാംകൂറിലെ ഭൂമിയെക്കാൾ കൂടുതൽ ഫലപുഷ്ടിയുണ്ടെന്നറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അതിനെ സംബന്ധിച്ചു ഗവമ്മെണ്ടു ശരിയായി അന്വേഷിച്ചിട്ടില്ല.

**Sri. A. Thanu Pillai :** May I know whether the proposal is to level up the taxes in Travancore to the level in Cochin or to level down the taxes in Cochin?

**The Hon'ble Sri. E. Ikkanda Warrier :** That matter is engaging the active consideration of Government.

**Sri. A. Thanu Pillai :** May I know whether the taxes in Travancore will be raised to be the same as that obtaining in Cochin?

**The Hon'ble Sri. E. Ikkanda Warrier :** This is only in the consideration stage.

**Sri. A. Thanu Pillai :** The answer seems to suggest that something is taking place. So I wish to know whether there is any likelihood of the Travancore taxes going up to the level in Cochin?

**The Hon'ble Sri. E. Ikkanda Warrier :** May I inform the Member that we will consider the matter and take a decision. It may be made clear now that we do not take a decision first and then go into the reasons for the same.

## മാള ഡിസ്പെൻസറി

*൧൨൩. ശ്രീ. ഇട്ടിയര അമ്പുക്കൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹു. മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മാളഡിസ്പെൻസറി ഡോക്ടരെ മാററിക്കിട്ടണമെന്നാവശ്യപ്പെട്ടു കൊണ്ടു് വല്ല ഹർജിയോ നിവേദനമോ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഡോക്ടരെ ഇതുവരെയും മാററാതിരിക്കുന്നതിനു് എന്താണു് കാരണം?

ബഹു. ശ്രീ. ആനിമസ്ക്രീൻ: (എ) ഉവ്വു്. ടി ഡാക്ടരെ സ്ഥലം മാററരുതെന്നു അപേക്ഷിച്ചുകൊണ്ടു തദ്ദേശനിവാസികളിൽ ചിലരിൽനിന്നു മറെറാരു ഹർജിയും ലഭിച്ചിട്ടുണ്ടു്.

(ബി) കൊച്ചി ചീഫ്മെഡിക്കൽ ആഫീസർ സ്ഥലത്തുപോയി അന്വേഷണം നടത്തിയശേഷം ഗവർമ്മെണ്ടിലേക്കു് ഒരു റിപ്പോർട്ടു സമർപ്പിട്ടുണ്ടു്. ഈ റിപ്പോർട്ടു ഗവർമ്മെണ്ടിൻെറ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. ഇട്ടിയര അമ്പുക്കൻ: സ്ഥലം മാററണമെന്നാവശ്യപ്പെട്ടിട്ടുള്ളതു മാള കോൺഗ്രസ്സു കമ്മിററിയാണോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: മാള കോൺഗ്രസ്സ കമ്മിററിയാണോ എന്നു എനിക്കറിഞ്ഞുകൂടാ

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഉദ്യോഗസ്ഥന്മാരെ സ്ഥലം മാററുന്നതു് ആളുകൾ ആവശ്യപ്പെട്ടിട്ടാണോ, അതോ ഗവർമ്മെണ്ടിൻെറ സൌകര്യവും ആവശ്യവും പരിഗണിച്ചാണോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: രണ്ടാമത്തേതിനെ പരിഗണിച്ചാണു്.

## സംഘടനകളുടെ പ്രവർത്തന പരിധി

*൧൧൦. സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട നിയമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

അതാതു രാജ്യപരിധികളിൽ പ്രവർത്തനം നടത്തുന്നതിലേക്കു് രജിസ്റ്റർ ചെയ്തിട്ടുള്ള കൊച്ചിയിലേയും തിരുവിതാംകൂറിലേയും സംഘടനകൾക്കും കമ്പനികൾക്കും സംയോജനാനന്തരം ഐക്യസംസ്ഥാനത്തു് പൊതുവേ പ്രവർത്തനം നടത്തുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ; തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിലെ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് പുറപ്പെടുവിച്ച ൧൧൨൪-ാമാണ്ടത്തെ ൧-ാം ഓർഡിനൻസിലെ, ൩-ാംവകുപ്പിലെ ൧-ാം ഉപവകുപ്പിലേക്കും, ൪-ാം വകുപ്പിലെ ൧-ാം ഉപവകുപ്പിലേക്കും ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ആകർഷിച്ചു കൊള്ളുന്നു. അതുകൾ പ്രകാരം നിലവിലുള്ള തിരുവിതാംകൂറിലെയും കൊച്ചിയിലെയും നിയമങ്ങൾ മാററുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നതുവരെ അതാതു രാജ്യങ്ങളിൽമാത്രം തുടരുന്നതാണു്.

## തൊടുപുഴ മജിസ്ട്രേട്ട്

*൩൩൧. ശ്രീ. പി. എം. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തൊടുപുഴ മജിസ്ട്രേട്ടുകോട്ടിൽ മജിസ്ട്രേട്ട് ഇല്ലാതായിട്ടു മാസങ്ങൾ പലതും കഴിഞ്ഞു എന്നുള്ള വിവരം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതിനു പരിഹാരമുണ്ടാക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തൊടുപുഴ മജിസ്ട്രേട്ടുകോട്ടിൽ മജിസ്ട്രേട്ട് ഇല്ലാതായിരുന്നസമയം അതായതു ൧൧൨൮ മീനം ൨൦-ാംനു മുതൽ ൧൧൨൮ മിഥുനം ൧൭-ാംനു വരെ പ്രസ്തുത ഉദ്യോഗത്തിന്റെ ചാർജ്ജ് തൊടുപുഴ തഹസീൽദാർ വഹിക്കുന്നുണ്ടായിരുന്നു. ഇപ്പോഴത്തെ മജിസ്ട്രേട്ട് ശ്രീ. കെ. സി. ചാക്കോ ൧൧൨൮ മിഥുനം ൨൯-ാംനു മുതൽ അവധിയിലാണ്. അതിനു പകരം നിയമനം നടത്തിക്കഴിഞ്ഞു.

ശ്രീ. പി. എം. വർഗ്ഗീസ്: പകരം നിയമനം നടത്തിയിട്ട് ആളിതുവരെ വന്നുചേന്നിട്ടില്ലെന്നും അതുകൊണ്ടു വലിയ വിഷമം ജനങ്ങൾക്കു ഉണ്ടാകുന്നുവെന്നും ഗവമ്മെണ്ടിനു അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പകരം ആൾ നിയമിച്ചിട്ടുണ്ട്. അദ്ദേഹം ജോയിനിങ്ങ് ടൈം എടുക്കുകയാണെന്നുവേണം വിചാരിക്കുവാൻ.

ശ്രീ. എം. ഭാസ്കരമേനോൻ: എത്രദിവസം ജോയിനിങ്ങ് ടൈം ഉണ്ടെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സൂക്ഷ്മമായി അറിഞ്ഞുകൂടാ. ഒരാഴ്ചയുണ്ടെന്നു തോന്നുന്നു.

സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞു: അവിടെ രാഷ്ട്രീയമായ കേസ്സുകൾ നടക്കുന്നതിനു കാലതാമസം ഉണ്ടാക്കാൻവേണ്ടിയാണ് മജിസ്ട്രേട്ടിനെ നിയമിക്കാത്തതെന്നു പൊതുജനങ്ങളുടെ ഇടയിൽ ഒരു ആരോപണമുള്ളതായി ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പൊതുജനങ്ങൾ എന്നു മെമ്പർ പറയുന്നതിന്റെ വ്യാപ്തി എനിക്കു മനസ്സിലാകുന്നില്ല. ഏതാനും കുറെ ആളുകളെ സംബന്ധിച്ചാണെങ്കിൽ അങ്ങനെ ഒരു ആക്ഷേപമുള്ളതായി എനിക്കറിയാം.

## RAMANGALAM BRIDGE

***332. Sri. N. P. Varghese :** Will the Hon'ble Minister for Public Works be pleased to state.—

(*a*) are Government in receipt of representations fsom the people of Muvattupuzha and Kunnatnad Taluks for the construction of a bridge across the Muvattupuzha river at Ramangalam ;

(*b*) are Government aware that the construction of the bridge will help the transport of hill produce from Thodupuzha, Palai and the hill areas by the shortest route to Cochin; and

(*c*) will Government be pleased to order an early investigation?

**The Hon'ble Sri. E. John Philipose :**

(*a*) No.

(*b*) Yes.

(*c*) This will be considered.

ശ്രീ. എൻ. പി. വർഗ്ഗീസ്: രാമംഗലത്തു് ഒരു പാലം പണിയുവാൻ ഗവമ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇല്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: കോട്ടയത്തുനിന്നും എറണാകുളത്തേക്കു പോകാൻ ഏതെങ്കിലും പുതിയ മാർഗ്ഗം സൃഷ്ടിക്കാൻ ഗവമ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ ഇല്ല. അതേക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ആ നിലക്ക് രാമംഗലത്തു പാലം പണിയുന്നതു് ഏററവും സൌകര്യപ്രദമായിരിക്കുമെന്നു ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പററി ഗവൺമെൻറ് ആലോചിക്കുന്നതാണ്.

ശ്രീ. എൻ. വി. ചാക്കോ: ഈ പാലം സെൻട്രൽ ക്രോസ്സ് റോഡിലാണെന്നു ഗവൺമെൻറിനറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാം.

## MUVATTUTUZHA-ARAKKUZHA ROAD

***333. Sri. N. P. Varghese:** Will the Hon'ble Minister for Public Works be pleased to state.—

(*a*) what was the amount sanctioned in 1124 for metalling the first mile in the Muvattupuzha—Arakkuzha road;

(*b*) how much of that sanctioned amount has been spent in the Muvattupuzha—Arakkuzha road; and

(*c*) has any amount been diverted, and if so, why and for what purpose?

**The Hon'ble Sri. E. John Philipose:**

(*a*) Funds were not sanctioned for metalling alone; Rs. 2,000 was sanctioned for improving the road and metalling.

(*b*) Nil.

(*c*) The sum of Rs. 2,000 allowed was found inadequate to begin a work costing Rs. 1,12,800 according to sanctioned estimate and was diverted to meet more urgent works.

ശ്രീ. എൻ. പി. വർഗ്ഗീസ്: ൧൧൨൩-ലും, ൧൧൨൪-ലും അലോട്ടുചെയ്തിരുന്ന സംഖ്യ ലാപ്സ് ചെയ്കയാണുണ്ടായതെന്നു ഗവൺമെൻറിനറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാം.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഒരു മൈൽ നന്നാക്കാൻ എത്ര രൂപയാണ് അനുവദിച്ചിരുന്നത്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ൨൦൦ രൂപ മെയിൻറനൻസ് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. മൊത്തം ഇംപ്രൂവ്മെൻറ വരുത്താൻവേണ്ടി നാലു മയിലിനു ൧,൧൨,൦൦൦ രൂപയാണ് അനുവദിച്ചിരുന്നതു്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഓരോ മയിലായിട്ട് ഇംപ്രൂവുചെയ്യുന്നതിനേക്കാൾ മൊത്തമായും ഇംപ്രൂവുചെയ്യുന്നതല്ലേ നല്ലതു്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പററി ആലോചിക്കാം.

## DEFALCATION OF PUBLIC FUNDS

***334. Sri. N. P. Varghese:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether the Travancore Trade Agent owes Rs. 4,000 and odd to the Government of Travancore, and more than two lakhs of rupees to private parties from Travancore;

(*b*) have Government taken any steps to realise the amounts from him;

(*c*) has those amounts been written off the accounts;

(*d*) if the answer is in the affirmative, who was responsible for writing off the amount; and

(*e*) will Government be pleased to take necessary action on the officers who connived to condone the offence of the Trade Agent?

**The Hon'ble Sri. N. Kunjuraman:**

(*a*) The statement of expenditure with vouchers received from Sri. T. V. A. Iswaran for the period he was Trade Commissioner, London, is being audited. The question as to whether any amount is due to him or from him can be decided only after the audit is complete. Government have no information whether he owes any amount to private parties.

(*b*) to (*e*) These questions do not arise.

ശ്രീ. എൻ. പി. വർഗ്ഗീസ്: ൧൧൨൨-ലെ ഓഡിററ് അപ്രോപ്രിയേഷൻ റിപ്പോർട്ടിൽ ൪,൦൦൦ രൂപ ഡിഫാൾക്കേഷൻ ഉണ്ടായിരുന്നുവെന്നും അതു റിട്ടൺ ഓഫ് ചെയ്തുവെന്നും ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതേപ്പററിയാണ് എൻെറ ചോദ്യം.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അന്നു് ഒരു ട്രെയിഡ് എജൻറ് ഉണ്ടായിരുന്നു. ആ തുക അദ്ദേഹത്തിനുള്ള ശമ്പളം വകയിൽ വകവെക്കുകയാണുണ്ടായതു്.

ശ്രീ. എൻ. പി. വർഗ്ഗീസ്: റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് അങ്ങനെയല്ലെന്നു് അറിയാമോ?

**The Hon'ble Sri. N. Kunjuraman:** It is subject to correction.

## സ്വാതന്ത്ര്യഭടന്മാർക്കു് ആനുകൂല്യങ്ങൾ

*നമ്പർ. ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി നൽകുമോ.—

(എ) ഇൻഡ്യയുടെ ഇതരസംസ്ഥാനങ്ങളിൽ ഇൻഡ്യയുടെ സ്വാതന്ത്ര്യഭടന്മാർക്കു് ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതായി ഗവൺമെണ്ടിനറിയാമോ;

(ബി) ഉണ്ടെങ്കിൽ നമ്മുടെ നാട്ടിലും സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്തിട്ടുള്ളവരും ഇന്നു ദാരിദ്ര്യത്തിൽ ഉഴലുന്നവരുമായ ജനങ്ങൾക്കും വല്ല സൌകര്യങ്ങളും ചെയ്തുകൊടുക്കുവാൻ ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സ്വാതന്ത്ര്യഭടന്മാർ എന്നാണു് ചോദ്യത്തിൽ കാണുന്നതു്. അതു രണ്ടുവിധത്തിലാകാം. (൧) ഐ. എൻ. എ. ഭടന്മാർ, (൨) സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്തിട്ടുള്ള ഭടന്മാർ. ഐ. എൻ. എ. ഭടന്മാർക്കു ചില പ്രവിശ്യകളിൽ ചില ആനുകൂല്യങ്ങൾ ചെയ്തുവരുന്നുണ്ടു്.

ശ്രീ. വി. ഗംഗാധരൻ നായർ: ഇവിടത്തെ സ്വാതന്ത്ര്യഭടന്മാരിൽ ഇപ്പോൾ ജയിലിൽ കിടക്കുന്നവർക്കു് എന്തെങ്കിലും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സ്വാതന്ത്ര്യഭടന്മാരുണ്ടെങ്കിൽ മററുള്ളവരെപ്പോലെ അവർക്കും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടു്.

ശ്രീ. ഇട്ട്യേര അയ്യൂക്കൻ: ഗവൺമെണ്ടു് ഇതിൽ ആരെയാണു് ഉദ്ദേശിക്കുന്നതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഉദ്ദേശിക്കുന്നതു് ഉത്തരവാദഭരണത്തിനുവേണ്ടി സമരംചെയ്തിട്ടുള്ളവരെയാണു്.

*ஸ்ரீ. ஆர். கெ. ராம்:* *அதில் தமிழர்களுண்டா?*

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരവാദഭരണത്തിനുവേണ്ടി അവരും സമരംചെയ്തിട്ടുണ്ടെങ്കിൽ അവർക്കും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതാണു്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: ജയിലിൽ കിടക്കുന്നവർക്കു് ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നു എന്നു പറഞ്ഞതു് ബാററായാണോ?

ബഹു. ശ്രീ. ടി. കെ. നാരായപിള്ള: എന്താനുകൂല്യങ്ങളാണു് ചെയ്തുകൊടുത്തിട്ടുള്ളതെന്നു മുമ്പു പറഞ്ഞുകഴിഞ്ഞു.

സാഹിബ് ബഹദൂർ മായൻകുട്ടി മേത്തർ: സ്വാതന്ത്ര്യഭടന്മാരുടെ ലിസ്റ്റു് ഗവൺമെണ്ടിൻെറ കൈവശമുണ്ടോ?

ബഹു. ശ്രീ ടി. കെ. നാരായണപിള്ള: കുറെയെല്ലാം ഉണ്ടു്.

സാഹിബ് ബഹദൂർ മായൻകുട്ടി മേത്തർ: ആ ലിസ്റ്റിൽ എത്രപേരുണ്ടു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: കൊച്ചിക്കാരായ സ്വാതന്ത്ര്യഭടന്മാരുടെ സംഖ്യ എത്രയാണു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു പറയാൻ ഇപ്പോൾ പ്രയാസമാണു്.

## FOREST INDUSTRIES, TRAVANCORE LIMITED

*336. **Sri. Paul Thaliath:** Will the Hon'ble Minister for Industries be pleased to state.—

(*a*) the number of shares taken and the total amount invested in the Forest Industries Travancore Ltd.;

(*b*) the dates of such investments;

(c) the date on which this Company got business commencement certificate; and

(*d*) whether any dividend has been received and if so, the rates and the years respectively?

**The Hon'ble Sri. N. Kunjuraman :**

(*a*) 2,55,000 shares and amount invested is Rs. 12,75,000.

(*b*) 30th November 1946.

(*c*) 14th Vrischigam 1122/29th November 1946.

(*d*) No.

ശ്രീ. പോൾ തളിയത്ത്: മൂന്നു നാലുകൊല്ലമായി ഈ കമ്പനി ഫാറസ്റ്റിൽനിന്നും മരങ്ങൾ വെട്ടിയിറക്കി വ്യവസായം നടത്തിയതിന്റെ ശേഷം ആ കമ്പനിക്കു ലാഭമില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ലാഭം കിട്ടിയിട്ടില്ലെന്നു സ്പഷ്ടമായി പറഞ്ഞു കഴിഞ്ഞു.

ശ്രീ. പോൾ തളിയത്ത്: അതു് ഈ കമ്പനിയുടെ മിസ്മാനേജുമെന്റുകൊണ്ടാണെന്നു ഗവൺമെന്റു മനസ്സിലാക്കിയിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: മനസ്സിലാക്കിയിട്ടുണ്ടു്. അതേസംബന്ധിച്ചു് ഒരു റിപ്പോർട്ടും വന്നിട്ടുണ്ടു്.

ശ്രീ. പോൾ തളിയത്ത്: പണം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അതു് ഈടാക്കാൻ വല്ല മാർഗ്ഗവുമുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: കമ്പനിയുടെ മേൽ ആവശ്യമായ നടപടികൾ എടുക്കുന്നതാണു്.

ശ്രീ. കെ. രാമചന്ദ്രൻ: ഈ കമ്പിനി എടുത്തിട്ടുള്ള തടികൾക്കു് വിലയിനത്തിൽ എന്തെങ്കിലും ഗവൺമെന്റിലേക്കു കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: കമ്പനിയും ഗവൺമെന്റുമായുള്ള എഗ്രിമെന്റു അനുസരിച്ചു വേണ്ടതെല്ലാം ചെയ്തിട്ടുണ്ടു്.

ശ്രീ. എൻ. വി. ചാക്കോ: ഈ കമ്പനി വൈൻറ് അപ്പ് ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: തീരുമാനിച്ചിട്ടില്ല.

## PERUNCHANI SCHEME IN TAMILNAD

***337. Sri. A. Chidambaranath Nadar:** Will the Government be pleased to state.—

(*a*) why is it being delayed ;

(*b*) are the Government aware that at the fag-end in South Travancore crops every year fail or crops are very meagre because of the lack of water;

(*c*) are the Government aware that the speedy execution of the Perunchani scheme will ameliorate the paddy crops in South Travancore ;

(*d*) will the Government treat the completion of the work of the scheme as very urgent particularily in view of the fact that it is likely to get subsidies from the Central Government for such projects ; and

(*e*) has the Central Government enquired of this Government as to the time it would take for the completion of the scheme and what is this Government's reply.

**The Hon'ble Sri. E. Ikkanda Warrier:**

(*a*) There was some delay in the initial stage of the scheme due to lack of equipment, change of the dam site etc.

(*b*) Government are aware that there are occasional failure of crops in South Travancore for want of water.

(*c*) Yes.

(*d*) The question of speeding up the work will be considered.

(*e*) While furnishing certain statistics regarding River valley projects the Government of India have been informed that the Perunchani scheme would be completed by the end of 1951.

ஸ்ரீ. ஆர். கெ. ராம்: மூன்று லக்ஷம் ரூபாயில் பெருஞ்சாணி அணையைக் கட்டி முடிக்க முடியாது என்று தெரியுமா?

ஸ்ரீ. ஸ்ரீ. வி. தாஸ்: இந்த மாதிரி வேலை மெதுவாக நடப்பதற்குக் காரணம் ஏதோ ஒரு சர்க்குலர் மூலமா?

**Mr. Speaker:** The member wants to know whether a circular has been issued in this behalf?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അങ്ങിനെ യാതൊരു നിർദ്ദേശങ്ങളും ഗവൺമെന്റ് കൊടുത്തിട്ടില്ല

ശ്രീ. കെ. ആർ. ഇലങ്കത്ത്: പെരിഞ്ചാണിക്ക് ആകെ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളത്.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: കൃത്യമായി പറയുവാൻ സാദ്ധ്യമല്ല. ൨൨ ലക്ഷം രൂപയാണെന്ന് തോന്നുന്നു. ഏതായാലും അതിന് നോട്ടീസ്സ് വേണം.

ശ്രീ. എൻ. വി. ചാക്കൊ: തിരുവിതാംകൂർ തമിഴ്നാടെന്നു സാങ്കേതികമായി ഒരു സ്ഥലമുണ്ടോ?

ബഹു. ശ്രീ. ഇക്കണ്ടവാര്യർ: ഇല്ല.

**Sahib Bahadur A. Abdul Razaak:** What is the inference we have to draw from the answer of the Hon'ble Minister about Tamil Nad?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: തിരുവിതാംകൂർ ഗവൺമെന്റിൽനിന്നും തമിഴ്നാട് എന്നൊരു പ്രത്യേകം പ്രദേശം റക്കഗ്നൈസ് ചെയ്തിട്ടില്ല.

**Sri. R. K. Ram:** Will the Hon'ble Minister answer my question?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അവിടത്തെ വേലകൾ കഴിയുന്നത്ര വേഗത്തിൽ തീർക്കുന്നതിനായി ഏഴരമാസത്തേക്ക് മൂന്നുലക്ഷം രൂപ മതിയെന്ന് കണക്കാക്കി. പോരാ എന്നു വരുന്ന പക്ഷം പിന്നീട പണം അനുവദിക്കുന്നതാണ്. പണം ഇല്ലായെന്ന കാരണത്താൽ ആ വേല താമസിപ്പിക്കുകയില്ലെന്ന് മെമ്പറന്മാർക്ക് ഞാൻ ധൈര്യമായ ഉറപ്പു തരുന്നു.

### TRANSPORT COMMITTEE

*338. **Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Transport be pleased to state:

(*a*) the date and time on which the transport committee met last;
(*b*) the proceedings and deliberations that took place on such occasions;
(*c*) did the President of the Committee dissolve the Committee on that date; and
(*d*) if so, was he competent to do so?

**The Hon'ble Sri. E. John Philipose:**

(*a*) At 6 p.m. on 4th Karkadagam 1124/19th July 1949.
(*b*) The minutes of the previous meeting were passed.
(*c*) Yes.
(*d*) Yes.

ശ്രീ. എം. ഭാസ്കരമേനോൻ: പുതിയ ട്രാൻസ്പോർട്ട് കമ്മററി രൂപീകരിക്കുന്നതുവരെ ആ ഡിപ്പാർട്ടുമെന്റ് സംബന്ധിച്ച കാര്യങ്ങൾ നിശ്ചയിക്കുന്നത് ആരാണ്?

ബഹു ശ്രീ. ഇ. ജാൺപിലിപ്പോസ്: ഡയറക്ടരെ നിയന്ത്രിക്കാൻ മന്ത്രിയുണ്ട്.

ശ്രീ. എം ഭാസ്കരമേനോൻ: അദ്ദേഹത്തിനു പരിപൂർണ്ണ അധികാരം ഉണ്ടോ?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: കമ്മിററിയാണ് കാര്യങ്ങൾ നടത്തുന്നത്. അതിനെ നിയന്ത്രിക്കുന്നത് മന്ത്രിയുമാണ്. ഈ കമ്മററി ഏതായാലും ഒരു സ്റ്റാട്ട്യൂട്ടറി ബാഡിയല്ല.

**Sri. A. Nesamony:** May I ask, was not that committee constituted by the legislature?

**The Hon'ble Sri. E. John Philipose:** No. The committee was created by an executive order of Government and some members were elected to it from the legislature. That committee cannot be a statutory body. It is only an advisory one.

**Sri. P. Nilakanta Pillai:** May I know the answer to part (d)?

**The Hon'ble Sri. John Philipose:** I said yes.

**Sri. K. P. Nilakanta Pillai:** Then may I know whether the committee was dissolved on that day?

**The Hon'ble Sri. E. John Philipose:** The committee was declared to be dissolved on that day.

**Sri. A. Nesamony:** Was it the action of Government or of the Transport Minister?

**The Hon'b.e Sri. E. John Philipose:** It was not the action of the Minister.

**Sri. A. Nesamony:** Was it then the action of Government?

**The Hon'ble Sri. E. John Philipose:** It was the action of Government.

### CHOWKEYS IN PUNNARKULAM POTTAKULAM & OTHAPANAI IN SOUTH TRAVANCORE

***339. Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Excise be pleased to answer:—

(*a*) what are the names of the places where the above-mentioned custom houses have been located;

(*b*) are they in Travancore frontiers; and

(*c*) if not, why they are retained?

**The Han'ble Sri. N. Kunjuraman:**

(*a*) Punnarkulam Chowkey is located at Punnarkulam in the Agastheeswaram Taluk. There are no Customs Houses at Pottakulam and Othapanai. A Preventive Station is located at Pottakulam, Kanniyakumari Pakuthy, Agastheeswaram Taluk.

(*b*) The customs house at Punnarkulam and Preventive Stationat Pottakulam are not situated close to the frontier but are within half a mile from the frontier.

(*c*) The interior customs and stations are located at strategic points along the open Southern frontier between the United State and the Indian Dominion, with a view to preventing illicit smugling of dutiable articles.

**Sahib Bahadur A. Abdul Razaak:** May I know whether the Minister has visited this place?

**The Hon'ble Sri. N. Kunjuraman:** No.

**Sahib Bahadur A. Abdul Razaak:** May I know will the Minister be pleased to inspect the place?

**The Hon'ble Sri. N. Kunjuraman:** I shall ask the Excise Commissioner to see the place if it is so urgent.

### POOTHOTTA BUND IN VAIKOM

***340. Sri. P. Gopalan:** Will the Hon'ble Minister for Public Works be pleased to state:—

(*a*) whether there were proposals by the Engineers Mr. Doraswami Iyengar and Mr. John Kuriyan that the opening at Poothotta in Vaikom taluk may be successfully closed by a bund so as to avoid the construction of a costly bridge there; and

(*b*) if the answer to part (*a*) is in the affirmative whether the Government have taken any steps or have made any investigations about that proposal?

**The Hon'ble Sri. E. John Philipose:**

(*a*) No; their proposal was to bund the gap partly and then to construct a 60 to 80' span bridge.

(*b*) The investigation is in progress.

### GARAGE AT VAIKOM

***341. Sri. P. Gopalan:** Will the Hon'ble Minister for State Transport be pleased to state:—

(*a*) whether the department have taken any building for the use of a garage at Vaikom;

(*b*) if the answer to part (*a*) is in the affirmative, when was it taken and what is the monthly rent for it; and

(*c*) how far is it from the bus stand?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b*) From 9th Kumbham 1124—Rs. 50 per mensem.

(*c*) About one furlong.

ശ്രീ. പി. ഗോപാലൻ: ഡിപ്പാർട്ടുമെണ്ടിൽനിന്നും ആവശ്യപ്പെട്ടതനുസരിച്ചാണോ അങ്ങനെ ചെയ്തതു്?

**The Hon'ble Sri. E. John Philipose:** The Department wanted a garage for the use of the Department as long as the Department wants it.

ശ്രീ. പി. ഗോപാലൻ: ഡിപ്പാർട്ടുമെണ്ടിൽനിന്നും മെറ്റീറിയൽസ് കൊടുത്തിട്ടുണ്ടോ?

**The Hon'ble Sri. E. John Phlilipose:** No.

## FOOD CONTROL MEASURES

***342. Sri. E. P. Paulose:** Will the Hon'ble Minister for Food be pleased to state.—

(a) the percentage of deficit in food grains when food control measures were first introduced in Travancore and Cochin; and

(b) what is the deficit in the two States of the Union at present?

**The Hon'ble Sahib Bahadur T. A. Abdulla:**

(a) 60 per cent in Travancore area of the Union and 48 per cent in the Cochin area.

(b) The deficit in the two areas remains more or less at the same level.

ശ്രീ. ഇ. പി. പൌലോസ്: ഇപ്പോഴും ഭക്ഷണധാന്യങ്ങളും ഇവിടെ വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നതു് ശരിയാണോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: കുറെ വർദ്ധിച്ചിട്ടുണ്ടു്. എന്നാൽ ജനസംഖ്യയും വർദ്ധിച്ചിട്ടുണ്ടെന്നകാര്യം വിസ്മരിക്കാൻ പാടുള്ളതല്ല.

ശ്രീ. ഇ. പി. പൌലോസ്: എന്തടിസ്ഥാനത്തിലാണു് ഈ കണക്കു് തയാറാക്കുന്നതു്.

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ജനസംഖ്യ കണക്കാക്കിയും, അഡൽറ്റ്സിനു് പന്ത്രണ്ടൌൺസ് എന്ന റേറ്റനുസരിച്ചും മററുമാണു്.

ശ്രീ. ഇ. പി. പൌലോസ്: കൂടുതൽ വിളവു് കണക്കാക്കുന്നതു് എന്തടിസ്ഥാനത്തിലാണു്.

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: കൂടുതൽ കൃഷിചെയ്തിട്ടുള്ള വിസ്തീർണ്ണവും വിളവും അടിസ്ഥാനപ്പെടുത്തിയാണു്.

ശ്രീ. ഇ. പി. പൌലോസ്: ഇതു് പ്രവൃത്തികാരന്മാരുടെ കണക്കനുസരിച്ചാണോ തീരുമാനിക്കുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: പ്രവൃത്തികാരന്മാരുടെ കണക്കുമാത്രമടിസ്ഥാനമാക്കിയല്ല.

ശ്രീ. ഇ. പി. പൌലോസ്: ഒരേക്കറിനു് എത്ര കിട്ടുമെന്നാണു കണക്കാക്കിയിരിക്കുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: രണ്ടര ഏക്കറിനു് ഒരു ടൺ കിട്ടുമെന്നാണു് കരുതുന്നതു്.

## CLERKS IN GOVERNMENT OFFICES

***343. Sri. N. V. Chacko:** Will the Hon'ble Chief Minister be pleased to state:

(a) whether the Government are aware of the usual practice of clerks employed in Government offices and using quill or steel pens shaking away the excess ink after dipping the pens deep into the ink-bottles and thus spoiling the furniture, floor and surrounding walls with the ink thus spilt and wasted;

(b) if they are not aware of such a bad and untidy practice, whether they would be pleased to find out whether there is such a wide-spread practice;

(c) whether they would be pleased to ask such clerks and writers to discontinue such practice;

(d) whether they will be pleased, in future appointments or recruitments, to make it a condition that those appointed or recruited would not indulge in such practice; and

(e) whether the Government are aware that such habits are generally acquired only after their appointments?

**The Hon'ble Sri. T. K. Narayana Pillai :**

(*a*) There is no such wide practice as alleged in the question.

(*b*) to (*e*) Do not arise.

### BUS SERVICE BETWEEN ERNAKULAM AND TRIVANDRUM

***344. R. K. Ram :** Will the Hon'ble Premier be pleased to state.—

It is understood that for the convenience of the members arrangements have been made by Government for sufficient number of buses being operated from Ernakulam to Trivandrum. What arrangements have been made by Government for the members coming from other parts than from Ernakulam?

**The Hon'ble Sri. E. John Philipose:**

There has not been any request for special transport arrangements for the Hon'ble rembers coming from places other than Ernakulam. The existing arrangements for transport from such places are satisfactory.

### STATE TRANSPORT DEPARTMENT

***345. Sri. P. K. Kumaran Achari :** Will the Hon'ble Minister for Transport be pleased to state.—

(*a*) whether the State Transport Services have been introduced in all the main routes of the United State of Travancore and Cochin; and

(*b*) why express services were not introduced so far between Ernakulam and Trichur, Kottayam and Erattupetta, Kottayam and Kumili, Palai and Alwaye via. Thodupuzha?

**The Hon'ble Sri. E. John Philipose:**

(*a*) No.

(*b*) The matter is under consideration.

ശ്രീ. പി. കെ. കുമാരനാചാരി: കോട്ടയം ഈരാററുപേട്ട റോഡിലും പാലാ, തൊടുപുഴ റോഡിലും എക്സ്പ്രസ്സ് സർവീസ്സ് നടത്താത്തതു് എന്തുകൊണ്ടാണ്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: നടത്തിയിട്ടില്ല. കാരണം പലതും ഉണ്ടു്.

ശ്രീ. പി. കെ. കുമാരനാചാരി: ഈ റൂട്ടുകൾ വളരെ പ്രാധാന്യമുള്ളതാണെന്നു് ഗവൺമെൻറിനറിയാമോ?

ബഹു. ശ്രീ ഇ. ജോൺ ഫിലിപ്പോസ്: അതുപോലെ പ്രാധാന്യമുള്ള പല റൂട്ടുകളും തിരുവിതാംകൂറിലുണ്ടു്.

### OVERLOADING IN BUSES

***346. Sri. P. K. Kumaran Achari :** Will the Hon'ble Minister for Transport be pleased to state.-

(*a*) whether the Government have allowed overloading of State Transport buses, if so, the number of persons allowed; and

(*b*) the number of accidents occurred during the current year due to overloading?

**The Hon'ble Sri. E. John Philipose:**

(*a*) Yes, except in Express buses; 50 per cent of the seating capacity as a maximum.

(*b*) Nil.

ശ്രീ. പി. കെ. കുമാരനാചാരി: ട്രാൻസ്പോർട്ടു ബസ്സുകളിൽ ൫൦ ശതമാനത്തിൽ കൂടുതൽ ഓവർലോഡിംഗ് നടക്കുന്നതായി ഗവൺമെൻറിനറിയാമോ?

**The Hon'ble Sri. E. John Philipose :** The Department is trying to control the overloading as far as possible.

ശ്രീ. പി. കെ. കുമാരനാചാരി: ഓവർലോഡിംഗ് ഉണ്ടാകാത്ത നിലയിൽ കൂടുതൽ ബസ്സുകൾ ലൈനിൽ ഇടാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

**The Hon'ble Sri. E. John Philipose :** It is also a matter which is engaging the very serious and urgent attention of the Government.

**Sri. M. Bhaskara Menon :** Are the Government aware that most of the accidents have been due to overloading?

**The Hon'ble Sri. E. John Philipose :** Accidents have been due to other reasons.

**APOINTMENTS IN THE STATE TRANSPORT DEPARTMENT**

*347 **Sri. P. K. Kumaran Achari:** Will the Hon'ble Minister in charge of Transport be pleased to give a caste-war statement of the number of appointments made in the Transport Department during the current year?

**The Hon'ble Sri. E. John Philipose:**

| | | |
|---|---|---|
| Brahmin | .. | 28 |
| Ezhava | .. | 91 |
| Kammala | .. | 18 |
| Nair | .. | 194 |
| Other Hindus | .. | 69 |
| Other specified Hindus | .. | 4 |
| Vellala | .. | 34 |
| Kshathriya | .. | 5 |
| Anglican | .. | 13 |
| Jacobites | .. | 34 |
| Latin Catholic | .. | 21 |
| Marthoma | .. | 18 |
| Other Christians | .. | 32 |
| Syrian Catholics | .. | 23 |
| Muslims | .. | 34 |

ശ്രീ. പി. കെ. കുമാരനാചാരി: സ്റ്റേററ് ട്രാൻസ്പോർട്ട് വർക്ക്ഷാപ്പിൽ ജോലി ചെയ്യുന്ന ഫിററേഴ്സിൽ വിശ്വകർമ്മസമുദായത്തിൽനിന്നും എത്രപേർ ഉണ്ട്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ അതേപ്പററി എനിക്കു നിശ്ചയമില്ല. അന്വേഷിച്ചു പറയാം.

ശ്രീ. മാന്നാർ ഗോപാലൻനായർ: ജാതിതിരിച്ചുള്ള പട്ടിക വായിച്ചപ്പോൾ അദർ ഹിൻഡൂസ് എന്നും അദർ സ്പെസിഫൈഡ് ഹിൻഡൂസ് എന്നും പറയുകയുണ്ടായി. അതു് ആരാണു്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇവിടെ അതാണു് നടപ്പു്.

ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: ഓരോ സമുദായത്തിനും ഇത്ര ശതമാനം വീതം കൊടുക്കണമെന്നു നിർബ്ബന്ധം ഉണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇല്ല.

**ശുദ്ധജലം ലഭിക്കുന്നതിനുള്ള പദ്ധതി**

*൩൪൮. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹു. മന്ത്രി സദയം മറുപടി നൽകുമോ:—

ചേർത്തല താലൂക്കിൽ ശുദ്ധജലം ലഭിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവണ്മെണ്ടിനു മുമ്പാകെ ഉണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പുരോഗതി എങ്ങിനെ ഇരിക്കുന്നു എന്നും ദയവായി പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: അവിടെ കുടിച്ചു ജീവിക്കുവാൻ ശുദ്ധജലം ലഭിക്കത്തക്കവണ്ണം വേണ്ട നടപടി എടുക്കുവാൻ ഗവണ്മെണ്ടിന്റെ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: അതേപ്പററി ആലോചിക്കാം.

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു വളരെ താമസിയാതെ വരുമെന്നാണു് ചീഫ്എൻജിനീയർ ഇന്നെന്നോടു പറഞ്ഞതു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ചേർത്തല ആവശ്യമുണ്ടായ റോഡുകൾ ഉണ്ടായതു് കമ്മ്യൂണിസ്റ്റ്ബഹളംകൊണ്ടാണെന്നു കമ്മ്യൂണിസ്റ്റുകാർ പറയാറുണ്ടു്. അതുപോലെ അവിടെ ശുദ്ധജലം ലഭിച്ചതു് ഞങ്ങളുടെ വ്യവസ്ഥാപിതപ്രക്ഷോഭണവും കൊണ്ടാണെന്നു് പറയാത്തക്കവണ്ണം ശുദ്ധജലം ലഭിക്കുന്നതിനു വേണ്ട നടപടി എടുക്കുവാൻ ഗവണ്മെണ്ടു് ശ്രമിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ശ്രമിക്കുന്നതായിരിക്കും.

ശ്രീ. ഈപ്പൻ അറയ്ക്കൽ: കട്ടനാടൻപ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കാൻ വളരെ പ്രയാസം ഉണ്ടെന്നു ഗവമ്മേണ്ടിന്നറിയാമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ചേർത്തലയെപ്പോലെ പ്രയാസമില്ലെന്നറിയാം.

## മരച്ചീനിക്കയറ്റുമതി

*൩൮൯. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മരച്ചീനിയുടെ കയറ്റുമതിയിൽ ഇപ്പോൾ നിയന്ത്രണം നിലവിലുണ്ടോ;

(ബി നിയന്ത്രണം നിലവിലുള്ളപക്ഷം അതു നീക്കം ചെയ്യുന്നതിനുള്ള പരിതഃസ്ഥിതികൾ ഉണ്ടായിട്ടുണ്ടോ എന്നു് ഗവമ്മെണ്ടു് ആലോചിച്ചിട്ടുണ്ടോ ?

ബഹു. സാഹിബ്ബഹദൂർ റ്റി. എ. അബ്ദുള്ള: (എ) ഉണ്ടു്.

(ബി) ആലോചിക്കാം

ശ്രീ. പി. നാണു: ആലോചിക്കുന്നുണ്ടോ എന്നാണു് ചോദ്യം?

ബഹു. സാഹിബ്ബഹദൂർ റ്റി. എ. അബ്ദുള്ള: ആലോചിച്ചിട്ടില്ല.

ശ്രീ. പി. നാണു: മരച്ചീനിവില നിയന്ത്രിച്ചിട്ടുണ്ടോ?

ബഹു. സാഹിബ്ബഹദൂർ റ്റി. എ. അബ്ദുള്ളാ: ഇല്ല.

ശ്രീ. പി. നാണു ഇല്ലെങ്കിൽ അതുസംബന്ധിച്ചു വല്ല പ്രസ്സ്നോട്ടെങ്കിലും ഇറക്കിയിട്ടുണ്ടോ ?

ബഹു. സാഹിബ്ബഹദൂർ റ്റി. എ. അബ്ദുള്ളാ: ഇല്ല.

ശ്രീ. പി. നാണു: ഇഷ്ടംപോലെ മാർക്കറ്റിൽ മരച്ചീനി വില്ക്കാൻ അനുവദിച്ചിട്ടുണ്ടെന്നാണോ മനസ്സിലാക്കേണ്ടതു് ?

ബഹു. സാഹിബ് ബഹദൂർ റ്റി. എ. അബ്ദുള്ളാ: ഇപ്പോൾ അങ്ങനെയാണു് ഞാൻ ആലോചിക്കുന്നതു്.

ശ്രീ. പി. നാണു: ന്യായവിലഡിപ്പോ ഏതടിസ്ഥാനത്തിലാണു് സ്ഥാപിക്കുന്നതു് ?

ബഹു. സാഹിബ്ബഹദൂർ റ്റി. എ. അബ്ദുള്ളാ: ഗവമ്മെണ്ടിൽനിന്നും മരച്ചീനി വാങ്ങി ജനങ്ങൾ കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്ന സ്ഥലത്തു് ഏററവും കുറഞ്ഞ വിലക്കു കൊടുക്കുകയാണു് ഇപ്പോൾ ചെയ്യുന്നതു്.

ശ്രീ. പി. നാണു: ഇതിനു പ്രത്യേകവില നിശ്ചയിച്ചിട്ടുണ്ടോ ?

ബഹു. സാഹിബ്ബഹദൂർ റ്റി. എ. അബ്ദുള്ള: കൊടുക്കുന്ന വില നിശ്ചയിച്ചിട്ടുണ്ടു്. വാങ്ങുന്ന വില നിശ്ചയിച്ചിട്ടില്ല.

ശ്രീ. കെ. എ. മാത്യു: മധ്യതിരുവിതാംകൂറിൽ മരച്ചീനിയുടെ വില ഇടിഞ്ഞുപോയതായി ഗവമ്മെണ്ടിനറിയാമോ ?

ബഹു. സാഹിബ്ബഹദൂർ റ്റി. എ. അബ്ദുള്ള: വളരെ ഇടിഞ്ഞിട്ടുണ്ടെന്നു് ഗവമ്മെണ്ടിന്നറിഞ്ഞുകൂടാ.

ശ്രീ. കെ. എ. മാത്യു: എത്രമാത്രം ഇടിഞ്ഞിട്ടുണ്ടെന്നാണു ഗവമ്മേണ്ടിന്റെ അറിവു്.

ബഹു. സാഹിബ്ബഹദൂർ റ്റി. എ. അബ്ദുള്ളാ: ഇപ്പോൾ രണ്ടു ചക്രം മുതൽ രണ്ടര ചക്രംവരെ വിലയുണ്ടെന്നാണറിവു്.

## ട്രെയിഡ് കമ്മീഷണരുടെ ലണ്ടൻ ആഫീസ്

*൩൯൦. ശ്രീ. പി. കെ. കുമാരൻആശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദേശകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രെയിഡ് കമ്മീഷണരുടെ ഒരു ആഫീസ് ലണ്ടനിൽ ഉണ്ടോ;

(ബി) അതിനു പ്രതിവർഷം എത്ര പവൻ വാടകയായി കൊടുത്തുവരുന്നു?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ. (എ) ഇല്ല.

(ബി) ഈ പ്രശ്നം ഉദിക്കുന്നില്ല.

## വിമാനത്താവളം

*൩൫൧. ശ്രീ. പി. കെ. കുമാരൻ ആശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരത്തെ വിമാനത്താവളം വലുതാക്കുന്നതിനു ഗവമ്മെണ്ട് തീരുമാനിച്ചിട്ടുണ്ടോ;

(ബി) വിമാനത്താവളനിമ്മാണകാലത്ത് അതിന് എസ്റ്റിമേററ ചെയ്ത തുകയും ചെലവായ തുകയും എത്ര;

(സി) വിമാനത്താവളം വലുതാക്കുന്നതിന് എസ്റ്റിമേററ ചെയ്തിരിക്കുന്ന തുക എത്രയെന്നു പറയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: (എ) ഇല്ല.

(ബി) എസ്റ്റിമേററ ചെയ്ത തുക ൪൪,൦൦,൦൦൦ ക. ചിലവായ തുക ൩൪,൫൧,൨൭൦ ക.

(സി) എ.യുടെ ഉത്തരം പരിഗണിക്കുമ്പോൾ ഇതിനു ഉത്തരം ആവശ്യമില്ല.

## ചീഫ്സെക്രട്ടറിയുടെ നിയമനം

*൩൫൨. സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ ഐക്യസംസ്ഥാനഗവമ്മെണ്ടിന്റെ ഇപ്പോഴത്തെ ചീഫ് സെക്രട്ടറി മിസ്റ്റർ കെ. ജി. മേനോൻ, ഐ. സി. എസ്സിനെ നിയമിച്ചിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും അദ്ദേഹത്തിനു നൽകിവരുന്ന ശമ്പളത്തുക എന്താണെന്നും പ്രസ്താവിക്കുമോ;

(ബി) ഈ നിയമനം ഈ ഗവമ്മെണ്ട് സ്വന്തനിലയിൽ നടത്തിയിട്ടുള്ളതാണോ, അതല്ല, ഇൻഡ്യാഗവമ്മെണ്ടിന്റെ നിർദ്ദേശപ്രകാരം നടത്തിയിട്ടുള്ളതാണോ എന്നു വ്യക്തമാക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ൧. ഇപ്പോഴത്തെ ശമ്പളം രൂപാ ൧,൮൦൦. മദ്രാസ്സ് ഗവമ്മെണ്ട് സെക്രട്ടറിയെന്ന നിലയിൽ അദ്ദേഹം വാങ്ങിക്കൊണ്ടിരുന്ന ഗ്രേഡ് ശമ്പളവും അലവൻസുംകൂടി, ചട്ടങ്ങൾപ്രകാരം നൽകാവുന്ന എല്ലാ ഇളവുകളും അനുവദിച്ചുകൊണ്ട്, അതിൽനിന്നും ഇൻഡ്യയിൽ നൽകേണ്ടതായ ആദായനികുതിയും മേൽ നികുതിയും കുറച്ച്, ൨൫ ശതമാനം ഡെപ്യൂട്ടേഷൻ അലവൻസ് കൂട്ടുന്നതാണ്. തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്ത് ആദായനികുതി ഈടാക്കുന്നുവെങ്കിൽ, ആദായനികുതി കുറച്ചാലും മേൽപറഞ്ഞ തുക കിട്ടത്തക്കവണ്ണം ശമ്പളം നിശ്ചയിക്കുന്നതാണ്.

൨. ഫണ്ടമെൻറൽ റൂൾസ് അനുസരിച്ച് തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനം നൽകേണ്ടതായ ലീവും, പെൻഷൻവീതവും.

൩. കേന്ദ്രഗവമ്മെണ്ടിലെ ഫണ്ടമെൻറൽ റൂൾസും, സപ്ലിമെൻററി റൂൾസും അനുസരിച്ച് തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തെ ചട്ടങ്ങൾപ്രകാരമുള്ള യാത്രപ്പടിയും ദിവസപ്പടിയും.

൪. ഗവമ്മെണ്ട് സർവീസ് അനുവദിക്കുന്നപ്രകാരം സൗജന്യമായ ചികിത്സയും, നേഴ്സിംഗ്, ശസ്ത്രക്രിയയും സംബന്ധിച്ച സഹായം.

൫. ഫണ്ടമെൻറൽ റൂൾസ് പ്രകാരമുള്ള ലീവ്.

൬. ട്രാൻസ്ഫറായി തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തേക്ക് വരുമ്പോഴും, അവിടെനിന്നും തിരിയെ പോകുമ്പോഴുമുള്ള ജോയിനിംഗ്ടൈം ശമ്പളം, കേന്ദ്രഗവമ്മെണ്ടിലെ സപ്ലിമെൻററി റൂൾസ്പ്രകാരം നിയന്ത്രിക്കപ്പെടുന്നതും അത് തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാന ഗവമ്മെണ്ട് നൽകുന്നതുമാകുന്നു. ജോയിനിംഗ് ടൈംകാലം കേന്ദ്രഗവമ്മെണ്ടിലെ നിരക്കുകൾ പ്രകാരം നിയന്ത്രിക്കപ്പെടുന്നതാണ്.

൭. ട്രാൻസ്ഫറായി തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തേക്ക് വരുമ്പോഴും, അവിടെനിന്നും തിരിയെ പോകുമ്പോഴുമുള്ള യാത്രപ്പടി, കേന്ദ്രഗവമ്മെണ്ടിലെ സപ്ലിമെൻററി റൂൾസ്പ്രകാരം നിയന്ത്രിക്കപ്പെടുന്നതും, അതു തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാന ഗവമ്മെണ്ട് നൽകുന്നതുമാണ്.

വ്യ. ഫാറിൻ സർവ്വീസ്സിലിരിക്കുമ്പോഴോ, ഫാറിൻ സർവ്വീസ് മുഖേനയോ വന്നുചേരുന്ന വല്ല അപ്രാപ്തിക്കും നൽകുന്ന ലീവിന് ആ അപ്രാപ്തി ഫാറിൻ സർവ്വീസ് അവസാനിച്ചശേഷം ആണ് പ്രത്യക്ഷമാകുന്നതെങ്കിലും, തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനം ലീവുകാലത്തെ ശമ്പളം നൽകുന്നതിനു ബാദ്ധ്യസ്ഥരായിരിക്കും.

(ബി) അദ്ദേഹത്തെ തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തെ ഗവമ്മെണ്ടാണ് നിയമിച്ചിട്ടുള്ളതു്.

ശ്രീ. കെ. എ. മാത്യു: അദ്ദേഹത്തിന് ഏതെങ്കിലും എക്സിക്യൂട്ടീവ് അധികാരം കൊടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ചീഫ് സെക്രട്ടറിക്ക് എക്സിക്യൂട്ടീവ് അധികാരം ഉണ്ടെങ്കിൽ അദ്ദേഹത്തിനും അതുണ്ടു്.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: അദ്ദേഹം ഗവമ്മെണ്ടു് അധികാരം വിനിയോഗിക്കുന്നതുകൂടാതെ മന്ത്രിമാരുടെ അധികാരം വിനിയോഗിക്കുന്നതായി ഗവമ്മെണ്ടിനു് അറിവുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. അങ്ങനെ ഒരു അഭിപ്രായം ഉണ്ടാകത്തക്ക സാഹചര്യങ്ങളും ഇല്ല.

**Sri. D. Cnanasigamony:** Is it an appointment made under the directions of the State Ministry?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. ഐക്യസംസ്ഥാന ഗവമ്മെണ്ടിന്റെ ആവശ്യപ്രകാരവും ഉത്തരവാദിത്വത്തിലുമാണ്.

**Sri. A. Thanu Pillai:** May I know why this Government appointed such a costly Chief Secretary ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് കോസ്റ്റിലിയാണെന്നു ഗവമ്മെണ്ടിനു് ബോദ്ധ്യമില്ല. വാദത്തിനുവേണ്ടി അതു സമ്മതിക്കുന്നപക്ഷം അങ്ങനെ ഒരാളെ ആവശ്യമുണ്ടെന്നു തോന്നിയതുകൊണ്ടാണ്. ഐക്യസംസ്ഥാനം രൂപമെടുത്തിരിക്കുന്ന ഈ അവസരത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു കോസ്റ്റിലിയായ ഒരു ആഫീസറാണെങ്കിലും അദ്ദേഹത്തെ നിയമിക്കേണ്ടതു് ആവശ്യമാണെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമായതുകൊണ്ടാണ് അദ്ദേഹത്തെ നിയമിച്ചതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അദ്ദേഹം ഇവിടെ വന്നതിനുശേഷം കാര്യക്ഷമത വൎദ്ധിച്ചിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കാര്യക്ഷമത വൎദ്ധിച്ചുവരുന്നുണ്ടു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: തിരുവിതാംകൂറിൽ ആൎക്കും കാര്യക്ഷമതയില്ലെന്നാണോ പറയുന്നതു് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയാണ് എന്റെ സ്നേഹിതൻ മനസ്സിലാക്കിയതെങ്കിൽ ഞാൻ അതിനു തടസ്സമായി നില്ക്കുന്നില്ല.

**Sri. A. Thanu Pillai:** Have the Government found it impossible to get an incumbent to this office on the sanctioned scale of pay who would be able to discharge the functions of the Chief Secretary today ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ മാതിരിയുള്ള എല്ലാ സംഗതികളെക്കുറിച്ചും ആലോചിച്ചുശേഷമാണ് അന്യ ദിക്കിൽനിന്നും താല്ക്കാലികമായി കാര്യക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെ വരുത്തുവാൻ ഗവമ്മെണ്ടു് തീരുമാനിച്ചതു്.

**Sri. A. Thanu Pillai:** My question is "Have the Government found it impossible to get an incumbent to this office on the sanctioned scale of pay who would be able to discharge the functions of the Chief Secretary today ?"

**Mr. Speaker:** The Minister having answered the self same question that question need not be repeated. There is no means of compelling the Minister to answer the question in a particular manner.

## WRITTEN ANSWERS

### HYDRO ELECTRIC PROJECT

**353. Sri. Alexander Vakayil:** Will the Hon'ble Minister for Electricity be pleased to state:—

(*a*) in which year the Peringalkooth Hydro Electric Project was started;

(*b*) into how many stages the project is proposed to be completed;

(*c*) what is the output of energy expected in each stage;

(*d*) what progress has been made in the first stage giving the items of works so far completed;

(*e*) what is the capital expenditure estimated per K. W. at Peringalkooth;

(*f*) what has been the capital expenditure per K. W. respectively at Pallivassal and at the Jog falls in Mysore;

(*g*) what is the estimated cost per sq. ft. of the tunnel at Peringalkooth;

(*h*) what has been the cost per sq. ft. of the tunnel at Pallivassal;

(*i*) does the Government realise that the Peringalkooth scheme is far cheaper than other H. E. schemes worked out in other parts of India;

(*j*) what amount has been spent so far giving the different items of expenditure; and

(*k*) in what year will the project be completed and what is the total amount estimated for the same?

**The Hon'ble Sri. Annie Mascarene:** (*a*) Preliminary investigations commenced in September 1946.

(*b*) The project is proposed to be completed in five or more stages as detailed below:

(1) Peringalkuthu Left Bank (in two stages).
(2) Peringalkuthu Right Bank.
(3) Adirapally.
(4) Vazhachalkuthu.

The first stage of No. 1 development is now in progress.

(*c*) Peringalkuthu left Bank

I Stage: 16,000 K. W. at 50 per cent load factor.
II Stage: 24,000 K. W. at 50 per cent load factor.

Total output with the completion of No. I Scheme will be 48,000 K. W. at 50 per cent load factor.

No. 2 Scheme: 75,000 K. W. at 50 per cent load factor.
No. 3 Scheme: 55,000 K. W. at 50 per cent load factor.
No. 4 Scheme: 22,000 K. W. at 50 per cent load factor.

(*d*) 1. Dam. Stripping of dam foundation is practically completed. Over 8,000 R. ft. of core-boring has been done. Concreting of the heel trench and masonry in the spillway section in progress.

2. Tunnel and Surge Shaft:

2,000 ft. of tunnel has been driven to date including the pipe tunnel at the Exit end. Surge shaft driving is in progess.

3. Pipe Line: The penstock route is under formation and over 60 per cent of the work has been completed.

4. Power House: Designs are in hand and will be finalised on receipt of foundation drawings from suppliers of machinery.

5. Machinery: All the main machinery, switchgear, transformers, 52" pipe lines, transmission lines, etc., have been ordered.

6. Roads and buildings: Road works and buildings are under speedy execution.

(*e*) Cost per K. W. of installed capacity at Poringalkuthu in Stage I—approximately Rs. 3,000 per kilo-watt of firm power.

(*f*) The capital expenditure per kilo watt of firm power generated for the first stage of the Pallivasal Project is approximately Rs. 950. When the second stage of the project which is under construction is completed, the cost per kilo watt of power is estimated to be Rs. 1,320. The cost for the combined Pallivasal Sengulam Project is Rs. 1,375 per kilo watt of firm power generated.

The cost per K. W. of installed capacity at Jog Falls in Mysore is reported to be Rs. 1,250 in stage I.

(*g*) Rs. 370 per running foot of tunnel lined and completed.

(*h*) The cost per running foot of the tunnel at Pallivasal is approximately Rs. 160.

(*i*) A comparative estimate of the cost of various schemes in India is not available at present. But so far as the United State of Travancore and Cochin is concerned, it is evident from the foregoing answers that the Pallivasal scheme is cheaper.

(*j*) The total expenditure up to the end of Mithunam 1124 (15—7—1949) is Rs. 75,28,331.

(*k*) The 1st stage of Poringalkuthu Left Bank Project is programmed to be completed in 1952.

The total estimate of this Project is Rs. 2,34,00,000.

RATION ALLOWED TO THE LABOURERS

**354. Sri. Alexander Vakayil:** Will the Hon'ble Minister for Food be pleased to state.—

(*a*) the quantity of rice ration now allowed to the labourers in the H. E. department at Poringalkooth;

(*b*) has any representation been received with regard to the insufficiency of rice ration to the labourers in this forest area; and

(*c*) will the Government be pleased to increase their rice ration to 16 oz. as in the case of labourers in Forest Department.

**The Hon'ble Sahib Bahadur T. A. Abdulla:** (*a*) 14 oz. rice + 2 oz. wheat.

(*b*) Yes.

(*c*) Does not seem necessary.

DEEPENING OF PATTINI THODU

**355. Sri. Alexander Vakayil:** Will the Government be pleased to state.—

(*a*) Whether the Government received repeated representations for the deepening of Pattini Thodu in the Parur Taluk;

(*b*) what amount was sanctioned in the Budget for 1124 for the same;

(*c*) has any amount spent for it; if not why;

(*d*) whether the Government think of taking any step to render this thodu fit for boat in the low and high tides?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b*) Rs. 3,000.

(*c*) The work could not be arranged for during season of 1124 as there was no response from contractors when tenders were invited.

(*d*) Yes.

CONTROL OVER CAPITAL ISSUES

**356. Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) whether the Government have any intention to remove partly or completely the control over capital issues; and

(*b*) if so, when the change will be effected?

**The Hon'ble Sri. K. Ayyappan:**

(*a*) This is an All-India question, and unless it is taken up by the Government of India, it does not appear that in the existing circumstances, it is desirable to consider the question in this State.

(*b*) In view of the above no reply is called for.

CHIEF SECRETAEY TO GOVERNMENT

**357. Sri. Paul Thaliath:** Will the Hon'ble Premier be pleased to state.—

(*a*) the period for which the services of the present Chief Secretary to Government have been obtained; and

(*b*) the terms in the agreement with regard to his pay, allowances and pensions, etc.?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) One year in the first instance.

(*b*) The attention of the Honourable Member is invited to the answer to Question No. 991.

### PATTINI THODU

**358. Sri. Paul Thaliath:** Will the Government be pleased to state.—

(*a*) the amount provided for in the budget of 1124 for deepening the Pattini Thodu in Parur Taluk;

(*b*) the amount spent up to 10th Karkadagam 1124;

(*c*) if the answer to (*b*) is in the negative, the reason for not taking up the work this year?

**The Hon'ble Sri. E. John Philipose:**

(*a*) Rs. 3,000.

(*b*) Nil.

(*c*) There was no response from contractors when tenders were called for in 1124.

### BASIC LAND TAX

**359. Sri. A. K. George:** Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) what is the basic land tax in Cochin and Travancore;

(*b*) what is the reason for the difference if any; and

(*c*) is the Government going to reduce the basic tax in Cochin to its level in Travancore?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) The basic land tax in Travancore is (4) four cash per cent subject to a minimum of chs. four. There is no basic land tax system in Cochin.

(*b*) Land tax is being levied in the two States under two different laws.

(*c*) The question of introducing a uniform system of assessment in Travancore and Cochin is under consideration.

### പേ കമ്മീഷൻ

൩൬൦. ശ്രീ. കളത്തിൽ വേലായുധൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ ഗവൺമെണ്ടിൽനിന്നും ഒരു പേ കമ്മീഷൻ നിയമിച്ചിട്ടുണ്ടോ;

(ബി) ആ കമ്മീഷൻെറ പ്രവൎത്തനപരിധി തിരുവിതാംകൂർ ഗവൺമെണ്ടിനു കീഴിലുണ്ടായിരുന്ന ഉദ്യോഗങ്ങൾ മാത്രമായിരുന്നില്ലേ;

(സി) തിരുവിതാംകൂർ കൊച്ചി സംയോജനത്തിനുശേഷവും തിരുവിതാംകൂർ പേ കമ്മീഷൻ പ്രവൎത്തനം നടത്തുന്നുണ്ടോ;

(ഡി) പേ കമ്മീഷന് അദ്ധ്യക്ഷനായ ശ്രീ. കൈനിക്കര പത്മനാഭപിള്ളയുടെ ഇപ്പോഴത്തെ (൧൪—൧൨—൨൪) സ്ഥിരശമ്പളം എന്താണു്?

**ബഹു. ശ്രീ ടി. കെ. നാരായണപിള്ള:**

(എ) നിയമിച്ചിട്ടുണ്ടു്.

(ബി) അതെ.

(സി) ഉണ്ടു്.

(ഡി) പബ്ലിക്കു് സൎവ്വീസ്സു് കമ്മീഷണർ.

### TOBACCO SALES

**361. Sri. K. S. Joseph:** Will the Hon'ble Minister for Excise be pleased to state.—

(*a*) the total amount of the bids for the rights of tobacco sales in the State has been auctioned;

(*b*) what the total increase is over the amounts realised last year from license fees;

(*c*) the difference in prices existing now between Madras Presidency and this State on standard varieties like (1) Players Navy Cut Cigarettes; (2) Spencer's Planters Special Cigars; (3) Ordinary chewing tobacco known as *Vadakkan pukayila*; and

(*d*) whether Government would be pleased to take steps to obviate the huge disparity?

**The Hon'ble Sri. N. Kunjuraman:**

(*a*) The total bid obtained for the A and B class shops in Travancore is Rs. 67,13,605.

(*b*) The amount realised under license fee during 1124 is Rs. 6,34,082. The total increase is Rs. 60,79,523.

(*c*) The differences in prices are detailed below:—

| | *Kind of stuff* | *Price in the Indian Dominion* Rs. A. P. | *Price in the United State of Travancore and Cochin* Rs. A. P. |
|---|---|---|---|
| (1) | Players Navy Cut Cigarettes per packet of 10 | 0 8 0 | 0 10 0 |
| | Players Navy Cut Cigarettes per tin of 50 | 2 8 0 | 3 1 0 |
| (2) | Spencer's planters special cigars per box of 50 | 5 5 0 | 5 13 0 |
| (3) | Vadakkan Pukayila per pound | Varies from As. 10 to Re. 1 per pound according to the quality | Varies from Re. 1—2—0 to Re. 1—10—0 per lb. according to quality. |

(*d*) There appears to be no hugs disparity.

ഇലക്ട്രിക്ക് പവറിന്റെ വില

൩൬൨. സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇലക്ട്രിക്കു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇലക്ട്രിക്ക് പവ്വറിന്റെ വില ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനമാണ് വർദ്ധിപ്പിച്ചിരിക്കുന്നതു്;

(സി) ഈ നിരക്കു വർദ്ധിപ്പിക്കുവാൻ ഗവമ്മെണ്ടു് അനുവാദം നൽകിയതാണോ, ഇലക്ട്രിക്ക് ഡിപ്പാർട്ടുമെണ്ടു് സ്വയം നടപ്പിൽ വരുത്തിയതാണോ എന്നു പ്രസ്താവിക്കുമോ;

(ഡി) ഇത്ര വലിയതോതിൽ നിരക്കു വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ:

(എ) ഉണ്ടു്.

(ബി) ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വിദ്യുച്ഛക്തിക്കു ൧൦൦ൽ ശതമാനവും, വ്യാവസായികാവശ്യങ്ങൾക്കു ഉപയോഗിക്കുന്നതിനു് ൫൦ ശതമാനവും.

(സി) ഗവമ്മെണ്ടു് അനുവാദം നൽകിയതാണു്.

(ഡി) സാധനങ്ങളുടെ വിലയും കൂലിനിരക്കും വർദ്ധിച്ചുതുകൊണ്ടു്, ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെണ്ടിന്റെ മെയിൻറനൻസ് ചാർജ്ജ് വളരെ വർദ്ധിച്ചുവരികയായിരുന്നു. ഇതിനെ നേരിടുന്നതിനു നിലവിലിരുന്ന നിരക്കു വർദ്ധിപ്പിക്കേണ്ടിവന്നു.

## OPENING OF A TELEPHONE PUBLIC CALL OFFICE

**363. Sri. M. Varki:** Will the Hon'ble Minister for Communications be pleased to state

(*a*) whether the Goverument have sanctioned the opening of a Telephone Public Call Office at Kuruppampadi;

(*b*) if so, whether the departmental authorities concerned have ordered to execute the work; and

(*c*) if the answer to (*b*) above is in the negative, why?

**The Hon'ble Sri. E. John Phillipose:**

(*a*) Yes.

(*b*) Instructions were issued to the Division Officer, Telephone Sub-Division, Kottayam to forward proposals for taking up the work.

(*c*) But due to the scarcity of G. I. wires and other line materials the work could not be aken up so far.

### NEW APPOINTMENTS IN COCHIN STATE

364. **Sri. Alexander Vakayil:** Will the Hon'ble Minister for Public Service Commission be pleased to furnish the caste-war statement of new appointments made by the Public Service Commissioner in the Cochin State?

**The Hon'ble Sri. T. K. Narayana Pillai:**

The time and labour involved in the collection of the particulars, are not commensurate with the purpose served.

### PUBLIC SERVICE COMMISSION (SERVICES)

365. **Sri. A. P. Udayabhanu:** Will the Hon'ble Minister for Public Service be pleased to state.—

(*a*) the dates on which the Chairman and members of the present Public Service Commission were appointed;

(*b*) the period for which they are appointed;

(*c*) their salaries; and

(*d*) whether any employees of the Government can make direct representation to the Commission regarding their promotions, ranks and such other matters?

**The Hon'ble Sri. T. K Narayana Pillai:**

(*a*) The Chairman took charge on 14th July 1949. The other members took charge on 15th and 18th July respectively.

(*b*) The period in the case of the Chairman, has not been fixed. In the case of the members, it is 5 years.

(*c*) Chairman Rs. 1,750
Members Rs. 1,000 each.

(*d*) No.

### PAY COMMISSION

366. **Sri. A. P. Udayabhanu:** Will the Hon'ble Minister for General Administration be pleased to state whether the Pay Commission appointed by the Travancore Government is still functioning?

**The Hon'ble Sri. T. K. Narayana Pillai:** Yes.

### TAXATION OF INCOME

367. **Sri. A. P. Udayabhanu:** Will the Hon'ble Minister for Income-tax be pleased to state.—

(*a*) whether the Taxation on Income Investigation Commission appointed by the Government of Travancore is still functioning; and

(*b*) the expenses incurred so far on the said Commission?

**The Hon'ble Sri. A. J. John:**

(*a*) Yes.

(*b*) Rs. 6,077 ch. 14 c.11.

### GOVERNMENT FACTORIES

368. **Sri. Joseph Mathen:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether this Government are aware of the fact that the Central Government intend to start some new Government factories;

(*b*) if the answer is in the affirmative will the Government be pleased to take necessary steps to request the Central Government to start a few of such factories in Shertallai taluk to solve the often repeated unemployment problem of Shertallai; and

(*c*) if not will the Government be pleased to make the necessary enquiries with this end in view?

**The Hon'ble Sri. N. Kunjuraman:**

(*a*) No.

(*b*) The question does not arise in view of the answer to part (*a*)

(*c*) Yes.

## ജാതിമൂലമുള്ള അസ്വാസ്ഥതകൾ

നം. ൮൯. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ജാതികൊണ്ടും മതംകൊണ്ടും രാജ്യത്തു മുറയ്ക്കു് അനവധി അസ്വാസ്ഥതകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്നുള്ള വസ്തുത ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പരിഹാരത്തിനു് എന്തെങ്കിലും മാൎഗ്ഗം അംഗീകരിക്കുവാൻ ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ വസ്തുതകളെപ്പററി ഏതെങ്കിലും വിധത്തിൽ അധീശ ഗവമ്മെണ്ടിനെ അറിയിക്കാൻ ഇടയായിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അസ്വാസ്ഥതകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഗവമ്മെണ്ടിനറിവില്ല.

(ബി, സി) എയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾക്ക പ്രസക്തിയില്ല.

## ജാതിമത ശല്യങ്ങൾ ഒഴിവാക്കാൻ പ്രത്യേക ഡിപ്പാർട്ട്മെണ്ടു്

നം. ൯൦. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തിന്റെ പേരും പ്രശസ്തിയും നശിപ്പിക്കുന്ന ജാതി, മതശല്യങ്ങൾക്കു് പരിഹാരമുണ്ടാക്കുവാൻ ഒരു പ്രത്യേക ഡിപ്പാർട്ട്മെണ്ടു മുഖേന വേണ്ടതു ചെയ്യുവാൻ ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവൎത്തനത്തിന്റെ സ്വഭാവമെങ്ങനെ;

(സി) ആ പുതിയ പരിപാടി എന്നത്തേക്കു നടപ്പിൽ വരും?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഇപ്പോൾ ഉള്ള ഡിപ്പാർട്ട്മെണ്ടിനു പുറമെ വേറെ ഡിപ്പാർട്ട്മെണ്ടു് ഉണ്ടാക്കാൻ ഗവമ്മെണ്ടു വിചാരിക്കുന്നില്ല. ചോദ്യത്തിൽ പറയുന്നതുപോലെയുള്ള ശല്യങ്ങൾ ഉള്ളതായി ഗവമ്മെണ്ടിനു് അറിവും ഇല്ല.

(ബി) & (സി) മേൽ പ്രസ്താവിച്ച ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾക്ക പ്രസക്തിയില്ല.

## Point of Order and ruling regarding Answering of Questions

ശ്രീ. ടി. ടി. കേശവശാസ്ത്രി: സർ, ഒരു പോയിന്റു ഓഫു് ഓർഡർ. ലിസ്റ്റിൽ ഉള്ള ചോദ്യങ്ങളിൽ വളരെയധികം ചോദ്യങ്ങൾ ഉത്തരം പറയാൻ നിവൃത്തിയില്ലാതെ വരുന്നു. ഇന്നലെ ഏകദേശം പതിനെട്ടു ചോദ്യങ്ങളും ഇന്നു പതിനഞ്ചു ചോദ്യങ്ങളും ഉത്തരം ലഭിക്കാതെ ഉണ്ടു്. മേലാൽ ഇതിനു് ഇടയാകാതെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കത്തക്കവണ്ണം ഏൎപ്പാടു ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാൎയ്യം ഞാൻ മനസ്സിലാക്കുന്നുണ്ടു്. ഇന്നു് ഏകദേശം അമ്പത്തിഅഞ്ചു ചോദ്യങ്ങൾ ഉള്ളതിൽ നാല്പതു് എണ്ണത്തിനു മാത്രമേ ഉത്തരം പറഞ്ഞിട്ടുള്ളു. ബാക്കിയുള്ളവയുടെ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നതാണു്. വാങ്മൂലം ഉത്തരം നല്കാൻ സാധിക്കാത്ത ചോദ്യങ്ങൾക്കു് ഉത്തരം മേശപ്പുറത്തു വയ്ക്കുകയാണു് സാധാരണ പതിവു്. നിവൃത്തിയുള്ളിടത്തോളം അമ്പതോ, അറുപതോ ചോദ്യങ്ങൾക്കു് ഉത്തരം നല്കിയാൽ നന്നായിരിക്കും. അങ്ങനെയാണെങ്കിൽ കഷ്ടിച്ചു ഒരു മിനിട്ടു് ഒരു ചോദ്യത്തിനു എടുത്താൽ മാത്രമെ സാധിക്കുകയുള്ളു. അതിനാൽ മെമ്പറന്മാർ നിവൃത്തിയുള്ളിടത്തോളം ഉപചോദ്യങ്ങളായിട്ടു ചോദിക്കേണ്ടി വരുമെന്നു മുൻകൂട്ടി അറിഞ്ഞിരിക്കാൻ ഇടയുള്ള വിഷയങ്ങൾ ആദ്യചോദ്യങ്ങളിൽതന്നെ ഉൾപ്പെടുത്തി ചോദിച്ചാൽ കൂടുതൽ വിവരങ്ങൾ അറിയുന്നതിനും സമയലാഭത്തിനും ഇടയാകുന്നതാണു്.

ശ്രീ. പി. എം. വൎഗ്ഗീസു്: സർ, എനിക്കു് ഒരു observation ഉണ്ടു് അതു്......

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, observationനു് റൂൾ അനുസരിച്ചു Provision ഉണ്ടോ?

മി. സ്പീക്കർ: Observation ന് പ്രൊവിഷൻ ഇല്ല.

ശ്രീ. പി. എം. വർഗ്ഗീസ്: സർ, എന്നാൽ ഒരു പോയിൻറ ഓഫ് ഓർഡർ: ചോദ്യങ്ങൾ അച്ചടിക്കുന്നതോടുകൂടി അവയുടെ മറുപടിയും പറയുന്നതിനു പകരം അച്ചടിക്കുകയാണെങ്കിൽ സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കാൻ സൌകര്യമുണ്ടായിരിക്കുകയും അതു സമയലാഭത്തിനു സൌകര്യമായിരിക്കുകയും ചെയ്യും. അങ്ങനെയാണെങ്കിൽ ഏകദേശം നൂറു ചോദ്യങ്ങൾക്ക് ഒരു ദിവസം ഉത്തരം നല്കാൻ സാധിക്കുന്നതാണ്. മുമ്പും ഇവിടെ ആ പതിവാണ് ഉണ്ടായിരുന്നത്. ഈ കാര്യത്തിലേക്കു വേണമെങ്കിൽ ഒന്നോ രണ്ടോ ക്ലാർക്കുമാരെ വേണ്ടിവന്നാൽ നിയമിക്കുന്നതിലും തരക്കേടില്ല. അതു സൌകര്യമായിരിക്കും.

ശ്രീ. കെ. എ. മാത്യു: സർ, ഇതുതന്നെയാണ് എന്റെയും അഭിപ്രായം. അതു എല്ലാവർക്കും സൌകര്യമായിരിക്കുകയും ചെയ്യും.

മി. സ്പീക്കർ: ഇതിനുമുമ്പ് ഒരിക്കൽ ഈ സഭയിൽത്തന്നെ ഉന്നയിച്ച വാദമാണ് ഇത്. ഇതിന് അടുത്തുമുമ്പു നടന്ന അസംബ്ലിയിലും ആ പതിവു സ്വീകരിച്ചിരുന്നില്ല. മുമ്പും ഈ അസംബ്ലിയിൽ ചോദ്യങ്ങൾ മാത്രമെ അച്ചടിക്കുക പതിവായിരുന്നുള്ളു.

**Sri. A. Thanu Pillai:** If not your immediate predecessor, our remote predecessor was following that rule.

മി. സ്പീക്കർ: അതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് പറഞ്ഞത്. അങ്ങനെ ചെയ്യാമെന്ന് വാഗ്ദാനം ചെയ്യാൻ സാധ്യമല്ല. മററു സംബ്ളികളിൽ അന്വേഷിച്ചതിൽ അവിടെയും ചോദ്യങ്ങൾ മാത്രം അച്ചടിക്കുന്ന പതിവാണ് കണ്ടിട്ടുള്ളതു. മദ്രാസ് അസംബ്ളിയിലും സെൻട്രൽ അസംബ്ളിയിലും എല്ലാംതന്നെ ഈ പതിവു സ്വീകരിച്ചിരിക്കുന്നതായിട്ടാണ് അറിയുന്നത്.

ശ്രീ. എം. ഐ. പോൾ: സർ, ഒരു മണിക്കൂർ ചോദ്യോത്തരങ്ങൾക്കായി വച്ചിട്ടുള്ളതിൽ ട്രഷറി ബഞ്ചിനു എത്രസമയം എടുക്കാം, മെമ്പറന്മാർക്കു എത്ര സമയം എടുക്കാം, സ്പീക്കർക്കു എത്ര സമയം എടുക്കാം എന്നു നിയന്ത്രിക്കുന്ന വ്യവസ്ഥകൾ വല്ലതും ഉണ്ടോ?

മി. സ്പീക്കർ: അതിനു വ്യവസ്ഥ ഇല്ല. ഇല്ലെന്നുള്ളതു റൂളുകളിൽനിന്നു മെമ്പർക്കു മനസ്സിലാക്കാവുന്നതാണ്.

## Adjournment Motions

മി. സ്പീക്കർ: കുറെ അടിയന്തിര പ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്. ഒന്നാമത്തെ അടിയന്തിര പ്രമേയം ഇതാണ്.

തിരുവിതാംകൂർ സ്റ്റേററ ട്രാൻസ്പോർട്ട് സർവ്വീസിലുള്ള ജോലിക്കാരുടെ അവശതകൾ അതായതു അവർക്കു കിട്ടുന്ന കൂലി, ക്ഷാമബത്ത, ദിനബത്ത ഇതുകളും അവരുടെ പ്രമോഷൻസ്, സ്ഥലം മാററം മുതലായവയും ആണ് പ്രമേയത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ. സർവ്വീസിലുള്ള പ്രമോഷൻസ് ഓരോ ദിവസത്തേക്കുള്ള ജോലി നിർണ്ണയിക്കൽ, സ്ഥലമാററം മുതലായവയെല്ലാം സേവയും സ്വപാശ്യവും മുഖംനോക്കിയും ആണ് ചെയ്തുവരുന്നത് എന്നു പറയുന്നു. ഇങ്ങനെയുള്ള പല സംഗതികളും ഇതിൽ ഉണ്ട്. എന്നാൽ വിഷയം ഒന്നുമാത്രമെ പാടുള്ളു. അതു ഡെഫനിററ് ആയിരിക്കണം. Recent occurrence ആയിരിക്കണം. ഇതൊക്കെയാണ് അടിയന്തിര പ്രമേയത്തെ സംബന്ധിച്ചു ഉള്ള വ്യവസ്ഥ.

ശ്രീ. കണ്ണൻ: സർ, ഈ അടിയന്തിരപ്രമേയം അയച്ചിരിക്കുന്നതു ഞാനാണ്. ഇതിന്റെ ഗൌരവം മനസ്സിലാക്കണമെങ്കിൽ ആ പ്രമേയം മുഴുവൻ വായിക്കാതെ സാധിക്കുകയില്ല.

മി. സ്പീക്കർ: അതു വേണമെന്നില്ല. എന്തു വിഷയമാണ് ഇതിൽ പറഞ്ഞിരിക്കുന്നതെന്നു സഭയെ അറിയിക്കണമെന്നു വിചാരിച്ചാണ് ഞാൻ പ്രസ്താവിച്ചത്.

ശ്രീ. കണ്ണൻ: സർ, അങ്ങു ഇപ്പോൾ വായിച്ചതിലും ഗൌരവമേറിയ സംഗതികൾ അതിൽ ഉണ്ട്. അതുകൊണ്ടു അതുംകൂടി വായിക്കേണ്ടതാണ്

മി. സ്പീക്കർ: അതു വായിക്കണമെന്നില്ല എന്നു പറഞ്ഞുകഴിഞ്ഞു. ഇങ്ങനെയുള്ള അവശതകൾ പരിഹരിക്കുന്നതിനു അതായതു്, മുഖംനോക്കിയുള്ള പെരുമാററം, ക്ഷാമബത്ത, ക്ലിനിക്ക് ഇവ സംബന്ധിച്ച അവശതകളെ പരിഹരിക്കുന്നതിന് ഒരു അടിയന്തിര പ്രമേയത്തിന്റെ ആവശ്യം ഇല്ല. അടിയന്തിരപ്രമേയം അതിനൊരുമാർഗ്ഗവുമല്ല.

**Sri. Ponnara G. Sreedhar:** Sir, a point of information.

"Strike ballot" എന്നു പറഞ്ഞാൽ അതിന്റെ ഗൌരവം എത്രത്തോളമുണ്ടെന്നു് എല്ലാവക്കും അറിയാമെന്നാണു് എന്റെ വിശ്വാസം. ആ കാര്യം അതായതു്, strike ballot നെക്കുറിച്ചു് പ്രമേയത്തിൽ ഒടുവിൽ പറഞ്ഞിട്ടുണ്ടു്. ആദ്യം പറഞ്ഞിട്ടില്ലന്നെയുള്ളു.

മി. സ്പീക്കർ: Point of Information എന്നു പറഞ്ഞാൽ മെമ്പറിനു Information കിട്ടാൻ വേണ്ടി ചോദിക്കുന്നതാണു്. അല്ലാതെ സഭയ്ക്കു infomation കൊടുക്കുകയല്ല. ഏതായാലും പൊതുപ്രാധാന്യമർഹിക്കുന്ന ഒരു നിശ്ചിത വിഷയമായിരിക്കണം പ്രമേയത്തിലെ പ്രതിപാദ്യവിഷയം. ഈ പ്രമേയം അനുവദിക്കത്തക്കതല്ല.

ശ്രീ. പി. നാണു: സർ, ഒരു പായിന്റു് ആഫ് ഓർഡർ. റൂൾ ൫൯-ൽ ഇങ്ങനെ പറയുന്നു. "If the Speaker is of opinion that the matter proposed to be discussed is in order he shall read the statement to the Assembly" അതുകൊണ്ടു് പ്രമേയം ഓർഡറിൽ ആണെങ്കിൽ അതു വായിച്ചാൽ മതി. അല്ലെങ്കിൽ അതു വായിക്കേണ്ട ആവശ്യമില്ല. ആ ൫൯-ാം റൂൾ ഉപയോഗിച്ചു തന്നെ ഇതു വായിക്കാതെ തള്ളാവുന്നതാണു്.

മി. സ്പീക്കർ: മെമ്പർ പുറപ്പെടുവിച്ച അഭിപ്രായം ശരിയാണു്. പക്ഷേ, പ്രമേയം സ്വീകാര്യമല്ലെങ്കിൽ വായിക്കണമെന്നില്ല. എന്നാൽ പ്രമേയം വായിച്ചോ, അതിന്റെ ചുരുക്കം പ്രസ്താവിച്ചോ, പ്രമേയം എന്താണെന്നു സഭയെ അറിയിക്കുന്നതിൽ തെററില്ല.

ശ്രീ. കണ്ണൻ: സാധാരണ എല്ലാ അടിയന്തിരപ്രമേയങ്ങളും വായിക്കുകയാണു് പതിവു്. എന്നാൽ ഇതു മുഴുവനും വായിക്കാതിരുന്നതിന്റെ ഔചിത്യം മനസ്സിലാകുന്നില്ല.

മി. സ്പീക്കർ: പ്രമേയത്തിന്റെ സാരം സഭയെ ധരിപ്പിക്കുന്നതിനു ആവശ്യമായിട്ടുള്ളിടത്തോളമേ വായിക്കാറുള്ളു. പ്രമേയം സ്വീകാര്യമല്ലെന്നു കണ്ടാൽ അതും വേണമെന്നില്ല.

The next motion is from Sri. A. Ramasubramonia Karayalar regarding "the serious situation that has arisen due to the scarcity of drinking water in Sambavoor vadakara in Shencottah Taluk consequent on the failure of all tube wells as well as the drying up of wells and the failure of the Government in not taking action to supply drinking water."

ഇതു് ഗവമെന്റു ശ്രദ്ധിക്കേണ്ട ഒരു കാര്യമാണെങ്കിലും ഒരു അഡ്ജോൺമെന്റ മോഷനായി കൊണ്ടുവരത്തക്കതല്ല. അഡ്ജോൺമെന്റ മോഷൻ ഹാജരാക്കുന്നതു സംബന്ധിച്ചു മൌലികമായ ചില തത്വങ്ങൾ ധരിച്ചിരിക്കേണ്ടതായുണ്ടു്. സാധാരണയായി പ്രാധാന്യമർഹിക്കുന്നതായ സംഗതികളെല്ലാം അടിയന്തിരപ്രമേയമായി കൊണ്ടുവരത്തക്കതല്ല. പലകാര്യങ്ങൾക്കും പലവിധത്തിൽ പ്രാധാന്യമുണ്ടായിരിക്കും. എന്നാൽ ആ പ്രാധാന്യം മാത്രം അതൊരു അടിയന്തിര പ്രമേയമായി കൊണ്ടുവരുന്നതിനു മതിയായ കാരണമായിരിക്കയില്ല. പ്രത്യേകിച്ചും ബഡ്ജററു സെഷനിൽ മററുവിധത്തിൽ ഗവമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ നിവൃത്തിയില്ലാത്ത കാര്യങ്ങളാണു് അടിയന്തിരപ്രമേയമായി കൊണ്ടുവരുന്നതു്. അതു ഡെഫിനിററായ ഒരു കാര്യത്തെപ്പററി ആയിരിക്കണം, അർജൻറായിരിക്കണം, പൊതുപ്രാധാന്യമുള്ളതായിരിക്കണം, അടുത്തുതന്നെ സംഭവിച്ചിട്ടുള്ളതായിരിക്കണം. ഈ കാര്യങ്ങൾ എല്ലാം പരിഗണിച്ചേ ഒരടിയന്തിരപ്രമേയം സ്വീകരിക്കാൻ പാടുള്ളു. അതുകൊണ്ടു് ഈ അടിയന്തിരപ്രമേയത്തിന് അനുവാദം നിഷേധിച്ചിരിക്കുന്നു.

അടുത്ത പ്രമേയം ഇതാണു്.

"തിരുവിതാംകൂർ സ്റ്റേററു ട്രാൻസ്പോർട്ടു നാൺപെൻഷനബിൾ എംപ്ലോയിസ് യൂണിയൻ എക്സിക്യൂട്ടീവ് ആഗസ്റ്റ് ൧൫-ാംനു- തൊഴിലാളികൾ പണിമുടക്കണമെന്നുള്ള

പ്രമേയം പാസാക്കിയിരിക്കുന്നതുകൊണ്ടു് പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ക്ലേശവും അസമാധാനവും സംബന്ധിച്ചു പര്യാലോചിക്കുന്നതിനായി ഈ സഭാനടപടികൾ നിറുത്തിവയ്ക്കണം.”

ഇതിൽ പറയുന്ന ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ ജീവനക്കാരുടെ ഒരു അസോസിയേഷൻ പണിമുടക്കണമെന്നുള്ള ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു എന്നാണ്. ഈ പ്രമേയം പാസ്സാക്കിയതു് അടുത്ത സമയത്തു നടന്നതായിരിക്കാം. എന്നാൽ എന്നാണ് പണിമുടക്കുന്നതു്, അല്ലെങ്കിൽ എന്നു പണിമുടക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളതു്....

**Sahib Bahadur A. Abdul Razaak:** May I suggest that the resolution of the Union referred to in that adjournment motion is a matter that has occurred recently?

മി. സ്പീക്കർ: ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ നാൺപെൻഷ്യനബിൾ ജീവനക്കാരുടെ യൂണിയൻ എക്സിക്യൂട്ടീവ് പണിമുടക്കണമെന്നു് ഒരു പ്രമേയം പാസാക്കിയിരിക്കുന്നു എന്നാണ് പറയുന്നതു്. പണിമുടക്കേണ്ടതാണെന്നു പ്രമേയം പാസാക്കിയതു അടിയന്തിര പ്രമേയത്തിന്നു വിഷയമാക്കാവുന്നതായ അടുത്ത നടന്ന ഒരു സംഭവമായി ഗണിക്കുന്നതല്ല. ഇന്നു മുടക്കണമെന്നാണോ, നാളെ മുടക്കണമെന്നാണോ, അതോ എന്തെങ്കിലും അവരുടെ ആവശ്യങ്ങൾ സാധിച്ചു കിട്ടിയില്ലെങ്കിൽ പണി മുടക്കണമെന്നാണോ, ഏതു വിധത്തിലാണ് അവർ പ്രമേയം പാസാക്കിയിരിക്കുന്നതെന്നു് നിശ്ചയമില്ല. അതുകൊണ്ടു് അതൊരു അടിയന്തിരകാര്യമായിട്ടു ഗണിക്കുവാൻ നിവൃത്തിയില്ല. അസോസിയേഷന്റെ ആവശ്യങ്ങൾ ഗവമെന്റിനോടു നിവേദനം ചെയ്തിരിക്കാം. അതിന്നു ഗവമെന്റു പരിഹാരം ഉണ്ടാക്കേണ്ടതുമാണ്. എന്നല്ലാതെ ആ അസോസിയേഷൻ ഇങ്ങനെ ഒരു പ്രമേയം പാസാക്കിയിരിക്കുന്നതായി അറിയുന്നതുകൊണ്ടു് ഈ സഭയുടെ നടപടികളെല്ലാം നിറുത്തിവച്ചു് അതിനെപ്പററി വാദപ്രതിവാദം നടത്തേണ്ട ആവശ്യം ഇല്ല.

**Sahib Bahadur Abdul Razaak:** They have fixed up a date also within the 6th of this month.

**Mr. Speaker:** May be, but I reject this montion.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ പ്രമേയം ആരുടേതാണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. പി. നാണു: സർ, ഞാൻ ആദ്യം പറഞ്ഞതുപോലെ അടിയന്തിരപ്രമേയങ്ങൾക്കുവേണ്ടി രണ്ടു ദിവസമായി അരമണിക്കൂർവീതം ദുർവ്യയം ചെയ്തുകൊണ്ടിരിക്കയാണ്. അതുപോലെ ഇന്നും അതിന്നു് ഏതാണ്ടു് അരമണിക്കൂർ എടുക്കുന്ന ലക്ഷണം കാണുന്നുണ്ടു്. അതുകൊണ്ടു് റൂൾ ൨൨ ഇ. അങ്ങ് ഒന്നു ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

Rule 22 of the Legislative Assembly Rules says: "(*e*) use his right of speech for the purpose of obstructing the business of the Assembly."

Sahib Bahadur A. Abdul Razaak stood up.

**Mr. Speaker:** Is the member asking for any information ?

**Sahib Bahadur Abdul Razaak:** I am only qualifying the point of order raised by the Hon'ble Member.

ശ്രീ. പി നാണു: ഈ മാതിരി അടിയന്തിരപ്രമേയങ്ങൾ ഹാജരാക്കാൻ തുടങ്ങിയാൽ മററു സംഗതികൾ ഒന്നും നടക്കുകയില്ലെന്നു വരും. അതുകൊണ്ടു് ഈ പ്രമേയങ്ങൾ obstructing the business of the Assembly എന്നുള്ള നിലയിൽ തള്ളരുതോ എന്നാണ് എന്റെ സംശയം.

മി. സ്പീക്കർ: അടിയന്തിര പ്രമേയങ്ങൾ തള്ളുന്നതു ന്യായമായ കാരണങ്ങളിന്മേൽ മാത്രം ആയിരിക്കുന്നതാണ്. നിയമപ്രകാരം സ്വീകാര്യമെന്നു വിചാരിപ്പാൻ ന്യായമുള്ള അടിയന്തിര പ്രമേയങ്ങളല്ലാതെ കൊണ്ടുവരുന്നതു് അനാവശ്യമായി സഭയുടെ സമയം ദുർവ്യയം ചെയ്യുകയായിരിക്കും. ഇന്നു സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന അടിയന്തിരപ്രമേയങ്ങൾ അകാരണമായി ഹാജരാക്കിട്ടുള്ളവയും സഭയുടെ സമയത്തെ അനാവശ്യമായി വ്യയം ചെയ്യുന്നതിന്നു പര്യാപ്തമായവയുമാണെന്നു സഭയ്ക്കു പൊതുവെ ബോദ്ധ്യമുണ്ടെന്നു കാണുന്നതുകൊണ്ടു മേലാൽ ഇതു തുടരുകയില്ലെന്നു വിശ്വസിക്കാം.

അടുത്തതു് ഇങ്ങനെയാണ്.

“പ്രത്യേകിച്ചു പൊതുപ്രാധാന്യമുള്ളതും അടിയന്തിരമായതുമായ ഈ നിയമസഭാംഗവുമായ ശ്രീ. ഗോപാലകൃഷ്ണമേനോൻ ഈ സഭാനടപടികളിൽ പങ്കുകൊള്ളാൻ സാധി

[Mr. Speaker]

ക്കാത്ത തരത്തിൽ സർക്കാർ ജനകീയ തത്വത്തിനും നീതിക്കും വിപരീതമായ രീതിയിൽ വാങ്ങു പുറപ്പെടുവിച്ചിരിക്കുന്നതുകൊണ്ടു ടി അംഗത്തിന്റെ നിയോജകമണ്ഡലത്തിലുള്ള ജനങ്ങളുടെ ക്ലേശത്തേയും അസമാധാനത്തേയും സംബന്ധിച്ചു വിവാദിക്കുന്നതിനു ഈ സഭാനടപടികൾ നിറുത്തിവയ്ക്കണം,'

ഇതു ഉടനെ ഉണ്ടായ ഒരു കാര്യമല്ല. ഇന്നോ ഇന്നലെയോ സംഭവിച്ച ഒരു സംഗതിയല്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇന്നലെ ഈ അസംബ്ളി പിരിഞ്ഞതിനുശേഷം ഉണ്ടായ ഒരു സംഭവത്തെ അടിസ്ഥാനമാക്കി ഉള്ളതല്ലാത്ത ഒരു അടിയന്തിരപ്രമേയം വാദപ്രതിവാദത്തിനു എടുക്കാവുന്നതല്ല എന്നു് സർ ഹബീബുള്ളയുടെ ഒരു റൂളിംഗ് ഇതിനുമുമ്പുതന്നെ തിരുവിതാംകൂർ ലജിസ്ലേറ്റീവ് അസംബ്ളിയിൽ ഉണ്ടായിട്ടുണ്ടു്. അതിനു വളരെ അർത്ഥമുണ്ടു്. ഇപ്പോൾ ഇവിടെ വന്ന പല അടിയന്തിരപ്രമേയങ്ങളുടേയും അടിസ്ഥാനമായിട്ടുള്ള കാര്യങ്ങൾ വളരെ മുമ്പുതന്നെ നടന്ന സംഗതികളാണു്. ഇന്നലെ ഈ സഭ പിരിഞ്ഞതിനുശേഷം ഉണ്ടായ ഒരു കാര്യവും ഇവിടെ വന്നിട്ടില്ല. വളരെ പ്രാധാന്യമുള്ള കാര്യങ്ങളും വളരെ റീസന്റായിട്ടു ഉണ്ടായിട്ടുള്ളതുമായ കാര്യങ്ങളെപ്പററി മാത്രമേ അടിയന്തിര പ്രമേയങ്ങൾ സ്വീകരിക്കാവൂ എന്നാണു് നിയമം. അല്ലാതെ ഈ മാതിരി അടിയന്തിരപ്രമേയങ്ങൾകൊണ്ടു് സമയം പാഴാക്കുന്നതു ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: ആ റൂളിങ്ങും അതിനെ അടിസ്ഥാനമാക്കി മെമ്പർ പുറപ്പെടുവിച്ച അഭിപ്രായവും ശരിയാണു്. എന്നാൽ അടിയന്തിര പ്രമേയത്തിന്റെ വിവരം സഭ അറിഞ്ഞതിനുശേഷം തള്ളുകയോ തള്ളാതിരിക്കുകയോ ചെയ്യാമെന്നു വിചാരിക്കുന്നു.

ഇതു് അടുത്തു നടന്ന ഒരു സംഗതിയല്ലാത്തതുകൊണ്ടു പ്രമേയം അനുവദിക്കത്തക്കതല്ല. അതിനെ തള്ളുന്നു.

The next motion is from Mr. Alexander Vakayil:—It relates to "the strained situation created at Edappally consequent on the use of brutal physical force by the Inspector of Police there on Monday, the 8th August 1949 on two persons, one of them being a Congress worker, Mr. A. J. Sebastian, the subsequent threatening by the Inspector of Police of shooting to death the aged mother and the helpless children of Mr. Sebastian, and the attempt to fabricate false charges against innocent persons including some of the important Congress men of the locality as a means of vengeance".

ഇതും ഡിഫനിറ്റായ ഒരു കാര്യത്തെക്കുറിച്ചല്ല. അതുകൊണ്ടു ഇതിനും അനുവാദം നിഷേധിച്ചിരിക്കുന്നു.

The next motion is from Sri K. A. Achuthan relates to "the urgent necessity of taking immediate Steps to get rid of the great disaster that is being caused to about 2000 acres of paddy cultivation in Narakkal and the adjoining villages of the Vyppen Island (Cochin) by a kind of pest, the specimen of which is herewith placed on the table.".

ഇതു് ഇന്നോ ഇന്നലെയോ സംഭവിച്ച ഒരു കാര്യമല്ല. കൃഷിക്കു നാശമുണ്ടാക്കുന്ന ഒരു പെസ്റ്റിനെക്കുറിച്ചാണു് ഇതിൽ പറയുന്നതു്. അതിന്റെ സ്പെസിമെൻ സെക്രട്ടറിയുടെ മേശപ്പുറത്തു വെച്ചിട്ടുണ്ടു്. അതു് ബഹു. മെമ്പറന്മാർക്കു നോക്കി മനസ്സിലാക്കാവുന്നതാണു്. ഇതു് ഒരു അഡ്ജേൺമെന്റ്മോഷനായി വാദപ്രതിവാദം ചെയ്യത്തക്കതല്ല.

ശ്രീ. പി. കെ. ജോർജ്ജ്: പ്രസ്തുത വിഷയത്തെപ്പററിയുള്ള അഡ്ജേൺമെന്റുമോഷനും നാളെയും കൊണ്ടുവന്നാൽ സഭയിൽ വായിക്കുമോ?

മിസ്റ്റർ സ്പീക്കർ: നാളെ കൊണ്ടുവന്നുനോക്കിയാൽ അപ്പോൾ എന്തുചെയ്യുമെന്നറിയാം.

The next motion from Sri. N D. Jose relates to "the situation arising out of sixty employees of the Transport Department in the Quilon-Alleppey line being thrown out of employment from the 18th August 1949."

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽനിന്നും കുറെ ജോലിക്കാർ ജോലിയില്ലാതെ പോകേണ്ടിവന്നു എന്നുള്ളതിനെസംബന്ധിച്ചാണു്. ഗവർമെന്റിൽനിന്നും വളരെ മുമ്പുതന്നെ ഇതു

പരസ്യം ചെയ്തിട്ടുള്ള സംഗതിയാണു്. ഗവമ്മെണ്ടിൽനിന്നും വളരെ നേരത്തെതന്നെ സ്വീകരിച്ചിട്ടുള്ള ഒരുനയം നടപ്പിൽവരുത്തുകമാത്രമാണു് ചെയ്തിട്ടുള്ളതു്. അതു് ഒരു റീസൻറ അക്കറൻസ് ആണെന്നു പറയാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഇതും തള്ളിയിരിക്കുന്നു.

അടുത്ത പ്രമേയം.

"ഇടപ്പാക്കടി ലാക്കപ്പിൽ ഡാക്ടർ ബാലകൃഷ്ണപിള്ളയും മിസ്റ്റർ കട്ടായിക്കോണം ശ്രീധരം എന്നീ രണ്ടു ഡററിന്യൂതടവുകാർ നിരാഹാരവ്രതം അനുഷ്ഠിച്ചുവരുന്നതുമൂലം ഉളവായിരിക്കുന്ന ഗുരുതരവും അടിയന്തിരവുമായ സ്ഥിതിഗതികളെപ്പററി" ആണു്.

ഈ നിരാഹാരവ്രതം അടുത്തുതന്നെ ആരംഭിച്ചിട്ടുള്ളതല്ലെങ്കിലും അവർതുടർന്നുതന്നെ നിരാഹാരവ്രതം നടത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ അതു വളരെ ഗൗരവമേറിയ ഒരു സംഗതിതന്നെയാണു്. അതുകൊണ്ടു് അതേപ്പററിയുള്ള വിവരങ്ങൾ ഗവമ്മെണ്ടുഭാഗത്തുനിന്നും അറിയിച്ചാൽ കൊള്ളാം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഈ അടിയന്തിരപ്രമേയത്തിൽ പറയുന്ന വ്യക്തികൾ നിരാഹാര സത്യാഗ്രഹം ആരംഭിച്ചതു ആഗസ്റ്റ് ൧൦-ാംനു-യാണു്. അവരുടെ ആവശ്യങ്ങൾ മൂന്നെണ്ണമാണെന്നാണു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ഒന്നാമതായിട്ടുള്ളതു് ദിവസവും രണ്ടുമൈൽവീതം നടക്കാനുള്ള സൌകര്യം കൊടുക്കണം. രണ്ടാമതു യാതൊരു നിയന്ത്രണങ്ങളും വ്യവസ്ഥകളും കൂടാതെ ജയിലിനുള്ളിൽ സ്വച്ഛന്ദം വിഹരിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കണം. മൂന്നാമതായി അവക്കു് ആവശ്യമുള്ള ഔട്ട്ഡോർ ഗയിംസിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. പൊലീസ് സ്റ്റേഷനിൽനിന്നും ഉടനെതന്നെ സെൻട്രൽജയിലിലേക്കു് അയക്കണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ടു്. ഇതിൽ ഡററിന്യൂകൾക്കു് എന്തെല്ലാം അവകാശങ്ങളും സൗകര്യങ്ങളും അനുവദിച്ചുകൊടുക്കാമോ അതെല്ലാം ഗവമ്മെണ്ടു ഇതിനകംതന്നെ അനുവദിച്ചുകൊടുത്തിട്ടുണ്ടു്. ഇപ്പോൾ അവർ ആശുപത്രിയിൽ മെഡിക്കൽ ആബ്സർവേഷനിൽ ഇരിക്കുകയാണു്. ദിവസവും പഞ്ചസാരചേർത്ത ലയിംജ്യൂസ് ധാരാളമായി അവർ കഴിച്ചുവരുന്നുണ്ടു്. അവരുടെ ആരോഗ്യത്തിനു യാതൊരു കോട്ടവും തട്ടിയിട്ടില്ലെന്നാണു് ഡാക്ടരുടെ അഭിപ്രായത്തിൽനിന്നും കാണുന്നതു്. ഇതു് ആഗസ്റ്റ് ൧൦-ാംനു ഉണ്ടായിട്ടുള്ളതാണു്. ഇന്നു് ആഗസ്റ്റ് ൧൯ ആണു്. അതുകൊണ്ടു് ഇതു വളരെ സമീപകാലത്തുണ്ടായിട്ടുള്ള ഒരു സംഭവമാണെന്നു പറയുന്നതിനു നിവൃത്തിയില്ല. ഏകദേശം ൯ ദിവസങ്ങൾക്കു മുമ്പുതന്നെ തുടങ്ങിയിട്ടുള്ള ഒരു കാര്യമാണു്. ഇപ്പോഴും തുടരുകയുമാണു്.

ശ്രീ. വി. ഗംഗാധരൻനായർ: ഇപ്പോഴും അവരുടെ ആരോഗ്യം സുരക്ഷിതമാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഡാക്ടർ അങ്ങിനെയാണു് അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഞാൻ നേരിട്ടുപോയി പരിശോധിച്ചിട്ടില്ല. അവരുടെ ആരോഗ്യസ്ഥിതി തൃപ്തികരമാണെന്നും അവർ പഞ്ചസാരചേർത്ത ലയിംജ്യൂസ് കുടിച്ചുവരുന്നുണ്ടെന്നുമാണു് ഞാൻ അറിയുന്നതു്. അതുകൊണ്ടു് ഇതു അത്ര അടിയന്തിരമായ ഒരു കാര്യമാണോ എന്നു ബഹു. സ്പീക്കർതന്നെ തീരുമാനിക്കേണ്ടതാണു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ലയിംജ്യൂസ് കുടിക്കുന്നതു കൊണ്ടാണോ ആരോഗ്യം സുരക്ഷിതമാണെന്നു് പറയുന്നതു്?

**Sri. R. K. Ram:** I have given notice of two adjournment motions. They were not read out in the language in which they were written. Is there anything to prevent the Tamil resolutions not being read?

മി. സ്പീക്കർ: തമിഴിൽ സഭയിൽ വായിച്ചില്ലെങ്കിലും വായിച്ചു നോക്കികാര്യം മനസ്സിലാക്കിട്ടുണ്ടു്.

നിരാഹാരവ്രതം തുടങ്ങിയതു അടുത്ത സമയത്തല്ലെങ്കിലും, ഇന്നത്തെ അവസ്ഥയിൽ അതു ഒരു അടിയന്തിരപ്രമേയമായി എടുക്കത്തക്കതാണോ എന്നറിയുന്നതിനു വേണ്ടിയാണു് ഗവമ്മെണ്ടു ഭാഗത്തുനിന്നും അതുസംബന്ധിച്ച വിവരങ്ങൾ അറിഞ്ഞതു്. ബഹു. മിനിസ്റ്ററുടെ പ്രസ്താവനയിൽനിന്നും മനസ്സിലാകുന്നതു് ഇതു പെട്ടെന്നുണ്ടായ ഒരു സംഗതിയെ സംബന്ധിക്കുന്നതല്ലെന്നും നമ്മുടെ അടിയന്തിരമായ ശ്രദ്ധയെ ആകർഷിക്കുന്നതല്ലെന്നുമാണു്. അതുകൊണ്ടു് ഇതും തള്ളിയിരിക്കുന്നു.

*The House adjourned for Lunch at 12-30 p.m. and re-assembled at 2-30 p.m. with Mr. Deputy Speaker (Sri. K. Kochukuttan) in the Chair.*

## Felicitating the Deputy Speaker

**Sri. P. K. Paul:** Sir, please allow us to say a few words as congratulatory remarks on this the first occasion of your taking the Chair.

മിസ്റ്റർ ഡെ. സ്പീക്കർ: സഭയുടെ അനുമതിയോടുകൂടി അതിനു അനുവദിച്ചിരിക്കുന്നു. സഭയുടെ പ്രതിനിധികളെന്ന നിലയിൽ ഒന്നോ രണ്ടോ മെമ്പർമാർ നാലഞ്ചു മിനിട്ടു സമയം മാത്രം ഉപയോഗിച്ച് ആ കൃത്യം നിർവഹിക്കണമെന്ന് അപേക്ഷിക്കുന്നു.

ஸ்ரீ. ஸ்ரீ. வி. தாஸ்: ஸர், Election கழிந்து ஒருமாதமாய்விட்டது. அதற்கு பின் உபதலைவரை congratulate பண்ணவேண்டுமென்று சொல்வது சமயத்தை வீணாக்குவது என்று சொல்லிக்கொள்கிறேன்.

മി. ഡെ. സ്പീക്കർ: സഭയിലെ അംഗങ്ങൾക്ക് അതു സമ്മതമായിരിക്കാമെന്നു വിചാരിച്ചാണ് ഞാൻ അനുവദിച്ചതു്. തിരുവിതാംകൂർ നിയമസഭയിൽ ഡെ. സ്പീക്കറുടെ തിരഞ്ഞെടുപ്പുകഴിഞ്ഞാൽ ഉടൻതന്നെ അനുമോദിക്കുന്നതിന് ആർക്കെങ്കിലും ആഗ്രഹമുണ്ടെങ്കിൽ അങ്ങനെ ചെയ്യാം. എന്നാൽ കൊച്ചി നിയമസഭയിൽ ഡെ. സ്പീക്കർ അദ്ധ്യക്ഷം വഹിക്കുന്ന അവസരത്തിലാണ് ആ ചടങ്ങ് നിർവ്വഹിക്കാറ്. ഏതായാലും യൂണിയൻ നിയമസഭയിൽ എങ്ങനെ വേണമെന്നുള്ളതു് ഇനിയും തീർച്ചപ്പെട്ടിട്ടില്ലാത്ത ഒരു കാര്യമാണ്. ഈ സഭയിൽ പുതുതായി നല്ല വഴക്കങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്ന ഈ അവസരത്തിൽ ഞാൻ അതിനെ തടയുന്നില്ല.

ശ്രീ. പി. കെ. പോൾ: സർ, ആദ്യമായി ആ ചടങ്ങ് ഞാൻ തന്നെ നിർവ്വഹിക്കാമെന്നാണ് വിചാരിക്കുന്നതു്. സമയം വളരെ ചുരുക്കമായതുകൊണ്ടു ഞാൻ അങ്ങയെ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നുവെന്നു ചുരുക്കത്തിൽ പറയുകയല്ലാതെ നിവൃത്തിയില്ല. ഏററവും സമുന്നതമായ ഒരു സ്ഥാനത്തു്, ഒരു മന്ത്രിയുടേയോ, പ്രധാനമന്ത്രിയുടേയോ സ്ഥാനത്തുപോലും അവരോധിക്കപ്പെടുന്നതിനുള്ള അവകാശം ഹരിജനങ്ങൾക്ക് ഉണ്ടെന്നുള്ള വസ്തുത ഈ രാജ്യത്തെ ജനങ്ങളും ഭരണവാഹികളും മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് ഈ മഹനീയസ്ഥാനത്തിൽ ഇന്ന് അങ്ങ് ആരോഹണം ചെയ്തിരിക്കുന്നതെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ സന്ദർഭത്തിൽ അങ്ങയെ ഹൃദയപൂർവ്വം ആശംസിക്കുകയും അങ്ങേക്കു സർവ്വ ഭാവുകങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

ശ്രീ. എം. ആർ. വേലപ്പൻ: സർ, സമുന്നതമായ ഈ സ്ഥാനം സ്വപരിശ്രമംകൊണ്ട് കൈക്കലാക്കിയ താങ്കളെ അനുമോദിക്കുന്നതിന് എനിക്ക് വളരെ സന്തോഷമുണ്ട്. ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ ജീവിതം ആരംഭിച്ച താങ്കൾ, ഈ ഐക്യസംസ്ഥാനത്തിലെ ദ്വിതീയ പൌരൻ എന്ന നിലയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ അങ്ങയെ അനുമോദിക്കുന്നതിന് ഞാൻ ഒട്ടും അമാന്തിക്കുന്നില്ല. കൊച്ചിയിലെ നിയമസഭയിൽ നാം അനുഭവിച്ചുവന്നിരുന്ന പല നല്ല വഴക്കങ്ങൾക്കും വിരുദ്ധമായ ചില നടപടികൾ ഇവിടെ നടക്കുന്നുണ്ടെങ്കിലും, ഈ ഐക്യസംസ്ഥാന നിയമസഭയിൽ നല്ല വഴക്കങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്ന ഈ അവസരത്തിൽ താങ്കൾ ആദ്യമായി നൽകിയ റൂളിങ്ങ് തന്നെ വളരെ അനുയോജ്യമായിട്ടുണ്ടെന്നു കണ്ടതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. താങ്കളെ ഞാൻ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.

ശ്രീ. വി. ഗംഗാധരൻ നായർ: സർ, ഈ ബഞ്ചുകളെ പ്രതിനിധീകരിച്ചുകൊണ്ട് അങ്ങയെ അനുമോദിക്കുന്നതിന് ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

ശ്രീ. കെ. രാമകൃഷ്ണപിള്ള: സർ, കാൺഗ്രസ്സിന്റെ പ്രഖ്യാപിതമായ ലക്ഷ്യങ്ങളിൽ ഒന്ന് അവസരസമത്വം കൈവരുത്തുക എന്നുള്ളതാണ്. ആ വീക്ഷണഗതിയിൽനിന്നു നോക്കുമ്പോൾ ഇതുവരെ അനുഭവിക്കുവാൻ സാധിച്ചിട്ടില്ലാത്തതായ ചില അവകാശങ്ങൾ പിന്നോക്കം തള്ളപ്പെട്ട ആളുകൾക്കുംകൂടി അനുഭവിക്കുന്നതിനുള്ള സൌകര്യം ഇന്ന് അനുവദിച്ചുകൊടുത്തിരിക്കുന്നു അല്ലെങ്കിൽ സമ്മതിച്ചുകൊടുത്തിരിക്കുന്നുഎന്നുള്ള ഒരു ചാരിതാർത്ഥ്യമാണ് എനിക്കുള്ളതെന്നു കാൺഗ്രസ്സിന്റെ പ്രതിനിധി എന്നുള്ള നിലയിൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഇതുവരെ ഇത്ര മഹനീയമായ ഒരു സ്ഥാനം അലങ്കരിക്കുന്നതിന് അങ്ങയെപ്പോലെ സാമുദായികമായി നോക്കുമ്പോൾ അധഃസ്ഥിതമായി കഴിയുന്ന ഒരു സമുദായത്തിലെ ആർക്കുംതന്നെ സാധിച്ചിട്ടില്ല. പുതിയതായി നല്ല വഴക്കങ്ങൾ സൃഷ്ടിക്ക

ന്നതിനു് സൌകര്യപ്രദമായ വിധത്തിൽ അങ്ങയെ ഈ മഹൽസ്ഥാനത്തേക്കു് തെരഞ്ഞെടുത്ത എല്ലാ അംഗങ്ങളോടും എനിക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തുന്നതോടൊപ്പം ഈ പുതിയ സ്ഥാനത്തു് അങ്ങു് ശാശ്വതമായ ഒരു അലങ്കാരമായിത്തീരട്ടെ എന്നു് ആശംസിക്കുകയും ചെയ്യുന്നു.

ஸ்ரீ. ஸ்ரீ. வி. தாஸ்: ஸர், திருவிதாங்கூர் கொச்சி ஐக்கிய சமஸ்தானத்தைச் சேர்ந்த ஒரு ஹரிஜன உத்தமரை உபதலைவராக தேர்ந்தெடுத்ததைப் பற்றி நாங்கள் மகிழ்ச்சியடைகிறோம். திருவிதாங்கூர் சமஸ்தானத்தை சம்பந்தப்பட்ட வரை, தாழ்த்தப்பட்டவர்களுக்கும், சிறுபான்மையோருக்கும், ஹரிஜனங்களுக்கும் சரியானபடி அரசியல் உரிமை கொடுக்கப்படவில்லை. ஆனால் திருவிதாங்கூர் கொச்சி ஐக்கியப்பட்ட இந்த சந்தர்ப்பத்தில் கொச்சி ஹரிஜனங்களும், பிரமுகர்களும், இங்குள்ள அங்கத்தினர்களும் ஒரு ஹரிஜன மெம்பரை உபதலைவராக ஒரு சரியான பதவியில் தேர்ந்தெடுத்ததற்கு நாங்கள் மிகவும் சந்தோஷப்படுகிறோம். ஹரிஜனங்களையும், பின்னோக்க சமுதாயத்தினர்களையும் சரியானமுறையில் நடத்தப்படவேண்டும் என்பதை கொச்சி மெம்பர்களிலிருந்து இந்த சந்தர்ப்பத்தில் திருவிதாங்கூர் ஜனங்கள் படிக்கவேண்டுமென்று கேட்டுக்கொள்கிறேன். ஹரிஜன சமுதாயத்தைச் சேர்ந்த ஒருவருக்கு ஒரு மந்திரி பதவி கொடுக்கவேண்டுமென்று இந்த இடத்தில் கேட்டுக்கொண்ட சமயத்தில், ''அதப்பதிச்சுப் போயோ'' என்று சிலர் சொன்னதாக பத்திரிகைகளில் படித்தோம். ஹரிஜனங்களிலிருந்து தங்களை உபதலைவராக தேர்ந்தெடுக்கப்பட்டதற்கு தமிழ்நாடு காங்கிரஸின் சார்பாக தங்களுக்கு சர்வ மங்களமுமுண்டாகுக.

இந்த மனோநிலை என்றுமாறுமோ அன்றே நாடு சுபிட்சமடையும்.

സാഹിബ്ബ് ബഹദൂർ ടി. എ. മൈയ്തീൻകണ്ണു്: ഈ സഭയിലെ സ്വതന്ത്രവിഭാഗത്തിന്റെ പ്രതിനിധി എന്ന നിലയിൽ, ഈ സഭയുടെ ഡപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങയെ അനുമോദിക്കുന്നതിനു് എനിക്കു വളരെ സന്തോഷമുണ്ടു്. ഇവിടെ പല ബഹു. മെമ്പറന്മാരും പ്രസ്താവിച്ചതുപോലെ ഒരു ഹരിജന മെമ്പറെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുത്തതിലല്ല എനിക്കു് അങ്ങയെ അനുമോദിക്കാനുള്ളതു്. പല ഉന്നതമായ സ്ഥാനങ്ങളും അലങ്കരിക്കുന്ന പാരമ്പര്യമുള്ള ഇവിടത്തെ പ്രബലസമുദായങ്ങളിലെ പല വ്യക്തികൾക്കുപോലും സാദ്ധ്യമല്ലാത്തവിധത്തിൽ ഈ സഭാനിയന്ത്രണത്തിനു് കഴിവുള്ള ഒരാളാണു് അങ്ങു് എന്നു് ഒരൊററ പ്രവൃത്തികൊണ്ടുതന്നെ തെളിയിക്കാൻ കഴിഞ്ഞതിൽ താങ്കൾ യാതൊരു വിഭാഗപരിഗണനകളും കൂടാതെതന്നെ ഈ സഭയുടെ അഭിനന്ദനം അർഹിക്കുന്നു എന്നു പറയുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. ഈ പുതിയ സഭ ആരംഭിച്ചതിനുശേഷം ഇവിടത്തെ സഭാനടപടികൾ വീക്ഷിച്ചുകൊണ്ടിരുന്നിട്ടുള്ള ആർക്കുംതന്നെ പുതിയ ഡെപ്യൂട്ടിസ്പീക്കറെ അഭിനന്ദിക്കാതിരിക്കാൻ സാദ്ധ്യമല്ലെന്നുള്ള പരമാർത്ഥം ഈ അവസരത്തിൽ രേഖപ്പെടുത്തുന്നതിനു ഞാൻ ആഗ്രഹിക്കുകയും താങ്കളെ ഒരിക്കൽക്കൂടി അനുമോദിക്കയും ചെയ്യുന്നു.

സാഹിബ്ബ് ബഹദൂർ കെ. എച്ചു്. സുലൈമാൻ: സർ, താങ്കൾ അദ്ധ്യക്ഷപദം അലങ്കരിക്കുന്ന ഈ സന്ദർഭത്തിൽ താങ്കളുടെ നിയന്ത്രണത്തിനു വിധേയനായിട്ടുതന്നെ താങ്കളെ അനുമോദിക്കുവാൻ ഇടവന്നതിൽ വ്യസനമുണ്ടെങ്കിലും ആത്മാർത്ഥമായി താങ്കളെ അനുമോദിക്കുന്നതിനു് എനിക്കു വളരെ സന്തോഷമുണ്ടു്. ഡെപ്യൂട്ടി സ്പീക്കർ എന്ന സ്ഥാനം ലബ്ധമായതോടുകൂടി താങ്കൾ ഈ യൂണിയനിലെ രണ്ടാമത്തെ പൌരൻ എന്ന സമുന്നതപദവിയിലേക്കു് ഉയർത്തപ്പെട്ടിരിക്കുന്നു. പല കാരണങ്ങളാലും സഭയുടെ സമയം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കൂടുതലായി എന്തെങ്കിലും പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. അങ്ങയെ ഹാർദ്ദമായി ഒരിക്കൽക്കൂടി അനുമോദിച്ചുകൊള്ളുന്നു.

ശ്രീ. പി. സി. ആദിച്ചൻ: സർ, തിരുവിതാംകൂർ—കൊച്ചി ഐക്യസംസ്ഥാന നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങയെ ഞാൻ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു. ഇവിടത്തെ പ്രബലസമുദായങ്ങൾ വിഭവസമൃദ്ധമായ സദ്യ നടത്തി സുഖിക്കുമ്പോൾ പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കു് അല്പം കാപ്പിയെങ്കിലും കൊടുക്കുന്നതിനു് സന്നദ്ധമായതിൽ ഈ സഭയിലെ അംഗങ്ങൾക്കു് അങ്ങയോടുള്ള കൃതജ്ഞതയെ പ്രകടിപ്പിക്കയും അങ്ങയെ വീണ്ടും അനുമോദിക്കുകയും ചെയ്തുകൊള്ളുന്നു.

ശ്രീ. പി. കെ. കൃഷ്ണശാസ്ത്രി: സർ, തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാന നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടതിൽ താങ്കളെ അനുമോദിക്കുകയും, അതോടൊപ്പം താങ്കളെ ഈ മഹനീയ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കുവാൻ സന്മനസ്സുണ്ടായ ബഹു. മെമ്പറന്മാരോടു് എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു. സർ, താങ്കൾ ഇതിനുമുമ്പു് കൊച്ചിൻ നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായിരുന്നുവെന്നുള്ളതു് ഞാൻ വിസ്മരിക്കുന്നില്ല. കൊച്ചിയിലെ ചില നേതാക്കന്മാരുമായും, നിയമസഭാ സാമാജികന്മാരുമായും സംസാരിച്ചതിൽനിന്നു്, കൊച്ചിയിൽ മന്ത്രിമാരുടെ ഇടയിലും നിയമസഭാസാമാജികന്മാരുടെ ഇടയിലും തിരുവിതാംകൂറിനെ അപേക്ഷിച്ചു് വളരെ പ്രത്യേകതകൾ ഉണ്ടെന്നു് എനിക്കു് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. അതായതു് പിന്നോക്ക സമുദായങ്ങളോടു് നീതികാണിക്കുന്നതിലും, എല്ലാക്കാര്യങ്ങളിലും അവക്കു് ശരിയായ പ്രാതിനിധ്യം നൽകി പ്രോത്സാഹിപ്പിക്കുന്നതിലും കൊച്ചിയിലെ മന്ത്രിമാരും നിയമസഭാ സാമാജികന്മാരും വേണ്ടുവോളം ശ്രദ്ധിക്കുന്നുണ്ടെന്നാണു് എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. സർ, ഇവിടത്തെ കാര്യമാണെങ്കിൽ അതു പറയുന്നതു തന്നെ ലജ്ജാവഹമാണു്. പിന്നോക്ക സമുദായങ്ങൾക്കു നീതി നൽകുവാനുള്ള സന്മനോഭാവം—അതു കേൾക്കുവാനുള്ള സന്നദ്ധത ഇവിടത്തെ ജനകീയ മന്ത്രിമാരുടെ ഇടയിൽ ഇല്ലതന്നെ. കൊച്ചി-തിരുവിതാംകൂർ സംയോജനത്തിന്റെ പരസ്പര ധാരണയെ സമാദരിച്ചെങ്കിലും-തിരുവിതാംകൂർ മെമ്പറന്മാരും താങ്കളെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുക്കാൻ തയ്യാറായതിൽ ഞാൻ സന്തോഷിക്കുന്നു. ഈ അവസരത്തിൽ ഞാൻ താങ്കളെ ഒരിക്കൽക്കൂടി അനുമോദിക്കുകയും, താങ്കൾ കയ്യേററിരിക്കുന്ന മഹൽകൃത്യം ശോഭനമായ വിധത്തിൽ മാതൃകാപരമായി നിർവ്വഹിക്കുന്നതിനു് സകല കഴിവുകളും പ്രദാനം ചെയ്യട്ടെ എന്നുള്ള ആത്മാർത്ഥമായ പ്രാർത്ഥനയോടുകൂടി വീണ്ടും വീണ്ടും താങ്കളെ അനുമോദിച്ചുകൊള്ളുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹു. സാമാജികന്മാരേ, നിങ്ങളുടെ അനുമോദനങ്ങൾക്കും ആശംസകൾക്കുമെല്ലാം ഞാൻ ഹൃദയംഗമമായ നന്ദിപറയുന്നു. ഈ നിയമസഭയിൽ പാർലിമെന്ററി നടപടികളിൽ വേണ്ടുവോളം പഴക്കവും തഴക്കവും ഉള്ള പല ബഹു. മെമ്പറന്മാരും ഉണ്ടെന്നു് എനിക്കു് അറിയാം. എന്നിരുന്നിട്ടും ഞാൻ ഈ സ്ഥാനത്തേക്കു് തിരഞ്ഞെടുക്കപ്പെട്ടതു് ഹിമവൽസേതുപര്യന്തമുള്ള ഭൂവിഭാഗത്തിലെ ജനതാമദ്ധ്യത്തിൽ മഹാത്മാഗാന്ധിയുടെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾമൂലമുണ്ടായ വിപ്ലവാത്മകമായ പരിവർത്തനം ഒന്നുകൊണ്ടു മാത്രമാണെന്നു് ഞാൻ വിശ്വസിക്കുന്നു. എന്നെ തിരഞ്ഞെടുത്തതിൽ നിങ്ങൾ കാണിച്ച സൗമനസ്യത്തിനു് ഞാൻ കൃതജ്ഞത രേഖപ്പെടുത്തുകയും, എന്റെ കൃത്യങ്ങൾ വേണ്ടവിധം നിർവ്വഹിക്കുന്നതിനു് നിങ്ങളുടെ സഹകരണം ഉണ്ടാകണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങൾക്കു് എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊള്ളുന്നു.

## VOTING OF DEMANDS FOR GRANTS *(Cont.)*

### Demand V—Forests and Tramway *(Cont.)*

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: സർ, ഈ ടോട്ടൽ അലാട്ടുമെന്റിൽനിന്നും ഒരു രൂപാ കുറക്കണമെന്നുള്ള ഒരുപക്ഷേപമാണു് ഞാൻ ഹാജരാക്കുന്നതു്. വനങ്ങൾ കൃഷിക്കു നല്കുന്നതു സംബന്ധിച്ചു് ഗവമ്മെണ്ടു് അവലംബിക്കേണ്ട നിലയെപ്പററി എനിക്കുള്ള അഭിപ്രായങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുകയെന്നുള്ളതാണു് ഈ ഖണ്ഡനോപക്ഷേപംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. സർ, സാധാരണക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളതു്, അവനു താമസിക്കുന്നതിനും വേലചെയ്യുന്നതിനും ജീവിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നാണു്. ഞാൻ പ്രതിനിധീകരിക്കുന്ന ചേർത്തലതാലൂക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവിടെ മററുള്ള സ്ഥലങ്ങളെ അപേക്ഷിച്ചു് ൯൦ ശതമാനം ജനങ്ങളും സാധാരണക്കാരാണു്. പ്രായേണ കടലോരവാസികളായ ജനങ്ങളുമാണു്. ബഹു. ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്, സാധാരണക്കാരന്റെ സ്ഥിതി ഉയർത്തുക എന്നുള്ളതാണു് കാൺഗ്രസ്സു് ഗവമ്മെണ്ടിന്റെ പ്രധാന ലക്ഷ്യം എന്നു്. സാധാരണക്കാരനു കൃഷിചെയ്യുന്നതിനും ഉപജീവിക്കുന്നതിനും നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയിലാണു് ചേർത്തലത്താലൂക്കിലെ കടലോരവാസികളായ ജനങ്ങൾ കഴിഞ്ഞു

കൂടുന്നതു്. ചേർത്തലതാലൂക്കിൽ കൃഷിചെയ്യുന്നതിനു നിലം വളരെ കുറവാണു്. കുറച്ചു നിലങ്ങൾ അവിടെയുള്ളതു് അവിടത്തെ ഏതാനും ജന്മിമാരുടെ കയ്യിൽ ഇരിക്കുകയാണു്. സാധാരണക്കാരനു സ്ഥലം കിട്ടണമെന്നുണ്ടെങ്കിൽ കൂടുതൽ സ്ഥലം ഉള്ളവരുടെ പക്കൽ നിന്നും ഗവമ്മെണ്ടു് എടുത്തുകൊടുക്കുകയോ അല്ലാത്തപക്ഷം ഗവമ്മെണ്ടു് അധീനതയിൽ ഉള്ള സ്ഥലം കൊടുക്കുകയോ ഇവയിൽ ഒന്നു വേണ്ടിയിരിക്കുന്നു. കൂടുതൽ സ്ഥലം ഉള്ളവരുടെ പക്കൽനിന്നും എടുത്തുകൊടുക്കുന്നതിനുള്ള കഴിവു നമുക്കുണ്ടായിട്ടില്ല. പിന്നീടു ഗവമ്മെണ്ടിന്റെ അധീനതയിലുള്ള സ്ഥലം കൊടുക്കുക എന്നുള്ളതാണു് നമുക്കു കൂടുതൽ പ്രായോഗികമായിട്ടുള്ളതു്. തിരുവിതാംകൂർ വനങ്ങളിൽ ഇന്നു കൃഷിക്കു സൗകര്യമുള്ള ധാരാളം വനവിഭാഗങ്ങൾ ഉണ്ടു്. ഒരുവിധം നിരപ്പായി കിടക്കുന്ന സ്ഥലം നോക്കി കൃഷിക്കായി അഞ്ചോ പത്തോ ഏക്കർ സ്ഥലംവീതം കടലോരവാസികൾക്കായി വീതിച്ചു കൊടുത്തു് അവർ വനത്തിൽ കൃഷിചെയ്തു് അവിടെ താമസിക്കുന്നതിനും അതുമൂലം കൃഷി വർദ്ധിപ്പിക്കുന്നതിനും ഭക്ഷണക്ഷാമത്തിനു പരിഹാരം ഉണ്ടാക്കുന്നതിനും സാധിക്കുന്നതാണു്. ചേർത്തല താലൂക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ തൊഴിലില്ലായ്മയും ജനസംഖ്യ വർദ്ധനവും വർദ്ധിച്ചുവരികയാണു്. ജനസംഖ്യയുടെ വർദ്ധനവുമൂലം സ്വന്തം സ്ഥലം ഇല്ലാതെ അവിടെയുള്ള സാധാരണക്കാർക്കു് പലവിധ അസൗകര്യങ്ങൾ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. ചേർത്തല താലൂക്കിൽ അവർ തെങ്ങുകൃഷി ചെയ്യുകയാണെങ്കിൽ തക്കതായ ആദായം അവർക്കു കിട്ടുന്നില്ല. അവിടെ, ഒരു തെങ്ങുകൃഷിചെയ്തു കായ്ഫലം കിട്ടിത്തുടങ്ങുകയാണെങ്കിൽ അവനു വസ്തു ഒഴിപ്പിക്കുമ്പോൾ കിട്ടുന്ന പ്രതിഫലം എട്ടുപണമാണു്. അതുകൊണ്ടാണു് അവിടെ തെങ്ങു കൃഷിചെയ്താൽ ആദായം ഉണ്ടാകുമെന്നുള്ളതു് അസാദ്ധ്യമാണെന്നു ഞാൻ പറഞ്ഞതു്. നേരെമറിച്ചു വനം കിട്ടുകയാണെങ്കിൽ അവിടെപോയി കൃഷിചെയ്യുന്നതിനും കെട്ടിടങ്ങൾ കെട്ടി താമസിക്കുന്നതിനും അവർക്കു സാധിക്കും. മരുഭൂമി പോലെയുള്ള സ്ഥലങ്ങളാണു് ചേർത്തലയിൽ ഉള്ളതെന്നു പറയാതെ അറിയാവുന്ന സംഗതിയാണു്. വനഭൂമി അവർക്കു കൊടുക്കുകയാണെങ്കിൽ ഭക്ഷണസാധനങ്ങൾ കൃഷിചെയ്തുണ്ടാക്കുന്നതിനും താമസത്തിനും തന്മൂലം നാട്ടിലെ ഭക്ഷണക്ഷാമത്തിനും പരിഹാരമുണ്ടാകുന്നതാണു്. അതുകൊണ്ടു വനങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിൽ കടലോരവാസികളുടെ ക്ഷേമം പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള കാര്യം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപെടുത്തിക്കൊണ്ടു് ഈ പ്രസംഗം ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. പി. സി. ആദിച്ചൻ: ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു് ഒന്നു രണ്ടു കാര്യങ്ങൾ ബഹു. ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. സർ, കഴിഞ്ഞ കൊല്ലം തിരുവിതാംകൂറിൽ പിന്നോക്ക സമുദായക്കാർക്കു് പന്ത്രണ്ടരശതമാനം ഭൂമി കൃഷിചെയ്യുന്നതിനായി നീക്കിവെച്ചിട്ടുണ്ടു്. പക്ഷെ ഞാൻ ബഹു. ഗവമ്മെണ്ടിനോടു് ചോദിക്കുന്നു എന്തടിസ്ഥാനത്തിലാണു് ഈ പന്ത്രണ്ടരശതമാനം ഭൂമി നീക്കി വെച്ചിരിക്കുന്നതെന്നു്. ഭൂമി കൈവശമില്ലാത്തവരും അതല്ല വല്ലവരുടേയും ഭൂമി കൈവശം വെച്ചിട്ടുള്ളവരും അതല്ല ഒട്ടും ഭൂമിയില്ലാത്തവരും ആയിട്ടുള്ളവർക്കാണോ ഏതടിസ്ഥാനത്തിലാണു് പിന്നോക്കസമുദായക്കാർക്കു് ഭൂമി കൃഷിക്കു നീക്കി വെച്ചിരിക്കുന്നതു്. ഇതിനു മുമ്പു് ഇവിടെ ഉണ്ടായിരുന്നോ ആ കണക്കു്. ഈ സംഗതികൾ ബഹു. ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണു് ഞാൻ ആഗ്രഹിക്കുന്നതു്.

പിന്നെ മറെറാന്നു് എനിക്കു പറയുവാനുള്ളതു് പിന്നോക്ക സമുദായക്കാർക്കു് നീക്കി വെച്ചിരിക്കുന്ന സ്ഥലങ്ങൾ അവർക്കു ലേലം ചെയ്തു കൊടുക്കരുതെന്നാണു്. എന്തുകൊണ്ടെന്നാൽ അവരുടെ പിന്നാലെ ചെന്നു് വമ്പിച്ച തുകകൾക്കു് അവരുടെ പേരിൽ പണക്കാരും സ്വാധീനശക്തിയുള്ളവരുമായ ആളുകൾ ലേലത്തിൽ പിടിക്കും എന്നുള്ളതാണു്. അതുമൂലം പിന്നോക്ക സമുദായക്കാരായ ആളുകൾക്കു് യാതൊരു ഗുണവുമുണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടാണു് ഞാൻ ഇതു് ഇവിടെ പറയാൻ കാരണമായതു്. ൧൧൨൪-ൽ പിന്നോക്ക സമുദായക്കാർക്കു് നീക്കിവെച്ചിട്ടുള്ളതായ പന്ത്രണ്ടര ശതമാനം ഭൂമി ഇപ്രകാരമാണു് അവർക്കു് വീതിച്ചു കൊടുക്കുന്നതെങ്കിൽ അതു വളരെ പരിതാപകരമാണു്. പിന്നോക്ക സമുദായക്കാരെ സംബന്ധിച്ചിടത്തോളം ഈ ഭൂമി ലേലത്തിൽ വെക്കരുതെന്നുള്ള സംഗതി ഞാൻ ബഹു. ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

മറെറാന്നു് ഈ വനഭൂമി നാട്ടിൻപുറത്തു താമസക്കാരായ പാവപ്പെട്ടവർക്കു് കുത്തകപ്പാട്ട വ്യവസ്ഥയിൽ പതിച്ചു കൊടുക്കേണമെന്നുള്ളതാണു്. അതു് പിന്നോക്ക സമുദായക്കാരായാലും ശരി അല്ലാത്തവരായാലും ശരി അവർക്കു കൊടുക്കേണ്ടതു തന്നെയാണു്.

[Sri. P. C. Adichan]

പിന്നെ മറെറാന്നു പറയാനുള്ളതു് ഈ ആററതീരത്തുള്ള അപൂർവ്വം ചില സ്ഥലങ്ങൾ പിന്നോക്ക സമുദായക്കാരായ പാവപ്പെട്ടവർക്കു് പതിച്ചു കൊടുക്കേണ്ടതാണു്. ഉദാഹരണമായി കല്ലട ആററിന്റെ തീരം അഷ്ടമുടിക്കായലിന്റെ കരകളിലും താമസക്കാരായവർക്കു് കുത്തകപ്പാട്ടമായി പതിച്ചു കൊടുക്കാത്തതു് എന്തൊരു കഷ്ടമാണു്. അതുകൊണ്ടു് ഗവൺമെണ്ടിനു എന്തു് ക്ഷീണമാണു് ഉണ്ടാകാൻ പോകുന്നതു്. അതു് അവർക്കു പതിച്ചു കൊടുക്കണമെന്നാണു് ഞാൻ ഗവൺമെണ്ടിനോടപേക്ഷിക്കുന്നതു്. ഏതാനും ഏക്കർ സ്ഥലം പത്തോ ഇരുപതോ കൊല്ലമായി വെറുതെ കിടക്കുന്നുണ്ടു്. അതിൽനിന്നും യാതൊരാദായവും ഗവൺമെണ്ടിലേക്കു് കിട്ടുന്നില്ല. അങ്ങിനെ ലാഭവുമില്ല നഷ്ടവുമില്ലാതെ കിടക്കുന്ന ആ സ്ഥലവും ആക്കെങ്കിലും സാധുക്കളായ ജനങ്ങൾക്കു് ഉടൻ പതിച്ചു കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്.

മി. ഡെപ്യൂട്ടി സ്പീക്കർ: കട്ട്മോഷൻ അയച്ചിട്ടുള്ള മെമ്പറന്മാരുടെ പേരുകൾ എന്റെ കൈവശമുണ്ടു്. അവർ പ്രസംഗിച്ചു കഴിഞ്ഞതിനു ശേഷം ഇതു സംബന്ധിച്ചു പ്രസംഗിക്കാനുള്ള മററു മെമ്പറന്മാരുടെ പേരുകൾ ഞാൻ വിളിക്കുന്നതാണു്.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിന്റു് ആഫ് ആർഡർ. സ്പീക്കർ ഒരു റൂളിങ്ങ് ചെയ്താൽ അതനുസരിച്ചു് ഒരു മെമ്പറെ വിളിച്ചാൽ അതിൽ പിന്നീടു് എതെങ്കിലും ഒരു മെമ്പർക്കു് സംസാരിക്കാൻ അവകാശം കൊടുക്കുമോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: വേറെ ഒരു മെമ്പർക്കു് സംസാരിക്കാൻ അവകാശമില്ല. അനുവദിക്കയുമില്ല.

ശ്രീ. കോന്നനാത്തു് കുഞ്ഞികൃഷ്ണമേനോൻ: സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു് രണ്ടുവാക്കു് പറയണമെന്നുദ്ദേശിക്കുന്നു. എന്റെ ഖണ്ഡനോപക്ഷേപം ൩൭-ാമത്തെയാണു്. അതിൽ പറയുന്നതു്, To reduce the allotment of Rs. 16,15,505 for "Forests and Tramways" by Re-one to discuss about the giving of priority to local match factories in the supply of soft wood. എന്നുള്ള സംഗതിയാണു്. കൊച്ചി ഡിവിഷനിൽ കൊണ്ടുവരുന്ന ഒരു സമ്പ്രദായത്തെപ്പററിയാണു് രണ്ടുവാക്കു് പറയണമെന്നുദ്ദേശിക്കുന്നതു്. തീപ്പെട്ടിക്കമ്പനികളിൽ ആവശ്യമുള്ള സാഫ്റ്റ് ഉഡ്ഡു് നമ്മുടെ രാജ്യത്തുനിന്നും പുറരാജ്യങ്ങളിലേക്കു് മുഴവനും കൊണ്ടുപോകുന്നു എന്നുള്ള സംഗതി ആക്കും അറിയാവുന്ന ഒരു സംഗതിയാണു്. നമ്മുടെ രാജ്യത്തു തീപ്പെട്ടിക്കമ്പനികൾ ഉണ്ടു്. എന്നാൽ അവർക്കു് ആവശ്യമായ സാഫ്റ്റ് ഉഡ്ഡു് ഈ രാജ്യത്തുനിന്നും അവർക്കു കൊടുക്കാതെ ഒരു സൌജന്യനിരക്കിനു് ഒരു ലോങ്ങ്ടേം കൺട്രാക്റ്റിൽ വെളിയിൽ ഒരു കമ്പനിക്കു കൊടുക്കുന്നു എന്നുള്ള സംഗതിയാണു് എനിക്കിവിടെ സൂചിപ്പിക്കുവാനുള്ളതു്. നമ്മുടെ രാജ്യത്തുള്ള തീപ്പെട്ടിക്കമ്പനികൾ അതിലേക്കാവശ്യമായ സാഫ്റ്റ് ഉഡ്ഡു് കിട്ടാതെ അടച്ചിരിക്കുകയാണു്. എന്റെ നിയോജകമണ്ഡലത്തിൽ ആറൂർ വില്ലേജിൽ ഒരു കമ്പനി തീപ്പെട്ടി ഉണ്ടാക്കുവാൻ നിർമ്മിച്ചിട്ടുണ്ടു്. അതു മതിയായ soft wood കിട്ടാത്തതു നിമിത്തം ശരിയായി പ്രവർത്തനം തുടങ്ങിയിട്ടില്ല. അതിന്റെ ഉടമസ്ഥന്മാർ ഏകദേശം ഒരു ലക്ഷത്തിനുമേൽ രൂപാ അതിനു മുടക്കിയിട്ടുമുണ്ടു്. ഇപ്പോൾ തലപ്പിള്ളി താലൂക്കിൽ മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുന്ന സ്ഥിതിക്കു് ധാരാളം തൊഴിലാളികൾ തൊഴിലില്ലാതായിത്തീർന്നിട്ടുണ്ടു്. ഈ തൊഴിലില്ലായ്മ പരിഹരിക്കാൻ ഈ മാതിരിയുള്ള കമ്പനികൾ പ്രവർത്തനം തുടങ്ങേണ്ടതാവശ്യമാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇവിടെയുള്ള തീപ്പെട്ടി കമ്പനികളിൽ വളരെക്കാലമായി സാഫ്റ്റ് ഉഡ്ഡു് കിട്ടുന്നില്ലെന്നാണു് എന്റെ അറിവു്. അതുകൊണ്ടു് ഈ രാജ്യത്തുള്ള സാഫ്റ്റ് ഉഡ്ഡു് അന്യരാജ്യങ്ങളിലേക്കയക്കാതെ ഇവിടെയുള്ള തീപ്പെട്ടികമ്പനികളിൽ ഉപയോഗപ്പെടുത്തത്തക്കവണ്ണം അവർക്കു കൊടുക്കണം എന്നാണു് എനിക്കു പറയുവാനുള്ളതു്. അതിനായി ഈ സമയം ഞാൻ ഉപയോഗിക്കുന്നു. എന്തുതന്നെയായിരുന്നാലും അന്യരാജ്യങ്ങളിലേക്കു് അയക്കുന്നതിനു് ഒരു പരിധി നിശ്ചയിക്കുകതന്നെ വേണം. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം എനിക്കു നല്ല നിശ്ചയമില്ല. ഏതായാലും ഈ സംഗതികൾക്കു് ഒരു പരിഹാരം ഉണ്ടാക്കണമെന്നു് ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

**An Hon'ble Member:** I have also sent a cut motion on this.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഡ്ജററ് പ്രസംഗത്തിൽ പങ്കെടുക്കാത്തവരും ഇതേവരെ ഈ സംഗതിയെ സംബന്ധിച്ച സംസാരിക്കാത്തവരും ആയ ബഹു. മെമ്പറന്മാർക്ക് ഒരു അവസരം നൽകുവാനാണ് ഈ അറേഞ്ച്മെൻറ് വച്ചിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, തിരുവിതാംകൂർ ഗവമ്മെണ്ടിൻെറ വനം സംബന്ധിച്ച നയം വളരെവളരെ ആപൽക്കരമായ നിലയിലായിരിക്കുന്നുവെന്ന് ചില വസ്തുതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു പറയുവാനാണ് ഞാൻ ഇപ്പോൾ എഴുന്നേററു നില്ക്കുന്നതു്. ഞാൻ ഇതു പറയുവാനുള്ള കാരണം പഴയ കാലത്തു്....

സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: സർ, ഒരു പോയിൻറ ഓഫ് ഓർഡർ. പറയാത്തവരെക്കൊണ്ടു് പറയിപ്പിക്കുന്നതിനാണോ ഇങ്ങനെ അറേഞ്ചുമെൻറ് വച്ചിരിക്കുന്നതു്?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: അല്ല. ചില സൌകര്യങ്ങൾ നൽകുന്നതിനു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: പഴയ കാലത്തു വനം സംരക്ഷിക്കുന്നതിനു് ഗവമ്മെണ്ടു പല കാര്യങ്ങളും ചെയ്തുകൊണ്ടിരുന്നു. വനത്തിൽനിന്നും നമുക്കു കിട്ടിക്കൊണ്ടിരിക്കുന്ന ആദായത്തെ വർദ്ധിപ്പിക്കുന്നതിനും വീണ്ടുംവീണ്ടും ആദായം ഉണ്ടാകത്തക്ക കാര്യങ്ങൾ നടത്തി വനത്തെ സംരക്ഷിക്കുന്ന വിഷയത്തിൽ വളരെ ശ്രദ്ധ ഗവമ്മെണ്ട് ചെലുത്തിക്കൊണ്ടാണിരുന്നതു്. എന്നാൽ അടുത്ത കാലത്തു് ഗവമ്മെണ്ട് ആ നയം മാററി. വനത്തിൽനിന്നും ലഭിക്കാവുന്ന ആദായം മുഴവൻ എടുക്കുകയും വെട്ടാവുന്ന തടികൾ മുഴവൻ വെട്ടുകയും കൃഷിചെയ്യാൻ ഒക്കുന്ന സ്ഥലം മുഴവൻ കൃഷിചെയ്യാൻവേണ്ടി ഉപയോഗിക്കുകയും ചെയ്തുതുടങ്ങി. ഇതിൻെറ എല്ലാം ഫലമായി വനം നശിക്കുവാൻ തുടങ്ങി. ഈ നയം തുടൎന്നുകൊണ്ടുപോകുന്നപക്ഷം, കാലാന്തരത്തിൽ നമ്മുടെ വനം മുഴവൻ നശിച്ചു കേവലം വെളിഭൂമിയായിത്തീൎന്നുപോകുമെന്നുള്ളതിനു് എനിക്കു യാതൊരു സംശയവുമില്ല. എൻെറ ഒരു ബഹുമാന്യസ്നേഹിതൻ ഇവിടെ പ്രസ്താവിക്കുകയുണ്ടായി, ഈ രാജ്യത്തു ഒരു വൃവനംപോലും ആവശ്യമില്ലെന്നു്. രാജ്യത്തിൻെറ മൂന്നിലൊന്നു ഭാഗം ഇങ്ങനെ വനമായി ഇടേണ്ട ആവശ്യമില്ലെന്നും അതുകൊണ്ടു വനംമുഴവനും കൃഷിക്കായി വിട്ടുകൊടുക്കണമെന്നുമാണ് അദ്ദേഹം പറഞ്ഞതു്. അതേസമയം ഇവിടത്തെ വിദഗ്ദ്ധന്മാരും ഇൻഡ്യയിലും പുറത്തുമുള്ള മററു വിദഗ്ദ്ധന്മാരും രാജ്യത്തുള്ള വനത്തെ സംരക്ഷിക്കണമെന്നും അവിടെനിന്നു് തടി വെട്ടിയെടുത്തും മററും വനം നശിപ്പിക്കുന്നതു ബുദ്ധിപൂർവ്വകമായ ഒരു പ്രവൃത്തിയല്ലെന്നും അസന്നിഗ്ദ്ധമായ ഭാഷയിൽ പറഞ്ഞിട്ടുണ്ടു്. പക്ഷേ, ആ അഭിപ്രായത്തെ ആദരിക്കുവാനോ സ്വീകരിക്കുവാനോ തയ്യാറല്ലാത്ത ഒരു മനോഭാവമാണ് ഇവിടെ ചിലരിൽ പ്രത്യക്ഷപ്പെട്ടു കണ്ടതു്. ഏതായാലും ഗവമ്മെണ്ടു ഇതേപ്പററി സുനിശ്ചിതമായ ഒരു അഭിപ്രായം കൈക്കൊള്ളണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

സർ, ഒരു സംഗതികൂടി ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. മുൻപു് വനത്തിൽനിന്നും ഏതെങ്കിലും ഒരു ഭാഗം കൃഷിക്കോ മററതെങ്കിലും കാര്യത്തിനോ ആയി ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഡിപ്പാർട്ടുമെണ്ടിനോടു ചോദിച്ചു് അവരുടെ അനുവാദം വാങ്ങിയതിനുശേഷംമാത്രം ചെയ്യുകയാണ് പതിവു്. എന്നാൽ അടുത്തകാലത്തു് ആരോടും ചോദിക്കാതെ, യാതൊരു മുന്നറിവും ഇല്ലാതെ, ഡിപ്പാർട്ടുമെണ്ട് ഉദ്യോഗസ്ഥന്മാരുടെപോലും അറിവില്ലാതെ ധാരാളം ആളുകൾ വനം ഉപയോഗിക്കുന്നതായി കാണുന്നു. ഈ അവസരത്തിൽ മറെറാരു കാര്യംകൂടി പറയുവാൻ ഞാനാഗ്രഹിക്കുന്നു. മുൻപു് ഗവമ്മെണ്ടു ആൎക്കെങ്കിലും വനം പതിച്ചുകൊടുക്കുന്നുണ്ടെങ്കിൽ അതു ഡിപ്പാർട്ടുമെണ്ടിനോടു ചോദിച്ചു് അവരുടെ അഭിപ്രായം അറിഞ്ഞതിനുശേഷമാണ്. എന്നാൽ, അടുത്തകാലത്തു് ഗവമ്മെണ്ട് ഡിപ്പാർട്ടുമെണ്ടിൻെറ യാതൊരറിവും ഇല്ലാതെ പലക്കും വനം പതിച്ചുകൊടുത്തിട്ടുള്ളതായി എനിക്കറിയാം. അപേക്ഷകന്മാർ പറയുന്ന സർവ്വേനമ്പരിൽ വനം ഉണ്ടോ, അതു കൊടുക്കത്തക്കതാണോ, അതുകൊണ്ടു ഗവമ്മെണ്ടിനു എന്തെങ്കിലും നഷ്ടം ഉണ്ടാകുന്നുണ്ടോ ഇതൊന്നും പരിഗണിക്കാതെ വനം പതിച്ചുകൊടുക്കുകയാണ് ചെയ്തിട്ടുള്ളതു്. സർ, ആൎക്കു വനം പതിച്ചുകൊടുക്കുന്നതിലും, അതിനു് ഏതെങ്കിലും പരിഗണന നൽകുന്നതിലും എനിക്കു വിരോധമില്ല. എന്നാൽ രാജ്യത്തിൻെറ രക്ഷയും ഗുണവും നോക്കി വനം പതിച്ചുകൊടുക്കേണ്ട നയം ഗവമ്മെണ്ട് അനുവൎത്തിച്ചേതീരു എന്നാണ് എനിക്കു ഈയവസരത്തിൽ പറയാനുള്ളതു്. അപേക്ഷയിൽ തോടിനു മേക്കു്, ആറിനു വടക്കു് എന്നൊക്കെ

[Sri. Kalathil Velayudhan Nayar]

ചില അതിർത്തികൾ കാണിച്ചിരിക്കും. അതനുസരിച്ചു പതിച്ചു കൊടുക്കുകയും ചെയ്യും. വനത്തിനുള്ളിൽ കയറിയാൽ എവിടെ നോക്കിയാലും തോട്ടം ആറും കാണാം. ആ അതിർത്തിവെച്ചുകൊണ്ടു് അവർക്കു ഇഷ്ടമുള്ള വനപ്രദേശം കൈവശപ്പെടുത്തി നശിപ്പിച്ചുകൊണ്ടിരിക്കുന്നു. അവിടെയുള്ള തടികളും മററു വിഭവങ്ങളും അവർ വെട്ടി നശിപ്പിക്കുന്നു.

സർ, ഉത്തരതിരുവിതാംകൂറിൽനിന്നു് ഇവിടെ വന്ന പല മെമ്പറന്മാരും പറയുകയുണ്ടായി, വനത്തിൽ അനവധി ആളുകൾ അനധികൃതമായി പ്രവേശിച്ചു് വനം നശിപ്പിക്കുന്നുണ്ടെന്നു്. സർ, ഇതേപ്പററി ഗവമ്മെണ്ടു് കാര്യമായി ശ്രദ്ധിക്കണമെന്നു ഞാൻ ഗവമ്മെണ്ടിനെ അറിയിച്ചുകൊള്ളുന്നു. മുൻപു ഇവിടെ മന്ത്രിയായിരുന്ന ഒരാൾ, ഇവിടെ പ്രസ്താവിക്കുകയുണ്ടായി, വനത്തിൽ പ്രവേശിച്ചു് കൈവശപ്പെടുത്തിയിട്ടുള്ള ആളുകളെ എല്ലാവരെയും ഒഴിപ്പിക്കുവാൻ അത്ര എളുപ്പമുള്ള കാര്യമല്ലെന്നു്, അതിനു വളരെ വിഷമമുണ്ടെന്നു്. അയൽപക്കത്തു പുരയ്ക്കകത്തിരിക്കുന്ന സാധനങ്ങൾപോലും സൂത്രത്തിൽ കൈവശപ്പെടുത്തുവാൻ വിരുതുള്ള ആളുകൾ വനത്തിനുള്ളിൽ പ്രവേശിച്ചാൽ അവർ എന്തു ചെയ്യുമെന്നുള്ളതു് നമുക്കു ഏറെക്കുറെ ഊഹിക്കാവുന്നതാണു്. അത്തരത്തിലുള്ളവരും വനം കൈവശപ്പെടുത്തിയിട്ടുണ്ടാവും. ഗവമ്മെണ്ടിന്റെ നയക്കുറവും ശേഷിക്കുറവുമാണു് ഇതു കാണിക്കുന്നതു്. ഇവർ വനം കൈവശപ്പെടുത്തിയതുതന്നെ ഗവമ്മെണ്ടിന്റെ തെററുകൊണ്ടാണു്. ഈ ഭരണവൈകല്യം നിമിത്തംമാത്രമാണു് വനം ശരിയായി സംരക്ഷിക്കുവാൻ ഗവമ്മെണ്ടിനു സാധിക്കാത്തതു്.

സർ, കഴിഞ്ഞ കൊല്ലത്തെ കണക്കുതന്നെ എടുത്താൽ ധാരാളം ഏക്കർ സ്ഥലം കൃഷിചെയ്യുവാൻവേണ്ടി പതിച്ചുകൊടുത്തിട്ടുള്ളതായി കാണാം. എന്നാൽ യഥാർത്ഥത്തിൽ കൃഷിചെയ്യുവാൻ കഴിയുന്നവർ, അതിനു പത്തു സെൻറു സ്ഥലംപോലും ഇല്ലാതിരിക്കുന്നവർ അങ്ങനെയുള്ള എത്ര പേർക്കാണു് വനം പതിച്ചുകൊടുത്തിട്ടുള്ളതെന്നു് ഒന്നു പരിശോധിച്ചു നോക്കേണ്ടതാണു്. വേലചെയ്യാൻ ശേഷിയുള്ളവരെയും ഭൂമി ഇല്ലാത്തവരെയും നോക്കി അവരെ കൂട്ടിച്ചേർത്തു അവർക്കുവേണ്ടി ഒരു കാളനൈസേഷൻ പദ്ധതി രൂപീകരിച്ചു വനം പതിച്ചുകൊടുക്കുന്നതിൽ വലിയ ആക്ഷേപമില്ല. പക്ഷെ ഗവമ്മെണ്ടു് ഒരു ഖണ്ഡിതമായ നയം സ്വീകരിച്ചുകൊണ്ടും വനത്തെ സംരക്ഷിച്ചുകൊണ്ടും മാത്രമെ ഇങ്ങനെ പതിച്ചു കൊടുക്കാവൂ. സ്ഥലമില്ലാത്തവർക്കു സ്ഥലം കൊടുക്കുവാനും ഭവനമില്ലാത്തവർക്കു ഭവനം കൊടുക്കുവാനും മററും ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടെന്നും മററും പല പദ്ധതികളും ഗവമ്മെണ്ടു് ആസൂത്രണം ചെയ്തുവരുന്നുണ്ടെന്നും മററും പറഞ്ഞുവരുന്നുണ്ടു്. എന്നാൽ ഗവമ്മെണ്ടിന്റെ കൈവശമുള്ള ഭൂമി മുഴുവൻ ഇങ്ങനെ പതിച്ചുകൊടുത്തു കഴിഞ്ഞതിനുശേഷം പിന്നെ എവിടുന്നാണു് ഭൂമി കൊടുക്കുവാൻ പോകുന്നതെന്നു ഞാൻ ചോദിക്കുന്നു. അതുകൊണ്ടു് വനത്തിൽനിന്നു ഒരൊററ സെൻറുപോലും ഇനിമേൽ പതിച്ചുകൊടുക്കരുതെന്നാണു് എനിക്കു പറയുവാനുള്ളതു്.

മറെറാരു കാര്യംകൂടി ഈയവസരത്തിൽ ഞാൻ പറഞ്ഞുകൊള്ളട്ടെ. ഫിററ് ഇൻഡസ്ട്രീസിനു് കാട്ടിൽനിന്നും തടിവെട്ടി എടുക്കുവാൻ അനുവാദം കൊടുത്തിട്ടുണ്ടു്. അതു ചില പ്രത്യേക വ്യവസ്ഥകളിലാണു് കൊടുത്തിട്ടുള്ളതു്. ആ വ്യവസ്ഥകളിൽ ഒന്നു്, തടി വെട്ടി എടുക്കുന്ന സ്ഥലത്തു് വീണ്ടും തടി വച്ചുപിടിപ്പിക്കണമെന്നാണു്. എന്നാൽ കഴിഞ്ഞ വർഷം ഒരു ചോദ്യത്തിനുത്തരമായി ഗവമ്മെണ്ടു ഭാഗത്തുനിന്നും പറയുകയുണ്ടായി ആ കമ്പനിക്കാർ തടിവെട്ടി എടുത്തുവെങ്കിലും പകരം തടി വച്ചുപിടിപ്പിച്ചിട്ടില്ല എന്നു്. ഗവമ്മെണ്ടു് ഇതിന്മേൽ എന്തു നടപടി നടത്തിയെന്നു് എനിക്കു നിശ്ചയമില്ല. ഏതായാലും ഈവക കാര്യങ്ങൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടേണ്ടതാണു്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഈ വാദപ്രതിവാദത്തിൽ പങ്കുകൊള്ളണമെന്നുള്ള ഏതെങ്കിലും മെമ്പർക്കു് ഇപ്പോൾ സംസാരിക്കാം.

**Sri. K. P. Neelakanta Pillai:** In supporting the motion I fully support the remarks made by Mr. Kalathil Velayudhan Nayar. It has been brought to the notice of this House year after year that it is a very dangerous policy to indiscriminately exploit the forest wealth, which is the permanent source of wealth to this Union. In the name of agriculture, during the last year the havoc done to our forests is not imaginable. Sir, yesterday you must have heard Mr. K. S. Joseph saying that vast areas of forest land have been occupied by people without any proper survey or without getting permission from the departmental authorities where large

quantities of timber are being smuggled. These places have been kept for cultivation. But what has happened is this? All the valuable timber is removed and the lands are left uncultivated. If Government are to continue this policy in the name of Grow More Food great loss will be the result. The learned Minister-in-charge must say to people that they shall not leave any land from where timber has been removed uncultivated. I ask whether the department is competent to cope with this work or the Minister-in-charge is competent to handle this subject. None of these people is able to control the undesirable actions of private agencies. The department is most inefficient.

Sir, I ask the exact meaning of the word Grow More Food Campaign and what is the intention of the Government. There must be some definite aim in every enterprise. What I hear is that our State has a deficiency of 55 per cent of our food. We have been importing rice all along and now it is said that from 1951 onwards we are not to import any rice from abroad. That is we must be self-sufficient. If it is the intention of the Minister-in-charge of food or agriculture to make this Union self-sufficient by attempting to raise the 55 per cent deficiency, I say it would be a stupid policy. Our Union is a unit of India. Therefore whatever deficit we have, may be obtained from the Madras Province and whatever surplus we have will have to be given to the Madras Province. Without adverting to any of these things a policy of isolation is followed at present. What is happening elsewhere does not seem to matter to us now. What is actually happening is forest exploitation under the name of Grow More Food Campaign.

We must have a definite policy regarding forest exploitation. Whether it is a question of erosion, disafforestation or afforestation or regeneration it is not admissible to pursue a policy in isolation. According to me those must be deemed as central responsibility and so without consulting the centre we should not pursue a policy of isolation. In our forests we grow very valuable timber not Murukumpathal some of which an Hon'ble Member, Mr. Dewer, did not forget to bring when he crossed over to this part of the Union. He thought it could be made use of to beat with. Sir, here even for correcting urchins we give some sound thrashing for which we use not Murukumpathal but nice cane or Pulivar which we have in plenty here. Let my friend understand that there is no demand in our markets for Murukumpathals. I do not want to divert on this much. (Bell).

ശ്രീ. ടി. പി. സീതാരാമൻ: സർ, ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുമുഖേന നടത്തപ്പെടുന്ന ഫ്യൂവൽ റേഷൻ സമ്പ്രദായം നിറുത്തൽചെയ്യണമെന്നു പ്രതിപാദിക്കുവാനാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതു്. ഈ വിഷയത്തിൽ കൊച്ചി സക്കാർ അനവധി പണം ചിലവുചെയ്യുന്നു. അതിന് അനുസരണമായ ഫലം ലഭിക്കുന്നുമില്ല. നമ്മുടെ ഐക്യ സംസ്ഥാനത്തിലെ മൂന്നിലൊരുഭാഗം വനമാണല്ലോ. ഫ്യൂവൽ റേഷന്റെ പേരിൽ തടി വെട്ടി ഈ വനം മുഴുവൻ നശിപ്പിക്കുന്നില്ലേ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. വനം രാജ്യത്തിന്റെ ഒരു ദേശീയസമ്പത്താണ്. അതു നശിപ്പിച്ചുകളയരുതു്. ഇതിലേക്ക് ഒരു പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ലോറികൾ വിലയ്ക്കുവാങ്ങി സക്കാരിൽനിന്നും നേരിട്ടു വിറകു ശേഖരിച്ചു ടൌണുകളിൽ വിതരണംചെയ്യുന്നുണ്ട്. ഇതു പതിനഞ്ചു രൂപാ ആറണയ്ക്കാണ് വില്ക്കുന്നതു്. ഈ സമ്പ്രദായത്തിന്റെ അഭാവത്തിൽ ടൌണുകളിൽ വിറകിനു വില കൂടുതൽ കൊടുക്കേണ്ടിവരും എന്നതു പരമാർത്ഥമാണ്. ഈ പേരുംപറഞ്ഞു പെട്രോൾ ഇഷ്ടംപോലെ വാങ്ങിച്ചു പല ഉദ്യോഗസ്ഥന്മാരും പല അഴിമതികളും കാണിക്കുന്നുണ്ട്. മററുള്ള കൺട്രാക്ടർമാർ ൧൪ രൂപായ്ക്കു വിറകു തരാൻ തയാറുള്ളപ്പോൾ, ഒരു രൂപാ ആറണ നഷ്ടപ്പെട്ടും, കാടുകൾ അനിശ്ചിതമായി നശിപ്പിച്ചും ഇങ്ങനെ ഈ റേഷൻ സമ്പ്രദായം നടപ്പിൽ വരുത്തിയിരിക്കുന്നതെന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇന്നും ദിവസേന അനവധി വാഗൺ വിറകു കൊച്ചിയിൽനിന്നും കയററിപ്പോകുന്നുണ്ട്. കുറെ നാളുകൾക്കുമുമ്പ്, വനംവക കാര്യങ്ങളെപ്പററി ആലോചിക്കുവാനും ഗവമ്മെണ്ടിനെ ഉപദേശിക്കുവാനുമായി ഒരു ഫാറസ്റ്റ് കാൺഫറൻസു വിളിച്ചുകൂട്ടി. ആ കാൺഫറൻസിൽ വനംവകുപ്പു മന്ത്രിയും ഫാറസ്റ്റ് കൺസർവേററും മററുപല ഉദ്യോഗസ്ഥന്മാരും പങ്കുകൊണ്ടിരുന്നു. ആ കാൺഫറൻസിൽ ഈ ഫ്യൂവൽ റേഷനെ സംബന്ധിച്ചു നിശിതമായ നിരൂപണങ്ങൾ ഉണ്ടായി. ഈ റേഷൻ തുടന്നുകൊണ്ടുപോകുന്നതിനേക്കാൾ, നിറുത്തുന്നതിൽ വലിയ അപായമൊന്നും ഉണ്ടാകയില്ലെന്നുള്ള ഒരു അഭിപ്രായഗതിയാണ് ആ കാൺഫറൻസിൽ കണ്ടതു്. സാധാരണ ജനങ്ങൾക്ക് ഒരുതരത്തിലും ഗുണപ്രദമല്ലാത്ത ഈ സമ്പ്രദായം നിറുത്തലാക്കാവുന്നതാണ്. ഇപ്പോൾ ഉഷ്ണം വർദ്ധിക്കുന്നു എന്നു പറയുന്നു. ആണ്ടോടാണ്ട് കാട് ഇങ്ങനെ ന

[Sri. T. P. Seetharaman]

ശിപ്പിക്കുന്നതുകൊണ്ടാണ് ഉഷ്ണം കൂടിക്കൂടിവരുന്നത്. കാലാവസ്ഥയെ നിർണ്ണയിക്കുന്നതും മനുഷ്യന്റെ ആരോഗ്യത്തിനും നാല്ക്കാലികളുടെ വർദ്ധനയ്ക്കും പാത്രീകരിക്കുന്ന വനം നശിപ്പിക്കാതിരിക്കാൻ വേണ്ടതു ഗവമ്മെണ്ടു ചെയ്യണം. ഈ ഡിപ്പാർട്ടുമെന്റു മേധാവിയുടെ പേരു കൺസർവേറ്റർ എന്നാണ്. മററു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരെ ഡയറക്ടർ എന്നോ, കമ്മീഷണർ എന്നോ മറ്റൊയാണ് വിളിക്കുന്നത്. വനങ്ങളുടെ സംരക്ഷകൻ എന്നാണ് ഈ ഉദ്യോഗനാമത്തിന്റെ അർത്ഥം (Conservator to conserve the forest areas); വനങ്ങളിൽനിന്നും അധികം വ്യാവസായികമായി ആദായം ഉണ്ടാക്കുന്ന എന്നല്ല. വനങ്ങളുടെ സംരക്ഷണത്തിന് ആവശ്യമായ നടപടികൾ എടുക്കണമെന്നും ഈ ഫ്യൂവൽ റേഷൻ സമ്പ്രദായം ഉടനടി നിറുത്തണമെന്നും ഞാൻ ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. എന്റെ മാന്യസ്നേഹിതൻ മി. കളത്തിൽ വേലായുധൻ നായർ പറഞ്ഞതു് അതേപടി ഞാനും സ്വീകരിക്കുന്നു. എന്നാൽ അതിൽ അല്പസ്വല്പം കൂടുതലായി പറയാനുള്ളതു മാത്രം പറയണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. ഇന്നു നമ്മുടെ വനങ്ങളെ മുഴുവൻ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ആരും ചോദ്യംചെയ്യുമെന്നു ഞാൻ വിചാരിക്കുന്നില്ല. പിന്നെ എന്താണ് ഈ തിരുവിതാംകൂറിന്റെ പലഭാഗങ്ങളിലും വളരെ അത്യാവശ്യമായി സൂക്ഷിക്കേണ്ട ഈ വനം നശിപ്പിച്ചുകളയുന്നതു്? അതിനുള്ള കാരണം എന്താണ്? ഈ നാട്ടിലുള്ള ചില ആളുകൾക്കു വനം വെട്ടിത്തെളിയിച്ചു തടി വെട്ടി വിററ് ആ തരത്തിൽ പണമുണ്ടാക്കണമെന്നു മാത്രമേ വിചാരമുള്ളു. അപ്രകാരം പ്രവർത്തിക്കുന്നവർക്കു കൂട്ടുനില്ക്കുവാനാണോ ഈ കൺസർവേഷൻ ഡിപ്പാർട്ടുമെന്റ്, എന്നാണ് ഞാൻ ചോദിക്കുന്നതു്. തിരുവിതാംകൂറിന്റെ വടക്കേ അററം മുതൽ കൊട്ടാരക്കരവരെയുള്ള വനങ്ങൾ പരിശോധിച്ചാൽ ഇതിന്റെ പരമാർത്ഥം വെളിപ്പെടുന്നതാണ്. ഈ സ്ഥലങ്ങളിൽ കൃഷിക്കു യഥാർത്ഥത്തിൽ ഉപയോഗയോഗ്യമായ വനങ്ങൾ ധാരാളം ഉണ്ടെങ്കിലും അവയൊന്നുംതന്നെ കൃഷിക്കു സ്ഥലം വാങ്ങുന്നവർ എടുക്കുന്നില്ല. എന്റെ അറിവിൽ പെട്ടിടത്തോളം പല സ്ഥലങ്ങളിലും ഏററവും സൌകര്യമായ രീതിയിൽ ചതുപ്പുനിലങ്ങൾ കൃഷിക്കു കൊടുത്തിട്ടും ആക്കും അത്യാവശ്യമില്ല. തടിനിൽപ്പുള്ള സ്ഥലങ്ങൾ, ഏതുവിധമെങ്കിലും ഉദ്യോഗസ്ഥന്മാരേയും അനുദ്യോഗസ്ഥന്മാരേയും സമീപിച്ചു കൈക്കലാക്കാനാണ് ആളുകളുടെ ശ്രമം. അപ്രകാരം കൊടുക്കാതെയിരുന്നാൽ ബലമായി തന്നെ വനങ്ങളിൽ പ്രവേശിച്ചു തടി വെട്ടിക്കൊണ്ടുപോകുന്നു. കഴിഞ്ഞ കുറെ ദിവസങ്ങൾക്കുമുമ്പു ഞാൻ എന്റെ കണ്ണുകൊണ്ടു തന്നെ കണ്ട ഒരു കാര്യത്തെപ്പററി പറയാം. തെക്കൻ തിരുവിതാംകൂറിലെ ഒരു വലിയ ലോറിയുടമസ്ഥൻ, തിരുവനന്തപുരം–ചെങ്കോട്ട റോഡിൽ ധാരാളം തടികൾ കൂട്ടിയിരിക്കുന്നതിൽനിന്നും ദിവസവും രാത്രി ൮-ം, ൯-ം ലോറി തടി കയററിക്കൊണ്ടുവരുന്നുണ്ടെന്നു സാധാരണയായി ആളുകൾ പറയാറുണ്ടു്. ഒരുദിവസം ഞാൻ അതു കാണുകയുണ്ടായി.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ആ ആളിന്റെ പേരു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: പേരു പറയാൻ തുടങ്ങിയാൽ ഇതിനകത്തുള്ള പലരുടേയും പേരു പറയേണ്ടിവരും. അതുകൊണ്ടു് എന്നെക്കൊണ്ടു പറയിക്കാതിരിക്കുന്നതാണ് നല്ലതു്. കാട്ടിലെ തടി മോഷ്ടിക്കുവാൻവേണ്ടി മാത്രം, ചിലർ മററു ചിലരുടെ ആൾപേരുകളായി മാത്രം സ്ഥലം പതിച്ചുവാങ്ങുകയാണ് ചെയ്യുന്നതു്. ഇതു കണ്ടാൽ ഈ നാടിനെ ചിലർ കൂടി നശിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നതുപോലെ തോന്നിപ്പോകും. ഈ സൌകര്യങ്ങളൊന്നും കൊട്ടാരക്കരയ്ക്കു ലഭിക്കുന്നുമില്ല. എതായാലും നാടു നശിപ്പിക്കുവാൻ തന്നെയാണ് ചിലർ തീരുമാനിച്ചിരിക്കുന്നതെങ്കിൽ, അതിൽനിന്നു ലഭിക്കുന്ന ലാഭത്തിന്റെ ഒരോഹരി തെക്കൻ തിരുവിതാംകൂറിലുള്ളവർക്കും കിട്ടിക്കൊള്ളട്ടെ എന്ന് ആരും വിചാരിക്കുന്നുമില്ല. അവിടെയുള്ളവർക്കു കൃഷിക്കു സ്ഥലമേ വേണ്ടയെന്നാണ് അധികാരികൾ തീരുമാനിച്ചിരിക്കുന്നതെന്നു തോന്നുന്നു. വടക്കൻ തിരുവിതാംകൂറിൽ ഓരോരുത്തർക്കും പത്തും ആയിരവും ഏക്കർ വീതം കൊടുക്കുമ്പോൾ തിരുവനന്തപുരത്തേക്കു് ഇന്നത്തെ ഗവമ്മെണ്ടു് ആകെ അനുവദിച്ചിരിക്കുന്നതു് ൨൦൦-ൽ ചില്വാനം ഏക്കർ മാത്രമാണ്. ഈ നാട്ടുകാർക്കു കൃഷിചെയ്യുന്നതിനു് ൨൦൦ ഏക്കർ മതിയെന്നാണ് അവരുടെ തീരുമാനം. അതായതു്, തോവാള മുതൽ ചിറയിൻകീഴ് വരെയുള്ള ആളുകൾക്കു് ൨൦൦-ൽ ചില്വാനം ഏക്കർ മതിയെന്നാണ് ഗവമ്മെണ്ടു പറയുന്നതു്. ഇപ്രകാരം ദയവായി കുറെ ഏക്കർ വനം കൃഷി

ക്ക് അനുവദിച്ചതിനുശേഷം ഇവിടത്തെ ഫാറസ്റ്റ് ഡിവിഷ്യൻ കമ്മിററി ആദ്യപ്രാവശ്യം കൂടിയ അവസരം പ്രമേയമനുസരിച്ചു ഗവൺമെണ്ടിൽനിന്നും ഒന്നും ചെയ്തിട്ടില്ല. പ്രസ്തുത കൃഷിക്ക് ഉപയുക്തമായ സ്ഥലങ്ങൾ ഇന്നയിന്ന സ്ഥലങ്ങൾ കൃഷിക്ക പററിയതാണെന്നും ആ സ്ഥലങ്ങൾ വനത്തിൽനിന്നും മാററി കൃഷിക്കായി നാട്ടുകാർക്ക നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. കടശിയിൽ ആർക്കും വേണ്ടാത്ത നൂററിൽചില്വാനം ഏക്കർ സ്ഥലംകൂടി അനുവദിച്ചു. കൃഷിചെയ്യാൻ സൌകര്യമുള്ള സ്ഥലങ്ങൾ ആയിരക്കണക്കിനു ധാരാളമുണ്ടായിരുന്നിട്ടും ഈ ഡിവിഷനിലുള്ളവർക്ക കൃഷിചെയ്യാൻ തന്നിരിക്കുന്നതു് ഇത്രയും സ്ഥലം മാത്രമാണു്. ഈ അവസരത്തിൽ മറെറാരു കാര്യംകൂടി ആലോചിക്കേണ്ടതുണ്ടു്. നമ്മുടെ രാജ്യത്തിൽ കട്ടിവനങ്ങൾ എന്നൊരുവക വനങ്ങളുണ്ടു്. അവയെ സംരക്ഷിക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. എന്നാൽ അവയിൽ ചിലതു വനങ്ങളല്ല. നരിക്ക കിടക്കുന്നതിനു മാത്രം ഉപകരിക്കുന്നവകളാണു്. അവകളെ നാട്ടാർക്ക നൽകേണ്ടതാണു്.

ശ്രീ. പി. എം. വറുഗീസു്: സർ, വനത്തെ സംബന്ധിച്ചു ഞാനും ഒരു ഖണ്ഡനോപക്ഷേപം അയച്ചിട്ടുണ്ടായിരുന്നു. വനം നശിപ്പിക്കുന്നതിൽ വളരെ സങ്കടമുള്ള പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെയുണ്ടെന്നെനിക്കറിയാം. പക്ഷെ ഈ രാജ്യത്തുള്ള വനങ്ങൾക്കെല്ലാം—ഈ ഐക്യനാട്ടിലെ വനങ്ങൾക്കെല്ലാം—തന്നെ ഒരു വിശേഷം ഉണ്ടു്. വെട്ടിനശിപ്പിച്ചു രണ്ടുമൂന്നു കൊല്ലം വെറുതെ ഇട്ടിരുന്നാൽ അതു പിന്നേയും വനമാകും. എന്നാൽ വിദഗ്ദ്ധന്മാർ വനത്തെ സംരക്ഷിക്കണമെന്നു പറഞ്ഞിട്ടുണ്ടല്ലൊ എന്ന വാദമാണു് വനം നശിപ്പിക്കുന്നതിനെ എതിർക്കുന്നവർ ഉന്നയിക്കാറുള്ളതു്. വനം നശിപ്പിച്ചാൽ മഴയില്ലാതെ വരുമെന്നുള്ള ഒരു തടസ്സമാണു് ഇക്കൂട്ടർ പുറപ്പെടുവിക്കുന്നതു്. സർ, ഞാൻ ഒരു ചോദ്യം ചോദിക്കുന്നു; ഈ രാജ്യത്തു മഴക്കാലമവസാനിച്ചു മകരമാസംവരെ വനങ്ങളും പുൽമേടുകളും എല്ലാം പച്ച പിടിച്ചുനില്ക്കുന്നതായി കാണാം. മകരം കഴിഞ്ഞു കുംഭമാകുന്നതോടുകൂടി ഇവിടത്തെ വനം ഡിപ്പാർട്ടുമെണ്ടിന്റെ സംരക്ഷണയിലിരിക്കുന്ന ഈ വനപ്രദേശങ്ങൾ എല്ലാം തീ കത്തുന്നതായി കാണാം. അതു് ഇന്നിവിടെ ആഗതനായിരിക്കുന്ന ഫാറസ്ററു കൺസർവേററർക്ക തന്നെ അറിയാമെന്നാണു് എന്റെ ബോദ്ധ്യം. വനം വെന്തുപോകുന്നതു നിങ്ങൾ കണ്ടിട്ടില്ലാത്തതുകൊണ്ടാണു് നിങ്ങൾ വനം നശിപ്പിക്കുന്നതിനെ എതിർക്കുന്നതു്. അങ്ങനെ വനം വെന്തന്നാൽ പിന്നെ ആ വനത്തിൽകൂടി ആർക്കും സഞ്ചരിക്കുവാൻ ഒരു പ്രയാസവുമില്ല. വനം തീ കത്തിയതിന്റെ ശേഷമാണു് സാധാരണയായി നാട്ടുകാർ വനത്തിൽ സ്വാതന്ത്ര്യമായി പ്രവേശിക്കുന്നതു്. അവർ പ്രവേശിക്കുന്ന അവസരത്തിൽ തീ കത്തിയതിന്റെ ഫലമായി വീണുകിടക്കുന്ന ധാരാളം തടികളും വിറകും എല്ലാം എടുത്തുകൊണ്ടുപോകുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: അതുകൊണ്ടു ദോഷമില്ലെന്നാണൊ പറയുന്നതു്?

ശ്രീ. പി. എം. വറുഗീസു്: ഇങ്ങനെ ഉണങ്ങികിടക്കുന്ന വനം മഴയുണ്ടാക്കുന്നുവെന്നു പറയുന്നതാണു് എനിക്ക മനസ്സിലാക്കാൻ സാധിക്കാത്തതു്. കുംഭം, മീനം, മേടം ഈ മാസങ്ങളായാൽ ഈ വനപ്രദേശങ്ങളിലെല്ലാം വലിയ ചൂടാണു്. അന്നു മരങ്ങളെല്ലാം ഇല കൊഴിഞ്ഞു ഉണങ്ങി നില്ക്കുന്നതായിട്ടാണു് നാം കാണുന്നതു്. നേരെ മറിച്ചു നാട്ടിൻപുറങ്ങളിലുള്ള റബ്ബർ തോട്ടങ്ങളിലും മററും ഈ ദോഷങ്ങൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം സംരക്ഷണയിലിരിക്കുന്ന നല്ല ഒന്നാംതരം പച്ചവൃക്ഷങ്ങളും ചെടികളുമാണു് നമ്മുടെദൃഷ്ടിപഥത്തിൽ കാണുന്നതു്. ഇങ്ങനെയുള്ള തോട്ടങ്ങളിൽനിന്നും അനേകലക്ഷം രൂപാ ആദായമുണ്ടാക്കിയാണു് ഇന്നു് ഈ കാര്യത്തിന്റെ കോശസ്ഥിതിയെ നാം സംരക്ഷിക്കുന്നതു്. ഇതു മനസ്സിലാക്കാതെ ഇന്നു രാജ്യത്തിന്റെ മൂന്നിലൊന്നു ഭാഗം വനമായി കിടക്കുന്ന ഈ വനങ്ങളിൽനിന്നു കിട്ടുന്ന ൩൩ ലക്ഷം രൂപായുടെ ആദായംകൊണ്ടു നാം തൃപ്തരാകുന്നതു ശരിയാണൊ? കഴിയുന്നത്ര പ്രദേശങ്ങൾ കൃഷിസ്ഥലങ്ങൾക്കായി ഉപയോഗിച്ചാൽ തീർച്ചയായും ആറേഴകോടി രൂപാ ആദായം കിട്ടും. ഇതു മനസ്സിലാക്കി വേണം നാം പ്രവർത്തിക്കുവാൻ. ഇംഗ്ലണ്ടിൽ മഹായുദ്ധകാലത്തു് ഇരുമ്പില്ലാതെ വന്നപ്പോൾ ബക്കിംങ്ങാം കൊട്ടാരത്തിന്റെ ചുററും ഉണ്ടായിരുന്ന ഇരുമ്പുവേലി പൊളിച്ചു് ഇരുമ്പിന്റെ ആവശ്യം നിറവേററിയെന്നു നാം അറിയണം. നമ്മുടെ നാട്ടിലെ പട്ടിണിക്ക് ഒരു നിവാരണമാകുമെന്ന നിലയിൽ വനം കൃഷി ചെയ്തു് ആവശ്യമുള്ളത്ര നെല്ലു ഉണ്ടാക്കാമെന്നിരിക്കെ, വനം പരിശുദ്ധ

[Sri P. M. Verghese].

മാണ്, അതിൽ പ്രവേശിച്ചുകൂടായെന്നു പറയുന്നതു നീതിയാണോ, എന്നു ഞാൻ ചോദിക്കുന്നു. അതിനു മനുഷ്യന്റെ ബുദ്ധി പ്രയോഗിച്ച് ഉപയോഗിക്കാൻ പാടില്ലെന്നാണോ നിങ്ങളുടെ അഭിപ്രായമെന്നാണ് എനിക്ക് ഈ സഭയോടു ചോദിക്കാനുള്ളത്.

ശ്രീ. കളത്തിൽ വേലായുധൻനായർ: താറാവിന്റെയും പൊൻമുട്ടയുടേയും കഥ മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. പി. എം. വറുഗീസ്: അതു മനസ്സിലാക്കിവേണം പറയുവാൻ.

*(At this Stage Mr. Speaker resumed the Chair)*

**Sri. A. Thanu Pillai:** In regard to this very important question, I may begin by expressing some kind of satisfaction at the way in which the members of the ministerial party have dealt with it. If I or some of my friends here gave expression to views we heard from the members of the ministerial party we would be charged with the allegation that it is all intended to discredit the Ministry and any argument would be used for that purpose. Anyway their own supporters have come forward with a clear denunciation of the way in which forests are being managed. One member of the party went to the extent of saying that the Minister in charge of Forests declared,—I do not know whether it is true but I rely on the member of the party itself,—that it was not possible to evict trespassers who entered on forest lands without authority and without permission. If such a declaration is made by the Minister in charge what wonder that forests are entered upon by trespassers, unlawfully occupied and wasted. I am surprised that a person representing the Government went to the extent of saying that it is difficult to evict persons trespassing on forest lands. In these circumstances, how can we expect people to behave properly? What safety is there for the officers concerned in taking necessary action when Government make this declaration? Can the Conservator of Forests, can a District Magistrate or any other Magistrate or other local officer, say a Forest Ranger, be expected to take action against the entry into forest of private individuals in the face of such a declaration? I say that this is a very shocking situation. My friend Mr. K. S. Joseph, another member of the ministerial party said yesterday that timber is cut down from Government forests without Government getting anything simply because people are allowed to enter upon the land in the name of cultivation before the land is surveyed, or demarcated and the trees are marked. All these offences are now countenanced and encouraged by Government.

Now, Sir, the position is something very difficult to understand. Formerly, forest officers particularly, Conservators of Forests, were very very zealous in preserving the forests and if any bit of forest land was required for some purpose or other,—I used to see the Conservators of Forests in succession setting their face against that kind of demand. Now Forest lands are being assigned away for cultivation from the forests without any difficulty whatsoever. What is it due to, I ask? Can it be that there is so much difference of opinion between the specialists? I have not got enough time to deal with this in detail, but I may make one suggestion. There are many questions to be considered. How much of our forests must be conserved, what areas can be made available for cultivation, and for what kind of cultivation; how the forests are to be regenerated? What replanting should be done, even if lands are allowed for cultivation for how long? Then, will it be possible, and if possible how they should be brought back into forest areas? All these are problems that should be gone into by an expert committee. I would suggest, Sir, as my friend Mr. Neelakanta Pillai in a way indicated, that a committee should be appointed composed of specialists not only from Travancore but if necessary from outside, people who may not be amenable to any kind of local influence—seeing the declaration from the Minister, it has come to that. The whole question may be examined and then we may decide upon what lands can be thrown open and what forests we should preserve, etc.

Sir, this indiscriminate disafforestation is also causing great destruction to lands in the low country. Every cultivator knows that paddy lands are being silted up, water courses are being silted up and difficulties are caused to cultivators of the existing paddy lands in the country. How that is to be prevented has to be considered. If forest lands are brought under cultivation, what is the kind of cultivation to be done and the precaution to be taken to avoid this kind of difficulty are all mattters that have

to be gone into very carefully. Here, in Travancore—I do not know the condition of things in Cochin—there are any number of people who are land-grabbers. There has been trouble in regard to their land entry and occupation at all times. Now that the food problem has cropped up, they take advantage of that, and try to get as much land as possible. I hear that even though some assignments of land are made in favour of poor people, and rich men often get lands assigned in the names of landless persons do the cultivation and enjoy the lands themselves. These things have to be carefully looked into.

It was stated here that large areas are being denuded of trees and there is a good deal of smuggling of timber. What is it that the Government are doing to prevent it? Then again in regard to replanting of valuable timber trees, I do not know—as I mentioned yesterday, we nowadays get no reports of how these departments are working as we used to in the past—how far this replanting is going on. Now it appears there is a glut in the timber market. If that is true we should carefully consider whether timber trees should be cut down indiscriminately or we should wait till conditions improve. We should not undersell our timber.

I may mention one matter in particular about the FACT. I know that a lot of timber was being wasted there some months ago when I had occasion to visit the area which has been leased to that concern. A lot of timber that ought to have been removed and sold in time, part of the profits of which should have gone to the Government, was being wasted then. I do not know if conditions have improved. It is also true that timber removed therefrom was not being replaced. No attempt was made to do it at the time when I had occasion to visit that area. I do dot know whether that is being attended to now. What I heard was that it is not being attended to.

In regard to the backward people, the complaint is made that very little land is assigned to themand what little land is assigned to them does not go to them in reality. It is a matter in which the Government should take care, and when any land is to be made available for cultivation, that land should be made over to the common poor people. Some kind of consumer co-operative arrangement should be built up. The Government should take the lead in that matter and they should do everything possible to enable poor people to cultivate their lands, instead of allowing rich landowners again to accumulate more and more land in their hands. With these remarks, I support the motion.

**Sri. N. D. Jose :** Mr. Speaker, from the speeches which have been made, two definite views have emerged—one, that forest lands should be conserved and the other that a great area should be given for cultivation. I would draw the attention of the Hon. Members to the views expressed by learned authorities on the subject. It may at first be rather difficult to conceive how denudation of forests can lead to lack of rainfall, but it would be easier to grasp the idea that denudation of forests can lead easily to soil erosion. We are all concerned with increased food production. I agree with the Hon'ble Members who said that more and more of food should be produced. But I may submit that we cannot think of one step alone at a time. We have to think of two or three steps at a time. It is possible that if forests are cut down, that if forests are not conserved, there might be soil erosion. Soil erosion might lead to silting up of the river beds or seepage of cultivable areas. Therefore, it is possible even though at first it might lead to increased food production, after a time this might definitely result in the shortage of proddction. Therefore I submit that this should be seriously considered. However, I will point out that this is not a matter in which only lay opinion should be consulted, only representative opinion should be consulted. I would plead, Sir, that this is a matter on which expert opinion should be brought to bear. I should point out the views expressed by such authorities as Herbertman, Secretary of the International Forest Service. I do not want to state his views because I feel the Hon'ble Members are already acquainted with his views. I would also point out the views expounded by Vijayaraghavachariar. Last but not least, I would point out the views given expression to by the Indian Prime Minister, Pandit Jawaharlal Nehru. I would also draw the attention of the Government to the fact that in countries like America, there is the national forest service. Foreign countries which are technically much more advanced pay great attention to the conservation of forests. Certain complaints have, been already referred to here, that disafforestation might lead to lack of rainfall, that it might lead to soil erosion and consequently to shortage of food production after a time. It was, Sir, a very relevant remark made by one Hon'ble Member that this is like killing the goose that lays the golden egg, I would also submit that if expert opinion feels that giving up of certain forest areas for cultivation can lead to increased food production without ultimately reducing the total food production in the State, that might be done. But this is a subject which requires careful consideration, not a

[Sri N. D. Jos]

subject in which the gain of a particular party or lack of gain of a particular party, should be the main criterion for judgment, but a matter in which expert opinion should be brought to bear. This is what I s bmit. Many of the points have already been dealt with-that forests have been denuded of trees, and that the trees should be planted again. I do not want to repeat those points *ad nauseam*. Therefore, I would submit to this Government that this is a matter which should be decided by expert opinion. It is a matter in which the Government should listen to expert opinion without bringing any amount of pressure on the experts. This is the view, Sir, that I would place before the Government for consideration.

ശ്രീ. എ. പി. ഉദയഭാനു: സർ, ഈ സഭയിൽ ഇതേ സംബന്ധിച്ചു പറഞ്ഞാൽ അതു വെറുമൊരു വനരോദനമായിരിക്കുമെന്നു പറയാതെ നിവൃത്തിയില്ല. ആ വിധത്തിൽ മാത്രമെ വനത്തെ ഇന്നു നാം കൈകാര്യം ചെയ്യുന്ന രീതി ആലോചിച്ചാൽ വിക്ഷിക്കുവാൻ സാധിക്കയുള്ളു. വനത്തിൽ അനധികൃതമായ തോതിൽ പ്രവേശിക്കുന്നതിനെ സംബന്ധിച്ചു സംസാരിച്ചപ്പോൾ എന്റെ ഒരു മാന്യസ്നേഹിതൻ ചോദിക്കയുണ്ടായി ഇവിടെ ഒരു ഗവമ്മെണ്ടുണ്ടോ എന്നു്, അത്ര വളരെ വലിയ തോതിലാണു് കാടുകളുടെ മേൽ ഇന്നു നടക്കുന്ന ആക്രമണം. ഇതിനെ സംബന്ധിച്ചു വ്യക്തിപരമായി എനിക്കു വളരെ ഭയത്തിനു കാരണമുണ്ടു്. ഞങ്ങളെപ്പോലെ തിരുവിതാംകൂറിന്റെ സമതലപ്രദേശങ്ങളിൽ—അഥവാ തീരപ്രദേശങ്ങളിൽ—താമസിക്കുന്നവക്കു വനത്തിന്മേലുള്ള ഈ അനധികൃതമായ ആക്രമണം വലിയ ഭീതിക്കു ഇട നല്കുന്നുണ്ടു്. ആണ്ടുതോറും ആറുകൾ വററി കൃഷി ഉണങ്ങി വരണ്ടുപോകുന്നതു് ഇപ്പോൾ ഒരു സാധാരണസംഭവമായിത്തീന്നിരിക്കുന്നുണ്ടു്. ഇതിനുള്ള പ്രധാനമായ കാരണം വൻ തോതിൽ കാടുകൾ വെട്ടിഅഴിക്കുന്നതാണു്. പണ്ടു വനം വേണ്ടവിധത്തിൽ സൂക്ഷിച്ചിരുന്നു. ഇന്നാണെങ്കിൽ അതു പരിതാപകരമായ ആക്രമണവിധേയമായിത്തീന്നിരിക്കയാണു്. തീരദേശത്തുള്ള കൃഷികൾക്കു് എന്തെങ്കിലും അഭിവൃദ്ധിയുണ്ടാകണമെങ്കിൽ ഇനിമേൽ നാം വനത്തിൽ തൊടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. തിരുവനന്തപുരത്തുനിന്നും ചെങ്കോട്ടവരെ ബസ്സിൽ പോയാൽ കാണാം കുത്തനെകിഴക്കാംതൂക്കായി നില്ക്കുന്ന വൻമലകൾ വെട്ടിഅഴിച്ചു നെല്ലു വിതച്ചിരിക്കുന്നതു്. നെല്ലു വിളയിക്കേണ്ടതു് അത്യാവശ്യംതന്നെ. എന്നാൽ കുത്തനെ നില്ക്കുന്ന മലകൾ വെട്ടി ഇടിച്ചാൽ അവയിൽനിന്നു മണ്ണൊലിച്ചുവന്നു വീണു് ഇന്നു നമ്മുടെ കൈവശമുള്ള വിളഭൂമികൾ നഷ്ടപ്പെട്ടുപോകും. തല്ക്കാലം കുറെ നെല്ലു വിളയിക്കാൻ സാധിക്കുമെങ്കിലും ഉള്ള കഞ്ഞിയിൽ പാററ വീഴാതെ സൂക്ഷിക്കേണ്ടതു നമ്മുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കത്തവ്യമാണു്. ഇൻഡ്യാഗവമ്മെണ്ടു പറയുന്നുണ്ടു്. നമുക്കു ൧൯൫൧നോടുകൂടി ഭക്ഷ്യകായ്യത്തിൽ സ്വയം പയ്യാപ്തത ഉണ്ടാകണമെന്നു്. ഇൻഡ്യയിൽ ഏകദേശം പത്തുശതമാനം മാത്രമെ കമ്മിയുള്ളു. എന്നാൽ നമ്മുടെ സ്റ്റേററുകളെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ ൭൦—൩൦—൧൦ ശതമാനം കൂടുതൽ വിളയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഭക്ഷണസാധനത്തിന്റെ ഈ വിടവു നികത്താൻ നാം എത്ര ശ്രമിച്ചാലും എത്ര കാടു വെട്ടിതെളിച്ചാലും സാധ്യമല്ല. ഓരോ സ്റ്റേററുകളും പ്രോവിൻസുകളും ഭക്ഷ്യധാന്യസംബന്ധമായ കായ്യങ്ങളിൽ സ്വയം പയ്യാപ്ത പ്രത്യേകം പ്രത്യേകമായി ഉണ്ടാകുക ഇൻഡ്യയിൽ സാധ്യമല്ല. നമ്മുടെ വരുമാനത്തിന്റെ ഒരു നല്ല ഭാഗം വെളിയിൽനിന്നു ഭക്ഷ്യസാധനങ്ങൾ വരുത്തുന്നതിനായി നാം വിനിയോഗിക്കുന്നുണ്ടെന്ന വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. ഇൻഡ്യയുടെ പുരോഗതിക്കാവശ്യമുള്ള സാധനങ്ങൾ വിളയിക്കുന്ന നമ്മോടു ഭക്ഷ്യകായ്യത്തിൽ സ്വയം പയ്യാപ്ത നേടിക്കൊള്ളാമെന്നു പറയാൻ ഇൻഡ്യാഗവമ്മെണ്ടിനു സാധ്യമല്ല. അമേരിക്കയിൽ ആവശ്യമുള്ള സാധനങ്ങൾ കയററി അയച്ചു് ഇൻഡ്യക്കു് അത്യാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ഡാളർ സമ്പാദിച്ചു കൊടുക്കുന്നതിൽ ഒരു വമ്പിച്ച പങ്കു നമ്മുടെ രാജ്യത്തിനാണു്. അതുകൊണ്ടു ഭക്ഷണത്തിനുവേണ്ടി നാം കാടുവെട്ടിത്തെളിക്കേണ്ടാവശ്യമില്ല. അതു നമ്മുടെ ശാശ്വതമായ ഒരു സമ്പത്താണു്. ഇന്നു നമുക്കു ഭക്ഷ്യദൗർലഭ്യം ധാരാളം ഉണ്ടെങ്കിലും നമ്മുടെ അനർഘസമ്പത്തായ വനഭൂമികളെ നശിപ്പിക്കാൻ അനുവദിച്ചുകൂടാ. നാളെ മരിച്ചുപോകും, അതുകൊണ്ടു് ഇന്നു നമുക്കു മദ്യപിക്കാം നൃത്തം ചെയ്യാം" എന്ന മനോഭാവത്തോടെയല്ല ഗവമ്മെണ്ടും മന്ത്രിസഭയും ഈ മാതിരി പ്രശ്നങ്ങളെ കൈകാര്യം ചെയ്യേണ്ടതു്—ഇവിടത്തെ സെൻസസ്സു റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു് ൧൯൨൨-നു ശേഷം ആണ്ടുതോറും മഴ കുറഞ്ഞുവരുന്നുവെന്നും, അതിനു കാരണം കാടുകളുടെ മേലുള്ള കൈയേററമാണു് എന്നും—മണ്ണൊലിപ്പിനെ തടയുന്നതിൽ കാടിനുള്ള പങ്കു അവിതക്കിതവുമാണു്. അതുകൊണ്ടു നമ്മുടെ കാടുകൾ സംരക്ഷി

ക്കേണ്ടതാവശ്യമാണ്. ശ്രീ. പി. എം. വറുഗീസ് പറയുകയുണ്ടായി ഈ കാടുകളെല്ലാം തീവെന്തു നശിച്ചുപോകുന്നുവെന്ന്. നമ്മുടെ വനങ്ങളിൽ നില്ക്കുന്ന വമ്പിച്ച തേക്ക്, ഈട്ടി മുതലായ വൃക്ഷങ്ങൾ ഒരു വർഷംകൊണ്ടു വളർന്നുവരുന്നതാണെന്നാണ് അദ്ദേഹം പറയുന്നത്! പുൽമേടുകൾക്കു തീ കത്തുന്നുണ്ടെന്നുള്ളതു വാസ്തവം തന്നെ. ഇവ കാട്ടുതീകൊണ്ടു നശിച്ചുപോകുന്നുണ്ടെങ്കിൽ നമ്മുടെ ഫാറസ്റ്റു ഡിപ്പാർട്ടുമെണ്ടിന്റെ കാര്യക്ഷമത കുറവാണെന്നുവേണം മനസ്സിലാക്കുവാൻ. ആണ്ടുതോറും തീകത്തി വനംനശിച്ചുപോകുന്നുവെങ്കിൽ വനസംരക്ഷണത്തിനു ചുമതലപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ എന്താണ് സംരക്ഷിക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. ഒരു പക്ഷെ അവർ അവരുടെ ശമ്പളം സംരക്ഷിക്കമാത്രമായിരിക്കാം ചെയ്യുന്നതു്.

കാടിന്റെ പ്രാധാന്യത്തെ പരിഗണിച്ചുകൊണ്ടാണ് സാർവ്വലൌകികമായ ഒരു ഫാറസ്റ്റ്സമ്മേളനം മൈസൂറിൽ വെച്ചു കൂടിയതു്. അതു് ഇക്കഴിഞ്ഞ മാർച്ച് ൨൧-ാംനു യാണ്. ആ സമ്മേളനത്തിലേക്ക് പ്രതിനിധികളെ അയക്കാതിരുന്നതു തിരുവിതാംകൂറും കൊച്ചിയും മാത്രമാണ്. വനസമ്പത്തിൽ മികച്ചുനില്ക്കുന്ന കൊച്ചിയും തിരുവിതാംകൂറും ഈ സമ്മേളനത്തിലേക്കു പ്രതിനിധികളെ അയക്കാത്തതു് ഒരു കൃത്യവിലോപമാണെന്നാണ് എനിക്കു പറയുവാനുള്ളതു്. അതു കുററകരമായ ഒരു നയമാണ്. തിരുവിതാംകൂറിന്റെ സമ്പത്തായ ഈ വനങ്ങളെ നശിപ്പിക്കുന്നതുനിമിത്തം ഭാവിയിൽ നാം വളരെ വിഷമിക്കേണ്ടിവരുമെന്ന് പറയാതെ നിവൃത്തിയില്ല. ഇങ്ങനെ ഈ നയം തുടരുന്നതായാൽ കുറെക്കാലത്തിനകം നമ്മുടെ രാജ്യം ഒരു മരുഭൂമിയായിത്തീരുമെന്നുള്ള സംഗതി നാം ഓർക്കേണ്ടതാണ്. നമ്മുടെ ഭാവിയെ സാരമായി ബാധിക്കുന്ന ഒന്നാണ് ഈ ഫാറസ്റ്റുനയം. അതിനാൽ ഈ കാര്യത്തിൽ ഗവമെണ്ടു് ശ്രദ്ധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വരുന്ന തലമുറയുടെ കയ്യിൽ ഒരു മരുഭൂമിയായി ഈ രാജ്യത്തെ ഏൽപിക്കുന്നതിനല്ല ഇന്നു രാജ്യഭാരച്ചുമതല നാം ഏററിരിക്കുന്നതു്.

ശ്രീ. മന്നത്തു് പത്മനാഭപിള്ള: സർ, അടുത്തകാലംവരെ ഈ രാജ്യത്തു വനസംരക്ഷണം ഭംഗിയായും കണിശമായും നടന്നുവന്നിരുന്നു എന്ന് ആരും സമ്മതിക്കും. എന്നാൽ കോൺഗ്രസ്സ് ഗവമെണ്ടു് വന്നതിനു ശേഷം വനസംരക്ഷണത്തെസംബന്ധിച്ചു് ഭരണമേധാവികൾ അനുവർത്തിച്ചുവരുന്ന നയം തീരെ ആശാസ്യമല്ലെന്നും പറയേണ്ടിയിരിക്കുന്നു. ഇങ്ങനെ വനത്തെ സംബന്ധിച്ചുള്ള ഭരണം മോശപ്പെട്ടുപോയതു് ഫാറസ്റ്റുഡിപ്പാർട്ടുമെണ്ടുകാരുടെ കുററംകൊണ്ടാണെന്നു പറയുവാൻ ഞാൻ തയ്യാറില്ല. അവരെ അവരുടെ കൃത്യങ്ങൾ ശരിക്കു നിർവ്വഹിക്കാൻ ഇന്നത്തെ ഭരണമേധാവികളും എം. എൽ. എ. മാരും സമ്മതിക്കുന്നില്ല. അങ്ങനെ ഭരിക്കാൻ സമ്മതിക്കുകയാണെങ്കിൽ ഇന്നത്തെ ഉദ്യോഗസ്ഥന്മാർതന്നെ ഫാറസ്റ്റുഭരണം ഭംഗിയായി നിർവ്വഹിക്കുമെന്നാണ് എന്റെ അഭിപ്രായം.

വനങ്ങൾക്കുള്ളിൽ കേറി സ്ഥലം കൈവശപ്പെടുത്തുവാനുള്ള ആഗ്രഹം ആളുകൾക്കു് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. സ്വേച്ഛാധിപത്യത്തിന് എന്തെല്ലാം ദോഷങ്ങൾ ഉണ്ടായിരുന്നാലും അതു വനഭരണം സംബന്ധിച്ചു് വളരെ നന്നായിരുന്നു എന്നു വേണം പറയാൻ. കിരാതഭരണംപോലും ഈ വിഷയത്തിൽ വളരെ നന്നായിരുന്നു എന്നാണ് എന്റെ അഭിപ്രായം. വനസംരക്ഷണത്തിനു വേണ്ടി നിഷ്കർഷയോടുകൂടിയുള്ള വ്യവസ്ഥകൾ ഉണ്ടു്. അവയെ വകവെക്കാതെ വനങ്ങളിൽ പ്രവേശിച്ചു് കൈവശപ്പെടുത്തുവാൻ ശ്രമിച്ചിരുന്നവരുടെ പേരിൽ കേസ്സുകളുണ്ടെന്നും നമുക്ക് അറിയാവുന്നതാണ്. അങ്ങനെ നിയന്ത്രണത്തോടുകൂടിയതായിരുന്നു നമ്മുടെ വനത്തെസംബന്ധിച്ചുണ്ടായിരുന്ന നയം. എന്നാൽ ഇപ്പോഴാണെങ്കിൽ ഇതൊരു അനിയന്ത്രിതാവസ്ഥയിൽ എത്തിയിരിക്കുകയാണ്. ഫുഡ് (ഇതിനു് ഇംഗ്ലീഷുപദമുപയോഗിച്ചുപോയതു് ബഹുമാനപ്പെട്ട സ്പീക്കർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു,) കാര്യം പറഞ്ഞുകൊണ്ടു് ആർക്കും എന്തും ചെയ്യാം, എന്നുള്ള രീതിവരെ എത്തിയിരിക്കുകയാണ്. ഭക്ഷണസാധനത്തിന് എന്നു പറഞ്ഞുകൊണ്ടു വനം വെട്ടിത്തെളിക്കാം, എന്തു കൊള്ളവേണമെങ്കിലും നടത്താമെന്നാണ് അവരുടെ വിചാരം. വനം നമുക്കു മാത്രമല്ല നമ്മുടെ സന്തതികൾക്കുമാവശ്യമാണ്. ഫുഡിന്റെ നിലയെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞതു് ഞാൻ വിസ്മരിക്കുന്നില്ല. ചെറുകാടുകൾ വെട്ടിത്തെളിച്ചു് അവിടെ ഭക്ഷണപദാർത്ഥങ്ങൾ കൃഷിചെയ്യണമെന്നു പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കാം. എന്നാൽ അതിനു വേണ്ടി നമ്മുടെ ഒരു വലിയ സമ്പത്തായ വനങ്ങളെ വെട്ടിത്തെളിക്കണമെന്നു പറയുന്നതിൽ അത്ഭുതപ്പെടാനില്ലെങ്കിലും സങ്കടത്തിനവകാശമുണ്ടു്.

[Sri. Mannath Padmanabha Pillai]

വനം എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ശരിക്ക് മനസ്സിലാക്കണം. വനമെന്നതു് കുററിച്ചെടിയല്ലെന്നു് ഓർക്കേണ്ടതാണ്. വനങ്ങൾ വെട്ടിത്തെളിച്ചാൽ ഉടനേ അതു് ഒരു വർഷത്തിൽ തിരിയെ വളർന്നു വനമാകുമെന്നു്, ഒരു മെമ്പർ പ്രസ്താവിക്കുന്നതു കേട്ടു. അതു് എന്തു ഇന്ദ്രജാലവിദ്യയാണോ. തേക്കും, ഈട്ടിയും തടികളെല്ലാം വെട്ടിത്തെളിച്ചുകഴിഞ്ഞാൽ അടുത്ത കൊല്ലത്തിൽതന്നെ അതു തിരിയെ തടിയായി വളർന്നു പൊക്കുമെന്നു പറയുന്നതു് അത്ഭുതമാണ്.

<u>ശ്രീ. പി. എം. വർഗ്ഗീസ്</u>: "കാട്ടുതീ വെന്താൽ പിന്നെയും തഴ്ത്തീടും" എന്നു കേട്ടിട്ടില്ലേ?

<u>ശ്രീ. മന്നത്തു് പത്മനാഭപിള്ള</u>: കേട്ടുകൂടാതെ വാക്കാമായുധം പ്രയോഗിച്ചാൽ കണ്ണത്തിലകംപുക്ക് പുണ്ണായാലതുതന്നെ—എന്നാണ് അതിന്റെ ബാക്കി ഭാഗം. (ചിരി.)

വനം ഭരിക്കുന്ന ഉദ്യോഗസ്ഥന്മാർ എം. എൽ. എ. മാരുടേയോ മററു മേലുദ്യോഗസ്ഥന്മാരുടേയോ ശുപാർശകൾക്കു വണങ്ങാതെ അവരുടെ ബന്ധുക്കൾക്കും മററും ഉദ്യോഗം കൊടുക്കുകയും മററും ചെയ്തു് അവരെ തൃപ്തിപ്പെടുത്താൻ ശ്രമിക്കാതെ അവരുടെ കൃത്യനിർവ്വഹണം ഭംഗിയായി നിർവ്വഹിക്കുകയാണെങ്കിൽ ഫാറസ്റ്റഡിപ്പാർട്ടുമെണ്ടു് ശരിക്ക് നടക്കുമെന്നാണ് എന്റെ അഭിപ്രായം. സ്വകൃത്യം നിർവ്വഹിക്കുന്നതിൽ വിഘ്നമുണ്ടാക്കിയാൽ അതിനു കീഴടങ്ങാതെ ഉദ്യോഗം പോയാലും പോകട്ടെയെന്നുള്ള തന്റേടത്തോടുകൂടി അവർ ജോലി ചെയ്യേണ്ടതാണ്. ഭക്ഷണസാധനത്തിനു് എന്നും മററുമുള്ള വാക്കുകളിൽ അമ്പരന്നു പോകരുതു്. വേണമെങ്കിൽ ഭക്ഷണസാധനങ്ങൾക്കായിട്ടോ, ഭൂമിയില്ലാത്തയാളുകൾക്കായിട്ടോ വേണ്ടി കുറെ സ്ഥലം വടക്കെഅററംമുതൽ തെക്കെഅററംവരെ പതിച്ചുകൊടുത്താലും തരക്കേടില്ല. അനിയന്ത്രിതമായി വനത്തിൽ പ്രവേശിച്ചു കൈവശം വെച്ചിട്ടുള്ളവരെ ഒഴിപ്പിക്കണം. അടുത്തു്, മുൻപു് കാട്ടുമന്ത്രി—വനമന്ത്രിയായിരുന്ന ഒരു മഹാൻ പറഞ്ഞു, കൈയ്യേററം ചെയ്തവരെ ഒഴിപ്പിക്കാൻ സാദ്ധ്യമല്ലെന്നു്. അങ്ങനെ ശക്തിഹീനനായ മന്ത്രി ആരായിരുന്നാലും രാജിവെച്ചു് പിരിയണം. അഞ്ചേക്കർ പതിച്ചുകൊടുത്താൽ അവർ അൻപതു എക്കർ കൈവശപ്പെടുത്തും. ഗവമെണ്ടിന്റെ ഭരണം സുശക്തമായി നടത്താനുള്ള തന്റേടം ഉണ്ടായിരിക്കേണ്ടതാണ്. തെററു ചെയ്താൽ എത്ര് മഹാനായാലും അവനെ ശിക്ഷിക്കാനുള്ള കെൽപ്പു് എതു ഗവമെണ്ടിനും ഉണ്ടായിരിക്കണം. എം. എൽ. എ. യോ ബന്ധുവോ ആരുമാകട്ടെ. വനത്തിൽ കേറി കൈവശപ്പെടുത്തിക്കൊണ്ടു കണ്ടമാനം ആദായമുണ്ടാക്കുന്ന ചിലർ ഭക്ഷണസാധനങ്ങൾ കൃഷിചെയ്യുയാണെന്ന പേരിൽ ഇതു് കുറെനാളായി നടത്തിക്കൊണ്ടുപോരികയാണ്. ഭക്ഷണസാധനങ്ങൾ ഒരുകൂട്ടർക്കു് മാത്രമല്ല, എല്ലാവർക്കുമാവശ്യമാണ്. അതിനാൽ ഇങ്ങനെ വനങ്ങൾ കൈവശപ്പെടുത്തിയിട്ടുള്ളവരെ യാതൊരു ദാക്ഷിണ്യവുംകൂടാതെ അതിൽനിന്നും ഒഴിപ്പിക്കണമെന്നും വനസംരക്ഷണവിഷയത്തിൽ കൂടുതൽ നിഷ്കർഷ കാണിക്കണമെന്നും അനുസ്മരിപ്പിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

<u>ശ്രീ. പി. കുഞ്ഞുകൃഷ്ണൻ</u>: സർ, രണ്ടു മൂന്നു കാര്യങ്ങൾ സഭയുടെ മുമ്പാകെ കൊണ്ടുവരണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു ജനങ്ങൾ അധികം താമസിക്കുന്ന കൊല്ലംപോലെയുള്ള പ്രധാനപട്ടണങ്ങളിൽകൂടി തടിവെട്ടിക്കൊണ്ടുള്ള ലോറി വളരെ വേഗത്തിൽ ഓടിച്ചുകൊണ്ടു പോകുന്നതിനാൽ അനിയന്ത്രിതമായ ഒരു അസൌകര്യം അവിടുത്തെ ജനങ്ങൾക്കു് ഉണ്ടാകാറുണ്ടു്. ഇങ്ങനെയുള്ള ലോറികൾ അതിവേഗത്തിൽ ഓടിച്ചുകൊണ്ടു പോകുന്നതുകൊണ്ടു പലഅപകടങ്ങളും ഉണ്ടാകുന്നുണ്ടു്. ഈയിടെ കൊല്ലം പട്ടണത്തിൽകൂടി ഇപ്രകാരമുള്ള ഒരു ലോറി ചെന്നടിച്ചു് ഒരു വണ്ടിക്കാരൻ മരിച്ചുപോയ വിവരം പത്രങ്ങൾ മുഖേന എല്ലാവരും വായിച്ചിരിക്കാൻ ഇടയുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഞാൻ പറയുന്നതു് ഇങ്ങനെയുള്ള കാട്ടുതടി കയററിക്കൊണ്ടു പോകുന്ന ലോറികൾ വലിയ സ്പീഡിൽ പോകാൻ പാടില്ലെന്നു നിഷ്കർഷിക്കണമെന്നാണ്, പ്രത്യേകിച്ചും ജനബാഹുല്യമുള്ള പട്ടണങ്ങളിൽകൂടി.

അടുത്തതായി എനിക്കു പറയുവാനുള്ളതു് എന്റെ പ്രാദേശികമായ ആവശ്യത്തെക്കുറിച്ചാണ്. കൊല്ലം താലൂക്കിൽപ്പെട്ട മീനാടു പരവൂർ ഈ പകുതികളിൽ വളരെയധികം ജനങ്ങൾ താമസിക്കുന്നുണ്ടു്. കന്നുകാലി സമ്പത്തു് നമ്മുടെ വലുതായ സമ്പത്താണെന്നു് നാം ഓർമ്മിക്കണം. കന്നുകാലികളെ തീററിപ്പോററുന്നതിനു് മീനാടു പകുതിയിൽ നൂറു നൂററി

അമ്പതു് ഏക്കർ സ്ഥലമുണ്ടായിരുന്നു. ഈ സ്ഥലങ്ങളിൽ ഇപ്പോൾ കശുഅണ്ടിമരം നട്ടു വളർത്തി ആദായം എടുത്തുകൊണ്ടു വരികയാണു്. ഇതിൽ ഗവർമ്മെണ്ടിലേക്കു് ഒരാണ്ടിൽ അഞ്ഞൂറു രൂപ കിട്ടുന്നുണ്ടു്. ഈ രണ്ടു പകുതികളിലുമായി ഏതാണ്ടു് എഴുപതിനായിരം ജനങ്ങൾ അധിവസിക്കുന്നു. അവരുടെ സമ്പത്തായ കന്നുകാലികളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും മറ്റുമുള്ള സൌകര്യങ്ങൾ ഇല്ലായ്മകാരണം കന്നുകാലികളും അതുകാരണം അവിടത്തെ ജനങ്ങളും വളരെ മോശസ്ഥിതിയിലാണു് ഇരിക്കുന്നതു്. അതുകൊണ്ടു് എനിക്കു വിനീതമായി അറിയിക്കുവാനുള്ളതു് അഞ്ഞൂറു രൂപാ കിട്ടുന്ന നിസ്സാര ആദായത്തെ കരുതി ഒരുലക്ഷം ജനങ്ങളുടെ ആവശ്യത്തെ വിഗണിക്കരുതു്. ആ കശുഅണ്ടി മരങ്ങൾ എല്ലാം വെട്ടിത്തെളിച്ചു കൊടുക്കുന്നതു കന്നുകാലികൾ മേയുന്നതിനു വളരെ സൌകര്യമുണ്ടെന്നാണു്. ആ സംഗതിയിൽ ഗവർമ്മെണ്ടു ശ്രദ്ധിക്കേണ്ടതാണു്. എനിക്കു മൂന്നാമതായി പറയുവാനുള്ളതു് വനങ്ങൾ വെട്ടിത്തെളിക്കുന്നതിനെക്കുറിച്ചാണു്. വനങ്ങൾ വെട്ടിത്തെളിക്കുന്നതു് നല്ലതാണെന്നു് ഒരു ഭാഗവും വനങ്ങൾ വെട്ടിത്തെളിക്കാൻ പാടില്ലെന്നു വേറൊരു ഭാഗവും വാശിയോടെ പ്രസംഗിക്കുന്നതു കേട്ടു. എനിക്കു പറയുവാനുള്ളതു് ഈ സംഗതി വളരെ ഗൌരവമായി ചിന്തിച്ചുമാത്രമേ ചെയ്യാവു എന്നാണു്. അമേരിക്കയിലും മറ്റു പാശ്ചാത്യരാജ്യങ്ങളിലുമുള്ള വിദഗ്ദ്ധന്മാർ വനങ്ങളെ വെട്ടിത്തെളിക്കുന്നതു് അപകടമാണെന്നു മനസ്സിലാക്കി വനങ്ങളെ വളരെ ജാഗ്രതയോടുകൂടി സംരക്ഷിക്കുന്നതായിട്ടാണു് കാണുന്നതു്. ആധുനിക ശാസ്ത്രജ്ഞന്മാരും വനങ്ങളെ വെട്ടിത്തെളിക്കുന്ന കാര്യത്തിൽ വളരെ വിമുഖതയാണു് കാണിക്കുന്നതെന്നുള്ള സംഗതി നാം ഓർമ്മിക്കേണ്ടതാണു്. രണ്ടു കാരണങ്ങൾ കരുതിയാണു് അവർ വനങ്ങൾ വെട്ടിത്തെളിക്കണമെന്നു് പറയുന്നതു്. ഒന്നു് ആഹാരത്തിനുവേണ്ടി, രണ്ടു് താമസസൌകര്യത്തിനുവേണ്ടി. തിരുവിതാംകൂറിൽ അമ്പതു് ശതമാനം ആഹാരദുർഭിക്ഷതയുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ ഈ ആഹാരദുർഭിക്ഷതയെ മാറ്റുന്നതിനു് വനങ്ങൾ എത്രമാത്രം പര്യാപ്തമാകുമെന്നതു് വളരെ സംശയമായ ഒരു കാര്യമാണു്. അതുമാത്രമല്ല ഇപ്പോൾ കുറെ വനങ്ങൾ വെട്ടിത്തെളിച്ചു കൃഷിചെയ്താൽ തന്നെയും അനിയന്ത്രിതമായി വളർന്നുവരുന്ന ജനസംഖ്യയുടെ കണക്കുവച്ചു നോക്കുമ്പോൾ വിദൂരമല്ലാത്ത ഭാവിയിൽത്തന്നെ ഇനിയും സ്ഥലങ്ങൾ വേണമെന്നുള്ള പരിതസ്ഥിതി വന്നാൽ അന്നു നാം എവിടെപ്പോകും. കൊച്ചി—തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിന്റെ വിസ്തീർണ്ണം എത്രയാണെന്നു് നമുക്കു അറിയാം. അതുകൊണ്ടു് ഞാൻ പറയുന്നതു് ഈ ഒരു വാദം വിട്ടിട്ടു് ഉള്ള സ്ഥലങ്ങളിൽ കടുംകൃഷി ശാസ്ത്രീയമായി ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു കൃഷിയെ വർദ്ധിപ്പിക്കുകയെന്നുള്ളതാണു്. അതോടുകൂടിത്തന്നെ കൃഷിക്കു് ഇന്നുള്ള പലതരത്തിലുള്ള കുഴപ്പങ്ങൾ പരിഹരിച്ചു് കിട്ടുന്നതിനു് പാശ്ചാത്യമാതൃക അനുകരിക്കണമെന്നും എനിക്കു ഓർമ്മിപ്പിക്കുവാനുണ്ടു്. സഹകരണാടിസ്ഥാനത്തിൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാനും നാം ശ്രമിക്കേണ്ടതാണു്. ഇങ്ങനെ വനങ്ങൾ വെട്ടിത്തെളിക്കുകയാണെങ്കിൽ ഒന്നാമതു് മഴ ഇല്ലാതാകും, രണ്ടാമതു് ഒലിപ്പു മുതലായ ഉപദ്രവങ്ങൾ ഉണ്ടാകും. ഇതു് എല്ലാ ശാസ്ത്രജ്ഞന്മാരും സമ്മതിച്ചിട്ടുള്ളതാണു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഇവിടെ നടന്ന വാദപ്രതിവാദങ്ങളും വിമർശനങ്ങളും വളരെ ശ്രദ്ധയോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഒരു കാര്യം വളരെ സന്തോഷപ്രദമായി എനിക്കു തോന്നുന്നുണ്ടു്. അതായതു് ഇന്നു ഇവിടെ നടന്ന വിമർശനങ്ങളിൽ അധികംഭാഗവും സൃഷ്ടിപരമായ വിമർശനങ്ങളായിരുന്നു എന്നു കാണുന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. ഇങ്ങനെയുള്ള സൃഷ്ടിപരമായ വിമർശനങ്ങളെ ഗവർമ്മെണ്ടു സ്വാഗതം ചെയ്യുന്നതാണെന്നും അവ അർഹിക്കുന്ന ശ്രദ്ധയോടും ഗൗരവത്തോടും കൂടി ഗവർമ്മെണ്ടു് അവയെ വീക്ഷിക്കുന്നതാണെന്നും, ആ വിമർശനങ്ങളെ അടിസ്ഥാനപ്പെടുത്തി ഗവർമ്മെണ്ടിനു് എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യുന്നതിനു് ഈ ഗവമ്മെണ്ടു സന്നദ്ധമായിരിക്കുമെന്നും പറയുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു.

വിമർശനങ്ങൾക്കു മറുപടി പറയുന്നതിനുമുമ്പു് ഫാറസ്റ്റിനെ സംബന്ധിച്ചുള്ള ഗവർമ്മെണ്ടിന്റെ നയം വിശദീകരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഗവർമ്മെണ്ടിനു യാതൊരു നയവുമില്ലെന്നും എല്ലാം തെറ്റുമാറായി കിടക്കുകയാണെന്നും ആരെങ്കിലും പറഞ്ഞാൽ അതിൽ വലിയ അടിസ്ഥാനമില്ലെന്നു പറയുവാനും ഞാൻ ആഗ്രഹിക്കുന്നു. സുനിശ്ചിതമായ ഒരു നയം ഗവർമ്മെണ്ടിനുണ്ടെന്നും, ആ നയത്തെ ആസ്പദമാക്കിതന്നെയാണു് ഗവർമ്മെണ്ടു പ്രവർത്തിച്ചുവരുന്നതെന്നും ഈ സഭയെ അറിയിക്കുവാനും ഈ അവസരത്തിൽ

[Sri T. K. Narayana Pillai]

ഞാൻ ആഗ്രഹിക്കുന്നു. ഗവർമ്മെണ്ടിന്റെ നയം എന്താണ്ട് ഇപ്രകാരമാണ്: ഈ യൂണിയൻ പ്രദേശങ്ങളും മദ്രാസ് പ്രവിശ്യയും ഒന്നിച്ചുചേർത്ത് ഒരു ഘടകമായി വീക്ഷിച്ചുകൊണ്ട് ആ ഘടകത്തിൽ ആകെയുള്ള ഭൂമിയിൽ എത്ര ശതമാനം വനമായി സൂക്ഷിക്കേണ്ടതാണെന്ന് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നുവോ അത്രയും സ്ഥലം വനമായി നീക്കിവെച്ചിട്ട് ബാക്കിയുള്ള സ്ഥലംമാത്രം താല്ക്കാലികമായി ജനങ്ങളുടെ ആവശ്യത്തിലേക്കും കൃഷിയാവശ്യത്തിലേക്കും പ്രത്യേകമായി കൊടുക്കണമെന്നുള്ളതാണ്, ഗവർമ്മെണ്ടിന്റെ നയം. ഏതെല്ലാംവിധത്തിൽ വനങ്ങളെ സംരക്ഷിക്കുന്നതിന് സാധിക്കുമോ ആ വിധത്തിൽ എല്ലാംതന്നെ വനങ്ങളെ സംരക്ഷിക്കുന്നതിനും അവയുടെ ഭദ്രതയെ പരിപാലിക്കുന്നതിനും ഗവർമ്മെണ്ട് ശ്രദ്ധിക്കുന്നതാണ്. വനത്തിൽ നിന്നും അപ്പോഴപ്പോൾ തടികൾ വെട്ടുന്നതോടൊപ്പംതന്നെ ആ സ്ഥാനങ്ങളിൽ ചെറിയ തടികൾ അല്ലെങ്കിൽ അതുപോലുള്ള തടികൾ ഉണ്ടാകത്തക്കവണ്ണം ചെടികൾ വെച്ചുപിടിപ്പിക്കുന്നതിനും വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാവശ്യമാണെന്നും ഗവർമ്മെണ്ട് മനസ്സിലാക്കിയിട്ടുണ്ട്. ഗവർമ്മെണ്ട് മനസ്സിലാക്കിയിട്ടുണ്ടെന്നു മാത്രമല്ല ഇതിനകം തന്നെ ആ നയം കൈക്കൊള്ളുകയും പ്രായോഗികമായി രീതിയിൽ നടപ്പിൽ വരുത്തുന്നതിന് വേണ്ട ശ്രമങ്ങളും ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെയാണ് ഇന്ന് ഈ രാജ്യത്തിലെ പല പ്രദേശങ്ങളും മൂന്നു കൊല്ലത്തേക്ക് എന്നുള്ള വ്യവസ്ഥയിൽ കൃഷിയാവശ്യത്തിന് വിട്ടുകൊടുക്കുമ്പോൾ അങ്ങിനെയുള്ള സ്ഥലങ്ങളിൽ ആ മൂന്നുകൊല്ലത്തിനകം തന്നെ പുതിയ ചെടികൾ വെച്ചുപിടിപ്പിക്കണമെന്നുള്ള സിസ്റ്റം ഗവർമ്മെണ്ടിൽനിന്നും സ്വീകരിച്ചിട്ടുള്ളത്. ടോങ്കിയാ സിസ്റ്റപ്രകാരംമാണ് വനങ്ങളിൽനിന്നും തടികൾ വെട്ടുന്നതും പുതിയ തടികൾ വെച്ചുപിടിപ്പിക്കുന്നതും.

വക്ക്സിനും വനങ്ങളെ ശരിയായി സംരക്ഷിക്കുന്നതിനും അപ്പോഴപ്പോൾ ആവശ്യമുള്ള മററിനങ്ങൾക്കും ബഡ്ജററിൽ പ്രത്യേകം സംഖ്യകൾ നീക്കിവെച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട അംഗങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. വക്ക്സിനുവേണ്ടി പറയത്തക്കയാതൊരു സംഖ്യയും ചെലവാക്കുന്നില്ലെന്നും വക്ക്സിനെ ആകപ്പാടെ അവഗണിച്ചുകൊണ്ടാണ് ഗവർമ്മെണ്ട് പ്രവൃത്തിച്ചുവരുന്നതെന്നും ഇവിടെ ഒരു ആക്ഷേപം പുറപ്പെടുവിച്ചു കണ്ടു. അതിനു മറുപടിയായി എനിക്കു പറയുവാനുള്ളത് ൲ ൱ ൫-ലെ ബഡ്ജററിൽ തിരുവിതാംകൂറിലേക്കും കൊച്ചിയിലേക്കും അതിനുവേണ്ടി പ്രത്യേകം പ്രത്യേകം തുകകൾ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെന്നാണ്. അതിന്റെ കണക്കുകൾ വിവരമായി ഞാൻ ഉദ്ധരിക്കാം.

**Travancore**

| | Rs. |
|---|---|
| Sowing and planting .. .. .. | 60,000 |
| Organisation and expansion of Cinchona, soft-wood, etc. .. | 20,000 |
| Other works .. .. .. | 9,000 |
| Working plans, valuaton of survey etc. .. .. | 4,800 |

**Cochin**

| | |
|---|---|
| Working plans, valuation of survey etc. .. .. | 47,763 |
| Sowing and planting .. .. .. | 78,000 |
| Other works .. .. .. | 440 |

ഇങ്ങനെ ഒരു പ്രത്യേക കാര്യപരിപാടിയെ മുൻനിർത്തിക്കൊണ്ടും ആ കാര്യപരിപാടി അനുസരിച്ച് ജോലികൾ നിർവ്വഹിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയുമാണ് വനങ്ങളെ സംബന്ധിച്ചുള്ള ഗവർമ്മെണ്ട് നയം രൂപീകരിച്ചിട്ടുള്ളത്.

വേറെയും ചില ആക്ഷേപങ്ങൾ ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. അതിൽ ഏററവും പ്രധാനമായിട്ടുള്ളത് ഭക്ഷ്യോല്പാദനത്തെ സംബന്ധിച്ചുള്ളതാണ്. അതിനു പ്രത്യേകമായി ഒരു മറുപടി പറയണമെന്ന് ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നില്ല. ഭക്ഷ്യോല്പാദനവിഷയത്തിൽ സ്വയം പര്യാപ്തത കൈവരുത്തുക എന്നുള്ളത് അസാദ്ധ്യമാണെന്നും അതുകൊണ്ട് അതിലേക്കുള്ള ശ്രമങ്ങളെല്ലാം ഉപേക്ഷിക്കേണമെന്നും ചില സ്നേഹിതന്മാർ അഭിപ്രായപ്പെടുകയുണ്ടായി. അതിനു മറുപടി പറയാനുള്ള രംഗം ഇതല്ലെന്നും എനിക്കു നല്ലവണ്ണം അറിയാം. ഭക്ഷ്യകാര്യത്തിൽ എന്നല്ല ഏതു കാര്യത്തിലും എത്രമാത്രം സ്വയം

പര്യാപ്തത പാലിക്കാമോ അത്രമാത്രം സ്വയംപര്യാപ്തത പരിപാലിക്കേണ്ടതു് ദേശീയബോധവും ദേശാഭിമാനവുമുള്ള എല്ലാവരുടേയും ചുമതലയാണെന്നു് ചിന്താശീലമുള്ള പൌരന്മാരെങ്കിലും ഇതിനകം സമ്മതിച്ചു കഴിഞ്ഞിട്ടുള്ള ഒരു വസ്തുതയാണു്. അതുകൊണ്ടു് അതിലേക്കു് ഒരു മറുപടി പറയേണ്ടതു് ഈ അവസരത്തിൽ ഇവിടെ ആവശ്യമാണെന്നു് എനിക്കു തോന്നുന്നില്ല.

മറെറാരാക്ഷേപം ഉണ്ടായതു് ഇവിടെ കണ്ടമാനം വനങ്ങൾ പതിച്ചു കൊടുക്കുന്നുവെന്നും വനങ്ങളിൽനിന്നും യാതൊരു സിസ്റ്റവുമില്ലാതെ തടി വെട്ടിയിറക്കുന്നുവെന്നും ആ ദായകരമായ നിലയിൽ അതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ ഉദ്യമത്തെ തടയുന്നതിനു് ഇപ്പോഴത്തെ ഗവമ്മെണ്ടിനു് സാധിച്ചിട്ടില്ലെന്നുമാണു്. സർ, ഒരു കാര്യം ഞാൻ വ്യക്തമാക്കി കൊള്ളട്ടെ. വനങ്ങളിൽ വൃക്ഷങ്ങൾ നില്ക്കുന്ന സ്ഥലങ്ങൾ പതിച്ചു കൊടുക്കുന്നതിനു്, ആ വൃക്ഷങ്ങളിന്മേലുള്ള അവകാശം നിലനിർത്തിക്കൊണ്ടു് കൃഷിയാവശ്യങ്ങൾക്കു വേണ്ടി ഈ മാതിരി വനങ്ങൾ പാട്ടം കൊടുക്കുന്നതിനു് ഗവമ്മെണ്ടു് തീരുമാനിച്ചിട്ടുള്ളതു് ൧൧൨൯ ലാണു്. ൧൩ ആയിരത്തിൽ ചില്വാനം ഏക്കർ വനഭൂമി യാതൊരു വ്യവസ്ഥയും കൂടാതെ. ആ സ്ഥലത്തുള്ള വൃക്ഷങ്ങൾ പാട്ടക്കാരനുതന്നെ വെട്ടി എടുത്തുകൊള്ളാമെന്നുള്ള വ്യവസ്ഥയോടുകൂടി തിരുവിതാംകൂറിൽ ആദ്യമായി ഏർപ്പാടു തുടങ്ങിയതു് ൧൧൨൯-ലാണു്.

ശ്രീ. കളത്തിൽ വേലായുധൻ: ൧൧൨൯ എന്നു് എടുത്തു പറയുന്നതിനു് വല്ല സിഗ്നിഫിക്കൻസുമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: വല്ല സിഗ്നിഫിക്കൻസുമുണ്ടെന്നു ബഹു മെമ്പർ സംശയിക്കുന്നുണ്ടെങ്കിൽ ആ സംശയം അസ്ഥാനത്തിലല്ലെന്നു മാത്രമെ എനിക്കു ഈ അവസരത്തിൽ വ്യക്തമാക്കേണ്ടതായിട്ടുള്ളു.

**Sri. A. Thanu Pillai:** One question, Sir.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: I do not yield. ആ നയം പാടെ ഉപേക്ഷിച്ചു് ചില പുതിയ വ്യവസ്ഥകളോടുകൂടി താല്ക്കാലികമായി മൂന്നു കൊല്ലത്തേക്കു മാത്രം കൃഷിക്കോ, മററു പ്രത്യേക ആവശ്യങ്ങൾക്കൊ മാത്രമേ വനഭൂമി കൊടുക്കുകയുള്ളു എന്നുള്ള പുതിയ നയം സ്വീകരിച്ചതു് ൧൧൨൪-ൽ ആയിരുന്നു. ൧൧൨൪-നു ശേഷം ഏതെല്ലാം വനവിഭാഗങ്ങൾ കൃഷിയാവശ്യത്തിനു വിട്ടുകൊടുത്തിട്ടുണ്ടോ ആ ഭാഗങ്ങളിലുള്ള തടികളെല്ലാം ഗവമ്മെണ്ടിന്റെ ഉത്തരവാദിത്വത്തിലും ഗവമ്മെണ്ടിന്റെ മേൽനോട്ടത്തിലും വെട്ടിയിറക്കുന്നതിനും ആ തടികളുടെ വില പരിപൂർണ്ണമായ നിലയിൽ ഗവമ്മെണ്ടിലേക്കു തന്നെ വന്നുചേരുന്നതിനും വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് തടി ആരും വെട്ടിയെടുത്തിട്ടില്ല എന്നു ഞാൻ പറയുന്നില്ല. എന്നാൽ അതു് ൧൧൨൯-ൽ വരുത്തിയിട്ടുള്ള ഗവമ്മെണ്ടിന്റെ നയത്തിലുള്ള വ്യതിയാനത്തിന്റെ ഫലമായിട്ടാണെന്നു സഭയെ അറിയിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. സർ, അതിനു ശേഷവും വനത്തിൽ കയറി ഏതാനും വ്യക്തികൾ അക്രമമായി പ്രവർത്തിച്ചിട്ടുണ്ടായിരിക്കാം. അതു സാധാരണമാണു്. നിയമസമാധാനങ്ങൾ പരിപാലിക്കുന്നതിനു് ഗവമ്മെണ്ടിനു ചുമതലയുണ്ടെന്നു് ഞാൻസമ്മതിക്കുന്നു. ഇവിടെ ഒന്നു രണ്ടു മാന്യന്മാർ പറയുകയുണ്ടായി ചില പ്രദേശങ്ങളിൽ ചില വ്യക്തികൾ ബലാൽക്കാരമായി വനങ്ങളിൽ പ്രവേശിച്ചിട്ടുണ്ടെന്നും അങ്ങിനെയുള്ള അക്രമ പ്രവേശനങ്ങളെ തടയുന്നതിനു് ഗവമ്മെണ്ടിനു് വലിയ വിഷമമുണ്ടായി എന്നും, ഏതോ ഒരു മിനിസ്റ്റർ പറഞ്ഞു എന്നു്. സർ, ആ പ്രസ്ഥാവന ശരിയാണൊ അല്ലയോ എന്നുള്ളതിനെപ്പററി എനിക്കറിവില്ല. അതു ശരിയായിരിക്കാം തെററായിരിക്കാം. എന്നാൽ ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതെങ്കിലും വ്യക്തികളോ വ്യക്തിസമൂഹങ്ങളോ നിയമം ലംഘിച്ചുകൊണ്ടു് വനപ്രദേശങ്ങളിൽ എന്നല്ല, ഗവമ്മെണ്ടു നയത്തെ ഉല്ലംഘിച്ചുകൊണ്ടു് എവിടെയെങ്കിലും ആരെങ്കിലും പ്രവർത്തിക്കുന്നതിനു് വിചാരിക്കുന്നുണ്ടെങ്കിൽ അവർ തീർച്ചയായും ഒരു മൂഢസ്വർഗ്ഗത്തിലാണു് ജീവിക്കുന്നതെന്നു് പറയാതെ തരമില്ല. നിയമത്തിന്റെ ഖഡ്ഗം തീർച്ചയായും അവരിൽ പതിക്കുമെന്നു് ഉറപ്പുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിയമത്തേയും സമാധാനത്തേയും ഭഞ്ജിക്കുന്നതിനുവേണ്ടി ഏതെങ്കിലും കൂട്ടർ ശ്രമിക്കുന്നുവെങ്കിൽ അവരെ കണ്ടുപിടിക്കുന്നതിനും അവരുടെ പേരിൽ നിയമപരമായ നടപടികൾ നടത്തുന്നതിനും ഇതിനകംതന്നെ ഗവ

[Sri. T. K. Narayana Pillai]

മെൻറു വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടു്. ഈ സഭയിൽത്തന്നെയുള്ള ചില ബഹു. അംഗങ്ങൾ ചില അവസരങ്ങളിൽ പറയുന്നതു് കേട്ടിട്ടുണ്ടു്, ദേവികുളത്തു് ഏതാനും ആളുകൾ രണ്ടായിരമോ മൂവ്വായിരമോ ഏക്കർ സ്ഥലത്തു് അക്രമമായി പ്രവേശിച്ചു കൃഷിചെയ്തുവരുന്നു എന്നു്. അതിനെ സംബന്ധിച്ചു സമീപകാലത്തുതന്നെ വേണ്ട അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടു്. അതിൽ സ്വല്പം അടിസ്ഥാനമുണ്ടെന്നു് ഗവമ്മെണ്ടിനു ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ടു്. അങ്ങിനെ ബോദ്ധ്യമായ ഉടൻതന്നെ ആ ആളുകളെ, ആ അക്രമകൈവശക്കാരെ, അവിടെനിന്നും ഇറക്കുന്നതിനു് കർശനമായ നടപടികൾ നടത്തുന്നതിനു ഗവമ്മെണ്ടു നിർദ്ദേശങ്ങൾ നൾകിയിട്ടുണ്ടു്. അതുകൊണ്ടു് ഗവമ്മെണ്ടു് താറുമാറായിട്ടുള്ള ഏതെങ്കിലും ഒരു നയം സ്വീകരിച്ചതിൻെറ ഫലമായിട്ടാണു് അത്തരം സംഭവങ്ങൾ ഉണ്ടായിട്ടുള്ളതെന്നു് വിചാരിക്കുന്നുവെങ്കിൽ അതു തെറ്റാണെന്നാണു് എനിക്കു പറയുവാനുള്ളതു്. ദുർമ്മോഹികളായ വ്യക്തികൾ ഏതെങ്കിലും തരത്തിൽ ലാഭമുണ്ടാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി, നിയമസമാധാനങ്ങൾ പാലിക്കുന്നതിനു് ബാദ്ധ്യസ്ഥരല്ലാത്ത ഏതാനും വ്യക്തികൾ, അക്രമമായി നിയമത്തിന്നെതിരായി എന്തെങ്കിലും പ്രവത്തിക്കുകയാണെങ്കിൽ അവരെ നിയമത്തിൻെറ ചട്ടക്കൾക്കുള്ളിൽകൊണ്ടുവന്നു നിയമം പരിപാലിക്കുന്നതിനു് തീർച്ചയായും ഗവമ്മെണ്ടു് വേണ്ടനടപടികൾ നടത്തുന്നതാണു്.

സർ, ഇവിടെ കുട്ടിവനങ്ങളെപ്പററിയും ചിലർ പറയുകയുണ്ടായി. കുട്ടിവനങ്ങൾ ഇന്നത്തെ രീതിയിൽ പരിപാലിക്കുന്ന പക്ഷം വലിയ പ്രയോജനം ഉണ്ടാകാൻ പോകുന്നില്ലെന്നാണു് ഒരാക്ഷേപം ഇവിടെ പറഞ്ഞുകേട്ടതു്. എന്നാൽ കുട്ടിവനങ്ങളെ പരിപാലിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നുള്ള തത്വം എല്ലാവരും സ്വീകരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇന്നു കുട്ടിവനങ്ങൾ നാം ആശിക്കുന്ന രീതിയിൽ പരിപാലിക്കപ്പെട്ടിട്ടുള്ളവയല്ലെങ്കിൽ അവയെ എങ്ങിനെ പരിപാലിക്കാം എന്നാലോചിക്കുകയല്ലാതെ അവയെ ഉപേക്ഷിച്ചു് ആ സ്ഥലങ്ങൾ ഭൂമിയില്ലാത്തവക്കായി പതിച്ചുകൊടുക്കുക എന്നുള്ളനയം ഗവമ്മെണ്ടിനു സ്വീകരിക്കാൻ സാദ്ധ്യമല്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കുട്ടിവനങ്ങൾക്കു് ഇന്നു ഇൻഡ്യയിൽ മാത്രമല്ല ലോകത്തിൽ എവിടേയുംതന്നെ സ്ഥാനമുണ്ടെന്നാണു് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. കന്നുകാലികൾക്കു് ഗ്രേസിംഗ് ഗ്രൌണ്ടായി ഉപയോഗിക്കുന്നതിനും പച്ചിലവളം കമ്പോസ്ററവമെന്നവർ തുടങ്ങിയവ ഉണ്ടാക്കുന്നതിനും വേണ്ട സൌകര്യവും, ഗ്രാമങ്ങളിൽ താമസിക്കുന്ന ആളുകൾക്കു് അവരുടെ മററു പല ആവശ്യങ്ങളും നിവ്വഹിക്കുന്നതിനും കുട്ടിവനങ്ങൾ ധാരാളമായി ഉപയോഗിച്ചു വരുന്നുണ്ടു്. എല്ലാ പരിഷ്കൃത രാജ്യങ്ങളും ഇതിനകം സ്വീകരിച്ചിട്ടുള്ള നയവും ഇതുതന്നെയാണു്. ആ നയത്തെതന്നെ മുറുകെ പിടിച്ചുകൊണ്ടു് മുമ്പോട്ടു പോകണമെന്നാണു് ഗവമ്മെണ്ടിൻെറ ആഗ്രഹം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ കുട്ടിവനങ്ങളിൽ ആരേയും കയറാൻ സമ്മതിക്കയില്ലെന്നു് അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: എൻെറ സ്നേഹിതൻ മിസ്റ്റർ ശ്രീധറിൻെറ ആഗ്രഹം എനിക്കു മനസ്സിലാക്കാൻ സാധിക്കും. ഈ കുട്ടിവനങ്ങൾ അദ്ദേഹം ഉദ്ദേശിക്കുന്നരീതിയിൽ ഇപ്പോൾ പ്രവത്തനം ചെയ്യുന്നില്ലെന്നും, ആ രീതിയിലല്ല പ്രവത്തനം ചെയ്യേണ്ടതെന്നും, അദ്ദേഹം പറയുന്ന രീതിയിൽ പ്രവത്തനം ചെയ്യുന്ന പക്ഷം കുട്ടിവനങ്ങൾ സംരക്ഷിക്കേണ്ടതു ആവശ്യമാണെന്നുമാണു് ശ്രീ. ശ്രീധറിൻെറ അഭിപ്രായം. ഇന്നത്തെ നടപടികളിൽ എന്തെങ്കിലും അനാശാസ്യമായിട്ടുണ്ടെങ്കിൽ അതു മാററുക എന്നുള്ളതല്ലാതെ കുട്ടിവനങ്ങളെ സംബന്ധിച്ചു് ഗവമ്മെണ്ടു് അനുവത്തിച്ചുവരുന്ന നയത്തിൽ എന്തെങ്കിലും വ്യതിയാനം വരുത്തണമെന്നു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നില്ല.

പിന്നെ ഒരാക്ഷേപമുണ്ടായതു വനംവക വിഭവങ്ങൾ ശരിയായ വിധത്തിൽ ചൂഷണം ചെയ്യുന്നില്ലെന്നാണു്. അതിന്നു സഹായകമായ വിധത്തിൽ ഗവമ്മെണ്ടു പ്രവത്തിച്ചുവരുന്നില്ലെന്നും അതുകൊണ്ടു വനത്തിൽനിന്നും ഉദ്ദേശിക്കുന്ന രീതിയിൽ ആദായം വദ്ധിക്കുന്നില്ലെന്നുമാണു് ആക്ഷേപം. ആ വിവരം ശരിയല്ലെന്നു ചില കണക്കുകൾ ഉദ്ധരിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ വനങ്ങളിൽനിന്നുമുള്ള വരവു് ആണ്ടുതോറും വദ്ധിച്ചുവരുകയാണെന്നു ബഡ്ജററു പഠിച്ചിട്ടുള്ള എല്ലാവക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണു്.

ശ്രീ. വറുഗീസ് അഗസ്റ്റിൻ : വരവു വർദ്ധിച്ചിട്ടുള്ളതു സാധനങ്ങളുടെ വിലക്കൂടുതൽ കൊണ്ടല്ലേ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : സാധനങ്ങളുടെ വിലക്കൂടുതൽകൊണ്ടു മാത്രമാണെന്നു സമ്മതിക്കാൻ ഞാൻ തയാറില്ല ൧൧൧൭ മുതൽ ൧൧൨൩ വരെയുള്ള വർഷങ്ങളിൽ ഫാറസ്റ്റിൽനിന്നുള്ള വരവു ഞാൻ വായിക്കാം.

| | | | |
|---|---|---|---|
| ൧൧൧൭ | .. | ൨൭ൾ ലക്ഷം രൂപാ. | |
| ൧൧൧൮ | .. | ൩൨ | ,, |
| ൧൧൧൯ | .. | ൫൨ | ,, |
| ൧൧൨൦ | .. | ൫൨ൾ | ,, |
| ൧൧൨൧ | .. | ൭൩ | ,, |
| ൧൧൨൨ | .. | ൪൭ | ,, |
| ൧൧൨൩ | .. | ൪൨ | ,, |

ഇങ്ങനെ ഫാറസ്റ്റിൽനിന്നുമുള്ള വരവു് കൊല്ലംതോറും വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നതു്. ഈ വരവു വർദ്ധിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും തീർച്ചയായും വനവിഭവങ്ങളെ ശരിയായവിധത്തിൽ ചൂഷണംചെയ്യേണ്ടതു് ആവശ്യമാണെന്നുള്ള തത്വം ഞാനും ഗവമെന്റും സ്വീകരിക്കുന്നുണ്ടു്. എന്നാൽ ആവിധം ചൂഷണംചെയ്യുന്നതിനു ചില തടസ്സങ്ങൾ ഉണ്ടെന്നുള്ള ബഹു. മെമ്പറന്മാരുടെ ആക്ഷേപത്തോടും ഞാൻ യോജിക്കുന്നുണ്ടു്. വനങ്ങളുടെ അന്തർഭാഗങ്ങളിൽ പ്രവേശിക്കുന്നതിനു് ഇന്നു വേണ്ടവോളം ഗതാഗതസൌകര്യങ്ങൾ ഇല്ലെന്നാണ് ചിലർ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപം. ആ ആക്ഷേപത്തിനു് അടിസ്ഥാനമുണ്ടെന്നു ഞാനും സമ്മതിക്കുന്നു. വനങ്ങളുടെ അന്തർഭാഗങ്ങളിലേക്കു ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു് ഏററവും സമുചിതമായ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു നടപ്പിൽ വരുത്തുന്നതിനു ഗവമെന്റു ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനോടു് അനുബന്ധിച്ചു് ഒരു എഞ്ചിനീയറിംഗ് സെക്ഷൻ തുടങ്ങേണ്ട കാര്യത്തെപ്പററിയും ഗവമെന്റു് ആലോചിച്ചുകൊണ്ടിരിക്കയാണ്. വനങ്ങളുടെ അന്തർഭാഗങ്ങളിൽ പ്രവേശിച്ചു വളരെ വളരെ പഴക്കമുള്ള വൻവൃക്ഷങ്ങളെ വെട്ടിമുറിച്ചു് അവയെ ക്രയംചെയ്യേണ്ടതു് അത്യാവശ്യമാണെന്നും ഗവമെന്റു വിചാരിക്കുന്നുണ്ടു്. ൭൦ കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള തേക്കുവൃക്ഷങ്ങളെ മാത്രമേ ഗവമെന്റിൽനിന്നും വില്പനചെയ്യുന്നുള്ളു എന്ന വിവരവും ഈയവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

വേറെ ചില ആക്ഷേപങ്ങൾക്കും മറുപടി പറയേണ്ടതായിട്ടുണ്ടു്. എന്റെ സ്നേഹിതൻ ശ്രീ. ആദിച്ചൻ അവർകൾ ഒന്നുരണ്ടു വാദങ്ങൾ ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. ആ വാദങ്ങളുടെ സാരാംശം ഞാനും സമ്മതിക്കുന്നുണ്ടു്. ൧൨ൾ ശതമാനം ഭൂമി മാത്രമാണ് അധഃകൃതരെന്നു പറയപ്പെടുന്ന ആളുകൾക്കു കൊടുത്തിട്ടുള്ളതെന്നു് അദ്ദേഹം പറയുകയുണ്ടായി. ൧൨ൾ ശതമാനം മാത്രമേ ൧൧൨൪-ൽ അവർക്കു കൊടുത്തിട്ടുള്ളു എന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ അതുകൊണ്ടു പിന്നോക്കസമുദായക്കാർക്കു ദോഷകരമായോ ഉപദ്രവകരമായോ ഏതെങ്കിലും നയം ഗവമെന്റു സ്വീകരിച്ചു എന്നു് അർത്ഥമാകുന്നില്ല. അന്നത്തെ സൌകര്യങ്ങൾ അനുസരിച്ചും എല്ലാവിഭാഗം ആളുകൾക്കും സ്ഥലം കൊടുക്കേണ്ടതു് അത്യാവശ്യമായിത്തീർന്നതുകൊണ്ടും ൧൨ൾ ശതമാനം അധഃകൃതർക്കു പ്രത്യേകം റിസർവുചെയ്തുകൊണ്ടു ബാക്കി സ്ഥലം മററുള്ളവർക്കു കൊടുക്കുകയാണ് ചെയ്തിട്ടുള്ളതു്. ആ ൧൨ൾ ശതമാനം അവർക്കല്ലാതെ മററാർക്കും കിട്ടുന്നതല്ല എന്നു മാത്രമേ അതിനർത്ഥമുള്ളു. ബാക്കിയുള്ള സ്ഥലങ്ങളിൽനിന്നു് ആവശ്യമുള്ളപക്ഷം അധഃകൃതർക്കു് അപേക്ഷകൊടുക്കുന്നതിനും അനുവദിക്കുന്നതാണെങ്കിൽ അവർക്കു് ആ സ്ഥലങ്ങൾ കിട്ടുന്നതിനും അവകാശമുണ്ടായിരിക്കും. അല്ലാതെ ഏതെങ്കിലും വിധത്തിൽ ഡിസ്ക്രിമിനേഷൻ കാണിക്കണമെന്നോ അവരുടെ ന്യായമായ അവകാശങ്ങളെ അവഗണിക്കണമെന്നോ ഗവമെന്റു് ഉദ്ദേശിച്ചിട്ടില്ല.

പിന്നീടു് ശ്രീ. വേലായുധൻ നായർ അവർകൾ പുറപ്പെടുവിച്ച ചില ആക്ഷേപങ്ങൾക്കു് അടിസ്ഥാനമുണ്ടെന്നു ഞാനും സമ്മതിക്കുന്നുണ്ടു്. എന്നാൽ അദ്ദേഹം പറഞ്ഞതുപോലെ ഡിപ്പാർട്ടുമെന്റു് അധികാരികളുമായി യാതൊരു ആലോചനകളും നടത്താതെ ഗവമെന്റു തോന്ന്യവാസമായി എന്തെങ്കിലും നയം സ്വീകരിച്ചു എന്നോ ഏതെങ്കിലും സ്ഥലം അവരുടെ ഹിതാനുസരണം പതിച്ചുകൊടുത്തുവെന്നോ കൃഷിക്കു വിട്ടുകൊടുത്തുവെന്നോ പറയുന്നതിൽ വലിയ സത്യമില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ൧൧൨൩-ൽ മാത്രമല്ല

[Sri. T. K. Narayana Pillai]

൧൧൨൪-ലും കൃഷി ആവശ്യങ്ങൾക്കുവേണ്ടി ഗവൺമെണ്ടിൽനിന്നും ഭൂമി വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ അതു വിദഗ്ദ്ധന്മാരോട് അഥവാ അതിൽ വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ളവരെന്നു നാം വിചാരിക്കുന്ന ഉദ്യോഗസ്ഥന്മാരോട് ആലോചിച്ചും അവരുടെ അറിവോടും അനുകൂല്യത്തോടും പരിപൂർണ്ണമായ സഹകരണത്തോടുംകൂടിയാണ്. അങ്ങിനെ സ്ഥലം വിട്ടുകൊടുത്തിട്ടുള്ളതിൽ ഏതാനും ഭാഗം ഇന്നും ഉപയോഗശൂന്യമായിക്കിടക്കുകയാണെന്ന് ഒരാക്ഷേപം ഉണ്ടായി. അങ്ങിനെ ഉപയോഗശൂന്യമായി ഏകദേശം ൩,൦൦൦ ഏക്കർ സ്ഥലം കൃഷിക്ക് ഉപയോഗിക്കാത്തരീതിയിൽ കിടക്കുകയാണെന്നു ഞാനും സമ്മതിക്കാം. എന്നാൽ അതിനു പല കാരണങ്ങളുമുണ്ട്. ൧൧൨൦-ലെ ഗവൺമെണ്ടിന്റെ നയത്തിൽനിന്നും വ്യതിന്യായം വരുത്തിയതിന്റെ ഫലമായി ൧൧൨൪-ൽ ഈ സ്ഥലങ്ങളിലുള്ള എല്ലാ തടികളും ഗവൺമെണ്ടിൽനിന്നും വെട്ടിയിറക്കേണ്ടതു് ആവശ്യമായിത്തീർന്നു. അങ്ങിനെ തടികൾ വെട്ടിയിറക്കുന്നതിനും അതിനുശേഷം സർവ്വേചെയ്യുന്നതിനും തട്ടുകളായി തിരിച്ചു് ആവശ്യക്കാർക്കു കൈവശം വിട്ടുകൊടുക്കുന്നതിനും സ്വല്പം താമസം വന്നിട്ടുണ്ട്. പുതിയ സർവ്വേ പാർട്ടികളെ അയച്ചു സ്ഥലങ്ങൾ അളന്നു തട്ടുകളായി തിരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ഗവൺമെണ്ടിൽനിന്നും കൊടുത്തിട്ടുണ്ട്.

ശ്രീ. സീതാരാമൻ കൊച്ചിയിലുള്ള ഫുവൽ ഡിവിഷനെപ്പററി പറയുകയുണ്ടായി. ഏതൊരു ഉദ്ദേശത്തോടുകൂടിയാണ് ഈ ഡിവിഷൻ സംഘടിപ്പിച്ചിട്ടുള്ളതെന്ന് അദ്ദേഹത്തിനു അറിയാം. അവിടെ പട്ടണങ്ങളിൽ താമസിക്കുന്ന ആളുകൾക്കു താരതമ്യേന കുറഞ്ഞ വിലയ്ക്കു വിറകു കിട്ടുന്നതിനുവേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അതു് ആരംഭിച്ചിട്ടുള്ളതു്. ആ ഫുവൽ ഡിവിഷൻ ആരംഭിച്ചതിനുശേഷം അവിടത്തെ പട്ടണങ്ങളിലുള്ള ആളുകൾക്ക് ഏററവും സൌജന്യമായ വിലക്കു വിറകു കിട്ടി വരുന്നുണ്ടെന്നാണ് അറിയുന്നതു്. അതൊരു നഷ്ടമാണോ അല്ലയോ എന്നുള്ളതിനെപ്പററി ടെസ്ററുചെയ്യുന്നതിനു ഗവൺമെണ്ട് ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ഫുവൽ ഡിവിഷൻ കാര്യക്ഷമമായി പ്രവർത്തനം ചെയ്യുന്നില്ലെന്നാണ് അദ്ദേഹത്തിന്റെ ആക്ഷേപം. അതു പുനഃസംഘടിപ്പിക്കണമോ അതല്ല ഏതു ആവശ്യത്തിനുവേണ്ടി, ഏതു ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി അതാരംഭിച്ചുവോ ആ ഉദ്ദേശം സാധിക്കുന്നതിനുവേണ്ടി വേറെ ഒരു സ്ഥാപനം ഉണ്ടാക്കണമോ ഇതിനു ഏതാണ് വേണ്ടതു് എന്നുള്ള സംഗതിയെ സംബന്ധിച്ചു തീർച്ചയായി ഗവൺമെണ്ട് ആലോചിക്കുന്നതാണ്.

ശ്രീ. പി. കുഞ്ഞികൃഷ്ണൻ, കല്ലുവാതുക്കലുള്ള ഒരു കൃഷ്യുനട്ടു പ്ലാന്റേഷനെപ്പററി പറയുകയുണ്ടായി. അവിടം ഇന്നും ഒരു ഗ്രേസിംഗ്ഗ് ഗ്രൌണ്ടായി ഉപയോഗിക്കുന്നതിനു യാതൊരു വിരോധവുമില്ല. അതിനു് എന്തെങ്കിലും നിയമപരമായ തടസ്സങ്ങളുണ്ടെങ്കിൽ ആ തടസ്സങ്ങളെ നീക്കുന്നതിനും ഗവൺമെണ്ട തീർച്ചയായും ശ്രദ്ധപതിപ്പിക്കുന്നതാണ്.

നദീതീരപ്രദേശങ്ങൾ സാധുജനങ്ങൾക്കു പതിച്ചുകൊടുക്കണമെന്ന ഒരു വാദവും ഇവിടെ പുറപ്പെടുവിക്കയുണ്ടായി. അതു സ്വീകാര്യമാണെന്ന് എനിക്കു തോന്നുന്നില്ല. എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളിടത്തോളം നദീതീരപ്രദേശങ്ങളിൽ കുറെ സ്ഥലമെങ്കിലും ഗവൺമെണ്ടിന്റെ അധീനതയിൽ എപ്പോഴും വച്ചുകൊണ്ടിരിക്കേണ്ടതു് അത്യാവശ്യമാണ്. എന്നാൽ ഗവൺമെണ്ടിന്റെ കൈവശംതന്നെ വച്ചുസൂക്ഷിക്കേണ്ടതാണെന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്ന സ്ഥലമൊഴിച്ചു ബാക്കിയുള്ളതായ സ്ഥലം താല്ക്കാലികമായ കൃഷിയാവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കുന്നതിനു തീർച്ചയായും ഗവൺമെണ്ടിനു തടസ്സമുണ്ടായിരിക്കുന്നതല്ല.

പിന്നെ ശ്രീ. കുഞ്ഞിരാമമേനോൻ അവർകൾ സോഫ്ട് വുഡ്ഡ് കൊച്ചിയിലെ ഏതോ ഒരു കമ്പനിക്കു സൌജന്യമായി കൊടുക്കുന്നതിന് ഒരു ലോങ്ങ് ടേം കാൺട്രാക്ട് കൊടുത്തിട്ടുള്ളതായി പറയുകയുണ്ടായി. അതിനെ സംബന്ധിച്ചു വേണ്ട വിവരങ്ങൾ ശേഖരിച്ചുവരുകയാണ്. രാജ്യത്തിനു ദോഷകരമായവിധത്തിൽ അങ്ങിനെ ഒരു കാൺട്രാക്ട് ഉണ്ടെങ്കിൽ ആ കാൺട്രാക്ട് മുമ്പുണ്ടായിരുന്ന വ്യവസ്ഥകൾ അനുസരിച്ചു് ഇനിമേലിലും തുടർന്നുകൊണ്ടു പോകുന്നതു രാജ്യക്ഷേമത്തിനു ഹാനികരമാണെന്നു ഗവൺമെണ്ടിനു ബോദ്ധ്യപ്പെടുന്നപക്ഷം തീർച്ചയായും നിയമജ്ഞന്മാരുമായി ആലോചിച്ചു് അതിനെ ഭേദപ്പെടുത്തുന്നതിനോ റദ്ദുചെയ്യുന്നതിനോ ഗവൺമെണ്ട് ഒട്ടും വൈമനസ്യം കാണിക്കുന്നതല്ല.

ഒരു എക്സ്പർട്ട് കമ്മിററിയെ നിയമിക്കണമെന്ന ഒരു നിർദ്ദേശവും ഇവിടെ ഉണ്ടായി. വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിററിയെ നിയമിക്കണമെന്നായിരുന്നു ആ നിർദ്ദേശം. അങ്ങിനെ ഒരു കമ്മിററിയെ നിയമിക്കുന്നതിനു സാങ്കേതികമായി യാതൊരു തടസ്സവും ഗവമ്മെണ്ടിനില്ല. എന്നാൽ ചില ഉദ്യോഗങ്ങൾക്കു വിദഗ്ദ്ധന്മാരെന്നു വിചാരിക്കുന്നവരെ അന്യരാജ്യങ്ങളിൽനിന്നും വരുത്തുമ്പോൾ ബഹളം കൂട്ടുന്ന ചില മാന്യവ്യക്തികൾ അന്യദിക്കുകളിൽനിന്നും ആവശ്യമുള്ള വിദഗ്ദ്ധന്മാരെ ഫാറസ്റ്റ് കമ്മിററിയിലേക്ക് വരുത്തണമെന്നു പറയുമ്പോൾ അതു് എത്രമാത്രം സ്വീകാര്യമാണെന്നുള്ളതിനെപ്പററി ചിലപ്പോൾ ചില സംശയങ്ങൾ സ്വാഭാവികമായി എന്റെ മനസ്സിൽ ഉദിച്ചുയരുന്നുണ്ടു്. ഏതായാലും വിദഗ്ദ്ധന്മാർ ഉണ്ടാകേണ്ടതു് ആവശ്യമാണെങ്കിൽ ഒരുപക്ഷേ വിദഗ്ദ്ധന്മാർ ഈ രാജ്യത്തു് ഇല്ലെന്നുവരുന്ന പക്ഷം അന്യരാജ്യങ്ങളിൽനിന്നു വരുത്തുന്നതിനും അവരുടെ ഉപദേശം സ്വീകരിക്കുന്നതിനും തീർച്ചയായും ഗവമ്മെണ്ടിനു വൈമനസ്യം ഉണ്ടായിരിക്കുന്നതല്ല.

ഒരുകാര്യംകൂടി എനിക്കു പറയുവാനുള്ളതു് ഗവമ്മെണ്ടിന്റെ ഫാറസ്റ്റുനയം മുമ്പുണ്ടായിരുന്നതിൽനിന്നും യാതൊരുതരത്തിലും വ്യതിചലിച്ചിട്ടില്ലെന്നും വനവിഭവങ്ങളെ ചൂഷണം ചെയ്യുന്നതിനും വനങ്ങളെ ശരിയായവിധത്തിൽ സംരക്ഷിക്കുന്നതിനും ഗവമ്മെണ്ടു് എപ്പോഴും ശ്രദ്ധപതിപ്പിക്കുമെന്നുമാണു്.

<u>ശ്രീ. വി. ഗംഗാധരൻ നായർ:</u> ഫ.റ.ന.–നെക്കുറിച്ച് പറയുകയുണ്ടായി. അന്നു മി. സി. കേശവൻ വനംവകുപ്പിന്റെ ചാർജ്ജു വഹിച്ചിരുന്ന കാലത്തെപ്പററിയാണോ പറഞ്ഞതു്?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:</u> ശ്രീമാൻ പട്ടംതാണുപിള്ള പ്രധാനമന്ത്രിയും ശ്രീ സി. കേശവൻ ഫാറസ്റ്റു മന്ത്രിയും ആയിരുന്ന കാലത്തെപ്പററിയാണു് ഞാൻ പറഞ്ഞതു്.

**Sri. A. Thanu Pillai:** May I know the date and number of the G. O. of 1123 stating forest policy and the date and number of G. O. of 1124 changing that policy.

*(No answer)*

**Mr. Speaker:** It is open to the Hon'ble Minister to give the information from matters within his knowledge.

**Sri. A. Thanu Pillai:** Sir, some sweeping statements were made. I want to know what is really the basis for it? If there is no answer, the inference is clear.

<u>ശ്രീ. ആദിച്ചൻ:</u> ടോങ്കിയോ സിസ്റ്റപ്രകാരം ഭൂമി കൊടുക്കുമ്പോൾ അതിൽ ഒരു നല്ലവിഭാഗം പിന്നോക്കസമുദായക്കാർക്കു് കൊടുക്കാൻ ദയവുണ്ടാകുമോ?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:</u> പിന്നോക്കസമുദായക്കാർ അപേക്ഷകരായി ചെല്ലുകയും വ്യവസ്ഥകൾ അനുസരിച്ചു പ്രവർത്തിക്കുന്നതിനു് അവർ സന്നദ്ധരാകയും ചെയ്താൽ അവർക്കും ഒരു വിഭാഗം കിട്ടുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

**Sri. K. P. Nilakanta Pillai:** When a discussion has been mooted and the Minister in charge answers the discussion with reference to a particular record in his possession, is he not bound to give the particulars of that record?

*(No answer)*

<u>ശ്രീ. പി. സി. ആദിച്ചൻ:</u> പിന്നോക്കസമുദായാംഗങ്ങൾക്കു് കൊടുത്തിട്ടുള്ള സ്ഥലങ്ങൾ ലേലത്തിൽ പോകാതിരിക്കാൻ വേണ്ട വ്യവസ്ഥ ചെയ്യുമോ?

**Mr. Speaker:** No discussion after the speech of the member in charge. This is a question of policy.

മിനിസ്റ്ററുടെ സ്റ്റേറ്റുമെണ്ടിൽ സംശയം വല്ലതും ഉണ്ടെങ്കിൽ അതിനെപ്പററിയുള്ള ചോദ്യങ്ങൾ ചോദിക്കാവുന്നതാണു്. അല്ലാതെ പാളിസി എങ്ങിനെയിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചു് വാദപ്രതിവാദം ഇപ്പോൾ അനുവദിക്കത്തക്കതല്ല.

**Sri. A. Thanu Pillai:** I have got a question more. Is the Hon'ble Member in a position to tell the House the approximate extent of land in respect of which, accordinз to him, timber was not cut and removed, when lands were assigned in 1123?

*(No answer)*

**Sri. D. Gnanasigamony:** I press my motion.

**Mr. Speaker:** I shall put the motion to vote.

The cut motion of Sri. D. Gnanasigamony was thereupon put and lost.

**Sri. K. P. Neelakanta Pillai:** I demand a poll.

**Sri. Joseph Maliekal:** A point of order, Sir, ordinarily though it is the right of the minority to call for a poll, when the section is a hopeless minority and when there is no doubt as to the result of the poll, to demand a poll at every instance is an abuse of the privilege of the House. This question was considered in the Travancore Assembly and it was ruled by the President likewise. Further in the House of Commons there is a rule authorising the Speaker to refuse a request in this matter when he is convinced that it is an abuse of the privilege of the Member. I pray that a ruling may be given whether in an instance like this the minority has a right to demand a poll.

**Sahib Bahadur Abdul Razaak:** Without questioning the rude majority that is in force, I may submit that this is one of the privileges of the minority Members—......

**Mr. Speaker:** No discussion or expression of opinion on that point can be allowed.

**The Hon'ble Sri. K. Ayyappan:** May I know whether a poll can be asked when the Chair has announced that the motion is lost?

**Mr. Speaker:** Then only a demand for poll arises.

മെംബർ ആവശ്യപ്പെട്ടതുപോലെ പോൾ എടുക്കാൻ അനുവദിച്ചിരിക്കുന്നു. ഭൂരിപക്ഷമെന്നോ ന്യൂനപക്ഷമെന്നോ ഉള്ള പരിഗണന കൂടാതെതന്നെ പോൾ ഒരു മെംബർക്ക് ആവശ്യപ്പെടാൻ അവകാശമുണ്ടു്. അതു് അനുവദിക്കാതിരിക്കുന്നതിനു സാധാരണ ഗതിയിൽ ന്യായം കാണുന്നില്ല. മി. മാളേക്കൽ ചൂണ്ടിക്കാണിച്ച പ്രത്യേക പരിതഃസ്ഥിതിയിൽ പോൾ അനുവദിക്കാമൊ പാടില്ലയൊ എന്നുള്ളതു് അങ്ങിനെ ഒരു സന്ദർഭം മേലാൽ ഉണ്ടാകുമ്പോൾ തീരുമാനിക്കാവുന്നതാണു്.

**Sri. M. I. Paul:** A point of order.

ഇപ്പോൾ സഭാനടപടികൾ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകത്തക്കവിധത്തിൽ ഒരു റൂളിംഗ് ഇവിടെ ഉണ്ടാകുമോ?

മി. സ്പീക്കർ: അതു ഒരു പോയിൻറ് ആഫ് ആർഡർ അല്ല. കേവലം ഒരു ചോദ്യമാണു്. പോയിൻറ് ആഫ് ഓർഡർ എന്നുള്ളപേരിൽ മററുചോദ്യങ്ങൾ ചോദിച്ചു സഭയുടെ സമയം അനാവശ്യമായി ഏതെങ്കിലും മെമ്പർ വ്യയം ചെയ്യുന്നതായി കണ്ടാൽ അതിനു വേണ്ടനടപടി സ്വീകരിക്കേണ്ടതായിവരും.

A poll was taken, when the House divided as follows.

[At this stage Sri. Chellaswami Nadar who was not in the House when the motion was put, came in.]

ശ്രീ. കെ. എ. മാത്യു: പോൾ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒരു മെമ്പർക്കു വന്നു അതിൽ പങ്കെടുക്കാമൊ ?

മി. സ്പീക്കർ: അങ്ങിനെവരുന്ന മെമ്പർ പോളിൽ ഉൾപ്പെടാൻ പാടില്ല.

*Ayes—22*

1 Mr. A. Abdul Razaak
2 ,, A. Atchuthan
3 ,, S. Ambrose
4 ,, Sree V. Das
5 ,, Gabriel Nadar
6 ,, V. Gangadharan Nayar
7 ,, D. Gnanasigamoni
8 ,, Mannar Gopalan Nayar
9 ,, Ittiera Ambookan
10 ,, Elias
11 ,, T. Kochukrishna Pillai
12 Mr. A. Nesamony
13 ,, A. K. Patchu Pillai
14 ,, D. Ponniah
15 ,, K. Ramakrishna Achari
16 ,, A. Ramasubramonia Karalayar
17 ,, K. Sivarama Pillai
18 ,, Ponnara G. Sreedhar
19 ,, A. Thanu Pillai
20 ,, P. Thanulingom Nadar
21 ,, Kalathil Velayudhan Nayar
22 ,, Sadasivan

*Noes—89*

1 Hon'ble Sahib Bahadur T. A. Abdulla
2 Mr. V. A. Abdul Aziz
3 ,, Abdul Majeed
4 ,, Miss Accamma Cheriyan
5 ,, K. A. Achuthan
6 ,, P. C. Adichan
7 ,, Alexander Parambithara
8 ,, Alexander Vakayil
9 ,, Miss Annie Joseph
10 Hon'ble Miss Annie Mascarene
11 Mr. Krishnan Ayyappan
12 Hon'ble Mr. K. Ayyappan
13 Mr. K. Balakrishna Marar
14 ,, T. S. Bandu
15 ,, M. Bhaskara Menon
16 ,, N. V. Chacko
17 ,, P. Chacko
18 ,, G. Chandrasekhara Pillai
19 ,, K. M. Chandy
20 ,, Cheladi Rowther
21 ,, Cheriyan J. Kappan
22 ,, N. Daniel Jose
23 Mrs. Devaki Gopidas
24 Mr. T. V. Devan
25 ,, P. K. Dewar
26 ,, Ambat Eachara Menon
27 ,, Eapen Arakkal
28 ,, K. R. Elankath
29 ,, K. A. Gangadhara Menon
30 ,, Gasper D'Silva
31 ,, A. K. George
32 ,, P. Gopalan
33 ,, P. Gopalakrishna Menon
34 ,, Kannara Gopala Panicker
35 Hon'ble Mr. E. Ikkanda Warrier
36 ,, Mr. A. J. John
37 ,, Mr. E. John Philipose
38 Mr. K. S. Joseph
39 ,, Joseph Malieckal
40 ,, Joseph Mathen
41 ,, Joseph Mundasseri
42 ,, V. K. Joseph
43 ,, T. T. Kesavan Sastri
44 ,, P. K. Krishnankutty Menon
45 ,, P. K. Krishnan Sastri
46 Mr. P. K. Kumaran Asari
47 ,, A. K. Kunhumoidheen
48 ,, T. K. Kunjayyappan
49 ,, Thariathu Kunjithomman
50 Hon'ble Mr. N. Kunjuraman
51 Mr. P. S. Madhava Vaidyan
52 ,, Mankuzhi M. Madhavan
53 ,, V. Madhavan
54 ,, Majeed Marikar
55 ,, K. A. Mathew
56 ,, M. C. Mathew
57 ,, K. C. Mayankutty Methar
58 ,, M. K. Menon
59 ,, Mohammed Mustafa
60 ,, P. S. Muhammed
61 ,, C. Narayana Pillai
62 Hon'ble Mr. Parur T. K. Narayana Pillai
63 Mr. G. P. Nilakanta Pillai
64 ,, Mannathu Padmanabha Pillai
65 ,, M. Pappu
66 ,, C. C. Prasad
67 ,, M. I. Paul
68 ,, Paul Thaliat
69 ,, Philipose Muthalaly
70 ,, K. Ramakrishna Pillai
71 ,, P. K. Raman
72 ,, M. Raman Pillai
73 ,, Raphael J. Rodriguez
74 ,, Sankaran Nadar
75 ,, Pandavathu Sankara Pillai
76 ,, T. M. Sannalan
77 ,, T. P. Seetharaman
78 ,, K. Sekhara Panicker
79 ,, A. P. Sivaramakrishnan
80 ,, K. H. Sulaiman
81 ,, A. M. Thomas
82 ,, A. P. Udayabhanu
83 ,, Varghese Augustin
84 ,, N. P. Varghese
85 ,, V. K. Varghese
86 ,, M. Varkey
87 ,, U. K. Vasudevan Asari
88 ,, K. K. Vasu Panicker
89 ,, K. I. Velayudhan

*Neutral—1*

Sahib Bahadur T. A. Moideen Kunju.

The cut motion was declared lost.

മി. സ്പീക്കർ: അടുത്ത കട്ട്മോഷൻ ശ്രീ. കെ. എസ്സ്. ജോസഫ് മൂവ് ചെയ്യു താണ്.

**Sri. K. S. Joseph:** I beg to withdraw my cut motion.

*The Cut motion was, by leave, withdrawn*

The question that Government be granted a sum of Rs. 40,93,537 under Demand V—Forests and Tramway was then put and carried.

The Demand was passed and the grant was made.

## Demand IX—General Administration

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പതിനെട്ടു ലക്ഷത്തി ഒൻപതിനായിരത്തി മുന്നൂററി ഇരുപത്താറു രൂപായുടെ ഒരു ധനാഭ്യർത്ഥന ഞാൻ സഭയുടെ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഞാൻ അതിനെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ഇവിടെ സ്വീകരിച്ചുവന്ന രീതി അനുസരിച്ചു് ടോട്ടൽ ഗ്രാൻറിനെപ്പററി ഉപക്ഷേപങ്ങൾ അയച്ചിട്ടുള്ളവർക്കു് ആദ്യമേ സംസാരിക്കാൻ അവസരം കൊടുക്കുന്നതാണു്. അതനുസരിച്ചു മിസ്റ്റർ ജ്ഞാനശിഖാമണി സംസാരിക്കുന്നതാണു്.

**Sri. K. P. Neelakanta Pillai:** I have sent a specific cut motion to reduce the allotment for Ministers.

**Mr. Speaker:** Yesterday I asked the opinion of the House and in conformity with the general sense expressed here, I accepted the procedure by which the cut motions under total grant were to be first taken up in order.

**Sri. A. Thanu Pillai:** It is clearly against the Rules. Yesterday you allowed a motion to reduce the amount under Investigation Commission. So the minor Heads should be taken up first and specific cut motions should be discussed first and then only token cuts. I shall cite here Rule 42 (4) which says "when several motions relating to the same demand are offered, they shall be discussed in the order in which the heads to which they relate appear in the Budget." It cannot be said that the total grant is the first head in the Budget.

**Mr. Speaker:** There is no difficulty in regard to the rules governing that matter. That is why after ascertaining the general sense of the House and in conformity with it, it was decided at the start that the cut motions under total grant were to be taken up first, members other than the mover also speaking for or against the motion. The House was inclined to this course with a view to allow the widest possible scope for discussion and to enable the largest number of members to take part in the discussion to the extent possible within the limited time of two hours allowed for this Demand. Till the House informs me of its desire to the contrary I shall follow this course.

ഡിമാൻറിൽ ഏതെങ്കിലും ഭാഗത്തെ മാത്രം ബന്ധിക്കുന്ന കട്ട്മോഷൻ ആദ്യമായി വാദത്തിനെടുത്താൽ ആകെ രണ്ടു മണിക്കൂർമാത്രം സമയമുള്ള സ്ഥിതിക്കു പൊതുനയത്തെ സ്പർശിക്കുന്ന വിഷയങ്ങളെപ്പററി വാദത്തിനു സൌകര്യപ്പെടാതെ വരുന്നതാണു്. കൂടാതെ അധികം മെമ്പറന്മാർക്കും വാദത്തിൽ പങ്കെടുക്കാൻ സാധിക്കാതെയും വരും. അതുകൊണ്ടാണു് ആദ്യദിവസംതന്നെ മുഴുവൻ ഗ്രാൻറിനേയും ബന്ധിക്കുന്ന ഖണ്ഡനോപക്ഷേപം ആദ്യമായി വാദത്തിനെടുക്കാമെന്നും അതിൻെറ ചർച്ചയിൽ മററു മെമ്പറന്മാർ പങ്കുകൊള്ളാമെന്നും സഭ അഭിപ്രായപ്പെട്ടതു്.

The House, I presume, has suggested the present course in consideration of the circumstance that these cut motions are mainly intended for discussing the policy of the Government or Departments concerned.

ശ്രീ. എം. ഐ. പോൾ: ഓരോ സമയത്തു് ഓരോ തരത്തിൽ റൂളിംഗ് ഉണ്ടാകുന്നതുകൊണ്ടു പലപ്പോഴും പലതരത്തിൽ മാററം ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതു വരാതിരിപ്പാൻവേണ്ടി സുനിശ്ചിതമായ ഒരു റൂളിംഗ് ഇതു സംബന്ധിച്ചുണ്ടായാൽ കൊള്ളാം.

മി. സ്പീക്കർ: ഇതിനെപ്പററി മുഴുവൻ വിവരങ്ങളും ഗ്രഹിക്കാതെ ഉണ്ടാകുന്ന സംശയങ്ങൾക്കു് സ്പീക്കർ ഉത്തരവാദിയല്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ സഭയുടെ അഭിപ്രായം ആരായുന്നതും ആ അഭിപ്രായം ആദരിച്ചു വാദപ്രതിവാദത്തിനുള്ള ക്രമം നിർണ്ണയിക്കുന്നതും സാധാരണയാണു്. ആ രീതിതന്നെയാണു് ഇവിടേയും സ്വീകരിച്ചിട്ടുള്ളതു്. ഈ രീതി സഭയ്ക്കു് സ്വീകാര്യമായി കണ്ടു എന്നുള്ളതിനു പുറമെ വളരെ കട്ട്മോഷൻസുണ്ടെന്നും എല്ലാററിനും ആയി രണ്ടു മണിക്കൂർ സമയം മാത്രമേ ഉള്ളു എന്നും ഉള്ള വസ്തുതയെ അടിസ്ഥാനമാക്കി വാദപ്രതിവാദത്തിനു കൂടുതൽ സൌകര്യം കിട്ടുന്നതിനു് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ക്രമം ഉത്തമമെന്നു് എനിക്കും തോന്നിയതിനാൽ അതു സ്വീകരിച്ചിട്ടുള്ളതാണു്. അതു തുടരുന്നതാണു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: അങ്ങനെ ചെയ്യണമെന്നപേക്ഷയുണ്ടു്.

**Sri. Joseph Maliekal:** Now that this question has been raised, do we have four hours for the discussion of the demand?

മി. സ്പീക്കർ: ഇതിനു രണ്ടു മണിക്കൂർ മാത്രമെ ഉള്ളു. കൂടാതെ ഫിനാൻസിനു രണ്ടു മണിക്കൂർ വേറെയുണ്ടു്.

**Sri. D. Gnanasigamony:** My cut motion is to discuss the general policy. The general administration of this country has never been so low as it is today. We, who have been elected with a definite purpose, namely, to frame a constitution with a view to the establishment of responsible Government in this country have found ourselves, much against our will, in a United Legislature. In a matter that so vitally affects the people, the normal step that should have been taken by any responsible Ministry is to have consulted the people or their representatives. None of these things was done and I submit, Sir, this act is highly blame-worthy and is an act of treachery towards the people who have placed them in power. Now with what result? What did they get in reply? A tighter grip by the State's Ministry and Article 13 of the Covenant by which even the very internal administration of this country is controlled. To what lengths this interference would go, time alone will reveal. For the present we have been deprived of our independent existence and our right to frame our constitution. Any sensible Ministry would have emphatically recorded its protest and appealed to the country. But their desire to cling to office at all costs was uppermost in their minds and they succumbed. Now, Sir, with what result? A Chief Secretary has been appointed without their knowledge, who has his tightening grip on the Ministry by becoming the Cabinet Secretary. The Ministers may hasten to say that they made this appointment but the people know better. They announced in a Press Note that nobody from outside will be imported. But without their knowledge a Chief Secretary came on a fine morning and took charge.

**The Hon'ble Sri. T. K. Narayana Pillai:** What is the foundation for that statement?

**Sri. D. Gnanasigamony:** I do not yield. Sir, because the Chief Secretary has the backing of the State Ministry, he can well afford to snap his fingers at this Ministry. That is what is happening in this State. People believe that the Chief Secretary has no regard for this Ministry and many of the orders he passes are over the heads of this Ministry. That is what I have got to say in regard to the present day administration. Close on the heels of a Chief Secretary came the Chairman of the Public Service Commission. The Government had to post-haste promulgate an Ordinance to justify his existence and put forth a show that everything is in order. The truth of the matter is that everything was in disorder and utter confusion and the manner in which the other members of the Commission were appointed adds disgrace to this Government. As already said on the floor of this House, while the Chairman of this Commission was sent down from above, one member was pushed in from below. This is the manner in which the general administration of this country is carried on.

Many more wonders seem to be on the march and when they come the cabinet will be equally bewildered as we are. The manner in which some of the Ordinances were promulgated creates a surprise for us. We have been charging the Ministry with corruption, and they have promulgated the Anti-Corruption Ordinance! Sir, the very principle under which such an Ordinance is promulgated in the Indian Union has been lost sight of by these people. There, the Ordinance was promulgated with a definite purpose. It was found as a fact that a large number of cases arose during war time and to put an end to that they promulgated a temporary Ordinance. It was a temporary Act and that Act is to expire within a year or so. This Government has not understood the principles on which that Ordinance was promulgated and they have now put on the statute Book a permanent Ordinance regarding corruption. The purpose for which the anti-corruption Ordinance was promulgated is to put forth a show that this Government is really anxious to root out corruption but we on this side of this House do not for a moment believe in such pretentions of this Government. People believe this Government is corrupt and it looks strange that this Government should have promulgated this Ordinance without placing it before the Legislature and hearing what this House has to say in respect of that matter.

**The Hon'ble Sri. T. K. Narayana Pillai:** All Ordinances are valid only for six months. Even that elementary thing, my friend does not know.

**Sri. D. Gnanasigamony:** It will come before the House. Then we shall see. The Hon'ble Chief Minister has not understood what I mean. This Ordinance has no clause in it to show that it is a temporary Ordinance.

What I say, is that in matters vitally affecting the people, the normal steps that should have been taken by any responsible Ministry were not taken. They should have placed this matter before the House. Now they are doing things of their own accord and think this is Democratic Government. It appears to me that the freedom that we have won after so much of fight has been lost and the Government is on its backward march, and the only possession now left is a sedan-body car with the flag flying above it! The history of the Cabinet of this country is a subject of much ridicule in this country. It is a history of the major communities striving for mastery. The Nayar, the Christian and Ezhuva combination is a matter of much ridicule in the country and it has been rightly branded as a Cabinet of communalists. The very fact that a Muslim Member has been taken into the Cabinet does not make it less communalistic in its character and outlook. (hear, hear). The only field, it appears to me, where they distinguished themselves was in their inroad into the works of the Public ServiceCommission and appointing their boot-lickers to positions of vantage in the higher ranks of public service. The bifurcation of the Medical Department and the creation of the post of the Inspectress General of Women and Children's Hospital are the blackest on record. When there is only one or two Women and Children's Hospitals, this Ministry has appointed an Inspectress General and has given her an additional allowance of Rs. 100 and believed that such a person could be purchased with such a bribe. This Government which wants to prevent corruption offer corruption with their own right hand and that is the history of this Ministry. Evidently according to these honourables, hospitals for Women and Children were like transport buses which need a checking inspector for every bus.

The appearance of an I. C. S. Secretary seems to worry these people. That is what the people believe. We have an advice to offer. Create the post of a Secretary-General of the Secretariat and appoint Mr. M. C. Thomas to the post! Then the Cheif Secretary would take leave and leave the country bag and baggage.

Now the recent appointment of Mr. Korah M. Mani as the Principal of the Training College overlooking the claims of Mr. T. Y. Harris who has been unanimously recommended by the Syndicate is another monstrous instance of nepotism, corruption and linguistic bias. All over the world, the Syndicates are taken to be autonomous bodies and their recommedations are never disregarded, but, here, this 'corrupt' Ministry has appointed............

**Mr. Speaker:** It is not parliamentary.

**Sri. D. Gnanasigamony:** I withdraw. We allege that there is corruption in respect of this appointment on the part of this Ministry and we say this emphatically that it is against all justice. He was unanimously recommended by the Syndicate but this Miniatry turned it down.

(Several voices: louder, louder).

It is in the midst of such service to the country that the Chairman of the Public Service Commission appears on the scene and the field wherein they specialised has been taken over by a person over whom they have no control and their ministerial work has come to an end. As regards their policy, the only policy we know is communal hatred and linguistic bias. They are not known to have given birth to any other policy in the administration of the country.

It is such people who are now at the helm of affairs in the country and with the appearance of the Chief Secretary and the Chairman of the Public Service Commission, their great service to the country automatically comes to an end. And we long for the day when we can say goodbye to them.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ജനകീയ ഭരണം വന്നതിനുശേഷം തിരുവിതാംകൂറിലെ പൊതുഭരണനയത്തിന് വല്ല വ്യതിയാനവും ഉണ്ടായിട്ടുണ്ടോ എന്നാണ് മുഖ്യമായി നോക്കാനുള്ളത്. ഞാൻ നോക്കിയതിൽ യാതൊരു വ്യതിയാനവും ഉള്ളതായി കണ്ടില്ല. ജനകീയഭരണം വരുന്നതിനു മുമ്പ് ജനങ്ങളുടെ പ്രധാനമായ ആവശ്യങ്ങളും എന്തെല്ലാമാണെന്നു അറിഞ്ഞു അതിനുവേണ്ട പരിഹാരങ്ങളും ഉണ്ടാക്കുന്നതാണെന്ന് ആശി

പ്പിച്ചുകൊണ്ടാണ് ഇപ്പോഴത്തെ ജനകീയഭരണം തുടങ്ങിയിട്ടുള്ളത്. ജനങ്ങൾ ആവശ്യപ്പെട്ട പ്രധാന കാര്യങ്ങൾ എന്തെല്ലാമാണ്? ഭക്ഷണമില്ലാത്തവർക്ക് ഭക്ഷണവും താമസിക്കുവാൻ ഭവനമില്ലാത്തവർക്ക് ഭവനവും, ഉടുക്കുവാൻ വസ്ത്രമില്ലാത്തവർക്ക് വസ്ത്രവും അതുപോലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കാണുന്ന കൈക്കൂലി, മുതലായ അഴിമതികളുടെ നിവാരണവും മററു പലതുമാണ്. ഇങ്ങനെ വളരെവളരെ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായ ചുമതല ഇന്നത്തെ ജനകീയഭരണകർത്താക്കൾക്കുണ്ട്. ഉത്തരവാദഭരണം ഏർപ്പെടുത്തിയാൽ ഇതിനെല്ലാം പരിഹാരമുണ്ടാകുമെന്നാണ് നാം ജനങ്ങളെ മനസ്സിലാക്കിയത്.

ആദ്യമായി ഭക്ഷണകാര്യത്തെപ്പററിത്തന്നെ എടുക്കാം. ജനകീയഭരണം വരുന്നതിനു മുൻപും 'ഗ്രോ മോർ ഫുഡ് കാംപയിൻ' എന്നു ഒരദ്ധ്യായം ബഡ്ജററിനകത്തുണ്ട്. അതിലേക്ക് ചില ആഫീസ്സുകളും ഉദ്യോഗസ്ഥന്മാരുമൊക്കെയുണ്ട്. ഉത്തരവാദഭരണം ലഭിച്ചതിനുശേഷവും ഈ ഗ്രോ മോർ ഫുഡ് കാംപയിൻ ഉണ്ട്. അതു ആരംഭിക്കുന്നതിനു മുൻപ് ഇവിടെ എത്ര അരിയുണ്ട്? ഇതിൻെറ പ്രവർത്തനഫലമായി എത്ര അരി കൂടുതൽ ഉണ്ടാക്കുവാൻ കഴിഞ്ഞു? ഇത്രവളരെ പണം ചെലവുചെയ്ത് ഗ്രോ മോർ ഫുഡ് കാംപയിൻ ഏർപ്പെടുത്തിയതിനുശേഷം ഇവിടെ എന്തുമാത്രം ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്? എൻെറ അറിവു ശരിയാണെങ്കിൽ ഇതുകൊണ്ട് ഉല്പാദനം ഒട്ടുംതന്നെ വർദ്ധിച്ചിട്ടില്ല. ഇത്രയുംകൊല്ലത്തെ പ്രയത്നഫലമായി കാര്യമായ വർദ്ധനവുണ്ടായിട്ടില്ല. അതിനുള്ള കാര്യമായ ശ്രമവും ചെയ്യുന്നില്ല. രണ്ടേക്കർ സ്ഥലം അല്ലെങ്കിൽ ആയിരം ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുത്തു എന്നു പറഞ്ഞതുകൊണ്ട് ഉല്പാദനം വർദ്ധിക്കുകയില്ല. കൊടുക്കുന്ന സ്ഥലം യഥാർത്ഥമായ കൃഷിക്ക് ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നു നോക്കണം. യഥാർത്ഥത്തിൽ കൃഷി ചെയ്യുന്നവർക്കും കൃഷി ചെയ്യുവാൻ സ്ഥലം ഇല്ലാത്തവർക്കും ആണ് ഗവൺമെണ്ട് സ്ഥലങ്ങൾ കൊടുക്കേണ്ടത്. ശ്രീമാൻ കൃഷ്ണൻ അയ്യപ്പൻ പറയുകയുണ്ടായി, താമസിക്കുന്നതിനും കൃഷിചെയ്യുന്നതിനും സ്ഥലമില്ലാതെ വിഷമിക്കുന്ന അനവധി ആളുകൾ ചേർത്തലയിൽ ഉണ്ടെന്ന്. അങ്ങനെയുള്ളവരെ നോക്കി സ്ഥലം പതിച്ചുകൊടുക്കേണ്ടതാണ്. അല്ലാതെ ആയിരമോ രണ്ടായിരമോ ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിന് പതിച്ചുകൊടുത്തു എന്നുവെച്ച് ഇവിടെ ഒരുമണിനെല്ലുപോലും കൂടുതൽ വിളയിക്കുവാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ ൧൧ മണിക്ക് വീണ്ടും കൂടുന്നതുമാണ്.

*The House adjourned at 5 p.m. to meet again at 11 a.m. the next day.*

V. KRISHNAMOORTHI AYYAR
*Secretary to the Legislative Assembly*

# PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

**FIRST SESSION 1949/1125**

**Saturday,** *the 20th August 1949.* / *4th Chingam 1125.*

**Vol. I]** **OFFICIAL REPORT** **[No. 10**

The Assembly met in the Legislative Chamber, Public Offices, Trivandrum at 11 of the Clock on Saturday, the 20th August 1949 with Mr. Speaker (The Hon'ble Sri. T. M. Varghese) in the Chair.

## QUESTIONS AND ANSWERS

### Oral Answers

വെസ്റ്റ്കോസ്റ്റ് ഫിഷറീസും സാധാരണ മീൻപിടിത്തക്കാരനും

*നം ൧൫. ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വെസ്റ്റ്കോസ്റ്റ് ഫിഷറീസുവക കപ്പൽ കരയോടടുത്ത സ്ഥാനങ്ങളിൽനിന്നും മീൻ പിടിക്കുന്നുവെന്നും, അതിനാൽ സാധാരണ മീൻപിടുത്തക്കാരായ സാധുക്കൾക്കു പതിവുപോലെ മത്സ്യം കിട്ടുന്നില്ലെന്നും കാണിച്ചു ഗവമ്മെണ്ടിനു പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) മേൽപറഞ്ഞ പരാതിയെപ്പററി ഗവമ്മെണ്ടു അന്വേഷണം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻെറ ഫലമെന്തു;

(സി) വെസ്റ്റ്കോസ്റ്റ് ഫിഷറീസു വക കപ്പൽ കരയിൽനിന്നും ഒരു ക്ലിപ്തദൂരത്തിനുള്ളിൽ മീൻ പിടിക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആ ക്ലിപ്തദൂരം എന്താണ്;

(ഡി) മേൽപറഞ്ഞ വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്നു നോക്കുന്നതിനുള്ള ചുമതല ആർക്കാണ്; പ്രസ്തുത ചുമതല നിവ്വഹിക്കാൻ എന്തു ഏപ്പാടുകൾ ചെയ്തിട്ടുണ്ട്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: (എ) ഉണ്ട്.

(ബി) ഉണ്ട്. അന്വേഷണത്തിൽ പ്രസ്തുത കമ്പനി മത്സ്യത്തൊഴിലാളികൾ മീൻ പിടിക്കുന്നതിനു ഉപയോഗിച്ചുവരുന്ന ഭാഗത്തു പ്രവേശിച്ചുവരുന്നതായി അറിവില്ല.

(സി) ഇതിനെസംബന്ധിച്ചു നിശ്ചിതമായ റൂളുകൾ ഒന്നും ഇല്ല. ടെറിറേറാറിയൽ ലിമിററ്സ് ഒഴിച്ചുള്ള ഭാഗത്ത് ആക്കും കടലിൽ മീൻ പിടിക്കാം. ആ പരിധികളിൽ വെസ്റ്റ്കോസ്റ്റ് ഫിഷറീസിനു അവരുടെ വലകൾ ഉപയോഗിച്ചു മീൻ പിടിക്കുന്നതിനു സാദ്ധ്യമല്ല.

(ഡി) മേല്പറഞ്ഞ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: വെസ്റ്റ്കോസ്റ്റ് ഫിഷറീസിൽ നമ്മുടെ സക്കാരിനു ഇപ്പോൾ എത്ര ഷെയർ ഉണ്ട്.

ബഹു. ശ്രീ. ഇക്കണ്ടവാരിയർ: എത്രയെന്നു സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

*ஸ்ரீ. சிதம்பரநாத நாடார்:—* West Coast Fisheries*-ல் நம்முடைய சர்க்காருக்கு இப்பொழுது எத்தனை* share *கள் உண்டு?*

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതുതന്നെയാണ് പറഞ്ഞതു്. കുറെ ഷെയറുകൾ ഉണ്ട്. എത്രയുണ്ടെന്നു സൂക്ഷ്മമായി പറയുവാൻ സാദ്ധ്യമല്ല.

*ஸ்ரீ. சிதம்பரநாத நாடார்:— அந்தக் கம்பெனி வெற்றிகரமாக நடக்கும் என்று மந்திரி அவர்களுக்கு நம்பிக்கை யிருக்கிறதா?*

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ആ കമ്പനി ഇപ്പോൾ നല്ല രീതിയിൽ നടക്കുന്നുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മത്സ്യത്തൊഴിലാളികളുടെ സൗകര്യത്തെ ഉദ്ദേശിച്ചു ഈ കമ്പനിക്കു മത്സ്യംപിടിക്കുന്നതിനുള്ള ദൂരം ക്ലിപ്തപ്പെടുത്തേണ്ടതു് ആവശ്യമല്ലെ ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: മൂന്നു മൈലിനു അപ്പുറത്തു് ആക്കും മീൻപിടിക്കാമെന്നാണ് നിയമം. അതിന്റെ അപ്പുറത്തു് അവക്കു മീൻപിടിക്കുവാൻ സാദ്ധ്യമല്ല. മൂന്നു മൈലിനു അകത്തു വെസ്റ്റ് കോസ്റ്റ് ഫിഷറീസിനു മീൻ പിടിക്കാൻ സാദ്ധ്യമല്ല. അവർ സാധാരണയായി പതിനഞ്ചു നാഴിക പുറത്തുപോയാണ് മീൻ പിടിക്കുന്നതു്. അതുകൊണ്ടു ഇക്കാര്യത്തിൽ ഒരു കോൺഫ്ളിക്റ്റും ഉണ്ടാകാൻ ഇടയില്ല. അവരെ ഈ കാര്യത്തിൽ വേണ്ടവിധത്തിൽ ഉപദേശിക്കുകയും ചെയ്യാം.

സാഹിബ് ബഹദൂർ അബ്ദുൾ അസിസ്: സാധാരണ മീൻപിടുത്തക്കാരല്ലെ ഈ കപ്പലിൽപോയി മീൻ പിടിക്കുന്നതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതേ.

*ஸ்ரீ. ஏ. செல்லஸ்வாமி நாடார்: அந்தக் கம்பெனிக்கு, இப்பொழுது எத்தனை கப்பல்களுண்டு?*

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: വെസ്റ്റ് കോസ്റ്റ് ഫിഷറീസ് കമ്പനിക്കു അഞ്ചു കപ്പലുകൾ ഉണ്ട്. അതിൽ മൂന്നു കപ്പലുകൾ ഉപയോഗത്തിലിരിക്കുകയാണ്.

ശ്രീ. വർഗീസ് അഗസ്റ്റിൻ: ഈ കമ്പനിയുടെ പ്രവർത്തനംമൂലം ആണ്ടിൽ എത്ര ടൺ മീൻ പിടിക്കാമെന്നു കണക്കാക്കിയിട്ടുണ്ടോ ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: കമ്പനി പ്രവർത്തനം ആരംഭിച്ചതേയുള്ളു. ഈ മോൺസൂൺ കഴിഞ്ഞാൽ കാര്യമായ പ്രവർത്തനം തുടങ്ങും. അതുകൊണ്ടു് ഇപ്പോൾ അതേപ്പറ്റി തീർച്ചപറയാൻ തരമില്ല.

*ஸ்ரீ. எஸ். அம்பரோஸ்: அந்தக் கம்பெனி இதுவரையிலும் நஷ்டத்தில் தானே ஓடிக்கொண்டிருக்கிறது.*

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതിനു നോട്ടീസ്സു വേണം.

ശ്രീ. പി. കെ. ഡീവർ: ഈ കപ്പലിൽ മീൻ പിടിക്കാൻ എത്ര ജോലിക്കാർ വീതം ഒരു പ്രാവശ്യം പോകും?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ൧൦൦ ആളുകൾ വരെ ഒരു കപ്പലിൽപോകും.

## മത്സ്യവ്യവസായികളുടെ ഇടയിലുള്ള ക്ഷാമം

*ന ൧൨. ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നല്കുമോ.—

(എ) ൧൧൨൪-ൽ എത്ര മത്സ്യവ്യവസായ കേന്ദ്രങ്ങളിൽ ക്ഷാമമുണ്ടായി ;

(ബി) അവയിൽ എത്രയിൽനിന്നും ഗവമെന്റു സഹായത്തിനപേക്ഷിച്ചിട്ടുണ്ടു് ;

(സി) പ്രസ്തുത അപേക്ഷകൾ അനുസരിച്ചു ഗവമെന്റു എന്തു സഹായം നൽകി;

(ഡി) ഇങ്ങനെയുള്ള ക്ഷാമം ആവർത്തിക്കപ്പെടാതിരിക്കുന്നതിനൊ അതു അസാദ്ധ്യമെങ്കിൽ ക്ഷാമകാലങ്ങളെ വിജയകരമായി നേരിടുന്നതിനൊ വേണ്ട മാറ്റങ്ങളെപ്പറ്റി ഗവമെന്റു ആലോചിച്ചിട്ടുണ്ടോ?

(ഇ) ഇല്ലെങ്കിൽ സദയം ആലോചിച്ചു വേണ്ടതു ചെയ്യാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: (എ) ഗവമെന്റിനു യാതൊരു നിശ്ചിത വിവരവും ഇല്ല.

(ബി) ഒന്നു്.

(സി) മത്സ്യത്തൊഴിലാളികളുടെ ഇടയിൽ അരിയും മരച്ചീനിയും വിതരണം നടത്തുന്നതിനായി കൊല്ലം കോസ്റ്റൽ റിലീഫ് കമ്മിററിക്കു ൨,൫൦൦ രൂപ ഗ്രാൻറ കൊടുത്തിട്ടുണ്ടു്.

(ഡി) മത്സ്യത്തിന്റെ ദൗർലഭ്യം മൂലമുണ്ടായിട്ടുള്ള ക്ഷാമം നേരിടുന്നതിനു നിർദ്ദേശിച്ചിട്ടുള്ള പദ്ധതി ഒന്നുകിൽ മത്സ്യം പിടിത്തം കാര്യക്ഷമമായി നടത്താൻ ഉതകുന്ന മീൻപിടിത്തപദ്ധതി നന്നാക്കുകയൊ അല്ലെങ്കിൽ മത്സ്യതൊഴിലാളികൾക്കു ഇതരജോലികൾ

കൊടുക്കത്തക്കവണ്ണമുള്ള വിവിധോദ്ദേശ പരസ്പരസഹായസംഘങ്ങഠം ഏപ്പെടുത്തുകയൊ ആണു്.

(ഇ) അപ്രകാരം സംഘടിപ്പിക്കേണ്ട പദ്ധതി ഗവമ്മെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കരുനാഗപ്പള്ളി തീരപ്രദേശങ്ങളിൽനിന്നും ഇങ്ങനെയുള്ള ആവശ്യങ്ങഠംക്കായി വല്ല അപേക്ഷയും ലഭിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഉണ്ടു്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: അവക്കു എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: എട്ടു ദിക്കുകളിൽ സഹായം നൽകിയിട്ടുണ്ടു്.

ശ്രീ. വി. ഗംഗാധരൻനായർ: കൊല്ലത്തു് അനുവദിച്ചിട്ടുള്ള ൨, ൫൦൦ രൂപ തീരെ മതിയായിട്ടില്ലെന്നു ഗവമ്മെണ്ടിനു അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതേപ്പററി ആലോചിച്ചു്, പോരെങ്കിൽ കൂടുതൽ അനുവദിക്കുന്നതാണു്.

ശ്രീ. യു. കെ. വാസുദേവൻ ആശാരി: ചിറയിൻകീഴ താലൂക്കിൽ എന്തെങ്കിലും സഹായിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇക്കണ്ടവാരിയർ: വക്കത്തും വേറൊരു സ്ഥലത്തും ഷാപ്പുകഠം തുടങ്ങാൻ ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടു്.

ஸ்ரீ. ஆர். கெ. ராம்: திருவிதாங்கூர் தமிழ் நாட்டிலுள்ள கடல்தீரப் பிரதேசத்திலுள்ள மக்களுக்கு, ஏதாவது உபகாரம் செய்ததுண்டா?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഇന്ന സ്ഥലത്തു ബുദ്ധിമുട്ടു് എന്നു പറഞ്ഞാൽ അവക്കു വേണ്ട സൌകര്യം ചെയ്യുമെന്നല്ലാതെ തമിഴനാട്ടുകാക്കു് എന്നും മററും ഉള്ള നയം ഗവമ്മെണ്ടിനു ഇല്ല. ഈ സംഗതി പലേ അവസരത്തിൽ ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണു്. ഇനിയും ബഹു. മെമ്പർമാർ അതുമാതിരി ചോദ്യങ്ങഠം ചോദിക്കയില്ലെന്നു വിശ്വസിക്കുന്നു.

ஸ்ரீ. ஆர். கெ. ராம்: அவர்களுக்கும் புத்திமுட்டு உண்டென்பது மந்திரி அவர்களுக்குத் தெரியுமா?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: മററുള്ളവരെപ്പോലെതന്നെ നോക്കാം. വ്യക്തമായ ഉദാഹരണങ്ങഠം കൊണ്ടുവന്നാൽ തീച്ചയായും വേണ്ടതു ചെയ്യുന്നതാണു്.

ஸ்ரீ. எ. சிதம்பரநாத நாடார்: தென் திருவிதாங்கூரில், மீன்பிடி சம்பந்தமாக, "Morning Star" என்ற ஒரு Co-operative Society இருப்பது மந்திரி அவர்களுக்குத் தெரியுமா?

ബഹു ശ്രീ. ഇ. ഇക്കണ്ടവാരിയർ: നോട്ടീസ്സു വേണം.

## കയർ സവ്വെ

*൨൩. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങഠംക്കു് യുദ്ധാനന്തരപുനരുദ്ധാരണ വകുപ്പിന്റെ ചാജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിൽ നടത്തിവന്ന കയർ സവ്വെ പൂത്തിയായോ?

(ബി) ഇതിൽനിന്നും ഒരു ഗണ്യമായ ജനവിഭാഗം കയററു ജോലികൊണ്ടു ഉപജീവിക്കുന്നു എന്നുള്ള വിവരം ഗവമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) കയറുവ്യവസായത്തിനു ഇന്നുണ്ടായിട്ടുള്ള മാന്ദ്യം പരിഹരിക്കുന്നതിനു എന്തു പദ്ധതി ഗവമ്മെൻറു കൈക്കൊള്ളുന്നു;

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

(എ) സർവ്വേ പൂർത്തിയായി അതിന്റെ Compilation പൂർത്തിയാകാനുണ്ടു്.

(ബി) ഉണ്ടു്.

(സി) പരിഹാരമാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണാശാസ്ത്രി: ഇവിടെ ഉണ്ടാകുന്ന കയർ ഉൽപന്നങ്ങൾക്കു് നല്ല വിപണികൾ കണ്ടുപിടിക്കാൻ എന്തെങ്കിലും വ്യവസ്ഥ ഗവർമ്മെന്റ ചെയ്തിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇൻഡ്യാ ഗവർമ്മെന്റ മുഖാന്തിരം വിദേശരാജ്യങ്ങളിൽ ഉള്ള ട്രേഡ് ഏജൻസികളെ ഇക്കാര്യത്തിലേക്കായി സമീപിക്കുന്നുണ്ടു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ സർവ്വേ നടത്താൻ ആളെ നിയമിച്ചിട്ടു് എത്ര കാലമായി?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഒരു കൊല്ലമായെന്നാണു് എന്റെ ഓർമ്മ.

## വേമ്പനാട്ടുകായലിലെ മത്സ്യങ്ങൾ

* ന. ൧൮. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മത്സ്യവ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ—

(എ) വേമ്പനാട്ടുകായലിലെ മത്സ്യം ചത്തു പൊങ്ങിക്കൊണ്ടിരുന്നതിനെ സംബന്ധിച്ചു ഗവർമ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ;

(ബി) അന്വേഷിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണു് മത്സ്യം ചത്തുപൊങ്ങാൻ ഇടയായതെന്നു പറയുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ഉണ്ടു്.

(ബി) വേനൽക്കാലത്തു വേമ്പനാട്ടു കായലിൽ ഉപ്പു് കൂടിയിരിക്കുമ്പോൾ ചില കടൽ മത്സ്യങ്ങൾ സാധാരണയായി കടലിൽനിന്നു കായലിലേക്കു് കയറാറുണ്ടു്. വർഷമാമാകുമ്പോൾ കായലിൽ ശുദ്ധജലം പെരുകയും ഉപ്പു് കുറയുകയും തൽഫലമായി ഈ മത്സ്യങ്ങളുടെ സ്ഥിതി കുഴപ്പത്തിലായി അവ ചത്തുപോകുകയും ചെയ്യുന്നു. ഇതു് ആണ്ടുതോറും ഉണ്ടാകുന്ന ഒരു സംഭവമാണു്. എന്നാൽ ഇക്കൊല്ലത്തിൽ കാലവർഷം പെട്ടെന്നും അതികഠിനമായും ഉണ്ടാകയാൽ മത്സ്യങ്ങൾക്കു കൂടുതൽ നാശം സംഭവിച്ചിട്ടുണ്ടു്. ഈ ജീവനാശത്തിനു മററ ഒരു കാരണം വെച്ചൂർ കരിനിലങ്ങളിൽകൂടി ധാരാളമായി വന്നുകൊണ്ടിരിക്കുന്ന വെള്ളം അത്യധികം അമ്ലമയ (ആസിഡിക്)മായിട്ടുള്ളതാണെന്നും ഈ വെള്ളം മത്സ്യങ്ങളുടെ ജീവനു് ഹാനികരമായിട്ടുള്ളതാണെന്നും ഉള്ളതാണു്)

## കോഴിത്തോട്ടം പാലം

*ന. ൧൯. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

റെയിലിംഗ്സു് ഇളകിയും പല ഭാഗങ്ങളിൽ ജീർണ്ണിച്ചും ഇരിക്കുന്ന പഴകിയ കോഴിത്തോട്ടം പാലം (കരുനാഗപ്പള്ളി) നന്നാക്കുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പാലത്തിന്റെ അററകുററങ്ങൾ നന്നാക്കുന്നതാണു്.

ശ്രീ. കണ്ണാററ ഗോപാലപണിക്കർ: ഈ അററകുററപ്പണിക്കു് എന്തെങ്കിലും എസ്റ്റിമേററു് തയ്യാറാക്കിയിട്ടുണ്ടോ?

ബഹു. ശ്രീ ഇ. ജോൺ ഫിലിപ്പോസ്: തയ്യാറാക്കിക്കൊണ്ടിരിക്കയാണു്. ഉടൻ തന്നെ അതു പണിയാനുള്ള മാർഗ്ഗങ്ങളും നോക്കുന്നുണ്ടു്.

ശ്രീ. കണ്ണാററ ഗോപാലപണിക്കർ: പഴയ പാലം ഇളക്കി കളഞ്ഞിട്ടു് ഒരു നല്ല പാലം പണിയുവാൻ വല്ല എസ്റ്റിമേററും തയ്യാറാക്കിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതും ഇതുമായി ഒരു ബന്ധവുമില്ല. ഈ പാലം ഉടൻ നന്നാക്കുന്നതാണു്.

ചൗക്കകൾ

*൩൭൬. ഡാക്ടർ മിസ്സിസ് ടി. ഫ്രാൻസിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചിയുടെ അതിർത്തിസംസ്ഥാനങ്ങളിൽ പുതുതായി ആരംഭിച്ചിരിക്കുന്ന ചൗക്കകൾ പൊതുജനങ്ങളെ വളരെ അധികം വിഷമിപ്പിക്കുന്നുവെന്നുള്ളതു് ബഹുമാനപ്പെട്ട ഗവമെന്റിനു് അറിവുണ്ടോ;

(ബി) തീരുവകൾ പിരിക്കുന്നതിനു് ഏർപ്പെട്ടിരിക്കുന്ന അധികാരികൾ തീരുവ തീർക്കേണ്ട സാധനങ്ങളേയും തീരുവയിൽനിന്നു് ഒഴിവാക്കിയിട്ടുള്ള സാധനങ്ങളെയും ദീർഘപരിശോധനകൾ നടത്തുകയും യാത്രക്കാരുടെ സമയം വൃഥാ നഷ്ടപ്പെടുത്തുകയും, ഭീഷണിപ്പെടുത്തി മാമൂൽ കരസ്ഥമാക്കുന്നു എന്നുള്ള വർത്തമാനം പത്രങ്ങൾവഴി പുറത്തുവന്നിട്ടുള്ള വിവരം ബഹു. ഗവമെന്റിനു മനസ്സിലായിട്ടുണ്ടോ;

(സി) ദിനപ്പത്രം ദീനബന്ധു കർക്കടകം ൩—ാംനു- ലീഡർ പുറപ്പെടുവിച്ചിരിക്കുന്ന വാർത്ത എറണാകുളം നോർത്തു സ്റ്റേഷനിൽ ഒരു പൗരന്റെ വക പുസ്തകങ്ങൾ വണ്ടിവഴി അയയ്ക്കുന്നതിനു അനുഭവിച്ച വിഷമതകൾ ബഹു. ഗവമെന്റിനു മനസ്സിലായിട്ടുണ്ടോ;

(ഡി) ഏതെല്ലാം ഇനം സാധനങ്ങൾക്കാണു് തീരുവ തീർക്കേണ്ടതു് എന്നു ബഹു. ഗവമെന്റു് പൊതുജനങ്ങളെ പരസ്യം വഴി അറിയിച്ചിട്ടുണ്ടോ;

(ഇ) കൊച്ചിയിൽ മുമ്പു നടപ്പിൽ ഇല്ലാത്ത ഏതെല്ലാം സാധനങ്ങൾക്കു് ഇപ്പോൾ കൊച്ചിക്കാർക്കു തീരുവ തീർക്കേണ്ടിവന്നിരിക്കുന്നു എന്നു ഗവർമ്മെന്റു സദയം ഈ സഭയെ മനസ്സിലാക്കുമോ;

(എഫ്) ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന ചൗക്ക സമ്പ്രദായം കൊച്ചി വ്യാപാരികളെ കഷ്ടപ്പെടുത്തുന്നു എന്നുള്ള ധ്വനി ബഹുമാനപ്പെട്ട ഗവർമ്മെന്റു് അറിയുന്നുണ്ടോ;

(ജി) കൊച്ചിയിൽ ചില വ്യാപാരസ്ഥലങ്ങളിൽ വ്യാപാരികൾ യോഗംചേർന്നു് ഇപ്പോൾ നടപ്പിൽ വന്നിരിക്കുന്ന ചൗക്ക ഏർപ്പാടിനു പ്രതിഷേധം പ്രകടിപ്പിക്കുന്നതിനായി ഹർത്താൽ അനുഷ്ഠിക്കുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്നു എന്നുള്ള വർത്തമാനം പത്രങ്ങൾ മുഖേന പുറപ്പെട്ടിരിക്കുന്നതു് ബഹു. ഗവർമ്മെന്റിനു മനസ്സിലായിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) കൊച്ചിയിലെ ജനങ്ങൾ ഇതുവരെയും കുറച്ചുകം കൊടുത്തു പരിചയം ഇല്ലാത്തതിനാൽ ഇവർക്കു് ഇതു സംബന്ധിച്ചു് ആരംഭത്തിൽ കുറെ അസൗകര്യം തോന്നിയേക്കാവുന്നതാണു്.

(ബി) ചവുക്കയിൽ തീരുവ പിരിക്കുന്നതിനെപ്പററി അവിടെയുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ ചില പരാതികൾ ഉണ്ടായിട്ടുണ്ടു്. എക്സൈസ് കമ്മീഷണർ നേരിട്ടു് അവകൾ പലതിനെപ്പററി അന്വേഷണം നടത്തിയതിൽ പലതും അടിസ്ഥാനരഹിതമാണെന്നാണു് കണ്ടതു്. ശരിയാണെന്നു കണ്ട ഒരു പരാതിയെ സംബന്ധിച്ചു് ഒരു സബ്ബ്ഇൻസ്പെക്ടരേയും ഗാർഡിനേയും സസ്പെണ്ടു് ചെയ്തിട്ടുണ്ടു്.

(സി) ഇല്ല.

(ഡി) ഉണ്ടു്.

(ഇ) ഇപ്പോൾ തീരുവ തീർക്കേണ്ടതായ സാധനങ്ങളുടെ വിവരം മേശമേൽ വെച്ചിട്ടുണ്ടു്.

(എഫ്) ഏതു തരത്തിലുള്ള കഷ്ടതകളെയാണു് ഉദ്ദേശിക്കുന്നതെന്നു് അറിയാതെ ഉത്തരം പറയുവാൻ സാദ്ധ്യമല്ല.

(ജി) ഉണ്ടു്.

ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: കണ്ടശ്ശാങ്കടവിൽ ഇതു സംബന്ധിച്ചു് എന്തെങ്കിലും പരാതികൾ കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ചില പരാതികൾ ഉണ്ടായിട്ടുണ്ടു്. അതിനു് ആവശ്യമായ വ്യവസ്ഥകൾ ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. കെ. എ. അച്ചുതൻ: ബഹു. മന്ത്രി ആ സ്ഥലം സന്ദർശിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ടു്.

ശ്രീ. പി. കെ. ഡീവർ: പത്രങ്ങളിൽ ഇതു സംബന്ധിച്ചു ചില പരാതികൾ ഉണ്ടായതായി ഗവൺമെണ്ടിന് അറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങനെ ഒരു സംഗതി ഉണ്ടായതായി അറിയാം. ആരും ഗവൺമെണ്ടിൽ പരാതിപ്പെട്ടിട്ടില്ല. ആ നിലയിൽ അതു ഗവൺമെണ്ടു ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: പേപ്പർ കട്ടിങ്ങ് കിട്ടിയെന്ന നിലയിൽ ആ സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ കട്ടിങ്ങ്സ് ഞാൻ കണ്ടിട്ടില്ല.

ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: പുകയില ഷാപ്പുകാരുടെ കയ്യിൽനിന്നും രണ്ടാമതും നികുതി ഈടാക്കിയിട്ടുള്ളതായി ഗവൺമെണ്ടിന് അറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ചട്ടപ്രകാരം മാത്രമെ ഈടാക്കുകയുള്ളു.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: പുകയില ഇറക്കുമതി ചെയ്യുമ്പോൾ നികുതി പിരിച്ചതിനുശേഷം രണ്ടാമതും നികുതി പിരിക്കുന്നതു ന്യായമാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ചട്ടപ്രകാരം അല്ലാതെ പിരിച്ചിട്ടുണ്ടെങ്കിൽ അതു തിരിച്ചുകൊടുക്കാൻ വേണ്ട വ്യവസ്ഥ ചെയ്യുന്നതാണ്.

ശ്രീ. പി. കെ. ഡീവർ: കഴിഞ്ഞപ്രാവശ്യം ലേലം വിളിച്ചപ്പോൾ പുകയിലക്കു തീരുവ സമ്പ്രദായം ഇല്ലായിരുന്നു. അതായതു് ൧൧൨൩-ൽ തീരുവ കൊടുക്കേണ്ട ആവശ്യമില്ല എന്നു വിശ്വസിച്ചും ആ ഉറപ്പനുസരിച്ചും ലേലം പിടിച്ചവരിൽനിന്നു തീരുവ ഇനത്തിൽ ഇപ്പോൾ പണം ഈടാക്കിവരുന്നതു് മടക്കിക്കൊടുക്കുമോ എന്നാണ് ചോദ്യം.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ലേലംചെയ്യു അവസരത്തിൽ ഉണ്ടായിരുന്ന വ്യവസ്ഥകളെല്ലാം പാലിക്കേണ്ടതാണ്. ഏതായാലും ഈ സംഗതിയെക്കുറിച്ചു പര്യാലോചിക്കുന്നതാണ്.

## DEEP-SEA FISHING—BUDGET ALLOTMENT—SPENDING OF

*377. **Sri. K. A. Achuthan :** Will the Hon'ble Minister for Revenue be pleased to state.—

(*a*) how much amount was allotted in the Cochin Division for the encouragement of deep-sea fishing among the fishermen ;

(*b*) how was that amount utilised ; and

(*c*) have the Government spent a single pie for the purpose of encouraging deep-sea fishing?

**The Hon'ble Sri. E. Ikkanda Warrier :**

(*a*) Rs. 10,000 for 1124 according to the original budget for 1124 and Rs. 7,700 according to the revised estimate for 1124.

(*b*) A sum of Rs 1,680 for constructing salting tubs in the cemented sanitary curing sheds built by Government for the use of the fish curers of the yards at Malipuram and Narakkal. The balance is proposed to be surrendered.

(*c*) No. Not in 1124.

ശ്രീ. കെ. എ. അച്ചുതൻ: ബാലൻസ് എന്തു ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: കഴിഞ്ഞ കൊല്ലത്തിൽ ചിലവാകാത്തതായ സംഖ്യ ലാപ്സായി.

ശ്രീ. കെ. എ. അച്ചുതൻ: ൧൧൨൪-ലും ൨,൦൦൦ രൂപ ലാപ്സായതായി ഗവൺമെണ്ടിന് അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അറിയാം. ചില പ്രത്യേക കാരണങ്ങളാലാണ് അങ്ങനെ വന്നിട്ടുള്ളതു്.

ശ്രീ. കെ. എ. അച്ചുതൻ: ഡീപ്പ്സീ ഫിഷിങ്ങിന് അനുവദിച്ചിട്ടുള്ള തുക ലാപ്സായിപോകാതിരിക്കത്തക്കവണ്ണം ശ്രദ്ധിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഇനി അങ്ങനെ ലാപ്സാകാതെ നോക്കാം.

ശ്രീ. എം. ഐ. പോൾ: സാധാരണ ഈ തൊഴിൽക്കാർ ഡീപ്പ്സീ ഫിഷിങ്ങാണോ നടത്തുന്നതെന്ന് അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ആറേഴ് നാഴിക അകലെ അവർ പോകും. അതു ഡീപ്പ്സീയാണെങ്കിൽ അങ്ങിനെ പറയാം.

ശ്രീ. വി. ഗംഗാധരൻനായർ: ഡീപ്പ്സീ ഫിഷിങ്ങ് നടപ്പിൽ വരുന്നതോടുകൂടി കുറഞ്ഞവിലക്ക മത്സ്യം കിട്ടാൻ സാധ്യമല്ലേ ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: കിട്ടുമെന്നാണ് ആഗ്രഹിക്കുന്നതു്.

ശ്രീ. പി. കെ. ഡീവർ: ഡീപ്പ്സീ ഫിഷിങ്ങിന് ഗവമെന്റിന് ഏതെങ്കിലും ഒരു പദ്ധതിയുണ്ടോ ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഉണ്ട്.

ശ്രീ. പി. കെ. ഡീവർ: അതു പ്രയോഗത്തിൽ വരുത്താൻ വല്ല ഉപകരണവും ഗവമെന്റിന് ഉണ്ടോ?

ബഹു. ശ്രീ. ഇക്കണ്ടവാര്യർ: ചന്ദ്രിക എന്ന കപ്പൽ ഉണ്ട്. അതുകൂടാതെ വെസ്റ്റ് കോസ്റ്റ് ഫിഷറീസിന് അഞ്ചു കപ്പലും ഉണ്ട്.

ശ്രീ. മാന്നാർ ഗോപാലൻനായർ: സർ, ഈ ചന്ദ്രിക ഇപ്പോൾ എന്തു ചെയ്യുകയാണ് ? (Laughter).

### DEVELOPMENT OF THE FISHERIES DEPARTMENT

*378. **Sri. K. A. Achuthan :** Will the Hon'ble Minister for Fisheries be pleased to state.—

(*a*) have the Government any idea of developing the Fisheries Department of the United State in view of the great impetus the India Government is giving to the Fishing Industry;

(*b*) the number of Fishery Inspectors in the United State who are fishery trained; and

(*c*) a caste-war statement of such trained fishery inspectors?

**The Hon'ble Sri. E. Ikkanda Warrier :**

(*a*) All the impetus and encouragement given by the Government of India to the various Provinces and States are for developing the fishery resources both marine estuarine. Government will think of organising the Fishery Department whenever find that it is not, as at present constituted, able to do the job they are expected to do.

(*b*) *Three in the Travancore section.*

Of the three Inspectors one is an M.Sc., in Zoology and the other two are graduates. Thay heve been deputed for training in the various Fisheries Centres of India for a period of 3 months and they have undergone that training. They were recruited by the Public Service Commission and each is in charge of a Division, one in the north and the others in the Central and Southern Divisions respectively.

*Five in the Cochin Division.*

Of the five Inspectors, four are B.Sc. graduates with training in the Fisheries. The other one is also graduate but with no training.

(c) Travancore:—One Latin Christian, one Arayan and one Ezhava.

Cochin:—One Nayar, one Romo Syrian, one Latin Christian, one Ezhava and one Vala (not trained).

ശ്രീ. മാന്നാർ ഗോപാലൻനായർ: മീൻ പിടിക്കുന്ന കാര്യത്തിലും സമുദായ പ്രാതിനിധ്യതത്വം അംഗീകരിച്ചിട്ടുണ്ടോ? (Laughter)

### FISHERY SCHOOLS—LEVY OF FEES

*379. **Sri. K. A. Achuthan :** Will the Hon'ble Minister for Fisheries be pleased to state.—

(*a*) the number of Fishery Schools in the Travancore Division;

(*b*) whether fee is levied in such schools from the children of the poor fisher-folk; and

(*c*) if so, will the Government be pleased to discontinue to levy fees from such schools and give free education to the poor unlettered fishermen?

**The Hon'ble Sri. E Ikkanda Warrier :**

(*a*) There are five Fishery Schools in Travancore.—

*viz:*

1. Kuzhithura Fishery School, Karunagappally.
2. Aroor Fishery School.

3. Kothavara Fishery School.
4. Panavally Fishery School and
5. Munambam Fishery School.

(*b*) Fee at the usual rate is collected from the pupils of the Kuzhithura Fishery School as it is a Middle School and the benefit of the fee concession admissible under the rules is given to them. The other Fishery Schools are only primary schools.

(*c*) The question does not arise in view of answer to (*b*) above.

ശ്രീ. ഇ. ഭാസ്കരൻ: ഫിഷറി സംബന്ധമായി എന്തെങ്കിലും ഈ സ്കൂളിൽ പഠിപ്പിക്കാറുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഉണ്ട്.

ശ്രീ. പി. കെ. ഡീവർ: മലബാറിലും കൊച്ചിയിലും ലോവർ സെക്കണ്ടറി ഗ്രേഡിലുള്ള കുട്ടികളിൽനിന്നും ഫീസ്സ് ഈടാക്കുന്നില്ലെന്നു ഗവമെന്റിനു് അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: കൊച്ചിയിൽ ഫീസ്സ് ഈടാക്കുന്നില്ല. മലബാറിലെ കാര്യം അറിഞ്ഞുകൂടാ.

ஸ்ரீ. அம்பரோஸ்: அந்த மாதிரி ஸ்கூல்கள் தென் திருவிதாங்கூரில் ஏதாவது ஸ்தாபிக்கப்பட்டிருக்கிறதா?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഫിഷറി സ്കൂളം ഇപ്പോഴം ഉള്ളതു് കുഴിത്തുറ, അരൂർ, പാണാവള്ളി, മുനമ്പം, കോതവറ ഇങ്ങനെ അഞ്ചു് സ്ഥലങ്ങളിലാണ്.

ஸ்ரீ. சிதம்பரநாத நாடார்: குழித்துறையில் எந்த பாகத்திலிருக்கிறது?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: കരുനാഗപ്പള്ളിയിൽ കുഴിത്തുറ എന്ന സ്ഥലത്താണ്.

ஸ்ரீ. அம்பரோஸ்: நான் கேட்டது, தென் திருவிதாங்கூரில் இருக்கிறதாயென்று?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: വേണമെങ്കിൽ തെക്കൻ തിരുവിതാംകൂറിലും ഒരു സ്കൂൾ തുടങ്ങാം.

ശ്രീ. വർഗീസു് അഗസ്റ്റിൻ: ഈ സ്കൂളുകളിലെ വാദ്ധ്യാന്മാർ എന്തു പരീക്ഷ പാസ്സായിരിക്കണമെന്നാണ് വ്യവസ്ഥ.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഫിഷറി സംബന്ധമായി ട്രെയിനിംഗ് കഴിയണമെന്നുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഫിഷറി അദ്ധ്യാപകന്മാക്ക് വല്ല പ്രത്യേക വൈദഗ്ദ്ധ്യവും ഉണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഫിഷറി സംബന്ധമായി വൈദഗ്ദ്ധ്യമുള്ളവരാണ്.

ശ്രീ. കെ. രാമചന്ദ്രൻ: ഇവിടെ ഇതുസംബന്ധമായ വിദ്യാഭ്യാസം പൂർത്തിയാക്കിയ എത്ര പേരുണ്ട്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: നോട്ടീസ്സ് വേണം.

## JUDICIARY

***380. Sri. Eapen Arakkal:** Will the Hon'ble Minister for Judiciary be pleased to state.—

(*a*) is there any truth in the rumours afloat that certain District Courts and Munsiffs Courts are going to be abolished or merged in other courts; and

(*b*) is there any idea of abolishing the following courts and merging them in other courts:—

1. District Courts at Alleppey, Parur and Mavelikara;
2. Munsiffs Courts at Changanachery?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) and (*b*) Nothing has been decided.

ശ്രീ. ഈപ്പൻ അറക്കൽ: ഇങ്ങിനെയുള്ള വാർത്തകൾ ജനങ്ങളുടെ ഇടയിൽ വളരെ പരിഭ്രമമുണ്ടാക്കുന്നു എന്നുള്ള സംഗതി ഗവമെന്റിനു് അറിയാമോ?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:</u> ഇങ്ങനെയുള്ള വാർത്തകൾകൊണ്ടു പക്ഷമുണ്ടാകാൻ ഇടയില്ല. അഥവാ അങ്ങനെ പക്ഷമുണ്ടായിട്ടുണ്ടെങ്കിൽ അതേസംബന്ധിച്ചു ഗവമ്മെണ്ടിനു് ഉത്തരവാദിത്വമില്ല.

**Sri. A. Nesamany:** Has any recommendation been made by the Integration Committee in this matter?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:</u> അതിനു പ്രത്യേകമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

<u>ശ്രീ. ഈപ്പൻ അറക്കൽ:</u> കരുനാഗപ്പള്ളിയിൽ ഉള്ള മുൻസിഫ് കോടതി അവിടെനിന്നും മാററാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:</u> അതിനെപ്പററി ആലോചിച്ചിട്ടില്ല.

<u>ശ്രീ. ഈപ്പൻ അറക്കൽ:</u> ഗവമ്മെണ്ടിൽനിന്നു് ഈ സംഗതിയെക്കുറിച്ചു് ഒരു പ്രസ്താവന പുറപ്പെടുവിക്കുവാൻ ദയവുണ്ടാകുമോ?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:</u> ഈ സഭയുടെ മുമ്പാകെ ഇതു പറയുന്നതു് ആറാമത്തെ പ്രാവശ്യമാണു്. പ്രത്യേകിച്ചു് ഒരു പ്രസ്താവന പുറപ്പെടുവിക്കണമെന്നു വിചാരിക്കുന്നില്ല.

## TARRING OF ROADS IN ALLEPPEY

***381. Sri. Eapen Arakkal:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether Government be pleased to see to the immediate tarring of at least the main roads in Alleppey; and

(*b*) how many miles of tarred road are there in Alleppey?

**The Hon'ble Sri. E. John Philipose:**

(*a*) The work has already been started and 1 mile 7 furlongs completed. The balance will be taken up during 1125 M.E. to the extent funds permit.

(*b*) 1 mile and 7 furlongs.

<u>ശ്രീ. ഈപ്പൻ അറക്കൽ:</u> ആലപ്പുഴ മററു പ്രധാന പട്ടണങ്ങളെ അപേക്ഷിച്ചു് വളരെ കുറച്ചുമാത്രമേ മൈലേജ് ചാർജ്ജുചെയ്യുന്നുള്ളു എന്നു ഗവമ്മെണ്ടിനു് അറിയാമോ?

<u>ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്:</u> അറിയാം. എന്നാൽ ആലപ്പുഴയിൽ റോഡ് ടാർ ചെയ്യണമെന്നു അവസാനത്തിലാണു് തീരുമാനിച്ചതു്. കോട്ടയം, ആലുവ, കൊല്ലം മുതലായ പട്ടണങ്ങളെക്കുറിച്ചു് ആലോചിച്ചതിനുശേഷമാണു് ആലപ്പുഴയെക്കുറിച്ചു് തീരുമാനിച്ചതു്. ഇപ്പോൾ ഒരു മൈൽ ഏഴര ഫർലോങ്ങ് ടാർചെയ്തു തീർന്നിട്ടുണ്ടു്.

<u>ശ്രീ. ഈപ്പൻ അറക്കൽ:</u> ഇതു് പട്ടണത്തിൻെറ പ്രധാന റോഡിൽ അല്ലെന്നു് അറിയാമോ?

<u>ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്:</u> ഒരു മൈൽ ആലപ്പുഴയും ബാക്കി ദൂരം ആലപ്പുഴ-കൊമ്മാടി റോഡിലും ആണു് ടാർ ഇട്ടിരിക്കുന്നതു്.

<u>ശ്രീ. ഈപ്പൻ അറക്കൽ:</u> പ്രധാന പൊതുനിരത്തുകൾ ടാർ ചെയ്യുന്നതിനു് ഗവമ്മെണ്ടു് ഉടൻ ശ്രദ്ധ പതിപ്പിക്കുമോ?

<u>ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്:</u> ൧൧൨൫-ലെ എസ്റ്റിമേററിൽ അതിനു ഫണ്ടു് ഉൾപ്പെടുത്തിയിട്ടുണ്ടു്.

## KALAVOOR-KATTOOR BEACH ROAD

***382. Sri. Eapen Arakkal:** Will the Hon'ble Minister for P. W. D. be pleased to answer the following questions.—

(*a*) do the Government know that the Kalavoor-Kattoor beach road at 5th mile in the Alleppey-Aroor main road stops on the brink of a small canal and that this road does not serve the purpose for which it is made as it is not extended to the beach where population is most dense; and

(*b*) will the Government be pleased to construct a small bridge over the canal and extend the road to the beach over a distance of about four furlongs or so?

**The Hon'ble Sri. E. John Philipose :**

(*a*) Yes, it stops at the canal, and to that extent serves the purpose.
(*b*) It is under consideration of Government.

### കൊള്ളക്കാരെപ്പററിയുള്ള പത്രവാർത്ത

*൩൮൩. സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വേമ്പനാട്ടുകായലിലും കൊച്ചിക്കായലിലും മററുംവച്ച് ആയുധധാരികളായ അക്രമികൾ സംഘംചേൎന്ന വള്ളങ്ങളും മററും കൊള്ളചെയ്യുന്നു എന്നു കൊച്ചി-തിരുവിതാംകൂർ യൂണിയനിലെ ചില പത്രങ്ങളിൽ പ്രസിദ്ധീകൃതമായതു ഗവമ്മെണ്ടു കാണുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ അതിനെത്തുടൎന്ന് എന്തു സംരക്ഷണ നടപടി എടുത്തു ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അങ്ങനെ ഒരു റിപ്പോട്ട് ഒരു പത്രത്തിൽ കണ്ടു.

(ബി) അന്വേഷണത്തിൽ ആ റിപ്പോട്ട് അവാസ്തവമാണെന്നും അങ്ങനെ യാതൊരു സംഭവവും നടന്നിട്ടില്ലെന്നും ഗവമ്മെണ്ടിനു ബോദ്ധ്യമായി.

### MID-WIFERY CENTRE AT VARAPUZHA

*384. **Sri. Paul Thaliat :** Will the Hon'ble Minister for Public Health be pleased to state.—

(*a*) the date on which the Mid-wifery centre at Varapuzha in Parur Taluk was first opened ;
(*b*) the date on which this centre was abolished ;
(*c*) on whose recommendation this centre was abolished ; and
(*d*) whether the Government is aware that to get the services of a mid-wife the public of this locality has to go to Parur seven miles away after crossing a ferry ?

**The Hon'ble Sry. Annie Mascarene :**

(*a*) The Mid-wifery centre at Varapuzha was started on 1st Dhanu 1118 M.E.
(*b*) The centre has not been abolished.
(*c*) and (*d*) Does not arise in view of answer at (*b*).

ശ്രീ. പോൾ തളിയത്ത് : ഈ സെൻററിനു് ഉണ്ടായിരുന്ന മിഡ്‌വൈഫ് ഒരു മാസം ആയി അവിടെ ഇല്ലായിരുന്നുവെന്നു ഗവമ്മെണ്ടിനു് അറിയാമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : അവിടെ ഉണ്ടായിരുന്ന മിഡ്‌വൈഫിൻെറ പേരിൽ ജനങ്ങളുടെ ചില പരാതികൾ ഉണ്ടായതുകൊണ്ടു് ഗവമ്മെണ്ടു് അതേപ്പററി അന്വേഷിച്ചു. ആ പരാതികൾ അടിസ്ഥാനരഹിതമല്ലായിരുന്നു എന്നു മനസ്സിലാക്കിയതുകൊണ്ടു് അവരെ അവിടെനിന്നും സ്ഥലം മാററി. കുറെ ദിവസം അവിടെ മിഡ്‌വൈഫ് ഇല്ലായിരുന്നു. പരീക്ഷായോഗ്യത ഉള്ളവരെ കിട്ടാഞ്ഞതുകൊണ്ടു് അങ്ങനെ സംഭവിച്ചു. ഇപ്പോൾ അവിടെ ഒരു മിഡ്‌വൈഫ് ഉണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്ത് : പരാതിക്കു് ഇടയാക്കിയ കുററത്തിനു് ഉദ്യോഗസ്ഥന്മാരെ സ്ഥലം മാററുകയാണോ ചെയ്യുന്നതു് ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ചില കാര്യങ്ങളിൽ അങ്ങനെ ചെയ്യാറുണ്ടു്.

### മരാമത്തു പണികൾ

*൩൮൫. ശ്രീ. പി. എം. വർക്കീസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കഴിഞ്ഞവൎഷത്തെ ബഡ്ജററിൽ കൊള്ളിച്ചിരുന്ന അത്യാവശ്യമായ ചില പണികൾ പ്രത്യേകിച്ചു് റോഡുകൾ, നടക്കാതെപോയിട്ടുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന്നറിയാമോ ;

(ബി) അതിനുള്ള കാരണങ്ങൾ എന്തു് ?

(സി) അത്യാവശ്യം, ആവശ്യം, ആഡംബരം എന്നിങ്ങനെ പണികളെ തരംതിരിച്ച് അത്യാവശ്യമായ പണികൾ നടത്താതെ പൊതുവേ പണികൾ എല്ലാം നിറുത്തുകയാണ് ചെയ്യുന്നതെന്ന് ഗവമെന്റിനറിയാമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ് :

(എ) അറിയാം.

(ബി) സാമ്പത്തിക ദൗർലഭ്യം.

(സി) ഏററവും അത്യാവശ്യമായ പണികൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. എം. വർഗ്ഗീസ്സ് : ഏററവും ആവശ്യമുള്ള പണികളുടേയും ആഡംബരപണികളുടേയും ഒരു ലിസ്റ്റ് ഗവമെന്റിന്റെ കൈവശമുണ്ടോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ് : അങ്ങിനെ ഒരു ലിസ്ററുണ്ടാക്കണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. പി. എം. വർഗ്ഗീസ്സ് : അത്യാവശ്യമുള്ള പണികൾ പിന്നെ എങ്ങനെയാണ് ഗവമെന്റ് ചെയ്യുന്നത്. തൊടുപുഴയിൽ ബഹു. മന്ത്രി വന്നപ്പോൾ ആവശ്യമുള്ള പണി നടത്തണമെന്നു പറഞ്ഞ് ഓർഡർ കൊടുത്തു........

മി: സ്പീക്കർ : അത്യാവശ്യമുള്ളതും ആവശ്യമുള്ളതും ആയ പണികൾ ഇനങ്ങൾ തിരിച്ച് പ്രസ്താവിക്കേണ്ടതില്ല.

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ് : ആവശ്യം കൂടുതലായിട്ടുള്ള പണികൾ അറിഞ്ഞുകൊണ്ട് നേരത്തെ അവ നടത്തും. അല്ലാതെ നേരത്തെ ഇന്ന പണി അത്യാവശ്യമാണെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : പി. ഡബ്ലിയു. ഡി. കമ്മിററിക്കാർ ശുപാർശ ചെയ്തിട്ടുള്ള പണികൾ നടത്താതെയിരുന്നിട്ടുള്ളതായി അറിയാമോ ?

**The Hon'ble Sri. E. John Philipose :** By that time another question was put. That is a real difficulty.

സാംക്രമികരോഗികളായ യാചകർ

*ന. വ്യ ന്ന. ശ്രീ. വി. മാധവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സാംക്രമികരോഗികളായ യാചകർ മോട്ടോർസ്റ്റാൻഡുകളിലും ബോട്ടുജട്ടികളിലും വന്നുകൂടുന്നതിനെ നിരോധിക്കേണ്ട ആവശ്യം ഗവമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി നടത്തീട്ടുണ്ടോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ :

(എ) ഉണ്ട്.

(ബി) തിരുവിതാംകൂറിൽ പബ്ലിക്ക് ഹെൽത്ത്ബോർഡ് ഈ കാര്യം ആലോചിച്ചുവരുന്നു. കൊച്ചിയിൽ മുനിസിപ്പാലിററികളിലേയും പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെണ്ടുകളിലേയും സാനിട്ടറിഇൻസ്പെക്ടർമാർക്ക് പകർച്ചവ്യാധി പിടിച്ച യാചകരെ അറസ്ററ ചെയ്തുകൊണ്ടുപോകുന്നതിനു് അധികാരമുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : സാംക്രമികരോഗങ്ങൾ ഉള്ളവരുടെ ഒരു സെൻസസ് ഇവിടെ എടുത്തിട്ടുണ്ടോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ചോദ്യം മനസ്സിലായില്ല.

ശ്രീ. ടി. പി. സീതാരാമൻ : ചോദ്യം മനസ്സിലായില്ലെന്നു പറഞ്ഞ് ഈ സഭയുടെ എത്ര സമയമാണ് ഈ മന്ത്രിമാർ ചെലവാക്കുന്നത്?

മി. സ്പീക്കർ : മനസ്സിലായില്ലെങ്കിൽ മനസ്സിലായില്ലെന്നുതന്നെ പറയാം.

ബഹു. ശ്രീമതി ആനിമസ്ക്രീൻ : സാംക്രമികരോഗികളുടെ സെൻസസ് എടുത്തിട്ടില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ : പകർച്ചരോഗികളെ അറസ്ററ്ചെയ്ത് എന്താണ് ചെയ്യുന്നത് ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ൧൧൨൧-ലെ പബ്ലിക്ക് ഹെൽത്ത് ആക്ട് അനുസരിച്ച് യാചകരെ അറസ്ററ് ചെയ്ത് പുവ്വർഹോമിൽ ഏല്പിക്കുവാൻ പോലീസിനു് അധികാരമുണ്ട്. ഇവരിൽ ആരെങ്കിലും കുഷ്ഠരോഗികളാണെന്നു കാണുന്നപക്ഷം അവരെ കുഷ്ഠരോഗആശുപത്രിയിൽ അയക്കുന്നതാണ്.

ശ്രീ. കെ. എ. മാത്യു : തിരുവിതാംകൂറിൽ നിലവിലുള്ള പ്രിവൻഷൻ ഓഫ് ബെഗ്ഗറി ആക്ട് അനുസരിച്ച് വേണ്ട നടപടി എടുക്കുവാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ആ ആക്ട് അനുസരിച്ച് ഉള്ള നടപടികൾ എടുക്കുന്നുണ്ടെന്നു് ബഹു. മെമ്പറെ അറിയിക്കുവാൻ എനിക്കു് സന്തോഷമുണ്ട്.

ശ്രീ. വി മാധവൻ : അങ്ങനെ നടപടി നടത്തുന്നതായി അനുഭവത്തിൽപെട്ടിട്ടില്ലെന്നു ഗവമ്മെണ്ടിനു അറിയാമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : പിടിച്ചുകൊണ്ടുപോകുന്നവക്കു മാത്രമേ അനുഭവപ്പെടുകയുള്ളു. (Laughter.)

## തുറവൂർ റൌഡിശല്യം

*ന വ്യ ൧. ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ :

കുന്നത്തുനാട്ടു താലൂക്കിൽ തുറവൂർ എന്ന സ്ഥലത്തു് റൌഡിശല്യം കൂടിവരുന്നതായി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി നടത്തി?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : (എ) ഉണ്ട്.

(ബി) സ്ഥലത്തും പരിസരങ്ങളിലും പോലീസുകാർ എപ്പോഴും പെട്രോൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. വി. ജോസഫ് : തുറവൂർ എന്ന ഈ സ്ഥലം ആലുവാ പോലീസ്സ്റ്റേഷന്റെ അതിത്തിയിൽപ്പെട്ടതാണെന്നു് അറിയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അറിയാം.

ശ്രീ. എ. വി. ജോസഫ് : ഈ തുറവൂരിലേക്കു് ആലുവാ പോലീസ്സ്റ്റേഷനിൽനിന്നും എത്ര ദൂരം ഉണ്ടെന്നറിയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : എനിക്കു് ഓമ്മയില്ല. മെമ്പർ പറഞ്ഞാൽ അതു സ്വീകരിക്കാം.

ശ്രീ. എ. വി. ജോസഫ് : അങ്കമാലിയിൽ ഒരു ചാജ്ജിംഗ്സ്റ്റേഷൻ വയ്ക്കുന്നതു് തുറവൂരിലെ ആളുകൾക്കു് സൌകയ്യമായിരിക്കുമെന്നറിയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : തുറവൂർ വെച്ചാലും അതു് സൌകയ്യമായിരിക്കും.

ശ്രീ. എ. വി. ജോസഫ് : അങ്കമാലിയിൽ ഒരു ചാജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാമെന്നു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവിടെ വെച്ചു പറഞ്ഞതായിട്ടു ഓക്കുന്നുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അവിടെ വെച്ചു പറഞ്ഞു. പക്ഷെ, അതിൽപിന്നീട് ആലോചിച്ചതിന്റെ ശേഷം അതു വേണ്ടെന്നു ബോദ്ധ്യപ്പെട്ടു.

## പോലീസ്സു് ഇൻസ്പെക്ടർ മിസ്റ്റർ മാത്യു

*ന വ്യ വ്യ. ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—ഇടപ്പള്ളി പോലീസ്ഇൻസ്പെക്ടരായിരുന്നു് സ്ഥലം മാറിപ്പോയ മിസ്റ്റർ മാത്യുവിന്റെ പേരിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്.

അവയെപ്പററി എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണങ്ങളിൽനിന്നും ബഹുമാനപ്പെട്ട ഗവമ്മേണ്ടിനു എന്തു് മനസ്സിലാക്കുവാൻ സാധിക്കുമെന്നു പറയുമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ആറു പരാതികൾ ലഭിച്ചിട്ടുണ്ട്. അവയിലെ ആരോപണം അടിസ്ഥാനരഹിതമാണെന്നാണ് അന്വേഷണത്തിൽനിന്നും മനസ്സിലാകുന്നതു്.

ശ്രീ. എ. വി. ജോസഫ്: അന്വേഷണം നടത്തിയിട്ടുള്ളത് ഡിപ്പാർട്ടുമെണ്ടിൽനിന്നും ആണോ മററു വഴിയിൽക്കൂടിയാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഡിപ്പാർട്ടുമെണ്ടിൽ നിന്നുമാണ് അന്വേഷണങ്ങൾ നടത്തിയിട്ടുള്ളത്.

ശ്രീ. എ. വി. ജോസഫ്: ഡിപ്പാർട്ടുമെണ്ടിൽനിന്നും നടത്തിയ ഏതെങ്കിലും അന്വേഷണം ശരിയാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പലതും ശരിയാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. വി. ജോസഫ്: ഈ കാര്യത്തിൽ ഡിപ്പാർട്ടുമെണ്ട് മുഖാന്തിരം അല്ലാതെ മറെറാരന്വേഷണം നടത്താമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: இன்ஸ்பெக்டர் மாத்யூ (Mathew) இப்பொழுது எங்கே ஸ்தலம் மாற்றப்பட்டிருக்கிறார்?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: എവിടേക്കാണെന്ന് ഓർമ്മയില്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: அவர் நாகர்கோவிலில் இருக்கிறார் என்பது மந்திரி அவர்களுக்குத் தெரியுமா?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആയിരിക്കാം.

## KANNAN DEVAN HILLS

***389. Sri. P. Gopalan :** Will the Hon'ble Minister for Land be pleased to state:—

(*a*) the total extent of the Kannan Devan Hills ;
(*b*) for what period and on what condition the estate is given to the company ;
(*c*) when would the term of the agreement expire ;
(*d*) what is the annual rent the Government is getting now ; and
(*e*) could the Government redeem the estate from the Company ?

**The Hon'ble Sri. E. Ikkanda Warrier :**

(*a*) 1,37,424 acres and 2 cents.

(*b*) & (*c*) This is a special grant comprising an area of about 215 sq. miles in the Devicolam taluk. The terms and conditions relating to this grant are laid down in the Agreement, dated 2nd August 1886, entered into between the Government of Travancore and the North Travancore Land Planting and Agricultural Society, Limited.

The main provisions in this deed are :-

(1) Assessment of one-half of a British Rupee per annum on every acre of land, other than grass land, which is opened up for the purpose of cultivation or otherwise.

(2) Assessment of two annas and eight pies per annum on every acre of grass land brought under cultivation or taken up for homesteads and formsteads, or reserved as shooting reserves or for the grazing of cattle or for any other purposes.

(3) The Society should give notice to the Tahsildar, of all lands opened up for cultivation or otherwise during each year with information as to the number of acres of land so opened up and the place or places where the same area situate. The Government are at liberty at any time to make any arrangement they may consider necessary to ascertain for themselves the correct extent of lands cultivated or liable to all or any of the taxes mentioned in the Agreement and the expense of such arrangements is to be borne by the Society.

(4) All arrears of assessment or tax will be subject to the same mode of realisation as arrears of ordinary land revenue.

(5) The Society should maintain permanent boundary marks and keep them in good repair on failure of which, after due notice, it is competent to Government to cause such boundary marks as it may deem necessary to be put up and to levy the cost of the same with all expenses attendant thereto in the same manner as arrears of assessment.

(6) The Society may use, and appropriate to its own use within the limits of the concession all timber except teak, cole-teak, blackwood, ebony (Karunthaly) and sandalwood, but should not fell any timber beyond what is necessary for clearing the ground for cultivation or for building, furniture and machinery, within the limits of the grant. No unvalued timber or articles manufactured therefrom should be carried outside the limits of

the grant execpt in conformity with the rules of the Forest and Customs Department for the time being in force.

(7) All established rights of way should be respected by the Society and such ways shall be at least twenty one feet wide. It is to be considered that there is a natural right of way through the lands when such is necessary in order to render the neighbouring lands available. The Society have the right of making roads throughout the tract of land granted by the Poonjat Chief without paying to Government any assessment on the land taken up for such purposes, but such roads, if passing through lands on which ths Society pays no tax to the Government shall be considered as public roads.

(8) The Society has no exclusive right of water beyond what is necessary for the use of any cultivated lands.

(9) Should the Government have occasion to take up any land within the Concession for the purposes of constructing roads, channels or other public works, due compensation shall be paid to the Society therefor.

(10) The land is to be held in perpetuity as heritable or transferable property but every case of transfer of the grant by the Society should be immediately made known by the Society to the Government.

(11) On the discovery by the Society of any useful or valuable mines, minerals or treasures within the limits of the grant, the same should at once be communicated to the Government and the Society should, in respect to such mines, minerals and treasures, abide by the decision of the Gonernment.

(12) The Society is liable to pay all municipal, general or local taxes duly imposed on it.

(13) The Society is bound to preserve the forest trees growing on the banks of the principal streams running through the Concession to the extent of 50 yards in breath on each side of the stream, the underwood thereon only being permitted to be cleared and coffee planted instead. Similarly the Society is also bound to preserve the forest trees about the crest of all hills to the extent of quarter of a mile on each side of such hills.

The Agreement of 2nd August 1886 was a modification of the Deed of Ratification, dated 28th November 1878, by which the Government ratified a grant made by the Poonjat Chief to Mr. J. D. Munro by an Agreement, dated 11th July 1877, of the tract described as "Kannan Devan Anchanatu Mala". The original grant of the Poonjat Chief was made for a consideration of Bh. Rs. 5,000 and stipulated for an annual rent of Bh. Rs. 3,000 to be paid to the Chief. The Deed of Ratification laid down the terms and conditions, in regard to Government assessment and other matters under which the Government permitted the grantee to hold the land. These terms and conditions were declared in the Deed to be independent of any rents or payments due to the Poonjat Chief under the grantee's Agreement with him. The annual payment of Bh. Rs. 3,000 to the Poonjat Chief by the successors in interest of the late Mr. H. D. Munro was specially mentioned in the Royal Proclamation, dated the 24th September 1899/9th Kanni 1075 which declared the tract known as Anjanad and Kannan Devan Hills to be an integral portion of Travancore territory. This Proclamation was the outcome of an arrangement made by the Government with the Poonjat Chief for the surrender of certain proprietary rights which he had been exercising over the tract known as Anjanad and Kannan Devan Hills.

In the schedule appended to the Agreement, the land covered by the grant is described as follows.—

All the tract of land known by the name of Kannan Devan Anchanatu Mala situate at Poonjattitavaka in Kondur Proverti, Meenachil taluk, in the territories of His Highness the Maha Raja of Travancore, bounded on the north by the source of the Chinnar, on the east by the source of Chinnar, Thandupuram, Kumarikalu, Kattumala, Thalayar, Thandupuram, Vinayagamedu, Thandupuram, Alachimedu, Pullanur Dam and Karimcolam, on the south by the Devicolam Medu and Munnar, and on the west by Munnar and Anakulam.

(*d*) Rs. 1,22,049 Ch. 16 C. 8.

(*e*) Government cannot redeem under the existing Agreement.

ശ്രീ. പി. ഗോപാലൻ : എഗ്രിമെൻറിൻെറ കാലാവധി എന്താണ്?

**The Hon'ble Sri. Ikkanda Warriar :** Clause 10 of the Agreement is this. "The land is to be held in perpetuity as heritable or transferable property but every case of transfer of the grant by the Society should be immediately made known by the Society to the Government".

**Sri. Mannar Gopalan Nayar :** Are the Government entitled to enhance the rent periodically?

**The Hon'ble Sri. Ikkanda Warrier :** No.

ശ്രീ. പി. ഗോപാലൻ : ഏക്കറിന് എത്ര റെൻറിനാണ് കൊടുത്തിരിക്കുന്നതു്?

**The Hon'ble Sri. Ikkanda Warrier :** Assessment of one-half of a rupee per annum on every acre of land.

**Sri. N. V. Chakko :** In how many years can an enhancement be made?

**The Hon'ble Sri. Ikkanda Warrier :** Government cannot enhance the rate under the existing Agreement.

**Sri. K. P. Neelakanta Pllai :** May I know whether there is any condition in the Agreement specifying that the whole area must be brought under cultivation by that company ?

**The Hon'ble Sri. Ikkanda Warrier :** No.

ശ്രീ. കെ. എ. മാത്യു : ഈ ക്ലാസ്സ് ഇതിൽ insert ചെയ്തതു് എപ്പോഴാണ്?

**The Hon'ble Sri. Ikkanda Warrier :** It is part of the agreement dated 2nd August 1886.

ശ്രീ. എൻ. പി. വർഗ്ഗീസ്സ് : കണക്കനുസരിച്ച് ഒരേക്കറിന് ഒരു രൂപയിൽ കുറവായിട്ടാണോ കൊടുത്തിരിക്കുന്നതു് ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ : അതെ.

ശ്രീ. വി. ഗംഗാധരൻനായർ : ഈ കമ്പനി നാഷണലൈസ് ചെയ്യാമോ ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ : ആ കാര്യം ആലോചിച്ചിട്ടില്ല.

**COMPLAINTS AGAINST SRI N.GOPALAKRISHNAN NAYAR, POLICE INSPECTOR**

***390. Sri. P. Gopalan :** Will the Hon'ble Minister for Police be pleased to state.—

(*a*) whether complaints were received from the public of Vaikom, Kanjirapally and Kuzhithura against the Police Inspector Mr. N. Gopalakrishnan Nayar; and

(*b*) if the answer to part (*a*) is in the affirmative what action is taken against him?

**The Hon'ble Sri. T. K. Narayana Pillai:** (*a*) Yes.

(*b*) Disciplinray action has been taken.

ஸ்ரீ. எ. சிதம்பரநாத நாடார்: இந்த Gopalakrishnan Nair, உத்தியோகத்திற்கு வந்ததற்குப் பிறகு, எந்த இடத்திலாவது பராதி இல்லாமல் இருந்ததுண்டா?

கனம் மந்திரி ஸ்ரீ. டி. கெ. நாராயண பிள்ளை: பராதி இல்லாமல் இருந்த ஸ்தலங்களும் உண்டு.

ശ്രീ. മാന്നാർ ഗോപാലൻ നായർ: Disciplinary action എന്നാൽ എന്താണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: Reprimand ചെയ്ക, Warning കൊടുക്കുക, പ്രമോഷൻ തടയുക ഇതെല്ലാം.

ശ്രീ. പി. ഗോപാലൻ: ഈ കാര്യത്തിൽ എങ്ങനെ ചെയ്തു?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: Reprimand ചെയ്തിട്ടുണ്ട്, Warning കൊടുത്തിട്ടുണ്ട്.

**DISTRICT JUDGES**

***391. Sri. Eapen Arakkal:** Will the Hon'ble Minister for Judiciary be pleased to answer the following question.—

what were the salary grades of the District Judges and Second Judges in Cochin and Travancore before the Union?

**The Hon'ble Sri. T. K. Narayana Pillai:** A statement furnishing the information is laid on the table.

Statement showing the grades of salary of District and Second Judges in the Cochin and Travancore States before the Union.—

**Travancore**

| | | | Rs. |
|---|---|---|---|
| District Judge | First Grade | | 800 |
| Do. | Second Grade | .. | 450-50-750 |
| Second Judge | | .. | 350-20-450 |

**Cochin**

| | | |
|---|---|---|
| District Judge | .. | 500-20-600 |
| Additional Judge | .. | 400-20-500 |
| Sub-Judge | .. | 400 |

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇവിടത്തെ രണ്ടാം ജഡ്ജിക്ക് കൊച്ചിയിലെ രണ്ടാം ജഡ്ജിയേക്കാൾ ശമ്പളം കൂടുതലോ കുറവോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള മേശപ്പുറത്തുള്ള പട്ടികയിൽനിന്നും അതു കൂടുതലോ കുറവോ എന്ന് പരിശോധിക്കാവുന്നതാണ്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അവിടത്തേയും ഇവിടത്തേയും ഉദ്യോഗസ്ഥന്മാരുടെ ശമ്പളങ്ങൾക്ക തമ്മിൽ ഐകരൂപ്യം വരുത്താൻ ശ്രദ്ധിക്കുമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ശമ്പളം ക്രമീകരിക്കുന്ന വിഷയത്തിൽ ഗവമ്മെണ്ട നടപടി എടുത്തുവരികയാണ്.

## POLICE OUTPOST, SHERTALLAI TALUK

***392. Sri. Eapen Arakkal:** Will the Hon'ble Minister for Police be pleased to answer the following questions:—

(*a*) is there a police outpost at present at Arthunkal in Shertallai Taluk;

(*b*) is there any idea to shift this police outpost from Arathunkal to any other place; and

(*c*) if answer to part (*b*) is in the affirmative what are the grounds for the shift proposed?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) and (*b*) Yes.

(c) Thaikal is more central and is only half a mile from Arthunkal Outpost.

## അകാരണമായി ദേഹോപദ്രവം

*൩൯൩. ശ്രീ. ടി. എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പോലീസുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കുമ്പളങ്ങി വില്ലേജിൽ കണ്ടക്കടവു ദേശത്ത്, സ്ഥലം സ്റ്റേഷനിലെ ഒരു പോലീസുകാരൻ, ഉദ്ദേശം ഒരു മാസം മുമ്പ് സ്റ്റേഷന സമീപം ചായക്കച്ചവടം നടത്തിവരുന്ന കെ. ബി. കൃഷ്ണൻ എന്ന യുവാവിനെ അകാരണമായി സ്റ്റേഷനിൽ കൊണ്ടുപോയി ദേഹോപദ്രവം ഏല്പിച്ചതായി പത്രറിപ്പോർട്ട് ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മർദ്ദിക്കപ്പെട്ടവൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽ സങ്കടം ബോധിപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച് വല്ല നടപടിയും ബഹുമാനപ്പെട്ട ഗവമ്മെണ്ട് എടുത്തിട്ടുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: (എ) യും (ബി) യും ഉണ്ട്.

(സി) ഈ സംഗതി അന്വേഷണത്തിലിരിക്കുകയാണ്.

## PROCUREMENT OF PADDY

***394. Sri. E. P. Paulose:** Will the Hon'ble Minister for food be pleased to state:—

(*a*) the total quantity of paddy procured during the years 1122 and 1123 in Muvattupuzha and Kunnathunad Taluks; and

(*b*) the quantity procured in these Taluks under the new scheme of procurement in 1124?

**The Hon'ble Sahib Bahadur T. A. Abdulla :**

| | 1122 Paras. | 1122 Eds. | 1123 Paras | 1123 Eds. |
|---|---|---|---|---|
| (a) Moovattupuzha | 3,95,547 | 7 | 2,62,619 | 1¾ |
| Kunnathunad | 5,89,216 | 0 | 3,61,153 | 0 |
| | *1124 (Under the new Scheme)* | | | |
| (b) Moovattupuzha | 1,98,528 | 7 | | |
| Kunnathunad | 3,38,300 | 0 | | |

The new scheme of purchase was introduced only from Kumbham 1124. The figures for 1124 given above represent the quantities of paddy procured from the Kumbham crop alone. If the purchases from the Kanni crop of 1124, under the old scheme, are also taken into account the total purchases in 1124 would amount to 2,99,681 paras 1 Edangali for Moovattupuzha and 4,11,894 paras for Kunnathunad.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: രണ്ടേക്കർകാരിൽനിന്നും നെല്ല് എടുക്കാതിരുന്നപ്പോഴും, ഗവണ്മെണ്ടിലേക്ക് കൂടുതൽ നെല്ല് കിട്ടിയിട്ടില്ലേ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അങ്ങനെയാണെന്നു തോന്നുന്നില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: പിന്നെയെങ്ങിനെയാണ് ഈ വ്യത്യാസം വന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: വ്യത്യാസം പല കാരണങ്ങളുംകൊണ്ടു് ഉണ്ടാകാം. നെല്ലെടുപ്പുരീതിയുടെ വ്യത്യാസം, വിളവുവ്യത്യാസം, നെല്ലെടുക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശേഷിക്കുറവു്, നെല്ല് തരാതെ കഴിച്ചുകൂട്ടുന്നതിനുള്ള കർഷകരുടെ അനഭിലഷണീയമായ ശ്രമത്തിന്റെ വിജയം ഈ കാരണങ്ങളാൽ ഗവണ്മെണ്ടിലേക്കു കിട്ടുന്ന നെല്ലിന്റെ അളവിനു വ്യത്യാസമുണ്ടാകാം.

(In the light of the answer given for a similar question, the same day, the next question No. 802 * was not put.)

### LOCATIONS AND JURISDICTIONS OF COURTS

*395. **Sri. N. V. Chacko:** Will the Hon'ble Chief Minister be pleased to state.—

(a) whether the Government intend to redistribute the locations and jurisdictions of the Civil and Criminal Courts under the jurisdiction of the High Court in the United State; and

(b) if so, within what period they intend to effect the change?

**The Hon'ble Sri. T. K. Narayana Pillai:**

(a) Not at present.

(b) Does not arise.

### UPLIFT OF BACKWARD COMMUNITIES

*396. **Sri. P. K. Kumaran Achari:** May I know, from the Hon'ble Minister for Post-war Reconstruction Scheme.—

(a) whether there is any five-year plan for the uplift of backward communities; and

(b) if the answer to part (a) is in the affirmative, what progress has been made in the scheme during the current year?

**The Hon'ble Sri. K. Ayyappan :**

(a) No.

(b) This does not arise.

ശ്രീ. കുമാരനാശാരി: പിന്നോക്കസമുദായങ്ങളിൽനിന്നും കോളേജിലേക്കു പോകുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഫീസ് സൌജന്യം നൽകാത്തതു് എന്തുകൊണ്ടാണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതു ആലോചിച്ചുവരികയാണ്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: പഞ്ചവത്സരപദ്ധതി ഇല്ലാത്തതിന്റെ കാരണം എന്താണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഗവണ്മെണ്ടിനു് സാധാരണ ഏകവത്സരപദ്ധതിയാണുള്ളതു്; ഇപ്പോൾ ഏഴരമാസപദ്ധതിയുമുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഒരു ദശവത്സരപദ്ധതി ഗവണ്മെണ്ടിനുണ്ടെന്നറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതു് പോസ്റ്റ് വാർ സംബന്ധിച്ചാണുള്ളതു്.

* The reference is to the number in the lists of admitted questions.

ശ്രീ. കുമാരനാശാരി: ഏകവൽസരപദ്ധതി എന്താണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം കോളനികൾ കൊടുക്കുക മുതലായി പലതും ഉണ്ട്.

ശ്രീ. പി. സി. ആദിച്ചൻ: ആ വിഷയത്തിൽ ഗവമ്മെണ്ട് കാൎയ്യമായി ഒന്നും ചെയ്തിട്ടില്ലെന്നറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: പലതും ചെയ്തിട്ടുണ്ടെന്നറിയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം ഒരു ദീർഘകാലപദ്ധതി ആവശ്യമാണെന്നുള്ള വിവരം അറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: സ്വല്പകാലംകൊണ്ട് അവരുടെ അവശതകൾ പരിഹരിക്കാൻ സാദ്ധ്യമല്ല. എത്രകൊല്ലം വേണ്ടിവന്നാലും അവരുടെ അവശതകൾ പരിഹരിക്കണമെന്നാണ് ഗവമ്മെണ്ടിന്റെ നിശ്ചയം.

*൩൯൧. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേത്തല താലൂക്കിൽ എത്ര ചതുരശ്രമൈലിനുള്ളിൽ ഇലക്ട്രിസിറ്റി ലൈനുകൾ ഘടിപ്പിച്ചിട്ടുണ്ട്;

(ബി) അവിടത്തെ കയർ ഫാക്ടറികളിൽ ഇലക്ട്രിസിറ്റി കൊടുക്കണമെന്നു ഫാക്ടറി ഉടമസ്ഥന്മാർ ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

(സി) വൻതോതിൽ പ്രവൎത്തനംനടത്തിവരുന്ന ഫാക്ടറികളിൽ ഇലക്ട്രിസിറ്റി കൊടുക്കുന്നതു ഫാക്ടറി നടത്തിപ്പിനു പലവിധത്തിൽ പ്രയോജനകരമാണെന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമോ;

(ഡി) ചേത്തലതാലൂക്കിലെ പ്രധാന കമ്പോളസ്ഥലങ്ങളായ വാരണം, പുത്തനങ്ങാടി, മുഹമ്മ, കഞ്ഞിക്കുഴി, പൊന്നാംവെളി, കുത്തിയതോട് ഇവിടങ്ങളിൽ ഇലക്ട്രിസിറ്റി നടപ്പാക്കണമെന്നു ഗവമ്മെണ്ടിലേക്കു പല നിവേദനങ്ങളും കിട്ടിയിട്ടില്ലേ; കഴിയുന്നതും വേഗത്തിൽ അവിടങ്ങളിലേക്കു ഇലക്ട്രിസിറ്റി ലൈൻ നീട്ടുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്യുമോ?

ബഹു: ശ്രീമതി ആനിമസ്ക്രീൻ: (എ) ൧൧൦ ചതുരശ്രമൈൽ ഉൾക്കൊള്ളുന്ന ചേത്തല ടൌണിൽ വിദ്യുച്ഛക്തി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. സപ്ലൈ സാമഗ്രികളുടേയും വിദ്യുച്ഛക്തിയുടേയും നില അഭിവൃദ്ധിപ്പെട്ടാലുടനേയും മുമ്പ് അനുവദിച്ചിട്ടുള്ളതും എന്നാൽ ആരംഭിക്കേണ്ടിയിരിക്കുന്നതും ആയ ജോലികൾ പൂൎത്തിയാകുമ്പോഴും പ്രസ്തുത സംഗതിയെപ്പറ്റി പൎയ്യാലോചിക്കുന്നതാണെന്ന് അപേക്ഷകരെ അറിയിച്ചിട്ടുണ്ട്.

(സി) അറിയാം.

(ഡി) ഉണ്ട്. അതിന് അർഹമായ പരിഗണന സിദ്ധിക്കുന്നതായിരിക്കും.

## വെണ്ണലക്കരയിൽ നടന്ന കൊല

*൩൯൨. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

പറവൂർ താലൂക്കിൽ ഇടപ്പള്ളി തെക്കുംഭാഗം വെണ്ണലക്കരയിൽ കുറേനാൾക്കുമുമ്പ് ഒരു പറയനെ കുറേപ്പേർകൂടി ഓടിച്ചു വെള്ളത്തിൽ ചാടിച്ചു കൊന്നു എന്നും, ആ കേസ്സ് ഇടപ്പള്ളി പോലീസ് ഒതുക്കിത്തീൎക്കുവാൻ പോകുന്നുവെന്നും കാണിച്ച് വല്ല ഹർജികളും കിട്ടിയോ; കിട്ടിയെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കിട്ടിയിട്ടുണ്ട്. അന്വേഷണത്തിൽ പോലീസുകാരുടെ മേലുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു തെളിഞ്ഞു.

ശ്രീ. എ. വി. ജോസഫ്: കേസിൽ വേറെ എന്തു നടപടി നടത്തിയെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആരാണ് ആ പറയനെ കൊന്നതെന്ന് അന്വേഷിച്ചു. പോലീസുകാരുടെ പേരിൽ എന്തെങ്കിലും കൃത്യവിലോപം ഉണ്ടോ എന്നു അന്വേഷിച്ചു. യാതൊരു കൃത്യവിലോപങ്ങളും ഉള്ളതായി തെളിഞ്ഞിട്ടില്ല.

ശ്രീ. എ. വി. ജോസഫ്: അതേപ്പററി എന്തെങ്കിലും കേസ്സ് ഇപ്പോഠം നിലവിലുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു സൂക്ഷ്മമായി ഇപ്പോഠം പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. വി. ജോസഫ്: എന്തെങ്കിലും കേസ്സ് ഉണ്ടോ എന്ന് അന്വേഷിക്കുമോ?

ബഹു. ശ്രീ ടി. കെ. നാരായണപിള്ള: അന്വേഷിക്കാം.

## വ്യവസായങ്ങഠം

*൩൯൯. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങഠംക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ നാട്ടിലെ വ്യവസായങ്ങഠം ഏറെറടുത്തു നടത്താൻ എന്തെങ്കിലും പദ്ധതി ഗവമെണ്ട് രൂപീകരിച്ചിട്ടുണ്ടോ?

(ബി) വ്യവസായങ്ങഠം ഏറെറടുത്തു നടത്തണമെന്നു ഗവമെണ്ടിനു ഉദ്ദേശമുണ്ടെങ്കിൽ ഏതെല്ലാം വ്യവസായങ്ങളാണ് ഗവമെണ്ട് ഏറെറടുക്കുന്നതു്?

(സി) എത്രകാലംകൊണ്ട് ഏതുപ്രകാരം ഇവിടത്തെ വ്യവസായങ്ങഠം ദേശീകരിക്കണമെന്നുള്ളതിലേക്കു് വല്ല നിശ്ചിത പദ്ധതിയും ഇപ്പോഠം രൂപീകൃതമായിട്ടുണ്ടോ?

(ഡി) രൂപീകൃതമായിട്ടില്ലെങ്കിൽ രൂപീകരിക്കണമെന്നു് ഗവമെണ്ട് കരുതുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ചില വ്യവസായങ്ങഠം നേരിട്ടു നടത്താൻ ഗവമെണ്ട് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉപ്പ്, ലോഹമണലുകഠം, വിദ്യുച്ഛക്തി, ട്രാൻസ്പോർട്ട് ഈ വ്യവസായങ്ങളാണ് നേരിട്ടു നടത്താൻ ഉദ്ദേശിച്ചിരിക്കുന്നതു്.

(സി) ഏഴെട്ടുകൊല്ലംകൊണ്ട് ഇതു മുഴുവൻ നടപ്പിൽ വരുത്തണമെന്നുദ്ദേശിക്കുന്നു.

(ഡി) വിശദാംശപരിപാടി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

ശ്രീ. പി. നാണു: ഇതിലേക്കു നിശ്ചിതമായ ഒരു പദ്ധതി ഗവമെണ്ടിനുണ്ടോ?

ബഹു. ശ്രീ. എൻ കുഞ്ഞുരാമൻ: നിശ്ചിതമായ ഒരു പദ്ധതി ഇപ്പോഠം ഇല്ലെങ്കിലും ഞാൻ ഇപ്പോഠം പറഞ്ഞതായ വ്യവസായങ്ങളെ ദേശീകരിക്കാൻ ഗവമെണ്ട് ആലോചിക്കുന്നുണ്ട്. നിശ്ചിതമായ ഒരു പദ്ധതി ഉണ്ടാക്കുന്നതിനെപ്പററിയും ഗവമെണ്ട് ആലോചിക്കുന്നുണ്ട്.

## ആഫീസുമാററങ്ങഠം

*൪൦൦. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങഠംക്കു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ രാജ്യത്തെ സിവിഠംകോടതി, ക്രിമിനൽകോടതി, പി. ഡബ്ളൂ. ഡി. ആഫീസ് ഇവകളിൽ ഏതെങ്കിലും മാററിസ്ഥാപിക്കണമെന്നോ നിറുത്തൽ ചെയ്യണമെന്നോ, ഗവമെണ്ട് ആലോചിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും ഏതുവിധം നിറുത്തണമെന്നോ, മാററണമെന്നോ, ആണ് ഉദ്ദേശിക്കുന്നതെന്നും പറയാൻ ദയവുണ്ടാകുമോ?

(സി) മേൽപ്പറഞ്ഞ ഏതെങ്കിലും കോടതിയോ ആഫീസോ നിറുത്താനോ മാററാനോ ഉദ്ദേശിക്കുന്നു എങ്കിൽ ആ സംഗതിയിൽ സംബന്ധപ്പെട്ട പൊതുജനങ്ങളുടെ അഭിപ്രായം ഗവമെണ്ട് ആരാഞ്ഞിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഇതുവരെ ആലോചിച്ചിട്ടില്ല.

(ബി യും, സി യും) മുൻ ഉത്തരത്തിൽനിന്നും ഈ ഉപചോദ്യങ്ങഠം ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: സർ, അങ്ങു താമസിയാതെ പ്രസിദ്ധപ്പെടുത്തുമെന്നു പറയുന്ന ബൂച്ച്കമ്മിററി റിപ്പോർട്ട് അങ്ങു വായിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ബൂച്ച്കമ്മററി റിപ്പോർട്ടിൽ ആവശ്യമുള്ളഭാഗം വായിച്ചിട്ടുണ്ട്.

ശ്രീ. പി. നാണു: ആ റിപ്പോർട്ടിൽ ഇതിനെപ്പററി എന്തെങ്കിലും പരാമർശിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ബൃച്ച്കമ്മററി റിപ്പോർട്ട് ഈ സഭയുടെ മുമ്പാകെ ഇല്ലാത്ത ഒരു പ്രമാണമായതുകൊണ്ട് അതിന്റെ ഉള്ളടക്കത്തെപ്പററി എന്തെങ്കിലും പ്രസ്താവന ചെയ്യുന്നതു് അനുവദനീയമാണെന്നു് സ്പീക്കർ പറയുന്നപക്ഷം അതിനു മറുപടി പറയാം.

ശ്രീ. പി. നാണു: അങ്ങു് ആ റിപ്പോർട്ടു വായിച്ചു മനസിലാക്കിയിട്ടുണ്ടോ എന്നാണ് എനിക്കറിയേണ്ടതു്.

ബഹു. ശ്രീ. ടി. കെ. നാരായപിള്ള: വായിച്ചാൽ മനസ്സിലാകുമെന്നാണ് ഞാൻ അഭിമാനിക്കുന്നതു്.

ശ്രീ. പി. നാണു: മനസ്സിലാക്കിയിട്ടില്ലെന്നല്ല ഞാൻ പറഞ്ഞതു്, മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അതു് എന്താണെന്നു് അറിയിക്കണമെന്നാണ് ഞാൻ പറഞ്ഞതു്.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അതിനാണ് ഞാൻ സ്പീക്കരുടെ റൂളിംഗ് ആവശ്യപ്പെട്ടതു്.

மீன்பிடித் தொழில்

*401. ஸ்ரீ. எஸ். அம்புரோஸ்: கீழ்காணும் வினாக்களுக்கு மீன் இலாகா மந்திரியவர்கள் விடையளிப்பார்களாக:—

மீன்பிடித் தொழில் சீர்திருத்தவேண்டுமென்ற நோக்கம் சர்க்காருக்கு உண்டா? உண்டுமானால் அதற்குவேண்டி என்ன நடபடிகள் எடுத்திருக்கிறது?

அழிக்கால் மார்ணிங்ஸ்டார் கூட்டுறவு சங்கம் நம்பர் 2560 இது விஷயமாய் சர்க்காருக்குத் தந்த திட்டத்தை நடைமுறையில் கொண்டுவர ஊக்கம் அளிக்க வேண்டுமென்ற நோக்கம் சர்க்காருக்கு உண்டா?

**The Hon'ble Sri. E. Ikkanda Warrier:**

(a) Yes. (An explanatory note is appended).
(b) The matter is under consideration.

*Explanatory Note for (a)* The State of Travancore had three fishery development schemes in September, 1946, with the financial support of the Central Government. The schemes are

1. Deep sea fishing investigation.
2. Inland and estuarine fish culture and
3. fish preservation and fish distribution.

Preliminary investigations under all these schemes have been more or less completed and it is hoped that it will be possible to continue the work on a semi commercial scale.

To encourage deep sea fishing the Government also have financil support for starting a deep sea fishing company. This company now owns a fleet of five fishing vessels, two of these vessels have now been completely equipped for trawling, seine net fishing, long line fishing and mackerel fishing and it is expected that they will start commercial fishing immediately after the monsoon season. The department of Marine Biology and Fisheries also owns a power driven vessel called "Chandrika". This vessel will also start Dory fishing and Malayan ring net fishing in September.

To demonstrate the possibilities of inlan fish culture, an estuarine fish culture station has been started at Ayiramthengu with ponds covering a total area of about 15 acres. From these ponds about 20,000 lbs. of fish has been caught, out of which after paying the share of the fishermen who were engaged for catching fish, the station was able to seal about 14,000 lbs. of fish to the public. Attempts were also made to encourage fish stocking in private pond. Last year about 70 tanks were stocked and this year it is proposed to stock at least 750 tanks. A scheme has also been submitted for reclaiming about 520 acres of the Kayamkulam backwaters for experimenting on the possibilities of paddy cum fish culture on the line adopted in China and Japan.

A Model Fish Curing Yard is under construction at Cape Comorin. This is intended to provide facilities for curing fish in accordance with improved methods.

The Department of Marine Biology and Fisheries has devised insulated motor van and fish boxes for the transport and distribution of fresh fish in places away from the sea coast.

ஸ்ரீ. எஸ். அம்பிரோஸ்: சென்டரல் கெவர்மெண்டிலிருந்து கிடைத்த தொகை எவ்வளவு?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അതു കൃത്യമായിട്ടു പറയാൻ സാധിക്കയില്ല.

ஸ்ரீ. எஸ். அம்பிரோஸ்: நமது கவர்ன்மெண்டிலிருந்து கொடுக்கப்பட்டத் தொகை எவ்வளவு?

**The Hon'ble Sri. E. Ikkanda Warrier:** 50 per cent of the amount we spend and 50 per cent of the amount they are giving us. We spend nearly two lakhs.

ஸ்ரீ. எஸ். அம்பிரோஸ்: "சந்திரிகா", இப்பொழுது நல்ல கண்டிஷனில் இருக்கிறதா?

*(No answer)*

പുകയിലക്കടകൾ

*൪൦൨. ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:—

(എ) പുകയിലക്കടകൾ ലേലംചെയ്യുന്നതിനെ സംബന്ധിച്ച് ൧൧൨൪-ാം മാണ്ട് തിരുവിതാംകൂർ സംസ്ഥാനത്ത് ആകെ കിട്ടിയ രൂപാ എത്ര;

(ബി) മുൻകൊല്ലത്തെ ലൈസൻസ് വ്യവസ്ഥയിൽനിന്നും ഇതു് എത്ര തുക കൂടുതലാണു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ൩ ൭, ൧൨, ൩ ൦ ൮ രൂപാ.

(ബി) ൩ ൦, ൭൯, ൮ ൨. ൨ രൂപാ കൂടുതലാണു്.

സർക്കാരിലേക്കു കിട്ടിയ നെല്ലു്

*൪൦൩. ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ സംസ്ഥാനത്തുനിന്നും ൧൧൨൪-ൽ എത്ര പറ നെല്ലു് സർക്കാരിലേയ്ക്കു കിട്ടി;

(ബി) ൧൧൨൩-ൽ എത്ര പറ നെല്ലുകിട്ടി;

(സി) നെല്ലെടുപ്പു പദ്ധതിയിൽ വ്യത്യാസങ്ങൾ വരുത്തുന്നതിനുണ്ടായ കാരണങ്ങൾ എന്തു്?

ബഹു. സാഹിബ്ബ്ബഹദൂർ ടി. എ. അബ്ദുള്ളാ: (എ) ൧൧൨൪-ൽ ൧൭—൧൧—൧൧൨൪ വരെ ൭൫, ൧൪, ൨൯ ൭ പറ.

(ബി) ൭൪, ൫൨, ൨൩൩ പറ.

(സി) ഓരോ പദ്ധതികൾ നടപ്പിലിരുന്നപ്പോൾ അവയിലുള്ള ന്യൂനതകൾ മനസ്സിലാക്കി ആവശ്യമായ വ്യത്യാസം അപ്പഴപ്പോൾ വരുത്തീട്ടുണ്ടു്.

ശ്രീ. വി. കെ. വർഗ്ഗീസ്: ൧൧൨൩ ലേയും ൧൧൨൪ ലേയും പദ്ധതികൾ തമ്മിലുള്ള വ്യത്യാസം എന്താണു്?

ബഹു. സാഹിബ്ബ്ബഹദൂർ ടി. എ. അബ്ദുള്ള: ൧൧൨൩-ൽ ആദ്യം ഏക്കറേജ് ബേസിസിൽ നെല്ലെടുത്തു എന്നാണു് എന്റെ ഓർമ്മ.

ശ്രീ. വി. കെ. വർഗ്ഗീസ്: ഓർമ്മയിൽനിന്നു പറയേണ്ട. സൂക്ഷ്മമായ ഉത്തരം കിട്ടിയാൽ കൊള്ളാം.

ബഹു. സാഹിബ്ബ് ബഹദൂർ ടി. അബ്ദുള്ള: ൧൧൨൩-ൽ ഏക്കറേജ് ബേസിസിൽ നെല്ലെടുത്തുകൊണ്ടിരുന്നു. ൧൧൨൪-ൽ അതു മാററി എക്സ് ബേസിസിൽ നെല്ലെടുത്തു.

ശ്രീ. എൻ. പി. വർഗ്ഗീസ്: ൧൧൨൩-ൽ സെററിൽമെൻറു ബേസിസിലല്ലെ നെല്ലെടുത്തതു്?

ബഹു. സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: ആയിരിക്കാം.

സാഹിബ് ബഹദൂർ വി. അബ്ദുൽ അസീസ്: സെററിൽമെൻറു ബേസിസും എക്ക റേജു ബേസിസും ഒന്നല്ലേ?

ബഹു. സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: അല്ല.

ട്രാൻസ്പോർട്ട് സർവ്വീസ്

*൪൦൪. ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒരു ലയിനിൽ മൊണോപ്പൊളയിസ് (Monopolise) ചെയ്യാതെ ഒന്നോ രണ്ടോ ബസ്സുകൾമാത്രം ഇടുന്നതുനിമിത്തം ഗവമ്മെണ്ടിനു നഷ്ടത്തിനു് ഇടയാകുന്നതാണെന്നു ഗവമ്മെണ്ടിനറിയാമോ;

(ബി) ആലപ്പുഴ കൊല്ലം ലയിനിൽനിന്നു മൂന്നോ നാലോ ബസ്സുകൾ കായംകുളം പുനലൂർ ലയിനിലേക്കു് മാററിയതു് ഗവമ്മെണ്ടിനു് നഷ്ടത്തിനു കാരണമായിട്ടുണ്ടെന്നു ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ചിലപ്പോൾ നഷ്ടവും സംഭവിക്കും.

(ബി) അറിയാം.

ശ്രീ. ദേവകി ഗോപിദാസ്: ഈ ലൈൻ മോണോപ്പൊളയിസ് ചെയ്യാൻ ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: മോണോപ്പൊളയിസ് ചെയ്തുകഴിഞ്ഞു.

ശ്രീ. ദേവകി ഗോപിദാസ്: കായംകുളം—പുനലൂർ ലൈനെപ്പററിയാണു് ഞാൻ ചോദിച്ചതു്.

ബ. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഞാൻ പറഞ്ഞതു ആലപ്പുഴ—കൊല്ലം ലൈനിനെപ്പററിയാണു്. കായംകുളം—പുനലൂർ ലൈൻ മോണൊപ്പൊളയിസ് ചെയ്യുന്നതു് ഗവമ്മെണ്ടിൻെറ ആലോചനയിലിരിക്കുകയാണു്.

ശ്രീ. പി. കെ. കുമാരൻ ആശാരി: ആ ലൈനിൽ ഇപ്പോൾ എത്ര ബസ്സുകൾ ഓടുന്നുണ്ടു്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഉദ്ദേശം ൨൩ ബസ്സുകൾ.

സഹകരണസംഘങ്ങൾ

*൪൦൫. ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂറിലും കൊച്ചിയിലും റേഷൻ വിതരണം നടത്തുന്ന സഹകരണസംഘങ്ങൾ എത്ര; (രണ്ടും വേർതിരിച്ചു പറയണം)

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: കൊച്ചി ൨൧൩. തിരുവിതാംകൂർ ൭൨൪.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: അററാദായത്തിൽ പങ്കുകാർക്കു് ബോണസ് കൊടുക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അറിഞ്ഞുകൂടാ.

ശ്രീ. എൻ. പി. വർഗ്ഗീസ്: കൊച്ചിയിലെ സഹകരണസംഘങ്ങളുടെ പ്രവർത്തനം തിരുവിതാംകൂറിലേക്കാൾ കാര്യക്ഷമമാണെന്നറിയാമോ?

മി. സ്പീക്കർ: അതു് ഒരു അഭിപ്രായമാണു്.

## ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർ

*൪൦൩. ശ്രീ. പി. കെ. കുമാരൻ ആശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പെൻഷനബിൾ സർവീസുകാരെന്നും നാൺപെൻഷനബിൾ സർവ്വീസുകാരെന്നും രണ്ടു വിധത്തിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിലെ ജീവനക്കാരെ തരം തിരിച്ചിട്ടുണ്ടോ;

(ബി) നാൺപെൻഷനബിൾ സർവ്വീസുകാർ ഏതെല്ലാം ജോലിയിൽ ഉൾപ്പെട്ടിട്ടുള്ളവർ ആകുന്നു;

(സി) അവർക്ക് പെൻഷന് പകരം ഏതെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) എല്ലാ ജോലിയിലും ഉൾപ്പെട്ടിട്ടുള്ളവർ ഉണ്ട്.

(സി) ഉണ്ട്.

ശ്രീ. പി. കെ. കുമാരനാചാരി: പ്രാവിഡൻറ് ഫണ്ട് എത്ര ശതമാനം ഡിപ്പാർട്ടുമെണ്ടു കൊടുത്തുവരുന്നുണ്ട്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ൬½ ശതമാനം.

ശ്രീ. പി. കെ. കുമാരനാചാരി: ൧൦ ശതമാനമാക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. കെ. കുമാരനാചാരി: അങ്ങിനെ കൂട്ടാൻ ഗവർമ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ യാതൊരുദ്ദേശവുമില്ല.

ശ്രീ. പി. കെ. കുമാരനാചാരി: ചെക്കിംഗ് ഇൻസ്പെക്ടർമാരുടെ ശമ്പളം ൮൦–൧൦൦-ൽനിന്ന് ൪൫–൬൫ ആയി കുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അങ്ങിനെ കുറച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുമാരനാചാരി: അതിന് കാരണമെന്താണ്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ൮൦–൧൦൦ രൂപാ ശമ്പളത്തിൽ ഗ്രാഡുവേററ് ചെക്കിംഗ് ഇൻസ്പെക്ടറന്മാർ ആവശ്യമില്ലെന്നു കണ്ടതുകൊണ്ടാണ്.

ശ്രീ. പി. ചാക്കോ: നാൺപെൻഷനബിൾ സർവ്വീസുകാരെ പെൻഷനബിൾ ആക്കാൻ ആലോചിക്കാമോ?

ബഹു. ശ്രീ. ജോൺഫിലിപ്പോസ്: ആ പ്രശ്നത്തെപ്പററിയും ഗവർമ്മെണ്ട് ആലോചിക്കുന്നുണ്ട്.

## കണ്ടക്ടർ നിയമനത്തിന് വേണ്ട യോഗ്യതകൾ

*൪൦൪. ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെണ്ടിൽ കണ്ടക്ടർമാരായി നിയമിക്കപ്പെടുന്നതിന് അപേക്ഷകർക്ക് ഉണ്ടായിരിക്കേണ്ട പരീക്ഷായോഗ്യത, വയസ്സ് എന്നിവ സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(ബി) ഈ വ്യവസ്ഥകൾക്ക വിധേയമാകാത്ത എത്ര നിയമനങ്ങൾ ഡിപ്പാർട്ടുമെണ്ടിൽനിന്നും നടത്തിയിട്ടുണ്ട്;

(സി) കണ്ടക്ടർമാരുടെ നിയമനത്തിൽ സമുദായ പ്രാതിനിധ്യത്തിന് മുൻഗണന നൽകുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അപേക്ഷകർ ഇ. എസ്. എൽ. സി. പരീക്ഷ ജയിച്ചിട്ടുള്ളവരും ൨൦ വയസ്സിനു മേൽ ൩൦ വയസ്സിനകം പ്രായമുള്ളവരും ജോലി ചെയ്യുവാൻ വേണ്ട കാര്യശേഷിയുള്ളവരുമായിരിക്കണം.

(ബി) ൧൦.

(സി) ഇല്ല.

ശ്രീ. പി. കെ. കുമാരനാചാരി: നിശ്ചിത പരീക്ഷായോഗ്യത ഇല്ലാത്തവരെ നിയമിക്കാനുള്ള കാരണം എന്താണ്?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: ഡിസ്പ്ലേസ്ഡ് ബസ്സ് എംപ്ലോയിസിനു ജോലി കൊടുക്കുന്നതിനുവേണ്ടി ചില വ്യതിയാനങ്ങൾ വരുത്തേണ്ടിവന്നിട്ടുണ്ട്.

## Written Answers

### റീ ട്രഡിംഗ് മിഷ്യൻ

൪൦൮. ശ്രീ. പി. കെ. കുമാരൻആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ടയർ റീ ട്രഡ് ചെയ്യുന്നതിനുള്ള ഏതെങ്കിലും ഒരു മിഷ്യൻ ഗവണ്മെണ്ട വാങ്ങിയിട്ടുണ്ടോ;

(ബി) ഇത്രയും ആവശ്യപ്രദവും ആദായമുണ്ടാക്കുന്നതുമായ ഒരു മിഷ്യൻ വാങ്ങാത്തത് എന്തുകൊണ്ടാണ്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഇല്ല.

(ബി) വാങ്ങിക്കുന്നകാര്യം ഗവണ്മെണ്ടിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

### കുന്നത്തുനാട്ട് താലൂക്കിൽ മഴുവന്നൂർ എന്ന സ്ഥലത്തുള്ള ഒരു ജന്മിയും സ്ഥലത്തെ പോലീസുമായുള്ള കൂട്ടുകെട്ട്

൪൦൯. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം ഉത്തരം പറയുമോ.—

(എ) കുന്നത്തുനാട്ട താലൂക്കിൽ മഴുവന്നൂർ എന്ന സ്ഥലത്തുള്ള ഒരു ജന്മിയായ മഴുവന്നൂർ വാരിയർ പെരുമ്പാവൂർ പോലീസിനെ സ്വാധീനപ്പെടുത്തി അവിടെയുള്ള കൃഷിക്കാരുടെ ഭൂമികളിൽ പ്രവേശിക്കുകയും, അവിടത്തെ സാധു കൃഷിക്കാരെ പല പ്രകാരത്തിൽ ഉപദ്രവിക്കുകയും ചെയ്യുന്നുണ്ടെന്നും, അതിൽനിന്നും അവരെ രക്ഷിക്കേണമെന്നും കാണിച്ച് വല്ല ഹർജിയും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പററി എന്തു നടപടി നടത്തി?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) കിട്ടിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

### അഞ്ചൽകൂലി

൪൧൦. ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. മന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഞ്ചൽകൂലി വർദ്ധിപ്പിച്ചതുകൊണ്ട് ൧൧൨൫-ൽ എത്ര രൂപയുടെ ആദായം ഉണ്ടാകുമെന്നു ഗവണ്മെണ്ട കണക്കാക്കിയിരിക്കുന്നു;

(ബി) അഞ്ചൽ ജീവനക്കാരുടെ ശമ്പളം കൂട്ടുന്നതിനു ഗവണ്മെണ്ടുദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ൧൧൨൫-ൽ ഏകദേശം അഞ്ചുലക്ഷം രൂപയുടെ വരവു കൂടുതൽ പ്രതീക്ഷിക്കുന്നു.

(ബി) ഇല്ല.

### പോലീസ് ഡിപ്പാർട്ടുമെണ്ടിലെ പ്രമോഷൻ

൪൧൧. ശ്രീ. എൻ. എസ്സ്. കൊച്ചുകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പോലീസ് ഡിപ്പാർട്ടുമെൻറിൽ പ്രമോഷൻ നൽകുന്നതു് എന്തടിസ്ഥാനത്തിലാണു്;

(ബി) സീനിയോറിററി നോക്കിയാണെങ്കിൽ ആ തത്വം പൊതുവേ സ്വീകരിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) സീനിയോറിട്ടിക്കു പുറമേ പരിക്ഷായോഗ്യത, കാര്യക്ഷമത, സൽസ്വഭാവം മുതലായവകൂടെ പ്രമോഷൻ നൽകുന്നതിനു പരിഗണിക്കുന്നതാണു്.

(ബി) ഉദിക്കുന്നില്ല.

### പോലീസ് ഡിപ്പാർട്ടുമെണ്ടിലെ പിന്നോക്കസമുദായാംഗങ്ങൾ

൪൧൨. ശ്രീ. എൻ. എസ്സ്. കൊച്ചുകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പോലീസ് ഡിപ്പാർട്ടുമെണ്ടിൽ ജോലിനോക്കുന്ന പിന്നോക്കസമുദായാംഗങ്ങൾക്കു് അവരുടെ യോഗ്യതാനുസരണമുള്ള പ്രമോഷൻ കൊടുക്കുന്നുണ്ടോ;

(ബി) ഇപ്രകാരം ജാതീയമായ കുറവുനിമിത്തം പ്രമോഷൻ ലഭിക്കാതെ നിരാശയോടുകൂടി ജോലിനോക്കുന്നവരുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ടു്.

(ബി) അറിവില്ല.

### പഴയ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ

൪൧൩. ശ്രീ. കളത്തിൽ വേലായുധൻ നായർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ പബ്ലിക്ക് സർവ്വീസ് കമ്മീഷണറായി ജോലിനോക്കിവന്ന ശ്രീ. പി. ജെ. സെബാസ്റ്റ്യൻെറ ഇപ്പോഴത്തെ (൧൪—൧൨—൨൪) ജോലി എന്താണു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. സെബാസ്റ്റ്യൻ ഗ്രാമോദ്ധാരണഡിപ്പാർട്ടുമെണ്ടിൻെറ മേധാവിയാണു്.

### BUS ROUTE AUCTION

**414. Sri. N. Daniel Jose:** Will the Hon'ble Minister for Transport be pleased to state whether the Government proposes to grant through auction, the right to run buses in certain routes?

**The Hon'ble Sri. E. John Philipose:**

Government have no such proposal under consideration.

### കോട്ടയം കോട്ടാററിൽ ഒരു കടത്തുവള്ളം

൪൧൫. ശ്രീമതി ദേവകി ഗോപിദാസ്: ബഹുമാനപ്പെട്ട മരാമത്തുമന്ത്രി താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം മറുപടി പറയുമോ.—

(എ) കോട്ടയത്തു് ഈരേക്കടവിൽ കോട്ടാററിൽ ഒരു കടത്തുവള്ളം ഇട്ടുകൊടുക്കണമെന്നു് തദ്ദേശവാസികളുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു്, എന്തു നടപടി കൈക്കൊണ്ടു;

(സി) ഇങ്ങിനെ ഒരു കടത്തുവള്ളം ഇട്ടുകൊടുത്താൽ മുമ്പായിക്കാട്ട്, കുന്നമ്പള്ളി, പുന്നക്കൽ മുതലായ സ്ഥലങ്ങളിലുള്ള ആളുകൾക്കു് ഇപ്പോൾ ൪ മൈൽ ചുററി കോട്ടയം ടൌണിൽ വരേണ്ടതിനു പകരം അര മൈൽ ദൂരംകൊണ്ടു ടൌണിൽ എത്താൻ സാധിക്കുമെന്നും അങ്ങിനെ അതു് അവർക്കൊരു അനുഗ്രഹമായിത്തീരുമെന്നും ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് :

(എ) ഉണ്ട്.
(ബി) അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. വേണ്ട നടപടികൾ എടുക്കുന്നതാണ്.
(സി) ഉണ്ട്.

## INCOME-TAX INVESTIGATION COMMISSION

**416. Sri. P. Gopalan:** Will the Hon'ble Minister for Income-tax be pleased to state.—

(*a*) when was the Income-tax Investigation Commission appointed;
(*b*) what is their allowance;
(*c*) how many cases were sent to them for investigation till now;
(*d*) how many cases have been disposed by them till now; and
(*e*) if cases were not sent to them till now, state the reasons for not sending any case?

**The Hon'ble Sri. A. J. John:**

(*a*) On 17th March 1949.
(*b*) The Chairman is given a pay of Rs. 500 per mensem in addition to his pension and the two members are given Rs. 400 each per mensem.
(*c*) Three.
(*d*) None.
(*e*) Does not arise.

## WATER TRANSPORT

**417. Sri. P. Gopalan:** Will the Hon'ble Minister for Transport be pleased to state.—

(*a*) whether there is any scheme for the Government to nationalise the water transport; and
(*b*) if the answer to (*a*) is in the affirmative, what is the scheme and how far has it progressed?

**The Hon'ble Sri. E. John Philipose:**

(*a*) Not at present.
(*b*) This does not arise in view of the answer to part (*a*).

## വൈക്കത്തെ ചവുക്കകൾ

൪൧൮. ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈക്കം താലൂക്കിൽ എത്ര ചൌക്കകൾ ഇപ്പോൾ ഉപയോഗമില്ലാതായിത്തീർന്നിട്ടുണ്ട്;

(ബി) ഈ കെട്ടിടങ്ങളെല്ലാം എന്തു ചെയ്യാൻ ഗവർമ്മെണ്ടുദ്ദേശിക്കുന്നു;

(സി) വൈക്കം താലൂക്കിന്റെ വടക്കെ അതൃത്തിയിൽ കൊച്ചിയേയും തിരുവിതാംകൂറിനേയും വേർതിരിച്ചിരിക്കുന്ന 'ഇല്ലിക്കോട്ട'യുടെ ആവശ്യം ഇനിയില്ലെങ്കിൽ അതു നശിപ്പിച്ചുകളയുന്നതിന് എന്തെങ്കിലും നടപടി ഗവർമ്മെണ്ട് സ്വീകരിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) നാല്.

(ബി) തീർച്ചയാക്കീട്ടില്ല.

(സി) ഇതേപ്പററി ആലോചിച്ചുവരികയാണ്.

## FINANCIAL POSITION

**419. Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) the amount of cash securities and the bank deposits that stood to the credit of the Government on the day of the Union of the two States; and

(*b*) the amount outstanding under each item as on 15th Karkadagam 1124?

**The Hon'ble Sri. A. J. John :**

| | | | |
|---|---|---|---|
| (*a*) Cash Securities | .. | Rs. | 6,41,41,400 |
| Bank Deposits | .. | Rs. | 1,16,02,400 |
| (*b*) Cash Securities | .. | Rs. | 6,41,41,400 |
| Bank Deposits | .. | Rs. | 1,17,02,400 |

The increase of Rs. one lakh under (b) Bank deposits is due to the short term fixed deposit invested by Travancore after 1st July 1949 in the Travancore Credit Bank.

### പുനലൂർ ടൌൺവാസികൾക്കു് ഇലക്ട്രിസിററി

൪൨൦. സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഇലക്ട്രിസിററി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുനലൂർ ടൌണിലെ നിവാസികൾക്ക വീട്ടാവശ്യത്തിനായി ഇലക്ട്രിക്ക് പവ്വർ ലഭിക്കുന്നില്ലെന്നുള്ള പരാതി ഗവമ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉടനടി അതിനു പരിഹാരമുണ്ടാക്കാൻ വേണ്ടതു ചെയ്യുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ഉണ്ടു്.

(ബി) പുനലൂർ പട്ടണത്തിലെ വിദ്യുച്ഛക്തിവിതരണം ചെങ്കോട്ട ഇലക്ട്രിക്ക് സപ്ലൈ ലൈസൻസിമുഖേനയാകയാൽ അപേക്ഷകരോട്ട ലൈസൻസിയെ നേരിട്ടു സമീപിക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടു്.

### നെല്ലെടുപ്പു്

൪൨൧. ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ തവണ കൃഷിക്കാരിൽനിന്നും നെല്ലെടുത്തിട്ടുള്ളതു് ഒരേ നിരക്കിലാണെന്നുള്ള പരമാൎത്ഥം ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനു് അറിയാമോ; എല്ലാ താലൂക്കുകളിലും നെല്ലു് വിളയുന്നതു് ഒരേ രീതിയിലാണോ; അതോ സ്ഥലത്തിൻെറ നന്മ തിന്മ അനുസരിച്ചോ;

(ബി) വിളവു കുറവുള്ള സ്ഥലങ്ങളിലെ കൃഷിക്കാൎക്കു് നെല്ലു് അളക്കുന്നതിൽ വളരെ വിഷമതകൾ അനുഭവിക്കേണ്ടിവന്നതു് ബഹു. ഗവർമ്മെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ; അപ്രകാരമുള്ള വിഷമതകളിൽനിന്നും കൃഷിക്കാരെ സഹായിക്കുന്നതിനു് അടുത്ത വിളവിനെങ്കിലും ബഹു. ഗവർമ്മെണ്ടിനു് സന്മനസ്സു് ഉണ്ടാകുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: (എ) കഴിഞ്ഞ തവണ ഒരേ നിരക്കിൽ എല്ലാ സ്ഥലത്തുനിന്നും നെല്ലെടുക്കണമെന്നു തീർച്ചപ്പെടുത്തിയെങ്കിലും പിന്നീടു അതു് ഭേദപ്പെടുത്തി. ഒരേനിരക്കിലല്ലാ എല്ലായിടത്തുനിന്നും നെല്ലെടുക്കുന്നതു്. എല്ലാ താലൂക്കിലും നെല്ലുവിളയുന്നതു് ഒരേ രീതിയിലല്ല. സ്ഥലത്തിൻെറ നന്മതിന്മ അനുസരിച്ചുകൂടിയാണു്.

(ബി) ഒരേനിരക്കിൽ എടുക്കുന്ന വ്യവസ്ഥ വിളവു കുറവുള്ള സ്ഥലങ്ങളിലെ കൃഷിക്കാൎക്കു വിഷമതകൾക്കു കാരണമാകാനിടയുണ്ടു്. ആ വിഷമം പരിഹരിക്കുന്നതിനുവേണ്ടിയാണു് വിത്തും കൃഷിച്ചിലവും, റേഷനും കഴിച്ചു അധികമുള്ളതുമാത്രം എടുക്കുക എന്ന excess basis ഗവർമ്മെണ്ടു സ്വീകരിച്ചിട്ടുള്ളതു്.

### തീരുവ പിരിവു്

൪൨൨. ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തീരുവവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഇന്നത്തെ യൂണിയൻെറ അതിർത്തികളിൽ സ്ഥാപിച്ചിരിക്കുന്ന 'തീരുവ' പിരിവിനെ സംബന്ധിച്ചു പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ ഗവർമ്മെണ്ടിനു് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സംഗതിയിൽ കേന്ദ്രഗവർമ്മെണ്ടിൻെറ അഭിപ്രായം അറിയുകയോ അനുമതി ലഭിക്കുകയോ ഉണ്ടായിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഉണ്ട്,

(ബി) കേന്ദ്രഗവർമ്മെണ്ടുമായിട്ടുള്ള എഴുത്തുകുത്തുകൾ രഹസ്യമായി കരുതുന്നതാണ്.

### പുകയില തീരുവ

൪൨൩. ശ്രീ. കോന്നനാത്ത് കുഞ്ഞിരാമമേനോൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തീരുവവകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) കൊച്ചിരാജ്യത്തിൽ ലേലത്തിൽ കൊണ്ടിട്ടുള്ള പുകയില കച്ചവടക്കാരിൽ നിന്നും അവർ കച്ചവടാവശ്യത്തിന് ഇറക്കുമതി ചെയ്യുന്ന പുകയിലക്കു തീരുവ പിരിക്കുന്നുണ്ടോ;

(ബി) അതു് ന്യായീകരിക്കത്തക്കതാണോ?

(സി) അപ്രകാരം അന്യായമായി പിരിച്ചിട്ടുണ്ടെങ്കിൽ അതു് മടക്കിക്കൊടുക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) തിരുവിതാംകൂർ കൊച്ചി-ഐക്യസംസ്ഥാനങ്ങളുടെ കൊച്ചി വിഭാഗത്തിന്റെ ആവശ്യത്തിനായി വരുത്തുന്ന വെറും പുകയിലയ്ക്കു തീരുവ ഈടാക്കുന്നില്ല.

(ബി. സി.) എ-യുടെ ഉത്തരത്തിൽനിന്നും ഇതു് ഉത്ഭവിക്കുന്നില്ല.

### FOOD MINISTER

**424. Sri. C. V. Iyyu:** Will the Hon'ble Minister for Food be pleased to state.—

(*a*) whether the portfolio of procurement of foodgrains have been entrusted with either of the Ex-Food Ministers of Cochin ; and

(*b*) if not why?

**The Hon'ble Sri. T. A. Abdulla:**

(*a*) No.

(*b*) In the distribution of the subjects among the Hon'ble Ministers, other subjects had to be allocated to the Ex-Food Ministers of Cochin.

### SHUTTLE SERVICE

**425. Sri. C. V. Iyyu:** Will the Hon'ble Minister for Transport be pleased to state.—

whether the Government is going to purchase or get on lease a suitable aeroplane to start shuttle plane service many times a day connecting Trivandrum with Ernakulam and later with Coimbatore also at a far cheaper rate than at present coming to not more than Rs. 15 per trip from Trivandrum to Ernakulam to and fro or from Coimbatore to Ernakulam to and fro?

**The Hon'ble Sri. E. John Philippose:**

There is no such proposal now.

### REFRESHMENTS DURING CABINET MEETINGS

**426. Sri. A. Chidambaranath Nadar:** Will the Hon'ble Premier be pleased to state —

(*a*) are the expenses for refreshments during Cabinet Meetings usually met by the Hon'ble Ministers themselves or by Government;

(*b*) if met by Government, has the Chief Secretary to Government refused to pass a bill from Xaviers for the supply of refreshments to the Ministers during a recent Cabinet Meeting; and

(*c*) how did the Ministers solve the matter?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) Refreshments are not served at Cabinet Meetings at Government expenses.

(*b*) No.

(*c*) Does not arise.

### TUNNEL AT SENGULOM

**427. Sahib Bahadur A. Majeed Marikar:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether there is any agreement between the Government and Messrs. John Mowlem & Co., Ltd., for the construction of a tunnel at Sengulam and if so the nature of the contract;

(*b*) who was the person who executed the agreement on behalf of the Government;

(*c*) is it a fact that according to the above agreement the Government has to pay 10 per cent of the expenses to Messrs. John Mowlem & Co., Ltd. ;

(*d*) have the Govergment rented out Government buildings to the said contractors and if so, are they entitled for the above 10 per cent on that rent also;

(*e*) if so will it not be more profitable to the Government to give such building free of rent?

**The Hon'ble Sry. Annie Mascarene:**

(*a*) Government have accepted the tender of Messrs. John Mowlem & Co., for the water tunnels at Sengulam. Formal agreement is to be entered with the firm very shortly. The nature of the contract is on the basis of actuals plus profit, which is on a sliding scale. This profit will vary according to the proportion the actual cost bears to the estimated target cost as tendered by the firm.

(*b*) The question does not arise.

(*c*) The percentage of profit varies from 10 per cent to 2½ per cent of the estimated target costs.

(*d*) No.

(*e*) The question does not arise.

MESSRS. JOHN MOWLEM & Co.

**428. Sahib Bahadur A. Majeed Marikar:** Will the Hon'ble Minister for General Administration be pleased to state:—

(*a*) whether the Government have any control over the matter of appointments in Messrs. John Mowlem & Co., Ltd., where the Government has by agreement to pay 10 per cent of their expenses; and

(*b*) are the Government aware that exhorbitant salaries are paid by the said company to persons whose qualifications and experience do not warrant even half such salaries in a Government department?

**The Hon'ble Sry. Annie Mascarene:**

(*a*) Government have no control over the matter of appointments in Messrs. John Mowlem & Co., Ltd.

(*b*) No.

പബ്ലിക്ക് കാൾ ആഫീസ്സ്

൪൨൯. ശ്രീ. എം. രാമൻപിള്ള: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുന്നത്തൂർ താലൂക്കിന്റെ കേന്ദ്രസ്ഥാനമായ അടൂർ ടൌണിൽ ഒരു പബ്ലിക്ക് കാൾ ആഫീസ് സ്ഥാപിക്കുന്ന കാര്യം ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടൂർ ഒരു പബ്ലിക്ക് കാൾ ആഫീസ്സ് സ്ഥാപിക്കാൻ ഉടനടി ഉത്തരവ് പുറപ്പെടുവിക്കാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: (എ) ഉണ്ട്.

(ബി) ൧൧൨൮-ൽ അടൂർ ഒരു പബ്ലിക്ക് കാൾ ആഫീസ് സ്ഥാപിക്കുന്ന കാര്യം, ടെലഫോൺ വികസനത്തിനുള്ള സപ്തവത്സരപദ്ധതിയിൽ (Seven year Plan) വിഭാവനം ചെയ്തിരുന്നു. പക്ഷെ ടെലഫോൺ സാമഗ്രികൾ കിട്ടാനുള്ള വൈഷമ്യംമൂലം ഇക്കൊല്ലം ആ ജോലി തുടങ്ങുവാൻ കഴിഞ്ഞില്ല.

EXTENSION OF ELECTRICITY TO MANJUMMEL

**430. Sri. Alexander Vakayil:** Will the Hon'ble Minister for Elecricity be pleased to state.—

(*a*) has any representation been received from the Revd. Fr. Prior of Manjummel Monastry in Parur Taluk regarding the extension of electricity to Manjummel ;

(*h*) if so, what action has been taken on it ?

**Hon'ble Sry. Annie Mascarene:**

(*a*) Yes.

(*b*) An estimate for giving supply to Manjummel has been prepared. The work will be taken up as soon as necessary materials are collected.

OPENING AN ANCHAL OFFICE

**431. Sri. Alexander Vakayil:** Will the Hon'ble Minister for Anchal be pleased to state.—

(*a*) whether Government have received any representation for opening an Anchal Office at Thuruthipuram in the Parur Taluk;

(*b*) if so, what action has been taken on it?

**The Hon'ble Sri. E. John Philipose:**

(*a*) A representation was received from the Secretary of the Gramodharana Samithy, Thuruthipuram, Puthenvelikara in Parur Taluk for the opening of an Anchal Office at Thuruthipuram.

(*b*) Further steps have not been taken in this matter as the Secretary has not yet replied to the reference made to him as to whether he is prepared to deposit the necessary guarantee amount for the opening of a non-Departmental Anchal Office there as required under the rules.

COIR INDUSTRY

**432. Sri. Alexander Vakayil:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether the Government are aware that coir industry in both Cochin and Travancore has considerally fallen down;

(*b*) what stepts have the Government taken to find markets in and outside India from the sale of manufactured coir goods;

(*c*) has the coir survey department been of any use for the development of coir industry; and

(*d*) will the Government fix minimum wages for the labourers engaged in coir making business?

**The Hon'ble Sri. N. Kunjuraman:**

(*a*) Yes.

(*b*) The Government of India have been moved in the matter.

(*c*) There is no coir survey department.

(*d*) This is a matter of policy and will be considered by Government.

COCHIN ALLEPPEY ROAD

**433. Sri. Joseph Mathen:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether any representation has been received for the construction of the Cochin Alleppey Road by connecting the Chellanam Pandikuri road to Thuravoor;

(*b*) if the answer is in the affirmative state whether any action has been taken on it; and

(*c*) as this scheme is considered to be the cheapest to serve the purpose will the Government confirm that due consideration shall be given to this suggestion?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b*) & (*c*) The matter is under consideration of the Government.

MEMORANDUM FROM GRAMA JANA SABHA

**434. Sri. Alexander Vakayil:** Will the Hon'ble Minister for Public Works be pleaseh to stae.—

(*a*) has any memorandum been received from the Grama Jana Sabha, Kumbalangi regarding a through road connecting Trivandum with Cochin;

(*b*) if so, what are the schemes or proposals contained in it regarding this road construction;

(*c*) what action has been taken on this memorandum; and

(*d*) will the Government be pleased to investigate which proposal is of the maximum utility and minimum cost?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b*) The memorandum recommends the construction of a road along Kumbalangi, Ezhupunna, etc., to Thuravoor in preference to the construction of a bridge at Aroor-Edacochin and the road from Thuravoor to Chellanam.

(*c*) and (*d*) The matter is under the consideration of the Government.

## SHORT NOTICE QUESTION

### STAY ORDER IN THE INCOME-TAX DEPARTMENT

1. **Sri. P. M. Varghese:** Will the Hon'ble Minister for Income-tax be pleased to state.—

(*a*) whether they have issued stringent orders to the Income-tax Department to refuse to grant stay order for the realisation of tax demanded under any circumstances whatsoever;

(*b*) are the Government aware that under the cover of such executive instructions, the Income-tax Officers and appellate authorities competent to exercise discretion and stay coercive proceedings under the Income-tax Act, invariably refuse to exercise the power to grant stay in obviously hard cases of illegal and irregular assessments by Income-tax Officers, to the serious detriment of industrial and business enterprises employing large number of labourers; and

(*c*) have the Government received in the course of this week any express telegrams and petitions from Messrs. Hindustan Ceramic and Tile Works Ltd., Alwaye, complaining against illegal and arbitrary action of the Income-tax Officer, Alwaye, by starting coercive proceedings under the Revenue Recovery Act for non-payment of tax assessed on a non-resident assessee; if so, what action has been taken by the Government in the matter?

ബഹു: ശ്രീ. എ. ജെ. ജോൺ:

(എ) ആദായ നികുതി സംബന്ധിച്ചുള്ള നടപടികൾ യാതൊരു കാരണവശാലും നിറുത്തിവയ്ക്കരുതെന്നു് വിവരിച്ചു് ഗവമ്മെണ്ടു് ഉത്തരവു പുറപ്പെടുവിച്ചിട്ടില്ല.

(ബി) എ.യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബി. ഉദിക്കുന്നില്ല.

(സി) ഹിന്ദുസ്ഥാൻ സിറാമിക്ക് ആൻഡ് ടൈൽ വർക്സിന്റെ ഒരു ഹർജി കിട്ടിയിട്ടുണ്ടു്. അതു് ഇൻകംടാക്സ് കമ്മീഷന്റെ റിപ്പോർട്ടിനു് അയച്ചിരിക്കുകയാണു്.

ശ്രീ. പി. എം. വർഗ്ഗീസു്: ഈ റിപ്പോർട്ട് എത്ര കാലത്തിനുള്ളിൽ തരണമെന്നാണു് ആവശ്യപ്പെട്ടിട്ടുള്ളതു്?

ബഹു: ശ്രീ. എ. ജെ. ജോൺ: അതു് പെട്ടെന്നു് കിട്ടിയതുകൊണ്ടും വലിയ വിശേഷം ഒന്നുമില്ല. റിപ്പോർട്ട് കിട്ടിയാലും നടപടികൾ നിറുത്തിവയ്ക്കുന്നതിനു് ഗവമ്മെണ്ടിനു് സാധ്യമല്ല.

ശ്രീ. പി. എം. വർഗ്ഗീസു്: ഇതു് ഒരു ഫാക്ടറിയെ സംബന്ധിച്ചുള്ളതായതുകൊണ്ടു് അല്പസമയമെങ്കിലും കൊടുക്കുന്നതിനു് സാധിക്കുകയില്ലേ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഗവർമ്മെണ്ടിനു് അതിൽ പ്രവേശിക്കുന്നതിനു് യാതൊരു വ്യവസ്ഥയുമില്ല. ഇൻകംടാക്സു് ചുമത്തിയാൽ അതു കൊടുക്കുകയാണു് വേണ്ടതു്. അസ്സസ്സ്മെൻറ ശരിയല്ലെങ്കിൽ അപ്പീൽ കൊടുക്കാം.

ശ്രീ. പി. എം. വർഗ്ഗീസ്: അങ്ങിനെ ഒരു വ്യവസ്ഥയില്ലെങ്കിൽ അങ്ങിനെ ഒരു വ്യവസ്ഥയുണ്ടാക്കേണ്ടതു് അത്യാവശ്യമല്ലേ? അല്ലാത്തപക്ഷം ഫാക്ടറികൾ നശിച്ചുപോകുകയില്ലേ?

ബഹു. ശ്രീ. എ. ജെ. ജോൺ: പുതിയ ആക്ടു് പാസ്സാക്കിയിട്ടു് ൧൦ കൊല്ലം കഴിഞ്ഞു. ഇതുവരെ അതിന്റെ ആവശ്യം ഗവർമെണ്ടിനോ ഈ സഭക്കോ തോന്നിയിട്ടില്ല. ആവശ്യമാണെന്നുണ്ടെങ്കിൽ അതിനു് ഒരു ഭേദഗതി കൊണ്ടുവരുന്നതിനു് ബഹു. മെമ്പർക്കുതന്നെ അവകാശമുണ്ടു്.

## ADJOURNMENT MOTIONS

മി. സ്പീക്കർ: അഡ്ജോൺമെണ്ടു് മോഷൻസ് കിട്ടിയിട്ടുള്ളതിൽ ഒന്നു മിസ്റ്റർമാന്നാർ ഗോപാലൻ നായരുടേതാണു്.

അതു് വ്യയന്യൂനീകരണത്തിന്റെ പേരിൽ, തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിലെ വിവിധ ഡിപ്പാർട്ടുമെണ്ടുകളിൽനിന്നും താഴ്ന്ന ശമ്പളക്കാരായ ധാരാളം ജീവ

[Mr. Speaker]

നക്കാരെ ൧൧൨൫ ചിങ്ങം ൧-ാംനു മുതൽ പിരിച്ചുവിടുകയാൽ ഐക്യസംസ്ഥാനത്തെ അനേകം കുഡുംബങ്ങൾ നിത്യദാരിദ്ര്യത്തിൽ ആണ്ടിരിക്കുന്ന ഏററവും ഗൗരവാവഹവും വ്യക്തവുമായ കാര്യത്തെപ്പററി”ആണ്.

അതു സംബന്ധിച്ചു് മിനിസ്റ്റർക്കു് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കുറച്ചുപേരെ പിരിച്ചുവിട്ടു എന്നുള്ളതു് വാസ്തവമാണ്. ഈ സഭയിൽനിന്നും വ്യയന്യൂനീകരണംവളരെ എളുപ്പത്തിൽ നടപ്പിൽ വരുത്തണമെന്നു് പലപ്പോഴും ആവശ്യപ്പെട്ടിട്ടുള്ളതാണ്. വ്യയന്യൂനീകരണം കഴിയുന്നത്ര വേഗം നടപ്പിൽ വരുത്തുന്നതിലേക്ക ആവശ്യമായ നടപടികൾ ഗവമെന്റു കൈക്കൊള്ളുകയാണ് ചെയ്യുന്നതു്. അങ്ങനെ കൈക്കൊള്ളുന്ന അവസരത്തിൽ അതിൽനിന്നും സംജാതമാകുന്ന കാര്യങ്ങളെപ്പററി ചർച്ച ചെയ്യുന്നതിനും വാദപ്രതിവാദം നടത്തുന്നതിനുമായിട്ടാണ് ഈ അടിയന്തിര പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. സർ, ഈ വ്യയന്യൂനീകരണം നടപ്പിൽ വരുത്തേണ്ടതു് എല്ലാ വിധത്തിലും ആവശ്യമായ ഒരു കാര്യമാണ്. എന്നാൽ അതിന്റെ ഫലമായി ഉദ്യോഗങ്ങളിൽനിന്നും താല്ക്കാലികമായി പിരിഞ്ഞുപോകാൻ ഇടയാകുന്നവരെ വീണ്ടും ഉദ്യോഗത്തിൽ പ്രവേശിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ചെയ്യുന്നുണ്ട്. ൫൫ വയസ്സു തികയുന്നവരെ ഉദ്യോഗത്തിൽനിന്നും പിരിക്കണമെന്നുള്ള ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ട് ൫൫ വയസ്സിൽ പിരിയുന്നവർക്കു ൬൦ വയസ്സുവരെ ഉദ്യോഗത്തിൽ തുടരുകയാണെങ്കിൽ സിദ്ധിക്കുന്ന പെൻഷൻ കിട്ടാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങിനെ ൫൫ വയസ്സായവർക്കു പെൻഷൻ അനുവദിക്കുമ്പോൾ കുറെ അധികം ഉദ്യോഗങ്ങൾ ഒഴിവുവരുമെന്നു് ഗവമെന്റു ഉദ്ദേശിക്കുന്നു. ആ ഒഴിവുകളിൽ പിരിച്ചുവിട്ടവരെ തിരിയെ എടുക്കാമെന്നാണ് വിചാരിക്കുന്നതു്. അങ്ങിനെ വരുമ്പോൾ പലരും ഉദ്യോഗത്തിൽ തിരിയെ പ്രവേശിക്കുന്നതിനു് സാധിക്കുമെന്നാണ് ഗവമെന്റു് ഉദ്ദേശിക്കുന്നതു്.

മി. സ്പീക്കർ: ഗവമെന്റു ഭാഗത്തുനിന്നും നൽകിയിട്ടുള്ള വിശദീകരണത്തെ അടിസ്ഥാനമാക്കിയും ഇതു് ഒരു റീസന്റ് അക്കറൻസ് അല്ലെന്നുള്ള കാരണത്താലും അനുവാദം നിഷേധിച്ചിരിക്കുന്നു.

അടുത്ത പ്രമേയം മിസ്റ്റർ കണ്ണന്റേതാണ്.

അതു 'തിരുവനന്തപുരം സംസ്കൃത കാളേജു വിദ്യാർത്ഥികളുടെ ഏററവും ന്യായമായ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ടു ഗവമെന്റു ൧൧൨൪ മിഥുനം ൧൫-ാംനു പുറപ്പെടുവിച്ചിട്ടുള്ള പ്രസ്സ്നോട്ടു് പുറത്തുവന്നതിനു ശേഷം രണ്ടു പ്രാവശ്യം സിൻഡിക്കേററും ഒരു പ്രാവശ്യം സെനററും കൂടിയിട്ടും നടപ്പിൽ വരുത്താതിരിക്കുന്നതിനാൽ വിദ്യാർത്ഥികൾ ഒരു പഠിപ്പുമുടക്ക ആരംഭിച്ചതിനെ സംബന്ധിച്ചാണ്.

ഒരു റീസന്റ അക്കറൻസ് അല്ലെന്നുള്ള കാരണത്താൽ ഇതും തള്ളിയിരിക്കുന്നു.

അടുത്ത പ്രമേയവും മിസ്റ്റർ കണ്ണന്റേതാണ്.

അതു "സ്റ്റേററ് ട്രാൻസ്പോർട്ട് വകുപ്പിൽ ഏതാണ്ടു നാലു കൊല്ലത്തോളമായി ജോലി ചെയ്തുവരുന്ന റിസർവ്വ് ഡ്രൈവറന്മാരും കൺട്രാക്ടർമാരും ധാരാളം ഉള്ളപ്പോൾ അവരെ സ്ഥിരപ്പെടുത്തി നിയമിക്കുന്നതിനു പകരം ഇക്കഴിഞ്ഞ ചിങ്ങം ൧-ാംനു കൊല്ലം—ആലപ്പുഴ ലൈനിൽ പുതിയ ആളുകളെ ഡ്രൈവറന്മാരായും കൺട്രാക്ടർമാരായും റിക്രൂട്ടുചെയ്തതു സംബന്ധിച്ചാണ്.

അടിയന്തിരപ്രമേയത്തിനു വിഷയമാക്കേണ്ടതായ അടുത്തു നടന്ന ഒരു സംഭവമല്ല പ്രമേയവിഷയം. പ്രമേയം അനുവദിക്കത്തക്കതല്ല.

## VOTING OF DEMANDS FOR GRANTS

### Demand No. IX—General Administration—*(Cont.)*

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഇന്നലെ ഞാൻ പ്രസ്താവിച്ചുകൊണ്ടിരുന്നതു വ്യക്തമായ ഒരു പദ്ധതിയുടെ അഭാവംമൂലം ഭക്ഷ്യോല്പാദനം ഒട്ടുംതന്നെ പുരോഗമിച്ചിട്ടില്ലെന്നാണ്.

അടുത്തതായി എനിക്കു പറയാനുള്ളതു ഗവൺമെണ്ടിന്റെ ഒരു ഭവനനിർമ്മാണപദ്ധതി ഇല്ലാത്തതിനെപ്പററിയാണ്. ഭവനനിർമ്മാണം ഈ രാജ്യത്തു ഒട്ടുംതന്നെ പുരോഗമിച്ചിട്ടില്ല. ഭവനനിർമ്മാണത്തിന്റെ കാര്യമായി എന്തെങ്കിലും പ്രവർത്തിക്കുന്നതിനുള്ള ഒരു ഏർപ്പാടു ബഡ്ജററിലും കാണുന്നില്ല. ഒരു ഭവനനിർമ്മാണപദ്ധതി ആരംഭിക്കുന്നതിനുമുമ്പായി തിരുവിതാംകൂറിൽ സ്വന്തമായിട്ടു താമസസൌകര്യമില്ലാത്തവരും സ്വന്തകെട്ടിടം ഇല്ലാത്തവരുമായിട്ടു എത്ര ആളുകൾ ഉണ്ട്, അവർ എവിടെയാണ് ഇപ്പോൾ താമസിക്കുന്നതു്, അവർ എന്തെല്ലാം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു, അവർക്കുവേണ്ടി എന്തൊരു പദ്ധതിയാണ് ഗവൺമെണ്ടു സ്വീകരിക്കേണ്ടതു്, എന്നീ കാര്യങ്ങളെ സംബന്ധിച്ചു ഗവൺമെണ്ടു ആലോചിക്കുകപോലും ചെയ്തിട്ടുള്ളതായി കാണുന്നില്ല. അതിനെപ്പററി ഒരന്വേഷണം നടത്താൻപോലും ഗവൺമെണ്ടു തയ്യാറായിട്ടില്ല. ഗവൺമെണ്ട് അതിനു എന്തു ചെയ്യാൻ പോകുന്നുവെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ഇതുപറയുമ്പോൾ ഒരു സംഗതി ഈ സഭയുടെ ബഹു. അംഗങ്ങളെ അനുസ്മരിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു. പണമില്ലാത്തതുകൊണ്ടു പല പദ്ധതികളും ഉടനെ ആരംഭിക്കാൻ നിവൃത്തിയില്ലെന്നാണ് ഗവൺമെണ്ടു സാധാരണ പറയുന്നതു്. എന്നാൽ വളരെ അത്യാവശ്യമുള്ള പലതും ചെയ്യാൻ പണമില്ലെന്നു പറയുന്ന ഗവൺമെണ്ടു അതേ അവസരത്തിൽ ആഡംബരങ്ങൾക്കും, ആർഭാടങ്ങൾക്കും വേണ്ടി ധാരാളം പണം ചിലവു ചെയ്തുകൊണ്ടിരിക്കുന്നതായി കാണുന്നു. സർ, വീടില്ലാത്തവർക്കു വീടൊ, താമസിക്കാൻ സ്ഥലമില്ലാത്തവർക്കു സ്ഥലമൊ ഉണ്ടാക്കിക്കൊടുക്കുന്നതിനു പണമില്ലാത്ത ഗവൺമെണ്ടു ഈ ഹജൂർകച്ചേരിയിൽതന്നെ എത്രയൊ കക്കൂസുകൾ ഉണ്ടാക്കുന്നതിനായി പണം ചിലവു ചെയ്തിട്ടുള്ളതായി കാണുന്നു. താമസിക്കാൻ സ്ഥലമില്ലാതെ ആളുകൾ കഷ്ടപ്പെടുന്ന ഈ കാലത്തു, അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ ഗവൺമെണ്ടു പണമില്ലാതെ വിഷമിക്കുന്നു എന്നു പറയുന്ന ഈ കാലത്തു ആവശ്യത്തിനു ഒന്നോരണ്ടോ കക്കൂസുകൾ മാത്രം ഉണ്ടാക്കി തൃപ്തിപ്പെടാമായിരുന്നില്ലെ എന്നു ഞാൻ ചോദിക്കുന്നു.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ഈ ഹജൂർ കച്ചേരിയുടെ മുകളിലത്തെ നിലയിൽ തന്നെ എത്ര കക്കൂസുകൾ ഉണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഞാൻ കക്കൂസുകളുടെ സെൻസസ്സ് എടുത്തിട്ടില്ല. ധാരാളം കക്കൂസുകൾ ഉണ്ടാക്കിയിട്ടുണ്ടെന്നു ഒരു ആരോപണം പത്രങ്ങളിൽ വായിച്ചിട്ടുണ്ട്. അതിലെ പോകുമ്പോൾ ധാരാളം കുഴലുകളും ഇറക്കിയിരിക്കുന്നതായി കാണുന്നുണ്ട്. എത്രയൊ അത്യാവശ്യകാര്യങ്ങളെപ്പററി ആലോചിക്കുകപോലും ചെയ്യാത്ത ഗവൺമെണ്ടിനു ഈ കക്കൂസുപണിക്ക് യാതൊരാലോചനയും വേണ്ടിവന്നില്ല. അതിനുമുമ്പു അതു നടന്നുകഴിഞ്ഞു. അതുകൊണ്ടാണ് ഞാൻ പറയുന്നതു് ഈ ഗവൺമെണ്ട് അത്യാവശ്യകാര്യങ്ങളിൽ വളരെ അനാസ്ഥകാണിക്കുന്നു എന്ന്. ഈ വക പദ്ധതികളെപ്പററി യാതൊന്നും കാര്യമായി ആലോചിച്ചിട്ടില്ലെന്നും ജനകീയഭരണം വന്നതിനുശേഷവും പഴയ ഭരണത്തിൽനിന്നും ഇപ്പോഴത്തെ ഭരണത്തിനു മൌലികമായ യാതൊരു മാററവും വന്നിട്ടില്ലെന്നുമാണ് എനിക്കു പറയാനുള്ളതു്.

പഴയ ഭരണത്തിൽനിന്നും പുതിയ ഭരണത്തിൽ യാതൊരു വ്യതിയാനവും വന്നിട്ടില്ലെന്നു പറയുന്നതിനു വേറെയും പല കാരണങ്ങൾ ഉണ്ട്. ദൈനംദിനഭരണത്തിൽ എന്തെങ്കിലും മാററം വന്നിട്ടുണ്ടൊ എന്നു നോക്കാം. മുമ്പു ദൈനംദിനഭരണം ശരിയായി നടക്കുന്നില്ലെന്ന് ഒരാരോപണം ഉണ്ടായിരുന്നു. ഉദ്യോഗ നിയമനകാര്യങ്ങളിൽ കാര്യക്ഷമതയെ നോക്കാതെ സേവ, മററു പല വ്യക്തിപരമായ പരിഗണനകൾ ഇവ നോക്കി നിയമനങ്ങൾ നടത്തിപ്പോന്നിരുന്നു എന്നു ഒരാരോപണം ഉണ്ടായിരുന്നു. ഒരു സംഗതി ഗവൺമെണ്ടിനേയും ബഹു. സഭയേയും അറിയിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ നടക്കുന്ന നിയമനങ്ങളിൽ വർഗ്ഗീയവും രാഷ്ട്രീയവുമായ പരിഗണനകൾ വളരെ പ്രാധാന്യം അർഹിക്കുന്നു എന്നു ബലമായ ഒരഭിപ്രായം ജനങ്ങളുടെ ഇടയിലുണ്ട്. അതിനു അടിസ്ഥാനമില്ലെന്നും ഞാൻ വിശ്വസിക്കുന്നില്ല. അതിനു തക്കതായ കാരണമുണ്ടെന്നു ഞാൻ പറയുന്നു. രാഷ്ട്രീയവും, വർഗ്ഗീയവും, മററുവിധത്തിലുള്ളതുമായ സകല പരിഗണനകളും, ഉപേക്ഷിച്ചു കാര്യക്ഷമതയെമാത്രം പരിഗണിച്ചു നിയമനങ്ങൾ എന്തുകൊണ്ടു നടത്തിക്കൂടാ എന്നു ഞാൻ ചോദിക്കുന്നു. അതിനുള്ള ധൈര്യം ജനകീയമെന്നു പറയുന്ന ഈ ഗവൺമെണ്ടിനില്ലേ എന്നു ഞാൻ ചോദിക്കുന്നു. അപ്രകാരം ഒന്നും ചെയ്തുകാണുന്നില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

[Sri. Kalathil Velayudhan Nair]

സർ, ഇനി മറെറാരു കാര്യം എനിക്കു ഈ സഭയെ അറിയിക്കുവാനുള്ളതു് ഇപ്പോൾ ആവശ്യമുള്ള ഉദ്യോഗങ്ങൾ നിറുത്തി വെയ്ക്കുകയും ആവശ്യമില്ലാത്ത ഉദ്യോഗങ്ങളിൽ ആളുകളെ വെച്ചു ശമ്പളം കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നുള്ളതിനെപ്പററിയാണു്. ഇപ്പോൾ ധാരാളം ഉദ്യോഗസ്ഥന്മാർ അവധി എടുത്തിരിക്കുകയാണു്. രജിസ്ട്രേഷൻ ഡയറക്ടർ, ചീഫ് പെട്രോൾ റേഷനിംഗ് ആഫീസർ ഇങ്ങനെ പലരും അവധി എടുത്തിരിക്കയാണു്. എന്താണു് ഇതിനു കാരണം? അവർക്കു കൊടുക്കാൻ ഇവിടെ ഉദ്യോഗം കണ്ടില്ല. എന്നാൽ അവർക്കു ശമ്പളം കൊടുക്കുകയും വേണം. ഇതിനെപ്പററി വ്യക്തമായ യാതൊരു നയവും ഗവൺമെണ്ടു സ്വീകരിച്ചിട്ടില്ല. ഇന്നലെ ഒരു ചോദ്യത്തിനു ഉത്തരമായി ബഹു. പ്രധാനമന്ത്രി പറഞ്ഞു, പബ്ലിക്കു സർവ്വീസ് കമ്മീഷണരായിരുന്ന മി. സബ്യാസ്റ്റ്യനെ പബ്ലിക്കു സർവ്വീസ് റൂൾസ് എഴുതാനായി നിയമിച്ചിരിക്കുന്നുവെന്നു്. മിസ്റ്റർ സബാസ്റ്റ്യനു വേറെ ഉദ്യോഗം കൊടുത്തപ്പോൾ റൂൾ എഴുതുന്നതിനു മിസ്റ്റർ വേലുണ്ണിയെ ഏല്പിച്ചു. എന്തിനാണു്, സർ, ഈ വേലുണ്ണിയെ നിയമിച്ചതു്? മിസ്റ്റർ സബാസ്റ്റ്യനുതന്നെ റൂൾ എഴുതാമായിരുന്നില്ലേ? ഇപ്പോൾ പബ്ലിക്കു സർവ്വീസ് കമ്മീഷൻ ചെയർമാനായിട്ടു നിയമിതനായിരിക്കുന്ന ഒരു മാന്യൻ ഇവിടെ വന്നു ചാർജ്ജു എടുത്തു കഴിഞ്ഞിരിക്കുന്നു. അദ്ദേഹം മദ്രാസിലെ ഒരു പെൻഷൻ ഹൈക്കോടതി ജഡ്ജിയാണു്. അദ്ദേഹം ഉള്ള സ്ഥിതിക്കു എന്തിനു ഈ റൂൾ എഴുതിനു മറെറാരു ഉദ്യോഗസ്ഥനെ നിയമിക്കുന്നു, സർ? മി. വേലുണ്ണിയെക്കൊണ്ടു് പ്രയോജനകരമായ മറെറന്തെങ്കിലും ജോലി ചെയ്യിക്കാമായിരുന്നില്ലേ എന്നു ഞാൻ ചോദിക്കുന്നു. ഇതെല്ലാം ഞാൻ പറയുന്നതു ആവശ്യമില്ലാത്ത നിയമനങ്ങൾ ആവശ്യമില്ലാത്ത സമയത്തു ചെയ്തു് ഗവൺമെണ്ടു പണം ദുർവ്യയം ചെയ്യുന്നു എന്നു കാണിക്കുന്നതിനാണു്. റൂൾ എഴുതി പൂർത്തിയായതിനുശേഷം കമ്മീഷനെ നിയമിച്ചാൽ മതിയായിരുന്നല്ലോ. അത്രയുംകാലത്തെ ശമ്പളവും അലവൻസും നഷ്ടമല്ലെ എന്നു ഞാൻ ചോദിക്കുന്നു. അതുപോലെതന്നെ ഇവിടെ ഒരു പേ കമ്മീഷൻ ഇപ്പോഴും ശമ്പളം പററിക്കൊണ്ടു പ്രവർത്തനം നടത്തുന്നു എന്നു പറയുന്നു. റിട്രെഞ്ച്മെൻറു പൂർത്തിയാക്കി ഏതെല്ലാം ഉദ്യോഗങ്ങളാണു് ഈ ഐക്യസംസ്ഥാനത്തിനു വേണ്ടതെന്നു നിശ്ചയിക്കുന്നതിനുമുമ്പു എന്തിനാണു് ഈ പേകമ്മീഷൻ പ്രവർത്തനം നടത്തുന്നതു്? ഏതാനും മാസങ്ങൾക്കു മുമ്പു നിയമിച്ച ഈ പേകമ്മീഷൻ ഇതുവരെ എന്തു ജോലി ചെയ്യുകയായിരുന്നു? സർ, ഈ മാതിരി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയാണെങ്കിൽ കുറെ അധികമുണ്ടു്. അതുകൊണ്ടു ഈ പൊതുഭരണം സംബന്ധിച്ചു പല കാര്യങ്ങളിലും ഗവൺമെണ്ടു വളരെ അനാസ്ഥ കാണിക്കുന്നു എന്നു സഭയെ അനുസ്മരിപ്പിച്ചുകൊണ്ടു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

**Sri. K. P. Neelakanta Pillai :** Will I be permitted to move the substantial cut motion so that it may be put to vote at the end of the discussion ?

**Mr. Speaker :** You can speak on the substance of that cut motion and also on the general policy.

**Sri. K. P. Neelakanta Pillai :** The motion that I wanted to move before this House was to reduce the allotment for Ministers of Rs. 1,42,108 by Rs. 94,738 which represents the pay and other remuneration of four Ministers. The purpose of the motion, Hon'ble Members of this House can very well understand, because there is unanimity in the opinion not only of the public but also among Congress Party Members and other persons who have the interest of the country at heart, that we are having more Ministers than the country really needs.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: സർ, ഒരു പോയിൻറ ഓഫ് ആർഡർ. കഴിഞ്ഞ നിയമസഭയിൽ ബഡ്ജററ വിമർശനവേളയിൽ മിനിസ്ട്രിയുടെ ഘടനയെ സംബന്ധിച്ചു പരാമർശനം ഉണ്ടായപ്പോൾ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. പട്ടം താണുപിള്ള ഉന്നയിച്ച ഒരു പോയിൻറ് ഓഫ് ആർഡർ ഈയവസരത്തിൽ സ്പീക്കറുടെ ദൃഷ്ടിയിൽ പെടുത്തുകയും അതിനെസംബന്ധിച്ചു ഒരു റൂളിംഗ് ആവശ്യപ്പെടുകയുമാണു് ഞാൻ ചെയ്യുന്നതു്.

"ഗവൺമെണ്ടിൻെറ ചെയ്തികളെക്കുറിച്ചു വിമർശനം നടത്തുന്നതിനു യാതൊരാക്ഷേപവുമില്ല. എന്നാൽ മിനിസ്ട്രിയുടെ കാമ്പോസിഷനെക്കുറിച്ചു വിമർശനം ചെയ്യാൻ പാടില്ല. പ്രധാനമന്ത്രിയെ മഹാരാജാവു തിരുമനസ്സുകൊണ്ടു നിയമിക്കുന്നു. പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം മഹാരാജാവു തിരുമനസ്സുകൊണ്ടുതന്നെ സഹമന്ത്രിമാരെയും നിയമിക്കുന്നു

അതനുസരിച്ചു അവർ ഭരണം നടത്തുന്നു. അവർ നടത്തുന്ന ഭരണത്തെ വിമർശിക്കുന്നതിനും ആക്ഷേപങ്ങളും ഉണ്ടെങ്കിൽ അതു പ്രകടിപ്പിക്കുന്നതിനും ഈ സഭക്കു അവകാശമുണ്ടു്. എന്നാൽ മിനിസ്ട്രിയുടെ കാമ്പോസിഷനെക്കുറിച്ചു് അതായതു് അതിന്റെ ഘടനയെക്കുറിച്ചു വിമർശനം നടത്തുന്നതിനു ഈ സഭക്കു് അധികാരം ഇല്ലെന്നു് ഒരു പോയിന്റു ഓഫ് ഓർഡർ ഞാൻ ഉന്നയിച്ചുകൊള്ളുന്നു."

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുല്ല: അന്നത്തെ റൂളിംഗു കൂടി ഒന്നു വായിച്ചാൽ കൊള്ളാം.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: അന്നു റൂളിംഗ് ഒന്നും ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: മന്ത്രിമാരെ നിയമിക്കുന്ന കാര്യം വാദപ്രതിവാദത്തിനു വിഷയമാക്കത്തക്കതാണെന്നു തോന്നുന്നില്ല. എന്നാൽ എണ്ണത്തിൽ മന്ത്രിമാരുടെ സംഖ്യ ആവശ്യത്തിൽ കൂടുതലായതുകൊണ്ടു് അവരുടെ ശമ്പളച്ചിലവു മുഴവനും നീതീകരിക്കത്തക്കതല്ലെന്നും കാര്യക്ഷമതയ്ക്കു ഹാനികരമാണെന്നും അഭിപ്രായപ്പെടുന്നതിലും ആ സംഗതികൾ വിമർശനത്തിനു വിഷയമാക്കുന്നതിലും തെററു ഒന്നും കാണുന്നില്ല.

**Sri. K. P. Neelakanta Pillai:** I was quite clear in pointing out what I was proposing to do. I never wanted to refer to the details which took place about the formation of the Ministry. One Minister was asked to resign within 24 hours and three Ministers were.....

മി. സ്പീക്കർ: ഒരു സംഗതി ഞാൻ പറയുന്നില്ല എന്നു പറഞ്ഞുകൊണ്ടു് അതു തന്നെ പറയുന്നതു് ശരിയല്ല.

**Sri. K. P. Neelakanta Pillai:** I never wanted to refer to it. (Laughter).

Sir, even the President of the District Congress Committee wanted this country to understand that he did not want more than three Ministers. Now, we are having a party Government in which the Congress party dominates the administration and the members of that party—Messrs. Mankuzhi Madhavan, V. K. Varghese, Ittiara Ambookan, Natarajan Chettiar—all these Hon'ble Members have tabled cut motions before this House recommending that they do not want so many Ministers and that the number of Ministers should be reduced. Therefore, my point is, an authority so far as the Congress organization is concerned—the President of the District Congress Committee—is very clear in this point that we do not want more than three Ministers. From the newspapers we can very well understand that there is practically unanimity in their opinion that more Ministers are here than we do really want. Nevertheless the administration is made more inefficient in spite of the fact that we are having more Ministers. Therfore, the point is that four Ministers must be asked to quit the Ministry. It may be argued that the more Ministere we have, the efficiency of the administration will be increased. But let us examine what exactly the moto or the policy which this administration follows. I have heard about the 'Spoils system' in America which Mr. Jackson introduced. When he succeeded in sweeping the polls.....

ബഹു. ശ്രീ. എ. ജെ. ജോൺ: മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിക്കുന്ന കട്ട് മോഷൻ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിമാൻഡിൽ ചീഫ് മിനിസ്റ്റർക്കുള്ള ചിലവിൽ അയ്യായിരത്തി ഇരുനൂററി അൻപതു രൂപാ കുറക്കണമെന്നാണ്.

**Sri. K. P. Nilakanta Pillai:** No, Sir. I have already sent a dozen motions to which I invite your attention.

ബഹു. ശ്രീ. എ. ജെ. ജോൺ: ഈ അയ്യായിരത്തി ഇരുനൂററി അൻപതു രൂപായിൽനിന്നും ഒരു രൂപാ കുറക്കണമെന്നുള്ളതാണ് അദ്ദേഹം അയച്ചിട്ടുള്ള കട്ട് മോഷൻ. അതിനെ നിഷേധിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. വേറെ പല വിചാരങ്ങളും വികാരങ്ങളും അദ്ദേഹത്തിനുണ്ടായിരിക്കാം. എന്നാൽ ഒരു സ്പെസിഫിക്ക് മോഷനെപ്പററി സംസാരിക്കുമ്പോൾ മാത്രമേ മിനിസ്റ്റർമാരുടെ കാമ്പോസിഷനെപ്പററി ഡിസ്കസ് ചെയ്യാൻ പാടുള്ളു എന്നാണ് എനിക്കു പറയാനുള്ളതു്. അതേപ്പററി ഒരു റൂളിംഗ് ഉണ്ടാകണം.

**Sri. K. P. Nilakanta Pillai:** The Hon'ble Finance Minister must have been asleep while we were moving the cut motions.

മി. സ്പീക്കർ: ടോക്കൺമോഷൻ അനുസരിച്ച് ഏതെങ്കിലും തുകകൾ കുറക്കണമെന്ന് മെമ്പറന്മാർ അയച്ചിട്ടുള്ള ഖണ്ഡനോപക്ഷേപങ്ങൾ വാദപ്രതിവാദത്തിനെടുക്കാമെന്നും, ഏതെങ്കിലും ഒരു പൊതു പ്രമേയത്തെ അടിസ്ഥാനമാക്കി പൊതുനയത്തെപ്പറ്റി എല്ലാവർക്കും വാദപ്രതിവാദം നടത്താൻ സൗകര്യമുണ്ടാക്കാമെന്നും മറ്റു പ്രമേയങ്ങൾ അയച്ചിട്ടുള്ളവർക്ക് അവർ അയച്ചിട്ടുള്ള പ്രമേയങ്ങളിൽ കാണിച്ചിരിക്കുന്ന സംഗതികളെപ്പറ്റി പ്രത്യേകിച്ച് ചർച്ച ചെയ്യുന്നതിനു സൗകര്യം ഉണ്ടായിരിക്കുമെന്നുമാണ് ഹൌസ് സ്വീകരിച്ചതും അനുകരിച്ചുവരുന്നതുമായ നടപടി. അതനുസരിച്ചാണ് ടോട്ടൽകട്ടിനെപ്പറ്റിയുള്ള മോഷൻ ആദ്യമായി ചർച്ചക്കെടുക്കുന്നതു്. ഇപ്പോൾ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെപ്പറ്റിയുള്ള വാദപ്രതിവാദത്തിൽ ജനറൽ പാളിസിയെപ്പറ്റിയും സംസാരിക്കാവുന്നതാണ്.

**Sri. K. P. Nilakanta Pillai:** There may be more such attempts, from what I understant, at heckling the members. I don't mind. I was referring that it was President Jackson who introduced that principle in America that when a party gets the power they fill all offices with the men of that party. That is a very, very dangerous practice, Sir. Several such appointments were made by this administration. I don't want to refer to any individual appointments, but several of them both big and small were made by the present administration and each one of them has a history behind it. Is that what we expected from this administration? This if what is meant by 'spoils system'. Sir, every appointment thus made is questionable.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്: Sir, on a point of order. ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ളതന്നെ ഉന്നയിച്ച ഒരു പോയിൻറ് ഓഫ് ഓർഡറിൽ ഇതിനു മുമ്പ് ഒരു നിയമസഭയിലെ റൂളിംഗ് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഒരു റൂളിംഗ് ആവശ്യപ്പെടുകയാണ്.

ശ്രീ. ഇട്ടീര അയ്യൂക്കൻ: സർ, ഇതു് എന്നത്തെ കാര്യമാണ്?

**Sahib Bahadur V. A. Abdul Aziz:** I rise to a point of order. Sir, it has been already ruled that what transpired within the Ministry is not a matter for discussion in the House. Now it is plain from the speech from a member belonging to the party opposite that what transpired within the Ministry is being referred to here. I may refer to 'Keith's British Cabinet System' page 151 wherein it is stated:

"It is inherent in the position of Cabinet Ministers that they should maintain the confidential character of their proceedings. They are charged with the duty of confidential advice to the Crown on the conduct of affairs of the most vital public importance, and they have collective responsibility. The conduct of Government is already difficult enough when on dubious issues the electorate is asked to accept decisions which seem unsatisfactory, and to place trust in the conduct or Air Ministry, after a competent committee has criticised with evident justice the civil side of its work. But it would be impossible for any Ministry to carry on, if it were known that there were divisions of opinion in the Government, and that a decision was merely that of a small majority........

As a rule, a Ministry who retires gives a fairly full exculpation of his conduct, but his attitude is necessarily affected by his feeling as to future co-operation with his party, and the more serious question of the degree of injury to the public interest which indiscreet disclosures may involve"........

Here also we have got an oath of secrecy which reads thus;—

**Mr. Speaker:** It is a long quotation. What is it that the Member wants?

**Sahib Bahadur V. A. Abdul Aziz:** Sir, this is the ruling given then:

"Jennings on Cabinet Government also says: (Page 208)".

**Mr. Speaker:** The position is sufficiently clear. The member need not read out the whole portion but may proceed to state the point of order.

**Sahib Bahadur V. A. Abdul Aziz:** Sir, one sentence more.

"So I rule that no reference should be made to the proceedings of the Cabinet". ഇങ്ങനെ ക്യാബിനററ് പ്രൊസീഡിംഗ്സിനെ സംബന്ധിച്ചും ക്യാബിനററ് കാമ്പോസിഷനെ സംബന്ധിച്ചും ഉള്ള വാദപ്രതിവാദങ്ങളെ അടിസ്ഥാനമാക്കി കഴിഞ്ഞ നിയമസഭയിൽ ഉന്നയിച്ചിട്ടുള്ള വാദങ്ങളെപ്പറ്റി ഒരു റൂളിംഗ് ഉണ്ടായതിനെയാണ് ഞാൻ സ്പീക്ക

റുടെ ശ്രദ്ധയിൽ പെടുത്തുന്നതു്. ആ റൂളിംഗ് ഇന്നും നിലവിലിരിക്കുകയാണോ അല്ലയോ എന്നുള്ളതിനെപ്പററി ഒരു റൂളിംഗ് ആണ് ഞാൻ ആവശ്യപ്പെടുന്നതു്.

മി. സ്പീക്കർ: മെമ്പർ ഉദ്ധരിച്ച റൂളിംഗ് വളരെ ശരിയാണു്. എന്നാൽ ഇവിടെ അതിനു ആവശ്യവും സന്ദർഭവും ഉണ്ടായിട്ടില്ലാത്തതുകൊണ്ടു അതു ഉദ്ധരിച്ചതു സന്ദർഭോചിതമല്ലെന്നേ ഉള്ളു. മിനിസ്റ്ററി നടത്തുന്ന നിയമനങ്ങൾ, സ്വീകരിച്ചു നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ,-അവയിൽ അന്തർഭവിച്ചിട്ടുള്ള തത്വം ഇതുകളെപ്പററി വിമർശിക്കുന്നതു തെററല്ല. ഇതൊന്നും ക്യാബിനററ നടപടികൾ (proceedings) എന്ന പദപ്രയോഗത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല.

**Sri. K. P. Nilakanta Pillai:** Therefore, Sir, when this Spoils System was taken to its extreme limits the American nation was compelled to enact a law which is known by the name 'Pendeletons Act' to restrain the leader from making these appointments under the 'Spoils System'.

Sir, I want to mention also another point. There is a tendency for this administration to deve'op a fascist mentality. Because you will find from the Budget that some attempts are made to make certain items of expenditure non-votable without any justification whatever. For example, the Miscellaneous and Political Department including the Guests House. Expenditure on this head has been made non-votable without any justification whatever. Sir, during Sir C. P. Ramaswami Ayyar's regime it is a well-known fact that every express train brought a dozen persons from Madras to be treated as state guests here. And a few men were brought down from Madras to utilise their services in the Guests Department as caterers and entertainers. A Superintendent was also brought down from Madras. At that time we were not allowed to question these appointments and the expenditure to be incurred in this connection was made non-votable. The same thing is repeated now also. But the Cochin administration thought it decent to make this department votable. They were more sensible and responsihle to the people but after coming over here they have fallen into this bad company. Under a label pasted over this department it is made nonvotable. This is an index of the responsibility of the present administration. If the label is removed the whole thing appears naked.

Now, Sir, what about this accumulation of appointments and committees over committees. There were two bodies set up to make the working of the Transport Department more efficient. One is the Transport Advisory Board and the other the Transport Executive Committee. The latter is appointed by the Government and is composed of the Financial Secretary to Government, the Chief Engineer and other big officers, and the former is elected by this House. Over and above these two bodies the Government have now appointed a two-man committee without reference to this legislature or the committees concerned. This superfluous body has been appointed merely to placate the more rebellious among that group which support the present administration.

**The Hon'blo Sri. E. John Philipose:** I repudiate that statement.

**Sri. K. P. Nilacanta Pillai:** Is the Hon'ble Minister ignorant of the newly set up two man Committee? I was speaking of the two man committee. Does The Hon'ble Minister repudiate the fact that there is such a committee?

**The Hon'ble Sri. E. Jonh Philpose:** I repudiate the statement made by the Member that this committee was appointed to appease certain rebellious elements. The function of this committee is different from the function of the other two bodies.

**Sri. K. P. Nilacanta Pillai:** Am I to understand that the two committees already working are unable to do that part of the work?

**The Hon'ble Sri. E. John Philipose:** Certainly.

**Sri. K. P. Nilacanta Pillai:** I am at a loss to understand why the Hon'ble Minister shows so much over-anxiety in this matter?

**Mr. Speaker:** No discussion please. Personal references are not allowed.

**Sri. K. P. Nilacanta Pillai:** It should not be allowed; Sir. (Laughter).

ശ്രീ. ജി. ചന്ദ്രശേഖരൻ പിള്ള: സർ, ഒരു മെംബർക്കു എത്ര മിനിട്ടു സംസാരിക്കാൻ അനുവദിച്ചിട്ടുണ്ടു്?

**Sri. K. P. Nilacanta Pillai:** Sir, I have not been able to utilise the time allotted to me as the major portion of it was consumed by the Whip of the party on the right. Sir, I was saying that these appointments were made to placate the support of a certain rebellious section in the party in power.

Now I want to say a few words on the act of wanton interference in matters that are strictly within the jurisdiction of the University. The University has been brought into existence by a proclamation and it was accepted on all hands that the University was fully autonomous, and on matters purely academic they were free to have their way. But the present Chief Minister eliminated the Pre-University class as his first administrative action. This was done without reference to this Body. Next we see one fine morning the opening of a new Law College at Ernakulam, and one which existed at Trivandrum ceased to function. The University did not know about it. The syndicate or senate had no knowledge of it. Is this the way, I ask, a responsible Government function? These are the most glaring acts of commission by the present administration.

ശ്രീ. പി. കെ. ഡീവർ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ഉപക്ഷേപം ഗവമ്മെണ്ടിന്റെ പൊതുനയത്തെപ്പററി വിമർശിക്കുന്നതിനാണ്. ഗവമ്മെണ്ടിന്റെ പൊതുനയത്തെപ്പററിയുള്ള വിമർശനം ഗവമ്മെണ്ടിനു വളരെ സഹായകമായിരിക്കുമെന്നുള്ളതിനു സംശയമില്ല. നാം ഇന്നു പുതിയ ഒരു സമ്പ്രദായത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. ബഡ്ജററിനെപ്പററിയുള്ള സാമാന്യവിമർശനവേളയിലും ഇപ്പോൾ പൊതുഭരണത്തെപ്പററിയുണ്ടായ വിമർശനവേളയിലും ഭരണം പഴയപടിയിൽതന്നെ ഇരിക്കുന്നു എന്നുള്ള ഒരാക്ഷേപമാണ് നാം കേട്ടതു്. ഉത്തരവാദിത്വഭരണം വളരെ പ്രയത്നപ്പെട്ടു നാം സമ്പാദിച്ചു. അതു നമുക്കു ലഭിച്ചുകഴിഞ്ഞിട്ടും അതിന്റെ ഫലം ജനങ്ങൾക്കു വേണ്ടപോലെ കിട്ടുന്നില്ലെന്നാണ് പ്രധാനമായി ഇവിടെ കേട്ട ആക്ഷേപം. ഒരു ബഹു. മന്ത്രി അടുത്തൊരുദിവസം പറഞ്ഞതുപോലെ, ഉത്തരവാദഭരണം കിട്ടിക്കഴിഞ്ഞതിനുശേഷവും ജനപ്രതിനിധികളിൽനിന്നും പുറപ്പെടുന്ന വിമർശനങ്ങളും പഴയപടി നിരുത്തരവാദപരങ്ങളായിരിക്കുന്നു എന്നു കാണുന്നതു നിർഭാഗ്യകരമാണ്. ഇന്നത്തെ ഗവമ്മെണ്ടു നമ്മുടെ ഗവമ്മെണ്ടാണെന്നും, ആ ഗവമ്മെണ്ടിനെ മാററുവാനുള്ള അധികാരവും നമ്മുടെ കയ്യിൽത്തന്നെ സ്ഥിതിചെയ്യുന്നുവെന്നും ഉള്ള സംഗതി നാം വിസ്മരിച്ചുകൂടാത്തതാകുന്നു. ഉത്തരവാദഭരണത്തെപ്പററി ആക്ഷേപം പുറപ്പെടുവിക്കുമ്പോൾ, ഒരുതരത്തിൽ പറഞ്ഞാൽ നാം നമ്മെത്തന്നെ ആക്ഷേപിക്കുന്നതിനു തുല്യമാണ്. ഇവിടെ കൊണ്ടുവന്ന പ്രധാന ആക്ഷേപം ജനങ്ങൾക്കാവശ്യമായ വിധത്തിൽ ഭരണം കൊണ്ടുപോകുന്നില്ലെന്നുള്ളതാണ്. ഇന്നത്തെ ഭരണം വളരെ അധികം പുരോഗമിക്കേണ്ടതുണ്ടെന്നു നമുക്കെല്ലാവക്കും അറിയാവുന്നതുപോലെ മന്ത്രിസഭക്കും അറിയാം. പോരായ്മകൾ ഇന്നയിന്നവയെല്ലാം ആണെന്നു ചൂണ്ടിക്കാണിക്കേണ്ടതു നമ്മുടെ കടമയാണ്. നമ്മുടെ ജനപ്രതിനിധികൾ ഇവിടെ ഭരണം നടത്തുവാൻ തുടങ്ങിയിട്ടും ഇന്നലത്തെ ദാരിദ്ര്യം ഇന്നും മാറിയിട്ടില്ല എന്നുള്ള ആക്ഷേപത്തോടുകൂടി യോജിക്കാൻ ഞാനും തയ്യാറാണ്. എന്നാൽ സാമാന്യജനങ്ങളുടെ കഷ്ടപ്പാടുകൾ മാറുന്നതിനുവേണ്ടിയുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനു പകരം ഉത്തരവാദഭരണത്തെപ്പററിത്തന്നെ ആക്ഷേപിക്കുന്നതു വളരെ നിർഭാഗ്യകരമാണ്. ആക്ഷേപത്തിനുവേണ്ടി ആക്ഷേപം ഉത്തരവാദപ്പെട്ട ജനപ്രതിനിധികൾക്കു ചേന്നതല്ല. ഇവിടെ എതൃപക്ഷത്തു നില്ക്കുന്ന ചില ബഹുമാന്യ സാമാജികന്മാർ ഗവമ്മെണ്ടിനെപ്പററി പുറപ്പെടുവിച്ച ആക്ഷേപങ്ങൾ വിചിത്രതരങ്ങളായിരിക്കുന്നു എന്നേ പറയേണ്ടൂ. മുമ്പിലത്തെ മന്ത്രിസഭ അരിവില കൂട്ടി സാമാന്യജനങ്ങളെ സഹായിച്ചപ്പോൾ ഇപ്പോഴത്തെ മന്ത്രിസഭ അരിയുടെ വില കുറച്ചു് സാമാന്യജനങ്ങളെ ദ്രോഹിച്ചുവത്രേ? സാമാന്യജനങ്ങളോടുള്ള ഔദാര്യപൂർവ്വകമായ ഒരു നയമെന്നവണ്ണം സെയിൽസ് ടാക്സ് ഉടനടി ഏർപ്പെടുത്താൻ പഴയ മന്ത്രിസഭ തീരുമാനിച്ചപ്പോൾ പുതിയ മന്ത്രിസഭ ആ നികുതി നടപ്പിലാക്കാൻ എട്ടുപത്തുമാസം വൈകിച്ചുവത്രേ?

സർ, നമുക്കു കൈവന്നിരിക്കുന്ന ഈ ഉത്തരവാദഭരണത്തിന്റെ ഫലമായി, വളരെക്കാലമായി നിലനിന്നുപോരുന്ന സാമൂഹ്യദോഷങ്ങളെ പെട്ടെന്നു് നിർമ്മാർജ്ജനം ചെയ്യാൻ കഴിയുമോ എന്നാണ് നാം ആലോചിക്കേണ്ടതു്. എനിക്കു ഈ അവസരത്തിൽ ഗവമ്മെണ്ടിനോടു പറയാനുള്ളതു്, ഒരു സാമൃദ്ധ്യരാഷ്ട്രത്തെ പടുത്തുകെട്ടുന്നതിന് ആവശ്യമായ പദ്ധതികൾ നാം എത്രയും വേഗത്തിൽ തയ്യാറാക്കണമെന്നാണ്. അതിനു വേണ്ടിടത്തോളം സഹായവും സഹകരണവും ജനപ്രതിനിധികളിൽനിന്നും, പ്രത്യേകിച്ചും, എതൃപക്ഷത്തുനി

നം, നമുക്കു ലഭിക്കുന്നില്ലെന്നുള്ളതു് പരിതാപകരമാണു്. ദിവാൻഭരണകാലത്തു് എതിർപക്ഷത്തുനിന്നും നിരുത്തരവാദപരമായ വിമർശനങ്ങൾ ചെയ്യേണ്ട ആവശ്യമേ ഉണ്ടായിരുന്നുള്ളു. അന്നു അതിനുമാത്രമേ ജനപ്രതിനിധികൾക്കു് ശക്തിയും ഉണ്ടായിരുന്നുള്ളു. ഇന്നു് അങ്ങിനെയല്ല. ഉത്തരവാദബോധത്തോടുകൂടിയ വിമർശനങ്ങളാണു് ഇന്നാവശ്യമായിട്ടുള്ളതു്. സഹകരണമനോഭാവത്തോടുകൂടിയ വിമർശനങ്ങളാണു് ഇന്നാവശ്യം.

സർ, ഈ രാജ്യത്തെ സാമാന്യജനങ്ങളുടെ നില ഉയർത്തുന്നതിനുവേണ്ടി വളരെ കാര്യങ്ങൾ ചെയ്യേണ്ടതായുണ്ടു്. ഇവിടെ ചെയ്ത വിമർശനങ്ങൾ അതിനു സഹായകമാകുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. സൃഷ്ടിപരമായ നിർദ്ദേശങ്ങളോടുകൂടിയ നിരൂപണങ്ങൾ നടത്തുന്നതിനുപകരം അതിൽനിന്നെല്ലാം ഒഴിഞ്ഞുമാറി ശക്തിയായ ആക്ഷേപപ്രപത്തിലുള്ള വിമർശനങ്ങൾ ചെയ്യുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ലെന്നു മാത്രമല്ല ഉത്തരവാദഭരണത്തെപ്പററി സാമാന്യജനങ്ങൾക്കു് വിശ്വാസം നശിപ്പിക്കുന്നതിനുകൂടി അതു ഇടയാക്കുകയും ചെയ്തു എന്നു വരും. പാവപ്പെട്ടവരെ കുടിയിറക്കുവാൻ സമ്മതിക്കരുതെന്നും വളരെ ആയിരം സാധുക്കൾ കയറി കിടക്കുവാൻപോലും സ്ഥലമില്ലാതെ വളരെ വിഷമം അനുഭവിക്കുന്നുണ്ടെന്നും അതിനു ഉടനടി പരിഹാരമുണ്ടാക്കണമെന്നും ജനങ്ങൾ മുറവിളികൂട്ടുമ്പോൾ, കുടിയിറക്കു നിരോധനനിയമം ഇവിടെ വളരെ എളുപ്പത്തിൽ പാസ്സാക്കികളഞ്ഞു. ഗവമ്മെണ്ടു് പാവപ്പെട്ടവക്കുവേണ്ടി ഒന്നും ചെയ്യുന്നില്ലെന്നു ആക്ഷേപിക്കുന്നവർതന്നെ ആവലാതിപ്പെടുകയും ചെയ്യുന്ന പ്രതിപക്ഷത്തിന്റെ നില ശോചനീയമെന്നേ പറയാവൂ. ഈ ഗവമ്മെണ്ടു് ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു എന്നഭിമാനിക്കുന്നിടത്തോളം കാലം ജനങ്ങളുടെ ആവശ്യത്തിനും ഗുണത്തിനും വേണ്ട കാര്യങ്ങൾ എന്തെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടായാലും ധൈര്യമായി ചെയ്യേണ്ടതായുണ്ടു്. ഈ രാജ്യത്തെ വൻകിട വ്യവസായങ്ങൾ ദേശീയമാക്കുന്നതിനും അങ്ങിനെ ജനങ്ങളെ സംരക്ഷിക്കുന്നതിനുമുള്ള തന്റേടം ഗവമ്മെണ്ടു് കാണിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫ: സർ, പൊതുഭരണത്തെ സംബന്ധിച്ചു പ്രതിപക്ഷത്തുനിന്നും ഈ രാജ്യത്തിന്റെ പുരോഗതിയെ പ്രോത്സാഹിപ്പിക്കത്തക്കവിധത്തിലുള്ള വിമർശനങ്ങൾ ഉണ്ടാകും എന്നായിരുന്നു ഈ രാജ്യത്തെപ്പററി സ്നേഹിക്കുകയും താല്പര്യപ്പെടുകയും ചെയ്യുന്ന പലരും പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ, ഏററവും ഡിസ്ട്രക്റ്റീവു രീതിയിലുള്ള നശീകരണസമ്പ്രദായത്തിനു അടിസ്ഥാനമായ വിധത്തിലുള്ള നിരൂപണങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടുന്നതിനാണു് പ്രതിപക്ഷത്തിലുള്ള പല അംഗങ്ങളും ശ്രമിച്ചതു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: സർ, ഈയവസരം ജനറൽ അഡ്മിനിസ്ട്രേഷനെപ്പററിയാണോ, അതല്ല പ്രതിപക്ഷത്തെപ്പററിയാണോ സംസാരിക്കുവാൻ ഉപയോഗപ്പെടുത്തേണ്ടതു്?

മി. സ്പീക്കർ: അതു മെമ്പർക്കു മനസ്സിലായില്ലെങ്കിൽ ഇപ്പോൾ മനസ്സിലാക്കാനുള്ള സൌകര്യമില്ല.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫ: ഭരണപരമായി സാമാന്യജനങ്ങൾക്കു ഗുണം സിദ്ധിക്കത്തക്കനിലയിൽ എന്തെങ്കിലും സൃഷ്ടിപരമായ നിരൂപണങ്ങൾ പ്രതിപക്ഷത്തുനിന്നും ഉണ്ടാകുമെന്നു പ്രതീക്ഷിച്ചതുകൊണ്ടാണു് ഞാൻ ഇത്രയും പറയാൻ ഇടയായതു്.

എനിക്കു പൊതുഭരണനയത്തെ സംബന്ധിച്ചു പറയുവാനുള്ളതു ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നമ്മുടെ ജനകീയഗവമ്മെണ്ടു പ്രവൃത്തിക്കണമെന്നുമാത്രമാണു്. ഈ രാജ്യത്തു ആദ്യമായി ജനകീയഭരണം ഉണ്ടായപ്പോൾ ജനകീയഭരണത്തിന്റെ പേരിൽ ഇവിടെ നടമാടിയതു് ഒരുവക ഫാസിസ്റ്റ്ഭരണമായിരുന്നു എന്നു ഞാനും പ്രതിപക്ഷത്തുള്ള മററു ചില മെമ്പറന്മാരോടൊപ്പം സമ്മതിക്കുന്നു. ൧൧൨൩-ലാണു് ആദ്യം ജനകീയഭരണം ഏർപ്പെടുത്തിയതു്. ആദ്യമായി ഉണ്ടായ ജനകീയഭരണത്തിന്റെ അനുഭവത്തിൽനിന്നാണു ഈ ഫാസിസ്റ്റ്ഭരണരീതിയുടെ ദൂഷ്യം മാററണമെന്നു തോന്നിയതു്. അങ്ങനെ ആദ്യത്തെ ഭരണസമിതി താറുമാറായിപ്പോയി. അതിനുശേഷമാണു് ഇന്നത്തെ മന്ത്രിസഭ രൂപീകരിച്ചതു്. ഈ മന്ത്രിസഭയേയും വീണ്ടും ഫാസിസ്റ്റ് ഭരണസമ്പ്രദായത്തിൽ പ്രവത്തനം നടത്തുന്നതിനു സാധനമാക്കിത്തീക്കുവാൻ വേണ്ടിയുള്ള ഒരു പരിശ്രമം ചെയ്യുന്നുവെന്നുമാത്രമേ ഈ പ്രതിപക്ഷത്തുനിന്നും നടത്തുന്ന നിരൂപണങ്ങൾകൊണ്ടു അർത്ഥമാക്കേണ്ടതുള്ളു.

[Sahib Bahadur Mohammed Musthaffa]

ഗവമ്മെണ്ടു ഈ സന്ദർഭത്തിൽ വളരെ ശ്രദ്ധയോടുകൂടി പ്രവൎത്തിക്കേണ്ടിയിരിക്കുന്നു എന്നാണു എനിക്കു ഈയവസരത്തിൽ പറയുവാനുള്ളതു്.

ഇന്നു് ഇവിടത്തെ വ്യാവസായികമായ നില വളരെ അധഃപതിച്ചിട്ടുണ്ടെന്നു ഗവമ്മെണ്ടു മനസ്സിലാക്കേണ്ടതുണ്ടു്. വ്യവസായത്തിൽ പണം മുടക്കുന്നതിനു ഇപ്പോൾ ആരുംതന്നെ ധൈര്യപ്പെടുന്നില്ല. വ്യവസായത്തെ എല്ലാംതന്നെ അടിച്ചമൎത്തുന്നതിനു് ഉള്ള ഒരു മനഃസ്ഥിതി ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഉണ്ടെന്നു തോന്നുന്നു. ഇന്നിവിടെ കൊണ്ടു വന്ന ഷോർട്ടുനോട്ടീസ് ക്വസ്റ്റ്യൻസിൽ ഉന്നയിച്ചിരുന്നതുപോലെ ഇൻകംടാക്സ് ഉദ്യോഗസ്ഥന്മാരുടെ അക്രമപരമായ പ്രവൎത്തനങ്ങൾമൂലം വ്യവസായങ്ങൾ പുരോഗമിപ്പിക്കുവാൻ ആരും ധൈര്യപ്പെടുന്നില്ല. വ്യവസായങ്ങളെ നിർദ്ദാക്ഷിണ്യം അമൎത്തിക്കൊണ്ടിരിക്കുന്ന ഒരു മനോഭാവമാണു് ഉദ്യോഗസ്ഥന്മാർ പ്രകടിപ്പിക്കുന്നതു്. ഇതിന്റെയെല്ലാം ഫലമായി വ്യവസായം നാൾക്കുനാൾ അധഃപതിച്ചുവരുന്നു. ഇന്ത്യയിൽ ആകമാനംതന്നെ വ്യവസായം വളരെ അധഃപതിച്ചുകൊണ്ടിരിക്കുന്നു. ഈ രാജ്യത്തെ വ്യവസായത്തെയും വാണിജ്യത്തെയും അഭിവൃദ്ധിപ്പെടുത്തിയല്ലാതെ ഇവിടുത്തെ സാമ്പത്തിക നില ഉയരുകയില്ല.

ഈയവസരത്തിൽ എനിക്കു ഭക്ഷ്യോൽപാദനത്തെപ്പററിയും രണ്ടു വാക്കു പറയാനുണ്ടു്. ഭക്ഷ്യോൽപാദനത്തിനുവേണ്ടി ഒരു നല്ല പദ്ധതി ഉണ്ടാക്കി പ്രവൎത്തിക്കേണ്ടതാണു്. ഇവിടെ ഒരു വൻപിച്ച സൈന്യം, പട്ടാളം ഉണ്ടല്ലോ. ഒരു ദീർഘകാലപദ്ധതി ആസൂത്രണം ചെയ്തു അതിന്റെ പ്രവൎത്തനത്തിനായി നമ്മുടെ പട്ടാളത്തിൽ ഒരു ഭാഗത്തെ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തണമെന്നാണു് എനിക്കു ഈയവസരത്തിൽ നിർദ്ദേശിക്കുവാനുള്ളതു്. അനേകായിരം ആളുകൾ പട്ടാളത്തിന്റെ പേരും വഹിച്ചുകൊണ്ടു വലിയ പ്രവൃത്തിയൊന്നും ഇല്ലാതെ ഇരിപ്പുണ്ടു്. അവരെക്കൊണ്ടു ഭക്ഷ്യോൽപാദനം സംബന്ധിച്ച പ്രവൎത്തനങ്ങൾ നടത്താവുന്നതാണു്.

ശ്രീ കെ. രാമകൃഷ്ണപിള്ള: സർ, ജനാധിപത്യഭരണം ഒരു പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിക്കുന്നു എന്നതിന്റെ ലക്ഷണങ്ങളായിരുന്നു ഇവിടത്തെ വിമൎശനങ്ങളിൽനിന്നും വ്യക്തമായി എനിക്കു് കാണുവാൻ കഴിഞ്ഞതു്. രാഷ്ട്രീയമായ അവകാശം കൈവന്ന ഇവിടത്തെ ജനത അഭിലഷിക്കുന്നവിധം സാമ്പത്തികമായ ജനാധിപത്യം ലഭിച്ചിട്ടില്ല, അതിന്റെ അവകാശികളായിത്തീൎന്നിട്ടില്ല എന്നുള്ളതു നിമിത്തം ഉണ്ടായിട്ടുള്ള അമർഷമാണു് പ്രതിപക്ഷത്തിന്റെ വിമർശനങ്ങളിൽനിന്നും എനിക്കു് ഊഹിക്കുവാൻ കഴിയുന്നതു്. എങ്കിലും സാമ്പത്തികമായ ജനാധിപത്യം കൈവരുത്തുന്നതിനുവേണ്ടി സൃഷ്ടിപരമായ യാതൊരു നിദ്ദേശങ്ങളും അവൎക്കു് നല്കുവാൻ കഴിഞ്ഞില്ലല്ലോ എന്നുള്ള വ്യസനം എനിക്കുണ്ടു്. കോൺഗ്രസ്സിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളിൽ എത്തിച്ചേരുന്നതിനു വേണ്ടി ചില കൎമ്മപരിപാടികൾ ഇവിടത്തെ കോൺഗ്രസ്സ്പാൎട്ടി ഗവമ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടു്. അതു് വിജയകരമായി പ്രവൎത്തിക്കുന്നതിനു് പൎയ്യാപ്തം ആകത്തക്കവിധം ചില കാൎയ്യങ്ങൾ ഇതിനകം ചെയ്തുകഴിഞ്ഞിട്ടുമുണ്ടു്. അനേകം പ്രതിബന്ധങ്ങൾക്കിടയിൽകൂടി അത്രയും ചെയ്യാൻ കഴിഞ്ഞതിൽ ഞാൻ ഗവമ്മെണ്ടിനെ അഭിനന്ദിക്കുന്നു. എത്രയും കൂടുതൽ പ്രതിബന്ധങ്ങൾ ഇവിടത്തെ ഭരണകക്ഷിക്കുണ്ടാക്കികൊടുക്കുവാൻ ഇപ്പോഴത്തെ പ്രതിപക്ഷകക്ഷി ശ്രമിക്കുന്നുണ്ടെന്നു തോന്നിപ്പോകുന്നു. ഗവമ്മെണ്ടിന്റെ കൎമ്മപരിപാടികൾ മുമ്പോട്ടു കൊണ്ടുപോകുവാൻ വേണ്ട ഉത്താശകൾ ഇവിടത്തെ ഭൂരിപക്ഷകക്ഷി ഇത്തരം പ്രതിബന്ധങ്ങൾക്കിടയിൽ ചെയ്യുന്നുണ്ടെന്നും പറയാതെ തരമില്ല. ആ ഭൂരിപക്ഷകക്ഷിയെ ഒരു മൃഗീയ ഭൂരിപക്ഷകക്ഷിയെന്നാണു് ഇവിടത്തെ പ്രതിപക്ഷകക്ഷികൾ പറയുന്നതു്. സർ, ഡെമോക്രസി വോട്ടിന്റെ ശക്തികൊണ്ടാണു് നടക്കുന്നതെന്നു് അവർ മനസ്സിലാക്കണം. ധനികവൎഗ്ഗം ജനാധിപത്യത്തെ ധനശക്തികൊണ്ടു് വിലക്കു വാങ്ങുമ്പോൾ ജനാധിപത്യശക്തി പറയുന്നു അവർ ധനികവൎഗ്ഗത്തെ വോട്ടിന്റെ ശക്തികൊണ്ടു് വിലയ്ക്കു് വാങ്ങുമെന്നു്. ഈ തത്വത്തെ അടിസ്ഥാനമാക്കിയാണു് ചില കൎമ്മപരിപാടികൾ സ്വീകരിച്ചു് ഭൂരിപക്ഷകക്ഷിയുടെ സഹായത്തോടുകൂടി രാജ്യക്ഷേമത്തിനു വേണ്ടി ചില കാൎയ്യങ്ങൾ ഇന്നത്തെ ഗവമ്മെണ്ടു ചെയ്തുകൊണ്ടിരിക്കുന്നതു്.

ശ്രീമാൻ കെ. പി. നീലകണ്ഠപിള്ള: ഓട്ടോണമിയുടേയും ജനായത്തസിദ്ധാന്തത്തിന്റേയും പേരിൽ യൂണിവേഴ്സിററിയുടെ മേൽ ഇവിടത്തെ ഗവമ്മെണ്ടു് പ്രയോഗിച്ച സ്വേച്ഛാധിപത്യത്തെ പററി ചില കാൎയ്യങ്ങൾ ഇവിടെ പ്രസ്താവിച്ചുകേട്ടപ്പോൾ ഞാൻ ലജ്ജിച്ചു

പോയി. സർ, ഇവിടത്തെ ഗവണ്മെന്റ് നികുതിദായകന്മാരിൽനിന്നും പിരിച്ചെടുക്കുന്ന വരവിൽനിന്നു നാല്പതു ലക്ഷം രൂപാ യൂനിവേഴ്സിററിക്കു കൊടുക്കുന്നുണ്ട്. ഈ സ്ഥാപനം ഗവണ്മെണ്ടിന്റെ നിയന്ത്രണത്തിൽ ഇരിക്കേണ്ടതല്ലെങ്കിലും പൊതുജനങ്ങളുടെ അഭീഷ്ടത്തേയും അഭിപ്രായത്തേയും ആദരിക്കേണ്ടതാണ്. യൂണിവേഴ്സിററി ഇപ്പോൾ ഒരു പാപവർദ്ധനന്റെ ഏകശാസനാധിപത്യത്തിൻകീഴിൽ പ്രവർത്തിക്കുന്നതിനെ ഇവിടത്തെ നിയമസഭാപ്രതിനിധികൾ അംഗീകരിക്കാത്തതിൽ അദ്ദേഹം അരിശം കൊള്ളുന്നു. മററു യൂണിവേഴ്സിററികൾ ചെയ്യുന്നതുപോലെ യഥാർത്ഥമായ ജനാധിപത്യതത്വാടിസ്ഥാനത്തിൽ ഇവിടത്തെ യൂണിവേഴ്സിററിയുടെ വൈസ്ചാൻസലറെ തെരഞ്ഞെടുക്കുന്നപക്ഷം ഇവിടത്തെ ഗവണ്മെണ്ട് അതിനിടപെടുമോ ഇല്ലയോ എന്ന് അപ്പോൾ നോക്കാവുന്നതാണ്. വെറും ഒരു പ്രൊക്ലമേഷന്റെ സന്തതിമാത്രമാണ് അതു്. അതല്ല ഇന്ന് നമുക്കാവശ്യം. അതിൽനിന്നാണ് ഇപ്രകാരമുള്ള സംഘട്ടനങ്ങൾ ഉണ്ടാകുന്നതു്.

സർ, ലീഡറെസംബന്ധിച്ചും ക്യാബിനററിനെസംബന്ധിച്ചും പ്രതിപക്ഷത്തുനിന്ന് ഉന്നയിച്ചിട്ടുള്ള വാദങ്ങൾക്ക് തൻേറടമായ വിധത്തിൽ ഉചിതമായ മറുപടി മന്ത്രിസഭയിൽനിന്നുതന്നെ ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

പൊതുഭരണത്തെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്ന ഈ അവസരത്തിൽ എനിക്ക് മൂന്നു കാര്യങ്ങൾ മന്ത്രിസഭയുടെ മുമ്പിൽ വയ്ക്കുവാനുണ്ട്. ആഹാരകാര്യത്തിൽ സ്വയം പര്യാപ്തത സിദ്ധിക്കേണ്ട കാര്യത്തെപ്പററി ഇവിടെ വാദപ്രതിവാദം നടത്തേണ്ടതില്ല. എന്നാൽ ഇക്കാര്യത്തിൽ ഇവിടത്തെ ക്യാബിനററ് എന്താണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ക്യാബിനററിൽ ഇപ്പോൾ ൻ മന്ത്രിമാരുണ്ട്. ഈ നാട്ടിലെ കൃഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി മന്ത്രിസഭയിൽനിന്നും ഒരു സബ്ബ്കമ്മിററിയെ രൂപീകരിക്കണം. ആ കമ്മിററി നിശ്ചിതമായ പരിപാടികളോടുകൂടി സത്വരമായി ചില കാര്യങ്ങൾ ചെയ്യണം. ഈ വിഷയത്തിൽ ഇവിടത്തെ പ്രതിപക്ഷത്തിൻേറയും അനുദ്യോഗസ്ഥന്മാരുടേയും നിർലോഭമായ സഹകരണം ഗവണ്മെണ്ടിനുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. സാധാരണക്കാരുടെ പേരിൽ കണ്ണുനീരൊഴുക്കുന്ന മാന്യന്മാരുടെ ഹൃദയംഗമമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. ഇക്കൊല്ലം കഴിഞ്ഞ കൊല്ലത്തേക്കാൾ എത്ര ശതമാനം വിളവു വർദ്ധിച്ചിട്ടുണ്ട്, അടുത്ത വർഷം എത്ര ഉല്പാദിപ്പിക്കാം, ഇവയെ സംബന്ധിച്ചെല്ലാം സൂക്ഷ്മമായി പര്യാലോചിക്കുന്നതിനും മുഴുവൻസമയവും വിനിയോഗിക്കുന്ന ഒരു ക്യാബിനററ്സബ്ബ്കമ്മിററിയെ നിയമിക്കണമെന്നാണ് എന്റെ വ്യക്തമായ നിർദ്ദേശം.

മറെറാരു അടിയന്തിരപ്രശ്നം നമ്മെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നതു് തൊഴിലില്ലായ്മയാണ്. കടലോരപ്രദേശങ്ങളിൽ കയറിനേയും കയറുവ്യവസായത്തേയും മാത്രം ആശ്രയിച്ചുജീവിക്കുന്ന ഒരു വലിയ വിഭാഗം ആളുകൾ ഉണ്ട്. ഇന്ന് കയർ വ്യവസായത്തിനു വന്നുചേർന്നിരിക്കുന്ന മാന്ദ്യതമൂലം അതിൽ ഏർപ്പെട്ടിരുന്ന തൊഴിലുകാർക്ക് ഉണ്ടായിട്ടുള്ള അവശതകൾ പരിഹരിക്കുവാനും കയർ വ്യവസായത്തെ പുനരുദ്ധരിക്കാനും ആവശ്യമായ സത്വരനടപടികൾ ഗവണ്മെണ്ട് കൈക്കൊള്ളേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷം അതിന്റെ ഒരു അവശതാപരിഹാരം എന്ന നിലയിൽ ഗവണ്മെണ്ട് ഒരു പരിപാടി സ്വീകരിച്ചിട്ടുണ്ടായിരുന്നു. അതു് ആലപ്പുഴ—ചേർത്തല തോടുവെട്ടായിരുന്നു. അതു പൂർത്തിയാക്കിയതുകൊണ്ട് കാര്യമായില്ല. കയർവ്യവസായം മഹത്തായ മാർക്കററുണ്ടാക്കാവുന്ന ഒരു വ്യവസായമാണ്. നമ്മുടെ മുഴുവൻശക്തിയും ഉപയോഗിച്ച് കയർ ഉല്പന്നങ്ങൾക്ക് ഒരു ലോകമാർക്കററുണ്ടാക്കുവാൻ ആവശ്യമായ നടപടികൾ ഗവണ്മെണ്ട് ഉടൻ സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. ഇതിലേക്ക് ട്രേഡ്ബോർഡുകളെ സംഘടിപ്പിച്ച് ലോകമൊട്ടാകെ മാർക്കെററുണ്ടാക്കി ഫലപ്രദമായ രീതിയിൽ ഈ പ്രശ്നത്തെ നാം അഭിമുഖീകരിക്കണം. ചോദ്യോത്തരസമയത്തു കയർ സർവ്വേയെക്കുറിച്ച് ചോദിച്ചപ്പോൾ ഒരു വർഷത്തിനു മുമ്പാണ് സർവ്വേകമ്മിററിയെ നിയമിച്ചതെന്ന് പറയുകയുണ്ടായി. ഇന്നും സർവ്വേ പൂർത്തിയായിട്ടില്ല. അതു പൂർത്തിയാക്കാതെ നീട്ടിക്കൊണ്ടുപോകുന്നതു് ശരിയല്ല. അതു് സംബന്ധിച്ച് അടിയന്തിരമായ നടപടികൾ കൈക്കൊള്ളണമെന്ന് എനിക്കപേക്ഷയുണ്ട്.

അതുപോലെതന്നെ റിട്രെഞ്ചുമെൻറിനെസംബന്ധിച്ചും എനിക്ക് ചില കാര്യങ്ങൾ ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തുവാനുണ്ട്. ഭാഗികമായ നിലയിൽ റിട്രെഞ്ചുമെൻറ നടത്തിയതുകൊണ്ടു ഫലമില്ല. ഏററവും കാര്യക്ഷമമായ ഒരു ഭരണക്കൂടത്തെയാണ് നാം വി

[Sri. K. P. Neelakanta Pillai]

ലോചനം ചെയ്യുന്നതു്. കാര്യക്ഷമതയ്ക്കു് യാതൊരു ഹാനിയും വരാത്തവിധത്തിൽ റിട്രഞ്ചുമെൻറു് നടത്തുന്നതിനു് ഒരു കമ്മിററിയെ നിയമിച്ചു് അതിൻെറ റിപ്പോർട്ടു വരുത്തി നിർദ്ദാക്ഷിണ്യമായവിധത്തിൽ റിട്രഞ്ചുമെൻറു് നടത്തണമെന്നാണു് എനിക്കു് നിർദ്ദേശിക്കുവാനുള്ളതു്. അടുത്ത പ്രാവശ്യം ബഡ്ജററു് എസ്ററിമേററു് ചെയ്യുമ്പോൾ ഇവിടത്തെ ആകെ വരുമാനത്തിൽ ഒരു വലിയഭാഗം അതായതു്, നാല്പതു ശതമാനം ഇന്നു ശമ്പളഇനത്തിൽ ചെലവാക്കുന്ന രീതിവിട്ടു് ഇവിടത്തെ ഭരണകാര്യങ്ങൾ നടത്താൻ ആവശ്യമുള്ളതു മാത്രം പണം ചെലവു ചെയ്യത്തക്ക ഒരു പദ്ധതി ഗവമ്മെൻറു് സ്വീകരിക്കേണ്ടതാണെന്നു മാത്രമേ ഈ അവസരത്തിൽ എനിക്കു് പ്രസ്താവിക്കുവാനുള്ളു.

ശ്രീ. പി. കെ. പോൾ: സർ, ഈ സഭയിൽ ആദ്യമായി സംസാരിക്കാൻ കിട്ടിയ ഈ അവസരത്തെ വേണ്ടവിധം ഉപയോഗിക്കണമെന്നാണു് ഞാൻ ആഗ്രഹിക്കുന്നതു്. പ്രതിപക്ഷത്തുനിന്നും ഉണ്ടായ അഭിപ്രായങ്ങളിൽ കാര്യമായ സാരാംശങ്ങൾ ഉൾപ്പെട്ടിട്ടില്ല, അല്ലെങ്കിൽ മന്ത്രിസഭ പരിപൂർണ്ണമായവിധത്തിൽ വേണ്ട പരിഷ്കാരങ്ങൾ നടപ്പിൽവരുത്തി, ഇതു രണ്ടും പറയുവാൻ ഞാൻ തയ്യാറില്ല. പൂർണ്ണത മനുഷ്യൻെറ ചിന്താഗതിയിൽ മാത്രമാണു്. എന്നാൽ അതു പൂർണ്ണമായി പ്രയോഗത്തിൽ വരുത്തുവാൻ സാദ്ധ്യമല്ല. എപ്പോഴും സംപൂർണ്ണതയിൽ എത്തണമെന്നുള്ളതാണു് മനുഷ്യൻെറ ആശ. അതിനുവേണ്ടി അല്പമെങ്കിലും കോൺഗ്രസ് ഗവമ്മെണ്ടു് ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതു് അഭിമാനകരമാണു്. ഈ നിയമസഭാ ഹാളിൽ കുറെ പരിഷ്കാരങ്ങൾ വരുത്തേണ്ടതത്യാവശ്യമാണു്. ബഹുമാനപ്പെട്ട മന്ത്രിമാരിൽനിന്നു പുറപ്പെടുന്ന ശബ്ദം ഇവിടെ കേൾക്കാമെങ്കിലും ഞങ്ങളിൽ കുറെയധികം പ്രായം ഉള്ളവരിൽനിന്നു പുറപ്പെടുന്ന ശബ്ദം മന്ത്രിമാക്കു് ശരിയായി കേൾക്കുവാൻ സാദ്ധ്യമല്ല. അതിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്യാൻ ഇന്നു സാദ്ധ്യമായില്ലെങ്കിൽ അടുത്തപ്രാവശ്യം നിയമസഭ കൂടുന്നതിനു മുമ്പു് എല്ലാവക്കും കേൾക്കത്തക്ക വിധത്തിൽ അതായതു് ഞങ്ങളുടെ പ്രസംഗം മന്ത്രിമാരുടെ ചെവികളിൽ എത്തി കാര്യങ്ങൾക്കു വേണ്ട പരിഹാരം ഉണ്ടാക്കത്തക്കവണ്ണം ഈ ഹാൾ ഒന്നു പരിഷ്കരിക്കണമെന്നു് ഞാൻ അഭ്യത്ഥിക്കുന്നു. നമ്മെ പ്രതിനിധികളായി ഇവിടെ അയച്ചിരിക്കുന്ന സാമാന്യജനങ്ങൾ ഗ്യാലറിയിൽ ഇരുന്നുകൊണ്ടു് പ്രസംഗം ശ്രവിക്കുമ്പോൾ നമ്മെപ്പോലെ അവക്കും സുഖമനുഭവിക്കത്തക്കവണ്ണം ഒന്നുരണ്ടു പങ്കാകൾ ഗ്യാലറിയിൽ ഉണ്ടാക്കേണ്ടതാണു്. ഇങ്ങിനെയുള്ള പരിഷ്കാരങ്ങൾ വരുത്തേണ്ടതു് ഏററവും അത്യാവശ്യമാണെന്നു് ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

സർ, ഞാനൊരദ്ധ്യാപകനാണു്. കഴിഞ്ഞ ൨൫ കൊല്ലമായി ഒരു പ്രാഥമികസ്കൂൾ അദ്ധ്യാപകനായി ഞാൻ ജീവിച്ചുപോന്നു. ഇന്നും ഞാനൊരദ്ധ്യാപകനാണു്. ഒരദ്ധ്യാപകൻെറ നില ഈ നിയമസഭാ സാമാജികത്വത്തേക്കാൾ മാന്യമായ നിലയിൽ ഞാൻ കരുതുന്നു. അതിനുള്ള കാരണം എന്താണു്? ഞാനിന്നു പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വിദ്യാത്ഥികളിൽ ആരെല്ലാം ഈ കൊച്ചി-തിരുവിതാംകൂറിൻെറ പ്രധാന മന്ത്രിപദമോ അതിനേക്കാൾ ഉപരിയായ മറെറന്തെങ്കിലും സ്ഥാനമോ അലങ്കരിക്കുകയില്ലെന്നു ആക്കറിയാം? അത്ര പരിപാവനമായ ഒരു ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന—അതായതു് നാളത്തെ പൌരന്മാരെ സൃഷ്ടിക്കുന്ന മഹനീയമായ കൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രാഥമിക വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാക്കു് ഇന്നു തിരുവിതാംകൂറിൽ കിട്ടുന്ന ശമ്പളം എത്ര തുച്ഛമാണെന്നു ഞാൻ പറയാതെതന്നെ അറിയാവുന്നതാണല്ലൊ. സർ, ഇപ്രകാരം കിട്ടുന്ന ശമ്പളം കൊണ്ടു് ഒരു നേരത്തെ ആഹാരമെങ്കിലും കഴിക്കുവാൻ നിവൃത്തിയില്ലാത്ത ഈ അദ്ധ്യാപകന്മാർ എന്തു വിദ്യാഭ്യാസമാണു് വിദ്യാത്ഥികൾക്കു് നൽകുവാൻ പോകുന്നതെന്നു ഞാൻ ചോദിക്കുന്നു. നാളത്തെ ജനതതി ഏതു രീതിയിൽ ഇരിക്കണമെന്നു് തീരുമാനിക്കേണ്ട അദ്ധ്യാപകന്മാരുടെ കാര്യത്തിൽ അവക്കു് ജീവിക്കുവാനുള്ള ശമ്പളം കൊടുക്കണമെന്ന കാര്യം ഏററവും പ്രഥമവും പ്രധാനവുമായി പരിചിന്തിക്കണമെന്നു ഞാൻ ക്യാബിനററിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇവിടത്തെ ശമ്പളക്രമത്തെക്കുറിച്ചു പറഞ്ഞാൽ അതു ഒരു എക്സ്ട്രീം നിലയിലാണു് ഇരിക്കുന്നതു്. അങ്ങേ അററത്തിരിക്കുന്ന ഉദ്യോഗസ്ഥനു് ഉന്നതമായ ശമ്പളവും ഏററവും താണപടിയിൽ ഇരിക്കുന്ന ഉദ്യോഗസ്ഥനു് ഏററവും തുച്ഛമായ ശമ്പളവുമാണു് ഇവിടെ നൽകപ്പെടുന്നതു്. ഇതു് വേണ്ട വിധത്തിൽ ക്രമീകരിച്ചു് ഒരു സ്റ്റാൻഡാർഡു് ഏർപ്പെടുത്തണം. വലിയ ശമ്പളം ഒരിക്കലും ചെറിയ ശമ്പളത്തി

ൻെറ പാതിരട്ടിയിൽ കൂട്ടാൻ പാടില്ല. ൧൫൦ രൂപയിൽ കവിഞ്ഞ ശമ്പളം ഒരു കാരണവശാലും അനുവദിക്കത്തക്കതല്ല.

കൃഷികാര്യത്തെപ്പററിയും എനിക്കു ചില കാര്യങ്ങൾ പറയുവാനുണ്ട്. ഞാൻ ഒരു കാട്ടുപ്രദേശത്തിനടുത്ത് താമസിക്കുന്നവനാണ്. എന്റെ നിയോജകമണ്ഡലമായ കോടശ്ശേരിയിൽ ൩൦൦ ചതുരശ്രമൈൽ സ്ഥലത്ത് കാടുണ്ട്. ഒരു കൂട്ടർ കാടു വെട്ടാൻ പാടില്ലെന്നും മററൊരുകൂട്ടർ അതു വെട്ടിത്തെളിച്ച് കൃഷി ചെയ്യണമെന്നും അഭിപ്രായപ്പെടുകയുണ്ടായി. ഇതിൽ രണ്ടിലും കുറെയെല്ലാം വാസ്തവം ഉണ്ട്. എന്നാൽ താണ വനപ്രദേശങ്ങളിൽ തേക്ക് ഈട്ടി മുതലായ വൻമരങ്ങൾ വളരുകയില്ല. അവിടെ സാധാരണയായി ചെറുതരം ചെടികളാണ് വളരുന്നത്. ഈ ചെടികൾ വെട്ടി നശിപ്പിച്ച് കൃഷി ചെയ്യാവുന്നതാണ്. ഉന്നതമായ വനപ്രദേശങ്ങളിൽ മാത്രമെ തേക്ക മുതലായ വൻ വൃക്ഷങ്ങൾ വളരുകയുള്ളു. അവ വെട്ടിത്തെളിക്കണമെന്ന് ആരും ആവശ്യപ്പെടുന്നും ഇല്ല. എന്റെ അഭിപ്രായത്തിൽ വനപ്രദേശം വെട്ടിത്തെളിച്ചു കൃഷിചെയ്യുന്നതിൽ വലിയ തെററില്ല. വൃക്ഷങ്ങൾ വളരെ അധികം വളന്നാൽ കാററിൽപെട്ട് മറിഞ്ഞുപോകും. നൂറും നൂററിരുപതും കൊല്ലങ്ങളമായി വളന്നു നില്ക്കുന്ന വൻമരങ്ങൾ വെട്ടിമാററി തൽസ്ഥാനത്ത് വീണ്ടും മരങ്ങൾ വെച്ചു പിടിപ്പിച്ച് ആദായം ഉണ്ടാക്കാവുന്നതാണ്.

*The House adjourned for lunch at 1 p.m. and re-assembled at 2 p.m. with the Deputy Speaker (Sri. K. Kochukuttan) in the Chair.*

ശ്രീ. പി. കെ. പോൾ:

സർ, അടുത്തതായി എനിക്കു സംസാരിക്കുവാനുള്ളത് പൊതുഭരണത്തെ സംബന്ധിച്ചാണ്. വളരെ ശേഷിയും ശേമുഷിയും ദീർഘകാലത്തെ ഭരണപരിചയവുമുള്ള ഒരുദ്യോഗസ്ഥൻ സെക്രട്ടറിയേററ് ചീഫ്സെക്രട്ടറിയായിവന്ന് നവീനരീതിയിലുള്ള ഭരണപരിഷ്കാരങ്ങൾക്ക് ഒരുങ്ങുകയാണ്. അക്കാരണത്താൽ ജനങ്ങൾ പുളകംകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, സാധാരണ നാട്ടിൻപുറങ്ങളിൽ അധിവസിക്കുന്ന കൃഷീവലന്മാരെ ഉണത്തുന്നതിന് കോഴികൂവുന്ന ആ മധുരശബ്ദം ശ്രവിക്കുമ്പോൾ തസ്കരന്മാർ അവരുടെ പ്രവത്തനത്തിന് അതൊരു വിഘാതമായി കരുതി അതിനെ അപലപിക്കുന്ന ഒരു നിലയാണ് എനിക്കു ചീഫ് സെക്രട്ടറിയുടെ നിയമനത്തിലുള്ള എതിർപ്പിൽനിന്നു കാണുവാൻ സാധിക്കുന്നത്. ഏതു കാര്യത്തിനും രണ്ടഭിപ്രായം ഉണ്ടാവുകയെന്നുള്ളതു സഹജമാണ്. പുതിയ ആളെ വരുത്തണമെന്നും വരുത്തരുതെന്നും രണ്ടുപക്ഷക്കാർ ഇവിടെയുണ്ട്. ഇത്തരം ഒരാഫീസരുടെ സേവനം തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാന ഗവമ്മേണ്ടിനാവശ്യമാണെങ്കിൽ എനിക്കതിന് എതിരഭിപ്രായമില്ല. സവ്വോപരി ഈ ഭരണത്തിന്റെ വിജയം സാധാരണ കൃഷിക്കാരുടെയും തൊഴിലാളികളുടെയും ജീവിതത്തോത് ഉയത്തുന്നതിനെ ആശ്രയിച്ചാണിരിക്കുന്നതെന്ന് നാം മനസ്സിലാക്കേണ്ടതാണ്. എങ്കിൽ മാത്രമെ നമ്മുടെ പരിശ്രമങ്ങൾ സഫലമാകുകയുള്ളു. സാധാരണ കൃഷിക്കാരുടെയും തൊഴിലാളികളുടെയും നില അഭിവൃദ്ധിപ്പെടുത്തുവാൻ ഈ മന്ത്രിസഭയ്ക്കു സാധിക്കുമെങ്കിലും, കൃഷി വിപുലീകരണപദ്ധതികൾകൊണ്ട് വയലിൽ വിളഞ്ഞുകിടക്കുന്ന നെൽകൃഷികളിൽനിന്നു പുറപ്പെടുന്ന മന്ദപവനൻ ഏല്ക്കുവാൻ അവക്ക് സാധിക്കുമെങ്കിൽ അവരുടെ ഭരണം വിജയപ്രദമാകുമെന്നുള്ളതിൽ സംശയമില്ല. എല്ലാവരും അതിനുവേണ്ടി സഹകരിക്കണമെന്ന് അഭ്യത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

**Sri. A. Nesamony;** Sir, it has been stated by the Members of the Party in power that we the Members of the opposition did not offer any constructive criticism. I would like in my short and brief survey of the administration to show how far we have been affected by the acts of this Government and offer certain constructive proposals which I believe would engage their earnest attention.

First, I wish to point out them not to revel in lawlessness. Let me take specially the procurement of paddy, because that is the vital matter connected with the ordinary peasant and the ordinary man, now. We have got the rationing order of 1122 on this matter which made it obligatory on every peasant to pay the settlement pattom. Over and above the settlement pattom procurement is made on the basis of excess. Last year when I questioned the Hon'ble Minister, he told me categorically that no procurement is to be had on the basis of settlement pattom but only on the basis of excess.

**The Hon'ble Sahib Bahadur T. A. Abdulla:** May I point out to the Hon'ble Member that that order was changed in February 1949.

**Sri. A. Nesamony:** The question I want to ask is whether that rationing order was changed by an executive act or by any proclamation ?

*(No answer)*

I thought an answer would come. I ask the Hon'ble Member again whether it was done by an executive act or by an amendment of the rationing order under the Emergency Proclamation. What I want to impress is that legal formalities should be complied with and you cannot expect us to observe the law when you who are in charge of the Administration do not have any law to act upon. This has caused friction between the Procuring Officers and the Public.

**The Hon'ble Sahib Bahadur T. A. Abdulla:** May I say that there was a notichcation in June.

**Sri. A. Nesamony:** The Hon'ble Minister has not answered the question I had put to him. I may just place before you that for amending such an Act, the process of law has to be followed, I think it is a constructive suggestion. I suggest that the Hon'ble Members of Government should not indulge in lawlessness and carry on the administration by Executive Acts, in respect of matters which aught to have been done by legislative measures.

Secondly I would request the Government not to allow law making to degenrate into a farce. I specially refer to the Ordinances that are now promulgated. It may be by oversight that when this Assembly was constituted the powers of the Speaker were not defined. So came Ordinance No. 8 of 1124 under which we are now working. Section 24 of that Ordinance validates all action taken by the Speaker, even including the summoning of the Assembly and I believe it was under that section the Speaker took shelter when he summoncd this Assembly. I grant that this may have occurred by oversight. But I ask you how it came about, that when the Rajapramukh promulgated Ordinance No. XII of 1124 the provisions of the Income Tax Act were over-ridden. The powers of the Income-tax Tribunal is now sought to be given to the Board of Revenue. I believe that the Law Officers of Government would grant that the section in the Income-tax Act ought to be repealed before any Board can be constituted and entrusted with the powers of the Income Tax Tribunal.

(President's Bell)

I request permission to speak for five minutes more. Otherwise it is better I finish here.

**The Hon'ble Sri. A. J. John:** As leader of the opposition, he may be given five minutes more.

**Deputy Speaker:** Yes.

**Sri. A. Nesamony:** I am thankful to the Hon'ble Finance Minister for pleading on my behalf.

I was pointing out that the section empowering the constitution of the Board of Revenue provides that Government may appoint one or more Officers *i.e.*, an indefinite number. But the constitution of the Incometax Tribunal consists of three Members, one an expert Financier one an expert administrator and the third a person of the status of a District Judge. It has been restricted to three persons. But the section under which the Board of Revenue is constituted, makes it possible to have any number of persons to be constituted into that body.

**Attorney General :** May I refer to the Hon'ble Member that the powers of the Income-Tax Tribunal are not conferred on the Board of Revenue?

**Sri A. Nesamoney :** It is a matter for further verification. May I bring to the notice of the Attorney General that as for the functions of the Board of Revenue is concerned, it has not been stated that the powers of the Income Tax Tribunal will be excluded.

**Attorney General:** There are two bodies constituted under the Income Tax Act, one is the Income Tax Tribunal and another the Income Tax Board.

**Sri. A. Nesamoney :** May I call the particular attention of the Member to the fact that Section under which the Board of Revenue is constituted does not confer any power under the Income Tax Act.

In law making you must not exploit the exigencies of the situation and make any provision which is not duly authorised. That will create in the minds of the Officers the impression that laws are made to suit particular occasions and for particular individuals. It is incumbent on the legal

officers therefore whenever they advise the Rajpramukh, to issue ordinances, to scrutinise the relevant provisions and see whether they are not in conflict with the laws in the country. The Hon'ble Minister for Law should remember that there cannot be any Minister for Law and Order unless the laws are going to be obeyed. Therefore I wou'd caution that Government should not make these Ordinances regime degenerate into anarchy.

The next thing that I wanted to mention is that you should not in the name of adminitrative convenience create new posts and places. In this connection I want specially to refer to the appointment of Mr. N. S. Krishna Pillai as Commissioner of Devikulam. It was in the year 1121 that the Commissionership of Devikulam was abolished. If my memory is correct it was then thought that there was no necessity for a Commissioner for Devikulam. In 1124 when you are talking of retrenchment, new offices should not at any rate be created. But for the Devikulam taluk Gove nment have thought it fit to appoint a Commissioner having constituted it in to a Commissioner's Province within the United State. Now Sir, I ask Government whether this is justified under the existing circumstances. What are the particular reasons that influenced the Government to constitute Devikulam into a new Commissionership. This Mr. N. S. Krishna Pillai was first rewarded for his sacrifices by his appointment on a salary of Rs. 250 by the last Ministry as Commissioner of Nagercoil Municipality. Very soon in six months time he was promoted as Commissioner of the Trivandrum Corporation. With greater rapidity, that is in three months time, he was given a salary of Rs. 350-450 and given a rank above all the persons in that cadre especially above Mr. John Samuel and Mr. Ayyappan Pillai and appointed as the Commissioner of Devikulam. I ask the Government whether this appointment was fair and justifiable?

The next thing I am sorry to bring to the notice of this Government is that they have not yet stopped the persecution of Tamilians which has been launched upon by the previous Government and during the Dewan regime of Mr. Uunnithan.

When I moved an adjournment of the business of this house to consider the grave situation that arose in the Kannan Devan Hills Produce Company owing to the appointment of certain Malayalies superseding the claims of Tamils and even reverting certain Tamils at the instance of this Government dictated to by Mr. Mamen Mapillai and his group who decleard openly at the Alwaye Convention that if only this Government would make up its mind, all the Tamils to Deviculam could be entirminated, the Honourable Prime Minister assumed me that whatever might have been done in the past, his Government wanted not be dictated to by anybody and that no prosecution of the Tamils would even take place.

But, what is it that is happening at Deviculam today.

I refer to two extracts which would bring to the notice of the House clearly that we are being persecuted in spite of the plighted word of this Government

The first is this.

"On behalf of the Travancore Government, the Commissioner for Divicolam has brought to my notice that certain employees of this company, your name is included, are engaged in subversive and disloyal activities calculated to undermine the authority of the Government and His Highness the Maharaja. I am requested to advise that the Government are quite unable to permit this state of affairs to continue unchecked as the policy of Government has been openly proclaimed on the occasion of the integration function held at Trivandrum on 1st July 1949. This policy will be to take strong action against the disruptive activities of individuals or groups directed against the progressive administration of Government.

"You will, I trust, clearly understand that Government take a most serious view of this matter and, if this warning is ignored, representations by Government for the taking of disciplinary action are inevitable".

This notice was served upon thirteen employees who are working in the Kannandevan Company. This was issued by the Manager under instructions from this Government through the Commissioner of Devicolam.

Then I wish to bring to the notice of this House the other extract, the statement made by Mr. S. S. Sarma before the Hon'ble Chief Minister".

"I, the District Magistrate of this place, armed with the full powers and backing of the integrated States of Travancore and Cochin order you to leave this place within a fortnight from date. Failure to do so will land you and your family in serious trouble which you cannot even imagine. Your body will be hacked to peaces and thrown to the wolves, your mortal remains disposed off without even a post-mortem examination, your aged father and family will never more see you, your house in Trivandrum will be set fire to and your wife and children thrown on the road".

[Sri. A. Nesamony]

"I advise you as a friend to surrender your house at Munnar to Government and take whatever Government are pleased to offer and quit the District within the stipulated time of 14 days".

"If you ever dared to disclose or publish a word of what has now transpired, you will have to face unimagineable dangers to your person and property".

Now Sir, I ask, has this Government armed that District Magistrate with such powers? I question this on the floor of this Assembly, and the the Hon'ble Chief Minister assured me that no magisterial powers have been given to him. I submitted a memorandum to him and he told me that it will engage the attention of Government. Up to this moment, though it is more than a month, I have had no reply from the Government that this has been enquired into.

**Deputy Speaker:** Your time is over.

**Sri. A. Nesamony:** I will finish in just two minutes. You will kindly excuse me for craving the indulgence of the House. I just want to place before this House four more things but I am sorry I have no time to elaborate on them. The first is this: this Government does not enjoy the confidence of the common people, because this integration question was not placed before them, was not placed before the Assembly, was not placed before the Representative Body, and it was not placed before any elected body. Now we are here, having been elected for a particular purpose. Do we enjoy the same confidence for which we have been elected? It will be the acid test of the confidence we hope to enjoy and for that, it is well to dissolve this House and go back to the polls on the question of integration or of merger. That would be the democratic way of doing things. I am sure that only by executive acts and dictation from above that these things are done and not by any democratic method.

**Deputy Speaker:** The member will resume his seat.

**Sri. A. Nesamony:** I will just finish by saying; "Don't be hustled into big undertakings in the name of socialism."

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഈ ഭാഗങ്ങളിൽനിന്നും സൃഷ്ടിപരമായ വിമർശനങ്ങൾ ഒന്നുംതന്നെ ഉണ്ടാകുന്നില്ലെന്നുള്ള ഒരാക്ഷേപമാണ് കാൺഗ്രസ്സ് പാർട്ടിയിലെ പല ബഹുമാനപ്പെട്ട മെമ്പർമാരും ഉന്നയിച്ചിട്ടുള്ളതു്. എന്നാൽ ഏററവും സൃഷ്ടിപരമായ ഒരു വിമർശനം കൊണ്ടാണ് ഞാൻ പുറപ്പെട്ടിട്ടുള്ളതു്. മന്ത്രിമാരുടെ എണ്ണം കുറയ്ക്കണമെന്നുള്ള പല ഉപക്ഷേപങ്ങളും അവതരിപ്പിക്കുവാൻ കോൺഗ്രസ്സ് പാർട്ടിയിലെ മെമ്പറന്മാർ നോട്ടീസു നൽകിയിട്ടുള്ളതായി ലിസ്റ്റിൽനിന്നും കാണാം. എന്നാൽ ആ ഉപക്ഷേപങ്ങളൊന്നുംതന്നെ ഇവിടെ അവതരിപ്പിക്കുവാൻ പോകുന്നില്ലെന്നും അവയെല്ലാം ഏതോ അടിയൊഴുക്കിൽ പെട്ടുപോയെന്നും ഉള്ള പരമാർത്ഥം പറയാതെ തരമില്ല. മന്ത്രിമാരുടെ എണ്ണം കുറയ്ക്കണമെന്നുള്ള ഉപക്ഷേപം അവതരിപ്പിക്കുവാൻ നോട്ടീസ്സ് നൽകിയിട്ടുള്ളതു് ഈ നിയമസഭയ്ക്കും ഈ ക്യാബിനററിനും ജനകീയതാല്പര്യങ്ങളെ പരിരക്ഷിക്കുവാൻ എത്രകണ്ടു പ്രാപ്തിയുണ്ടെന്നു പ്രസ്താവിക്കുവാൻ മാത്രമാണ്. കൊച്ചി-തിരുവിതാംകൂർ ഐക്യസംസ്ഥാനനിയമസഭ ആത്മാഭിമാനത്തോടുകൂടിയതെന്നു ഗണിക്കപ്പെടുവാൻ അർഹതയുള്ള നിയമസഭ ഇന്നു നിലവിലില്ലെന്നാണ് എനിക്ക് ഖേദ്യമായി പറയുവാനുള്ളതു്. കൊച്ചിയും തിരുവിതാംകൂറും തമ്മിലുള്ള സംയോജനം ഇൻഡ്യൻ യൂണിയനിലെ മഹാന്മാർ ഇടപെട്ടിട്ടുള്ള ഒരു സംഗതിയാണെന്നുള്ള പച്ചപ്പരമാർത്ഥം സമ്മതിച്ചേക്കാം. പക്ഷേ ഇങ്ങനെ ഒരനധികൃതമായ നിയമസഭ ഇവിടെ തുടർന്നുകൊണ്ടുപോകുന്നതു് ഒരിക്കലും ക്ഷന്തവ്യമല്ല. ഇതു ജനായത്തസിദ്ധാന്തങ്ങളോടു ചെയ്യുന്ന ഏററവും വലിയ ഒരനീതി മാത്രമാണ്. സർ, എൻെറ വാദത്തിൻെറ അർത്ഥം ഒന്നുകൂടി ശരിക്കു മനസ്സിലാക്കണമെങ്കിൽ സംയോജനപ്രമാണത്തെപ്പററി ചർച്ചചെയ്യണം. പക്ഷേ, അതു നമ്മുടെ മുമ്പിലില്ലാത്തതുകൊണ്ടു് അതിനു ഞാൻ മുതിരുന്നില്ല. സർ, ഭരണഭാരം മുഴുവൻ ജനങ്ങളിൽ നിക്ഷിപ്തമാക്കിക്കൊണ്ടു് പേരിനു മാത്രം മഹാരാജാക്കന്മാരായിരുന്ന കൊച്ചിയിലേയും തിരുവിതാംകൂറിലേയും രാജാക്കന്മാർ, ജനാഭിലാഷത്തിനു വിരുദ്ധമായി ഒരിക്കലും നിന്നിട്ടില്ലെന്നുള്ള സംഗതി എല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ ജനങ്ങളോടു നേരിട്ടു് ഉത്തരവാദം വഹിച്ചുവരുന്ന ഈ നിയമസഭയിൽ അവർ തിരഞ്ഞെടുക്കപ്പെടാത്തിടത്തോളംകാലം ഈ നിയമസഭാസംയോജനം അധികൃതമാണെന്നും അതിനു നിയമസാധുതയില്ലെന്നും പറയുവാൻ ഞാൻ മടിക്കുന്നില്ല. സർ, ഈ നിയമസഭാസംയോജനത്തിനു നിയമസാധുതയുണ്ടെന്നു കാണിക്കുവാൻ ഇന്നത്തെ ക്യാബിനററു പുറപ്പെടുവിച്ച ഒരു പത്രപ്രസ്താവന ഞാൻ കാണുകയുണ്ടായി, പണ്ഡിററു്

ജവഹർലാൽ നെഹ്റു ഇൻഡ്യ കോമൺവെൽത്തിൽ ചേരുവാൻ സമ്മതം നൽകിയതു പോലെയാണിതെന്ന്. അവർ പറയുമായിരിക്കാം, ജർമ്മനിയുടെ കീഴടക്കപ്രമാണത്തിൽ ചർച്ചിൽ ഒപ്പുവച്ചതു് ആരോടു ചോദിച്ചുകൊണ്ടാണെന്ന്. ശരിയാണ്, അദ്ദേഹം അങ്ങനെ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം അതിനു മറുപടി പറയണം. സർ, അന്യായം ചെയ്തതിൽപിന്നീട് നെഹ്റുവിന്റെയും മററും പേർ അതിൽകൂടി ഘടിപ്പിക്കുന്നതിന് എനിക്ക് ഒരു മറുപടി മാത്രമേയുള്ളു. ഭാരതീയരുടെ അനിഷേധ്യനേതാവായ ആ കർമ്മധീരന്റെ നാമധേയം ഇനിയെങ്കിലും ഇവർ ഇവരുടെ ചെയ്തികളുമായി കൂട്ടിക്കുഴയ്ക്കാതിരുന്നെങ്കിൽ അതുതന്നെ ഒരു വലിയ കാര്യമായിരിക്കും. സർ, നിയമസഭയുടെ ഈ സംയോജനം ജനങ്ങളോടാലോചിക്കാതെ ചെയ്തതാണെന്നുള്ള പച്ചപ്പരമാർത്ഥം അതേപടി നിലകൊള്ളുന്നു. അതിന്റെ ഉത്തരവാദിത്വം ആർക്കായിരുന്നാലും അവരുടെ പ്രവൃത്തി അനീതിപരവും പ്രജായത്തസിദ്ധാന്തങ്ങളുടെ വ്യഭിചാരവും ആയിരുന്നുവെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. സർ, മനുഷ്യസമുദായത്തിന്റെ സാമാന്യതത്വംപോലും ഈ സംയോജനം സംബന്ധിച്ചു നിലകൊള്ളുന്നില്ലെന്നുള്ളതു വെറും പരമാർത്ഥമാണ്. കൊച്ചിയും തിരുവിതാംകൂറും തമ്മിൽ സംയോജിപ്പിച്ചതു വധുവിനും വരനും സമ്മതമില്ലാതെ നടന്ന ഒരു വിവാഹം പോലെയാണ്. സർ. അങ്ങനെ വധൂവരന്മാർക്ക് തമ്മിൽ തീരെ ഇഷ്ടമില്ലാതെ ഒരു വിവാഹം നടത്തിയാൽ അതു് അവരുടെ ജീവിതത്തെ എങ്ങനെ ബാധിക്കുമെന്ന് ആലോചിക്കേണ്ടതാണ്. അവർ എങ്ങനെ പരസ്പരം സ്നേഹത്തോടുകൂടി പെരുമാറും? അഥവാ അതിൽ ഒരു സന്തതിയുണ്ടായാൽ അതു ന്യായമായ ഒരു സന്തതിയായിരിക്കാനിടയില്ല. ആ സന്തതിയുടെ സ്വഭാവംതന്നെ എന്തായിരിക്കും? (Bell).

You have allowed Mr. Nesamony extra time. I have no party. I belong to the opposition.

**Deputy Speaker:** That is exactly why you are not allowed to have any more time. The Hon'ble Member is requested to resume his seat.

**Sri. Ittiera Ambooken:** Just one sentence.

സർ, പ്രധാനമന്ത്രി പറയുകയുണ്ടായി, അദ്ദേഹത്തിനു ധൈര്യമുണ്ടെന്ന്. ഞാൻ അതിൽ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ഹൃദയം തുറന്നുള്ള ആ പ്രസ്താവന ശരിയാണെങ്കിൽ, അദ്ദേഹത്തിനു ധൈര്യമുണ്ടെങ്കിൽ, ഈ 90 ലക്ഷം ജനങ്ങളുടെ ന്യായമായ അവകാശങ്ങളെ പരിരക്ഷിക്കണമെന്നും, പ്രജായത്തസിദ്ധാന്തങ്ങൾക്ക വിപരീതമായി സംഘടിപ്പിച്ചിരിക്കുന്ന ഈ നിയമസഭ ഇനി ഇരുപത്തിനാലു മണിക്കൂർപോലും വച്ചു പുലർത്തരുതെന്നുമാണ് എനിക്ക് അദ്ദേഹത്തോടു പറയാനുള്ളതു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ജനറൽ അഡ്മിനിസ്ട്രേഷനെപ്പററിയുള്ള വിമർശനങ്ങൾക്ക്..........

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. രണ്ടു മണിക്കൂറാണ് വച്ചിരിക്കുന്നതു്. ഇതുവരെ ഒന്നര മണിക്കൂർ മാത്രമേ ആയിട്ടുള്ളു.

ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്ററുടെ മറുപടിക്കുള്ള സമയംകൂടി കൂട്ടിയാണ് രണ്ടു മണിക്കൂർ.

**Sri. A. K. Pachu Pillai:** On a point of information. May I know how much time will be allowed to the Minister so that we may decide whether the distribution of time is equitable.

ഡെപ്യൂട്ടി സ്പീക്കർ: മെമ്പറന്മാർക്ക് അഞ്ചു മിനിട്ടുവീതം. മിനിസ്റ്റർക്ക് ഇരുപതു മിനിട്ട്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ജനറൽ അഡ്മിനിസ്ട്രേഷനെപ്പററിയുള്ള വിമർശനങ്ങൾക്ക ഞാൻ വളരെ പ്രാധാന്യം കല്പിക്കുന്നുണ്ട്. Parliamentary form-ലുള്ള democracy-യുടെ വിജയകരമായ പ്രവർത്തനങ്ങൾക്ക് ഒരു എതിപക്ഷത്തിന്റെ ആവിർഭാവത്തെയും പ്രവർത്തനത്തെയും ഞാൻ എപ്പോഴും സ്വാഗതം ചെയ്യുന്നു. എന്നാൽ എതിർപക്ഷകക്ഷിയിൽ ഉൾപ്പെട്ട അംഗങ്ങളുടെ വിമർശനങ്ങൾക്ക് ഒരു രൂപവും ചിട്ടയും ഉണ്ട്. സർ, ഗർജ്ജനം വിമർശനങ്ങളാകുന്നതല്ല. ശബ്ദായനമായമായ കോലാഹലങ്ങളും വിമർശനങ്ങളാകുന്നതല്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: സർ, ഇതു് ഒരു മൈതാനപ്രസംഗമാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മൈതാനപ്രസംഗങ്ങൾ വളരെ വളരെ ഇതിനകം നടത്തിയിട്ടുള്ള എന്റെ സ്നേഹിതൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള..........

**Sri. K. P. Neelakanta Pillai:** Will the Minister kindly save me..............

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:</u> ഇതിനെ മൈതാനപ്രസംഗമായി കരുതുന്നുണ്ടെങ്കിൽ ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. അദ്ദേഹത്തിനു് ഒരുപക്ഷേ ഒരു ഉദ്ദേശമുണ്ടായിരിക്കാം, അദ്ദേഹം അടിയ്ക്കടി കേറിപ്പറയുന്നതുകൊണ്ടു് എന്റെ പ്രസംഗത്തെ തടസ്സപ്പെടുത്താമെന്നു്. എന്നാൽ അതു സാദ്ധ്യമല്ലെന്നു ഞാൻ ആദ്യമേതന്നെ ഒരു മുന്നറിയിപ്പു കൊടുക്കാൻ ആഗ്രഹിക്കുന്നു.

സർ, വിമർശനങ്ങൾക്കു ഞാൻ മറുപടി പറയുവാൻ ആരംഭിക്കുകയാണു്. ആദ്യമായി മിസ്റ്റർ ജ്ഞാനശിഖാമണിയുടെ വിമർശനങ്ങൾക്കു മറുപടി പറയാം. അദ്ദേഹത്തിന്റെ പ്രധാനമായ ആരോപണം അല്ലെങ്കിൽ ആക്ഷേപം ഈ സംയോജനം ജനകീയഭരണതത്വങ്ങളെ ബലികഴിച്ചിട്ടാണു് നടപ്പിൽ വരുത്തിയതു് എന്നാണു്. ഒരു ഏകീകൃതമായ, ഒരു സുശക്തമായ ഭാരതം ആവശ്യമാണെന്നു തോന്നിയതുകൊണ്ടും തിരുവിതാംകൂറിലേയും കൊച്ചിയുടേയും രാഷ്ട്രീയവും സാമ്പത്തികവുമായ വികസനത്തിനും വളർച്ചക്കും ഇതു് അത്യാവശ്യമാണെന്നു തോന്നിയതുകൊണ്ടും പരമ്പരാഗതമായ രാജവാഴ്ചയെ കാലക്രമേണ നിർമ്മാർജ്ജനം ചെയ്യുന്നതിനു് ഇതു് ഉപകരിക്കുമെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടുമാണു് തിരുവിതാംകൂറും കൊച്ചിയും തമ്മിൽ സംയോജിപ്പിക്കേണ്ടതു് ആവശ്യമെന്നു ഞങ്ങൾക്കു തോന്നിയതു്. ഔപചാരികമായി നിയമസഭയുടെ യോഗം വിളിച്ചുകൂട്ടിയില്ല എന്നാണു് ആരോപണമെങ്കിൽ അതു ഞാൻ സമ്മതിക്കുന്നു.

*(At this stage Mr. Speaker resumed the Chair)*

എന്നാൽ ഈ നിയമസഭയുടെ ഒരു വമ്പിച്ച ഭൂരിപക്ഷം അംഗങ്ങളുടേയും സഹകരണവും ആനുകൂല്യവും സമ്മതിയും ആ പ്രസ്ഥാനത്തിനുണ്ടെന്നു ഞാൻ പറഞ്ഞാൽ അതു് വെറും പരമാർത്ഥം മാത്രമായിരിക്കും. അതു മാത്രമല്ല തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഭൂരിപക്ഷം ആളുകളുടേയും ആത്മാർത്ഥമായ പിന്തുണയും ആ പ്രസ്ഥാനത്തിനുണ്ടെന്നു് ഞാൻ പറയുന്നു.

<u>ശ്രീ. കെ. കെ. കണ്ണൻ:</u> സർ, ഒരു പായിന്റ് ആഫ് ആർഡർ. ഒരു ചോദ്യം ചോദിക്കാനായി ഒരു മെമ്പർ എഴുന്നേററുനിന്നാൽ മറുപടിപറയാൻപോലും ഭാവമില്ലാതെ ബഹുമാനപ്പെട്ട മന്ത്രി പ്രസംഗം തുടരുന്നതു് ശരിയാണൊ എന്നുള്ളതിനെപ്പററി ഒരു റൂളിങ്ങ് നൽകണമെന്നു് അപേക്ഷിക്കുന്നു.

<u>മി. സ്പീക്കർ:</u> ശരിയാണു്. മറുപടി പറയുകയോ പറയാതിരിക്കുകയൊ ചെയ്യാൻ മന്ത്രിക്കു് അവകാശമുണ്ടു്.

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:</u> ഈ രാജ്യത്തിന്റെ ഭാവിയെ എല്ലാവിധത്തിലും ശോഭനമാക്കുന്നതായ ഒരു പ്രസ്ഥാനം, ഈ സംയോജനം നടപ്പിൽ വരുത്തിയതു തീർച്ചയായും ദേശാഭിമാനികളായ ആരും ചോദ്യം ചെയ്യുകയില്ലെന്നാണു് എന്റെ വിശ്വാസം.

**Sri. D. Ganasighamani:** Stood up for a question.

<u>മി. സ്പീക്കർ:</u> ഇടയ്ക്കു കയറി അങ്ങിനെ ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല. പ്രസംഗിച്ചുകൊണ്ടു് നിൽക്കുന്ന മെമ്പർ സ്വസ്ഥാനത്തു് ഇരിക്കാൻ തയ്യാറില്ലെന്നു കണ്ടാൽ ചോദ്യം ചോദിക്കാൻ തുനിയരുതാത്തതാണു്.

**Sahib Bahadur Abdual Razak:** May I point out that the question whether the Minister is yielding or not could be known only after the question is put to him?

<u>മി. സ്പീക്കർ:</u> സ്പീക്കറെ അഡ്രസുചെയ്യുമ്പോൾ ഈൽഡുചെയ്യുന്നില്ലെന്നു കണ്ടാൽ ഇരിക്കണം.

**Sri. V. Gangadharan Nayar:** Is it open to the Leader of the House, a very responsible man, not to yield to the questions asked from this side of the House?

<u>മി. സ്പീക്കർ:</u> അതിനു അവകാശമുണ്ടെന്നു പറഞ്ഞുകഴിഞ്ഞു.

<u>ശ്രീ. കെ. എസ്സ്. ജോസഫ്:</u> സർ, ഒരു മെമ്പർക്കു് എന്തെങ്കിലും ചോദ്യം ചോദിക്കാനുണ്ടെങ്കിൽ എഴുന്നേററു നില്ക്കുകയും സ്പീക്കറെ അഡ്രസ്സ്ചെയ്തു പറയുകയുമല്ലാതെ ചോദ്യം എറിഞ്ഞുവിടാൻ അവകാശമുണ്ടോ?

<u>മി. സ്പീക്കർ:</u> ചോദ്യം അങ്ങിനെ എറിയുന്നെങ്കിൽ ശരിയല്ല.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: എന്റെ സമയം പരിമിതമാണ്. പല ആരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും മറുപടി പറയേണ്ടതായിട്ടുമുണ്ട്. അതുകൊണ്ടാണ് ഞാൻ ഈൽഡുചെയ്യാത്തതു്.

വേറെ ഒരു ആക്ഷേപം ശ്രീ. ജ്ഞാനശിഖാമണി സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളതു് ചീഫ സെക്രട്ടറിയുടേയും പബ്ളിക് സർവ്വീസ്കമ്മീഷൻ ചെയർമാന്റെയും നിയമനകാര്യങ്ങളാണ്. ഈ നിയമനങ്ങളുടെ പരിപൂർണ്ണമായ ഉത്തരവാദിത്വം ഈ യൂണിയൻ ഗവമ്മേണ്ടിനുതന്നെയാണെന്നു് ഈ നിയമസഭയിൽവെച്ചുതന്നെ പലയാവൎത്തി ഞാൻ പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ നിയമനങ്ങളിൽ സ്റ്റേററ്മിനിസ്റ്ററിയുടെയാകട്ടെ ഇൻഡ്യാ ഗവമ്മേണ്ടിന്റെയാകട്ടെ യാതൊരിടപെടലും ഉണ്ടായിട്ടില്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ അതൊന്നും വിശ്വസിക്കുന്നതിനു അദ്ദേഹം തയ്യാറില്ല, എതാനും മുക്കുകളിലും മൂലകളിലും യാതൊരു വിവരങ്ങളും ശേഖരിക്കുന്നതിനു മാർഗ്ഗമില്ലാത്ത ചില യാളുകൾ അപ്പോഴപ്പോൾ പുറപ്പെടുവിക്കുന്നതായ കിംവദന്തികളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം ഈ ആരോപണങ്ങൾ ഇവിടെ ഉന്നയിച്ചിട്ടുള്ളതു്. അദ്ദേഹം ഒരു അവിശ്വാസിയാണ്, ഗവമ്മേണ്ടു പറയുന്നതിനെ വിശ്വസിക്കുന്നതിന് അദ്ദേഹം തയ്യാറില്ല. അവിശ്വാസികളിൽ വിശ്വാസം കത്തിവെക്കുന്നതിന് എനിക്കു ശേഷിയില്ല. അതിനുള്ള അഭ്യസനവും എനിക്കു ഇതിനകംകിട്ടിയിട്ടില്ല. എനിക്കു പറയാനുള്ളതു് ഈ രണ്ടു നിയമനങ്ങളും നടത്തിയിട്ടുള്ളതു് ഈ യൂണിയൻഗവമ്മേണ്ടുതന്നെയാണെന്നാണ്. സ്ഥിതിഗതികൾ അതിനാവശ്യപ്പെട്ടതുകൊണ്ടാണ് ആ രണ്ടു നിയമനങ്ങളും നടത്തിയിട്ടുള്ളതു്. സർ, സെക്രട്ടറിയേററിനെ നവീകരിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും കാര്യക്ഷമതയുള്ള ഒരു ഐ. സി. എസ്സ്. ആഫീസറെ നിയമിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു് ഗവമ്മേണ്ടിനു തോന്നിയതുകൊണ്ടു് അങ്ങിനെ ഒരു നിയമനം ഗവമ്മേണ്ടു നടത്തുകതന്നെചെയ്തു. അതിൽ ഗവമ്മേണ്ടു് പശ്ചാത്തപിക്കുന്നില്ല, പരിതപിക്കുന്നുമില്ല. അദ്ദേഹത്തിന്റെ നിയമനം എല്ലാവിധത്തിലും യോഗ്യമായിരുന്നുവെന്നും ആവശ്യമായിരുന്നുവെന്നും അനന്തരമുള്ള നടപടികൾ ഏററവും അസന്നിഗ്ദ്ധമായ രീതിയിൽ തെളിയിച്ചിട്ടുണ്ടു്. അദ്ദേഹം ഇവിടെ വന്നതിനുശേഷം എന്തെല്ലാം പരിഷ്കാരങ്ങളാണ് സെക്രട്ടറിയേററിൽനടന്നിട്ടുള്ളതെന്നുള്ളതിനെപ്പററി സാധാരണ ജനങ്ങൾക്കുപോലും സാമാന്യമായ അറിവു കിട്ടിയിട്ടുണ്ടു്.

സർ, പബ്ളിക്ക്സർവ്വീസ് കമ്മീഷൻ ചെയർമാനെപ്പററിയാണ് എനിക്കു് അടുത്തതായി പറയുവാനുള്ളതു്. പബ്ളിക്ക് സർവ്വീസ് കമ്മീഷനിലേക്കുള്ള റിക്രൂട്ടമെണ്ടിനെപ്പററി തിരുവിതാംകൂറിലേയും കൊച്ചിയിലേയും പല ഭാഗങ്ങളിലുംനിന്നു ധാരാളം ആവലാതികളും പരാതികളും ഉണ്ടായിട്ടുണ്ടു്. അതു വെറും ഒരു പരമാൎത്ഥം മാത്രമാണ്. ഈ യൂണിയനിൽ പല സമുദായങ്ങളുണ്ടു്. അനേകം ശതാബ്ദങ്ങളായി യാതൊരുവക അവകാശങ്ങളും അധികാരങ്ങളും അനുഭവിക്കാത്ത പല സമുദായങ്ങളും ഇവിടെ ഉണ്ടു്. അവൎക്കു് പബ്ളിക്ക് സർവ്വീസിൽ പ്രവേശനം നൽകേണ്ടതു് അത്യാവശ്യമാണ്. അവൎക്കു് ശരിയായ തോതിലും ശരിയായ വഴിപ്പത്തിലും പബ്ളിക്ക് സർവ്വീസിൽ പ്രവേശനം കിട്ടുന്നില്ലെന്നു പരാതി ഉണ്ടായിട്ടു് കൊല്ലങ്ങൾ കുറെയായി. ആ മാതിരിയുള്ള ആവലാതികൾക്കു് ഒരു പൂൎണ്ണവിരാമമിടുന്നതിന്നാണ് ഈ പബ്ളിക്കു് സർവ്വീസ് കമ്മീഷനെ നിയമിച്ചിട്ടുള്ളതു്. അതിന്റെ അധിപനായി നിയമിക്കപ്പെട്ടിരിക്കുന്നതു് ഏററവും അന്തസ്സും യോഗ്യതയുമുള്ളയാളും മദ്രാസ് ഹൈക്കോടതിയിലെ ഒരു ജഡ്ജിയായിരുന്ന ആളുമായ ശ്രീ. കുഞ്ഞുരാമൻ അവർകളാണ്. അദ്ദേഹത്തിന്റെ നിയമനം എല്ലാവരും സ്വാഗതം ചെയ്യുകതന്നെ ചെയ്യുമെന്നു് എനിക്കു് പരിപൂർണ്ണമായി വിശ്വാസമുണ്ടു്. അദ്ദേഹം പിന്നീടു് ക്യാബിനററിനെപ്പററിയും ക്യാബിനററിന്റെ ഘടനയെപ്പററിയും പറയുകയുണ്ടായി. ക്യാബിനററിന്റെ രൂപീകരണവും അതിന്റെ ഘടനയും നിൎണ്ണയിക്കുന്നതിനുള്ള പരിപൂർണ്ണമായ അധികാരം തീർച്ചയായും അതിന്റെ നേതാവിനാണെന്നുള്ളതു് പരിഷ്കൃതലോകം അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണ്. അതുകൊണ്ടു് അതിനെ സംബന്ധിച്ചുള്ള കാര്യങ്ങളിലേക്കു് പ്രവേശിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നില്ല. ഒമ്പതു മന്ത്രിമാർ അത്യാവശ്യമാണെന്നു അനാത്തെ ലീഡൎക്കു് തോന്നിയതുകൊണ്ടുമാത്രമാണ് ഒമ്പതു മന്ത്രിമാരടങ്ങിയ ഒരു മന്ത്രിസഭ രൂപീകരിക്കണമെന്നു് ലീഡർ നിശ്ചയിച്ചതു്. ക്യാബിനററിൽ വർഗ്ഗീയചായ കാണുന്നുവെന്നും വർഗ്ഗീയ പ്രാതിനിധ്യം ഉണ്ടെന്നും ശ്രീ. ജ്ഞാനശിഖാമണി പറയുകയുണ്ടായി. ഈ രാജ്യത്തു സമുദായങ്ങളുണ്ടു്, സമുദായങ്ങൾക്കു് അവകാശങ്ങളുമുണ്ടു്.

[The Hon'ble Sri. T. K. Narayana Pillai]

ഈ ഗവമ്മെണ്ട് തീച്ചയായും സാമുദായിക പ്രാതിനിധ്യത്തിൽ വിശ്വസിക്കുന്നില്ല. എന്നാൽ സമുദായനീതിയിൽ എല്ലാ പരിഷ്കൃത ഗവമ്മെണ്ടുകളും തീർച്ചയായും വിശ്വസിക്കുന്നുണ്ട്. സമുദായനീതി പരിപാലിക്കുന്നതിനുവേണ്ടി സമുദായങ്ങൾ ഉണ്ടെന്നുള്ള സംഗതി വിസ്മരിക്കുന്നതിനു തീർച്ചയായും യാഥാർത്ഥ്യങ്ങളിൽ വിശ്വാസമില്ലാത്തവക്ക് മാത്രമേ സാധിക്കുകയുള്ളു.

സർ, അദ്ദേഹം പിന്നീടു പറഞ്ഞതു് ട്രെയിനിംഗ് കാളേജ് പ്രിൻസിപ്പാളിന്റെ നിയമനത്തെപ്പററിയാണു്. സർ, അതിനൊരു ചരിത്രമുണ്ട്. അതേസംബന്ധിച്ച ചില വിവരങ്ങൾ എനിക്കു സഭയെ അറിയിക്കുവാനുണ്ട്. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അവർകൾ അദ്ദേഹത്തിനുമാത്രം സ്വായത്തമായിട്ടുള്ള വാഗ്ധാടിയോടുകൂടി ഇവിടെ പ്രസ്താവിക്കുകയുണ്ടായി യൂനിവേഴ്സിററിയുടെ പ്രവത്തനങ്ങളിൽ ഗവമ്മെണ്ടു കൈകടത്തുന്നുവെന്നു്. ഈ രണ്ടു സംഗതികളെ സംബന്ധിച്ചും ചില സംഗതികൾ പറയുവാൻ ഈ അവസരം ഉപയോഗിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. യൂണിവേഴ്സിററി പരിപൂണ്ണമായ സ്വയംഭരണാവകാശമുള്ള ഒരു സ്ഥാപനമാണെന്നാണ് ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ സമത്ഥിച്ചതു്. എന്റെ മാന്യ സ്നേഹിതന്റെയും അദ്ദേഹത്തിന്റെ ആദർശങ്ങളിലും പരിപാടികളിലും വിശ്വസിക്കുന്ന മററു സ്നേഹിതന്മാരുടേയും ശ്രദ്ധയെ യൂനിവേഴ്സിററി ആക്ടിലെ വ്യവസ്ഥകളിലേക്കു് ഞാൻ ക്ഷണിച്ചുകൊള്ളുന്നു. സർ, യൂണിവേഴ്സിററി ആക്ടിൽനിന്നുതന്നെ പ്രത്യക്ഷമാകുന്ന ഒരു സംഗതിയാണ് ഇതു്. യൂനിവേഴ്സിററി ആക്ട് പരിശോധിക്കുന്നപക്ഷം യൂണിവേഴ്സിററിക്കു പരിമിതമായ അധികാരം മാത്രമേ ഉള്ളുവെന്നും ചില സന്ദർഭങ്ങളിൽ ചില പ്രത്യേക പരിതസ്ഥിതികളിൽ യൂണിവേഴ്സിററിയുടെ കാര്യങ്ങളിൽ ഗവമ്മെണ്ടിനു ഇടപെടാവുന്നതാണെന്നും ആ ആക്ടിലെ വ്യവസ്ഥകൾ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുണ്ട്. യൂണിവേഴ്സിററിക്കു ഭരണപരമായ സകല സംഗതികളിലും പരിപൂണ്ണമായ സ്വയംഭരണാവകാശം ഉണ്ടെന്നു പറയുന്നതിനു് അടിസ്ഥാനമില്ല. (ഈ അവസരത്തിൽ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള എഴുന്നേററു വെളിയിലേക്കുപോയി). എന്റെ സ്നേഹിതൻ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള വെളിയിൽ പോകുന്നതിനെ ഞാൻ സ്വാഗതംചെയ്യുന്നു. ഞാൻ പറയുന്നതിന്റെ അത്ഥംതന്നെ ഒരുപക്ഷേ അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ടായിരിക്കാം അദ്ദേഹം വെളിയിൽ പോകുന്നതെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു് അതിൽ കൂടുതലായി അദ്ദേഹത്തിന്റെ ആരോപണങ്ങൾക്കു് മറുപടിയായി എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. സാധാരണ മര്യാദസീമകളെ ലംഘിച്ചുള്ള വിമർശനങ്ങൾക്കു് മറുപടി പറയാനുള്ള രംഗവും അവസരവും ഇതല്ലെന്നു് എനിക്കറിയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: മറുപടി പറയുകയാണൊ വല്ലവരേയും ചീത്തപറയുകയാണോ ഉദ്ദേശം എന്നറിഞ്ഞാൽകൊള്ളാം. പ്രസംഗിക്കാനുള്ള മിടുക്കു കാണിക്കുകയാണെങ്കിൽ അതിനു പിടിപ്പുള്ള വേറെയും പലരും ഇവിടെ കണ്ടേക്കും. ഒരു മൈതാനപ്രസംഗമാണോ? അതോ വിമർശനങ്ങൾക്കു മറുപടിയാണൊ ഇതെന്നു അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: മറുപടി പറയുകയാണു്.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാളിന്റെ നിയമനം സംബന്ധിച്ചു് യൂണിവേഴ്സിററിയിൽനിന്നും വിദേശീയരുൾപ്പെട്ട ഒരു സെലക്ഷൻ കമ്മിററിയെ നിയമിച്ചിരുന്നു. ആ സെലക്ഷൻ കമ്മിററിയുടെ ശുപാശയനുസരിച്ചു് ആദ്യമായിട്ടു തെരഞ്ഞെടുത്തതു് മി: കോരയെ ആയിരുന്നു. മി: കോര മാണി. മി. എബ്രഹാം, മി: ഹാരിസ് എന്ന ക്രമത്തിൽ ആയിരുന്നു ആ കമ്മിററിയുടെ നിർദ്ദേശം, എന്നാൽ ആ നിർദ്ദേശം സ്വീകരിക്കുന്നതിനു് സിൻറിക്കേററിനു്. നിവൃത്തിയില്ലാത്തതുകൊണ്ടു് സൻറിക്കേൻററ് അതിനായി ഒരു സബ്കമ്മിററിയെ നിയമിച്ചു. ആ സബ്കമ്മിററിയിൽ നിന്നും ആദ്യം മി. എബ്രഹാം, പിന്നെ മി. കോര, അതുകഴിഞ്ഞു് മി. ഹാരിസ് എന്ന ക്രമത്തിൽ ഒരു നിർദ്ദേശമുണ്ടായി. ഈ രണ്ടു കമ്മിററികളുടേയും ശുപാശകളേയും നിർദ്ദേശങ്ങളേയും സിൻറിക്കേററിനു് സ്വീകരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് മി. തമ്പി ഹാരിസിനെയാണ് ആദ്യമായി സ്വീകരിച്ചതു്. ഈ സ്ഥിതിഗതികളിൽ ഗവമ്മെണ്ടു അതുസംബന്ധമായ കടലാസുകൾ വരുത്തി പരിശോധിച്ചതിൽ ഇപ്പോൾ നിയമിതനായിരിക്കുന്ന ആളിനാണ് കൂടുതൽ പരീക്ഷായോഗ്യതകളുള്ളതെന്നും കാണുന്നു.

അദ്ദേഹം ബി.എ. ഓണേഴ്സാണ്. അദ്ദേഹം കേംബ്രിഡ്ജ് ട്രൈപ്പോസ് ആണ്; എൽ.ടി. രണ്ടാംക്ലാസിൽ പാസായിട്ടുണ്ട്. ഇങ്ങിനെ എല്ലാവിധത്തിലും മററുള്ള സ്ഥാനാർത്ഥികളെ അപേക്ഷിച്ച് ഇദ്ദേഹത്തിനാണ് കൂടുതൽ യോഗ്യതകളുള്ളതെന്നു കാണാനിടയായി. അതുതന്നെയുമല്ല യൂണിവേഴ്സിററി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ന. ഫ. ® രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗങ്ങളിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള പൂർണ്ണമായ അധികാരവും അവകാശവും ഗവൺമെണ്ടിലാണ് നിക്ഷിപ്തമായിട്ടുള്ളതു്. ആ അവകാശത്തെയും അധികാരത്തേയും അടിസ്ഥാനമാക്കിയാണ് ഗവൺമെണ്ട ഈ നിയമനം നടത്തിയിട്ടുള്ളതു്.

പിന്നിട് ശ്രീ. കളത്തിൽ വേലായുധൻ നായരുടെ ചില വിമർശനങ്ങൾക്ക് മറുപടി പറയണമെന്ന് വിചാരിക്കുന്നു. അദ്ദേഹം പ്രധാനമായി കൊണ്ടുവന്ന വാദം ഇവിടെ പദ്ധതികൾ ഒന്നും ഇല്ലെന്നാണ്. പദ്ധതികൾകൊണ്ട് അദ്ദേഹം അർത്ഥമാക്കുന്നതു് ദശവത്സരപദ്ധതികളും പഞ്ചവത്സരപദ്ധതികളും ആണെങ്കിൽ അങ്ങനെയുള്ള പദ്ധതികൾ ഇപ്പോൾ നിലവിലില്ലെന്നു ഞാനും സമ്മതിക്കുന്നു. പദ്ധതികളുടെ ആവശ്യമുണ്ടെന്നുള്ള സംഗതിയും ഞാൻ സമ്മതിക്കുന്നു. എന്നാൽ യാതൊരു പദ്ധതിയും ഇല്ലെന്നു പറയുന്നതിൽ വലിയ അടിസ്ഥാനമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഭവനനിർമ്മാണപദ്ധതിയെപ്പററി അദ്ദേഹം പറയുകയുണ്ടായി. ഭവനനിർമ്മാണപദ്ധതിക്കുവേണ്ടി ഈ ഗവൺമെണ്ട് യാതൊന്നും ചെയ്തിട്ടില്ലെന്നും സമർത്ഥിക്കാൻ അദ്ദേഹം ശ്രമിച്ചു. ഇക്കൊല്ലത്തെ ബഡ്ജററിൽ രണ്ടര ലക്ഷംരൂപാ ഭവനനിർമ്മാണത്തിനു മാത്രമായി നീക്കിവെച്ചിട്ടുണ്ടെന്നു എൻെറ സ്നേഹിതൻ ഓർമ്മിക്കുമെന്നു വിശ്വസിക്കുന്നു. ഭവനനിർമ്മാണത്തിന് ഒരു പദ്ധതി ആവിഷ്കരിക്കണമെന്നും കഴിയുന്നത്ര വേഗത്തിൽ ആ പദ്ധതി രാജ്യവ്യാപകമായ തോതിൽ നടപ്പിൽവരുത്തണമെന്നുംതന്നെയാണ് ഗവൺമെണ്ട് ഉദ്ദേശിക്കുന്നതു്.

മറെറാരാക്ഷേപം ഭക്ഷ്യോല്പാദനത്തെപ്പററിയാണ്. വേറെ ചില മെമ്പറന്മാർ വേറെ അഭിപ്രായവും പുറപ്പെടുവിക്കയുണ്ടായി. അതായതു് ഭക്ഷ്യോല്പാദനത്തിന് ക്യാബിനററിൽനിന്നും ഒരു സബ്കമ്മിററിയെ നിയമിക്കണമെന്നും ആ സബ്കമ്മിററിയുടെ ആഭിമുഖ്യത്തിലും നേതൃത്വത്തിലും ഈ ഭക്ഷ്യോൽപാദനം മുമ്പോട്ടു കൊണ്ടുപോകണമെന്നുമാണ്. ഇതിനകംതന്നെ ക്യാബിനററിൽനിന്നും അതിലേക്കായി ഒരു സബ്കമ്മിററിയെ നിയമിച്ചിട്ടുണ്ട്. ആ സബ്കമ്മിററി അടുത്തുതന്നെ സമ്മേളിച്ച് ഏററവും നിശ്ചിതമായ രൂപത്തിലുള്ള ഒരു പദ്ധതി ജനങ്ങളുടെ മുമ്പിൽ അവരുടെ സ്വീകരണത്തിനായി സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു മാത്രമേ എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളു.

അദ്ദേഹത്തിൻെറ വേറൊരു ആക്ഷേപം ഇവിടെ ഉദ്യോഗനിയമനകാര്യങ്ങളിൽ വർഗ്ഗീയവും രാഷ്ട്രീയവുമായ പരിഗണനകൾ ഉണ്ടെന്നാണ്. അദ്ദേഹത്തിൻെറ ആ പ്രസ്താവനയെ ഞാൻ നിഷേധിക്കുന്നു. രാഷ്ട്രീയമായ പരിഗണനകൾകൊണ്ട് കാര്യക്ഷമതയും മററു യോഗ്യതകളും അവഗണിച്ച് യാതൊരു നിയമങ്ങളും നടത്തിയിട്ടില്ലെന്നു എനിക്കു ധൈര്യമായി പറയാൻ സാധിക്കും.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അദ്ദേഹത്തിൻെറ പ്രസംഗമദ്ധ്യേ പറയുകയുണ്ടായി, ഇവിടത്തെ ഗവൺമെണ്ട ഒരു ഫാസിസ്റ്റ് ഗവൺമെണ്ടാണെന്ന്. അതിൻെറ അർത്ഥം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ജനകീയഭരണതത്വങ്ങളിൽ വിശ്വസിച്ച് അതിനെ കഴിയുന്നത്ര നടപ്പിൽ വരുത്തണമെന്നുള്ള ലക്ഷ്യത്തെ മുൻനിറുത്തി പ്രവർത്തിക്കുന്നതു ഒരു ഫാസിസ്റ്റ് ഗവൺമെണ്ടിൻെറ ലക്ഷണമാണെങ്കിൽ ഈ ഗവൺമെണ്ട് ഒരു ഫാസിസ്റ്റ് ഗവൺമെണ്ടതന്നെയാണ്. ഏററവും അശ്ലീലവും, സാമാന്യമര്യാദകളുടെ സീമകളെപ്പോലും ലംഘിക്കുന്നതുമായ വിമർശനങ്ങൾക്ക് സ്വാതന്ത്ര്യം കൊടുക്കുന്നതു് ഫാസിസ്റ്റ് ഭരണത്തിൻെറ ലക്ഷണമാണെങ്കിൽ ഇതൊരു ഫാസിസ്റ്റ് ഗവൺമെണ്ടുതന്നെയാണ്. സാധാരണ ജനങ്ങളുടെ അഭ്യുന്നതിക്കുവേണ്ടി പ്രവർത്തിക്കുന്നതു ഒരു ഫാസിസ്റ്റ് ഗവൺമെണ്ടിൻെറ ലക്ഷണമാണെങ്കിൽ ഇതൊരു ഫാസിസ്റ്റ് ഗവൺമെണ്ടുതന്നെയാണ്.

എൻെറ മാന്യ സ്നേഹിതൻ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളക്കു് പ്രസിഡണ്ട് ജാക്സൻെറ പേരു് അറിയാം. അദ്ദേഹം സ്റ്റായിൽസ്സിസ്റ്റത്തെപ്പററി പറയുകയുണ്ടായി. എനിക്ക് അതിൽ പരിശീലനം സിദ്ധിച്ചിട്ടില്ല. അതിനുവേണ്ട അഭ്യസനം സിദ്ധിക്കുന്നതിനും എനിക്കു സാധിച്ചിട്ടില്ല. സ്റ്റായിൽസ് സിസ്റ്റത്തെപ്പററിയുള്ള അറിവ് ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയ്ക്കുതന്നെയാണ് ഉള്ളതെന്നും ഞാൻ സമ്മതിക്കുന്നു.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ഇപ്പോഴ് ഇവിടെ നടക്കുന്നതുതന്നെയാണ് സ്റ്റായിൽസ് സിസ്റ്റം എന്നു മനസ്സിലാക്കിയാൽമതി.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഇനി ശ്രീ. നേശമണി അവർകളുടെ വാദങ്ങൾക്കും നിർദ്ദേശങ്ങൾക്കും മറുപടി പറയേണ്ടതായിട്ടുണ്ട്. നെല്ലെടുപ്പുപദ്ധതിയെപ്പററി അദ്ദേഹം ചില വാദങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. നെല്ലെടുപ്പു സമ്പ്രദായം 'ലാലസ്നസ്' ആണെന്ന് അദ്ദേഹം സ്ഥാപിക്കാൻ ശ്രമിച്ചു. ആദ്യമായി 'എമർജൻസി പവ്വേഴ്സ്' ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഗവമ്മെണ്ടിനുള്ള അധികാരം ഉപയോഗിച്ചാണ് ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. ആ നോട്ടിഫിക്കേഷൻ മറെറാരു നോട്ടിഫിക്കേഷൻകൊണ്ട് റദ്ദ് ചെയ്തിട്ടുണ്ടെന്നും അതനുസരിച്ചാണ് നെല്ലെടുപ്പു സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും അതിൽ 'ലാലസ്നസ്' ഒട്ടുംതന്നെ ഇല്ലെന്നും അദ്ദേഹത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അദ്ദേഹം പിന്നീട് മറെറാരാക്ഷേപം പുറപ്പെടുവിക്കയുണ്ടായി. "Law making should not degenerate into a farce." അതു സമർത്ഥിക്കുന്നതിനു ചില ആർഡിനൻസുകൾ ഉദ്ധരിക്കുകയുണ്ടായി. അതിനു എനിക്കു പറയാനുള്ള സമാധാനം ഇങ്ങിനെ യാതൊരു വ്യവസ്ഥകളേയും യാതൊരു വിധത്തിലും ഈ മിനിസ്ട്രി ലംഘിച്ചിട്ടില്ലെന്നുമാത്രമാണ്. ഇൻകംടാക്സ് ആക്ട് സെക്ഷൻ വ്യ-ലേക്കു എൻെറ മാന്യസ്നേഹിതൻെറ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

"Our Government shall from time to time as and when necessary appoint an appellate tribunal consisting of a Judicial Officer etc."

ഇങ്ങനെ ഒരു ഇൻകംടാക്സ് ട്രിബ്യൂണൽ ഇപ്പോഴും ഇവിടെ പ്രവത്തനം നടത്തുന്നുണ്ട്. ഇൻകംടാക്സ് ട്രിബ്യൂണലിനെ ഞങ്ങൾ അബോളിഷ് ചെയ്തിട്ടില്ല. എന്നാൽ അതിൻെറ കാര്യക്ഷമമായ പ്രവത്തനത്തിനുവേണ്ടി ആ ട്രിബ്യൂണലിലെ ആളുകളെ മാറേറണ്ടതു അത്യാവശ്യമായിത്തീന്നു. അങ്ങിനെ ആ ട്രിബ്യൂണലിലെ ആളുകളെ മാററിയിട്ടുണ്ടെന്നല്ലാതെ നിയമപ്രകാരമുള്ള ആ സ്ഥാപനത്തെ ഞങ്ങൾ മാററിയിട്ടില്ലെന്നുള്ള പരമാത്ഥം സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. റവന്യൂ ബോർഡിൻെറ രൂപീകരണത്തെപ്പററി ഇൻകംടാക്സ് ആക്ടിൽ യാതൊന്നുംതന്നെ പ്രസ്താവിച്ചിട്ടില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. അതും ശരിയല്ലെന്നു ആക്ടിലെ സെക്ഷൻ ( ൭) വായിച്ചാൽ എല്ലാവക്കും മനസ്സിലാകുന്നതാണ്.

"There shall be the following classes of Income-tax authorities:—

The Board of Revenue, the Commissioner of Income-tax etc."

അതുകൊണ്ടു റവന്യൂ ബോർഡും ഇൻകംടാക്സ് ട്രിബ്യൂണലും ഈ ഇൻകംടാക്സ് ആക്ടിൽ വിഭാവനം ചെയ്തിട്ടുണ്ടെന്നു കാണാൻ സാധിക്കും. അതുകൊണ്ടു പുതുതായി ഉണ്ടായ ഈ ആർഡിനൻസിൽ എന്താണ് ക്രമക്കേടെന്നു എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല.

അദ്ദേഹം പിന്നീടു പറഞ്ഞതു ശ്രീമാൻ എൻ. എസ്സ്. കൃഷ്ണപിള്ളയുടെ ചെയ്തികളെപ്പററിയാണ്. രണ്ടു എഴുത്തുകൾ അദ്ദേഹം ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ളയെ നിയമിച്ചതു് രാഷ്ട്രീയമായ പരിഗണനകളെ അടിസ്ഥാനമാക്കിയാണെന്നും വ്യക്തിപരമായ പ്രോത്സാഹനം നല്കുന്നതിനുവേണ്ടി ആയിരുന്നു എന്നുമാണ് അദ്ദേഹത്തിൻെറ വാദം. ഏതാനും കൊല്ലങ്ങൾക്കു മുമ്പു ഒരു ദേവികുളം കമ്മീഷണർ ആവശ്യമില്ലെന്നുകണ്ടു് അതു നിറുത്തൽ ചെയ്തിട്ടുള്ളതാണെന്നും ഇപ്പോൾ ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ളയെ സഹായിക്കുന്നതിനുവേണ്ടി മാത്രമാണ് ആ ഉദ്യോഗം വീണ്ടും സൃഷ്ടിച്ചിട്ടുള്ളതെന്നും അദ്ദേഹം പറയുകയുണ്ടായി. ദേവികുളത്തും പീരുമേട്ടിലും ചില പ്രത്യേക സംഗതികൾ ഉടനടി ചെയ്യേണ്ടതു് വളരെ അത്യാവശ്യമായിത്തീന്നിട്ടുണ്ടു്. അതിലേക്കു മുഴുവൻസമയവും വിനിയോഗിക്കാൻ കഴിവുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു ഗവമ്മെണ്ടിനു തോന്നിയതുകൊണ്ടാണ് ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ളയെ ദേവികുളം കമ്മീഷണരായി നിയമിച്ചിട്ടുള്ളതു്. അദ്ദേഹം ഉദ്ധരിച്ച എഴുത്തുകളെ സംബന്ധിച്ചു എനിക്കു പറയുവാനുള്ളതു നിയമസമാധാനങ്ങൾ പരിപാലിക്കുന്നതിനു ബാദ്ധ്യതപ്പെട്ട കമ്മീഷണക്കു ഏതെങ്കിലും വ്യക്തികൾ സബ്വേഴ്സീവായിട്ടു പ്രവത്തിക്കുന്നുവെന്നു റിപ്പോർട്ടു കിട്ടിയാൽ ആ റിപ്പോർട്ടു കെ. ഡി. എച്ച്. പി. കമ്പനിയുടെ അധികാരികളുടെ മുമ്പിൽ വെക്കേണ്ടതു അദ്ദേഹത്തിൻെറ ചുമതലയാണ്. ആ ചുമതല അദ്ദേഹം നിവ്വഹിച്ചിട്ടുണ്ടു്. ശ്രീ ശങ്കർ അവർകൾ പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്താവനയിലേക്കാണു്

ശ്രീ. നേശമണി ഈ സഭയിലെ അംഗങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചതു്. ആ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കു എത്രമാത്രം അടിസ്ഥാനം ഉണ്ടെന്നുള്ളതിനെപ്പററി എനിക്കു വളരെ സംശയമുണ്ടു്. ഏതായാലും അദ്ദേഹം ഗവമ്മെണ്ടിൻെറ മുമ്പിൽ ഒരു നിവേദനം സമപ്പിച്ചിട്ടുണ്ടു്. ആ നിവേദനം ലഭിച്ച ഉടൻതന്നെ ഗവമ്മെണ്ടു അതേപ്പററിയുള്ള അന്വേഷണങ്ങളും ആരംഭിച്ചു. ദേവികുളം കമ്മീഷണർ പറയുന്നതു് അദ്ദേഹം അങ്ങിനെ യാതൊന്നും ചെയ്തിട്ടില്ലെന്നും ശ്രീ. ശമ്മായുടെ പ്രസ്താവനയിൽ പറയുന്ന സംഗതികൾ പരിപൂർണ്ണമായും അടിസ്ഥാനരഹിതമാണെന്നുമാണു്. എന്നാൽ അതുസംബന്ധമായി കൂടുതൽ അന്വേഷണങ്ങൾ നടത്തേണ്ടിയിരിക്കുന്നതുകൊണ്ടു ഗവമ്മെണ്ടു അന്വേഷണങ്ങൾ ഇപ്പോഴും തുടന്നു നടത്തിക്കൊണ്ടിരിക്കുകയാണു്. പ്രചരണത്തിനുവേണ്ടി അതു വായിക്കാമെന്നല്ലാതെ അതിൽ യാതൊരു അടിസ്ഥാനവുമില്ലെന്നു പറയേണ്ടിയിരിക്കുന്നു. അതിൽനിന്നും അദ്ദേഹം സമത്ഥിക്കാൻ ഉദ്ദേശിക്കുന്നതു് ഒരു കാലത്തു തമിഴനാടു കോൺഗ്രസ്സുകാർ എന്നു പറയപ്പെടുന്നവരെ മർദ്ദിക്കുന്നതിനു ഗവമ്മെണ്ടു ശ്രമിച്ചിരുന്നു എങ്കിൽ ആ ശ്രമം ഇപ്പോഴും തുടന്നുകൊണ്ടിരിക്കുന്നു എന്നാണു്. എന്നാൽ ഈ അവസരം ഉപയോഗിച്ചു ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരുകാലത്തു് തമിഴനാടു കോൺഗ്രസ്സുകാർ എന്നു പറയപ്പെടുന്നവരെ ആരെങ്കിലും മദ്ദിച്ചിരുന്നുവെങ്കിൽ—ഞാൻ അതു സമ്മതിക്കുന്നുമില്ല, വിസമ്മതിക്കുന്നുമില്ല—ആ കാലം മാഞ്ഞുമറഞ്ഞുപോയി എന്നു തമിഴനാടു കോൺഗ്രസ്സുപാർട്ടി അംഗങ്ങൾ അറിയേണ്ടതു് വളരെ അത്യാവശ്യമാണു്. ഈ ഗവമ്മെണ്ടിനു യാതൊരു ദുരുദ്ദേശങ്ങളുമില്ല. ഈ യൂണിയനിലുള്ള എല്ലാവിഭാഗം ആളുകൾക്കും അവസരസമത്വം കൊടുത്തും എല്ലാവരോടും സ്നേഹസാഹോദര്യങ്ങൾ പുലത്തിയും പെരുമാറണമെന്നാണു് ഇന്നത്തെ ഗവമ്മെണ്ടിൻെറ പരമമായ ലക്ഷ്യം. ആ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനു ചിലയവസരങ്ങളിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാം. ചില കുറവുകൾ ഉണ്ടായേക്കാം. അല്ലാതെ ആരേയും മർദ്ദിക്കുന്നില്ല എന്നാണു് എനിക്കു പറയാനുള്ളതു്. ഈ ഘട്ടത്തിൽ തമിഴരെന്നും മലയാളികളെന്നുമുള്ള നിസ്സാരങ്ങളായ വ്യത്യാസങ്ങളെ അവഗണിച്ചു എല്ലാവരും ഈ യൂണിയനിലെ പൌരന്മാരാണെന്നും, ഈ രാജ്യത്തിൻെറ ശോഭനമായ ഭാവിക്കുവേണ്ടി പ്രവത്തിക്കുന്നതു് നമ്മുടെ ധമ്മമാണെന്നും അതിനുവേണ്ടി നാം തോളോടുതോൾചേന്നു മുമ്പോട്ടു പോകേണ്ട അവസരം ഇതാണെന്നുമാണു് എനിക്കു പറയാനുള്ളതു്.

**Sahib Bahadur Abdul Razaak**: Can we take it as an assurance or as a lip service ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഒരു ലിപ് സവ്വീസ്സ് ആണൊ എന്നുള്ളതു ഇനിയത്തെ സംഭവങ്ങൾകൊണ്ടും പ്രവത്തനങ്ങൾകൊണ്ടുമാണു് മനസ്സിലാക്കേണ്ടതു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இதுவரையில் ஒன்றுமே காணவில்லை, ஐயா.

മി സ്പീക്കർ: ഞാൻ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണു്, എന്തെങ്കിലും ചോദിക്കണമെന്നുണ്ടെങ്കിൽ അതു എഴുന്നേററുനിന്നു സ്പീക്കറോടു ചോദിക്കണമെന്നു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இதுவரையில் நான் speaker யிடந்தான் கேட்டுக் கொண்டிருக்கிறேன்.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: വേറെ ഒരു സംഗതി ഇവിടെ പറഞ്ഞതു ശ്രീ. ജോൺ സാമുവേലിൻെറയും ശ്രീ. അയ്യപ്പൻപിള്ളയുടേയും അവകാശങ്ങളെ വിഗണിച്ചുകൊണ്ടു് ശ്രീ എൻ. എസ്സ്. കൃഷ്ണപിള്ളയെ നിയമിച്ചു എന്നാണു്. അതു തെററാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ஸ்ரீ. ஏ. சிதம்பரநாத நாடார்: Mr. M. C. தாமசுக்கு இப்போது வகிக்கும் appointment எப்படி வந்தது என்று என்னிடம் சொல்லவேண்டும்.

**Mr. Speaker**: The Hon'ble Member must catch the eye of the Speaker first and speak.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. പാൾ അവർകൾ ഈ അസംബ്ലിഹാൾ പരിഷ്കരിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി പറയുകയുണ്ടായി. ഈ ഹാൾ പരിഷ്കരിക്കേണ്ടതിൻെറ ആവശ്യകത ഗവമ്മെണ്ടു് നേരത്തെതന്നെ മനസ്സിലാക്കിയിട്ടുണ്ടു്. അടുത്ത നിയമസഭാസമ്മേളനത്തിനുമുമ്പുതന്നെ ഈ ഹാളിൽ സാരമായ വ്യത്യാസങ്ങളും പരിഷ്കാരങ്ങളും വരുത്തണമെന്നു ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടു്. എല്ലാം മെമ്പറന്മാക്കും മന്ത്രി,

[The Hon'ble Sri. T. K. Narayana Pillai]

മാക്കുള്ളതുപോലെയുള്ള സൌകര്യങ്ങൾ ഉണ്ടാക്കികൊടുക്കണമെന്നാണ് ഗവമ്മെണ്ടിന്റെ ആഗ്രഹം.

തൊഴിലില്ലായ്മ പ്രശ്നത്തെപ്പററിയും ഇവിടെ ചില വാദങ്ങൾ ഉന്നയിക്കുകയുണ്ടായി. തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നം ആണെന്നുള്ള കാര്യം ഗവമ്മെണ്ടിനറിയാം. എന്നാൽ തൊഴിലില്ലായ്മക്കു ഏതുവിധത്തിലാണ് പരിഹാരം ഉണ്ടാക്കേണ്ടതെന്നു ഗവമ്മെണ്ടു ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതൊരു കുഴഞ്ഞ പ്രശ്നമാണെന്നു പറഞ്ഞാൽ എല്ലാവരും സമ്മതിക്കുമെന്നും എനിക്കു വിശ്വാസമുണ്ട്. ഈ പ്രശ്നത്തിനു ഒരു പരിഹാരം ഉണ്ടാക്കേണ്ടതുതന്നെയാണ്. കയറുവ്യവസായികളുടെയിടയിൽ ഉള്ള തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുവേണ്ടി ഗവമ്മെണ്ടിൽനിന്നും ഒരു കമ്മററിയെ നിയമിക്കുകയും ആ കമ്മററി റിപ്പോർട്ട് സമപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിനെ ആസ്പദമാക്കി എന്തെല്ലാം ആണ് ചെയ്യാൻ സാധിക്കുന്നതെന്ന് ഗവമ്മെണ്ടു ആലോചിച്ചുകൊണ്ടിരിക്കുകയുമാണ്. അതുകൊണ്ട് തൊഴിലില്ലായ്മക്ക് ഗവമ്മെണ്ടിന്റെ സാമ്പത്തിക കഴിവുകൾക്കു വിധേയമായി എന്തെല്ലാം ചെയ്യാമൊ അതെല്ലാം ചെയ്യാമെന്നുതന്നെയാണ് ഉദ്ദേശിക്കുന്നതു്.

സർ, അവസാനമായി എനിക്കു പറയാനുള്ളതു് ഇന്നത്തെ ഗവമ്മെണ്ട് ചെയ്യുന്നതു് അല്ലെങ്കിൽ ഇന്നത്തെ ഗവമ്മെണ്ട് അഭിലഷിക്കുന്നതു എല്ലാംതന്നെ ഇതിനകം ചെയ്തുതീക്കുന്നുണ്ടെന്ന് ഗവമ്മെണ്ട് ഒരു നിമിഷം പോലും അഭിമാനിക്കുന്നില്ല. ചെയ്തുതീക്കേണ്ടതായ പല സംഗതികളും ഉണ്ടെന്നു ഗവമ്മെണ്ട് സമ്മതിക്കുന്നു. അതു ചെയ്തുതീക്കുന്നതിന് താൽക്കാലികങ്ങളായ പ്രതിബന്ധങ്ങളുണ്ടെങ്കിൽ ആ പ്രതിബന്ധങ്ങളെ തരണംചെയ്ത് നമ്മുടെ ലക്ഷ്യത്തിൽ കഴിയുന്നത്രവേഗത്തിൽ എത്തിച്ചേരണമെന്നും ഗവമ്മെണ്ട് ഉദ്ദേശിക്കുന്നുണ്ട്. ഗവമ്മെണ്ടിന്റെ കഴിവുകൾ എല്ലാംതന്നെ സാധാരണ ജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഉപയോഗിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു്. കുററങ്ങളും കുറവുകളും ഉണ്ടായേക്കാം. എന്നാൽ ആ കുററങ്ങളും കുറവുകളും മനഃശുദ്ധിയോ ഉദ്ദേശശുദ്ധിയോ ഇല്ലാത്തതുകൊണ്ട് ഉണ്ടാകുന്നതല്ലെന്നു ബഹു: അംഗങ്ങൾ മനസിലാക്കിയാൽ അതുതന്നെ ഗവമ്മെണ്ടിന് മതിയായ സമാധാനമായിരിക്കും. ഇതിൽ കൂടുതലായി ഈ അവസരത്തിൽ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

*The Motion by Sri D. Gnanasighanmony was put to vote and lost;*
*the motion by Sri K. S. Joseph was withdrawn with the permission of the house*

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: സർ, സഭയിലിരുന്ന് ഉറങ്ങുന്നതു ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: സഭയിൽ ഉറക്കം വരാതെ നോക്കേണ്ടതാണ്.

**Sri. P. K. Dewer:** Sir, on a point of order. Sir, two days back you were pleased to say on a point of order by one of the Hon'ble Members that the question of taking votes by voice or hand will be decided by you finally the next day. May I remind you, Sir, that no ruling on this has yet been given.

മി. സ്പീക്കർ: ഞാൻ അന്നു പറഞ്ഞതു് അടുത്ത സെഷൻ മുതൽ ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെട്ടതുപോലെ ആക്കുന്നതിൽ വിരോധമില്ലെന്നാണ്.

*The Demand was put to vote and carried.*
*The grant was made.*

## DEMAND No. X

### General Administration—Financial Secretariat, Accounts and Audit and Local Fund Audit

**The Hon'ble Sri. A. J. John:** Sir, I move for a grant of a sum of Rs. 5,30,168 under Demand X—General Administration—Financial Secretariat, Accounts and Audit and Local Fund Audit.

**The Hon'ble Sri. E. Ikkanda Warrier:** I second the motion.

**Sri. D. Gnanasigamony:** Sir, I move to reduce the Demand for a total amount of Rs. 5,30,168 under Demand X by Re. 1.

Sir, the Budget that has been presented has already been characterised by our Deputy Leader as full of inconsistencies and inaccuracies. It has also been thus rightly characterised by other Hon'ble Members. I want to mention in this connection only one matter, that is about the statement made on the floor of the House by the Leader of the House subsequent to the presentation of the budget that Rs. 2 lakhs and odd has been adjusted in connection with the purchase of Travancore minerals. This has not so far been credited in the accounts of the budget and the budget does not show that it has been so credited.

We do not find any entry in the Accounts in respect of that amount and when such a huge sum does not find a place in the budget one is inlcined to feel that the whole thing is a huge fraud.

**The Hon'ble Sri. A. J. John:** Is it the account of Travancore Minerals?

**Sri. D. Gnanasigamony:** Yes. It has been repeatedly said on the floor of this House and in the statements very often made by the party now in power that this country has been looted dry. We have had such speeches made on public platforms and in the Press that during the time of Sir C. P. Ramaswami Ayyar this country has been looted dry. When the present party in power assumed the reins of Govenment, one naturally expected the appointment of a Public Enquiry Commission to enquire into this matter. But so far no such commission has been appointed. In my budget speech I said that in view of the integration and in the special circumstances under which the integration was brought about, it was the duty of this Government to enquire into the financial soundness of the integrated States. But no attempt was made so far and we are not sure whether the financial condition of the State is in a good position or not.

Now the one other matter which I would like to point out in this connection is this. This party which has come into power has a duty to let the public know that the financial condition of the State is sound. It should have at least created a Public Accounts Committee followed by and independent audit of accounts. Some time back the question was raised on the floor of this House about a statement made by Mr. C. P. Mathen. Then I put the question whether Mr. C. P. Mathen ever had an opportunity to audit the Travancore accounts. The reply came 'No.' Now it is the feeling of every financier in the country that this matter must be thoroughly enquired into. Even after the democratic Government has come into being no such attempt has ever been made and the manner in which the budget has been presented shows how carelessly the whole matter has been dealt with.

The term Public Service Commission has now been made non-votable. In respect of that matter a question was raised on the floor of this House and the Hon'ble the Chief Minister referred to Rule 16 of the Ordinance 8 of 1124 and said that under that rule this item must be made non-votable. He said that these are the relevant sections. In Section 16 under explanation sub-clause 2 we see the following,—

"(2) The following expenditure shall be expenditure charged on the revenues of the State and the proposals of the Government for the appropriation of revenue or moneys relating to these heads of expenditure shall not be submitted to the vote of the Assembly nor shall they be open to discussion by the Assembly at the time when the budget is under consideration.—

(*i*) Appropriation made under proviso (*a*) to the preceding sub-section.

(*ii*) Expenditure which is obligatory under any law.

(*iii*) Pensions and gratuities granted by either of the covenanting State of Travancore or Cochin, or under the rules of the Government.

(*iv*) Interest on loans and sinking fund charges."

None of these provisions apply but now they take shelter under last proviso that "if any question arises whether any proposed appropriation of revenues or moneys does not relate to the above head of expenditure the decision of the Government shall be final".

I very much wish Hon'ble the Chief Minister should remove the Gandhi Cap and put on a Tinking Cap in respect of this matter. Another matter I should like to say is about the Revenue Board. Sir, the board is appointed by the Government and this has become the subject of a lot of criticism from the Public. Then there is the appointment of the Chief Secretary. It is also claimed to be an appointment by this Government. In this connection I would refer to Article XIII of the Covenant wherein it is said that "until a constitution framed or adopted by the legislature comes into operation the Rajpramukh and the Council of Ministers shall, in the exercise of their functions comply with such directions, if any, as may from time to time be given by the Government of India". Now people believe, and believe it as a fact that these appointments are made under directions given under Rule 13 of the Government. In

[Sri. D. Gnanasighamoni]

respect of the Revenue Board also I would like to say a few words. All on a sudden a Revenue Board was created and invested with the powers of an income-tax tribunal.

**Sri. K. A. Gangadhara Menon:** May I say that it is wrong to believe that the Revenue Board has been created and invested with the powers of the Income-tax Tribunal, under the Ordinance?

**Sri. D. Gnanasigamony:** I refer to the Communique issued by this Government before this Ordinance was issued. In the Communique it is said that a Revenue Board has been created and invested with the powers of the Income-tax Tribunal.

**Sri. K. A. Gangadhara Menon:** May I ask the Hon'ble Member to point out any portion in the Ordinance which invests the Revenue Board with the powers of the Income-tax Tribunal? I challenge my friend to show any Section in the Ordinance to prove this?

**Sri. D. Gnanasigamony:** I am referring to a Press Note issued by this Government. It says that the Revenue Board is invested with the powers of Income-tax Tribunal. I make the whole point clear. I will just refer to our own Income-tax Act itself. In Section 2 sub-clause V, we have got a clause defining the "Board of Revenue" as one constituted by our Government". Though there is such a definition, in the whole of this Act not a single power has been given to this Bord of Revenue which to this day has not been created. Now some sort of jugglary is made out of it.

**Sri. Mannar Gopalan Nayar:** Does the Hon'ble Member mean that the Attorney General has not read both the Ordinance and the Income-tax Act?

**Sri. D. Gnanasigamony:** It is my definite opinion on the matter. We would like to know whether this Revenue Board has anything to do with the Revenue Board defined under the Income-tax Act.

Now I like to point out in the Income-tax Act in Section 113 "under certain contingencies, matters involving questions of law are referred for the decision of the High Court". There is no such provision under this Board of Revenue. But at the same time this Board appears to have been created under this Income-tax Act.

**Sri. K. A. Gangadhara Menon:** May I correct my friend and say that the Board of Revanue will exercise any power that.............

**Sri. A. Nesamony:** May I ask whether there is a Section where it is exempted?

**Sri. K. A. Gangadhara Menon:** There need not be an exemption. Only powers that are conferred will be exercised.

**Sri. A. Nesamony:** What does that Income-tax Act mean?

**Mr. Speaker:** The two Advocates are no doubt veteran Lawers. But let us not spend more time on avoidable details.

**Sri. D. Gnanasigamony:** There is a certain provision under which in certain circumstances a case can be referred to the High Court for decision. The whole power has now been taken over by the Government. There is no provision for references to the High Court. Section VI of the Board of Revenue reads thus "........The Board shall exercise all appellate or revisional powers", etc.

No reference could now be made to the High Court. In the corresponding provisions of the British Act the matter has been made clear and the functions of the Incom-tax Tribunal have been made clear and there are cases where reference has been made to the High Court as it is done here today. This Government is now assuming dictatorial powers. The Board of Revenue would have been created under different circumstances. I was saying that the Chief Secretary was sent by the Government of India. Sir, all these appointmsnts came all on a sudden. Similar is the case with the Public Service Commission. The appointment of the Chairman has been made before the enactment of the Ordinance.

**The Hon'ble Sri. T. K. Narayana Pillai:** I repudiate the statement.

**Sri. D. Gnanasigamony:** In order to forestall the possibility of an appointment by the State Ministry, this Government appointed a Chairman to the Board of Revenue and now the Board of Revenue is not even working. This is the real story. We have got now only an Act with no rules under it for it to function so that the creation of the Board is a waste.

The next thing I wish to say is about the Periar Valley Investigation. A certain amount of money has been allotted for the Periyar Valley Scheme. I ask why waste money on impossible things. If we can reclaim and cultivate any portion of the sea, then such a scheme is possible. Such matters are to be begun only after a thorough investigation. To instil confidence about this scheme an All Party Committee should be formed from among the members of this House along with other members to investigate the matter. Then alone the matter should be

taken up. Now big capitalists are reported to be behind this Scheme. Some-how or other they want to approach the Government of India for money in the name of such projects. This Scheme looks a sheer waste. There is no objection to money being spent on matters that yield good results. In view of these suspicious circumstances we would suggest that a thorough investigation of the Scheme be made and then the matter proceeded with. An All Party Committee should be framed from among the members of this House along with the other experts. Then only should such a scheme be launched.

<u>ശ്രീ. എൻ. വി. ചാക്കോ:</u> സർ, നമ്മുടെ ഇപ്പോഴത്തെ ക്യാബിനററ് ആത്മാർത്ഥമായും ഉത്തമവിശ്വാസത്തോടുകൂടിയും ജനങ്ങൾക്കു പൊതുവെ എന്തെല്ലാം ഗുണംചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യുന്നതിനു ശ്രമിക്കുന്നുണ്ടെന്നുള്ളതിന് യാതൊരുസംശയവുമില്ല. പക്ഷെ ശ്രമിച്ചാൽമാത്രം പോരാ, അതിന് പണവും കൂടിവേണം. ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമുള്ളപണം ഗവർമ്മെണ്ടിന് ഇല്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. അങ്ങനെ പണമില്ലാതെപോയത് ഇന്നത്തെ ഗവർമ്മെണ്ടിന്റെ കുററംകൊണ്ടല്ല. കഴിഞ്ഞ പന്ത്രണ്ടുകൊല്ലമായി ഇവിടെ നടന്നുകൊണ്ടിരുന്ന ഭരണത്തിന്റെ ഏററവും നിർഭാഗ്യകരമായ ഒരു ഫലമായിട്ടാണ് ഗവർമ്മെണ്ടിന് ഇന്നു ഇപ്പോൾ പണത്തിനു ഇത്രവളരെ വിഷമംവന്നത്. ഇന്നാണെങ്കിൽ ഗവർമ്മെണ്ടിന് പല വൻപിച്ചകാര്യങ്ങൾ നടത്താനുണ്ട്. അതിനു കൂടുതൽ പണവും ആവശ്യമുണ്ട്. ഇവിടെ ഇങ്ങനെയുള്ള സംഗതികൾ ഒന്നും നടക്കാത്തതു ഗവർമ്മെണ്ടിന്റെ ശക്തിക്കുറവുകൊണ്ടോ, ഉത്തമവിശ്വാസക്കുറവുകൊണ്ടോ അല്ല. ഓപ്പൊസിഷൻപാർട്ടി ഗവർമ്മെണ്ടിനെ നിശിതമായി വിമർശിക്കുന്നതുകേട്ടു. ഏതുരാജ്യത്തും ഗവർമ്മെണ്ടിനെ എതിർക്കുന്ന ഒരു നയമാണ് സാധാരണയായി ഓപ്പൊസിഷൻപാർട്ടി സ്വീകരിച്ചു പോരുന്നത്. അതാണു പതിവ്. എന്നാൽ ആ എതിർപ്പു തത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ള എതിർപ്പായിരിക്കണം, അല്ലാതെ വ്യക്തി വിദ്വേഷപരമായിട്ടുള്ളതായിരിക്കരുത്. ഓപ്പൊസിഷൻപാർട്ടി ഭരണത്തിൽ ഇരിക്കുകയാണെങ്കിൽ എന്തുകാര്യങ്ങൾ ചെയ്യുമോ, ആ കാര്യങ്ങൾ ഇപ്പോൾ ഭരണത്തിൽ ഇരിക്കുന്നകക്ഷി ചെയ്യാതിരിക്കുന്നതിനെ എതിർക്കുന്നതിൽതെററില്ല. ഇംഗ്ലണ്ടിൽപോലും അങ്ങനെയുള്ള എതിർപ്പുകൾ നടക്കുന്നുണ്ട്. എന്നാൽ ഉത്തമവിശ്വാസമില്ലാതെയും വ്യക്തിപരമായും യാതൊരടിസ്ഥാനമില്ലാതെയും Ignorance is bliss എന്നരീതിയിൽ പറയരുത്. മി. ജ്ഞാനശിഖാമണി പെരിയാർ വാലി പദ്ധതിയെപ്പററി പറയുകയുണ്ടായി. അദ്ദേഹം അങ്ങിനെ പറഞ്ഞതു് അജ്ഞതകൊണ്ടു മാത്രമാണ്. വേറൊരു മെംബർ പെരിയാർവാലി പദ്ധതിക്ക് ൨൦൦ കോടിരൂപാ ചെലവുവരുമെന്നു കണക്കാക്കിയിരിക്കുന്നു. അതും അജ്ഞതകൊണ്ടു പറഞ്ഞതാണ്.

<u>ശ്രീ. തയ്യിൽകുഞ്ഞിത്തൊമ്മൻ:</u> മെംബർ ഇതു പറഞ്ഞതു് നല്ലവണ്ണം അറിഞ്ഞിട്ടുതന്നെയാണോ?

<u>ശ്രീ. എൻ. വി. ചാക്കോ:</u> ഈ സ്കീം നടപ്പിൽവരുത്തുന്നതിന് എന്തു ചെലവുവരും എന്നല്ല നോക്കേണ്ടതു്. രാജ്യത്തിനുപൊതുവെ ഗുണവും ആദായവുമുണ്ടെങ്കിൽ നടത്തണം; ഇല്ലെങ്കിൽവേണ്ടാ. പക്ഷെ എനിക്ക് ഒരു കാര്യമാണിവിടെ പറയാനുള്ളതു്. ഏതെങ്കിലും ഒരു മെമ്പർ ഇതിനു എതിരായി പറഞ്ഞു എന്നുള്ളതുകൊണ്ടു നടപ്പാക്കാതെ ഇരിക്കരുതു്. രാജ്യത്തിനു ഗുണമുള്ള ഒന്നാണെങ്കിൽ എന്തുതുക ചെലവായാലും വേണ്ടില്ല, നടത്തുവാനാണു ഗവർമ്മെണ്ടു ശ്രമിക്കേണ്ടതു്. ഇപ്പോഴത്തെ കണക്കു നോക്കിയാൽ രണ്ടു മൂന്നു കോടിരൂപാ ചെലവാക്കുന്നപക്ഷം അനേകലക്ഷം പറനെല്ലു ഈ പദ്ധതിമൂലം ആണ്ടുതോറും വിളയിക്കാം. പക്ഷെ, ഈ സ്കീം തെക്കൻതിരുവിതാംകൂറിലല്ല നടപ്പിലാക്കുന്നതെന്നു പറഞ്ഞ് അതിനെ എതിർക്കേണ്ടാ. തെക്കൻതിരുവിതാംകൂറിനോടു എനിക്ക് എതിർപ്പൊമില്ല. തെക്കൻതിരുവിതാംകൂർ തിരുവിതാംകൂർതന്നെയാണ്. തലയല്ലെങ്കിലും വാലാണ്. അവിടെയും നന്നാകണം. പെരിയാറിൽ ഒരണകെട്ടുന്നതുകൊണ്ടു തെക്കൻതിരുവിതാംകൂറിനു ദോഷ്യമൊന്നും വരാനില്ല. കന്യാകുമാരിയിൽപോലും ഇലക്ട്രിസിററിവഴിയായും മററും അതിന്റെ ഗുണം സിദ്ധിക്കാം. പക്ഷെ കാര്യങ്ങൾ വെറും അജ്ഞതയെമാത്രം അടിസ്ഥാനപ്പെടുത്തി പറയുന്നതു തെററാണ്. ഇവിടെ പലരും ഗവർമ്മെണ്ടിനെ ആവശ്യമില്ലാതെ കുററം പറയുകയുണ്ടായി. നമ്മുടെ ഗവർമ്മെണ്ടിനും അറിഞ്ഞും അറിയാതെയും കുററം ഉണ്ടായേക്കാം. എന്നാൽ ഇപ്പോൾ ഗവർമ്മെണ്ടു പല നല്ലകാര്യങ്ങളും ചെയ്തു തുടങ്ങിയിരിക്കുകയാണ്. അതിന്റെ ഫലങ്ങൾ നമുക്കു താമസംവിനാ കാണാറാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: ധനകാര്യവകുപ്പിനെപ്പററി നിരൂപണം ചെയ്തു് ചില സൃഷ്ടിപരസാമ്പത്തികനിർദ്ദേശങ്ങൾ കൊണ്ടുവരുവാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. രാജ്യത്തെ പൊതുസാമ്പത്തികപോഷണം അനുസരിച്ചാണു് ഗവമ്മെണ്ടിന്റെ കോശവും പോഷിപ്പിക്കേണ്ടതു്. ജനങ്ങളുടെ സാമ്പത്തികപുരോഗതി തടഞ്ഞു് വമ്പിച്ച നികുതികൾ ഏർപ്പെടുത്തി കോശപോഷണത്തിനു് ഗവമ്മെണ്ടു ശ്രമിച്ചാൽ രാജ്യവും ഗവമ്മെണ്ടും സാമ്പത്തികമായി അധഃപതിക്കും. രാജ്യത്തെ ധനാഗമമാർഗ്ഗങ്ങൾ ഓരോന്നും വികസിപ്പിച്ചു് ഐശ്വര്യം വർദ്ധിപ്പിക്കുന്നതനുസരിച്ചുവേണം നികുതിയും വർദ്ധിപ്പിക്കാൻ. വരവിനുടുത്ത ചെലവുചെയ്തുകൊണ്ടു് വരവു് വർദ്ധിപ്പിക്കുവാൻ നോക്കണം. ദുർവ്യയങ്ങൾ ഏതെല്ലാമെന്നു് കണ്ടുപിടിച്ചു് നിയന്ത്രിക്കണം. അതിലേക്കു് പ്രാപ്തനായ ഒരു ഫിനാൻഷ്യൽ സെക്രട്ടറി വേണം. തൽക്കാലത്തേക്കെങ്കിലും ഒരു വിദഗ്ദ്ധനെ വരുത്തി ഇവിടെ പ്രയോഗത്തിൽ കൊണ്ടുവരാവുന്ന സാമ്പത്തികമാർഗ്ഗങ്ങളും നിയന്ത്രിക്കാവുന്ന ചെലവിനങ്ങളും ഏതെല്ലാമെന്നു് വിദഗ്ദ്ധോപദേശം വാങ്ങണം. നമ്മുടെ സാമ്പത്തികാസ്ഥിവാരം എന്താണെന്നുതന്നെ ചിന്തിക്കാതെയാണു് ധനകാര്യവകുപ്പു് പ്രവൎത്തനം നടത്തുന്നതു്.

ഓരോ രാജ്യങ്ങൾക്കും അവയുടെ സാമ്പത്തികപുരോഗതിക്കു് അടിസ്ഥാനമായി നില്ക്കുന്ന തൊഴിലുകൾ വികസിപ്പിച്ചു വേണം പൊതുഐശ്വര്യം വളൎത്തുവാൻ. നമ്മുടെ സാമ്പത്തികാസ്ഥിവാരം കരഭൂമിയിലെ വിളവുകളുടെ കയററുമതിയാണു്. നിലങ്ങളിലെ വിളവു് നമുക്കു് ഭക്ഷണത്തിനുപോലും തികയുന്നില്ലല്ലോ. കരഭൂമിയിലെ ഉല്പന്നങ്ങൾകൊണ്ടാണു് നാം വ്യവസായങ്ങളും നടത്തുന്നതു്. നാല്പത്തൊന്നുകോടി രൂപാ കയററുമതിയുള്ളതിൽ മത്സ്യവും വനവിഭവങ്ങളും ലോഹമണലും മററുമായി മൂന്നുകോടി രൂപാ വരവു് നീക്കിയാൽ ബാക്കി മുഴുവൻ കരഭൂമിയിലെ കാർഷികോല്പന്നങ്ങളിൽനിന്നുമുള്ള വരവാണു്. തെങ്ങു്, കമുകു്, കൊടി, റബ്ബർ, മുതലായവ ദീർഘകാലം അദ്ധ്വാനിച്ചും പണം മുടക്കിയും അനുഭവത്തിൽ വരുത്തേണ്ടതാണു്. കാർഷികാദായനികുതി, കാർഷികോല്പന്നങ്ങളുടെ കയററുമതി തീരുവ മുതലായവ അനിശ്ചിതവും ഭയങ്കരവുമായ നികുതികൾകൊണ്ടു് ഈമാതിരി കൃഷികൾക്കു് ഉത്സാഹമില്ലാതായിട്ടുണ്ടു്. എന്നാൽ പശ്ചിമഘട്ടത്തിനു കിഴക്കുള്ള മദ്രാസ് പ്രവിശ്യയിൽ ഈവക നികുതികൾ ഇല്ല. അവിടുത്തെ കാർഷികോല്പന്നങ്ങൾ പഞ്ഞി, പുകയില, കടല, നിലക്കടല, തുവര, ഉള്ളി, മല്ലി മുതലായവയാണു്. അവ ആറു മാസത്തിനുള്ളിൽ വിളവെടുക്കാവുന്നവയുമാണു്. എന്നാൽ അവിടെ ഇനിയും കർഷകരെ നിരാശരാക്കുന്ന നികുതികൾ ഏർപ്പെടുത്തിയിട്ടില്ല. ദീർഘകാലം അദ്ധ്വാനിച്ചു് ഫലത്തിൽ വരുത്തേണ്ട കൃഷികൾ ചെയ്യുന്നതിൽ കർഷകർക്കുണ്ടായിട്ടുള്ള വൈമനസ്യത്തിന്റെ ഫലം ഏതാനും വർഷങ്ങൾക്കുള്ളിൽ കയററുമതി കുറഞ്ഞു് സാമ്പത്തികാധഃപതനത്തിൽ കലാശിക്കും. ൩൨ കോടിയോളം രൂപാ ആഹാരം വസ്ത്രം മുതലായ അത്യാവശ്യസാധനങ്ങളുടെ ഇറക്കുമതി വഴി പുറത്തുപോകുന്നു. അതു ജനസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ചു് കൂടിയും വരുന്നു. ഇതനുസരിച്ചു് കയററുമതി ഉല്പന്നങ്ങൾ വർദ്ധിപ്പിക്കുവാൻ സ്ഥലവും ഇല്ല കർഷകനു് നികുതിഭാരംകൊണ്ടു് ഉത്സാഹവുമില്ലാതായി. കൃഷിക്കു ഭൂമികൊടുത്തും നികുതികൾ ലഘൂകരിച്ചും കർഷകനെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ അടുത്ത ഭാവിയിൽ രാജ്യം ദാരിദ്ര്യത്തിൽ ആണ്ടുപോകും. വിദേശികളുടെ മേധാവിത്വത്തിൽ ഉള്ള വമ്പിച്ച വ്യവസായകമ്പനികൾക്കു് ധനസഹായം ചെയ്തു് ഇവിടെ സാമ്പത്തികനില ഉയൎത്താമെന്നു വിചാരിക്കുന്നതു് അടുത്തകാലത്തൊന്നും സാദ്ധ്യമല്ല. കൃഷിയെത്തന്നെ പ്രോത്സാഹിപ്പിക്കണം.

ശ്രീ. കെ. ആർ ഇലങ്കത്തു്: ഇതെല്ലാം ഹജൂർവകുപ്പിനെപ്പററിയുള്ള ഉപക്ഷേപത്തിൽ പറയാമോ?

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: ഹജൂരിലെ ധനകാര്യവിഭാഗത്തെപ്പററിയുള്ള വിമർശനത്തിലാണു് ഇതെല്ലാം പറയേണ്ടതെന്നു എക്സ്‌മന്ത്രി മിസ്റ്റർ ഇലങ്കത്തിനു് ഗ്രഹിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ അദ്ദേഹത്തെ ഗ്രഹിപ്പിക്കുവാൻ എനിക്കും സാദ്ധ്യമല്ല.

കൃഷിക്കു് ജനവാസത്തിനോടടുത്തുള്ള റിസർവ്വുവനങ്ങളിൽനിന്നു് സ്ഥലങ്ങൾ വിട്ടുകൊടുത്തു് കൃഷിചെയ്യുവാൻ കഴിവുള്ള ദരിദ്രജനങ്ങളെ പ്രോത്സാഹിപ്പിക്കണം. നമ്മുടെ നദികളുടെ ഉല്പത്തിസ്ഥാനങ്ങളായ വനാന്തർഭാഗങ്ങൾ കൃഷിക്കു കൊടുക്കുന്ന നയം നല്ലതല്ല. ആ ശീതഭൂമികളിൽ നമ്മുടെ ദരിദ്രജനങ്ങൾ കൃഷിക്കു പോകയുമില്ല. അതെല്ലാം ധനവാന്മാൎക്കു് സ്വത്തു് വർദ്ധിപ്പിക്കുവാനേ ഉതകൂ.

നമ്മെ വിഷമിപ്പിക്കുന്ന ഗൌരവമുള്ള പ്രശ്നം ഭക്ഷ്യപ്രശ്നമാണല്ലൊ. അതിനെ തെറ്റായ വഴിയിൽകൂടിയാണ് നാം അഭിമുഖീകരിക്കുന്നത്. ആറേകാൽലക്ഷം ഏക്കർ, നെല്ലുവിളയുന്ന നിലങ്ങളും അഞ്ചരലക്ഷം ഏക്കർ കപ്പകൃഷിസ്ഥലവും തിരുവിതാംകൂറിലുണ്ട്. ഒരേക്കർ നിലത്തിലെ വിളവിൽനിന്നു ൩൫ പറ അരി കിട്ടുമ്പോൾ ഒരേക്കർ കപ്പകൃഷിയിൽനിന്നും അഞ്ഞൂറുപറയോളം കപ്പയെങ്കിലും കിട്ടും. ആറുലക്ഷം ഏക്കർ നിലത്തിന്റെ അഞ്ചിരട്ടി ആഹാരസാധനം അഞ്ചരലക്ഷം ഏക്കർ കപ്പകൃഷിയിൽനിന്നു കിട്ടുന്നു. അഞ്ചരലക്ഷം ഏക്കർ കപ്പകൃഷിയിൽ ൨൫ ലക്ഷം ഏക്കർ നിലത്തിലെ വിളവിനു സമം ആഹാരസാധനം ലഭിക്കുന്നതുകൊണ്ടുമാത്രമാണ് രാജ്യം പട്ടിണിയിൽ ആണ്ടുപോകാത്തത്. കപ്പ വിലകുറഞ്ഞ ആഹാരസാധനവുമാണ്. നൂറ് ഏക്കർ കപ്പ നടുന്ന കരഭൂമി ജലസേചനം കൊണ്ട് നെൽകൃഷിസ്ഥലമാക്കിയാൽ നാനൂറ് ഏക്കർ നെൽകൃഷിസ്ഥലം തരിശിടുന്ന ഫലമാണ് അനുഭവത്തിൽ വരുന്നത്. കപ്പ തീരെ വില കുറഞ്ഞ ആഹാരസാധനമാണെന്നത് വിസ്മരിക്കരുത്. കപ്പകൃഷിയും മററും സാദ്ധ്യമല്ലാത്ത നാഞ്ചിനാട്ടിലും കുട്ടനാട്ടിലുമാണ് നെൽകൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടത്. ഉത്തരതിരുവിതാംകൂറിൽ അണയും ചാനലും തീർത്ത് അനേകം കോടി രൂപാ ചെലവുചെയ്ത് കരഭൂമി നിലമാക്കുവാൻ തുടങ്ങുന്നു. പെരിയാറണയും ചാനലുംകൊണ്ട് ദുർവ്യയത്തിനല്ലാതെ ഭക്ഷ്യവർദ്ധനവിനു മാർഗ്ഗമില്ലെന്ന് ഞാൻ പറഞ്ഞത് തെററാണെന്ന് എന്റെ ഒരു സ്നേഹിതൻ കുന്നത്തുനാട് മെമ്പർ മിസ്റ്റർ ചാക്കൊ കുറച്ചുമുൻപ് പറയുകയുണ്ടായി. ഞാൻ കാരണസഹിതമാണ് കാര്യങ്ങൾ പറഞ്ഞത്. ആ കാരണങ്ങൾ തെററാണെന്നു പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. എൻ. വി. ചാക്കൊ: പെരിയാർ പദ്ധതിക്കെതിരായി ദുഷ്പ്രചരണം നടക്കുന്നില്ലേ?

ശ്രീ. തൊമ്മൻ കുഞ്ഞിത്തൊമ്മൻ: തല്പരകക്ഷികളുടെ പ്രചരണമാണ് ദുഷ്പ്രചരണം. ദുർവ്യയങ്ങൾ ചൂണ്ടിക്കാണിക്കുന്നത് ദുഷ്പ്രചരണമല്ല. ഈവിധ പല പദ്ധതികളുടെയും അടിയൊഴുക്ക് രാജ്യത്തിനു ആപൽക്കരമാണ്. പുറത്തുനിന്നും വിദഗ്ദ്ധന്മാരെ വരുത്തി നമ്മുടെ സാമ്പത്തികപുരോഗതിക്കുള്ള മാർഗ്ഗങ്ങൾ അറിഞ്ഞുപ്രവർത്തിക്കണം.

ശ്രീ പി. എം. വർഗ്ഗീസ്സ്: സർ, ജനറൽ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ച് ഇവിടെ പലരും പ്രസംഗിച്ചുകഴിഞ്ഞു. നാട്ടിൻപുറങ്ങളിൽ സഞ്ചരിക്കുമ്പോൾ പലരും പല അഭിപ്രായങ്ങളും പറയുന്നതു കേൾക്കാം. അതുകൊണ്ടായിരിക്കാം ഈ പാർട്ടിയിലുള്ള അംഗങ്ങൾതന്നെയും മന്ത്രിമാരുടെ എണ്ണം കുറയ്ക്കണമെന്നു പറയുവാനിടയായത്. പക്ഷെ എനിക്ക് ഇതേക്കുറിച്ച് ഒരഭിപ്രായം തോന്നുന്നു. സാമാന്യം നല്ല ഒരു കെട്ടിടത്തിൽ താമസിച്ചിട്ട് അതൊന്നു പുതുക്കിപണിയണമെന്നു വിചാരിച്ച് ആ കെട്ടിടം പൊളിച്ചുമാററി ഒരു ആല കെട്ടി താമസിക്കുന്നവരാണ് നാം എന്നു വിചാരിച്ചാൽ ഈ കുഴപ്പത്തിനു ഒരു പരിഹാരം കണ്ടെത്താൻ സാധിക്കും. നാം ഒരു സ്വേച്ഛാധിപത്യഗവമ്മെണ്ടിന്റെ കീഴിൽ കിടന്ന് ഞെരിഞ്ഞുപിരിഞ്ഞു കഷ്ടപ്പെട്ടപ്പോൾ ജനാധിപത്യം വന്നാൽ ഇന്നുള്ള എല്ലാ ഉപദ്രവങ്ങൾക്കും പരാതികൾക്കും ഒരവസാനമുണ്ടാകുമെന്നു വിശ്വസിച്ചു. അതു പെട്ടെന്നു സാദ്ധ്യമായില്ലെന്നുള്ളതാണ് ഇന്നത്തെ ഗവമ്മെണ്ടിന്റെ മേൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുററം. പരമാർത്ഥത്തിൽ കുറെനാൾ ഒരാലയിൽ താമസിക്കുമ്പോൾ മഴ നനഞ്ഞും വെയിൽകൊണ്ടും നമ്മുടെ ക്ഷമ നശിച്ചെന്നും വരാം. ആദ്യം ഒരു ക്യാബിനററുണ്ടായി. അത് തകർന്ന് തരിപ്പണമായി. രണ്ടാമത്തു് ഒരു ക്യാബിനററു വന്നു, അതേപ്പററിയും ധാരാളം ആക്ഷേപങ്ങൾ പറയുവാൻ ഇടയായിത്തീർന്നിരിക്കുന്നു. മന്ത്രിമാക്ക് ഭരണപരിചയം ഇല്ലെന്നു പറയുന്നതിൽ വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. ഒരു ക്യാബിനററിനെ തെരഞ്ഞെടുക്കാനുള്ള ഉത്തരവാദിത്വം നമ്മിലല്ലേ ഇന്നു സ്ഥിതി ചെയ്യുന്നതെന്നു ഞാൻ ചോദിക്കുന്നു. ആവശ്യമുള്ളപ്പോൾ അതിനെ മാററുവാനുള്ള അവകാശവും അധികാരവും നമ്മിൽ തന്നെയല്ലേ സ്ഥിതിചെയ്യുന്നതു്?

ശ്രീ. കെ. കെ. കുഞ്ഞൻ: ആ സ്വാതന്ത്ര്യം എല്ലാവക്കും ഉണ്ടോ?

ശ്രീ. പി. എം. വർഗ്ഗീസ്സ്: ഉണ്ട്. ഇല്ലെന്നു പറയുന്നവക്ക് ഈ നിയമസഭയിൽ ഹാജരാകാനുള്ള യോഗ്യതതന്നെ ഇല്ല.

ശ്രീ. കെ. കെ. കുഞ്ഞൻ: ഭരിപക്ഷപാർട്ടിക്ക് മാത്രമേ ക്യാബിനററിനെ മാററാൻ സാധിക്കയുള്ളു എന്നറിഞ്ഞുകൂടേ?

**Mr. Speaker:** Mr. Varghese may continue.

ശ്രീ. പി. എം. വർഗ്ഗീസ്സ്: ഒരാറം ഭൂരിപക്ഷപാർട്ടിയിലല്ലെങ്കിൽ ന്യൂനപക്ഷപാർട്ടി അതിന്റെ സംഖ്യാബലം വർദ്ധിപ്പിക്കുവാൻ ശ്രമിച്ചു് ഭൂരിപക്ഷം ഉണ്ടാക്കണം. അല്ലാതെ വെറം ന്യൂനപക്ഷമാണെന്നു പറയുന്നതുകൊണ്ടു ഒരു വിശേഷവും ഇല്ല. ഏതായാലും നാം ഒരു കാര്യം മനസ്സിലാക്കണം. ഇതൊരു പരിവർത്തനഘട്ടമാണ്. ഈ ഗവമ്മെണ്ടിനെക്കുറിച്ചു ധാരാളം ആക്ഷേപങ്ങറം ഉണ്ടായേക്കാം. അവയെ നാം ഓരോരുത്തരും ക്ഷമിക്കണം, ക്ഷമിക്കുവാൻ പഠിക്കണം. അതിനുള്ള അഭ്യാസം നമുക്കു സിദ്ധിച്ചിട്ടില്ലെങ്കിൽ ആക്ഷേപങ്ങറം ഉയർത്തിപ്പിടിക്കുവാൻ മാത്രമേ സാധിക്കുകയുള്ളു എന്നു വരും. സി. പി. യുടെ സ്വേച്ഛാഭരണമായിരുന്നു നല്ലതു്, അല്ലെങ്കിൽ മററതെങ്കിലും ആളുടെ സ്വേച്ഛാഭരണമാണ് നല്ലതു് എന്നു പറയുന്നവരുണ്ടു്. കാര്യങ്ങളുടെ ഉള്ളിലേക്കു് കടന്നു ചിന്തിച്ചു അവ വേണ്ടവണ്ണം മനസ്സിലാക്കാത്തതുകൊണ്ടാണ് ഇങ്ങിനെയുള്ള അഭിപ്രായങ്ങറം നാം പുറപ്പെടുവിക്കുന്നതു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: അക്കൌണ്ടാഫീസ്സിനെക്കുറിച്ചാണോ സാർ ഈ ആക്ഷേപമെല്ലാം വന്നിട്ടുള്ളതു്.

ശ്രീ. പി. എം. വർഗ്ഗീസ്സ്: ഇവിടെ സംസാരിച്ച മെമ്പറന്മാർ പുറപ്പെടുവിച്ച ആരോപണങ്ങറം അഥവാ ആക്ഷേപങ്ങറം ശരിയായിരിക്കാം. അവരുടെ അനുഭവമാണ് പറഞ്ഞതെന്നും വിചാരിക്കാം. പക്ഷെ അനുഭവം വെച്ചുകൊണ്ടു് നാം പറയുമ്പോറം കാര്യങ്ങളെ അപഗ്രഥനം ചെയ്തു പഠിക്കണം. അങ്ങനെ ചെയ്യാത്തതിന്റെ ദോഷം ഇവിടത്തെ എല്ലാവരുടേയും പ്രസംഗങ്ങളിൽ കാണുന്നുണ്ടു്. നാം കുറേക്കൂടി ക്ഷമിച്ചിട്ടു് മന്ത്രിസഭയെ മാററണമെങ്കിൽ മാററാം. മന്ത്രിസഭയിലെ എണ്ണം കുറക്കണമെന്നു് ന്യായമായി മന്ത്രിസഭയ്ക്കു് തോന്നുന്നുവെങ്കിൽ കുറയ്ക്കുകതന്നെ വേണം. ഇങ്ങനെ ഓരോ ആക്ഷേപങ്ങറം കാലക്രമംകൊണ്ടു പരിഹരിച്ചു നമുക്കു് തൃപ്തിപ്പെടുവാൻ പാടില്ലേ എന്നു ഞാൻ ചോദിക്കുന്നു. ഇക്കാര്യങ്ങളെല്ലാം ആലോചിച്ചു് കുറേക്കൂടി ക്ഷമിക്കണമെന്നുള്ള ഒരഭ്യർത്ഥനയാണ് എനിക്കു് ഈ അവസരത്തിൽ ചെയ്യുവാനുള്ളതു്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ജനറൽ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചു് പറയുമ്പോറം....

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോറം ഫിനാൻഷ്യൽ സിക്രട്ടേറിയററിനെക്കുറിച്ചാണ് ചർച്ച നടക്കുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇവിടെ അനേകം ആളുകറം ഫിനാൻഷ്യൽ സിക്രട്ടേറിയററിനെസംബന്ധിച്ചുള്ള ഉപക്ഷേപം വന്നപ്പോറം, ജനറൽ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചു് പ്രസംഗിക്കുകയുണ്ടായി. ആ അവകാശം എനിക്കും ഉണ്ടോ എന്നറിഞ്ഞിട്ടു പ്രസംഗിക്കാമെന്നാണ് ഞാൻ വിചാരിച്ചതു്.

മി. സ്പീക്കർ: മെമ്പർക്കു ഉണ്ടെന്നു ബോദ്ധ്യമുള്ള അവകാശം ഉപയോഗിച്ചു് പ്രസംഗിച്ചുതുടങ്ങാം. നിയമപ്രകാരം അധികാരം ഉള്ളതു് ഫൈനാൻഷ്യൽ സിക്രട്ടേറിയററിനെപ്പററി മാത്രം പറയുവാനാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഫിനാൻഷ്യൽ സെക്രട്ടേറിയററിനെസംബന്ധിച്ചു് എനിക്കു് ആദ്യമായി പറയുവാനുള്ളതു് ഈ സെക്രട്ടേറിയററു് ആസൂത്രണം ചെയ്തുവരുന്ന, ഗവമ്മെണ്ടു ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമത്തെസംബന്ധിച്ചാണ്. ഭരണം ശരിയായി നടക്കണമെങ്കിൽ ഗവമ്മെണ്ടുദ്യോഗത്തിൽ ഇരിക്കുന്ന ആളുകറംക്കു് പരിപൂർണ്ണമായ സംതൃപ്തിയുണ്ടായിരിക്കണം. അവക്കും അവരുടെ കുഡുംബങ്ങറംക്കും ജീവിക്കുവാനുള്ള സൌകര്യം ചെയ്തുകൊടുക്കാത്ത ഒരു ഗവമ്മെണ്ടിനും അവരുടെ മേൽ ശരിയായ ശിക്ഷണം പാലിക്കുവാൻ സാദ്ധ്യമല്ല. അവക്കും അവരുടെ കുടുംബങ്ങറംക്കും ജീവിക്കുവാൻ മതിയാവുന്ന ശമ്പളം കൊടുക്കാത്ത ഒരു ഗവമ്മെണ്ടും അവരെ ശിക്ഷിക്കുവാൻപോലും ഉള്ള അവകാശം ആർജ്ജിക്കുന്നില്ലെന്നു ഞാൻ ഗവമ്മെണ്ടിനെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ജനകീയഗവമ്മെണ്ടു് വന്നതിനു ശേഷവും പഴയപടിതന്നെ തുടരുന്നു. അവക്കു വേണ്ടത്ര സുഖമായി, അവരുടെ ആവശ്യങ്ങറം നിറവേററി ജീവിക്കുന്നതിനുള്ള പരിതസ്ഥിതി സൃഷ്ടിക്കാതിരിക്കുന്നതു് ഇന്നും ഇതിനു മുമ്പും കണ്ടുവരുന്ന അഴിമതികളും ക്രമക്കേടുകളും വർദ്ധിച്ചുവരുന്നതിനും തൻമൂലം അതൃപ്തി വർദ്ധിക്കുന്നതിനും ഇടയാക്കുന്നുവെന്നു പറഞ്ഞുകൊള്ളട്ടെ. ജനകീയഗവമ്മെണ്ടു് ഇവിടെ വന്നുവെന്നു പറയുന്നെങ്കിലും ഉദ്യോഗസ്ഥന്മാരുടെ വിഷമതകളും അതൃപ്തിയും വർദ്ധിച്ചു

വരുന്നു എന്നു നമുക്കറിയാം. അതിനു എന്തു പരിഹാരമാണ് ഗവമ്മെണ്ടു ചെയ്യാൻപോകുന്നതെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ അടുത്ത കാലത്ത് ഏററവും കുറഞ്ഞ ശമ്പളം ൫൦ രൂപാ ആക്കിയിട്ടുണ്ടെന്നു നമുക്കറിയാം. എന്നാൽ ആ തുക അവൎക്ക് റേഷൻ വാങ്ങിക്കുന്നതിനും മററത്യാവശ്യസാധനങ്ങൾ വാങ്ങിക്കുന്നതിനും മതിയാകുമോ എന്നു ഗവമ്മെണ്ടും മന്ത്രിമാരും ആലോചിച്ച് അതിനു പരിഹാരം കണ്ടുപിടിക്കത്തക്കവണ്ണം ശമ്പളക്രമീകരണം നടത്തേണ്ട സമയം അത്യാസന്നമായിരിക്കുന്നു. ഇതിനുമുമ്പ് ഞാനൊരു ചോദ്യം ചോദിച്ചപ്പോൾ ഏററവും കുറഞ്ഞ ശമ്പളം ൪൦ രൂപയാക്കുന്നതിനു ൨൫ ലക്ഷം രൂപാ കൂടുതൽ വേണമെന്നു ഗവമ്മെണ്ടു ഭാഗത്തുനിന്നും പറയുകയുണ്ടായി. ആ ൨൫ ലക്ഷം രൂപാ ഉണ്ടാക്കി തിരുവിതാംകൂർ സൎക്കാർ ജീവനക്കാരെ സംരക്ഷിക്കുവാനുള്ള ജീവകാരുണ്യം ഗവമ്മെണ്ടിനു ഇല്ലാതെവന്നതിൽ ഞാൻ ഖേദിക്കുന്നു. കൊച്ചിഗവമ്മെണ്ടും തിരുവിതാംകൂർ ഗവമ്മെണ്ടും ഐക്യമായി വന്നതിൽപിന്നെ ആണ് അടിസ്ഥാനശമ്പളം ൫൦ രൂപായാക്കിയതു്. താണശമ്പളം ൪൦ രൂപയാക്കി വർദ്ധിപ്പിക്കത്തക്കവണ്ണം ഒരു പദ്ധതി ആസൂത്രണം ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. ഇതുകൂടാതെ മററു ചില കാര്യങ്ങൾകൂടി എനിക്കു പ്രസ്താവിക്കുവാനുണ്ടു്. ടൈംസ്കേയിൽ ഏപ്പെടുത്തിയാണ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ക്രമീകരിക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം. ഒരു ബി. എ. ക്കാരൻ റജിസ്ത്രേഷൻ ഡിപ്പാർട്ടുമെണ്ടിൽ ഒരു ഉദ്യോഗത്തിൽ പ്രവേശിച്ചാൽ അയാൾക്കു ൭൫-ഓ, നൂറോ രൂപയിലെത്തുമ്പോൾ പെൻഷൻപററി പോകേണ്ടിവരും. അതേസമയത്തു് ൫൦ രൂപ ശമ്പളത്തിൽ ഫിനാൻഷ്യൽ സെക്രട്ടേറിയററിൽ കയറുന്ന ഒരു ആൾക്കു് ൧൪൦ രൂപവരെ ശമ്പളം കിട്ടും. ഇങ്ങനെയുള്ള ക്രമക്കേടുകൾ ആണ് ഉദ്യോഗസ്ഥന്മാരുടെ അതൃപ്തികൾക്കു കാരണം. തന്മൂലം അവരുടെ കാര്യക്ഷമതയും കുറഞ്ഞുപോകും. അതുകൊണ്ടു് ടൈംസ്കേയിൽ സ്വീകരിച്ച് ഒരു ബി. എ.ക്കാരനു് മുന്നൂറോ മുന്നൂററമ്പതോ രൂപവരെയും ഒരു സ്കൂൾഫൈനൽകാരനു് നൂറോ ഇരുന്നൂറോ രൂപവരെയും കിട്ടത്തക്കവണ്ണം ശമ്പളം ക്രമീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അല്ലാത്തപക്ഷം അഴിമതിയും അതൃപ്തിയും വളൎന്നു ഭരണംതന്നെ വിപല്ക്കരമായ ഒരു ഘട്ടത്തിൽ എത്തിച്ചേരുമെന്നു ഞാൻ ഗവമ്മെണ്ടിനു മുന്നറിയിപ്പു നൽകിക്കൊള്ളുന്നു.

ഇതോടുകൂടി ഐക്യസംസ്ഥാനം രൂപമെടുത്ത സമയത്തു് ഉണ്ടായിട്ടുള്ള ചില ക്രമക്കേടുകളെപ്പററി എനിക്കു ചിലതു് പ്രസ്താവിക്കാനുണ്ടു്. അതിൽ എന്റെ കൊച്ചി സഹോദരന്മാരുമായി ഒരു വാഗ്വാദത്തിലേർപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. യൂണിയൻ ഗവമ്മെണ്ടു രൂപമെടുക്കുന്നതിനുമുമ്പ് കൊച്ചിയിലുള്ള ഉദ്യോഗസ്ഥന്മാരെയെല്ലാം സ്ഥിരപ്പെടുത്തിയെന്നും അതിൽ വലിയ ക്രമക്കേടുകൾ വന്നിട്ടുണ്ടെന്നും ഞാൻ അറിയുകയുണ്ടായി. ഇതേപ്പററി ഒരു ശരിയായ അന്വേഷണം ഒരു കമ്മിററി മുഖാന്തിരം നടത്തി കാര്യങ്ങളെപ്പററി വേണ്ടവണ്ണം പര്യാലോചിച്ച് അതിലുള്ള ക്രമക്കേടുകളും അനീതികളും പരിഹരിക്കണമെന്നു ഞാൻ ഗവമ്മെണ്ടിനെ ഉപദേശിക്കുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

**Sri. K. P. Neelakanta Pillai:** Sir, one thing with which the Treasury Benches propose to meet the criticisms levelled against their activities from this part of the House is that they are not constructive criticisms. But we, when challenged, gave them some constructive suggestions, but they are not received in the spirit in which they are offered. I have been listening very carefully to the general discussion of the budget in this House, and now the learned Finance Minister will agree with me when I say that this budget proposal received the universal condemenation of this House. I am offering constructive suggestions. Except two Hon'ble members, one, the Deputy Speaker and the other, Mr. Mustafa, I challenge the Finance Minister, is there anybody in this House who supported this budget, except to condemn it? Why did they condemn it? That is the next question. Instead of getting a consolidated, correlated budget, the budget estimate was presented in two parts and when we go through these two parts, we find something of a double Government existing in the Union territory. You go through the budget. There is the Chief Secretary in Cochin and one here. There is a Conservator at Cochin and also another Conservator here. There is the Financial Secretary here and there is an Accountant-General in Cochin. And now there is an additional Finance Secretary here. There is an Advocate-General there; there is an Attorney-General here. I do not want to narrate these things further. Therefore, you find every type of officer duplicated in Cochin and here. Is it a correct statement of accounts? Are they going to spend all this money or are they going to utilise the services of all these officers? No. They know that. Then, why

[Sri. K. P. Nilakanta Pillai]

did they present this type of budget? According to parlimentary practice we offered a constructive suggestion. If you have no time to learn these things correlate the figures and present them before this House, please follow the parliamentary practice which is available anywhere and specially in the mother of parliaments. You come here to carry on the administration for two or three months, with a token motion for so many lakhs or two or three crores. Was it not a constructive suggestion? They come here without any knowledge of this accounting, without any definite idea of the money they will get, without knowing how to use these officers and yet they present this budget, and we are accused that we are not offering constructive suggestions. The thing is they are not in a spirit to take our observations in their proper light.

My learned friend here referred to several pages of the budget which were full of inaccuracies. Even the elementary mathematics is defective. That again is not a destructive remark, but I am offering this constructive suggestion. Regarding the forest and tramways demands we will find that in Travancore they want a grant of Rs. 22½ lakhs and on the Cochin side, their budget demand is for Rs. 16½ lakhs. The total under this Demand is put at Rs. 40 and odd lakhs. But by adding the two amounts under this Demand the total comes to Rs. 38 lakhs. I challenge the figure so arrived at. The House has to bear in mind that I will not offer any remarks without any foundation. In this instance I will refer the members to pages 92 and 39 of the Budgets of Travancore and Cochin as the case may be and draw the inference. One ex cuse was offered. If we convert Sirkar Rupees to British Rupees the amount will be less; but here, as a result of it the amount has become greater as if conversion has secured such a result. I leave the matter there. What I have said is not a constructive suggestion according to them. Therefore, Sir, my point is, the Budget of 1125 is inaccurate and imperfect. It is based on no data. It contains unfounded facts. It is well known that this House with the exception of two Hon'ble Members has condemned the budget. I ask the responsible men of Government, should they not have the good sense at least now, to withdraw such a budget. At a later stage, I shall go into the figures and deal at length about them. Now I ask of the Finance Minister, it is a universal custom that when a budget is under discussion, no new appointment is to be made behind the back of the House and without any provision in the budget. We are now discussing this budget. The day before yesterday we heard that an additional Finance Secretary is to be imported. I think he must be somewhere here itself. Then I read in the papers about the appointment of anti-corruption officers. Some editorial articles were also written about it. It is said that the appointment of officers will be made from the Secretariat or so. I seriously ask, should there not be ordinary courtesy at least that during discussion of the budget no fresh appointment is to be effected. Much less without making a provision for it. This is a serious wrong done by the Finance Minister.

Coming to another matter, some members are lamenting that this Government want more money and therefore have imposed additional taxation. If you can collect that well and good. My friend Mr. Kunjithomman has referred to the Periyar Valley Scheme and the need for Rupees two to three crores. I do not purpose to go into the merits or demerits of it nor say whether it is necessary or unnecessary. We must take into account that we are now in a Union Territory. There is a fiscal commission appointed by the Central Government. That Commission is to review the industrial developments of Unions, both agricultural and industrial, including the factory industries. That will tour in important commercial centres and industrially advanced States. It is a known fact that the most advanced industrial State in South India is Travancore and Cochin and we are sure that Commission will come here. They will review on import, export and excise duties in their relation to industries and how they will act and react one another. All these questions are to be thrashed out by the Fiscal Commission appointed by the Central Government. Should not this Government watch over events before precipilating matters like this and undertake to carry out vague projects. To pursue a policy of isolation as if this Government is bound to put into effect Schemes involving huge cost within our limited resources is not desirable in the interest of this country. Is this not a constructive suggestion. Why commit our finances on projects which could not be put through without proper men. Mr. Kunjuthomman said that the Periyar valley scheme would cost several crores. Are this Government going to commit the finances of this State without proper investigation or advice or authority or even the knowledge of the Central Government. Well, Sir, the Finance Minister while introducing the budget said that a fund to the extent of 2 crores is over spent and all the rest of it. He said that this picture may give an impression to the Hon'ble members that there has been something wrong in the collection of revenue or in the administration of expenditure.

I can assure the member that his fear is well founded. I should say that there is something wrong in the State of finance in this State of Denmark. (Bell.)

**Mr. N D. Jose:** Sir, I think I will be right in following the foot steps of the senior members who participated in this debate by stretching the scope of the cut motion a little. At this stage I need not point out that this Government came into being after years of hard struggle extending over a decade and when this new Government came into being there was a hope among the people that their miseries were all over and that they have the requisite freedom and all that. How far we have justified the promises given to the people is a relevant issue for consideration and decision by this house. In this connection I wish to point out that the people are definitely not concerned over political democracy as such. People do want political democracy as a means to an end, not as an end in itself. I say, Sir, that this Government should have definite plans so that people and this House might know where the Government is. We want to know whether this Government is supporting a policy of drift or pursuing a policy of planned economy. It is not enough that a particular amount is set apart for a particular item. We are also interested to know which way the Government runs. Having made these observations, I want to point out certain specific instances. It has already been pointed out that there has been increased taxation. The Anchal rates have been increased. Let me remind this House, when the Central Assembly increased postal rates there was a keen opposition to the measure. The Government gave an assurance to the people that letters will be speedily taken over from place to place. That promise was put into effect. In this State, enhancement of rates is the effect of integration. Integration being an accomplished fact I do not want to go into it. But the beneficial effects of it must be common to the States. If the Travancore rates are lower that should be accepted or for that matter if Cochin rates are lower that may be adopted. It is the common man who should be benefitted in such measures of Government. The expression 'man in the street' is used occasionally by Governments all over the world with meaning and measures are introduced to benefit them. I should point out that there has been increased taxation without any resultant benefit to the people. I must also say in this connection that the administration is top heavy. It is certainly a sound policy to purchase efficiency, at a high price. But there should be a limit to these things. There is the Public Service Commission and the Revenue Board. There is an anti-corruption Committee and a number of others to be brought into being. All these involve, a large amount of finance. I would request Government to pause and consider one fact. I ask whether it would not be fair for the Ministers to give up a part of their salary. If they accept a pay of Rs. 500 a month the public will indeed welcome that step. Every one will admit that acceptance of a pay of Rs. 500 is a step in the right direction. The other day it was pointed out by one of the Ministers in reply to a resolution regarding the shifting of the Law College, that the students in Cochin are alright that the Law College in Ernakulam is alright and so on. I now wish to point out that such a statement has been proved by facts to be a terminological inexactitude.

Coming to another important matter relating to N. G. Os. I want to say a word.

**Sri. A. K. George:** What about the present accommodation of the Law students at Ernakulam?

**Sri. N. D. Jose:** I am led to believe from events that the situation is bad.

**Sri. Mannar Gopalan Nayar:** Have they passed the stage of refugees?

**Sri. N. D. Jose:** I do not know. But I know there are many law college students who are having only the skies above their head as a roof at night.

Coming to the NGO, their organisation was recognised by Government. That was a correct step. Their pay structure should be revised in accordance with the recommendations of the Pay Commission. I want to raise a particular issue for the consideration of the Government. Four NGO.s were dismissed on the alleged ground that they attacked the Government. They were not given even a chance to explain. Whatever be the sade of political opinions they hold, whether facist, or communist or socialist they should be given a chance to explain and if possible a trial should be given. A Government of India communique recently issued also directs the same procedure. I must say, Sir, that the action of the Government was not democratic. (Bell)

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ജനകീയഭരണം വന്നതിനുശേഷം ഈ നാട്ടിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വലിയ വലിയ പ്രതീക്ഷകൾ ഉണ്ടായിരുന്നു. ആ പ്രതീക്ഷകളെല്ലാം അസ്ഥാനത്തിലായതോടുകൂടി ഒരു വലിയ നിരാശ സാധാരണ ജനങ്ങളിൽ ഇന്നു കാണുന്നുണ്ട്. മുതലാളിത്ത വ്യവസ്ഥിതി നിലവിലുള്ള ഒരു രാജ്യം ഒരു പരിവർത്തന ഘട്ടത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന അവസരത്തിലാണ് നാം എത്തിച്ചേ

[Sri. K. K. Viswanathan]

ന്നിരിക്കുന്നതു്. ഈ ഗവമ്മെണ്ടിന്റെ സാമ്പത്തികനയം എന്താണെന്നു ഇതുവരേയും വ്യക്തമായി പ്രസ്താവിച്ചിട്ടില്ല. അതായതു് ഒരു മുതലാളിത്ത സാമ്പത്തിക വ്യവസ്ഥിതിയാണോ അതല്ലാ, സാധാരണ ജനങ്ങൾക്കു് ക്ഷേമകരമായ ഒരു സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥിതിയാണോ നടപ്പിൽ വരുത്തേണ്ടതെന്നു് ഗവമ്മെണ്ടു് വ്യക്തമായ ഒരു നയം ഇതിനകം പ്രഖ്യാപനം ചെയ്തിട്ടില്ല. ഗവമ്മെണ്ടു് ഒരു മുതലാളിത്ത വ്യവസ്ഥിതി കൈവരുത്തുവാൻ ആഗ്രഹിക്കുന്നില്ലെന്നു ഒരുപക്ഷെ പറഞ്ഞേക്കാം. അതു് ഏറെക്കുറെ ശരിയാണെന്നു ഞാൻ സമ്മതിക്കുവാനും തയ്യാറാണു്. എന്നാൽ ഇവിടെ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുണ്ടാക്കുവാൻ ഗവമ്മെണ്ടു ആഗ്രഹിക്കുന്നു എന്നു വിശ്വസിക്കുവാൻ എനിക്കു സാദ്ധ്യമല്ല. ഇവിടെ മുതലാളിത്ത വ്യവസ്ഥിതിയും സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥിതിയും കൂട്ടി കലത്തി ഒരു അവിയൽ സാമ്പത്തിക വ്യവസ്ഥിതിയാണു് നിലവിലുള്ളതു്. അങ്ങനെയുള്ള ഒരു സാമ്പത്തിക വ്യവസ്ഥിതികൊണ്ടു് ഈ രാജ്യത്തെ സാധാരണക്കാരനും പാവപ്പെട്ടവനും കാര്യമായ എന്തെങ്കിലും നേട്ടമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. സർ, പാവപ്പെട്ടവന്റേയും സാധാരണക്കാരന്റേയും പേർ ഈ നിയമസഭയിൽ വളരെയധികം പേരും പറഞ്ഞുകേൾക്കുന്നുണ്ടു്. ഒരു ഭാഗത്തു് ഗവമ്മെണ്ടും മറുഭാഗത്തു് നിയമസഭയിലെ ചില മെമ്പർമാരും സാധാരണക്കാരന്റേയും പാവപ്പെട്ടവന്റേയും പേർ പറഞ്ഞുകൊണ്ടു് വളരെ അധികം പ്രസംഗങ്ങൾ ഇവിടെ നടത്തിയതായി മൂന്നു നാലു ദിവസങ്ങൾക്കുള്ളിൽ എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചു. ഇക്കൂട്ടരുടെ പ്രസംഗങ്ങൾ കേൾക്കുമ്പോൾ പാവപ്പെട്ടവന്റെ പേർ പറയുവാൻ എനിക്കു് ഭയം തോന്നുന്നു. ഈ രാജ്യത്തു് ഇന്നു കാണുന്ന ദുരിതങ്ങൾക്കു് താല്ക്കാലികമായ ഒരാശ്വാസം ഉണ്ടാക്കാമെന്നു കരുതുന്നതു് വ്യാമോഹം മാത്രമാണു്. നൂതനമായ ഒരു സാമ്പത്തിക വ്യവസ്ഥിതിയുണ്ടാകാതെ സോഷ്യലിസം സൃഷ്ടിക്കുവാൻ പ്രയാസമാണെന്നു ഗവമ്മെണ്ടിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, പാവപ്പെട്ടവനു് നിങ്ങൾ എന്തെങ്കിലും ചെയ്യുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അപ്പോഴപ്പോൾ ചില ചില്ലറ സൌകര്യങ്ങൾ മാത്രം ചെയ്തതുകൊണ്ടു കാര്യമില്ല. ദീർഘകാലപദ്ധതികൾ ഏർപ്പെടുത്തി ശരിയായിട്ടുള്ള പ്ലാനിംഗ് വച്ചുകൊണ്ടു് മുമ്പോട്ടു പോയാൽ മാത്രമേ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. സർ, ഞാൻ ഇവിടെ പ്ലാനിംഗ് എന്നു പറഞ്ഞതു് വെറും കമ്മററികളുടെ റിപ്പോർട്ടുകളെ ഉദ്ദേശിച്ചല്ല. ഇവിടെ പല കമ്മിററികളും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടു്. റിപ്പോർട്ടുകൾ കൊണ്ടു മാത്രം യാതൊരു പ്രയോജനവുമില്ല. ശരിയായ അടിസ്ഥാനത്തിൽ സാധാരണക്കാരനു് സുഖമായി ജീവിക്കുവാനുള്ള സകല സൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കാനുള്ള പരിപാടികളോടു കൂടി ജോലി ചെയ്യുന്നതിനു് പ്രാപ്തമായ ഒരു പ്ലാനിംഗ് കമ്മീഷനെക്കുറിച്ചാണു് ഞാൻ പറയുന്നതു്. ഇങ്ങനെയുള്ള ഒരു പ്ലാനിംഗ് കമ്മീഷൻ ഏർപ്പെടുത്തി ശരിയായ ഒരു സാമ്പത്തികനയം പ്രഖ്യാപിച്ചുകൊണ്ടു മുന്നോട്ടു പോയാൽ മാത്രമേ സാധാരണക്കാരനു് എന്തെങ്കിലും ചെയ്തു കൊടുക്കുവാൻ സാധിക്കുകയുള്ളൂ.

സർ, ഒരു കാര്യം കൂടി ഗവമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു് ആഗ്രഹിക്കുന്നു. ആഡിററു് സമ്പ്രദായത്തെ സംബന്ധിച്ചു ഒരു വാക്കു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ നല്ല കാര്യക്ഷമതയുള്ള ഒരു ആഡിററ് ഡിപ്പാർട്ടുമെൻറ് ഉണ്ടെന്നു് പ്രധാനമന്ത്രി ഒരു അവസരത്തിൽ പറയുകയുണ്ടായി. പുറമേ നിന്നു് ആരെയെങ്കിലും കൊണ്ടുവന്നു് ഈ രാജ്യത്തെ കണക്കുകൾ ആഡിററു ചെയ്യുന്ന ഒരു സമ്പ്രദായം വേണമെന്നാണു് എന്റെ അഭിപ്രായം. കാര്യക്ഷമതയുള്ള ആഡിററ് ഡിപ്പാർട്ടുമെൻറ് ഇവിടെ ഇല്ലെന്നല്ല ഞാൻ പറയുന്നതു്. ഈ ഐക്യസംസ്ഥാനത്തു് പല വിധത്തിലുള്ള അഴിമതികൾ ഉണ്ടു്, അതു് നില്ക്കണമെങ്കിൽ ഉദ്യോഗസ്ഥന്മാക്കു് എപ്പോഴും ഗവമ്മേൻറിനെ ഭയമുണ്ടായിരിക്കണം. വെളിയിൽ നിന്നും ആളുകൾ വന്നു് ആഡിററ് ചെയ്യുമെന്ന ഭയമുണ്ടായിരുന്നാൽ അധികമൊന്നും അഴിമതികൾ നടക്കുകയില്ല. അങ്ങിനെയായാൽ മാത്രമേ അഴിമതികൾ നിർമൂലം നിമ്മാർജ്ജനം ചെയ്യാൻ സാധിക്കുകയുള്ളൂ. കൊച്ചിയിൽ ഇങ്ങനെ ആഡിററ് ചെയ്യിച്ചിരുന്നു. എന്നാൽ ആണ്ടുതോറും ഇങ്ങനെ ചെയ്യുന്നുണ്ടെന്നു് പറയുന്നില്ല. അങ്ങനെ ചെയ്യാറുണ്ടായിരുന്നതുകൊണ്ടു് എപ്പോഴാണു് വെളിയിൽനിന്നും ആഡിററിനു് വരുന്നതെന്നുള്ള ഭയം ഉദ്യോഗസ്ഥന്മാക്കുണ്ടായിരുന്നു. അതിനാൽ ഇവിടെയുള്ള ആഡിററി

നും പുറമെ വെളിയിൽനിന്നു ആളുകളെ വരുത്തി ആഡിററ ചെയ്യിക്കുന്ന സമ്പ്രദായവും കൂടി നടപ്പിൽ വരുന്നതുന്നതു് നന്നായിരിക്കും.

ശ്രീമതി ആനി ജോസഫ്: സർ, യാതൊരു കക്ഷിയുടേയും വക്കാലത്തു പിടിക്കാത്ത നിലയിൽ അൽപ്പം സംസാരിക്കാനാണു ഞാൻ ഉദ്ദേശിക്കുന്നതു്. മന്ത്രിമാരുടെ ചെയ്തികളെ സംബന്ധിച്ചു എതിർപക്ഷത്തുനിന്നു് പല ആക്ഷേപങ്ങളും വരുമ്പോൾ, ആ ആക്ഷേപങ്ങൾ ശരിയല്ലെന്നും മററും പറഞ്ഞുകൊണ്ടു് മന്ത്രിമാരുടെ ചെയ്തികളെ സാധൂകരിക്കാൻ വളരെയധികം ആളുകൾ ഈ ഭാഗത്തുനിന്നും വെപ്രാളം കൊള്ളുന്നതായിട്ടു് കാണുന്നുണ്ടു്. ഇങ്ങനെ അവയെ സാധൂകരിക്കാനുള്ള വെപ്രാളം കാണുമ്പോഴാണ് ആളുകൾക്കു് ആ ചെയ്തികളെപ്പററി സംശയം തോന്നുന്നതു്. അതുകൊണ്ടു് മന്ത്രിമാരെ സഹായിക്കലാണു് ഉദ്ദേശമെങ്കിൽ ഈ വെപ്രാളക്കാർ മിണ്ടാതിരിക്കയാണു് ഭേദം. സർ, ഞാൻ ആദ്യം പറഞ്ഞതു പോലെ സാധാരണജനങ്ങളുടെ അഭിപ്രായങ്ങളെപ്പററി മാത്രം പറയുവാനേ ഞാനൊരുക്കമുള്ളു. സർ, മന്ത്രിമാരുടെ എണ്ണം അധികം കൂടിപ്പോയെന്നു് പൊതുജനങ്ങൾക്കു് അഭിപ്രായമുണ്ടെന്നുള്ള സംഗതി നാം വിസ്മരിക്കാൻ പാടില്ല. ഇവിടെ പുതിയതായി വെളിയിൽനിന്നും സമർത്ഥനായ ഒരു ചീഫ്സെക്രട്ടറിയും, പബ്ലിക്ക് സർവ്വീസ് കമ്മീഷനും റവന്യൂബോർഡും എല്ലാം വന്നതോടുകൂടി മന്ത്രിമാരുടെ ജോലി വളരെയധികം കുറഞ്ഞിട്ടുണ്ടെന്നു് പൊതുജനങ്ങളുടെയിടയിൽ വിശ്വാസമുണ്ടു്. ഈ സംഗതികളെയെല്ലാം വിശദമായി പരിഗണിച്ചുകൊണ്ടു് നമ്മുടെ ലീഡർ വേണ്ടതുപോലെതന്നെ പ്രവർത്തിക്കുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. മന്ത്രിമാരുടെ എണ്ണം അഞ്ചായിപ്പോലും കുറയ്ക്കണമെന്നു വാദിച്ച അംഗങ്ങൾ തന്നെ എട്ടാമത്തും ഒൻപതാമത്തും മന്ത്രിമാരായി ഒപ്പിട്ടതാണ് കഷ്ടമായതു്. പൊതുജനങ്ങളുടെ ലക്ഷ്യത്തിലും അവരുടെ അഭിപ്രായത്തിന്റെ ആത്മാർത്ഥതയിലും വിശ്വസിക്കുകയും അതിനെ ആദരിക്കുകയും ചെയ്യുന്ന പ്രധാനമന്ത്രി ഇന്നത്തെ പരിതഃസ്ഥിതികളിൽ മന്ത്രിമാരുടെ ജോലി വളരെ കുറഞ്ഞിരിക്കുന്നതുകൊണ്ടും, പൊതുജനങ്ങളുടെ താൽപ്പര്യത്തെ രക്ഷിച്ചും ഈ വിഷയത്തിൽ ജനാഭിലാഷത്തിനനുസരണമായി നിശ്ചയമായും പ്രവർത്തിക്കുമെന്നു് ഞാൻ ബലമായി വിശ്വസിക്കുന്നു.

സർ, വളരെയധികം ഉദ്യോഗങ്ങൾ കെട്ടിപ്പടുത്തുയർത്തിക്കൊണ്ടുപോകുന്നതായി നാം ഇന്നു കാണുന്നുണ്ടു്. ആ വഴിക്കു് വളരെയധികംപണം ചോർന്നു പോകുന്നതായും നമുക്കറിയാം. അതു ശരിയല്ലെന്നു് പറയുവാൻ ഇന്നത്തെ മന്ത്രിസഭപോലും മുതിരുകയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു. വളരെയധികം ഉദ്യോഗങ്ങൾ ഇന്നു് ഉണ്ടാക്കിയിട്ടുണ്ടു്. ആ ഉദ്യോഗങ്ങളിൽ നിയമിക്കപ്പെട്ട ആളുകളെപ്പററി പറയുകയാണെങ്കിൽ, യാതനയുടെ പേർ പൊന്തിവരും. സർ, ഞാൻ അതിനു ലഘുവായ ഒരു മാർഗ്ഗം പറയാം. യാതനയ്ക്കായിട്ടു് പ്രത്യേകമൊരു അലോട്ടു്മെൻറ് നീക്കിവയ്ക്കുക. പൊതുജനങ്ങൾ സന്തോഷത്തോടുകൂടി അതിനു വോട്ടുചെയ്യുമെന്നു് എനിക്കു വിശ്വാസമുണ്ടു്. അല്ലാതെ മററു കാര്യങ്ങളുമായി കൂട്ടിക്കുഴച്ചു്, യാതനയുടെ പേരിൽ ഉദ്യോഗമുണ്ടാക്കി ഉദ്യോഗത്തിൽ ആളുകളെ നിയമിക്കുന്നതു ശരിയല്ല. സ്വേച്ഛാധിപത്യത്തിൽ നിന്നും രാജ്യത്തെ രക്ഷിക്കുവാൻ വേണ്ടി, ജനാധിപത്യത്തിനു വേണ്ടി പടവെട്ടിയ ധീരസേനാനികൾക്കുവേണ്ടി കുറെ തുക നീക്കിവയ്ക്കുക; അപ്പോൾ ജനങ്ങളുടെ പരാതി ഇല്ലാതിരിക്കുകയും ചെയ്യും; യാതന അനുഭവിച്ചയാളുകളെ സഹായിക്കുകയും ചെയ്യാം.

ഇനി എനിക്കു പറയുവാനുള്ളതു് റിട്രഞ്ച്മെൻറിനെപ്പററിയാണു്. അനാവശ്യമായ വളരെയധികം ഉദ്യോഗങ്ങൾ ഇവിടെ ഉണ്ടെന്നു ഞാൻ പറഞ്ഞുവല്ലോ. ആ ഇനത്തിൽ എത്രരൂപയാണു് ചോർന്നുപോകുന്നതെന്നു് ഒന്നാലോചിച്ചുനോക്കണം. സർ, ഞാൻ വാസ്തവം പറയുകയാണു്. അധികപ്രസംഗമാണെന്നു് ആരും തെററിദ്ധരിക്കരുതു്. സർ, ഇവിടത്തെ ചീഫ് ജസ്റ്റീസിനു് ആയിരത്തി അഞ്ഞൂറ് രൂപയാണു് ശമ്പളം നിശ്ചയിച്ചിരിക്കുന്നതു്. അതായതു് ദിവസംപ്രതി അൻപതുരൂപാ ശമ്പളം. എന്തു ഹിമാലയം പണിയാനാണോ അദ്ദേഹം മറിക്കുന്നതു്. ദിവസവും അൻപതു രൂപാ ശമ്പളം മേടിക്കുന്നതിനു തക്കവണ്ണമുള്ള ജോലി അദ്ദേഹം ചെയ്യുന്നില്ലെന്നു് ജനങ്ങൾക്കു് ബോദ്ധ്യമുണ്ടു്. ചീഫ് ജസ്റ്റീസിനു ആയിരത്തി അഞ്ഞൂറ രൂപാ, മററ് ജഡ്ജിമാർക്കു് അയിരംരൂപാ, മാസംപ്രതി ശമ്പളം. കേസ്സുകൾ Adjourn ചെയ്താൽപ്പിന്നെ കുറെക്കാലത്തേയ്ക്കു് ജോലിയില്ല. പിന്നെ ആണ്ടിൽ രണ്ടുമാസം വെക്കേഷൻ. ഇങ്ങനെ അവർ ജോലി ചെയ്യുന്ന ദിവസങ്ങളുടെ കണക്കുവച്ചുനോക്കിയാൽ ഒരു ദിവസം നൂറു രൂപാ വച്ചു ശമ്പളം വാങ്ങുന്നതായിട്ടു കാണാം. ഞാൻ

[Sri. Anni Joseph]

ഇതു പറയുന്നതു അദ്ദേഹത്തോടുള്ള വിദ്വേഷംകൊണ്ടല്ല. എനിക്കു് അദ്ദേഹത്തെ യാതൊരു പരിചയവുമില്ല. എങ്കിലുംകാര്യം ഇതൊക്കെയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇങ്ങനെ ദിവസംപ്രതി നൂറുരൂപാ വീതം ശമ്പളം വാങ്ങിച്ചുകൊണ്ടു അതിനു തക്കവണ്ണം ജോലി ചെയ്യാതെയിരിക്കുമ്പോൾ, പാവപ്പെട്ട എത്രയോ ആളുകൾ, ജീവിക്കുവാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്നുണ്ടു്. സർ, ക്രിസ്ത്യാനികളുടെ ഭാഷയിൽ പറഞ്ഞാൽ ഇങ്ങനെ ചെയ്യുന്നതു് ഒരു മഹാപാപമാണു്. ഇന്നു രാവിലെ കുറച്ചു ശിപായിമാരെ റിട്രഞ്ചു ചെയ്തു ജോലിയിൽനിന്നും പിരിച്ചുവിടുന്നതിനെ സംബന്ധിച്ചു ഒരു ചോദ്യമുണ്ടായി. അതിനു പ്രധാനമന്ത്രി മറുപടി പറഞ്ഞതു് ഇങ്ങനെ റിട്രഞ്ചുമെൻറു ചെയ്യണമെന്നു ഈ നിയമസഭതന്നെ പല തവണയും ആവശ്യപ്പെട്ടുവെന്നാണു്. ആ ഉത്തരം വളരെ ശരിയാണു്. അതോടുകൂടി ഞങ്ങൾ ചോദിക്കുന്നു, എടുത്താൽ പൊങ്ങാത്ത ശമ്പളങ്ങൾ വാങ്ങിക്കുന്ന ആവശ്യമില്ലാത്ത ഉദ്യോഗങ്ങൾ ധാരാളമുള്ളപ്പോൾ അതിൽ ആരെയെങ്കിലും ഒരാളെ പറഞ്ഞയച്ചിട്ടല്ലെ ഈ സാധുക്കളുടെ മേൽ കൈവെക്കേണ്ടതെന്നു്. ഒരു വലിയവനെ പിടിച്ചു പുറത്താക്കിയാൽ കുറെ സാധുക്കളെ രക്ഷിക്കാമായിരുന്നു. സർ, എടുത്താൽ പൊങ്ങാത്ത വലിയ ഉദ്യോഗങ്ങൾ ആവശ്യമില്ലാതെ ധാരാളം ഇവിടെ ഉള്ളപ്പോൾ, എന്നു മാത്രമല്ല വാങ്ങിക്കുന്ന ശമ്പളത്തിനു തക്കവണ്ണമുള്ള യാതൊരു ജോലിയുമില്ലാതെ വലിയ ഉദ്യോഗസ്ഥന്മാർ ഇരിക്കുമ്പോൾ അവരെ പിടിച്ചു പുറത്താക്കുന്നതിനു ഈ സാധുക്കൾക്കുവേണ്ടി ഈ ഗവമ്മെണ്ടിനു ധൈര്യമുണ്ടാകണമെന്നാണു് എനിക്കു പറയുവാനുള്ളതു്. സർ, ഏതൊരു മനുഷ്യനും, ഒരു മനുഷ്യനായിട്ടു ജീവിക്കുവാൻ ആഗ്രഹമുണ്ടു്. മനുഷ്യനായി ജീവിക്കുക എന്നു ഞാൻ പറയുമ്പോൾ ആത്മാഭിമാനത്തോടു കൂടിയ ഒരു മനുഷ്യനായിട്ടു ജീവിക്കുവാൻ, അത്യാവശ്യമായ സൌകര്യങ്ങൾ നല്കുക എന്നുള്ളതാണു്. സർ, ഒരു മനുഷ്യൻെറ പ്രാഥമിക ആവശ്യം, ആഹാരം, ഉടുപ്പു്, കിടപ്പു് എന്നിവയാണു്. ഈ പ്രാഥമികാവകാശങ്ങൾ ലഭിക്കാൻ നിവൃത്തിയില്ലാതെ ആളുകൾ വിഷമിക്കുമ്പോൾ ഇവിടെ വലിയ വലിയ ശമ്പളമുള്ള അനാവശ്യമായ ഉദ്യോഗങ്ങൾ വെച്ചു പുലത്തിക്കൊണ്ടുപോരികയാണു് ചെയ്യുന്നതു്. സർ, ഈ വിഷയത്തിൽ ഗവമ്മെണ്ടു പ്രത്യേകം ശ്രദ്ധിക്കണം.

സർ, ഒരു കാര്യംകൂടി. ഈ അസംബ്ലിയിൽ നാലഞ്ചുദിവസങ്ങൾക്കു മുമ്പു് ഒരു ബഹു. മെമ്പർ ഇംഗ്ലീഷിൽ പ്രസംഗിച്ചു, "Is this democracy, Sir? We have fought for democracy and we have got it. Is this democracy, Sir?" സർ, ഇതിനു മുമ്പിലത്തെ ഗവമ്മെണ്ടു് ഡെമാക്രററിക്കു് ആയിരുന്നോ എന്നു ഞാൻ ചോദിക്കുന്നു. ഇതൊന്നുംതന്നെ ഡെമാക്രസി ആകയില്ല, സർ, വ്യക്തമായ പരിപാടികളോടുകൂടി സാധാരണക്കാരൻെറ ആവശ്യത്തിനു തക്കവണ്ണമുള്ള പ്ലാനുകളോടുകൂടി ആസൂത്രണം ചെയ്യപ്പെടുന്ന ഒരു പദ്ധതിയോടുകൂടി മുമ്പോട്ടു പോയാൽ മാത്രമേ ജനകീയ ഗവമ്മെണ്ടു് വിജയിക്കുകയുള്ളു. അതിനു ഗവമ്മെണ്ടു തയ്യാറുണ്ടോ? ഉണ്ടെങ്കിൽ ഈ ജനകീയ ഗവമ്മെണ്ടു് വിജയിക്കും. അല്ലെങ്കിൽ മററുള്ളവർ പറഞ്ഞതുപോലെയാകും.

ശ്രീ. എം. കെ. മേനോൻ : സർ, സാധാരണക്കാരൻെറ ഉന്നമനത്തിനും ഡെമോക്രസിയെ രക്ഷിക്കുന്നതിനുംവേണ്ടി തന്നെയാണു് ഞാനും സംസാരിക്കാൻ ആഗ്രഹിക്കുന്നതു്. ഈ കഴിഞ്ഞ പത്തു പതിനഞ്ചു ദിവസങ്ങളായി ഈ അസംബ്ളിയുടെ നാനാഭാഗത്തുനിന്നും സാധാരണക്കാരനുവേണ്ടിയും ഡെമോക്രസിയുടെ പേരിലും പലരും പ്രസംഗിക്കുന്നതു ഞാൻ കേൾക്കുകയുണ്ടായി. ചിലർ പറയുന്നു നമുക്കു രാഷ്ട്രീയ സ്വാതന്ത്ര്യം കരസ്ഥമായി, എന്നാൽ സാമ്പത്തിക സ്വാതന്ത്ര്യം കരസ്ഥമായിട്ടില്ല എന്നു്. നാം വളരെ കുഴപ്പം പിടിച്ച ഒരു കാലഘട്ടത്തിലാണു് ജീവിക്കുന്നതെന്നാണു് എനിക്കു ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളതു്. ലോകത്തിലെ സംഭവവികാസങ്ങളുടെ ഗതി അല്പം ആലോചിക്കാം. ലോകത്തിലെ പല ഭാഗങ്ങളിലുമുള്ള പാവപ്പെട്ടവർക്കു സാമ്പത്തിക സ്വാതന്ത്ര്യം സമ്പാദിക്കാൻ സാധിച്ചിട്ടുള്ളതു് എങ്ങിനെ എന്നു നമുക്കു നോക്കാം. ലോകസംഭവ വികാസങ്ങളെ ഒന്നു വിശകലനം ചെയ്തുനോക്കിയാൽ, നമുക്കു മനസ്സിലാക്കുവാൻ സാധിക്കും രാഷ്ട്രീയ സ്വാതന്ത്ര്യം കൊണ്ടു മാത്രം പാവപ്പെട്ടവനു ഉണ്ണാനും, ഉടുക്കാനും, ഉറങ്ങാനും, കിടക്കാനും, കുടിക്കാനും കളിക്കാനും ഉള്ള സൌകര്യം ഉണ്ടാക്കാൻ സാദ്ധ്യമല്ല എന്നു്.

ഒന്നുരണ്ടു കാര്യങ്ങൾ പ്രത്യേകം എടുത്തു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നാം ഡെമോക്രസിയുടെ വാതുക്കൽ കൂടിയാണു് ഇപ്പോൾ കടന്നുപോകുന്നതു്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ നേതാവായ ശ്രീ. പണ്ഡിററു ജവഹരിലാൽ നെഹറു ഡെമോ

ക്രസിയുടെ കൈത്തിരി നമ്മുടെ കയ്യിൽ തന്നിട്ടുണ്ട്. ആ കൈത്തിരി കെടാതെ സൂക്ഷിച്ച് അതിന്റെ വെളിച്ചത്തിൽ സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്ക എത്തിച്ചേരേണ്ടതു് നമ്മുടെ അനിവാര്യമായ കടമയാണ്. എങ്ങനെയാണ് പരമമായ ആ ലക്ഷ്യത്തിലെയ്ക്കു നാം എത്തുക? ഡെമോക്രസിയുടെ മാർഗ്ഗത്തിൽക്കൂടി അല്ലാതെ മററു പല മാർഗ്ഗങ്ങളിൽക്കൂടിയും പരിവർത്തനങ്ങൾ വരുത്തി പുരോഗമിച്ചിട്ടുള്ള ചില രാജ്യങ്ങൾ ലോകത്തിലുണ്ട്. ആ രാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചാലറിയാം രാഷ്ട്രീയ സ്വാതന്ത്ര്യം കരസ്ഥമാക്കിയതിനുശേഷം ഒരു പത്തുനൂറു കൊല്ലത്തെ ചൂഷിമുട്ടുകളുടേയും കഷ്ടപ്പാടുകളുടേയും ഫലമായിട്ടാണ് ആ രാജ്യങ്ങൾ സാമ്പത്തിക സ്വാതന്ത്ര്യം കരസ്ഥമാക്കിയിട്ടുള്ളതെന്ന്. റഷ്യയുടെ മാർഗ്ഗം എന്തായിരുന്നുവെന്നു നമുക്ക അറിയാം. റഷ്യ സ്വീകരിച്ചതു് വ്യവസ്ഥാപിതവും സമാധാനപരവുമായ ഒരു മാർഗ്ഗമായിരുന്നില്ല. മിലിററിയുടേയും ആയുധത്തിന്റേയും അക്രമത്തിന്റെയും ബലംകൊണ്ടാണ് അവർ രാഷ്ട്രീയസ്വാതന്ത്ര്യം സമ്പാദിച്ചതു്. അങ്ങനെയുള്ള റഷ്യയിൽപോലും എത്രയോ കൊല്ലക്കാലത്തെ നിരന്തരമായ പട്ടിണിയുടേയും യാതനകളുടേയും ഫലമായിട്ടാണ് പാവപ്പെട്ടവനു കിടക്കാൻ ഭൂമിയും, ഉടുക്കാൻ വസ്ത്രവും, ഉണ്ണാൻ ആഹാരവും ഉണ്ടാക്കിക്കൊടുക്കാൻ സാധിച്ചിട്ടുള്ളതു്.

ഇൻഡ്യയിലെ കാര്യം പറയുകയാണെങ്കിൽ ദീർഘകാലത്തെ പണിയെടുപ്പിനുശേഷം ഇപ്പോൾ നാം ഡെമോക്രസിയുടെ വാതുക്കൽ എത്തിയിരിക്കുന്നു. ഇനി നമുക്ക സാമ്പത്തികസ്വാതന്ത്ര്യം കൈവരുത്തുന്നതിനു ഒരു പത്തു കൊല്ലക്കാലത്തേക്കെങ്കിലും പൊറുത്തുകൂടെ എന്നാണ് ഞാൻ ചോദിക്കുന്നതു്. സാധാരണക്കാരന്റെ പേരിൽ, അവന്റെ ഉന്നമനത്തിനുള്ള ആകാംക്ഷയിൽ, അവനെ ഉയർത്തുന്നതിനുള്ള ആവേശത്തിൽ നാം യാഥാർത്ഥ്യങ്ങളെ മറക്കാൻ പാടില്ല. ഡെമോക്രസിയെപ്പററിയും, സോഷ്യലിസത്തെപ്പററിയും, കമ്മ്യൂണിസത്തെപ്പററിയും പ്രസംഗിക്കാം. എണ്ണമററ ആദർശങ്ങളെപ്പററി നീട്ടിപ്രസംഗിക്കാം. പക്ഷേ, ആ ആദർശങ്ങൾ എങ്ങനെയാണ് പ്രായോഗികമാക്കുകയെന്നു വലിയ വലിയ ചിന്തകന്മാരും രാഷ്ട്രമീമാംസകന്മാരും ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. "നമുക്ക രാഷ്ട്രീയസ്വാതന്ത്ര്യം കിട്ടിയെങ്കിലും സാമ്പത്തികസ്വാതന്ത്ര്യം കിട്ടിയിട്ടില്ല; കോൺഗ്രസ്സ സാധാരണക്കാരന്റെ കക്ഷി എന്നു പറയുന്നതു ശരിയല്ല; കോൺഗ്രസ്സ സാധാരണക്കാരനുവേണ്ടി ഒന്നും ചെയ്യുന്നില്ല" എന്നൊക്കെ പ്രസംഗിക്കുന്നതു ഞാനും ധാരാളം കേട്ടിട്ടുണ്ട്. ഇന്നത്തെ കോൺഗ്രസ്സ് ഗവമെണ്ടു ചെയ്യുന്നതു മുഴവൻ ശരിയാണെന്നൊ അതിൽ തെററുകൾ ഒന്നുമില്ലെന്നൊ പറയുവാൻ ഞാനും തയ്യാറില്ല. എന്നാൽ വിമർശനങ്ങൾക്കും ചില അതിരുകളെല്ലാം ആവശ്യമാണ്. തിരുവിതാംകൂറിലെ ഒരു ബഹുമാന്യനേതാവായ ശ്രീ പട്ടം താണുപിള്ള അവർകൾ ഡെമോക്രസിയുടെ പേരിൽ പലപ്പോഴും വാദിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ഡെമോക്രസിയുടെ തത്വങ്ങളെ ലംഘിച്ചുകൊണ്ടു് അദ്ദേഹം ഡെമോക്രസിക്കുവേണ്ടി പ്രസംഗിക്കുന്നതു കാണുമ്പോൾ തീർച്ചയായും അദ്ദേഹത്തോടുള്ള സ്നേഹവും ബഹുമാനവും നമുക്കില്ലാതായിത്തീരുന്നു. ഡെമോക്രസിയുടെ പേരിൽ പ്രസംഗിച്ചുകൊണ്ട് ഡെമോക്രസിയെ അപലപിക്കുകയും ഡെമോക്രസിയുടെ തത്വങ്ങളെ ലംഘിക്കുകയും ചെയ്യുന്നവരാണൊ ഡെമോക്രസിയെ രക്ഷിക്കുവാൻ പോകുന്നതെന്ന് ഞാൻ ചോദിക്കുന്നു. അതുകൊണ്ട് എനിക്ക പറയുവാനുള്ളതു് സോഷ്യലിസമൊ, കമ്മ്യൂണിസമൊ എന്തുതന്നെ വന്നാലും ഇൻഡ്യയിൽ പെട്ടെന്നു സാധാരണക്കാരനു് യാതൊരു മെച്ചവും ഉണ്ടാകാൻ പോകുന്നില്ലെന്നാണ്.

സർ, സാമ്പത്തിക പ്ലാനിംഗ് ഒന്നുമില്ലെന്നാണ് പ്രധാനമായ ഒരു വാദം ഇവിടെ കേട്ടതു്. കൊച്ചിക്കും തിരുവിതാംകൂറിനും മാത്രം ഒരു പ്രത്യേക സാമ്പത്തിക പരിപാടി രൂപീകരിക്കാൻ സാദ്ധ്യമാണൊ എന്നു ഞാൻ ചോദിക്കുന്നു. സർ, ഇൻഡ്യക്ക് ഒരു സാമ്പത്തിക പ്ലാനിങ്ങ് വേണമെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എനിക്ക മനസ്സിലാക്കാൻ സാധിക്കും. കൊച്ചിയും തിരുവിതാംകൂറും കൂടിച്ചേന്നു ഈ യൂണിയൻ ഇൻഡ്യയിലെ പ്രാവിൻസുകളെക്കാൾ ചെറിയ ഒരു അംശമാണ്. ഈ ചെറിയ അംശത്തിനു മാത്രമായിട്ട് എന്തു് സാമ്പത്തിക പ്ലാനിങ്ങ് ആണു സാധിക്കുന്നതു് എന്നു് ഞാൻ അവരോടു ചോദിക്കുന്നു. ഇൻഡ്യക്കു ഒരു സാമ്പത്തിക പ്ലാനിങ്ങ് വേണമെന്നു പറയാതെ കൊച്ചിക്കും തിരുവിതാംകൂറിനും മാത്രമായി ഒരു സാമ്പത്തിക പ്ലാനിങ്ങ് വേണമെന്നു പറയുന്നതു് സാമ്പത്തികപ്ലാനിങ്ങിന്റെ അർത്ഥംപോലും മനസ്സിലാക്കാത്തവരാണെന്ന് പറയേണ്ടിയിരിക്കുന്നു. ഇൻഡ്യാ ഗവമെണ്ടിനു സാമാന്യമായിട്ട് ഒരു പ്ലാനുണ്ട്. രാഷ്ട്രീയകാര്യങ്ങളിലും സാമ്പത്തികകാര്യങ്ങളിലും വളരെയധികം പരിജ്ഞാനവും വൈദഗ്ദ്ധ്യവും ഉള്ളവരുടെ അഭിപ്രായമനുസരിച്ചാണ് ശ്രീ. പണ്ഡിററ് നെഹ്റുവിന്റെ ഗവമെണ്ട് ഒരു സാമ്പത്തികപ

[Sri. M. K. Menon]

രിപാടി സ്വീകരിച്ചിട്ടുള്ളത്. റഷ്യയുടെ അനുഭവം നമുക്കറിയാം. ൧൯൧൭-ലെ വിപ്ലവത്തിനു ശേഷം റഷ്യയിൽ കമ്മ്യൂണിസ്റ്റ്പാർട്ടി രാഷ്ട്രീയ സ്വാതന്ത്ര്യം സ്ഥാപിച്ചു. അതിനുശേഷം ആദ്യമായി അവർ ചെയ്തത് അവിടെ ഉണ്ടായിരുന്ന സാമ്പത്തികമായ നിലപാടിനെ താറുമാറാക്കിയിട്ട് ഒരു പുതിയ സാമ്പത്തികപരിപാടി ആവിഷ്കരിക്കുകയാണ്. കുറെക്കൊല്ലങ്ങൾക്കു ശേഷമാണ് അവിടെ ഒരു പുതിയ സാമ്പത്തികനിലപാടു സാദ്ധ്യമായിട്ടുള്ളത്. ഇൻഡ്യയിലാണെങ്കിൽ നമ്മുടെ സാമ്പത്തിക കഴിവുകളേയും മററു കഴിവുകളേയും ഏകീകരിച്ചുകൊണ്ടു ഇൻഡ്യയെ സോഷ്യലിസത്തിലേക്ക് നയിക്കാനുള്ള ഒരു പരിപാടിയാണ് നെഹ്റു ഗവമ്മെണ്ടു് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടു് ഇൻഡ്യയില്ലാതെ കൊച്ചിക്കും തിരുവിതാംകൂറിനും പ്രത്യേകമായി ഒരു സാമ്പത്തിക പ്ലാനിങ്ങ് വേണമെന്നു പറയുന്നതുതന്നെ സാമ്പത്തികപ്ലാനിങ്ങിനെപ്പററിയുള്ള അജ്ഞതകൊണ്ടാണെന്നാണ് എനിക്കു പറയുവാനുള്ളത്. നമ്മുടെ രാഷ്ട്രീയ സ്വാതന്ത്ര്യം കൈവരുത്തിയ നേതാക്കന്മാരായ ശ്രീ. പണ്ഡിററു ജവഹർലാൽനെഹ്റു, ശ്രീ. സർദാർ പട്ടേൽ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ഇന്നത്തെ ഗവമ്മെണ്ടു് ഒരു സാമ്പത്തിക പരിപാടി രൂപീകരിച്ചു കഴിയുന്നത്ര വേഗത്തിൽ നമുക്കു സാമ്പത്തിക സ്വാതന്ത്ര്യവും കൈവരുത്തുമെന്ന വിശ്വാസത്തോടുകൂടി അൽപ്പം സമാധാനമായിട്ടിരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

**Dr. (Mrs.) Francis:** Sir, I heard in this hall speeches of different types, some finding fault with the present Government and the others with the previous Government. I am on my legs now not to find fault with either but to point out in general the general impression of the Cochin people about the Travancore administration. I mean the corruption of the Government service. I have been hearing much about this malpractice in Travancore. I have not thought that the corruption was so bad as I now understand.

കൊച്ചിക്കാർക്ക് തിരുവിതാംകൂറിനെപ്പററിയുള്ള അഭിപ്രായം വളരെ മോശമാണ്. തിരുവിതാംകൂർ അഴിമതിയുടെ രാജ്യമാണെന്നും, ഉദ്യോഗസ്ഥന്മാർ തലമുതൽ അടിവരെ കൈക്കൂലിക്കാർ എന്നുമാണു കൊച്ചിയുടെ ധാരണ. കൊച്ചി ജനങ്ങൾ എന്നോടു ചോദിക്കാറുണ്ടു്, ഡാക്ടർ നിങ്ങൾ കൊച്ചിയെ എവിടെക്കൊണ്ടു കെട്ടുവാൻ പോകുന്നു എന്നു്. അങ്ങിനെ ഭയപ്പെടുവാൻ ഇല്ല, നിങ്ങൾ കേൾക്കുന്നവിധം അഴിമതികൾ അവിടെ നടക്കുന്നുണ്ടെന്നു് എനിക്കു തോന്നുന്നില്ല, ഏതായാലും ഞങ്ങൾ എല്ലാവരും ഉണ്ടല്ലോ, എന്നു എന്റെ മറുപടിയും. ഞാൻ കൊച്ചി അതൃത്തി കഴിഞ്ഞു തിരുവിതാംകൂറിലേക്കു കടന്നു. തിരുവിതാംകൂറിൽനിന്നും ഞാൻ കേൾക്കുന്നതു്, കൈക്കൂലി, കൈക്കൂലി എന്ന വാക്കുകൾ തന്നെ എന്റെ കണ്ണുകളിൽ വീഴുവാൻ തുടങ്ങി. എനിക്കു തെക്കൻ തിരുവിതാംകൂർ നല്ല പരിചയമില്ല. ഇത്ര മോശമോ തിരുവിതാംകൂർ എന്നു എനിക്കു തോന്നിപ്പോയി. വളരെ വിഷമം തോന്നാതെയില്ല. നിങ്ങൾ തിരുവിതാംകൂറിൽനിന്നും ഈ ദുഷിപ്പിനെ നീക്കം ചെയ്യാതെ തിരുവിതാംകൂറിനു രക്ഷയില്ല. ഇപ്പോൾ കൊച്ചിതിരുവിതാംകൂർ ഐക്യ സംസ്ഥാനമായിത്തീർന്നിരിക്കുന്നു. ഈ ദുഷിപ്പു നിലനിന്നാൽ നീതിന്യായം പ്രവർത്തിക്കുവാൻ സാദ്ധ്യമാകയില്ല. തിരുവിതാംകൂറിലെ കോടതികളിൽ കേസുകൾ ഫയൽ ആക്കിയാൽ എത്ര താമസം വരുന്നു? ഒരു മനുഷ്യന്റെ ജന്മം കഴിഞ്ഞുപോകുന്നു. അയാളുടെ മകന്റെ കാലത്തുകൂടി തീരുമാനം ആകയില്ല. ഇതിന്റെയെല്ലാം സാരം എന്തു് സർ, അടിയിൽ കിടന്നു ഒഴുകുന്ന അഴുക്കുകൾതന്നെ. സർ, എന്റെ പ്രസംഗം ചിലപ്പോൾ രണ്ടു ഭാഷയിൽ വന്നു എന്നു വരാം. ചില സംഗതികളിൽ അതു അത്യാവശ്യമാകുന്നു.

What about the food rationing system in Travancore, have you any rationing at all? You encourage and allow black marketing. The grain procurement of Travancore is very poor, why Sir to where are the grains that grow in this land go Sir? To blackmarket. You allow that Sir. If your officers were honest how could any body trade by blackmarket. India Government reduced Travancore subsidy because of poor procurement. The Government ought to take a high hand and purge out the guilty one. No mercy should be shown to them Sir. Have an anticorruption Committee consisting of honest men and women. Let there be a Secret Service. A corrupted country cannot impart justice. An innocent is likely to be punished for the wrong of others.

There are a number of taxes in the country but the revenue collected compared to Cochin whose area is much smaller is proportionately small. Why Sir? It is because of leakage. I am not bothered about the number of ministers. I am not for reduction or for increase.

I desire the administration should be pure and just.You try to learn what is being done in Cochin, an ideal State. She is the best administered State. Her rationing of food stands an example to India. No man, woman or child goes home without getting rice from the ration depot. I wonder how any Government could tolerate such bad practices as found in Travancore. It is nearly two years since the Congress Government came in power in Travancore. It is high time the Government should take a strong hand and put down corruption. The evil should be wiped off from the country. It is a consolation to think that in the Secretariat the head of that office is being conducted by an able and honest officer, but I do not know how long he is to be there. Now that Cochin and Travancore have united, the Government of the United State of Travancore and Cochin should strive her best to take what is good from Cochin and let both States together develop in good points and rise to the satisfaction of the people of both states.

**Sri. Eappen Arackal:** Sir, I wish to say a word about the recruitment to the Judiciary in the state.

**Mr. Speaker:** The member can do so provided the matter relates to or as connected with Finance. Show some connection with Finance.

**Sri. Eappan Arackal:** All the Members who spoke before me were given some latitute and I request that I may also be given some freedom.

**Sri. A. K. Ceorge:** I am preparded to speak on the present demand relating to Finance and therefore I request I may be given some preference.

**Sri. Eappen Arackal:** I am also prepared to speak on the present demand Sir.

**Sri. Ponnara G. Sreedhar:** A point of Order. ഇവിടെ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിമാൻറ ചർച്ചക്കെടുത്തപ്പോൾ അതിനെപ്പററി സംസാരിക്കുന്നതിന് ഞാൻ പല പ്രാവശ്യവും എഴുന്നേററുനിന്നു. ഞാൻ ചില കട്ട്മോഷനുകളും അയച്ചിരുന്നു. പക്ഷെ ഞാൻ എഴുന്നേററുനിന്നപ്പോൾ ഒന്നും സ്പീക്കറുടെ ദൃഷ്ടിയിൽ പെട്ടില്ല. എന്തെങ്കിലും പറഞ്ഞു പാർലിമെണ്ടറി നടപടികൾക്കു കുഴപ്പമുണ്ടായെങ്കിലൊ എന്നു കരുതി ഞാൻ മിണ്ടാതിരിക്കുകയാണ് ചെയ്തത്. ഇപ്പോഴെങ്കിലും എന്നെ സംസാരിക്കുവാൻ അനുവദിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ഇപ്പോൾ സംസാരിക്കാൻ എഴുന്നേററ മെമ്പർ സംസാരിച്ചു കഴിഞ്ഞശേഷം മെമ്പർക്കു സംസാരിക്കാവുന്നതാണ്.

**Sri. Eappen Arackal:** I wish to refer to the extraordinary delay experienced in the transaction of business in the Finance Secretariat and Account Office. Very often we find that applications for cheques for the amounts deposited in Courts are delayed because of want of intimation from the Account office. It is very hard that poor people are put to such difficulties. I know an instance in which money could not be received even within an year from the date of application. The same thing applies to the Secretariat also. But I understand that such delays will not occur in the Secretariat owing to the appointment of a competent Chief Secretary. Persons have to come to the Account office for getting cheques and it will be very inconvenient if they are delayed unduly.

I may say a word also about the recruitment to the Judiciary. It is unfortunate that best men are not available for the Judiciary. The question of communal consideration in appointments was discussed to-day and we heard several members ascerting that communal consideration should not be given in the matter of appointments. If it is to be dispensed with, as was urged by several of the Members here, I would say that the first Department in which it should be dispensed with is the Judicial Department, for no where is efficiency more needed. The Judicial Department is the fountain of all law and order in the country.

**Sri. K. A. Mathew:** Sir, on a point of order.
ജുഡിഷ്യറിയെപ്പററി സംസാരിക്കുന്നതിന് പ്രത്യേകം സമയം നിശ്ചയിച്ചിട്ടുണ്ട്. ഈയവസരത്തിൽ അതേക്കുറിച്ച് പ്രസംഗിക്കുന്നത് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

**Mr. Speaker:** It was on the assumption that the Member will speak on something relating Finance that I allowed him.

ശ്രീ. കെ. എ. മേത്യു: അങ്ങിനെയാണെങ്കിൽ ഗവമ്മെണ്ടിൽനിന്നും പണം കൊടുക്കുന്നതുകൊണ്ട് എല്ലാ ഡിപ്പാർട്ടുമെണ്ടിനും ഇതിനോട് ബന്ധമുണ്ട്.

**Mr. Speaker:** In fact the point of order was answered the other way. Therefore there was no occasion for putting this question.

**Sri. Eappan Arackal:** Efficiency of a Judicial Officer has to be decided in two ways. One will be on the number of confirmation, renewals, etc., of the appellate courts of decrees and orders passed by him. The other test will be general repute of the officer concerned.

**Mr. Speaker:** The Member is going into details on matters which are not permitted during the discussion of this demand. If he has any general observation about some department, it will have some bearing here.

**Sri. Eappen Arackal:** I was only stating how the efficiency of an Officer in the Judicial Department had to be decided. I think Hon'le Members of this House are conversant with the fact that there are certain officers who are really corrupt and those officers have to be checked. Their conduct must be ascertained by enquiring into the general repute of the Officer in the locality. There will be no difficulty in that way to find out whether an Officer is efficient or corrupt. These aspects are very important the relation to the Judiciary because that is a very important department of Government.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸார், கழிந்த கால்மணி நேரமாக கொஞ்சம் தீவிரமாக பிரசங்கம் நடந்தது. மந்திரிகளின் இஷ்டம் போல் நடக்கக்கூடிய அரசாங்கம் வேண்டியதில்லை. மக்களின் க்ஷேமத்திற்காக இருக்கக்கூடிய அரசாங்கம் வேண்டும். மக்கள் எல்லோரையும் ஒன்று போல் பார்க்கக் கூடிய மந்திரிசபை வேண்டும். இந்த இடத்தில், இதோ, வீற்றிருக்கும் ஸ்ரீ. டி. கெ. நாராயணபிள்ளை அவர்கள் பல மேடைகளில் "ஜனநாயகம்" அவர்களது பாஷையில் சொல்வோமானால் 'உத்திரவாத பரணம்' என்பதைப் பற்றி அழுத்தம் திருத்தமாகப் பேசியிருக்கிறார்கள். இந்த வார்த்தையின் அர்த்தத்தை அவர் நன்றாக புரிந்துகொண்டிருப்பாரானால் அதுபோல் நடந்திருப்பார். அந்த ஜனநாயக ஆக்ஷி, அந்த உத்தரவாத பரணம் நடத்துவார். ஏனெனில், ஜனநாயக ஆக்ஷி என்பது ஜனங்களின் சம்மதத்தால், யாதொரு பக்ஷபாதமும் காட்டாமல், மக்கள் யாவரையும் ஒன்றுபோல் பாவித்து, அவர்களின் நன்மைக்காக நடத்தப்படும் ஆக்ஷி. இங்கே எப்படி நடக்கிறது? தோக்கின் முனையைக்காட்டியும், போலீஸை வைத்துக்கொண்டும் ஆக்ஷி நடக்கிறது. அது ஜனநாயக ஆக்ஷியா? இல்லை. பிரதான மந்திரி கனம் டி. கெ. நாராயணபிள்ளை அவர்கள் சொன்னார்கள், சமுதாய முக்கியத்துவத்தையும், அரசியல் முக்கியத்துவத்தையும் பார்த்து இங்கு உத்தியோகங்கள் கொடுக்கப்படுகிறதில்லை என்பதாக. அப்படியொன்றும் நடக்கவில்லை என்று நான் இந்த சபையில் சொல்லிக்கொள்கிறேன். நல்ல முறையிலா நீங்கள் உத்தியோக நியமனங்கள் செய்திருக்கிறீர்கள்? நல்ல முறையிலா நீங்கள் Confirmations, promotions செய்கிறீர்கள்? இல்லை. நீங்கள் செய்யக்கூடியவைகளெல்லாம் ஜாதி, மதத்தை அடிப்படையாகக் கொண்டவை. அவரிடம் கேட்கிறேன். இந்த மந்திரி சபையைப்பாருங்கள். இரண்டு ஈழவர், மூன்று நாயர், இரண்டு சிரியன், ஒரு சாக்கோபைட், ஒரு சிரியன் கத்தோலிக்கு, ஒரு லத்தீன் கத்தோலிக்க அம்மையார், ஒரு முஸ்லீம் சகோதரர். இதிலிருந்து இந்த மந்திரிசபை, சமுதாய முறையில் அல்லாமல் வேறு எந்த முறையில் அமைக்கப்பட்டிருக்கிறது? எனது சிநேகிதர் கனம் ஞானசிகாமணி அவர்கள், நேற்று சொன்னார்கள் பள்ளிக்கூட டிவிஷன் இன்ஸ்பெக்டராயிருந்த Mr. Thampy Harries அவர்களுக்கு Training College Principal பதவி கொடுக்கவில்லை என்றும், அவருக்குக் கீழுள்ள ஒருவரை Principal ஆக நியமித்திருக்கிறீர்களென்று சொன்னார். அவர் லத்தீன் கிருஸ்தியன் ஆனதினால் கொடுக்கப்படவில்லை என்றால் உங்களுக்குள்ளேயே சாதியைப்பற்றியுள்ள வேற்றுமைகள் இருப்பதினால் தமிழர்களாகிய நாங்கள் முறையிடுவதில் என்ன பிரயோசனம்.

மூன்றாவதாக உங்கள் Retrenchment ஐப் பற்றி. ஸார், மிஸஸ் ஆன்னிஜோஸப் அவர்கள் வெகு அழகாகச் சொன்னார்கள். கனம் பிரதான மந்திரி Retrenchment என்று சொன்னாரே அவரிடம் கேட்கிறேன். இன்று ஹைக்கோர்ட் உயர்தர பீடத்தில் இருப்பது யார் சமுதாயத்தைச் சேர்ந்தவர்? ஏன் அவருக்கு 1500 ரூபாய்கொடுக்க வேண்டும்? ஏன் இந்தப் பிரதான மந்திரிக்கும், மற்ற மந்திரிகளுக்கும் 750 ரூபாய் கொடுக்கவேண்டும்? அரசாங்க உயர் பீடத்திலிருக்கும் Chief Secretary எந்த சமுதாயத்தைச் சேர்ந்தவர்? ஏன் இவ்வளவு பெரிய சம்பளம் அவருக்குக் கொடுக்கவேண்டும்? இவைகளையல்லவா பரிசீலனை செய்யவேண்டும். இதைப் பரிசீ

லீஸ் செய்யாமல் ஏன் retrenchment ஐக் கொண்டு வருகிறீர்கள்? Account Office ல் எத்தனை ஏழைகளை வெளியில் தள்ளப் போகிறீர்கள்? அப்படித் தள்ளப் போகிற ஒவ்வொருவரையும் எடுத்துக்கொண்டு பார்த்தால், ஒவ்வொருவருக்கும் குறைந்தது நான்கு அல்லது ஐந்து அங்கங்களுக்கு குறையாத குடும்பம் இருக்கும். திடீரென்று 3, 4 வருஷங்கள் வேலை பார்த்த ஒருவரை வெளியில் போகச்சொன்னால், அவருக்கு எப்படி காலக்ஷேபம் செய்ய முடியும். இப்படி நீதியும், முறையும் இல்லாமல் retrenchment ஐக் கொண்டுவருவதைவிட இவர்களை அரபிக்கடலில் தள்ளிவிடலாமே. இந்த இடத்தில் நான் ஒரு வார்த்தை கூற விரும்புகிறேன். எனது கொச்சி நண்பர்கள் மனஸ்தாபப்படக்கூடாது. கொச்சியிலிருந்து இங்கு வந்த உத்தியோகஸ்தர்களை இந்த ஐக்கியத்திற்கு சற்று முன்பாக ஸ்திரப்படுத்தினார்கள். அதே சமயத்தில் இங்குள்ளவர்களை வெளியே தள்ளுகிறீர்கள். இது என்ன நியாயம். 'நாங்கள் என்ன கொச்சி ராஜா ஆள்களா' என்று ஒரு பழமொழியுண்டு. அது மாறி நாங்கள் யூனியன் ஸ்டேட் ஆள்கள் என்று சொல்கிறோம். வேண்டுமானால் கொச்சியை முதலில் வைத்துக்கொண்டு திருவிதாங்கூரை இரண்டாவதாக வைத்துக்கொள்ளுங்கள். எல்லோரும் திருவிதாங்கூர் கொச்சி ஐக்கிய நாட்டின் மக்கள். கனம் டி. கெ. நாராயண பிள்ளை அவர்கள் இதை மனதில் வைத்து எதையும் சரியாக பாவித்து, செம்மையான மனதுடன் நடத்தவேண்டும்.

அடுத்தபடியாக என். ஜி. ஓ. வைப்பற்றி எனது நண்பர் திரு. ஜோஷ் சொன்னார்கள் ஸார், பைபிளில் கூறப்படுகிறது "தட்டுங்கள். திறக்கப்படும் என்று. ஏழை என். ஜி. ஓக்கள் வயற்றுக்கில்லை என்று கேட்டார்கள். அதற்கு டிஸ்மிஸ். எங்களுக்கு ஒரு அலவென்ஸ் வேண்டுமென்று கேட்டால் அதற்கு பொலீஸ் லாத்தி சார்ஜ். அவர்கள் பொதுக் கூட்டங்கள் கூட்டக் கூடாது. இது நியாயமா என்று கேட்கிறேன். அவர்களது நியாயமான கோரிக்கைகளை கவனிக்கத்தான் வேண்டும்.

கடைசியாக, ஏதோ பிரதான மந்திரி என்று சொல்பவர் ஸ்ரீ. டி., கெ. நாராயண பிள்ளை என்று நினைக்கக் கூடாது. ஏதாவது கேள்வி கேட்டால் அதற்குப் பதில் சொல்ல அவருக்குக் கடமையுண்டு. ஆனால் கேட்கும் கேள்விகளுக்கு பதில் சொல்லவேண்டுமே ஒழிய அவைகளை தள்ளிப் போடவோ மறுக்கவோ உரிமைகிடையாது. பிரதான மந்திரி ஸ்ரீ டி. கெ. நாராயண பிள்ளை அவர்களிடமும் தனகாரிய மந்திரியிடமும் இங்குள்ள மெம்பர்கள் சார்பாகக் கேட்டுக்கொள்கிறேன். மனதில் கபடமும், கையில் ஜபமாலையும் இருந்தால் போதாது. தூயமனசாக்ஷியுடன் அதற்குப் பொருத்தமாக நடக்கவேண்டும். அவ்வித நல்ல மனசாக்ஷியுடன் இனிமேலாவது நடப்பீர்கள் என்று சொல்லிக்கொண்டு எனது பேச்சை முடித்துக்கொள்கிறேன்.

ബഹു: ശ്രീ എ. ജെ. ജോൺ: ഫൈനാൻസ് സെക്രട്ടറിയേററിലേക്കുള്ള ഡിമാൻറിനെ സംബന്ധിച്ച് മി. ജ്ഞാനശിഖാമണി അയച്ച ഉപക്ഷേപത്തെപ്പററി ആദ്യമായി സംസാരിക്കുവാൻ ഞാൻ വിചാരിക്കുന്നു. ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടു ഇതേപ്പററി ബന്ധം ഒന്നുമില്ലാത്ത അനേകം സംഗതികൾ ഇവിടെ ചർച്ചാവിഷയമാക്കിയാണ് വീണ്ടും ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. ജനറൽ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചുള്ളവയെല്ലാംതന്നെ ചീഫ് മിനിസ്റ്റർ ശരിയായ ഉത്തരം നൽകിയിട്ടുമുണ്ട്. അതേപ്പററി ഒന്നുംതന്നെ വീണ്ടും പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. മി. ജ്ഞാനശിഖാമണി പറഞ്ഞു, ഈ ബഡ്ജററ ഗവൺമെൻറു ശരിയായി തയ്യാറാക്കിയിട്ടില്ല എന്ന്. അതിനുവേണ്ടി അദ്ദേഹം ഒന്നുരണ്ടു വാക്കുകൾ ഇംഗ്ലീഷിൽ ഉപയോഗിക്കുകയുമുണ്ടായി. ഇതിൽ ചില ഫ്രാഡും ഇന്നാക്യുറസിയും ഉണ്ടെന്നു അദ്ദേഹം പറഞ്ഞു. എന്നാൽ, ഈ വാക്കുകൾ എങ്ങനെ എവിടെ ഉപയോഗിക്കണമെന്ന് അദ്ദേഹത്തിനു യാതൊരറിവുമില്ലായിരുന്നു. ഇവിടെ അതുപയോഗിക്കാനുണ്ടായ ഏക സംഗതി മൂന്നുലക്ഷത്തി എഴുപത്തയ്യായിരം രൂപ ബഡ്ജററിൽ മിനറൽ കമ്പനി വാങ്ങിയ വകയിൽ കുറച്ചു ചേർത്തു എന്നാണ്. എന്നാൽ ബഡ്ജററിൽ ൧൩-ാമത്തെ പേജിൽ ട്രാവൻകൂർ മിനറൽസിൽനിന്നും ആ തുക വരവായിട്ടാണു കാണിച്ചിരിക്കുന്നത്. ഈ ബഡ്ജററിനെപ്പററി സംസാരിക്കുമ്പോൾ "ഫ്രാഡ്" എന്ന വാക്ക് ഉപയോഗിക്കണമെന്നു മാത്രമേ അദ്ദേഹം ഉദ്ദേശിച്ചുള്ളു എന്നു ഞാൻ വിചാരിക്കുന്നു.

പിന്നീടു പറഞ്ഞതു മി. സി. പി. മാത്തൻ ഏതോ ഒരു സ്റ്റേററ്മെൻറ് ഇറക്കിയിട്ടുണ്ടെന്നും അതേസംബന്ധിച്ചു ഒരു പബ്ലിക്ക് എൻക്വയറി നടത്തണമെന്നുമാണ്. ഇതു

[The Hon'ble Sri. A. J. John]

പോലെ ഒരു സ്റ്റേറ്റ്മെൻറ് മി. ജ്ഞാനശിഖാമണിതന്നെ ഇതിനകം പുറപ്പെടുവിച്ചു. പബ്ലിക്ക് എൻക്വയറി നടത്തണമെന്നു ഗവൺമെണ്ടിനു തോന്നുന്നില്ല. ഗവൺമെണ്ടിന് അതിൻെറ ആവശ്യമുണ്ടെന്നു ബോദ്ധ്യംവന്നിട്ടില്ലാത്തതിനാൽ അതു ചെയ്യുന്നില്ല.

പിന്നീടു അദ്ദേഹം പറഞ്ഞതു് പബ്ളിക്കസർവ്വീസുകമ്മീഷനിലേക്കുള്ള തുക നോൺവോട്ടബിൾ ഐറ്റം ആക്കിയിരിക്കുന്നു എന്നുള്ളതാണ്. അദ്ദേഹം പറഞ്ഞതു ശരിയാണ്. പബ്ളിക്കസർവ്വീസ് കമ്മീഷൻ ഓർഡിനൻസ് നമ്പർ ൬-ൻെറ ഒരു പ്രതി അദ്ദേഹത്തിനു കിട്ടിയിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

Section 6 of Ordinance VI says:—The expenses of the Public Service Commission including salaries, allowances and pension payable to or in respect of the members or staff of the Commission shall be charged on the revenues of the United State." എന്നാണു പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടാണ് അതു നോൺവോട്ടബിളായി വച്ചിരിക്കുന്നതു്. ലോകത്തു പലയിടത്തും ഇതു നോൺവോട്ടബിൾ ഐറ്റമായിട്ടാണിരിക്കുന്നതു്. ആ സംഗതി മദ്രാസിലേയും സെൻട്രൽ ഗവൺമെണ്ടിലേയും ബഡ്ജററുകൾ നോക്കിയാൽ കാണാവുന്നതാണ്. മദ്രാസ് ബഡ്ജററിൻെറ ഒരു കോപ്പി എൻെറ കൈവശമുണ്ടു്. അതു് അദ്ദേഹം വന്നാൽ ഞാൻ കാണിച്ചുകൊടുക്കാം. യാതൊരു സംഗതിയും പഠിക്കാതെ ഇവിടെവന്നു് ഇങ്ങിനെ ചില വാക്കുകൾ ഉപയോഗിക്കുന്നതു ശരിയല്ലെന്നുമാത്രമേ എനിക്കു പറയുവാനുള്ളു.

**Sri. D. Gnanasigamony:** May I know from the Hon'ble Member whether before they came to power they made public utterances for an enquiry into those things?

**The Hon'ble Sri. A. J.John:** That is absolutely irrelevant. So I am not going to answer that question. Now I am basing my argument on this Ordinance.

ബഹു: ശ്രീ. എ. ജെ. ജോൺ: പിന്നീടു പെരിയാർവാലിയെപ്പററി എന്തെല്ലാമോ അദ്ദേഹം പറഞ്ഞു. സംഗതി എന്താണെന്നു എനിക്കു മനസ്സിലായില്ല. പെരിയാർവാലി സ്കീം മുൻപോട്ടു കൊണ്ടുപോകണമോ വേണ്ടയോ എന്താണു അദ്ദേഹം ഉദ്ദേശിക്കുന്നതെന്നും വ്യക്തമല്ല. അതു ഇപ്പോഴും അന്വേഷണത്തിൽ ഇരിക്കുകയാണ്. നടത്തേണ്ടതാണെന്നു ഗവൺമെണ്ടിനു ബോദ്ധ്യംവരികയാണെങ്കിൽ നടത്തും. അതല്ല, നടത്തത്തക്കതല്ലെന്നുകണ്ടാൽ അതു നടത്തുകയില്ല. കൂടുതലായി ചില സംഗതികൾ അദ്ദേഹം പറഞ്ഞതു് ഇതുമായിട്ടു യാതൊരു ബന്ധവുമില്ലാത്ത സംഗതികളായതുകൊണ്ടു് തൽക്കാലം ഉത്തരം പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കുഞ്ഞിത്തൊമ്മൻ പെരിയാർവാലിയെപ്പററി കുറെയെല്ലാം പ്രസ്താവിക്കുകയുണ്ടായി. ഇതിനെപ്പററി അദ്ദേഹത്തിനു ആദ്യമേതന്നെ ചില അഭിപ്രായങ്ങളുണ്ടു്. അദ്ദേഹത്തിനു അങ്ങനെ അഭിപ്രായമുള്ളതുകൊണ്ടു ഇതേപ്പററി അന്വേഷണം നടത്താതിരിക്കുകയോ നടപടി മുൻപോട്ടു കൊണ്ടുപോകാതിരിക്കുകയൊ ചെയ്യണമെന്നില്ലല്ലോ.

ശ്രീ തരിയതു കുഞ്ഞിത്തൊമ്മൻ: ഞാൻ പറഞ്ഞതുകൊണ്ടു നടത്താതിരിക്കണ്ടാ. ഞാൻ പറഞ്ഞതു ന്യായമാണെങ്കിൽ നടത്താതിരുന്നാൽ മതി. കുഞ്ഞിത്തൊമ്മൻ പറഞ്ഞു എന്നുള്ളതല്ല കാര്യം. ന്യായമുണ്ടോ എന്നു നോക്കിയാൽ മതി.

ബഹു: ശ്രീ. എ. ജെ. ജോൺ: അതിൽ ന്യായമുണ്ടെങ്കിൽ അതേപ്പററിയും ആലോചിക്കാം. അതു ഉപേക്ഷിക്കേണ്ടതായ ഒരു സ്കീം ആണെന്നു ബോദ്ധ്യംവന്നാൽ ഉപേക്ഷിക്കുകതന്നെചെയ്യും. ഇതുസംബന്ധിച്ചു പല എക്സ്പെർട്ടുകളെക്കൊണ്ടുകൂടി അന്വേഷണം നടത്തി അവരുടെ അഭിപ്രായംകൂടി അറിഞ്ഞതിനുശേഷമേ ഗവൺമെണ്ടു എന്തെങ്കിലും പ്രവർത്തിക്കൂ.

ശ്രീ. തരിയതു കുഞ്ഞിത്തൊമ്മൻ: എന്നുമാത്രമേ ഞാനും പറഞ്ഞുള്ളു. വിദഗ്ദ്ധന്മാർ ഇതുസംബന്ധിച്ചു വേണ്ട അന്വേഷണം നടത്തി ഇങ്ങനെയൊരു സ്കീം നടപ്പിൽവരുത്തുന്നതു് നല്ലതാണെന്നു അവർ അഭിപ്രായപ്പെട്ടെങ്കിൽ മാത്രമേ ഈ സ്കീം നടപ്പിൽവരുത്താവൂ എന്നാണു ഞാനും പറഞ്ഞതു്. അല്ലാതെ ഈ സ്കീം ഉപേക്ഷിക്കണമെന്നല്ല.

ബഹു: ശ്രീ. എ. ജെ. ജോൺ: അങ്ങനെതന്നെചെയ്യും.

ശ്രീ. പൊന്നറ ജി. ശ്രീധർ: എക്സ്പെർട്ടുകൾ എന്നു പറഞ്ഞതു് ഇവിടത്തെ ചീഫ് എഞ്ചിനീയരും, മററുള്ള ചില ഉദ്യോഗസ്ഥന്മാരും എന്നാണോ, അതോ വെളിയിൽനിന്നും കൊള്ളാവുന്ന ആരെങ്കിലും എന്നോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഇതു വലിയ ഒരു കാര്യമായതുകൊണ്ടു അതിനു അനുസരണമായ ആളുകളെക്കൊണ്ടു അന്വേഷണം നടത്തും.

പിന്നെ, ശ്രീ. കണ്ടത്തിൽ തൊമ്മൻ ഭക്ഷണവർദ്ധനവിനെപ്പററി വളരെയധികം പ്രസ്താവിച്ചു. ആ സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്ന ഒന്നാണെന്നും ചീഫ് മിനിസ്റ്റർ പറഞ്ഞതുപോലെ അതിലേക്കു് ഒരു ക്യാബിനററ് കമ്മിററിയെത്തന്നെ നിയമിച്ചിട്ടുണ്ടെന്നും കഴിയുന്നതുംവേഗം ഇവിടത്തെ ഭക്ഷണക്ഷാമത്തെ പരിഹരിക്കുവാൻ കഴിവുള്ള എല്ലാ നടപടികളെപ്പററിയും ഗവൺമെണ്ടു് പര്യാലോചിച്ചു നടപ്പിൽ വരുത്തുന്നതാണെന്നും മാത്രമെ എനിക്കു് അതിനു മറുപടിപറയുവാനുള്ളു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള ഇവിടത്തെ ഏററവും താഴ്ന്ന ശമ്പളം ൩൦ രൂപയാക്കണമെന്നു് പ്രസ്താവിക്കുകയുണ്ടായി. ഏററവും സന്തോഷകരവും ആദർശപരവുമായ ഒരു പ്രസ്താവനയാണതു്. എന്നാൽ അതിനു് എത്രമാത്രം പ്രായോഗികതക്കൂടി ഉണ്ടെന്നു നോക്കേണ്ടതാണു്. നമ്മുടെ യാഥാർത്ഥ്യത്തെക്കൂടി നാം മനസ്സിലാക്കണം. തിരുവിതാംകൂറിലെ ശിപായികളുടെ കാര്യംതന്നെ എടുക്കാം. ഇവിടെ അയ്യായിരത്തി അഞ്ഞൂറു ശിപായികൾ സ്ഥിരംസർവ്വീസിലുണ്ടു്. മൂവ്വായിരത്തിൽപരം ശിപായികൾ കണ്ടിജൻസി സർവ്വീസിലുണ്ടു്. ഇങ്ങനെ എണ്ണായിരത്തിൽചില്വാനം ശിപായികൾക്കും അതുപോലുള്ളവർക്കും ഈ പറഞ്ഞ തോതിലുള്ള ശമ്പളം കൊടുത്താൽ തിരുവിതാംകൂർ ഗവൺമെണ്ടിന്റെ മതലെടുപ്പിൽ ഒരു വലിയഭാഗം അവർക്കുതന്നെ കൊടുക്കേണ്ടിവരും. ഈ ശിപായികളുടെ കുറയുന്നതിനെപ്പററി ഇവിടെ നിശിതമായ ചില വിമർശനങ്ങൾ കേട്ടു. ഇവിടെ എന്താണു ചെയ്യേണ്ടതെന്നു ഗവൺമെണ്ടു ഗാഢമായി ആലോചിച്ചുവരികയാണു്. ശിപായിമാരുടേയും മററുദ്യോഗസ്ഥന്മാരുടേയും എണ്ണം കുറയ്ക്കാൻ പാടില്ല. അവരുടെ ശമ്പളം കൂട്ടണം. ഇപ്പോൾതന്നെ ഭീമമായ ഒരു സംഖ്യ അവരുടെ ശമ്പളത്തിന്നായി ചെലവാകുന്നുണ്ടു്. ഇപ്പോഴത്തെ രീതിയനുസരിച്ചു കൊടുത്തുവരുന്ന ശമ്പളംകൊണ്ടു് അവരുടെ ജീവിതച്ചെലവിനു മതിയാകയില്ലഎന്നു് ഗവൺമെണ്ടിനു് അറിയാം. എന്നാൽ, ഗവൺമെണ്ടിന്റെ വരവിനും കഴിവിനും അനുസരണമായേ ഗവൺമെണ്ടിനു ശമ്പളം കൊടുക്കുവാൻ സാധിക്കുകയുള്ളു. മിനിമം ശമ്പളം ൨൦ രൂപാ ആക്കിയതു് സംയോജനത്തിനു ശേഷമാണെന്നു ശ്രീ. ചെല്ലപ്പൻപിള്ള പറഞ്ഞതു് തെററാണു്. ഇടവം ഒന്നാം തിയ്യതിമുതൽ ഇരുപതു രൂപാ മിനിമം ശമ്പളവും, ഇരുപതു രൂപാ വാർത്തലവൻസും കൊടുത്തു തുടങ്ങിയിട്ടുണ്ടു് അതു സംയോജനത്തിനു മുൻപാണു്. കൊച്ചിയിൽ സംയോജനത്തിനു മുമ്പു് ആക്ടിംഗ് ഉദ്യോഗസ്ഥന്മാർ പലരേയും സ്ഥിരപ്പെടുത്തിയിട്ടുള്ളതായി ഇവിടെ പ്രസ്താവിക്കുന്നതു കേട്ടു. അതേപ്പററി ആലോചിക്കുന്നതാണു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള ഈ ഡിമാൻറിനെപ്പററി വിമർശിച്ചു കൊണ്ടു് ആദ്യം പറഞ്ഞ സംഗതികൾതന്നെ വീണ്ടും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ചീഫ് സെക്രട്ടറി, അക്കൌണ്ടൻറ് ജനറൽ ഇവർക്കെല്ലാം അവിടേയും ഇവിടേയും തുക കൊള്ളിച്ചിരിക്കുന്നു എന്നും മററും അദ്ദേഹം പറഞ്ഞു. ബഡ്ജററിനെപ്പററിയുള്ള പൊതുവിമർശന വേളയിൽ ഞാൻ അന്നു് ഇതിനു മറുപടി പച്ചമലയാളത്തിൽതന്നെ പറഞ്ഞു. എന്റെ മറുപടി തെററിദ്ധരിപ്പായി എന്നു പറയാതെ വീണ്ടും അതെ ആരോപണംതന്നെ കൊണ്ടുവന്നിരിക്കുന്നു. ഞാൻ അന്നു പറഞ്ഞതിന്റെ ഒഫീഷ്യൽ റിപ്പോർട്ടു് അദ്ദേഹം ഒന്നു വായിച്ചു നോക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : ഞാൻ അന്നു് ഈ കാര്യങ്ങൾ എല്ലാം പറഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നു് ബഹുമാനപ്പെട്ട മന്ത്രി ഒഫീഷ്യൽ റിപ്പോർട്ടുതന്നെ ഒന്നു പരിശോധിച്ചു മനസ്സിലാക്കുമോ? വേറെ ആരോ പറഞ്ഞിരിക്കാം. അല്ലാതെ ഞാൻ പറഞ്ഞിട്ടില്ല.

ബഹു. ശ്രീ. എ. ജെ. ജോൺ: ഫാറസ്ററ് ഡിമാൻറിൽ തെററു പററി എന്നും നാല്പതു ലക്ഷം രൂപാ ചേർത്തിരിക്കുന്നതു തെററാണെന്നും അദ്ദേഹം പറയുകയുണ്ടായി. ഫാറസ്ററ് ഡിമാൻറിനെപ്പററിയുള്ള വാദപ്രതിവാദം നടന്നതു് ഇന്നലെയായിരുന്നു. അപ്പോൾ ഈ വാദം അദ്ദേഹം ഉന്നയിച്ചുകണ്ടില്ല. അതുപോകട്ടെ, ആ ഡിമാൻറിൽ ൪൦ ലക്ഷം രൂപാ എങ്ങനെ വന്നു എന്നുള്ളതു് അദ്ദേഹത്തിന്റെ കൈവശംതന്നെ ഇരിക്കുന്ന ഡിമാൻറു ഷീററു ഒന്നു വായിച്ചുനോക്കിയാൽ അറിയാവുന്നതാണു്. അതിൽ ൬-ാമത്തെ പേജിൽ

. . . . . . . . . . . .

**Sri. K. P. Nilakanta Pillai:** This is Demand No. V. Against this, it is said, "The Hon'ble Sri. Panampilli Govinda Menon will move for a grant of Rs. 40,93,537. What does that figure mean? I find at page 92 of the Travancore Budget that the Demand for Forests and Tramways is Rs. 22,07,850 and from page 39 of the Cochin budget the Demand for Forests and Tramways is Rs. 16,15,595. These are the figures printed and given to me. If he has got any explanation, he ought to have given them in his budget speech. He is having everything in his mind. (Laughter).

**The Hon'ble Sri. A. J. John:** The fifth item in the Schedule of Demands for Grants for Expenditure for $7\frac{1}{2}$ months is this:

| | | |
|---|---|---|
| 7 Forests and Tramways | I | 22,07,850 |
| | II | 16,15,595 |
| Working expenses shown and deduction from Gross Receipts under VII—Forests and Tramway Plywood Industry | I | 2,48,592 |
| | II | Nil |
| 48 — Capital Accounts Outside the Revenue Account (*b*) (9) Plywood Industries | I | 21,500 |
| | Total | 40,93,537 |

**Sri. K. P. Nilakanta Pillai:** May I know whether Rs. 40 lakhs odd include working expenses?

ബഹു. ശ്രീ. എ. ജെ ജോൺ : അതുകൂടാതെ വേറൊരു ഷീററുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻനായർ : സർ, ഉത്തരവാദിത്വമുള്ള മെമ്പർമാർ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും കടലാസ്സു ചൂണ്ടിക്കാണിക്കുന്നതു ശരിയാണോ ?

മി. സ്പീക്കർ : കടലാസ്സു ചൂണ്ടിക്കാണിക്കുന്നതു ശരിയല്ലെന്നു മാത്രമല്ല, അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കുവാനേ പാടില്ല.

**Hon'ble Sri: A. J. John :** Working expenses shown as deductions.................. എന്ന ഐറററത്തിൽ......

**Sri. K. P. Nilakanta Pillai:** May I remind him that the working expenses alone come to more than Rs. 40 lakhs? Is the Finance Minister aware of it?

**The Hon'ble Sri. A. J. John:** The working expenses shown as deductions from gross receipts.

**Sri. K. P: Nilakanta Pillai:** All right Sir, No more questions.

ബഹു. ശ്രീ. എ. ജെ. ജോൺ : ഷെഡ്യൂളിൽ പറയുന്ന തുകകളെല്ലാംകൂടി ചേക്കുമ്പോൾ ൪൦,൯൩,൫൩൭ രൂപ വരുമെന്ന് എന്റെ മാന്യസ്നേഹിതൻ മനസ്സിലാക്കിയാൽ കൊള്ളാം. ഇതൊക്കെ വായിച്ചുനോക്കിയതിനുശേഷം പ്രസ്താവനകൾ ചെയ്യേണ്ടതായിരുന്നു. അല്ലെങ്കിൽ ഞാൻ പറയുമ്പോൾ എങ്കിലും വായിച്ചു നോക്കേണ്ടതായിരുന്നു. ശ്രീ. എൻ. ഡി. ജോസ് നികുതി കൂട്ടുന്നതിനെ സംബന്ധിച്ച് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിന്റെ വിവരങ്ങൾ എല്ലാം നേരത്തെതന്നെ പറഞ്ഞിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് എതാനും ചില ബില്ലുകൾ ഈ സഭയുടെ പര്യാലോചനക്കു വരുന്നുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഒരു പ്ലാനിംഗ് കമ്മിററിയുടെ കഥ പറഞ്ഞു. അതുസംബന്ധിച്ചു ശ്രീ. എം. കെ. മേനോൻ ഇവിടെ പുറപ്പെടുവിച്ചു അഭിപ്രായം വളരെ ആദരണീയമാണെന്നാണ് എനിക്കു തോന്നുന്നതു്. ഈ ഐക്യസംസ്ഥാനത്തിനു മാത്രമായി ഒരു പ്ലാനിംഗ് ഉണ്ടാക്കുന്നതു ശരിയല്ല. ഇൻഡ്യക്ക് ആകമാനം ഒരു പ്ലാനിംഗ് ഉണ്ടാകുകയും അതിനോടു യോജിച്ചു ഒരു പ്ലാനിംഗ് ഇവിടെ ഉണ്ടാക്കുകയും ചെയ്യുന്നതാണ് ആശാസ്യമായിട്ടുള്ളതു്. അല്ലാതെ പ്രത്യേകമായി ഇവിടേക്കു മാത്രം ഒരു പ്ലാനിംഗ് ഉണ്ടാക്കുന്നതു വളരെ വിഷമകരമായിരിക്കും.

ഇവിടത്തെ ആഡിററു ശരിപ്പെടുത്തുന്നതിനു പുറത്തുനിന്നും ഒരാളെ കൊണ്ടുവരണമെന്നു ഒരഭിപ്രായം പറഞ്ഞുകേട്ടു. ഇവിടത്തെ ആഡിററ് വളരെ കാര്യക്ഷമതയോടുകൂടി നടത്തു

ന്നുവെന്നാണ് ഗവമ്മെൻറിന്റെ ബോദ്ധ്യം. അതിനാൽ ഇപ്പോൾ ഒരാളെ പുറത്തുനിന്നും കൊണ്ടുവരേണ്ടതുണ്ടെന്നു തോന്നുന്നില്ല. ശ്രീമതി ആനിജോസഫ് പട്ടിണിപ്പാവങ്ങളുടെ പേരിൽ പലതും ഇവിടെ പറയുന്നതു കേട്ടു. പട്ടിണിപ്പാവങ്ങളെപ്പററി വളരെ കാര്യമായവിധം ആലോചിക്കേണ്ട കടമ ഗവമ്മെണ്ടിനു് ഉണ്ടെന്നറിയാം.

ചീഫ്ജസ്റ്റീസിന്റെ ശമ്പളം നോൺവോട്ടബിൾ ഐററം ആക്കിയിരിക്കുന്നതിനെപ്പററിയും ആരോപണങ്ങൾ ഉണ്ടായി. അദ്ദേഹത്തിനു വലിയ ശമ്പളം കൊടുക്കുന്നു, അദ്ദേഹത്തിനു് പല ഒഴിവുദിവസങ്ങളും ഉണ്ടു്, മിഡ്സമ്മർ ഹോളിഡേസും മററും ഉണ്ടു് എന്നെല്ലാം പറഞ്ഞു. ഹൈക്കോടതിസംബന്ധിച്ചുള്ള സകല തുകകളും നാൺ വോട്ടബിൾ ഐററം ആണെന്നു ഹൈക്കോട്ട് ആർഡിനൻസിൽ പറഞ്ഞിട്ടുണ്ടു്. ഹൈക്കോടതിയിലെ ഒന്നാം ജഡ്ജിക്കു് ശമ്പളം ൨, ൫ ൦ ൦ രൂപയാണെന്നും മററു ജഡ്ജിമാക്കു ശമ്പളം ൨ ൦ ൦ ൦ രൂപയാണെന്നും ആർഡിനൻസിൽതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. മദ്രാസ്, ബോംബെ, കൽക്കട്ടാ മുതലായ ഹൈക്കോടതികളിലെ ജഡ്ജിമാക്കു് ഇതിൽ കൂടുതൽ ശമ്പളമുണ്ടു്. അവിടത്തെ ഒന്നാംജഡ്ജിക്കു് ൫, ൦ ൦ ൦ രൂപയും, മററു ജഡ്ജിമാക്കു ൪, ൦ ൦ ൦ രൂപയുമാണു് നിശ്ചയിച്ചിരിക്കുന്നതു്. അതുകൊണ്ടു ഇവിടത്തെ ജഡ്ജിമാരുടെ ശമ്പളം കൂടുതലാണെന്നു പറയുന്നതു ശരിയല്ല.

ഡാക്ടർ മിസ്സിസ്സ് ഫ്രാൻസിസ്സ് ചില സംഗതികൾ പ്രസ്താവിക്കുകയുണ്ടായി. ഇവിടെ കൈക്കൂലി വളരെ ശക്തിയായി നടക്കുന്നുവെന്നാണു് അവർ പറഞ്ഞതു്. അതേപ്പററി ഞാൻ ഇപ്പോൾ അഭിപ്രായം ഒന്നും പറയുന്നില്ല. ഒരു ആൻറി കറപ്ഷൻ ആർഡിനൻസു അടുത്ത ദിവസം പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതനുസരിച്ചുള്ള പ്രവത്തനങ്ങൾ നടക്കുമ്പോൾ എന്തെങ്കിലും വിധത്തിൽ ഇവിടെ കൈക്കൂലിയുണ്ടെങ്കിൽതന്നെ തിരോധാനം ചെയ്തുകൊള്ളുമെന്നുമാണു എനിക്കു് അതുസംബന്ധിച്ചു പറയുവാനുള്ളതു്.

ശ്രീ. ചിദംബരനാഥനാടാർ ഇവിടത്തെ ഉദ്യോഗസ്ഥന്മാരെ കുറവു ചെയ്യുന്നതിനെ സംബന്ധിച്ചും, കൊച്ചിയിലെ ചില ഉദ്യോഗസ്ഥന്മാരെ സ്ഥിരപ്പെടുത്തിനതിനെസംബന്ധിച്ചും പറയുകയുണ്ടായി. അതിനുള്ള മറുപടി ഞാൻ പറഞ്ഞുകഴിഞ്ഞു. ശ്രീമാൻ ഈപ്പൻ അറയ്ക്കൽ കോടതികളിൽനിന്നും കിട്ടാനുള്ള പണം അക്കൌണ്ടാഫീസ്സുകാരുടെ അനാസ്ഥമൂലം ശരിയായ സമയത്തു് കിട്ടുന്നില്ലെന്നു പറഞ്ഞു. കോടതിയിൽനിന്നും പണം വാങ്ങിക്കുന്നതിനായുള്ള ചെക്കോ, മറേറാ അയയ്ക്കുമ്പോൾ, ലാപ്പ് സ്റ്റേററമെൻറു് അയയ്ക്കണമെന്നുണ്ടു്. അതു വന്നു് അതിൽ പറയുന്ന തുക ശരിയാണോ എന്നു് വെരിഫൈ ചെയ്യാതെ അക്കൌണ്ടാഫീസുകാർ അതു പാസാക്കാൻ സാദ്ധ്യമല്ല. ഇങ്ങനെവരുന്ന ചെക്കുകളും മററും കഴിയുന്നതും വേഗത്തിൽ പാസ്സാക്കികൊടുക്കണമെന്നു് ഗവമ്മെൻറു് അക്കൌണ്ടാഫീസറോടു പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടു്. മറേറന്തെങ്കിലും നിർദ്ദേശങ്ങൾ ഈ വിഷയത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടാൽ അതനുസരിച്ചു പ്രവത്തിക്കുവാനും ഗവമ്മെൻറു തയ്യാറാണു്.

## ANNOUNCEMENT RE.ELECTION OF MEMBERS TO THE PUBLIC ACCOUNTS COMMITTEE

മി. സ്പീക്കർ : ഒരു പ്രസ്താവന ചെയ്യുവാനുണ്ടു്. നിയമസഭാചട്ടങ്ങൾ ൪൩-ാം ചട്ടമനുസരിച്ചു് പബ്ലിക്കു് അക്കൌണ്ട്സ് കമ്മിററിയിലേക്കുള്ള തെരഞ്ഞെടുപ്പു് നടത്തേണ്ടതായിട്ടുണ്ടു്. ആ കമ്മിററിയുടെ അദ്ധ്യക്ഷൻ ടി ചട്ടത്തിന്റെ ൪-ാം ഉപവകുപ്പു അനുസരിച്ചു് ഫൈനാൻസ്മിനിസ്റ്റർ ആയിരിക്കുന്നതാണു്. കമ്മിററിയിലെ മററു അംഗങ്ങളെയാണു് ഈ സഭയിൽനിന്നും തിരഞ്ഞെടുക്കേണ്ടതു്. തിരഞ്ഞെടുപ്പു് ആനുപാതിക പ്രാതിനിദ്ധ്യതത്വം അനുസരിച്ചു കൈമാററം ചെയ്യാവുന്ന ഒററ ഓട്ടുമൂലം നടത്തുന്നതായിരിക്കും. ഇതിലേക്കുള്ള നാമനിർദ്ദേശങ്ങൾ ചിങ്ങം ൭-ാംനു- അതായതു് അടുത്ത ചൊവ്വാഴ്ച പകൽ മൂന്നു മണിക്കു് മുമ്പു നിയമസഭാസിക്രട്ടറിയെ ഏല്പിക്കേണ്ടതാകുന്നു. നാമനിർദ്ദേശങ്ങളുടെ പരിശോധന സ്പീക്കറുടെ ചെയിമ്പറിൽ വെച്ചു് ചിങ്ങം ൮-ാംനു- ബുധനാഴ്ച, സഭ പിരിഞ്ഞതിനു ശേഷം നടത്തുന്നതും തിരഞ്ഞെടുപ്പു് ആവശ്യമെന്നു കാണുന്നപക്ഷം ചിങ്ങം ൯-ാംനു- വ്യാഴാഴ്ച, സഭാനടപടികൾക്കു് ശേഷം ഇവിടെ വെച്ചു് നടത്തുന്നതുമാകുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച, രാവിലെ ൧൧ മണിക്കു് കൂടുന്നതുമാണു്.

*The House adjourned at 5·7 a. m. to meet again at 11·0 p. m. on Monday, the 22nd August 1949.*

V. KRISHNAMOORTHI AIYAR

*Secretary to the Legislative Assembly*

# PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

**FIRST SESSION, 1949/1125**

**Monday,** *the* *22nd August 1949* / *6th Chingam 1125*

| Vol. I | OFFICIAL REPORT | No. 11 |
|---|---|---|

The Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the clock on Monday the 22nd August 1949 with Mr. Speaker (The Hon'ble Sri. T. M. Varghese) in the chair.

## QUESTIONS AND ANSWERS

### (*a*) Oral Answers

#### WARRANT AGAINST SRI. E. GOPALAKRISHNA MENON

*435. **Sri. K. W. Muralidhara Marar:** Will the Government be pleased to state.—

(*a*) whether there is a warrant of arrest against Sri. E. Gopalakrishna Menon, a member of this House; and

(*b*) if so, will the Government be pleased to withdraw the same?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) There is no warrant of arrest.

(*b*) Does not arise in view of reply to (*a*).

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അദ്ദേഹത്തെ അറസ്റ്റ് ചെയ്യുന്നതിനു വാറണ്ട് ഉണ്ടായിരുന്നോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉള്ളതായി അറിവില്ല.

ശ്രീ. എൻ. പി വർഗ്ഗീസ്സ്: നിയമസഭ ആവശ്യപ്പെട്ടതനുസരിച്ചാണൊ വാറണ്ട് പിൻവലിച്ചത്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: വാറണ്ട് ഇല്ലായിരുന്നു. നിയമസഭ ഇതേ സംബന്ധിച്ച് യാതൊന്നും ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അദ്ദേഹത്തിന്റെ പേരിൽ വല്ല വാറണ്ടും ഇപ്പോഴും ഉണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

**Sri. D. Gnanasigamony:** Was there any warrant of arrest issued to him before the meeting of this Assembly?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഒരു വാറണ്ട് ഇല്ലായിരുന്നു.

**Sri. R. K. Ram:** Has Mr. Gopalakrishna Menon sent a letter to Government?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഒരു എഴുത്തു വന്നതായി എനിക്കു ഓർമ്മയില്ല.

#### ENCROACHMENT ON PORAMBOKE LANDS

*436. **Sri. M. I. Paul:** Will the Government be pleased to state.—

(*a*) whether the Government are aware that people have purposely and illegally encroached upon poramboke lands at Malipuram side, Cochin State; and

(*b*) if so, what action has been taken?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Yes.

(*b*) Action has been taken against the encroachers under the provisions of the Land Conservancy Act. Some of the encroachments have been removed on the spot by persuasion.

ശ്രീ. പി. സി. ആദിച്ചൻ: പുറംപോക്കുസ്ഥലങ്ങൾ വസ്തു ഇല്ലാത്ത സാധുക്കൾക്കു വിട്ടുകൊടുക്കുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതു സംബന്ധിച്ചു് ഒരു തീരുമാനത്തിൽ ഗവൺമെണ്ടു് എത്തിച്ചേർന്നിട്ടില്ല. ലാൻഡ കമ്മിററി അതേസംബന്ധിച്ചു ആലോചിക്കുന്നതായിരിക്കും.

ശ്രീ. എം. ഐ. പോൾ: വസ്തു കൈയ്യേററം ചെയ്തിട്ടുള്ളവർ സ്വന്തം ഭൂമിയുള്ളവരാണോ എന്നു ഗവൺമെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അങ്ങനെ നോക്കിയിട്ടില്ല. വസ്തു ഇല്ലാത്തവരേയും എൻക്രോച്ചു് ചെയ്യുവാൻ അനുവദിക്കുന്നതല്ല.

ശ്രീ. എം. ഐ. പോൾ: കുടിപാർപ്പിനുവേണ്ടി സ്ഥലം പതിച്ചുകൊടുക്കണമെന്നു അപേക്ഷ വന്നാൽ പതിച്ചുകൊടുക്കുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: മുമ്പു് അങ്ങനെ ചെയ്തിട്ടുണ്ടു്. എന്നാൽ ഇനി ലാൻഡു് പോളിസിയെപ്പററിയുള്ള ലാൻഡു് കമ്മിററി റിപ്പോർട്ടു അനുസരിച്ചുമാത്രമെ ആ കാര്യത്തെപ്പററി ഒരു തീരുമാനം എടുക്കുകയുള്ളു.

ശ്രീ. വർഗ്ഗീസ്സു് അഗസ്ത്യൻ: ആററു പുറംപോക്കുകൾ കൃഷിതൊഴിലാളികൾക്കു് പതിച്ചോ കുത്തകപ്പാട്ടമായോ കൊടുക്കുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അങ്ങനെയുള്ള സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിൽ കൊടുക്കുവാൻ വിരോധമില്ല. ഇപ്പോൾ കൊടുക്കുന്നുമുണ്ടു്.

## ഒരു കടത്തുവള്ളം

* ൪൩൭. ശ്രീ. ദേവകി ഗോപിദാസ്സു്: ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കോട്ടയത്തു കോട്ടൂരാററിൽ ഇരേക്കടവു എന്ന സ്ഥലത്തു ഒരു കടത്തുവള്ളം ഇട്ടുകൊടുക്കണമെന്നു തദ്ദേശവാസികളുടെ ഒരു അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേ സംബന്ധിച്ചു് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സു്: (എ) ചീഫു് എൻജിനീയർക്കു് ലഭിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

## സ്വകാര്യമാനേജുമെൻറുകൾ

* ൪൩൮. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചിററൂർ താലൂക്കിലെ എല്ലാ സ്വകാര്യ അണക്കെട്ടുകളുടേയും മാനേജുമെൻറു് ഗവൺമെണ്ടു് ഏറെറടുക്കുവാൻ ആലോചനയുണ്ടോ;

(ബി) സ്വകാര്യമാനേജുമെൻറുകാരണം കൃഷിക്കാർക്കു വലുതായ കഷ്ടനഷ്ടങ്ങൾ പററുന്നതായി ഗവൺമെണ്ടിനു് ബോദ്ധ്യമായിട്ടുണ്ടോ;

(സി) ഇത്തരം സ്വകാര്യഅണക്കെട്ടുകളിലെ വെള്ളം കൃഷിക്കു് കിട്ടുന്നില്ലെന്നു പാലക്കാട്ടു താലൂക്കിലെ ഏതാനും കൃഷിക്കാരുടെ ആവലാതി മദിരാശി ഗവൺമെണ്ടുവഴി നമ്മുടെ ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: (എ) ചില അണക്കെട്ടുകളുടെ മാനേജുമെണ്ടു് ഗവൺമെണ്ടു് ഏറെറടുത്തിട്ടുണ്ടു്. മററുള്ളവയുടെ മാനേജുമെണ്ടു് ഏറെറടുക്കുന്ന കാര്യത്തെപ്പററി ചില അന്വേഷണങ്ങൾ നടത്തിവരുന്നു.

(ബി) സ്വകാര്യമാനേജുമെണ്ടുകാരണം കൃഷിക്കാർക്കു ചില വിഷമതകൾ ഉള്ളതായി ഗവൺമെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്.

(സി) ഉണ്ടു്.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ: സ്വകാര്യമാനേജുമെണ്ടുകൾക്കു അവർ മുടക്കിയ പണം തിരിച്ചുകൊടുക്കുവാൻ എന്തെങ്കിലും ഏർപ്പാടു ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അവർക്കു കൊടുക്കുവാനുള്ള സംഖ്യകൊടുക്കുവാൻ ഓർഡർ ചെയ്തിട്ടുണ്ടു്.

ശ്രീ. എ. പി. ഉദയഭാനു: ൧൯൫൪-ലെ ഇറിഗേഷൻ റിപ്പോർട്ടിൽ ഇതു സംബന്ധിച്ച എന്താണു പറഞ്ഞിട്ടുള്ളതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതു നോക്കാതെ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എ. പി. ഉദയഭാനു: ഗവമ്മെണ്ടിലേക്ക എടുക്കണമെന്നല്ലേ റിപ്പോർട്ട്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: എടുക്കണോ വേണ്ടയോ എന്നു ചിന്തിച്ചുകൊണ്ടിരിക്കയാണു്.

ചിററൂർ ആസ്പത്രി വാർഡു്

*൪൩൯. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചിററൂർ ആസ്പത്രിയിൽ വാർഡു നിർമ്മിക്കുവാൻ വല്ലവരിൽനിന്നും സംഭാവന കിട്ടുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പണി ആരംഭിക്കാതിരിക്കുവാൻ കാരണം എന്തായിരുന്നു?

ബഹു. ശ്രീ. ആനിമസ്ക്രീൻ: (എ) ഉണ്ടു്.

(ബി) സംഭാവന ചെയ്ത തുകകൊണ്ടു് വാർഡു്പണി ചെയ്തു തീരുകയില്ലെന്നു ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്യുകയുണ്ടായി. പോരാതെവരുന്ന തുക ഗവമ്മെണ്ടിൽനിന്നും ചിലവാക്കേണ്ടിവരുമെന്നു കാണുകയാൽ ടി തുക എത്രയെന്നും അതിനുള്ള മാസ്റ്റമെന്തെന്നും അതു ഗവമ്മെണ്ടുതന്നെ ചിലവുചെയ്യണമോ എന്നും മററുമുള്ള കാര്യങ്ങൾ ചീഫ് എഞ്ചിനീയരുമായി എഴുത്തുകുത്തിലായിരുന്നു. ഇപ്പോൾ വാർഡു്പണി തുടങ്ങിയിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സംഭാവനചെയ്ത ആളുടെ പേരു് പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: റാവുബഹദൂർ സി. വി. അനന്തകൃഷ്ണയ്യർ, റിട്ടയേർഡു് ചീഫ് ജസ്റ്റീസ്സ്, കൊച്ചി.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സംഖ്യ എന്താണെന്നു പറയാമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ൧൧,൦൦൦ രൂപ.

ഉയന്ന ഉദ്യോഗസ്ഥന്മാർ

***440.** ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

ഏതാനും ഉയന്ന ഉദ്യോഗസ്ഥന്മാരെ പുറമെനിന്നും ഇവിടേക്ക ഇറക്കമതി ചെയ്യാൻ വല്ല പ്രത്യേക കാരണങ്ങൾ ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ കാരണങ്ങൾ പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

ഉണ്ടു്. പബ്ളിക്ക് സവ്വീസിന്റെ താൽപര്യത്തെ മുൻനിത്തി.

**Sri. P. Balakrishnan Thampi:** May I know whether the Government of India imposes any men into this Union.

**The Hon'ble Sri. T. K. Narayana Pillai:** Certainly not. It has been already answered on the floor of the House.

ശ്രീ. എ. കെ. പാച്ചുപിള്ള: എന്തുകാരണംകൊണ്ടാണു അഡീഷനൽ അക്കൌണ്ടൻറ ജനറലിനെ വരുത്തിയിരിക്കുന്നതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഒരു ആഫീസറെ വരുത്തിയിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോൾ മദ്രാസിൽനിന്നു ഒരു പുതിയ ഉദ്യോഗസ്ഥനെ ഫിനാൻഷ്യൽ അഡീഷനൽ സിക്രട്ടറിയായി നിയമിച്ചിരിക്കുന്നതിന്റെ ആവശ്യമെന്താണു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കാര്യക്ഷമമായ ജോലി നടത്തിപ്പിനു ഗവമ്മെണ്ടിനു അദ്ദേഹത്തിന്റെ സേവനം ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോൾ ഒരു ഫിനാൻഷ്യൽ സെക്രട്ടറി ഉള്ളപ്പോൾ ഒരാളെക്കൂടി അധികമായി നിയമിക്കേണ്ടതിന്റെ ആവശ്യമെന്താണു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോഴുള്ളയാൾ പോരായെന്നു ബോധ്യം വന്നതുകൊണ്ടും കാര്യക്ഷമതയുള്ള ഒരാളെ വരുത്തണമെന്നും വിചാരിച്ചതുകൊണ്ടാണു അപ്രകാരം ഒരാളെ വരുത്തിയതു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്രകാരം ഇരട്ടിച്ചിലവു ഗവമെണ്ടു വരുത്തുന്നതു ശരിയാണോ?

ബഹു. ശ്രീ. ടി കെ. നാരായണപിള്ള: അദ്ദേഹത്തിന്റെ നിയമനം താല്ക്കാലികമാണു.

ശ്രീ. കെ. കരുണാകരൻ: കാര്യക്ഷമതയ്ക്കുവേണ്ടി ഇനി ഉദ്യോഗസ്ഥന്മാരെ ഇറക്കുമതി ചെയ്യാൻ ഭയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമുണ്ടെന്നു ബോദ്ധ്യം ഉണ്ടായാൽ ഇറക്കുമതി ചെയ്യുന്നതാണു.

ശ്രീ. വി. ഗംഗാധരൻ നായർ: എല്ലാ ഉയന്ന ഉദ്യോഗങ്ങളിലും രണ്ടുദ്യോഗസ്ഥന്മാരെവീതം നിയമിക്കുവാൻ ഗവമെണ്ടു ആഗ്രഹിക്കുന്നുണ്ടോ?

**Mr. Speaker:** Q. No. 146.

**Sri. P. Balakrishnan Thampi:** May I point out that if another question is called before answer is given for the previons question, it almost amount to an infringement of the privilege of the House. Mr. Gangadharan Nair was asking a question.

**Mr. Speaker:** The Hon'ble Member who asked the question last did so after I called the Hon'ble Member for the next question.

MANAGER OF THE CHIEF ENGINEER'S OFFICE

***441. Sri. V. K. Varghese:** Will the Hon'ble Minister for P. W. be pleased to state.—

(*a*) the name of the present Manager of the Chief Engineer's office;
(*b*) his qualification and date of appointment;
(*c*) what is the prescribed qualification for that post in the T. S. R.;
(*d*) why was the rule over-looked in the appointment; and
(*e*) are there qualified hands in the Department for this?

**The Hon'ble Sri. E. John Philipose:**

(*a*) Sri. K. C. Gopala Pillai.
(*b*) 1. B.A., P.W.D. Divisional Test, Travancore Account Test and F.L. Examination.
2. 15—2—1124 A. N.
(*c*) Degree in Law with good knowledge of P.W.D. Accounts and Procedure.
(*d*) & (*e*) The seniormost qualified person is a very junior clerk in the Rs. 45-75 grade (permanent). The seniormost graduate clerk with approved service, seniority and required experience was appointed to the post.

ചങ്ങനാശ്ശേരി ബോട്ടുജട്ടി

***442.** ശ്രീ. എൻ. എസ്സ്. കൊച്ചുകുഞ്ഞു: ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചങ്ങനാശ്ശേരി ബോട്ടുജെട്ടി ഇപ്പോഴത്തെ സ്ഥലത്തുനിന്നും മാററി കുറെക്കൂടി സൌകര്യമായ സ്ഥലത്താക്കുന്നതിനെപ്പററി ഗവമെണ്ടിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ബോട്ടുജട്ടിക്കുളം മണ്ണും ചവറും മാററി കുഴിച്ചു ഉപയോഗയോഗ്യമാക്കുന്നതിനെപ്പററി വല്ല നടപടിയും ഗവമെണ്ടു ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ജോൺ ഫിലിപ്പോസ്:

(എ) ഇല്ല.
(ബി) ഉണ്ടു. ആണ്ടുതോറും കുഴിച്ചുപയോഗയോഗ്യമാക്കാറുണ്ടു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഇപ്പോൾ ആ ബോട്ടുജട്ടിയിൽ ബോട്ടുകൾ ഉറയ്ക്കുന്നതായി ഗവമെണ്ടിനറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ അധികമായി ഉറയ്ക്കാറില്ല. അതു കുഴിക്കാനുള്ള ശ്രമങ്ങൾ ചെയ്തുവരുന്നു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കഴിഞ്ഞകൊല്ലം അതു കുഴിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഉണ്ടു.

ശ്രീ. എൻ. എസ്സ്. കൊച്ചുകുഞ്ഞ്: അതു ഇനിയെങ്കിലും ഉപയോഗയോഗ്യമാക്കാൻ ശ്രമിക്കുമോ?

### TRAVELLING ALLOWANCE OF THE MINISTERS

*443. **Sri. K. P. Nilakanta Pillai:** Will the Hon'ble Minister for Finance be pleased to state.—

(*a*) the total amount of travelling allowance and daily allowance claimed by each of the Ministers and the Attorney General from 15th Kanni 1124 up-to-date; and

(*b*) the total quantity of petrol used by each of them for the same period?

**The Hon'ble Sri. A. J. John:**

| | | | Rs. | Ch. | Ca. |
|---|---|---|---|---|---|
| (*a*) | 1. | Hon'ble Chief Minister Sri. T. K. Narayana Pillai .. | 4,239 | 16 | 3 |
| | 2. | Hon'ble Minister Sri. A. J. John .. | 1,956 | 20 | 2 |
| | 3. | Hon'ble Minister Sri. E. K. Madhavan .. | 1,255 | 14 | 0 |
| | 4. | Hon'ble Minister Sri. N. Kunjuraman .. | 1,204 | 3 | 0 |
| | 5. | Hon'ble Minister Sri. K. R. Elankath .. | 1,680 | 15 | 0 |
| | 6. | Hon'ble Minister Sri. V. O. Markose .. | 3,192 | 3 | 5 |
| | 7. | Hon'ble Minister Sri. T. A. Abdulla .. | 120 | 0 | 0 |
| | 8. | Attorney General .. | 105 | 0 | 0 |

(*b*) 1. 912 gallons.
2. 728 ,,
3. 1254 ,,
4. 1228 ,,
5. 1054 ,,
6. 920 ,,
7. 176 ,,
8. 804 ,,

### UNAUTHORISED TRANSPORT

*444. **Sri. K. P. Nilakanta Pillai:** Will the Hon'ble Minister for Food be pleased to state.—

(*a*) whether an unauthorised transport of a large quantity, say 1500 paras of paddy from Mannankantam by one Mr. George has been detected by the authorities in 1124; and

(*b*) if so, what further action has been taken in the matter?

**The Hon'ble Sri. T. A. Abdulla:**

(*a*) No.

(*b*) Does not arise.

### കൊടുങ്ങല്ലൂർ അറപ്പത്തോട്ടിൽ പാലം

*445. ശ്രീ. എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.

(എ) കൊടുങ്ങല്ലൂർ അറപ്പത്തോട്ടിൽ പാലങ്ങൾ ഇല്ലാത്ത ബുദ്ധിമുട്ട് ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പതിഞ്ഞിട്ടുണ്ടോ?

(ബി) പാലങ്ങൾ ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) സമയമില്ലാത്തതിനാൽ ഇക്കൊല്ലത്തിൽ പാലംപണി ആരംഭിച്ചിട്ടില്ല. വേണ്ട നടപടികൾ എടുക്കുന്നതാണ്.

### CONSTITUENT ASSEMBLY

*446. **Sri. K. W. Muralidhara Marar:** Will the Government be pleased to state when they propose summoning the Constituent Assembly?

**The Hon'ble Sri. T. K. Narayana Pillai:** The Constitution of the United State having to be framed or adopted by the Legislative Assembly, the question of convening the Assembly for the purpose will be considered after the Budget Session is over.

### ന്യായവില ഡിപ്പോ

*447. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കരുനാഗപ്പള്ളി താലൂക്കിൽ തെക്കുംഭാഗം പകുതിയിൽ നീണ്ടകര മുറിയിൽപ്പെട്ട പുത്തൻതറയിൽ മരച്ചീനി വില്പനയ്ക്ക് ഒരു ന്യായവില ഡിപ്പോ സ്ഥാപിക്കുന്നതിന് ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

(സി) ദരിദ്രജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ന്യായവില ഡിപ്പോകൾ സ്ഥാപിച്ചു സഹായിക്കുന്നതിന് ഗവമെണ്ടിനു ദയവുണ്ടാകുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

(എ) ഉണ്ട്.

(ബി) ഡിപ്പോ സ്ഥാപിച്ചിട്ടുണ്ട്.

(സി) അങ്ങിനെ ചെയ്യേണമെന്നാണ് ഗവമെണ്ടിന്റെ ആഗ്രഹം.

ശ്രീ. ഇ. ഭാസ്കരൻ: ഇപ്രകാരം സ്ഥാപിച്ചിട്ടുള്ള ഡിപ്പോകൾക്ക് ഗവമെണ്ടിൽനിന്നും കൊടുക്കാമെന്നു പറഞ്ഞ സബ്സിഡി ഇതുവരെ അവക്കു കിട്ടിയിട്ടില്ലെന്നു അറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: നിശ്ചയമില്ല,

ശ്രീ. ഇ. ഭാസ്കരൻ: എത്രകാലംവരെ ഈ ഡിപ്പോ തുടൎന്നുകൊണ്ടു പോകണമെന്നാണ് ഗവമെണ്ടു ആഗ്രഹിക്കുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ആ സ്ഥലങ്ങളിലെ ദുരിതനിവാരണത്തിനു ഈ ഡിപ്പോകൾ ആവശ്യമില്ലെന്നു തോന്നുന്നതുവരെ.

ശ്രീ. എ. പി. ഉദയഭാനു: ഇപ്പോൾ എത്ര ഡിപ്പോകൾ തുറന്നിട്ടുണ്ടു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: എട്ടു്.

ശ്രീ. എ. പി. ഉദയഭാനു: മരച്ചീനി അവിടെ എന്തു വിലക്കാണ് കൊടുക്കുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: മാർക്കററിൽ മരച്ചീനിക്കുള്ള വിലയിൽനിന്നു കുറച്ചാണു്.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ: എത്ര റാത്തൽ മരച്ചീനി ഇതുവരെ വിതരണം ചെയ്തിട്ടുണ്ടു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതിന്റെ കണക്ക് ഇപ്പോൾ കൈവശമില്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: ஒரு மந்திரியிடம் கேள்வி கேட்கும்போது இன்னொரு மந்திரி பதில் சொல்லிக்கொடுத்துக்கொண்டிருக்கலாமா?

മി. സ്പീക്കർ. അതിനു വിരോധമില്ല.

ശ്രീ. എ. പി. ഉദയഭാനു: മരച്ചീനിയുടെ വില എന്താണെന്നു പറയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഒന്നേകാൽ ചക്രത്തിനാണ് വിതരണം ചെയ്യുന്നതെന്നു തോന്നുന്നു.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: കരുനാഗപ്പള്ളി കൂടാതെ വേറെ സ്ഥലത്തും ന്യായവില ഡിപ്പോ സ്ഥാപിക്കണമെന്നു കാണിച്ചു് നിവേദനം കിട്ടിയിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഗവമെന്റു മരച്ചീനി എവിടെ നിന്നാണ് വാങ്ങുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: സഹായത്തിനു കിട്ടുന്ന സ്ഥലങ്ങളിൽ നിന്നു വാങ്ങിക്കും.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇതിനു പ്രത്യേക കണ്ട്രാക്ടർമാരുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇല്ല. ഗവമെന്റിൽനിന്നു തന്നെയാണ് വാങ്ങുന്നതു്.

ശ്രീ. പി. എം. വർഗീസ്: മരച്ചീനിവില എപ്പോഴും കൂടിയും കുറഞ്ഞും ഇരിക്കുമ്പോൾ എങ്ങിനെയാണ് നാലു കാശ് കുറച്ചു കൊടുക്കുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഗവമെന്റു മരച്ചീനി വാങ്ങിയിട്ടു് ഒരു സബ്സിഡി കുറച്ചുകൊടുക്കും.

## ഇത്തിപ്പുഴപ്പാലം

*൪൪൮. ശ്രീ. വി. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈക്കം താലൂക്കിൽ വീണുപോയ ഇത്തിപ്പുഴ പാലം പുത്തനായി പണിയുന്നതിന് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ചെയ്തിട്ടുണ്ട്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) പാലം പുതുക്കി പണിയുന്നതിന് ആവശ്യമായ പ്രാരംഭജോലികൾ നടത്തുന്നതിനുള്ള എസ്റ്റിമേററ അനുവദിച്ചിട്ടുണ്ട്.

## കുമരകം—വെച്ചൂർ റോഡ്

*൪൪൯. ശ്രീ. വി. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുമരകം—വെച്ചൂർ റോഡ് പണി ആരംഭിച്ചിട്ട് ഇപ്പോൾ എത്ര കൊല്ലമായിട്ടുണ്ട്;

(ബി) എത്ര മൈൽ ഇപ്പോൾ തീർന്നിട്ടുണ്ട്?

(സി) ഇനി എത്ര മൈൽ തീരാനുണ്ട്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഏകദേശം എട്ടുകൊല്ലമായിട്ടുണ്ട്.

(ബി) കൊല്ലം ഡിവിഷനിൽ ഉൾപ്പെട്ട ഭാഗത്തിൽ മുക്കാൽ മൈലും ആലുവാ ഡിവിഷനിൽ ൩൪൪൨ അടിയും തീർന്നിട്ടുണ്ട്.

(സി) ഏകദേശം മൂന്നരമൈൽ തീരാനുണ്ട്.

## തേവള്ളി കടത്തിൽ ഒരു പാലം

*450. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) വളരെ പ്രാധാന്യമുള്ള അഞ്ചാലുംമൂട്ട മാർക്കററും, കൊല്ലം മുനിസിപ്പൽ ടൗണുമായി ഗതാഗതപരമായും കച്ചവടസംബന്ധമായും കൂടുതൽ സമ്പർക്കം പുലർത്തുന്നതിനു തേവള്ളി കടത്തിൽ ഒരു പാലം കെട്ടേണ്ട കാര്യം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുത്തിട്ടുണ്ടെന്നു ദയവായി പറയുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) ഈ പാലം പണിയുന്നതിന് വേണ്ടിവരുന്ന വൻചിലവിനേയും ആവശ്യമുള്ള ഉപകരണങ്ങൾ കിട്ടുന്നതിനുള്ള വൈഷമ്യത്തേയും പരിഗണിച്ചും ആ കടത്തിൽ ഉള്ള ചങ്ങാടങ്ങളും വള്ളങ്ങളുംകൊണ്ട് ഇപ്പോൾ വേണ്ടിടത്തോളം ഗതാഗതസൗകര്യമുള്ളതുകൊണ്ടും പാലംപണി തല്ക്കാലം മാററിവെച്ചിരിക്കുകയാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ പാലംപണിയുന്നതിനു എസ്റ്റിമേററ് തയ്യാറാക്കിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഒരു റഫ് എസ്റ്റിമേററ് തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അതിലെ തുക എന്താണ്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ൧൫ ലക്ഷം രൂപയാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ തുക മതിയെന്നു വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പോരെങ്കിൽ കൂടുതൽ തുക അനുവദിക്കാവുന്നതാണ്.

ശ്രീ. വി. ഗംഗാധരൻ നായർ: ഇതുസംബന്ധിച്ചു എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്?

ബഹു. ശ്രീ ഇ. ജോൺ ഫിലിപ്പോസ്: എനിക്ക് നിശ്ചയമില്ല. ൧൫ ലക്ഷം രൂപ കൂടുതൽ ചെലവാക്കി അവിടെ ഒരു പാലംപണിയാൻ ഈയ്യാണ്ടിൽ സാദ്ധ്യമല്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കൊല്ലം മുനിസിപ്പൽ കൗൺസിലിൽനിന്നു ഇതു സംബന്ധിച്ചു എന്തെങ്കിലും ശുപാർശി ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതുസംബന്ധിച്ചു ഇപ്പോൾ എനിക്കു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. രാമചന്ദ്രൻ: അവിടെ ഒരു മോട്ടോർ ലാഞ്ച് ഏർപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പററിയും ആലോചിക്കാവുന്നതാണ്.

മദ്യനിരോധനം

*451. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു പ്രൊഹിബിഷൻ ഡിപ്പാർട്ടുമെണ്ടിൻെറ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി. പറയുമോ?

(എ) മദ്യനിരോധനനിയമം ലംഘിച്ചു കാരണത്താൽ എത്ര കേസുകൾ ഉണ്ടായിട്ടുണ്ടെന്നും, എത്ര എണ്ണം ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ;

(ബി) പിഴയിനത്തിൽ എന്തു തുക ഈടായിട്ടുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ൧൧൨൪ മിഥുനമാസം അവസാനംവരെ ൩൨൩ കേസുകൾ ഉണ്ടായിട്ടുണ്ട്.

(ബി) പിഴ ഇനത്തിൽ ൨൦,൫൬൩ രൂപാ ഈടായിട്ടുണ്ട്.

## TARRING OF ROADS IN ALLEPPEY

*452. **Sahib Bahadur P. S. Mohammed:** Will the Hon'ble Minister for Communication be pleased to state:—

(*a*) when tarring of roads in the Alleppy town was started;

(*b*) if so, in what part of the town; and

(*c*) how many miles of roads were tarred so far?

**The Hon'ble Sri E. John Philipose:**

(*a*) On 27th Dhanu 1124.

(*b*) Quilon—Alleppy Road 52/3 to 53/3 and Ariyad Kummady road 1/1 to 1/6 within the Municipal limits of Alleppey.

(c) 1 mile and 7 furlongs.

ഇതിനുമുമ്പ് ഈ ഉത്തരം പറഞ്ഞതാണ്.

## CHERAI—CHAKKARAKADAVU BRIDGE

*453. **Sri K. A. Achuthan:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government is aware of the importance of connecting the Vypeen Island with Parur Taluk by extending the Parur road up to Chakkarakadavu, and constructing a bridge connecting Chakkarakadavu and Cherai, thereby making the traffic easier and more useful;

(*b*) if so, have the Government launched a scheme for the said work;

(*c*) if not, will the Government be pleased to take action on this at an early date?

**The Hon'ble Sri E. John Philipose:**

(*a*) Yes.

(*b*) No.

(*c*) Yes.

നെല്ലെടുപ്പും വിതരണവും

*454. ശ്രീ. ഏ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

ഓരോ വില്ലേജിൽ (പകുതി) നിന്നും സർക്കാരിലേക്കു എടുക്കുന്ന നെല്ല് അതാതു വില്ലേജിൽ റേഷൻ നൽകാനും ബാക്കിയുള്ളതുമാത്രം മററു വില്ലേജിലേക്കു കൊണ്ടുപോകാനും വേണ്ട വ്യവസ്ഥ ചെയ്യാമോ?

ബഹു. സാഹിബ് ബഹദൂർ ശ്രീ. ടി. എം. അബ്ദുള്ള: അങ്ങനെ ചെയ്യാൻ ശ്രമിക്കുന്നതാണ്.

ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെന്റ്

*൪൫൫. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടമന്ത്രി സദയം മറുപടി പറയുമോ.—

(എ) ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെണ്ടിന്റെ പ്രാരംഭത്തിലെ വാർഷികവരുമാനം എന്തായിരുന്നു;

(ബി) ഇപ്പോഴത്തെ വാർഷിക വരുമാനത്തുക എന്താണ്?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: (എ) ൨,൨൨,൫൩൧ രൂപാ ൨൪ ചക്രം ൪ കാശ് (ആദ്യത്തെ മുഴുവർഷമായ ൧൧൧൪-ാമാണ്ടത്തെ വാർഷിക വരുമാനം).

(ബി) ഏകദേശം ൬൨,൩൨,൦൦൦ രൂപാ.

(൧൧൨൪ ഉദ്ദേശം.)

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോഴത്തെ ദിവസ വരുമാനം എന്താണ്?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ൧൧൨൪-ൽ ആകെ എത്ര ചിലവായി?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: അതേപ്പറ്റി ചോദിച്ചിട്ടില്ലായിരുന്നതുകൊണ്ട് ഇപ്പോൾ അതു പറവാൻ നിവൃത്തിയില്ല.

പൊതുമരാമത്ത്

*൪൫൬. ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

൨൦,൦൦൦ രൂപായിൽ കൂടുതൽ ചെലവുവരുന്ന പൊതുമരാമത്തു ജോലികൾ ആരംഭിക്കരുതെന്ന ഏതെങ്കിലും നിർദ്ദേശം ഡിപ്പാർട്ടുമെണ്ടുകൾക്ക ഗവമെന്റു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇല്ല.

NATIONALISATION OF THE STATE TRANSPORT

*457. **Sri Mankuzhi M. Madhavan:** Will the Hon'ble Minister for Communications be pleased to state.—

(*a*) whether there is a definite plan before the Government for nationalising the State Transport;

(*b*) what is that plan;

(*c*) if there be none why not; and

(*d*) what is the present policy of Government about monopolizing new lines for plying State Transport buses?

**The Hon'ble Sri E. John Philipose:**

(*a*) Yes. A five year plan was sanctioned by Government on 12th May 1947.

(*b*) A copy of that plan is placed on the table.

(*c*) Does not arise.

(*d*) There is no change in the policy of progressive nationalisation of road transport.

**Note on a five-year programme for the expansion of the Transport Department**

The present position of the department is that its organisation, equipment and accommodation which have been static over a period of four years of the war are found inadequate for handling the increased fleet strength and increased mileage that is envisaged in the near future. The following scheme, therefore, covers the immediate requirements and the progressive development of the Department as part of the Government organisation.

I. *1947—48.* During this period the Department will concentrate on increasing garage, office and workshop accomodation on a scale which would be sufficient to answer the needs of the Department when the transport in the whole is controlled by the Department. The requirements are :—

1. Head Office Buildings.

2. Central Workshops.
3. Trivandrum District Garage and Bus station
4. Trivandrum suburban service Garage and station.
5. Increase of Garage accommodation at Quilon, Nagercoil, Kottarakkara, Kottayam, Alwaye and Shencottah.
6. Provision of Wayside Bus Shelters. Detailed programme for each of these items will be provided separately.

II. Taking over of fresh routes for complete operation can be implemented from Chingam 1124 as I feel that the programme envisaged in (I) above will take about 18 months to complete. Such taking over may be spread over a period of three years from 1124 on a programme to be fixed in consulation with the Transport Advisory Committee. In the first instance, major routes may be taken over at intervals of six months and the minor routes may be taken up when the necessary accommodation and organisation for these are completed.

III. Improvements to the Highways should form a part of the programme of the expansion and improvement of Road Transport. Government will therefore have to implement their roads programme immediately and take up the first stage of widening and realigning of the Highways and re-coating the surface with fresh metal so that at the end of five years the concreting of main highways may be commenced.

IV. The finacial aspect of the scheme needs detailed working, but on an approximation, the Capital required in the first 18 months will be about Rs. 35 lakhs under buildings and rolling stock. The total mileage on the existing routes will be about 120 lakhs per annum and the working expenses will be Rs. 65 lakhs, Gross revenue is estimated at Rs. 75 lakhs for the year ending 1123. However as times return to normal I envisage a net return of *6 per cent of gross working expenses* when the fleet operates on petrol and with improved roads if we operate on diesel fuel a return of 15 per cent of the gross working expenses. I have avoided giving percentage of profit on the Capital, becasue of inflationary value of money. Capital which will carry over to the normal period will have to be gauged on the then value of the rupee. The profit will be not less than 10 per cent and not more than 15 per cent of the Capital at Charge.

V. The programme for the existing services, of improving the standards of vehicles maintenance, driving comfort and returning to normal loading of vehicles have to be carried out during the period of the first eighteen months. Training of necessary personnel to be readily available for the new services to be taken over has to be done at least three months before any service can be taken over. With the additional accommodation that will be available by the shifting of Central works to Chackai at a very early date, these aspects can be handled easily. The additional vehicles will replace unserviceable Rolling stock and augment by 50 per cent of the existing fleet strength.

VI. Department is operating 6½ lakhs of miles per month and the receipts are Rs. 5½ lakhs as compared to 5 lakhs of miles and Rs. 4½ lakhs per month by the end of 1120. By Kumbham 1122, I expect the mileage to have increased to 7½ lakhs and receipts to 6 lakhs per month and the overloading and inconveniences considerably reduced on the existing routes. During the following eighteen months, the Departmental activities can be confined to improving the standards on the existing routes.

VII. To carry out the above programme, I find that I will need additional assistance in two directions, one a qualified mechanical and automobile Engineer who would take over charge of the maintenance, overhaul, body building and store sections with the two existing assistants, one in charge of the workshops and another in charge of the maintenance in all District Garages. Secondly, one officer to be in charge of the administration, accounts, personnel, commercial and traffic sections and office routine. While continuing to have an overall control over these two officers, I shall find time to devote to improvement, planning and development and execution of capital schemes mentioned above. These assistants are immediate and essential. Their responsibilities will also be heavy. Men of intergrity with adequate qualifications and capacity have to be chosen. For the place of the administrative assistant, a person with experience in a technical Department of Government appears to be more appropriate.

VIII. Wnen all the routes in the State are taken over the administration has to be decentralised, by dividing the State into two Divisions, Northern and Southern, with Headquarters at Kottayam and Trivandrum respectively. This Division will have to come in 1125, if the programme I have given above is accepted. To train suitable personnel for this development, apprentice officers have to be given training. In conjunction with the Engineering College, I propose to start a training course for mechanics which will cover a period of three to five years on the lines of the trade apprenticeship existing in foreign countries.

IX. The welfare of the staff is an important aspect. In view to implementing Government's policy of improving the condition of labour, the Department could utilise funds from the General Reserve Fund of the Department. I can suggest a comprehensive scheme and the State Labour Officer may be consulted and a blue print prepared; in this connection, it appears to me that improtance should be given to instilling a sense of responsibility to duty and loyalty to service.

X. The administration of the Department could entirely be on the Board and the Board's strength increased to include one or two non-officials who are prominent in commerce and industry. A code of rules which is now under preparation may be adopted to govern the conduct of the Department after it is finally approved. The aim of the Department will always be public service courtesy and convenience to the man in the street. I trust and hope that with better times to come and with the full co-operation of the public and with the full co-operation and guidance of Government, this Department will be able to shine as a model for others to emulate.

### LIFT IRRIGATION AT RAMAMANGALAM

*458. **Sri. N. P. Varghese:** Will the Hon'ble Minister for Agriculture be pleased to state:—

(*a*) the progress of the lift irrigation scheme at Ramamangalam and Piravam, Muvattupuzha Taluk;

(*b*) whether any survey was conducted for extending the electric line from Muvattupuzha to Piravam along the Muvattupuzha river bank;

(*c*) if so, who conducted the survey;

(*d*) have the surveyors included lands in Kunnathunad Taluk on the right bank of the river which could be converted into double crop land;

(*e*) if lands on both sides are included, would the scheme cover irrigation for over 10,000 acres; and

(*f*) will Government be pleased to order a fresh investigation so that the scheme may be implemented in 1125?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Investigation has not been completed.

(*b*) Yes.

(*c*) Electricity Department.

(*d*) Lands on both banks of the river which could be converted into double crop lands will be included.

(*e*) The exact area can be known only after investigation is completed.

(*f*) The question of ordering a further detailed investigation will be considered.

ശ്രീ. എൻ. പി. വർഗീസ്: കുന്നത്തുനാട്, മൂവാററുപുഴ ഈ താലൂക്കുകളിൽ മകരപ്പൂവും കുംഭപ്പൂവും കൃഷികൾക്ക് ഉണക്ക പററിയിട്ടുള്ളതായി ഗവർമെൻറിനു അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ട വാരിയർ: ചില ദിക്കുകളിൽ ഉണക്കപററിയതായി അറിയാം.

ശ്രീ. എൻ. പി. വർഗീസ്: കഴിഞ്ഞ പ്രാവശ്യം പലരും ഓയിൽപമ്പ് വാങ്ങിച്ച് ഇറിഗേഷൻ നടത്തിയതായി ഗവമെൻറിനു അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അങ്ങിനെയുണ്ടായിരിക്കാം.

ശ്രീ. എൻ. പി. വർഗീസ്: കഴിയുന്നതുംവേഗം ഈ സ്കീം ഇംപ്ലിമെൻറ ചെയ്യുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ശ്രമിക്കുന്നതാണ്.

### LIVESTOCK IMPROVEMENTS

*459. **Sri. N. P. Varghese:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) whether Government have any proposal to improve live-stock in the country;

(*b*) If so, what is the scheme proposed by Government; and

(*c*) do Governm.nt propose to set apart lands for grazing grounds in each pakuthi?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Yes.

(b) The scheme envisages the grading up of the local stock with pedigree bulls of good breed—the Sindhi breed and by artificial insemination. Scientific feeding, better management and disease control measures are also contemplated.

(c) There was such a proposal in Cochin, but not in Travancore.

ശ്രീ. എൻ. പി. വർഗ്ഗീസ്: കുട്ടമംഗലം പകുതിയിൽ ചേലാടിക്കരയിൽ കുറെ സ്ഥലം ഇതിലേക്ക് എടുക്കണം എന്നു കാണിച്ചു അപേക്ഷ ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: നോട്ടീസുവേണം.

ശ്രീ. എൻ. പി. വർഗ്ഗീസ്: നേരിയമംഗലത്തു് ഒരു ലൈവ്സ്റ്റോക്ക് കേന്ദ്രം സ്ഥാപിക്കുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. എ. മാത്യു: ഇപ്രകാരം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുസംബന്ധിച്ചു എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതേപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു വരുത്തിയിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: അങ്ങനെ റിപ്പോർട്ടു കിട്ടിട്ടുണ്ടെങ്കിൽ അതനുസരിച്ചു എന്തു ചെയ്തിട്ടുണ്ട്.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ആ റിപ്പോർട്ടിന്റെ താൽപ്പര്യമനുസരിച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നതു്.

ശ്രീ. എം. വർക്കി: ൧൧൨൪-ലെ ബഡ്ജററിൽ ലൈവ്സ്റ്റോക്കിനു തുക അനുവദിച്ചിരുന്നെങ്കിലും ൧൧൨൫-ലെ ബഡ്ജററിൽ അതിനുവേണ്ടി ഒരു തുകയും അനുവദിച്ചിട്ടില്ലെന്നു ഗവൺമെണ്ടിനറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഇക്കൊല്ലത്തിൽ അനുവദിച്ചിട്ടില്ല.

**BUILDING A CAPITAL FOR THE UNITED STATE OF TRAVANCORE AND COCHIN**

***460. Sri. N. P. Verghese:** Will the Hon'ble Prime Minister be pleased to state.—

(a) whether Government have any five-year or ten year plan to build a new capital for the United State;

(b) are Government aware that if Government could acquire about 25 square miles of land in between Alwaye and Ernakulam and draw up a scheme for building a planned city like new Delhi people are prepared to co-operate with Government in building the city within a specified time; and

(c) will Government be pleased to appoint a committee to draw up a ten-year plan for the building of the city and find ways and means to raise the necessary funds for the same?

**The Hon'ble Sri. T. K. Narayana Pillai:** (a) None at present.

(b) No.

(c) The question of building a new capital for the Union has not seriously engaged the attention of Government. If ultimately it is found desirable and necessary to have a new capital, the Government may think of appointing a committee to draw up a plan and work out the details.

ശ്രീ. എൻ. പി. വർഗീസ്: ഹൈക്കോടതി മാററിയതിനെ സംബന്ധിച്ചുള്ള ആക്ഷേപത്തിൽ പ്രധാനമായിട്ടുള്ളതു് അതു തലസ്ഥാനത്തു് അല്ലെന്നുള്ളതല്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പല ആക്ഷേപങ്ങളും അതേ സംബന്ധിച്ചുണ്ടായിരിക്കാം.

ശ്രീ. എൻ. പി. വർഗീസ്: ഐക്യസംസ്ഥാനത്തിന്റെ മദ്ധ്യഭാഗത്തായിരിക്കണം തലസ്ഥാനം എന്നു ഒരു പ്രബലമായ പൊതുജനാഭിപ്രായമില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പ്രബലമായ പൊതുജനാഭിപ്രായം ഉണ്ടോ എന്നറിഞ്ഞുകൂടാ. അങ്ങനെ ഒരഭിപ്രായം ഉണ്ട്.

ஸ்ரீ. எ. சிதம்பரநாத நாடார்: கொல்லத்திற்குத் தலைநகரை மாற்றவேண்டுமென்று சொன்னால், அதுவும் ஒரு நல்ல அபிப்பிராயமாயிருக்குமென்று தெரியுமா?

கனம் மந்திரி ஸ்ரீ. டி. கெ. நாராயண பிள்ளை: அப்படியும் சொல்லலாம். அபிப்பிராயமுமிருக்கலாம்.

ஸ்ரீ. ஏ. சிதம்பரநாத நாடார்: தலைநகரை உண்டாக்குவதற்கு திருவிதாங்கூர் கவர்மென்டுக்குக் காசுயில்லை என்று தெரியுமா?

ശ്രീ. വി. ഗംഗാധരൻനായർ: തലസ്ഥാനനഗരം മാററുന്നതിനു മുൻപ് ഈ സഭയോടാലോചിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പൊതുജനാഭിപ്രായം അറിയുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: തിരുവനന്തപുരം തലസ്ഥാനമായിരിക്കുന്നതിൽ വല്ല അസൌകര്യവും ഉണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അസൌകര്യം ഉണ്ടെന്നു ഞാൻ പറഞ്ഞില്ല. സഭയിലെ അംഗങ്ങളാണ് അതു പറഞ്ഞതു്.

ശ്രീ. ജി. ശ്രീധർ: തലസ്ഥാനനഗരം മാററുന്നതിനു എന്തു ചെലവു വരും?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: വളരെ കോടി രൂപാ ചെലവു വരും?

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഒരു രാജ്യത്തിന്റെ തലസ്ഥാനം മദ്ധ്യത്തിലായിരിക്കണമെന്നു വല്ല വ്യവസ്ഥയും ഉണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. എൻ. പി. വറഗീസ്സ്: മദ്ധ്യത്തിലായിരിക്കുന്നതല്ലേ സൌകര്യം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സൌകര്യം പലതിനേയും ആശ്രയിച്ചിരിക്കും.

## PADDY CULTIVATION

***461. Sri. N. P. Varghese:** Will the Hon'ble Minister for Agriculture be pleased to state:

(*a*) whether the method of cultivating paddy has had any improvement during the last century in the State;

(*b*) has Government tried to persuade the cultivators to adopt the scientific methods followed in Japan and other rice producing countries;

(*c*) has the Travancore University or the Agricultural Department any research laboratory or department for paddy research;

(*d*) have Government taken any steps to improve the quality of paddy seeds;

(*e*) are Government aware that the best yield here for paddy cultivation is only 7 to 15 fold while it is 30 to 400 fold in Japan; and

(*f*) will Government be pleased to appoint a committee.

*i.* to find out ways and means for improving paddy cultivation in the State;

*ii.* for expanding and remodelling the Agricultural Department so that it may be of real help and guidance for the Agriculturist.

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Yes.

(*b*) Yes. Steps are being taken to facilitate paddy cultivation on scientific lines.

(*c*) Yes.

(*d*) Yes. The Agricultural Department has opened centres for the production and multiplication of improved strains of paddy seeds.

(*e*) Yes.

(*f*) The matter is engaging the attention of Government.

ശ്രീ. എൻ. പി. വറഗീസ്: മലബാറിൽ നാൽപ്പതുമേനി വിളവു കിട്ടുന്ന വിത്തുണ്ടെന്നു ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അറിയാം.

ശ്രീ. എൻ. പി. വറഗീസ്: അതിവിടെ കൊണ്ടുവരാൻ ശ്രമിക്കുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: പല അന്വേഷണങ്ങളും ഗവമ്മെണ്ടിക്കാര്യത്തിൽ നടത്തുന്നുണ്ട്. വിളവു് വിത്തിനെമാത്രം ആശ്രയിച്ചിരിക്കുന്നില്ല. ഇവിടെ ചിലതരം വിത്തുകളെക്കുറിച്ചു ഗവേഷണം നടത്തുകയാണ്. അതിൽ ഏററവും ഫലപ്രദമായിട്ടുള്ളവ തെരഞ്ഞെടുക്കുന്നതാണ്.

ശ്രീ. എൻ. പി. വറഗീസ് ഗവമ്മെണ്ട് ഗവേഷണശാലയിൽനിന്നും നല്ലതരം വിത്തുണ്ടാക്കി കൃഷിക്കാർക്ക് വിതരണം ചെയ്യുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഇപ്പോൾ അങ്ങനെ ചെയ്യുന്നുണ്ട്. അതു് ഇനി വിപുലീകരിക്കുകയും ചെയ്യാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ ഗവേഷണത്തിന്റെ ഫലമായി എത്രതരം വിത്തുകൾ കണ്ടുപിടിച്ചിട്ടുണ്ട്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: പല തരത്തിലുള്ള വിത്തുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ജപ്പാനിൽ ൪൦൦ മേനി വിളയുന്ന വിത്തുണ്ടെന്നു പറയുന്നു. അതിന്റെ രഹസ്യം എന്താണ്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതു് മണ്ണു്, വെള്ളം, സൂര്യരശ്മി, മുതലായവയെ ആശ്രയിച്ചായിരിക്കുമെന്നു തോന്നുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: റിസർച്ച് മൂലം എത്രതരം വിത്തുകൾ യഥാർത്ഥത്തിൽ ഇവിടെ കണ്ടുപിടിച്ചിട്ടുണ്ട്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: എത്രയെന്നു പറയാൻ സാദ്ധ്യമല്ല. അവർ റെക്കമെൻറ് ചെയ്തിട്ടുള്ള രണ്ടുമൂന്നു തരം വിത്തുകൾ ഉണ്ട്. കൊച്ചിയിൽ ഒന്നുരണ്ടുതരം ഉണ്ട്.

ശ്രീ. എം. വക്കി: കൃഷി ഡിപ്പാർട്ടുമെണ്ടിലുള്ള വിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടി നേരിട്ടു ഗവമ്മെണ്ട് നെൽകൃഷി നടത്താത്തതു് എന്തുകൊണ്ടാണ്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: വലിയ ചെലവുണ്ടാകുമെന്നുള്ളതിനാൽ അതു സാദ്ധ്യമല്ല.

ശ്രീ. പി. എം. വറുഗീസ്: ഈ വിദഗ്ദ്ധന്മാരേക്കാൾ മിടുക്കന്മാർ സാധാരണക്കാരായ കൃഷിക്കാരാണെന്നാണൊ ഗവമ്മെണ്ട് പറയുന്നതു്?

**Mr. Speaker:** That question is not allowed. It is a matter of opinion.

ശ്രീ. വറുഗീസ് അഗസ്റ്റിൻ: ഇവിടെ ഒരു സോയിൽ അനാലിസ്റ്റുണ്ടല്ലൊ. അദ്ദേഹം സോയിൽ ഇറോഷൻ തടയാൻ എന്തെങ്കിലും ശ്രമം ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതിനെ തടയുവാൻ അദ്ദേഹം വേണ്ട പ്രവൎത്തനം നടത്തുന്നുണ്ട്.

ശ്രീ. വി. ഗംഗാധരൻനായർ: വിത്തും വളവും ബഹുഭൂരിപക്ഷം കൃഷിക്കാൎക്കും കിട്ടുന്നില്ലെന്നുള്ള വിവരം ഗവമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: എല്ലാവൎക്കും ആവശ്യമനുസരിച്ചു് കൊടുക്കുവാൻ സാധിച്ചിട്ടില്ലെന്നു ഗവമ്മെണ്ടിനു് ബോദ്ധ്യമുണ്ട്.

GRANT OF LICENSES TO TOBACCO MERCHANTS

***462. Sri. N. P. Varghese:** Will the Hon'ble Minister for Excise be pleased to state.—

(*a*) whether Government is aware of the volume of opposition from the tobacco merchants to the policy of auctioning the license;

(*b*) are Government aware that this change of policy has resulted in huge loss to wholesale merchants due to the difficulty of realising the advances they have made to retailers who would only repay the advances if the wholesaler continues his business; and

(c) are Government willing to appoint a Committee to go into the question and find out ways and means to avoid undue hardships to the tobacco merchants?

**The Hon'ble Sri. N. Kujuraman:**

(*a*) Yes. From certain quarters.

(*b*) No.

(*c*) No.

വനംകൃഷിയുടെ നെല്ലെടുപ്പ്

*൪൬൩. ശ്രീ. കെ. എ. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ ആണ്ടിൽ കൃഷിക്കു് വന. എറ്റവരിൽനിന്നും ഗവമ്മെണ്ടു ഒരേക്കറിനു് എത്ര പറ നെല്ലാണ് എടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതു്?

(ബി) എന്തുമാനദണ്ഡംവച്ചാണു് ഈ നിരക്കു നിശ്ചയിച്ചതു്?

(സി) ഒരേക്കർ സ്ഥലം കൃഷിചെയ്യുന്നതിന് എന്തു ചിലവാകും?

(ഡി) വിത്തിനും കൂലിച്ചിലവിനും ആയിട്ട് എത്രപറ നെല്ല് വകവെച്ചു കൊടുക്കും?

(ഇ) കോട്ടാ നെല്ല് കളത്തിൽനിന്നുതന്നെ എടുക്കുമോ?

(എഫ്) കഴിഞ്ഞ വർഷം എങ്ങിനെയാണ് അളന്നത്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

(എ) വിത്തിനും കൃഷിവകക്കു നെല്ലായി ചിലവാകുന്നതും കൃഷിക്കാരന്റെ ഭക്ഷണം കഴിച്ച് ബാക്കി അധികമുള്ളത് എടുക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ വനം ഏറവരെ സംബന്ധിച്ചിടത്തോളം വനം കോട്ടത്തപ്പോൾതന്നെ ഏക്കറിന് ഒരു നിശ്ചിത തോതിൽ (ഇത്രപറയെന്ന്) നെല്ല് ഗവമ്മെണ്ടിലേക്കു തരണമെന്നു വ്യവസ്ഥയുണ്ട്. അങ്ങിനെ വ്യവസ്ഥയുള്ള കേസുകളിൽ ആ നിശ്ചിത തോതിന് നെല്ലു തരുവാൻ കൃഷിക്കാർ ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

(ബി) എ-ക്കുള്ള ഉത്തരത്തിൽ അടങ്ങിയിരിക്കുന്നു.

(സി) ഓരോ സ്ഥലത്തു വ്യത്യാസമായിരിക്കും.

(ഡി) ഓരോ പ്രദേശത്തും വ്യത്യാസമുണ്ടായിരിക്കും. തിരുവിതാംകൂറിൽ വിത്തിനും കൃഷിചിലവിനുമായി സാമാന്യമായി താഴെ പറയുന്ന നിരക്കനുസരിച്ചു നെല്ല് അനുവദിക്കാറുണ്ട്.

| | | | |
|---|---|---|---|
| കായൽ കൃഷി | (ഒരേക്കറിന്) | ൩൦ | പറ |
| മററു പുഞ്ചകൃഷികൾ | ,, | ൨൭ | ,, |
| വിരിപ്പും മററു നിലങ്ങളും | ,, | ൨൪ | ,, |

കൊച്ചിയിൽ ൨൦ മുതൽ ൩൦ പറവരെ സ്ഥലത്തിന്റെ സ്വഭാവമനുസരിച്ചു കൊടുക്കാറുണ്ട്.

(ഇ) വിളപ്പുവിൽനിന്നും, കളത്തിൽനിന്നും പാട്ടക്കാരുടെ അറകളിൽനിന്നും സൌകര്യം പോലെ വാങ്ങുന്നതാണ്.

(എഫ്) അങ്ങിനെതന്നെയാണ് കഴിഞ്ഞകൊല്ലവും വാങ്ങിയതു്.

ശ്രീ. കെ. എ. മാത്യു: കളത്തിൽനിന്നും നെല്ല് എടുക്കാതെ കൃഷിക്കാരുടെ വീടുകളിൽനിന്നും അളന്നാൽ അതിന്റെ ചിലവു വഹിക്കുന്നതു് ആരാണ്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ചിലവു വകവെച്ചു കൊടുക്കാറുണ്ട്.

ശ്രീ. കെ. എ. മാത്യു: കഴിഞ്ഞയാണ്ടിൽ അങ്ങിനെ വകവെച്ചു കൊടുത്തില്ലെന്നു ഗവമ്മെണ്ടിന് അറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതേപ്പററി അന്വേഷിക്കാം.

ശ്രീ. കെ. എ. മാത്യു: എക്സസ് നെല്ല് ഏതു ബേസിസ്സിലാണ് എടുക്കുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഉടമ്പടി വ്യവസ്ഥയനുസരിച്ചാണ്. അതു് അവർ തരാൻ ബാദ്ധ്യസ്ഥരുമാണ്.

ശ്രീ. കെ. എ. മാത്യു: അവക്ക് കൃഷിച്ചിലവു കഴിഞ്ഞു് മിച്ചമില്ലെങ്കിൽ അവരിൽനിന്നും എക്സസ് എടുക്കുന്നതു് സങ്കടകരമാണെന്നു ഗവമ്മെണ്ടിന് അറിയാമൊ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതു് അഭിപ്രായമാണ്.

ശ്രീ. കെ. എ. മാത്യു: അഭിപ്രായമല്ല, വാസ്തവമാണെന്നു ഗവമ്മെണ്ടു ധരിക്കുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതു് ഉടമ്പടിക്കാലത്തു പറയേണ്ടതായിരുന്നു.

ശ്രീ. കെ. എ. മാത്യു: അതു കൊടുക്കുന്നതു് അവക്കു അസൌകര്യമാണെന്നു ഗവമ്മെണ്ടിന് അറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ചിലക്ക് അസൌകര്യമായേക്കാം.

**Sri. K. Sivarama Pillai:** Was any quantity procured from these people in 1124?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ചില സ്ഥലത്തുനിന്നും എടുത്തിട്ടുണ്ട്.

**Sri. K. Sivarama Pillai:** Can you have the idea of the amount?

**The Hon'ble Sahib Bahadur T. A. Abdulla:** I have not the figures with me at present.

## കാട്ടാനശല്യം

*൯൩൪. ശ്രീ കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) വടശ്ശേരിക്കര ഗ്രാമത്തിനു് (പത്തനംതിട്ട താലൂക്കു്) സമീപം ഉള്ള കുടിപാർപ്പുസ്ഥലത്തിനു് അടുത്തു് വനംഡിപ്പാർട്ടുമെണ്ടിൽനിന്നും തേക്കുകൾ വച്ചുപിടിപ്പിച്ചു തോട്ടം ചമയ്ക്കുന്ന നയം തുടരുന്നതുകൊണ്ടു് ആന, പന്നി മുതലായ കാട്ടുമൃഗങ്ങളിൽനിന്നു ഭയങ്കരമായ കൃഷിനഷ്ടവും ആളപായവും ഉണ്ടാകുന്നതായി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) കഴിഞ്ഞകൊല്ലം പലരെ കൊല്ലുകയും കൃഷി ധാരാളം നശിപ്പിക്കുകയും ചെയ്ത കാട്ടാനയുടെ കാര്യത്തിൽ ഗവമ്മെണ്ടു് എന്തു ചെയ്തു?

(സി) വനത്തിന്റെ മദ്ധ്യേ പതിച്ചുകൊടുത്തിരിക്കുന്ന ചതുപ്പുനിലങ്ങളിൽ കൃഷിയും താമസവും ഉള്ളവക്കു് ചുറ്റും തേക്കുതോട്ടം വച്ചുപിടിപ്പിച്ചിരിക്കുന്നതുകൊണ്ടു വലിയ നഷ്ടം ആന തുടങ്ങിയ മൃഗങ്ങളിൽനിന്നു് ഉണ്ടാകുന്നു എന്നുള്ള വിവരം ഗവമ്മെണ്ടിനു് അറിയാമോ? അറിയാമെങ്കിൽ എന്തു പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ടു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) വടശ്ശേരിക്കര ഗ്രാമത്തുനിന്നും രണ്ടുമൂന്നു മൈൽ കിഴക്കു് അരിക്കക്കാവുഭാഗത്തു കുമരംപേരൂർ റിസർവിൽ ഏതാനും ഭാഗം തേക്കും, പാഴ്മരങ്ങളും വച്ചുപിടിപ്പിച്ചിട്ടുണ്ടു്. ഈ നയം തുടരുന്നതുകൊണ്ടു് ആന, പന്നി മുതലായ കാട്ടുമൃഗങ്ങളിൽനിന്നു കൃഷിനഷ്ടവും ആളപായവും ഉണ്ടാകുന്നു എന്നു വിചാരിക്കാൻ ന്യായമില്ല. വനത്തിനു സമീപവും അതിനുള്ളിലും താമസിച്ചു കൃഷിചെയ്യുന്നവക്കു് ചില അവസരങ്ങളിൽ കാട്ടുമൃഗങ്ങളിൽനിന്നുമുള്ള ശല്യം ഉണ്ടാകുന്നതു് സാധാരണയാണു്. ഇതുപോലെ മാത്രമേ മേൽപറഞ്ഞ സ്ഥലത്തും കാട്ടുമൃഗങ്ങളുടെ ഉപദ്രവങ്ങൾ ഉണ്ടാകുന്നുള്ളു.

(ബി) കഴിഞ്ഞകൊല്ലം മേൽപറഞ്ഞ സ്ഥലത്തിനു സമീപം വനത്തിനുള്ളിൽ വെച്ചു് ഒരാന ഒരാളെ യാദൃച്ഛികമായി കൊല്ലുകയും ഒന്നുരണ്ടു അവസരങ്ങളിൽ ഒരു കൃഷിസ്ഥലത്തു പ്രവേശിച്ചു് അൽപ്പം നാശം വരുത്തുകയുമുണ്ടായി. ഈ ആനയെ വെടിവെച്ചു കൊല്ലുന്നതിനു് ഗവമ്മെണ്ടിൽനിന്നും ജി. ഒ. ആർ. ഒ. സി. നമ്പർ ൧൪൦൭—൪൯-റവ എഫ് ൧൩—൨— ൪൯-ാം നമ്പരായി അനുവാദം ലഭിച്ചിട്ടുണ്ടു്. എന്നാൽ ഈ ആന പിന്നീടു് ആ സ്ഥലങ്ങളിൽ എങ്ങും വന്നിട്ടുള്ളതായി അറിവില്ല.

(സി) തേക്കുതോട്ടം വച്ചുപിടിപ്പിക്കുന്നതുകൊണ്ടു് അതിനുസമീപം താമസിക്കുന്നവക്കു് ആന മുതലായ വന്യമൃഗങ്ങളിൽനിന്നും വലിയ നഷ്ടം ഉണ്ടാകുമെന്നു വിശ്വസിക്കാൻ ന്യായം കാണുന്നില്ല.

ശ്രീ. കെ. എ. മാത്യു: സർ, ഇങ്ങനെ ആളപായം ഉണ്ടാകുന്നു എന്നു് കൃഷിക്കാരിൽനിന്നും ഗവമ്മെണ്ടിലേക്കു പരാതി കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെ അടിസ്ഥാനമാക്കിയാണു് അന്വേഷണം നടത്തിയതു്. അതിന്റെ ഫലമായിട്ടാണു് മേൽപറഞ്ഞ ഉത്തരവു പുറപ്പെടുവിച്ചതു്.

ശ്രീ. കെ. എ. മാത്യു: ആരാണു് അന്വേഷണം നടത്തിയതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഫാറസ്റ്റു് ഡിപ്പാർട്ടുമെണ്ടുകാർ.

ശ്രീ. കെ. എ. മാത്യു: ഇങ്ങനെ ഡിപ്പാർട്ടുമെണ്ടുകാർ അന്വേഷണം നടത്തിയാൽ അതു് ശരിയായിരിക്കയില്ലെന്നുള്ള വിവരം അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ കാര്യത്തിൽ അങ്ങനെ വിചാരിക്കാൻ ന്യായമില്ല. എന്നാൽ ചില പരിതഃസ്ഥിതികളിൽ അവക്കു മുഴുവൻ അറിവും ലഭിച്ചില്ലെന്നു വന്നേക്കാവുന്നതാണു്. എന്നാൽ ഡിപ്പാർട്ടുമെന്റൽ അന്വേഷണങ്ങളെല്ലാം ശരിയായിരിക്കുകയില്ലെന്നു പറയുന്നതു് ശരിയല്ല.

ശ്രീ. എം. ഐ. പോൾ: വെടിവെയ്ക്കാൻ കല്പന കൊടുത്തതു് പേടിച്ചിട്ടാണോ, ആന പിന്നെ അവിടങ്ങളിൽ പ്രവേശിക്കാത്തതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആയിരിക്കാം.

കുടികളുടെ വസ്തുക്കളിൽ നില്ക്കുന്ന തേക്കുതടികൾ

*൪൬൫. ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനംവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പുനലൂർ മണിമല റോഡിന്റെ കിഴക്കുഭാഗത്തുള്ള കുടികളുടെ വസ്തുക്കളിൽ നില്ക്കുന്ന തേക്കുതടികൾ കുടികൾക്കു വിട്ടുകൊടുക്കുന്നതിനെപ്പറ്റിയുള്ള ഗവണ്മെണ്ടു നയം എന്താണ്;

(ബി) മി. ആസ്റ്റിൻ ദിവാനായിരുന്ന കാലത്ത് അങ്ങിനെയുള്ള തേക്കുതടികൾ കുടികൾക്കു വിട്ടുകൊടുക്കുന്നതാണെന്ന് ഗവണ്മെണ്ട് ഓർഡർ ഉള്ളതായി അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉപയോഗമുള്ളതായ എല്ലാ തടികളും വെട്ടി നീക്കം ചെയ്യുതിനു ശേഷം റായൽററി അവകാശം ഗവണ്മെണ്ട് നിവൃത്തൽ ചെയ്യും എന്നാണ് നയം.

(ബി) മി. ആസ്റ്റിൻ ദിവാനായിരുന്ന കാലത്ത് മൂന്നാം ട്രാക്കിലുള്ള രാജകീയ വൃക്ഷങ്ങൾ മുറിച്ച് നീക്കംചെയ്തുകഴിഞ്ഞു റായൽററിഅവകാശം വിടുന്നതാണെന്ന് ഗവണ്മെണ്ട് ആർഡർ ഉള്ളതായി അറിയാം.

ശ്രീ. കെ. എ. മാത്യു: അങ്ങനെ എത്ര ട്രാക്ക് ഇപ്പോൾ ഉണ്ടെന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ഒന്നേ ഉള്ളു.

ശ്രീ. കെ. എ. മാത്യു: ഇതു് വെട്ടാനുള്ളതാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് വെട്ടിക്കഴിഞ്ഞിരിക്കുകയാണ്.

കോന്നി കാഷ്ഠിക സ്കൂൾ

*൪൬൬. ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കോന്നിയിലുള്ള കാഷ്ഠികസ്കൂൾ ഇപ്പോൾ അടച്ചിരിക്കുകയാണോ?

(ബി) ആണെങ്കിൽ എത്ര മാസങ്ങളായി?

(സി) അടച്ചിടുവാനുള്ള കാരണം എന്തു്?

(ഡി) അവിടെയുള്ള വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും ഇപ്പോൾ എന്തു ചെയ്യുന്നു?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: (എ) അതെ.

(ബി) അഞ്ചു മാസമായി.

(സി) പ്രസ്തുത സ്കൂൾ തുടർന്നുനടത്തേണ്ട ആവശ്യമുണ്ടോ ഉണ്ടെങ്കിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് അതിന്റെ നടത്തിപ്പിനു് വരുത്തേണ്ടതു് എന്നീ കാര്യങ്ങൾ ഗവണ്മെണ്ടിന്റെ ആലോചനയിലിരിക്കുകയാണ്.

(ഡി) സ്കൂളിൽ ഇപ്പോൾ വിദ്യാർത്ഥികളില്ല. അദ്ധ്യാപകന്മാർ ഗവർമെണ്ടിന്റെ തീരുമാനത്തെ പ്രതീക്ഷിച്ചിരിക്കുകയാണ്.

ശ്രീ. കെ. എ. മാത്യു: അദ്ധ്യാപകന്മാർ യാതൊരു തൊഴിലുമില്ലാതെ ഗവണ്മെണ്ടിന്റെ ശമ്പളം പററിക്കൊണ്ടിരിക്കുന്നതു് ശരിയാണോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അവരെ വേറെ തുറകളിൽ എടുക്കാൻ ആലോചിച്ചുവരുന്നുണ്ട്.

ശ്രീ. കെ. എ. മാത്യു: അവിടത്തെ പ്രധാനഅദ്ധ്യാപകൻ ട്രയിനിംഗിന് പാശ്ചാത്യദേശങ്ങളിൽ പോയി പഠിച്ചുവന്നവയാളാണെന്നറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ആയിരിക്കാം.

ശ്രീ. കെ. എ. മാത്യു: അങ്ങനെയാണെങ്കിൽ ഗവണ്മെണ്ടിൽനിന്നും പാശ്ചാത്യദേശങ്ങളിൽ അയച്ച് ട്രയിനിംഗ് കഴിഞ്ഞു വരുത്തിയ ആ ആളിനു് എന്തെങ്കിലും ജോലി കൊടുക്കേണ്ടതല്ലേ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അതാണ് ഞാൻ പറഞ്ഞതു്, അവരെ വേറെ തുറകളിൽ എടുക്കാൻ ആലോചിച്ചുവരുന്നുണ്ടെന്ന്.

APPOINTMENT OF ASSISTANT REGISTRAR OF CO-OPERATIVE SOCIETIES

*467. **Sri. K. A. Mathew:** Will the Hon'ble Minister for Co-operation be pleased to state.—

(*a*) who was appointed by Government as First Grade Assistant Registrar of Co-operative Societies to be in charge of Liquidation, Arbitration and Execution and the length of service put in by him in the Department?

(*b*) the reasons for not effecting this appointment?

(*c*) whether it is a fact that the Registrar did not allow him to take charge despite Government's order;

(*d*) who is attending to the work of the First Grade Assistant Registrar; and

(*e*) the date of his appointment in the Department?

**The Hon'ble Sahib Bahadur T. A. Abdulla :**

(*a*) Sri. V. S. Daniel—length of service about 30 years.

(*b*) To avoid dislocation of work.

(*c*) No.

(*d*) The work of Arbitration, Execution and Liquidation is being attended to by Sri. K. Karunakara Panicker.

(*e*) 12th Edavam 1124/25th May 1949.

ശ്രീ. കെ. എ. മാത്യു : ഗവമ്മെണ്ടിൽനിന്നും നിയമനം നടത്തിയതിന ശേഷം ആണോ dislocation of work ആണെന്നു കണ്ടതു്?

ബഹു. സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള : അങ്ങനെയല്ല. തിരുവനന്തപുരത്തു് ലിക്വിഡേഷൻ ആഫീസർ ഇല്ലായിരുന്നു. ആ ജോലികൂടി അസിസ്റ്റാണ്ടു് റജിസ്ട്രാർ ആണു് ചെയ്തുകൊണ്ടിരുന്നതു്. അതുകൊണ്ടാണു് ഈ നിയമനം നടത്തിയതു്, അന്നു്.

ശ്രീ. കെ. എ. മാത്യു : എന്നാൽ മിസ്റ്റർ ഡാനിയലിനെത്തന്നെ തിരുവനന്തപുരത്തു ഇതിൽ നിയമിക്കരുതോ ?

ബഹു. സാഹിബ്ബ്ബഹദൂർ ടി. എ. അബ്ദുള്ളാ : മിസ്റ്റർ ഡാനിയലിനെ നിയമിച്ചപ്പോൾ കോട്ടയത്തു അസിസ്റ്റൻറു് രജിസ്ട്രാർ ഇല്ലായിരുന്നു. അപ്പോൾ ഡാനിയലിനെ തിരുവനന്തപുരത്തേക്കു അയക്കുന്നപക്ഷം രണ്ടു് ഡിസ്ട്രിക്റ്റിൽ അസിസ്റ്റൻറു് റജിസ്ട്രാർ ഇല്ലാതെയാകും. അതുകൊണ്ടു് ആ നിയമനം ചെയ്തില്ലെന്നേയുള്ളൂ. പിന്നെ ആ സ്ഥാനത്തേക്കു് മിസ്റ്റർ കരുണാകരപ്പണിക്കരെ നിയമിച്ചു.

## തിരുവിതാംകൂറിലെ കുറഞ്ഞ ബസ്സ്ചാർജ്ജു്

*൪൩൯. ശ്രീ. പി. എസ്സ്. മാധവൻവൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെൻറു സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിൽ ഇന്നു ബസ്സിൽ യാത്ര ചെയ്യുവാൻ ചുരുങ്ങിയതു് എത്രയാണു് ചാർജ്ജു് വസൂൽ ചെയ്യുന്നതു്?

(ബി) സംയോജനത്തിനു ശേഷം കൊച്ചിയിൽ പഴയപോലെ തന്നെ ചുരുങ്ങിയ ചാർജ്ജു ൪ അണ വീതം വസൂൽ ചെയ്യുന്നതു് ഗവമ്മെൻറു മനസ്സിലാക്കിയിട്ടുണ്ടോ ?

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലും രണ്ടു രാജ്യങ്ങളിലും ഐകരൂപ്യം വരുത്തേണ്ടതു് ആവശ്യമല്ലേ ?

ബഹു. ശ്രീ. ഈ. ജോൺ ഫിലിപ്പോസ് :

### ഡിപ്പാർട്ട്മെൻറു് സർവ്വീസ്

### (എ) സാധാരണ സർവ്വീസ്

| | |
|---|---|
| വലിയ ലൈൻ | ൭ ചക്രം |
| ചെറിയ ലൈൻ | ൮ ചക്രം |

### എക്സ്പ്രസ്സ് സർവ്വീസ്

| | |
|---|---|
| വലിയ ലൈൻ | ൧൪ ചക്രം |
| ചെറിയ ലൈൻ | ൭ ചക്രം |
| സിററി സർവ്വീസ് | ൧ ചക്രം |

### കൂലിനിരക്ക്

| | |
|---|---|
| ഒരു മൈൽ സാധാരണ സർവ്വീസ് | ൧൪ കാശു് |
| ഒരു മൈൽ എക്സ്പ്രസ്സ് സർവ്വീസ് | ൧ ചക്രം നാലുകാശു് |

പ്രൈവററ് സർവ്വീസ്

സ്റേജ്കാര്യേജ്ബസ്സുകളിൽ കുറഞ്ഞ ചാർജ്ജ് ക്ലിപ്തപ്പെടുത്തിയിട്ടില്ല. സമതലപ്രദേശങ്ങളിൽ മൈലൊന്നിന് കൂടിയതു ഒരു ചക്രവും കുന്നിൻപ്രദേശങ്ങളിൽ ഒന്നേകാൽ ചക്രവും വസൂലാക്കാമെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അതെ, അതിനെപ്പററി ആലോചിക്കുന്നതാണ്.

**ROAD JUNCTION AT GOVERNMENT M. H. SCHOOL, QUILON**

* 469. **Sri. P. Kunjukrishnan:** Will the Government be pleased to state.—

(*a*) whether they have received recommendations or representations from the Quilon Municipality that in view of the very narrow and highly dangerous condition of the road junction at the Government M. H. School, Quilon and in view of the fact that the above junction is sitiuated very close to the Government M. H. School, Government English High School, Quilon, Courts and other Public Offices and also being situated in the vicinitv of and on the high way to the A. D. Cotton Mills, Quilon the above junction should be opened up and broadened and

(*b*) if the answer to the above is in the affirmative, what action they have taken on the same?

**The Hon'ble Sri E. John Philipose:** (*a*) Yes.

(*b*) Government have considered the necessity for the work and have called for the necessary estimate.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇപ്പോൾ അതു് ഏതു നിലയിൽ ഇരിക്കുന്നു?

**The Hon'ble Sri. E. John Philipose:** The Governmrnt have called for the estimate.

ശ്രീ പി. കുഞ്ഞുകൃഷ്ണൻ: ജോലി എന്നത്തേക്കു് തുടങ്ങുമെന്നു് പറയാമോ?

ബഹു. ശ്രീ. ഈ. ജോൺ ഫിലിപ്പോസ്: എസ്റ്റിമേററ് വന്നാലേ പറയാൻ സാധിക്കുകയുള്ളു.

**PARIPPALLY—PARAVOOR AND CHATHANNOOR-PARAVOOR ROADS**

* 470. **Sri. P. Kunjukrishnan** Will the Government be please d to state.—

(*a*) whether the process of metalling of the Parippally—Paravoor and Chathannoor-Paravoor roads in Quilon Taluk is completed?

(*b*) if the answer is in the affirmative may I know whether the road from Paravoor bazaar to Thekkumbhagam *via* Kuttur bridge metalled; and

(*c*) if not, why not?

**The Hon'ble Sri. E. John Philipose:** (*a*) Yes, except for a short length on the Paripally—Paravoor road which will also be completed within a few days.

(*b*) No.

(*c*) The present importance of the road does not justify its being metalled.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഈ റോഡു് വളരെ മോശപ്പെട്ടു കിടക്കുന്നതായിട്ടറിയാമോ?

ബഹു. ശ്രീ. ഈ. ജോൺ ഫിലിപ്പോസ്: അതിനു് മെയിൻറനൻസ് ഗ്രാൻറ് അലാട്ടു് ചെയ്തിട്ടുണ്ട്.

**MORALE OF POLICE**

* 471. **Sahib Bahadur P. S. Mohammed:** Will the Hon'ble Premier be pleased to state whether he is aware that the morale of Police is being deteriorated?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. വി കെ. വർഗ്ഗീസ്: പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ ധാരാളം പരാതികൾ ഉള്ളതായിട്ടറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പരാതികൾ ഉണ്ട്. അതിനു നടപടി എടുത്തിട്ടുമുണ്ട്.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ: അസന്മാർഗ്ഗികമായ നടപടികൾക്കായി അവരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അസന്മാർഗ്ഗികമെന്നു പറഞ്ഞാൽ പലവിധത്തിലാകാം. അതിൽ ഏതാണു് മെമ്പർ ഉദ്ദേശിക്കുന്നതു് എന്നു് അറിഞ്ഞില്ല.

ശ്രീ. വർക്കീസ് അഗസ്റ്റിൻ: വ്യഭിചാരം, മുതലായ കാര്യങ്ങൾക്കായി.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയുള്ളതായി അറിവില്ല.

## വൈയ്ക്കം വളം ഡിപ്പോ

* ൪൧൮. ശ്രീ. വി. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) വൈയ്ക്കം വളം ഡിപ്പോ ആരുടെ ചുമതലയിൽ ആണ് നടത്തിവരുന്നത്?

(ബി) ഡിപ്പോ ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥന് എന്തെല്ലാം ജോലികൾ ആണുള്ളത്?

(സി) ഒരാണ്ടിൽ ഉദ്ദേശം എത്ര രൂപാ വിലവരുന്ന വളം ഈ ഡിപ്പോ വിററഴിക്കുന്നുണ്ട്?

(ഡി) ഡിപ്പോ ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥനെ സഹായിക്കുന്നതിന് വേറെ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഉണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: (എ) അഗ്രികൾച്ചറൽ ഡെമാൺസ്ട്രേറർ, വൈക്കം.

(ബി) കൃഷിസംബന്ധമായ ഉപദേശങ്ങൾ കൃഷികർക്ക് നൽകുകയും, ഭക്ഷ്യസംവർദ്ധന പദ്ധതിയനുസരിച്ചുള്ള വളം വില്പന നടത്തുകയുമാണ്.

(സി) ഈ വർഷത്തിൽ മിഥുനം അവസാനംവരെ ൩൧,൯൭൪ രൂപാ വിലയ്ക്കുള്ള വളം പ്രസ്തുത ഡിപ്പോയിൽ നിന്നും വിററിട്ടുണ്ട്.

(ഡി) ഇല്ല.

ശ്രീ. വി. മാധവൻ: വില്പന എല്ലാ ദിവസങ്ങളിലും ഇല്ലെന്നറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ചില നിശ്ചിത ദിവസങ്ങളിൽ മാത്രമെ അവർക്ക് ഇതിനായിട്ട് സമയം ചിലവാക്കുവാൻ സാധിക്കുന്നൊള്ളു അതുകൊണ്ട് പരാതിയൊന്നും ഉണ്ടായിട്ടുമില്ല.

ശ്രീ. വി. മാധവൻ: ആഴ്ചയിൽ എത്ര ദിവസമാണ് വില്പനയുള്ളത്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അത് കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

## ഡെമോൺസ്ട്രേട്ടറന്മാരുടെ ജോലികൾ

*൪൧൯. ശ്രീ. വി. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൃഷിഡിപ്പാർട്ടുമെണ്ടിൽ എത്ര ഡെമോൺസ്ട്രേട്ടറന്മാർ ഉണ്ട്?

(ബി) അവരുടെ ശമ്പളം എന്താണ്?

(സി) അവർക്ക് ഡെമോൺസ്ട്രേഷൻ അല്ലാതെ മററു ജോലികളും ഉണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ൨൨ (തിരുവിതാംകൂറിൽ ൧൮, കൊച്ചിയിൽ ൪)

(ബി) തിരുവിതാംകൂറിൽ ൮ പേർ പ്രതിമാസം ൩൦—൩—൪൫ രൂപ ശമ്പളത്തിലും ൧൦ പേർ, ൨൫—൧—൩൦ രൂപ ശമ്പളത്തിലുമാണ്. കൊച്ചിയിൽ അവരുടെ ശമ്പളം ൩൦—൧൫ രൂപയാണ്.

(സി) ഉണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ ഉദ്യോഗസ്ഥന്മാരുടെ പരീക്ഷായോഗ്യതകൾ എന്താണെന്നു പറയുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതിന് നോട്ടീസ് വേണം.

ശ്രീ. എം. വർക്കി: ഈ ഡമോൺസ്ട്രേഷൻ ജോലി എന്നു പറയുന്നതു എന്താണെന്നു പറയുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: കൃഷിയെസംബന്ധിച്ച പ്രചരണം നടത്തുക, കൃഷിക്കാർക്ക വേണ്ട ഉപദേശം നടത്തുക മുതലായവയാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: Demonstration நடத்தின இடத்தைக் காண்பிக்க முடியுமா?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ധാരാളം സ്ഥലങ്ങളിൽ അവർ ഉപദേശം കൊടുക്കുന്നുണ്ട്.

ശ്രീ. എൻ. വി. ചാക്കോ: അവരിൽ ആരെങ്കിലും വയലിൽ ഇറങ്ങി എന്തെങ്കിലും ഡമോൺസ്ട്രേഷൻ ഇതിനകം ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതിന് നോട്ടീസ് വേണം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇവരെല്ലാം കൃഷിപാഠശാലകളിൽനിന്നും പരിശീലനം സിദ്ധിച്ചിട്ടുള്ളവരാണോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: പരിശീലനം സിദ്ധിച്ചിട്ടുള്ളവരാണെന്നാണ് എന്റെ അറിവ്. അങ്ങിനെ ഇല്ലെന്നു മെമ്പർക്കു അറിവുണ്ടെങ്കിൽ പറഞ്ഞാൽ അതേപ്പറ്റി അന്വേഷിക്കാം.

## അങ്കമാലിയിലെ പോലീസ് സ്റ്റേഷൻ

*൪൧൮. ശ്രീ. എ. വി ജോസഫ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

കുന്നത്തുനാട്ട് താലൂക്കിൽപ്പെട്ട അങ്കമാലിയിൽ ഒരു പോലീസ് സ്റ്റേഷൻ വേണമെന്നു കാണിച്ചു വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടി നടത്തി?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ലഭിച്ചിട്ടുണ്ട്. അവ ആലോചനയിൽ ഇരിക്കയാണ്.

ശ്രീ. എ. വി. ജോസഫ്: ഈ പോലീസ് സ്റ്റേഷൻ എന്നു സ്ഥാപിക്കുമെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ഡി. എസ്സ്. പി. യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ തീരുമാനിക്കുന്നതാണ്.

## ആലുവായിലെ വണ്ടികളുടെ സമയം

*൪൧൯. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലുവായിൽനിന്നും ഓരോ സ്ഥലങ്ങളിലേക്കു പുറപ്പെടുന്ന വണ്ടികളെല്ലാം കൃത്യസമയത്തുതന്നെ പുറപ്പെടുന്നുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

(സി) അതതു സ്ഥലത്തേയ്ക്കുള്ള ബസ്സുകൾ കൃത്യസമയത്തുതന്നെ വിടുന്നതിനും മററുമായി സത്യസന്ധനും കാര്യപ്രാപ്തിയുള്ളവനുമായ ഒരു ഉദ്യോഗസ്ഥനെ അവിടെ നിയമിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്:

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റുവക ബസ്സുകൾ കൃത്യസമയത്തുതന്നെ പുറപ്പെടുന്നുണ്ട്.

(ബി) പെട്രോളിന്റെ ദൗർലഭ്യംമൂലമാണ്.

(സി) ചെക്കിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു ബസ്സുകൾ സമയനിഷ്ഠ പാലിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ: യാത്രക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ചു എക്സ്പ്രസ്സ് ബസ്സുകളുടെ എങ്കിലും കൺസോളിഡേററഡ് ഷെഡ്യൂൾ ടൈം പരസ്യം ചെയ്യുന്നതിനു ദയവുണ്ടാകുമോ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: അതു ഇതുവരെ പരസ്യം ചെയ്തിട്ടില്ലെന്നാണോ ബഹു: മെമ്പർ ധരിച്ചിരിക്കുന്നത്?

ശ്രീ. കെ. എ. മാത്യു: ആ സമയനിഷ്ഠ പാലിക്കുന്നില്ലെന്നു ഗവണ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: അങ്ങിനെ ഗവണ്മെണ്ടിനു യാതൊരു പരാതിയും ലഭിച്ചിട്ടില്ല.

ശ്രീ. കെ. എ. മാത്യു: അതു ശരിയല്ലെന്നും ഞാൻതന്നെ അതേപ്പറ്റി പരാതി അയച്ചിട്ടുണ്ടെന്നും അറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പറ്റി എനിക്കു നിശ്ചയമില്ല. ട്രാൻസ്പോർട്ടു ഡയറക്ടരുടെ റിപ്പോർട്ടിൽ "There have been no specific complaints or delays in the departure of buses" എന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. കെ. എ. മാത്യു: ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ശരിയല്ലെന്നറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ആലുവാ ലയിനിനെ സംബന്ധിച്ചിടത്തോളം ശരിയാണെന്നാണ് അറിയുന്നത്.

ശ്രീ. കെ. എ. മാത്യു: അതു ശരിയല്ലെന്നും ഈ ആലുവാ ലയിനിനെ സംബന്ധിച്ചു തന്നെ ഞാൻ ഒരു പരാതി അയച്ചിട്ടുണ്ടെന്നും ബഹു. മന്ത്രിക്കറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അങ്ങിനെ അയച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കാം.

## EMERGENCY ACT

***476. Sahib Bahadur P. S. Mohammed:** Will the Hon'ble Minister for Law and Order be pleased to state.—

(*a*) the number of persons detained in custody under the provisions of Emergency Act?

(*b*) the number of labour leaders who are detained in custody at present?

(*c*) the nature of the activities for which they were arrested and detained?

(*d*) the number of cases against persons who made speeches and processions in violation of prohibitory orders; and

(*e*) the period of detention of Mr. T. V. Thomas in the jail?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) One.

(*b*) Nil.

(*c*) For prejudicial activities.

(*d*) The question does not specify the period for which it relates and hence it is not possible to give a reply.

(*e*) The present period of detention of T. V. Thomas expires on 4th October 1949. He is under detention from 5th April 1948.

**Sri. K. W. Muralidhara Marar**: May I know whether detention without trial is repugnant to the principles of democracy?

**Mr. Speaker:** It is a question of policy and matter of opinion and hence no answer need be given.

## APPOINTMENTS OF THE CHIEF SECRETARY AND THE CHAIRMAN OF THE PUBLIC SERVICE COMMISSION

***477. Sahib Bahadur P. S. Mohammed:** Will the Hon'ble Premier be pleased to state.—

(*a*) whether the appointment of the Present Chief Secretary and the Chairman of the Public Service Commission was made at the instigation of the Central Government?

(*b*) the reasons that prompted the Ministry for making the above two appointments on a higher pay?

**The Hon'ble Sri. T. K.Narayana Pillai:**

(a) No.

(*b*) In the interest of Public Service, it was thought fit to secure their services.

## APPOINTMENT OF MR. SEBASTIAN

***478. Sri. A. Chithambaranatha Nadar:** Will the Hon'ble Premier be pleased to answer.—

(*a*) when Mr. Sebastian was appointed as Public Service Commissioner and what is his pay?

(*b*) how old is he now?

(*c*) what do the Gevernment do with Mr. Sebastian after the constitution of the Public Service Commission?

(*d*) is he on other duty now; and

(*e*) if so what is his present duty as Commissioner?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) Sri. Sebastian was appointed as Public Service Commissioner on 26th Kanni 1124 on a pay of Rs. 550 per mensem.

(*b*) His date of birth is 11th February 1898.

(*c*) He has been appointed as Director of Village Panchayats.

(*d*) and (*e*) Do not arise.

ஸ்ரீ. ஏ. சிதம்பரநாத நாடார்: மிஸ்டர். ஸெபாஸ்டியன் அவர்களுடைய நியமனம் ராஜரீகமானதா அல்லது சாமுதாயகமானதா?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ രണ്ടു തരത്തിലും നിയമനങ്ങളില്ല.

**ASARIPALLAM OUTPOST IN SOUTH TRAVANCORE, AGASTISWARAM TALUK**

*479. **Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Law and Order be pleased to state.—

(*a*) whether the Government is aware of the letter to the Editor "Thyaganad", a Tamil daily by one Mr. Sriraman Nadar, Sargunavethi, Ramanputhoor, on 3rd July 1949, published on 4th July 1940?

(*b*) if so, what steps have been taken against the police constable, Ramakrishna Pillai, Thevar and three others from the said outpost who had snatched the sum of rupees 15 from Sriraman Nadar; and

(*c*) if not, why not?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) Yes.

(*b*) There is no conclusive evidence to prove the allegation of snatching away Rs. 15 from Sriraman Nadar. But the police constables were punished departmentally.

(*c*) Does not arise.

ஸ்ரீ. ஏ. சிதம்பரநாத நாடார்: Departmental punishment என்ன என்று சொல்ல முடியுமா?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അവർക്കു വാർണിംഗ് കൊടുത്തിട്ടുണ്ട്. പ്രമോഷനും തടഞ്ഞിട്ടുണ്ട്.

**TRANSFER OF FEMALE SUBORDINATES OF HOSPITALS**

*480. **Sri. Eapen Arakkal:** Will the Hon'ble Minister for medical be pleased to answer the following questions.—

(*a*) in effecting transfers of midwives, nurses and other female subordinates of a hospital will the Government be pleased to show some consideration to those midwives, nurses, etc. whose husbands and families are permanently residing in a particular station?

(*b*) have any nurses or midwives in the District Hospital, Alleppey put in petitions before proper authorities that their transfers may be deferred on the ground that their husbands are permanently employed in the locality and that their children are lying sick?

(*c*) will the Government be pleased to consider such petitions with some indulgence; and

(*d*) are there nurses attached to the Alleppey District Hospital with longer period of service in the same hospital than those nurses referred to in parts (*b*) and (*c*)?

**The Hon'ble Sry. Anne Mascarene:**

(*a*) In public interests, Government have laid it down as a rule that transfers of subordinates should be made once in 3 years subject to this general limitation, consideration is being shown in deserving cases.

(*b*) Yes.

(*c*) Such cases will be considered subject to the exigencies of service and interests of the institution.

(*d*) Yes. One.

(The next question in the agenda *viz.*, No. 762 in the admitted list of questions, was not put)

**എറണാകുളം ജനറൽ ആശുപത്രി**

* ൪൮൧. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എറണാകുളം ജനറലാശുപത്രിയിലെ മെറേറർനിററി വാർഡിലുള്ള ആകെ ബെഡ്ഡ് എത്ര?

(ബി) ഇപ്പോൾ ആ വാർഡിലുള്ള സ്ത്രീകൾ?

(സി) അവിടത്തെ ഒരാളുടെ ഒരു ദിവസത്തെ ഭക്ഷണച്ചെലവ്?

(ഡി) ഭക്ഷണരീതി?

(ഇ) അവിടെയുള്ള മിഡൈ്വഫുകളുടെ എണ്ണം?

(എഫ്) അവരുടെ ശമ്പളം എന്ത്?

(ജി) അവരുടെ ജോലി എന്ത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ൩൪.

(ബി) ൩൬.

(സി) ൨ ണ. ൬ പൈസ.

(ഡി) രോഗിയുടെ സ്ഥിതിയനുസരിച്ച് ഭക്ഷണം വ്യത്യാസപ്പെടുന്നതാണ്. സാധാരണയായി അവക്ക് ചോറും കറിയും കൊടുക്കുന്നുണ്ട്.

(ഇ) ൪.

(എഫ്) ൩൦ രൂപ—൬൦ രൂപ ഗ്രേഡ്.

(ജി) പ്രസവസംബന്ധമായ ജോലി, മാതൃശിശ്രൂഷണം, ശിശുസംരക്ഷണം ഇവകളാണ് അവരുടെ ചുമതല.

ശ്രീ. എ. വി. ജോസഫ്: ഈ മെറേറർണിററി വാർഡിനെ ഒന്നുകൂടി വലുതാക്കാൻ ഗവമ്മെണ്ടിനു ആലോചനയുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഈ യൂണിയൻ ഗവമ്മെണ്ടിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് കഴിയുന്നിടത്തോളം വലുതാക്കാൻ ശ്രമിക്കാം.

ഡാക്ടർ മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഈ മെറേറർണിററി വാർഡിൽ ബെഡ്ഡ് ഒന്നിനു ഇപ്പോൾ നന്നാലു പേഷ്യൻറ്സ് ഉണ്ടെന്ന് ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ആ ആശുപത്രി ഞാൻ പോയി സന്ദർശിച്ചിട്ടുണ്ട്. മെമ്പർ പറയുന്നതു ശരിയല്ല.

ഡാക്ടർ മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഈ ആശുപത്രിയിലെ മെറേറർണിററി വാർഡിൽ പേഷ്യൻറസ് തിങ്ങിക്കൂടിക്കിടക്കുന്നുണ്ടെന്നു ബഹു. മന്ത്രിക്കറിയാമോ? *

ബഹു. ശ്രീമതി ആനിമസ്ക്രീൻ: പ്രസവസംബന്ധമായ സുഖക്കേടുകൾ നിമിത്തം ആ ആശുപത്രിയിൽ വരുന്ന രോഗികൾക്കു കഴിയുന്നതും സൗകര്യം ആ ആശുപത്രിയിൽ നൽകിവരുന്നുണ്ട്.

ഡാക്ടർ മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഈ മെറേറർനിററി സെക്ഷനിൽമാത്രം വളരെ അധികം രോഗികൾ തിങ്ങിക്കൂടി കിടക്കുകയാണെന്നറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അങ്ങിനെ ഉണ്ടെങ്കിൽ അതേപ്പററി അന്വേഷിക്കാം.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഒരു ബെഡ്ഡിൽ നാലുപേക്കു കിടക്കാൻ സാധിക്കുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതുകൊണ്ടുതന്നെയാണ് അതു ശരിയല്ലെന്നു ഞാൻ നേരത്തേ പറഞ്ഞതു്.

ഡാക്ടർ മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഒരു ബെഡ്ഡിൽ നാലുപേർവീതം ആയാലും തീരാത്തത്ര രോഗികൾ ഉണ്ടെന്നേ ഞാൻ പറഞ്ഞതിനു അർത്ഥമുള്ളൂ.

### പോലീസ് ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാററം

*൪൨൨. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

പോലീസ് ഉദ്യോഗസ്ഥന്മാരെ ഒരു സ്റ്റേഷനിൽ ഒരേ സമയം ജോലിയിൽ ഇരുത്താവുന്ന കൊല്ലങ്ങൾ എത്ര? ആ ചട്ടത്തിനു വിരുദ്ധമായി ഇടപ്പള്ളി പോലീസ് സ്റ്റേഷനിൽ ആരെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അതിനു കാരണമെന്തു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണയായി ൫ കൊല്ലവും ഇൻസ്പെക്ടർ ജനറലിന്റെ അനുവാദത്തോടുകൂടി ൧ കൊല്ലവും ഒരു പോലീസ് ഉദ്യോഗസ്ഥനു ഒരു സ്റ്റേഷനിൽ ഇരിക്കാവുന്നതാണ്. ഈ കാലപരിധിയെ അതിക്രമിച്ച് ഇപ്പോൾ ആരുംതന്നെ ഒരു സ്റ്റേഷനിലും ഇരുപ്പില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ ഏഴുകൊല്ലം എന്നു പറഞ്ഞതു് തുടർച്ചയായി ഇരുക്കുന്നതിനെപ്പററിയാണോ? അതോ ആകെ ഏഴു കൊല്ലമേ പാടുള്ളു എന്നാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇൻസ്പെക്ടർ ജനറലിന്റെ അനുവാദത്തോടു കൂടിയാണെങ്കിൽ ഏഴുകൊല്ലം തുടർച്ചയായിതന്നെ ഒരു സ്റ്റേഷനിൽ ഇരിക്കാവുന്നതാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇൻസ്പെക്ടർ ജനറലിന്റെ അനുവാദത്തോടുകൂടിയാണെങ്കിലും ഏഴുകൊല്ലത്തിൽ കൂടുതൽ ഇരിക്കാൻ പാടില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പാടില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഏഴുകൊല്ലം ഒരു സ്റ്റേഷനിൽ ഇരിക്കുക, അതുകഴിഞ്ഞു് ഒരു മാസത്തേക്കു് ഒരവധി, അല്ലെങ്കിൽ ഒരു സ്ഥലംമാററം, ഇങ്ങനെ ഒരു കറക്കൽ കഴിഞ്ഞു് വീണ്ടും അതേ സ്റ്റേഷനിൽത്തന്നെ തിരിച്ചുവരുന്നതായി അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ കറക്കലിനെപ്പററി എനിക്കു് അറിഞ്ഞുകൂടാ.

ശ്രീ. പൊന്നറ ജി. ശ്രീധർ: എന്നാൽ അതാണു് അറിയേണ്ടതു്. ഒരുമാസം കഴിയുമ്പോൾ എങ്ങിനെയെങ്കിലും അവർ ആ സ്റ്റേഷനിൽത്തന്നെ തിരിച്ചുവരുന്നുണ്ടെന്നുള്ള വിവരം ബഹു. മന്ത്രിക്കറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനിപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇരുപ്പൻ അറയ്ക്കൽ: പോലീസ് ഉദ്യോഗസ്ഥന്മാർ ൭ കൊല്ലം ഒരു സ്ഥലത്തു തന്നെ തുടർന്നിരിക്കുന്നതു വളരെ ആശാസ്യമാണെന്നു് ഗവമ്മെണ്ടു വിചാരിക്കുന്നില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണു്.

*ശ്രീ. எ. சிதம்பரநாத நாடார்:* ஒரு Police Inspector ஐ முதலில் ஸ்தலம்மாற்றின பிறகு, மீண்டும் மாற்றலாமா?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഒരിക്കൽ സ്ഥലംമാററിയാൽ പിന്നെയും മതിയായ കാരണമുണ്ടെങ്കിൽ സ്ഥലംമാററാവുന്നതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ റൂൾ എന്നാണു് ഉണ്ടാക്കിയതെന്നു് പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ പഴക്കത്തെപ്പററി എനിക്കറിഞ്ഞുകൂടാ.

### ആലുവാ പോലീസ് സ്റ്റേഷൻ

*൪൮൫. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

ആലുവാ പോലീസ്സ്റ്റേഷനിൽ എത്ര ലാക്കപ്പുമുറികളുണ്ടു്; അതിൽ ഓരോന്നിലും എത്ര പുള്ളികൾ വീതമുണ്ടു്; ആ മുറികളിലെ പുള്ളികൾ മൂത്രമൊഴിക്കുന്നതെവിടെ; ആ പുള്ളികളെ ആഴ്ചയിൽ എത്ര പ്രാവശ്യം കുളിക്കാൻ അനുവദിക്കും?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മൂന്നു മുറികൾ ഉണ്ടു്. രണ്ടെണ്ണത്തിൽ ൧൨ പുള്ളികൾ വീതവും മൂന്നാമത്തേതിൽ ൧൪ പുള്ളികളുമുണ്ടു്. അവർ പകൽസമയത്തു സ്റ്റേഷനടുത്തുള്ള മൂത്രപ്പുരയിലും രാത്രിസമയത്തു് അവരുടെ മുറികളിൽ പ്രത്യേകം തയ്യാറാക്കിയിട്ടുള്ള പാത്രങ്ങളിലും മൂത്രവിസർജ്ജനം ചെയ്യുന്നു. അവരെ ദിവസേന കുളിക്കുവാൻ അനുവദിക്കുന്നുണ്ടു്.

ശ്രീ. എ. വി. ജോസഫ്: ഈ മുറികളുടെ നീളവും വീതിയും എത്രയാണെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്സു്: ലാക്കപ്പുമുറികളിൽ മൂത്രമൊഴിക്കുന്നതിനു് പാത്രം വയ്ക്കുന്ന രീതിമാററി പുറത്തേക്കു് ഓവു വയ്ക്കുന്നതു നന്നായിരിക്കുകയില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പല ലാക്കപ്പുകളിലും ഇതിനകംതന്നെ ഗവമ്മെണ്ടു് അതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ചില ലാക്കപ്പുകളിൽമാത്രമേ ഇപ്പോൾ പാത്രങ്ങൾ ഉപയോഗിക്കുന്നുള്ളു.

ശ്രീ. എ. വി. ജോസഫ്: പുള്ളികളെ ലാക്കപ്പുമുറികളിൽ അടച്ചിടുന്ന സമ്പ്രദായം മാററി സബ്ജയിലുകൾ ഉണ്ടാക്കി അവയിൽ പാർപ്പിക്കാൻ ഗവമ്മെണ്ടിനു് ആലോചനയുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആലോചനയുണ്ടു്. അതിലേക്കു് ഇപ്പോഴത്തെ ബഡ്ജററിൽ ഒരു സംഖ്യ കൊള്ളിച്ചിട്ടുമുണ്ടു്.

ശ്രീ. എ. വി. ജോസഫ്: അവരെ ദിവസേന കുളിക്കുവാൻ അനുവദിക്കുന്നുണ്ടെന്നു പറഞ്ഞുവെങ്കിലും യഥാർത്ഥത്തിൽ ആഴ്ചയിൽ ഒരിക്കൽപോലും അവരെ കുളിക്കുവാൻ അനുവദിക്കുന്നില്ലെന്നു് അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: എനിക്കു കിട്ടിയിട്ടുള്ള വിവരങ്ങളെ ആസ്പദമാക്കിയാണു് ഞാൻ മറുപടി പറഞ്ഞതു്. അതനുസരിച്ചു് അവരെ ദിവസവും കുളിക്കാൻ അനുവദിക്കുന്നുണ്ടെന്നാണു് പറയേണ്ടതു്.

ശ്രീ. എ. വി. ജോസഫ്: ആഴ്ചയിൽ ഒരിക്കൽപോലും അവരെ കുളിക്കാൻ അനുവദിക്കുന്നില്ലെന്നു ഞാൻ പറഞ്ഞാൽ ഗവമ്മെണ്ടു വിശ്വസിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. ജോസഫ് അങ്ങിനെ പറയുകയാണെങ്കിൽ അതു വിശ്വസിക്കാം.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ: ഈ മൂത്രമൊഴിക്കുന്ന പാത്രം രാവിലെ എടുത്തു വെളിയിൽകൊണ്ടുപോയി കളയുന്നതു് ആരാണെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ചിലപ്പോൾ പുള്ളികളായിരിക്കും. ചിലപ്പോൾ അതിലേക്കുവേണ്ടി നിയമിച്ചിട്ടുള്ള സ്കാവഞ്ചേഴ്സ് ആയിരിക്കും.

## (b) Written Answers

### PROHIBITION

**484. Sri. N. V. Chacko:** Will the Hon'ble Minister for Excise be pleased to state.—

(*a*) whether the money realised by the Government from toddy arrack and other things not permitted to be sold or used in the prohibited areas will be reserved for the exclusive benefit for the non-prohibited areas and people residing there ;

(*b*) whether the Government are aware that there are certain communities like the Muslim and the Brahmin which do not as a rule use toddy and arrack ;

(*c*) whether the money realised from the use and sale of toddy and arrack was not being used for the benefit of all people indiscriminately ; and

(*d*) whether the Government will be pleased to spend money realised from sale and use of toddy and arrack for the improvements, amelioration and amenities of those who are the source of such income?

### BOOTHATHANKETTU WEIR SCHEME

**The Hon'ble Sri. N. Kunjuraman:**

(*a*) No; public expenditure cannot be regulated in this manner.

(*b*) Yes.

(*c*) The money went into the public revenues.

(*d*) Vide answer to (*a*).

**485. Sri. N. V. Chacko:** Will the Hon'ble Minister for Irrigation or Agriculture be pleased to state.—

(*a*) how far the investigations of the Boothathankettu Weir scheme in the Periyar river have advanced;

(*b*) whether the Government are in a position now to say that the scheme is beneficial enough to be worked out or it is not advantageous to the United State;

(*c*) whether the Government are aware that there is either misunderstanding or misrepresentation that the Boothathankettu Weir scheme will affect the lower regions adversely; and

(*d*) whether the Government are aware (1) that water for irrigation under the scheme is required during the rainy months from Edavam to next Dhanu for Kanni and Makaram crops (2) that it is admitted by all that there will be plenty of water for this purpose during these months and (3) that water need not be supplied from Makaram to Medam under this scheme unless in reality it is found that there is plenty of it so as not to cause damage to the lower regions?

**The Hon'ble Sri. E. Ikkanda Warrier:**

(*a*) Investigation is being confined to weir and left bank. It is half done.

(*b*) From the investigation so far done, it appears that the scheme will increase paddy production in the State.

(*c*) Government are not aware. Even if there be, the scheme will be designed as not to affect the lower regions adversely.

(*d*) These matters are being looked into carefully by the investigation staff.

**PRICE OF PEPPER, ETC.**

**486. Sri. N. V. Chacko:** Will the Hon'ble Minister for Supplies be pleased to state: the rates of price of (*a*) pepper (*b*) ginger and (*c*) paddy in 1114, 1120 and 1124?

**The Hon'ble Sahib Bahadur T. A. Abdulla:**

| Name of commodity | Travancore | | | Cochin | | |
|---|---|---|---|---|---|---|
| | 1114 Karkadagam | 1120 Karkadag am | 1124 Karkadag am | 1114 | 1120 | 1124 |
| | Rs. | Rs. | Rs. | Rs. | Rs. | Rs. |
| (*a*) Pepper | 70 per candy | 313 per candy | 1975 per candy | 100 per candy | 350 per candy | 1700 per candy |
| (*b*) Ginger | 48 do. | 195 do. | 738 do. | 90 do. | (not available | 700 do. |
| (*c*) Paddy (Procurement price) | Re. 0—7—6 per para | Re. 1—8—0 per para | Rs. 2—8—0 per para till 18th Medam 1124 Rs. 2—0—0 per para from 19th Medam 1124 | 7 As. per para | Re. 1—6—0 per para | Re. 1—12—0 per para |

**BUS TIMINGS**

**487. Sri. N. V. Chacko:** Will the Hon'ble Minister for Transport be pleased to state.—

(*a*) whether the Government are aware that for some months, as a rule the buses leave the stations long after the scheduled time;

and (*b*) whether the employees of the Transport Department get sufficient time to make the necessary repairs of buses between two consecutive trips?

**The Hon'ble Sri. E. John Philipose:**

(*a*) No.

(*b*) Yes, in the case of long trips.

ഭക്ഷ്യധാന്യവർദ്ധനവ്

൪൮൮. ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ൧൧൨൫-ൽ ഐക്യസംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കു ഗവർമ്മെണ്ടു് എന്തെങ്കിലും പുതിയ പദ്ധതിയോ പ്രവർത്തനമോ ഏർപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു് എന്താണു്?

(സി) അതിലേക്കു് കൂടുതലായി എന്തു ചെലവുണ്ടാകും?

(ഡി) അങ്ങിനെ പുതിയ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതുമൂലം കൂടുതലായി എത്രശതമാനം ഭക്ഷ്യധാന്യങ്ങൾ ഉണ്ടാകുമെന്നാണു് ഗവർമ്മെണ്ടിന്റെ പ്രതീക്ഷ.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ഉണ്ടു്.

(ബി) ൧. ഭൂമിനിലമായി തിരുത്തുന്ന (ലാൻഡ് റിക്ലമേഷൻ) പദ്ധതികൾ

(൧) ഹൈറേഞ്ചിൽനിന്നും ഉദ്ദേശം ൧൨,൫൦൦ ഏക്കർ പുൽപ്രദേശം നിലമായി തിരുത്തുക.

(൨) വേമ്പനാട്ടുകായലിൽനിന്നും ൫,൦൦൦ ഏക്കർ ഭൂമി നികത്തി എടുക്കുക.

(൩) കായംകുളം കായലിൽനിന്നും ഉദ്ദേശം ൭൦൦ ഏക്കർ ഭൂമി നികത്തി എടുക്കുക.

(൪) നെയ്യാററിൻകര താലൂക്കിൽ കുന്നത്തുക്കാൽ പകുതിയിൽ ഏകദേശം ൧,൦൦൦ ഏക്കർ ഭൂമി കൃഷിക്കു വിട്ടുകൊടുക്കുക.

(൫) ആരുവാമൊഴി പ്രദേശത്ത് ഉദ്ദേശം ൬,൦൦൦ ഏക്കർ പുരയിടം നിലമാക്കി തിരുത്തുക.

(൬) പെരിഞ്ചാണി പ്രദേശത്തെ ഉദ്ദേശം ൬,൦൦൦ ഏക്കർ ഭൂമി ജലസേചന പദ്ധതിയുടെ വികസനംമൂലം കൃഷിക്കുപയുക്തമാക്കിത്തീർക്കുക.

(൭) ആനമല റോഡിന്റെ ഇരുവശങ്ങളിലുമായി ൫,൦൦൦ ഏക്കർ സ്ഥലം കൃഷിക്കുപയുക്തമാക്കിത്തീർക്കുക.

൨. കൂട്ടം കൃഷി.

(൧) ഉത്തരതിരുവിതാംകൂറിലെ ആറു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പൂർത്തീകരണം. ഇതിൽ ഏകദേശം ൧൫,൫൦൦ ഏക്കർ ഭൂമി ഉൾക്കൊള്ളുന്നു. ഇതിനും പുറമേ കൊച്ചിയിൽ ൪,൦൦൦ ഏക്കറും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(൨) കുട്ടനാട്ടിലെ ഏകദേശം ൬,൦൦൦ ഏക്കർ പുഞ്ചനിലങ്ങളിലേക്ക് എലക്ട്രിക്ക് ലൈൻ നീട്ടുക.

(൩) സൌജന്യനിരക്കിൽ വളവും കൃത്രിമവളങ്ങളും വിതരണം നടത്തുന്നതു ത്വരിപ്പിക്കുക.

(൪) ഉദ്ദേശം ൧,൫൦൦ മൈനർ ഇറിഗേഷൻ ജോലികളുടെ പൂർത്തീകരണം.

(൫) കമ്പോസ്ററുവളത്തിന്റെയും നല്ലിനം വിത്തുകളുടേയും ഉല്പാദനം വർദ്ധിപ്പിക്കൽ.

(സി) പദ്ധതികളുടെ പരിശോധനയ്ക്കുശേഷമേ ഈ വിവരം നൽകാൻ നിവൃത്തിയുള്ളു. ഉദ്ദേശം മൂന്നുകോടി രൂപാ ചിലവുണ്ടാകും.

(ഡി) ഉദ്ദേശം ൫൦,൦൦൦ ടൺ ഭക്ഷ്യധാന്യങ്ങളും ൩൬,൦൦൦ ടൺ മററു ആഹാരപദാർത്ഥങ്ങളും.

## ശുദ്ധജലവിതരണം

൪൭൬. ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഐക്യസംസ്ഥാനത്തിൽ കുടിക്കുന്നതിനാവശ്യമായ ശുദ്ധജലം കിട്ടാത്ത സ്ഥലങ്ങളിൽ ശുദ്ധജലവിതരണത്തിന് എന്തെങ്കിലും ഒരു പദ്ധതി ഗവൺമെണ്ടിന്റെ ആലോചനയിലുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി എന്താണെന്നു വിവരിക്കാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) ജലവിതരണത്തിനുവേണ്ടി വളരെ ആഴമേറിയ ട്യൂബ്‌വെൽസ് ഉണ്ടാക്കുന്ന പദ്ധതി. ഇതുകൂടാതെ കൊച്ചി ഹാർബറിനു തെക്കുവശമുള്ള പള്ളുരുത്തി, ചെല്ലാനം, കണ്ണമ്മക്കടവ്, മുണ്ടൻവേലി മുതലായ സ്ഥലങ്ങളിലേക്ക് ആലുവാ വെള്ളം നിയന്ത്രിച്ചു കൊണ്ടുപോയി വിതരണംചെയ്യേണ്ടതിലേക്കുള്ള പൈപ്പുലൈൻ പണി, പമ്പിങ്ങ് സ്റ്റേഷൻ പണി മുതലായതുകൾ തുടങ്ങിവരുന്നു. ഹാർബറിനു വടക്കുവശമുള്ള വൈപ്പിൻ, പനമ്പുകാട്, വല്ലാർപാടം മുതലായ സ്ഥലങ്ങളിൽ താൽക്കാലികമായി ലാൻഡിംഗ് ക്രാഫ്റ്റിൽ എറണാകുളത്തുനിന്നു വെള്ളം കൊണ്ടുപോയി വിതരണംചെയ്തുവരുന്നതിനുപുറമേ ടി സ്ഥലങ്ങളിൽ പൈപ്പുലൈൻ ഇട്ടു സ്ഥിരമായി ജലവിതരണംചെയ്യാനുള്ള ആലോചനയുമുണ്ട്. ടി പ്രദേശങ്ങളിൽ ബോർഹോൾ കിണറുകൾ താഴ്ത്തി, ശുദ്ധജലം കിട്ടുമോ എന്നറിയാനുള്ള പരീക്ഷാർത്ഥപ്രവൃത്തികളും നടത്തിവരുന്നു.

മിനറൽസ് കമ്പനി

൪൯൦. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു കമ്പനികളുടെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂറിലെ മിനറൽസ് കമ്പനികൾ ഗവമ്മെണ്ട് ഏറെറടുത്തിട്ടുണ്ടോ?

(ബി) ഏറെറടുത്തിട്ടുള്ളപക്ഷം ആ കമ്പനികൾ ഏതെല്ലാമാണ്?

(സി) എന്തു വ്യവസ്ഥയിന്മേലാണ് ഏറെറടുത്തിട്ടുള്ളതു്?

(ഡി) എല്ലാമിനറൽസ് കമ്പനികളും ഏറെറടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ഒരു കമ്പനി ഏറെറടുത്തിട്ടുണ്ട്.

(ബി) അതു ട്രാവൻകൂർ മിനറൽസ് കമ്പനി ക്ലിപ്തമാണ്.

(സി) വിലയ്ക്കു വാങ്ങിയതാണ്.

(ഡി) മററു രണ്ടു കമ്പനികൾ വിലയ്ക്കെടുക്കുന്നകാര്യം ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

അഞ്ചുതെങ്ങും തങ്കശ്ശേരിയും

൪൯൧. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവിതാംകൂർ-കൊച്ചി യൂണിയനിടയ്ക്കു കിടക്കുന്ന അഞ്ചുതെങ്ങ്, തങ്കശ്ശേരി മുതലായ ഇൻഡ്യൻ യൂണിയനിൽപ്പെട്ട സ്ഥലങ്ങൾ തിരുവിതാംകൂർ-കൊച്ചി യൂണിയൻ ഗവമ്മെണ്ടിനു വിട്ടുകിട്ടണമെന്ന് ഈ ഗവമ്മെണ്ടു കേന്ദ്രഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: കേന്ദ്രഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ട്.

നെല്ലെടുപ്പു പദ്ധതി

൪൯൨. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഈ നാട്ടിലെ നെൽകൃഷിക്കാർ സർക്കാരിലേക്കു വില്ക്കേണ്ട നെല്ല് ഏതു തോതിലാണ് വേണ്ടതെന്നു നിശ്ചിതമായ ഒരു തീരുമാനം എപ്പോഴെങ്കിലും ഗവമ്മെണ്ടു ചെയ്തിട്ടുണ്ടോ;

(ബി) നെൽകൃഷിക്കാരോട് അവരവരുടെ നിലങ്ങളുടെ സവ്വേ നമ്പർ, വിസ്തീർണ്ണം, നിലങ്ങളിൽനിന്നു കിട്ടുന്ന ആദായം, മുതലായ വിവരങ്ങളടങ്ങിയ സ്റ്റേറമെണ്ട് എത്ര തവണ ഗവമ്മെണ്ടിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്;

(സി) ഒന്നിൽ കൂടുതൽ തവണ സ്റ്റേറമെണ്ട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ്;

(ഡി) ഓരോ കൃഷിക്കാരനും സർക്കാരിനു വില്ക്കേണ്ട നെല്ല് എത്രയാണെന്നു സ്ഥിരമായി അറിയിച്ചു നല്കുന്ന ഉത്തരവു പാസ്സാക്കാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ബഹു. സാഹിബ്ബഹദൂർ ടി. എ. അബ്ദുള്ള: (എ) ഉണ്ട്.

(ബി) ഓരോ പൂവിലും.

(സി) കൃഷിക്കാരന്റെ കൈവശമുള്ള ഭൂമിക്കു കൂടുതൽ കുറവു വരുവാൻ ഇടയുള്ളതുകൊണ്ടും, വിളവിനു വ്യത്യാസം വരാവുന്നതുകൊണ്ടും ഇത്തരം സ്റ്റേറമെണ്ടുകൾ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

(ഡി) സിയിൽ പറഞ്ഞ കാരണങ്ങളാൽ അങ്ങിനെ ചെയ്യുന്നതു് അഭിലഷണീയമായിരിക്കയില്ല.

റോഡരികിൽ മെററലും ചരലും കൂട്ടിയിടുന്ന പതിവു്

൪൯൩. ശ്രീ. വി. കെ. വർഗ്ഗീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്കു റോഡിന്റെ ഇരുവശങ്ങളിലും മെററലും ചരലും കൂട്ടിയിടുന്നതുമൂലം യാത്രക്കാർക്ക് അസൗകര്യവും അപകടവും നേരിടാൻ ഇടയുണ്ടെന്നു ഗവമ്മെണ്ടിനറിയാമോ;

(ബി) റോഡൊഴിച്ചുള്ള പുറമ്പോക്ക സ്ഥലങ്ങളിൽ, അവ ശേഖരിക്കുന്നതിനു നിർദ്ദേശം കൊടുക്കുമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) യാത്രക്കാർക്ക് അസൗകര്യം കൂടാതെയാണ് മെററലും ചരലും കൂട്ടിവരുന്നത്. അപകടം നേരിടത്തക്കവണ്ണം കൂട്ടിയിടുന്നില്ല.

(ബി) ഇതിനുവേണ്ട നിർദ്ദേശം കൊടുത്തിട്ടുമുണ്ട്. വീണ്ടും ആ നിർദ്ദേശം ഊർജ്ജിതപ്പെടുത്തിയിട്ടുമുണ്ട്.

AGRICULTURAL INCOME-TAX

**494. Sri. V. K. Varghese :** Will the Hon'ble Minister for Finance be pleased to say.—

(*a*) the amount received in Travancore for 1123 and 1124 from Agricultural Income-tax;

(*b*) whether the Government intend to abolish this tax; and

(*c*) whether the Government has got any representation that this tax should be abolished?

**The Hon'ble Sri. A. J. John :**

(*a*) Nearly Rs. 77 lakhs in 1123. (The figures for 1124 can be ascertained early in 1125).

(*b*) No.

(*c*) Yes, a resolution to this effect was passed at the Economic Conference at Kottayam on 7th June 1949.

CHENGANNUR A. S. P.

**495. Sri. V. K. Varghese :** Will the Hon'ble Chief Minister be pleased to say.—

(*a*) whether any complaints are received against the Chengannur A. S. P. Mr. Nadar alleging bribery; and

(*b*) if so, what action is taken on it ?

**The Hon'ble Sri. T. K. Narayana Pillai :**

(*a*) No.

(*b*) Does not arise.

കുട്ടനാടൻ പ്രദേശങ്ങളിലെ ശുദ്ധജലവിതരണം

൪൯൬. ശ്രീ. ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു. മന്ത്രി സദയം മറുപടി നല്കുമോ.—

(എ) അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴയൊഴിച്ചുള്ള തീരപ്രദേശങ്ങളിലും കുട്ടനാടൻ പ്രദേശങ്ങളിലും ജനങ്ങൾക്ക കുടിക്കാൻ ആവശ്യമായ ശുദ്ധജലവിതരണം ചെയ്യുന്നതിനെ സംബന്ധിച്ചു ഗവമ്മെണ്ടിലേക്ക നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിവേദനങ്ങളെ സംബന്ധിച്ച് എന്തു നടപടി നടത്തിയിട്ടുണ്ട്.

(സി) കുഴൽക്കിണറുകൾമൂലം ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി ഗവമ്മെണ്ടിന്റെ പക്കൽ ഉണ്ടോ ;

(ഡി) ആ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ചു വല്ല ആലോചനയും നടത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാം?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) ഇല്ല.

(ബി) എ. യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) കുഴൽക്കിണറുകൾ കുഴിക്കുന്നതിലേക്ക്, ആവശ്യമുള്ള ഉപകരണങ്ങൾ കിട്ടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ട്രാവൻകൂർ ട്രെയിഡ് കമ്മീഷണർ

൪൯൭. ശ്രീ. പി. കെ. കുമാരൻ ആശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു. വിദേശകാര്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ട്രാവൻകൂർ ട്രെയിഡ് കമ്മീഷണരായി ഒരു ഉയന്ന ഉദ്യോഗസ്ഥൻ ലണ്ടൻപട്ടണത്തിൽ ഉണ്ടോ?

(ബി) അതാരാണെന്നു പറയുന്നതിനു ദയവുണ്ടാകുമോ?

(സി) ശമ്പളം, അലവൻസ് ഇനത്തിൽ ആണ്ടിൽ അദ്ദേഹത്തിനു വേണ്ടി എത്ര രൂപാ ചെലവാകുന്നുണ്ട്?

(ഡി) ഇപ്പോഴും ട്രാവൻകൂർ ട്രെയിഡ് കമ്മീഷണരായിട്ടുതന്നെയാണോ അദ്ദേഹം ഉദ്യോഗം തുടർന്നുകൊണ്ടുപോകുന്നതു്?

(ഇ) ഐക്യസംസ്ഥാനത്തെ ഉല്പന്നങ്ങൾക്കു വിദേശവിപണികൾ ഉണ്ടാക്കുന്നതിൽ ഈ ഉദ്യോഗസ്ഥനും അദ്ദേഹത്തിന്റെ ആഫീസ്സും ഏതെങ്കിലും തരത്തിൽ സഹായകമായിരിക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ കുഞ്ഞുരാമൻ: (എ) ഇല്ല.

(ബി)
(സി)
(ഡി) ഈ പ്രശ്നങ്ങൾ ഉദിക്കുന്നില്ല.
(ഇ)

കയർ ഉല്പന്നങ്ങൾ

൪൯൮. ശ്രീ. പി. കെ. കുമാരൻ ആശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കയർകൊണ്ടുണ്ടാക്കുന്ന ഉല്പന്നങ്ങളുടെ വ്യവസായമാന്ദ്യത്തിന്റെ കാരണങ്ങൾ ആരാഞ്ഞു് അതിനുവേണ്ട പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു ഗവണ്മെണ്ടു ശ്രദ്ധിച്ചുവരുന്നുണ്ടോ?

(ബി) കയർവ്യവസായം കുടിൽവ്യവസായമാക്കിത്തീർക്കുന്നതിനുള്ള സാദ്ധ്യതകളെപ്പററി ഗവണ്മെണ്ടു് പര്യാലോചിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ശ്രമിച്ചുവരുന്നുണ്ടു്.

(ബി) ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

OPENING A RURAL DISPENSARY AT MUTHALAPURAM

**499. Sri. E. P. Paulose:** Will the Hon'ble Minister for Medical and Public Health be pleased to state:—

(*a*) whether any representation has been received from the public of Muthalapuram for opening a rural dispensary at Muthalapuram; and

(*b*) what action has been taken on it?

**The Hon'ble Sry. Anne Mascarene:**

(*a*) Yes, for opening a Government dispensary.

(*b*) The matter will be placed before the Expert Committee constituted by Government for preparing a scheme for establishing a system of grant-in-aid dispensaries in different parts of the State, in preference to the present system of opening Government dispensaries.

TOBACCO AUCTIONS

**500. Sahib Bahadur A. Majeed Marikar:** Will the Hon'ble Minister for Excise be pleased to state.—

(*a*) whether the Government are aware of the fact that tobacco auctions were held in several places on Fridays at 1 p.m., during compulsory prayer time for Muslims whereby many Muslim merchants were not able to participate in the auction?

(*b*) have the Government received any requests for postponing such auctions and if so, what steps were taken by the Government; and

(*c*) was there any grievance regarding this from Muslims in any place where such auction was held and in which they could not partake?

**The Hon'ble Sri. N. Kunjuraman:**

(*a*) Tobacco auctions were held in certain taluks on Fridays.

(*b*) A phonocom was received in the Excise Commissioner's Office from the Honourable Member for the postponement of the auction in Devicolam and thereupon instructions were issued to the Assistant Excise Commissioner to act under clause 7 of the sa'e notification if there was real necessity for adjournment for want of bidders or of competition.

(*c*) No.

SALES TAX RETURNS

**501. Sahib Bahadur A. Majeed Marikar:** Will the Hon'ble Minister for Sales Tax be pleased to state.—

(*a*) whether the Government could realise that their insisting on submission of Sales Tax Returns according to the Malabar month is inconvenient for those merchants who maintain their accounts according to English year; and

(*b*) will it be possible for the Government to permit such merchants who keep their accounts according to the English year to submit Sales Tax Returns likewise?

**The Hon'ble Sri. A. J. John:**

(*a*) Yes.

(*b*) No, as Government accounts are being kept according to the Malabar year.

AUCTIONING AND LICENSING

**502. Sahib Bahadur A. Majeed Marikar:** Will the Hon'ble Minister for Excise be pleased to state.—

whether the method of auctioning the right for sale of arrack, opium, tobacco, etc., is more profitable to Government than licensing such trades on fixed rates?

**The Hon'ble Sri. N. Kunhiraman:** Yes.

SALE OF TOBACCO

**503. Sahib Bahadur A. Majeed Marikar:** Will the Hon'ble Minister for Excise be pleased to state.—

(*a*) if the Government are aware that the policy of auctioning the right of sale of tobacco and tobacco preparations is not received favourably by the public of the State;

(*b*) has the Government received representations from the public or merchants objecting this; and

(*c*) what steps do the Government propose to take to control the possible exhorbitant rise in price of tobacco and tobacco preparations in the State due to the high premium at which the bids were made in the auction?

**The Hon'ble Sri. N. Kunjuraman:**

(*a*) No.

(*b*) Yes, from merchants.

(*c*) This question is hypothetical. Government do not propose to take any steps at present.

INCOME FROM TOBACCO

**504. Sahib Bahadur A. Majeed Marikar:** Will the Hon'ble Minister for Excise be pleased to state.—

(*a*) the amount realised by way of licenses in 1123 and the amount collected by way of duty on tobacco in 1123?

(*b*) the estimated amount or actual amount realised by auctioning the right of sales of tobacco and tobacco preparations?

(*c*) do the Government think that the price of tobacco and tobacco preparations will increase due to the high bid in auction and if so to what extent; and

(*d*) do the Government propose to take any measure to fix a maximum selling price for tobacco and tobacco preparations?

**The Hon'ble Sri. N. Kunjuraman:**

(*a*) Rs. 6,40,334 and Rs. 30,95,171 respectively.

(*b*) The amount realised by auctioning the right of sale of tobacco, tobacco preparations, etc., for 1125 in the Travancore area is 67,13,605.

(*c*) There is the likelihood of the price increasing slightly.

(*d*) Not until necessity arises.

തിരുവിതാംകൂർ സർക്കാർ അച്ചുകൂടം

൫൦൫. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. മന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ സർക്കാർ അച്ചുകൂടത്തിൽ ഏതെല്ലാം ഭാഷകളിലുള്ള പ്രിന്റിംഗ് വർക്കു് നടക്കുന്നു;

(ബി) മലയാളം, തമിഴ്, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷാപ്രൂഫ് റീഡർമാർ യഥാക്രമം ആരെല്ലാം;

(സി) ഇവരുടെ ശമ്പളത്തോതും, അലവൻസു, വ്യവസ്ഥകളും എങ്ങിനെ;

(ഡി) ഇവരുടെ സർവ്വീസ്സ് സമ്പ്രദായവും, പ്രമോഷൻ രീതിയും യഥാക്രമം എങ്ങിനെ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ ഇംഗ്ലീഷിലും, മലയാളത്തിലും, തമിഴിലും, സംസ്കൃതത്തിലും, ചിലപ്പോഴെല്ലാം ഹിന്ദിയിലും ഗ്രന്ഥഭാഷയിലും.

(ബി) പ്രൂഫ് റീഡർമാരെ ഭാഷാപരമായി തരം തിരിച്ചിട്ടില്ല.

(സി) ശമ്പളത്തോടു ൩ ൦—൩—൪ രൂ. അലവൻസ് മററു ജോലിക്കാർക്കു കൊടുക്കുന്നതുപോലെ.

(ഡി) തിരുവിതാംകൂർ സർവ്വീസ്സ് റെഗുലേഷൻസ് അനുസരിച്ചാണ്.

## കൊച്ചി ഡിവിഷൻ

**506.** സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. ഭൂമിയുടേയും കൃഷി വകുപ്പിന്റേയും ചാർജ്ജു വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഡിവിഷൻ എന്നു മുതൽ പ്രവർത്തനം ആരംഭിക്കും?

(ബി) കൊച്ചി ഡിവിഷനിൽ ഏതെല്ലാം താലൂക്കുകളാണ് ഉണ്ടായിരിക്കുക?

(സി) കൊച്ചി ഡിവിഷന്റെ തലസ്ഥാനം എവിടെയായിരിക്കും?

(ഡി) കൊച്ചി ഡിവഷനിൽ ഡിപ്പാർട്ടുമെണ്ട് അദ്ധ്യക്ഷന്മാരുടെ ഏതെല്ലാം ആഫീസ്സുകൾ ഉണ്ടായിരിക്കും?

(ഇ) കൊച്ചി ഡിവിഷനിലെ താലൂക്ക് അതൃത്തിക്കു മാററം വരുത്തുന്നുണ്ടോ?

(എഫ്) ഉണ്ടെങ്കിൽ അതുകൾ എങ്ങിനെയായിരിക്കുമെന്നു പറയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: (എ) കൊച്ചി ഡിവിഷൻ ഇപ്പോൾ പ്രവർത്തനത്തിലിരിക്കയാണ്.

(ബി), (സി), (ഡി), (ഇ), (എഫ്) } ഈ കാര്യങ്ങൾ ഗവമെന്റിന്റെ ആലോചനയിലിരിക്കുന്നവയാണ്. അവസാന തീരുമാനം ആയിട്ടില്ല.

**൫൦൭.** സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചൊവ്വര, വെള്ളാരപ്പിള്ളി എന്നീ സ്ഥലങ്ങളിൽ മുണ്ടകകൃഷിക്കും പുഞ്ചകൃഷിക്കും പമ്പുചെയ്തു വെള്ളം കൊടുത്തിരുന്നതു് ഈ കൊല്ലവും (൧൧൨൫) കൊടുക്കുന്നതിനു ഏർപ്പാട് ചെയ്തുകഴിഞ്ഞിട്ടുണ്ടോ?

(ബി) ഏർപ്പാടു ചെയ്തുകഴിഞ്ഞിട്ടില്ലെങ്കിൽ ഉടനെ ഏർപ്പാടു ചെയ്യുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ : (എ) ഉവ്വ്.

(ബി) ഉത്തരം ആവശ്യമില്ല.

## സർ. സി. പി. യെ കയ്യേററം ചെയ്ത കേസ്സ്

**൫൦൮.** സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ ദിവാനായിരുന്ന സർ. സി. പി. യെ ആരോ കയ്യേററം ചെയ്തു് മുറിവേല്പിച്ച കേസ്സ് എന്തായി?

(ബി) കുററക്കാരെ കണ്ടുപിടിപ്പാൻ സാധിച്ചുവോ?

(സി) ഇല്ലെങ്കിൽ അന്വേഷണം ഇപ്പോഴും നടക്കുന്നുണ്ടോ, അതോ അന്വേഷണം മതിയാക്കിയോ എന്നു പറയുമോ?

(ഡി) ഇതിലേക്കു പ്രത്യേകഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നുവോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : (എ) കേസ്സ് അന്വേഷണത്തിൽ ഇരിക്കുകയാണ്.

(ബി) സാധിച്ചില്ല.

(സി) ഇതുവരെയുള്ള അന്വേഷണത്തിൽനിന്നും അനുമാനിക്കുന്നതു്, അന്വേഷണം തുടരുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ലെന്നാണ്.

(ഡി) നിയമിച്ചിരുന്നു.

## SHORT NOTICE QUESTION No. 4

### FOURT GRADE GUARDS OF THE EXCISE DEPARTMENT

4. **Sri. A. K. Patchu Pillai :** Will the Hon'ble Minister for Excise be pleased to state:

(*a*) was an order 4654/E dated 16-8-1949 sent from Excise Commissioner's office for relieving 69 Fourth Grade Guards from among the Reserve staff as from 32-12-1124;

(*b*) were they mostly Ex-service men;

(*c*) have they been relieved; and

(*d*) what steps do Government intend to take to give them relief from unemployment?

**The Hon'ble Sri. Kunjuraman :** (*a*) Yes.

(*b*) Of the 69 guards relieved, 51 are ex-service men.

(*c*) Orders have been issued for their relief from 32-11-1124 A. N.

(*d*) The Inspector General of Police and the Chairman, Public Service Commission, have been addressed by the Excise Commissioner to see if anything can be done for them.

ശ്രീ. എ. കെ. പാച്ചുപിള്ള : അടിയന്തിരമായിട്ടു് അവൎക്കു എന്തെങ്കിലും സൌകൎയ്യം ഉണ്ടാക്കികൊടുക്കുന്നതിനു് നടപടികൾ എടുക്കണമെന്നു ഗവൺമെന്റു വിചാരിക്കുന്നുണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : പിരിച്ചുവിട്ടവരെ അവരുടെ സീനിയോറിററി അനുസരിച്ചു് മേലാലുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കുന്നതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇവരിൽ അധികംപേരും എക്സ്സർവ്വീസ്കാരായതുകൊണ്ടു് അവൎക്കു് ഉടനെതന്നെ എന്തെങ്കിലും ജോലി കൊടുക്കുന്നതിനു് ഗവൺമെണ്ടു് ആലോചിക്കുമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : എക്സ്സർവ്വീസ്കാൎക്കു് സൌകൎയ്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിനു് മററു ചില പദ്ധതികളുമുണ്ടു്. അക്കൂട്ടത്തിൽ ഇവൎക്കും ചില സൌകൎയ്യങ്ങൾ ലഭിക്കാനിടയുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇവരെല്ലാം വളരെക്കാലമായി ജോലിയിൽ ഇരിക്കുന്നവരല്ലേ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഒരു കൊല്ലവും അതിനു താഴെയും സർവ്വീസുള്ളവർ മാത്രമാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : അവൎക്കു് മററു എവിടെയെങ്കിലും ജോലി കൊടുക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : സീനിയോറിററിമുറയ്ക്കു് ഈ ഡിപ്പാർട്ടുമെന്റിൽ തന്നെ അവൎക്കു് ജോലി കൊടുക്കുന്നതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : വനഭൂമി കൃഷിക്കു് വിട്ടുകൊടുത്തോ മററുവിധത്തിലോ എന്തെങ്കിലും ആശ്വാസം അവൎക്കു നൽകാൻ ഗവൺമെന്റു് ആലോചിക്കുന്നുണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതേപ്പററി ആലോചിക്കാം.

**Sri. K. S. Joseph:** I have given notice of a short notice question that was admitted for answer on 22nd August 1949.

**Mr. Speaker:** Yes; if it is admitted, it will be posted as soon as the answers are received.

**Sri. K. S. Joseph:** I had asked for an answer on this particular date. Am I to understand that there is no use in asking for an answer on a particular date?

**Mr. Speaker:** In regard to the short notice question, in the nature of things it may not always be practicable to answer it on the day specified in the question.

**Sri. K. S. Joseph:** This is a question about the University. It is already............

**Mr. Speaker:** That is a matter of detail about the question which we need not go into now.

## ADJOURNMENT MOTIONS

മി. സ്പീക്കർ : ഏതാനും അടിയന്തിരപ്രമേയങ്ങൾ കിട്ടിയിട്ടുണ്ടു്. അതിൽ ഒന്നു ശ്രീ. ടി. എ. മൈതീൻകുഞ്ഞു അയച്ചിട്ടുള്ളതാണു്. അതു് "സംസ്കൃതവിദ്യാൎത്ഥികൾ സംസ്ഥാനമൊട്ടുക്കു് പഠിപ്പു മുടക്കിയിരിക്കുന്നതു മൂലം ആവിർഭവിച്ചിരിക്കുന്ന ഗുരുതരവും

പൊതുപ്രാധാന്യമുള്ളതും ഇന്നേദിവസം സംഭവിച്ചതുമായ വ്യക്തമായ സംഗതിയെപ്പററി" യാണ്.

ഗവമ്മെൻറ് ഭാഗത്തുനിന്നും ഇതേസംബന്ധിച്ച് എന്തെങ്കിലും പ്രസ്താവിക്കുവാനുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സംസ്കൃതകോളേജ് വിദ്യാത്ഥികൾ സ്ട്രയിക്ക് ചെയ്തു എന്നു കേട്ടിട്ട് ഇന്നേയ്ക്ക് ആറേഴുദിവസമായിട്ടുണ്ട്. ആ വിഷയത്തെപ്പററി ഒരു വാദപ്രതിവാദം ചെയ്യുന്നതിനുള്ള വൈമുഖ്യംകൊണ്ടോ അല്ലെങ്കിൽ ആ വിഷയം വാദപ്രതിവാദത്തിന് വരികയാണെങ്കിൽ അതു് അസ്വീകാര്യമായതുകൊണ്ടോ അല്ലാ ഇതെടുത്തു പറയുന്നതു്. അടിയന്തിരപ്രമേയത്തെ സംബന്ധിക്കുന്ന സാമാന്യനിയമം അനുസരിച്ചു നോക്കുകയാണെങ്കിൽ, ഇതു് വളരെ അധികം പഴക്കമുള്ള ഒരു കാര്യമാണെന്ന് കാണാവുന്നതാണ്.

സാഹിബ്ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ് സംസാരിക്കാനായി എഴുന്നേററു.

രണ്ടാമതു് പറയുകയാണെങ്കിൽ ഈ സംസ്കൃതകോളേജ്........

സാഹിബ്ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഒരു മെമ്പർ സ്ഥിതിഗതികളെപ്പററി തെററായ വിവരങ്ങൾ സഭയ്ക്ക് കൊടുത്തുകൊണ്ടിരിക്കുമ്പോൾ മറെറാരു മെമ്പർക്ക് ശരിയായ വിവരങ്ങൾ കൊടുക്കുന്നതിനു അവകാശമില്ലേ ?

മി. സ്പീക്കർ: അതിന് അവകാശമുണ്ട്. പറയുന്ന വിവരങ്ങൾ കേട്ടതിനു ശേഷം തെററാണെങ്കിൽ തിരുത്താം.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സവ്വകലാശാലയെ സംബന്ധിക്കുന്ന ഈ വിഷയം ഈ സഭയിൽ വാദപ്രതിവാദം ചെയ്യുന്നതു് അക്കാര്യത്തിൽ ബഹു. അംഗങ്ങൾക്കും ഗവമ്മെൻറിനും പ്രവേശിക്കാവുന്ന പരിധി എത്രമാത്രമുണ്ടെന്ന് ആലോചിച്ച് വേണ്ടതാണ്. അടുത്ത ഏതാനും ദിവസങ്ങളായി ഈ സഭയിൽ നടന്ന വാദപ്രതിവാദങ്ങൾ പരിശോധിക്കുന്നപക്ഷം സവ്വകലാശാലയുടെ കാര്യത്തിൽ ഗവമ്മെൻറ് കയ്യിടുന്നതും പ്രവേശിക്കുന്നതും തെററാണെന്നു ശക്തിയായ ഒരഭിപ്രായമുള്ളതായി കാണാം.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങനെ പ്രവേശിക്കാൻ അധികാരമുണ്ടെന്നു ബഹു. ചീഫു മിനിസ്റ്റർ പറഞ്ഞു എന്നുള്ളതു് അറിയാമോ"

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഈ പറഞ്ഞ രണ്ടു കാരണങ്ങൾകൊണ്ടു് ഈ പ്രശ്നം.................

*ஸ்ரீ. ஏ. சிதம்பரநாத நாடார்: ஒரு மந்திரி சொல்வதற்கும் வேறொரு மந்திரி சொல்வதற்கும் முரண்பாடிருக்கிறதே.*

മി. സ്പീക്കർ: അങ്ങനെ ഉണ്ടാകുമ്പോൾ അതിനെപ്പററി ഗൌനിക്കാവുന്നതാണ്.

**The Hon'ble Sri. T. K. Narayana Pillai:** That is a wrong statement that was made by Mr. Patchu Pillai. I never said so.

**Sri. A. K. Patchu Pillai:** Then, it should have been answered there and then.

**Mr. Speaker:** If you are asking any question to a member who is speaking that may be allowed if the member yields, but no side remarks or observations will be allowed.

**Sri. A. K. Patchu Pillai:** Then both are out of order.

**Mr. Speaker:** Whoever is not in order, is certainly out of order.

ശ്രീ. ജോസഫ് മാത്തൻ: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഒരു അഡ്ജോൺമെണ്ടു് മോഷൻെറ ടെക്നിക്കൽ ആയുള്ള ഡിഫക്ററസിനെപ്പററി ഒരു മന്ത്രിക്ക് പറയാമോ എന്നറിഞ്ഞാൽ കൊള്ളാം.

**Mr. Speaker:** If, in respect of a matter which is the subject matter of discussion in the House, the opinion of an Hon'ble Member is asked he will be at liberty to give it. But as I have asked only for the verification of facts the Hon'ble Minister may give me the necessary information on the facts involved in this adjournment motion.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഗവമ്മെണ്ടിൻെറ അടുക്കൽ ഈ വിഷയത്തെക്കുറിച്ചുള്ള വിവരങ്ങൾ ഇതുമാത്രമാണ്. ഇതു് അഞ്ചാറു ദിവസമായിട്ട് നടക്കുന്ന ഒരു സംഭവമാണ്. സ്ട്രൈക്കു തുടങ്ങുന്നതിന് മുമ്പ് ഗവമ്മെണ്ടിന് നിവേദനങ്ങൾ ഒന്നും കിട്ടിയിട്ടില്ല. അതിനുള്ള കാരണം ഇതു് യൂണിവേഴ്സിററിയെ സംബന്ധിക്കുന്ന ഒരു കാര്യമായതായിരിക്കാം എന്നു വിചാരിക്കുന്നു. ഇത്രമാത്രമേ എനിക്ക് ഈ സഭയിൽ ബോധിപ്പിക്കാനുള്ളു.

സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ്: ഇന്നത്തെ ദിവസം സംസ്ഥാനത്തിലെ എല്ലാ സംസ്കൃത സ്കൂളുകളിലും സ്ട്രൈക്ക് നടക്കുന്നു എന്നു ബഹു. വിദ്യാഭ്യാസമന്ത്രിക്ക് അറിവുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതറിവില്ലാ.

സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ്: മന്ത്രി ഈ രാജ്യത്ത് ഉണ്ടായിരുന്നോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരുന്നു.

സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ്: എന്നാണ് ഈ രാജ്യത്ത് എത്തിയത്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഈ രാജ്യത്തുതന്നെ ഉണ്ടായിരുന്നു.

ശ്രീ. എ. കെ. ജോർജ്ജ്: ഈ രാജ്യത്തിന് പുറമെ പോയില്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ രാജ്യം എന്നു പറഞ്ഞാൽ നമ്മുടെ സംസ്ഥാനമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എ. കെ. ജോർജ്ജ്: അപ്പോൾ ഡെൽഹിയിൽ പോയില്ലെന്നാണോ പറയുന്നത്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പോയിരുന്നു, ഡെൽഹിയിൽ പോയിരുന്നു. (ചിരി)

ശ്രീ. എം. ഐ. പോൾ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. വിദ്യാർത്ഥികൾ എന്നു പറയുന്നവർ നമ്മുടെ കുഞ്ഞുങ്ങളാണ്. അവർ ഇങ്ങിനെ വളരെക്കാലത്തേക്ക് സ്ട്രൈക്ക് തുടങ്ങുകയാണെങ്കിൽ അവരുടെ വിദ്യാഭ്യാസത്തിന് കോട്ടം തട്ടുമെന്നുള്ളതുകൊണ്ട് അതിന്മേൽ ഉടനെ എന്തെങ്കിലും നടപടി എടുക്കേണ്ടതല്ലേ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, ഒരു പായിൻറ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ഇപ്പോൾ ഒരു പായിൻറ് ഓഫ് ഓർഡർ ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കയാണ്. അതിന് തീരുമാനം ഉണ്ടാകുന്നതിന് മുമ്പ് ആ സംഗതിയുടെ ചർച്ചയെ ബന്ധിക്കാത്ത വേറെ ഒരു പായിൻറ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് അനുവദനീയമല്ല.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന നടപടിയെ സംബന്ധിച്ചുതന്നെയാണ് എൻെറ പായിൻറ് ഓഫ് ഓർഡർ.

**Mr. Speaker:** It is a point of order that is being discussed now. If you want to raise another point of order, it will come next. Another point of order cannot be raised when one point of order is under discussion, unless it relates to a matter touching the point of order that has been raised.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, ഇപ്പോൾ ഉന്നയിച്ചിരിക്കുന്ന പായിൻറ് ഓഫ് ഓർഡറിന്മേൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ചർച്ചയെപ്പറ്റിയാണ് എൻെറ പായിൻറ് ഓഫ് ഓർഡർ........ .......

**Mr. Speaker:** Order, order. What is termed a point of order was simply raised by an Hon'ble Member and nothing more was said or done on it.

The adjournment motion before the House is based upon indefinite and vague statements. It does not refer to a matter of recent occurrence. The motion is rejected. In regard to the relationship between the University and the Government which came under discussion it seems to be gatherable from the discussions and elucidations that under existing conditions the Government's right of interference in University matters extends to administrative matters but not to academic.

The next is about the grave situation that has arisen due to the arrest and inhuman assault on 20th August 1949 and the continued detention of Ambujakshan of the beedi workers union, Chendamangalam. I would like to know the facts of this case.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഈ അടിയന്തിരപ്രമേയത്തിൽ പറയുന്ന സംഗതിയെപ്പറ്റി ഗവൺമെൻറിന് ഇതിനകം യാതൊരു അറിവും സിദ്ധിച്ചിട്ടില്ലെന്നു മാത്രമേ എനിക്ക് പറയുവാനുള്ളു.

**Sri. Ponnara G. Sreedhar:** On that point I want some elucidation.

**Mr. Speaker:** Is it an elucidation of what you have stated in the adjournment motion.

**Sri. Ponnara G. Sreedhar:** An elucidation to help the Speaker.

**Mr. Speaker:** No elucidation is needed for that, but if you have any explanation you may briefly offer it.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഗവൺമെൻറിന് ഇതേപ്പറ്റി അറിവു കിട്ടിയിട്ടില്ലെന്നാണ് പറയുന്നതു്. ഗവൺമെൻറിന് അറിവു കിട്ടിയിട്ടില്ലെന്നുള്ളതുകൊണ്ടുമാത്രം ആ കാര്യം കള്ളമാണെന്നു തീരുമാനിക്കുന്നതു് കഷ്ടമാണ്. ഞങ്ങളും ഉത്തരവാദിത്വബോധമുള്ളവരാണ്. എനിക്ക് ഇന്നലെ കിട്ടിയ ഒരു കമ്പിയിൽനിന്നാണ് ഈ വിവരങ്ങൾ എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്.

"Ambujakshan arrested on 20th August 1949. Assaulted seriously. Still unconscious. Pray immediate enquiry." This is the telegram that I received yesterday at 9 p.m. from a very reliable source a gentleman whom I can fully believe.

ഇന്ന് ൧൧ മണിക്കുമുമ്പ് ഈ സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അതിനുശേഷം ഫോൺമുഖാന്തിരമോ, മറ്റുവിധത്തിലോ വേണമെങ്കിൽ ഗവൺമെൻറിന് വിവരങ്ങൾ സമ്പാദിക്കുകയും ചെയ്യാമായിരുന്നു. അതു ചെയ്യാതെ അറിവില്ലെന്നു പറയുന്നതുകൊണ്ട് അതിന്മേൽ ഒരു തീരുമാനം ഉണ്ടാക്കിയാൽ കൊള്ളാമെന്നു അപേക്ഷിക്കുന്നു.

**Sri. K. R. Elankath:** On a point of order. ഇതിനു് മറ്റുവിധത്തിൽ പ്രതിവിധി ഉണ്ടാക്കാൻ എളുപ്പമായതുകൊണ്ടു് ഇതൊരു അടിയന്തിരപ്രമേയമായി എടുക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതിൻെറ ഗൗരവം അടികൊണ്ടവർക്കേ അറിയാവൂ. ബഹു. മെമ്പർക്ക് അടികൊണ്ടിട്ടില്ലാത്തതുകൊണ്ട് അതു അറിഞ്ഞുകൂടായിരിക്കും.

**Mr. Speaker:** The Hon'ble Member is not in order in attempting to carry on a discussion on this matter.

**Sri. K. A. Gangadhara Menon:** He was raising a point of order.

**Mr. Speaker:** Mr. Sreedhar was not raising any point of order. I was referring to his statements.

ഒരു സംഗതി ബഹു. മെമ്പറന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ആഗ്രഹിക്കുന്നു.

പായിൻറ് ആഫ് ആർഡർ എന്ന പേരിൽ ആർഡർ ആവശ്യമില്ലാത്ത സംഗതികളെപ്പറ്റി സംസാരിക്കുന്നതിനു് സമയം ഉപയോഗിക്കുന്നതു പാർലമെൻററി നടപടികൾക്കു ചേർന്നതല്ല. വളരെ ഉത്തരവാദിത്വത്തോടുകൂടിയുള്ള പ്രവൃത്തികളും നടപടികളുമാണ് നമ്മിൽനിന്നും പൊതുജനങ്ങളും ഈ സഭയുടെ അന്തസ്സും ആവശ്യപ്പെടുന്നതു്. പായിൻറ് ആഫ് ആർഡർ ഏതവസരത്തിലും ഉന്നയിക്കാവുന്നതാണ്. എന്നാൽ പായിൻറ് ആഫ് ആർഡർ അന്തർഭവിക്കാത്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നതിനു് ആ അവകാശത്തെ ഉപയോഗിക്കുന്നതായാൽ അതു ഒരിക്കലും ശരിയല്ല. ബഹു. മെമ്പറന്മാർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

**Sri. P. Balakrishnan Tampi:** May I as a member of the House, protest against the insinuations of the Chair against the members?

**Mr. Speaker:** The privileges of the House and of the Hon'ble members there fore not in issue nor are they at stake. Those privileges will certainly be maintained at all costs.

ഇതിൽ പറഞ്ഞിരിക്കുന്ന അസ്സോൾട്ടിനെപ്പറ്റി ശരിയായ അറിവു ലഭിക്കാൻ മാർഗ്ഗമില്ലെന്നുള്ള കാരണംകൊണ്ടുതന്നെ ഈ അടിയന്തിര പ്രമേയം തള്ളേണ്ടതാണ്. കൂടാതെ ഇതിൽ പറയുന്ന സംഗതി നിയമപ്രകാരം നിയമത്തിൻെറ പരിധിക്കകത്തുനിന്നുകൊണ്ടു ചെയ്തിട്ടുള്ളതാണോ എന്നു അറിയുന്നതിനും വഴിയില്ല. അതു തള്ളിയിരിക്കുന്നു.

അടുത്ത അടിയന്തിരപ്രമേയം ട്രാൻസ്പോർട്ടിനെ സംബന്ധിച്ചുള്ളതാണ്.

**Mr. Speaker:** A portion reads: The grave situation caused by the brutal assault of Mr. M. Velayudhan............

ഇതു് ഒരു റീസെൻറായിട്ടുള്ള സംഭവത്തെ കുറിക്കുന്നതല്ല.

**Sri. Ponnara G. Sreedhar:** Sir, will you kindly allow me to make a small statement?

**Mr. Speaker:** Not now. The Hon'ble Member's statement which is itself clear shows the motion does not relate to a matter of recent occurrence.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ വിധം എത്ര അടിയന്തിരപ്രമേയങ്ങൾ കിട്ടിയിരുന്നാലും അവയെപ്പറ്റി ശരിയായി അന്വേഷണം നടത്താതെ മറുപടി പറയുകയാണ്. ഇതുകൊണ്ട് അവിടെ ഒരു സ്ട്രൈക്ക് ഉണ്ടായാൽതന്നെ ഗവൺമെൻറിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഈ അടിയന്തിരപ്രമേയം അയക്കുന്നതു്. ഞങ്ങൾ ഗവൺമെൻറിനെ സഹായിക്കുന്നതിനുവേണ്ടി നില്ക്കുന്നവരാണ്. അല്ലാതെ ഗവൺമെൻറിനെ തകിടം മറിക്കുന്നതിനൊ ഒന്നുമല്ല. ഈ മാതിരി കാര്യങ്ങൾ വളരെ ഗൗരവതരമായിട്ടുള്ളതുകൊണ്ടു മാത്രമാണ് ഈവിധം ഞങ്ങൾ അടിയന്തിരപ്രമേയങ്ങൾ കൊണ്ടുവരു

[Sri. Ponnara G. Sreedhar]

ന്നതു്. ഈ സ്ഥിതിക്ക ഇങ്ങനെയുള്ള കാര്യങ്ങളെപ്പററി എല്ലാവരുംകൂടി ആലോചിച്ചു് എന്തെങ്കിലും ഒരു തീരുമാനം ഉണ്ടാക്കണം. ഇതു മിനിഞ്ഞാന്നു തുടങ്ങിയ ഒരു സംഗതിയാണു്. അതേപ്പററി അന്വേഷണം നടത്തി ഇതിൽ പറയുന്നതുപോലെ ഒന്നും ഇംപ്ലിമെൻറു് ചെയ്തിട്ടില്ലാ എന്നു പറയുന്നതു ശരിയല്ല.

മി. സ്പീക്കർ: ഇതൊക്കെ പരിഗണിച്ചുതന്നെയാണു് ഞാൻ പറഞ്ഞതു്. സഭയുടെ നടപടികൾ നിറുത്തിവെക്കുന്നതിനു് ആവശ്യപ്പെടുന്ന അടിയന്തിരപ്രമേയംമൂലമല്ല ഇത്തരം സംഗതികൾക്ക പരിഹാരം നേടേണ്ടതു എന്നു ധരിച്ചാൽ കൊള്ളാം.

**Sri. Ponnara G. Sreedhar:** Sir, on a point of information. Will you kindly allow me to say a word? For the information of the House I would request the Speaker to read out the motion.

**Mr. Speaker :** I have already given my ruling.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ അടിയന്തിരപ്രമേയത്തിൽ പറയുന്നതുപോലെ ൧൧൨൫ ചിങ്ങം ൪-ാംനു യാതൊരു സംഭവങ്ങളും ഉണ്ടായിട്ടുള്ളതായി ഗവമ്മെണ്ടിനറിവില്ല. ൧൧൨൫ ചിങ്ങം ൧-ാംനു അവിടത്തെ രണ്ടോ മൂന്നോ ആർമഡ് റിസേർവ്വ് പാർട്ടിയിൽപെട്ട പോലീസുകാർ ആ വഴിയേക്കൂടി പോകുന്ന അവസരത്തിൽ വേലായുധനെന്ന ആൾ അവരോടു് അനാവശ്യമായി ചില ചീത്തവാക്കുകൾ പറയുകയും ആ വിവരം ആ പോലീസുകാർ അവരുടെ സബ്ബ്ഇൻസ്പെക്ടരെ അറിയിക്കുകയും സബ്ഇൻസ്പെക്ടർ അവിടെയുള്ള വക്കഷാപ്പിൽചെന്നു വേലായുധനോടു ചോദിക്കുകയുമുണ്ടായി. ഇതാണു് പരമാർത്ഥം. ഇത്രയുമാണു് ഗവമ്മെണ്ടിനു് അറിയാൻ ഇടയായിട്ടുള്ളതു്. അല്ലാതെ ഈ അടിയന്തിരപ്രമേയത്തിൽ പറയുന്നതുപോലെയുള്ള യാതൊരു സംഗതികളും ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ஸ்ரீ. ஸ்ரீ. வி. தாஸ்: அடிபட்டதாக கவர்மென்றுக்கு ஏதாவது அறிவு கிடைத்திருக்கிறதா?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അടിപെട്ടതായി അറിവുകിട്ടിയിട്ടില്ലെന്നാണു് ഞാൻ പറഞ്ഞതു്.

ஸ்ரீ. ஆர். கெ. ராம்: Chief Minister நேரில் அங்கேபோய் அடிபட்டது உண்மைதானா என்று அனுவேஷிக்க முடியுமா?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ചീഫ് മിനിസ്റ്റർതന്നെ അന്വേഷിക്കേണ്ടതായി കണ്ടാൽ അങ്ങനെ ചെയ്യുന്നതാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ വക കാര്യങ്ങൾ ചീഫ് മിനിസ്റ്റർതന്നെ അന്വേഷിക്കണമെന്നു വന്നാൽ പിന്നെ അദ്ദേഹത്തിനു അതിനേ സമയമുള്ളു.

മി. സ്പീക്കർ: ഇതിൽ പറയുന്ന സംഗതികൾ ശരിയല്ലെന്നു ഗവമ്മെണ്ടു ഭാഗത്തുനിന്നും ഉള്ള പ്രസ്താവന അനുസരിച്ചു ബോദ്ധ്യമായിരിക്കുന്നതിനാൽ ഇതും തള്ളിയിരിക്കുന്നു.

**Mr. Speaker :** There is another adjournment motion.

**Sri. Sree V. Das :** Have not the members the right to know what the adjournment motion is ?

**Mr. Speaker :** I am not reading out the motion in full but I am giving the purpose of it for the information of the House.

ആ അടിയന്തിരപ്രമേയം കൊല്ലത്തു കൊതുകുകടി വളരെ വദ്ധിച്ചിട്ടുണ്ടെന്നാണു്. ഇതു അടുത്തു നടന്ന ഒരു സംഭവത്തെ സംബന്ധിച്ചല്ലെന്നു പ്രത്യക്ഷമാണു്. അതുകൊണ്ടു് ഇതും തള്ളിയിരിക്കുന്നു.

**Sri. Sree V. Das :** Who has sent in that motion ?

**Mr. Speaker :** Mr. Gangadharan Nair.

**Sri. A. K. George :** Now that the Hon'ble Minister Mr. Panampilli Govinda Menon has returned from Delhi after participating in the fiscal integration matter, will the Hon'ble Speaker arrange for a statement to be made out by him on the subject for the information of the House.

**Mr. Speaker :** I don't think this is the occasion for such statements. Now we shall proceed to the voting on Demands for Grants.

## DEMAND XI—ADMINISTRATION OF JUSTICE

**The Hon'ble Sri. T. K. Narayana Pillai:** Sir, I rise to move for a grant not exceeding Rs. 19,88,655 under Demand XI—Administration of Justice.

**The Hon'ble Sri. A. J. John :** I second it.

ஸ்ரீ. டி. ஞானசிகாமணி: ஸர், இந்த வெட்டுப் பிரேரணை சார்பாக, இந்த மந்திரிசபையினால் நமக்கு Administration of Justice ல் நேரிட்டிருக்கும் பங்கத்தைக் குறித்துப் பேச ஆசைப்படுகிறேன். இந்தப் பங்கம் நேரிட்டதற்கு இரண்டு காரணங்கள் உண்டு. ஸர், ஸ்ரீ. பஸில் ஆவி இராஜ்யத்தின் நீதி மண்டலத்தைப் பரிசோதனை செய்தது ஒன்று. இரண்டாவது, எல்லா High Court Judges களையும் provisional ஆய் நியமனம் செய்தது. இப்பேர்ப்பட்ட பங்கம் நடப்பதற்கு இந்த மந்திரிசபையார் தங்கள் நிலைமையைக் காத்துக்கொள்ளாதது தான் காரணம். இதனால் இந்த மந்திரிசபையாரினால் நமக்கு பெரிய பங்கம் ஏற்பட்டிருக்கிறது என்று தைரியமாய்ச் சொல்லிக்கொள்கிறேன். இந்நாட்டுக் காரியங்களில் வெளிநாட்டிலுள்ளவர் யாரும் சம்மந்தப் படவில்லை என்று போன சனிக்கிழமை பிரதான மந்திரி கனம் டி. கெ. நாராயணபிள்ளை அவர்கள் கர்ச்சித்தார். நான் அவர்களிடம் கேட்கிறேன், கனம் பஸில் ஆவி அவர்களை நீங்கள் வருத்தினீர்களா அல்லது State Ministry அனுப்பினதா? நீங்கள் வருத்தியிருந்தால் அந்தக் குற்றம் யாரைச் சார்ந்தது? அது நமது கவுரவத்திற்குப் பங்கமல்லவா என்று கேட்கிறேன். இன்னும் இங்கேயுள்ள கோர்ட்டுகள், கோர்ட்டுகளிலுள்ள பைல்களை அவர் பரிசோதனை செய்வதனால் அதைவிட பெரிய பங்கம் நம் நாட்டிற்கு நேரிட முடியுமா என்று கேட்கிறேன். இங்கே பல வருஷங்கள் வேலை பார்த்த ஜட்ஜுகளை வெளியிலுள்ள ஒரு அதிகாரி நியமனம் செய்தது நியாயமா? Covenant 19-ம் செக்ஷனில் ஒவ்வொருவருக்குமுள்ள வேலை உறுதியாக்கப்பட்டிருக்க ஜட்ஜுகளைமட்டும் அப்படி provisional ஆக நியமனம் செய்ய நமது சர்க்கார் அனுமதி கொடுக்கக் காரணமாயிருந்தால் அது எவ்வளவு கேவலம். கிரீடம் போலிருந்த இந்த ஸ்தாபனத்தை இப்படிப் பங்கப்படுத்தி விட்டார்கள்.

ബഹു. ശ്രീ. എ. ജെ. ജോൺ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്യുന്നുണ്ട്. ഹൈക്കോടതിക്കുള്ള ചെലവു ഹൈക്കോടതി ഓർഡിനൻസ് അനുസരിച്ചു വോട്ടബിൾ അല്ല. ഓർഡിനൻസ് സെക്ഷൻ ൯-ൽ അതു വിവരിച്ചിട്ടുണ്ട്. അതിനാൽ ഹൈക്കോടതി ജഡ്ജിമാരെപ്പററിയും, ഹൈക്കോടതിയെപ്പററിയും ഉള്ള വിമർശനങ്ങൾ അനുവദിക്കുവാൻ പാടില്ലാ. ഇതേസംബന്ധിച്ച് ഒരു റൂളിംഗ് വേണം.

**Sri. K. Sivarama Pillai :** Before a ruling is made on the point of order raised by the Finance Minister, I want to bring one point to the notice of the House. If the budget itself is not prepared according to the Ordinance, how to make a distinction between votable and non-votable parts in the very same item ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഹൈക്കോടതിക്കുള്ള തുക നാൺവോട്ടബിൾ എന്നതന്നെയാണ് എഴുതിയിരിക്കുന്നത്.

**Sri. K. Sivarama Pillai:** In the budget the pay of the Chief Justice is put as Rs. 2,000. and for 7½ months the sum comes to Rs. 15,000. It is against the spirit of the Ordinance to give a pay of Rs. 1,500 for the Chief Justice and then say that certain items are votable and certain others non-votable. Am I right Mr. Speaker?

ബഹു. ശ്രീ. എ. ജെ. ജോൺ: തിരുവിതാംകൂർ ബഡ്ജററ പേജ് ൧൨൯-ൽ അങ്ങിനെ വിവരിച്ചിട്ടുണ്ട്.

**Mr. Speaker :** In the budget there are items in regard to which some portions are votable and some not votable. In regard to votable items cut motions can be moved. In regard to non-votable items, cut motions cannot be moved. But if a cut motion involving both the votable and non-votable items be before the House, discussion thereon must be limited to the votable portion of the item.

**Sahib Bahadur A. Abdul Razaak:** The other day the ruling of the Speaker was a little different. Even non-votable items were allowed to be referred.

**Mr. Speaker :** That ruling related only to incidential references to matters touching non-votable items in the course of the discussion on a cut motion moved in respect of a votable item. That was allowed and, I still think, is allowable.

ஸ்ரீ. டி. ஞானசிகாமணி: ஸர், இந்த provisional appointment ஐப் பற்றி இந்த சபை அங்கத்தினர் யாருக்கும் பேச உரிமை கிடையாது என்று கனம் ஏ. ஜெ. ஜான் அவர்கள் சொன்னார்கள். அப்படியானால் இந்த நாடு சகல விதத்திலும் பின்னேக்கிப் போய்க்கொண்டிருக்கிறது என்று சொல்லவே வேண்டும். இதை எடுத்

[Sri. D. Gnanasigamony]

துக் காட்டத்தான் இந்த விஷயத்தைச் சொன்னேன். ஸர், ஐக்கிய ஹைக்கோர்ட் ஸ்தாபிதம் விஷயமாக இந்நாட்டிலுள்ள பொது ஜனங்களுக்கு ஏற்பட்டிருக்கும் அதிருப்தியை எடுத்துக்காட்ட விரும்புகிறேன். கொச்சியில் ஹைக்கோர்ட்டை ஸ்தாபித்ததற்குப் பல இரகசிய காரணங்கள் சொல்லப்படுகின்றன. கொச்சி மந்திரிகளும் இந்நாட்டு மந்திரிகளும் சேர்ந்து திருவிதாங்கூர் கொச்சி இணைப்புக்கு முன்பே ஹைக்கோர்ட்டை எர்ணாகுளத்திற்கு மாற்ற ஒரு தீர்மானம் செய்துகொண்டு அதை பூச் கமிற்றி றிப்போர்ட்டில் சேர்க்க காரணமாக எடுத்தார்கள் என்று பொதுஜனங்களுக் கிடையில் சொல்லப்பட்டுவருகிறது. இந்த ஹைக்கோர்ட் மாற்றத்தினுல், அங்கு போகவேண்டியிருந்தவர்களுக்கு சரியானபடி வீடுகள் கிடைக்கவில்லை என்றும், உண்ண போதிய வசதிகள் கிடையாதென்றும், ஹைக்கோர்ட்டைச் சேர்ந்த செக்ஷன்கள் வைப்பதற்கும், ரிக்கார்டுகளை சூக்ஷிப்பதற்கும் ஸ்தலங்களில்லைஎன்றும், பலரும் திருவிதாங்கூர் ஒரு மூலையிலிருந்து மற்றொரு மூலைவரை பேசுகிறுர்கள். யாரைக் கேட்டு ஹைக்கோர்ட்டை மாற்றினுர்கள்? இந்த பூச் கமிற்றி றிப்போர்ட்டு வந்தவுடன் சட்டென்று மாற்றிவிட்டார்கள். இதற்குப் பொதுஜன சம்மதமே கிடையாது என்று எல்லோருக்கும் தெரிந்தும் மாற்றிவிட்டார்கள். ஸர், எர்ணுகுளத்தில் வக்கில்கள் தங்கயிடமில்லை. எனது சொந்த அனுபவமான ஒரு காரியத்தைச் சொல்ல விரும்புகிறேன். மூன்று மாதத்திற்கு முன்னுல் திருவிதாங்கூர் பார் அசோஸியேஷனிலிருந்து அங்களுக்கு வீட்டு வசதி ஏற்பாடு செய்துதர 76பேர் கையெழுத்திட்டு ஒரு லெட்டர் கொச்சி Rent Control Officer க்குக் கொடுத்திருந்தோம். ஸர், இது வரையில் மறுபடி கிடைக்கவில்லை. நான் போனவாரம் எர்ணுகுளத்திற்குப் போயிருந்தேன். Rent Control Officer ஐ எங்கெல்லாமோ தேடிப் பார்த்தேன். அவர் காணப்படவில்லை. அவரிடமிருந்து இந்நாள் மட்டும் எனக்குப்பதில் கிடையாது. Accommodation Officer இடமிருந்தும் என் எழுத்திற்கு பதில் கிடையாது. அதைப்பற்றி ஒரு கதையிருக்கிறது. ஸர், Rent Control Officer க்கே சாகை அமர்த்திக் கொடுக்கமுடியவில்லையென்ருல் அன்னியன் போய் வீடு கேட்டால் கிடைக்குமா? இது எனது அனுபவம். ஸர், பார் அசோஸியேஷன் கட்டுக்கட்டாக புஸ்தகங்களையெல்லாம் கட்டிவைத்திருக்கிறது. சிவில், கிரிமினல் Section எல்லா கிளார்க்குமாருடைய படுக்கைகளைப் பார்க்கலாம். High Court Record களையும் அங்கங்கே கட்டுகட்டாக வைத்திருக்கிறுர்கள். இவைகளை வைக்க தகுந்த யிடமில்லை. பியூன்களுக்கும், கிளார்க்குகளுக்கும் யாதொரு வசதியுமில்லாமலிருக்கிறுர்கள். ஸர் ஸ்ரீ. டி. கெ. ஜோசப் அவர்களுக்கு Rent Control Officer ஒரு கட்டிடம் கொடுத்திருக்கிறுர். ஆனுல் அவருக்கு அங்கே பிரவேசிக்க முடியவில்லை. போலீஸ்காரனைக் கூப்பிட்டு பயமுறுத்தியும் அந்த வீட்டில் தாமதிப்பவன் போகமாட்டேன் என்று சொல்லி, அது ஒரு பெரிய வழக்காயிருக்கிறது. மிர். இ. பி. வர்க்கீஸ் அவர்களுக்கும் ஒரு வீடு கொடுக்கப்பட்டு, அவருக்கு 6 மாதம் கழிந்துதான் அங்கே பிரவேசிக்க முடியும். மிர். பைக்கடேவுக்குக் கொடுக்கப்பட்டிருக்கும் வீட்டிற்கு வாடகை 100 ரூபாய். எல்லாப்பக்கமும் கருந்தண்ணீர் நிறைந்திருக்கிறது. இப்படிப் பெரிய வாடகை அந்த வீடு பெருது. அங்கே Rent Controller உண்டா? Accommodation Officer உண்டா என்ற சந்தேகமும் யாருக்கும் சடுதியில் ஏற்பட்டுவிடும். Rent Control Officer என்ன செய்வார்? அவர் தெருத்தெருவாக, வீடுவீடாகத் தேடிப் பார்க்கிறதாயிருந்தாலும் அவர்கள் வீடு எடுத்துக் கொடுக்க முடியாது. அவரைக் கண்டுபிடிப்பதே அவ்வளவு கஷ்டம். ஏனென்ருல் வீடில்லாத எர்ணுகுளத்தில் அவர் வீடு தேடிக்கொண்டு திரிகிறுராம். ஸர், வக்கில்களும், பியூன்களும், கிளார்க்குகளும் யாதொரு வசதியுமில்லாமல் அங்கே கஷ்டப்படுகிறுர்கள். அந்த அனுபவங்களை இந்த அசம்பளி கழிந்தவுடன் நீங்களே போய் நேரில் பார்க்கலாம் நான் எர்ணுகுளம் போயிருந்தபோது ஒருநாள் சாயங்காலம் எறணுகுளவாசியோ நான் பேசிக்கொண்டு வருகையில் அவர் சொன்னுர், "இது என்ன பைத்தியமாயிருக்கிறது உங்கள் மந்திரிகளுக்குப் பைத்தியம் பிடித்திருக்கிறது. 30 பேருக்கு

150 பேர் வந்திருக்கிறார்கள்'' என்று. Ordinance இருக்கிறதே; வீட்டுக்காரர்கள் மாறிக் கொடுக்க வேண்டும் என்று நான் சொன்னேன். எங்களால் எப்படி முடியும் என்றார். ஸர், இந்த ஏழாவது Ordinanceல் இரண்டு தத்துவங்கள் அடங்கியிருக்கின்றன. ஒன்று ஏகாதிபத்தியம். இரண்டாவது வஞ்சனை. ஸர், தற்போது இந்த ஏகாதிபத்தியந்தான் தாண்டவமாடுகிறது. இந்த ஏழாவது Ordinance ஆகிய ஏகாதிபத்தியம் முதலாவது அட்வகேட்டுகளை வஞ்சித்தது. அது பொது மக்களை வஞ்சிப்பதற்காக உண்டாக்கப்பட்டதே ஒழிய வேறொன்றுமில்லை. உதாரணமாக ஒருவனுக்கு எர்ணாகுளத்தில் ஒரு வீடு இருக்கிறது என்று வைத்துக்கொள்வோம். அதில் அவன் தலைமுறை தலைமுறையாக வசித்து வருகிறான். திடீரென்று திருவனந்தபுரத்திலிருந்துவரும் ஒரு அட்வகேட்டுக்கு ஏன் அவன் தன் வீட்டை ஒழித்துக் கொடுக்கவேண்டும்? எனக்கு வீடு தேவை. அப்படியானால் அவனை வீட்டை ஒழித்துக் கொடுக்கச் சொல்வது தருமமா? ஆனால் இந்த ஏழாவது Ordinance னால் வீட்டை ஒழிந்து கொடுக்கச் சொல்லமுடியும். இது என்ன அநீதி. இது தான் இந்த Ordinance ன் அடிப்படையான தத்துவம். இரண்டாவது, வீடில்லாத இந்த எர்ணாகுளத்தில் இந்த Ordinance கொண்டு என்ன பிரயோசனம்? ரோட்டில்தான் படுத்துக்கொள்ளவேண்டும். அப்படிப்பட்டவர்களை இனி நாம் கண்டுகொள்ளக்கூடாது என்றிருந்தோம். இதோ பாருங்கள். அப்படிப்பட்டவர் நம் கண் முன்னே இங்கேயே இருக்கின்றார்கள். நான் இந்த அஸெம்பளி முடிந்து எர்ணாகுளத்துக்குப் போகும்போது இந்த Ordinance ஐயும் கூடக் கொண்டுபோகிறேன். அங்கே போனவுடனே சண்முகம் ரோட்டில் இந்த Ordinance ஐ விரித்துப் படுத்துக் கொண்டால் போதும். மந்திரிகள் செய்வது போல் வீடுதானே எழும்பிவிடும். இனிமேல் இந்த Ordinance இருக்குமட்டும் எனக்கு வீட்டைப் பற்றியேக் கவலை கிடையாது. ஸர், வக்கில்களுக்கு Chamber கொடுக்கவில்லை. ஒரு central place ஐப்பார்த்து Capital ஐ ஸ்தாபிக்கவேண்டுமென்று ஒரு நண்பர் சொன்னார். Capitalஐ எர்ணாகுளத்திற்குக் கொண்டுபோனால் ஒரு தவறும் வந்திருக்காது என்று நான் சொல்கிறேன். பழய சரித்திரம் ஒன்று என் நினைவுக்கு வருகிறது. மஹமத் டோக்ளாக் என்று ஒரு அரசன் இருந்தான். அவனுக்கு இப்படி பலவிதமான யோசனைகள் இருந்தன. அவனுடைய காலம் தீர்ந்துவிட்டது. இப்பேர்ப்பட்டவர்களினால் தான் ஹைக்கோர்ட்டும் மாற்றப்பட்டிருக்கிறது. இப்படிப்பட்ட நிலைமையில் ஹைக்கோர்ட்டில் என்ன ஜோலி நடக்கும்? ஏழை மக்களுக்கு நீதியும், நியாயமும் எப்படி வழங்கமுடியும்? முதல் வாரத்திலேயே ஹைக்கோர்ட்டு வேலை செய்ய யாதொரு ஏற்பாடும் செய்யப்படவில்லை. அட்வகேட்களுக்கு ஏதாவது ஒரு புஸ்தகத்தை refer பண்ண யாதொரு வசதியுமில்லை. Rent Control Officer ஐக் கண்டுபிடிக்கவும் முடியாது. எழுத்து எழுதினால் பதில் கிடையாது. திருவிதாங்கூர்—கொச்சி இணைப்பு வண்டியை இப்படி ஓட்டிக்கொண்டுபோனால் ஆபத்தாக முடியும். இந்த ஹைக்கோர்ட்டை எர்ணாகுளத்திற்கு மாற்றினதைப் பார்க்கிலும் நடுக்கடலில் மாற்றியிருக்கலாம். எனக்கும் கனம் டி. கெ. நாராயணபிள்ளை அவர்களுக்கும் சில தினங்களுக்கு முன் ஒரு சம்பாஷணை நடந்தது. அவர் சொன்னார், "what do you think Mr. Gnanasigamony ? Do you think more than 30 advocates will go?"

**The Hon'ble Sri. T. K. Narayana Pillai :** I refute that statement.

ஸ்ரீ. டி. ஞானசிகாமணி: அவருடன் நான் பேசிக்கொண்டிருக்கும்போது ஒரு மந்திரியுமிருந்தார். அவர் பேர் ஸ்ரீ. குஞ்சுராமன். நான் எதற்காக இதைச் சொல்லவிரும்புகிறேன் என்றால், அங்கே முப்பது அட்வகேட்டுகள்தான் வருவார்கள் என்றிருந்தது என்று எல்லோரும் நினைத்திருக்கிறார்கள். ஆனால் அந்த முப்பது அட்வகேட்டுகளுக்குக்கூட முப்பது வீடுகள் கொடுப்பது அரிது. இப்படியானால் நமது கதி என்ன? அதோகதிதான். ஸ்ரீ. களத்தில் வேலாயுதன் நாயர் ஒரு அவசரப் பிரேரணை கொண்டுவந்தபோது கனம் கோவிந்த மேனவன் அவர்கள் எல்லோருக்கும் வீடு கிடைத்தாய்விட்டது என்று சொன்னார்கள். அது எவ்வளவு உண்மை என்று எங்களைப் போன்றவர்களுக்குத் தெரியும். இப்படி பொய்ப் பிரச்சனையினால் மக்களை வஞ்சிப்பது மந்திரிகளுக்கு உகந்ததல்ல.

ஸ்ரீ. கேப்ரியேல் நாடார்: ஸர், கோர்ட்டு பாஷை தமிழல்லாததால் 100 க்கு 90 க்கு மேற்பட்ட தமிழர் வசிக்கும் தென் திருவிதாங்கூர் விளவங்கோடு தாலுகாவி லுள்ள தமிழ் தாய்மொழியாகக் கொண்ட ஜனங்களின் கஷ்டத்தை சர்க்காருக்கு எடுத்துக்காட்டும் பொருட்டே இந்தத்துண்டுப் பிரேரணையை நான் கொண்டுவந்தேன். தோவாளை, அகஸ்தீஸ்வரம், கல்குளம், விளவங்கோடு இத்தாலுகாக்கள் திருவிதாங்கூரின் தென்பாகத்தில் வெகு பூரிபக்ஷமுள்ள தமிழர் வசிக்கும் தாலுகாக்களென்று சர்க்காருக்கு நன்கு தெரியுமே. திருவிதாங்கூரும், கொச்சியும் இணைக்கப்பட்டு ஐக்கிய சர்க்கார் ஆகு முன்னர்; பொறுப்பாட்சி ஏற்படுத்துவதற்கும் முன்னர், அன்றைய State Congress ஆனது அவர்களது நாகர்கோவில் மகாநாட்டில் வைத்து எக்காலத்திலாவது அரசாட்சி உரிமை காங்கிரஸிற்குக் கிடைக்கும்பொழுது, பொது ஜனங்கள் விசேஷமாக கோடதிகளில் படும் கஷ்டத்தை நிறுத்துவார்களென்றும், உடன் தானே அந்தப் பிரதேசத்து அரசாங்க பாஷை தமிழிலேயெ ஆக்கிவிடுவார்களென்றும் மேடைகளில் பகிரங்கமாகச் சொல்லி ஜனங்களின் ஆதரவைத் தாராளமாக அடைந்ததுண்டு. இப்போது காங்கிரஸ் சர்க்கார் அமைக்கப்பட்டு சுமார் இரண்டு வருடங்களாகிறது. இது வரையிலும் விளவங்கோடு தாலுகாவில் வசிக்கும் ஜனங்களாகிய தமிழருக்கு தங்கள் தமிழ் பாஷையை விருத்தி செய்ய ஒரு விதமான வசதியும் செய்து கொடுக்காததுமன்றி கூடுதலாக துன்பப்படுத்தவும் செய்கிறார்கள். கோர்ட்டு பாஷையை இன்று தமிழிலாக்கவில்லை. தமிழர்களின் கஷ்டம் ஒரு விதத்திலும் பரிகரிக்கப்படவில்லை. காங்கிரஸ் சர்க்கார் வந்த பிறகும் எவ்வளவோ representations கொடுத்தும், அவர்கள் முன்பு கொடுத்த வாக்குறுதிகளை எல்லாம் மறந்து ஜனங்களுடைய வேண்டுதலுக்கு யாதொரு விதமாக செவிசாய்த்துக் கொடுக்காமல் மலையாள பாஷையைத்தான் படிக்க நிர்ப்பந்திப்போமென்று நிற்கிறார்கள். கோர்ட்டுகளில் மலையாள பாஷையிலேயே கக்ஷிகளை விஸ்தரிப்பதும், தமிழில் சொல்லும் மொழியை மலையாளத்தில் எழுதி, சொன்னதற்கு மாறாக record செய்து, கக்ஷிகளின் கையொப்பம் வாங்கி கேசுகளில் தோல்வி அடைவித்துத் துன்புறுத்தப்படுகிறார்கள். தமிழர் வசிக்கும் இந்த இடத்தில் குழந்தைகளை படிப்பிப்பதற்குப்போதுமான தமிழ் Primary School கள் இல்லை. மலையாளம் பள்ளிக்கூடங்கள் தானிருக்கின்றன. பள்ளிக்கூடங்களில் மலையாளத்தோடு தமிழ் கிளாசுகளும் இருப்பதால் பிரத்தியேக தமிழ் பள்ளிக்கூடங்கள் வேண்டாமென்று சாதாரணமாக சர்க்கார் சொல்லுவதுண்டு. தமிழர்களுக்கு எதுவும் சொல்லி மறுபடி கொடுத்துவிடலாமென்ற மலையாளிகளின் ஆங்காரமான பதிலே அது அல்லாமல் தமிழர்களின் கோரிக்கைக்கு சகதாபத்தோடு கூடின பதிலல்லாவென்பது தெளிவாகும். பள்ளிக்கூடங்களிலும் மலையாளம் தெரிந்த உபாத்திமார்களையே நியமிக்கப்பட்டுவருகின்றது. கோடு கச்சேரிகள் மலையாளத்தில் இருப்பதால் தமிழ் பாடசாலை மாத்திரம் வைக்கவேண்டியதில்லை என்று பதில் சொல்வதும் உண்டு. இவ்விதமாக தமிழற்கு ஆதரவளிக்கிறோம் என்பது அர்த்தம். மலையாளத்தை எவ்விதம் நிர்ப்பந்திக்கலாமென்றல்லவா முயன்று வருகிறார்கள். கோர்ட்டு உத்தரவுகளும், நடவடிக்கைகளும் தமிழிலேயே ஆக்கவேண்டுமென்று எத்தனையோ தடவை இங்கு பேசப்பட்டது. கேட்கும்போதெல்லாம் அப்படி செய்யலாமென்று சொல்லப்படுவதல்லாமல் செய்து காணவில்லை. உத்தரவுகள் கொடுக்கப்படும் என்று சொல்லப்படுவதேயல்லாமல் ஒருபோதும் உத்தாவுகள் அளிக்கப்படவுமில்லை. ஸர், இந்த சர்க்கார் அவர்களால் செய்யக்கூடியது இன்னது என்று திறந்த மனதோடு சொல்லாமல் அவ்வப்போது இருக்கும் நிலைமையைப் பார்த்து சொல்லி ஜனங்களை ஏமாற்றுவது சரியல்ல. ஸர், ஐக்கிய சர்க்காரின் ஹைக்கோர்ட் எர்ணாகுளத்தில் அமைக்கப்பட்டிருக்கின்றது. சாதாரணமாக தலைநகரிலேயே ஒரு சர்க்காரின் head offices அமைக்கப்பட்டிருப்பது வழக்கம். இந்த சர்க்காரின் தலைநகரம் திருவனந்தபுரமா அல்லது எர்ணாகுளமாவென்று சந்தேகிக்கவேண்டியிருக்கிறது. எந்த ஆபீசுகளெல்லாம் அங்கு மாற்றப்படுமென்றும் ஒருவிதமான அறிக்கையும் இடப்படவில்லை. ஜனங்களிடையே கோர்ட்டுகள் மாற்றப்படுமென்றும், அதிர்கள் பேதப்படுத்தப்படுமென்றும், சில இடங்களிலுள்ள கோர்ட்டுகள் நிறுத்தப்பட்டு புதிதாகச் சில இடங்களில் ஏற்படுத்தப்படுமென்றும் ஒரு பரபரப்பு இருக்கிறது. சர்

க்காருக்கு அதாவது உத்தேசமுண்டா என்பதை சந்தேகநிவர்த்திக்காக பிரதமரிடம் விசாரிக்க கூறுவார்கள் அன்று நம்பிக்கொண்டும், தமிழ் பாஷைக்கும் தமிழர்களுக்கும் போதுமான பாதுகாப்பு அளிக்கப்படுமென்றும் கூறுவார்களென்றும் நம்பிக்கொண்டு இத்துண்டு பிரேரணையை ஆதரிக்கிறேன்.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഹൈക്കോടതി മാററംമൂലം അതിലെ ജീവനക്കാർക്കും അഭിഭാഷകന്മാർക്കും ഉണ്ടായിട്ടുള്ള വിഷമതകളെക്കുറിച്ച് ഒരടിയന്തിരപ്രമേയം ഈ സഭയിൽ അവതരിപ്പിച്ചപ്പോൾ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചെയ്ത പ്രസ്താവനയും അതിനാസ്പദമായ റിപ്പോർട്ടും ശരിയല്ലെന്ന് അടുത്തദിവസം അഡ്വൊക്കററ് അസോസിയേഷൻ പാസാക്കിയ പ്രമേയങ്ങളിൽനിന്നും മനസ്സിലാകും. ഇവിടെനിന്നും പോയിട്ടുള്ള എല്ലാവർക്കും താമസസൌകര്യം ഉണ്ടാക്കിക്കൊടുത്തുവെന്ന് അദ്ദേഹം പറയുകയുണ്ടായി. രണ്ടുമൂന്നു ദിവസത്തിനുമുമ്പു കൂടിയ അഡ്വൊക്കേററ് അസോസിയേഷൻ, വളരെ അധികം ആളുകൾക്കും ഇനിയും താമസസൌകര്യം കിട്ടിയിട്ടില്ലെന്ന് ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ആ അസോസിയേഷൻ പാസാക്കിയ പ്രമേയങ്ങളിലേക്കു ഞാൻ ബഹു. മന്ത്രിയുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. ഹൈക്കോടതിയിൽ ചേംബർ ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചും, ഉദ്യോഗസ്ഥന്മാർക്കു ക്വാർട്ടേഴ്സ് ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചും അദ്ദേഹം ചിലതു പറയുകയുണ്ടായി ഇക്കാര്യത്തെപ്പററി ഇതുവരെ യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ലെന്നു ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ കാര്യങ്ങൾ സാധിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്നു ഞാൻ അന്വേഷിച്ചു. അന്വേഷണത്തിൽ അവിടെയുള്ള നെടുമ്പുരയ്ക്കു തടി വാങ്ങിക്കുന്നതിനു പണം ആരു കൊടുക്കണമെന്നു തീരുമാനിക്കാതിരിക്കുന്നതാണ് ഇതിനു കാരണം എന്നെനിക്കു മനസ്സിലാക്കുവാൻ സാധിച്ചു. ഏതായാലും ഈമാതിരി നിസ്സാരമായ തടസ്സങ്ങൾമൂലം ഇത്ര ഗൌരവതരമായ ഈ പ്രശ്നം മാററിവയ്ക്കുന്നതു ശരിയല്ലെന്നു ഞാൻ ഗവമ്മെണ്ടിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ കാര്യത്തിനേതെങ്കിലും ഒരുദ്യോഗസ്ഥനാവശ്യമുള്ള അധികാരം കൊടുത്തു നിയമിക്കേണ്ടതാവശ്യമാണ്. ചേംബേഴ്സ് കെട്ടിപ്പടുക്കുവാനുള്ള പൂർണ്ണാധികാരം ചീഫ് ജസ്റ്റീസിനു കൊടുക്കണം. അദ്ദേഹം അതിലേക്കാവശ്യമുള്ള ധനം ചിലവാക്കട്ടെ. അതു ചെയ്യാതെ ഒരു റെൻറ കൺട്രോളറേയോ സ്പെഷ്യൽ കമ്മിററിയോ നിയമിച്ചതുകൊണ്ടു പ്രയോജനമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ഉദ്യോഗസ്ഥന്മാരോട് ഇതേസംബന്ധിച്ചു ചോദിക്കുമ്പോൾ അവർ പറയും അവർക്കധികാരമില്ലെന്ന്. ഇക്കാര്യത്തിൽ ഗവമ്മെണ്ടിൻെറ സത്വരമായ ശ്രദ്ധ പതിയണമെന്ന് ഉൽബോധിപ്പിച്ചുകൊണ്ടു മറെറാരു പ്രധാനസംഗതിയിലേക്കു പ്രവേശിക്കാമെന്നു വിചാരിക്കുന്നു.

ലാസ് ഡിലെസ് തിരുവിതാംകൂറിനെ സംബന്ധിച്ചു വളരെ വർദ്ധിച്ചുവരുന്നുവെന്നു വലിയ ഒരാരോപണം ഫെഡറൽ കോടതിയിൽനിന്നു വന്നിരുന്ന ജഡ്ജ് ഉന്നയിക്കുകയുണ്ടായി. ഇന്നു ക്യാബിനററിലുള്ള എല്ലാ അംഗങ്ങൾക്കുംതന്നെ ഈ ലാസ് ഡിലേസിനെപ്പററി ശരിയായ അറിവുള്ളതാണ്. എന്തുകൊണ്ടാണ് ലാസ് ഡിലേസ് ഇപ്രകാരം ഉണ്ടാകുന്നത്? ഈ സംഗതിയിൽ ഉണ്ടാകുന്ന കാലവിളംബത്തെപ്പററി ശരിയായ അറിവു സിദ്ധിച്ചിട്ടുള്ളവർ ഇന്നത്തെ ക്യാബിനററിൽ ഉണ്ട്. അങ്ങനെയുള്ള ഒരു ക്യാബിനററിനു് ഇക്കാര്യത്തിൽ അതിനു് ഒരു പരിഹാരമുണ്ടാക്കാൻ സാദ്ധ്യമാകാതിരിക്കുന്നതു തീച്ചയായും ആക്ഷേപകരമാണ്. ലാസ് ഡിലേസിനുള്ള പ്രധാനകാരണം ജഡ്ജിമാർ കേസു വിധിക്കുന്നതിലുള്ള താമസം മാത്രമല്ല. മുൻസിഫ് കോടതികളിലും മററും ആവശ്യമുള്ളത്ര സ്റ്റാഫ് ഇല്ലാത്തതാണ് ഇതിനു കാരണമെന്നാണ് എനിക്കു തോന്നുന്നത്. ഒരന്യായം കൊടുത്താൽ അതു രജിസ്റററിൽ കൊള്ളിച്ചു സമൻസ് അയയ്ക്കുന്നതിന് ൨൦ ദിവസമെങ്കിലും ഇപ്പോൾ എടുക്കുന്നുണ്ട്. അതിനു് അവർ പറയുന്ന സമാധാനം ആഫീസിൽ കുറച്ചു ക്ലാർക്കന്മാരേ ഉള്ളുവെന്നതാണ്. അതുപോലെതന്നെ സാക്ഷിപ്പടികെട്ടി നടപടി നടത്താൻ വളരെ അധികദിവസങ്ങൾ താമസിക്കേണ്ടതായിവരും. ഒരു കേസിനെ സംബന്ധിച്ച് ആദ്യവിചാരണ വരുമ്പോൾ അതിൻെറ ഒരു പകർപ്പിനപേക്ഷിച്ചാൽ കുറഞ്ഞതു ൩ മാസമെങ്കിലും കഴിഞ്ഞേ പകപ്പു കിട്ടുകയുള്ളു. ഈ കാരണം പറഞ്ഞ് ൩ മാസംവരെ കേസ് അവധിക്കു വയ്ക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. നിസ്സാരമായ ഒരു പ്രാസസ്സ് നടത്തിവരുന്നതിലേക്കുവേണ്ടിമാത്രം ചിലപ്പോൾ ഒരു കേസ് ൩ മാസംവരെ അവധി മാററിവയ്ക്കേണ്ടിവരുന്നതാണ്. കോടതിയിൽ ഉണ്ടാകുന്ന ഒരു വിധിയിന്മേൽ അപ്പീൽ ബോധിപ്പിക്കുന്നതിനു

[Sri. Kalathil Velayudhan Nair]

വേണ്ടി അതിന്റെ ഒരു പകർപ്പിനപേക്ഷിച്ചാൽ അതു കിട്ടാൻ ഒരു കൊല്ലംവരെ താമസിക്കേണ്ടിവരും. തൻമൂലം അപ്പീൽ കൊടുക്കാൻ വലിയ കാലവിളംബം ഉണ്ടാകും. ഒരു കേസിന്റെ ഡിക്രി തയാറാക്കാൻ ചിലപ്പോൾ രണ്ടു വർഷവും അതിന്റെ പ്രൊസീഡിംഗ്സ് തയാറാക്കാൻ ഒരു കൊല്ലവും വേണ്ടിവരുന്നുണ്ട്. ഇതൊന്നും ന്യായമല്ല സർ. ആവശ്യമുള്ളിടത്തോളം സ്റ്റാഫ് കോടതികളിൽ കൊടുക്കാത്തതാണ് ഈ ലാസ് ഡിലേസിലേക്കുള്ള കാരണമെന്നാണ് അനുഭവംകൊണ്ടു ഞാൻ മനസ്സിലാക്കുന്നത്. ഇതിനൊരു പരിഹാരം ഉണ്ടാക്കാത്തപക്ഷം ലാസ് ഡിലേസ് വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. ഗവമെണ്ട് ഈ കാര്യത്തിൽ ഇതുവരെ യാതൊന്നും ചെയ്തുകാണാത്തതു ഖേദകരമാണ്.

എനിക്കു മറെറാരു സംഗതികൂടി പറയാനുണ്ട്. ഒരു സൃഷ്ടിപരമായ നിർദ്ദേശം എനിക്കുനൽകുവാനുള്ളതുകൊണ്ട് അല്പസമയംകൂടി എനിക്കനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ജുഡീഷ്യൽ ഡിപ്പാർട്ടുമെണ്ടിലേക്കുള്ള നിയമനങ്ങൾ നടത്തുന്നയവസരത്തിൽ അനുഷ്ഠിക്കേണ്ട മാനദണ്ഡങ്ങളടങ്ങിയ ഒരു നിർദ്ദേശം ശ്രീ. നേശമണി തിരുവിതാംകൂർ അസംബ്ലിയുടെ കഴിഞ്ഞ ബഡ്ജററു യോഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. അതായതു വർഗ്ഗീയപ്രാതിനിധ്യം ജുഡീഷ്യറിയിലേക്കുള്ള നിയമനങ്ങളിൽ നോക്കാതെ കാര്യക്ഷമത മാത്രം മാനദണ്ഡമാക്കണമെന്നുള്ളതാണ് ആ നിർദ്ദേശം. ഇതേസംബന്ധിച്ച് ഇവിടെ പ്രസ്താവിച്ചപ്പോൾ ബഹു. ചീഫ് മിനിസ്റ്റർ പറയുകയുണ്ടായി ഇവിടെ അങ്ങിനെയൊരു ഡിസ്റ്റിംഗ്ഷൻ ഇല്ലെന്നും വർഗ്ഗീയനീതി മാത്രമാണ് പാലിക്കുന്നതെന്നും. നീതിക്കും വർഗ്ഗീയതയുണ്ടോ എന്നു ഞാൻ ഈ അവസരത്തിൽ ചോദിച്ചുകൊള്ളട്ടേ. വർഗ്ഗീയനീതി പാലിക്കുന്നുവെന്നു പറഞ്ഞു നിയമനം നടത്തിയാൽ ഇന്നുള്ള ദോഷങ്ങൾ മാറുമെന്ന് എനിക്കഭിപ്രായമില്ല. കാര്യക്ഷമത മാത്രം അടിസ്ഥാനമാക്കി ഉദ്യോഗനിയമനം നടത്തിയെങ്കിലല്ലാതെ ഇവിടെ ജുഡീഷ്യറി നന്നാകാൻ പോകുന്നില്ല. അല്ലാത്തപക്ഷം അതു പല കുഴപ്പങ്ങൾക്കും കാരണമാകും. മറെറാരു സംഗതികൂടി ചൂണ്ടിക്കാണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതു് ഈ അടുത്തകാലത്തു് എനിക്കു നേരിട്ട് അനുഭവപ്പെട്ട ഒരു സംഗതിയാണ്. ദേവികുളം കോർട്ടിലെ മുൻസിഫ് അവിടെയില്ല. പെരുമ്പാവൂർ മുൻസിഫ് അവിടെച്ചെന്നു കേസുകൾ വിചാരണ നടത്തുകയാണ് ചെയ്യുന്നത്. ൧ മാസത്തിൽ ൪ ദിവസം മാത്രമേ അവിടെ കേസു വിചാരണ നടത്താൻ സാധിക്കുന്നുള്ളു. ഈ കോടതിക്കാവശ്യമുള്ള ശിപായിമാർ, ക്ലാർക്കുമാർ ഇവരെല്ലാംതന്നെ ദേവികുളത്തുണ്ട്. അവിടത്തെ മജിസ്ട്രേട്ടിനെ ഒരു മുൻസിഫ് മജിസ്ട്രേട്ടായി നിയമിച്ചാൽ രണ്ടുകാര്യങ്ങളും ഒന്നിച്ചു ചെയ്യാൻ അദ്ദേഹത്തിനു സാധിക്കും. ഈ പരിതഃസ്ഥിതിയെപ്പററി ആലോചിച്ചു നോക്കുന്നപക്ഷം ഗവമെണ്ട് അനാവശ്യമായി ധനവ്യയം ചെയ്യുന്നുണ്ടെന്നു കാണാം. ൪ ദിവസത്തെ കോടതിക്കുവേണ്ടി ഒരാൾക്കു സിററിംഗ് ഫീസ്, ബാററ, ടി. എ. ഇതെല്ലാം കൊടുക്കുന്നുണ്ട്. കഴിഞ്ഞ കർക്കടകം വരെ അവിടെ നാല്പതു കേസുകൾ മാത്രമാണ് ഫയൽചെയ്തിട്ടുള്ളതു്. ദേവികുളം മജിസ്ട്രേട്ടിനെ മുൻസിഫ് മജിസ്ട്രേട്ടായി നിയമിച്ചാൽ അവിടെ ദിവസവും കോടതി നടത്താം. അതു ജനങ്ങൾക്കു വളരെ സൌകര്യപ്രദമായിരിക്കുമെന്നു മാത്രമല്ല, സ്റ്റേററിനു് ആദായകരവുമാണ്. ഈ മാതിരി കാര്യങ്ങൾ ഗവമെണ്ടിന്റെ അടിയന്തിരമായ ശ്രദ്ധയിൽ പതിയണമെന്നപേക്ഷിച്ചുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. വി. മാധവൻ: സർ, ഇന്നു കോടതികളിൽ കേസുകൾ തീരുമാനം ചെയ്യുന്നതിൽ വരുന്ന കാലവിളംബത്തെപ്പററി എന്റെ സ്നേഹിതൻ മിസ്റ്റർ കളത്തിൽ വേലായുധൻനായർ പറഞ്ഞ സംഗതികളോട് ഞാനും യോജിക്കുന്നു. കേസുകൾക്കു് ഉണ്ടാകുന്ന കലെവിളംബത്തെപ്പററി കൊച്ചിയിൽനിന്നും വന്നിട്ടുള്ള ബഹു. മെമ്പറന്മാർ പറയുന്നതു തിരുവിതാംകൂർ-കൊച്ചി സംയോജനംകൊണ്ടു കൊച്ചിക്കുണ്ടാകാവുന്ന ഏററവും വലിയ ഒരു ദോഷം ഇക്കാര്യമായിരിക്കുമെന്നാണ്. കൊച്ചിയിൽ കേസുകൾ തീരുമാനിക്കുന്നതിൽ യാതൊരു കാലതാമസവും ഉണ്ടാവുന്നില്ലെന്നും തിരുവിതാംകൂറിൽ അതു് വളരെയധികമാണെന്നും നമുക്കെല്ലാം അറിയാം. എന്റെ മാന്യസ്നേഹിതൻ ചൂണ്ടിക്കാണിച്ചതുപോലെ ഇന്നു ക്യാബിനററിൽ വന്നിട്ടുള്ളവരെല്ലാം അഭിഭാഷകന്മാരായിരുന്നതുകൊണ്ടു് അവർക്കുതന്നെ അറിയാം, ഈ കാലതാമസം എത്രമാത്രം ഉണ്ടെന്നു്. അതുകൊണ്ടു ക്യാബിനററ് ആ സംഗതിയിൽ ഉടൻ ഒരു പരിഹാരം കണ്ടെത്തേണ്ടതാണ്. കോടതികളിൽ ഉണ്ടാകാവുന്ന കാലവിളംബ സംഗതിയിൽ കൊച്ചി, തിരുവിതാംകൂറിനു് ഒരു മാതൃകയായിരിക്കേണ്ടതാണ്. കൊച്ചിയിലെ രീതി തിരുവിതാംകൂർ കോടതികൾ

അനുകരിക്കേണ്ടതുമാണ്. സംയോജനം വന്നതുകൊണ്ട് തിരുവിതാംകൂറിലെ ഈ കാലതാമസം കൊച്ചിയിലേക്ക് സംക്രമിക്കാതിരിക്കുവാൻ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഒരു ഐകരൂപ്യം എത്രയും വേഗത്തിൽ വരുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. തിരുവിതാംകൂറിൽ പല താലൂക്കുകളിലും തഹസിൽദാരന്മാർക്ക്, ക്രിമിനൽ അധികാരംകൂടി കൊടുത്തു കേസ് വിസ്തരിച്ചുവരുന്നുണ്ട്. ഇന്നത്തെ കാലസ്ഥിതിക്ക് തഹസീൽദാരുദ്യോഗം വളരെ ജോലിത്തിരക്കുള്ള ഒന്നാണ്. അദ്ദേഹത്തിന്റെ ജോലിക്കു പുറമേയാണ് ക്രിമിനൽ കേസ്സ് വിസ്തരിക്കുവാനുള്ള അധികാരം കൂടി കൊടുത്തിരിക്കുന്നതു്. തന്മൂലം വളരെയധികം കാലവിളംബം കേസുകൾ തീരുമാനിക്കുന്ന കാര്യത്തിൽ ഉണ്ടാകുന്നുവെന്നുമാത്രമല്ല അതു പൊതുജനങ്ങൾക്കു വലിയ അസൗകര്യം ഉണ്ടാക്കുന്നതുമാണ്. മുമ്പ് സ്റ്റേഷനറി മജിസ്ട്രേട്ടന്മാരെ വച്ചാണ് ക്രിമിനൽ കേസുകൾ കേട്ടുകൊണ്ടിരുന്നതു്. അതുപോലെ ഇപ്പോൾ സ്റ്റേഷനറി മജിസ്ട്രേട്ടു കോടതികൾ മുഖാന്തിരം ക്രിമിനൽ കേസുകൾ തീരുമാനിച്ചാൽ അക്കാര്യത്തിലുള്ള വിഷമവും ബുദ്ധിമുട്ടും പരിഹരിക്കപ്പെട്ടുമെന്നാണ് എനിക്കു ഗവമെണ്ടിനെ അറിയിക്കുവാനുള്ളതു്. മറ്റൊരു കാര്യം എനിക്കു പറയുവാനുള്ളതു് കോടതികളിലുണ്ടാകുന്ന കാലവിളംബം വക്കീലന്മാരുടെ ആത്മാർത്ഥമായ സഹകരണത്തോടുകൂടി കുറയ്ക്കാവുന്നതാണ്. വക്കീലന്മാർ കേസുനടത്തിപ്പിൽ വേണ്ട ശ്രദ്ധപതിപ്പിക്കുവാൻ പ്രേരകമായിരിക്കാൻ തക്കവണ്ണം ഒരു നടപടി കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിലും ഒരു പരിഹാരം കണ്ടെത്തേണ്ടതാണ്. കോർട്ട്ഫീസ് കാര്യത്തിൽ പുതിയ നിയമം ഇപ്പോൾ ഉണ്ടായെങ്കിലും വക്കീലന്മാരുടെ ഫീസിനെക്കുറിച്ചുള്ള നിയമം പഴയ രീതിയിൽത്തന്നെ ഇരിക്കുന്നതേ ഉള്ളു. ജീവിതത്തോതു് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ വക്കീൽഫീസിന്റെ നിരക്കും വർദ്ധിപ്പിക്കേണ്ടതാണെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടു് വക്കീൽഫീസു നിയമം നവീകരിക്കേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു. (ബെൽ)

*The House adjourned for lunch at 1 p. m. and reassembled at 2 p. m. with the Deputy Speaker (Sri K. Kochukuttan) in the Chair.*

ശ്രീ. എം. ആർ. വേലപ്പൻ: സർ, അടിയന്തിരപ്രമേയത്തിന്റെ അവതരണത്തോടുകൂടി ആരംഭിച്ച നമ്മുടെ ബഡ്ജററസമ്മേളനത്തിൽ നാളിതുവരെ അവസരം കിട്ടുമ്പോഴെല്ലാം ഹൈക്കോടതി എറണാകുളത്തേക്കു മാററിസ്ഥാപിച്ചതിന്റെ ആക്ഷേപങ്ങൾക്ക് വളരെ പ്രാധാന്യം നൽകിവരുന്നുണ്ടു്. പക്ഷെ ഹൈക്കോടതി എറണാകുളത്തു് ആരംഭിച്ചതോടുകൂടി വളരെക്കാലമായി തിരുവനന്തപുരത്തു താമസമുറപ്പിച്ചിരുന്ന അഭിഭാഷകന്മാർക്ക് ചില വിഷമങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു ഒരു പരമാർത്ഥമാണ്. അങ്ങനെ വിഷമതകൾ ഉണ്ടായിട്ടുള്ള ചില അഭിഭാഷകന്മാരിൽ നിന്നാണ് ആക്ഷേപങ്ങളുണ്ടായിട്ടുള്ളതെന്നു മനസ്സിലാക്കാൻ സാധിക്കുമ്പോൾ അതിന്റെ അർത്ഥം കുറെയൊക്കെ നമുക്കു മനസ്സിലാക്കാൻ സാധിക്കും. എന്റെ മാന്യസുഹൃത്തു് ശ്രീ. കളത്തിൽ വേലായുധൻനായർ, കോടതികളിൽ നിയമപരിപാലനത്തിനു നേരിടുന്ന കാലതാമസം അവിടുത്തെ ഉദ്യോഗസ്ഥന്മാരുടെ എണ്ണക്കുറവുകൊണ്ടാണെന്നു സമർത്ഥിക്കയുണ്ടായി. കോടതിയിൽ അനവധി ഫയലുകൾ നിലവിലുള്ള ഒരഭിഭാഷകൻ നീതിന്യായപരിപാലനത്തിൽ നേരിടുന്ന താമസം ന്യായാധിപന്മാർ മുഖാന്തിരമാണെന്നു പറയുന്നതിൽ സംശയിക്കാതിരിക്കുകയില്ല. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ മറ്റൊരു സംഗതിയിലേക്കു പ്രവേശിക്കണമെന്നു വിചാരിക്കുന്നു. ആ കാര്യം ഒരു ഖണ്ഡനോപക്ഷേപംമൂലം ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതാണ്. പൊതുജനങ്ങൾക്കു ഉദ്യോഗസ്ഥന്മാരിൽനിന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഉപദ്രവങ്ങളെപ്പററി ചർച്ചചെയ്യാൻ വേണ്ടിയാണ് ഉപക്ഷേപം അയച്ചതു്. ഇതേ സംബന്ധിച്ചു പല ആക്ഷേപങ്ങളും വക്കീലന്മാർ പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണ്. അതിലുള്ള ചില വിവരങ്ങൾ സഭയെ അറിയിക്കുവാൻ വേണ്ടിയായിരുന്നു ഉപക്ഷേപം അയച്ചതു്. ഒരു മജിസ്ട്രേട്ടുകോടതിയിൽ ഒരു പ്രതിയെ ജാമ്യത്തിലെടുക്കുവാൻവേണ്ടി ജാമ്യാപേക്ഷ കൊടുക്കുമ്പോൾ കടലാസു പറന്നുപോകാതിരിക്കാൻ എന്തെങ്കിലും ഒന്നു വയ്ക്കണമെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണെന്നും അതുപോലെ പല സംഗതികളും നടന്നുകൊണ്ടിരിക്കുന്നുവെന്നും തന്മൂലം വലിയ അസൗകര്യം പൊതുജനങ്ങൾക്ക് നേരിട്ടുകൊണ്ടിരിക്കുന്നുണ്ടെന്നും സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈയിടെ ആററിങ്ങൽ കോട്ടിൽ ഒരു സംഭവം ഉണ്ടായതായി "കേരളം" പത്രത്തിൽ വായിക്കുവാൻ ഇടയായി. ഏതോ ഒരു കേസിൽ സാക്ഷിയെ വിസ്തരിച്ച മൊഴിയുടെ പകർപ്പെടുക്കുന്നതിനു

[Mr. M. R. Velappan]

ന്യായമായി കൊടുക്കേണ്ട കടലാസുവില വാങ്ങിക്കൊടുത്തതിന്റെ ശേഷം ഗുമസ്തൻ അതിന്റെ പകർപ്പുകൂലികൂടി ആവശ്യപ്പെട്ടുവെന്നും പകർപ്പെഴുതുന്നതിനു ന്യായമായി ചെല്ലേണ്ട മുദ്രവില കൂടാതെ പകർപ്പുകൂലി കൊടുക്കണമോ വേണ്ടയോ എന്നറിയാൻ പാടില്ലാതിരുന്ന അയാൾ ആ ഗുമസ്തന് അഞ്ചുരൂപാ കൊടുത്തപ്പോൾ ഇത്രമാത്രമേയുള്ളോ എന്നു ചോദിച്ചുവെന്നുമാണ് ആ സംഭവം. തുക കൊടുത്തശേഷം ആദ്ദേഹം പുറത്തുവന്നു ഇക്കാര്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന സംശയം ഒരു അഭിഭാഷകനിൽനിന്നും തീർത്തതിന്റെശേഷമാണ് പത്രത്തിൽ പ്രസിദ്ധം ചെയ്തതു്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എൻ. കുഞ്ഞുരാമൻതന്നെയായിരുന്നു ആ കേസിലെ അഭിഭാഷകൻ. ഇപ്പോൾ അതേപ്പററി അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഈ മാതിരിയുള്ള കാര്യങ്ങളിൽനിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന ഉപദ്രവങ്ങൾക്ക് പരിഹാരം ഉണ്ടാക്കേണ്ടതാവശ്യമാണ്. അതിനാവശ്യമായ നടപടികൾ അധികൃതർ എടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

തൃശ്ശൂരിൽ ഒരു ജില്ലാകോർട്ട് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി നാലു വാക്കു സംസാരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. തൃശ്ശൂർ ഭൂമിശാസ്ത്രപരമായി കൊച്ചി ജില്ലയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. വളരെ കാലമായി കൊച്ചിയിൽ നീതിന്യായപരിപാലനം മഹാരാജാക്കന്മാരിൽ സ്ഥിതിചെയ്തിരുന്നു. അവരിൽനിന്നും അതു് മററു വ്യക്തികളിലേക്ക് സംക്രമണം ചെയ്തതിനുശേഷം തൃശ്ശൂരിൽ ഒരു ന്യായാധിപകേന്ദ്രം ഉണ്ടായി. ആദ്യമാദ്യം പ്രമാണികളായ നാട്ടുകാരും അതിനുശേഷം വിദ്യാസമ്പന്നന്മാരായ അഭിഭാഷകന്മാരും ആ നീതിനിർവ്വഹണം നടത്തിവന്നു. അങ്ങനെ നീതിന്യായത്തിന്റെ അടിസ്ഥാനമായിരുന്ന ആ പ്രദേശത്തു കൊച്ചി ജില്ലയിലെ ജില്ലാക്കോടതി സ്ഥാപിച്ചിരുന്നു. ചിററൂർ താലൂക്കിൽ ഒരു സബ്കോടതിയുണ്ടെങ്കിലും അവിടത്തെ ആളുകൾക്ക് കേസിൽ അപ്പീൽ ബോധിപ്പിക്കുന്നതിനു് തൃശ്ശൂർ വന്നാൽ മതിയാകുന്നതാണ്. അവർക്ക് ഹൈക്കോടതിയിൽ ബോധിപ്പിക്കേണ്ട അപ്പീലുകൾക്കായി എറണാകുളത്തു വന്നേ മതിയാകയുള്ളു. ആകയാൽ തൃശ്ശൂർ ഒരു ജില്ലാക്കോടതി സ്ഥാപിച്ച് അതിനെ ഒരു നിയമകേന്ദ്രമാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. അലക്സാണ്ടർ വാകയിൽ: സർ, നീതിന്യായവകുപ്പിനെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങളിൽ എനിക്കു നേരിട്ടു വലിയ പരിചയമില്ലെങ്കിലും ഈ വകുപ്പിനെക്കുറിച്ചു ധാരാളം അറിവുകൾ ശേഖരിക്കുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ടു്. ഒന്നാമതായി എനിക്കു പറയുവാനുള്ളതു് ഒരു കോടതിയിൽ ഒരു കേസ്സ് ഫയൽ ചെയ്താൽ അതിനെക്കുറിച്ചു തീരുമാനമുണ്ടാക്കുവാൻ വളരെ കാലതാമസം വേണ്ടിവരുമെന്നുള്ളതാണ്. തിരുവിതാംകൂറിലെ ചില കോടതികളിൽ ഇരുപതും ഇരുപത്തിഅഞ്ചും കൊല്ലം പഴക്കമുള്ള കേസ്സുകൾ ഇന്നു നിലവിലുണ്ടു്. അങ്ങിനെ കേസ്സു നീട്ടിക്കൊണ്ടുപോകുന്നതു് കോടതികളുടെ ഒരു സാധാരണ പതിവായിത്തീർന്നിരിക്കയാണ്. കക്ഷികൾക്കു തൻമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ അവർണ്ണനീയമാണ്. അതിനും പുറമെ നീതിന്യായവകുപ്പിലെ, പ്രത്യേകിച്ചു ബഞ്ചുക്ലാർക്കന്മാർ മുതലായ താഴ്ന്നതരം ശമ്പളക്കാരുടെ അഴിമതികളും അക്രമങ്ങളും അസഹനീയമാണ്. വക്കീലന്മാർതന്നെ ബഞ്ചുക്ലാർക്കന്മാർക്ക് കൈക്കൂലി കൊടുത്തില്ലെങ്കിൽ അവരുടെ കാര്യം സാധിക്കുവാൻ പ്രയാസമാണ്; എന്ന ഒരു നില ഇന്നുണ്ടായിട്ടുണ്ടു്. കോടതികളിൽ മുൻസിഫന്മാരും മജിസ്ട്രേട്ടന്മാരും കൈക്കൂലി വാങ്ങുന്നതായി കേൾക്കുന്നുണ്ടു്. കൈക്കൂലി സമ്പ്രദായം നീതിന്യായവകുപ്പിൽ ഒരിക്കലും അനുവദിക്കത്തക്കതല്ല. എന്നാൽ ക്ലാർക്കന്മാർ കൈക്കൂലി വാങ്ങുന്നതിനെ തടയണമെങ്കിൽ അവർക്കു ന്യായമായ ശമ്പളം കൊടുക്കണം. ഇതേക്കുറിച്ചു എത്ര പറഞ്ഞാലും അധികമായി പോകുന്നതല്ല. വാറണ്ടു ശിപായിമാർ പത്തും പതിനഞ്ചും നാഴിക നടന്നു കക്ഷികളുടെ അടുക്കൽ ചെന്നാൽ രണ്ടും മൂന്നും രൂപാ വാങ്ങിക്കൊണ്ടു് പറഞ്ഞു മടക്കിക്കൊണ്ടുപോകുമെന്നു നമുക്കറിയാം. അവർക്ക് ഈ കാര്യത്തിനു് അലവൻസോ ഫീസോ ഒന്നും കൊടുക്കുന്നില്ല. മജിസ്ട്രേട്ടന്മാർക്കും മററും കാപ്പി കൊണ്ടുവരുവാൻ (ശിപായിമാരെ ഉപയോഗിക്കുന്നതു് വളരെ തെററാണ്) ശിപായിമാരെക്കൊണ്ടു അവരുടെ എജമാനന്മാരുടെ കുട്ടികളെ എടുപ്പിക്കുന്ന നീചമായ കൃത്യവും ഇന്നു സർവ്വസാധാരണയായി നിലവിലിരിക്കുന്നു. ഇങ്ങനെയുള്ള പ്രവൃത്തികൾ ഒരിക്കലും അനുവദിക്കുവാൻ പാടില്ല. ഇതിനും പുറമെ തഹസീൽദാരന്മാർ, അസിസ്റ്റൻറ് പേഷ്ക്കാരന്മാർ, പേഷ്ക്കാരന്മാർ ഇവർക്ക് മജിസ്ട്രേട്ടധികാരം കൊടുക്കുന്ന രീതി നിറുത്തണം. കൊച്ചിയിൽ ഡിവിഷൻ പേഷ്ക്കാർക്കു മജിസ്ട്രേട്ട

ധികാരമില്ല. മദ്രാസിൽ ജ്യൂഡീഷ്യൽ ഉദ്യോഗസ്ഥന്മാക്ക് റവന്യൂ അധികാരമില്ല. ഐക്യസംസ്ഥാനത്തെ ഹൈക്കോടതിയിലേക്കുള്ള നിയമനങ്ങളെക്കുറിച്ച് എനിക്കു ഒരു വാക്കു പറയുവാനുണ്ട്. തിരുവിതാംകൂർ ഹൈക്കോടതിയിലുണ്ടായിരുന്ന ൭ ജഡ്ജിമാരും കൊച്ചിയിലുണ്ടായിരുന്ന മൂന്നു ഹൈക്കോടതി ജഡ്ജിമാരിൽ രണ്ടുപേരേയും സംയുക്ത ഹൈക്കോടതിയിൽ ജഡ്ജിമാരായി നിയമിക്കുകയുണ്ടായി. ഇതിൽ എക്സ്ക്ലൂഡ് ചെയ്യപ്പെട്ട ശ്രീ. പോൾ മമ്പിള്ളി കൊച്ചിയിലെ ഹൈക്കോടതിയിൽ സമർത്ഥമായ സേവനം ചെയ്തിട്ടുള്ള ഒരാളാണ്. അദ്ദേഹത്തെ എക്സ്ക്ലൂഡ് ചെയ്തതിൽ കൊച്ചിയിലേയും തിരുവിതാംകൂറിലേയും ജനങ്ങൾക്കുള്ള അമർഷവും പ്രതിഷേധവും ഈ സഭയുടെ മുമ്പാകെ ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു. ഏതായാലും നീതിന്യായവകുപ്പുദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽ സത്യസന്ധത, നീതിബോധം മുതലായ സൽഗുണങ്ങൾക്കു പരിഗണന നൽകണമെന്നു ഞാൻ അപേക്ഷിക്കുന്നു. അപ്രകാരം ചെയ്തു പരിശുദ്ധമായ ഒരന്തരീക്ഷം കോടതികളിൽ സൃഷ്ടിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇതിൽ പ്രധാനമായി നാം ശ്രദ്ധിക്കേണ്ടതു ഏററവും സത്യസന്ധന്മാരായ ഉദ്യോഗസ്ഥന്മാരെ മാത്രമെ നിയമിക്കാൻ പാടുള്ളു എന്നുള്ളതിലാണ്. അവർ തെററുകാണിച്ചാൽ കഠിനമായ ശിക്ഷകൾ കൊടുത്താൽ നീതിന്യായവകുപ്പ് പരിശുദ്ധമാകുമെന്നുള്ളതിൽ സംശയമില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: പ്രസംഗത്തിനു ആരെയെല്ലാമാണ് വിളിക്കുന്നതെന്നു വല്ല ലിസ്ററും അവിടെയുണ്ടോ? ഞാനും എല്ലാ കാര്യത്തിനും കട്മോഷൻസ് അയച്ചിട്ടുണ്ടായിരുന്നു. എന്റെ കഷ്ടകാലംകൊണ്ടു എന്റെ പേർ ഇതുവരെ വിളിച്ചു കണ്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ടോട്ടൽ കട്ടിനുള്ള ഒരു മോഷൻ മൂവുചെയ്യുമ്പോൾ ആപ്പോസിഷൻ പാർട്ടിയിലുള്ള ഒരാൾക്കു പ്രസംഗിക്കാൻ ആദ്യം സൗകര്യം കൊടുക്കുകയും, പിന്നീടു കട്മോഷൻ അയച്ചിട്ടുള്ളവക്കും മുൻപ് സംസാരിക്കുവാൻ സാധിക്കാതെയിരുന്നിട്ടുള്ളവക്കും സംസാരിക്കുവാൻ അവസരം നൽകിയതിനുശേഷം സമയം ഉള്ളപക്ഷം ബാക്കിയുള്ളവരേയും അനുവദിക്കുകയും ചെയ്യുന്നതാണ്. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പ്രസംഗിച്ചതിനുശേഷം അതേപ്പററി തീരുമാനിക്കുന്നതാണ്.

ശ്രീ. കെ. എ. മാത്യു: ആപ്പോസിഷൻ പാർട്ടി എന്നു പറയുന്നതു ഇവിടെ ആരാണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇപ്പോൾ തമിഴ്നാട് കോൺഗ്രസ്സ് പാർട്ടിയും ശ്രീ. കെ. പി. നീലകണ്ഠപിള്ള പ്രതിനിധീകരിക്കുന്ന പാർട്ടിയുമാണ്.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏററവും അധികം ഒപ്പോസ് ചെയ്യുന്നതു് ഓപ്പോസിഷൻ പാർട്ടിയാണ്.

**Sri K. P. Nilakanta Pillai:** Sir, regarding the administration of Justice, I wish to bring to the notice of the House one or two suggestions. There is unanimity of opinion in the matter of retrenchment in every Department and Hon'ble Members of the House may be aware that the Government of India propose to effect 20 per cent retrenchment in the staff. That being so, we have to make a similar retrenchment and save at least 75 lakhs of rupees during the current year. The question arises as to where to start with. The other day we heard that Government have reduced a lot of peons and other inferior servants, without touching any of the high appointments. Here I am going to place my hand on the head of the Attorney-General. This Attorney-General is an individual, who is a friend of mine. That Office was the creation of the present Ministry. In the whole of India, there is only one Attorney-General both for the Centre and the Provinces. The Provinces have their own Advocate-Generals. In Cochin there is an Advocate-General. My point is, what exactly is the relation between the Attorney-General here and the Advocate-General in Cochin, and how are their functions divided without any conflict?

**The Hon'ble Sri T. K. Narayana Pillai:** There is no Advocate-General in Cochin.

**Sri K. P. Nilakanta Pillai:** There is somebody who is looking over that matter.

**The Hon'ble Sri Panampilli Govinda Menon:** Nobody now.

**Sri K. P. Nilakanta Pillai:** Never mind, then.

This Attorney-General is the creation of the present Ministry. What are the functions of the Attorney-General, I am at a loss to understand. Generally, the Advocate-General is attached to the High Court. Now, this Attorney-General is permanently here, whereas four Government Pleaders are working—presumably under him at Ernakulam. I wish to know definitely, whether he is in charge of the work in the Courts or whether he is in charge of the Law Department of the Government. Formerly a Legal Officer was nominated under the then constitution as a member of the Legislature, and he was entrusted with the Law Department of

[Sri. K. P. Nilakanta Pillai]

Government. In the legislature, he moved all bills and took the responsibility for initiating and piloting in the House all legislative measures. The point on which I seek clarification is whether the present Attorney-General is in charge of the Law Department and is responsible for the making of Law, so far as this House is concerned. The second point I desire to know is whether he is also in charge of the work in the Union High Court. The third point to be made clear is whether he is a full-time Officer or a part-time Officer. If he is a full-time Officer, is it not wrong that he continues as a member of this House?

If he is in charge of the Law Department, I have to say that the work done there is very unsatisfactory. I know recently how the Members of the Treasury Bench were put to trouble on account of the extraordinary delay in the making of certain necessary legislation. I wish to know whether it was he who advised the Rajpramukh to promulgate the latest ordinance regarding Anti-corruption. If that is so and if it is a fact that he is a full-time Officer in charge of the Law Department, my submission is that he is not discharging his duties satisfactorily, and some other arrangement has to be made. The best thing would be to do away with this appointment. That measure is not viewed by the people with a sense of approbation, because of the many lacunae contained therein.

Next I ask whether he has taken any action against the Government Pleader, who was found guilty of dereliction of duty, in the Kulatupuzha Case. The Government Pleader was directed by Government to see that justice was done in that case. In spite of this and in spite of the fact that he was advised to take a particular course of action by the Police Officer, who was prosecuting that case, he was responsible for letting the accused on bail by his open statement before the District Magistrate that he found no reason why the accused should not be let on bail. That was against the specific instructions he received from the superior officers. I understand that no action was taken against him, though recommendations have been made to the Government in this matter by the High Court.

ശ്രീ. വി. കെ. വർഗ്ഗീസ്: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ഉപക്ഷേപത്തെ ആധാരമാക്കി നീതിന്യായവകുപ്പിനെപ്പററി ചില സംഗതികൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ കേവലം സൂചനകളായി ഞാൻ അവ പ്രസ്താവിച്ചുകൊള്ളുന്നു.

സർ, നീതിന്യായവകുപ്പിലെ അഴിമതി, കൈക്കൂലി മുതലായവയെപ്പററി ധാരാളം പ്രസ്താവിച്ചുകഴിഞ്ഞതിനോടു ഞാനും യോജിക്കുന്നു. ജഡ്ജിമാരിലും മുനിസിപ്പൻമാരിലും ധാരാളംപേർ ഇന്നു് കൈക്കൂലി, ശുപാർശ, വർഗ്ഗീയകക്ഷിപാതിത്വം ഇവയ്ക്കു് വിധേയരാണു്. സാമാന്യനിയമപരിജ്ഞാനവും പ്രാപ്തിയും ഇല്ലാത്ത ധാരാളം ഉദ്യോഗസ്ഥന്മാർ ഇന്നു് ഡിപ്പാർട്ടുമെണ്ടിൽ കടന്നുകൂടീട്ടുള്ളതാണു് ഡിപ്പാർട്ടുമെണ്ടിനെ അധഃപതിപ്പിക്കുന്നതിനു് കാരണമാക്കിയിട്ടുള്ളതു്. കഴിഞ്ഞ കാലങ്ങളിൽ പല പരിഗണനകളുടെ ഫലമായി ഉണ്ടായ നിയമനത്തിന്റെ ദുഷ്ഫലങ്ങളാണു് അതു്

സർ, ഇന്നു് ഏതെങ്കിലും ഒരു കോടതിയിൽ പോയാൽ അതിൽ തോററകക്ഷി ഉടൻ പറയുന്നതു് ജഡ്ജി കൈക്കൂലിവാങ്ങി എന്നോ, ശുപാശ കേട്ടു എന്നോ, അല്ലെങ്കിൽ വർഗ്ഗീയകക്ഷിപാതിത്വം നോക്കി വിധി പ്രസ്താവിച്ചുവെന്നോ ആയിരിക്കും. സർ, അയാളുടെ ഈ അഭിപ്രായം തെററായാലും, അതു ഉത്തമവിശ്വാസത്തോടുകൂടിയ ഒരു അഭിപ്രായമായിരിക്കും. ഇതു് ഞാൻ പ്രസ്താവിച്ചതു് ഇന്നു രാജ്യത്തെ Judiciary-യെപ്പററിയുള്ള പൊതുജനാഭിപ്രായം മനസ്സിലാക്കുന്നതിനാണു്. ഇവിടത്തെ നീതിന്യായവകുപ്പിനെ ശുദ്ധീകരിക്കണം, കൂടുതൽ പ്രാപ്തമാക്കണം, കാര്യദക്ഷതയുള്ളതാക്കണം.

ഹൈക്കോടതി ജഡ്ജിമാരുടെ എണ്ണം ൫ ആക്കണം. ജില്ലാക്കോടതികളുടെ എണ്ണം കുറയ്ക്കണം. കോടതികളുടെ എണ്ണത്തിൽ വരുത്തുന്ന കുറവു് വളരെ നേരത്തെതന്നെ പൊതുജനങ്ങളെ അറിയിക്കണം. മുനിസിഫ് കോടതികളിൽനിന്നും ൧,൦൦൦ രൂപായ്ക്കു മേൽ ഉള്ള അപ്പീൽ ഇപ്പോൾ ഹൈക്കോടതിയിൽ കൊടുക്കുന്നതിനുള്ള നിയമം മാററി ആയതിനും മററു കേസ്സുകളോടൊപ്പം ജില്ലാക്കോടതിയിലേക്കു അപ്പീൽ അയ്ക്കുന്നതിനു നിയമം ഉണ്ടാക്കണം. അങ്ങനെയായാൽ ഹൈക്കോടതിയിലെ ജോലി കുറയുന്നതും ജഡ്ജിമാരുടെ എണ്ണം കുറയ്ക്കാവുന്നതുമാണു്.

സർ, കോടതികളിൽ കേസ്സു് ദീർഘിപ്പിക്കുന്നതിനുള്ള കാലവിളംബത്തെപ്പററി പലരും ഇവിടെ പ്രസ്താവിച്ചു. അതിനെപ്പററിയും രണ്ടു വാക്കു പറയുവാൻ ഞാനാഗ്രഹിക്കുന്നു. വളരെയധികം കാലം കേസ്സുകൾ കോടതികളിൽ കിടന്നു ദീർഘിക്കുന്നു എന്നുള്ളതു് ഒരു പരമാർത്ഥം ആണു്. ഇതിനു പല കാരണങ്ങളുണ്ടു്. അതിൽ ഒന്നു് അഡ്വക്കെ

റന്മാരാണ്. തക്കസമയങ്ങളിൽ ഫീസ്സ് കിട്ടാത്തകാരണം പലപ്പോഴും കേസ്സുകൾ നീട്ടുന്നതിന് വക്കിലന്മാർ കാരണമാകാറുണ്ട്. കോർട്ടുഫീ ഈടാക്കുന്നതിനുള്ള വ്യവസ്ഥപോലെതന്നെ വക്കീൽഫീസ്സിൽ ഒരു ഭാഗവും ഈടാക്കുന്നതിനു നിയമത്തിൽ ഭേദഗതിയുണ്ടാക്കിയാൽ ഈ ന്യൂനത കുറെ ഒക്കെ പരിഹരിക്കാം. ഇതിനു ചില പ്രായോഗികവിഷമതകളുണ്ടെന്നുള്ള വസ്തുത ഞാൻ ഈ സമയം വിസ്മരിക്കുന്നില്ല.

കോടതികളിൽ വാക്കാൽ ഉള്ള കരാറിനെ അടിസ്ഥാനമാക്കിയുള്ള തർക്കങ്ങൾ സ്വീകരിക്കത്തക്കതല്ലെന്ന് നിയമംമൂലം നിയന്ത്രിക്കേണ്ടതാണ്. രേഖകൾ ഇല്ലാതെ പണം കൊടുത്തുവെന്നും വാങ്ങിയെന്നും മററുമുള്ള തർക്കങ്ങൾ സ്വീകാര്യങ്ങൾ അല്ലാതെ തടുക്കണം. അപ്പീൽ കൊടുക്കുന്നതിനും പകർപ്പുകൾ അച്ചടിച്ച് കിട്ടുന്നതിന് രണ്ടും മൂന്നും വർഷങ്ങൾ താമസം വരുന്നുണ്ട്. ഈ കാലതാമസവും ഇല്ലാതാക്കേണ്ടതാണ്. ഇതുപോലെ പല കാര്യങ്ങളും പ്രസ്താവിക്കുവാനുണ്ട്. എന്നാൽ സമയമില്ലാത്തതിനാൽ ഈ ഭാഗം ഞാൻ വിടുന്നു.

ഒരു കാര്യംകൂടി പ്രസ്താവിക്കട്ടെ. നീതിന്യായവകുപ്പിന്റെ ലാ സെക്ഷൻ ഇന്നു വളരെ മോശമായ ഒരു രീതിയിലാണ് നിൽക്കുന്നത്. അററോർണി ജനറൽ മുതൽ താഴോട്ടുള്ള ആ വകുപ്പിലെ പല ഉദ്യോഗസ്ഥന്മാരും നിയമം, പാണ്ഡിത്യം, കാര്യശേഷി ഇവയില്ലാത്തവരാണെന്ന് പ്രസ്താവിക്കേണ്ടിവന്നതിൽ എനിക്ക് ഖേദവുമുണ്ട്. നിയമഉദ്യോഗസ്ഥന്മാരായി എത്രയും പ്രാപ്തിയും നിയമപരിജ്ഞാനവും ഉള്ളവരെ തിരഞ്ഞെടുക്കണം. ഇതരപരിഗണനകൾക്ക് ഇടം കൊടുക്കുന്നതു് തെററാണ്. പല കോടതികളിലും ഗവമ്മെണ്ട് പ്ലീഡർമാർ നിയമജ്ഞന്മാരല്ലാത്തവരും അപ്രാപ്തരുമാണ്.

<u>ശ്രീ. ജി. ചന്ദ്രശേഖരപിള്ള:</u> നീതിന്യായ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ച് ഒന്നുരണ്ട് വാക്കു പറയണമെന്ന് വിചാരിക്കുന്നു. ഇന്ന് ലാസ്ഡിലേസ്മൂലം വളരെ വിഷമതകൾ ഉണ്ടാകുന്നുണ്ടെന്ന് പൊതുവെ അഭിപ്രായമുണ്ട്. ഈ ലാസ് ഡിലേയ്ക്കു് ഒരറുതി വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇരുപതും മുപ്പതും വർഷങ്ങൾ ആയ കേസ്സുകൾ ഇന്നും ഫയലിൽ ഇരിക്കുന്നുവെന്നും, വിസ്താരത്തിൽതന്നെ ഇരിക്കുന്നുവെന്നും എനിക്കറിയാം. ഈ രീതിയിലാണെങ്കിൽ എന്നാണ് ഒരു കക്ഷിക്ക് അവനാഗ്രഹിക്കുന്ന വിധി കിട്ടാൻ പോകുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതിനാൽ ജനകീയഗവമ്മെണ്ട് ഈ നിയമവിളംബത്തെ എത്രയുംവേഗം അവസാനിപ്പിക്കുന്നതിനുള്ള നടപടിയെടുക്കണമെന്ന് ഞാനപേക്ഷിക്കുന്നു.

കോർട്ടു ഫീസ് ഇരട്ടിയോ മൂന്നിരട്ടിയൊ ആക്കിയാലും തരക്കേടില്ല, ന്യായം വളരെ വേഗത്തിൽ കിട്ടണം. Justice delayed is Justice denied എന്നാണ്. ഇപ്പോഴത്തെ നിയമത്തിൽ ഭേദഗതി വരുത്തിയാലും തരക്കേടില്ല, ന്യായം നടത്തലിനെ സംബന്ധിച്ച് താമസമുണ്ടാകാൻ പാടില്ലെന്നാണ് എനിക്ക് പറയുവാനുള്ളതു്. പിന്നീട് പറയുവാനുള്ളതു് വക്കീലന്മാരുടെ ഫീസ്സിനെ സംബന്ധിച്ചാണ്. കോർട്ട്ഫീസ്സ് കൂട്ടുന്നതോടൊപ്പം വക്കീലന്മാരുടെ ഫീസ്സും ഉയരേണ്ടതാവശ്യമാണ്. അതിനു ഒരു ഭേദഗതി വളരെ വേഗത്തിൽ നിയമത്തിൽ വരുത്തേണ്ടതാവശ്യമുണ്ടെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഒരു വക്കീലായതുകൊണ്ടു് പറയുകയല്ല, പൊതുവേ എല്ലാ വക്കീലന്മാരുടെയിടയിലും ഇതിനെപ്പററി പരാതിയുണ്ട്. കോർട്ടുഫീസ്സും സ്റ്റാമ്പുവിലയുമെല്ലാം വളരെ ഉയന്നിട്ടുള്ളതനുസരിച്ച് വക്കീൽഫീസ്സും ഉയരേണ്ടതു് അത്യാവശ്യമാണ്. കക്ഷികളോട് നിർബന്ധിച്ച് കൂടുതൽ വാങ്ങിക്കാമെങ്കിലും അങ്ങനെ ചെയ്യുന്നതു് ഒന്നാമതു്, moral ആയിരിക്കുകയില്ല. രണ്ടാമതു് എതിർകക്ഷിയിൽനിന്നും ഇതു് ഈടാക്കാൻ നിയമപ്രകാരം സാദ്ധ്യമല്ല. അതിനാൽ ഉടനടി ഈ സംഗതിയിൽ വേണ്ട ശ്രദ്ധ പതിപ്പിക്കണമെന്ന് ഞാനപേക്ഷിക്കുന്നു. പിന്നീട് എനിക്ക് പറയുവാനുള്ളതു് ഉദ്യോഗസ്ഥന്മാരുടെ നിയമനത്തെപ്പററിയാണ്. ഏതു ഉദ്യോഗസ്ഥനായാലും അഴിമതി ഇല്ലാത്ത ഉദ്യോഗസ്ഥനായിരിക്കേണ്ടതു് അത്യാവശ്യമാണ്. വിശേഷിച്ചും നീതിന്യായവകുപ്പിലുള്ള ഉദ്യോഗസ്ഥന്മാർ ഒരു കാരണവശാലും അഴിമതിക്കാരായിരിക്കുവാൻ പാടില്ല. അങ്ങനെ അഴിമതിക്കാരാണെന്ന് സംശയംപോലും ഉണ്ടാകാൻ പാടില്ല. അങ്ങനെയുള്ള ആളുകളെവേണം നീതിന്യായവകുപ്പിൽ നിയമിക്കാൻ. ഇതു് ഗവമ്മെണ്ടിൽനിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒന്നുകൂടി എനിക്കു പറയുവാനുള്ളതു് ഉദ്യോഗസ്ഥന്മാരുടെ പ്രമോഷനെ സംബന്ധിച്ചാണ്. അഴിമതിക്കാരാണെന്നുള്ള കാരണംവെച്ചുകൊണ്ടു് ചില ഉദ്യോഗസ്ഥന്മാക്ക് പ്രമോഷൻ കൊടുക്കാതിരിക്കുന്നതായി കാണുന്നുണ്ട്. അതു പാടില്ല. അഴിമതിയുണ്ടെന്ന് സംശയമുണ്ടെങ്കിൽ ആ

[Sri. G. Chandrasekhara Pillai]

ദ്യോഗസ്ഥനെ അവിടെ വെച്ചുകൊണ്ടിരിക്കാനെ പാടില്ല, ഉടൻ പറഞ്ഞയക്കണം. അങ്ങനെ പ്രമോഷൻ കൊടുക്കാതെ അവിടത്തന്നെ വെച്ചിരിക്കുകയാണെങ്കിൽ അഴിമതി കൂടുതലാകും. അതുകൊണ്ട് അഴിമതിയുണ്ടെന്നു കണ്ടാൽ ഒന്നുകിൽ അയാളെ വീട്ടിൽ പറഞ്ഞയക്കണം, അല്ലെങ്കിൽ വേറെ വകുപ്പിലേക്കു മാററണം. ഇനി താഴ്ന്നതരം ശമ്പളക്കാരെക്കുറിച്ചാണ് എനിക്കു ഒന്നു പറയുവാനുള്ളതു്.

ஸ்ரீ. எ. சிதம்பரநாத நாடார்: அட்டர்ணி ஜெனரலைப்பற்றிச் சொன்னீர்களா?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: താഴ്ന്നതരം ഉദ്യോഗസ്ഥന്മാരുടെയിടയിൽ ചില അഴിമതികൾ ഉണ്ടെന്നുള്ളതു് പരമാർത്ഥമാണ്. അവരുടെ ശമ്പളം കൂട്ടുകയാണെങ്കിൽ അതു് പരിഹരിക്കാവുന്നതാണ്. അവക്കു് അങ്ങനെ ശമ്പളം കൂട്ടുകയും അവരുടെ സ്ഥലത്തിനടുത്തുതന്നെ അവരെ നിയമിക്കുവാൻ ശ്രമിക്കുകയും ചെയ്യണം. അവരെ വളരെ ദൂരെ ദിക്കിൽ നിയമിക്കുകയാണെങ്കിൽ അവരുടെ ശമ്പളംകൊണ്ടു് അവക്കു് ജീവിക്കുവാൻ സാധിക്കാതെയാകും. അതിനാൽ ആ കാര്യത്തിലും ഗവമെണ്ട് ശ്രദ്ധിക്കേണ്ടതാണ്.

**Sri. K. P. Nilakanta Pillai:** I was contradicted when I said there was an Advocate General at Cochin and even the Minister contradicted it. I would draw his attention to page 61, Administration of Justice (d) Law officers-Advocate General: Rs. 500—600.

**The Hon'ble Sri. T. K. Narayana Pillai:** That post has been subsequently abolished.

ശ്രീ പൊന്നറ ജി. ശ്രീധർ: സർ, പല കട്ട്മോഷൻസ് കൊടുത്തിട്ടു് ഇപ്പോഴെങ്കിലും സംസാരിക്കുന്നതിനു് എനിക്കു് ഒരു സമയം കിട്ടിയതിൽ ഞാൻ ബഹു. ഡെപ്യൂട്ടി സ്പീക്കറോടു് നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു. ജുഡിഷ്യറിയിൽ താഴ്ന്നവകുപ്പുകളിൽ ഉള്ള കൈക്കൂലിക്കാരെപ്പററിയോ, അല്ലെങ്കിൽ ഇന്നു് നിയമമാക്കാൻ തീരുമാനിച്ചിരിക്കുന്നതും നാട്ടാരെ സംബന്ധിച്ചിടത്തോളം അക്രമമായി കരുതപ്പെടുന്നതുമായ കോർട്ടുഫീസ് ബില്ലിനെ പററിയോ ഈ അവസരത്തിൽ ഞാൻ ഒന്നും പറയണമെന്നു് ഉദ്ദേശിക്കുന്നില്ല. ആ വസ്തുതകളെ പററിയെല്ലാം ഈ നാട്ടുകാരെ ഭരിക്കുന്നതായ ബഹു. മന്ത്രിമാർക്കു് അറിയാമെന്നു് എനിക്കു് നല്ലവണ്ണം അറിയാം. അതിനാൽ കൂടുതലായി ഒന്നും പറയണമെന്നു് ഉദ്ദേശിക്കുന്നില്ല. എന്നാൽ അതിപ്രധാനമായ ഒരു വസ്തുതയെപ്പററി ഈ അവസരത്തിൽ ചിലതു പറയണമെന്നു് ഞാൻ വിചാരിക്കുന്നു. അതായതു് ഇന്നു് നാം കാണുന്ന ജുഡിഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള അഭേദ്യബന്ധം ഇല്ലാതാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഏതുകോടതിയിൽ ചെന്നു നോക്കിയാലും, പ്രത്യേകിച്ചും മജിസ്ട്രേട്ട് കോടതികളിൽ ആബന്ധം വ്യക്തമായികാണുവാൻ സാധിക്കും. എക്സിക്യൂട്ടീവിന്റെ അധികാരത്തിൻ കീഴിലാണു് മററുദ്യോഗസ്ഥന്മാർ എന്നു തോന്നിപ്പോകും. വെറും ഒരു ഹെഡ്ഡു് കാൺസ്റ്റബിൾ ചെന്നു പറഞ്ഞാൽ അതിനു വിപരീതമായിപ്പോകാൻ ശക്തിയുള്ള ഒരു ഉദ്യോഗസ്ഥൻ അല്ല ഇന്നത്തെ മജിസ്ട്രേട്ടന്മാർ. ഒരു ഇൻചാർജ് ചെന്നു്, ഇന്ന വിധത്തിലാണു് ഈ കേസ്, ജാമ്യത്തിൽ വിടാൻ പാടില്ലാ എന്നു പറഞ്ഞാൽ അതു് കേട്ടു അതിൻ പ്രകാരം പ്രവർത്തിക്കുന്നവരാണു് ഈ നാട്ടിലുള്ള ബഹു ഭൂരിപക്ഷം മജിസ്ട്രേട്ടന്മാരും. ഈയിടെ നടന്ന ഒരു സംഗതി പറയാം. റോഡിൽ പ്ലക്കാർഡു് ഒട്ടിച്ചു എന്നുള്ള ഒരു കേസുവെച്ചുകൊണ്ടു പോലീസുകാർ കുറെ ആളുകളെ പിടിച്ചുകൊണ്ടുപോയി ഒരു ബുദ്ധിമാനായ ഇൻസ്പെക്ടർ അദ്ദേഹത്തിന്റെ കയ്യിൽകിട്ടിയ രണ്ടു ആളുകളുടെ മേൽ പൊതുജനങ്ങൾക്കും വാഹനങ്ങൾക്കും തടസ്സമുണ്ടാക്കി എന്നു ഒരു ന്യൂസൻസ് കേസ് ചാർജ് ചെയ്യുകയും, കോടതിയിൽ ചെന്നപ്പോൾ മജിസ്ട്രേട്ട് അഞ്ചു രൂപാ ശിക്ഷിക്കുകയും ചെയ്തു. അതേകുററത്തിനുതന്നെ അതേ അവസരത്തിൽ പിടിച്ചവരായ മററു ചിലരിൽ ഒരു വ്യക്തിയുടെമേൽ സിക്യൂരിററി റഗുലേഷൻ അനുസരിച്ചു് "പ്രിജുഡിഷ്യൽ ആക്ററു്" നടത്തുന്നതിനെ സംബന്ധിച്ചുള്ള സെക്ഷൻ അനുസരിച്ചു് കേസ്സു് എടുത്തു. ഒടുവിൽ ജാമ്യത്തിനു് അപേക്ഷിച്ചപ്പോൾ അധികാരമുള്ള ഒരു ഉദ്യോഗസ്ഥൻ ഇടപെട്ടതിനാൽ ജാമ്യം അനുവദിച്ചില്ല. കേസ് ചാർജ് ചെയ്തു കഴിഞ്ഞിട്ടും ജാമ്യത്തിൽ വിട്ടില്ല. ആ കേസിൽ തന്നെ അഞ്ചുരൂപാ മറെറാരു മജിസ്ട്രേട്ട് ശിക്ഷിച്ചുതാണെന്നു് പറഞ്ഞിട്ടും ജാമ്യത്തിൽ വിട്ടില്ല. ഇതിനെല്ലാം ഉത്തരവാദി ആരാണ്. ഈ വിധം, ന്യായം നടത്താൻ സാധിക്കാത്ത തരത്തിൽ, ചിലപ്രേരണകൾ ഗവമെണ്ട് ജുഡിഷ്യറിയിൽ ചെലുത്തുന്നുണ്ടു്. എന്തെങ്കിലും ചെയ്യണമെന്നു് പറയുകയാണെങ്കിൽ യൂണിയൻ ഗവമെണ്ടിന്റെ കീഴിൽ അങ്ങിനെയൊന്നുമില്ല, ഇംഗ്ലണ്ടിൽ അങ്ങിനെയൊന്നുമില്ല, എന്നൊക്കെയാണ് സാധാരണ മറുപടി കിട്ടുന്നതു്. യൂണിയൻ ഗവമെണ്ടു് ചെയ്യുന്ന നല്ല കാര്യങ്ങൾ ഒന്നും ഇവിടെ പകർത്താറില്ല. കൊള്ളരുതാത്ത കാ

കാര്യങ്ങൾ വല്ലതുമുണ്ടെങ്കിൽ അതാണിവിടെ പകർത്തുന്നതു്. വളരെക്കാലമായി എക്സിക്യൂട്ടീവും ജുഡിഷ്യറിയും വേർതിരിക്കണമെന്നു് വ്യക്തമായ ഒരു പൊതു ജനാഭിപ്രായം ഈ രാജ്യത്തുണ്ടു്. സ്റ്റേറ്റ് കാൺഗ്രസിന്റെ സമരകാലത്തു, ജുഡിഷ്യറിയും എക്സിക്യൂട്ടീവും വേർതിരിക്കേണ്ടതു് വളരെ അത്യാവശ്യമാണെന്നു് ശക്തിയായി ഇന്നത്തെ മഹാരഥന്മാരെല്ലാം വാദിച്ചിട്ടുണ്ടു്. എന്നാൽ അതു് ചെയ്യുന്നതിനു് ഇവിടത്തെ കാൺഗ്രസ് ഗവമെന്റിനു് ഇന്നുവരെ സാധിക്കാതെ വന്നതിൽ എനിക്കത്ഭുതമല്ല, സങ്കടമാണുള്ളതു്. ജുഡിഷ്യറിയേയും എക്സിക്യൂട്ടീവിനേയും വളരെ വേഗത്തിൽ വേർതിരിക്കേണ്ടതു് രാജ്യരക്ഷക്കുതന്നെയും അത്യാവശ്യമായ ഒരു സംഗതിയാണു്.

അടുത്തതായി എനിക്കൊരു വെറും പ്രാദേശികമായ കാര്യത്തെക്കുറിച്ചാണു് പറയാനുള്ളതു്. എന്നാൽ ഞാൻ പറയാൻപോകുന്ന പ്രദേശത്തെ സംബന്ധിച്ചിടത്തോളം അതു വളരെ അത്യാവശ്യമായ ഒരു സംഗതിയാണു്. നെടുമങ്ങാട്ട താലൂക്കിൽ ഒരു മജിസ്ട്രേട്ടു് കോടതിയുണ്ടു്. എന്നാൽ അവിടത്തെ ഫസ്റ്റ്ക്ലാസ് ജുറിസ്ഡിക്ക്ഷൻ വെച്ചിരിക്കുന്നതു കുറെ ആറ്റിങ്ങൽ ഫസ്റ്റ്ക്ലാസ്സിലേക്കും കുറെ തിരുവനന്തപുരം ഫസ്റ്റ്ക്ലാസ്സിലേക്കും ആണു്. എത്രയോ കൊല്ലങ്ങളായി ഇതിനെ സംബന്ധിച്ചു് നാട്ടാർ പ്രക്ഷോഭണം കൂട്ടുകയാണു്. പലവുരു ഈ വസ്തുതയെ സംബന്ധിച്ച മെമ്മോറാണ്ടങ്ങൾ സമർപ്പിച്ചതിന്റെ ഫലമായി കടശ്ശി നെടുമങ്ങാട്ടു് ഒരു സ്റ്റേഷനറി ഫസ്റ്റ്ക്ലാസ്സ് കോടതി സ്ഥാപിക്കേണ്ടതാണെന്നു് ഹൈക്കോടതി ശുപാർശചെയ്തു. എങ്കിലും അതു് ഇതുവരെ നടപ്പിൽ വന്നിട്ടില്ല. തിരുവനന്തപുരത്താണെങ്കിൽ സാധാരണക്കാരനായ ഒരു മജിസ്ട്രേട്ടിനെക്കൊണ്ടു് എളുപ്പത്തിൽ കേസുകൾ തീർക്കാൻ സാധിക്കുകയില്ലെന്നു് വന്നിട്ടുണ്ടു്. ഡിവിഷ്യൻ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടിനു് സാധാരണ ജോലികൾക്കുപുറമെ നാലഞ്ചു ഡ്യൂട്ടികൾ കൂടിയുണ്ടു്. റെന്റ് കൺട്രോൾ ഉണ്ടു്. പെട്രോൾ റേഷനിംഗ് പുറമ്പോക്ക്—പോക്കുവരവു് അപ്പീൽ, ചീഫ് എക്സാമിനർ, എന്നിങ്ങനെ പലതുമുണ്ടു്. ഇതിനെല്ലാം പുറമെ എവിടന്നെങ്കിലും ആരെങ്കിലും വരുകയാണെങ്കിൽ ഉടുപ്പും ചട്ടയുമെല്ലാം ഇട്ടു് എതിരേൽക്കാൻ പോകണം, അകമ്പടിസേവിക്കണം വിരുന്നിനു് പോകണം. ഇപ്പോൾ കുറെ നാളായി കുറച്ചു് അധികം കേസുകൾ തീരുമാനിച്ചിട്ടുണ്ടു്. ഒരുപക്ഷെ ഇപ്പോൾ ഇരിക്കുന്ന ആൾ വളരെ വേഗം കേസ്സുകൾ തീരുമാനിക്കുന്നതിനു് കഴിവുള്ള ആളായിരിക്കാം. എതായാലും നെടുമങ്ങാട്ടുള്ള കേസുകളാണു് തിരുവനന്തപുരത്തു് അധികമായുള്ളതു്. അതുകൊണ്ടു് നെടുമങ്ങാട്ടു് ഒരു സ്റ്റേഷണറി ഫസ്റ്റ്ക്ലാസ്സ് കച്ചേരി സ്ഥാപിച്ചു് അവിടെയുള്ള കക്ഷികളുടെ ബുദ്ധിമുട്ടു് പരിഹരിക്കണമെന്നു് അപേക്ഷിക്കുന്നു.

ஸ்ரீ. ஸ்ரீ. வி. தாஸ். ஸர், எர்ணாகுளத்திற்கு, ஹைக்கோர்ட்டு மாற்றப்பட்டதைப் பற்றி இங்கேயுள்ள பொது ஜனங்கள் சர்க்காரோடு மிகவும் நன்றியறிதல் உள்ளவர்களாயிருக்கிறார்கள். ஏனென்று கேட்டால் பொது ஜனங்கள் கஷ்டப்பட்டு சம்பாதிக்கிற பணம் இந்த கோர்ட்டுகளிலே அதிகமாகச் செலவாகிவருகிறது என்பது எல்லோருக்கும் தெரியும். இப்படி ஹைக்கோர்ட்டை எர்ணாகுளத்திற்குககொண்டுபோனதால் ஒருமாதிரிப்பட்டவர்களெல்லாம் ஜில்லாக்கோர்ட்டோடு நிறுத்திக் கொண்டுவிடுகிறார்கள். இதே சமயத்தில் நான் சொல்வது என்னவென்றால் நாகர்கோவிலில் ஒரு ஜில்லா கொர்ட்டு இருக்கிறது. அது இருக்குமளவில் கூடுதல் கேசுகள் அங்கே உற்பத்தியாகிக்கொண்டிருக்கின்றன. பத்துரூபாய்க்கு ஒருவர் ஒரு கேசு கொடுத்தப்போனால் அது முன்சிப்ஸ் கொர்டிலிருந்து ஜில்லா கோர்ட்டுக்கு வருகிறது. அந்த ஜில்லா கோர்ட்டும், அதிக தூரத்தில், அதாவது இங்கு, திருவனந்தபுரத்திற்கு மாற்றப்பட்டுவிட்டால், அங்குள்ள பாவப்பட்ட ஜனங்கள் இந்த கவர்மென்டாரோடு மிகவும் நன்றியறிதல் உள்ளவர்களாய் இருப்பார்கள். அடுத்தபடியாக, B. L. பரீட்சை பாசாவதே மிகவும் கஷ்டம். அதிலும் நமது நண்பர்கள் பலர் ரொம்ப கஷ்டப்பட்டு, இடங்கிடைக்காமல் Marina beach லிருந்து படித்தார்கள். என்பதைப்பற்றி நீங்கள் கேள்விப் பட்டிருப்பீர்கள் அவர்கள் பாஸாகி இங்கே வந்தவுடனே இங்கே Practice செய்ய வழியில்லை. ஏனென்றால் இங்கே பார்கவுன்சில் Examination என்று ஒன்று இருக்கிறது. அங்கே பல தடவைகள் எழுதினாலும் பாசாக வழியில்லை. அதே சமயத்தில் கொச்சி கோர்ட்டில் உள்ள நியமம் பிரகாரம் Bar Council Examination எழுதாமலே Practice செய்யலாம் என்று தெரிகிறது. அந்தமாதிரிப்பட்ட ஒரு நியமம் திருவிதாங்

[Sri. Sri. V. Das]
கூறிலும் வந்து விட்டால், சில நண்பர்களுக்கும், இங்குள்ள சில அங்கத்தினர்களுக்கும் பிரயோஜனமாய் இருக்கக்கூடும். ஆகையால், இந்த Bar Council Examination தான் அனேக மெம்பர்களின் குறுக்கே நிற்கிறது. ஆதலால், இந்த Bar Council Examination ஐ ரத்து செய்துவிட்டால், எல்லோருக்கும் சௌகரியமாய் இருக்கும் விசேஷமாய் அங்கத்தினர் ஸ்ரீ. சிதம்பரநாத நாடார் அவர்கள், போன்றவர்களுக்கு மிகவும் உபகாரமாய் இருக்குமென்று நம்பிக்கொண்டு என் பேச்சை முடித்துக்கொள்கிறேன்.

ശ്രീ. എ. എം. തോമസ്: സർ, ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അവർകളുടെയും ശ്രീ. ജ്ഞാനശിഖാമണി അവർകളുടേയും ഉപക്ഷേപങ്ങളെ ഞാൻ എതിർക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ. പി. കെ. ഡീവർ കഴിഞ്ഞ ദിവസം എതിർപക്ഷത്തെസംബന്ധിച്ച് പുറപ്പെടുവിച്ച ആക്ഷേപം കുറെ കടന്നു പോയില്ലേ എന്നു എനിക്ക് അപ്പോൾ തോന്നിയിരുന്നു. അദ്ദേഹം പറയുകയുണ്ടായി എതിർകക്ഷി എന്നുള്ള നാമം അന്വർത്ഥമാക്കാൻവേണ്ടി എപ്പോഴും അവർ ഗവമ്മെണ്ടിനെ എതിർത്തുകൊണ്ടിരിക്കുന്നുവെന്നും ഏതു മരക്കിൻ പത്തലായാലും കയ്യിൽ മുള്ള കയറിയാലും തരക്കേടില്ല അതെടുത്തു ഗവമ്മെണ്ടിനെ തല്ലാൻ സന്നദ്ധരായിരിക്കുന്നു എന്നും. അതു കേട്ടപ്പോൾ ആ നിരൂപണം കുറച്ചു കടന്നുപോയില്ലേ എന്നു ഞാൻ സംശയിച്ചു. ഈ ബഡ്ജററുസമ്മേളനം ഹൈക്കോടതി എറണാകുളത്തേക്കു മാററിയതു സംബന്ധിച്ചുള്ള അടിയന്തിരപ്രമേയത്തോടുകൂടി ആണ് തുടങ്ങിയതു്. അതു അപ്പോൾ അവസാനിച്ചു എന്നാണ് ഞാൻ വിചാരിച്ചിരുന്നതു്. എന്നാൽ അതിനു ശേഷമുണ്ടായ നിരൂപണങ്ങൾ എല്ലാം ഒരു വഴിക്കല്ലെങ്കിൽ മറെറാരുവഴിക്ക് ഹൈക്കോടതി മാററിയതുകൊണ്ടുള്ള അഡ്വൊക്കേററന്മാരുടെ കഷ്ടതകളും ലാകോളേജ് വിദ്യാർത്ഥികളുടെ കഷ്ടതകളും ഇവിടെ പ്രകടമാക്കുകയാണ് ഉണ്ടായതെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. എന്നാൽ ഇതിനെ സംബന്ധിച്ച് ഞാൻ നേരിട്ടുതന്നെ ചില അന്വേഷണങ്ങൾ നടത്തിയതിന്റെ ഫലമായി ബഹു. മെമ്പർ ശ്രീ. ജ്ഞാനശിഖാമണി അവർകൾ പറയുന്നതിനു് തീരെ വിരുദ്ധമായിട്ടാണ് യഥാർത്ഥസ്ഥിതി എന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**Sri. A. Nesamony:** Could you secure a house for us at Ernakulam?

**Sri. A. M. Thomas:** If you are prepared to pay a fair rent, you will get a house.

ശ്രീ. എ. എം. തോമസ്: തിരുവനന്തപുരത്തുനിന്നും എറണാകുളത്തേക്കു പോയ എതാണ്ട് 90 അഡ്വക്കേററന്മാർക്ക് ഇതിനകം വീടുകൾ സമ്പാദിച്ചുകൊടുത്തുകഴിഞ്ഞു. കൂടാതെ ലാകോളേജുവിദ്യാർത്ഥികളുടെ പേരിൽ ഇവിടെ വലിയകണ്ണീരൊലിപ്പിക്കലുകൾ നടന്നു കണ്ടു. അവർ ആകാശമാകുന്ന മേൽപ്പുരക്കു കീഴിൽ കഴിയുകയാണെന്നും അഞ്ചോ ആറോപേർ ഒരുമിച്ച് ഒരുമുറിയിൽ കൂട്ടികെട്ടി കിടക്കുകയാണെന്നും മററും ഇവിടെ പറഞ്ഞുകേട്ടു. എന്നാൽ ലാക്കാളേജുവിദ്യാർത്ഥികൾക്കു വേണ്ടി നീക്കിവെച്ചിട്ടുള്ള ഒന്നുരണ്ടു വലിയ കെട്ടിടങ്ങൾ ആവശ്യക്കാരില്ലാത്തതു നിമിത്തം റെൻറ കൺട്രോളർ മടക്കിക്കൊടുക്കാൻ ആലോചിച്ചുവരികയാണെന്നാണ് എനിക്കു കിട്ടിയിട്ടുള്ള അറിവ്.

**Sri. A. Nesamoni:** May I know the rent of each house?

ശ്രീ. എ. എം. തോമസ്: ഈ വീടുകൾ അനേകം കുട്ടികൾക്ക് താമസിക്കാൻ സൌകര്യമുള്ളവയാണ്. എല്ലാവരുംകൂടെ ചേരുമ്പോൾ ഓരോരുത്തർക്കും വളരെ ചെറിയ ഒരു തുകയെ വാടകയായി കൊടുക്കേണ്ടിവരികയുമുള്ളു.

**Sri. K. P. Nilakanta Pillai:** May I know from the member the source of this information?

**Sri. A.M. Thomas:** Direct information: not hearsay information and information from telegrams and other communications, managed to be sent.

ശ്രീ. എ. എം. തോമസ്: നേരിട്ടു നടത്തിയിട്ടുള്ള അന്വേഷണങ്ങളിൽനിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ള വിവരങ്ങളാണ് ഞാൻ പറയുന്നതു്. അല്ലാതെ കേട്ടുകേഴ്വിയോ കമ്പിമാർഗ്ഗമൊ ഫോൺമാർഗ്ഗമോ ഉള്ള അറിവോ അല്ല.

ശ്രീ. എം. ആർ. വേലപ്പൻ അവർകൾ പ്രസ്താവിച്ചതുപോലെ കുറച്ചെല്ലാം ബുദ്ധിമുട്ടുകൾ ഉണ്ടായി എന്നു വരാം. എന്നാൽ അതെല്ലം കാലതാമസംകൂടാതെതന്നെ പരിഹരിക്കപ്പെടുന്നതാണ്. അഡ്വക്കേററന്മാരുടെ ചേമ്പറുകളെപ്പററി ഇവിടെ ചിലർ വാദിക്കുകയുണ്ടായി. അതിനും വേണ്ട സൌകര്യങ്ങൾ അവിടെ ചെയ്തുവരുന്നുണ്ട്. പിന്നെ അതു

വാടകകൂടാതെ കിട്ടണമെന്നുള്ള അഭ്യർത്ഥനയെസംബന്ധിച്ച് ഗവമ്മെൻറ് കാര്യമായി ആലോചിക്കേണ്ടതാണെന്നു മാത്രമേ എനിക്കു പ്രസ്താവിക്കുവാനുള്ളു.

൨൨-ാംനമ്പരായി ചേർത്തിട്ടുള്ള എൻെറ കട്ടമോഷൻകൊണ്ട് ഞാൻ ഉദ്ദേശിച്ചിരുന്നതു് കോടതികളിൽ കേസ്സുകൾ തീരുമാനിക്കുന്നതിനു നേരിടുന്ന കാലതാമസത്തെപ്പററി ചിലതു പറയണമെന്നാണ്. എന്നാൽ അതിനെസംബന്ധിച്ച് എൻെറ മുൻഗാമികളായ പ്രാസംഗികന്മാരെല്ലാം വളരെ അധികം പ്രസ്താവിച്ചുകഴിഞ്ഞിട്ടുള്ളതുകൊണ്ട് അതിനെപ്പററി കൂടുതലായി പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. കൊച്ചിയിലും തിരുവിതാംകൂറിലും ഇൻഡ്യൻയൂണിയനിലും ഇന്നു നിലവിലിരിക്കുന്ന നടപടിക്രമങ്ങൾക്കു തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. എന്നിരുന്നിട്ടും തിരുവിതാംകൂർ ഡിവിഷനിൽ മാത്രം കേസ്സുകൾ തീരുമാനം ചെയ്യുന്നതിന് വളരെ താമസം നേരിടുന്നു എന്നു പറയുന്നതിൻെറ കാരണം എന്താണെന്നു മനസ്സിലാക്കാൻ സാധിക്കുന്നില്ല. ശ്രീ. വർഗ്ഗീസ് അവർകൾ പറയുകയുണ്ടായി അതിന് അഡ്വക്കേററന്മാരുടെ കുഴപ്പവും ഉണ്ടെന്നു്. തിരുവിതാംകൂറിലെ അഡ്വക്കേററന്മാരെക്കുറിച്ച് എനിക്കു് വളരെ ബഹുമാനമാണ് ഉണ്ടായിരുന്നതു്. എൻെറ സ്നേഹിതൻ ശ്രീ. വർഗ്ഗീസിൻെറ പ്രസ്താവന എത്രമാത്രം ശരിയാണെന്നു് അഡ്വക്കേററന്മാരായ ഈ സഭയിലെ എൻെറ സ്നേഹിതന്മാർ വെളിപ്പെടുത്തുന്നതു് നന്നായിരിക്കും. ഏതായാലും തിരുവിതാംകൂറിൽ ഒരാൾ ഒരു കേസ് കൊടുത്താൽ അയാളുടെ ജീവിതകാലത്തുതന്നെ അതിനൊരു തീരുമാനം കിട്ടുക എന്നുള്ളതു പ്രയാസമാണെന്നു് പലരും പറഞ്ഞുകേട്ടു. കേസ്സുകൾ നീളുന്നതിന് കോടതികളിലെ മിനിസ്റ്റീരിയലും മീനിയലും സ്റ്റാഫിൽപ്പെട്ട ആളുകൾക്ക് കുറെ ഉത്തരവാദിത്വം ഉണ്ടെന്നു ബഹു. ഗവമ്മെൻറ് ധരിച്ചിരുന്നാൽ കൊള്ളാം. പല കേസ്സുകളിലും സാധാരണയായി ഇവർ കൈകടത്താറുണ്ടെന്നും കാലതാമസത്തിന്നിടയാക്കാറുണ്ടെന്നും പൊതുവെ കേൾക്കുന്നുണ്ട്.

കോടതികളിൽ തെളിവുകൾ ഹാജരാക്കാൻ ആവശ്യപ്പെടുമ്പോൾ അവ ശരിയായി ഹാജരാക്കാതെയിരിക്കുന്നതിൻെറ ഫലമായിട്ടാണ് കേസ്സുകൾ അധികവും നീണ്ടുപോകുന്നതെന്നു് പറയുന്നുണ്ട്. ശ്രീ. ജി. ചന്ദ്രശേഖരപിള്ളയുടെ അഭിപ്രായത്തോടും ഞാൻ തികച്ചും യോജിക്കുന്നു. അതായതു് മിനിസ്റ്റീരിയൽ സ്റ്റാഫിൻെറ ശമ്പളം കൂട്ടാതെ കേസ്സുകൾ തീരുമാനിക്കപ്പെടുന്നതിനുള്ള താമസം ഇല്ലാതാക്കാൻ പ്രയാസമാണെന്നു് അദ്ദേഹം പറഞ്ഞതിനോടു ഞാനും യോജിക്കുന്നു. ഏതാണ്ട് ൧൫൦ കൊല്ലക്കാലം നീണ്ടുനിന്ന ബ്രിട്ടീഷ് മേധാവിത്വത്തിൻെറ ഫലമായി ഒരനുഗ്രഹമെന്ന നിലയിൽ നമുക്കു കിട്ടിയിട്ടുള്ളതു് ബ്രിട്ടീഷ് ജുഡീഷ്യറിസിസ്റ്റമാണ്. ബ്രിട്ടീഷ് ജുഡീഷ്യറിസിസ്റ്റമാണ് നാമും സ്വീകരിച്ചിരിക്കുന്നതു്. അതിൻെറ പരിപാവനത്വം പരിപാലിക്കുന്നതിന് അഭിമാഷകളുരിപക്ഷമുള്ള ഇന്നത്തെ മന്ത്രിസഭ ശ്രദ്ധിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്.

ഇരുപതാം നമ്പരായി ചേർത്തിട്ടുള്ള എൻെറ മറെറാരു ഖണ്ഡനോപക്ഷേപംകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നതു് ൧,൦൦൦ ഉറപ്പികയും അതിൽ കൂടുതലുമുള്ള സംഖ്യകൾക്കു അപ്പീൽ കൊടുക്കുന്നതു് ഹൈക്കോടതിയിൽ വേണം എന്നുള്ളതു മാററി ഡിസ്ട്രിക്ട് കോടതികളിൽ മതി എന്നുള്ള ഒരു രീതി സ്വീകരിക്കണമെന്ന കാര്യം ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ്. കൊച്ചി ഡിവിഷ്യനിൽ നിലവിലിരിക്കുന്ന സിവിൾ കോർട്ട്സ് ആക്ട് പ്രകാരം ആയിരം രൂപാവരെയുള്ളതും അതിൽ കവിഞ്ഞ കേസ്സുകൾക്കും മുൻസിഫ് കോടതികളിൽ വ്യവഹാരം ബോധിപ്പിക്കാവുന്നവയുടെ എല്ലാ അപ്പീലുകളും ജില്ലാകോടതികളിൽ കൊടുക്കണമെന്നാണ് (ബെൽ) മറെറാരുകാര്യം കൊച്ചി ഡിവിഷനിൽ പ്രത്യേകിച്ചും ഏതാണ്ട് ൧൧൧൨ മുതൽ..(ബെൽ).

മി. ഡെപ്യൂട്ടിസ്പീക്കർ : ആർഡർ ആർഡർ.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ൨ (എ) ഖണ്ഡനോപക്ഷേപത്തെപ്പററി സംസാരിക്കുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നതു്. അതായതു് ബാററാ അഫ് പ്രസിനേഴ്സിന് വെച്ചിരിക്കുന്ന ൧,൩൦,൦൦൦ രൂപായിൽനിന്നും ഒരു രൂപാ കുറക്കണമെന്നുള്ളതാണു എൻെറ ഉപക്ഷേപം.

സർ, സമുദായത്തിൽ നിർഭാഗ്യവാന്മാരും ശപിക്കപ്പെട്ടവരുമായി കരുതപ്പെടുന്നവരും, അധഃപതനത്തിൻെറ ആഴത്തിൽ കിടക്കുന്നവരുമായ തടവുകാർക്ക് ഇന്നു് അനുവദിച്ചിരിക്കുന്ന ബാററാ കുറവാണെന്നും അതുതന്നെ അവക്ക് ശരിയായിട്ടു കിട്ടുന്നില്ലെന്നും ഗവമ്മെണ്ടിനെ ആദ്യമായി അറിയിച്ചുകൊള്ളുന്നു. പലരും ശരിയായി ഭക്ഷണം കിട്ടാതെ വിഷമിക്കുന്നുണ്ട്. മൂന്നു നേരം വേണമെന്ന് ഞാൻ നിർബന്ധിക്കുന്നില്ല. രണ്ടുനേരവും വേണ്ടാ,

[Sri. A. K. Pachu Pillai.]

ഒരു നേരമെങ്കിലും ഭക്ഷണം കൊടുത്തു് അവരെ സംരക്ഷിക്കുന്നതിനു ഗവന്മെണ്ടിനുള്ള ചുമതല ശരിയായി നിവ്വഹിക്കുന്നില്ലെന്നാണു് എന്റെ പരാതി. സർ, കോട്ടയം ഡിവിഷനെ സംബന്ധിച്ചിടത്തോളം ഏറെക്കുറെ ചില സംഗതികൾ എനിക്കു് അറിയാൻ സാധിക്കും. പീരുമേടു്, പൊൻകുന്നം, കോട്ടയം എന്നിവിടങ്ങളിലെ മജിസ്ട്രേട്ടുകോടതികളുടെ അതൃത്തിയിൽപെട്ട പോലീസ് സ്റ്റേഷനുകളിൽ രണ്ടുമൂന്നുദിവസം പുള്ളികൾ പട്ടിണികിടന്നുവെന്നുള്ളതു് ഞാൻ നേരിട്ടറിഞ്ഞ ഒരു സംഗതിയാണു്. അതിന്റെ കാരണം അവക്കു് അനുവദിച്ചിട്ടുള്ള ബാററാപോലും ശരിയായ സമയത്തു കൊടുക്കാതിരിക്കുന്നു എന്നുള്ളതാണു്. ഇതിനു് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. ഇന്നു് അവക്കു ചോറുകൊടുക്കുന്ന ചടങ്ങുകൾ ഏതെങ്കിലും ക്ലബ്ബുകാരോടു് ഏല്പാടുചെയ്തു നിവ്വഹിക്കുകയാണു് ചെയ്യുന്നതു്. എന്നാൽ സമയത്തു് അനുവദിച്ചിട്ടുള്ള സംഖ്യ കയ്യിൽ വന്നുചേരാത്തതുകൊണ്ടു് ഒരു ഹോട്ടൽക്കാരനും അവക്കു ഭക്ഷണം കൊടുക്കുന്നില്ലെന്നുള്ളതു് ഒരു പച്ചപരമാത്ഥം മാത്രമാണു്. ഇന്നുതന്നെ എന്റെ സ്വദേശത്തുനിന്നും ഒരെഴുത്തു കിട്ടി. പുള്ളികൾക്കു് ചോറുകൊടുത്തുകൊണ്ടിരുന്ന കച്ചവടക്കാരൻ മേലാൽ ചോറു കൊടുക്കുന്നതല്ലെന്നു ശപഥംചെയ്തിരിക്കുന്നു. എല്ലാ സ്ഥലങ്ങളിലും അനുവദിച്ചിരിക്കുന്നതായ ചോറു കൊടുക്കുന്നതിനു് പ്രത്യേക വ്യവസ്ഥകളിൽ പ്രത്യേക റേഷൻകൂടി അനുവദിച്ചുകൊടുത്തുകൂടെ എന്നു ഞാൻ ചോദിക്കുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ള സംഖ്യതന്നെ മുടക്കംവരുന്നതായിട്ടാണു് പലപ്പോഴും കണ്ടുവരുന്നതു്. ഒരുപക്ഷെ തക്കസമയത്തു പണം കിട്ടാത്തതുകൊണ്ടായിരിക്കും അവക്കു് ശരിയായി ഭക്ഷണം കിട്ടാതെ വരുന്നതു്. സർ, ഈ സഭയിൽ ഇരിക്കുന്ന ഒട്ടുവളരെ ആളുകളും ലാക്കപ്പുകളിൽ തടവുകാരായി കഴിഞ്ഞുകൂടിയ കാര്യം വിസ്മരിച്ചിരിക്കാം. അന്നു ഞങ്ങൾ നേരിട്ടു കണ്ടു ബോദ്ധ്യപ്പെട്ടിരിക്കുന്ന സംഗതികൾ അതേനിലയിൽതന്നെ തുടരുന്നതു് ഏററവും ദയനീയമായ ഒരു സംഗതിയാണു്. എന്തുകൊണ്ടു് അതിനു് ആവശ്യമുള്ള ശ്രദ്ധ ചുമതലയുള്ള അധികാരികൾ ചെലുത്തുന്നില്ലെന്നു ഞാൻ ചോദിക്കുന്നു. ഒരു മജിസ്ട്രേട്ടും അദ്ദേഹത്തിന്റെ സിൽബന്തികളുമായി ശരിയായട്ടു അരിയും പണവും കിട്ടാത്തതുകൊണ്ടു് ഒന്നുരണ്ടു ദിവസം ഒരു സ്റ്റേഷനിലെ പുള്ളികളുടെ ചിലവുകൾ നടത്തിയതു് എന്നോടു പറയുകയുണ്ടായി. അതുപോലെതന്നെ ദയാലുക്കളായ ചില പോലീസുദ്യോഗസ്ഥന്മാരും അങ്ങിനെ ചെയ്യുന്നുണ്ടു്. എന്നാൽ എത്രനാൾ ഇതു സാധിക്കുമെന്നു് ഞാൻ ചോദിക്കുന്നു. ശരിയായ സമയത്തു് അനുവദിച്ചിരിക്കുന്ന സംഖ്യകൾ അവക്കു കൊടുക്കുന്നതിനു് നിഷ്ക്കർഷിക്കുന്നില്ലെങ്കിൽ അതിനുവേണ്ട സകല ഇടപാടുകളും തക്കസമയത്തു് നടത്തുന്നില്ലെങ്കിൽ അതു് വളരെ ദയനീയമായ ഒരു സംഗതിയാണു്. അവർ മിണ്ടാപ്രാണികളെപോലെ കയ്യും കാലും കെട്ടിയിട്ടിരിക്കുന്ന ഒരു സ്ഥിതിയിലാണു് കഴിഞ്ഞുകൂടുന്നതു്. ബഹു. പ്രധാനമന്ത്രി ഈ സംസ്ഥാനത്തിൽ പല സ്ഥലങ്ങളിലും സഞ്ചരിക്കുന്ന അവസരത്തിൽ, മർദ്ദിക്കുമെന്ന ഭയം ഉണ്ടാകാത്ത വിധത്തിൽ, ഈ തടവുകാരെ വിളിച്ചു് ശരിയായിട്ടു് അവക്കു് ഭക്ഷണം കിട്ടുന്നുണ്ടോ എന്നു ചോദിക്കുകയാണെങ്കിൽ അവർ അനുഭവിക്കുന്ന ദുരിതങ്ങളുടെ പരമാത്ഥങ്ങൾ പലതും അറിയാൻ കഴിയും. ഏററവും സൃഷ്ടിപരമായി ഞാൻ ചെയ്തിരിക്കുന്ന ഈ വിമർശനം അതർഹിക്കുന്ന ഗൌരവത്തോടുകൂടി പരിഗണിച്ചു് വേണ്ടവിധത്തിലുള്ള പരിഹാരം നേടിക്കൊടുക്കണമെന്നു് ഞാൻ ഹൃദയംഗമായി അപേക്ഷിച്ചുകൊള്ളുന്നു.

**Sri. N. D. Jose:** Sir, some time back a very interesting thing happened. Two High Courts vanished and at the same time a few buildings fell vacant. A new High Court was born in effect. It was as interesting as the Indian rope trick but not so devoid of consequences. The opinion current in certain sections of the people is that the High Court should draw the capital to its site. This is also a very diverting thing. It is very much like a tail wagging the dog itself. I do not want to speak at length on this at all because Honourable members are aware that capitals do not exist always at the very mathematical centre, of any territory. If I speak at length on this there is the possibility of my being mistaken of having a feeling of parochialism, which I do not possess in any measure. It was also said that law students were getting sufficient accommodation and so on. It was pointed out then that they have to pay only a small rent, a negligible amount. It was carefully left out whether this negligible rent was Rs. 30 or 40.

There is such a thing as separation of powers and all democratic Governments have accepted this principle. To a question from this side one of the members in the Treasury Benches replied that there will absolutely be no pressure on the judiciary in the land. I do not suggest

that this Government sends Telephone calls and chits. But as long as the judiciary remains unseparated, a subtle influence may prevail. So, I plead earnestly that as early as possible there should be separation of powers between the judiciary and executive. It was next pointed out by an Hon'ble Member about the enviable conditions in which political prisoners are kept!

I demand that increased amenities should be given to under-trial prisoners in lock-ups. I do not make this plea in the name of humanitarianism. This is a right for a person is presumed to be innocent until proved guilty. Some under-trials are in lock ups for ten months or an year and may eventually be acquitted. This is a matter that should merit the speedy consideration of the Government.

There is another matter that I want to raise before this House. The Hon'ble Members are aware that persons are arrested and kept as detenues on political grounds without their being given a trial in a court of Law. I plead strongly that this should not be continued and that all those arrested on political grounds should be brought before a court of Law.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽഅസീസ്: സർ, ഈ ഡിമാന്റിനെ സംബന്ധിച്ച് പല വിമർശനങ്ങളും ഇവിടെ നടന്നുകഴിഞ്ഞിരിക്കുന്നു.

ശ്രീ. പി. നാണു: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഇതുവരെ ഞാൻ ഉദ്ദേശിച്ചിരുന്നത് ഒരു പായിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്താൽ അതിനൊരുത്തരം നൽകുന്നതിനുള്ള ചുമതല സ്വീകരിക്കേണ്ടെന്നാണ്. അതായത് ഞാൻ ഒരു കട്ട്മോഷൻ അയച്ചിരുന്നു. എന്നാൽ എന്റെ പേര് ഇതുവരെ വിളിച്ചുകാണുന്നില്ല. എനിക്കു മുൻപും പിൻപും ഉള്ള ആളുകളുടെ പേരുകൾ വിളിക്കുന്നു. ഇത് ഏതു രീതി അനുസരിച്ചാണെന്ന് അറിയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: കട്ട്മോഷൻസു അയച്ചിട്ടുള്ളവരെ സംബന്ധിച്ച്, ഇതേവരെ സംസാരിക്കാത്തവർ ഉണ്ട് എങ്കിൽ അവർക്ക് സംസാരിക്കാൻ ആദ്യം സൗകര്യം കൊടുക്കണമെന്നു ഞാൻ വിചാരിച്ചു. അതനുസരിച്ച് അവരെ ഞാൻ വിളിച്ചു.

സാഹിബ് ബഹദൂർ വി.എ.അബ്ദുൽ അസീസ്: സർ, ഞാൻ വളരെ കൂടിയാൽ മൂന്നു മിനിററ സമയമേ എടുക്കുകയുള്ളു. അതിൽ കൂടുതൽ എടുക്കണമെന്നു വിചാരിക്കുന്നില്ല. ഇവിടെ ഉന്നയിച്ച രണ്ടുരണ്ടു സംഗതികൾക്കു മറുപടി പറയുവാൻ മാത്രമാണ് ഞാൻ നിൽക്കുന്നത്. ഇവിടത്തെ ഓർഡിനൻസുകളെ പ്രതിഷേധിച്ചുകൊണ്ട് നിശിതമായ ചില പ്രസ്താവനകൾ ചിലർ ചെയ്യുകയുണ്ടായി. തിരുവിതാംകൂറും കൊച്ചിയും ഐക്യസംസ്ഥാനമായി രൂപീകൃതമായ അവസരത്തിൽതന്നെ നിലവിലിരിക്കുന്ന നിയമങ്ങൾ അതേപടി സ്വീകരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പൊതുവായ ഒരു നിയമം തൽക്കാലം ആവശ്യമാണെന്നു കണ്ടതിനാൽ അതിനെ അടിസ്ഥാനമാക്കിയാണ് ഈ ഓർഡിനൻസുകളെല്ലാം ഉണ്ടായത്. എന്നാൽ എന്റെ സ്നേഹിതന്മാർക്ക് ഈ ഓർഡിനൻസു എല്ലാംതന്നെ ആറുമാസക്കാലത്തേക്കു മാത്രമേ നിലനിൽക്കൂ എന്ന കാര്യം അറിവില്ലായിരിക്കാം.

**Sri. K. P. Nilakanta Pillai:** What is the urgency in promulgating the Anti-corruption Ordinance?

സാഹിബ് ബഹദൂർ വി. എ. അബ്ദുൽഅസീസ്: ഇനി കറപ്ഷനെ സംബന്ധിച്ചാണ് ഞാൻ പറയാൻ പോകുന്നത്. ഈ നിയമസഭയിൽവച്ചുതന്നെ ഈ നാട്ടിൽ അഴിമതി നടമാടുന്നു എന്നും അത് ഇല്ലായ്മ ചെയ്യേണ്ടത് ഗവമ്മെണ്ടിന്റെ പ്രാഥമിക കർത്തവ്യമാണെന്നും ഉച്ചൈസ്തരം ഉൽഘോഷിച്ച—പടപൊരുതിയ—എന്റെ സ്നേഹിതന്മാരാണ് ഇന്നു അതേസംബന്ധിച്ചുള്ള ഓർഡിനൻസിനെ കുററപ്പെടുത്തുന്നത്. അതിനുവേണ്ടി ആദ്യമായി ഒരു ബിൽ കൊണ്ടുവരികയും അത് സെലക്ട്കമ്മിററിക്കയച്ചു, സെലക്ററ കമ്മിററി റിപ്പോർട്ട് സമർപ്പിച്ച വസ്തുതയും അവർ മറച്ചുവെക്കുകയുമാണ് ചെയ്യുന്നത്. സെലക്ററകമ്മിററിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഈ ബിൽ കൂടുതൽ കർശനമായി ഉണ്ടാക്കിയതുമൂലം അഴിമതിക്കാരായ ആളുകൾക്ക് ഒഴിഞ്ഞുമാറാൻ കഴിവില്ലാത്തവണ്ണം അതിൽ ഒരു വകുപ്പുണ്ട്. എന്റെ സ്നേഹിതന്മാരായ അവർക്കെല്ലാം ആ വകുപ്പുകൾ കണ്ടപ്പോൾ വലുതായ ഭയം തോന്നിത്തുടങ്ങി. അതായത് പതിനഞ്ചോ ഇരുപതോ രൂപാ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാർക്ക് അവരുടെ അഴിമതിയുടെ ഫലമായി അനേകായിരം രൂപായുടെ സ്വത്തുണ്ടായി എന്നു വിചാരിക്കുക. അപ്പോൾ അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാർക്ക് ഈ ചുരുങ്ങിയ ശമ്പളത്തിൽനിന്നും ഈ സ്വത്ത് എങ്ങനെ ഉണ്ടായി എന്ന് കണ്ടുപിടിച്ച് സമാധാനം ചോദിക്കാനും സമാധാനം നൽകാൻ കഴിവില്ലാത്തവരെ അഴിമതി നിരോധന ആക്ടിൻപ്രകാരമുള്ള കുററത്തിന് വിധേയരാക്കുന്നതിനും കഠിനമായി ശിക്ഷിക്കുന്നതിനും ഇട

[Sahib Bahadur V. A. Abdul Azis.]

യാകുന്നതാണ്. അതുകൊണ്ടാണ് എന്റെ പല മാന്യസ്നേഹിതന്മാരും ഈ വകപ്പെടുത്തുകളയണമെന്ന് ആഗ്രഹിക്കുന്നതു്. എന്നാൽ ജനകീയഭരണം നടക്കുന്ന ഇക്കാലത്തു് ഈ അഴിമതി നാട്ടിൽനിന്നും ഇല്ലായ്മചെയ്യണമെന്നു വിചാരിച്ചു് ഈ ആർഡിനൻസുണ്ടാക്കി. സ്ഥാനത്തും അസ്ഥാനത്തും എന്തിനു് ഇവർ ഈ ആർഡിനൻസിനെ കുറ്റപ്പെടുത്തുന്നു എന്നു ഞാൻ ചോദിക്കുന്നു.

അടുത്തതായി പറയാനുള്ളതു് അറ്റോർണി ജനറൽ ഉദ്യോഗത്തെപ്പറ്റി പറഞ്ഞതു സംബന്ധിച്ചാണ്. ഇതു പറയുമ്പോൾ ഈച്ചയെക്കണ്ടാൽ ഭയപ്പെടുന്നവർ ഒട്ടകത്തെ തൊണ്ടതൊടാതെ വിഴുങ്ങുന്ന കഥയാണ് എനിക്കു തോന്നുന്നതു്. മി. കെ. പി. നീലകണ്ഠപ്പിള്ള ൨൪ മണിക്കൂർകൊണ്ടു് മന്ത്രിപദം രാജിവെച്ച പി. എസ്സ്. നടരാജപിള്ളയെ ഡൽഹിയിൽ ലൈസൻ ആഫീസറായി നിയമിച്ചതിനെ എങ്ങിനെ സാധൂകരിച്ചുവോ അതേതരത്തിൽതന്നെ ഇതിനും ഒരു മറുപടി പറയണം. അതുപോകട്ടെ........(ചിരി)

ശ്രീ. പി. നാണു: സർ, എനിക്കു അഴിമതിയെപ്പറ്റി രണ്ടു വാക്കു സംസാരിക്കണമെന്നുണ്ടു്. അഴിമതിയുടെ കാര്യം പറയുകയാണെങ്കിൽ തിരുവിതാംകൂറിൽ മിക്ക ഡിപ്പാർട്ടുമെണ്ടിലും അഴിമതി ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. അതു് പ്രത്യേകിച്ചും നീതിന്യായവകുപ്പിലാണ് ധാരാളമായിട്ടുള്ളതു്. ആ ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി എന്തെങ്കിലും പറമ്പോൾ ആ ഡിപ്പാർട്ടുമെണ്ടു് മേലധ്യക്ഷൻകൂടി ആവശ്യമായിരുന്നു. ഡിപ്പാർട്ടുമെണ്ടു് മേലധ്യക്ഷന്റെ അഭാവത്തിൽ മന്ത്രിമാരുണ്ടല്ലോ എന്നു പറഞ്ഞേക്കാം. എന്നാൽ മന്ത്രിമാരുടെ സാന്നിധ്യത്തിൽതന്നെ ഞാൻ വളരെ ശക്തിയായി പറഞ്ഞിട്ടുള്ളതാണ്. എന്നാൽ അന്നു പറഞ്ഞതു് അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ ഇല്ലെന്നാണ്.

മറ്റൊരുകാര്യം കാര്യക്ഷമതയില്ലായ്മയാണ്. ഈ കാര്യവും ഞാൻ മന്ത്രിമാരുടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ള സംഗതിയാണ്. കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നു ഞാൻ ആവർത്തിച്ചുപറഞ്ഞിട്ടുണ്ടു്. എന്നാൽ കൊല്ലമൊന്നായിട്ടും ഈ മന്ത്രിസഭ അതേപ്പറ്റി എന്തെങ്കിലും കാര്യമായി ചെയ്തിട്ടുണ്ടോ? സർ, അഴിമതി മുമ്പുണ്ടായിരുന്നു, ഇപ്പോഴുമുണ്ടു്. ഈ ഡിപ്പാർട്ടുമെന്റിൽ ഉള്ള അഴിമതിയെപ്പറ്റി പല പ്രാവശ്യം സംസാരിക്കുവാൻ എനിക്കു സൗകര്യം കിട്ടിയിട്ടുണ്ടു്. അപ്പോഴെല്ലാം ഞാൻ അതു ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ടു്. ഈ മന്ത്രിസഭ ഇവിടെ ആവശ്യമായ ഒരു അഴിമതി നിരോധന ബിൽ ഉണ്ടാക്കി. കർക്കടകം ൨൧-ാംനു-യാണ് ബിൽ കൊണ്ടുവന്നതു്. ഇന്നു ചിങ്ങം ൬-ാംനു-യാണ്. ഇത്രയും കാലത്തിനിടക്കു എന്തു ചെയ്തു. ഇനി എപ്പോൾ ഇതു് പ്രയോഗത്തിൽ കൊണ്ടുവരാൻ പോകുന്നു. നമ്മുടെ നാട്ടിലെ അഴിമതി കണ്ടുപിടിക്കുന്നതിനു് ഗവമ്മെണ്ടു് ഏല്പ്പെടുത്തിയിരിക്കുന്നതു് പോലീസ് ഡിപ്പാർട്ടുമെണ്ടു മുഖേനയാണ്. അവരെ ഈ ചുമതല ഏല്പിച്ചാൽ സാധാരണക്കാരനും പോലീസുകാരും കൂടി ചേർന്നുള്ളതു് വീതിച്ചെടുക്കും. അഴിമതി നിർത്തണമെങ്കിൽ ആദ്യമായി പോലീസിന്റെ അഴിമതി നിർത്തണം.

ഇവിടെ നിയമവിളംബത്തെപ്പറ്റി മി. വി. മാധവൻ പറയുന്നതുകേട്ടു. ഞാൻ പറയുന്നതു അതു പ്രിസൈഡിംഗു ആഫീസറുടെ കാര്യക്ഷമതയില്ലായ്മ ആണെന്നാണ് എനിക്കു പറയാനുള്ളതു്. കാലവിളംബംവരാതിരിക്കാൻ സിവിൾകോർട്ടുഗൈഡ് എടുത്തുനോക്കുക. അതിൽ പറയുന്നതു് ഒരു ഹർജി കൊടുത്താൽ അന്നുതന്നെ അതിനു് എന്താണെന്നുള്ളതിനെപ്പറ്റി പ്രിസൈഡിംഗ് ആഫീസറുടെ ആർഡർ വാങ്ങണം. എന്നാൽ ഇപ്പോൾ അപ്രകാരം നടക്കുന്നില്ല. തിരുവിതാംകൂറിൽ പ്രത്യേകിച്ചും പല കാരണങ്ങൾ പറഞ്ഞു കേസുകൾ വളരെ നീട്ടിക്കൊണ്ടുപോകുന്നതായിട്ടാണ് നാം കണ്ടുവരുന്നതു്.

സർ, അതുകൊണ്ടു് ഞാൻ പറയുന്നതു് ഈ മാതിരി അഴിമതി ഉണ്ടാകാതെ സൂക്ഷിക്കണമെന്നാണ്. അതിനു് ഇന്ന കാര്യം ഇന്ന സമയത്തു് ഇങ്ങനെ ചെയ്തില്ലെങ്കിൽ ഇന്ന കുററം ഉണ്ടാകുമെന്നുള്ള ഒരു ബോധം ഉദ്യോഗസ്ഥന്മാൎക്കും ഉണ്ടാകണം. എന്നാൽ ഇപ്പോൾ ഈ ആർഡർ ഒന്നും ഒരു ഡിപ്പാർട്ടുമെണ്ടിലുമില്ല. പ്രത്യേകിച്ചും നീതിന്യായവകുപ്പിൽ. എല്ലാം അഴിച്ചുവിട്ട രീതിയിൽ ആണ് കാര്യങ്ങൾ നടത്തുന്നതു്.

ഇനി ഒരു കാര്യം, ഇന്നു് ഒരു കേസുകൊടുത്താൽ ഒരുപക്ഷെ അഞ്ചുകൊല്ലംകൊണ്ടു് ഒരു വിധി സമ്പാദിച്ചാൽതന്നേയും അതിന്റെ ജഡ്ജിമെന്റ കിട്ടാൻ രണ്ടല്ലങ്കിൽ മൂന്നുകൊല്ലംവരെ കാത്തിരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സിവിൾകോർട്ടു ഗൈഡിൽ പറഞ്ഞിരിക്കുന്നതു് ജഡ്ജിമെന്റ് ൧൫ ദിവസങ്ങളിൽ കൂടുതലുണ്ടെങ്കിൽ അച്ചടിപ്പിക്കണമെ

ന്നാണ്. അതിനാലാണ് ഈ കാലവിളംബം ഉണ്ടാകുന്നത്. എന്തുകൊണ്ടതു ടൈപ്പ ചെയ്തുകൂടാ. ടൈപ്പുചെയ്യുകയാണെങ്കിൽ കക്ഷികൾക്ക് ഇത്രയും കാലം കാത്തിരിക്കേണ്ട ആവശ്യം വരികയില്ല. ഇപ്പോഴത്തെ രീതി അനുസരിച്ചു മുനിസിപ്പുകോടതിയിൽ ൩ കൊല്ലം ജില്ലാക്കോട്ടിൽ ൩ കൊല്ലം ഇങ്ങനെ താമസം നേരിടുന്നതാണ്. അതുകൊണ്ട് ഈ അച്ചടി ഏർപ്പാട് നിർത്തി ടൈപ്പുചെയ്തു ജഡ്ജിമെൻറ് കൊടുക്കാനും ഏർപ്പാടുചെയ്യേണ്ടതാണ്.

കാലവിളംബത്തിനു മറെറാരു കാരണം ഈ പ്രാസസ്സ് ശിപായിമാർ മൂലമാണ്. ഇവർക്കു ശമ്പളം കൂട്ടിക്കൊടുക്കുന്നതുകൊണ്ടുമാത്രം ശരിയാകാൻ പോകുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി അടുത്തതായി ബഹു. മിനിസ്റ്റർ ഈ വിമർശനങ്ങൾക്കു മറുപടി പറയുന്നതാണ്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ജുഡീഷ്യൽ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചു ഇവിടെ പുറപ്പെടുവിച്ചു വിമർശങ്ങൾക്കു ഞാൻ സമാധാനം പറയാൻ ഉദ്യമിക്കുകയാണ്.

ശ്രീമാൻ ജ്ഞാനശിഖാമണി ഇവിടെ പല വാദമുഖങ്ങളും പുറപ്പെടുവിക്കുകയുണ്ടായി. അതിൽ ചില വാദമുഖങ്ങൾ, അദ്ദേഹം എറണാകുളത്തു സഞ്ചരിച്ചപ്പോൾ അദ്ദേഹത്തിന്റെ അനുഭവങ്ങളേയും ആ അവസരങ്ങളിൽ അദ്ദേഹം സ്നേഹിതന്മാരുമായി നർമ്മസല്ലാപങ്ങളിൽ ഏർപ്പെട്ടപ്പോൾ ഉണ്ടായ അനുമാനങ്ങളേയും, പ്രധാനമന്ത്രിയുമായി നടത്തിയ സംഭാഷണങ്ങളിൽനിന്നുണ്ടായ ഊഹാപോഹങ്ങളേയും അടിസ്ഥാനമാക്കിയിരിക്കുന്നതിനാൽ അവയെപ്പററി മറുപടി പറയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ അദ്ദേഹം രണ്ടുമൂന്നു സംഗതികൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. അതിനു സമാധാനം പറയേണ്ടതു് എന്റെ ചുമതലയാണ്.

ആദ്യമായി യൂണിയൻ ഹൈക്കോടതി എറണാകുളത്തു സ്ഥാപിച്ചതു് അനൗചിത്യമായിപ്പോയെന്നാണ് അദ്ദേഹം പറയുന്നതു്. യൂണിയൻ ഹൈക്കോടതി എറണാകുളത്തു സ്ഥാപിക്കുന്നതിനു മതിയായ കാരണങ്ങൾ ഉണ്ടായിരുന്നു. ആ കാരണങ്ങൾ എന്തെല്ലാമാണെന്നു തല്ക്കാലം വിശദീകരിക്കണമെന്നു വിചാരിക്കുന്നില്ല. അതിനു മതിയായ കാരണങ്ങൾ ഉണ്ടായിരുന്നുവെന്നും അങ്ങനെ എറണാകുളത്തു യൂണിയൻ ഹൈക്കോടതി സ്ഥാപിക്കേണ്ടതു് മൊത്തത്തിൽ ഈ ഗവമെണ്ടിന്റെ ഒരു ആവശ്യമായിരുന്നു എന്നും മാത്രമെ അതിനെപ്പററി ഞാൻ പറയുന്നുള്ളൂ. മറെറാന്നു്, ഫെഡറൽ കോടതിയിൽനിന്നും ഇവിടെ ഒരു ജഡ്ജിവന്നതിനെസംബന്ധിച്ചാണ്. അതു സ്റ്റേററമിനിസ്ട്രിയുടെ ആവശ്യപ്രകാരം ഇവിടെ വന്നതാണെന്നും അതു അപ്രകാരമല്ലെന്നുള്ള എതിർ പ്രസ്താവനയുണ്ടായിട്ടുകൂടി അദ്ദേഹം വീണ്ടും പറയുകയുണ്ടായി. ശ്രീ. ജ്ഞാനശിഖാമണി മനഃപൂർവ്വമായി തെററിദ്ധരിക്കപ്പെട്ടതുപോലെ തോന്നുന്നു. ഇവിടെ ചീഫ്സെക്രട്ടറിയെ ഇൻഡ്യാഗവമെണ്ടിന്റെ ആവശ്യപ്രകാരമാണ് വരുത്തിയിട്ടുള്ളതെന്നും അതുപോലെ പബ്ലിക്ക്സർവ്വീസുകമ്മീഷണരേയും ഇൻഡ്യാഗവമെണ്ടിന്റെ ആവശ്യപ്രകാരമാണ് വരുത്തിയതെന്നും അദ്ദേഹം പല അവസരങ്ങളിലും പ്രസ്താവിക്കുകയുണ്ടായി. ആ പ്രസ്താവനകളെയെല്ലാം ഗവമെണ്ടു ഭാഗത്തുനിന്നും നിഷേധിച്ചിട്ടും, അദ്ദേഹം പറയുന്നതു്, വീണ്ടും വീണ്ടും പറയുന്നതു്, ആവർത്തിച്ചാവർത്തിച്ചു പറയുന്നതു് ഇവരെ ഇൻഡ്യാഗവമെണ്ടിൽനിന്നും വരുത്തിയതാണെന്നാണ്. അദ്ദേഹം പലപ്പോഴും ഉപയോഗിക്കാറുള്ള ഒരു സ്ലോഗൻ ആണ് ഇതും എന്നു മാത്രമെ എനിക്കു പറയുവാനുള്ളൂ. ഫെഡറൽ കോടതിയിൽനിന്നും ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ ഇവിടെ വരുത്തിയിട്ടുണ്ടെങ്കിൽ അതു ഈ യൂണിയൻ ഗവമെണ്ടിന്റെ ആവശ്യപ്രകാരമാണെന്നും അതിനു മതിയായ കാരണം ഉണ്ടായിരുന്നുവെന്നും ഞാൻ പറഞ്ഞാൽ അദ്ദേഹം വിശ്വസിക്കുമെങ്കിൽ വിശ്വസിക്കട്ടെ.

പിന്നീടു് അദ്ദേഹം പറയുന്നതു് ഹൈക്കോടതി എറണാകുളത്തേക്കു മാറിയതിനാൽ അവിടെ പുതിയതായിചെന്ന അഭിഭാഷകന്മാർക്കുംമററും താമസിക്കുന്നതിനു മതിയായ സജ്ജീകരണങ്ങളും സൌകര്യങ്ങളും ഉണ്ടായിട്ടില്ലെന്നാണ്. അതിനുള്ള സമാധാനം ഗവമെണ്ടു മുമ്പുതന്നെ പറഞ്ഞു കഴിഞ്ഞു. അവിടെ ചെന്നുചേർന്നിട്ടുള്ള എല്ലാ അഭിഭാഷകന്മാർക്കും സ്ഥലം ഉണ്ടാക്കിക്കൊടുത്തുവെന്നു് ഇവിടെ ആരും പറഞ്ഞിട്ടില്ല. എന്നാൽ അവിടെ പോയിരിക്കുന്ന അഭിഭാഷകന്മാരിൽ ൧൫ ശതമാനംപേർക്കും ഇതിനകം താമസസ്ഥലങ്ങൾ ഉണ്ടാക്കി കൊടുത്തു എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. ദോഷൈകദൃക്കുകൾക്കു് ഏതു കാര്യത്തെപ്പററിയും അതിശയോക്തിപരമായി അഭിപ്രായം പറയുവാൻ അവകാശ

[Sri. T. K. Narayanana Pillai]

മുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ യഥാർത്ഥം അറിയേണ്ടവർക്കു ഞാൻ ഈ പറയുന്ന സമാധാനം വിശ്വസനീയമായി തോന്നുമെന്ന് എനിക്കു ധൈര്യമുണ്ട്. അവിടെ അഭിഭാഷകന്മാർക്കു മാത്രമല്ല, വിദ്യാർത്ഥികൾക്കും സ്ഥലമുണ്ടാക്കികൊടുത്തിട്ടില്ലെന്ന് ഒരു ആരോപണം ഇവിടെ ഉന്നയിക്കപ്പെട്ടു. ൯൮ വിദ്യാർത്ഥികളിൽ കൂടുതൽ ഇതിനകം അവിടെ ഗവർമ്മെണ്ട് ഉണ്ടാക്കികൊടുത്ത കെട്ടിടങ്ങളിൽ താമസിക്കുന്നുണ്ട്. ശ്രീ. നേശമണി ഈ സഭമുമ്പാകെ വായിച്ച കമ്പിസന്ദേശത്തെ മനസ്സിൽ വെച്ചുകൊണ്ടാണ് ഞാൻ ഈ സംസാരിക്കുന്നതു്. അവിടെ ചെന്നിട്ടുള്ള വിദ്യാർത്ഥികളിൽ വളരെ കുറച്ചുപേർ മാത്രമെ, ഒരു പക്ഷെ താമസസ്ഥലം കിട്ടാതെ വിഷമിക്കുന്നവരായി ഉണ്ടായിരിക്കു. വിദ്യാർത്ഥികളുടെ താമസസൌകര്യങ്ങൾക്കു വേണ്ട ഏർപ്പാടുകൾ ഇതിനകം ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജ്ഞാനശിഖാമണി കെട്ടിടങ്ങൾ കൈവശപ്പെടുത്തുന്നതിനെ സംബന്ധിച്ചുള്ള ഒരു ഓർഡിനൻസിനെപ്പറ്റി പറയുകയുണ്ടായി. അദ്ദേഹം ഒരു ഭാഗത്തു വിദ്യാർത്ഥികൾക്കും അഭിഭാഷകന്മാർക്കും മററും താമസത്തിനുവേണ്ട സ്ഥലസൌകര്യം ഉണ്ടാക്കികൊടുക്കുന്നില്ല എന്നു പരാതിപ്പെടുന്നു. അതേ സമയം മറെറാരു ഭാഗത്ത് അങ്ങനെയുള്ള സ്ഥലസൌകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനു് ആവശ്യമായി പുറപ്പെടുവിച്ചിട്ടുള്ള ആർഡിനൻസിനെ ആക്ഷേപിക്കുന്നു. ഇതിൽ ആരെങ്കിലും പൂർവ്വാപരവിരുദ്ധത കാണുന്നുണ്ടെങ്കിൽ അതു എന്റെ കുററംകൊണ്ടല്ല. അവിടെ ചെന്നിട്ടുള്ളവർക്കു സ്ഥലസൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കേണ്ടതു ഗവർമ്മെണ്ടിന്റെ ചുമതലയാണെന്നു പറയപ്പെടുന്നിടത്തോളം കാലം അതിലേക്കാവശ്യമായ കെട്ടിടങ്ങളുംമററും കൈവശപ്പെടുത്തുന്നതിനു പര്യാപ്തങ്ങളായ നിയമങ്ങളും അധികാരങ്ങളും ഗവർമ്മെണ്ടിനുണ്ടായിരിക്കണം. അതിലേക്കാണ് ആർഡിനൻസു് ഉണ്ടാക്കിയതു്. ശ്രീ. അബ്ദുൽ അസീസ് പറഞ്ഞതുപോലെ, ആർഡിനൻസിന്റെ കാലാവധി ആറുമാസത്തേക്കേ ഉള്ളുവെന്നു് എല്ലാവർക്കും അറിയാം. ഈ കാലാവധിക്കുള്ളിൽ ഈ ആർഡിനൻസു എന്നല്ല, എല്ലാ ഓർഡിനൻസുകളുംതന്നെ നിയമസഭയിൽ അവതരിപ്പിച്ചു നിയമമാക്കി പാസാക്കിയെടുക്കുന്നതാണ്.

അദ്ദേഹം അവസാനിപ്പിച്ചതു് ഒരു മഹമ്മദു ടാല്ലുക്കിന്റെ കാര്യം പറഞ്ഞുകൊണ്ടാണ്. ഒരു രാഷ്ട്രീയ റിപ്‌വാൻ വിങ്കിളായ അദ്ദേഹം ഇപ്പോഴത്തെ രാഷ്ട്രീയ പരിവർത്തനങ്ങളെപ്പററി യാതൊന്നും അറിയാതെ ഉറക്കമുണർന്നു നോക്കിയപ്പോൾ കണ്ടതു ഒരു പുതിയ ലോകമാണ്. അപ്പോൾ മഹമ്മദു ടാല്ലുക്കിന്റെ ഓർമ്മ അദ്ദേഹത്തിനുണ്ടായിപ്പോയതിൽ അത്ഭുതത്തിനവകാശമില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ ഇവിടെ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തിനുശേഷം എറണാകുളത്തു സ്ഥിതിഗതികൾക്കു സാരമായ ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്നു് അദ്ദേഹത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കൂടാതെ തിരുവിതാംകൂറിൽ നിന്നുംപോയി എറണാകുളത്തു താമസിക്കുന്നവരും അവിടെനിന്നും ഇവിടെവന്നു താമസിക്കുന്നവരുമായ ൪൫ ശിപായിമാരെ ഇതിനകം പരസ്പരം സ്ഥലംമാററിയിട്ടുണ്ട്. തിരുവിതാംകൂറിൽനിന്നും കൊച്ചിയിലേക്കു പോയവരും, കൊച്ചിയിൽനിന്നും തിരുവിതാംകൂറിലേക്ക് വന്നവരുമായ ക്ലാർക്കന്മാരേയും ശിപായിമാരേയും പരസ്പരം സ്ഥലംമാററുന്നതു് എല്ലാവിധത്തിലും നന്നായിരിക്കുമെന്നാണ് അദ്ദേഹം അന്നു അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ടു് അഭിപ്രായപ്പെട്ടതു്. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ഗവർമ്മെണ്ടു പ്രവർത്തിച്ചിട്ടുണ്ടെന്നു് അറിയിക്കുവാൻ എനിക്കു സന്തോഷമുണ്ട്. താഴ്ന്ന ശമ്പളക്കാർക്ക് വേണ്ടതു സൌകര്യം ചെയ്തുകൊടുക്കണമെന്നാണ് ഗവർമ്മെണ്ട് ആഗ്രഹിക്കുന്നതും, ആ ആഗ്രഹം വെച്ചുകൊണ്ടാണ് ഗവർമ്മെണ്ടു് ഈ സ്ഥലംമാററം നടത്തിയിട്ടുള്ളതും. അവിടെയുള്ള അവിവാഹിതന്മാർക്കു ചെയിംബേഴ്സ് തയാറാക്കിയിട്ടില്ലാ എന്നു അദ്ദേഹം പറഞ്ഞു. അതിലേക്കു വേണ്ട ഏർപ്പാട് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് അദ്ദേഹം പറഞ്ഞതു് അടിസ്ഥാനരഹിതമാണെന്നു ഞാൻ പറയുന്നില്ല. എന്നാൽ അവിടെ തട്ടികൾ വയ്ക്കുന്നതിനും മററു വേണ്ട ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനും ആവശ്യമായ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്, ചെയ്തുകൊണ്ടിരിക്കുന്നു. അതിലേക്കു വേണ്ട പരിപാടികൾ നടപ്പിൽ വരുത്തുന്നതിനായി ചില ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ദേവികുളത്തു ഒരു മുൻസിഫ് മജിസ്ട്രേട്ടുകോടതി ഉണ്ടായിരിക്കേണ്ട ആവശ്യത്തെപ്പററി അദ്ദേഹം പറഞ്ഞു. അതേപ്പററി ആലോചിക്കാവുന്നതാണ്. ഇതിനു മുമ്പും അവിടെ ഒരു മുൻസിഫ് മജിസ്ട്രേട്ടു കോടതി ഉണ്ടായിരുന്നു. എന്നാൽ മതിയായ ജോലി അവിടെ ഇല്ലാത്തതുകൊണ്ടാണ് ആ

കോടതി വേണ്ടാ എന്നുവെച്ചതു്. ആവശ്യമെന്നു് തോന്നുന്നപക്ഷം അദ്ദേഹത്തിന്റെ ഈ നിർദ്ദേശത്തെപ്പററി തീർച്ചയായും ഗൌനിക്കുന്നതാണു്.

ഇവിടെ പലമെമ്പറന്മാരും നീതിന്യായഡിപ്പാർട്ടുമെൻറിലുള്ള അഴിമതികളെപ്പററിയും നീതിന്യായനിർവ്വഹണത്തിനുള്ള കാലതാമസത്തെപ്പററിയും പറയുകയുണ്ടായി. ജുഡീഷ്യൽ ഡിപ്പാർട്ടുമെണ്ടിൽ അഴിമതി ഇല്ലെന്നു ഞാൻ ഒരു നിമിഷംപോലും പറയുന്നില്ല. അവിടെ അഴിമതിയുണ്ടു്. ജുഡീഷ്യറിവകുപ്പിൽ മാത്രമല്ല എല്ലാ വകുപ്പിലും അഴിമതി ഉണ്ടെന്നുള്ള ബോദ്ധ്യത്തിന്റെ ഫലമായിട്ടാണു് 'ആൻറി കറപ്ഷൻ ആർഡിനൻസു്' എന്ന പേരിൽ ഒരു ആർഡിനൻസുതന്നെ പ്രൊമൽഗേററു ചെയ്തിട്ടുള്ളതു്. അഴിമതി ഇല്ലാതാക്കുന്നതിനു് ചില അധികാരങ്ങളും ഗവമ്മെണ്ടിന്റെ കയ്യിൽ ഉണ്ടായിരിക്കേണ്ടതാണു്. ഈ തത്വത്തെ അടിസ്ഥാനമാക്കി, ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ അഴിമതി ചെയ്തിട്ടുണ്ടെന്നു വേണ്ട അന്വേഷണങ്ങളും നടത്തി കുററക്കാരനാണെന്നു കണ്ടുപിടിക്കപ്പെട്ടാൽ, ആ ഉദ്യോഗസ്ഥനെ സെഷൻസുകോർട്ടിൽ വിചാരണ നടത്തണമെന്നാണു് ഗവമ്മെണ്ടു വിചാരിക്കുന്നതു്. അല്ലാതെ അഴിമതിക്കാരെ അങ്ങനെതന്നെ വിട്ടുകളവാൻ ഭാവിക്കുന്നില്ല. അഴിമതിക്കാരായുള്ളവരെ ശ്രദ്ധയോടുകൂടി കണ്ടുപിടിച്ചു് അവക്കു് എക്സംപ്ലറി പണിഷ്മെൻറു് കൊടുക്കണമെന്നുതന്നെയാണു് ഗവമ്മെണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്. അതുപോലെ നീതിന്യായനിർവ്വഹണത്തിനുള്ള കാലതാമസത്തെപ്പററിയും ചിലർ ഇവിടെ പറയുകയുണ്ടായി. അവർ പറഞ്ഞ കാരണങ്ങളും അടിസ്ഥാനങ്ങളും തത്വങ്ങളും ശരിയാണു്, അവയോടു ഞാൻ പരിപൂർണ്ണമായി യോജിക്കുകയും ചെയ്യുന്നുണ്ടു്. ഈ കാലതാമസത്തിനു മിനിയൽ സ്റ്റാഫു് ആണു് ഉത്തരവാദിത്വം വഹിക്കുന്നതെന്നു ശ്രീ. വേലായുധൻ നായർ പറയുമ്പോൾ ശ്രീ. പി. നാണു പറയുന്നതു് ജുഡീഷ്യൽ ഡിപ്പാർട്ടുമെണ്ടിലുള്ള മററു ഉദ്യോഗസ്ഥന്മാരും ജഡ്ജിമാരും ഇതിനു് ഉത്തരവാദിത്വം വഹിക്കുന്നുണ്ടെന്നാണു്. വേറൊരു ബഹുമാന്യസ്നേഹിതൻ പറഞ്ഞതു് അഭിഭാഷകന്മാർക്കൂടി ഇതിനു ഉത്തരവാദികളാണെന്നാണു്. ഇതെല്ലാം പരമാർത്ഥം ആയിരിക്കാം. എങ്ങിനെയായാലും ഈ കാലതാമസം ഇല്ലാതാക്കേണ്ടതു് അത്യാവശ്യമാണു്. അതു ഏതെല്ലാം വിധത്തിൽ സാധിക്കാമോ, ആ വിധത്തിൽ സാധിക്കണമെന്നും അതിലേക്കു് ലാ പെട്ടെന്നു അഡ്മിനിസ്റ്റർ ചെയ്യുന്നതിനു് ആവശ്യമായ വ്യവസ്ഥകളും കഴിയുന്നതും വേഗം നടപ്പിലാക്കണമെന്നും ഗവമ്മെണ്ടു നിശ്ചയിച്ചിരിക്കുകയാണു്. ഒരു കൊല്ലത്തിനകം ഈ വിഷയത്തിൽ ഗണ്യമായ വ്യത്യാസം കാണുമെന്നുള്ള പ്രതീക്ഷയാണു് ഗവമ്മെണ്ടിനുള്ളതു്.

ശ്രീ. അലക്സാണ്ടർ വാകയിൽ ആണെന്നുതോന്നുന്നു, ഈ ഡിപ്പാർട്ടുമെണ്ടിലുള്ള ശിപായിമാരെ അവരുടെ യജമാനന്മാർ ഭൃത്യവേലയ്ക്കായി നിയോഗിക്കുന്നതിൽ ഔൽസുക്യം പ്രദർശിപ്പിക്കുന്നു എന്നു പറയുകയുണ്ടായി. അടുത്തകാലത്തു് ഇതു സംബന്ധിച്ചു പുറപ്പെടുവിച്ചിട്ടുള്ള ഒരു സർക്കുലറിലേക്കു് എന്റെ മാന്യ സ്നേഹിതന്മാരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ഇങ്ങനെ ശിപായിമാരെ വേലക്കാരായി നിയോഗിക്കുന്നതിനെ വളരെ ശക്തിയായി തടയണമെന്നു് നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു സക്കുലർ അടുത്തകാലത്തുതന്നെ പുറപ്പെടുവിച്ചിട്ടുണ്ടു്. ആ സക്കുലറിലെ വ്യവസ്ഥകളും മേലധികാരികളും കർശനമായി പാലിക്കണമെന്നു കാണിച്ചു മറെറാരു സക്കുലറും പുറപ്പെടുവിച്ചിട്ടുണ്ടു്. അതുകൊണ്ടു്, ഇങ്ങനെ ഒരു നടപ്പു ഇതിനു മുമ്പുണ്ടായിരുന്നെങ്കിൽതന്നെ മേലാൽ അതു ഉണ്ടാകുകയില്ലെന്നു ധൈര്യമായി വിശ്വസിക്കാം.

പിന്നീടു പറഞ്ഞതു് ശ്രീ. മാമ്പള്ളിയുടെ നിയമനക്കാര്യത്തെപ്പററിയാണു്. ശ്രീ. മാമ്പള്ളി അഞ്ചിക്കൈമ്മൾ കോടതിയിലെ ഒരു സക്കാർ വക്കീലുദ്യോഗസ്ഥനാണു്. രണ്ടുമൂന്നു മാസക്കാലത്തേക്കു അദ്ദേഹം ആക്ടിംഗ് ഹൈക്കോടതി ജഡ്ജിയായിരുന്നു. അതിനുശേഷം വീണ്ടും അദ്ദേഹം അദ്ദേഹത്തിന്റെ സ്ഥിരലാവണത്തിലേക്കു റിവർട്ടു ചെയ്യപ്പെട്ടു്. അതു കഴിഞ്ഞപ്പോഴാണു് ഹൈക്കോടതിയിലെ സ്ഥിരം ജഡ്ജിയായിരുന്നയാൾ പെട്ടെന്നു മാറിയതു്. അങ്ങനെ ഇൻറഗ്രേഷൻ നടപ്പിലാക്കുന്നതിനു മൂന്നുനാലു ദിവസത്തിനു മുമ്പു മാത്രമാണു് അദ്ദേഹം ഹൈക്കോടതി ജഡ്ജിയായതു്. അതുകൊണ്ടു് ശ്രീ. മാമ്പള്ളിയുടെ പ്രമോഷനെ തടഞ്ഞുവെന്നോ അദ്ദേഹത്തിന്റെ അവകാശത്തെ അവഗണിച്ചുവെന്നോ പറയുന്നതു അടിസ്ഥാനരഹിതമാണു്. ഹൈക്കോടതിക്കു തല്ക്കാലം എട്ടു ജഡ്ജിമാർ മതിയാകുമെന്നാണു് ഗവമ്മെണ്ടു് നിശ്ചയിച്ചിരിക്കുന്നതു്. ആ എട്ടുസ്ഥാനത്തേക്കു പ്രാപ്തിയും യോഗ്യതയുമുള്ള എട്ടുപേരെ നിയമിക്കുകയും ചെയ്തു്. അല്ലാതെ ശ്രീ. മാമ്പള്ളിയുടെ അവകാശത്തെ ഏതെങ്കിലും വിധത്തിൽ അവഗണിച്ചിട്ടില്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

[Sri. T. K. Narayana Pillai]

പിന്നീടാണ് ശ്രീ കെ. പി. നീലകണ്ഠപ്പിള്ളയുടെ ചോദ്യശരങ്ങൾ. അററോർണി ജനറലിന്റെ ആവശ്യമെന്താണ്, അദ്ദേഹത്തിന്റെ സ്ഥാനമെന്താണ്, അദ്ദേഹത്തിന്റെ അധികാരങ്ങളും, അവകാശങ്ങളും എന്തെല്ലാമാണ്, ലാ ഡിപ്പാർട്ടുമെണ്ടിന്റെ മേധാവി ആരാണ് എന്നും മററുമായിരുന്നു അദ്ദേഹത്തിന്റെ ചോദ്യങ്ങൾ. ആ ചോദ്യങ്ങൾക്കു സമാധാനം പറയണമെന്നുദ്ദേശിക്കുന്നു. അററോർണി ജനറൽ മറെറാരു സംസ്ഥാനങ്ങളിലും ഇല്ലെന്നും സെൻട്രൽ ഗവമ്മെണ്ടിൽമാത്രമെ ഉള്ളുവെന്നും അദ്ദേഹം പറഞ്ഞതു ശരിയാണ്. പക്ഷെ, മുമ്പു തിരുവിതാംകൂറിലും കൊച്ചിയിലും അഡ്വക്കേററു ജനറൽ ഉണ്ടായിരുന്നു ഇംഗ്ലണ്ടിലും അമേരിക്കയിലും അററോർണി ജനറൽ ഉണ്ടെന്നു എനിക്കറിയാം. അററോർണി ജനറലിനു ഇംഗ്ലണ്ടിലും അമേരിക്കയിലും ചുമതലയേറിയ പല കാര്യങ്ങളും ഉണ്ടെന്നുള്ളതും വിസ്തരിക്കത്തക്കതല്ല. ഇംഗ്ലണ്ടിലെ പാർലിമെണ്ടിലെ ഒരംഗംകൂടിയാണ് അററോർണി ജനറൽ. അമേരിക്കയിലാകട്ടെ, ക്യാബിനററിലെ ഒരംഗമാണ്. മാത്രമല്ല, അവിടത്തെ പ്രസിഡണ്ടാണ് അററോർണി ജനറലിനെ നിയമിക്കുന്നതും. ഇംഗ്ലണ്ടിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അററോർണി ജനറൽ രാജസ്ഥാനത്തെ പ്രതിനിധീകരിക്കുന്നു. "He represents the King" എന്നാണ് വയ്പ്. അദ്ദേഹത്തിനു രാഷ്ട്രീയമായും നിയമപരമായുമുള്ള എല്ലാ ചുമതലകളുമുണ്ട്. "He functions on legal and political" എന്നാണ് ഇംഗ്ലീഷിൽ പറയുന്നതു്. ഏതാണ്ടു ഈ അടിസ്ഥാനത്തിന്മേലും അതിനോടു സാദൃശ്യം വഹിക്കത്തക്ക നിലയിലുമാണ് ഇവിടേയും അററോർണി ജനറലിനെ നിയമിച്ചിട്ടുള്ളതു്. ഇംഗ്ലണ്ടിലെ മന്ത്രിസഭ അവിടത്തെ ഗവമ്മെണ്ടിൽനിന്നും അല്ലെങ്കിൽ അധികാരത്തിൽനിന്നും മാറുന്നതോടൊപ്പം അവിടത്തെ അററോർണി ജനറൽ രാഷ്ട്രീയ രംഗത്തുനിന്നും മാറുന്നു. അതുതന്നെയാണ് ഇവിടത്തേയും വ്യവസ്ഥ. അദ്ദേഹം ഒരു ഉദ്യോഗസ്ഥനല്ല. അദ്ദേഹത്തിനു പ്രത്യേക അവകാശങ്ങളും അധികാരങ്ങളുമുണ്ട്. അദ്ദേഹം രാഷ്ട്രീയമായും നിയമപരമായുമുള്ള എല്ലാക്കാര്യങ്ങളിലും ഗവമ്മെണ്ടിനെ ഉപദേശിക്കുന്നു. അതാണ് അദ്ദേഹത്തിന്റെ നില. അതാണ് അദ്ദേഹത്തിന്റെ അധികാരം. അദ്ദേഹം ലാ ഡിപ്പാർട്ടുമെണ്ടിന്റെ അദ്ധ്യക്ഷൻകൂടിയാണ്. ഇന്നു ഹൈക്കോടതിയുടെ പ്രവർത്തനം നടക്കുന്നതു എറണാകുളത്താണ്. ഹൈക്കോടതി സംബന്ധിച്ചു ഗവമ്മെണ്ടിനു വേണ്ട കാര്യങ്ങൾ എല്ലാം വഹിക്കുന്നതു അററോർണി ജനറലാണ്. അങ്ങനെയുള്ള ഒരു അററോർണി ജനറലിനെ നിയമിക്കുന്നതു എന്തിനുവേണ്ടിയാണെന്നു ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ചോദിക്കുന്നു. അതിനു ഉത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു. ഈ നിയമനംകൊണ്ടു കൂടുതൽ ചെലവുവന്നതു് എങ്ങനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതിനുമുമ്പ് ഇവിടേയും കൊച്ചിയിലും ഓരോ അഡ്വക്കേററു ജനറൽ ഉണ്ടായിരുന്നു. ആ അഡ്വക്കേററു ജനറൽമാർക്കു പകരം ഒരു അഡ്വക്കേററു ജനറലിനെ, ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും മാതൃക അടിസ്ഥാനമാക്കി, നിയമിക്കുന്നതു ശമ്പളം വർദ്ധിപ്പിക്കാനാണെന്നു പറഞ്ഞാൽ അതു ദുരുപദിഷ്ടമാണെന്ന് ഞാൻ പറയുമ്പോൾ ബഹു. സഭ എനിക്കു മാപ്പുതരുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പിന്നീട്, കുളത്തൂപ്പുഴ സംഭവത്തെപ്പററി പറഞ്ഞു. ഇവിടെ അദ്ദേഹം ഉന്നയിച്ച വാദഗതിയുടെ രൂപം എന്താണെന്നു എനിക്കു നല്ലപോലെ വ്യക്തമായില്ല. ആ കേസിലെ പ്രതിയെ ജാമ്യത്തിൽ വിടുന്നതിന് അനുകൂലമായി സർക്കാർ വക്കീൽ വാദിച്ചു എന്നൊ മറെറാ ഒരു ആരോപണം അദ്ദേഹം കൊണ്ടുവരികയുണ്ടായി. അതു സർക്കാർ വക്കീൽ ചെയ്യരുതാത്ത ഒരു പ്രവൃത്തിയായിപ്പോയെന്ന് ജഡ്ജിമെണ്ടിൽ ജഡ്ജി പ്രസ്താവിച്ചുവെന്നും പറയുകയുണ്ടായി. ഒരുപക്ഷെ കൈവശമുള്ള റിക്കാർഡുകൾ വച്ചുകൊണ്ടു ഒരു ജഡ്ജി അപ്രകാരം പറഞ്ഞിരിക്കാമെങ്കിൽതന്നെ അതുകൊണ്ട് ആ സർക്കാർ വക്കീൽ ജോലിക്കു പ്രാപ്തനല്ലെന്നു വരുന്നതല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ എക്സിക്യൂട്ടീവിനേയും ജൂഡീഷ്യറിയേയും വേർതിരിക്കേണ്ട ആവശ്യത്തെപ്പററി ഊന്നിപ്പറയുകയുണ്ടായി. ആദർശപരമായി പറയുന്നപക്ഷം ഞാൻ ഈ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നു. ശ്രീ. എൻ. ഡി. ജോസ് ഇതേപ്പററി പറഞ്ഞപ്പോൾ മൊൺഡേഗേയുടേയും മററും പരിപാവനമായ പേർ ഇവിടെ പറയേണ്ടതില്ലായിരുന്നു. ഇംഗ്ലണ്ടിലും മററും നടപ്പുള്ളരീതി എക്സിക്യൂട്ടീവിനേയും ജൂഡീഷ്യറിയേയും വേർതിരിച്ചുകൊണ്ടാണ്. എന്നാൽ ഇക്കാര്യത്തെപ്പററി ഇപ്പോൾ ഗവർണർ ജനറലായിരിക്കുന്ന ശ്രീ സി. രാജഗോപാലചാരി മദ്രാസു പ്രീമിയറായിരുന്ന അവസരത്തിൽ, ൧൯൩൭-ൽ, പുറപ്പെടുവിച്ച വാദങ്ങൾ എന്തായിരുന്നുവെന്നുള്ളതു് ശ്രീ. ശ്രീധർക്കും ജോസിനും നല്ലതുപോലെ അറിയാവുന്നതാണ്. തത്വദൃഷ്ട്യാ നോക്കുമ്പോൾ ഈ അഭിപ്രായം

വളരെ ആദരണീയമാണെന്നു ഞാനും സമ്മതിക്കുന്നു. അതു നല്ല ഒരാദർശമാണെന്നും ഗവർമ്മെണ്ടിനറിയാം. ഗവർമ്മെണ്ടു അതേപ്പററി ആലോചിക്കുന്നതാണു്.

നെടുമങ്ങാട്ടു ഒരു ഒന്നാംക്ലാസ്സു് മജിസ്ട്രേട്ടുകോടതി സ്ഥാപിക്കേണ്ട കാര്യവും ശ്രീ. ശ്രീധർ പറയുകയുണ്ടായി. ഈ വാദം അദ്ദേഹം പലതവണ കൊണ്ടുവന്നിട്ടുള്ള ഒന്നാണു്. അതേപ്പററി ഗവർമ്മെണ്ടു് തീർച്ചയായും ആലോചിക്കുന്നതാണു്.

ശ്രീ. തോമസു് അതിപ്രധാനമായ ഒരു കാര്യം ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ വിഷയീഭവിപ്പിക്കുകയുണ്ടായി. മുൻസിഫ് കോടതിയുടേയും ജില്ലാക്കോടതിയുടേയും സംഖ്യ വർദ്ധിപ്പിക്കേണ്ടതിന്റെ കാര്യമാണതു്. ൧,൦൦൦ രൂപയ്ക്കു മേൽ സംഖ്യയുള്ള ഒരു കേസ്സു ഒരു മുൻസിഫ് കോടതി വിധിച്ചാൽ, അതിന്മേൽ ഹൈക്കോടതിയിൽ മാത്രമേ അപ്പീൽ കൊടുക്കാവൂ എന്നാണു് ഇപ്പോഴത്തെ നിയമം. അതുപോരാ, അപ്പീലധികാരം ജില്ലാക്കോടതിക്കുണ്ടായിരിക്കണമെന്നാണു് ശ്രീ. തോമസിന്റെ വാദം. അതേപ്പററിയും ഗവർമ്മെണ്ടു് ആലോചിക്കുന്നതാണു്. വളരെ കാലതാമസം കൂടാതെ ഇതു് സംബന്ധിച്ചുള്ള നടപടികൾ എടുക്കണമെന്നാണു് ഗവർമ്മെണ്ടു ഉദ്ദേശിക്കുന്നതു്.

ശ്രീ. വേലപ്പൻ മറെറാരു കാര്യം പറയുകയുണ്ടായി. നിയമപരമായ കാര്യത്തിനെങ്കിലും തൃശ്ശൂർ ഒരു കേന്ദ്രമായി പരിഗണിക്കണമെന്നാണു് അദ്ദേഹം പറഞ്ഞതു്. ഇക്കൊല്ലത്തെ ബഡ്ജററു നോക്കിയാൽ കാണാം, എറണാകുളത്തും തൃശ്ശൂരും രണ്ടു കോടതികൾ പ്രവർത്തനം ചെയ്യുമെന്നു്.

ശ്രീ. പാച്ചുപിള്ള പ്രിസണേഴ്സു് ബാററയെപ്പററിയും തടവുകാരുടെ അസൌകര്യങ്ങളെപ്പററിയും വളരെ മനോവേദനയോടുകൂടി പ്രസംഗിക്കുകയുണ്ടായി. തടവുകാരുടെ അസൌകര്യങ്ങൾ കഴിയുന്നത്ര നീക്കേണ്ടതുണ്ടെന്നു ഞാനും സമ്മതിക്കുന്നു. അതുകൊണ്ടുതന്നെയാണു് ഈ ഗവർമ്മെണ്ടു അധികാരത്തിൽ വന്നതിനുശേഷം തടവുകാർക്കു ൨൧ ചക്രം ബാററയുണ്ടായിരുന്നതു് ൧ രൂപാ ൪ അണയായി വർദ്ധിപ്പിച്ചതു്. അതിൽ കൂടുതൽ കൊടുക്കണമെന്നും ഗവർമ്മെണ്ടിനാഗ്രഹമുണ്ടു്. എന്നാൽ ഗവർമ്മെണ്ടിന്റെ സാമ്പത്തിക കഴിവിനെപ്പററി ഗവർമ്മെണ്ടിനു യഥാർത്ഥമായ ബോദ്ധ്യമുള്ളതുകൊണ്ടു് അതു വർദ്ധിപ്പിക്കാതിരിക്കുകയാണു്.

ശ്രീ. പൊന്നറ ശ്രീധർ: ബാററാ കൂടുതൽ കൊടുത്തു. എന്നാൽ അതോടൊപ്പം റേഷൻ കൂടുതൽ കൂട്ടികൊടുത്തിട്ടില്ല. അതുകൂടി ചെയ്താൽ കൊള്ളാം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററിയും ആലോചിക്കുന്നതാണു്. ഏതായാലും അണ്ടർട്രയൽ പ്രിസണേഴ്സിനെ സംബന്ധിച്ചു പല മാററങ്ങളും വരുത്തണമെന്നു ഗവർമ്മെണ്ടുദ്ദേശിക്കുന്നുണ്ടു്. ഇന്നും ലാക്കപ്പുകളിൽ അവർക്കു പല വിഷമങ്ങളും അസൌകര്യങ്ങളുമുണ്ടെന്നറിയാം. അതുകൊണ്ടാണു് കാലത്തു പറഞ്ഞതുപോലെ, സബ്ജയിലുകൾ ഉണ്ടാക്കി സുഖകരമായ രീതിയിൽ ജീവിക്കാനുള്ള പരിതസ്ഥിതികൾ സൃഷ്ടിക്കണമെന്നുദ്ദേശിക്കുന്നതു്. കഴിഞ്ഞ മാസത്തിൽ മൂന്നുനാലു ദിവസം ചില ലാക്കപ്പുകളിൽ തടവുകാർക്കു ആഹാരംപോലും ലഭിച്ചില്ലെന്നു ശ്രീ. ഏ. കെ. പാച്ചുപിള്ള പറയുകയുണ്ടായി. ഒരുപക്ഷെ അതു സത്യമായിരിക്കും. ഏതായാലും അങ്ങനെ നടന്നിട്ടുണ്ടെങ്കിൽ ഇനിമേൽ അതു ആവർത്തിക്കാതിരിക്കാൻ ഗവർമ്മെണ്ടു ശ്രമിക്കുന്നതായിരിക്കും.

ശ്രീ. നാണു പലസംഗതികളും ഇവിടെ പറഞ്ഞ കൂട്ടത്തിൽ അഴിമതിനിരോധന ബില്ലുകൊണ്ടുമാത്രം അഴിമതി കുറയാൻ പോകുന്നില്ലെന്നു പറഞ്ഞു. ആ അഭിപ്രായത്തോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. അഴിമതിനിരോധന ബില്ലിലെ വ്യവസ്ഥകൾകൊണ്ടു അഴിമതി കുറയുന്നതല്ല. ആ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ സാമർത്ഥ്യമനുസരിച്ചായിരിക്കും ഈ അഴിമതികൾ നാട്ടിൽനിന്നും ഉച്ചാടനം ചെയ്യാൻ സാധിക്കുന്നതു്. പോലീസുകാരെക്കൊണ്ടുമാത്രമല്ല, ഇതിന്റെ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നതു്. ഏതെല്ലാം വിധത്തിൽ ഈ വ്യവസ്ഥകൾ നടപ്പിൽ വരുത്തുവാൻ കഴിയുമോ ആ മാർഗ്ഗങ്ങളെല്ലാം ഉപയോഗിച്ചു അഴിമതികൾ ഇല്ലായ്മചെയ്യുവാൻ ഗവർമ്മെണ്ടു ശ്രമിക്കും. ഇതിൽ കൂടുതൽ എനിക്കു ഒന്നും പറയാനില്ല.

ശ്രീ. പി. നാണു: ജഡ്ജിമെൻറിന്റെ അച്ചടിച്ച കോപ്പി വേണമെന്നുള്ളതിനു പകരം ടൈപ്പുചെയ്ത കോപ്പി മതിയാകുന്നതാണെന്ന ഒരു വ്യവസ്ഥ ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുന്നതിനെ സംബന്ധിച്ചു വരുത്തുന്നപക്ഷം അതു കാലതാമസത്തെ വളരെ കുറയ്ക്കുമെന്നു ഗവർമ്മെണ്ടിനു തോന്നുന്നുണ്ടോ? ഇതു ഹൈക്കോടതിയുടെ ആലോചനാവിഷയമാക്കണമെന്നു പറയുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആലോചനവിഷയമാക്കണമെന്നു പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജ്ഞാനശിഖാമണി അദ്ദേഹത്തിന്റെ ഉപക്ഷേപം പിൻവലിക്കുന്നുണ്ടോ?

**Sri. D. Gnanasigamoni** I press my motion.

*The motion was put and lost.*

*The Demand was put to vote and carried,*

*The grant was made*

## DEMAND No. XII—JAILS

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ജയിൽ വകുപ്പിലേക്ക് ൩,൮൮,൮ രൂപായുടെ ഒരു ധനാഭ്യർത്ഥന ഞാൻ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

**Sahib Bahadur A. Abdul Razak:** Mr. Speaker, Sir, In the course of the discussions we have had during the last few days, my Hon'ble friends on the other side have been complaining that we, on this side, have not been constructive in our criticisms and scientific in our approach. I take the tip from them, and therefore propose to have an objective approach to this vital portfolio now under trial. Sir, we have been receiving reports of inhuman treatment offered to political prisoners in prison cells and police lock-ups. Harrowing tales of physical sufferings inflicted on political prisoners have also been now and then given expression to in the Press. When this death-dealing act of Government was called into question, in this Assembly, the Chief Minister flatly denied them, with a blunt conscience and in his attempt to hide the elephant inside his Gandhi cap. This bombastic performance on the part of the Hon'ble the Chief Minister quite naturally provoked some of us, who were rather unkind in their remarks and criticisms on the Chief Minister. But, I say Sir, that that ought not to be so, for he is a victim of his circumstances, and as such he has to be judged in terms of the circumstances in which he is placed.

Sir, the tale of the Hon'ble the Chief Minister is a woeful tale to narrate. The house that he has built up is breaking under its own weight, and I know there are turbulent elements behind him, discordant elements behind him, who literally create pandemonium. When I say this, some of my friends on the other side are apt to question me as to why we on this side should be worried over his leadership. If so, they are sadly mistaken, for we have a deep concern in his leadership. It is our desire that he should be worthy of the fight that we offer. We fight on fundamentals, and he who wrestles develops muscles. But, Sir, there is little pleasure in fighting against a General baffled by his own army.

It is in this back-ground Sir, the loudly proclaimed pledges of the Hon'ble the Chief Minister are to be judged. Twice before, on assuming power, he made it plain that he was doing so for one thousand and one good purposes including Jail reforms and better and gentle treatment of political prisoners. I should say in fairness that at the time of making them, he meant them all very well. But Sir, threat after threat came to him from his own men in the Party. One said "make me the Speaker of the Assembly or I will prick you like a soap bubble". Another said "take me in the Ministry". Some others said, "provide me somewhere". Certain others wanted contracts. Still others wanted to be in all Committees. Mr. Mammen Mappillay and men of his like wanted him to oust the Tamils from Devikulam and Peermade.

**Sahib Bahadur V. A. Abdul Aziz:** Where is the Jail in this feat?

**Sahib Bahadur V. Abdul Razak:** I may submit Sir, that I am dealing with the curse that is at the bottom of all the ills we suffer from, and that my friend cannot see it as long as he remains under blinkers. To continue, a few others constituting the Congress High Command, particularly the Congress President wanted him to gag the Press, and strike with a strong hand political rivals and rival Political Parties. These he was threatened with on pain of being scuttled. The hon'ble the Chief Minister was baffled with the cheaply won power in hand and the solemn pledges in his lips. Like Chanakya, he preferred the former, leaving to the winds all his cherished ideals. The result was he was forced to put the individual interests of the Party before the interests of the Country with disastrous and devastating effects on the administration of the Country. The result was that Spoil system founded on nepotism and political chicanery dictated by power-politics became the order of the day.

The Press was ordered to wag its tail before the Hon'ble Ministers. The "Malayalee" did not care a rap for it, and it was struck on its head and it fell down like a dead fly. So did

"Desabandhu". What awaits the Political Correspondent of the "Kerala Kaumudhi" and "Kaumudhi" itself, next to GOD, my hon'ble friend Mr. C. Kesavan knows. Then came on its heels the turn of the political rivals of the hon'ble the Chief Minister. Under that sinister phrase "Subversive and dis-loyal activities", all the political rivals of the Hon'ble the Chief Minister were overnight converted into either Communists or persons dangerous to the security of the State. As there has been a ruling from the Speaker of the House, I shall not enter into a consideration of, or call into question, the propriety of the phrase" subversive dis-loyal activities". The Chief Minister has in this respect particularly masterly precedents set up by his Imperial Masters in Delhi. So on this point I wish him godspeed. Let him carry on. Let him even intern the veteran statesman Mr. Pattom Thanu Pillai, or even my illustrious Leader on this side. As long as he says that that is necessary for the security of the State, I shall not raise my little finger against it. But when he interns them my questione is this: Is it not necessary that he should at least extend to them as much of freedom and treatment as is offered to political prisoners in the adjoining Madras Province? I have been rec iving letters from Comrade Jeevanandam, now in Vellore Jail. He has stated therein that full ration is given to him and that he is allowed to read books and journals supplied to him by friends and relatives. But Sir, here, when the Hon'ble the Chief Minister was approached on behalf of the political prisoners, it seems, he was impudent enough to say that intellectual growth so far as these elements are concerned is dangerous to the security and peace of the State. If he says that the setting at large of these people now interned in the Central Prison and in several police lock-ups throughout the State, will endanger the security of the State, I can understand that. But, if he says that allowing Comrade T. V. Thomas in the Central Prison or Comrade C. P. Elango in the Nooranad Leper Assylum to read journals and books, would seriously upset the Government, I say that this slender government, depending as it does on artificial respiration, simply shall not exist. So Sir, I would very seriously invite the Chief Minister to vacate his seat if he cannot follow that much of civilised method obtaining in the Madras Province.

The other day the Chief Minister was crying hoarse when his attention was drawn to the condition of the political detenues now on hunger-strike in the Edalakudy police lock-up in Nagercoil. I refer to Comrades Govindan, Sreedharan Nayar and Balakrishnan. When this issue was raked up the other day, he as waxing eloquent, on the authority of medical reports, that their condition was being woed to normalcy. That I say Sir, is plain perjury. Only yesterday evening I had been to them, and I say their condition is very precarious. The next few hours will decide whether they should live or die. At this rate, if these hunger-strikers are to continue further, I say it is going to be a terrible loss not only to this state but also to the Union of India. On the other hand, if the hon'ble the Chief Minister persists in continuing the policy that he is practising to-day, I am afraid he is playing the dangerous game of the lone monkey in a moving motor car. At this rate, I warn him also that his name will go down as a tyrant in the epitaph of these martyrpatriots. With these words I resume my seat, Sir.

*(At this stage Mr. Speaker resumed the chair)*

ശ്രീ. പിലിപ്പോസ് മുതലാളി: സർ, അണ്ടർ ട്രയൽ പ്രിസണേഴ്സിനോടുള്ള ജയിൽ അധികൃതരുടെ പെരുമാററത്തെപ്പററി ഈ സഭയിലെ മിക്ക അംഗങ്ങളും പ്രസംഗിക്കുകയുണ്ടായി. ഈ സഭയിലെ മിക്കവാറും അംഗങ്ങൾക്കു് ഈ പെരുമാററം ഏറെക്കുറെ അനുഭവപ്പെട്ടിട്ടുള്ളതുമാണു്. മുൻപ്രാവശ്യങ്ങളിലും ഇതേസംബന്ധിച്ചു് തീവ്രമായ ചർച്ചകൾ ഈ സഭയിൽ നടന്നിട്ടുള്ളതാണു്. എങ്കിലും കാര്യമായ യാതൊരു വ്യത്യാസവും ഇക്കാര്യത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. ഇന്നു നമ്മുടെ സെൻട്രൽ ജയിലിന്റെ average daily strength ൩൦൦-ൽപരം ആണു്. അവരെ ഓരോവിധം ജോലികളിൽ ഏർപ്പെടുത്തിയിട്ടു് അവിടെനിന്നു കിട്ടിയ ആദായം ഒന്നേകാൽ ലക്ഷം രൂപമാത്രമാണു്. ഇതു് ഇവിടെ നടപ്പിലിരുന്ന ആ പഴയ ഭരണസമ്പ്രദായത്തിന്റെ ഫലം മാത്രമാണു്. നവീന രീതിയിൽ ജയിൽ ഭരണം നടത്തിയിരുന്നുവെങ്കിൽ നിശ്ചയമായും ആ സ്ഥാപനം സ്വയം പര്യാപ്തമാകത്തക്കതരത്തിൽ മെച്ചമായ ഒരാദായം ഉണ്ടാക്കുവാൻ കഴിയുമായിരുന്നു. അടുത്ത കുറെകാലങ്ങളിലായി നമ്മുടെ ജയിൽഭരണം പോലീസ് ഡിപ്പാർട്ടുമെണ്ടു മുഖാന്തിരമാണു് നടന്നുവരുന്നതു്. ഏതെങ്കിലും ഒരു സീനിയർ പോലീസ് ഉദ്യോഗസ്ഥനെ ജയിൽ മേധാവിയായി നിയമിച്ചുവരുന്ന പതിവാണു് ഇന്നും നിലവിലുള്ളതു്. അതിന്റെ ഫലമായി നവീന രീതിയിലുള്ള യാതൊരു പരിഷ്കാരങ്ങളും അവിടെ വരുത്താൻ സാധിച്ചിട്ടില്ല. ഈ സംഗതി ഞാൻ ആ ജയിലിൽ താമസിച്ച കാലത്തു് എനിക്കു ബോദ്ധ്യപ്പെട്ടി

[Sri. Philiphose Muthalali]

ട്ടുള്ളതാണ്. ജനകീയ ഗവൺമെണ്ട് പോലീസ് മേധാവികളിൽനിന്നും ഈ ജയിൽഭരണത്തെ വേർപെടുത്തി തൽസംബന്ധമായ കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള ഒരാളുടെ ചുമതലയിൽ ആക്കേണ്ടതു് ഏററവും അത്യന്താപേക്ഷിതമാണ്. അപ്രകാരം ചെയ്യുന്നപക്ഷം ഇന്നു് ജയിലിലേക്കു് ചിലവായിക്കൊണ്ടിരിക്കുന്ന പണത്തിന്റെ ഒരു പ്രധാന ഭാഗം അവിടെ നടത്തുന്ന വ്യവസായങ്ങൾ മുഖാന്തിരം ലാഭമായി എടുക്കുവാൻ സാധിക്കും. ഗവൺമെണ്ട് ഇതിലേക്കു് ശ്രമിക്കേണ്ട കാര്യം അതിക്രമിച്ചിരിക്കുന്നു. അണ്ടർ ട്രയൽ പ്രിസിനേഴ്സിനെ സംബന്ധിച്ചു് പ്രധാനമന്ത്രി ചെയ്ത പ്രസ്താവനയുടെ വെളിച്ചത്തിൽ ഞാൻ അക്കാര്യത്തെപ്പററി ഒന്നും സംസാരിക്കണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ആദ്യമായിട്ടു് ടോട്ടൽ കട്ടു് ആണു് എടുക്കുന്നതെന്നു പറഞ്ഞു് മി. ററസാക്കിനെ വിളിച്ചു. അതുകഴിഞ്ഞു് ഉള്ള കട്ട്മോഷൻ മി. കളത്തിൽ വേലായുധൻനായരുടേതാണ്. ഇവിടെ പ്രസംഗിക്കാൻ വിളിക്കുന്നതു് ഏതു ക്രമമനുസരിച്ചാണെന്നു അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ഞാൻ ആദ്യമേ ഇതേസംബന്ധിച്ചു പ്രസ്താവിച്ചു, ടോട്ടൽ കട്ടിനുള്ള ഒരു മോഷൻ മൂവ്ചെയ്യുമ്പോൾ ഓപ്പോസിഷൻ പാർട്ടിയിലുള്ള ഒരാൾക്കു് പ്രസംഗിക്കാൻ ആദ്യം സൌകര്യം കൊടുക്കുമെന്നു്. പിന്നീടു് ഈ സഭയിൽ ഇതിനുമുമ്പു് പ്രസംഗിക്കാൻ സൌകര്യം ലഭിക്കാതെയിരുന്നിട്ടുള്ളവരും കട്ട്മോഷൻ അയച്ചിട്ടുള്ളവരും ആയ ആളുകൾക്കു് മുൻഗണന നൽകും. അതിനുശേഷം കട്ട്മോഷൻ അയക്കാത്തവർക്കും സംസാരിക്കാൻ സൌകര്യം നൽകാൻ ശ്രമിക്കുന്നതാണ്.

അടുത്തതായി മി. എ. കെ. ജോർജ്ജിനു് സംസാരിക്കാം.

**Sri. A. K George:** Sir, I have given notice of cut motion No. 22 to discuss a particular branch of the Jail department. There is a Reformatory School at Trivandrum. At the last budget session of Cochin, there was a unanimous demand for such an institution in Cochin which must give facilities for the juvenile delinquents. Fortunately as a result of integration, this United State has got a fairly successful reformatory school. Sir, the prospects of juvenile delinquents who are under the age of 14, and who are sent to such institutions are quite numerous. Just two days back Sri. Maulana Azad, the Education Minister with the Government of India, at an Educational Conference of the Provincial Ministers held at New Delhi made a reference about the value of instructions to be given to juvenile delinquents as such. Sir, probably this House may be aware of the fact that there are numerous instances where juvenile delinquents who need such proper institutions do not get proper facilities. Good advice is given by the famous authority on juvenile delinquency, a famous American Judge, Justice Lindsay. Many of the members of the House might have read that book. It gives an instance of a young boy who was sent to an institution in America and who grew up to such an exalted position as Governor of a State. In the fullness of time, if our Reformatory school at Trivandrum is fully developed, if sufficient facilities for good training are given there, surely one of the juvenile delinquents may occupy the position of the Chief Minister. Sir, I am drawing the attention of the House to this Reformatory school because I hear—I am subject to correction—after having come to the city, of late, that a certain circular has been sent by the authorities of the Reformatory school to certain religious institutions which were giving certain religious facilities for services and all that, to the inmates of the school, preventing them from such activities. All the members of ths House without exception, fully believe in some God or other including the members of the Cabinet who have been sworn in the name of God. It is in the fitness of things that if religious facilities are denied by means of a circular, those religious facilities must be restored without delay and these poor inmates of the institution who are sent to this institution—I cannot call it jail—must be given training. In a Reformatory school where proper training must be given to inmates to make them good and useful citizens of the State, religious facilities must be given. They must be given at least the minimum facilities to follow a type of religion which is acceptable to them. Sir, I want to bring to the notice of the House that if this alleged circular has been sent, denying facilities to the inmates of the Reformatory school, these religious facilities must be restored without delay. Only to bring to the notice of the House this fact that I have moved this cut motion. With these words, I resume my seat.

ശ്രീ. ഗാസ്പർ ഡിസിൽവാ: ഇതുവരെ സംസാരിക്കാത്തവർക്കു് മുൻഗണന നൽകുമെന്നു് അങ്ങു് പ്രസ്താവിക്കുകയുണ്ടായി. അതനുസരിച്ചു് എനിക്കു് സംസാരിക്കുവാൻ ഒരു സന്ദർഭം തരണം.

മി. സ്പീക്കർ: മുമ്പ് സംസാരിക്കാൻ സന്ദർഭം കിട്ടാത്തവരിൽ കട്ട്മോഷൻ അയച്ചിട്ടുള്ളവർക്ക് ഇപ്പോൾ സംസാരിക്കാവുന്നതാണ്. അതനുസരിച്ച് മി. കുട്ടപ്പൻ ഇപ്പോൾ സംസാരിക്കുന്നതായിരിക്കും.

ശ്രീ. കെ. കുട്ടപ്പൻ: സർ, ഞാൻ ൨൭–ാംനമ്പറായി ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയതു് ഇന്ന് ഐക്യസംസ്ഥാനത്തുള്ള ലോക്കപ്പുകളുടെ ശോച്യാവസ്ഥയെപ്പറ്റി ചില സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു മാത്രമാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ലോക്കപ്പ് ജയിൽ അഡ്മിനിസ്ട്രേഷനിൽ വരുമോ? അതേപ്പറ്റി ഈ അവസരത്തിൽ സംസാരിക്കാമോ?

മി. സ്പീക്കർ: ജയിൽ അഡ്മിനിസ്ട്രേഷനിൽ ലാക്കപ്പ് പ്രത്യക്ഷത്തിൽ വരികയില്ലെങ്കിലും അവ തമ്മിൽ വളരെ ബന്ധമുള്ളതാണ്, അതുകൊണ്ട് അതിനെക്കുറിച്ച് സംസാരിക്കാം.

ശ്രീ. കെ. കുട്ടപ്പൻ: സർ, ഞാൻ ലാക്കപ്പിനെപ്പറ്റി സംസാരിക്കാനാണ് ആഗ്രഹിക്കുന്നതു്. ഐക്യസംസ്ഥാനത്തുള്ള പല ലാക്കപ്പുകളും പ്രായോഗികമായി കണ്ടു പരിചയിച്ചിട്ടുള്ള പല ബഹുമാനപ്പെട്ട മെമ്പർമാരും ഈ സഭയിൽ ഉണ്ടെന്നാണ് എന്റെ പരിപൂർണ്ണമായ വിശ്വാസം. സർ, ഐക്യസംസ്ഥാനത്തുള്ള അഥവാ തിരുവിതാംകൂറിലുള്ള ചില ലാക്കപ്പുകളിലെ പെരുമാററം നേരിട്ടു മനസ്സിലാക്കുവാൻ എനിക്കും സന്ദർഭം ലഭിച്ചിട്ടുണ്ട്. കേവലം രണ്ടുമൂന്നു ആളുകൾക്കുമാത്രം സൈ്വരമായി ജീവിക്കുവാൻ പര്യാപ്തമായ ചെറിയ ചെറിയ മുറികളിൽ ഈ ജനകീയ ഗവമ്മെണ്ട് ഭരണം കയ്യേററതിനുശേഷവും ഇരുപതും, മുപ്പതും ആളുകൾ വളരെ ഇടതിങ്ങി അവിടെ കഴിഞ്ഞുകൂടുകയാണ് ചെയ്യുന്നതു് എന്നുള്ളതു് വെറും ഒരു പരമാർത്ഥം മാത്രമാണ്. കൊല്ലം കസ്ബാ സ്റ്റേഷനിൽ കൊല്ലം ചവറ സംഭവങ്ങളെ ആസ്പദമാക്കി കുറെ ആളുകളെ തടങ്ങലിൽ വെച്ചിട്ടുണ്ട്. അവർ ഇന്നു ഷിഫ്ട്ട് സിസ്റ്റം അനുസരിച്ചാണ് അവിടെ ഉറങ്ങുന്നതെന്നു നാം പത്രങ്ങളിൽനിന്നും മനസ്സിലാക്കിയിട്ടുണ്ട്. ഏതൊരു കാരണത്തെ ആസ്പദമാക്കിയായാലും അവർ ജയിലിൽ വന്നാൽ ഒരു മനുഷ്യനെന്ന നിലയിലെങ്കിലും പരിഗണിച്ച് അവരോടു് മനുഷ്യോചിതമായ രീതിയിൽ പെരുമാറുവാൻ ഉള്ള സാഹചര്യം സൃഷ്ടിക്കേണ്ടതു് ഗവമ്മെണ്ടിന്റെ—മനുഷ്യത്വമുള്ള ഒരു ഗവമ്മെണ്ടിന്റെ ചുമതലയായി ഞാൻ കരുതുന്നു. സർ, പല ലാക്കപ്പുകളിലും ഇന്നു മലമൂത്രവിസർജ്ജനം ചെയ്യുന്നതിനുപോലും ശരിയായ സൌകര്യമില്ലാതെയാണിരിക്കുന്നതു്. എന്റെ സമീപമുള്ള കായങ്കുളം ലാക്കപ്പിനെപ്പററി പറഞ്ഞാൽ അവിടെ മൂത്രവിസർജ്ജനത്തിനായി ഒരു പാത്രം വച്ചിട്ടുണ്ട്. ആ പാത്രത്തിൽ ആ ലാക്കപ്പിൽ ജീവിക്കുന്നവർ എല്ലാം രാത്രിയും പകലും മൂത്രവിസർജനം ചെയ്യണം. പിറെറദിവസം രാവിലെ ഞങ്ങളുടെ നാട്ടിൽ ഒരു ഉത്സവം നടക്കുന്ന പതിവുണ്ട്. അതാണ് ഇതേക്കുറിച്ച് പ്രസ്താവിക്കുമ്പോൾ എന്റെ ഓർമ്മയിൽ വരുന്നതു്. അതായതു്, വാണിയന്മാർ എന്ന സമുദായക്കാർ അമ്മൻകുട എന്ന ഒരു ഉത്സവം നടത്തുന്ന പതിവുണ്ട്. അതുപോലെ ദിവസവും രാവിലെ തലേദിവസം രാത്രിയിൽ മൂത്രവിസർജ്ജനം ചെയ്ത ആ കുടവും എടുത്തു് തലയിൽവെച്ചുകൊണ്ട് ലാത്തിധാരികളായ പോലീസുകാരുടെ മദ്ധ്യത്തിൽക്കൂടി പോകുന്നതു് കാണുമ്പോൾ ഒരു അമ്മൻകുട ഉത്സവം നടക്കുകയാണോ എന്നു തോന്നിപ്പോകും.

ഈ രീതിയിൽ നേതാവു് ഉൾപ്പെടെയുള്ള ആളുകളോടു് ലാക്കപ്പുകളിൽവെച്ച് പെരുമാറുന്നതു് ഒരു ജനകീയഗവമ്മെണ്ടിനു് ഭംഗിയാണോ എന്നുള്ളതു് ഗവമ്മെണ്ട് ആലോചിക്കേണ്ട കാര്യമാണ്. അതുപോലെതന്നെ, മലവിസർജ്ജനത്തിനും ലാക്കപ്പുകളിൽ സൌകര്യമില്ലാതാണിരിക്കുന്നതു്. ഇന്നു രാവിലെ ഒരു ചോദ്യത്തിനുത്തരമായി പ്രധാനമന്ത്രി പറഞ്ഞു, ലാക്കപ്പുകളിൽ എല്ലാവിധ സൌകര്യങ്ങളും നൽകാമെന്ന്. ഇതുപോലെ മുൻ പ്രധാനമന്ത്രിയും പലതവണയും ജനങ്ങളോടു് പറഞ്ഞിട്ടുണ്ട്, എല്ലാവിധ സൌകര്യങ്ങളും ചെയ്തുതരാമെന്ന്. എന്നാൽ, അവർ പറയുന്നതെല്ലാം അടുത്തനിമിഷംതന്നെ വിസ്മരിക്കുകയാണ് ചെയ്തിട്ടുള്ളതു്.

ഇനി അവരുടെ ആഹാരരീതിയെപ്പററി പറയുകയാണെങ്കിൽ അതു വളരെ കഷ്ടമാണെന്നുമാത്രമെ പറയുവാൻ നിവൃത്തിയൊള്ളൂ. പച്ചരികൊണ്ട് ചില ആഹാരസാധനങ്ങളുണ്ടാക്കി അതും ഏതാനും ചില പച്ചക്കറികൾകൊണ്ട്, കാളനുമല്ല, ഓലനുമല്ല എന്ന രീതിയിലുള്ള ഒരുമാതിരി കൂട്ടുകറിയുമാണ് ആഹാരസാധനമായിട്ടു് കൊടുക്കുന്നതു്. പ്രധാനമന്ത്രി പറയുകയുണ്ടായി അവരുടെ ആഹാരകാര്യത്തിലേക്കുവേണ്ടി ദിവസവും ഒന്നരയേകാൽ രൂപാവരെ ചിലവാക്കുന്നുണ്ടെന്ന്. എന്നാൽ അവർക്കും എട്ടണയുടെ ആഹാരം

[Sri. K. Kuttappan]

പോലും കിട്ടുന്നില്ലെന്നുള്ളതു് അദ്ദേഹത്തിന്റെ ഭാഷയിൽ "പകൽപോലെ" കാണാവുന്നതാണു്. ലാക്കപ്പുകളിലെ ഭീകരമർദ്ദനം ജനകീയഗവമെന്റു് വരുമ്പോഴെങ്കിലും അവസാനിക്കുമെന്നു് ജനങ്ങൾ വിചാരിച്ചു. എന്നാൽ ഫലം വിപരീതമാണു്. ലാക്കപ്പുകളിലെ ഭയങ്കരമായ പോലിസ് മർദ്ദനം സഹിച്ചുകൊണ്ടും നല്ല ആഹാരമില്ലാതെയും, ശുദ്ധവായു ശ്വസിക്കാനില്ലാതെയും, മലമൂത്രവിസർജ്ജനത്തിനുപോലും സൌകര്യമില്ലാതെയും കഴിഞ്ഞുകൂടുന്ന ആളുകളുടെ ആരോഗ്യം ഏതു രീതിയിലായിരിക്കുമെന്നു് നമുക്കു് ഒന്നു് ഊഹിക്കാവുന്നതാണു്. അവരെ ദിവസവും കുളിപ്പിക്കുന്നതായി പ്രധാനമന്ത്രി ഇന്നു രാവിലെ പറഞ്ഞു. പല ലാക്കപ്പുകളിലും പുള്ളികളെ കഷ്ടിച്ചു്, ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസത്തിൽ കൂടുതൽ കുളിപ്പിക്കുവാൻ അനുവാദമില്ലെന്നുള്ളതാണു് പരമാർത്ഥം. അവർക്കു ദിവസവും കുളിക്കുവാനുള്ള സൌകര്യവും, ശരിയായ രീതിയിലുള്ള ഭക്ഷണവും, രാവിലെ ആരോഗ്യപരമായ കാരണങ്ങളാൽ, വ്യായാമം ചെയ്യുന്നതിനുള്ള സൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കണമെന്നുമാത്രമേ ഈ ഉപക്ഷേപംകൊണ്ടു ഞാൻ ഉദ്ദേശിച്ചിട്ടുള്ളു.

ശ്രീ. പൊന്നറ ശ്രീധർ: ഞാൻ ഈ അമൻഡ്മെൻറു് ഹാജരാക്കുന്നതു് പല പ്രധാനപ്പെട്ട കാര്യങ്ങളും ഗവമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണു്. എന്നാൽ സമയമനുവദിക്കുന്നതു് അഞ്ചു മിനിട്ടായതുകൊണ്ടു് ഉദ്ദേശിക്കുന്ന കാര്യങ്ങൾ മുഴുവൻ പറയാനൊരുങ്ങുന്നില്ല. അതിനാൽ ഞാൻ പറയുന്ന വസ്തുതകളെ സംബന്ധിച്ചു് ശരിയായ ഒരു അന്വേഷണം നടത്തി അതിനുവേണ്ട പരിഹാരം ഉണ്ടാക്കണമെന്നപേക്ഷയുണ്ടു്. ഒന്നാമതായി ചെയ്യുതീർക്കേണ്ട കാര്യം, തിരുവിതാംകൂറിലെ ലാക്കപ്പുകളെ ജയിലിന്റെ കീഴിൽ കൊണ്ടുവരികയെന്നുള്ളതാണു്. ആവിധം ചെയ്യുന്നതിനു് ഉടനെതന്നെ സാധിക്കുകയില്ലെങ്കിൽ, അതായതു് ഗവമെണ്ടിന്റെ തൽക്കാല ധനസ്ഥിതി അതിനനുവദിക്കുന്നില്ലെങ്കിൽ—ധനപരമായ കാര്യങ്ങളാണു് ഈ മാതിരി കാര്യങ്ങളിൽ എപ്പോഴും ഗവമെണ്ടു് പറയുന്നതു്—അത്യാവശ്യമായി ഉടൻതന്നെ ചെയ്യാവുന്ന ചില കാര്യങ്ങളുണ്ടു്. ഒന്നാമതായി ലാക്കപ്പുകൾ നന്നാക്കുക. മലമൂത്രവിസർജ്ജനവിഷയത്തിൽ ലാക്കപ്പിലുള്ളവർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടു്. ലാക്കപ്പിനു സമീപം വെളിയിൽ സോക്കിംഗ് പിററുകൾ നിർമ്മിച്ചു് അവകളിലേക്കു് ലോക്കപ്പുകളിൽനിന്നും കുഴലുകൾ വെച്ചാൽ ലാക്കപ്പുകളിൽ കിടക്കേണ്ടിവരുന്നവർക്കു് രാത്രി മൂത്രമൊഴിക്കുന്നതിനു് സൌകര്യമുണ്ടായിരിക്കും. രണ്ടാമതായി, ലാക്കപ്പുകളെ സൂക്ഷിക്കുന്ന ജോലി പോലീസുകാരുടെ കൈയ്യുകത്തുനിന്നു് വിടീക്കുക എന്നതാണു്. കൊച്ചിയിൽ, എന്റെ അറിവു് ശരിയാണെങ്കിൽ,—മുൻപു് ആവിധമായിരിക്കുന്ന—ലാക്കപ്പുകൾ മജിസ്ട്രേട്ടന്മാരുടെ നേരിട്ടുള്ള സൂക്ഷിപ്പിൽതന്നെയായിരുന്നു. ലാക്കപ്പുകൾ വന്നു തുറക്കുന്നതു് മജിസ്ട്രേട്ടു കോടതിയിലെ പ്യൂൺമാരാണു്. അങ്ങനെയായാൽ പോലീസുകാർക്കു് പുള്ളികളെ അനാവശ്യമായി മർദ്ദിക്കുന്നതിനു് സൌകര്യമുണ്ടാകയില്ല. പോലീസുകാരുടെ കീഴിൽനിന്നും, ലാക്കപ്പുകൾ മാറേറണ്ട കാര്യത്തിൽ ഗവമെണ്ടു് ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. അടുത്തതായി ജയിലിന്റെ കാര്യത്തെക്കുറിച്ചാണു് എനിക്കു പ്രസ്താവിക്കുവാനുള്ളതു്. പ്രധാനമന്ത്രി മി. ടി. കെ. നാരായണപിള്ള പറഞ്ഞതുപോലെ ഗോദ്റെജ് സോപ്പും കിടക്കകളും സിഗററും മററും ജയിലിൽ കിട്ടുമെങ്കിൽ എനിക്കും ഒരിക്കൽകൂടി ജയിലിൽ പോയാൽ കൊള്ളാമെന്നു് തോന്നുന്നുണ്ടു്. ഈ രാഷ്ട്രം ഒരു വലിയ പ്രതിസന്ധിഘട്ടത്തിൽകൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണെന്ന വസ്തുത ഗവമെണ്ടു് അറിഞ്ഞിരിക്കേണ്ടതാണു്. ഈ അവസരത്തിൽ ജയിലധികൃതന്മാർ decipline ശരിയായി പരിപാലിക്കുന്നുണ്ടോ എന്നു് അന്വേഷിക്കേണ്ടതാണു്. ഏതായാലും ഈ കാര്യത്തിൽ വേണ്ടതുപോലെ ശ്രദ്ധിക്കേണ്ടതാണു്.

പിന്നെ ജയിലുകളിലെ സ്റ്റാഫിനെ സംബന്ധിച്ചാണു് ഒരു വാക്കു് പറയുവാനുള്ളതു്. അവരുടെ ശമ്പളം വളരെ തുച്ഛമാണു്. വാർഡർമാർ മിക്കവരും എട്ടും പത്തും മൈൽ ദൂരെ താമസിക്കുന്നവരാണു്. ജയിലിലെ സ്റ്റാഫുകളുടെ ബുദ്ധിമുട്ടു് നമ്മളിൽ പലർക്കും നേരിട്ടു് അറിവുള്ളതാണു്. അവർക്കു് ജയിൽ കാമ്പൌണ്ടിനകത്തുതന്നെ ക്വാർട്ടേഴ്സ് കൊടുക്കേണ്ടതാണു്. ഒരു നേരത്തെ ആഹാരം അവർക്കു് കൊടുക്കുന്നുണ്ടു്. ക്വാർട്ടേഴ്സ് നൽകുകയാണെങ്കിൽ ആ ചിലവു് ലാഭിക്കാം. ഇവകൾക്കു് ഒന്നോ രണ്ടോ ലക്ഷം രൂപാ ചിലവായാലും തരക്കേടില്ല. ഇപ്പോഴത്തെപ്പോലെ ഒരു നേരത്തെ ആഹാരം വാർഡർമാർക്കെല്ലാം കൊടുക്കുന്നതുകൊണ്ടുമാത്രം മതിയാകുന്നതല്ലാ, കൂടുതൽ സൌജന്യങ്ങൾ ഈ വിഷയത്തിൽ ചെയ്യണം. ഇതു് ഇന്നത്തെ ഗവമെണ്ടിനോടു് പ്രത്യേകിച്ചു് പറയേണ്ട ആവശ്യമില്ലെന്നു

കരുതുന്നു. മററൊരു വസ്തുത പറയാനുള്ളതു്, ജയിലിൽനിന്നു് പോലീസ് ഗാർട്ടു് മാററണ്ടതിനെപ്പററിയാണു്. വാർഡർമാക്കു് കൂടുതൽ നല്ല പരിശീലനം കൊടുത്തു് അവരെക്കൊണ്ടു് ആ ജോലി നിർവ്വഹിപ്പിക്കണം. പോലീസ് ഉദ്യോഗസ്ഥന്മാരെ ജയിലിൽ സൂപ്രണ്ടായി നിയമിക്കരുതു്. ആ സമ്പ്രദായം ഉടനെ നിറുത്തലാക്കേണ്ടതാണു്. പോലീസിന്റെ കൈയിൽനിന്നും ഒരുവിധം രക്ഷപ്പെട്ടു് ജയിലിൽ ചെന്നു കഴിഞ്ഞാൽ അവിടെയും പഴയപോലെ അവക്കു മദ്ദനം ഏല്ക്കേണ്ടിവരുന്നതു് അതുകൊണ്ടാണു്. പോലീസ് മദ്ദിച്ചു് കുററം സമ്മതിപ്പിച്ചു് ശിക്ഷിച്ചായിരിക്കും അധികംപേരെയും അങ്ങോട്ടയക്കുന്നതു്. അവിടെ ചെല്ലുമ്പോൾ മുമ്പു് മദ്ദിച്ച പൊലീസ് ഇൻസ്പെക്ടറൊ അല്ലെങ്കിൽ മറെറതെങ്കിലും പൊലീസ് ഉദ്യോഗസ്ഥനൊ ആയിരിക്കും അവിടെയുള്ളതു്. അവരുടെ മദ്ദനം വീണ്ടും ഏൽക്കേണ്ടിവരുക എന്നുള്ളതു് വളരെ കഷ്ടമാണു്. ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കാര്യം എനിക്കു നേരിട്ടറിയാം. മി. സുബ്രഹ്മണ്യപിള്ളയെ ആണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഞാൻ കൊടുത്ത ഒരു അപ്പീൽ ഒരിക്കൽ അദ്ദേഹം വലിച്ചു കീറിക്കളയുകയുണ്ടായി. എന്നെപ്പോലെ ഒരാൾ കൊടുക്കുന്ന അപ്പീലിനെ വലിച്ചു കീറിക്കളയുന്ന ആൾ സാധാരണക്കാരുടെ അപ്പീലുകൾ എന്തു ചെയ്യുമെന്നു് ആലോചിച്ചു നോക്കിയാൽ മതി. പോലീസ് ഉദ്യോഗസ്ഥന്മാരെ ജയിലിലേയ്ക്കു് അയക്കുന്നതു് ജയിലിനും, ജയിലിൽ കിടക്കുന്ന പുള്ളികൾക്കും, ഗവമ്മെണ്ടിനും ദോഷകരമാണു്. മററങ്ങും ഇങ്ങനെ ഒരേർപ്പാടുള്ളതായി ഞാൻ കണ്ടിട്ടില്ല. സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്താണെന്നു തോന്നുന്നു ഈ പതിവു് തുടങ്ങിയതു്. അദ്ദേഹത്തിൽനിന്നു കിട്ടിയ പാരമ്പര്യമാണു് ഇന്നും തുടന്നുകൊണ്ടിരിക്കുന്നതു്. പോലീസിന്റെ കീഴിൽ ജയിൽ വരുത്തുന്നതിനുള്ള ഒരേർപ്പാടാണു് ഇതു്. യാതൊരു പരിഷ്കൃതഗവമ്മെണ്ടും ചെയ്യുന്ന ഒരേർപ്പാടല്ല ഇതു്. ആ ഏർപ്പാടു് ഉടനടി നിറുത്തേണ്ടതാണെന്നും അല്ലെങ്കിൽ അതു് വലിയ കുഴപ്പങ്ങൾക്കു് ഇടയാക്കുമെന്നുംകൂടി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

സാഹിബ് ബഹദൂർ ടി. എ. മെയ്തീൻകുഞ്ഞു്: സർ, ഇന്നത്തെ ജയിൽ ഭരണത്തിന്റെ സ്ഥിതി കേട്ടാൽത്തന്നെ മതഗ്രന്ഥങ്ങളിൽ നരകങ്ങളെപ്പററി വിവരിച്ചിരിക്കുന്നതിന്റെ ഒരു പ്രതിബിംബമാണു് മനസ്സിൽ പതിയുന്നതു്. അത്രയ്ക്കു ഭയങ്കരങ്ങളായ അനുഭവങ്ങളാണു് ജയിലിൽനിന്നുണ്ടാകുന്നതെന്നു ഭരണം നടത്തുന്ന മന്ത്രിമാക്കുതന്നെയും അനുഭവപ്പെട്ടിരിക്കാൻ ഇടയുണ്ടു്. ജയിലിൽ കിടന്നു കഷ്ടതയനുഭവിച്ചിട്ടുള്ള ആളുകൾ ഭരണാധികാരികളായിത്തീന്നതിനുശേഷം, അവക്കു ലഭിച്ചിട്ടുള്ള അനുഭവങ്ങളെ അനുസ്മരിച്ചു സാരമായ പരിവത്തനങ്ങൾ ജയിലിൽ വരുത്തുന്നതാണെന്നു ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഇന്നുവരെയും ജയിലിൽ യാതൊരുവിധത്തിലുള്ള പരിവത്തനമോ പരിഷ്കാരമൊ വരുത്തുന്നതിനു് ഒട്ടും ശ്രദ്ധ ചെലുത്തിക്കാണുന്നില്ലെന്നുള്ളതു ദയനീയമായ ഒരു കാര്യമാണു്. സർ, ജയിൽകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു് ഏതെങ്കിലും വിധത്തിൽ സ്വഭാവദൂഷ്യങ്ങളോ നടവടിദൂഷ്യങ്ങളോ ഉള്ളവരെ സമുദായത്തിന്റെ ഇടയിൽനിന്നും ഒഴിച്ചുനിറുത്തുക എന്നുള്ളതാണല്ലോ. അല്ലാതെ അവരുടെ ആരോഗ്യത്തിനേയോ മറെറതിനെയെങ്കിലുമോ ഇല്ലാതാക്കണമെന്നു് അല്ലല്ലോ. ഇതു വളരെ ആദരണീയമായ ഒരു തത്വമാണെന്നു സമ്മതിക്കാതെ തരമില്ല. എന്നാൽ നമ്മുടെ ജയിലുകളെ ആ നിലയിൽ വീക്ഷിക്കുകയാണെങ്കിൽ അവ വളരെ ദയനീയമായ ഒരു നിലയിലാണെന്നു മനസ്സിലാക്കുവാൻ യാതൊരു പ്രയാസവുമില്ല. ഏതൊരു സ്വഭാവദൂഷ്യത്തിനുവേണ്ടി ഒരുത്തൻ ജയിലിലടക്കപ്പെടുന്നുവോ അതേസ്വഭാവദൂഷ്യംതന്നെ അയാൾ പുറത്തുവരുമ്പോൾ അയാളിൽ വളരെ വദ്ധിച്ചിരിക്കുന്നതായി കാണാം. അതിനു പല കാരണങ്ങളുമുണ്ടു്. ഒരുകാര്യം മാത്രം ഇവിടെ എടുത്തു പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഞാൻ ജയിലിൽ കിടന്ന അവസരത്തിൽ ഒരിയ്ക്കൽ ഒരു ക്രിമിനൽ പുള്ളിയുമായി സംസാരിക്കുന്നതിനു് ഇടയായി. അയാളിൽനിന്നും എനിക്കു കിട്ടിയ ചില വിവരങ്ങൾ ഈ സന്ദർഭത്തിൽ ഈ സഭയെ അറിയിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അയാളോടു ചോദിച്ചപ്പോൾ കോഴിയെ മോഷ്ടിച്ച കേസിനു് ഇരുപത്തൊന്നാമത്തെ പ്രാവശ്യം അയാൾ ജയിലിൽ വന്നിരിക്കുകയാണെന്നാണു് പറഞ്ഞതു്. ഞങ്ങൾ സഹപുള്ളികളായിരുന്നതുകൊണ്ടു യഥാത്ഥവിവരങ്ങൾ മറച്ചുവെക്കണമെന്ന വിചാരം അയാൾക്കില്ലായിരുന്നു. മറെറന്തോ കാരണവശാൽ വിരോധമുണ്ടായിരുന്ന ഒരാൾ കോഴിയെ മോഷ്ടിച്ചു എന്നു് ഒരു കേസ്സു് അയാളുടെമേൽ ഉണ്ടാക്കി. വാസ്തവത്തിൽ അയാൾ കോഴിയെ മോഷ്ടിച്ചില്ലെങ്കിലും പോലീസ് സ്റ്റേഷനിലെ കഠിനമായ മദ്ദനത്തിന്റെ ഫലമാ

[Sahib Bahadur T. A. Moideen Kunju]

യി ഏററവും അപമാനകരമായ ആ കുററം അയാൾ ഏല്ക്കുകയാണു് ഉണ്ടായതു്. അതുകൊണ്ടും തീൎന്നില്ല. അയാളുടെമേൽ എതൃകക്ഷി ഒരു കേസു കോടതിയിൽ ഫയൽചെയ്യുകയും പോലീസ് മൎദ്ദനത്തിന്റെ ഫലമായി അയാൾ മോഷ്ടിച്ചു എന്നു മൊഴികൊടുക്കുകയുമാണു് ഉണ്ടായതു്. ആദ്യത്തെ ശിക്ഷാകാലാവധി കഴിഞ്ഞു ജയിലിൽനിന്നും പുറത്തുവന്നപ്പോൾ സമുദായം അയാളെ ഒരു മോഷ്ടാവായി ഗണിക്കുകയും, അയാൾ ഏതാണ്ടു് സമുദായത്തിൽനിന്നും ബഹിഷ്കരിക്കപ്പെടുകയും ചെയ്തു. അങ്ങനെ അയാൾക്കു മററു ജീവിതമാൎഗ്ഗങ്ങൾ ഒന്നുംതന്നെ ഇല്ലാതായി. അതിനുംപുറമെ രാജ്യത്തിന്റെ ഏതെങ്കിലും മൂലയ്ക്കു് ഒരു കോഴിമോഷണം നടന്നു എന്നറിഞ്ഞാൽ ഉടൻതന്നെ പോലീസുകാർ പഴയ അനുഭവം വച്ചു് അയാളെ തേടിപ്പിടിച്ചു മൎദ്ദിക്കുകയായി. മൎദ്ദനത്തിൽനിന്നു രക്ഷപ്പെടുന്നതിനുവേണ്ടി അയാൾ പഴയ അനുഭവം വെച്ചുകൊണ്ടു വെറുതെയെങ്കിലും കുററം സമ്മതിക്കുകയും പതിവായിത്തീൎന്നു. അങ്ങനെ ഇരുപത്തൊന്നാമത്തെ പ്രാവശ്യം അയാൾ ജയിലിൽ വന്നിരിക്കുകയാണെന്നാണു് പറഞ്ഞതു്. ഇങ്ങനെ തുടരുകയാണെങ്കിൽ ഏതുദ്ദേശത്തോടുകൂടിയാണോ ജയിലുണ്ടാക്കിയിരിക്കുന്നതു് ആ ഉദ്ദേശം സാധിക്കാതെവരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. സെൻട്രൽ ജയിലുകളും ലാക്കപ്പുകളും തമ്മിൽ മററുരാജ്യങ്ങളിൽ വളരെ വ്യത്യാസമുണ്ടു്. ലാക്കപ്പിൽ ആരേയും ഇരുപത്തിനാലു മണിക്കൂറിൽ കൂടുതൽ വെച്ചുകൊണ്ടിരിക്കുന്നതിനു മററുരാജ്യങ്ങളിലെങ്ങും അവകാശമില്ലെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. എന്നാൽ ഇവിടെയാണെങ്കിൽ ജയിലേതാണു് ലാക്കപ്പു് ഏതാണു് എന്നു നിശ്ചയമില്ലാത്ത ഒരവസ്ഥയാണുള്ളതു്. ചിലപ്പോൾ ഒരുവൎഷക്കാലംതന്നെയും ലാക്കപ്പിന്റെ അഴികൾക്കിടയിൽ കഴിച്ചുകൂട്ടേണ്ടതായിവരുന്നു. ഈ സ്ഥിതി തുടൎന്നുകൊണ്ടുപോകുന്നതു തീൎച്ചയായും ആക്ഷേപാൎഹവും ലജ്ജാവഹവുമാണു്. മററു പലകാൎയ്യങ്ങളെക്കുറിച്ചും ഇവിടെ പറയണമെന്നു ഞാൻ വിചാരിച്ചിരുന്നു. പക്ഷെ പലരും അതെല്ലാം ഇവിടെ പറഞ്ഞുകഴിഞ്ഞതുകൊണ്ടു് ആവൎത്തിക്കണമെന്നു വിചാരിക്കുന്നില്ല. ജയിൽഭരണത്തിൽ വേണ്ട പരിഷ്കാരങ്ങൾ ഉടനെ നടപ്പിൽ വരുത്തുന്നതിനു ഗവൎമ്മെണ്ടു ശ്രദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ഗാസ്പർ ഡി'സിൽവ: സർ, പോലീസുകാർ ചെയ്യുന്ന കുററത്തെപ്പററി അന്വേഷണം നടത്തുന്ന രീതിയെപ്പററിയാണു് എനിക്കു രണ്ടുവാക്കു പറയാനുള്ളതു്. സാധാരണ പോലീസുകാർ ചെയ്യുന്ന കുററങ്ങളെല്ലാം ആ ഡിപ്പാൎട്ടുമെൻറുവഴി അന്വേഷിക്കുമ്പോൾ കുററമില്ലാത്തതായി റിപ്പോൎട്ടെഴുതുകയും, അവർ ചെയ്തതെല്ലാം നല്ലകാൎയ്യങ്ങളായിത്തീരുകയുമാണു് ചെയ്യുന്നതു്. ഈ പതിവിനെ മാററിയിട്ടു് പോലീസുകാരായാലും കുററം ചെയ്യുന്നവരെ ശരിയായി ശിക്ഷിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. അതിനു രാജേന്ദ്രമൈതാനം കേസുതന്നെ ഒരുദാഹരണമാണു്. പോലീസുകാർ ചെയ്യുന്ന കുററങ്ങളെല്ലാംതന്നെ ഡിപ്പാൎട്ടുമെൻറുവഴി അന്വേഷിച്ചു റിപ്പോൎട്ടു വരുന്ന അവസരത്തിൽ കുററം ചെയ്തിട്ടില്ലെന്നാണു് കാണുന്നതു്. അവർ ചെയ്തിട്ടുള്ളതെല്ലാം ന്യായീകരിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് അങ്ങനെ ഒരു റിപ്പോൎട്ടില്ലാതെ കുററം ചെയ്തവരെ ശിക്ഷിക്കത്തക്കതരത്തിൽ മാററങ്ങൾ ഉണ്ടാക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

പിന്നൊരുകാൎയ്യം പറയാനുള്ളതു രാഷ്ട്രീയതടവുകാരെപ്പററിയാണു്. രാഷ്ട്രീയതടവുകാരെ വിസ്തരിക്കാതെ തടവിൽ വെച്ചിരിക്കുന്നതു് ഒരിക്കലും ന്യായമല്ല. അവരെ വിചാരണചെയ്തു കുററങ്ങൾ ചെയ്തിട്ടുണ്ടെന്നു തെളിയുന്നവരെ ശിക്ഷിക്കേണ്ടതാണു്. അതാണു് ഒരു ജനാധിപത്യഗവൎമ്മെണ്ടിന്റെ ചുമതലയെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ജയിലുകളിൽ അടയ്ക്കപ്പെടുന്ന പുള്ളികളുടെ സ്വഭാവസംസ്കരണസമ്പ്രദായത്തിൽ ഗവൎമ്മെണ്ടു് ഉടനടി ശ്രദ്ധചെലുത്തേണ്ട ചില കാൎയ്യങ്ങളാണു് എനിക്കു പറയുവാനുള്ളതു്. ആദ്യമായി എനിക്കു പറയുവാനുള്ളതു് ഈ സെൻട്രൽ ജയിൽ തിരുവനന്തപുരം പട്ടണത്തിൽനിന്നും മാററി ദേവികുളത്തോ പീരുമേട്ടിലോ സ്ഥാപിക്കണമെന്നാണു്. ഇന്നു ജയിലുകളിൽ പുള്ളികൾക്കു ജോലിചെയ്യാൻ പറയത്തക്ക യാതൊരു സൌകൎയ്യവുമില്ല. തിരുവനന്തപുരത്തെ സെൻട്രൽ ജയിലിൽ പുള്ളികൾക്കു കൊടുക്കാൻ യാതൊരു വേലയുമില്ല. അതുകൊണ്ടാണു് ജയിൽ വളരെ ചിലവുള്ള ഒരു ഡിപ്പാൎട്ടുമെൻറായിത്തീൎന്നിരിക്കുന്നതു്. നേരെമറിച്ചു് പുള്ളികളെക്കൊണ്ടു പല ജോലികളും ചെയ്യിക്കുന്നതിനു ജയിലിൽ സൌകൎയ്യമുണ്ടായിരിക്കുകയാണെങ്കിൽ ഗവൎമ്മെണ്ടി

നം പുള്ളികൾക്കും പൊതുജനങ്ങൾക്കും വലിയ പ്രയോജനകരമായിരിക്കും. ദേവികുളത്തോ പീരുമേടിലോ സെൻട്രൽ ജയിൽ മാററി സ്ഥാപിക്കുകയാണെങ്കിൽ അവിടെ വെറുതെ തരിശായി കിടക്കുന്ന അനേകം ഏക്കർ ഭൂമിയിൽ ഇവരെക്കൊണ്ടു കൃഷിചെയ്യിക്കാവുന്നതാണ്. എൻെറ സ്നേഹിതൻ ശ്രീ. മെയ്തീൻകുഞ്ഞിൻെറ അഭിപ്രായം ശ്രദ്ധേയമാണ്. ഇപ്പോൾ സാധാരണയായി ഏതെങ്കിലും ഒരു കുററത്തിന് ഒരാളെ ശിക്ഷിച്ചു ജയിലിലിട്ടാൽ ശിക്ഷകഴിഞ്ഞു പുറത്തുവരുമ്പോഴും അയാൾ പഴയപടിതന്നെ തുടരുന്നു. സമുദായത്തിൽനിന്നും അയാൾ ബഹിഷ്കരിക്കപ്പെട്ടിട്ടുള്ളതുപോലുള്ള അനുഭവമാണ് അയാൾക്കുണ്ടാകുന്നത്. മോഷണക്കുററത്തിനു ജയിലിൽ കിടന്നു പുറത്തുവരുന്ന ഒരാൾ ജീവിക്കാൻ മാർഗ്ഗമില്ലാതെ പിന്നെയും മോഷണംതന്നെ തുടരുകയും വീണ്ടും ജയിലിൽ പോവുകയും ചെയ്യുന്നു. ജയിലിൽനിന്നു പുറത്തുവരുമ്പോൾ ജീവിക്കാൻ നിവൃത്തിയില്ലാതെവരുന്നതുകൊണ്ടാണ് അധികംപേരും തിരിയെ ജയിലിലേക്കുതന്നെ പോകുന്നത്. ഇതിനൊരു പരിഹാരമുണ്ടാക്കണമെങ്കിൽ ജയിലിൽ കിടക്കുന്നകാലത്ത് അവക്ക് ഏന്തെങ്കിലും തൊഴിൽ പരിശീലനം കൊടുക്കുകയും പുറത്തുവരുമ്പോൾ ആ തൊഴിലിൽ ഏർപ്പെടുന്നതിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും വേണം. ഈ സെൻട്രൽ ജയിൽ ദേവികുളത്തോ പീരുമേട്ടിലോ സ്ഥാപിക്കുകയാണെങ്കിൽ നാലോ അഞ്ചോ കൊല്ലംകൊണ്ടു പുള്ളികൾക്കു കൃഷിയിൽ പരിശീലനം നൽകുന്നതിനും ശിക്ഷാകാലാവധി കഴിഞ്ഞു പുറത്തുവരുമ്പോൾ അവിടെ അതിൻെറ ചുററുപാടുകളിൽതന്നെ ഒരായിരമോ ആയിരത്തിഅഞ്ഞൂറോ ഏക്കർ സ്ഥലം ആളുകൾക്ക് ഒന്നോ രണ്ടോ ഏക്കർ വീതം കൃഷിക്കായി വിട്ടുകൊടുക്കാനും സാധിക്കും. അവർക്ക് അവിടെ കൃഷിചെയ്തു ജീവിതം കഴിക്കാൻ സാധിക്കുമെന്നുള്ളതുകൊണ്ടു വീണ്ടും വീണ്ടും കുററം ചെയ്യുന്നതിന് അവരെ നിർബ്ബന്ധിതരാക്കിത്തീർക്കുന്ന പരിതഃസ്ഥിതികൾ ഉണ്ടാകാതെ കഴിക്കാമെന്നുതന്നെയല്ലാ ഗവമ്മെണ്ടിന് ഒരു നല്ല ആദായവും കിട്ടും. അതിന് ഈ രാജ്യത്തു ധാരാളം സൌകര്യമുണ്ട്. അതിനാൽ ഗവമ്മെണ്ട് ഈ വിഷയത്തിൽ വേണ്ടവോളം ശ്രദ്ധപതിപ്പിക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. അബ്ദുൾ മജീദ്. സർ, മി. റസാക്ക് കട്ട്മോഷൻ അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ച ആ പ്രസംഗം അതർഹിക്കുന്ന ഗൌരവത്തോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. സർ, ഇന്നലെവരെ മുസ്ലീംലീഗിൽനിന്നുകൊണ്ടു, സാമുദായിക സംഘടനയിൽനിന്നുകൊണ്ട് അന്നത്തെ നാഷനൽ കോൺഗ്രസിനേയും അന്നത്തെ കോൺഗ്രസ് ഗവമ്മെൻറുകളേയും ആക്ഷേപിച്ചുകൊണ്ടിരുന്ന ആളുകൾ ഇന്ന് ഒരു പുതിയ വേഷം അണിഞ്ഞ്, ഇന്ന് ജയലിൻെറ പേരിൽ തടവുകാരുടെ പേരിൽ ഈ ഗവമ്മെൻറിനെ ആക്ഷേപിക്കുന്നതു് കാണുമ്പോൾ എനിക്ക് അത്ഭുതമില്ല. അനുകമ്പയല്ലാതെ മററൊന്നും ഇതു കേൾക്കുമ്പോൾ എനിക്കു ഉണ്ടാകുന്നില്ല.

സാഹിബ് ബഹദൂർ അബ്ദുൾ റസാക്ക്: എൻെറ പ്രസംഗം മനസ്സിലായോ?

ശ്രീ. അബ്ദുൾ മജീദ്: ഏതായാലും അദ്ദേഹത്തെപ്പോലെയുള്ള സമുദായവാദികൾക്കും ഇരു രാഷ്ട്രസിദ്ധാന്തത്തിൻെറ പേരിൽ കുഴപ്പവും കൊള്ളരുതായ്മയും ഉണ്ടാക്കാൻ ശ്രമിച്ചു നടക്കുന്നവർക്കും ജെയിൽപുള്ളികളുടെ പേരിൽ കണ്ണീരൊഴിക്കാനുള്ള ഒരു അന്തരീക്ഷം സൃഷ്ടിച്ചതിന് കാരണക്കാരായ ഇന്നത്തെ ഗവമ്മെൻറിനേയും അതിൻെറ പ്രവത്തകന്മാരേയും അഭിനന്ദിക്കുന്നു. സർ, രാഷ്ട്രീയ പരിവത്തനങ്ങൾ ഈ അസംബ്ലിയിൽ കാണുകയുണ്ടായി. എൻ. എസ്സ്. എസ്സിലും, ആർ. എസ്സ്. എസ്സിലും നിന്നുകൊണ്ട് ഈ ഗവമ്മെണ്ടിനേയും കോൺഗ്രസിനേയും ആക്ഷേപിച്ച ആളുകൾ ഇന്ന് ഡെമോക്രസിയ്ക്കുവേണ്ടിയും സോഷ്യലിസത്തിനു വേണ്ടിയും നിലകൊള്ളുന്ന കാഴ്ച രസകരമായിരിക്കുന്നു. അതിനെപ്പററി പറയാൻ........

**Sri. K. P. Nilakanta Pillai**: What has all this to do with jails.

ശ്രീ. അബ്ദുൾ മജീദ്: അദ്ദേഹത്തിന് പലതും മനസ്സിലാക്കാൻ ഉണ്ട്. അദ്ദേഹം പറഞ്ഞതും പറയുന്നതും മനസ്സിലാകാത്ത വേഷത്തിലാണ് അദ്ദേഹം നിൽക്കുന്നത്. സർ, ഈ ഗവമ്മെൻറ് വേണ്ടപോലെ ജയിലുകളും ലാക്കപ്പുകളും പരിഷ്കരിക്കുന്നില്ലെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതാണ്. എൻെറ നിയോജകമണ്ഡലത്തെപ്പററി പറയുകയാണെങ്കിൽ വക്കല ഒരു ലാക്കപ്പ് ഉണ്ടാക്കിയിട്ടുണ്ട്. വക്കല ലാക്കപ്പിൽ വളരെ ചുരുക്കം പുള്ളികളേയുള്ളു. ആ ലാക്കപ്പിൻെറ സുഖം ഞാൻ അറിഞ്ഞിട്ടുള്ളതാണ്. ആററുങ്ങൽ ലാക്കപ്പിൽ ആണെങ്കിൽ പുള്ളികൾ ധാരാളം ഉണ്ട്.

[Sri. Abudul Majid]

അവിടെ പുള്ളികൾ ഞെങ്ങി ഞെരുങ്ങിയാണ് കഴിയുന്നത്. വെളിച്ചം അശേഷം കിട്ടുകയില്ല. ഒരു ഭാവനയുള്ള ഗവൺമെൻറ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ വക്കല ഉണ്ടാക്കിയ ലാക്കപ്പ് ആറുങ്ങൽ ഉണ്ടാക്കുമായിരുന്നു. ഇങ്ങനെ ലാക്കപ്പുകൾ ഉണ്ടാക്കാനായി ഈ രാജ്യത്തെ പണം ചെലവാക്കുമ്പോൾ പ്രയോജനകരമായ വിധത്തിൽ ചെലവ് ചെയ്യണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ജയിലുകളിലെ ഇന്നത്തെ സ്ഥിതിഗതികൾ പാടേ മാറേറണ്ടതാണ്. ജനലുകളും വാതലുകളും വയ്ക്കുന്നതുകൊണ്ട് വേണ്ട വെളിച്ചം ഉണ്ടാകുകയില്ല. അതിനെ അടിമുടി പരിഷ്കരിക്കാൻ വേണ്ട വ്യവസ്ഥ ചെയ്യണം. ശ്രീ. കളത്തിൽ വേലായുധൻ നായർ പറഞ്ഞതുപോലെ ഒരു പുനഃപരിവത്തനം തന്നെ വരുത്തേണ്ടതാണ്. എന്തോ കാരണവശാൽ ചുററുപാടുകളുടെ പ്രാതികൂല്യംകൊണ്ട് തെററുകൾ ചെയ്തിട്ടുള്ള ആളുകൾ ആയിരിക്കും ജയിലിൽ കിടക്കുന്നത്. അല്ലാതെ ജന്മനാകുററം ചെയ്യാൻ ജനിച്ചിട്ടുള്ളവരല്ല അവരെന്നുള്ളത് നാം ഓക്കണം. അവരെ സന്മാർഗ്ഗബോധം ഉളവാക്കി ഉയത്തുന്നതിന് സാധിക്കും. അങ്ങനെ ജയിലിനെ ഒരു മെൻറൽ ഹാസ്പിററലായി മാററാൻ സാധിക്കണം. അതിലേയ്ക്ക് എന്തെല്ലാം ചെയ്യണമൊ അതെല്ലാം ചെയ്തു ഇന്നത്തെ സ്ഥിതി മാററാൻ ഗവണ്മെൻറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

**Sri. P. Balakrishnan Thampi:** Sir, I ought to have availed myself of this opportunity just to represent to the Chair that if the discussion is so mechanically controlled as by asking people who have not spoken to speak, it would certainly improve the speaking powers of the honourable members; but it will not be beneficial to the subject under discussion. I submit, in all humility, that it would be better that the Speaker's mind works as it does in all other Parliamentary debates by the well-understood need to have all shades of opinion voiced and all aspects of the matter thrashed out on the floor of the House.

Then Sir, coming to the Jails, I have not had occasion to go into them and I have almost regretted that I missed the Jail and therefore missed the bus. I am well aware, as the Congress President suggested, that I missed the bus. I was aware that grand opportunities were in store for breaking the law. I mean no disrespect to the honourable colleagues on this side of the House. It was a feeling of nausea that I had when I heard member after member speaking about the condition of the under trial prisoners. Sir, I also in my younger days read about the reformative theory and the punitive theory of punishments. But the fact is that if today the Jail is to be a place where persons who broke the law are to be sent, it should never be a very pleasant place such as would create some desire in the hearts of persons to return to the Jails. The Jail must have a deterrent effect. An undertrial prisoner is not going for a honey-moon trip. The only thing that the Government should be prepared to do is to create good hygienic conditions. I quite understand the feeling—akin to estoppel—that the present Government may have—the present Government consisting of honourable ex-convicts. Government should also see that the jails are not over-crowded. The only precaution is that we should not be inhuman. Do not give them luxuries. Not even food that is palatable; only food that will give them strength to take their trial and food that they will not like to eat many times again, may be given to them. Let it be subjected to bio-chemical analysis. I do not mind food that is nutritive. That is the correct view. I regret that the honourable members are out to democratise even in the matter of jails.

I heard a reply that about one Rupee and four annas is being spent on every jail bird a day. The honest worker today earns only some thing near to this. Government certainly should not make more amenities.

Now there is a feeling that law-breaking even for non-political purposes is fashionable. Sir, one of the misfortunes of the last few years in India was that owing to an exceptional political situation, a great soul had to preach the value of breaking law and going into jails. It was something like the injections which the Doctor gives to save the life of the patient. He was aware of the reactions of the medicine. Mahathma Gandhi knew full well the implications of the movement of the Civil Disobedience. He had a definite aim in view and never wished to carry it further. But unfortunately, for us, today we find that the principle of law-breaking has been carried to an extent most deleterious in its effect on the social structure. Now, not only in public life, but in every aspect of our activities, jail-going has become fashionable. Sir, this is a practice which we can no longer encourage by making at a virtue. I am not speaking in disparagement of the toils of those patriots and heroes who are not very much seen contributiug to the discussion, but who come here at least to encourage us by their presence. All glory to them. Future historians may write beautiful euologies about them, but for the sake of our country's future, let it not come into undue recognition.

<u>സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ :</u> സർ, ശ്രീ. അബ്ദുൾ റസാക്ക് അവർകൾ ജയിൽ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടു അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ അടിസ്ഥാനപ്പെടുത്തി ചെയ്ത പ്രസംഗം ഞാൻ കേൾക്കുകയുണ്ടായി. അദ്ദേഹം ഒരു എതിർപക്ഷക്കാരന്റെ ധാർമ്മികചുമതല അനുസരിച്ച് ഭരണചക്രം തിരിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ഭരണകൂടത്തെ എതിർക്കുകയുണ്ടായി. അതുകൊണ്ടു് അദ്ദേഹം അദ്ദേഹത്തിന്റെ ധാർമ്മിക ചുമതല നിർവ്വഹിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതു്. പക്ഷേ ഒരു കാര്യം പറയാതെ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ പ്രസംഗം വളരെ ഗംഭീരമായിരുന്നു. അതിൽനിന്നും എന്തെങ്കിലും സൃഷ്ടിപരമായ ഒരു നിർദ്ദേശം ഉണ്ടാകുമെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നു് സൃഷ്ടിപരമായ യാതൊരു നിർദ്ദേശവും ലഭിച്ചില്ല. അതിനുശേഷം ശ്രീ. മജീദിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് വളരെ വിഷാദമാണുണ്ടായതു്. സമുദായങ്ങളെല്ലാം സമുദായവാദം ഉപേക്ഷിച്ച് ദേശീയവീക്ഷണഗതിയോടുകൂടി രാഷ്ട്രത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ചുവരുന്ന ഒരു ഘട്ടമാണിതു്. ദേശീയ ഭരണകൂടങ്ങൾ പണ്ടേക്കാലങ്ങളിൽ സമുദായത്തിനുവേണ്ടി ഉഗ്രമായി പോരാടിയിട്ടുള്ള സാമുദായികവാദികൾക്ക് സ്ഥാനം നൽകിക്കൊണ്ടിരിക്കുന്നു. എന്നാൽ ജാതിചിന്തകളും സമുദായചിന്തകളുമെല്ലാം ഉപേക്ഷിച്ച് ദേശീയടിസ്ഥാനത്തിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ പഴയ ജാതിസ്മരണകളെ തട്ടി ഉണർത്തുന്നതായ പ്രഭാഷണങ്ങൾ നടത്തുന്നതു ശരിയല്ല. ഈ സഭയിൽപോലും പഴയ ആ ജാതിവിചാരം ഉദ്ദീപിപ്പിക്കത്തക്കവിധം ചർച്ചകൾ ഉണ്ടായി എന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ഈ ഖണ്ഡനോപക്ഷേപത്തെ സംബന്ധിച്ച് പല മെമ്പറന്മാരും സംസാരിക്കുകയുണ്ടായി. സാധാരണയായി ജയിൽ ജീവിതത്തിൽ രണ്ടുഘട്ടങ്ങളാണുള്ളതു്. ആദ്യത്തെഘട്ടം ലാക്കപ്പിലും രണ്ടാമത്തെ ഘട്ടം ജയിലിലുമാണ്. ലാക്കപ്പിൽവച്ച് പുള്ളികൾ അനുഭവിക്കുന്നതായ യാതനകളേയും കഷ്ടതകളേയുംപററി ശ്രീ. കട്ടപ്പൻ പ്രസ്താവിച്ചുകഴിഞ്ഞു. ഇതിൽ കൂടുതലായി എനിക്കൊന്നും പറയാനില്ല. എന്നാൽ ഈ സഭയിൽ ഒരു സംഗതിയാണ് പ്രത്യേകം പറയേണ്ടിയിരിക്കുന്നതു്. അതായതു ഇന്നു സഭയിലിരിക്കുന്ന മിക്കവാറും ആളുകൾ ഈ രണ്ടുഘട്ടങ്ങളിലുംകൂടി കടന്നുവന്നിട്ടുള്ളവരാണ്. ഇന്നു അധികാരത്തിൽ ഇരുന്നു വളരെ സുഖിമാന്മാരായിരിക്കുന്നവർ ഓർക്കേണ്ട ഒരു ഘട്ടമാണിതു്. മററുള്ളവർ അനുഭവിക്കുന്ന കഷ്ടപ്പാടുകളെ അവർക്കും ഓർമ്മിക്കാൻ കഴിയും. ഇന്നു രാജ്യത്തു ലോക്കപ്പുകളിൽ ആളുകൾ യാതനകൾ അനുഭവിക്കുകയാണ് എന്നുള്ള വസ്തുത ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ കടുംയാതനകൾ ജയിലിലും ലാക്കപ്പുകളിലും ഉണ്ടെന്നു് എല്ലാവർക്കും കാണാവുന്നതാണ്. ഇതിന്നു് ഒരു പരിവർത്തനം ആവശ്യമായിരിക്കുന്നു. ജയിൽ മന്ത്രി എല്ലാ സ്ഥലങ്ങളിലും പോകുന്നതായി പറയുന്നുണ്ടെന്നല്ലാതെ ഒരു സ്ഥലത്തുപോലും ജയിൽ പരിശോധിച്ചിട്ടുള്ളതായി അറിവില്ല. അതുകൊണ്ടു് മേലാലെങ്കിലും കഴിയുന്നിടത്തോളം എല്ലാ ജയിലുകളും ലാക്കപ്പുകളും സന്ദർശിക്കണമെന്നും വേണ്ട പരിവർത്തനങ്ങൾ ഉണ്ടാക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

<u>ശ്രീ. വി. ഗംഗാധരൻ നായർ :</u> സൃഷ്ടിപരമായ വിമർശനങ്ങൾ അല്ലെന്നു പറയുന്ന ബഹു. കോൺഗ്രസ് മെമ്പറന്മാർ മഹാത്മാഗാന്ധിയുടെ സൃഷ്ടിപരമെന്ന വാക്കിൽ മറപിടിച്ചിരുന്നു വിപ്ലവാത്മകത്തെ മറച്ചുകൊണ്ടാണ് സംസാരിക്കുന്നത് എന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇന്നത്തെ സ്ഥിതിഗതികൾ വച്ചുനോക്കിയാൽ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ, സൃഷ്ടിപരമായ വിമർശനങ്ങൾ എന്നു പറഞ്ഞ് അവരുടെ നില സാധൂകരിക്കുന്നതിന്നു് ചെയ്യുന്ന ശ്രമങ്ങളെപ്പററി ഇപ്പോൾ വളരെ ഒന്നും പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഈ ജയിലിനെപ്പററി പറയുമ്പോൾ നമ്മളോടൊത്തു സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുള്ള അനേകം സാധുക്കൾ ഇന്നും ജയിലിൽതന്നെ കഴിച്ചുകൂട്ടുകയാണ് എന്നുള്ള സംഗതി പറയാതിരിക്കാൻ നിവൃത്തിയില്ല. അവരെപ്പററിയുള്ള ചോദ്യത്തിന്നു മറുപടിയായി ട്രഷറി ബഞ്ചിൽനിന്നും ഉണ്ടായിട്ടുള്ള വിവരങ്ങളുടെ യാഥാർത്ഥ്യം ശരിക്കു മനസ്സിലാക്കാൻ സാധിച്ചില്ലെന്നാണ് എനിക്കു പറയാനുള്ളതു്. ഇന്നു കാലത്തുതന്നെ തൊഴിലാളിപ്രവർത്തകന്മാർ ആരെല്ലാംകസ്റ്റഡിയിൽ ഉണ്ടെന്നു ചോദിച്ചതിന്നു മറുപടിയായി ചീഫ് മിനിസ്റ്റർ പറഞ്ഞതു് ആരുംതന്നെയില്ലെന്നാണ്, എനിക്കുതന്നെ അറിയാം അനേകമനേകം തൊഴിലാളി പ്രവർത്തകന്മാർ കൊല്ലം ലാക്കപ്പിലും സബ്ജയിലിലും കഴിഞ്ഞുകൂടുന്നുണ്ടെന്നു്. അങ്ങനെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരും സാമൂഹ്യ

[Sri. V. Gangadharan Nair]

വും സാമ്പത്തികവുമായ സ്വാതന്ത്ര്യസമരം ചെയ്തുകൊണ്ടിരിക്കുന്നവരുമായ അനേകമനേകം ആളുകൾ ഇന്നു ജയിലുകളിൽ കഠിന നരകയാതനകൾ അനുഭവിക്കുന്നു. ജയിൽ പരിഷ്കാരത്തിനു തയാറായി ജയിൽ വൈഷമ്യങ്ങൾ അനുഭവിച്ചിട്ടുള്ള അധികാരികൾ ഇന്നു് ഈ വക കാര്യങ്ങളിൽ മൗനമവലംബിക്കുന്നതു വളരെ വിചിത്രമായിരിക്കുന്നു.

സർ, കൊല്ലം ലാക്കപ്പിലെയും സബ്ജയിലിലെയും കഥ അങ്ങേക്കും അറിവുള്ളതാണല്ലോ. മൂന്നു മുറികളുള്ള ആ സബ്ജയിലിൽ ൭൦-ഓ-൮൦-ഓ പുള്ളികൾ ഉണ്ടെന്നും അവർക്കു ശുദ്ധജലവും ശുദ്ധവായുവും ഒരിക്കലും കിട്ടാതിരിക്കുന്നു എന്നുമുള്ള സംഗതി ഞാൻ പറയാതെ തന്നെ അങ്ങേക്കു പോലും അറിവുള്ളതാണ്. അവിടെ മററു യാതൊന്നും കൊടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. കൊല്ലം ലാക്കപ്പിൽ ശുദ്ധജലവും ശുദ്ധവായുവും കിട്ടുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യണം. ശുദ്ധവായു പോലും കിട്ടാത്ത ജയിലുകൾ ആണെന്നും അവിടെ നടക്കുന്ന മർദ്ദനത്തെപ്പററി റോഡിൽക്കൂടി പോകുന്നവർക്കുപോലും അനുഭവപ്പെട്ടിട്ടുള്ളതുമാണ്. കൊല്ലം ചവറ പോലീസ് മർദ്ദനവും അതേതുടർന്നുണ്ടായ ലോക്കപ്പുമർദ്ദനവും കൊല്ലത്തുള്ള പൗരാവലിയെ വളരെവളരെ ചെടിപ്പിച്ചിട്ടുണ്ടു്. രാഷ്ട്രീയതടവുകാരെ ലോക്കപ്പിൽ പിടിച്ചുകൊണ്ടുവന്നു മർദ്ദിക്കുന്ന ഏർപ്പാടു ഇനിയെങ്കിലും നിർത്താൻ ഗവമെണ്ടു തുനിഞ്ഞില്ലെങ്കിൽ മർദ്ദനംകൊണ്ടു് അവർ ഉദ്ദേശിക്കുന്ന പരിഹാരം ഉണ്ടാകുകയില്ല. ഏതായാലും ശുദ്ധജലവും ശുദ്ധവായുവും കൊല്ലം ജയിലിൽ ലഭിക്കുന്നതിന്നു് രാഷ്ട്രീയതടവുകാരോടു സൗജന്യമായിട്ടു പെരുമാറണമെന്നു് വേണ്ട ഏർപ്പാടുചെയ്യണമെന്നും അപേക്ഷിക്കുന്നതിനു് ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ ജയിൽവാസത്തോടുകൂടി ക്ഷയരോഗിയായി തീർന്നിരിക്കുന്നു. വാസ്തവസ്ഥിതി നമുക്കെല്ലാവർക്കും അറിയാം, അവരുടെ സ്നേഹവിശ്വാസങ്ങൾ സമാർജിച്ചിട്ടുള്ള നേതാക്കന്മാരെയും ഇന്നു ജയിലുകളിൽ ഇട്ടു യാതനകൾ അനുഭവിപ്പിക്കുന്നു എന്നു്. ഇതു അഭിമാനകരമായ ഒരു കാര്യമല്ല. അതുപോലെ ലജ്ജാകരമായി മററു യാതൊന്നുമില്ലെന്നു പറയാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

ഇടലാക്കുടി ജയിലിലെ നിരാഹാരസത്യാഗ്രഹത്തെപ്പററി ഒരടിയന്തിരപ്രമേയം അയച്ചിരുന്നു. ഈ തരം അടിയന്തിരപ്രമേയങ്ങൾ വരുമ്പോൾ യഥാർത്ഥമായ വിവരങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാതെ കാര്യങ്ങൾ എല്ലാം മറച്ചുവച്ചുകൊണ്ടു് ഒഴിയാനുള്ള ഒരു മനഃപൂർവ്വവിദ്യയാണു് ട്രഷറിബഞ്ചിൽനിന്നും കാണുന്നതു്. ഇതുവരെ അസംബ്ലി തുടങ്ങീട്ടു് ലേബർ പോളിസിയെപ്പററിയോ തൊഴിലാളി നയത്തെപ്പററിയോ വാദപ്രതിവാദം ചെയ്യുവാൻ അവസരം ഉണ്ടായിട്ടില്ല. ഇക്കാര്യത്തെപ്പററി ചർച്ചചെയ്യാൻ അവസരം ഉണ്ടാകുമോ എന്നു സംശയമാണു്. രണ്ടുമണിക്കൂർനേരമെങ്കിലും ഒരു ഡിബേററു് നടത്താൻ ഇവിടത്തെ ട്രഷറിബഞ്ചിനു് സൗമനസ്യം ഉണ്ടാകും എന്നുള്ള പ്രതീക്ഷയോടുകൂടി മി. റസാക്കിന്റെ കട്മോഷനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എ. പി. ഉദയഭാനു: സർ, ജയിലിനെപ്പററി സംസാരിക്കുമ്പോൾ ജയലിൽ പോകുക നിരുൽസാഹപ്പെടുത്തുന്നതിനെപ്പററി മി. ബാലകൃഷ്ണൻതമ്പി പറഞ്ഞകാര്യമാണു് എന്റെ ഓർമ്മയിൽ വരുന്നതു്. അദ്ദേഹം പറഞ്ഞ സംഗതികൾ പരമാർത്ഥമാണു്. പക്ഷെ ജയിൽപോകുക നിരുൽസാഹപ്പെടുത്തുന്നതു് ജയിലിനെ കൂടുതൽ ഭയാനകമാക്കിയല്ല. നിയമം ലംഘിക്കുന്നതു് സമുദായമദ്ധ്യത്തിൽ മാന്യതയും അംഗീകാരതയുമുള്ള ഒരു സംഗതിയായിരുന്നു. അതു് ഇതിനുമുമ്പു് നിലവിലിരുന്ന ഭരണവ്യവസ്ഥയിൻകീഴിലായിരുന്നു. ഇന്നു ജനാധിപത്യപരമായ ഭരണം നിലവിലിരിക്കുന്നു എന്നു നാം അവകാശപ്പെടുമ്പോൾ നിയമലംഘനത്തിനു സമുദായത്തിൽ അംഗീകാരമുണ്ടാകുവാൻ പാടില്ല. അങ്ങിനെ അംഗീകാരം ഉണ്ടാകാതെയിരിക്കണമെങ്കിൽ നിയമം ജനഹൃദയത്തിലെ അഭിലാഷത്തിന്റെയും സമുദായത്തിന്റെ മനസ്സാക്ഷിയുടെയും പ്രതിബിംബമായിരിക്കണം. ആ നിയമങ്ങൾ പുലർത്തുന്നതിലും നിലനിർത്തുന്നതിലും ജനങ്ങൾക്കു താല്പര്യമുണ്ടായിരിക്കണം. അതിന്റെ ലംഘനത്തെ സമുദായം എതിർക്കണം. അല്ലാതെ കൂടുതൽ ഭീകരമായ ഒരു ജയിൽകൊണ്ടല്ല ജയിലിൽ പോകുക നിരുൽസാഹപ്പെടുത്തേണ്ടതു്. ഇന്നു ലോക്കപ്പുകളിൽ പാർപ്പിക്കുന്ന കുററവാളികളെ കൂടി ജയലുകളിൽ സൂക്ഷിക്കുന്നതിനു് ഏർപ്പാടുചെയ്യേണ്ടതാണു്. ഇപ്പോഴത്തെ പതിവനുസരിച്ചു് കുററവാളികളെ—അതായതു് അണ്ടർട്രയൽപുള്ളികളെ സൂക്ഷിക്കുന്നതു് പോലീസ് ലോക്കപ്പുകളിലാണു്. അതു ശരിയായ നടപടിയല്ല. ഇന്നു ലോക്കപ്പുകളിലെ ജീവിതം വളരെ ദുർവ്വഹമാണെന്നു് എന്റെ പല സ്നേഹിതന്മാർക്കുമറി

യാൻ കഴിഞ്ഞിട്ടുണ്ട്. സാധാരണയായി കുററം ചെയ്തിട്ടുള്ളവരേയും കുററം ചെയ്തു എന്നു സംശയിച്ചിട്ടുള്ളവരേയും പോലീസുലോക്കപ്പുകളിൽ,—അതായതു് കുററം ചുമത്തുന്നവരുടെയും കുററം തെളിയിക്കേണ്ടവരുടേയും അധീനതയിൽ വരുന്നതുകൊണ്ട് നിരപരാധികളായവർക്ക് വളരെ കഷ്ടതകൾ അനുഭവിക്കേണ്ടതായിവരുന്നുണ്ട്. ഇതെല്ലാം ഓർക്കുമ്പോൾ ഈ വിചാരണയിൽ ഇരിക്കുന്ന കുററവാളികളെ പോലീസുകാരുടെ കയ്യിൽ നിന്നും രക്ഷിക്കേണ്ടതു് ആവശ്യമാണ്. കുററം ചുമത്തപ്പെട്ട പലരും പോലീസ് ബന്ധവസ്സിൽ ഇരിക്കുമ്പോൾ കുററം ഏററുപറയുന്നതു ക്രിമിനൽ കേസുകളിൽ സുലഭമാണ്. പശ്ചാത്താപംകൊണ്ടു വൈദികന്റെ മുമ്പിൽ ചെയ്യുന്ന ഒരു ഏററുപറച്ചിലല്ല ഇതു്. ശാരീരികപീഡസഹിക്കാതെ ചെയ്തുപോകുന്നതാണിതു്. കുററം ചെയ്യാത്തവനും കുററം ഏററുപോകും. അതുകൊണ്ട് അവരെ തീർച്ചയായും പോലീസിന്റെ കയ്യിൽനിന്നും രക്ഷിക്കേണ്ടതാണ്. ഇന്നു ലോക്കപ്പുകളുടെ കാര്യം ആലോചിച്ചാൽ ജയിൽ സ്വർഗ്ഗമാണെന്നുതന്നെ പറയാം. ശിക്ഷവാങ്ങി ജയിലിൽ പോകുന്നവർ ലോക്കപ്പിൽ കുററം ആരോപിക്കപ്പെട്ടുകിടക്കുന്ന നിരപരാധിയേക്കാൾ വളരെ സുഖമായും സൗകര്യമായും അവരുടെ ശിക്ഷയുടെ കലാവധികഴിഞ്ഞു വെളിയിൽ വരുന്നതായി നമുക്കു കാണാം. അതുകൊണ്ട് എനിക്കു പറയാനുള്ളതു് അണ്ടർട്രയൽപ്രിസിണേഴ്സിന് കുറേക്കൂടി സൌകര്യങ്ങൾ ഉണ്ടാക്കി കൊടുക്കണമെന്നാണ്.

## ELECTION TO THE STANDING ADVISORY COMMITTEE FOR WORKS AND COMMUNICATIONS

മി. സ്പീക്കർ: പൊതുമരാമത്തു വകുപ്പിലേക്കുള്ള കമ്മിററിക്ക് അംഗങ്ങളെ ഈസഭയിൽനിന്നാണ് തിരഞ്ഞെടുക്കേണ്ടതു്. എട്ടുപേരുടെ പേരുകൾ കിട്ടിയിട്ടുണ്ട്. ലിസ്റ്റ് തയാറാക്കിയതിനുശേഷം സ്ഥാനാർത്ഥികളിൽ ഒരാളായിരുന്ന മി. ശ്രീധർ അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വം പിൻവലിച്ചു. ശേഷിക്കുന്നതു് ഏഴുസ്ഥാനാർത്ഥികളാണ്. ലിസ്റ്റിൽ മി. ശ്രീധറുടെ പേരു് വെട്ടിയിരിക്കുന്നതായികാണാം. സ്ഥാനാർത്ഥികളിൽ ആറുപേരെ ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ചു കൈമാററം ചെയ്യാവുന്ന ഒററവോട്ടു സമ്പ്രദായത്തിൽ തിരഞ്ഞെടുക്കേണ്ടതാണ്. സെക്രട്ടറിയുടെ പക്കൽനിന്നും ബാലട്ടുപേപ്പർവാങ്ങി വോട്ടുചെയ്തു ബാലട്ടുപെട്ടിയിൽ ഇടണം.

(പിന്നീട പോൾനടന്നു)

മി. സ്പീക്കർ: വോട്ടിംഗ് അവസാനിച്ചിരിക്കുന്നു. അതു എണ്ണിതിട്ടപ്പെടുത്തി നാളെ അതിന്റെഫലം പ്രഖ്യാപിക്കുന്നതായിരിക്കും. സഭ ഇപ്പോൾ പിരിയുന്നതും നാളെരാവിലെ ൧൧ മണിക്ക് വീണ്ടും കൂടുന്നതുമാണ്.

*The House adjourned at 5-15 p. m. to meet again at 11 a.m. the next day.*

V. KRISHNAMOORTHI AIYAR
*Secretary to the Legislative Assembly*

## PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

**FIRST SESSION, 1949/1125**

**Tuesday,** *the* *23rd August 1949* / *7th Chingam 1125*

**Vol. I]** **OFFICIAL REPORT** **[No. 12**

The Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the clock, on Tuesday, the 23rd August 1949, with Mr. Speaker (The Hon'ble Sri. T. M. Varghese) in the Chair.

## QUESTIONS AND ANSWERS

### Oral answers

ശ്രീ. എസ്സ്. ശിവരാമനാശാരി: സർ, ൨൦-ാംനം-ക്ക് ഉത്തരം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അയച്ചിരുന്ന ചോദ്യങ്ങൾക്ക് ഇതേവരെയും ഉത്തരം കിട്ടിയിട്ടില്ല.

മി. സ്പീക്കർ: ഷാർട്ട് നോട്ടീസ് ചോദ്യമാണോ?

ശ്രീ. എസ്സ്. ശിവരാമനാശാരി: അല്ല. ൨൦-ാംനം- ഉത്തരം പറയണമെന്നു കാണിച്ച് ഞാൻ ചില ചോദ്യങ്ങൾ അയച്ചിരുന്നു. അതു ലിസ്റ്റിൽ അച്ചടിച്ചിട്ടുമുണ്ട്. എന്നാൽ അതിൻെറ ഉത്തരം ഇതുവരേയും കിട്ടിയില്ല.

മി. സ്പീക്കർ: അതിൻെറ വിവരം സെക്രട്ടറിയിൽനിന്നൊ സ്പീക്കറിൽനിന്നൊ ചോദിച്ചറിയാവുന്നതാണ്.

### നല്ലേപ്പിള്ളി സക്കാർ എൽ. എസ്സ്. എസ്സ്.

*൭൦ ൻ. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചിററൂർ താലൂക്ക നല്ലേപ്പിള്ളിയിലുള്ള സക്കാർ എൽ. എസ്സ്. എസ്സ്. സ്വകാര്യമാനേജുമെൻറിലേക്ക വിട്ടുകൊടുക്കാൻ ഉദ്ദേശമുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് ഈ വില്പന നടത്തുന്നത്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) നല്ലേപ്പിള്ളി സക്കാർ ലോവർസെക്കണ്ടറി സ്കൂൾ സ്വകാര്യമാനേജുമെണ്ടിലേക്ക വിട്ടുകൊടുക്കുവാനുള്ള ഒരു അപേക്ഷ കിട്ടിയിട്ടുണ്ട്. അതിനെപ്പററി തീരുമാനമുണ്ടായിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല. സ്വകാര്യ മാനേജുമെണ്ടിലേക്ക ഗവമെണ്ടു വിദ്യാലയങ്ങൾ വിട്ടുകൊടുക്കുന്നത് ഒരു വിൽപ്പനയല്ലെന്നുകൂടി പറഞ്ഞുകൊള്ളുന്നു.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഈ സ്കൂൾ പ്രൈവററ മാനേജുമെണ്ടിനു വിട്ടുകൊടുക്കരുതെന്നു നാട്ടുകാരുടെ വല്ല നിവേദനവും ഗവമെണ്ടിന് കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്തകാലത്തു കിട്ടിയിട്ടുണ്ടോ എന്ന് അറിവില്ല. രണ്ടുകൊല്ലംമുമ്പു കിട്ടിയിട്ടുള്ളതായി ഓക്കുന്നുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: ഗവമെണ്ടു വിദ്യാലയങ്ങൾ സ്വകാര്യമാനേജുമെണ്ടിനു വിട്ടുകൊടുക്കുന്ന കായ്യത്തിൽ ഗവമെണ്ടിനു നിശ്ചിതമായ എന്തെങ്കിലും നയം ഉണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചോദ്യോത്തരവേളയിൽ പറയാവുന്ന വിധം യാതൊരു നയവും ഇപ്പോൾ ഇല്ല.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഈ അപേക്ഷയിന്മേൽ അവസാന തീരുമാനം എടുത്തിട്ടുണ്ടോ?

ബഹു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

## സ്കൂളുകളില്ലാത്ത വില്ലേജുകൾ

*൭൧൦. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമൊ.—

പ്രൈമറി സ്കൂളുകൾപോലുമില്ലാത്ത എത്ര വില്ലേജുകൾ ചിററൂർ താലൂക്കിലുണ്ട്; അവ ഏതെല്ലാം?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏഴ് വില്ലേജുകൾ.

൧. അടംപാതി
൨. കന്നംകാട്ടുപതി
൩. കുററിപ്പള്ളം
൪. മഞ്ചിക്കന്നുപതി
൫. തേനാംപതി
൬. വടകരപതി
൭. വലിയവള്ളംപതി

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഈ വില്ലേജുകളിൽ സ്കൂളുകൾ സ്ഥാപിക്കുവാൻ ആലോചനയുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആലോചിക്കുന്നുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: 'പതി'യെന്നുവെച്ചാൽ പകുതി എന്നാണോ അർത്ഥം

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു മെമ്പർക്കുതന്നെ അറിയാമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

**Sri. Ponnara G. Sreedhar:** Take it from me that I don't know.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പതി എന്നുള്ളതു് ഒരു വാക്കല്ല. അതു് ഒരു വാക്കിന്റെ അവസാനത്തെ രണ്ട് അക്ഷരങ്ങൾ മാത്രമാണ്.

**Sri. Ponnara G. Sreedhar:** I was under the impression that it was "Pakuthy". Here, Pakuthy means a small revenue division.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഈ വില്ലേജുകളിൽ സ്കൂളുകൾ പണിയുന്നതിനു ബഡ്ജററിൽ വക കൊള്ളിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. അതിന്റെ ആവശ്യവുമില്ല.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: എന്തുകൊണ്ടാണ് ഈ ബഡ്ജററിൽ വകകൊള്ളിക്കേണ്ട ആവശ്യമില്ലെന്നു പറഞ്ഞതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു് മീനമാസം ൧൧൨൪-വരെക്കു മാത്രമുള്ള ഒരു ബഡ്ജററാണ്. വിദ്യാലയങ്ങൾ തുറക്കുന്നതു് ഇടവമാസത്തിലുമാണ്. അതുകൊണ്ട് ഈ ബഡ്ജററിൽ വകകൊള്ളിക്കേണ്ട ആവശ്യമില്ല. അടുത്ത ബഡ്ജററിൽ വക കൊള്ളിച്ചാൽ മതിയാകുന്നതാണ്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: അടുത്ത ബഡ്ജററിൽ അതിനു വേണ്ട വക കൊള്ളിക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്കൂളുകൾ സ്ഥാപിക്കുന്ന കാര്യം ഗവമ്മെണ്ടിന്റെ ആലോചനയിലിരിക്കുകയാണ്. എവിടെയെല്ലാമാണ് പുതിയതായി സ്കൂളുകൾ സ്ഥാപിക്കേണ്ടതെന്നു് ആലോചിച്ചു് അതിനു് ബഡ്ജററിൽ വകകൊള്ളിക്കുന്നതാണ്.

ശ്രീ. എൻ. പി. വർക്കീസ്: ഇടവമാസത്തിൽ സ്കൂൾ തുറന്നു് അദ്ധ്യയനം ആരംഭിക്കണമെങ്കിൽ നേരത്തെതന്നെ കെട്ടിടംപണി ആരംഭിക്കേണ്ടതല്ലേ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇത്ര നേരത്തെ കെട്ടിടംപണി ആരംഭിക്കണമെന്നില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: ചിററൂർ താലൂക്കിൽ നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഏർപ്പെടുത്താൻ ഗവമ്മെണ്ട് ആലോചിക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഗവമ്മെണ്ടിൻെറ ആലോചനയിലിരിക്കുകയാണ്.

## ഹൈസ്കൂളിൽ പെൺകുട്ടികൾക്ക് നിരോധനം

* ൭൧൧. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചിററൂർ താലൂക്കിൽ കൊഴിഞ്ഞാമ്പാറ ഹൈസ്കൂളിൽ പെൺകുട്ടികൾക്കു പ്രവേശനം നിഷേധിച്ചിരിക്കുന്നതു് ഗവണ്മെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തു പരിഹാരം ചെയ്തു?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) പരിഹാരമാർഗ്ഗങ്ങൾ ആലോചിച്ചുവരുന്നുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ പ്രവേശനം നിഷേധിച്ചിരിക്കുന്നതു് എന്തു കാരണത്തിലാണെന്നു പറയുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാരണം എന്താണെന്നു് അന്വേഷിച്ചുവരുകയാണ്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: അതിനു് ഉടനെതന്നെ ഒരു പരിഹാരം ഉണ്ടാക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവമ്മെണ്ട് അതിൽ ശ്രദ്ധിക്കാം.

## ചിററൂർ കോളേജുകെട്ടിടം

* ൭൧൨. ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ,—

ചിററൂരിൽ, കോളേജുകെട്ടിടം പണിക്കു കഴിഞ്ഞ ബഡ്ജററിൽ രണ്ടുലക്ഷം രൂപാ കൊള്ളിച്ചിട്ടും പണി നടത്താതിരിക്കുവാൻ പ്രത്യേകകാരണം എന്തായിരുന്നു; പണി എപ്പോൾ ആരംഭിക്കും?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കെട്ടിടപ്പണിക്കുള്ള സ്ഥലം പൊന്നുംവിലക്കെടുക്കാനുള്ള നടിപടികളെല്ലാം എടുത്തിട്ടുണ്ട്. കെട്ടിടം പണിക്കുള്ള പ്ലാനുകളും എസ്റ്റിമേററുകളും തയ്യാറായിട്ടുണ്ട്. ഭൂമി സക്കാരിലേക്കു് എടുത്തുകഴിഞ്ഞാൽ കെട്ടിടം പണി ആരംഭിക്കുന്നതാണ്.

ശ്രീ. അമ്പാട്ടു് ഈച്ചരമേനോൻ: കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ഇതിനു ൨ ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇത്തവണ ഒരു ലക്ഷമേ ചേത്തിട്ടുള്ളു. അതിനുള്ള കാരണം എന്താണ്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആറേഴമാസക്കാലത്തിനുള്ളിൽ അതിൽ കൂടുതൽ ചെലവു ചെയ്യാൻ സാധ്യമല്ലെന്നു കണ്ടതുകൊണ്ടാണ്.

## തീരദേശവാസികളുടെ ദാരിദ്ര്യം

* ൭൧൩. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മത്സ്യമില്ലായ്മകൊണ്ടും കയർ വ്യവസായത്തിൻെറ മാന്ദ്യം മൂലവും തൊഴിൽ ശൂന്യരായ തീരദേശവാസികൾ ഭയങ്കരമായ ദാരിദ്ര്യമനുഭവിക്കുന്നുണ്ടെന്ന വസ്തുത ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ദാരിദ്ര്യപരിഹാരത്തിനു് വല്ല നടപടിയും നടത്തിയിട്ടുണ്ടോ;

(സി) പല മാസങ്ങളായി നിത്യദാരിദ്ര്യമനുഭവിക്കുന്ന ജനതയെ സംബന്ധിച്ചു് ഒരു അന്വേഷണം നടത്താൻ ഗവമ്മെണ്ടു് തയ്യാറാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അതുസംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ഭാസ്കരൻ: ദരിദ്രരുടെ ഒരു സെൻസസ് എടുക്കുകയും അവരുടെ ദാരിദ്ര്യത്തിന്റെ പരിഹാരത്തിനായി ഒരു പദ്ധതി ഉണ്ടാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നതു നന്നായിരിക്കുകയില്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ദാരിദ്ര്യത്തിന്റെ പരിഹാരത്തിനുവേണ്ടിയുള്ള എതു നടപടിയും ആശാസ്യമാണ്.

## നിർബ്ബന്ധിത വിദ്യാഭ്യാസം

*൬൧൪. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) നിർബ്ബന്ധിത വിദ്യാഭ്യാസം ഏതെല്ലാം താലൂക്കുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്?

(ബി) ൧൧൨൪ ഇടവത്തിൽ ഏതെല്ലാം താലൂക്കുകളിൽ ഏർപ്പെടുത്തി?

(സി) നിർബ്ബന്ധിത വിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലെ എല്ലാ കുട്ടികളും പള്ളിക്കൂടത്തിൽ പോകുന്നുണ്ടോ എന്നന്വേഷിക്കുന്നുണ്ടോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) തോവാള, അഗസ്തീശ്വരം കൽക്കുളം, വിളവംകോട്, തിരുവനന്തപുരം, നെടുമങ്ങാട്, കുന്നത്തൂർ, പത്തനാപുരം, പറവൂർ ഈ താലൂക്കുകളിൽ.

(ബി) ഒരു താലൂക്കിലും ഏർപ്പെടുത്തിയിട്ടില്ല.

(സി) ഉണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ൧൧൨൪-ൽ പുതുതായി ഒരു താലൂക്കിലും ഏർപ്പെടുത്താതിരിക്കുവാൻ പ്രത്യേകകാരണം വല്ലതുമുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആദ്യമേതന്നെ നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം ഏർപ്പെടുത്തിയ താലൂക്കുകളിൽ ആ പദ്ധതി കുറെക്കൂടി ഉറപ്പിച്ചു നന്നാക്കിയതിനുശേഷം കൂടുതൽ താലൂക്കുകളിലേക്കു വികസിപ്പിക്കുന്നതായിരിക്കും നല്ലതെന്ന് ഒരു കമ്മിററി റിപ്പോർട്ടു് ഉണ്ടായിരുന്നു. ആ റിപ്പോർട്ടിനെ ഗവൺമെണ്ടു് അംഗീകരിച്ചുകൊണ്ടാണ് ൧൧൨൪-ൽ പുതുതായി ഒരു താലൂക്കിലും തുടങ്ങാതിരുന്നതെന്നാണ് റിക്കാർട്ടുകളിൽനിന്നും മനസ്സിലാക്കുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ രാജ്യത്തു മുഴുവൻ നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം നടപ്പാക്കാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണ് ഗവൺമെണ്ടിന്റെ ഉദ്ദേശം.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഒരു കമ്മിററി റിപ്പോർട്ട് ഉണ്ടെന്നു പറഞ്ഞല്ലോ. അതു് ഏതു കമ്മിററിയാണെന്നും ആ കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നുവെന്നും പറയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കമ്മിററിയുടെ ചെയർമാൻ ബഹു. ശ്രീ. ടി. എ. അബ്ദുള്ള ആയിരുന്നു. മററു അംഗങ്ങൾ ആരെല്ലാമായിരുന്നു എന്നുള്ളതു് നോട്ടീസ്സു കൂടാതെ പറയാൻ സാദ്ധ്യമല്ല.

**Sri. D. Gnanasigamony:** Was the report to the effect that the primary education in southern taluks was a failure?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തെക്കൻ താലൂക്കുകളിൽ നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം ഒരു പരാജയമാണെന്ന് ആ കമ്മിററി റിപ്പോർട്ട് ചെയ്തിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ കമ്മിററിയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നു പറയുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രസിദ്ധപ്പെടുത്തിയിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പാക്കിയിട്ടുള്ള സ്ഥലങ്ങളിൽ കൂടുതൽ ഉറപ്പിച്ചതിനുശേഷം മററു താലൂക്കുകളിലേക്ക വികസിപ്പിക്കണമെന്നു വിചാരിക്കുന്നു എന്നു പറഞ്ഞുവല്ലോ. ഏതെല്ലാം വിധത്തിൽ ഉറപ്പിക്കണമെന്നാണു ഗവമ്മെണ്ടു് വിചാരിക്കുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ഏപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽതന്നെ അതു കൂടുതൽ കാര്യക്ഷമമാക്കിയതിനുശേഷം പുതിയ താലൂക്കുകളിലേക്ക വികസിപ്പിക്കണമെന്നാണു് ഉദ്ദേശം.

ശ്രീ. ഇ. പി. പൌലോസ്: ഇപ്പോൾ ഏപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽതന്നെ ശരിയായി കെട്ടിടങ്ങളും വാദ്ധ്യാന്മാരും എല്ലാം ഉണ്ടായതിനുശേഷം കൂടുതൽ സ്ഥലങ്ങളിലേക്ക വികസിപ്പിക്കുന്നതല്ലെ നല്ലതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ശരിയാണു്.

ശ്രീ. പി. എം. വർഗ്ഗീസ്: നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം ഏപ്പെടുത്തുന്നതിനുള്ള പ്ലാൻതന്നെ ഉറച്ചിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നടപ്പിലാക്കണമെന്ന പ്ലാൻ ഉറച്ചിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൊച്ചിയിലും തിരുവിതാംകൂറിലും മുഴുവൻ പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധിതമാക്കാൻ ഒരു പദ്ധതിയുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എന്തു പദ്ധതിയാണുള്ളതു്.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഐക്യസംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പാക്കണമെന്ന ഒരു പദ്ധതിയാണു ഗവമ്മെണ്ടിനുള്ളതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എത്ര കൊല്ലംകൊണ്ടു് നടപ്പാക്കണമെന്നാണു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൦ കൊല്ലംകൊണ്ടു നടപ്പാക്കണമെന്നാണു് ഇപ്പോൾ ഉദ്ദേശിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഏപ്പെടുത്തിയ താലൂക്കുകളിൽ അതിനു് എന്തു തുക കൂടുതൽ ചെലവായിട്ടുണ്ടെന്നു് പറയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറെ കൂടുതൽ ചെലവായിട്ടുണ്ടെന്നു് അറിയാം. സൂക്ഷ്മമായി പറയാൻ നോട്ടിസ്സു വേണം.

ശ്രീ. പി. സി. ആദിച്ചൻ: നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഏപ്പെടുത്തിയിട്ടുള്ള താലൂക്കുകളിൽ പിന്നോക്ക സമുദായത്തിൽപ്പെട്ട കുട്ടികൾ കൂടുതൽ പഠിച്ചു് അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നുവെന്നു കണ്ടതുകൊണ്ടല്ലെ അതു നിറുത്തിക്കളയാൻ പ്രബല സമുദായക്കാർ ശുപാർശ ചെയ്തിട്ടുള്ളതു്.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയല്ല.

**Sri. D. Gnanasigamony:** Will the Government see that the report is made available for the use of the members early?

**Hon'ble Sri. Panampilly Govinda Menon:** I shall consider the question.

ശ്രീ. ടി. പി. സീതാരാമൻ: കൊച്ചിയിൽ നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം നടപ്പിൽ വരുത്താത്തതു് എന്തുകൊണ്ടാണു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിൽ ഇന്നു പ്രാഥമികവിദ്യാഭ്യാസം സൌജന്യമാണു്. അതു നിർബ്ബന്ധിതമാക്കുന്ന കാര്യം ആലോചനയിലിരിക്കുകയാണു്.

ശ്രീ. എ. കെ. പിച്ചുപിള്ള: പ്രൈവററു് ഏജൻസികളെ ശരിയായി ചൂഷണം ചെയ്തിട്ടുവേണം ഗവമ്മെണ്ടു നേരിട്ടു പ്രാഥമികവിദ്യാഭ്യാസം നടപ്പാക്കേണ്ടതു് എന്നു ബഹു. മന്ത്രി അഭിപ്രായപ്പെട്ടിട്ടുള്ളതായി കണ്ടു. എങ്ങിനെയാണു് ഈ പ്രൈവററു് ഏജൻസികളെ ചൂഷണം ചെയ്യാൻ ഉദ്ദേശിക്കുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രൈവററ് ഏജൻസികളെ ചൂഷണം ചെയ്യുതിനുശേഷം വേണമെന്നു ഞാൻ പറഞ്ഞിട്ടില്ല. എന്നാൽ നിർബ്ബന്ധിതപ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിന് പ്രൈവററ് ഏജൻസികളെ ചൂഷണം ചെയ്യുന്നതു കൂടുതൽ പ്രയോജനപ്രദമായിരിക്കുമെന്ന് എനിക്ക് അഭിപ്രായമുണ്ട്.

## ടെക്സ്റ്റ് ബുക്ക കമ്മിററിമെമ്പറന്മാർ

*൭൧ ൫. ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ ടെക്സ്റ്റ്ബുക്ക കമ്മിററി മെമ്പറന്മാർ ആരെല്ലാമെന്നു ദയവായി പറയുമോ;

(ബി) എന്തു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു പാഠപുസ്തകങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളതെന്നു ദയവായി പറയുമോ;

(സി) കമ്മിററി തിരഞ്ഞെടുത്ത പുസ്തകങ്ങളെ സംബന്ധിച്ചു കേസുകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പുസ്തകങ്ങളെ സംബന്ധിച്ച്;

(ഡി) ഇതിന്മേൽ കമ്മററിക്ക് എന്തെങ്കിലും ഉത്തരവാദിത്വം ഉണ്ടോ എന്നു ദയവായി പറയുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) മെമ്പറന്മാരുടെ ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു.

(ബി) സർക്കാരിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള പാഠ്യപുസ്തകകമ്മിററി നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പാഠപുസ്തകങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളതു്.

(സി) അറിവില്ല.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കമ്മിററിയിലെമെമ്പറന്മാർ ആരെല്ലാമാണെന്നു പറയുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലിസ്റ്റ് മേശപ്പുറത്ത് വെച്ചിട്ടുണ്ട്. വായിക്കണമെങ്കിൽ വായിക്കാം.

മി. സ്പീക്കർ: ദീർഘമായ പട്ടികകൾ മേശപ്പുറത്ത് വയ്ക്കുന്നതാണ് സൌകര്യം. വായിച്ചേ തീരൂ എന്നു നിർബ്ബന്ധമുണ്ടെങ്കിൽ വായിക്കുന്നതിനും വിരോധമില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: മേശപ്പുറത്തുവെച്ചാൽ ഞങ്ങൾക്ക് എങ്ങിനെയാണ് അറിയാൻ സാധിക്കുന്നതു്?

മി. സ്പീക്കർ: അതു മേശപ്പുറത്തു നോക്കിയാൽ അറിയാൻ സാധിക്കും. അല്ലെങ്കിൽതന്നെയും അതു് അഫിഷ്യൽ റിപ്പോർട്ടിൽ അച്ചടിച്ച് പരസ്യം ചെയ്യുന്നതാണ്. ആ റിപ്പോർട്ടു വായിച്ചാലും മനസ്സിലാകും.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതായാലും ബഹു. മെമ്പർ ആവശ്യപ്പെട്ടതുകൊണ്ട് ഞാൻ വായിക്കാം.

1. Dr. K. Goda Varma, University College, Trivandrum.
2. Sri. C. Narayana Pillai, M.L.A., Trivandrum.
3. Sri. T. K. Joseph, Retd. Headmaster, Trivandrum.
4. Sri. K. Narayanan, Principal, Law College.
5. Sri. K. C. Sebastian, Headmaster, E.H.S., Palai.
6. Sri. Kainikara Kumara Pillai, Training College, Trivandrum.
7. Sri. P. Balakrishna Pillai, Secretary to Government.
8. Sri. Vaikom Abdul Khadir.
9. Miss Brooke Smith, Headmistress, Balikamatom, E.H.S., Thiruvalla.
10. Sri. Bhargavi, Lecturer, Women's College, Trivandrum.
11. Sri. A. Cheriyan, Division Inspector of Schools, Quilon.
12. Sri. Kizhakulam Raman Pillai, University College, Trivandrum.
13. Sri. K. S. Sankararama Ayyar, Retd. Headmaster, Thirumala.
14. Principal, Training College, (Ex-Officio).
15. Director of Public Instruction (Chairman) (Ex-Officio).

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ഈ കമ്മിററി ഇപ്പോഴും പ്രവർത്തനം നടത്തുന്നുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த Text Book Committee–ல் எதாவது தமிழன்மார் உண்டா?

ബഹു. ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ഹിന്ദി

*൭൬൮. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) എല്ലാ സ്കൂളുകളിലും ഹിന്ദി ഐഛികവിഷയമായി പാഠിപ്പിക്കുവാൻ വേണ്ട വ്യവസ്ഥചെയ്യുവാൻ ഗവമെൻ്റു ആലോചിക്കുമോ?

(ബി) ഹിന്ദി പ്രൈവററായി പഠിപ്പിച്ചുവരുന്ന പ്രൈവററ് വിദ്യാലയങ്ങൾക്കു വേണ്ട പ്രോത്സാഹനം നൽകുവാൻ ഗവമെൻ്റു ദയവായി ആലോചിക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) അതിനു വളരെ പ്രയാസങ്ങൾ ഉണ്ട്. യോഗ്യതയുള്ള ഹിന്ദി അദ്ധ്യാപകന്മാരുടെ എണ്ണം ഇപ്പോൾതന്നെ ആവശ്യത്തിനു മതിയാകുന്നതല്ല.

(ബി) അർഹതയുള്ളവക്ക് യോഗ്യതയനുസരിച്ചു പ്രോത്സാഹനം കൊടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അങ്ങിനെ പ്രോത്സാഹനം കൊടുക്കുന്നതിനു ഗവമെൻ്റിന് ഏതെങ്കിലും ഒരു പദ്ധതിയുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഹിന്ദി രാഷ്ട്രീയ പ്രാധാന്യമുള്ള ഒരു ഭാഷയായിത്തീർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു ഏതു വിദ്യാഭ്യാസപദ്ധതിയിലും ഹിന്ദിക്കു മേലിൽ ഒരു സ്ഥാനം കൊടുക്കേണ്ടതായിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഹിന്ദി രാഷ്ട്രഭാഷയായിത്തീരാൻ ഇടയുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അക്കാര്യം കാൺസ്റ്റിററ്യുവൻറ് അസംബ്ലിയുടെ പര്യാലോചനയിലിരിക്കുകയാണ്.

തൊഴിലാളികൾക്കു ബോണസ്സ്

*൭൬൯. ശ്രീ. ഇ. ഭാസ്കരൻ: താഴെകാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഇപ്പോഴത്തെ ആർബിട്രേഷൻഅവാർഡ് അനുസരിച്ചു് ചവറ മിനറൽസ് കമ്പനികളിലെ തൊഴിലാളികൾക്കുള്ള ബോണസ്സ് കൊടുത്തുതീർത്തിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

ആർബിട്രേഷൻ അവാർഡ് അനുസരിച്ചു ട്രാവൻകൂർ മിനറൽസ്കമ്പനി മാത്രമേ ബോണസ്സ് കൊടുത്തു തീർത്തിട്ടുള്ളു.

ശ്രീ. ഇ. ഭാസ്കരൻ: എന്തുകൊണ്ടാണ് മററു കമ്പനികൾ ബോണസ്സ് കൊടുക്കാൻ സാധിക്കാതെപോയതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മററു കമ്പനികൾ ഇതേവരെ ബോണസ്സു കൊടുക്കാതെയുണ്ടെങ്കിൽ അതേപ്പററി അന്വേഷിക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏതടിസ്ഥാനത്തിലാണ് ഈ ബോണസ്സു കൊടുക്കുന്നതെന്നറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു തർക്കമുള്ള കമ്പനികളിലാണെങ്കിൽ ആർബിട്രേഷനു വിധേയമായി അവരുടെ അവാർഡ് അനുസരിച്ചു കൊടുക്കുന്നതാണ്.

ശ്രീ. വി. ഗംഗാധരൻനായർ: ആ അവാർഡുകൾ എല്ലാം പരാജയപ്പെട്ടതുകൊണ്ടാണ് കമ്പനി മാനേജ്മെൻറു ബോണസ്സു കൊടുക്കാത്തതെന്നറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി അറിവില്ല.

ശ്രീ. വി. ഗംഗാധരൻനായർ: അതേപ്പററി പരാതികൾ കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സുവേണം.

ശ്രീ പി. കെ. ഡീവർ: പരാതികൾ ഒന്നും ലഭിച്ചിട്ടില്ലെന്നാണോ പറയുന്നതു?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്നു ഞാൻ പ്രസ്താവിച്ചില്ല.

ശ്രീ. പി. കെ. ഡീവർ. അവാർഡുകൾ അവർ കാര്യമാക്കിയില്ല എന്നു മനസ്സിലാക്കാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി വ്യക്തമായി പറയാൻ നിവൃത്തിയില്ല.

## ചവറ കമ്പനികളിലെ ജോലി

*൫൮൮. ശ്രീ. ഇ. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ഫാക്ടറി ആക്ടനുസരിച്ചാണോ ചവറ മിനറൽസ്സ കമ്പനികളിൽ ജോലി നടക്കുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല. ഫാക്ടറി ആക്ട് ൨. എം. വകുപ്പിൻപ്രകാരം ൧൯൦൩-ലെ ൩-ാം ആക്ടായ "മൈൻസ് ആൻറ് മിനറൽസ്" ആക്ടിന്റെ പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങൾ ഫാക്ടറി ആക്ട് അനുസരിച്ചുള്ള ഫാക്ടറികളായി പരിഗണിക്കാൻ പാടുള്ളതല്ല.

ശ്രീ. ഇ. ഭാസ്കരൻ: ഇപ്പോൾ കമ്പനികളിൽ എട്ടു മണിക്കൂറിൽ കൂടുതൽ ജോലിയില്ലെന്നാണോ പറയുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂറിൽ ഒരു ഫാക്ടറി ആക്ട് നിലവിലുണ്ടു്. ആ ആക്ട് അനുസരിച്ചു് എട്ടു മണിക്കൂർ ആണു് ഇപ്പോൾ നടപ്പിലിരിക്കുന്നതു്. ആ നിയമം ഇപ്പോഴും നിലവിലിരിക്കുന്നു.

## നെൽകൃഷിയും ഈച്ചശല്യവും

*൫൮൯. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കരുനാഗപ്പള്ളി താലൂക്കിലും പരിസരപ്രദേശങ്ങളിലും ഒരുതരം ഈച്ച കയറി നെൽകൃഷി നശിപ്പിച്ചുവരുന്ന വിവരം ഗവമെൻറിനറിയാമോ?

(ബി) ഈച്ചയെ നശിപ്പിച്ചു നെൽകൃഷി രക്ഷിക്കാൻ ഗവമെൻറ ഫലപ്രദമായി എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ;

(സി) ഡി. ഡി. ററി. ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്ന കൃഷി ഡിപ്പാർട്ടുമെൻറിന്റെ ഒരു വിജ്ഞാപനം ഒഴിച്ചാൽ ആ ഡിപ്പാർട്ടുമെൻറ് ഈ വിപത്തിനെ സംബന്ധിച്ചു് അന്വേഷിക്കയോ കാര്യമായി എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്തിട്ടുള്ളതായി ഗവമെൻറിനു് അറിയാമോ;

(ഡി) ഈ മാതിരി വൈഷമ്യങ്ങളെ അഭിമുഖീകരിക്കുവാൻ നമ്മുടെ ഉദ്യോഗസ്ഥന്മാർ അപ്രാപ്തരാണെന്നു കാണുമ്പോൾ വിദഗ്ദ്ധന്മാരെ അന്വേഷിക്കുവാൻ ഗവമെൻറ ശ്രമിക്കുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: (എ) കരുനാഗപ്പള്ളി താലൂക്കിൽ റൈസ് ഹിസ്പായെന്നു പറയുന്ന ഒരു തരം ഈച്ചയുടെ ശല്യം ഉണ്ടായിരുന്നതായി ഗവമെൻറിനറിയാം.

(ബി) ഈ ശല്യം ഡി. ഡി. ററി. ഗാമെക്സയിൻ തുടങ്ങിയ അണു നാശകങ്ങൾ ഉപയോഗിച്ചു് അമർച്ച ചെയ്തിട്ടുണ്ടു്.

(സി) ശ്രീ. എ. പി. ഉദയഭാനുവും കൃഷി ഡിപ്പാർട്ടുമെൻറിലെ കീഴ് സിൽബന്ധികളും ഒരുമിച്ചു് അഗ്രിക്കൾച്ചറൽ ഡയറക്ടർ, കരുനാഗപ്പള്ളിയിൽ താമസിച്ചു ഈച്ച ശല്യം ഉണ്ടായിട്ടുള്ള സ്ഥലങ്ങൾ പരിശോധിക്കുകയും ശല്യം ഉണ്ടായിട്ടുള്ള നിലങ്ങളിൽ

ഉപയോഗിക്കുന്നതിനായി മൂന്നു ഹൺഡ്രഡ് വെയിററ് ഡി. ഡി. ററി. കൃഷിക്കാർക്കു വില കൂടാതെ വിതരണം നടത്തുകയും ചെയ്തു. ലഘുലേഖകൾ വിതരണം ചെയ്തതു കൂടാതെ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ നശീകരണമാർഗ്ഗങ്ങളെപ്പററി കൃഷിക്കാരെ സവിസ്തരം പറഞ്ഞു കേൾപ്പിക്കുകയും സാദ്ധ്യതയുള്ള സ്ഥലങ്ങളിലെല്ലാം ഡെമൺസ്ട്രേഷൻസ് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ൫൦ റാത്തൽ ഗാമക്സയിൻ വില കൂടാതെ കൃഷിക്കാർക്കു വിതരണം ചെയ്തു.

(ഡി) ഇപ്പോൾ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർ മേൽപ്പറഞ്ഞ തരത്തിലുള്ള ഈച്ച ശല്യത്തെ നിവാരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനു പ്രാപ്തരാണ്.

ശ്രീ. ഇ. ഭാസ്കരൻ: കൃഷി ഡിപ്പാർട്ടുമെൻറുകാരുടെ പ്രവർത്തനംകൊണ്ടു കൃഷിക്കു യാതൊരു ഗുണവും ഉണ്ടായിട്ടില്ലെന്നു പറയുന്നതു ശരിയാണോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അല്ല.

ശ്രീ. കെ. എം. മാത്യു: കൃഷി ഡയറക്ടർ എത്ര ദിവസം അവിടെ താമസിച്ചു പരിശോധന നടത്തിയെന്നു പറയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: എത്ര ദിവസം എന്നു ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല. ശ്രീ. ഉദയഭാനു അവർകൾ കൂടി ആ ഉദ്യോഗസ്ഥന്റെ കൂടെ ഉണ്ടായിരുന്നു.

ശ്രീ. ഇ. ഭാസ്കരൻ: വേറെ താലൂക്കുകളിലും ഈച്ച ശല്യം ഉള്ളതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഉള്ളതായി റിപ്പോർട്ടുകൾ ഗവൺമെൻറിനു കിട്ടിയിട്ടില്ല.

ശ്രീ. ഇ. ഭാസ്കരൻ: എങ്ങനെയാണ് ഈ അണുനാശകപ്രവർത്തനങ്ങൾ അവിടെ നടത്തുന്നതെന്നു പറയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: സ്പ്രേ ചെയ്യുകയും തോത്തിൽകെട്ടി വിതറുകയുമാണ് ചെയ്യുന്നതു്. തൊത്തിൽ പൊടിയിട്ടു് ഉപയോഗിക്കുകയാണ് നല്ലതെന്നു പറയുന്നുണ്ട്.

ശ്രീ. ഇ. ഭാസ്കരൻ: ഈ പ്രവർത്തനങ്ങൾ വളരെ നല്ലതല്ലെന്നു പറയുന്നതു ശരിയാണോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതു് ഒരഭിപ്രായമാണ്. അതു ശരിയല്ല.

ശ്രീ. കരുണാകരൻ: ഞാറയ്ക്കൽ ഈച്ച ശല്യം ഉള്ളതായി അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അതേപ്പററി ഒരടിയന്തിരപ്രമേയം തന്നെ ഉണ്ടായിരുന്നു. അതു സംബന്ധിച്ചു് അന്വേഷണങ്ങൾ നടത്തുന്നുണ്ട്.

## കല്ലുകടവിൽ പാലം

*൬൨൦. ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

കരുനാഗപ്പള്ളി—ശാസ്താംകോട്ടറോഡിൽ കല്ലുകടവിൽ ഒരു പാലം പണിയിച്ചു് യാത്രക്കാരുടേയും വ്യാപാരികളുടേയും ബുദ്ധിമുട്ടു കുറയ്ക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പാലം പണിയുന്നതിനു് വലിയ തുക ചെലവിടേണ്ടിവരുമെന്നുള്ളതുകൊണ്ടു് തൽക്കാലം ഈ പണി മാററിവയ്ക്കാമെന്നു ഗവൺമെൻറുദ്ദേശിക്കുന്നു.

ശ്രീ. ഇ. ഭാസ്കരൻ: ഒരഞ്ചുകൊല്ലത്തിനകം ഈ പാലം പണി തുടങ്ങുമോ എന്നു പറയാൻ ദയവുണ്ടാകുമോ?

ബഹു: ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പററി ആലോചിക്കുന്നതാണ്.

## പുതിയ കോളേജുകൾ

* ഒ. ഫ. ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു മാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) ഐക്യസംസ്ഥാനത്തിൽ കൊച്ചിയിലോ തിരുവിതാംകൂറിലോ ഇനിയും പുതിയ കോളേജുകൾ സ്ഥാപിക്കുവാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും എങ്ങനെയെന്നും കൂടി പറയുവാൻ ദയ വുണ്ടാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (എ) തിരുവിതാംകൂർ–കൊച്ചി ഐ ക്യസംസ്ഥാനത്തിൽ ഗവമ്മെൻറ വക പുതിയ കോളേജുകൾ സ്ഥാപിക്കുവാൻ ആ ലോച നയില്ല. എന്നാൽ പ്രൈവററ കോളേജുകൾ തുടങ്ങുവാൻ താഴെ പറയുന്നവരുടെ പക്കൽ നിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

( ഫ) മോസ്റ്റ് റവെറൻറ്, മാർ. ഫിലോസിനോസ്സ്, മെത്രാൻ ചെങ്ങന്നൂർ
( ഫ) വെരി, റവ. ഫാദർ ഇമ്മാനുവൽ മേച്ചേരി, കുന്നേൽ
( ന) നായർ സർവ്വീസ് സൊസൈററി
(എ) വിദ്യാർത്ഥിനികൾക്ക് കുറുകച്ചാലിൽ ഒരു കോളേജ്
(ബി) കരുവാററായിൽ ഒരു ട്രെയിനിംഗ് കോളേജ്
(സി) പന്തളത്തു് ഒരു ഒന്നാം ഗ്രേഡ് കോളേജ്
(ഡി) തിരുവനന്തപുരത്തു് ഒരു ലാകോളേജ്
( ർ) റിട്ടേയാർഡു് ഹൈക്കോടതി ജഡ്ജി ശ്രീ. ശങ്കരസുബ്ബയ്യർ ഒരു ലാകോളേജ് തിരുവനന്തപുരം

(ബി) സിൻഡിക്കേററിൽനിന്നും ഇവയെപ്പററി അന്വേഷിച്ചുവരികയാണ്.

ஸ்ரீ. ஆர். கே. ராம் : நாகர்கோவிலில் ஒரு First Grade College கட்டவேண் டுமென்று ஏதாவது ஒரு விண்ணப்பம் வந்ததுண்டா?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ; അവിടെ ഒരു കോളേജ് പുതിയതാ യി ആവശ്യപ്പെട്ടിട്ടില്ല. അവിടെ ഒരു കോളേജുള്ളതു് ഒരു ഒന്നാം ഗ്രേഡ് കോളേജ ആക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതു്.

ஸ்ரீ. ஆர். கே. ராம் : College ஆக்கிறதற்கல்ல. College புதிதாக கட்டவேண் டுமென்று

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അനുവാദം നൽകിയിട്ടില്ല.

ശ്രീ. വി. കെ. വർഗ്ഗീസ് : സ്റ്റേററിന്റെ മദ്ധ്യഭാഗത്തു് ഒരു കോളേജു വേണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കഴിഞ്ഞകൊല്ലം ഒരു അടിയന്തിരപ്രമേയത്തിൻ മറുപടിയായി മദ്ധ്യതിരുവിതാംകൂറിൽ ഒരു കോളേജു സ്ഥാപിക്കാമെന്നു പറഞ്ഞതായി അ റിയാമോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ബഹു. മെമ്പർ പറഞ്ഞതിനെ വിശ്വസിക്കുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അതേപ്പററി എന്തെങ്കിലും നടപടി നടത്ത യിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ; അതിനു നോട്ടീസ വേണം.

ശ്രീ. വി. കെ. വർഗീസ് ; കുട്ടികൾക്ക വിദ്യാഭ്യാസം ചെയ്യുന്നതിനു കൂടുതൽ കോ ളേജുകളും മററു സൗകര്യങ്ങളും ഉണ്ടാക്കേണ്ടതു ഗവമ്മെൻറിന്റെ കർത്തവ്യമല്ലേ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ; പഠിപ്പിക്കുന്നതിനു സൗകര്യം ഉണ്ടാ ക്കികൊടുക്കേണ്ടതു ഗവമ്മെണ്ടിന്റെയും യൂണിവേഴ്സിററിയുടേയും കടമയാണ്.

## നിർബ്ബന്ധിതവിദ്യാഭ്യാസം

*൫൨൨. ശ്രീ. പി. കെ. കുമാരൻ ആശാരി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നിർബ്ബന്ധിതവിദ്യാഭ്യാസം ഇതിനകം ഏതെല്ലാം താലൂക്കുകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്;

(ബി) നിർബ്ബന്ധിതവിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നതിനു ബഹുമാനപ്പെട്ട മന്ത്രിയ്ക്കു ദയവുണ്ടാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോട്ട്, തിരുവനന്തപുരം, നെടുമങ്ങാട്ട്, കുന്നത്തൂർ, പത്തനാപുരം, പറവൂർ, ഈ താലൂക്കുകളിൽ.

(ബി)

| | | |
|---|---|---|
| തോവാള, അഗസ്തീശ്വരം | ൫൨ | ശതമാനം |
| കൽക്കുളം | ൩൨ | ,, |
| വിളവംകോട്ട് | ൩൧·൯ | ,, |
| തിരുവനന്തപുരം | ൪൨൩·൧ | ,, |
| നെടുമങ്ങാട്ട് | ൫൨·൩ | ,, |
| കുന്നത്തൂർ | ൩൮ | ,, |
| പത്തനാപുരം | ൫൦ | ,, |
| പറവൂർ | ൬൫·൦൧ | ,, |

ശ്രീ. പി. കെ. കുമാരനാശാരി: ഈ നിർബ്ബന്ധിതവിദ്യാഭ്യാസത്തിന് ആരെയെങ്കിലും നിർബ്ബന്ധിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: പ്രേരണയുണ്ടായിട്ടുണ്ട്, നിർബ്ബന്ധമുണ്ടായിട്ടില്ല.

ശ്രീ. പി. കെ. കുമാരനാശാരി: ഈ നിർബ്ബന്ധിതവിദ്യാഭ്യാസ പദ്ധതിയനുസരിച്ച് വേടൻ, വെട്ടുവൻ, ഉള്ളാടൻ, മുതലായ കുട്ടികൾ ഇപ്പോൾ പഠിച്ചുവരുന്നുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പഠിച്ചുവരുന്നുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ ൩൧, ൬൧ ശതമാനം എന്നെല്ലാം പറഞ്ഞാൽ ശരിയായി മനസിലാക്കാൻ സാധിക്കുന്നില്ല. നിർബ്ബന്ധിത വിദ്യാഭ്യാസം തുടങ്ങിയതിൽ പിന്നെ എത്ര ശതമാനം കുട്ടികൾ വർദ്ധിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: അതുതന്നെയാണ് ഞാൻ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതു്.

## സംസ്കൃതവിദ്യാഭ്യാസം

*൫൨൬. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്കൃതവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഗവമെണ്ടിന്റെ നയം എന്തെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) സംസ്കൃത വിദ്യാഭ്യാസം സംബന്ധിച്ചു ഗവമെണ്ടിൽ നിന്നും നിയമിച്ചു കമ്മിററിയുടെ ശുപാർശ എന്തെന്നും, അതിന്മേൽ ഗവമെണ്ട് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) സംസ്കൃത വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുകയാണ് ഗവമെണ്ടിന്റെ നയം.

(ബി) കമ്മിററിയുടെ റിപ്പോർട്ടിന്റെ പ്രതി *മേശമേൽ വച്ചിരിക്കുന്നു. കമ്മിററിയുടെ പ്രധാനപ്പെട്ട ശുപാർശകൾ ഗവമെണ്ട് അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: സംസ്കൃതഭാഷാബിരുദധാരികൾക്ക് ശരിയായ പ്രോത്സാഹനം കിട്ടുന്നില്ലാ എന്നുള്ള പരാതി ശരിയാണോ?

*Not printed in the day's proceedings.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ശരിയല്ല. അതേപ്പററി അന്വേഷണം നടത്തുന്നതിന് ഒരു കമ്മിററിയെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ കമ്മിററിയുടെ റിപ്പോർട്ടനുസരിച്ചു ഗവമ്മെണ്ട് പ്രോത്സാഹനം കൊടുത്തു വരികയാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഏതു തരത്തിലാണ് പ്രോൽസാഹനം കൊടുക്കുന്നതു് എന്നു പറയുവാൻ ദയവുണ്ടാകുമോ?

**Mr. Speaker:** That question is disallowed.

ശ്രീ. കെ. രാമകൃഷ്ണപിള്ള: യൂണിവേഴ്സിററിയിൽ സംസ്കൃതഭാഷാബിരുദധാരികളെ പ്രോൽസാഹിപ്പിക്കുന്ന കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരെക്കൂടി ഉൾപ്പെടുത്തത്തക്കവണ്ണം വേണ്ടതു ചെയ്തിട്ടുണ്ട്.

കുടിയിറക്കനിരോധന ആക്ടു്

*൫൨൪. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കുടിയിറക്ക നിരോധന ആക്ടു് അനുസരിച്ചു് എന്തെല്ലാം നടപടികൾ അംഗീകരിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) അടകുടി താമസക്കാരുടെ സ്റ്റേറ്റമെൻറുകൾ വാങ്ങുന്നതിനു് ഗവമ്മെണ്ട് എന്തു നടപടി സ്വീകരിച്ചിരുന്നുവെന്നും സ്റ്റേറ്റമെൻറുകൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: (എ, ബി) കുടികിടപ്പുകാരുടെ അപേക്ഷകൾ സ്വീകരിച്ചു് നടപടികൾ നടത്തേണ്ടതിലേക്ക ചട്ടങ്ങൾ ഗവമ്മെണ്ട പാസ്സാക്കിയിട്ടുണ്ട്. അവ ഉടനെ പ്രസിദ്ധംചെയ്തു വേണ്ട നടപടികൾ നടത്തുന്നതാണ്.

ശ്രീ. ടി. വി. തേവൻ: അങ്ങനെ ഒരു ഉത്തരവു് ഏതെങ്കിലും താലൂക്കിൽ പോയിട്ടുണ്ടോ എന്നു ഗവമ്മെണ്ടിനു അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: എല്ലാ കുടികിടപ്പുകാരും പേർ രജിസ്റ്റർ ചെയ്യണമെന്നു നിയമത്തിൽതന്നെ വ്യവസ്ഥയുണ്ട്.

**MANNANKANDAM MALAYALAM PRIMARY SCHOOL**

*525. **Sri. N. P. Varghese:** Will the Hon'ble Minister for Education be pleased to state

(*a*) whether Government are in receipt of any representation from the people of Mannankandam, Muvattupuzha, for the opening of a Malayalam Primary School there;

(*b*) whether Government have sanctioned any amount to put up a school there; and

(*c*) where is the school to be opened ?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) Yes.

(*b*) No. The Labour Commissioner has promised to secure full support and monetary help from the public spirited citizens of the locality in putting up a building for the school. The building is being put up by the people of the locality.

(*c*) As early as possible.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഗവമ്മെണ്ടു് ആ സ്കൂളിനു് എന്തെങ്കിലും ഗ്രാൻറ നൽകുമോ?

ബഹു. ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: സ്കൂൾ തുടങ്ങിയിട്ടു വേണമല്ലൊ അവയെപ്പററി തീരുമാനിക്കുവാൻ.

ശ്രീ. എൻ. പി. വർഗ്ഗീസ്: സ്കൂൾ തീർന്നാൽ ഗ്രാൻറ നൽകുമെന്നു് ഒരു അഷ്വറൻസ് നൽകുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗ്രാൻറ നൽകുന്ന കാര്യത്തിനു് ഇപ്പോൾ അഷ്വറൻസ് നൽകുവാൻ സാദ്ധ്യമല്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇപ്പോൾ സ്കൂൾ കെട്ടിടം പണിയുന്ന സ്ഥലത്തിനു് അടുത്തെങ്ങും ഒരു സ്കൂളില്ലെന്നു ഗവമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ് കൂടാതെ ഇതു പറയുവാൻ നിവൃത്തിയില്ല.

### GRAZING GROUNDS

*526. **Sri. N. P. Varghese:** Will the Hon'ble Minister for Forests be pleased to state.—

(*a*) whether Government are in receipt of a petition by the citizens of Pindimana, Chelad, etc., in Kuttamangalam pakuthy for setting apart 300 acres of Forest land on the Kuttampuzha river side for grazing land (Muvattupuzha Taluk);

(*b*) are Government aware that though the Minister and the Conservator of Forests have approved the scheme, the orders implementing it have not been communicated; and

(*c*) what is the delay due to ?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) Yes.

(*b*) The matter is only under the consideration of Government.

(*c*) In view of answer to (*b*) this question does not arise.

ശ്രീ. എൻ. പി. വർഗ്ഗീസ്: ആറുമാസത്തിൽ കൂടുതലായി അതിനുവേണ്ടി നിവേദനം നടത്തിയിട്ടുണ്ടെന്നു ഗവമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെസംബന്ധിച്ച് ഉടനെ വേണ്ടതു് ചെയ്യാം.

### CULTIVATION OF FOREST LAND

*527. **Sri. N. P. Varghese:** Will the Hon'ble Minister for Forests be pleased to state.—

(*a*) the area leased out for cultivation from forests in Neriamangalam Range in 1123 and 1124;

(*b*) the amount of paddy purchased from forest cultivators in Neriamangalam Range in 1123 and 1124;

(*c*) whether the timber which stood on forest lands leased out in 1123 was felled and removed ; and

(*d*) what is the amount realised by the sale of timber from forest lands leased out for cultivation in 1123 ?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) 1124 .. 237 acres
1123 .. 1721 ,,

(*b*) No separate accounts were maintained showing the amount of paddy purchased in 1123 and 1124. During 1124, 25, 731 paras were purchased from forest cultivators.

(*c*) No. Trees above 50″ in girth were enumerated and reserved for extraction after harvest.

(*d*) Nil.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഫാറസ്റ്റ കമ്മിററി റിപ്പോട്ടനുസരിച്ചുള്ള വസ്തു കഴിയുന്നതും വേഗത്തിൽ കൊടുക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രമിക്കുന്നതാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇത്രവളരെ വനം പതിച്ചു കൊടുത്തിട്ടു വളരെ കുറച്ചു നെല്ലുമാത്രമേ ഗവമ്മെണ്ടിനു കിട്ടിയിട്ടുള്ളു എന്നറിയാമോ? അതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കറിഞ്ഞുകൂടാ.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ കാരണത്താൽ മേലാൽ അധികം സ്ഥലം കൃഷിക്കു കൊടുക്കാതിരിക്കുവാൻ വേണ്ടതു ചെയ്യുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉല്പാദനം കഴിയുന്നിടത്തോളം വർദ്ധിപ്പിക്കേണ്ട കാലമാണിതു്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ൨൫ പറയിൽ കൂടുതൽ നെല്ല് ഒരു ഏക്കറിനു ഗവമ്മെണ്ടിലേക്കു കിട്ടിയിട്ടുണ്ടെന്നു ഗവർമ്മെണ്ടിന് അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ സംബന്ധിച്ചു ഞാൻ കണക്കു കൂട്ടിനോക്കിയിട്ടില്ല.

**Sri. D. Gnanasigamony**: May I know whether Government are following any definite principle in granting leases of forest lands?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതൽ ഉൽപാദനം വർദ്ധിപ്പിക്കുവാൻ സൗകര്യപ്പെടുന്ന നിലയിലാണ് ഇതു് ചെയ്യുന്നതു്.

**Sri. D. Gnanasigamony**: I want to know whether lands were leased to *bona fide* cultivators?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ. അങ്ങനെയാണ് നയം.

ശ്രീ. എ. കെ. പാച്ചുപിള്ള: [illegible]-ൽ കൊടുത്ത സ്ഥലത്തു തടി വെട്ടിമാറ്റുവാൻ ഇത്ര കാലതാമസം എന്താണ്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ എനിക്ക് അതേക്കുറിച്ചു പറയുവാൻ സാദ്ധ്യമല്ല.

LIBRARY DEPARTMENT

*528. **Sri. N. P. Varghese:** Will the Hon'ble Minister for Education be pleased to state:

(*a*) whether Government are aware of the increasing interest in libraries for the people and the country wide organisation of libraries in all villages by the efforts of the All Travancore Library Association ; and

(*b*) will Government be pleased to appoint librarians for every taluk central library on a reasonable monthly salary and to grant an allowance for all village librarians so as to meet their living expense to allow them to devote their full time for library work ?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) Yes.

(*b*) The question will be considered when Government are convinced of the necessity therefor.

ശ്രീ. എൻ. പി. വർഗ്ഗീസ്: ലൈബ്രേറിയനെ നിയമിക്കാത്തപക്ഷം ആ ലൈബ്രറി നടക്കാതെ വരുമെന്നു ഗവർമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലൈബ്രേറിയൻ ഇല്ലെങ്കിൽ ലൈബ്രറി നടക്കുകയില്ല. ഉണ്ടെങ്കിൽതന്നെയും ചിലതു നടക്കുന്നില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: അതുകൊണ്ടു് ലൈബ്രേറിയൻസിനെ നിയമിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു ആവശ്യം വരുമ്പോൾ നിയമിക്കുന്നതാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്: നിയമനം എന്നത്തേക്കു നടത്താൻ സാധിക്കും?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ സംബന്ധിച്ചു് ഒരു റിപ്പോർട്ടു ഗവർമ്മെണ്ടിന്റെ കയ്യിലുണ്ട്.

അതനുസരിച്ചു വേണ്ടവണ്ണം പ്രവർത്തിക്കുന്നതാണ്. ലൈബ്രറി പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കണമെന്നുള്ളതാണ് ഗവർമ്മെണ്ടിന്റെ ഉദ്ദേശം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ലൈബ്രേറിയൻ ഇല്ലാത്ത ഏതെങ്കിലും ലൈബ്രറിയുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയായിരുന്നു ചോദ്യം.

ശ്രീ. പൊന്നറ ജി. ശ്രീധർ: സ്ഥലത്തുള്ള ഹെഡ്മാസ്റ്റരന്മാരാണ് ലൈബ്രേറിയൻസ് എന്നറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു സ്കൂൾ ലൈബ്രറിയെ സംബന്ധിച്ചുള്ളതാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: [illegible]-ൽ ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ കൊടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പണം ഗവർമ്മെണ്ടു ഡ്രാ ചെയ്തു വെച്ചിട്ടുണ്ട്. റിപ്പോർട്ടു കിട്ടിയപ്പോൾ കർക്കടകം പകുതിയിൽ അധികം കഴിഞ്ഞിരുന്നു. ലൈബ്രറി കമ്മിറ്റിയുടെ ശുപാർശയനുസരിച്ചു് അതു വിതരണം ചെയ്യുന്നതാണ്.

**Sahib Bahadur A. Abdul Razaak:** May I know the report referred to by the Minister?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലൈബ്രറി ഗ്രേഡേഷൻ കമ്മിറ്റി ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. അതേപ്പററിയാണ് ഞാൻ പറഞ്ഞതു്.

## CONSTRUCTION OF PUBLIC LATRINES

*529. **Sri. N. P. Varghese:** Will the Hon'ble Minister for Public Health be pleased to state.—

(*a*) whether Government are aware that road-drains and river banks and river beds near towns are dirtied and defiled by using them as places for answering calls of nature;

(*b*) are Government aware that it could be remedied by constructing public latrines with septic tank in all towns with a population of over 3,000; and

(*c*) will Government be pleased to call for a scheme to remedy the abovesaid defect by implementing the scheme at once?

**The Hon'ble Sry. Annie Mascarene:**

(*a*) Yes.

(*b*) It could be partly remedied by constructing sanitary latrines.

(*c*) The question will be taken up according to the availability of funds.

ശ്രീ. എൻ. പി. വർഗ്ഗീസ്: എന്നത്തേക്ക് ഇതു എടുക്കുവാൻ സാധിക്കും.

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഫണ്ട്സ് ഉണ്ടായാൽ ഉടൻതന്നെ.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഫണ്ടു് വെറുതെ ഉണ്ടാകയില്ലെന്നു് അറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഫണ്ടു് ഉണ്ടാകുമെന്നുള്ളതു് നിശ്ചയമാണു്. It is only a question of time.

**Sri. N. P. Varghese:** May I know how much time will it take for Government to be in possession of the available funds?

**The Hon'ble Sry. Annie Mascarene:** I claim notice.

**Sahib Bahadur A. Abdul Razaak:** May I know how much funds are needed now?

**The Hon'ble Sry. Annie Mascarene:** I want notice.

**Sri. N. P. Varghese:** May I know, have the Government a scheme with regard to that?

**The Hon'ble Sry. Annie Mascarene:** Surely Government have a scheme and it is being acted up to.

## സാങ്കേതികമായ ഉപരിപഠനം

* ൫൩൦. ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൃഷി, ഡെയിറിംഗ്, എൻജനിയറിംഗ്, ഇലക്ട്രിസിററി, ടെലഫോൺ മുതലായവയിൽ സാങ്കേതികമായ ഉപരിപഠനവും പരിശീലനവും സമ്പാദിക്കുന്നതിനു ഗവൺമെണ്ടിൽനിന്നു് എത്രപേരെ വിദേശങ്ങളിലേക്കു് അയച്ചിരുന്നു;

(ബി) അവരുടെ പേരുകൾ എവ;

(സി) അവരിൽ ആരെല്ലാം മടങ്ങിയെത്തി;

(ഡി) മടങ്ങിയെത്തിയവരെ ഏതെല്ലാം സ്ഥാനങ്ങളിൽ നിയമിച്ചു;

(ഇ) അവരുടെ പരിശീലനം രാജ്യത്തിനു് പ്രയോജകീഭവിക്കത്തക്കവണ്ണം പദ്ധതികൾ ഗവൺമെണ്ടിൽനിന്നും ആസൂത്രണം ചെയ്തിട്ടുണ്ടോ;

(എഫ്) അങ്ങനെ പദ്ധതികൾ ഇല്ലാത്തപക്ഷം അവരുടെ പരിശീലനവും ഗവൺമെണ്ടു് അവർക്കായിട്ടു മുടക്കിയ പണവും രാജ്യത്തിനു നഷ്ടപ്പെടുകയാണെന്നു് അറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

(എ) ൨൪ പേരെ.

(ബി) ലിസ്ററു് താഴെ ചേർത്തിരിക്കുന്നു.

(സി) ഒരാൾ ഒഴിച്ചു് എല്ലാവരും മടങ്ങിയെത്തി.

(ഡി) ചിലരെ അവരവരുടെ പഴയ ലാവണത്തിലും മററു ചിലരെ പുതിയ ഉദ്യോഗങ്ങളിലും നിയമിച്ചിട്ടുണ്ടു്. ബാക്കിയുള്ളവരുടെ സേവനങ്ങൾ ഉപയോഗിക്കുന്ന പ്രശ്നം ഗവൺമെണ്ടു ശ്രദ്ധയിൽ ഇരിക്കുന്നു.

(ഇ) മിക്കവാറും പേരുടെ കാര്യത്തിൽ ഉണ്ടു്.

(എഫ്) "ഇ" ഭാഗം ഉത്തരത്തിലേക്കു് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

## List referred to in (*b*)

| | Name of Trainee | Subject for which trained | Date of return | Post to which appointed after return |
|---|---|---|---|---|
| 1. | Mr. K. Govinda Pillai | To specialise in Transmission Engineering | 23—3—1949 | Ag. Sub-Engineer, P. W. D. |
| 2. | „ E. U. Alexander | To specialise in Power Station | 22—12—1948 | 2nd Grade Supervisor, P. W. D. |
| 3. | „ K. G. Seshan | do. | 31—8—1948 | do. |
| 4. | „ S. Peer Mohammed | To specialise in Transmission Engineering | 24—11—1948 | do. |
| 5. | „ G. Ramanathan | To specialise in Communication Engineering | 7—2—1948 | Lecturer, Engineering College |
| 6. | „ P. Ramankutty Nayar | do. | 18—8—1948 | Radio and Broadcasting Station |
| 7. | „ K. Madhavan Nayar | For training in Soil Biology | 21—7—1948 | Botanist, Agricultural Department (Rice Breeding Scheme) |
| 8. | „ K. C. Mathew | For training in Dairying | 18—12—1947 | Agricultural Inspector |
| 9. | „ M. Sukumaran Nayar | For training in Soil Conservation | 26—7—1948 | do. |
| 10. | „ K. V. Mani | For training in Poultry Husbandry | 26—11—1948 | Under consideration |
| 11. | „ K. V. Thomas | For training in Fruit and Vegetable preservation | 26—11—1948 | Agricultural Inspector |
| 12. | „ V. Padmanabhan | For training in Dairy Technology | 26—11—1948 | Veterinary Inspector |
| 13. | „ K. Jacob Thomas | For training as a Municipal Engineer | 7—5—1948 | Ag. Sub-Engineer |
| 14. | Miss Leela George | For training in Town Planning and Architecture | 1—5—1948 | 2nd Grade Supervisor |
| 15. | Mr. M. Mangalabhanu | For training in Hydraulic Engineering | 1—12—1948 | Ag. Sub-Engineer |
| 16. | „ P. H. Vaidyanathan | do. | 28—4—1948 | Assistant Engineer |
| 17. | „ V. P. Narayanan Nayar | For training as a Municipal Engineer | (Not returned) | |
| 18. | „ R. Ramachandra Ayyar | For factory training in Plastics and Rayon | 31—12—1948 | Lecturer, University College |
| 19. | „ M. Sankara Ayyar | For training in Mechanical Engineering specially workshop organisation, tools, production | 17—11—1948 | Lecturer, Engineering College |
| 20. | „ K. C. Chacko | For training in Structural Engineering reinforced concrete and steel fabrication | 8—12—1947 | do. |
| 21. | „ J. C. Alexander | To obtain higher training in architecture, regional planning and building construction | 11—2—1949 | 1st Grade Lecturer, Engineering College |
| 22. | „ S. Arumughom | Operation Chemical Engineer in Cellulose Industry, specialisation in manufacture of pulp, paper, rayon derivatives of cellulose | 26—3—1949 | In the Rayon Factory |
| 23. | „ K. Z. George | For training in Mining of Minerals | 19—2—1949 | Under consideration |
| 24. | „ K. K. Sankunni Nayar | Chemical Engineering in utilisation of fuels, low temperature carbonisation of low grade fuel and semi liquidated wood | 5—7—1948 | Has joined in the Fertilisers and Chemicals (Travancore) Ltd., Alwaye |

ശ്രീ. കെ. എ. മാത്യു: ഇങ്ങനെ പരിശീലനം കഴിഞ്ഞുവന്നവരുടെ സേവനം ഉപയോഗപ്പെടുത്തത്തക്കവണ്ണം ഗവൺമെന്റിന് അവരെ അയക്കുമ്പോൾ എന്തെങ്കിലും സ്കീം ഉണ്ടായിരുന്നോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അവർ മടങ്ങിഎത്തുമ്പോൾ ഇന്ന വിധത്തിൽ അവരുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന് ഒരു സ്കീം ഇല്ലായിരുന്നു.

ശ്രീ. കെ. എ. മാത്യു: അങ്ങനെ യാതൊരു സ്കീമും ഇല്ലാതെ അവരെ പരിശീലനത്തിന് അയച്ചതിന്റെ ഉദ്ദേശം എന്താണ്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അവരെ അയച്ചതു് ഇന്നത്തെ ഗവൺമെണ്ടല്ല. അവരെ അയച്ചവരാണ് അതിന് ഉത്തരവാദികൾ.

ശ്രീ. കെ. എ. മാത്യു: ഗവൺമെണ്ടാണല്ലൊ അവരെ അയച്ചതു്.

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതെ.

ശ്രീ. കെ. എ. മാത്യു: അപ്പോൾ അതിന്റെ ചുമതലയും ഗവൺമെണ്ടിനല്ലേ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതേസംബന്ധിച്ച് ആലോചിച്ചുവരികയാണ്.

ശ്രീ. വി. ഗംഗാധരൻനായർ: ഈ ആലോചനക്ക് ഒരു അവസാനം ഉണ്ടാകുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അവസാനം ഉണ്ടാകണമല്ലൊ.

ശ്രീ. കെ. എസ്സ്. ജോസഫ്: സ്റ്റാറ്റിസ്റ്റിക്സ് സംബന്ധിച്ച് പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ളവർ ഇവിടെയുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ൨൪ പേരെ അയച്ചു. ആ കൂട്ടത്തിൽ സ്റ്റാറ്റിസ്റ്റിക്സ് സ്പെഷ്യലിസ്റ്റ് ഇല്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: അങ്ങനെ ഒരാളെ അയക്കുവാൻ ആലോചിക്കുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ആലോചിക്കാം.

ശ്രീ. കെ. എസ്സ്. മാത്യു: അഗ്രിക്കൾച്ചറൽ എഞ്ചിനീയറിങ്ങ് സംബന്ധിച്ചു പഠിച്ചിട്ടുള്ളവർ ഉണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അങ്ങനെ ഒരു ക്ലാസിഫിക്കേഷൻ കാണുന്നില്ല.

ശ്രീ. കെ. എ. മാത്യു: അലക്സാണ്ടർ എന്നൊരാളെ എഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടിൽനിന്നും അയച്ചിട്ടുള്ളതായി ഗവൺമെണ്ടിന് അറിയാമോ?

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: അദ്ദേഹം മാർത്തോമ്മാക്കാരനാണോ? (ചിരി)

ശ്രീ. കെ. എ. മാത്യു: അദ്ദേഹം ഒരു തമിഴനാട്ടുകാരനാണോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: തമിഴനാട്ടുകാരനും നായരുമല്ലന്നാണ് എന്റെ അറിവ്.

## പരാതി

*൫൩൧. ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പോലീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിൽ എഴുമററൂർ പകുതിയിൽവെച്ച് ൧൧൨൮ ഇടവം ൨൦-ാംനു- സ്ഥലവാസിയായ ശ്രീ. കുറപ്പിനെ കീഴ്വായ്പൂർ പോലീസ് സ്റ്റേഷനിലെ ഹെഡ്കാൺസ്റ്റബിൾ ശ്രീ. ഗോവിന്ദൻ അവിടത്തെ പോലീസ് ഇൻസ്പെക്ടരുടെ സാന്നിദ്ധ്യത്തിൽ അകാരണമായി ദേഹോപദ്രവം എല്പിച്ചതിനെപ്പററി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികൾ കൈക്കൊണ്ടു;

(സി) കീഴ്വായ്പൂർ പോലീസിനെപ്പററി ധാരാളം പരാതികൾ ഉള്ളതായി ഗവൺമെണ്ടിന് അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ടു്.

(ബി) അന്വേഷണത്തിൽ പരാതികൾ കളവാണെന്നു തെളിഞ്ഞു.

(സി) ചില പരാതികൾ കിട്ടിയിട്ടുണ്ട്. അന്വേഷണത്തിൽ കുററക്കാരെന്നു കണ്ട വരെ ശിക്ഷിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: മിസ്റ്റർ കുറപ്പിനെ ദേഹോപദ്രവം ചെയ്തുവെന്നുള്ള പരാതി അടിസ്ഥാനരഹിതമാണെന്നാണൊ ഞാൻ മനസ്സിലാക്കേണ്ടതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ കുററം ചെയ്തതായി തെളിഞ്ഞിട്ടില്ല.

ശ്രീ. കെ. എ. മാത്യു: തിരുവല്ലാ താലൂക്കിനെ പ്രതിനിധീകരിക്കുന്ന ഒരു മെമ്പരായ ഞാൻ എ.എസ്സ്.പി.യെ. കൊണ്ടു് പരാതിയെപ്പററി അന്വേഷിപ്പിച്ചു അതു സത്യമാണെന്നു അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നു പറഞ്ഞാൽ ഗവമെന്റു് അതു വിശ്വസിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തീച്ചയായും മിസ്റ്റർ മാത്യു പറഞ്ഞാൽ അതു വിശ്വസിക്കും.

**Sri. P. Balakrishnan Thampi:** May I know from Government whether any member of the legislature is expected to intervene in the executive work of the Government? If so, I will be doing an injustice to my constituency. I want an answer from the responsible quarters on this point now before the House.

**Mr. Speaker:** There is no occasion for putting this question to Government. No statement has been made by Government on this subject so as to justify the question.

**Sri. P. Balakrishnan Thampi:** The Speaker can enlighten me on this if not the Minister.

**Mr. Speaker:** The question does not arise.

ശ്രീ. കെ. എ. മാത്യു: കീഴ്‌വായ്പൂർ ഇൻസ്പെക്ടരേയും പോലീസുകാരേയുംപററി കിട്ടിയിട്ടുള്ള പരാതികളെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പററിയാണു് ഉത്തരത്തിൽ പറഞ്ഞതു്. പരാതികൾ കിട്ടിയിട്ടുണ്ട്. അവയെപ്പററി അന്വേഷണം നടത്തിയതിന്റെ ഫലമായി രണ്ടു പോലീസ് കോൺസ്റ്റബിൾമാരെ ശിക്ഷിച്ചിട്ടുമുണ്ടു്. അതിന്റെ വിവരങ്ങൾ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്.

## സിമന്റ് വില്പന

* ഔമവ. ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാവൻകൂർ സിമന്റ് കമ്പനിയും ഗവമെന്റും തമ്മിൽ സിമന്റ വില്പനയിൽ ഗവമെന്റാവശ്യത്തിനു മുൻഗണന നൽകണമെന്നു് ഒരു എഗ്രീമെന്റു് ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ആ ഉടമ്പടിപ്രകാരം സിമന്റ് ഗവമെന്റു് എടുത്തുതുടങ്ങിയോ;

(സി) എം. സി. റോഡു് പ്രസ്തുത കമ്പനിയിലെ സിമന്റുകൊണ്ടു കോൺക്രീററു് ചെയ്യുന്നതിനു ഗവമെന്റു എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത കമ്പനിക്കു ഗവമെന്റു അഡ്വാൻസ് ചെയ്തിട്ടുള്ള തുകയ്ക്കു സിമന്റു എടുത്തു എം. സി. റോഡിന്റെ ഏതാനും ഭാഗമെങ്കിലും കോൺക്രീററു് ചെയ്യുന്നതിനു ആരംഭിക്കുവാൻ ആലോചിക്കുമോ?

ബഹു. ശ്രീ. എ.ൻ. കുഞ്ഞുരാമൻ:

(എ) ഉണ്ടു്.

(ബി) തുടങ്ങി.

(സി) ഇല്ല.

(ഡി) ആലോചിക്കാം.

ചെങ്ങന്നൂർ സർക്കാർ ഇംഗ്ലീഷ് ഹൈസ്കൂൾ

*൫൩൩ ശ്രീ. കെ. എ. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സ്വയം മറുപടി നൽകുമോ —

(എ) ചെങ്ങന്നൂർ സർക്കാർ ഇംഗ്ലീഷ് ഹൈസ്കൂളിന്റെ (ബോയ്സ്) ആവശ്യത്തിലേക്ക് പുതുതായി പണിതുവരുന്ന കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ട് എത്ര കൊല്ലമായി;

(ബി) പണി പൂർത്തിയാക്കാത്തതുമൂലം കുട്ടികളും അദ്ധ്യാപകന്മാരും വളരെ ക്ലേശിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ;

(സി) ഇതുപോലെ പല സ്കൂൾകെട്ടിടങ്ങൾ പണി പൂർത്തിയാകാതെ കിടപ്പുണ്ടെന്നു ഗവമ്മെണ്ടിനു അറിയാമോ;

(ഡി) ഇതിൽ പ്രകടമായിരിക്കുന്ന അനാസ്ഥക്കു എന്തു പരിഹാരമാർഗ്ഗമാണ് ഗവമ്മെണ്ട് സ്വീകരിക്കുന്നതു്?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഏകദേശം രണ്ടുകൊല്ലമായി.

(ബി) കുറെ അസൌകര്യങ്ങൾ അനുഭവിച്ചേക്കാനിടയുണ്ടെന്നറിയാം.

(സി) അറിയാം; എന്നാൽ പല കെട്ടിടങ്ങളുടേയും പണി നടന്നുവരികയുമാണ്.

(ഡി) കഴിയുന്നതും വേഗത്തിൽ പണികൾ തീർക്കുന്നകാര്യത്തിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെണ്ടിനോടു കൂടക്കൂടെ ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണ്.

ശ്രീ. കെ. എ. മാത്യു: ഇപ്പോൾ അവിടെ പണി നടക്കുന്നതായി ഗവമ്മെണ്ടിനു അറിയാമോ?

ബഹു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നോ ഈ അടുത്തകാലത്തോ പണി നടക്കുന്നുണ്ടോ ഇല്ലയോ എന്നു പറയുവാൻ നോട്ടീസ്സു വേണം.

ശ്രീ കെ. എ മാത്യു: എട്ടു മാസമായി അതു് നടക്കുന്നില്ലെന്നു പറഞ്ഞാൽ ഗവമ്മെണ്ട് വിശ്വസിക്കുമോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി അന്വേഷിക്കാം.

## INDUSTRIAL ESTABLISHMENTS

*534. **Sri. P. T. Chacko:** Will the Hon'ble Minister for Labour be pleased to state.—

(*a*) the number of industrial establishments in the State wherein fifty or more workmen are employed;

(*b*) the number of industrial establishments the employers of which have submitted Draft Standing Orders under Section 3 of the Standing Orders Act;

(*c*) the number of industrial establishments in the State, if any, in respect of which standing orders have been finally certified; and

(*d*) whether the Government have prosecuted any employer under section 13 of the Standing Orders Act and if so the number of such prosecutions?

**The Hon'ble Sri. Panampilly Govinda Menon:**

(*a*) 275 Industrial Establishments falling within the category of Factories as defined in the Factories Act.

(*b*) 110.

(*c*) Nil.

(*d*) None.

ശ്രീ പി. കെ. ഡീവർ: സ്റ്റാണ്ടിംഗ് ആർഡേഴ്സ് അയക്കാത്ത കമ്പനികൾ ഇല്ലെന്നാണൊ ഗവമ്മെണ്ടു പറയുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ലെന്നു പറഞ്ഞതു സി.യെപ്പററിയാണ്.

ശ്രീ. പി. കെ. ഡീവർ: ബി.യിൽ പറയുന്ന ഡ്രാഫ്ററ സ്റ്റാൻഡിംഗ് ആർഡേഴ്സ് അയക്കാത്ത കമ്പനികൾ എതെങ്കിലും ഉണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നു തീച്ചയാണല്ലൊ. ഉത്തരത്തിൽ നിന്നുതന്നെ അതു് അറിയാൻ കഴിയും. ൧൬൫ കമ്പനിക്കാർ സ്റ്റാൻഡിംഗ് ആർഡേഴ്സ് അയച്ചിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: അയക്കാത്ത കമ്പനികളുടെ പേരിൽ വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു നോട്ടീസ്സുകൂടാതെ പറയാൻ സാധിക്കയില്ല.

ശ്രീ. പി. കെ. ഡീവർ: ബി. യിൽ പറയുന്ന സ്റ്റാൻഡിംഗ് ഓർഡേസ് അയക്കാത്ത കാരണത്താൽ ആരെയെങ്കിലും പ്രാസിക്യൂട്ട ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. പി. കെ. ഡീവർ: ഇല്ലെന്നു പറയുന്നതുകൊണ്ടു അങ്ങനെ ചെയ്യേണ്ടകാര്യം ഒന്നും ഉണ്ടായിട്ടില്ലെന്നാണൊ മനസ്സിലാക്കേണ്ടതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല. പ്രാസിക്യൂഷൻ അവസാനത്തെ കയ്യാണു്. അതിനുമുമ്പു് സമാധാനം ചോദിക്കുകമുതലായ പല നടപടികളും ഉണ്ടു്.

ശ്രീ. പി. കെ. ഡീവർ: ആക്ട് പാസ്സായി ആറു മാസത്തിനുള്ളിൽ ഡ്രാഫ്റ്റ് സ്റ്റാൻഡിംഗ് ഓർഡേസ് അയക്കണമെന്നല്ലെ നിയമം?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇത്രമാസത്തിനകം അയക്കണമെന്നുള്ള കാര്യം എനിക്കു നല്ല നിശ്ചയമില്ല.

ശ്രീ. പി. കെ. ഡീവർ: ഡ്രാഫ്റ്റ് സ്റ്റാൻഡിംഗ് ഓർഡേസ് അയക്കുന്നതിനുണ്ടായ ഈ താമസത്തെപ്പറ്റി ഗവമ്മെണ്ടു അന്വേഷിക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീച്ചയായും അന്വേഷിക്കും.

ശ്രീ. പി. കെ. ഡീവർ: ഡ്രാഫ്റ്റ് സ്റ്റാൻഡിംഗ് ഓർഡേസ് ഇല്ലാത്തതുകൊണ്ടു് തൊഴിലാളികളെ പിരിച്ചുവിടുന്നതിനും, തൊഴിലാളികളുടെ അവകാശങ്ങളെ നിഷേധിക്കുന്നതിനും ഇൻഡസ്ത്രിയൽ എസ്റ്റാബ്ലിഷ്മെണ്ടുകാക്കു വളരെ എളുപ്പം കൊടുക്കുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിനു അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. പി. കെ. ഡീവർ: സ്റ്റാൻഡിംഗ് ഓർഡേസ് അയക്കാത്ത ആളുകളുടെ പേരിൽ തക്കതായ നടപടികൾ നടത്താൻ ഗവമ്മെണ്ടു തയ്യാറാകുമോ? വല്ല ഉദ്യോഗസ്ഥന്മാരുടേയും വീഴ്ചകൾകൊണ്ടാണു് ഇതു് സംഭവിച്ചിട്ടുള്ളതെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിലും നടപടികൾ നടത്തുമോ?

ബഹു. ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: തീച്ചയായും.

## OFFENCES UNDER INDUSTRIAL DISPUTES ACT

*535. **Sri. P. T. Chacko:** Will the Hon'ble Minister for Labour be pleased to state.—

(*a*) whether the Government have launched any complaint or have accorded the necessary permission for making a complaint against any employer or employee for offences under Chapter VI The Travancore Industrial Disputes Act; and

(*b*) if so, the number of complaints thus made?

**The Hon'ble Sri. Panampilly Govinda Menon:**

(*a*) No.

(*b*) This question does not arise in view of answer to question (*a*).

## AWARD IN THE ADJUDICATION OF THE INDIAN ALUMINIUM FACTORY

*536. **Sri. P. T. Chacko:** Will the Hon'ble Minister for Labour be pleased to state.—

(*a*) whether the Government have published the award in the adjudication between the Employers of the Indian Aluminium Factory, Alwaye and the workers therein;

(*b*) the date of the award and the date of its publication if published;

(*c*) whether the award is still in force;

(*d*) whether the Government have taken any steps to enforce the award against the employers; and

(*e*) whether the Government intend to take any steps in the matter?

**The Hon'ble Sri. Panampilly Govinda Menon:**

(*a*) No.

(*b*) The date of the award is 6th January 1947,

(*c*) No.

(*d*) All the recommendations in the award except one relating to profit sharing have been implemented by the Management at the instance of the Labour Department.

(*e*) No further action is called for in the matter.

ശ്രീ. എ. കെ. ജോർജ്ജ്: പ്രാഫിററ് ഷെയറിംഗിനെപ്പററിയുള്ള ഭാഗം നടപ്പിലാക്കാതിരിക്കാൻ ഉള്ള കാരണമെന്താണ്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെ സംബന്ധിച്ചു സ്റ്റേററ് അവലംബിക്കേണ്ട നയമെന്താണെന്നു അവസാനമായി തീരുമാനിക്കപ്പെടാതിരിക്കുന്നതുകൊണ്ടായിരിക്കണം.

ശ്രീ. വി. ഗംഗാധരൻ നായർ: ഇൻഡ്യാഗവമെൻറിന് ഒരു പ്രാഫിററ്ഷെയറിംഗ് സ്കീം ഉള്ളതായി അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം. അതിനെപ്പററി പല പര്യാലോചനകളും നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ അവസാനതീരുമാനം ഉണ്ടായിട്ടില്ല.

ശ്രീ. എ. വി. ജോസഫ്: ഈ അവാർഡ് പരസ്യപ്പെടുത്താതിരിക്കാൻ വല്ല പ്രത്യേകകാരണവുമുണ്ടോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുവേണം.

## MINIMUM WAGES ACT

***537. Sri. P. T. Chacko:** Will the Hon'ble Minister for Labour be pleased to state whether the Government have taken any steps under Section 5 of the Minimum Wages Act (Act IV of 1124) in fixing Minimum wages in respect of any of the scheduled employment?

**The Hon'ble Sri. Panampilly Govinda Menon:** Rules are being framed.

ശ്രീ. പി. കെ. ഡീവർ: എത്രകാലമായി ഈ മിനിമം വേജസ് ആക്ട് പാസാക്കിയിട്ട്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അഞ്ചുമാസമായി.

ശ്രീ. പി. കെ. ഡീവർ: കൊച്ചിയിൽ ഇതു പാസായിട്ടു എത്രകാലമായി?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലധികമായി.

ശ്രീ. പി. കെ. ഡീവർ: ആക്ടിൻപ്രകാരമുള്ള പ്രവൎത്തനം നടത്തുന്നതിലേക്ക് ഒരു മെഷ്യനറിയുണ്ടാക്കുന്നതിനു ഗവമെൻറ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൃഷിത്തൊഴിലാളികൾക്കു മിനിമം വേജസ് എന്താണു ഫിക്സു ചെയ്യേണ്ടതു എന്നുള്ളതിന് ഒരു മെഷ്യനറി ഇൻഡ്യാഗവമെൻറ് ഉണ്ടാക്കിയിട്ടുണ്ട്. അതിനോടു ഈ ഗവമെൻറും സഹകരിക്കാമെന്നു തീരുമാനിച്ചിട്ടുമുണ്ട്.

ശ്രീ. പി. കെ. ഡീവർ: മിനിമം വേജസ് ആക്ട് പ്രകാരം ഇൻഡസ്ട്രിയിലിനെ സംബന്ധിച്ച് ഒരു കൊല്ലത്തിനുള്ളിലും അഗ്രികൾച്ചറലിനെ സംബന്ധിച്ചു രണ്ടു കൊല്ലത്തിനുള്ളിലും മിനിമം വേജസിനെപ്പററിയുള്ള തീരുമാനം ഉണ്ടാക്കണമെന്നു വ്യവസ്ഥയില്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ആക്ട് ഇന്ത്യാഗവമെൻറിൻെറ മിനിമം വേജസ് ആക്ട് അനുസരിച്ചു ഉണ്ടാക്കിയിട്ടുള്ളതാണ്. ഇക്കാൎയ്യത്തിൽ ഇന്ത്യാ ഗവമെൻറുമായി സഹകരിച്ച് പ്രവൎത്തിക്കണമെന്നാണു ഈ ഗവമെൻറിൻെറ തീരുമാനം. ഇന്ത്യയ്ക്കു മുഴുവൻ ബാധകമായ കാര്യങ്ങൾ അല്ലാതെ മററു കാൎയ്യങ്ങൾക്ക് ഈ നിയമം ബാധകമാക്കുന്നപക്ഷം മററു പല വിഷമങ്ങളും ഉണ്ടാകുന്നതാണ്.

## UNFAIR PRACTICES OF EMPLOYERS

***538. Sri. P. T. Chacko:** Will the Hon'ble Minister for Labour be pleased to state,—

(*a*) whether representations were made to the Government by the secretary of the Estate Staffs Union of South India (Travancore) and other Trade Union Workers regarding unfair practices on the part of certain employers;

(*b*) whether the Government have taken any steps in the matter ;

(*c*) whether the Registrar has made any complaint to any Court of Law under Section 32 Trade Unions Act against any employer for unfair practices ;

(*d*) whether the Registrar has accorded sanction to anyone under Section 32 Trade Unions Act for preferring a complaint ; and

(*e*) whether the Labour Department has instructed any workmen victimised by an employer by means of unfair practices coming under Section 27 J of the Trade Unions Act to launch a complaint under Section 32 of the same Act ?

**The Hon'ble Sri. Panampilli Govinda Menon :**

(*a*) No.
(*b*) This question does not arise in view of answer to question (*a*).
(*c*) No.
(*d*) No.
(*e*) This does not require any special instruction as it is the proper legal procedure.

### ENGLISH HIGH SCHOOL FOR GIRLS, QUILON

***539. Sri. P. Kunjukrishnan :** Will the Government be pleased to state :—

(*a*) whether Government have received any representation regarding the necessity of starting a Government English High School for Girls in Quilon town ; and

(*b*) if the answer is in the affirmative, what steps they have taken on it ?

**The Hon'ble Sri. Panampilli Govinda Menon :**

(*a*) Yes.
(*b*) The question is engaging the attention of Government.

ശ്രീ. കെ. എ. മാത്യു: ഇതിനെപ്പററി ഡയറക്ടർ എന്തെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. അതേപ്പററി ഗവമെന്റ ആലോചിച്ചുവരികയാണ്.

ശ്രീ. കെ. എ. മാത്യു: അനുകൂലമായോ പ്രതികൂലമായോ റിപ്പോർട്ട് ചെയ്തിരിക്കുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സാധാരണയായി ഡിപ്പാർട്ടുമെന്റിൽനിന്നും ഗവമെന്റിലേക്കു അയയ്ക്കുന്ന റിപ്പോർട്ടുകളുടെ ഉള്ളടക്കം പറയുക പതിവില്ല.

### PRICE OF FOOD STUFFS

***540. Sri. P. Kunjukrishnan :** Will the Government be pleased to state :—

(*a*) whether Government are aware that the price of ordinary food stuffs is rising day by day out of all proportion to the average income of the common man ; and

(*b*) if so what steps they propose to take in order to combat the situation ?

**The Hon'ble Sahib Bahadur T. A. Abdulla :**

(*a*) Government are aware that in relation to the average income of the common man the price of food stuffs is some what high. But the price is not rising day by day. The price of rice and other controlled foodgrains is fixed. The price of tapioca is lower than in the previous years.

(*b*) By control and rationing of foodgrains and by banning and restricting the export of foodstuffs Government are effectively preventing rise in price of foodstuffs.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ആഹാരസാധനങ്ങളായ വ്യഞ്ജനങ്ങളും, പയറ്, മലക്കറി മുതലായവയുടെ വില കച്ചവടക്കാർ ഇഷ്ടംപോലെ കൂട്ടിക്കൂട്ടിക്കൊണ്ടിരിക്കുകയാണെന്ന് ഗവമെണ്ടിനു് അറിയാമൊ?

ബഹു. സാഹിബ് ബഹദൂർ ററി. എ. അബ്ദുള്ള: അങ്ങിനെ അറിവില്ല.

**Sri. P. Balakrishnan Thampi :** May I know whether the Government are doing anything to regulate the cost of living ?

**The Hon'ble Sahib Bahadur T. A. Abdulla :** No.

### TAPIOCA CULTIVATION

***541. Sri P. Kunjukrishnan:** Will the Government be pleased to state the acreage under tapioca cultivation in the State during the years 1120, 1121, 1122, 1123 and 1124, and the total quantity of tapioca produced in each of the above years?

**The Hon'ble Sri. E. Ikkanda Warrier:**

1120—4,91,530 acres in Travancore alone.
1121—4,95,075 acres in Travancore and Cochin.
1122– 18,395 acres in Cochin alone.
1123—18,395 acres in Cochin alone.

Figures relating to acerage for 1122, 1123 and 1124 in Travancore and that for 1120 in Cochin are not available.

The average production in Travancore is 3 to 5 tons and that in Cochin is 2 tons per-acre. No statistics have been collected in regard to the annual production of tapioca.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കൃഷി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഗവൺമെന്റിൽനിന്നും നല്ല മരച്ചീനി കൃഷി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: വലിയ തോതിൽ നടത്താൻ ഉദ്ദേശിക്കുന്നില്ല

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇവിടെ നിന്നും ഇന്ത്യാ ഗവൺമെന്റിലേക്കു് മരച്ചീനിത്തടി അയച്ചുകൊടുത്തിട്ടുണ്ടെന്നു അറിയാനിടയായി. ഏതെല്ലാം ഇനങ്ങളിലുള്ള മരച്ചീനിക്കമ്പുകളാണു അയച്ചിട്ടുള്ളതെന്നു പറയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഇന്ത്യാഗവൺമെന്റു മററു പ്രവിശ്യാഗവൺമെന്റുകളോടു മരച്ചീനിക്കമ്പു അയച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടകൂട്ടത്തിൽ ഈ ഗവൺമെന്റിനോടും ആവശ്യപ്പെടുകയും ആവശ്യപ്പെട്ട മരച്ചീനിക്കമ്പുകൾ അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. നല്ലതരങ്ങൾ നോക്കിയാണു അയച്ചുകൊടുത്തിട്ടുള്ളതു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഏതെല്ലാം ഏജൻസികൾ മുഖേനയാണു മരച്ചീനിക്കമ്പുകൾ അയച്ചുകൊടുത്തിട്ടുള്ളതെന്നു പറയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അതിനു നോട്ടീസു വേണം.

**Mr. Speaker:** There is a short notice question, Mr. M. I. Paul

### SHORT NOTICE QUESTION

### TENANCY BILL

**2. Sri. M. I. Paul:** Will the Hon'ble Minister be pleased to state.—

(a) whether there was any sitting of the Select Committee to consider about the tenancy bill that was introduced in the Cochin Legislative Assembly and sent to the said Committee, if so how many sittings;

(b) when the report of the Select Committee will be submitted to the Legislative Assembly; and

(c) have the Government any idea to have a uniform tenancy bill both for Cochin and Travancore to be introduced in the Legislative Assembly, if so, when?

**The Hon'ble Sri. T. K. Narayana Pillai:** (a) Yes. There were 17 sittings of the Committee.

(b) The Select Committee has made its report to the President of the Cochin Legislative Assembly and the said report is published in the issue of the Cochin Government Gazette dated 30th June 1949.

(c) The matter is engaging the attention of Government.

ശ്രീ. എം. ഐ. പോൾ: ഈ ബിൽ അവതരിപ്പിക്കാൻ എന്നത്തേക്കു് സാധിക്കുമെന്നാണു്-ഗവൺമെന്റു പറയുന്നതു്?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പററി ഗവൺമെന്റു ആലോചിച്ചുവരികയാണു്.

ശ്രീ. എം. ഐ. പോൾ: അടുത്ത അസംബ്ലിയിൽ ബിൽ അവതരിപ്പിക്കുവാൻ സൗകര്യപ്പെടുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവമെൻറ ഈ ബില്ലിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത അസംബ്ലിക്കു മുമ്പ് ആലോചന പൂർത്തിയാകുന്നപക്ഷം ബില്ലു അപ്പോൾ അവതരിപ്പിക്കുവാൻ സാധിക്കും.

ശ്രീ. എം. ഐ. പോൾ: രണ്ടു ഗവമെൻറുകളും ഈ ബില്ലിനെപ്പററി മുൻപുതന്നെ ആലോചിച്ചിട്ടുള്ളതാണല്ലോ, ആ നിലയ്ക്കു അടുത്ത സെക്ഷന് മുൻപു ആലോചന പൂർത്തിയാവുകയില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനു ഉത്തരം പറഞ്ഞുകഴിഞ്ഞു. ആലോചന പൂർത്തിയാകുന്നപക്ഷം അടുത്ത സെഷനിൽതന്നെ അവതരിപ്പിക്കും.

ശ്രീ. പി. കെ. ഡീവർ: ഐക്യസംസ്ഥാനത്തിനു മുഴവനുമായി ഒരു ബിൽ അവതരിപ്പിക്കുവാൻ സാദ്ധ്യമല്ലാത്തപക്ഷം കൊച്ചി ഡിവിഷനെയെങ്കിലും ബാധിക്കത്തക്കവിധം ഒരു ബിൽ അവതരിപ്പിക്കുവാൻ ഒക്കുകയില്ലേ എന്നു നോക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഐക്യസംസ്ഥാനത്തെ മുഴവൻ ബാധിക്കത്തക്ക ഒരു നിയമം കൊണ്ടുവരണമെന്നാണ് ഗവമെൻറിൻെറ ആഗ്രഹം. അതു സാദ്ധ്യമല്ലെന്നു കണ്ടാൽ മെമ്പറുടെ ഈ അഭിപ്രായത്തെപ്പററി ആലോചിക്കാം.

ശ്രീ. എം. ഐ. പോൾ: ഐക്യസംസ്ഥാനത്തിനു മുഴവൻ ബാധകമാകത്തക്ക ഒരു ബിൽ കൊണ്ടുവരാൻ സാദ്ധ്യമല്ലെന്നു ഗവമെൻറിനു തോന്നുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. ഒരു യൂണിഫാംബിൽ കൊണ്ടുവരണമെന്നാണു ഗവമെൻറ് ഉദ്ദേശിക്കുന്നതു്.

ശ്രീ. പി. കെ. ഡീവർ: സെലക്ട് കമ്മററിയുടെ റിപ്പോർട്ടു അനുസരിച്ചുള്ള ഒരു ബിൽ കൊണ്ടുവരുമോ?

ബഹു ശ്രീ. ടി. കെ. നാരായണപിള്ള: ആ റിപ്പോർട്ടു യൂണിയൻ ഗവമെൻറിനു സ്വീകാര്യമാണെന്നു ബോദ്ധ്യമാകുന്നപക്ഷം അതിനെപ്പററി ആലോചിക്കാവുന്നതാണ്.

## WRITTEN ANSWERS

### CASHEWNUT INDUSTRY

**542. Sri P. Kunjukrishnan:** Will the Government be pleased to state.—

(*a*) are Government aware that due to the set back in the Cashewnut Industry thousands of labourers are thrown out of employment; and

(*b*) if so what steps they propose to take in the matter?

**The Hon'ble Sri. Panampilly Govinda Menon:** (*a*) Yes.

(*b*) The present slump in the trade is a normal phase in this industry which used to suffer seasonal set backs. It is expected that the present slump in the trade will be over within a short time.

### UNEMPLOYMENT AMONG WORKING CLASSES

**543. Sri. P. Kunjukrishnan:** Will the Government be pleased to state:

(*a*) whether Government are aware that there is prevailing unemployment among the masses of the people at present particularly among the working classes; and

(*b*) if so, whether they have any scheme in combating the situation?

**The Honble Sri. Panampilly Govinda Menon:** (*a*) There is unemployment among a certain section of the working class particularly among those engaged in the Coir Industry.

(*b*) An unemployment enquiry Committee constituted for the purpose is investigating into the question—Their report is expected shortly.

### സ്കൂൾ നടത്താൻ അനുവാദം

൫൪൪. ശ്രീ. എ. വി. ജോസഫ്: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുന്നത്തുനാട്ടു താലൂക്കിൽ കോതകുളങ്ങരെ പകുതിയിൽ പിച്ചനക്കാട്ടു ദേശത്തു് ഒരു സ്കൂൾ നടത്തുന്നതിന് അനുവാദത്തിനായി തദ്ദേശവാസികളുടെ അപേക്ഷകൾ വല്ലതും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി നടത്തി?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഉണ്ട്.
(ബി) ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

## ആലുവാ ആശുപത്രി

൫൪൫. ശ്രീ. എ. വി. ജോസഫ്: താഴെപറയുന്ന ചോദ്യത്തിന് ബഹു. മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലുവാ ആശുപത്രി കെട്ടിടം രോഗികളെ കിടത്തിച്ചികിത്സിക്കുവാൻ പററിയ നിലയിലല്ല സ്ഥിതിചെയ്യുന്നതെന്നു ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രി കെട്ടിടം നന്നാക്കി പണിയുവാൻ ഗവമ്മെണ്ടുദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്നു?

ബഹു. ശ്രീ. ആനിമസ്ക്രീൻ: (എ) ഇല്ല.
(ബി) ഉണ്ട് മെഡിക്കൽ ഡിപ്പാർട്ടുമെണ്ട് പരിഷ്കരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ.

## മുവാററുപുഴ പോലീസ് സ്റ്റേഷൻ

൫൪൬. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

മുവാററുപുഴ പോലീസ് സ്റ്റേഷനിൽ എത്ര ലാക്കപ്പുകൾ ഉണ്ട്; ഓരോന്നിലും എത്ര കുററക്കാർ വീതമുണ്ട്; ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽ നിന്നും സബ്ജയിലുകൾ നിർമ്മിക്കുവാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടു ലാക്കപ്പുകൾ ഉണ്ട്. ഒന്നിൽ രണ്ടു സ്ത്രീകളും മറേറതിൽ ഇരുപത്തഞ്ചു പുരുഷന്മാരും ഉണ്ട്. സബ്ജയിലുകൾ നിർമ്മിക്കേണ്ട കാര്യം ആലോചനയിൽ ഇരിക്കുന്നു.

## കയർഫാക്ടറിയിലെ തൊഴിലാളികൾ

൫൪൭. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. ലേബർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല താലൂക്കിൽ ൧൧൨൧, ൧൧൨൨, ഈ ആണ്ടുകളിൽ പ്രവർത്തനം നടത്തി കൊണ്ടിരുന്ന കയർ ഫാക്ടറികളുടേയും അവകളിൽ തൊഴിൽ നടത്തിക്കൊണ്ടിരുന്ന തൊഴിലാളികളുടേയും എണ്ണം;

(ബി) ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന കയർ ഫാക്ടറികളുടേയും അവകളിലെ തൊഴിലാളികളുടേയും എണ്ണം.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ)

| | കയർ ഫാക്ടറികളുടെ എണ്ണം | | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| ൧൧൨൧-ൽ | ൪൦൭ | ഉദ്ദേശം | ൭,൫൦൦ |
| ൧൧൨൨-ൽ | ടി | ടി | ൪,൫൦൦ |

(ബി)

൧൧൨൪ ആദ്യം ഇതിൽ മിക്ക ഫാക്ടറികളും ശരിയായി പ്രവർത്തനം നടത്തികൊണ്ടിരുന്നില്ല. ൯൪൫൬ ജോലിക്കാർക്കു ഭാഗികമായി ജോലി നൽകിയിരുന്നു.

## തൊഴിലാളി യൂണിയനുകൾ

൫൪൮. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. ലേബർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേർത്തല താലൂക്കിൽ ൧൧൨൪-ൽ ഗവമ്മെണ്ടിൽനിന്നും ചേർത്തല-ആലപ്പുഴ തോടുവെട്ടു സംബന്ധിച്ചു നടത്തിക്കൊണ്ടിരുന്ന റിലീഫ് വർക്കിൽ എത്ര തൊഴിലാളി

യൂണിററുകൾ ജോലിയിൽ ഏപ്പെട്ടിരുന്നു? ഓരോ യൂണിററിലും എത്ര ആറം വീതം ആകെ എത്ര പേർ ജോലി ചെയ്തുവന്നു?

(ബി) ആ റിലീഫ് വർക്കുകൾ ഇപ്പോഴും ഉണ്ടോ; ഇല്ലെങ്കിൽ എന്നുവരെ ഉണ്ടായിരുന്നു; നിർത്തിവച്ചിരിക്കുകയാണെങ്കിൽ അതിനുള്ള കാരണം എന്ത്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ചേർത്തല താലൂക്കിൽ ൧൫ തൊഴിലാളി യൂണിററുകൾ ജോലിയിൽ ഏപ്പെട്ടിരുന്നു. ഒരു യൂണിററിൽ ൧൨൫ ആറംവീതം ൧൫ യൂണിററിലുംകൂടി ദിവസംപ്രതി ൧,൮൭൫ ആളുകൾ ജോലി ചെയ്തുവന്നു.

(ബി) ഇല്ല. ൧൧൨൪ മിഥുനം ൧൫-ാംനു-വരെ ഉണ്ടായിരുന്നു. വെള്ളനിരപ്പുവരെ തോടു വെട്ടി കഴിഞ്ഞതുകൊണ്ടും കൂടുതൽ താഴ്ത്തുന്നതിന് അസൌകര്യമായവിധം ഇപ്പോൾ മഴ പെയ്തു തോട്ടിൽ വെള്ളം കെട്ടിനില്ക്കുന്നതുകൊണ്ടും റിലീഫ് ജോലികൾ നിർത്തിവച്ചിരിക്കുന്നു.

## ചേർത്തല ആലപ്പുഴ തോട്

൫൮൯. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെപറയുന്ന ചോദ്യത്തിനു ബഹു. മന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തല ആലപ്പുഴ തോട് ഗതാഗത യോഗ്യമാകണമെങ്കിൽ ഇനിയും താഴ്ത്തേണ്ടതായിട്ടുണ്ടോ;

ഉണ്ടെങ്കിൽ അവിടുത്തെ തൊഴിലില്ലായ്മയെക്കൂടി പരിഗണിച്ചു ആ ജോലികൂടി റിലീഫ് വർക്കിൽ ഉൾപ്പെടുത്തി അവിടുത്തെ തൊഴിലാളികളെക്കൊണ്ടു ചെയ്യിക്കരുതോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. ഡ്രെഡ്ജർ ഉപയോഗിച്ചു വെള്ളത്തിനടിയിൽനിന്നും മണ്ണെടുത്ത് തോടു താഴ്ത്തുന്നതിനു പകരം തൊഴിലാളികളെ ഏർപ്പെടുത്തിയാൽ ജോലിക്കു നടപ്പുകാണുകയില്ല.

## തൊഴിലില്ലായ്മ

൫൯൦. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ലേബർവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേർത്തല താലൂക്കിൽ തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ഗവമ്മെണ്ടിൽനിന്നും വല്ല നടപടികളും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്നു വിശദമായി പ്രസ്താവിക്കുമോ; ഇല്ലെങ്കിൽ എന്തെങ്കിലും നടപടിയെടുക്കേണ്ടതു വളരെ അത്യാവശ്യമാണെന്നും അല്ലാത്തപക്ഷം ഭയങ്കരമായ അസ്വസ്ഥതകൾക്കു ഇടയാകുന്നതാണെന്നും ഗവമ്മെണ്ടിനറിയാമോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിലെ തൊഴിലില്ലായ്മ പ്രശ്നങ്ങളെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. അവസാന റിപ്പോർട്ട് പ്രതീക്ഷിക്കയാണ്.

## ചേർത്തലയിലെ കൃഷിവികസനവും, തൊഴിലും

൫൯൧. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേർത്തല അമ്പലപ്പുഴ താലൂക്കുകളിലെ ജനസംഖ്യയുടെ വർദ്ധനവിനേയും, അവിടങ്ങളിലെ തൊഴിലില്ലായ്മയേയും, പരിഗണിച്ചും, കൃഷിവികസനത്തിനും സ്വന്തമായി താമസസ്ഥലങ്ങൾ ഇല്ലാത്തവർക്ക് താമസസൌകര്യങ്ങൾ ഉണ്ടാക്കുന്നതിനുമായി ആ താലൂക്കുകളിലെ, അതിലേക്കു സന്നദ്ധതയുള്ള ആയിരം വീട്ടുകാർക്ക്, ഓരോ വീട്ടുകാർക്കും അഞ്ചു ഏക്കർ സ്ഥലവും പ്രാരംഭച്ചെലവിലേക്ക് ൭൫൦ രൂപയും വീതം പ്രത്യേക വ്യവസ്ഥയിൽ കൊടുക്കത്തക്ക ഒരു പദ്ധതി ഉണ്ടാക്കുന്നതിനു ഗവമ്മെണ്ടിൽനിന്നും ദയവായി ആലോചിക്കുമോ;

(ബി) ഇതു ആ താലൂക്കുകളിലെ അസംതൃപ്തികൾക്കു വലുതായ ശമനം വരുത്തുന്നതിനു് പര്യാപ്തമാണെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഈ ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ യൂണിയനിലെ എല്ലാ വിഭാഗം ജനങ്ങളേയും ബാധിക്കുന്ന പ്രശ്നങ്ങളാണ്. പ്രത്യേകം താലൂക്കുകളായി എടുത്തു് ഈ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുന്നതു് ആശാസ്യമായിരിക്കയില്ല. രാജ്യവ്യാപകമായ തോതിൽ പരിഹാരങ്ങൾ കണ്ടുപിടിച്ചു് നടപ്പിൽ വരുത്തുന്നതിനു് ഗവണ്മെണ്ടു് ശ്രമിക്കുന്നതാണു്.

(ബി) മററു് പല താലൂക്കുകളിലേയും സ്ഥിതിഗതികളും വ്യത്യസ്തങ്ങളല്ല.

## തൊഴിൽക്കുറവു്

൭൭൨. ശ്രീ. പി. കെ. കുമാരൻആശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിശ്വകർമ്മ സമുദായത്തിൽപെട്ട തൊഴിലാളികൾക്കു തൊഴിലില്ലായ്മമൂലം അടിക്കടി ദാരിദ്ര്യം വർദ്ധിച്ചു വരുന്നു എന്ന വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനു ഗൃഹനിർമ്മാണം തുടങ്ങിയുള്ള എന്തെങ്കിലും പുതിയ പദ്ധതി ഗവണ്മെണ്ടിൽനിന്നും രൂപീകരിക്കുന്നതിനു് ആഗ്രഹിക്കുന്നുണ്ടോ?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) മുൻ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

## റിസർവ്വിൽനിന്നും വെട്ടിയെടുക്കുന്ന തടികളുടെ പച്ചില

൭൭൩. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം ഉത്തരം പറയുമോ —

എഫ്. ഐ. ടി. കമ്പനിക്കാർ റിസർവ്വിൽനിന്നും വെട്ടിയെടുക്കുന്ന തടികളുടെ പച്ചില എന്തു ചെയ്യുന്നു എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള:

എഫ്. ഐ. ടി. കമ്പനിക്കാർ റിസർവ്വിൽനിന്നും വെട്ടി നീക്കംചെയ്യിട്ടുള്ള വൃക്ഷങ്ങളുടെ പച്ചില, റിസർവ്വിൽതന്നെ കിടന്നു വളമാകുന്നുണ്ടു്.

## പൊതുസ്ഥാപനങ്ങളും മദ്യഷാപ്പുകളും തമ്മിൽ ഉള്ള ദൂരം

൭൭൪. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം ഉത്തരം പറയുമോ.—

(എ) പള്ളിക്കൂടം, അഞ്ചലാഫീസ് മുതലായ പൊതുസ്ഥാപനങ്ങളുടെ അടുത്തുനിന്നു എത്ര ദൂരത്തിലായിരിക്കണം ഒരു മദ്യഷാപ്പു്;

(ബി) ഈ വ്യവസ്ഥ അനുസരിച്ചാണോ എടപ്പള്ളി അഞ്ചലാഫീസിനടുത്തുള്ള ചാരായഷാപ്പ് സ്ഥിതിചെയ്യുന്നതു്?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) നിവൃത്തിയുള്ളിടത്തോളം രണ്ടു ഫർലാങ്ങ് ദൂരത്തിൽ.

(ബി) അല്ല.

## അലോപ്പതി ഡാക്ടറന്മാർ

൭൭൫. ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവണ്മെണ്ടു് സർവ്വീസിലും അല്ലാതെയും ഈ സംസ്ഥാനത്തുള്ള അലോപ്പതി ഡാക്ടറന്മാരുടെ സംഖ്യ എന്തു്;

(ബി) അതിൽ ലേഡി ഡാക്ടേഴ്സ് എത്രയുണ്ടു്?

ബഹു: ശ്രീമതി ആനിമസ്ക്രീൻ :

(എ) തിരുവിതാംകൂറിൽ മെഡിക്കൽ പ്രാക്റ്റീഷണേഴ്സ് ആക്റ്റിൻ പ്രകാരം ൧൩൨൨ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊച്ചിയിൽ ൨൧൨ അലോപ്പതി ഡാക്ടറന്മാർ സർവ്വീസിലുണ്ട്. അല്ലാതെയുള്ളവരുടെ സംഖ്യ അറിവില്ല.

(ബി) തിരുവിതാംകൂറിൽ, മുകളിൽ പറഞ്ഞ ൧൩൨൨ പേരിൽ ൯൪൦, കൊച്ചിയിൽ, മുകളിൽ പറഞ്ഞ ൨൧൨ പേരിൽ ൩൨൦ സ്ത്രീകളാകുന്നു.

## HARIJAN HOSTELS

*556. **Sri. N. Daniel Jose:** Will the Hon'ble Minister for Harijan Uplift be pleased to state the number of Harijan Hostels and the number of Harijan students staying in them and whether the Government will consider their being accommodated in other hostels along with students belonging to other communities?

**The Hon'ble Sri. K. Ayyappan:** Trere are nine Harijan Hostels in the United State of Travancore and Cochin, seven in Travancore, two in Cochin.

There are 310 students in these hostels, 256 in Travancore, 54 in Cochin.

The question of accommodating Harijan students in other hostels along with students belonging to other communities is engaging the attention of Government. Some of them have already been admitted in such hostels.

## കൃഷി ഡിപ്പാർട്ടുമെണ്ട്

൫൫൭. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൃഷി ഡിപ്പാർട്ടുമെണ്ടിന്റെ ചുമതലയിൽ ഗവർമ്മെണ്ടിൽനിന്നും മരച്ചീനികൃഷി നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്നത്തേക്ക് നടപ്പിലാകും?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) ഉവ്വ്.

(ബി) കൊച്ചിയിലെ സർക്കാർ ഫാറങ്ങളിലും, കൃഷി ഡിപ്പാർട്ടുമെണ്ടിന്റെ കീഴിലുള്ള തോട്ടങ്ങളിലും പതിവിൻപ്രകാരം കൃഷിചെയ്യുന്ന ൨൦ ഏക്കർ സ്ഥലത്തു് ൨൨൦ ൫-ലും മരച്ചീനികൃഷി ചെയ്യുന്നതാണ്. ഇതിനുംപുറമെ വിയ്യൂർ സെൻട്രൽ ജയിലിൽ പുതിയതായി ൫ ഏക്കർ സ്ഥലത്തു് മരച്ചീനികൃഷി ആരംഭിച്ചിട്ടുണ്ട്.

## സംസ്കൃത വിദ്യാഭ്യാസ കമ്മിററി റിപ്പോർട്ട്

൫൫൮. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ സംസ്കൃത വിദ്യാഭ്യാസ കമ്മിററിയുടെ റിപ്പോർട്ട് ഗവർമ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്നും അതിന്മേൽ എന്തു നടപടി നടത്തിയെന്നും പറയാമോ;

(സി) പ്രസ്തുത കമ്മിററി പിരിച്ചുവിടപ്പെട്ടിട്ടുണ്ടോ;

(ഡി) കമ്മിററിക്കുവേണ്ടി മൊത്തം ചിലവായ തുക എത്ര?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) *കമ്മിററിയുടെ റിപ്പോർട്ടിന്റെ പ്രതി മേശപ്പുറത്തു വച്ചിരിക്കുന്നു. കമ്മിററിയുടെ പ്രധാനപ്പെട്ട ശുപാർശകൾ ഗവർമ്മെണ്ട് അംഗീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ. രൂ. ൮൪ ൫—൨ ൧—൨൦.

---

*Not printed in the day's proceedings.

## മന്ത്രിസഭ

൫൫൯. ശ്രീ. ടി. ടി. കേശവൻശാസ്ത്രി:—താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാന മന്ത്രിസഭ സമുദായ പ്രാതിനിധ്യത്തത്തെപ്പററി എന്തെങ്കിലും ആലോചനകൾ നടത്തീട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആലോചനകളുടെ അന്ത്യതീരുമാനം എന്തായിരുന്നു?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

## സംയോജനച്ചെലവ്

൫൬൦. ശ്രീ. എ. എം. മുസ്തഫ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട സംയോജനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംയോജനകമ്മററിയുടെ പ്രവർത്തനങ്ങൾക്കായി ഈ ഗവമ്മെണ്ടിനു എന്തു തുക ചെലവായിട്ടുണ്ടെന്നു പ്രസ്താവിക്കുമോ;

(ബി) സംയോജനകമ്മററി ചെയർമാനു് ഈ ഗവമ്മെണ്ടു് എന്തെങ്കിലും പ്രതിഫലം നൽകിയിട്ടുണ്ടോ?

ബഹു: ശ്രീ. എ. ജെ. ജോൺ:

(എ) നാളതുവരെയുള്ള കണക്കുകളനുസരിച്ചു് തിരുവിതാംകൂർ കൊച്ചി സംയോജനം സംബന്ധിച്ചു് മൊത്തം ൧൩,൩൩൨ രൂപയോളം ചെലവായിട്ടുണ്ടു്.

(ബി) ഇല്ല.

## VICTIMISATION OF TRADE UNION WORKERS

561. **Sri. N. Daniel Jose:** Will the Hon'ble Minister for Labour be pleased to state—

(*a*) whether any cases of direct or indirect victimisation of trade union workers have come to the notice of the Government; and

(*b*) whether the Government propose to take the necessary steps in this connection?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) No specific case has been brought to the notice of Government.

(*b*) This does not arise in view of the answer to question (a).

## അറബി മുൻഷിമാർ

൫൬൨. സാഹിബു് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈമറി സ്കൂളുകളിലും ഹൈസ്കൂളുകളിലും അറബി മുൻഷിമാരെ നിയമിക്കുന്നതു എന്തു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു്;

(ബി) ഇക്കഴിഞ്ഞ വിദ്യാലയവർഷത്തിൽ തിരുവിതാംകൂറിലെ ഏതെങ്കിലും സ്കൂളുകളിൽ അറബി മുൻഷിമാരെ സ്റ്റാഫിൽനിന്നും കുറവു ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ടു്? ഏതെല്ലാം സ്കൂളുകളിൽ അങ്ങനെ കുറവു ചെയ്തിട്ടുണ്ടു്;

(സി) ഇക്കഴിഞ്ഞ വിദ്യാലയവർഷത്തിൽ പ്രൈമറി സ്കൂളുകളിലും മിഡിൽ സ്കൂളുകളിലും ഹൈസ്കൂളുകളിലും കൂടി എത്ര മുൻഷിമാരെ പുതുതായി നിയമിക്കുകയുണ്ടായി?

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഒരു സ്കൂളിൽ അറബി മുൻഷിയുടെ നിയമനം അനുവദിക്കണമെങ്കിൽ ആ സ്കൂളിൽ നൂറിൽ (൧൦൦) കുറയാതെ മുസ്ലിം കുട്ടികൾ പഠിക്കുന്നുണ്ടായിരിക്കണമെന്നുള്ളതാണു് നിലവിലിരിക്കുന്ന വ്യവസ്ഥ.

(ബി) ഇല്ല.

(സി) ൩൬.

### ഡിവിഷൻ ഇൻസ്പെക്ടർമാർ

൫൬൩. സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിൽ ഇപ്പോൾ തിരുവിതാംകൂറിൽ ഡിവിഷനൽ സ്കൂൾ ഇൻസ്പെക്ടർമാരായി എത്രപേർ ഉണ്ടു്?

(ബി) അവർ ആരെല്ലാം?

(സി) ഈ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു എന്തു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു്?

**ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:**

(എ) നാലു്

(ബി) ശ്രീ. വി. എസ്സ്. കൃഷ്ണയ്യർ
,, ററി വൈ. ഹാരിസ്
,, എം. കെ. രാമൻ
,, എ. ചെറിയാൻ

(സി) ഒന്നാംഗ്രേഡ് ഹെഡ്മാസ്റ്റരന്മാരുടെ സീനിയാറിട്ടി ക്രമമനുസരിച്ചാണു് ഈ ഉദ്യോഗത്തിൽ നിയമച്ചിട്ടുള്ളതു്.

### ടെക്സ്റ്റ്ബുക്കു കമ്മിററി

൫൬൪. സാഹിബ് ബഹദൂർ എ. എം. മുസ്തഫ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമൊ. —

(എ) തിരുവിതാംകൂർ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലെ ടെക്സ്റ്റ്ബുക്കു പരിഷ്കരണത്തിന്നായി നിയമിച്ച "കേശവൻ കമ്മിററി" ഇപ്പോൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത കമ്മിററി അതിൻെറ റിപ്പോർട്ടു ഗവമെണ്ടിലേക്കു സമർപ്പിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടു ഗവർമ്മെണ്ടു അംഗീകരിച്ചിട്ടുണ്ടോ; അതിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ ഗവർമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

**ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:**

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

### JUNIOR LECTURERS IN THE WOMEN'S COLLEGE

**565. Sri. N Daniel Jose:** Will the Hon'ble Minister for Education be pleased to state—

(*a*) whether the Government have received a memorandum from the Junior Lecturers of the Women's College at Trivandrum representing their grievances; and

(*b*) whether the Government will be pleased to consider the same at an early date?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) and (*b*) Yes.

### THE TRIVANDRUM WOMEN'S COLLEGE

**566. Sri. N. Daniel Jose:** Will the Hon'ble Minister for Education be pleased to state whether the Government has any proposal to raise the Trivandrum Women's College to a First Grade College?

**The Hon'ble Sri. Panampilli Govinda Menon:** The matter is under codsideration of Government.

## CHITTIES

567. **Sri. Paul Thaliath:** Will the Hon'ble Minisier for Registration be pleased to state—

(*a*) the number of chitties with a capital of less than Rs. 100 for which licenses have been given in 1122, 1123 and 1124 respectively;

(*b*) whether the accounts and records are inspected and checked by any officer of the Government;

(*c*) if the answer to (a) is in the negative whether the Government is aware that the subscribers in these chitties are mostly poor labourers; and

(*d*) whether the Government is aware that many of these poor subscribers are duped by the foremen?

**The Hon'ble Sri. K. Ayyappan:**

| | | | |
|---|---|---|---|
| (*a*) In the year | 1122 | .. | 3014. |
| ,, | 1123 | .. | 3179. |
| ,, | 1124 | .. | 2504. |

(*b*) Yes.

(*c*) The question does not arise.

(*d*) No; Complaints of that kind have not been received by Government.

## TEXTILE INSPECTOR, ALWAYE

568. **Sri. Paul Thaliath:** Will the Hon'ble Minister for Controls be pleased to state.—

(*a*) whether any complaints have been received against Sri. Ratnaraj the former Textile Inspector of Alwaye;

(*b*) if the answer to (a) is in the affirmative, whether any enquiry has been conducted;

(*c*) if so the result of the enquiry; and

(*d*) the action taken on the same?

**The Hon'ble Sahib Bahadur T. A. Abdulla:**

(*a*) Yes.

(*b*), (c) and (*d*) The Commissioner of Civil Supplies was directed to enquire into the matter. He submitted a preliminary report. The Inspector was then placed under suspension. Charges were framed against him and an enquiry in the usual way is being conducted. Further action will depend upon the result of the enquiry.

## BUCH COMMITTEE

569. **Sri. Paul Thaliath:** Will the Hon'ble Chief Minister be pleased to state.—

(*a*) whether the Buch Committee has recommended the abolition of certain appointments now existing in the Public Service;

(*b*) if so the names of such appointments mentioned in the report;

(*c*) whether any action has been taken so far; and

(*d*) if so the names of the posts so abolished?

**The Hon'ble Sri T. K. Narayana Pillai:**

(*a*) to (*d*) This information cannot be divulged so long as the Buch Committee report remains a confidential document.

## CREDIT BANK

570. **Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state—

(*a*) whether the Credit Bank has been given permission by the Government to issue long term debentures;

(*b*) if the answer to (*a*) is in the affirmative the total amount with the rate of interest and the date of sanction;

(*c*) whether the whole amount has been underwritten and if so the names of the companies and the individual firms; and

(*d*) whether any commission was given for underwriting and if so the amount so paid?

**The Hon'ble Sri. A. J. John:**

(*a* Preliminary sanction is given to the Credit Bank to issue debentures. But the rules relating to sanction are being drafted by the Attorney General.

(*b*) 25 lakhs; the rate of interest is 4½ per cent subject to income-tax. G.O. No. FI-6511, dated 16th June 1949.

(*c*) The final sanction could be given only after the rules are passed and so the question of underwriting does not arise.

(*d*) Does not arise.

മരച്ചീനിയും ഏത്തക്കായും പൊടിയാക്കി വിദേശമാർക്കറ്റുകളിൽ

അയക്കേണ്ടതിന്റെ ആവശ്യകത

൫൭൧. ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇവിടെ ധാരാളമായി വിളയുന്ന മരച്ചീനിയും ഏത്തക്കായും പൊടിയാക്കി വിദേശമാർക്കറ്റുകളിൽ അയക്കേണ്ടതിന്റെ ആവശ്യകത, ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിലേക്ക ആവശ്യമുള്ള മില്ലുകൾ സ്ഥാപിച്ചും മാർക്കറ്റുകൾ കണ്ടുപിടിച്ചും വേണ്ടതു ചെയ്യുവാൻ എന്തു സമയം വേണ്ടിവരുമെന്ന് സദയം പറയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: (എ) ആഹാരസാധനങ്ങളായ മരച്ചീനിയും ഏത്തക്കായും ഈ യൂണിയനിൽ നിന്നും കയറ്റുമതി ചെയ്യുന്നതിന് അനുവദിക്കത്തക്ക വണ്ണം പ്രത്യേക പരിതസ്ഥിതിയോ ഭക്ഷ്യനിലയിൽ അഭിവൃദ്ധിയോ ഉണ്ടായിട്ടുണ്ടെന്ന് ഗവർമ്മെണ്ടിന് ഇപ്പോൾ ബോദ്ധ്യമായിട്ടില്ല.

(ബി) മുകളിൽ പറഞ്ഞ മറുപടി കൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

**TAX INVESTIGATION COMMISSION**

**572. Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) the date on which the Tax Investigation Commission was appointed;

(*b*) the number of cases referred to it up to 15th Karkadagam 1124 with the dates of reference; and

(*c*) the expenditure incurred up to the date on which the first case was referred?

**The Hon'ble Sri A. J. John:**

(*a*) On 17th March 1949.

(*b*) None (Three cases were sent on 22nd Karkadagam 1124).

(*c*) Rs. 6,077-14chs-11c.

**Information regarding Sri. P. J. Sebastian**

**573. Sahib Bahadur A. Abdul Razaak:**

Will the Hon'ble Chief Minister be pleased to state whether it was a fact that Mr. P. J. Sebastian on being relieved of his duties as Public Service Commissioner was sought to be appointed as the Division Peishkar of Trivandrum and if so, the reasons that prevented him from being so appointed?

**The Hon'ble Sri T. K. Narayana Pillai:** No.

**Reference Regarding the Death of Sri K. K. Thomas**

മി. സ്പീക്കർ: തിരുവിതാംകൂർ നിയമസഭയിൽ മെമ്പറായിരുന്ന Retired Justice ശ്രീ. കെ. കെ. തോമസ്സ് അവർകളുടെ നിര്യാണത്തെ സംബന്ധിച്ച് ഒരു റഫറൻസ് നടത്തേണ്ടതായിട്ടുണ്ട്. അദ്ദേഹം രണ്ടു പ്രാവശ്യം നിയമസഭാ മെമ്പറായിരുന്നു. അദ്ദേഹം സത്യസന്ധനും പ്രാപ്തനുമായ ഒരു ഉദ്യോഗസ്ഥനായിരുന്നു എന്നുള്ളതിനും പുറമെ, സ്വഭാവ വൈശിഷ്ട്യം, ആഭിജാത്യം, പൊതുകാര്യപ്രസക്തി, അനഹങ്കാരം, ജനരഞ്ജന എന്നിങ്ങനെ അദ്ദേഹത്തിൽ ശോഭിച്ചിരുന്ന മഹനീയഗുണങ്ങൾ അദ്ദേഹത്തെ മറ്റുള്ളവരുടെ ബഹുമാനത്തിനും സ്നേഹത്തിനും പാത്രീഭൂതനാക്കിയിട്ടുണ്ട്. അദ്ദേഹത്തെപ്പറ്റി നമുക്കുള്ള ബഹുമാനത്തിന്റേയും അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളോട് നമുക്കുള്ള സഹതാപത്തിന്റെയും ലക്ഷ്യമായി നമുക്ക അല്പനേരം എഴുന്നേറ്റു നിന്നിട്ട് വീണ്ടും നമ്മുടെ സ്ഥാനത്തു ഇരിക്കാം.

[The whole House stood in silence for a minute in memory of the deceased]

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ചോദ്യോത്തരസമയത്തു ബഹു: ഫുഡ് മന്ത്രി പറയുകയുണ്ടായി......................

**Mr. Speaker:** The Hon'ble Member's observations are not in place. If the Member has any personal explanation to offer or some information to obtain relating to a matter that has come up before the House that will be allowed, but not stray observations.

സാഹിബ്ബ് ബഹദൂർ ടി. എ. മെയ്തീൻകുഞ്ഞു: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഈ അസംബ്ലി കൂടുന്നതിനു വളരെമുമ്പു നടന്ന ഒരു സംഭവമാണിതു്. ഈ സഭ കൂടുന്നതിനു മുമ്പു ശ്രീ. കെ. കെ. തോമസ്സ് മരിച്ചുപോയി. അതിനുവേണ്ടി ഒരു റഫറൻസ് ഇപ്പോൾ നടത്തുന്നതു ശരിയാണൊ?

മി. സ്പീക്കർ: ഇപ്പോൾ റഫറൻസ് നടത്തുന്നതു അസ്ഥാനത്തല്ല. അദ്ദേഹത്തിൻെറ മരണത്തെ സംബന്ധിച്ചു ഈ സഭയ്ക്കു അറിവുകിട്ടിയപ്പോൾ അതു ചെയ്യുന്നതിൽ തെററില്ല.

## Adjournment Motions

മി. സ്പീക്കർ: ആദ്യത്തെ അഡ്ജോൺമെൻറ മോഷൻ ശ്രീ. പി. ബാലകൃഷ്ണൻതമ്പിയുടേതാണു്. മാവേലിക്കര പബ്ലിക്ക് ഒരു സത്യാഗ്രഹം തുടങ്ങുവാൻ പോകുന്നുവെന്നുള്ളതാണ് അതു്. അതിനു കാരണം പറഞ്ഞിരിക്കുന്നതു ബസ്സുകൾ മാവേലിക്കരക്കൂടി ട്രിപ്പ് ചെയ്തുപോകുന്നില്ല എന്നുള്ളതാണ്.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: അവിടത്തെ പൊതുജനങ്ങൾ എല്ലാവരുംകൂടി ചേർന്നു സത്യാഗ്രഹം നടത്താൻ പോകുന്നുവെന്നാണ് പ്രമേയം.

മി. സ്പീക്കർ: മാവേലിക്കര പബ്ലിക്ക് സത്യാഗ്രഹം നടത്താൻ നിശ്ചയിച്ചിരിക്കുന്നുവെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നതു്.

**Sri. P. Balakrishnan Thampi:** I do not appreciate the cursory manner in which adjournment n otions are dealt with by the Chair. In fairness to the House the whole thing should be either read or it must be truly reported.

മി. സ്പീക്കർ: സത്യാഗ്രഹം ഇന്ന തിയ്യതിയാണ് നടക്കുന്നതെന്നു ഇതിൽ കാണിച്ചിട്ടില്ല. അതു റിസൻറ ഒക്കറൻസ്സായി ഗണിക്കാൻ നിവൃത്തിയില്ല.

**Sri. P. Balakrishnan Thampi**: It has been stated that the Public of Mavelikkara have decided so yesterday.

മി. സ്പീക്കർ: ഈ അഡ്ജോൺമെൻറ മോഷനിൽ മാവേലിക്കര പബ്ലിക്ക് സത്യാഗ്രഹം അനൗൺസ് ചെയ്തിരിക്കുന്നു എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. എന്നു അനൗൺസു ചെയ്തു, എന്നു നടത്തും, പബ്ലിക്കിലുൾപ്പെട്ട വരിൽ ആരാണ് അതു നടത്തുന്നതു എന്നൊന്നും പ്രമേയത്തിൽ വിവരിച്ചിട്ടില്ല. പ്രസ്താവനകൾ എല്ലാംതന്നെ അനുചിതങ്ങളും അവ്യക്തങ്ങളുമാണ്. അടുത്തുമുമ്പു നടന്ന ഒരു സംഭവത്തെ കുറിക്കുന്നവയുമല്ല. പ്രമേയം അനുവദിക്കത്തക്കതല്ല.

അടുത്ത പ്രമേയം കാർത്തികപ്പള്ളി താലൂക്കിൽ മഹാദേവികാടു, തൃക്കുന്നപ്പുഴ മുതലായ സ്ഥലങ്ങളിൽ നടക്കുന്നുവെന്നു പറയുന്ന പോലീസ് മർദ്ദനത്തെപററിയുള്ളതാണ്. ആ സംഗതിയെക്കുറിച്ചു അതിൻെറ ചാർജ്ജു വഹിക്കുന്ന മിനിസ്റ്റർക്കു എന്തു പറയുവാനുണ്ടെന്നു അറിഞ്ഞാൽകൊള്ളാം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ൧൧൨൫ ചിങ്ങം ൧-ാംനു എതാനും കമ്യൂണിസ്ററ പ്രവർത്തകന്മാരെ അവിടെ നിയമമനുസരിച്ചു അറസ്ററ ചെയ്യേണ്ടിവന്നിട്ടുണ്ട്. ആ അറസ്റ്റിനെ തുടർന്നു അവരുടെ വീടു പരിശോധിക്കേണ്ടതായിവന്നു. അല്ലാതെ ഈ പ്രമേയത്തിൽ പറയുന്നതുപോലെ ൧൧൨൫ ചിങ്ങം ൨-ാംനു അവിടെ ഒരു സംഭവവും നടന്നിട്ടില്ല. കമ്യൂണിസ്ററ പ്രവർത്തകന്മാരെ അറസ്ററ ചെയ്യുകയും അവരുടെ വീടു പരിശോധിക്കുകയും ചെയ്തതിൻെറ ഫലമായി എതാനും റിക്കാർഡുകൾ ഗവമ്മെണ്ടിനു ലഭ്യമായിട്ടുണ്ടു്. അല്ലാതെ ഈ പ്രമേയത്തിൽ പറയുന്നതുപോലെ "വഴിയിൽവച്ചും വീടുകൾ വളഞ്ഞും ഭീഷണമായ" കയ്യേററം ചെയ്തിട്ടുള്ളതായി ഗവമ്മെണ്ടിനു അറിവില്ല. എതായാലും അങ്ങനെ എന്തെങ്കിലും സംഭവിച്ചിട്ടുള്ള പക്ഷം ഗവമ്മെണ്ടു അതിനെക്കുറിച്ചു ഗൗരവമായി അന്വേഷിക്കുന്നതാണ്. അങ്ങനെയുള്ള സംഭവങ്ങൾ നടന്നിട്ടുണ്ടെങ്കിൽ ഇനിമേൽ അതു ആവത്തിക്കാതിരിക്കത്തക്കവണ്ണം കർശനമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. എതായാ

[Sri T. K. Narayana Pillai.]

ലും ൧൧൨൪ ചിങ്ങം ൩-ാംനു ഈ മാതിരിയിലുള്ള സംഭവങ്ങൾ നടന്നിട്ടില്ലെന്നു ഗവൺമെണ്ടിനു അറിയാം. ൧൧൨൪ ചിങ്ങം ൧-ാം അഞ്ചു കമ്യൂണിസ്റ്റ പ്രവർത്തകന്മാരെ അറസ്റ്റ ചെയ്തിട്ടുണ്ട്. അവരുടെ വീടു പരിശോധിച്ചിട്ടുമുണ്ട്. അതാണ് ഗവൺമെണ്ടിനു ഇതിനകം സിദ്ധിച്ചിട്ടുള്ള അറിവ്.

ശ്രീ. പാണ്ടവത്തു ശങ്കരപിള്ള: ഇന്നാലെയും അവിടെ പോലീസ് കയ്യേററം നടന്നതായി ഞങ്ങൾക്കു അറിവു സിദ്ധിച്ചിട്ടുണ്ട്. പോലീസ്സുകാർ തോന്നിയതുപോലെ റോഡിൽ കാണുന്നവരേയും പാവങ്ങളേയും ഉപദ്രവിക്കുന്നതായും അറസ്റ്റ ചെയ്യുന്നതായും ഞങ്ങൾക്കു അറിവു ലഭിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഈ അടിയന്തിരപ്രമേയം അയച്ചതു്,

മി. സ്പീക്കർ: പ്രധാനമന്ത്രിയിൽനിന്നും കിട്ടിയ അറിവിനെ അടിസ്ഥാനമാക്കി ൧൧൨൪ ചിങ്ങം ൩-ാംനു ഇതുമാതിരി ഒരു സംഭവം അവിടെ നടന്നിട്ടില്ലെന്നാണ് കാണുന്നതു്. കൂടാതെ പല സംഭവങ്ങളാണ് ഈ പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്നതു്. ഒരു വിഷയത്തെക്കുറിച്ചു മാത്രമല്ലാതെ ഒരു അഡ്ജോൺമെൻറ് മോഷൻ കൊണ്ടുവരാൻ പാടില്ല. ഈ കാരണങ്ങളാൽ ഇതു് അനുവദിക്കത്തക്കതല്ല.

അടുത്ത പ്രമേയം ശ്രീ കണ്ണൻറതാണ്. മുകുന്ദപുരം താലൂക്കിൽ പോട്ടവില്ലേജിൽ മുളയത്തുവീട്ടിൽ മാധവൻ നായർ എന്നൊരാളെ ദേഹോപദ്രവം ഏല്പിച്ചു എന്നുള്ളതാണ് അതു്. അതു് കഴിഞ്ഞ കർക്കടകം ൨൦-ാംനു നടന്ന ഒരു സംഭവമാണ്. അടുത്തു മുമ്പുനടന്ന ഒരു സംഭവമല്ല. അതിനാൽ അതു തള്ളിയിരിക്കുന്നു.

അടുത്ത പ്രമേയം തിരുവനന്തപുരം സംസ്കൃത കോളേജു വിദ്യാർത്ഥികളുടെ പ്രധാനമന്ത്രിയുടെ പടിക്കലുള്ള സത്യാഗ്രഹത്തെ സംബന്ധിച്ചുള്ളതാണ്. അതേപ്പററി ചാർജ്ജുവഹിക്കുന്ന മന്ത്രിക്കു എന്തെങ്കിലും പറയാനുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: പ്രധാനമന്ത്രിയുടെ വീടിൻെറ പടിക്കലും യൂണിവേഴ്സിററി രജിസ്ട്രാരുടെ പടിക്കലും സത്യാഗ്രഹം നടക്കുന്നുണ്ട്. ആ സത്യാഗ്രഹം എന്തു കാരണംകൊണ്ട് ഉണ്ടായിട്ടുള്ളതാണെന്നു ഔദ്യോഗികമായി ഗവൺമെണ്ടിനു് അറിവില്ല. എന്നാൽ അന്വേഷണത്തിൽ, ഇവിടത്തെ സംസ്കൃതവിദ്യാഭ്യാസം പരിഷ്കരിക്കുവാൻ ഒരു കമ്മിററിയെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ കമ്മിററിയിൽനിന്നു് ചില നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ട്. അതു ഗവൺമെണ്ടു സ്വീകരിച്ചിട്ടുമുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന രണ്ടുകൊല്ല കോഴ്സ് ഗവൺമെണ്ടു അംഗീകരിക്കണമെന്നുള്ളതാണ് വിദ്യാർത്ഥികളുടെ ആവശ്യം എന്നാണറിയുന്നതു്. ആ കോഴ്സ് നടപ്പിൽ വരുത്തുവാനുള്ള ചുമതല യൂണിവേഴ്സിററിക്കാണ്. അങ്ങനെയുള്ള ഒരു course of study ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ ഇല്ലാത്തതുകൊണ്ട് അതു് നടപ്പിൽ വരുത്തുന്നതിനുമുമ്പ് അതിലേക്കാവശ്യമുള്ള സിലബസ്സും കരിക്കുലവും തയ്യാറാക്കുന്നതിനുവേണ്ടി ഇക്കാര്യത്തിൽ സാങ്കേതികപരിജ്ഞാനം ഉള്ളവരെ ചേർത്തു് ഒരു കമ്മിററി യൂണിവേഴ്സിററി രൂപീകരിച്ചിട്ടുണ്ട്. സെപ്തംബർ ൯-ാംനു ആ കമ്മിററിയുടെ ആദ്യസമ്മേളനം തുടങ്ങും. ആ കമ്മിററിയുടെ പ്രവർത്തനങ്ങൾ അവസാനിച്ചതിനുശേഷം സിലബസ്സും കരിക്കുലവും തീരുമാനിച്ച് ദ്വിവത്സരകോഴ്സ് ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതു്. അതു് എപ്പോൾ ആരംഭിക്കുന്നുവോ അപ്പോൾമുതൽ ഈ കൊല്ലം കോഴ്സിൽ ചേർന്നിട്ടുള്ളവർക്ക്, ദ്വിവത്സര കോഴ്സിലെ വിദ്യാർത്ഥികൾക്കു് കിട്ടാവുന്ന ഗുണങ്ങളും സൌജന്യങ്ങളും കൊടുക്കാമെന്നു ഗവൺമെണ്ടു അവർക്ക് ഉറപ്പു നൽകിയിട്ടുണ്ട്. ആ സ്ഥിതിക്കു് എന്താണു ഈ സത്യാഗ്രഹത്തിനു കാരണം എന്നു മനസ്സിലാകുന്നില്ല. ഇന്നലെ രാത്രി പ്രധാനമന്ത്രി, അദ്ദേഹത്തിൻെറ വസതിയിലേക്കു പോയപ്പോൾ, ഈ സത്യാഗ്രഹികളെ കണ്ടു അവരുമായി ൪൫ മിനിട്ടു് സംസാരിച്ചു. ഈ പ്രശ്നത്തിൻെറ എല്ലാ വശങ്ങളെക്കുറിച്ചും സംസാരിക്കുകയുണ്ടായി. ഗവൺമെണ്ടിനു ചെയ്യാവുന്നതിൽ പരമാവധി ചെയ്തിട്ടുണ്ടെന്നും ഇനി എന്തെങ്കിലും വിട്ടുവീഴ്ചകളോ സൗജന്യങ്ങളോ ചെയ്യാൻ ഗവൺമെണ്ടു തയ്യാറാവുന്നതല്ലെന്നും സത്യാഗ്രഹികളെ അറിയിച്ചിട്ടുണ്ട്. അവരുടെ ആക്ഷൻ കൌൺസിൽ കൂടി വേണ്ട നിശ്ചയങ്ങൾ ചെയ്യുമെന്നാണ് രാത്രി ൧൧ മണിക്ക് എനിക്കു കിട്ടിയ അറിവ്. ഇന്നും സത്യാഗ്രഹം നടക്കുന്നുണ്ട്. ഗവൺമെണ്ടു വളരെ സൌജന്യബുദ്ധിയോടുകൂടിയാണ് അവരുടെ പ്രശ്നങ്ങളെ അഭിമുഖീകരിച്ചതു്. അവരുടെ എല്ലാ അവകാശങ്ങളുംതന്നെ ഗവൺമെണ്ടു അംഗീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചു് സത്വരനടപടികൾ കൈക്കൊള്ളുവാൻ യൂണിവേഴ്സിററി

യെ നിർദ്ദേശിക്കുന്നതാണ്. ആ സ്ഥിതിക്ക് ഈ സത്യാഗ്രഹത്തിന് എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്നും സത്യാഗ്രഹത്തെ പ്രോത്സാഹിപ്പിക്കത്തക്കതാണോ എന്നുമുള്ളതു സംശഗ്രസ്തമാണ്.

ശ്രീ. കെ. കെ. കണ്ണൻ. മിഥുനം ൨൫-ാംനു ഗവമ്മെണ്ടിൽനിന്നും പുറപ്പെടുവിച്ച പ്രസ്സ്നോട്ടിൽ ഇവരുടെ ആവശ്യങ്ങൾ അംഗീകരിച്ചിട്ടുള്ളതായി പ്രസ്താവിച്ചിട്ടില്ല.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ കമ്മിററിയുടെ റിപ്പോർട്ടിൽ റെക്കമെൻറ ചെയ്തിട്ടുള്ള ആവശ്യങ്ങൾ ഗവമ്മെണ്ടിനെ സംബന്ധിച്ചിടത്തോളം നിറവേററിയിട്ടുണ്ട്.

ശ്രീ. കെ. കെ. കണ്ണൻ: ഈ സത്യാഗ്രഹികളെ പോലീസ് കഠിനമായി മർദ്ദിച്ചു എന്നു പറയുന്നതു് ശരിയാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് അടിസ്ഥാനരഹിതമാണ്. വെറും പ്രചരണത്തിനു വേണ്ടിയുള്ള ഒരാരോപണമാണ്

മി. സ്പീക്കർ: ഈ സത്യാഗ്രഹത്തിനു അടിസ്ഥാനമായിട്ടുള്ള കാരണങ്ങൾ എന്താണെന്നു ബഹുമാനപ്പെട്ട പ്രധാനമന്ത്രി ചെയ്ത പ്രസ്താവനയിൽനിന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ മനസ്സിലാക്കിയിരിക്കുമല്ലോ. ഇതിൽ അടങ്ങിയിരിക്കുന്ന സംഗതികളുടെ പ്രാധാന്യത്തേയും ഗൌരവത്തേയും പററി സംശയത്തിനു വകയില്ല. എന്നാൽ അതിനുള്ള പരിഹാരവും പ്രതിവിധിയും ഒരു അടിയന്തിരപ്രമേയം മൂലമാണോ ഉണ്ടാക്കേണ്ടതു എന്നാണ് ചിന്താവിഷയം. ഇവിടെ അടുത്തുതന്നെ ഡിസ്കഷനു വരുന്ന വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ഡിമാൻറ വരുമ്പോൾ ഈ വിഷയം വാദപ്രതിവാദത്തിനു കൊണ്ടുവരാവുന്നതാണ്. സത്യാഗ്രഹകാര്യം ആലോചനയിലിരിക്കുന്നതായി വിവരിച്ചു ഇതിനു മുമ്പും ഈ വിഷയത്തെസംബന്ധിച്ച് ഒരു അടിയന്തിരപ്രമേയം ഇവിടെ വന്നിട്ടുള്ളതാണ്. എങ്കിലും പ്രധാനമന്ത്രിയുടെ വിശദീകരണംകൂടി പരിഗണിച്ചു് ഈ പ്രമേയം സഭയുടെ ചർച്ചക്ക് അടിയന്തിരപ്രമേയം വഴി വിഷയമാക്കണമോ എന്നു സഭ തീരുമാനിക്കേണ്ടതാണ്. നിയമദൃഷ്ട്യാ ഇതു് അനുവദിക്കത്തക്കതുതന്നെ. അനുവദിക്കുന്നതിൽ ആർക്കെങ്കിലും ഒബ്ജക്ഷനുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. എ. മാത്യു.—ഇതു മൂവു ചെയ്തതു് ആരാണ്.

മി. സ്പീക്കർ.—ശ്രീ. കണ്ണൻ.

**Sri. P. Balakrishnan Thampi:** I object to this motion because it is giving unnecessary importance to the school boys and will not get us any benefit in securing votes in the next election as well.

*Mr. Speaker thereupon ascertained the number of members who are in favour of the motion. As only 21 members stood up for the motion, leave was refused.*

ശ്രീ. ടി. പി. സീതാരാമൻ.—സർ, ഇന്നലെ രജിസ്ററാരുടെ പടിക്കൽ ഉള്ള......

**Mr. Speaker:** Does the Hon'ble member want any information. If not he will please resume his seat.

**Sri. P. M. Varghese:** According to Rule "21" a member desiring to make any observation on any matter before the Assembly shall speak from his place." ഇതനുസരിച്ചു് ഒരു മെമ്പർക്ക് എന്തുകാര്യത്തെപ്പററിയും പറയാനുള്ള അവകാശമുണ്ട്.

**Mr. Speaker:** I have to request the member to read the section carefully once again when his doubt will get cleared.

ശ്രീ. ടി. പി. സീതാരാമൻ—സർ, രജിസ്ററാരുടെ പടിക്കൽ ഇന്നലെ സത്യാഗ്രഹം ആരംഭിച്ചതിൻെറ ഫലമായി ഇന്നലെരാത്രി, ഇൻകിലാബ് സിന്ദാബാദ് എന്നീ വിളികളാൽ, അടുത്തുള്ളവർക്ക് ഉറങ്ങാൻപോലും സാദ്ധ്യമല്ലായിരുന്നു.

**Mr. Speaker:** The Hon'ble Member's attempt at interruption is not covered by the term "on a point of information". The Member is trying to supply information to the House. A member rising "on a point of information" is expected to do so to get information from and not to impart information to the House.

[Mr. Speaker]

The next adjournment motion is given notice of by Mr. Ponnara G. Sreedhar "to discuss the grave situation that has arisen consequent on the direct action from to-day onwards by the students of Nedumangad because of the unsympathetic and callous indifference exhibited by the Hon'ble Government".

ഇതിനെക്കുറിച്ചു് തീരുമാനിക്കുന്നതിനുമുമ്പ് ഇതിൽ അടങ്ങിയിരിക്കുന്ന വിവരങ്ങളെക്കുറിച്ചു് അഫിഷ്യൽ മെമ്പറിനു് എന്തെങ്കിലും സംസാരിക്കേണ്ടതായിട്ടുണ്ടെങ്കിൽ സംസാരിക്കാം.

**The Hon'ble Sri. E. John Philipose:** Sir, this matter has been brought to my notice some days ago and all that I could do was to give specific directions to the Inspector-General of Police to see that all facilities are provided for students travelling from Nedumangad to Attingal. I understand that the Inspector-General has already moved in this matter and I have no doubt that all legitimate grievances in this respect will be remedied.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഞാൻ പറയുന്നതു് ഗവമെന്റു് സ്റ്റേറ്റു് ട്രാൻസ്പോർട്ടിന്റെ കാര്യം മാത്രമല്ല.

**The Hon'ble Sri. E. John Philipose:** Government transport is not operating services on this line, but all possible facilities will be given by inducing private owners. Whether concession rates can be granted to students is a matter for negotiation between the Inspector-General of Police who is the Transport Authority and the private owners who are running their buses.

**Sri. Ponnara G. Sreedhar:** Of course if you can negotiate we are sure to get the concession. The question is only whether you are prepared to do it.

**The Hon'ble Sri. E. John Philipose:** I have already stated that I have asked the Inspector-General of Police to move in the matter.

**Sri. Ponnara G. Sreedhar:** I am not pressing the motion.

**Mr. Speaker:** The next motion is one seeking to discuss the urgent situation consequent on the decision of Mr. Srikantan Nayar and others to go on hungerstrike. Before giving ruling, I wish to know what the Hon'ble Chief Minister has to say regarding the facts alleged.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: മിസ്റ്റർ ശ്രീകണ്ഠൻനായരുടേയും അദ്ദേഹത്തിന്റെ അനുയായികളുടേയും സംബന്ധിച്ചു് രണ്ടു വ്യവസ്ഥകൾ നിറവേററാത്തപക്ഷം നിരാഹാരസത്യാഗ്രഹം തുടങ്ങുന്നതാണെന്നു ഗവമെന്റിനെ അറിയിച്ചു. എന്നാൽ ഈ പ്രമേയത്തിൽ പറഞ്ഞതുപോലെ ഇന്നല്ല നിരാഹാരസത്യാഗ്രഹം തുടങ്ങുന്നതു്. അതു് പതിനൊന്നാംതിയ്യതി മാററിവെച്ചിരിക്കുന്നതായി അറിവു ലഭിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഡിമാൻറുകളിൽ പ്രധാനമായിട്ടുള്ളതു് രണ്ടെണ്ണമാണു്. ഒന്നു് അദ്ദേഹത്തേയും സ്നേഹിതന്മാരേയും കൊല്ലത്തെ സിവിൽജെയിലിൽ മാററണമെന്നുള്ളതും, രണ്ടാമതു് അദ്ദേഹത്തിന്റെ പേരിലുള്ള രണ്ടുമൂന്നു കേസ്സുകൾ, ഒരു സ്പെഷ്യൽകോടതിയിലേക്കു് കൊടുക്കണമെന്നും ഉടൻതന്നെ വിസ്താരം ആരംഭിക്കണമെന്നുള്ളതുമാണു്. ഇതേപ്പററി ഗവമെന്റു് ആലോചിച്ചു വേണ്ട നടപടികൾ ഇതിനകം എടുത്തിട്ടുണ്ടു്. അവരെ സിവിൽജയിലിലേക്കു് മാററുന്നതിനു ഉത്തരവു് പുറപ്പെടുവിച്ചുകഴിഞ്ഞു. സ്പെഷ്യൽകോട്ടിൽ വിസ്തരിക്കുന്നതിനും വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ടു്. അതുകൊണ്ടു്, ഇതിനടിസ്ഥാനമുണ്ടോ എന്നു് ഗവമെന്റിനറിഞ്ഞുകൂടാ. ഏതായാലും അദ്ദേഹത്തിന്റെ ആവശ്യം നിറവേററിയിരിക്കുന്നതിനാൽ ഈ സത്യാഗ്രഹത്തിനു് ഇനി അടിസ്ഥാനമൊന്നുമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ വിവരങ്ങൾ അദ്ദേഹത്തെ അറിയിച്ചിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അധികാരികളെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇന്നാണു് സത്യാഗ്രഹം തുടങ്ങുന്നതു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് പതിനൊന്നാംതിയ്യതിക്കു് മാററിവച്ചിട്ടുണ്ടു്.

മി. സ്പീക്കർ: ഇന്നലെ, അങ്ങനെ ഉദ്ദേശിച്ചിരുന്നു. പിന്നെ ഇന്നാണു് തുടങ്ങുന്നതെന്നു പറഞ്ഞു. എന്നാൽ facts verify ചെയ്തതിൽ അതു് ശരിയല്ലെന്നു കാണുന്നു. —

അതായത് സത്യാഗ്രഹം തുടങ്ങാൻ ഉദ്ദേശിച്ചതായും ഇന്നു തുടങ്ങിയതായും പറയുന്നത്—പ്രമേയം തള്ളിയിരിക്കുന്നു.

അടുത്തതു് മിസ്റ്റർ വി. ഗംഗാധരൻനായരുടേതു്. ആ പ്രമേയവും ഇതുതന്നെയാണ്. ഇങ്ങനെ മനസ്സാലെ തീരുമാനം ചെയ്യുവെന്നല്ലാതെ പ്രമേയം ഒരു സംഭവത്തെയും വെളിപ്പെടുത്തുന്നില്ല. അതുകൊണ്ടു് പ്രമേയം അനുവദനീയമല്ല.

## Announcement of the result of the election to the Advisory Committee on Public Works and Communications

മി. സ്പീക്കർ: പൊതുമരാമത്തും ഗതാഗതവും വകുപ്പുകൾക്കു് സ്റ്റാൻഡിംഗു് അഡ്വൈസറി കമ്മിററിക്കുള്ള തിരഞ്ഞെടുപ്പ് ഇന്നലെ നടന്നതിന്റെ ഫലമായി താഴെ പറയുന്ന അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്നു.—

൧. ശ്രീ. ടി. കൊച്ചുകൃഷ്ണപിള്ള
൨. ,, കെ. ആർ ഇലങ്കത്തു്
൩. ,, കെ. എം. ചാണ്ടി
൪. ,, എ. കെ. ജാർജു്
൫. ,, പി. കെ. കുമാരനാശാരി
൬. ,, കെ. കെ. വാസുപ്പണിക്കർ

## VOTING OF DEMANDS FOR GRANTS

### Demand No. XII—Jails—*(Cont.)*

മി. സ്പീക്കർ: ഇന്നലെ പറഞ്ഞിരുന്നതനുസരിച്ചു കട്ട്മോഷൻസ് അയച്ചിട്ടുള്ളവർ പ്രസംഗിക്കാം.

ശ്രീ. എ. പി. ഉദയഭാനു: (തുടർച്ച) സർ, പ്രധാനമായി ഞാൻ പരാമർശിച്ചുകൊണ്ടിരുന്നതു് ജയലിന്റെ അധികാരവ്യാപ്തി വർദ്ധിപ്പിക്കണമെന്നും ഇന്നത്തെ ലാക്കപ്പിന്റെ സ്ഥാനംകൂടി ഈ ജയലിന്റെ കീഴിൽ കൊണ്ടുവരണമെന്നുള്ളതാണ്. ൧൧൨൩-ലെ റിപ്പോർട്ടു് അനുസരിച്ചു് ലാക്കപ്പിൽ ൫,൭൨൧ ആളുകളും, ജയിലുകളിൽ ൧൭൧ ആളുകളും മാത്രമാണുള്ളതു്. ഇതിൽനിന്നും സെൻട്രൽജയിലിൽ ഉള്ളതിന്റെ ഏതാണ്ടു് ഏഴ് മടങ്ങു് ആളുകൾ ലാക്കപ്പുകളിൽ കിടന്നിരുന്നുവെന്നു് കാണാവുന്നതാണ്. കുററവാളികളെ സംബന്ധിച്ചാണെങ്കിൽ സാമൂഹ്യമായ പരിതസ്ഥിതികൾകൊണ്ടാണ് അവർ കുററവാളികളായിത്തീരുന്നതു്. ജയിൽജീവിതത്തിനുശേഷം സാമാന്യം നല്ലനിലയിലുള്ള ഒരു ജീവിതം നയിക്കുന്നതിനുള്ള സൌകര്യം ഉണ്ടായിരിക്കേണ്ടതാണ്. ൧൧൨൩-ലെ ജയിലിലെ റിപ്പോർട്ടു് അനുസരിച്ചു് ൧൭൬ കുററവാളികൾ ഉണ്ടായിരുന്നവരിൽ ൧൦ പേർ ൬൦-ന് മേൽ വയസ്സായവരും അമ്പത്തിമൂന്നുപേർ നാല്പതിനും അമ്പതിനും ഇടയ്ക്കു് വയസ്സുള്ളവരും ൧൧൩ പേർ പതിനാറിനും നാല്പതിനും ഇടയ്ക്കു് പ്രായമുള്ളവരാണ്. ഇതിൽ ൧൬൭ പേർ Habitual criminals ആയിരുന്നു. ബാക്കിയുള്ളവരെല്ലാം സാമൂഹ്യ പരിതസ്ഥിതികളാൽ കുററവാളികളായിത്തീരുകയുമാണ് ചെയ്തിട്ടുള്ളതു്.

ഇന്നു് സെൻട്രൽ ജെയിലിൽ കുററവാളികളെ പരിശീലിപ്പിക്കുന്നതിനുള്ള ഒരു കോളേജ് എന്നുള്ള നിലയിൽതന്നെ പ്രവൃത്തിക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കുററംചെയ്തു പഴക്കവും തഴക്കവും ഉള്ള ആളുകളുമായി ആദ്യമായി കുററംചെയ്തു ശിക്ഷിക്കപ്പെടുന്ന ആളുകളെ പ്രത്യേകിച്ചും ബാല്യദശ കഴിച്ചു് തരണംചെയ്തിട്ടുള്ള ആളുകളെ ഒരുമിച്ചിടുകയും സമ്പർക്കം പുലർത്താൻ സൗകര്യംകൊടുക്കുകയും ചെയ്യുന്നതുകൊണ്ടു് കുററം ചെയ്യുന്നതിനുള്ള പരിശീലനവും വാസനയും അവർക്കു് സിദ്ധിക്കുന്നതിന് ഇടയുണ്ട്. ആദ്യമായി കുററം ചെയ്യുന്നവരെ അതിൽനിന്നും പിൻതിരിപ്പിക്കാൻ എളുപ്പമുണ്ട്. എന്നാൽ അവരെ മററ പുള്ളികളുമായി ഒരുമിച്ചിടുന്നതുകൊണ്ടു് അവരുടെ സ്വഭാവദൂഷ്യങ്ങൾ കൂടുതൽ കൂടുതൽ ഉറയ്ക്കുന്നതാണ് എളുപ്പം. അതിനാൽ ഈ സംഗതിയിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും ആദ്യമായി സാമൂഹ്യജീവിതത്തിൽനിന്നും കുററത്തിലേയ്ക്കു് വഴുതി വീഴുന്ന ആളുകളെ മോഷണം, അക്രമം മുതലായവ ജീവിതമാർഗ്ഗങ്ങളായി സ്വീകരിച്ചിരിക്കുന്ന കുററവാളികളിൽനിന്ന് വേർതിരിച്ചു് പ്രത്യേകം സൂക്ഷിക്കുവാൻ ഏർപ്പാടുചെയ്യുകയും ചെയ്യേണ്ടതാണ്.

[Sri. A. P. Udayabhanu]

ജയിൽഭരണ റിപ്പോർട്ടിൽനിന്നും മറെറാന്നു കാണുന്നുണ്ട്. അതായതു് ജയിൽപ്രസ്സിലും മാനുഫാക്ക്ച്ചറിയിലും നിന്നുള്ള വരവ് ൧൭,൩൪൭ രൂപായാണ്. എന്നാൽ അതിനുള്ള ചെലവ് ൪,൯൬,൯൬൭ രൂപായാണ്. ജയിൽ മാനുഫാക്ക്ററിയും പ്രസ്സും കാര്യക്ഷമമായ രീതിയിൽ പ്രവൃത്തിക്കുകയാണെങ്കിൽ ഇതിൽനിന്നും കൂടുതൽ വരുമാനം നിശ്ചയമായും ജയലിൽനിന്നു ഉണ്ടാക്കാൻ സാധിക്കും. മറെറാരു കാര്യം കൂടി നാം ആലോചിക്കേണ്ടതുണ്ട്. ഒരു പുള്ളിയെ ശിക്ഷിച്ചു് ജയിലിൽ അടയ്ക്കുമ്പോൾ ആ പുള്ളിയെ ആശ്രയിച്ചു് ജീവിക്കുന്ന ആളുകളുംകൂടി പരോക്ഷമായിട്ടു് ശിക്ഷിക്കപ്പെടുന്നുണ്ട്. അങ്ങനെ ഒരു കുററവാളിയെ ജയിലിൽ അടയ്ക്കുമ്പോൾ അയാളെ ആശ്രയിച്ചു് ജീവിക്കുന്നവരും പരോക്ഷമായി ശിക്ഷിക്കപ്പെടുന്നുണ്ട് എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഡെററിന്യൂകൾക്ക് ഫാമിലി അലവൻസ്സ് സംപ്രദായം നടപ്പിൽ വരുത്തിയിട്ടുള്ളതു്. ഡെററിന്യൂകൾക്ക് മാത്രമല്ലാ പീനൽകോഡു് അനുസരിച്ചു് ശിക്ഷിക്കപ്പെടുന്ന സാധാരണ കുററവാളികളുടെയും ആശ്രിതർ ഇങ്ങനെ പരോക്ഷമായി ശിക്ഷിക്കപ്പെടാതിരിക്കുന്നതിനുള്ള വ്യവസ്ഥകൾ നാം ചെയ്യേണ്ടതാണ്. ജെയിലിൽ പോകുന്ന ആളുകളെക്കൊണ്ടുതന്നെ ലാഭകരമായ വിധത്തിൽ പ്രവൃത്തി എടുപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ അവിടെ ഉണ്ടാക്കുകയും അവരുടെ പ്രവൃത്തിയിൽനിന്നും കിട്ടുന്ന വരുമാനം അവരുടെ കുടുംബങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുയാണെങ്കിൽ പുള്ളികൾ കൂടുതൽ ശുഷ്കാന്തിയോടുകൂടി പ്രവൃത്തിക്കുമെന്നു മാത്രമല്ല ശിക്ഷകഴിഞ്ഞു പുറത്തുവരുമ്പോൾ, സമുദായമദ്ധ്യത്തിൽ നല്ല തൊഴിലാളികളായി ജീവിക്കുന്നതിനുള്ള പരിശീലനം അവർക്കു സിദ്ധിക്കുകയും ചെയ്യും. ഈ സംഗതികളിലും ഗവമ്മെണ്ടിന്റെ ശ്രദ്ധ ചെല്ലേണ്ടതു് ആവശ്യമാണ്. മറെറാരുകാര്യം ശ്രദ്ധിക്കാനുള്ളതു് ശിക്ഷകഴിഞ്ഞു പുറത്തുവരുന്നവർക്ക് ഏതെങ്കിലും തൊഴിലുകളിൽ ഏർപ്പെട്ടു ജീവിക്കുന്നതിനുള്ള സൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിലാണ്. ജയിലിൽനിന്നും പുറത്തുവരുന്നവർക്ക് അതിനു മതിയാവുന്ന ഒരു തുകകൂടി കൈവശം ഉണ്ടായിരിക്കത്തക്കവിധം വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ഇപ്പോഴും ആ തത്വം അംഗീകരിച്ചിട്ടുണ്ടെങ്കിലും അതു പ്രായോഗികമാക്കിട്ടില്ല. അതുകൊണ്ടു് അവർക്കു യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. ജയിലിൽനിന്നും സമുദായത്തിലേക്കു തിരിച്ചുവരുമ്പോൾ വീണ്ടും പഴയ മാർഗ്ഗംതന്നെ തുടരാതിരിക്കണമെങ്കിൽ, ജയിലിൽ പണിയെടുത്തതിന്റെ ഒരു മിച്ചസംഖ്യയുമായി വെളിയിൽ വന്നു ജീവിതം കഴിക്കുന്നതിനുള്ള സൌകര്യം ഉണ്ടായിരിക്കണം. എത്രയും വേഗത്തിൽ ഈ തത്വം പ്രായോഗികമാക്കാൻ ഗവമ്മെണ്ടു ശ്രദ്ധിക്കേണ്ടതാണ്. ജയിലിൽനിന്നും ആളുകളെ പുറത്തുവിട്ടുകഴിഞ്ഞാൽ ഗവമ്മെണ്ടിന്റെ ചുമതല തീർന്നു എന്നു വിചാരിക്കാൻ പാടില്ല. ജയിലിൽനിന്നും തിരിച്ചുവരുന്ന അവസരത്തിൽ വീണ്ടും സമുദായത്തിൽ ജീവിതം ആരംഭിക്കുന്നതിനു ഉതകുന്ന സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊടുക്കേണ്ടതും ഗവമ്മെണ്ടിന്റെ ചുമതലയാണ്. കുററം ചെയ്യുന്നതു സാമൂഹ്യമായ ഒരു രോഗമാണെന്നുള്ള നിലയിൽ നാം അതിനെ വീക്ഷിക്കുകയും അതിനു പരിഹാരം ഉണ്ടാക്കേണ്ടതുമാണ്. അല്ലാതെ ഒരാൾ ഒരിക്കൽ എന്തെങ്കിലും കാരണവശാൽ കുററംചെയ്തു എന്നു കരുതി അയാളെ എന്നും കുററക്കാരനായി മുദ്ര അടിച്ചു് സമുദായത്തിൽനിന്നും പുറംതള്ളാനുള്ള ഏർപ്പാടുകളല്ല വേണ്ടതു്. ജയിലിൽ പോകുന്ന ഏതൊരാളും അങ്ങിനെ സാമൂഹ്യമൂല്യങ്ങളെപ്പററി തികച്ചും ബോധവാനായ ഒരു വ്യക്തി എന്ന നിലയിൽ തിരിച്ചുവരുന്നതിനുള്ള ഒരു പാഠശാലയായി ജയിലിൽ പ്രവൃത്തിക്കേണ്ടതു് അത്യാവശ്യമാണ്. ഈ കാര്യങ്ങൾ ഗവമ്മെണ്ടു വേണ്ടപോലെ ശ്രദ്ധിക്കുമെന്നും അവ പ്രായോഗികമാക്കാൻ ശ്രമിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

ശ്രീ. മാന്നാർ ഗോപാലൻനായർ: സർ, സൃഷ്ടിപരമായ വിമർശനങ്ങൾ ഒന്നുംതന്നെ പ്രതിപക്ഷത്തുനിന്നും ഉണ്ടാകുന്നില്ലെന്നും അവർ സ്ഥാനത്തും അസ്ഥാനത്തും ഗവമ്മെണ്ടിനെ കുററപ്പെടുത്തുന്നുവെന്നും ഇവിടെ ചിലർ പറഞ്ഞുകേട്ടു. വിമർശനശാസ്ത്രത്തിന്റെ ഏതടിസ്ഥാനത്തിലാണ് ഇങ്ങനെയുള്ള ഒരു തത്വം ആവിഷ്കരിച്ചതെന്നു പറയുവാൻ ഇപ്പോൾ നിവ്വാഹമില്ല. സർ, പ്രതിപക്ഷത്തുനിന്നും വിമർശനങ്ങൾ നടത്തുന്നതു ഗവമ്മെണ്ടിനെ ശരിയായ മാർഗ്ഗങ്ങളിൽക്കൂടി നയിക്കുന്നതിനാണെന്നും അല്ലാതെ അവരെ നിരുത്സാഹപ്പെടുത്തുന്നതിനല്ലെന്നും ഞാൻ വ്യക്തമായി പറയേണ്ടിയിരിക്കുന്നു. "അന്നംപോലെ വെളുത്തുള്ള പൊന്നു കാക്കസുന്ദരാ" എന്നിങ്ങനെയുള്ള സ്തുതിഗീതങ്ങൾ പാടി കാക്കയുടെ വായിലിരിക്കുന്ന അപ്പക്കഷണം തട്ടിയെടുക്കുന്ന കുറക്കന്റെ നയം പ്രതിപക്ഷം സ്വീകരിച്ചിട്ടില്ലെ

ന്ന് എനിക്ക ധൈര്യമായി പറയുവാൻ കഴിയും. അതുകൊണ്ട് പ്രതിപക്ഷത്തെ സ്ഥാനത്തും അസ്ഥാനത്തും ആക്ഷേപിക്കുന്ന നയം ഗവമ്മെണ്ടിന്റെ വക്കാലത്തു ഭേസിയിട്ടുള്ളവർ ഇനിയെങ്കിലും ഉപേക്ഷിക്കുമെന്നു വിശ്വസിക്കുന്നു.

സർ, ജയിലിലെ കാര്യത്തെപ്പററി പറയുകയാണെങ്കിൽ, അവിടെയുള്ള സുഖസൌകര്യങ്ങൾ വർദ്ധിപ്പിച്ചാൽ, അതു ജയിലിൽ പോകുന്നതിന് ഒരു പ്രേരണയായിത്തീരുമെന്ന് ഒരു വാദഗതി ഇവിടെ ഉന്നയിച്ചതായി കാണുന്നുണ്ട്. സർ, മനശ്ശാസ്ത്രപരമായി നോക്കുകയാണെങ്കിൽ അതു ജീവിതത്തെപ്പററിയുള്ള തെററായ ഒരു ധാരണയെ അടിസ്ഥാനമാക്കി പറയുന്നതാണെന്നു പറയാതിരിക്കാൻ നിവ്വാഹമില്ല. ജയിലിൽ കൂടുതൽ സൌകര്യങ്ങൾ ഉണ്ടെന്നുവിചാരിച്ചു സുഖസൌകര്യങ്ങൾ ഒന്നുമില്ലാതെ വെളിയിൽ താമസിക്കുന്ന ആളുകളെല്ലാം ജയിലിൽ പോയി താമസിച്ചുകളയാമെന്ന് വിചാരിക്കാറില്ല. കേവലം സാഹചര്യങ്ങളുടെ സമ്മർദ്ദനത്താൽ ചില കുററങ്ങൾക്ക വശംവദരായി കുററങ്ങൾ ചെയ്യുന്നും ജയിലിൽ പോകാനും ഇടവരുന്ന കുററവാളികളോടു മനുഷ്യസഹജമായ രീതിയിൽ കാരുണ്യത്തോടുകൂടി പെരുമാറുകയും അവക്ക നിത്യാവശ്യത്തിനുള്ള സാധനങ്ങൾ കൊടുക്കുകയും വേണമെന്നു പറയുമ്പോൾ ആളുകൾ ജയിലിൽ പോകുന്നതിനു പ്രേരിതരായിത്തീരുമെന്ന വാദമുഖം എങ്ങിനെ ഉത്ഭവിക്കുന്നു എന്ന് എനിക്ക മനസ്സിലാകുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. ഉദയഭാനു പറഞ്ഞതുപോലെ പലപ്പോഴും പല സാഹചര്യങ്ങളുടേയും സമ്മർദ്ദംകൊണ്ടാണ് പലരും കുററങ്ങൾക്ക വശംവദരാകുന്നതു്. കുററംചെയ്യാൻ ജന്മനാ വാസനയുള്ളവർ (Habitual offenders) മനുഷ്യസമുദായത്തിൽ ഒരു കുറഞ്ഞ ശതമാനമേ കാണുന്നുള്ളു. മററുപലരും രാഷ്ട്രീയമായോ, ധനസംബന്ധമായോ ഉള്ള പ്രേരണകളാലും അപ്പോഴപ്പോഴത്തെ സാഹചര്യങ്ങളുടെ സമ്മർദ്ദത്താലും പല കുററകൃത്യങ്ങളിലും ഏർപ്പെട്ടുപോകുന്നുണ്ട്. അങ്ങിനെ ജയിലിൽ പോകേണ്ടിവരുന്നവക്ക് അവരുടെ ജീവിതാവശ്യങ്ങൾ നിവ്വഹിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതു് ഏതൊരു പരിഷ്കൃതഗവമ്മെണ്ടിന്റേയും കടമയാണ്. എല്ലാകാര്യങ്ങളിലും, അററോർണി ജനറലിന്റെ നിയമനത്തിനുപോലും, ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്ന നമ്മുടെ ഗവമ്മെണ്ടു അംഗങ്ങൾ അവിടെയുള്ള ജയിലുകൾ എങ്ങിനെയാണ് നടക്കുന്നതെന്നു നോക്കുകയാണെങ്കിൽ കാണാൻ കഴിയും, അവിടെ വിനോദങ്ങൾക്കുവേണ്ടിയും മററു സാന്മാർഗ്ഗികകാര്യങ്ങൾക്കുവേണ്ടിയും ജയിൽപുള്ളികൾക്ക സാഹചര്യങ്ങൾ സൃഷ്ടിച്ച് അവരുടെ മാനസികമായിട്ടുള്ള പരിവത്തനങ്ങൾ ക്രമീകരിക്കുന്നതിന് അനുദിനം ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്ന്. അതുകൊണ്ട് ഒരു മനശ്ശാസ്ത്രപരമായ രീതിയിൽ വേണം ഈ പ്രശ്നത്തെ സമീപിക്കേണ്ടതു്. ജയിലുകളെ മനുഷ്യന്റെ മൂർഖമായ വികാരങ്ങളെ പരിവത്തനംചെയ്യുന്ന പാഠശാലകളായി രൂപാന്തരപ്പെടുത്തുന്നതിന് എല്ലാ ഗവമ്മെണ്ടുകളും ശ്രമിച്ചുവരുന്നുണ്ട്. നമ്മുടെ ജയിലുകളിലാണെങ്കിൽ ഇവിടത്തെ ജയിലധികാരികൾ പുള്ളികളോടു വളരെ ക്രൂരമായും നിർദ്ദയമായും പെരുമാറുന്നുണ്ടെന്നു ജയിലിലുള്ള പല ഏർപ്പാടുകളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അതുകൊണ്ട് ഈ അടുത്തകാലത്തു തന്നെ തിരുവനന്തപുരം സെൻട്രൽ ജയിലിൽവെച്ചു ഭയങ്കരമായ ഒരു കൊലപാതകംപോലും നടന്നിട്ടുള്ളതായി ഒരു കേസ് ഉണ്ടായിട്ടുണ്ട്. ജയിലധികാരികൾ നിഷ്ഠുരമായി പുള്ളികളോടു പെരുമാറുകയാണെങ്കിൽ ഈമാതിരി സംഭവങ്ങൾ ഉണ്ടാകാതെ തരമില്ല. അതിനാൽ മനുഷ്യസഹജമായ ചില പ്രലോഭനങ്ങൾക്ക വശംവദരായി കുററങ്ങൾ ചെയ്തു ജയിൽപുള്ളികളായി കഴിയുന്ന ആളുകളെ നികൃഷ്ടരെന്നു മുദ്രയടിച്ച് ഉപേക്ഷിക്കരുതെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ജയിൽഭരണത്തെപ്പററിയും ജയിലിലെ സ്ഥിതിഗതികളെപ്പററിയും പല വിമശനങ്ങളും ഇവിടെ ഉണ്ടായി. ജയിൽ ഡിമാൻഡിന്മേലുള്ള കട്ട്മോഷൻ ശ്രീ. അബ്ദുൽറസാക്കവർകളാണ് ആദ്യമായി ഇവിടെ അവതരിപ്പിച്ചതു്. എന്നാൽ ഭാഗ്യവശാൽ ജയിൽഭരണത്തെപ്പററി പ്രത്യേകമായി പറയാൻ അദ്ദേഹത്തിനു യാതൊന്നും ഉണ്ടായിരുന്നില്ല. മന്ത്രിസഭയുടെ ചെയ്തികളേയും പ്രവത്തനരീതികളേയും പററി ഏതാണ്ടെല്ലാം പറയാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. അതിനിടയിൽ ജയിൽ എന്നുള്ള വാക്ക പലപ്പോഴും ഉപയോഗിച്ചിട്ടുണ്ടെന്നകാര്യം ഞാൻ വിസ്മരിക്കുന്നില്ല. ജയിലിൽ കിടക്കുന്ന പുള്ളികളെപ്പററി, അദ്ദേഹത്തിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ സഖാക്കളെപ്പററി വളരെ മനോവേദനയോടുകൂടി അദ്ദേഹം സംസാരിക്കുകയുണ്ടായി. അതേപ്പററി

[Sri. T. K. Narayana Pillai]

എനിക്കു പറയുവാനുള്ളതു് അദ്ദേഹത്തിനു ശരിയായ അറിവു് അതിനെ സംബന്ധിച്ചിടത്തോളം കിട്ടിയിട്ടില്ലെന്നാണു്. ഇവിടത്തെ ജയിലുകളിൽ കിടക്കുന്ന ഡററിന്യൂ തടവുകാർക്കു് ഇൻഡ്യയിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു വളരെ സുഖകരമായ രീതിയിൽ ജീവിതം നയിക്കുന്നതിനുള്ള എല്ലാ സൌകര്യങ്ങളും ഗവൺമെണ്ടു് ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടു്. ഇന്നു് ഈ യൂണിയനിൽ ഒരു ഡററിന്യൂ തടവുകാരനു സാധാരണ ഭക്ഷണത്തിനുപുറമേ രണ്ടു രൂപാ നാലണയും, ഷർട്ടു്, മുണ്ടു്, മഴയിൽനിന്നും തണുപ്പിൽനിന്നും രക്ഷനേടുന്നതിനു വേണ്ട മറടുപ്പുകൾ, കിടയ്ക്ക, കട്ടിൽ, മേശ, കസേര, കളിക്കുന്നതിനുള്ള സൌകര്യങ്ങൾ എന്നിവകൾ അനുവദിച്ചിട്ടുണ്ടു്. ആ സ്ഥിതിക്കു് ഈ സഖാക്കളുടെ കാര്യം തീർച്ചയായും സുരക്ഷിതമാണെന്നു് എന്റെ സ്നേഹിതനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗം ശ്രദ്ധിച്ചുകൊണ്ടിരുന്ന എനിക്കു് ഓർമ്മയിൽ വന്നതു് ഇതാണു്. "Oh, Lord! forgive me."

**Sri. P. Balakrishnan Thampi:** May I point out first of all that it is an elementary kindness to the members that the members of the Government should yield to back benchers who put a question? May I ask the Hon'ble Prime Minister......

**The Hon'ble Sri. T. K. Narayana Pillai:** "Chief Minister".

**Sri. P. Balakrishnan Thampi:** Oh, that is the Government of India's order. I would persist in addressing him as Prime Minister, because I know the meaning of that English word. I would ask my Prime Minister (Laughter) who is technically called the Chief Minister (more laughter) whether his description of the amenities of the jail here will not have the deleterious effect of attracting all the criminals to the Union territory?

<u>ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:</u> ശ്രീമാൻ അബ്ദുൾ റസാക്കു് അവർകളുടെ ആരോപണങ്ങളെപ്പററി ഇതിൽ കൂടുതലായി ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ സെൻട്രൽ ജെയിൽ ഇവിടെനിന്നും മാററി ദേവികുളത്തു സ്ഥാപിക്കണമെന്നും അവിടെ ഉദ്ദേശം ൧,൫൦൦ ഏക്കറോളം സ്ഥലം കൃഷിക്കുപയുക്തമാക്കി അവരെ കുടിപാർപ്പിച്ചു് കൃഷിചെയ്യിക്കണമെന്നും ഒരു നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ചില കാര്യങ്ങൾ ആലോചിച്ചുനോക്കുമ്പോൾ ആ നിർദ്ദേശം സ്വീകാര്യമാണു്. എന്നാൽ അതിനു പ്രായോഗികമായി പല വൈഷമ്യങ്ങളുമുണ്ടു്. ദേവികുളത്തു് ഇന്നത്തെ രീതിയിൽ ഒരു ജയിൽ ഉണ്ടാക്കുക എന്നുള്ളതു് വളരെ വിഷമകരമായ ഒരു പ്രശ്നമാണു്. ധനസംബന്ധമായും അതിനു വിഷമതകൾ ഇല്ലാതില്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രകടമാക്കിയിട്ടുള്ള തത്വം എന്താണെന്നു് എനിക്കു മനസ്സിലാക്കാൻ സാധിക്കും. പുള്ളികളെക്കൊണ്ടു കഴിയുന്നത്ര ജോലി ചെയ്യിക്കുക, അവരെക്കൊണ്ടു് സ്റ്റേററിന്റെ ദേശീയസമ്പത്തു വർദ്ധിപ്പിക്കുവാൻ ശ്രമിക്കുക എന്നതാണു് ആ തത്വം. ആ തത്വത്തെ ഗവൺമെണ്ടു് സ്വീകരിക്കുന്നുണ്ടു്. എന്നാൽ അതിനെ പ്രായോഗികമാക്കുന്നതിനു് തൽക്കാലം ഗവൺമെണ്ടിനു സാദ്ധ്യമല്ലെന്നാണു് എനിക്കു് അദ്ദേഹത്തോടു പറയാനുള്ളതു്.

ശ്രീ. ഗംഗാധരൻനായർ അവർകൾ അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ആവേശത്തോടുകൂടി കൊല്ലം സബ്ജയിലിലെ സ്ഥിതിഗതികളെ ചിത്രീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അറിവിനുവേണ്ടി ഒരു സംഗതി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നു കൊല്ലം സബ്ജയിലിൽ കിടക്കുന്ന ആളുകൾ എല്ലാംതന്നെ സാധാരണ നിയമപ്രകാരം അറസ്റ്റു് ചെയ്യപ്പെട്ടവരാണു്. അതായതു് പീനൽകോടു് അനുസരിച്ചു് അറസ്റ്റു് ചെയ്യപ്പെട്ടവരാണു്. അല്ലാതെ എമർജൻസി പവ്വേഴ്സ് ആക്ടു് അനുസരിച്ചു് അറസ്റ്റു് ചെയ്യപ്പെട്ടിട്ടുള്ളവരല്ല. അവരെ എല്ലാവരേയും ഇന്നലെ സിവിൽ ജയിലിലേക്കു മാററിയിട്ടുമുണ്ടു്. അതുകൊണ്ടു് എന്തെങ്കിലും കഷ്ടതകളും ബുദ്ധിമുട്ടുകളും അവർക്കുണ്ടായിരുന്നുവെങ്കിൽ അതു് അവസാനിച്ചിരിക്കുന്നുവെന്നും ഇനിമേലിൽ ആ മാതിരി പരാതികൾ ഉണ്ടാവുകയുമില്ലെന്നാണു് എനിക്കു് അദ്ദേഹത്തെ അറിയിക്കുവാനുള്ളതു്.

പിന്നീടു് ഇടലാക്കുടി ലാക്കപ്പിൽ നടക്കുന്ന നിരാഹാരസത്യാഗ്രഹത്തെപ്പററിയും അദ്ദേഹം പറയുകയുണ്ടായി. അവിടെ രണ്ടുപേർ നിരാഹാരസത്യാഗ്രഹം നടത്തുന്നുണ്ടെന്നു് ഇതിനുമുമ്പും ഞാൻ ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ളതാണു്. ശ്രീ. കാട്ടായിക്കോണം

ശ്രീധർ, ഡാക്ടർ ബാലകൃഷ്ണപിള്ള എന്നിവരാണ് നിരാഹാരസത്യാഗ്രഹം നടത്തിക്കൊണ്ടിരുന്നതു്. ഏതോ ചില ആവശ്യങ്ങളെ പുരസ്ക്കരിച്ചു് അവർ നിരാഹാരസത്യാഗ്രഹം തുടങ്ങി. അതിനെ സംബന്ധിച്ചു് ഞാൻ ഇവിടെ ഒരു പ്രസ്താവന ചെയ്തിട്ടുമുണ്ടു്. ശ്രീ. അബ്ദുൾ റസാക്ക് അവർകൾ അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ പറയുകയുണ്ടായി അദ്ദേഹം പ്രസംഗം ചെയ്തതിന്റെ തലേദിവസം ഇടലാക്കുടി പോലീസ് സ്റ്റേഷനിൽ പോയി നോക്കിയപ്പോൾ അവർ നിസ്സഹായരായി മരണമടയുന്ന നിലയിൽ കിടക്കുകയാണെന്നു്. എന്നാൽ ഗവമെന്റിനു് ഇന്നു് ലഭിച്ച അറിവു് അദ്ദേഹത്തിന്റെ പ്രസ്താവനയെ സ്ഥിരീകരിക്കുന്നില്ലെന്നാണ് പറയേണ്ടതു്. ഇന്നു രാവിലെമുതൽ അവർ പാൽ കഴിക്കുന്നു എന്നും അറിയുന്നു. പത്രങ്ങളിലെ പ്രസ്താവന ശരിയാണെങ്കിൽ അവർ നിരാഹാരസത്യാഗ്രഹം അവസാനിപ്പിച്ചു എന്നു വിചാരിക്കാം.

**Sahib Bahadur A. Abdul Razaak:** If so, I wish to correct the Hon'ble Chief Minister they have been physically over powered and made to eat what they would not otherwise.

**ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:** ഏതായാലും അവർ നിരാഹാരസത്യാഗ്രഹം അവസാനിപ്പിച്ചു എന്നാണ് ഇന്നത്തെ പത്രപ്രസ്താവനകളിൽ കാണുന്നതു്.

**Sri. P. Balakrishnan Thampi:** May I ask the Hon'ble Chief Minister whether Government have granted any permission to Hon'ble Mr. Razaak to visit the detenues in the sub-jail ?

**ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:** അദ്ദേഹത്തിനു് യാതൊരു അനുവാദവും ഗവമെന്റിൽനിന്നും കൊടുത്തിരുന്നില്ല. അദ്ദേഹം ഒരു അനൗദ്യോഗിക സന്ദർശകനാണെന്നും എനിക്കു തോന്നുന്നില്ല. ഏതായാലും അതേപ്പറ്റി ഈ അവസരത്തിൽ പറയേണ്ടാ എന്നു് വിചാരിച്ചു എന്നുമാത്രമേ ഉള്ളു.

**Sri. P. Balakrishnan Thampi:** May I ask the Hon'ble Chief Minister whether Government will be pleased to take appropriate action against the Police Officer who allowed infringe ment of the rules of Jail?

**ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:** അദ്ദേഹം അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ പ്രസ്താവിച്ചതു സ്റ്റേഷനിൽ പോയി സംസാരിച്ചു എന്നല്ല. അതിന്റെ പരിസരപ്രദേശങ്ങളിൽ പോയി അന്വേഷിച്ചു എന്നു പറഞ്ഞു എന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ഏതായാലും അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള വിവരങ്ങൾ ശരിയല്ലെന്നു ഞാൻ അദ്ദേഹത്തെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

**Sahib Bahadur A. Abdul Razaak:** I may inform the Hon'ble Chief Minister that I have been only to the District Hospital.

**Mr. Speaker:** The Chief Minister does not yield.

**ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ:** സർ, അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുകയാണെങ്കിൽ അതേപ്പറ്റി സ്ഥലത്തുപോയി അന്വേഷിക്കുന്നതിനു ഈ സഭയിലെ അംഗങ്ങൾക്ക് അവകാശമില്ലെ?

**ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:** ആ അവകാശം നിശ്ചയമായും ഉണ്ടു്. എന്നാൽ പോലീസ് സ്റ്റേഷനിൽ പോയി തടവുകാരുമായി സംസാരിക്കുന്നതിനുള്ള അവകാശം ലഭിക്കുന്നതിന് സ്റ്റേഷനിലെ അധികാരികളുടെ അനുവാദം അത്യാവശ്യമാണെന്നുള്ളതു സാധാരണ നിയമമാണ്. അതുകൊണ്ടാണ് ശ്രീ. തമ്പിയുടെ ചോദ്യത്തിന് ഞാൻ അങ്ങിനെ മറുപടി പറഞ്ഞതു്. അല്ലാതെ ഈ നിയമസഭാംഗങ്ങൾക്ക് അവരുടെ നിയോജകമണ്ഡലങ്ങളിൽ നടക്കുന്ന കാര്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനോ വിവരം ഗവമെണ്ടിനെ ധരിപ്പിക്കുന്നതിനോ അവകാശമില്ലെന്നു ഞാൻ എന്റെ മറുപടിയിൽ ഉദ്ദേശിച്ചിരുന്നില്ല.

അതുകൊണ്ടു് ഇടലാക്കുടി ലാക്കപ്പിൽ നടന്നുകൊണ്ടിരുന്നതായ നിരാഹാരസത്യാഗ്രഹം അവസാനിച്ചുവെന്നും അവരുടെ സ്ഥിതി ഭയനീയമല്ല എന്നും ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു. എന്റെ സ്നേഹിതൻ പറയുകയുണ്ടായി, ഞാൻ പറഞ്ഞതു് പച്ചക്കള്ളമാണെന്നു്. എനിക്കും ആ ഭാഷയിൽ മറുപടി പറയുവാൻ സാധിക്കുമെങ്കിലും എന്റെ സംസ്കാരം അതിനു് എന്നെ അനുവദിക്കുന്നില്ല.

[Sri. T. K. Narayana Pillai]

ശ്രീ. ഉദയഭാനു അവർകൾ പല നിർദ്ദേശങ്ങളും ഗവൺമെണ്ടിന്റെ മുമ്പിൽ സമർപ്പിക്കുകയുണ്ടായി. ആ നിർദ്ദേശങ്ങളിൽ പലതും തീർച്ചയായും ഗവൺമെണ്ട് അവഗാഢമായി ആലോചിക്കേണ്ടവയുമാണ്. മനഃശാസ്ത്രപരമായ പല നിർദ്ദേശങ്ങളും അതിൽ അടങ്ങിയിട്ടുണ്ടെന്നു ഗവൺമെണ്ടു സമ്മതിക്കുന്നു. എന്നാൽ ഈ യൂണിയനിൽ തിരുവനന്തപുരത്തുള്ള സെൻട്രൽ ജെയിലിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ഇൻഡ്യയുടെ ഇതരഭാഗങ്ങളിലുള്ള സിവിൽ ജയിലുകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ, വളരെ ഭേദമാണെന്ന് എന്റെ സ്നേഹിതൻ ശ്രീ. ഉദയഭാനുവും സമ്മതിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. മറ്റേതു പ്രോവിൻസിലേയും ജയിലിൽ കിട്ടുന്ന സുഖസൗകര്യങ്ങളേക്കാൾ കൂടുതൽ സുഖസൗകര്യങ്ങളാണ് ഇന്ന് തിരുവനന്തപുരത്തെ സെൻട്രൽ ജയിലിൽ കിട്ടിവരുന്നതെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. അവക്കു ശരിയായ ആഹാരം കൊടുക്കുന്നുണ്ട്. അവർ താമസിക്കുന്ന മുറികൾ ധാരാളം വെളിച്ചവും കാറ്റും കയറുന്നവയാണ്.

**Sahib Bahadur A. Abdul Razaak:** One question please. Are these prisoners being taken to entertainments at least once in a month?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അവരെ എന്റർടെയിൻമെന്റുകൾക്ക് കൊണ്ടുപോകുന്നില്ല. ഒരു പ്രോവിൻസിലും പുള്ളികളെ എൻടർടെയിൻമെന്റിനു കൊണ്ടുപോകുന്ന പതിവുണ്ടെന്ന് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അമേരിക്കയിലും ഇംഗ്ലണ്ടിലും അങ്ങിനെ ഒരു പതിവുണ്ടെന്ന് എനിക്കറിയാം. എന്നാൽ ഇൻഡ്യയിലെ ഒരു പ്രോവിൻസിലും അങ്ങനെ ഒരു പതിവുള്ളതായി എനിക്കറിവില്ല. ഏതായാലും ഇവിടത്തെ സെൻട്രൽ ജയിലിന് ഉള്ള ഒരു കുറവാണ് അതെങ്കിൽ ആ കുറവ് ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഇവിടത്തെ ജയിലിലെ ആഹാരക്രമം എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു ശരിയാണെങ്കിൽ, മറ്റേതു പ്രോവിൻസിലേയുംകാൾ വളരെ ഭേദപ്പെട്ടതൊന്നാണ്.

പിന്നെ അദ്ദേഹം പറയുകയുണ്ടായി സെൻട്രൽ ജെയിലിൽ അടയ്ക്കപ്പെടുന്ന പുള്ളികൾ വെളിയിൽ വരുമ്പോൾ വീണ്ടും ഒരു ശരിയായ ജീവിതം ആരംഭിക്കുന്നതിന് അവക്ക് ആവശ്യമായ നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിന് വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതു ഗവൺമെണ്ടിന്റെ ചുമതലയാണെന്ന്. ആ തത്വം ഞാനും സ്വീകരിക്കുന്നു. ഒരുതവണ കുറ്റംചെയ്തതുകൊണ്ട് ഒരാളെ ജീവിതാവസാനംവരെ ജയിലിൽ അടക്കുന്നതിന് യാതൊരു കാരണവുമില്ല. എന്നാൽ പല കാരണങ്ങളാലും ഈ മാതിരിയുള്ള തത്വങ്ങൾ പ്രായോഗികമാക്കുന്നതിനു ഗവൺമെണ്ടിനു പല വിഷമങ്ങളുമുണ്ട്. ജയിലിൽനിന്നു വിമുക്തരാക്കപ്പെടുന്നവർ വീണ്ടും ലോകത്തിൽ ജീവിതായോധനം നടത്തുന്നതിനുവേണ്ട സൗകര്യങ്ങൾസൃഷ്ടിക്കുക എന്നുള്ളതു് പറയുന്നമാതിരി അത്ര എളുപ്പമല്ല. തീർച്ചയായും ആ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് ഗവൺമെണ്ട ശ്രമിക്കേണ്ടതു് ആവശ്യമാണ്. എന്നാൽ പെട്ടെന്ന് അതു ചെയ്തുതീർക്കാൻ സാദ്ധ്യമല്ലെന്നു ഞാൻ പറഞ്ഞാൽ എന്റെ സ്നേഹിതൻ തെറ്റിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ശ്രീ. കട്ടപ്പൻ അവർകൾ ജയിൽ വിമർശനവേളയിൽ ലാക്കപ്പുകളെപ്പറ്റി പറയുകയുണ്ടായി. പോലീസ് ലാക്കപ്പുകളുടെ സ്ഥിതിഗതികൾ നാം ആശിക്കുന്ന രീതിയിൽ സുഖകരമല്ലെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഈ ലാക്കപ്പുകളെ പരിഷ്കരിക്കുന്നതിനു വേണ്ട നടപടികൾ ഗവൺമെണ്ടു കൈക്കൊണ്ടുവരികയാണ്. നമ്മുടെ ലാക്കപ്പുകളുടെ നില കഴിയുന്നത്ര പരിഷ്കരിക്കണമെന്നുതന്നെയാണ് ഗവൺമെണ്ട് ഉദ്ദേശിക്കുന്നതു്. അദ്ദേഹവും കൊല്ലം ചവറ കേസുകളിലെ പ്രതികളെപ്പറ്റി പറയുകയുണ്ടായി. അതിന് എനിക്കു പറയുവാനുള്ള സമാധാനം ഞാൻ നേരത്തെതന്നെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പൊന്നറ ശ്രീധർ അവർകൾ ലാക്കപ്പുകൾക്കു പകരം സബ്ബ്ജയിലുകൾ സ്ഥാപിച്ച് അവയെ "ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൻസ്" എന്ന ഒരു പുതിയ ഉദ്യോഗസ്ഥനെ സൃഷ്ടിച്ച് അദ്ദേഹത്തിന്റെ കീഴിലാക്കണമെന്ന് പറയുകയുണ്ടായി. അതുതന്നെയാണ് ഗവൺമെണ്ടും നിശ്ചയിച്ചിരിക്കുന്നതെന്ന് അദ്ദേഹത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ അതു പരിപൂർണ്ണമായും നടപ്പിൽ വരുത്തുന്നതിന് ഒരു നാലഞ്ചുകൊല്ലത്തെ കാലതാമസം നേരിട്ടു എന്നുവരാം. കഴിയുന്നത്ര വേഗത്തിൽ ഈ യൂണിയന്റെ എല്ലാ ഭാഗങ്ങളിലും സബ് ജയിലുകൾ സ്ഥാപിക്കണമെന്ന് ഗവൺമെണ്ട് ഉദ്ദേശിക്കുന്നുണ്ട്. അങ്ങിനെ പുതുതായി സ്ഥാപിക്കുന്ന സബ്ജയിലുകളുടേയും സെൻട്രൽ ജയിലിന്റേയും മേൽനോട്ടം വഹിക്കുന്നതിന് ഒരു "ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൻസി"നെ നിയമി

ക്കണമെന്നും ഗവമെൻറ് ഉദ്ദേശിക്കുന്നുണ്ട്. ലാക്കപ്പുകളിൽ ആരെയുംതന്നെ ൨൪ മണിക്കൂറിൽ കൂടുതൽ വെച്ചുകൊണ്ടിരിക്കരുതെന്നും ൨൪ മണിക്കൂറിനകംതന്നെ അവരെ സബ് ജയിലിലേക്ക് മാററി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൻസിൻെറ അധികാരത്തിലും നിയന്ത്രണത്തിലും ആക്കണമെന്നും ഗവമെൻറ് ആഗ്രഹിക്കുന്നുണ്ട്. ആ ഉദ്ദേശത്തെ മുൻനിത്തിക്കൊണ്ടാണ് ഒരു സബ്ജയിൽ പണിയിക്കുന്നതിന് ൫൭,൦൦൦ രൂപ ബഡ്ജററിൽ നീക്കിവെച്ചിട്ടുള്ളത്. അഞ്ചു കൊല്ലംകൊണ്ട് ഈ യൂണിയൻെറ എല്ലാ ഭാഗങ്ങളിലും സബ്ജയിലുകൾ ഉണ്ടാക്കണമെന്നും നാം ഇന്ന് ആശിക്കുന്ന രീതിയിൽ അവയുടെ ഭരണരീതി നടപ്പിൽ വരുത്തണമെന്നും ഗവമെൻറ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ജോർജ്ജ് അവർകൾ റഫർമേറററിസ്സുകളിൽ മതസംബന്ധമായ ബോധനം നൽകുന്നതിന് എന്തോ ചില പ്രതിബന്ധങ്ങൾ ഉണ്ടായിട്ടുണ്ട് എന്നു പ്രസ്താവിക്കുകയുണ്ടായി. അതേപ്പററി ഉള്ള വിവരങ്ങൾ പൂണ്ണമായും ഗവമെൻറിനു ലഭിച്ചിട്ടില്ല. അതിനെപ്പററി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും കാരണവശാൽ അങ്ങിനെ എന്തെങ്കിലും പ്രതിബന്ധങ്ങൾ അവിടെ സൃഷ്ടിച്ചിട്ടുണ്ടെന്നു കാണുകയാണെങ്കിൽ ഗവമെൻറ് അതിനെപ്പററി ആലോചിക്കുന്നതാണ്.

ശ്രീ. പൊന്നറ ശ്രീധർ അവർകൾ വേറെ ഒരു സംഗതികൂടി പറയുകയുണ്ടായി. അതായത് വാർഡറന്മാരുടെ ശമ്പളം വളരെ കുറവാണെന്നും അവക്കു താമസിക്കുന്നതിനു ഗവമെൻറിൽനിന്നും വീടുകൾ ഉണ്ടാക്കി കൊടുക്കേണ്ടതു അത്യാവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. അതിൻെറ ആദ്യത്തെ ഭാഗത്തോടു ഞാനും യോജിക്കുന്നുണ്ട്. വാർഡറന്മാരുടെ ശമ്പളം കഴിയുന്നത്ര വേഗത്തിൽ വർദ്ധിപ്പിക്കണമെന്നുതന്നെയാണ് ഗവർമ്മെണ്ടിൻെറയും ഉദ്ദേശം. എന്നാൽ വാർഡറന്മാക്കു താമസിക്കുന്നതിനു വേണ്ട കെട്ടിടങ്ങൾ ഈ സമീപകാലത്തു് ഉണ്ടാക്കാൻ സാദ്ധ്യമല്ലെന്നും പറയേണ്ടിയിരിക്കുന്നു. എന്നാൽ കഴിയുന്നതും വേഗത്തിൽ അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും, അതേതോതിലുള്ള മററ ആളുകൾ ജീവിക്കുന്നതുപോലെ ജീവിക്കുന്നതിനു മതിയാകുന്ന ഒരു ശമ്പളക്രമം സ്വീകരിക്കുന്നതിനും ഗവർമ്മെണ്ടു വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. ഇത്രമാത്രമേ എനിക്കു ഇവിടെ നടന്ന വിമർശനങ്ങൾക്കു മറുപടിയായി പറയാനുള്ളു.

**Sahib Bahadur A. Abdul Razaak:** I don't press the motion, Sir.

*The motion, by leave, was withdrawn.*

*The demand No. XII was put to vote and carried.*

*The grant was made.*

## Demand No. XIII—Police

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, പോലീസ് വകുപ്പിലേയ്ക്കുള്ള ൩൯,൫൦,൭൮൫ രൂപയുടെ ധനാഭ്യർത്ഥന, ഞാൻ ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു.

ബഹു. ശ്രീ. എ. ജെ. ജോൺ: ഞാൻ ഇതിനെ പിൻതാങ്ങിക്കൊള്ളുന്നു.

**Sri A. Nesamony:** Sir, I move motion number 43 standing in my name to reduce the allotment of Rs. 39,50,785 under Demand XIII by Rs. 2 to discuss the general policy of the Police Department.

**Mr. Speaker:** Order, oder, മണി ഒന്നാകയാൽ, സഭ ഇപ്പോൾ പിരിയുന്നതും, രണ്ടു മണിക്കു വീണ്ടും കൂടുന്നതുമാണ്.

*The House adjourned for lunch at 1 p. m. and re-aesembled at 2 p. m. with the Deputy Speaker (Sri. K. Kochukuttan) in the Chair.*

**Sri. A. Nesamony:** Sir, at the last session of the Legislative Assembly of Travancore I submitted an adjournment motion to bring to the notice of the Government that the Tamilians in the Devicolam Taluk are being victimised. The Chief Minister assured us on the floor of this House that the policy of the Government as regards Tamilians in Devicolam and other places would not be dictated to by any one outside nor by any group of people outside the Government. We accepted that assurance. But events seem to be moving fast. A separate

[Sri A. Nesamony]

Commissionership was established in Deviculam and a separate appointment was made with a particular mandate granted to the officer. So, at this session of the Assembly I moved again an adjournment motion but the learned Speaker ruled it out of order saying that it contained four different subjects namely, the life, liberty, property and employment of the Tamilians. On the observations that were made on the general administration, the Hon'ble Chief Minister in his reply was kind enough to assure us that whatever may be the policy followed by the prior Government his Government were not going to make any discrimination and at the same time characterised the two extracts that I read out as political propaganda.

**The Hon'ble Sri. T. K. Narayana Pillai:** Only one I said as political propagada.

**Sri. A. Nesamony:** Thank you for correcting me. Sir, one of them he characterised as political propaganda. But Sir, before the voice that were ringing in our ears faded away I got another evidence to show that no faith could be placed upon the assurance given to us. I have got the information on the authority of Mr. Sooter, the Acting General Manager of the K. D. H. P. Company that the process of victimisation has already started by first transferring leading conductors of that area who had put in lifelong and faithfull service. They have been transferred to an estate called Vaguvarai Estate which is the Andamans of the K.D.H.P. Company. And so in the place of one of the unfortunate persons who have been sent there, one Mr. M. C. Thomas the name also strangely coincides—has been reported in the vacancy. I am not much worried over it. But what I am most worried about it is the statement of Mr. Sooter that he has received a letter that disciplinary action should be taken on 13 of the persons similarly as such action is necessitated by the political situation. Sir, if Mr. Sooter is made to understand that political situation is a thing that demands the persecution of the Tamils in Deviculam, I think he is living in a fool's paradise. I am led to believe Sir, that any action that Mr. Sooter must be taking might have been induced by the last paragraph of the letter I read out last time. "I am advised by the Government through the Commissioner that I will be taking disciplinary action against you". So, Sir, on the face of the assurance given by the Chief Minister, and the subsequent vehement repudiation made by the Chief Minister that there is no victimisation, I am wondering whether it is worthwhile to make any obervations on the Police Department which I am sure will meet with repudiations and deprecations. But at the same time Sir, I feel it my duty, a duty I owe to the organisation I belong and the electorate which I represent, to bring to the notice of the Chief Minister again that this Government must cease victimising the Tamilians. If the officer did not act under instructions of the Government it is up to them to institute an enquiry. We are prepared to lay the chargesheet suggesting allegations if the Government is prepared to do it. In answer to the repudiations and denunciations that he made on my statement, I should like to remind the Chief Minister the very words which he wanted to recite in reply to Mr. Razaak this morning. I believe, Sir, he wanted to say "God forgive them for they know not what they are doing" and I would recite this most emphatically for his benefit.

It was by a gentleman's agreement with the Chief Minister an agreement with His Highness the Maharaja of Travancore, that we were assured that all cases that have been proceeded against the workers and volunteers of the Tamil Nad Congress would be withdrawn. I ask the Chief Minister whether such cases have been withdrawn. It is more than a year ago that one of the State Congress candidates informed the police that her car was fisted on by Tamil Nad Congress volunteers whereupon proceedings were started against twenty of our men and two of them were taken to the police lock-up and mercilessly beaten. Not a single witness was examined in these proceedings and this case is still pending with the Kottar Magistrate. I ask the Chief Minister whether he ever scrutinised the report submitted by the police that these cases may be withdrawn. I ask him again whether such cases have been withdrawn? How many cases were not withdrawn? And if they are not withdrawn why were they not withdrawn? Is there not a case Sir, under Section 103 of the Criminal Procedure Code because black flags were hoisted on the day when the President of the State Congress came to address one of the meetings? Did not the police proceed under section 103 against the people of Vilavancode and Kalkulam and wanted to have all arrested and warrant issued immediately on the passing of the preliminary order? Is not that case pending now? Has the Chief Minister looked into the case which are pending trial in the courts of Padmanabhapuram, Neyyattinkara and other places? I ask the Chief Minister Sir, "are you not influenced by the police in this matter?" If that is so, may I ask who is the final authority in matters like this? Is it the Government or the police? It was most unfortunate Sir, that the present Inspector General was made the

Inspector General of the United State. He is now the old wine in the new bottle. I ask Sir, with what result? This Government knows with what result his appointment as Inspector General the old regime had to face. His old ways of repression, ruthless repression, still continue. It is the case, Sir, of the Ethiopian not changing skin and the leopard its spots. Like that it is sheerly impossible to change the ways of the present Inspector General. What about the police lathi charges before the A. D. Cotton Mill and at Chavara? What became of the investigations made by Justice Mr. Sankaran? What happened to the journalist who has been manhandled by the police?

**The Honble Sri. T. K. Narayana Pillai:** The enquiry is not over.

**Sri. A. Nesamony:** Yet Sir, nobody escapes the hands of the police. We have heard even the party in power denouncing the administration of the police in the most unmistakable terms. Mr. K. M. Chandy himself had occasion to denounce the police for their atrocities. He is reported to have said "organise yourself, meet force with force, violence with violence". That is what the public is thinking now. That is the only way to answer police highhandedness. And this cult is taking grip among the public in the State. It leads to anarchy. Who is at the bottom of it? I say it is the police, and the Government must consider it. Even if my statements are denounced by the other side it is the press and public that decide which is true and which is not true. Little did I think when I was making a statement on Mr. N. S. Krishna Pillai that he was related to the private clerk of the Hon'ble Chief Minister. Nor do I believe that this fact might have influenced his appointment as Commissioner for Devicolam. But what does the world say when the Hon'ble Chief Minister makes such denunciations on the floor of the House?

Now Sir, I wish to place yet one thing more before this House. It is a matter on which the whole Christian community in the South India is interested. I mean the Christians of the Church of South India. One million Christians belonging to the Church of South India hold this Government in contempt and ridicule. Their grievences as against disturbers of peaceful public worship carried on uninterruptedly for the last 150 years and more were ventilated by me as a lawyer and as their representatives in this House to the last Chief Minister. He took legal advice but he was not prepared to carry out the advice tendered by his law officers. Representations were made by ecclesiastical dignitaries. But they were not heeded by this Government. This Government had not the moral courage to face them by granting them even an interview. This Government thought only of one weapon. That was by creating dissentions in churches and thus try to disrupt the Tamils. It has now come to this. The police are at the back and call of these disturbers of public worship if any one were to tell them that he is a State Congressite bent upon creating such disturbances. Incidents have happened where peaceful worshippers has been harassed and threatened by the police and proceeded against at the distance of such people. As a result of this, this Government and this police administration are held in ridicule by one million Christians who belong to the Church of India and to which I am proud to belong. (Bell). Sir, I am entitled to a little bit of indulgence from the hands of the chair. One more thing I want to bring to the notice of this House.

Is there a magistrate, I ask, Sir, who would not listen to the whisperings in his ears by the police, than this is a matter in which the Government is interested? I have uncontrovertible evidence than even the fountain of justice is being polluted in the name of this Government. There are cases, Sir, where the police interferes with the course of justice and all that I could warn the Chief Minister is "Remember the walls have ears".

ശ്രീ. എ. അച്ചുതൻ: സർ, കാർത്തികപ്പള്ളി താലൂക്കിന്റെ ഏതാനും ഭാഗത്തു് കമ്മ്യൂണിസം പ്രചരിപ്പിക്കുന്നു എന്ന വ്യാജേന ഇന്നു അവിടെ പോലീസു നടത്തുന്ന മർദ്ദനത്തെ സംബന്ധിച്ചു രണ്ടു വാക്കു പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നു. കാർത്തികപ്പള്ളിയിലെ മൂന്നോ നാലോ പകുതികളെ പ്രതിനിധീകരിച്ചാണു് ഞാൻ ഈ നിയമസഭയിൽ സാമാജികനായി വന്നിട്ടുള്ളതെന്നു ബഹുമാനപ്പെട്ട സഭയെ അറിയിച്ചുകൊള്ളട്ടെ. ആ നിയോജക മണ്ഡലത്തിലെ സ്ഥിതി ആദ്യമായി ഒന്നു വിവരിക്കാം. ഉദ്ദേശം ചതുരശ്രമയിലിനു് ൩൦൦൦ ആളുകൾ വീതം താമസിക്കുന്ന കാർത്തികപ്പള്ളി തെക്കു, ചിങ്ങോലി മുതലായ പകുതികളിൽ താമസിക്കുന്നവരായ ജനങ്ങൾ ഇന്നു പട്ടിണിയും ദാരിദ്ര്യവുംകൊണ്ടു് വലയുകയാണു്. അവിടത്തെ പ്രധാനമായ കൈത്തൊഴിൽ കയർവ്യവസായമാണു്. കൃഷിപ്പ

[Sri. A. Achuthan]

ഴുന്നതിനു് കൃഷിസ്ഥലം വളരെ കുറവാണു്. തീരപ്രദേശത്തു് നെൽകൃഷിക്കു യാതൊരു സൌകര്യങ്ങളും ഇതുവരെ ഉണ്ടായിട്ടില്ല. നെല്ലും മരച്ചീനിയും മററു ആഹാരസാധനങ്ങളും അവിടെ വിളയിക്കുന്നതിനു് വളരെ പ്രയാസമാണു്. കയറിനു് വിലയുണ്ടായിരുന്ന കാലത്തു് ആ വ്യവസായത്തിൽ ഏർപ്പെട്ടു ഉപജീവനം കഴിക്കാമെന്നു കരുതി ആയിരിക്കും ഇത്രയധികം ആളുകൾ അവിടെ താമസിക്കാനിടയായതും. കയർ വ്യവസായത്തിന്റെ അവസ്ഥ ഇന്നു വളരെ പരിതാപകരമായിരിക്കുന്നുവെന്നു ഇവിടെ അവതരിപ്പിക്കപ്പെട്ട ഒന്നുരണ്ടു അടിയന്തിര പ്രമേയങ്ങൾ കൊണ്ടുതന്നെ മനസ്സിലാക്കാവുന്നതാണു്.

ശ്രീ. പോൾ തളിയത്തു്: കയർവ്യവസായവും പോലീസുമായുള്ള ബന്ധമെന്താണെന്നറിഞ്ഞാൽ കൊള്ളാം.

മി. ഡെപ്യൂട്ടി സ്പീക്കർ: കയർവ്യവസായത്തെപ്പററി പറഞ്ഞതിനുശേഷം അതിൽനിന്നും പോലീസിന്റെ പ്രവർത്തനത്തെപ്പററി പറയുന്നതാണു്.

ശ്രീ. എ. അച്ചുതൻ: എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രദ്ധിച്ചിരുന്നെങ്കിൽ മനസ്സിലാകുമായിരുന്നു. കയർ വ്യവസായ സ്തംഭനം നീക്കുന്നതിനു നമ്മുടെ ഗവൺമെണ്ടു അനുകൂലമായ ഒരു ശ്രമവും ഇതുവരെ ചെയ്യുകയുണ്ടായില്ല. അങ്ങനെ നിത്യദാരിദ്ര്യത്തിൽ അലയുന്ന അനേകായിരം ആളുകൾ ഇന്നു പോലീസു മർദ്ദനത്തിനു വിധേയരായിരിക്കുന്നു. ഇരുപതു വയസ്സിനുമേൽ നാല്പതു വയസ്സുവരെയുള്ള സാധുക്കളെ മഹാദേവികാട്ടും, തൃക്കുന്നപ്പുഴയും കമ്മ്യൂണിസ്ററു സ്റ്റഡിക്ലാസു നടത്തുന്നു എന്ന വ്യാജേന പോലീസു ദിവസവും വേട്ടയാടുകയും ഹരിപ്പാട്ടു ലാക്കപ്പിൽ കൊണ്ടുപോയി അനാവശ്യമായി മർദ്ദിക്കുകയും ചെയ്തുവരുന്നു. സമീപകാലത്തു്, ഇന്നും ഇന്നലെയും, കേട്ടുകൊണ്ടിരിക്കുന്ന വാർത്തകളാണു ഇവയെല്ലാം.

സർ, കാർത്തികപ്പള്ളിത്താലൂക്കിനെപററി എനിക്കറിയാൻ കഴിയുന്നതുപോലെ മററാർക്കെങ്കിലും ഈ സഭയിൽ അറിവുണ്ടെന്നു തോന്നുന്നില്ല.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. പാണ്ഡവത്തു ശങ്കരപ്പിള്ള, ശ്രീ. ഉദയഭാനു ഇവരെല്ലാമുണ്ടു്.

ശ്രീ. എ. അച്ചുതൻ: ഇവരെല്ലാം ഉണ്ടെങ്കിലും അവർക്കു് ആ താലൂക്കിനെപ്പററി എനിക്കറിയാവുന്നിടത്തോളം കാര്യങ്ങൾ അടുത്തറിയാൻ കഴിഞ്ഞിട്ടുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല.

അവിടെ ഒരാറു മാസക്കാലത്തിനുമുമ്പുവരെ കമ്മ്യൂണിസത്തിന്റെ യാതൊരു ശല്യവും ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ചില കമ്മ്യൂണിസ്ററു പ്രവർത്തകന്മാർ അവിടെ സഞ്ചരിച്ചുവരുന്നു. അവരുടെ സഞ്ചാരത്തിന്റെ ഫലമായി അവിടെയുള്ളവരെല്ലാവരും കമ്മ്യൂണിസ്ററുകാരെന്നു വിചാരിക്കുന്നതു് ശരിയല്ല. കമ്മ്യൂണിസ്ററുകാരെന്നു പറഞ്ഞു് അവിടെയുള്ള സാധുക്കളെ മർദ്ദിക്കുന്നതു് ന്യായമാണോ എന്നു ഞാൻ ചോദിക്കുന്നു. കമ്മ്യൂണിസ്ററുകാർ ഇന്നും അവിടെ അണ്ടർഗ്രൌണ്ടിൽ സ്ഥിതിചെയ്യുന്നുണ്ടു്. ആറുമാസക്കാലമായിട്ടും നമ്മുടെ പോലീസുകാർക്കു് അവരെ ഡിററക്റ്റു് ചെയ്തു് അറസ്ററു ചെയ്യുന്നതിനു് സാധിച്ചിട്ടില്ല. അതു് ഡിപ്പാർട്ടുമെണ്ടിന്റെ കാര്യക്ഷമതയില്ലായ്മയെയാണു് കാണിക്കുന്നതു്. ലായുടേയും ആർഡറിന്റേയും പോർട്ടുഫോളിയോ വഹിക്കുന്ന ചീഫ് മിനിസ്റ്റർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

ഇതിനുംപുറമെ അവിടെയുള്ള ചില പോലീസു് കാൺസ്റ്റബിളുമാർ ഏതോ ചില മേലുദ്യോഗസ്ഥന്മാരുടെ സ്വാധീനം വച്ചുകൊണ്ടു് മററു പലതരത്തിലുള്ള അനീതികളും ചെയ്തുവരുന്നതായി അറിയുന്നുണ്ടു്. അതിന്റെ യാഥാർത്ഥ്യം എത്രമാത്രമുണ്ടെന്നു് എനിക്കറിഞ്ഞുകൂടാ. കമ്മ്യൂണിസ്ററു പ്രവർത്തനം നടത്തുന്ന ചിലരെ എനിക്കറിയാം. എന്നാൽ അവരുടെ പേരുകൾ ഇവിടെ പ്രസ്താവിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ കമ്മ്യൂണിസ്ററുകാർ എന്ന പേരും പറഞ്ഞു് ഇക്കൂട്ടർ സാധുക്കളായ പലരേയും അവർക്കു് വിരോധമുള്ള പലരേയും ഉപദ്രവിച്ചുവരുന്നുണ്ടു്. ഇവരുടെ ഇത്തരം അഴിമതികൾക്കും അക്രമങ്ങൾക്കും ഗവൺമെണ്ടു കൂട്ടുനില്ക്കുമെങ്കിൽ അതു് ജനങ്ങളെ എത്രയും വേഗത്തിൽ കമ്മ്യൂണിസത്തിലേക്കുതന്നെ നയിക്കുന്നതിനു ഉപകരിക്കുകയേ ഉള്ളു എന്നു് മാത്രമേ എനിക്കു ഈ അവസരത്തിൽ ഗവൺമെണ്ടിനെ അറിയിക്കുവാനുള്ളു.

ശ്രീ. കെ. എ. മാത്യു: സർ, ഒരു ജനകീയ ഗവർമ്മെണ്ട് യഥാർത്ഥത്തിൽ ജനകീയമാണോ എന്നു സാധാരണ ജനങ്ങൾ നിശ്ചയിക്കുന്നതു് പോലീസിന്റെയും, അതുപോലെ ജനങ്ങളുമായി ഉററ സമ്പർക്കത്തിൽ ഏർപ്പെടുന്ന മററു ഡിപ്പാർട്ടുമെണ്ടുകളുടേയും പ്രവർത്തനങ്ങൾകൊണ്ടാണ്. ഇന്നു് തിരുവിതാംകൂറിലെ പോലീസിനെപ്പററി വളരെ പരാതികൾ ഉണ്ടെന്നുള്ളതിനു സംശയമില്ല. എന്റെ അനുഭവത്തിൽനിന്നു പറയുകയാണെങ്കിൽ ചില കാര്യങ്ങളിൽ പോലീസുകാർ കാണിച്ചിട്ടുള്ള അഴിമതികളെപ്പററി പരാതികൾ ഞാൻ ഗവർമ്മെണ്ടിനു സമർപ്പിച്ചതിന്റെ ഫലമായി ചിലരുടെ പേരിൽ നടപടികൾ എടുത്തിട്ടുള്ളതായി എനിക്കറിയാം. എന്നാൽ അതുകൊണ്ടുമാത്രം തിരുവിതാംകൂർ പോലീസിന്റെ ഭരണം നന്നായി എന്നു പറയാൻ ഞാൻ തയാറില്ല. എന്റെ താലൂക്കിന്റെ, കാര്യം പറയുകയാണെങ്കിൽ പല സ്ഥലത്തും പോലീസു് അക്രമങ്ങൾ കാണിച്ചിട്ടുള്ളതിനു് ഉദാഹരണങ്ങൾ ഉണ്ടു്. അങ്ങനെയുള്ള ചില കാര്യങ്ങൾ ഞാൻ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരികയും ചിലരുടെ പേരിൽ ഗവർമ്മെണ്ട് നടപടികൾ നടത്തുകയും ചെയ്തു. ഇന്നു രാവിലെ ചോദ്യോത്തരവേളയിൽ ഒരു ഇൻസ്പെക്ടരുടെ പേരിലുള്ള പരാതിയെപ്പററി ചോദ്യമുണ്ടായപ്പോൾ ഗവർമ്മെണ്ടുഭാഗത്തുനിന്നും എനിക്കു ലഭിച്ച മറുപടി അശേഷം തൃപ്തികരമായിരുന്നില്ല. കീഴ്‌വായ്പൂർ ഇൻസ്പെക്ടരുടെ മുൻപിൽവച്ചു്................

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ആ ഇൻസ്പെക്ടരെ സസ്പെൻറു ചെയ്തിട്ടുണ്ടു് ആ വിവരം ഞാൻ രാവിലെ പറയാൻ വിട്ടുപോയി.

ശ്രീ. കെ. എ. മാത്യു: ഈ വിവരം ഇപ്പോഴെങ്കിലും എന്നെ അറിയിച്ചതിൽ എനിക്കു പ്രത്യേകം സന്തോഷമുണ്ടു്.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. കുറെ ദിവസങ്ങൾക്കു മുൻപുതന്നെ കീഴ്‌വായ്പൂർ ഇൻസ്പെക്ടരെ സസ്പെൻറുചെയ്തിട്ടുണ്ടു്. പക്ഷെ, ആ വിവരം രാവിലെ പറയാൻ ഞാൻ വിട്ടുപോയെന്നേയുള്ളു.

ശ്രീ. കെ. എ. മാത്യു: ഞാൻ അക്കാര്യത്തെപ്പററിയല്ല പറയാൻ വന്നതു്. ആ ഇൻസ്പെക്ടരുടെ മുമ്പിൽ വെച്ചു് അവിടത്തെ ഒരു ഹെഡ്കാൺസ്റ്റബിൾ വഴിയിൽ വെച്ചു് സാധുവായ ഒരു കാപ്പിക്കടക്കാരനെ അടിച്ചു. അതിന്മേൽ പലതവണ പരാതികൾ അയച്ചിട്ടും യാതൊരു നടപടിയും എടുത്തിട്ടുള്ളതായി കാണുന്നില്ല.

**Sri. P. Balakrishnan Thampi :** Is it subjudice? This gentleman may not know anything about subjudice. Sir, as a lawyer I wish to point out that such matters may often be subjudice. I do not know whether he is aware of that.

മി. ഡെപ്യൂട്ടി സ്പീക്കർ: കോടതിയിൽ ഇരിക്കുന്ന ഒരു കാര്യമാണെങ്കിൽ സബ്ജുഡീസാണു്. അല്ലെങ്കിൽ സബ്ജുഡീസല്ല.

ശ്രീ. കെ. എ. മാത്യു: ഈ സംഗതി സബ്ജുഡീസല്ലെന്നു മിസ്റ്റർ തമ്പിയെ അറിയിച്ചുകൊള്ളട്ടെ. ഇന്നു രാവിലെ എന്റെ ഈ മാന്യസ്നേഹിതൻ, ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ തമ്പി ഇതേപ്പററി ശരിയായി അന്വേഷിച്ചോ എന്നു് എന്നോടു് ചോദിക്കുകയുണ്ടായി. അദ്ദേഹത്തോടു എനിക്കു പറയുവാനുള്ളതു് എന്റെ നിയോജകമണ്ഡലത്തിൽ തന്നെ താമസിക്കുന്ന ഒരു ഉത്തരവാദിത്വമുള്ള മെമ്പറെന്ന നിലയിൽ ശരിയായ അന്വേഷണം നടത്തി പരമാർത്ഥമെന്നു ബോദ്ധ്യമുള്ള പരാതികളെ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ട ചുമതല നിശ്ചയമായും എനിക്കുണ്ടെന്നാണ്. ഞാൻ മുൻപുപറഞ്ഞ ആ കാപ്പിക്കടക്കാരൻ ശ്രീ. കറുപ്പിനെ അടിച്ച സംഗതിയെപ്പററി സ്ഥലം എ. എസ്സ്. പി. സ്ഥലത്തു ചെന്നു അന്വേഷിക്കുകയും വിവരങ്ങൾ അറിയുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇന്നു രാവിലെ എനിക്കു ലഭിച്ച മറുപടി ഈ വസ്തുത അടിസ്ഥാനരഹിതമാണെന്നായിരുന്നു. അതു് ചീഫ് മിനിസ്റ്റർ കാര്യങ്ങൾ ശരിയായി മനസ്സിലാക്കാതെ പറഞ്ഞിട്ടുള്ള ഒരു ഉത്തരമാണെന്നു ഞാൻ വിചാരിക്കുന്നു.

സർ, ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. പോലീസിനെപ്പററി എതെങ്കിലും ഒരു പരാതി വന്നാൽ ഉടൻതന്നെ എ. എസ്സ്. പി. യുടെയൊ അല്ലെങ്കിൽ ഡി. എസ്സ്. പി.യുടേയൊ പേക്കു അന്വേഷണത്തിന്നായി അയയ്ക്കുന്ന പതിവു ശരിക്കും ശരിയല്ല. എ. എസ്സ്. പി. യുടേയൊ ഡി, എസ്സ്. പി.യുടേയൊ അന്വേഷണംകൊണ്ടു് ശരിയായ പരമാർത്ഥം ഗവർമ്മെണ്ടിനു അറിയാൻ കഴിയുമോ എന്നു ഞാൻ സംശയി

[Sri. K. A. Mathew]

ക്കുന്നു. ഇവിടത്തെ സി.ഐ.ഡി.ക്കാരുടെ കാര്യക്ഷമതയെപ്പററി എനിക്കുതന്നെ സംശയമുണ്ടെങ്കിലും ഒരു നല്ല ഇൻറലിജൻസ് ഡിപ്പാർട്ടുമെണ്ട് ഇവിടെയുണ്ടെങ്കിൽ അങ്ങനെയുള്ളവരെക്കൊണ്ട് ഇത്തരം പരാതികളെപ്പററി അന്വേഷിപ്പിക്കുന്നപക്ഷം കാര്യങ്ങൾ ശരിയായി മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ഞാൻ മുൻപറഞ്ഞ പോലീസ് ഇൻസ്പെക്ടരുടെ പേരിലുള്ള കുററം കൈക്കൂലി വാങ്ങിച്ചു എന്നുള്ളതാണ്. അതിനെപ്പററിയുള്ള അന്വേഷണം നടത്തുവാൻ എ. എസ്. പി. യെ ചുമതലപ്പെടുത്തിയാൽ ശരിയായ അന്വേഷണം നടക്കുകയില്ല. കാരണം ഇങ്ങനെയുള്ള കൈക്കൂലിക്കാര്യങ്ങളിൽ അതിൻെറ ഒരു പങ്ക് എ.എസ്സ്. പി ക്കും കാണും. ആൻറി-കറപ്ഷൻ കമ്മീഷൻെറ ചുമതലയിൽ ഇങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തുവാൻ സത്യസന്ധതയും ചുമതലാബോധവും ഉള്ള ഉദ്യോഗസ്ഥന്മാരെ അയക്കുന്നതു് നന്നായിരിക്കും. അഥവാ, ആൻറികറപ്ഷൻ സംബന്ധിച്ചുള്ള നടപടികൾ നടത്തുവാൻ പോലീസുകാരെത്തന്നെ ചുമതലപ്പെടുത്തുകയാണെങ്കിൽ സത്യസന്ധതയും കാര്യശേഷിയും സ്വഭാവശുദ്ധിയുമുള്ള പോലീസുദ്യോഗസ്ഥന്മാരെ നിയമിക്കണം. ഈയകാലത്തു് ഒരു പത്രത്തിൽ വായിക്കുകയുണ്ടായി, ആൻറികറപ്ഷൻ ജോലികൾക്കായി ചില പോലീസ്സ് ഇൻസ്പെക്ടർമാരെ നിയമിക്കാൻ പോകുന്നുവെന്നു്, അതു കണ്ടപ്പോൾ എനിക്കു പല വികാരങ്ങളും ഉണ്ടായി. ജനങ്ങൾക്കു വിശ്വാസമില്ലാത്തവരെ നിയമിക്കുന്നതുകൊണ്ട് ഗവമ്മെണ്ട് ഉദ്ദേശിക്കുന്ന കാര്യം നടപ്പിൽ വരുത്തുവാൻ സാധ്യമാകുകയില്ല എന്നു ഞാൻ ഗവമ്മെണ്ടിനെ അറിയിച്ചുകൊള്ളട്ടെ.

പിന്നീട് എനിക്കു പറയുവാനുള്ളതു് ലാക്കപ്പുകളിൽ കിടക്കുന്ന തടവുകാരോടു കാണിക്കുന്ന പെരുമാററത്തെപ്പററിയാണ്. ഇന്നുരാവിലെ, ലാക്കപ്പുകളിലും ജയിലുകളിലും കിടക്കുന്ന തടവുകാരോടു പോലീസുകാർ കാണിക്കുന്ന അക്രമങ്ങളെപ്പററി ധാരാളം പ്രസ്താവനകളുണ്ടായി. അതിൽ വളരെ പരമാർത്ഥമുണ്ടെന്നു ഗവമ്മെണ്ടു അറിയണം. ഇങ്ങനെയുള്ള കാര്യങ്ങൾ ഗവമ്മെണ്ടുദൃഷ്ടിയിൽ കൊണ്ടുവരുന്നതിനായി വിശ്വാസമുള്ള ജനപ്രതിനിധികളെ ചേർത്തു മാരോ താലൂക്കിലും സന്ദർശകകമ്മിററികളെ രൂപീകരിക്കുന്നതു് കൊള്ളാമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു. ശരിയായി ജോലി നിർവ്വഹിക്കുന്നവരും കാര്യശേഷിയുള്ളവരും സത്യസന്ധന്മാരുമായ ആളുകളെ പൊലീസുഡിപ്പാർട്ടുമെണ്ടിൽ നിയമിക്കുന്ന കാര്യത്തിൽ ഗവമ്മെണ്ടു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അക്രമങ്ങളും അനീതികളും കാണിക്കുന്നവരെ എത്രയും വേഗത്തിൽ പിരിച്ചുവിടണം. ഇങ്ങനെ പിരിച്ചുവിടുന്നവരുടേയും ശിക്ഷിക്കുന്നവരുടേയും ലിസ്ററു മാസംതോറുമോ, കഴിയുമെങ്കിൽ വർഷംതോറുമെങ്കിലുമോ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇവിടത്തെ പോലീസിനെകൊണ്ടു കാര്യങ്ങൾ ശരിയായി നടത്തിക്കണമെങ്കിൽ ഗവമ്മെണ്ടു് വലുതായ ശ്രമം ചെയ്യേണ്ടതായുണ്ടു്. പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി പോലീസുഡിപ്പാർട്ടുമെണ്ടിനെ ശുദ്ധീകരിക്കുവാൻ ഗവമ്മെണ്ടു വേണ്ടതു് ചെയ്യുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എം. ഐ. പോൾ: സർ, ഞാൻ പോലീസ് ഡിപ്പാർട്ടുമെണ്ടിനെസംബന്ധിച്ച് ഒരു കട്ട്മോഷൻ കൊണ്ടുവന്നിട്ടുണ്ടു്. പോലീസിൻെറ അക്രമങ്ങളെക്കുറിച്ചു ആരെങ്കിലും എന്തെങ്കിലും പരാതിപ്പെട്ടാൽ അവയെപ്പററി അന്വേഷണം നടത്തുന്നതു് പോലീസുകാർ തന്നെയാണ്. അപ്രകാരം അവർ അന്വേഷണം നടത്തുന്നഅവസരങ്ങളിൽ, പരാതിക്കാരേയോ ആ പരാതിയെപററി തെളിവുകൊടുക്കുവാൻ തയ്യാറുള്ളവരെയോ അവിടെ വരാൻ പോല്ലീസു സമ്മതിക്കുകയില്ല. പോലീസ് അവരുടെ സ്വന്തനിലയിൽ ആവലാതിക്കാരനോടുമാത്രം ചോദിച്ച് അവർക്കാവശ്യമുള്ള വിവരങ്ങൾ ശേഖരിക്കുമെന്നല്ലാതെ ശരിയായ വിവരങ്ങൾ അന്വേഷിച്ചറിയുന്നതിനു അവർ യാതൊരു സൌകര്യവും മററുള്ളവർക്കു് ചെയ്തുകൊടുക്കാറില്ല. ഇതേസംബന്ധിച്ച് എൻെറ കട്ട്മോഷനിൽ ഞാൻ പ്രസ്താവിക്കുന്നതു് ഇങ്ങനെ പോലീസിനെ പററി പരാതിയുണ്ടാവുന്ന അവസരങ്ങളിൽ അവയെപററി അന്വേഷണം നടത്തുവാനും അതേസംബന്ധിച്ച് തെളിവു കൊടുക്കുവാൻ ആരെല്ലാം തയ്യാറുണ്ടോ അവരിൽനിന്നു അന്വേഷണം പോല്ലീസ് അധികാരികളുടെ സൌകര്യത്തിലും അദ്ധ്യക്ഷതയിലും നടത്തണമെന്നും അതിനുവേണ്ടി ഒരു അനുദ്യോഗസ്ഥ സ്ററാൻറിംഗ് കമ്മററിയെ നിയമിക്കണമെന്നുമാണ്. പോല്ലീസ് സ്വന്തം അന്വേഷണം നടത്തുന്ന അവസരങ്ങളിൽ ഒരു പുള്ളിയെ സ്റ്റേഷനിൽ പിടിച്ചുകൊണ്ടുവന്ന് അവനോടു് അവർക്കു് ആവശ്യമുള്ള വിവരങ്ങൾ, അവർക്കു് ഇഷ്ടമുള്ള ഭാഷയിൽ, ചോദിക്കുമെന്നല്ലാതെ സത്യമായ വിവരങ്ങൾ ശേഖരിച്ച് തെളിവെടുക്കുവാൻ അവർ ശ്രമിക്കാറില്ല. തൻമൂലം പോല്ലീസിൻെറ യഥാർ

ത്ഥമായ അഭിലാഷം നടത്താനുള്ള ഒരു അവസരമായി മാത്രമേ അതു തീരുകയുള്ളു. ഒരു പക്ഷെ ആ പുള്ളി അവൻെറ മനസാക്ഷിക്കും സത്യത്തിനും അനുസരണമായ രീതിയിൽ തെളിവുകൊടുക്കുവാൻ തയ്യാറായാൽതന്നെയും പലതരത്തിലുള്ള നയങ്ങളും പ്രയോഗിച്ച് പോലീസ് അവർക്ക് ഇഷ്ടമുള്ള രീതിയിൽ തെളിവു ശേഖരിക്കുകയാണ് ഇന്നുവരെ നടന്നുകൊണ്ടിരിക്കുന്ന രീതി. ഇങ്ങനെയുള്ള വിഷമങ്ങൾ പരിഹരിക്കാനായി ഒരു സ്റ്റാൻഡിംഗ് കമ്മിററിയെ നിയമിക്കണമെന്നു ശുപാർശ ചെയ്യുവാനാണ് ഞാൻ കട്ട്മോഷൻ അയച്ചിട്ടുള്ളതു്. ഒരു കമ്മിററിയെ നിയമിക്കുന്നകാര്യം ഈ സഭക്ക് ഒരു പക്ഷെ സ്വീകാര്യമായില്ലെങ്കിൽ എനിക്ക് ഗവമ്മെണ്ടിനെ അറിയിക്കുവാനുള്ളതു് ഇങ്ങനെയുള്ള പരാതികൾ ഉണ്ടാകുന്ന അവസരങ്ങളിൽ നിഷ്പക്ഷമായ അന്വേഷണം നടത്താൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നാണ്. പണ്ട് പലവിധത്തിലുള്ള അഴിമതികൾ നടന്നുകൊണ്ടിരുന്നുവെങ്കിലും ജനകീയഭരണം നടമാടുന്ന ഈ അവസരത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ഗവമ്മെണ്ട സന്നദ്ധമാകണം. അങ്ങനെ തയ്യാറാകുവാൻ വിരോധമില്ലെങ്കിൽ കമ്മിററിയെ രൂപീകരിക്കുന്ന കാര്യത്തിൽ ഞാൻ നിർബ്ബന്ധിക്കുന്നില്ല. എന്നാൽ ഗവമ്മെണ്ടിൻെറ മനസ്സിൽ ഇക്കാര്യം ശരിയായി ഓർമ്മയുണ്ടായിരിക്കണം. അതനുസരിച്ച് ഗവർമ്മെണ്ട് പ്രവർത്തിക്കാത്തപക്ഷം അതിനുവേണ്ട മററു പരിഹാരമാർഗ്ഗത്തിലൂടെ പ്രവർത്തിക്കുന്നതാണെന്നു ഉറപ്പുപറഞ്ഞുകൊണ്ടു് പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ആദിച്ചൻ: സർ, പോലീസ് ഡിപ്പാർട്ടുമെണ്ടിൽ അവശ സമുദായക്കാർക്ക് വേണ്ടത്ര പ്രാതിനിധ്യം കിട്ടുന്നില്ലെന്നും കൂടുതൽ പ്രാതിനിധ്യം വേണമെന്നും ഉൽബോധിപ്പിക്കുവാൻ വേണ്ടിയാണ് ഒരു ഖണ്ഡനോപക്ഷേപം അയച്ചതു്. എന്നാൽ സഭയിലെ ബഹുമാനപ്പെട്ട ചില മെമ്പർമാർ പോലീസ് ഡിപ്പാർട്ടുമെണ്ടിനെസംബന്ധിച്ച് നടത്തിയ വിമർശനങ്ങൾ കേട്ടപ്പോൾ എനിക്കും ചില കാര്യങ്ങൾ പറയാതെ തരമില്ലാതെവന്നിരിക്കയാണ്. ഈ രാജ്യത്തെ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗം കിട്ടിയിട്ടുള്ളവരിൽ പല തരക്കാരുണ്ട്. ഞാൻ മുഖസ്തുതി പറയുകയല്ല. സമർത്ഥവും അഭിമാനകരവുമായ രീതിയിൽ ഇന്നു പോലീസ് ഡിപ്പാർട്ടുമെണ്ടിൻെറ ഭരണം നടത്തിവരുന്ന ഇന്നത്തെ ഐ. ജി. യെ പോലെയുള്ള ഉദ്യോഗസ്ഥന്മാർ ഈ ഡിപ്പാർട്ടുമെണ്ടിൽ ഉണ്ടായിരുന്നുവെങ്കിൽ ഈ മാതിരിയുള്ള അഴിമതികളും അക്രമങ്ങളും നടക്കുവാൻ ഇടയാകുമായിരുന്നില്ല. മാത്രമല്ല ഇന്നത്തെ സത്യസന്ധനും ഊർജ്ജസ്വലനുമായ ഐ. ജി. തന്നെ നീതി നടത്തണമെന്നു വിചാരിച്ച് എന്തെങ്കിലും ചെയ്താൽ ഈ രാജ്യത്തുള്ള പ്രമാണികളായിട്ടുള്ള ആളുകളും ഗവമ്മെണ്ടും ഉടനെ അതിൽ ഇടപെടുന്നുവെന്നാണ് എനിക്ക് വ്യസനസമേതം സഭയെ അറിയിക്കുവാനുള്ളതു്. തിരുവിതാംകൂറിലെ പല പോലീസ് ഉദ്യോഗസ്ഥന്മാരേയും സ്ഥലം മാററുവാൻ ഐ. ജി. പരിശ്രമിച്ചപ്പോൾ ഗവമ്മെണ്ടും പല അനുദ്യോഗസ്ഥന്മാരും ഇടപെട്ട് പലവിധത്തിലുള്ള പ്രേരണകൾ ചെലുത്തിയെന്നും ആ പ്രേരണകളുടെ ഫലമായി ഐ. ജി. ക്ക് നീതി പാലിക്കുവാൻ ശരിയായി സാധിക്കുന്നില്ലെന്നും മനസിലാക്കുവാൻ സാധിച്ചിട്ടുണ്ട്. സർ, പിന്നോക്ക സമുദായത്തിലുള്ള ആളുകൾ ഈ ഡിപ്പാർട്ടുമെണ്ടിൽ ഇല്ലാത്തതുകൊണ്ടു് പല ദോഷങ്ങളും ആ സമുദായക്കാർക്ക് ഇന്നു സംഭവിക്കുന്നുണ്ട്. കുടിയിറക്ക് പ്രശ്നത്തിൽതന്നെ പോലീസിൻെറ സഹായം അനപേക്ഷണീയമാണ്. ഐ. ജി. യെന്നല്ല അതുപോലെ സത്യസന്ധന്മാരായ മററു പല പോലീസ് ഉദ്യോഗസ്ഥന്മാരും ഈ കുടിയിറക്കുകാര്യത്തിൽ പിന്നോക്കസമുദായക്കാരെ പലവിധത്തിൽ സഹായിച്ചിട്ടുണ്ട്; സഹായിക്കുന്നുമുണ്ട്. അവരുടെ പേരിലെല്ലാം സ്വാധീനശക്തിയുള്ള ആളുകൾതന്നെയും പരാതിപ്പെടാറുമുണ്ട്. അക്കാരണത്താൽ പലരേയും സ്ഥലം മാററിയിട്ടുള്ളതായും എനിക്ക് അറിയാം. ന്യായം നടത്തണമെന്നു ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥന്മാർ ന്യായം നടത്തിയാൽ അവരെസംബന്ധിച്ച് അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ നാട്ടിൽ സ്വാധീനശക്തിയുള്ളവർ കൊണ്ടുവരും. ഞാൻ പറയുന്നു, നാട്ടിൽ നീതിനടക്കണമെങ്കിൽ നമുക്ക സ്വൈരമായി ജീവിക്കണമെങ്കിൽ, ഇന്നത്തെ ഐ. ജി. യെ പോലെ സത്യസന്ധതയുള്ള ഉദ്യോഗസ്ഥന്മാരെമാത്രമേ ഈ ഡിപ്പാട്ടുമെണ്ടിൽ പ്രവേശിപ്പിക്കാവു എന്നു്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

ஸ்ரீ. ஆர். கெ. ராம்: ஸர், நாட்டின் நலனைக் கருதி அமைதியையும், நீதியையும் பாதுகாக்கும் பொருட்டு போலீஸ் படை அவசியம் தான். போலீஸ்படை அந்த

[Sri. R. K. Ram]

ந்த நாட்டின் அரசாட்சியைப் பொறுத்து உபயோகிக்கப்படுகிறது. ஏகாதிபத்திய அரசாட்சி நிலவும் இடத்தில் அரசாளும் இனத்தைக் காக்க போலீஸ் படை உபயோகிக்கப்படுகிறது. சனநாயக அரசாட்சி நிலவும் இடத்து மக்களைக் காத்து, அமைதியையும், நீதியையும் நிலவச் செய்ய போலீஸ் படை உபயோகிக்கப்படுகிறது. சனநாயக அரசாட்சி என்று சொல்லப்படுகிற இந்த நாட்டில் போலீஸ் படை எதற்காக உபயோகப்படுத்தப்படுகிறது? பொது மக்களின் நலனை பாதுகாக்கவல்ல. ஏழைகளைக் காப்பதற்கல்ல. மந்திரிகளையும் அவர்களைச் சார்ந்தவர்களையும் பாதுகாக்கப்பயன்படுத்தப்படுகிறது. திருவிதாங்கூர் காங்கிரசுக்கு ஆள் சேர்க்க பயன்படுத்தப்படுகிறது. ஆங்காங்கே ரௌடிகளுக்கு ஆதரவு கொடுத்து ரௌடிகளை உற்பத்தி செய்யப்பயன் படுத்தப்பட்டு வருகிறது. இதைவிட கேவலம் ஒரு நாட்டிற்கு உண்டா? தேவிகுளத்தில் திருவிதாங்கூர் தமிழ்நாடு காங்கிரஸை அடக்குவதற்கெனவே ஒரு கமிஷனரை அனுப்பிவைக்கப் பட்டிருக்கிறது. தமிழ்நாடு காங்கிரஸ் ஊழியர்களை அடிப்பதற்கும் தொந்திரவு கொடுப்பதற்கும் போலீஸ் படை உபயோகிக்கப்படுகிறது. தமிழ்நாடு ஊழியர்களில் சிலரை அந்த நாட்டைவிட்டு வெளியேற வேண்டுமென்றும் உத்தரவு கொடுக்கப்பட்டிருக்கிறது. இதைப்பற்றி எங்கள கட்சித் தலைவர் எடுத்துரைத்தபோது, அங்கிருக்கிற கேடிகளை அடக்குவது கவர்மென்றின் வேலை என்று இறுமாப்புடன் கூறினார் பிரதானமந்திரி என்று சொல்லப்படுகின்றவர். கேடிகள் யார், நல்லவர்கள் யார் என்பது நன்கு அறிந்திலர் போலும். ஆம், அது அவர் பேரில் குற்றமில்லை. அதிகார மமதையினால் ஏற்பட்ட லகரிச் சுழியில் சிக்குண்டு தத்தளிக்கும் சூழ்நிலை வந்ததன் காரணமே. நாட்டை பிளவு படுத்தி சமாதானம் என்ற பெயரால் போலீஸை வைத்து அடக்குவது ஏகாதிபத்திய முதலாளித்வ அரசியல் கொள்கை. அதைத் திறம்பட நடத்திவரும் கனம் டி. கெ. நாராயணபிள்ளை அவர்களை மெச்சத்தான் வேண்டும். திருவிதாங்கூர் காங்கிரசில் ரௌடிகளைச் சேர்த்து, அவர்களுக்கு போலீஸ் உதவி அளித்து வருவதையும் மெச்சத்தான் வேண்டும். மக்களாட்சி மலருகின்றது. கழிந்த காலத்தில் Inspector Selection நடந்தபோது தமிழ்நாடு காங்கிரஸைச் சேர்ந்தவர்கள் என்ற காரணத்தால் சிலருக்கு Inspector Selection கொடுக்கப்படவில்லை. அதன் காரணமென்ன என்று கேட்டபோது "അതു് സാരമായി ഗണിക്കേണ്ട ഒന്നല്ല" என்று முதல் மந்திரி விடை பகர்ந்தார். ஸர், இதுதானா ஜனநாயகம்! இதுதானா மக்களால் தேர்ந்தெடுக்கப்பட்ட மந்திரி அரசாங்கம்! இது எங்கள் அரசாங்கம் அல்ல என்பது நிதர்சனமாகக் காட்டப்பட்டுவிட்டது. இந்த மந்திரிகள் திருவிதாங்கூர் தமிழ் நாட்டுக்கு பிரதிநிதித்துவம் வகிக்கின்றவர்களல்ல என்பதும் அவர் பதிலிலிருந்து தெளிவாய் விட்டது. ஸர், இப்படிப்பட்ட அரசாங்கத்தின் கீழ் மக்கள் எப்படி வாழ முடியும்? நாகர்கோவில் ஒழுகினசேரியில் ரிஸர்வு போலீஸ் கொண்டு போடப்பட்டிருக்கிறது. எதற்கென்று விளங்கவில்லை. வழிப்போக்கரை அடிக்கின்றார்கள். மாதர்களைக் கற்பழிக்கின்றார்கள். இரண்டு நாட்களுக்கு முன்னால்கூட ஒருவரை காரணமின்றி நையப் புடைத்ததாக ஸ்ரீ. தாஸ் அவர்கள் ஒரு Adjournment motion கொண்டு வந்தார். அதற்கும் பதில் "അങ്ങനെ അറിവില്ല, അന്വേഷണത്തിൽ ഇരിക്കുകയാണ്." என்று ஏது சொன்னாலும் இல்லை, இல்லை என்று பொய்யும் புளுகையும் புகலுவதில் பேர்போன முதல் மந்திரி அவர்களே! உள்ளதை எவ்வளவு காலம் மறைக்க முடியும். கனம் ஞானசிகாமணி அவர்களுக்கு விடை அளிக்கையில் "വിശ്വാസത്തിനെ കുത്തിവെയ്ക്കാൻ സാധിക്കുകയില്ല." என்று சொன்னீர்களே எங்களுக்கும் உங்கள் மீது விஸ்வாஸத்தை குத்திவைக்க முடியாது. அடக்கு முறையில் பயப்படுத்தி விடலாம் என்று நினைத்தால் அது பகற்கனவாகவே முடியும். சுதந்திரப் போராட்டத்தில் அடக்கு முறையின் விளைவு என்னவென்பதை முதல் மந்திரி நன்கு உணர்ந்திருக்கவேண்டும். அடக்குமுறை ஓரிடத்திலும் வெற்றிபெற்றதுமில்லை. அடக்க அடக்க தமிழ்நாடு காங்கிரஸ் வலுப்பெறத்தான் செய்யும். இந்த சந்தர்ப்பத்தில் "We do not like the idea of a few people ruling the country and giving the benefit of it to a few at the cost of people" என்று ஜவஹர் சொன்னதை முதல் மந்திரியின் ஞாபகத்திற்குக் கொண்டுவருகிறேன். ஸர், பின்னர் போலீஸ் படையினர் கண்டுபிடித்த கொலை 122-ல் 639, 123-ல் 700-க்கு மேல். 124-ல் உள்ள கணக்கு கிடைக்

தவில்லை. 122 லிருந்து கூடுதல் 123 ல் கண்டு பிடிக்கப்பட்டிருக்கிறது என்று சொல்லுவார்கள். கொலையில்லாமல் தடை செய்வதற்கு போலீஸ் அமர்த்தப்பட்டிருக்கிறதா அல்லது கொலையை உண்டுபண்ணி கூடுதல் கண்டு பிடிக்க போலீஸ் வைக்கப்பட்டிருக்கிறதா என்பது ஒவ்வொரு நாகரீக நாட்டின் சுதந்திரத்தையும் புரட்டிப் பார்த்தால் விளங்கும். மேல் உத்தியோகஸ்தர்களுக்கு அபரிமிதமான சம்பளம் கொடுத்துவிட்டு சாதாரண கான்ஸ்டபிள் போன்றவர்களுக்கு குறைந்த சம்பளம் கொடுப்பது உசிதமல்ல. அவர்களுக்கும் சம்பளம் உயர்த்தப்படவேண்டும்.

**Sri. P. Balakrishnan Thampi:** Sir, I wish to speak a word about the Police. I am not unaware that in a new edition of Kautillia's Ardhasastra it is written that any aspirant of political power must either be attacked by the Police or must be imposed with a new taxation. Yet I believe that consistent with the oath I must say something for the Police. Well Sir, mention is made on the floor of this House about democracy and that the whole thing is changed since August 1947. I must inform many members of this House who are fresh men so far as the basic principles of administration are concerned no change has come about nor any changes desirable. Since 1947 it is only about the supreme controlling agency that there is any change. It will be very foolish for us to hope that any great changes should happen as the result of August 15th. Now I only appeal to this House and through this House to the people of the country that Law and Order will be a dangerous element in this country. It is their bounden duty to help the Police, who have been accustomed to be critisised. We are still continuing the old group playing the Jack the Giant Killer. Implications of a great change is over. Every member of this House and every man who follows Law and Order in this Country ought to be a spokesman for the Police. I would say a few friends feel some sort of psychological subconscious fear of the Police or a feeling of inferiority complex in being attacked by the police. Often we see the Police on the road side and looking at the Police-man I do not say that the honourable members are indulging in a half adventureous pastime in which school boys have been out. When a set of people who believe in new technic and new propaganda, who do not believe in the present Government, who want freedom of expression, gather and organise all their forces with the help of foreign money and foreign propaganda, is it not the duty of the Police to prevent that. In such circumstances they will have to use their force and power. It is inevitable. Is it possible for the police to remain silent when a criminal refuses to come to the Police Station or when a party enters a property in which they have no lawful right? Should he not use his minimum force to prevent such acts? Otherwise there will be no safety, for those who live in the land. I don't want to blame the Government. My honourable friend Mr. Govindan said that the stability of the State depends upon the courts. They have been accessible to all members. Their acquaintance is desirable in most cases. Each and every man will have to be congratulated by the honourable ministers. Most people have very many opportunities to approach them and to take advantage of their acquaintance. I have heard sometimes people saying 'I am embarassed by the familiarity and freedom taken to Mr. Thampi by Mr. so and so who are political rivals'. I sympathise with the Police and help the Police as far as possible. I saw the enthusiasm of my friend Mr. Mathew when he complained that some man was assaulted by the Police. I say that is inevitable when a plice man gocs to catch a criminial and especially when he refuses to come to the Police Station. Anyway we cannot admit that the Police is a necessary evil. With these words I fully support the demand.

ശ്രീ പൊന്നറ ജി. ശ്രീധർ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ ബാലകൃഷ്ണൻതമ്പി പ്രസംഗിച്ചുകഴിഞ്ഞ ഉടൻതന്നെ എന്നെ പ്രസംഗിക്കാൻ വിളിച്ചതിൽ എനിക്കു അത്യധികമായ സന്തോഷമുണ്ട്. പോലീസുകാർ എന്നകൂട്ടർ, സത്യം പറഞ്ഞാൽ, ഒരു 'നെസ്സസറി ഈവിൾ' ആണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. പോലീസു അത്യാവശ്യമാണെന്നു ഞാനും സമ്മതിക്കുന്നു. അവർക്കു ചില അധികാരങ്ങൾ കൊടുക്കണമെന്നും സമ്മതിക്കുന്നു. പക്ഷെ ആ അധികാരങ്ങളെ അവർ ചില അവസരങ്ങളിൽ പരിഷ്കൃത ലോകത്തിനു വെറുപ്പുതോന്നത്തക്കവിധത്തിൽ ഉപയോഗിച്ചുവരുന്നതായി കാണുന്നു. ചില അവസരങ്ങളിൽ കടന്നുപോകുന്നുവെന്നും പറയാതെ നിവൃത്തിയില്ല. തിരുവിതാംകൂർ പൊലീസു ഇൻഡ്യയുടെ മററു ഏതുഭാഗത്തേയും പോലീസിനേയുംകാൾ കെൽപ്പുള്ളവരാണെന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ആ ഗുണം ഒന്നുകൊണ്ടുമാത്രം ഒക്കുകയില്ല. അവർ അവരുടെ കൃത്യനിർവ്വഹണത്തിൽ കാണിക്കുന്ന ചില അഴിമതികളെപ്പററിമാത്രം, അക്രമങ്ങളെപ്പററിമാത്രം, ഈ അവസരത്തിൽ സംസാരിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ശ്രീ. ബാലകൃഷ്ണൻതമ്പി

[Sri Ponnara G. Sreedhar]

പറഞ്ഞതുപോലെ ഒരു പുള്ളിയെ പിടികൂടുന്നതിനു ശ്രമിക്കുമ്പോൾ ഒരു അടികൊടുക്കുന്നതിലൊ, അവനോടു ഒരടി വാങ്ങിക്കുന്നതിലൊ എനിക്കു പരാതിയില്ല. എന്നാൽ ഒരു മനുഷ്യനെ പിടികൂടി അയാളെ ലാക്കപ്പിൽ കെട്ടിയിട്ടു നിസ്സഹായനാക്കിയതിനുശേഷം നായെ തല്ലുന്നതുപോലെ അവനെ തല്ലുന്നതുസംബന്ധിച്ചു ഞാൻ നിശ്ചയമായും പ്രതിഷേധിക്കുകതന്നെ ചെയ്യും. തിരുവിതാംകൂറിൽ ഇങ്ങനെയൊരു പാരമ്പര്യം മുൻപുതന്നെ സൃഷ്ടിച്ചിട്ടുള്ളതാണ്. ഈ ലാക്കപ്പുമർദ്ദനം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ഇന്നത്തെ ജനകീയമന്ത്രിമാർക്കും ഈ സഭയിലെ ബഹുഭൂരിപക്ഷം അംഗങ്ങൾക്കും ഈ സംഗതിയെപ്പററി നേരിട്ടുതന്നെ അറിവുള്ളതാണ്. കഴിഞ്ഞകാലത്തെ പാരമ്പര്യം ഇന്നും വെച്ചുപുലർത്തുന്നതു് ശരിയല്ല. ലാക്കപ്പിലിട്ടു് ഇടിക്കുന്നതിനെ നീതീകരിക്കാമെന്നു ശ്രീ. ബാലകൃഷ്ണൻതമ്പി പറഞ്ഞതു് അദ്ദേഹത്തിനു ജയിൽ ജീവിതമൊ ലാക്കപ്പുഇടിയൊ പരിചയമില്ലാത്തതുകൊണ്ടാണു്. എനിക്കു ലാക്കപ്പുമായി പരിചയമുണ്ടെങ്കിലും അവിടെവച്ചു ഒന്നും കിട്ടിയിട്ടില്ല. ഒരു മനുഷ്യനെ ലാക്കപ്പിൽ കൊണ്ടുവന്നതിനുശേഷം അയാളോടു മനുഷ്യോചിതമല്ലാത്ത രീതിയിൽ പെരുമാറുന്നതു മഹാപാപമാണെന്നു മാത്രമെ ഞാൻ പറയുന്നുള്ളു. ലാക്കപ്പിൽ വച്ചുനടത്തുന്ന ഒരു കൃത്യമായതിനാൽ തനിക്കു പ്രതികാരം ചെയ്യുവാൻ സാധിക്കുന്നില്ലല്ലൊ എന്നവിഷാദം ഒരുവനിൽ ഒരുതരം വൈരാഗ്യബുദ്ധിയും, ഇത്തരം അനീതികളെ വെച്ചുപുലർത്തുന്ന സാമൂഹ്യവും രാഷ്ട്രീയവുമായ ഘടനകളോടു് ഒരുതരം വെറുപ്പും ഉല്പാദിപ്പിക്കുന്നു. സാധാരണക്കാരനെ ഒരുതരം 'അനാർക്കിസ്ററ്' ആക്കുന്നതിനു് ഇതിൽപരം പററിയ വിദ്യ മറെറാന്നുമില്ല. അതിനാൽ മനുഷ്യോചിതമല്ലാത്ത ഈ ലാക്കപ്പുമർദ്ദനം അവസാനിപ്പിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഈ അഴിമതികളെല്ലാം ഒരു സുപ്രഭാതത്തിൽ നിറുത്താൻ സാധിക്കുമെന്നു എനിക്കു വിശ്വാസമില്ല. നമ്മളെല്ലാം മനഃപൂർവ്വം പരിശ്രമിച്ചാൽ, ഇന്നത്തെ പോലീസധികൃതർ സഹകരണമനോഭാവത്തോടുകൂടി പ്രവർത്തിച്ചാൽ ഈ ലാക്കപ്പുമർദ്ദനം നിറുത്താമെന്നാണു് എന്റെ അഭിപ്രായം. പോലീസുദ്യോഗസ്ഥന്മാരും അവരുടെ മേലധികാരികളും ഇക്കാര്യത്തിൽ പ്രത്യേകം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ടു്. പോലീസുകാരുടെ ശമ്പളക്കുറവിനെപ്പററി ഒരുമാന്യസ്നേഹിതൻ ഇവിടെ പറകയുണ്ടായി. ശമ്പളക്കൂടുതൽ കൊടുക്കുന്നതുകൊണ്ടു് അഴിമതി കുറയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ൫൦൦-ം ൧,൦൦൦-ം രൂപാ ശമ്പളം വാങ്ങുന്നവരും കൈക്കൂലി വാങ്ങാറുണ്ടു്. പോലീസുകാർക്കു ശമ്പളക്കൂടുതൽ നൽകേണ്ടതു് അവർ കൈക്കൂലിക്കാരാകാതിരിക്കുമെന്ന വിശ്വാസത്തിൽ ആയിരിക്കേണ്ടാ, അവരുടെ കുഞ്ഞുകുട്ടികളെ ന്യായമായ രീതിയിൽ സംരക്ഷിക്കുവാൻ ശമ്പളം കൂട്ടികൊടുക്കേണ്ടതു് ആവശ്യമായതിലായിരിക്കണം. ലാക്കപ്പുമർദ്ദനം അവസാനിപ്പിക്കണമെന്നു ഞാൻ വീണ്ടും വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു. മറെറാരുകാര്യംകൂടി പറഞ്ഞുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം.

കമ്യൂണിസ്ററുകാരെ പിടിച്ചു അമർച്ചചെയ്യുന്നു എന്ന വ്യാജേന പലകേസുകളും പലരുടേയും പേരിൽ ഇന്നു് എടുത്തിട്ടുണ്ടു്. ഇതേസംബന്ധിച്ചു് എന്റെ അറിവിൽപെട്ട ചിലസംഗതികൾ ഈ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. ഇവിടെനിന്നും പന്ത്രണ്ടു മൈൽദൂരമുള്ള വെഞ്ഞാറൻമൂടു എന്ന സ്ഥലത്തു് ഒരു സംഘം പോലീസുദ്യോഗസ്ഥന്മാർ ചെന്നു് അവിടെനടന്ന ഒരു വഴക്കിനെ സംബന്ധിച്ചു് ഏതോ ചില അന്വേഷണങ്ങൾ നടത്തിയ അവസരത്തിൽ ഒരു പോലീസുകാരൻ ഒരാളെ ഒരു ചൂരമ്പുകൊണ്ടു് ഒന്നടിച്ചു. അവിടെകൂടിയിരുന്ന ആളുകൾ അടികൊണ്ടവനെ അവിടെ മരിച്ചുപോലെ കിടന്നുകൊള്ളാൻ പറഞ്ഞു് ആ വിധം ഒരു ആക്ടു കാണിച്ചു. ആളുകളും ധാരാളംകൂടി. ഒരു ബഹളവും നടന്നു. ഒടുവിൽ ഐ. ജി. വരെ വരേണ്ടിവന്നു. ഇൻസ്പെക്ടർ ആ മനുഷ്യനെ ഒന്നും ചെയ്തില്ല. പക്ഷെ കാര്യം വഷളായി. ഒടുവിൽ റിസർവ്വ് പോലീസു ചെന്നാണു് ഇൻസ്പെക്ടരെ രക്ഷിച്ചതു് എന്നു കേട്ടു. ഈ സംഭവംസംബന്ധിച്ചു കേസു എടുത്തിരിക്കുന്നതു 'വെഞ്ഞാറൻമൂടു കമ്യൂണിസ്ററുബഹളം' എന്നു പറഞ്ഞാണു്.

**Sri. P. Nanoo :** Is it not subjudice, Sir?

ബഹു ശ്രീ. ടി. കെ. നാരായണപിള്ള : അതു സബ്ജൂഡീസാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഞാൻ ആ കേസിനെപ്പററിയൊന്നും പറയുന്നില്ല. കമ്യൂണിസ്ററുകാർ മനുഷ്യരല്ലെന്നു വിചാരിക്കരുതു്. ഇന്നു കാണുന്നതരത്തിലുള്ള 'സ്റ്റാലിനിസ്ററു കമ്യൂണിസ'ത്തെ അമർച്ച ചെയ്യേണ്ടതു് ആവശ്യമാണെന്നു വിശ്വസിക്കുന്നവനാണു്

ഞാൻ. എന്നാൽ അവരെ ജയിലിൽ ഇട്ടോ ലാക്കപ്പിൽ ഇട്ടോ മർദ്ദിച്ച് അമർച്ചചെയ്യാമെന്നു വിചാരിക്കുന്നതു ബുദ്ധിശൂന്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. അടിച്ചമർത്തുകൊണ്ടു ലോകത്തിൽ ഇതുവരെയും ഒന്നും നേടിയിട്ടില്ല. ഇന്ന് അവരോടു പെരുമാറുന്ന രീതിയിൽ പ്രവർത്തിച്ചാൽ അതു അവരെ വളർത്തുകമാത്രമായിരിക്കും ചെയ്യുന്നതു്. അവരെ ഡിറൊയിൻ ചെയ്തിട്ട് അതേസമയംതന്നെ 'അമീലറേററിവ് മെഷേഴ്സ്'കൊണ്ടു ജനങ്ങളുടെ ഇടയിൽ അവർക്കുള്ള സ്വാധീനശക്തിയെ ഇല്ലാതാക്കുവാൻ ശ്രമിക്കാതെ 'സ്റ്റാലിനിസ്റ്റ്' ബ്രാൻഡു അടിച്ചമർത്താമെന്നു വിചാരിച്ചാൽ നാം ഉദ്ദേശിക്കുന്നതിന്റെ വിപരീതഫലമായിരിക്കും ഉണ്ടാകുന്നതു്. ഇന്നു സ്റ്റാലിനിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ലക്ഷ്യം ഇൻഡിയിൽ മുഴുവൻ ലഹളകൾ ഉണ്ടാക്കണമെന്നുള്ളതുമാത്രമാണു്. പാക്കററവിപ്ലവങ്ങൾ ഉണ്ടാക്കുകമാത്രമാണ് അവരുടെ ഉദ്ദേശം. അത്തരം വിപ്ലവങ്ങളുടെ ഫലമായി ഉടൻതന്നെ ഗവൺമെണ്ടു് കൈവശപ്പെടുത്തിക്കളയാമെന്ന് അവർ വിചാരിക്കുന്നുംമററമില്ല. പിന്നെയോ ഇത്തരം വിപ്ലവങ്ങൾകൊണ്ടു ജനങ്ങളുടെ ഇടയിൽ അസംതൃപ്തിയുണ്ടാക്കി ഗവൺമെണ്ടിനോടു വിരോധമുണ്ടാക്കുക, പോലീസും ജനങ്ങളും തമ്മിൽ സംഘട്ടനമുണ്ടാക്കുക ഈ വിധത്തിൽ വിപ്ലവചരിതസ്ഥിതികൾ സൃഷ്ടിക്കുക എന്നതേയുള്ളു അവരുടെ ഉദ്ദേശം. ആവിധം ഒരു സ്ഥിതി വന്നിട്ടു വളരെകാലം കഴിഞ്ഞെങ്കിലും അധികാരം കൈക്കലാക്കാമെന്നു വിശ്വസിക്കുന്നവരാണവർ. അതിലേക്കു കരുതിക്കൂട്ടി പ്രവർത്തിക്കുകമാത്രമാണ് അവർ ചെയ്യുന്നതു്. അവരുടെ കുടുക്കിൽചെന്നു വീഴാതെ നമ്മുടെ ഗവൺമെണ്ടു ബുദ്ധിപൂർവ്വം പ്രവർത്തിക്കണമെന്നു് ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

ശ്രീ. പി. ചാക്കൊ: കട്ട്മോഷന് പേരുതന്നിട്ടുള്ളവരെ എപ്പോൾ വിളിക്കുമെന്നു അറിഞ്ഞാൽകൊള്ളാം. കട്ട്മോഷൻ അയക്കാത്തവരേയും പ്രസംഗിക്കാൻ വിളിക്കുന്നതായി കാണുന്നു.

മി. ഡെപ്യൂട്ടിസ്പീക്കർ: ഉവ്വു്. മിസ്റ്റർ തമ്പിയെ പ്രസംഗിക്കാൻവിളിച്ചു മററുള്ളവരുടെ പ്രസംഗംകേട്ടു മുഷിഞ്ഞിരിക്കുമ്പോൾ മിസ്റ്റർ തമ്പിയുടെ പ്രസംഗം കേൾക്കുന്നതു് രസകരമായിരിക്കുമെന്നു വിചാരിച്ചാണു് അദ്ദേഹത്തെ സംസാരിക്കാൻ വിളിച്ചതു്.

ശ്രീ. പി. ചാക്കോ: തിരുവിതാംകൂറിലെ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ ഉള്ള ആളുകൾ ഈ നാട്ടിലെ സാധുക്കളായ ആളുകളുടെ കാര്യത്തിൽ അനാവശ്യമായി ഇടപെടുന്ന രീതിയെ പരാമർശിക്കുന്നതിനും തിരുവിതാംകൂറിലെ പോലീസുകാരുടെ ശമ്പളം, അവരുടെ ജീവിതം നയിക്കുന്നതിന് മതിയാകുന്നില്ലെന്നുള്ള സംഗതിയെപ്പററി പരാമർശിക്കുന്നതിനുമാണ് ഞാൻ ഒരു കട്ട്മോഷൻ അയച്ചിട്ടുള്ളതു്. ഈ അടുത്തകാലത്തു് തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും കുടിയിറക്ക് ഒരു വലിയ പ്രശ്നമായിത്തീർന്നിട്ടുണ്ടു്. ഈ നിയമസഭതന്നെ കുടിയിറക്ക-നിരോധന ബിൽ പാസ്സാക്കിയിട്ടുണ്ടെങ്കിലും മുതലാളികളായ വലിയ ജന്മിമാർ സാധുക്കളായ ആളുകളെ അവരുടെ പുരയിടങ്ങളിൽനിന്നും മററം നിർദ്ദയം കുടികിടപ്പുകാരെ ഇറക്കിവിടുന്നുണ്ടു്. ഈ അക്രമപരമായ കാര്യങ്ങളെ തടയാൻ ചുമതലപ്പെട്ട പോലീസുകാർ ഈ കാര്യങ്ങളിൽ അനാവശ്യമായി ഇടപ്പെട്ട് അവരെ ഉപദ്രവിച്ചുവരുന്നതായി എനിക്ക് അറിവു ലഭിച്ചിട്ടുണ്ടു്. ഞാൻ ഈ വിവരം ചീഫ്മിനിസ്റ്റർ അവർകളുടെ ദൃഷ്ടിയിൽ നേരത്തെ കൊണ്ടുവന്നിട്ടുണ്ടു്. എന്നാൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ പോലീസുകാർ അനാവശ്യമായി ഇടപെടുന്നതു് അനാശാസ്യമാണു്. ചില കേസ്സുകൾ, പോലീസുകാരുടെ അന്വേഷണത്തിൽ യാതൊരു തീരുമാനവുമില്ലാതെയിരിക്കുകയുമാണു്. ഇങ്ങനെ വലിയ മുതലാളിമാരുടെ പുരയിടങ്ങളിലും മററം താമസിക്കുന്ന സാധുക്കളായ കൂലിവേലക്കാർ അവർ കുട്ടനാടൻ പ്രദേശങ്ങളിൽ കൊയ്ത്തിനും മററം പോയിരിക്കുന്ന സമയം നോക്കി അവരുടെ വീട് തീവെയ്ക്കുക, അവർ താമസിച്ചിരുന്ന സ്ഥലം ഇടിച്ചുനിരത്തി കൃഷികൾ ചെയ്യുക, മുതലായ പല അക്രമങ്ങളും മദ്ധ്യതിരുവിതാംകൂറിൽ നടക്കുന്നുണ്ടു്. ഇതിനും പുറമേ അവിടെ വേറെ കാര്യംകൂടി നടക്കുന്നുണ്ടു്. കൂലിവേലക്കാരായ സാധുക്കൾ എവിടെ കൂടുതൽ കൂലി കിട്ടുന്നതിന് ഒരു ശ്രമിക്കുന്നുവോ അവരുടെ സംഘത്തിൽ ചേരുന്നതാണു്. ഇങ്ങനെ പ്രബലസമുദായങ്ങൾ ചേർന്ന നടത്തിവരുന്ന ചില സംഘങ്ങളിൽ അവർ ചേരുമ്പോഴും അവർ സാമുദായികമായി സംഘടിക്കുമ്പോഴും അവർ കമ്മ്യൂണിസ്റ്റാണെന്നു പറഞ്ഞു ഉപദ്രവിച്ചുവരുന്നതായും ധാരാളം അറിവുണ്ടു് ചെങ്ങന്നൂർ താലൂക്കിൽ എണ്ണയ്ക്കാട്ടു എന്ന സ്ഥലത്തു് രണ്ടുമൂന്നുമാസങ്ങൾക്കുമുമ്പ് നടന്ന ഒരു സംഭവം

[Sri. P. Chacko]

എനിക്കു അറിയാം. സാധുക്കളായ ആളുകൾ കമ്മ്യൂണിസ്റ്റ് പാർട്ടി നടത്തിയ ചില മീററിംഗുകളിൽ സംബന്ധിച്ചു എന്ന കുററത്താൽ ചെങ്ങന്നൂർ പോലീസ് ഇൻസ്പെക്ടർ കുറെ ആളുകളെ നിർദ്ദയം മർദ്ദിച്ചതായി അറിഞ്ഞു തിരുവല്ലാ താലൂക്കു കോൺഗ്രസ്സ് പ്രസിഡണ്ടായ മിസ്റ്റർ കെ. എ. മാത്യുവും ഞാനും സ്ഥലത്തെത്തി അന്വേഷണം നടത്തിയതിൽ സാധുക്കൾ നിരപരാധികളാണെന്നു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. പലപ്രകാരത്തിലും ചെങ്ങന്നൂർ പോലീസ് ഇൻസ്പെക്ടർ അവിടത്തെ സാധുക്കളെ ഉപദ്രവിച്ചു വരുന്നുണ്ടെന്നുള്ള സംഗതി തിരുവല്ലാ താലൂക്കിലെ പല നിയമസഭാസാമാജികന്മാരും ഐ. ജി. യുടെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. ചില കാര്യങ്ങളിൽ ഐ. ജി. നടപടി എടുത്തിട്ടുണ്ടെന്നുള്ള കാര്യം ചാരിതാർത്ഥ്യജനകമാണെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

ഇനിയും ഒരു സംഗതി പറയുവാനുള്ളതു് ഇവിടത്തെ പോലീസിന്റെ ശമ്പളത്തെപ്പററിയാണ്. പോലീസുകാരുടെ ശമ്പളം അവരുടെ നിത്യവൃത്തികഴിക്കുന്നതിനുപോലും തികയുന്നില്ല. ഇരുപതു രൂപാ ശമ്പളവും ഇരുപതു രൂപാ അലവൻസും ഇങ്ങനെ നാല്പതു രൂപാ മാത്രമേ അവർക്കുള്ളു. ഈ നാല്പതു രൂപാകൊണ്ടു് അവരുടെ കുടുംബം പുലർത്താൻ സാദ്ധ്യമല്ലെന്നുള്ളതു് എല്ലാവർക്കുമറിയാം. നിത്യവൃത്തിക്കു തികയാതിരിക്കുന്നതാണ് അവരെ കൈക്കൂലിക്കു പ്രേരിപ്പിക്കുന്നതു്. അതിനാൽ അവരുടെ ശമ്പളം വർദ്ധിപ്പിക്കാതെ, അവർ കൈക്കൂലി വാങ്ങിക്കുന്നു എന്നും മററും പറയുന്നതു് നീതിപൂർവ്വകമല്ല. തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനം വന്നതിൽ പിന്നീടും തിരുവിതാംകൂറിലെ പോലീസുകാരുടെ ശമ്പളം കൊച്ചിയിലെപ്പോലെ ഉയർത്തിയിട്ടില്ല. ആ വിഷയത്തിൽ ഉടൻ ശ്രദ്ധിക്കേണ്ടതാണ്. കൊച്ചിയിൽ പോലീസുകാരുടെയിടയിൽ അഴിമതിയില്ലെന്നു പറയുന്നു. അതിനുള്ള പ്രധാനകാരണം അവർക്ക് ഇവിടത്തേക്കാൾ കൂടുതൽ ശമ്പളമുള്ളതുകൊണ്ടാണ്. ഈ വിധം ഇവിടത്തെ പോലീസുകാരുടെ ശമ്പളം ഉയർത്തുകയാണെങ്കിൽ അവർക്കു നിത്യവൃത്തി കഴിക്കുന്നതിന് സാധിക്കുന്നതും എന്നാൽ, അതേസമയംതന്നെ പാവപ്പെട്ടവരുടെ പക്കൽ നിന്നും കൈക്കൂലി മുതലായവ വാങ്ങിക്കാൻ ഇടയാകാത്തതുമാണ്. ആവിധം ചെയ്തു് നാട്ടുകാരെ രക്ഷിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു. പിന്നെ ഒന്നു പറയുവാനുള്ളതു് ട്രാഫിക്ക് വകുപ്പിനെപ്പററിയാണ്. ട്രാഫിക്ക് ഇൻസ്പെക്ടർമാരിൽ ചിലരെ എനിക്കു അറിയാം. ഒരു വിധത്തിലും ഓടാത്ത പഴയ വണ്ടികൾ 1948-ലെ മാഡലായി അവർ സർട്ടിഫൈ ചെയ്യുന്നതായി എനിക്കു് അനുഭവമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യം പറയാം. ഒരു ട്രാഫിക്ക് ഇൻസ്പെക്ടർ പത്തു പതിനഞ്ചു പേർ ചേന്ന് വലിച്ചിഴച്ചുകൊണ്ടുപോയ ഒരു വണ്ടി 1948-ലെ മാഡലായി സർട്ടിഫൈ ചെയ്തു. ഈവിവരം എനിക്കു നേരിട്ടറിയാം. വിവരം ഞാൻ ഐ. ജി.യെ നേരിട്ടറിയിച്ചു. അദ്ദേഹത്തിന്റെ പരിശോധനാഫലമായി അതു ബോദ്ധ്യപ്പെടുകയും ആ ഇൻസ്പെക്ടരെ സസ്പെണ്ടു് ചെയ്യുകയും ചെയ്തതായി അറിയുന്നു.

<u>ബഹു. ശ്രീ. ടി. കെ. നാരായണ പിള്ള:</u> സസ്പെണ്ടു ചെയ്തിട്ടുണ്ട്.

<u>ശ്രീ. പി. ചാക്കോ:</u> പിന്നെ വേറെ ഒരു സംഗതി അവപതും അമ്പതഞ്ചും ആളുകളെ കയററിക്കൊണ്ടു് ഓടുന്ന വണ്ടികൾ മറിഞ്ഞുപോയാൽ, പോലീസുകാർക്കു യാതൊരു കഷ്ടതയുമില്ല; ആളുകളുടെ ജീവിതമാണ് അപകടത്തിലാകുന്നതു്. അതിനാൽ ഓവർ ലോഡ് ചെക്ക് ചെയ്യുന്ന വിഷയത്തിലും പ്രധാനമായി ശ്രദ്ധിക്കേണ്ടതാണ്.

<u>ஸ்ரீ. எ. சிதம்பரநாத நாடார்:</u> ஸர், பிரதான மந்திரி அவர்கள் ஒரு ஐக்கிய பாணத்தை ஏற்படுத்தப்போவதாக வெகு அழகாக அநேக தடவைகள் இச்சபையில் சொன்னார்கள். ஸர், இப்படிப்பட்ட போலீஸ் பாணத்தை வைத்துக்கொண்டு அவர்கள் எப்படி ஒரு ஐக்கிய பாணத்தைக் கொண்டுவரப் போகிறார் என்பது தெரியவில்லை. போலீஸ்படை எதற்காக வைக்கப்பட்டிருக்கிறது? ஒரு நாட்டில் சமாதானத்தை பரிபாலிக்கவும், கொலை, களவு முதலிய குற்றங்களைத் தடுக்கவும், அல்லது கண்டுபிடித்து, குற்றவாளியை தண்டனைக்குட்படுத்தவும், ஜனங்களுக்குப் பாதுகாப்பு அளிக்கவும், போலீஸ்படை நிறுவப்பட்டிருக்கிறது. ஆனால் திரு. சந்திரசேகரன் நாயர் ஐ. ஜியாய் வந்த பிறகு போலீஸ் பாணம் எப்படி நடக்கிறது என்று பார்ப்போம். திரு. அச்சுதன் எ. எஸ். பி.யாய் இருந்த காலத்தில் அவரை வேலையிலிருந்து நீக்கவே

ன்றுமென்று பெருவாரி கக்ஷியாகிய ஸ்டேட் காங்கிரஸில் பேசிக்கொண்டதுண்டு. அதற்கு ஒன்றிரண்டு சான்றுகளுமுண்டு. போலீஸ் படையின் ஜோலி என்ன? மக்களுக்கு தற்காப்பு அளிப்பது. ஆனால் அந்தமாதிரி தற்காப்பு மக்களுக்குக் கொடுக்கப்படவில்லை. ஆனால் வேறு யாருக்குக் கொடுக்கப்படுகிறது? இங்கு வீற்றிருக்கும் மந்திரிகளுக்குத்தான் இந்நாட்டுப் போலீஸ்படை தற்காப்பு அளிக்கிறது. ஏகாதிபத்திய காலத்தில், ஸர். ஸி. பி. ராமஸ்வாமி அய்யர் காலத்தில், திரு. அர்சுதன், மேடையில் பிரசங்கம் செய்துகொண்டிருந்த ஒருவரை கீழே தள்ளி, அடித்தார் என்ற ஒரு வதந்தியுண்டு. அதற்காக, பொறுப்பாட்சி சர்க்கார் ஏற்பட்டவுடன் அவரை வெளியில் தள்ள வேண்டுமென்று சொன்னார்கள். அப்படிச் சொன்ன வீரர்கள் எங்கே போய்விட்டார்கள்? அதற்குப் பின் அவரை நாகர்கோவிலுக்கு தமிழ்நாடு காங்கிரஸை ஒடுக்குவதற்காக நியமிக்கப்பட்டார். அங்கு அவர் தமிழர்களை வேட்டையாடினார் என்று சொன்னால் மிகையாகாது. அதற்காக அவருக்கு டி. எஸ். பி. promotion. ஸர், தற்போது இந்த போலீஸ் ஆபீசர்களுக்கு என்ன ஜோலி என்று கேட்டால், ஸ்டேட் காங்கிரசுக்கு மெம்பர்கள் சேர்ப்பது. ரொம்ப அழகான ஜோலி. தென்திருவிதாங்கூர் நூற்றுக்கு நூறு தமிழ்நாடு. அங்குள்ளவர்கள் யாவரும் தமிழ்நாடு காங்கிரஸ் அங்கத்தினர்கள். ஸ்டேட் காங்கிரசுக்கு அங்கு இடமில்லை. அந்த இடத்தில் போலீஸ் இன்ஸ்பெக்டர்களின் ராஜ்யபாரந்தான் நடக்கிறது. திரு. சந்திரசேகரன் நாயர் அவர்களிடம் சொல்ல ஆசைப்படுகிறேன்—வெற்றியுடன் தமிழர்களை அடித்து அடக்கவேண்டுமென்ற எண்ணத்துடன் தாங்கள் 55 வயது வரை இருக்கலாம். அதற்குப் பின் என்னைப்போலத்தான் தாங்களும் ஒரு மனிதன். இதை நினைத்தாவது மனிதனை மனிதனாக நடத்துங்கள். அடுத்தபடியாக அவர் நடத்திய உத்தியோக நியமனங்களைப் பற்றி, தனது சொந்தக்காரர்களுக்குத்தான் உத்தியோகங்கள் கொடுத்திருக்கிறார்கள். முதலில் 6 இன்ஸ்பெக்டர்களைத் தான் எடுக்கவேண்டுமென்றிருந்தது. ஆனால் தமது பந்துக்களாகிய மூன்றுபேர்களுக்கு இன்ஸ்பெக்டர் உத்தியோகம் கொடுப்பதற்காக அந்த எண் பத்தாக உயர்த்தப்பட்டது. இது நியாயமா? அடுத்தபடியாக நாகர்கோவில் எ. எஸ். பி.யின் திருவிளையாடல்கள். கழிந்த காலத்தில் இவர் நல்லவர் என்று கேட்டிருக்கிறேன். ஆனால் மீன் தின்னுவதில் பேர்போனவர். கன்னியாகுமரியிலுள்ள முத்தய்யா என்பவர் தான் இவருக்கு மீன் supply செய்கிறார். முத்தய்யா, பிச்சய்யா என்று இரண்டுபேரும் கூட்டு வியாபாரம் செய்ததில் பிச்சய்யாவுக்கு முத்தய்யா பணம் கொடுக்கவேண்டும். பிச்சய்யா கேட்டுப்பார்த்ததில் பணம் கொடுக்கப்படவில்லை. முத்தய்யாவின் பிரேரணையால் பிச்சய்யா பேரில் செக்ஷன்கள் 75, 323, 292 பி, 104 கேஸ் எடுக்கப்பட்டிருக்கிறது. இந்த மாதிரி இவர் ரௌடிகளுக்கு ஊக்கமளிக்கிறார். அடுத்தபடியாக, விளவங்கோடில் இன்ஸ்பெக்டராயிருந்த திவாகரன். இவர் விளவங்கோடு தாலுகாவிலுள்ள தமிழர்களுக்கு இழைத்திருக்கும் தீங்குகள் பல. இங்கு இவர் செய்த அட்டூழியங்களை விவரிக்கமுடியாது. 113 வைகாசியில் பூதலிங்கம் பிள்ளை வீட்டில் களவு. இந்தக் கேசை யு. டியில் சேர்த்து விட்டார். தற்போது அவர் வற்கலையில் இன்ஸ்பெக்டராயிருக்கிறார்.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. പോലീസ് ഡിപ്പാർട്ടുമെണ്ടിൻെറ നയത്തെപ്പററി വാദപ്രതിവാദംചെയ്യുന്ന സന്ദർഭത്തിൽ ഓരോ ഉദ്യോഗസ്ഥവ്യക്തിയേയും എടുത്തു് അവരുടെ ചെയ്തികളെപ്പററി, അവക്കു മറുപടി പറയാൻ സൌകര്യമില്ലാതിരിക്കുന്ന സന്ദർഭത്തിൽ ആക്ഷേപിക്കുന്നതു പാർലമെൻററി വഴക്കങ്ങൾക്കു യോജിച്ചതല്ല. ഗവമെണ്ടിൻെറ പോലീസു നയത്തെ ആക്ഷേപിക്കുവാനും വിമർശിക്കുവാനും അതിനുള്ള മറുപടി കേൾക്കാനുമുള്ള സന്ദർഭമാണു് ഇതു്. അങ്ങിനെയിരിക്കെ..........

**Sri. A. Chidambaranatha Nadar:** The Hon'ble Minister is unnecessarily interrupting.

**Deputy Speaker:** Let the Minister raise the point of order he wants to raise.

**The Hon'ble Sri. Panampilli Govinda Menon:** As a member, I raise the point of order. സർ, ഡിപ്പാർട്ടുമെണ്ടിൻെറ പൊതുനയത്തെക്കുറിച്ചു സംസാരിക്കുമ്പോൾ അതിലെ ഓരോ

[Sri. Panampilly Govinda Menon]

വ്യക്തികളേയും ഈ ചേംബറിൽവെച്ച് ആക്ഷേപിക്കുവാൻ അനുവദിക്കുന്നത്, പ്രത്യേകിച്ചും ആ വ്യക്തികൾക്കു മറുപടി പറയുവാൻ സൌകര്യമില്ലാതിരിക്കുന്ന അവസരത്തിൽ ആക്ഷേപിക്കുവാൻ അനുവദിക്കുന്നത് അനുവദനീയമാണോ?

**Sri. R. K. Ram:** The Hon'ble Minister is not in his seat.

**Sri. Chellaswami Nadar:** I want a ruling whether the Minister can exercise the powers of a member when he is not in his proper seat.

**Deputy Speaker:** As a member of this Assembly, the Minister can also raise a point of order.

**Sri. Chellaswami Nadar:** No; my point is that he is not in his seat and so I want to know whether he is in order in having made that speech.

**The Hon'ble Sri. Panampilli Govinda Menon:** The allocation of seats in this House is not a statutory matter.

**Sri. Chellaswami Nadar:** May I invite the attention of the Deputy Speaker to a ruling that has been made previously that a member, in order to exercise his functions, should be in his seat? Such a ruling has been made, I think.

**The Hon'ble Sri. Panampilli Govinda Menon:** I am in my seat.

**Sri. Chellaswami Nadar:** Is that particular seat assigned to you?

**The Hon'ble Sri. Panampilli Govinda Menon:** This is the seat assigned for me.

ഡപ്യൂട്ടി സ്പീക്കർ: മന്ത്രിമാരുടെ സീററിനെപ്പററി റൂളിംഗ് ഉണ്ടായിട്ടില്ല. വ്യക്തികളെപ്പററി വിമർശിക്കാതെ ഡിപ്പാർട്ടുമെണ്ടിൻെറ പൊതുനയത്തെപ്പററി വിമർശിക്കുന്നതു നന്നായിരിക്കും.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸார், எனக்கு இரண்டு நிமிஷங்கள் கூடுதல் தர வேண்டும். எனது சமயத்தை இந்த மந்திரி point of order என்றும் my seat என்றும் சொல்லி நாசமாக்கி விட்டார். ஸார். திவாகரன் வர்க்கலைக்கு மாற்றப்பட்டிருக்கிறார். அங்கே போனவுடன் ஒரு அடிபிடி. அதில் அடி பட்டார். அதற்காக அவருக்கு ஒரு reward. 16,17 பேர்களுக்குமேல் promotion. தற்போது விளவங்கோட்டில் சதாசிவன் என்ற ஒருவர் இன்ஸ்பெக்டர். இவர் வந்த பிறகு விளவங்கோட்டில் களவுக்குமேல் களவுகள். 1123 ஆடி வில்சியின் வீட்டில் களவு. 1124 ஆவணியில் ட்ராவல் பங்களாவில் இரும்புப்பெட்டியை உடைத்து களவு நடந்திருக்கிறது. பூல்துவிளை முத்தய்யாபிள்ளை வீட்டில் களவு. இது செய்பால் பிரேரணையின் பேரில் நடந்திருக்கிறது. இவர் இன்ஸ்பெக்டருக்கு உள்கை. இந்தக் களவுகளில் இந்த இன்ஸ்பெக்டரும் சம்பந்தப்பட்டிருப்பதாக ஒரு வதந்தி உலாவுகிறது என்று இந்த சபையிலேயே முன்பு கூறியிருக்கிறேன். 1124 ஆடி 13-ம் தேதி சதாசிவன் பிரேரணையோடு சிதம்பரவிலாஸ் பத்மநாப பிள்ளை வீட்டில் களவு. இந்த பத்மநாபபிள்ளை வீட்டுக்கு இந்த இன்ஸ்பெக்டரும், இந்த Secretariat கிளார்க்கு ராஜகோபாலன் என்றவரும், ராமகிருஷ்ணன் என்ற வேறொருவரும் சென்று அவரை அநாவசியமாகப் பேசியிருக்கிறார்கள். ஐ. ஜி., பிரதான மந்திரி இவர்களிடம் இதைப்பற்றிச் சொல்லியும் இதுவரையில் ஒன்றும் செய்யப்படவில்லை. அடுத்தபடியாக நாகர்கோவில் டவுண் இன்ஸ்பெக்டரைப்பற்றி—இவர் இடப்பள்ளியிலிருந்து எங்கு மாற்றப்பட்டிருக்கிறார் என்றுகூட இந்த சபையில் ஒரு கேள்வி பிறந்தது. இவரது அட்டஹாசம் சொல்ல முடியாது. போன ஆடிமாதம் நாலாம் தேதி கேசவப்பெருமாள் என்ற ஒரு டிரைவரை அநாவசியமாக அடித்திருக்கிறார். அதே மாதம் இரண்டாந் தேதி கோபாலன் என்ற ஒருவரை யாதொரு காரணமுமில்லாமல் அடித்திருக்கிறார். இவர் கடைகளில் சென்று செய்யும் அட்டஹாசம் சொல்லிமுடியாது. இவைகளையெல்லாம் சர்க்கார் கருத்தில் கொள்ளவேண்டும். ஜனங்களுக்குப் பாதுகாப்பு அளிக்க ஏற்பட்டிருக்கும் போலீஸ் படை அந்த பாதுகாப்பிற்கே பங்கம் விளைவிக்கிறது. ஸார், சேர்த்தலை இன்ஸ்பெக்டர் ராமன் நாயர் அவர்கள் ஏதோ மூவாயிரம் ரூபாய் கைக்கூலி வாங்கியிருக்கிறார் என்று ஆலப்புழை ஏ. எஸ். பி. திரு. மரியார்ப்புதம் ஐ.ஜி-க்குஒரு றிப்போர்ட்டு அனுப்பியிருக்கிறார். இதுவரைஒரு நடவடியும் எடுத்ததாகக் காணப்படவில்லை. அ

தனால் அதில் ஐ. ஜிக்கு ஏதாவது பங்கு கிங்கு கொடுக்கிறேனோ என்று நினைக்க வேண்டியிருக்கிறது. இந்தக் கேஸை ரிப்போர்ட் பண்ணினவுடன் திரு. மரியாப்புதத்தின் பேரில் ஏதோ ஒரு பெட்டிஷன் வந்திருக்கிறதாக சொல்லப்படுகிறது. இதற்குக் காரணம் என்னவென்பதை நீங்களே ஊகித்துக்கொள்ளலாம். ஐ. ஜி. அவர்கள் ஆலப்புழையில் இன்ஸ்பெக்டராக இருந்தபோது என்னென்ன செய்திருக்கிறார்களென்பதை மறந்துவிடக் கூடாது என்று சொல்லிக்கொள்கிறேன்.

ശ്രീ. എൻ. പി. വർഗ്ഗീസ് : സർ, പോലീസ് ഡിപ്പാർട്ടുമെണ്ടിന്റെ ഭരണത്തെപ്പററി വളരെ നിശിതമായ പല വിമർശനങ്ങളും ഇവിടെ നടന്നു. പോലീസ് ഡിപ്പാർട്ടുമെണ്ടിലുള്ള ഉദ്യോഗസ്ഥന്മാരും, കാൺസ്റ്റബിൾമാരും കൈക്കൂലിവാങ്ങുന്നതായും, അക്രമം പ്രവർത്തിക്കുന്നതായും പലരും ഇവിടെ പറഞ്ഞിട്ടുണ്ട്. അതിൽ കുറെയൊക്കെ അടിസ്ഥാനമുണ്ടെന്നാണ് എനിക്കും പറയാനുള്ളതു്. എന്നാൽ കൈക്കൂലി വാങ്ങുന്നതിനെ തടയുന്നതിനായി ശിക്ഷണനടപടികൾ എടുക്കുന്നതോടുകൂടിത്തന്നെ അവക്കു ജീവിക്കാനുള്ള ശമ്പളംകൂടി കൊടുക്കേണ്ടതാണ്. തിരുവിതാംകൂറിലുള്ള ശമ്പളം താരതമ്യേന നോക്കുമ്പോൾ ലോവർ ഡിവിഷ്യനിലും ഹയർ ഡിവിഷ്യനിലും യാതൊരു പ്രൊപ്പോർഷനും ഇല്ലാതെയാണ് കാണുന്നതു്. ലോവർ ഡിവിഷ്യനിൽ കൊടുക്കുന്നതിന്റെ പത്തുപതിനഞ്ചിരട്ടിവരെയുള്ള ശമ്പളം കൊടുക്കുന്നതിനെ നീതീകരിക്കാമായിരിക്കാം. ഇംഗ്ലണ്ടിൽ ലോവർ ഡിവിഷ്യനിലുള്ള ഒരു ക്ലാർക്കിനു് ഇരുന്നൂറു രൂപാ ശമ്പളം വരുമ്പോൾ ഹയർ ഡിവിഷനിലുള്ള ഒരു ഉയന്ന ഉദ്യോഗസ്ഥന്റെ ശമ്പളം ൩,൦൦൦ രൂപയിൽ കൂടുകയില്ല. ഇവിടെയാണെങ്കിൽ താഴ്ന്ന ശമ്പളം ൪൦ രൂപയായിരിക്കുമ്പോൾ കൂടിയ ശമ്പളം അതിന്റെ മുപ്പതും നാല്പതും ഇരട്ടി വരുന്ന ൧,൫൦൦-൦ ൨,൦൦൦-൦ രൂപയുമാണ്. ലോവർ ഡിവിഷ്യനിലുള്ള ഒരു ഉദ്യോഗസ്ഥനു ന്യായമായി ജീവിക്കുന്നതിനു പര്യാപ്തമായതും ഹയർ ഡിവിഷ്യന്റെ പ്രൊപ്പോർഷനനുസരിച്ചുള്ളതുമായ ഒരു ശമ്പളം കൊടുക്കേണ്ടതു വളരെ അത്യാവശ്യമായ ഒരു സംഗതിയാണ്. തിരുവിതാംകൂറിലെ ഒരു സബ്ബ്ഇൻസ്പെക്ടർക്കു ൪൫ രൂപയും, ഒരു ഹെഡ് കാൺസ്റ്റബിളിനു് ൨൭ രൂപയും, ഒരു കാൺസ്റ്റബിളിനു് ൨൦ രൂപയുമാണ് ശമ്പളം വെച്ചിരിക്കുന്നതു്. ഈ ശമ്പളംകൊണ്ടു് ഇവക്കു ജീവിക്കാൻ സാദ്ധ്യമല്ലെന്നുള്ളതു തീച്ചയാണ്. ഈ കായ്യംകൊണ്ടായിരിക്കും കുറെമുമ്പേ പരിശീലിച്ചുപോയ കൈക്കൂലി ഇന്നും അവർ തുടന്നുകൊണ്ടുപോകുന്നതു്. അതുകൊണ്ടു ഗവമ്മെണ്ടിന്റെ സത്വരമായ ശ്രദ്ധ ഈ വിഷയത്തിൽ പതിയണമെന്നും ഒരു ശമ്പളപരിഷ്കാരം ഉടനെ നടപ്പിൽ വരുത്തണമെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു. അതിനു കുറെ ബുദ്ധിമുട്ടുണ്ടെന്നു് എനിക്കറിയാം. എന്നാൽ കുറഞ്ഞ ശമ്പളക്കാരുടെ ശമ്പളം ന്യായമായതരത്തിൽ ഉയത്താതെയിരുന്നാൽ ഫലപ്രദമായി ഭരണം നടത്താൻ സാധിക്കാതെവരും.

മറെറാരുകായ്യം പറയാനുള്ളതു് പോലീസ് ലാക്കപ്പുകളിൽ ഇന്നത്തെ നിലയിൽ നിന്നും കുറെ വ്യത്യാസങ്ങൾ വരുത്തണമെന്നാണ്. പോലീസ് ലാക്കപ്പുകളിൽ ൨൪ മണിക്കൂറിൽ കൂടുതൽ സമയം ആരേയും വച്ചേക്കുന്നതല്ലെന്നും അതിനുശേഷം സബ്ജയിലിലേക്കു മാററുന്നതാണെന്നും ബഹു. പ്രധാനമന്ത്രി ഇവിടെ പറയുകയുണ്ടായി. അതു വളരെ സന്തോഷാവഹമായ ഒരു സംഗതിതന്നെയാണ്. എന്നാൽ ആ പദ്ധതി പൂത്തിയാക്കുന്നതിനുമുമ്പു വളരെ അത്യാവശ്യമായ ഒന്നുരണ്ടു സംഗതികൾ പോലീസ് ലാക്കപ്പുകളിൽ നടത്തേണ്ടതായിട്ടുണ്ട്. ഇന്നുള്ള ലാക്കപ്പുകളിൽ ഒരു രാത്രി ജീവിക്കാനുള്ള സാനിട്ടേഷൻ ഏപ്പാടുകൾപോലും ഇല്ലെന്നുള്ളതു തീച്ചയാണ്. വെളിച്ചവും കാററും കിട്ടുന്നതിനുള്ള ജനലുകളും വാതിലുകളും വയ്ക്കുകയും രാത്രിയുള്ള ആവശ്യത്തിനു് ഒരു സാനിട്ടറി ലട്രീനും ഉണ്ടാക്കേണ്ടതാണ്. ഈ സാനിട്ടറി ലട്രീനു് ആയിരമോ രണ്ടായിരമോ രൂപ ചിലവാക്കിയാൽ മതിയാകും. പുതിയ പദ്ധതി രൂപീകരിച്ചു സബ്ജയിലുകൾ പണിയുന്നതിനു മുമ്പു തന്നെ ഇത്തരം ലട്രീൻസ് ഉണ്ടാക്കുന്ന കായ്യംകൂടി ആലോചിച്ചു തീരുമാനിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

അടുത്തതായി എനിക്കു പറയാനുള്ളതു് ആംസ് ആൻഡ് അമ്യൂനിഷൻസ് ലൈസൻസു കൊടുക്കുന്ന കായ്യമാണ്. വനത്തിനു് അടുത്തു താമസിക്കുന്ന കൃഷിക്കാക്കു തോക്കിന്റെ ആവശ്യം വളരെയുണ്ട്. ആനയുടെ ശല്യത്തെപ്പററി ഇവിടെ പല ചോദ്യങ്ങൾ അയയ്ക്കുകയും അതിനെപ്പററി സംസാരിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാനകളും മററു വന്യമൃഗങ്ങളും

[Sri. N. P. Verghese]

മൂലമുണ്ടാകുന്ന ഉപദ്രവവും കൃഷിനാശവും എത്ര കഠിനമാണെന്ന് അനുഭവിച്ചറിഞ്ഞവർക്കേ അറിയാൻ കഴിയുകയുള്ളു. ൧൧൨൨-ൽ തോക്കുകളെല്ലാം കാൺഫിസ്കേററു ചെയ്തതിനു ശേഷം ഗവൺമെണ്ട് ലൈസൻസുകൊടുക്കാൻ വളരെ മടികാണിക്കുന്നുണ്ട്. അതു ഗവൺമെണ്ടിൻെറ നയമാണോ അതല്ല പോലീസ് ഉദ്യോഗസ്ഥന്മാരുടെ കുസൃതിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. മൂവ്വാററുപുഴ താലൂക്കിലുള്ള കോതമംഗലം, കുട്ടമംഗലം എന്നീ സ്ഥലങ്ങളിൽനിന്നും തോക്കിനു ലൈസൻസിന് അപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം ലൈസൻസ് അനുവദിച്ചുകൊടുക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. കെ. രാമകൃഷ്ണപിള്ള: സർ, പോലീസ് ഡിപ്പാർട്ടുമെണ്ടിൽ നിലവിലിരിക്കുന്ന അഴിമതികളെപ്പററി എൻെറ സുഹൃത്തുക്കൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഡിപ്പാർട്ടുമെണ്ടിലുള്ള ഏററവും താണ പോലീസ് കാൺസ്റ്റബിൾമാരുടെ ഇടയിലുള്ള അഴിമതികളെപ്പററിയാണ് ഇവിടെ പ്രസ്താവിച്ചുകേട്ടതു്. എനിക്കു പറയാനുള്ളതു് അവരെ നിയന്ത്രിക്കുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അഴിമതിയെപ്പററിയാണ്. എൻെറ മാന്യസ്നേഹിതൻ ചിതംബരനാഥനാടാർ ആലപ്പുഴ എ. എസ്സ്. പി. ആയിരുന്ന മി. മരിയാർപൂതത്തെപ്പററി ഒരു പ്രസ്താവനചെയ്തതുകൊണ്ടാണ് അതിനെപ്പററി രണ്ടുവാക്കു പറയുവാൻ ഞാൻ മുതിരുന്നതു്. ആലപ്പുഴ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ ഏററവും ഉത്തരവാദിത്വമുള്ള ഒരു പ്രതിനിധി എന്ന നിലയിൽ എനിക്കു പറയാൻ കഴിയും മി. മരിയാർപൂതത്തിൻെറനേക്ക് അവിടത്തെ ആളുകൾക്ക് അളവററ അമഷമാണുള്ളതെന്ന്. അതു് അദ്ദേഹം തെക്കൻ തിരുവിതാംകൂറുകാരനായതുകൊണ്ടല്ലെന്നും എൻെറ സ്നേഹിതന്മാർ മനസ്സിലാക്കണം. കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി മി. മരിയാർപൂതത്തെ സംബന്ധിച്ച് അവിടത്തെ സാധാരണക്കാരുടെ ഇടയിലുള്ള അമർഷം വർദ്ധിച്ചു വർദ്ധിച്ചുവരുകയായിരുന്നു. അദ്ദേഹത്തിൻെറ സാന്മാർഗ്ഗികജീവിതത്തെത്തന്നെ ചോദ്യംചെയ്യത്തക്കവണ്ണം പല കേസുകളും ഉണ്ടായിട്ടുണ്ട്. അസന്മാർഗ്ഗികമായ അദ്ദേഹത്തിൻെറ പ്രവൃത്തികൾക്ക് ഒരു കേസു നിലവിലിരിക്കുന്നുണ്ടെന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ ഒരു ഉദ്യോഗസ്ഥൻ സാധാരണക്കാരുടെ ജീവിതത്തെത്തന്നെ സാരമായി സ്പർശിക്കത്തക്കവിധത്തിൽ പോലീസുഭരണം നടത്തുന്നു. ഉത്തരവാദിത്വമുള്ള വ്യക്തികൾ ഒരഭിപ്രായം പറയുമ്പോൾ അതിനെ കക്ഷികളുടേയോ, മതക്കാരുടേയോ, ജാതിയുടേയോ, ഭാഷയുടേയോ പേരിൽ ദുർവ്യാഖ്യാനംചെയ്യുന്നതു തെററാണെന്ന് എൻെറ സ്നേഹിതൻ ശ്രീ. ചിതംബരനാഥനാടാർ മനസ്സിലാക്കിയാൽ കൊള്ളാം. അദ്ദേഹത്തെ ഞാൻ എൻെറ നിയോജകമണ്ഡലത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു. ആലപ്പുഴ വന്നു താമസിച്ച് അദ്ദേഹം ഇതിനെപ്പററി അന്വേഷിക്കട്ടെ. മി. മരിയാർപൂതത്തെപ്പററി അവിടത്തെ ജനങ്ങളുടെ അഭിപ്രായവും അദ്ദേഹത്തിൻെറ നേരെ അവർക്കുള്ള അമർഷത്തിൻെറ അളവും എന്താണെന്ന് അപ്പോൾ അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധിക്കും. ഗവൺമെണ്ട് അദ്ദേഹത്തെ സ്ഥലം മാററിയിരിക്കുന്നുവെന്ന് അറിയുന്നു. കൈക്കൂലിയെപ്പററിയോ അതുപോലുള്ള മററു അഴിമതികളെപ്പററിയോ അല്ല ഞാൻ പറയുന്നതു്. പോലീസ് ഡിപ്പാർട്ടുമെണ്ടിലെന്നല്ല ഏതു ഡിപ്പാർട്ടുമെണ്ടിലായാലും ഉയർന്ന ഉദ്യോഗസ്ഥന്മാർ സന്മാർഗ്ഗികമായി വളരെ ഉന്നതമായ ഒരു സ്ഥിതിയിൽതന്നെ ജീവിക്കേണ്ടതാണ്.

**Sri. P. Balakrishnan Thampi:** Is it not objectionable to refer to individuals in Malayalam as well as in Tamil?

മി. ഡെപ്യൂട്ടി സ്പീക്കർ: ഏതവസരത്തിലായാലും വ്യക്തികളെപ്പററി പറയുന്നതു ശരിയല്ല. ഇവിടെ പ്രത്യേകിച്ച് ഒരു വ്യക്തിയെപ്പററിയല്ല പറയുന്നതു്. ഒരു ഉദ്യോഗസ്ഥനെപ്പററിയാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഏതു കക്ഷിയിൽപ്പെട്ട ആളായാലും ശരി, ഈ രാജ്യത്തെ എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലുംനിന്ന് അഴിമതിയെ നിർമ്മാർജ്ജനംചെയ്യുന്നതിനുള്ള ചുററുപാടുകൾ സൃഷ്ടിക്കുന്നതിനു ഗവൺമെണ്ടിൻെറ കൈകളെ ശക്തിപ്പെടുത്തുകയാണ് വേണ്ടതു്. അതുകൊണ്ടു സാന്മാർഗ്ഗികമായി ഏററവും ഉയർന്നനിലയിൽ ഉള്ളവരെ വേണം ഉദ്യോഗങ്ങളിൽ നിയമിക്കുവാൻ എന്നപേക്ഷിച്ചുകൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

**Sri. A. L. Jacob:** Sir, I wish to say a word in this connection.

There is no denying the fact that our police organisation is, in some respects, in a deplorable condition. Both in Cochin and Travancore—Perhaps to a less extent in Cochin—it has earned a notoriety for corruption.

Where money is, their services will be readily available, no matter whether the cause is just or unjust. The present move to institute an anti-corruption tribunal is therefore most welcome.

Again, Sir, the outlook of an average policeman is based upon an exaggerated notion of authority and he thinks he is licensed to behave in any insolent manner. He possesses a provocative temperament and assumes a superiority complex towards everybody, whether respectable or non-respectable, peace-loving or peace-disturbing.

The whole outlook of our policemen must be changed. They must be made to feel that they are servants of the people and not instruments of terror and oppression.

The Police Department must be guardians of justice. But in prosecutions, false witnesses are often produced, and many are induced to give false evidences by threats of dire consequences. This method must be made to stop.

At the instigation of the rich, poor people are sometimes taken into custody, brought to the Station, belaboured and sent away. They are not here to protect the weak against the machinations and injustices of the strong.

I hope the quality of the force will be greatly improved under the able guidance of the present Inspector General of Police.

Sir, one thing I have to state in their favour is that they are not sufficiently paid. Hence I urge that their scales of salary may be immediately raised, the lowest salary being fixed at Rs. 50 per mensem.

**Sahib Bahadur A. Abdul Razaak:** Sir, may I suggest that in view of the importance of the portfolio the time allotted may be extended further by an hour.

**Deputy Speaker:** Time cannot be extended.

ശ്രീ. പാണ്ടവത്തു് ശങ്കരപ്പിള്ള: സർ, പോലീസ് ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി രണ്ടു വാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. താരതമ്യേന പോലീസ് ഡിപ്പാർട്ടുമെണ്ടിന്റെ ഭരണം മുൻകാലങ്ങളെ അപേക്ഷിച്ചു വളരെ വളരെ ഭേദപ്പെട്ടിട്ടുണ്ടെന്നു പറയുന്നതിനെ അധികം ആരും എതിർക്കുമെന്നു തോന്നുന്നില്ല. യാദൃച്ഛികമായി ചിലപ്പോൾ ചില സംഭവങ്ങൾ പോലീസ് ഉദ്യോഗസ്ഥന്മാരിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതു് അഭിലഷണീയങ്ങളല്ലെന്നും വരാം. എന്നാൽ അതുകളെ അധികാരികളുടെ ദൃഷ്ടിയിൽ പെടുത്തിയാൽ തടയുന്നതിന്നു് അവർ ഒട്ടും മടിക്കുന്നില്ലെന്നുള്ളതു് അനുഭവസ്ഥരായ നമുക്കു ബോദ്ധ്യപ്പെട്ടിട്ടുള്ള സംഗതിയാണു്. പോലീസ് ഉദ്യോഗസ്ഥന്മാരുടെ നാട്ടിൻപുറങ്ങളിലുള്ള ചെയ്തികൾ സഹായകരമാക്കിത്തീർക്കുന്നതിന്നു നാട്ടിലെ ഉത്തരവാദിത്വമുള്ള ആളുകൾ സഹകരണം നൽകുന്നില്ലെന്നു പലടത്തുമുള്ള അനുഭവംകൊണ്ടു മനസ്സിലാകുന്നുണ്ടു്. അതിന്നു പല കാരണങ്ങളും പല കുഴപ്പങ്ങളും ഉണ്ടെന്നു പറയാതെ തരമില്ല. എന്നാൽ പോലീസുദ്യോഗസ്ഥന്മാരിൽ, അല്പമെങ്കിലും ജീവിതത്തിന്നു മതിയാകുന്ന ശമ്പളം വാങ്ങുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാർ നാട്ടിൻപുറങ്ങളിൽ ആശാസ്യമല്ലാത്തതരത്തിലാണു് പ്രവർത്തനം നടത്തുന്നതെന്നു പ്രബലമായ ഒരു അഭിപ്രായം ജനങ്ങളുടെ ഇടയിൽ ഉണ്ടെന്നു ബഹു. ഗവമ്മെണ്ടിനെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഒരു പോലീസ് എ. എസ്സ്. പി.യെ സംബന്ധിച്ചു് ഇവിടെ സംസാരവേളയിൽ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പേരു് ഉച്ചരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം യോഗ്യനാണെന്നു സമർത്ഥിക്കുന്നതിലേക്കു് ആരെങ്കിലും ന്യായവാദം ചെയ്യുന്നുണ്ടെങ്കിൽ അതിനേയും ഞാൻ എതിർക്കുന്നില്ല. പക്ഷെ അദ്ദേഹത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ എന്നു പറയാതിരിക്കാൻ ഞങ്ങളുടെ അനുഭവം അനുവദിക്കുന്നില്ല. എങ്ങോട്ടു വേണമെന്നുവെച്ചാൽ അങ്ങോട്ടു് അദ്ദേഹത്തിന്റെ സേവനം കൊടുക്കുന്നതിൽ ഞങ്ങൾക്കു വിരോധമില്ല. അദ്ദേഹത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ പരസ്യമായി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. പോലീസ് മേധാവികൾ ആവശ്യപ്പെടുകയാണെങ്കിൽ കാര്യങ്ങൾ അറിയിക്കുന്നതിന്നും, ഞാൻ സന്നദ്ധനാണു് വളരെ വേഗത്തിൽ ആ ഡിപ്പാർട്ടുമെണ്ടിൽനിന്നും അദ്ദേഹത്തെ കളയേണ്ടതു് ആ ഡിപ്പാർട്ടുമെണ്ടിന്റെ അന്തസ്സിന്നും, കാര്യക്ഷമതയ്ക്കും ആവശ്യമാണെന്നു പറയുന്നതിന്നും എനിക്കു പ്രയാസമില്ല. വേണമെങ്കിൽ തെളിവുകൾ നൽകാനും ഞാൻ തയ്യാറാണു്. പോലീസ് ഭരണം മുൻകാലത്തെ അപേക്ഷിച്ചു പല കാരണവശാലും വളരെ വൈഷമ്യത്തിൽ എത്തിയിട്ടുണ്ടെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. രാഷ്ട്രീയമായ

[Sri. Pandavath Sankara Pillai]

പല അസ്വസ്ഥതകളും നാട്ടിൽ നടമാടുന്നുണ്ട്. അതിന്റെ കാരണങ്ങളെ ഉന്മൂലനം ചെയ്യുന്നതിന് ഈ നിയമസഭയിലോ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിലോ ഒന്നും ചെയ്യാത്തതു് വളരെ കഷ്ടാൽകഷ്ടതരമാണെന്ന് ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു. മിസ്റ്റർ അച്യുതൻ പറഞ്ഞതുപോലെ നാട്ടിൽ ദാരിദ്ര്യം വളരെ വളരെ വർദ്ധിച്ചുവരുന്നുണ്ട്. ദാരിദ്ര്യത്തിന്റെ പരിഹാരത്തിന് ഇന്ന് അക്രമപരമായ കാര്യപരിപാടികളോടുകൂടിയ രാഷ്ട്രീയ പ്രവർത്തനമാണോ വേണ്ടതെന്നു ചോദിച്ചാൽ അല്ലെന്നു ഞാൻ പറയുമെങ്കിലും ആ വൈഷമ്യങ്ങളെ പരിഹരിക്കുന്നതിന് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഇടയിൽ ഉദാസീനത കാണുന്നുണ്ടെന്നുള്ള വസ്തുത ഞാൻ മറച്ചുവയ്ക്കുന്നില്ല. ബഡ്ജറ്റിൽ ഒരു ഭാഗത്തു് ഈവക കുഴപ്പങ്ങളെ ശരിയായി പരിഹരിക്കുന്നതിന് പണമില്ലെന്ന് പറഞ്ഞുകാണുന്നു. പണമില്ലാത്തതുകൊണ്ട് ആപത്തുകൾ വർദ്ധിക്കുന്നതിനുള്ള ലക്ഷണങ്ങൾ ധാരാളമായി കണ്ടുതുടങ്ങിയിട്ടുണ്ട്. അനുനിമിഷം വർദ്ധിക്കുന്ന ആപല്ക്കാരികളായ വിപ്ലവകാരികൾ കഠാരികൊണ്ടു കുത്തുകയും മററു ഉപദ്രവങ്ങൾ ചെയ്യുകയും ചെയ്യുന്ന അവസരത്തിൽ കയ്യോ കാലോ കൊണ്ട് പോലീസുകാർ തട്ടിയാൽ അവരെ കുററം പറയാൻ കാര്യമില്ല. ജീവിതത്തിന് ആവശ്യമുള്ള മാറ്റം കാണാതെ അസ്വസ്ഥതയിൽ കഴിയുന്നവരുടെ തണലിൽനിന്നുകൊണ്ട് ജനങ്ങളെ സ്വാധീനപ്പെടുത്തുന്നതിന് രാഷ്ട്രീയ പ്രവർത്തകന്മാർ അക്രമമായ പ്രവർത്തനമാർഗ്ഗങ്ങൾ പ്രചരിപ്പിക്കുകയാണ് ഇപ്പോൾ ചെയ്യുന്നതു്.

ഇനി എനിക്ക് ഒന്നുരണ്ടു സംഗതികൾ മാത്രമേ പറയാനുള്ളു. സർ, കാര്യക്ഷമതയുടെ പേരിൽ ഇപ്പോഴത്തെ റിക്രൂട്ട്മെൻറ് സമ്പ്രദായം കുറെക്കൂടി ഉയർത്തണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. നല്ല ശമ്പളം കൊടുത്തു് സ്വഭാവ സംസ്കാരവും യോഗ്യതയും ഉള്ളവരെത്തന്നെ ഡിപ്പാർട്ടുമെണ്ടിലേക്ക് റിക്രൂട്ട് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അവരുടെ ജീവിതത്തിന് ആവശ്യമായ ശമ്പളം കൊടുക്കുന്നതിൽ യാതൊരു ഉദാസീനതയും വിചാരിക്കരുതു്. മറെറാന്ന് എനിക്കു പറയാനുള്ളതു് പോലീസിൽ ആരും അറിയാത്തവണ്ണം പ്രവർത്തിക്കുന്നതിന് നല്ലതായ ഒരു സ്ക്വാർഡ് സംഘടനയും സൃഷ്ടിക്കേണ്ടതാണ് എന്നാണ്. അങ്ങനെയാണെങ്കിൽ നാട്ടിൻപുറങ്ങളിൽ നടക്കുന്ന പല രഹസ്യങ്ങളും അവരുടെ ദൃഷ്ടിയിൽ പെടുമെന്ന് എനിക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അങ്ങിനെ ഒരു സ്ക്വാർഡ് പോലീസ് ഡിപ്പാർട്ടുമെണ്ടിൽ ഉണ്ടായിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി ആർക്കും സംസാരിക്കാൻ സമയമില്ല.

The Hon'ble Chief Minister can reply.

ശ്രീ കോന്നനാത്തു് കുഞ്ഞിരാമമേനോൻ: സർ, കട്ട്മോഷൻ അയച്ച ആളുകൾക്ക് സമയം കിട്ടാതിരിക്കുന്നതു് വളരെ കഷ്ടമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ആകെ ൧൦൪ കട്ട്മോഷൻ ഉണ്ട്. ആ സ്ഥിതിക്ക് എല്ലാവർക്കും സംസാരിക്കുന്നതിന് സമയം കൊടുക്കാൻ എങ്ങനെ സാധിക്കും എന്നു ബഹുമാനപ്പെട്ട മെമ്പർമാർതന്നെ ആലോചിക്കണം.

ശ്രീ. പി. നാണു: സർ, അസംബ്ലി റൂൾസ് ക്ലാസ് ൪൨, സബ്ക്ലാസ് ൪ അനുസരിച്ച് നടത്താൻ അങ്ങ് ബാദ്ധ്യസ്ഥനല്ലേ? ക്ലാസ് ഞാൻ വായിക്കാം.

"When several motions relating to the same demand are offered they shall be discussed in the order in which the heads to which they relate, appear in the Budget."

മി. ഡെപ്യൂട്ടി സ്പീക്കർ: അതിനെപ്പററി സ്പീക്കർ പല അവസരങ്ങളിലും റൂളിംഗ് കൊടുത്തിട്ടുണ്ട്. ഏതായാലും ഇനി സമയമില്ല; ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്ററെ മറുപടി പ്രസംഗത്തിന് ക്ഷണിച്ചുകൊള്ളുന്നു.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ബഹുമാനപ്പെട്ട അംഗങ്ങളുടെ വിമർശനങ്ങൾക്ക് മറുപടി പറയുന്നതിനു മുമ്പായി പ്രധാനമായ ഒന്നുരണ്ടു സംഗതികളിലേക്ക് ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് ഇവിടെ സംസാരിച്ച അംഗങ്ങളിൽ ഭൂരിഭാഗം ആളുകളും ചിത്രത്തിന്റെ ഒരുവശം മാത്രമാണ് വരച്ചുകാണിക്കാൻ ശ്രമിച്ചിട്ടുള്ളതു്. എന്നാൽ ആ ചിത്രത്തിന് വേറെ ഒരു വശവും

കൂടി ഉണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട അംഗങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നു് ഈ യൂണിയനിൽ മാത്രമല്ല, ഭാരതമൊട്ടുക്കു് നിലവിലിരിക്കുന്ന രാഷ്ട്രീയ സ്ഥിതിഗതികളിലേക്കും സാമ്പത്തിക സ്ഥിതിഗതികളിലേക്കും ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. അതു് ഒരു ഉദ്ദേശത്തോടുകൂടിയാണു്. ഇന്നു് അക്രമത്തിൽ വിശ്വസിക്കുന്ന ഒരു വിഭാഗം ആളുകൾ ഉണ്ടു്; അക്രമത്തിനു് ആളുകളെ സന്നദ്ധരാക്കുന്ന ഒരു വിഭാഗം ആളുകളുമുണ്ടു്; രക്തപങ്കിലമായ ഒരു വിപ്ലവത്തിലേക്കു് ജനസമൂഹത്തെ ആഹ്വാനം ചെയ്യുന്ന ഒരുകൂട്ടരുണ്ടു്; കഠാരിയിലും കൈബോംബിലും പിസ്റ്റളിലും, റിവാൾവറിലും വിശ്വസിക്കുന്ന ഒരുകൂട്ടം ആളുകൾ ഉണ്ടു്. ഇന്നു് ഈ യൂണിയനിൽ പല സ്ഥലങ്ങളിലും അങ്ങിനെയുള്ള ഗൂഢസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിനകം തന്നെ എന്തെല്ലാം അക്രമപ്രവൃത്തികളാണു് അവർ ചെയ്തിട്ടുള്ളതെന്നും ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാവുന്നതാണു്. ആഴൂർ, അന്തിക്കാടു്, ഇരിങ്ങാലക്കുട, കൂത്താട്ടുകുളം എന്നിവിടങ്ങളിൽ നടന്ന സംഭവങ്ങളിലേയ്ക്കും സംരംഭങ്ങളിലേയ്ക്കും, വൈക്കത്തും, ആലപ്പുഴയിലും, മുഹമ്മയിലും, തിരുവനന്തപുരത്തിന്റെ പരിസരപ്രദേശങ്ങളിലും ഇന്നും നടന്നുകൊണ്ടിരിക്കുന്നതുമായ സംഭവങ്ങളിലേക്കും ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. പോലീസു് ഇൻസ്പെക്ടറന്മാരെ കുത്തിക്കൊല്ലുന്നു—പോലീസു് ശിപായിമാരെ കുത്തിക്കൊല്ലുന്നു—അവരെ വേട്ടയാടുന്നു—കഠാരികൊണ്ടു് കുത്തി മുറിവേൽപ്പിക്കുന്നു—അവരുടെ നേരെ കൈബോംബു് എറിയുന്നു; ഇവയൊന്നും വിസ്തരിക്കാൻ സാദ്ധ്യമല്ല. സാമ്പത്തികമായ പല പരാധീനതകളും ഇവിടെ ഉണ്ടു്. ആ പരാധീനതകളെ ചൂഷണംചെയ്തുകൊണ്ടു് ആളുകളെ അക്രമത്തിലേക്കും അക്രമപ്രസക്തമായ വിപ്ലവത്തിലേക്കും വലിച്ചിറക്കുന്നതിനു് പല ശ്രമങ്ങളും അവർ നടത്തിവരുന്നുണ്ടു്. ഈ സ്ഥിതിഗതികളിലാണു് നിയമസമാധാനങ്ങൾ പാലിക്കുന്നതിനു് ബാദ്ധ്യതപ്പെട്ടവർ സ്ഥിതിഗതികളെ അഭിമുഖീകരിക്കേണ്ടിവരുന്നതു്. അതുകൊണ്ടു് സൗജന്യബുദ്ധിയോടുകൂടി അവരുടെ ചെയ്തികളെയും നടപടികളേയും പ്രവർത്തനങ്ങളേയും വീക്ഷിക്കേണ്ടതു അത്യാവശ്യം മാത്രമാണു്. വൈഷമ്യങ്ങൾ നിറഞ്ഞ ഒരു ദശാസന്ധിയിൽ കൂടിയാണു് നാം ഇന്നു് കടന്നു പോയിക്കൊണ്ടിരിക്കുന്നതു്. എന്റെ ഒരു ബഹുമാന്യസ്നേഹിതൻ, ശ്രീ. പണ്ഡിററു് നെഹ്റുവിന്റെ ഒരു വാചകം ഇവിടെ ഉദ്ധരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശ്രദ്ധയിലേക്കു ശ്രീ. പണ്ഡിററു നെഹ്റുവിന്റേയും ശ്രീ. ജയപ്രകാശനാരായണന്റെയും ചില വാചകങ്ങൾ കൊണ്ടുവരണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ആ വാചകങ്ങൾ ഞാൻ എഴുതി കൊണ്ടുവന്നിട്ടില്ല. എന്റെ ഓർമ്മയിൽനിന്നും പറയുകയാണു്. അക്രമം ഒരിക്കലും അനുവദിക്കാവുന്നതല്ലെന്നും അതിനെ ഏതുവിധത്തിലും അഭിമുഖീകരിക്കുന്നതിനു് ജനസമൂഹം തയ്യാറാകേണ്ടതു് അത്യന്താപേക്ഷിതമാണെന്നും സമീപകാലത്തുപോലും പല പ്രസംഗങ്ങളിലും അവർ പ്രസ്താവിച്ചിട്ടുണ്ടു്.

**Sri. A. Nesamony:** One question. Are not these people who are taking to the cult of hand-bombs and revolvers the erstwhile friends of the State Congress?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെ ഞാൻ നിഷേധിക്കുന്നു. അതിനെപ്പററി പ്രത്യേകം എന്തെങ്കിലും പറയണമെന്നു് ഈ അവസരത്തിൽ ഞാൻ വിചാരിക്കുന്നില്ലാന്നതുകൊണ്ടു് അതിനെ നിഷേധിക്കുകമാത്രം ചെയ്യുന്നു.

സർ, അതുകൊണ്ടു് എനിക്കു് പറയുവാനുള്ളതു് ഈ മാതിരിയുള്ള സ്ഥിതിഗതികളിൽ ഉദ്ദേശം ൧൨ മണിക്കൂറുകളിൽ കൂടുതൽ ജോലി ചെയ്യുന്നവരും കഷ്ടിച്ചു് ൪൦ രൂപ മാത്രം ശമ്പളം കിട്ടുന്നവരും ആയ പോലീസ് ശിപായിമാർ ചില പ്രത്യേക പരിതസ്ഥിതികളിൽ എന്തെങ്കിലും അക്രമം ചെയ്തിട്ടുണ്ടെങ്കിൽ അതിനെ സൗജന്യബുദ്ധ്യാ വീക്ഷിക്കണമെന്നു മാത്രമാണു്. അവരുടെ പ്രവൃത്തിയെ ഞാൻ ഒരിക്കലും ന്യായീകരിക്കാൻ ശ്രമിക്കുന്നില്ല. പോലീസ് ഉദ്യോഗസ്ഥന്മാരുടെയിടയിൽ അഴിമതി ഉണ്ടെന്നുള്ളതു് ഞാനും സമ്മതിക്കുന്നു. ചില പ്രത്യേക പരിതസ്ഥിതികളിൽ അവർ അക്രമം പ്രവർത്തിച്ചിട്ടുള്ളതിനേയും ഞാൻ നിഷേധിക്കുന്നില്ല. ലാക്കപ്പുകളിൽ ചിലപ്പോൾ സാധുക്കളായ ആളുകളെ അവർ ഉപദ്രവിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ ഇവിടെ ചിത്രീകരിച്ചത്ര ബീഭത്സമായ ഒരു രൂപം വരച്ചുകാണിക്കേണ്ട ആവശ്യമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

ഇനി ഇവിടെ നടന്ന വിമർശനങ്ങൾക്കു് മറുപടി പറയുന്നതിനായി ശ്രമിക്കാം. എതിർകക്ഷിനേതാവിന്റെ വാദമുഖങ്ങൾ പരിശോധിക്കുന്നതിനാണു് ഞാൻ ആദ്യമായി

[Sri T. K. Narayana Pillai]

ശ്രമിക്കുന്നതു്. അദ്ദേഹം ഒരെഴുത്തിനെപ്പററി പ്രസ്താവിച്ചുകൊണ്ടു് ദേവികുളത്തു് തമിഴരെന്നു പറയുന്നവരെ ഗവമ്മെൻറ എതെല്ലാം വിധത്തിലാണ് മർദ്ദിക്കുന്നതിനും പീഡിപ്പിക്കുന്നതിനും ശ്രമിച്ചുവരുന്നതു് എന്നു പറയുകയുണ്ടായി. എന്നാൽ എനിക്കു അതിനെ സംബന്ധിച്ചു പറയാനുള്ള സമാധാനം ഇതു മാത്രമാണ്. അവരെ ഏതെങ്കിലും തരത്തിൽ പീഡിപ്പിക്കുന്നുണ്ടെങ്കിൽ അതു് അവർ തമിഴരായതുകൊണ്ടല്ലെന്നും, അവർ അക്രമപ്രവൎത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടു് എന്നറിഞ്ഞാൽ, അതു കമ്മീഷണർക്കു ബോദ്ധ്യം വന്നാൽ, അക്രമപ്രവൎത്തനങ്ങൾ കൊണ്ടു് ഗവമ്മെൻറിനെ തകിടം മറിക്കുന്നതിനായി അവർ ശ്രമിക്കുന്നുണ്ടു് എന്നറിഞ്ഞാൽ, ആ സംഗതി അധികാരികളുടെ ശ്രദ്ധയിലേക്കു് കൊണ്ടുവരേണ്ടതു് നിയമസമാധാനങ്ങൾ പാലിക്കുന്നതിനു് ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ചുമതലയായതുകൊണ്ടാണെന്നും ആ ചുമതല അവർ നിൎവ്വഹിക്കുകമാത്രമാണ് ചെയ്തിട്ടുള്ളതെന്നു മാത്രമാണ്.

ഡിറക്ടീവു ആക്ററിവിററീസു കണ്ടുപിടിക്കുന്നതിനു് പലപല മാർഗ്ഗങ്ങളുമുണ്ടു്. അതിലേക്കു് ഒരു പോലീസുസൈന്യത്തിൻെറ ആവശ്യമില്ലെന്നു അദ്ദേഹം പറഞ്ഞു. ഡിറക്ഷൻവഴിയാണു ഈ മാതിരിയുള്ള ഗൂഢപ്രവൎത്തനങ്ങളുടെ സ്വഭാവവും വ്യാപ്തിയും കണ്ടുപിടിക്കുന്നതു്. അക്രമപ്രസക്തന്മാരായ ആളുകൾ ആരെല്ലാമാണെന്നു കണ്ടുപിടിച്ചു അറസ്റ്റു് ചെയ്യുന്നതിനായി ഇപ്പോൾ വളരെ ശക്തിയായ പ്രവൎത്തനങ്ങൾ പോലീസു ഡിപ്പാർട്ടുമെൻറ മുഖേന നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടു ഡിറക്ടീവു ഡിപ്പാർട്ടുമെൻറിൻെറ ആവശ്യം വളരെയുണ്ടു്. ആ മാതിരി സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഈ രാജ്യത്തു നടമാടിക്കൊണ്ടിരിക്കുന്ന പല സബ്വേഴ്സീവു ആക്ററിവിററീസും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ഇത്തരം സബ്വേഴ്സീവു ആക്ററിവിററീസു ആരെല്ലാമാണു നടത്തുന്നതു് എന്നു കണ്ടുപിടിച്ചു അവരുടെ പേരുവിവരം അധികാരികളെയും ഏതു ഫാക്ടറിയിലാണോ അവർ ജോലിചെയ്യുന്നതു ആ ഫാക്ടറി ഉടമസ്ഥന്മാരെയും അറിയിക്കേണ്ടതു ഈ രാജ്യത്തെ നിയമവും സമാധാനവും പാലിക്കുന്നതിനു ചുമതലപ്പെട്ടിട്ടുള്ളവരുടെ ഏററവും ഒഴിച്ചുകൂടാൻ പാടില്ലാത്ത കൎത്തവ്യങ്ങളിലൊന്നാണ്.

**Sri. A. Nesamony:** Am I to understand that this transfer has been effected at the instance of the Government?

__ബഹു: ശ്രീ. ടി. കെ. നാരായണപിള്ള :__ ഞാൻ അങ്ങനെ ഒരിക്കലും പ്രസ്താവിച്ചിട്ടില്ല. ശ്രീ. നേശമണി അവർകളുടെ അറിവിനായി ഞാൻ വീണ്ടും പറയുന്നു, ഗവമ്മെൻറ അതിൽ ഇടപെട്ടിട്ടില്ല, ഇടപെടണമെന്നു വിചാരിക്കുന്നുമില്ല. കമ്മീഷണർ ഒരെഴുത്തയച്ചിട്ടുണ്ടെന്നു ശ്രീ. നേശമണി പറഞ്ഞതിനു് സമാധാനമാണ് ഞാൻ പറയാൻ പോകുന്നതു. ആ എഴുത്തിൽ ൩൫ പേരുടെ കാര്യം പറഞ്ഞുകൊണ്ടു അവർ വിധ്വംസകപ്രവൎത്തനത്തിൽ ഏൎപ്പെട്ടവരാണെന്നു് പറഞ്ഞിരിക്കുന്നു എന്നു ഇവിടെ പ്രസ്താവിക്കുകയുണ്ടായല്ലൊ. അതിനു സമാധാനമാണ് ഞാൻ പറഞ്ഞതു്.

സർ, പിന്നീടു അദ്ദേഹം പറഞ്ഞതു്, ഇവിടെ അനവധി പ്രോസിക്യൂഷൻ ഉണ്ടായിരിക്കുന്നു എന്നും, ചീഫ് മിനിസ്റ്റർ കഴിഞ്ഞ തവണ പ്രസംഗിച്ചപ്പോൾ എല്ലാവരുടേയും സഹകരണം അഭ്യൎത്ഥിച്ചുവെന്നും എന്നാൽ ആ അഭ്യൎത്ഥനയ്ക്കു് യാതൊരടിസ്ഥാനവുമില്ലെന്നുമാണു്. അതിനുള്ള കാരണമായി പറഞ്ഞതു് തമിഴ്നാട്ടുകാരായ ൩൫ പേരുടെമേൽ കൊടുത്തിരിക്കുന്ന കേസ്സുകൾ പിൻവലിച്ചിട്ടില്ലെന്നുള്ളതാണു്. സർ, ഈ ൩൫ കേസ്സുകളിൽ ൩൨-ം, പിൻവലിക്കുകയുണ്ടായി. ബാക്കി ൩ കേസ്സാണു് ഉള്ളതു്. അതിൽ ഒന്നു് തീവെപ്പു് കേസ്സാണു്. രണ്ടുകേസ്സുകൾ പീനൽകോഡിലെ വകുപ്പനുസരിച്ചു ചാൎജ്ജു ചെയ്തിട്ടുള്ള കേസ്സുകളാണു്. ഈ കേസ്സുകളും പിൻവലിക്കണമൊ വേണ്ടയോ എന്നു് ഗവമ്മെണ്ടു് ആലോചിച്ചുകൊണ്ടിരിക്കുന്നു. കേസ്സുകൾ പിൻവലിച്ചില്ല എന്നുള്ള കാരണത്താൽ പ്രധാനമന്ത്രിയുടെ അഭ്യൎത്ഥന അൎത്ഥശൂന്യമാണെന്നു എങ്ങനെ വ്യാഖ്യാനിക്കാൻ കഴിയും? ഈ രാജ്യത്തെ നിയമം പാലിക്കപ്പെടണമെങ്കിൽ ജനങ്ങളുടെ പൂൎണ്ണമായ സഹകരണവും പിൻതുണയും ആവശ്യമാണു്. അതു് ജനങ്ങളുടെതന്നെ ആവശ്യവുമാണു്. ആ നിലയ്ക്കു്, നിയമത്തെ പുലർത്തണമെന്നു് എല്ലാ ജനങ്ങളും ആഗ്രഹിക്കുന്ന സ്ഥിതിക്കു്, ഈ കേസ്സുകൾ പിൻവലിച്ചില്ലെന്നുള്ള കാരണത്താൽ പ്രധാനമന്ത്രിയുടെ സഹകരണാഭ്യൎത്ഥന അടിസ്ഥാനരഹിതമെന്നു പറയുന്നതിൽ കഴമ്പുമില്ല, അൎത്ഥവുമില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്.

പിന്നീട് പറഞ്ഞത് പുതിയ ഇൻസ്പെക്ടർ ജനറലിനെപ്പറ്റിയാണ്. അദ്ദേഹത്തിന്റെ ചെയ്തികളെ ന്യായീകരിക്കേണ്ട ആവശ്യം എനിക്കില്ല. ഏതെങ്കിലും അവസരത്തിൽ ഇപ്പോഴത്തെ ഇൻസ്പെക്ടർ ജനറൽ പൊതുജനങ്ങളുടെ അഭിലാഷങ്ങളേയും ആവശ്യങ്ങളേയും നിറവേറ്റുവാൻ പര്യാപ്തമാകത്തക്കവണ്ണം പ്രവർത്തിച്ചിട്ടില്ലെന്നു കണ്ടാൽ ആ ഇൻസ്പെക്ടർ ജനറലിനെ ആ സ്ഥാനത്തുനിന്നും മാറ്റുന്നതിന് ഒരു നിമിഷംപോലും ഗവൺമെന്റ് മടിക്കുകയില്ല.

അടുത്തതായി, എനിക്കു പറയുവാനുള്ളത് കൊല്ലത്തും ചവറയിലും നടന്ന സംഭവത്തെപ്പറ്റിയാണ്. സർ, അതിന് ഒരു ദീർഘമായ ചരിത്രമുണ്ട്. ആ സംഭവത്തോടു അനുബന്ധിച്ചു എന്തെല്ലാം യാതനകളും കഷ്ടപ്പാടുകളും സഹിക്കേണ്ടിവന്നു എന്നും സാഹസങ്ങൾ കാണിക്കപ്പെട്ടുവെന്നും ഇവിടെ ഇരിക്കുന്ന ബഹുമാനപ്പെട്ട പല മെമ്പറന്മാർക്കും അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ. വി. ഗംഗാധരൻ നായർ അവർകൾക്കു എങ്കിലും അതു സംബന്ധിച്ചു പൂർണ്ണമായി അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. നിസ്സഹായനായ ഒരു പോലീസ്സു ഇൻസ്പെക്ടരെ അക്രമികളുടെ ഒരു സംഘം ചേർന്നു എത്രമാത്രം ഉപദ്രവിച്ചു എന്നുള്ളത് എല്ലാവരും അറിഞ്ഞിട്ടുള്ള ഒരു പരമാർത്ഥമാണ്. ൩൭൦ മുറിവുകളാണ് അദ്ദേഹത്തിന്റെ ദേഹത്തുണ്ടായിരുന്നതായി റിപ്പോർട്ടിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചു. ഏകദേശം ൫,൦൦൦ പേർ വളഞ്ഞുകൂടി ഒരു പോലീസ്സു ഇൻസ്പെക്ടരെയും മറ്റു പോലീസ്സു കോൺസ്റ്റബിൾമാരെയും ദേഹോപദ്രവമേല്പിച്ചു ഒരു നീണ്ടകഥയാണ് ചവറ കൊല്ലം സംഭവങ്ങൾക്കുള്ളത്. മർമ്മഭേദകങ്ങളായ രംഗങ്ങളാണ് അവിടെ നടന്നിട്ടുള്ളത്. അവിടെ നടന്ന സംഭവങ്ങളുടെ യഥാർത്ഥമായ രൂപം ഇന്നു ബഹുമാനപ്പെട്ട അംഗങ്ങളുടെ മുൻപാകെ വയ്ക്കുന്നതിന് എനിക്കു സമയമില്ല. ഏതായാലും ആ സംഭവത്തിന്മേലുള്ള ഗവൺമെന്റിന്റെ നടപടിയെ സാധൂകരിക്കുവാൻ മതിയായ കാരണമുണ്ടെന്നുമാത്രം പറഞ്ഞുകൊള്ളുന്നു.

ഇനി പത്തുലക്ഷം കൃസ്ത്യാനികളുടെ പ്രതിനിധിയെന്ന നിലയിൽ, ശ്രീ. നേശമണി ചെയ്ത പ്രസ്താവനയെപ്പറ്റിയാണ് എനിക്കു പറയാനുള്ളത്. ഏതോ ചില പ്രവൃത്തികൾ മൂലം പത്തുലക്ഷം കൃസ്ത്യാനികളുടെ അവജ്ഞയ്ക്കും അതൃപ്തിക്കും ഈ ഗവൺമെന്റ് പാത്രീഭൂതമായിരിക്കുന്നു എന്ന് അദ്ദേഹം പറയുകയുണ്ടായി. സർ, ഒരുപക്ഷെ, അതു വാസ്തവമായിരിക്കാം. സമയമില്ലാത്തതിനാൽ അതിൽ എത്രമാത്രം പരമാർത്ഥം ഉണ്ടെന്നുള്ളതിനെപ്പറ്റി ഗവൺമെന്റിന് അന്വേഷിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷെ, അതിനുള്ള അടിസ്ഥാനതത്വമെന്താണ്? അദ്ദേഹം പറയുന്നത് പോലീസ്സുദ്യോഗസ്ഥന്മാർ പൊതുജനങ്ങളുടെ ഇടയിൽ ഇടപെട്ട് ഈ പത്തുലക്ഷം കൃസ്ത്യാനികൾക്കു എതിരായി പ്രവർത്തിക്കുന്നുവെന്നാണ്. ഇന്നു അവരുടെ ഇടയിൽ രണ്ടു വിഭാഗക്കാരുണ്ട്. നേശമണിയുടെ പാർട്ടി പറയുന്നു, അവർക്ക് ഭൂരിപക്ഷമുണ്ടെന്ന്. വേറൊരു ഭാഗക്കാർ പറയുന്നു അവർക്കാണു ഭൂരിപക്ഷമെന്ന്. ഒരു ഭാഗക്കാർ, വസ്തുവകകളും പള്ളികളും അവരുടെ കൈവശത്തിലാണുള്ളതെന്നു അവകാശപ്പെടുമ്പോൾ മറ്റെ പാർട്ടി പറയുന്നത് അവ തങ്ങളുടെ കൈവശത്തിലാണെന്നാണ്. ഇങ്ങനെ ഈ രണ്ടു വിഭാഗക്കാർക്കും തമ്മിൽ വസ്തുവകകൾ സംബന്ധിച്ചും നിയമപരമായ കാര്യങ്ങൾ സംബന്ധിച്ചും സാരമായ അഭിപ്രായവ്യത്യാസമുണ്ട്. അവർ തമ്മിൽ സിവിൽ കേസ്സുകളും ക്രിമിനൽ കേസ്സുകളും നടക്കുന്നുണ്ട്. ആ ഘട്ടത്തിൽ, ഇങ്ങനെയുള്ള ഒരു പരിതസ്ഥിതിയിൽ ഗവൺമെന്റ് എന്താണ് ചെയ്യേണ്ടതെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ തന്നെ ആലോചിക്കണം. ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും സമാധാനലംഘനമുണ്ടാകുമെന്നു വിചാരിക്കുന്ന സന്ദർഭത്തിൽമാത്രം ഇടപെട്ട് സമാധാനം പാലിക്കുക എന്നുള്ള ഗൗരവമേറിയ കൃത്യം മാത്രമാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. അതിനുവേണ്ടി ഗവൺമെന്റ് ഒരു കക്ഷിയേയും കൂട്ടുപിടിച്ചിട്ടില്ലെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. ഒരുപക്ഷെ, ഒരു കക്ഷിയേയും സഹായിക്കാൻ ഗവൺമെന്റ് തുനിഞ്ഞില്ല എന്നുള്ളത് ഒരു കുറ്റമാണെങ്കിൽ ആ കുറ്റം ഗവൺമെന്റ് ചെയ്തിട്ടുണ്ടെന്നു ഞാൻ സമ്മതിച്ചുകൊള്ളുന്നു.

**Sri. A. Nesamony:** Is it not a fact that the Police has been influenced by the State Congress member?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നാമതു എനിക്കു പറയുവാനുള്ളത് സ്റ്റേറ്റ് കോൺഗ്രസ്സ് എന്നു പറയുന്നതുപോലെയുള്ള ഒരു സ്ഥാപനം ഇപ്പോഴില്ലെന്നുള്ളതാണ്.

**Sri. A. Nesamony:** Rump of the State Congress in the South Travancore.

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: സ്റ്റേറ്റ് കോൺഗ്രസ്സ് ഉണ്ടെങ്കിൽ മാത്രമെ റംപ് ഉണ്ടാകുകയുള്ളു. പാർലിമെണ്ടിനെപ്പററി റംപ് എന്നു പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. സ്റ്റേററ് കോൺഗ്രസ്സിൻെറ റംപ് ഉണ്ടായിരിക്കണമെങ്കിൽ സ്റ്റേററ കോൺഗ്രസ്സ് തന്നെ ഉണ്ടായിരിക്കണം. സ്റ്റേററ് കോൺഗ്രസ്സ് ഇപ്പോൾ ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിൽ ലയിച്ചു. അതുകൊണ്ട് ൧൧൨൨-ൽ സ്റ്റേററ് കോൺഗ്രസ്സിനെ അപഹസിച്ചും പരിഹസിച്ചും പോന്നിരുന്ന ആളുകൾക്ക് ഇന്നും സ്റ്റേററ കോൺഗ്രസ്സ് എന്നു കേൾക്കുമ്പോൾ ഭ്രാന്താവേശം ഉണ്ടാകുന്നതിൽ അത്ഭുതമില്ല.

അടുത്തതായി പോലീസ് മജിസ്ത്രേട്ടന്മാരുടെ പ്രവർത്തനത്തിൽ ഇടപ്പെടുന്നതിനെപ്പററിയാണ് അദ്ദേഹം പറഞ്ഞതു്. അതു പരമാർത്ഥമാണെങ്കിൽ തീച്ചയായും അതില്ലാതാക്കുന്നതിനു ശ്രമിക്കേണ്ടതാണ്; ശ്രമിക്കുന്നതുമാണ്.

കാർത്തികപ്പള്ളിയിൽ നടക്കുന്ന സംഭവങ്ങളിലേക്ക് ഒരു ബഹുമാനപ്പെട്ട മെമ്പർ ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കുകയുണ്ടായി. കാർത്തികപ്പള്ളിയിൽ കമ്മ്യൂണിസ്റ്റുകാർ ഇല്ലെന്നു അദ്ദേഹം വാദിച്ചതുപോലെ തോന്നുന്നു. അവിടത്തെ പ്രവർത്തനങ്ങളെപ്പററി ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. എന്നാൽ കാർത്തികപ്പള്ളിയിൽ കമ്മ്യൂണിസ്റ്റുകാർ ഉണ്ടെന്നും അതിൽ പത്തു കമ്മ്യൂണിസ്റ്റുകാരുടെ പേരിൽ നടപടികൾ എടുത്തിട്ടുണ്ടെന്നും, ആ പത്തുപേരേയും ഗവമ്മെണ്ട് അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്നും ഈ സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പത്തുപേരിൽ അഞ്ചുപേരെ ഇതിനകം കണ്ടുപിടിച്ചുകഴിഞ്ഞു. ബാക്കി അഞ്ചുപേരെ ഇനിയും കണ്ടുപിടിക്കേണ്ടതായുണ്ട്. ഇന്നു രാവിലെ ഞാൻ ഇവിടെ പ്രസ്താവിച്ചതുപോലെ അഞ്ചുപേരെ അറസ്ററ ചെയ്യുകയുണ്ടായി, അവരുടെ വീടും പരിശോധിക്കുകയുണ്ടായി. അറസ്ററ ചെയ്യുന്ന അവസരത്തിൽ അതിൽനിന്നും രക്ഷപ്പെടുന്നതിനു വേണ്ടി അവർ എന്തെല്ലാം തന്ത്രങ്ങൾ ഉപയോഗിച്ചുവെന്നോ, പോലീസുകാരെ ഏതെങ്കിലുംവിധത്തിൽ ഉപദ്രവിക്കുന്നതിന് ശ്രമിച്ചുവെന്നോ ഗവമ്മെണ്ടിനു അറിയാൻ കഴിഞ്ഞില്ല. എന്നാൽ അവരുടെ രീതിയും സ്വഭാവവും നോക്കുമ്പോൾ ഇത്തരം സംഭവങ്ങൾ പ്രതീക്ഷിക്കാവുന്നതായതുകൊണ്ട് അവരെ അറസ്ററചെയ്ത സന്ദർഭത്തിൽ പോലീസുകാർക്കു എന്തെങ്കിലും ഉപദ്രവങ്ങൾ നേരിട്ടിട്ടുണ്ടോ എന്നു ഗവമ്മെണ്ട് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നുരാവിലെ പറഞ്ഞു, അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഗവമ്മെണ്ട് അതേപ്പററി അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്നും, മേലാൽ അതുണ്ടാകാതിരിക്കുവാൻ ഗവമ്മെണ്ട് ജാഗ്രതയായി പ്രവർത്തിക്കുന്നതാണെന്നും. അതു ഞാൻ ഇവിടെ വീണ്ടും ആവർത്തിച്ചു പറഞ്ഞുകൊള്ളുന്നു.

പോലീസുകാരുടെ പേരിലുണ്ടാകുന്ന പരാതികളെപ്പററി അന്വേഷിക്കുവാൻ പോലീസുകാരെത്തന്നെ നിയോഗിക്കുന്നുവെന്നു ചില മെമ്പറന്മാർ പറയുകയുണ്ടായി. ഇതിനെപ്പററി എനിക്കു പറയുവാനുള്ളതു പോലീസുകാരെയല്ല, മിക്കവാറും പോലീസുകാരെയല്ല ഈമാതിരി കാര്യങ്ങളിലേക്കു വേണ്ടി നിയോഗിക്കപ്പെടുന്നതെന്നാണ്. ഇൻസ്പെക്ടർ ജനറലിൻെറ അധീനതയിലും ഗവമ്മെണ്ടിൻെറ മേൽനോട്ടത്തിലും പ്രവർത്തനം നടത്തുന്ന ഒരു സംഘമുണ്ട്. അവരെയാണ് ഈമാതിരി കാര്യങ്ങൾ അന്വേഷിക്കുവാൻ നിയോഗിക്കുന്നതു്. അവരുടെ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയാണ് ഗവമ്മെണ്ട് നടപടികൾ നടത്തുന്നതു്.

ശ്രീ. പി. നാണു: അവർ പോലീസുകാർതന്നെയല്ലേ ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അവർ പോലീസുഡിപ്പാർട്ടുമെണ്ടിനോടു അനുബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതു ശരിയാണ്. എന്നാൽ ടെക്കനിക്കലായി നോക്കുന്നപക്ഷം, പോലീസുഡിപ്പാർട്ടുമെണ്ടിലെ പ്രവർത്തനങ്ങൾക്കായി നിയമിക്കപ്പെട്ടിട്ടുള്ള പോലീസുകാർക്കുള്ള ആ നാമധേയം ഇവർക്കും നൽകാമോ എന്നു സംശയമാണ്. ഏതായാലും ഇതേപ്പററി ഒരു അവസാനതീരുമാനം ചെയ്യുവാൻ ഞാൻ ഇപ്പോൾ ബാദ്ധ്യസ്ഥനല്ല.

ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി, പോലീസുഇൻസ്പെക്ടർമാരേയും, പോലീസിലുള്ള മററാളുകളേയും റിക്രൂട്ടു ചെയ്യുന്നതിൽ പ്രമുഖന്മാരും മന്ത്രിമാരും ഇടപെടുന്നുവെന്ന്. ഇതിനെന്താണു സമാധാനം പറയേണ്ടതു്? അടുത്തകാലത്തുണ്ടായ പോലീസു ഇൻസ്പെക്ടർമാരുടേയും പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടർമാരുടേയും സെലക്ഷൻ പബ്ളിക്കുസർവ്വീസ്സ് കമ്മീഷണറാണു നടത്തിയതു്. പബ്ളിക്കുസർവ്വീസ്സ്കമ്മീഷണറുടെ തി

രുമാനമാണ് അവസാനതീരുമാനമായി ഗവൺമെണ്ട് അംഗീകരിച്ചിട്ടുള്ളതും. ഇൻസ്പെക്ടർ ജനറൽ അവിടെ പോയിരുന്നതു പബ്ലിക്കസർവ്വീസ്സ് കമ്മീഷണറെ സഹായിക്കാൻ വേണ്ടി മാത്രമായിരുന്നുവെന്നും അദ്ദേഹത്തിനു അക്കാര്യത്തിൽ യാതൊരു വായിസ്സും ഉണ്ടായിരുന്നില്ല എന്നുംകൂടി ഞാൻ ഈയവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

വേറൊരു മാന്യൻ പറയുകയുണ്ടായി, ഇപ്പോഴത്തെ ഇൻസ്പെക്ടർ ജനറലിന്റെ ബന്ധുത്വത്തിൽപ്പെട്ട ആരേയോ ഇൻസ്പെക്ടരായി റിക്രൂട്ട് ചെയ്തിട്ടുണ്ടെന്നു്. ഈ ആരോപണം തികച്ചും അവാസ്തവമാണ്. സമീപകാലത്തെങ്ങുംതന്നെ ഇപ്പോഴത്തെ ഇൻസ്പെക്ടർ ജനറലിന്റെ യാതൊരു ബന്ധുവിനേയും പോലീസുദ്യോഗസ്ഥന്മാരിൽ റിക്രൂട്ട് ചെയ്തിട്ടില്ലെന്നു സധൈര്യം എനിക്കു പറയാൻ സാധിക്കും.

സ്റ്റേറ്റുകോൺഗ്രസ്സിലേക്കു അംഗങ്ങളെ ചേർക്കുന്നതിനായി പോലീസുകാരെ നിയോഗിച്ചുവരുന്നു എന്നൊരാരോപണവും ഇവിടെ ഉണ്ടായിരിക്കുന്നു. ഒന്നാമതു, സ്റ്റേറ്റുകോൺഗ്രസ്സു നിലവിലില്ല. ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സാണു അതിന്റെ സ്ഥാനത്തു വന്നിരിക്കുന്നതു്. അതിനു അംഗങ്ങളെ ചേർക്കുവാൻ പോലീസുകാരുടെ സഹായം ആവശ്യമല്ല. പതിനെട്ടു വയസ്സു തികഞ്ഞിട്ടുള്ള ആർക്കും അതിൽ അംഗങ്ങളായി ചേരാം. പിന്നെയുള്ളതു് ഇഫക്ടീവ് മെമ്പർഷിപ്പാണ്. പോലീസിനെ അയച്ചു ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിലേക്കു ആളുകളെ ചേർക്കേണ്ട ആവശ്യം ഇന്നില്ല. അങ്ങിനെയൊരു പതിവുമില്ല. അങ്ങനെ ഒരു നടപടി സ്വീകരിച്ചിട്ടുമില്ല.

റൌഡികളെ ശേഖരിക്കുന്നതിന്നായി പോലീസുകാരെ നിയോഗിക്കുന്നതായും ഇവിടെ പറഞ്ഞുകേട്ടു. ഒരുപക്ഷെ സ്വാതന്ത്ര്യത്തിനുമുമ്പുള്ള കാലത്തെ ഓർമ്മവെച്ചുകൊണ്ടായിരിക്കാം ഒരു ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ ഇവിടെ പ്രസ്താവിച്ചതെന്നു വരാം. അന്നിവിടെ റൌഡികളെ ശേഖരിക്കുവാൻ ഒരു സിംസൺ ഉണ്ടായിരുന്നു. ആ സിംസൺപ്രവൃത്തികളെ മനസ്സിൽ വച്ചുകൊണ്ടായിരിക്കാം ഈമാതിരി വാദങ്ങൾ ഇപ്പോഴും കൊണ്ടുവന്നിരിക്കുന്നതു്. ഇപ്പോൾ ഗവൺമെണ്ടിനു റൌഡികളെ ആവശ്യമില്ല. മാത്രമല്ല, റൌഡികളെ എവിടെയെല്ലാം കാണുന്നുവോ അവിടെവെച്ചുതന്നെ അവരെ മര്യാദ പഠിപ്പിക്കുന്നതിനു പോലീസ്സുകാർ ബാദ്ധ്യസ്ഥരുമാണ്. അവർ അപ്രകാരം പ്രവർത്തിക്കുന്നുമുണ്ട്.

ശ്രീ. സദാശിവൻ : പോലീസ്സുകാരുടെ കൂട്ടത്തിലും സിംസൺമാരുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്, സാധാരണമനുഷ്യരുടെ കൂട്ടത്തിലുമുണ്ട്.

അടുത്തതു് ലാക്കപ്പുമർദ്ദനത്തെപ്പററിയാണ്. ചില ലാക്കപ്പുകളിൽ ചില പ്രത്യേക അവസരങ്ങളിൽ മർദ്ദനം നടക്കുന്നുണ്ടായിരിക്കാം. എന്നാൽ അതിനെ നിർമ്മൂലനം ചെയ്യുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഗവൺമെണ്ട് ശ്രമിച്ചുവരികയാണ്. സമീപകാലത്തു ഇതുസംബന്ധിച്ചു ഒരു സർക്കുലർതന്നെ ഗവൺമെണ്ട് അയച്ചിട്ടുണ്ട്. പോലീസുകാർ ആരെങ്കിലും ലാക്കപ്പുകളിൽ കിടക്കുന്ന ഏതെങ്കിലും പ്രതികളെ മർദ്ദനം ചെയ്യുന്നപക്ഷം ആ ഉദ്യോഗസ്ഥന്റെ പേരിൽ കർശനനടപടികൾ എടുക്കുവാൻ ഗവൺമെണ്ട് മടിക്കുകയില്ല എന്നു കാണിച്ചാണ് സർക്കുലർ അയച്ചിട്ടുള്ളതു്. ഏതെങ്കിലും പോലീസുദ്യോഗസ്ഥനോ കീഴ്സിൽബന്തികളോ ഇങ്ങനെ ലാക്കപ്പിൽവച്ചു പ്രതികളെ മർദ്ദിക്കുന്നതായി കാണുന്നപക്ഷം ഗവൺമെണ്ട് അവരുടെ പേരിൽ കർശനനടപടികൾ എടുക്കുകതന്നെ ചെയ്യും. കഴിഞ്ഞ ദിവസം ചാലയിലുള്ള ലാക്കപ്പിൽവച്ചു ഏതോ പ്രതിയെ മർദ്ദിച്ചു എന്നുള്ളതിനെ അടിസ്ഥാനമാക്കി ഒരു അടിയന്തിരപ്രമേയം ഇവിടെ കൊണ്ടുവരികയുണ്ടായി. അതു് സംബന്ധിച്ചു ഗവൺമെണ്ട് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഇപ്പോഴും അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനകം അക്രമികളാണെന്നു കണ്ട രണ്ടുപോലീസുകാരെ സസ്പെണ്ട് ചെയ്തിട്ടുണ്ട്.

ഇവിടെ ഇന്നത്തെ ഗവൺമെണ്ട് പോലീസുകാരോടു വളരെ ഔദാര്യത്തോടുകൂടി പെരുമാറിവരുന്നുവെന്നു പ്രസ്താവിക്കുകയുണ്ടായി. ഈ ഗവൺമെണ്ട് അധികാരത്തിൽ വന്നതിനുശേഷം പോലീസുകാരെ സംബന്ധിച്ചിടത്തോളം എന്തെല്ലാം ചെയ്തു എന്നുള്ളതുകൂടി ഈയവസരത്തിൽ ബഹുമാനപ്പെട്ട സഭയെ അറിയിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ൩ പേരെ ഡിസ്മിസ്സ് ചെയ്തിട്ടുണ്ട്. ൯ പേരെ ഡിസ്ചാർജ്ജു ചെയ്തു. ൪൭ പേരെ സസ്പെ

[Sri T. K. Narayana Pillai]

ണ്ടുചെയ്തു. ൩൦ പേരുടെ പ്രമോഷൻ തടഞ്ഞു തരംതാഴ്ത്തിയിട്ടുണ്ട്. ഇതെല്ലാം പത്തുമാസത്തിനകം നടന്നിട്ടുള്ള കാര്യങ്ങളാണ്. പോലീസുകാർ ഏതെങ്കിലും വിധത്തിൽ അന്യായം പ്രവർത്തിക്കുന്നുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി നടത്തുന്നതിനു ഗവമ്മെണ്ടു ഒരുനിമിഷംപോലും മടിക്കുന്നതല്ല. അവരുടെ ഇടയിലുള്ള കൊള്ളിയേയും കൈക്കൂലിയേയും മററും കണ്ടുപിടിച്ചു നിർമ്മാർജ്ജനം ചെയ്യുതിനു ഒരുപക്ഷെ, സ്വല്പം കാലതാമസം വേണ്ടിവരുന്നതാക്കാം. എന്നാൽ ഏതെങ്കിലും അവസരത്തിൽ ഈമാതിരിയുള്ള കുററക്കാരെ കണ്ടുപിടിച്ചാൽ ഏററവും നിർദ്ദയമായ ശിക്ഷണനടപടികൾ അവരുടെപേരിൽ എടുക്കുന്നതാണെന്നു ഗവമ്മെണ്ടു ഉറപ്പുപറഞ്ഞുകൊള്ളുന്നു.

വെഞ്ഞാറമൂട്ടുസംഭവത്തെപ്പററിയും എണ്ണക്കാട്ടു സംഭവത്തെപ്പററിയും ഇവിടെ പറഞ്ഞു. ഇവയെപ്പററി ഞാൻ ഒന്നുംതന്നെ പറയണമെന്നു വിചാരിക്കുന്നില്ല. എണ്ണക്കാട്ടുസംഭവം സബ്ജൂഡീസാണ്. വെഞ്ഞാറമൂട്ടു സംഭവത്തെപ്പററി പറയുവാൻ സമയമില്ല:

ട്രാഫിക് ഡിപ്പാർട്ടുമെണ്ടിനെപ്പററി ശ്രീ. ചാക്കോ പറഞ്ഞു. അദ്ദേഹം പറഞ്ഞ ട്രാഫിക് ഇൻസ്പെക്ടരെ സസ്പെണ്ടു് ചെയ്തിട്ടുണ്ട്.

പോലീസ് ഡിപ്പാർട്ടുമെണ്ടിലെ ശമ്പളസമീകരണത്തെപ്പററിയും എന്റെ ഒരു ബഹുമാന്യസ്നേഹിതൻ പറയുകയുണ്ടായി. ഇവിടെ ഒരു ശമ്പളസമീകരണം നടപ്പിൽ വരുത്തേണ്ടതു അത്യാവശ്യമാണ്. കൊച്ചിയിൽ ഒരു കാൺസ്റ്റബിളിനു ൩൦ രൂപാ ശമ്പളം കിട്ടുമ്പോൾ, തിരുവിതാംകൂറിലെ ഒരു കാൺസ്റ്റബിളിന്റെ ശമ്പളം ൨൦ രൂപാ മാത്രമാണെന്നു ഗവമ്മെണ്ടിനറിയാം. അതുകൊണ്ടു ശമ്പളക്രമീകരണം കഴിയുന്നതും വേഗത്തിൽ നടപ്പിലാക്കണമെന്നാണ് ഗവമ്മെണ്ടു ഉദ്ദേശിക്കുന്നതു്. ഒരു പക്ഷെ, അതിനു നാലഞ്ചുമാസത്തെ കാലതാമസം വന്നേക്കുമെന്നു മാത്രമെയുള്ളു.

ലാക്കപ്പു റിഫാംസിനെപ്പററിയും ഫയർ ആംസ് ലൈസൻസ്സിനെപ്പററിയും ഇവിടെ പരാമർശിക്കുകയുണ്ടായി. ലാക്കപ്പു റിഫാംസിനെപ്പററി ഞാൻ കാലത്തു പറഞ്ഞുകഴിഞ്ഞു. മലമൂത്രവിസർജ്ജനത്തിനുള്ള സൌകര്യങ്ങൾ എല്ലാ ലാക്കപ്പുകളിലും ഇല്ലെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ലാക്കപ്പുകളിലും മൂത്രവിസർജ്ജനം ചെയ്യുന്നതിനുള്ള സൌകര്യങ്ങൾ നൽകിയിട്ടുണ്ട്. ഈ കൊല്ലം, അതായതു് ഫൈനാൻഷ്യൽ ഇയർ അവസാനിക്കുന്നതിനുമുമ്പ് മൂത്രവിസർജ്ജനത്തിനുള്ള എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുക്കുന്നതാണ്. അണ്ടർ ട്രയൽ പ്രിസണേഴ്സ് ഇപ്പോൾ എഴുന്നൂറോളം ഉണ്ട്. അവരുടെ ആവശ്യത്തിനു പത്തുപന്ത്രണ്ടു സബ്ജയിലുകൾ വേണ്ടിവരും. ഇത്രയും സബ്ജയിലുകൾ ഇക്കൊല്ലംതന്നെ കെട്ടുന്നതിനു ഗവമ്മെണ്ടു തയ്യാറാണ്. എന്നാൽ നമ്മുടെ സാമ്പത്തിക സ്ഥിതി അതിനു അനുവദിക്കാതിരിക്കുന്നതുകൊണ്ടാണ് ഇത്രയും സബ്ജയിലുകൾ ഇപ്പോൾ കെട്ടിക്കാത്തതു്. ഇക്കൊല്ലം ഒരു സബ്ജയിൽ കെട്ടുകതന്നെ ചെയ്യും. അതിൽ എത്ര ആളുകളെ താമസിപ്പിക്കാൻ ഒക്കുമോ അത്രയും താമസിപ്പിക്കണമെന്നും ഉദ്ദേശിക്കുന്നുണ്ട്.

ഇതിൽ കൂടുതലൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. വി. ഗംഗാധരൻനായർ: കൊല്ലത്തും ചവറയിലും നടന്ന അഴിമതികളെപ്പററി ഒരു പരസ്യാന്വേഷണം നടത്തണമെന്നു ഗവമ്മെണ്ടിനോടു ആവശ്യപ്പെട്ടില്ലേ?

മി. ഡിപ്പ്യൂട്ടി സ്പീക്കർ: ഇതു് ക്വസ്റ്റ്യൻ ടൈം അല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, എനിക്കൊരു സംശയം ഉണ്ട്.

**Mr. Deputy Speaker:** It is not question time.

**Sri. A. Nesamony:** In view of the fact that ten out of the 13 members who spoke have commented adversely on the Police Demand, I press my motion.

**Sri. A. K. Pachu Pillai:** Sir, on a point of order. The Speaker is going to ask us to vote for a particular motion. How are we to vote one way or the other if we are not clear about certain matters that are in our minds.

മി. ഡിപ്പ്യൂട്ടി സ്പീക്കർ: ഇതേവരെ നടന്ന പ്രസംഗങ്ങളിൽനിന്നും ഇങ്ങനെയുള്ള സംഗതികൾ മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിൽ അങ്ങിനെയുള്ള സംശയങ്ങൾ തീർച്ചയായും തീരുന്നതല്ല.

*The motion was put and lost.*
*The Demand, for the Police, was put to vote and carried. The Grant was made.*

## DEMAND XV—EDUCATION

ബഹു: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, വിദ്യാഭ്യാസ വകുപ്പിലേക്കുള്ള ൧,൭൭,൧൦,൩൮൯ ഉറുപ്പികയുടെ ധനാഭ്യർത്ഥന ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

**The Hon'ble Sri. E. Ikkanda Warrier:** I second it.

### Cut Motion No. 155

*To reduce the total allotment of Rs. 1,77,10,389 under Demand XV by Re. 1.*

ஸ்ரீ. எலியாஸ் (மேரி அன்டணி): ஸர், எனது பேரில் 155 வதாக இருக்கும் வெட்டுப் பிரேரணையைப் பிரேரிப்பிப்பதின் மூலம் நமது நாட்டில் அமுலில் இருக்கும் இலவசக் கட்டாய ஆரம்பக் கல்வி நடந்துவரும் ஒழுங்கைப் பற்றி பேச விரும்புகிறேன். இந்த பிரேரணையைப் பிரேரிப்பிக்கும் சிலாக்கியம் தென் திருவிதாங்கூர் கத்தோலிக்க ஆரம்ப பாடசாலை உபாத்திமாரின் சங்கத்தின் தலைவராகிய எனக்கு அளித்திருப்பதை அந்தச் சங்கத்திற்குத் தாங்கள் கொடுக்கும் பெருமை என்றே நான் கருதுகிறேன். ஸர், உலகினில் எப்பகுதியிலும் இலவசக்கட்டாய ஆரம்பக் கல்வி அமுலுக்குக் கொண்டுவருவதற்கு முன்பு முக்கியமாக சில விஷயங்களை கவனிப்பதுண்டு. அவைகளுள் மேலானதாக கருதுவது அப்பகுதியின் மக்களின் பொருளாதார நிலை. ஏனெனில் இத்திட்டம் அமுலில் வரும்போது இதில் ஐசுரியவான்களைப் போல ஏழைகளும் உள்படுவார்கள். திட்டம் வெற்றிகரமாக நிறைவேற வேண்டுமானல், ஏழை குழந்தைகளுக்கு இலவசமாக புத்தகங்களும், எழுது பலகைகளும், நோட்டுகளும், உடைகளும், மற்றும் அவர்களுக்கு வேண்டிய இதர அவசியமான பொருள்களும் இலவசமாகக் கொடுக்கவேண்டும். ஆனல் நமது நாட்டில் இது சம்பந்தமான விஷயங்கள் தலைகீழாக இருக்கின்றன. உதாரணமாக கழிந்த வருடம் 4ம் வகுப்புக்கான தமிழ் புத்தகங்கள் 8 சக்கரமாக இருந்தன. தற்சமயம் சர்க்காரால் வெளியிடப்படும் இவைகளுக்கு 20 சக்கரமாக இருக்கின்றன. காப்பிப்புத்தகங்கள் கழிந்த வருஷம் இரண்டேகால் சக்கரமாக இருந்தன. இவ்வருஷம் இவைகளுக்கு ஆறேகால் சக்கரமாக இருக்கின்றன. இவைகளிலிருந்து அனுமானிக்கவேண்டியதும் விளங்குவதும் என்னவெனில சர்க்காருக்கு இலவசக் கட்டாய ஆரம்பக் கல்வியில் யாதொரு அக்கரையும் இல்லை என்பதே. உண்மை இவ்வாறிருக்க கழிந்த காலத்தில் சர்க்கார் தலைமை உபாத்திமாருக்கு ஒரு சர்க்குலர் அனுப்பியதாக அறிகிறேன். அதில், பிள்ளைகள் புத்தகம் வாங்காவிட்டால் உபாத்திமார் பேரில் "கர்ஷணமான" நடபடி எடுப்பதாக சொல்லப்பட்டிருக்கிறது. ஸர், இந்த உபாத்திமாருக்கு, சாமான்கள் அபரிமிதமாக விலை உயர்ந்த இந்த காலத்தில், கிடைக்கும் மாத சம்பளம் ரூபாய் இருபது. இது விஷயத்தைப் பற்றி நான் பிறகு விவரிப்பேன். இவ்வித மிகக் குறைவான சம்பளம் வாங்கும் உபாத்திமாரின்மேல் சர்க்காருக்கு இருக்கும் இம்மாதிரி எண்ணத்தின் குரூரத்தை எத்தனை கண்டித்தாலும் மிகையாது. மரத்திலிருந்து விழ நிர்ப்பாக்கியம் பெற்ற மனிதனை மாடு ஏறி மிதித்து குத்துவதுபோலவே இது இருக்கிறது. ஸர், இதனல் சர்க்காருக்கு நாட்டு மக்களின் உண்மையான நிலைமை சிறிதேனும் விளங்காமலிருப்பதை மாத்திரமே விளங்குகிறது. மற்றும், இவ்வருஷம் பள்ளிக்கூடம் திறந்து மூன்று மாத காலம் ஆகிறது. இது வரையிலும் சர்க்கார் வெளியிடும் 4, 5 வகுப்புகளின் தமிழ் புத்தகங்கள் வெளிவரவில்லை. ஸர், இவ்விஷயத்தில் சர்க்கார் கொண்டிருக்கும் மனப்பான்மை என்னவென்று நான் அறிய விரும்புகிறேன். தற்காலம் அமுலில் இருக்கும் கட்டாயக் கல்வி வெற்றிகரமாக நடைபெறவில்லை என நான்கூற தயங்கவில்லை. இதற்குக்காரணங்கள் பலஉள. முதலாவதாக மதபரமான பள்ளிக்கூடங்கள்என்று சொல்லப்படும்ஸ்தாபனங்களில்உள்ள உபாத்திமாருக்கு நீதியான சம்பளம் கொடாமை; இரண்டாவது ஷிப்ட் முறை. இரண்டாவது காரணத்தால் ஒரு உபாத்தியாயர் காலை ஏழு மணிக்கு வீட்டிலிருந்து புறப்பட்டு மாலை 7 மணிக்குத்தான் வீட்டை அடைய முடிகிறது. இவர்களுக்கு ஓய்வு ஒழிவே கிடையாது. அதற்கு மேலாக இவர்களுக்குக் கிடைக்கும் சம்பளம் கேவலம் 20 ரூபாய். இந்த நிலையில் இவர்களிடமிருந்து சரியான ஊழியம்

Sry. Alias (Mary Antony)

எதிர்பார்ப்பது புத்தியீனமே தவிர வேறில்லை. ஆகவே பிள்ளைகளின் படிப்பு புரோகதியடையாமல் கீழ் நோக்கியே போய்க்கொண்டிருக்கிறது. இதற்கொப்ப மூன்றும் வகுப்புகளிலும் கூட பிள்ளைகள் எழுத்துக்களை தெரியாமலிருக்கிறார்கள் என்ற உண்மையைச் சொன்னால் இந்த சபை நம்பாது. ஆனால் உண்மை நிலைமை அதுவே. உண்மை இவ்வாறிருக்க, இரண்டாம் வகுப்பு பிள்ளைகளுக்கு மௌன வாசிப்புக்கென Non detail புத்தகங்கள் வகுக்கப்பட்டிருக்கும் விந்தையை நினைத்தால் கேலிக் கூத்தாகவே இருக்கிறது. ஸர், சில நாட்களுக்கு முன்பு பள்ளிக்கூட மானேஜர்களுக்கு டிப்பார்ட்மென்டிலிருந்து ஒரு சர்க்குலர் அனுப்பப்பட்டிருப்பதாக அறிகிறேன். இந்த ஸர்க்குலரில் காசுவல் லீவைப்பற்றி (Casual leave) க்குறிப்பிடுகையில், காசுவல் லீவ் ஒரு உபாத்தியாயர் எடுக்க வேண்டுமானால் தகுந்த காரணத்தின் மேல் முன் அனுமதிபெற்றே எடுத்துக்கொள்ளலாம் என்று சொல்லப்படுகிறது. இதை நினைக்கும்போது காசுவல் லீவின் அர்த்தமும், அதன் நோக்கமும் டிப்பார்ட்மென்டு அதிகாரிகளின் தலையில் நுழையவில்லை என்றே எண்ணுகிறேன். இந்த முறையில் ஐந்து, ஏழு மைல்களுக்கப்பால் இருக்கும் ஒரு ஏழை உபாத்தியாயர் திடீரென்று ஒரு நாள் Casual leave லீவ் எடுத்து அதை எப்படி சர்ப்பிரமாணப் படுத்த முடியும் என்று எனக்கு விளங்கவில்லை. ஸர், டிப்பார்ட்மென்டு அதிகாரிகளிடம் இருக்கும் ஒரு தவறான முறையைச் சுட்டிக்காட்ட நான் விரும்புகிறேன். அதாவது நூற்றுக்கு நூறு வெறும் தமிழ் பாஷை மாத்திரமே தெரியக்கூடிய மானேஜர்மார்களுக்கும், உபாத்திமாருக்கும் மலையாள பாஷையில் ஸர்க்குலர் அனுப்ப கையாளும் முறையையே நான் குறிப்பிடுகிறேன். மலையாள பாஷையை ஒரு சிறிதும், அப்பாஷையின் ஒரு எழுத்தும்கூட அறியாத உபாத்திமாருக்கு இந்த மாதிரி ஸர்க்குலர் அனுப்புவதின் நோக்கம் என்ன என்றும் அவ்விதம் அனுப்பினால் அவர்கள் எந்த முறையில் அதை வாசித்து புரிந்துகொள்வார்கள் என்றும் எனக்கு விளங்கவில்லை. ஸர், தென் திருவிதாங்கூரில் இருக்கும் ஏகதேசம் இருநூறு கத்தோலிக்க பாடசாலைகளை டினாமினேஷன் பாடசாலைகளென்ற ஒரு அதிநூதனமான பெயரைச் சூட்டி, அவைகளின் உபாத்திமார்களை ஒரு மாற்றான் தாய் பிள்ளைகள்போல் நடத்தப்பட்டுவருகின்றனர். மானேஜ்மென்றுக்கும் ஒரு யதேச்சாதிகார சர்க்காருக்கும் நடந்துகொண்ட ஏதோ ஒரு ஒப்பந்தத்தின் விளைவால் இந்த பாடசாலை உபாத்திமாருக்கு சர்க்காரால் ரூபாய் 15-ம் மானேஜ்மெண்டால் ரூபாய் 5-ம் ஆக 20 ரூபாய் வழங்கப்பட்டுவருகிறது. இவர்களுக்கு, பென்ஷனோ, பிறாவிடென்று பண்டோ, கிறாற்றுவிற்றியோ, போனஸோ கிடையாது. சாமான்கள் விலை அபரிமிதமாக உயர்ந்திருக்கும் இந்த காலத்தில் இவர்களின் நிலைமை மிகவும் பரிதாபகரமானது. தென் திருவிதாங்கூர் கத்தோலிக்க ஆரம்பப் பாடசாலை உபாத்திமார் சங்கத்தின் தலைவர் என்ற நிலையில், தோவாளை, அகஸ்தீஸ்புரம், கல்குளம், விளவங்கோடு என்ற தாலுகாக்களில் வசிக்கும் உபாத்திமாரின் உண்மை நிலைமையை நேரில் கண்டு அறியவேண்டி நான் சுற்றுப்பிரயாணம் செய்ததில் கண்ட காட்சிகள் என்மனதை இந்த நேரத்திலும் புண்படுத்திக்கொண்டே இருக்கின்றன. ஸர், இவர்களின் நிலைமை வெறும் பரிதாபம் ஒன்றே. இந்தக் காலத்தில் இவர்கள் மாதம் ஒன்றிற்கு ரூபாய் 20 பெற்றுவாழும் நிலைமையைப் பார்த்தால் எந்த கல்நெஞ்சனுடைய மனதும் புண்படும். அவருக்கு மாதம் கிடைக்கும் இருபது ரூபாயைக் கொண்டு ஐந்துமுதல் எட்டுபேர்களை பெருவாரியாகக் கொண்ட குடும்பங்களை அவர்கள் நடத்தி வருகிறார்கள். அவர்களின் குழந்தைகளுக்கு எவ்வித உடைபேணும் கிடையாது. (At this stage Mr. Speaker resumed the chair) மனையாள் கந்தைத் துணிகளைக் கட்டிக்கொண்டு மாற்றுவதற்கு உடை கிடையாமல் அவதிப் படுகிறாள். இவர்களுக்கு சாதாரணமான ஒரு நேரத்து சோறு கிடையாது. நாள் ஒன்றுக்கு சரியாக ஒரு நேரத்து கஞ்சி கிடைப்பதே அரிதாக இருக்கிறது. உபாத்திமார் தங்கள் குழந்தைகளையே பள்ளிக்கூடங்களுக்கு அனுப்பமுடியாமல் அவர்களை புல்பறிப்பதற்கும், ஐசுவரியவான்கள் வீட்டுவேலைகளுக்கும், மற்றும் இவ்வித இதரவேலைகளுக்கும் அனுப்பவேண்டிய நிலையில் இருக்கிறார்கள். தமிழ்வேதமாகிய திருக்குறளென்ற அரும் பெரிய நூலை உலகிற்கீந்த திருவள்ளுவ நாயனார்,

"தந்தை மகற் காற்றும் நன்று அவையத்து
முந்தி யிருப்பச் செயல்"

என்று திருவள்ளுவர் பகர்ந்தருளியிருக்கிறார். அதாவது மகனின் பெற்றோர்கள் செய்ய வேண்டிய உபகாரம் அல்லது கடமை யாதெனில் அவர்கள் தங்கள் மக்களை பெரியோர்களின் சபைகளில் முன்னணியில் இருக்கச் செய்வதே என்று பொருளாகும். சுருக்கச் சொன்னால் இந்த மகா சபையில் முன்னணியில், அதாவது மந்திரிமார்களாக வீற்றிருக்கும் இடங்களில் இருக்கச் செய்வதே. இந்த மந்திரிமார்களின் குழந்தைகளுக்கு இவர்கள் பால் என்ன எண்ணங்கள் இருந்தனவோ அது போலவே மற்ற தந்தைகளுக்கும் இருக்கும். இது இயற்கை. இது மாதிரியே இன்று நமது திருவாங்கூர் கொச்சின் பாகத்தின் ஆரம்ப பாடசாலை உபாத்தியாயர்களுக்கும் தங்கள் பிள்ளைகள் மேல் ஆசைகள் இருக்கும். ஆனால் அவர்கள் துர்அதிர்ஷ்ட காரத்தால் உபாத்தியாயர் என்ற கோலம் கொண்டதால் அவர்கள் பிள்ளைகள் பிச்சைக்காரர்களைப் போல வீதிகளில் திரிவதைக் கண்டால் நாம் ஒவ்வொருவரும் வெட்கி தலை குனிய வேண்டும். ஆகிலும் துர் அதிர்ஷ்டம் ஒரு குற்றம் ஆகாது என்பதை இச்சபையிலிருக்கும் நாம் ஒவ்வொருவரும் உணர வேண்டும். ஸார், நாம், உபாத்தியாய தொழில் என்பதை மிகவும் புனிதமான ஒரு தொண்டென்றும் அதி உன்னதமான ஒரு சேவை என்றும் சொல்லுகிறோம். அங்ஙனம் நாம் ஒரு உண்மையே பேசுகிறோம். புத்தகங்களிலும் இந்த உண்மை அங்ஙனம் எழுதப்பட்டிருக்கிறது. உபாத்தியாயர் இந்த புத்தகங்களைப் படித்து அதை தங்கள் கீழ் கல்வி கற்க வந்திருக்கும் பிள்ளைகளுக்கு கல்வி அறிவு புகட்டுகிறார்கள். ஆனால் தங்கள் முன்பு காட்சி அளிக்கும் உபாத்தியாயரின் கோலத்தையும், நிலைமையையும் பார்க்குமளவில் இந்த உண்மையை அவர்களால் நம்ப முடிகிறதில்லை. இத்தகைய விபரீத காட்சிகளினால் புத்தகங்களின் வாயிலாக அவர்கள் படிக்கும் நன்னெறிகளையும், நன்மொழிகளையும் அவர்கள் நம்ப இயலாமல் நாளடைவில் தாங்கள் படிப்பவைகளுக்கு உலகத்தில் பிரயோசனத்தில் அர்த்தம் கிடையாது என்று திடமனங்கொள்கிறார்கள். அதன்பயனாக அவர்கள் சமூகத்தில் ஈன நிலைக்கே சென்றுகொண்டு போகிறார்கள். இக்காரணத்தினால் பிற்கால சமூகம் எந்த நிலைமைக்கு வந்து சேருமோ என்று கலங்க வேண்டியிருக்கிறது. ஹுமாயூன் கபிர் என்ற பெரியார் தம்மிடம் ஒரு உபாத்தியாயர், "Society starves us in the body and we starve society's children in the soul" என்று சொன்னதாக ஓர் இடத்தில் கூறுகிறார். ஸார், இது வெறும் ஒரு உண்மை. இவைகள் பயங்கரமான வார்த்தைகள். இந்த வார்த்தைகளில் அர்த்தத்தின் ஆழத்தைச் சிந்திக்கும்போது எந்த மனிதன் உடல்தான் கிடுங்காது. எந்த மனிதன் உள்ளந்தான் நடுங்காது. பிற்கால சமூகத்தின் நலனைக் கருதும் ஒவ்வொரு மனிதனும் இவ்வார்த்தைகளைச் சிந்திக்க வேண்டும். பண்டைக் காலத்து ஞானிகள், மாதா, பிதா, குரு, தெய்வம் என்று அமைத்த வரிசையில் உபாத்திமார் என வழங்கப்படும் குருக்களுக்கு நடுஸ்தானம் அளித்திருக்கின்றனர். இவர்கள் முக்கடவுள்களின் நடுவில் நிற்கின்றனர். முன்னறி தெய்வங்களாகிய மாதா பிதாக்களுக்கும் ஆதிபரனாகிய தெய்வத்திற்கும் நடுநாயகமாக விளங்குகின்றனர். இவர்கள் நடுவே நின்று ஒரு கையை நீட்டி முன்னறி தெய்வமாகிய மாதா பிதாவைப் பிள்ளைகளுக்குக் காட்டி அவரை வழிபடும் முறைகளைச் சொல்லிக் கொடுத்து மறுகையால் ஆதிபரனை தெய்வத்தைக் காட்டி அவரை வழிபடும் நன்னெறியைப்புகட்டி அறிவுறுத்தும் புனித சேவையில் ஈடுபட்டிருப்பவர். இவர்களை நாம் மதியாமல் மிதிக்கும் முறையை நாம் பார்த்தால் உலகம் சர்வநாசத்திற்கே ஒவ்வொரு நாளும் அதிதுரிதமாக சென்றுகொண்டிருக்கிறது என்று நான் நம்புகிறேன். ஸார், நமது நாட்டில் இன்று டினாமினேஷன் என்ற பெயரைச் சூட்டிவைத்திருக்கும் பாடசாலைகளில் உத்தியோகம் புரியும் உபாத்திமாரை நாம் நடத்தும் முறைகளை கவனிக்கும்போது எனக்கு ஆத்திரமும், ஆவேசமுமே உண்டாகிறது. இவர்களுடன் டிப்பார்ட்மென்று பாடசாலைகளில் வேலைபார்க்கும் உபாத்திமார் இன்று 45 ரூ. மாதம் ஒன்றுக்கு பெற இவர்கள் பெறுவது ரூபாய 20 மாத்திரமே. அவர்

Sry Elias (Mary Antony)

களைவிட பாதிக்கு குறைவாக சம்பளம் வாங்கி அவர்களைப் போல வேலைபார்க்கும் இவர்களுக்கு பென்ஷனோ, போனஸோ, கிருற்றுவிற்றியோ, பிருவிடென்று பண்டோ, பிரிவிலேஜ் லீவோ, பிரசவ லீவோ யாதொன்றும் கிடையாது. இதை பயங்கர அநீதியில் ஒரு சிகரம் என்று சொல்லாமல் வேறென்னவென்று சொல்வது என்று எனக்குத் தோன்றவில்லை. இந்த அநீதியை நாம் அகற்ற முடியாவிட்டால் நாம் இங்கு கூடியிருப்பது வெறும் வியர்த்தம் என்றே நான் எண்ணுகிறேன். நீதியையும் நியாயத்தையும் நாட்டில் நிலை நிறுத்த சட்டங்களை வகுக்க ஏற்பட்டிருக்கும் நாம் இந்த சிறிய ஆனால் உயரிய நீதியை செய்ய முடியாவிட்டால் நாம் எதற்காகத் தான் இத்தனை பணச் செலவில் கூடுகிறோம் என்று எனக்கு தோன்றவில்லை. கொச்சி பிரதேசத்தைச் சேர்ந்த கனம் பனம்பள்ளி கோவிந்த மேனன் இன்று கல்வி மந்திரியாக இருப்பதை நான் சந்தோஷமாக வரவேற்கிறேன். ஏனெனில் உபாத்திமார்களுக்கு நியாயமும் நீதியும் இதுகாறும் வழங்கிவரும் கொச்சியைச்சார்ந்தவர், இவர்கள். இவர்கள் இணைக்கப்பட்ட இந்த ராஜ்யத்திலும் அதே நியாயம் செய்வார்கள் என்று நம்புகிறேன். தென் திருவிதாங்கூரின் உபாத்திமார் படும் கஷ்டங்களையும் அவர்கள் நிலைமையையும் அவர்களுக்குக் காட்டிக்கொடுக்க நான் ஆசைப்படுகிறேன். என்னுடன் வருவதானால் ஊர் ஊராக அவர்களை அழைத்துச் சென்று அவர் கண்களுக்கே நான் கூறும் உண்மைகளை நான் காண்பிக்க தயாராக இருக்கிறேன் என்பதை இச்சபையில் நான் அறிவிக்கிறேன். ஸர், இன்று திருவிதாங்கூரும் கொச்சியும் இணைக்கப்பட்டாகிவிட்டது. ஆனால் நமது கஜனா இன்று பொதுவாக இருக்கிறது. இந்த பொது கஜனாவிலிருந்து கொச்சி உபாத்திமாருக்கு 60, 70 ரூபாய் சம்பளமும், மற்றும் திருவிதாங்கூரில் ஒரு பகுதியினருக்கு 45, 50 ரூபாய் சம்பளமும், நிர்பாக்கியம் பெற்ற டினாமினேஷன் பாடசாலை உபாத்திமாருக்கு 15 ரூபாய் சம்பளமும் கொடுப்பதற்காக பணம் செலவு செய்வது ஒரு விதத்திலும் நியாயமாகாது. முக்கியமாக, நிரந்தரமான ஒரு ஒழுங்கு ஏற்படுவதற்கு முன்பு, கொச்சி உபாத்திமாருக்கு பொது கஜனாவிலிருந்து இவ்வளவு கூடிய சம்பளம் கொடுப்பதற்கு அவகாசமே கிடையாது என்று நான் அழுத்தம் திருத்தமாக சொல்ல விரும்புகிறேன். ஏனென்றால் கொச்சியிலுள்ள வரி நிரக்குகளை நாம் அப்படியே திருவிதாங்கூர் மக்கள் மேலும் சுமத்தியாகிவிட்டது. கடின வரிகளை மக்கள் மீது சுமத்தும்போது வருமானத்தை ஒழுங்கான முறைகளில் விநியோகம் செய்யவேண்டும். பட்சபாதத்திற்கு இடமே கிடையாது. பட்சபாதம் காட்டும் சந்தர்பத்தில் நாம் நீதி நியாயம் பரிபாலிப்பதில் அருகதையற்றவர்களாவோம். நான் இதில் கோருவது வெறும் நீதியே. இதில் வித்தியாசம் காட்டவே முடியாது. ஏனெனில் எப்பொழுது ஒரு ராஜ்யத்தில் கட்டாய இலவச கல்வித் திட்டம் கொண்டுவரப் பட்டுவிட்டதோ அப்பொழுதே கல்வி தேசியமாக்கப்பட்டுவிட்டது. இதனால் சர்க்காரே ராஜ்யத்தின் குழந்தைகளுக்கு கல்வி புகட்டும் கடமையையும் பொறுப்பையும் ஏற்றுக் கொண்டு விட்டார்கள். அதன் பயனாக சகல உபாத்திமாரும், பிள்ளைகளும் சர்க்காரின் சம்ரக்ஷணையில் வந்து விட்டார்கள். பள்ளிக்கூடங்களும் நேராகவும், நேர்மையாகவும் சர்க்காரின் கீழ் வந்துவிட்டன. ஆகையால் ராஜ்யத்தின் உபாத்தியாயரிடம் சர்க்கார் அனுஷ்டிக்கும் கொள்கையில் அவர்கள் எக்காரணத்தாலும் வித்தியாசம் காட்டமுடியாது. அவ்விதம் காட்டினால் அது நீதியும் நியாயமுமாகாது. மேல் நாடுகளில் டினாமினேஷன் பாடசாலைகளும் பல்கலை கழகங்களும் இருக்கவே செய்கின்றன. அந்த ஸ்தாபனங்களுக்கு சர்க்காரிடமிருந்து அங்கிகாரம் மாத்திரமே எதிர்பார்க்கப் படுகிறது. பண உதவிக்கு கட்டாயப்படுத்த முடியாது. ஆனால் நமது ராஜ்யத்தில்இருக்கும் டினாமினேஷன் பாடசாலைகளின் நிலைமை நேர்மாறாகவே இருக்கிறது. இவைகளுக்கு ஸிலபஸ், கரிக்குலம் மற்று எவையும் வகுப்பது சர்க்காரே. அங்கு நடக்கும் வேலைகளை மேல்பார்ப்பது சர்க்காரின் ஸப் இன்ஸ்பெக்டர்கள், அஸிஸ்டென்று இன்ஸ்பெக்டர்கள், டிவிஷன் இன்ஸ்பெக்டர்கள், டயரக்டர் இவர்களாவர். மானேஜர்மார் பெயரளவிலே மானேஜராக இருக்கிறார்கள். ஆனால் மானேஜர்மார்களுக்கு உபாத்திமாரை உத்தியோகத்தில் அமைப்பதிலும், ஸ்தலம் மாற்றுவதிலும் படியேற்றுவதிலும் பல நிபந்தனைகளுடன் அதிகாரம் இருக்கிறது. இந்த

போலீஸ் அதிகாரத்துடன் இருக்கும் மானேஜர்மார் தங்கள் உபாத்தியாயரை நடத்தும் முறை ஒரு அலாதி. இந்த முறை இதுவரை எங்கும் காணாத ஒரு தனிமையாகவே காணப்படுகிறது. உபாத்தியாயர்களின் கஷ்டங்களை நன்கு அறிந்திருந்தும் வெறும் சுயநலம் ஒன்றை மாத்திரமே கருதி அவர்கள்பால் சிறிதும் கருணை காட்டாது நடத்தி வருகிறார்கள். இந்த நிலைமையில் உபாத்தியாயரின் கதி திருக்கொள்ளியின் மத்தியிலகப்பட்ட எறும்பின் துர்பாக்கிய கதியாகவே இருக்கிறது. ஆகவே இன்று, இப்பொழுதே அவர்களுடைய உதவிக்கு சர்க்கார் முன் வந்து அவர்களை காக்காவிட்டால் அரைப்பட்டினியும் முழுப் பட்டினியுமாக காலங்கழித்து வரும் உபாத்திமார் நாளடைவில் உடல் மெலிந்து உள்ள எலும்பும் உருகி நடைப் பிணமாகி க்ஷயரோகமாகிய கொடிய வியாதிக்கிரையாகி இரண்டு மூன்று வருஷங்களில் இந்த ஜனநாயக சர்க்கார் கண்முன் பத்தும் நூறுமாக சாய்ந்து மடிந்து விழுவார்கள் என்று நான் மிகவும் வேதனையோடு சொல்லத் துணிகிறேன். அந்த நாள் உலகத்திலேயே ஒரு பயங்கர நாளாக இருக்கும். இன்றே அவர்கள் உடல் குன்றிவிட்டது. ஆகவே சர்க்கார் சிறிதும் காலதாமதமின்றி அவர்கள் உதவிக்கு போகவேண்டும் என்று எனது உயர்ந்த குரலில் கேட்டுக்கொள்கிறேன். உண்மை நிலைமையை ஆதாரமாகக் கொண்டே நான் இந்த வார்த்தைகளை கூறுகிறேன். நான் கூறுவது பொதுவாக சகல உபாத்திமாரையும் குறிப்பாக தென் திருவிதாங்கூர் தக்கோலைக்க பாடசாலையில் வேலைபார்க்கும் உபாத்திமாரை குறித்தே என்று ஒரு முறை கூடுதலாக சொல்லிக்கொள்கிறேன். ஏகதேசம் 800 பேர்கள் அடங்கிய இந்த உபாத்தியார் தங்கள் சங்கத்தில் தாங்கள் நிறைவேற்றிய பலதீர்மானங்களின் மூலமாக பல கோரிக்கைகளை சர்க்காருக்கு சமர்ப்பித்திருக்கின்றனர். அவைகள், பென்ஷன், மற்றும் சகலவிதமான லீவும் சம்பளமும் அலவன்சும் டிப்பார்ட்டுமெண்டு உபாத்திமாரைப்போல கொடுக்கவேண்டுமென்பது. முக்கியமாக கட்டாய இலவச ஆரம்பக் கல்வி அமுலுக்கு வந்த நாளிலிருந்து டிப்பார்ட்டுமெண்டு உபாத்தியாருக்குக் கொடுத்த அளவுக்கொப்ப பாக்கி சம்பளமும் அலவன்சும் கொடுக்கவேண்டுமென்பது. ஸார், நான் முன்கூறிய காரணங்களும் நியாயமும் அனுசரித்துப் பார்த்தால், இந்த கோரிக்கையானது மிகவும் நியாயமானதே. இவ்விஷயத்தில் எத்தனை லக்ஷம் ரூபாய் ஆனாலும் சர்க்கார் கொடுக்கக் கடமைப் பட்டிருக்கிறார்கள். இதில் இரு அபிப்பிராயமே கிடையாது. ஆகையால் அவர்கள் வாங்கியே தீரும். கடைசியாக ஸார், திருவிதாங்கூர்-கொச்சி இணைக்கப்பட்ட நாளாகிய ஜூலை முதல் தேதியிலிருந்து இணைக்கப்பட்ட இந்த ராஜ்யத்தின் சகல ஆரம்ப பாடசாலை உபாத்திமாருடைய சம்பளம் இணைப்புக்கு முந்தின நாள் கொச்சியில் கொடுத்துவந்த விகிதம் அனுசரித்து சம்பளமும் அலவன்சும் பாக்கி தொகையுடன் கொடுக்க வேண்டுமென்று கேட்டுக்கொள்கிறேன். ஏனெனில், இவர்கள் உபாத்திமார். இந்த கோரிக்கைகள் நியாயமானவை, இந்த நியாயத்தை நாம் உபாத்தியாருக்கு புரிந்தே ஆகவேண்டும். கடைசியாக ஷிப்டு என்ற ஒரு முறையை கட்டாய கல்வியில் கைக்கொள்வதினால் இந்த கல்வி இன்று அடைந்திருக்கும் சீர் அழிவை கவனித்து அதை அடியோடு உடனேயே ஒழித்து பள்ளிக்கூட சமயத்தை காலை 10 மணியிலிருந்து மாலை 4 மணிவரை அமைக்க வேண்டுமென்று மிகவும் வற்புறுத்தி கேட்டுக்கொள்கிறேன். இந்த வார்த்தைகளுடன் எனது பிரசங்கத்தை முடித்துக் கொள்கிறேன்.

**Sri. K. P. Nilakanta Pillai:** Sir, the mover of this motion has brought to the notice of this House that recently an Education Committee has been constituted which had submitted its report. But no body is aware as to what action has been taken on the report. I wish to ask whether it has been accepted or acted upon and if so to what extent. I know, that my criticism about the Committee and the policy of the Education Department in general will be answered just like the answers that were usually given, *viz.*, that the Committee has been appointed by the previous Ministry. That seems to be the stock, answer available to the Treasury Benches regarding the discussions on any Demand. It may serve the purpose to mislead some of the Members who are present here from Cochin part of the Union. I may tell you Sir, that the Chief Minister knows fully well and the Hon'ble Minister Sri. A. J. John

[Sri. K. P. Nilakanta Pillai]

down to Mr. Kappan knows well that I had very little to do with the last Ministry. Personally I did not care to touch it even with the end of a long stick and that position remains the same to-day. That some thing has been done by the previous Ministry is no answer to a reasonable discussion in this House. If reason would prevail, I would like the Member in charge of the Education Department to answer the points I propose to raise here.

I wish to ask what is the Educational Policy this Government is pursuing now? An expert Committee has been appointed during the Diwan regime and an exhaustive enquiry has been conducted and Compulsory Primary Education has been accepted, as the policy to be pursued by this Government after studying its report. Government promised to complete this programme within a period of 10 to 15 years. My point is, what has been done to implement that policy. Compulsory Primary Education in this land is a serious reform engaging the attention of Government. Last year a sum of 40 lakhs of rupees has been provided in the budget for implementing this programme. Yet when the learned Minister for Finance introduced his budget here, not a single word has been said about the budget for Education this year. It was not because of over sight. I feel that it is a deliberate omission. He did not want to say anything about Education because Government was not certain as to what exactly is the policy they have to pursue. That surely must be the reason, because in no other civilized part of the world we can find a Finance Minister introducing the budget without touching upon the activities of the Education Department. Out of 40 lakhs of rupees provided in the budget for 1124, nearly 22 lakhs only were spent and the remaining 18 lakhs were surrendered by the Department. I am asking whether the Education Department is functioning efficiently. I ask whether the heart of the Hon'ble Minister for Education is one with the policy which has been announced in this land.

Secondly for adult Education a lakh of rupees was provided in the budget for 1124. Out of that only Rs. 300 was spent by the Department. The provision for adult education in the current budget is only a nominal sum of Rs. 5,000. For taking up surrendered educational institutions, a provision was made for a sum of Rs. 7 lakhs in the budget for 1124. That was not spent. 39 lakhs was provided in the budget for 1124 earmarked for the introduction of the compulsary Primary Education in the Post-War Development Fund and that amount was not completely spent. I am just quoting these figures to take the House along with me and to show that the policy of introducing Compulsory Primary Education which was accepted some years ago is not pursued vigorously. It is now at a stand-still and is not continued with any amount of efficiency by the Department.

The Education Committee was no doubt, appointed by the previous Ministry. I do not consider it was composed of educationists. It was purely a layman's Committee. Its main term of reference was to make some enquiries and report the amount to be paid as assistance to Grant-in-aid Schools. Subsequently, the terms of reference were elaborated and a questionnaire was issued covering the whole policy of Education Department. We are in the dark as to whether the Committee has submitted its report, though we hear that some part of the report is acted upon.

Next I like to know if the shift system is continuing even now or is changed. Has the Department any idea as to popular education and the methods to be employed. The shift system should not have been changed. Recently His Excellency the Governor-General stated that popular education is necessary and that three days in a week should be set apart for the education of children. We divided a day into two shifts, when His Excellency divided a week into two. Though that also is not correct policy, there is no reason to change it.

**Sri. P. Balakrishnan Thampi:** A point of Order, Sir. I find that no Administration Reports of the Department have been supplied to us. Discussion of the Budget is not possible without getting such reports. I want a definite ruling whether the Administration Report of the Department concerned should not be made available to us before the demand in relation to that Department is taken up for discussion. I may point out previous rulings by which this House was adjourned so that Members may get Administration Reports. In all Parliamentary Bodies when the annual budget is discussed it is the practice to make available the Administration Reports of the previous year.

**Mr. Speaker:** It is certainly desirable that Administration Reports are supplied to the Hon'ble Members before the budget is taken up for consideration. But I don't think there is any restriction provided in the Rules or sanctioned by custom which precludes the discussion of he Budget unless the Administration Reports are made available to the Members.

**Sri. P. Balakrishnan Thampi:** It is the Parliamentary practice adopted by all civilized Governments based on conventions, and rules written and unwritten. I do not however find any rules here to support it.

**Mr. Speaker:** So I see that the suggestion is not based on any rules but on practice, based, probably on convenience.

**Sri. P. Balakrishnan Thampi:** My submission is that the predecessor of this body had been following the convention. In the State Council of Travancore as well as in the Sri. Mulam Assembly, proceedings had been postponed till the copies of the Administration Reports were made available. Otherwise it is only a debating society without matters before them to talk about. How could they understand in detail the working of the Departments without the Administration Report? It is simple logic and it is quite patent.

<u>ശ്രീ. കെ. എ. മാത്യു</u>: സർ, ഈ കാര്യം വളരെ മുമ്പുതന്നെ മി. സ്പീക്കറുടെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. എന്നാൽ അതിനെപ്പററി എന്തു നടപടി അങ്ങു നടത്തിയെന്നു അറിഞ്ഞുകൂടാ. ഒരു ഡിപ്പാർട്ടുമെൻറിനെക്കുറിച്ചുള്ള വാദപ്രതിവാദം നടക്കുമ്പോൾ അതിൻെറ വാർഷികാറിപ്പോർട്ട കിട്ടാതിരിക്കുന്നതു ശരിയല്ല.

<u>ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: സർ, വാദപ്രതിവാദങ്ങൾക്കു മുമ്പ് എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറിൻേറയും അതുപോലെയുള്ള മററു ഡിപ്പാർട്ടുമെണ്ടുകളുടേയും അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകൾ ഉണ്ടായിരിക്കുന്നത് വളരെ ആശാസ്യമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. പക്ഷെ ഇന്നു നടക്കുന്ന വാദപ്രതിവാദം ഒരു ശരിയായ വാദപ്രതിവാദം ആകണമെന്നുണ്ടെങ്കിൽ ഈ റിപ്പോർട്ടു കൂടാതെ നിവർത്തിയില്ലെന്ന് എൻെറ ബഹുമാന്യസുഹൃത്തു പറയുന്നതിനോട് യോജിക്കുവാൻ എനിക്ക് നിവൃത്തിയില്ല. കൊച്ചി നിയമസഭയിൽ ബഡ്ജററു വാദപ്രതിവാദത്തിനു വരുമ്പോൾ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് ഓരോ ഡിപ്പാർട്ടുമെണ്ടുകളെ സംബന്ധിച്ച് കൊടുത്തുകൊള്ളണമെന്നു നിഷ്കർഷിക്കുന്ന ഒരു നടപടി ഇല്ലായിരുന്നു. ഇവിടെ ഉണ്ടായിരുന്നു എന്നു മി. തമ്പി പറഞ്ഞതിനെ ഞാൻ സ്വീകരിക്കുന്നു. ഇപ്പോൾ നടക്കുന്ന വാദപ്രതിവാദം ചില ഖണ്ഡനോപക്ഷേപങ്ങളെക്കുറിച്ചാണ്. അല്ലാതെ വിദ്യാഭ്യാസവകുപ്പിനെപ്പററി സാമാന്യമായ ഒരു വാദപ്രതിവാദമല്ല. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ഗ്രാൻറിൻെറ മേൽ ഓരോ മെംബർമാരും കൊണ്ടുവന്നിട്ടുള്ള ഓരോ സൂചനാ ഉപക്ഷേപമാണ് അവ. അതുകൊണ്ട് ഒരു പ്രത്യേക വിഷയത്തെക്കുറിച്ചുള്ള വാദപ്രതിവാദമാണ് ഇവിടെ നടക്കേണ്ടതു്. അങ്ങിനെ വ്യക്തവും സൂചകവുമായ ഒരു വിഷയത്തെക്കുറിച്ച് വാദപ്രതിവാദം നടത്താൻ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് അനുപേക്ഷണീയമാണെന്നു പറയുന്നതിനെ സ്വീകരിക്കുവാൻ എനിക്കു നിവൃത്തിയില്ല. ജനറൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് കുറെ ദിവസങ്ങൾക്കു മുമ്പു ബഹുമാനപ്പെട്ട മെംബർമാക്ക് വിതരണം ചെയ്തിട്ടുണ്ടെന്നു ഞാൻ അറിയുന്നു. എന്നാൽ ഗവമ്മെണ്ടിൻെറ നടത്തിപ്പിനും ചിട്ടയ്ക്കും കൊല്ലം തികയുമ്പോൾ ഒരു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് വിതരണംചെയ്യുന്നതു നന്നായിരിക്കും. ഗവമ്മെണ്ടിൻെറ ഡിസിപ്ലിനും അതു നന്നായിരിക്കുമെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അതു് ഈ വാദപ്രതിവാദത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണെന്നു സമ്മതിക്കുവാൻ നിവൃത്തിയില്ല. റൂളിൽ ഇതേസംബന്ധിച്ച് ഒന്നുംതന്നെ പറയുന്നില്ല. ഒരു ഗ്രാൻറിനെക്കുറിച്ചു വാദപ്രതിവാദം ചെയ്യാമെന്നേ അതിൽ പറയുന്നുള്ളൂ. എന്നാൽ ഉപക്ഷേപങ്ങളെ വിട്ടു മററുകാര്യങ്ങളെക്കുറിച്ചുകൂടി ചില ബഹുമാനപ്പെട്ട മെമ്പർമാർ പ്രസംഗവേളയിൽ സ്പർശിക്കുക പതിവായതുകൊണ്ട് ഇതൊരു സാമാന്യമായ വാദപ്രതിവാദമാണെന്ന് ഒരുപക്ഷെ തെററിദ്ധരിച്ചു ബഹുമാനപ്പെട്ട മെമ്പർമാർ അങ്ങനെ പറഞ്ഞതായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

<u>മി. സ്പീക്കർ</u>: മെമ്പർ ഇപ്പോൾ ഉന്നയിച്ച പ്രശ്നത്തിന് ഒരു വാദപ്രതിവാദത്തിന് ആവശ്യമില്ലെങ്കിലും ഗവമ്മെൻറുഭാഗത്തുനിന്ന് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട്, ഓരോ ഡിപ്പാർട്ടുമെണ്ടിനെക്കുറിച്ചും വാദപ്രതിവാദം നടക്കുന്നതിനുമുമ്പ് മെമ്പർമാക്കു കിട്ടത്തക്കവണ്ണം വേണ്ട ഏർപ്പാടുചെയ്യുന്നതു് വളരെ ആശാസ്യമായിരിക്കും. ആ റിപ്പോർട്ട് ബഹു. മെമ്പർമാരുടെ കൈവശമുണ്ടായിരിക്കുന്നതു വാദപ്രതിവാദത്തിനു കൂടുതൽ സൌകര്യമായിരിക്കുമെന്നുള്ളതിനാൽ നിവൃത്തിയുള്ളിടത്തോളം ഡിസ്കഷനുമുമ്പ് മേലാൽ അതു് മെമ്പർമാക്കു വിതരണംചെയ്യുന്നതു് നന്നായിരിക്കും.

ശ്രീ. പൗലോസ് പൈലി: മുമ്പ് മി. സ്പീക്കർ പറയുകയുണ്ടായി ഏതൊ ഒരു ലിസ്റ്റ് അവിടെയുണ്ട്, അതനുസരിച്ചു് പേരുവിളിക്കുമെന്നു്. ഇപ്പോഴും ആ ലിസ്റ്റ്തന്നെയാണോ തുടർന്നുവരുന്നതെന്നു അറിഞ്ഞാൽകൊള്ളാം.

**Mr. Speaker:** The Hon'ble Member said he was rising to a point of order. Does the member want information on a matter or a decision on a point of order?

**Sri. Poulose Pylee:** Information.

**Mr. Speaker:** I shall supply the information immediately after the speech is over.

ஸ்ரீ. எ. ராமசுப்பிரமணியக் கரையாளர்: ஸர், ஐக்கிய சமஸ்தான பட்ஜெற்றைப் பற்றி அநேகம் மெம்பர்கள் அழுத்தம் திருத்தமாக, சந்தேகத்திற்கிடமின்றி காரசாரமாக எதிர்த்துப் பேசிவிட்டார்கள். முக்கியமாக இந்த ஐக்கியத்தைப்பற்றி நான் சொல்ல விரும்புவது என்னவென்றால், திருவிதாங்கூர் சமஸ்தானத்திலிருக்கிற 15 லக்ஷம் தமிழர்களைப் பொறுத்த அளவில் இந்த ஐக்கியம் வலுக் கட்டாயமாக கொண்டுவரப்பட்டதாகும். நாங்கள் இதை மனமுவந்து வரவேற்கவில்லை. தமிழர்களுக்கு இந்த ஐக்கியம் மிகுந்த மனக்கசப்பையும், அதிருப்தியையும் உண்டுபண்ணியிருக்கிறது என்று கூசாமல் கூறமுடியும். வகுப்புகளுக்கு நீதி Communal Justice என்று சொல்லிக்கொண்டு வகுப்புவாதத்தை ஒவ்வொரு டிப்பார்ட்மெண்டிலும் இந்த அரசாங்கம் புகுத்தியிருக்கிறது. புகுத்தியும் வருகிறது. இதை உடனடியாக நிறுத்தவேண்டும்.

ஸர், செங்கோட்டை தாலுகாவைப் பொறுத்தமட்டில் அங்கு நூற்றுக்கு பத்து அல்லது பதினைந்து பேருக்குத்தான் எழுதப்படிக்கத் தெரியும். இதற்குக் காரணம் இத்தாலுகாவில் போதிய பள்ளிக்கூடங்கள் இல்லாததுதான். அதிகமாக பள்ளிக்கூடங்கள் ஏற்படுத்தித் தரவேண்டுமென்று கல்வி மந்திரியிடம் பல தடவைகள் டிபுடேஷன் (deputation) சென்றும் இதுவரையில் உத்தரவு கிடைக்கவில்லை. இனியாகிலும் செங்கோட்டை தாலுகாவில் கல்வி அபிவிருத்திக்கு வேண்டிய உத்தரவுகள் செய்துகொடுக்கவேண்டுமென்று அரசாங்கத்தைக் கேட்டுக்கொள்கிறேன். ஸர், ஆய்க்குடியிலிருக்கிற ஸ்கூலை ஒரு ஹைஸ்கூலாக உயர்த்தப்படவேண்டுமென்றும் அதற்குவேண்டிய பணம் பொது மக்களே கொடுக்கத் தயார் என்றும் அநேகம் தடவைகள் கல்வி மந்திரியைச் சந்தித்தும், இதுவரை ஒன்றும் நடக்கவில்லை. செங்கோட்டை டவுனை எடுத்துக்கொண்டால் பெண்கள் படிக்கிற பள்ளிக்கூடத்தில் மூன்றுவது பாரம் வரையில் தான் இருக்கிறது. அதை ஒரு உயர்தரப்பள்ளியாக்கிக் கொடுக்கவேண்டுமென்று கேட்டும் இது வரையில் யாதொரு நடவடிக்கையும் எடுக்கப்படவில்லை. தற்போது எல்லாப் பள்ளிக்கூடங்களிலும் எல்லாப் பாடங்களையும் தமிழிலேயே சொல்லிக் கொடுக்க வேண்டுமென்று ஏற்பாடாயிருக்கிறது. ஆனால்முழுவதுமே தமிழர் வாழும் தாலுகாவாகிய செங்கோட்டையில் மலையாள பாஷையில் தேர்ச்சிபெற்றவர்கள்தான் சொல்லிக்கொடுக்கிறார்களே ஒழிய தமிழ் அறிந்த உபாத்தியாயர்களால் அல்ல. அதனால் பள்ளிப்பிள்ளைகள் பாடத்தை புரிந்துகொள்ள முடியாமல் கஷ்டப்படுகிறார்கள். ஆகையால் செங்கோட்டை தாலுகாவிலுள்ள பள்ளிக்கூடங்களில் தமிழ் உபாத்தியாயர்களையே நியமிக்கவேண்டுமென்று சர்க்காரைக் கேட்டுக் கொள்கிறேன். ஸர், தமிழர்கள், தங்கள் தாய் பாஷையாகிய தமிழ்மொழி வளர்ச்சிக்காக இந்த அரசாங்கம் ஒரு விதமான சௌகரியமும் செய்யவில்லை என்று இச் சபையில் அழுத்தம் திருத்தமாகச் சொல்ல விரும்புகிறேன். இந்த வருஷத்தில் prescribe செய்யப்பட்டிருக்கும் தமிழ் புத்தகங்களைப் படித்துப் பார்த்தால் ஆரம்பமுதல் கடைசிவரையில் மலையாள வார்த்தைகளே காணப்படுகின்றன. தமிழ் வார்த்தைகளல்ல. உதாரணமாக இரண்டாவது பாரத்திற்கு (Second Form) வைத்திருக்கும் ராபின்சன் க்ருஸோ (Robinson Crusoe) என்ற தமிழ் புத்தகத்தைப் படித்துப் பாருங்கள். எழுத்துப்பிழைகள், இலக்கண வழுக்கள், முடிவுபெறாத வாக்கியங்கள் மலிந்து கிடக்கின்றன. இதுவும் தமிழ்தானா என்ற சந்தேகத்தை உண்டுபண்ணுகிறது. சுருங்கச் சொன்னால் இது தமிழ் கொலையே தவிர தமிழ் வளர்ச்சியல்ல. பல பிழைகளில் சிலவற்றை உதாரணமாக வாசிக்கிறேன். 1. எனக்கொ

ன்றும் தெரியாது. 2. [illegible] 3. [illegible] 4. [illegible] 5. [illegible] புது [illegible] வாக்கியங்கள் அளவு கடந்திருக்கின்றன. இந்த பாகத்தில் [illegible] காணப்படுகின்றன.

**Sri. P. Balakrishnan Thampi :** Who is the author of that book?

**Sri. A. Ramasubramonia Karayalar :** Mr. Natarajan, the son of Mr. K. S. Sankararama Iyer, a Text Book Committee member.

**Sri. C. Kesavan:** Is he a Tamilian?

**Sri. A. Ramasubramonia Karayalar:** I am not concerned about the author. I am speaking only about the many errors that I find in the so called Tamil book,

Though 'Robinson Crusoe' has been revised by the Tamil Text Book Committee, it contains doubly distilled blunders. On'es audacity, whoever he be, in recommending the prescription of this book as a school-text, is astonishing. It is an abuse of the powers invested and a prostitution of the confidence reposed in him by the authorities: Supreme negigence, culpable ignorance, want of care for precision in expression have all gone into the compilation of this trash which, if prescribed a text-book on the other side of the Ghats, would have been torn to tatters and cast to the winds or burnt to ashes.

ஆகவே தமிழ் புத்தகங்களை எடுப்பதற்கு முன்னால், அவைகள் சரியான புத்தகங்களா, சரியான தமிழில் எழுதப்பட்டிருக்கின்றனவா என்று பார்க்கவேண்டுமென்று கேட்டுக்கொள்கிறேன். ஸார், திருவனந்தபுரத்தில் நூற்றுக்கு நாற்பது பேர் தமிழர்கள். ஆனால் தமிழ் வகுப்புகளோ தமிழ் வாத்தியாரோ இல்லை. HighSchool கிளாசுகளில் எல்லாப் பாடங்களையும் தமிழ் மாணவர்களுக்குத் தமிழிலேயே சொல்லிக் கொடுக்கவேண்டிய சௌகரியங்கள் செய்து கொடுக்க இந்த அரசாங்கத்தைக் கேட்டுக்கொள்கிறேன். அப்போது தான் எங்கள் தாய்பாஷையாகிய தமிழ் வளரும். தமிழ்கலை வளரும். எனவே தமிழைப் புறக்கணிக்காமல் தமிழ் வளர்ச்சிக்கு வேண்டும் எல்லாவித உதவியும் செய்ய வேண்டுமென்று பன்முறை கேட்டுக்கொள்கிறேன்.

ஸார், இன்னும் கட்டாய ஆரம்பக் கல்வியை எடுத்துக்கொண்டால், ஏதாவது ஒரு பையன் இனிமேல் தொடர்ந்தாற்போல் பள்ளிக்கூடத்திற்கு வராவிட்டால் அவனை dismiss செய்யவேண்டுமென்று ஆரம்பப் பள்ளிக்கூடங்களுக்கு ஒரு நோட்டீஸ் அனுப்பப் பட்டிருக்கிறதாம். உண்மையாகக் கட்டாயக் கல்வித்திட்டம் வெற்றிபெற வேண்டுமானால் பள்ளிக்கூடம் வராத பிள்ளைகளை dismiss செய்யும் ஏற்பாட்டை நிறுத்தி, ஏதாவது fine போட ஏற்பாடு செய்து இக்கட்டாயக் கல்வித் திட்டத்தை அமுலுக்குக் கொண்டுவர வேண்டுமென்று கேட்டுக்கொள்கிறேன்.

செங்கோட்டைத் தாலுகாவில் நான் ஏற்கனவே சொன்னபடி கல்வி பரிவு மிகவும் சொற்பம். திருவிதாங்கூர் சமஸ்தானத்திலேயே கல்வி விஷயத்தில் மிகவும் பிற்போக்கான தாலுகா ஒன்று உண்டு என்றால் அது செங்கோட்டை தாலுகா என்று உறுதியாகக் கூறலாம். எனவே இந்தத் தாலுகாவிற்கு கட்டாய ஆரம்பக்கல்வி மிக மிக அவசியம். அரசாங்கம் கூடிய விரைவில் கட்டாய ஆரம்பக் கல்வியை இந்த தாலூகாவில் அமுலுக்குக் கொண்டுவரவேண்டும் என்று கேட்டுக்கொள்கிறேன். முதியோர் கல்வியும் அத்தியாவசியம். அதற்காக இரவுப் பள்ளிக்கூடங்கள் அமைத்தும், ஏற்கனவே இருக்கும் இரவுப் பள்ளிக்கூடங்களுக்குப் பொருள் உதவி செய்தும் முதியவர்களுக்கும் கல்வி புகட்ட ஏற்பாடு செய்யவேண்டுமென்று வற்புறுத்தி கூற விரும்புகிறேன்.

മി. സ്പീക്കർ: ഓപ്പോസിഷൻ പാർട്ടിയിൽനിന്നു കട്ട്മോഷൻ അയച്ചിട്ടുള്ളതിൽ ഏതാനും മെമ്പർമാരെ ഇപ്പോഴും പ്രസംഗിക്കുവാൻ വിളിക്കുന്നതാണ്. പാർട്ടി വിപ്പ് പ്രസംഗിക്കുവാൻ ആഗ്രഹിക്കുന്നവരുടെ ഒരു ലിസ്റ്റ് എന്നെ ഏല്പിച്ചുവന്നിരുന്നു. നിവൃത്തിയുള്ളിടത്തോളം ആ ലിസ്റ്റിനെക്കൂടി അടിസ്ഥാനമാക്കി മെമ്പർമാരെ വിളിക്കുകയായിരുന്നു ചെയ്തുകൊണ്ടിരുന്നത്. ഇന്ന് അങ്ങിനെ ഒരു ലിസ്റ്റ് എന്റെ കൈവശം വന്നിട്ടില്ല. അതുകൊണ്ട് കട്ട്മോഷൻ അയച്ചിട്ടുള്ളവർക്ക് ഓരോരുത്തരായി വിളിക്കുന്നതനുസരിച്ചു സംസാരിക്കാവുന്നതാണ്. അഞ്ചുമിനിട്ടുവീതം ഓരോരുത്തർക്കും അനുവദിക്കുന്നതാണ്.

**Sri K. P. Neelakanta Pillai:** All these complaints are raised by the party in power. Should there not be some arrangement by their Whip who should prepare a list of those members who want to speak from their party ?

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഇതുവരെ പ്രസംഗിക്കാൻ സാധിക്കാതിരുന്നവർക്ക് പ്രസംഗിക്കുവാൻ മുൻഗണന നൽകുമോ?

മി. സ്പീക്കർ: അങ്ങനെയാണ് ഇവിടെ നടന്നുകൊണ്ടിരുന്നത്. ഇന്നു ലിസ്റ്റ് ഇല്ലാത്തതുകൊണ്ടാണ് അതു സാധിക്കാത്തത്. ഇന്നു സംസാരിക്കണമെന്ന് ആഗ്രഹമുള്ളവർക്ക് ഉള്ള സമയംകൊണ്ട് സംസാരിക്കാം.

ശ്രീ. പോൾ തളിയത്ത്: കട്ട്മോഷൻ അയച്ചിട്ടുള്ളവർക്ക് സംസാരിക്കാമെന്നു സ്പീക്കർ പറയുകയുണ്ടായി. പക്ഷെ കട്ട്മോഷൻസിന്റെ എണ്ണം ഫ ഒ ൦ ൽ കൂടുതലാണ്. ആ സ്ഥിതിക്ക് എല്ലാവർക്കും എങ്ങനെ സംസാരിക്കുവാൻ സാധിക്കും.

മി. സ്പീക്കർ: ആദ്യം എന്റെ ദൃഷ്ടിയിൽ പെടുന്നവരെ ആദ്യം വിളിക്കും. ഓരോരുത്തരേയും കണ്ടുപിടിച്ചു വിളിക്കുവാൻ ലിസ്റ്റ് കിട്ടിയിട്ടില്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ലിസ്റ്റ് ഉണ്ടായിരുന്നെങ്കിൽ അതും പരിഗണനയിൽ എടുക്കാമായിരുന്നു. ഇപ്പോൾ അതിനു സാദ്ധ്യമല്ലാത്തതുകൊണ്ട് ഓരോരുത്തരെ വിളിക്കാം.

**Sri. P. Balakrishnan Thampi:** Sir, it is not a question of a man wanting to speak. In the course of the discussion a man may want to speak something either for or against a question. That is the position.

**Mr. Speaker:** According to the understanding arrived at, from the commencement of this Session the procedure is that those who have sent in the cut motions are given preference. This does not mean that those who have not sent in cut motions are excluded from speaking for or against the motions. That is why I said that considering the limited time at our disposal as far as possible the list put into my hands by the party leaders or whips will be followed. If the parties do not feel inclined to help me with lists of intending speakers I shall call the on'ble members in the order in which they catch my eye.

ശ്രീ. എം. ഐ. പോൾ: സർ, ധാരാളം കട്ട്മോഷൻ അയയ്ക്കുകയും, അങ്ങനെ കട്ട്മോഷൻ അയച്ചിട്ടുള്ളവർക്കെല്ലാം സംസാരിക്കാൻ സൌകര്യം ലഭിക്കാതിരിക്കുകയും ഇരിക്കുന്നതിനെ സംബന്ധിച്ച് പല അവസരങ്ങളിലും പരാതിപ്പെട്ടിട്ടുണ്ട്. ഇതിന്റെ സകലവശങ്ങളും ആലോചിച്ച് വേണ്ടതരത്തിൽ ഒരു റൂളിംഗ് തരാമെന്നു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇന്നുവരെ അതനുസരിച്ച് ഒരു റൂളിംഗ് ഉണ്ടായിട്ടില്ല. റൂളിൽ പറയുന്നത് "When several motions relating to the same demand are offered they shall be discussed in the order in which the heads to which they relate, appear in the Budget". എന്നാണ്. ഈ നിയമം വച്ചുനോക്കുകയാണെങ്കിൽ കട്ട്മോഷൻ അച്ചടിച്ചിരിക്കുന്ന രീതിയനുസരിച്ചു പോകേണ്ടതാണ്. അതല്ലെങ്കിൽ ഇന്നരീതി അനുസരിച്ചുപോകണമെന്നു റൂളിംഗ് വേണം.

മി. സ്പീക്കർ: റൂളിംഗ് തന്നിട്ടുണ്ട്. വ്യക്തമായിത്തന്നെ തന്നിട്ടുണ്ട്. കൂടുതലായി പറയേണ്ട ആവശ്യമില്ലെങ്കിലും അതു ഒന്നുകൂടി വ്യക്തമാക്കാം. സാധാരണ, അങ്ങനെയാണ് പോകേണ്ടത്. എങ്കിലും സഭയുടെ അഭിപ്രായമനുസരിച്ച് അതിനെ മാററാവുന്നതാണ്. തിരുവിതാംകൂർ അസംബ്ളിയിൽ അങ്ങനെ നടന്നിട്ടുണ്ട്. ആദ്യം ടോട്ടൽ ഗ്രാന്റിനുള്ള കട്ടുമോഷൻ എടുക്കാമെന്നാണ് സഭയിൽ അഭിപ്രായപ്പെട്ടത്. അതനുസരിച്ചാണ് നടന്നുവരുന്നതും. വളരെ കട്ടുമോഷൻ ഉള്ളതുകൊണ്ടും

വളരെ മെംബറന്മാർക്ക് സംസാരിക്കാൻ സാദ്ധ്യമല്ലാതിരിക്കുന്നതുകൊണ്ടും സംസാരിക്കേണ്ടവരുടെ ലിസ്റ്റുകൾ പാർട്ടികളിൽനിന്നും തരുന്നതിനെക്കൂടി അടിസ്ഥാനമാക്കിയാണ് പേരുവിളിക്കുന്നത്. ലിസ്റ്റുകിട്ടുന്നില്ലെങ്കിൽ പേരുവിളിക്കുന്നതിനു മറ്റുമാർഗ്ഗം സ്വീകരിക്കും.

ശ്രീ. എം. ഐ. പോൾ: സർ, ലിസ്റ്റ് കിട്ടിയില്ലെന്നു വച്ചുകൊണ്ട് ഇപ്രകാരം ചെയ്യുന്നത് പാർലമെൻററിയാണോ?

മി. സ്പീക്കർ: പാർലമെൻററിയാണ്.

ശ്രീ. എം. ഐ. പോൾ: അല്ല, സർ, പാർലമെൻററിയല്ല.

**Mr. Speaker:** The Hon'ble member is expected to know that he is not in order in questioning the ruling of the Chair. That is one of the fundamental principles governing the procedure of bodies where legislative business is carried on. I wish to draw the attention of the member to his attitude today which I am constrained to characterise as disorderly I have to warn him that if that is repeated, steps provided by law will have to be taken against him.

ശ്രീ. പി. എം. വർഗ്ഗീസ്: സർ, ഞാൻ ഈ വിഷയത്തെ സംബന്ധിച്ച് രണ്ടുമൂന്നു കട്ട്മോഷൻ അയച്ചിട്ടുണ്ട്. സമയം ക്ലിപ്തമായതുകൊണ്ട് ജനറലായിട്ട് ഒന്നു പറയണമെന്നു വിചാരിക്കുന്നു. ഈ രാജ്യത്തെ വിദ്യാഭ്യാസസമ്പ്രദായം നാലഞ്ചുകൊല്ലമായി ഒരു തകരാറിൽ ആയിട്ട്. പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കിയനാൾ മുതൽ ഇവിടത്തെ വിദ്യാഭ്യാസസംബന്ധമായി ഉണ്ടായ കുഴപ്പങ്ങൾക്ക് ഇന്നുവരെ പരിഹാരം ഉണ്ടായിട്ടില്ല. പ്രാഥമികവിദ്യാഭ്യാസം സൌജന്യമായി എല്ലാവർക്കും നൽകണമെന്നാണ് ഗവമെൺടിൻെറ നയം. എന്നാൽ ആ നയമനുസരിച്ച് പ്രാഥമികവിദ്യാഭ്യാസം എല്ലാവക്കും നൽകുന്നകാര്യത്തിൽ ഈ രാജ്യത്ത് ആർക്കുംതന്നെ എതിരഭിപ്രായമില്ല. ജനങ്ങളെല്ലാവരും സഹകരിക്കുന്നതിനു തയ്യാറാകുകയും ഗവമെൺടിൻെറ നയം അതുതന്നെയായിരിക്കുകയും ചെയ്തിട്ടും ഇതിൽ കുഴപ്പങ്ങൾ ഉണ്ടാകുന്നതുകൊണ്ട് അതിനടിസ്ഥാനമായ തകരാറുകൾ എവിടെയോ കിടപ്പുണ്ടെന്നുള്ളത് തീർച്ചയാണ്. പ്രധാനമായ തകരാറ്, ഗവമെൺട് ചെയ്യുവാൻ ഉദ്യമിച്ച ഈ കാര്യം ശരിയായി ചെയ്യുന്നതിനുള്ള തൻേറടം ഗവമെൺടിന് ഇല്ലാതേപോയി എന്നാണ് ഞാൻ പറയുന്നത്. ഡിപ്പാർട്ടുമെൺടിൻെറ പ്രവർത്തനങ്ങളിൽനിന്നും സ്വകാര്യഏജൻസികളെ മാററിനിറുത്തണമെന്ന് ഗവമെൺടിനുണ്ടായ ഏക ഉദ്ദേശം മാത്രമാണ് കുഴപ്പങ്ങൾക്കുവഴിതെളിച്ചത്. ഗവമെൺട് പ്രാഥമികവിദ്യാഭ്യാസം സൌജന്യവും നിർബന്ധിതവും ആക്കുവാൻ തീരുമാനിച്ച ആ സന്ദർഭത്തിൽതന്നെ സ്വകാര്യഏജൻസികളെ ആ പ്രവർത്തനരംഗത്തുനിന്നും മാററുവാൻതീരുമാനിച്ചു. സ്വകാര്യ ഏജൻസികളെക്കൊണ്ട് ഈ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതിനും അതേസമയത്തുതന്നെ സൌജന്യമാക്കുന്നതിനും സാധിക്കുമോയെന്ന് ഗവർമ്മെൺട് ശരിയായി ശ്രമിച്ചുനോക്കിയിരുന്നുവെങ്കിൽ തീർച്ചയായും ഇങ്ങനെയുള്ള ഒരു പരാജയം വരികയില്ലായിരുന്നു.

ശ്രീ. യു. കെ. വാസുദേവൻ ആശാരി: ഇത് പരാജയത്തിലാണോ?

ശ്രീ പി. എം. വർഗ്ഗീസ്: തീർച്ചയായിട്ടും അതെ. നിർബന്ധിതം എന്നു പറഞ്ഞുകൊണ്ട് ചില താലൂക്കുകൾ കമ്പൽസറി ഏര്യായിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവിടെയും ധാരാളം കുട്ടികൾ വിദ്യാഭ്യാസം നടത്താതിരിക്കുന്നുണ്ട്. ഇനി ഇക്കാര്യത്തിൽ ഗവമെൺട് എന്താണു ചെയ്യേണ്ടത് എന്ന് പ്രസ്താവിക്കാം. സർ, വിദ്യാഭ്യാസം നൽകേണ്ട ചുമതല ഗവമെൺടിനാണ്. ആ ചുമതല ഏതെങ്കിലും സ്വകാര്യഏജൻസി നടത്തുകയാണെങ്കിൽ അവർക്കു കഴിയുന്നിടത്തോളം സഹായം ചെയ്യേണ്ടതു ഗവമെൺടിൻെറ ചുമതലയാണ്. അതനുസരിച്ച് ആ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം മുഴുവനും ഗവമെൺട് കൊടുക്കേണ്ടതാണ്. അതായത്, ഒരുത്തൻ ചെയ്യാൻ ചുമതലപ്പെട്ട ആ ജോലി വേറൊരാൾ അവനുവേണ്ടി ചെയ്യുകയാണെങ്കിൽ ആ ജോലി ചെയ്യുന്ന ആൾക്കു പ്രതിഫലം കൊടുക്കേണ്ടതാണ്. തീർച്ചയായിട്ടും ഒരു സ്വകാര്യവിദ്യാലയം നടത്തുകയാണെങ്കിൽ ആ വിദ്യാലയത്തിൽ അഭ്യസനം കൊടുക്കുന്ന അദ്ധ്യാപകന് ഗവമെൺട് തന്നെയാ

[Sri. P. M. Varghese]

ണ്ട് മുഴുവൻ ശമ്പളവും കൊടുക്കേണ്ടതു്. കാരണം, ഗവമ്മെണ്ടാണ് ഈ വിദ്യാഭ്യാസച്ചുമതല വഹിക്കുന്നതു്. ആ ചുമതല സ്വകാര്യ്യഏജൻസി നടത്തുകയാണെങ്കിൽ അതിനുള്ള സകല ചെലവും നൽകേണ്ട ഈ ചുമതലയിൽനിന്നും ഗവമ്മെണ്ടിനു് ഒഴിയാൻ നിവൃത്തിയില്ല. ഇത്രയും കാര്യ്യങ്ങളാണു് എനിക്കു് ഗവമ്മെണ്ടിനെ അറിയിക്കുവാനുള്ളതു്.

ശ്രീ. പോറം തളിയത്തു്: സർ, സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് ഈ നാട്ടിലെ പല മതവിഭാഗങ്ങളിൽപ്പെട്ട ൪൪ വിദ്യാഭ്യാസ വിദഗ്ദ്ധന്മാർ അടങ്ങിയ ഒരു കമ്മിററി പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ചു് ഒരു റിപ്പോട്ടു് സമപ്പിച്ചിട്ടുണ്ടു്. അതു യാതൊരു ഭിന്നാഭിപ്രായവും ഇല്ലാത്ത ഒരു റിപ്പോട്ടാണു്. ആ റിപ്പോട്ടിൽ പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി പറഞ്ഞിരിക്കുന്ന റെക്കമെൻറഷൻസു് അദ്ദേഹം നിരാകരിച്ചുകൊണ്ടു് ഒരു പുതിയ ഏപ്പാടു നടപ്പിൽ കൊണ്ടുവന്നു. പ്രാഥമിക വിദ്യാഭ്യാസകാര്യ്യത്തിൽ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിനു വിപരീതമായി സ്വീകരിച്ച നയമാണു് കുഴപ്പങ്ങളും ഇവിടെ ഉണ്ടാക്കിത്തീർത്തതു്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതവും സൌജന്യവുമാക്കണമെന്നും, എന്നാൽ പ്രൈവററു് ഏജൻസികൾക്കുകൂടി അതിൽ കാര്യ്യമായി സ്ഥാനം ഉണ്ടായിരിക്കണമെന്നും ആ ഏജൻസികൾക്കു ഗവമ്മെണ്ടു് ഉദാരമായ ഗ്രാൻറു് കൊടുക്കണമെന്നും ആണു്. എന്നാൽ അദ്ദേഹം ചില സ്വകാര്യ്യ ഉദ്ദേശങ്ങൾക്കു വേണ്ടിയാണു് ഇങ്ങിനെ റിപ്പോർട്ടിനു വിപരീതമായി നയം വ്യത്യാസപ്പെടുത്തി, പ്രാഥമികവിദ്യാഭ്യാസം ഗവമ്മെണ്ടിൻെറ കുത്തകയാക്കണമെന്നും അതിൽ സ്വകാര്യ്യഏജൻസികൾക്കു യാതൊരു സ്ഥാനവും വേണ്ടെന്നും തീരുമാനിച്ചതു്. ആ നയംതന്നെയാണു് ഈ ഗവമ്മെണ്ടും തുടൻകൊണ്ടുപോകുന്നതും. ആ നയത്തിൽ മാററം വരുത്തുന്നതുവരെ പ്രാഥമിക വിദ്യാഭ്യാസം കുഴഞ്ഞുമറിഞ്ഞുതന്നെ കിടക്കും. ഇപ്പോൾ ഇതു കുത്തഴിഞ്ഞതാണു് കിടക്കുന്നതു്. അതിനാൽ ഗവമ്മെണ്ടു് ആദ്യമായി ചെയ്യേണ്ടതു് ഒരു വ്യക്തമായ നയം സ്വീകരിക്കയാണു്. എന്നാൽ മാത്രമെ ഈ വിഷയത്തിലുള്ള കുഴപ്പം പരിഹരിക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ പ്രൈവററു് ഏജൻസികൾക്കു് പ്രാഥമികവിദ്യാഭ്യാസനടത്തിപ്പിൽ ഒരു ശരിയായ സ്ഥാനം നൽകിയും ന്യായമായ ഗ്രാൻറു കൊടുത്തും ഉള്ള ഒരു നയം രൂപവൽക്കരിക്കണമെന്നാണു് എനിക്കു ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കാനുള്ളതു്. അങ്ങനെ പ്രൈവററു് ഏജൻസികളെ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ ഈ കുഴപ്പം പരിഹരിക്കാം. ഇന്നു ഗവമ്മെണ്ടു് കെട്ടിടങ്ങൾക്കും മററും ചെലവാക്കിക്കൊണ്ടിരിക്കുന്ന വലിയ തുക ഇതുമൂലം ലാഭിക്കാവുന്നതുമാകുന്നു.

പിന്നെ എനിക്കു പറയുവാനുള്ളതു് തിരുവിതാംകൂറിലെ ഗ്രാൻറു് സിസ്റ്റത്തെപ്പററിയാണു്. ബഡ്ജററുകൾ നോക്കുന്നപക്ഷം കൊച്ചിയിൽ പ്രൈമറി സ്കൂളുകൾക്കു് ൨൫ ലക്ഷം രൂപാ ഗ്രാൻറായി കൊടുക്കുമ്പോൾ തിരുവിതാംകൂറിൽ പ്രൈമറി സ്കൂളുകൾക്കു് ആകെ ൫ ലക്ഷം രൂപാ മാത്രമാണു് കൊടുക്കുന്നതു്. സെക്കൻഡറി വിദ്യാഭ്യാസത്തെ സംബന്ധിച്ചാണെങ്കിൽ കൊച്ചിയിൽ ൭,൪൧,൦൦൦ രൂപയിൽ ചില്വാനം ഗ്രാൻറു് കൊടുക്കുമ്പോൾ തിരുവിതാംകൂറിൽ വെറും ൨൦,൦൦൦ രൂപമാത്രം. ഇതിനുംപുറമെ ൫ ലക്ഷം രൂപാ കുട്ടികളുടെ ഉച്ചഭക്ഷണത്തിനായും മററും കൊച്ചി ബഡ്ജററിൽ നീക്കിവച്ചിട്ടുണ്ടു്. തിരുവിതാംകൂർ ബഡ്ജററിൽ അങ്ങിനെ ഒരു ഇനം ഇല്ല. ഫീസു സൌജന്യം കൊടുക്കുന്ന കാര്യ്യത്തിലാണെങ്കിലും കൊച്ചി തിരുവിതാംകൂറിനേക്കാൾ വളരെ മുന്നണിയിലാണു്. തിരുവിതാംകൂറിൽ ൯൧ ലക്ഷം രൂപയും കൊച്ചിയിൽ ൫൩ ലക്ഷം രൂപയും ആണു് വിദ്യാഭ്യാസച്ചെലവിനായി നീക്കിവച്ചിരിക്കുന്നതു്. അതായതു്, കൊച്ചിയെക്കാൾ വിസ്തീർണ്ണത്തിൽ അഞ്ചിരട്ടിയുള്ള തിരുവിതാംകൂറിൽ ൯൧ ലക്ഷം രൂപായും അതിൻെറ അഞ്ചിലൊന്നുമാത്രമുള്ള കൊച്ചിയിൽ ൫൩ ലക്ഷം രൂപായും ആണു് ചെലവാക്കുന്നതു്. ഇതിൽ നിന്നെല്ലാം നമുക്കു മനസ്സിലാക്കാം, കൊച്ചിയിൽ ഗ്രാൻറു് നിരക്കു് തിരുവിതാംകൂറിനേക്കാൾ വളരെ കൂടുതലാണെന്നു്. അവിടെ ഒരു തത്വം അടിസ്ഥാനമാക്കിയാണു് ഈ വിഷയത്തിൽ പ്രവത്തിക്കുന്നതു്. അതായതു് അദ്ധ്യാപകന്മാരുടെ ശമ്പളത്തുകയുടെ തോതു് അനുസരിച്ചാണു് ഗ്രാൻറു് കൊടുക്കുന്നതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. എന്നാൽ ഇവിടെ ഗ്രാൻറു കൊടുക്കുന്നതു്, പ്രത്യേകിച്ചു് സെക്കണ്ടറി സ്കൂളുകൾക്കു്, യാതൊരു നിയമവും തത്വവും അടിസ്ഥാനപ്പെടുത്തിയല്ല. അതുകൊണ്ടു് എനിക്കു് പറയുവാനുള്ളതു് ഗ്രാൻറു കൊടുക്കുന്ന കാര്യ്യത്തിൽ ഇവിടെയും കൊച്ചിയിലെപ്പോലെ ഗവമ്മെണ്ടു് ക്ലിപ്തനയം രൂപീകരിച്ചു് അതനുസരിച്ചു പ്രവത്തിക്കണമെന്നാണു്.

## Election of 7 Membrs to the Standing Advisory Committee for the Transport Department

<u>മി. സ്പീക്കർ:</u> മണി അഞ്ചായതുകൊണ്ട് ഇനി അജൻഡായിൽ പ്രസ്താവിച്ചിട്ടുള്ള ഇലക്ഷൻ തുടങ്ങാം.

*(The election then proceeded)*

<u>മി. സ്പീക്കർ:</u> വോട്ടിംഗ് തീൎന്നു. ഇനി വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തിയാൽ മതി. അതിന് അംഗങ്ങൾ എല്ലാവരും ഇരിക്കണമെന്നില്ല. സ്ഥാനാൎത്ഥികളോ അവരുടെ പ്രതിനിധികളോ കൂടെ ഉണ്ടായിരുന്നു വോട്ടുകൾ എണ്ണുന്നതു പരിശോധിക്കാവുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ പതിനൊന്നു മണിക്കു വീണ്ടും കൂടുന്നതുമാണ്.

*(The House adjourned at 6 p.m. to meet again at 11 a.m. the next day.)*

V. KRISHNAMOORTHI AIYAR
*Secretary to the Legislative Assembly*

# PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

**FIRST SESSION, 1949/1125**

**Wednesday,** *the* *24th August 1949 / 8th Chingam 1125*

**VOL. I]** **OFFICIAL REPORT** **[No. 13**

The Assembly met in the Legislative Chamber, Public Offices, Trivandrum, at Eleven of the Clock on Wednesday, the 24th August, 1949, with Mr. Speaker (the Hon'ble Sri. T.M. Varghese) in the Chair.

## QUESTIONS AND ANSWERS

### (a) Oral Answers

#### ഹരിജനഹോസ്റ്റലുകളുടെ പ്രത്യേകത

*൫൧൪. ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പിന്നോക്കസമുദായ സംരക്ഷണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പിന്നോക്കസമുദായക്കാർക്കു പ്രത്യേകം ഹോസ്റ്റലുകൾ തുടങ്ങിയതിലും തുടരുന്നതിലും പിന്നോക്കസമുദായക്കാർക്കു പൊതുവേയും വിദ്യാർത്ഥികൾക്കു പ്രത്യേകിച്ചും അതൃപ്തിയുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനു് അറിയാമോ;

(ബി) പിന്നോക്കസമുദായക്കാരായ വിദ്യാർത്ഥികൾക്കു് അവരുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ഗവർമ്മെണ്ടു ചെയ്യുന്ന ഈ സഹായങ്ങൾ നൽകുന്നതോടുകൂടി അവരെ വർഗ്ഗരഹിതമായ—ഇന്നത്തെ ഗവർമ്മെണ്ടു ഹോസ്റ്റലിൽതന്നെ—ചേർത്തു പഠിപ്പിക്കുന്നതിനു ദയവുണ്ടാകുമോ;

(സി) ഗവർമ്മെണ്ടിൽനിന്നും നടത്തിവരുന്ന പെൺകുട്ടികളുടെ ഹോസ്റ്റലുകൾ എത്ര;

(ഡി) ഗവർമ്മെണ്ടിൽനിന്നും ഗ്രാൻറു നൽകിവരുന്ന പെൺകുട്ടികളുടെ ഹോസ്റ്റലുകൾ എത്ര;

(ഇ) മേല്പറഞ്ഞവിധത്തിൽ രണ്ടുതരം ഹോസ്റ്റലിലുംകൂടി പഠിക്കുന്ന കുട്ടികൾ എത്ര?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) അറിയാം.

(ബി) ഇക്കൊല്ലം ഏതാനും വിദ്യാർത്ഥികളെ മററു ഹോസ്റ്റലുകളിൽ ചേർത്തിട്ടുണ്ടു്.

(സി) ൩. രണ്ടു തിരുവിതാംകൂറിലും ഒന്നു കൊച്ചിയിലും.

(ഡി) ൫. നാലു തിരുവിതാംകൂറിലും ഒന്നു കൊച്ചിയിലും.

(ഇ) ൧൫൨. തിരുവിതാംകൂറിൽ ൧൩൮, കൊച്ചിയിൽ ൧൪.

ശ്രീ. പി. സി. ആദിച്ചൻ: അടുത്ത സ്കൂൾ വർഷം മുതൽ പത്തുകൊല്ലത്തേക്കെങ്കിലും കാളേജുകളിൽ പഠിക്കുവാൻ ആഗ്രഹിക്കുന്ന പിന്നോക്കസമുദായവിദ്യാർത്ഥികൾക്കു് ആവശ്യമുള്ള സീററുകൾ റിസർവുചെയ്യാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഗവർമ്മെണ്ടിൻെറ ഉദ്ദേശം എല്ലാ ഹരിജനവിദ്യാർത്ഥികളേയും പൊതുഹോസ്റ്റലുകളിൽ ചേർക്കണം എന്നുള്ളതാണു്. വരുന്നകൊല്ലം അങ്ങനെ ചെയ്യണമെന്നാണു് ഗവർമ്മെണ്ടു് ഉദ്ദേശിക്കുന്നതു്.

ശ്രീ. പി. സി. ആദിച്ചൻ: കാളേജുകൾ ഉള്ള എല്ലാ സ്ഥലങ്ങളിലും പിന്നോക്ക സമുദായത്തിൽപെട്ട വിദ്യാൎത്ഥികൾക്ക പ്രത്യേകപ്രാതിനിധ്യം ഹോസ്റ്റലുകളിൽ നല്കുമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഹരിജനവിദ്യാൎത്ഥികളെ മററുസമുദായത്തിൽപ്പെട്ടവർ താമസിക്കുന്ന ഹോസ്റ്റലുകളിൽകൂടി താമസിപ്പിക്കണമെന്നാണ് ഗവൺമെണ്ട വിചാരിക്കുന്നതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവൺമെണ്ട ഹോസ്റ്റലുകളിലും അല്ലാതെയുള്ള ഹോസ്റ്റലുകളിലും ഓരോ വിദ്യാർത്ഥിക്കും അനുവദിച്ചിരിക്കുന്ന തുകയ്ക്കു വ്യത്യാസമുണ്ടോ ?

ബഹു. ശ്രീ. കെ അയ്യപ്പൻ: കൊച്ചിയിൽ ഹരിജനഹോസ്റ്റലിൽ ചിലവു കുറവാണ്. ഇവിടത്തെ ഗവൺമെണ്ട ഹോസ്റ്റലും ഹരിജനഹോസ്റ്റലുമായി ചിലവിൽ വലിയ വ്യത്യാസമില്ല. അതുകൊണ്ട് ഈ പറഞ്ഞമാതിരിയിലുള്ള പരിഷ്കാരം നടപ്പിൽ വരുത്തുന്നതിനു ഗവൺമെണ്ടിനു കൂടുതൽ ചിലവില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: പെൺകുട്ടികളുടെ ഏതെങ്കിലും ഹോസ്റ്റലുകളിൽനിന്നു ഗ്രാൻറ് ആവശ്യപ്പെട്ടുകൊണ്ട ഗവൺമെണ്ടിലേക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതേസംബന്ധിച്ച് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: പ്രത്യേക ഹോസ്റ്റലുകൾ ഏർപ്പെടുത്തിയതു് ഏതു ഗവൺമെണ്ടാണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീ. കെ അയ്യപ്പൻ: അതു നല്ല നിശ്ചയമില്ല. ഹരിജനഹോസ്റ്റലുകൾ പ്രത്യേകം സ്ഥാപിച്ചതു് അവരുടെ സൌകൎയ്യത്തെ മാത്രം ഉദ്ദേശിച്ചാണ്. കൊച്ചിയിലെ അനുഭവംവച്ചു നോക്കിയാൽ ഹരിജനഹോസ്റ്റലുകളിൽ ചിലവു വളരെ കുറവാണ്. ആ കാരണത്താൽ ഗവൺമെണ്ടിൽനിന്നു ചിലവാക്കുന്ന സംഖ്യകൾകൊണ്ട കൂടുതൽ കുട്ടികളെ സഹായിക്കാൻ സാധിക്കുന്നതാണ്. ആ ഉദ്ദേശത്തോടുകൂടി മാത്രമാണ് പ്രത്യേക ഹോസ്റ്റലുകൾ ഏർപ്പെടുത്തിയതു്. മററു ഹോസ്റ്റലുകളിൽ അവരവർതന്നെ പണച്ചിലവു വഹിക്കുന്നതുകൊണ്ട് അവിടത്തെ സ്റ്റാൻഡേർഡു കൂടുതലാണ്. ഹരിജനഹോസ്റ്റലുകളിൽ ആഹാരകാൎയ്യങ്ങളിൽ കുറവു വരുത്താതെ കുറഞ്ഞ ചിലവിൽ കാൎയ്യങ്ങൾ നടക്കുന്നതുകൊണ്ട് അധികം കുട്ടികളെ സഹായിക്കാം എന്ന ഉദ്ദേശത്തോടുകൂടി മാത്രമാണ് പ്രത്യേകഹോസ്റ്റലുകൾ തുടങ്ങിയിട്ടുള്ളതു്. ഇവിടെ ആ വ്യത്യാസം കാണാത്തതുകൊണ്ട് എല്ലാ ഹോസ്റ്റലുകളിലും പ്രവേശനം കൊടുക്കാവുന്നതാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஹரிஜன் ஹாஸ்டல்களில் ஆகாரம் சரியாகக் கொடுக்கப்படாமல் கொள்ளைதான் நடக்கிறது என்று தெரியுமா?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അല്ല, ഗവൺമെണ്ട ഹോസ്റ്റലുകളിൽ കൊടുക്കുന്നമാതിരിയുള്ള ഭക്ഷണംതന്നെ ഹരിജനഹോസ്റ്റലിലും കൊടുക്കുന്നുണ്ട്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ ചിലവു വൎദ്ധിക്കുന്നതിൻെറ കാരണം എന്താണ് ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഞാൻ ആദ്യം പറഞ്ഞ കാരണംതന്നെ. ഗവൺമെണ്ട ഹോസ്റ്റലിൽ അവരവർതന്നെ പണം കൊടുത്തു കാൎയ്യങ്ങൾ നടത്തുന്നതിനാൽ അവർ കൂടുതൽ സ്റ്റാൻഡേർഡ് ആവശ്യപ്പെടുന്നു. ഒരുവിധത്തിൽ ഒരു ലക്ഷ്വറി എന്നുതന്നെ പറയാം.

## ഫാറസ്റ്റ് ഗാർഡന്മാർ

*൨൫൭. ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വനംവകുപ്പു മന്ത്രി സദയംമറുപടി നൽകുമോ.—

ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലുള്ള ഗാർഡന്മാരെ അനവധി കൊല്ലത്തെ സൎവീസായിട്ടും സ്ഥിരപ്പെടുത്താതിരിക്കുന്നതായി ഗവൺമെൻറിനറിയാമോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അനവധി കൊല്ലത്തെ തൃപ്തികരമായ സൎവീസോടുകൂടിയ ഗാർഡന്മാർ സ്ഥിരപ്പെടുത്തേണ്ടതായിട്ടില്ല. സൎവീസനുസരിച്ചു ആ ക്ലീംഗ് ഗാർഡന്മാരെ ഒഴിവുള്ളിടത്തോളം സ്ഥിരപ്പെടുത്തിവരുന്നുണ്ട്.

ശ്രീ. പി. സി. ആദിച്ചൻ: തൃപ്തികരമായ സർവ്വീസുള്ളവരും കുററം ചെയ്യിട്ടില്ലാത്തവരുമായ ഗാർഡന്മാർക്ക് പ്രമോഷൻ കൊടുക്കുന്ന കാര്യത്തിൽ ഗവമെൻറ് വേണ്ടതു ചെയ്യുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗാർഡന്മാരുടെ സ്ഥിരപ്പെടുത്തലിനെ സംബന്ധിച്ചുള്ളകാര്യമാണു ഞാൻ നോക്കിക്കൊണ്ടുവന്നതു്. എന്നാൽ ന്യായമായ പ്രമോഷൻ മററു തടസ്സമില്ലെങ്കിൽ കൊടുക്കാതിരിക്കയില്ല.

പുത്തഞ്ചിറയിലെ വൈദ്യസഹായം

* ൫൭൬. ശ്രീ. എ. കെ. കുഞ്ഞുമൈതീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുത്തഞ്ചിറ പകുതിയിലേക്കു് അനുവദിച്ച ആശുപത്രി സ്ഥാപിക്കാതിരിക്കാൻ കാരണം പറയാമോ;

(ബി) ആയുർവ്വേദ വൈദ്യശാല പ്രസ്തുത പകുതിയിൽ സ്ഥാപിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: (എ) ഡിസ്പെൻസറി കെട്ടിടം പണിയിക്കുന്നതിനു അനുവാദം കൊടുത്തു കഴിഞ്ഞു. ഏതു രീതിയിലുള്ള കെട്ടിടമാണു് വേണ്ടതെന്നുള്ള കാര്യം പര്യാലോചനയിലിരിക്കുന്നു.

(ബി) ഇല്ല.

ശ്രീ. പോൾ തളിയത്തു്: പുത്തൻചിറ നിവാസികൾ ൫,൦൦൦ രൂപാ കെട്ടിവച്ചാൽ അവിടെ ഡിസ്പെൻസറി സ്ഥാപിക്കാമെന്നു രേഖാമൂലം ഉറപ്പു കൊടുത്തശേഷം ൫,൦൦൦ രൂപാ അവരിൽ നിന്നും ഗവമെൻറു വാങ്ങിയിട്ടുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അങ്ങനെ രേഖാമൂലം എഴുതിവച്ചിട്ടുണ്ടു്. രൂപാ കെട്ടിവച്ചിട്ടുമുണ്ടു്.

ശ്രീ. പോൾ തളിയത്തു്: ൧൧൨൨, ൧൧൨൩, ൧൧൨൪ ഈ കൊല്ലങ്ങളിലെ ബഡ്ജററിൽ ഇതിനു വേണ്ടി തുക കൊള്ളിച്ചിരുന്നെങ്കിലും ഈ കൊല്ലത്തെ ബഡ്ജററിൽ തുക കൊള്ളിക്കാതെയിരുന്നതു് എന്തുകൊണ്ടാണു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ആ കെട്ടിടത്തിൻെറ പണി പൂർത്തിയാക്കുവാൻ പതിനായിരം രൂപാ വേണമെന്നായിരുന്നു എസ്റ്റിമേററു്. അതു ഗവമെൻറിനു താങ്ങാൻ വയ്യാത്തതുകൊണ്ടു് അതു മാററി വയ്ക്കുകയുണ്ടായി. പിന്നീടു ൬,൦൦൦ രൂപാ ചെലവുവരുന്ന ഒരു കെട്ടിടം മതിയെന്നുകണ്ടു് അതിനുവേണ്ടി എഴുത്തുകുത്തുകൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പോൾ തളിയത്തു്: അതിനു വേണ്ടി ഒന്നുംതന്നെ ൧൧൨൫-ലെ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെന്നു ഗവമെൻററിയാമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഗവമെൻറ് അതേക്കുറിച്ചു അനുകമ്പാപൂർവ്വം പര്യാലോചിക്കുന്നതാണു്.

## SALES TAX INSPECTORS

***577 Sri. V. K. Varghese:** Will the Hon'ble Minister for Sales Tax be pleased to state.—

(a) the names of the Sales Tax Inspectors appointed in 1124;

(b) the pay of each and the qualification of each?

**The Hon'ble Sri. A. J. John:** (a) The names of the Sales Tax Inspectors are.-

1. Sri. Charles Daniel, B. A.
2. " P. S. Venkiteswara Ayyar, B. A.
3. " Mathew Zachariahs, B. A., B.L., M. Com.
4. " K. A. Krishnan, B.A., LL. B., B. Com.
5. " M. Mohammed Ebrahim, M. A., LL. B.
6. " J. A. Rodriguez, B. A., B. L.
7. " V. S. Narayana Pillai, B. A., B. L., and
8. " S. S. Dhiraviam, B. A., B. L.,

(b) They at present get Rs. 175 in the scale of Rs. 175—10—225.

ശ്രീ. വി. കെ. വർഗ്ഗീസ്: ആകെ എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടായിരുന്നു?

ബഹു. ശ്രീ എ. ജെ. ജോൺ: വളരെ കൂടുതൽ കിട്ടിയിട്ടുണ്ടായിരുന്നു.

ശ്രീ. വി. കെ. വർഗ്ഗീസ്: നമ്പർ പറയാമോ;

ബഹു. ശ്രീ. എ. ജെ. ജോൺ: അഞ്ഞൂറിൽപരം അപേക്ഷകൾ ഉണ്ടായിരുന്നു.

ചങ്ങനാശ്ശേരി ഇരുപ്പായിതോട്ടിൽ ഒരു പാലം

*൬൯൪. ശ്രീ. എൻ. എസ്സ്. കൊച്ചുകുഞ്ഞു്: ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

ചങ്ങനാശ്ശേരി മുനിസിപ്പൽ അതിർത്തിയിലുള്ള ഇരുപ്പായിതോട്ടിൽ ഒരു പാലം പണിയിക്കുവാൻ ഗവമ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഉണ്ട്.

ശ്രീ. കെ. എം. കോര: കഴിഞ്ഞ കൊല്ലത്തെ തിരുവിതാംകൂർ ബഡ്ജററിൽ ഈ പാലത്തിനു പ്രൊവിഷൻ ഉണ്ടായിരുന്നു എന്നറിയാമോ;

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അങ്ങനെ ഉണ്ടായിരുന്നതായി എനിക്കു നിശ്ചയമില്ല.

തോടുകുഴിപ്പിക്കൽ

*൬൯൫. ശ്രീ. എൻ. എസ്സ്. കൊച്ചുകുഞ്ഞു: ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

ചങ്ങനാശ്ശേരി ബോട്ടുജട്ടിക്കുളം മുതൽ പണ്ടകശാല കടവുവരെയുള്ള തോടു കുഴിപ്പിച്ച് സഞ്ചാരയോഗ്യമാക്കാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: വേണ്ട പണികൾ ചെയ്യാം.

ശ്രീ. കെ. എം. കോര: വള്ളങ്ങൾക്ക് ആ തോട്ടിൽ കൂടി ഇപ്പോൾ ഗതാഗതം ചെയ്യുന്നതിനുള്ള സൌകര്യം ഇല്ലെന്നറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: കഴിഞ്ഞയാണ്ടിൽ ആ തോടു കുറെ കുഴിപ്പിച്ചതാണ്. ഈ ആണ്ടിൽ വേണ്ടവിധം സൌകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്.

അവശസമുദായവിദ്യാർത്ഥികൾ

*൬൯൬. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. അവശസമുദായവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) ൧൧൨൩ ഇടവത്തിൽ ആരംഭിച്ച സ്കൂൾവർഷത്തിൽ തിരുവിതാംകൂറിലെ എത്ര അവശസമുദായവിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസസഹായം നൽകി എന്നും, ആകെ എന്തു ചെലവായി എന്നും ദയവായി പറയുമോ;

(ബി) ഈ ഇനത്തിൽ കൊച്ചിയിൽ എത്ര പേക്ക് സഹായം നൽകി എന്നും, എന്തു ചെലവായി എന്നും ദയവായി പറയുമോ;

(സി) ൧൧൨൪-ലെ ബഡ്ജററിൽ പിന്നോക്കസമുദായസംരക്ഷക ഡിപ്പാർട്ടുമെണ്ടിലേക്കു അനുവദിക്കപ്പെട്ട തുകയിൽനിന്നും ഒരു ഭാഗം ഗവമ്മെണ്ടു തിരിച്ചെടുത്തിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആ തുക എത്രയെന്നും ദയവായി പറയുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: (എ) ൧൦൧൩ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസസഹായം നൽകി. ആകെ ചെലവായ തുക ൨൩൧൬൧ രൂപാ.

(ബി) ൨൨൦൯ ൬ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസസഹായം നൽകി. അവക്കു കൊടുത്തിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളുടെ കണക്കുകൾ മുഴുവനും അവസാനിച്ചിട്ടില്ലാത്തതിനാൽ ചെലവായ സംഖ്യ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

(സി) തിരുവിതാംകൂറിൽ അനുവദിക്കപ്പെട്ട തുകയിൽ നിന്നും മറ്റെല്ലാ ഡിപ്പാർട്ടുമെണ്ടുകളിൽ കുറവു ചെയ്തതുപോലെ ഒരു ഭാഗം തിരിച്ചെടുത്തിട്ടുണ്ട്. അതു് ഏഴുശതമാനം, (൨൩, ൬൯൨ രൂപാ) ആകുന്നു. കൊച്ചിയിൽ ഇങ്ങനെ തിരിച്ചെടുത്തിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: പിന്നോക്കസമുദായക്കാർക്ക് അനുവദിച്ചിട്ടുള്ള തുക ഏററവും കുറവാണെന്നു ഗവമ്മെണ്ടിനറിവുള്ള സ്ഥിതിക്ക് ഈ ഏഴ് ശതമാനം തിരിച്ചെടുക്കുവാനുള്ള കാരണം എന്താണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: എതായാലും എടുത്തുപോയി. മേലിൽ എടുക്കാതിരിക്കാൻ നോക്കാം.

ശ്രീ. കെ. എ. മാത്യു: കൊച്ചിയിൽ ഫീസുസൌജന്യം നൽകുന്നതിനു അടിസ്ഥാനമായ തത്വം എന്താണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: പിന്നോക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസു കൊടുക്കേണ്ട ആവശ്യമില്ല. കൂടാതെ അവർക്ക് സ്റ്റൈപ്പൻഡും കൊടുക്കും, മുണ്ടും കൊടുക്കും.

ശ്രീ. കെ. എ. മാത്യു: മതത്തെ അടിസ്ഥാനമാക്കിയാണോ ഈ സഹായം നൽകുന്നതു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: കൊച്ചിയിൽ മതം മാറിയവർക്ക് ഈ തലമുറയിൽ സൌജന്യങ്ങൾ കിട്ടും. അവരുടെ സന്താനങ്ങൾക്ക് കിട്ടുകയില്ല.

ശ്രീ. കെ. എ. മാത്യു: അപ്പോൾ മതത്തെ അടിസ്ഥാനം ആക്കിയാണെന്നാണോ പറയുന്നതു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: എന്നു പറഞ്ഞാൽ പ്രയാസമാണ്. മതം മാറുന്നതുകൊണ്ട് അവരുടെ സ്റ്റാറ്റസും മാറും. കൊച്ചിയിൽ ഒരു തലമുറയും മദിരാശിയിൽ മൂന്നു തലമുറയും സൌജന്യം അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: മതം മാറിയതുകൊണ്ടു ഒരാളിന്റെ സാമ്പത്തികമായ സ്റ്റാറ്റസ് മാറുന്നതെങ്ങിനെയാണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: കുറെയെല്ലാം മാറും.

**Sahib Bahadur A. Abdul Razaak**: May I understand that the Hon'ble Minister is of opinion that conversion to Christianity or Islam altogether changes the status or the economic condition of the backward class of the people?

ബഹു. ശ്രീ. കെ. അയ്യപ്പൻ: കുറെമാറുമെന്നു പറഞ്ഞു.

ശ്രീ. പി. കെ. ഡീവർ: അവശസമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതു് സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കിയാണോ അതോ സാമൂഹ്യമായ അവശതകളെ പരിഗണിച്ചാണോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: സാമൂഹ്യമായ അവശതകളെ അടിസ്ഥാനമാക്കിയാണെങ്കിലും സാമ്പത്തികമായ അവശതകളേയും പരിഗണിക്കാറുണ്ട്.

### കുത്തകപ്പാട്ടലേലം

*൫൭൧. സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പറവൂർതാലൂക്ക് വടക്കേക്കരപകുതി സർവ്വെ ൪൩/൧, ൫൩/൧ എന്നീ നമ്പരുകളിലെ തെങ്ങുമുതലായവ ൧൧൨൦ കർക്കടകം ൨൭-ാംനു കുത്തകപ്പാട്ടത്തിനു് ലേലം നടത്തുകയുണ്ടായോ;

(ബി) ആ ലേലക്കാര്യത്തിൽ ചതിയും കൃത്രിമവും നടന്നുവെന്നു് ഗവൺമെണ്ടിനു് പരാതികിട്ടിയിട്ടില്ലേ;

(സി) അക്കാര്യത്തിൽ ഗവൺമെണ്ടിനെക്കൂടാതെ റവന്യൂഡിപ്പാർട്ടുമെണ്ടിൽ ഏതൊക്കെ ഉദ്യോഗസ്ഥന്മാർക്കു ഹർജികൾ ലഭിച്ചിരുന്നു;

(ഡി) അവരിൽ ആരൊക്കെ അന്വേഷണം നടത്തിയിട്ടുണ്ട്;

(ഇ) കുറ്റക്കാരിൽ ആരെയൊക്കെ ശിക്ഷിച്ചിട്ടുണ്ട്;

(എഫ്) വിവാദവസ്തുവിന്റെ പിരിവും ആദായവും ലേലത്തിനുശേഷം ഇതുവരെ എടുത്തിട്ടുള്ളതു് ആരൊക്കെയാണ്;

(ജി) ഈ കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുള്ള അന്നത്തെ തഹസീൽദാർമാരിൽ ഒരാളായ മി. കെ. കെ. രാമൻകുട്ടി റിപ്പോർട്ടു സമർപ്പിച്ചിരുന്നോ;

(എച്ച്) തിരുവിതാംകൂർ ഗവൺമെണ്ടിന്റെ ഹുസൂർ ആർ. ഒ. സി. നമ്പർ. ൧൦൧൨൨/൪൫ ഫയൽ നടപടികൾ എങ്ങനെയിരിക്കുന്നു?

ബഹു. ശ്രീ. എ. ജെ. ജോൺ: (എ) ഉണ്ടായി.

(ബി) ഉണ്ട്.

(സി) ഡിവിഷ്യൻപേഷ്കാർ, കോട്ടയം, അസിസ്റ്റന്റ് പേഷ്കാർ പെരുമ്പാവൂർ, തഹസീൽദാർ പറവൂർ.

(ഡി) എല്ലാ ഉദ്യോഗസ്ഥന്മാരും.

(ഇ) കാര്യം അവസാനമായി തീരുമാനിച്ചിട്ടില്ല.

(എഫ്) ൧൧൨൩ അവസാനംവരെ ലേലക്കാരൻ മൊയ്തീൻ അമ്പ്ദുവും, ൧൧൨൪ മുതൽ വടക്കേക്കര പാർവ്വത്യക്കാരൻ മുഖേന സർക്കാരും ആണ്.

(ജി) ഇല്ല.

(എച്ച്) വിചാരണയിൽ ഇരിക്കുന്നു.

**BEACH ROAD IN ALLEPPEY**

*582. **Sri. Eapen Arakkal:** Will the Hon'ble Minister for Public Works be pleased to state.—

(*a*) has the construction of beach road westwards from the 50th mile stone in the Alleppey Quilon road been sanctioned in the last year's budget;

(*b*) if answer to part (*a*) is in the affirmative has the line of this road been surveyed; and

(*c*) if land is surrendered free. will the Government be pleased to construct this road in the immediate future?

**The Hon'ble Sri E. John Philipose:** (*a*) No.

(*b*) Does not arise in view of answer to part (a).

(*c*) Government will consider the question when the offer is made.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഈ റോഡ് ഇങ്ങനെ ഇട്ടിരിക്കുന്നതിനെ സംബന്ധിച്ചു ആ സ്ഥലനിവാസികളിൽ നിന്നു എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ ജോൺ ഫിലിപ്പോസ്: ഉണ്ട്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അതു കഴിയുന്നത്ര വേഗം പണി തുടങ്ങുവാൻ ദയവായി ശ്രദ്ധിക്കുമോ?

ബഹു. ശ്രീ ഇ. ജോൺ ഫിലിപ്പോസ്: അതാണു ഞാൻ പറഞ്ഞതു്. "Government will consider this matter when the offer is made".

**RELIEF WORKS**

*5̊83. **Sri. Eapen Arakkal:** Will the Hon'ble Minister for Public Works be pleased to state.—

(*a*) Within what time will the Shertallai-Alleppey canal be finished so as to be open for through water traffic; and

(*b*) What measures do the Government intend to take for protecting the canal from being made shallow by the falling down of the loose sand from either side?

**Tha Hon'ble Sri. Panampilli Govinda Menon:**

(*a*) The Alleppey-Shertallai canal is expected to be completed and made navigable during the course of next year.

(*b*) Necessary protective works such as construction of cross bars and planting of (കൈത) Kaitha on either side for protecting the canal banks are proposed.

ശ്രീ. കെ. രാമകൃഷ്ണപിള്ള: അടുത്തവർഷം എന്നു പറഞ്ഞതു ൧൧൨൫-ൽ ആണോ എന്നു വിശദമാക്കിയാൽ കൊള്ളാം.

**The Hon'ble Sri. Panampilli Govinda Menon:** Yes, yes.

(*b*) About Rs. 46 lakhs. Government have extended prohibition to the taluks of Trivandrum, Nedumangad, Chirayinkil and Talappalli from 1st Chingam 1125.

(*c*) Rs. 28 lakhs.

(*d*) No.

(*e*) The Central Government have not intimated their policy to this Government.

### പെൻഷൻസ് ഉദ്യോഗസ്ഥന്മാരും ഗവമ്മെണ്ടും

൬൨൯. സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംയോജനകാര്യത്തിൽ ഗവമ്മെണ്ടിന്റെ നയത്തിനും താല്പര്യത്തിനും എതിരായി തിരുവിതാംകൂറിലെ ഏതാനും 'പെൻഷൻഡ്' ഉദ്യോഗസ്ഥന്മാർ ഡൽഹിയിൽ ചെന്നു ചില നിവേദനങ്ങൾ നടത്തിയതായി ഗവമ്മെണ്ടു ഗ്രഹിച്ചിട്ടുണ്ടോ;

(ബി) അവരുടെ മേൽ എന്തെങ്കിലും നടപടി നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പെൻഷൻഡ് ഉദ്യോഗസ്ഥന്മാർ ഗവമ്മെണ്ടിന്റെ പൊതുതാല്പര്യത്തിനും നയത്തിനും എതിരായ സംരംഭങ്ങളിൽ പ്രത്യക്ഷമായി ഏർപ്പെടുന്നതിനെ തടയാൻ ഇപ്പോൾ എന്തെങ്കിലും നിയമം നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാരുടെ മേൽ പ്രയോഗിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) } ഉണ്ട്.
(സി) }

(ബി) } അതിനെപ്പറ്റി ഇപ്പോൾ പ്രസ്താവിക്കുന്നതു് പൊതുതാല്പര്യത്തിനു വിപരീതമായിരിക്കും.
(ഡി) }

**630. Sri. A. Gabriel Nadar:** Will the Hon'ble Minister for prohibition be pleased to state.—

(*a*) whether Government are intending to pursue the policy of introducing prohibition throughout the United State;

(*b*) whether this has resulted in the reduction of any Government staff; and

(*c*) whether it may not be possible to reduce the Excise Staff in the areas where prohibition has been proved a success?

**The Hon'ble Sri. N. Kunjuraman:**

(*a*) Yes.

(*b*) No.

(*c*) No.

### FUNCTIONS OF CERTAIN DEPARTMENTS

**631. Sri. A. Gabriel Nadar:** Will the Hon'ble Minister for General Administration be pleased to state whether they are intending to group the functions of certain departments and if so how they intend the alteration?

**The Hon'ble Sri. T. K. Narayana Pillai:**

The attention of the hon'ble member is invited to the Board of Revonue Ordinance, under which the members of the Board became the heads of certain Departments. It is also proposed to group all controls under the Commissioner of Civil Supplies. All Civil Engineering questions including *Irrigation* will be under one officer, while all electrical undertakings will be under another. All grow more food activities will be under the Food Production Commissioner. Other similar proposals are under consideration.

### SENIORITY OF STAFF MEMBERS

**632. Sri. A. Gabriel Nadar:** Will the Hon'ble Minister for Public Service be pleased to state.—

(*a*) whether each department is keeping a seniority list of the staff members in the order of seniority;

(*b*) whether in respect of confirmation of acting hands, the date of first appointment is alone considered; and if other considerations are also reckoned what those considerations are;

(*c*) if the answer to (*a*) is in the affirmative, will such a list be placed on the table;

(*d*) whether promotions strictly follow seniority; and

(*e*) what measure the Government propose to adopt to prevent favouritism seen in Government service?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) Yes.

(*b*) Date of first appointment is the criterion.

(*c*) This is not possible at such short notice.

(*d*) Seniority and efficiency.

(*e*) The Public Service Commission will safeguard the services.

### HYDRO-ELECTRIC PROJECTS

633. **Sri. Alexander Vakayil:** Will the Hon'ble Minister for Electricity be pleased to state.—

(*a*) of the Mattupatty and Sengulam Hydro-Electric Projects which is the major one;

(*b*) what is the establishment expenditure estimated for each work?

**The Hon'ble Sry. Annie Mascarene:**

(*a*) Sengulam project is the major Hydro-Electric Project. The construction of the Madupatty Dam forms part of the Pallivasal Project II stage extensions to augment the generation of Power at Pallivasal Power Station Sengulam Project is an independent scheme for generating more power by utilising the tail waters of the Pallivasal Power House.

(*b*) For Madupatty Dam the establishment expenditure is Rs. 2,48,800 which is worked out at 2½% on the estimated cost of the Project. The supervision charges for Sengulam Project is also estimated at 2½%.

### PALLIVASAL HYDRO-ELECTRIC PROJECT

634. **Sri. Alexander Vakayil:** Will the Hon'ble Minister for Electricity be pleased to state.—

(*a*) when was the Pallivasal Hydro-Electric Project started;

(*b*) within how many years it was proposed to be completed;

(*c*) how many years it actually took for its completion;

(*d*) what was the total amount estimated for the completion of the Hydro-Electric Project;

(*e*) what is the amount actually spent for the same?

**The Hon'ble Sry. Annie Mascarene:**

(*a*) The preliminary work connected with the Pallivasal Hydro-Electric Project was started by the beginning of 1932.

(*b*) The project was proposed to be completed in two stages. The first stage of the project was anticipated to be completed in 1937—38. No date was specified for the second stage.

(*c*) This was inaugurated in March 1940.

(*d*) The approximate total capital expenditure estimated for the completion of the first stage of the Pallivasal project is Rs. 140 lakhs of which Rs. 83 lakhs represent electrical portion of the works and Rs. 57 lakhs for civil works.

(*e*) The approximate actual booked expenditure for electrical works is Rs. 80 lakhs and for civil works Rs. 67 lakhs. The second stage works are only in progress.

### HYDRO-ELECTRIC PROJECTS IN CONSTRUCTION

635. **Sri. Alexander Vakayil:** Will the Hon'ble Minister for Electricity be pleased to state.—

(*a*) the names of Hydro-Electric Projects in construction at present in the United State of Travancore and Cochin; and

(*b*) the name of the officer who controls these Projects?

**The Hon'ble Sry. Annie Mascarene:**

(*a*) 1. 2nd stage extension of the Pallivasal Hydro-Electric Project.

2. Sengulam Hydro-Electric Project.

3. Poringalkuthu Hydro-Electric Scheme.

(*b*) At present the first two projects are under the direct control of Sri. P. Joseph John, Officiating Chief Engineer (Electricity), United State of Travancore and Cochin and the Poringalkuthu Hydro-Electric Scheme is under the control of Mr. S. J. Bruford.

### കുടികിടപ്പുകാരുടെ ലിസ്റ്റ്

൬൩൬. ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലെ കുടികിടപ്പുകാരുടെ ലിസ്റ്റ് തയ്യാറാക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) കുടികിടപ്പുകാരുടെ പേരു് റജിസ്റ്റർ ചെയ്യുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) ഉണ്ടു്.

(ബി) കുടികിടപ്പുകാരുടെ പേരു് റജിസ്റ്റർ ചെയ്യുന്നതിനുള്ള ചട്ടം ഗവമെ്മണ്ടു് പാസ്സാക്കിയിട്ടുണ്ടു്. അതനുസരിച്ചു് പേരു റജിസ്റ്റർ ചെയ്യുന്നതാണു്.

### പബ്ലിക്കു്സർവ്വീസ് കമ്മീഷൻ

൬൩൭. ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിലെ പബ്ലിക്കു് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ ആരെല്ലാം?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

൧. ശ്രീ. സി. കുഞ്ഞുരാമൻ (ചെയർമാൻ)
൨. ശ്രീ. രാമവമ്മതമ്പുരാൻ (മെമ്പർ)
൩. ശ്രീ. ആർ. വി. തോമസ്സ് ,,

### റവന്യൂബോർഡ്

൬൩൮. ശ്രീ. പി. സി. ആദിച്ചൻ: തഴെപറയുന്ന ചോദ്യത്തിനു് ബഹു. മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിലെ റവന്യൂബോർഡിലെ അംഗങ്ങൾ ആരെല്ലാം?

ബഹു. ശ്രീ. എ. ജെ. ജോൺ:

ശ്രീ. എ. എസ്സ്. ദാമോദരൻ ആശാൻ.
ശ്രീ. സി. ജെ. മാത്യു.

### MERGER OF ANJENGO AND THANGASERI

**639. Sri. A. Ramasubramonia Karayalar:** Will the Hon'ble Chief Minister be pleased to state.—

(*a*) whether there is any proposal of merging Anjengo and Thangasseri with the United State of Travancore and Cochin; and

(*b*) if so, will the Government be pleased to consider about Shencotta taluk joining the adjoining Tirunelveli district?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) The Government of India have been addressed on the matter.

(*b*) The case of Shencotta is different from that of Anjengo and Thangaseri.

### UNION SUBJECTS

**640. Sri. K. Ramachandran:** Will the Hon'ble Chief Minister be pleased to state.—

(*a*) whether Government are aware that a large number of Union subjects are outside the Union, both in India and abroad and they are responsible to a great extent in keeping up the prestige of the country; and

(*b*) whether Government would look into the question of establishing an overseas personnel bureau to look into their welfare?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) Yes.

(*b*) Government do not think it necessary to establish such a bureau now.

PORINGALKUTHU HYDRO-ELECTRIC PROJECT

641. **Sri. Paul Thaliath:** Will the Hon'ble Minister for Electricity be pleased to state.—

(*a*) whether the Government have received any complaints regarding the mismanagement in the working of the Poringalkuthu Hydro-Electric Project;

(*b*) if the answer to (a) is in the affirmative, whether an enquiry was conducted;

(c) if the anwer to (b) is in the affirmative, the name of the officer who conducted the enquiry;

(*d*) whether he has submitted a report; and

(*e*) if so will the Government be pleased to place the same on the table?

**The Hon'ble Sry. Annie Mascarene:**

(*a*) In 1947, the attention of the Government of Cochin was invited to certain allegations regarding a clearance done for the Poringalkuthu Hydro-Electric Project;

(*b*) Yes.

(*c*) Rao Bahadur U. Anada Rao, Superintending Engineer, Government of Madras;

(*d*) Yes.

(*e*) A copy of the Report together with Proceedings of the Government of Cochin in the matter is placed on the Secretary's table.*

STATE INSURANCE DEPARTMENT

642. **Sri Paul Thaliath:** Will the Hon'ble Minister for Finance be pleased to state:

(*a*) the number of motor vehicles that have been insured for third party risk with the State Insurance Department of Travancore in 1122, 1123 and 1124 respectively;

(*b*) the amount realised as premium under this account in 1122, 1123 and 1124 respectively;

(c) the number of claims and the amount paid against these claims in 1122, 1123 and 1124 respectively; and

(*d*) whether any re-insurance has been carried out and if so the total amount insured with the names of the company and the premium paid in each case?

**The Hon'ble Sri. A. J. John:**

| | | | |
|---|---|---|---|
| (*a*) | 1122 | 2877 | |
| | 1123 | 4741 | |
| | 1124 | 5314 | |
| (*b*) | 1122 | I. Rs. 1,32,972 | |
| | 1123 | 3,97,592 | |
| | 1124 | ,, 3,41,489 (up to end of Edavom) | |
| (c) | | *No. of claims settled* | *Amount* |
| | 1122 | Nil | Nil |
| | 1123 | 8 | I. Rs. 1,430 |
| | 1124 | 8 | ,, 12,980 |

(*d*) Yes. The re-insurance is made on a territorial basis and not on the basis of amounts insured. Re-insurance is given to Messrs. Vanguard Insurance Co., Ltd., Madras, alone.

Premium paid till now I. Rs. 83,977.

AGE OF RETIREMENT

643. **Sri. Ponnara G. Sreedhar:** Will the Hon'ble Chief Minister be pleased to state

(*a*) whether it is a fact that peons and holders of such jobs who have passed 58 years are to be sent out of their jobs;

(*b*) what was the rule as regards the age at which they have to retire; and

(c) if the answer to the question (a) is in the affirmative, do the Government propose to give them the special concessions, gratuities, etc., that officers under the Government who are given pensions before the stipulated period do usually get?

**The Hon'ble Sri. A. J. John:**

(*a*) Yes. Orders have been issued for the retirement of peons who have completed the age of 58.

(*b*) 60.

(c) Yes. They will be given the pension they would have got had they continued in service up to the age of 60.

---

*Not printed in the days' proceedings.

## Adjournment Motions

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഒരു അടിയന്തിരപ്രമേയം കിട്ടിയിട്ടുണ്ട്. അതു ഭക്ഷ്യപ്രശ്നത്തെപ്പററി ചർച്ചനടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ളതാണ്. ഭക്ഷ്യപ്രശ്നം പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണെങ്കിലും അടിയന്തിരപ്രമേയത്തിൻെറ വ്യവസ്ഥകൾ അനുസരിച്ച് ഈ പ്രമേയം സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ തള്ളിയിരിക്കുന്നു.

**Sahib Bahadur A. Abdul Razaak:** May I suggest to you to obtain the sense of the House on the food situation for which an adjournment motion has been tabled?

### Announcement of the result of the Election to the Standing Advisory Committee for the Transport Department

മി. സ്പീക്കർ: ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ സ്റ്റാൻഡിംഗ് അഡ്വൈസറി കമ്മററിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ വിജയികളായ ഏഴുപേരുടെ പേരുവിവരം ഞാൻ വായിക്കാം.—

൧. ശ്രീ. കോന്നനാട്ട് കുഞ്ഞിരാമമേനോൻ.

൨. ശ്രീ. പി. ഗോപാലൻ.

൩. ശ്രീ. വി കെ. വർക്കീസ്.

൪. ശ്രീ. മജീദു മരക്കാർ.

൫. ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള.

൬. ശ്രീ. ടി. വി. ദേവൻ.

൭. ശ്രീ. ഡി. ജ്ഞാനശിഖാമണി.

### Announcement re: inclusion of Miscellaneous Political Expenditure as one of the Demands to be voted

മി. സ്പീക്കർ: അടുത്തതു് വോട്ടിംഗ് ഓഫ് ഡിമാൻഡ്സ് ആണ്. അതിനുമുമ്പായി അതിനെപ്പററി എനിക്ക് ഒരു പ്രസ്താവനചെയ്യേണ്ടതായിട്ടുണ്ട്. Miscellaneous Political Expenditure, non-votable item ആയിട്ടാണ് ബജററിൽ ചേർത്തിരിക്കുന്നതു്. എന്നാൽ ആ ഇനം ചെലവ് വോട്ടബിൾ ആയി ഗണിച്ച് ൬,൫൪,൧൬൪ രൂപായുടെ ഒരു ഡിമാൻറുകൂടി ഡിമാൻറുകളുടെ ലിസ്റ്റിൽ കൊള്ളിക്കണമെന്നു് ഗവർമ്മെണ്ടിൽനിന്നും ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. അതനുസരിച്ചു് ആ ഡിമാൻറ് ൪൩-ാം നമ്പർ ഡിമാൻറായി ചേർത്തുള്ള ഒരു ലിസ്റ്റ് ഇന്നു് ബഹു: മെമ്പർമാർക്കു് വിതരണം ചെയ്തിട്ടുണ്ട്. അതു് മെമ്പറന്മാർക്ക് കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു.

**Sri. P. Balakrishnan Thampi:** Now that an announcement has been made, may I suggest that immediately after this Demand, the Miscellaneous Demand may be taken up for discussion?

മി. സ്പീക്കർ: സഭയ്ക്കു് അഭിപ്രായമുണ്ടെങ്കിൽ അങ്ങിനെ ചെയ്യാവുന്നതാണ്.

ബഹു. ശ്രീ. എ. ജെ. ജോൺ: ഗവർമ്മെണ്ടിനും അതിൽ യാതൊരു വിപരീതാഭിപ്രായവുമില്ല. വിദ്യാഭ്യാസഡിമാൻറുകഴിഞ്ഞതിനുശേഷം അതെടുക്കുന്നതിനു് ഗവർമ്മെണ്ടിനു സന്തോഷമേയുള്ളു.

ശ്രീ. വി. ഗംഗാധരൻനായർ: സർ, അതിനെക്കാൾ പ്രാധാന്യമുള്ളവയാണ് ലേബർ, ഇൻഡസ്ട്രീസ് മുതലായവ. അതുകൊണ്ട് അവ എടുത്തു കഴിഞ്ഞതിൻെറ ശേഷം ഇതെടുത്താൽ മതിയെന്നാണ് എൻെറ അഭിപ്രായം.

മി. സ്പീക്കർ: ഇൻററർവെൽ സമയത്തു് അതിനെപ്പററി ആലോചിച്ചു് വീണ്ടും കൂടുമ്പോൾ വിവരം ബഹു. മെമ്പറന്മാർ അറിയിക്കുന്നതായാൽ മെമ്പറന്മാരുടെ നിർദ്ദേശമനുസരിച്ചു് ഒരു തീരുമാനമെടുക്കുന്നതിനു തയ്യാറാണ്. ഇപ്പോൾ അതെപ്പററി ഉള്ള ചർച്ചകൾ തുടരണമെന്നില്ല.

## VOTING OF DEMANDS FOR GRANTS

### Demand XV—Education —*(Cont.)*

ശ്രീ. മന്നത്തു പത്മനാഭപിള്ള: സർ, വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിലെ അടുത്തകാലത്തെ ഭരണത്തിൻെറ വൈകല്യം നിമിത്തമുണ്ടായിട്ടുള്ള ദൂഷ്യങ്ങളെ ചൂണ്ടികാണിക്കാനായിട്ടാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതു്. ഏതു പരിഷ്കൃത ഗവമ്മെണ്ടും പ്രാഥമികവിദ്യാഭ്യാസം നിർബ്ബന്ധിതവും സൗജന്യവും ദേശീയവുമാക്കാൻ ആഗ്രഹിക്കുമെന്നുള്ളതു് നിശ്ചയമാണ്. ഇവിടെ ജനകീയഗവമ്മെണ്ടു വരുന്നതിനു മുമ്പുതന്നെ നിർബ്ബന്ധിത പ്രാഥമിക സൗജന്യ ദേശീയവിദ്യാഭ്യാസം നടപ്പിലാക്കി. അതു് ൧൧൨൧-ൽ ആണ്. കോൺഗ്രസ് ഗവമ്മെണ്ടു വന്നപ്പോൾ ആ നടപടി ഏറ്റെടുക്കുകയും തുടൎന്നു നടത്തുകയും ചെയ്തു. ൧൧൨൨-ലും ൧൧൨൩-ലുമായി അതു സാമാന്യം പുരോഗമിച്ചു. ൧൧൨൪-ൽ ഇപ്പോഴത്തെ പുതിയ ഡയറക്ടരുടെ ഭരണം വന്നതോടുകൂടി ഇവിടത്തെ നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസത്തിൻെറ പുരോഗതിയെ തടയുകമാത്രമല്ല, ദേശീയവിദ്യാഭ്യാസത്തിൻെറ നാരായവേരിനെത്തന്നെ തോണ്ടാൻ തുടങ്ങിയിരിക്കുകയാണ്. ദേശീയവിദ്യാഭ്യാസത്തെ എതിൎക്കുന്ന ഒരു വിഭാഗക്കാർ ഈ നാട്ടിലുണ്ടു്. അവർ അന്തരീക്ഷവാദക്കാരാണ്. ഈ രാജ്യത്തിലെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള ചുമതലയും അധികാരവും രാഷ്ട്രത്തിനല്ലെന്നും, മതത്തിനും മാതാപിതാക്കന്മാൎക്കുമാണെന്നുമാണ് അവർ വാദിക്കുന്നതു്. അങ്ങിനെ അവരവരുടെ അന്തരീക്ഷം സൃഷ്ടിക്കണമെന്നും അവരവരുടെ കുഞ്ഞുങ്ങളെ ആ അന്തരീക്ഷത്തിൽ വിദ്യാഭ്യാസം ചെയ്യിക്കാനുള്ള ചുമതല അവരവൎക്കാണെന്നുമുള്ളവാദം അംഗീകരിച്ചുകൊടുക്കുന്നപക്ഷം ഈ രാജ്യത്തു അനവധി അന്തരീക്ഷങ്ങൾ ഉണ്ടാകുന്നതാണ്. കത്തോലിക്കാ അന്തരീക്ഷം, നായരന്തരീക്ഷം. ഈഴവഅന്തരീക്ഷം, മുസ്ലീമന്തരീക്ഷം, കുറവ അന്തരീക്ഷം എന്നിങ്ങനെ അന്തരീക്ഷങ്ങൾ അനവധി ഈ രാജ്യത്തു ഉണ്ടാകും. ഈ അന്തരീക്ഷങ്ങൾ വളരെ വിപുലമായാൽ അതിനുവ്യാപരിക്കാനുള്ള അന്തരീക്ഷമില്ലാതെവരും. അതുകൊണ്ടു് വിദ്യാഭ്യാസകാൎയ്യത്തിൽ അന്തരീക്ഷവാദം കൊണ്ടുവരുന്നതു് വളരെ സൂക്ഷിച്ചു വേണമെന്നാണ് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: പ്രൈവററ വിദ്യാലയങ്ങൾ അവസാനിപ്പിക്കണമെന്നാണോ അഭിപ്രായം?

ശ്രീ. മന്നത്തു പത്മനാഭപിള്ള: പ്രൈവററ വിദ്യാലയങ്ങളെ പൂൎണ്ണമായി ഇല്ലാതാക്കുകയാണ് ഒരു ശരിയായ ദേശീയവിദ്യാഭ്യാസപദ്ധതിയുടെ സൃഷ്ടിക്കു് അടിസ്ഥാനമായി ആദ്യം ചെയ്യേണ്ടതു്. അതു ചെയ്യാതെ ഗവമ്മെണ്ടു് ഏതെങ്കിലും ഒരു വിഭാഗത്തിനു കീഴടങ്ങുന്നപക്ഷം ഇന്നു കാണുന്ന വികല്പങ്ങളും, അസ്വാസ്ഥ്യതകളും വൎദ്ധിക്കാൻ മാത്രമുണ്ടാകുമെന്നല്ലാതെ..........

ശ്രീ. എ. കെ. ജോൺ: പ്രൈവററ കാളേജുകളോ?

ശ്രീ. മന്നത്തു പത്മനാഭപിള്ള: പ്രാഥമികവിദ്യാഭ്യാസത്തെപററി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ കാളേജിൻെറ കാൎയ്യം ചോദിച്ചാൽ അതിനു മറുപടി പറയാൻ ഞാൻ വിചാരിക്കുന്നില്ല. കാളേജിൽ വരുമ്പോൾ അതിനു മറുപടി പറയാം. ഗവമ്മെണ്ടിൻെറ ദേശീയ വിദ്യാഭ്യാസനയംതന്നെയും അന്തരീക്ഷവാദക്കാരുടെ എതിൎപ്പുമൂലം ഇടയ്ക്കിടയ്ക്കു് തടഞ്ഞുനില്ക്കുകയാണെന്നു് ഞാൻ വിചാരിക്കുന്നു. ഗവമ്മെണ്ടു് ദേശീയവിദ്യാഭ്യാസം നടപ്പാക്കുന്നതുകൊണ്ടു് ഗ്രാൻറു് പള്ളിക്കൂടങ്ങൾ പൊയ്പ്പോകുമെന്നു ഭയപ്പെടുന്നു. എന്നാൽ ദേശീയവിദ്യാഭ്യാസം നിറുത്തി അന്തരീക്ഷന്യായേന ഓരോ വിഭാഗത്തിനും പ്രാഥമിക വിദ്യാലയങ്ങൾ അനുവദിച്ചുകൊടുക്കുന്നപക്ഷം ഈ രാജ്യത്തു ജനസംഖ്യാനുപാതികമായി എല്ലാ അന്തരീക്ഷക്കാൎക്കും പ്രത്യേകം പ്രത്യേകം സ്കൂളുകൾ അനുവദിക്കേണ്ടതായിവരും. അങ്ങിനെ വരുമ്പോൾ ഒരു സ്കൂൾകൊണ്ടു കാൎയ്യം സാധിക്കാവുന്നിടത്തു മൂന്നുനാലു അന്തരീക്ഷങ്ങളെങ്കിലും സൃഷ്ടിക്കേണ്ടിവരും. ചിലപ്പോൾ അന്തരീക്ഷങ്ങൾക്കകത്തു് അന്തരീക്ഷങ്ങളും സൃഷ്ടിക്കേണ്ടിവരുന്നതാകും. മതത്തിൻെറ അടിസ്ഥാനത്തിലായാലും ക്രൈസ്തവാന്തരീക്ഷം, ഹൈന്ദവാന്തരീക്ഷം, മുസ്ലീമന്തരീക്ഷം എന്നിങ്ങനെ മൂന്നു് അന്തരീക്ഷങ്ങളെങ്കിലുമുണ്ടാകും. ഇങ്ങനെ അന്തരീക്ഷങ്ങൾ വൎദ്ധിക്കുന്നതനുസരിച്ചു് പ്രാഥമിക വിദ്യാലയങ്ങളും വൎദ്ധിക്കുമ്പോൾ ഈ അന്തരീക്ഷങ്ങൾ തമ്മിൽ കൂട്ടിമുട്ടുകളുണ്ടാകുന്നതു് സ്വാഭാവികമാണ്. അന്തരീക്ഷങ്ങൾ കൂട്ടിമുട്ടിയാൽ ഉണ്ടാകുന്നതൊ ഇടിയാണ്.

ശ്രീ. പി. എം. വർഗീസ്: അന്തരീക്ഷങ്ങൾ കൂട്ടിമുട്ടി എപ്പോഴെങ്കിലും ഇടി ഉണ്ടായിട്ടുണ്ടോ?

ശ്രീ. മന്നത്തു പത്മനാഭപിള്ള: ശാസ്ത്രം പഠിച്ചിട്ടില്ലേ? അന്തരീക്ഷങ്ങൾ കൂട്ടിമുട്ടിയാൽ ഇടിയും മിന്നലും മഴയും ഉണ്ടാകും. പിന്നെ ഉണ്ടാകുന്നതു്......

മി. സ്പീക്കർ: പ്രസംഗിച്ചുകൊണ്ടു നില്ക്കുമ്പോൾ ചോദ്യം ചോദിച്ചാൽ കൊള്ളാമെന്നു തോന്നുന്നതു് സ്വാഭാവികമാണെങ്കിലും അതിനു് ചില നിയമങ്ങളുണ്ടു്. ചോദ്യം ചോദിക്കാനാഗ്രഹിക്കുന്നപക്ഷം സ്വസ്ഥാനത്തു എഴുന്നേററു നില്ക്കുകയും അതു സ്പീക്കറുടെ ദൃഷ്ടിയിൽപെട്ടാൽ പ്രസംഗിച്ചുകൊണ്ടുനില്ക്കുന്ന മെമ്പർ മറുപടി പറയാൻ സന്നദ്ധനാണെങ്കിൽ ചോദ്യം ചോദിക്കുകയുമാണു് വേണ്ടതെന്നു് ഞാൻ പലപ്രാവശ്യം ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. മന്നത്തു പത്മനാഭപിള്ള: പ്രാഥമിക വിദ്യാഭ്യാസം ദേശീയമാക്കിയതോടുകൂടി ൧൧൨൨-ൽ ഗവമെണ്ടു വകയായി ൩൦൦ വിദ്യാശാലകൾ വർദ്ധിച്ചിട്ടുണ്ടു്. ൭൦൦ പ്രൈവററു സ്കൂളുകൾ കുറയുകയും ചെയ്തു. ൧൧൨൪-ൽ അതിൻെറ കുറവു് എന്തിനെയിരിക്കുന്നു എന്നു് കണ്ടറിയേണ്ടതായിട്ടാണിരിക്കുന്നതു്. ൧൧൨൩-ൽ ഗവമെണ്ടിനെ തോല്പിക്കാൻ പ്രൈവററു വിദ്യാലയങ്ങൾ സ്ട്രൈക്കു് നടത്തുകയും അടച്ചിടുകയും ചെയ്തു. അക്കാലത്തു മററു വിഭാഗക്കാർ അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കാൻവേണ്ടി പള്ളിക്കൂടങ്ങൾ കെട്ടി ഗവമെണ്ടിനു വിട്ടുകൊടുത്തു. സ്വജനപക്ഷപാതംവെച്ചുകൊണ്ടു് പുതിയ ഡയറക്ടർ ഗവമെണ്ടിനെ മുട്ടുകുത്തിക്കാൻ ശ്രമിച്ച അവസരത്തിൽ ഗവമെണ്ടിലേക്കു് വിട്ടുകൊടുത്ത സ്കൂളുകളെ സ്ട്രൈക്കുസമയത്തു തുടങ്ങിയവയാണെന്ന കാരണംപറഞ്ഞു് അടച്ചുപൂട്ടാൻ ഉത്തരവിട്ടു. നമ്മുടെ പ്രാഥമിക വിദ്യാശാലകളുടെ ഭരണത്തിൽ വലിയ കുഴപ്പങ്ങൾ നേരിടുന്നുണ്ടു്. ഇന്നു് ൧,൩൦൦ ഓളം പ്രൈവററു വിദ്യാലയങ്ങൾ നമ്മുടെ രാജ്യത്തുണ്ടു്. പ്രൈവററു വിദ്യാലയങ്ങൾക്കു് നൂറുശതമാനം ഗ്രാൻറു് കൊടുക്കണമെന്നു് വാദിക്കുന്നവർ ഇവിടെയുണ്ടു്. നൂറുശതമാനം ഗ്രാൻറു് കൊടുക്കണമെങ്കിൽ ഗവമെണ്ടു സ്കൂളുകൾ നേരിട്ടു നടത്തിയാൽ പോരേ? ഗ്രാൻറു് കൂടുതൽ കൊടുക്കാൻ സാധിയ്ക്കാത്ത ഗവമെണ്ടിനു് പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധിതമാക്കാൻ സാദ്ധ്യമല്ലെന്നു പറയുന്നവരുണ്ടു്. നൂറുശതമാനം ശമ്പളവും ഗ്രാൻറായി കൊടുക്കുകയാണെങ്കിൽ പിന്നെ എല്ലാ പള്ളിക്കൂടങ്ങളും ഗവമെണ്ടിനുതന്നെ നേരിട്ടു നടത്തിക്കൂടേ എന്നു് ഞാൻ ചോദിക്കുന്നു. ഗവമെണ്ടിനു അത്രമാത്രം സ്കൂൾകെട്ടിടങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യമല്ലെന്നാണു് പറയുന്നതു്. സർ, ഈ തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടി ഒരു കോടിയോളം രൂപ ബഡ്ജററിൽ നീക്കിവച്ചിട്ടുണ്ടു്. അതിൽ കെട്ടിടങ്ങൾക്കുവേണ്ടി പത്തോ പതിനഞ്ചോ ലക്ഷം രൂപ ചെലവാക്കുന്നതിനു് യാതൊരു വിഷമവുമില്ല. അതിനു ദശവത്സരപദ്ധതി സ്വീകരിച്ചു് പ്രവർത്തിക്കുകയാണെങ്കിൽ രാജ്യം മുഴുവൻ ദേശീയവിദ്യാശാലകൾ സ്ഥാപിക്കുന്നതിനു് സാദ്ധ്യമല്ലെന്നു് ആക്കും പറയാൻ കഴിയുകയില്ല. ആവശ്യംപോലെ പാഠശാലകളുണ്ടാക്കാൻ ഗവമെണ്ടിനു കഴിയുകയില്ലെന്നും, അതുകൊണ്ടു് പ്രൈവററു സ്കൂളുകളില്ലെങ്കിൽ ഈ രാജ്യത്തു വിദ്യാഭ്യാസം നിലച്ചുപോകുമെന്നും ഭയപ്പെടുത്തിയാൽ ഇന്നത്തെ മന്ത്രിമാർ കീഴടങ്ങിയെങ്കിലോ എന്നുള്ള വിചാരത്തിലാണു് ഈ വാദങ്ങൾ ഉന്നയിക്കുന്നതു്.

സർ, ഈ നാട്ടിലെ കുഞ്ഞുങ്ങൾ പൗരത്വബോധത്തോടുകൂടിയും ദേശീയബോധത്തോടുകൂടിയും വളർന്നുവരണമെങ്കിൽ പ്രാഥമിക വിദ്യാഭ്യാസകാലത്തുതന്നെ ദേശീയബോധത്തോടുകൂടി എല്ലാവരുമായി യോജിച്ചു വളരുവാനും, അവരറിയാത്ത പാന്ഥാക്കളിൽകൂടി മതപരിവർത്തനം ചെയ്യാതിരിക്കാനുമുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കേണ്ടതു്രാജ്യത്തേയും ജനങ്ങളേയും സ്നേഹിക്കുന്നവരുടെ കർത്തവ്യമാണു്. അതുകൊണ്ടു് ദേശീയവിദ്യാഭ്യാസത്തെ നിരുത്സാഹപ്പെടുത്താതിരിക്കാനുള്ള ബാദ്ധ്യത ഗവമെണ്ടിനും ജനങ്ങൾക്കുമുണ്ടു്. (ബെൽ)

സർ, ഈ വിഷയത്തിൽ എന്നെ ഒരു പ്രതിപക്ഷത്തിൻെറ ലീഡറായി ഗണിച്ചു് കുറെ സമയംകൂടി തരണം. (ചിരി)

സർ, ആയിരത്തിമുന്നൂറോളം പ്രൈവററു വിദ്യാലയങ്ങളാണല്ലോ ഇവിടെ ഉള്ളതു്. ഓരോന്നിനും ൪൦ രൂപ എന്ന കണക്കിനു് മൊത്തത്തിൽ ൩൪ ലക്ഷം രൂപ ഗ്രാൻറായി കൊടുക്കേണ്ടിവരുന്നു. നൂറുശതമാനം ഗ്രാൻറു് ചോദിക്കാമെന്നുള്ള പ്രതീക്ഷയിലാണു് കുമ്പോളുംപോലെ മുക്കിനുമുക്കിനു് പാഠശാലകൾ ഉണ്ടാക്കിയിട്ടുള്ളതു്. ആവശ്യമില്ലാത്ത

[Sri. Mannath Padmanabha Pillai]

ഇരുനൂറോളം വിദ്യാശാലകൾ ഇന്നത്തെ വിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ചുകൊടുത്തിട്ടുള്ളതായി കാണാം.

സർ, സ്കൂളുകൾ ഇവിടെ ഒരു കച്ചവടസമ്പ്രദായമായിത്തീർന്നിരിക്കുന്നു. ഇതു മതത്തിനു വേണ്ടിയുള്ള ഏർപ്പാടാണെന്നു പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇതു മൂന്നു ലക്ഷം രൂപ കൈക്കലാക്കാനുള്ള ഏർപ്പാടാണ്. അങ്ങിനെയായാൽ ഹൈന്ദവർക്കും അവരുടെ ജനസംഖ്യ കണക്കനുസരിച്ചുള്ള പാഠശാലകൾ സ്ഥാപിച്ചു നടത്തുന്നതിനു് അനുവാദവും ഗ്രാന്റും നൽകാൻ ഗവമ്മെണ്ടു് തയ്യാറാകേണ്ടതാണ്. അതുപോലുള്ള സൗജന്യങ്ങൾ മുസ്ലീങ്ങൾക്കും ചെയ്തുകൊടുക്കേണ്ടതായിവരും. ഇങ്ങനെ മൂന്നു വിഭാഗക്കാർക്കു് ഗ്രാന്റ് കൊടുത്താൽമാത്രം പോരാ. ഗ്രാന്റ് പള്ളിക്കൂടങ്ങളിൽ പബ്ലിക്ക സർവ്വീസ് നിയമപ്രകാരം ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാൻ അവകാശമുണ്ടെന്നു സമ്മതിച്ചാൽപോലും വിശ്വസിച്ചുകൂടാ. അതു അവർ സമ്മതിക്കുമെന്നും തോന്നുന്നില്ല. അവർ സമ്മതിച്ചാലും ഞാൻ സമ്മതിക്കുകയില്ല. സിമിത്തേരിയില്ലാത്ത പള്ളി മതിയെന്നു പറയും. ഒടുവിൽ പള്ളിയില്ലെങ്കിലും സിമിത്തേരി കാണും. അതിനാൽ ദേശീയവിദ്യാഭ്യാസം നിർബ്ബന്ധമായും നടപ്പിൽ വരുത്തണമെന്നു് ഗവമ്മെണ്ടു് നിശ്ചയിക്കുകയും അതനുസരിച്ചു് ഉടനെ പ്രവർത്തിക്കയും ചെയ്യേണ്ടതാണ്. (ബെൽ)

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളാം. അതായതു് അടുത്തകാലത്തു് പുതുതായി വിദ്യാശാലകൾക്കു് അനുവാദം കൊടുത്തതിനെപ്പററിയാണ്. കഴിഞ്ഞ കൊല്ലം അനുവദിച്ച പല സ്കൂളുകൾക്കും ഭൂമിയില്ല, കെട്ടിടങ്ങളില്ല, സാധനസാമഗ്രികളില്ല, വാദ്ധ്യാന്മാരില്ല, ചിലടത്തു കുട്ടികളുമില്ല. ബഹു. മന്ത്രിക്കു സമ്മതമുള്ളപക്ഷം അങ്ങിനെയുള്ള പല സ്കൂളുകളും കൊണ്ടുചെന്നു കാണിച്ചുകൊടുക്കാൻ ഞാൻ തയ്യാറാണ്. പറക്കോട്ടു ഒരു ഹൈന്ദവസ്കൂളിൽ വാദ്ധ്യാരായിരുന്ന ഒരു കത്തനാർ അവിടത്തെ ഏതാനും കുട്ടികളേയും വിളിച്ചുകൊണ്ടു് അടുത്തുള്ള ഒരു റേഷൻകടയുടെ തിണ്ണയിൽവെച്ചു് സ്കൂൾ നടത്തുന്നു.

ശ്രീ. അലക്സാണ്ടർ വാകയിൽ: സർ, കട്ട്മോഷനെ സംബന്ധിച്ചു് സംസാരിക്കുന്നതിനു് സാധാരണ ഒരു മെമ്പർക്കു് അഞ്ചു മിനിട്ടാണു് അനുവദിക്കുന്നതു്. ഈ സൗജന്യം മററുള്ളവർക്കും കിട്ടുമോ എന്നറിഞ്ഞാൽ കൊള്ളാം?

ശ്രീ. മന്നത്തു പത്മനാഭപിള്ള: ഞാൻ ഒരു സാധാരണ മെമ്പറാണെന്നു ആരു പറഞ്ഞു?

മി. സ്പീക്കർ: അനുവാദത്തോടുകൂടിയാണ് പ്രസംഗിക്കുന്നതു്.

ശ്രീ. മന്നത്തു പത്മനാഭപിള്ള: സ്പീക്കറുടെ മേലധികാരം മെമ്പർക്കില്ലാത്തതുകൊണ്ടു് ഞാൻ അതിനു മറുപടി പറയണമെന്നു വിചാരിക്കുന്നില്ല.

കഴിഞ്ഞകൊല്ലത്തെ സ്കൂൾ അനുവാദം കൊടുക്കലിനെപ്പററി എനിക്കു കിട്ടിയിട്ടുള്ള പരാതികളാണ് എന്റെ മേശപ്പുറത്തിരിക്കുന്ന ഈ തടിയൻ ഫയിൽ (ബെൽ) അനവധി പള്ളിക്കൂടങ്ങൾ.............

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

**Sri. L. M. Pylee:** Mr. Speaker, Sir, I wish to stress upon a few matters relating to the demand now under consideration.

First I refer to the question of the University. The University of Travancore, Sir, was brought into being during the regime of a highly autocratic Dewan. It was established by a Proclamation in 1113. It therefore necessarily bears many marks of its origin. It is largely dependent upon Government, and, in many respects, it cannot be said to be an autonomous body as other Universities are. So has it existed for the last twelve years. It is high time, Sir, that the Act of 1113 was scrapped and a really progressive measure substituted in its place and its organisation thus brought to the level of the progressive Universities in India and elsewhere. I hope that as soon as the report of the Universities Commission under the Chairmanship of Sir Radhakrishnan is published, the Government will take immediate steps to reorganise our University, and remodel the system of our University Education. Were this done, Sir, I am sure that the Private Colleges in Cochin will join this University and we shall thus have a university which would be at least the nearest approximation to the long dreamt of Kerala University, which itself, I hope will be realised, when in the fullness of time, the Kerala Province will be a reality.

Closely associated with the question of the University is the problem of giving admission to the large number of our students to the university courses. Every year hundreds, if not some thousands, of our boys and girls go about from place to place, from college to college begging for admission. Hundreds of them are turned away. Sir, it is a pitiable sight that so much of human talent vested in our boys and girls should run to waste. It is a loss to the country, a national loss. The only way to ease this problem is to enlarge the facilities afforded by the existing colleges and secondly to establish new colleges, preferably with new types of courses, technological and others, that would be helpful to the industrial, agricultural and cultural advancement of our people. For this, Government must provide adequate help and encouragement to agencies who are prepared to establish and conduct such colleges, instead of leaving them to shift for themselves Sir, I press this matter upon the earnest attention of the Government.

Sir, it is with much concern that I draw the attention of this honourable House to another matter. It is in respect of the hard lot of the Law College students who are now at Ernakulam. Having heard on the one hand harrowing accounts of their living conditions and on the other glowing accounts of their comforts and amenities, I personally visited two of their three hostels, and I am sorry to say that they are at present living under almost inhuman conditions. May I appeal to the Government to make suitable arrangements so that they may be saved from their hardships and at least the minimum of reasonable facilities provided for this struggling lot of our young men.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ബഹു. മെമ്പർ രണ്ടു ഹോസ്റ്റലുകൾ പരിശോധിച്ചു എന്നു പറഞ്ഞല്ലോ. അവ ഏതെല്ലാമെന്നു പ്രസ്താവിച്ചാൽ കൊള്ളാം.

**Sri. L. M. Pylee:** One of these hostels is the building used previously as the M. L. A. quarters and the other previously used as the Scouts quarters.

Within the short time allotted to me it is not possible to deal with the multifarious problems presented by our educational system. But I would be failing in my duty, almost a sacred duty, if I do not raise my voice on behalf of the members of the teaching profession. I need not dilate upon their condition; it is so well and widely known. What is stated in other parts of India that a primary teacher is paid less than a railway porter is true in this land of Kerala, famous for its intellectual greatness. Most of our teachers have not the wherewithal to live. How can they maintain their status in life, how can they command the respect that is their due, how can they keep themselves fit for their profession and high calling, and above all, how can they teach efficiently and well in their present hard lot? Sir, a great educational authority recently said that a discontented teacher is more dangerous to society than an inefficient teacher. Government will do well to take note of that fact. The salaries of the teachers should be raised to a respectable and reasonable level. Especially here in Travancore the condition of the teacher is miserable. It is not so bad in Cochin. It may be that there is no money to pay them decently. But the means must be found. Not only should they be properly remunerated, but, the status of the aided school teachers, primary, middle and secondary, should be on a par with that of the teachers in Sirkar Schools.

An important measure of reform, Sir, I have to suggest is the three-day school week. Under this system, every school will be made to work for six days a week and half the number of pupils made to attend three days, either alternate days or three consecutive days. This will also obviate the present shift system. This scheme, Sir, has found support from such an eminent personality as H. E. Sri. Rajagopalachariar, the Governor-General of India.

ശ്രീ. മന്നത്തു പത്മനാഭപിള്ള: അതു് ഇപ്പോൾ നടപ്പിലിരിക്കുന്ന ഷിഫ്റ്റ് സിസ്റ്റത്തെക്കാൾ നല്ലതാണെന്നാണോ ബഹു. മെമ്പറുടെ അഭിപ്രായം?

ശ്രീ. എൽ. എം. പൈലി: അതിനേക്കാൾ കുറെ കുട്ടികളെ മൂന്നു ദിവസം പഠിപ്പിക്കുക, മററു കുട്ടികളെ ബാക്കി മൂന്നു ദിവസം പഠിപ്പിക്കുക എന്നു വ്യവസ്ഥയായിരിക്കും നല്ലതു്.

Lastly, Sir, I have one more suggestion to make. It is that moral instructions should be introduced in all the schools.

**Sri. K. P. Nilakanta Pillai:** May I know whether, in the opinion of the honourable member, the University should be autonomous or it should be under the control of Government?

**Sri. L. M. Pylee:** I think I have made myself quite clear. The University must certainly be autonomous.

Sir, I will stop as the time is short.

**Sri. M. Govindan:** Sir, I support the demand. In doing so I wish to make a few observations on the subject. I have a faint voice and I am trying my best to make my voice heard by most of the members. The first observation I have to make is with regard to the backward communities. They must be given better education. Education betters the human power to a harmonius development. We have to adjust education so that it should be imparted during a fixed time. Education must be such that it should be able to make the man fit to live in the circumstances in which he will be forced to live in future. Every man should be able to move in society. Education is the only thing which can help this. Each community has a peculiar status. Nowadays we see students coming out completing their education and in most cases they find it very difficult to fit themselves in their respective communities. As a result communities become split up. Therefore what is necessary for the time is to bring the status of every community to the same level. Backward communities are very backward because they have a separate treatment. Special consideration should be shown to them. Now we have a separate department for the uplift of the backward communities. But it is not properly maintained. Much more attention should be paid in this direction. If the backward communities are to be made more progressive they should be given better facilities. They must be helped more. Now Government are not sending members from the backward communities to other places for advanced studies. They must also be given a choice among members who are sent to England and America for higher studies.

Even now there are schools in which backward communities are not admitted. When I was a student I was denied admission in a Government Malayalam School. For generations we have been denied admission in schools. This is the most important reason for the poor percentage of literacy among backward communities. Now the Government's duty is to give special treatment to such communities who have been denied admission in schools for a very long time, so that their standard may be raised to that of other communities. This is the most important point that I have to mention.

The next important thing I have to place before this House is about the compulsory primary education. It must be brought into effect throughout the State. We have beee trying compulsory primary education in some taluks in Travancore. Some taluks are mentioned in Cochin also. The policy has not been actually carried on in other parts. The rule is not strictly followed. It is said that every child between the age 5 and 11 or 12 should be sent to school. Their parents are compelled to do so. But if we enquire we can see a large number of students being kept at home. A record has been taken about the number of children within the above age. The number is only on paper. If this is not corrected and the rule is not stricity followed in course of time there will be a false record in the percentage of literacy in Travancore. Government must consider this as an important thing. The uplift of backward communities can be improved by compulsory primary education. All of them should be given scholarships and they must be allowed to go to foreign places for higher education. When they complete their course and come back qualified they must be given high positions. If this is done it will help them to a great extent to come to the level of other communities. With these observations I humbly support the demand and I wish the demand will cover a larger amount next year.

**Mr. Speaker:** I am just following a list containing the names of members who have sent in cut motions. That list is finished. I shall presently call other Hon'ble members who wish to speak.

**Sri. M. I Paul:** One word, Sir.

**Mr. Speaker:** Is it a point of order?

**Sri. M. I. Paul:** Yes, Sir. സ്പീക്കർക്ക് അവിടെ ഒരു ലിസ്റ്റുണ്ടെന്നു പറഞ്ഞു. അതു സമർപ്പിച്ചതാരാണ്? അങ്ങനെ ഒരു ലിസ്റ്റ് വയ്ക്കാൻ സ്പീക്കർക്ക് അധികാരമുണ്ടോ?

**Mr. Speaker:** The lists are with me. The members of different parties, for further elucidation, may refer to the respective party Whips or Secretaries.

ശ്രീ. ഈപ്പൻ അറയ്ക്കൽ: എത്രപേരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറയാമോ?

**Mr. Speaker:** The same answer as I have already given.

**Sri. A. Nesamony:** So far as this party is concerned we are bound by the list given by the Secretary.

**Sri. K. P. Nilakanta Pillai:** We also have the same opinion.

**Mr. Speaker:** The Tamil Nad Congress Party has given me a list. The Congress Party has given me another list. Mr. K. P. Nilakanta Pillai's party has given one list. Further information

or elucidation desired by the Hon'ble members may be had from the parties concerned. No more observations or discussion relating to this matter.

**Sri. Mannar Gopalan Nair:** I should like to know why this Parliamentary Party is wasting time?

ശ്രീ. എം. ഐ. പോതൻ: പാർട്ടിയിൽനിന്നും തന്നിട്ടുള്ള ലിസ്റ്റുകൾ എന്നെ സംബന്ധിച്ചിടത്തോളം ഞാൻ അറിയാത്ത ഒരു സംഗതിയാണ്. അതുകൊണ്ട് ആ ലിസ്റ്റ് സ്പീക്കർ അംഗീകരിക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു.

**Mr. Speaker:** Please resume your seat. The list given need not be the last word on this matter, if it is found that the members of the party express their dissent and desire to act independently of it.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ആർക്കെല്ലാം സംസാരിക്കാമെന്നുള്ളതിനെപ്പററി ഈ സഭതന്നെ തീരുമാനിക്കുന്നതല്ലേ നല്ലത്?

**Mr. Speaker:** It is not for the House to attend to that matter. It is for the consideration of the different parties if they can before the House assembles.

ശ്രീ. തറിയത്ത് കുഞ്ഞിത്തൊമ്മൻ: സ്പീക്കർ എന്താണ് പറഞ്ഞതെന്നു മനസ്സിലായില്ല.

**Mr. Speaker:** I have been speaking on this subject in English and if the hon'ble member did not follow I am sorry, I cannot repeat the whole of it now.

**Sri. P. Nanoo:** A point of order, Sir.

Rule 42 (4) reads as follows:

"When several motions relating to the same demand are offered, *they shall be discussed* in the order in which the heads to which they relate, appear in the Budget." ആ നിലയ്ക്ക് മററെന്തെങ്കിലും ഒരു ലിസ്റ്റ് അനുസരിച്ചു ആളുകളെ വിളിക്കാൻ സ്പീക്കർക്ക് അധികാരമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്.

മി. സ്പീക്കർ: സഭയുടെ അഭിപ്രായപ്രകാരം ഈ ഓർഡർ മാററാൻ സ്പീക്കർക്ക് അധികാരമുണ്ട്. ഇതിനെപ്പററി ഇതിനുമുമ്പ് പലപ്പോഴും ഞാൻ പറഞ്ഞിട്ടുള്ളതാണ്.

Therefore no more questions about that. For the information of the member, I may say that with the consent of the House, the precedure and the order prescribed in Rule 42 (4) can be changed, and it has been so altered.

ஸ்ரீ. டி. பொன்னையா: ஸார், இந்நாட்டிலுள்ள சகல மக்களுக்கும் அறிவை ஊட்டுவதற்காக கட்டாயக் கல்வித் திட்டத்தை அமுலுக்கு கொண்டு வந்திருக்கிறார்கள். ஆனால் இக் கட்டாயக் கல்வித்திட்டம் இப்போது நடப்பிலிருக்கிறதைப் பார்த்தால் அது தாழ்ந்த வகுப்பினருக்கு ஏற்ற முறையாகக் காணப்படவில்லை. ஏதோ பிள்ளைகள் பள்ளிக்கூடங்களுக்குப் போய் வருகிறார்களே யொழிய, இக்கட்டாயக்கல்வியினால் யாதொரு அனுகூலமும் அடையவில்லை. ஒன்று, இரண்டு, மூன்று, நான்கு, ஐந்தாம் வகுப்புக் குழந்தைகளின் கல்வி நிலைமை எப்படியிருக்கிறதென்று பார்த்தால் மிகவும் பரிதாபகரமாயிருக்கிறது. அவர்களுக்கு எண்சுவடிகூட சரியாகத் தெரியவில்லை; புஸ்தகங்களைப் படிக்கச் சொன்னால் சரியாகப் படிக்க முடியவில்லை. ஆசிரியர்கள் சரியாக 9 மணிக்கு பள்ளிக்கூடங்களுக்கு வரவேண்டும். ரொம்ப தூரங்களிலிருந்து வருகிறதினால் இவர்கள் வந்தவுடன் எவ்வளவு சொல்லிக் கொடுப்பார்கள் என்பதை நாம் யோசிக்கவேண்டும். ஏதோ சில சின்னப் பிள்ளைகளுக்கு மாத்திரந்தான் சொல்லிக் கொடுக்க முடியும். உடனே shift முறைப்பிரகாரம் அடுத்த கிளாசுகளுக்குப் போகவேண்டியிருக்கிறது. இந்தக் குறைந்த நேரத்தில் ஆரம்பப் பாடசாலை பிள்ளைகள் எவ்வளவு படிக்க முடியும் என்று பார்க்கவேண்டும். அதனால் இந்த shift முறையை மாற்றி காலையிலிருந்து மாலைவரை பள்ளிக்கூடங்கள் வைக்க ஏற்பாடு செய்யவேண்டும். இரண்டாவது கட்டாயக் கல்வி ஆரம்பப் பாடசாலைகளில் படிக்கும் குழந்தைகளுக்கு மத்தியான ஆகாரம் கஞ்சி கொடுப்பதைப் பார்த்தால் ரொம்ப விநோதமாயிருக்கிறது. சில இடங்களில் கஞ்சி சரியாகக் கொடுப்பதில்லை. அரிசி ரொம்ப மோசமாயிருக்கிறது. அதில் பூராவும் நெல். அந்த மாதிரி கஞ்சியை பிள்ளைகள் சாப்பிட்டால் சுடுகாட்டுக்குத்தான் போகவேண்டி வரும். மேலும் பிள்ளைகளுக்கு சமயத்தில் புஸ்தகங்களைப் பார்த்தால் ரொம்ப பரிதாபம். புஸ்தகங்கள் பூராவும் எழுத்துப் பிழைகள். மேலும், வெளியிலிருந்து வரும் புஸ்தகங்களை விட இங்குள்ள புஸ்தகங்கள் விலை அதிகமாயிருக்கிறது. இதைப் பற்றி Text Book Committee மெம்பர்களிடம் சொல்லியும்

[Sri. T. Ponnayya]

அவர்கள் இதைப் பற்றி கவலை கொள்ளவே யில்லை என்று தோன்றுகிறது. ஒரு விஷயத்தைக் கூட சொல்ல விரும்புகிறேன். அதாவது திருவிதாங்கூரில் எத்தனையோ Associations இருக்கின்றன. உதாரணமாக Anchal Employees Association, Government Transport Employees Union &c. இவைகளுக்கெல்லாம் கவர்மென்று அங்கீகாரம்கொடுத்திருக்கிறார்கள். அதுபோல All Travancore Teacher's Association க்கும் அனுமதி கொடுத்து அதை சர்க்கார் அங்கீகரிக்க வேண்டும். இந்த Association க்கு அங்கீகாரம் கொடுக்காததைப்பற்றி அவர்கள் ரொம்ப வருத்தப்படுகிறார்கள். தயவுசெய்து இந்த சங்கத்தை அங்கீகரிக்க சர்க்காரை கேட்டுக்கொள்கிறேன்.

സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകണ്ണു: സർ, വിദ്യാഭ്യാസകാര്യം ഒരു ഗവൺമെണ്ട് ഏററവും പ്രധാനമായ വിഷയമായി കൈകാര്യം ചെയ്യുകയും ഭരണം നടത്തുകയും ചെയ്യേണ്ട ഒന്നാണ്. ഒരു രാജ്യത്തെ അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളേയും വിദ്യാഭ്യാസപദ്ധതിയിൽക്കൂടി പരിഹരിക്കുവാൻ സാധിക്കുമെന്നുള്ളതു് ആലോചിച്ചാൽ ഇതിന്റെ മാഹാത്മ്യം മനസ്സിലാക്കാവുന്നതാണ്. ഇന്നു ഈ സംസ്ഥാനത്തെ അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളേയും നാം പരിശോധിച്ചാൽ അതിന്റെ കാരണങ്ങൾ സാമ്പത്തികമാണെന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. ഇവിടത്തെ ഏററവും വലിയ പ്രശ്നം തൊഴിലില്ലായ്മയും തന്നിമിത്തമുള്ള പട്ടിണിയുമാണ്. ഈ പട്ടിണിയും തൊഴിലില്ലായ്മയും ഒരുവിധത്തിൽ പറഞ്ഞാൽ ഇവിടത്തെ വിദ്യാഭ്യാസപദ്ധതിയുടെ പോരായ്മകൊണ്ടാണെന്നു് മനസ്സിലാക്കുവാൻ പ്രയാസമില്ല. ഇവിടെ കമ്യൂണിസവും സോഷ്യലിസവും അങ്ങനെയുള്ള മററു ഇസങ്ങളും പ്രചരിക്കാതിരിക്കാൻവേണ്ടി എത്ര കോടി രൂപാ ചെലവാക്കുന്നുണ്ടെന്നു നാം മനസ്സിലാക്കണം. വാസ്തവത്തിൽ ഈ ഇനത്തിൽ ചെലവാക്കുന്ന പണം വിദ്യാഭ്യാസപദ്ധതിയിൽക്കൂടി ചെലവാക്കുവാൻ അധികാരികൾ മുതിർന്നാൽ അങ്ങനെയുള്ള ആവശ്യങ്ങൾ നേരിടുകയില്ല എന്നുള്ളതു് സ്പഷ്ടമാണ്. ഇവിടെ നടന്ന എല്ലാ പ്രക്ഷോഭണങ്ങളുടേയും പ്രവർത്തനങ്ങളുടേയും അസംതൃപ്തിയുടേയും കാരണങ്ങൾ ഇവിടത്തെ തൊഴിലില്ലായ്മയും പട്ടിണിയുമാണെന്നു നാം മനസ്സിലാക്കേണ്ടതാണ്. വിദ്യാഭ്യാസസമ്പ്രദായത്തിൽക്കൂടിത്തന്നെ മനുഷ്യനു ജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ, അഥവാ ആയുധങ്ങൾ സംഭാവന ചെയ്യുന്നതായ സാങ്കേതിക വിദ്യാഭ്യാസപദ്ധതി ഇവിടെ സ്വീകരിക്കാത്തതു മൂലമാണ് ഇവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതിരിക്കുന്നതു്. ഇവിടത്തെ ജനകീയ ഗവൺമെണ്ട് സംജാതമായതിനുശേഷം ഇവിടെ വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസപദ്ധതി ജനങ്ങൾക്കു് സുഖമായി ജീവിക്കുവാനും സംതൃപ്തിയോടുകൂടി കഴിയുന്നതിനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാത്ത വിധത്തിലാണെന്നുള്ളതു് പരിതാപകരമാണ്. ഇവിടെ കോൺഗ്രസ്സ് ഗവൺമെണ്ടാണ് അധികാരത്തിൽ ഇരിക്കുന്നതു്. കോൺഗ്രസ്സ്കക്ഷിയാണ് ഭരണം നടത്തുന്നതു്. തീർച്ചയായും കാൺഗ്രസ്സ് അതിന്റെ ശരിയായ നില പാലിക്കണം. കോൺഗ്രസ്സ് അധികാരത്തിലിരിക്കുന്ന രാജ്യങ്ങളിലെല്ലാം മഹാത്മാഗാന്ധിയുടെ ബേസിക്ക് വിദ്യാഭ്യാസ പദ്ധതിയനുസരിച്ചുള്ള വിദ്യാഭ്യാസം നടപ്പിലാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഗാന്ധിജിയുടെ വിദ്യാഭ്യാസപദ്ധതിയിലെ ഒരു ഭാഗം തീർച്ചയായും എല്ലാ രാജ്യക്കാർക്കും സ്വീകാര്യമാണ്. ഒരു മനുഷ്യനു സാങ്കേതികമായ വിദ്യാഭ്യാസം നൽകുന്നതിനു അതായതു്, അതാതു രാജ്യത്താവശ്യമുള്ള എല്ലാ സാധനങ്ങളും അവിടവിടെ ഉല്പാദിപ്പിക്കത്തക്കവണ്ണമുള്ള ഒരു സ്വയംപര്യാപ്തമായ രാഷ്ട്രം നിർമ്മിക്കുവാനുള്ള ഒരു പദ്ധതിയാണ് മഹാത്മജി വിഭാവനം ചെയ്തിട്ടുള്ളതു്. അങ്ങിനെയുള്ള ഒരു പദ്ധതിയെ വിസ്മരിച്ചുകൊണ്ടു് കോൺഗ്രസ്സ് ഗവൺമെണ്ടുകൾ മുമ്പോട്ടു പോയാൽ അവർ എത്രയധികം രൂപാ പോലീസിനും പട്ടാളത്തിനുംവേണ്ടി ചെലവാക്കിയാലും ജനങ്ങളുടെ ഇടയിൽ വളർന്നു വരുന്ന അതൃപ്തിയേയും അസമാധാനത്തേയും തടയുവാൻ സാദ്ധ്യമല്ലെന്നു വ്യക്തമാണ്. രാജ്യത്തു കാണുന്ന അസ്വസ്ഥതയെ കമ്യൂണിസ്റ്റുകാരുടേയും സോഷ്യലിസ്റ്റുകാരുടേയും പേരിൽ അടിച്ചൊതുക്കാമെന്നു വിചാരിക്കുന്നതു് ലോകചരിത്രത്തിൽ കാണാത്ത ഒരു കാര്യമായി മാത്രമെ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. അസ്വസ്ഥതയുടേയും അസംതൃപ്തിയുടേയും ശരിയായ കാരണങ്ങൾ കണ്ടുപിടിച്ചു അവയെ പരിഹരിക്കുന്നതിനുപകരം വിശന്നു കരയുന്ന ഒരാളെ തല്ലിയതുകൊണ്ടോ അയാളെ ഭയപ്പെടുത്തി കരയിക്കാതിരിക്കുന്നതുകൊണ്ടോ വിശപ്പിനു പരിഹാരം ഉണ്ടാകയില്ലെന്നു് ഓർക്കേണ്ടതാണ്. അങ്ങനെ അസ്വസ്ഥതയോടുകൂടി മുമ്പോട്ടു വരുന്നവരെ കമ്യൂണിസ്റ്റുകാരുടെ പേരിൽ തല്ലിയതുകൊണ്ടു്

പ്രശ്നത്തിനു പരിഹാരം നേടുന്നില്ല. ഏതു് അന്തരീക്ഷത്തിലായിരിക്കണം വിദ്യാഭ്യാസമെന്നുള്ളതാണു് ഇവിടത്തെ പ്രശ്നം. വിദ്യാഭ്യാസം മനുഷ്യനു് ജീവിക്കാനുതകത്തക്കവണ്ണം വിപുലീകരിക്കണമെന്നുള്ളതാണു് പ്രശ്നം. അതുകൊണ്ടു് മഹാത്മജിയുടെ ബേസിക്കു് വിദ്യാഭ്യാസപദ്ധതി ഇവിടെ നടപ്പിലാക്കുന്നതിനു വേണ്ട പദ്ധതികൾ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു നിലവിലുള്ള വിദ്യാഭ്യാസരീതിയെപ്പററി ചിലതു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നു യഥാർത്ഥത്തിൽ ശ്രേഷ്ഠമായ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അതു് അദ്ധ്യാപകന്മാർ മാത്രമാണു്. മററുള്ള ഉദ്യോഗങ്ങളെല്ലാംതന്നെ ഈ രാജ്യത്തു് ലേലം വിളിച്ചാൽ ശമ്പളം കൂടാതെ ജോലിചെയ്യാൻ ആളുകൾ മുമ്പോട്ടു വരത്തക്കവിധത്തിൽ ക്രമക്കേടുകളും അഴിമതിയും നിറഞ്ഞവയാണു്. അദ്ധ്യാപകവൃത്തി നൂറു ശതമാനവും സേവനംകൊണ്ടു് നിറഞ്ഞതാണു്. അങ്ങിനെയുള്ള അദ്ധ്യാപകന്മാരുടെ സ്ഥിതി ഇന്നു് വളരെ ദയനീയമാണു്. അദ്ധ്യാപകന്മാക്കു് അവർ അർഹിക്കുന്ന പ്രോത്സാഹനം ഇന്നു ലഭിക്കുന്നില്ലെന്നു മാത്രമല്ല, അവക്കു എന്തെങ്കിലും സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ അധികാരികൾ ശ്രദ്ധിക്കുന്നുമില്ല. ഇതു ഏററവും പരിതാപകരമാണു്. ഒരദ്ധ്യാപകനു് അയാളുടെ സ്വദേശത്തേക്കു് ഒരു സ്ഥലംമാററം കിട്ടാൻ അയാളുടെ സർവ്വീസുകാലം മുഴുവൻ, അതായതു മുപ്പതുകൊല്ലം ശ്രമിച്ചിട്ടു് കിട്ടാതിരിക്കുമ്പോൾ ഉദ്യോഗത്തിൽ പ്രവേശിച്ചതിൻെറ ആദ്യ ദിവസം മുതൽ പെൻഷനാകുന്നതുവരെ സ്വദേശത്തുതന്നെ ഉദ്യോഗത്തിലിരിക്കുന്ന ചില അദ്ധ്യാപകന്മാരെയും നമുക്കു കാണുവാൻ കഴിയും. അങ്ങിനെയുള്ള അനീതികൾ പരിഹരിക്കുന്നതിനു ഡിപ്പാർട്ടുമെണ്ടു് മേലിൽ ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ഇന്നത്തെ യൂണിയൻ ഗവമ്മെണ്ടിനു പ്രാഥമിക വിദ്യാഭ്യാസം സംബന്ധിച്ചു ശക്തവും വ്യക്തവുമായ ഒരു നയമില്ലെന്നുള്ളതിനെ പ്രത്യേകം ചൂണ്ടിക്കാണിച്ചു സംസാരിക്കുവാനാണു് ഞാനാഗ്രഹിക്കുന്നതു്. ആദ്യമായി പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നും പ്രൈവററു് ഏജൻസികളിൽക്കൂടി അതു നടത്തുന്ന പക്ഷം കാര്യക്ഷമമായിരിക്കുകയില്ലെന്നുമുള്ള ഒരഭിപ്രായഗതി ഈ സഭാമണ്ഡലത്തിൽത്തന്നെ ഇതിനുമുമ്പൊരവസരത്തിൽ, ഒരുപക്ഷെ സർ. സി. പി. രാമസ്വാമിഅയ്യരുടെ കാലത്തായിരിക്കാം, ഉണ്ടായിരുന്നുവെന്നു ഈ അസംബ്ലി നടപടികൾ പരിശോധിക്കുമ്പോൾ നമുക്കു കാണാൻ കഴിയും. എൻെറ ബഹുമാന്യസ്നേഹിതന്മാരായ ശ്രീ. കെ. എ. മാത്യുവും, ശ്രീ. നേശമണിയും ഈ സംഗതി സംബന്ധിച്ചു് ഇതിനുമുമ്പൊരവസരത്തിൽ അതായതു് പ്രൈവററു സ്കൂളദ്ധ്യാപകന്മാക്കു് നേരിട്ടുകൊണ്ടിരിക്കുന്ന വിഷമതകളെക്കുറിച്ചു് പറ്റി ആലോചിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ ഈ സ്കൂളുകളെല്ലാം ഗവമ്മെണ്ടു് ഏറെറടുക്കേണ്ടതാണെന്നുള്ള അവരുടെ അഭിപ്രായം വ്യക്തമായ ഭാഷയിൽ ഈ സഭാമണ്ഡപത്തിൽ മുഴക്കുകയുണ്ടായി. അതിനുശേഷം ഇപ്പോഴും അതേ നിലയിൽത്തന്നെ എൻെറ സ്നേഹിതൻ ശ്രീ. നേശമണി അവർകൾ ഉറച്ചുനില്ക്കുന്നതായി ഞാൻ വിശ്വസിക്കുന്നു. എന്നാൽ എൻെറ മാന്യസ്നേഹിതൻ ശ്രീ. മാത്യു ആകട്ടെ അദ്ദേഹത്തിൻെറ മുന്നഭിപ്രായത്തിൽനിന്നു വഴുതിവഴുതി, ഇപ്പോൾ അദ്ദേഹം നിൽക്കുന്ന നില നോക്കുന്നപക്ഷം, പ്രൈവററു് ഏജൻസികളെ സൈ്വരമായി വിഹരിക്കുന്നതിനു അനുവദിക്കുകയാണു വേണ്ടതെന്നും അദ്ധ്യാപകന്മാരുടെ സങ്കടങ്ങൾ ഇതിനകം പരിഹരിക്കപ്പെട്ടിട്ടില്ലെങ്കിലും ആ നയമാണു സ്വീകരിക്കേണ്ടതെന്നും പലയവസരങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടു് എന്നു കാണാവുന്നതാണു്.

ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളതു് നമ്മുടെ ബഡ്ജററിൻെറ ഒന്നാം ഭാഗം നോക്കുന്നപക്ഷം ഈ യൂണിയൻ ഗവമ്മെണ്ടു് ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസനയത്തെക്കുറിച്ചു നോക്കുമ്പോൾ കാണുന്നതു്, ഗവമ്മെണ്ടു് ഉയന്നുവരുന്നതിനു പകരം താണു വരുന്നതായിട്ടാണു്. അങ്ങനെ താണുവരുന്നതിനുള്ള കാരണം എന്താണെന്നു ആലോചിക്കേണ്ടതാണു്. ൧൯൫൪-ൽ ആകെ ഒരുകോടി അൻപതുലക്ഷത്തിൽ ചില്വാനം രൂപാ വിദ്യാഭ്യാസത്തിനു എസ്റ്റിമേററു് ചെയ്തിട്ടുണ്ടെങ്കിലും ഒരു കോടി നാല്പത്തിരണ്ടു ലക്ഷം രൂപയാണു് ഇവിടത്തെ റിവൈസ്ഡു് എസ്റ്റിമേററിൽ ചേത്തിരിക്കുന്നതു്. എന്നാൽ ൧൯൫൫-ൽ ൯൭ ലക്ഷം രൂപയാണു് ആകെ വിദ്യാഭ്യാസത്തിനു നീക്കിവെച്ചിരിക്കുന്നതു്. ഈ കണക്കുവെച്ചുകൊണ്ടു നോക്കുന്നപക്ഷം ഇതൊരു ഉയച്ചയല്ലാ താഴ്ചയാണു് എന്നു വ്യക്തമായിക്കാണാവുന്നതാണു്. അതുപോലെ പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ചു ബഡ്ജററു് പരിശോധിക്കുന്നപക്ഷം കാണുന്നതു് ൬൪ ലക്ഷം രൂപാ റിവൈസ്ഡു് എസ്റ്റി

[Sri. A. K. Pachu Pillai]
മേററിൽ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ വെറും നാൽപ്പത്തിമൂന്നുലക്ഷം രൂപാ മാത്രമാണ് ഈ ഏഴരമാസത്തേക്ക് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു് ഏഴരമാസത്തേക്ക് ൪൧ ലക്ഷം രൂപായാണ്. ഇതിനുമുമ്പു പറഞ്ഞ സംഖ്യ ഏഴ മാസത്തേക്കുള്ളതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങനെയാണെങ്കിലും ആകെ കണക്കു നോക്കുന്നപക്ഷം ഇതു് ശരിയായ ഒരു ഉയർച്ച അല്ലെന്നു പറയാൻ സാധിക്കും. ഈ നിലയ്ക്കു് എന്തുകൊണ്ടു വ്യക്തവും ശക്തവുമായ ഒരു നില പ്രാഥമികവിദ്യാഭ്യാസനയം സംബന്ധിച്ചു ഈ ഗവമ്മെണ്ടു് പ്രഖ്യാപനം ചെയ്യുന്നില്ലെന്നാണ് ഞാൻ ചോദിക്കുന്നതു്? ഇതു തീച്ചയായും മൗലികമായ ഒരു പ്രശ്നമാണെന്നു ഗവമ്മെണ്ടുപ്രതിനിധികളും സമ്മതിക്കുകതന്നെ ചെയ്യും. ഈ പ്രശ്നത്തിൽ വ്യക്തമായ ഒരു നയമില്ലാതെ എന്തുകൊണ്ടു് അവർ ഒഴിഞ്ഞുമാറിനിൽക്കുന്നുവെന്നു ഞാൻ വിനയപൂർവ്വം ചോദിച്ചുകൊള്ളട്ടെ. ഒരു മതേതര രാഷ്ട്രമാണ് ഇൻഡ്യയുടെ ലക്ഷ്യമെന്നു സുവ്യക്തമായ നിലയിൽ നമ്മുടെ ഭരണാധികാരികൾ ഇതിനകം പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. അപ്രകാരമുള്ള ഒരു മതേതര രാഷ്ട്രം സൃഷ്ടിക്കുന്നതിനു അനുകൂലമായ ഒരു നയം ഇവിടെ വിദ്യാഭ്യാസകാര്യത്തിൽ സ്വീകരിക്കേണ്ടതാണെന്നുള്ള കാര്യം അവിതക്കിതമാണ്. ഒരു മതേതരരാഷ്ട്രം നമുക്കു കെട്ടിപ്പടുക്കണമെങ്കിൽ അതിനു അനുകൂലമായ എല്ലാ പരിപാടികളും നാം സ്വീകരിക്കണം. ഇതൊരു ചതുരംഗക്കളി അല്ല; അതിനുള്ള കളവുമല്ല. ഒരുപക്ഷെ ഈ വിഷയത്തിലുള്ള തങ്ങളുടെ അഭിപ്രായവ്യത്യാസംകൊണ്ടു് മന്ത്രിസഭയിലെ അംഗങ്ങൾ തമ്മിൽ സ്വല്പം അകന്നു എന്നു വരാം. അങ്ങനെയാണ് അവരുടെ അഭിപ്രായമെങ്കിൽ തീച്ചയായും അവർ അവിടെ ഇരിക്കണമോ വേണ്ടയോ എന്നുള്ള പ്രശ്നം നോക്കാതെ വ്യക്തവും ശക്തവുമായ ഒരു നില സ്വീകരിക്കണമെന്നാണ് എൻെറ അഭിപ്രായം. ഏതു നയം സ്വീകരിച്ചാലാണ് മന്ത്രിമാർ അവരുടെ സ്ഥാനങ്ങളിൽ ചിരപ്രതിഷ്ഠരായിരിക്കാൻ സാധിക്കുന്നതെന്ന സംഗതി നോക്കേണ്ട ഒരു വിഷയമല്ല ഇതു്. അങ്ങനെ ഇതിനെ ടെസ്റ്റ് കേസ്സായി എടുക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. (ബെൽ)

*The House adjourned for lunch at 1 p.m. and reassembled at 2 p.m. with Mr. Speaker (The Hon'ble Sri. T. M. Varghese) in the Chair.*

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, സറണ്ടർ സ്കൂളുകളോടു ഇപ്പോൾ ഗവമ്മെണ്ടു് അനുവത്തിച്ചുവരുന്ന നയമനുസരിച്ചു ഗവമ്മെണ്ടു് വലിയ കരാർ ലംഘനം അവരോടു ചെയ്യുന്നുവെന്നു നാട്ടിൽ ഒരു പരസ്യമായ വത്തമാനമുണ്ടു്. അനേകം മാനേജുമെണ്ടുകളും തല്പരകക്ഷികളും അതേ സംബന്ധിച്ചു പല വ്യക്തമായ ആരോപണങ്ങളും കൊണ്ടുവന്നിട്ടുണ്ടു്. അതുകൊണ്ടു അതു സംബന്ധിച്ചു ഒരു ആവണക്കെണ്ണനയം സ്വീകരിക്കാതെ ഗവമ്മെണ്ടു് അവരോടു നീതിപൂർവ്വം പ്രവത്തിക്കണമെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. വിജ്ഞാനസമ്പത്തു വദ്ധിപ്പിക്കുവാൻവേണ്ടി പ്രയത്നിക്കുന്ന അദ്ധ്യാപകന്മാരെ പട്ടിണിയിൽനിന്നും രക്ഷിക്കുവാൻ തക്കവണ്ണം വ്യക്തവും സുനിശ്ചിതവുമായ നടപടികൾ സ്വീകരിച്ചു, ഒരു തത്വത്തെ അടിസ്ഥാനമാക്കി, പ്രവത്തിക്കണമെന്നു മാത്രമേ എനിക്കു ഈ അവസരത്തിൽ പറയുവാനുള്ളു.

**Sahib Bahadur A. Abdul Razaak:** Is the hon'ble member in order in addressing the House particularly in the absence of the Hon'ble Minister concerned?

**The Hon'ble Sri. A. J. John:** I am representing the Hon'ble Minister for Education now.

**Mr. Speaker:** That is all right.

**Sri. A. K. Pachu Pillai:** If I have been listened to, I have no grievance.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെക്കുറിച്ചു ഒരദ്ധ്യാപകനെന്ന നിലയിൽ എന്തെങ്കിലും പറയേണ്ട ചുമതല എനിക്കുണ്ടു്. അതുകൊണ്ടു് ൫ മിനിട്ടിൽ കൂടുതൽ സമയം അനുവദിക്കണമെന്നപേക്ഷിക്കുന്നു.

മി. സ്പീക്കർ: ൫ മിനിട്ടുകൊണ്ടു് തീക്കാമോ എന്നു നോക്കണം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ൫ മിനിട്ടു മാത്രമേ എനിക്കു സംസാരിക്കുവാൻ സമയം അനുവദിക്കുകയുള്ളുവെങ്കിൽ അത്രയും സമയം അനുവദിച്ചതിനു നന്ദി പറഞ്ഞുകൊണ്ടു് ഞാൻ അതിനെ ഉപേക്ഷിക്കുന്നു.

മി. സ്പീക്കർ: ൮ മിനിട്ടുകൊണ്ടു തീർക്കാമോ എന്നു നോക്കണം എന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, വിദ്യാഭ്യാസസംബന്ധമായി അവിടെയും ഇവിടെയും എച്ചുകെട്ടികൊണ്ടുള്ള നമ്മുടെ പാരമ്പര്യം ഉപേക്ഷിക്കേണ്ട കാലം ആസന്നമായിരിക്കുന്നുവെന്നാണ് എനിക്കാദ്യമായി പറയാനുള്ളതു്. വിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളുന്ന എല്ലാ കാര്യങ്ങൾക്കും പ്രശ്നങ്ങൾക്കും സമാധാനമുണ്ടാക്കുവാൻ പുതിയ ഭാവനാശക്തിയോടുകൂടി ഒരു പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നുവെന്നു പറയാതെ തരമില്ല. അപ്രകാരം ചെയ്യാതെ നമ്മുടെ വിദ്യാഭ്യാസപ്രശ്നം പരിഹരിക്കപ്പെടുന്നതല്ലെന്നുള്ള വസ്തുത നാം മനസ്സിലാക്കേണ്ടതാണ്. നാം വിദ്യാഭ്യാസത്തെ ദേശസാൽക്കരിക്കണമെന്നു പറയുമ്പോൾ അതിൽ ഉൾക്കൊള്ളുന്ന എല്ലാ പ്രശ്നങ്ങളേയും വകതിരിച്ചു മനസ്സിലാക്കണം. വിദ്യാഭ്യാസത്തിൽ എന്നും ഉണ്ടായിട്ടുള്ള സംശയം, നാം കുട്ടികൾക്കു് പ്രദാനം ചെയ്യുന്നതു ഏതു രീതിയിലുള്ള വിദ്യാഭ്യാസമായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചാണ്. നാം പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസം, കുട്ടികൾക്കു പ്രയോജനപ്പെടത്തക്കതാണോ അല്ലയോ എന്നുള്ളതിനെപ്പറ്റിയാണ്, പ്രധാനമായി ചിന്തിക്കേണ്ടതു്. ആ ചിന്ത ദേശീയവൽക്കരണത്തിന്റെ ഒന്നാമത്തെ പടിയായിരിക്കണമെന്നുള്ളതു് പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. ഈ സംഗതിയെക്കുറിച്ചു് പരിചിന്തിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസരീതിയിൽ വളരെ വളരെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അടങ്ങിയിട്ടുണ്ടെന്നു കാണാം. ഇന്നത്തെ വിദ്യാഭ്യാസപദ്ധതി പരിഷ്കരിക്കുമ്പോൾ ഇന്നുള്ള ദോഷങ്ങളെ ശാസ്ത്രീയമായ രീതിയിൽ പരിഹരിച്ചു്, ബുദ്ധിപരവും പുരോഗമനപരവുമായ ഒരു പദ്ധതി രൂപീകരിക്കാമെന്നാണ് വിദ്യാഭ്യാസധുരന്ധരനായ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോടു് എനിക്കപേക്ഷിക്കുവാനുള്ളതു്. ശാസ്ത്രീയബുദ്ധിയോടുകൂടിയ, യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാൻ മതിയായ ഭാവനാസമ്പത്തു് നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്കും അതുവഴിയായി നമ്മുടെ ഭാവി തലമുറകൾക്കും ഉണ്ടാകുമെങ്കിൽ അതായിരിക്കും ദേശവല്ക്കരണത്തിന്റെ പ്രാരംഭപടിയെന്നു ഗവൺമെണ്ടിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ പണ്ടത്തെ പുസ്തകങ്ങൾ ഇന്നത്തെ വിദ്യാർത്ഥികളുടെ സ്വഭാവസംസ്കരണത്തിനു് ഏതുവിധത്തിൽ സഹായകം ആകുമെന്നുള്ളതു പരിശോധിച്ചറിയേണ്ടതാണ്. തൽസംബന്ധമായ ജോലികൾക്കായി വിദഗ്ദ്ധന്മാരുൾപ്പെട്ട ഒരു കമ്മിററിയെ രൂപീകരിച്ചു പുസ്തകങ്ങളുണ്ടാക്കി രാഷ്ട്രത്തിന്റെ ഉത്തരവാദിത്വത്തിന്മേൽ പ്രസിദ്ധപ്പെടുത്തുകയും അതാതു സമയങ്ങളിൽ അവ സ്കൂളുകളിൽ എത്തിച്ചുകൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുകയും വേണമെന്നു് ഞാൻ ഗവൺമെണ്ടിനെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഈ വിഷയത്തിൽ കൊച്ചിയിലും തിരുവിതാംകൂറിലും ചില പരിശ്രമങ്ങൾ ഇതിനകം നടന്നിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. പക്ഷെ ആ പരിധി വിട്ടു കുറേക്കൂടി സമർത്ഥമായ രീതിയിൽ ഈ പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്കു് ദയവുണ്ടാകണമെന്നു ഞാൻ അദ്ദേഹത്തോടപേക്ഷിക്കുന്നു. ഇതു ശരിപ്പെടുത്തിയതിനു ശേഷം മാത്രമേ നാം വിദ്യാഭ്യാസദേശവൽക്കരണത്തിലേക്കു കടക്കാവൂ എന്നും എനിക്കു് അഭ്യർത്ഥനയുണ്ടു്. സ്കൂൾ ചുമരുകളും അതിനകത്തുള്ള ടേബിളും ബഞ്ചും മററു സാമാനങ്ങളും സർക്കാരിലേക്കെടുത്താൽ വിദ്യാഭ്യാസദേശവൽകരണമായില്ല. അതു് ഒടുക്കത്തെ പടിയാണ്. നാം ഉദ്ദേശിക്കുന്ന വിധം ദേശസാൽക്കരണമാകണമെങ്കിൽ വിദ്യാഭ്യാസം നൽകുന്നതിനു സമർത്ഥരും പരീക്ഷായോഗ്യതയുള്ളവരുമായ അദ്ധ്യാപകന്മാരുണ്ടായിരിക്കണം. സംസ്കാരസമ്പന്നന്മാരും വിദ്യാപതികളുമായ അദ്ധ്യാപകന്മാർ മുഖാന്തിരം നമ്മുടെ യുവഹൃദയങ്ങൾക്കു വിദ്യാവിതരണം ചെയ്യണം. അപ്രകാരം ജീവിതായോധനത്തിൽ സുധീരം പോരാടുന്നതിനുള്ള കഴിവു് വിദ്യാർത്ഥികൾക്കുണ്ടാക്കിക്കൊടുക്കണം. അതിനു ഒന്നാമതായി ചെയ്യേണ്ടതു് എല്ലാ അദ്ധ്യാപകന്മാരേയും നാഷണൽ സ്പിരിറേറാടുകൂടി ദേശീയാധിഷ്ഠാനത്തിൽ സംഘടിപ്പിക്കുകയാണ്. പ്രാഥമിക വിദ്യാലയങ്ങളേയും സെക്കണ്ടറി വിദ്യാലയങ്ങളേയും സംബന്ധിച്ചുള്ള വിവരങ്ങൾ വിദ്യാഭ്യാസസംബന്ധമായി ഇംഗ്ലണ്ടിൽനിന്നു പുറപ്പെട്ട പല റിപ്പോർട്ടുകളും വായിച്ചാൽ കിട്ടും. അങ്ങിനെയുള്ള റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഇന്നുള്ള പ്രാഥമിക വിദ്യാലയങ്ങളെ പുനഃസംഘടിപ്പിക്കണമെന്നു ഞാൻ ബഹു: വിദ്യാഭ്യാസമന്ത്രിയെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. കൗണ്ടി സിസ്റ്റം അനുസരിച്ചുള്ള വിദ്യാഭ്യാസം ഏർപ്പെടുത്തിയാലേ പ്രാഥമികവിദ്യാഭ്യാസപ്രശ്നത്തിനു സമാധാനമാവുകയുള്ളു. അതിൽതന്നെ ആദ്യമായി ഇന്നത്തെ പ്രാഥമികാ

[Sri. Joseph Mundasseri]
ധ്യാപകന്മാർക്ക് ജീവിക്കുവാനുള്ള കഴിവുണ്ടാക്കിക്കൊടുക്കുവാൻ നമുക്കു സാധിക്കുന്നില്ലെങ്കിൽ നമ്മുടെ പരിശ്രമങ്ങൾ വിഫലങ്ങളാകയേ ഉള്ളു. ഇക്കാര്യം സഫലമാകണമെങ്കിൽ ബഹു. വിദ്യാഭ്യാസമന്ത്രിയുടേയും സഹമന്ത്രിമാരുടേയും സവിശേഷമായ ഭാവനാശക്തി പ്രയോഗിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അതുപോലെതന്നെ സെക്കണ്ടറി ക്ലാസുകളുടെ ഘട്ടങ്ങളിലേക്കു കടക്കുമ്പോൾ നമ്മുടെ ശാസ്ത്രീയബുദ്ധി കൂടുതൽ പ്രയോഗിക്കത്തക്കവണ്ണം വേണ്ട സൌകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അതിനുവേണ്ടി പത്താംക്ലാസ്സുമുതൽ പോളിടെക്‌നിക്ക് ഏർപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതം. പോളിടെക്‌നിക്ക് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഏർപ്പെടുത്തി നമ്മുടെ യുവാക്കന്മാരെ പ്രവർത്തനപദ്ധതിയിലേക്ക് തിരിച്ചുവിട്ട് അവർക്കു ജീവസന്ധാരണമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളതായിരിക്കണം, നമ്മുടെ നവീന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നാണ് എനിക്കു തോന്നുന്നതു്. അങ്ങനെയുള്ള വിദ്യാഭ്യാസപദ്ധതി ഏർപ്പെടുത്തിയെങ്കിൽ മാത്രമേ ഇന്റർമീഡിയെററ് വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ആയിരക്കണക്കിനുള്ള വിദ്യാർത്ഥികൾക്കു നേരിടുന്ന തൊഴിലില്ലായ്മയെ പരിഹരിക്കുവാൻ സാധിക്കുകയുള്ളു. ബി. എ. ക്ലാസ്സിൽ വരുമ്പോൾ നമ്മുടെ കാളേജുകളിൽ കുട്ടികളുടെ എണ്ണം കുറവാണ്. ഇന്റർമീഡിയററ ക്ലാസ്സിൽ നേരെ മറിച്ചും. ഇന്നത്തെ വിദ്യാഭ്യാസരീതിയെ ഇപ്പടി മുമ്പോട്ടു പോകുവാൻ അനുവദിച്ചാൽ അതു അവരുടെ ജീവസന്ധാരണത്തിനു പര്യാപ്തമാകയില്ല. വീണ്ടും ഞാൻ പറയുന്നു! പോളിടെക്‌നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തി ഈ യുവാക്കന്മാർക്ക് ജീവിക്കുവാനുള്ള കഴിവുണ്ടാക്കിക്കൊടുക്കുകയാണ് ഇന്നു വിദ്യാഭ്യാസധുരന്ധരന്മാരുടേയും ബഹു: മന്ത്രിയുടേയും രാഷ്ട്രത്തിന്റേയും പ്രഥമവും പ്രധാനവുമായ ചുമതല.

അതുപോലെതന്നെ നമ്മുടെ ആർട്ട്സ് കോളേജുകളെ സംബന്ധിച്ചും ചില ക്രമീകരണങ്ങൾ അത്യാവശ്യമാണ്. ഇക്കാര്യത്തിൽ യൂണിവേഴ്‌സിററി അധികൃതരും മന്ത്രിയും വിദ്യാഭ്യാസവിദഗ്ദ്ധന്മാരുംകൂടി ആലോചിച്ചു ഒരു തീരുമാനം ചെയ്യണം. വിദ്യാഭ്യാസത്തെ സഹായിക്കുവാൻ തയ്യാറുള്ള സമുദായസംഘടനകളും വ്യക്തികളും പണവുമായി മുമ്പോട്ടുവന്നാൽ അതിനെ ഗവമ്മെണ്ടു സ്വാഗതംചെയ്യേണ്ടതാണ്. കോളേജുജീവിതം ശാസ്ത്രീയമായ വഴിയിൽകൂടി നമ്മുടെ യുവലോകത്തിനു വിദ്യാഭ്യാസം പ്രദാനംചെയ്യാൻ നാം ചുമതലപ്പെട്ടിരിക്കുന്നു. കാളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി വന്നിട്ടുള്ള വിദ്യാർത്ഥികളുടേയും ശ്രദ്ധ ശാസ്ത്രമണ്ഡലങ്ങളിലേക്ക് തിരിച്ചുവിടേണ്ടതാണ്. മഹാത്മാഗാന്ധി, ബേസിക്ക് വിദ്യാഭ്യാസപദ്ധതി ഈ രാജ്യത്തു പ്രോത്സാഹിപ്പിക്കണമെന്നു പറഞ്ഞതിലും ഈ വീക്ഷണഗതി ഉണ്ടു്. ബേസിക്കു വിദ്യാഭ്യാസപദ്ധതിയിൽ രണ്ടു ഗുണങ്ങളുണ്ടു്. ഒന്നാമതായി ഒരുവന്റെ എല്ലാ അവയവങ്ങളേയും ഉപയോഗിച്ചു തൊഴിൽചെയ്യത്തക്കവണ്ണമുള്ള വിദ്യാഭ്യാസം നൽകുക എന്നതാണ്. മറെറാന്നു കുട്ടികൾക്കത്യാവശ്യമുള്ള പ്രാഥമിക ജ്ഞാനം ഏററവും എളുപ്പത്തിൽ പ്രദാനംചെയ്യുക എന്നതും. ഈ രണ്ടുദ്ദേശത്തോടുകൂടി ആണ് മഹാത്മാഗാന്ധി ബേസിക്ക് വിദ്യാഭ്യാസപദ്ധതി ഏർപ്പെടുത്തിയതെന്നു തോന്നുന്നു. നിർബന്ധിത വിദ്യാഭ്യാസം ഏർപ്പെടുത്തണമെന്നു നാം വാശിപിടിക്കുന്ന ഈ ഘട്ടത്തിൽ പ്രത്യേകിച്ചു ചില കാര്യങ്ങൾ ഓക്കേണ്ടതാണ്. ബേസിക്ക് വിദ്യാഭ്യാസപദ്ധതി ജാതിതൊഴിലിനെ അടിസ്ഥാനമാക്കി വലിയ സംസ്കാരമില്ലാത്ത ആളുകളുടെ ഇടയിലും രാജ്യത്തിലും നടപ്പാക്കാൻ സാധിച്ചുവെന്നുവരാം. അവിടെ അതു് തികച്ചും പ്രായോഗികമാക്കാം. പക്ഷെ ഉയന്ന സംസ്കാരത്തിന്റെ കേന്ദ്രമായ നമ്മുടെ പട്ടണങ്ങളിലേയും മററും വിദ്യാർത്ഥികൾക്കു ബേസിക്കു വിദ്യാഭ്യാസം നൽകുന്നതിനു പകരം പോളിടെക്‌നിക്കൽ വിദ്യാഭ്യാസം ചെയ്തുകൊടുക്കുന്നതാണ് ഏററവും അഭികാമ്യമായിട്ടുള്ളതെന്നാണ് എന്റെ അഭിപ്രായം. തന്മൂലം അവർക്ക് ശാസ്ത്രീയരീതിയിൽ തൊഴിൽപരിശീലനത്തിനുള്ള കഴിവുണ്ടാകുന്നു. ബേസിക്ക് എഡ്യൂക്കേഷന്റെ കഴിവുകളെ യഥാർത്ഥം മനസ്സിലാക്കി അതിന്റെ ശരിയായ നന്മ അനുഭവിക്കത്തക്കവണ്ണം ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയെ സംസ്കരിക്കണമെന്നുള്ളതിൽ എനിക്കഭിപ്രായവ്യത്യാസം ഇല്ല. ഇതിലെല്ലാം ഉപരിയായി, നമ്മുടെ വിദ്യാഭ്യാസപദ്ധതി പുനഃസംവിധാനംചെയ്യുമ്പോൾ ഇന്നത്തെ അദ്ധ്യാപകന്മാരുടെ നില ഉയത്താൻ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ് എന്നും പറഞ്ഞുകൊള്ളട്ടെ. അതിനുവേണ്ടി നാം ഒരുകാര്യം പ്രത്യേകം ചെയ്യേണ്ടതാണ്. വിദ്യാഭ്യാസത്തിന്റെ പേരിൽ ഈ രാജ്യത്തു് അഞ്ചു വയസ്സിനു മേലുള്ള കുട്ടികളുടെ കയ്യിൽനിന്നും പിരിക്കുന്ന സംഖ്യ വിദ്യാഭ്യാസത്തിനുവേണ്ടിയല്ലാതെ മററു യാതൊന്നിന്റേയും പേരിൽ

ചേലവാക്കാൻ പാടില്ലെന്നുള്ള ഒരു നിർബന്ധം ഈ രാജ്യത്തിന്റെ ചരിത്രത്തിൽ ഉണ്ടാകണം. വിദ്യാർത്ഥികളിൽനിന്നും പിരിക്കുന്ന റവന്യൂ കൈകാര്യംചെയ്യുമ്പോൾ മറെറന്തിനെങ്കിലും ആ സംഖ്യ ഉപയോഗിക്കുകയോ അതിൽനിന്നും ലാഭമെടുക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. (The fee collected from the pupils is a national wealth.) പക്ഷെ ഇതു പറയുമ്പോൾ നമ്മുടെ പ്രൈവററ വിദ്യാലയങ്ങളുടെ മാനേജരന്മാർ കെട്ടിടം കെട്ടി ഉപകരണങ്ങളും ഉണ്ടാക്കി നമുക്കു വിദ്യാഭ്യാസസൗകര്യം ഉണ്ടാക്കിത്തരുന്നതിനെ അടുത്ത നിമിഷത്തിൽ നിഷേധിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. പ്രൈവററ ഏജൻസികളുടെ സഹായം ഇന്നത്തെ രാഷ്ട്രത്തിന് ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല. അദ്ധ്യാപകന്മാരുടെ പരീക്ഷായോഗ്യത, പഠനരീതി, ശമ്പളം, അവരുടെ സ്വാതന്ത്ര്യം ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും ശരിയായ ഒരു നില ഉണ്ടെങ്കിൽ മാത്രമേ നമ്മുടെ രാജ്യത്തുള്ള എല്ലാവർക്കും ശരിയായ വിദ്യാഭ്യാസം നൽകുവാൻ സാധിക്കുകയുള്ളു. അദ്ധ്യാപകന്മാർക്ക് മനുഷ്യത്വത്തോടുകൂടി, സുഖമായി, മര്യാദയോടുകൂടി ജീവിക്കത്തക്കവിധത്തിലുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതു് എത്രയും ആവശ്യമാണു്. ൨൫,൦൦൦-ൽപരം അദ്ധ്യാപകന്മാർ ഈ രാജ്യത്തു് പത്തു രൂപാ ശമ്പളം വാങ്ങിക്കൊണ്ടു ജീവിക്കുന്നുവെന്നു പറയുന്നതിനെ വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഇത്രയും അധികം ആളുകൾ ഈ ശമ്പളംകൊണ്ടു മനുഷ്യരായി ജീവിക്കണമെന്നു സാമൂഹ്യരാഷ്ട്രത്തിന്റെ അധിപർ ആഗ്രഹിക്കുന്നെങ്കിൽ അതൊരു പാതകമായിരിക്കും. ഏതായാലും ഈ ദുർഭരമായ ഭാരം വഹിക്കുന്ന നമ്മുടെ അദ്ധ്യാപകവൃന്ദത്തെ ഉദ്ധരിക്കുവാൻതക്കവണ്ണം ഈ രാഷ്ട്രത്തിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൽ നമ്മുടെ വിദ്യാഭ്യാസത്തെ സംസ്ക്കരിക്കുവാൻതക്ക പുതിയ സംഘടന (Public Corporation) നമ്മുടെ ബഹു. മന്ത്രി എല്ലാവരുടേയും സഹകരണത്തോടുകൂടി വിഭാവനംചെയ്യണമെന്നാണു് എനിക്കു അദ്ദേഹത്തോടു് അപേക്ഷിക്കുവാനുള്ളതു്.

വിദ്യാഭ്യാസത്തെക്കുറിച്ചു് ഈ നാട്ടിൽ ചിന്തിക്കുന്നതു വിദഗ്ദ്ധന്മാരായിരിക്കണമെന്ന സംഗതിയും ഞാൻ വിനീതമായി സൂചിപ്പിച്ചുകൊള്ളട്ടെ. വിദഗ്ദ്ധന്മാർ ഇല്ലാത്ത സ്ഥലത്തു് എല്ലാവരും വിദഗ്ദ്ധന്മാരാകുക ലോകസ്വഭാവമാണു്. എന്നാൽ ഉള്ള സ്ഥലങ്ങളിൽ അവരുമായി ആലോചിച്ചു വേണ്ടതു ചെയ്യേണ്ടതാണെന്നാണു് എനിക്കു പറയുവാനുള്ളതു്. സാർജൻറ കമ്മിററി റിപ്പോർട്ടും, ബട്ട്ലർ കമ്മിററി റിപ്പോർട്ടും, ബേസിക്ക് എഡ്യൂക്കേഷൻ റിപ്പോർട്ടും സാവധാനം പരിശോധിച്ചു വിദഗ്ദ്ധമായി ഒരു തീരുമാനത്തിലെത്തണം. പുതിയ പദ്ധതികൾ രൂപവല്ക്കരിക്കുമ്പോൾ വിദഗ്ദ്ധന്മാരുടേയും വിദഗ്ദ്ധജ്ഞാനത്തിന്റേയും സഹകരണം അനുപേക്ഷണീയമെന്നു ചുരുക്കം.

ശ്രീ. അലക്സാണ്ടർ വാകയിൽ: സർ, വിദ്യാഭ്യാസവിതരണത്തിൽ അത്യധികം പരിശ്രമിക്കുന്ന പ്രൈവററു് ഏജൻസികളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ ഗവർമ്മെണ്ടു ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനായിട്ടാണു് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതു്. വിദ്യാഭ്യാസവിതരണത്തിൽ എല്ലാരാജ്യങ്ങളിലും പ്രൈവററു് ഏജൻസികൾ ചെയ്യുന്ന സഹകരണങ്ങളെ നാം കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതായിട്ടുണ്ടു്. തിരുവിതാംകൂറിൽ ഇന്നു് അക്ഷരാഭ്യാസത്തിന്റെ ശതമാനം അറുപത്തിനാലുവരെ ആയിരിക്കുന്നതിന്റെ പ്രധാനകാരണംതന്നെ പ്രൈവററു് ഏജൻസികൾ ആ വിഷയത്തിൽ ചെയ്തുവരുന്ന നിസ്വാർത്ഥസേവനത്തിന്റെ പരിണതഫലമാണെന്നു ഞാൻ പറയും. കൊച്ചിയിലുള്ള ഒന്നാം ഗ്രേഡു കാളേജുകളിൽ ആറും പ്രൈവററ മാനേജുമെൻറുകളുടെ വകയാണു്. അതുപോലെതന്നെ തിരുവിതാംകൂറിൽ പത്തു കാളേജുകൾ ഇന്നു പ്രവർത്തനം ചെയ്യുന്നുണ്ടെങ്കിൽ എട്ടും പ്രൈവററു് ഏജൻസികളുടെ വകയാണു്. തിരുവിതാംകൂറിൽ ആകെ നൂററി എഴുപത്തിരണ്ടു ഹൈസ്കൂളുകൾ സ്വകാര്യ ഏജൻസിയുടെ വകയായി കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നു. എന്നാൽ ഡിപ്പാർട്ടുമെൻറൽ ഹൈസ്കൂളുകൾ ൪൨ മാത്രമേയുള്ളു. ഇങ്ങനെ നോക്കുകയാണെങ്കിൽ പ്രൈവററു് ഏജൻസികളാണു് വിദ്യാഭ്യാസത്തെ പുരോഗമനപരമായ രീതിയിൽ കൊണ്ടുപോരുന്നതെന്നുള്ള സംഗതി നാം മനസ്സിലാക്കേണ്ടതാണു്. എന്നാൽ തിരുവിതാംകൂറിൽ പ്രൈവററു് ഏജൻസികളോടു വിദ്യാഭ്യാസവിഷയകമായി ഒരു ചിററമ്മനയമാണു് അനുവർത്തിച്ചുവരുന്നതെന്നുള്ള സംഗതി ഞാൻ വ്യസനപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. കൊച്ചിയിൽ പ്രൈവററ പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ൩൦ മുതൽ ൫൦ വരെ രൂപയാണു്. അവർക്കു് ഇരുപതു രൂപാ അലവൻസും ഉണ്ടു്. ഒരു പ്രൈവററ സ്കൂൾ അദ്ധ്യാപകനായി നിയമിതനായാൽ ഉടൻതന്നെ ഒരാൾക്കു് ഈ അൻപതു രൂപാ കിട്ടുന്നതാണു്. മാനേജുമെൻറുകൾക്കു വേണ്ടിവരുന്ന ചിലവിൽ ൨൫ ശത

[Sri. Alexander Vakayil]

മാനം ഗവമ്മെണ്ടു ഗ്രാൻറായി നൽകുന്നുണ്ടു്. മൈസൂരിൽ പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ൩൫ മുതൽ ൫൫ രൂപാവരെയാണ്. മദ്രാസിൽ ൪൫ രൂപാ മുതൽ ൮൫ രൂപാവരെ അവക്കു ശമ്പളമുണ്ടു്. തിരുവിതാംകൂറിൽ കഴിഞ്ഞ വഷംവരെ ഗ്രാൻറ് സ്കൂൾ അദ്ധ്യാപകന്മാക്കു കിട്ടിവന്നിരുന്ന ശമ്പളം എട്ടുരൂപയാണു്. ഇത്ര നിസ്സാരമായ ഒരു ശമ്പളം കൊടുത്തുകൊണ്ടു് ഇത്ര ചുമതലയേറിയ ജോലി അവരെക്കൊണ്ടു ചെയ്യിക്കുന്നതു യാതൊരു ഗവമ്മെണ്ടിനും ഭംഗിയല്ലെന്നുള്ള സംഗതി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. എന്നാൽ, ജനകീയഗവമ്മെണ്ടു് ഇവിടെ സ്ഥാപിതമായതോടുകൂടി പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം പതിനഞ്ചു രൂപയും, അലവൻസ് പന്ത്രണ്ടു രൂപയും കൊടുത്തുവരുന്നു. പക്ഷെ, ഷിഫ്ററ് സ്കൂളുകളിൽ മാത്രമേ ഈ സമ്പ്രദായമുള്ളു; ഷിഫ്ററില്ലാത്ത സ്കൂളുകളിലുംകൂടി ഈ സമ്പ്രദായം, അതായതു ൨൭ രൂപാ അദ്ധ്യാപകനു കൊടുക്കണമെന്നു് ഈ നിയമസഭയുടെ ആരംഭം മുതൽതന്നെ മുറവിളികൂട്ടി. ഷിഫ്ററ് സമ്പ്രദായം ഫാക്ടറികളിൽ മാത്രമേയുള്ളു. മദ്രാസിൽ ഷിഫ്ററ് സമ്പ്രദായം ഒരിക്കൽ ഏർപ്പെടുത്തുകയും അതു വിജയകരമല്ലാതെ തീയിത്തീരുകയും ചെയ്തു. ഇവിടെ അബ്ദുള്ള കമ്മിററി ഷിഫററ സമ്പ്രദായം നിറുത്തണമെന്നു നിർദ്ദേശം അയച്ചു. ഗവമ്മെണ്ടു് ആ നിർദ്ദേശത്തെ അവഗണിക്കുകയാണു് ചെയ്തതു്. ഡിനാമിനേഷനൽ സ്കൂളുകൾ നിറുത്തണമെന്നും അബ്ദുള്ളാ കമ്മിററി നിർദ്ദേശിച്ചു. അതും ഗവമ്മെണ്ടു് അവഗണിച്ചു.

ശ്രീ. കെ. എ. മാത്യു: അബ്ദുള്ളാ കമ്മിററിയുടെ റിപ്പോർട്ടിനെ അവഗണിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. അലക്സാണ്ടർ വാകയിൽ: ഡിനാമിനേഷനൽ സ്കൂളുകൾ നിറുത്തണമെന്നു അബ്ദുള്ളാ കമ്മിററി നിർദ്ദേശിച്ചില്ല. അതു ഓമ്മപ്പിശകാണു്. എല്ലാ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാക്കും ൨൭ രൂപാ ശമ്പളം കൊടുക്കണമെന്നു് അബ്ദുള്ളാ കമ്മിററി റിപ്പോർട്ടു ചെയ്തതിനെ ഗവമ്മെണ്ടു നിരസിച്ചു എന്നാണു് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു മററുള്ള പ്രൈവററ സ്കൂൾ അദ്ധ്യാപകന്മാരെപ്പോലെ ഡിനാമിനേഷനൽ സ്കൂളുകളിലെ അദ്ധ്യാപകന്മാക്കും ൨൭ രൂപാ ശമ്പളം കൊടുക്കേണ്ടതാണു്. സമുദായസൌഹാർദ്ദത്തിന്റെ പേരിൽ ഡിനാമിനേഷനൽ സ്കൂളുകൾ നിറുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. എന്നാൽ അങ്ങനെ നിറുത്തുന്നില്ലെങ്കിൽ അവക്കും ഈ ശമ്പളം കൊടുക്കേണ്ടതാണു്. സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകന്മാക്കു കിട്ടുന്ന ശമ്പളവും വളരെ തുച്ഛമാണു്. പ്രൈവററ സെക്കണ്ടറി സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ അറുപതോ എഴുപതോ രൂപാ ശമ്പളം വാങ്ങിച്ചുകൊണ്ടു കാര്യക്ഷമമായി പ്രവത്തനം നടത്തുന്നുണ്ടു്. സാധാരണ ഗ്രാഡ്വെയിററ് അദ്ധ്യാപകന്മാക്കു പ്രൈവററ് സ്കൂളുകളിൽ നാല്പതോ അൻപതോ രൂപാ മാത്രമേ ശമ്പളമുള്ളു. എന്തുകൊണ്ടു പ്രൈവററ് സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകന്മാക്കു ഡിപ്പാർട്ടുമെൻറൽ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാക്കു കൊടുക്കുന്ന ശമ്പളനിരക്കു് അനുവദിച്ചുകൂടാ എന്നു ഞാൻ ചോദിക്കുന്നു. പതിനായിരം രൂപാ മാത്രമാണു് പ്രൈവററ സെക്കണ്ടറി സ്കൂളുകളിലെ ഗ്രാൻറിനായി തിരുവിതാംകൂർ ബഡ്ജററിൽ നീക്കിവെച്ചിട്ടുള്ളതു്. നേരെമറിച്ചു് അങ്ങനെ കൊടുത്തുകഴിഞ്ഞിട്ടു നഷ്ടം വരുന്ന തുകയിൽ, ൮൭ ശതമാനം കൊച്ചിയിലെപ്പോലെ ഗവമ്മെണ്ടു മാനേജുമെൻറിനു കൊടുക്കണം. ഗവമ്മെണ്ടു പ്രൈവററ സ്കൂൾ അദ്ധ്യാപകന്മാരോടു നീതിയോടും ദയവായും പെരുമാറേണ്ടതാണു്. അവർ എത്രയോ കാര്യക്ഷമമായി പ്രവത്തിനം ചെയ്തുവരുന്നു. എല്ലാകാര്യത്തിലും പണമില്ലെന്നു പറയുന്നതുപോലെ ഇക്കാര്യത്തിൽ പറഞ്ഞാൽ പററുകയില്ല. സെൻട്രൽ ഗവമ്മെണ്ടിൽ കഴിഞ്ഞകൊല്ലം രണ്ടുകോടി രൂപയാണു് വിദ്യാഭ്യാസത്തിനായി അനുവദിച്ചിരുന്നതു്. ഇക്കൊല്ലം അതു് അഞ്ചുകോടിയിൽ ചിലവാനമായി വദ്ധിപ്പിച്ചിട്ടുണ്ടു്. ഇതിൽനിന്നും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എത്രയുണ്ടെന്നു കാണാവുന്നതാണു്.

മറെറാന്നു പറയുവാനുള്ളതു്, സ്കൂളുകൾ തുറക്കുന്നതിനു മുമ്പുതന്നെ അദ്ധ്യാപകന്മാരുടെ നിയമനം കഴിഞ്ഞിരിക്കണം. കുട്ടികൾക്കു അഡ്മിഷനും കൊടുത്തുകഴിഞ്ഞിരിക്കണം. പ്രൈവററ സ്കൂൾ അദ്ധ്യാപകന്മാരുടെ പെൻഷൻ വയസ്സു് ൬൦ ആക്കണം. അങ്ങനെയുള്ള നല്ലനല്ല പദ്ധതികളും പരിഷ്കാരങ്ങളും കൊച്ചിയിൽ ഏർപ്പെടുത്തിയ ഒരു മഹൽവ്യക്തിയാണു് ഇപ്പോഴത്തെ നമ്മുടെ ഐക്യസംസ്ഥാനത്തെ വിദ്യാഭ്യാസമന്ത്രിസ്ഥാനത്തെ അലങ്കരിക്കുന്നതു്. അദ്ദേഹത്തിന്റെ സമത്ഥവും കാര്യക്ഷമവുമായ ഭരണത്തിൽ ഐക്യ

സംസ്ഥാനവിദ്യാഭ്യാസരംഗത്തു സന്തോഷവും സമാധാനവുമുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: എത്രതന്നെ ആവർത്തിച്ചാലും മതിയാകുന്ന ഒന്നല്ല വിദ്യാഭ്യാസകാര്യം. നമ്മെ സംബന്ധിച്ചിടത്തോളം ഇതു് വലിയ ഒരു സംഗതിയുമാണു്. നമ്മെ സംബന്ധിച്ചു് എന്നു പറഞ്ഞതു കൊച്ചിയും തിരുവിതാംകൂറും സംയോജനം നടന്നതിനു ശേഷമുള്ളതിനെയാണു്. ഈ ഭാരതത്തിൽ— ഇന്ത്യ— നാട്ടുരാജ്യങ്ങൾ ഉള്ളതിൽ തമ്മിൽ സംയോജിക്കുവാൻ അർഹമായതു് ഒന്നുണ്ടെങ്കിൽ അതു് കൊച്ചിയും തിരുവിതാംകൂറുമാണു്. ഇവിടത്തെ സാമ്പത്തികനിലയെപ്പരിഗണിച്ചോ അല്ലെങ്കിൽ ഇവിടത്തെ ജനങ്ങളുടെയെല്ലാം മററു് ഏതെങ്കിലും തരത്തിലുള്ള ഉന്നതിയെ പരിഗണിച്ചോ അല്ല ഈ സംയോജനം സമാദരിക്കാൻ സെൻട്രൽ ഗവമ്മെൻറു് തീരുമാനിച്ചതു്. പരമാർത്ഥത്തിൽ കൊച്ചിയും തിരുവിതാംകൂറും വിദ്യാഭ്യാസവിഷയകമായി നോക്കിയാൽ ഈ ഘട്ടത്തിൽ ഒന്നിക്കേണ്ടതുതന്നെയാണു്. ഈ രണ്ടു രാജ്യങ്ങളും വിദ്യാഭ്യാസവിഷയത്തിൽ മററു് സകല നാട്ടുരാജ്യങ്ങളുടേയും മുന്നണിയുടെ മുന്നണിയിലാണു് നിന്നിരുന്നതു് എന്നും ഇന്നും നിന്നുവരുന്നതെന്നും ഉള്ള സംഗതി സർവ്വവിദിതമാണു്. നമ്മുടെ ആളുകൾക്കുള്ള സംസ്കാരത്തിൻെറയും പരമ്പരാഗതമായ സൽഗ്ഗുണങ്ങളുടേയും ഫലമാണു് നാം ഇന്നു സംയോജിക്കപ്പെട്ടിരിക്കുന്നതു്. അങ്ങനെ ഇന്നു പ്രജാധിപത്യഭരണകൂടം എന്നു് സാർവ്വത്രികമായി പരിഗണിക്കപ്പെടാൻ ഉള്ള വിഷയമുണ്ടെങ്കിൽ അതു വിദ്യാഭ്യാസവിഷയമാണു്. എന്നാൽ, നമ്മുടെ വിദ്യാഭ്യാസത്തിൻെറ നില വാസ്തവത്തിൽ നാം അർഹിക്കുന്നത്ര മുന്നിലല്ല നില്ക്കുന്നതു്. അതിൻെറ കാരണം ഈ വിഷയത്തിൽ ഇതുവരെ ശരിയായ ഒരു നയം ഉണ്ടായിട്ടില്ല എന്നുള്ളതാണു്. അതു് ഇന്നത്തെ ഭരണകൂടവും സമ്മതിച്ചുകഴിഞ്ഞിട്ടുണ്ടു്. നാട്ടിൻെറ നാനാഭാഗത്തുനിന്നും ഇതിനെപ്പററിയുള്ള ആക്ഷേപങ്ങളും വിമർശനങ്ങളും വന്നിട്ടുള്ളതിൽനിന്നും ഇതു് മനസ്സിലാക്കാവുന്നതാണു്. നമുക്കു് പല കുറവുകളുമുണ്ടു്, പല കുററങ്ങളുമുണ്ടു്. നോക്കുക! ധാരാളം പള്ളിക്കൂടങ്ങൾ നമുക്കില്ലേ? എന്നാൽ, പഠിപ്പിക്കുന്നതിനു് ആവശ്യമായ അദ്ധ്യാപകന്മാരില്ല, വേണ്ടുവോളം സാമഗ്രികളില്ല. പരിസരങ്ങളില്ല; വേണ്ടുന്ന വേതനവുമില്ല. സർക്കാർ പള്ളിക്കൂടങ്ങളും സഹായധനം വാങ്ങിക്കുന്ന പള്ളിക്കൂടങ്ങളും ഇവിടെ ഉണ്ടു്. എന്നാൽ, സർക്കാർ പള്ളിക്കൂടങ്ങളിലേയും സഹായധനം വാങ്ങുന്ന പള്ളിക്കൂടങ്ങളിലേയും നില തമ്മിൽ താരതമ്യപ്പെടുത്തിനോക്കുകയാണെങ്കിൽ വാസ്തവത്തിൽ സഹായധനം വാങ്ങുന്ന പള്ളിക്കൂടങ്ങളാണു് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതു്. പരമാർത്ഥത്തിൽ രണ്ടിലേയും സ്ഥിതി മോശമാണു്. അതായതു്, കെട്ടിടത്തിൻെറ നില, അദ്ധ്യാപകന്മാരുടെ ശമ്പളം, അവരുടെ ജീവിതരീതി, അവർക്കു് ലഭിച്ചുകൊണ്ടിരിക്കുന്ന വേതനം മുതലായ കാര്യങ്ങളിൽ എല്ലാ സ്കൂളുകളും പിന്നോക്കംതന്നെയാണു്. അച്ചടക്കത്തിൻെറ കാര്യമായാലും അതും ഇതുപോലെതന്നെ. ഞാൻ പറഞ്ഞതു സർക്കാർ പള്ളിക്കൂടങ്ങളും മററു സ്കൂളുകളും പരമാർത്ഥത്തിൽ നല്ല നിലയിലല്ല സ്ഥിതിചെയ്യുന്നതെന്നും എന്നാൽ പ്രൈവററ് വിദ്യാലയങ്ങൾക്കു് സർക്കാർ പള്ളിക്കൂടങ്ങളേക്കാൾ താരതമ്യേന മെച്ചമുണ്ടെന്നും ആണു്. എന്നാൽ, സഹായധനം വാങ്ങുന്ന വിദ്യാലയങ്ങൾക്കു് ശരിയായിട്ടുള്ള വിധത്തിൽ ഗ്രാൻറില്ല. സാധനസാമഗ്രികൾ ഉണ്ടോ? അതും ഇല്ല. ജീവിക്കുവാൻപോലുമുള്ള വേതനവും ഇല്ല. ഏതു പള്ളിക്കൂടങ്ങളിൽ പോയി നോക്കിയാലും അഭിമാനത്തോടുകൂടി ഉത്സാഹത്തോടുകൂടി പ്രവർത്തനം നടത്തേണ്ട അദ്ധ്യാപകന്മാർ ഒട്ടിയ വയറോടും, കുഴിഞ്ഞ കണ്ണുകളോടുംകൂടി നിരാശനായിത്തീർന്നിരിക്കുന്നതായി കാണാം. അങ്ങനെയുള്ള അദ്ധ്യാപകനു് എന്തു വിദ്യാഭ്യാസമാണു കുട്ടികൾക്കു കൊടുക്കുവാൻ കഴിയുന്നതു്, സന്മനസ്സുണ്ടായാൽപോലും! അതിനാൽ പാഠപുസ്തകങ്ങൾ മാറുന്നതിനു മുമ്പു്, വിദ്യാർത്ഥികൾക്കു് ജീവിതസൌകര്യം ഉണ്ടാക്കുന്നതിനുമുമ്പു് അദ്ധ്യയനം നൽകേണ്ട അദ്ധ്യാപകനു് അവൻെറ ജീവിതത്തിനു മതിയായ ശമ്പളം നൽകുവാൻ ആദ്യമായി ആലോചിക്കേണ്ടതാണു്. അന്നവിചാരം മുന്നവിചാരമാണെന്നു് മറക്കരുതു്. ഇതിനെസംബന്ധിച്ചു് എനിക്കു് അതാണു് പറയാനുള്ളതു്.

അനേകം വിധത്തിലുള്ള പദ്ധതികൾ തുടർന്നുകൊണ്ടുപോകുന്നതു് അസാദ്ധ്യമാണു്. നമുക്കു് ഇപ്പോൾ ഏതാണു അത്യാവശ്യം അതു് ആദ്യം എടുക്കണം. കൊച്ചിയിൽ എട്ടുപേരെ ഗവമ്മെൻറു് ബേസിക് എഡ്യൂക്കേഷൻ പരിശീലനത്തിന്നായി വാർദ്ധായിൽ അയച്ചു. അവർ പരിശീലനം കഴിഞ്ഞു തിരിച്ചുവന്നു. അവർക്കു് ജോലി കൊടുക്കുവാൻ സാധിച്ചില്ല. ഇപ്പോൾ, നിർബ്ബന്ധവിദ്യാഭ്യാസം വേണമെന്നുള്ളതാണു മറെറാരു പദ്ധതി.

[Sri. Sebastian Thoppil] :

ഇന്ന് സമുദ്രതീരവാസികളുടെയിടയിൽ വിദ്യാഭ്യാസം തീരെയില്ല. നാം മററു സ്ഥലങ്ങളിൽ നിർബ്ബന്ധവിദ്യാഭ്യാസം തുടങ്ങുന്നതിനു മുമ്പ് അവരുടെയിടയിലാണ് ആദ്യമായി ആ പദ്ധതി കൊണ്ടുവരേണ്ടതു്. കൊച്ചിയിൽ അന്ധവിദ്യാലയങ്ങളും, ബധിരവിദ്യാലയങ്ങളുമുണ്ട്. അവ തിരുവിതാംകൂറിലുണ്ടോ എന്നറിഞ്ഞുകൂടാ. തിരുവിതാംകൂറിൽ ബധിരവിദ്യാലയങ്ങളും അന്ധവിദ്യാലയങ്ങളും ഇല്ലെങ്കിൽ അതും ആരംഭിക്കുന്നതു് നന്നായിരിക്കും. എതെല്ലാം ആരംഭിച്ചാലും അവ വിജയപ്രദമാകണമെങ്കിൽ മാനമായി ജോലി ചെയ്യാനുള്ളത്ര വേതനം ജോലി ചെയ്യുന്നവക്ക് നല്കേണ്ടതു ഗവമ്മേൻറിൻെറ കടമയാണെന്ന ബോധം ഉണ്ടായിരിക്കണം.

**Sri. P. Nanu :** Sir, on a point of order. Standing Order 25 (1) says "After the member who moves has spoken other members may speak on the motion in such order as the Speaker may call upon them."

ഈ Discretion ഉപയോഗിച്ചാണ് അങ്ങ് മെമ്പറന്മാരെ പ്രസംഗിക്കാൻ വിളിക്കുന്നതെന്നു ഞാൻ കരുതുന്നു. ആ സ്ഥിതിക്ക് ഈ സഭയിലുള്ള മറെറതെങ്കിലും അംഗത്തിൻെറ അഭിപ്രായം ആ വിഷയത്തിൽ സ്വീകാര്യമാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : Discretion ഉപയോഗിക്കുന്നതിനെസംബന്ധിച്ച് ഒരു പോയിൻറ് ആഫ് ആർഡർ ആയിട്ട് ഉന്നയിക്കേണ്ടതല്ലെങ്കിലും അതിൻെറ വിവരം പറയാം. Discretion ആലോചന കൂടാതെ ഉണ്ടാകുന്നതല്ല. ആലോചനയിൽ സഭയിലെ അംഗങ്ങളുടെ അഭിപ്രായവും പരിഗണിക്കുന്നതിൽ തെറെറാന്നുമില്ല.

ശ്രീ. പി. നാണു : സർ, എൻെറ ചോദ്യം അതല്ല. അങ്ങ് Discretion ഉപയോഗിക്കുമ്പോൾ ഈ സഭയിലുള്ള മറെറാരു മെമ്പറുടെ അഭിപ്രായംകൂടി എടുക്കുമോ എന്നാണ് എൻെറ ചോദ്യം.

മി. സ്പീക്കർ : അതിനു ഉത്തരം പറഞ്ഞുകഴിഞ്ഞു. രണ്ടാമതും ഉത്തരം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. Discretion എന്നു പറയുന്നതിൽ സ്വന്തം ആലോചനയെ സഹായിക്കുന്നതിനു അംഗങ്ങളുടെ അഭിപ്രായം അറിയരുതെന്നില്ല. എന്നാൽ അവരുടെ തീരുമാനം അതേപടി സ്വന്തതീരുമാനമായി എടുക്കയതെന്നേ ഉള്ളൂ.

ശ്രീ. പി. നാണു : ഒരു പാർട്ടിയിൽനിന്നും തന്നിരിക്കുന്ന ലിസ്റ്റിനെ ആ പാർട്ടിയിൽപ്പെട്ട ഒരാൾതന്നെ നിഷേധിക്കുകയാണെങ്കിൽ (ആ ലിസ്ററു ഞാൻ നിഷേധിക്കുന്നു.) പിന്നെ ആ ലിസ്ററു അങ്ങ് സ്വീകരിക്കുമോ എന്നാണ് ഞാൻ ചോദിക്കുന്നതു്.

മി. സ്പീക്കർ : അതിനെപ്പററി സന്ദർഭം ഉത്ഭവിക്കുമ്പോൾ വേണ്ടതുപോലെ പ്രവർത്തിക്കും

ശ്രീ. യു. കെ. വാസുദേവൻ ആശാരി : സർ, ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവമ്മെണ്ട് ഭരണം നടത്തിവരുന്ന ഈ അവസരത്തിൽ ജനങ്ങളോടു പ്രത്യക്ഷമായല്ലെങ്കിലും പരോക്ഷമായിട്ടെങ്കിലും ഉത്തരവാദം വഹിക്കുന്ന ഈ രാജ്യത്തെ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പരിതാപകരമായ അവസ്ഥ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടേയും, മന്ത്രിസഭാംഗങ്ങളുടേയും ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതാണ് എൻെറ ഉപക്ഷേപംകൊണ്ട് ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്. സർ, കൊച്ചിയിലെ കാര്യങ്ങളെപ്പററി വളരെ ഒന്നും എനിക്ക് അറിവില്ലെങ്കിലും തിരുവിതാംകൂറിനെപ്പററി പറയുകയാണെങ്കിൽ ഇവിടത്തെ വിദ്യാഭ്യാസത്തിൻെറ സിംഹഭാഗവും ഏറെറടുത്തിരിക്കുന്നതു് പ്രൈവററ് ഏജൻസികൾ ആണെന്നു് സ്ഥിതിവിവരക്കണക്കുകൾകൊണ്ട് നമുക്ക് വളരെ മുമ്പെ ബോദ്ധ്യപ്പെട്ടിട്ടുള്ള ഒരു പച്ചപരമാർത്ഥമാണ്. ഗവമ്മെണ്ട് ഒരു ദശവത്സരപദ്ധതിമൂലം പ്രൈമറി വിദ്യാഭ്യാസം ദേശിയവൽക്കരിക്കുന്നതിന് തീർച്ചയാക്കിയിരിക്കുന്നതുകൊണ്ട് പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാരുടെ നിലയെപ്പററി ഒട്ടു വളരെ പറയണമെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ എൻെറ ഇപ്പോഴത്തെ പ്രസംഗവിഷയം മിഡിൽ സ്കൂളുകളിലേയും ഹൈസ്കൂളുകളിലേയും അദ്ധ്യാപകന്മാരുടെ നിലയെപ്പററി മാത്രമാണ്. വിദ്യാഭ്യാസത്തിൻെറ ചുമതല അധികഭാഗവും പ്രൈവററ് ഏജൻസികൾ ആണ് എടുത്തിരിക്കുന്നതു്. ആ പ്രൈവററ് ഏജൻസികൾ മുഖാന്തിരമുള്ള വിദ്യാഭ്യാസം നടത്തുന്നതിന് ഒരു തരത്തിൽ ചുമതല വഹിക്കുന്ന അദ്ധ്യാപകന്മാരുടെ മുറവിളി എത്രയോനാൾകൊണ്ട് അധികൃതരുടെ അടുക്കലേയ്ക്കു് പാഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ അവരുടെ അവശതകൾ പരിഹരിക്കത്തക്ക ഒരു മനോഭാവം ജനങ്ങളിൽനിന്നോ ഭരണകൂടത്തിൽനിന്നോ ഇതുവരെ ഉണ്ടായിട്ടില്ലെന്നുള്ളതു് ഏററവും പരിതാപകരമായ

ഒരു കാര്യമാണെന്ന് ഹൃദയവേദനയോടുകൂടി അറിയിച്ചുകൊള്ളുന്നു. ഇന്ന് തിരുവിതാംകൂറിലെ സ്ഥിതി നോക്കുകയാണെങ്കിൽ ൨൩൧ ഹൈസ്കൂളുകൾ ഉള്ളതിൽ ൩൭൩ എണ്ണം പ്രൈവററ് ഏജൻസികൾ നടത്തുന്നതാണ് ൪൨ എണ്ണം ഗവണ്മെണ്ട് നടത്തുന്നുണ്ട്. ഈ പ്രൈവററ് സ്കൂളുകളിൽ ൯൧,൬൩൯ കുട്ടികൾ പഠിക്കുന്നുണ്ട്. ഗവണ്മെണ്ട് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ ൨൭൩൭൯ മാത്രമാണ്. മിഡിൽ സ്കൂളിനെപ്പററി പറയുകയാണെങ്കിൽ ആകെയുള്ളത് ൫൫൦ സ്കൂളുകളാണ്. അതിൽ ൨൧൧ സ്കൂളുകൾ ഗവണ്മെണ്ടും ൧൩൭ സ്കൂളുകൾ പ്രൈവററ് ഏജൻസികളും ആണ് നടത്തുന്നത്. ഗവണ്മെണ്ട് നടത്തുന്ന സ്കൂളുകളിൽ ആകപ്പാടെ ൨൭,൧൬൦ കുട്ടികളാണ് ഉള്ളത്. എന്നാൽ പ്രൈവററ് സ്കൂളുകളിൽ ൩,൩൮,൭൭൦ കുട്ടികൾ പഠിക്കുന്നുണ്ട്. അങ്ങിനെ നോക്കുകയാണെങ്കിൽ രാജ്യത്തിന്റെ ഭാവിക്കുവേണ്ടി നിലകൊള്ളേണ്ട കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും അവരുടെ പ്രവൎത്തനങ്ങൾ ശരിയായ പാന്ഥാവിൽകൂടി നയിക്കുന്നതിനും ചുമതലക്കാരായ ഈ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാരുടെ ഇന്നത്തെ കഷ്ടതകളെ പരിഗണിച്ച് അവക്ക് ദൈനംദിനമുള്ള ജീവിതത്തിന് പര്യാപ്തമായ നില വരുത്തിക്കൊടുക്കേണ്ടതു അധികൃതരുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കടമയാണ്. ഈ വിഷയത്തെപ്പററി പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർ സ്വന്തനിലയിലും സംഘടനകൾ മുഖേനയും അധികൃതരെ സമീപിച്ചിട്ടും അതിനു വേണ്ടത്ര പരിഹാരം ഉണ്ടാകാതെ അവശേഷിക്കയാണ് ചെയ്യുന്നതു്. പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർ ശരിയായിട്ടുള്ള നിലയിൽ അദ്ധ്യയനം നടത്തുന്നതിന് എന്റെ സ്നേഹിതൻ ശ്രീ. സബാസ്ത്യൻ തോപ്പിൽ പറഞ്ഞതുപോലെ അവക്ക് വയറുനിറയെ ഭക്ഷണം കഴിക്കുന്നതിനുള്ള ശമ്പളം കൊടുക്കേണ്ടതും അന്തസ്സായി ജീവിതം നയിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതും വളരെ അത്യാവശ്യമാണ്. ഇന്നു അതു് ചെയ്യാതിരിക്കുന്നതു് പരിതാപകരമായ ഒരു സംഗതിയാണ്. ഈ നിലയിലുള്ള അവരുടെ അവശതകൾ പരിഹരിക്കുന്നതിന് അവർ അധികൃതരേയും ഭരണകൂടത്തേയും സമീപിച്ചിട്ട് ഒരു നിവൃത്തിമാൎഗ്ഗവും ഉണ്ടായിട്ടില്ലെന്നുള്ളതു് വളരെ കഷ്ടമാണ്. ഏതെങ്കിലും അസ്വസ്ഥതകൾ ഉണ്ടാക്കുന്ന കൂട്ടൎക്ക് മാത്രമേ അല്ലമെങ്കിലും സൗജന്യം ഗവണ്മെണ്ടിൽനിന്നും ഉണ്ടാവുകയുള്ളൂ എന്നതു് നാം ദിവസംപ്രതി കണ്ടുവരുന്ന ഒരു സംഗതിയാണ്. പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർ ചുമതലാബോധത്തോടുകൂടി പ്രവൎത്തിക്കുന്നവരായതുകൊണ്ടാണ് ആ മാതിരിയുള്ള പ്രസ്ഥാനങ്ങൾക്ക് ആരംഭിക്കുന്നതിന് മുതിരാതിരിക്കുന്നതു്. അതുകൊണ്ടാണ് പ്രത്യേകിച്ചു് അവരുടെ കാൎയ്യം കാരുണ്യത്തോടുകൂടി വീക്ഷിക്കേണ്ടതു് ഇന്നത്തെ ഭരണകൂടത്തിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കടമയാണെന്ന് ഞാൻ പറയുന്നതു്.

ഇനി എനിക്കു് പറയാനുള്ളതു് ബഡ്ജററിനെ സംബന്ധിക്കുന്ന ഒരു കാര്യമാണ്. ഒരു രാജ്യത്തിന്റെ ശോഭനമായ ഭാവിക്ക് നിദാനമായിരിക്കുന്നതു് വിദ്യാഭ്യാസമാണെങ്കിലും അവിടത്തെ വ്യവസായങ്ങളും അതോടൊപ്പംതന്നെ പുരോഗമിക്കേണ്ടതാണ്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ ചില വ്യാവസായികമായിട്ടുള്ള സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഏതാണ്ട് രണ്ടുലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്. ഇങ്ങിനെ രണ്ടുലക്ഷം രൂപ ബഡ്ജററിൽ കൊള്ളിക്കുന്നതിനുള്ള സന്മനോഭാവം പ്രദൎശിപ്പിച്ചിട്ടുള്ളതുകൊണ്ടു് മാത്രം തൃപ്തിപ്പെടാതെ ആ മാതിരി—(ബെൽ)

ശ്രീ. ടി. എം. സന്നലൻ: സർ, ആശിച്ചിരുന്ന ഐക്യകേരളമല്ലെങ്കിലും തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനമെങ്കിലും സംജാതമായി ജനകീയ ഗവണ്മെണ്ട് ഭരണം നടത്തുന്ന ഈ അവസരത്തിൽ ജനതക്ക് പല പ്രതീക്ഷകളും ഉണ്ട്.

ഈ വിദ്യാഭ്യാസപരിഷ്കാരത്തിൽതന്നെ അടിസ്ഥാനവിദ്യാഭ്യാസം (Basic education) ആരംഭിക്കുമെന്നായിരുന്നു ജനങ്ങളുടെ പ്രതീക്ഷ. അടിസ്ഥാനവിദ്യാഭ്യാസം ആരംഭിക്കുന്നപക്ഷം തൊഴിലില്ലായ്മക്ക് അല്പമെങ്കിലും പരിഹാരം ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ വിദ്യാഭ്യാസം സിദ്ധിക്കുന്നപക്ഷം മുതലാളി തൊഴിലാളി എന്ന ഇടുങ്ങിയ മനസ്ഥിതിയും ഇല്ലാതാകും.

ഈ സംസ്ഥാനത്തിലെ അദ്ധ്യാപകന്മാരുടെ പ്രത്യേകിച്ചും എയിഡഡ് അദ്ധ്യാപകന്മാരുടെ അവശതകളെ ബഹുമാനപ്പെട്ട ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. കൊച്ചിയിലെക്കാൾ കുറവാണ് തിരുവിതാംകൂർ അദ്ധ്യാപകന്മാരുടെ ശമ്പളം. തിരുവിതാംകൂറിലെ അദ്ധ്യാപിക അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പററി ആലോചിച്ചാൽ ലജ്ജയും പരിതാപവും തോന്നുന്നു. കൊച്ചിയിലും തിരുവിതാംകൂറിലും

[Sri. T. M. Sannalan] :
ശമ്പളത്തിലും മററം ഏകീകരണം വരുത്തുവാൻ പോകുന്നു എന്നു കേട്ടപ്പോൾ തിരുവിതാംകൂറിലെ പട്ടിണിപ്പാവങ്ങളായ അദ്ധ്യാപികാ അദ്ധ്യാപകന്മാർ തെല്ലൊന്നു സമാധാനപ്പെട്ടിരിക്കുകയായിരുന്നു. പക്ഷെ ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്റെ ശ്രദ്ധ പതിഞ്ഞുകാണാത്തതിൽ അവർ നിരാശയിലെത്തിച്ചേർന്നിരിക്കുകയാണു്.

തിരുവിതാംകൂറിലെ എനിക്കു് അറിഞ്ഞുകൂടാ, കൊച്ചിയിൽ ഒരു സക്കാർ അദ്ധ്യാപകനു് ഒരു ഉറുപ്പിക കിട്ടുന്ന സ്ഥാനത്തു് എയിഡഡു് അദ്ധ്യാപകനു് കിട്ടുന്നതു് ൧൨ അണയിൽ താഴെ മാത്രമാണു്. എയിഡഡു് വിദ്യാലയങ്ങളിലെ ഫലം, സക്കാർ വിദ്യാലയങ്ങളിലേക്കാൾ തുലോം മെച്ചപ്പെട്ട കാണുന്നതിന്റെ ശിക്ഷയാണോ ഇതു് എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ ഐക്യസംസ്ഥാനത്തിന്റെ വിദ്യാഭ്യാസമന്ത്രി, കൊച്ചിയിലെ വിദ്യാഭ്യാസമന്ത്രിയായിരുന്നപ്പോൾ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ എയിഡഡു് അദ്ധ്യാപകന്മാക്കും ഒരു ഉറുപ്പികക്കു് ൧൬ അണയും നൽകുന്നതാണെന്നു് പ്രസ്താവിക്കയുണ്ടായി. ആ നിലയ്ക്കു് ഒട്ടും താമസിയാതെ അദ്ദേഹം സക്കാർ അദ്ധ്യാപകന്മാരുടേയും എയിഡഡു് അദ്ധ്യാപകന്മാരുടേയും ശമ്പളക്കാര്യത്തിൽ ഏകീകരണം വരുത്തുക തന്നെ ചെയ്യുമെന്നു് സമാധാനപ്പെടാം

ഇന്നു് ഗ്രാൻറ് സ്കൂളുകളിൽ ബില്ലു് എഴുതി ശമ്പളം വാങ്ങിക്കുവാനുള്ള അധികാരം മാനേജുമെൻറിനാണു്. ഈ ഒരു കാരണംകൊണ്ടു് അദ്ധ്യാപകന്മാക്കു് കൃത്യസമയത്തു് ശമ്പളം കിട്ടുന്നില്ല. ആഴ്ചകളല്ല, മാസങ്ങൾതന്നെ വൈകിപ്പോകുന്നു. നേരെമറിച്ചു് സക്കാർ വിദ്യാലയങ്ങളെപ്പോലെ എയിഡഡു് വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർമാക്കും ഗവമ്മെണ്ടിൽനിന്നും നേരിട്ടു് ബില്ലെഴുതി ശമ്പളം വാങ്ങിക്കുവാൻ അധികാരം കിട്ടുന്നപക്ഷം എയിഡഡു് അദ്ധ്യാപകന്മാക്കു് ഒരു വലിയ അനുഗ്രഹമായിരിക്കും. ചേതമില്ലാത്ത ഈ ഉപകാരമെങ്കിലും ചെയ്യുന്നതിനു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് മുന്നോട്ടുവരുമെന്നു് തന്നെ ആശിക്കട്ടെ.

ഒരു സംഗതിയുംകൂടി എനിക്കു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിട്ടുണ്ടു്. കോൺഗ്രസ്സു് ഗവർമ്മെണ്ടു് ഭരണം നടത്തുന്ന ഒരു രാജ്യത്തിലെ ജനതയിൽ ചില വിഭാഗങ്ങൾ അധഃപതിച്ചു കിടക്കുന്നതു് അഭിമാനകരമല്ല. അതിനാൽ ദേശീയതത്വത്തിന്റെ പേരിൽ അവശസമുദായങ്ങൾക്കു് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തടയുന്നതു് ഏററവും വലിയ അപരാധമായിരിക്കും. വിദ്യാഭ്യാസംകൊണ്ടല്ലാതെ അധഃപതിച്ചുകിടക്കുന്ന വിഭാഗങ്ങളെ ഉയത്തുവാൻ സാദ്ധ്യമല്ല. എല്ലാ വിഭാഗങ്ങൾക്കും വിദ്യാഭ്യാസമുണ്ടായാൽ മാത്രമേ ജനതയുടെ ഇടയിലുള്ള വർഗ്ഗീയചിന്ത പോയി ദേശീയബോധം ഉളവാകുകയുള്ളു. അതിനാൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് ശ്രദ്ധപതിപ്പിക്കണമെന്നാണു് എന്റെ അപേക്ഷ.

എന്റെ ഈ നിർദ്ദേശങ്ങളിൽ ബഹുമാനപ്പെട്ട ഗവർമ്മെണ്ടിന്റെ സത്വരശ്രദ്ധ പതിയുമെന്നുള്ള ഉത്തമ വിശ്വാസത്തോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് മാത്തൻ: സർ, ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാണുന്ന ചില പോരായ്മകളേയും ഗവമ്മെണ്ടു അനുവത്തിച്ചുവരുന്ന നയത്തിലുള്ള ചില അനീതികളെയും ചൂണ്ടിക്കാണിച്ചുകൊണ്ടു് ഏതാനും സൃഷ്ടിപരമായ നിർദ്ദേശങ്ങൾ ഗവമ്മെണ്ടിന്റെ മുമ്പാകെ വയ്ക്കാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. നമ്മുടെ ഹൈസ്കൂളുകളിലെ അഭ്യസനരീതിയെപ്പററി പറയുകയാണെങ്കിൽ അതു ഓരോകൊല്ലവും മാറിക്കൊണ്ടിരിക്കുകയാണു്. ഒരു കൊല്ലത്തിൽ ഇംഗ്ലീഷിലാണു് പഠിപ്പിക്കുന്നതെങ്കിൽ അടുത്തകൊല്ലത്തിൽ എല്ലാം മലയാളത്തിലാണു് പഠിപ്പിക്കുന്നതു്. ഹൈസ്കൂൾപരീക്ഷ പാസ്സായി കോളേജിൽചെല്ലുമ്പോൾ എല്ലാ വിഷയങ്ങളും ഇംഗ്ലീഷിൽതന്നെ പഠിക്കേണ്ടിവരുന്നു. ഈ യൂണിയന്റെ തിരുവിതാംകൂർഭാഗത്തുള്ള കുട്ടികൾ ഈ വിഷയത്തിൽ പ്രത്യേകിച്ചും വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചുവരികയാണു്. ഒരു കൊല്ലത്തിൽ ഐച്ഛിക സമ്പ്രദായം ഏർപ്പെടുത്തുന്നുവെങ്കിൽ വേറൊരു കൊല്ലത്തിൽ നിർബ്ബന്ധിതസമ്പ്രദായം ഏർപ്പെടുത്തുന്നു. ഇങ്ങനെയുള്ള ഈ വ്യത്യാസങ്ങൾ മാററി ഒരു നിശ്ചിതമായ പദ്ധതി ആസൂത്രണം ചെയ്യേണ്ട ചുമതല ഇന്നത്തെ ഗവമ്മെണ്ടിനുണ്ടെന്നു ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ.

പരിഷ്കൃത രാജ്യങ്ങളിൽ ഒരിടത്തും ഇല്ലാത്തവിധത്തിലുള്ള ശിക്ഷണരാഹിത്യമാണു് ഇന്നു ഇവിടത്തെ വിദ്യാർത്ഥികളുടെയിടയിൽ കണ്ടുവരുന്നതെന്നു പറയാതെ തരമില്ല.

ഇൻഡ്യയിലെ ജനങ്ങൾ വിദേശാധിപത്യത്തിൽനിന്നും രക്ഷ നേടുന്നതിന് സമരത്തിൽ ഏർപ്പെട്ടിരുന്നകാലത്തു വിദ്യാർത്ഥികളുടെ സഹായവും അതിലേക്ക് ആവശ്യപ്പെടേണ്ടിവന്നു. എന്നാൽ അന്നു ന്യായമായി ഉപയോഗിച്ചു ആ ആയുധം തന്നെ ഇന്നു വിദ്യാർത്ഥികൾ അവരെ സ്വയം നാശഗർത്തത്തിലെത്തിക്കുന്നതിന് ഉപയോഗിച്ചുവരുന്നു എന്നുള്ളത് പരമാർത്ഥംമാത്രമാണ്. അതിനു എന്തെങ്കിലും പരിഹാരം കണ്ടുപിടിക്കേണ്ടതും ഇന്നത്തെ ഗവൺമെണ്ടിന്റെ ഒരു ചുമതലയായിട്ടാണിരിക്കുന്നത്.

മൂന്നാമതായി എനിക്ക് പറയുവാനുള്ളത് വിദ്യാലയങ്ങളുടെ സ്ഥാപനത്തെപ്പററിയും അംഗീകരണത്തെപ്പററിയുമാണ്. പ്രൈവററവിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ അഭിപ്രായ വ്യത്യാസമുള്ള പലരും ഇവിടെ പ്രസംഗിക്കുകയുണ്ടായി. പ്രൈവററ വിദ്യാലയങ്ങൾക്കു ഗ്രാൻറകൊടുക്കാൻ തുടങ്ങിയാൽ ഗവൺമെണ്ടിനു കൃപാ തികയുകയില്ലെന്ന് ചീങ്കണ്ണിക്കണ്ണീർ പൊഴിക്കുന്ന ഒരു മാന്യദേഹവും ഇവിടെ ഉണ്ടായിരുന്നു. ചിലക്ക് "ആങ്ങള ചത്താലും നാത്തൂന്റെ കരച്ചിൽ" കാണണമെന്നുള്ള വിചാരമുള്ളതായിട്ടാണ് കാണുന്നത്. വ്യക്തിതാല്പര്യങ്ങളെ മുൻനിർത്തി ചില പ്രസംഗങ്ങൾ ഇവിടെ നടത്തുന്നതു ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുന്നുണ്ടെങ്കിൽ അതിനെക്കുറിച്ച് ഗാഢമായി ചിന്തിച്ചു ന്യായമായ ഒരു തീരുമാനമാണ് ചെയ്യേണ്ടതെന്ന് ഞാൻ ഗവൺമെണ്ടിനെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. സാക്ഷരത്വത്തിന്റെ ശതമാനം വർദ്ധിപ്പിക്കേണ്ട ആവശ്യകതയും, ഈ യൂണിയനിൽ ഇനിയും ലക്ഷോപിലക്ഷം ജനങ്ങൾ അക്ഷരാഭ്യാസമില്ലാത്തവരായി കഴിഞ്ഞുകൂടുന്നുണ്ടെന്നുള്ളവസ്തുതയും ഓർക്കുമ്പോൾ ഇനിയും പ്രൈവററ വിദ്യാലയങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ അത്യാവശ്യം ആർക്കും ബോദ്ധ്യപ്പെടുന്നതാണ്.

മറെറാരുകാര്യം എനിക്ക് പറയുവാനുള്ളത് ഗ്രാൻറസ്കൂൾ അദ്ധ്യാപകന്മാരുടെ കഷ്ടതകളെപ്പററിയാണ്. മാന്യമര്യാദയായി അവർക്കു ജീവിക്കാനുള്ള ഒരു സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു ഗവൺമെണ്ടിന്റെ കർത്തവ്യമാണ്. ഈയൂണിയനിൽ കൊച്ചിഡിവിഷനിൽ ഗ്രാൻറസ്കൂൾ അദ്ധ്യാപകന്മാരുടെശമ്പളക്കാര്യത്തിൽ അത്ര വലിയ കഷ്ടപ്പാടുകൾ ഉള്ളതായിട്ടു നാം അറിയുന്നില്ല. എന്നാൽ തിരുവിതാംകൂറിൽ അദ്ധ്യാപകന്മാർ ഒരു നേരംപോലും വയറുനിറച്ച് ഭക്ഷണം കഴിക്കുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു. ഷിഫ്ററ സമ്പ്രദായമാണെങ്കിൽ ഒരു വലിയ ദുരിതമായി തീർന്നിരിക്കുകയാണ്. ചേർത്തലതാലൂക്ക് പണ്ടെ ദുരിതമനുഭവിക്കുന്ന ഒരു താലൂക്കാണ്. അവിടെ ഈ ഷിഫ്ററു സമ്പ്രദായവുംകൂടി ഏർപ്പെടുത്തിയപ്പോൾ ആ ദുരിതം ഒന്നുകൂടി വർദ്ധിച്ചിട്ടുണ്ട്. ചുട്ടുപഴുത്ത മണലിൽക്കൂടി നടക്കേണ്ടിവരുന്ന പിഞ്ചു കുഞ്ഞുങ്ങളുടെ ദുരിതത്തെ കുഞ്ഞുകുട്ടികളുള്ള മന്ത്രിമാരെങ്കിലും ദയാപൂർവ്വം പരിചിന്തിച്ച് ചേർത്തല താലൂക്കിലെ ഷിഫ്ററസമ്പ്രദായം ഉടനെ അവസാനിപ്പിക്കുമെന്ന് വിശ്വസിക്കുന്നു.

**Sri. P. K. Paul:** Short is the time allotted. Sir, I represent a constituency in Cochin and I am the President of the Primary School Teachers' Association in Cochin. I think there are similar Associations in Travancore also. In Travancore also a very large amount is being spent on this subject. But still the status of these primary school teachers is very low. What is it due to ? Alas ! Government are doing their best to improve their lot but the scale of pay now given to them is not sufficient for their upkeep. We must be thankful to the Missionaries of the past. Their selfless and zealous activities have been very helpful. It will be very ungrateful if we disregard them. I therefore bring to the notice of the Hon'ble Minister that it will not be a negligible folly if they are not prepared to recognise their activities.

Sir, a word about the teacher. As I have already said on a prior occasion even the sight of a primary school teacher is very pitiful. Their eyes are sunken and they are almost a skeleton. They are very much emaciated. They are very inactive. But their work is very tiresome. The position they occupy is very sacred. But they are unable to do their work. It is these primary school teachers who create the future citizens. Who knows one of them will not become the greatest? But think of the poor teacher. How neglected he is ? The pay he receives is not sufficient for one meal a day. What can you expect from a poor teacher ? We number about 30,000 and we are formidable than all the Armed Forces of the United States. I do not say we are going to strike. The condition of the poor teacher is not known to others. Everybody must realise that a teacher is the greatest asset to our land. I would therefore appeal to you in the name of all my brothren to consider our case with all seriousness, and find a remedy as early as possible. I hope our Government will consider our case sympathetically and increase our pay so as to suffice for our upkeep.

[Sri. P. K. Paul]

One word about the shift system. It should go away. I do not want to waste much time and I am certainly confident that the Hon'ble Minister for Education will look into the matter with all seriousness and do the needful.

ശ്രീ. കെ. എ. മാത്യു: സർ, എനിക്ക് ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു് തിരുവിതാംകൂർ യൂണിവേഴ്സിററിയെപ്പററിയുള്ള ചില കാര്യങ്ങളാണ്. തിരുവിതാംകൂർ ഗവമ്മെണ്ടിൽനിന്നും ൨൫ ലക്ഷത്തിൽപരം രൂപായാണ് യൂണിവേഴ്സിററിക്ക് ഗ്രാൻറായി നല്കുന്നതിനു് ബഡ്ജററിൽ ചേത്തിരിക്കുന്നതു്. ഇന്നു ഗവമ്മെണ്ടു സ്വീകരിച്ചിരിക്കുന്ന നയം വ്യയന്യൂനീകരണമാണെന്നാണ് പറയുന്നതു്. എന്നാൽ ഇവിടത്തെ യൂണിവേഴ്സിററിയുടെ ബഡ്ജററു നോക്കുകയാണെങ്കൽ അതിൽ വ്യയന്യൂനീകരണമെന്ന നയം തന്നെ ഉണ്ടോ എന്നുകാണാൻ വളരെ പ്രയാസമാണ്. ഒന്നാമതായി എനിക്ക് ഗവമ്മെണ്ടിനോടു പറയാനുള്ളതു് തിരുവിതാംകൂർ യൂണിവേഴ്സിററിയുടെ കണക്കുകൾ ഒന്നു് ആഡിററു ചെയ്യണമെന്നാണ്. ഒരിക്കലും നീതീകരിക്കാൻ പാടില്ലാത്ത വ്യയങ്ങൾ യൂണിവേഴ്സിററിയിൽ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ഇപ്പോഴത്തെ ബഡ്ജററുനോക്കിയാൽ കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്ന പേരിൽ ൩൦൦—൪൮൦ രൂപവരെ സ്കെയിലിൽ ഒരു ഉദ്യോഗം സൃഷ്ടിച്ചിരിക്കുന്നതായി കാണാം. ഗവമ്മെണ്ടു് ഈ ഉദ്യോഗസ്ഥന്റെ നിയമനം അനുവദിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. കാൺവൊക്കേഷൻ ചാർജസായിട്ടു് ഏകദേശം ൬,൦൦൦ രൂപയാണ് ചേത്തിരിക്കുന്നതു്. ഞാനും രണ്ടുമൂന്നുകൊല്ലം യൂണിവേഴ്സിററിസെനററിൽ മെമ്പറായിരുന്നിട്ടുണ്ടു്. എങ്ങിനെയാണ് ഈ ൬,൦൦൦ രൂപ കാൺവൊക്കേഷനു് ചെലവാക്കുന്നതെന്നു് എത്ര ആലോചിച്ചുനോക്കിയിട്ടും മനസ്സിലാക്കാൻ സാധിക്കുന്നില്ല. യൂണിവെഴ്സിററി ആഫീസ് സംബന്ധമായ ചെലവുകൾക്കായി രണ്ടു ലക്ഷം രൂപയോളം ബഡ്ജററിൽ കാണുന്നു. മൂന്നു നാല് മാസങ്ങൾക്കു മുമ്പ് ബ്രിട്ടനിൽനിന്നും തിരുവിനന്തപുരത്തു് ഡിബെററിംഗ് ടീമിന്റെ അംഗങ്ങളായ രണ്ടു് മൂന്നു് വിദ്യാർത്ഥികൾ വന്നിരുന്നു. അവർ രണ്ടോ മൂന്നോദിവസം ഇവിടെ ചെലവഴിച്ചതിനു് ൭,൦൦൦ രൂപ ചെലവാക്കിയതായി കേൾക്കുന്നുണ്ടു്. യൂണിവേഴ്സിററിയൂണിയന്റെ ആവശ്യത്തിനു ൮,൦൦൦ രൂപ ബഡ്ജററിൽ ചേത്തിട്ടുണ്ടു്. കഴിഞ്ഞയാണ്ടിൽ യൂണിവേഴ്സിററിയൂണിയനു് കൊള്ളിച്ചിരുന്ന തുക ചെലവാക്കിയതായി അറിവില്ല. യൂണിവേഴ്സിററി റിഫാം എന്ന ഇനത്തിൽ ൯,൦൦൦ രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. എന്തു് പരിഷ്കാരം ആണ് യൂണിവേഴ്സിററിയിൽ വരുത്തുവാൻ പോകുന്നതെന്നു് ഒരു രൂപവും ഇല്ല. ഈ തുക ചെലവഴിക്കുന്നതു് എങ്ങിനെയാണെന്നു് കണ്ടറിയേണ്ടിയിരിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഒരു പോയിൻറ ആഫ് ആർഡർ. യൂണിവേഴ്സിററിയുടെ ചെലവുകളെസംബന്ധിച്ചു് ഡീറെറയിലായിട്ടുള്ള ഡിസ്കഷൻ ഈ ഹൗസിൽവച്ചു് ആകാമോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ഏതു തുകയെപ്പററിയും ഡിസ്കഷൻ ആവാം.

ശ്രീ. കെ. എ. മാത്യു: സർ, ഒരു വമ്പിച്ചതുക അതായതു് ഏകദേശം ൨൫ ലക്ഷം രൂപ ചെലവാക്കുന്നതായ ഒരു ഡിപ്പാട്ടുമെണ്ടിന്റെ ധനവ്യയത്തെപ്പററി ഗവമ്മെണ്ടു് സൂക്ഷ്മമായും നിഷ്പക്ഷമായിട്ടും അന്വേഷണം നടത്തേണ്ടതാണ്. അതിനു് യൂണിവെഴ്സിററി ആക്ടിൽ വ്യവസ്ഥ ഉണ്ടു്. യൂണിവേഴ്സിററിയുടെ അനാവശ്യചെലവുകൾ കുറച്ചു് പ്രൈമറി വിദ്യാഭ്യാസത്തിനും സെക്കണ്ടറി വിദ്യാഭ്യാസത്തിനും കൂടുതൽ ചെലവാക്കുന്നതു് അഭിലഷണീയമത്രെ. യൂണിവേഴ്സിററി പലതിനും ഭീമമായ തുകകൾ ചെലവാക്കുമ്പോൾ പ്രൈവററ് കോളേജുകൾക്കു് നൽകുന്ന ഗ്രാൻറ് തുഛമായ മുപ്പത്തിമുമ്മായിരം രൂപാമാത്രമാണെന്നു് നാം ചിന്തിക്കേണ്ടതാണ്. ഇന്നുരാവിലെ എന്റെ സ്നേഹിതൻ ശ്രീ. എൽ. എം. പൈലി സംസാരിച്ചപ്പോൾ യൂണിവേഴ്സിററി സ്വയംഭരണാവകാശം ഉള്ള ഒരു സ്ഥാപനമായിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഞാനും ആദരിക്കുന്നു. യൂണിവേഴ്സിററി ഒരു സ്വാതന്ത്ര്യസ്ഥാപനം ആയിരിക്കേണ്ടതാണ്. എന്നാൽ തിരുവിതാംകൂർ യൂണിവേഴ്സിററി ആക്ടു് അനുസരിച്ചു് നമ്മുടെ യൂണിവേഴ്സിററി ഇന്നു് ഒരു സ്വതന്ത്രസ്ഥാപനം അല്ല. തിരുവിതാംകൂർ ഗവമ്മെണ്ടിനു് യൂണിവേഴ്സിററിയുടെ കാര്യങ്ങളിൽ ഇടപെടുന്നതിനും തന്മൂലം ന്യൂനത

കളെ പരിഹരിക്കുന്നതിനും അനീതികളെ തടയുന്നതിനും അവകാശമുണ്ടു്. യൂണിവേഴ്സിററിയിൽ നടന്നിട്ടുള്ള പല നിയമനങ്ങളെപ്പററിയും ജനതാമദ്ധ്യത്തിൽ പല ആക്ഷേപങ്ങളും പരാതികളും ഉണ്ടു്. അതേപ്പററിയും ഗവമ്മെണ്ടു് അന്വേഷിക്കേണ്ടതാണു്. അടുത്തകാലത്തു നടന്ന ഒരു നിയമനം എൻെറ ദൃഷ്ടിയിൽപെട്ടു.

പബ്ലിക്കു് അഡ്മിനിസ്ട്രേഷൻ ആൻഡു് പാളിററിക്സിനു് ഒരു ലക്ചററെ യൂണിവേഴ്സിററി കോളേജിൽ നിയമിക്കേണ്ടിവന്നു. അതേപ്പററി പരസ്യംചെയ്യാതെ യൂണിവേഴ്സിററി അധികൃതർ നിയമനം നടത്തുകയാണു് ചെയ്തതു്. അതിനു് ശരിയായയോഗ്യതകൾ ഉള്ള അപേക്ഷകന്മാർ ഉണ്ടായിരുന്നിട്ടു് അവരെ അവഗണിച്ചുകൊണ്ടു് മതിയായ യോഗ്യതയില്ലാത്ത ആളെ നിയമിച്ചതായി അറിയുന്നു. ഇതുപോലെ പല നിയമനങ്ങളും നടക്കുന്നതായി കേൾക്കുന്നു. യൂണിവേഴ്സിററിയിലെ നിയമനങ്ങൾ എല്ലാംതന്നെ പബ്ലിക്കു് സർവീസ്സു് കമ്മീഷൻെറ ചുമതലയിൽ ആക്കുന്നതു് ഉചിതമായിരിക്കും. യൂണിവേഴ്സിററി ആപ്പീസ്സിൻെറ ഭരണം ശരിയായി നടക്കുന്നില്ലെന്നു സംശയിക്കുന്നതിനു് പല കാരണങ്ങളുമുണ്ടു്. ഞാൻ ഒരു ദൃഷ്ടാന്തം പറയാം. ൧൯൪൧-ൽ നടന്ന സർവ്വകലാശാലാ കോൺവോക്കേഷനിൽവെച്ചു് ഒരു വിദ്യാർത്ഥിനിക്കു കല്ലൻ പ്രൈസു് (Cullen Prize) ലഭിച്ചതായി പ്രഖ്യാപിക്കപ്പെട്ടു. എന്നാൽ ഇന്നേദിവസംവരെ ആ സമ്മാനത്തുക പ്രസ്തുത വിദ്യാർത്ഥിനിക്കു് നല്കിയിട്ടില്ല. പണം ആരുകൊണ്ടുപോയി എന്നും എങ്ങിനെ പോയിഎന്നും യാതൊരു അറിവുമില്ല. ആ വിദ്യാർത്ഥിനിയും വിദ്യാർത്ഥിനിയുടെ പിതാവും യൂണിവേഴ്സിററി റജിസ്ട്രാർക്കും വൈസ്ചാൻസലർക്കും പലപ്രാവശ്യം എഴുതി അയച്ചുവെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. കാര്യക്ഷമതാരാഹിത്യത്തിൻേറയും അഴിമതിയുടേയും ഒരു ദൃഷ്ടാന്തമത്രെ ഇതു്. യൂണിവേഴ്സിററിയിൽ ഉത്തരവാദിത്വരഹിതമായിട്ടാണു് കാര്യങ്ങൾ നടക്കുന്നതെന്നു് പറയാതെ തരമില്ല. ഇപ്പോഴത്തെ വൈസ്ചാൻസിലർ ഉദ്യോഗത്തിൽനിന്നും പിരിയുകയാണു്. അടുത്തതായി ഉന്നതാദർശങ്ങളും കാര്യശേഷിയും ഉള്ള ഒരു വിദ്യാഭ്യാസധുരന്ധരനെ വൈസ്ചാൻസിലരായി നിയമിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അതിനുപററിയ ആരും തിരുവിതാംകൂറിലില്ലെങ്കിൽ പുറത്തുനിന്നും ഒരാളെ കൊണ്ടുവരുന്നതിനും മടിക്കേണ്ടതില്ല. അതിനുള്ള യോഗ്യത വേണ്ടുവോളമുള്ള ആളുകൾ ഇവിടെയില്ലെന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് സർവ്വഥാ യോഗ്യനായ ഒരാളെ പുറത്തുനിന്നുതന്നെ കൊണ്ടുവരേണ്ടതാണെന്നു് ഞാൻ ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

സർ, വേറൊന്നു് എനിക്കു പറയുവാനുള്ളതു്, പ്രൈമറി സ്കൂളദ്ധ്യാപകന്മാരുടെ പരിതാപകരമായ നിലയെ പരിഗണിച്ചു് അബ്ദുള്ളാകമ്മിററിയുടെ ശുപാർശയനുസരിച്ചുള്ള ൨൧ രൂപയെങ്കിലും ശമ്പളം കൊടുക്കുന്നതിനു് ഗവമ്മെണ്ടു് അമാന്തം കാണിക്കരുതു് എന്നാണു്.

അഡൽററു് എഡ്യൂക്കേഷനു് കഴിഞ്ഞകൊല്ലം ഒരു ലക്ഷം രൂപ ബഡ്ജററിൽ കൊള്ളിച്ചിരുന്നു. എന്നാൽ അതു ചെലവാക്കുന്നതിനു് എന്തെങ്കിലും ഒരു സ്കീം ഗവമ്മെണ്ടു് ഉണ്ടാക്കിയിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല. ഈ ബഡ്ജററിൽ ൫, ൦൦൦ രൂപ കൊള്ളിച്ചിട്ടുണ്ടു്. അഡൽററു് എഡ്യൂക്കേഷനു് എന്തെങ്കിലും ഒരു പദ്ധതി രൂപീകരിക്കുന്നതിനും ഇൻഡ്യൻ പ്രവിശ്യകളിൽ നടപ്പിലിരിക്കുന്നതുപോലുള്ള പരിശ്രമങ്ങൾ തിരുവിതാംകൂറിലും ആരംഭിക്കുന്നതിനും ഗവമ്മെണ്ടു് ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

അവസാനമായി, തിരുവിതാംകൂറിലെ വിദ്യാഭ്യാസനയം ഇവിടത്തെ സ്ഥിതിഗതികൾ സൂക്ഷ്മമായി പഠിച്ചു് രൂപീകരിക്കുകയും അതനുസരിച്ചു് നമ്മുടെ വിദ്യാഭ്യാസപദ്ധതി പുരോഗമിപ്പിക്കുകയും ചെയ്യേണ്ടതു് ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ അടിയന്തിരമായ ശ്രദ്ധക്കു് വിഷയമാകേണ്ട ഒരു സംഗതിയാണു. ഒരു വിദ്യാഭ്യാസനയം രൂപീകരിക്കുന്നതിനു മുമ്പു് തദ്ദേശീയസ്ഥിതികൾ സൂക്ഷ്മമായി അറിയേണ്ടതു് അത്യാവശ്യമാണു്. ഇപ്പോൾ ഇവിടത്തെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിനെ നിയന്ത്രിക്കുന്ന ബഹു. മന്ത്രിക്കു് ഈ നാട്ടിലെ സ്ഥിതിഗതികൾ ശരിയായി ഗ്രഹിക്കുന്നതിനും ഇന്നു നിലവിലിരിക്കുന്ന സ്ഥിതിഗതികൾക്കു് അനുരൂപമായി ഒരു വിദ്യാഭ്യാസനയം രൂപീകരിക്കുന്നതിനുമുള്ള ശേഷിയുണ്ടെന്നു് അദ്ദേഹം കൊച്ചി വിദ്യാഭ്യാസ മന്ത്രി ആയിരുന്നപ്പോഴുള്ള അനുഭവംകൊണ്ടു് ഞാൻ വിചാരിക്കുന്നു. (ബെൽ)

**Sri. P. Balakrishnan Tampi:** Mr. Speaker, I wish to speak a few words about certain matters that have been raised in the course of discussion here. I shall be telegraphic in my language due to the shortness of time. In the matter of text books, I urge that text books must not be selected on the basis of communal representation. Unfortunately, though it has become the fashion in the country to appoint Magistrates and Judges on that basis, at least in the matter of prescribing text books we must keep away from communal considerations and we must be guided by merit alone. I had occasion to see some of the text books which had been prescribed and I consider that at any rate in the case of my children they will not promote their intellectual vigour. These books are not scrutinised by people who are really competent to prescribe text books.

I am one with my friend Mr. Pylee in believing that autonomy has to be conceded to the University. It is true that under the Act, full autonomy is not given to the University. It is advisedly so. In abnormal occasions, however, Government must have the power to interfere. But it is a matter of convention not only in foreign Universities but also in other Indian Universities that Legislature should interfere as little as possible in University matters and certainly least in matters of day to day administration.

**Sri. K. S. Joseph:** Do those Universities depend on Government finance ?

**Sri. P. Balakrishnan Thampi:** I am glad that the question has been asked. Till two decades ago, the Oxford and Cambridge Universities were the only Universities not depending on State assistance, but owing to the conditions created by the war, those Universities themselves had to ask for Government support in an increasing measure. All the Universities are financially propped up by Government and in that sense they are technically under the influence of the Governments. Interference in University matters is often an occurrence in inverse ratio to the educational maturity of the controlling authority. I do not want to be more explicit. The less learned a man is the more brave he becomes and interferes very often in University matters. The man who has been in the University, who knows the objects of the University Education, will be very reluctant to put his hand unnecessarily into the affairs of the University. I am sorry that a man of the education of Mr. Mathew should have spoken about the small matters relating to the University. I also had the honour of being a Member of that Body from the inception of the University. I was a Member of the Senate. I have no hesitation to state that with the small grant made available to this University, it has done wonderful work. After all they have been accommodated in the out of date residence of the Commandant and they were given a few lakhs of rupees. With the existing Colleges as nucleus, with small funds and with a not very pretentious building, the University have made the very best efforts and achieved substantially good results. It would be indeed lack of consideration for the ideals of a University if this House discusses such small matters which are in the domain of the University Administration. I would therefore request that we must continue the healthy convention in this matter, viz., that we should not discuss the details of the expenditure incurred out of the lump financial grant.

Then an hon'ble member referred to free compulsory Primary Education. I am of the view that education should be as secular as possible, but I am not one who believes that we must make a fetish of it especially when there are large classes of people who, rightly or wrongly, believe that religious instruction should form an intrinsic part of educational curriculum. I for one would believe that it is rather out of tune with the times for my countrymen to hold that education should be in any manner religious. But it is not for me to dictate. If 15 or 20 lakhs of people even unreasonably hold the opposite view, out of deference to their feelings, out of friendliness, I would make a concession to them. I want to give this idea to the House so that on this matter we should not allow ourselves to be ruled by temper, because that will give an opportunity for communal heroes. It is the fanatically religious man and fanatically non-religious scholar that will spoil us. As regards this matter I feel it is a simple one which we can discuss around a table and come to a final settlement.

I also want to give another suggestion. From the inception of the House we are talking about the poor Police man, the poor teacher, etc. It is imperative for any Government to make better allotment for the betterment of the position of the teachers. I would suggest that this can be done by making those who can afford, to pay for it. It is not written in the book of Genesis that primary education should be free to all people. In view of the changed situation it would look more socialistic if a fee were to be levied for primary education from parents who can afford to pay. The funds can be utilised for giving fee concessions, mid-day meals, free text books, etc., to pupils who are really poor.

(Speaker's bell).

**Sri. P. Balakrishnan Thampi:** The custom of this House has emboldened me to continue in spite of this bell.

Then, Sir, in any educational policy it is not wise always to depend on the lead given by the Government of India.

(Speaker's bell).

**ശ്രീ. തരിയതു കുഞ്ഞിത്തൊമ്മൻ:** സർ, ഭാരതത്തിൽ, നാല്പതുകോടി ജനങ്ങൾ അധിവസിക്കുന്നുണ്ടെങ്കിലും ൫൦ ശതമാനം സാക്ഷരത്വം നമ്മുടെ ദക്ഷിണേൻഡ്യയിലെ ഈ യൂണിയനിൽ മാത്രമെ കൈവന്നിട്ടുള്ളു. അതു നമുക്കു ഏററവും അഭിമാനകരമായ ഒരു സംഗതിയാണ്. ആഫ്രിക്കയിലൊ ഏഷ്യയിലൊ ആകട്ടെ ഇത്രയും സാക്ഷരത്വം വന്നിട്ടില്ല. ഇതു് എങ്ങനെ സംഭവിച്ചു എന്നാലോചിക്കേണ്ടതാണ്. മററു ഭൂഖണ്ഡങ്ങൾക്കുപോലും സമ്പാദിക്കുവാൻ കഴിയാത്ത ഈ സാക്ഷരത്വം കൊച്ചി തിരുവിതാംകൂർ രാജ്യത്തിനുമാത്രം എങ്ങനെ കൈവന്നു? അതിന്റെ അടിസ്ഥാനം, മററെങ്ങുമില്ലാത്തവണ്ണം ഈ രാജ്യങ്ങളിൽ എയിഡഡ് സ്കൂളുകൾ അത്ര ധാരാളമായി സ്ഥാപിക്കപ്പെടുകയും രണ്ടു രാജ്യങ്ങളിലേയും ഭരണാധിപന്മാർ അവയ്ക്കു വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്തു എന്നുള്ളതാണ്. അതുകൊണ്ടാണ് സാക്ഷരത്വത്തിൽ നമുക്ക് അഭിമാനകരമായ ഒരു നില കൈവന്നിരിക്കുന്നതു്. എന്നാൽ ഇപ്പോൾ ഈ പുരോഗതിയിൽനിന്നും രാജ്യത്തെ കേവലം അധോഗതിയിലേക്കു തള്ളുവാനാണു ചിലർ യത്നിക്കുന്നതെന്നു് ഞാൻ വിചാരിക്കുന്നു. നമ്മുടെ സാക്ഷരത്വശതമാനം അഭിമാനകരമായ ഒന്നാണെങ്കിലും അതു കേവലം ൫൦ ശതമാനം മാത്രമാണ്. അമേരിക്ക, യൂറോപ്പ്, മുതലായ രാജ്യങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ നാം സാക്ഷരത്വത്തിൽ പിറകിലാണു നില്ക്കുന്നതു്. ഇതിനു് ഇതുവരെ സഹായകമായ മാർഗ്ഗങ്ങളെ പരിത്യജിച്ചു് പുതിയ മാർഗ്ഗം സ്വീകരിച്ചാൽ അതു എത്രമാത്രം കാര്യസിദ്ധിക്കു് ഉതകുമെന്നു കണ്ടറിയേണ്ടതാണ്. നിർബ്ബന്ധിതവിദ്യാഭ്യാസം, ദേശീയവിദ്യാഭ്യാസം എന്നൊക്കെ പലരും പറയുന്നുണ്ടു്. ബറോഡയിൽ ൩൫ വർഷങ്ങൾക്കുമുമ്പു് നിർബ്ബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ടും ഇപ്പോൾ അവിടെയുള്ള സാക്ഷരത്വം ൪൫ ശതമാനം മാത്രമാണ്. അവിടുത്തെ നില ഇതാണെന്നു് ഓർമ്മിച്ചുകൊണ്ടുവേണം നിർബ്ബന്ധിതവിദ്യാഭ്യാസം നടപ്പിലാക്കുന്നതിനെപ്പററി അഭിപ്രായപ്പെടുവാൻ. സർ, എന്റെ അഭിപ്രായം പറയുകയാണെങ്കിൽ ഈ രീതിയിൽ വിദ്യാഭ്യാസം തുടന്നുകൊണ്ടുപോകുവാൻ പ്രൈവററു് ഏജൻസികൾക്കു് വേണ്ട പ്രോത്സാഹനം നൽകുകതന്നെവേണം. അതാണ് നമ്മുടെ വിദ്യാഭ്യാസ പുരോഗതിക്കു് ഏററവും ആവശ്യമായിട്ടുള്ളതു്. തെററിദ്ധാരണകൾകൊണ്ടൊ സാമുദായിക ചിന്തകൾകൊണ്ടൊ നമ്മുടെ വിദ്യാഭ്യാസത്തിന്റേയും സാക്ഷരത്വത്തിന്റേയും പുരോഗതിയെ ഒരിക്കലും തടയാൻ പാടുള്ളതല്ല. അതു രാജ്യത്തോടു ചെയ്യുന്ന ഒരു ദ്രോഹമാണ്. ഇവിടെ പ്രൈവററു് വിദ്യാലയങ്ങൾ ധാരാളമായി ഉണ്ടെങ്കിലും അവയ്ക്കു ഏററവും നിസ്സാരമായ ഒരു സഹായംമാത്രമെ ഗവമ്മെണ്ടിൽനിന്നും ലഭിക്കുന്നുള്ളു. കെട്ടിടങ്ങളും ഉപകരണങ്ങളും മററും ഉണ്ടാക്കി അനവധി ധനം വ്യയംചെയ്തു് പ്രൈവററു് ഏജൻസികൾ സ്കൂൾ നടത്തികൊണ്ടുപോകുമ്പോൾ ഇപ്പോൾ ഗവമ്മെണ്ടു് ചെയ്തുകൊടുക്കുന്ന സഹായം ഏററവും തുച്ഛമാണെന്നു പറയാതെ തരമില്ല. പട്ടിണിപ്പാവങ്ങളായ അദ്ധ്യാപകന്മാർ—പട്ടിണിപ്പാവങ്ങൾ എന്ന പദം ഇപ്പോൾ ഏററവും നിന്ദ്യമായ വിധത്തിൽ പലരും ഉപയോഗിച്ചുവരുന്നു. എന്നാൽ ഞാൻ അങ്ങനെയല്ല ഉദ്ദേശിക്കുന്നതു്.—വാസ്തവത്തിൽ പട്ടിണിപ്പാവങ്ങളായ അദ്ധ്യാപകന്മാക്കു് അല്പ ശമ്പളംമാത്രം ഗ്രാൻറു് കൊടുത്തുകൊണ്ടാണ് ഗവമ്മെണ്ടു് വിദ്യാഭ്യാസ വിഷയത്തിൽ രാജ്യത്തിനു് ഇത്രമാത്രം പുരോഗതി ഉണ്ടാക്കിയിട്ടുള്ളതു്. ഈ അദ്ധ്യാപകന്മാക്കു ഒരുനേരത്തെ ആഹാരത്തിനുപോലും വക ലഭിക്കുന്നില്ല. അത്ര തുച്ഛമാണു് അവക്കു കിട്ടുന്ന ശമ്പളം. ഇന്നു പ്രധാനമായി രണ്ടു പ്രശ്നങ്ങളെപ്പററിയാണു് ജനതാമദ്ധ്യത്തിൽ ഏകാഭിപ്രായമുള്ളതായിക്കാണുന്നതു്. ഒന്നാമതു് ഷിഫ്റ്റ് സിസ്റ്റത്തെപ്പററി. അതു മാററണമെന്നു് എല്ലാവരും ഏതാണ്ടു ഒരേ അഭിപ്രായംതന്നെ പ്രകടിപ്പിച്ചു കാണുന്നുണ്ടു്. മറെറാന്നു് പ്രൈമറി അദ്ധ്യാപകന്മാക്കു കുറഞ്ഞതു ൫൦ രൂപ ശമ്പളമെങ്കിലും കൊടുക്കണമെന്നുള്ളതു്. ഇതിനോടൊപ്പം ഏകാഭിപ്രായമുള്ളതായി മററു അധികം കാര്യങ്ങൾ കാണുമെന്നു തോന്നുന്നില്ല. ചില കാര്യങ്ങൾ കണ്ടേക്കാമെന്നേയുള്ളു. മന്ത്രിമാരുടെ സംഖ്യ മൂന്നാക്കണം, ജനങ്ങൾക്കു കുടിപാക്കുന്നതിനും കൃഷിക്കും വേണ്ട സ്ഥലങ്ങൾ കൊടുക്കണം എന്നും മററുമുള്ള കാര്യങ്ങളിൽ ഏകാഭിപ്രായം കാണുന്നുണ്ടു്. അതിനോടൊപ്പം പ്രാ

[Sri. Thariath Kunjithomman]

ധാന്യമുള്ള ഈ പ്രശ്നങ്ങളെപ്പററി ഏകാഭിപ്രായത്തോടുകൂടി നിയമസഭയിൽ പ്രസ്താവക്കപ്പെട്ടിട്ടും പൊതുജനങ്ങൾ ഗവൺമെണ്ടിനെ അറിയിച്ചിട്ടും ഇതുവരെ അതു പരിഹരിക്കാത്തതു വളരെ കഷ്ടംതന്നെ.

സർ, എയിഡഡ് സ്കൂളുകൾ വർദ്ധിപ്പിച്ചാൽ അന്തരീക്ഷം ദുഷിക്കുമെന്നു ചിലർ പറയും. എയിഡഡ് സ്കൂളുകൾക്കു മാനേജരന്മാരുടെ മേൽനോട്ടവും ഡിപ്പാർട്ടുമെൻറധികാരികളുടെ മേൽനോട്ടവുമുണ്ട്. അതുകൊണ്ടു അവ ദുഷിക്കാനിടയില്ല. പ്രൈവററ് ഏജൻസികളിൽ ശരിയായി അദ്ധ്യയനം നടക്കുകയില്ലെന്നും, അദ്ധ്യാപകന്മാർ ശരിയായി വിഷയങ്ങൾ പഠിപ്പിക്കുകയില്ലെന്നും മററും ചില പരാതികൾ പറയാറുണ്ട്. ചിലപ്പോൾ ഇൻസ്പെക്ടർമാർ വന്നുനോക്കുമ്പോൾ ചില അദ്ധ്യാപകന്മാരെ കണ്ടില്ലെന്നുംവരാം. ഇതെല്ലാം ഉണ്ടെങ്കിലും ഗവൺമെണ്ടു സ്കൂളുകളെ അപേക്ഷിച്ച് പല എയിഡഡ് സ്കൂളുകളിലും കാര്യക്ഷമമായ അദ്ധ്യയനം നടക്കുന്നുണ്ട്. പിന്നെ, ഈ അന്തരീക്ഷത്തിൻെറ അർത്ഥമെന്താണെന്നു ഞാൻ ചോദിക്കുന്നു. അവിടെ വല്ല അന്തരീക്ഷവുമുണ്ടെങ്കിൽ അതു ശരിയായ അന്തരീക്ഷം തന്നെയാണ്. ക്രസ്ത്യാനികൾക്കു അവിടെ ഒരു ക്രൈസ്തവ അന്തരീക്ഷമാണ് കാണാൻ കഴിയുന്നതെങ്കിൽ മുസ്ലീങ്ങൾക്കു മുസ്ലിം അന്തരീക്ഷവും, ഹിന്തുക്കൾക്കു ഹൈന്ദവ അന്തരീക്ഷവും കാണാവുന്നതാണ്. വിദ്യാഭ്യാസത്തിനു മറെറാരു ഉദ്ദേശം കൂടിയുണ്ട്. സാമാന്യ ജനസമുദായത്തിൻെറ ജീവിതത്തെ ക്രമപ്പെടുത്തുന്ന സാഹചര്യവും പരിശീലനവുംകൂടി ഇത്തരം സ്ഥാപനങ്ങളിൽനിന്നു് അഭ്യസിക്കപ്പെടേണ്ടതുണ്ട്. ഇവ ക്രസ്ത്യാനികൾക്കും, മുസ്ലീങ്ങൾക്കും, ഹിന്തുക്കൾക്കും ഒന്നുപോലെതന്നെയാണ്. ഇങ്ങനെയുള്ള സാമൂഹ്യ വ്യവസ്ഥകൾ അനുഷ്ഠിക്കേണ്ട കാര്യങ്ങളിൽ മതങ്ങൾക്കെല്ലാം വളരെ സാമ്യമുണ്ട്. കൊല്ലണം, പിടിച്ചുപറിക്കണം എന്നൊന്നും ക്രസ്ത്യാനികൾ പഠിപ്പിക്കുന്നില്ല. ഹിന്തുക്കളും പഠിപ്പിക്കുന്നില്ല. പാഠസമയം കഴിഞ്ഞു് അവരവരുടെ മതകാര്യങ്ങളെപ്പററിക്കൂടി പഠിപ്പിക്കുന്നതു വിദ്യാർത്ഥികളിൽ ധാർമ്മികവും ആദ്ധ്യാത്മികവുമായ പരിജ്ഞാനംകൂടി നൽകുന്നതിനു് ഉപകരിക്കുന്നതാണ്. അതുകൊണ്ടു വിദ്യാലയങ്ങളിൽ ആദ്ധ്യാത്മിക വിഷയംകൂടി പഠിപ്പിക്കണമെന്നും അതിനെ തടയരുതെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. പ്രൈമറി വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ശ്രീമതി ആനിജോസഫ് : സർ, വിദ്യാഭ്യാസത്തെ സംബന്ധിച്ചു സംസാരിക്കുന്നതിനു മുമ്പ് എനിക്കു ഒരു സംഗതി സ്പീക്കറുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാഗ്രഹമുണ്ട്. ഈ സഭയിൽ ൧൭൮ മെമ്പറന്മാർ ഉള്ളതിൽ ഞാനും മിസ്സിസ്സ് ഫ്രാൻസിസും ഇങ്ങനെ രണ്ടുപേർ മാത്രമേ സ്ത്രീകളുടെ പ്രത്യേകനിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്നവരായി ഇവിടെ വന്നിട്ടുള്ളൂ. അതുകൊണ്ട് സ്ത്രീകളെ പ്രത്യേകിച്ചു സംബന്ധിക്കുന്ന കാര്യങ്ങളെപ്പററി പറയേണ്ട പ്രത്യേകബാദ്ധ്യതയും ചുമതലയും ഞങ്ങൾക്കുണ്ട്. ഇതുകൊണ്ടു മാത്രമാണ് ഇന്നലെ സംസാരിക്കുവാൻ വേണ്ടി ഞാൻ ഒന്നിലധികം തവണ ഇവിടെ എഴുന്നേററുനിന്നതു്.

ശ്രീ. എം. ആർ. വേലപ്പൻ : സർ, ഒരു പോയിൻറ് ഓഫ് ആർഡർ. സമയം വളരെ പരിമിതമായിരിക്കുന്ന ഈ സന്ദർഭത്തിൽ ഇന്നലത്തെ കാര്യം പറഞ്ഞു സമയം വിനിയോഗിക്കുന്നതു ശരിയാണോ ?

മി. സ്പീക്കർ : ഇങ്ങനെയുള്ള കാര്യം പറഞ്ഞു സമയം വിനിയോഗിക്കാതിരിക്കുന്നതാണ് നല്ലതു്.

ശ്രീമതി ആനിജോസഫ് : ഞങ്ങൾക്കു സംസാരിക്കുവാൻ സന്ദർഭം വേണ്ടപോലെ ലഭിക്കുന്നില്ലെന്നുള്ള കാര്യം സ്പീക്കറുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ നിർബ്ബന്ധിതയായിത്തീർന്നതുകൊണ്ടാണ് ഇത്രയും പറഞ്ഞതു്. ഇക്കാര്യത്തിൽ സ്പീക്കർ കുറെക്കൂടി ശ്രദ്ധിക്കണമെന്നു് അപേക്ഷയുണ്ട്.

സർ, വിദ്യാഭ്യാസത്തെപ്പററി വളരെയധികം പറയണമെന്നാഗ്രഹമുണ്ടെങ്കിലും കൊച്ചിയിൽ ഇല്ലാത്തതും തിരുവിതാംകൂറിലുള്ളതുമായ ഒരു കാര്യത്തെപ്പററി മാത്രം തല്ക്കാലം പറയാമെന്നു വിചാരിക്കുന്നു. കൊച്ചിയിൽ അദ്ധ്യാപകന്മാരുടെ ഇടയിൽ സ്ത്രീപുരുഷന്മാർതമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്നാൽ, തിരുവിതാംകൂറിൽ ഹൈസ്കൂൾ സെക്ഷനിലും കോളേജു സെക്ഷനിലുംസ്ത്രീകൾക്കു ചില പ്രത്യേകകള്ളികൾ നിശ്ചയിച്ചിട്ടുണ്ട്. ഒരേവർഷത്തിൽ ഒരേപരീക്ഷ പാസ്സായിവന്നിട്ടുള്ള സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ ഗ്രേഡിലാണ് ഉദ്യോഗം ലഭിക്കുന്നതു്. ഒരേജോലി, ഒരേഡിപ്പാർട്ടുമെൻറ് ഇതെ

ല്ലാമാണെങ്കിലും പുരുഷനു ലഭിക്കുന്ന ശമ്പളം സ്ത്രീക്കു ലഭിക്കുന്നില്ല. സർ, ഇവിടെ ആകെ ൫൦ ഗ്രാഡ്വേററ് ടീച്ചേഴ്സുള്ളതിൽ, ൪൦ സ്ഥാനവും പുരുഷന്മാർക്കാണ്. ബാക്കി ൧൦ സ്ഥാനം മാത്രമേ സ്ത്രീകൾക്കായുള്ളു. പുരുഷന്മാർക്കുള്ള സ്ഥാനങ്ങളിലേക്കാവശ്യമായുള്ള അപേക്ഷകരില്ലാത്തതിനാൽ അതിൽ ൫൨൦ സ്ഥാനവും സ്ത്രീകൾക്കു കൊടുത്തു. പക്ഷെ അവർക്കതിൽ സ്ഥിരതയൊ പ്രമോഷനൊ ഇല്ല. അതുകൊണ്ട് അവർക്ക് അവർ അർഹിക്കുന്ന പ്രമോഷൻകൂടി ലഭിക്കാതെയാണിരിക്കുന്നതു്. ഇവിടെ ഇങ്ങിനെ വ്യത്യസ്തമായ ഒരു നില അവലംബിച്ചുകാണുന്നതിൽ ഞങ്ങൾക്ക് അത്ഭുതം തോന്നുന്നു. കൊച്ചിയിൽ ഇതുപോലെയുള്ള വ്യത്യാസം ഞങ്ങളുടെ വിദ്യാഭ്യാസമണ്ഡലത്തിൽ കണ്ടിട്ടില്ല.

കാളേജുസെക്ഷനിലും പുരുഷന്മാരും സ്ത്രീകളും തമ്മിൽ വലിയ വ്യത്യാസം കാണുന്നുണ്ട്. ഇവിടെ വിമൻസുകാളേജിൽ, ൪൦ അംഗങ്ങൾ സ്റ്റാഫിലുണ്ടെങ്കിലും അതിൽ അധികവും ൨൦ മുതൽ ൫൦൦ വരെയുള്ള ശമ്പളത്തിലുള്ളവരാണ്. എന്നാൽ ഇവിടത്തെ യൂണിവേഴ്സിററി കോളേജിലാകട്ടെ, ഇങ്ങനെയുള്ള ഒരു ഗ്രേഡില്ല. സർ, ഒരേകൊല്ലം, ഒരേപരീക്ഷ പാസ്സായി ഒരേകൊല്ലത്തിൽ ഉദ്യോഗത്തിൽ പ്രവേശിച്ച സ്ത്രീക്കും പുരുഷനും തമ്മിൽ ഇന്നു് ശമ്പളത്തിലുള്ള വ്യത്യാസം ൩൦ രൂപയൊ ൫൦൦ രൂപയൊ അല്ല. വിമൻസുകോളേജിൽ ഒരു സ്ത്രീ ൨൦൦ രൂപാ ശമ്പളം വാങ്ങുന്നുണ്ടെങ്കിൽ, അവരോടൊപ്പം പാസ്സായി അവരോടൊപ്പം ജോലിയിൽ പ്രവേശിച്ച യൂണിവേഴ്സിററികോളേജിലെ ഒരു പുരുഷൻ ഇപ്പോൾ ൧൩൦ രൂപായാണ് ശമ്പളം വാങ്ങിക്കുന്നതു്. മുമ്പ് എം. എ. പാസ്സായ ഒരു ഹിന്ദിടീച്ചർ വിമൻസുകോളേജിലുണ്ടായിരുന്നു. അവർ ഉള്ളപ്പോൾ യൂണിവേഴ്സിററി കോളേജിൽ ബി. ഒ. എൽ. പാസായ ഒരാളെ [illegible]൧൩ രൂപാ ശമ്പളത്തിൽ നിയമിച്ചിരിക്കുന്നു. ഈ ആളിനെ നിയമിച്ചതിലുള്ള കണ്ഠിതംകൊണ്ടു ഞാനിതു പറയുന്നതല്ല. എന്നാൽ ഇതു വലിയ അനീതിയാണ്. സ്ത്രീ ആയാലും പുരുഷനായാലും ഒരേ കൊല്ലത്തിൽ ഒരേയോഗ്യതയുള്ള ജോലിക്കു നിയമിക്കപ്പെട്ടാൽ അവർക്കു തുല്യമായ ഗ്രേഡുകൾതന്നെ കൊടുക്കണം. വിമൻസുകോളേജിൽ ഈ വ്യത്യാസം ശമ്പളഗ്രേഡുകൾക്കുണ്ടായതു് അതു ഒരു സെക്കൻറു ഗ്രേഡ് കോളേജായതുകൊണ്ടാണെന്നു പറയുന്നു. എന്തുകൊണ്ട് അതൊരു ഫസ്ററ ഗ്രേഡ്കോളേജാക്കിക്കൂടാ എന്നു ഞാൻ ചോദിക്കുന്നു. തിരുവിതാംകൂറിന്റെ അഞ്ചിലൊരുഭാഗം മാത്രമുള്ള കൊച്ചിയിൽ രണ്ടു ഫസ്ററഗ്രേഡ് കോളേജുകളുണ്ട്. എന്നാൽ തിരുവിതാംകൂറിൽ ഒരു കോളേജു മാത്രമേയുള്ളു. അതു സെക്കൻറു ഗ്രേഡാണുതാനും. ഇവിടെ പുരുഷന്മാരുടേതിനോടൊപ്പം തുല്യമായ ഒരു നില ഈ കോളേജുകളിൽനിയമിക്കപ്പെടുന്ന സ്ത്രീകൾക്കു ലഭിക്കുന്നില്ലെന്നുള്ളതു് വളരെ കഷ്ടമാണ്. അതു വലിയ അനീതിയുമാണ്. വിദ്യാഭ്യാസമന്ത്രി ഇക്കാര്യത്തെപ്പററി പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. ഒരു വനിതാമന്ത്രിയുള്ള നാട്ടിൽ, ഒരു വനിതാസർജൻജനറലുള്ള നാട്ടിൽ, വനിതാമജിസ്ട്രേട്ടന്മാരുള്ള നാട്ടിൽ, ഒരു വനിതാജഡ്ജിയുള്ള ഈ നാട്ടിൽ ഇത്രവളരെ, സ്ത്രീകളോടു് ഈ അന്യായം പ്രവൎത്തിക്കുന്നതു ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: "தாயத்துக் குஞ்சுத்தொம்மன்" அவர்கள் ஏதோ பரோடா ராஜ்யத்தில் கட்டாயக் கல்வித் திட்டம் ஏற்படுத்தி 36 வருஷங்கள் கழிந்த பின்னும் விசேஷமாக யாரும் படிக்கவில்லையென்றும், 40% தான் படித்திருக்கிறார்கள் என்றும், ஆதலால் கட்டாயம் Private Management இடம் கொடுக்கவேண்டுமென்றும் சொன்னார்கள். ஆனால் அதில் எவ்வளவு நியாயம் இருக்கிறதென்று சொல்ல முடியவில்லை. ஏனென்றால், இன்று கொச்சி திருவிதாங்கூர் யூனியன் சர்க்காரின் கல்வித்துறையில் டைரக்டராய் T. K. Koshi இருக்கும்போது இந்தக் கல்வித்திட்டம் அப்படித்தான் இருக்கும். இந்தக் கட்டாயக் கல்வி திட்டம் சம்பந்தமாக ஒன்றிரண்டு வார்த்தைகள் சொல்ல ஆசைப்படுகிறேன். இந்த Shilt system என்று சொல்கிறார்களே, அது எவ்வளவு தூரம் வெற்றிகரமாக நடக்கிறதென்பதை அப்துல்லா கமிற்றி முடிவு செய்திருக்கிறது. இனி இரண்டு மணி நேரம்கூட வைத்திருந்தாலும், அது அனியாயமாய் முடியுமென்று சொல்லிக்கொண்டு அதை உடனடி மாற்றும்படி கேட்டுக்கொள்கிறேன். பின், கட்டாயக் கல்வி நடக்குமிடங்களில் குழந்தைகளுக்கு கஞ்சி கொடுக்கும்படி ஒரு ஏற்பாடு இருக்கிறது. சர்க்காரிலிருந்து கொடுத்தால் அதை ஒப்

[Sri. A. Chidambaranatha Nadar]

புக்கொள்ள முடியும், அன்று குருகுலத்திலிருந்த நிலைமை அல்ல இப்பொழுது ஆசிரியர்களுக்கு. அவர்களைக் கொண்டு அரிசி தெண்ட வைக்கிறார்கள். இது, ஆசிரியர் குலத்திற்கும், இந்த ஜனநாயக உலகத்திற்குமே ஒரு குறைவு. ஆதலால், அதை நிறுத்தி வைக்கவேண்டும். அடுத்தபடியாக Text Book Committee இன்று வரையில், பாடசாலைகள் திறந்து நான்கு மாதங்களாய்விட்டது. இரண்டு, நான்கு, வகுப்புகளுக்கு தமிழ் பாடப் புத்தகங்கள் இதுவரையிலும் கிடைக்கவில்லை. கிடைப்பதாயிருந்தாலும் தமிழ் பாடப் புத்தகத்தின் விலை மலையாள புத்தகத்தின் விலையைவிட கூடுதலாயிருக்கிறது. இப்படி இன்னும் புத்தகங்கள் கிடைப்பதற்கு இரண்டு மாதங்கள் ஆனால், மாணவர்கள் எப்படி படித்து பரீட்சை எழுதுவார்கள். அடுத்தபடியாக இங்கே அருகாமையிலிருக்கும் Model School க்கு தமிழ் படிக்க ஒரு மாணவன் போனால் தமிழில் படிக்க முடியாதென்று அங்குள்ள Head master சொல்கிறாராம். இந்த இடத்தில் கல்வி இலாகா மந்திரி அவர்களிடம் கேட்கிறேன். Education Minister's Conference ல் என்ன நடந்தது? ஒரு வகுப்பில் 40 பேர்கள் இருந்தால், அதில் 10 பேர்கள் எந்த பாஷையில் படிக்க ஆசைப்படுகிறார்களோ, அந்த வகுப்பை வைத்து, தமிழ் பாஷையிலோ, அல்லது மலையாள பாஷையிலோ, படிப்பிக்கவேண்டுமென்று அந்த Conference ல் முடிவு செய்யப்பட்டிருக்கிறது. அதே மனதில் வைத்துக்கொண்டு ஒவ்வொரு கல்லூரி மேல் அதிகாரிகளிடம் எடுத்து சொல்லவேண்டும். அதிலும், விசேஷமாக கல்குளம், விளவங்கோடு, இந்த தாலுகாக்களில் அத்தியாவசியமாய் சொல்லவேண்டியது உண்டு. கல்வி இலாகா மந்திரி அவர்கள் சொன்னார்கள், எந்த தாய் தந்தையர்களும், தங்கள் குழந்தைகளை எந்த பாஷையில் படிப்பிக்க விரும்புகிறார்களோ, அந்த பாஷையிலே படிப்பிக்கலாமென்று சொன்னார்கள். சந்தோஷம். ஆனால் அங்கு அப்படி நடக்கவில்லை. அடுத்தபடியாக பல இடங்களிலும் கட்டிடங்கள் கட்ட Sanction இருக்கிறது, எனக்குத் தெரியும். ஆனால் T. K. Koshi, Public இடமிருந்து பணம் சேகரித்து கட்டிடம் கட்டச் சொல்கிறார். அதற்கு அர்த்தமென்ன? இந்தக் கட்டாயக் கல்வியை ஆழக் குழிதோண்டி நீளமாய் புதைக்க ஆசைப்படுகிறார்? அல்லது அதை அபிவிருத்திசெய்ய ஆசைப்படுகிறாரா? என்று கேட்கிறேன். சமயம் அதிகம் இல்லாததால் ஒன்றிரண்டு வார்த்தைகள் கூறிக்கொண்டு நிறுத்திக்கொள்கிறேன். இன்று அநேக உயர்தர கல்லூரிகளில் படிப்பிக்க உபாத்தியாயர்கள் கிடையாது. நாகர்கோவில் S. L. B. High School லிலும் உபாத்தியாயர்கள் சரியாக இல்லை. அதே கல்வி மந்திரி அவர்கள் தமது கவனத்தில் எடுத்துக்கொள்ளதவண்டும். அடுத்தபடியாக நான் சொல்வதென்னவென்றால், கழிந்த காலத்தில் L. T. பாஸாகிய ஆசிரியர்களுக்கு ஒரு Interview நடத்தினார்கள். ஆனால் நியாயமானதா? இல்லையா? யென்று ஒரு அறிக்கை கூட வெளிவரக்காணவில்லை. ஒரு சங்கதி கூட. இந்த சர்க்கார் பிரசுரிக்கும் பாடப் புத்தகங்களில் ஏன் T. K. Koshi என்று rubber stamp பதிக்கப்பட்டிருக்கிறது என்பதைப் பற்றித் தெரியவில்லை. ஐக்கிய திருவிதாங்கூர் சர்க்கார் ஸ்கூல் அத்தியாபகர் மகாசங்கம், துலாம் மாதம் 25–ம் தேதி ஆரம்பிக்கப்பட்டதாக அறிகிறோம். அதற்காக Atorney General ம் Education Secretary ம் சிபார்சும் செய்து இருக்கிறார்கள். ஆனால் T. K. Koshi அந்த ஸ்தாபனத்திலுள்ள அங்கத்தினர்களை ஸ்தலமாற்றம் செய்கிறதாக அறிந்தேன். பின்னர், நேற்று போலீஸைப்பற்றிப் பேசும்போது ராமகிருஷ்ணபிள்ளை அவர்கள் சன்மார்க்க விருத்தம் எந்த உத்தியோகத்திலிருந்தாலும் அவன் நடை செய்ய வேண்டுமென்றும் அவனை தண்டிக்கவேண்டுமென்றும் அதே குற்றமாக பாவிக்கவேண்டுமென்றும் சொன்னார்கள், அது சரி, ஆனால் கழிந்த காலத்தில்

**Mr. Speaker:** What is the subject the member is talking about ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: Education யைப் பற்றித்தான் பேசுகிறேன். இதுவும் அதுதான். பின்னர், பட்ஜெட் சமயத்தில் அநேக மலையாளப் பத்திரிகைகளில் இந்த T. K. Koshi யைப் பற்றி பல குற்றச்சாட்டுகள் வந்திருந்ததை நான் பார்த்தேன். உண்மை எதுவென்று தெரியவில்லை. இந்த ஜனநாயக சர்க்கார் சன்மார்க்க விருத்தமாக நடக்கும் எவனைத் தண்டிக்கிறதென்று கேட்கிறேன். அவன் குற்றம்

செய்து இருக்கிறதா? இல்லையா? என்று ஒரு Public enquiry பரவலாக செய்து இருக்கிறதா என்று சொல்லிக்கொண்டு என் பேச்சை முடித்துக்கொள்கிறேன்.

ശ്രീ. സി. സി. പ്രസാദ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. കട്ട്മോഷനയച്ചവരെ സംസാരിക്കാൻ അനുവദിക്കാത്ത നീതികേടിനെ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്താൻ ഒരു മെമ്പർക്ക് അധികാരമുണ്ടോ?

മി. സ്പീക്കർ: പായിൻറ് ഓഫ് ഓർഡർ എന്താണെന്ന മനസ്സിലാകുന്നില്ല. ഏതായാലും സ്പീക്കറുടെ തീരുമാനത്തെപ്പററി ചോദ്യം ചെയ്യാൻ അവകാശമില്ല.

ശ്രീ. സി. സി. പ്രസാദ്: ഇവിടെ അസംബ്ലിമെമ്പറന്മാർക്ക് കട്ട്മോഷൻ അയച്ചിട്ടുള്ളതിൻെറ മറ അനുസരിച്ച് സംസാരിക്കാമോ അതോ സ്പീക്കറുടെ സ്വന്തഅധികാരവും യുക്തിയും അനുസരിച്ച് ഇഷ്ടമുള്ളവരെ സംസാരിക്കാൻ അനുവദിക്കണോ എന്നുള്ളതിനെപ്പററിയാണ് അറിയേണ്ടത്.

മി. സ്പീക്കർ: സ്വന്തഅധികാരവും സ്വന്തയുക്തിയും മാത്രം ഉപയോഗിച്ചു എന്നു വിചാരിക്കുന്നെങ്കിൽ അതിനു അടിസ്ഥാനമില്ല. അങ്ങിനെ മെമ്പർ വിചാരിക്കുന്നുണ്ടെങ്കിൽ അത് ഈ വിഷയത്തെപ്പററി ഇതിനു മുമ്പ് സഭയിൽ ചെയ്തിട്ടുള്ള പ്രസ്താവനകളെ ബഹു. മെംബർ ശ്രദ്ധിക്കാഞ്ഞതുകൊണ്ടായിരിക്കും എന്നു വിചാരിക്കുന്നു.

ശ്രീ. വി. ഗംഗാധരൻനായർ: സർ, വിദ്യാഭ്യാസം നമ്മുടെ മന്ത്രിസഭയെ സംബന്ധിച്ചിടത്തോളം ഒരു വലിയ പാറയാണ്. കഴിഞ്ഞ മന്ത്രിസഭ ഈ വൻപാറയിൽ തട്ടിയാണ് തകർന്നിട്ടുള്ളതെന്ന് അതുസംബന്ധിച്ചിട്ടുള്ള സൂക്ഷ്മവിവരങ്ങൾ അറിയാവുന്നവർക്കെല്ലാം അറിയാം. ഏതായാലും ഈ വിദ്യാഭ്യാസരംഗത്ത് വളരെ ദൃഢവും പുരോഗമനപരവുമായ ഒരു നയം സർ സി. പി. രാമസ്വാമിഅയ്യർ അന്നുണ്ടായിരുന്ന നിയമസഭയുടെ അനുമതിയോടുകൂടി സമാരംഭിച്ചിട്ടുണ്ട്. അത് ഈ അടുത്തകാലംവരെ പ്രയോഗത്തിൽ ഇരിക്കയുമായിരുന്നു. എന്നാൽ ഈ പുതിയ മന്ത്രിസഭ വന്നതിനു ശേഷം ആ നയത്തിൽ മൌലികമായ ചില വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ടോ എന്നൊരാശങ്ക നാട്ടിൽ ഉണ്ടായിട്ടുണ്ട്. മിഷ്യനറിമാർ നടത്തിയിട്ടുള്ള വിദ്യാഭ്യാസസേവനങ്ങളെ അധിക്ഷേപിക്കണമെന്ന് എനിക്കാഗ്രഹമില്ല. എന്നാൽ വിദേശാധിപത്യം നിലനിന്നിരുന്ന കാലത്ത് ഇവിടെ നടന്നുകൊണ്ടിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം അതുപോലെ പുലത്തണമെന്നു പറയുന്നവരോടു യോജിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. വിഭാഗികമായ വിദ്യാഭ്യാസം നമുക്കു ഒരു വിനയാണ്. ജനാധിപത്യത്തിൽ ചെന്നെത്തിയിരിക്കുന്ന നമുക്കു പരിഷ്കൃതസമുദായത്തിനു യോജിച്ച വിദ്യാഭ്യാസമാണ് ഇന്നാവശ്യമായിട്ടുള്ളത്. നാളത്തെ ലോകത്തെ പൌരന്മാരാക്കി നമ്മുടെ ഭാവിതലമുറയെ വളർത്തിയെടുക്കുന്നതിനു വിഭാഗികമായ വിദ്യാഭ്യാസം ആവശ്യമാണോ അല്ലയോ എന്നുള്ള ചോദ്യമാണ് നമ്മുടെ കോൺഗ്രസ്സ്ഗവമ്മെൻറിൻെറ മുമ്പിലുള്ളത്. മതപരവും സാമുദായികവുമായ നേട്ടങ്ങൾക്കു വേണ്ടി വിദ്യാഭ്യാസം നടത്തണമെന്നു നിർബ്ബന്ധമുള്ള ആളുകളെ അതു നടത്തുന്നതിനു അനുവദിക്കുന്നതിൽ വിരോധമില്ല. മററു രാജ്യങ്ങളിലെ ജനങ്ങളെപ്പോലെ ഇവിടത്തെ എല്ലാ സമുദായങ്ങളേയും ഉൾക്കൊള്ളുന്ന പൌരാവലിയെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം വിഭാഗികമായ ഒരു അധിഷ്ഠാനത്തിലായിരിക്കരുതെന്നും എല്ലാവരുംകൂടി ഒന്നിച്ചു ചേർന്നു പഠിക്കത്തക്കവണ്ണം ഗവമ്മെണ്ടിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലിരിക്കുന്ന വിദ്യാലയങ്ങളിൽ പഠിക്കുന്നതിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നും ഊന്നി പ്രസ്താവിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഈ വിഷയത്തെക്കുറിച്ചു പറയുമ്പോൾ ഇന്നു പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർ അനുഭവിക്കുന്ന ദുരിതങ്ങളെപ്പററി ഓർക്കേണ്ടതുണ്ട്. അതിനെപ്പററി ആവർത്തിച്ചു ഒന്നുംതന്നെ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ധ്യാപകന്മാരുടെ പൊതുപ്രശ്നംതന്നെ എടുക്കാം. അവരുടെ അഭിവൃദ്ധിക്കുവേണ്ടിയുംകൂടി വിദ്യാലയങ്ങൾ ഗവമ്മെണ്ടുതന്നെ ഏറെറടുത്തു ഗവമ്മെണ്ടുദ്യോഗസ്ഥന്മാർക്കു കൊടുക്കുന്ന ശമ്പളവുംപെൻഷനുംകൂടി കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. അദ്ധ്യാപകന്മാരുടെ അവകാശവാദങ്ങൾ നിശ്ചയമായും ഗ്രാൻറ് കൂട്ടിയതുകൊണ്ട് അവസാനിക്കുമെന്ന് എനിക്കഭിപ്രായമില്ല. ഗവമ്മെണ്ടുസ്കൂൾ അദ്ധ്യാപകന്മാർക്ക് കിട്ടുന്ന സകല ആനുകൂല്യങ്ങളും പ്രൈവററ്സ്കൂൾ അദ്ധ്യാപകന്മാർക്കു കൊടുക്കുന്നതുവരെ അവരുടെ പ്രക്ഷോഭണവും ഒരുപക്ഷേ സമരവും ഉണ്ടായിക്കൊണ്ടുതന്നെയിരിക്കും. അതുകൊണ്ട് അവരുടെ

[Sri. V. Gangadharan Naiar]

നമ്മയേയും അവരുടെ പ്രശ്നങ്ങളെയും അടിസ്ഥാനമാക്കി നോക്കിയാൽ പ്രൈവററ വിദ്യാലയങ്ങളുടെ നടത്തിപ്പിന്റെ ചുമതല മുഴവൻ ഗവൺമെണ്ട് ഏറെറടുക്കുന്നതു സമുചിതമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

എനിക്ക് ഇനി യൂണിവേഴ്സിററിയിലുള്ള റിസർച്ചു് ഡിപ്പാർട്ടുമെണ്ടിനെപ്പററി ചില കാര്യങ്ങൾ പറയുവാനുണ്ടു്. ഇവിടെ പെട്രോളിനു പകരം ചാരായം ബസ്സുകൾക്കു് ഉപയോഗിക്കാം എന്നു മുമ്പൊരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. അതുപോലെതന്നെ നമ്മുടെ മരച്ചീനിയിൽനിന്നും ബാർളി, സാഗൊ, അതുപോലെയുള്ള മററുപല സാധനങ്ങളും ഉണ്ടാക്കാമെന്നു പറഞ്ഞു കേട്ടിട്ടുണ്ടു്. നമ്മുടെ ഉല്പാദനശേഷിയെ വർദ്ധിപ്പിക്കുന്നതിനു് പര്യാപ്തമായ പ്രവർത്തനങ്ങൾ നമ്മുടെ റിസർച്ചു് ഡിപ്പാർട്ടുമെണ്ടു നടത്തിക്കൊണ്ടാണോ ഇരിക്കുന്നതെന്നറിയുവാൻ എനിക്കു കൗതുകം ഉണ്ടു്. നമ്മുടെ റിസർച്ചു ഡിപ്പാർട്ടുമെണ്ടിനെ എത്രയും ഭംഗിയായി അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധ പതിയണമെന്നു ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. എൻ. പി. വറുഗീസ്സ്: സർ, എനിക്കു പ്രധാനമായി യൂണിവേഴ്സിററിയെ സംബന്ധിച്ചാണു് പറയാനുള്ളതു്. തിരുവിതാംകൂർ യൂണിവേഴ്സിററിയിൽ ചേർന്നു പഠിക്കണമെന്നാഗ്രഹിക്കുന്നവർക്കു് ടെക്ക്നിക്കൽ വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സൌകര്യങ്ങൾ ഇന്നു വേണ്ടത്ര ലഭിക്കുന്നില്ലെന്നുള്ള വസ്തുത ഗവൺമെണ്ടുശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നു് കെമിസ്ത്രിയോ ഫിസിക്സോ എഞ്ചിനീയറിംഗോ വിഷയമെടുത്തു പഠിക്കണമെന്നാഗ്രഹിക്കുന്നവരാണു് അധികം വിദ്യാർത്ഥികളും. എന്നാൽ അവർക്കു അവ പഠിക്കുവാനുള്ള സൗകര്യം ഐക്യസംസ്ഥാനത്തെ കാളേജുകളിൽ ഇല്ലാതെയാണിരിക്കുന്നതു്. അതുകൊണ്ടു് യൂണിവേഴ്സിററി അധികൃതന്മാർ കൂടുതൽ സീററുകൾ കെമിസ്ത്രി, ഫിസിക്സ്, എഞ്ചിനീയറിംഗ് ഈ വിഷയങ്ങൾക്കായി മാററിവെക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇതുകൂടാതെ ഒരു പുതിയ ടെക്നിക്കൽ കാളേജ് സ്ഥാപിക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. തിരുവിതാംകൂറിലെ വ്യാവസായികസംരംഭങ്ങൾ പുനരുദ്ധാരിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചുവരുന്ന ഈ അവസരത്തിൽ കെമിക്കൽ ഇഞ്ചിനീയറിംഗിനായി ഒരു പാഠശാല ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണെന്നു എന്റെ സ്നേഹിതൻ ശ്രീ. മുണ്ടശ്ശേരി പറഞ്ഞതുതന്നെയാണു് ഞാനും നിർബന്ധമായി ഗവൺമെണ്ടിനോടു് ആവശ്യപ്പെടുന്നതു്.

രണ്ടാമതായി എനിക്കു പറയാനുള്ളതു് തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തനം നടത്തുന്ന റിസർച്ചു് ഡിപ്പാർട്ടുമെണ്ടിനെക്കുറിച്ചാണു്. ഇവിടത്തെ റിസർച്ചു് ഡിപ്പാർട്ടുമെണ്ടിന്റെ ജോലി, എന്റെ സ്നേഹിതൻ ശ്രീ. ഗംഗാധരൻ നായർ പറഞ്ഞതുപോലെ, വേണ്ടത്ര തൃപ്തികരമാണെന്നു് എനിക്കും ബോദ്ധ്യമില്ല. ൧൧൨൩ മുതൽ ൯ കൊല്ലത്തേക്കുള്ള പ്രസ്തുത ഡിപ്പാർട്ടുമെണ്ടിന്റെ റിപ്പോർട്ടു നോക്കിയാൽ, അതു ഭംഗിയായി ബയിണ്ടു് ചെയ്തിട്ടുണ്ടു്, ൧,൦൦൦ പേജുകൾ ഉണ്ടു് എന്നുള്ള മെച്ചമല്ലാതെ വെറും റൊട്ടീൻവർക്കല്ലാതെ മററു കാര്യമായി ഒന്നുംതന്നെ ചെയ്തിട്ടില്ലെന്നു കാണാവുന്നതാണു്. റിസർച്ചു് ഡിപ്പാർട്ടുമെണ്ടു് അധികാരികൾ ഗവേഷണകാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ലെന്നു് അവരുടെ റിപ്പോർട്ടുകൊണ്ടു് സ്പഷ്ടമാണു്. ൧൧൨൨-ൽ റിസർച്ചു് ഡിപ്പാർട്ടുമെണ്ടിന്റെ ജോലിയെപ്പററി റിപ്പോർട്ടുചെയ്യുവാൻ ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടെന്നും, എന്നാൽ ആ ഡിപ്പാർട്ടുമെണ്ടു ജോലിയെപ്പററി അന്വേഷിക്കുവാനുള്ള സമയം ഇതുവരെ കിട്ടിയിട്ടില്ലെന്നുമാണു് യൂണിവേഴ്സിററിയുടെ റിപ്പോർട്ടിൽനിന്നു കാണുന്നതു്. അങ്ങനെ റിസർച്ചു് ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനങ്ങളെപ്പററി വ്യക്തമായ നിർദ്ദേശം കൊടുത്തു് വേണ്ട വിധത്തിൽ പ്രവർത്തനം നടത്തുന്നതിനു യൂണിവേഴ്സിററി ഒന്നും ചെയ്തിട്ടില്ല. ഇവിടത്തെ റിസർച്ചു് ഡിപ്പാർട്ടുമെണ്ടിൽനിന്നും നമ്മുടെ കൃഷിയെ നവീകരിക്കുന്നതിനൊ വ്യവസായങ്ങളെ വികസിപ്പിക്കുന്നതിനൊ കാര്യമായി യാതൊന്നുംതന്നെ പ്രവർത്തിക്കുന്നതായി റിപ്പോർട്ടിൽനിന്നും മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഈ റിസർച്ചു് ഡിപ്പാർട്ടുമെണ്ടു് പരിഷ്കരിക്കുന്നതിനു ഗവൺമെണ്ടു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അതിനായി വിദഗ്ദ്ധന്മാരെ ഗവൺമെണ്ടു ചുമതലപ്പെടുത്തുമെന്നു ഞാൻ വിശ്വസിച്ചുകൊണ്ടു് പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, വിദ്യാഭ്യാസത്തെക്കുറിച്ചു് എനിക്കു പ്രധാനമായി പറയുവാനുള്ളതു് ഇന്നു സാധാരണസ്കൂളുകളിൽ പോകുന്ന വിദ്യാർത്ഥികൾക്കു അവരുടെ

ജീവിതത്തിന് എന്തെങ്കിലും സൗകര്യമുണ്ടാകത്തക്കവണ്ണം യാതൊരു പദ്ധതിയും ഈ ഗവമ്മെണ്ട് ഇതുവരെ കാണിച്ചുകൊടുക്കുവാൻ തയാറായിട്ടില്ലെന്നുള്ളതാണ്. ഈ നാട്ടിൽ രാവിലെ പത്തു മണിക്കു സ്കൂളിലേക്കും, വൈകിട്ടു നാലുമണിക്കു സ്കൂളുകളിൽനിന്നും വീട്ടിലേയ്ക്കും സ്റ്റേററിന്റെ നാനാഭാഗങ്ങളിലുമുള്ള റോഡുകളിൽക്കൂടി പോകുന്ന ലക്ഷോപലക്ഷം വിദ്യാർത്ഥികളെ ഒരു നോക്കു കാണാൻ സാധിക്കുന്ന ഒരുവൻ ഈ പിഞ്ചുപൈതങ്ങളുടെ ജീവിതത്തെ നരകമാക്കുന്ന ഇന്നത്തെ വിദ്യാഭ്യാസരീതിയെപ്പററി പരിഭ്രമിക്കുകയും ശപിക്കുകയുംചെയ്തുപോകും. ഇന്നു കാണുന്ന പുതിയ പ്രക്ഷോഭണങ്ങൾ ഉണ്ടായിട്ടുള്ളതു എന്തുകൊണ്ടാണ്? ഓരോരുത്തർക്കും ജീവിതത്തിനാവശ്യമുള്ള ധനം സമ്പാദിക്കുന്നതിന് പററിയ തൊഴിലോ, അതില്ലാത്തപക്ഷം ജീവിതത്തിലെ അനുദിനാവശ്യത്തിനുള്ള ഭക്ഷ്യം, വസ്ത്രം, മററു സാധനങ്ങൾ ഇവ ഉല്പാദിപ്പിക്കുന്നതിനുള്ള കഴിവോ പ്രദാനംചെയ്യുന്ന യാതൊന്നും ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ് ഇതിന്റെയെല്ലാം മൂലകാരണം. ഈ രീതിയിൽ നമ്മുടെ വിദ്യാഭ്യാസം പുരോഗമിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്കു ആവശ്യമുള്ള തൊഴിൽ പരിശീലിപ്പിക്കുന്നതിനും നാം ഇതുവരെയും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലെന്നുള്ളതാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ദോഷം. ഇതിനു മുൻപുള്ള നിയമസഭയിൽ ഒരു വിദഗ്ദ്ധക്കമ്മിററിയുടെ റിപ്പോർട്ട് വരുത്തി അതു എല്ലാവരുടേയും അഭിപ്രായപ്രകാരം പാസ്സാക്കിയിട്ടുണ്ട്. അതിനു കുറെ പണവും ചെലവാക്കിയിട്ടുണ്ട്. പക്ഷെ ജനായത്തഭരണം ആവിർഭവിച്ചതിൽ പിന്നീടു അതു നടപ്പിലാക്കുന്നതിനു യാതൊന്നും ചെയ്തിട്ടില്ലെന്നുതന്നെയല്ല, അതു ചവററുകുട്ടയിൽ തള്ളുകയും ചെയ്തിരിക്കുന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശരിയായ ഒരു വിദ്യാഭ്യാസപദ്ധതി നടപ്പിൽവരുത്താൻ ശ്രദ്ധിക്കേണ്ടതു ജനകീയഗവമ്മെണ്ടിന്റെ കടമയാണ്. ഇൻഡ്യയിൽ ആദ്യത്തെ കോൺഗ്രസ് മന്ത്രിസഭ ഉണ്ടായതിനുശേഷം, അതായതു്, ൧൯൩൭ മുതൽ അനേകം പ്രവിശ്യാ വിദ്യാഭ്യാസക്കമ്മിററികൾ ധാരാളം അന്വേഷണങ്ങൾ നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ ഒരു സെൻട്രൽ കമ്മിററി, ശ്രീ. ബി. ജി. ഖെറിന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ടായിരുന്നു. ഇതുകൂടാതെ തൊഴിൽ വിദ്യാഭ്യാസത്തെപ്പററി വുഡ് ആബട്ടു (Wood Abbot) കമ്മിററി ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെയും, കൂടാതെ ഡാക്ടർ സക്കീർഹുസൈന്റെ അദ്ധ്യക്ഷതയിലുള്ള അടിസ്ഥാന വിദ്യാഭ്യാസക്കമ്മിററി റിപ്പോർട്ടിനേയും പരിഗണിച്ചാണ് ഇൻഡ്യയിൽ സാർജന്റു കമ്മിററി റിപ്പോർട്ടുണ്ടായിട്ടുള്ളതു്. ഇവയെല്ലാം അടിസ്ഥാനപ്പെടുത്തിയാണ് പാപ്പ്വത്ത് കമ്മിററി റിപ്പോർട്ടു നിർമ്മിച്ചിരിക്കുന്നതു്.

ശ്രീ. മാന്നാർ ഗോപാലൻ നായർ: തിരുവിതാംകൂറിൽ എത്ര കമ്മിററികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: പാപ്പ്വത്ത് കമ്മിററി റിപ്പോർട്ടിനുമുൻപും, പിമ്പും അനേകകാര്യങ്ങൾക്കുവേണ്ടി അനേകം റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽ വേണ്ടത്ര പരിഷ്കരണം വരുത്തുന്നതിനുവേണ്ടിയാണ് മഹാത്മാഗാന്ധി ബേസിക്ക് എഡ്യൂക്കേഷൻ പദ്ധതി രൂപീകരിച്ചിട്ടുള്ളതു്. എന്നാൽ നമ്മുടെ ഗവമ്മെണ്ട് ആ വിദ്യാഭ്യാസപദ്ധതി ഇവിടെ നടപ്പിലാക്കുവാൻവേണ്ടി യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലെന്നുമാത്രമല്ല, അതിനു് ഉദ്ദേശിക്കപോലും ചെയ്യുന്നില്ലെന്നാണ് തോന്നിപ്പോകുന്നതു്. ആ പദ്ധതിക്കാവശ്യമുള്ള ചെലവിന്റെ മുപ്പതുശതമാനം ഇൻഡ്യാഗവമ്മെണ്ടിൽനിന്നു തരാമെന്നു പറഞ്ഞിട്ടുതന്നെയും അതു നടപ്പിൽ വരുത്തുവാനുള്ള ഒരു ചേതോവികാരംപോലും ഈ ഗവമ്മെണ്ടിനുണ്ടായിട്ടില്ല. ജനങ്ങൾ ആവേശത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കുവാൻ കാത്തിരിക്കുകയാണെങ്കിലും അവരോടു യാതൊരു താല്പര്യവുമില്ലാത്ത അധികൃതരാണു നിർഭാഗ്യവശാൽ ഇന്നു നമുക്കുള്ളതു്. എന്തായാലും നമ്മുടെ വിദ്യാഭ്യാസം പുനഃസംവിധാനം ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നു ഗവമ്മെണ്ടിനെ ഞാൻ അറിയിച്ചുകൊള്ളുന്നു. (ബെൽ) ഒരു കാര്യംകൂടി. അതു് പണ്ഡിററുകളുടേയും പൌരസ്ത്യഭാഷാബിരുദധാരികളുടേയും അവശതകൾക്ക് പരിഹാരം ഉടൻ നൽകേണ്ടിയിരിക്കുന്നു എന്നുള്ളതാണ്.

ശ്രീ. കെ. എം. ചാണ്ടി: സർ, ദേശീയമായ അടിസ്ഥാനത്തിൽ സൌജന്യവും സാർവ്വത്രികവുമായി വിദ്യാഭ്യാസം സംഘടിപ്പിക്കുവാനുള്ള ഐക്യസംസ്ഥാനഗവമ്മെണ്ടിന്റെ ശ്രമത്തിൽ ഒരു പ്രതിപക്ഷമുണ്ടെന്നും ആ പ്രതിപക്ഷത്തിനു ഒരു നേതാവുണ്ടെന്നും ആ നേ

[Sri. K. M. Chandi]

താവ് ശ്രീ. മന്നത്തു പത്മനാഭപിള്ളയാണെന്നും ഞാൻ ഇപ്പോഴാണ് മനസ്സിലാക്കിയതു്. പ്രൊഫസർ മുണ്ടശ്ശേരി പറഞ്ഞതുപോലെ, ദേശീയമായ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം സംഘടിപ്പിക്കുക എന്നു പറയുമ്പോൾ, പള്ളിക്കൂടങ്ങളിലെ ഭിത്തിയും കസേരയും മേശയും ദേശീയമാക്കുകയല്ല വിദ്യാഭ്യാസദേശീകരണമെന്ന് എന്റെ മാന്യസ്നേഹിതൻ മനസ്സിലാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ പ്രതിപക്ഷത്തിന്റെ ദേശീയത്വം ഈ നാട്ടിൽ വർഗീയവിദ്വേഷം വമിച്ചുകൊണ്ടാണ് രംഗപ്രവേശം ചെയ്തിരിക്കുന്നതു് എന്നു പറയേണ്ടി വന്നതിൽ ഞാൻ ഖേദിക്കുന്നു.

ശ്രീ. മന്നത്തു പത്മനാഭപിള്ള: ബഹുമാനപ്പെട്ട മെമ്പറുടെ കയ്യിൽ എത്രമാത്രം ദേശീയത്വം ഉണ്ടെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. എം. ചാണ്ടി: പുരോഗമനപരമായ എല്ലാ കാര്യങ്ങളിലും പാരമ്പര്യമുള്ള വർഗ്ഗീയതയുടെ വിഷം വമിപ്പിച്ചു കുഴപ്പമുണ്ടാക്കി നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പ്രസംഗിച്ചതുകേട്ടപ്പോൾ അദ്ദേഹം ചങ്ങനാശ്ശേരി പള്ളിമൈതാനത്തു വെച്ച് "ജയിലിൽ കിടന്ന് നാമെല്ലാം ഉരുകിയൊന്നായിരുന്നു" എന്നു പ്രസംഗിച്ചതു് അനുസ്മരിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഈ അവസരത്തിൽ നാമെല്ലാം വിദ്യാഭ്യാസം സാർവ്വത്രികവും സൌജന്യവുമാക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ദേശീയത്വത്തിന്റെ പേരിൽ ഇപ്രകാരം വർഗ്ഗീയത്വം തട്ടിവിടുന്നതു് കാണുമ്പോൾ, പന്ത്രണ്ടു വർഷക്കാലം വാൽ കുഴലിൽ കിടന്നാലും, കുഴലിൽനിന്നെടുക്കുമ്പോൾ വാൽ വളഞ്ഞുതന്നെ ഇരിക്കുന്ന ഒരു ജന്തുവിന്റെ ഒരു കഥയാണ് എന്റെ ഓർമ്മയിൽ വരുന്നതു്.

ശ്രീ. മന്നത്തു പത്മനാഭപിള്ള: ഉരുകാത്ത സാധനം ഉണ്ടെന്നു ഇപ്പോഴാണ് ഞാൻ മനസ്സിലാക്കിയതു്. മെമ്പർ പറഞ്ഞ കഥയിലെ ജന്തു മീനച്ചിലുള്ള ഒരു വൃത്തികെട്ട ജന്തുവല്ലേ?

ശ്രീ. പി. നാണു: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. പേഴ്സനൽ ആറോപ്പം ചാർജ്ജും പ്രസംഗത്തിൽ അനുവദിക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

**Mr. Speaker:** It is absolutely wrong, unwarranted and cannot be allowed. Personal charges and attacks with an insinuation cannot be certainly allowed.

ശ്രീ. കെ. എം. ചാണ്ടി: സർ, തിരുവിതാംകൂർ ഗവൺമെണ്ട് ഇന്നു വിദ്യാഭ്യാസം സാർവ്വത്രികവും സൌജന്യവുമാക്കുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇവിടത്തെ വിദ്യാഭ്യാസപുരോഗതിയെ തടയുന്ന പ്രസ്ഥാനങ്ങളെ ഗവൺമെണ്ട് പ്രോത്സാഹിപ്പിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ൧൧൨൨-ൽ സർ സി. പി. രാമസ്വാമി അയ്യർ മി. പാപ്പ്വർത്തു് അദ്ധ്യക്ഷനായി ഒരു കമ്മറ്റിയെ നിയമിക്കുകയുണ്ടായി. ആ വിദഗ്ദ്ധകമ്മിറ്റി ഗവൺമെണ്ടിലേക്ക് സമർപ്പിച്ച റിപ്പോർട്ടിലേക്ക് ഞാൻ ബഹു. മന്ത്രിയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ആ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന വിശദ വിവരങ്ങളെപ്പററിയോ അതിൽ അടങ്ങിയിരിക്കുന്ന സംഗതികളിലേക്കോ ഞാൻ ഇപ്പോൾ കടക്കണമെന്നു ആഗ്രഹിക്കുന്നില്ല. എന്നാൽ ആ റിപ്പോർട്ടിൽ പ്രധാനമായി പറഞ്ഞിരിക്കുന്നതു് ഇവിടത്തെ വിദ്യാഭ്യാസം സാർവ്വത്രികമാക്കണമെന്നുണ്ടെങ്കിൽ പ്രൈവററ് ഏജൻസികളെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കണമെന്നാണ്. ഈ അടുത്തകാലത്തു് ബഹു. വിദ്യാഭ്യാസമന്ത്രി ഒരു പ്രസ്സ്കോൺഫറൻസിൽ പറഞ്ഞതുപോലെ പ്രൈവററ് ഏജൻസികളെ ശരിയായ വിധത്തിൽ ചൂഷണം ചെയ്തുകൊണ്ടു് ഈ രാജ്യത്തിലെ വിദ്യാഭ്യാസം പുരോഗമിപ്പിക്കുകയാണ് വേണ്ടതെന്നു ഞാനും അഭിപ്രായപ്പെടുന്നു. അല്ലാതെ വിദ്യാഭ്യാസത്തിന്റെ പേരിൽ ദേശീയത വളർത്തുന്നതിനെ എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. പ്രൈവററ് വിദ്യാലയങ്ങൾ വേണ്ടെന്നു പറയുന്ന ശ്രീ. മന്നത്ത് പത്മനാഭപിള്ളതന്നെ ഇന്നത്തെ വിദ്യാഭ്യാസ ഡയറക്ടറുടെ മേലും, വിദ്യാഭ്യാസവകുപ്പിന്റെ മേലും കൊണ്ടുവന്നിരിക്കുന്ന ആരോപണം കൂടുതൽ വിദ്യാലയങ്ങൾ ഡയറക്ടർ അനുവദിച്ചു എന്നുള്ളതാണ്. ഏഴു സ്കൂളിനു അദ്ദേഹം അപേക്ഷിച്ചിട്ടു് ഏഴു സ്കൂളുകളും അനുവദിച്ചുവെങ്കിലും ൧൦ സ്കൂളുകളുടെ അനുവാദം നിഷേധിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ വിദ്യാഭ്യാസഡയറക്ടർ അതു് ചെയ്തില്ലെന്നുള്ളതാണ് അദ്ദേഹത്തിന്റെ മേൽ കൊണ്ടുവന്നിട്ടുള്ള ആരോപണം. ചുരുക്കത്തിൽ പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധിതവും സൌജന്യവും സാർവ്വത്രികവുമാക്കുന്നതിനുള്ള ഗവൺമെണ്ടിന്റെ നിയമനുസരിച്ചു് വിദ്യാഭ്യാസഡയറക്ടർ പ്രവർത്തിച്ചു എന്നുള്ളതാണ് എന്റെ മാന്യസ്നേഹിതൻ കൊണ്ടുവന്നിട്ടുള്ള ആരോപണം. (ബെൽ)

**Mr. Speaker :** Mr. Ouseph will speak now.

**Sri. Ponnara G. Sreedhar :** I suppose, I have also been standing.

**Mr. Speaker :** Yes. The member will get his chance.

**Sri. C. A. Ouseph:** Sir, if I interfere in this discussion it is to make an appeal. We are on the threshold, nay, in the throes of one of the biggest experiments in this land during the last many centuries. We have fought, we have quarrelled and we have finally agreed to unite. India has become independent and Kerala has become independent and one of the greatest experiments, one of the most difficult experiments is being worked out by the administrators of this land. Confusion is bound to arise, bitter confusion is bound to take place and till all that confusion is removed and a regular system and method are worked out, it behoves us, members of this House, to co-operate heartily with our administrators so as to make their task less difficult. Motions such as are now moved here, the clashing ideals that are discussed here from differing quarters of this House certainly make the task of the administrators more difficult. I am for nationalisation of education. He who says that nationalisation of education should not be attempted is a traitor to his country. But the question is how to work out that nationalisation. As the mover conceives it, it is an easy step. Let the Government take up all the schools and run them. To others that will be a step which will come in for bitter criticism and the greatest opposition. I appeal to all the members to realise the difficulties of the present administration. We are very badly in need of finance. I had a little to do with education in Cochin though I am not by the way much of an expert in it, and I know that the Cochin Government had the greatest difficulty in doing the little that it was able to do for education, and for the poorly paid teacher. After integration, the tasks that devolve on the present administration even in respect of eduction are much greater and therefore more difficult of performance. What is needed at the moment from us is wholehearted co-operation and not obstruction. Sir, we can have nationalisation and we need not have committees to be set up for that purpose. Several committees have sat upon education and submitted their reports. In India a very erudite Committee is now sitting and working out problems regarding Universities and Education. All their thoughts, ideas discussions reports and conclusions can be availed of by us. But we have in the meanwhile to find money. Therefore, I appeal to you, let us wait for some time, and in good time, when our finances are sound we will take up nationalisation and work it out for the good and the welfare of this land of ours.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ഡിപ്പാർട്ടുമെണ്ടിന്റെ ഭ ണത്തെപ്പററി ഇന്നലെയും ഇന്നുമായി പല മാന്യസുഹൃത്തുക്കൾ ഇവിടെ സംസാരിക്കുകയുണ്ടായി. ഈ മാന്യസുഹൃത്തുക്കൾ ഇവിടെ ഉന്നയിച്ച ആക്ഷേപങ്ങൾക്കും വിമർശനങ്ങൾക്കും അഭിപ്രായങ്ങൾക്കും മറുപടി പറയുകയെന്നുള്ള കൃത്യം വളരെ സുകരമായ ഒരു കൃത്യമല്ല. എന്നാൽ ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽ പ്രധാനമായി ൩ വിഷയങ്ങളെക്കുറിച്ചാണു് പരാമർശനമുണ്ടായിട്ടുള്ളതു്. തിരുവിതാംകൂർ സർവ്വകലാശാലയെപ്പററി ഒന്നുരണ്ടു് മാന്യസുഹൃത്തുക്കൾ ഇവിടെ ചില അഭിപ്രായങ്ങൾ പറയുകയുണ്ടായി. വിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളുന്ന അടിസ്ഥാനത്തെപ്പററിയും വിദ്യാഭ്യാസം നവീകരിക്കുന്നതിനെപ്പററിയും ഒന്നുരണ്ടു് മാന്യസുഹൃത്തുക്കൾ സംസാരിക്കുകയുണ്ടായി. ഈ സ്കൂൾ വർഷാരംഭത്തിൽ ചില ഹൈസ്കൂളുകളും മിഡിൽ സ്കൂളുകളും പുതുതായി അനുവദിച്ചതിനെപ്പററി ഒന്നോ രണ്ടോ ബഹുമാനപ്പെട്ട അംഗങ്ങൾ ആക്ഷേപിക്കുകയുണ്ടായി. ടെക്സ്റ്റ് ബുക്കുകളുടെ ഗുണദോഷങ്ങളെപ്പററിയും അവ വിതരണം ചെയ്യുന്നതിൽ വന്നിട്ടുള്ള കാലതാമസത്തെപ്പററിയും ചില ആക്ഷേപങ്ങൾ ഉണ്ടായി. നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി അനേകം ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുകയുണ്ടായി. അവസാനമായി, അല്ലെങ്കിൽ പ്രധാനമായി അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പററിയും പറയുകയുണ്ടായി. ഇന്നു് അദ്ധ്യാപകന്മാർക്കു് നൽകുന്ന ശമ്പളം വളരെ കുറവാണെന്നു ആക്ഷേപമുണ്ടായി. ഈ ആക്ഷേപങ്ങൾക്കെല്ലാം സാധാരണ ട്രഷറിബെഞ്ചിൽനിന്നു സമാധാനം പറയാറുള്ള രീതിയിൽ ഒരു സമാധാനം പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. സാധാരണ അതിന്റെ രീതി എന്താണെന്നുവച്ചാൽ ബഹുമാനപ്പെട്ട മെമ്പർമാർ പറയുന്ന ആക്ഷേപങ്ങളെയെല്ലാം ഒരന്യായമായി കണക്കാക്കി, അതായതു് ഒരു പ്ലെയിന്റ്, ചാർജ്ജുഷീററ്, പിന്നീടു് മന്ത്രി അവയെല്ലാം നിഷേധിച്ചു് ഒരു പത്രിക കൊടുക്കുക, വിധിക്കാൻ വേറെ വല്ലവരും, എന്ന നിലയിലാണു് ബഡ്ജററു് വാദപ്രതിവാദം നടക്കുന്നതു്. എന്റെ മാന്യസുഹൃത്തുക്കളായ ഈ നിയമസഭാംഗങ്ങൾ ചെയ്ത ആക്ഷേപങ്ങളെപ്പററി അങ്ങനെ ഒരു വീക്ഷണഗതി അവലംബിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ വലിയ ഡിപ്പാർട്ടുമെണ്ടു്

[Sri. Panampilli Govinda Menon]

രണ്ടു കോടി രൂപാ പ്രതിവർഷം ചെലവുചെയ്യുന്ന ഡിപ്പാർട്ടുമെണ്ട്, മന്ത്രിക്കളോ, ഡയറക്ടർക്കളോ, ഇൻസ്പെക്ടർമാർപോലും നോക്കെത്താത്തവിധത്തിൽ ഓരോ ഗ്രാമങ്ങളിലും കുഗ്രാമങ്ങളിലും നടക്കുന്ന വിദ്യാഭ്യാസത്തിന്റെ കാര്യങ്ങളിൽ ചില പിശകുണ്ടായിട്ടുണ്ടെന്നു ബഹുമാനപ്പെട്ട അംഗങ്ങൾതന്നെ കാണിച്ചാൽ ഞാൻ അങ്ങനെയുള്ള വിമർശനങ്ങളെ സ്വാഗതംചെയ്ത് ആ പിശകുകൾ നീക്കംചെയ്യുവാനുള്ള ഒരു പരിഷ്കരണം വരുത്തുവാൻ മാത്രമാണ് ഉദ്ദേശിക്കുന്നത്. അങ്ങനെയുള്ള ആക്ഷേപങ്ങൾ ശരിയാണോ അല്ലയോ എന്നു വാദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ചില വിഷയങ്ങളെക്കുറിച്ച് ഞാൻ ചില അഭിപ്രായങ്ങൾ അങ്ങോട്ടു പറഞ്ഞാൽ സഭയിലെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കുമുള്ളതുപോലെ ഉള്ള എന്റെ സ്വാതന്ത്ര്യം ഉപയോഗിച്ച് എന്റെ അഭിപ്രായങ്ങൾ പറയുന്നു എന്നുമാത്രം ബഹുമാനപ്പെട്ട അംഗങ്ങൾ കണക്കാക്കിയാൽ മതി. ഇന്ന് ഈ വാദപ്രതിവാദങ്ങളിൽ പങ്കെടുത്ത ശ്രീ. കെ. പി. നീലകണ്ഠപിള്ളയും മററു പല ബഹുമാനപ്പെട്ട അംഗങ്ങളും ഈ യൂണിയൻ ഗവമ്മെണ്ടിന്റെ വിദ്യാഭ്യാസനയത്തെക്കുറിച്ചു പറകയുണ്ടായി. നയങ്ങളൊന്നുമില്ല, ഒരു അലസഭാവത്തിൽ തോന്നുന്ന മാതിരിയിൽ കാര്യങ്ങൾ നടത്തുന്നു എന്നെല്ലാം ആക്ഷേപമുണ്ടായി. അവരുടെ ആക്ഷേപങ്ങളെക്കുറിച്ച് ഒരു സംഗതി എനിക്കു പറയുവാനുണ്ട്. ഈ യൂണിയൻ ഗവമ്മെണ്ട് ജൂലായി ൧-ാംനു-യാണ് ജന്മമെടുത്തത്. കേവലം ൫൪ ദിവസം തികഞ്ഞ ഒരു ഗവമ്മെണ്ട് ശിശുവിനെപ്പററിയാണ് ഈ ആക്ഷേപങ്ങൾ നടക്കുന്നത്. പുതിയ വിദ്യാഭ്യാസവർഷം തുടങ്ങി വിദ്യാലയങ്ങൾ തുറന്നു അദ്ധ്യയനം തുടങ്ങിയതിനുശേഷം ആ ഓടിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസരഥത്തിന്റെ സാരഥ്യം വഹിക്കുന്ന ഗവമ്മെണ്ടിന്റെ പേരിൽ നയരൂപീകരണം ഉണ്ടായിട്ടില്ല, നയവിശേഷം പുറത്ത് വന്നിട്ടില്ല എന്ന ആക്ഷേപം പറയുന്നതു ശരിയല്ല.

**Sri. A. P. Udayabhanu:** Are you repudiating the statement?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്ത ബഡ്ജററ വരുന്ന സന്ദർഭമാകുമ്പോൾ ഈ ഗവമ്മെണ്ടിനു വിദ്യാഭ്യാസകാര്യത്തിൽ നയപ്രഖ്യാപനം ചെയ്യുവാൻ സാദ്ധ്യമാകുന്നില്ലെങ്കിൽ, നയം എന്താണെന്നു വെളിവാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ അതു ന്യായമായ ഒരു ആക്ഷേപമാണ്. യൂണിവേഴ്സിററിയുടെ കാര്യത്തിൽ ശ്രീ. എൽ. എം. പൈലിയും, ശ്രീ. കെ. എ. മാത്യുവും, ശ്രീ. ബാലകൃഷ്ണൻതമ്പിയും മററും പറഞ്ഞ കാര്യങ്ങൾക്കു മറുപടിയായി എനിക്കു പറയുവാനുള്ളത് നമ്മുടെ യൂണിവേഴ്സിററിക്കു ഭേദഗതി ചെയ്യുകയും നവീകരിക്കുകയും ചെയ്യേണ്ട കാര്യം ഗവമ്മെണ്ട് ഇതുവരെ എടുക്കാതിരുന്നതു് ഇൻഡ്യയിലും മററു സ്ഥലങ്ങളിലുമുള്ള യൂണിവേഴ്സിററികളെയും ബാധിക്കുന്ന വിധത്തിൽ ഒരു റിപ്പോർട്ട് ശ്രീ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിലുള്ള ഒരു കമ്മിററി പുറപ്പെടുവിക്കുമെന്നുള്ളതുകൊണ്ടാണ്. ആ റിപ്പോർട്ടു വരുന്നതോടുകൂടി നമുക്കു നമ്മുടെ യൂണിവേഴ്സിററി വിദ്യാഭ്യാസത്തിൽ എന്തെല്ലാം വ്യത്യാസമാണ് വരുത്തേണ്ടതെന്നു ആലോചിക്കുവാൻ സാധിക്കും. അതോടുകൂടിതന്നെ സെക്കണ്ടറി സ്കൂളുകളെ സംബന്ധിച്ചും, മിഡിൽ സ്കൂളുകളെ സംബന്ധിച്ചും, പ്രൈവററ് ഏജൻസികൾ നടത്തുന്ന സ്കൂളുകളെ സംബന്ധിച്ചും പല വ്യത്യാസങ്ങളും വരുത്തേണ്ടതുണ്ട്. അതെല്ലാം അങ്ങനെ സാവകാശത്തിൽ നടപ്പിൽവരുത്തുവാൻ ശ്രമിക്കുകയല്ലാതെ വരുക, എടുക്കുക, കുടിക്കുക, മരിക്കുക എന്ന രീതിയിൽ നാലഞ്ചു ദിവസംകൊണ്ടു വ്യത്യാസങ്ങൾ വരുത്തത്തക്ക നവീന സംരംഭങ്ങൾ വിദ്യാഭ്യാസരംഗത്തിൽ തീർച്ചയായും അപകടകരമായിരിക്കും എന്ന് എനിക്കു തോന്നുന്നു. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെപ്പററിയും അതുതന്നെയാണ് എനിക്കു പറയാനുള്ളതു്. ഈ വക കാര്യങ്ങളെപ്പററി രാധാകൃഷ്ണൻകമ്മിററി റിപ്പോർട്ടിലുണ്ട്. മി. ചെല്ലപ്പൻപിള്ള പറഞ്ഞ കാര്യങ്ങൾക്കും ഇതുതന്നെയാണ് എനിക്കു പറയുവാനുള്ളതു്. പത്തു് അൻപതു് ദിവസങ്ങൾകൊണ്ടു് പെട്ടെന്നൊരു വലിയ മാററം സാദ്ധ്യമല്ല. അതുകൊണ്ട് ഈ കാര്യങ്ങൾ ആശാസ്യമായ രീതിയിൽ നടക്കുന്നു എന്നുമാത്രമേ എനിക്ക് ഇപ്പോൾ പറയുവാനുള്ളു.

കൊച്ചിയിൽ വ്യ പേരെ വാർദ്ധായിൽ വിദ്യാഭ്യാസത്തിനു അയച്ചിട്ട് അവക്ക് ഒന്നും ചെയ്തില്ലെന്നു പറഞ്ഞു. സ്കൂളുകൾ അനുവദിച്ചകാര്യത്തിലും ചില ആക്ഷേപങ്ങൾ പറയുകയുണ്ടായി. തിരുവിതാംകൂറിലും കൊച്ചിയിലും ഇന്നു പല സ്ഥലത്തും ഓവർലാപ്പിംഗ് ആയിട്ടു പരസ്പരം മത്സരിച്ചുകൊണ്ടു് പുതിയ സ്കൂളുകൾ അതായതു്, മിഡിൽ സ്കൂളുകളും പ്രൈ

മറിസ്കൂളുകളും ഉണ്ടാകാൻ ഇടയുണ്ടെന്ന് എനിക്കു തോന്നിയിട്ടുണ്ട്. ഈ വക കാര്യങ്ങളെപ്പററി ആക്ഷേപങ്ങൾ ഉള്ള സ്ഥിതിക്ക്, സ്കൂളുകൾ ഓവർലാപ്പിംഗ് ആയിട്ടുള്ളപ്പോൾ അദ്ധ്യാപകന്മാരുടെ ശമ്പളം നന്നാക്കുന്നതിനും അദ്ധ്യയനകാര്യത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധ ചെലുത്തുന്നതിനും മുൻപു സ്കൂളുകൾ എവിടെക്കുറവുണ്ട്, എവിടെക്കൂടുതലുണ്ട്, എവിടെയാവശ്യമുണ്ട് എവിടെ ആവശ്യത്തിൽ കൂടുതലുണ്ട്, ഈ കാര്യങ്ങളെപ്പററി ഒരു സർവ്വെ നടത്തുന്നതു നന്നായിരിക്കുമെന്നു എനിക്ക് അഭിപ്രായമുണ്ട്. അങ്ങനെ സർവ്വെനടത്താനുള്ള നടപടി ഗവമ്മെണ്ട് ഉടനേ തുടങ്ങുന്നതായിരിക്കും. അനാവശ്യമായിട്ടുള്ള സ്കൂളുകൾ വച്ചുപുലർത്തണമെന്ന് ആർക്കും ആഗ്രഹമുണ്ടായിരിക്കുകയില്ല. വേണ്ടിടത്തോളം വിദ്യാർത്ഥികളില്ലാതെ സ്കൂളുകൾ നടത്തി—ഇതു് ഒരു വ്യാപാരമാണെന്നുള്ള വിധത്തിൽ, ഒരു ലേലം എന്ന മട്ടിൽ മത്സരവും അടിപിടിയും ഉണ്ടാക്കുന്നവിധത്തിൽ ഒരു കമ്പോളസ്ഥലമായി വിദ്യാലയസ്ഥാപനങ്ങളെ താഴ്ത്തണമെന്ന് ഗവമ്മെണ്ടിനും ഡിപ്പാർട്ടുമെണ്ടിനും ആഗ്രഹമില്ല. അതുകൊണ്ട് ഈ വക കാര്യങ്ങളെപ്പററി വേണ്ടിടത്തോളം ആലോചിച്ച് അദ്ധ്യാപകന്മാരുടേയും അദ്ധ്യേതാക്കളുടേയും രക്ഷയ്ക്കു വേണ്ടതെല്ലാം ചെയ്യുവാൻ ഗവമ്മെണ്ട് ഒരുക്കമാണ്. വളരെ ആശാസ്യമായ രീതിയിൽ, പരസ്പരവിദ്വേഷമില്ലാതെ ബഹളമില്ലാതെ ചെയ്യാമെന്നിരിക്കെ മററു വിധത്തിൽ ഒരു മത്സരബുദ്ധിയോടുകൂടി ഈ സംഗതിയെ വീക്ഷിക്കുന്നതു് അഭിലഷണീയമല്ല. നല്ല ഉറപ്പോടുകൂടി എനിക്ക് പറയുവാൻ കഴിയും, ഈ വക കാര്യങ്ങളിലുള്ള കുറവു നികത്താൻ നമുക്കു ശക്തിയുണ്ട് എന്നു്.

ടെക്സ്ററ് ബുക്കുകളെ സംബന്ധിച്ച് പറയുകയുണ്ടായി. ഇന്നലെ പ്രസംഗിച്ച തമിഴ്നാട് മെമ്പർ തമിഴ് ബുക്കുകളുടെ non-availability, അതായതു്, തമിഴ് ബുക്കുകൾ സമയത്തുകിട്ടുന്നില്ല എന്നൊക്കെ പറയുകയുണ്ടായി. ഗവമ്മെണ്ടിൽനിന്നും പുതിയതായി ഒരു നയം തുടങ്ങുന്ന സന്ദർഭത്തിൽ ഇതുമാതിരിയുള്ള കാര്യങ്ങൾക്ക് അല്പം താമസം നേരിട്ടേയ്ക്കാവുന്നതാണ്. ആ രീതിയിലുള്ള താമസം ഇത്തവണ വന്നിട്ടുണ്ട്. ശരിയായി ടെക്സ്ററ് ബുക്കുകൾ വിതരണം ചെയ്യാൻ സാധിച്ചില്ല. എന്റെ തൃപ്തി അനുസരിച്ച് ഡിപ്പാർട്ടുമെണ്ടുകാര്യങ്ങൾ നടക്കുകയാണെങ്കിൽ സ്കൂൾ, തുറക്കുന്നതിന് രണ്ടു ദിവസങ്ങൾക്കു മുൻപ് അദ്ധ്യയനത്തിനു ആവശ്യമായ ടെക്സ്ററ് ബുക്കുകൾ തയ്യാറായിരിക്കേണ്ടതാണ്. അങ്ങിനെ ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. കൊച്ചിയിൽ ഈ കാര്യത്തിൽ ഭംഗിയായ വിധത്തിൽ നടപടി നടത്തുവാൻ കൊച്ചി ഗവമ്മെണ്ടിന് സാധിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെപ്പോലെ അത്ര വിപുലമായതോതിലല്ലെങ്കിലും ഡിപ്പാർട്ടുമെണ്ടിൽനിന്നും കുറെ ബുക്കുകൾ അച്ചടിച്ച് തയ്യാറാക്കുകയും അഞ്ചലാഫീസുകളിൽ പോയി അരയണയോ ഒരണയോ കൊടുത്തു സ്ററാമ്പു വാങ്ങിക്കുന്ന നിലയിൽ, ഏതു് വില്ലേജിലുമുള്ള അഞ്ചലാഫീസുകളിൽ ടെക്സ്ററ് ബുക്കുകൾ ചെന്നു വാങ്ങുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതേമാതിരി, തിരുവിതാംകൂറും കൊച്ചിയും ചേന്ന ഈ ഐക്യസംസ്ഥാനത്തു്, വരുന്ന സ്കൂൾ വർഷാരംഭത്തോടുകൂടി അതായതു്, അടുത്തു് സ്കൂളുകൾ തുറക്കുന്ന സമയത്തോടുകൂടി നടപ്പിൽ വരുത്താൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ ബുക്കുകളിൽ വല്ല പിശകുകളുമുണ്ടെങ്കിൽ പണ്ഡിതന്മാരായ ആളുകളെക്കൊണ്ട് പരിശോധിപ്പിച്ചു തക്കസമയത്തു പുസ്തകം പ്രസിദ്ധപ്പെടുത്തി നമ്മുടെ വിദ്യാർത്ഥികൾക്കു കാണുവാൻ കൌതുകവും കൈകാര്യം ചെയ്യാൻ ആനന്ദവും നല്കത്തക്ക വിധത്തിൽ നല്ല കടലാസിൽ ഭംഗിയായി അച്ചടിച്ചു വിശേഷപ്പെട്ട ചിത്രങ്ങളോടുകൂടി ഏതു പാവപ്പെട്ട വിദ്യാർത്ഥിക്കും പണം കൊടുത്തു വാങ്ങുവാൻ സാധിക്കത്തക്കവിധത്തിൽ ന്യായമായ വിലയ്ക്കു് കൊടുക്കണമെന്നാണ് ഞാൻ ഞാൻ ആഗ്രഹിക്കുന്നതു്. ഇതു് അടുത്ത സ്കൂൾവർഷത്തിനുമുമ്പ് സാധിക്കുമെന്നു ഉറപ്പുതന്നുകൊള്ളുന്നു.

പ്രാഥമികവിദ്യാഭ്യാസത്തെക്കുറിച്ചും പറയുകയുണ്ടായി. ഈ കാര്യത്തിൽ ഗവമ്മെണ്ടിന്റെ നയമെന്താണെന്നു ചോദിക്കുകയുണ്ടായി. നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ ഗവമ്മെണ്ടിന്റെ നയമെന്താണെന്നു ചോദിക്കുമ്പോൾ ഇതു തിരുവിതാംകൂർ ഗവമ്മെണ്ട് അല്ലെന്നും തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനഗവമ്മെണ്ടാണെന്നും ഈ രണ്ടു് രാജ്യങ്ങളും പ്രാഥമികവിദ്യാഭ്യാസത്തിൽ വ്യത്യസ്തനയമാണ് അവലംബിച്ചുവന്നിരുന്നതെന്നും ഈ പുതിയ ഗവമ്മെണ്ടിനു ഒരു പുതിയ നയം രൂപീകരിക്കേണ്ട ചുമതലയുണ്ടെന്നും ഓർക്കുന്നതു നന്നായിരിക്കും. ഈ വക കാര്യങ്ങളിൽ നമ്മിൽ പലരും വാക്കുകളുടെ സ്വേച്ഛാധിപത്യത്തിനു കീഴടങ്ങി പരിഭ്രമിക്കാറില്ലയെന്നു ഞാൻ സംശയിക്കാറുണ്ട്. എന്താണെന്നു പറയാം. നിർബ്ബന്ധവിദ്യാഭ്യാസമെന്നോ സൌജന്യവിദ്യാഭ്യാസമെന്നോ സാർവ്വത്രികവിദ്യാഭ്യാസമെന്നോ ഉള്ള സാങ്കേതികപദങ്ങളുടെ ലഹ

[Sri. Panampilli Govinda Menon]

രിയിൽ കുടുങ്ങാതെ നമുക്കെന്താണാവശ്യമെന്നു ആലോചിക്കേണ്ടതാണ്. അഞ്ചു വയസ്സിനുമേൽ പത്തും പതിനൊന്നും വയസ്സുവരെയുള്ള നമ്മുടെ നാട്ടിലെ എല്ലാ ആൺകുട്ടികളേയും പെൺകുട്ടികളേയും അക്ഷരാഭ്യാസം ചെയ്യിച്ചു എഴുതാനും വായിക്കുവാനും കണക്കു കൂട്ടുവാനും അറിയാവുന്ന പൌരന്മാരാക്കിത്തീർക്കണം. അപ്പോൾ അതു സാർവ്വത്രിക വിദ്യാഭ്യാസമായി. അങ്ങനെ നല്കുന്ന വിദ്യാഭ്യാസം യാതൊരു പണവും വസൂൽ ചെയ്യാതെ പാവപ്പെട്ടവർക്കു കിട്ടുകയും വേണം. അപ്പോൾ സൌജന്യവിദ്യാഭ്യാസമായി. അങ്ങനെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു സ്കൂളുകളിൽ അയക്കുവാൻ മാതാപിതാക്കളെ നിർബ്ബന്ധിക്കണം. അപ്പോൾ നിർബ്ബന്ധവിദ്യാഭ്യാസമായി. അങ്ങനെ നിർബ്ബന്ധിക്കുന്ന അവസരത്തിൽ ചിലകുട്ടികളെ സ്കൂളുകളിൽ അയക്കുവാൻ തക്കവണ്ണം അവർക്കു ഉടുക്കുവാൻ തുണിയുണ്ടായിരിക്കുകയില്ല, കുടിക്കുവാൻ കഞ്ഞിയുണ്ടായിരിക്കുകയില്ല; അങ്ങിനെയുള്ളവർക്ക് ഉടുക്കുവാൻ തുണി കൊടുക്കണം, എഴുതുവാൻ സ്ലേററ് കൊടുക്കണം, കുടിക്കുവാൻ കഞ്ഞി കൊടുക്കണം. അതു് നിർബ്ബന്ധത്തിൽനിന്നും ജനിക്കുന്ന ചുമതലയാണ്. ഇതിനെല്ലാത്തിനും പുറമെ വിദ്യാഭ്യാസം ദേശീയമായിരിക്കുകയും വേണം. എന്റെ വില്ലേജിലുള്ള വിദ്യാലയങ്ങളിൽ മുകുന്ദാഷ്ടകം, ഗണാഷ്ടകം, ശ്രീകൃഷ്ണവിലാസം കാവ്യം, മുതലായവ പഠിപ്പിക്കണം എന്നു ചിലർ. വേറെ ചില വിദ്യാലയങ്ങളിൽ കുറാൻ പഠിപ്പിച്ചേക്കുകയുള്ളു എന്നു വേറെ ചിലർക്കു നിർബ്ബന്ധം. ഇങ്ങനെ അവരവർക്കു തോന്നുന്നതുപോലെ അവരവരുടെ പ്രദേശങ്ങളിൽ വിദ്യാഭ്യാസം നടത്തണമെന്നു ചിലർക്കു നിർബ്ബന്ധമുണ്ട്. ഇങ്ങനെ ഓരോ പ്രദേശങ്ങളിൽ ഓരോ മാതിരി വിദ്യാഭ്യാസമാണ് നല്കുന്നതെങ്കിൽ നൂറ് നൂററിഅൻപതു വർഷങ്ങൾക്കു മുൻപു് ഇവിടെയുണ്ടായിരുന്നതുപോലെ ദേശീയമല്ലാത്ത പ്രദേശികവിദ്യാഭ്യാസത്തിന്റെ, അതായതു്, വർഗ്ഗീയവിദ്യാഭ്യാസത്തിന്റെ നിലയിൽ നാം എത്തിച്ചേരുന്നതാണ്. അതിനാൽ ആ നില വരാതിരിക്കുവാൻ എല്ലാ കുട്ടികൾക്കും ഒരേമാതിരിയുള്ള വിദ്യാഭ്യാസം നല്കത്തക്കവണ്ണം ഒരു ക്രമപാഠമനുസരിച്ചു്, നിശ്ചിത നയത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു പാഠപദ്ധതിയും ഉണ്ടാക്കണം. ഇത്രയും ഉണ്ടായാൽ എന്റെ അഭിപ്രായത്തിൽ പ്രാഥമികവിദ്യാഭ്യാസമായി, സാർവ്വത്രികവിദ്യാഭ്യാസമായി, സൌജന്യവിദ്യാഭ്യാസമായി, ദേശീയവിദ്യാഭ്യാസവുമായി. കൊച്ചിഗവമ്മെണ്ട് ഈ വിഷയത്തെപ്പററി പുറപ്പെടുവിച്ചിട്ടുള്ള ഗവമ്മെണ്ട് ഉത്തരവു വായിക്കുകയാണെങ്കിൽ ഞാൻ പറഞ്ഞതിനേക്കാൾ വളരെ എളുപ്പത്തിൽ കൊച്ചി ഗവമ്മെണ്ടിന്റെ നയം, അതായതു്, ഈ ഐക്യസംസ്ഥാനത്തിന്റെ ഒരു വിഭാഗമായ കൊച്ചിഗവമ്മെണ്ടിന്റെ നയം എന്തായിരുന്നുവെന്നു മനസ്സിലാക്കാൻ സാധിക്കും.

"The financial resources of the State do not warrant the adoption of the Committee's recommendation.

The cost involved is stupendous and Government would not be wise in incurring such extra expenditure without corresponding benefits. There are many post-war educational reforms under consideration of which the introduction of compulsory elementary education is one."

നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഒരു നയമായി അംഗീകരിച്ചു. എന്നാൽ,

"This will involve considerable extra expenditure. Government consider that it is much more important to get every boy and girl to school for a sound elementary education than to bring all private schools under Government management. To embark on the second would inevitably delay the first."

അതായതു് എല്ലാ കുട്ടികളേയും പഠിപ്പിക്കണം, അക്ഷരാഭ്യാസം ചെയ്യിക്കണം. അക്ഷരാഭ്യാസത്തിന്റെ ശതമാനം നൂറാക്കണം. ആദ്യം സ്കൂളുകളൊക്കെ സക്കാരിലേക്ക് എടുക്കണം. എന്നാണ് ഈ പാരായിൽ ചേർത്തിരിക്കുന്നതു്. എന്നാൽ എല്ലാ സ്കൂളുകളും ഗവമ്മെണ്ടിലേക്ക് എടുക്കുകയാണെങ്കിൽ ആദ്യത്തേതിനു കാലതാമസം വരും. അതിനാൽ എല്ലാ സ്കൂളുകളും സക്കാരിൽനിന്നും ഏറെറടുത്തു നടത്തേണ്ടായെന്ന് കൊച്ചിഗവമ്മെണ്ട് തല്ക്കാലം തീരുമാനിച്ചു. ഇനി തിരുവിതാംകൂറിലെ കാര്യം നോക്കാം.

തിരുവിതാംകൂറിൽ ൧൧൨൫ തുലാമാസത്തിൽ കമ്പൽസറി പ്രൈമറി എഡ്യുക്കേഷൻ ആക്ട് പാസ്സാക്കുകയുണ്ടായി. ആ ആക്ടിൽ പറയുന്നതു് ൧൦ കൊല്ലക്കാലംകൊണ്ട് നമ്മുടെ രാജ്യത്തു സാർവ്വത്രികമായ സാക്ഷരതാം വരുത്തണമെന്നാണ്. കാൺസ്റ്റിററ്യൂവൻറ അസംബ്ലിയിൽ അടുത്തു പാസ്സാക്കിയ ഡയറക്ററ് പ്രിൻസിപ്പിൾസ് ആഫ് സ്റേറഷ്ൻ പോളിസിയിൽ പ്രൈമറി എഡ്യൂക്കേഷൻ സാർവ്വത്രികമാക്കേണ്ടതു് ഓരോ ഗവമ്മെണ്ടി

ന്റെയും നയമായി അംഗീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതു നാമം അംഗീകരിച്ചു കഴിഞ്ഞു. വിദ്യാഭ്യാസം ചെയ്യിക്കുന്നതു് ഡിപ്പാർട്ട്മെന്റൽ സ്കൂളുകളിലൊ ഗവൺമെന്റ് അംഗീകാരമുള്ള സ്കൂളുകളിലൊ വേണമെന്നാണ് ആക്ടിൽ പറയുന്നതു്. രണ്ടാമതായി പറയുന്നതു് ഗവൺമെന്റ് പുതുതായി സ്കൂളുകൾ ഉണ്ടാക്കുന്ന അവസരത്തിൽ സ്വകാര്യ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുകയില്ലെന്നാണ്. നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിലിരിക്കുന്ന പ്രദേശങ്ങളിൽ ഇന്നു ഡിനാമിനേഷണൽ സ്കൂളുകളും നടത്തുന്നുണ്ട്. ഇങ്ങനെ രണ്ടുതരത്തിലുള്ള വിദ്യാഭ്യാസനയമാണ് പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ രണ്ടു ഭാഗങ്ങളിൽ നിലവിലിരിക്കുന്നതു്.

എന്റെ സ്നേഹിതന്മാർ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയുടേയും, ശ്രീ. എ. കെ. പാച്ചുപിള്ളയുടേയും, അതുപോലെതന്നെ ഒരു നയമില്ലാത്ത നിർഗ്ഗുണനെന്ന് എന്നെപ്പററി ആക്ഷേപം പുറപ്പെടുവിച്ച മററുള്ളവരുടേയും അറിവിനായി എനിക്കു പ്രസ്താവിക്കുവാനുള്ളതു് ഈ ൭ ൮ ദിവസങ്ങൾക്കുള്ളിൽ ഒരു തീരുമാനമെടുക്കുവാൻ എനിക്കു സാധിച്ചിട്ടില്ല എന്നു മാത്രമാണ്. ആദ്യമായി ഈ കാര്യത്തിൽ ഗവൺമെന്റ് ചെയ്യാൻ പോകുന്നതു് ഈ ഐക്യസംസ്ഥാനത്തിലെ വിദ്യാഭ്യാസ നയം എന്തായിരിക്കണമെന്ന് അധികൃതമായി ഒരു തീരുമാനമെടുക്കുക എന്നുള്ളതാണ്.

അദ്ധ്യാപകന്മാരുടെ ശമ്പളവ്യത്യാസത്തെപ്പററി ഇവിടെ പറയുകയുണ്ടായി. ബഹു. തൃശ്ശൂർ വനിതാ മെമ്പർ, ശ്രീമതി ആനിജോസഫ് പറഞ്ഞു തിരുവിതാംകൂർ യൂണിവേഴ്സിററിയിൽ സ്ത്രീ പ്രൊഫസർമാരുടേയും പുരുഷന്മാരായ പ്രൊഫസർമാരുടേയും ശമ്പളത്തിൽ വ്യത്യാസമുണ്ടെന്ന്. ഞാൻ വളരെ അത്ഭുതത്തോടുകൂടി ഏതാനും ദിവസങ്ങൾക്ക് മുമ്പ് അതു് ധരിക്കുകയുണ്ടായി. അതുപോലെ തന്നെ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെണ്ടിൽ സെക്കണ്ടറി അദ്ധ്യാപകന്മാരുടെ അറുനൂറിലധികം തസ്തികകൾ ഉള്ളതിൽ ഒരു എഴുപതോ എഴുപത്തിയഞ്ചോ തസ്തികകൾ ഒഴിച്ച് ബാക്കി മുഴുവൻ പുരുഷന്മാർക്കു നീക്കിവെച്ചിരിക്കുകയാണെന്നും പറയുന്നു. എഴുപതിലധികം സ്ത്രീകളെ ആ സ്ഥാനങ്ങളിൽ ഇപ്പോൾ പ്രവേശിപ്പിച്ചിട്ടുള്ളതുകൊണ്ടു് അവരുടെ ലാവണം സ്ഥിരമാക്കാതേയും പ്രമോഷൻ അനുവദിക്കാതെയും അവരെ ബുദ്ധിമുട്ടിക്കുന്നു എന്നും പറയുന്നുണ്ട്. അതു എന്റെ ശ്രദ്ധയിൽ പെടുകയും ആ വൈപരീത്യം നീക്കുന്നതിനു വേണ്ട ഉത്തരവുകൾ പാസ്സാക്കുകയും ചെയ്തിട്ടുണ്ടെന്നു ഈ സഭയെ അറിയിച്ചുകൊള്ളുന്നു. അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ കൊച്ചീവിഭാഗത്തിനും തിരുവിതാംകൂർ വിഭാഗത്തിനും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്ന് ഇവിടെ പറയുകയുണ്ടായി. തിരുവിതാംകൂറിൽ ഇന്നത്തെ അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം ഉള്ളിടത്തും ഡിനോമിനേഷനൽസ്കൂളുകളുടെ കാര്യത്തിലും ചില വ്യത്യാസങ്ങൾ വരുത്തേണ്ടതാണെന്നു ഗവൺമെന്റിനു ബോദ്ധ്യമായിട്ടുണ്ട്. ഈ യൂണിയനകത്തു് ഡിനോമിനേഷണൽ സ്കൂളുകൾ നടത്തുന്നതു ഒരു പോരായ്കയായിട്ടാണ് ഞാൻ എന്റെ സ്വന്ത നിലയിൽ കണക്കാക്കുന്നതു്. അതു നമ്മുടെ നാട്ടിൽ വർഗ്ഗീയതയെ നിലനിർത്താൻ ഇടനൽകുന്നു. മതത്തിന്റെയോ സമുദായത്തിന്റെയോ പേരിൽ ഏതെങ്കിലും വിഭാഗത്തിലെ വിദ്യാർത്ഥിനികൾക്കും വിദ്യാർത്ഥികൾക്കും മാത്രമായി സ്കൂളുകൾ നടത്തുന്നതു് വിദ്യാഭ്യാസത്തിനു വളരെ ദോഷമുണ്ടാക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. നമ്മുടെ രാജ്യത്തെ പൌരന്മാരായി തീരാനുള്ള-നമ്മുടെ ഐക്യ സംസ്ഥാനത്തിന്റെ ഭാവിഭാഗധേയം വഹിക്കുവാനുള്ള നമ്മുടെ ഇന്നത്തെ പിഞ്ചുപൈതങ്ങൾ എല്ലാജാതിക്കാരും സമുദായക്കാരുമായി യോജിച്ച് തികച്ചും ഇണക്കത്തോടുകൂടി വളർന്നു വരേണ്ടതിന്റെ ആവശ്യം മനസ്സിലാക്കിയാൽ ഈ ഇളംപ്രായത്തിൽതന്നെ ഒരു സമുദായത്തിലേയോ മതവിഭാഗത്തിലേയോ കുട്ടികളെമാത്രം കണ്ടുകൊണ്ടു് വളരാൻ ഇടവരുന്നതു്-തെററാണെന്ന് ആരും സമ്മതിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് ഡിനോമിനേഷനൽ സ്കൂളുകൾ നിറുത്തലാക്കുന്നതിനുള്ള ഏർപ്പാടുകൾ ഗവൺമെന്റ് ചെയ്യുന്നതാണ്. ഡിനോമിനേഷനൽ സ്കൂളുകൾ ആവശ്യമില്ലെന്നും എല്ലാജാതിക്കാർക്കും സമുദായക്കാർക്കും പ്രവേശനം നൽകി പഠിപ്പിക്കുന്ന ദേശീയ സ്കൂളുകളാണ് വേണ്ടതെന്നും ഗവൺമെന്റ് ഒരു തീരുമാനം എടുത്തിരിക്കുന്നു.

മറെറാരു സംഗതി പറയുവാനുള്ളതു് അദ്ധ്യാപകന്മാരുടെ ശമ്പളത്തെക്കുറിച്ചാണ്. തിരുവിതാംകൂറിൽ നിർബന്ധിത പ്രാഥമികവിദ്യാഭ്യാസമുള്ള സ്ഥലങ്ങളിൽ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് കിട്ടിവരുന്ന ശമ്പളം ൨൫ ഉറുപ്പികയും ക്ഷാമബത്ത ൧൫ ഉറുപ്പികയുമാണ്. എന്നാൽ അതേ ജോലിതന്നെ ചെയ്യുന്ന പ്രൈവററ് സ്കൂൾ അദ്ധ്യാ

[Sri. Panampilli Govinda Menon]

പകന്മാർക്ക് അത്രതന്നെ കിട്ടുന്നില്ല. ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ള സ്കൂളുകളിൽ ൧൫ ഉറപ്പിക ശമ്പളവും പന്ത്രണ്ടു ഉറപ്പിക ഡീയർനസ് അലവൻസും കൊടുക്കുന്നതായിട്ടാണ് കാണുന്നത്. കൊച്ചിയിലെ സമ്പ്രദായം എങ്ങിനെയെന്നുവെച്ചാൽ; പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർക്ക് ഗവമ്മെണ്ടു സ്കൂളിൽ ൩൦ മുതൽ ൫൦ വരെ ഉറപ്പിക ശമ്പളവും ൨൦ ക. ഡീയർനസ് അലവൻസും, പ്രൈവററ് സ്കൂളുകളിൽ ശമ്പളത്തിൽ ഉറപ്പികക്ക് ൧൨-൦, ൧൪-൦ അണവീതവും ഡീയർനസ് അലവൻസ് മുഴുവനും കൊടുക്കുന്നുണ്ട്. അങ്ങിനെ പ്രൈവററ സ്കൂൾ അദ്ധ്യാപകന്മാർക്ക് മിക്കവാറും സക്കാർ സ്കൂൾ അദ്ധ്യാപകന്മാരുടെ തോതിലുള്ള വേതനം ലഭിക്കുന്നുണ്ടു. ഇവിടെ ഷിഫ്റ്റ് ഇല്ലാത്ത സ്കൂളുകളിൽ ൮+൨ = ൧൦ ഉറപ്പികയാണ് അദ്ധ്യാപകന്മാർക്ക് കിട്ടിവരുന്നതെന്നറിയുന്നു. അതു വളരെ ശോചനീയവും ലജ്ജാകരവുമായ ഒരു വസ്തുതയായിട്ടാണ് ഞാൻ കണക്കാക്കുന്നതു്. നമ്മുടെ നാട്ടിലെ കുട്ടികളെ അക്ഷരാഭ്യാസം ചെയ്യിക്കുന്ന അദ്ധ്യാപകന്മാർ പ്രതിമാസം പത്തുറപ്പിക അനുഭവം കൊണ്ടു കഴിഞ്ഞുകൂടേണ്ടിവരുന്നതു് വലിയ കഷ്ടമാണ്. എന്നാൽ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രധാനപ്പെട്ട വ്യത്യാസങ്ങൾ ഒന്നും ചെയ്യുന്നതിനു ഗവമ്മെണ്ടിനു അത്രതന്നെ സാധിച്ചിട്ടില്ലെങ്കിലും ഗവമ്മെണ്ടിൻെറ സൌമനസ്യത്തിൻെറ ലക്ഷണമായി, ഗവമ്മെണ്ടു ഈ കാര്യത്തിൽ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കുന്നുണ്ടു എന്നുള്ളതിൻെറ സൂചനയായി, ശ്രദ്ധാപൂർവ്വം പ്രവർത്തിക്കാൻ ഉദ്യമിക്കുന്നുണ്ടു എന്നുള്ളതിൻെറ അദ്ദ്യപടിയായി എല്ലാ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർക്കും ഈ ൧൧൨൫ ചിങ്ങം ൧-ാംനു മുതൽ ൧൫ ക. ശമ്പളവും ൧൨ ക. ഡീയർനസ് അലവൻസുമായി ൨൭ ക. കൊടുക്കാൻ ഗവമ്മെണ്ടു തീരുമാനിച്ചിട്ടുണ്ടു. (ഹിയർ-ഹിയർ) ഇതാണ് വിദ്യാഭ്യാസവിഷയകമായി ഗവമ്മെണ്ടിനു ഈ അവസരത്തിൽ ബഹു. സഭയെ അറിയിക്കുവാനുള്ളതു്. കൂടുതലായി ഒന്നും പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. വിപുലമായ വിദ്യാഭ്യാസപ്രശ്നത്തെപ്പററി ഇതിൽ കൂടുതലൊന്നും ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ പറയാൻ സാധിക്കുമെന്നും തോന്നുന്നില്ല. വിമർശനങ്ങൾകൊണ്ടും നിർദ്ദേശങ്ങൾകൊണ്ടും ഡിപ്പാർട്ടുമെണ്ടിലെ കുററങ്ങളും കുറവുകളും ചൂണ്ടിക്കാണിച്ചും ഗവമ്മെണ്ടിനെ സഹായിച്ചതിനു ഈ സഭയിലെ എല്ലാ സുഹൃത്തുക്കളോടും ഞാൻ കൃതജ്ഞനാണെന്നു പറഞ്ഞുകൊണ്ടു അവസാനിപ്പിച്ചു കൊള്ളുന്നു.

**ശ്രീ. എ. കെ. പാച്ചുപിള്ള:** സറണ്ടേഡ് സ്കൂളുകളെ സംബന്ധിച്ചും സ്ഥൈക്കുസമയത്തു തുടങ്ങി നടത്തിവരുന്ന സ്കൂളുകളെ സംബന്ധിച്ചും ഞാൻ പറഞ്ഞപ്പോൾ ബഹു. മന്ത്രി സഭയിൽ ഇല്ലായിരുന്നു. അതുകൊണ്ടു ആ സ്കൂളുകളെ സംബന്ധിച്ചു ബഹു. മന്ത്രിയുടെ അഭിപ്രായമെന്താണെന്നറിഞ്ഞാൽ കൊള്ളാം.

**ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:** ബഹു. മെമ്പർ അതു പറഞ്ഞപ്പോൾ ഞാൻ അതു് കേൾക്കാത്തതുകൊണ്ടാണ് മറുപടി പറയാതിരുന്നതെന്നു് മനസ്സിലാക്കിയതിൽ സന്തോഷിക്കുന്നു. ഞാൻ അതേപ്പററി ശ്രദ്ധിക്കുന്നതാണ്.

**ശ്രീ. പൊന്നറ ജി. ശ്രീധർ:** നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസത്തിനുവേണ്ടി നെടുമങ്ങാട്ടും മററും നാട്ടുകാർ ഉണ്ടാക്കികൊടുത്ത കെട്ടിടങ്ങൾ ഓലമേയാതെയും മററും ചുവട്ടിൽ വീഴാററായിരിക്കുകയാണ്....

**ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:** അതെല്ലാം ഉടനെ കെട്ടി സൂക്ഷിക്കുന്നതാണ്.

**ശ്രീ. പി. ചാക്കൊ:** ഷിഫ്റ്റ് സിസ്ററം നിറുത്തൽ ചെയ്യുന്നതിനു മാനേജർമാർക്കു ഉത്തരവുകൊടുക്കാൻ ഭയവുണ്ടാകുമോ?

**ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:** ഷിഫ്റ്റ് സിസ്ററം നിറുത്തുന്നതിനു മാനേജർമാർക്ക് അവകാശം ഉണ്ടു്.

**Sri. A. Nesamony:** May I have an assurance, Sir, about the teaching of Tamil in local schools?

**The Hon'ble Sri. Panampilli Govinda Menon:** Certainly. Where there are sufficient number of students to take up instructions in Tamil, instruction will be provided for them. What that sufficient number will be is a question of detail, which the hon'ble member can raise before me in another place.

**ശ്രീ. പോൾ തളിയത്ത്:** ഡിനോമിനേഷനൽ സ്കൂളുകൾ നിറുത്തുമെന്നു പറഞ്ഞല്ലോ; അപ്പോൾ മററ സമുദായക്കാരെയും ആ സ്കൂളുകളിൽ ചേർക്കുമെന്നാണോ അർത്ഥം?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ. അതുതന്നെയാണ് അർത്ഥം.

ஸ்ரீ. எ. சிதம்பரநாத நாடார்: இந்தக் கட்டாயக் கல்வி பாடசாலைகளில் ஒரு பையன் பதினைந்து நாட்கள் தொடர்ந்து வராமலிருந்தால், அவனை உடனே பிரித்துவிட வேண்டுமென்று இந்த இலாகாவிலிருந்து ஏதாவது ஒரு அறிக்கை வெளியிடப்பட்டிருக்கிறதா?

**The Hon'ble Sri. Panampilli Govinda Menon:** I find that there is a rule regarding that. If you want an amendment, I will certainly look into it. Such matters of detail about which I may not be conversant, I invite any hon'ble members of this House to address me and it will receive my serious attention.

ശ്രീ. മദത്തു പത്മനാഭപിള്ള: സർക്കാർ സ്കൂളുകളിലും ഷിഫ്റ്റ് സിസ്റ്റം നിറുത്തണമെന്നാണോ ഉദ്ദേശിക്കുന്നത്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിറുത്തണമെന്ന് ഗവമ്മെണ്ട് നയപ്രഖ്യാപനം ചെയ്തിട്ടുണ്ട്. എന്നാൽ അതനുസരിച്ച് പ്രവർത്തിക്കണമെന്നുണ്ടെങ്കിൽ പുതുതായി സ്കൂൾ കെട്ടിടങ്ങൾ അനവധി ഉണ്ടാക്കേണ്ടതായിട്ടുണ്ട്. അതിന് കുറച്ചു കാലതാമസം ഉണ്ടാകുന്നതാണ്.

ശ്രീ. മദത്തു പത്മനാഭപിള്ള: പ്രൈവറ്റ് സ്കൂളുകളിൽ ഷിഫ്റ്റ് ഇല്ലാതേയും ഗവമ്മെണ്ട് സ്കൂളുകളിൽ ഷിഫ്റ്റോടുകൂടിയും രണ്ടു തരത്തിൽ നടത്താമെന്നാണോ ഉദ്ദേശിക്കുന്നത്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൽക്കാലം രണ്ടു തരത്തിലും നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അപ്പോൾ സർക്കാർ സ്കൂളുകളിലുള്ള അദ്ധ്യാപകന്മാർ കൂടുതൽ സമയം പഠിപ്പിക്കേണ്ടിവരുകയില്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതെങ്ങിനെ?

**Sahib Bahadur A. Abdul Razaak:** What has the Hon'ble Minister for Education to say regarding inadequate number of teachers, particularly in Tamil Primary Schools?

**The Hon'ble Sri. Panampilli Govinda Menon:** It has come to my notice. For various reasons which I need not recount here, there is inadequacy of teachers in our schools and I am bestowing my earnest attention on this question.

**Sri. N. D. Jose:** Are Government prepared to give recognition to the Association of Teachers just like the N. G. O?

**Sri. C. A. Ouseph:** A point of order, Sir. Are we going back to the question hour? Are we in the petitioning hour?

**Mr. Speaker:** Asking for information based on the Minister's statement is not out of order.

**The Hon'ble Sri. Panampilli Govinda Menon:** In answer to the question, I shall be prepared to consider the matter of granting recognition to the Association of Teachers.

**Mr. Speaker:** There will be no further discussion, the time for the demand being over.

**Sri. Elias Antony:** I do not press the cut motion.

The question that Government be granted a sum of Rs. 1,77,10,389 under Demand XV—Education was put to vote and carried.

*The demand was passed and the grant was made.*

## Demand XVI—Medical

**The Hon'ble Sry. Annie Mascarene:** Sir, I move that a sum of Rs. 42,88,667 be granted under Demand XVI—Medical.

**The Hon'ble Sri. A. J. John:** I support the motion.

**Sri. Ponnara G. Sreedhar:** I move: To reduce the total allotment of Rs. 42,88,667 under Demand XVI by Re. 1 (To discuss general policy)

സർ, മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിലേക്കുള്ള ധനാഭ്യർത്ഥനയിൽ ഞാൻ ഒരു കട്ട് മോഷൻ ഹാജരാക്കിയിരിക്കുന്നതു ചില പ്രാദേശിക കാര്യങ്ങളെക്കുറിച്ചു ബഹുമാനപ്പെട്ട ഗവമ്മെണ്ടിനെ അറിയിക്കണമെന്നുള്ള ഉദ്ദേശത്തിലാണ്. നാട്ടിൽ ആശുപത്രികളും പള്ളിക്കൂട

[Sri. Ponnara G. Sreedhar]

ങ്ങളും ഉണ്ടാക്കി കൊടുക്കേണ്ട ഒരു കടമ ഗവന്മെണ്ടിനു ഇല്ലെന്നുള്ളമട്ടിലാണു തിരുവിതാംകൂർ ഗവന്മെണ്ട് പെരുമാറിവരുന്നതു്. നാട്ടുകാരുടെ ആവശ്യത്തിനുള്ളതു നാട്ടുകാർതന്നെ ഉണ്ടാക്കിക്കൊള്ളണമെന്ന വിചിത്രതത്വം അംഗീകരിച്ചിരിക്കുകയാണെന്നു തോന്നിപ്പോകുന്നു. ഏതെങ്കിലും ഒരു സ്ഥലത്തു അത്യാവശ്യമായി വേണ്ട ഒരു ആശുപത്രിയൊ, പള്ളിക്കൂടമൊ, അഞ്ചലാപ്പീസ്സൊ, പോലീസ്സ്റ്റേഷനൊ ഇല്ലെന്നു ആരെങ്കിലും പറയുകയാണെങ്കിൽ സാധാരണയായി ഗവന്മെണ്ടിൽനിന്നും കിട്ടുന്ന സമാധാനം, ആ സ്ഥലത്തുള്ളവർ പണമുണ്ടാക്കിക്കൊടുത്താൽ ഗവന്മെണ്ട് ഉണ്ടാക്കിക്കൊടുക്കാമെന്നാണ്. വളരെ കഷ്ടപ്പെട്ടു നാട്ടിൻപുറങ്ങളിൽ കഴിയുന്ന ആളുകൾ പട്ടിണികിടന്നു പണമുണ്ടാക്കി ഗവന്മെണ്ടിനെ ഏല്പിച്ചുകഴിഞ്ഞാൽ പിന്നെ, സാധാരണയുണ്ടാകുന്ന അനുഭവം പണവുമില്ല, ആവശ്യപ്പെട്ട സ്ഥാപനവുമില്ലെന്നാണ്. നെടുമങ്ങാട്ടു താലൂക്കിൽ ആര്യനാട്ടു എന്ന സ്ഥലത്തു ഒരു ആശുപത്രി വേണമെന്നാവശ്യപ്പെട്ടപ്പോൾ, ഗവന്മെണ്ടിൽ അതിലേക്കുവേണ്ട രൂപ കെട്ടിവെയ്ക്കാൻ പറയുകയും അവർ അതനുസരിച്ചു് രൂപ കെട്ടിവെയ്ക്കുകയും ചെയ്തിട്ടു ഇപ്പോൾ വർഷം രണ്ടായി. ഇക്കാര്യത്തെപ്പറ്റി ആ സ്ഥലത്തുള്ളവരും ഞാൻ നേരിട്ടും ഗവന്മെണ്ടിനോടു പലതവണ പരാതിപ്പെട്ടിട്ടുണ്ട്. ഏതായാലും ഇപ്പോൾ ആ പണം ഗവന്മെണ്ട് കൈകാര്യം ചെയ്യുന്നുവെന്നാണ് എനിക്കു പറയുവാനുള്ളതു്. അതുപോലെതന്നെ കാട്ടാക്കട എന്ന സ്ഥലത്തും ഒരു ആശുപത്രിയുടെ ആവശ്യത്തിനു പണം കെട്ടിവെയ്ക്കാൻ ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്. അവിടെ അതിലേക്കു സ്ഥലംകൂടി പൊന്നുംവിലകൊടുത്തു എടുത്തുകഴിഞ്ഞിട്ടുണ്ട്. ഈവിധം ഓരോന്നായി പറയുകയാണെങ്കിൽ തിരുവിതാംകൂർ ഗവന്മെണ്ട് പല സ്ഥലങ്ങളിൽനിന്നും ആശുപത്രിക്കാര്യം പറഞ്ഞു പണം വാങ്ങിയിട്ടുണ്ട്. ആവിധം സാധുക്കളിൽ ആശ ജനിപ്പിച്ചു് അവരിൽനിന്നും പിടുങ്ങിയെടുക്കാൻ സാധിച്ച പണംകൊണ്ടാണ് ഇപ്പോൾ ഗവന്മെണ്ടുതന്നെ നടന്നുപോകുന്നതെന്നു ഞാൻ കരുതുന്നു. ആശുപത്രികൾക്കായി നാട്ടുകാർ കഷ്ടപ്പെട്ടുണ്ടാക്കിക്കൊടുക്കുന്ന പണംകൊണ്ടാണോ ഗവന്മെണ്ട് കാര്യങ്ങൾ നിർവ്വഹിക്കേണ്ടതു്. ഈവിധം ആശുപത്രി, പള്ളിക്കൂടം എന്നീ കാര്യങ്ങൾക്കായി ആളുകളുടെ കയ്യിൽനിന്നും പണംവാങ്ങിയാൽ അതു പെട്ടെന്നുതന്നെ ചെയ്തുകൊടുത്തു ജനങ്ങളുടെ വൈഷമ്യങ്ങൾ പരിഹരിക്കാൻ അമാന്തിക്കരുതു്. വിദ്യാഭ്യാസമന്ത്രി ഇപ്പോൾ ഇവിടെ ഇല്ലാത്തതുകൊണ്ടു പള്ളിക്കൂടകാര്യത്തെപ്പറ്റി ഒന്നും പറയുന്നില്ല. അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെണ്ടിന്റെ യോഗ്യതയെപ്പറ്റിയും അല്പം പറയാമായിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ മലമ്പനി നിവാരണത്തിനെന്നുള്ള വ്യാജേന, കുറെ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്. വാസ്തവം പറയുകയാണെങ്കിൽ അവർ വന്നതിനുശേഷം മലമ്പനി കൂടുന്നതല്ലാതെ യാതൊരു കുറവും കാണുന്നില്ല. സാനിട്ടറി ഡിപ്പാർട്ടുമെണ്ടാണെങ്കിൽ വെറും പേരുമാത്രമെയുള്ളു. യാതൊരു സാനിട്ടേഷനും നടത്തുന്നതായി അറിവില്ല. ഇതിന്റെയെല്ലാം ഭാരവാഹികളെ കണ്ടുപിടിക്കുകയെന്നുള്ളതു വളരെ അസാദ്ധ്യമായ ഒരു കാര്യമാണ്. മിനിസ്റ്ററെ മുഖപരിചയമുള്ളതുകൊണ്ടു നേരിട്ടുകണ്ടു ഈവക കാര്യങ്ങൾ പറയുമ്പോൾ, "ധനപരമായി ഗവന്മെണ്ടിനു ഇന്നുള്ള ദാരിദ്ര്യംകാരണം ഉടൻ ഒന്നും തന്നെ ചെയ്യാൻ സാധിച്ചില്ലെങ്കിലും അഞ്ചാറുവർഷങ്ങൾക്കകം ന്യായമായ ഒരു തീരുമാനം ചെയ്യാൻ ശ്രമിക്കു"മെന്നാണ് മറുപടി കിട്ടുന്നതു്. ഇതു എന്റെ സ്വന്തമല്ല. മൂന്നനാലു ദിവസത്തിനുമുമ്പു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രിതന്നെ പറഞ്ഞതാണ്. നാട്ടുകാരുടെ കയ്യിൽനിന്നും ഓരോ ആവശ്യത്തിനായി പരിച്ച പണം ആ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ ഒക്കുകയില്ലെങ്കിൽ അവർക്കു തിരിച്ചുകൊടുക്കണം. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു ഞങ്ങളുടെ കയ്യിൽ പണമില്ലെന്നാണ്. വാങ്ങിച്ചപണം തിരിയെ കൊടുക്കാൻ എന്താണ് വിഷമമുള്ളതു്? ഈ ഏഴരമാസം കഴിഞ്ഞതിനുശേഷം ആവക കാര്യങ്ങൾ ചെയ്യാമെന്നു പറയാതെ ജനങ്ങളുടെ കയ്യിൽനിന്നും വാങ്ങിയിട്ടുള്ള പണം തിരിച്ചുകൊടുക്കുകയോ, അല്ലാത്തപക്ഷം ആവക കാര്യങ്ങൾ സാധിച്ചുകൊടുക്കുകയൊ ചെയ്യേണ്ടതാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മരച്ചീനി വില കുറഞ്ഞിട്ടുണ്ടെങ്കിലും വളത്തിന്റെ വില വർദ്ധിച്ചുതന്നെയിരിക്കുന്നു എന്നു ഗവർമ്മെണ്ടിനു അറിയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: മരച്ചീനിയുടെ വിലയും വളത്തിന്റെ വിലയുമായി വലിയ ബന്ധമില്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: മരച്ചീനിയുടെ വില കൂടിയാൽ അതു നിയന്ത്രിക്കുവാൻ ഗവർമ്മെണ്ടിനു വിരോധമുണ്ടോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: കൺട്രോൾ ചെയ്ത് കുറയ്ക്കേണ്ടിവരും.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മരച്ചീനിവില കുറഞ്ഞിരിക്കുന്നതുകൊണ്ടു കർഷകർക്കു സൌജന്യമായി വളം കൊടുക്കത്തക്ക ഏതെങ്കിലും പദ്ധതി ഗവർമ്മെണ്ടിനുണ്ടോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അങ്ങനെ പല പദ്ധതികളും ഗവർമ്മെണ്ടിനുണ്ട്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതു സംബന്ധിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ ടി. എ. അബ്ദുള്ള: ചിലപ്പോഴെല്ലാം എടുത്തിട്ടുണ്ട്.

## ആശുപത്രി മരുന്നുകൾ

*൬൬൧. ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി പറയുമോ.—

(എ) ആശുപത്രിമരുന്നുകൾക്ക് രോഗികളിൽനിന്നും വില ഈടാക്കിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഇനത്തിൽ ൧൧൨൪ ചിങ്ങമാസംമുതൽ ൧൧൨൪ മകരമാസംവരെ ആകെ തിരുവിതാംകൂറിലും കൊച്ചിയിലും ലഭിച്ചിട്ടുള്ള രൂപാ എത്ര?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) അമ്പതു രൂപയിൽ കൂടുതൽ വരുമാനമുള്ളവരിൽനിന്നും ആറ നേരത്തെ മരുന്നിനു് മൂന്നു ചക്രം ക്രമത്തിൽ ഒരു ഫീസ്സു് ഈടാക്കുക തിരുവിതാംകൂറിൽ നടപ്പുണ്ടു്. എന്നാൽ കൊച്ചിയിൽ വില വാങ്ങുന്ന പതിവില്ല.

(ബി) തിരുവിതാംകൂറിൽ ആകെ ലഭിച്ചതു് ൧,൨൧൯ രൂപാ ൪൩ ചക്രം ൩ കാശായിരുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മരുന്നിനു വില വാങ്ങുന്ന പതിവു കൊച്ചിയിൽ കൂടി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: മരുന്നുവില നിർത്തലാക്കുവാൻ ഗവർമ്മെണ്ടു് വേണ്ട നിർദ്ദേശം നൽകുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: സ്പഷ്ടിപരമായ നിർദ്ദേശങ്ങൾ എന്തെങ്കിലും ബഹു. മെമ്പർ തന്നാൽ അതു് അർഹിക്കുന്ന പരിഗണന നൽകുവാൻ ഗവർമ്മെണ്ടു് തയ്യാറാണു്.

(ഈ സന്ദർഭത്തിൽ പല മെമ്പറന്മാരും ഒരുമിച്ചു് എഴുന്നേററുനിന്നു് ഉപചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി.)

**The Hon'ble Sri. Annie Mascarene:** May I know, Sir, to whom I should answer?

**Mr. Speaker:** The Hon'ble Member may answer the question she hears first.

ശ്രീ. മാന്നാർ ഗോപാലൻനായർ: തിരുവിതാംകൂറിൽ മരുന്നുവില വാങ്ങുന്ന സമ്പ്രദായം നിർത്തലാക്കുവാൻ ഗവർമ്മെണ്ടു് ആലോചിക്കുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതേക്കുറിച്ചു് ഗവർമ്മെണ്ടു് ആലോചിക്കുന്നതാണു്

ശ്രീ. ഈപ്പൻ അറയ്ക്കൽ: അമ്പതു രൂപയിൽ കൂടുതൽ വരുമാനമുള്ള പലരും വ്യാജപ്പേരു പറഞ്ഞു് മരുന്നു വാങ്ങുന്നതായി അറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അങ്ങനെയുള്ള കേസ്സുകൾ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തിയാൽ നിശ്ചയമായും നടപടി നടത്തുന്നതാണു്.

സാഹിബ് ബഹദൂർ മുഹമ്മദു് മുസ്തഫാ: ഇപ്പോൾ ആസ്പത്രികളിൽ ആവശ്യത്തിനു മരുന്നു ലഭിക്കുന്നില്ലെന്നുള്ള വിവരം ഗവർമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതു് ഈ ചോദ്യത്തിൽനിന്നും ഉദിക്കുന്നില്ല.

സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദു്: ഏഴായിരത്തിൽപരം രൂപാ മാത്രമേ ഈ ഇനത്തിൽ വരുമാനമുള്ളുയെങ്കിൽ കൊച്ചിയിലെപ്പോലെ ഇവിടെയും ഈ ഏർപ്പാടു് നിർത്തലാക്കരുതോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതേക്കുറിച്ചു് പരിഗണിക്കുന്നതാണു്.

## VILLAGE UPLIFT CENTRES

*662. **Sri. N. P. Varghese:** Will the Hon'ble Minister for Village Unions and Village Uplift be pleased to state.—

(*a*) the number of village uplift centres allowed in each taluk in 1123 and 1124;

(*b*) the amounts sanctioned for each taluk; and

(*c*) the amount spent for each centre?

**The Hon'ble Sri. K. Ayyappan:** (*a*) In 1123 there were, on an average, 2 centres each in all the taluks except Peermade and Devicolam. In 1124, 28 centres were on the whole sellected for uplift work, including one centre in Devicolam.

(*b*) An amount of Rs. 25,000 is earmarked towards expenditure for Public works, Public Health and Sanitation, Education, Agriculture and other amenities and for Public works alone Rs. 20,000 is allotted.

(c) A statement is placed on the table.

**Statement of Expenditure incurred in respect of each of the Village Uplift Centres opened in 1123 and 1124**

| *Serial No.* | *Name of Centre* | *Amount Rs.* |
|---|---|---|
| 1. | Azhakiapandiapuram-Ananthapuram | 6,229 |
| 2. | Parakkal-Thengamputhur | 2,517 |
| 3. | Marungoor | 1,511 |
| 4. | Thiruvattar | 8,698 |
| 5. | Midalam | 6,302 |
| 6. | Panachamood-Karakonam | 5,909 |
| 7. | Karimkulam-Poovar | 7,760 |
| 8. | Attipra | 1,562 |
| 9. | Aryanad-Vellanad | 792 |
| 10. | Kilimanur | 10,560 |
| 11. | Ezhucone-Pangode | 4,652 |
| 12. | Veliyan-Pooyappally | 11,685 |
| 13. | Thalavoor | 21,615 |
| 14. | Anchal | 11,234 |
| 15. | Omallur | 1,822 |
| 16. | Puliyarah | 6,860 |
| 17. | Samboorvadakara | 1,479 |
| 18. | Mayyanad | 8,599 |
| 19. | Poruvazhy | 2,283 |
| 20. | Thevalakara-Mynagapally | 5,902 |
| 21. | Thazhava | 11,929 |
| 22. | Karthikappally-Kumarapuram | 5,051 |
| 23. | Thazhakarai | 1,671 |
| 24. | Eraviperoor-Vallamkulam | 6,661 |
| 25. | Thalavadi | 1,142 |
| 26. | Aroor | 1,579 |
| 27. | Marvanthuruthu | 5,659 |
| 28. | Lakkattoor | 29,780 |
| 29. | Thottakad-Pariyaram | 15,001 |
| 30. | Ramankari | 1,832 |
| 31. | Vayalar | 3,370 |
| 32. | Avoli | 19,708 |
| 33. | Arapuzha | 4,927 |
| 34. | Thodupuzha | 7,215 |
| 35. | Rayamangalam | 1,712 |
| 36. | Parakadavoo | 653 |
| 37. | Muttom-Kadiapattanam | 6,184 |
| 38. | Perumkuzhy | 9,058 |
| 39. | Sakthikulangara | 1,603 |
| 40 | Kozhithottam-Azheekal | 3,680 |
| 41. | Thottappally-Vandanam | 11,406 |
| 42. | Puthenchira | 1,556 |
| 43. | Pattazhi (1124 Centre) | 14 |

ശ്രീ. എ. കെ. പാച്ചുപിള്ള: ഇക്കാര്യത്തിൽ പീരുമേട് താലൂക്കിനെ ഉപേക്ഷിക്കുവാൻ കാരണമെന്താണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആവശ്യമില്ലെന്നു തോന്നിയതുകൊണ്ടായിരിക്കണം.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങനെ തോന്നാനുള്ള കാരണം എന്താണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: എല്ലാ സ്ഥലത്തും സ്ഥാപിക്കുവാൻ ഇപ്പോൾ സാദ്ധ്യമല്ല. അടിയന്തിരാവശ്യമുള്ള സ്ഥലങ്ങളിലാണ് കേന്ദ്രങ്ങൾ സ്ഥാപിക്കാറുള്ളത്. പീരുമേടിനെക്കുറിച്ച് ഇനി ആലോചിക്കാവുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ദയവുചെയ്ത് ആ സ്ഥലമൊന്നു പരിശോധിച്ചശേഷം ആവശ്യമുണ്ടെന്നു ബോദ്ധ്യമായാൽ ഒരു കേന്ദ്രം അനുവദിക്കുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആലോചിക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ബഹു. മന്ത്രിക്ക് എന്നത്തേക്ക് ആ സ്ഥലം സന്ദർശിക്കുവാൻ സൌകര്യപ്പെടുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അടുത്തുതന്നെ പോകാം. എന്നാൽ ഈവക സംഗതികളിൽ ഗവർമ്മെണ്ടിന്റെ ഉദ്യോഗസ്ഥന്മാർ മുഖാന്തിരം വിവരങ്ങൾ വരുത്തി കാര്യങ്ങൾ നടത്തുകയായിരിക്കും നല്ലത്.

## ALL TRAVANCORE LIBRARY ASSOCIATION

***663. Sri. N. P. Varghese :** Will the Hon'ble Minister for Education be pleased to state :—

(*a*) the number of libraries in the State which deserve government grant ;

(*b*) what is the recommendation of the Library Gradation Committee as regards allowing annual grant to libraries ;

(*c*) what was the amount allotted in the 1124 budget among libraries ;

(*d*) what is the amount sanctioned for distribution of the library scheme ;

(*e*) what is the reason for the cut if there is any ; and

(*f*) will Government be pleased to restore the whole budget amount and distribute it among the libraries ?

**The Hon'ble Sri. Panampilly Govinda Menon :** (*a*) The Library Gradation Committee which was appointed by Government has considered this question and submitted a report. The report is being examined.

(*b*) The recommendations of the Committee as regards allowing grant to libraries are as follows :—

(*i*) "The present policy of the Government to assist only those libraries which come up to certain standards of efficiency must now be changed. The maximum should be 'assist the libraries and improve them' and not assist only good libraries ".

(*ii*) The number of libraries to receive assistance and the amount of grant should be greatly increased.

(*iii*) The grant must be paid monthly or quarterly and the present system of annual payment must be put a stop to".

(*c*) Rs. 1,20,000.

(*d*) Rs. 80,000.

(*e*) A cut of Rs. 40,000 was ordered by Government with a view to reduce expenditure in accordance with the proposals of the sub Committee appointed for consideration of ways and means to increase revenue and reduce expenditure.

(*f*) If as a result of the Gradation Committee Report, Government consider a larger amount to be necessary, the Assembly will be approached for an additional grant.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഈക്കൊല്ലം അലോട്ടുചെയ്ത തുക മുഴുവൻ ചെലവുചെയ്യുവാൻ അനുവദിക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചെലവു ചെയ്യണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്.

ശ്രീ. വർഗ്ഗീസ് അഗസ്ത്യൻ: സഹായധനം കിട്ടുന്നതിന് ഒരു സ്റ്റാൻഡേർഡ് വേണമെന്നു പറഞ്ഞു. അതെന്താണ്?

**Mr. Speaker :** The answer was that standards of efficiency formerly relied on are not to be the test hereafter.

## TALUK CENTRAL LIBRARIES

*** 664. Sri. N. P. Varghese :** Will the Hon'ble Minister for Education be pleased to state.—

(*a*) have Government any scheme for conducting Government Libraries at Taluk headquarters as Central libraries which could lend books to the village libraries in the taluk and control and advise the village libraries ; and

(*b*) will Government be pleased to take over the taluk central libraries organised at Kottayam and Muvattupuzha as a first step and improve them as first class libraries or give them an equal amount to that collected by public subscription by those libraries up-to-date and thus encourage them?

**The Hon'ble Sri Panampilly Govinda Menon:**

(*a*) No scheme at present.

(*b*) This involves a question of policy and so cannot be answered now.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഗവർമ്മെണ്ട് അതേക്കുറിച്ച് ദയവായി ആലോചിക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആലോചിക്കാം.

## വളങ്ങളിൽ അന്യപദാർത്ഥങ്ങൾ കലർത്തിയതുമൂലം ഉള്ള നഷ്ടപരിഹാരം

*൬൬൫. ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ താലൂക്കിൽ നെടുംപ്രയാർ ഗ്രാമാഭിവൃദ്ധിനി സഹകരണസംഘം നമ്പർ (൫൯൫) നടത്തുന്ന വളംഡിപ്പോവിലേക്കു കൃഷിഡിപ്പാർട്ടുമെണ്ടിൽനിന്നും രണ്ടു കൊല്ലങ്ങൾക്കുമുമ്പ് വില്പനക്ക് നൽകിയ വളങ്ങളിൽ അന്യപദാർത്ഥങ്ങൾ ചേർത്തിരുന്നതുമൂലം നേരിട്ട നഷ്ടം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടിട്ട് കൃഷിഡിപ്പാർട്ടുമെണ്ടിൽനിന്നും എന്തു നടപടികൾ കൈക്കൊണ്ടു?

(ബി) കാലതാമസത്തിനുള്ള കാരണം എന്ത്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) കൃഷിഡിപ്പാർട്ടുമെണ്ടു നടത്തിയ അന്വേഷണങ്ങളിൽനിന്നും ചോദ്യത്തിൽ പ്രസ്താവിക്കുന്നപ്രകാരം ഡിപ്പാർട്ടുമെണ്ടു വില്പന നടത്തിയ വളത്തിൽ അന്യപദാർത്ഥങ്ങൾ ചേർത്തിട്ടില്ല.

(ബി) മേൽപ്രസ്താവിച്ചതിൽനിന്നും ഇതു് ഉദിക്കുന്നില്ല.

## മൈനർ ഇറിഗേഷൻ പദ്ധതി

*൬൬൬. ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിൽ ൧൧൨൪-ൽ എത്ര മൈനർ ഇറിഗേഷൻ വേലകൾ ചെയ്യുന്നതിനാണ് പദ്ധതി രൂപീകരിച്ചിരുന്നത്;

(ബി) അവയിൽ എത്രയെണ്ണത്തിന്റെ പണി ആരംഭിക്കുകയോ പണി പൂർത്തിയാക്കുകയോ ചെയ്തു;

(സി) എന്തു തുക മൊത്തമായി ചിലവായി?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ൬൧.

(ബി) ൨൮ എണ്ണം ആരംഭിച്ചിട്ടുണ്ട്. അവയിൽ ൧൬ എണ്ണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പണികൾ പുരോഗമിക്കുന്നുണ്ട്.

(സി) ൨൫,൩൯൮ രൂപാ.

## MEDICAL OFFICERS IN ALLEPPEY DISTRICT HOSPITAL

* 667. **Sahib Bahadur P. S. Muhammed:** Will the Hon'ble Minister for Medicine be pleased to state the reasons that prompted the Department for transferring the following medical officers from Alleppey District Hospital:

i. Mr. T. K. Kuruvilla, Chief Medical Officer, Alleppey.

ii. Mr. Ismail, R. M. O., Alleppey?

**The Hon'ble Sry. Annie Mascarene:**

They were transferred in the interests of service.

സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ്: എന്താണ് ഈ "interests of service" എന്നു പറഞ്ഞാൽ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഗവർമ്മെണ്ടു ഓർഡർ അനുസരിച്ചു് മൂന്നു കൊല്ലത്തിൽ കൂടുതൽ ഒരു ഉദ്യോഗസ്ഥൻ ഒരു സ്ഥലത്തിരുന്നാൽ അദ്ദേഹത്തെ അവിടെനിന്നും സ്ഥലം മാററാവുന്നതാണ്.

സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ്: മിസ്റ്റർ ഇസ്മായിൽ ആലപ്പുഴ വന്നിട്ട് എത്ര കൊല്ലമായി?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അറിഞ്ഞുകൂടാ.

സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ്: ഒരുകൊല്ലം തികഞ്ഞിട്ടില്ലെന്നുള്ള വിവരം ഗവർമ്മെണ്ടിന് അറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അദ്ദേഹത്തിന്റെ ആവശ്യപ്രകാരം സ്ഥലം മാററിയെന്നാണ് എന്റെ അറിവ്.

സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ്: ആലപ്പുഴനിന്നു ചേർത്തലയോട്ട് മാററണമെന്നാണോ അദ്ദേഹം ആവശ്യപ്പെട്ടത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഇപ്പോൾ അതേക്കുറിച്ചു് പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് മാത്തൻ: ചേർത്തല താലൂക്ക് ആർക്കും വേണ്ടാത്ത ഒരു താലൂക്കാണെന്നു ഗവർമ്മെണ്ടിന് അറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: പക്ഷെ, ആ താലൂക്കിനെ ഗവർമ്മെണ്ടിന് ഉപേക്ഷിക്കുവാൻ നിവൃത്തിയില്ല.

### UNEMPLOYMENT

* 668. **Sahib Bahadur P. S. Muhammed:** Will the Hon'ble Minister for Labour be pleased to state.—

(*a*) whether it is a fact that acute unemployment there is on in the State;

(*b*) whether he has made any arrangement for preparing a register for the workers who are out of work at present; and

(*c*) whether Congress Government has any plan for making the United States Union under a Scheme of Social Security?

**The Hon'ble Sri. Panampilly Govinda Menon:**

(*a*) There is unemployment among workers engaged in certain industries.

(*b*) So far as coir factory workers are concerned, manangements have been made for preparing a register for the workers who are out of work at present.

(*c*) No such scheme is before Government at present.

സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ്: ഒരു സോഷ്യൽ സെക്യൂരിട്ടി സ്കീം ഉണ്ടാക്കേണ്ടത് ആവശ്യമാണെന്നു ഗവർമ്മെണ്ടിനു ബോധ്യമുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സോഷ്യൽ സെക്യൂരിട്ടി സ്കീം ആവശ്യമില്ലെന്നു പറയുവാൻ ഗവർമ്മെണ്ടിനു നിവൃത്തിയില്ല.

### SYLLABUS COMMITTEE

*669. **Sahib Bahadur P. S. Muhammed:** Will the Hon'ble Minister for Education be pleased to state whether any representation was received complaining against the action of the Syllabus Committee regarding the omission in making provision for teaching Arabic letters in primary classes and Arabic language in lower secondary classes?

**The Hon'ble Sri Panampilly Govinda Menon:** No.

### SALE OF CEMENT

*670. **Saihb Bahadur P. S. Muhammed:** Will the Hon'ble Minister for Industry be pleased to state the arrangements that have been made for the distribution and sale of cement produced by the Company?

**The Hon'ble Sri T. A. Abdulla:** The distribution and sale of cement is effected through stockists appointed by Controller of Cement with the approval of Government. The sale of cement by stockists is governed by Notification R.O.C. No. 5494/49/Devpt., dated 26th July 1949.

### LIBRARY GRADATION COMMITTEE

*671. **Sri. K. P. Nilakanta Pillai:** Will the Hon'ble Minister for Education be pleased to state:—

(*a*) whether there is a library gradation committee and if so who are the members of the committee;

(*b*) when was this committee appointed and by whom;

(*c*) whether there is any remuneration for the members of this committee; and

(*d*) whether there is travelling allowance to the members of the Committee and if so what is the total amount drawn up-to-date (12th Mithunam 1124)?

**The Hon'ble Sri. Panampilly Govinda Menon:** (*a*) Yes.

*i.* Sri. C. Narayana Pillai, M. L. A., (Convener).
*ii.* The University Librarian.
*iii.* The Secretary of the All Travancore Library Association.
*iv.* Sri. V. R. Krishnan Ezhuthachan and
*v.* Sri. Rama Varma (Appan) Thampuran, Inspector of Libraries, Cochin.

(*b*) The Committee was appointed by the Government on the 20th May 1949.

(*c*) The question has not yet been taken up for consideration.

(*d*) The Committee has been given an advance of Rs. 1,500 towards T. A.

### SUPERINTENDENT, CENTRAL PRISON

*672. **Sri. K. P. Nilakanta Pillai:** Will the Hon'ble Premier be pleased to state.—

(*a*) when was Mr. M. M. George relieved of duties of the Superintendent, Central Prison;

(*b* what was he doing after that and what is he doing today;

(*c*) whether he has been drawing his pay up-to-date (12th Karkadagam 1124);

(*d*) whether he is still in service; and

(*e*) whether any charges have been framed against him and an enquiry ordered?

**The Hon'ble Sri. T. K. Narayana Pillai:** (*a*) Forenoon of 18th Medam 1124.

(*b*) Government have no information.

(*c*) He has drawn his salary up to 10th Mithunam 1124.

(*d*) He is still in service, but on leave.

(*e*) The matter is engaging the attention of Government.

### ചണം കൃഷി

*൬൭൩. ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിൽ ൧൧൨൪-ൽ ചണം കൃഷി ചെയ്തോ;

(ബി) കൃഷി ചെയ്തുവെങ്കിൽ ഏതേതു സ്ഥലങ്ങളിലാണെന്നും അതിനാൽ എന്തു ആദായം ഗവമ്മെണ്ടിനു് കിട്ടിയെന്നും പറയുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) കൃഷി ചെയ്തു.

(ബി) കുട്ടനാട്ടിൽ നാലു പ്രദേശങ്ങളിൽ, കൃഷിഡിപ്പാർട്ടുമെണ്ടു് ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ കൃഷിക്കാർ അവരുടെ വയലുകളിൽ ചണംകൃഷി ചെയ്യുകയുണ്ടായി.

ഗവർമ്മെണ്ടു് സ്വന്തമായി എങ്ങും കൃഷി ചെയ്തില്ല. അതുകൊണ്ടു് ഗവർമ്മെണ്ടിനു് ഒരാദായവും കിട്ടിയില്ല.

ശ്രീ. കെ. കുട്ടപ്പൻ: ചണംകൃഷികൊണ്ടു് ആദായമുണ്ടാക്കാമെന്നാണോ ഗവർമ്മെണ്ടു് വിചാരിക്കുന്നതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അതെ.

ശ്രീ. കെ. കുട്ടപ്പൻ: ഗവർമ്മെണ്ടു് നേരിട്ടു് ചണംകൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

## വായനശാലകൾ

*൩ ൭ ൪. ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു് വായനശാലകളുടെ ചാൎജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ—കൊച്ചി ഐക്യസംസ്ഥാനത്തു് എത്ര വായനശാലകൾക്കു് ഗ്രാൻറു് നൽകുന്നുണ്ടെന്നും, അവയിൽ തിരുവിതാംകൂറിൽ എത്രയെന്നും പറയുന്നതിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂർ—കൊച്ചി ഐക്യസംസ്ഥാനത്തു് ആകെ ൩ ൭ ൭ വായനശാലകൾക്കു് ഗ്രാൻറു് കൊടുക്കുന്നുണ്ടു്. അതിൽ തിരുവിതാംകൂറിലേതു് ൨ ൨ ൩ - എണ്ണമാണു്.

ശ്രീ. കെ. കുട്ടപ്പൻ: എന്തുതത്വത്തെ ആസ്പദമാക്കിയാണു് ഗ്രാൻറു് കൊടുക്കുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല തത്വങ്ങളും ഉണ്ടു്.

## വ്യവസായ വായ്പ

*൩ ൭ ൫. ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ ഗവൺമെണ്ടിൽനിന്നും ൧ ൧ ൨ ൪-ൽ എത്ര രൂപാ വ്യവസായവായ്പയായി അനുവദിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) ആർക്കെല്ലാമാണു് അനുവദിച്ചിരിക്കുന്നതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ൧ ൧ ൨ ൪-ൽ ചെറുതര വ്യവസായങ്ങൾക്കു് വ്യവസായവായ്പയായി യാതൊരു തുകയും ഗവൺമെണ്ടിൽ നിന്നും അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത ചോദ്യം ഉദിക്കുന്നില്ല.

## ഹരിജനങ്ങൾ

*൩ ൭ ൬. ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പിന്നോക്കവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹരിജനങ്ങൾ എന്നു പറയപ്പെടുന്നതു് ഏതേതു ജാതിവിഭാഗക്കാരെയാണെന്നു പറയുമോ;

(ബി) ഏതെങ്കിലും പ്രധാനപ്പെട്ട ഗവൺമെണ്ടു റിക്കാർഡുകളിൽ ഹരിജനങ്ങൾ എന്നു രേഖപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നുമുതലാണെന്നും ഏതു റിക്കാർഡുകളിലാണെന്നും അതു് ഏതേതു ജാതിവിഭാഗക്കാരെ ഉദ്ദേശിച്ചാണെന്നും പറയുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: (എ) ഇവിടെ അധഃകൃതർ എന്ന പേരിൽ അറിയപ്പെടുന്ന സമുദായങ്ങളിൽപ്പെട്ടവരെയാണു് ഹരിജനങ്ങൾ എന്നു പറഞ്ഞുവരുന്നതു്.

(ബി) അങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതായി അറിവില്ല.

(സി) മുൻ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. കുട്ടപ്പൻ: ഇതു് ഏതുകാലം മുതൽക്കാണു് ഇവരെ ഹരിജനങ്ങൾ എന്നു വിളിച്ചുവരുന്നതെന്നറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: മഹാത്മാഗാന്ധിയാണു് ആ പേർ കൊടുത്തതു്. ഏതു കൊല്ലത്തിലാണെന്നു നിശ്ചയമില്ല.

## എക്സ്റേ സ്ഥാപിക്കുന്നതിനു്

*൩ ൭ ൭. ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

മാവേലിക്കര ആശുപത്രിയിൽ ഒരു എക്സ്റേ സ്ഥാപിക്കുന്നതിനു് ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: എല്ലാ ഡിസ്ട്രിക്ടു് ആശുപത്രികളിലും എക്സറേയന്ത്രം സ്ഥാപിച്ചതിനുശേഷമേ ഈ കാൎയ്യം ആലോചിക്കാൻ തരമുള്ളു.

## HINDU NADARS IN THE INCOME TAX DEPARTMENT

***678. Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Income Tax be pleased to state.—

(a) how many Hindu Nadars have been entertained in the Income Tax Department till now and how many of them are drawing a salary of Rs. 40 and above;

(b) is there one Mr. Chelliah Nadar in the department as auditor;

(c) if so, in what grade he was acting for the last two years; and

(d) in what way he is affected by the recent order of confirmations and promotions?

ബഹു. ശ്രീ. എ. ജെ. ജോൺ: (എ) ഒരാൾ ഉണ്ട്.

(ബി) ചെല്ലയ്യാനാടാർ ഉണ്ട്.

(സി) ൯൦-മുതൽ ൧൦൦-വരെ ഉള്ള ശമ്പളത്തിൽ നിയമിച്ചിരുന്നു. എന്നാൽ നിയമനകാലത്ത് ഉണ്ടായിരുന്ന ഓർഡർ അനുസരിച്ച് നാലുകൊല്ലമായിട്ടും പരീക്ഷ പാസ്സാകാതെയിരുന്നതിനാൽ ൪൫-മുതൽ ൭൫ രൂപാവരെയുള്ള ഗ്രേഡിൽ താഴ്ത്തിട്ടുണ്ട്.

## PRIMARY SCHOOLS IN VILAVANCODE AND KALKULAM TALUKS

***679. Sri. R. Chellaswami Nadar:** Will the Hon'ble Minister for Education be pleased to state.—

(a) the number of primary schools in Vilavancode and Kalkulam Taluks ;

(b) the number of temporary sheds ; and

(c) the number of school buildings constructed after the introduction of compulsory primary education ?

**The Hon'ble Sri. Panampilli Govinda Menon:**

(a) Kalkulam 158—Vilavancode 156.

(b) Kalkulam 37—Vilavancode 33.

(c) Kalkulam 1—Vilavancode 1.

ஸ்ரீ. ஆர். செல்லஸ்வாமி நாடார்: Temporary shedஎல்லாம், அபாயகரமான நிலையிலிருப்பதாக உங்களுக்குத் தெரியுமா ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ തീർന്നില്ല. എന്നാൽ ചില പോരായ്മകൾ ഉണ്ടെന്നറിയാം.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஒவ்வொரு தாலுகாகளிலும் கட்டாயக் கல்வித் திட்டம் என்ற ஒரு பெயரும் இட்டு, ஒவ்வொரு கட்டிடம் மட்டும் கட்டினல் போதுமென்று மந்திரி அவர்கள் நினைக்கிறீர்களா ?

## FOOD PRODUCTION

***680. Sri. R. Chellaswami Nadar:** Will the Hon'ble Minister for Irrigation be pleased to state whether the Government have taken any steps to increase food production in Kalkulam, Vilavancode and Neyyattinkara taluk ?

**The Hon'ble Sri. E. Ikkanda Warrier:**

Yes. Besides the completion of several minor irrigation works, major irrigation works such as Perunchani and Thripparappu channel are in progress.

## ഉദ്യോഗങ്ങൾ

*൬൮൧. സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫുഡ്പ്രൊഡക്ഷൻ ഓഫീസർ, വളം സ്പെഷ്യൽ ഓഫീസർ, കൃഷി ഡയറക്ടർ എന്നീ മൂന്നു ഉദ്യോഗങ്ങൾ ഗവൺമെന്റിന്റെ കീഴിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ ജോലികൾ എന്തെല്ലാമെന്ന് പ്രസ്താവിക്കുമോ;

(സി) ഈ ജോലികൾ സമർത്ഥനായ ഒരൊറ്റ ഉദ്യോഗസ്ഥനെക്കൊണ്ട് നിർവ്വഹിക്കാൻ സാധിക്കുമോ?

ബഹു. ശ്രീ. ഇക്കണ്ടവാര്യർ: (എ) രണ്ട് ഉദ്യോഗസ്ഥന്മാരുണ്ട്. കൃഷിഡയറക്ടറും ഫുഡ്പ്രൊഡക്ഷൻ കമ്മീഷണറും.

(ബി) കൃഷി ഡയറക്ടർ കൃഷിഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും അവർക്കു് മാർഗ്ഗദർശനം നൽകുകയും ചെയ്യുന്നു. ഫുഡ്പ്രൊഡക്ഷൻ കമ്മീഷണർ ഭക്ഷ്യപദാർത്ഥങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള വിവിധഡിപ്പാർട്ടുമെണ്ടുകളുടെ പ്രവർത്തനങ്ങളെ ഏകീകരിക്കുകയും ത്വരിപ്പിക്കുകയും ചെയ്യുന്നു.

(സി) ഇല്ല.

സാഹിബ്ബഹദൂർ എ. എം. മുസ്തഫാ: വളം സ്പെഷ്യൽ ആഫീസർ എന്നു് ഒരു ഉദ്യോഗം തിരുവിതാംകൂറിൽ ഉണ്ടായിരുന്നതായി അറിയാമോ?

ബഹു. ശ്രീ. ഇക്കണ്ടവാരിയർ: ഉണ്ടായിരുന്നു.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: ഏതു ദിവസംവരെ ഉണ്ടായിരുന്നു?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അടുത്ത കുറെ ആഴ്ചകൾക്കു് മുമ്പുവരെയുണ്ടായിരുന്നു

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അദ്ദേഹം ഇപ്പോൾ എവിടെയാണു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അവധിയിലാണു്.

## LABOUR

*682. **Sri. K. P. Nilakanta Pillai:** Will the Hon'ble Minister for Labour be pleased to state the nature and extent of unemployment in Cochin State ?

**The Hon'ble Sri. Panampilli Govinda Menon:**

No survey has yet been conducted to ascertain the nature and extent of unemployment in Cochin area.

**Sri. A. P. Udayabhanu:** Will that survey be extended to Travancore?

**The Hon'ble Sri. Panampilli Govinda Menon:** No. I said no survey has yet been conducted.

**Sri. A. K. Pachu Pillai:** Will the Government consider to have such survey ?

**The Hon'ble Sri. Panampilli Govinda Menon:** Yes.

## INDUSTRIAL LOAN

*683. **Sri. P. K. Kumaran Achari:** May I know from the Hon'ble Minister in charge of Finance whether any industrial loan has been given during the year 1124 ?

**The Hon'ble Sri. N. Kunjuraman:** No, Sir.

## തോടുവെട്ടു്

*൬൮൪. ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല ആലപ്പുഴ തോടുവെട്ടു് ആരംഭിച്ച നാൾ മുതൽ ഇന്നുവരെ തോടുവെട്ടു സംബന്ധിച്ചു് ഗവമെണ്ടു ചെലവുചെയ്തിട്ടുള്ള സംഖ്യ എത്ര;

(ബി) ഈ പ്രാവശ്യം തോടുവെട്ടു് ആരംഭിച്ചതിനുശേഷം ചെലവായിട്ടുള്ള സംഖ്യ എത്ര;

(സി) തോടുവെട്ടു് പൂർത്തിയാക്കുന്നതിനായി ഇനിയും എന്തു തുക ചെലവുചെയ്യേണ്ടിവരുമെന്നു് വല്ല എസ്റ്റിമേററും ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര;

(ഇ) ഇപ്പോൾ വീണ്ടും തോടുവെട്ടു് നിറുത്തിവയ്ക്കാൻ കാരണം എന്തു്;

(എഫ്) ഇപ്പോൾ നിറുത്തിവച്ചതു് ചേർത്തലയിലേയും അമ്പലപ്പുഴയിലേയും പാവപ്പെട്ട തൊഴിലാളികൾക്കു് തൊഴിലില്ലായ്മയ്ക്കും സങ്കടത്തിനും കാരണമായിത്തീർന്നിട്ടുണ്ടെന്നു ഗവമെണ്ടിനറിയാമോ;

(ജി) ഇനിയും ആ തോടുവെട്ടു് എന്നു് ആരംഭിക്കണമെന്നു് ഗവമെണ്ടു് ഉദ്ദേശിക്കുന്നു എന്നു പറയാമോ?

ബഹു. ശ്രീ. ഇ. ജാൺഫിലിപ്പോസ്: (എ) പതിമൂന്നരലക്ഷംരൂപാ.

(ബി) ഇപ്പോൾ ചെയ്തുതീർത്ത ജോലിക്കു് കൊടുത്തു തീർക്കേണ്ടതുൾപ്പെടെ ആകെ ചെലവു് ൪,൫൮,൨൦൦ രൂപ.

(സി) ഉണ്ട്.

(ഡി) തോട്ടുവെട്ട പൂർത്തിയാക്കുന്നതിനു ഡ്രട്ജർ ഉപയോഗിച്ച് തോട്ട താഴ്ത്തുന്നതിനും പാലങ്ങൾ പണിയുന്നതിനും മററു പരിരക്ഷണ ജോലികൾക്കുംകൂടി ഇനിയും ഉദ്ദേശം എട്ടുലക്ഷംരൂപാ വേണ്ടിവരും.

(ഇ) വെള്ളനിരപ്പുവരെ വെട്ടിക്കഴിഞ്ഞതുകൊണ്ടും കൂടുതൽ താഴ്ത്തുന്നതിനു അസൌകര്യമായവിധം ഇപ്പോൾ മഴപെയ്ത് തോട്ടിൽ വെള്ളം കെട്ടിനിൽക്കുന്നതുകൊണ്ടും തോട്ടുവെട്ട് നിറത്തിവച്ചു.

(എഫ്) അറിയാം.

(ജി) ഡ്രട്ജർ ഉപയോഗിച്ച് തോട്ട താഴ്ത്തുന്ന ജോലി ഉടനെ ആരംഭിക്കണമെന്നുദ്ദേശിക്കുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ ചെയ്തുതീർത്തജോലിക്ക് എന്തു ചിലവായി?

ബഹു. ശ്രീ. ഈ. ജാൺഫിലിപ്പോസ്: അതുൾപ്പെടെ ൪,൩൮,൫൦൦ രൂപാ ചെലവായി എന്നല്ലാതെ ഇതിനുമാത്രമായി എന്തു ചെലവായി എന്നു പറയുവാൻ നോട്ടീസു വേണം.

## നെൽകൃഷിക്ക് വിട്ടുകൊടുത്ത വനം

*൬൮൩. ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ. —

(എ) ൧൯൫൪-ൽ ഐക്യസംസ്ഥാനത്ത് തിരുവിതാംകൂറിൽ എത്ര ഏക്കർ സ്ഥലം വനത്തിൽനിന്നും കൃഷിക്കായി വിട്ടുകൊടുക്കണമെന്നു നിശ്ചയിച്ചിരുന്നു;

(ബി) അതിൽ എത്ര ഏക്കർ കൊടുത്തിട്ടുണ്ട്;

(സി) ബാക്കിസ്ഥലം കൊടുക്കാതെ ഇരുന്നതിന് കാരണം എന്ത്;

(ഡി) കൊടുത്തസ്ഥലം മുഴവൻ കൃഷിചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എത്ര ഏക്കർ സ്ഥലം കൃഷിചെയ്തു;

(എഫ്) ബാക്കിസ്ഥലം കൃഷിചെയ്യാതിരുന്നതിനുള്ള കാരണം?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ൫൪,൭൧൧ ഏക്കർ

(ബി) ൯,൫൭൦ ,,

(സി) തടികൾ വെട്ടി മാററിക്കഴിയാത്തതുനിമിത്തം.

(ഡി) ഇല്ല.

(ഇ) ൮,൩൦൭ ഏക്കർ.

(എഫ്) കൃഷിക്കാർക്കുണ്ടായിട്ടുള്ള വ്യക്തിപരമായ അസൌകര്യങ്ങൾ നിമിത്തം സ്ഥലം ഏററുവാങ്ങി കൃഷി ചെയ്തിട്ടില്ല.

## നെല്ലെടുപ്പു വ്യവസ്ഥയിൽ മാററം

*൬൮൬. ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൩-ൽ നെല്ലെടുക്കുന്ന ചട്ടങ്ങളിൽ, ൧൯൫൪-ൽ ഉണ്ടായിരുന്നവയിൽനിന്നു വല്ല വ്യത്യാസവും വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) അതിന്റെ കാരണം എന്താണ്;

(ഡി) തിരുവിതാംകൂറിലേയും കൊച്ചിയിലേയും നെല്ലെടുപ്പ് പദ്ധതികൾ ഐകരൂപ്യമുള്ളവയാണോ;

(ഇ) ഇല്ലെങ്കിൽ ഐകരൂപ്യം വരുത്തുന്നതിനു ഗവമെണ്ട ശ്രദ്ധിക്കുമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള:

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.
(സി) ടി.
(ഡി) ഇപ്പോൾ ഐകരൂപ്യമുള്ളതാണ്.
(ഇ) ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: നെല്ലുവിലയിൽ ഐകരൂപ്യമുണ്ടാക്കുവാൻ വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: ഇതു ആലോചനയിൽ ഇരിക്കുകയാണ്.

## കുടിയാന്മാരുടെ ദേഹണ്ഡവില

*൩൨൧. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) അന്യരുടെ പുരയിടങ്ങളിൽ തെങ്ങുവെച്ചു പിടിപ്പിച്ചു ദേഹണ്ഡങ്ങൾ ചെയ്യുന്ന ചേർത്തല താലൂക്കിലെ കുടിയാനവന്മാർക്ക് വസ്തു ഒഴിപ്പിക്കുന്ന അവസരത്തിൽ കുലച്ചു ആദായത്തിലായ തെങ്ങുവൃക്ഷങ്ങൾക്കു ഓരോന്നിനും ദേഹണ്ഡവില കിട്ടുന്നതു് (കോടതിയിൽനിന്നും വിധിച്ചു കിട്ടുന്നതും) എട്ടുപണംവച്ചാണെന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമോ;

(ബി) ഈ രീതിയിൽ ദേഹണ്ഡവില പററി വസ്തു ഒഴിഞ്ഞു കുടിയിറങ്ങുവാൻ ഇടയാക്കുന്നതിൽ ജനങ്ങൾക്കു വലുതായ അസംതൃപ്തിയും അവരിൽ അസ്വസ്ഥതയും ഉണ്ടാക്കിതീർക്കുന്നുവെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമായിട്ടുണ്ടോ;

(സി) ഇങ്ങിനെ ഒരു രീതി ഉണ്ടായിത്തീർന്നതിനുള്ള കാരണങ്ങളെപ്പററിയും ആ രീതികാലസ്ഥിതിക്കും നീതിക്കും യോജിക്കുന്നതാണൊ എന്നു് അന്വേഷിക്കുന്നതിനുമായി ഒരു കമ്മിററിയെ നിയമിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) അങ്ങിനെ ഒരു പതിവു സാർവ്വത്രികമായി ഇല്ലെങ്കിലും കോടതികൾ ചില പാട്ട ഉടമ്പടികളിലെ പ്രത്യേക വ്യവസ്ഥകളനുസരിച്ച് ദേഹണ്ഡവിലയായി ചെറിയ സംഖ്യകൾ കൊടുക്കുന്നതറിയാം.

(ബി) ചിലക്ക് അസംതൃപ്തിയുണ്ടായിരിക്കാം.

(സി) എ യുടെ ഉത്തരത്തിൽനിന്നും ഇതു് ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങിനെ ചില സ്ഥലങ്ങളിൽ നടക്കുന്നു എന്നു ഞാൻ ബോദ്ധ്യപ്പെടുത്തിത്തരികയാണെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: തീച്ചയായും അന്വേഷിക്കാം.

ശ്രീ. അബ്ദുൽമജീദ്: ഇതിനെക്കുറിച്ചുള്ള ആലോചന നീണ്ടുനീണ്ടു പോകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഇല്ല.

## വിദ്യാഭ്യാസ ഡയറക്ടർ

*൩൨൨. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

വിദ്യാഭ്യാസഡയറക്ടരെ സന്ദർശിക്കുന്ന പലരേയും അല്ലെങ്കിൽ ചിലരെയെങ്കിലും, അദ്ദേഹം "എടോ" "പോയെടൊ" "താനാണോടോ" എന്നിങ്ങനെ സംബോധന ചെയ്യുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ശ്രീ. പി. നാണു: വിദ്യാഭ്യാസഡയറക്ടർ ഔദ്യോഗിക നിലയിൽ ഇങ്ങനെ ചെയ്യുന്നുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിച്ചിട്ടില്ല.

ശ്രീ. പി. നാണു: വിദ്യാഭ്യാസ ഡയറക്ടർ "എടോ" "പോയോടോ" "താനാണോടോ" ഇങ്ങിനെ സംബോധന ചെയ്യുന്നതു് നിറുത്തുന്നതിനു വേണ്ട ഉത്തരവുകൾ പുറപ്പെടുവിക്കാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിച്ചു വേണ്ടതു ചെയ്യാം.

ശ്രീ. മന്നാർ ഗോപാലൻനായർ: മററുദ്യോഗസ്ഥന്മാരിൽ ആരെങ്കിലും ഇങ്ങനെ ചെയ്യാറുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

## മിഡിൽ സ്കൂളുകൾ

*൩൨൯. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എല്ലാ മിഡിൽ സ്കൂളുകളിലും ഹെഡ്മാസ്റ്ററന്മാരുടെ നിയമനം നടന്നിട്ടുണ്ടോ?

(ബി) നടന്നിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണു്?

(സി) എല്ലാ മിഡിൽ സ്കൂളുകളിലും ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു് ആവശ്യമുള്ള അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) പുതിയ പബ്ളിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം അദ്ധ്യാപകരെ റിക്രൂട്ട് ചെയ്യുന്നതിനു കുറച്ചുകൂടി കാലതാമസം വേണ്ടിയിരിക്കുന്നതിനാൽ.

(സി) മിക്കവാറും സ്കൂളുകളിൽ നിയമിച്ചിട്ടുണ്ടു്. ഇല്ലാതെയുള്ളിടത്തു അങ്ങിനെയുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിനു വേണ്ട നടപടികൾ നടത്തിവരുന്നുണ്ടു്.

ശ്രീ. പി. നാണു: സ്കൂൾതുറന്നു് എത്രകാലം കഴിഞ്ഞതിനു ശേഷമാണു നിയമനം നടത്തേണ്ടതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സാധാരണ സ്കൂളുകളിൽ എപ്പോഴും അദ്ധ്യാപകന്മാർ ഇരിക്കേണ്ടതാണു്.

ശ്രീ. പി. നാണു: സ്കൂൾ തുറക്കുന്നതിനുമുൻപു് അദ്ധ്യാപകന്മാരെ നിയമിക്കണമെന്നു് ഏതെങ്കിലും യൂണിയൻ ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സ് വേണം.

ശ്രീ. പി. നാണു: ഇപ്പോൾ സ്കൂളുകളിൽ ആവശ്യമുള്ളത്ര അദ്ധ്യാപകന്മാർ ഇല്ലെന്നറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. പി. നാണു: ആവശ്യമുള്ളവരെ എപ്പോൾ നിയമിക്കും?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിക്രൂട്ട് ചെയ്യാൻ പബ്ളിക്ക സർവ്വീസ് കമ്മീഷനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

## അഗ്രിക്കൾച്ചറൽ കാളേജ്

*൩൩൦. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട അഗ്രിക്കൾച്ചറൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഒരു അഗ്രികൾച്ചറൽ കാളേജ് സ്ഥാപിക്കണമെന്നു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യം ഗവമ്മെണ്ടിന്റെ പര്യാലോചനയിലിരിക്കുകയാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അഗ്രിക്കൾച്ചറൽ കോളേജ് ഇവിടെ അവശ്യം വേണ്ടതാണെന്നറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടാണു് ഇതു് ആലോചനയിൽ ഉണ്ടെന്നു പറഞ്ഞതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇതു കഴിയുന്നതും വേഗം നടപ്പിൽ വരുത്തുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിയുന്നതും വേഗത്തിൽ നടപ്പിലാകും.

ശ്രീ. ടി. ടി. കേശവശാസ്ത്രി: എക്കണോമിക്ക് ഡവലപ്പ്മെൻറ് ബോർഡ് ഇങ്ങിനെ ഒരു നിശ്ചയം പാസ്സാക്കിയിട്ടുണ്ടെന്നറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

***691.** ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊട്ടാരക്കര താലൂക്കിൽ കടയ്ക്കൽ എന്ന സ്ഥലത്തു് ഒരു ഹൈസ്കൂൾ സ്ഥാപിച്ചു കിട്ടണമെന്നു അവിടത്തെ പൊതുജനങ്ങൾ ഗവമ്മെണ്ടിനോടു് അപേക്ഷിച്ചിട്ടുണ്ടോ?

(ബി) അവിടെ ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതിനു് ആവശ്യമുള്ള സ്ഥലവും കെട്ടിടവും ഗവമ്മെണ്ടിനു് വിട്ടുതരാൻ തയാറാണെന്നു് അവിടത്തെ പൊതുജനങ്ങൾ ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഉണ്ടു്.

(ബി) ഉണ്ടു്.

ശ്രീ. പി. നാണു: പിന്നെ എന്തുകൊണ്ടാണു് അതിനുള്ള നടപടി നടത്താത്തതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്. പക്ഷെ നടപടി എടുത്തിട്ടില്ലെന്നു മാത്രമേയുള്ളു. നടപടി നടത്താം.

### ബേസിക്‌ശമ്പളം

***692.** ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

ബേസിക്‌ശമ്പളം ൨൦ രൂപയാക്കി ഗവമ്മെണ്ടിൽനിന്നും ചെയ്തിട്ടുള്ള തീർച്ച മുനിസിപ്പാലിററികളിൽക്കൂടി നടപ്പാക്കുന്നതിനു് എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇല്ല.

ശ്രീ. പി. നാണു: ഇപ്പോൾ സക്കാർ സർവ്വീസിൽ ഇരിക്കുന്നവക്കു കിട്ടുന്ന ബേസിക് ശമ്പളം മുൻസിപ്പാലിററികളിലെ സിൽബന്തികൾക്കും കൊടുക്കുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: സക്കാർ സർവ്വീസിൽ ഇരിക്കുന്നവക്കു് കിട്ടുന്നതുപോലുള്ള അടിസ്ഥാന ശമ്പളം മുൻസിപ്പൽ ജീവനക്കാക്കും കൊടുക്കുന്നതിനു് ഗവമ്മെണ്ടു യാതൊരു തടസ്സവും ചെയ്യുന്നില്ല.

ശ്രീ. പി. നാണു: മുൻസിപ്പാലിററികളിലും ആ അടിസ്ഥാനശമ്പളം കൊടുക്കുന്നതിനു് ഗവമ്മെണ്ടിൽനിന്നും ഡയറക്ഷൻ കൊടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഗവമ്മെണ്ടിൽനിന്നും ഡയറക്ഷൻ കൊടുക്കാതെതന്നെ ബേസിക്‌ശമ്പളം കൊടുക്കുന്നതിനു് മുൻസിപ്പാലിററികൾക്കു് അധികാരമുണ്ടു്. എന്നാൽ ബേസിക്‌ശമ്പളം കൊടുക്കുന്നതിനു് ഗവമ്മെണ്ടു ധനസഹായം ചെയ്യണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് പ്രമേയങ്ങൾ പാസാക്കി അയച്ചിട്ടുണ്ടു്.

ശ്രീ. പി. നാണു: എല്ലാ മുൻസിപ്പാലിററികളിൽനിന്നും അങ്ങിനെ പ്രമേയങ്ങൾ പാസാക്കി അയച്ചിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ബേസിക്‌ശമ്പളം കൊടുക്കണമെന്നു് മുനിസിപ്പാലിററികൾക്കു് ഡയറക്ഷൻ കൊടുത്തുകഴിഞ്ഞാൽ പണംകൂടെ കൊടുക്കണമെന്നു് അവർ ആവശ്യപ്പെടും. എന്നാൽ മുനിസിപ്പാലിററികൾക്കു് പണമുണ്ടെങ്കിൽ ബേസിക് ശമ്പളം കൊടുക്കാൻ യാതൊരു പ്രയാസവുമില്ല.

ശ്രീ. പി. നാണു: ഗവമ്മെണ്ടിൽനിന്നും ഡയറക്ഷൻ കൊടുക്കുന്നതുകൊണ്ടുമാത്രമാണോ മുനിസിപ്പാലിററികൾ പണം ആവശ്യപ്പെടുന്നതു്, അതോ നേരത്തെതന്നെ ആവശ്യപ്പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അവർ നേരത്തെതന്നെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. നാണു: ബേസിക് ശമ്പളംപോലും മുനിസിപ്പൽ ജീവനക്കാർക്ക് കിട്ടാതിരിക്കുന്നത് ശരിയാണോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: മുനിസിപ്പാലിറ്റികൾക്കു പണമുണ്ടെങ്കിൽ കൊടുക്കുന്നതിനു ഗവൺമെന്റിനു യാതൊരു തടസ്സവുമില്ല.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ബേസിക് ശമ്പളംപോലും കൊടുക്കാൻ നിവൃത്തിയില്ലാത്ത മുനിസിപ്പാലിറ്റികളെ നിറുത്തിക്കളയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതിനിപ്പോൾ മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. നാണു: മുമ്പു ഗവൺമെന്റ് സർവീസിലിരിക്കുന്നവർക്ക് കൊടുത്തുകൊണ്ടിരുന്ന ബേസിക് ശമ്പളംതന്നെ മുനിസിപ്പൽ ജീവനക്കാർക്കും കൊടുത്തുകൊണ്ടിരുന്നില്ലേ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: മുനിസിപ്പാലിറ്റികളുടെ ധനസ്ഥിതി അനുസരിച്ച് മുനിസിപ്പൽ ജീവനക്കാർക്കും അതേശമ്പളംതന്നെ കൊടുക്കുന്നതിനു ഗവൺമെന്റിനു യാതൊരു പ്രതിബന്ധവുമില്ല.

ശ്രീ. പി. നാണു: ഗവൺമെന്റുദ്യോഗസ്ഥന്മാർക്ക് കൊടുക്കുന്ന ശമ്പളംതന്നെ മുനിസിപ്പൽ ഉദ്യോഗസ്ഥന്മാർക്കും കൊടുക്കണമെന്നു ഗവൺമെന്റിൽനിന്നും നിർദ്ദേശം കൊടുക്കുന്ന ഒരു പതിവ് മുമ്പുണ്ടായിരുന്നില്ലേ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അങ്ങിനെ ഒരു പതിവു ഉണ്ടായിരുന്നോ എന്നു നിശ്ചയമില്ല.

### UNIFORMITY IN PAY

***693. Sri. V. K. Varghese:** Will the Hon'ble Minister for Political and General be pleased to say whether the Government intend to effect a uniformity in pay of the officers of the same work in the two States constituting the United State; if so, on what principle?

**The Hon'ble Sri. T. K. Narayana Pillai:**

The matter is engaging the attention of Government.

### TOUR PROGRAMME OF MINISTERS

***694. Sri V. K. Varghese:** Will the Hon'ble Minister for Political and General be pleased to say.—

(a) whether the tour programme of the Ministers are given to all heads of departments, and

(*b*) whether these programmes are given to the Hon'ble members in whose constituencies they tour?

**The Hon'ble Sri. T. K. Narayana Pillai:** The tour programmmes are generally published in the newspapers and communicated to the officers and M. L. As. whom the Hon'ble Ministers wish to meet while on tour.

ശ്രീ. വി. കെ. വർഗീസ്: മന്ത്രിമാർ ഓരോ സ്ഥലവും സന്ദർശിക്കുമ്പോൾ അവിടത്തെ പ്രാദേശികമായ ആവശ്യങ്ങൾ ഉടനെ സാധിച്ചുകൊടുക്കാമെന്നു പറയുകയും പിന്നീടു നടപ്പാക്കാതെയിരിക്കുകയും ചെയ്യുന്ന ഒരു പതിവുണ്ടെന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഒരു പതിവില്ല.

### DIRECTOR OF INFORMATION

***695. Sri. V. K. Varghese:** Will the Hon'ble Minister for Information and Broadcasting be plesed to say.—

(*a*) the educational qualification of the present Director of Information;

(*b*) whether Travancore Information and Listener has any subscribers; if so how many; and

(c) the amount that Government spend yearly in publishing this magazine?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) He has no academic degree but has ample experience in journalism;

(*b*) Yes; 362.

(c) Rs. 18,000 in 1124.

ശ്രീ. എം. കെ. മേനോൻ: അദ്ദേഹം മുമ്പ് എവിടെ ആയിരുന്നു എന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനുമുമ്പ് അദ്ദേഹത്തിനു ഗവമ്മെണ്ടു ജോലി ഉണ്ടായിരുന്നതായി അറിവില്ല.

ശ്രീ. എം. കെ. മേനോൻ: മദിരാശിയിൽ എന്തോ ജോലി ഉണ്ടായിരുന്നതായി അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അവിടെ ഒരു പത്രമാഫീസിൽ ജോലി ഉണ്ടായിരുന്നതായി അറിവുണ്ടു്.

ശ്രീ. വി. കെ. വർഗീസ്: ഈ ഇൻഫർമേഷൻ ആൻഡ് ലിസനർ നടത്തുന്നതു ലാഭമാണോ നഷ്ടമാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: നഷ്ടമാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: Travancore Information and Listener எந்த பாஷைகளில் எல்லாம் பிரசுரிக்கப்படுகிறது.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇംഗ്ലീഷിലും മലയാളത്തിലുമുണ്ടു്. മലയാളത്തിന്റെ ഒരു ഭാഗം തമിഴിലുമാണ്.

ஸ்ரீ. சிதம்பரநாத நாடார்: தமிழ் பாஷையில் இந்தப் பத்திரிகை பிரசுரம் செய்யப்படுகிறதா?

**Sri. A. K. Pachu Pillai:** Sir, on a point of order. When a question is being put by one member in the Hous is it open to the Speaker to call another Hon'ble member to put his question?

**Mr. Speaker:** The situation contemplated in the Hon'ble member question not having arisen it calls for no answer. This question is itself out of order.

**Sahib Bahadur Abdul Razaak:** May I know when was the last publication in Tamil?

**Mr. Speaker:** The Next question has been called.

ശ്രീ. പി. എം. വർഗീസ്: സ്പീക്കർ ആർഡറിലാണോ എന്നു സ്പീക്കറോടു ചോദിക്കുന്നതു ആർഡറിലാണോ?

**Mr. Speaker.:** The extent of the Speaker's rights need not and cannot be made the subject of discussion.

## PROPERTY STATEMENT

*696. **Sri. V. K. Varghese.**—Will the Hon'ble Minister for Public Service be pleased to say;

(*a*) whether there is a rule that all gazetted officers shall send in a property statement annually to the Government;

(*b*) if so, whether that rule is being strictly observed and enforced; and

(*c*) will the Government strictly enforce that rule in future?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) Yes.

(*b*) No.

(*c*) Yes.

**Sri. K. P. Neelakanta Pillai:** May I know whether similar directions will be issued to the Hon'ble Ministers as well so that they may also submit statements to Government?

**Mr. Speaker:** By whom?

**Sri. K. P. Neelakanta Pillai:** The Government to the Government.

**Mr. Speaker:** Next question please.

**Sri. A. Nesamony:** In view to answer to part (*b*) may I know why it is not enforced?

**The Hon'ble Sri. T. K. Narayana Pillai:** It was not being enforced. Now that is being enforced. That is the position.

## ശുദ്ധജലവിതരണം

*൬൯൭. ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) ശുദ്ധജലവിതരണത്തിനു് പബ്ലിക്കു ഹെൽത്തു് ഡിപ്പാർട്ടുമെന്റിൽനിന്നും എന്തെല്ലാം ചെയ്തിട്ടുണ്ടു്;

(ബി) അതിലേക്ക് ൧൯൫൭-ൽ എന്തു സംഖ്യ ചെലവുചെയ്തിട്ടുണ്ട്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) കുടിക്കുവാൻ ഉപയോഗിക്കാവുന്ന ശുദ്ധജലം ദുർല്ലഭമായ സ്ഥലങ്ങളിൽ കിണറുകൾ കുഴിപ്പിച്ചിട്ടുണ്ട്. ൧൯൫൭-ൽ ൩൭ പുതിയ കിണറുകൾ കുഴിക്കുകയും ൧൫ എണ്ണം താഴ്ത്തി നന്നാക്കുകയും ചെയ്തിട്ടുണ്ട്. ൧൭ കിണറുകൾ ഇപ്പോൾ കുഴിച്ചുവരുന്നുണ്ട്. ദക്ഷിണതിരുവിതാംകൂറിലെ ചില പ്രദേശങ്ങളിൽ കഴിഞ്ഞ വേനൽകാലത്തു ശുദ്ധജലം ലാറികളിൽ വിതരണം ചെയ്യുകയുണ്ടായി.

(ബി) ൧൯—൫൬—൧൯൫൭ വരെ കിണറുകൾ കുഴിക്കുക നന്നാക്കുക മതലായവയ്ക്ക് ൪൨,൧൩൭ രൂപാ ൧൩ ചക്രം ൧൧ കാശ് ചെലവായിട്ടുണ്ട്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: தக்ஷிண திருவிதாங்கூரின், எந்தப் பாகத்தில் எல்லாம் கிணறுவெட்டிக் கொடுக்கப்படுகிறது?

ബഹു. ശ്രീമതി ആനിമസ്ക്രീൻ. ബഹു. മെമ്പർക്ക് താല്പര്യമുള്ള സ്ഥലമായ കാററാടിതട്ടിൽ ഒരു കിണർ കുഴിച്ച് പൂർത്തിയാക്കുന്നുണ്ട്.

ശ്രീമതി ദേവകീഗോപിദാസ്: തീരപ്രദേശങ്ങളിൽ കിണർ കുഴിക്കാൻ സാദ്ധ്യമല്ലാത്തുകൊണ്ട് അവിടങ്ങളിൽ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നു പറയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അവിടെ കുഴൽകിണറുകൾ ഉണ്ടാക്കുന്നതിനു ഒരു പദ്ധതി ആലോചിക്കുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: ബഹു. മെമ്പറുടെ താല്പര്യം മന്ത്രി എങ്ങിനെയാണ് മനസ്സിലാക്കിയതെന്നു പറയാമോ?

**Mr. Speaker:** There is already a question by another member pending answer. If further questions are indiscriminately put before the question already asked is answered that will lead to unnecessary confusion and waste of time. Hon'ble members will please see to it that that is avoided. Only one quetsion at a time.

ശ്രീമതി ദേവകി ഗോപിദാസ്: ആ പദ്ധതി എന്നത്തേക്ക് നടപ്പിൽ വരുമെന്നു പറയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഗവൺമെൻറിൻെറ സാമ്പത്തികസാദ്ധ്യതകൾ അനുസരിച്ച് കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തുന്നതാണ്.

ശ്രീ. പി. നാണു: ശുദ്ധജലം ആവശ്യമുള്ള എല്ലാ സ്ഥലങ്ങളിലും കിണറുകൾ കുഴിപ്പിച്ചിട്ടുണ്ടെന്നാണോ ആദ്യത്തെ ഉത്തരംകൊണ്ട് മനസ്സിലാക്കേണ്ടതു്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അങ്ങിനെ അർത്ഥമില്ല.

ശ്രീ. പി. നാണു: ഇതുവരെ കിണർ കുഴിപ്പിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ കിണറുകൾ കുഴിപ്പിക്കുന്നതിനു നിശ്ചിതമായ ഒരു പദ്ധതി ഗവൺമെൻറിനുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: പലയിടത്തും കിണറുകൾ കുഴിച്ചുകൊണ്ടിരിയാണ്.

ശ്രീ. പി. നാണു: എവിടെയെങ്കിലും കിണറുകൾ കുഴിപ്പിക്കുന്നുണ്ടോ എന്നല്ല എനിക്കറിയേണ്ടതു്; ഗവൺമെൻറിനു നിശ്ചിതമായ ഒരു പദ്ധതി ഉണ്ടോ എന്നാണ് എനിക്കറിയേണ്ടതു്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ആവശ്യമുള്ള സ്ഥലങ്ങളിൽ കിണറുകൾ കുഴിപ്പിക്കുന്നതിനു ഗവൺമെൻറിനു ഒരു പദ്ധതിയുണ്ട്.

ശ്രീ. പി. നാണു: അതു ഒരു നിശ്ചിതപദ്ധതിയാണോ എന്നാണ് എൻെറ ചോദ്യം?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതിൻെറ അർത്ഥം എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. പി. നാണു: ഇന്നഇന്ന സ്ഥലങ്ങളിൽ ഇന്നഇന്നവിധം പ്രവർത്തിച്ച് ഇന്ന ഇന്ന കാര്യങ്ങൾ ചെയ്യണം എന്നു ഗവൺമെൻറിനു ഒരു നിശ്ചിതമായ ഒരു പദ്ധതിയുണ്ടോ എന്നാണ് എൻെറ ചോദ്യം?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതു ഞാൻ പറഞ്ഞു കഴിഞ്ഞതല്ലേ. ൧൯൫൭-ൽ ൩൭ പുതിയ കിണറുകൾ കുഴിപ്പിക്കയും ൧൫ എണ്ണം താഴ്ത്തിനന്നാക്കുകയും ചെയ്തു എന്നു്.

ശ്രീ. പി. നാണു: സർ, ഞാൻ ചോദിച്ച ചോദ്യത്തിനല്ല ഉത്തരം പറയുന്നതു്

## ആലപ്പുഴ പട്ടണത്തിലെ തൊഴിലാളികൾ

*൩൯൬. ശ്രീമതി ദേവകീഗോപീദാസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ പട്ടണത്തിൽ എത്ര തൊഴിലാളികൾ ഉണ്ടു്;

(ബി) അവരിൽ ഫാക്ടറിതൊഴിലാളികൾ എത്ര; അല്ലാത്തവർ എത്ര;

(സി) ടി തൊഴിലാളികളിൽ സ്വന്തമായി വീടുകൾ ഇല്ലാത്തവർ എത്ര;

(ഡി) അവർക്കു വീടുകൾ ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള ഒരു പ്രശ്നം ഗവമെൻറിൻെറ ആലോചനയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അതിലേക്കു എന്തെങ്കിലും പദ്ധതി ഗവമെൻറിൻെറ മുമ്പാകെ ഉണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്തു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഉദ്ദേശം ൪൦,൦൦൦ തൊഴിലാളികൾ.

(ബി) അവരിൽ ഫാക്ടറിതൊഴിലാളികൾ ൩൦,൦൦൦വും മററു തൊഴിലാളികൾ ൧൦,൦൦൦വുമാണു്.

സി) ഇതുസംബന്ധിച്ചുള്ള കണക്കുകൾ എടുത്തിട്ടില്ല.

(ഡി) ഉണ്ടു്.

(ഇ, എഫ്) പരീക്ഷണാർത്ഥം തൊഴിലാളികൾക്കു് വീടുകൾ ഉണ്ടാക്കി കൊടുക്കുന്ന കാര്യം ആലോചനയിലിരിക്കുകയാണു്. ഇക്കൊല്ലത്തെ ബഡ്ജററിൽ രണ്ടു ലക്ഷം രൂപാ ഇതിനായി നീക്കിവെച്ചിട്ടുണ്ടു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഈ പറഞ്ഞ കണക്കുകൾ എന്നത്തേതാണു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചോദ്യം അയച്ചവസരത്തിൽ എടുത്തിട്ടുള്ള കണക്കുകളാണു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: കഴിഞ്ഞാണ്ടത്തെ അപേക്ഷിച്ചു് ഈയ്യാണ്ടിൽ കൂടുതലായി പലർക്കും തൊഴിലില്ലാതായിട്ടുണ്ടെന്നറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയുള്ളവരേയും തൊഴിലാളികളായിട്ടാണു് കണക്കുകൂട്ടിയിരിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ: ൨,൦൦,൦൦൦ രൂപാ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു് ഐക്യസംസ്ഥാനത്തിൻെറ മുഴുവൻഭാഗത്തേക്കുംകൂടിയാണോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ. ഐക്യസംസ്ഥാനത്തിൻെറ എല്ലാ ഭാഗത്തേക്കുമായിട്ടു് ഏഴര മാസത്തേക്കാണു് ഈ രണ്ടു ലക്ഷം രൂപാ.

ശ്രീ. പി. കെ. ഡീവർ: ഈ രണ്ടു ലക്ഷം രൂപായും ഏതുവിധത്തിൽ ചെലവാക്കണം എന്നുള്ളതിനെസംബന്ധിച്ചു് വല്ല പദ്ധതിയും ഉണ്ടാക്കിയിട്ടുണ്ടോ?

ബഹു. ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ബഡ്ജററ പാസ്സായിക്കഴിഞ്ഞാൽ ഉടനെ അതിനു വേണ്ടിയുള്ള പദ്ധതികൾ ആലോചിക്കുന്നതാണു്.

ശ്രീമതി ദേവകീ ഗോപിദാസ്: ഈ രണ്ടു ലക്ഷം രൂപാകൊണ്ടു് മതിയാകുമെന്നു് ഗവമെൻറിനു് ഉദ്ദേശമുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തുടക്കമായിട്ടു് മാത്രമാണു് ഈ രണ്ടു ലക്ഷം രൂപാ കൊള്ളിച്ചിരിക്കുന്നതു്.

ശ്രീ. സി. സി. പ്രസാദ്: മററു തൊഴിലാളികൾ പതിനായിരം പേരുണ്ടെന്നു പറഞ്ഞതു് കർഷകതൊഴിലാളികളെ ഉദ്ദേശിച്ചാണോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫാക്ടറി ആക്ടനുസരിച്ചുള്ള ഫാക്ടറികളിൽ ജോലിചെയ്യുന്നവരൊഴികെയുള്ള എല്ലാ തൊഴിലാളികളേയും ഉദ്ദേശിച്ചാണു് പറഞ്ഞതു്.

ശ്രീ. സി. സി. പ്രസാദ്: അവർ എവിടെയാണു് താമസിക്കുന്നതെന്നു് ഗവമെൻറ അന്വേഷിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൻെറ കണക്കു് എടുത്തിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: തൊഴിലാളികളുടെ എണ്ണം എടുക്കാമെങ്കിൽ അവരുടെ വീടുകളുടെ എണ്ണം എന്തുകൊണ്ട് എടുത്തുകൂടാ?

**Mr. Speaker**: No argument is allowed.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: ഒരു ഭവനത്തിന്റെ നിർമ്മാണത്തിനു് എത്ര രൂപയാണു് ഉദ്ദേശിച്ചിരിക്കുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒരു എസ്റ്റിമേററ് തയ്യാറാക്കിയിട്ടില്ല. ബഡ്ജററിൽ രണ്ടു ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ടു്. അതു പാസ്സായിക്കഴിഞ്ഞാൽ അതിന്റെ വിശദാംശങ്ങളെപ്പററി ആലോചിക്കുന്നതാണു്.

## (b) Written Answers

### ഓവർലോഡു്

൯൯. ശ്രീ. ദേവകി ഗോപീദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ സ്റ്റേററു ട്രാൻസ്പോർട്ടു ബസ്സുകളിലും പ്രൈവററു ബസ്സുകളിലും എല്ലാ ലൈനുകളിലും ഓവർലോഡുണ്ടെന്നു ഗവമ്മെണ്ടിനറിയാമോ;

(ബി) ഓവർലോഡു് യാത്രക്കാക്കു അസൌകയ്യമുണ്ടെന്നു ഗവമ്മെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഓവർലോഡു് കഴിയുന്നിടത്തോളം ഇല്ലാതാക്കണമെന്നു ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുചെയ്യണമെന്നാണു് ഗവമ്മെണ്ടു് ആലോചിക്കുന്നതു്?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ്:

(എ) ചില ലൈനുകളിൽ ഓവർലോഡു് ഉണ്ടെന്നറിയാം.

(ബി) ഉവ്വ്.

(സി) ഉവ്വ്.

(ഡി) ഓവർലോഡുള്ള ലൈനുകളിലെല്ലാം കൂടുതൽ ബസ്സുകൾ ഓടിക്കുവാൻ അനുവദിക്കുന്നുണ്ടു്.

### തൃപ്പൂണിത്തുറ ചീഫ് ഫിസിഷ്യൻ

൧൦൦. ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃപ്പൂണിത്തുറ ആയുർവ്വേദാസ്പത്രി ചീഫ് ഫിസിഷ്യനായിരുന്ന അമ്മുക്കുട്ടി അമ്മയെക്കുറിച്ചു ഗവമ്മെണ്ടിലേക്കു വല്ല പരാതിയും ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവമ്മെണ്ടു് എന്തു നടപടി എടുത്തു?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ഉണ്ടു്.

(ബി) പരാതിയെപ്പററി ഗവമ്മെണ്ടു് അന്വേഷണം നടത്തുന്നു; അന്വേഷണം പൂത്തിയായിട്ടില്ല.

### തൃപ്പൂണിത്തുറ ആയുർവ്വേദാസ്പത്രി

൧൦൧. ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃപ്പൂണിത്തുറ ആയുർവ്വേദാസ്പത്രിയിലെ ഇൻഡൻറു ബുക്കിൽ പന്ത്രണ്ടു പേജു് എഴുതി വെട്ടിക്കളഞ്ഞിരിക്കുന്നുവെന്നും എഴുന്നൂറു ഉറുപ്പികയോളം വിലവരുന്ന മരുന്നു് സ്റ്റോക്കിൽ കുറവുകണ്ടു എന്നും കേൾക്കുന്നതു നേരാണോ;

(ബി) നേരാണെങ്കിൽ അക്കാര്യത്തിൽ വല്ല എൻക്വയറിയും നടത്തിയോ? ഫലമെന്തു്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) പ്രസ്തുത ആരോപണങ്ങൾ ഗവമ്മെണ്ടു് അറിഞ്ഞിട്ടുണ്ടു്.

(ബി) ഇവയെപ്പററി ഗവമ്മെണ്ടു നേരിട്ടു് അന്വേഷിക്കുകയും ആസ്പത്രി കണക്കുകൾ പരിശോധിക്കയും ചെയ്തുവരുന്നു; ഫലം അറിയാററായിട്ടില്ല.

<u>തൃപ്പൂണിത്തുറ ആയുർവ്വേദാസ്പത്രിയിലെ ഇൻഡൻറു റജിസ്റ്ററും സ്റ്റോക്കു റജിസ്റ്ററും</u>

൧൦൨. <u>ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ:</u> താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

തൃപ്പൂണിത്തുറ ആയുർവ്വേദാസ്പത്രിയിലെ ഇൻഡൻറു റജിസ്റ്ററും സ്റ്റോക്കു റജിസ്റ്ററും ശരിപ്പെടുത്താൻ ആയുർവ്വേദഡയറക്ടർതന്നെ ചീഫ് ഫിസിഷ്യനെ സഹായിച്ചിരുന്നതായി പറഞ്ഞുകേൾക്കുന്നു. എൻകച്വയറിയിൽ ഗവമ്മെണ്ടിനു വല്ല തെളിവും കിട്ടിയിരിക്കുമോ?

<u>ബഹു. ശ്രീമതി ആനിമസ്ക്രീൻ:</u> ഇൻഡൻറ് ബുക്കും സ്റ്റോക്ക് റജിസ്റ്ററും അതേപടി മാററി എഴുതാനുള്ള നിർദ്ദേശത്തോടുകൂടി ഡയറക്ടരുടെ ആഫീസിൽനിന്ന് ഒരു ക്ലാർക്കിനെ തൃപ്പൂണിത്തുറ ആയുർവ്വേദാസ്പത്രിയിലേക്കു് അയയ്ക്കുകയും പുസ്തകങ്ങൾ മാററി എഴുതുകയും ഉണ്ടായെന്നു് എൻകച്വയറിയിൽനിന്നു തെളിഞ്ഞിട്ടുണ്ടു്. എൻകച്വയറി പൂർത്തിയായിട്ടില്ല.

<u>വനനിയമലംഘന കേസുകൾ</u>

൧൦൩. <u>ശ്രീ. കെ. രാമകൃഷ്ണപിള്ള:</u> താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വനനിയമങ്ങളെ ലംഘിച്ച കേസുകൾ ൧൧൨൧, ൧൧൨൨, ൧൧൨൩ എന്നീ വർഷങ്ങളിൽ എത്രവീതമുണ്ടായിട്ടുണ്ടു്;

(ബി) ൧൧൨൨, ൧൧൨൩ വർഷങ്ങളിൽ ഡിസ്പോസ് ചെയ്യാതെ എത്ര കേസുകൾ വീതമുണ്ടു്;

(സി) പ്രസ്തുത വർഷങ്ങളിൽ അനധികൃതമായ പ്രവേശനത്തിനു് എത്ര കേസുകൾ വീതമുണ്ടായിട്ടുണ്ടു്;

(ഡി) ഗവമ്മെണ്ടു് അതിന്മേൽ എന്തു നടപടി നടത്തി?

<u>ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u>

<u>കേസുകളുടെ എണ്ണം</u>

| | | തിരുവിതാംകൂറിൽ | കൊച്ചിയിൽ | ആകെ |
|---|---|---|---|---|
| (എ) | ൧൧൨൧-ൽ | ൧൦൦൯ | ൧൧൧ | ൧൧൨൦ |
| | ൧൧൨൨-ൽ | ൧൩൬൪ | ൧൬൯ | ൧൫൩൩ |
| | ൧൧൨൩-ൽ | ൧൨൦൮ | ൨൨൭ | ൧൪൩൫ |
| (ബി) | ൧൧൨൨-ൽ | ൮൦൦ | ൭൧ | ൮൭൧ |
| | ൧൧൨൩-ൽ | ൯൭൨ | ൧൦൮ | ൧൦൮൦ |
| (സി) | ൧൧൨൨-ൽ | ൧൪ | മിക്കവാറും എല്ലാ കേസുകളും അനധികൃതമായ പ്രവേശനത്താലാണു്. | |
| | ൧൧൨൩-ൽ | ൧൧ | | |
| (ഡി) | ടി | കേസുകൾ നിയമപ്രകാരമുള്ള നടപടികളിൽ ഇരിക്കുന്നു. | | |

<u>മരച്ചീനി കൃഷി</u>

൧൦൪. <u>ശ്രീ റ്റി. റ്റി. കേശവൻ ശാസ്ത്രി:</u> താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഭക്ഷ്യപ്രാമുഖ്യമർഹിക്കുന്ന തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തെ മരച്ചീനി കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം എങ്ങിനെ?

<u>ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:</u>

(എ) ഉണ്ടു്.

(ബി) കൃഷിക്കു് ഉപയുക്തമായ വനപ്രദേശങ്ങൾ, പുറമ്പോക്കു സ്ഥലങ്ങൾ, സർക്കാർ വക കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന കാമ്പൌണ്ടുകൾ മുതലായവ കൃഷിക്കാർക്കു പാട്ടത്തിനു

നൽകുക, വളം വിതരണം ചെയ്യുക, കൂടുതൽ ഉല്പാദനശക്തിയുള്ളതരം മരച്ചീനിക്കമ്പുകൾ കൃഷിചെയ്യിപ്പിക്കുക, കൃഷിക്കാരുടെ ഇടയ്ക്കു് അവരെ പ്രോത്സാഹിപ്പിക്കുവാൻ തക്ക പ്രചരണവേല നടത്തുക.

### MR. CHELLAPPAN NADAR—MALAYALAM TYPIST

**705. Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Public Service Commission be pleased to state.—

(*a*) when Mr. A. Chellaopan Nadar, Sasidharavilasathu Veedu, Poovachal, Kattakada, A.O., was first appointed in the Secretariat by the Service Commission as Malayalam typist;

(*b*) when was he relieved from service;

(*c*) when was he for the second time appointed and where was he posted;

(*d*) what was the reason for relieving him from service, for the second time after 7½ months;

(*e*) why was another man appointed instead; who had left the department previously accepting a job in another department; and

(*f*) are the Government aware, that the appointment of a new man who left the department on a prior occasion in the place of Mr. Chellappan Nadar is contrary to the rules of Service Commission; if so, how?

**The Hon'ble Sri. T. K. Narayana Pillai:**

(*a*) On 2nd Edavam 1117.

(*b*) On 30th Karkadagam 1117.

(*c*) On 2nd Vrischigam 1124, in the Office of the Public Service Commissioner, Trivandrum.

(*a*) On the return from 'other duty' of the incumbent who was acting in the place before and who retained a lien on this post.

(*e*) Does not arise in view of the answer to part (*d*).

(*f*) No, the Hon'ble Member is referred to the answer to part (*d*).

### അടിയന്തിരാധികാരനിയമപ്രകാരം തടങ്കലിൽ വച്ചിരിക്കുന്നവർ

൭൦൬. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് നിയമസമാധാന വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല, അമ്പലപ്പുഴ താലൂക്കുകാരായ എത്രപേരെ അടിയന്തിരാധികാരനിയമമനുസരിച്ചു് അറസ്റ്റുചെയ്തു തടങ്കലിൽ വച്ചിട്ടുണ്ടു്;

(ബി) ഓരോ താലൂക്കിൽപ്പെട്ട ആളുകളുടെ പേരുവിവരവും ഓരോരുത്തരും എന്നു മുതൽ തടങ്കലിൽ പാർക്കുന്നു എന്നും;

(സി) അവരുടെ തടങ്കൽ കാലാവധി എത്ര കാലത്തേക്കായിരിക്കണമെന്നുള്ള വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ;

ബഹു. ശ്രീ. ഏ. ജെ. ജോൺ: കഴിഞ്ഞ അൻപതു കൊല്ലമായിട്ടിരിക്കുന്ന രീതിയെ ഒന്നു വ്യത്യാസപ്പെടുത്തണമെന്നുദ്ദേശിച്ചാണു് ഈ റൂൾ ഇതിൽ ചേർത്തിരിക്കുന്നതു്. അങ്ങിനെയിരിക്കെ നാം ഇപ്പോഴും പഴയരീതി തന്നെ തുടർന്നുകൊണ്ടുപോകണമെന്നു പറയുന്നതു് ശരിയല്ല. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

*The amendment was put and lost.*

The question that Articles 14 and 15 do stand part of the Schedule was put and carried. Articles 14 and 15 were added to the Schedule.

**Sri. K. P. Nilakanta Pillai:** Sir, I move the following amendment:—

Article 16, column 2, substitute "two", for "ten".

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: നിലവിലിരിക്കുന്ന ചട്ടത്തിൽ അഞ്ചു രൂപയാണു വച്ചിരിക്കുന്നതു്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ ഇരട്ടി അതായതു് പത്തു രൂപ ആക്കയിട്ടുണ്ടു്. ഏതൊരു തത്വത്തെ അടിസ്ഥാനമാക്കിയാണു് ഇതു് കൊണ്ടുവന്നിരിക്കുന്നതു് എന്നു് അറിഞ്ഞുകൂടാ. റദ്ദാക്കുമ്പോൾ ഡ്യൂട്ടി കൊടുക്കണമെന്നു് പറയുന്നതു മനസ്സിലാക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. ഒരു ധാർമ്മിക ബുദ്ധിയോടുകൂടി ഇതിനെ ആലോചിക്കേണ്ടതാണു്.

**Sri. A. K. Pachu Pillai:** I support the motion.

ബഹു. ശ്രീ. ഏ. ജെ. ജോൺ: ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ആദ്യം പറഞ്ഞ കാരണങ്ങൾതന്നെയാണു് ഇതിനും എനിക്കു പറയുവാനുള്ളതു്.

*The amendment was put and lost*

The question whether Article 16 do stand part of the schedule was put and carried.
Article 16 was added to the Schedule.

*The question whether Articles 17 to 20 do stand part of the Schedule was put and carried. Articles 17 to 20 were added to the Schedule.*

**Sri. A. K. Pachu Pillai:** Sir, I move the following amendment:—

In Article 21 column 1, add after Rs. 100.

(*i*) but does not exceed Rs. 500; and add two other sub-clauses;

(*ii*) exceeds Rs. 500 but does not exceed Rs. 1,000 add Rs. two under proper stamp duty;

(*iii*) exceeds Rs. 1,000 add under proper stamp duty rupees five.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഇതിൽ ഒരു വലിയ തത്വം വിശദീകരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ജപ്തിയെ സംബന്ധിച്ചുള്ള പ്രമാണം എടുക്കേണ്ടതിനു് സ്റ്റാമ്പു് ഡ്യൂട്ടി കൊടുക്കുന്നതിനെ സംബന്ധിച്ചാണു് ഇതു് പറയുന്നതു്. ഇതിനു് ഇപ്പോൾ നിലവിലിരിക്കുന്നതിൽ നിന്നും ഒരു രൂപാ കൂടുതൽ വേണമെന്നാണു് പറയുന്നതു്. നമ്മുടെ ഫിനാൻസ് മിനിസ്റ്റർ അവർകൾ പണത്തിന്റെ കുറവുകൊണ്ടു എവിടെനിന്നെല്ലാം പണം കളക്റ്റു ചെയ്യാമെന്നു് നോക്കുകയാണു്. അദ്ദേഹത്തിനു് നല്ല വിളവുള്ള ഒരു വയൽ ഞാൻ ചൂണ്ടിക്കാണിക്കാം. ചിട്ടി ആദായകരമായ ഒരു ട്രാൻസാക്ഷൻ ആയി നടത്തുന്ന ആളുകൾ ധാരാളമുണ്ടു്.

അങ്ങനെയുള്ള ആളുകളിൽനിന്നും അവരുടെ ലാഭത്തിൽ ഒരു ഓഹരി ഗവൺമെന്റിലേക്കു് കൊടുക്കണമെന്നാണു് ഈ അമെൻഡ്മെന്റുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ൫൦൦ രൂപാ മുതലുള്ള ചിട്ടിക്കു് ഒരു രൂപ കളക്റ്റു് ചെയ്യുകയും അതിൽ കൂടുതലുള്ള തുക

[Sri. A. K. Patchu Pillai]

കൾക്ക് വർദ്ധിക്കുന്നതനുസരിച്ച് കൂടുതൽ ഈടാക്കുകയും വേണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. ആയിരം മുതൽ അയ്യായിരം രൂപാവരെ മുതലുള്ള ചിട്ടികൾ തുടങ്ങുന്ന ഫേംസുകളും ബാങ്കുകളും ഇവിടെയുണ്ട്. അങ്ങിനെയുള്ള അയ്യായിരം രൂപാ ചിട്ടികളിലെല്ലാം ചേർന്നു നടത്തുന്ന ആളുകൾ സാമാന്യം പണക്കാർ ആയിരിക്കും. അവർക്ക് ധാരാളം സ്വത്ത് ഉണ്ടായിരിക്കും. അവർക്ക് കിട്ടുന്ന സംഖ്യയിൽ ഒരു ഓഹരി ഗവർമ്മെണ്ടിലേക്ക് കൊടുക്കുന്നതുകൊണ്ട് ഒരു ദോഷവും വരാനില്ല. ഗവർമ്മെണ്ടിന് പണം ആവശ്യമായിരിക്കുമ്പോൾ അത് വിളയുന്ന ഒരു ഒന്നാംതരം വയൽ ചൂണ്ടിക്കാണിച്ചുതരുന്ന ഈ അമെൻഡ്മെൻറ് സ്വീകരിക്കുമെന്നും കൂടുതൽ സംഖ്യമുതലുള്ള ചിട്ടികളിൽ ചേർന്നിട്ടുള്ള ആളുകളിൽനിന്നും കൂടുതൽ സംഖ്യ ഈടാക്കണമെന്നുള്ള നിർദ്ദേശത്തെ അദ്ദേഹം സ്വാഗതം ചെയ്യുമെന്നും ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഞാൻ ഈ അമെൻറ്മെൻറിനെ പിൻതാങ്ങുന്നു. ഇവിടെയാണ് തത്വങ്ങൾ തമ്മിലുള്ള സംഘട്ടനം വരാൻ പോകുന്നത്. ഇത് പാവങ്ങൾക്കുവേണ്ടി കണ്ണീരൊഴുക്കാനുള്ളതല്ല. ധനവാന്മാരെ ബാധിക്കുന്നതാണ്. അതിൽ വലിയ തർക്കത്തിന് അവകാശമില്ല. പണക്കാരനെ കുറച്ച് നഷ്ടപ്പെടുത്തണമെന്നും അവരിൽനിന്നും കുറെ പണം എടുക്കണമെന്നുമാണ് അമൻഡ്മെൻറ്. ഇത് മുതലക്കണ്ണീരല്ല. അതിന് ഇനി കണ്ണീരുമില്ല. ഗവർമ്മെൻറിന് പണം ഉണ്ടാക്കണമെന്ന് ഉദ്ദേശമുണ്ടെങ്കിൽ സാധുക്കളെ ഉപദ്രവിക്കാതെ സാധിക്കാനായി കൊണ്ടുവന്നിട്ടുള്ള ഈ അമെൻഡ്മെൻറ് വിട്ടുകളയരുതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

**Sri. A. Nesamony:** I support the amendment and would remind the Hon. the Finance Minister that there is a chance to double the stamp duty which is usually paid. By this method he can retrench his coffers and I heartily support the amendment.

ബഹു. ശ്രീ. എ. ജെ. ജോൺ: ഈ ഭേദഗതിയേയും ഞാൻ എതിർക്കുന്നു. എന്നാൽ ഫൈനാൻസ് വർദ്ധിപ്പിക്കുന്നതിലേക്ക് ഒരു മാർഗ്ഗം ചൂണ്ടിക്കാണിച്ചു തന്നതിന് ഞാൻ വളരെ നന്ദിയുള്ളവനാണെന്ന് പറഞ്ഞുകൊള്ളുന്നു. ഇപ്പോൾ നമ്മുടെ ആക്ടിൽ ഒരു രൂപാ വെച്ചിട്ടുള്ളത് ഭേദഗതി ചെയ്യാതിരിക്കണമെന്ന് പറയുന്നതിനുള്ള പ്രധാന കാരണം കൊച്ചി ചിട്ടി ആക്ടിൽ ഒരു രൂപായെ വ്യവസ്ഥചെയ്തിട്ടുള്ളു എന്നുള്ളതാണ്. ആ ആക്ട് ഭേദഗതി ചെയ്യാതെ ഇത് വ്യത്യാസപ്പെടുത്താൻ നിവൃത്തിയില്ല. ആ ചിട്ടി ആക്ട് ഭേദഗതി ചെയ്യുന്നതിനും ഇതിൽ ഭേദഗതി വരുത്തുന്നതിനും ആലോചിക്കുന്നതാണ്. അതുകൊണ്ട് തല്ക്കാലം ഭേദഗതി ചെയ്യാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകൊള്ളുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: അടുത്ത ബഡ്ജററ് സമയത്തെങ്കിലും ഇപ്പോൾ പറഞ്ഞിട്ടുള്ള വാഗ്ദാനം അനുസരിച്ച് പ്രവൃത്തിക്കാൻ ശ്രമിക്കുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: അതിനെപ്പററി വളരെ ഗൗരവമായി ആലോചിക്കുന്നതാണ്.

*The amendment was put to vote and lost*

*The question whether article 21 do stand part of the Schedule to the Bill was put and carried*

*Article 21 was added to the schedule to the Bill.*

**Sri. K P. Nilakanta Pillai:** Sri, Nesamony's amendment covers my amendment.

**Item 22**

**Sri. A. Nesamony:** Amendment No. 38. That is regarding proper stamp duty payable for conveyance up to an amount of Rs. 400. This is a plea for the retention of the stamp payable under the Travancore Stamp Act. It is sought to help the poor who do not deal in thousands in their transactions. Therefore I urge that this much may be retained for helping the poor.

**Sri. K. Sivarama Pillai:** I second it.

ബഹു: ശ്രീ എ. ജെ. ജോൺ: ഈ ഭേദഗതിയേയും ഞാൻ എതിർക്കുന്നു. ആദ്യം പറഞ്ഞ കാരണങ്ങൾതന്നെയാണ് ഇതിനും പറയാനുള്ളത്.

*The amendment was put to vote and lost.*

*The question whether Article 22 do stand part of the Schedule to the Bill was put and carried.*

*The Article was added to the Schedule.*

*The question that Articles 22 to 27 do stand part of the Schedule to the Bill was put and carried. The Articles were added to the Schedule.*

**Sri. K. P. Nilakanta Pillai:** I don't want to move my amendment to Article 28 because it was lost on a prior occasion.

*The question that Article 28 do stand part of the Schedule to the Bill was put and carried. The Article was added to the Sehedule to the Bill.*

**Sri. K. P. Nilakanta Pillai:** I move amendment No. 40. "Article 29" column 2, substitute "five" for "two".

അതായതു്, വിവാഹമോചനത്തിനു് ഇപ്പോഴും നിലവിലിരിക്കുന്ന സ്റ്റാമ്പു ഡ്യൂട്ടി ഒരു രൂപായാണു്. ഇതിൽ രണ്ടു രൂപായായിട്ടാണു് ഭേദഗതി ചെയ്തുകൊണ്ടുവന്നിരിക്കുന്നതു്. അതു് അഞ്ചു രൂപാ ആക്കണമെന്നാണു് എന്റെ ഭേദഗതി. അതും ഒരു തത്വത്തെ അടിസ്ഥാനമാക്കിയാണു് കൊണ്ടുവന്നിരിക്കുന്നതു്. അങ്ങിനെ വിവാഹമോചനത്തിനു് കുറച്ചു് കുറവുണ്ടാകുമല്ലോ എന്നു കരുതിയാണു്. വിവാഹമോചനം നടത്തുക കുറച്ചു വിഷമമുള്ള കാര്യമാണു്. അതു് നടന്നാൽ സുഖവുമാണു്. അതുകൊണ്ടു് രണ്ടുരൂപായെ അഞ്ചായിട്ടു് കൂട്ടുന്നതുകൊണ്ടു് ഒരു ദോഷവുമില്ല. രണ്ടുകക്ഷികളിൽ ആർക്കെങ്കിലും കഷ്ടപ്പാടുള്ളതുകൊണ്ടാണല്ലോ വിവാഹമോചനം നടക്കേണ്ടിവരുന്നതു്. അഞ്ചുരൂപാ ആയിരുന്നാൽ ഓടിച്ചെന്നു വിവാഹമോചനം നടത്തിക്കളയാമെന്നു് ആരും വിചാരിക്കുകയില്ല. പിന്നെ അത്യാവശ്യമുള്ളവർക്കു് അതു് കഴിഞ്ഞാലുണ്ടാകുന്ന സുഖം ഓർക്കുമ്പോൾ അഞ്ചുരൂപാ കൊടുക്കുന്നതിൽ വലിയ സങ്കടവുമുണ്ടാകുകയില്ല. അതുകൊണ്ടു് അഞ്ചുരൂപ ആക്കണമെന്നുള്ള ഭേദഗതി സ്വീകരിക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. കൊച്ചിയിൽ അങ്ങിനെയല്ലെങ്കിൽ ഇവിടെയും അങ്ങനെ ആക്കണമെന്നു് പറഞ്ഞുകൂടാ. ഇതു് സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

<u>ശ്രീ. എം. കെ. പാച്ചുപിള്ള:</u> സർ, ഞാൻ അതിനെ പിൻതാങ്ങുകയും അതു് സ്വീകരിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു.

<u>ബഹു. ശ്രീ. എ. ജെ. ജോൺ:</u> ഈ ഭേദഗതിയേയും ഞാൻ എതിർക്കുന്നു. ഇപ്പോൾ വെച്ചിരിക്കുന്ന രണ്ടുരൂപാ അഞ്ചാക്കുന്നതുകൊണ്ടു് വിവാഹമോചനത്തിനുള്ള അപേക്ഷകൾ കുറയുന്നതല്ലാ.

*The amendment was put to vote and lost.*

**Sri. K. P. Nilakanta Pillai:** Article 30 (*a*) column 2, substitute the word 'one' for 'four'.

Article 30 (*b*), column 2, substitute the word 'one' for 'two'.

അഡ്വോക്കേററന്മാക്കു് സന്നതു് കൊടുക്കുന്നതിനു് കൊച്ചിയിൽ ഇപ്പോൾ വെച്ചിട്ടുള്ള സ്റ്റാമ്പു ഡ്യൂട്ടി ഹൈക്കോർട്ടിലേയ്ക്കു ൧൫൦ രൂപായും ഡിസ്ട്രിക്ട് കോർട്ടിലേയ്ക്കു ൧൦൦ രൂപായുമാണു്. തിരുവിതാംകൂറിൽ ൩൫൦-ം ൧൦൦-ം ആണു്. ഈ ബില്ലിൽ ൪൦൦-ം, ൨൦൦-ം എന്നു് ആക്കിയിരിക്കുന്നു. ഇവയും തമ്മിൽ യാതൊരു പൊരുത്തവുമില്ല, തത്വവുമില്ല. കൊച്ചിയിലുള്ളതു് പകർത്തിയിട്ടുമില്ല, ഇവിടെയുള്ളതു സ്വീകരിച്ചിട്ടുമില്ല. ഇതിൽ ഏതെങ്കിലും ഒന്നായിരുന്നു എങ്കിൽ പതിവുപോലെ വലിയ വാദം കൂടാതെ അതിനെ സ്വീകരിക്കാമായിരുന്നു. ഈ ഭേദഗതി അനുസരിച്ചു് അഡ്വോക്കേററന്മാക്കു് സന്നതു എടുക്കുന്നതിനു് കൊച്ചിയിലിപ്പോഴിരിക്കുന്നതുപോലെ ഹൈക്കോർട്ടിലേയ്ക്കു ൧൫൦ രൂപായും, ഡിസ്ട്രിക്ടു് കോർട്ടിലേയ്ക്കു ൧൦൦ രൂപയുമാക്കണമെന്നാണു് എന്റെ അഭിപ്രായം. ഈ രണ്ടു ഭേദഗതികളേയും എല്ലാവരും അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു. ബി.എ; ബി. എൽ. ആകണമെന്നുണ്ടെങ്കിൽ കുറച്ചു് വിഷമമുണ്ടു്. ഇപ്പോഴാണെങ്കിൽ കൊച്ചിയിൽ പോയി വേണം പഠിക്കാൻ. പണവും കുറച്ചു് അധികം ചെലവാക്കണം. പണവും ചെലവാക്കി കഷ്ടപ്പെട്ടു പഠിച്ചതിനു ഒരു പെനാലിററി എന്നവണ്ണം സന്നതിനു് കണ്ടമാനം പണം കൊടുക്കാനുള്ള ഒരു നിയമം നാം സ്വീകരിക്കരുതു്. പബ്ലിക്കു് പാളിസിക്കും അതു് നല്ലതല്ല. സൂക്ഷിച്ചുവേണം ഇതു് തീരുമാനിക്കാൻ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഞാൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ അമെൻറ്മെൻറിനെ അനുകൂലിക്കുന്നതോടൊപ്പം അടുത്ത അമെൻറ്മെൻറും മൂവ് ചെയ്യുന്നു. അതായത്—

In Article 30, under proper stamp duty, retain 350 rupees and one hundred rupees as in the original bill.

എനിയ്ക്കു് വിശേഷമായി ഒന്നുരണ്ടു സംഗതികൾകൂടി പറയാനുണ്ടു്. വക്കീൽ ജോലിയിൽനിന്നും ഒന്നു മാറി നിന്നുകൊണ്ടു് ഇതിനെപ്പററി ആലോചിക്കുകയാണെങ്കിൽ വലിയ ഭാരമില്ലെന്നു് ചിലർക്കു് തോന്നിയേക്കാം. എന്നാൽ ആദ്യമായി ഒരു വക്കീൽ ആകുന്നതിനു് ഇതിൽ കവിഞ്ഞ തുക വാങ്ങുന്നതു് ശരിയായിരിക്കുകയില്ല. ഈ സംഗതിയെ സംബന്ധിച്ചു് സിലക്ടു് കമ്മററി അവഗാഢമായി ആലോചിച്ചതിന്റെ ഫലമായി രണ്ടു ബഹു. മെമ്പർമാർ ഒരു ഡിസെൻറിംഗു്നോട്ടു് ഹാജരാക്കിയിട്ടുണ്ടു്. ഫൈനാൻസു മിനിസ്റ്ററുടെ പണം ഉണ്ടാക്കാനുള്ള ആഗ്രഹത്തെ പ്രധാനമന്ത്രി ഈ ഒരു സംഗതിയിൽ തടസ്സം ചെയ്തതായി ഡിസെൻറിംഗു് നോട്ടിൽ കാണുന്നു. പ്രധാനമന്ത്രി അതിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങിനെയാണു്.

I agree with my friends Messrs. N. P. Varghese and Thomas in thinking that the changes sought to be introduced in the fees for enrolment of Advocates and District Court Vakils are unnecessary.

ഇപ്പോഴം നിലവിലിരിക്കുന്ന നിയമത്തെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവും വരുത്തേണ്ട ആവശ്യമില്ലെന്നും അതു വളരെ സമുചിതമായിട്ടുള്ള ഒരു നിയമമാണെന്നും അതിനോടു് യോജിക്കുന്നതിനു അദ്ദേഹം തയ്യാറുണ്ടെന്നും വ്യക്തമായി പറഞ്ഞിരിക്കുന്നു. ആ സ്ഥിതിക്കു് ഫിനാൻസുമന്ത്രിയും പ്രധാനമന്ത്രിയും തമ്മിൽ അഭിപ്രായവ്യത്യാസമില്ലാതിരിക്കുന്നതിനു വേണ്ടിയെങ്കിലും എന്റെ ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ബഹു. ശ്രീ. എ. ജെ. ജോൺ: ഞാൻ ഭേദഗതിയെ എതിർക്കുന്നു. തിരുവിതാംകൂറിൽ ഹൈക്കോടതിയിൽ അഡ്വൊക്കേററന്മാർക്കു് സന്നതിനു ൩൫൦ രൂപയും, ഡിസ്ത്രിക്ടു് കോടതിയിലേക്കു് സന്നതിനു ൧൦൦ രൂപയും ആണുള്ളതു്. കൊച്ചിയിൽ നൂററി അൻപതും നൂറും വീതമാണു്. എന്നാൽ തിരുവിതാംകൂറിൽ സന്നതെടുക്കുന്ന അഡ്വൊക്കേററന്മാർക്കു് കൊച്ചിയും കൂടി ചേർന്നു കൂടുതൽ സ്ഥലത്തു വ്യവഹരിക്കുന്നതിനു അവകാശം കിട്ടുന്നതുകൊണ്ടു് ൪൦൦ രൂപാ കൂട്ടിവയ്ക്കുന്നതിൽ യാതൊരു ആക്ഷേപവുമില്ലെന്നാണു് എനിക്കു പറയാനുള്ളതു്. ഇതു് സംബന്ധിച്ചു ഫിനാൻസു മിനിസ്ററും ചീഫ്മിനിസ്ററും തമ്മിൽ യാതൊരഭിപ്രായവ്യത്യാസവുമില്ല. ഈ ൪൦൦ രൂപയും ൨൦൦ രൂപയും വച്ചിരിക്കുന്നതു ഒരു വിധത്തിലും കുഴപ്പം വരുത്തുന്നില്ലെന്നും ഇപ്പോഴം സെലക്ടു് കമ്മിററി കൊണ്ടുവന്നിരിക്കുന്നതു് അതേ വിധത്തിൽ പാസാക്കണമെന്നുമാണു്, എനിക്കു പറയാനുള്ളതു്.

*The amendmnets were put to vote and lost.*

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: Sir, I demand a poll.

A poll was accordingly taken when the House divided as follows.—

**Ayes**

1. Sri. K. P. Neelakanda Pillai
2. „ Gabrial Nadar
3. „ Gnanasigamony
4. „ P. Thanulingon Nadar
5. „ K. Sivarama Pillai
6. „ V. Gangadaran Nayar
7. „ T. Kochukrishna Pillai
8. Sahib Bahadur Abdul Razaak
9. Sri. K. Ramakrishnan Achari
10. „ A. K. Pachu Pillai
11. „ V. Sadasivan
12. „ D. Ponnayya
13. „ A. Ramasubramonya Karayalar
14. „ Mannar Gopalan Nayar
15. Sri. R. K. Ram

**Noes**

1. Hon'ble Sry. Anne Mascarene
2. Hon'ble Sri. N. Kunjuraman
3. Hon'ble Sri T. A. Abdulla
4. Hon'ble Sri. T. K. Narayana Pillai
5. „ E. Ikkanda Warrier
6. „ A. J. John
7. Sri. Krishnankutti Menon
8. „ K. A. Gangadhara Menon
9. „ K. Ramakrishna Pillai
10. „ Kochukuttan
11. „ A. M. Thomas

12. Sri. K. I. Achuthan
13. „ Balakrishna Marar
14. „ N. V. Chacko
15. „ Raphael Rodriguez
16. „ Sankaran Nadar
17. „ P. K. Raman
18. „ K. K. Viswanathan
19. „ K. Ramachandran
20. „ K. I. Velayudhan
21. „ A. K. Sankunni
22. „ K. Vasu Panicker
23. „ Paul Thaliat
24. „ P. K. Paul
25. „ M. I. Paul
26. „ P. M. Varghese
27. „ V. K. Varkey
28. „ Sekhara Panikkar
29. „ S. Sivaraman Asari
30. „ C. Kesavan
31. Sry. Devaki Gopi Das
32. Sri. N. D. Jose
33. Sri. Thariathu Kunjithommen
34. „ T. V. Devan
35. „ P. S. Madhavan Vaidyan
36. „ G. Chandrasekara Pillai
37. „ Ambat Ichara Menon
38. „ V. Madhavan
39. „ V. O. Markos
40. „ E. Bhaskaran
41. Sahib Bahadur K. I. Sulaiman
42. Sri. T. S. Bandhu
43. „ Gasper D'Silva
44. „ A. K. George
45. Sahib Bahadur Mayankutty Methar
46. „ Muhammad Musthaffa
47. Sri. N. S. Kochukunju
48. „ Krishnan Ayyappan
49. „ V. K. Joseph
50. „ M. Govindan
51. „ A. V. Joseph
52. „ K. S. Joseph
53. „ Joseph Mathen
54. „ Joseph Malieckal

**Neutral**

Sri. Kalathil Velayudhan Nayar

The question that articles 30 to 38 do form part of the schedule to the Bill was put to the House and caried.

*Clauses 30 to 38 were added to the Schedule*

**Sri. A. K. Pachu Pillai:** I move that in Article 39 sub-clause (a) under proper stamp duty delete thirty and substitute twentyfive.

൩൦ രൂപാ ൨൫ രൂപാ ആക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും ഒരുമിച്ചു ഹാജരാക്കുകയാണെങ്കിൽ തുകയ്ക്കു വ്യത്യാസം ഉണ്ട്. അതിൽ ഒരു ഏകീകരണം വരുത്തുന്നതിനു വേണ്ടിയാണ് എന്റെ ഭേദഗതി. അതു സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഞാൻ അതിനെ പിൻതാങ്ങുന്നു. ഇപ്പോൾ നിലവിലിരിക്കുന്നതു ൧൫ രൂപയാണ്. അതിൽനിന്നും ൧൦ രൂപ കൂടി കൂട്ടിത്തരാൻ ഞങ്ങൾ തയാറാണ്. അതു ദയവായി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ബഹു. ശ്രീ. എ. ജെ. ജോൺ: ഭേദഗതിയെ ഞാൻ എതിർക്കുന്നു. കൊച്ചിയിൽ നിലവിലുള്ളതു് ൩൦ രൂപയാണ്. മദ്രാസിലാണെങ്കിൽ ൪൦ രൂപയാണ് വച്ചിരിക്കുന്നതു്. ആ സ്ഥിതിക്ക് ഇതു കൂടുതലല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: എന്നാൽ മദ്രാസിലുള്ള ൪൦ രൂപാ സ്വീകരിച്ചുകൂടെ?

*The amendment was put to vote and declared lost.*

**Sri. K. P. Nilakanta Pillai:** I move that in Article 39 (b) column 2 substitute the word fifty for eighty.

ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടമനുസരിച്ച് ൮൦ ക. യാണ്. അതിനെ ഇപ്പോൾ ൭൦ ക. യാക്കിയിരിക്കുകയാണ്. അതു് അമ്പതാക്കണമെന്നാണ് എന്റെ ഭേദഗതി. മുമ്പു പറഞ്ഞതുപോലെ ഒരു ഏകീകരണത്തിനുവേണ്ടിയാണ് ഇതു ൫൦ ആക്കണമെന്നു പറയുന്നതു്. അല്ലാതെ അതിന് വേറെ തത്വങ്ങളൊന്നുമില്ല. ആർബിട്രറിയായിട്ടു ട്രഷറി ബെഞ്ചിൽനിന്നും ൭൦ ആക്കണമെന്നു പറഞ്ഞപ്പോൾ ഞങ്ങൾ അതിനെ ൫൦ ആക്കണമെന്നു പറഞ്ഞു. അതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ബഹു. ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

*The amendment was put to vote and lost.*

The question that articles 39 to 45 do stand part of the schedule to the Bill was put to the House and carried.

*Articles 39 to 45 were added to the Schedule*

**Sri. K. P. Nilakanta Pillai:** I move that in article 46 (b) column 2 substitue the word five for ten.

അതായതു് പാർട്ട്ണർഷിപ്പിന്റെ പിരിവാധാരത്തിന് പത്തു രൂപാ എന്നാണു കൊടുത്തിരിക്കുന്നതു്. അതിനെ അഞ്ചുരൂപായാക്കണമെന്നാണു് ഭേദഗതിയുടെ സാരം. ഇവിടെ കണ്ണീരൊന്നും ഒഴുക്കേണ്ട ആവശ്യമില്ലെങ്കിലും ഡിസ്സൊല്യൂഷന് വരുന്നതു് കമ്പനിയെല്ലാം നടത്തി പൊടിപൊടിച്ചു് ഒടുവിലാണെന്നു നാം ഓർമ്മിക്കണം. കൈയിൽ കാശില്ലാതെ വരുന്ന ഒരു അവസരമാണതു്. അതിനു പ രൂപാ വയ്ക്കുന്നതു കഷ്ടമാണു്. അഞ്ചു രൂപ മതിയെന്നാണു് ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഡിസൊല്യൂഷനു വരുന്ന ആളുകളുടെ നിലയെപ്പററി ഗണിച്ചെങ്കിലും ഈ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഞാൻ ഇതിനെ പിൻതാങ്ങുന്നു.

*The amendment was put to vote and lost.*

The question that articles 46 to 48 do stand part of the schedule to the Bill was put to the House and carried.

*Articles 46 ta 48 were added to the schedule.*

**Sri. A. K. Pachu Pillai:** I move the following amendment: "In article 49 sub clause i) delete Rs. 1,000 and substitute Rs. 500 and in sub-clause (iii) delete the words 'in any othe case' and add 'when the amount or value exceeds rupees 500 but does not exceed Rs. 1,00r and add as another sub-clause (iv), the following in any other case-Rupee one."

ഇതു് പ്രാമിസ്സറി നോട്ടുകളുടെ റേററുകളിൽ അല്പം വ്യത്യാസം വരുത്തണമെന്നുദ്ദേശിച്ചുമാത്രമാണു് കൊണ്ടുവന്നിട്ടുള്ളതു്. അതു് സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഞാൻ അതിനെ പിന്താങ്ങുന്നു.

*The amendment was put to vote and lost.*

The question that articles 49 to 53 do stand part of the schedule to the Bill was put to the House and carried.

*Articles 49 to 53 were andded to the schedule*

**Sri A. K. Pachu Pillai:** I move the following amendment: In article 54 (a) under proper stamp duty substitute the word 'half' for the words "the same."

ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ഡ്യൂട്ടി വളരെ കൂടുതലായിരിക്കുന്നതുകൊണ്ടു് അതിന്റെ ഒന്നുപകുതിമാത്രം കൊടുക്കണമെന്നു ഭേദഗതിചെയ്യണമെന്നാണു ഞാൻ അപേക്ഷിക്കുന്നതു്.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള: സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു. കൺവേയൻസിനു് ഈടാക്കുന്നതിന്റെ പകുതി ഡ്യൂട്ടിയെ റിക്കൺവേയൻസിനു് ഈടാക്കാവൂ എന്നാണു ഭേദഗതിയുടെ സാരം. ഇതിൽ വേറെ തത്വമൊന്നും ഇല്ലെങ്കിലും സാമാന്യബുദ്ധിക്കു കൊള്ളാവുന്നതായതുകൊണ്ടാണു് ഞാൻ ഇതിനെ പിൻതാങ്ങുന്നതു്.

The amendment was put to vote and lost.

The question that articles 54 to 65 do stand part of the schedule to the Bill was then put to the House and carried.

*Articles 54 to 65 were added to the schedule.*

*The question that the preamble do stand part of the Bill was put and carried.*

*The preamble was added to the Bill.*

*The question that the Title do stand part of the Bill was put and carried.*

*The Title was added to the Bill.*

**Hon'ble Sri. A. J. John:** I beg to move that the Bill be passed with the following amendments.—

(1) In Clause 1 sub-clause (3), instead of 'at once', substitute 'on such date as the Government may, by notification in the Government Gazette, appoint'.

(2) In Clause 1 sub-clause (1) substitute '1125' instead of '1124.'

ശ്രീ. എ. കെ. പാച്ചു പിള്ള: ഈ അററ്‌വൺസ് (at once) എന്നുള്ളതു മാററി ഓൺ സച്ച് ഡേററ് (on such date) എന്നു പറയുന്നതെന്തുകൊണ്ടാണ്?

ബഹു. ശ്രീ. എ. ജെ. ജോൺ: അതു് പഴയ സ്റ്റാമ്പെല്ലാം ശരിയായിട്ടു് വരുന്നതിനുവേണ്ടിയാണ്.

(3) In Clause 52 sub-clause (3) line 3, add the word 'it' between 'if' and 'is'. The omission of 'it' seems to be a printer's error.

*The amendments were put and carried.*

*The question that the Bill be passed with the above amendments was put and carried.*

*The Bill was passed.*

## The United State of Travancore and Cochin Court Fees Bill

**The Hon'ble Sri. A. J. John:** I move that the United State of Travancore and Cochin Court Fees Bill be taken into consideration.

**The Hon'ble Sri. N. Kunjuraman:** I second it.

*The question that the Bill be taken into consideration was put and carried*

**Sri. A. Nesamony:** I move that the Bill be recommitted under Standing Order 38 clause (1), without limitation. It is not with a view to obstruct this piece of legislation that I am moving that this Bill should be recommitted to the Select Committee, but it is with a view to reconsider whether this is a perfect piece of legislation. I may submit for the consideration of the Hon'ble Finance Minister whether under the circumstances that I am now pointing out the bill could be safely piloted through this House as a piece of legislation which ought to come into effect almost immediately. Under Section 38 of the Bill, the only enactments that have been repealed are the Travancore Court Fees Act VI of 1087 and the Cochin Court Fees Act II of 1080. The other Acts which have a bearing upon the Court Fees Act are not repealed. I would particularly point out that under Section 29 of the Bill, all fee chargeable under this Act shall be collected in stamps. Under schedule I—12, the fee for a succession certificate is prescribed. The fee prescribed under the column 'Proper fee' is virtually a reproduction of Section 12 of the Travancore Succession Certificate Act. Section 13 of the Act deals with the mode of collecting court fees on such certificates. There, the amount is to be deposited in cash so that when this Act comes into force an applicant who claims a succession certificate is not definite as to whether he has to pay the amount in stamps under Section 29 of this Bill or in cash under Section 13 of the Succession Certificate Act. That is an inconsistency which perhaps did not occur to the members of the Select Committee when they passed Section 38 of the present Bill. Therefore, what we are now going to pass if Section 38 is accepted, is an imperfect piece of legislation and the courts will be left wondering as to which of the two enactments should be given effect to. Whether the amount is to be deposited under Section 13 of the Succession Certificate Act in cash or whether it is to be paid by stamp fee alone under Section 29 of this Act is not clear. This is a matter of inconsistency which the Select Committee has to consider before the Bill could be piloted through this House.

There is another matter also which I wish to bring to the notice of this House. Chapter III of the Court Fees Bill is virtually a reproduction of Sections 13 (*a*) to (*k*) introduced in the Probate and Administration Act by Section 158 of that Act. Section 158 of that Act enacts that the following Sections shall form Chapter I (*a*) of the Court Fees Act. But by the repeal of the Court Fees Act VI of 1087, we may rather construe that Sections (*a*) to (*k*) which have been enacted under Section 158 may have been repealed, for, they are said to form part of Chapter I (*a*) of the Court Fees Act, But what about Section 158 which has not been repealed? If Section 158 which is an enabling section by which Chapter I (*a*) was added to the Court Fees Act of 1087, I believe Section 158 is still in operation. "In the Court Fees Regulation VI of 1087, after Chapter I, the following Chapter shall be inserted namely, Chapter I (*a*)". Chapter I (*a*) corresponds to Chapter III of this Bill and the Articles in it correspond to Section 13 (*a*) to (*k*), so that if Section 158 which is an enabling Section in the Probate and Administration Act is not repealed, how could the following Sections which form part of the Court Fees Act be repealed and what will be the effect of such a repeal? These are the two main things which the Select Committee has failed to notice and on account of this even if this Act is passed, it will not be possible to enforce this Act in the face of the inconsistent provisions that exist both in the Succession Certificate Act and the Probate and Administration Act. It

[Sri A. Nesamony]

was usual sometime ago to enact a provision in all the Acts when the law officers of the Government had not the time to look into the various Acts to insert a Section similar to the Section that one finds in the Public Safety Act and similar Acts that have been passed at that time. They generally run like this: "If any provision relating to public health contained in any other enactments in force in Travancore is repugnant to any provision contained in this Act, the latter provision shall prevail and the former provision shall to the extent of that repugnancy be void". Now, the Select Committee ought to have considered whether it was not possible to insert such a section to obviate such inconsistencies and repugnancies. Without going into the details as to how far the new legislation that is now proposed will affect the existing legislation—it seems to have been reported within 12 hours, all the four bills together—it is beyond human ingenuity or physical capacity and it is no good having this legislation. Due attention has not been paid by the Select Committee regarding this inconsistancy and repugnancy and as such, I plead that the Bill may be recommitted to the Select Committee.

**Sri. K. Sivarama Pillai:** I second it.

**The Hon'ble Sri. A. J. John:** Standing order 38 (2) says.—"If the member in charge moves that the Bill be taken into consideration, any member may move as an amendment that the Bill be recommitted."

എന്നാണു് അതിൽ പറഞ്ഞിരിക്കുന്നതു്. ഞാൻ ഈ ബിൽ ഈ സഭയിൽ പര്യാലോചനക്കെടുക്കണമെന്നു് മോഷൻ അവതരിപ്പിക്കുകയും അതു് പാസ്സാക്കുകയും ചെയ്തിട്ടുണ്ടു്. അതിനുശേഷം ഇപ്രകാരമുള്ള മോഷൻ അവതരിപ്പിക്കുന്നതിനു് അവകാശമില്ലെന്നാണു് എനിക്കു പറയാനുള്ളതു്. ഇതുസംബന്ധിച്ചു് ഉള്ള ഒരു റൂളിംഗ് തരണമെന്നാണു് എനിക്കു സ്പീക്കറോടു പറയാനുള്ളതു്.

**Sri. A. Nesamony:** May I submit that it is only after a motion for consideration is carried that the amendment comes in; not when the motion is under discussion. If it is lost no amendment need be put in.

**Hon'ble Sri. A. J. John:** If the member in charge moves that the Bill be taken into consideration, any member may move as an amendment that the Bill be recommitted. That is what the Standing Order says.

**Mr. Speaker:** After the Select Committee report is presented by the member in charge of the Bill, there are two and only two courses open to him. He may either move that the Bill be taken into consideration or be recommitted to the Select Committee. If he himself moves that the Bill be recommitted to the Select Committee, there is no occasion for any other member to do so. If on the other hand he moves that the Bill be taken into consideration, then the occasion arises for any Hon'ble member to move one amendment and one only that the Bill be recommitted. This is what Standing Order 38 provides.

The first sub-clause of Standing Order 38 provides for raising an objection. The second provides for moving an amendment.

**Sri. K. Sivarama Pillai:** Sir, may I bring to the notice of the Chair one aspect of the question. Section 38 (1) (*a*) contemplates that when a bill is taken into consideration, the only way in which we can oppose is when a copy of the report has not been made available for use of members for seven days and such objection shall prevail, unless the Speaker in his discretion allows the report to be taken into consideration. So this cannot be availed of. Under the next sub-section it is stated that if the member in charge moves that the Bill be taken into consideration, any member may move as an amendment that the Bill be recommitted. This can be taken advantage of. What is now proposed has to be taken as an amendment to the motion which means for reconsideration of the matter.

**Mr. Speaker:** I do not see any reason for any doubt on this point. The motion that the Bill be taken into consideration was put and carried. That being so it is not permissible to move that the Bill be recommitted. Amendments to the Bill may be moved subject to the conditions prescribed. Hence Mr. Nesamony's motion for recommittal is not in order. So the discussion of the Bill clause by clause may be proceeded with.

**Clause 2**

**Sri. K. P. Nilakanta Pillai:** Sir, I move:

Add the following as clause 2, and renumber the remaining clauses:

"2. (*a*) 'Collector' means the Collector or the Division Peishkar or other officer in-charge of a division and any other officer who may, by notification in the Gazette, be appointed in this behalf by name or virtue of his office.

(*b*) 'United State' means the United State of Travancore and Cochin."

I trust that the Minister in charge of the Bill will agree with me in this amendment. The Court Fees Bill contains several references to Collector and United State under several clauses relating to suits, appeals, etc. arising within the limits of United State of Travancore and Cochin. The same happens in the case of Stamp Bill. That has been passed into law. But that Bill provided for definition of words 'collector' and 'United State'. Unfortunately these expressions are not defined in the Court Fees Bill. To make the Bill clear I think it is necessary that the words should be defined for the purpose of this Bill. Otherwise there will be difficulty in interpreting and understanding the several clauses in it. I believe the Minister will realise the importance of these amendments. Probably he may oppose the Division Peishkar portion of the amendment. I have no objection to that. But the other parts are necessary. I commend it for acceptance by the House.

**Sri. V. Gangadaran Nayar :** I second it.

ബഹു. ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിൎക്കുന്നു. കാരണം 'കളക്ടർ' എന്നുള്ളതും യൂണൈററഡ് സ്റ്റേററ് എന്നുള്ളതും സ്റ്റാമ്പ് ബില്ലിൽ ഡിഫൈൻ ചെയ്തിട്ടുണ്ടെന്നുള്ളതാണു്. അതുകൊണ്ടു് ഈ ബില്ലിൽ അവയെപ്പററി ഡെഫനിഷൻ ഉണ്ടാകേണ്ട ആവശ്യമില്ല. ഈ ബിൽ സ്റ്റാമ്പിനെ ആശ്രയിച്ചിരിക്കുന്ന ഒരു ബില്ലായതുകൊണ്ടു് സ്റ്റാമ്പുബില്ലിന്റെ വ്യാപ്തി ഈ ബില്ലിന്റെ പ്രവൎത്തനത്തെ സാരമായി ബാധിക്കുന്നുണ്ടു്. സ്റ്റാമ്പ് ബിൽ ആലോചനയ്ക്കു് എടുത്തപ്പോഴും എന്റെ മാന്യസ്നേഹിതൻ ഇതു സംബന്ധിച്ചു ഇവിടെ അവതരിപ്പിച്ച ഭേദഗതി സ്വീകരിച്ചിട്ടുണ്ടു്. ആ നിലയ്ക്കു് ഈ ബില്ലിൽ കളക്ടർ എന്നുള്ളതിനെപ്പററിയും, യൂണൈററഡ് സ്റ്റേററ് എന്നുള്ളതിനെപ്പററിയും പ്രത്യേകം ഡിഫൈൻചെയ്യേണ്ട ആവശ്യമില്ല. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിൎക്കുന്നു.

*The amendment was put to vote and lost.*
*The motion that clause 2 forms part of the Bill was put and carried.*
*Clause 2 was added to the Bill.*

**Mr. Speaker:** There are no amendments to clauses 3 and 4.

*The question that clauses 3 and 4 do stand part of the Bill was put and carried.*
*Clauses 3 and 4 were added to the Bill.*

### Clause 5

**Sri. D. Gnanasigamoni :** Sir, I move "Omit clause 5".

The existing clause 5 reads as follows.—

'The amount of fee payable under this Act on a memorandum of appeal against an order relating to compensation under any law for the time being in force for the acquisition of land for public purposes shall be computed according to the difference between the amount awarded and the amount claimed by the appellant'.

This clause is new. Section 18 of the Land Acquisition Act deals with reference to court and no fee is payable under the rules specially framed in that behalf. There is no reference to it under the Court Fees Act and Rule 393 of the old Civil Courts Guide lays down that no court fee is leviable on the reference from any party. This is the same in the new Guide as well. So there is no doubt in respect of that and that is not sought to be amended and that is still in force. Over and above that objections have been pointed out by Mr. Nesamony regarding provisions which are still in force but in respect of which changes are made without repealing that enactment... On those grounds the Court Fees Bill should have been recommitted to a Select Committee. No repeal is sought to be moved in respect of those provisions so that the provisions are still in force. The new provision is superfluous and unnecessary. We have been getting on so far without the new section 5 as is embodied in the Bill. While no fee is payable for a reference to the District Court under section 18 of the Land Acquisition Act, an appeal arising out of it being in respect of the additional amount claimed becomes only a suit for money. And that is provided for in the existing as well as in this Bill. Land Acquisition appeals are filed in that manner and can be continued to be filed in that manner. This is merely a suit for money value. It is only for the additional amount claimed you have to file an appeal and that is provided for in the Court Fees Act. The new provision is therefore superfluous. Hence it is unnecessary. To repeat what I said, there is already a workable provision in respect of this matter and no difficulty is experienced in respect of that so far. Simply

[Sri. D. Gnanasigamony]

because there is such a provision elsewhere is no reason for embodying that here. I move for the omission of clause 5.

**Sri. A. Nesamony :** I second it.

**Sri. K. A. Gangadhara Menon :** Sir, I oppose the amendment. The Hon'ble member is labouring under a misapprehension about this clause. Section 5 of the Court Fees Act of 1087 says:

> "The amount of fee payable under this Regulation on a memorandum of appeal (including those provided for in the Land Acquisition and Forest Regulations) of objections on appeal under Section 532 of the Code of Civil Procedure, shall be calculated, as if it was a suit under the provisions of the preceding Section, for the reliefs claimed in the memorandum of appeal or of objections".

Even to-day there is such a provision in force. Under the Land Acquisition Act, Section 39 provides for appeals. It provides that to the extent possible provisions of the Civil Procedure Code may be made applicable. Therefore an appeal that is filed from a judgment of the District Court on reference is not strictly an appeal under the Civil Procedure Code. But it is an appeal to which provisions of the Civil Procedure Code may be made applicable under the provisions of the Land Acquisition Act. Hence there is some difference between the two. That is why in Clause 4 of the Bill provision is made for appeal under the Civil Procedure Code and in Clause 5 provision is made to appeals to which provisions of the Civil Procedure Code may be applied. This is the identical provision that exists in the Indian Act. A similar provision was adopted in the Travancore Act as well. Therefore I submit that Clause 5 of the Bill should be retained as such.

**Sri. D. Gnanasigamony :** Then how are we to file appeals in respect of land acquisition cases ?

**Sri. K. A. Gangadhara Menon :** By virtue of section 5 of the Court Fees Act. This section has been clarified. Section 4 relates to fee on memorandum of appeal and Section 5 with fee on memorandum of appeal against order relating to compensation. Section 4 provides for appeals under the Civil Procedure Code. Section 5 says that provisions of the Civil Procedure Code may be made applicable. These are the enactments obtaining in India and Cochin as well, and this practice has been followed for a long time past. These two separate provisions are but an attempt to clarify the position.

**The Hon'ble Sri. A. J. John :** Sir, I oppose the amendmet. The amendment proposes to omit clause 5. That is a negative amendment. It does not specifically state how the Section is to be amended. The Hon'ble Member simply says to omit the Section. How to calculate the fee payable in the matter of appeals under Land Acquisition Act and other things are clearly set out in the Bill. Section 5 of the Bill is very clear as well as the previous section and for the information of the House I shall read the relevant portion.

> "The amount of fee payable under this Regulation on a memorandum of appeal (including those provided for in the Land Acquisition and Forest Regulations) or of objections on appeal under Section 532 of the Code of Civil Procedure shall he calculated as if it was a suit under the provisions of the preceding Section, for the reliefs claimed in the memorandum of appeal or of objections".

The position is now made better by the inclusion of separate clauses in the Bill. Such a provision exists in the Indian Act and Cochin Act. For these reasons I oppose the amendment.

*The amendment was put and lost.*

*The question that clause 5 forms part of the Bill was put and carried.*

*Clause 5 was added to the Bill.*

*The question that clauses 6 to 10 do form part of the Bill was put and carried.*

*Clauses 6 to 10 were added to the Bill.*

**Clause 11**

**Sri. D. Gnanasigamony :** Sir, I move:

In Clause 11 (*i*) omit the second paragraph beginning with the word 'Nothing'.

Now, Clause 11 (*i*) is also a new clause. One cannot find any special reason why this clause should be inserted. The provision without this clause does not go in conflict with the other provisions or order 2, Rule 6 of the Travancore Code of Civil Procedure or the Cochin Code of Civil Procedure or otherwise limit the powers of the court under Order 2, Rule 6. It appears

to me, Sir, that this paragraph in the sub-clause is unnecessary and it is merely a copy of the existing provision found elsewhere and its inclusion does not serve any purpose whatever.

**Sri. K. Sivarama Pillai:** I second it.

**Sri. K. A. Gangadhara Menon:** I am extremely sorry that my friend cannot appreciate the significance of this section. This provision makes it clear regarding the provision to try both the causes. In the existing provision they are wrongly clubbed together. Sir, I am fortunate to provide here in the Court Fee Act a clear provision in regard to this matter and at the same time we adopted the provisions of the Indian Act which to me appears very helpful. Therefore, I oppose this amendment.

**The Hon'ble Sri. A. J. John:** I think my learned friend has not correctly understood the purpose of this proviso. Here the proviso states " Nothing in the former part of this sub-section shall be deemed to affect the power conferred by Order 2, rule 6 of the Travancore Code of Civil Procedure or the Cochin Code of Civil Procedure". That is all what is stated and what is needed. So, I oppose this amendment.

*The amendment was put and lost.*

*The question that Clause 11 do stand part of Bill was put and carried.*

*Clause 11 was added to the Bill.*

**Clause 12**

*The question that Clause 12 do stand part of the Bill was put and carried.*

*Clause 12 was added to the Bill.*

**Clause 13**

**Sri. P. Nanoo:** ഞാൻ എന്റെ അമെൻറ്മെൻറ് മൂവ് ചെയ്യുന്നില്ല.

*The question that Clause 13 do stand part of the Bill was put and carried.*

*Clause 13 was added to the Bill.*

**Clause 14**

**Sri. D. Gnanasigamony:** Sir, I move that in Clause 14 (c) the words "at his discretion" occurring after the word "money" may be omitted.

Now, in the subsequent Clause 18 it is found that if too low a stamp duty has been paid in any court then full court fee can be ordered to be paid. Here, so far as refund in respect of excess payment of fee is concerned it is left to the mere discretion of the Collector so that what I would urge is that it should not be left purely to the discretion of the Collector. And so it must be made clear in the provision that no discretionary power in this matter should vest with the Collector in the matter of excess court fee paid.

**Sri. A. Nesamony:** I second the motion.

**Sri. K. A. Gangadhara Menon:** Sir, I oppose the motion. I don't think there is any justification for removing those words. Discretion is given but it may or may not be exercised. I don't think that it would be proper if those words are deleted.

**The Hon'be Sri. A. J. John:** I also oppose the amendmnet.

*The Amendment was put and lost.*

**Sri. A. Nesamony:** I am not very particular to move this amendment in view of the fact that the law makers of the Government are not prepared to take suggestions thrown in from this side of the House, or to have a well thought out legislation by this Assembly. So, I am not moving my amendments 7 to 17.

*The question that Clause 14 do stand part of the Bill was put and carried.*

*Clause 14 was added to the Bill.*

**Clause 15**

*The question that Clause 15 do stand part of the Bill was put and carried.*

*Clause 15 was added to the Bill.*

**Clause 16**

*The question whether Clause 16 do stand part of Bill was put and carried.*

*Clause 16 was added to the Bill.*

**Clauses 17 to 22**

*The question that Clauses 17 to 22 do stand part of the Bill was put and carried.*

*Clauses 17 to 22 were added to the Bill.*

*The question that Clauses 23 and 24 do stand part of the Bill was put and carried.*

*Clauses 23 and 24 were added to the Bill.*

## Clause 25

**Sri. D. Gnanasigamony:** Sir, I move the following amendment:—

"In the last paragraph of clause 25 (1), omit the words 'after being confirmed and sanctioned by the Government' occurring after the word 'additions'.

My chief objection for this portion is that while Section 31 of Ordinance II of 1124 states that "the High Court shall have power to make rules not inconsistent with...........

..........................................................................................

..........................................................................................

subordinate courts", this clause curtails the power of the High Court to frame rules to regulate the procedure in the High Court as well as in the subordinate courts. Secondly, my reason for deleting this portion from the sub-clause is that we may soon have to take up the question of separating the judiciary from the executive. So it is only proper to leave the High Court to frame its own rules of procedure. If the Hon'ble Minister for Law deems it fit to accept my amendment he may do so. Any way, I am not very particular.

**Sri. A. Nesamony:** I second the motion.

**The Hon'ble Sri. A. J. John:** I do not accept the amendment. I oppose it.

*The amendment was put and lost.*

*The question that Clause 25 do stand part of the Bill was put and carried.*

*Clause 25 was added to the Bill.*

## Clause 26

*The question that Clause 26 do stand part of the Bill was put and carried*

*Clause 26 was added to the Bill.*

## Clause 27

*The question that Clause 27 do stand part of the Bill was put and carried.*

*Clause 27 was added to the Bill.*

## Clauses 28 to 38

*The question that Clauses 28 to 38 do stand part of the Bill was put and carried.*

*Clauses 28 to 38 were added to the Bill.*

## Schedule

**Sri. A. K. Patchu Pillai:** Sir, I move that in Schedule I, para I, under proper fee "six annas" may be deleted and "5 per cent" may be substituted.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, കോർട്ടുഫീസ് ബില്ലിന്റെ തത്വത്തോടു ഞാൻ യോജിക്കുന്നതുകൊണ്ടാണ് അതിന്റെ നിയമങ്ങൾക്ക യാതൊരു ഭേദഗതിയും ഹാജരാക്കാതിരിക്കുന്നതു്. താത്വികമായി നോക്കിയാൽ പണം ഒരു മാൻഡേററു മുഖാന്തിരം ഈടാക്കണമെന്ന് ആഗ്രഹിക്കുന്നവർ അതിനുവേണ്ടി ചെലവുചെയ്യണമെന്നുള്ള തത്വം വേദാന്തകാലം മുതൽ സ്വീകരിച്ചിട്ടുള്ളതാണ്. മനു, നാരദർ മുതലായ നിയമവിശാരദന്മാരുടെ കാലം മുതൽ തന്നെ ഏതാനും സംഖ്യ കോടതികളിൽ ഈടാക്കുന്നുണ്ട്. തിരുവിതാംകൂറിനെ സംബന്ധിച്ചാണെങ്കിൽ ൧൧൧൦-ലും ൧൦൮൬-ലും കോർട്ടുഫീസു സംബന്ധിച്ചു നിയമമുണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ചു ഈ പട്ടികയുണ്ടാക്കുന്നതിൽ ഒരു പ്രമാണം സ്വീകരിക്കേണ്ടതുള്ളതു് വ്യക്തമാണ്. അങ്ങനെ ഈ പട്ടിക അല്ലെങ്കിൽ ഷെഡ്യൂൾ ഇവിടെ ഹാജരാക്കിയതു കാണുമ്പോൾ അതു ക്ലേശകരമാണെന്നു കാണുവാൻ സാധിക്കും. ഈ മാതിരിയുള്ള ഒരു പട്ടിക പൊതുജനങ്ങളുടെ മുമ്പിൽ വയ്ക്കുമ്പോൾ രണ്ടു തത്വങ്ങൾ നാം സ്വീകരിക്കേണ്ടതാണ്. ആ പട്ടിക ഒരു നോക്കിൽതന്നെ നമുക്കു മനസ്സിലാക്കത്തക്കവണ്ണം സുഗമവും വ്യക്തവുമായിരിക്കണം. അങ്ങിനെയുള്ള ഒരു പട്ടിക നമ്മുടെ മുമ്പിൽ വച്ചിട്ട് അതു നാം സ്വീകരിക്കണം എന്നു പറഞ്ഞാൽ സ്വീകരിക്കണം. ഈ തത്വമനുസരിച്ചു നോക്കിയാൽ ഇന്നു നമ്മുടെ മുമ്പിൽ ഹാജരാക്കിയിരിക്കുന്ന ഈ പട്ടിക വളരെ ക്ലേശപൂർണ്ണമാണെന്നു കാണാം. അതുകൊണ്ടു് ആ പട്ടിക മുഴുവൻതന്നെ അതിന്റെ സെററപ്പിൽ ഒന്നു മാററണമെന്നുള്ള ഭേദഗതിയാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഭാഗ്യവശാൽ ഉപോൽബലകമായ ഒരു പട്ടിക ബഹുമാനപ്പെട്ട ഫിനാൻസു മിനിസ്റ്റർ എല്ലാ മെമ്പറന്മാക്കും തന്നിട്ടുണ്ട്. അതു നോക്കുന്നപക്ഷം ബംഗാൾ, ബീഹാർ, ബോംബെ, സെൻട്രൽ പ്രോവിൻസസ്, മദ്രാസ്, യുണൈറെറഡ് പ്രോവിൻസസ്, ഒറീസാ മുതലായ പ്രവിശ്യകളിൽ ശതമാനക്കണക്കനുസരിച്ചു് കോർട്ടുഫീസ് ചുമത്തണമെന്നാണ് നിയമമെന്നു കാണാൻ ക

ഴിയും. അതേ തത്വം ഇവിടെയും സ്വീകരിച്ചു ൫ മുതൽ ൧൫ ശതമാനം വരെ റേഞ്ച് ചെയ്യത്തക്കവിധത്തിൽ കോർട്ടുഫീസ് ഈടാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇവിടെ ഇപ്പോൾ ഹാജർ ആക്കിയിരിക്കുന്ന ബില്ലനുസരിച്ചു ൫ രൂപാവരെയുള്ള തുകയ്ക്ക് ആറണയും, ൬൨ രൂപാവരയ്ക്ക് ആറണയും, ൧,൦൦൦ രൂപാവരയ്ക്ക് ൧൨ അണയും, ൫,൦൦൦ വരെയുള്ള തുകയ്ക്ക് ൫ രൂപയും, പിന്നീട് വരുന്ന ൨൫൦ രൂപയ്ക്കും ൫൦ ആയിരം രൂപയിൽ അടങ്ങിയിരിക്കുന്ന ൨൫൦-ന്റെ അംശം എടുത്തു ശരാശരി വരുന്ന സംഖ്യക്ക് പത്തു രൂപയും ആണ് കോർട്ടുഫീസു കണക്കാക്കേണ്ടതു്. എന്നാൽ ഒരു കാരണവശാലും ൭,൦൦൦ രൂപയിൽ കൂടുതൽ കോർട്ടുഫീസ്സ് ഈടാക്കാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇതു വളരെ ക്ലേശകരമാണ്. ഇതു ശരിയായ കണക്കല്ല. അതുകൊണ്ടു് പ്രവിശ്യകളിൽ കാണുന്നതുപോലെയുള്ള അല്ലെങ്കിൽ തിരുവിതാംകൂറിൽ ഇതുവരെ സ്വീകരിച്ചുകൊണ്ടിരുന്നതായ ആ തത്വമനുസരിച്ചു ഒന്നുകിൽ അഞ്ചുശതമാനം അല്ലെങ്കിൽ പത്തു ശതമാനം എന്നൊരു ക്ലിപ്തം വയ്ക്കണം. ഇതനുസരിച്ചു ഈ പട്ടിക ഭേദഗതി ചെയ്തു ഹാജരാക്കുന്നതു് സൗകര്യപ്രദമായിരിക്കും. ബംഗാളിലും, ബിഹാറിലും, മദ്രാസിലും മററും ഉള്ളതുപോലെ ശതമാനക്കണക്കനുസരിച്ചുള്ള തുകമാത്രമെ കോർട്ടുഫീസായി ഇവിടേയും സ്വീകരിക്കാൻ പാടുള്ളു. അതുകൊണ്ടു് എന്റെ ആദ്യത്തെ ഭേദഗതി ഈ തത്വമനുസരിച്ചു സ്വീകരിക്കണം എന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

**Sri. K. P. Nilakanta Pillai:** I second the amendment, Sir.

ശ്രീ കെ. പി. നീലകണ്ഠപിള്ള: ഈ ബില്ല് വാദപ്രതിവാദത്തിനെടുത്തപ്പോൾ തന്നെ ഈ ഭാഗത്തെ സംബന്ധിച്ചു പല ബഹു. മെമ്പറന്മാരും പ്രസ്താവിക്കയുണ്ടായി ചെറിയ തുകകൾക്ക് ശതമാനക്കണക്കിനു കോർട്ടുഫീസ് ക്ലിപ്തപ്പെടുത്തണമെന്നു്. പണം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണെങ്കിലും അതിനു ഒരു ന്യായവും നീതിയും വേണം. പണമാവശ്യമാണെങ്കിൽ ഗവർമ്മെണ്ടു ചെയ്യേണ്ടതു ഒരു ശതമാനക്കണക്കിനു കോർട്ടുഫീസ് ക്ലിപ്തപ്പെടുത്തുകയെന്നുള്ളതാണ്. പക്ഷെ ആ വിധത്തിൽ ഭേദഗതി വരുത്തിയിട്ടില്ല, സെലക്ട് കമ്മിററി റിപ്പോർട്ടിലും അതു ചെയ്തിട്ടില്ല. എന്റെ സ്നേഹിതൻ മി പാച്ചുപിള്ള പറഞ്ഞതുപോലെ ബംഗാൾ, ബീഹാർ, ഒറിസാ, സെൻട്രൽ പ്രോവിൻസസ് യുണൈറെറഡ് പ്രോവിൻസസ് ഇവിടെയെല്ലാം ഏഴരശതമാനമാണ് കോർട്ട്ഫീസ് വച്ചിരിക്കുന്നതു്. ഞാൻ അവതരിപ്പിച്ച ൪൭-ാം ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതു് ൬ അണ, ൧൨ അണ, ൫ രൂപാ, ൧൦ രൂപാ, ൧൫ രൂപാ എന്നുള്ള രീതി മാററിയിട്ട് ഏഴരശതമാനം എന്നു സബ്സ്റ്റിററ്യൂട്ട് ചെയ്യണമെന്നാണ്. ഇവിടെ ൫൦,൦൦൦ രൂപാവരെയുള്ള സംഖ്യക്ക ൨൫ രൂപായെന്നു പറഞ്ഞതിന്റെ ശേഷം ൭,൦൦൦ രൂപായിൽ കൂടുതൽ ഫീസ് ഒരു കാരണവശാലും ഈടാക്കാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഇതു വലിയ ധനവാന്മാരെ സഹായിക്കുവാൻവേണ്ടി ചെയ്തിട്ടുള്ളതാണ്. വലിയ തുകകൾക്കായി വ്യവഹാരം നടത്തുന്നവർ ഇത്ര ശതമാനം കോർട്ടുഫീസ് കൊടുക്കണമെന്നു നിശ്ചയിച്ചാൽ ഇങ്ങനെ ഒരു ആക്ഷേപം ഉണ്ടാകുകയില്ല. ഇവിടെ എല്ലാവരും സാധുക്കളുടെ കാര്യം പറയുകയുണ്ടായി. പാവങ്ങളുടെ പേരിൽ കണ്ണുനീർ പൊഴിക്കുന്നില്ല. ആറു രൂപയ്ക്കു വ്യവഹാരം നടത്തുന്ന പാവപ്പെട്ടവനും വലിയ സംഖ്യയ്ക്കു വ്യവഹാരം നടത്തുന്ന ധനികനും ഏഴര ശതമാനം ഫീസ് കൊടുക്കട്ടെ. അതിനുവേണ്ടിയാണ് ഞങ്ങൾ ഇപ്രകാരം ഒരു സീരിസ് ഓഫ് ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നതു്. സ്യൂട്ട് വാല്യൂഷൻ അനുസരിച്ചു് ഏഴരശതമാനം ഫീസീടാക്കണമെന്നുള്ളതാണ് ഈ ഭേദഗതികളുടെയെല്ലാം തത്വം. ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

ബഹു. ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ശ്രീ. എ. കെ. പാച്ചുപിള്ള പറഞ്ഞതു് ഈ ഷെഡ്യൂൾ വളരെ ക്ലേശകരമാണെന്നും അതുകൊണ്ടു് അതു വളരെ ലളിതവും സുഗമവുമാക്കണമെന്നുമാണ്. എനിക്കു അതേപ്പററി പറയുവാനുള്ളതു് ഈ ഷെഡ്യൂൾ വളരെ ലളിതവും സുഗമവുമാണെന്നാണ്. പിന്നീടു് കോർട്ടുഫീസ് പ്രവിശ്യകളിലെപ്പോലെയാക്കണമെന്നു് പറയുകയുണ്ടായി. അതുപോലെ തന്നെയാണ് ഇവിടെ ചെയ്തിരിക്കുന്നതെന്നാണ് എനിക്കു പറയുവാനുള്ള സമാധാനം. ഇൻഡ്യൻ കോർട്ടുഫീസാക്ടിന്റെ ഒരു പ്രതി എന്റെ കയ്യിലുണ്ടു്. അതിന്റെ ഷെഡ്യൂൾ കൊടുത്തിരിക്കുന്നതു ഈ വിധത്തിൽ തന്നെയാണ്. അവരും അതു ലളിതവും സുഗമവുമാക്കണമെന്നു് ആഗ്രഹിക്കുന്നവരാണ്. ഏഴര ശതമാനമെന്നു പറഞ്ഞിരിക്കുന്നതു് അഞ്ചു ശതമാനമെന്നുള്ളതു

[Sri. A. J. John]

മാററിയതുകൊണ്ട് മാത്രമാണ്. അന്യ പ്രവിശ്യകളിൽ സ്യൂട്ട് ഫീ ഈടാക്കുന്നതു സംബന്ധിച്ച് ഒരു ലിസ്റ്റ് ഇവിടെ വിതരണം ചെയ്തിട്ടുള്ളതു് എല്ലാവരും കണ്ടിരിക്കുമല്ലൊ. എല്ലാ പ്രവിശ്യകളിലും ഇൻഡ്യയുടെ മററു ഭാഗങ്ങളിലും ഏഴരശതമാനമാണ് ഈടാക്കുന്നതെന്ന് തെററിദ്ധരിച്ചാണ് ഇപ്രകാരം ഒരഭിപ്രായം പറഞ്ഞിട്ടുള്ളതെന്ന് ഞാൻ വിചാരിക്കുന്നു. ഈ ബില്ലിൽ ചേർത്തിരിക്കുന്ന രീതിയിലുള്ള ഷെഡ്യൂൾ ററാണ് സെൻട്രൽ ഗവമെ്മെണ്ട ബില്ലിലും സ്വീകരിച്ചിട്ടുള്ളതു്. പിന്നീട് ഒരു സംഗതി പറഞ്ഞതു വലിയ തുകയ്ക്ക് അനുസരിച്ചുള്ള കൂടുതൽ ഫീസു ഈടാക്കണം എന്നാണ്. അതേസംബന്ധിച്ച് എനിക്ക് പറയുവാനുള്ളതു് ഒരു ചെറിയ സ്യൂട്ടിനും വലിയ സ്യൂട്ടിനും ചെയ്യാനുള്ള ജോലിയിൽ വലിയ വ്യത്യാസമില്ലെന്നുള്ളതാണ്. അതുകൊണ്ടാണ് ൫൦,൦൦൦ രൂപയിൽ കൂടുതൽ ഫീസടക്കാൻ പാടില്ലെന്ന് ഒരു ലിമിററ് വച്ചിരിക്കുന്നതു്. സെൻട്രൽ ഗവമെ്മെണ്ട് അതിലും ഈ തത്വം സ്വീകരിച്ചിട്ടുണ്ട്.

**Sri. A. Nesamony:** Does the Madras Act provide like that?

**ബഹു. ശ്രീ. എ. ജെ. ജോൺ:** ഈ തുകയ്ക്ക് വ്യത്യാസം വരുമെന്നേയുള്ളു.

**Sri. A. Nesamony:** For every Rs. 50,000 it is Rs. 37—8—0. There is no limit.

**The Hon'ble Sri. A. J. John:** There also the rate is lower.

*The amendment was put and lost*

**Sri. A. Nesamony:** My amendment Nos. 21, 24, 27 and 29 are intended to set a limit on Rs. 500 on which the Court fee is payable. The Hon'ble Finance Minister was telling us that he was following the Provinces so far as fixing the amount on which court fee is payable. I wish to draw the attention of the House to the fact that this amendment, *i.e.*, amendment No. 21 is based upon the provision made in the Madras Province. The Small Cause Courts in the Madras Presidency can deal with up to only Rs. 500. So, the value of the court fee for courts which come under the jurisdiction of the Small Cause Courts Act is different from the fees prescribed in the Civil Courts. I will refer the Hon'ble Finance Minister to the Madras Court Fee Amendment Act of 1922. Article 2 of Schedule I to that Act states "plaint or written statements, pleading on such offers counterclaim presented to court outside the Presidency Town in any suit of the natures cognisable by court of small causes, when the amount or value of the subject matter does not exceed Rs. 500". It would be seen from the schedule of court fees that only 7½ per cent is charged as ad-valorem fee. But on plaints, etc., mentioned in article 1 of the said schedule it is seen that 11 1/5th per cent is levied as court fee. But under article 2 of the schedule it is seen that only 7½ per cent is levied as court fee. There is a different schedule also for it. So that, in courts which are not restricted by small cause jurisdiction the amount of court fee levied is higher than in courts which have jurisdiction to try cases involving up to Rs. 500. That is why I am proposing by this amendment to bring this provision in line with what is obtaining in the Madras Province by substituting the scale of fees up to Rs. 500. That would work up at the rate of 5 per cent as it is at present, because the disparity in the rate of court fee levied under small cause jurisdiction and general jurisdiction vary almost up to the extent of 3½ per cent to 4 per cent. We have got only 7½ per cent. Therefore, I move that 5 per cent, that is the existing rate may be fixed as court fee up to an amount of Rs. 500.

**ബഹു. ശ്രീ. എ. ജെ. ജോൺ:** ഞാൻ ആ ഭേദഗതിയേയും എതിർക്കുന്നു. ഇവിടെ പ്രത്യേകം സ്മാൾ കാസ് ജൂറിസ്ഡിക്ഷൻ ഇല്ല. മുൻസിഫ് കോടതിക്കും ജില്ലാക്കോടതിക്കും സ്മാൾ കാസ് ജൂറിസ്ഡിക്ഷൻ കൊടുത്തിരിക്കുകയാണ്. സ്മാൾ കാസ് കോടതികൾ ഇവിടെ സ്ഥാപിക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ചതുപോലെയുള്ള ഭേദഗതി അന്നു വരുത്താവുന്നതാണ്. ഇപ്പോൾ ഈ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല.

Amendments Nos. 21, 24, 27, 29 & 30 were put and lost.

**ശ്രീ. എ. കെ. പാച്ചുപിള്ള:** ഈ ഭേദഗതി നമ്പർ ൩൧ ഞാൻ മൂവു ചെയ്യുന്നില്ല.

The question that articles 1 to 4 of schedule I do form part of the Bill was put and carried.

*The articles were added to the schedule I.*

**Sri. A. K. Pachu Pillai:** I move "In schedule I, article 5, under proper fee substitute for 'ten rupees' 'one fourth of the fee leviable on the vaue of the property awarded'.

അധികമായി എനിക്ക് ഒന്നും പറയുവാനില്ല. പത്തുരൂപാ കൊടുക്കുന്നതിനു പകരം നാലിൽ ഒന്നു ഭാഗം എന്നു മാററണമെന്നാണ് ഞാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത് ഫിനാൻസ് മിനിസ്റ്റർ അംഗീകരിച്ചാൽ കൊള്ളാം.

ബഹു. ശ്രീ. എ. ജെ. ജോൺ: ഞാൻ ഇതിനെ എതിർക്കുന്നു.

*The amendment was put to vote and lost*

**Sri. A. K. Pachu Pillai:** I move that in Schedule I article 6 under proper fee add the word 'half' before the word 'the'. ഇതിന്റെ ഉദ്ദേശം ഇത്രയുള്ളു. അതായത്, ഒരു പീനൽ കോടതിയുടെ സഹായത്തോടുകൂടിയല്ലാതെ എന്തെങ്കിലും ഫയൽ ചെയ്യുകയാണെങ്കിൽ, മുഴുവൻ ഫീസും കൊടുക്കേണ്ട, പകുതി ഫീസ് കൊടുത്താൽ മതി എന്നാണ്. കോടതിയുടെ സഹായത്തോടുകൂടിയാണെങ്കിൽ മുഴുവൻ ഫീസും കൊടുക്കണം. ഇതാണ് ഭേദഗതി.

ബഹു. ശ്രീ. എ. ജെ. ജോൺ: ഞാൻ ഇതിനെയും എതിക്കുന്നു.

*The amendment was put to vote and lost*

The question that articles 5 to 12 of Schedule I do form part of the Bill was put to the House and carried.

*The articles were added to the Schedule to the Bill*

**Sri. K. P. Nilakanta Pillai:** I move that in Article I (c) Schedule II substitute '8 annas' for two rupees under proper fees.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഏതെങ്കിലും ഒരു അപേക്ഷ അയയ്ക്കുന്നതിനു രണ്ടുരൂപാ കൊടുക്കണമെന്നു പറയുന്നത് കഷ്ടം തന്നെയാണ്. മുമ്പ് അരരൂപയായിരുന്നു. ഇങ്ങനെ അയയ്ക്കുന്ന അപേക്ഷകളിൽ നൂററിനു തൊണ്ണൂറും ഉപയോഗമില്ലാതെ തള്ളിക്കളയും. എന്നാൽ ആ അപേക്ഷകൾ ഫയലിൽ എങ്കിലും ഇരിക്കുന്നതിന് എട്ടണ പോരാ എന്നു പറയുന്നത് വളരെ വളരെ കഷ്ടമാണ്. അത് ദയവായി ഒന്നു ആലോചിക്കണം.

ബഹു. ശ്രീ. എ. ജെ. ജോൺ: ഇതിനെയും ഞാൻ എതിർക്കുന്നു. May I bring to the notice of the Hon'ble Member that under schedule II 1 (c) of the present Act it is provided that "when any application of petition is presented to Government or to any Chief Officer charged with the executive administration of a Division and not otherwise provided for by this Act" the fee shall be two rupees.

*The amendment put to vote and lost*

**Sri. A. K. Pachu Pillai:** I move that in Schedule II article IV delcte "one rupee" under proper fee and substitute the word 'nil'.

ഈ ഭേദഗതി ഇവിടെ ഹാജരാക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന തത്വം സഭയും സ്പീക്കറും മനസ്സിലാക്കേണ്ടതാണ്. ഫിനാൻസ് മിനിസ്റ്റർ അവർകൾ പറയുകയുണ്ടായി ബഡ്ജററിൽ പുതിയതായി യാതൊരു കരവും ഉദ്ദേശിച്ചിട്ടില്ലെന്ന്. എന്നാൽ ഇങ്ങനെ ഫീസും മററും അനാവശ്യമായി കൂട്ടി കൊണ്ടുപോകുന്ന ഒരു ഏർപ്പാടാണ് ഈ ബില്ലിൽ നിന്നും കണ്ടുവരുന്നത്. ഇത് അദ്ദേഹത്തിന്റെ ബഡ്ജററു പ്രസംഗത്തിനു വിപരീതമാണ്. ഇപ്പോഴത്തെ ഈ നിയമം ക്രിമിനൽകോടതികളിൽ ഹാജരാകുന്ന വക്കീലന്മാരെയും കക്ഷികളെയും ഒരുപോലെ ബാധിക്കുന്ന ഒന്നാണ്. ജാമ്യക്കാർ ജാമ്യം എഴുതി വയ്ക്കുമ്പോൾ ഒരു രൂപാകൂടെ കെട്ടിവയ്ക്കണമെന്നു പറയുന്നത് ഇതുവരെ നിയമത്തിൽ ഇല്ലായിരുന്നു.

ക്രിമിനൽ കോടതികളിൽ ഹാജരാക്കപ്പെടുന്ന കക്ഷികൾ സാധാരണ ധനവാന്മാരല്ല. നൂറു കക്ഷികളുണ്ടെങ്കിൽ അതിൽ തൊണ്ണൂററിയഞ്ച് ആളുകളും നിയമപരിജ്ഞാനം ഇല്ലാത്തവരും നിർദ്ധനരുമായിരിക്കും. നൂറുക്ക് അഞ്ചെണ്ണത്തിൽ കൂടുതൽ പ്രതികൾ ഒരിക്കലും പണക്കാരായിരിക്കുകയില്ല. അങ്ങിനെയുള്ള സാധുക്കളിൽനിന്നു പുതുതായി ഇങ്ങനെ ഒരു നിയമം ഏർപ്പെടുത്തി നികുതി ഈടാക്കുന്നത് കഷ്ടമാണ്. ഒരു ബെയിൽബാണ്ട് എഴുതിവയ്ക്കുന്നതിനു ജാമ്യക്കാരനെ കിട്ടണമെങ്കിൽതന്നെ എന്തുമാത്രം ബുദ്ധിമുട്ടുണ്ടെന്ന് അനുഭവമുള്ള വക്കീലന്മാർക്ക് മാത്രമേ മനസ്സിലാകയുള്ളു. അങ്ങിനെ വളരെ ബുദ്ധിമുട്ടി ജാമ്യം എഴുതിവയ്ക്കാൻ ഒരാളെ കൊണ്ടുവന്നാൽ അതെഴുതിവയ്ക്കുന്നതിന് ഒരു രൂപകൂടി ഇല്ലായ്കയാൽ ജാമ്യംതന്നെ കിട്ടാതെ ആ കക്ഷി ജയിലിലേക്ക് അയക്കപ്പെടുകയാണ് ഈ നിയമംകൊണ്ട് വരാൻപോകുന്നത്. ഒരാൾ റോഡിൽ ഇടത്തുവശത്തുകൂടി പോകുന്നതിനു പകരം വലത്തുവശത്തുകൂടി പോയി എന്നുവരാം. അതുപോലെ എന്തെങ്കിലും സാങ്കേതികമായ കാര്യങ്ങൾക്ക് ചിലപ്പോൾ പോലീസുകാർ ചിലരുടെ മേൽ കേസുകൾ ചാർജ്ജുചെയ്യാറുണ്ട്. പോലീസുകാർ ആ കക്ഷിയെ കോടതിയിൽ ഹാജരാക്കി

[Sri. A. K. Pachu Pillai]

യാൽ എന്തെങ്കിലും കാരണവശാൽ അന്നു കേസ് എടുക്കാതെ അടുത്തദിവസത്തേക്കു മാററി എന്നും വരാം. അയാൾക്കു ഒരു രൂപ കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ജാമ്യം എഴുതി വയ്ക്കാൻ ആളുണ്ടായാലും സാദ്ധ്യമല്ലെന്നുവരും. ആ കേസിൽ ചിലയവസരങ്ങളിൽ അയാളെ ശിക്ഷിക്കുന്നതു് ഒരു നാലണയോമറേറാ ആയിരിക്കും. അങ്ങിനെ നാലണ ശിക്ഷിക്കപ്പെടുന്ന ഒരാളിനു് ജാമ്യം എഴുതി വയ്ക്കണമെങ്കിൽ ഒരു രൂപ കൊടുക്കണം എന്നു വയ്ക്കുന്നതു് ആനുപാതികമായി നോക്കുമ്പോൾ യാതൊരു പൊരുത്തവുമില്ലാത്ത ഒരു സംഖ്യയാണു്. ഒരു രൂപ ഇങ്ങനെ കാണംപോലെ കൊടുക്കണമെന്നു പറയുന്നതു വളരെ സങ്കടകരമാണു്. തീർച്ചയായും ഈ നിയമം പിൻതള്ളേണ്ടതാണു്. മുമ്പിലത്തെ നടപ്പുനോക്കിയാലും ബഹു. ധനകാര്യമന്ത്രി തന്നിട്ടുള്ള ഉറപ്പിനെ ആസ്പദമാക്കി നോക്കിയാലും ഇതു് ഒരിക്കലും സ്വീകരിക്കത്തക്കതല്ല. മുമ്പത്തെ നിയമത്തിലും ഇങ്ങനെ ഒരു വ്യവസ്ഥ ഉണ്ടായിരുന്നില്ല. അതുകൊണ്ടു് എന്റെ ഭേദഗതി സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു. ബഹു. മന്ത്രിയും ഈ സഭയും അതിനോടു അനുകൂലിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ശ്രീ. എ. കെ. പാച്ചുപിള്ളയുടെ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. ക്രിമിനൽ കോടതികളുമായി പല രൂപത്തിൽ കുറെയധികം പരിചയമുള്ള ഒരു വ്യക്തിയാണു് ഞാൻ. അദ്ദേഹം പറഞ്ഞതായ ന്യായങ്ങളെ മാത്രമല്ല, ഈ വസ്തുതയെ സംബന്ധിച്ചിടത്തോളം നാം പര്യാലോചിക്കേണ്ടതായിട്ടുള്ളതു്. നിയമം പരിഗണിക്കാതെ നിയമവിരുദ്ധമായിത്തന്നെ പണം പിടിച്ചുപറിക്കുന്ന ജഡ്ജിമാരും മജിസ്ട്രേട്ടന്മാരും ഉള്ള ഈ രാജ്യത്തു്, അതിനു് നിയമപരമായി ഒരു സൗകര്യംകൂടി ഉണ്ടാക്കിക്കൊടുക്കുകയാണെങ്കിൽ ഉണ്ടാകുന്ന ആപത്തെന്തായിരിക്കുമെന്നു നാമെല്ലാം ഒന്നു ചിന്തിച്ചു നോക്കേണ്ടതുണ്ടു്. ഇപ്പോൾതന്നെ കോടതികളിൽ പടി ഒടുക്കുകയാണെങ്കിൽ അതു് സാക്ഷിക്കും കൊടുക്കുകയില്ല, വാദിക്കും കൊടുക്കുകയില്ല, പ്രതിക്കും കൊടുക്കുകയില്ല, വക്കീലിനും കൊടുക്കുകയില്ല. ഒടുവിൽ, ആണ്ടവസാനത്തിൽ കണക്കുകൂട്ടി ഗവൺമെണ്ടിലേക്കു മുതൽകൂട്ടും. നിയമപ്രകാരം ഒരു കേസിൽ എത്രതന്നെ പ്രതികൾ ഉണ്ടായിരുന്നാലും ജാമ്യാപേക്ഷ എല്ലാവർക്കുംകൂടി ഒന്നും, അതിലേക്കു ഒരു അരരൂപാ സ്റ്റാമ്പും മതിയെന്നിരിക്കെ പ്രതികളുടെ എണ്ണമനുസരിച്ചു അരരൂപാ സ്റ്റാമ്പുകൾ ഈടാക്കിവരുന്ന ന്യായാധിപന്മാരുള്ള രാജ്യമാണിതു്. ഇത്തരത്തിലുള്ള ന്യായാധിപന്മാരുള്ള ഈ രാജ്യത്തിൽ ഈവിധം ഒരു നിയമംകൂടി ഉണ്ടാക്കിവെച്ചാലുള്ള കഥ ഊഹിക്കുന്നതാണു് നന്നു്. ശ്രീ. എ. കെ. പാച്ചുപിള്ള പറഞ്ഞതുപോലെ വഴിയെ വെറുതെ പോകുന്ന ഒരുവനെപിടിച്ചു് ഒരു പോലീസുകാരൻ കോടതിയിൽ ഹാജരാക്കിയാൽ ആ മനുഷ്യനുവേണ്ടി ജാമ്യമെഴുതിവെയ്ക്കാൻ ഒരു രൂപാ വേണമെന്നാണു് വന്നിരിക്കുന്നതു്. ലാക്കപ്പിൽ കിടക്കുന്ന ഒരുവനുവേണ്ടിയാണു് ജാമ്യം എഴുതിവെയ്ക്കേണ്ടതു്. ഇന്നിവിടെ എഴുതിക്കൊണ്ടുവന്നിരിക്കുന്ന രീതിയിൽ നിയമം പാസാകുകയാണെങ്കിൽ മിക്കവാറും എല്ലാവരും രണ്ടോ മൂന്നോ ജാമ്യക്കച്ചീട്ടിനു് ആവശ്യമുള്ള രൂപായും ജാമ്യക്കാരുമായേ വെളിയിലിറങ്ങാവു് എന്നുവരും. ഇവിടുത്തെ പോലീസിന്റെ നടപടി എങ്ങനെയെന്നു നോക്കിയാൽ വളരെ വിചിത്രമാണു്. റോഡരികിലുള്ള മതിലിൽ 6 അടി പൊക്കത്തിൽ പ്ലാക്കാർഡുകൾ ഒട്ടിച്ചു് വാഹനങ്ങൾക്കും ആളുകൾക്കും ഗതാഗതത്തിനും തടസ്ഥമുണ്ടാക്കിയെന്നു കേസ്സ് ചാർജ്ജുചെയ്യുന്ന അയോഗ്യന്മാരായ പോലീസുദ്യോഗസ്ഥന്മാരും ഈനാട്ടിലുണ്ടു്. അത്തരക്കാരനായ ഒരു പോലീസുദ്യോഗസ്ഥൻ നിരപരാധിയായ ഒരുവനെ എന്തെങ്കിലും കാരണം പറഞ്ഞു കോടതിയിൽ ഹാജരാക്കിയിട്ടു കൂട്ടിൽകയറി എന്തെങ്കിലും പറഞ്ഞാൽ പ്രതിയെ ശിക്ഷിക്കുന്നതിനും മജിസ്ട്രേട്ടന്മാർ ഇവിടെയുണ്ടു്. വാസ്തവത്തിൽ ഒരു കുററവും ചെയ്യാത്തവനായിരിക്കും അയാൾ. കേസുനടത്തി ആ മനുഷ്യൻ നിരപരാധിത്വം തെളിയിക്കാമെന്നു കരുതിയാൽ ആ സാധുവിനു് ജാമ്യം കൊടുക്കാൻ ഒരാളെ കിട്ടുന്നതുതന്നെ വലിയ വിഷമമാണു്. എങ്ങനെയെങ്കിലും ജാമ്യംകൊടുക്കുന്നതിനു് തയാറുള്ള രണ്ടോ മൂന്നോ വ്യക്തികളെ സമ്പാദിച്ചു അവരെ കോടതിയിൽ കൊണ്ടുവന്നാൽമാത്രം പോരാ, ജാമ്യം എഴുതിവെയ്ക്കാൻ അവരെ അനുവദിക്കണമെങ്കിൽ ഓരോ ജാമ്യക്കാരനും ഓരോ രൂപാകൂടി കൊടുക്കണമെന്നാണു് ഈ വിഭാഗം ആവശ്യപ്പെടുന്നതു്. ജാമ്യക്കച്ചീട്ടിനു് ഫീസില്ലാത്ത ഇക്കാലത്തുപോലും ഒരു നല്ല കാണിക്ക നൽകാതെ ജാമ്യത്തിലിറങ്ങാൻ സാധിച്ചിട്ടുള്ള പ്രതികൾ ഈരാജ്യത്തു വളരെ അപൂർവ്വമാണു്. എന്റെ കൊച്ചീസ്നേഹിതക്കു് ഇതു കേട്ടാൽ അത്ഭുതം തോന്നുമായി

രിക്കാം. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനവൻെറ നോട്ടം കണ്ടിട്ട് എനിക്കു അങ്ങനെ തോന്നുന്നു. ഇവിടെ ഇതല്ല, ഇതിനപ്പുറവും നടന്നുകൊണ്ടിരിക്കുകയാണ്. ജാമ്യം എഴുതികൊടുത്താൽ വെളിയിൽ വരണമെങ്കിൽ അതിനും കുറെ സ്ഥലത്തു കാണിക്ക ഇടണം. അങ്ങനെയുള്ള ഈ രാജ്യത്തു നിയമപ്രകാരംതന്നെ പിടിച്ചുപറിക്കാനുള്ള ഒരു സൌകര്യം ഉണ്ടാക്കിവെയ്ക്കുകയാണെങ്കിൽ നാട്ടുകാർക്കു കിടന്നു പിഴയ്ക്കാൻ നിവൃത്തിയില്ലാതെവരും. സകലതിനും പിടിച്ചുപറിതുടങ്ങും. ഇങ്ങനെ ഒരു നിയമമുണ്ടാക്കാൻ ഗവമെൻ്റിനു അത്രയ്ക്കു ദാരിദ്ര്യം വന്നുപോയോ എന്നാണ് ഞാൻ ചോദിക്കുന്നതു്? ന്യായം നടത്തിക്കിട്ടുന്നതിന് അവശ്യം ചെലവുകൾ ചെയ്യുന്നതിനു പണം ഇല്ലാത്തവർക്കു നല്ല വക്കീലിനെ വെച്ചു കേസുനടത്തിക്കുന്നതിന് അവശ്യം വേണ്ട സൗജന്യം നൽകുന്ന ഒരു കടമ ഗവമെൻ്റിനുണ്ട്. അപ്രകാരം ചില അവസരങ്ങളിൽ നടത്തുന്നുമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ഇതാണോ സൗജന്യം! വക്കീലന്മാരെവെച്ചു കേസുനടത്താൻ പണം ഇല്ലാത്തവർക്കു പ്രധാനപ്പെട്ട കേസുകളിൽ ഗവമെൻ്റ് കേസ് നടത്തിക്കൊടുക്കണമെന്നു നിയമമുള്ളപ്പോൾ, ജാമ്യത്തിനുവേണ്ടി വാദിക്കുന്ന ജോലി പ്രതിഫലംകൂടാതെ നടത്താമെന്ന് ഒരു വക്കീൽ ദയവായി സമ്മതിച്ചാൽതന്നെ ജാമ്യക്കച്ചീട്ടെഴുതിവെയ്ക്കാൻ ആവശ്യമുള്ള രൂപയില്ലാത്തതിനാൽമാത്രം പ്രതികൾ ലാക്കപ്പിൽതന്നെ കഴിയേണ്ടിവരുന്നതിനും; തന്മൂലം ഒരു 'മിസ് കാരേജ് ആഫ് ജസ്റ്റീസ്' ഉണ്ടാകുന്നതിനും ഇടവരുന്നതാണ്. ജാമ്യം നില്ക്കാൻ തയാറായിവരുന്നവർ ഓരോ രൂപാ കൊണ്ടുവരണമെന്നാവശ്യപ്പെടുന്ന ഈ നിയമം, ആളുകളിൽനിന്നും ഏതുവിധേനയെങ്കിലും കുറെ പണം പിടിച്ചുപറിക്കണമെന്ന ഉദ്ദേശത്തോടു മാത്രം എഴുതിച്ചേർത്തിരിക്കുന്നതാണെന്നു തോന്നുന്നു. ആരെങ്കിലും വല്ല അബദ്ധവും എഴുതിവെച്ചതിനെ ശരിയായി നോക്കാതെ അതേരൂപത്തിൽ ഇവിടെ കൊണ്ടുവന്നു് എങ്ങനെയെങ്കിലും പാസാക്കി നാട്ടുകാരെ ദ്രോഹിക്കാതിരിക്കണമെന്നു എനിക്കു ബഹുമാനപ്പെട്ട നിയമവകുപ്പു മന്ത്രിയോട് അപേക്ഷയുണ്ട്. ഈ ഭേദഗതിയെങ്കിലും സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: സർ, എനിക്ക് ഈ അമൻറ്മെൻറിനെപ്പററി കൂടുതലായി ഒന്നും പറയാനില്ല. നാട്ടിൽ ജോലിയില്ലാതെ ആഹാരത്തിന് വഴികാണാതെ ധാരാളം ആളുകൾ ഉള്ള കാലമാണ്. അങ്ങിനെയുള്ളവർ വഴിയിൽകാണുന്ന ഒരു പോലീസുകാരൻെറ കയ്യിൽ നാലണവെച്ചുകൊടുത്ത് ഒരു ന്യൂയിസൻസ് ചാർജ്ജു ചെയ്യിച്ചു കോടതിയിൽ കൊണ്ടുപോയാൽ ശിക്ഷിക്കും. ജാമ്യത്തിന് ഒരു രൂപ കയ്യിൽ ഇല്ലെന്നു പറയും. അപ്പോൾ ജാമ്യം കൊടുക്കാത്തതുകൊണ്ട് ഒരു ദിവസത്തേക്ക് അയാൾക്കു ഊണ് കൊടുക്കുന്നതിന് ഗവമെൻ്റ് രണ്ടു രൂപ ചെലവാക്കേണ്ടിവരും. ആ നിലയിൽ ഈ വകുപ്പ് ആപൽക്കരവും അനാവശ്യവും ഗവമെൻ്റിന് നഷ്ടം വരുത്തുന്നതുമാണ്. മനുഷ്യൻെറ സ്വാതന്ത്ര്യത്തിൽ കൈവെയ്ക്കരുത്. ക്രിമിനൽ ലാ അനുസരിച്ചു കേസ്സിൽ ഉൾപ്പെടുന്നവർ കുററം തെളിയുന്നതുവരെ നിരപരാധികളായിട്ടാണ് കണക്കാക്കുന്നതു്. അങ്ങിനെയിരിക്കുമ്പോൾ ജാമ്യം കിട്ടണമെങ്കിൽ ഒരു രൂപ കൊടുക്കണമെന്നുള്ള വലിയ കഷ്ടമാണ്. മാത്രമല്ല, ലാക്കപ്പുകളിൽ സ്ഥലവും കുറവാണ്. സബ്ജെയിലുകൾ ഉണ്ടാക്കിയതിനുശേഷം ഇതു് ചെയ്താൽ പിന്നെയും തരക്കേടില്ല. അതുകൊണ്ട് ഈ അമെൻറമെൻറ് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

**Sri. A. Nesamony:** In support of this amendment I just want to say a few words. This question seems to be peculiar to Travancore. In the old Court Fees Act, it is simply said, "Bail Bond". It is not qualified by any other words as it is now done here especially "in pursuance of the order made by the Court under any section of the Travancore Criminal Procedure Code". It seems to be an innovation. It is a thing which makes us all afraid of it. In schedule II of the Indian Union Court Fees Act, this clause occurs as article 6. There too, we don't find this phraseology. It seems to have been drawn from Article 6 and the fee prescribed there is only eight annas whereas in Travancore the fee that is sought to be levied is one rupee. Therefore it requires a lot of clarification on the part of the Treasury Benches to allay the fears of the litigant public that it is not every order for bail that is now sought to be taxed, but only under particular Sections of the Criminal Procedure Code.—probably under Section 103 or 106. That is a thing that has to be clarified. Even in the matter of the amount, it is seen that the amount in Travancore is higher than that fixed in the Indian Union itself.

ബഹു. ശ്രീ. എ. ജെ. ജോൺ: ഇതുപോലെയുള്ള ഒരു വ്യവസ്ഥ വേറെ എങ്ങുമില്ലെന്നു പറയുന്നതു ശരിയല്ല. മദ്രാസ് ആക്ടിലുള്ളതു ഞാൻ വായിക്കാം.

[Sri. A. J. John]

"Matters of Court Fees Act, bail bonds, or other instruments of obligation given in pursuance of an order made by a court or Magistrate under any Section of the Code of Criminal Procedure or the Code of Civil Procedure and not otherwise provided for in this Act"

ഇതിനു് അനുസരണമായ ഒരു വ്യവസ്ഥ മാത്രമെ ഇവിടേയും ചെയ്തിട്ടുള്ളു. എന്നാൽ ബഹു. മെമ്പർ ഈ വ്യവസ്ഥ എടുത്തുകളയണമെന്നു നിർബ്ബന്ധമായി അഭിപ്രായപ്പെടുന്ന സ്ഥിതിക്കു് അതു് എടുത്തുകളയുന്നതിൽ എനിക്കു വിരോധമില്ല. ആ അമെൻഡ്മെൻറ് സ്വീകരിച്ചിരിക്കുന്നു.

That amendment is accepted so far as it relates to a Criminal Court. The original bill contains this provision: "Bail bond or other instrument of obligation given in pursuance of an order made by a civil court that will stand."

Hence the substitution is:—"Bail bond or other instrument of obligation given in pursuance of an order made by a civil court—half rupeee".

**Mr. Speaker:** The latter part of the amendment that is accepted by the Hon'ble Minister would limit the scope of the amendment. Does the member disagree?

**Sri. A. K. Pachu Pillai:** No.

The question that schedule II as amended and schedule III do stand part of the Bill was put and carried.

Schedule II as amended and schedule III were added to the Bill.

The question that the preamble do stand part of the Bill was put and carried.

The preamble was added to the Bill.

The question that the title do stand part of the Bill was put and carried.

The title was added to the Bill.

**The Hon'ble Sri. A. J. John:** I move that the Bill be passed with the following amendments:—

(1) In clause I subclause (1), for the figure "1124", substitute "1125".

(2) In clause I sub-clause (3), for the words "at once", substitute "on such date as the Government may, by notification in the Government Gazette, appoint".

(3) In Schedule I, for the words 'In this Schedule, substitute 'in the Schedule'.

The question that the Bill, with the above amendments, be passed was put and carried.

The Bill was passed.

### The United State of Travancore and Cochin Suits Valuation Bill

**Hon'ble Sri. A. J. John:** Sir, I move that the United State of Travancore and Cochin Suits Valuation Bill as reported by the Select Committee be taken into consideration.

**Hon'ble Sri. Panampilli Govinda Menon:** I Second it.

The question that the United State of Travancore and Cochin Suits Valuation Bill as reported by the Select Committee be taken into consideration was put and carried.

### Clause 2

**The Sri. K. P. Nilakanta Pillai:** Sir, I move.

Add the following as clause 2 and re-number the remaining clauses.—

"United State means the United State of Travancore and Cochin".

Sir, in the Stamp Bill and Court Fees Bill I tabled the same amendment. On the court fees bill my amendment was negatived, I moved the amendment for the purpose of clarification of provisions in the Bill. I consider that for a proper understanding of the clauses of the bill, a definition such as the one proposed by me is very necessary. The official member in cherge of the Bill may say that the definition is contained in the Stamp Bill and the other Bill and that therefore it is sufficient for the purpose. I do not agree with him in this view. I think I have a greater responsibility in the matter and hence I formally move this amendment for due acceptance by the House.

**Sri. V. Gangadharan Nayar:** I second it.

**Hon'ble Sri. A. J. John:** I accept that amendment.

The question that Clause 2 as proposed in the above amendment forms part of the Bill was put and carried.

*Clause 2 was added to the Bill.*

**Mr. Speaker:** There are no amendments to clauses 3, 4 & 5.

The question that clauses 3, 4 & 5 form parts of the Bill was put and carried.

Clauses 3, 4 & 5 were added to the Bill.

**Mr. D. Gnanasigamony:** I do not move my amendment.

The question that Clause 6 forms part of the Bill was put and carried.

Clause 6 was added to the Bill.

**Mr. Speaker:** There are no amendments to the remaining clauses.

The question that Clauses 7 and 8 form part of the Bill was put and carried.

Clauses 7 and 8 were added to the Bill.

The question that the Preamble forms part of the Bill was put and carried.

The preamble was added to the Bill.

The question that the Title forms part of the Bill was put and carried.

The title was added to the Bill.

**The Hon'ble Sri. A. J. John:** I beg to move that the Bill be passed with the following amendments:—

(1) In clause 1, sub-clause 1, for the figure '1124' substitute the figure '1125'.

(2) In cl use 1, sub-clause 3, for the words 'at once' substitute the words 'on such date as the Government may, by notification in the Government Gazette, appoint'.

**The Hon'ble Sri. Panampilli Govinda Menon:** I second it.

**Sri. K. P. Nilacanta Pillai:** Sir, my amendment was accepted.

**Mr. Speaker:** Yes.

The question that the Bill be passed with the above amendments, inclusive of Sri. K. P. Nilacanta Pillai's amendment that was accepted, was put and carried.

The Bill was passed accordingly.

### The United State of Travancore and Cochin Sales-Tax (Amendment) Bill.

**The Hon'ble Sri. A. J. John**: Sir, I beg to move that the Sales-Tax (Amendment) Bill as reported by the Select Committee be taken into consideration.

**The Hon'ble Sri. Panampilli Govinna Menon**: I second it.

The question that the United State of Travancore and Cochin Sales-Tax (Amendment) Bill as reported by the Select Committee be taken into consideration was put and carried.

**Sri. K. P. Nilakanta Pillai:** Sir, I move: Delete clauses 2 and 5 and renumber the existing clause 3 as clause 2, clause 4 as clause 3 and clause 6 as clause 4.

സർ, ചാരായത്തിനും വിദേശമദ്യത്തിനും സെയിൽസ് ടാക്സ് ഏർപ്പെടുത്തുന്നതുകൊണ്ടു തരക്കേടില്ല. എന്നാൽ പെട്രോളിനു ടാക്സ് ഏർപ്പെടുത്തുന്നതു ശരിയാണെന്നു പറഞ്ഞുകൂടാ. സാധാരണ പണക്കാരാണ് പെട്രോൾ ഉപയോഗിക്കുന്നതെന്നു പറയും. അതിന്റെ മറുവശംകൂടി ബഹു. മെമ്പറന്മാർ ചിന്തിക്കണം. പെട്രോളിനു സെയിൽസ് ടാക്സ് ചുമത്തിയാൽ സാധുക്കൾക്കാണ് കഷ്ടപ്പാടുണ്ടാകുന്നത്. ബസ്സിൽ സഞ്ചരിക്കുന്നവരെല്ലാം ചാർജ്ജു കൂടുതൽ കൊടുക്കേണ്ടിവരും. സ്വന്തമായി പ്ലഷർ കാർ ഇല്ലാത്തവരെല്ലാം ബസ്സിലാണ് യാത്രചെയ്യുന്നത്. ഇപ്പോൾ സാധാരണയായി കാളവണ്ടിയോ കുതിരവണ്ടിയോ ഒന്നും ഉപയോഗിക്കുന്നില്ല. അതുകൊണ്ട് ബസ്സുകളുടെ ചാർജ്ജു കൂടും. പെട്രോൾ വലിയ ആളുകൾ ഉപയോഗിക്കുന്നതാണെന്നു വിചാരിച്ചു തള്ളാതെ അതിനു ടാക്സ് ഈടാക്കണമോ എന്ന് അവധാനമായി ചിന്തിക്കണം. പ്ലഷർ കാറുകൾക്കു ലൈസൻസു ഫീസും, നികുതിയും കൊടുക്കുന്നുണ്ട്. കൂടുതൽ കൂടുതൽ സുഖം അനുഭവിക്കുന്നതിന് അതു കൊടുക്കണം. അതുകൊണ്ട് എനിക്കു പറയാനുള്ളതു് സാധുക്കളായ ആളുകളുടെമേലുള്ള നികുതിഭാരം വർദ്ധിപ്പിക്കരുതെന്നാണ്. ഇതു് സഭയുടെ അംഗീകാരത്തിനായി ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ പിൻതാങ്ങിക്കൊണ്ടു രണ്ടുവാക്ക് അതിനെപ്പററി സംസാരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

സർ, ഇപ്പോൾ നിലവിലിരിക്കുന്ന ബസ്സ്ചാർജ്ജു കൂടുതലാണെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. ഇനി പെട്രോളിനു ടാക്സ്കൂടി വരുമ്പോൾ ചാർജ്ജ് ഇന്നത്തേതിലും വർദ്ധിക്കും. യാത്രക്കാരെ മാത്രമല്ല, ദൂരദിക്കിൽനിന്നും ആഹാരസാധനങ്ങളും വിറകു മുതലായ മററുസാമാനങ്ങളും ലോറികളിൽ കൊണ്ടുവരുന്ന ആളുകളേയും ഇതു ബാധിക്കും. ഒരു

[Sri. A. K. Pachu Pillai]

ഗ്യാലൻ പെട്രോൾകൊണ്ടു പതിനഞ്ചോ ഇരുപതോ മൈൽ മാത്രമേ ഓടുകയുള്ളു എന്നാണു് കാണുന്നതു്. നാല്പതും അൻപതും മൈൽ ദൂരെനിന്നും ഭക്ഷണസാധനങ്ങളും മററും കൊണ്ടുവരേണ്ട ഒരു കാലമാണിതു്. പെട്രോൾ ഉപയോഗിക്കുന്നതനുസരിച്ചു സാധനങ്ങളുടെ വില കൂടിവരും. അതു സാധുക്കളെ മാത്രമല്ല ധനവാന്മാരെയും ബാധിക്കുന്ന ഒന്നാണു്. അതുകൊണ്ടു് ഈ അമെൻഡ്മെൻറു സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

ബഹു. ശ്രീ. എ. ജെ. ജാൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഗ്യാലനു് ഒൻപതു പൈസയാണു് ടാക്സു് വച്ചിരിക്കുന്നതു്. ഇവിടെ ബഹു. അംഗങ്ങൾ മുമ്പു പറഞ്ഞിട്ടുള്ളതു് ധനവാന്മാരെ ടാക്സു് ചെയ്യണമെന്നാണു്. ഈ ഒൻപതു പൈസ സെയിൽസ് ടാക്സു് പെട്രോളിനു വയ്ക്കുന്നതുകൊണ്ടു യാത്രക്കാരോടു കൂടുതലായി കൂലി വാങ്ങുമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. പെട്രോളിനു ടാക്സു് ഏർപ്പെടുത്തുന്നതുകൊണ്ടു ധനവാന്മാരിൽനിന്നു തന്നെയാണു് അധികവും ടാക്സു് ഈടാക്കുന്നതു. അതുകൊണ്ടു ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that clauses 2 to 6 stand part of the Bill was put and carried.

*Clauses 2 to 6 were added to th. Bill.*

The question that the Preamble forms part of the Bill was put and carried.

*The Preamble was added to the Bill.*

The question that the Title forms part of the Bill was put and carried.

*The Title was added to the Bill.*

**The Hon'ble Sri. A. J. John :** Sir, I now move that the Bill be passed with the following amendments:—

In Clause 1, sub-clause 1, for the figure '1124' substitute the figure '1125'.

**The Hon'ble Sri. Panampilli Govinda Menon :** I second it.

The motion that the Bill be passed subject to the above amendment was put and carried.

*The Bill was passed.*

**Announcement of the result of election to the Public Accounts Committee**

മി. സ്പീക്കർ: സഭ പിരിയുന്നതിനുമുമ്പു് ഒരു പ്രസ്താവന ചെയ്യുവാനുണ്ടു്.

പബ്ലിക്ക് അക്കൌണ്ട്സ് കമ്മിററിക്കുള്ള തിരഞ്ഞെടുപ്പിനു് ഏഴു സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം കിട്ടിയെങ്കിലും അവരിൽ ഒരു സ്ഥാനാർത്ഥിയായ ശ്രീ. ചേലാതിറാവുത്തർ സ്ക്രൂട്ടിനിക്കുശേഷം അദ്ദേഹത്തിൻെറ സ്ഥാനാർത്ഥിത്വം പിൻവലിച്ചിരിക്കുന്നതായി അറിയിച്ചിട്ടുള്ളതിനാൽ വോട്ടിങ്ങു ആവശ്യമില്ലാതായിരിക്കുന്നു. അതുകൊണ്ടു ബാക്കിയുള്ള താഴെ പറയുന്ന ആറംഗങ്ങളെ പബ്ലിക്ക് അക്കൌണ്ട്സ് കമ്മിററിയിലേക്കു തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായി പ്രഖ്യാപിക്കുന്നു.

൧. ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ.
൨. ,, പി. താണുലിംഗനാടാർ.
൩. ,, പാൾ തളിയത്തു്.
൪. ,, എം. സി. മാത്യു.
൫. ,, എം. ആർ. വേലപ്പൻ.
൬. ,, കെ. ശിവരാമപിള്ള.

*The House adjourned at 4-45 p.m. to meet again at 11 a.m. the next day*

V. KRISHNAMOORTHI AIYAR
*Secretary to the Legislative Assembly.*

# PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN LEGISLATIVE ASSEMBLY

**FIRST SESSION 1949/1125**

**Friday**, *the* *26th August 1949* / *10th Chingam 1125*

**Vol. I]** **OFFICIAL REPORT** **[No. 15**

The Assembly met in the Legislative Chamber, Public Offices, Trivandrum, at Eleven of the clock, on Friday the 26th August 1949, with Mr. Speaker, (the Hon'ble Sri T. M. Varghese) in the Chair.

## QUESTIONS AND ANSWERS

### (a) Oral Answers

സംസ്കൃത വിദ്യാഭ്യാസക്കമ്മിററി

൧൫൪. ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ,—

(എ) തിരുവിതാംകൂർ സംസ്കൃത വിദ്യാഭ്യാസക്കമ്മിററി റിപ്പോർട്ട് സമർപ്പിച്ചതെന്നു ?

(ബി) റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഗവൺമെണ്ടു അംഗീകരിച്ചിട്ടുണ്ടോ ?

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനു ഗവൺമെണ്ടു എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടു ?

(ഡി) സംസ്കൃത വിദ്യാർത്ഥികൾക്കു ഈ അധ്യയനവർഷത്തിൽതന്നെ അവർ അർഹിക്കുന്നവിധം ഡിഗ്രികൾ നൽകുവാൻ വേണ്ട വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ടോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ൧൯൪൯ ജനവരി ൫-ാംനു.

(ബി) റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ ഗവൺമെണ്ടു അംഗീകരിച്ചിട്ടുണ്ടു.

(സി) വിദ്യാഭ്യാസഡയറക്ടരേയും യൂണിവേഴ്സിററിയേയും എഴുതി അറിയിച്ചിട്ടുണ്ടു.

(ഡി) ഈ പ്രശ്നം ഗവൺമെണ്ടിൻെറ പരിഗണനയിൽ ഇരിക്കയാണു.

ശ്രീ. കെ. രാമകൃഷ്ണപിള്ള : യൂണിവേഴ്സിററി ഇക്കാര്യത്തെപ്പററി എന്തു നടപടി നടത്തിയിട്ടുണ്ടെന്നു പറയാമോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ റിപ്പോർട്ട് യൂണിവേഴ്സിററിയിൽ ആലോചനക്കു വെക്കുകയും യൂണിവേഴ്സിററി സിൻഡിക്കേററിൽ അതിൻെറ പ്രധാനപ്പെട്ട ശുപാർശകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടു. ആ ശുപാർശകളിൽ ഒന്നു യൂണിവേഴ്സിററിയിൽനിന്നും വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിററിയെ നിയമിക്കണമെന്നാണു. അതു നിയമിച്ചിട്ടുണ്ടു. അവർ സെപ്റ്റംബർ ൩-ാംനു യോഗം കൂടുന്നതാണു. റിപ്പോർട്ട് കിട്ടിയാൽ അതനുസരിച്ചു കോഴ്സു തുടങ്ങുന്നതാണു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവരുടെ ശുപാർശകൾ അനുസരിച്ചു ഒരു സിലബസ്സ് കമ്മിററിയെ നിയമിച്ചിട്ടുണ്ടോ ? അതെന്നാണു നിയമിച്ചതെന്നു പറയാമോ? അവർ എന്നു പ്രവർത്തനം തുടങ്ങും.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു. അവർ തുലാം മൂന്നാം തിയതി പ്രവർത്തനം തുടങ്ങുന്നതാണു.

ശ്രീ. എ. കെ. പാച്ചുപിള്ള : സംസ്കൃത കോളേജു വിദ്യാർത്ഥികൾ ഇപ്പോഴും പഠിപ്പു മുടക്കി സത്യാഗ്രഹത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നറിയാമോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവർ വാസ്തവം മുഴുവൻ മനസ്സിലാക്കാതെയായിരിക്കണം അപ്രകാരം ചെയ്തിട്ടുള്ളതു്.

ശ്രീ. എ. പി. ഉദയഭാനു: ഗവമ്മെണ്ടംഗീകരിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു പറയാമോ?

**The Hon'ble Sri. Panampilli Govinda Menon:** To raise the status of the Sanskrit College to the full degree College. അതാണു് പ്രധാനമായിട്ടുള്ളതു്.

ശ്രീ. കെ. രാമചന്ദ്രൻ: സംസ്കൃത ഭാഷക്കു് ഒരു ഡിഗ്രി കൊടുക്കണമെന്നു് ഗവമ്മെണ്ടിനുദ്ദേശമുണ്ടോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. അതു് തന്നെയാണു് ഗവമ്മെണ്ടിൻെറ ഉദ്ദേശം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : സംസ്കൃത കോളേജു് വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന ഡിഗ്രികൾ എന്തെല്ലാമാണെന്നു പറയാമോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ മഹോപാദ്ധ്യായ എന്നുള്ള ടൈററിൽ വേണ്ടായെന്നും അതിനു പകരം ഡിഗ്രി ആക്കണമെന്നമാണു് അവരുടെ അഗ്രഹം.

ശ്രീ. മാന്നാർ ഗോപാലൻനായർ: യൂണിവേഴ്സിററിയിൽ സംസ്കൃതത്തിനു് ഒരു ഫാക്കൽററി ഉണ്ടോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

## ഹോസ്റ്റൽ വിദ്യാർത്ഥികൾക്കു് ധനസഹായം

*൭൧൨ ശ്രീ. പി. സി. ആദിച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. ഹരിജനോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിൽ നടത്തിവരുന്ന ഹോസ്റ്റലുകളിൽ (ഗവമ്മെണ്ടു് നേരിട്ടു നടത്തുന്നതും ഗ്രാൻറു കൊടുത്തുവരുന്നതും) പഠിക്കുന്ന കുട്ടികൾക്കു് അവരുടെ ബുക്കുകളും പുസ്തകങ്ങളും എല്ലാം വാങ്ങിക്കുന്നതിനു് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ആ തുക സ്കൂൾവഷം തുടങ്ങി എത്ര മാസത്തിനകമാണു് കൊടുക്കുന്നതു് ?

ബഹു. ശ്രീ. കെ. അയ്യപ്പൻ :

(എ) ഉണ്ടു്.

(ബി) കഴിയുന്നതും വേഗത്തിൽ.

ശ്രീ. പി. സി. ആദിച്ചൻ: കഴിയുന്നതും വേഗത്തിൽ എന്നു് പറഞ്ഞാൽ എത്രകാലത്തിനകമാണു്. ഒരു കൊല്ലത്തിനുള്ളിലെങ്കിലും കൊടുക്കുമോ? വിദ്യാഭ്യാസ സഹായങ്ങൾ ശരിയായി ലഭിക്കാഞ്ഞതുകൊണ്ടു് പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കു് ബുദ്ധിമുട്ടു നേരിടുന്നതായി അറിയാമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : കഴിഞ്ഞ കൊല്ലം വിദ്യാഭ്യാസ സൗജന്യങ്ങൾക്കായി നിക്കിവച്ചിട്ടുള്ള തുക വിദ്യാഭ്യാസ ഡയറക്ടർ വഴിയാണു് നൽകിയിട്ടുള്ളതു്. ഇക്കൊല്ലം അതു മാററി നേരിട്ടു അപ്ലിഫ്റ്റ് ഡിപ്പാട്ടുമെണ്ടിൽനിന്നും നൽകത്തക്കവണ്ണം ഏപ്പാടു ചെയ്യുന്നതാണു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ ധനസഹായം നൽകുന്നതു് കുട്ടികൾക്കു് നേരിട്ടുകൊടുക്കുന്നോ അതോ സ്കൂളുകളിൽ കൊടുക്കുകയാണോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : കുട്ടികൾക്കു് നേരിട്ടു കൊടുക്കുകയാണെന്നാണു് തോന്നുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ ഹരിജന ഹോസ്റ്റലുകൾക്കു് വിദ്യാഭ്യാസത്തിനു മററുമായി എന്തു് തുക ചിലവാകുന്നുണ്ടെന്നു് പറയാമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : അതിനു് ഉത്തരം ഫിഗേഴ്സു് എല്ലാം നോക്കി പറയണം.

### പിന്നോക്കസമുദായ ഡിപ്പാർട്ടുമെന്റധ്യക്ഷൻ

*൭൧൬ ശ്രീ. പി. സി. ആദിച്ചൻ : താഴെ പറയുന്ന ചോദ്യത്തിന് ബഹു. പിന്നോക്കസമുദായ സംരക്ഷണവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ—കൊച്ചി ഐക്യസംസ്ഥാനത്തിലെ പിന്നോക്കസമുദായ ഡിപ്പാർട്ടുമെണ്ടുകൾ ഏർപ്പെടുത്തിയതിന്റെശേഷം ടി ഡിപ്പാർട്ടുമെണ്ടുകളുടെ മേലധ്യക്ഷന്മാരായി പിന്നോക്കസമുദായ വിഭാഗത്തിൽനിന്നും ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഇല്ല.

ശ്രീ. പി. സി. ആദിച്ചൻ : ഈ ഉദ്യോഗത്തിന് പിന്നോക്കസമുദായക്കാരിൽനിന്നും ആരും അപേക്ഷകൾ അയച്ചിട്ടില്ലെന്നോ അതോ അപേക്ഷകൾ ഉണ്ടെങ്കിൽ യോഗ്യതയുള്ളവർ ഇല്ലാത്തതുകൊണ്ടോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : അപേക്ഷകന്മാർ ഉണ്ടായിരുന്നോ എന്ന് നിശ്ചയമില്ല.

ശ്രീ. പി. സി. ആദിച്ചൻ : ഈ ൨൫ വർഷമായിട്ട് പിന്നോക്കസമുദായക്കാരിൽനിന്നും ആരും അപേക്ഷിച്ചിട്ടില്ലെന്നാണോ ഇതിനർത്ഥം ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരീക്ഷായോഗ്യതയുള്ളവർ അപേക്ഷിച്ചാൽ അതു് അനുഭാവപൂർവ്വം വേണ്ട നടപടി എടുക്കുമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : തീർച്ചയായും.

### TRAVANCORE UNIVERSITY

***717. Sri. K. W. Muralidhara Marar** : Will the Government be pleased to state.—

(*a*) Whether there has been any representations by educational authorities regarding the desirability of changing the name of Travancore University into Kerala University; and

(*b*) if so, what action the Government propose to take in this matter?

**The Hon'ble Sri. Panampilly Govinda Menon :**

(*a*) No representations have been received ; but a suggestion to this effect was made at an informal conference of educationists held at Ernakulam on 2nd June 1949.

(*b*) The question is under consideration.

### OFFICERS FROM OUTSIDE

***718. Sri. K. W. Muralidhara Marar** : Will the Government be pleased to state.—

(*a*) How many officers have been imported from outside;

(*b*) their conditions of service.

**The Hon'ble Sri. T. K. Narayana Pillai** : It is presumed that the Hon'ble Member wishes to have particulars about Non-Indians employed in the service of the United State. If so, there are only two, Messrs. S. J. Bruford, Chief Engineer, Hydro-Electric Department and Macclean, Tunnel Engineer. The former gets a fixed pay of Rs. 1750 for 3 years from 22nd July 1949 or until the first stage of the Poringalkuthu Project is completed, whichever is earlier. The later gets Rs, 1,200 and is on a three year contract from 1st Dhanu 1122.

### FOREST LAND FOR AGRICULTURE

***719. Sri. D. Gnanasigamony** : Will the Hon'ble Minister for Forest be pleased to state.—

(*a*) the extent of forest land granted in 1124 for agricultural purposes in Travancore :

(*b*) the extent of such land granted in Agastiswaram; Thovala, Kalkulam and Vilavancode taluks ; and

(*c*) if so, such land had been granted with reference to sub-clause (*b*) the reason why it was not granted?

**The Hon'ble Sri. Panampilly Govinda Menon :**

(*a*) 9174 acres till end of Edavam 1124.

(*b*) 11·60 acres of land has been altotted from Kalkulam Taluk. No area has been leased out from the taluks of Agastiswaram and Thovala and Vilavancode.

(*c*) No suitable area could be made available without detriment to Forest Conservation.

### NUMBER OF CASES PENDING IN EACH OF THE DISTRICT COURTS

***720. Sri. V. K. Varghese** : Will the Hon'ble Minister for Judiciary be pleased to state the number of cases pending in each of the District Courts of the State on 22nd Meenam 1124 (i) Appeals on decrees, (ii) Appeals on orders (iii) Original suits?

**The Hon'ble Sri. T. K. Narayana Pillai** : A statement furnishing the information is laid on the table.

ശ്രീ. വി. കെ. വക്കീസ്സ്: അതു വായിക്കണം.

**Mr. Speaker:** The statement need not be read. It is enough that it is placed on the table.

ശ്രീ. കോന്നനാട്ട് കുഞ്ഞിരാമമേനോൻ: ഈ മാതിരി ലിസ്റ്റാണെന്നു മെമ്പർക്ക് അറിവു കൊടുക്കേണ്ടതല്ലെ?

മി. സ്പീക്കർ: വേണം. അതു മേശപ്പുറത്തുവെച്ചാൽ മതി. എല്ലാ ലിസ്റ്റുകളും മേശപ്പുറത്തുവെച്ചാൽ അതു് എല്ലാ മെമ്പറന്മാർക്കും സൗകര്യമായിരിക്കും.

**Statement showing the Number of Cases pending in each of the District Courts on 22nd Meenam 1124**

| Name of the District Court | Original Suits | Appeal suits on Decrees | Appeal suits on Orders |
|---|---|---|---|
| Nagercoil .. | 578 | 652 | 68 |
| Trivandrum .. | 775 | 854 | 126 |
| Quilon .. | 530 | 590 | 110 |
| Mavelikkara .. | 396 | 1010 | 106 |
| Alleppey .. | 763 | 407 | 170 |
| Kottayam .. | 719 | 569 | 232 |
| Parur .. | 416 | 725 | 97 |
| Anjikaimal .. | 580 | 388 | 11 |
| Trichur .. | 323 | 349 | 29 |
| Total .. | 5,080 | 5,544 | 949 |

**HUNGER STRIKES BY POLITICAL PRISONERS**

*721. **Sri. K. W. Muralidhara Marar:** Will the Government be pleased to state—

(*a*) whether there were any hunger strikes by political prisoners in the jails;

(*b*) if so, the issues involved?

**The Hon'ble Sri. T. K. Narayana Pillai:** (*a*) Yes.

(*b*) Demands for concessions.

**Sri. V. Gangadharan Nayar:** Are there any hunger strikers in any jail?

**The Hon'ble Sri. T. K. Narayana Pillai:** Yes.

പിന്നോക്കസമുദായോദ്ധാരണ പരിപാടി

*൭൨൨. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. അവശസമുദായവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ ബഡ്ജറ്റിലും കൊച്ചി ബഡ്ജറ്റിലും അവശസമുദായോദ്ധാരണ പരിപാടിക്കുവേണ്ടി നീക്കിവയ്ക്കുന്ന തുകകൾ മുഴുവൻ ചെലവാകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ൧൧൨൧, ൧൧൨൨, ൧൧൨൩, ൧൧൨൪ ഈ വർഷങ്ങളിൽ ഓരോ രാജ്യങ്ങളിലും അനുവദിച്ചതും ചെലവായതുമായ തുകകൾ കാണിക്കുന്ന ഒരു പട്ടിക നൽകുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള മുഴുവൻ തുകയും എല്ലാവർഷവും ചിലവാകുന്നില്ല.

(ബി) സ്റ്റേറ്റുമെന്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഇത്ര വലിയ സംഖ്യ ലാപ്സ് ആക്കിക്കളയുന്നതിനു് വല്ല കാരണവുമുണ്ടോ?

ശ്രീ. കെ. അയ്യപ്പൻ: നിസ്സാരമായ സംഖ്യയെ ലാപ്സായിട്ടുള്ളു.

പട്ടിക

| തിരുവിതാംകൂർ | | | കൊച്ചി | | |
|---|---|---|---|---|---|
| വർഷം | അനുവദിച്ച തുക ക. | ചിലവായ തുക ക. | വർഷം | അനുവദിച്ച തുക ക. | ചിലവായ തുക ക. |
| 1121 | 93.377 | 94,036 | 1121 | 1,24,425 | 1,03,348 |
| 1122 | 3,62,846 | 2,93,921 | 1122 | 1,69,372 | 1,56,945 |
| 1123 | 3,78,458 | 3,62,234 | 1123 | 2,12,157 | 1,99,758 |
| 1124 | 4,17,669 | കണക്കു മുഴുവനും തീർന്നിട്ടില്ലാത്തതിനാൽ ഇപ്പോൾ ക്ലിപ്തമായി പറയുവാൻ സാധിക്കയില്ല | 1124 | 1,92,781 | കണക്കു മുഴുവനും തീർന്നിട്ടില്ലാത്തതിനാൽ ഇപ്പോൾ ക്ലിപ്തമായി പറയുവാൻ സാധിക്കയില്ല |

സംസ്കൃതകാളേജു പരീക്ഷാവിജയികൾ

*൭൨൩. ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്കൃതപരീക്ഷാവിജയികളുടെ നിവേദനങ്ങൾ ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടോ;

(ബി) സംസ്കൃതകാളേജു പരീക്ഷാവിജയികൾക്കു മറ്റു കാളേജു പരീക്ഷാവിജയികളോടൊപ്പം ഉദ്യോഗങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) സംസ്കൃതപരീക്ഷാവിജയികൾക്ക് അർഹിക്കുന്ന ഉദ്യോഗങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ് ഗവൺമെണ്ടിന്റെ നയം.

**VICTIMISATION OF ESTATE STAFF**

***724. Sri. P. T. Chacko:** Will the Hon'ble Minister for Labour be pleased to state.—

(*a*) whether the Government have received representations from the Estate Staff Union' South India, (Travancore) regarding victimisation of its members for having participated in its activities for having complained to the Labour Department about ill-treatment by employers;

(*b*) whether the Government have taken any steps in the following cases;—

1. dismissal of Sri. K. M. Abraham, Vellanadi Estate belonging to the Tropical Plantations Ltd., Kottayam;
2. Dissmissal and forcible eviction of Sri. T. O. Chacko, Chinnar Estate, Peermade;
3. Dissmissal for Sri. K. T. Mathai of Eldorado Group, Mundakayam; and
4. Dissmissal of Sri. P. O. Philip, A. V. George and Co. Ltd., Kottayam.

**The Hon'bl Sri. Panampilli Govinda Menon:**

(*a*) Yes.

(*b*) (1), (2) and (4). Yes

As regards (3) no representation appears to have been received regarding punishment meted out to Sri. K. T. Mathai.

ശ്രീ. കെ. എം. മാത്യു: എന്തു നടപടിയാണു സ്വീകരിച്ചതു്?

**The Hon'ble Sri .Panampilly Govinda Menon:** As regards Mr. Abraham the matter was enquired into by the Labour Commissioner. The labourer had to be discharged for reasons unconnected with the victimisation. The case is being enquired by the Assistant Labour Commissioner, Alleppy. In the case of Philip, the Assistant Labour Commissioner, Alleppey, is enquiring into the matter.

ശ്രീ. കെ. എ. മാത്യു: ഒന്നാമതായി പറഞ്ഞ ആളിന്റെ പേരിൽ നടപടി നടത്തിയതിനെപ്പററി പരാതി വല്ലതും ഉണ്ടായിട്ടുണ്ടോ?

ബഹു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ആക്ഷേപം ഉണ്ടായിട്ടില്ല. വേറെ ഒരു കുററത്തിനാണ് അയാളെ ഡിസ്മിസ്സുചെയ്തതു്. അതുകൊണ്ടു് ആക്ഷേപം ഉണ്ടായിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: ഇതു വിക്ടിമൈസേഷൻ നടപടിയാണെന്നു ഗവമെന്റു മനസ്സിലാക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവമെന്റു് അന്വേഷിച്ചുവരികയാണ്.

ശ്രീ. വി. ഗംഗാധരൻ നായർ: വേറെ കാരണമാണെന്നു ഗവമെന്റിനു ബോദ്ധ്യം വന്നിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അപേക്ഷകരും ഉള്ള കാര്യങ്ങളുംതന്നെ മുഴുവൻ അന്വേഷിക്കാൻ സാധിക്കുന്നില്ല. എന്നാൽ ഈ സംഗതി അപേക്ഷ ഇല്ലാത്ത ഒരു കാര്യമാണ്.

**Mr. Speaker:** This is a matter of interpretation of Law and Procedure. That is disallowed.

PRICES OF FOODGRAINS

*725. **Sri. Eapen Arakkal:** Will the Hon'ble Minister for Food be pleased to state.—

(*a*) is there uniformity in prices of foodgrains in Travancore and Cochin;

(*b*) if not what is the price of one bag of rice in Cochin and that in Travancore;

(*c*) are the quantities of foodgrains supplied as per one unit in the ration card identical in Cochin and Travancore;

(*d*) what is the price of one unit of foodgrains in Cochin and that in Travancore; and

(*e*) if prices are not uniform within what time do the Government think they can be made uniform?

**The Hon'ble Sri. T. A. Abdulla:**

(*a*) No.

(*b*) The selling price of rice in Cochin is Rs. 33—9—3 per bag of 160 lbs. net in respect of issues to retailers in towns and villages where there are Government depots and Rs. 33—2—0 per bag to other retailers.

The selling price of rice in Travancore is Rs. 37—10—0 per bag of 160 lbs. net ex-Government godown.

(*c*) No.

(*d*) In Cochin, the price of an adult's weekly ration is Rs. 1—3—9.

In Travancore, the price of an adult's weekly ration is not uniform throughout the area but varies according to the distance of each locality from the nearest Government godown. On an average it may be taken as Rs. 1—2—0.

(*e*) The qusstion will be considered as early as possible.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഒരു ചാക്കരി കൊച്ചിയിൽനിന്നും ആലപ്പുഴക്കു കൊണ്ടുവരുന്നതിനു ഫ്രെയിററ് ഇനത്തിൽ എന്തു ചിലവു വരും?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: സൂക്ഷ്മമായി ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഫ്രെയിററിനത്തിലുള്ള ചാർജ്ജിന്റെ കൂടുതൽകൊണ്ടല്ലേ ഇവിടെ അരിവില കൂടിയിരിക്കുന്നതു്?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അതും ഒരു കാരണമാണ്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: രണ്ടു സ്ഥലത്തെയും വില സമീകരിക്കുവാൻ ഒരുക്കമുണ്ടെന്നു ഗവമെന്റു പറഞ്ഞതല്ലോ. കൊച്ചിയിലെ വില കൂട്ടികൊണ്ടാണോ, അഥവാ, തിരുവിതാംകൂറിലെ വില കുറച്ചുകൊണ്ടാണോ ഈ സമീകരണം നടത്തുന്നതു്?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: സമീകരണത്തിനു് ഒരുക്കമുണ്ടെന്നു ഗവമെന്റു പറഞ്ഞില്ല. അതേപ്പററി ആലോചിക്കാം എന്നാണ് പറഞ്ഞതു്.

## ROAD FROM CHETTICAD TO MARARIKULAM

*723. **Sri. Eapen Arakal:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Ambalapuzha Taluk Works Committee recommended the immediate construction of a road from Chetticad (northern extremity of the Alleppy-Thumboly road) to Mararikulam (southern terminus of the Arathinkal Mararikulam coastal road);

(*b*) whether a mass petition was received by the Hon'ble Minister for P. W. D. for the immediate construction of this road in last Kumbham; and

(*c*) will the Government be pleased to lay out this road immediately?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b*) Yes.

(*c*) Yes; the work is proposed to be taken up in 1125 M.E. itself.

## അഷ്ടമിച്ചിറ ഹൈസ്കൂൾ

*൭൨൪. ശ്രീ. ഇട്ടിയര അമ്പൂക്കൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) മാള ഹൈസ്കൂളിൽനിന്നു രണ്ടു മൈൽപോലും അകലം വരാത്ത അഷ്ടമിച്ചിറ എന്ന സ്ഥലത്തു് ഒരു പുതിയ ഹൈസ്കൂളിന് അനുവാദം നല്കുകയുണ്ടായിട്ടുണ്ടോ;

(ബി) അഞ്ചുമൈലിനുള്ളിൽ രണ്ടു ഹൈസ്കൂളുകൾക്കു് അനുവാദം കൊടുക്കുകയില്ലെന്നുള്ള ഗവൺമെണ്ടിന്റെ പൊതുനയം ഇക്കാര്യത്തിൽ തീരെ അവഗണിക്കുവാനുള്ള കാരണം എന്താണു്;

(സി) ഈ കാര്യത്തെ സംബന്ധിച്ചു മാളയിലെ ഏതാനും പൌരന്മാർ അന്നത്തെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ അടുക്കൽ ഡെപ്യൂട്ടേഷനായി സങ്കടം ബോധിപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(ഡി) ഡെപ്യൂട്ടേഷൻ അംഗങ്ങളോടു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി "നിങ്ങളെല്ലാവരും കൂടിയല്ലേ ഞങ്ങളുടെ കാൺഗ്രസ്സു് സ്ഥാനാർത്ഥിയായ ഇയ്യുണ്ണിയെ തോല്പിച്ചതു്" എന്നും മറ്റും പരിഹാസ്യമായി ചോദിച്ചു എന്നുള്ള ബഹുജനസംസാരത്തിൽ വല്ല യാഥാർത്ഥ്യവുമുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ടായിട്ടുണ്ടു്.

(ബി) അങ്ങനെയൊരു പൊതുനയമില്ല.

(സി) അറിവില്ല.

(ഡി) അറിവില്ല.

ശ്രീ. ഇട്ടിയര അമ്പൂക്കൻ: അങ്ങനെയൊരു ഡെപ്യൂട്ടേഷൻ ചെന്നിട്ടില്ലെന്നാണോ ഗവൺമെണ്ടു പറയുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാളയിലെ ചില പൌരന്മാർ മുൻ വിദ്യാഭ്യാസമന്ത്രിയുടെ അടുക്കൽ നിവേദനം ചെയ്തിട്ടുള്ളതായി സർക്കാർ റിക്കാർഡുകൊണ്ടു കാണുന്നില്ല.

ശ്രീ. ഇട്ടിയര അമ്പൂക്കൻ: അഷ്ടമിച്ചിറ എന്ന സ്ഥലം ചാലക്കുടി നിയോജകമണ്ഡലത്തിലല്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

**Sri. C. A. Ouseph:** This is a matter relating to me and so I may be permitted to make a statement.

**Mr. Speaker:** You can have it, after the questions and answers.

## തൊഴിലാളികളുടെ വൈഷമ്യം

*൭൨൫. സാഹിബ് ബഹദൂർ കെ. എച്ചു്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവൺമെണ്ടു കൺട്രാക്ടുകൾ നിർവ്വഹിക്കുന്ന കൺട്രാക്ടർമാരുടെ കീഴിൽ വേലചെയ്യുന്ന തൊഴിലാളികൾക്കു കഷ്ടിച്ചു ജീവിക്കാൻ മതിയായ കൂലിപോലും കിട്ടുന്നില്ല എന്നുള്ള ആക്ഷേപം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനെപ്പററി അന്വേഷിച്ചു വേണ്ടതു ചെയ്യുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) അതിനെപ്പറ്റി പരാതികൾ ഉണ്ടാകുന്നപക്ഷം അന്വേഷിക്കാവുന്നതാണ്.

സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: തൊഴിലാളികൾക്കു കൂലി കൊടുക്കുന്നതു വളരെ കുറവാണെന്നും അതുകൊണ്ടു കൺട്രാക്റ്റർമാരെക്കൊണ്ടു ശരിയായ കൂലി കൊടുപ്പിക്കണമെന്നും ഗവമ്മെണ്ടിനോട് ആവശ്യപ്പെട്ടിട്ടില്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൺട്രാക്റ്റർമാരും ഗവമ്മെണ്ടുമായി നടത്തുന്ന കരാർ വ്യവസ്ഥകളിൽ കൂലിക്കാർക്കു ശരിയായ കൂലി കൊള്ളിക്കുന്നതിനു യാതൊരു തടസ്സവും ഉണ്ടാകുമെന്നു തോന്നുന്നില്ല.

പൊലീസുകാരുടെ പെരുമാററം

* ൧൨൯. സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പോലീസുദ്യോഗസ്ഥന്മാരും, പോലീസുകാരും കാൺഗ്രസ്സ് ഭരണത്തിനു മുമ്പുണ്ടായിരുന്നതിനേക്കാൾ ന്യായരഹിതവും, ക്രൂരവും, രാക്ഷസീയവും അഹങ്കാരപൂർവ്വവുമായിട്ടാണ് പൊതുജനങ്ങളോട് ഇന്നും പെരുമാറിവരാറുള്ളത് എന്നു കാണിച്ചു പൊതുജനസംഘടനകളിൽനിന്നു വല്ല ആക്ഷേപവും കിട്ടീയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളിൽനിന്നാണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ല.

(ബി) (എ)യുടെ ഉത്തരംകൊണ്ടു (ബി) ഉദിക്കുന്നില്ല.

ഭക്ഷ്യധാന്യവിതരണം

* ൧൩൦. ശ്രീ. കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഭക്ഷണധാന്യങ്ങളുടെ സംഭരണവും വിതരണവും തങ്ങളെ ഏല്പിക്കുന്നപക്ഷം ഇന്നത്തേതിലും കാര്യക്ഷമമായി നിർവ്വഹിക്കാമെന്നു കച്ചവടക്കാരോ കച്ചവടസംഘങ്ങളോ ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ;

(ബി) അതിനു അവർ തയാറാകുന്നപക്ഷം അവരെ ഏല്പിക്കാൻ ഗവമ്മെണ്ടു സന്നദ്ധമാകുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള:

(എ) അങ്ങനെ അറിയിച്ചിട്ടില്ല.

(ബി) സംഭരണംകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു നെല്ലെടുപ്പാണെങ്കിൽ അതു കച്ചവടക്കാരെ ഏല്പിക്കാൻ നിവൃത്തിയില്ല. തിരുവിതാംകൂറിലെപ്പോലെ ഹോൾസെയിൽ ലൈസൻസികളെ ഏർപ്പെടുത്തുന്ന കാര്യമാണെങ്കിൽ ഐക്യസംസ്ഥാനത്തു സംഭരണവും വിതരണവും വ്യവസ്ഥകൾ ഏകീകരിക്കുന്ന അവസരത്തിൽ അതിനെപ്പററിയും ആലോചിക്കുന്നതാണ്.

(സി) സ്വകാര്യവ്യക്തികളെയോ സ്ഥാപനങ്ങളെയോ ഏല്പിക്കുന്നതു ഭക്ഷ്യനില ഇന്നത്തെപ്പോലെ തുടരുന്നിടത്തോളം കാലം ആശാസ്യമല്ല.

ശ്രീ. എ. വി. ജോസഫ്: വേമ്പനാട്ടുകായലിൽ മുങ്ങിയ അരി ഇപ്പോൾ കച്ചവടത്തിനായി വിതരണം ചെയ്യുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: ഈ ചോദ്യത്തിൽനിന്നും അതു ഉത്ഭവിക്കുന്നില്ല.

ശ്രീ. പി. കെ. ഡീവർ: എല്ലാ സ്ഥലങ്ങളിലും കച്ചവടക്കാരെക്കൊണ്ടു അരിയും നെല്ലും കൊടുപ്പിക്കുന്ന സമ്പ്രദായം നിറുത്തൽചെയ്യാൻ ഗവമ്മെണ്ടു ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: തിരുവിതാംകൂറിലും കൊച്ചിയിലും വേറെ വേറെ പദ്ധതികൾ അനുസരിച്ചാണ് ഇപ്പോൾ വില്പന നടത്തിവരുന്നത്. രണ്ടിലും ഒരു പദ്ധതി തന്നെ വേണമെന്നാണോ മെമ്പർ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. ഡീവർ: തിരുവിതാംകൂറിൽ പല സ്ഥലത്തും ശരിയായി റേഷൻ കിട്ടുന്നില്ല എന്നു പരാതിയുള്ളതായി അറിയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അങ്ങനെ പരാതിയുള്ളതായി അറിവില്ല.

## എൻജിനീയറിംഗ് കാളേജ് വർക്ക്ഷാപ്പ്

* ൭൩൧. ശ്രീ. പി. കെ. കുമാരൻ ആശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പി. ഡബ്ലിയു. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എൻജിനീയറിംഗ് കാളേജ് വർക്ക്ഷാപ്പ് ശരിയായ രൂപത്തിൽ ഓർഗനൈസ് ചെയ്യേണ്ടതു ആവശ്യമെന്നു ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എൻജിനീയറിംഗ് കാളേജിന്റെ ആവശ്യത്തിലേക്കു ഇൻഡ്യാഗവൺമെണ്ടിൽനിന്നും ഏതെല്ലാം യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുണ്ടെന്നും അവയ്ക്കു ഓരോന്നിനും എന്തു വില കൊടുത്തിട്ടുണ്ടെന്നും പറയുന്നതിനു ദയവുണ്ടാകുമോ;

(സി) ഇതുവരെ അതു ഇറക്ക്ടുചെയ്തു ഉപയോഗപ്രദമാക്കാത്തതു എന്തുകൊണ്ട്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ഇൻഡ്യാഗവൺമെണ്ടിൽനിന്നും വാങ്ങിയിട്ടുള്ള യന്ത്രസാമഗ്രികളുടെ ലിസ്റ്റും അവയുടെ വിലയും അടങ്ങിയിട്ടുള്ള സ്റ്റേറ്റുമെന്റു മേശപ്പുറത്തു വച്ചിരിക്കുന്നു.‡

(സി) മിക്കവാറും എല്ലാ യന്ത്രസാമഗ്രികളും ഇറക്ക്ടു ചെയ്തിട്ടുണ്ട്. അവ ഇപ്പോൾ ഉപയോഗത്തിൽ ഇരിക്കുന്നു.

## ലിഫ്റ്റു ഇറിഗേഷൻ

* ൭൮൨. ശ്രീ. പി. കെ. കുമാരൻ ആശാരി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഇറിഗേഷൻവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

൧൧൨൪ മിഥുനം അവസാനംവരെ ഒരു വർഷത്തിനുള്ളിൽ ലിഫ്റ്റു ഇറിഗേഷൻ വകയ്ക്കു ഗവൺമെണ്ടിനു ആകെ എത്ര രൂപാ ചെലവായിട്ടുണ്ടെന്നു താലൂക്കു തിരിച്ചു പ്രത്യേകം വിവരിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് ദയവുചെയ്തു മേശപ്പുറത്തു വയ്ക്കുമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള:

| | |
|---|---|
| (൧) കുന്നത്തുനാട്, പറവൂർ താലൂക്കുകൾ | ൫൨൬,൪൧൩ രൂപ |
| (൨) മൂവാററുപുഴ | ൨൧൭ ,, |
| (൩) തിരുവല്ല | ൪൧൪൪ ,, |
| (൪) മാവേലിക്കര | ൫൦൧൩ ,, |
| (൫) തൃശ്ശൂർ | ൫൬൫൩ ,, |
| (൬) കൊച്ചി കണയന്നൂർ | ൧൬൪൨൫ ,, |
| (൭) മുകുന്ദപുരം | ൪൭൧൬ ,, |

ശ്രീ. കെ. എ. മാത്യു: തിരുവല്ലാ താലൂക്കിലേക്കു അനുവദിച്ചിട്ടുള്ള തുക വളരെ അപര്യാപ്തമാണെന്നു ഗവൺമെണ്ടിനറിയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: ആകെ ൩൭ താലൂക്കുകളുള്ളതിൽ ഏഴു സ്ഥലത്തു മാത്രമെ ലിഫ്റ്റു ഇറിഗേഷൻ അനുവദിച്ചിട്ടുള്ളു. ഇനി പല സ്ഥലത്തും അനുവദിക്കുവാനുണ്ട്.

ശ്രീ. കെ. എ. മാത്യു: ഭക്ഷ്യധാന്യങ്ങൾ വിളയിപ്പിക്കുവാൻ കൂടുതൽ സാദ്ധ്യതയും സൗകര്യവുമുള്ള ഒരു സ്ഥലമാണു തിരുവല്ലാ താലൂക്കു എന്നുള്ളതുകൊണ്ടു ഇതിലേക്കു കൂടുതൽ തുക അനുവദിക്കേണ്ടതാണെന്നു ഗവൺമെണ്ടിനു തോന്നുന്നുണ്ടോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: ലിഫ്റ്റു ഇറിഗേഷൻകൊണ്ടു ഏററവും കൂടുതൽ ഗുണം എവിടെയാണുണ്ടാകുന്നതു എന്നുനോക്കി, ആ സ്ഥലങ്ങളിലാണു ആദ്യമാദ്യം ഏർപ്പെടുത്തുന്നതു്.

ശ്രീ. കെ. എ. മാത്യു: അതിലൊന്നാണു തിരുവല്ല താലൂക്കെന്നു ഗവൺമെണ്ടിനു അറിയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: കുന്നത്തുനാട്, പറവൂർ മുതലായതാലൂക്കുകളിലെപ്പോലെയുള്ള പ്രാധാന്യം ഈ വിഷയത്തിൽ തിരുവല്ലായ്ക്കില്ല.

‡ Not printed in the proceedings of the day.

ശ്രീ. കെ. എ. മാത്യു: ലിഫ്റ്റ ഇറിഗേഷൻ പ്രവർത്തനംകൊണ്ട് തിരുവല്ലാ താലൂക്കിലെ ..........

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ ഏഴ് സ്ഥലങ്ങളിൽ അല്ലാതെ, തിരുവിതാംകൂറിന്റെ മറ്റ ഭാഗങ്ങളിൽ ലിഫ്റ്റ ഇറിഗേഷൻ പ്രവർത്തനം തുടങ്ങാതിരിക്കുന്നതിനു വല്ല കാരണവുമുണ്ടോ?

**Sri. K. P. Nilakanta Pillai:** Sir, on a point of order. The question is whether a statement will be laid on the table. First of all the Minister was irregular in reading out the statement. Secondly, supplementary questions cannot be asked.

**Mr. Speaker:** The observation is correct. On the basis of the list no supplementary questions are allowed.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഒരു പോയിന്റ ഓഫ് ഓർഡർ. നിവൃത്തിയുള്ളിടത്തോളം സപ്ലിമെന്ററി ക്വസ്റ്റ്യൻസിനെ റൂൾഔട്ട് ചെയ്യണമെന്നാണോ ഇതുകൊണ്ട് ഉദ്ദേശിക്കുന്നതു്?

**Mr. Speaker:** Supplementary questions, in this case, not being allowable, the general policy behind the ruling does not arise for consideration.

ആയുർവ്വേദചികിത്സ

* ൭൩൩. ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആയുർവ്വേദ ചികിത്സാ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുവാൻ ഗവമ്മെണ്ട ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയുർവ്വേദ വിദ്യാത്ഥികളുടെ ഏററവും പരിമിതങ്ങളായ ആവശ്യങ്ങൾപോലും ഗവമ്മെണ്ട നിറവേററുന്നില്ല എന്നു പറയുന്നതു ശരിയാണോ;

(സി) ആയുർവ്വേദ വിദ്യാത്ഥികളുടെ അവശതകഠം പരിഹരിക്കുന്നതിന് എന്തു പരിപാടിയാണ ഗവമ്മെണ്ടിനുള്ളതെന്നു ദയവായി പറയുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ഉണ്ട്.

(ബി) ശരിയല്ല.

(സി) ആയുർവ്വേദാദ്ധ്യസനം ഉൾപ്പെടെ ആയുർവ്വേദ ഡിപ്പാർട്ടുമെണ്ടിന്റെ പരിഷ്കരണത്തിനായി വേണ്ട നിർദ്ദേശങ്ങഠം സമർപ്പിക്കുന്നതിന് ഗവമ്മെണ്ട ൽനിന്നും ഒരു വിദഗ്ദ്ധക്കമ്മിററിയെ നിയമിക്കുകയും, ആ കമ്മിററി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട ഗവമ്മെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുന്നു. അതിന്മേലുള്ള തീരുമാനം താമസിയാതെ പുറപ്പെടുവിക്കുന്നതാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഏതൊരു വ്യവസ്ഥയിലാണ ആയുർവ്വേദത്തെ പ്രോത്സാഹിപ്പിക്കാൻ ഗവമ്മെണ്ട ഉദ്ദേശിച്ചിട്ടുള്ളതെന്നു പറയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതിനെ സംബന്ധിച്ചു ഒരു വിദഗ്ദ്ധക്കമ്മിററി ഏർപ്പെടുത്തി. ആ കമ്മിററിയുടെ റിപ്പോർട്ട ** മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ: ഈ ഐക്യസംസ്ഥാനത്തു ആയുർവ്വേദകാളേജുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: തിരുവനന്തപുരത്തു ഒരു ആയുർവ്വേദകാളേജുണ്ട്.

ശ്രീ. വി. ഗംഗാധരൻനായർ: ആയുർവ്വേദകാളേജു യൂണിവേഴ്സിററിയുടെ കീഴിൽ കൊണ്ടുവരുവാൻ ഗവമ്മെണ്ട ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: കമ്മിററി അങ്ങനെ ശുപാശ ചെയ്തിട്ടുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ കമ്മിററിയിലെ മെമ്പറന്മാർ ആരെല്ലാമെന്നു പറയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ആ വിവരവും മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആയുർവേദ വിദ്യാത്ഥികളുടെ ആവശ്യങ്ങഠം എന്തെല്ലാമാണെന്നു ഈ കമ്മിററിയെ അറിയിച്ചിട്ടുണ്ടോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

---

* Not printed in the proceedings of the day.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഈ വിദഗ്ദ്ധക്കമ്മിററിയുടെ റിപ്പോർട്ട് മേശപ്പുറത്തു വച്ചിട്ടുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഇതു ഇൻഡ്യയിലെ ആദ്യത്തെ ഒരു സ്ഥാപനമായതുകൊണ്ടു മൂന്നുമാസത്തിനകം ഇതു നടപ്പിൽ വരുത്തുന്നതാണെന്നു പ്രസ്നോട്ടിൽ പറഞ്ഞുവെങ്കിലും വളരെ ആലോചിച്ചതിനുശേഷമേ നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളു.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മൂന്നുമാസത്തിനകം എന്നു പ്രസ്നോട്ടിൽ പറഞ്ഞിട്ടില്ല, കഴിയുന്നതും വേഗത്തിൽ എന്നേ പറഞ്ഞിട്ടുള്ളു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഒരു സത്യാഗ്രഹം ഇതുസംബന്ധിച്ച് എത്രയും വേഗത്തിൽ ഒരു തീർച്ചചെയ്യുന്നതിനു ഗവമ്മെന്റിനെ പ്രേരിപ്പിക്കുമോ?

മി. സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

## കയററവ്യവസായം

* ൭൩൮. സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കയററവ്യവസായത്തിന്റെ മാന്ദ്യംമൂലം കഷ്ടപ്പെടുന്ന കയററുപിരി തൊഴിലാളികളുടെ രക്ഷക്കായി ഗവമ്മെണ്ട് എന്തെങ്കിലും പ്രവത്തിച്ചിട്ടുണ്ടോ;

(ബി) തൊണ്ടുവില ക്ലിപ്തപ്പെടുത്തുന്നതിനു ഗവമ്മെണ്ട് തയ്യാറാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) കയർപിരി തൊഴിലാളികൾ ഉൾപ്പെടുന്ന കയർവ്യവസായത്തിലെ തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനുവേണ്ടി ചേർത്തല, അമ്പലപ്പുഴ എന്നീ താലൂക്കുകളിൽ തോട്ടുവെട്ടു മുതലായ റിലീഫ് ജോലികൾ നടത്തിയിട്ടുണ്ട്. ഇതിനുംപുറമെ ന്യായവില ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ആയതിനെ സംബന്ധിച്ചു അന്വേഷണം നടത്തിയതിന്റെശേഷം ഗവമ്മെണ്ട് ആലോചിക്കുന്നതാണ്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ആലപ്പുഴയിലും അമ്പലപ്പുഴയിലും ചേർത്തലയിലും മാത്രമല്ല കയർ തൊഴിലാളികൾ ഉള്ളതെന്നു ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മററു സ്ഥലങ്ങളിലുമുണ്ട്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ബാക്കിയുള്ള സ്ഥലങ്ങളിലുള്ളവക്കു എന്തു പരിഹാരമാണ് ഗവമ്മെണ്ട് നിർദ്ദേശിച്ചിരിക്കുന്നത്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവക്ക് എന്തുവിഷമതയുണ്ടെന്നും അതിനുള്ള പരിഹാരമെന്താണെന്നും ഗവമ്മെണ്ട് ആലോചിച്ചുവരികയാണ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: യുദ്ധകാലത്തു കയററവ്യവസായത്തെപ്പററി സർവ്വേ ചെയ്യുന്നതിനും മററുമായി ഒരു സ്പെഷലാഫീസ്സറെ നിയമിച്ചിരുന്നതായി ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: അങ്ങനെയൊരു സ്പെഷ്യലാപ്പീസ്സറെ ഇപ്പോൾ നിയമിക്കുന്നതു നമ്മുടെ കയററവ്യവസായത്തിന്റെ അഭിവൃദ്ധിക്കു സഹായകമായിരിക്കുമെന്നു ഗവമ്മെണ്ടിനു തോന്നുന്നുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററിയും ആലോചിക്കാവുന്നതാണ്.

ശ്രീ. വി. ഗംഗാധരൻനായർ: കയററവ്യവസായത്തിന്റെ അധഃപതനം നിമിത്തം ഇപ്പോൾ എത്രപേർക്കു തൊഴിലില്ലാതായിത്തീന്നിട്ടുണ്ടെന്നു ഗവമ്മെണ്ടിനു അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ ഒരു കണക്കെടുക്കാൻ ഗവമ്മെണ്ടിനു കഴിഞ്ഞിട്ടില്ല.

ശ്രീ. എ. വി. ജോസഫ്: കയർ വ്യവസായത്തിന്റെ മാന്ദ്യത്തിനുണ്ടായ കാരണമെന്ത്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ഇപ്പോഠം പറയാൻ നിവൃത്തിയില്ല.

സാഹിബ്ബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: തൊണ്ടുവില ക്ലിപ്തപ്പെടുത്താത്തതു അതിനൊരു കാരണമല്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആണെന്നു തോന്നുന്നില്ല.

ശ്രീ. എ. പി. ഉദയഭാനു: കയർ സർവ്വേ നടത്തുന്നതിലേക്കുമുൻപു ഒരു കമ്മിററിയെ നിയമിച്ചിട്ടില്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. അവരുടെ റിപ്പോർട്ടും കിട്ടിയിട്ടുണ്ട്.

## ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ട്

* ൬൩൭. ശ്രീ. എ. കെ. പാച്ചുപിള്ള: വനംവകുപ്പിന്റെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി താഴെ കാണിക്കുന്ന ചോദ്യങ്ങഠക്കു സദയം മറുപടി പറയുമോ.—

(എ) കോട്ടയം ഫാറസ്റ്റ് ഡിവിഷന്റെ ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥനെപ്പററി അനീതി, അഴിമതി, കൈക്കൂലി മുതലായ ആരോപണങ്ങഠ പൊതുജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്നതായി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ഉദ്യോഗസ്ഥന്റെപേരിൽ ഇതിനുമുമ്പു ഉണ്ടായിട്ടുള്ള ഗൗരവാവഹമായ കുററങ്ങളെപ്പററി ഗവമ്മെണ്ടിൽനിന്നും ഔദ്യോഗിക അന്വേഷണം നടത്തിയതിന്മേൽ എന്തു അവസാനതീർപ്പാണു് ചെയ്തിട്ടുള്ളതു്;

(സി) ചെറിയ കൺട്രാക്കറന്മാരോടും വനം കൃഷിക്കെടുത്തിട്ടുള്ള വ്യക്തികളോടും പിരിവുനടത്തി ഓരോ തുകകഠ പ്രതിമാസം തന്നെ എല്പിക്കുന്നതിനായി ടി ഉദ്യോഗസ്ഥൻ തന്റെ കീഴ്സിൽബന്ധിയായ കേശവൻ എന്ന ഒരു ക്ലാർക്കിനെ ഉപയോഗിച്ചുവരുന്നതായുള്ള ആരോപണങ്ങളെപ്പററി ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും രഹസ്യാന്വേഷണം നടത്തുമോ;

(ഡി) മണിമല ഫാറസ്റ്റ് റയിഞ്ചിൽനിന്നും ഗവമ്മെണ്ട് ചട്ടങ്ങഠക്കു് വിപരീതമായി ഈ വർഷം വിലയുള്ള വളരെ വലിയ വൃക്ഷങ്ങഠ വെട്ടി നശിപ്പിച്ചിട്ടുള്ളതായും ഇതിനു കോട്ടയം ഡി. എഫ്. ഓ.യുടെ രഹസ്യമായ അനുവാദം ഉണ്ടായിരുന്നുവെന്നും കൺസർവേററക്കൊ ഗവമ്മെണ്ടിനൊ പരാതി കിട്ടിയിട്ടുണ്ടോ?

(ഇ) ഉണ്ടെങ്കിൽ ഗവമ്മെണ്ടിൽനിന്നും അതിന്മേൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ;

(എഫ്) മണിമല ഫാറസ്റ്റ് റയിഞ്ചിൽ സാധുക്കളുടെ പേരിൽ വനം കുത്തകപ്പാട്ടത്തിനു കൊടുത്തതിൽ ഒരു നല്ല ഭാഗം ഇപ്പോഠം സ്വാധീനശക്തിയുള്ള വ്യക്തികഠ കൈവശം വെച്ചു കൃഷി നടത്തിവരുന്നതായി ഗവമ്മെണ്ടിലേക്കു് പരാതി ലഭിക്കുകയോ, ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുകയൊ ചെയ്തിട്ടുണ്ടോ;

(ജി) ഇതെപ്പററി ഒരു വിശദമായ അന്വേഷണം നടത്തുന്നതിനു ബഹുമാനപ്പെട്ട മന്ത്രിക്കു് ദയവുണ്ടാകുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) വടക്കൻ ഡിവിഷനിലെ ഡിവിഷനൽ ഫാറസ്റ്റ് ആഫീസ്സർ ആയിരുന്ന മി. ബ്രിറോ മുത്തുനായകത്തിന്റെ പേരിൽ ചില ഔദ്യോഗികവീഴ്ചകഠക്കു് കുററാരോപണങ്ങഠ ഉണ്ടാകുകയും അക്കാര്യത്തിനു് നിയമിക്കപ്പെട്ട ഒരു കമ്മീഷണർമുഖേന ഒരു പരസ്യാന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. കമ്മീഷണരുടെ റിപ്പോർട്ട് ലഭിച്ചതിന്മേൽ, ഗവമ്മെണ്ട് ൧൦—൧൦—൧൧൨൫-യിലെ ആർ. ഒ. സി. നമ്പർ ൧൭—൨൫. ഡെവലപ്പ്മെണ്ട് പ്രൊസീഡിംഗ്സിൽ മി. ബ്രിറോ മുത്തുനായകത്തെ ൨൪—൧൦—൧൧൧൭ മുതൽ ൬ മാസത്തേക്കു് സസ്പെണ്ടു് ചെയ്യുകയും, അതിനുശേഷം ഒരു കൊല്ലത്തേക്കു് അദ്ദേഹത്തിന്റെ ഉദ്യോഗക്കയററത്തെ തടയുകയും ചെയ്യാൻ ഉത്തരവായിട്ടുണ്ട്.

(സി) സംബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരായി വ്യക്തമായ കുററാരോപണങ്ങഠ ലഭിച്ചാൽമാത്രമെ ഒരു അന്വേഷണം നടത്തുവാൻ സാദ്ധ്യമാകയുള്ളു.

(ഡി) യാതൊരു പരാതിയും കിട്ടിയിട്ടില്ല.

(ഇ) ഡി.യുടെ ഉത്തരം പരിഗണിക്കുമ്പോൾ ഈ പ്രശ്നം ഉത്ഭവിക്കുന്നില്ല.

(എഫ്) ഇല്ല.

(ജി) സംബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരായി വ്യക്തമായ ആരോപണങ്ങൾ ഉണ്ടായാൽ ആവശ്യപ്പെട്ട അന്വേഷണങ്ങൾ നടത്തുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: സി. മുതൽ ഇ. വരെയുള്ള കാര്യങ്ങൾ ഒരു ജനപ്രതിനിധിയിൽനിന്നും ലഭിച്ചവിവരം എന്ന നിലയിൽ ഒരു ശരിയായ ആരോപണം എന്നു കരുതി ഗവൺമെണ്ട് വേണ്ട അന്വേഷണം നടത്തുമോ?

സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ചോദ്യങ്ങൾ കുററാരോപണങ്ങളായി മാററാമോ?

മി. സ്പീക്കർ: പാടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതു ഒരു കുററാരോപണമായി ഗണിക്കണമെന്നില്ല. വിലയുള്ള വളരെ വലിയ വൃക്ഷങ്ങൾ വെട്ടി നശിപ്പിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെപ്പററി അന്വേഷണം നടത്തേണ്ട ചുമതല ഗവൺമെണ്ടിനില്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീർച്ചയായും ഉണ്ട്. ബഹുമാനപ്പെട്ട മെമ്പർതന്നെ അങ്ങനെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ തടിവെട്ടി നശിപ്പിച്ചതായി ഗവൺമെണ്ടിനെ ധരിപ്പിച്ചാൽ ഗവൺമെണ്ട് അതേപ്പററി അന്വേഷണം നടത്തുന്നതാണ്.

## PHYSICIANS FOLLOWING SIDDHA SYSTEM

***736. Sri. A. Gabriel Nadar:** Will the Hon'ble Minister for Medical Department be pleased to state the number of physicians following the Siddha system of treatment in the United State of Travancore and Cochin who get grant-in-aid from Government?

**The Hon'ble Sry. Anne Mascarene:** Seven.

**Sri. A. Gabriel Nadar:** May I know what other encouragements are given to Siddha Vaidyas?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: സിദ്ധവൈദ്യന്മാർക്കു ഗ്രാൻറ് കൊടുക്കുന്നുണ്ട്.

ஸ்ரீ. ஆர். கெ. ராம்: அந்த வைத்தியத்திற்காகப் பட்டிப்பில ஏதாவது சேர்க்கப்பட்டிருக்கிறதா?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: സിദ്ധവൈദ്യം പഠിക്കുന്നതിനു ഗവൺമെണ്ടിൽനിന്നും നാലുപേർക്കു സ്കാളർഷിപ്പ് നൽകുന്നുണ്ട്. പക്ഷെ ആ സ്കാളർഷിപ്പ് വാങ്ങുവാൻ അർഹതയുള്ളവരായി ആരും മുൻപോട്ടുവരുന്നില്ല.

## OPENING OF A GOVERNMENT COLLEGE AT MUVATTUPUZHA

***737. Sri. N. P. Varghese:** Will the Hon'ble Minister for Education be pleased to state,—

(*a*) whether Government are in receipt of a representation from the people of Muvattupuzha for the opening of a College at Muvattupuzha, which is the central place between Kottayam and Alwaye;

(*b*) are Government aware that representative citizens of Muvattupuzha, Kunnatnad and Thodupuzha taluks waited on deputation on the Hon'ble Minister for Education at Trivandrum in Karkadagam 1123, and at Muvattupuzha in Kanni 1124, when he promised to consult the University authorities and sanction it as early as possible; and

(c) have Government or the University taken any steps on the matter?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) Yes.

(*b*) The Hon'ble Minister promised to consider the representation of the citizens when the question of opening new colleges was taken up.

(c) The question of a First Grade College in Central Travancore has been considered by Government. The proposal has been dropped for the present.

ശ്രീ. എൻ. പി. വർഗ്ഗീസ്: മദ്ധ്യതിരുവിതാംകൂറിലെ കാര്യമാണ് ഇവിടെ പറഞ്ഞത്. എന്നാൽ ഞാൻ ചോദിച്ചതു മൂവാററുപുഴയെക്കുറിച്ചുള്ള കാര്യമാണ്.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മൂവാററുപുഴ കാര്യവും കൂടിയാണ് ഞാൻ പറഞ്ഞതു.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഗവൺമെണ്ടിനു ഇപ്പോൾ പണമില്ലാത്തതുകൊണ്ടാണോ കോളേജുകാര്യം നീട്ടിവെക്കുവാൻ തീരുമാനിച്ചതു?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല കാരണങ്ങൾകൊണ്ടാണ് ഈ കാര്യം നീട്ടിവെക്കുവാൻ തീരുമാനിച്ചത്.

ശ്രീ. പി. എം. വർഗ്ഗീസ്: കൂടുതൽ കോളേജുകൾ ഇനി ആവശ്യമില്ലെന്നു ഗവർമ്മെണ്ട് വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വിചാരിക്കുന്നില്ല.

## MIDDLE SCHOOL PUBLIC EXAMINATION

*738. **Sri. N. P. Varghese:** Will the Hon'ble Minister for Education be pleased to state.—

(*a*) whether Government propose to discontinue the system of Public Examination at the end of the middle school course;

(*b*) if the answer is in the affirmative what are the reasons for it;

(*c*) are Government aware that the holding of public examinations after the Third Form course keeps up a uniform standard throughout the State for pupils entering Form IV, and

(*d*) will Government be pleased to take a decision in the matter only after consulting the opinion of the public?

**The Hon'ble Sri. Panampilli Govinda Menon:** (*a*) No.

(*b*) (*c*) & (*d*) In view of answer to (a).

(*d*) These do not arise.

## പുഞ്ചത്തോട്, പന്നമലച്ചിറ, കൈപ്പാലച്ചിറ എന്നിവയുടെ പണി

*൭൩൯. ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആറൻമുള പകുതിയിൽ (തിരുവല്ലാ താലൂക്ക്) ഉള്ള കിടങ്ങന്നൂർ പുഞ്ചത്തോട്, പുന്നമലച്ചിറ, കൈപ്പാലച്ചിറ എന്നിവയുടെ പണി തീരാത്തതുകൊണ്ട് അനേകായിരം പറ നിലങ്ങളിലെ നെൽകൃഷി അധോഗതിയെ പ്രാപിച്ചിരിക്കുന്നതായി ഗവർമ്മെണ്ടിനറിയാമോ;

(ബി) എന്തു നടപടികൾ ഗവർമ്മെണ്ട് ഇക്കാര്യത്തിൽ ഇതുവരെ ചെയ്തിട്ടുണ്ട്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ചോദ്യത്തിൽ പറയുന്ന പണികൾ തീരാത്തതുകൊണ്ട് വലിയ അധോഗതി നെൽകൃഷിക്കുണ്ടായിട്ടുള്ളതായി ഗവർമ്മെണ്ട് വിചാരിക്കുന്നില്ല. എന്നാൽ ആ ജോലികൾ തീർന്നാൽ കൃഷിക്കു പുരോഗതിയുണ്ടാകുമെന്നു ഗവർമ്മെണ്ടിനു അറിയാം.

(ബി) പുന്നമലച്ചിറ, കൈപ്പാലച്ചിറ എന്നിവയുടെ പണി ഉടനെ നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കിടങ്ങന്നൂർ പുഞ്ചത്തോടിന്റെ പണി ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. കെ. എ. മാത്യു: ഈ പണി എന്നത്തേക്കു ചെയ്യാമെന്നാണ് ഗവർമ്മെണ്ട് ഉദ്ദേശിക്കുന്നത്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കൊല്ലാണ്ടിൽതന്നെ ചെയ്യണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്.

## തൊഴിലില്ലായ്മ

*൭൪൦. ശ്രീ. പി. എസ്. മാധവൻവൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) സംയുക്തകൊച്ചി—തിരുവിതാംകൂർ നാട്ടുരാജ്യ യൂണിയനിൽ ഇന്നു തൊഴിലില്ലായ്മ വർദ്ധിച്ചു വരികയാണെന്നു ഗവർമ്മെണ്ട് മനസ്സിലാക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ രാജ്യത്തിന്റെ സമാധാനത്തെ അപകടപ്പെടുത്തുന്ന ഈ തൊഴിലില്ലായ്മയെ ദൂരീകരിക്കുവാൻ ഫലപ്രദമായ വല്ല പദ്ധതികളും ഗവർമ്മെണ്ടിന്റെ ആലോചനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ പദ്ധതികളെന്തെല്ലാം?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) സംയുക്ത കൊച്ചി-തിരുവിതാംകൂർ നാട്ടുരാജ്യയൂണിയനിൽ തൊഴിലില്ലായ്മ ഏറെക്കുറെയുണ്ടെന്നു ഗവന്മെണ്ടിനു അറിയാം.

(ബി) ഉണ്ട്.

(സി) തൊഴിലില്ലായ്മക്കു കഴിയുന്നത്ര പരിഹാരം കണ്ടുപിടിക്കുവാൻ ഗവന്മെണ്ടിൽനിന്നും ഒരു കമ്മററിയെ നിയമിക്കുകയും ആ കമ്മററിയുടെ നിർദ്ദേശമനുസരിച്ചു ചേർത്തല റിലീഫ് വേലകൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. കുട്ടപ്പൻ: ഇപ്പോൾ ആ വേല നടക്കുന്നുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ നടക്കുന്നില്ല.

ശ്രീ. കെ. കരുണാകരൻ: എത്ര തൊഴിലാളികൾക്കാണ് ഈ തോടുവെട്ടുകൊണ്ട് ജോലി കിട്ടുന്നതു്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൫൦൦൦ ആളുകൾക്ക് ജോലി കിട്ടുമെന്നാണ് ഗവന്മെണ്ടിന്റെ അഭിപ്രായം.

ശ്രീ. കെ. കരുണാകരൻ: എത്ര തൊഴിലാളികൾക്ക് ഇപ്പോൾ ജോലിയില്ലാതിരിക്കുന്നുണ്ടെന്നു അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒരു സർവ്വെ നടത്തിയിട്ടില്ല.

ശ്രീ. വി. ഗംഗാധരൻനായർ: അങ്ങിനെ ഒരു സർവ്വെ നടത്തുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആലോചിക്കാം.

ശ്രീ. കെ. കരുണാകരൻ: തൊഴിലില്ലായ്മയെക്കുറിച്ച് റിപ്പോർട്ടു ചെയ്യുവാൻ നിയമിച്ച കമ്മററിയുടെ റിപ്പോർട്ടിൽ തൊഴിലില്ലാത്ത ആളുകളുടെ സർവ്വെ എടുക്കണമെന്നു നിർദ്ദേശിച്ചിട്ടില്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അമ്പലപ്പുഴ ചേർത്തല താലൂക്കിനെക്കുറിച്ച് മാത്രം റിപ്പോർട്ടു ചെയ്യുവാനാണ് കമ്മിററിയെ നിയമിച്ചതു്.

ശ്രീ. എം. ഐ. പോൾ: തൊഴിലില്ലായ്മ പ്രശ്നത്തെപ്പററി ഓരോ മെമ്പർമാരും ചോദിച്ചപ്പോൾ എത്ര പ്രാവശ്യം ഇതേപ്പററി വേണ്ടതു് ആലോചിക്കാം, ആലോചിക്കുന്നുണ്ട്, ആലോചനയിൽ ഇരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എത്ര ചോദ്യങ്ങൾ ഉണ്ടായിട്ടുണ്ടോ അത്രയും പ്രാവശ്യം പറഞ്ഞിരിക്കാം. (ചിരി).

ശ്രീ. എം. ഐ. പോൾ: പലരെ പ്രാവശ്യം ഇതുപോലെയുള്ള മറുപടികൾ നൽകുന്നതു് ഒരു ഗവന്മെണ്ടിനു ഭൂഷണമാണെന്നു വിചാരിക്കുന്നുണ്ടോ?

## തൊഴിൽശാലകളുടെ രജിസ്ട്രേഷൻ

*൧൪൧. ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവന്മെണ്ട് സദയം മറുപടി പറയുമോ—

(എ) തിരുവിതാംകൂർ—കൊച്ചി സംയുക്ത നാട്ടുരാജ്യയൂണിയനിൽ കുറഞ്ഞതു ഇത്ര തൊഴിലാളികൾ പണിയെടുക്കുന്ന തൊഴിൽശാലകൾ റജിസ്റ്റർചെയ്തുകൊള്ളണമെന്നു വല്ല നിബന്ധനയും ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു എത്രയാണ്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ൧൧൨൪-ലെ തിരുവിതാംകൂർ ഫാക്ടറി ആക്ട് ൨-ാം വകുപ്പിൽ (എം) ഉപവകുപ്പനുസരിച്ച് കുറഞ്ഞതു് ൧൦ തൊഴിലാളികളോ അതിൽ കൂടുതലോ ജോലിചെയ്യുന്നതും പവ്വർ ഉപയോഗിക്കുന്നതുമായ തൊഴിൽശാലകളും, ൨൦ തൊഴിലാളികളോ അതിൽ കൂടുതലോ ജോലിചെയ്യുന്നതും പവ്വർ ഉപയോഗിക്കാത്തതുമായ തൊഴിൽ ശാലകളും ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. ൧൧൧൩-ലെ കൊച്ചിൻ ഫാക്ടറി ആക്ടനുസരി

ച്ച് ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലിചെയ്യുന്നതും പവർ ഉപയോഗിക്കുന്നതുമായ വ്യവസായശാലകൾ ഫാക്ടറി ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. കൂടാതെ ൧൧൨൪-ലെ കൊച്ചിൻ ഫാക്ടറീസ് (അമെൻറമെൻറ്) ആക്ടനുസരിച്ച് പത്തോ അതിൽ കൂടുതലോ എന്നാൽ ഇരുപതിൽ കുറവോ ആയ തൊഴിലാളികൾ ജോലിചെയ്യുന്നതും പവർ ഉപയോഗിക്കുന്നതുമായ വ്യവസായ ശാലകളും ഫാക്ടറി ആക്ടിന്റെ പരിധിയിൽ വരുന്നുണ്ട്. ഇത്തരം തൊഴിൽശാലകൾക്ക് ചെറുതരം തൊഴിൽ ശാലകളെന്നാണ് ആക്ടിൽ നിർദ്ദേശം ചെയ്തിരിക്കുന്നത്.

ശ്രീ. പി. കെ. ഢീവർ: ഈ തൊഴിൽ ശാലകളിൽ റജിസ്റ്റർ ചെയ്യാത്തവ എത്രയുണ്ട്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്ക പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. ഢീവർ: അതേപ്പറ്റി ദയവായി അന്വേഷിക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിക്കാം.

ശ്രീ. കെ. കരുണാകരൻ: തിരുവിതാംകൂറിലെപ്പോലെ കൊച്ചി ഫാക്ടറി ആക്ടിലും വേണ്ട ഭേദഗതികൾ ചെയ്തുകൂടേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂറിൽ ൧൧൨൪-ൽ ഉണ്ടാക്കിയ ഒരു നിയമമനുസരിച്ച് കൊച്ചിയിൽ നിയമമുണ്ടാക്കുവാൻ ആലോചിച്ചപ്പോൾ ആണ് ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും ഫാക്ടറി ആക്ട് സമഗ്രമായി ഭേദഗതിചെയ്യുവാൻ ആലോചിച്ചുവരുന്നതായി അറിവുകിട്ടിയത്. അതുകൊണ്ട് അതു തല്ക്കാലം നിർത്തിവെച്ചു.

ശ്രീ. കെ. കരുണാകരൻ: കൊച്ചിയിലെ ചെറുതരം ഫാക്ടറികളിൽ അധികവും സീസനൽ ഫാക്ടറികളാണെന്ന് അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില ഫാക്ടറികൾ സീസനൽ ഫാക്ടറികളാണ്.

### TRAINING COLLEGE, TRIVANDRUM

* 742 **Sri. P. Kunjukrishnan:** Will the Government be pleased to state.—

(*a*) how long it is now since the principalship of the Training College, Trivandrum has fallen vacant;

(*b*) whether any permanent appointment has been made to the post; and

(*c*) if not, why not?

**The Hon'ble Sri. Panampilly Govinda Menon:**

(*a*) The Principalship is not vacant now.

(*b*) Yes.

(*c*) Does not arise.

**Sri. D. Gnanasigamony:** Was not this appointment made in contravention of the University Act?

**The Hon'ble Sri. Panampilly Govinda Menon:** No.

**Sri. D. Gnanasigamony:** Is it not proper that such appointments are made as per the recommendations of the Syndicate?

**Mr. Speaker:** I think these questions were once put and answers given.

**The Hon'ble Sri. T. K. Narayana Pillai:** There was a reference to this matter during the general discussion and it was replied to.

**Sri. D. Gnanasigamony:** What is the recommendation of the Syndicate in this matter?

**The Hon'ble Sri. Panampilly Govinda Menon:** Recommendations of one Depratment of Government to another are confidential and cannot be disclosed.

**Sri. D. Gnanasigamony:** Was the recommendation of the Syndicate followed by the Government?

**The Hon'ble Sri. Panampilly Govinda Menon:** In this matter, the proper authority for making the appointment is the Government.

**Sr. A. Chidambaranatha Nadar:**

Syndicate இருந்து recommendation வந்ததுண்டா?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വന്നിട്ടുണ്ടാവാം.

**Sahib Bahadur Abdul Razak:** May I know whether the appointment made by the Government is protested against by the Senate of the University?

ബഹു. ശ്രീ പനമ്പിള്ളിഗോവിന്ദമേനോൻ : എനിക്കറിവില്ല.

## Cement Company

*743. **Sahib Bahadur P. S. Mohamed:** Will the Honourable Minister for Industry be pleased to State:

(*a*) the amount of paid up capital in the Cement company;

(*b*) the amount invested by Government in the company as share value and the amount invested in it as loan;

(*c*) the number of employees as officers and Ministerial servants separately with their communities;

(*d*) the number of mechanical employees whose pay is above Rs. 100 and below Rs. 100

(*e*) the number of clerks whose pay is above Rs. 100 and below Rs. 100; and

(*f*) the number of other officers whose pay is above Rs. 100?

**The Hon'ble Sri. N. Kunjuraman:**

(*a*) Rs. 49,96,530

(*b*) Rs. 16,00,000 as share value and Rs. 50,00,000 as loan.

(*c*) to (*f*) A statement is placed on the table.

STATEMENT

| | Hindu | Christian | Muslim | Pars. |
|---|---|---|---|---|
| Officers .. | 1 | 1 | .. | .. |
| Ministerial staff .. | 29 | 21 | 1 | 1 |
| Mechanical employees gettings salary over Rs. 100 .. | 6 | 7 | 1 | .. |
| Do. below Rs. 100 .. | 41 | 57 | 2 | .. |
| Clerks whose pay exceed Rs. 100 .. | 1 | 1 | .. | .. |
| Clerks whose pay below Rs. 100 .. | 4 | 2 | .. | .. |

## ACQUISITION OF LAND IN THIRUVITHANCODE PAKUTHY

*744. **Sri. D. Gnanasingamony:** Will the Hon'ble Minister for land be pleased to state;

(*a*) whether there is any proposal to acquire 49 cents in survey number 4368 of the Thiruvithancode pakuthy;

(*b*) if so, for whose benefit is the acquisition intended;

(*c*) whether petitions were received to confine the acquisition to survey number 4369 A only;

(*d*) if the answer to part (*c*) is in the affirmative, what action has Government taken in respect of those petitions; and

(*e*) whether Government have considered the desirability of confining the acquisition to one Survey number only instead of two belonging to the same owner in the particular case?

**The Hon'ble Sri. K. Ayyappan:**

(*a*) Yes.

(*b*) For the fisher folk who are without homestead of their own.

(*c*) Yes.

(*d*) The petitions were rejected.

(*e*) Yes.

## കാലടി ഔട്ട്പോസ്റ്റിലെ പോലീസ്

* ൭൪൫. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) കാലടി ഔട്ടുപോസ്റ്റിലെ രണ്ടു പോലീസുകാർ മദ്യപിച്ചു അവിടത്തുകാരനായ ഒരു സാധുവിനെ അകാരണമായി ദേഹോപദ്രവമേല്പിച്ചു എന്നു കാണിച്ചു വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടി നടത്തി?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പരാതി അന്വേഷണത്തിൽ ഇരിക്കുകയാണ്.

ശ്രീ. എ. വി. ജോസഫ്: ഈ പരാതി ലഭിച്ചിട്ട് എത്രനാളായി?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. എ. വി. ജോസഫിന്റെ ഒരു എഴുത്താണ് കിട്ടിയതു്. അതു് ൨൪—൭—൧൧൨൪-ൽ ആണ്.

ശ്രീ. എ. വി. ജോസഫ്: കാലടി കാൺഗ്രസ്സ് കമ്മററി പാസ്സാക്കിയ ഒരു പ്രമേയം ബഹു. മന്ത്രിക്ക് കിട്ടിയിട്ടില്ലെന്നാണോ പറയുന്നതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ബഹു. മെമ്പർ അയച്ച ഫോർവേഡിംഗ് ലെററിന്റെ കൂടെ ഒരു പ്രമേയവും ഉണ്ടായിരുന്നു.

ஸ்ரீ. ஏ. சிதம்பரநாத நாடார்: நீங்கள் பிரதான மந்திரியான பிறகு போலீசைப் பற்றி எத்தனை பராதிகள் வந்திருக்கின்றன?

**Mr. Speaker:** The question is too general to be answered.

ശ്രീ. എ. വി. ജോസഫ്: ഈ അന്വേഷണം പൂർത്തിയാകുവാൻ എത്ര കാലം വേണം?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷണം പൂർത്തിയാകുന്നതിനു് ആവശ്യമുള്ള സമയം മാത്രം.

പെരുമ്പാവൂർ പാർവ്വത്യകാർ

*൭൪൩. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

കൃഷിക്കാർക്കു വളം മേടിക്കുന്നതിനായി കിട്ടേണ്ട സട്ടിഫിക്കററിനു് പെരുമ്പാവൂർ പാർവ്വത്യകാർ അഞ്ചുരൂപാ ഫീസു വസൂൽചെയ്തുകൊണ്ടിരിക്കുന്നതായി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി നടത്തി?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: പരാതികൾ ലഭിച്ചിട്ടില്ല.

അവശസമുദായലിസ്റ്റിൽ ഉൾപ്പെടുത്താത്ത അവശസമുദായം

*൭൪൭. ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിൽ 'തണ്ടാൻ' എന്ന പേരിൽ അറിയപ്പെടുന്ന അവശസമുദായത്തെ അവശസമുദായലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉൾപ്പെടുത്താതിരിക്കുന്നതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി) ഉൾപ്പെടുത്തുന്നകാര്യം ആലോചിക്കാം.

സ്കൂളുകളിലെ സ്ഥലദൌർല്ലഭ്യം

*൭൪൮. ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കാർത്തികപ്പിള്ളി താലൂക്കിൽ 'പുതിയവിള എം. പി. സ്കൂളി'നു വേണ്ടത്ര സ്ഥലസൌകര്യമില്ലെന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമോ;

(ബി) ഇപ്പോഴുള്ള കെട്ടിടത്തിനുതന്നെ ജനലുകളും കതവുകളും ഇല്ലെന്നും, സ്കൂൾ ഉപകരണങ്ങളിൽ പലതും ഇല്ലെന്നും ഉള്ളതു ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ചിലററ സമ്പ്രദായം അനുസരിച്ചു് ആവശ്യമുള്ള സ്ഥലമുണ്ടു്.

(ബി) ഇപ്പോൾ ഉള്ള കെട്ടിടത്തിന്റെ നാലു ജനലുകളും മൂന്നു കതകുകളുടെ ചട്ടങ്ങളും ജീർണ്ണിച്ചുപോയിട്ടുള്ളതുകൊണ്ടു് അവ നന്നാക്കേണ്ടതാണെന്നു് അറിയാം. ആവശ്യമുള്ള ഉപകരണങ്ങൾ സ്കൂളിൽ ഉണ്ടു്.

ശ്രീ. കെ. കുട്ടപ്പൻ: അവിടെ സമയം അറിയാനുള്ള ഉപകരണം ഇല്ലെന്നു് അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ദൃഷ്ടിയിൽ പെട്ടിട്ടില്ല.

**MR. THAMPI HARRIS, DIVISION INSPECTOR OF SCHOOLS**

**749. Sri. A. Chidambaranatha Nadar :** Will the Hon'ble Minister for Education be pleased to answer :

(*a*) from which part of Travancore Mr. Thampi Harris is hailing from ;

(*b*) what is the exact date on which Mr. Harris entered the educational service ;

(*c*) on which date, the present Principal of the Training College entered the educational service ;

(*d*) what are their respective educational qualifications ; and

(*e*) may I know why Mr. Harris's rightfull claims have been fettered even after the University Senate had recommended him for the Principal's place ?

**The Hon'ble Sri. Panampilli Govinda Menon :**

(*a*) South Travancore.

(*b*) 1-12-1093

(*c*) 29-3-1109

(*d*)

| *Mr. Thampi Harris* | *Mr. Korah M. Mani.* |
|---|---|
| B. A. (Hons) | B. A. (Hons) (Madras) |
| L. T. | B. A. (Cambridge) |
| | L. T. |

(*e*) Mr. Kora M. Mani possessed the highest educational qualifications together with the necessary teaching experience among the eligible candidates.

**Sahib Bahadur A. Abdul Razaak :** Has Mr. Korah Mani any experience as Lecturer in a College ?

**The Hon'ble Sri. Panampilli Govinda Menon :** I want notice. His service book is not before me.

**Sahib Bahadur A. Abdul Razak :** Has Mr. Thampi Harris experience in College work?

**The Hon'ble Sri. Panampilli Govinda Menon :** On that matter also I want notice.

ஸ்ரீ. ஏ. சிதம்பரநாத நாடார்: யூனிவர்ஸிட்டியிலிருந்து இந்த நியமனம் சம்பந்தமாக வந்த recommendation என்ன?

**Sri D. Gnanasigamony :** Did the University say that Mr. Kora Mani is unfit to hold the post ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ ഉത്തരം ഒ മിനിട്ടുമുമ്പ് പറഞ്ഞതാണല്ലോ.

**Sri. D. Gnanasigamony:** Is the Minister aware that there is provision in the University Act that only the Syndicate has power to make recommendations ?

**The Hon'ble Sri Panampilli Govinda Menon:** Statutory power is given to the Syndicate to make recommendations.

**Sri. P. Balakrishnan Thampi :** In view to the volume of feeling in this matter will the Hon'ble Minister for Education be pleased to do justice by giving some thing to Mr. Thampi Harris ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മി. തമ്പിഹാരിസ്സിന് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അതു ചെയ്തുകൊടുക്കാം.

**MUNSIFF'S COURT AT KUZHITHURAI**

***750. Sri. R. Chellaswami Nadar:** Will the Hon'ble Minister for Courts be pleased to state,—

(*a*) whether the Government have received representations for housing the Munsiff's Court at Kuzhithurai in the Taluk Office compound ; and

(*b*) if any, the steps taken on them ?

**The Hon'ble Sri. T. K. Narayana Pillai :**

(*a*) Yes.

(*b*) Land is being acquired for the purpose.

ஸ்ரீ. செல்லசுவாமி நாடார்: எந்த நிலைமையிலிருக்கிறது என்று சொல்லம் முடியுமா?

**The Hon'ble Sri. T. K. Narayana Pillai :** The land required for the purpose is sought to be acquired.

ஸ்ரீ. ஸ்ரீ. வி. தாஸ்: நாகர்கோவில் ஜில்லாக்கோர்ட்டை குழித்துறைக்கு மாற்றப்போவது உண்மைதானா?

கனம் ஸ்ரீ. டி. கெ. நாராயண பிள்ளை: இதற்கு முன்னால் சொல்லியாய்விட்டது.

## അവശസമുദായ കോളനികൾ

*൭൫൧. ശ്രീ. ടി. എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട അവശസമുദായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) അവശസമുദായങ്ങൾക്ക് ഐക്യസംസ്ഥാനത്ത് എത്ര കോളനികൾ അനുവദിച്ചിട്ടുണ്ട്?

(ബി) കുടുംബികൾക്ക് എത്ര കോളനികൾ അനുവദിച്ചിട്ടുണ്ട്?

(സി) കുടുംബികൾ കോളനികൾ അനുവദിച്ചുകിട്ടണമെന്ന് അപേക്ഷിച്ചിട്ടുണ്ടോ?

(ഡി) അപേക്ഷിച്ചിട്ടുണ്ടെങ്കിൽ വല്ല നടപടിയും ബഹുമാനപ്പെട്ട ഗവമെന്റ് എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) തിരുവിതാംകൂറിൽ ൧൩൭-ം, കൊച്ചിയിൽ ൧൪-ം. അങ്ങനെ ആകെ ൧൫൧ കോളനികൾ ഉണ്ട്.

(ബി) തിരുവിതാംകൂറിൽ ഇല്ല. കൊച്ചിയിലും ഇല്ല. എന്നാൽ അധഃകൃതകോളനികളിൽ കുടുംബി അപേക്ഷകർക്കും സ്ഥലം കൊടുക്കുന്നതാണ്.

(സി) തിരുവിതാംകൂറിൽ അപേക്ഷിച്ചിട്ടില്ല. കൊച്ചിയിൽ അപേക്ഷിച്ചിട്ടുണ്ട്.

(ഡി) അവർ അപേക്ഷിച്ച സ്ഥലം എടുക്കാൻ നിവൃത്തിയില്ലാതെവന്നതുകൊണ്ട് അപേക്ഷ അനുവദിച്ചില്ല.

ശ്രീ. ടി. എം. സന്നലൻ: പുറമ്പോക്ക സ്ഥലങ്ങൾ ഉണ്ടെങ്കിൽ അനുവദിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതേപ്പററി ആലോചിക്കാം.

**Sri. P. Balakrishnan Tampi:** Is the accommodation in the colony denied to householders? *(Laughter)*.

ബഹു. ശ്രീ. കെ. അയ്യപ്പൻ: കുടുംബി എന്നു പറയുന്നത് ഒരു സമുദായത്തിന്റെ പേരാണ്. ബഹു. മെമ്പർ ഒരു വാക്കിനു പലേ അർത്ഥമുണ്ടെന്നു മനസ്സിലാക്കിയിരുന്നുവെങ്കിൽ ഇത്തരം ഒരു ചോദ്യം ചോദിക്കാൻ ഇടയാകയില്ലായിരുന്നു.

**Sri. P. Balakrishnan Tampi:** Because the Hon'ble Member is not a Sanskrit student. *(Renewed laughter)*.

## LEASE OF FOREST LANDS

*752. **Sri. E. P. Poulose:** Will the Hon'ble Minister for Forest be pleased to state:

(*a*) whether any forest land has been leased out for cultivation in Muvattupuzha Division this year;

(*b*) whether cultivation has been made this year in the land so leased out;

(*c*) whether Government have enquired into allegations regarding unauthorised occupation and cultivation of Forest land; and

(*d*) what action if any has been taken on it?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) Yes; 341 acres have been leased out.

(*b*) Over a major part of the area, that is, 291 acres, have been cultivated.

(*c*) Yes.

(*d*) Forest cases have been taken up in respect of unauthorised occupation noticed.

ശ്രീ. ഇ. പി. പൌലോസ്: ൧൧൨൫-ലേക്ക സ്ഥലം വീതിച്ചുകൊടുക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ നാലഞ്ചുദിവസത്തിനകം ഒന്നും ചെയ്തിട്ടില്ല.

ശ്രീ. ഇ. പി. പൌലോസ്: കഴിഞ്ഞ കൊല്ലം സ്ഥലം വീതിച്ചുകൊടുക്കുന്നതിൽ വരു

ത്തിയ കാലതാമസംകൊണ്ടു കൃഷി ശരിയായി ചെയ്യാൻ സാധിച്ചില്ലെന്നുള്ള വിവരം ഗവൺമെണ്ടിനറിയാമോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കൊല്ലം വേഗത്തിൽ തിരിച്ചു കൊടുക്കുവാൻ ശ്രദ്ധിക്കാം.

ശ്രീ. ഇ. പി. പൌലോസ്: വൃശ്ചികമാസത്തിനകം സ്ഥലം വീതിച്ചുകിട്ടിയില്ലെങ്കിൽ ഇക്കൊല്ലം കൃഷി സാദ്ധ്യമല്ലെന്നു ഗവൺമെണ്ടിനറിയാമോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുമുമ്പായി വീതിച്ചുകൊടുക്കാൻ നോക്കാം.

ശ്രീ. എം. ഐ. പാഠം: അടുത്ത അസംബ്ലിക്കു വരുമ്പോഴെങ്കിലും ആലോചിക്കാം, നോക്കാം, തുടങ്ങാം എന്നെല്ലാം പറയുന്ന രീതി വിട്ട് പ്രവർത്തിച്ചു എന്ന് ഒന്നു പറയാൻ ശ്രദ്ധിക്കുമോ ? (ചിരി).

**Sri. A. P. Udayabhanu:** May I know the extent of the unauthorised occupation referred to in (*d*) ?

**The Hon'ble Sri. Panampilli Govinda Menon:** I want notice.

**GRAZING LANDS**

*753. **Sri. E. P. Paulose:** Will the Hon'ble Minister for Forests be pleased to state:

(*a*) whether any representation has been made by the Public of Keerampara in Kutamangalam pakuthi, Muvattupuzha Taluk for providing grazing lands; and

(*b*) what action has been taken on it ?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) Yes

(*b*) The matter is receving the attention of Government.

***754.** The question (*viz.*, no. 806. in the list of admitted questions) was not put by the Member.

**കൃഷിക്കാരുടെ വക തോക്കുകൾ**

൭൫൫. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇടപ്പള്ളി പോലീസ്സ്റ്റേഷനിൽ പിടിച്ചുവച്ചിട്ടുള്ള കൃഷിക്കാരുടെ വക തോക്കുകളിൽ എത്ര എണ്ണം ഇനി തിരിയെ കൊടുക്കുവാനുണ്ടെന്നു ദയവായി പറയാമോ;

(ബി) തിരിയെ കൊടുക്കുവാനുണ്ടെങ്കിൽ അതിനു് കാരണം;

(സി) മനഃപൂർവ്വമായി ആരുടെയെങ്കിലും തോക്കു കൊടുക്കാതെയിരിപ്പുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ൧൧ എണ്ണം.

(ബി) മൂന്നു തോക്കുകളുടെ ലൈസൻസ്സ് റദ്ദ്ചെയ്യുതിനാലും ബാക്കിയുള്ള വ എണ്ണത്തിന്റെ ലൈസൻസ്സ് പുതുക്കിയിട്ടില്ലാത്തതിനാലും ആണ് മടക്കികൊടുക്കാത്തതു്.

(സി) ഇല്ല.

ശ്രീ. എ. വി. ജോസഫ്: ലൈസൻസ്സ് റദ്ദ്ചെയ്യാനുള്ള പ്രത്യേക കാരണം എന്താണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. വി. ജോസഫ്: അവിടെനിന്നു സ്ഥലം മാറിപോയ ഇൻസ്പെക്ടർ മി. മാത്യുവിനു് അവരോടുള്ള മനഃപൂർവ്വ വിരോധംകൊണ്ടാണ് തോക്കുകൾ തിരിച്ചുകൊടുക്കാതിരുന്നിട്ടുള്ളതെന്നു ഗവൺമെണ്ടിനു് അറിയാമൊ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഗവൺമെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. വർഗ്ഗീസ് അഗസ്റ്റ്യൻ: കൃഷിക്കാരുടെ തോക്കുകൾ തിരിച്ചുകൊടുക്കാത്തതുകൊണ്ടു് കൃഷികൾ വന്യമൃഗങ്ങൾ നശിപ്പിച്ചുവരുന്നതായി ഗവൺമെണ്ടിനു് അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഉണ്ടെങ്കിൽ അതിനു് പരിഹാരം ഉണ്ടാക്കാവുന്നതാണ്.

ശ്രീ. വർഗ്ഗീസ് അഗസ്റ്റ്യൻ: കൃഷിക്കാരുടെ തോക്കിന്റെ ലൈസൻസ്സ് ഉടൻ കൊടുക്കത്തക്കവണ്ണം വേണ്ട നിർദ്ദേശം പുറപ്പെടുവിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി അന്വേഷിച്ചു കൊടുക്കാതിരിക്കാൻ മതിയായ കാരണങ്ങളും ഉണ്ടെങ്കിൽ അല്ലാതെ കൊടുക്കാതിരിക്കുകയില്ല.

ശ്രീ. വർഗ്ഗീസ് അഗസ്റ്റ്യൻ: പോലീസുകാർ ജനങ്ങളോടുള്ള വിരോധംനിമിത്തം നല്ല കൃഷിക്കാർപോലും കമ്മ്യൂണിസ്റ്റുകാരാണെന്നു എഴുതി അയച്ചിട്ടുള്ളതായി ഗവർമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ചോദ്യം എടപ്പള്ളി കൃഷിക്കാരെക്കുറിച്ചാണു്. അതുകൊണ്ടു് നേരത്തെ അതുസംബന്ധിച്ചു ചോദ്യം അയച്ചാൽ അതിനു് ഉത്തരം തയ്യാറാക്കിവെയ്ക്കാം.

### BACKWARD VILLAGES

*756. **Sri. N. V. Chacko:** Will the Hon'ble Minister for Village Panchayats etc., be pleased to state:

(a) whether the Government will be pleased to help the backward villages of the State by giving adequate grants to those backward areas where people are ready to make honest and bonafide attempts to uplift those areas; and

(b) whether the Government would be pleased to introduce into the Travancore part of the United State the Panchayat system now in force in the Cochin part with necessary improvements?

**The Hon'ble Sri. K. Aiyappan:**

(a) In Travancore usually grants are given to those institutions (village Unions, Panchayats and Uplift Centres) under the control of Village Panchayat Department. There are no funds allotted for the purpose of giving grants to backward areas, as such, unless these areas are brought within Village Union, Panchayat or Uplift areas. In Cochin, every effort is being made for the improvement of backward areas from the Panchayat Department according to the availability of funds.

(b) The question of reorganising the Panchayat system is under active consideration of the Government. They are not in a position now to define the exact nature of legislation for the purpose.

### CRIMINAL CASES AGAINST ROWDIES

*757. **Sri. R. K. Ram:** Will the Hon'ble Chief Minister be pleased to state whether the Government has given promise that all the criminal case pending, if any, against the rowdies, in the Travancore Tamil Nad would be settled in their favour if they join the Travancore Congress.

**The Hon'ble Sri. T. K. Narayana Pillai:** No.

**Sri. P. Balakrishnan Tampi:** On a point of information. May I know whether questions are admitted without any consideration whether they contain insinuations against any political parties or not? It is injustice done to this party—excuse me when I say so—that if questions are admitted in this manner, unawares it might wound the feelings of members of other political parties.

**Mr. Speaker:** That general information may be asked for on some other occasion. Not now when questions and answers are taken up.

### UNDER-TRIAL PRISONERS

*758. **Sri. R. K. Ram:** Will the Hon'ble Chief Minister be pleased to state:

(a) how many under-trial prisoners are there in Travancore;

(b) how many of them are Indian Socialists, how many Kerala Socialists and how many Communists; and

(c) how many under trials are detained in jail?

**The Hon'ble T. K. Narayana Pillai:**

(a) 611

(b) Indian Socialists 11
Kerala Socialists 29
Communists 193

(c) Two undertrials are detained in Jail as detenus.

## സറണ്ടർചെയ്ത വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ

*൭൭൯. സാഹിബ് ബഹദൂർ റ്റി. എ. മൊയ്തീൻകുഞ്ഞ്: ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അടിയിൽ പറയുന്ന ചോദ്യങ്ങൾക്ക് സദയം മറുപടി പറയുമോ.—

(എ) സറണ്ടർചെയ്ത വിദ്യാലയങ്ങളിൽ ഇതുവരെയും നിയമനം അനുവദിക്കപ്പെടാതെ ജോലിനോക്കുന്ന അദ്ധ്യാപകരുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ നിയമനം അനുവദിക്കാതിരിക്കുന്നതിന് കാരണമെന്താണ്;

(സി) ഒരു കൊല്ലത്തിന് മേലായി ഇക്കൂട്ടർക്ക് ശമ്പളം കിട്ടുന്നില്ലെന്ന് ഗവണ്മെണ്ടിനറിയാമോ;

(ഡി) ഇവരുടെ അവശതകൾ എത്രയുംവേഗം പരിഹരിക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഏതാനും ചില സ്കൂളുകളിൽ ഉണ്ട്.

(ബി) ആമാതിരിയുള്ള നിയമനങ്ങൾ മാനേജർമാർ സ്കൂൾ സറണ്ടർ ചെയ്യുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ചതിനുശേഷം നടത്തിയിട്ടുള്ളതുകളായതുകൊണ്ട് അവ അനുവദിക്കുന്ന കാര്യം ഗവണ്മെണ്ട് ശ്രദ്ധയിൽ ഇരിക്കുകയാണ്.

(സി) അറിയാം.

(ഡി) പരിഹരിക്കാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: സറണ്ടർ സ്കൂൾ അദ്ധ്യാപകന്മാരുടെ ഒരു മെമ്മോറാണ്ടം ഗവണ്മെണ്ടിലേക്കു കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്നയച്ചതാണെന്നു പറയാമോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: മൂന്നു മാസത്തിനു മുമ്പാണ്.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കിട്ടിയിരിക്കാം. നോട്ടീസ് വേണം.

ശ്രീ. പൊന്നറ ജി. ശ്രീധർ: സറണ്ടർ സ്കൂളുകൾ ഗവണ്മെണ്ട് ഏറ്റെടുത്ത അവസരത്തിൽ ഗവണ്മെണ്ട് അവരോട് ചില കരാറുകൾ ചെയ്തിരുന്നില്ലേ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില വ്യവസ്ഥകൾ അനുസരിച്ചാണ് സ്കൂളുകൾ ഗവണ്മെണ്ട് ഏറ്റെടുത്തതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ആ വ്യവസ്ഥകളെല്ലാം ഗവണ്മെണ്ട് ഇപ്പോൾ പാലിക്കുന്നുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വ്യവസ്ഥകൾ പാലിക്കുന്നുണ്ടായിരിക്കണം.

ശ്രീ. ஏ. சிதம்பரநாத நாடார்: surrender செய்த ஸ்கூல்களிலுள்ள Headmaster களை அதே ஸ்தானத்தில், அதாவது Headmaster களாகவே வைத்துக்கொள்ள வேண்டுமென்று நியாயம் உண்டா?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കറിവില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സറണ്ടർ സ്കൂൾ അദ്ധ്യാപകന്മാരെയെല്ലാം ഗവണ്മെണ്ട് അദ്ധ്യാപകന്മാരായി ഗണിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്കൂൾ സറണ്ടർ ചെയ്യുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ചതിനുശേഷം നടത്തിയിട്ടുള്ള നിയമനങ്ങളെക്കുറിച്ചു ഗവണ്മെണ്ട് അവസാനതീരുമാനം എടുത്തിട്ടില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: വ്യവസ്ഥയനുസരിച്ചു എടുത്തിട്ടുള്ള എല്ലാ അദ്ധ്യാപന്മാരേയും ഇതിനകം ഗവണ്മെണ്ട് സർവീസിൽ നിയമിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറെപേർ ബാക്കിയുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതു് എന്തുകൊണ്ടാണ്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ക്രമേണ അഡ്ജസ്റ്റ് ചെയ്തുവരുന്നതേയുള്ളു.

**Sri. Ponnara G. Sreedhar:** On a point of order, Sir. വാസ്തവം അങ്ങനെയല്ല. തിരുവിതാംകൂർ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നയത്തെക്കുറിച്ച് അദ്ദേഹത്തിന് ശരിയായി അറിഞ്ഞുകൂടാ.

**Mr. Speaker:** I do not see any point of order raised. The Hon'ble Member has merely made assertion.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇന്നത്തെ വിദ്യാഭ്യാസമന്ത്രി ഈ കാര്യം ഇപ്പോൾ പുതുതായി ഏറ്റെടുത്തതാണ്. അദ്ദേഹം ഇവിടെ വരുന്നതിന് മുമ്പുള്ള കാര്യങ്ങൾ അദ്ദേഹത്തിന് അറിഞ്ഞുകൂടാ. അതുകൊണ്ട് ആ കാര്യങ്ങൾകൂടി അറിഞ്ഞിട്ട് മറുപടി പറയുന്നതായിരിക്കും നല്ലത്.

**Mr. Speaker:** There is no point of order as such raised by the Hon'ble Member. But the suggestion made by him may, however, be accepted for what it is worth.

## (b) Written Answers

### ഹെൽത്ത് യൂണിറ്റ്

**760.** ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹു. മന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തല താലൂക്കിൽ ഒരു ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിന് ഗവൺമെണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് ഇതേവരെ നടപ്പിൽ വരാത്തത് എന്തു കാരണവശാലാണ്? അവിടത്തെ അനാരോഗ്യസ്ഥിതിയെ പരിഗണിച്ചു ഹെൽത്ത് യൂണിറ്റ് ഉടനെ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ എടുക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഉണ്ട്. ഹെൽത്ത് യൂണിറ്റിലേയ്ക്കു വേണ്ടതായ മിഡ് വൈഫ്, നഴ്സ്, മെഡിക്കൽ ആഫീസർ മുതലായ സ്റ്റാഫിന് യോഗ്യതയുള്ളവരെ കിട്ടിക്കഴിഞ്ഞിട്ടില്ലാത്തതുകൊണ്ട് യൂണിറ്റിലെ എല്ലാ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല. വേണ്ടത്ര യോഗ്യതയുള്ളവരെ കിട്ടിയാൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

### വളം ഡിപ്പോകൾ

**761.** ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിന് ബഹു. കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കുന്നത്തുനാട്ടിൽപെട്ട കോതകുളങ്ങര, മഞ്ഞപ്ര, മാണിക്കമംഗലം എന്നീ കഷ്കകപകുതികളിലായി എത്ര വളം ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ട്; ഉണ്ടെങ്കിൽ എവിടെയെല്ലാം?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: കോതകുളങ്ങര പകുതിയിൽ [illegible]-ാം നമ്പർ സഹകരണസംഘത്തിനും മാണിക്കമംഗലം പകുതിയിൽ കാലടി വില്ലേജ് യൂണിയനും ഓരോ വളംഡിപ്പോവീതം അനുവദിച്ച് നടത്തുന്നുണ്ട്. മഞ്ഞപ്ര പകുതിയിൽ വളം ഡിപ്പോ ഇല്ല.

### ADMISSION OF STUDENTS

**762. Sri. P. K. Dewar:** Will the Hon'ble Minister for Education be pleased to state.—

(*a*) whether there is any rule governing the admission of students to the Ernakulam Maharaja's College; and

(*b*) If so whether he will be pleased to place a copy of the same on the table?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) Yes.

(*b*) A copy of the Rules is placed on the table.

### REVISED RULES OF ADMISSION

1. Admission is open to all students belonging to geographical area covered by Cochin and Travancore.

2. Preference be given in the following order.

(*a*) Students belonging to the area coming from schools and colleges situated within the area.

(*b*) Students belonging to the area coming from schools and colleges situated outside the area.

(c) Others.

3. Princes of the Cochin Ruling Family and Cranganur to be admitted irrespective of marks into groups considered best by the Principal.

4. All depressed classes, Muslims and Jew women students to be admitted irrespective of marks into groups considered best by the Principal.

5. The depressed classes, Muslims and Jew men students to be given a percentage of reservation of seats consistent with the proportion of applications received from them, taken separately, to the total No. of applications registered for the group.

6. Children of local Government servants to be given some preference, *i.e.*, children of Government servants drawing a pay of Rs. 200 or less may be admitted provided they get a minimum of 50 per cent in the subject taken into consideration.

7. Children of local post, telegraph, telephone, Railway, Port Harbour, Army and Navy personnel to be given some preference, *i.e.*, on a par with the students of Cochin and Travancore even though they may not be from this area.

8. Selection of all students inclusive of those under category (5) to be made on the basis of marks scored, the candidates being arranged in order of merit under each group of study.

## പാഠപുസ്തകങ്ങൾ

**763.** ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ,—

(എ) ഗവമ്മെണ്ടിൽനിന്നും വിദ്യാഭ്യാസാവശ്യത്തിനായി തയാറാക്കി വില്ക്കുന്ന പുസ്തകങ്ങൾ, ഇതേവരെ (൧൨൩ — ൨൪ — ൧൧൨൪ വരെ) വില്പനയ്ക്കു തയാറായിട്ടില്ലാതെയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) വില്പനയ്ക്കു കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനൊ, ഉദ്യോഗസ്ഥന്മാരൊ ആരെല്ലാമാണ്?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) അവയുടെ ഒരു പട്ടിക താഴെ കൊടുക്കുന്നു.

(സി) കാലതാമസത്തിനുള്ള ഉത്തരവാദിത്വം ഒരു ഉദ്യോഗസ്ഥനൊ, ഉദ്യോഗസ്ഥന്മാക്കൊ അല്ല. അച്ചടിശാലകളിലെ അച്ചടിജോലിക്കുള്ള കാലവിളംബമാണ് അതിനു കാരണം.

### List A

1. Hygiene for Class IV and V (Malayalam).
2. Tamil Reader for Class V.
3. Agriculture (Tamil) Form I.
4. Mathematics (Malayalam) Form II.
5. Geography (Tamil) Form II.
6. Homecraft (Tamil) Form III.
7. Sanskrit Readers for Forms I, II, III and V.

### List B

1. Malayalam IV Reader.
2. History (Tamil) Form I.
3. Homecraft (Malayalam) Form I.
4. Do. (Tamil).
5. History (Malayalam) Form II.
6. Georgraphy (Malayalam) Form II.
7. Everyday Science (Malayalam) Form II.
8. Do. (Tamil).
9. Copy books for Forms I, II and III.
10. Arithmetic for Class I (Malayalam and Tamil).
11. Do. for Class II (Tamil).
12. Do. for Class III do.

13. Geography for Class III (Malayalam).
14. Do. (Tamil).
15. Nature study for Class III do.
16. History for Class III do.

### CIVIL ADMINISTRATION

**764. Sri. P. T. Chacko:** Will the Hon'ble Minister for Finance be pleased to state:

(*a*) The percentage of the income the Travancore Government have expended for Civil admiinistration in 1123 and 1124 M.E.;

(*b*) the percentage expended for public works in 1123 and 1124;

(*c*) the percentage of the income to be expended by the Union Government for Civil administration in the year 1125 M.E.?

**The Hon'ble Sri. A. J. John:**

(*a*) In 1123 46·3%.

In 1124 (Based on the revised estimate) 56·3%

(*b*) In 1123 11·9%.

In 1124 (Based on the revised estimate) 11·3%.

(*c*) 48·7% (Estimate).

### ഇ. എസ്സ്. എൽ. സി. വിദ്യാർത്ഥികൾ

൭൬൫. ശ്രീ. വി. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൪൮ ഒക്ടോബർ പരീക്ഷയ്ക്കു ഇ. എസ്സ്. എൽ. സി. വിദ്യാർത്ഥികൾക്കു സ്പെഷ്യൽ ക്ലാസ്സ് നടത്തിയതിനു എത്ര രൂപ ഫീസായി തിരുവിതാംകൂർ സർക്കാർ വാങ്ങി;

(ബി) അത് എന്തിനായിട്ടു വാങ്ങി;

(സി) പഠിപ്പിച്ച അദ്ധ്യാപകന്മാർക്ക് അതു വീതിച്ചു കൊടുത്തിട്ടുണ്ടോ;

(ഡി) അങ്ങനെ കൊടുക്കാതിരിക്കുന്നതിന്റെ കാരണമെന്ത്;

(ഇ) അദ്ധ്യാപകന്മാർക്കു വീതിച്ചു കൊടുക്കാൻ ഗവമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ൧൧,൮൪൯ രൂപ.

(ബി) പരീക്ഷ നടത്തുന്ന കാര്യത്തിൽ ചുമതലപ്പെട്ടിരുന്ന അദ്ധ്യാപകന്മാർക്കു കൊടുക്കുന്നാവകയ്ക്കും, സ്റ്റേഷനറി സാമാനങ്ങൾ, പഠിപ്പിക്കുന്നതിനാവശ്യമുള്ള ദ്രാവകങ്ങൾ മുതലായവ വാങ്ങിക്കുന്നവകയ്ക്കും മററും.

(സി) ഇല്ല.

(ഡി) വീതിച്ചു കൊടുക്കുന്നകാര്യം ഗവമെന്റിന്റെ ശ്രദ്ധയിൽ ഇരിക്കയാണ്.

(ഇ) ഉണ്ട്.

### CHIDAMBARAM ENGLISH MIDDLE SCHOOL

**766. Sri. Varghese Augustin:** Will the Hon'ble Minister for Education be pleased to state.—

(*a*) did the Government get any representation from the inhabitants of Peermade Taluk for the raising of Chidambaram English Middle School to a High School this year;

(*b*) do the Government intend to do so; and

(*c*) if so when?

**The Hon'ble Sri. Panampilli Govinda Menon:**

(*a*) Yes.

(*b*) The question will be considered by Government.

(*c*) In view of the answer to (*b*) this question does not arise.

### പിന്നോക്കസമുദായ കോളനി

൭൬൭. ശ്രീ. എൻ. എസ്സ്. കൊച്ചുകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു പിന്നോക്കസമുദായസംരക്ഷണത്തിന്റെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) പിന്നോക്കസമുദായസംരക്ഷണാർത്ഥം നടത്തപ്പെടുന്ന കോളനിയുടെ നടത്തിപ്പിലേക്കായി ഗവമ്മെണ്ട് വല്ല വ്യവസ്ഥകളും സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോളനിയിലെ താമസക്കാക്ക് പ്രത്യേകമായ വല്ല സൗകര്യങ്ങളൊ മററു ജീവിതമാഗ്ഗങ്ങളൊ നാളിതുവരെ ചെയ്തുകൊടുത്തിട്ടുണ്ടോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ :

(എ) ഉവ്വ്.

(ബി) ഉവ്വ്.

## മണിമല ആശുപത്രി

൭൦൮. ശ്രീ. കളത്തിൽ വേലായുധൻനായർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശേരി താലൂക്കിൽ മണിമല എന്ന സ്ഥലത്ത് ഒരു ആശുപത്രി സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു ഗവമ്മെണ്ടിലേക്കു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ :

(എ) ഉണ്ട്.

(ബി) അവിടെ ഒരു ഫുൾടൈം ഡിസ്പെൻസറി സ്ഥാപിക്കുന്ന കാര്യം ആലോചനയിലിരിക്കുന്നു.

## ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാളിൻെറ നിയമനം

*൭൦൯. ശ്രീ. കളത്തിൽ വേലായുധൻനായർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) യൂനിവേഴ്സിററി സിൻറിക്കേററിൻെറ ശുപാശ്ശ് വിപരീതമായി ഗവമ്മെണ്ട് വല്ല നിയമനങ്ങളും നടത്തിയിട്ടുണ്ടോ ;

(ബി) ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാളിൻെറ നിയമനം യൂനിവേഴ്സിററി സിൻറിക്കേററിൻെറ ശുപാശ്ശ് വിപരീതമായിട്ടാണൊ നടത്തിയതു് ;

(സി) അപ്രകാരമാണെങ്കിൽ അതിനുള്ള കാരണമെന്താണ് ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഉണ്ട്. ഒരു നിയമനം നടത്തിയിട്ടുണ്ട്.

(ബി) അതെ.

(സി) അപേക്ഷകന്മാരിൽ ഏററവും കൂടുതൽ പരീക്ഷായോഗ്യതയും പരിചയവും ഉള്ള ആളിനെ ഗവമ്മെണ്ട് നിയമിച്ചു.

## പ്രൈമറിസ്കൂളിനു ഉദ്ദേശിച്ചിട്ടുള്ള സ്ഥലം

൭൧൦. ശ്രീ. പി. ഖി. പ്ലോസുമുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുന്നത്തൂർ താലൂക്കിൽ വെള്ളക്കുളങ്ങര പ്രൈമറിസ്കൂളിനു ഉദ്ദേശിച്ചിട്ടുള്ള സ്ഥലമെടുപ്പുനടപടികൾ പൂത്തിയായിട്ടുണ്ടോ ;

(ബി) ടി സ്ഥലത്തെ സംബന്ധിച്ച് ഒരു സാധുബ്രാഹ്മണസ്ത്രീയുടെ നിവേദനം ഗവമ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ ;

(സി) കുറെക്കൂടി സൗകര്യപ്രദമായ സ്ഥലത്തേക്കു മാററുന്നതിന് ഗവമ്മെണ്ടിനു ദയവുണ്ടാകുമോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഇക്കായ്യം ആലോചനയിൽ ഇരിക്കുകയാണ്.

## CHIEF SECRETARY

**771. Sri. N. Daniel Jose:** Will the Hon'ble Minister for Political and General be pleased to state the salary and conditions of service of the present Chief Secretary and whether his appointment was based on the recommendation of the Government of India?

**The Hon'ble Sri. T. K. Narayana Pillai:** The attention of the Hon'ble Member is invited to the answer to Question No. 353, given on 19th August 1949.

## SANSCRIT STUDIES

**772. Sri. N. Daniel Jose:** Will the Honble Minister for Education be pleased to state whether the report by the Sanskrit Studies Committee has been submitted and whether steps have been taken to implement the recommendations contained therein?

**The Hon'ble Sri. Panampilli Govinda Menon:** Yes.

## നെൽകൃഷിക്കു ജലസേചനസൗകര്യം

൭൭൩. ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈക്കം താലൂക്കിൽ ചെമ്പുപകുതി കാട്ടിക്കുന്നു എന്ന കരയിൽ നെൽകൃഷി നിലങ്ങളിലേക്കു മൂവാററുപുഴ ആററിലെ വെള്ളം കയററുന്നതിനു് വാലേച്ചിറ എന്ന സ്ഥലത്തു് ഒരു മുട്ട മുറിക്കുന്നതിനു് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു ആരംഭിച്ചു;

(സി) നടപടികൾ ഇന്നുവരെ എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു്;

(ഡി) ഇതുസംബന്ധിച്ചു വൈക്കം താലൂക്കു വർക്ക്സ് കമ്മിററിയിൽനിന്നും എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) ഈ മുട്ടമുറിക്കുന്നതിനു് എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ തടസ്സത്തിന്റെ സ്വഭാവമെന്തു്;

(എഫ്) തടസ്സം ആരുടേതാണു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ഉണ്ടു്.

(ബി) ൧൧൨൪-ൽ.

(സി) പണിക്കുള്ള എസ്റ്റിമേററു് അനുവദിച്ചു. പണി ആരംഭിക്കുവാൻ ഏർപ്പാടു ചെയ്യുന്നു.

(ഡി) ഉണ്ടു്.

(ഇ) ഉണ്ടു്. തോടു കുത്തുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലത്തിന്റെ ഉടമസ്ഥനു് വസ്തുവിനു് വേണ്ടതായ സംരക്ഷണ വേലകൾ ചെയ്യുന്നതിനുമുമ്പു് തോടു കുത്തുന്നതിൽ തടസ്സമുണ്ടു്.

(എഫ്) സ്ഥലമുടമസ്ഥനായ ഹാജി വി. എം. സെയ്ദുമുഹമ്മദു് രാവുത്തരുടെ.

## കൃഷിസൌകര്യത്തിനു മൂലേച്ചിറത്തോടു്

൭൭൪. ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈക്കം താലൂക്കിൽ ചെമ്പുപകുതിയിൽ ബ്രഹ്മമംഗലം കരയിൽ കൃഷിയാവശ്യത്തിലേയ്ക്കു മൂലേച്ചിറ എന്ന സ്ഥലത്തു് ഒരു തോടു വെട്ടുന്നതിനു് അനുവദിച്ചിട്ടുള്ളതായി ഗവമ്മേണ്ടിനു് അറിയാമോ;

(ബി) മേൽവിവരിച്ച തോടുവെട്ടുകാര്യം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു;

(സി) പുതിയതായി വെട്ടുന്ന ഈ തോടിനോടു തൊട്ടുകിടക്കുന്ന സ്ഥലങ്ങൾ വലിയ ഒഴുക്കുകൊണ്ടു നശിച്ചുപോകാവുന്നതുകൊണ്ടും ആവശ്യമുള്ള സംരക്ഷണച്ചെലവു ഗവമ്മേണ്ടിൽനിന്നും വഹിക്കേണ്ടതാണെന്നുള്ള വിവരത്തിനു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി;

(ഇ) ഈ പകുതിയിൽതന്നെ 'വാദലച്ചിറ' എന്ന സ്ഥലത്തു ഇതുപോലുള്ള ഒരു തോടുവെട്ടുന്നതുമൂലം തൊട്ടുള്ള സ്ഥലമുടമസ്ഥന ഗവമ്മെണ്ട് ചെലവിൽ സംരക്ഷണവേലകൾ ചെയ്തുകൊടുക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക കാരണം എന്തു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) അറിയാം.

(ബി) തോടിന്റെ പണി നടന്നുവരുന്നു. അടുത്തുതന്നെ പൂർത്തിയാകുന്നതാണു്.

(സി) ഉണ്ടു്.

(ഡി) അടുത്തുകിടക്കുന്ന സ്ഥലങ്ങൾക്കു് ഇതുകൊണ്ടു യാതൊരു നാശവും സംഭവിക്കുമെന്നു തോന്നുന്നില്ല.

(ഇ) ഉണ്ടു്.

(എഫ്) സംരക്ഷണ വേലകൾ ചെയ്തില്ലെങ്കിൽ വസ്തുക്കൾക്കു നാശം വരുമെന്നു ബോധ്യപ്പെട്ടതുകൊണ്ടു്.

## ഗവമ്മെണ്ടു വക കൃഷിത്തോട്ടങ്ങൾ

൧൭൭. ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിൽ ഗവമ്മെണ്ടുവക എത്ര കൃഷിത്തോട്ടങ്ങൾ ഉണ്ടു്;

(ബി) ഈ തോട്ടങ്ങൾക്കെല്ലാംകൂടി അതിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഉൾപ്പെടെ ആണ്ടിൽ എന്തു ചെലവുണ്ടു്;

(സി) എന്തെങ്കിലും ആദായം കിട്ടുന്നുണ്ടോ; ഉണ്ടെങ്കിൽ ആണ്ടിൽ കിട്ടുന്ന ശരാശരി ആദായം എന്തു്?

ബഹു. ശ്രീ. ഇക്കണ്ടവാര്യർ: (എ) തിരുവിതാംകൂറിൽ കൃഷിഡിപ്പാർട്ടുമെണ്ടു വക ൮ കൃഷിത്തോട്ടങ്ങൾ ഉണ്ടു്.

(ബി) ആകെ ചിലവു് ൪൩,൩൫൦ രൂപ.

(സി) ഉവ്വു്. ശരാശരി കൊല്ലത്തിൽ ൨൨,൬൩൦ രൂപ ആദായം കിട്ടുന്നുണ്ടു്.

## നൂറു രൂപായ്ക്കുമേൽ അഞ്ഞൂറു രൂപയ്ക്കുതാഴെ ശമ്പളമുള്ള കൊച്ചിയിലെ ഉദ്യോഗസ്ഥന്മാർ

൧൭൮. ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നൂറു രൂപയ്ക്കുമേൽ അഞ്ഞൂറു രൂപയ്ക്കു താഴെ ശമ്പളമുള്ള കൊച്ചിയിലെ ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണം;

(ബി) നൂറു രൂപയ്ക്കുമേൽ അഞ്ഞൂറു രൂപയ്ക്കു താഴെ ശമ്പളമുള്ള തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണം എത്ര?

ബഹു. ശ്രീ. എ. ജെ. ജോൺ: (എ) ൭,൭൭൦.

(ബി) ൭,൮൧൦.

## ഐക്യസംസ്ഥാനത്തിലെ സായുധസേന

൧൭൯. ശ്രീ. എ. എം. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പട്ടാളവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചി-തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിലെ സായുധസേന ഇനിമേലാൽ ആരുടെ നിയന്ത്രണത്തിലായിരിക്കുമെന്നു പ്രസ്താവിക്കുമോ;

(ബി) ഈ സൈന്യത്തിന്റെ ചെലവുകൾ മേലിൽ ആരാണു് വഹിക്കുന്നതു്;

(സി) ഈ ഗവമ്മെണ്ടിനു സൈന്യത്തെ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ എന്തെങ്കിലും പരിമിതികൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ), (ബി), (സി) അതിനെപ്പറ്റിയുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണു്. അവസാന തീരുമാനം ആയിട്ടില്ല.

### MEDICAL RELIEF TO RURAL AREAS

**778. Sri. K. S. Joseph:** Will the Hon'ble Minister for Public Health be pleased to state whether Government have any scheme by which they can provide medical help—a doctor and a nurse to at least every 5,000 of the population in the rural areas?

**The Hon'ble Sry. Annie Mascarene:** No.

### നികുതിത്തോത്

൭൭൯. ശ്രീ. കൊന്നനാത്ത് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നികുതി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഡിസ്ട്രിക്ടിലേയും യൂണിയനിലെ മററു സ്ഥലങ്ങളിലേയും നികുതിയുടെ തോത് വ്യത്യാസമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ഏകീകരിക്കുവാൻ ഗവമെണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: (എ) ഉണ്ട്.

(ബി) ആലോചനയിൽ ഇരിക്കുകയാണ്.

### RATION SHOPS

**780. Sahib Bahadur A. Majeed Marikar:** Will the Hon'ble Minister for food be pleased to state:—

(*a*) whether there is a proposal for auctioning the right to conduct ration shops for food-grains in the State; and

(*b*) if so what is the estimated amount the Government expect to collect thereby?

**The Hon'ble Sahib Bahadur T. A. Abdulla:** (*a*) No.

(*b*) Does not arise in view of answer to (*a*).

### IMPORT OF CEMENT

**781. Sahib Bahadur A. Majeed Marikar:** Will the Hon'ble Minister be pleased to state:—

(*a*) whether Government has decided to restrict import of cement from outside the State; if so why; and

(*b*) is it not high time for the Government to abolish the system of issuing permits for cement in the Union in view of the fact that a plentiful supply of cement is now available far in excess of the actual demand?

**The Hon'ble Sri T. A. Abdulla:** (*a*) No.

(*b*) The permit system cannot be completely abolished.

### ശാസ്താംകോട്ട പോലീസ് ചാർജിംഗ് സ്റ്റേഷൻ

൭൮൨. ശ്രീ. എം. രാമൻപിള്ള: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

കുന്നത്തൂർ താലൂക്കിൽപെട്ട പോരുവഴി, ശൂരനാട്, പടിഞ്ഞാറെ കല്ലട എന്നീ പകുതികളുടേയും, കരുനാഗപ്പള്ളി താലൂക്കിൽപ്പെട്ട മൈനാകപ്പള്ളി പകുതിയുടേയും കേന്ദ്രമായ ശാസ്താംകോട്ടയിൽ ഒരു പോലീസ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ ബഹുമാനപ്പെട്ട ഗവമെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ശാസ്താംകോട്ടയിൽ ഒരു പോലീസ് ചാർജിംഗ്സ്റ്റേഷൻെറ ആവശ്യം ഇപ്പോൾ ഇല്ല.

### PANELI LIFT IRRIGATION SCHEME

**783. Sri. M. Varkey:** (*a*) whether the Paneli Lift Irrigation Scheme in Kunnathunad taluk has been brought to the notice of the Government; and

(*b*) if so, what steps have been taken?

**The Hon'ble Sri. E. Ikkanda Warrier:** (*a*) Yes.

(*b*) Being investigated.

### MIDDLE SCHOOLS

**784. Sri. M. Varkey:** Will the Hon'ble Minister for Education be pleased to state.—

(*a*) the total number of departmental new type middle schools in the State where Third Form has been opened this year; and

(*b*) the total number of such schools in the Kunnathunad taluk?

**The Hon'ble Sri. Panampilli Govinda Menon:** (*a*) 134.

(*b*) 2.

### TRANSPORT SERVICE

**785. Sri. C. V. Iyyu:** Will the Hon'ble Minister for Transport be pleased to state:—

whether the Government has perused the article in Col. 2 under the caption "ട്രാൻസ്പോർട്ട് സർവ്വീസുകൾ" on page 2 in the Express (Trichur), dated 30th July 1949?

**The Hon'ble Sri. E. John Phillipose:** Government's attention has been drawn to the article in the paper referred to.

### VETERINARY INSPECTORS

**786. Sri. Alexander Vakayil:** Will the Hon'ble Minister for Public Health be pleased to state:—

(*a*) who is the Veterinary Inspector at North Parur;

(*b*) has any complaint been received by the department; regarding his corrupt ways; and

(c) if so, what action has been taken on it?

**The Hon'ble Sri. E. Ikkanda Warrier:** (*a*) Sri. G. Neelakanta Pillai.

(*b*) No.

(c) Does not arise.

### ഐക്യസംസ്ഥാനത്തെ അരി റേഷൻ

**787.** ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് കൊച്ചി തിരുവിതാംകൂർ എന്നീ സംസ്ഥാനങ്ങളിൽ എത്ര ഔൺസ് വീതമാണ് അരി റേഷൻ അനുവദിച്ചിരിക്കുന്നതു്;

(ബി) തിരുവിതാംകൂറിലും കൊച്ചിയിലും റേഷനായി വിൽക്കുന്ന അരിയുടെ വിലയിൽ എന്തു വ്യത്യാസമാണുള്ളതെന്ന് പറയുമോ?

(സി) കൊച്ചിയിലെ വിലനിരക്ക് അനുസരിച്ച് തിരുവിതാംകൂറിലും റേഷൻ അരി വിൽക്കുന്നതിനുള്ള ഏർപ്പാട ചെയ്യുവാൻ കഴിയുമോ;

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: (എ) തിരുവിതാംകൂറിൽ [illegible] ഔൺസ് അരിയും, കൊച്ചിയിൽ ൧൦ ഔൺസു അരിയും.

(ബി) ഒരു ചാക്കിന് ഏകദേശം ൪ രൂപാ വ്യത്യാസം ഉണ്ട്.

(സി) ഈ കാര്യത്തെപ്പററി ആലോചിക്കുന്നതാണ്.

### MANURE DEPOTS

**788. Sri. Alexander Vakayil:** Will the Hon'ble Minister for Agriculture be pleased to state whether any representation has been received from the people of Vadakkekara in the Parur taluk for opening one or two manure depots for the benefit of the poor Agriculturists?

**The Hon'ble Sri. E. Ikkanda Warrier:** No.

### ELECTRICITY

**789. Sri. Alexander Vakayil:** Will the Hon'ble Minister for Electricity be pleased to state whether the department think of extending electric line and telephone connections between Parur and Varapuzha?

**The Hon'ble Sry. Annie Mascarene:** The work of extending electric lines to the locality will be taken up when line materials become available and the load position improves.

There is no proposal to extend telephone line from Parur to Varapuzha. But there is a proposal to instal a public call office at Varapuzha in 1126 M. E. by extending the telephone lines from Elloor to Varapuzha and the same is included in the seven year plan sanctioned by Government in 1946.

### STRI DHARMALAYAM

**790. Sri. N. Daniel Jose:** Will the Hon'ble Minister for Stri Dharmalayam be pleased to state.—

(*a*) whether the grant paid to the Stri Dharmalayam has been stopped; and
(*b*) if so, the reasons for the same?

**The Hon'ble Sry. Annie Mascarene:**

(*a*) Yes.
(*b*) The working of the institution did not justify the continuance of the grant.

### TAMIL SPEAKING POPULATION IN VILAVANCODE

**791. Sri. A. Gabriel Nadar:** Will the Hon'ble Minister for General Administration be pleased to state the reason why the percentage of Tamil speaking population in Vilavancode taluk is reported to be decreasing in the successive census reports?

**The Hon'ble Sri. E. Ikkanda Warrier:** There is no such report in the Census Report.

### SUPPLY OF TEXT BOOKS

**792. Sri. Alexander Vakayil:** Will the Hon'ble Minister for Education be pleased to state.—

(*a*) whether he is aware that regular work in several schools in certain subjects has not yet begun due to the delay in the supply of Text Books; and
(*b*) what steps do the Government intend to take to remove this difficulty?

**The Hon'ble Sri. Panampilly Govinda Mnon:**

(*a*) No. There has been no avoidable delay in the supply of Text Books.
(*b*) Necessary steps are being taken to minimise the difficulty.

### PRIVATE SCHOOL TEACHERS

**793. Sri. Joseph Mathen:** Will the Hon'ble Minister for Education be pleased to state.—

(*a*) whether the Government have any scheme for keeping a uniform scale of pay for the private school teachers throughout the Union; and
(*b*) if not will the Government be pleased to consider the desirability of doing so?

**The Hon'ble Sri. Panampilly Govinda Menon:**

(*a*) & (*b*) There is no such scheme before Government at present. But the question will be taken up after the integration of the Education Departments of the respective districts is completed.

### നൂൽ വിതരണം

൭൯൪. ശ്രീ. ജോസഫ് മാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫിഷറി വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) തീരദേശങ്ങളിലെ നൂൽ വിതരണം തൃപ്തികരമായി നടക്കുന്നില്ലെന്നറിയാമോ?

(ബി) നൂൽ വിതരണത്തിനു ചുമതലപ്പെട്ടവർ ഏതെങ്കിലും സ്ഥാനത്തു വിതരണം നടത്താതിരിക്കുകയൊ ക്രമക്കേടുകൾ കാണിക്കുകയൊ ചെയ്യുന്നവെന്നു മനസ്സിലാക്കുകയൊ ചെയ്താൽ വിതരണം വേറെ സ്ഥാപനങ്ങൾക്കൊ വ്യക്തികൾക്കോ വിട്ടുകൊടുക്കുന്നതിൽ ബഹുമാനപ്പെട്ട ഗവമെണ്ടു ശ്രദ്ധിക്കുമോ?

(സി) ആവശ്യമുള്ളയിനം നൂൽ നടത്തുന്ന കൂട്ടത്തിൽ ആവശ്യമില്ലാത്തയിനം നൂൽ കൂടി എടുക്കാൻ നിർബന്ധിക്കുന്ന വിവരം അറിയാമോ?

(ഡി) നൂലിന്റെ ആവശ്യം സാധുക്കളായ തൊഴിലാളികൾക്കാകയാൽ ഇന്നത്തെ നൂൽവിതരണത്തിൽ നടക്കുന്ന അഴിമതികളെപ്പറ്റി അന്വേഷിച്ചു് അതിനു വേണ്ട പരിഹാരമാറ്റങ്ങൾ ഉണ്ടാക്കിക്കൊടുക്കുമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: (എ) തീരപ്രദേശത്തെ നൂൽ വിതരണം സംബന്ധിച്ചു് ഗവമെണ്ടിനു് ഇതുവരെ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ല.

(ബി) നൂൽവിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കാണുന്നെങ്കിൽ ഗവമെണ്ടു് ഉടനടി വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) അറിയാൻ പാടില്ല.

(ഡി) വിതരണത്തെപ്പറ്റി പരാതികൾ കിട്ടിയിട്ടില്ലാത്തതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

## മലയാളം ടെക്സ്റ്റ് ബുക്കുകൾ

൧൯൫. ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പല ക്ലാസുകളിലേയും, പ്രത്യേകിച്ച് നാലാംക്ലാസിലെ, മലയാളം ടെക്സ്റ്റ് ബുക്കുകൾ കിട്ടിയിട്ടില്ലെന്നുള്ള വിവരം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ബുക്കുകൾ ഉടൻ കിട്ടത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ഉടനെ ചെയ്യുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഉണ്ട്.

(ബി) ചെയ്യും.

## റയിൽവെ ലവൽ ക്രോസ്സ്

൧൯൬. സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൪൯ ആഗസ്റ്റ് ൫-ാംനു-യിലെ ഇൻഡ്യൻ എക്സ്പ്രസ്സിൽ 'റോഡ് റയിൽ ലവൽ ക്രോസിംഗ്' എന്ന തലക്കെട്ടിൽ മദ്രാസ്സ് ഗവമ്മെണ്ട് ഒരു ലിസ്റ്റ് ചോദിച്ചിരിക്കുന്നതായി പ്രസിദ്ധം ചെയ്തിരിക്കുന്നതു് ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നമ്മുടെ സ്റ്റേറ്റിലെ റയിൽവേ ലവൽക്രോസിനെ നിവൃത്തിയുള്ളിടത്തോളം ചുരുക്കി ഓവർ ബ്രിഡ്ജോ, അണ്ടർ ബ്രിഡ്ജോ ആക്കുന്ന കാര്യം ഗവമ്മെണ്ട് ഉടനെ ആലോചിക്കുമോ ;

(സി) എറണാകുളം, തൃശ്ശൂർ എന്നീ പട്ടണങ്ങളിൽ ലവൽ ക്രോസിംഗ് അധികമുള്ളതുകൊണ്ട് ഗതാഗതത്തിനു് നേരിടുന്ന അസൗകര്യങ്ങൾ നീക്കം ചെയ്യുന്നകാര്യം ഗവമ്മെണ്ട് പ്രത്യേകം ആലോചിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് :

(എ) ഇല്ല. പക്ഷെ ഓവർ ബ്രിഡ്ജോ അണ്ടർ ബ്രിഡ്ജോ ആയി മാറേറണ്ടതായ ലവൽ ക്രോസിംഗുകളുടെ ഒരു ലിസ്റ്റ് ഇൻഡ്യാ ഗവമ്മെണ്ടിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) & (സി) ആലോചിക്കുന്നതാണ്.

## സെക്രട്ടറിയേററിലെ സെക്രട്ടറിമാർ

൧൯൭. ശ്രീ. ഇട്ടിയര അമ്പൂക്കൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇപ്പോൾ യൂണിയൻ സെക്രട്ടറിയേററിൽ ആകെ എത്ര സെക്രട്ടറിമാരുടെ തസ്ഥികകൾ ഉണ്ട്;

(ബി) അതിൽ എത്ര സ്ഥാനങ്ങളിൽ കൊച്ചിയിൽ ഉണ്ടായിരുന്നവർ നിയമിക്കപ്പെട്ടിട്ടുണ്ട്;

(സി) ഇവിടെ ഉണ്ടായിരുന്നവരുടേയും കൊച്ചിയിൽനിന്നും നിയമിക്കപ്പെട്ടവരുടേയും ശമ്പളത്തോതിൽ വല്ല വ്യത്യാസവുമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത വ്യത്യാസം എത്ര കണ്ടുവരുന്നുണ്ട്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഏഴ്.

(ബി) ഒന്ന്.

(സി) ഉണ്ട്.

(ഡി) തിരുവിതാംകൂറിൽ ഉണ്ടായിരുന്നവർക്ക ക. ൪൫൦—൧൫൦, കൊച്ചിയിൽ ഉണ്ടായിരുന്നവക്ക് ക. ൪൫൦—൩൦൦ ആണ് ശമ്പളക്രമം.

### ആലപ്പുഴ സർക്കാർ തെങ്ങിൻതോട്ടം

൭൯൮. ശ്രീ. കെ. ശാർങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴയുണ്ടായിരുന്ന സർക്കാർവക മാതൃകാ തെങ്ങിൻതോട്ടത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

(ബി) ആ തോട്ടം നിറുത്തിക്കളയുവാൻ കാരണം എന്താണ്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) ഇപ്പോൾ ഡിപ്പാർട്ടുമെണ്ട് വകയായി ആലപ്പുഴയിൽ യാതൊരു മാതൃകാതെങ്ങിൻതോട്ടവും നിലവിലില്ല.

(ബി) തോട്ടം എന്തിലേക്ക് വേണ്ടി ആരംഭിച്ചുവോ, ആ കാര്യം അവസാനിക്കുകയാൽ നിർത്തൽ ചെയ്തു.

### സ്ഥിരകുത്തകപ്പാട്ടം

൭൯൯. ശ്രീ. ആർ. അച്ചുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

(എ) ഭൂമി സ്ഥിരകുത്തകപ്പാട്ടം കൊടുക്കുന്നതു് ൧൦൯൬-നുമുമ്പ് ഉള്ള ദേഹണ്ഡക്കാർക്കും അന്നത്തെ ദേഹണ്ഡത്തെ പരിഗണിച്ചുമാണോ;

(ബി) കൊല്ലം താലൂക്കിൽ മേൽപ്പറഞ്ഞവിധം ഒന്നിലധികംപേർ ചേർന്ന് ദേഹണ്ഡിച്ചിട്ടുള്ള സ്ഥലം ഒരാൾക്കുമാത്രം കൊടുത്തതായി ബഹു. ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) സ്ഥലം കുത്തകപ്പാട്ടം കൊടുക്കുന്നതാണെന്നും ആയതു് കൈവശക്കാരൻ തന്റെ അവിശ്വാസത്തോടുകൂടി ൧൦൯൬-ലെ പുതുവൽ ചട്ടങ്ങൾക്ക് മുമ്പിനാലേ പ്രവേശിച്ച് കൈവശം വച്ചുകൊണ്ടിരിക്കുന്നതായും കണ്ടാൽ സ്ഥിരകുത്തകപ്പാട്ടം കൊടുക്കുന്നുണ്ട്.

(ബി) ഇല്ല.

### റവന്യൂ അക്കൗണ്ടന്മാർ

൮൦൦. ശ്രീ. ആർ. അച്ചുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലെ അക്കൗണ്ടന്മാരുടെ ശമ്പളസ്കെയിൽ എന്തു്;

(ബി) പകുതികച്ചേരിയിലുള്ള പ്യൂണിന്റെ ശമ്പളത്തേക്കാൾ കൂടുതലല്ല ഇപ്പോൾ അക്കൗണ്ടന്മാർക്ക് കിട്ടിക്കൊണ്ടിരിക്കുന്നതെന്നുള്ള വിവരം അറിയാമോ;

(സി) അക്കൗണ്ടന്മാർക്ക് ശമ്പളസ്കെയിൽ കൂട്ടുന്നതിന് ഗവമ്മെണ്ട് നടപടി എടുക്കുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) ൨൦ രൂപാ.

(ബി) അറിയാം.

(സി) അതിനെക്കുറിച്ചാലോചിക്കാം.

### COST OF LIVING INDEX

**801. Sri. K. Ramachandran:** Will the Hon'ble Chief Minister be pleased to state whether Government would consider the system of introducing cost of living index in the Union?

**The Hon'ble Sri. T. K. Narayana Pillai:** An unofficial cost of living index has been prepared by the Research Department. The question of issuing official indexes is under consideration.

### STATEMENT OF APPOINTMENTS

**802. Sri. A. L. Jacob:** Will the Hon'ble Minister in charge of Public Service Commission be pleased to furnish a caste-war statement of appointments made by the Public Service Commission in Cochin in 1123 and 1124?

**The Hon'ble Sri. T. K. Narayana Pillai:** The appointments made on the recommendation of the Cochin Public Service Commission were published in the Gazette then and there. The time and labour involved in the collection of these statistics are not commensurate with the purpose served.

### CONSTRUCTION OF CHURCHES AND TEMPLES

**803. Sri. A. L. Jacob:** Will the Hon'ble Minister for Public Worship be pleased to remove all restrictions regarding the freedom of putting churches and temples?

**The Hon'ble Sri. E. Ikkanda Warriar:** No, Sir.

### കയറുവ്യവസായമാന്ദ്യവും ചിറയിൻകീഴിലെ തൊഴിൽ ഇല്ലായ്മയും

**804.** ശ്രീ. യു. കെ. വാസുദേവൻ ആശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ.—

(എ) കയറുവ്യവസായത്തിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന അധഃപതനം മൂലം ചിറയിൻകീഴ് താലൂക്കിലെ സാധുജനങ്ങൾ മിക്കവാറും പട്ടിണിക്ക് ഇരയായിരിക്കുന്നു എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നിവാരണമാർഗ്ഗങ്ങൾ ആണ് ഇതിനുണ്ടാക്കാൻപോകുന്നതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഇല്ല. എന്നാൽ കയറുവ്യവസായത്തിനു് ഉണ്ടായിട്ടുള്ള അധഃപതനംമൂലം ആ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ചില ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുള്ളതായി അറിയാം.

(ബി) ആ കാര്യം ഗവൺമെന്റിന്റെ അന്വേഷണത്തിൽ ഇരിക്കുകയാണ്.

### CONSTITUTION FOR THE UNITED STATE

**805. Sahib Bahadur A. Abdul Razaak:** Will the Hon'ble Chief Minister be pleased to state whether his Government propose to proceed with the task of framing a constitution for the United State and if so, the method and machinery that strike their ingenuity for the purpose of framing a constitution for the country?

**The Hon'ble Sri. T. K. Narayana Pillai:** As per the terms of the Covenants the Legislative Assembly has the power to frame or adopt a constitution.

### POLITICAL DETENUES

**806. Sahib Bahadur Abdul Razak:** Will Hon'be Chief Minister be pleased to state.—

(*a*) Whether a memorandum has been submitted to him by and on behalf of the political detenues in the Central Prison, Trivandrum; and

(*b*) if so, the grievances set forth therein and the measures that this Government propose for the purpose of redressing them?

**The Hon'ble Sri. T. K. Narayana Pillai:** (*a*) Yes.

(*b*) The grievances related to concessions and facilities not ordinarily available in a jail. The maximum possible facilities have been given to them.

### EFFICIENCY TEST

**807. Sri. Ponnara G. Sreedhar:** Will the Hon'ble Chief Minister be pleased to state:—

(*a*) has in any department the efficiency test so far as the lower ranks are concerned been stopped; if so in what all departments; and

(*b*) will the Government follow the same policy so far as other departments are concerned?

**The Hon'ble Sri T. K. Narayana Pillai:** (*a*) No efficiency test has been fixed for the lower ranks of subordinates in any department.

(*b*) Does not arise.

### PERMANENT VACANCIES

**808. Sri. Ponnara G. Sreedhar:** Will the Hon'ble Chief Minister be pleased to state.—

(*a*) how many permanent vacancies there have been or have arisen during the last seven months in the various departments of the Travancore State;

(*b*) how many of those vacancies have been permanently filled up during that period; and

(*c*) what were the reasons for not filling up all the vacancies?

**The Hon'ble Sri. T. K. Narayana Pillai:** The time and labour involved in collecting the information from several Departments will not commensurate with its possible utility.

## SHORT NOTICE QUESTIONS AND ANSWERS

### ഗവമ്മെണ്ടു് പ്രസ്സിലെ പീസുവക്കു് സിസ്റ്റം

൧. ശ്രീ. സി. നാരായണൻ: ബഹു. പ്രധാനമന്ത്രി സദയം മറുപടി പറയണമെന്നപേക്ഷിക്കുന്നു.

(എ) പീസുവക്കു് സിസ്റ്റം തിരുവിതാംകൂർ ഗവമ്മെണ്ടു് പ്രസ്സിലല്ലാതെ ഇൻഡ്യയ്ക്കകത്തു് ഏതെങ്കിലും ഗവമ്മെണ്ടു് പ്രസ്സിൽ ഇന്നു് നിലവിലുണ്ടോ?

(ബി) മററു ഗവമ്മെണ്ടു് പ്രസ്സുകളിൽ പീസ്സുവക്കു് സിസ്റ്റം നിറുത്തലാക്കുന്നതിനുള്ള കാരണം ഗവമ്മെണ്ടിനറിയാമോ?

(സി) പീസ്സുവക്കു് നിമിത്തമുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടത്തേയും അതു് മാററിയാൽ ഉണ്ടാകുന്ന ലാഭത്തെയും ഗുണത്തേയും മുൻനിറുത്തി പീസ്സുവക്കു് സിസ്റ്റം മാററി മറെറല്ലാ ഗവമ്മെണ്ടു് പ്രസ്സുകളേപ്പോലെ ഇവിടെയും സ്ഥിരശമ്പളമാക്കിത്തരണമെന്നപേക്ഷിച്ചുകൊണ്ടു് ഒരു മെമ്മോറാണ്ടം പീസ്സുവക്കുകാർ ഗവമ്മെണ്ടിനു് സമപ്പിച്ചിട്ടുണ്ടോ?

(ഡി) അപ്രകാരം ഒരു മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടെങ്കിൽ ഗവമ്മെണ്ടു് അതിന്മേൽ എന്തു് നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു്?

(ഇ) ഗവമ്മെണ്ടു് പ്രസ്സിൽ പീസ്സുവക്കും സാലറിയും ഉദ്യോഗങ്ങൾ കലൻകിടക്കുന്നതുകൊണ്ടാണോ പ്രിൻറിംഗു് മോശപ്പെടുന്നതും, കാലതാമസം നേരിടുന്നതും.

(എഫ്) സ്കൂൾ തുറന്നു മൂന്നുമാസമായിട്ടും നാലാംപാഠം വിദ്യാത്ഥികൾക്കു് കിട്ടാതെ വിഷമിക്കുന്നതു് ഗവമ്മെണ്ടിനറിയാമോ?

(ജി) അതിന്മേൽ ഗവമ്മെണ്ടു് എന്തു് നടപടി കൈക്കൊണ്ടിട്ടുണ്ടു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇൻഡ്യയിലെ പല ഗവമ്മെണ്ടു് പ്രസ്സുകളിലും സാലറി സിസ്റ്റമാണു് നിലവിലിരിക്കുന്നതു്.

(ബി) അറിഞ്ഞുകൂടാ.

(സി) ഉണ്ടു്.

(ഡി) അതിന്മേൽ നടപടി എടുത്തുവരികയാണു്.

(ഇ) അല്ല.

(എഫ്) അറിയാം.

(ജി) വേണ്ട നടപടി എടുത്തുവരുന്നു.

ശ്രീ. കെ. എസ്സ്. ജോസഫ്: (ബി) ഉത്തരത്തിൽ "അറിഞ്ഞുകൂടാ" എന്നു് പറഞ്ഞതിനെക്കുറിച്ചു് അന്വേഷിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതേക്കുറിച്ചു് തീച്ചയായും അന്വേഷിക്കാം.

### സംസ്കൃതവിദ്യാത്ഥികളുടെ പണിമുടക്കു്

൨. സാഹിബ് ബഹദൂർ കെ. എച്ചു്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തു് സംസ്കൃതവിദ്യാത്ഥികൾ പണിമുടക്കു നടത്തിവരുന്ന വിവരം ഗവമ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണിമുടക്കു തുടങ്ങുന്നതിനു മുമ്പു് അവർ ഗവമ്മെൻറിനെ അവരുടെ ആവശ്യങ്ങൾ ധരിപ്പിക്കയുണ്ടായോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യങ്ങൾ എന്തെല്ലാം;

(ഡി) ഗവമ്മെൻറു് അവക്കു് എന്തു മറുപടി നൽകി?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) തിരുവനന്തപുരത്തു് സംസ്കൃത വിദ്യാർത്ഥികൾ പണിമുടക്ക നടത്തിയിരുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. ഇപ്പോൾ പണിമുടക്കില്ല.

(ബി) ഉണ്ടായി.

(സി) സംസ്കൃതകോളേജിൽ ഗവൺമെൻറ പുതിയതായി അനുവദിച്ചിട്ടുള്ള കോഴ്സുകൾ ഇക്കൊല്ലംതന്നെ ആരംഭിക്കണമെന്നുള്ളതാണു് അവരുടെ ആവശ്യം.

(ഡി) ഈ സംഗതി യൂണിവേഴ്സിററിയുടെ പരിഗണനയിലിരിക്കുകയാണെന്നും ഫാക്കൽടി, ബോർഡ് ഓഫ് സ്റ്റഡീസ് തുടങ്ങിയ സമതികളുടെ ഗാഢമായ പരിചിന്തനം ആവശ്യമാണെന്നും എങ്കിലും കഴിയുന്നത്ര വേഗത്തിൽ കോഴ്സ് ഏർപ്പെടുത്തുവാൻ സർവ്വകലാശാല ശ്രദ്ധിക്കുമെന്നും വിവരിച്ചു് ഒരു പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ടു്.

## SECRETARIAT

3. **Sri. A. Nesamony:** Will the Hon'ble Chief Minister be pleased to state:

(*a*) whether any permanent vacancy in the different grades of clerks in the erstwhile Travancore Secretariat was left unfilled before 17th Mithunam 1124;

(*b*) if the answer is in the affirmative, the number of permanent vacancies of clerks in the different grades on 1st Chingam 1124;

(*c*) the number of such vacancies on 16th Mithunam 1124;

(*d*) whether it was due to any fault on the part of the incumbents that they were not confirmed in the permanent vacancies;

(*e*) if the answer to (*d*) is in the negative, why the incumbents were not confirmed;

(*f*) whether any permanent vacancy in the different grades of clerks in the erstwhile Cochin Secretariat which arose between 1st Chingam 1124 and 17th Mithunam 1124 remains unfilled; and

(*g*) if the answer to (*f*) is in the negative, will the Hon'ble Chief Minister in view of the integration of the two Secretariats be pleased to take immediate steps to fill up all the permnent vacancies in the Travancore Secretariat so as to mete out justice evenly?

**The Hon'ble Sri. T. K. Narayana Pillai:** (*a*) Yes.

(*b*) 7 in the grade of Rs. 125—165;
1 in the grade of Rs. 100—125;

(*c*) 15 in the Grade of Rs. 125—165;
8 in the Grade of Rs. 100—125;
2 in the grade of Rs. 80—100;
1 in the grade of Rs. 45—75;

(*d*) No.

(*e*) The matter is engaging the attention of Government.

(*f*) Yes; 1 on Rs. 30—75.

(*g*) Steps are being taken.

## POINT OF ORDER REGARDING SHORT NOTICE QUESTIONS

ശ്രീ. കെ. എ. മാത്യു: സർ, ഒരു പോയിൻറ ഓഫ് ഓർഡർ. വേറെയും രണ്ടുമൂന്നു ഷോർട്ട്നോട്ടീസ് ക്വൊസ്റ്റ്യൻസ് അയച്ചിരുന്നു. അവ അവഗണിക്കപ്പെട്ടിരിക്കയാണെന്നു തോന്നുന്നു. കഴിഞ്ഞയാഴ്ചയിൽതന്നെ അവയെല്ലാം അയച്ചതാണു്. ഈ സെഷനിൽതന്നെ മറുപടി കിട്ടണമെന്നു വിചാരിച്ചാണു് അവ നേരത്തെ അയച്ചതു്. അവയ്ക്കു് എന്തു പററിയെന്നു് അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: കിട്ടിയിട്ടുള്ള ഷോർട്ടുനോട്ടീസ് ക്വൊസ്റ്റ്യൻസ് എല്ലാം ചാർജ്ജു വഹിക്കുന്ന മന്ത്രിമാരോടു ചോദിച്ചു് അവർ സമ്മതിക്കുന്നപക്ഷം ഉടൻതന്നെ ലിസ്റ്റിൽ ചേർത്തു് അവയ്ക്കു് ഉത്തരം നല്കുകയാണു് പതിവു്.

ശ്രീ. കെ. എ. മാത്യു: ലിസ്റ്റിൽ അഡ്മിററ് ചെയ്തതായി അറിവു കിട്ടിയിട്ടുണ്ടു്. എന്നാൽ ഉത്തരം തരാതിരിക്കുന്നതു് എന്താണെന്നു് അറിഞ്ഞുകൂടാ.

മി. സ്പീക്കർ: ഒരു ചോദ്യം മന്ത്രി അനുവദിക്കത്തക്കതാണെന്നു സമ്മതിക്കുകയും അജൻണ്ടായിൽ ചേർക്കുകയും ചെയ്താൽ നിശ്ചയമായും ഉത്തരം കിട്ടുന്നതാണു്. ഉത്തരം കിട്ടിയിട്ടുള്ളതെല്ലാം ലിസ്റ്റിൽ ചേർത്തിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു : ഉത്തരം കിട്ടിയില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. സ്പീക്കർ : അതെ.

ശ്രീ. കെ. എ. മാത്യു : ചോദ്യം അയച്ചിട്ടു് അതിനു മറുപടി തന്നില്ലെങ്കിൽ അതുകൊണ്ടു് പ്രയോജനം ഒന്നുമില്ലെന്നു ഗവമ്മെന്റിനു് അറിയാമോ?

**Mr. Speaker :** That is purely a matter of inference.

ശ്രീ. കെ. എ. മാത്യു : അങ്ങനെ ഉത്തരങ്ങൾ തരാതിരുന്നാൽ സ്പീക്കർ അതിന്മേൽ എന്തു നടപടിയാണു് സ്വീകരിക്കുന്നതു്?

മി. സ്പീക്കർ : അതു് ഇവിടെ നിശ്ചയിക്കേണ്ട കാര്യമല്ല. That is a matter of procedure.

ശ്രീ. കെ. എ. മാത്യു : ചോദ്യത്തിനു് ഉത്തരം കിട്ടണമെന്നുള്ള ഈ സഭയുടെ പ്രിവിലേജു് നഷ്ടപ്പെടുത്തുന്നതു് ശരിയാണോ?

മി. സ്പീക്കർ : തീർച്ചയായും ഉത്തരം പറയേണ്ടതാണു്. ഇവിടെ വായിക്കുവാൻ സന്ദർഭം ലഭിച്ചില്ലെങ്കിൽ മേശമേൽ വയ്ക്കുകയും പ്രൊസീഡിംഗ്സിൽ അച്ചടിച്ചു പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതു് ഗവമ്മെന്റിന്റെ ചുമതലയാണു്.

**Sri. P. Balakrishnan Thampi :** May I point out that this surrender of the discretion vested in the Chair to the Ministers concerned is an infringement of the rights of this House with regard to the admission of questions? We look up only to the Chair. It will be an infringement of the rights of the House if that discretion is transferred to the Hon'ble Ministers concerned in regard to the admission of questions.

**Mr. Speaker :** I invite the attention of the Hon'ble Member to the Rules and Standing Orders on the subject. I have to observe that the member's remarks go counter to the existing Rules. In regard to short notice questions given with less than 10 days' notice, a Minister in charge has to be consulted and with his permission only, that 10 days' notice can be waived. The Speaker has no authority to do it himself.

**Sri. K. K. Chellappan Pillai :** On a point of information. സർ, ഞാനും ഇതുപോലെ ഒരു ചോദ്യം അയച്ചിട്ടുണ്ടായിരുന്നു. അതു അഡ്മിററു് ചെയ്തിട്ടില്ല. റൂൾസിൽ നോക്കിയാൽ അഡ്മിററു് ചെയ്യാതെയിരിക്കുന്നതിനു പ്രത്യേകിച്ചു് വ്യവസ്ഥയൊന്നുമില്ല. അതിനാൽ സ്പീക്കറുടെ നിർദ്ദേശമനുസരിച്ചു് ഈ ചോദ്യങ്ങൾ അഡ്മിററു് ചെയ്യാൻ വ്യവസ്ഥ ചെയ്യാമോ?

മി. സ്പീക്കർ : അതു് ആലോചിക്കാവുന്നതാണു്. റൂൾസും സ്റ്റാൻഡിങ്ങ് ഓർഡേർസും എല്ലാം മാററുന്നതിനും ഈ സഭയ്ക്കു് അവകാശമുണ്ടു്.

ശ്രീ. അബ്ദുൾ മജീദു് : സർ, 'ഹിന്ദുക്കളുടേയും ക്രിസ്ത്യാനികളുടേയും പേരുകൾക്കു് മുമ്പു് ശ്രീ. എന്നും മുസ്ലീങ്ങളുടെ പേരുകൾക്കു് മുമ്പിൽ സാഹിബ് ബഹദൂർ എന്നും അച്ചടിച്ചിട്ടുണ്ടു്.

മി. സ്പീക്കർ : പതിവനുസരിച്ചു് അങ്ങനെ ചെയ്തു. അതു മാററണമെന്നുണ്ടെങ്കിൽ മാററാം.

ശ്രീ. അബ്ദുൾമജീദു് : എന്റെ പേരിനുമുമ്പിൽ സാഹിബ്ബഹദൂർ എന്നു ചേർക്കേണ്ടെന്നാണു് എന്റെ അഭിപ്രായം.

മി. സ്പീക്കർ : മെമ്പറിന്റെ പേരിനു മുമ്പു് ശ്രീ ചേർക്കാവുന്നതാണു്.

**Sahib Bahadur Abdul Razaak :** May I submit that what the Hon'ble member has suggested cannot possibly lie in his mouth.

## Adjournment Motions

**Sri. C. A. Ouseph :** Sir, I want to make a personal explanation.

**Mr. Speaker :** Immediately after question time, adjournment motion has to be taken up. If it is a personal explanation that the Hon'ble Member wants to make, I shall allow it.

മിനിസ്റ്റേഴ്സിന്റെ ലേബർപോളിസി വ്യക്തമായി പ്രസ്താവിച്ചിട്ടില്ലെന്നും മററും ഉള്ളതാണ് ആദ്യത്തെ അടിയന്തിരപ്രമേയം. ഒരു അടിയന്തിരപ്രമേയത്തിനുള്ള വ്യവസ്ഥ ഇതു് പാലിച്ചിട്ടില്ല. അതിനാൽ ഈ പ്രമേയം തള്ളിയിരിക്കുന്നു.

ഫൻ ഒ ഫ-നു മേൽ ഭക്ഷണസാധനങ്ങളും പുറത്തുനിന്നും ഇറക്കുമതി ചെയ്യാതിരിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടു്; എന്നാൽ അതിനു തക്കവണ്ണമുള്ള പ്രവർത്തനങ്ങൾ ഒന്നും ഇവിടെ ആരംഭിച്ചിട്ടില്ലെന്നും മററുമുള്ളതാണ് മറെറാരു അടിയന്തിരപ്രമേയത്തിന്റെ വിഷയം. ഇതും ഈ സഭയുടെ ശ്രദ്ധയിൽപ്പെടേണ്ട ഒരു വിഷയംതന്നെ. വേണ്ട നിവാരണമാർഗ്ഗങ്ങൾ ഈ കാര്യത്തിൽ കഴിയുന്നതും വേഗം ഉണ്ടാക്കേണ്ടതുമാണ്. എന്നാൽ ഇതു് ഒരു അഡ്ജേൺമെൻറ് മോഷനായി കൊണ്ടുവരാവുന്നതല്ല. തള്ളിയിരിക്കുന്നു.

മന്ത്രിമാരുടെ എണ്ണം കുറയ്ക്കണമെന്നുള്ളതാണ് അടുത്ത അടിയന്തിരപ്രമേയം. ഇതും അടിയന്തിരപ്രമേയത്തിന്റെ വ്യവസ്ഥകളിൽ ഉൾപ്പെടുന്നില്ല. അതിനാൽ ഇതും തള്ളിയിരിക്കുന്നു.

**Sahib Bahadur A. Abdul Razaak:** May I know who has sent up such a motion?

**Mr. Speaker:** T e name of the member is not material.

**Sahib Bahadur hA. Abdul Razaak:** Are we not entitled to know the name?

**Mr. Speaker:** I said that the name of the member is not material for our present purpose.

**Sahib Bahadur A. Abdul Razaak:** Does it follow that we are not entitled to know his name?

**Mr. Speaker:** The details of an adjournment motion that is not in order need not be given.

Regarding the motion relating to Transport matters, my Ruling is that it is not a matter of recent occurrence. Motion disallowed.

Now Mr. C. A. Ouseph can make his personal explanation.

ശ്രീ. സി. എ. ഔസേപ്പ്: സർ, എനിക്ക് ചോദ്യങ്ങൾ കഴിഞ്ഞതിനെ സംബന്ധിച്ചു ഒരു വാക്കു പറയുവാനുണ്ടു്.

ശ്രീ. ഇട്ടിയര അയ്യക്കൻ: സർ, ഉത്തരംപറഞ്ഞുകഴിഞ്ഞ ചോദ്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ചർച്ച ചെയ്യാമോ?

മി. സ്പീക്കർ: ചർച്ച ചെയ്യാൻ പാടില്ല. പക്ഷെ മെമ്പർ ആവശ്യപ്പെട്ടതനുസരിച്ചു പേർസനൽ എക്സ്പ്ലനേഷനു ഒരു സന്ദർഭം കൊടുക്കണമെന്നു നേരത്തെ അനുവദിച്ചതാണ്.

ശ്രീ. എ. കെ. ജോർജ്ജ്: ഗവൺമെൻറിനോട് ഒരു ചോദ്യം ചോദിച്ചാൽ അതിലേക്ക് ഉത്തരവാദപ്പെട്ട മന്ത്രി സമയത്തു അവിടെ ഇല്ലെങ്കിൽ, പിന്നെ വരുന്ന മന്ത്രിക്കു മറുപടി പറയാമോ?

**Mr. Speaker:** This is a purely hypothetical question. The matter when it arises will be looked into and decided.

ശ്രീ. എ. കെ. ജോർജ്ജ്: അങ്ങനെയാണെങ്കിൽ ചോദ്യം അയച്ചിട്ടുള്ളവരെ സംബന്ധിച്ചും ഈ സ്വാതന്ത്ര്യം അനുവദിക്കാമോ?

**Mr. Speaker:** The question is disallowed.

ഇങ്ങനെയുള്ള വിശദീകരണം ആവശ്യപ്പെട്ടു സഭയുടെ സമയം ചെലവാക്കാതെയിരുന്നാൽ കൊള്ളാം.

ശ്രീ. കെ. കരുണാകരൻ: സഭയിൽ ഹാജരില്ലാതിരുന്ന എക്സ്മന്ത്രിക്കു പിന്നെ മറുപടി പറയാമോ?

**Mr. C. A. Ouseph:** What I want to submit is that a few respectable gentlemen from my constitueney represented to me about their hardship by allowing that school in that place. I explained to them certain matters relevant to the issue and nothing more. Insinuations given expression to by the Minister Mr. Govinda Menon are absolutely wrong in connection with that matter.

**Mr. Speaker:** That is to say, the member only explained the whole thing to them.

**Mr. C. A. Ouseph:** Yes; that alone was done.

**Sahib Bahadur A. Abdul Razaak:** To what question is the member referring to?

**Mr. Speaker:** After questions and answers were over, I had allowed the member to make a personal explanation which he has now done. We will now proceed to the Resolutions.

## RESOLUTIONS

### RESOLUTIONS BALLOTTED FOR DISCUSSION ON FRIDAY THE 26TH AUGUST 1949 (10TH CHINGAM 1125)

*(The numbers within brackets indicate the numbers in the notices)*

### ഭൂനികുതിയിൽ ഐകരൂപ്യം

൧(൨൨) ശ്രീ. വി. കെ. ജോസഫ്: തിരുവിതാംകൂർ—കൊച്ചി ഐക്യസംസ്ഥാനത്തിലെ ഭൂനികുതി നിരക്കുകൾ തുല്യമാക്കുന്നതോടുകൂടി ഒരു ഏക്കറിൽ താഴെമാത്രം വിസ്തീർണ്ണമുള്ള കാർഷികഭൂമി ഉടമസ്ഥന്മാർക്ക് നികുതി ഇളവുചെയ്യും, ൨൫ ഏക്കറിൽ കൂടുതൽ സ്വന്തംഭൂമി കൈവശം വെച്ചുകൊണ്ടിരിക്കുന്നവർക്ക് നികുതി നിരക്ക വർദ്ധിപ്പിച്ചും വേണ്ട ഭേദഗതികൾ വരുത്തേണ്ടതാണെന്ന് ഈ സഭ ഗവൺമെന്റിനോട് ശുപാർശചെയ്യുന്നു.

### തീരുവ നിറുത്തൽ

൨(൩൭) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: ചവുക്കാപ്രവർത്തനങ്ങളും തീരുവ പിരിവും നിറുത്തൽചെയ്യണമെന്ന് ഈ അസംബ്ലി സംയുക്ത ഗവൺമെന്റിനോട് ശുപാർശ ചെയ്യുന്നു.

### MINIMUM SALARY

**3(118) Sri. Alexander Vakayil:** This House recommends that in view of the abnormal cost of living no public servant shall be paid a salary less than Rs. 50 per mensem.

### LIGHT RAILWAY ALONG THE COASTAL STRIP

**4(171) Sri. Eapen Arakkal:** This House is of opinion that in view of the growing importance of Cochin and Alleppy, a light railway at least must be laid along the coastal strip so as to connect these two prominent ports.

### POOR HOMES

**5(152) Sri. A. K. George:** This Assembly recommends to the Government to take immediate steps to start poor homes in the State so as to meet the growing problem of vagrants.

**Sri. V. K. Joseph:** Sir, I do not propose to move the resolution standing in my name.

**Sahib Bahadur A. K. Kunjumoideen:** Sir, I do not move the resolution tabled under my name.

**Sri. Alexander Vakayil:** Sir I do not wish to move the resolution put under my name.

**Sri. Eapen Arakkal:** Sir, I do not move my resolution.

**Sri. A. K. George:** Sir, I too do not move the resolution coming under my name.

ശ്രീ. എം. ഐ. പോൾ: സർ, അജണ്ടായിലുള്ള നടപടികൾ തീർന്നുകഴിഞ്ഞാലും അസംബ്ലി പിരിച്ചുവിടാതെ തുടർന്നുകൊണ്ടുപോകാൻ സ്പീക്കർക്ക് അവകാശമുണ്ടോ?

മി. സ്പീക്കർ: അസംബ്ലി പിരിച്ചുവിടുന്നതുവരെ തുടർന്നുകൊണ്ടുപോകാൻ അവകാശമുണ്ട്.

**Sri. K. P. Nilakanta Pillai:** I would like to make a statement with the permission of the Speaker on the withdrawal of resolutions that has taken place now.

**Mr. Speaker:** I do not think the rules provide for such a statement at this stage.

**Sri. K. P. Nilakanta Pillai:** I want to bring to the notice of the Speaker a grave violation that has arisen in the privileges of the House namely.—

**Sahib Bahadur Abdul Aziz:** Sir, is it open to any member to question the right of another member in withdrawing the resolution sent up by him.

**Mr. Speaker:** There is no provision to make any statement on the matter.

**Sri. K. P. Nilakanta Pillai:** I wish to bring to the notice of the Speaker that this is a grave violation of the privileges of this House.

**Mr. Speaker:** I would invite the attention of the Hon'ble Member to the Standing Orders where I don't see any provision entitling a member to intervene as now suggested unless it be on a point of information or as a matter of personal explanation.

**Sri. K. P. Nilakanta Pillai:** But I wish to state, Sir, that the procedure adopted involves a grave violation of the rights and privileges of this House, and I would request the Speaker to grant me special permission to make a statement before him with a view to see that such things are avoided in the future.

**Mr. Speaker:** It is a very important matter which deserves the attention of this House. Viewed from that standpoint a statement or explanation or discussion may not be altogether unwelcome. There is therefore provision in the Rules for a motion of such importance being brought forward and a day allotted for its discussion. But a statement as suggested by the member cannot be permitted, however laudable the object of it may be.

**Sri. Ponnara G. Sridhar:** Sir......

Sahib Bahadur Abdul Aziz rose to speak.

**Sri. K. P. Nilakanta Pillai:** It is the Whip of the majority party who unnecessarily interferes.

**Mr. Speaker:** If a member enters into a conversation or altercation with any other member and interferes with the regular course of business he is certainly doing a wrong thing and has to be warned against a repetition of it.

**Sri. Ponnara G. Sridhar:** Sir, on a point of order. I am on my legs. Sir, personally I know that there are more than 10 or 12 resolutions which I have sent. I do not know what has become of those resolutions. I would like to know what has become of those resolutions.

**Mr. Speaker:** All the resolutions as the Rules provide were ballotted and five of them chosen. The Hon'ble Members who have sent up those 5 resolutions when called upon to move them said they did not want to move those resolutions. There is nothing more that could or need be done in the matter.

**Sri. K. P. Nilakanta Pillai:** That is exactly the statement which I wanted to make. The Legislative Department should have anticipated such a contingency. This procedure was adopted on the belief that these resolutions will not be moved on account of the decisions taken elsewhere. And, I want to know how the business of this House could be stopped on account of decisions taken elsewhere. We have sent hundreds of resolutions and if this contingency was anticipated, more resolutions should have been ballotted and taken. This is a very serious matter, Sir. Because the majority party happen to own all the resolutions ballotted because of the decisions they took elsewhere the privilege of this House has been violated. If this contingency was anticipated, more resolutions should have been ballotted and discussions carried on on those resolutions. The whole thing has been reduced to a farce as the Party in power could destroy the functions of this House. That is what we were protesting from the beginning. This party may be in power now and the next moment it may go. But the functions of this House should go on uninterrupted. The decisions they took elsewhere were not subjected to the discussions of this House and we had no part in those decisions. As a result our rights and privileges were indirectly taken away by those decisions which no responsible legislature could take notice of. Therefore, my point is, that the Speaker, in exercise of his discretionary power and in view of the things that took place here—I don't want to describe it in any other way than as unbecoming of a Legislature—should permit the other resolutions to be taken up for discussion.

മി. സ്പീക്കർ: അഞ്ചു പ്രമേയങ്ങൾ മാത്രമേ ബാലററു ചെയ്തിട്ടുള്ളു. അങ്ങനെയായിൽ ചേർക്കേണ്ട പ്രമേയങ്ങൾ ഏതെല്ലാമാണെന്നു അച്ചടിച്ചു ബഹു. മെമ്പറന്മാർക്കു തന്നിട്ടുണ്ടു്. നിയമസഭയിലെ ചട്ടമനുസരിച്ചും മുമ്പിലത്തെ തിരുവിതാംകൂർ നിയമസഭയിലെ പതിവനുസരിച്ചും എൻെറ അറിവിൽ പെട്ടിടത്തോളം മററു നിയമസഭകളിലെ സമ്പ്രദായം അനുസരിച്ചും പ്രമേയങ്ങൾ ബാലററു ചെയ്യുന്ന അവസരത്തിലാണു തള്ളണമോ അവതരിപ്പിക്കണമോ എന്നു നിശ്ചയിക്കുന്നതു്. പ്രമേയങ്ങളുടെ ബാലററിംഗ് ചട്ടമനുസരിച്ചു പതിനേഴു ദിവസങ്ങൾക്കു മുമ്പാണു നടന്നതു്. ബാലററു ചെയ്തിട്ടുള്ള പ്രമേയങ്ങൾ മുറയനുസരിച്ചു മൂവ്ചെയ്യേണ്ടതാണു്. എന്നാൽ പിന്നീടു് ഏതെങ്കിലും കാരണവശാൽ അവ മൂവ്ചെയ്യാൻ സാധിക്കാതെ വരികയോ അല്ലെങ്കിൽ പ്രമേയം അയച്ചിട്ടുള്ള മെമ്പറന്മാർ മൂവ്ചെയ്യുന്നില്ലെന്നു പ്രസ്താവിക്കുകയോ ചെയ്താൽ സ്പീക്കർക്കു യുക്തംപോലെ വേറെ

[Mr. Speaker]

ഏതെങ്കിലും പ്രമേയം അനുവദിക്കുന്നതിനു അധികാരമുള്ളതായി റൂളുകളിൽ കാണുന്നില്ല. ഇന്നവിധത്തിൽ ചെയ്യണം എന്നു പ്രത്യേകം റൂളിൽ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങളിൽ സ്പീക്കർക്കു ഡിസ്ക്രിഷൻ ഉപയോഗിക്കാൻ അവകാശമില്ല. അതുകൊണ്ട് വേറെ ഏതെങ്കിലും പ്രമേയം മൂവ് ചെയ്യാൻ അനുവദിക്കാവുന്നതല്ല.

ശ്രീ. ഇട്ടീരാ അയ്യക്കൻ: ഇനി മേലാലെങ്കിലും പ്രതിപക്ഷത്തു നിന്നുമുള്ള ഒന്നോ രണ്ടോ പ്രമേയങ്ങൾ എടുക്കാൻ ഏർപ്പാടു ചെയ്യുന്നതിന് ദയവുണ്ടാകുമോ?

മി. സ്പീക്കർ: ഈ നിയമം മാററാതെ അതു സാദ്ധ്യമല്ല. ലജിസ്ലേററീവ് അസംബ്ലി റൂളുകളും, ഷെഡ്യൂളും, സ്റ്റാൻറിംഗ് ആർഡറുകളും, ആർഡിനൻസും എല്ലാം ഭേദഗതി ചെയ്യുന്നതിനു ഈ സഭയ്ക്കു അധികാരമുണ്ട്.

വേറെ ഒരു പ്രമേയം വന്നിട്ടുണ്ട്. റൂളിൽ നിർദ്ദേശിച്ചിട്ടുള്ള ചില വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവരാൻ പാടുള്ളു. ഇതു റൂളുകൾക്കു പ്രത്യക്ഷത്തിൽ തന്നെ വിപരീതമാണ്. റൂളിൽ വ്യക്തമായ ഒരു വ്യവസ്ഥയുള്ളപ്പോൾ സ്പീക്കർ ലീഡറോടു ചോദിച്ച് ഒരു പ്രമേയം റൂളിനു വിരുദ്ധമായി ആലോചനക്കെടുക്കുകയോ മാററിവെക്കുകയോ ചെയ്യണമെന്നു ആവശ്യപ്പെടുന്നതു അനുവദിക്കത്തക്കതല്ല. ഇന്നത്തെ അജണ്ടായിലെ പരിപാടികൾ എല്ലാം തീർന്നതോടുകൂടി ഈ സമ്മേളനവും അവസാനിക്കേണ്ടതാണ്.

**Sri. K. Sivarama Pillai:** If it is possible to take up these resolutions today itself, Sir, you can consult with the Leader of the House and if the Leader is amenable these resolutions can be taken up for discussion.

**Mr. Speakr:** In the nature of things it is not possible to take up any of the other resolutions today.

അജണ്ടാ അനുസരിച്ചുള്ള ഇന്നത്തെ പരിപാടികളും പൊതുവായ അജണ്ട അനുസരിച്ചുള്ള ഈ സമ്മേളനത്തിന്റെ പരിപാടികളും തീർന്നിരിക്കുന്നു. അതുകൊണ്ട് നിയമസഭയുടെ ഈ സമ്മേളനം അവസാനിപ്പിച്ചിരിക്കുന്നു.

*The House adjourned Sine Die at 12-30 p.m.*

V. KRISHNAMOORTHI AIYAR

*Secretary to the Legislative Assembly*

---

**51569**

**Proceedings of the United State of Travancore and Cochin Legislative Assembly**


01 United State of Travancore and Cochin Legislative Assembly
001 United State of Travancore and Cochin Legislative Assembly(11 Jul to 26 Aug 1949)
01 Index
1 Jul 11, 1949-Message from His Highness the Rajpramukh
1 Jul 11, 1949-Swearing in of Members and Signing of Register
3 Jul 11, 1949-Election of the Speaker
4 Jul 11, 1949-Felicitating the Speaker
10 Appendix
13 Aug 6, 1949-Oath of Office
13 Aug 6, 1949-Authority for convening the Assembly
15 Aug 6, 1949-Questions and Answers
29 Aug 6, 1949-Death of Sri C P Lonappan
30 Aug 6, 1949-Adjournment Motions
37 Aug 6, 1949-Presentation of the Budget
50 Aug 6, 1949-Procedure for the General Discussion of the Budget and Voting of Demands for Grants
53 Aug 6, 1949-Election of Members
54 Aug 6, 1949-Election of Deputy Speaker
56 Aug 6, 1949-Adjournment Motion
72 Aug 6, 1949-Counting of Votes-Election of Deputy Speaker and Result of Election
73 Aug 10, 1949-Oath of Office
73 Aug 10, 1949-Questions and Answers
95 Aug 10, 1949-Ruling and Moving-Adjournment Motion
97 Aug 10, 1949-Adjournment Motion
102 Aug 10, 1949-Election of a Member to the Constituent Assembly of India-Fixing the Programme
106 Aug 10, 1949-General Discussion of the Budget
126 Aug 10, 1949-Panel of Chairmen
126 Aug 10, 1949-Committee of Petitions
126 Aug 10, 1949-Election of a Member to the Constituent Assembly of India
127 Aug 11, 1949-Questions and Answers
148 Aug 11, 1949-Election of Members to the Standing Advisory Committee for the Transport Department-Fixing Programme
148 Aug 11, 1949-Order of Demands for Grants
148 Aug 11, 1949-General Discussion of the Budget
189 Aug 12, 1949-Questions and Answers
213 Aug 12, 1949-Adjournment Motions
214 Aug 12, 1949-Extension of the Sitting of the Assembly after 4.30 p m
215 Aug 12, 1949-Financial Business-General Discussion of the Budget
240 Aug 12, 1949-Budget for 1124 M E-Demands for Supplementary Grants
254 Appendix
255 Aug 13, 1949-Questions and Answers
279 Aug 13, 1949-Adjournment Motions
281 Aug 13, 1949-Financial Business-Demands for Supplementary Grants
291 Aug 13, 1949-Land Revenue-Voting of Demands for Grants
315 Aug 13, 1949-Excise-Voting of Demands for Grants
316 Aug 13, 1949-United State of Travancore and Cochin Stamp Bill-Legislative Business
318 Aug 13, 1949-United State of Travancore and Cochin Court Fees Bill-Legislative Business
322 Aug 13, 1949-United State of Travancore and Cochin Suits Valuation Bill-Legislative Business
323 Aug 13, 1949-United State of Travancore and Cochin Sales Tax(Amendment)Bill-Legislative Business
325 Aug 16, 1949-Questions and Answers
353 Aug 16, 1949-Fixing of Time for Giving Notice to Amendments to Bills
355 Aug 16, 1949-Excise-Voting of Demands for Grants
377 Aug 16, 1949-Sales Tax-Voting of Demands for Grants
386 Aug 16, 1949-Presentation of Reports of Select Committees on Bills-Legislative Business
386 Aug 16, 1949-United State of Travancore and Cochin Stamp Bill-Legislative Business
386 Aug 16, 1949-United State of Travancore and Cochin Courts Fees Bill-Legislative Business
387 Aug 16, 1949-United State of Travancore and Cochin Suits Valuation Bill-Legislative Business
389 Aug 18, 1949-Questions and Answers
415 Aug 18, 1949-Ruling and Moving-Adjournment Motion
420 Aug 18, 1949-Sales Tax-Voting of Demands for Grants
430 Aug 18, 1949-Income Tax-Voting of Demands for Grants
447 Aug 18, 1949-Forests and Tramway-Voting of Demands for Grants
451 Aug 19, 1949-Questions and Answers
478 Aug 19, 1949-Answering Questions-Point of Order and Ruling
479 Aug 19, 1949-Adjournment Motions
484 Aug 19, 1949-Felicitating the Deputy Speaker
486 Aug 19, 1949-Forests and Tramway-Voting of Demands for Grants
508 Aug 19, 1949-General Administration-Voting of Demands for Grants
513 Aug 20, 1949-Questions and Answers
543 Aug 20, 1949-Adjournment Motions
544 Aug 20, 1949-General Administration-Voting of Demands for Grants
566 Aug 20, 1949-General Administration(Financial Secretariat Accounts and Audit and Local Fund Audit)-Voting of Demands for Grants
587 Aug 20, 1949-Election of Members to the Public Accounts Committee
589 Aug 22, 1949-Questions and Answers
622 Aug 22, 1949-Adjournment Motions
626 Aug 22, 1949-Administration of Justice-Demands for Grants
650 Aug 22, 1949-Jails-Demands for Grants
661 Aug 22, 1949-Election to the Standing Advisory Committee for Works and Communications
663 Aug 23, 1949-Questions and Answers
694 Aug 23, 1949-Death of Sri K K Thomas, Ex-member of the Travancore Assembly
695 Aug 23, 1949-Adjournment Motions
699 Aug 23, 1949-Result of the Election to the Advisory Committee on Public Works and Communications
699 Aug 23, 1949-Jails-Voting of Demands for Grants
705 Aug 23, 1949-Police-Voting of Demands for Grants
729 Aug 23, 1949-Education-Voting of Demands for Grants
741 Aug 23, 1949-Election of Members to Standing Advisory Committee for Transport
743 Aug 24, 1949-Questions and Answers
771 Aug 24, 1949-Adjournment Motions
771 Aug 24, 1949-Result of the Election to the Standing Advisory Committee for the Transport Department
771 Aug 24, 1949-Inclusion of Miscellaneous Political Expenditures as one of the Demands to be Voted
772 Aug 24, 1949-Education-Voting of Demands for Grants
807 Aug 24, 1949-Medical-Voting of Demands for Grants
817 Aug 25, 1949-Questions and Answers
850 Aug 25, 1949-Adjournment Motions
851 Aug 25, 1949-United State of Travancore and Cochin Stamp Bill-Legislative Business
867 Aug 25, 1949-United State of Travancore and Cochin Court Fees Bill-Legislative Business
878 Aug 25, 1949-United State of Travancore and Cochin Sales Tax(Amendment)Bill-Legislative Business
879 Aug 25, 1949-United State of Travancore and Cochin Suits Valuation Bill-Legislative Business
880 Aug 25, 1949-Result of Election to the Public Accounts Committee
881 Aug 26, 1949-Questions and Answers
917 Aug 26, 1949-Short Notice Questions-Point of Order918 Aug 26, 1949-Adjournment Motions920 Aug 26, 1949-Resolutions